
Ellen G. White Estate

# വന്‍ പോരാട്ടം



ELLEN G. WHITE

# വൻ പോരാട്ടം

ആമുഖം.......... 4
അദ്ധ്യായം 1—യെരുശലേമിന്റെ നാശം.......... 47
അദ്ധ്യായം 2—ആദ്യനൂറ്റാണ്ടുകളിലെ പീഡനം.......... 161
അദ്ധ്യായം 3—ആത്മീക അന്ധകാര കാലഘട്ടം.......... 211
അദ്ധ്യായം 4—വാൽഡൻസുകൾ.......... 270
അദ്ധ്യായം 5—ജോൺ വിക്ലിഫ്.......... 366
അദ്ധ്യായം 6—ഹസ്സും ജെറോമും.......... 547
അദ്ധ്യായം 7—റോമിൽനിന്നുള്ള ലൂഥറിന്റെ വേർപാട്.......... 677
അദ്ധ്യായം 8—ലൂഥർ ആലോചനാസമിതിക്കു മുമ്പിൽ.......... 821
അദ്ധ്യായം 9—സ്വിറ്റ്സർലന്റുകാരനായ നവീകരണ കർത്താവ്.......... 963
അദ്ധ്യായം 10—ജർമ്മനിയിൽ നവീകരണത്തിന്റെ പുരോഗതി.......... 1038
അദ്ധ്യായം 11—പ്രഭുക്കന്മാരുടെ പ്രതിഷേധം.......... 1104
അദ്ധ്യായം 12—ഫ്രാൻസിലെ നവീകരണം.......... 1183
അദ്ധ്യായം 13—നെതർലാൻഡ്സും സ്കാൻഡിനേവ്യയും.......... 1314
അദ്ധ്യായം 14—പിൽക്കാല ആംഗ്ലേയ നവീകരണക്കാർ.......... 1355
അദ്ധ്യായം 15—വേദപുസ്തകവും ഫ്രഞ്ചുവിപ്ലവവും.......... 1463
അദ്ധ്യായം 16—തീർത്ഥാടക പിതാക്കന്മാർ.......... 1585
അദ്ധ്യായം 17—പ്രഭാതം വിളിച്ചറിയിക്കുന്നവർ.......... 1642
അദ്ധ്യായം 18—അമേരിക്കക്കാരനായ ഒരു നവീകരണ കർത്താവ്.......... 1732
അദ്ധ്യായം 19—അന്ധകാരത്തിലൂടെ വെളിച്ചം.......... 1863
അദ്ധ്യായം 20—മതപരമായ ഒരു വലിയ ഉണർവ്.......... 1923
അദ്ധ്യായം 21—ഒരു മുന്നറിയിപ്പ് നിരസിച്ചത്.......... 2025
അദ്ധ്യായം 22—നിറവേറിയ പ്രവചനങ്ങൾ.......... 2104
അദ്ധ്യായം 23—വിശുദ്ധ മന്ദിരം എന്നാൽ എന്ത്?.......... 2195
അദ്ധ്യായം 24—അതിപരിശുദ്ധ സ്ഥലത്ത്.......... 2267
അദ്ധ്യായം 25—ദൈവത്തിന്റെ ന്യായപ്രമാണം സുസ്ഥിരമാകുന്നു.......... 2319
അദ്ധ്യായം 26—നവീകരണത്തിന്റെ വേല.......... 2412
അദ്ധ്യായം 27—ആധുനിക ഉണർവുകൾ.......... 2465
അദ്ധ്യായം 28—പരിശോധനാ ന്യായവിധി.......... 2567
അദ്ധ്യായം 29—പാപത്തിന്റെ ഉത്ഭവം.......... 2634
അദ്ധ്യായം 30—മനുഷ്യരും സാത്താനും തമ്മിലുള്ള ശത്രുത്വം.......... 2698
അദ്ധ്യായം 31—ദുരാത്മാക്കളുടെ പ്രവർത്തനസംഘം.......... 2732
അദ്ധ്യായം 32—സാത്താന്റെ കെണികൾ.......... 2772
അദ്ധ്യായം 33—ഒന്നാമത്തെ വലിയ വഞ്ചന.......... 2844
അദ്ധ്യായം 34—മരിച്ചവർക്ക് നമ്മോട് സംസാരിക്കുവാൻ സാധിക്കുമോ?.......... 2949

അദ്ധ്യായം **35**—മനസ്സാക്ഷിസ്വാതന്ത്ര്യത്തിനു ഭീഷണി.................................... **3012**
അദ്ധ്യായം **36**—ആസന്നപോരാട്ടം.................................... **3127**
അദ്ധ്യായം **37**—തിരുവചനം ഒരു സുരക്ഷിത വലയം.................................... **3190**
അദ്ധ്യായം **38**—അന്ത്യമുന്നറിയിപ്പ്.................................... **3247**
അദ്ധ്യായം **39**—ഉപദ്രവകാലം.................................... **3294**
അദ്ധ്യായം **40**—ദൈവജനം വിടുവിക്കപ്പെട്ടു.................................... **3408**
അദ്ധ്യായം **41**—ഭൂമിയുടെ നിർജ്ജനാവസ്ഥ.................................... **3503**
അദ്ധ്യായം **42**—പോരാട്ടം അവസാനിക്കുന്നു.................................... **3549**

## ആമുഖം

പാപം കടന്നുവരുന്നതിനു മുൻപ് തൻറെ സ്രഷ്ടാവിനോട് നേരിട്ടുള്ള സമ്പർക്കം ആദാമിനുണ്ടായിരുന്നു; എന്നാൽ പാപം ചെയ്ത് മനുഷ്യൻ ദൈവത്തിൽനിന്നു അന്യപ്പെട്ടശേഷം ഈ വലിയ പദവി അവനു നഷ്ടമായി. വീണ്ടെടുപ്പിൻ പദ്ധതി അനുസരിച്ച് സ്വർഗ്ഗത്തോടു ബന്ധം പുലർത്തുവാൻ ഭൂവാസികൾക്കൊരു വഴി തുറന്നുകിട്ടി. അപ്രകാരം തൻറെ ആത്മാവ് മുഖാന്തരം ദൈവം മനുഷ്യനുമായി വാർത്താ വിനിമയം നടത്തുകയും, തൻറെ തെരഞ്ഞെടുക്കപ്പെട്ട ദാസന്മാരിൽക്കൂടെ സ്വർഗ്ഗീയ വെളിച്ചം വെളിപ്പാടായി ലോകത്തിനു

നൽകുകയും ചെയ്തുകൊണ്ടിരുന്നു. “ദൈവ കല്പനയാൽ മനുഷ്യർ പരിശുദ്ധാത്മ നിയോഗം പ്രാപിച്ചിട്ടു സംസാരിച്ചത്രേ (2 പത്രൊസ് 1:21).

മനുഷ്യ ചരിത്രത്തിൻറെ ആദ്യത്തെ രണ്ടായിരത്തിയഞ്ഞൂറ് വർഷക്കാലം എഴുതപ്പെട്ട വെളിപ്പാട് ഒന്നുമില്ലായിരുന്നു. ദൈവത്താൽ പ്രബോധനം പ്രാപിച്ചവർ മറ്റുള്ളവരിലേക്ക് അത് പകർന്നുകൊടുക്കുകയും വരുംതലമുറകളിൽ പിതാക്കന്മാരിൽനിന്നു മക്കളിലേക്കു വാമൊഴിയായി നൽകുകയും ചെയ്തുകൊണ്ടിരുന്നു. മോശെയുടെ കാലംമുതൽ എഴുത്തുരേഖകൾ

ഉണ്ടായിത്തുടങ്ങി. ദിവ്യവെളിപ്പാടുകൾ വിശുദ്ധ ഗ്രന്ഥമായി രൂപം പ്രാപിക്കപ്പെട്ടു. സൃഷ്ടിപ്പിൻറേയും ന്യായപ്രമാണത്തിൻറേയും ചരിത്രകാരനായ മോശെ മുതൽ അതിപ്രധാന സുവിശേഷ സത്യത്തിൻറെ ലേഖകനായ യോഹന്നാൻ വരെ ആയിരത്തിയറുന്നൂറ് നീണ്ട വർഷങ്ങൾ ഈ ജോലി തുടർന്നു. കൊണ്ടേയിരുന്നു.

വേദപുസ്തകം അതിൻറെ ഗ്രന്ഥകർത്താവായി ദൈവത്തെ ചൂണ്ടിക്കാണിക്കുന്നു; എന്നാലും അത് മനുഷ്യകരങ്ങളാൽ എഴുതപ്പെട്ടതാണ്; വിവിധ പുസ്തകങ്ങളുടെ വ്യത്യസ്ത രീതി അവയുടെ പലരായ എഴുത്തുകാരുടെ

സ്വഭാവ ഗുണങ്ങളെ പ്രദർശിപ്പിക്കുന്നു. വെളിപ്പെടുത്തിയിരിക്കുന്ന സത്യങ്ങളെല്ലാം “ദൈവശ്വാസീയമായി (2 തിമൊ. 3:16) നൽകപ്പെട്ടിരിക്കുന്നു, എന്നാൽ അവ മനുഷ്യവാക്കുകളിൽ പ്രതിപാദിക്കപ്പെട്ടിരിക്കുന്നു. നിത്യനായ ദൈവം പരിശുദ്ധാത്മാവിനാൽ തൻറെ ദാസന്മാരുടെ മനസ്സുകളിലും ഹൃദയങ്ങളിലും വെളിച്ചം പകർന്നുകൊടുത്തു. സ്വപ്നങ്ങൾ, ദർശ നങ്ങൾ, അടയാളങ്ങൾ, ചിത്രങ്ങൾ എന്നിവ അവൻ നല്കി; ഇപ്രകാരം സത്യം വെളിപ്പെട്ടു കിട്ടിയവർ മനുഷ്യഭാഷയിൽ അത് രേഖപ്പെടുത്തി.

പത്തു കല്പനകൾ ദൈവംതന്നെ ഉരചെയ്യുകയും തൻറെ സ്വന്തകരത്താൽ എഴുതുകയും ചെയ്തു. അവ മനുഷ്യരാൽ വിരചിതമായതല്ല, ദൈവിക നിർമ്മിതമാണ്. എന്നാൽ ദൈവം നൽകിയ സത്യങ്ങൾ മനുഷ്യഭാഷയിൽ രേഖപ്പെടുത്തിയിരിക്കുന്നത് ബൈബിളിൻറെ ദൈവിക മാനുഷിക ഐക്യതയെ സൂചിപ്പിക്കുന്നു. ദൈവപുത്രനും മനുഷ്യപുത്രനുമായ ക്രിസ്തുവിൻറെ പ്രകൃതിയിൽ ഇപ്രകാരമുള്ള ഐക്യം നിലനിന്നിരുന്നു. ഇപ്രകാരം ബൈബിളിലെന്നപോലെ ക്രിസ്തുവിലും അടങ്ങിയിരുന്ന സത്യമാണ്, "വചനം ജഡമായിത്തീർന്നു നമ്മുടെ ഇടയിൽ

പാർത്തു" (യോഹ 1:14) എന്നുള്ളത്. വിവിധ കാലഘട്ടങ്ങളിൽ ജീവിച്ചിരുന്നവരും വ്യത്യസ്ത നിലകളിലും തൊഴിലുകളിലും ഏർപ്പെട്ടിരുന്നവരും വൈവിദ്ധ്യമാർന്ന മാനസികവും ആത്മീകവുമായ താലന്തുകൾ പ്രാപിച്ചിരുന്നവരുമായ മനുഷ്യരാൽ എഴുതപ്പെട്ട പുസ്തകങ്ങളടങ്ങിയ ബൈബിൾ, ശൈലിയിലും പ്രതിപാദ്യവിഷയങ്ങളിലും വ്യത്യസ്തമായിരിക്കുന്നു. വിവിധ എഴുത്തുകാർ വ്യത്യസ്ത ശൈലികൾ ഉപയോഗിച്ചിരിക്കുന്നു; ഒരേ സത്യം ഒരാൾ മറ്റൊരാളേക്കാൾ കൂടുതൽ ശക്തിയായി പ്രതിപാദിക്കുന്നു. വിവിധ എഴു ത്തുകാർ ഒരു വിഷയം വ്യത്യസ്ത രീതികളിലും ബന്ധങ്ങളിലും

പ്രതിപാദിച്ചിരിക്കുന്നതുകൊണ്ട് പരസ്പര ബന്ധമില്ലാതെയും വൈരുദ്ധ്യമായും കാണപ്പെടുന്നതായി അശ്രദ്ധനും മുൻവിധിക്കാരനും ഉപരിതലവായനക്കാരുമായ വ്യക്തികൾതോന്നുന്നു; എന്നാൽ ചിന്തിക്കുന്നവനും ഭക്തിയുള്ളവനും ഉൾക്കാഴ്ചയുള്ളവനുമായ ഒരാൾ അതിലടങ്ങിയിരിക്കുന്ന പരസ്പരയോജിപ്പ് കണ്ടെത്തുന്നു.

വിവിധ വ്യക്തികളാൽ എഴുതപ്പെട്ടിരിക്കുന്നതുകൊണ്ട് സത്യത്തെ അതിൻറെ വ്യത്യസ്ത മുഖങ്ങളാൽ എടുത്തുകാണിച്ചിരിക്കുന്നു. ഒരു വിഷയത്തിൻറെ ഒരു വശത്തെ സംബന്ധിച്ച് കൂടുതലായി ഒരു

എഴുത്തുകാരൻറെ മനസ്സിൽ
പതിയപ്പെടുന്നു; തൻറെ
അനുഭവത്തോടും ഗ്രഹണ ശക്തിയോടും
ആസ്വാദ്യതയോടും യോജിക്കുന്നവ
അവൻറെ ഉള്ളിൽ ആഴമായി
പതിക്കുന്നു; മറ്റൊരാൾ അതിൻറെ
മറ്റൊരുവശം ഗ്രഹിക്കുന്നു; പരിശുദ്ധാത്മ
നിയന്ത്രണത്താൽ ഓരോരുത്തരും
തങ്ങളുടെ മനസ്സി ആഴമായി
പതിഞ്ഞിരിക്കുന്നവ പ്രതിപാദിക്കുന്നു -
ഓരോ ലേഖനത്തിലും സത്യത്തിൻറെ
വ്യത്യസ്ത വശങ്ങളുണ്ട്, എല്ലാം
ഒത്തൊരുമിക്കുമ്പോൾ
പരിപൂർണ്ണയോജിപ്പ് പ്രത്യക്ഷപ്പെടുന്നു.
എല്ലാ സാഹചര്യങ്ങളിലും
ജീവിതാനുഭവങ്ങളിലും പെടുന്ന
മനുഷ്യരുടെ ആവശ്യങ്ങൾക്ക്

അന്നയോജ്യമായ വിധം സത്യങ്ങളെല്ലാം പരിപൂർണ്ണ യോജിപ്പിൽ നിലനില്ക്കുന്നു.

മാനുഷിക മാദ്ധ്യമങ്ങളിലൂടെ ദൈവിക സത്യം വിനിമയം ചെയ്വാൻ ദൈവത്തിനു പ്രസാദമായി; ഈ വേലയ്ക്കു ദൈവം തന്നെ പരിശുദ്ധാത്മാവു മുഖാന്തരം മനുഷ്യരെ യോഗ്യതയുള്ളവരാക്കി എന്തു സംസാരിക്കണമെന്നും എന്തെഴുതണമെന്നുമുള്ളത് തെരഞ്ഞെടുക്കുവാൻ അവൻ മനസ്സിനെ നിയന്ത്രിച്ചു. ഈ വലിയ നിധി മൺപാത്രങ്ങൾക്ക് കൊടുത്തിരിക്കുന്നു; എന്നാലത് പൂർണ്ണമായും സ്വർഗ്ഗീയമാണ്.

അപൂർണ്ണമായ മാനുഷിക ഭാഷയിൽ സാക്ഷ്യം പകർന്നു കൊടുക്കുന്നു; എന്നാലത് ദൈവത്തിൻറെ സാക്ഷ്യംതന്നെയാണ്. വിശ്വസ്തനായ ദൈവപൈതൽ കൃപയും സത്യവും നിറഞ്ഞ ദൈവശക്തിയുടെ മഹത്വം അതിൽ ദർശിക്കുന്നു.

തൻറെ വചനത്തിൽക്കൂടെ മനുഷ്യരക്ഷയ്ക്കാവശ്യമായ അറിവ് ദൈവം നല്കിയിരിക്കുന്നു. അധികാരപൂർണ്ണവും തെറ്റുപറ്റാത്തതുമായ ദൈവഹിതത്തിൻറെ വെളിപ്പാടായി വിശുദ്ധ തിരുവചനം സ്വീകരിക്കപ്പെടേണ്ടതാണ്. അവ സ്വഭാവത്തിൻറെ മാനദണ്ഡവും

വിശ്വാസപ്രമാണങ്ങളുടെ വെളിപ്പാടും അനുഭവങ്ങളുടെ പരിശോധനയുമായിരിക്കേണ്ടതാണ്. “എല്ലാ തിരുവെഴുത്തും ദൈവശ്വാസീയമാകയാൽ ദൈവത്തിൻറെ മനുഷ്യൻ സകല സൽ പ്രവൃത്തിക്കു വക പ്രാപിച്ചു തികഞ്ഞവൻ ആകേണ്ടതിനു ഉപദേശത്തിനും ശാസനത്തിനും ഗുണീകരണത്തിനും നീതിയിലെ അഭ്യാ... Missing Line 1

ദൈവഹിതം തൻറെ വചനത്തിൽക്കൂടെ മനുഷ്യർക്ക് ദൈവം വെളിപ്പെടുത്തിയിരിക്കുന്നു എന്നതുകൊണ്ട് പരിശുദ്ധാത്മാവിൻറെ തുടർച്ചയായുള്ള സാന്നിദ്ധ്യവും നിയന്ത്രണവും ആവശ്യമില്ലാത്തതായി

പരിഗണിച്ചിട്ടില്ല. നേരെമറിച്ച്, തൻറെ ശിഷ്യന്മാർക്ക് തിരുവചനം തുറന്നു കൊടുക്കുന്നതിനും അതിലെ പാഠങ്ങൾ അവർക്ക് വ്യക്തമാക്കുന്നതിനും നമ്മുടെ കർത്താവ് പരിശുദ്ധാത്മാവിനെ വാഗ്ദാനം ചെയ്തിരിക്കുന്നു. വേദപുസ്തകം ദൈവാത്മാവിൻറെ പ്രേരണയാൽ എഴുതപ്പെട്ടിരിക്കുന്നതുകൊണ്ട് പരിശുദ്ധാത്മ ഉപദേശങ്ങളെല്ലാം ദൈവവചനത്തോടു യോജിപ്പുള്ളതു തന്നെയായിരിക്കും.

വേദപുസ്തകത്തെ മറികടക്കുന്നതിനല്ല പരിശുദ്ധാത്മാവിനെ നൽകിയിരിക്കുന്നതും നൽകുവാനിരിക്കുന്നതും; സകലവിധ ഉപദേശങ്ങളും

അനുഭവങ്ങളും പരിശോധിക്കുവാനുള്ള മാനദണ്ഡം ദൈവവചനമാണെന്നും തിരുവെഴുത്തു വ്യക്തമായി സാക്ഷിച്ചിരിക്കുന്നു. “കള്ളപ്രവാചകന്മാർ പലരും ലോകത്തിലേക്കു പുറപ്പെട്ടിരിക്കയാൽ ഏതു ആത്മാവിനേയും വിശ്വസിക്കാതെ ആത്മാക്കൾ ദൈവത്തിൽ നിന്നുള്ളവയോ എന്നു ശോധന ചെയ്‌വീൻ” (1 യോഹ. 4:1). “ഉപദേശത്തിനും സാക്ഷ്യത്തിനും വരുവിൻ! അവർ ഈ വാക്കുപോലെ പറയുന്നില്ലായെങ്കിൽ അവർക്കു അരുണോദയം ഉണ്ടാകയില്ല” (യെശ. 8:20).

പരിശുദ്ധാത്മാഭിഷേകം പ്രാപിച്ചവർക്ക് തിരുവചനം വഴികാട്ടിയായി വേണ്ടെന്നു പഠിപ്പിക്കുന്നവർ പരിശുദ്ധാത്മാവിൻറെ പ്രവർത്തനത്തെ കളങ്കപ്പെടുത്തുകയാണ് ചെയ്യുന്നത്. തങ്ങൾക്കു ലഭിക്കുന്ന ഉൾപ്രേരണകളാൽ നിയന്ത്രിക്കപ്പെടുന്ന ഇവർ അതിനെ ദൈവശബ്ദമായി കണക്കാക്കുന്നു. എന്നാൽ അവരെ നിയന്ത്രിക്കുന്ന ആത്മാവ് ദൈവാത്മാവല്ല. തിരുവചനത്തെ തള്ളിക്കളഞ്ഞുകൊണ്ട് ഉൾപ്രേരണകളെ അനുഗമിക്കുന്നവർ കലക്കത്തിലും വഞ്ചനയിലും നാശത്തിലും ചെന്നെത്തും. ശത്രുവായ സാത്താൻറെ താൽപര്യങ്ങളെ പുലർത്തുവാൻ മാത്രമെ അത്

ഉപകരിക്കയുള്ളു. ക്രിസ്തുവിൻറെ സഭയ്ക്ക് പരിശുദ്ധാത്മാവിൻറെ ശുശ്രൂഷ അതിപ്രാധാന്യമുള്ളതാകയാൽ മതതീവ്രവാദികളിലും മതഭ്രാന്തന്മാരിലും കൂടെയുള്ള ഈ തെറ്റുകളെ ഉപയോഗിച്ച് സാത്താൻ പരിശുദ്ധാത്മ പ്രവർത്തനത്തെ നിഷേധിക്കുവാനും അപ്രകാരം ദൈവം നൽകിയിരിക്കുന്ന ശക്തിയുടെ ഉറവിടമായ തിരുവചനത്തെ ഉപേക്ഷിച്ചുകളയുവാനും ദൈവമക്കളെ പ്രേരിപ്പിക്കുന്നു.

ദൈവവചനത്തോടു യോജിച്ചു നിന്നുകൊണ്ട് സുവിശേഷ കാലഘട്ടം മുഴുവൻ പരിശുദ്ധാത്മാവ് തൻറെ പ്രവർത്തനം തുടരേണ്ടതാണ്. പഴയ നിയമത്തിലും പുതിയ നിയമത്തിലും

കൂടെയുള്ള തിരുവെഴുത്ത് നൽകപ്പെട്ട കാലമെല്ലാം വിശുദ്ധരേഖകളിൽ രേഖപ്പെടുത്തിയിട്ടില്ലാത്ത വെളിപ്പാടുകൾ മനുഷ്യമനസ്സുകളിൽ നൽകുന്നതിൽനിന്നു പരിശുദ്ധാത്മാവ് ഒഴിഞ്ഞുമാറിയിട്ടില്ല. തിരുവചനം എഴുതുന്നതുമായി ബന്ധപ്പെടാത്ത മനുഷ്യർക്കുപോലും പരിശുദ്ധാത്മാവ് ഉപദേശങ്ങളും ശാസനകളും മുന്നറിയിപ്പുകളും നിർദ്ദേശങ്ങളും കൊടുത്തുകൊണ്ടിരുന്നതിനെപ്പറ്റി ബൈബിൾ പ്രസ്താവിക്കുന്നു. മാത്രമല്ല തങ്ങളുടെ പ്രവചനങ്ങളൊന്നുംതന്നെ രേഖപ്പെടുത്തിയിട്ടില്ലാത്ത പ്രവാചകന്മാർ വിവിധ കാലഘട്ടങ്ങളിൽ ഒന്നായിരുന്നതിനെ ക്രിസ്തു.

തിരുവെഴുത്തു പ്രസ്താവിക്കുന്നു. അപ്രകാരം തിരുവചനം എഴുതി പൂർത്തിയാക്കിയ ശേഷവും പരിശുദ്ധാത്മാവ് തൻറെ പ്രവർത്തനങ്ങൾ ദൈവപൈതങ്ങളുടെ ആശ്വാസത്തിനും ഗുണീകരണത്തിനും ഉണർവ്വിനുമായി തുടർന്നുകൊണ്ടേയിരിക്കുന്നു.

യേശു തൻറെ ശിഷ്യന്മാർക്ക് ഇപ്രകാരം വാഗ്ദത്തം ചെയ്തു: "എങ്കിലും പിതാവു എൻറെ നാമത്തിൽ അയപ്പാനുള്ള പരിശുദ്ധാത്മാവു എന്ന കാര്യസ്ഥൻ നിങ്ങൾക്കു സകലവും ഉപദേശിച്ചുതരികയും ഞാൻ നിങ്ങളോടു പറഞ്ഞതു ഒക്കെയും നിങ്ങളെ ഓർമ്മപ്പെടുത്തുകയും ചെയ്യും".

“സത്യത്തിൻറെ ആത്മാവു വരുമ്പോഴൊ അവൻ നിങ്ങളെ സകല സത്യത്തിലും വഴി നടത്തും... വരുവാനുള്ളത് നിങ്ങൾക്ക് അറിയിച്ചുതരികയും ചെയ്യും” (യോഹ. 14:26; 16:13). അപ്പൊസ്തലിക കാലഘട്ടത്തിനു മാത്രമായിരുന്നില്ല, പിന്നെയോ യുഗങ്ങളോളമുള്ള ക്രിസ്തീയ സഭയ്ക്കു കൂടെയുമായിരുന്നു ഈ വാഗ്ദത്തങ്ങളെന്നു തിരുവചനം വ്യക്തമായി പ്രസ്താവിക്കുന്നു. “ഞാനോ ലോകാവസാനത്തോളം എല്ലാ നാളും നിങ്ങളോടുകൂടെ ഉണ്ട്”, എന്നു രക്ഷകൻ തൻറെ പിൻഗാമികൾക്ക് ഉറപ്പു നൽകുന്നു. (മത്താ. 28:20.) “അതു നാം എല്ലാവരും വിശ്വാസത്തിലും ദൈവപുത്രനെക്കുറിച്ചുള്ള പരിജ്ഞാനത്തിലുള്ള ഐക്യതയും

തികഞ്ഞ പുരുഷത്വവും ക്രിസ്തുവിൻറെ സമ്പൂർണ്ണതയായ പ്രായത്തിൻറെ അളവും പ്രാപിക്കുവോളം വിശുദ്ധന്മാരുടെ യഥാസ്ഥാനത്വത്തിനായുള്ള ശുശ്രൂഷയുടെ വേലയ്ക്കും ക്രിസ്തുവിൻറെ ശരീരത്തിൻറെ ആത്മീക വർദ്ധനയ്ക്കും ആകുന്നു". എന്നു സഭയ്ക്കുവേണ്ടി പരിശുദ്ധാത്മ ദാനത്തെ നല്കിയിരിക്കുന്നതിനെപ്പറ്റി വിശുദ്ധ പൌലൊസ് പ്രഖ്യാപിക്കുന്നു (എഫെ. 4:12,13).

എഫെസൊസിലെ വിശ്വാസികൾക്കുവേണ്ടി അപ്പൊസ്തലൻ ഇപ്രകാരം പ്രാർത്ഥിച്ചു: "നമ്മുടെ കർത്താവായ

യേശുക്രിസ്തുവിൻറെ ദൈവവും മഹത്വമുള്ള പിതാവുമായവൻ നിങ്ങൾക്കു തന്നേക്കുറിച്ചുള്ള പരിജ്ഞാനത്തിൽ ജ്ഞാനത്തിൻറേയും വെളിപ്പാടിൻറേയും ആത്മാവിനെ തരേണ്ടതിനും നിങ്ങളുടെ ഹൃദയദൃഷ്ടി പ്രകാശിപ്പിച്ചിട്ടു അവൻറെ വിളിയാലുള്ള ആശ ഇന്നതെന്നും വിശുദ്ധന്മാരിൽ അവൻറെ അവകാശത്തിൻറെ മഹിമാധനം ഇന്നതെന്നും അവൻറെ ബലത്തിൽ വല്ലഭത്വത്തിൻറെ വ്യാപാരത്താൽ വിശ്വസിക്കുന്ന നമുക്കുവേണ്ടി വ്യാപരിക്കുന്ന അവൻറെ ശക്തിയുടെ അളവറ്റ വലിപ്പം ഇന്നതെന്നും നിങ്ങൾ അറിയേണ്ടതിന്നും പ്രാർത്ഥിക്കുന്നു” (എഫെ. 1:17-19). അറിവു

വിപുലീകരിക്കുന്നതിനും ദൈവത്തിൻറെ വിശുദ്ധ വചനത്തിലെ ആഴമേറിയ കാര്യങ്ങൾ ഗ്രഹിക്കുന്നതിനുംവേണ്ടി മനസ്സ് തുറന്നുകിട്ടുന്നതിനും പരിശുദ്ധാത്മാവിൻറെ ശുശ്രൂഷ എന്ന അനുഗ്രഹം എഫെസൊസിലെ സഭയ്ക്കുണ്ടാകുവാൻ പൗലൊസ് പ്രാർത്ഥിച്ചു.

പരിശുദ്ധാത്മാവിൻറെ അത്ഭുത പ്രകടനം പെന്തെക്കൊസ്തുനാളിൽ ഉണ്ടായശേഷം വിശുദ്ധ പത്രൊസ് ജനങ്ങളുടെ പാപമോചനത്തിനായി മാനസ്സാന്തരപ്പെട്ട് ക്രിസ്തുവിൻറെ നാമത്തിൽ സ്നാനം ഏൽക്കുവാൻ ഉപദേശിച്ചു; അവനിപ്രകാരം പറഞ്ഞു: “എന്നാൽ പരിശുദ്ധാത്മാവ് എന്ന ദാനം

ലഭിക്കും. വാഗ്ദത്തം നിങ്ങൾക്കും നിങ്ങളുടെ മക്കൾക്കും നമ്മുടെ ദൈവമായ കർത്താവ് വിളിച്ചുവരുത്തുന്ന ദൂരസ്ഥന്മാരായ ..... (അപ്പൊ 2:38-39).

കർത്താവിന്റെ വലുതും ഭയങ്കരവുമായ നാളിനോടു ബന്ധപ്പെട്ട് പരിശുദ്ധാത്മാവിൻറെ ശ്രേഷ്ഠമായ പ്രവർത്തനം നടക്കുന്നതായി യോവേൽ പ്രവാചകൻ പ്രസ്താവിക്കുന്നു (യോവേൽ 2:28.) പെന്തെക്കൊസ്തുനാളിൽ നൽകപ്പെട്ട പരിശുദ്ധാത്മ വർഷം അതിൻറെ ഭാഗിക നിറവേറലായിരുന്നു; എന്നാൽ അതിൻറെ പൂർണ്ണമായ നിറവേറൽ സുവിശേഷ വേലയുടെ

അന്ത്യഘട്ടത്തിൽ നടക്കുവാനിരിക്കുന്ന ദിവ്യകൃപയുടെ പ്രകടനമായിരിക്കും

.കാലം അന്ത്യത്തോടടുക്കുന്തോറും നന്മയും തിന്മയും തമ്മിലുള്ള വൻപോരാട്ടം വർദ്ധിച്ചുകൊണ്ടിരിക്കും. എല്ലാ കാലഘട്ടങ്ങളിലും ക്രിസ്തുവിൻറെ സഭയോടുള്ള സാത്താൻറെ കോപം കാണപ്പെട്ടിരിക്കുന്നു; എന്നാൽ ദുഷ്ടനായവൻറെ ശക്തിക്കെതിരേ നിലനിൽക്കുന്നതിന് തൻറെ ജനത്തെ ബലപ്പെടുത്തുവാൻ ദൈവം തൻറെ ആത്മാവിനേയും ദിവ്യകൃപയേയും നല്കിയിരിക്കുന്നു. ക്രിസ്തുവിൻറെ അപ്പൊസ്തലന്മാർ തൻറെ സുവിശേഷം ലോകത്തോടറിയിച്ചപ്പോൾ വരും

കാലത്തേക്ക് അത്
രേഖപ്പെടുത്തുന്നതിനുവേണ്ടി ദൈവം
പരിശുദ്ധാത്മാവിൻറെ പ്രത്യേക
വെളിച്ചം പ്രകാശിപ്പിച്ചു. എന്നാൽ സഭ
അവളുടെ അവസാന
രക്ഷാദിവസത്തേക്ക് അടുത്തുവരുന്തോറും
സാത്താൻ പൂർണ്ണശക്തിയോടെ
പ്രവർത്തിക്കുന്നു. "തനിക്കല്പ
കാലമേയുള്ളു എന്ന് അറിഞ്ഞ്
മഹാക്രോധത്തോടെ നിങ്ങളുടെ
അടുക്കൽ സാത്താൻ
ഇറങ്ങിവന്നിരിക്കുന്നു" (വെളി. 12:12).
അവൻ "വ്യാജമായ സകല ശക്തിയോടും
അടയാളങ്ങളോടും അത്ഭുതങ്ങളോടും
അനീതിയുടെ സകല വഞ്ചനയോടുംകൂടെ
പ്രവർത്തിക്കും" (2 തെസ്സ. 2:9).
ഒരിക്കൽ ദൈവ ദൂതന്മാരിൽ

പ്രധാനിയായിരുന്ന അവൻ കഴിഞ്ഞ ആറായിരം വർഷങ്ങളായി വഞ്ചനയും നാശവും വിതച്ചുകൊണ്ടിരിക്കുന്നു. യുഗങ്ങളായി നടന്നുവരുന്ന പോരാട്ടത്തിൽ കാണപ്പെടുന്ന പൈശാചിക പ്രവർത്തനങ്ങളും കഴിവുകളും ക്രൂരതകളും മൊത്തമായി ദൈവജനങ്ങൾക്കെതിരേയുള്ള അന്ത്യ പോരാട്ടത്തിൽ പ്രയോഗിക്കപ്പെടും. കഷ്ടതയുടെ ഈ കാലഘട്ടത്തിൽ ക്രിസ്തുവിൻറെ പിൻഗാമികൾ തൻറെ വീണ്ടും വരവിൻറെ മുന്നറിയിപ്പിൻദൂത് കൊടുത്തുകൊണ്ടിരിക്കും; "കറയും ചുളുക്കവുമില്ലാത്ത ഒരു ജനത്തെ കർത്താവിന്റെ വീണ്ടും വരവിനുവേണ്ടി ഒരുക്കി നിർത്തും. അപ്പൊസ്തലിക

കാലഘട്ടത്തെക്കാളധികം
പരിശുദ്ധാത്മാവിൻറെ ശക്തിയും ദിവ്യ
കൃപയും ഈ കാലഘട്ടത്തിൽ
അത്യാവശ്യമായിരിക്കുന്നു.

നന്മയും തിന്മയും തമ്മിൽ സുദീർഘം
തുടർന്നുകൊണ്ടിരിക്കുന്ന വൻ
പോരാട്ടത്തിൻറെ ദൃശ്യങ്ങൾ ഈ
എഴുത്തുകാരിക്ക് പരിശുദ്ധാത്മ
പ്രേരണയാൽ വെളിവാക്കപ്പെട്ടു.
ജീവൻറെ പ്രഭുവും നമ്മുടെ രക്ഷയുടെ
ഉറവിടവുമായ ക്രിസ്തുവും , തിന്മയുടെ
പ്രഭുവും പാപത്തിൻറെ ഉറവിടവുമായ
സാത്താനും തമ്മിലുള്ള വൻ
പോരാട്ടത്തിൻറെ ആരംഭമായി
ദൈവത്തിൻറെ വിശുദ്ധ കല്പനകളുടെ
ലംഘനം ഉണ്ടായതു കാണുവാനും

തുടർന്നുള്ള ഭീകര പ്രവർത്തനങ്ങളുടെ വിവിധ രംഗങ്ങൾ ദർശിക്കുവാനും എനിക്കനുമതി ലഭിച്ചു. ക്രിസ്തുവിനോടുള്ള സാത്താൻറെ ശത്രുത്വം തൻറെ പിൻഗാമികളിൽ പകർന്നു കാണുന്നു. ദൈവനിയമത്തിൻറെ തത്വങ്ങളോടുള്ള അതേ വിദ്വേഷം, വഞ്ചനയുടെ അതേ നയം, തെറ്റിനെ ശരിയെന്നവണ്ണം പ്രത്യക്ഷപ്പെടുത്തുന്ന അതേ വഞ്ചന, ദൈവകല്പനയുടെ സ്ഥാനത്ത് മനുഷ്യകല്പനകൾ സ്ഥാപിച്ച അതേ തന്ത്രം (missing line 2) മനുഷ്യരെ പ്രേരിപ്പിക്കുന്ന അതേ പ്രവർത്തനം എന്നിവ ചരിത്രത്തിലുടനീളം കാണപ്പെടുന്നു. ദൈവ സ്വഭാവത്തെ തെറ്റായി ചിത്രീകരിച്ചുകൊണ്ട്

സൃഷ്ടികർത്താവിനെ
തെറ്റിദ്ധരിക്കുവാൻ മനുഷ്യരെ
പ്രേരിപ്പിക്കുകയും, ദൈവത്തെ
സ്നേഹിക്കുന്നതിനുപകരം ഭയപ്പെടുവാൻ
മനുഷ്യ ഹൃദയങ്ങളിൽ
പ്രവർത്തിക്കുകയും ദൈവിക
നിയമങ്ങളെ തള്ളിക്കളഞ്ഞുകൊണ്ട്
അവ അനുസരിക്കേണ്ട ആവശ്യമില്ലെന്നു
ചിന്തിക്കുവാൻ അവരെ
ഒരുക്കിയെടുക്കുകയും, തൻ്റെ
വഞ്ചനകളോടു എതിർത്തു
നിൽക്കുന്നവരെ പീഡിപ്പിക്കുകയും
ചെയ്യുന്ന സാത്താൻ്റെ പ്രവർത്തനം
മാറ്റമില്ലതെ യുഗങ്ങളായി
തുടർന്നുവരുന്നു.
ഗോത്രപിതാക്കന്മാരുടേയും
പ്രവാചകന്മാരുടേയും

അപ്പൊസ്തലന്മാരുടേയും രക്തസാക്ഷികളുടേയും നവീകരണകർത്താക്കളുടേയും ചരിത്രത്തിൽ ഇതു കാണുവാൻ സാധിക്കുന്നു.

കഴിഞ്ഞ കാലങ്ങളിൽ എന്നപോലെ അന്ത്യപോരാട്ട ഘട്ടത്തിലും ഇതേ നയം തന്നെ സാത്താൻ തുടരുകയും ഇതേ ആത്മാവുതന്നെ വെളിപ്പെട്ടു വരികയും ഇതേ ലക്ഷ്യത്തിനുവേണ്ടി പ്രവർത്തിക്കുകയും ചെയ്യുന്നു. ഇതുവരെയും സംഭവിച്ചതിനെക്കാളും, ഇന്നു സംഭവിച്ചുകൊണ്ടിരിക്കുന്നതിനെക്കാളുമധികം, ലോകം ഒരിക്കലും കണ്ടിട്ടില്ലാത്തവിധം ഭീകരമായ

രീതിയിൽ സർവ്വശക്തിയുമപയോഗിച്ച് സാത്താൻ തൻറെ പ്രവർത്തനം നടത്തും. അവൻറെ വഞ്ചനകൾ ഹീനവും അവൻറെ ആക്രമണങ്ങൾ ഉറപ്പോടുകൂടിയതുമായിരിക്കും. സാദ്ധ്യമായാൽ തെരഞ്ഞെടുക്കപ്പെട്ട വ്രതന്മാരെപ്പോലും തെറ്റിക്കും (മർക്കോ. 13:22).

ദൈവവചനത്തിലെ അത്ഭുത സത്യങ്ങൾ പരിശുദ്ധാത്മാവ് എൻറെ മനസ്സിൽ തുറന്നുതരികയും, ഭൂതകാലത്തേയും ഭാവികാലത്തേയും ദൃശ്യങ്ങൾ എനിക്കു കാണിച്ചുതരികയും ചെയ്തുകൊണ്ട്, ഇപ്രകാരം എൻറെ മുമ്പിൽ വെളിപ്പെടുത്തിയ രംഗങ്ങളായ

വൻപോരാട്ടത്തിന്റെ ഭൂതകാല
ചരിത്രദൃശ്യങ്ങൾ പ്രത്യേകിച്ച്
ഭാവിയിൽ അതിവേഗം
നടക്കാനിരിക്കുന്ന
പോരാട്ടത്തിൻറെമേൽ വെളിച്ചം
വീശുന്നതിനു രേഖപ്പെടുത്തുവാനും അതു
മനുഷ്യർക്കു അറിയിച്ചുകൊടുക്കുവാനും
ആവശ്യപ്പെട്ടു. ഇതു
പ്രാവർത്തികമാക്കുന്നതിനുവേണ്ടി
വിവിധ കാലഘട്ടങ്ങളിൽ ലോകത്തിനു
നൽകപ്പെട്ട മഹത്തായ
സത്യങ്ങളുടെമേൽ സാത്താൻറെ
കോപം ഇളകി മറിഞ്ഞതും, ലോകത്തെ
മാത്രം സ്നേഹിച്ച് സഭ സത്യത്തെ
വെറുത്തതും, "മരണപര്യന്തം തങ്ങളുടെ
പ്രാണനെ സ്നേഹിക്കാതിരുന്നവർ
സത്യത്തിനു സാക്ഷികളായി

നിന്നതുമായ സംഭവങ്ങൾ ചരിത്രത്തിൻറെ താളുകളിൽനിന്നു ശേഖരിച്ച് വേർതിരിക്കുവാൻ എനിക്കു ലഭിച്ച നിർദ്ദേശമനുസരിച്ച് ഞാൻ പ്രവർത്തിച്ചു.

ഈ രേഖകളിൽ നമ്മുടെ മുൻപിൽ വരാനിരിക്കുന്ന പോരാട്ടത്തിൻറെ നിഴൽ നാം കാണുന്നു. ദൈവവചനത്തിൻറെ വെളിച്ചത്തിലും പരിശുദ്ധാത്മ നിയന്ത്രണത്തിലും അവയെ കാണുമ്പോൾ ദുഷ്ടനായ സാത്താൻറെ തന്ത്രങ്ങൾ പ്രത്യക്ഷപ്പെടുന്നതും കർത്താവിന്റെ രണ്ടാം വരവിനെ എതിരേൽക്കുന്നതിനുവേണ്ടി “കളങ്കമില്ലാതെ”

നിൽക്കാനാഗ്രഹിക്കുന്നവർ
ഉപേക്ഷിച്ചുകളയേണ്ടതായ
അപകടങ്ങൾ വെളിവായി വരുന്നതും
നാം കാണും.

നവീകരണത്തിൻറെ പുരോഗതിയെ
നിയന്ത്രിച്ച വലിയ സംഭവങ്ങൾ ചരിത്ര
രേഖകളിലുണ്ട്. (..............................)
അംഗീകരിച്ചതുമാണ്; ആർക്കുംതന്നെ
തള്ളിക്കളയാനാവാത്ത വസ്തുതകളായി
അവ നിലനിൽക്കുന്നു. ഈ
പുസ്തകത്തിൻറെ
താൽപര്യമനുസരിച്ച് മേൽ പറഞ്ഞ
ചരിത്രരേഖകൾ ചുരുക്കമായി
ഞാനിതിൽ പ്രതിപാദിക്കുകയും അവർ
വ്യക്തമായി മനസ്സിലാക്കുന്നതിനു
ചുരുങ്ങിയ സ്ഥലം ഉപയോഗിച്ച്

ഹ്രസ്വമായ രീതിയിൽ അത്യാവശ്യം
വേണ്ടതുമാത്രം ഉദ്ധരിക്കുകയും
ചെയ്യിരിക്കുന്നു. ചില അവസരങ്ങളിൽ
ഒരു വ്യക്തമായ ചിത്രീകരണം ഒരു
വിഷയത്തെ സംബന്ധിച്ച്
ലഭിക്കുന്നതിന് ചരിത്രകാരൻറെ അതേ
വാക്കുകൾ തന്നെ ഉപയോഗിച്ചിട്ടുണ്ട്.
മറ്റുചില അവസരങ്ങളിൽ ഒരു
വിഷയത്തെ ശക്തിയുക്തം
അവതരിപ്പിക്കുന്നതിനു ചരിത്രകാരൻറെ
വാക്കുകൾ ഉപയോഗിക്കുകയും ആ
ചരിത്രരേഖ തെളിവായി
സ്ഥാപിക്കുവാൻ
താൽപര്യപ്പെടാത്തതുകൊണ്ട്
ഉദ്ധരണികളുടെ ഉറവിടം
രേഖപ്പെടുത്താതെയും ഇരിക്കുന്നു.
നമ്മുടെ കാലഘട്ടത്തിലും നവീകരണ

പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവരുടെ ആശയങ്ങളും അനുഭവങ്ങളും ചിത്രീകരിക്കുമ്പോൾ അവരുടെ പ്രസിദ്ധീകരണങ്ങൾ ഇപ്രകാരംതന്നെ കൈകാര്യം ചെയ്യപ്പെടുന്നു.

കഴിഞ്ഞ കാലങ്ങളിലെ പോരാട്ടങ്ങളുടെ പുതിയ സത്യങ്ങൾ വെളിപ്പെടുത്തുകയല്ല ഈ പുസ്തകത്തിൻറെ പ്രധാന ലക്ഷ്യം; പ്രത്യുത, പിൻവരുന്ന സംഭവങ്ങളുടെ മേലുള്ള തത്വങ്ങളും വസ്തുതകളും വ്യക്തമാക്കുക എന്നതാണ്. എന്നാൽ വെളിച്ചവും ഇരുളും തമ്മിലുള്ള വൻ പോരാട്ടത്തിൻറെ കഴിഞ്ഞകാല രേഖകൾ അർത്ഥവത്തായിത്തന്നെ ഇന്നും അവശേഷിക്കുന്നു; കഴിഞ്ഞകാല

നവീകരണ കർത്താക്കളെപ്പോലെ "ദൈവവചനത്തിനും യേശുവിൻറെ സാക്ഷ്യത്തിനും" ആയി ഈ ലോക സമ്പത്തുകൾ നഷ്ടപ്പെട്ടാൽ പോലും സാക്ഷികളായി നിൽക്കുവാൻ വിളിക്കപ്പെട്ടവരുടെ കാലടികളെ അവ ഇന്നും പ്രഭാപൂരിതമാക്കുന്നു.

സത്യവും അസത്യവും തമ്മിലുള്ള വൻപോരാട്ടത്തിന്റെ രംഗങ്ങൾ വെളിവാക്കുന്നതിനും; സാത്താൻറെ വഞ്ചനകളെ വെളിച്ചത്തു കൊണ്ടുവന്നു അവനോടു വിജയകരമായി എതിർത്തു നിൽക്കുന്നതിനുള്ള വഴികൾ കണ്ടെത്തുന്നതിനും; പാപത്തിൻറെ ഉത്ഭവം അതിൻറെ അവസാന നശീകരണവും വെളിവാക്കി ദുഷ്ടതയുടെ

വലിയ പ്രശ്നത്തിന്ന തൃപ്തികരമായ പരിഹാരം കണ്ടെത്തുന്നതിനും, തൻറെ സർവ്വ സൃഷ്ടികളോടുമുള്ള ദൈവത്തിൻറെ പ്രവൃത്തിയിൽ കാണുന്ന ദൈവനീതിയും സ്നേഹവും വെളിവാക്കുന്നതിനും ദൈവകല്പനയുടെ മാറ്റമില്ലാത്തതും പരിശുദ്ധവുമായ പ്രകൃതിയെ ചൂണ്ടിക്കാണിക്കുന്നതിനുമായി ഈ പുസ്തകം എഴുതപ്പെട്ടിരിക്കുന്നു. ഇതിൻറെ സ്വാധീനംകൊണ്ട് ആത്മാക്കൾ അന്ധകാര ശക്തിയിൽനിന്നു രക്ഷനേടി, നമ്മെ സ്നേഹിക്കുകയും നമുക്കുവേണ്ടി തന്നെത്താൻ ഏൽപ്പിച്ചു കൊടുക്കുകയും ചെയ്ത കർത്താവിനെ സ്തുതിക്കുന്നതിനും, വിശുദ്ധന്മാർക്കു വെളിച്ചത്തിലുള്ള അവകാശത്തിന്മേൽ

പങ്കു ലഭിക്കുന്നതിനും സഹായകമാകട്ടെ
എന്നുള്ളതാണ് രചയിതാവിൻറെ
ആത്മാർത്ഥമായ പ്രാർത്ഥന.

എലൻ ജി. വൈറ്റ്

# അദ്ധ്യായം 1—യെരുശലേമിൻറെ നാശം

“ഈ നാളിൽ നിൻറെ സമാധാനത്തിനുള്ളത് നീയും അറിഞ്ഞു എങ്കിൽ കൊള്ളായിരുന്നു. ഇപ്പോഴോ അതു നിൻറെ കണ്ണിന്നു മറഞ്ഞിരിക്കുന്നു. നിൻറെ സന്ദർശനകാലം നീ അറിയാഞ്ഞതുകൊണ്ട് നിൻറെ ശത്രുക്കൾ നിനക്കു ചുറ്റും വാട കോരി നിന്നെ വളഞ്ഞു നാലുപുറത്തും ഞെരുക്കി നിന്നെയും നിന്നിലുള്ള നിൻറെ മക്കളെയും നിലത്തു തള്ളിയിട്ട്, നിങ്കൽ കല്ലിന്മേൽ കല്ലു ശേഷിപ്പിക്കാതിരിക്കുന്ന കാലം നിനക്കുവരും (ലൂക്കൊ . 19:42-44).

ഒലിവുമലയുടെ ശിഖരത്തിൽ നിന്നുകൊണ്ട് യേശു യെരുശലേമിനെ നോക്കി. അവൻറെ മുൻപിൽ കണ്ടത് സമാധാനപൂർണ്ണവും, യോഗ്യവുമായ ഒരു രംഗവിധാനമായിരുന്നു. അത് പെസഹയുടെ കാലം ആയിരുന്നു. യാക്കോബിൻറെ സന്തതികൾ എല്ലാ ദേശങ്ങളിൽനിന്നും ഈ വലിയ ദേശീയ ഉത്സവം കൊണ്ടാടാൻ അവിടെ വന്നിരുന്നു. പൂന്തോട്ടങ്ങളും, മുന്തിരിത്തോട്ടങ്ങളും, തീർത്ഥാടകരുടെ കൂടാരങ്ങളാൽ അലംകൃതമായ പച്ച മലഞ്ചരിവുകളും എഴുന്നുനില്ക്കുന്ന കുന്നുകളും രാജകൊട്ടാരങ്ങളും യിസ്രായേലിൻറെ തലസ്ഥാനനഗരിയുടെ പുറം കോട്ടയും ചേർന്ന ദൃശ്യം. ഞാൻ രാജ്ഞിയായി

ഇരിക്കുന്നു, എനിക്കു ഒരു ദുഃഖവും ഇല്ല, രമണീയമായിരിക്കുന്നു, സ്വർഗ്ഗത്തിന്റെ പത്യേക കരുതലിൽ സുരക്ഷിതയായിരിക്കുന്നു. കാലങ്ങൾക്കുമുൻപു രാജകീയ പാട്ടുകാരൻ പാടിയതുപോലെ: “മഹാരാജാവിൻറെ നഗരമായി ഉത്തര ഗിരിയായ സീയോൻ പർവ്വതം ഉയരംകൊണ്ട് മനോഹരവും സർവ്വഭൂമിയുടെയും ആനന്ദവുമാകുന്നു” (സങ്കീ. 48:2) എന്നു പറയത്തക്കവണ്ണം സീയോൻപുത്രി അഹങ്കരിച്ചിരുന്നോ എന്നു തോന്നുമായിരുന്നു. പ്രൗഢഗംഭീരമായ ദൈവാലയമന്ദിരം മുഴുവനും കാണാമായിരുന്നു. തങ്കകവാടവും, ഗോപുരവും, ഗോപുരാഗ്രവും,

വെൺമയാർന്ന മാർബിൾ ഭിത്തികളും സൂര്യാസ്തമന കിരണങ്ങളിൽ പ്രകാശിച്ചിരുന്നു. "ആ സൗന്ദര്യ സമ്പൂർത്തി" യെഹൂദാ രാഷ്ട്രത്തിൻറെ അഭിമാനമായി നിന്നു. ആനന്ദാഭിമാനത്താൽ പുളകം കൊള്ളാതെ ഈ രംഗം കാണുവാൻ ഏതു യിസ്രായേല്യനു സാധിക്കും! എന്നാൽ യേശുവിൻറെ മനസ്സിൽ ദൂരവ്യാപകമായ വേറെ ചിന്തകളാണുണ്ടായത്. "അവൻ നഗരത്തിനു സമീപിച്ചപ്പോൾ അതിനെ കണ്ടു അതിനെക്കുറിച്ച് കരഞ്ഞു" (ലൂക്കൊ . 19:41). യെരുശലേമിലേക്കുള്ള മഹത്വപ്രവേശനത്തിങ്കൽ ലോകം സന്തോഷിച്ചപ്പോഴും, കുരുത്തോലകൾ

വീശിയപ്പോഴും, സന്തോഷത്തിൻറെ
ഹോശന്നാകൾ കുന്നുകളിൽ
പ്രതിദ്ധ്വനിച്ചപ്പോഴും, ആയിരങ്ങൾ
തന്നെ രാജാവായി പ്രഖ്യാപിച്ചപ്പോഴും
ലോകരക്ഷിതാവ് പെട്ടെന്ന് ഒരു രഹസ്യ
സങ്കടത്തിൽ ആമഗ്നനാകുകയാണ്
ചെയ്തത്. ദൈവപുത്രൻ,
യിസ്രായേലിൻറെ വാഗ്ദത്തമായവൻ,
മരണത്തെ ജയിച്ചവൻ,
കല്ലറകളിൽനിന്നും മരിച്ചവരെ
വിളിച്ചവൻ കണ്ണുനീർ തൂകി; വെറും
ദുഃഖത്താൽ അല്ല, അവൻ
അടക്കാനാവാത്ത തീവ്രവ്യഥയിൽ
ആയിരുന്നു.

പാദങ്ങൾ നീങ്ങുന്നത്
വ്യഥയിലേയ്ക്കാണെന്ന്

അറിയാമായിരുന്നെങ്കിലും തൻറെ കണ്ണുനീർ തനിക്കുവേണ്ടിയായിരുന്നില്ല. അടുത്തുവരുന്ന, ഗെത്ത്ശെമനയിലെ യാതനാരംഗം തൻറെ മുൻപിൽ ഉണ്ടായിരുന്നു. നൂറ്റാണ്ടുകളായി യാഗമൃഗങ്ങളെ കടത്തിക്കൊണ്ടുപോകുന്ന ആട്ടുവാതിൽ തൻറെ ദൃഷ്ടിയിൽ തെളിഞ്ഞുവന്നു. "അറുക്കുവാനുള്ള ആടിനെപ്പോലെ" താനും തനിക്കുവേണ്ടി തുറക്കപ്പെടേണ്ട വാതിലും (യെശ. 53:7) കാൽവറി എന്ന ക്രൂശീകരണ സ്ഥലവും അവിടെനിന്നും വളരെ അകലെയല്ല. താൻ താമസിയാതെ ചവിട്ടിത്തള്ളേണ്ട വഴിയും, തൻറെ ആത്മാവിനെ പാപയാഗമാക്കുമ്പോൾ ഉണ്ടാകുന്ന വലിയ കൂരിരുട്ടിൻറെ ഘോരതയും തനിക്ക് അറിയാമായിരുന്നു. പക്ഷെ ഈ

സന്തോഷ വേളയിൽ ദുഃഖത്തിൻറെ നിഴൽ തൻറെ മേൽ വീഴ്ത്തിയത് ഈ രംഗങ്ങളെക്കുറിച്ചുള്ള ചിന്തയൊന്നും ആയിരുന്നില്ല. തൻറെ നിസ്വാർത്ഥ ആത്മാവിന്മേൽ വീണതു മനുഷ്യാതീതമായ തീവ്രവേദനയുടെ അനിഷ്ട സൂചനയൊന്നും അല്ലായിരുന്നു. അന്ധരും പശ്ചാത്താപരഹിതരുമായ അവരെ അനുഗ്രഹിക്കാനും രക്ഷിക്കാനുമായി താൻ വന്നതുകൊണ്ടാണ് യെരുശലേമിലെ ആയിരങ്ങളുടെ വിധിയോർത്ത് കരഞ്ഞത്.

ദൈവത്തിൻറെ പ്രത്യേക കരുതലും ശ്രദ്ധയും അനുഭവിച്ചിരുന്ന തിരഞ്ഞെടുക്കപ്പെട്ട ജനത്തിൻറെ

ആയിരം വർഷത്തെ ചരിത്രം യേശുവിൻറെ കൺ മുൻപിൽ തുറക്കപ്പെട്ടു. മോറിയാ മലയിൽ അബ്രഹാമിൻറെ വാഗ്ദത്ത സന്തതിയായ യിസഹാക്കിനെ യാഗം കഴിക്കാൻ കൊണ്ടുപോയപ്പോൾ എതിർക്കാതിരുന്നതും, യാഗപീഠത്തിന്മേൽ ബന്ധിക്കപ്പെട്ട് അനുസരണയുള്ളവനായി കിടന്നതും ദൈവപുത്രൻറെ യാഗത്തിൻറെ പ്രതീകമായിരുന്നു. അവിടെവെച്ച് “വിശ്വാസികളുടെ പിതാവിൻറെ അനുഗ്രഹത്തിൻറെ ഉടമ്പടിയായ രക്ഷകനെക്കുറിച്ചുള്ള ഉറപ്പു കൊടുത്തു. (ഉല്പ. 22:9,16-18). ഓർന്നാന്റെ മെതിക്കളത്തിലെ യാഗജ്വാലകൾ സ്വർഗ്ഗത്തിലേയ്ക്ക് ഉയർന്നപ്പോൾ

സംഹാരദൂതൻ തൻറെ ക്രിയയിൽനിന്നും പിൻതിരിഞ്ഞത് (1 ദിന. 21 ) ~- രക്ഷകൻറെ യാഗത്തിൻറേയും നമുക്കുവേണ്ടിയുള്ള മദ്ധ്യസ്ഥതയുടേയും പ്രതീകമായിരുന്നു. ഭൂമിയിൽ മറ്റെല്ലാറ്റിനും മീതെ ദൈവം യെരുശലേമിനെ മാനിച്ചിരുന്നു. “യഹോവ സീയോനെ തെരഞ്ഞെടുക്കയും അതിനെ തൻറെ വാസസ്ഥലമായി ഇച്ഛിക്കയും ചെയ്തു” (സങ്കീ. 132:13). അവിടെ പല കാലങ്ങൾ വിശുദ്ധ പ്രവാചകന്മാർ മുന്നറിയിപ്പിൻ ദൂതുകൾ പ്രസംഗിച്ചു, പുരോഹിതന്മാർ ധൂപക്കുറ്റി വീശി, സുഗന്ധ ധൂപത്തോടൊപ്പം ആരാധകരുടെ പ്രാർത്ഥനയും ദൈവസന്നിധിയിലേക്ക് ഉയർന്നു.

ദൈവത്തിൻറെ അറുക്കപ്പെട്ട കുഞ്ഞാടിനെ പ്രതിനിധീകരിക്കുന്ന ആടിനെ കൊന്ന് രക്തം ദിനംതോറും അവിടെ അർപ്പിച്ചിരുന്നു. കൃപാസനത്തിനുമുകളിൽ മേഘത്തിൽ യഹോവ തൻറെ സാന്നിദ്ധ്യം വെളിപ്പെടുത്തിയിരുന്നു. എല്ലാററിലും പരിശുദ്ധമായതിലേക്കുള്ള വഴി ലോകത്തിന് തുറന്നതും, ദൂതന്മാർ കയറുകയും ഇറങ്ങുകയും ചെയ്യുന്നതും, സ്വർഗ്ഗത്തെയും ഭൂമിയെയും തമ്മിൽ ബന്ധിപ്പിച്ചതുമായ കോവണിയുടെ അടിസ്ഥാനം അവിടെയായിരുന്നു (ഉല്പ. 28:12; യോഹ. 1:51). യിസ്രായേൽജനം ദൈവഭക്തി കാത്തുസൂക്ഷിച്ചിരുന്നെങ്കിൽ യെരുശലേം ദൈവത്തിൻറെ

തിരഞ്ഞെടുക്കപ്പെട്ട സ്ഥാനമായി എന്നെന്നേക്കും നിലനിൽക്കുമായിരുന്നു (യിരെമ്യാ. 17:21 -25). പക്ഷെ, പ്രത്യേകാനുകൂല്യം ലഭിച്ച ഈ ജനത്തിൻറെ ചരിത്രത്തിൽ പിന്മാറ്റത്തിൻറെയും എതിർപ്പിന്റെയും രേഖകളാണുള്ളത്. അവർ ദൈവകൃപയെ നിഷേധിക്കുകയും, അവരുടെ പ്രത്യേകാവകാശം ദുർവിനിയോഗം ചെയ്യുകയും; അവസരങ്ങളെ നഷ്ടപ്പെടുത്തുകയും ചെയ്തു.

യിസ്രായേൽ "ദൈവത്തിൻറെ ദൂതുവാഹകരെ പരിഹസിക്കയും അവരുടെ വാക്കുകളെ നിന്ദിക്കുകയും പ്രവാചകന്മാരെ ശ്രദ്ധിക്കാതിരിക്കുകയും ചെയ്തതെങ്കിലും", (2 ദിന. 36:16)

ദൈവം കരുണയും കൃപയും, ദീർഘക്ഷമയും, മഹാദയയും സത്യവും ഉള്ള ദൈവമായി തന്നെത്തന്നെ അവർക്കു പിന്നെയും പ്രകടമാക്കി (പുറ. 34:6). എപ്പോഴും നിരാകരിക്കപ്പെട്ടിട്ടും ദൈവത്തിൻറെ കരുണ അവരോടു സംവാദിച്ചുകൊണ്ടിരുന്നു. തൻറെ ശ്രദ്ധയിലുള്ള മകനോടു ഒരു പിതാവിനുള്ള സഹതാപപൂർണ്ണമായ സ്നേഹത്തെക്കാൾ അധികം അവരെ സ്നേഹിച്ച ദൈവം "തൻറെ ജനത്തോടും തൻറെ നിവാസത്തോടും സഹതാപം തോന്നിയിട്ട് അവൻ ജാഗ്രതയോടെ തൻറെ ദൂതന്മാരെ അവരുടെ അടുക്കൽ അയച്ചു" (2 ദിന. 36:15). ശക്തമായ പ്രതിഷേധവും, കേണപേക്ഷകളും,

ശാസനകളും തോൽവിയടഞ്ഞപ്പോൾ ദൈവം സ്വർഗ്ഗത്തിന്റെ ശ്രേഷ്ഠമായ ദാനത്തെ അവർക്കായി അയച്ചു. അതു കൂടാതെ, ആ ഏക ദാനത്തിലൂടെ സ്വർഗ്ഗം മുഴുവനും അവർക്കായി നൽകി.

അനുതാപമില്ലാത്ത നഗരത്തോട് വാദിക്കാൻ ദൈവപുത്രൻതന്നെ അയയ്ക്കപ്പെട്ടു. മികച്ച മുന്തിരിവള്ളിയായ യിസ്രായേലിനെ മിസ്രയീമിൽനിന്ന് കൊണ്ടുവന്നത് ക്രിസ്തു ആയിരുന്നു (സങ്കീ. 80:8). തൻറെ സ്വന്തം കരം ജാതികളെ അതിൻറെ മുൻപിൽ നിന്ന് നീക്കിക്കളഞ്ഞു. ഫലപ്രദമായ ഒരു കുന്നിൽ അതിനെ നട്ടു. തൻറെ പരിപാലനം അതിനെ

ചുറ്റിവളഞ്ഞിരുന്നു. അതിനെ വളർത്താൻ തൻ്റെ വേലക്കാരെ അയയ്ക്കുകയും ചെയ്തു. "ഞാൻ എൻ്റെ മുന്തിരിത്തോട്ടത്തിൽ ചെയ്തിട്ടുള്ളതല്ലാതെ ഇനി അതിൽ എന്തു ചെയ്യാനുള്ളു? എന്ന് ദൈവം ആർത്തുവിളിക്കുന്നു (യെശ. 5:1 -4). മുന്തിരിങ്ങ കായ്ക്കുമെന്നു കാത്തിരുന്നാറെ, അത് കാട്ടുമുന്തിരിങ്ങ കായ്ച്ചു. എന്നിട്ടും നല്ല ഫലം കിട്ടുമെന്നുള്ള പ്രത്യാശയോടെ ദൈവം വ്യക്തിപരമായി മുന്തിരിത്തോട്ട ത്തിലേക്ക് വന്നു. യദൃച്ഛയാ നാശത്തിൽ നിന്ന് രക്ഷപെട്ടെങ്കിലോ! അവൻ മുന്തിരിവള്ളിയുടെ ചുറ്റും കിളച്ചു. അതിനുവേണ്ടി തുടർച്ചയായി പ്രയത്നിക്കുകയും അതിനെ

പരിപോഷിപ്പിക്കുകയും ചെയ്തു. താൻ സ്വന്തമായി നട്ട മുന്തിരിവള്ളിയെ രക്ഷിക്കാനുള്ള പ്രയത്നത്തിൽ അക്ഷീണനായിരുന്നു.

പ്രകാശത്തിൻ്റെയും മഹത്വത്തിൻ്റെയും കർത്താവ് മൂന്നുവർഷം ജനങ്ങളുടെ ഇടയിൽ ആയിരുന്നു. അവൻ “നന്മചെയ്തും പിശാച് ബാധിച്ച വരെ ഒക്കെയും സൗഖ്യമാക്കിയും” മനസ്സു തകർന്നവർക്ക് സൗഖ്യം വരുത്തിയും, ബദ്ധന്മാരെ വിടുവിച്ചും, കുരുടന്മാർക്ക് കാഴ്ചകൊടുത്തും, മുടന്തരെ നടക്കുമാറാക്കിയും, ചെകിടരെ കേൾക്കുമാറാക്കിയും, കുഷ്ഠരോഗികളെ ശുദ്ധരാക്കിയും, മരിച്ചവരെ ഉയിർപ്പിച്ചും, ദരിദ്രരോടു

സുവിശേഷം അറിയിച്ചും കൊണ്ട്
അവരുടെയിടയിൽ സഞ്ചരിച്ചു (അപ്പൊ.
10:38; ലൂക്കൊ. 4:18; മത്തായി 11:5).
“അദ്ധ്വാനിക്കുന്നവരും ഭാരം
ചുമക്കുന്നവരും ആയുള്ളോരേ,
എല്ലാവരും എൻറെ അടുക്കൽ വരുവിൻ;
ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും”
(മത്തായി 11:28) എന്ന
കൃപാപൂർണ്ണമായ വിളി എല്ലാവർക്കും
ഒരു പോലെയുള്ളതായിരുന്നു.

നന്മയ്ക്കുപകരം തിന്മയും
സ്നേഹത്തിനുപകരം ദ്വേഷവും, (സങ്കീ.
109:5) ആയിരുന്നു പ്രതിഫലം
എങ്കിലും കരുണയുടെ ദൗത്യം
ദൃഢചിത്തതയോടെ
കൊടുത്തുകൊണ്ടിരുന്നു. എതിർത്തു

നിന്നവർ ഒരിക്കലും ദൈവത്തിൻറെ കൃപയെ അന്വേഷിച്ചില്ല. ഒരു ഭവനരഹിതനും പഥികനും ആയ അവൻറെ ദിനംപ്രതിയുള്ള ഓഹരി നിന്ദയും, നിർദ്ധനത്വവും ആയിരുന്നെങ്കിലും, ജീവൻറെ ദാനത്തെ സ്വീകരിക്കാൻ അപേക്ഷിച്ചുകൊണ്ട് മനുഷ്യരുടെ കഷ്ടങ്ങൾ ലളിതമാക്കിയും ആവശ്യങ്ങളിൽ ശുശ്രൂഷ ചെയ്തും അവൻ ജീവിച്ചു. ആ ശാഠ്യമുള്ള ഹൃദയങ്ങൾ തിരിച്ചടിച്ചിട്ടും, കരുണയുടെ തരംഗങ്ങൾ സഹതാപമുള്ളതും പറഞ്ഞറിയിക്കാൻ പാടില്ലാത്തതുമായ സ്നേഹത്തിൻറെ ശക്തമായ അലകളായി തിരിച്ചു നൽകപ്പെട്ടു. പക്ഷെ, യിസ്രായേൽ അവരുടെ ശ്രേഷ്ഠ സ്നേഹിതനും ഏകസഹായിയും ആയവനിൽ നിന്നും

അകന്നു പോയി. അവൻ്റെ സ്നേഹത്തിൻ്റെ അപേക്ഷകൾ നിന്ദിക്കപ്പെട്ടു; ആലോചനകൾ അവഗണിച്ചു; മുന്നറിയിപ്പുകൾ അപഹാസ്യമാക്കി.

പ്രതീക്ഷയുടേയും, ക്ഷമയുടേയും നിമിഷങ്ങൾ പെട്ടെന്ന് കടന്നുപൊയ്ക്കൊണ്ടിരുന്നു. ദീർഘകാലമായി തടഞ്ഞുവെയ്ക്കപ്പെട്ടിരുന്ന ദൈവകോപത്തിൻ്റെ പാനപാത്രം മിക്കവാറും നിറഞ്ഞു. മറുതലിപ്പിൻ്റെയും വിശ്വാസ ത്യാഗത്തിൻ്റെയും കാലങ്ങളിലൂടെ ഇരുണ്ടുകൂടിയ മേഘപടലങ്ങൾ ഇപ്പോൾ ആധിയോടെ കറുത്തിരുണ്ട്, കുറ്റക്കാരായ

ജനങ്ങളുടെമേൽ പതിക്കാറായി. ആസന്നമായ വിധിയിൽനിന്ന് അവരെ രക്ഷിക്കാൻ കഴിയുമായിരുന്ന ഏക വ്യക്തിയെ അവഗണിച്ച്, അപമാനിച്ച്, പരിത്യജിച്ച് പെട്ടെന്നു ക്രൂശിൽ തറയ്ക്കാൻ പോകുന്നു. കാൽവറിയിലെ കുരിശിൽ ക്രിസ്തു ഇളങ്ങുമ്പോൾ ദൈവത്തിൻറെ പ്രത്യേക പ്രീതിയും അനുഗ്രഹവും ലഭിച്ച രാഷ്ട്രം എന്ന നിലയിൽ യിസ്രായേലിൻറെ ദിവസം അവസാനിക്കുകയാണ്. ലൗകിക നേട്ടങ്ങ ളെക്കാളും, നിധികളെക്കാളും നഷ്ടപ്പെടുന്ന ഒരാത്മാവ് ഏറ്റവും വിലയേറിയതാണ്. ഒരിക്കൽ ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ടതും ദൈവത്തിൻറെ പ്രത്യേക നിധിയുമായിരുന്ന യെരൂശലേം

നഗരത്തെ കർത്താവു നോക്കിയ
പ്പോൾ ആ മുഴുനഗരത്തിൻറേയും
നാശമാണ് തൻറെ മുമ്പിൽ കണ്ടത്.

യിസ്രായേലിൻറെ
വിശ്വാസത്യാഗത്തെച്ചൊല്ലിയും
പാപത്തിൻറെ ശിക്ഷ യായി വരുന്ന
ഭയങ്കര ശൂന്യാവസ്ഥയെച്ചൊല്ലിയും
പ്രവാചകൻ വിലപിച്ചിരുന്നു.
യഹോവയുടെ ആട്ടിൻകൂട്ടത്തെ
പിടിച്ചുകൊണ്ടുപോയിരിക്കയാലും
ജനത്തിൻറെ പുത്രിയുടെ നിഹതന്മാർ
നിമിത്തവും രാവും പകലും
കരയേണ്ടതിന്നു തൻറെ കണ്ണ് കണ്ണുനീർ
ഉറവ ആയിരുന്നെങ്കിൽ
കൊള്ളായിരുന്നു എന്ന് യിരെമ്യാവു
ആഗ്രഹിച്ചു (യിരെമ്യാ. 9:1; 13:17).

പ്രവാചക വീക്ഷണത്തിൽ, വർഷങ്ങൾ അല്ല യുഗങ്ങൾതന്നെ കാണുന്ന കർത്താവിന്റെ ദു:ഖം എന്തായിരിക്കും! ഇത്രകാലം യഹോവയുടെ വാസസ്ഥലമായിരുന്ന ഈ പട്ടണത്തിനെതിരായി സംഹാരദൂതൻ തൻറെ വാൾ ഉയർത്തിയിരിക്കുന്നതും അവൻ കണ്ടു. റൈറ്റസും സൈന്യവും പിൽക്കാലത്ത് കൈവശമാക്കിയ അതേ സ്ഥാനത്ത് ~ ഒലിവുമലയുടെ അഗ്രത്തിൽ നിന്നുകൊണ്ട് കണ്ണുനീരിനാൽ മങ്ങിയ നയനങ്ങളോടെ താഴ്വരയിലെ വിശുദ്ധ പൂമുഖങ്ങളെ നോക്കിയപ്പോൾ തൻറെ ദീർഘവീക്ഷണത്തിൽ വിദേശ സൈന്യം പട്ടണത്തെ ചുറ്റിയിരിക്കുന്നത്

അവൻ കണ്ടു. യുദ്ധത്തിന്ന അണിനിരന്ന സൈന്യത്തിൻ്റെ കാലൊച്ചയും ശത്രുക്കളാൽ ചുറ്റപ്പെട്ട പട്ടണത്തിനുള്ളിൽ അമ്മമാരും കുഞ്ഞുങ്ങളും അപ്പത്തിനുവേണ്ടി കരയുന്നതും കേട്ടു. മനോഹരമായ വിശുദ്ധ ആലയം, കൊട്ടാരങ്ങൾ, മാളികകൾ, എല്ലാം തീക്ക് ഇരയാവുന്നതും, അവ ഒരിക്കൽ നിന്ന സ്ഥലങ്ങൾ പുകഞ്ഞു കത്തുന്ന കുപ്പിക്കുന്നുകളായിരിക്കുന്നതും അവൻ കണ്ടു.

വാഗ്ദത്തജനം എല്ലാ ദേശങ്ങളിലും ചിതറിക്കിടക്കുന്നത് യുഗങ്ങളിലൂടെ അവൻ കണ്ടു. അവളുടെ മക്കളുടെ മേൽ വീഴാറായ തൽക്കാല ദൈവ

ശിക്ഷയിൽ അവൻ കണ്ടത്, അന്ത്യന്യായവിധിയിൽ അവൾ മട്ടവരെ കുടിക്കേണ്ട ദൈവകോപത്തിൻറെ പാനപാത്രത്തിൽനിന്നുള്ള ആദ്യത്തെ പങ്കു മാത്രമാണ്. ദിവ്യമായ ആർദ്രതയും, സ്നേഹത്തിൻറെ തീവ്രാഭിലാഷവും, ദു:ഖാർത്തനായി ഉച്ചരിച്ച വാക്കുകളിൽ പ്രകടമായത്, "യെരുശലേമേ, യെരുശലേമേ, പ്രവാചകന്മാരെ കൊല്ലുകയും നിൻറെ അടുക്കൽ അയച്ചിരിക്കുന്നവരെ കല്ലെറിയുകയും ചെയ്യുന്നവളേ, കോഴി തൻറെ കുഞ്ഞുങ്ങളെ ചിറകിൻ കീഴിൽ ചേർക്കുംപോലെ നിൻറെ മക്കളെ ചേർത്തുകൊള്ളുവാൻ എനിക്കു എത്രവട്ടം മനസ്സായിരുന്നു; നിങ്ങൾക്കോ മനസ്സായില്ല".

മറ്റുള്ളവയെക്കാൾ എല്ലാം അധികമായി ഹൃദയപൂർവ്വമായ താല്പര്യം ലഭിച്ച രാഷ്ട്രമായ നീ, നിൻറെ സന്ദർശന കാലവും നിൻറെ സമാധാനത്തിനുള്ളതും അറിഞ്ഞിരുന്നെങ്കിൽ കൊള്ളാമായിരുന്നു. നീതിയുടെ മാലാഖയെ ഞാൻ വിരമിപ്പിച്ചു; ഞാൻ നിന്നെ അനുതപിക്കുവാൻ വിളിച്ചു, എങ്കിലും ഫലമുണ്ടായില്ല. നീ തിരസ്കരിച്ചതും, തള്ളിക്കളഞ്ഞതും വെറും ദൈവദാസന്മാരെയും പ്രതിനിധികളെയും പ്രവാചകന്മാരെയും മാത്രമല്ല, യിസ്രായേലിൻറെ പരിശുദ്ധനെ, നിൻറെ രക്ഷകനെത്തന്നെയാണ്. "എങ്കിലും ജീവൻ പ്രാപിക്കേണ്ടതിന്ന് എൻറെ അടുക്കൽ വരുവാൻ

നിങ്ങൾക്ക് മനസ്സായില്ല" (മത്തായി 23:37; യോഹ. 5:40).

ദൈവത്തിൻറെ അന്ത്യന്യായവിധിയെ ധ്രുതഗതിയിൽ അഭിമുഖീകരിക്കുകയും, വിശ്വാസരാഹിത്യത്താലും എതിർപ്പിനാലും കഠിനമായിത്തീരുകയും ചെയ്ത ലോകത്തിൻറെ ഒരു പ്രതീകം യേശു യെരുശലേമിൽ കണ്ടു. വീഴ്ച ഭവിച്ച ജനത്തിൻറെ മഹാദു:ഖങ്ങൾ അവൻറെ പ്രാണനമേൽ സമ്മർദ്ദം ചെലു ത്തിയപ്പോൾ അതിദു:ഖത്തോടെ കരഞ്ഞു. മാനുഷിക ദുരിതങ്ങളുടെയും കണ്ണുനീരിൻറേയും രക്തത്തിൻറേയും പകർപ്പായ പാപത്തിൻറെ രേഖകൾ അവൻ ദർശിച്ചു. ഭൂമിയിൽ പീഡയും

കഷ്ടതയും അനുഭവിക്കുന്നവർക്കായി അനന്തമായ ദയയാൽ അവൻറെ ഹൃദയം അലിഞ്ഞു. അവരെയെല്ലാം മോചി പ്പിക്കുവാൻ അവൻ തീവ്രമായി ആഗ്രഹിച്ചു. എങ്കിലും തൻറെ കരം മാനുഷിക ദു:ഖങ്ങളുടെ അലകളെ മാറ്റുകയില്ലായിരിക്കാം. ചിലർ തങ്ങളുടെ രക്ഷയുടെ ഏക ഉറവിടമായ തന്നെ അന്വേഷിച്ചേക്കാം. രക്ഷ കരഗതമാക്കുവാൻ അവൻ തൻറെ പ്രാണനെ മരണത്തോളം ഒഴുക്കിക്കളവാൻ തയ്യാറായിരുന്നു. പക്ഷെ, ചുരുക്കം ചിലർ മാത്രം നിത്യജീവനുവേണ്ടി തൻറെ അടുക്കൽ വരും.

സ്വർഗ്ഗത്തിന്റെ മഹത്വമായവൻ കണ്ണുനീരിൽ! നിത്യനായ ദൈവപുത്രൻ പ്രാണവേദനയാലും, മനോവ്യഥയാലും തലകുനിച്ചു! ഈ രംഗം കണ്ട് മുഴുവൻ സ്വർഗ്ഗവും അത്ഭുതപ്പെട്ടു. ആ ദൃശ്യം പാപത്തിൻറെ അതിരറ്റ കലുഷതയെ നമുക്ക് കാട്ടിത്തരുന്നു. ദൈവത്തിൻറെ ന്യായപ്രമാണ ലംഘനത്തിൻറെ പരിണിത ഫലത്തിൽനിന്നും കുറ്റവാളിയെ രക്ഷിക്കുകയെന്നത് അനന്തമായ ശക്തിക്കുപോലും എത്ര പ്രയാസമായ കാര്യമാണെന്ന് അത് കാണിച്ചുതരുന്നു. യേശു അന്ത്യതലമുറയെ നോക്കി. യെരുശലേമിൻറെ നാശത്തിൻറെ കാരണത്തിന് സമാനമായ ചതിവിൽ ലോകം അകപ്പെട്ടിരിക്കുന്നതുകണ്ടു.

യെഹൂദന്മാരുടെ ഏറ്റവും വലിയ പാപം അവർ ക്രിസ്തുവിനെ തള്ളിക്കളഞ്ഞതാണ്. ക്രൈസ്തവ ലോകത്തിൻറെ ഏറ്റവും വലിയ പാപം ഭൂമിയിലെയും സ്വർഗ്ഗ ത്തിലെയും ദൈവിക ഭരണകൂടത്തിൻറെ അടിസ്ഥാനമായ കല്പനകളെ തള്ളിക്കളയുന്നതായിരിക്കും. യഹോവയുടെ പ്രമാണങ്ങളെ നിന്ദിച്ച് ഒന്നുമില്ലാതാക്കി. ജനകോടികൾ സത്യത്തിൻറെ വചനം ശ്രദ്ധിക്കുന്നതു തള്ളി, പാപത്തിൻറെ തടവറയിൽ, സാത്താൻറെ അടിമകളായി, തങ്ങളുടെ സന്ദർശനദിവസത്തിൽ രണ്ടാം മരണം അനുഭവിക്കാനുള്ള വിധിയുമായി കഴിയുന്നു. ഘോരമായ അന്ധത! അസാധാരണമായ ബുദ്ധിഭ്രമം!.

പെസഹായ്ക്കു രണ്ടു ദിവസം മുൻപു, യെഹൂദഭരണാധികാരികളുടെ കപട ഭക്തിയെ ആക്ഷേപിച്ചുകൊണ്ട് ക്രിസ്തു അവസാനമായി ദൈവാലയത്തിൽനിന്നും വിരമിച്ച് തൻറെ ശിഷ്യന്മാരുമായി പിന്നെയും ഒലിവുമലയിൽ എത്തി. പട്ടണത്തെ നോക്കിക്കൊണ്ട് മലയുടെ പുൽച്ചരിവിൽ ഉപവിഷ്ടനായി. ഒരിക്കൽകൂടി അതിൻറെ ഭിത്തികളും, മാളികകളും, കൊട്ടാരങ്ങളും അവൻ കണ്ടു. വീണ്ടും വിസ്മയകരമായ രമണീയകത്വം നിറഞ്ഞ ദൈവാലയം എന്ന ആ സൗന്ദര്യമകുടം വിശുദ്ധപർവ്വതത്തെ കിരീടം ചൂടിക്കുന്നത് നോക്കിക്കണ്ടു. ആയിരം

വർഷങ്ങൾക്കുമുൻപ്
യിസ്രായേലിൻറെ വിശുദ്ധ മന്ദിരം
അഥവാ ദൈവത്തിൻറെ തിരുനിവാസം
ഉണ്ടാക്കുക വഴി ദൈവത്തിന്
യിസ്രായേലിനോടുള്ള താല്പര്യത്തെപ്പറ്റി
"അവൻറെ കൂടാരം ശാലേമിലും
അവൻറെ വാസസ്ഥലം സീയോനിലും
ഇരിക്കുന്നു." "അവൻ
യെഹൂദാഗോത്രത്തേയും പ്രിയപ്പെട്ട
സീയോൻ പർവ്വതത്തെയും
തിരഞ്ഞെടുത്തു...
സ്വർഗ്ഗോന്നതികളെപ്പോലെയും
അവൻ തൻറെ വിശുദ്ധമന്ദിരത്തെ
പണിതു" (സങ്കീ. 76:2; 78:68,69)
എന്ന് സങ്കീർത്തനക്കാരൻ
വിവക്ഷിച്ചു. യിസ്രായേല്യ
ചരിത്രത്തിലെ ഏറ്റവും സമൃദ്ധമായ

കാലഘട്ടത്തിലായിരുന്ന ആദ്യത്തെ ദൈവാലയം ഉയർത്തപ്പെട്ടത്. ദാവീദുരാജാവ് ഈ ആവശ്യത്തിനുവേണ്ടി വിപുലമായ ധനശേഖരം നടത്തിയിരുന്നു. ദിവ്യനിയോഗത്താൽ അതിൻറെ നിർമ്മാണരൂപരേഖ ദാവീദിനു നൽകിയിരുന്നു (1 ദിന. 28:1 2, 19). യിസ്രായേൽരാജാക്കന്മാരിൽ ബുദ്ധിമാനായിരുന്ന ശാലോമോൻ ആ വേല പൂർത്തിയാക്കി. ലോകം കണ്ടിട്ടുള്ളതിൽ വച്ച് ഏറ്റവും പ്രതാപപൂർണ്ണമായ കെട്ടിടം ഈ ആലയം ആയിരുന്നു. രണ്ടാമത്തെ ആലയത്തെക്കുറിച്ച് പ്രവാചകനായ ഹഗ്ഗായിയിലൂടെ ദൈവം ഇപ്രകാരം അരുളിച്ചെയ്യുന്നു. “ഈ ആലയത്തിൻറെ

പിന്നത്തെ മഹത്വം മുമ്പിലത്തേതിലും വലുതായിരിക്കും". "ഞാൻ സകല ജാതികളെയും ഇളക്കും. സകല ജാതികളുടെയും മനോഹരവസ്തു വരികയും ചെയ്യും; ഞാൻ ഈ ആലയത്തെ മഹത്വപൂർണ്ണമാക്കും എന്ന് സൈന്യങ്ങളുടെ യഹോവ അരുളിച്ചെയ്യുന്നു" (ഹഗ്ഗായി. 2:9,7).

ആയുഷ്കാലം മുഴുവൻ അടിമത്വത്തിൽ കിടന്ന ഒരു ജനത, ക്രിസ്തുവിൻറെ ജനനത്തിന് അഞ്ഞൂറു വർഷങ്ങൾക്കുമുൻപ്, വിജനമായതും, പാഴായതുമായ തങ്ങളുടെ രാജ്യത്തിലേയ്ക്ക് തിരിച്ചുവന്ന് നെബൂഖദ്നേസരിനാൽ നശിപ്പിക്കപ്പെട്ട ദൈവാലയം പുതുക്കിപ്പണിതു.

ശലോമോൻ പണിത ദൈവാലയത്തിൻറെ മഹത്വം കണ്ടിട്ടുണ്ടായിരുന്ന പ്രായമുള്ളവർ അക്കൂട്ടത്തിൽ ഉണ്ടാ യിരുന്നു. പുതിയ കെട്ടിടത്തിൻറെ അടിസ്ഥാനം ഇപ്പോൾതന്നെ, അത് പഴയതിനെക്കാൾ താണതരമായിരിക്കുമെന്നുള്ളതുകൊണ്ട് അവർ കരഞ്ഞു. അവരെ സ്വാധീനിച്ച വികാരത്തെ ശക്തിമത്തായ രീതിയിൽ പ്രവാചകൻ വിവരിക്കുന്നു. “നിങ്ങളിൽ ഈ ആലയത്തെ അതിൻറെ ആദ്യമഹത്വത്തോടെ കണ്ടവരായി ആർ ശേഷിച്ചിരിക്കുന്നു?” ഇപ്പോൾ കണ്ടിട്ടുള്ള നിങ്ങൾക്ക് എന്തു തോന്നുന്നു? ഏതുമില്ലാത്തതുപോലെ തോന്നുന്നില്ലയോ? (ഹഗ്ഗായി 2:3;

എസാ. 3:12). രണ്ടാമത്തേതിൻറെ മഹത്വം ആദ്യത്തേതിനേക്കാൾ വലുതായിരിക്കും എന്ന വാഗ്ദത്തം ലഭിച്ചിരുന്നു.

രണ്ടാമത്തെ ദൈവാലയം പ്രതാപത്തിൽ ആദ്യത്തേതിനോട് തുല്യമായിരുന്നില്ലെന്ന് മാത്രമല്ല ആദ്യത്തെ ദൈവാലയത്തിൻറെ ഭാഗമായിരുന്ന ദിവ്യസാന്നിദ്ധ്യത്തിൻറെ കാണപ്പെട്ട അടയാളത്താൽ രണ്ടാമത്തെ ദൈവാലയം വിശുദ്ധമാക്കപ്പെടുകയും ചെയ്തിരുന്നില്ല. അതിൻറെ പ്രതിഷ്ഠയ്ക്ക് എടുത്തുപറയത്തക്ക അമാനുഷിക ശക്തിയൊന്നും പ്രകടമായിരുന്നില്ല. പുതുതായി കെട്ടിപ്പടുത്ത

അതിവിശുദ്ധസ്ഥലത്ത് തേജസ്സിൻറെ
മേഘം ഇല്ലായിരുന്നു. അതിൻറെ
യാഗപീഠത്തിൽ അർപ്പിക്കപ്പെട്ട
യാഗവസ്തുവിനെ ദഹിപ്പിക്കാൻ
ആകാശത്തുനിന്ന് തീ ഇറങ്ങിയില്ല.
അതിവിശുദ്ധസ്ഥലത്തെ കെരൂ
ബുകൾക്കിടയിൽ ഷക്കൈനൊ
വസിച്ചിരുന്നില്ല. പെട്ടകവും
കൃപാസനവും സാക്ഷ്യത്തിൻറെ
കല്പലകകളും അതിൽ കണ്ടില്ല.
ദൈവത്തിൻറെ ഇഷ്ടം ആരായുന്ന
പുരോഹിതന്മാർ സ്വർഗ്ഗത്തിൽനിന്ന്
ശബ്ദമൊന്നും ശ്രവിച്ചിരുന്നില്ല.

ഹഗ്ഗായി പ്രവാചകനാൽ നല്കപ്പെട്ട
ദൈവത്തിൻറെ വാഗ്ദത്തം
നിറവേറ്റിക്കൊണ്ട് യെഹൂദാജനം

നൂറ്റാണ്ടുകൾ വെറുതേ യത്നിക്കുകയായിരുന്നു. എന്നിട്ടും പ്രവാചകൻറെ വാക്കുകളുടെ യഥാർത്ഥ അർത്ഥം മനസ്സിലാക്കാൻ അഹങ്കാരവും അവിശ്വാസവും അവരുടെ മനസ്സുകളെ കുരുടാക്കി. രണ്ടാമത്തെ ദൈവാലയം യഹോവയുടെ മഹത്വത്തിൻറെ തേജസ്സിനാൽ മാനിക്കപ്പെട്ടില്ല. (പക്ഷെ, ദൈവം ആളത്വമായി നിറഞ്ഞിരുന്ന ജീവിക്കുന്ന സാന്നിദ്ധ്യത്താൽ ശ്രേഷ്ഠമാക്കപ്പെട്ടു - തന്നെത്താൻ ജഡത്തിൽ ആവിഷ്കരിക്കപ്പെട്ടവൻ) നസ്രായനായ ക്രിസ്തു വിശുദ്ധസ്ഥലത്ത് പഠിപ്പിക്കുകയും സൗഖ്യമാക്കുകയും ചെയ്തപ്പോൾ സർവ്വജനത്തിന്റെയും പ്രത്യാശയായയവൻ വാസ്തവത്തിൽ

അവൻറെ ആലയത്തിലേയ്ക്കു വന്നു. ക്രിസ്തുവിൻറെ സാന്നിദ്ധ്യത്താൽ മാത്രമാണ് രണ്ടാമത്തെ മന്ദിരം ഒന്നാമത്തേതിനേക്കാൾ മഹത്വ പൂർണ്ണമായത്. എന്നാൽ യിസ്രായേൽ ആ സ്വർഗ്ഗീയദാനത്തെ തിരസ്കരിച്ചു. അതോടൊപ്പം ആ ദൈവാലയത്തിൻറെ മഹത്വവും എന്നെന്നേയ്ക്കുമായി അവസാനിച്ചു. "നിങ്ങളുടെ ഭവനം ശൂന്യമായിത്തീരും" എന്ന രക്ഷകൻറെ വാക്ക് അപ്പോൾത്തന്നെ നിവൃത്തിയായി (മത്തായി. 23:38).

ദൈവാലയത്തിൻറെ നാശത്തെക്കുറിച്ചുള്ള ക്രിസ്തുവിൻറെ പ്രവചനം കേട്ട് ശിഷ്യന്മാർ സംഭമവും അത്ഭുതവും നിറഞ്ഞവരായി. അവൻറെ

വാക്കുകളുടെ അർത്ഥം കൂടുതൽ വ്യക്തമായി മനസ്സിലാക്കുവാൻ അവർ ആഗ്രഹിച്ചു. അതിൻറെ രമണീയകത്വം വർദ്ധിപ്പിക്കാൻ ധനവും മാനവശക്തിയും ശില്പവിദ്യാനിപുണതയും നാല്പതു വർഷത്തിലധികം ചിലവഴിച്ചിരുന്നു. മഹാനായ ഹെരോദാവ് റോമൻ ധനവും യെഹൂദാനിധിയും അതിനുവേണ്ടി അമിതവ്യയം ചെയ്തിരുന്നു. ലോകചക്രവർത്തി തൻറെ സമ്മാനങ്ങളാൽ അതിനെ ധന്യമാക്കിയിട്ടുണ്ട്. വെള്ള മാർബിളിന്റെ വലിയ കഷണങ്ങൾ ഈ ആവശ്യത്തിന് റോമിൽനിന്ന് കൊണ്ടുവന്ന് അതിൻറെ ഘടനയുടെ ഭാഗമാക്കി. ഇതിലേയ്ക്ക് ഗുരുവിൻറെ

ശ്രദ്ധയെ ക്ഷണിച്ചുകൊണ്ട് ശിഷ്യന്മാർ "ഇതാ, എങ്ങനെയുള്ള കല്ല്; എങ്ങനെയുള്ള പണി! എന്നു പറഞ്ഞു (മർക്കൊ. 13:1)

"ഇടിഞ്ഞുപോകാതെ കല്ലിന്മേൽ കല്ല് ഇവിടെ ശേഷിക്കയില്ല എന്ന് ഞാൻ സത്യമായിട്ട് നിങ്ങളോട് പറയുന്നു" എന്ന ഗൗരവമേറിയതും ഞെട്ടിപ്പിക്കുന്നതുമായ മറുപടി ഈ വാക്കുകൾക്ക് യേശു കൊടുത്തു (മത്തായി 24:2).

ശിഷ്യന്മാർ യെരുശലേമിൻറെ നാശത്തെ കർത്താവിന്റെ സർവ്വലോക രാജാധികാരം ഏറ്റെടുക്കാനുള്ള വരവിനോടും പശ്ചാത്താപമില്ലാത്ത യെഹൂദാജനത്തെ

ശിക്ഷിക്കുന്നതിനോടും, റോമിൻറെ അടിമത്വത്തിൽനിന്നും യിസ്രായേലിനെ വിടുവിക്കുന്നതിനോടും ബന്ധപ്പെടുത്തി. കർത്താവ് രണ്ടാമത് വരുമെന്നു അവരോടു പറഞ്ഞിരുന്നു. അതുകൊണ്ട് യെരൂശലേമിൻറെ ന്യായവിധിയെപ്പറ്റി പറഞ്ഞപ്പോൾ അവരുടെ മനസ്സ് രണ്ടാം വരവിലേയ്ക്ക് തിരിഞ്ഞു. ഒലിവുമലയിൽ രക്ഷകൻറെ ചുറ്റും കൂടിയപ്പോൾ “അതു എപ്പോൾ സംഭവിക്കും എന്നും നിൻറെ വരവിനും ലോകാവസാനത്തിനും അടയാളം എന്ത്? (മത്തായി 24:3) എന്നും അവർ ചോദിച്ചു.

ഭാവിയെ തൻറെ കരുണയാൽ കർത്താവ് ശിഷ്യന്മാരിൽനിന്നും

മറച്ചിരുന്നു. വീണ്ടെടുപ്പുകാരൻറെ കഷ്ടപ്പാടും മരണവും, അവരുടെ നഗരത്തിൻറെയും ദൈവാലയത്തിൻറെയും നാശവുമായ രണ്ടു ഭയങ്കര സംഭവങ്ങൾ അവർക്ക് ആ സമയത്ത് പൂർണ്ണമായി മനസ്സിലായിരുന്നെങ്കിൽ അവർ മഹാഭയത്തിലാണ്ടുപോകുമായിരുന്നു. കാലം അവസാനിക്കുന്നതിനുമുമ്പ് നടക്കേണ്ട പ്രധാനപ്പെട്ട സംഭവങ്ങളുടെ രൂപം കർത്താവ് അവരുടെ മുൻപിൽ അവതരിപ്പിച്ചു. അവൻറെ വാക്കുകൾ അവരപ്പോൾ പൂർണ്ണമായി ഗ്രഹിച്ചില്ല, എങ്കിലും അതിൽ അടങ്ങിയിരിക്കുന്ന നിർദ്ദേശങ്ങൾ ദൈവജനത്തിനു ആവശ്യമാകുമ്പോൾ അവയുടെ അർത്ഥവും

വെളിവാക്കപ്പെടണമായിരുന്നു. അവൻ ഉരുവിട്ട പ്രവചനത്തിനു രണ്ടു തരത്തിലുള്ള അർത്ഥം ഉണ്ട്. യെരുശലേമിൻറെ നാശത്തെപ്പറ്റി മുൻകൂട്ടി പറഞ്ഞപ്പോൾ അന്ത്യനാളിലെ ഭീകരമായ അവസ്ഥയെക്കു റിച്ചും ചിത്രീകരിച്ചിരുന്നു.

കേൾവിക്കാരായിരുന്ന ശിഷ്യന്മാരോട് വിശ്വാസത്യാഗിയായ യിസ്രായേലിന്നു വരാനിരിക്കുന്ന ന്യായവിധിയെക്കുറിച്ചും; മശീഹയെ തിരസ്കരിക്കുകയും ക്രൂശിക്കുകയും ചെയ്യുന്നതിൻറെ പ്രതികാരമായ ദൈവശിക്ഷയെ പ്പറ്റിയും പറഞ്ഞു. ഭയങ്കരമായ ഈ സംഭവത്തിനുമുൻപ് തെറ്റിക്കൂടാത്ത

അടയാളങ്ങളുണ്ടാകും. ഉൽക്കടഭീതി നിറഞ്ഞ സമയം വളരെ പെട്ടെന്ന് വരും. “എന്നാൽ ദാനീയേൽ പ്രവാചകൻ മുഖാന്തരം അരുളിച്ചെയ്തതുപോലെ ശൂന്യമാക്കുന്ന മ്ലേച്ഛത വിശുദ്ധ സ്ഥലത്തിൽ നിൽക്കുന്നത് നിങ്ങൾ കാണുമ്പോൾ വായിക്കുന്നവൻ ചിന്തിച്ചുകൊള്ളട്ടെ - അന്നു യെഹൂദ്യയിലുള്ളവർ മലകളിലേയ്ക്ക് ഓടിപ്പോകട്ടെ എന്നു രക്ഷകൻ തൻറെ ശിഷ്യന്മാർക്ക് മുന്നറിയിപ്പു കൊടുത്തു (മത്തായി 24:15, 16; ലൂക്കൊ . 21:20, 21). മുന്നറിയിപ്പിൻറെ അടയാളം കണ്ടാൽ രക്ഷപ്പെടേണ്ടവർ ഒട്ടും താമസിക്കരുത്. യെഹൂദ മുഴുവനും യെരുശലേംതന്നെയും ഓടിപ്പോകാനുള്ള മുന്നറിയിപ്പ് ഉടൻതന്നെ

അനുസരിക്കണം. പുരമുകളിൽ ആയിപ്പോയവൻ അവൻറെ ഏറ്റവും വിലപിടിപ്പുള്ള നിക്ഷേപം സംരക്ഷിക്കാൻ അകത്തേയ്ക്ക് പോകരുത്. പാടത്തും മുന്തിരിത്തോട്ടങ്ങളിലും ജോലി ചെയ്യുന്നവർ പകലത്തെ ചൂടിൽ ഊരിയിട്ടിരിക്കുന്ന വസ്ത്രം എടുക്കാനുള്ള സമയംപോലും കളയരുത്. പൊതുവായ നാശത്തിൽ ഉൾപ്പെട്ടുപോകാതിരിക്കാൻ ഒരു നിമിഷം പോലും ആരും അറച്ചു നില്ക്കരുത്.

യെരുശലേമിൻറെ പ്രകൃതിദത്തമായ ബലത്തോടൊപ്പം ഹെരോദാവിൻറെ ഭരണകാലത്ത് മനോഹരമാക്കുക

മാത്രമല്ല, മണിമാളികകളും മതിലുകളും കൊത്തളങ്ങളും പണിതുയർത്തി പട്ടണത്തെ ബലപ്പെടുത്തി. അതിൻറെ നാശത്തെക്കുറിച്ച് പരസ്യമായി പ്രവചിച്ചവനെ, നോഹയെ അവൻറെ കാലത്ത് എന്നപോലെ ചിത്തഭ്രമമുള്ളവനെന്നു വിളിക്കുമായിരുന്നു. പക്ഷെ, "ആകാശവും ഭൂമിയും ഒഴിഞ്ഞുപോകും, എൻറെ വചനങ്ങളോ ഒഴിഞ്ഞുപോകയില്ല" എന്ന് ക്രിസ്തു പറഞ്ഞിട്ടുണ്ട് (മത്തായി 24:35). അവളുടെ പാപങ്ങൾ കാരണം യെരുശലേമിന് എതിരായി ഉഗ്രകോപത്തിൻറെ ന്യായവിധി പ്രഖ്യാപിക്കുകയും അവളുടെ ശാഠ്യമുള്ള

അവിശ്വാസംമൂലം നാശം ഉറപ്പാക്കുകയും ചെയ്തു.

"ന്യായം വെറുക്കയും ചൊവ്വുള്ളത് ഒക്കെയും വളച്ചുകളകയും ചെയ്യുന്ന യാക്കോബുഗൃഹത്തിൻറെ തലവന്മാരും യിസ്രായേൽഗൃഹത്തിന്റെ അധിപന്മാരുമായുള്ളോരെ, ഇതു കേൾപ്പിൻ. അവർ സീയോനെ രക്തപാതകംകൊണ്ടും യെരുശലേമിനെ ദ്രോഹംകൊണ്ടും പണിയുന്നു. അതിലെ തലവന്മാർ സമ്മാനം വാങ്ങി ന്യായം വിധിക്കുന്നു. അതിലെ പുരോഹിതന്മാർ കൂലി വാങ്ങി ഉപ ദേശിക്കുന്നു; അതിലെ പ്രവാചകന്മാർ പണം വാങ്ങി ലക്ഷണം പറയുന്നു. എന്നിട്ടും അവർ യഹോവയെ ചാരി: യഹോവ നമ്മുടെയിടയിൽ

ഇല്ലയോ? അനർത്ഥം നമുക്കു വരികയില്ല' എന്ന് മിഖാ പ്രവാചകനിലൂടെ കർത്താവു അരുളിച്ചെയ്യുന്നു (മീഖാ. 3:9-11 ).

ഈ വാക്കുകൾ ദുഷ്ടതയും സ്വയ നീതീകരണവും നിറഞ്ഞ യെരൂശലേം നിവാസികളെയാണ് സൂചിപ്പിച്ചിരിക്കുന്നത്. ദൈവത്തിൻറെ ന്യായപ്രമാണത്തെ കർക്കശമായി അനുസരിക്കുന്നുയെന്ന് അവകാശപ്പെട്ടുകൊണ്ട് അവർ അതിൻറെ തത്വങ്ങൾ ലംഘിച്ചിരുന്നു. ക്രിസ്തുവിൻറെ നിർമ്മലതയും വിശുദ്ധിയും അവരുടെ തെറ്റുകളെ വെളിപ്പെടുത്തിയതിനാൽ അവർ അവനെ വെറു ക്കുകയും പാപത്തിൻറെ

അനന്തരഫലമായി അവരുടെമേൽ പതിച്ച എല്ലാ പ്രയാസങ്ങൾക്കും കാരണം അവനാണെന്ന കുറ്റപ്പെടുത്തുകയും ചെയ്തു. അവൻ പാപരഹിതനാണെന്ന് അറിഞ്ഞിട്ടും അവൻറെ മരണം രാഷ്ട്രത്തിൻറെ സുരക്ഷയ്ക്ക് ആവശ്യമാണെന്ന് അവർ പ്രഖ്യാപിച്ചു. "അവനെ ഇങ്ങനെ വിട്ടാൽ എല്ലാവരും അവനിൽ വിശ്വസിക്കും; റോമാക്കാർ വന്നു നമ്മുടെ സ്ഥലത്തെയും ജനത്തെയും എടുത്തുകളയും എന്നു പറഞ്ഞു" (യോഹ. 11:48).

യേശുവിനെ ത്യജിച്ചാൽ അവർക്ക്, വീണ്ടും ഐക്യവും ശക്തിയും ഉള്ള ജനമാകാം. അങ്ങനെ അവർ ന്യായീകരിക്കയും മുഴുവൻ രാഷ്ട്രവും

നശിക്കുന്നതിനെക്കാൾ ഒരുത്തൻ മരിക്കുന്നത് നല്ലത് എന്ന മഹാപുരോഹിതൻറെ തീരുമാനത്തോടു യോജിക്കുകയും ചെയ്തു.

അങ്ങനെ യെഹൂദാനേതാക്കന്മാർ "സീയോനെ രക്തപാതകം കൊണ്ടും യെരുശലേമിനെ ദ്രോഹം കൊണ്ടും പണിതു" (മീഖാ. 3:10). എന്നിട്ടും, തങ്ങളുടെ പാപത്തെ ശാസിച്ചതുകൊണ്ട് രക്ഷകനെ അവർ കൊല്ലുമ്പോഴും തങ്ങൾ ദൈവത്തിൻറെ പ്രത്യേക ജനം ആണെന്നു സ്വയം നീതീകരിക്കുകയും അവരുടെ ശത്രുക്കളിൽനിന്ന് ദൈവം വിടുവിക്കുമെന്ന് പ്രതീക്ഷിക്കുകയും ചെയ്തു. "അതുകൊണ്ട് നിങ്ങളുടെ നിമിത്തം സീയോനെ വയൽപോലെ

ഉഴം; യെരുശലേം കൽക്കുന്നുകളും ആലയത്തിൻറെ പർവ്വതം കാട്ടിലെ തോട്ടുകൾ പോലെയും ആയിത്തീരും" (മീഖാ.3:12) എന്ന് പ്രവാചകൻ തുടർന്നു പറയുന്നു.

ക്രിസ്തു യെരുശലേമിൻറെ നാശത്തെക്കുറിച്ച് പ്രവചിച്ചതിനുശേഷം നാല്പതു വർഷം വരെ അത് നടപ്പാക്കിയില്ല. തൻറെ മകൻറെ കൊലപാതകരും തൻറെ സുവിശേഷം തിരസ്കരിച്ചവരുമായ ജനത്തോടുള്ള ദൈവത്തിൻറെ ദീർഘക്ഷമ അത്ഭുതാവഹംതന്നെയാണ്. ഉപമയിലെ ഫലമില്ലാത്ത വൃക്ഷം യെഹൂദരാഷ്ട്രത്തോടുള്ള ദൈവത്തിൻറെ ഇടപെടലിനെ പ്രതിനിധീകരിക്കുന്നു.

ആജ്ഞ പുറപ്പെട്ടുകഴിഞ്ഞു: "അതിനെ വെട്ടിക്കളക. അത് നിലത്തെ നിഷ്ഫലമാക്കുന്നതു എന്തിന്?" (ലൂക്കൊ. 13:7). എങ്കിലും ദിവ്യകാരുണ്യത്താൽ കുറെക്കാലംകൂടെ ആ ശിക്ഷാവിധി താമസിപ്പിച്ചു. യെഹൂദന്മാരുടെയിടയിൽ അപ്പോഴും അനേകർ ക്രിസ്തുവിൻറെ സ്വഭാവവും വേലയും അറിയാത്തവരായി ഉണ്ടായിരുന്നു. കൂടാതെ കുട്ടികൾ തങ്ങളുടെ മാതാപിതാക്കന്മാർ ഉപയോഗിക്കാതിരുന്ന വെളിച്ചം കിട്ടിയവരല്ലായിരുന്നു. അപ്പൊസ്തലന്മാരുടേയും അവരോടുകൂടെ ഉണ്ടായിരുന്നവരുടേയും പ്രസംഗത്തിലൂടെ ദൈവം, ആ വെളിച്ചം അവരുടെ മേൽ പ്രകാശിക്കുമാറാക്കി. കിസ്തുവിൻറെ ജനനം, ജീവിതം,

എന്നിവയെക്കുറിച്ചുള്ള പ്രവചനങ്ങൾ മാത്രമല്ല; മരണം, ഉയിർപ്പ് എന്നീ കാര്യങ്ങളെക്കുറിച്ചുള്ള പ്രവചനങ്ങളും അവ എങ്ങനെ നിവൃത്തിയായി എന്നും അവർക്ക് കാണാൻ സന്ദർഭം കൊടുക്കണമായിരുന്നു.

മാതാപിതാക്കളുടെ പാപത്തിന് മക്കൾ ശിക്ഷിക്കപ്പെടേണ്ടതല്ല. പക്ഷെ, മാതാപിതാക്കൾക്ക് കൊടുത്ത വെളിച്ചത്തെക്കുറിച്ചുള്ള അറിവും കുട്ടികൾക്ക് ലഭിച്ച അധിക വെളിച്ചവും അവർ തിരസ്കരിച്ചപ്പോൾ അപ്പനമ്മമാരുടെ പാപങ്ങൾക്ക് അവർ ഭാഗഭാക്കുകളാകുകയും അനീതിയുടെ അളവ് തികയ്ക്കുകയും ചെയ്തു.

യെഹൂദരാജനത്തിൻറെ
പശ്ചാത്തപിക്കുകയില്ലെന്ന ശാഠ്യത്തെ
ഉറപ്പിക്കാൻ മാത്രമെ
യെരുശലേമിനോടുള്ള ദൈവത്തിൻറെ
ദീർഘക്ഷമ ഉപകരിച്ചുള്ളൂ
യേശുവിൻറെ ശിഷ്യന്മാരോടുള്ള
അവരുടെ വെറുപ്പും, ക്രൂരതയും അവസാന
ദൈവകാരുണ്യവും
തിരസ്കരിക്കുമാറാക്കി. അവർക്കു
കൊടുത്തിരുന്ന സംരക്ഷണം ദൈവം
പിൻവലിച്ചു. സാത്താനെയും
അവൻറെ ദൂതന്മാരെയും തടഞ്ഞിരുന്ന
ദൈവശക്തി മാറി. രാഷ്ട്രം അവൾ
തെരഞ്ഞെടുത്ത നായകൻറെ
നിയന്ത്രണത്തിൽ മാത്രമായി.
അവരിലെ ദുഷ്ട പ്രചോദനങ്ങളെ
നിയന്ത്രണത്തിൽ കൊണ്ടുവരാൻ

സഹായിച്ചിരുന്ന ദൈവകൃപയെ അവളുടെ കുഞ്ഞുങ്ങൾ നിഷേധിച്ചു. ഇപ്പോൾ ദുഷ്ടശക്തി വിജയിച്ചിരിക്കുകയാണ്. ഏറ്റവും നിഷ്ഠൂരവും തരംതാണതുമായ വികാരത്തെ സാത്താൻ അവരിൽ ഉയർത്തി. മനുഷ്യർക്ക് വിവേചനാശക്തി ഇല്ലാതായി. അവർ യുക്തിവിചാരത്തിന് അതീതരായിരുന്നു. ആവേശവും, അന്ധമായ ക്രോധവും അവരെ നിയന്ത്രിച്ചു. അവർ ക്രൂരതയിൽ പൈശാചികരായി. കുടുംബത്തിലും, രാഷ്ട്രീയത്തിലും, വലിയവരിലും, ചെറിയവരിലും ഒരുപോലെ സംശയം, ശത്രുത, വെറുപ്പ്, സംഘട്ടനാവസ്ഥ, എതിർപ്പ്, കൊലപാതകം എന്നിവ നിലനിന്നു. ഒരിടത്തും സുരക്ഷിതത്വം

ഉണ്ടായിരുന്നില്ല. കൂട്ടുകാരും ബന്ധുക്കളും പരസ്പരം വഞ്ചിച്ചു. മാതാപിതാക്കൾ തങ്ങളുടെ മക്കളേയും മക്കൾ മാതാപിതാക്കളേയും കൊന്നു. ഭരണാധികാരികൾക്ക് തങ്ങളെത്തന്നെ ഭരിക്കാൻ ഒരു ത്രാണിയും ഇല്ലാതായി. നിയന്ത്രണമില്ലാത്ത വികാരാവേശം അവരെ സ്വേച്ഛാധിപതികളാക്കി. നിർമ്മലനായ ദൈവപുത്രനെ ത്യജിക്കാൻ യെഹൂദന്മാർ കള്ള സാക്ഷ്യം സ്വീകരിച്ചു. ഇപ്പോൾ കള്ളക്കുറ്റാരോപണങ്ങൾ അവരുടെ സ്വന്തം ജീവനെ അപകടത്തിലാക്കി. "യിസ്രായേലിൻറെ പരിശുദ്ധനെ ഞങ്ങളുടെ മുമ്പിൽ നിന്ന് നീങ്ങുമാറാക്കുവിൻ" (യെശ. 30:11) എന്ന് അവരുടെ പ്രവൃത്തികളിൽ വളരെ

നാളുകളായി അവർ പറഞ്ഞുകൊണ്ടിരുന്നു. ഇപ്പോൾ അവരുടെ ആഗ്രഹം സഫലമായി. ദൈവഭയം പിന്നീട് അവരെ അലട്ടിയില്ല. രാഷ്ട്രത്തിൻറെ തലയ്ക്കൽ സാത്താൻ ആയിരുന്നു. രാഷ്ട്രീയവും മതപരവുമായ എല്ലാ അധികാരങ്ങളും അവൻറെ സ്വാധീനത്തിലായിരുന്നു.

എതിർപക്ഷനായകന്മാർ, ചില സമയത്ത്, അതിനിർഭാഗ്യവാന്മാരായ ഇരകളെ പീഡിപ്പിക്കാനും അവരുടേത് പിടിച്ചുപറിക്കാനുമായി ഒത്തുചേർന്നു. പിന്നെ ഇരുകൂട്ടരുടേയും ശക്തികൾ തമ്മിൽ ഏറ്റുമുട്ടി യാതൊരു ദയയും കൂടാതെ കൊന്നൊടുക്കി. അവരുടെ കാര്യത്തെ ദൈവാലയത്തിൻറെ

വിശുദ്ധികളപോലും തടഞ്ഞു
നിറുത്തുവാൻ കഴിഞ്ഞില്ല. ആരാധകരെ
യാഗപീഠത്തിനു മുൻപിൽത്തന്നെ
അടിച്ചുവീഴ്ത്തി. അതിവിശുദ്ധസ്ഥലം
ശവശരീരങ്ങൾകൊണ്ട് അശുദ്ധമാക്കി.
എന്നിട്ടും യെരുശലേം ദൈവത്തിൻറെ
സ്വന്ത പട്ടണം ആയതുകൊണ്ട് അത്
നശിക്കും എന്ന ഭയം
തങ്ങൾക്കില്ലെന്ന്, നരകതുല്യമായ
വേല ചെയ്തിരുന്ന ദുഷ്ടന്മാർ തങ്ങളുടെ
അന്ധവും ദൈവദൂഷണപരവുമായ
ധിക്കാരത്താൽ പ്രസിദ്ധപ്പെടുത്തി.
റോമൻ സൈന്യം ദൈവാലയത്തെ
വളഞ്ഞുകൊണ്ടിരുന്നപ്പോഴും ജനം
ദൈവത്തിൽനിന്നുള്ള വിടുതലിനായി
കാത്തിരിക്കണമായിരുന്നു. അപ്പോൾ
പോലും നേതാക്കൾ അവരുടെ ശക്തി

കൂടുതൽ ഉറപ്പിക്കാനായി കള്ളപ്രവാചകന്മാർക്ക് കൈക്കൂലി കൊടുത്ത് പ്രസംഗിപ്പിച്ചു. പ്രതിയോഗികളെ പരാജയപ്പെടുത്താൻ സ്വർഗ്ഗസ്ഥൻ ഇടപെടുമെന്ന് അധികം പേരെയും വിശ്വസിപ്പിച്ചിരുന്നു. പക്ഷെ, യിസ്രായേൽ കാലങ്ങളായി ദിവ്യസംരക്ഷണത്തെ നിഷേധിച്ചു. ഇപ്പോൾ അവൾക്ക് യാതൊരു പ്രതിരോധവും ഇല്ല. സന്തോഷ രഹിതമായ യെരൂശലേം! അന്യരാജ്യത്തെ സൈന്യങ്ങൾ അവളുടെ കോട്ടകൊത്തളങ്ങളെ തല്ലിത്തകർത്ത്, അവളുടെ യുദ്ധവീരന്മാരെ കൊന്നൊടുക്കിയപ്പോൾ ആഭ്യന്തരമായ അഭിപ്രായഭിന്നതകളും, പരസ്പരം കൊന്ന അവളുടെ മക്കളുടെ

രക്തത്താൽ ചുവന്ന തെരുവുകളും ആണ് അവിടുണ്ടായിരുന്നത്.

യെരുശലേമിൻറെ നാശത്തെപ്പറ്റി ക്രിസ്തു പറഞ്ഞ പ്രവചനങ്ങൾ അക്ഷരംപ്രതി നിറവേറി. ക്രിസ്തുവിൻറെ മുന്നറിയിപ്പിൻറെ വാക്കുകൾ യെഹൂദരുടെ ജീവിതാനുഭവമായി. “നിങ്ങൾ അളക്കുന്ന അളവിനാൽ നിങ്ങൾക്കും അളന്നുകിട്ടും” (മത്തായി 7:2).

ശിക്ഷാവിധിയെക്കുറിച്ചും അത്യാഹിതത്തെക്കുറിച്ചും സൂചന കൊടുക്കുന്ന അടയാളങ്ങളും അത്ഭുതങ്ങളും ഉണ്ടായി. അർദ്ധരാത്രിയിൽ

ദൈവാലയത്തിന്മേലും യാഗപീഠത്തിന്മേലും അസാധാരണമായ പ്രകാശം വീശി. രഥങ്ങളും, പടയാളികൾ യുദ്ധത്തിനായി കൂടിവരുന്നതും, അസ്തമന സമയത്തെ മേഘത്തിൽ ചിത്രീകരിക്കപ്പെട്ടു. രാത്രിയിൽ വിശുദ്ധമന്ദിരത്തിൽ ശുശ്രൂഷിച്ചിരുന്ന പുരോഹിതന്മാർ അസാധാരണ ശബ്ദം കേട്ട് ഭയപ്പെട്ടു; ഭൂമി വിറച്ചു. “നമുക്ക് ഇവിടെനിന്ന് പോകാം’ എന്ന് നിലവിളിക്കുന്ന ജനക്കൂട്ടത്തിൻറെ ശബ്ദം കേട്ടു. നാലുപേർ പിടിച്ചാൽ പോലും കഷ്ടിച്ച് അടയ്ക്കാൻ കഴിയുമായിരുന്നത് ഭാരമുള്ളതും, ഏറ്റവും വലിയ ഇരുമ്പഴികളാൽ ഭദ്രമാക്കിയതും കരിങ്കല്ല് പാകിയ നിരത്തിൽ

ഉറപ്പിച്ചിരുന്നതുമായ കിഴക്കേവാ തിൽ അദൃശ്യരായ വ്യക്തികളാൽ അർദ്ധരാത്രിയിൽ തുറന്നു കിടന്നു. - Milman, The History of the Jews, book 13.

പട്ടണത്തിന് വരാനിരുന്ന നാശത്തെപ്പറ്റി വിളിച്ചു പറഞ്ഞുകൊണ്ട് ഒരു മനുഷ്യൻ ഏഴുവർഷം യെരൂശലേമിൻറെ വീഥികളിൽ അങ്ങോട്ടും ഇങ്ങോട്ടും നടന്നുകൊണ്ടിരുന്നു. "കിഴക്കുനിന്ന് ഒരു ശബ്ദം! പടിഞ്ഞാറുനിന്നൊരു ശബ്ദം! നാലു കാറ്റിൽ നിന്നൊരു ശബ്ദം! യെരൂശലേമിനെതിരായും ദൈവാലയത്തിനെതിരായും ഒരു ശബ്ദം! മണവാളനും മണവാട്ടിക്കും എതിരായി

ഒരു ശബ്ദം! സകല മനുഷ്യർക്കും എതിരായി ഒരു ശബ്ദം'! എന്ന വന്യമായ വിലാപഗാനം രാവും പകലും പാടിക്കൊണ്ട് നടന്നു. - Ibid., book 13. ഈ അപരിചിതനെ ജയിലിൽ അടച്ചു ചാട്ടവാറുകൊണ്ട് അടിച്ചെങ്കിലും യാതൊരു ആവലാതിയും അയാളുടെ നാവിൽ നിന്ന് പുറപ്പെട്ടില്ല. നിന്ദിച്ചും ഭത്സിച്ചുംകൊണ്ട് "യെരൂശലേമിന് മഹാകഷ്ടം, മഹാകഷ്ടം! അതിലെ നിവാസികൾക്ക് കഷ്ടം! കഷ്ടം!" എന്നു മാത്രം പറഞ്ഞു. അയാൾ മുന്നറിയിപ്പുകൊടുത്ത അവരോധത്തിൽവെച്ച് അയാൾ മരിക്കുംവരെ മുന്നറിയിപ്പിൻ ഗാനം നിലച്ചില്ല.

യെരുശലേമിൻറെ നാശത്തിൽപ്പെട്ട് ഒരു ക്രിസ്ത്യാനിപോലും മരിച്ചില്ല. ക്രിസ്തു തൻറെ ശിഷ്യന്മാർക്ക് മുന്നറിയിപ്പ് കൊടുത്തിരുന്നു, അവൻറെ വാക്കുകൾ വിശ്വസിച്ച് എല്ലാവരും വാഗ്ദാനം ചെയ്യപ്പെട്ട അടയാളം നോക്കിപ്പാർത്തു: "സൈന്യങ്ങൾ യെരുശലേമിനെ വളഞ്ഞിരിക്കുന്നത് കാണുമ്പോൾ അതിൻറെ ശൂന്യകാലം അടുത്തിരിക്കുന്നു എന്ന് അറിഞ്ഞുകൊൾവീൻ. അന്ന് യെഹൂദ്യയിൽ ഉള്ളവർ മലകളിലേയ്ക്ക് ഓടിപ്പോകട്ടെ അതിൻറെ നടുവിൽ ഉള്ളവർ പുറപ്പെട്ടുപോകട്ടെ" (ലൂക്കൊ . 21:20, 21). സെസ്റ്റ്യസിൻറെ കീഴിൽ റോമാക്കാർ പട്ടണം വളഞ്ഞ് പെട്ടെന്നുള്ള ആക്രമണത്തിന് എല്ലാം അനുകൂലം എന്ന് കണ്ടതിനുശേഷം

നിനച്ചിരിക്കാതെ അവരോധം അവർ കൈവിട്ടു. യാതൊരു കാരണവും ഇല്ലാതെ റോമാസൈന്യാധിപൻ സൈന്യത്തെ പിൻവ ലിച്ചപ്പോൾ സൈന്യത്താൽ വളയപ്പെട്ട ജനം വിജയത്തെക്കുറിച്ച് യാതൊരു പ്രതീക്ഷയും ഇല്ലാതെ കീഴടങ്ങലിൻറെ വക്കിൽ ആയിരുന്നു. എന്നാൽ ദൈവത്തിൻറെ ദയയുള്ള കരുതൽ തൻറെ സ്വന്ത ജനത്തിൻറെ നന്മയ്ക്കുവേണ്ടി സംഗതികളെ നിയന്ത്രിച്ചിരുന്നു. കാത്തിരുന്ന ക്രിസ്ത്യാനികൾക്ക് വാഗ്ദത്തം ചെയ്തിരുന്ന അടയാളം നൽകപ്പെട്ടു. ഇപ്പോൾ രക്ഷകൻറെ മുന്നറിയിപ്പ് അനുസരിക്കേണ്ട എല്ലാവർക്കും ഒരു അവസരംകൂടെ കൊടുത്തു.

യെഹൂദന്മാരോ റോമാക്കാരോ, ക്രിസ്ത്യാനികളുടെ ഓടിപ്പോക്കിന് യാതൊരു വിഘ്നവും വരുത്താതിരിക്കത്തക്കവണ്ണം കാര്യങ്ങളെ ദൈവം നിയന്ത്രിച്ചു. സൈസ്റ്റ്യസ് പിൻതിരിഞ്ഞപ്പോൾ, യെഹൂദന്മാർ യെരുശലേമിൽ നിന്ന് ചാടിവീഴുകയും പിൻതിരിഞ്ഞ സൈന്യത്തെ പിന്തുടരുകയും അങ്ങനെ രണ്ട് ശക്തികളും പരസ്പരം എതിരിട്ടപ്പോൾ ക്രിസ്ത്യാനികൾക്ക് പട്ടണം വിടാനുള്ള അവസരം സിദ്ധിക്കുകയും ചെയ്തു. ഈ സമയത്ത് ശത്രുക്കൾ രാജ്യം ഒഴിഞ്ഞിരുന്നു. അല്ലെങ്കിൽ അവർ വഴിക്കുവെച്ച് തടയപ്പെട്ടുമായിരുന്നു. അവരോധത്തിൻറെ സമയത്ത്

യെഹൂദന്മാർ യെരുശലേമിൽ കൂടാരപ്പെരുന്നാൾ ആഘോഷിക്കുവാൻ ഒന്നിച്ചു കൂടിയിരുന്നു. അങ്ങനെ സകല ദേശത്തും ഉണ്ടായിരുന്ന ക്രിസ്ത്യാനികൾക്ക് യാതൊരു വൈഷമ്യവും കൂടാതെ രക്ഷപെടാൻ സാധിച്ചു. താമസിയാതെ യോർദ്ദാന് അപ്പുറത്തുള്ള പെറിയ എന്ന ദേശത്ത പെല്ലാ എന്ന പട്ടണത്തിൽ അവർ സുരക്ഷിതത്വം കണ്ടെത്തി.

യെഹൂദാസൈന്യം സെസ്റ്റ്യസിനേയും അദ്ദേഹത്തിൻറെ സൈന്യത്തെയും പിൻ തുടർന്ന്, മുഴുവൻ സൈന്യത്തേയും നശിപ്പിക്കും എന്ന് ഭീഷണിപ്പെടുത്തുംവിധം ഉഗ്രപോരാട്ടം പിൻപടയിന്മേൽ നടത്തി.

പിൻവാങ്ങൽ വിജയകരമാക്കാൻ റോമാ സൈന്യത്തിന് പാടുപെടേണ്ടിവന്നു. മിക്കവാറും നഷ്ടം ഒന്നും കൂടാതെ യെഹൂദർ രക്ഷപെടുകയും അവർ കൊള്ളയുമായി വിജയാഘോഷത്തോടെ യെരുശലേമിൽ തിരിച്ചെത്തുകയും ചെയ്തു. നാമ മാത്രമായ ഈ വിജയത്താൽ ദുഷ്ടത മാത്രമെ നേടിയുള്ളൂ. അത് റോമാക്കാരെ ദുശാഠ്യത്തോടെ എതിർക്കാനുള്ള പ്രചോദനം കൊടുത്തു. തന്മൂലം വളരെ വേഗത്തിൽ, പറഞ്ഞറിയിക്കാൻ പറ്റാത്ത കഷ്ടം, നാശത്തിന് വിധിക്കപ്പെട്ട ആ പട്ടണത്തിന്മേൽ വന്നുകൂടി.

റൈറ്റസിനാൽ ഉപരോധം വീണ്ടും തുടങ്ങിയപ്പോൾ അതിദാരുണമായ കൊട്ടും ദുരിതങ്ങൾ യെരുശലേമിന്മേൽ വീണു. പെസഹ ആചരിക്കാനായി പട്ടണത്തിൻറെ മതിലകങ്ങളിൽ ലക്ഷക്കണക്കിനു യെഹൂദന്മാർ കൂടിയിരുന്നു. ശ്രദ്ധിച്ച് സംരക്ഷിച്ചിരുന്നെങ്കിൽ താമസക്കാർക്ക് വർഷങ്ങളോളം മതിയാകുമായിരുന്ന ആഹാരസാധനങ്ങളുടെ കലവറ, അന്യോന്യം പോരാടുന്ന കലഹക്കാരുടെ അസൂയയും പ്രതികാരവും കാരണം നേരത്തേതന്നെ നശിപ്പിക്കപ്പെട്ടു. അപ്പോൾ പട്ടിണിയുടെ ഉഗ്രഭീതി അനുഭവിക്കാൻ തുടങ്ങി. ഒരളവ് ഗോതമ്പ് ഒരു താലന്തിന് വിറ്റു.

ബെൽറ്റിന്റേയും ചെരുപ്പിൻറെയും
തുകലും കവചത്തിൻറെ ആവരണവും
കാർന്നു തിന്നത്തക്കവണ്ണം
വിശപ്പിൻറെ പ്രാണവേദന അത്ര
ഉഗ്രമായിരുന്നു. പട്ടണമതിലിനു
വെളിയിൽ വളരുന്ന കാട്ടു ചെടികൾ
മോഷ്ടിക്കാൻ ഒരു വലിയ കൂട്ടം ആളുകൾ
രാത്രിയിൽ പോകുമായിരുന്നു. അവരിൽ
നിന്നും പിടിച്ചെടുത്തിട്ട് ക്രൂരമായ
ദണ്ഡനത്താൽ പലരേയും കൊന്നു.
ജീവൻ പണയപ്പെടുത്തി,
ചിതറിക്കിടക്കുന്ന നെന്മണികൾ
പെറുക്കിക്കൊണ്ട് സുരക്ഷിതമായി
തിരിച്ചെത്തിയവരുടേത് മോഷ്ടിക്കപ്പെട്ടു.
ദാരിദ്ര്യം അനുഭവിക്കുന്ന
ജനങ്ങളിൽനിന്ന്, അവർ
ഒളിച്ചുവെച്ചേയ്ക്കാൻ സാധ്യതയുള്ള

അവസാനത്തെ വിരളമായ സംഭരണവും പിടിച്ചെടുക്കാൻ അധികാരികൾ മനുഷ്യത്വരഹിതമായ ദണ്ഡനങ്ങൾ ഏല്പിച്ചു. ഈ ക്രൂരതകൾ സർവ്വ സാധാരണമായിരുന്നു. അത് ചെയ്തവർ ശരിക്ക് ആഹാരം കഴിച്ചിരുന്നവരും ആഹാരസാധനങ്ങളുടെ ഒരു കലവറ ഭാവിയിലേയ്ക്ക് ഉണ്ടാ ക്കിവെയ്ക്കാൻ ആഗ്രഹിച്ചിരുന്നവരും ആയിരുന്നു.

ക്ഷാമം, സാംക്രമിക രോഗം എന്നിവമൂലം ആയിരങ്ങൾ മരിച്ചു. സ്വാഭാവിക സ്നേഹം നശിച്ചതായി തോന്നി. ഭർത്താക്കന്മാർ തങ്ങളുടെ ഭാര്യമാരുടേതും ഭാര്യമാർ ഭർത്താക്കന്മാരുടേതും മോഷ്ടിച്ചു. പ്രായം ചെന്ന അപ്പനമ്മമാരുടെ

വായിൽനിന്ന് കുട്ടികൾ ആഹാരം തട്ടിയെടുത്തു? "ഒരു സ്ത്രീ തൻ്റെ കുഞ്ഞിനെ മറക്കുമോ?" എന്ന പ്രവാചകൻ്റെ ചോദ്യത്തിനുള്ള ഉത്തരം ന്യായം വിധിക്കപ്പെട്ട ഈ പട്ടണത്തിൻ്റെ മതിലകങ്ങളിൽനിന്ന് കിട്ടി. "കരുണയുള്ള സ്ത്രീകൾ പൈതങ്ങളെ സ്വന്തം കൈകൊണ്ട് പാകം ചെയ്തു; അവർ എൻ്റെ ജനത്തിൻ്റെ പുതിയുടെ നാശത്തിങ്കൽ അവർക്ക് ആഹാരമായിരുന്നു ' (യെശയ്യാ. 49:15; വിലാപങ്ങൾ 4:10). കൂടാതെ പതിനാല് നൂറ്റാണ്ടുകൾക്കുമുൻപ് കൊടുത്തിരുന്ന മുന്നറിയിപ്പിൻ പ്രവചനവും നിവൃത്തിയായി.

"ദേഹമാർദ്ദവംകൊണ്ടും

കോമളത്വംകൊണ്ടും തൻറെ ഉള്ളംകാൽ നിലത്തുവെപ്പാൻ മടിക്കുന്ന തന്വംഗിയും സുഖഭോഗിനിയുമായ സ്ത്രീ തൻറെ മാർവ്വിടത്തിലെ ഭർത്താവിനും തൻറെ മകനും മകൾക്കും, . . . താൻ പ്രസവിക്കുന്ന കുഞ്ഞുങ്ങളെയും കൊടുക്കാതവണ്ണം ലുബ്ധയായി ശത്രു നിൻറെ പട്ടണങ്ങളിൽ നിന്നെ ഞെരുക്കുന്ന ഞെരുക്കത്തിലും നിരോധത്തിലും സകല വസ്തുക്കളുടെയും ദുർല്ലഭത്വം നിമിത്തം അവൾ അവരെ രഹസ്യമായി തിന്നും" (ആവർത്തനം 28:56, 57).

റോമാനേതാക്കന്മാർ യെഹൂദന്മാരെ ഭയപ്പെടുത്തി കീഴടക്കാൻ പരി ശ്രമിച്ചു. എതിർത്തെ ജയിൽപുള്ളികളെ

ചാട്ടവാറുകൊണ്ട് അടിക്കുകയും ദണ്ഡിപ്പിക്കുകയും പട്ടണമതിലിനു മുമ്പിൽ ക്രൂശിക്കുകയും ചെയ്തു. ഇങ്ങനെ ദിവസംതോറും നൂറുകണക്കിന് ആളുകളെ കൊന്നു. യഹോശാ ഫാത്ത് താഴ്വരയിലും കാൽവറിയിലും വൻതോതിൽ ക്രൂശുകൾ ഉയർന്നു. അവയുടെ ഇടയിൽക്കൂടെ നടക്കാൻ സ്ഥലം ഇല്ലാതാകുവോളം ക്രൂശീകരണം തുടർന്നു. പീലാത്തോസിൻറെ ന്യായാസനത്തിനു മുൻപിൽ വെച്ച് പറഞ്ഞ ഭയങ്കരമായ ശാപം അതിദാരുണമായി അവരെ സന്ദർശിച്ചു. “അവൻറെ രക്തം ഞങ്ങളുടെ മേലും ഞങ്ങളുടെ മക്കളുടെ മേലും വരട്ടെ” (മത്തായി 27:25).

റൈറ്റസ് ഭയാനകരമായ ഈ രംഗത്തിന് പൂർണ്ണമനസ്സോടെ ഒരു അവസാനം ഉണ്ടാക്കുമായിരുന്നു. അങ്ങനെ യെരുശലേമിൻറെ വിധി അതിൻറെ മുഴുവൻ അളവിൽ അനുഭവിക്കുന്നതിൽനിന്നും അതിനെ വിടുവിക്കുമായിരുന്നു. താഴ്വരകളിൽ ശവശരീരങ്ങൾ കുടിക്കിടക്കുന്നതു കണ്ട് അദ്ദേഹം ഭീതി നിറഞ്ഞവനായി. ഒലിവുമലയുടെ ശിഖരത്തിൽ നിന്നുകൊണ്ട് ദൈവാലയത്തിൻറെ മഹാത്മ്യം കണ്ട് വികാരഭരിതനായി, അതിൻറെ ഒറ്റക്കല്ലുപോലും തൊട്ടുപോകരുതെന്ന് ആജ്ഞാപിച്ചു. ദൈവാലയം കൈവശമാക്കുവാൻ ശ്രമിക്കുന്നതിനുമുൻപ് ആ വിശുദ്ധസ്ഥലം രക്തത്താൽ

അശുദ്ധമാക്കാൻ തന്നെ
പ്രേരിപ്പിക്കരുതെന്ന്
യെഹൂദാനേതാക്കന്മാരോട്
കേണപേക്ഷിച്ചു. അവർ
ദൈവാലയത്തിൽനിന്ന് പുറപ്പെട്ട് വേറെ
ഏതെങ്കിലും സ്ഥലത്ത് യുദ്ധം ചെയ്താൽ
ഒറ്റ റോമാക്കാരനും ദൈവാലയത്തിൻറെ
വിശുദ്ധിയെ ഭംഗപ്പെടുത്തുമായിരുന്നില്ല.
അവരെത്തന്നെയും അവരുടെ
പട്ടണത്തെയും ആരാധനാസ്ഥലത്തേയും
രക്ഷിക്കുന്നതിനായി കീഴടങ്ങാൻ
ജോസീഫസ്തന്നെ വാഗ്ധാടിയുള്ള
തൻറെ പ്രസംഗത്തിലൂടെ
കേണപേക്ഷിച്ചു. പക്ഷെ ഈ
വാക്കുകളുടെ മറുപടി കൈപ്പേറിയ
ശാപമായിരുന്നു. അവരുടെ
അവസാനത്തെ മാനുഷിക

മദ്ധ്യസ്ഥനായ അദ്ദേഹം അപേക്ഷിച്ചുകൊണ്ട് നിന്നപ്പോൾത്തന്നെ, അദ്ദേഹത്തിനുനേരെ അമ്പുകൾ ചുഴറ്റി എറിഞ്ഞു. ദൈവപുത്രൻറെ യാചനകളെ തിരസ്കരിച്ച യെഹൂദാജനത്തിന് ഇപ്പോഴത്തെ ഗുണദോഷങ്ങളും യാചനകളും അവസാനംവരെ എതിർക്കാനുള്ള തീരുമാനത്തിൽ അവരെ എത്തിച്ചു. ദൈവാലയം രക്ഷിക്കാനുള്ള റൈറ്റസിൻറെ ഉദ്യമം പാഴായി. കല്ലിന്മേൽ കല്ല് ശേഷിക്കയില്ലെന്ന് റൈറ്റസിനെക്കാൾ വലിയവൻ പ്രഖ്യാപിച്ചിരുന്നല്ലൊ.

യെഹൂദാനേതാക്കന്മാരുടെ അന്ധമായ മർക്കടമുഷ്ടിയും ഉപരോധിച്ചിരുന്ന

പട്ടണത്തിനകത്ത് നടന്നിരുന്ന കുറ്റകൃത്യങ്ങളും അതിക്രമങ്ങളും റോമാക്കാരിൽ ധാർമ്മിക രോഷവും ഘോരതയും ഉളവാക്കി. അവസാനം റ്റൈറ്റസ് ദൈവാലയം കൈവശമാക്കുവാൻതന്നെ നിശ്ചയിച്ചു. സാധിക്കുമെങ്കിൽ എങ്ങനെയെങ്കിലും നശിപ്പിക്കാതെ അത് രക്ഷിക്കണം എന്നും തീരുമാനിച്ചു. പക്ഷെ ആരും അദ്ദേഹത്തിൻറെ ആജ്ഞകൾ വകവെച്ചില്ല. രാത്രിയിൽ അദ്ദേഹം കൂടാരത്തിലേയ്ക്ക് മടങ്ങിയശേഷം ദൈവാലയത്തിൽനിന്ന് യെഹൂദന്മാർ ചാടി വന്ന്, പുറത്തുവെച്ച് പടയാളികളെ ആക്രമിച്ചു. ആ യുദ്ധത്തിൽ ഒരു പടയാളി നടപ്പന്തലിൻറെ വാതിലിലൂടെ ഒരു തീപ്പന്തം അകത്തേയ്ക്ക്

വലിച്ചെറിഞ്ഞു. പെട്ടെന്ന്, ദേവദാരുപാളികൾകൊണ്ട് പൊതിഞ്ഞിരുന്ന ദൈവാലയത്തിൻറെ മുറികൾ ആളിക്കത്തി. റ്റെറ്റസ് സംഭവ സ്ഥലത്തേയ്ക്ക് കുതിച്ചു. അദ്ദേഹത്തിൻറെ സൈന്യാധിപന്മാരും ജനറലുകളും പുറകെ എത്തി. അദ്ദേഹം പടയാളികളോട് തീ കെടുത്താൻ ആജ്ഞാപിച്ചു. അദ്ദേഹത്തിൻറെ വാക്കുകളെ ആരും ശ്രദ്ധിച്ചില്ല. പടയാളികൾ തങ്ങളുടെ ഉഗ്രകോപത്തിൽ അടുത്തുള്ള മുറികളിലേയ്ക്കും തീപ്പന്തങ്ങൾ വലിച്ചെറിഞ്ഞു. എന്നിട്ട് അവിടെ അഭയം പ്രാപിച്ചിരുന്ന വലിയ കൂട്ടം ജനങ്ങളെ തങ്ങളുടെ വാളുകൊണ്ട് വെട്ടിക്കൊന്നു. ദൈവാലയനടയിലൂടെ

വെള്ളം പോലെ രക്തം ഒഴുകി. ആയിരക്കണക്കിന് യെഹൂദന്മാർ കൊല്ലപ്പെട്ടു. യുദ്ധശബ്ദങ്ങളെ വെല്ലുന്ന ശബ്ദത്തിൽ മഹത്വം യിസ്രായേലിൽനിന്നു പോയി എന്നർത്ഥമുള്ള "ഇക്കബൊാഡ്" എന്ന ആർത്ത നാദം കേട്ടു - മഹത്വം വേർപെട്ടു.

സൈന്യത്തിൻറെ കോപം തടയുന്നത് അസാധ്യം ആണെന്ന് റൈറ്റസ് മനസ്സിലാക്കി. അദ്ദേഹം തൻറെ മേലധികാരികളോടൊത്ത് അകത്തെ വിശുദ്ധ സൗധം പരിശോധിച്ചു. അതിൻറെ ശോഭ അവരെ അമ്പരപ്പിച്ചു. തീ അവിടേയ്ക്ക് ആ സമയംവരെ കയറിയിട്ടില്ലാത്തതുകൊണ്ട് അത്

രക്ഷിക്കാൻ ഒരു അവസാന ശ്രമംകൂടെ നടത്തി. ഭയങ്കര നാശനഷ്ടങ്ങൾ വരുത്തുന്ന അഗ്നിബാധയുടെ പുരോഗതി തടയുവാൻ പടയാളികളെ വേഗം അനുശാസിച്ചു. ശതാധിപൻ ലിബറാലീസും അദ്ദേഹത്തിൻറെ ഉദ്യോഗസ്ഥരും ആജ്ഞ നടപ്പാക്കുവാൻ പരിശ്രമിച്ചു. പക്ഷെ, യെഹൂദരോടുള്ള കഠിനമായ ശത്രുതയും യുദ്ധത്തിൻറെ ഘോരമായ വികാരക്ഷോഭവും, പിടിച്ചുപറിക്കാനുള്ള മതിവരാത്ത ആവേശവും ചക്രവർത്തിയോടുള്ള ബഹുമാനത്തിന് വഴിമാറി. തങ്ങൾക്ക് ചുറ്റും ഉള്ളതെല്ലാം തിളങ്ങുന്ന സ്വർണ്ണമാണെന്ന് പടയാളികൾ മനസ്സിലാക്കി. അവ അഗ്നിയുടെ വെളിച്ചത്തിൽ കണ്ണഞ്ചിക്കുംവിധം

വെട്ടിത്തിളങ്ങി. അതിവിശുദ്ധ സ്ഥലത്ത് അളക്കാൻ സാധിക്കാത്ത അത്ര നിധി കിടപ്പുണ്ടെന്ന് അവർ വിചാരിച്ചു. ഒരു പടയാളി ആരും കാണാതെ കത്തിച്ച കമ്പ് കതകിൻറെ വിജാഗിരി പഴുതിലൂടെ തള്ളി. ഒറ്റ നിമിഷംകൊണ്ട് കെട്ടിടം മുഴു വൻ തീ പടർന്നു. കാഴ്ച നശിപ്പിക്കുന്ന പുകയും തീയും കാരണം മേലധികാരികൾ അവിടെനിന്നും മടങ്ങേണ്ടിവന്നു. മാഹാത്മ്യം ഉള്ള സൗധത്ത അതിൻറെ വിധിക്ക് വിട്ടു.

റോമാക്കാർക്ക് അത് അതിഭയങ്കരമായ കാഴ്ചയായിരുന്നു. യെഹൂദർക്ക് അത് എന്തായിരുന്നു? ആ പട്ടണം ഇരുന്നിരുന്ന കുന്നിൻറെ അഗ്രംവരെ അഗ്നി പർവ്വതത്തിലെന്നപോലെ തീ

ആളിക്കത്തി. ഭയങ്കരമായ സ്ഫോടനത്തോടെ ഒന്നിനു പിറകെ ഒന്നായി കെട്ടിടങ്ങൾ വീണു. അടി കാണാത്ത അഗ്നിമയമായ ഗർത്തം അവയെയെല്ലാം വിഴുങ്ങിക്കളഞ്ഞു. ദേവദാരുകൊണ്ടുള്ള മേൽക്കൂരകൾ അഗ്നികൊണ്ടുള്ള വിരിപ്പുകൾ പോലെ ആയി. സ്വർണ്ണം പൂശിയ ഗോപുരാഗ്രങ്ങൾ ചുവന്നു പ്രകാശിക്കുന്ന വലിയ ആണികൾപോലെ കണ്ടു. പടിപ്പുരമാളികകൾ പുകയും അഗ്നിയും നിറഞ്ഞ തൂണുകളായി. അടുത്തുള്ള കുന്നുകളും പ്രകാശിച്ചു. ജനങ്ങൾ കൂട്ടം കൂട്ടമായി ഭയത്തോടും വ്യാകുലതയോടുംകൂടെ ഈ നാശത്തിൻറെ പുരോഗതി നോക്കിനിന്നിരുന്നു. ചിലർ വിളറിയ

മുഖങ്ങളുമായും ചിലർ
നൈരാശ്യത്തിൻറെ സങ്കടം
നിറഞ്ഞവരായും ചിലർ പ്രതികാരത്തിന്
സാദ്ധ്യത ഇല്ലാത്തതിനാൽ
കോരിത്തരിച്ച് നോക്കിക്കൊണ്ടും
ഉയരങ്ങളിൽ തിങ്ങിനിന്നിരുന്നു.
അങ്ങോട്ടും ഇങ്ങോട്ടും ഓടുന്ന
റോമാപ്പട്ടാളത്തിൻറെ അലർച്ചയും
അഗ്നിജ്വാലയിൽ മരിച്ചുകൊണ്ടിരുന്ന
കലാപകാരികളുടെ നിലവിളികളും,
അഗ്നിബാധയുടെ ആരവത്തിലും
മേൽക്കൂരകൾ വീഴുന്ന ഇടിനാദത്തിലും
അലിഞ്ഞു ചേർന്നു. ഉയരങ്ങളിൽ
നിന്നിരുന്ന ആളുകളുടെ കൂക്കുവിളികൾ
പർവ്വതങ്ങളിൽ പ്രതിധ്വനിച്ചു.
നിലവിളികളും വിലാപങ്ങളും
ഭിത്തികളിൽ തട്ടി വീണ്ടും ശബ്ദിച്ചു.

ക്ഷാമം മൂലം മരിച്ചു കൊണ്ടിരുന്ന ജനം അതീവ മനോവേദനയുടേയും നാശനഷ്ടത്തിൻറെയും കരച്ചിൽ പുറപ്പെടുവിക്കാനായി ശേഷിച്ച ശക്തി ഒരുമിച്ചു കൂട്ടി.

“പുറമെ കണ്ട കാഴ്ചയെക്കാൾ അതിഭയങ്കരമായിരുന്നു അകത്തു നടന്ന കൂട്ടക്കൊല. പുരുഷന്മാരും സ്ത്രീകളും, വൃദ്ധരും, യൗവ്വനക്കാരും, കലാപകാരികളും പുരോഹിതന്മാരും, അക്രമികളും ദയയ്ക്കായി കെഞ്ചി യാചിച്ചവരും യാതൊരു പക്ഷഭേദവും ഇല്ലാതെ നുറുക്കപ്പെട്ടു. വധിക്കപ്പെട്ടവരുടെ എണ്ണം കൊലയാളികളുടേതിലും അധികമായിരുന്നു. ഉന്മൂലനാശം

വരുത്താനായി സേനാവിഭാഗത്തിന് ശവശരീരങ്ങളുടെ പുറത്ത് ആയാസപ്പെട്ട് കയറേണ്ടിവന്നു". - Milman, The History of the }ews, book 16.

ദൈവാലയ നശീകരണം കഴിഞ്ഞ ഉടനെ മുഴുപട്ടണവും റോമാക്കാരുടെ കൈകളിൽ അമർന്നു. യെഹൂദാനേതാക്കന്മാർ അവരുടെ മനോഹരമായ മണിമാളികകൾ കൈവെടിഞ്ഞു. റൈറ്റസ് അവയെ നിസഹായാവസ്ഥയിൽ കണ്ടു. അദ്ദേഹം അത്ഭുതത്തോടെ അവയെ സൂക്ഷിച്ചുനോക്കിയിട്ട് ദൈവം അവയെ തൻറെ കൈകളിൽ തന്നിരിക്കുന്നു, കാരണം, ഒരു യന്ത്രത്തിനും അത് എത്രതന്നെ

ശക്തിയുള്ളതാണെങ്കിൽപോലും - വലിപ്പംകൊണ്ട് അത്യത്ഭുതം ഉണർത്തുന്ന ഈ കോട്ടയെ അതിജീവിക്കാൻ സാധ്യമാകുകയില്ല. എന്ന് പറഞ്ഞു. പട്ടണവും ദൈവാലയവും അതിൻറെ അടിസ്ഥാനംവരെ ഇടിച്ച് നിരപ്പാക്കി. ദൈവാലയം നിന്നിരുന്ന സ്ഥലം "വയൽ ഉഴുന്നതു പോലെ" ആക്കി (യിരെമ്യാ. 26:18). തുടർന്നുണ്ടായ ഉപരോധത്തിലും കൂട്ടക്കൊലയിലും പത്തു ലക്ഷത്തിലധികം ആളുകൾ നശിച്ചു. ജീവിച്ചിരുന്നവരെ തടവുകാരായി പിടിക്കുകയും അടിമകളായി വിൽക്കുകയും റോമാചക്രവർത്തിയുടെ വിജയം ആഘോഷിക്കുവാൻ റോമിലേയ്ക്ക്

കൊണ്ടുപോവുകയും വന്യമൃഗങ്ങൾക്ക് ഇരയായി ആംഫി തിയറ്ററുകളിൽ (സ്റ്റേഡിയത്തിൽ) എറിഞ്ഞുകളകയും ചെയ്തു. ശേഷിച്ചവർ ഭവനരഹിതരായി ചിതറി, ഭൂമിയിൽ എല്ലാ ദിക്കിലും അലഞ്ഞു.

യെഹൂദന്മാരുടെ നാശത്തിൻറെ ചങ്ങല അവർതന്നെ നിർമ്മിച്ചു. അവർക്കുള്ള പ്രതികാരത്തിൻറെ പാനപാത്രം അവർതന്നെ നിറച്ചു. ഒരു രാഷ്ട്രം എന്ന നിലയിൽ സംഭവിച്ച പൂർണ്ണനാശവും ചിതറിപ്പോകലിൽ എത്തിച്ചേർന്ന മഹാ ദുരിതങ്ങളും അവരുടെ സ്വന്തം കൈകൾകൊണ്ട് വിതച്ച വിത്തിൻറെ ഫല ശേഖരം ആയിരുന്നു. പ്രവാചകൻ പറയുന്നു:

“യിസ്രായേലേ, നിൻറെ സഹായം ആയിരിക്കുന്ന എന്നോട് മറുക്കുന്നത് നിൻറെ നാശം ആകുന്നു”. “നിൻറെ അകൃത്യം നിമിത്തം അല്ലോ നീ വീണിരിക്കുന്നത്” (ഹോശേയാ 13:9;14:1). ദൈവം അപ്പോഴപ്പോൾ തരുന്ന ശിക്ഷകൾ ആയിട്ടാണ് അവരുടെ കഷ്ടതകളെ കണക്കാക്കിയിരുന്നത്. മഹാവഞ്ചകൻ തൻറെ വേല മറെച്ചുവെയ്ക്കാൻ ആഗ്രഹിച്ചിരുന്നത് അങ്ങനെ ആണ്. ദുശ്ശാഠ്യത്തോടെ ദൈവത്തിൻറെ സ്നേഹവും കരുണയും തള്ളിക്കളഞ്ഞതിനാൽ യെഹൂദാജനം ദൈവത്തിൻറെ സംരക്ഷണം പിൻവലിക്കാൻ കാരണമാക്കി. സാത്താൻറെ ഇഷ്ടപ്രകാരം അവരെ

ഭരിക്കാൻ അനുവദിച്ചു.
യെരുശലേമിൻറെ നാശത്തിൽ
നടമാടിയ കൊടും ക്രൂരതകൾ,
സാത്താൻറെ നിയന്ത്രണത്തിന്
കീഴടങ്ങുന്നവരുടെമേൽ നടത്തുന്ന,
അവൻറെ ഹീനകൃത്യങ്ങളുടെ പ്രകടനം
ആയിരുന്നു.

നാം അനുഭവിക്കുന്ന സമാധാനത്തിനും
സംരക്ഷണത്തിനുമായി
കർത്താവിനോടു എന്തുമാത്രം
കടപ്പെട്ടിരിക്കുന്നു എന്ന് നമ്മൾ
അറിയുന്നില്ല. സാത്താൻറെ പൂർണ്ണ
നിയന്ത്രണത്തിലേയ്ക്ക് കടക്കാതെ
മനുഷ്യരാശിയെ തടയുന്നത്
ദൈവത്തിൻറെ നിയന്ത്രണ
ശക്തിയാണ്. സാത്താൻറെ ക്രൂരവും

ദുഷിച്ചതുമായ ശക്തിയെ നിയന്ത്രിച്ച്
നമ്മെ കാത്തുകൊള്ളുന്ന ദൈവത്തിൻറെ
കരുണയ്ക്കും ദീർഘക്ഷമയ്ക്കുമായി
അനുസരണം കെട്ടവരും
നന്ദിയില്ലാത്തവരും കൃതജ്ഞത
പറയാൻ വളരെ അധികം
കടപ്പെട്ടിരിക്കുന്നു. എങ്കിലും മനുഷ്യർ
ദിവ്യക്ഷമയുടെ അതിർ കടക്കുമ്പോൾ
ദൈവിക നിയന്ത്രണം മാറ്റപ്പെടും.
ലംഘനത്തിനെതിരെ ശിക്ഷ നടത്തുന്ന
ആരാച്ചാരായിട്ട് പാപിക്കെതിരെ
ദൈവം നിലകൊള്ളുന്നില്ല. എന്നാൽ
തന്നെ തള്ളിക്കളയുന്നവരിൽ നിന്നും
തൻറെ ദയ നീക്കി, അവർ
വിതയ്ക്കുന്നതുതന്നെ കൊയ്യാൻ
അനുവദിക്കുന്നു. പ്രകാശത്തിൻറെ
ഓരോ രശ്മിയേയും നിരസിച്ചുകൊണ്ട്,

ഓരോ മുന്നറിയിപ്പും നിന്ദിക്കുകയോ, ശ്രദ്ധിക്കാതിരിക്കുകയോ ചെയ്തുകൊണ്ട്. ഓരോ വികാരത്തേയും താലോലിച്ചുകൊണ്ടുള്ള, ദൈവത്തിൻറെ ന്യായപ്രമാണത്തിൻറെ ഓരോ ലംഘനവും അവർ വിതയ്ക്കുന്ന ഓരോ വിത്താണ്. അത് സംശയരഹിതമായി വിളവ് തരും. വാശിയോടെ പ്രതിരോധിക്കപ്പെടുന്ന പരിശുദ്ധാ ത്മാവ് അവസാനം പാപിയിൽനിന്ന് പിന്മാറുമ്പോൾ ആത്മാവിൻറെ ദുഷ്ടവി കാരങ്ങളെ നിയന്ത്രിക്കാൻ ഒരു ശക്തിയും ശേഷിക്കയില്ല. അപ്പോൾ സാത്താൻറെ ശത്രുതയിൽനിന്നും ദ്രോഹചിന്തയിൽ നിന്നും ഒരു സംരക്ഷണവും ഉണ്ടാ യിരിക്കുകയും ഇല്ല. ദൈവത്തിൻറെ

കരുണാപൂർവ്വമായ അപേക്ഷകളെ നിരസിക്കുന്നവർക്കും ദിവ്യകൃപകളെ നിന്ദിക്കുന്ന എല്ലാവർക്കും യെരൂശലേമിൻറെ നാശം ഭയപ്പെടുത്തുന്ന, പാവനമായ മുന്നറിയിപ്പാണ്. പാപിയുടെമേൽ വരുന്ന സുനിശ്ചിതമായ ശിക്ഷയ്ക്കും ദൈവത്തിന് പാപത്തോടുള്ള വെറുപ്പിനും, ഇതിലും കൂടുതൽ ഉറപ്പായ സാക്ഷ്യം ഒരിക്കലും നൽകപ്പെട്ടിട്ടില്ല.

യെരൂശലേമിൻറെ ന്യായവിധിയെക്കുറിച്ചുള്ള രക്ഷകൻറെ പ്രവചനത്തിന് വേറൊരു നിവർത്തീകരണംകൂടെ ഉണ്ട്. അതിൽ ഈ ഘോരമായ നാശം, പക്ഷെ, ഒരു മങ്ങിയ നിഴൽ

മാത്രമായിരിക്കും. ദൈവത്തിൻറെ ന്യായപ്രമാണത്തെ ചവിട്ടിത്തേയ്ക്കുകയും ദൈവകാരുണ്യം നിരസിക്കുകയും ചെയ്യുന്ന ലോകത്തിൻറെ ശിക്ഷാവിധി നമുക്ക് ഈ തിരഞ്ഞെടുക്കപ്പെട്ട പട്ടണത്തിനു സംഭവിച്ച വിധിയിൽ കാണാം. ദീർഘ നൂറ്റാണ്ടുകളിലായി ലോകം കണ്ട മാനുഷിക ദുരിതങ്ങളുടെ രേഖകൾ വളരെ ഇരുണ്ടതാണ്. ഇതിനെക്കുറിച്ചു ചിന്തിക്കുമ്പോൾ ഹൃദയം വേദനിക്കുകയും മനസ്സ് തളരുകയും ചെയ്യുന്നു. സ്വർഗ്ഗത്തിന്റെ അധികാരം തള്ളിക്കളയുന്നതിൻറെ പരിണിതഫലം വളരെ ഭയാനകമാണ്. എന്നാൽ ഇതിനേക്കാൾ ഇരുളടഞ്ഞ രംഗം ഭാവിയെക്കുറിച്ചുള്ള വെളിപാടിൽ തന്നിട്ടുണ്ട്. കഴിഞ്ഞകാലത്തെ

രേഖകൾ, - ബഹളത്തിൻറെ നീണ്ട ഘോഷയാത്രകൾ, സംഘട്ടനങ്ങൾ, വിപ്ലവങ്ങൾ, “ഒച്ചയോടെ ചവിട്ടിനടക്കുന്ന യോദ്ധാവിൻറെ ചെരിപ്പൊക്കെയും രക്തം പുരണ്ട വസ്ത്രവും വിറകുപോലെ തീക്കു ഇരയായിത്തീരും” (യെശയ്യാ. 9:5). ആ ദിവസത്തെ ഉഗ്രഭയവുമായി താരതമ്യപ്പെടുത്തുമ്പോൾ ഇവയൊക്കെ എന്താണ്? അടക്കിനിറുത്തുന്ന ദൈവത്തിൻറെ പരിശുദ്ധാത്മാവ് ദുഷ്ടന്മാരിൽനിന്ന് പൂർണ്ണമായി പിൻവാങ്ങു മ്പോൾ മാനുഷിക വികാരങ്ങളും, സാത്താൻറെ ഉഗ്രകോപവും പ്രകടമാകുന്നത് പിന്നീട് തടയപ്പെടുകയില്ല. സാത്താൻറെ ഭരണത്തിൻറെ ഫലങ്ങൾ

മുൻപൊരിക്കലും കണ്ടിട്ടില്ലാത്തവിധം ലോകം അപ്പോൾ നോക്കിക്കാണും.

യെരുശലേമിൻറെ നാശത്തിങ്കൽ സംഭവിച്ചതുപോലെ ആ ദിവസത്തിലും ജീവ പുസ്തകത്തിൽ പേർ എഴുതിയിരിക്കുന്ന ഏവനുംതന്നെ വിടുവിപ്പിക്കപ്പെടും (യെശയ്യാ. 4:3), താൻ രണ്ടാമതു വന്നു തൻറെ വിശ്വസ്തരെ തൻറെ അടുക്കൽ ചേർക്കുമെന്ന് ക്രിസ്തു പറഞ്ഞു. "അന്ന് ഭൂമിയിലെ സകല ഗോത്രങ്ങളും പ്രലാപിച്ചുംകൊണ്ട്, മനുഷ്യപുത്രൻ ആകാശത്തിലെ മേഘങ്ങളിന്മേൽ മഹാ ശക്തിയോടും തേജസ്സോടുംകൂടെ വരുന്നതു കാണും. അവൻ തൻറെ ദൂതന്മാരെ മഹാ കാഹളധ്വനിയോടുകൂടെ

അയയ്ക്കും; അവർ അവൻറെ വൃതന്മാരെ ആകാശത്തിൻറെ അറുതിമുതൽ അറുതിവരെയും നാലു ദിക്കി ൽനിന്നും കൂട്ടിച്ചേർക്കും" (മത്തായി 24:30,31 ). വചനം അനുസരിക്കാത്തവരെ" തൻറെ വായിലെ ശ്വാസത്താൽ ഒടുക്കി തൻറെ പ്രത്യക്ഷതയുടെ പ്രഭാവത്താൽ നശിപ്പിക്കും" (2 തെസ്സ. 2:8). പുരാതന യിസ്രായേലിനെപ്പോലെ ദുഷ്ടന്മാർ തങ്ങളെത്തന്നെ നശിപ്പിക്കും. അവർ അവരുടെ പാപത്താൽ വീഴും. പാപത്താൽ നിറഞ്ഞ ഒരു ആയുസ്സിൽ ദൈവവുമായി യോജിക്കാത്തവരായി അവർ അവരെത്തന്നെ പ്രതിഷ്ഠിച്ചു. ദൈവഹിതത്തിന് വിരുദ്ധമായി അവർ ജീവിച്ചതുകൊണ്ടു ദൈവമഹത്വത്തിൻറെ

പ്രത്യക്ഷത അവർക്ക് ദഹിപ്പിക്കുന്ന അഗ്നിയായി മാറി.

ക്രിസ്തുവിൻറെ വാക്കുകളിൽക്കൂടെ മനുഷ്യനു നൽകിയ പാഠങ്ങൾ അവർ അവഗണിക്കാതെയിരിക്കുവാൻ സൂക്ഷിച്ചുകൊള്ളട്ടെ. യെരുശലേമിൻറെ നാശത്തെക്കുറിച്ച് കർത്താവ് തൻറെ ശിഷ്യന്മാർക്ക് മുന്നറിയിപ്പ് കൊടുത്തപ്പോൾ അവർ രക്ഷപെടേണ്ടതിന് തയ്യാറാകാൻ ആസന്നമായ നാശത്തേക്കുറിച്ച് അടയാളം കൊടുത്തതുപോലെ, വരുവാനിരിക്കുന്ന കോപത്തിൽനിന്നും ഓടി രക്ഷപ്പെടേണ്ട എല്ലാവർക്കുമായി ക്രിസ്തു അവസാനനാശത്തേക്കുറിച്ചു ലോകത്തിനു മുന്നറിയിപ്പു കൊടുക്കുകയും

അവൻറെ വരവിനുള്ള അടയാളങ്ങൾ തരികയും ചെയ്തു. "സൂര്യനിലും ചന്ദ്രനിലും നക്ഷത്രങ്ങളിലും ലക്ഷ്യങ്ങൾ ഉണ്ടാകും" എന്നു യേശു പറഞ്ഞു (ലൂക്കൊ . 21:25; മത്താ. 24:29; മർക്കൊ. 13:24-26; വെളി. 6:12-17). അവൻറെ വരവിൻറെ മുന്നറിയിപ്പുകൾ കാണുന്നവർ "അവൻ അടുക്കെ വാതിൽക്കൽത്തന്നെ ആയിരിക്കുന്നു എന്ന് അറിഞ്ഞുകൊൾവീൻ" (മത്തായി 24:33). "അതുകൊണ്ട് ഉണർന്നിരിപ്പിൻ" (മർക്കൊ. 13:36) എന്നത് കർത്താവിന്റെ താക്കീതാണ്. ഈ മുന്നറിയിപ്പ് വക വയ്ക്കുന്നവർ ഇരുളിൽ ആയിരിക്കുകയില്ല. ആ ദിവസം അവർക്ക് പെട്ടെന്ന് കെണിപോലെ വരികയുമില്ല. എന്നാൽ

ഉണർന്നിരിക്കാത്തവർക്ക്
“കർത്താവിന്റെ ദിവസം രാത്രിയിൽ
കള്ളൻ എന്നപോലെ വരും” (1തെസ്സ.
5:2-5).

യെരുശലേമിനെക്കുറിച്ചുണ്ടായിരുന്ന
കർത്താവിന്റെ മുന്നറിയിപ്പ്
സ്വീകരിപ്പാൻ യെഹൂദാജനം
തയ്യാറല്ലായിരുന്നു. അതിൽ കൂടുതൽ
ഇന്നത്തെ ലോകം ആ ദൂത്
അംഗീകരിക്കാൻ തയ്യാറല്ല. അത്
എപ്പോൾ വന്നാലും അഭക്തർക്ക് അവർ
നിനയ്ക്കാത്ത നാഴികയിൽ
കർത്താവിന്റെ ദിവസം വരും. ജീവിതം
പരിണാമം വരുത്താതെ
പൊയ്ക്കൊണ്ടിരിക്കുമ്പോൾ; മനുഷ്യർ
സന്തോഷത്തിലും, വ്യാപാരത്തിലും,

യാത്രയിലും, ധനസമ്പാദനത്തിലും മ
മറന്നിരിക്കുമ്പോൾ; മതനേതാക്കന്മാർ
ലോകത്തിൻറെ പുരോഗതിയിലും,
ജ്ഞാന സമ്പാദനത്തിലും
വ്യാപൃതരായിരിക്കുമ്പോൾ; ജനം
തെറ്റായ സുര ക്ഷിതത്വത്താൽ
സമാധാനിച്ചിരിക്കുമ്പോൾ -
കാവലില്ലാത്ത വീട്ടിൽ അർദ്ധ രാത്രിക്ക്
കള്ളൻ മോഷ്ടിക്കുന്നതുപോലെ,
അശ്രദ്ധരും ഭക്തികെട്ടവരുമായ വർക്ക്
പെട്ടെന്ന് നാശം വന്നു ഭവിക്കും;
“അവർക്ക് തെറ്റിയൊഴിയാവതുമല്ല”
(വാക്യം 3).

## അദ്ധ്യായം 2—ആദ്യനൂറ്റാണ്ടുകളിലെ പീഡനം

യെരുശലേമിൻറെ നാശവും രണ്ടാം വരവിൻറെ ദൃശ്യങ്ങളും യേശുക്രിസ്തു തൻറെ ശിഷ്യന്മാർക്ക് വിവരിച്ചപ്പോൾ, താൻ എടുക്കപ്പെട്ടശേഷം ശക്തിയിലും മഹത്വത്തിലും അവരുടെ വിമോചനത്തിനായി തിരിച്ചു വരുന്നതുവരെയുള്ള അനുഭവങ്ങളും മുൻകൂട്ടി പറഞ്ഞു. ഒലിവുമലയിൽ നിന്നുകൊണ്ട് അപ്പൊസ്തലിക സഭയുടെ മേൽ പതിക്കാറായിരുന്ന ആക്രമണങ്ങൾ കണ്ടു. വീണ്ടും ഭാവിയുടെ അഗാധതയിലേയ്ക്ക് ചെന്നപ്പോൾ പീഡനത്തിൻറെയും അന്ധകാരത്തിൻറെയും യുഗങ്ങളിൽ

തൻറെ പിൻഗാമികൾക്കുമീതെ
പതിക്കാനിരിക്കുന്ന ഉഗ്രവും
ഭയങ്കരവുമായ കൊടുങ്കാറ്റ് അവൻ
തിരിച്ചറിഞ്ഞു. ഈ ലോക
ഭരണാധികാരികൾ ദൈവസഭയുടെമേൽ
കൊണ്ടുവരാനിരിക്കുന്ന ഭയങ്കര
സംഭവങ്ങളുടെ സൂചനകൾ ഏതാനും
ചുരുങ്ങിയ വാക്കുകൾകൊണ്ട് പ്രവചിച്ചു
(മത്തായി 24:9,21,22). അവരുടെ,
ഗുരു പോയ അപമാനത്തിൻറേയും
അധിക്ഷേപത്തിൻറേയും
യാതനകളുടേയും അതേ വഴിയിൽ
ക്രിസ്തുവിൻറെ പിൻഗാമികളും കാലടി
വയ്ക്കേണ്ടതാണ്. ലോകത്തിൻറെ
രക്ഷിതാവിനെതിരായി പൊട്ടിത്തെറിച്ച്
ശത്രുത്വം അവൻറെ നാമത്തിൽ

വിശ്വസിച്ച എല്ലാവർക്കു മെതിരായി ഉണ്ടാകും.

രക്ഷകൻറെ വാക്കുകളുടെ നിവൃത്തിക്ക് ആദ്യകാലസഭയുടെ ചരിത്രം സാക്ഷ്യം വഹിക്കുന്നു. ലോകത്തിൻറേയും നരകത്തിന്റേയും ശക്തികൾ കർത്താവിന്റെ പിൻഗാമികൾക്കു എതിരായി അണിനിരന്നു. സുവിശേഷം വിജയിച്ചാൽ തങ്ങളുടെ ക്ഷേത്രങ്ങളും യാഗപീഠങ്ങളും ഉൂത്തെറിയപ്പെടുമെന്നു വിഗ്രഹാരാധികൾ മുൻകൂട്ടി കണ്ടുകൊണ്ട് ക്രിസ്ത്യാനിത്വം നശിപ്പിക്കുവാൻ അവളുടെ ശക്തികളെ കൂട്ടിച്ചേർത്തു. പീഡനത്തിൻറെ ക്രൂരതയ്ക്കു തീ കൊളുത്തി. ക്രിസ്ത്യാനികളുടെ അവകാശങ്ങൾ

അപഹരിച്ച് അവരെ വീടുകളിൽനിന്ന് ഓടിച്ചു. അവർ "കഷ്ടങ്ങളുടെ ഒരു വലിയ പോരാട്ടം സഹിച്ചു" (എബ്രാ. 10:32). അവർക്ക് ക്രൂരമായ പരിഹാസങ്ങളുടേയും ചമ്മട്ടിപ്രയോഗങ്ങളുടേയും പരീക്ഷകൾകൂടാതെ ചങ്ങലയും ജയിൽശിക്ഷയും അനുഭവിക്കേണ്ടിവന്നു (എബ്രാ. 11:36). വലിയകൂട്ടം ജനങ്ങൾ തങ്ങളുടെ സാക്ഷ്യം രക്തത്താൽ മുദ്രയിട്ടു. ഉയർന്നവനും താണവനും ധനവാനും ദരിദ്രനും പണ്ഡിതനും പാമരനും ഒരുപോലെ നിഷ്ക്കരുണം കൊല്ലപ്പെട്ടു.

പൌലൊസിൻറെ രക്തസാക്ഷിത്വത്തോടനുബന്ധിച്ചുള്ള

കാലത്തിൽ നീറോ ചകവർത്തിയുടെ കീഴിൽ പീഡനം കൂടുതലോ കുറവോ ആയ തീവ്രതയോടെ നൂറ്റാണ്ടുകൾ തുടർന്നു. ക്രിസ്ത്യാനികളുടെമേൽ ഭയങ്കരമായ കുറ്റങ്ങൾ ആരോപിക്കുകയും ക്ഷാമം, ഭൂകമ്പം, പകർച്ചവ്യാധി എന്നിവയുടെ കാരണക്കാരായി പ്രഖ്യാപിക്കുകയും ചെയ്തു. അവർ സംശയത്തിനും വെറുപ്പിനും പാത്രമായപ്പോൾ നിരപരാധികളെ ഒറ്റിക്കൊടുത്ത് ലാഭം ഉണ്ടാക്കാൻ മതത്തിൻറെ ശത്രുക്കളും സമൂഹത്തിലെ ശല്യക്കാരുമായി എണ്ണപ്പെട്ടു. വലിയകൂട്ടം ആളുകൾ വന്യമൃഗങ്ങൾക്കു മുൻപിൽ എറിയപ്പെടുകയും ആംഫി തിയേറ്ററുകളിൽ ജീവനോടെ എരിക്കപ്പെടുകയും ചെയ്തു. ചിലർ

ക്രൂശിക്കപ്പെട്ടു, വേറെ ചിലരെ വന്യമൃഗങ്ങളുടെ തോൽ ചുറ്റി നായ്ക്കൾക്കു കടിച്ചു കീറാൻ രംഗസ്ഥലങ്ങളിൽ എറിഞ്ഞു. പൊതു ഉത്സവങ്ങളിലെ പ്രധാന വിനോദമായിരുന്ന അവർക്കുള്ള ശിക്ഷ. ആ കാഴ്ച കണ്ടു അഭിവാദ്യം ചെയ്യാനും സന്തോഷിക്കാനുമായി വലിയ ജനക്കൂട്ടം തിങ്ങിക്കൂടിയിരുന്നു. മരണവേദന കണ്ട് അവർ കരഘോഷം മുഴക്കി ആഹ്ലാദിക്കുമായിരുന്നു.

ക്രിസ്ത്യാനികൾ എവിടെ അഭയം തേടിയോ അവിടെയെല്ലാം അവരെ ഇരമൃഗങ്ങളെയെന്നപോലെ വേട്ടയാടി. ശൂന്യമായ ഏകാന്ത സ്ഥലങ്ങളിൽ ഒളിക്കാൻ അവർ നിർബന്ധിതരായി.

അഗതികളും, തുടരെ
പീഡിപ്പിക്കപ്പെട്ടവരും, കഠിന യാതന
അനുഭവിക്കുന്നവരും (ലോകം അവർക്കു
യോഗ്യമായിരുന്നില്ല) മരുഭൂമികളിലും
പർവ്വതങ്ങളിലും ഗുഢസങ്കേതങ്ങളിലും
ഗുഹകളിലുമായി അലഞ്ഞു നടന്നു
(എബ്രാ . 11:37, 38).
ആയിരങ്ങൾക്കു ഭൂഗർഭക്കല്ലറകൾ
അഭയസ്ഥാനമായിരുന്നു.
റോമാനഗരത്തിൻറെ വെളിയിലായി
കുന്നിൻചരിവുകളിൽ, പാറയിലും
മണ്ണിലും പോലും തട്ടുതട്ടുകളായുള്ള
ഇരിപ്പിടങ്ങളുള്ള ദീർഘ തുരങ്കങ്ങൾ
നിർമ്മിക്കപ്പെട്ടു. ഇരുളടഞ്ഞ,
സങ്കീർണ്ണ സംവിധാനങ്ങളുള്ള അത്തരം
വഴികൾ പട്ടണവാതിലുകൾക്കപ്പുറം
മൈലുകളോളം നീണ്ടുകിടന്നു.

ഭൂമിക്കടിയിലെ ഈ ഏകാന്ത സ്ഥലങ്ങളിൽ ക്രിസ്ത്യാനികൾ തങ്ങളുടെ മരിച്ചവരെ അടക്കം ചെയ്തു. കൂടാതെ അവർ സംശയിക്കപ്പെടുകയും ഭ്രഷ്ടരാക്കപ്പെടുകയും ചെയ്തപ്പോൾ അതു അവരുടെതന്നെ ഭവനവുമായിരുന്നു. നല്ല പോർ പൊരുതവരെ ജീവൻറെ ദാതാവു എഴുന്നേൽപ്പിക്കുമ്പോൾ ധാരാളം രക്തസാക്ഷികൾ ഇരുളടഞ്ഞ ഈ ഗുഹകളിൽനിന്നു എഴുന്നേറ്റു വരും.

അതിക്രൂരമായ പീഡനങ്ങളിലും യേശുവിൻറെ സാക്ഷികൾ തങ്ങളുടെ വിശ്വാസം കറ പറ്റാതെ സൂക്ഷിച്ചു. എല്ലാ സുഖങ്ങളും നഷ്ടപ്പെട്ടിട്ടും സൂര്യ പ്രകാശത്തിൽനിന്നു അടയ്ക്കപ്പെട്ടിട്ടും ഇരുളടഞ്ഞ ഭവനങ്ങൾ ഭൂമിയുടെ

സൗഹാർദ്ദപരമായ മാറിടത്തിൽ
ഉണ്ടാക്കപ്പെട്ടിട്ടും അവർ യാതൊരു
ആവലാതിയും ഉച്ചരിച്ചില്ല.
വിശ്വാസത്തിൻറേയും
ദീർഘക്ഷമയുടേയും പ്രത്യാശ
യുടേയും വാക്കുകളാൽ അന്യോന്യം
ധൈര്യപ്പെടുത്തിക്കൊണ്ട് ജീവിത ക്ലേശ
ങ്ങളും അവശ്യസാധനങ്ങളുടെ
ദൗർലഭ്യതയും അവർ സഹിച്ചു.
ലൗകികമായ അനുഗ്രഹങ്ങളുടെ നഷ്ടം
ക്രിസ്തുവിലെ വിശ്വാസത്തെ
ഉപേക്ഷിക്കുവാൻ പര്യാപ്തമായിരുന്നില്ല.
വിചാരണകളും പീഡനങ്ങളും അവരെ
നിത്യ വിശ്രമത്തിലേയ്ക്കും അവരുടെ
പ്രതിഫലത്തിലേയ്ക്കും അടുപ്പിക്കുന്ന
പടികൾ മാത്രമായിരുന്നു.

പണ്ടത്തെ ദൈവദാസന്മാരെപ്പോലെ അനേകർ "ഏറ്റവും നല്ലോരു ഉയിർത്തെഴുന്നേല്പ് ലഭിക്കേണ്ടതിനു ഉദ്ധാരണം കൈക്കൊള്ളാതെ ഭേദ്യം ഏറ്റു (എബ്രാ. 11:35). ക്രിസ്തുവിനുവേണ്ടി പീഡനം അനുഭവിച്ചപ്പോൾ, സ്വർഗ്ഗത്തിൽ അവരുടെ പ്രതിഫലം വലുതാകകൊണ്ടു അധിക സന്തോഷമുള്ളവരായിരിക്കാൻ ഗുരു പറഞ്ഞതു അവർ മനസ്സിൽ ഓർത്തു. സത്യത്തിനുവേണ്ടി കഷ്ടം സഹിക്കുവാൻ യോഗ്യരായി എണ്ണപ്പെട്ടതിൽ സന്തോഷിക്കയും അഗ്നിയുടെ മദ്ധ്യത്തിൽ പോലും വിജയഘോഷത്തിൻറെ പാട്ടുകൾ പാടുകയും ചെയ്തു. സ്വർഗ്ഗത്തിന്റെ കോട്ടയിൽനിന്നു ക്രിസ്തുവും ദൂതന്മാരും

അവരെ കുനിഞ്ഞു നോക്കുന്നതും അവരുടെ ദൃഢചിത്തതയെ അംഗീകരിച്ചുകൊണ്ട് അതീവ താത്പര്യത്തോടെ ഉറ്റുനോക്കുന്നതും അവർ വിശ്വാ സത്താൽ കണ്ടു. ദൈവത്തിൻറെ സിംഹാസനത്തിൽനിന്നും ഒരു ശബ്ദം അവർ കേട്ടു. "മരണപര്യന്തം വിശ്വസ്തനായിരിക്ക; എന്നാൽ ഞാൻ ജീവകിരീടം നിനക്കു തരും" (വെളി. 2:10).

ക്രിസ്തുവിൻറെ സഭയെ പീഡനംകൊണ്ട് നശിപ്പിക്കാനുള്ള സാത്താൻറെ പ്രയത്നം ഫലം ചെയ്തില്ല. യേശുവിൻറെ ശിഷ്യന്മാർ തങ്ങളുടെ ജീവിതം ബലികഴിച്ചതുകൊണ്ടോ, തലവന്മാർ

തങ്ങളുടെ സ്ഥാനത്തു വീണുപോയ
തുകൊണ്ടോ വൻ വിവാദം നിലച്ചില്ല.
തോൽവിയാൽ അവർ ജയിച്ചു.
ദൈവത്തിൻറെ ജോലിക്കാർ
കൊല്ലപ്പെട്ടെങ്കിലും ജോലി നിർവിഘ്നം
പുരോഗമിച്ചു. സുവിശേഷം തുടർന്നു
പ്രസിദ്ധമാക്കപ്പെടുകയും ശിഷ്യന്മാർ
എണ്ണത്തിൽ വർദ്ധിക്കുകയും ചെയ്തു.
റോമിലെ കഴുകന്മാർക്കുപോലും
എത്തിച്ചേരാൻ സാധിക്കാത്ത
സ്ഥലങ്ങളിലും സുവിശേഷം നുഴഞ്ഞു
കയറി. പീഡനത്തെ
പ്രോത്സാഹിപ്പിച്ചുകൊണ്ടിരുന്ന
അവിശ്വാസികളുടെ അധികാരികളെ
കുറ്റപ്പെടുത്തിക്കൊണ്ട് ഒരു ക്രിസ്ത്യാനി
ഇപ്രകാരം പറഞ്ഞു: “നി ങ്ങൾ ഞങ്ങളെ
കൊല്ലുകയും പീഡിപ്പിക്കുകയും

അപമാനിക്കുകയും ചെയ്യുതേയ്ക്കാം. നിങ്ങളുടെ അനീതി ഞങ്ങളുടെ നിരപരാധിത്വത്തിൻറെ തെളിവാണ്; നിങ്ങളുടെ ക്രൂരത ഫലം ചെയ്യുകയില്ല. മറ്റുള്ളവരെ പീഡിപ്പിക്കാനുള്ള ശക്തിയേറിയ ക്ഷണം മാത്രമായിരുന്നു അത്. "നിങ്ങൾ ഞങ്ങളെ അടിക്കടി അരിഞ്ഞു വീഴ്ത്തിയാൽ ഞങ്ങൾ എണ്ണത്തിൽ കൂടുതലായി വർദ്ധിക്കും. ക്രിസ്ത്യാനികളുടെ രക്തം വിത്താകും'.- Terfullian, Apology. paragraph 50.

ആയിരങ്ങൾ ജയിലിൽ അടയ്ക്കപ്പെടുകയും കൊല്ലപ്പെടുകയും ചെയ്തു. അവരുടെ ഒഴിഞ്ഞ സ്ഥാനങ്ങളിലേയ്ക്ക് മറ്റനേകർ ചാടി എത്തി. വിശ്വാസത്തിനുവേണ്ടി

രക്തസാക്ഷി മരണം സ്വീകരിച്ചവരെല്ലാം ക്രിസ്തുവിനുള്ളവർ ആയി. അവർ ക്രിസ്തുവിൻറെ വിജയികളായി എണ്ണപ്പെട്ടു. അവർ നല്ല പോർ പൊരുതു. ക്രിസ്തു വരുമ്പോൾ മഹത്വത്തിൻറെ കിരീടം അണിയും. അവർ അനുഭവിച്ച കഷ്ടത ക്രിസ്ത്യാനികളെ പരസ്പരവും രക്ഷകനോടും അടുപ്പിച്ചു. അവരുടെ ജീവിത മാതൃകയും മരണസമയത്തെ മൊഴിയും സത്യത്തിന് സ്ഥിരമായ സാക്ഷ്യം ആയിരുന്നു. തീരെ പ്രതീക്ഷിക്കാതെ, സാത്താൻറെ പ്രജകൾ അവനെ സേവിക്കുന്നത് വിട്ടുകളഞ്ഞിട്ട് ക്രിസ്തുവിൻറെ കൊടിക്കീഴിൽ അണിനിരന്നു.

അതുകൊണ്ട് സാത്താൻ തൻ്റെ കൊടി ക്രിസ്തീയ സഭയിൽ നാട്ടിക്കൊണ്ട് സ്വർഗ്ഗീയ ഭരണകൂടത്തിനെതിരായി കുറച്ചുകൂടെ വിജയകരമായ യുദ്ധത്തിനുള്ള പദ്ധതി രൂപീകരിച്ചു. ക്രിസ്തുവിൻ്റെ അനുഗാമികൾ ചതിയാൽ ദൈവത്തിൻ്റെ അപ്രീതിയിലേയ്ക്ക് നയിക്കപ്പെട്ടാൽ, അവരുടെ ശേഷിയും സഹനശക്തിയും അചഞ്ചലത്വവും തകർന്ന് അവർ നിഷ്പ്രയാസം ഇരകളായി വീഴും.

ആ വലിയ എതിരാളി ശക്തികൊണ്ട് നേടാൻ കഴിയാഞ്ഞത് സൂത്രപ്പണികൊണ്ട് കൈയ്ക്കലാക്കാൻ പരിശ്രമിച്ചു. പീഡനം അവസാനിച്ചു. അതിൻ്റെ സ്ഥാനത്ത് ലോക

ബഹുമാനത്തോടും താൽക്കാലിക അഭിവൃദ്ധിയോടും ഉള്ള അപകടകരമായ ആകർഷകത്വം നിലവിൽ വന്നു. വിഗ്രഹാരാധികൾ ക്രിസ്തീയ വിശ്വാസത്തിൻറെ ഭാഗം അംഗീകരിക്കാനും സർവ്വപ്രധാനമായ മറ്റ് ഭാഗങ്ങൾ തള്ളിക്കളയാനുമായി നയിക്കപ്പെട്ടു. അവർ യേശുവിനെ ദൈവപുത്രനായി അംഗീകരിക്കുകയും അവൻറെ മരണത്തിലും ഉയിർപ്പിലും വിശ്വസിക്കുന്നതായി പ്രഖ്യാപിക്കുകയും ചെയ്തു. എന്നാൽ അവർക്ക് പാപത്തെക്കുറിച്ച് കുറ്റബോധം ഇല്ലായിരുന്നു. പശ്ചാത്താപത്തിൻറേയോ മാന സാന്തരത്തിൻറേയോ ആവശ്യം അവർ മനസ്സിലാക്കിയില്ല. അവരുടെ ഭാഗത്തു

ചില വിട്ടുവീഴ്ചകൾ വരുത്തിക്കൊണ്ട്, ക്രിസ്തുവിശ്വാസത്തിൻറെ തട്ടിൽ എല്ലാവരും യോജിക്കേണ്ടതിന് ഇവ അനുവദിക്കണം എന്ന് അവർ നിർദ്ദേശിച്ചു.

ഇപ്പോൾ സഭ ഭയാനകമായ അപകടത്തിലായി. ജയിൽ, പീഡനം, അഗ്നി, വാൾ എന്നിവയെല്ലാം, ഇതിനോട് താരതമ്യപ്പെടുത്തുമ്പോൾ അനുഗ്രഹമായിരുന്നു. ചില ക്രിസ്ത്യാനികൾ തങ്ങൾ ഒരു അനുരഞ്ജനത്തിനും സന്നദ്ധരല്ലെന്ന് പ്രഖ്യാപിച്ചുകൊണ്ട് ഉറച്ചുനിന്നു. മറ്റുള്ളവർ കീഴടങ്ങുന്നതിനും, വിശ്വാസത്തിൻറെ മുഖഭാവം പരിഷ്കരിക്കുന്നതിനും

ക്രിസ്ത്യാനിത്വത്തിൻറെ ഒരു ഭാഗം മാത്രം അംഗീകരിച്ചവരുമായി യോജിക്കുന്നതിലും തല്പരരായിരുന്നു. പൂർണ്ണ മതപരിവർത്തനത്തിന്റെ സമനില അതാണെന്ന് അവർ അവകാശപ്പെട്ടു. ക്രിസ്തുവിൻറെ വിശ്വസ്തരായ അനുഗാമികൾക്ക് ആഴമേറിയ മാനസ്സിക വേദനയുടെ സമയം അതായിരുന്നു. അഭിനയിക്കുന്ന ക്രിസ്ത്യാനിത്വത്തിൻറെ കപടവേഷത്തിലൂടെ വിശ്വാസം ദുഷിപ്പിക്കപ്പെടാനും മനുഷ്യമനസ്സുകളെ വചന സത്യത്തിൽനിന്ന് പിൻതിരിപ്പിക്കാനുമായി സാത്താൻ തന്നെത്താൻ സഭയിൽ നുഴഞ്ഞുകടന്നു.

ഒടുവിൽ, മിക്കവാറും എല്ലാ ക്രിസ്ത്യാനികളും തങ്ങളുടെ വിശ്വാസത്തിൻറെ നിലവാരം താഴ്ത്തുന്നതിന് സമ്മതിക്കുകയും ക്രിസ്ത്യാനിത്വവും വിഗ്രഹാരാധനയുമായി ഒരു യോജിപ്പിലെത്തുകയും ചെയ്തു. വിഗ്രഹങ്ങളെ ആരാധിച്ചിരുന്നവർ മതപരിവർത്തനം നടത്തിയെന്ന് വെളിവായി പറയുകയും, സഭയോടു ചേരുകയും ചെയ്തുവെങ്കിലും തങ്ങളുടെ വിഗ്രഹാരാധനയോടു പറ്റിപ്പിടിച്ചു നിന്നുകൊണ്ട് അവരുടെ ആരാധനയ്ക്കുള്ള വസ്തുക്കളെ വിശുദ്ധന്മാരുടേയും കന്യക മറിയയുടേയും യേശുവിൻറേയും പ്രതിമകളായി മാറ്റി. അങ്ങനെ വിഗ്രഹാരാധന എന്ന ചീഞ്ഞ മാവ് സഭയ്ക്കുള്ളിൽ പ്രവേശിച്ച്

വിനാശകരമായ വേല തുടർന്നു. വചനാടിസ്ഥാനമില്ലാത്ത ഉപദേശങ്ങളും അന്ധവിശ്വാസങ്ങൾ ഉൾക്കൊള്ളുന്ന അനുഷ്ഠാനങ്ങളും വിഗ്രഹാരാധനാപര മായ മതകർമ്മങ്ങളും അവളുടെ വിശ്വാസത്തോടും ആരാധനയോടും ഇണക്കിച്ചേർത്തു. ക്രിസ്തുവിൻറെ അനുഗാമികൾ വിഗ്രഹാരാധനകളുമായി ചേർന്നപ്പോൾ ക്രിസ്തുമതം ദുഷിക്കപ്പെടുകയും സഭയ്ക്ക് അവളുടെ വിശുദ്ധിയും ശക്തിയും നഷ്ടപ്പെടുകയും ചെയ്തു. എങ്കിലും ഈ വഞ്ചനയിൽ തെറ്റിപ്പോകാത്ത ഏതാനും പേർ ഉണ്ടായിരുന്നു. അവർ വീണ്ടും സത്യത്തിൻറെ സൃഷ്ടികർത്താവിനോടുള്ള കൂറു

നിലനിർത്തുകയും ദൈവത്തെ മാത്രം ആരാധിക്കുകയും ചെയ്തു.

ക്രിസ്തുവിനെ പിൻതുടരുന്നവർ എന്നു പറയുന്നവരിൽ എക്കാലത്തും രണ്ടു തരക്കാരുണ്ട്. ഒരു കൂട്ടർ രക്ഷകൻറെ ജീവിതം പഠിക്കുകയും തങ്ങളുടെ തെറ്റുകൾ കാര്യമായി കണ്ടെത്തി തിരുത്തുകയും അവൻറെ മാതൃകയോടു സദൃശരാകുകയും ചെയ്യുമ്പോൾ വേറൊരു കൂട്ടർ തങ്ങളുടെ തെറ്റുകളെ കാണിക്കുന്ന പ്രായോഗിക സത്യങ്ങളിൽനിന്നു ഒഴിഞ്ഞുമാറുന്നു. സഭയുടെ അപ്പൊസ്തലിക കാലഘട്ടത്തിൽപോലും അവളിൽ സത്യവും വിശുദ്ധിയും ആത്മാർത്ഥതയും മുഴുവനായി

കണ്ടിരുന്നില്ല. പാപത്തിൻറെ ഇഷ്ടത്തിന് മനഃപൂർവ്വം വഴങ്ങുന്നവരെ സഭയിൽ കൈക്കൊള്ളരുതെന്ന് നമ്മുടെ രക്ഷകൻ. പഠിപ്പിച്ചിട്ടുണ്ട്. എന്നിട്ടും സ്വഭാവദൂഷ്യം ഉള്ളവരോടു അവൻ തന്നെത്താൻ കൂട്ടുകൂടുകയും തൻറെ പഠിപ്പിക്കലുകളുടേയും മാതൃകയുടേയും നല്ല ഫല ങ്ങൾ അനുഭവിക്കാൻ അവരെ അനുവദിക്കുകയും അങ്ങനെ തങ്ങളുടെ തെറ്റുകളെ കണ്ടെത്തി തിരുത്തുവാൻ ഒരവസരം ലഭ്യമാക്കുകയും ചെയ്തു. പന്ത്രണ്ടു അപ്പൊസ്തലന്മാരിൽ ഒരുവനായ യൂദ വിശ്വാസവഞ്ചകൻ ആയിരുന്നു. അവനെ സ്വഭാവത്തിൻറെ ന്യൂനതകൾകൊണ്ടല്ല അംഗീകരിച്ചത്. എന്നാൽ തെറ്റുകൾ ഉണ്ടായിട്ടും അംഗീകരിച്ചു. അവനെ മറ്റ്

ശിഷ്യന്മാരോടൊപ്പം ചേർത്തത്, ക്രിസ്തുവിൻറെ ഉപദേശങ്ങളാലും മാതൃകയാലും ക്രിസ്തീയ സ്വഭാവം ഉണ്ടാക്കിയെടുക്കുന്നത് എങ്ങനെ എന്നു പഠിക്കാനും അങ്ങനെ സ്വന്ത തെറ്റുകളെ കണ്ട് അനുതപിച്ച്, ദിവ്യകൃപയാൽ, സത്യം അനുസരിച്ചുകൊണ്ട് ആത്മാവിനെ ശുദ്ധീകരിക്കുന്നതിനും ആണ്. പക്ഷെ യൂദാ, കരുണയിൽ തനിക്കു ലഭിച്ച വെളിച്ചത്തിൽ നടന്നില്ല. പാപത്തിൻറെ ഇമ്പങ്ങൾക്ക് വഴങ്ങിക്കൊണ്ട് സാത്താൻറെ പരീക്ഷകളെ ക്ഷണിച്ചുവരുത്തി. അവൻറെ സ്വഭാവത്തിൻറെ ചീത്തവശങ്ങൾ പ്രബലമായിത്തീർന്നു. അന്ധകാരശക്തിയുടെ നിയന്ത്രണത്തിന് തൻറെ മനസ്സിനെ കീഴ്പെടുത്തി.

തൻറെ തെറ്റുകൾ ശാസിക്കപ്പെട്ടപ്പോൾ കുപിതനായി. അങ്ങനെ തൻറെ ഗുരുവിനെ ഒറ്റിക്കൊടുക്കുക എന്ന ഭയാനകമായ കുറ്റത്തിലേയ്ക്ക് നയിക്കപ്പെട്ടു. അനുകൂലമായ അവസരം വരുമ്പോൾ യൂദയെപ്പോലെ, അവരുടെ നന്മയ്ക്കുവേണ്ടി തെറ്റുകൾ ചൂണ്ടിക്കാണിച്ചവരെ, ഒറ്റിക്കൊടുക്കും.

ദൈവികത്വം നടിക്കുകയും പാപത്തെ രഹസ്യമായി പരിലാളിക്കുകയും ചെയ്യുന്നവരെ അപ്പൊസ്തലന്മാർ സഭയിൽ കണ്ടുമുട്ടി. അനന്യാസും സഫിറയും മുഴുവനും ദൈവത്തിനായി ത്യജിക്കുന്നു എന്ന ഭാവേന മോഹത്തോടെ ഒരു ഭാഗം കയ്യിൽ വെച്ചുകൊണ്ട് ചതിയന്മാരുടെ ഭാഗം

അഭിനയിച്ചു. സത്യത്തിൻറെ ആത്മാവ് അപ്പൊസ്തലന്മാർക്ക് ഈ അഭിനയക്കാരുടെ ശരിയായ സ്വഭാവം കാണിച്ചുകൊടുത്തു. സഭയുടെ വിശുദ്ധിയിന്മേൽ വീണ കളങ്കം ദൈവത്തിൻറെ നീതി തുടച്ചുനീക്കി. പരിശുദ്ധാത്മാവിൻറെ തിരിച്ചറിയുന്ന സൂചനാതെളിവുകൾ, സഭയിലെ കപടവേഷധാരികൾക്കും ദുർവൃത്തർക്കും ഉഗ്രഭയം ഉളവാക്കിയിരുന്നു. ക്രിസ്തുവിൻറെ സ്ഥിരമായ പ്രതിനിധികളോടും ക്രിസ്തുവിനോട് വഴക്കവും നല്ല മനോഭാവവും ഉള്ളവരോടും ഉള്ള ബന്ധത്തിൽ വളരെ നാളുകൾ കഴിയാൻ അവർക്ക് അസാധ്യമാണ്. ക്രിസ്തുവിൻറെ അനുയായികളുടെമേൽ

വിചാരണകളും പീഡനങ്ങളും വരുമ്പോൾ സത്യത്തിനു വേണ്ടി സർവ്വവും ഉപേക്ഷിക്കാൻ മനസ്സുള്ളവർ മാത്രം കർത്താവിന്റെ ശിഷ്യരായിരിപ്പാൻ ആഗ്രഹിച്ചു. അങ്ങനെ, പീഡനം തുടർന്നിരുന്നിടത്തോളം കാലം സഭ താരതമ്യേന വിശുദ്ധമായിരുന്നു. എന്നാൽ അത് നിന്നതോടെ ആത്മാർത്ഥതയും സമർപ്പണവും കുറഞ്ഞവർ സഭയിൽ ചേരുകയും അവരിൽക്കൂടെ സഭയിൽ പ്രവേശിക്കാൻ സാത്താന് വഴി തുറക്കപ്പെടുകയും ചെയ്തു.

പക്ഷെ വെളിച്ചത്തിൻറെ പ്രഭുവും അന്ധകാരത്തിൻറെ പ്രഭുവും തമ്മിൽ യാതൊരു യോജിപ്പും ഇല്ല. അവരുടെ

അനുയായികൾ തമ്മിൽ യാതൊരു
യോജിപ്പിനും സാധ്യവുമല്ല. പകുതി
മാനസാന്തരപ്പെട്ട
വിഗ്രഹാരാധനക്കാരുമായി
യോജിക്കാൻ ക്രിസ്ത്യാനികൾ
സമ്മതിച്ചപ്പോൾ സത്യത്തിൽനിന്ന്
വളരെ അകലെ ഉള്ള വഴിയിൽ
എത്തിച്ചേർന്നു. വളരെയധികം
ക്രിസ്ത്യാനികളെ വഞ്ചിക്കുന്നതിൽ
വിജയിച്ച പിശാച് ജയോത്സവം
കൊണ്ടാടി. അവൻ കൂടുതൽ ശക്തി
പ്രാപിച്ചുകൊണ്ട് ദൈവത്തോട്
വിശ്വസ്തരായിരിക്കുന്ന വരെ
പീഡിപ്പിക്കുന്നതിന് തൻറെ ആളുകളെ
പ്രചോദിപ്പിക്കുകയും ചെയ്തു. യഥാർത്ഥ
ക്രിസ്തീയ വിശ്വാസത്തെ എതിർക്കാൻ,
ഒരിക്കൽ അതിൻറെ രക്ഷ

കരായിരുന്നവരേക്കാൾ നന്നായി മറ്റാർക്കും സാധ്യവുമല്ലായിരുന്നു. ഈ വിശ്വാസത്യാഗികളായ ക്രിസ്ത്യാനികൾ പകുതി മാനസാന്തരപ്പെട്ട വിഗ്രഹാരാധികളുമായി കൂടിച്ചേർന്ന് ക്രിസ്തുവിൻറെ ഉപദേശങ്ങളുടെ അതിപ്രധാന ഭാഗങ്ങൾക്ക് എതിരായ പോരാട്ടം തിരിച്ചുവിട്ടു.

മതാചാരപരമായ ആവരണത്താൽ വേഷം മാറി സഭയിൽ കടന്നുവന്ന വഞ്ചനയ്ക്കും വെറുപ്പിനും എതിരായി വിശ്വസ്തരായവർക്ക് നിലകൊള്ളാൻ അശ്രാന്ത പരിശ്രമം ആവശ്യമായി വന്നു. വിശ്വാസത്തിൻറെ മാനദണ്ഡായി ബൈബിൾ അംഗീകരിക്കപ്പെട്ടില്ല. മതസ്വാതന്ത്ര്യം എന്ന ഉപദേശം

മതനിന്ദയായി വിവക്ഷിക്കപ്പെടുകയും അത് മുറുകെ പിടിച്ചവരെ വെറുക്കുകയും ഭ്രഷ്ടരാക്കുകയും ചെയ്തു.

ദീർഘകാലത്തെ കഠിനമായ സംഘട്ടനത്തിനുശേഷം വിശ്വാസത്യാഗിയായ സഭ അവളുടെ കാപട്യത്തിൽനിന്നും വിഗ്രഹാരാധനയിൽനിന്നും ഇനിയും സ്വതന്ത്രമാകാൻ വിസമ്മതിക്കുന്നപക്ഷം, അവളുമായുള്ള എല്ലാ ബന്ധവും വിച്ഛേദിക്കാൻ കുറച്ചു വിശ്വസ്തർ തീരുമാനിച്ചു. ദൈവവചനം അനുസരിക്കാൻ, പിരിഞ്ഞുപോരേണ്ടത് ഒഴിച്ചുകൂടാത്ത ആവശ്യമായി അവർ മനസ്സിലാക്കി. തങ്ങളുടെ മാതൃകകൊണ്ട് മക്കളുടേയും അവരുടെ മക്കളുടേയും

വിശ്വാസത്തെ അപകടത്തിലാക്കുവാനും
സ്വന്തം ആത്മാക്കൾക്ക് നാശം
ഉണ്ടാക്കുന്ന തെറ്റുകൾ
അനുവദിച്ചുകൊണ്ട് മുൻപോട്ടു
പോകുവാനും അവർ തുനിഞ്ഞില്ല.
സമാധാനവും ഐക്യതയും
ഭേദമാക്കുന്നതിനുവേണ്ടി,
ദൈവത്തോടുള്ള വിശ്വസ്തത
നിലനിർത്തുന്ന എന്തും സമ്മതിക്കാൻ
അവർ തയ്യാറായിരുന്നു. എന്നാൽ
തത്വങ്ങൾ ബലികഴിച്ചാൽ സമാധാനം
ഏറ്റവും അരു മയായി വാങ്ങാൻ
സാധിക്കും എന്നു അവർ മനസ്സിലാക്കി.
സത്യവും നീതിയും ബലികഴിച്ചുകൊണ്ട്
ഐക്യത
നിലനിർത്തുന്നതിനെക്കാൾ

ഭിന്നതയും പോരാട്ടവും
അഭികാമ്യമല്ലേയെന്നവർ ചിന്തിച്ചു.

മനഃസ്ഥിരതയുള്ള ആത്മാക്കളെ പ്രവർത്തിപ്പിക്കുന്ന, തത്വസംഹിത ദൈവജനത്തിൻറെ ഹൃദയങ്ങളെ ഉണർത്തുന്നെങ്കിൽ അത് സഭയ്ക്കും ലോകത്തിനും നല്ലതാണ്. ക്രിസ്തീയ വിശ്വാസത്തിൻറെ തൂണുകളായ ഉപദേശങ്ങളെപ്പറ്റി ഭയങ്കരമായ അനാസ്ഥയാണ് ഇന്നുള്ളത്. എന്തായാലും ഇതൊന്നും പ്രാധാന്യമർഹിക്കുന്നവയല്ലെന്നുള്ള അഭിപ്രായം മുന്നേറിക്കൊണ്ടിരിക്കുന്നു. എങ്ങനെയെന്നാൽ, കഴിഞ്ഞ കാലങ്ങളിൽ വിശ്വസ്തജനം എതിർക്കാനും തുറന്നു പറയാനുമായി

തങ്ങളുടെ ജീവൻ അപകടത്തിലാക്കിയ കപടസിദ്ധാന്തങ്ങളും മാരകവ്യാമോഹങ്ങളും ക്രിസ്തുവിൻറെ പിൻഗാമികളെന്ന് അവകാശപ്പെടുന്ന ആയിരങ്ങൾ ഇപ്പോൾ ഹൃദയംഗമായ താത്പര്യത്തോടെ കരുതുന്നു. ഈ അധഃപതനം സാത്താൻറെ പ്രതിനിധികളുടെ കരങ്ങളെ ബലമുള്ളതാക്കി.

ആദിമ ക്രിസ്ത്യാനികൾ തീർച്ചയായും ഒരു പ്രത്യേക ജനമായിരുന്നു. അവരുടെ കുറ്റമറ്റ പ്രവർത്തനങ്ങളും നിലതെറ്റാത്ത വിശ്വാസവും പാപികളുടെ സമാധാനത്തെ അസ്വസ്ഥമാക്കുന്ന തുടർച്ചയായ താക്കീതായിരുന്നു. എണ്ണത്തിൽ കുറഞ്ഞവരെങ്കിലും ധനവും

സ്ഥാനവും പദവിയുമുള്ള
അധികാരങ്ങളൊന്നും ഇല്ലാതെതന്നെ,
അവരുടെ സ്വഭാവവും ഉപദേശവും
അറിഞ്ഞ ദുഷ്പ്രവൃത്തിക്കാർക്ക് അവരെ
ഉഗ്രഭയം ആയിരുന്നു. അതുകൊണ്ട്
ദൈവ ഭയം ഇല്ലാതിരുന്ന കായീൻ,
ഹാബേലിനെ വെറുത്തതുപോലെ
ദുഷ്പ്രവൃത്തിക്കാർ അവരെ വെറുത്തിരുന്നു.
കായീൻ ഹാബേലിനെ കൊന്ന അതേ
കാരണത്താൽ പരിശുദ്ധാത്മാവിൻറെ
തടസ്സത്തെ തുടച്ചുമാറ്റാൻ
ശ്രമിച്ചുകൊണ്ട്, ദൈവജനത്തെ
മരണത്തിന് ഏല്പ്പിച്ചു. അതേ
കാരണത്താലാണ് യെഹൂദ ന്മാർ
യേശുവിനെ തിരസ്കരിച്ചതും, ക്രൂശിച്ചതും.
കാരണം, അവരുടെ
സ്വാർത്ഥതയ്ക്കും അഴിമതിക്കും

നേരെയുള്ള സ്ഥിരമായ ശാസനയായിരുന്നു അവൻറെ സ്വഭാവത്തിലെ കലർപ്പില്ലായ്മയും പാവനത്വവും. ക്രിസ്തുവിൻറെ കാലം മുതൽ ഇന്നുവരെ, പാപവഴികളിൽ ജീവിക്കുകയും പാപത്തെ സ്നേഹിക്കുകയും ചെയ്യുന്നവരുടെ വെറുപ്പും വിരോധവും, ക്രിസ്തുവിൻറെ വിശ്വസ്ത ശിഷ്യന്മാരെ ഉന്നതസ്ഥിതിയിൽ എത്തിച്ചിട്ടുണ്ട്

അപ്പോൾ സുവിശേഷത്തെ, സമാധാനദൂത് എന്ന് എങ്ങനെ വിളിക്കാം? യെശയ്യാവ്, മശീഹയുടെ ജനനത്തെക്കുറിച്ച് പ്രവചിച്ചപ്പോൾ "സമാധാന പ്രഭു" എന്ന പേർ ക്രിസ്തുവിന് നൽകി. ക്രിസ്തു ജനിച്ചു എന്ന്

ആട്ടിടയരോട് ദൂതന്മാർ പ്രഖ്യാപിക്കുമ്പോൾ ബേത്ലേഹെമിനു മുകളിൽ അവർ പാടിയത് “അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം; ഭൂമിയിൽ ദൈവപ്രസാദമുള്ള മനുഷ്യർക്ക് സമാധാനം” എന്നാണ് (ലൂക്കൊ . 2:14). “സമാധാനം അല്ല, വാൾ അത്രെ വരുത്തുവാൻ ഞാൻ വന്നത്” (മത്തായി 10:34) എന്നു കർത്താവിന്റെ വാക്കും പ്രവാചകവാക്യങ്ങളുമായി പരസ്പര വൈരുദ്ധ്യം തോന്നിയേക്കാം ശരിക്ക് മനസ്സിലാക്കിയാൽ രണ്ടും പൂർണ്ണമായി യോജിച്ചിരിക്കുന്നു എന്ന് കാണാം. സുവിശേഷം സമാധാനത്തിൻറെ ദൂതാണ്. ക്രിസ്ത്യാനിത്വം ഒരു സംഹിതയാണ്. അത് അംഗീകരിച്ച്,

അനുസരിച്ച്, സമാധാനവും യോജിപ്പും സന്തോഷവും ലോകമെങ്ങും പ്രചരിപ്പിക്കുന്ന ഒരു വ്യവസ്ഥയാണത്. ക്രിസ്തുവിൻറെ മതം, അതിൻറെ പഠിപ്പിക്കലുകൾ സ്വീകരിക്കുന്ന സകലരേയും സാഹോദര്യബന്ധത്തിൽ യോജിപ്പിക്കും. മനുഷ്യരെ ദൈവവുമായും പരസ്പരവും അനുരഞ്ജിപ്പിക്കുക എന്നത് അവൻറെ ദൂതാണ്. എന്നാൽ ക്രിസ്തുവിൻറെ ഉൽക്കട ശത്രുവായ പിശാചിൻറെ അധീനതയിൽ ആണ് ഭൂരിഭാഗം ലോകവും. സുവിശേഷം കാണിച്ചുകൊടുക്കുന്ന ജീവിതതത്വങ്ങൾ അവരുടെ സമ്പ്രദായങ്ങൾക്കും ആഗ്രഹങ്ങൾക്കും എതിരായതിനാൽ അവർ എഴുന്നേറ്റ് അതിനെ എതിർക്കുന്നു. പാപങ്ങളെ

വെളിപ്പെടുത്തുകയും കുറ്റപ്പെടുത്തുകയും ചെയ്യുന്ന വിശുദ്ധിയെ അവർ വെറുക്കുന്നു. ക്രിസ്ത്യാനിത്വത്തിൻറെ നീതിയും വിശുദ്ധിയും അവർക്കും വേണമെന്ന് ആവശ്യപ്പെടുന്നവരെ പീഡിപ്പിക്കുകയും നശിപ്പിക്കുകയും ചെയ്യുന്നു. ഈ രീതിയിൽ ഉയർത്തപ്പെട്ട സത്യങ്ങൾ വെറുപ്പും സംഘട്ടനാവസ്ഥയും ഉണ്ടാക്കുന്നതിനാൽ സുവിശേഷം ഒരു വാൾ എന്ന് വിളിക്കപ്പെടുന്നു.

ദുഷ്ടന്മാരുടെ കൈകളാൽ നീതിമാന്മാർ പീഡനം അനുഭവിക്കാൻ അനുവദിക്കുന്ന, രഹസ്യങ്ങൾ ഉൾക്കൊള്ളുന്ന ദിവ്യപരിപാലനം, വിശ്വാസത്തിൽ ബലഹീനരായ അനേകർക്ക് വലിയ പരിഭ്രമം

ഉളവാക്കാൻ കാരണമായി. അവരുടെ ക്രൂരശക്തിയാൽ, ഏറ്റവും ശ്രേഷ്ഠരും വിശുദ്ധരും തുടരെ ഉപദ്രവിക്കപ്പെടുകയും ദാരുണവേദന അനുഭവിക്കുകയും, ക്രിസ്തുതന്നെ മനുഷ്യരാൽ കഴിയുന്നതിൻറെ പരമാവധി, തൻറെ ജീവിത സഫലീകരണത്തിനായി അനുഭവിക്കുകയും ചെയ്തുകൊണ്ട് ചിലരൊക്കെ ദൈവത്തിലുള്ള തങ്ങളുടെ ദൃഢവിശ്വാസം ഉപേക്ഷിക്കുവാൻ തയ്യാറാണ്. എങ്ങനെ എന്ന് ചോദിക്കുന്നു. നീതിയും കരുണയും ഉള്ള ദൈവം, അതിരില്ലാത്ത ശക്തിയുടെ ഉടമ ആയവൻ എങ്ങനെ ഈ അനീതിയും അടിച്ചമർത്തലും അനുവദിക്കുന്നു? നമുക്ക് ഒന്നും പറയാനില്ലാത്ത ഒരു ചോദ്യമാണിത്. ദൈവം തൻറെ

സ്നേഹത്തിൻറെ തെളിവുകൾ ധാരാളം നമുക്ക് തന്നിട്ടുണ്ട്. നമുക്ക് ദൈവത്തിൻറെ നന്മയിൽ സംശയിക്കേണ്ടതില്ല. കാരണം ദൈവഹിതത്തിൻറെ പ്രവർത്തന ങ്ങൾ നമുക്ക് മനസ്സിലാക്കാൻ സാധ്യമല്ല. അന്ധകാരത്തിൻറേയും പരീക്ഷക ളുടേയും നാളുകളിൽ തൻറെ ശിഷ്യന്മാരുടെമേൽ സമ്മർദ്ദം ചെലുത്താവുന്ന സംശയങ്ങളെ മുൻകൂട്ടി കണ്ടുകൊണ്ട് "ദാസൻ യജമാനനെക്കാൾ വലിയവനല്ല എന്ന് ഞാൻ നിങ്ങളോട് പറഞ്ഞ വാക്ക് ഓർപ്പിൻ, അവർ എന്നെ ഉപദ്രവിച്ചു എങ്കിൽ നിങ്ങളെയും ഉപദ്രവിക്കും" (യോഹ. 15:20) എന്ന് രക്ഷ കൻ തൻറെ ശിഷ്യന്മാരോട് പറഞ്ഞു.

ദുഷ്ടന്മാരുടെ ക്രൂരതയാൽ ഏതൊരു ശിഷ്യനും അനുഭവിച്ചതിനേക്കാൾ കൂടുതൽ യേശു നമുക്കുവേണ്ടി സഹിച്ചു. പീഡനവും രക്തസാക്ഷിത്വവും അനുഭവിക്കാൻ വിളിക്കപ്പെട്ടവർ ദൈവത്തിൻറെ പ്രിയപുത്രൻറെ കാൽചുവടുകളെ പിൻതുടരുക മാത്രമാണ്.

“കർത്താവ് തൻറെ വാഗ്ദത്തം നിവർത്തിപ്പാൻ താമസിക്കുന്നില്ല” (2 പത്രൊ. 3:9). ദൈവം തൻറെ കുഞ്ഞുങ്ങളെ മറക്കുകയോ അവഗണിക്കുകയോ ചെയ്യുന്നില്ല. ദൈവേഷ്ടം ചെയ്യുവാൻ ആഗ്രഹിക്കുന്നവരാരും അതിൽ വഞ്ചിക്കപ്പെടാതിരിക്കേണ്ടതിന് ദൈവം

ദുഷ്ടനെ അവൻറെ യഥാർത്ഥ സ്വഭാവം വെളിപ്പെടുത്തുവാൻ അനുവദിക്കുന്നു. നീതിമാന്മാർ സ്വയം ശുദ്ധീകരിക്കപ്പെടേണ്ടതിന് അവരെ കഷ്ടതയുടെ തീച്ചൂളയിൽ ഇടുന്നു. ദൈവികത്വവും വിശ്വാസത്തിൻറെ സ്ഥിരതയും മറ്റുള്ളവരെ ബോദ്ധ്യപ്പെടുത്താൻ ഇവരുടെ മാതൃക ഉപകരിച്ചേയ്ക്കാം . ഇവരുടെ വിശ്വാസജീവിതം, ദൈവികത്വവും വിശ്വാസവും ഇല്ലാത്തവരിൽ കുറ്റബോധം ഉണർത്തിയേയ്ക്കാം .

ദുഷ്ടന്മാർ അഭിവൃദ്ധിപ്പെടാനും ദൈവത്തോടുള്ള തൻറെ ശത്രുതയെ വെളിവാക്കുവാനും ദൈവം അനുവദിക്കുന്നു. അവർ തങ്ങളുടെ

പാപത്തിൻറെ അളവ് പൂർത്തീകരിക്കുമ്പോൾ അവരുടെ സമ്പൂർണ്ണ നാശത്തിൽ ദൈവത്തിൻറെ നീതിയും കരുണയും ദർശിക്കും. പ്രതികാര ദിവസം വരുന്നു. അന്ന് ദൈവകല്പന ലംഘിച്ചവരും ദൈവജനത്തെ പീഡിപ്പിച്ചവരുമായ എല്ലാവർക്കും തങ്ങളുടെ പ്രവൃത്തിക്കു തക്ക പ്രതിഫലം കിട്ടും. അന്ന് ദൈവത്തിൻറെ ഓരോ വിശ്വസ്തരോടും ചെയ്ത അനീതിയുടേയും ക്രൂരതയുടേയും ഓരോ പ്രവൃത്തിയും ക്രിസ്തുവിനോടുതന്നെ ചെയ്തു എന്ന വിധത്തിൽ ശിക്ഷിക്കപ്പെടും.

ഇന്നത്തെ സഭകളുടെ ശ്രദ്ധയെ ആകർഷിക്കേണ്ട വേറൊരു പ്രധാന

ചോദ്യം ഉണ്ട്. "എന്നാൽ ക്രിസ്തേശുവിൽ ഭക്തിയോടെ ജീവിപ്പാൻ മനസ്സുള്ളവർക്കെല്ലാം ഉപദ്രവം ഉണ്ടാകും" (2 തിമൊ. 3:12) എന്ന് പൌലൊസ് പറയുന്നു. ഇന്ന് പീഡനം ഒരു വലിയ അളവിൽ ചൈതന്യമില്ലാത്ത അവസ്ഥയിൽ ആയിരിക്കുന്നത് എന്തുകൊണ്ടാണ്? അതിൻറെ കാരണം സഭ ലോകത്തിൻറെ നിലവാരത്തോട് യോജിച്ചുപോകുന്നതിനാൽ യാതൊരു എതിർപ്പും ഉണ്ടാകുന്നില്ല എന്നുള്ളതാണ്. കർത്താവിന്റേയും അപ്പൊസ്തലന്മാരുടേയും കാലത്തെ ക്രിസ്തീയ വിശ്വാസം പോലെ കലർപ്പില്ലാത്തതും വിശുദ്ധ സ്വഭാവത്തോടുകൂടിയതും അല്ല ഇന്നത്തെ

മതം. പാപവുമായി അനുരഞ്ജിക്കുന്ന
തുകൊണ്ടും, ദൈവവചനത്തിലെ വലിയ
സത്യങ്ങളെ അനാസ്ഥയോടെ പരി
ഗണിക്കുന്നതുകൊണ്ടും,
മർമ്മപ്രധാനമായ ദൈവഭയം
ഇല്ലാത്തതുകൊണ്ടും ക്രിസ്ത്യാനിത്വം
ജനപ്രീതി ആർജ്ജിച്ചതായി
കാണപ്പെടുന്നു. ആദ്യസഭയുടെ
വിശ്വാസവും ശക്തിയും
ഉണർത്തപ്പെടട്ടെ. എന്നാൽ
പീഡനത്തിൻറെ ആത്മാവും
ഉണർത്തപ്പെടും. പീഡനത്തിൻറെ
അഗ്നി പുനരാരംഭിക്കും.

## അദ്ധ്യായം 3—ആത്മീക അന്ധകാര കാലഘട്ടം

അപ്പൊസ്തലനായ പൌലൊസ് തെസ്സലൊനീക്യർക്ക് എഴുതിയ രണ്ടാം ലേഖനത്തിൽ പാപ്പാത്വാധികാരത്തിൻറെ അതിക്രമംമൂലം വിശ്വാസം ത്യജിക്കുന്നവരെപ്പറ്റി മുൻകൂട്ടി പറഞ്ഞിരിക്കുന്നു. കർത്താവിന്റെ നാൾ വരുന്നതിനുമുൻപ് ആദ്യമേ വിശ്വാസത്യാഗം സംഭവിക്കയും നാശയോഗ്യനും അധർമ്മമൂർത്തിയുമായയവൻ വെളിപ്പെടുകയും വേണം. അവൻ ദൈവാലയത്തിൽ ഇരുന്നുകൊണ്ട് "ദൈവം എന്നു നടിച്ചു", "ദൈവം എന്നോ

പൂജാവിഷയം എന്നോ പേരുള്ള സകലത്തിനും മീതെ തന്നെത്താൻ ഉയർത്തുന്ന എതിരാളി അതേ” എന്നും “അധർമ്മത്തിന്റെ മർമ്മം ഇപ്പോഴേ വ്യാപരിക്കുന്നുണ്ട്” എന്നും ഉള്ള മുന്നറിയിപ്പു കൊടുത്തു (2 തെസ്സ. 2:3,4,7). ആദ്യനൂറ്റാണ്ടിൽത്തന്നെ തെറ്റുകൾ സഭയിലേയ്ക്ക് നുഴഞ്ഞുകയറുന്നതും അത് പാപ്പാത്വത്തിന് വഴി ഒരുക്കുന്നതും അദ്ദേഹം കണ്ടു.

“അധർമ്മത്തിന്റെ മർമ്മം” അതിൻറെ ആരംഭത്തിൽ വളരെ ചെറിയ അളവിൽ നിശ്ശബ്ദമായും രഹസ്യമായും, പിന്നീട് വളർച്ചയ്ക്കൊത്ത് പ്രത്യക്ഷമായും മനുഷ്യമനസ്സുകളെ നിയന്ത്രിച്ചുകൊണ്ട്

വഞ്ചനാപരവും ദൈവദൂഷണ പരവുമായ അതിൻറെ പ്രവൃത്തി തുടർന്നുവന്നു. ജാതീയ ആചാരങ്ങൾ അഗോചരമായി ക്രിസ്തീയ സഭയ്ക്കുള്ളിൽ കടന്നുവന്നു. അക്രൈസ്തവ അധികാരത്തിൻറെ ഭീകര പീഡനങ്ങളെ അതിജീവിച്ചുകൊണ്ട് അവരുമായി യോജിക്കുന്നതിനോ അനുരഞ്ജനത്തിനോ പോകാതെ സഭ കുറേനാൾ എതിർത്തു നിന്നു. പീഡനം നിർത്തലാക്കുകയും ക്രിസ്ത്യാനിത്വം കൊട്ടാരങ്ങളിലും ഉന്നത സ്ഥാനങ്ങളിലും എത്തുകയും ചെയ്തപ്പോൾ ക്രിസ്തുവിൻറെയും അപ്പൊസ്തലന്മാരുടെയും ലളിത ജീവിതത്തിനുപകരം ജാതീയ പുരോഹിതന്മാരുടെയും ഭരണാധികാരികളുടെയും അഹംഭാവവും

ധാരാളിത്വവും ഉടലെടുത്തു. ദൈവിക ആജ്ഞകൾക്കുപകരം മാനുഷിക തത്വങ്ങളും പാരമ്പര്യങ്ങളും സ്ഥാപിച്ചു. നാലാം നൂറ്റാണ്ടിൻറെ ആദ്യകാലത്ത് നടന്ന കുസ്തന്തിനോസ് ചക്രവർത്തിയുടെ നാമമാത്രമായ പരിവർത്തനം വലിയ സന്തോഷം ഉളവാക്കി. നീതിയുടെ കപടവേഷം അണിഞ്ഞ് അന്നത്തെ ലൗകികത്വം സഭയിൽ കടന്നു. അപ്പോൾ ദുഷ്ടത വേഗം വർദ്ധിച്ചു. ജാതീയാചാരങ്ങൾ വിജയഭാവേന സഭയെ പിടിച്ചടക്കുകയും നിയന്ത്രിക്കുകയും ചെയ്തു. അവളുടെ ഉപദേശങ്ങളും ആചാരങ്ങളും അന്ധവിശ്വാസങ്ങളും ക്രിസ്തുവിൻറെ അനുയായികളുടെ വിശ്വാസത്തിൻറെയും ആരാധനയുടെയും ഭാഗമായിത്തീർന്നു.

“ദൈവത്തിനുമീതെ തന്നെത്താൻ ഉയർത്തുന്ന എതിരാളി അത്രെ എന്ന പ്രവചനത്തിൽ മുൻകൂട്ടി പറയപ്പെട്ടിരിക്കുന്ന “അധർമ്മ മൂർത്തിയുടെ പ്രത്യക്ഷതയ്ക്ക് ജാതീയ മതവും ക്രിസ്ത്യാനിത്വവും തമ്മിലുള്ള ഈ അനുരഞ്ജനം കാരണമായിത്തീർന്നു. സാത്താൻറെ ശക്തിയുടെ കൈവേലയാണ് തെറ്റായ മതത്തിൻറെ ആ വലിയ വ്യവസ്ഥ. സ്വയം സിംഹാസനത്തിൽ ഇരുന്നുകൊണ്ട് ലോകത്തെ തൻറെ സ്വന്ത ഇഷ്ടപ്രകാരം ഭരിക്കുന്നതിനുള്ള പ്രയത്നത്തിൻറെ ജ്ഞാപകമായിരുന്നു ഈ സമ്പ്രദായം.

സാത്താൻ ഒരിക്കൽ ക്രിസ്തുവുമായി ഒരു അനുരഞ്ജനത്തിന് ഒരുമ്പെട്ടു. അവൻ മരുഭൂമിയിൽവെച്ചു മനുഷ്യപുത്രനെ പരീക്ഷിക്കുവാൻ എത്തി. ലോകത്തിലുള്ള സകല രാജ്യങ്ങളെയും അവയുടെ മഹത്വത്തെയും കാണിച്ചിട്ട് ഇതിൻറെയെല്ലാം അധികാരിയായി തന്നെ അംഗീകരിച്ചാൽ സകലവും തരാം എന്നു പറഞ്ഞു. ക്രിസ്തു സാത്താൻറെ അസത്യവാദത്തെ ശാസിക്കയും തന്നെ വിട്ടുപോകുവാൻ ആജ്ഞാപിക്കയും ചെയ്തു. അതേ പരീക്ഷ സാത്താൻ മനുഷ്യർക്ക് കൊടുത്ത് വൻ വിജയം കരസ്ഥമാക്കുന്നു. ലൗകികമായ കാര്യ സാധ്യതയ്ക്കും മാന്യതയ്ക്കും വേണ്ടി ഭൂമിയിലെ മഹാന്മാരുടെ ദയയും പിൻതുണയും ആർജ്ജിക്കുവാൻ

സഭ നയിക്കപ്പെടുകയും കർത്താവിനെ തള്ളിക്കളകയും ചെയ്തു. സാത്താൻറെ പ്രതിനിധിയായ റോമിലെ! ബിഷപ്പിന് കീഴ ടങ്ങാൻ സഭ നിർബന്ധിതയായി.

ക്രിസ്തുവിൻറെ ലോകവ്യാപകമായ സഭയുടെ കാണപ്പെടുന്ന തലവൻ പോപ്പാണെന്നും ലോകത്തിൻറെ എല്ലാ ഭാഗങ്ങളിലുമുള്ള ബിഷപ്പുമാരുടെയും പുരോഹിതന്മാരുടെയും മേലധികാരി താൻ ആണെന്നും ഉള്ളത് റോമാസഭയുടെ പഠിപ്പിക്കലുകളിൽ ഒന്നുമാത്രമാണ്. ഇതുകൂടാതെ പോപ്പിന് 'പരിശുദ്ധൻ' എന്ന പദവി നൽകപ്പെട്ടു. "കർത്താവും ദൈവവുമായ പോപ്പ് എന്ന്

വിളിക്കപ്പെട്ടു. അപ്രമാദിത്വം അദ്ദേഹത്തിനുണ്ടെന്ന് പ്രഖ്യാപിച്ചു. അദ്ദേഹം എല്ലാ മനുഷ്യരുടേയും ആദരവ് ആവശ്യപ്പെട്ടു. സാത്താൻ മരുഭൂമിയിൽ വെച്ചു കർത്താവിനെ പരീക്ഷിച്ചപ്പോൾ ഉന്നയിച്ച അതേ അവകാശവാദം ഇന്നും റോമാസഭയിലൂടെ കൊണ്ടുവരുന്നു. ഈ അവകാശവാദത്തിന് കീഴടങ്ങുവാൻ ഒരു വലിയ കൂട്ടം ജനം തയ്യാറാണ്!

പക്ഷെ, സ്വർഗ്ഗീയമല്ലാത്ത ഈ വാദം കർത്താവ് നേരിട്ടതുപോലെ, ദൈവത്തെ ഭയപ്പെടുകയും ആദരിക്കയും ചെയ്യുന്നവർ എതിർത്തു. സാത്താൻ പരീക്ഷിച്ചപ്പോൾ യേശു അവനോടു "നിൻറെ ദൈവമായ കർത്താവിനെ

നമസ്കരിച്ച് അവനെ മാത്രമേ ആരാധിക്കാവൂ" എന്ന് പറഞ്ഞു (ലൂക്കൊ. 4:8). ഏതെങ്കിലും ഒരു വ്യക്തിയെ സഭയുടെ തലവനായി താൻ നിയമിച്ചിരിക്കുന്നതായി ഒരു സൂചനപോലും ദൈവം ഒരിക്കലും തന്നിട്ടില്ല. പാപ്പാത്വത്തിൻറെ പരമാധികാരം എന്ന ഉപദേശം തിരുവചന പഠിപ്പിക്കലിനു വിപരീതമാണ്! ക്രിസ്തുവിൻറെ സഭയുടെ മേൽ അധികാരം അടിച്ചേൽപ്പിച്ചതല്ലാതെ പോപ്പിന് യാതൊരു അധികാരവും ഇല്ല.

പാപ്പാമതത്തിനെതിരേയുള്ള ദുരുപദേശത്തിൻറെയും മനഃപൂർവ്വമായ വേർപിരിയലിന്റെയും കുറ്റം

നവീകരണക്കാരുടെമേൽ റോമാസഭക്കാർ ചുമത്തിക്കൊണ്ടിരുന്നു. പക്ഷെ അവർക്കുതന്നെയാണ് ഈ കുറ്റാരോപണം കൂടുതൽ അനുയോജ്യമായത്. അവരാണ് കർത്താവിന്റെ കൊടിക്കീഴിൽ നിൽക്കാതെ "വിശുദ്ധന്മാർക്ക് ഒരിക്കലായിട്ടു ഭാരമേല്പിച്ചിരിക്കുന്ന വിശ്വാസത്തിൽ നിന്നു വ്യതിചലിച്ചത് (യൂദാ 3).

സാത്താൻറെ വഞ്ചനകൾ മനസ്സിലാക്കാനും അവൻറെ ശക്തിയെ എതിർക്കാനും തിരുവചനം മനുഷ്യരെ പ്രാപ്തരാക്കുമെന്ന് അവന് നല്ലതുപോലെ അറിയാമായിരുന്നു. ലോകരക്ഷകൻ സാത്താൻറെ ആക്രമണങ്ങളെ

എതിർത്തതും തിരുവചനത്താലാണ്.
അവൻറെ ഓരോ ആക്രമണത്തേയും
ക്രിസ്തു "ഇങ്ങനെ എഴുതിയിരിക്കുന്നു"
എന്ന നിത്യസത്യം കൊണ്ടാണ്
എതിർത്തത്! ശത്രുവിൻറെ ഓരോ
നിർദ്ദേശത്തെയും കർത്താവ്
വചനത്തിലുള്ള തൻറെ ജ്ഞാനവും
ശക്തിയും ഉപയോഗിച്ചാണ്
എതിർത്തത്. സാത്താന്
മനുഷ്യരുടെമേ ലുള്ള നിയന്ത്രണം
നിലനിർത്തണമെങ്കിലും പാപ്പാത്വ
അധികാരം നടപ്പാ ക്കണമെങ്കിലും
മനുഷ്യരെ തിരുവചന സംബന്ധമായി
അജ്ഞതയിൽത്തന്നെ
സൂക്ഷിക്കണമായിരുന്നു. ബൈബിൾ
ദൈവത്തെ ഉയർത്തുകയും
പരിമിതികൾ ഉള്ള മനുഷ്യനെ

യഥാസ്ഥാനത്താക്കുകയും ചെയ്യും. അതുകൊണ്ട് അതിൻറെ വിശുദ്ധസത്യത്തെ മറയ്ക്കേണ്ടത് ആവശ്യമായിത്തീർന്നു. ഈ തത്വം റോമാസഭ അംഗീകരിച്ചു. വേദപുസ്തക വിതരണം നൂറ്റാണ്ടുകളോളം നിർത്തലാക്കി. അത് വായിക്കുന്നതിനോ വീടുകളിൽ സൂക്ഷിക്കുന്നതിനോ അനുവാദമില്ലാതാക്കി. തത്വദീക്ഷയില്ലാത്ത പുരോഹിതന്മാരും ബിഷപ്പുമാരും തങ്ങളുടെ ഭാവനയ്ക്കൊത്ത് വേദപുസ്തകം വ്യാഖ്യാനിച്ചു. അങ്ങനെ മിക്കവാറും മുഴുലോകവും പോപ്പിനെ ദൈവത്തിൻറെ പ്രതിപുരുഷനായി അംഗീകരിച്ചു.

രാഷ്ട്രത്തിൻറേയും സഭയുടേയും അധികാരം പോപ്പിന് നൽകപ്പെട്ടു.

അധർമ്മം ബോധ്യപ്പെടുത്തുന്നവൻ മാറ്റപ്പെട്ടപ്പോൾ സാത്താൻ അവൻറെ ഇഷ്ടപ്രകാരം പ്രവർത്തിച്ചു. പാപ്പാത്വം "സമയങ്ങളേയും നിയമങ്ങളേയും മാറ്റുവാൻ ശ്രമിക്കും (ദാനീ. 7:25) എന്ന് പ്രവചനത്തിൽ പറഞ്ഞിരിക്കുന്നു. ഇത്തരത്തിലുള്ള പ്രവർത്തനങ്ങളുടെ ശ്രമം മന്ദഗതിയിൽ പോകേണ്ടതായിരുന്നില്ല. ജാതികളിൽനിന്നും ക്രിസ്ത്യാനികൾ ആയവരുടെ നാമമാത്രമായ ക്രിസ്ത്യാനിത്വത്തെ താങ്ങി നിർത്തുവാൻ വിഗ്രഹങ്ങളോടും തിരുശേഷിപ്പുകളോടും ഉള്ള ഭക്തി

ക്രിസ്തീയ ആരാധനയിലേയ്ക്ക് ക്രമേണ കടത്തിവിട്ടു. ഒരു പ്രത്യേക സുന്നഹദോസിൻറെ തീരുമാനപ്രകാരം ഈ വിഗ്രഹാരാധനാക്രമം അന്തിമമായി സ്ഥാപിച്ചു. ദൈവനിന്ദ്യമായ ഈ വേല പൂർത്തീകരിക്കുവാൻ റോമാ സഭ ദൈവകല്പനയുടെ പട്ടികയിൽനിന്ന് വിഗ്രഹത്തെ ഉണ്ടാക്കരുതെന്നും ആരാധിക്കരുതെന്നും ഉള്ള രണ്ടാമത്തെ കല്പന നീക്കിക്കളഞ്ഞു. എന്നിട്ട് പത്ത് തികയ്ക്കാൻ പത്താമത്തെ കല്പനയെ രണ്ടായി വിഭജിച്ചു.

വിഗ്രഹാരാധനയോടുള്ള ഔദാര്യം പിന്നെയും സ്വർഗ്ഗത്തിന്റെ അധികാരത്തെ നിന്ദിക്കുവാൻ വഴിതെളിച്ചു. ദൈവസന്നിധിയിൽ

സമർപ്പണമില്ലാത്ത
സഭാനേതാക്കന്മാരിലൂടെ പിശാച്
പ്രവർത്തിച്ചു. ദൈവം അനുഗ്രഹിച്ച്
ശുദ്ധീകരിച്ച് (ഉല്പത്തി 2:2,3) നാലാം
കല്പനയായ പൗരാണിക ശബ്ബത്തിനെ
ദൂഷിച്ചു മാറ്റിക്കൊണ്ട് പകരം സൂര്യൻറെ
ബഹുമാനാർത്ഥം ജാതികൾ
കൊണ്ടാടിയിരുന്ന
സൂര്യാരാധനാദിവസത്തെ സ്ഥാപിച്ചു.
ആരംഭത്തിൽ ഈ മാറ്റം
പ്രത്യക്ഷത്തിൽ ആയിരുന്നില്ല.
ആദ്യനൂറ്റാണ്ടുകളിൽ എല്ലാ
ക്രിസ്ത്യാനികളും സത്യശബ്ബത്ത്
ആചരിച്ചിരുന്നു. അവർ ദൈവത്തെ
ബഹുമാനിക്കുന്നതിൽ
തീഷ്ണതയുള്ളവരും ദൈവകല്പ്പനകളുടെ
വിശുദ്ധി കാക്കുന്നവരും കല്പനകൾ

സുസ്ഥിരമാണെന്ന്
വിശ്വസിച്ചിരുന്നവരും ആയിരുന്നു.
എങ്കിലും വളരെ കൗശലത്തോടെ
സാത്താൻ അവൻറെ
പ്രതിനിധികളിലൂടെ അവൻറെ
ലക്ഷ്യത്തിൽ എത്തുവാൻ
പ്രവർത്തിച്ചു. ദൈവജനങ്ങളുടെ
ശ്രദ്ധയെ ഞായറാഴ്ചയിലേയ്ക്ക്
ആകർഷിക്കുന്നതിനുവേണ്ടി
കർത്താവിന്റെ ഉയിർപ്പിനെ
ആഘോഷിക്കുന്ന ഒരു
ഉത്സവദിവസമായി മാറ്റി. ഞായറാഴ്ച
മതപരമായ ശുശ്രൂഷകൾ
ആരംഭിച്ചെങ്കിലും അതിനെ ഒരു
ഉല്ലാസദിവസമായി കരുതി. എങ്കിലും
ശബ്ബത്ത് വിശുദ്ധമായി ആചരിക്കപ്പെട്ടു.

എല്ലാ നിബന്ധനകളും അനുസരിച്ച് ശബ്ബത്ത് ആചരിക്കുന്നത് വലിയ ഭാരമാണെന്ന് ക്രിസ്തുവിൻറെ ജനനത്തിനു മുമ്പുതന്നെ, യെഹൂദന്മാരെ സമ്മതിപ്പിക്കുകമൂലം സാത്താൻ ഉദ്ദേശിച്ച വേല ചെയ്യാനുള്ള വഴി ഒരുക്കി. ഞായറാഴ്ചാചാരം എന്ന തെറ്റായ വെളിച്ചത്തിൻറെ പ്രഭാവത്തിൽ ശബ്ബത്താചാരം ഒരു യെഹൂദാചാരം ആണെന്ന് വരുത്തി അതിനെ നിന്ദിച്ച് തള്ളി. സന്തോഷോത്സവമായി ക്രിസ്ത്യാനികൾ ഞായറാഴ്ചയാചരിച്ചപ്പോൾ ശബ്ബത്ത് ദു:ഖത്തിൻറെയും, ഉപവാസത്തിൻറെയും, മ്ലാനതയുടെയും ദിവസമായി കണക്കാക്കി

യെഹൂദാമതത്തോടുള്ള വെറുപ്പിലേയ്ക്ക് സാത്താൻ ജനത്തെ നയിച്ചു.

നാലാം നൂറ്റാണ്ടിൻറെ ആരംഭത്തിൽ കുസ്തന്തീനോസ് ചക്രവർത്തി റോമാസാമ്രാജ്യത്തിൽ, ഞായറാഴ്ച ഒരു ദേശീയ ഉത്സവ ദിവസമായി പ്രഖ്യാപിച്ചു. സൂര്യദിവസത്തോട് അക്രൈസ്തവർ ഭയഭക്തി കാട്ടുകയും ക്രിസ്ത്യാനികൾ ബഹുമാനിക്കുകയും ചെയ്തു. അജ്ഞാനമതത്തിൻറെയും ക്രിസ്ത്യാനിത്വത്തിൻറെയും പരസ്പര വിരുദ്ധങ്ങളായ താല്പര്യങ്ങളെ ഒന്നിച്ചു കൊണ്ടു വരിക ചക്രവർത്തിയുടെ ഒരു നയമായിരുന്നു. അതിനു കാരണം ബിഷപ്പു മാരുടെ പ്രേരണയായിരുന്നു. ക്രിസ്ത്യാനികളും ജാതികളും ഒരേദിവസം

ആചരിക്കുന്നതുമൂലം ജാതികൾ നാമമാത്രമായെങ്കിലും ക്രിസ്ത്യാനിത്വം സ്വീകരിക്കുമെന്നും, അങ്ങനെ സഭയുടെ അധികാരവും മഹത്വവും വർദ്ധിക്കുമെന്നുമാണ് അധികാരദാഹികളും ദുർമോഹികളുമായ ഇവർ ചിന്തിച്ചത്!

ദൈവഭയമുള്ള പല ക്രിസ്ത്യാനികളും ഞായറാഴ്ചയ്ക്ക് ഒരു പരിധിവരെ വിശുദ്ധിയുണ്ടെന്ന് വിചാരിച്ചെങ്കിലും അവർ നാലാം കല്പനയനുസരിച്ച് സത്യശബ്ബത്ത് വിശുദ്ധമായി ആചരിച്ചു.

പ്രധാന വഞ്ചകൻ അവൻറെ വേല പൂർത്തീകരിച്ചില്ല. ക്രിസ്തുവിൻറെ പ്രതിനിധിയെന്ന് അവകാശപ്പെട്ട

അഹംഭാവിയും സാത്താൻറെ
പ്രതിപുരുഷനമായ പോപ്പിൽക്കൂടി
അവൻറെ അധികാരം ഉപയോഗിച്ചു
ക്രിസ്തീയലോകത്ത് അവൻറെ
കൊടിക്കീഴിൽ കൊണ്ടുവരുവാൻ
തീരുമാനിച്ചു. ജാതികളുടെ
ഇടയിൽനിന്ന് നാമധേയമായി
ക്രിസ്ത്യാനിത്വം സ്വീകരിച്ചവരിലൂടെയും
അതിമോഹികളായ
ബിഷപ്പുമാരിലൂടെയും
ലോകമോഹികളായ
സഭാംഗങ്ങളിലൂടെയും അവൻ തൻറെ
ഉദ്ദേശം നേടിയെടുത്തു. പലപ്പോഴും
ലോകമെമ്പാടുമുള്ള സഭാനേതാക്കന്മാർ
ചേർന്ന് വിപുലമായ ചർച്ചകൾ
നടത്തിയിരുന്നു. മിക്കവാറും എല്ലാ
ചർച്ചകളിലും ദൈവം സ്ഥാപിച്ച്

ശബ്ബത്തിനെ തരം താഴ്ത്തുകയും ഞായറാഴ്ചാചാരത്തെ ഉയർത്തിപ്പിടിക്കയും ചെയ്തു. ഒടുവിൽ ജാതീയ ആചാരത്തെ ദിവ്യസ്ഥാപനമായി അംഗീകരിക്കുകയും വേദപുസ്തക ശബ്ബത്തിനെ യെഹൂദാചാരത്തിൻറെ ഒരു ഭാഗമായി കരുതുകയും അത് ആചരിക്കുന്നവരെ ശപിക്കപ്പെട്ടവരായി പ്രഖ്യാപിക്കയും ചെയ്തു.

ഈ വലിയ വിശ്വാസത്യാഗി "ദൈവം എന്നോ പൂജാവിഷയമെന്നോ പേരുള്ള സകലത്തിനുംമീതെ തന്നെത്താൻ ഉയർത്തുന്ന"തിൽ വിജയിച്ചു (2 തെസ്സ. 2:4). എല്ലാ മനുഷ്യരാശിക്കും ജീവനുള്ള ദൈവത്തെ തെറ്റാതെ

ചൂണ്ടിക്കാണിച്ചുകൊടുത്തിരുന്ന ദിവ്യ നിയമത്തിൻറെ അന്തസത്ത മാറ്റുവാൻ അവൻ ധൈര്യപ്പെട്ടു. ദൈവം സ്വർഗ്ഗത്തിന്റെയും ഭൂമിയുടെയും സൃഷ്ടികർത്താവായി നാലാം കല്പനയിൽ വെളിപ്പെടുന്നു. തന്മൂലം വ്യാജദൈവങ്ങളിൽ നിന്നും വ്യത്യസ്തനമാണ്. ഏഴാം ദിനത്തെ മനുഷ്യന് വിശ്രമിക്കാനുള്ള വിശുദ്ധ ദിവസമാക്കിയത് സൃഷ്ടിപ്പിൻറെ ജ്ഞാപകമായിട്ടാണ്. ജീവിക്കുന്ന ഈ ദൈവത്തെയാണ് മനുഷ്യമനസ്സുകളിൽ ഭക്തിയുടെയും ആരാധനയുടെയും കേന്ദ്രമായി എക്കാലവും സൂക്ഷിക്കുവാൻ തീരുമാനിച്ചിരുന്നത്. ദൈവത്തോടുള്ള കടമയിൽനിന്നും ദൈവകല്പനകളോടുള്ള

അനുസരണത്തിൽനിന്നും മനുഷ്യനെ മാറ്റുന്നതിന് സാത്താൻ ബദ്ധപ്പെട്ടു. അതുകൊണ്ട് ദൈവത്തെ സൃഷ്ടിതാവായി ചൂണ്ടിക്കാണിക്കുന്ന നാലാം കല്പനയ്ക്കെതിരെ പ്രയത്നിച്ചു.

കർത്താവ് ഞായറാഴ്ച ഉയിർത്തെഴുന്നേറ്റതുകൊണ്ട് അത് ക്രിസ്തീയ ശബ്ബത്താണെന്ന് ഇപ്പോൾ നവീകരണക്കാർ സമർത്ഥിച്ചു. പക്ഷെ തിരുവചനത്തിൽ തെളിവില്ല. കർത്താവോ ശിഷ്യന്മാരോ ആ ദിവസത്തിന് അങ്ങനെ ഒരംഗീകാരവും കൊടുത്തിരുന്നില്ല. ഞായറാഴ്ചാചാരം ഒരു ക്രിസ്തീയ സ്ഥാപനമായി ഉടലെടുത്തത് "അധർമ്മത്തിന്റെ മർമ്മ'ത്തിൽനിന്നാണ് (2 തെസ്സ.

2:7). അത് പൌലൊസിൻറെ കാലത്തുപോലും പ്രവർത്തിച്ചുതുടങ്ങിയിരുന്നു. പാപ്പാത്വത്തിൻറെ ഈ ശിശുവിനെ എപ്പോൾ എവിടെവച്ചാണ് കർത്താവ് അംഗീകരിച്ചത്? തിരുവചനം അംഗീകരിക്കാത്ത ഈ മാറ്റത്തിന് എന്തെങ്കിലും ശരിയായ തെളിവുണ്ടോ?

ആറാം നൂറ്റാണ്ടിൽ പാപ്പാത്വം കൂടുതൽ ശക്തിപ്പെട്ടു. തലസ്ഥാന നഗരിയിൽ ഈ അധികാരത്തിൻറെ സിംഹാസനം ഉറച്ചു. റോമിലെ ബിഷപ്പിനെ മുഴുസഭയുടെയും മേലധികാരിയായി പ്രഖ്യാപിച്ചു. ജാതീയമതം പാപ്പാത്വത്തിന് വഴി ഒരുക്കി. “മഹാസർപ്പം മൃഗത്തിന് തൻറെ

ശക്തിയും സിംഹാസനവും വലിയ അധികാരവും കൊടുത്തു” (വെളി. 13:2). അപ്പോഴാണ് ദാനീ യേലിലും വെളിപ്പാടിലും പ്രവചിച്ചിരിക്കുന്ന പ്രകാരം 1260 വർഷത്തെ സഭയുടെ പീഡനം ആരംഭിച്ചത് (ദാനീ. 7:25; വെളി. 13:5-7). ക്രിസ്ത്യാനികൾ ഒന്നുകിൽ തങ്ങളുടെ വിശ്വാസം ത്യജിച്ച് പാപ്പാത്വ ആചാരങ്ങളും ആരാധനകളും അംഗീകരിക്കണം. അല്ലെങ്കിൽ തങ്ങളുടെ ജീവൻ ജയിലറകളിലും പീഡനയന്ത്രത്തിലും കൊലക്കത്തികളിലും തീക്കും ഇരയാക്കണമായിരുന്നു. “എന്നാൽ അമ്മയപ്പന്മാരും സഹോദരന്മാരും ചാർച്ചക്കാരും മിത്രങ്ങളും നിങ്ങളെ ഏല്പിച്ചുകൊടുക്കയും നിങ്ങളിൽ ചിലരെ

കൊല്ലിക്കയും ചെയ്യും. എൻറെ നാമം നിമിത്തം എല്ലാവരും നിങ്ങളെ പകയ്ക്കും" എന്ന് കർത്താവ് പറഞ്ഞ വാക്ക് നിവൃത്തിയായി (ലൂക്കൊ . 21:16, 17). വിശ്വാസികളുടെ മേലുള്ള പീഡനം അതിനു മുമ്പൊരിക്കലും ഉണ്ടായിട്ടില്ലാത്തവിധം അതി ക്രൂരമായിരുന്നു. ലോകം തന്നെ ഒരു യുദ്ധക്കളമായി മാറി. നൂറ്റാണ്ടുകളോളം

ദൈവത്തിൻറെ സഭ ഒളിവിലും ഒറ്റപ്പെട്ട അഭയാർത്ഥിയായും കാണപ്പെട്ടു. "സ്ത്രീ മരുഭൂമിയിലേയ്ക്ക് ഓടിപ്പോയി; അവിടെ അവളെ ആയിരത്തിരുനൂറ്ററുപതു ദിവസം പോറ്റേണ്ടതിന്നു ദൈവം ഒരുക്കിയൊരു സ്ഥലം അവൾക്കുണ്ട്"

(വെളി. 12:6) എന്ന് പ്രവാചകൻ പറയുന്നു.

റോമാസഭ അധികാരത്തിൽ വന്നത് അന്ധകാരയുഗത്തിൻറെ തുടക്കമായി കുറിക്കപ്പെട്ടു. അവളുടെ ശക്തി വർദ്ധിച്ചതോടെ അന്ധകാരവും വർദ്ധിച്ചു. സത്യത്തിനടിസ്ഥാനമായ ക്രിസ്തുവിൽ നിന്നും റോമിലെ പോപ്പിലേയ്ക്ക് വിശ്വാസം മാറ്റപ്പെട്ടു. പാപക്ഷമയ്ക്കും നിത്യരക്ഷയ്ക്കുംവേണ്ടി ദൈവപുത്രനിൽ ആശ്രയിക്കുന്നതിനുപകരം മനുഷ്യർ പോപ്പിലേയ്ക്കും പോപ്പ് അധികാരം കൊടുത്തിട്ടുള്ള പുരോഹിതന്മാരിലേയ്ക്കും ബിഷപ്പുമാരിലേയ്ക്കും നോക്കി. ദൈവത്തിൻറേയും മനുഷ്യരുടേയും ഇടയ്ക്കു

നിൽക്കുന്ന മദ്ധ്യസ്ഥൻ പോപ്പ് ആണെന്നും പോപ്പിൽക്കൂടെയല്ലാതെ ആർക്കും ദൈവസന്നിധിയിൽ ചെല്ലാൻ സാധ്യമല്ലെന്നും ജനങ്ങളെ പഠിപ്പിച്ചു. കൂടാതെ ദൈവത്തിൻറെ സ്ഥാനത്താണ് പോപ്പ് നിൽക്കുന്നതെന്നും അതുകൊണ്ട് പോപ്പിനെ പരിപൂർണ്ണമായി അനുസരിക്കണമെന്നും ധരിപ്പിച്ചു. പോപ്പിൻറെ കല്പനയിൽ നിന്നുമുള്ള വ്യതിചലനം ശാരീരികമായും മാനസ്സികമായും കിട്ടാവുന്നതിൻറെ പരമാവധി ശിക്ഷയ്ക്ക് കാരണമായി ഭവിച്ചിരുന്നു. അങ്ങനെ ജനഹൃദയങ്ങൾ ദൈവത്തിൽനിന്നു മാറി, തെറ്റും കുറ്റവും ക്രൂരതയും നിറഞ്ഞ മനു ഷ്യിലേയ്ക്കും അന്ധകാരപത്രവിലേയ്ക്കും തിരിഞ്ഞു.

അന്ധകാരപദ്ദ തൻറെ ശക്തി ഈ മനുഷ്യരിലൂടെ പ്രകടമാക്കി. പാപം വിശുദ്ധിയുടെ പരി വേഷം അണിഞ്ഞു. തിരുവചനം അമർച്ച ചെയ്യപ്പെടുകയും മനുഷ്യൻ സ്വയം എല്ലാറ്റിനും മേലായി കരുതപ്പെടുകയും ചെയ്തപ്പോൾ തെറ്റായ പ്രാതിനിധ്യവും ചതിവും തീരെ നിലവാരം കുറഞ്ഞ അനീതിയും മാത്രമെ എങ്ങും കാണാൻ കഴിഞ്ഞുള്ളു. മാനുഷിക നിയമങ്ങളും പാരമ്പര്യങ്ങളും ഉയർത്തപ്പെട്ടപ്പോൾ ദൈവത്തിൻറെ നിയമങ്ങൾ മാറ്റപ്പെടുകയും തൽഫലമായി സദാചാരത്തകർച്ച ഉണ്ടാവുകയും ചെയ്തു.

ക്രിസ്തുവിൻറെ സഭയുടെ ദുർഘട ദിനങ്ങൾ ആയിരുന്നു അന്നത്തേത്.

വിശ്വസ്തതയോടെ നിലനിന്നവർ വളരെ കുറഞ്ഞു. സത്യത്തിൻറെ സാക്ഷികൾ തീരെ ഇല്ലാതായില്ല; എങ്കിലും ചിലപ്പോൾ തെറ്റുകളും അന്ധവിശ്വാസങ്ങളും മാത്രം നിലനിൽക്കുന്നുവൊ എന്നും യഥാർത്ഥ മതം ഭൂമിയിൽനിന്ന് തുടച്ച് നീക്കപ്പെടുകയും മതവിഭാഗക്കാർക്ക് സുവിശേഷ ദർശനം നഷ്ടപ്പെടുകയും ചെയ്യുവോ എന്നും തോന്നിപ്പോകുമായിരുന്നു. നിർബന്ധമായ വഴിപാടുകളാലും വിട്ടുവീഴ്ചയില്ലാത്ത നിയമങ്ങളാലും ജനങ്ങൾ ഭാരപ്പെട്ടു.

പോപ്പിനെ മദ്ധ്യസ്ഥനായിക്കാണാൻ മാത്രമല്ല, പാപം പരിഹരിച്ചു കിട്ടാൻ

സ്വന്തമായ പ്രവൃത്തികളിൽ
ആശ്രയിക്കാനും ജനത്തെ പഠിപ്പിച്ചു.
ദീർഘതീർത്ഥാടനങ്ങൾ,
ക്ഷുദ്രാശാകർമ്മങ്ങൾ,
തിരുശേഷിപ്പാരാധന എന്നിവ നടത്തുക,
പള്ളികൾ, കുരിശുംതൊട്ടികൾ,
അൾത്താരകൾ എന്നിവ പണിയുക,
പള്ളിക്ക് വൻ തുക സംഭാവന
കൊടുക്കുക — ആദിയായവയും അതു
പോലുള്ള പല പ്രവർത്തനങ്ങളും
ദൈവത്തിൻറെ കോപം
ശമിപ്പിക്കുന്നതിനും ദൈവപ്രസാദം
ആർജ്ജിക്കുന്നതിനും
ആവശ്യമാണെന്നും, മനുഷ്യനെപ്പോലെ
ദൈവവും നിസ്സാരമായ കാര്യങ്ങൾക്ക്
കോപിക്കുകയും നേർച്ചകാഴ്ച്ച

കൾകൊണ്ട് ശാന്തനാകുകയും ചെയ്യുമെന്നും ജനത്തെ ധരിപ്പിച്ചു.

റോമാസഭയുടെ നേതാക്കന്മാരുടെ ഇടയിൽപോലും ഈ ദുരാചാരം നിലനിർത്തിക്കൊണ്ടു തന്നെ അവളുടെ സ്വാധീനം ക്രമമായി വർദ്ധിച്ചുവന്നു. എട്ടാം നൂറ്റാണ്ടിൻറെ അവസാനത്തോടെ പാപ്പാമതക്കാർ, ഇന്ന് അവർ സ്വീകരിച്ചിരിക്കുന്ന ആത്മീക അധികാരം ആദ്യനൂറ്റാണ്ടിലെ റോമിലെ ബിഷപ്പ മാർക്ക് ഉണ്ടായിരുന്നതായി അവകാശപ്പെട്ടു. ഈ അവകാശം സ്ഥാപിക്കുന്നതി നുവേണ്ടി ഏതെങ്കിലും ഉപാധിയിലൂടെ അധികാരം കാണിക്കണമായിരുന്നു. അതിനായി പ്രാചീന ലിഖിതങ്ങളെ

ക്രിസ്തീയ സന്യാസിമാർ വ്യാജമാക്കി. മുമ്പ് കേട്ടിട്ടില്ലാത്ത സുന്നഹദോസ് തീരുമാനങ്ങൾ കണ്ടുപിടിച്ച് പോപ്പിൻറെ സാർവ്വലൗകിക ഔന്നത്യം ആദിമകാലം മുതലേ ഉണ്ടെന്ന് സ്ഥാപിച്ചു. സഭ സത്യം ത്യജിച്ച് ആർത്തിയോടെ ഈ വഞ്ചനകൾ സ്വീകരിച്ചു.

എന്നാൽ വ്യാജോപദേശത്തിൻറെ മാലിന്യങ്ങൾ വേലയ്ക്ക് വിഘ്നാതമുണ്ടാക്കിയപ്പോൾ, യഥാർത്ഥ അടിസ്ഥാനത്തിൽ (1 കൊരി. 3:10,11) പണിയുന്ന ചുരുക്കം ചില വിശ്വസ്തർ കുഴപ്പത്തിലും പ്രയാസത്തിലുമായി. "ചുമട്ടുകാരുടെ ശക്തി ക്ഷയിച്ചിരിക്കുന്നു; കല്ലും മണ്ണും

ഇനി വളരെ കിടക്കുന്നു. ആകയാൽ മതിൽ പണിയുവാൻ നമുക്ക് കഴികയില്ല" (നെഹെ. 4:10) എന്ന് നെഹെമ്യാവിൻറെ കാലത്ത് യെരുശലേമിൻറെ മതിൽ പണിതവർ പറഞ്ഞതു പോലെ പറയുവാൻ ചിലർ തയ്യാറായി. ഉപദ്രവങ്ങളോടും തട്ടിപ്പുകളോടും അനീതിയോടും ഉയർച്ചയെ തകർക്കുന്ന സാത്താൻറെ മറ്റ് ആയുധങ്ങളോടും തുടരെ എതിർത്ത് അവർ ക്ഷീണിതരായി. വിശ്വസ്തരായിരുന്ന വേലക്കാർ പലരും ധൈര്യഹീനരായി. സമാധാനത്തിനും, ജീവൻറേയും സ്വത്തിൻറേയും സംരക്ഷണത്തിനുംവേണ്ടി അവർ യഥാർത്ഥ അടിസ്ഥാനത്തിൽനിന്ന് പിന്മാറി. മറ്റുള്ളവർ ശത്രുക്കളുടെ

എതിർപ്പിൽ അധൈര്യപ്പെടാതെ "നിങ്ങൾ അവരെ പേടിക്കേണ്ടാ, വലിയവനും ഭയങ്കരനുമായ കർത്താവിനെ ഓർത്തുകൊൾക" എന്ന് പറഞ്ഞു (നെഹെ. 4:14). അവർ വാൾ അരയ്ക്ക് കെട്ടിക്കൊണ്ട് ജോലി തുടർന്നു (എഫെ. 6:17).

ഓരോ കാലഘട്ടത്തിലും സത്യത്തെ എതിർക്കുകയും നിന്ദിക്കുകയും ചെയ്തിരുന്ന അതേ ആത്മാവിനാൽ ദൈവത്തിൻറെ ശത്രുക്കളും ആവേശഭരിതരായി. അതേ രീതിയിൽ ദൈവദാസന്മാർക്ക് ഉണർവും സത്യത്തോട് കൂറും ആവശ്യമായിരുന്നു. ആദ്യശിഷ്യന്മാരോടുള്ള കർത്താവിന്റെ വാക്കുകൾ കാലാന്ത്യത്തിലുള്ള തൻറെ

അനുയായികൾക്കും ബാധകമാണ്. “ഞാൻ നിങ്ങളോട് പറയുന്നതോ, എല്ലാവരോടും പറയുന്നു - ഉണർന്നിരിപ്പിൻ” (മർക്കോസ് 13:37).

:അന്ധകാരം രൂക്ഷമായി കാണപ്പെട്ടു. വിഗ്രഹാരാധന വ്യാപകമായി. വിഗ്രഹങ്ങളുടെ മുൻപിൽ മെഴുകുതിരി കൊളുത്തുകയും അവയോട് പ്രാർത്ഥിക്കുകയും ചെയ്തു. ഏറ്റവും മൂഢമായ, അന്ധവിശ്വാസം നിറഞ്ഞ ആചാരം നിലവിൽവന്നു. യാതൊരു ചാഞ്ചല്യവും കൂടാതെ മനുഷ്യമനസ്സുകൾ അന്ധ വിശ്വാസത്താൽ പൂർണ്ണമായി നിയന്ത്രിക്കപ്പെട്ടു. പുരോഹിതന്മാരും ബിഷപ്പുമാരും, ഉല്ലാസപ്രമികളും

ജഡികരും ദുർന്നടപ്പുകാരും ആയപ്പോൾ, നടത്തിപ്പിനായി അവരെ നോക്കിയ ജനത്തെ അജ്ഞരും തെറ്റുകാരും മാത്രമായേ കണ്ടിരുന്നുള്ളു.

അടുത്ത പടിയായി പതിനൊന്നാം നൂറ്റാണ്ടിൽ പോപ്പ് ഗ്രിഗറി ഏഴാമൻ റോമാസഭ പൂർണ്ണത ഉള്ളതാണെന്ന് പ്രഖ്യാപിച്ചു. സഭ വേദപുസ്തകപ്രകാരം ഒരിക്കലും തെറ്റിയിട്ടില്ലെന്നും ഒരിക്കലും തെറ്റുകയില്ലെന്നും പോപ്പ് അവകാശപ്പെട്ടു. പക്ഷെ, തിരുവചന തെളിവുകൾ ഈ തത്വത്തോട് യോജിക്കുന്നവയല്ല. ചക്രവർത്തിമാരെ മാറ്റാൻ പോപ്പിന് അധികാരമുണ്ടെന്നും, താൻ ഉച്ചരിക്കുന്ന വാക്കുകൾ മാറ്റാൻ ആർക്കും അധികാരം ഇല്ലെന്നും,

എന്നാൽ തനിക്ക് മറ്റുള്ളവരുടെ തീരുമാനങ്ങൾ മാറ്റാനുള്ള യോഗ്യത ഉണ്ടെന്നും അവകാശപ്പെട്ടു.

ജർമ്മൻ രാജാവായ ഹെൻട്രി നാലാമനോടുള്ള ഇടപെടലിൽ ഈ ഏകാധിപതിയുടെ അപ്രമാദിത്വം അവകാശപ്പെടുന്ന നടുക്കുന്ന വിശദീകരണം കൊടുത്തിട്ടുണ്ട്. രാജാവ് പോപ്പിൻറെ അധികാരത്തെ ബഹുമാനിച്ചില്ല എന്ന് ധരിച്ച് അദ്ദേഹത്തെ സിംഹാസനഭ്രഷ്ടനാക്കുകയും പള്ളിയിൽനിന്ന് മുടക്കുകയും ചെയ്തു. പോപ്പിൻറെ ആളുകളാലും സ്വന്തം രാജകുമാരന്മാരാലുമുള്ള എതിർപ്പും ഭീഷണിയും കാരണം ഹെൻട്രി

റോമുമായി സമാധാന ബന്ധത്തിൽ വരുവാൻ നിർബന്ധിതനായി. പോപ്പിൻറെ മുൻപിൽ തന്നെത്താൻ താഴ്ത്താനായി, ആ മഞ്ഞുകാലത്തിൻറെ മദ്ധ്യത്തിൽ അദ്ദേഹം തൻറെ ഭാര്യ.യോടും ഒരു വിശ്വസ്ത ഭൃത്യനോടുംകൂടെ ആൽപ്സ് പർവ്വതം കുറുകെ കടന്നു. ഗ്രിഗറി മാറിത്താമസിച്ച് കൊട്ടാരത്തിൽ എത്തിയപ്പോൾ ഹെൻട്രിയുടെ സംരക്ഷകരെ മാറ്റുകയും ചെരുപ്പിടാനോ തലമൂടാനോപോലും അനുവദിക്കാതെ ആ കൊടും തണുപ്പത്ത് പുറത്തെ മുറ്റത്ത് നിറുത്തുകയും ചെയ്തു. ആവശ്യത്തിന് വസ്ത്രം പോലും ധരിക്കാൻ സമ്മതിച്ചില്ല. അങ്ങനെ പോപ്പിൻറെ സന്നിധിയിൽ ചെല്ലാനുള്ള അനുവാദത്തിനായി കാത്തുനിന്നു.

ഭക്ഷണം പോലും ഇല്ലാതെ മൂന്നു ദിവസം അനുതപിച്ചുകൊണ്ട് നിന്നതിനുശേഷമാണ് ക്ഷമ കൊടുക്കുവാൻ പോപ്പിന് തിരുമനസ്സായത്. അതും ഒരു വ്യവസ്ഥയിന്മേലായിരുന്നു. രാജാവിൻറെ അധികാരം ഉപയോഗിക്കുവാൻ പോപ്പ് അനു വദിക്കുന്നതുവരെ കാത്തിരിക്കണം എന്നതായിരുന്നു വ്യവസ്ഥ. ഗ്രിഗറി തൻറെ വിജയത്തിൽ അഹങ്കരിച്ച്, രാജാക്കന്മാരുടെ അഹന്ത താഴത്തേണ്ടത് തൻറെ ചുമതലയാണെന്ന് വീമ്പിളക്കുകയും ചെയ്തു.

കോപിഷ്ടനായ പോപ്പിൻറെ ക്രമാതീതമായ അഹങ്കാരവും കർത്താവിന്റെ ദിവ്യമായ താഴ്മയും സൗമ്യതയും തമ്മിൽ എന്തൊരന്തരം! കർത്താവ് ഓരോ ഹൃദയവാതിൽക്കലും പ്രവേശനത്തിനായി യാചിക്കുന്നു. അകത്തുവന്ന് ക്ഷമയും സമാധാനവും തരാം എന്ന് പറയുന്നു. “നിങ്ങളിൽ ഒന്നാമനാകു വാൻ ഇച്ഛിക്കുന്നവൻ എല്ലാം നിങ്ങളുടെ ദാസൻ ആകേണം” എന്ന് കർത്താവ് ശിഷ്യന്മാരെ പഠിപ്പിച്ചു (മത്തായി 20:27).

തുടർന്നുള്ള നൂറ്റാണ്ടുകളിൽ റോമിൽനിന്ന് പുറപ്പെട്ട ഉപദേശങ്ങളിൽ തുടരെത്തുടരെ

തെറ്റുകൾ പെരുകിക്കൊണ്ടിരുന്നതായി കാണാം. പാപത്വം സ്ഥാപിതമാകുന്നതിനു മുൻപുതന്നെ ജാതീയ തത്വജ്ഞാനികളുടെ പഠിപ്പിക്കലുകൾ ശ്രദ്ധിക്കപ്പെട്ടിരുന്നു. അവർ സഭയിൽ തുടർന്ന് പഠിപ്പിക്കുയും ജാതികളിലേയ്ക്ക് തങ്ങളുടെ സ്വാധീനം വ്യാപിപ്പിക്കുകയും ചെയ്തു. അങ്ങനെ ഗൗരവമേറിയ പല തെറ്റുകളും ക്രിസ്തീയ വിശ്വാസത്തിലേയ്ക്ക് പ്രവേശിച്ചു. അവയിൽ പ്രധാനപ്പെട്ടത് മനുഷ്യൻറെ അമർത്യതയും മരണത്തിലുള്ള സുബോധാവസ്ഥയുമാണ്. ഈ ഉപദേശത്തിൻറെ അടിസ്ഥാനത്തിൽ റോം വിശുദ്ധന്മാരെ പ്രഖ്യാപിക്കാനും കന്യകമറിയത്തെ ആരാധിക്കുവാനും തുടങ്ങി. ഈ സാഹചര്യത്തിൽ

അനുതപിക്കാത്ത പാപിക്ക് നിത്യമായ പീഡനം എന്ന വേദവിപരീത വിശ്വാസം ഉത്ഭവിച്ചു. അത് പാപ്പാത്വ വിശ്വാസത്തിൽ പണ്ടുതന്നെ ലയിച്ചിരുന്നു.

അനന്തരം ജാതീയമായ വേറൊരു കണ്ടുപിടിത്തത്തിന് വഴിയൊരുക്കപ്പെട്ടു. റോം അതിന് ബസ്സർക്കാന (ശുദ്ധീകരണസ്ഥലം) എന്ന് പേരിട്ടു. എന്തും വിശ്വസിക്കാൻ തയ്യാറായിരുന്ന അന്ധവിശ്വാസികളായ ജനങ്ങളെ ഭയപ്പെടുത്താൻ ഇത് ഉപകരിച്ചു. അങ്ങനെ ഒരു ശുദ്ധീകരണസ്ഥലം ഉണ്ട് എന്ന വേദവിപരീത വിശ്വാസം ഉറപ്പിച്ചു. നിത്യമായ ശിക്ഷയ്ക്ക് അർഹരല്ലാത്ത ആത്മാക്കൾ അവർ ചെയ്തുപോയ

കുറ്റത്തിൻറെ ശിക്ഷ ഈ യാതനാസ്ഥലത്ത് അനുഭവിക്കുകയും അങ്ങനെ പാപം മാറിക്കഴിയുമ്പോൾ അവരെ സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കുകയും ചെയ്യും എന്ന് വിശ്വസിപ്പിച്ചു.

അനുയായികളെ പേടിപ്പിച്ചും തെറ്റിപ്പിച്ചും റോമിന് നേട്ടം ഉണ്ടാക്കാൻ വേറെയും ദുരുപദേശങ്ങൾ ചമയ്ക്കേണ്ടത് ആവശ്യമായിരുന്നു. പാപമോചനച്ചീട്ട് എന്ന ഉപദേശം അതിനു സഹായിച്ചു. ശത്രുക്കളെ ശിക്ഷിക്കാനും അഥവാ തൻറെ ആത്മീക മേൽക്കോയ്മയെ മാനിക്കാത്തവരെ നശിപ്പിക്കാനുമായി, തനിക്കുണ്ടായിരുന്ന താൽക്കാലിക

അധികാരത്തെ വ്യാപകമാക്കുന്നതിന് പോപ്പിൻറെ യുദ്ധത്തിൽ ചേരുന്ന എല്ലാവർക്കും തങ്ങൾ ചെയ്തതും ചെയ്യുന്നതും ചെയ്യാനിരിക്കുന്നതുമായ എല്ലാ പാപങ്ങളിൽനിന്നും പരിപൂർണ്ണ മോചനവും ശിക്ഷയിൽനിന്നുള്ള വിടുതലും വാഗ്ദാനം ചെയ്തു. അതു കൂടാതെ സഭയ്ക്ക് സംഭാവന കൊടുത്താൽ തങ്ങൾക്കുതന്നെ പാപത്തിൻറെ മോചനം നേടാം എന്ന് ജനങ്ങളെ പഠിപ്പിച്ചു. ബസ്സർക്കാനയിലെ തീയിൽ നിന്നും, മരിച്ചുപോയ തങ്ങളുടെ പ്രിയപ്പെട്ടവരുടെ ആത്മാക്കളെ മോചിപ്പിക്കാനും സഭയ്ക്ക് സംഭാവന കൊടുത്താൽ സാധിക്കുമെന്നു മനസ്സിലാക്കിച്ചു. ഈവക കാര്യങ്ങൾകൊണ്ട് റോം അവളുടെ

പണപ്പെട്ടി നിറച്ചു; ധാരാളിത്വം നില നിർത്തി; ധൂർത്ത് തുടർന്നു. അതായിരുന്നു തല ചായ്ക്കാൻ ഇടമില്ലാതിരുന്ന കർത്താവിന്റെ പ്രതിനിധിയുടെ അഭിനയം.

തിരുവചനാനുസൃതമായ കർത്തൃമേശയ്ക്കുപകരം വിഗ്രഹാരാധനാപരമായ ദിവ്യബലി അർപ്പിക്കൽ സ്ഥാപിച്ചു. പാപ്പാത്വപുരോഹിതന്മാർ തങ്ങളുടെ അർത്ഥശൂന്യമായ ചൊല്ലിലൂടെ അപ്പവും വീഞ്ഞും "കർത്താവിന്റെ യഥാർത്ഥ ശരീരവും രക്തവും " ആക്കാം എന്ന് അഭിനയിച്ചു. - Cardinal Wiseman, The Real Presence of the Body and Blood of Our Lord

Jesus Christ in the Blessed Eucharist, Proved from Scripture, Lecture 8, sec. 3, par. 26.

ദൈവദൂഷണപരമായതും ഇല്ലാത്തതുമായ അവകാശവാദങ്ങൾ ഉന്നയിച്ചുകൊണ്ട്, സർവ്വത്തിന്റേയും സ്രഷ്ടാവായ ദൈവത്തിൻറെ സൃഷ്ടിപ്പിൻറെ ശക്തി അവർ അവകാശപ്പെട്ടു. സഹിക്കാൻ കഴിയാത്ത, സ്വർഗ്ഗനിന്ദിതമായ ഈ ദുരുപദേശം അംഗീകരിക്കുവാൻ ക്രിസ്ത്യാനികൾക്ക് മരണഭീഷണി നേരിടേണ്ടിവന്നു. തിരസ്കരിച്ച അസംഖ്യംപേരെ തീക്ക് ഇരയാക്കി.

പതിമൂന്നാം നൂറ്റാണ്ടിൽ പാപ്പാത്വത്തിൻറെ ഏറ്റവും ക്രൂരമായ മതദ്രോഹവിചാരണ അഴിച്ചുവിട്ടു.

അന്ധകാരത്തിൻറെ പ്രഭു പാപ്പാത്വ ഭരണത്തിൻറെ നേതാക്കന്മാരെക്കൊണ്ട് താൻ വിചാരിച്ചതുപോലെ വേല ചെയ്യിച്ചു. അവരുടെ രഹസ്യയോഗത്തിൽ സാത്താനും അവൻറെ ദൂതന്മാരും മനുഷ്യമനസ്സുകളെ നിയന്ത്രിച്ചു. പക്ഷെ അതിൻറെ നടുവിൽ ദൈവദൂതൻ മറഞ്ഞുനിന്നുകൊണ്ട് അവരുടെ അന്യായ തീരുമാനങ്ങളുടെ ഭയാനകമായ രേഖകൾ തയ്യാറാക്കി. മാനുഷിക നേതങ്ങൾക്ക് വഹിക്കാൻ കഴിയാത്ത പ്രവൃത്തികളുടെ ചരിത്രവും ദൈവദൂതൻ എഴുതി: "മഹതിയാം ബാബിലോൺ", വിശുദ്ധന്മാരുടെ രക്തം കുടിച്ച് മത്തയായിത്തീർന്നു". അടിയും ഇടിയും കൊണ്ട് വികൃതമായ, മരണത്തിന് വിധിക്കപ്പെട്ട,

ലക്ഷക്കണക്കിന് രക്തസാക്ഷികൾ, ഈ വിശ്വാസം ത്യജി ക്കുന്ന ശക്തിയോട് പ്രതികാരം ചെയ്യാൻ ദൈവത്തോട് നിലവിളിച്ചു.

പാപ്പാത്വം ലോകത്തിൻറെ ഏകാധിപത്യമായി മാറി റോമിലെ പോപ്പിൻറെ ആജ്ഞകൾക്കുമുന്നിൽ രാജാക്കന്മാരും ചക്രവർത്തിമാരും തലകുനിച്ചു. നിത്യതയിലും ഇവിടെയും ഉള്ള മനുഷ്യൻറെ ഭാവി അവൻറെ നിയന്ത്രണത്തിൽ ആണെന്ന് തോന്നി. റോമിൻറെ ഉപദേശങ്ങൾ നൂറ്റാണ്ടുകളോളം, മനുഷ്യർ സത്യം അറിയാതെ, അംഗീകരിച്ചു. അതിൻറെ ആചാരങ്ങൾ എല്ലാം ഭക്തിപൂർവ്വം അനുഷ്ഠിച്ചു. ഉത്സവങ്ങൾ പൊതുവായി

കൊണ്ടാടപ്പെട്ടു. പുരോഹിതന്മാരെ വളരെ യോഗ്യതയുള്ളവരായി കരുതി ബഹുമാനിച്ചു. പിന്നീട് ഒരിക്കലും ഉണ്ടായിട്ടില്ലാത്തവിധം കത്തോലിക്കാസഭ പ്രതാപത്തിലും ധാരാളിത്വത്തിലും, അധികാരത്തിലും എത്തിച്ചേർന്നു.

പക്ഷെ, “പാപ്പാത്വത്തിൻറെ മദ്ധ്യാഹ്നം ലോകത്തിൻറെ അർദ്ധരാത്രി ആയിരുന്നു”. -j. A. Wylie, The History of Protestantism, b, 1, ch. 4. ജനങ്ങൾക്ക് മാത്രമല്ല, പുരോഹിതന്മാർക്കും തിരുവചനം അജ്ഞാതമായി. പുരാതന പരീശന്മാരെപ്പോലെ പാപ്പാത്വനായകന്മാരും അവരുടെ

പാപത്തെ തുറന്നുകാണിക്കുന്ന വെളിച്ചത്തെ വെറുത്തു. നീതിയുടെ മാനദണ്ഡമായ ദൈവത്തിൻറെ പത്തു കല്പനകൾ മാറ്റിയതിനുശേഷം യാതൊരു അതിരും ഇല്ലാതെ അധികാരം പ്രയോഗിച്ചു. തെറ്റുകളെ തടസ്സം കൂടാതെ നടപ്പാക്കി. വഞ്ചനയും അത്യാഗ്രഹവും നശീകരണവും നടമാടി. പണത്തിനും സ്ഥാനമാനങ്ങൾക്കും വേണ്ടി എന്തു തെറ്റും മനുഷ്യർ ചെയ്തു. പോപ്പിൻറെയും ബിഷപ്പുമാരുടെയും കൊട്ടാരങ്ങൾ ലജ്ജാവഹമായ, ദുസ്വഭാവങ്ങളുടെ കേളീരംഗമായി മാറി. ചില ഭരണകർത്താക്കളായ പോപ്പുമാർ ശിക്ഷാർഹമായ കുറ്റങ്ങൾ ചെയ്തു. സഭയുടെ ബഹുമാന്യരായ ഭീകരന്മാരുടെ ഇത്തരം ലജ്ജാവഹമായ വഹിക്കാൻ

പറ്റാത്ത കുറ്റകൃത്യങ്ങൾമൂലം അവരെ മാറ്റാൻ ഭരണകർത്താക്കൾ ആവും വിധം ശ്രമിച്ചു. നൂറ്റാണ്ടുകളോളം യൂറോപ്പിൽ പഠനത്തിനോ കലയ്ക്കോ സംസ്കാരത്തിനോ യാതൊരുയർച്ചയും ഉണ്ടായില്ല. ക്രിസ്തീയ രാജ്യങ്ങൾക്ക് സന്മാർഗ്ഗികവും ബുദ്ധിപരവുമായ തളർച്ച അനുഭവപ്പെട്ടു.

ഹേശേയാ പ്രവാചകൻറെ വാക്കുകളുടെ ഭയാനകവും ചിന്തിക്കത്തക്കതുമായ നിവൃത്തിയായിരുന്നു റോമാശക്തി കാഴ്ചവെച്ച ലോകത്തിൻറെ അവസ്ഥ. "പരിജ്ഞാനം ഇല്ലായ്കയാൽ എൻറെ ജനം നശിച്ചു പോകുന്നു; പരിജ്ഞാനം ത്യജിക്കകൊണ്ട്..... ഞാൻ നിന്നെയും ത്യജിക്കും. നീ നിൻറെ ദൈവത്തിൻറെ

ന്യായപ്രമാണം മറന്നുകളഞ്ഞതുകൊണ്ട് ഞാനും നിൻറെ മക്കളെ മറക്കും”. “ദേശത്ത് സത്യവും ഇല്ല, ദയയും ഇല്ല, ദൈവപരിജ്ഞാനവും ഇല്ല. അവർ ആണയിടുന്നു; ഭോഷ്ക്ക് പറയുന്നു; കൊലചെയ്യുന്നു; മോഷ്ടിക്കുന്നു; വ്യഭിചരിക്കുന്നു; വീട് മുറിക്കുന്നു; രക്തപാതകത്തോട് രക്തപാതകം കൂട്ടുന്നു” (ഹൊശേയാ 4:1,2). അതാണ് ദൈവവചനം ഉപേക്ഷിച്ചതിൻറെ ഫലം.

# അദ്ധ്യായം 4—വാൽഡൻസുകൾ

ആത്മീകാന്ധകാരം ലോകത്തിന്മേൽ വീഴ്ത്തിയ പാപ്പാത്വ അധികാരത്തിൻറെ നീണ്ട വർഷങ്ങളിൽ പോലും സത്യവെളിച്ചം മുഴുവനായി കെടുത്തിക്കളയാൻ കഴിഞ്ഞില്ല. എല്ലാ കാലഘട്ടങ്ങളിലും ദൈവത്തിൻറെ സാക്ഷികൾ ഉണ്ടായിരുന്നു. അവർ ദൈവത്തിനും മനുഷ്യനും ഇടയിലുള്ള ഏക മദ്ധ്യസ്ഥനായി ക്രിസ്തുവിനെ വിശ്വസിച്ചിരുന്നു. അവർക്ക് ജീവിതത്തോത് വേദപുസ്തകം മാത്രമായിരുന്നു. അവർ യഥാർത്ഥ ശബ്ദത്തിനെ വിശുദ്ധമായി ആചരിച്ചിരുന്നു. ഇവരോട് ലോകം എത്രമാത്രം കടപ്പെട്ടിട്ടുണ്ടെന്ന്

പിൽക്കാല തലമുറകൾ ഒരിക്കലും അറിയുകയില്ല. എന്നാൽ അവർ നവീന ചിന്താഗതിക്കാരായും അവരുടെ ഉന്നം ചോദ്യം ചെയ്യപ്പെടേണ്ടതായും, സ്വഭാവം ചീത്തയായും, എഴുത്തുകൾ പൂഴ്ത്തി വയ്ക്കേണ്ടവയായും, തെറ്റായി വ്യാഖ്യാനിക്കപ്പെടേണ്ടവയായും മുദ്രകുത്തപ്പെട്ടു. എന്നിട്ടും അവർ ഉറച്ചുനിന്നു. യുഗങ്ങളോളം തങ്ങളുടെ വിശ്വാസത്തെ വിശുദ്ധമായി കാത്തു. അതാണ് അവർ പിൽക്കാല തലമുറകൾക്ക് കൊടുത്ത വിശുദ്ധ പൈതൃകം.

റോമിൻറെ അധീനതയിൽ അന്ധകാരയുഗത്തിൽ ജീവിച്ചിരുന്ന ദൈവ ജനത്തിൻറെ ചരിത്രം

സ്വർഗ്ഗത്തിൽ എഴുതപ്പെട്ടിട്ടുണ്ട്.
എന്നാൽ മനുഷ്യൻറെ എഴുത്തുകളിൽ
അവ വളരെ കുറച്ചു മാത്രമേയുള്ളൂ.
അവരെ പീഡിപ്പിച്ചിരു ന്നവരുടെ
കുറ്റാരോപണങ്ങൾ അല്ലാതെ അവർ
ജീവിച്ചിരുന്നു എന്നതിൻറെ തെളിവ്
കണ്ടെത്താൻ കഴിയുകയില്ല. റോമിൻറെ
ഉപദേശങ്ങളേയോ വിധിക ളേയോ
അംഗീകരിക്കാത്തവരുടെ പൊടിപോലും
ഇല്ലാതാക്കുക എന്നുള്ളതായിരുന്നു
റോമിൻറെ നയം. അവരുടെ
ഉപദേശത്തിനെതിരായ
വ്യക്തികളായാലും, എഴുത്തുകളായാലും
അവയെ നശിപ്പിച്ചിരുന്നു.
പാപ്പാത്വോപദേശങ്ങളുടെ
ആധികാരികതയെക്കുറിച്ച്
സംശയിക്കുകയൊ ചോദിക്കുകയൊ

ചെയ്യുന്നവർ എത്ര വലിയവനോ ചെറിയവനോ ധനികനോ ദരിദ്രനോ ആയാലും ശരി, അവൻ തൻറെ ജീവൻ പിഴ നൽകണമായിരുന്നു. എതിരാളികളോട് ചെയ്ത ക്രൂരതയുടെ രേഖകൾ റോം നശിപ്പിക്കാൻ ശ്രമിച്ചു. അങ്ങനെയുള്ള എല്ലാ എഴുത്തുകളും പുസ്തകങ്ങളും തീ കത്തിച്ചുകളയണമെന്ന് പോപ്പിൻറെ കൗൺസിൽ വിധിച്ചു. അച്ചടി കണ്ടുപിടിക്കുന്നതിനുമുൻപ് പുസ്തകങ്ങൾ എണ്ണത്തിൽ വളരെ കുറവായിരുന്നു. ഉള്ളവ സൂക്ഷിച്ചുവയ്ക്കാവുന്ന രീതിയിലും ആയിരുന്നില്ല. അതുകൊണ്ട് റോമാമതവാദികളെ പിന്തിരിപ്പിക്കുന്നതിന് കാര്യമായൊന്നുമില്ലായിരുന്നു.

റോമിൻറെ അധികാരപരിധിയിൽപ്പെട്ട ഒരു സഭയേയും തടസ്സം കൂടാതെ മനസ്സാക്ഷിയുടെ സ്വാതന്ത്ര്യം അനുഭവിക്കുവാൻ അനുവദിച്ചിരുന്നില്ല. പാപ്പാത്വം അധികാരത്തിൽ വന്ന ഉടനെ, തൻറെ ചാഞ്ചല്യം അംഗീകരിക്കാത്ത എല്ലാ സഭകളെയും കെയ്യുള്ളിൽ ഞെക്കിപ്പിഴിഞ്ഞു. അങ്ങനെ ഒന്നിനു പിറകെ ഒന്നായി എല്ലാ സഭകളും തൻറെ അധികാരം അംഗീകരിച്ചു.

ബ്രിട്ടനിൽ പുരാതന ക്രിസ്ത്യാനിത്വം വളരെ നേരത്തേ വേരുറച്ചിരുന്നു. ഒന്നാം നൂറ്റാണ്ടിൽ അവർക്ക് കിട്ടിയ വിശ്വാസം അന്ന് റോമൻ ഉപദേശങ്ങ

ളാൽ തെറ്റിയിരുന്നില്ല. അക്രൈസ്തവ ചക്രവർത്തിമാരാൽ ക്രിസ്ത്യാനികൾ അനുഭവിച്ച ക്രൂരമായ പീഡനം ഈ വിദൂര തീരത്തെത്തിയപ്പോൾ, അതു മാത്രമായിരുന്നു ബ്രിട്ടനിലെ ആദിമ സഭകൾക്ക് ലഭിച്ച റോമിൻറെ സമ്മാനം. അനേകം ക്രിസ്ത്യാനികൾ പീഡനം ഭയന്ന് ഇംഗ്ലണ്ടിൽനിന്നും സ്കോട്ലണ്ടിലേക്ക് അഭയംതേടി, അവിടെനിന്നും അയർലണ്ടിലേക്കും. അവർ പോയപ്പോൾ കൊണ്ടുപോയ തിരുവചനസത്യം ഈ ദേശങ്ങളിൽ എല്ലാ മനുഷ്യരും സന്തോഷത്തോടെ സ്വീകരിച്ചു.

സാക്സൻ എന്ന വർഗ്ഗം ബ്രിട്ടനെ ആക്രമിച്ചപ്പോൾ ജാതീയാചാരങ്ങൾ

അവരെ നിയന്ത്രിച്ചു. അടിമകളിൽനിന്ന് പഠിക്കുന്നത് ജേതാക്കൾക്ക് നിന്ദിതമായിരുന്നു. ക്രിസ്ത്യാനികൾ പർവ്വതങ്ങളിലേയും കാടുകളിലേയും ഏകാന്തതയിൽ അഭയം തേടാൻ നിർബന്ധിതരായി. എന്നിട്ടും ഒരു കാലത്തെയ്ക്ക്, മറഞ്ഞിരുന്ന പ്രകാശം തുടർന്നുകൊണ്ടിരുന്നു. ഒരു നൂറ്റാണ്ടിനുശേഷം സ്കോട്ലണ്ടിൽ തെളിക്കപ്പെട്ട പ്രകാശം വിദൂര സ്ഥലങ്ങളിലും എത്തി. അയർലണ്ടിൽനിന്നു വന്ന കൊളംബാ എന്ന വിശുദ്ധനും അവൻറെ സഹപ്രവർത്തകരും അയോണയെന്ന ദ്വീപിലെ ചിതറിയിരുന്ന വിശ്വാസികളെ കൂട്ടിച്ചേർത്ത് അവിടെ മിഷനറി പ്രവർത്തനത്തിന്റെ കേന്ദ്രമാക്കി. ഈ

സുവിശേഷകരിൽ ഒരാൾ വേദപുസ്തക ശബ്ദത്ത് അനുസരിച്ചിരുന്നു. ആയാളിൽനിന്ന് സത്യം മറ്റ മനുഷ്യരിലേയ്ക്കും വ്യാപിച്ചു. അയോണയിൽ ഒരു പള്ളിക്കൂടം സ്ഥാപിച്ചു. അവിടെനിന്നും സുവിശേഷ വേലക്കാർ പുറപ്പെട്ടുപോയി. അവർ സ്കോട്ടലണ്ട്, ഇംഗ്ലണ്ട് തുടങ്ങിയ രാജ്യങ്ങൾ മാത്രമല്ല, ജർമ്മനി, സ്വിറ്റ്സർലന്റ്, ഇറ്റലി എന്നിവിടങ്ങളിൽപോലും എത്തി.

എങ്കിലും റോം ബ്രിട്ടൻറെ മേൽ ദൃഷ്ടിവെച്ച് അവളെ തൻറെ അധീനതയിൽ കൊണ്ടുവരാൻ ആഗ്രഹിച്ചു. ആറാം നൂറ്റാണ്ടിൽ റോമിൻറെ മിഷനറിമാർ ജാതീയ

സാക്ഷ്യങ്ങളെ മനം തിരിപ്പിച്ചു.
അഭിമാനികളായ ബർബരന്മാർ
അവരെ നല്ല മനസ്സോടെ സ്വീകരിച്ചു.
റോമിൻറെ വിശ്വാസം സ്വീകരിക്കുവാൻ
ആയിരങ്ങളെ പ്രേരിപ്പിച്ചു. അങ്ങനെ
വേല പുരോഗമിച്ചപ്പോൾ പാപ്പാത്വ
നേതാക്കന്മാരും അവരോട്
ചേർന്നവരും പുരാതന
ക്രിസ്ത്യാനികളുമായി ഏറ്റുമുട്ടി.
പ്രത്യക്ഷമായ വൈപരീത്യം പ്രകടമായി.
ആദിമ ക്രിസ്ത്യാനികൾ
വേദപുസ്തകത്തിന് അനുയോജ്യമായ
സ്വഭാവവും ഉപദേശവും മര്യാദയും
ഉള്ളവരും താഴ്ചയുള്ളവരും ലളിത
ജീവിതം നയിച്ചിരുന്നവരും ആയിരുന്നു.
മറ്റുള്ളവർ പാപ്പാത്വത്തിൻറെ
അന്ധവിശ്വാസവും ധൂർത്തും ഡംഭവും

കാണിക്കുന്നവരും ആയിരുന്നു. പോപ്പിനെ സർവ്വാധികാരിയായി അംഗീകരിക്കണമെന്ന് റോമിൽനിന്ന് അയയ്ക്കപ്പെട്ടവർ ആവശ്യപ്പെട്ടു. സഭയുടെ സർവ്വാധികാരം പോപ്പിനല്ലെന്നും അവർ എല്ലാവരേയും സ്നേഹിക്കാനാണാഗ്രഹിക്കുന്നതെന്നും ക്രിസ്തുവിൻറെ ഏതൊരു അനുയായിക്കും കിട്ടേണ്ടതായ ബഹുമാനം മാത്രമേ പോപ്പിനും കൊടുക്കുകയുള്ളുവെന്നും ആണ് അവർ സൗമ്യതയോടെ പറഞ്ഞ മറുപടി. അവരെ റോമിന് വിധേയരാക്കുവാൻ വീണ്ടും വീണ്ടും ശ്രമിച്ചു. പക്ഷെ റോമാപ്രതിനിധികളിൽ കണ്ട അഹങ്കാരത്തിൽ അത്ഭുതസ്തബ്ദരായ അവർ ക്രിസ്തുവല്ലാതെ വേറൊരു യജമാനനേയും തങ്ങൾ

അറിയുന്നില്ലെന്ന് ഉറപ്പിച്ചുപറഞ്ഞു. അപ്പോൾ പാപ്പാത്വത്തിൻറെ ശരിയായ രൂപം പ്രകടമായി. "സമാധാനവുമായി നിങ്ങളുടെയടുത്തുവരുന്ന സഹോദരങ്ങളെ നിങ്ങൾ സ്വീകരിക്കുന്നില്ലെങ്കിൽ യുദ്ധം കൊണ്ടുവരുന്ന ശത്രുക്കളെ നിങ്ങൾ തീർച്ചയായും സ്വീകരിക്കും. നിങ്ങൾ ഞങ്ങളോട് ചേർന്ന് സാക്ഷ്യങ്ങളെ ജീവിതത്തിൻറെ വഴി കാണിച്ചുകൊടുത്തില്ലെങ്കിൽ നിങ്ങൾ അവരിൽ നിന്ന് മരണം അനുഭവിക്കും" എന്ന് റോമാനേതാവ് പറഞ്ഞു. --H. Merle D'Aubigne, History of the Reformation of the Sixteenth Century, b. 17, ch. 2. ഇവ വെറും ഭീഷണിയല്ലായിരുന്നു. ബ്രിട്ടനിലെ

പള്ളികൾ നശിക്കുന്നതു വരെ
അല്ലെങ്കിൽ അവർ പോപ്പിൻറെ
പരമാധികാരത്തിനു കീഴ്പെടുന്നതു വരെ
ഈ വേദപുസ്തക സാക്ഷികൾക്ക്
എതിരായി യുദ്ധവും പീഡനവും
വഞ്ചനയും അഴിച്ചുവിട്ടു.

റോമാധികാരത്തിന് അപ്പുറത്തുള്ള
സ്ഥലങ്ങളിൽ നൂറ്റാണ്ടുകളോളം
നിലനിന്നിരുന്ന ക്രിസ്തീയക്കൂട്ടങ്ങൾ
പാപ്പാത്വമ്ലേച്ഛതയിൽനിന്നും പൂർണ്ണ
വിമുക്തരായി ജീവിച്ചിരുന്നു. അവർ
ജാതീയതയാൽ ചുറ്റപ്പെട്ടവരും
കാലാന്തരംകൊണ്ട് ഇതിൻറെ
തെറ്റുകളിൽ കടന്നുകൂടിയവരും
ആയിരുന്നു. എങ്കിലും അവർ
വേദപുസ്തകത്തെ അവരുടെ

വിശ്വാസത്തിനാധാരമായി തുടർന്നും കരുതിയിരുന്നു. അതിലെ മിക്കവാറും സത്യങ്ങൾ അവർ ജീവിതത്തിൽ പാലിച്ചിരുന്നു. ഈ ക്രിസ്ത്യാനികൾ ദൈവത്തിൻറെ കല്പനകളെ വിശ്വസിക്കയും നാലാം കല്പനയായ ശബ്ബത്ത് ആചരിക്കുകയും ചെയ്തിരുന്നു. ഈ വിശ്വാസാചാരങ്ങൾ മുറുകെ പിടിച്ചിരുന്നവർ മദ്ധ്യാഫ്രിക്കയിലും ഏഷ്യയിലെ അർമ്മേനികളുടെ ഇടയിലും ആയിരുന്നു ഉണ്ടായിരുന്നത്.

പാപ്പാത്വാധികാരം അതിക്രമിച്ചു കയറുന്നത് തടഞ്ഞിരുന്നവരിൽ മുൻപന്മാർ വാൽഡൻസിലെ ക്രിസ്ത്യാനികൾ ആയിരുന്നു. പാപ്പാത്വഘടനയുടെ സിംഹാസനം

എവിടെ ഉറപ്പിച്ചിരുന്നുവോ അതേ സ്ഥലത്തുതന്നെ, അതിൻറെ തെറ്റുകളും സദാചാര തകർച്ചയും കർശനമായി എതിർക്കപ്പെട്ടു. നൂറ്റാണ്ടു കളോളം പീഡ്കൊണ്ടിലെ സഭകൾ അവരുടെ സ്വാതന്ത്ര്യം നിലനിർത്തി. പക്ഷെ അവസാനം അവരുടെ കീഴടങ്ങൽ അനിവാര്യമാക്കുന്ന സമയം വന്നു. ഫലപ്രദമല്ലാത്ത സംഘട്ടനങ്ങൾ റോമിൻറെ ക്രൂരശക്തിക്ക് എതിരായി നടന്നു. ഒടുവിൽ ലോകം മുഴുവനും ആദരിക്കുന്നുയെന്ന് തോന്നിക്കുന്ന ഈ പരമാധികാരത്തെ ഈ സഭാനേതാക്കൾ വൈമനസ്യത്തോടെ അംഗീകരിച്ചു. എന്നിട്ടും പോപ്പിനും ബിഷപ്പുമാർക്കും കീഴ്പെടുവാൻ വിസമ്മതിച്ചവർ കുറച്ചു പേർ

ഉണ്ടായിരുന്നു. അവർ ദൈവത്തോടുള്ള കടമ നിലനിർത്തുവാനും വിശ്വാസത്തിൻറെ വിശുദ്ധിയും ലാളിത്യവും കാത്തുസൂക്ഷിക്കുവാനും തീരുമാനിച്ചു; ഒരു വേർതിരിവ് ഉണ്ടായി. പുരാതന വിശ്വാസത്തെ മുറുകെപ്പിടിച്ചവർ ഒഴിഞ്ഞുമാറി. ചിലർ സ്വന്തദേശമായ ആൽപ്സ് വിട്ട് സത്യത്തിൻറെ പതാക അന്യനാട്ടുകളിൽ ഉയർത്തി. മറ്റുള്ളവർ പർവ്വതങ്ങളിലെ പാറകളിലും ഗുഹകളിലും, താഴ്വരകളിലുമായി ഒറ്റപ്പെട്ടു. എങ്കിലും ദൈവത്തെ ആരാധിക്കുവാനുള്ള സ്വാതന്ത്ര്യം അവർ കാത്തു സൂക്ഷിച്ചു.

വാൽഡൻസ് ക്രിസ്ത്യാനികൾ നൂറ്റാണ്ടുകളായി വിശ്വസിക്കയും പഠിപ്പിക്കയും ചെയ്തിരുന്ന വിശ്വാസം, റോം കൊണ്ടുവന്ന ഉപദേശങ്ങൾക്ക് നേരേ വിപരീതമായിരുന്നു. അവരുടെ മതപരമായ വിശ്വാസം എഴുതപ്പെട്ട ദൈവ വചനത്തിൽ അധിഷ്ഠിതവും ക്രിസ്ത്യാനിത്വത്തിൻറെ സത്യഘടനയും ആയിരുന്നു. പക്ഷെ, ഈ പാവപ്പെട്ട കർഷകർ തങ്ങളുടെ അറിയപ്പെടാത്ത ജീവിതത്തിൽ ലോകവുമായുള്ള ബന്ധം വിഛേദിക്കപ്പെട്ടവരായി. അവർക്ക് മുന്തിരിത്തോട്ടങ്ങളിലും മറ്റും ദിവസംതോറും ദീർഘമണിക്കൂറുകൾ വേല ചെയ്യേണ്ടിവന്നു. അതുകൊണ്ട് വിശ്വാസം ത്യജിച്ച റോമാസഭയുടെ തത്വങ്ങൾക്കും നവീന

ഉപദേശങ്ങൾക്കും എതിരായി സത്യത്തിൽ എത്തിച്ചേരാൻ അവർക്ക് സ്വയമേ കഴിഞ്ഞില്ല. അവരുടെ വിശ്വാസം പുതുതായി കിട്ടിയ ഒന്നല്ലായിരുന്നു. മതപരമായ അവരുടെ വിശ്വാസം പൈതൃകമായിരുന്നു. "വിശുദ്ധ ന്മാർക്ക് ഒരിക്കലായിട്ട് ഭരമേല്പിച്ചിരിക്കുന്ന വിശ്വാസമായ (യൂദാ. 3) അപ്പൊസ്തലിക സഭയുടെ വിശ്വാസത്തിൽ അവർ സംതൃപ്തരായിരുന്നു. ലോകത്തിന് കൊടുക്കുന്നതിന് ദൈവം ഏല്പിച്ച സത്യനിക്ഷേപത്തിൻറെ സൂക്ഷിപ്പുകാർ, ലോകത്തിൻറെ തലസ്ഥാനത്ത് സിംഹാസനാരൂഢയായ അഹങ്കാരികളായ പുരോഹിതന്മാരുടെ

ഭരണകൂടം അല്ല, പിന്നെയോ മരുഭൂമിയിലെ സഭയാണ്.

സത്യസഭയെ റോമാസഭയിൽനിന്ന് വേർതിരിക്കാൻ ഉണ്ടായ കാരണങ്ങളിൽ അതിപ്രധാനമായത് റോമിന് വേദപുസ്തക ശബ്ദത്തിനോടുള്ള വെറുപ്പായിരുന്നു. പ്രവചനം പറയുന്നതുപോലെ പാപ്പാത്വശക്തി സത്യത്തെ ഉപേക്ഷിച്ചു. ദൈവത്തിൻറെ ന്യായപ്രാമണത്തെ നിന്ദിച്ചു. എന്നിട്ട് പാരമ്പര്യവും ആചാരങ്ങളും ഉയർത്തി സ്ഥാപിച്ചു. പാപ്പാത്വ ഭരണത്തിൻ കീഴിലായിരുന്ന സഭകളെ നേരത്തേതന്നെ ഞായറാഴ്ച്ച വിശുദ്ധമായി ആചരിക്കാൻ നിർബ്ബന്ധിച്ചിരുന്നു. ഈ

തെറ്റുകളുടേയും
അന്ധവിശ്വാസങ്ങളുടേയും മദ്ധ്യത്തിൽ
ദൈവജനം അവരുടെ സംഭവത്തിൽ
ശബ്ബത്ത് അനുഷ്ഠിക്കുന്നതിനോടൊപ്പം
ഞായറാഴ്ചയും ജോലിയിൽനിന്ന്
വിരമിച്ചു. പക്ഷെ അത്
പാപ്പാനേതാക്കന്മാരെ
തൃപ്തിപ്പെടുത്തിയില്ല. ഞായറാഴ്ച
വിശുദ്ധമായി ആചരിച്ചാൽ മാത്രം
പോരാ, ശബ്ബത്തിനെ അശുദ്ധമാക്കണം
എന്നും അവർ ആവശ്യപ്പെട്ടു.
അനുസരിക്കാത്തവരെ പരുഷമായി
അപലപിച്ചു. റോമിൻറെ
അധികാരത്തിൽനിന്ന്
ഒളിച്ചോടിയെങ്കിൽ മാത്രമേ
ദൈവത്തിൻറെ കല്പന സമാധാനത്തിൽ
അനുസരിപ്പാൻ സാധിക്കുമായിരുന്നുള്ളൂ.

യൂറോപ്പിലെ പല സമൂഹങ്ങളിലും വെച്ച് ആദ്യം തിരുവചനം തർജ്ജിമ ചെയ്തത് വാൽഡൻസ്യർ ആയിരുന്നു. നവീകരണത്തിന് നൂറ്റാണ്ടുകൾക്കു മുൻപ് അവരുടെ സ്വന്തഭാഷയിൽ എഴുതിയ തിരുവചനത്തിൻറെ കയ്യെഴുത്തു പ്രതികൾ അവർക്കുണ്ടായിരുന്നു. മായം ചേർക്കാത്ത വചനം അവർക്കുണ്ടായിരുന്നു എന്നുള്ളത് വിരോധത്തിനും ശിക്ഷയ്ക്കുമുള്ള പ്രത്യേക കാരണമായി. റോമാസഭയെ വെളിപ്പാട് പുസ്തകത്തിൽ പറഞ്ഞിരിക്കുന്ന, വിശ്വാസത്യാഗിനിയായ മഹതിയാം ബാബിലോൺ ആയി അവർ പ്രഖ്യാപിച്ചു. ഈ സഭയുടെ തെറ്റുകൾക്ക്

എതിരെ ജീവൻ പണയപ്പെടുത്തി എതിർത്തു നിന്നു. ദീർഘമായ ശിക്ഷണ നടപടികളുടെ സമ്മർദ്ദത്താൽ ചിലരെല്ലാം വിശേഷതയേറിയ വിശ്വസ്തതത്വങ്ങളെ അല്പാല്പമായി ബലികഴിച്ച് തങ്ങളുടെ വിശ്വാസത്തെ റോമിൻറെ വിശ്വാസവുമായി അനുരഞ്ജനപ്പെടുത്തി. വേറെ ചിലർ സത്യത്തിനുവേണ്ടി നിലകൊണ്ടു. അന്ധകാരയുഗത്തിൻറെ മുഴുവൻ കാലഘട്ടത്തിലും, വിശ്വാസത്യാഗത്തിൻറെ കാലഘട്ടത്തിലും വാൽഡൻസ്യർ റോമിൻറെ പരമാധികാരം അംഗീകരിച്ചില്ല. അവർ പ്രതിമയെ ആരാധിക്കുന്നത് വിഗ്രഹാരാധനയായി തള്ളുകയും സത്യ ശബ്ബത്ത്

ആചരിക്കുകയും ചെയ്തു. ശിക്ഷകളുടെ ക്രൂരമായ കൊടുങ്കാറ്റിൻറെ മദ്ധ്യത്തിലും അവർ തങ്ങളുടെ വിശ്വാസം സംരക്ഷിച്ചു. അറ്റത്ത് ചുണ്ട് ഘടിപ്പിച്ച ചാട്ടവാറുകൊണ്ട് അടിയേറ്റ് മുറിഞ്ഞിട്ടും, വിറക് കത്തിച്ച് പൊള്ളിച്ചിട്ടും അവർ കുലുങ്ങാതെ ദൈവത്തിൻറെ വചനത്തിനും ദൈവമഹത്വത്തിനും വേണ്ടി ഉറച്ചുനിന്നു.

ക്രൂരമായ ശിക്ഷണ നടപടികൾക്ക് ഇരയായിത്തീർന്നവർക്ക് എക്കാലത്തും പർവ്വതങ്ങളിലെ ഉയർന്ന സങ്കേതങ്ങൾ ആയിരുന്നു അഭയസ്ഥാനം. മദ്ധ്യയുഗത്തിലെ അന്ധകാരത്തിൽ സത്യത്തിൻറെ വെളിച്ചം അണയാതെ അവർ

കാത്തുസൂക്ഷിച്ചു. ആയിരം വർഷത്തോളം ഇവിടെ, സത്യത്തിൻറെ സാക്ഷികൾ പുരാതന വിശ്വാസം നിലനിർത്തി.

അവരെ ഭരമേല്പിച്ചിരുന്ന മഹൽസത്യത്തിന് അനുയോജ്യമായ പ്രതാപം നിറഞ്ഞതായ ഒരു വിശുദ്ധമന്ദിരം അവർക്ക് നൽകിയിരുന്നു. ആ രാജ്യഭ്രഷ്ടരായ വിശ്വസ്തർക്ക് പർവ്വതങ്ങൾ യഹോവയുടെ സുസ്ഥിരമായ നീതിയുടെ ചിഹ്നമായിരുന്നു. തങ്ങൾക്ക് മുകളിലായി രാജകീയ പ്രൗഢിയോടുകൂടെ മാറ്റമില്ലാതെ ഉയർന്നു നിൽക്കുന്ന പർവ്വത ശിഖരങ്ങളെ തങ്ങളുടെ കുഞ്ഞുങ്ങൾക്ക്

ചൂണ്ടിക്കാട്ടിയിട്ട് അവർ ദൈവത്തെപ്പറ്റിയും ദൈവത്തിൻറെ മാറ്റമില്ലായ്മയെപ്പറ്റിയും പറഞ്ഞുകൊടുത്തു. എന്നെന്നേയ്ക്കും മാറ്റമില്ലാതെ നിൽക്കുന്ന ഈ പർവ്വതംപോലെ ദൈവത്തിൻറെ വചനത്തിനും മാറ്റം ഒരിക്കലും ഇല്ലെന്ന് പറഞ്ഞുകൊടുത്തു. ദൈവം ആണ് ഈ പർവ്വതങ്ങളെ സൃഷ്ടിച്ചതും അവയെ ശക്തി ധരിപ്പിച്ചതും. ദൈവത്തിൻറെ അനന്തമായ ശക്തിക്കല്ലാതെ ആർക്കും ഇവയെ അവയുടെ സ്ഥാനത്തുനിന്നും മാറ്റാൻ സാധ്യമല്ല. അതേ രീതിയിൽ ദൈവം തൻറെ കല്പനകളെ സ്ഥാപിച്ചിരിക്കുന്നു. സ്വർഗ്ഗീയ ഗവണ്മെൻറിൻറേയും ഭൂമിയിലെ ഗവൺമെന്റിന്റേയും അടിസ്ഥാനം

ദൈവത്തിൻറെ പത്തു കല്പനകളാണ്.
മനുഷ്യകരങ്ങൾക്ക് മറ്റുള്ളവരെ പിടിച്ച്,
അവരുടെ ജീവിതം നശിപ്പിക്കാം.
പക്ഷെ, അതേ കരങ്ങൾകൊണ്ട്
പർവ്വതങ്ങളെ അതിൻറെ
സ്ഥാനത്തുനിന്ന് പിഴുതെടുത്ത് കടലിൽ
വലിച്ചെറിയുവാൻ സാധ്യമല്ല.
ദൈവയിഷ്ടം ചെയ്യുന്നവർക്ക് ദൈവം
കൊടുത്തിരിക്കുന്ന വാഗ്ദത്തങ്ങളിൽ
ഒന്നുപോലും നീക്കം ചെയ്യാൻ
മനുഷ്യർക്കസാധ്യം.
ദൈവകല്പനകളോട് വിശ്വസ്തത

ദൈവത്തിൻറെ

1. ഞാനല്ലാതെ അന്യദൈവങ്ങൾ
നിനക്കു ഉണ്ടാകരുതു.

2. ഒരു വിഗ്രഹം ഉണ്ടാക്കരുതു; മീതെ സ്വർഗ്ഗത്തിൽ എങ്കിലും താഴെ ഭൂമിയിൽ എങ്കിലും ഭൂമിക്കു കീഴെ വെള്ളത്തിൽ എങ്കിലും ഉള്ള യാതൊന്നിൻറെ പ്രതിമയും അരുതു. അവയെ നമസ്കരിക്കയോ സേവിക്കയോ ചെയ്യരുതു. നിൻറെ ദൈവമായ യഹോവയായ ഞാൻ തീക്ഷ്ണതയുള്ള ദൈവം ആകുന്നു; എന്നെ പകെക്കുന്നവരിൽ പിതാക്കന്മാരുടെ അകൃത്യം മൂന്നാമ മൂന്നാമത്തെയും നാലാമത്തെയും തലമുറവരെ മക്കളുടെ മേൽ സന്ദർശിക്കയും എന്നെ സ്നേഹിച്ചു എൻറെ കല്പനകളെ പ്രമാണിക്കുന്നവർക്കു ആയിരം തലമുറവരെ ദയ കാണിക്കയും ചെയ്യുന്നു.

3. നിൻറെ ദൈവമായ യഹോവയുടെ നാമം നിനക്കു തരുന്ന ദേശത്തു നിനക്കു ദീർഘായു സ്സുണ്ടാകുവാൻ നിൻറെ അപ്പനെയും അമ്മ യെയും ബഹുമാനിക്ക.

4. ശബ്ബത്ത് നാളിനെ ശുദ്ധീകരിപ്പാൻ ഓർക്ക. ആറു ദിവസം അദ്ധ്വാനിച്ചു നിൻറെ വേല ഒക്കെയും ചെയ്യുക. ഏഴാം ദിവസം നിൻറെ ദൈവമായ യഹോവയുടെ ശബ്ബത്ത് ആകുന്നു; അന്നു നീയും നിൻറെ പുത്രനും പുത്രിയും നിൻറെ വേലക്കാരനും വേലക്കാരത്തിയും നിൻറെ കന്നുകാലികളും നിൻറെ പടിവാതില്ക്കകത്തുള്ള പരദേശിയും ഒരു വേലയും ചെയ്യരുതു. ആറു ദിവസം

കൊണ്ടു യഹോവ ആകാശവും ഭൂമിയും സമുദ്രവും അവയിലുള്ളതാക്കെയും ഉണ്ടാക്കി, ഏഴാം ദിവസം സ്വസ്ഥമായിരുന്നു. അതു കൊണ്ടു യഹോവ ശബ്ബത്ത് നാളിനെ അനുഗ്രഹിച്ചു ശുദ്ധീകരിച്ചിരിക്കുന്നു.

ന്യായപ്രമാണം

5. നിൻറെ ദൈവമായ യഹോവ നിനക്കു തരുന്ന ദേശത്തു നിനക്കു ദീർഘായുസ്സുണ്ടാകുവാൻ നിൻറെ അപ്പനെയും അമ്മയെയും ബഹുമാനിക്ക.

6. കൊല ചെയ്യരുതു.

7.വ്യഭിചാരം ചെയ്യരുതു.

8. മോഷ്ടിക്കരുതു.

9. കൂട്ടുകാരൻറെ നേരെ കള്ളസാക്ഷ്യം പറയരുതു.

10. കൂട്ടുകാരൻറെ ഭവനത്തെ മോഹിക്കരുതു, കൂട്ടുകാരൻറെ ഭാര്യയെയും അവൻറെ ദാസനെയും ദാസിയെയും അവൻറെ കാളയെയും കഴുതയെയും കൂട്ടുകാരനുള്ള യാതൊന്നിനെയും മോഹിക്കരുതു. പുലർത്തുന്ന ദൈവദാസന്മാർ ഇളക്കമില്ലാത്ത ഈ കുന്നുകളെപ്പോലെ ഉറപ്പുള്ളവർ ആയിരിക്കണം.

പർവ്വതങ്ങളാൽ ചുറ്റപ്പെട്ട താഴ്വരകൾ ദൈവത്തിൻറെ സൃഷ്ടിശക്തിയുടെ സ്ഥിരമായ സാക്ഷ്യമായിരുന്നു. കൂടാതെ അവ ഒരിക്കലും വീഴ്ച വരാത്ത ദൈവിക സംരക്ഷണത്തിൻറെ ഉറപ്പും ആയിരുന്നു. ആ തീർത്ഥയാത്രക്കാർ യഹോവയുടെ നിശ്ശബ്ദചിഹ്നങ്ങളെ സ്നേഹിക്കുവാൻ പഠിച്ചു. അവർ തങ്ങളുടെ ജീവിത ഭാരങ്ങളെപ്പറ്റി പരാതി ഒന്നും പറഞ്ഞില്ല. ആ പർവ്വത വനാന്തരങ്ങളിൽ അവർ ഏകാന്തരല്ലായിരുന്നു. മനുഷ്യരുടെ കോപത്തിൽ നിന്നും ക്രൂരതയിൽനിന്നും വിടുതൽ പ്രാപിക്കാൻ ഒരു രക്ഷാകേന്ദ്രം ദൈവം അവർക്കായി ഒരുക്കിയതിന് അവർ ദൈവത്തിന് നന്ദി പറഞ്ഞു.

സത്യദൈവത്തെ ആരാധിക്കുന്നതിന് കിട്ടിയ സ്വാതന്ത്ര്യത്തിനായി അവർ സന്തോഷിച്ചു. മിക്കപ്പോഴും ശത്രുക്കൾ പിൻതുടർന്നപ്പോൾ കുന്നുകൾ ആയിരുന്നു അവ രുടെ പ്രതിരോധത്തിൻറെ കേന്ദ്രം. കീഴക്കാംതൂക്കായ മലഞ്ചരിവുകളുടെ മുകളിൽ നിന്നുകൊണ്ട് അവർ ദൈവത്തിന് സ്തോത്രഗീതം പാടി. റോമാ സൈന്യത്തിന് അവരുടെ ഗാനങ്ങളെ നിശ്ശബ്ദമാക്കുവാൻ കഴിഞ്ഞില്ല.

ക്രിസ്തുവിൻറെ ഈ അനുയായികളുടെ ഭക്തി, വിശുദ്ധവും ലളിതവും തീവവും ആയിരുന്നു. സത്യത്തിൻറെ തത്വങ്ങൾക്ക് അവർ കൊടുത്ത വില വസ്തുവിനും, വീടിനും, കൂട്ടുകാർക്കും,

ബന്ധുക്കൾക്കും ജീവനപോലും അപ്പുറം ആയിരുന്നു. ഈ തത്വങ്ങൾ ചെറുപ്പക്കാരുടെ ഹൃദയങ്ങളിൽ പതിപ്പിക്കുവാൻ അവർ ആത്മാർത്ഥമായി പരിശ്രമിച്ചു. കുഞ്ഞുങ്ങളെ വളരെ ചെറുപ്പം മുതൽ തന്നെ വചനം പഠിപ്പിക്കുകയും ദൈവകല്പനകളെ വിശുദ്ധമായി കരുതുവാൻ കല്പിക്കയും ചെയ്തു. ബൈബിളിൻറെ പ്രതികൾ വളരെ ചുരുക്കമായിരുന്നു. അതുകൊണ്ട് പ്രധാനപ്പെട്ട വാക്യങ്ങൾ അവർ ഓർമ്മയിൽ സൂക്ഷിച്ചു. അനേകർക്കും പുതിയ നിയമത്തിൽ നിന്നും പഴയ നിയമത്തിൽനിന്നും നീണ്ട ഭാഗങ്ങൾ കാണാപ്പാടം ചൊല്ലാൻ കഴിഞ്ഞിരുന്നു. ദൈവത്തെക്കുറിച്ചുള്ള ചിന്തകൾ

ജീവിതാനുഭവങ്ങളോടുകൂടിയവയും ശ്രേഷ്ഠമായ പ്രകൃതിദൃശ്യങ്ങളോട് ചേർന്നവയും ആയിരുന്നു. എല്ലാ അനുഗ്രഹങ്ങളും സുഖങ്ങളും തരുന്ന ദൈവത്തിങ്കലേയ്ക്ക് നന്ദിയോടെ നോക്കാൻ പൈതങ്ങൾ പഠിച്ചു.

സ്നേഹമുള്ളവരും മൃദുസ്വഭാവക്കാരുമായ മാതാപിതാക്കൾ, അതിബുദ്ധിയോടും സ്നേഹത്തോടുംകൂടെ സ്വയത്യാഗികളായിത്തീരാൻ തങ്ങളുടെ കുഞ്ഞുങ്ങളെ പരിശീലിപ്പിച്ചു. അവരുടെ മുൻപിൽ ഉണ്ടായിരുന്നത് പരീക്ഷകളുടേയും പ്രയാസങ്ങളുടേയും, ചിലപ്പോൾ രക്തസാക്ഷി മരണത്തിൻറേയും ജീവിതമായിരുന്നു. ചെറുപ്പം മുതൽ തന്നെ പ്രയാസങ്ങൾ

സഹിക്കുവാനും നിയന്ത്രണങ്ങൾക്ക് വിധേയരാകാനും, എന്നാൽ സ്വയം ചിന്തിക്കാനും, പ്രവർത്തിക്കാനും അവരെ ശീലിപ്പിച്ചിരുന്നു. വളരെ ചെറുപ്പത്തിലേ അവരെ ചുമതല എടുക്കാൻ പഠിപ്പിച്ചിരുന്നു. കൂടാതെ സൂക്ഷിച്ച് സംസാരിക്കാനും സംസാരിക്കാതിരിക്കുന്നതിലെ ബുദ്ധി മനസ്സിലാക്കാനും ശീലിപ്പിച്ചിരുന്നു. സഭ്യമല്ലാത്ത ഒറ്റവാക്ക് ശത്രുക്കളുടെ ചെവിയിൽ പെട്ടുപോയാൽ അത് പറഞ്ഞ ആളിൻറെ മാത്രമല്ല, നൂറുകണക്കിന് സഹോദരന്മാരുടെ ജീവനെക്കൂടെ ഇല്ലാതാക്കുമായിരുന്നു. ചെന്നായ്ക്കൾ ഇരയെ വേട്ടയാടുന്നതുപോലെ സത്യത്തിൻറെ ശത്രുക്കൾ വിശ്വാസസ്വാതന്ത്ര്യം

വേണമെന്ന് ആവശ്യപ്പെടാൻ ധൈര്യപ്പെട്ടവരെ വേട്ടയാടി.

വാൽഡൻസ്യർ ലൗകികമായ എല്ലാ ഐശ്വര്യങ്ങളും സത്യത്തിനു വേണ്ടി പരിത്യജിച്ചു. ക്ഷമയോടുകൂടെ ആഹാരത്തിനുവേണ്ടി കഠിനാദ്ധ്വാനം ചെയ്തു. പർവ്വതങ്ങളുടെ ഇടയിൽ കൃഷിക്കു യോഗ്യമായ സ്ഥലങ്ങൾ സൂക്ഷ്മതയോടെ മെച്ചപ്പെടുത്തി. അത്രകണ്ട് ഫലഭ്രയിഷ്ടമല്ലാത്ത മലഞ്ചെരിവു കൾപോലും കൂടുതൽ ഫലപ്രദമാക്കി. മിതവ്യയ ശീലവും കഠിനമായ സ്വയത്യാഗശീലവും വിദ്യാഭ്യാസത്തിൻറെ ഭാഗമായി കുഞ്ഞുങ്ങളിൽ രൂപപ്പെട്ടിരുന്നു. അതായിരുന്നു അവരുടെ ഏക

പിതൃസ്വത്ത്. ദൈവം ആസൂത്രണം ചെയ്ത ജീവിതം അച്ചടക്കമുള്ളതായിരിക്കണം എന്നും വ്യക്തിപരമായ അദ്ധ്വാനം കൊണ്ടും ദീർഘവീക്ഷണംകൊണ്ടും സൂക്ഷ്മതയും വിശ്വാസവുംകൊണ്ടും ജീവിതാവശ്യങ്ങൾ നേടണമെന്നും അവരെ പഠിപ്പിച്ചു. ഈ പരിപാടി കഷ്ടപ്പാടും പ്രയാസവും ഉള്ളതായിരുന്നെങ്കിലും അത് സമ്പൂർണ്ണമായിരുന്നു. മനുഷ്യൻറെ വീഴ്ച ഭവിച്ച അവസ്ഥയിൽ അവർക്ക് ആവശ്യമായിരുന്ന പരിശീലനവും ഉന്നമനവും ഈ സ്കൂളുകളിലൂടെ ദൈവം ദാനം ചെയ്തു. യുവജനങ്ങൾ ദേഹാദ്ധ്വാനവും കഷ്ടപ്പാടും പരിശീലിച്ചു. അപ്പോഴും ബുദ്ധിശാലികളുടെ മനോവികാസം അവഗണിക്കപ്പെട്ടുമില്ല.

അവരുടെ എല്ലാ കഴിവുകളും ദൈവത്താൽ നൽകപ്പെട്ടതാണെന്നും ആ കഴിവുകളെല്ലാം ദൈവത്തെ സേവിക്കാനായി വളർത്തിയെടുക്കേണ്ടതാണെന്നും അവരെ പഠിപ്പിച്ചു.

അവരുടെ സഭകൾ വിശുദ്ധിയിലും ലാളിത്യത്തിലും അപ്പൊസ്തലിക സഭയെപ്പോലെ ആയിരുന്നു. പോപ്പിൻറേയും ബിഷപ്പുമാരുടേയും സർവ്വാധിപത്യം തള്ളിക്കളഞ്ഞുകൊണ്ട്, തെറ്റിക്കൂടാത്ത അധികാരം വേദപുസ്തകത്തിനുമാത്രം കൊടുത്തു. അവരുടെ പാസ്റ്റർ റോമിൻറെ പുരോഹിതന്മാരുടേതിൽനിന്ന്

വിഭിന്നമായി, “ശുശ്രൂഷചെയ്യിപ്പാനല്ല, ശുശ്രൂഷിപ്പാനത്രേ വന്നത് എന്നു പറഞ്ഞ കർത്താവിനെ അനുകരിച്ചു. പാസ്റ്റർമാർ അവരെ പച്ചയായ പുൽപ്പുറങ്ങളും ജീവൻറെ ഉറവയുമായ ദൈവവചനത്തിലേയ്ക്ക് നയിച്ചു. മാനുഷിക പ്രതാപത്തിൻറെയും അഹംഭാവത്തിൻറെയും ജ്ഞാപകങ്ങളായ രാജകീയ പ്രൗഢിയുള്ള പള്ളികളിൽ നിന്നും ഗംഭീരമായ ഭദ്രാസനപ്പള്ളികളിൽ നിന്നും അകന്ന് ആൽപ്സിന്റെ താഴ്വരകളിൽ ജനങ്ങൾ കൂടിവന്നു. ആപത്ത് സമയത്ത് പാറക്കാട്ടുകളിൽ അഭയം തേടി. അവിടെ അവർ കർത്തൃ ദാസന്മാരിൽനിന്ന് ദൈവത്തിൻറെ വചനം ശ്രദ്ധിച്ചിരുന്നു. പാസ്റ്റർമാർ

സുവിശേഷം പ്രസംഗിക്കുക മാത്രമല്ല, അവർ രോഗികളെ സന്ദർശിക്കുകയും കുട്ടികളെ ചോദ്യോത്തരരൂപത്തിൽ പഠിപ്പിക്കുകയും തെറ്റുകളെക്കുറിച്ച് അവരെ ഉൽബോധിപ്പിക്കുകയും ചെയ്തിരുന്നു. കൂടാതെ തർക്കങ്ങൾ അവസാനിപ്പിക്കാനും സഹോദരസ്നേഹവും ഒത്തൊരുമിപ്പും വളർത്തുവാനും ശ്രമിച്ചിരുന്നു. സമാധാന കാലത്ത് ജനങ്ങൾ കൊടുത്ത സ്വമേധാദാനങ്ങൾകൊണ്ട് അവർ ഉപജീവിച്ചു. എന്നാൽ ആവശ്യമെങ്കിൽ കൂടാരപ്പണിക്കാരനായ പൌലൊസിനെപ്പോലെ ഓരോരുത്തരും എന്തെങ്കിലും പണിചെയ്ത് അഹോവൃത്തി കഴിക്കുവാനും പഠിച്ചു.

അവരുടെ പാസ്റ്റർമാരിൽനിന്ന് യുവജനങ്ങൾക്കാവശ്യമായ നിർദ്ദേശങ്ങൾ ലഭിച്ചു. പൊതുവിദ്യാഭ്യാസത്തിൻറെ ഭാഗങ്ങളിലേയ്ക്ക് ശ്രദ്ധ കൊടു ത്തപ്പോഴും, ബൈബിളായിരുന്നു പ്രധാന പാഠ്യവിഷയം - മത്തായിയുടെയും യോഹന്നാൻറെയും സുവിശേഷങ്ങളും പല ലേഖനങ്ങളും മനഃപാഠമാക്കിയിരുന്നു. തിരുവചനം പകർത്തുന്നത് അവരുടെ ജോലി ആയിരുന്നു. ചില കയ്യെഴുത്തു പ്രതികളിൽ മുഴുവൻ ബൈബിളും ഉൾക്കൊണ്ടിരുന്നു. വേറെ ചിലത് ചുരുങ്ങിയ ഭാഗങ്ങൾ മാത്രമായിരുന്നു. അവയ്ക്ക് അറിവുള്ളവരാൽ ലളിതമായ

വിശദീകരണങ്ങളും കൊടുത്തിരുന്നു. അങ്ങനെയാണ് തങ്ങളെ ത്തന്നെ ദൈവത്തേക്കാൾ വലിയവരാണെന്ന് സ്വയം അഭിമാനിക്കുന്നവരിൽ നിന്ന് സത്യത്തിൻറെ നിധികൾ ദീർഘകാലം മറയ്ക്കപ്പെട്ടിരുന്നത്.

വളരെ ക്ഷമയോടും കഠിനാദ്ധ്വാനത്തോടുംകൂടെ ആഴമുള്ള ഗുഹകളിലെ ഇരുട്ടത്ത് വിളക്കിൻറെ വെളിച്ചത്തിൽ വിശുദ്ധവചനം വാക്യം വാക്യമായും അദ്ധ്യായങ്ങളായും അവർ എഴുതി. അങ്ങനെ വേല പുരോഗമിച്ചു. ദൈവത്തിൻറെ അരുളപ്പാടുകൾ ശുദ്ധമായ സ്വർണ്ണം പോലെ തിളങ്ങി. അത് എത്ര മാത്രം ശോഭയേറിയതും വ്യക്തവും ശക്തിയുള്ളതും ആണെന്ന്

അതിനെ സംരക്ഷിക്കാൻ വേണ്ടി കഷ്ടപ്പെട്ടവർക്ക് മാത്രമെ അറിയാമായിരുന്നുള്ളൂ. ഈ വിശ്വസ്ത വേലക്കാർക്കുചുറ്റും സ്വർഗ്ഗീയ ദൂതന്മാർ ഉണ്ടായിരുന്നു.

തെറ്റിൻറെയും ദുരുപദേശത്തിൻറെയും അന്ധവിശ്വാസത്തിൻറെയും കീഴിൽ സത്യവചനത്തെ കുഴിച്ചിടുവാൻ ബിഷപ്പുമാരേയും മേൽപട്ടക്കാരേയും സാത്താൻ ആഹ്വാനം ചെയ്തു. പക്ഷെ ഏറ്റവും അത്ഭുതകരമായ വിധത്തിൽ അന്ധകാരയുഗത്തിൻറെ മുഴുവൻ കാലയളവിലും അത് തെറ്റുകൂടാതെ സംരക്ഷിക്കപ്പെട്ടു. അതിന് മനുഷ്യൻറെ അംഗീകാരമല്ല പിന്നെയോ ദിവ്യനടത്തിപ്പ് ഉണ്ടായിരുന്നു.

ദൈവവചനത്തിൻറെ ലളിതവും
വ്യക്തവുമായ അർത്ഥത്തെ മറയ്ക്കുവാൻ
മനുഷ്യർ അക്ഷീണ പരിശ്രമം നടത്തി;
എന്നാൽ നോഹയുടെ പെട്ടകം വലിയ
തിരമാലകളുടെയും ഓളങ്ങളുടെയും മദ്ധ്യ
സുരക്ഷിതമായിരുന്നതുപോലെ
ദൈവവചനം അതിനെ നശിപ്പിക്കുന്ന
ഭീഷണിയെ അതിജീവിച്ചു.
സ്വർണ്ണത്തിന്റെയും വെള്ളിയുടെയും
വിലതീരാത്ത നിക്ഷേപം കണ്ടെത്താൻ
ഖനനം ചെയ്യുന്നതുപോലെ
വചനത്തിലെ അമൂല്യ സത്യങ്ങളുടെ
നിക്ഷേപം താഴ്മയോടും
പ്രാർത്ഥനയോടുംകൂടെ അതിനായി
ശ്രമിക്കുന്ന സത്യാന്വേഷികൾക്ക് മാത്രം
അത് വെളിപ്പെടും. മനുഷ്യവർഗ്ഗത്തിനു
മുഴുവൻ തങ്ങളുടെ കുട്ടിക്കാലത്തും

യൗവ്വനത്തിലും പുരുഷപ്രായത്തിലും,
എല്ലാ സമയത്തും പഠിക്കേണ്ട ഒരു
പാഠപുസ്തകമായിട്ടാണ് ദൈവം
ബൈബിളിനെ ആസൂത്രണം
ചെയ്തിരിക്കുന്നത്. ദൈവം തന്നെത്തന്നെ
വെളിപ്പെടുത്തുന്ന തൻറെ വചനം
മനുഷ്യർക്ക് കൊടുത്തു.
വെളിപ്പെട്ടുകിട്ടുന്ന ഓരോ പുതിയ
സത്യങ്ങളും അതിൻറെ
ഗ്രന്ഥകർത്താവിന്റെ സ്വഭാവ
വൈശിഷ്ട്യത്തിൻറെ പുതിയ
വെളിപ്പാടുകളാണ്. മനുഷ്യനെ അവൻറെ
സ്രഷ്ടാവുമായി അടുത്ത ബന്ധത്തിൽ
കൊണ്ടുവരുവാനും
ദൈവഹിതത്തെക്കുറിച്ച് കൂടുതൽ
വ്യക്തമായ അറിവ് കൊടുക്കാനും
വചനപഠനം ദിവ്യമായ

മുഖാന്തരമായിരുന്നു. ദൈവവും മനുഷ്യനുമായുള്ള ആശയ വിനിമയത്തിൻറെ മാധ്യമം അതായിരുന്നു.

യഹോവാഭക്തി ജ്ഞാനത്തിൻറെ ആരംഭമാകുന്നു എന്ന് വാൽഡൻസ്യർ ഗ്രഹിച്ചിരുന്നെങ്കിലും ബാഹ്യലോകവുമായുള്ള ബന്ധത്തിൻറെ പ്രാധാന്യത്തിനുനേരെ അവർ അന്ധന്മാർ ആയിരുന്നില്ല. മനുഷ്യരെക്കുറിച്ചുള്ള അറിവ്, മനുഷ്യരുടെ സജീവമായ ജീവിതം, മനസ്സിൻറെ വിപുലീകരണം, മാനസ്സികാവബോധത്തിൻറെ ത്വരിതപ്പെടുത്തൽ എന്നീ കാര്യങ്ങളിലും അവർ ശ്രദ്ധിച്ചിരുന്നു.

പർവ്വതങ്ങളിലെ സ്കൂളുകളിൽനിന്ന്
യൗവ്വനക്കാരെ ഫ്രാൻസിലേയും
ഇറ്റലിയിലേയും പട്ടണങ്ങളിലെ
വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്ക്
അയച്ചു. അവിടെ അവർക്ക്
ജന്മനാടിനേക്കാൾ കൂടുതലായി പഠനം,
ചിന്ത, നിരീക്ഷണം എന്നിവയ്ക്ക്
വിപുലമായ സാധ്യതകൾ ഉണ്ടായിരുന്നു.
അങ്ങനെ പോയ യുവാക്കൾ
പരീക്ഷിക്കപ്പെട്ടു. അവർ അകൃത്യങ്ങൾ
കണ്ടു. സാത്താൻറെ ദൂത ന്മാരാൽ
ചുറ്റപ്പെട്ടു. സാത്താൻറെ ദൂതന്മാർ അവരെ
അതിസൂക്ഷ്മമായ മത നിന്ദയ്ക്കും ഏറ്റവും
അപകടകരമായ ചതിവിനും പ്രേരിപ്പിച്ചു.
പക്ഷെ ഇതെല്ലാം ചെറുക്കുന്നതിനുള്ള
സ്വഭാവവൈശിഷ്ട്യം അവർക്ക്

ചെറുപ്പകാല വിദ്യാഭ്യാസം നേടിക്കൊടുത്തിരുന്നു.

ഏതു സ്കൂളിൽ പോയാലും അവിടെ ആരിലും അവർ വിശ്വാസമർപ്പിക്കുവാൻ പാടില്ലായിരുന്നു. അവരുടെ വസ്ത്രം അവരുടെ നിധിയായ വചനത്തിൻറെ കയ്യെഴുത്തുപ്രതികൾ മറച്ചു സൂക്ഷിക്കാവുന്ന രീതിയിൽ ഉണ്ടാക്കപ്പെട്ടതായിരുന്നു. മാസങ്ങളും വർഷങ്ങളും അദ്ധ്വാനിച്ചുണ്ടാക്കിയ കയ്യെഴുത്ത് പ്രതികൾ അവർ കൂടെക്കൊണ്ടുപോയിരുന്നു. സംശയിക്കാൻ വകയില്ലാത്ത ഇടങ്ങളിൽ, സത്യം സ്വീകരിക്കാൻ ഹൃദയങ്ങളെ തുറക്കുന്നവർക്ക് അവർ

കയ്യെഴുത്ത് പ്രതിയുടെ ഭാഗങ്ങൾ കാണിച്ചിരുന്നു. അമ്മയുടെ കൈക്കുഞ്ഞായിരിക്കുമ്പോൾ മുതൽ വാൽഡൻസ്യരെ പരിശീലിപ്പിച്ചത് ഈ ഉദ്ദേശം മുൻ കണ്ടുകൊണ്ടായിരുന്നു. അവർക്ക് തങ്ങളുടെ ജോലി എന്താണെന്ന് അറിയാമായിരുന്നു. അത് വിശ്വസ്തതയോടെ നിർവ്വഹിച്ചു. ഈ വിദ്യാലയങ്ങളിൽ സത്യത്തിലേയ്ക്ക് മനം തിരഞ്ഞവരെ അവർ നേടി. അവരുടെ തത്വങ്ങൾ കുടെക്കൂടെ വിദ്യാലയം മുഴുവനും വ്യാപിച്ചു. എങ്കിലും പാപ്പാത്വനായകന്മാരുടെ സൂക്ഷ്മപരിശോധനയ്ക്ക് ഈ വേദവിപരീതക്കാരെന്ന് പറയപ്പെട്ടവരുടെ ഉറവിടം കണ്ടുപിടിക്കാൻ സാധിച്ചില്ല.

കർത്താവിന്റെ ആത്മാവ്
സുവിശേഷത്തിൻറെ ആത്മാവാണ്.
മനം തിരിഞ്ഞ മനസ്സിൻറെ ആദ്യത്തെ
ആവേശം മറ്റുള്ളവരെക്കൂടെ രക്ഷകൻറെ
അടുത്ത് എത്തിക്കണം എന്നുള്ളതാണ്.
വാൽഡൻസ്യരുടെ ആത്മാവും
അങ്ങനെ ഉള്ളതായിരുന്നു. സത്യത്തെ
അതിൻറെ പരിപാവനതയിൽ
അവരുടെ സ്വന്തം പള്ളികളിൽ
സൂക്ഷിക്കുന്നതിനേക്കാൾ കൂടുതൽ
ദൈവത്തിന് അവരിൽനിന്ന്
ആവശ്യമുണ്ടെന്ന് അവർക്ക്
മനസ്സിലായി. അന്ധകാരത്തിൽ
ഇരിക്കുന്നവർക്ക് അവരുടെ വെളിച്ചം
പ്രകാശിപ്പിക്കേണ്ടതിനുള്ള ദിവ്യമായ
ചുമതല അവർക്കുണ്ടെന്ന് അവർ

വിചാരിച്ചു. റോം ചുമത്തിയിരുന്ന അടിമത്വത്തെ തകർക്കുവാൻ ദൈവിക വചനത്തിന് കഴിഞ്ഞിരുന്നു. ശുശ്രൂഷകർ മിഷനറിമാരായി പരിശീലിപ്പിക്കപ്പെട്ടിരുന്നു. ഓരോരുത്തർക്കും സുവിശേഷകർ എന്ന നിലയിലുള്ള അനുഭവ സമ്പത്ത് ശുശ്രൂഷയിൽ പ്രവേശിക്കാനുള്ള യോഗ്യതയായി കണക്കാക്കി. ഓരോരുത്തരും സഭകളുടെ ചുമതല ഏൽക്കു ന്നതിനുമുമ്പ് സുവിശേഷ വയൽപ്രദേശത്ത് മൂന്നു വർഷം സേവനമനുഷ്ഠിക്കണമായിരുന്നു. തുടക്കത്തിൽത്തന്നെ ത്യാഗവും, നിസ്വാർത്ഥതയും ആവശ്യമായിരുന്നു. ആ കാലഘട്ടത്തിൽ ശുശ്രൂഷകന്മാരുടെ ജീവിതത്തിന് ഈ സേവനം നല്ല

തുടക്കമായിരുന്നു. ഈ വിശുദ്ധ വേലയ്ക്ക് അഭിഷേകം പ്രാപിച്ച യുവാക്കൾ മുന്നിൽ കണ്ടത് ലോകത്തിൻറെ ധനവും മഹത്വവും അല്ല, പിന്നെയോ കഷ്ടപ്പാടിൻറേയും ആപത്തിൻറേയും ചിലപ്പോൾ രക്തസാക്ഷിത്വത്തിൻറേയും ജീവിതമാണ്. കർത്താവ് തൻറെ ശിഷ്യന്മാരെ അയച്ചതു പോലെ ഈ മിഷനറിമാർ ഈരണ്ടായി പോയി. ഇവരുടെ പരിശീലനത്തിന് ചുമതല വഹിച്ച പ്രായമുള്ള ഒരാൾ ഓരോ വ്യക്തിയോടുംകൂടെ പോയിരുന്നു. യുവാക്കൾക്ക് അയാൾ വഴികാട്ടിയായിരുന്നു. യുവാക്കൾ അയാളുടെ നിർദ്ദേശങ്ങൾ സ്വീകരിക്കണമായിരുന്നു. എന്നാൽ ഇവർ എല്ലായ്പ്പോഴും

ഒന്നിച്ചായിരുന്നില്ല. പക്ഷെ കൂടെക്കൂടെ പ്രാർത്ഥനയ്ക്കായും ആലോചനകൾക്കായും വിശ്വാസത്തിൽ പരസ്പരം ബലപ്പെടുത്താനായും ഒരുമിച്ച് കൂടുമായിരുന്നു.

പ്രവർത്തനത്തിന്റെ ലക്ഷ്യം മനസ്സിലായാൽ തോൽവി ഉറപ്പായതു കൊണ്ട് വളരെ സൂക്ഷിച്ചു മാത്രമെ അവർ യഥാർത്ഥ സ്വഭാവം വെളിപ്പെടു ത്തിയിരുന്നുള്ളൂ. ഓരോരുത്തരും ഒരു കച്ചവടക്കാരനോ തൊഴിൽ ചെയ്യുന്നവനോ ആയിട്ട് വിജ്ഞാനം നേടിയിരുന്നു. മിഷനറിവേല ഈ വേലകളുടെ മറവിൽ നടത്തി. സാധാരണ ഗതിയിൽ അവർ

കൊണ്ടുനടന്നു വിൽക്കുന്ന കച്ചവടക്കാർ ആയിരുന്നു. "അന്നത്തെക്കാലത്ത് വിദൂരമായ കടകളിൽ കിട്ടുന്നവയും വാങ്ങാൻ പ്രയാസമുള്ളവയുമായ സിൽക്കും ആഭരണങ്ങളും മറ്റ് സാധനങ്ങളും അവർ കൊണ്ടുനടന്ന് വിറ്റു. മിഷനറി എന്ന നിലയിൽ നിന്ദിച്ച ത്യജിക്കപ്പെട്ടുമായിരുന്ന വീടുകളിൽ അവരെ കച്ചവടക്കാരായി സ്വാഗതം ചെയ്തു." - Wylie, b. 1, ch. 7. സ്വർണ്ണത്തേക്കാളും രത്നത്തേക്കാളും വിലയേറിയ നിധികളെ അവർക്ക് സമ്മാനിക്കുവാൻ ആവശ്യമായ ബുദ്ധിക്കായി അവരുടെ ഹൃദയം സദാ ദൈവത്തിങ്കലേയ്ക്കുയർത്തപ്പെട്ടിരുന്നു. അവർ ബൈബിളിൻറെ മുഴുവൻ

പ്രതികളോ അതിൻറെ ഭാഗങ്ങളോ രഹസ്യമായി കൊണ്ടുപോകുമായിരുന്നു. എപ്പോഴെങ്കിലും അവസരം കിട്ടിയാൽ, ഇടപാടു കാരുടെ ശ്രദ്ധ വചനത്തിൻറെ കയ്യെഴുത്ത് പ്രതികളിലേയ്ക്ക് തിരിക്കും. ദൈവ ത്തിൻറെ വചനം വായിക്കാനുള്ള താല്പര്യം അങ്ങനെ ജനങ്ങളിൽ ഉണർത്തപ്പെട്ടു. വേണമെന്ന് ആഗ്രഹിച്ചവർക്ക് അവർ വചനത്തിൻറെ ഭാഗങ്ങൾ സന്തോഷത്തോടെ കൊടുക്കുകയും ചെയ്തു.

ഈ മിഷനറിമാരുടെ ജോലി താഴ്വരകളിലും പർവ്വതങ്ങളുടെ ചുവട്ടിലും ആരംഭിച്ചെങ്കിലും അതിരില്ലാതെ അതു വ്യാപിച്ചു.

യാത്രകൊണ്ട് മുഷിഞ്ഞ പരുക്കൻ വസ്ത്രങ്ങളും ധരിച്ച് നഗ്നപാദരായി, തങ്ങളുടെ യജമാനനെപ്പോലെ, അവർ പട്ടണത്തിലൂടെ കടന്ന് വിദൂരപ്രദേശങ്ങളിൽ നുഴഞ്ഞുകയറി. എല്ലായിടത്തും വിലയേറിയ വിത്ത് വാരി വിതറി. അവർ പോയിടത്തൊക്കെയും സഭകൾ നിലവിൽവന്നു. രക്തസാക്ഷികളുടെ രക്തം സത്യത്തിനു സാക്ഷി നിന്നു. ഈ വിശ്വസ്തരായ മനുഷ്യരുടെ പ്രയത്നഫലമായി ആത്മാക്കളുടെ വലിയ ഫലശേഖരം ദൈവത്തിൻറെ ദിവസത്തിലെ വലിയ കൊയ്ത്തത്തിൽ ഉണ്ടാകും. നിശ്ശബ്ദമായും, മറഞ്ഞും ദൈവവചനം ക്രൈസ്തവ ലോകത്താകമാനം കടന്നുചെന്നു.

മനുഷ്യർ വചനത്തെ സന്തോഷത്തോടെ അവരുടെ ഭവനങ്ങളിലും ഹൃദയങ്ങളിലും സ്വീകരിച്ചു.

വാൽഡൻസ്യർക്ക് തിരുവചനം, കഴിഞ്ഞ കാലത്ത് ദൈവം മനുഷ്യനോട് ഇടപെട്ടതിൻറെ വെറും ഒരു ചരിത്രരേഖ മാത്രം ആയിരുന്നില്ല. വർത്തമാനകാലത്തിലെ ചുമതലകളുടേയും ജോലികളുടേയും ഒരു വെളിപ്പാടും ആയിരുന്നില്ല അത്. എന്നാൽ ആപത്തുകളുടേയും വരുംകാലത്തെ മഹത്വത്തിൻറെയും ഒരു വെളിപ്പെടുത്തൽ അതിൽ അടങ്ങിയിരുന്നു. എല്ലാത്തിൻറേയും അവസാനം അത്ര ദൂരെയല്ലെന്ന് അവർ വിശ്വസിച്ചു. കണ്ണുനീരോടും

പ്രാർത്ഥനയോടുംകൂടെ വേദപുസ്തകം പഠിക്കുകയും, രക്ഷയുടെ ദൂത് മറ്റുള്ളവർക്ക് മനസ്സിലാക്കിക്കൊടുക്കാനുള്ള കടമ നിർവ്വഹിക്കുകയും ചെയ്തപ്പോൾ അത് മറ്റുള്ളവരുടെ മനസ്സിൽ ആഴത്തിൽ പതിഞ്ഞു. തിരുവചനത്തിൻറെ പേജുകളിൽ രക്ഷയുടെ പദ്ധതി വളരെ വ്യക്തമായിത്തന്നെ അവർ കണ്ടു. യേശുവിൽ വിശ്വസിക്കുന്നതിൽ ആശ്വാസവും പ്രത്യാശയും സമാധാനവും കണ്ടെത്തി. അവരുടെ അറിവിനെ പ്രകാശിപ്പിക്കുകയും ഹൃദയത്തെ സന്തോഷിപ്പിക്കുകയും ചെയ്തപ്പോൾ പാപ്പാത്വ തെറ്റുകളുടെ അന്ധകാരത്തിൽ കഴിയുന്നവരുടെമേൽ ഈ

വെളിച്ചത്തിൻറെ കിരണങ്ങൾ വീശാൻ അവർ ആഗ്രഹിച്ചു.

പോപ്പിൻറേയും പുരോഹിതന്മാരുടേയും ഉപദേശപ്രകാരം ജനങ്ങൾ തങ്ങളുടെ പാപം ക്ഷമിച്ചുകിട്ടാനായി സ്വശരീരങ്ങളെ പ്രയോജനമില്ലാതെ ദണ്ഡിപ്പിക്കുന്നതായി അവർ കണ്ടു. രക്ഷപ്രാപിക്കുവാൻ അവരുടെ നന്മ പ്രവൃത്തികളിൽ ആശ്രയിക്കാൻ പഠിപ്പിക്കപ്പെട്ടിരുന്നതായ അവർ എന്നും , തങ്ങളിലേയ്ക്കുതന്നെ നോക്കുകയും പാപപങ്കിലമായ ആ അവസ്ഥയെപ്പറ്റി അവർ ചിന്തിച്ചുകൊണ്ട് ദൈവകോപത്തിന് അർഹരായി അവർ അവരെത്തന്നെ കാണുകയും തങ്ങളുടെ ആത്മാവിനേയും ശരീരത്തേയും

കഠിനമായി പീഡിപ്പിക്കുകയും ചെയ്തു.
എന്നിട്ടും ആശ്വാസം കണ്ടെത്തിയില്ല.
അങ്ങനെ പാപാവസ്ഥയെക്കുറിച്ച്
ബോധമുള്ളവർ റോമിൻറെ
ഉപദേശങ്ങളാൽ കെട്ടപ്പെട്ടിരുന്നു.
ആയിരക്കണക്കിന് ആളുകൾ
ബന്ധുക്കളേയും കൂട്ടുകാരേയും ഉപേക്ഷിച്ച്
കോൺവെന്റുകളിലെ മുറികളിൽ
തങ്ങളുടെ ജീവിതം കഴിച്ചുകൂട്ടി.
കൂടെക്കൂടെയുള്ള ഉപവാസങ്ങളാലും,
ക്രൂരമായ ചാട്ടവാറുമർദ്ദനങ്ങളാലും,
അർദ്ധ രാത്രിയുള്ള ജാഗരണങ്ങളാലും,
വസതികളിലെ തണുത്തതും
നനഞ്ഞതുമായ കല്ലുകളുടെമേൽ
പ്രയാസത്തോടെ മണിക്കൂറുകളോളം
നിവർന്നുള്ള കിടപ്പിനാലും, നീണ്ട
തീർത്ഥയാത്രകളാലും,

പ്രായശ്ചിത്തങ്ങളാലും, പേടിപ്പെടുത്തുന്ന യാതനകളാലും ആയിരങ്ങൾ ഫലമില്ലാതെ തങ്ങളുടെ മനസ്സാക്ഷിയുടെ സമാധാനത്തിനുവേണ്ടി ശ്രമിച്ചു. പാപത്തിൻറെ അതിഭാരത്താൽ, ദൈവകോപത്തെക്കുറിച്ചുള്ള ഭയത്താൽ വേട്ടയാടപ്പെട്ട അനേകർ സഹിച്ചു സഹിച്ച് തളർന്നുവീണു. പ്രകാശത്തിൻറെ ഒരു കിരണംപോലും കിട്ടാതെ പ്രത്യാശ ഇല്ലാത്തവരായി ശവക്കല്ലറകളിൽ അടിഞ്ഞു.

ഈ വിശന്നു ദാഹിച്ച മനുഷ്യാത്മാക്കൾക്കു ജീവൻറെ അപ്പം നുറുക്കി ക്കൊടുക്കുവാനും, ദൈവത്തിൻറെ വാഗ്ദാനങ്ങളിലെ സമാധാനദൂത് അവർക്കായി

തുറക്കുവാനും രക്ഷയുടെ
ഏകപ്രത്യാശയായ കർത്താവിനെ
ചൂണ്ടിക്കാണിക്കുവാനും വാൽഡൻസ്യർ
ആഗ്രഹിച്ചു. ദൈവകല്പനകളുടെ
ലംഘനത്തിനു പുണ്യപ്രവൃത്തികൾ
പരിഹാരമാകും എന്ന ഉപദേശം
തെറ്റിന്മേൽ
അടിസ്ഥാനമായുള്ളതാണെന്നവർ
സമർത്ഥിച്ചു. മാനുഷിക
യോഗ്യതകളിലുള്ള ആശയമർപ്പിക്കൽ
ക്രിസ്തുവിൻറെ നിത്യസ്നേഹത്തെ
തടഞ്ഞു. യേശു മനുഷ്യനുവേണ്ടി
യാഗമായതു വീഴ്ച ഭവിച്ച
മനുഷ്യവർഗ്ഗത്തിന് ദൈവമുമ്പാകെ
തങ്ങളെത്തന്നെ യോഗ്യരാക്കുന്ന
യാതൊന്നും ചെയ്യാൻ
കഴിയാത്തതുകൊണ്ടാണ്. ക്രൂശിൽ

മരിച്ച് ഉയിർത്തെഴുന്നേറ്റ രക്ഷകൻറെ യോഗ്യതകളാണ് ക്രിസ്തീയ വിശ്വാസത്തിൻറെ അടിസ്ഥാനം. മനുഷ്യൻറെ ക്രിസ്തുവിങ്കലുള്ള ആശയം, അല്ലെങ്കിൽ ക്രിസ്തുവുമായുള്ള ബന്ധത്തിൻറെ അടുപ്പം ഒരു അവയവത്തിന് ശരീരത്തോടും, കൊമ്പിന് മുന്തിരിവള്ളിയോടുമുള്ള ബന്ധം പോലെ അത് യാഥാർത്ഥ്യമാണ്.

പോപ്പിൻറേയും പുരോഹിതന്മാരുടേയും പഠിപ്പിക്കലുകളിലൂടെ ദൈവത്തിൻറേയും ക്രിസ്തുവിൻറെ പോലും സ്വഭാവത്തെ കർക്കശമായതും, മ്ലാനമായതും, ബീഭത്സമായതുമായി കാണുവാൻ മനുഷ്യർക്ക് ഇടയാക്കി. മനുഷ്യൻറെ

വീഴ്ച ഭവിച്ച അവസ്ഥയിൽ യാതൊരു കരുണയും ഇല്ലാത്തവനായി രക്ഷകനെ ചിത്രീകരിക്കുകയും പുരോഹിതന്മാരുടേയും വിശുദ്ധന്മാരുടേയും മദ്ധ്യസ്ഥത മനുഷ്യന് ആവശ്യമാണെന്ന് വരുത്തിത്തീർക്കുകയും ചെയ്തു. പാപ ഭാരവും ചിന്താകുലങ്ങളും ക്ഷീണവുമുള്ള എല്ലാവരേയും തങ്കലേയ്ക്ക് ക്ഷണിച്ചുകൊണ്ട്, അവരെ സ്വീകരിക്കുവാൻ കൈകളെ വിരിച്ച് നിൽക്കുന്ന ആർദ്രവാനും സ്നേഹവാനും ആയ യേശുവിനെ കാണിച്ചുകൊടുക്കുവാൻ വചനത്താൽ വെളിച്ചം പ്രാപിച്ചവർ അതിയായി ആഗ്രഹിച്ചു. ദൈവത്തിൻറെ വാഗ്ദത്തങ്ങളെ

കാണാതിരിക്കത്തക്കവണ്ണവും അവൻറെ
നേരെ
അടുത്തുവരാതിരിക്കത്തക്കവണ്ണവും
അവനോട് പാപങ്ങളെ ഏറ്റുപറഞ്ഞ്
ക്ഷമയും സമാധാനവും
ലഭ്യമാകാതിരിക്കത്തക്കവണ്ണവും
സാത്താൻ മനുഷ്യൻറെമേൽ
വിരിച്ചിരുന്ന തടസ്സങ്ങൾ മാറ്റാനും
അവർ ആഗ്രഹിച്ചു.

വാൽഡൻസ് മിഷനറിമാർ,
അത്യാകാംക്ഷയോടെ അന്വേഷിക്കുന്ന
മനസ്സുകൾക്ക് സുവിശേഷത്തിലെ
വിലയേറിയ സത്യങ്ങൾ
തുറന്നുകൊടുത്തു. ശ്രദ്ധിച്ച് എഴുതിയ
വിശുദ്ധ വചനത്തിൻറെ ഭാഗങ്ങൾ
അവൻ സൂക്ഷ്മതയോടെ കൊടുത്തു.

ദൈവത്തെ പ്രതികാരകനായും നീതി നടത്താൻ കാത്തിരിക്കുന്നവനുമായി മാത്രം കാണുന്ന, പാപഭാരം വഹിക്കുന്ന, ആത്മാവിന് പ്രത്യാശ കൊടുക്കുക എന്നത് അവൻറെ ജീവിതത്തിലെ ഏറ്റവും വലിയ സന്തോഷമായിരുന്നു. വിറയ്ക്കുന്ന അധരങ്ങളോടും നിറഞ്ഞ കണ്ണുകളോടും മുട്ടിന്മേൽ നിന്നുകൊണ്ട് തങ്ങളുടെ സഹോദരങ്ങൾക്ക് വിലയേറിയ വാഗ്ദത്തങ്ങൾ തുറന്നു കൊടുത്തു. അത് പാപികളുടെ ഏകപ്രത്യാശയായിത്തീർന്നു. അങ്ങനെ ഇരുളടഞ്ഞ അനേക മനസ്സുകളിലേയ്ക്ക് സത്യവെളിച്ചം തുളച്ചുകയറി. മ്ലാന തയുടെ മേഘം പുറകോട്ട് മാറി. നീതിസൂര്യൻ തൻറെ സൗഖ്യമാക്കുന്ന കിരണങ്ങൾ

ഹൃദയങ്ങളിലേയ്ക്ക് ചൊരിഞ്ഞു. വചനത്തിൻറെ ചില ഭാഗങ്ങൾ പിന്നെയും പിന്നെയും വായിച്ചു കേൾക്കാൻ കേൾവിക്കാർ താല്പര്യപ്പെട്ടിരുന്നത് ഒരു സാധാരണ സംഭവം ആയിരുന്നു. താൻ ശരിയായത് കേട്ടു എന്ന് തീർച്ചപ്പെടുത്താൻ ആയിരുന്നു അത്. പ്രത്യേകിച്ചും "അവൻറെ പുത്രനായ യേശുവിൻറെ രക്തം സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു"? (1 യോഹ. 1:7), "മോശെ മരുഭൂമിയിൽ സർപ്പത്തെ ഉയർത്തിയതുപോലെ മനുഷ്യപുത്രനേയും ഉയർത്തേണ്ടതാകുന്നു. അവനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചു പോകാതെ നിത്യജീവൻ

പ്രാപിക്കേണ്ടതിന്നു തന്നേ" (യോഹ. 3:14,15) എന്നീ വാക്യങ്ങൾ ആവർത്തിച്ചു കേൾക്കുവാൻ അവർ ആകംക്ഷാഭരിതർ ആയിരുന്നു.

അനേകരും റോമിൻറെ അവകാശവാദങ്ങളാൽ ചതിക്കപ്പെട്ടില്ല. പാപികൾക്കുവേണ്ടി മനുഷ്യൻറേയോ ദൂതൻറേയോ പ്രയത്നം എത് നിരർത്ഥകമാണെന്ന് അവർ മനസ്സിലാക്കി. സത്യവെളിച്ചം അവരുടെ ഹൃദയങ്ങളിൽ ഉദിച്ചപ്പോൾ സന്തോഷം നിറഞ്ഞവരായി പറഞ്ഞു: ക്രിസ്തു എൻറെ പുരോഹി തനാണ്, അവൻറെ രക്തമാണ് എൻറെ യാഗം; അവൻറെ യാഗപീഠം ആണ് എൻറെ കുമ്പസാരക്കൂട് യേശുവിൻറെ

യോഗ്യതകളിൽ അവർ മുഴുവനായി അർപ്പിച്ചുകൊണ്ട് ഇങ്ങനെ ആവർത്തിച്ചു പറഞ്ഞു: "എന്നാൽ വിശ്വാസം കൂടാതെ ദൈവത്തെ പ്രസാദിപ്പിപ്പാൻ കഴിയുന്നതല്ല" (എബ്രാ.11:6). "മറ്റൊരുത്തനിലും രക്ഷയില്ല; നാം രക്ഷിക്കപ്പെടുവാൻ ആകാശത്തിൻകീഴിൽ മനുഷ്യരുടെ ഇടയിൽ നൽകപ്പെട്ട വേറൊരു നാമവും ഇല്ല" (അപ്പൊ. 4:12).

രക്ഷകൻറെ സ്നേഹത്തിൻറെ ഉറപ്പ് പാവപ്പെട്ട പലരേയും വികാരഭരിതരാക്കി. അത് കൊണ്ടുവന്ന സമാധാനം അവരുടെ മേൽ നിലയില്ലാത്ത വെളിച്ചം ചൊരിഞ്ഞതുപോലെ അത്ര

വലുതായിരുന്നു. അവർ സ്വർഗ്ഗത്തിലേയ്ക്ക് മാറ്റപ്പെട്ടുവോ എന്നുപോലും തോന്നി. അവരുടെ കൈകളെ കർത്താവിന്റെ കരങ്ങളിൽ വിശ്വസിച്ചേല്പിച്ചു. അവരുടെ കാലുകളെ നിത്യകാല പാറയിൽ ഉറപ്പിച്ചു. മരണത്തെക്കുറിച്ചുള്ള എല്ലാ ഭയങ്ങളും നീങ്ങി. ഇപ്പോൾ രക്ഷകൻറെ നാമം അവരിലൂടെ മഹത്വപ്പെടുമെങ്കിൽ, അവർ ജയിലറയോ, തീ ഇടാനുള്ള വിറകുകെട്ടുകളായിത്തീരുന്നതോ നിരസിക്കയില്ല.

രഹസ്യ സങ്കേതങ്ങളിൽ ദൈവവചനം അങ്ങനെ കൊണ്ടുവരപ്പെടുകയും സത്യത്തിൻറെ വെളിച്ചത്തിനുവേണ്ടി ആഗ്രഹിക്കുന്ന ഒരാളോ ചിലപ്പോൾ

ചെറിയ കൂട്ടമോ അത് വായിക്കുകയും ചെയ്തിരുന്നു. മിക്കപ്പോഴും രാത്രി മുഴുവനും ഈ രീതിയിൽ ചിലവഴിച്ചിരുന്നു. രക്ഷയുടെ സന്ദേശം മനസ്സിലാകുന്നതുവരെ കരുണയുടെ ദൂതുവാഹകൻ തുടരെ നിർത്തി നിർത്തി വായിക്കുവാൻ നിർബന്ധിതനായത് കേൾവിക്കാരുടെ അത്ഭുതത്തിനും അഭിനന്ദനത്തിനും കാരണമായി. "ദൈവം തീർച്ചയായും എൻറെ സമർപ്പണം സ്വീകരിക്കുമോ? ദൈവം എന്നോട് പുഞ്ചിരിക്കുമോ? ദൈവം എന്നോട് ക്ഷമി ക്കുമോ? എന്നിങ്ങനെയുള്ള ചോദ്യങ്ങൾ അവരിൽനിന്ന് വന്നുകൊണ്ടിരുന്നു. "അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരും ആയുള്ളോരേ, എല്ലാവരും

എൻറെ അടുക്കൽ വരുവിൻ; ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും" (മത്തായി 11:28) എന്നതായിരുന്നു ഈ ചോദ്യങ്ങൾക്കുള്ള ഉത്തരം.

വാഗ്ദാനങ്ങളെ വിശ്വാസം കയ്യിലാക്കി. സന്തോഷകരമായ പ്രതിവചനം ഇങ്ങനെ കേട്ടു: "ഇനിമേൽ തീർത്ഥാടനം വേണ്ടാ; പുണ്യസ്ഥലങ്ങളിലേയ്ക്കുള്ള വിഷമകരമായ യാത്രകളും വേണ്ടാ; ഞാൻ ആയിരിക്കുന്ന അവസ്ഥയിൽ കർത്താവിന്റെ അടുക്കൽത്തന്നെ വരും; എൻറെ പശ്ചാത്താപ പ്രാർത്ഥന കർത്താവ് ഒരിക്കലും നിരസിക്കയില്ല; അവിടുന്ന് നിങ്ങളുടെ പാപങ്ങളെ ക്ഷമിക്കും, എൻറേതും ക്ഷമിക്കും.

ദിവ്യമായ ഒരു സന്തോഷ തരംഗത്താൽ ഹൃദയം നിറഞ്ഞു. സ്തോത്രങ്ങളാലും സ്തുതികളാലും കർത്താവിന്റെ നാമം മഹത്വപ്പെട്ടു. ആ സന്തുഷ്ടരായ മനുഷ്യർ തങ്ങളുടെ വീടുകളിലേയ്ക്ക് തിരികെപ്പോയി. അവർക്കുണ്ടായ പുതിയ അനുഭവത്തെക്കുറിച്ചും സത്യമായ ജീവിതവഴി കണ്ടെത്തിയതിനെക്കുറിച്ചും തങ്ങളുടെ കഴിവുകൾക്ക് ഒത്തവണ്ണം മറ്റുള്ളവരോട് പറഞ്ഞു. വചനത്തിന് പാവനമായ അസാധാരണ ശക്തി ഉണ്ടായിരുന്നു. സത്യത്തിനുവേണ്ടി കാംക്ഷിച്ചിരുന്നവരുടെ ഹൃദയങ്ങളോട് ആ ശക്തി നേർക്കുനേരെ സംസാരിച്ചു. അത് ദൈവശബ്ദം ആയിരുന്നു എന്ന് അത് കേട്ടവർക്ക് ബോധ്യമായി.

സത്യത്തിൻറെ ദൂതുവാഹകൻ തൻറെ വഴിക്കുപോയി. പക്ഷെ, അയാളുടെ താഴ്ചയുള്ള ഭാവം, ആത്മാർത്ഥത, വ്യഗ്രത, തീക്ഷ്ണത എന്നിവയെല്ലാം അടിക്കടി സംസാരവിഷയമായിരുന്നു. പലപ്പോഴും കേൾവിക്കാർ അയാളോട് എവിടെനിന്നു വന്നു എന്നും എവിടേയ്ക്ക് പോകുന്നു എന്നും ചോദിച്ചില്ല. അവർ ആദ്യം അത്ഭുതത്താലും പിന്നീട് നന്ദിയാലും സന്തോഷത്താലും നിറഞ്ഞവരായി; അയാളെ ചോദ്യം ചെയ്യുന്ന കാര്യമേ ചിന്തിച്ചില്ല. അവർ അയാളെ അവരുടെ വീടുകളിൽ കൂടാൻ പ്രോത്സാഹിപ്പിച്ചപ്പോൾ, കൂട്ടത്തിലെ നഷ്ടപ്പെട്ട ആടുകളെ കാണേണ്ടതുണ്ടെന്ന് അയാൾ പറഞ്ഞു. അത് സ്വർഗ്ഗത്തിൽ

നിന്നൊരു ദൂതനായിരുന്നില്ലേ എന്ന്
അവർ സംശയിച്ചു.

പലപ്പോഴും സത്യത്തിൻറെ
ദൂതുവാഹകനെ പിന്നെ കണ്ടിട്ടില്ല.
അയാൾ വേറെ ദേശത്തേയ്ക്ക്
പോയിക്കാണും; അല്ലെങ്കിൽ
അറിയപ്പെടാത്ത തുറുങ്കിൽ ജീവിതം
ഹോമിച്ചുകാണും; അല്ലെങ്കിൽ
സത്യത്തിൻറെ സാക്ഷിയായിക്കാണും.
പക്ഷെ അയാൾ കൊടുത്തിട്ട് പോകുന്ന
വചനത്തെ നശിപ്പിക്കാൻ കഴിഞ്ഞില്ല.
മനുഷ്യഹൃദയങ്ങളിലാണ് അവ
പ്രവർത്തിച്ചത്. അതിൻറെ
അനുഗൃഹീത ഫലം ന്യായവിധി നാളിൽ
മാത്രമേ മുഴുവനായി അറിയുവാൻ കഴിയൂ.

വാൽഡൻസ് മിഷനറിമാർ സാത്താൻറെ രാജ്യത്തെ അതിക്രമിച്ചു കയറുകയായിരുന്നു. അന്ധകാരത്തിൻറെ ശക്തികൾ വളരെ ജാഗ്രതയോടെ എഴുന്നേറ്റു. സത്യം പ്രചരിപ്പിക്കാനുള്ള എല്ലാ പ്രയത്നങ്ങളും അന്ധകാരപ്രഭു നോക്കി കണ്ടു. അവൻ അവൻറെ അനുയായികളിൽ ഭയം ഉണർത്തി. പാപ്പാത്വനായ കന്മാർ, ചുറ്റി സഞ്ചരിക്കുന്ന താഴ്മയുള്ള ദൂതുവാഹകന്മാരുടെ ജോലിയിൽ അപകടത്തിൻറെ ദുശ്ശകുനം കണ്ടു. സത്യവെളിച്ചം തടസ്സം കൂടാതെ പ്രകാശിക്കാൻ അനുവദിച്ചാൽ, മനുഷ്യരെ പൊതിഞ്ഞിരിക്കുന്ന തെറ്റുകളുടെ കനത്ത കാർമേഘങ്ങളെ അപ്പാടെ തുടച്ചുമാറ്റുമായിരുന്നു. അത്

മനുഷ്യമനസ്സുകളെ
ദൈവത്തിങ്കലേയ്ക്കുമാത്രം തിരിക്കയും
ഒടുവിൽ റോമിൻറെ ആധികാരിക തയെ
ഇല്ലാതാക്കുകയും ചെയ്യുതേയ്ക്കും.

പുരാതന സഭയുടെ വിശ്വാസം മുറുകെ
പിടിച്ചിരുന്ന ഈ മനുഷ്യരുടെ
നിലനില്പുതന്നെ റോമിൻറെ
മതഭ്രംശത്തിൻറെ സാക്ഷ്യമായിരുന്നു.
അതു കൊണ്ട് ഏറ്റവും കഠിനമായ
പീഡനത്തിനുള്ള ഉത്തേജനവും
ഉണ്ടായി. അവർ തങ്ങളുടെ വേദപുസ്തകം
സമർപ്പിക്കാതിരുന്നതും റോമിന്
താങ്ങാൻ വയ്യാത്ത തെറ്റായിരുന്നു.
അവൾ അവരെ ഭൂമിയിൽനിന്ന്
തുടച്ചുനീക്കാൻ തീരുമാനിച്ചു. അങ്ങനെ
ദൈവജനത്തിന് എതിരായി അവരുടെ

പർവ്വതങ്ങളിലെ വീടുകളിൽ അതിഭയങ്കരമായ ധർമ്മസമരം തുടങ്ങി. മതദ്രോഹവിചാരണ നടത്തേണ്ടവർ നിയോഗിക്കപ്പെട്ടു. നിരപരാധിയായ ഹാബേൽ കൊലപാതകിയായ കയീൻറെ മുൻപിൽ വീഴുന്ന രംഗം കൂടെക്കൂടെ ആവർത്തിക്കപ്പെട്ടു.

വർഷങ്ങളോളം അവരുടെ ഫലഭൂയിഷ്ടമായ ഭൂപ്രദേശം ഒന്നും ചെയ്യാതെ കിടന്നു. അവരുടെ വീടുകളും പള്ളികളും നശിപ്പിക്കപ്പെട്ടു. ഒരിക്കൽ തഴച്ചു നിന്ന പ്രദേശങ്ങൾക്കും നിരപരാധികളായ അദ്ധ്വാനശീലരായവരുടെ ഭവനങ്ങൾക്കുപകരം ഒരു മരുഭൂമി

അവശേഷിച്ചു. കടിച്ചുകീറുന്ന മൃഗം രക്തത്തിൻറെ സ്വാദിനാൽ ശൗര്യം കൂട്ടുന്നതുപോലെ പാപ്പാമതക്കാർ പീഡിതർക്കെതിരേയുള്ള അവരുടെ കോപം അതികഠിനമാക്കി. അനേക സാക്ഷികളും തങ്ങളുടെ സത്യവിശ്വാസത്തിനുവേണ്ടി മലകളിലും ഗുഹകളിലും ഒളിച്ചിരുന്നു. അവിടേയും അവരെ വേട്ടയാടി.

ബഹിഷ്കരിക്കപ്പെട്ടവർക്കെതിരേ അവരുടെ സദാചാരത്തെപ്പറ്റി യാതൊരു കുറ്റവും ചുമത്തുവാൻ കഴിഞ്ഞില്ല. അവരുടെ ശത്രുക്കൾ പോലും പ്രഖ്യാപിച്ചത് അവർ സമാധാനവും സൗമ്യതയും വിശുദ്ധിയും ഉള്ള ആളുകൾ എന്നാണ്. പോപ്പിൻറെ ഇഷ്ടപ്രകാരം

അവർ ദൈവത്തെ ആരാധിച്ചില്ല എന്നുള്ളതായിരുന്നു അവരുടെ തെറ്റ്. ഈ തെറ്റിന് അവരെ നിന്ദിക്കുകയും അപമാനിക്കുകയും മാത്രമല്ല, മനുഷ്യനൊ പിശാചിനൊ വിഭാവന ചെയ്യാവുന്ന തിൻറെ പരമാവധി ദണ്ഡനങ്ങളും അവരുടെ മേൽ ചുമത്തുകയും ചെയ്തു.

ഒരു സമയം റോം ഈ വെറുക്കപ്പെട്ട കൂട്ടരെ നാമാവശേഷം ആക്കാൻ തീരുമാനിച്ചപ്പോൾ, അവരെ മതനിന്ദകരായും കൂട്ടത്തോടെ മരണത്തിന് വിധേയരാക്കേണ്ടവരായും ഉള്ള ഒരു ഔദ്യോഗിക കല്പന പോപ്പ് പുറപ്പെടുവിച്ചു. അവർ അലസരോ അവിശ്വസ്തരോ ആത്മനിയന്ത്രണം

ഇല്ലാത്തവരോ ആയി കുറ്റപ്പെടുത്തപ്പെട്ടില്ല. എന്നാൽ അവരിലുണ്ടായിരുന്ന ഭക്തിയും പവിത്രതയും "യഥാർത്ഥ തൊഴുത്തിലെ ആടിനെ" തങ്ങളിലേയ്ക്ക് വഴിതെറ്റിക്കാൻ മതിയായതാണ് എന്നായിരുന്ന ആരോപണം. അതുകൊണ്ട് ഈ "വിദ്വേഷവും പകയും ഉള്ള ദുഷിച്ച കൂട്ടത്തെ', അവർ ആണയിട്ട് അവരുടെ വിശ്വാസം ത്യജിക്കാത്തപക്ഷം വിഷപ്പാമ്പുകളെ എന്നപോലെ തകർക്കണമെന്ന് പോപ്പ് ഉത്തരവിട്ടു". - Wylie, b. 16. ch. 1. ഈ ധിക്കാരിയായ അധികാരി തൻറെ വാക്കുകളെ വീണ്ടും കണ്ടുമുട്ടും എന്ന് വിചാരിക്കുന്നുണ്ടോ? ന്യായവിധിയുടെ സമയത്ത് അയാളെ

അഭിമുഖീകരിക്കുവാൻ ഇവരുടെ പേരുകൾ സ്വർഗ്ഗത്തിലെ പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്ന് അദ്ദേഹത്തിന് അറിയാമോ?" എൻറെ ഈ സഹോദരന്മാരിൽ ഒരു ചെറിയവന് നിങ്ങൾ ചെയ്തതെല്ലാം എനിക്ക് ചെയ്തു" എന്ന് യേശു പറഞ്ഞു (മത്തായി 25:40).

ഈ ഉത്തരവ് ദുരുപദേശക്കാർക്കെതിരായുള്ള ധർമ്മയുദ്ധത്തിൽ ചേരാൻ സഭാംഗങ്ങളെ ആഹ്വാനം ചെയ്തു. ഈ ക്രൂരമായ ജോലിയിൽ പങ്കു ചേരുന്നവർക്ക് പ്രതിഫലമായി "പൊതുവായും തനതായും ഉള്ള സഭാസംബന്ധമായ ശിക്ഷകളും

പ്രായശ്ചിത്തങ്ങളും ഇളവു ചെയ്തു. ഈ യുദ്ധത്തിൽ ചേരുന്ന എല്ലാവർക്കും അവർ ചെയ്തിട്ടുള്ള ആണയിൽനിന്നും നേർച്ചയിൽ നിന്നും വിടുതൽ കൊടുത്തു. നിയമപരമല്ലാതെ കയ്യടക്കിയിരുന്ന വസ്തുക്കളെല്ലാം അവരവരുടെ പേരിൽ ആക്കിക്കൊടുത്തു. ഈ മതനിന്ദകരെ കൊന്നാൽ ആ പാപം മോചിക്കാം എന്ന വാഗ്ദാനവും കൊടുത്തു. വാൽഡൻസ്യർക്ക് സഹായകമായിരുന്ന എല്ലാ കരാറുകളും റദ്ദാക്കപ്പെട്ടു. ഗാർഹികമായതെല്ലാം കയ്യൊഴിയാൻ ഉത്തരവായി. എല്ലാ വിധത്തിലും അവരെ സഹായിക്കുന്നത് തടഞ്ഞു. അവരുടെ വസ്തുവകകൾ കരസ്ഥമാക്കുന്നതിനുള്ള അധികാരം എല്ലാ വർക്കും കൊടുത്തു". - Wylie, b.

16, ch. 1. ഈ പ്രമാണം വ്യക്തമാക്കുന്നത് ഈ രംഗങ്ങളുടെ പിന്നിലുള്ള ഗൂഢതന്ത്രം ആണ്. അവിടെ കേട്ടിരുന്നത് ഘോരമൃഗത്തിൻറെ അലർച്ചയാണ്; കർത്താവിന്റെ സൗമ്യമായ ശബ്ദം അല്ല.

പാപ്പാത്വനായകന്മാരുടെ സ്വഭാവം ദൈവനിയമങ്ങളുടെ വലിയ നിലവാരത്തോട് യോജിക്കുന്നവ അല്ലായിരുന്നു. അവർ തങ്ങൾക്ക് യോജിക്കുന്ന ഒരു നിലവാരം ഉയർത്തി. എന്നിട്ട് എല്ലാവരേയും അതിനോട് യോജിച്ച് പോകാൻ നിർബന്ധിതരാക്കി. കാരണം റോം അത് ആവശ്യപ്പെട്ടിരുന്നു. ഏറ്റവും ഭീകരമായ ദുരന്തങ്ങൾ

നിർവ്വഹിക്കപ്പെട്ടു. ദൈവദൂഷണം ചെയ്യു ന്നവരും ദുഷിച്ചവരുമായ പോപ്പുമാരും പുരോഹിതന്മാരും സാത്താൻ അവർക്ക് കൊടുത്ത വേല ചെയ്യുകയായിരുന്നു. അവരുടെ പ്രകൃതത്തിൽ ദയവിന് യാതൊരു സ്ഥാനവും ഉണ്ടായിരുന്നില്ല. ക്രിസ്തുവിനെ ക്രൂശിച്ചതും അപ്പൊസ്തലന്മാരെ കൊന്നതും രക്തദാഹിയായ നീറോയുടെ കാലത്ത് വിശ്വസ്ത ദൈവജനത്തോട് അനുവർത്തിച്ചതും ആയ അതേ ആത്മാവുതന്നെ ദൈവത്തിനു പ്രിയപ്പെട്ടവരെ ഭൂമിയിൽനിന്ന് നീക്കം ചെയ്യാനായി പ്രവർത്തിച്ചു.

ദൈവഭയമുള്ള ജനത്തിന്മേൽ പീഡനം പല നൂറ്റാണ്ടുകളോളം നില നിന്നു. അവർ ക്ഷമയോടും ദൃഢതയോടുംകൂടെ സഹിച്ചുനിന്നതിനാൽ രക്ഷകൻറെ നാമം മഹത്വപ്പെട്ടു. യുദ്ധത്തെയും മൃഗീയമായ കൊലകളേയും വകവയ്ക്കാതെ, വിലയേറിയ സത്യത്തിൻറെ ദൂത് വിതയ്ക്കാൻ അവർ മിഷനറിമാരെ പറഞ്ഞയയ്ക്കുന്നത് തുടർന്നു. അവർ വേട്ടയാടപ്പെട്ട് മരിച്ചെങ്കിലും വിതയ്ക്കപ്പെട്ട വിത്തിന് അവരുടെ രക്തം വെള്ളമായിത്തീർന്നു. അവ ഫലം നൽകാതിരുന്നില്ല. അങ്ങനെ വാൽഡൻസ്യർ ലൂഥറിൻറെ ജനനത്തിന് നൂറ്റാണ്ടുകൾക്ക് മുൻപുതന്നെ ദൈവത്തിൻറെ സാക്ഷികൾ ആയിരുന്നു. വിക്ലിഫിൻറെ

കാലത്ത് തുടങ്ങിയ നവീകരണത്തിന്‍റെ വിത്തുകൾ അവർ പലദേശങ്ങളിലായി വാരിവിതറിയിരുന്നു. ലൂഥറിന്‍റെ കാലത്ത് അവ വിസ്താരത്തിലും ആഴത്തിലും വളർന്നു. “യേശുവിന്‍റെ സാക്ഷ്യത്തിനും ദൈവവചനത്തിനും വേണ്ടി” എന്തും സഹിക്കാൻ മനസ്സുള്ളവർ കാലത്തിന്‍റെ അന്ത്യം വരെ ഈ സത്യത്തെ വഹിച്ചുകൊണ്ടുപോകും (വെളിപ്പാട് 1 :9).

## അദ്ധ്യായം 5—ജോൺ വിക്ലിഫ്

നവീകരണത്തിനുമുമ്പ് വളരെ കുറച്ച് വേദപുസ്തകപ്രതികൾ നിലനിന്നിരുന്ന സമയങ്ങൾ ഉണ്ടായിരുന്നു. ദൈവവചനം മുഴുവനായി നശിക്കപ്പെടാൻ ദൈവം അനുവദിച്ചില്ല. അതിലെ സത്യങ്ങൾ എന്നെന്നേയ്ക്കുമായി മറഞ്ഞിരിക്കേണ്ടവ അല്ല. തൻറെ ദാസന്മാരെ വിട്ടയയ്ക്കാനായി ദൈവം കരാഗൃഹ വാതിലുകൾ തുറന്നതുപോലെയും ഇരുമ്പ് കവാടങ്ങളുടെ പൂട്ട് തുറന്നതുപോലെയും ജീവൻറെ വചനത്തിൻറെ ചങ്ങലയും നിഷ്പ്രയാസം അഴിച്ചു. യൂറോപ്പിലെ പല രാജ്യങ്ങളിലും മനുഷ്യർ ദൈവാത്മാവിനാൽ പ്രചോദിതരായി,

സത്യത്തിനും മറഞ്ഞിരിക്കുന്ന നിധികൾക്കും വേണ്ടി അന്വേഷണം നടത്തി. ദൈവാനുഗ്രഹത്താൽ വിശുദ്ധ വചനത്തിലേയ്ക്ക് അവർ നയിക്കപ്പെട്ടു. അതീവ താല്പര്യത്തോടെ വിശുദ്ധ പേജുകൾ പഠിച്ചു. എന്ത് വില കൊടുത്തും വെളിച്ചം തങ്ങളിലേയ്ക്ക് സ്വീകരിക്കാൻ അവർക്ക് സമ്മതമായിരുന്നു. എല്ലാ കാര്യങ്ങളും അവർക്ക് വ്യക്തമാക്കപ്പെട്ടില്ലെങ്കിലും പണ്ടുമുതലേ മറഞ്ഞുകിടന്ന ധാരാളം സത്യങ്ങൾ കണ്ടെത്താൻ സാധിച്ചു. അന്ധവിശ്വാസത്തിൻറെയും തെറ്റുകളുടെയും ചങ്ങല പൊട്ടിച്ച് വേർപെടുത്തിക്കൊണ്ടും, അടിമയാക്കപ്പെട്ടവരോട് എഴുന്നേറ്റ് അവരുടെ സ്വാതന്ത്ര്യം ഉറപ്പാക്കാൻ

ആവശ്യപ്പെട്ടുകൊണ്ടും സ്വർഗ്ഗീയ ദൂതുവാഹകരായി അവർ മുൻപോട്ടു പോയി.

വാൽഡൻസർ ഒഴികെ, ദൈവത്തിൻറെ തിരുവചനം അഭ്യസ്തവിദ്യരുടെ ഭാഷകളിൽ മാത്രമായി നൂറ്റാണ്ടുകളോളം അടയ്ക്കപ്പെട്ടിരുന്നു. എന്നാൽ പല പ്രദേശങ്ങളിലുമുള്ളവരുടെ മാതൃഭാഷയിൽ പരിഭാഷപ്പെടുത്തി വിതരണം ചെയ്യാനുള്ള സമയം വന്നു. ലോകം അതിൻറെ അർദ്ധരാത്രി കടന്നു പോയി. അന്ധകാരത്തിൻറെ മണിക്കൂറുകൾ ഇല്ലാതായി. പല ദേശങ്ങളിലും പ്രഭാതകിരണങ്ങളുടെ സൂചനകൾ കണ്ടു തുടങ്ങി.

ജോൺ വിക്ലിഫ് പതിനാലാം നൂറ്റാണ്ടിൽ "നവീകരണത്തിൻറെ ഉദയ നക്ഷത്രം" ഇംഗ്ലണ്ടിൽ ഉദിച്ചു. ജോൺ വിക്ലിഫ് ഇംഗ്ലണ്ടിനു മാത്രമല്ല, ക്രിസ്തവലോകത്തിനു മുഴുവനും നവീകരണത്തിൻറെ മുന്നോടി ആയിരുന്നു. റോമിന് എതിരെയുള്ള പ്രതിഷേധം രേഖപ്പെടുത്തുവാൻ അനുവദിച്ചിടത്തോളം നിശ്ശബ്ദനായില്ല. വ്യക്തികളെയും സഭകളെയും രാഷ്ട്രങ്ങളെയും അടിമത്വത്തിൽനിന്ന് വിടുവിക്കുവാൻ ഈ പ്രതിഷേധം സമരത്തിലേയ്ക്ക് നയിച്ചു.

വിക്ലിഫിന് യഥേഷ്ടമായ ഒരു വിദ്യാഭ്യാസം കിട്ടി. അദ്ദേഹത്തിന്

യഹോവാഭക്തി ജ്ഞാനത്തിൻറെ ആരംഭമായിരുന്നു. മികച്ച പാണ്ഡിത്യത്തിനും ശ്രദ്ധേയമായ കഴിവുകൾക്കും മാത്രമല്ല തീഷ്ണമായ ദൈവഭക്തിക്കും അദ്ദേഹം തൻറെ കോളജിൽ അറിയപ്പെട്ടിരുന്നു. അറിവിനുവേണ്ടിയുള്ള ദാഹത്തിൽ അദ്ദേഹം പഠനത്തിൻറെ എല്ലാ ശാഖകളുമായി ബന്ധപ്പെട്ടിരുന്നു. സ്വന്തരാഷ്ട്രത്തിലെ പാഠശാലാവിഷയമായ തത്വശാസ്ത്രം, സഭയുടെ സാമാന്യനിയമം, പൗരബന്ധങ്ങൾ സംബന്ധമായ നിയമാവലി ആദിയായ വിഷയങ്ങൾ അദ്ദേഹം പഠിച്ചു. അദ്ദേഹത്തിൻറെ ആദ്യകാല പരിശീലനത്തിൻറെ ശ്രേഷ്ഠത പിൽക്കാല അദ്ധ്വാനത്തിൽ

തെളിഞ്ഞു. അദ്ദേഹത്തിൻറെ കാലത്തെ സന്ദിഗ്ധപരമായ തത്വശാസ്ത്രം സമ്പൂർണ്ണമായി അറിഞ്ഞപ്പോൾ അതിൻറെ തെറ്റുകൾ തുറന്നു കാട്ടാൻ പ്രാപ്തനായി. ദേശീയവും സഭാപരവുമായ നിയമങ്ങൾ പഠിച്ചതുകൊണ്ട് രാഷ്ട്രീയവും മതപരവുമായ സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള പോരാട്ടത്തിന് സജ്ജമായി. അദ്ദേഹത്തിന് ദൈവവചനത്തിൽനിന്നുള്ള ആയു ധങ്ങൾ കൈകാര്യം ചെയ്യാൻ കഴിഞ്ഞപ്പോൾ സ്കൂളിലെ ബുദ്ധിപരമായ അച്ചടക്കവും സമ്പാദിച്ചിരുന്നു. സ്കൂളിലെ ആളുകളുടെ കൗശലങ്ങളും അദ്ദേഹം മനസ്സിലാക്കി. പ്രതിഭാശക്തിയും സമ്പൂർണ്ണ ജ്ഞാനവും അദ്ദേഹത്തിന്

ശത്രുക്കളുടെയും മിത്രങ്ങളുടേയും ബഹുമാനം നേടിക്കൊടുത്തു. അദ്ദേഹത്തെ പിന്തുണയ്ക്കുന്നവർ രാഷ്ട്രത്തിൻറെ നായകന്മാരുടെ മുൻപന്തിയിൽ അദ്ദേഹം നിൽക്കുന്നത് സംതൃപ്തിയോടെ വീക്ഷിച്ചു. നവീകരണത്തെ പിൻതാങ്ങുന്ന അദ്ദേഹത്തെ, തൻറെ അജ്ഞതയൊ ബലഹീനതയാ എടുത്തുകാട്ടി നിന്ദിച്ചുതള്ളുന്നതിൽനിന്നും ശത്രുക്കളെ തടഞ്ഞു.

വിക്ലിഫ് കോളേജിൽ പഠിച്ചിരുന്ന കാലത്തുതന്നെ തിരുവചന പഠനവും ആരംഭിച്ചു. ആ കാലങ്ങളിൽ വേദപുസ്തകം പുരാതന ഭാഷകളിൽ

മാത്രമെ ഉണ്ടായിരുന്നുള്ളൂ. അഭ്യസ്ഥവിദ്യർക്ക് മാത്രമേ സത്യത്തിൻറെ ഉറവിടത്തിലേയ്ക്കുള്ള വഴി കണ്ടെത്താൻ കഴിഞ്ഞിരുന്നുള്ളൂ. വിദ്യാഭ്യാസമില്ലാത്തവർക്ക് ഈ വഴി അടഞ്ഞുകിടന്നു. അങ്ങനെ വിക്ലിഫിന് ഭാവിയിലെ നവീകരണ വേലയ്ക്ക് ഒരു വഴി ഒരുക്കപ്പെട്ടു. വിദ്യാസമ്പന്നർ ദൈവത്തിൻറെ വചനം പഠിച്ചു. വചനത്തിൽനിന്ന് വെളിപ്പെട്ട ദൈവത്തിൻറെ സൗജന്യമായ കൃപയുടെ വലിയ സത്യം അവർ മനസ്സിലാക്കി. അവരുടെ പഠിപ്പിക്കലുകളിൽ അവർ ഈ സത്യത്തിൻറെ പരിജ്ഞാനം വ്യാപിപ്പിച്ചു. മറ്റുള്ളവരെ ഈ ജീവിക്കുന്ന വെളിപ്പാടിലേയ്ക്ക് തിരിയാൻ സഹായിച്ചു.

വിക്ലിഫ് വേദപഠനത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ചപ്പോൾ സ്കൂളിൽ വെച്ച പഠനത്തിനുണ്ടായിരുന്ന പ്രാഗത്ഭ്യത്തോടെ വചനം സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കി. ഇതുവരെ മനസ്സിലുണ്ടായിരുന്ന അഭിവാഞ്ഛയെ തൃപ്തിപ്പെടുത്തുവാൻ സഭയ്ക്കോ അതിൻറെ വിദ്യാഭ്യാസത്തിനോ കഴിഞ്ഞില്ല. അന്നുവരെയും വൃഥാവായി അന്വേഷിച്ചത് ദൈവവചനത്തിൽ അവൻ കണ്ടെത്തി. ഇതിൽ രക്ഷാപദ്ധതി തുറന്നിരിക്കുന്നതും ക്രിസ്തു മനുഷ്യൻറെ ഏക മദ്ധ്യസ്ഥനാണെന്നും കണ്ടു. ക്രിസ്തുവിൻറെ സേവനത്തിനായി തന്നെത്തന്നെ സമർപ്പിച്ച് താൻ

കണ്ടെത്തിയ സത്യം ഘോഷിക്കുവാൻ തീരുമാനിച്ചു.

പിന്നീടുണ്ടായ നവീകരണ കർത്താക്കളെപ്പോലെ തൻറെ വേലയുടെ ആരംഭത്തിങ്കൽ അത് തന്നെ എവിടേയ്ക്ക് നയിക്കും എന്ന് അറിഞ്ഞില്ല. റോമിനെതിരായി മനഃപൂർവ്വം നിന്നില്ല. പക്ഷെ സത്യത്തോടുള്ള കൂറ് വ്യാജത്തോടുള്ള എതിർപ്പിൽ അദ്ദേഹത്തെ എത്തിച്ചു. പാപ്പാത്വ തെറ്റുകളെ എത്ര വ്യക്തമായി വിവേചിച്ചോ അത്രയും ഉത്സാഹത്തോടെ വേദപുസ്തക സത്യങ്ങൾ പ്രചരിപ്പിച്ചു. മാനുഷിക പാരമ്പര്യത്തിനുവേണ്ടി റോം ദൈവവചനം മറന്നുകളഞ്ഞത് അദ്ദേഹം കണ്ടു. തിരുവചനത്തെ തള്ളിക്കളഞ്ഞ

പൗരോഹിത്യത്തെ അദ്ദേഹം നിർഭയം കുറ്റപ്പെടുത്തി. വേദപുസ്തകം ജനങ്ങളിൽ എത്തിക്കണമെന്നും വേദപുസ്തകത്തിൻറെ ആധിപത്യം സഭയിൽ നടപ്പാക്കണമെന്നും ആവശ്യപ്പെട്ടു. അദ്ദേഹം കഴിവും ആത്മാർത്ഥതയും ഉള്ള ഒരു അദ്ധ്യാപകൻ എന്നുമാത്രമല്ല ഒരു വാഗ്മിയും കൂടെയായിരുന്നു. താൻ പഠിച്ച സത്യങ്ങളെ പ്രായോഗികമായി കാണിച്ചുകൊടുക്കുന്നതായിരുന്നു തൻറെ ദൈനംദിന ജീവിതം. അദ്ദേഹത്തിൻറെ വചന പരിജ്ഞാനം, യുക്തി വിചാരത്തിൻറെ ശക്തി, ജീവിത വിശുദ്ധി, ധൈര്യം, സ്വഭാവദാർഢ്യം എന്നിവ പൊതു ജനങ്ങളുടെ മതിപ്പും വിശ്വാസവും നേടിക്കൊടുത്തു.

റോമാസഭയിൽ നില നിന്നിരുന്ന തെറ്റുകൾ കണ്ടപ്പോൾ വളരെ ആളുകൾ ആദ്യത്തെ തങ്ങളുടെ വിശ്വാസത്തിൽ അതൃപ്തരായി. വിക്ലിഫ് വേദപുസ്തക സത്യങ്ങൾ അവർക്ക് കാണിച്ചുകൊടുത്തപ്പോൾ അവർ സന്തോഷത്താൽ ജയഘോഷം മുഴക്കി. ഈ നവീകരണ കർത്താവിന് തങ്ങളുടേതിനേക്കാൾ കൂടുതൽ സ്വാധീനം ഉണ്ടെന്ന് മനസ്സിലായപ്പോൾ പാപ്പാത്വ നായകന്മാർ ക്രോധാവേശത്താൽ നിറഞ്ഞു.

വിക്ലിഫ് തെറ്റ് കണ്ടുപിടിക്കുന്നതിൽ സമർത്ഥനായിരുന്നു. റോമൻ ആധിപത്യം നടപ്പാക്കിയിരുന്ന പല അധർമ്മങ്ങളെയും അദ്ദേഹം ഭയം

കൂടാതെ ആഞ്ഞടിച്ചു. രാജാവിൻറെ
പുരോഹിതനായിരുന്നപ്പോൾ
ഇംഗ്ലണ്ടിലെ രാജാവിൽ നിന്ന് പോപ്പ്
ആവശ്യപ്പെട്ടിരുന്ന കപ്പം
കൊടുക്കാതിരിക്കാൻ ഒരു നിലപാട്
സ്വീകരിച്ചു. കൂടാതെ മതേതര
അധികാരികളുടെ മേൽ പോപ്പിന്
ഉണ്ടെന്ന് അനുമാനിച്ചിരുന്ന അധികാരം,
യുക്തിക്കും വെളിപ്പാടിനും
നിരക്കാത്തതാണെന്ന്
കാണിച്ചുകൊടുത്തു. പോപ്പിൻറെ
അവകാശവാദങ്ങൾ വലിയ
ധാർമ്മികരോഷം ഉണർത്തി.
വിക്ലിഫിൻറെ പഠിപ്പിക്കലുകൾ
രാഷ്ട്രനേതാക്കളുടെ മനസ്സിൽ സ്വാധീനം
ചെലുത്തി. രാജാവും പ്രഭുക്കന്മാരും
ഒന്നിച്ച് പോപ്പിൻറെ അധികാരം

താൽക്കാലികമാണെന്ന്
ആരോപിക്കുകയും കപ്പം കൊടുക്കുന്നത്
തിരസ്കരിക്കുകയും ചെയ്തു. അങ്ങനെ
ഇംഗ്ലണ്ടിൽ പോപ്പിൻറെ
സർവ്വാധിപത്യത്തിന്മേൽ സഫലമായ
ഒരു ആഞ്ഞടി ഉണ്ടായി.

നവീകരണ കർത്താവ് തിന്മക്കെതിരെ
പിടിച്ചുകുലുക്കിയ മറ്റൊന്ന്
ഭിക്ഷാടനക്കാരായ ക്രിസ്തീയ
സന്യാസിമാരുടെ
സ്ഥാപനത്തിനെതിരെയുള്ള
പോരാട്ടമായിരുന്നു. ഈ
സന്യാസിസമൂഹത്തിൻറെ വ്യാപകമായ
പ്രവർത്തനം രാഷ്ട്രത്തിൻറെ
മഹത്വത്തിനും അഭിവൃദ്ധിക്കും
മങ്ങലേല്പിച്ചു. വ്യവസായം,

വിദ്യാഭ്യാസം, സംസ്കാരം എന്നിവയ്ക്കെല്ലാം ഇവരുടെ സ്വാധീനത്താൽ മങ്ങലേറ്റു. സന്യാസികളുടെ അലസ ജീവിതവും ഭിക്ഷാടനവും ജനങ്ങളുടെ വിഭവസമ്പത്തുകൾക്ക് കഠിനമായ ചോർച്ചയുണ്ടാക്കുക മാത്രമല്ല ചെയ്തത്. പക്ഷെ ഫലപ്രദമായ വേലയെ നിന്ദിക്കുകയും ചെയ്തു. യുവജനങ്ങൾ സദാ ചാരരഹിതരും അഴിമതിക്കാരും ആയിരുന്നു. ഈ സന്യാസികളുടെ സ്വാധീന ത്താൽ അനേകർ സന്യാസിമഠത്തിൽ ചേരുവാനും ഏകാന്ത ജീവിതത്തിന് തങ്ങളെത്തന്നെ സമർപ്പിക്കുവാനും പ്രേരിപ്പിക്കപ്പെട്ടു. ഇത് മാതാപിതാക്കളുടെ അനുവാദം ഇല്ലാതെ ആയിരുന്നു എന്ന് മാത്രമല്ല,

അവരുടെ ആജ്ഞയ്ക്ക് വിപരീതമായും അവർ അറിയാതെയും ആയിരുന്നു. റോമാസഭയുടെ പൂർവ്വ പിതാക്കന്മാരിൽ ഒരാൾ, പുത്രോചിതമായ സ്നേഹത്തിനും കടമകൾക്കും കടപ്പാടുകൾക്കുമതീതമാണ് സന്യാസികളുടെ കടമകൾ എന്ന വ്യഗ്രതയോടെ "കരഞ്ഞും നിലവിളിച്ചുംകൊണ്ട് നിൻറെ അപ്പൻ നിൻറെ വാതിലിൻറെ മുൻപിൽ കിടന്നാലും അമ്മ നിന്നെ ചുമന്ന ഉദരവും നീ കുടിച്ച മുലകളും കാണിച്ചാലും അവയെ ചവിട്ടിത്തേച്ചുകൊണ്ട് ക്രിസ്തുവിങ്കലേയ്ക്ക് നേരെ പോവുക" എന്ന് പ്രഖ്യാപിച്ചു. പിന്നീട് ലൂഥറിൻറെ ഭാഷയിൽ പറഞ്ഞാൽ:-

"ക്രിസ്ത്യാനിയെക്കാളും മനുഷ്യനെക്കാളും

ഒരു പ്രജാപീഡകന് യോജിക്കുന്ന, ചെന്നായ്ക്കൾക്ക് ഏറെ യോജിക്കുന്ന സന്യാസിത്വത്തിൻറെ മനുഷ്യത്വരാഹിത്യം മാതാപിതാക്കൾക്ക് എതിരായി കുഞ്ഞുങ്ങളുടെ ഹൃദയങ്ങളെ കഠിനപ്പെടുത്തി'. Barnas Sears, The Life of Luther, pages 70, 69.

പരീശന്മാരെപ്പോലെ പാപ്പാത്വനായകന്മാർ അവരുടെ പാരമ്പര്യത്താൽ ദൈവത്തിൻറെ കല്പനകളെയെല്ലാം പ്രഭാവമില്ലാത്തതാക്കി. അങ്ങനെ ഭവനങ്ങൾ ശൂന്യമാക്കപ്പെട്ടു. മാതാപിതാക്കൾ പുത്രീപുത്രന്മാരുടെ സഹവാസത്തിൽനിന്നും മാറ്റപ്പെട്ടു.

കോളേജ് വിദ്യാർത്ഥികൾപോലും സന്യാസിമാരുടെ വ്യാജപ്രതിനിധികൾ മുഖേന, അവരോടുകൂടെ ചേരാൻ പ്രേരിപ്പിക്കപ്പെട്ടു. മാതാപിതാക്കളെ വ്യസനിപ്പിച്ചതും തങ്ങളുടെ സ്വന്തജീവിതം നഷ്ടപ്പെടുത്തിയതും മനസ്സിലാക്കി അനേകർ പിന്നീട് അനുതപിച്ചു. പക്ഷെ ഒരിക്കൽ കെണിയിൽപ്പെട്ടുപോയാൽ സ്വാതന്ത്ര്യം കിട്ടാൻ സാധ്യമായിരുന്നില്ല. അനേക മാതാപിതാക്കളും സന്യാ സികളുടെ പ്രലോഭനം പേടിച്ച് തങ്ങളുടെ മക്കളെ കോളേജുകളിൽ അയയ്ക്കാൻ വിസമ്മതിച്ചു. വിദ്യാർത്ഥികളുടെ എണ്ണത്തിൽ ഒരു വലിയ കുറവ് വലിയ കോളേജുകളിൽ അനുഭവപ്പെട്ടു.

സ്കൂളുകളുടെ ശക്തി ക്ഷയിച്ചു. അജ്ഞത നടമാടി.

ഈ സന്യാസികൾക്ക് കുമ്പസാരിപ്പിക്കാനും പാപങ്ങളെ ക്ഷമിച്ചു കൊടുക്കാനും ഉള്ള അധികാരം പോപ്പ് കൊടുത്തു. അത് വലിയ ദുഷ്ടതയ്ക്ക് കളമൊരുക്കി. സന്യാസികൾ തങ്ങളുടെ അടുക്കൽ വന്ന എല്ലാവിധ കുറ്റവാളികൾക്കും, തങ്ങളുടെ ലാഭം നോക്കി, പൂർണ്ണമായ പാപക്ഷമ കൊടുത്തു. അതിൻറെ ഫലമായി ദുഷ്ടത വേഗത്തിൽ വർദ്ധിച്ചു. രോഗികളും സാധുക്കളും അവരുടെ ദുരിതങ്ങളുമായി തള്ളപ്പെട്ടു. അതേ സമയം അവരുടെ ആവശ്യങ്ങൾക്ക് ഉതകുമായിരുന്ന സംഭാവനകൾ സന്യാസികൾക്ക്

പോയി. സന്യാസികൾ ജനത്തെ ഭീഷണിപ്പെടുത്തി ദാനം ആവശ്യപ്പെട്ടു. അവരുടെ ആജ്ഞ അനുസരിച്ച് ദാനം ചെയ്യാത്തവരെ അശുദ്ധരായി പ്രഖ്യാപിച്ചു. ദാരിദ്യം ജീവിതവൃത്തിയായി കരുതിയിരുന്നെങ്കിലും സന്യാസിമാരുടെ ധനം ക്രമേണ വർദ്ധിച്ചുവന്നു. അവരുടെ രാജകീയ പ്രൗഢിയുള്ള മണിമാളികകളും ആഢം ഭരപൂർണ്ണമായ മേശകളും രാജ്യത്തിൻറെ വളർന്നുകൊണ്ടിരുന്ന ദാരിദ്ര്യം കൂടുതൽ പ്രകടമാക്കി. അങ്ങനെ ആഢംബരത്തിലും സന്തോഷത്തിലും കഴിയുമ്പോൾ അറിവില്ലാത്ത മനുഷ്യരെ തങ്ങൾക്കുപകരം അവർ

പുറത്തേയ്ക്കയച്ചു. അവർ ആശ്ചര്യകരമായ കെട്ടുകഥകളും ഐതീഹ്യങ്ങളും പരിഹാസങ്ങളും ജനങ്ങളെ അത്ഭുതപ്പെടുത്താനായി വിവരിച്ചു. അങ്ങനെ സന്യാ സികൾ മനുഷ്യരെ പൂർണ്ണമായും ഭോഷന്മാർ ആക്കി. എന്നിട്ടും അന്ധവിശ്വാസികളായ ജനങ്ങളുടെ മേലുള്ള സ്വാധീനം തുടർന്നിരുന്നു. പോപ്പിൻറെ പരമാധികാരം അംഗീകരിക്കുന്നതിലും വിശുദ്ധന്മാരെ ആരാധിക്കുന്നതിലും സന്യാസികൾക്ക് സംഭാവന കൊടുക്കുന്നതിലും ആണ് മതപരമായ കടമകൾ എല്ലാം അടങ്ങിയിരിക്കുന്നത് എന്ന് വിശ്വസിപ്പിച്ചു. കൂടാതെ അങ്ങനെ യൊക്കെ ചെയ്യുന്നത് സ്വർഗ്ഗത്തിൽ ഒരു

സ്ഥലം ലഭിക്കാൻ മതിയായതാണെന്നും വിശ്വസിപ്പിച്ചു.

ആശ്രമവാസികളുടെ ഈ നിയമങ്ങൾ മാറ്റാനായി വിദ്യാസമ്പന്നരും ഭക്തരും പ്രയത്നിച്ചു. പക്ഷെ ഫലം ഉണ്ടായില്ല. എന്നാൽ വിക്ലിഫ് ഉൾക്കാഴ്ചയോടുകൂടെ, ഈ ഘടന അപ്പാടെ തെറ്റാണെന്നും അത് ഇല്ലാതാക്കണമെന്നും പ്രഖ്യാപിച്ചുകൊണ്ട് തിന്മയുടെ ചുവട്ടിൽത്തന്നെ ആഞ്ഞടിച്ചു. സന്യാസികൾ പോപ്പിൻറെ ക്ഷമ വിറ്റ് രാജ്യത്തെല്ലാടവും നടന്നപ്പോൾ അനേകർ പണം കൊടുത്ത് പാപക്ഷമ വാങ്ങുവാൻ സാധിക്കുമൊ എന്ന കാര്യത്തിൽ സംശയാലുക്കൾ ആയി.

റോമിലെ പോപ്പിൽ നിന്നും പാപക്ഷമ കിട്ടുന്നതിനേക്കാൾ ദൈവത്തിൽനിന്ന് പ്രാപിക്കേണ്ടതല്ലേ എന്ന ചോദ്യം ഉയർന്നു. സന്യാസികളുടെ അത്യാഗ്രഹത്താൽ അസ്വസ്ഥരായവർ കുറച്ചൊന്നും ആയിരുന്നില്ല. "റോമിലെ പുരോഹിതന്മാരും സന്യാസികളും ക്യാൻസർപോലെ ഞങ്ങളെ തിന്നുകളയുന്നു. ദൈവം ഞങ്ങളെ വിടുവിക്കണം. അല്ലെങ്കിൽ ജനം ഇല്ലാതാകും" - D'Aubigne, b. 17, ch. 7 എന്ന് അവർ പറഞ്ഞു. തങ്ങളുടെ അത്യാർത്തി മറയ്ക്കുന്നതിനുവേണ്ടി, രക്ഷകൻറെ മാതൃക പിൻതുടരുകയാണെന്ന് ഭിക്ഷാടരായ സന്യാസിമാർ അവകാശപ്പെട്ടു. യേശുവും ശിഷ്യന്മാരും ജനങ്ങളുടെ

ദാനംകൊണ്ടാണ് ജീവിച്ചിരുന്നതെന്ന് അവർ പറഞ്ഞു. ഈ അവകാശവാദം അവർക്കുതന്നെ മുറിവുണ്ടാക്കി. കാരണം, ഇത് അനേകരെ, സത്യം സ്വയം പഠിക്കുവാൻ തക്കവണ്ണം വേദപുസ്തകത്തിലേയ്ക്ക് നയിച്ചു. റോം ഒരിക്കലും ആഗ്രഹിക്കാത്തതും മറ്റുള്ളവർ ആഗ്രഹിച്ചിരുന്നതുമായ ഫലം ആയിരുന്നു അത്. റോം മറച്ചുവയ്ക്കണമെന്ന് ലക്ഷ്യമിട്ടിരുന്ന സത്യത്തിൻറെ ഉറവിടത്തിലേയ്ക്ക് മനുഷ്യമനസ്സുകൾ തിരിഞ്ഞു.

വിക്ലിഫ് സന്യാസികൾക്ക് എതിരായി ലഘുലേഖകൾ എഴുതാനും വിതരണം ചെയ്യാനും തുടങ്ങി. അവരുമായി തർക്കിക്കാൻ ശ്രമിക്കാതെ മനുഷ്യ

മനസ്സുകളെ വേദപുസ്തക
പഠിപ്പിക്കലുകളിലേയ്ക്കും അതിൻറെ
ഗ്രന്ഥകർത്താവിലേയ്ക്കും
അടുപ്പിയ്ക്കുന്നതിന് ശ്രമിച്ചു. ക്ഷമിക്കാനോ
പള്ളിഭ്രഷ്ടനാക്കാനോ പോപ്പിനുള്ള
അധികാരം സാധാരണ
പുരോഹിതന്മാർക്കുള്ള
അധികാരത്തേക്കാൾ കൂടുതൽ അല്ല
എന്നും സ്വയമായി ദൈവത്തിൻറെ
ശിക്ഷാവിധിക്കു
വിധേയരാകാത്തിടത്തോളംകാലം
ആരെയും പള്ളിഭ്രഷ്ടനാക്കാൻ
വാസ്തവത്തിൽ കഴിവില്ലെന്നും അദ്ദേഹം
പ്രഖ്യാപിച്ചു. ആത്മീക
ആധിപത്യത്തിൻറെ ഈ വൻ
സ്ഥാപനത്തെ തകർക്കാനും
ലക്ഷക്കണക്കിനാളുകളെ

ബന്ധനസ്ഥരാക്കിയ ദുരുപദേശത്തിൽനിന്ന് ജനത്തെ വിമുക്തരാക്കുവാനും ഇതിനെക്കാൾ ശ്രേഷ്ഠമായ വേറൊരു മാർഗ്ഗവുമില്ലായിരുന്നു.

പിന്നെയും റോമിൻറെ കടന്ന കയറ്റത്തിൽനിന്ന് ബ്രിട്ടീഷ് രാജാവിൻറെ അവകാശങ്ങളെ സംരക്ഷിക്കുവാൻ വിക്ലിഫ് വിളിക്കപ്പെട്ടു. രാജാവിൻറെ സ്ഥാനാപതിയായി നിയോഗിക്കപ്പെട്ട അദ്ദേഹം രണ്ടുവർഷം നെതർലണ്ടിൽ താമസിച്ച പോപ്പിൻറെ പ്രതിനിധികളുമായി സമ്മേളനങ്ങൾ നടത്തി. ഇവിടെ അദ്ദേഹം ഫ്രാൻസ്, ഇറ്റലി, സ്പെയിൻ എന്നീ

രാജ്യങ്ങളിലെ പുരോഹിതന്മാരുമായി ആശയവിനിമയം നടത്തി. ഇംഗ്ലണ്ടിൽ ആയിരുന്നെങ്കിൽ വെളിപ്പെട്ടുകിട്ടാൻ സാധ്യതയില്ലാത്ത അനേക കാര്യങ്ങളെക്കുറിച്ചുള്ള അറിവ് സമ്പാദിച്ചു. രംഗങ്ങളുടെ പിന്നിലേയ്ക്ക് നോക്കാനുള്ള അവസരവും ലഭിച്ചു. അദ്ദേഹത്തിൻറെ പിന്നീടുള്ള പ്രയത്നങ്ങൾക്ക് ലക്ഷ്യം നേടുവാൻ ധാരാളം പഠിച്ചു. ഈ പുരോഹിതന്മാരിൽ പാപ്പാത്വ മേൽക്കോയ്മയുടെ ശരിയായ സ്വഭാവവും ലക്ഷ്യവും കണ്ടു. തിരികെ ഇംഗ്ലണ്ടിൽ വന്ന് പണ്ടത്തെ ആശയങ്ങൾ കുറെക്കൂടെ തുറന്ന്, അത്യാവേശത്തോടെ പ്രഖ്യാപിച്ചു. അത്യാഗ്രഹവും അഹംഭാവവും

വഞ്ചനയും ആണ് റോമിൻറെ ദൈവങ്ങൾ എന്ന് ഉറക്കെ പ്രഖ്യാപിച്ചു.

"ക്ഷുദ്രാശകൾക്കും ആത്മീയ കാര്യങ്ങൾക്കുമായി എന്ന ഭാവേന രാജ്യത്തിലെ സാധുക്കളുടെ ഉപജീവനമാർഗ്ഗത്തിൽനിന്നും രാജ്യത്തിൻറെ ഖജനാവിൽനിന്നും ആയിരക്കണക്കിന് "മാർക്സ്" (ജർമ്മൻ പണം) വർഷംതോറും പിരിച്ചെടുക്കുകയെന്ന ശപിക്കപ്പെട്ട ദുരുപദേശം ക്രിസ്തീയ ലോകത്തെക്കൊണ്ട് സമ്മതിപ്പിക്കുകയും നിലനിർത്തുകയും ചെയ്തു. രാജ്യത്തിന് ഒരു വലിയ കുന്നോളം സ്വർണ്ണമുണ്ടായിരുന്നാൽത്തന്നെ യും, മറ്റാരും എടുക്കാതെ, അഹന്ത

നിറഞ്ഞ ലൗകികന്മാരായ ഈ പുരോഹിതന്മാർ എടുത്തു കൊണ്ടാൽത്തന്നെയും കാലക്രമേണ ആ കുന്നു ശൂന്യമാകും. ആ കുന്നുകളിൽനിന്ന് എടുക്കുക മാത്രമല്ലാതെ ഭണ്ഡാരത്തിലേയ്ക്ക് തിരികെ അടയ്ക്കാത്തതുകൊണ്ട് ദൈവശാപം മാത്രമേ ലഭിക്കുന്നുള്ളൂ എന്ന് പോപ്പിനേയും അദ്ദേഹത്തിൻറെ കീഴിലുള്ള സന്യാസിമാരെപ്പറ്റിയും വിക്ലിഫ് തൻറെ ലഘുലേഘകളിൽ എഴുതി'. - John Lewis, History of the Life and Sufferings of J. Wycliffe, page 37.

ഇംഗ്ലണ്ടിലേയ്ക്ക് തിരികെ എത്തിയ ഉടനെ ല്യൂട്ടർവർത്തിലെ സെമി

നാരിയുടെ തലവനായി വിക്ലിഫിനെ രാജാവ് നിയമിച്ചു. അദ്ദേഹത്തിൻറെ തുറന്ന പ്രസ്താവനകൾ രാജാവിന് അനിഷ്ടമായില്ലെന്ന് ഇതിനാൽ ഉറപ്പായി. വിക്ലിഫിൻറെ സ്വാധീനം രാജകീയ പ്രവൃത്തികൾക്കും രാജ്യത്തിൻറെ വിശ്വാസത്തിനും രൂപം കൊടുക്കുന്നതായി തോന്നി.

ഉടൻ തന്നെ പോപ്പിൻറെ ഗർജ്ജനങ്ങൾ അദ്ദേഹത്തിനുനേരെ ഉണ്ടായി. ഈ ദുരുപദേഷ്ടാവിനെ ഉടൻതന്നെ നിശ്ശബ്ദനാക്കുവാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് കാണിക്കുന്ന മൂന്ന് കല്പനകൾ യൂണിവേഴ്സിറ്റിക്കും, രാജാവിനും, ബിഷപ്പുമാർക്കുമായി അയച്ചു

(Augustus Neander, General History of the Christian Religion and Church, pe. 6, Sec. 2, pt. 1, par. 8). അറിയിപ്പുകൾ വരുന്നതിനു മുൻപുതന്നെ ആവേശഭരിതരായ ബിഷപ്പുമാർ അവരുടെ ന്യായാസനത്തിനുമുമ്പാകെ വിക്ലിഫിനെ വിചാരണയ്ക്കായി വിളിപ്പിച്ചു. ഏറ്റവും പ്രബലരായ രണ്ട് രാജകുമാരന്മാർ അദ്ദേഹത്തോടൊപ്പം പോയിരുന്നു. കെട്ടിടത്തിനുചുറ്റും ജനങ്ങൾ കൂടുകയും അകത്തേയ്ക്ക് തള്ളി ക്കയറുകയും ന്യായാധിപന്മാരെ ഭീഷണിപ്പെടുത്തുകയും ചെയ്കയാൽ നടപടികൾ തൽക്കാലത്തേയ്ക്ക് മാറ്റിവച്ചു. വിക്ലിഫിനെ സമാധാനത്തോടെ പോകാൻ

അനുവദിച്ചു. അനന്തരം വിക്ലിഫിനെതിരായി നടപടികളെടുക്കുവാൻ വാർദ്ധക്യത്തിലായിരുന്ന രാജാവായ എഡ്വേർഡ് മൂന്നാമനെ ബിഷപ്പുമാർ സ്വാധീനിച്ചെങ്കിലും അദ്ദേഹം മരിച്ചു പോകുകയും വിക്ലിഫിൻറെ മുൻസംരക്ഷകൻ അടുത്ത ഭരണാധികാരിയാകുകയും ചെയ്തു.

എന്നാൽ മതവിദ്വേഷിയെ ബന്ധിച്ച് ജയിലിൽ അടയ്ക്കാനുള്ള പോപ്പിൻറെ അലംഘനീയമായ ഉത്തരവ് ഇംഗ്ലണ്ടിലെല്ലായിടത്തുമുണ്ടായി. ഈ നടപടികൾ വധസ്തംഭത്തിലേയ്ക്ക് നയിച്ചു. വിക്ലിഫ് ആസന്നഭാവിയിൽ റോമിൻറെ പ്രതികാരത്തിന് ഇരയായിത്തീരും

എന്ന് തീർച്ചയാക്കി. എന്നാൽ പണ്ടുള്ള ഒരുവനോടു "ഭയപ്പെടേണ്ടാ. ... ഞാൻ നിൻറെ പരിചയാകുന്നു" (ഉല്പ. 15:1 ) എന്ന് അരുളിച്ചെയ്ത ദൈവം തൻറെ കരം നീട്ടി തൻറെ ദാസനെ വീണ്ടും സംരക്ഷിച്ചു. മരണം നവീകരണകർത്താവിനല്ല വന്നത്. അദ്ദേഹത്തെ നശിപ്പിക്കാൻ വിധിച്ച പോപ്പിനാണ് ഭവിച്ചത് ! ഗ്രിഗറി പതിനൊന്നാമൻ മരിച്ചു. വിക്ലിഫിനെ വിസ്തരിക്കാൻ കൂടിയ പുരോഹിതന്മാർ പിരിഞ്ഞുപോയി.

നവീകരണം വളരത്തക്കവണ്ണം ദൈവത്തിൻറെ കരുതൽ എല്ലാ സംഗതികളേയും ഭരിച്ചു. ഗ്രിഗറിയുടെ മരണശേഷം പരസ്പരം മത്സരിക്കുന്ന

രണ്ട് പോപ്പുമാർ തെരഞ്ഞെടുക്കപ്പെട്ടു. രണ്ട് വിപരീത ശക്തികൾ, ഓരോന്നും അപ്രമാദിത്വം തങ്ങൾക്കുണ്ടെന്ന നാട്യത്തിൽ അനുസരണം അവകാശപ്പെട്ടു. ഓരോ പോപ്പും തൻറെ അനുയായികൾക്ക് സ്വർഗ്ഗത്തിൽ സ്ഥാനമുണ്ടെന്ന് ഉറപ്പു കൊടുത്തും എതിരാളികൾക്ക് ഭ്രഷ്ട് കല്പിച്ചും അനുയായികളെ എറ്റു മുട്ടലിന് പ്രേരിപ്പിച്ചു. ഈ കാരണങ്ങൾകൊണ്ട് പാപ്പാത്വശക്തി വളരെയധികം ബലഹീനമായി. കലഹിക്കുന്ന രണ്ട് ചേരികൾക്കും സാധിച്ചത് പരസ്പരം ആക്രമിക്കുക എന്നുള്ളത് മാത്രമായിരുന്നു. വിക്ലിഫിന് കുറെ സമയം വിശ്രമംകിട്ടി. ഭ്രഷ്ടുകളും ആരോപണ പ്രത്യാരോപണങ്ങളും

പോപ്പിൽനിന്ന് പോപ്പിലേയ്ക്ക്
പറന്നുകൊണ്ടിരുന്നു.
പരസ്പരവിരുദ്ധങ്ങളായ
അവകാശവാദങ്ങളെ പിൻതാങ്ങാൻ
വലിയ രക്തപ്രവാഹം തന്നെയുണ്ടായി.
അപകീർത്തികളും
അപരാധങ്ങളുംകൊണ്ട് സഭ നിറഞ്ഞു.
ഈ സമയത്ത് നവീകരണ കർത്താവ്,
ലൂട്ടർവർത്ത് ഇടവകപ്പള്ളിയിൽ
സ്വസ്ഥനായി ഇരുന്നുകൊണ്ട്, പരസ്പരം
മല്ലിടുന്ന പോപ്പുമാരിൽനിന്നും
ജനങ്ങളെ സമാധാനപ്രഭുവാകുന്ന
യേശുവിങ്കലേയ്ക്ക് തിരിക്കാൻ
ശുഷ്കാന്തിയോടെ പ്രവർത്തിച്ചു.

അനൈക്യം അതിൻറെ മത്സരവും
അഴിമതിയും കൊണ്ട് യഥാർത്ഥ

പാപ്പാത്വം എന്താണെന്ന്
മനസ്സിലാക്കാൻ സഹായിച്ചു. അങ്ങനെ
നവീകരണത്തിലേയ്ക്കുള്ള വഴി ഒരുങ്ങി.
എതിർക്രിസ്തുവിനെപ്പോലെ
പരസ്പരം നിന്ദിക്കുവാൻ ഈ
ബിഷപ്പുമാർ പറയുന്നതൊന്നും
സത്യമല്ലെന്നുള്ളത് മനസ്സിലാക്കുവാൻ
"പോപ്പുമാരുടെ ഭിന്നത" (On the
Schism of the Popes) എന്ന
ലഘുലേഖയിൽക്കൂടെ വിക്ലിഫ്
ജനങ്ങളോട് ആവശ്യപ്പെട്ടു. അദ്ദേഹം
പറഞ്ഞു:- "ഇതുപോലുള്ള ഒരു
പുരോഹിതനിലൂടെ നടക്കുന്ന
പൈശാചിക ഭരണം ദൈവം
അധികനാൾ സഹിക്കുകയില്ല. പക്ഷെ
രണ്ടായി ഭിന്നിച്ചിരിക്കുന്നതിനാൽ
ക്രിസ്തുവിൻറെ നാമത്തിൽ ജനങ്ങൾക്ക്

അവരെ എളുപ്പത്തിൽ കീഴടക്കാൻ കഴിയും” എന്ന് അദ്ദേഹം പറഞ്ഞു. - R. Vaughan, Life and Opinions of John de Wycliffe, vol. 2, p. 6.

വിക്ലിഫ് തൻറെ യജമാനനെപ്പോലെ എളിയവരോട് സുവിശേഷം അറിയിച്ചു. ലുട്ടർവർത്ത് സഭയിലെ സാധുകുടുംബങ്ങളിൽ വെളിച്ചം പരത്തുന്നതിൽ തൃപ്തനായിരിക്കാതെ ഇംഗ്ലണ്ടിൻറെ എല്ലാ ഭാഗങ്ങളിലും അത് കൊണ്ടു പോകണമെന്ന് തീരുമാനിച്ചു. അതിനുവേണ്ടി പ്രസംഗകരുടെ ഒരു കൂട്ടത്തെ സംഘടിപ്പിച്ചു. അവർ ലളിതജീവിതവും സമർപ്പണമുള്ളവരും ആയിരുന്നു അവർ സത്യത്തെ സ്നേഹിച്ചിരുന്നു.

എല്ലാറ്റിലും അധികമായി സത്യം പ്രചരിപ്പാൻ ആഗ്രഹിച്ചിരുന്നു. അവർ ചന്തകളിലും വലിയ പട്ടണത്തെരുവുകളിലും ഗ്രാമത്തിലെ ഇടവഴികളിലും എല്ലായിടത്തും പോയി പഠിപ്പിച്ചു. പ്രായമായവരേയും രോഗികളെയും സാധുക്കളേയും തിരഞ്ഞു പിടിച്ച ദൈവകൃപയുടെ സന്തോഷവർത്തമാനം അവർക്ക് തുറന്നുകൊടുത്തു. - ഓക്സ്ഫോർഡിലെ വേദശാസ്ത്രാദ്ധ്യാപകൻ എന്ന നിലയിൽ വിക്ലിഫ് ദൈവവചനം യൂണിവേഴ്സിറ്റിയുടെ ക്ലാസ്സുകളിൽ പ്രസംഗിച്ചു. "സുവിശേഷ ഡോക്ടർ" എന്ന പേര് കിട്ടത്തക്കവണ്ണം അത് വിശ്വസ്തതയോടെയാണ് തൻറെ കീഴിൽ ഉണ്ടായിരുന്ന വിദ്യാർത്ഥികളെ

അദ്ദേഹം സത്യം പഠിപ്പിച്ചത്. പക്ഷെ തൻറെ ജീവിതത്തിലെ എറ്റവും വലിയ വേല വേദപുസ്തകം ഇംഗ്ലീഷിലേയ്ക്ക് തർജ്ജമ ചെയ്യുക എന്നതായിരുന്നു. “തിരുവചന സത്യവും അർത്ഥവും (On the Truth and Meaning of Scripture) എന്ന പുസ്തകത്തിൽ ദൈവത്തിൻറെ അത്ഭുതകരമായ വേല ഇംഗ്ലണ്ടിലെ ഓരോ വ്യക്തിക്കും അവൻറെ മാതൃഭാഷയിൽ വായിക്കാൻ കഴിയണം എന്ന ഉദ്ദേശത്തോടുകൂടിയാണ് വേദ പുസ്തകം തർജ്ജമ ചെയ്യുന്നത് എന്ന് രേഖപ്പെടുത്തിയിരിക്കുന്നു.

പെട്ടെന്ന് അദ്ദേഹത്തിൻറെ പ്രയത്നങ്ങൾ നിലച്ചു. അറുപത് വയസ്സു

പോലും ഇല്ലായിരുന്നെങ്കിലും വിശ്രമം ഇല്ലാത്ത അദ്ധ്വാനവും, പഠനവും, ശത്രുക്കളുടെ പെട്ടെന്നുള്ള ആക്രമണവും അദ്ദേഹത്തിൻറെ ആരോഗ്യത്തെ ബാധിക്കുകയും തന്നെ അകാലവാർദ്ധക്യത്തിലെത്തിക്കുകയും ചെയ്തു. അപകടകരമായ ഒരു രോഗം അദ്ദേഹത്തെ ബാധിച്ചു. ഈ വാർത്ത ക്രിസ്തീയ സന്യാസികൾക്ക് വലിയ സന്തോഷം പകർന്നു. സന്യാസിമാർക്കെതിരെ ചെയ്ത തിന്മയെക്കുറിച്ച് അഗാധമായി അദ്ദേഹം അനുതപിക്കും എന്ന് അവർ വിചാരിച്ചു. അത് കേൾക്കാൻ അവർ അദ്ദേഹത്തിൻറെ മുറിയിലേയ്ക്ക് ബദ്ധപ്പെട്ട് ചെന്നു. മതാധികാരികളുടെ നാല് പ്രതിനിധികളും രാജ്യത്തിലെ

നാല് ഉന്നത ഉദ്യോഗസ്ഥരും അദ്ദേഹത്തിൻറെ മരണക്കിടക്ക എന്ന് വിചാരിച്ച് കിടക്കയ്ക്ക് ചുറ്റും കൂടി. "മരണം നിൻറെ ചുണ്ടിലുണ്ട്. നിൻറെ കുറ്റങ്ങളെക്കുറിച്ച് മനസ്സിലാക്കുക. ഞങ്ങൾക്ക് എതിരായി പറഞ്ഞതെല്ലാം ഞങ്ങളുടെ സാന്നിധ്യത്തിൽ പിൻവലിക്കുക" എന്നു പറഞ്ഞു. നവീകരണ കർത്താവ് നിശ്ശബ്ദനായിരുന്ന് കേട്ടു. തൻറെ സഹായിയോട് കിടക്കയിൽ പൊക്കി ഇരുത്താൻ ആവശ്യപ്പെട്ടുകൊണ്ട്, അവരെ ഉറ്റുനോക്കി, പലപ്പോഴും അവരെ വിറപ്പിച്ചി രുന്ന ഉറച്ച ശക്തിയേറിയ ശബ്ദത്തിൽ പറഞ്ഞു. "ഞാൻ മരിക്കയില്ല; പക്ഷെ ജീവിക്കും. ക്രിസ്തീയ സന്യാസികളുടെ തിന്മ ഇനിയും

പ്രസ്താവിക്കും" എന്നു പറഞ്ഞു. - D'Aubigne, b. 17. ch. 7. ലജ്ജിതരും അത്ഭുതപരതന്ത്രരുമായ സന്യാസികൾ മുറിവിട്ടുപോയി.

വിക്ലിഫിൻറെ വാക്കുകൾ നിറവേറി. അദ്ദേഹം ജീവിച്ചിരുന്നത് റോമിന് എതിരായ എല്ലാ ആയുധങ്ങളിലും വെച്ച് ഏറ്റവും ശക്തിയേറിയ ആയുധ മായ ബൈബിൾ സാധാരണക്കാരുടെ കരങ്ങളിൽ കൊടുക്കുവാൻ വേണ്ടിയായിരുന്നു. അതിനായും ജനങ്ങളെ മോചിപ്പിക്കാനും അവർക്ക് പരിജ്ഞാനം നൽകുവാനും അവരെ സുവിശേഷീകരിക്കുവാനുമായി സ്വർഗ്ഗത്താൽ നിയമിതനായ പ്രതിനിധിയായി അദ്ദേഹം ജീവിച്ചു. ഈ

ജോലിയുടെ പുരോഗതിയ്ക്ക് വളരെ തടസ്സങ്ങൾ തരണം ചെയ്യേണ്ടതായിട്ടുണ്ടായിരുന്നു. ശാരീരികമായി വിക്ലിഫ് അവശനായി. വേല ചെയ്യാൻ കുറച്ചു വർഷങ്ങളേ അവശേഷിക്കുന്നുള്ളു എന്ന് അദ്ദേഹം അറിഞ്ഞു. അഭിമുഖീകരിക്കേണ്ട എതിർ ശക്തിയെ കണ്ടു എങ്കിലും ദൈവിക വാഗ്ദത്തങ്ങളാൽ പ്രേരിതനായി മുൻപോട്ട് പോയി. ഒന്നും ഭയപ്പെടുത്തിയില്ലതാനും. ചൈതന്യമുള്ള മുഴു ബുദ്ധിശക്തിയിലും അനുഭവ സമ്പത്തിലും ഏറ്റവും വലിയ അദ്ധ്വാനത്തിനുവേണ്ടി ദൈവം അദ്ദേഹത്തെ പ്രത്യേകമായി സംരക്ഷിക്കുകയും, ഒരുക്കുകയും ചെയ്തു. ക്രൈസ്തവലോകം മുഴുവനും ആരവം

മുഴക്കിയപ്പോഴും നവീകരണ കർത്താവ് തൻെറ ലൂട്ടർവർത്തിലെ ഇടവകയിൽ ഇരുന്നുകൊണ്ട് രോഷത്തിൻെറ കൊടുങ്കാറ്റുകളെ വകവയ്ക്കാതെ താൻ തിരഞ്ഞെടുത്ത വേലയിൽ മുഴുകി.

ഒടുവിൽ വേല പൂർത്തിയായി. വേദപുസ്തകത്തിൻെറ ആദ്യത്തെ ഇംഗ്ലീഷ് തർജമ ഉണ്ടായി. ഇംഗ്ലണ്ടിന് ദൈവവചനം തുറക്കപ്പെട്ടു. ജയിലറയോ കൊല സ്തംഭമോ അദ്ദേഹം ഭയന്നില്ല. ഇംഗ്ലീഷ് ജനതയുടെ കരങ്ങളിൽ ഒരിക്കലും കെട്ടുപോകാത്ത ഒരു വെളിച്ചം വെച്ചുകൊടുത്തു. സ്വജനത്തിന് ബൈബിൾ കൊടുത്തതിലൂടെ യുദ്ധഭൂമിയിലെ വൻവിജയത്തിലുമുപരിയായി

അജ്ഞ തയുടെയും ദുഷ്ടതയുടെയും ചങ്ങല പൊട്ടിച്ച് തൻ്റെ രാജ്യത്തെ സ്വതന്ത്രമാക്കുവാൻ കഴിഞ്ഞു. അച്ചടി അന്ന് ഉണ്ടായിരുന്നില്ല. അതുകൊണ്ട് വളരെ സാവകാശം ബുദ്ധിമുട്ടിയെങ്കിൽ മാത്രമെ ബൈബിളിൻ്റെ കോപ്പികൾ എടുക്കാൻ സാധിച്ചിരുന്നുള്ളു. പുസ്തകം കിട്ടാനുള്ള ആഗ്രഹം വലുതായിരുന്നതുകൊണ്ട് അനേകർ പകർത്തിയെഴുതുന്ന വേലയിൽ വ്യാപൃതരായി. പ്രയാസപ്പെട്ടാണെങ്കിലും ആവശ്യമനുസരിച്ച് കൊടുക്കാൻ കഴിഞ്ഞു. ചില സമ്പന്നർ മുഴുബൈബിൾ വാങ്ങാൻ ആഗ്രഹിച്ചു. അല്ലാത്തവർ അതിൻ്റെ ഭാഗങ്ങൾ മാത്രം വാങ്ങി. പലപ്പോഴും പല കുടുംബങ്ങൾ ഒന്നിച്ച് ഒരു ബൈബിൾ പ്രതി വാങ്ങുമായിരുന്നു.

അങ്ങനെ വിക്ലിഫിൻറെ ബൈബിൾ ജനങ്ങളുടെ ഭവനങ്ങളിൽ വേഗം എത്തിച്ചേർന്നു.

മനുഷ്യൻറെ യുക്തിവിചാരത്തോടുള്ള അഭ്യർത്ഥന, ചോദ്യം ചെയ്യാൻ പാടില്ലാത്ത പാപ്പാത്വ സിദ്ധാന്തങ്ങളോടുള്ള സഹനശീലമായ കീഴടങ്ങ ലിൽനിന്ന് അവരെ ഉണർത്തി. വിക്ലിഫ് ഇപ്പോൾ നവീകരണ ഉപദേശത്തിൻറെ സ്പഷ്ടമായ തത്വങ്ങൾ പഠിപ്പിച്ചു. ക്രിസ്തുവിലെ വിശ്വാസത്താലുള്ള രക്ഷ, ദൈവവചനത്തിൻറെ അപ്രമാദിത്വം എന്നിവ ആയിരുന്നു അവ. അദ്ദേഹം അയച്ച് പ്രസംഗകർ തൻറെ എഴുത്തുകളോടുകൂടെ വേദപുസ്തകം

പ്രചരിപ്പിച്ചു. ഇംഗ്ലണ്ടിലെ പകുതിയോളം ജനങ്ങളും ഈ പുതിയ വിശ്വാസം അംഗീ കരിക്കത്തക്കവണ്ണം ഈ സംരംഭം വിജയിച്ചു.

വേദപുസ്തകത്തിൻറെ ആവിർഭാവം സഭാനേതാക്കളെ അന്ധാളിപ്പിച്ചു അവർക്ക് വിക്ലിഫിനേക്കാൾ ശക്തിയേറിയ ഒരു പ്രവർത്തക സംഘത്തോടാണ് എതിരിടേണ്ടിവന്നത് -- തങ്ങളുടെ ആയുധങ്ങൾകൊണ്ട് അവർക്കെ തിരായി പ്രവർത്തിച്ചാൽ വളരെ കുറച്ചുമാത്രം നേടാവുന്ന ഒരു പ്രവർത്തക സംഘം. ജനങ്ങളുടെ ഭാഷയിൽ, അതിനു മുൻപ് വേദപുസ്തകം പ്രസിദ്ധ
പ്പെടുത്തിയിട്ടില്ലായിരുന്നതുകൊണ്ട്

അതിൻറെ പ്രചാരത്തെ തടയുന്ന നിയമങ്ങളൊന്നും ഇംഗ്ലണ്ടിൽ അന്ന് ഇല്ലായിരുന്നു. അങ്ങനെയുള്ള നിയമങ്ങൾ പിന്നീട് നിർമ്മിച്ച് കർക്കശമായി നടപ്പാക്കി. അതേസമയം പുരോഹിതന്മാരുടെ പ്രയത്നങ്ങൾ വകവയ്ക്കാതെ, വേദപുസ്തക പ്രചരണത്തിന് ഒരു കാലയളവുവരെ അവസരം ഉണ്ടായി.

നവീകരണ കർത്താവിന്റെ ശബ്ദം ഇല്ലാതാക്കാൻ പാപ്പാത്വനായകന്മാർ കപടതന്ത്രം ആവിഷ്കരിച്ചു. മൂന്ന് ന്യായാസനങ്ങൾക്കു മുമ്പാകെ തുടരെ ഹാജരാകാൻ വിളിപ്പിച്ചു. പക്ഷെ പ്രയോജനപ്പെട്ടില്ല. ബിഷപ്പുമാരുടെ ആദ്യത്തെ സിനഡ് അദ്ദേഹത്തിൻറെ

എഴുത്തുകൾ വേദവിപരീതമാണെന്ന് പ്രഖ്യാപിച്ചു. ചെറുപ്പക്കാരനായ റിച്ചാർഡ് രണ്ടാമൻ എന്ന രാജാവിനെ അവരുടെ വശത്താക്കിക്കൊണ്ട്, നിന്ദിക്കപ്പെട്ട ഉപദേശം കയ്യിൽ വെച്ചിരിക്കുന്നവരെയെല്ലാം ജയിലിൽ അടയ്ക്കണം എന്ന് ഒരു രാജകീയ കല്പന അവർ ഉണ്ടാക്കി.

വിക്ലിഫ് സുന്നഹദോസിൽനിന്നും പാർലമെന്റിൽ അപ്പീൽ കൊടുത്തു. പാർലമെന്റിനു മുൻപിൽ ഭയം കൂടാതെ അദ്ദേഹം പുരോഹിതന്മാരുടെ അധികാരശ്രേണിയെ പരസ്യമായി കുറ്റപ്പെടുത്തി. സഭ അനുവദിച്ചിരിക്കുന്ന ഭാരിച്ച അധാർമ്മികതയെ നവീകരിക്കണമെന്ന് ആവശ്യപ്പെട്ടു.

പാപ്പാധികാരത്തിൻറെ
പിടിച്ചെടുക്കലിനേയും
അഴിമതിയേയുംപറ്റി
വിശ്വസിപ്പിക്കാനുള്ള കഴിവോടുകൂടെ
ചിത്രീകരിച്ചു. അദ്ദേഹത്തിൻറെ
ശത്രുക്കൾ ചിന്താക്കുഴപ്പത്തിലായി.
വിക്ലിഫിനെ പിൻതാങ്ങുന്നവരേയും
അദ്ദേഹത്തിൻറെ കൂട്ടുകാരേയും
കീഴടങ്ങുവാൻ നിർബന്ധിച്ചു.
രാജാവിൻറേയും സഭയുടേയും സംയുക്ത
അധികാരത്തിനു മുൻപിൽ
നവീകരണകർത്താവ്, കൂട്ടുകാർ ആരും
ഇല്ലാതെ തനിയെ, അദ്ദേഹത്തിൻറെ
ഈ വാർദ്ധക്യത്തിൽ
തലകുനിക്കുമെന്ന്
ആത്മവിശ്വാസത്തോടെ അവർ
പ്രതീക്ഷിച്ചു. പക്ഷെ, അതിനുപകരം

പാപ്പാ മതാനുയായികൾ കണ്ടത് അവർ സ്വയം തോൽക്കുന്നതാണ്. വിക്ലിഫിൻറെ ഉത്തേജിപ്പിക്കുന്ന ന്യായവാദങ്ങൾ ജനപ്രതിനിധിസഭയെ പ്രബുദ്ധമാക്കി. അദ്ദേഹത്തെ പീഡിപ്പിക്കാനുള്ള സമയം റദ്ദുചെയ്തു. അങ്ങനെ നവീകരണകർത്താവ് വീണ്ടും സ്വതന്ത്രനായി.

മൂന്നാം പ്രാവശ്യം വിക്ലിഫിനെ വിചാരണയ്ക്ക് കൊണ്ടുവന്നത് രാജ്യത്തെ ഏറ്റവും പരമോന്നത മതകോടതിക്കു മുൻപാകെയായിരുന്നു. ഇവിടെ ഈ മതനിന്ദയ്ക്ക് യാതൊരു ദാക്ഷിണ്യവും കാട്ടുകയില്ലെന്നും ഒടുവിൽ ഇവിടെ റോം വിജയിക്കുകയും നവീകരണകർത്താവിന്റെ വേല

നിർത്തലാക്കപ്പെടുകയും ചെയ്യുമെന്നെല്ലാം പാപ്പാനുയായികൾ വിചാരിച്ചു. അവരുടെ ഉദ്ദേശം പൂർത്തീകരിക്കണമെങ്കിൽ വിക്ലിഫ് നിർബന്ധത്താൽ തൻറെ ഉപദേശങ്ങൾ ആണയിട്ട് ത്യജിക്കുകയോ അല്ലെങ്കിൽ തീക്ക് ഇര ആകാൻ വേണ്ടി കോടതി വിടുകയൊ ചെയ്യണമായിരുന്നു.

പക്ഷെ വിക്ലിഫ് പിൻവലിച്ചില്ല. അദ്ദേഹം കപടവേഷം ധരിച്ചില്ല. ഭയം കൂടാതെ തൻറെ പഠിപ്പിക്കലുകൾ നിലനിർത്തി. തൻറെ വിചാരണക്കാരുടെ കുറ്റം പറച്ചിലുകളെ എതിർത്തുനിന്നു. തന്നെത്താൻ മറന്ന്, തൻറെ സ്ഥാനമൊ സന്ദർഭമൊ

നോക്കാതെ കേൾവിക്കാരെ
ദിവ്യന്യായാസനത്തിനു മുൻപാകെ
വിളിപ്പിച്ച് അവരുടെ കുതർക്കങ്ങളും
ചതിവുകളും നിത്യസത്യത്തിൻറെ
തുലാസിൽ തൂക്കി. പരിശുദ്ധാത്മശക്തി
കൗൺസിൽ മുറിയിൽ അനുഭവപ്പെട്ടു.
ദൈവത്തിൽനിന്ന് ഒരു ശക്തി
കേൾവിക്കാരുടെ മേൽ ഉണ്ടായി.
അവർക്ക് സ്ഥലം വിടാനുള്ള ശക്തി
ഇല്ലാത്തതുപോലെ ആയി.
കർത്താവിന്റെ ആവ നാഴിയിലെ
അമ്പുകൾ പോലെ
നവീകരണകർത്താവിന്റെ വാക്കുകൾ
അവരുടെ ഹൃദയങ്ങളെ തുളച്ചു.
അദ്ദേഹത്തിന് എതിരായി അവർ
കൊണ്ടുവന്ന മതനിന്ദ എന്ന കുറ്റം
ബോധ്യപ്പെടത്തക്ക ശക്തിയോടെ

അവരിലേയ്ക്ക് തിരിച്ചടിച്ചു. എന്തുകൊണ്ട് അവർ തങ്ങളുടെ തെറ്റുകൾ പ്രചരിപ്പിക്കുവാൻ തുനിയുന്നു? തങ്ങളുടെ ലാഭത്തിനുവേണ്ടി ദൈവകൃപ കച്ചവടച്ചരക്കാക്കിയിരി ക്കുന്നുവൊ? എന്ന് അദ്ദേഹം ചോദിച്ചു.

“ആരോടാണ് നിങ്ങൾ പോരാടുന്നത്? ചിന്തിക്കൂ! ശവക്കുഴിയുടെ വക്കത്തുനിൽക്കുന്ന വൃദ്ധനോടോ? അല്ല. സത്യത്തോടാണ്. നിങ്ങളെക്കാൾ ബലമുള്ള സത്യം - അത് നിങ്ങളെ ജയിക്കും” - Wylie, b. 2, ch. 13. ഇങ്ങനെ പറഞ്ഞുകൊണ്ട് അദ്ദേഹം പിൻവാങ്ങി. എതിരാളികളിൽ ഒരാൾപോലും അദ്ദേഹത്തെ തടയാൻ ശ്രമിച്ചില്ല.

വിക്ലിഫിൻറെ വേല മിക്കവാറും തീർന്നിരുന്നു ഇത്രയും കാലം വഹിച്ചിരുന്ന സത്യത്തിൻറെ കൊടി തൻറെ കയ്യിൽനിന്നും വീഴാറായി എങ്കിലും ഒരിക്കൽക്കൂടി സുവിശേഷത്തിൻറെ സാക്ഷ്യം വഹിക്കേണ്ടിവന്നു. തെറ്റുകളുടെ അധികാര മണ്ഡലത്തിൻറെ കോട്ടയിൽനിന്നുതന്നെ സത്യം പ്രഖ്യാപിക്കണമായിരുന്നു. വിശുദ്ധന്മാരുടെ രക്തം പലപ്പോഴും ചിന്താറുണ്ടായിരുന്ന റോമിലെ പോപ്പിൻറെ ന്യായാധിപ സംഘത്തിനു മുൻപിലേയ്ക്ക് വിസ്താര ത്തിനായി വിക്ലിഫ് ഹാജരാകാൻ കല്പന ലഭിച്ചു. അതിൽ അടങ്ങിയിരുന്ന അപകടത്തെ

അദ്ദേഹം കാണാതിരുന്നില്ല. എങ്കിലും ഒരു പക്ഷാഘാതം തൻറെ യാത്ര അസാദ്ധ്യമാക്കിയില്ലായിരുന്നെങ്കിൽ പോപ്പിൻറെ കല്പന അനുസരിക്കണമായിരുന്നു. അദ്ദേഹത്തിൻറെ ശബ്ദം റോമിൽ കേൾക്കപ്പെട്ടില്ലെങ്കിലും എഴുത്തിൽക്കൂടെ സംസാരിക്കാൻ കഴിഞ്ഞു. അത് ചെയ്യാൻ അദ്ദേഹം തീരു മാനിച്ചു. തൻറെ ഇടവകയിൽ ഇരുന്നുകൊണ്ട് പോപ്പിന് ബഹുമാനപുരസരം ക്രിസ്തീയ ആത്മാവിൽ തൻറെ പ്രതാപത്തിനും അധികാരത്തിനുമെതിരെ നിശിതമായ ശാസന ഉൾക്കൊണ്ട് കത്തെഴുതി.

“ഞാൻ പിടിച്ചിരിക്കുന്ന വിശ്വാസം ഓരോ മനുഷ്യനോടും വിശേഷാൽ റോമിലെ ബിഷപ്പിനോടും തുറന്നു പ്രഖ്യാപിക്കുന്നതിൽ എനിക്ക് അനല്പമായ സന്തോഷം ഉണ്ട്. ആകയാൽ ശരിയും സത്യവും ആണെന്ന് ഞാൻ വിചാരിക്കുന്ന വിശ്വാസം മനസ്സോടെ സ്ഥിരീകരിക്കും, അല്ല തെറ്റാണെങ്കിൽ തിരുത്തും” എന്ന് അദ്ദേഹം എഴുതി.

“ഒന്നാമതായി, ക്രിസ്തുവിൻറെ സുവിശേഷം ദൈവത്തിൻറെ കല്പനകളുടെ ഒരു കൂട്ടമാണെന്ന് ഞാൻ വിചാരിക്കുന്നു.... റോമിലെ ബിഷപ്പ് ക്രിസ്തുവിൻറെ ഭൂമിയിലെ പ്രതിനിധി ആണെന്ന് ഞാൻ

മനസ്സിലാക്കുന്നതിനാൽ, മറ്റുള്ള എല്ലാവരേക്കാളും സുവിശേഷത്തിൻറെ നിയമത്തോട് അദ്ദേഹത്തിന് കടപ്പാടുണ്ട്. ക്രിസ്തുവിൻറെ ശിഷ്യന്മാരുടെ മഹത്വം ലോകത്തിൻറെ പ്രതാപവും ബഹുമതിയും ഉൾക്കൊണ്ടിരുന്നില്ല. എന്നാൽ ക്രിസ്തുവിൻറെ ജീവിതവും പെരുമാറ്റവും കൃത്യമായി അവർ പിൻതുടർന്നിരുന്നു. ക്രിസ്തു ലോകത്തിൽ ജീവിച്ചിരുന്നകാലത്ത് എല്ലാ ലൗകിക മഹത്വവും ബഹുമതികളും ത്യജിച്ച ഏറ്റവും സാധുവായ ഒരു മനുഷ്യൻ ആയിരുന്നു. ..

“ഒരു വിശ്വസ്ത മനുഷ്യനും പോപ്പിനെയോ ഏതെങ്കിലും വിശുദ്ധന്മാ

രെയോ അനുഗമിക്കേണ്ട കടമയില്ല. അങ്ങനെയുള്ള സന്ദർഭങ്ങളിൽ പിൻപറ്റേണ്ടത് കർത്താവായ യേശുക്രിസ്തുവിനെയാണ്. പത്രോസും സെബദി പുത്രന്മാരും കർത്താവിന്റെ ചുവടുകളെ പിൻതുടരുന്നതിന് എതിരായി, ലൗകിക സ്ഥാനമാനങ്ങൾ ആഗ്രഹിച്ചപ്പോൾ അവർ വിലക്കപ്പെട്ടു. അതുകൊണ്ട് അത്തരം തെറ്റുകളിൽ അവരെ അനുകരിക്കരുത്....

"പോപ്പ് താൽക്കാലിക ആധിപത്യവും ഭരണവും മതേതര ശക്തിയിലേയ്ക്ക് മാറ്റിക്കൊണ്ട് മുഴുവൻ പുരോഹിതഗണത്തേയും നയിക്കുകയും ഉപദേശിക്കുകയും വേണം. കാരണം ക്രിസ്തു അങ്ങനെ ചെയ്തു. ക്രിസ്തുവിൻറെ

അപ്പൊസ്തലന്മാരും പ്രത്യേകമായി അങ്ങനെ ചെയ്തു. അതുകൊണ്ട് ഈ പറഞ്ഞ ഏതെങ്കിലും കാര്യത്തിൽ ഞാൻ തെറ്റിയിട്ടുണ്ടെങ്കിൽ, തിരുത്തപ്പെടാനായി ഏറ്റവും താഴ്മയോടെ എന്നെത്തന്നെ സമർപ്പിക്കുന്നു - മരണത്തിനായിപ്പോലും - അത് ആവശ്യമാണെങ്കിൽ - എൻറെ സ്വന്ത ഇഷ്ടപ്രകാരം ജോലി ചെയ്യാമെങ്കിൽ, വ്യക്തിപരമായി ആഗ്രഹിക്കാമെങ്കിൽ, തീർച്ചയായും റോമിലെ ബിഷപ്പിൻറെ മുമ്പാകെ ഞാൻ എന്നെത്തന്നെ തരും. പക്ഷെ കർത്താവ് വേറൊരു വിധത്തിൽ എതിരായി എന്നെ സന്ദർശിക്കയും മനുഷ്യരെക്കാൾ ദൈവത്തെ അനുസരിക്കണം എന്ന് പഠിപ്പിക്കയും ചെയ്തു".

“പോപ്പ് അർബൻ ആറാമനെ തൻറെ ആരംഭത്തിൽ എന്നപോലെ ദൈവം ഉത്സാഹിപ്പിക്കാനും അദ്ദേഹവും അദ്ദേഹത്തിൻറെ പുരോഹിതവർഗ്ഗവും തങ്ങളുടെ ജീവിതത്തിലും പ്രവൃത്തിയിലും കർത്താവായ യേശുക്രിസ്തുവിനെ പിൻതുടരാനുംവേണ്ടി നമുക്ക് നമ്മുടെ ദൈവത്തോടു പ്രാർത്ഥിക്കാം” എന്ന് അവസാനമായി അദ്ദേഹം പറഞ്ഞു. - John Foxe, Acts and Monuments, vol. 3, pp. 49, 50.

ക്രിസ്തുവിൻറെ താഴ്ചയും വിനയവും വിക്ലിഫ് പോപ്പിൻറെയും കർദ്ദിനാൾ മാരുടേയും മുൻപിൽ പ്രദർശിപ്പിച്ചു. തങ്ങൾ പ്രതിപുരുഷന്മാരാണെന്ന്

അഭിമാനിക്കുന്ന തങ്ങളുടെ ഈ കർദ്ദിനാൾമാരും പോപ്പും യജമാനനായ ക്രിസ്തുവും തമ്മിലുള്ള വ്യത്യാസം എല്ലാ കസ്തവ ലോകത്തെയും കാണിച്ചു.

തൻറെ വിശ്വസ്തതയ്ക്കുള്ള സമ്മാനം തൻറെ ജീവാപായം ആയിരിക്കും എന്ന് വിക്ലിഫ് തീർച്ചയാക്കി. അദ്ദേഹത്തെ നശിപ്പിക്കാനായി രാജാവും പോപ്പും ബിഷപ്പുമാരും ഒത്തു ചേർന്നു. കുറച്ചുമാസങ്ങൾക്കുള്ളിൽ കൊല മരത്തിലേയ്ക്ക് നയിക്കുമെന്നതുപോലെ തോന്നി. എന്നിട്ടും അദ്ദേഹത്തിൻറെ ധൈര്യത്തിന് കുലുക്കം തട്ടിയില്ല. “എന്തിനാണ് നിങ്ങൾ രക്തസാക്ഷിത്വത്തിൻറെ കിരീടം

അകലെ ആകുന്നതിനെപ്പറ്റി സംസാരിക്കുന്നത്? ക്രിസ്തുവിൻറെ സുവിശേഷം ഈ ഗർവ്വിഷ്ടരായ ബിഷപ്പുമാരോട് പ്രസംഗിക്കു. രക്ത സാക്ഷിത്വം നിങ്ങൾക്കു ലഭിക്കാതിരിക്കുകയില്ല. എന്ത്? ഞാൻ ജീവിച്ച് നിശ്ശബ്ദനാകണമോ? ഒരിക്കലും ഇല്ല. ആ ഇടി വരട്ടെ. ഞാൻ അതിൻറെ വരവ് പ്രതീക്ഷിക്കുന്നു" എന്ന് അദ്ദേഹം പറഞ്ഞു. - D'Aubigne, b. 17, ch. 8.

പക്ഷെ, കർത്താവിന്റെ കരുതൽ തൻറെ ദാസനു പരിചയായിരുന്നു. ഓരോ ദിവസവും ജീവൻ അപകടത്തിൽ ആക്കിക്കൊണ്ട്, ഒരു ആയുഷ്കാലം. മുഴുവനും സത്യത്തെ സംരക്ഷിക്കുവാൻ ധൈര്യപൂർവ്വം നിന്ന

ആ മനുഷ്യൻ സത്യത്തിൻറെ ശത്രുക്കളുടെ ക്രൂരതയ്ക്ക് ഇരയായിത്തീരേണ്ടവനല്ലായിരുന്നു. വിക്ലിഫ് ഒരിക്കലും തൻറെ സ്വന്ത സംരക്ഷണം അന്വേഷിച്ചിരുന്നില്ല. പക്ഷെ,

ദൈവം അദ്ദേഹത്തിൻറെ സംരക്ഷകൻ ആയിരുന്നു. ശത്രുക്കൾക്ക് തങ്ങളുടെ ഇരയെ കിട്ടുമെന്ന് തീർച്ചയായപ്പോൾ, അവരുടെ കൈ എത്താത്തിടത്തേയ്ക്ക് ദൈവം അദ്ദേഹത്തെ മാറ്റി. ല്യൂട്ടർവർത്തിലെ പള്ളിയിൽ കുർബാന കൊടുക്കുവാൻ തുടങ്ങുമ്പോൾ പക്ഷാഘാതമേറ്റ് വീണു. അല്പസമയത്തിനുള്ളിൽ ജീവൻ വെടിഞ്ഞു.

വിക്ലിഫിൻറെ വേലയെ ദൈവം നിശ്ചയിച്ചിരുന്നു. സത്യത്തിൻറെ വചനം അദ്ദേഹത്തിൻറെ നാവിൽ കൊടുക്കുകയും ജനങ്ങളിലേയ്ക്ക് അത് കടന്നു വരുന്നതിനായി ദൈവം കാവലേർപ്പെടുത്തുകയും ചെയ്തു. നവീകരണത്തിൻറെ വലിയ വേലയ്ക്ക് അടിസ്ഥാനമിടുന്നതുവരെ അദ്ദേഹത്തിൻറെ വേല ദൈർഘ്യമേറിയതും ജീവിതം സംരക്ഷിക്കപ്പെട്ടതും ആയിരുന്നു.

അന്ധകാരയുഗത്തിൻറെ വിജ്ഞാന വിരോധക ചിന്താഗതിയിൽ നിന്നാണ് വിക്ലിഫ് വന്നത്. മറ്റൊരാളുടെ വേലകൊണ്ട് തൻറെ

നവീകരണത്തിൻറെ പദ്ധതിക്ക് ഒരു ആകൃതി വരുത്തുവാൻ തക്കവണ്ണം ആരും തനിക്ക് മുൻപായി പോയിരുന്നില്ല. പുതിയ യുഗത്തിൻറെ മുന്നോടിയായ സ്നാപക യോഹന്നാനെപ്പോലെ എഴുന്നേറ്റ് ഒരു പ്രത്യേക ദൗത്യം പൂർത്തിയാക്കി. അദ്ദേഹം തന്ന സത്യത്തിൻറെ ഘടനയ്ക്ക് ഒരു ഐക്യതയും പൂർത്തീകരണവും ഉണ്ടായിരുന്നു. എങ്കിലും പിന്നാലെ വന്ന നവീകരണക്കാർക്ക് അത് കടക്കുവാൻ കഴിഞ്ഞില്ല. നൂറു വർഷത്തിനുശേഷവും ചിലർ അത്രത്തോളം എത്തിയതുപോലുമില്ല. അദ്ദേഹത്തിൻറെ പിന്നാലെ വന്ന ആർക്കും വീണ്ടും കെട്ടിപ്പടുക്കേണ്ട ആവശ്യം ഉണ്ടാകാത്തവിധം അദ്ദേഹം

ഇട്ട അടിസ്ഥാനം അത്ര ആഴത്തിലും വിസ്താരത്തിലും, താൻ ഇട്ട ചട്ടക്കൂട് അത് ഉറച്ചതും സത്യമുള്ളതും ആയിരുന്നു.

ഇത്രയും കാലം റോമിൻറെ വിജയത്തിന് ബാദ്ധ്യസ്ഥരാക്കപ്പെട്ടിരുന്ന രാഷ്ട്രങ്ങളെ സ്വതന്ത്രമാക്കിക്കൊണ്ടും ബുദ്ധിശക്തിയേയും മനസ്സാക്ഷി യേയും സ്വതന്ത്രമാക്കിക്കൊണ്ടും വിക്ലിഫ് ആരംഭിച്ച വലിയ പ്രസ്ഥാനം ബൈബിളിൽ അതിൻറെ ഉത്ഭവം കണ്ടു. അനുഗ്രഹത്തിൻറെ ഉറവിടം ഇതായിരുന്നു. ജീവജലംപോലെ പതിനാലാം നൂറ്റാണ്ടുമുതൽ അത് താഴേയ്ക്ക് ഒഴുകി. ജീവിതത്തിനും വിശ്വാസത്തിനും മതിയായ നിയമമായും

ദൈവേഷ്ടത്തിൻറെ ആത്മ
പ്രചോദിതമായ വെളിപ്പാടുകളായും
അചഞ്ചലമായ വിശ്വാസത്തോടുകൂടിയും
വിക്ലിഫ് തിരുവചനം കൈക്കൊണ്ടു.
സഭയുടെ ആയിരം വർഷത്തെ
ആചാരങ്ങളും, പ്രചാരത്തിൽ ഇരുന്ന്
പഠിപ്പിക്കലുകളും മറു ചോദ്യം കൂടാതെ
ബഹുമാനപുരസരം സ്വീകരിക്കാനും,
അപ്രമാദിത്വത്തിൻറെ
ആധികാരികതയും, റോമാസഭയുടെ
ദിവ്യത്വവും അംഗീകരിക്കുവാനും വിക്ലി
ഫിനെ പഠിപ്പിച്ചിരുന്നു. പക്ഷെ,
ദൈവത്തിൻറെ വിശുദ്ധവചനം
ശ്രദ്ധിക്കാൻ അദ്ദേഹം ഇതിൽ
നിന്നെല്ലാം പിൻതിരിഞ്ഞു.
വേദപുസ്തകത്തിൻറെ ആധികാരികത
ജനങ്ങൾ മനസ്സിലാക്കാൻ അദ്ദേഹം

പ്രരണ ചെലുത്തി. സഭ പോപ്പിലൂടെ സംസാരിക്കുന്നതിനുപകരം ദൈവവചനത്തിലൂടെ പറയുന്ന ദൈവശബ്ദത്തിനാണ് നിയമപരമായ അധികാരം ഉള്ളതെന്ന് അദ്ദേഹം പ്രഖ്യാപിച്ചു. കൂടാതെ വേദപുസ്തകം ദൈവേഷ്ടത്തിൻറെ പൂർണ്ണമായ വെളിപ്പാടാണെന്ന് മാത്രമല്ല, പരിശുദ്ധാത്മാവ് അതിൻറെ ഏക വ്യാഖ്യാതാവ് ആണെന്നും അതുകൊണ്ട് ഓരോ മനുഷ്യനും അത് പഠിച്ചിട്ട് അവനവൻറെ ചുമതലകൾ മനസ്സിലാക്കണമെന്നും അദ്ദേഹം പഠിപ്പിച്ചു. അങ്ങനെ അദ്ദേഹം മനുഷ്യമനസ്സുകളെ പോപ്പിൽ നിന്നും മാറ്റി, സഭയെ ദൈവവചനത്തിലേയ്ക്ക് തിരിച്ചു.

ഏറ്റവും വലിയ
നവീകരണകർത്താക്കളിൽ
ഒരാളായിരുന്നു വിക്ലിഫ്.
ബുദ്ധിശക്തിക്കും, തെളിഞ്ഞ ചിന്തയ്ക്കും,
സത്യം നിലനിർത്തുന്നതിനുള്ള
സ്ഥിരതയ്ക്കും, സത്യത്തെ
സംരക്ഷിക്കുന്നതിനുള്ള ധൈര്യത്തിനും
അദ്ദേഹം തൻറെ പിൻഗാമികളിൽ
ചിലരോട് തുല്യനായിരുന്നു.
ജീവിതവിശുദ്ധി, പഠിത്തത്തിലും
വേലയിലും ഉണ്ടായിരുന്ന
സ്ഥിരോത്സാഹം, ദുഷിപ്പിക്കാൻ
സാധിക്കാത്ത സത്യസന്ധത,
ക്രിസ്തുവിൻറേതുപോലുള്ള സ്നേഹം,
തൻറെ പൗരോഹിത്യ ശുശ്രൂഷയിൽ
ഉള്ള വിശ്വസ്തത എന്നീ

സ്വഭാവഗുണങ്ങൾ അദ്ദേഹത്തെ നവീകരണകർത്താക്കളിൽവെച്ച് ഏറ്റവും അഗ്രഗണ്യനാക്കുന്നു. എന്നിരുന്നാലും ആ കാലഘട്ടത്തിൻറെ തെറ്റായ ചിന്താഗതി യിൽനിന്നും സന്മാർഗ്ഗിക അധഃപതനത്തിൽനിന്നും അദ്ദേഹം പുറത്തുവന്നു.

പഠിപ്പിക്കാനും രൂപാന്തരപ്പെടുത്താനുമുള്ള വിശുദ്ധവചനത്തിൻറെ ശക്തിയുടെ തെളിവായിരുന്നു വിക്ലിഫിൻറെ സ്വഭാവം. അദ്ദേഹത്തെ താൻ ആയതുപോലെ ആക്കിത്തീർത്തത് ബൈബിൾ ആയിരുന്നു, വെളിപ്പെടുത്തപ്പെട്ട വലിയ സത്യങ്ങൾ ഗ്രഹിക്കുവാനുള്ള ശ്രമം എല്ലാവർക്കും

ഉന്മേഷവും ഊർജ്ജസ്വലതയും പകർന്നുകൊടുത്തു. അത് മനസ്സിനെ വിശാലമാക്കുകയും കാഴ്ചപ്പാടിനെ ഉത്തേജിപ്പിക്കുകയും ഗ്രാഹ്യശക്തിയെ പക്വത ഉള്ളതാക്കുകയും ചെയ്യുന്നു. വചനപഠനം ഓരോ ചിന്തയേയും അനുഭവത്തേയും അഭിലാഷത്തേയും ഉത്തമമാക്കുന്നു. അത് മറ്റൊരു പഠനത്തിനും സാധ്യമല്ല. അത് ഉദ്ദേശസ്ഥിരതയും ക്ഷമയും ധൈര്യവും സഹനശക്തിയും തരുന്നു. അത് സ്വഭാവത്തെ രൂപപ്പെടുത്തി ആത്മാവിനെ വിശുദ്ധീകരിക്കുന്നു. ഒരു ആത്മാർത്ഥമായ, ആദരണീയമായ വേദപഠനം വിദ്യാർത്ഥിയുടെ മനസ്സിനെ ദൈവത്തിൻറെ മനസ്സുമായി നേരെ ബന്ധിപ്പിക്കും.

മാനുഷതത്ത്വജ്ഞാനം കൊടുക്കുന്ന മികച്ച പരിശീലനത്തിൻറെ ഫലത്തേക്കാൾ കൂടുതൽ സജീവ മായ ബുദ്ധിശക്തിയും ബലവുമുള്ള മനുഷ്യർ ലോകത്തിന് കൊടുക്കുവാൻ അതിനു കഴിയും. “നിൻറെ വചനങ്ങളുടെ വികാശനം പ്രകാശപ്രദമാകുന്നു; അത് അല്പബുദ്ധികളെ ബുദ്ധിമാന്മാരാക്കുന്നു (സങ്കീ. 119:130).

വിക്ലിഫിൻറെ ഉപദേശങ്ങൾ കുറേക്കാലത്തേയ്ക്ക് പ്രസിദ്ധപ്പെടുത്തി ക്കൊണ്ടിരുന്നു. വിക്ലിഫൈറ്റ്സ് എന്ന് അറിയപ്പെട്ടിരുന്ന, അദ്ദേഹത്തിൻറെ പിൻഗാമികളും ലോലാർഡ്സും ഇംഗ്ലണ്ട് മുഴുവനും മാത്രമല്ല, അന്യദേശങ്ങളിലേയ്ക്കും

ദൈവവചനവുമായി ചിതറിപ്പോയി.
ഇപ്പോൾ അവരുടെ നായകൻ മാറ്റപ്പെട്ടു.
എങ്കിലും പഴയതിലും കൂടുതൽ
ആവേശത്തോടെ അവർ അദ്ധ്വാനിച്ചു.
അവരുടെ പ്രസംഗം കേൾക്കാൻ വൻ
ജനക്കൂട്ടം തന്നെ ഉണ്ടായിരുന്നു.
പ്രഭുക്കന്മാരിൽ പലരും രാജാവിൻറെ
ഭാര്യപോലും മാനസാന്തര പ്പെട്ടവരിൽ
ഉൾപ്പെട്ടിരുന്നു. പല സ്ഥലങ്ങളിലും
ആളുകളുടെ ജീവിതത്തിൽ
എടുത്തുപറയത്തക്ക നവീകരണം
ഉണ്ടായി. റോമാസഭയുടെ അടയാളമായ
വിഗ്രഹങ്ങളെ പള്ളികളിൽനിന്നും
നീക്കി. പക്ഷെ, വേദപുസ്തകത്തെ വഴി
കാട്ടിയായി സ്വീകരിക്കാൻ
തയ്യാറായവർ ഒരു ഭയവുമില്ലാതെ
പീഡനങ്ങൾ അനുഭവിച്ചു. ഇംഗ്ലണ്ടിലെ

ഏകാധിപതികൾ റോമിൻറെ സഹായത്തോടെ തങ്ങളുടെ ശക്തി വർദ്ധിപ്പിക്കാൻ ആകാംക്ഷയുള്ളവരായിരുന്നു. അതുകൊണ്ട് നവീകരണക്കാരെ ബലികഴിക്കുന്നതിൽ വിമുഖത കാട്ടിയില്ല. ഇംഗ്ലണ്ടിൻറെ ചരിത്രത്തിൽ ആദ്യമായി സുവിശേഷകർക്കെതിരായി മരണവിധി ഉണ്ടായി. ഒന്നിനുപിറകെ ഒന്നായി രക്തസാക്ഷിത്വം ഉണ്ടായി. നിരോധിക്കപ്പെട്ടവരും പീഡനം അനുഭവിക്കുന്നവരുമായ സത്യത്തിൻറെ വക്താക്കൾക്ക് അവരുടെ നിലവിളി ശബ്ദത്തിൻറെ കർത്താവിങ്കലേയ്ക്ക് എത്തിക്കാൻ മാത്രമെ കഴിഞ്ഞുള്ളൂ. സഭയുടെ ശത്രുക്കൾ എന്ന നിലയിലും രാജ്യദ്രോഹികൾ എന്ന നിലയിലും

വേട്ടയാടപ്പെട്ട അവർ രഹസ്യസ്ഥാനങ്ങളിൽ പ്രസംഗം തുടർന്നു. സാധുക്കളുടെ ചെറിയ വീടുകൾ ഏറ്റവും നല്ല ഒളിസങ്കേതങ്ങളായി കണ്ടു. ഗൂഢ സങ്കേതങ്ങളിലും ഗുഹകളിലും സാധാരണ അവർ ഒളിക്കുമായിരുന്നു.

തീവ്രമായ പീഡനം ഉണ്ടായിട്ടും വിശ്വാസത്തിലെ തെറ്റുകൾക്കെതിരായി ശാന്തവും, ഭക്തിപുരസരവും, ദൃഢവുമായ, ക്ഷമയോടുകൂടിയ എതിർപ്പ് നൂറ്റാണ്ടുകളോളം നിലനിന്നിരുന്നു. അന്നത്തെ ക്രിസ്ത്യാനികൾക്ക് സത്യത്തെക്കുറിച്ച് ഭാഗീകമായ അറിവു മാത്രമെ ഉണ്ടായിരുന്നുള്ളു. പക്ഷെ, അവർ ദൈവവചനത്തെ

സ്നേഹിക്കുവാനും അനുസരിക്കുവാനും പഠിച്ചിരുന്നു. അതിനുവേണ്ടി അവർ ക്ഷമയോടെ സഹിച്ചു. അപ്പൊസ്തലന്മാരുടെ കാല ത്തെപ്പോലെ അനേകർ തങ്ങളുടെ ലൗകിക സമ്പാദ്യങ്ങൾ കർത്താവിനായി പരിത്യജിച്ചു. വീടുകളിൽ താമസിക്കാൻ അനുവാദം ഉണ്ടായിരുന്നവർ, പുറത്താക്കപ്പെട്ട സഹോദരങ്ങളെ സന്തോഷത്തോടെ സംരക്ഷിച്ചു. അവിടെ നിന്നും ഓടിച്ചപ്പോൾ ആ വിധി സന്തോഷത്തോടെ സ്വീകരിച്ചു. ആയിരങ്ങൾ പീഡകന്മാരുടെ ഉഗ്രകോപം പേടിച്ച് വിശ്വാസം തള്ളിപ്പറഞ്ഞ് സ്വാതന്ത്ര്യം വാങ്ങി എന്നുള്ളത് വാസ്തവമാണ്. അവർ പശ്ചാത്താപത്തിൻറെ കുപ്പായം

ഇട്ടുകൊണ്ട് തങ്ങൾ വിശ്വാസം മറുത്തുപറയുന്നത് പ്രസിദ്ധപ്പെടുത്താനായി ജയിൽ വിട്ടിറങ്ങി. എന്നാൽ അവരുടെ എണ്ണം ചെറുതല്ലായിരുന്നു. അവരിൽ ഉന്നതകുല ജാതരും സാധുക്കളും ഉണ്ടായിരുന്നു. ഭയംകൂടാതെ സത്യത്തിന് സാക്ഷിയായവർ കൽതുറുങ്കിലും “ലോല്ലാർഡ് ഗോപുരങ്ങളിലും പീഡനത്തിൻറെയും അഗ്നിയുടേയും നടുവിലും, കർത്താവിന്റെ കഷ്ടതയിൽ പങ്കു ള്ളവരായതിൽ യോഗ്യരായി എണ്ണപ്പെട്ടും എന്നുള്ളതുകൊണ്ട് സന്തോഷിച്ചു.

പാപ്പാനുയായികൾക്ക് വിക്ലിഫിൻറെ ജീവകാലത്ത് തങ്ങളുടെ ഇഷ്ടപ്രകാരം

അദ്ദേഹത്തെ ഒന്നും ചെയ്യാൻ കഴിഞ്ഞില്ല. അദ്ദേഹത്തിൻറെ ഭൗതിക ശരീരം ശവക്കല്ലറയിൽ വിശ്രമിക്കുമ്പോൾ അവരുടെ പ്രതികാരത്തിന് തൃപ്തിപ്പെടാൻ കഴിഞ്ഞില്ല. കോൺസ്റ്റൻസിലെ ആലോചനാസമിതിയുടെ വിധിപ്രകാരം, മരിച്ചിട്ട് നാല്പതിലധികം വർഷങ്ങളായ അദ്ദേഹത്തിൻറെ അസ്ഥികൾ കുഴിച്ചെടുത്ത് പരസ്യമായി ചുട്ടെരിച്ച്, ചാരം എടുത്ത് അടുത്തുണ്ടായിരുന്ന അരുവിയിൽ ഒഴുക്കി. ഒരു പഴയ എഴുത്തുകാരൻ പറയുന്നു." ഈ അരുവി ആ ചാരത്തെ അവോണിലേയ്ക്കും, അവോൺ സെവേണിലേയ്ക്കും, അവിടെനിന്നും കടലിടുക്കുകളിലേയ്ക്കും, പിന്നെ അവ മഹാസമുദ്രത്തിലേയ്ക്കും

വഹിച്ചു. അങ്ങനെ വിക്ലിഫിൻറെ ചിതാഭസ്മം അദ്ദേഹത്തിൻറെ ഉപദേശത്തിൻറെ ചിഹ്നമായി ലോകം മുഴുവനും ചിതറിച്ചു". - T. Fuller, Church History of Britain, b. 4, sec. 2, par. 54. ശത്രുക്കൾ അവരുടെ പക തീർത്തതിന്റെ പൊരുൾ ഗ്രഹിച്ചില്ല.

ബൊഹീമിയയിലെ ജോൺ ഹസ്സ് റോമാസഭയുടെ പല തെറ്റുകളും വിട്ടൊഴിയാൻ കാരണമായതും നവീകരണ വേലയിൽ പ്രവേശിച്ചതും ജോൺ വിക്ലിഫിൻറെ എഴുത്തുകളിലൂടെയാണ്. അങ്ങനെ വളരെ ദൂരെയായി വേർതിരിക്കപ്പെട്ടിരുന്ന രണ്ട്

രാഷ്ട്രങ്ങളിലും സത്യത്തിൻറെ വിത്ത് വിതയ്ക്കപ്പെട്ടു. ബൊഹീമിയയിൽനിന്നും വേല മറ്റു സ്ഥലങ്ങളിലേയ്ക്കും വ്യാപിച്ചു. ദീർഘ കാലമായി മറന്നുകിടന്ന ദൈവവചനത്തിലേയ്ക്ക് മനുഷ്യമനസ്സുകൾ തിരിക്കപ്പെട്ടു. ദിവ്യമായ ഒരു കരം വലിയ നവീകരണത്തിലേയ്ക്കുള്ള വഴി ഒരുക്കുകയായിരുന്നു.

## അദ്ധ്യായം 5—ജോൺ വിക്ലിഫ്

നവീകരണത്തിനുമുമ്പ് വളരെ കുറച്ച് വേദപുസ്തകപ്രതികൾ നിലനിന്നിരുന്ന സമയങ്ങൾ ഉണ്ടായിരുന്നു. ദൈവവചനം മുഴുവനായി നശിക്കപ്പെടാൻ ദൈവം അനുവദിച്ചില്ല. അതിലെ സത്യങ്ങൾ എന്നെന്നേയ്ക്കുമായി മറഞ്ഞിരിക്കേണ്ടവ അല്ല. തൻറെ

ദാസന്മാരെ വിട്ടയയ്ക്കാനായി ദൈവം കരാഗ്രഹ വാതിലുകൾ തുറന്നതുപോലെയും ഇരുമ്പ് കവാടങ്ങളുടെ പൂട്ട് തുറന്നതുപോലെയും ജീവൻറെ വചനത്തിൻറെ ചങ്ങലയും നിഷ്പ്രയാസം അഴിച്ചു. യൂറോപ്പിലെ പല രാജ്യങ്ങളിലും മനുഷ്യർ ദൈവാത്മാവിനാൽ പ്രചോദിതരായി, സത്യത്തിനും മറഞ്ഞിരിക്കുന്ന നിധികൾക്കും വേണ്ടി അന്വേഷണം നടത്തി. ദൈവാനുഗ്രഹത്താൽ വിശുദ്ധ വചനത്തിലേയ്ക്ക് അവർ നയിക്കപ്പെട്ടു. അതീവ താല്പര്യത്തോടെ വിശുദ്ധ പേജുകൾ പഠിച്ചു. എന്ത് വില കൊടുത്തും വെളിച്ചം തങ്ങളിലേയ്ക്ക് സ്വീകരിക്കാൻ അവർക്ക് സമ്മതമായിരുന്നു. എല്ലാ കാര്യങ്ങളും

അവർക്ക് വ്യക്തമാക്കപ്പെട്ടില്ലെങ്കിലും പണ്ടുമുതലേ മറഞ്ഞുകിടന്ന ധാരാളം സത്യങ്ങൾ കണ്ടെത്താൻ സാധിച്ചു. അന്ധവിശ്വാസത്തിൻറെയും തെറ്റുകളുടെയും ചങ്ങല പൊട്ടിച്ച് വേർപെടുത്തിക്കൊണ്ടും, അടിമയാക്കപ്പെട്ടവരോട് എഴുന്നേറ്റ് അവരുടെ സ്വാതന്ത്ര്യം ഉറപ്പാക്കാൻ ആവശ്യപ്പെട്ടുകൊണ്ടും സ്വർഗ്ഗീയ ദൂതുവാഹകരായി അവർ മുൻപോട്ടു പോയി.

വാൽഡൻസർ ഒഴികെ, ദൈവത്തിൻറെ തിരുവചനം അഭ്യസ്തവിദ്യരുടെ ഭാഷകളിൽ മാത്രമായി നൂറ്റാണ്ടുകളോളം അടയ്ക്കപ്പെട്ടിരുന്നു. എന്നാൽ പല

പ്രദേശങ്ങളിലുമുള്ളവരുടെ മാതൃഭാഷയിൽ പരിഭാഷപ്പെടുത്തി വിതരണം ചെയ്യാനുള്ള സമയം വന്നു. ലോകം അതിൻറെ അർദ്ധരാത്രി കടന്നു പോയി. അന്ധകാരത്തിൻറെ മണിക്കൂറുകൾ ഇല്ലാതായി. പല ദേശങ്ങളിലും പ്രഭാതകിരണങ്ങളുടെ സൂചനകൾ കണ്ടു തുടങ്ങി.

ജോൺ വിക്ലിഫ് പതിനാലാം നൂറ്റാണ്ടിൽ "നവീകരണത്തിൻറെ ഉദയ നക്ഷത്രം" ഇംഗ്ലണ്ടിൽ ഉദിച്ചു. ജോൺ വിക്ലിഫ് ഇംഗ്ലണ്ടിനു മാത്രമല്ല, ക്രിസ്തവലോകത്തിനു മുഴുവനും നവീകരണത്തിൻറെ മുന്നോടി ആയിരുന്നു. റോമിന് എതിരെയുള്ള പ്രതിഷേധം രേഖപ്പെടുത്തുവാൻ

അനവദിച്ചിടത്തോളം നിശ്ശബ്ദനായില്ല. വ്യക്തികളെയും സഭകളെയും രാഷ്ട്രങ്ങളെയും അടിമത്വത്തിൽനിന്ന് വിടുവിക്കുവാൻ ഈ പ്രതിഷേധം സമരത്തിലേയ്ക്ക് നയിച്ചു.

വിക്ലിഫിന് യഥേഷ്ടമായ ഒരു വിദ്യാഭ്യാസം കിട്ടി. അദ്ദേഹത്തിന് യഹോവാഭക്തി ജ്ഞാനത്തിൻറെ ആരംഭമായിരുന്നു. മികച്ച പാണ്ഡിത്യത്തിനും ശ്രദ്ധേയമായ കഴിവുകൾക്കും മാത്രമല്ല തീഷ്ണമായ ദൈവഭക്തിക്കും അദ്ദേഹം തൻറെ കോളജിൽ അറിയപ്പെട്ടിരുന്നു. അറിവിനുവേണ്ടിയുള്ള ദാഹത്തിൽ അദ്ദേഹം പഠനത്തിൻറെ എല്ലാ ശാഖകളുമായി ബന്ധപ്പെട്ടിരുന്നു.

സ്വന്തരാഷ്ട്രത്തിലെ
പാഠശാലാവിഷയമായ തത്വശാസ്ത്രം,
സഭയുടെ സാമാന്യനിയമം,
പൗരബന്ധങ്ങൾ സംബന്ധമായ
നിയമാവലി ആദിയായ വിഷയങ്ങൾ
അദ്ദേഹം പഠിച്ചു. അദ്ദേഹത്തിൻറെ
ആദ്യകാല പരിശീലനത്തിൻറെ
ശ്രേഷ്ഠത പിൽക്കാല അദ്ധ്വാനത്തിൽ
തെളിഞ്ഞു. അദ്ദേഹത്തിൻറെ കാലത്തെ
സന്ദിഗ്ധപരമായ തത്വശാസ്ത്രം
സമ്പൂർണ്ണമായി അറിഞ്ഞപ്പോൾ
അതിൻറെ തെറ്റുകൾ തുറന്നു കാട്ടാൻ
പ്രാപ്തനായി. ദേശീയവും സഭാപരവുമായ
നിയമങ്ങൾ പഠിച്ചതുകൊണ്ട്
രാഷ്ട്രീയവും മതപരവുമായ
സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള
പോരാട്ടത്തിന് സജ്ജമായി.

അദ്ദേഹത്തിന്
ദൈവവചനത്തിൽനിന്നുള്ള ആയു
ധങ്ങൾ കൈകാര്യം ചെയ്യാൻ
കഴിഞ്ഞപ്പോൾ സ്കൂളിലെ ബുദ്ധിപരമായ
അച്ചടക്കവും സമ്പാദിച്ചിരുന്നു. സ്കൂളിലെ
ആളുകളുടെ കൗശലങ്ങളും അദ്ദേഹം
മനസ്സിലാക്കി. പ്രതിഭാശക്തിയും
സമ്പൂർണ്ണ ജ്ഞാനവും അദ്ദേഹത്തിന്
ശത്രുക്കളുടെയും മിത്രങ്ങളുടേയും
ബഹുമാനം നേടിക്കൊടുത്തു.
അദ്ദേഹത്തെ പിന്തുണയ്ക്കുന്നവർ
രാഷ്ട്രത്തിൻറെ നായകന്മാരുടെ
മുൻപന്തിയിൽ അദ്ദേഹം
നിൽക്കുന്നത് സംതൃപ്തിയോടെ
വീക്ഷിച്ചു. നവീകരണത്തെ
പിൻതാങ്ങുന്ന അദ്ദേഹത്തെ, തൻറെ
അജ്ഞതയൊ ബലഹീനതയാ

എടുത്തുകാട്ടി നിന്ദിച്ചുതള്ളുന്നതിൽനിന്നും ശത്രുക്കളെ തടഞ്ഞു.

വിക്ലിഫ് കോളേജിൽ പഠിച്ചിരുന്ന കാലത്തുതന്നെ തിരുവചന പഠനവും ആരംഭിച്ചു. ആ കാലങ്ങളിൽ വേദപുസ്തകം പുരാതന ഭാഷകളിൽ മാത്രമെ ഉണ്ടായിരുന്നുള്ളു. അഭ്യസ്ഥവിദ്യർക്ക് മാത്രമേ സത്യത്തിൻറെ ഉറവിടത്തിലേ യ്ക്കുള്ള വഴി കണ്ടെത്താൻ കഴിഞ്ഞിരുന്നുള്ളു. വിദ്യാഭ്യാസമില്ലാത്തവർക്ക് ഈ വഴി അടഞ്ഞുകിടന്നു. അങ്ങനെ വിക്ലിഫിന് ഭാവിയിലെ നവീകരണ വേലയ്ക്ക് ഒരു വഴി ഒരുക്കപ്പെട്ടു. വിദ്യാസമ്പന്നർ ദൈവത്തിൻറെ വചനം പഠിച്ചു.

വചനത്തിൽനിന്ന് വെളിപ്പെട്ട ദൈവത്തിൻറെ സൗജന്യമായ കൃപയുടെ വലിയ സത്യം അവർ മനസ്സിലാക്കി. അവരുടെ പഠിപ്പിക്കലുകളിൽ അവർ ഈ സത്യത്തിൻറെ പരിജ്ഞാനം വ്യാപിപ്പിച്ചു. മറ്റുള്ളവരെ ഈ ജീവിക്കുന്ന വെളിപ്പാടിലേയ്ക്ക് തിരിയാൻ സഹായിച്ചു.

വിക്ലിഫ് വേദപഠനത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ചപ്പോൾ സ്കൂളിൽ വെച്ചു പഠനത്തിനുണ്ടായിരുന്ന പ്രാഗത്ഭ്യത്തോടെ വചനം സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കി. ഇതുവരെ മനസ്സിലുണ്ടായിരുന്ന അഭിവാഞ്ഛയെ തൃപ്തിപ്പെടുത്തുവാൻ സഭയ്ക്കോ അതിൻറെ

വിദ്യാഭ്യാസത്തിനോ കഴിഞ്ഞില്ല. അന്നുവരെയും വൃഥാവായി അന്വേഷിച്ചത് ദൈവവചനത്തിൽ അവൻ കണ്ടെത്തി. ഇതിൽ രക്ഷാപദ്ധതി തുറന്നിരിക്കുന്നതും ക്രിസ്തു മനുഷ്യൻറെ ഏക മദ്ധ്യസ്ഥനാണെന്നും കണ്ടു. ക്രിസ്തുവിൻറെ സേവനത്തിനായി തന്നെത്തന്നെ സമർപ്പിച്ച് താൻ കണ്ടെത്തിയ സത്യം ഘോഷിക്കുവാൻ തീരുമാനിച്ചു.

പിന്നീടുണ്ടായ നവീകരണ കർത്താക്കളെപ്പോലെ തൻറെ വേലയുടെ ആരംഭത്തിങ്കൽ അത് തന്നെ എവിടേയ്ക്ക് നയിക്കും എന്ന് അറിഞ്ഞില്ല. റോമിനെതിരായി മനഃപൂർവ്വം നിന്നില്ല. പക്ഷെ സത്യത്തോടുള്ള കൂറ്

വ്യാജത്തോടുള്ള എതിർപ്പിൽ അദ്ദേഹത്തെ എത്തിച്ചു. പാപ്പാത്വ തെറ്റുകളെ എത്ര വ്യക്തമായി വിവേചിച്ചോ അത്രയും ഉത്സാഹത്തോടെ വേദപുസ്തക സത്യങ്ങൾ പ്രചരിപ്പിച്ചു. മാനുഷിക പാരമ്പര്യത്തിനുവേണ്ടി റോം ദൈവവചനം മറന്നുകളഞ്ഞത് അദ്ദേഹം കണ്ടു. തിരുവചനത്തെ തള്ളിക്കളഞ്ഞ പൗരോഹിത്യത്തെ അദ്ദേഹം നിർഭയം കുറ്റപ്പെടുത്തി. വേദപുസ്തകം ജനങ്ങളിൽ എത്തിക്കണമെന്നും വേദപുസ്തകത്തിൻറെ ആധിപത്യം സഭയിൽ നടപ്പാക്കണമെന്നും ആവശ്യപ്പെട്ടു. അദ്ദേഹം കഴിവും ആത്മാർത്ഥതയും ഉള്ള ഒരു അദ്ധ്യാപകൻ എന്നുമാത്രമല്ല ഒരു വാഗ്മിയും കൂടെയായിരുന്നു. താൻ പഠിച്ച

സത്യങ്ങളെ പ്രായോഗികമായി കാണിച്ചുകൊടുക്കുന്നതായിരുന്നു തൻറെ ദൈനംദിന ജീവിതം. അദ്ദേഹത്തിൻറെ വചന പരിജ്ഞാനം, യുക്തി വിചാരത്തിൻറെ ശക്തി, ജീവിത വിശുദ്ധി, ധൈര്യം, സ്വഭാവദാർഢ്യം എന്നിവ പൊതു ജനങ്ങളുടെ മതിപ്പും വിശ്വാസവും നേടിക്കൊടുത്തു. റോമാസഭയിൽ നില നിന്നിരുന്ന തെറ്റുകൾ കണ്ടപ്പോൾ വളരെ ആളുകൾ ആദ്യത്തെ തങ്ങളുടെ വിശ്വാസത്തിൽ അതൃപ്തരായി. വിക്ലിഫ് വേദപുസ്തക സത്യങ്ങൾ അവർക്ക് കാണിച്ചുകൊടുത്തപ്പോൾ അവർ സന്തോഷത്താൽ ജയഘോഷം മുഴക്കി. ഈ നവീകരണ കർത്താവിന് തങ്ങളുടേതിനേക്കാൾ കൂടുതൽ

സ്വാധീനം ഉണ്ടെന്ന് മനസ്സിലായപ്പോൾ പാപ്പാത്വ നായകന്മാർ ക്രോധാവേശത്താൽ നിറഞ്ഞു.

വിക്ലിഫ് തെറ്റ് കണ്ടുപിടിക്കുന്നതിൽ സമർത്ഥനായിരുന്നു. റോമൻ ആധിപത്യം നടപ്പാക്കിയിരുന്ന പല അധർമ്മങ്ങളെയും അദ്ദേഹം ഭയം കൂടാതെ ആഞ്ഞടിച്ചു. രാജാവിൻറെ പുരോഹിതനായിരുന്നപ്പോൾ ഇംഗ്ലണ്ടിലെ രാജാവിൽ നിന്ന് പോപ്പ് ആവശ്യപ്പെട്ടിരുന്ന കപ്പം കൊടുക്കാതിരിക്കാൻ ഒരു നിലപാട് സ്വീകരിച്ചു. കൂടാതെ മതേതര അധികാരികളുടെ മേൽ പോപ്പിന് ഉണ്ടെന്ന് അനുമാനിച്ചിരുന്ന അധികാരം, യുക്തിക്കും വെളിപ്പാടിനും

നിരക്കാത്തതാണെന്ന്
കാണിച്ചുകൊടുത്തു. പോപ്പിൻറെ
അവകാശവാദങ്ങൾ വലിയ
ധാർമ്മികരോഷം ഉണർത്തി.
വിക്ലിഫിൻറെ പഠിപ്പിക്കലുകൾ
രാഷ്ട്രനേതാക്കളുടെ മനസ്സിൽ സ്വാധീനം
ചെലുത്തി. രാജാവും പ്രഭുക്കന്മാരും
ഒന്നിച്ച് പോപ്പിൻറെ അധികാരം
താൽക്കാലികമാണെന്ന്
ആരോപിക്കുകയും കപ്പം കൊടുക്കുന്നത്
തിരസ്കരിക്കുകയും ചെയ്തു. അങ്ങനെ
ഇംഗ്ലണ്ടിൽ പോപ്പിൻറെ
സർവ്വാധിപത്യത്തിന്മേൽ സഫലമായ
ഒരു ആഞ്ഞടി ഉണ്ടായി.

നവീകരണ കർത്താവ് തിന്മക്കെതിരെ
പിടിച്ചുകുലുക്കിയ മറ്റൊന്ന്

ഭിക്ഷാടനക്കാരായ ക്രിസ്ത്യീയ സന്യാസിമാരുടെ സ്ഥാപനത്തിനെതിരെയുള്ള പോരാട്ടമായിരുന്നു. ഈ സന്യാസിസമൂഹത്തിൻറെ വ്യാപകമായ പ്രവർത്തനം രാഷ്ട്രത്തിൻറെ മഹത്വത്തിനും അഭിവൃദ്ധിക്കും മങ്ങലേല്പിച്ചു. വ്യവസായം, വിദ്യാഭ്യാസം, സംസ്കാരം എന്നിവയ്ക്കെല്ലാം ഇവരുടെ സ്വാധീനത്താൽ മങ്ങലേറ്റു. സന്യാസികളുടെ അലസ ജീവിതവും ഭിക്ഷാടനവും ജനങ്ങളുടെ വിഭവസമ്പത്തുകൾക്ക് കഠിനമായ ചോർച്ചയുണ്ടാക്കുക മാത്രമല്ല ചെയ്തത്. പക്ഷെ ഫലപ്രദമായ വേലയെ നിന്ദിക്കുകയും ചെയ്തു. യുവജനങ്ങൾ

സദാ ചാരരഹിതരും അഴിമതിക്കാരും ആയിരുന്നു. ഈ സന്യാസികളുടെ സ്വാധീന ത്താൽ അനേകർ സന്യാസിമഠത്തിൽ ചേരുവാനും ഏകാന്ത ജീവിതത്തിന് തങ്ങളെത്തന്നെ സമർപ്പിക്കുവാനും പ്രേരിപ്പിക്കപ്പെട്ടു. ഇത് മാതാപിതാക്കളുടെ അനുവാദം ഇല്ലാതെ ആയിരുന്നു എന്ന് മാത്രമല്ല, അവരുടെ ആജ്ഞയ്ക്ക് വിപരീതമായും അവർ അറിയാതെയും ആയിരുന്നു. റോമാസഭയുടെ പൂർവ്വ പിതാക്കന്മാരിൽ ഒരാൾ, പുത്രോചിതമായ സ്നേഹത്തിനും കടമകൾക്കും കടപ്പാടുകൾക്കുമതീതമാണ് സന്യാസികളുടെ കടമകൾ എന്ന വ്യഗ്രതയോടെ “കരഞ്ഞും നിലവിളിച്ചുംകൊണ്ട് നിൻറെ അപ്പൻ

നിൻറെ വാതിലിൻറെ മുൻപിൽ കിടന്നാലും അമ്മ നിന്നെ ചുമന്ന ഉദരവും നീ കുടിച്ച മുലകളും കാണിച്ചാലും അവയെ ചവിട്ടിത്തേച്ചുകൊണ്ട് ക്രിസ്തുവിങ്കലേയ്ക്ക് നേരെ പോവുക” എന്ന് പ്രഖ്യാപിച്ചു. പിന്നീട് ലൂഥറിൻറെ ഭാഷയിൽ പറഞ്ഞാൽ:-

“ക്രിസ്ത്യാനിയെക്കാളും മനുഷ്യനെക്കാളും ഒരു പ്രജാപീഡകന് യോജിക്കുന്ന, ചെന്നായ്ക്കൾക്ക് ഏറെ യോജിക്കുന്ന സന്യാസിത്വത്തിൻറെ മനുഷ്യത്വരാഹിത്യം മാതാപിതാക്കൾക്ക് എതിരായി കുഞ്ഞുങ്ങളുടെ ഹൃദയങ്ങളെ കഠിനപ്പെടുത്തി'. Barnas Sears, The Life of Luther, pages 70, 69.

പരീശന്മാരെപ്പോലെ

പാപ്പാത്വനായകന്മാർ അവരുടെ പാരമ്പര്യത്താൽ ദൈവത്തിൻറെ കല്പനകളെയെല്ലാം പ്രഭാവമില്ലാത്തതാക്കി. അങ്ങനെ ഭവനങ്ങൾ ശൂന്യമാക്കപ്പെട്ടു. മാതാപിതാക്കൾ പുത്രീപുത്രന്മാരുടെ സഹവാസത്തിൽനിന്നും മാറ്റപ്പെട്ടു.

കോളേജ് വിദ്യാർത്ഥികൾപോലും സന്യാസിമാരുടെ വ്യാജപ്രതിനിധികൾ മുഖേന, അവരോടുകൂടെ ചേരാൻ പ്രേരിപ്പിക്കപ്പെട്ടു. മാതാപിതാക്കളെ വ്യസനിപ്പിച്ചതും തങ്ങളുടെ സ്വന്തജീവിതം നഷ്ടപ്പെടുത്തിയതും മനസ്സിലാക്കി അനേകർ പിന്നീട് അനുതപിച്ചു. പക്ഷെ ഒരിക്കൽ കെണിയിൽപ്പെട്ടുപോയാൽ

സ്വാതന്ത്ര്യം കിട്ടാൻ സാധ്യമായിരുന്നില്ല. അനേക മാതാപിതാക്കളും സന്യാ സികളുടെ പ്രലോഭനം പേടിച്ച് തങ്ങളുടെ മക്കളെ കോളേജുകളിൽ അയയ്ക്കാൻ വിസമ്മതിച്ചു. വിദ്യാർത്ഥികളുടെ എണ്ണത്തിൽ ഒരു വലിയ കുറവ് വലിയ കോളേജുകളിൽ അനുഭവപ്പെട്ടു. സ്കൂളുകളുടെ ശക്തി ക്ഷയിച്ചു. അജ്ഞത നടമാടി.

ഈ സന്യാസികൾക്ക് കുമ്പസാരിപ്പിക്കാനും പാപങ്ങളെ ക്ഷമിച്ചു കൊടുക്കാനും ഉള്ള അധികാരം പോപ്പ് കൊടുത്തു. അത് വലിയ ദുഷ്ടതയ്ക്ക് കളമൊരുക്കി. സന്യാസികൾ തങ്ങളുടെ അടുക്കൽ വന്ന എല്ലാവിധ

കുറ്റവാളികൾക്കും, തങ്ങളുടെ ലാഭം നോക്കി, പൂർണ്ണമായ പാപക്ഷമ കൊടുത്തു. അതിൻറെ ഫലമായി ദുഷ്ടത വേഗത്തിൽ വർദ്ധിച്ചു. രോഗികളും സാധുക്കളും അവരുടെ ദുരിതങ്ങളുമായി തള്ളപ്പെട്ടു. അതേ സമയം അവരുടെ ആവശ്യങ്ങൾക്ക് ഉതകുമായിരുന്ന സംഭാവനകൾ സന്യാസികൾക്ക് പോയി. സന്യാസികൾ ജനത്തെ ഭീഷണിപ്പെടുത്തി ദാനം ആവശ്യപ്പെട്ടു. അവരുടെ ആജ്ഞ അനുസരിച്ച് ദാനം ചെയ്യാത്തവരെ അശുദ്ധരായി പ്രഖ്യാപിച്ചു. ദാരിദ്ര്യം ജീവിതവൃത്തിയായി കരുതിയിരുന്നെങ്കിലും സന്യാസിമാരുടെ ധനം ക്രമേണ വർദ്ധിച്ചുവന്നു. അവരുടെ രാജകീയ പ്രൗഢിയുള്ള

മണിമാളികകളും ആഢം
ഭരപൂർണ്ണമായ മേശകളും
രാജ്യത്തിൻറെ വളർന്നുകൊണ്ടിരുന്ന
ദാരിദ്ര്യം കൂടുതൽ പ്രകടമാക്കി.
അങ്ങനെ ആഢംബരത്തിലും
സന്തോഷത്തിലും കഴിയുമ്പോൾ
അറിവില്ലാത്ത മനുഷ്യരെ
തങ്ങൾക്കുപകരം അവർ
പുറത്തേയ്ക്കയച്ചു. അവർ ആശ്ചര്യകരമായ
കെട്ടുകഥകളും ഐതീഹ്യങ്ങളും
പരിഹാസങ്ങളും ജനങ്ങളെ
അത്ഭുതപ്പെടുത്താനായി വിവരിച്ചു.
അങ്ങനെ സന്യാ സികൾ മനുഷ്യരെ
പൂർണ്ണമായും ഭോഷന്മാർ ആക്കി.
എന്നിട്ടും അന്ധവിശ്വാസികളായ
ജനങ്ങളുടെ മേലുള്ള സ്വാധീനം
തുടർന്നിരുന്നു. പോപ്പിൻറെ

പരമാധികാരം അംഗീകരിക്കുന്നതിലും വിശുദ്ധന്മാരെ ആരാധിക്കുന്നതിലും സന്യാസികൾക്ക് സംഭാവന കൊടുക്കുന്നതിലും ആണ് മതപരമായ കടമകൾ എല്ലാം അടങ്ങിയിരിക്കുന്നത് എന്ന് വിശ്വസിപ്പിച്ചു. കൂടാതെ അങ്ങനെ യൊക്കെ ചെയ്യുന്നത് സ്വർഗ്ഗത്തിൽ ഒരു സ്ഥലം ലഭിക്കാൻ മതിയായതാ ണെന്നും വിശ്വസിപ്പിച്ചു.

ആശ്രമവാസികളുടെ ഈ നിയമങ്ങൾ മാറ്റാനായി വിദ്യാസമ്പന്നരും ഭക്തരും പ്രയത്നിച്ചു. പക്ഷെ ഫലം ഉണ്ടായില്ല. എന്നാൽ വിക്ലിഫ് ഉൾക്കാഴ്ചയോടുകൂടെ, ഈ ഘടന അപ്പാടെ തെറ്റാണെന്നും അത് ഇല്ലാതാക്കണമെന്നും

പ്രഖ്യാപിച്ചുകൊണ്ട് തിന്മയുടെ ചുവട്ടിൽത്തന്നെ ആഞ്ഞടിച്ചു. സന്യാസികൾ പോപ്പിൻറെ ക്ഷമ വിറ്റ് രാജ്യത്തെല്ലാടവും നടന്നപ്പോൾ അനേകർ പണം കൊടുത്ത് പാപക്ഷമ വാങ്ങുവാൻ സാധിക്കുമൊ എന്ന കാര്യത്തിൽ സംശയാലുക്കൾ ആയി. റോമിലെ പോപ്പിൽ നിന്നും പാപക്ഷമ കിട്ടുന്നതിനേക്കാൾ ദൈവത്തിൽനിന്ന് പ്രാപിക്കേണ്ടതല്ലേ എന്ന ചോദ്യം ഉയർന്നു. സന്യാസികളുടെ അത്യാഗ്രഹത്താൽ അസ്വസ്ഥരായവർ കുറച്ചൊന്നും ആയിരുന്നില്ല. “റോമിലെ പുരോഹിതന്മാരും സന്യാസികളും ക്യാൻസർപോലെ ഞങ്ങളെ തിന്നുകളയുന്നു. ദൈവം ഞങ്ങളെ വിടുവിക്കണം. അല്ലെങ്കിൽ ജനം ഇല്ലാ

താകും” - D'Aubigne, b. 17, ch. 7 എന്ന് അവർ പറഞ്ഞു. തങ്ങളുടെ അത്യാർത്തി മറയ്ക്കുന്നതിനുവേണ്ടി, രക്ഷകൻറെ മാതൃക പിൻതുടരുകയാണെന്ന് ഭിക്ഷാടരായ സന്യാസിമാർ അവകാശപ്പെട്ടു. യേശുവും ശിഷ്യന്മാരും ജനങ്ങളുടെ ദാനംകൊണ്ടാണ് ജീവിച്ചിരുന്നതെന്ന് അവർ പറഞ്ഞു. ഈ അവകാശവാദം അവർക്കുതന്നെ മുറിവുണ്ടാക്കി. കാരണം, ഇത് അനേകരെ, സത്യം സ്വയം പഠിക്കുവാൻ തക്കവണ്ണം വേദപുസ്തകത്തിലേയ്ക്ക് നയിച്ചു. റോം ഒരിക്കലും ആഗ്രഹിക്കാത്തതും മറ്റുള്ളവർ ആഗ്രഹിച്ചിരുന്നതുമായ ഫലം ആയിരുന്നു അത്. റോം മറച്ചുവയ്ക്കണമെന്ന് ലക്ഷ്യമിട്ടിരുന്ന

സത്യത്തിൻറെ ഉറവിടത്തിലേയ്ക്ക് മനുഷ്യമനസ്സുകൾ തിരിഞ്ഞു.

വിക്ലിഫ് സന്യാസികൾക്ക് എതിരായി ലഘുലേഖകൾ എഴുതാനും വിതരണം ചെയ്യാനും തുടങ്ങി. അവരുമായി തർക്കിക്കാൻ ശ്രമിക്കാതെ മനുഷ്യ മനസ്സുകളെ വേദപുസ്തക പഠിപ്പിക്കലുകളിലേയ്ക്കും അതിൻറെ ഗ്രന്ഥകർത്താവിലേയ്ക്കും അടുപ്പിയ്ക്കുന്നതിന് ശ്രമിച്ചു. ക്ഷമിക്കാനോ പള്ളിഭ്രഷ്ടനാക്കാനോ പോപ്പിനുള്ള അധികാരം സാധാരണ പുരോഹിതന്മാർക്കുള്ള അധികാരത്തേക്കാൾ കൂടുതൽ അല്ല എന്നും സ്വയമായി ദൈവത്തിൻറെ ശിക്ഷാവിധിക്കു

വിധേയരാകാത്തിടത്തോളംകാലം ആരെയും പള്ളിഭ്രഷ്ടനാക്കാൻ വാസ്തവത്തിൽ കഴിവില്ലെന്നും അദ്ദേഹം പ്രഖ്യാപിച്ചു. ആത്മീക ആധിപത്യത്തിൻറെ ഈ വൻ സ്ഥാപനത്തെ തകർക്കാനും ലക്ഷക്കണക്കിനാളുകളെ ബന്ധനസ്ഥരാക്കിയ ദുരുപദേശത്തിൽനിന്ന് ജനത്തെ വിമുക്തരാക്കുവാനും ഇതിനെക്കാൾ ശ്രേഷ്ഠമായ വേറൊരു മാർഗ്ഗവുമില്ലായിരുന്നു.

പിന്നെയും റോമിൻറെ കടന്നു കയറ്റത്തിൽനിന്ന് ബ്രിട്ടീഷ് രാജാവിൻറെ അവകാശങ്ങളെ സംരക്ഷിക്കുവാൻ വിക്ലിഫ്

വിളിക്കപ്പെട്ടു. രാജാവിൻറെ സ്ഥാനാപതിയായി നിയോഗിക്കപ്പെട്ട അദ്ദേഹം രണ്ടുവർഷം നെതർലണ്ടിൽ താമസിച്ച് പോപ്പിൻറെ പ്രതിനിധികളുമായി സമ്മേളനങ്ങൾ നടത്തി. ഇവിടെ അദ്ദേഹം ഫ്രാൻസ്, ഇറ്റലി, സ്പെയിൻ എന്നീ രാജ്യങ്ങളിലെ പുരോഹിതന്മാരുമായി ആശയവിനിമയം നടത്തി. ഇംഗ്ലണ്ടിൽ ആയിരുന്നെങ്കിൽ വെളിപ്പെട്ടുകിട്ടാൻ സാധ്യതയില്ലാത്ത അനേക കാര്യങ്ങളെക്കുറിച്ചുള്ള അറിവ് സമ്പാദിച്ചു. രംഗങ്ങളുടെ പിന്നിലേയ്ക്ക് നോക്കാനുള്ള അവസരവും ലഭിച്ചു. അദ്ദേഹത്തിൻറെ പിന്നീടുള്ള പ്രയത്നങ്ങൾക്ക് ലക്ഷ്യം നേടുവാൻ ധാരാളം പഠിച്ചു. ഈ

പുരോഹിതന്മാരിൽ പാപ്പാത്വ മേൽക്കോയ്മയുടെ ശരിയായ സ്വഭാവവും ലക്ഷ്യവും കണ്ടു. തിരികെ ഇംഗ്ലണ്ടിൽ വന്ന് പണ്ടത്തെ ആശയങ്ങൾ കുറെക്കൂടെ തുറന്ന്, അത്യാവേശത്തോടെ പ്രഖ്യാപിച്ചു. അത്യാഗ്രഹവും അഹംഭാവവും വഞ്ചനയും ആണ് റോമിൻറെ ദൈവങ്ങൾ എന്ന് ഉറക്കെ പ്രഖ്യാപിച്ചു.

“ക്ഷുദ്രാശകൾക്കും ആത്മീയ കാര്യങ്ങൾക്കുമായി എന്ന ഭാവേന രാജ്യത്തിലെ സാധുക്കളുടെ ഉപജീവനമാർഗ്ഗത്തിൽനിന്നും രാജ്യത്തിൻറെ ഖജനാവിൽനിന്നും ആയിരക്കണക്കിന് “മാർക്സ്” (ജർമ്മൻ പണം) വർഷംതോറും

പിരിച്ചെടുക്കുകയെന്ന ശപിക്കപ്പെട്ട ദുരുപദേശം ക്രിസ്തീയ ലോകത്തെക്കൊണ്ട് സമ്മതിപ്പിക്കുകയും നിലനിർത്തുകയും ചെയ്തു. രാജ്യത്തിന് ഒരു വലിയ കുന്നോളം സ്വർണ്ണമുണ്ടായിരുന്നാൽത്തന്നെ യും, മറ്റാരും എടുക്കാതെ, അഹന്ത നിറഞ്ഞ ലൗകികന്മാരായ ഈ പുരോഹിതന്മാർ എടുത്തു കൊണ്ടാൽത്തന്നെയും കാലക്രമേണ ആ കുന്ന ശൂന്യമാകും. ആ കുന്നുകളിൽനിന്ന് എടുക്കുക മാത്രമല്ലാതെ ഭണ്ഡാരത്തിലേയ്ക്ക് തിരികെ അടയ്ക്കാത്തതുകൊണ്ട് ദൈവശാപം മാത്രമേ ലഭിക്കുന്നുള്ളൂ എന്ന് പോപ്പിനേയും അദ്ദേഹത്തിൻറെ കീഴിലുള്ള സന്യാസിമാരെപ്പറ്റിയും

വിക്ലിഫ് തൻറെ ലഘുലേഘകളിൽ എഴുതി'. - John Lewis, History of the Life and Sufferings of J. Wycliffe, page 37.

ഇംഗ്ലണ്ടിലേയ്ക്ക് തിരികെ എത്തിയ ഉടനെ ല്യൂട്ടർവർത്തിലെ സെമിനാരിയുടെ തലവനായി വിക്ലിഫിനെ രാജാവ് നിയമിച്ചു. അദ്ദേഹത്തിൻറെ തുറന്ന പ്രസ്താവനകൾ രാജാവിന് അനിഷ്ടമായില്ലെന്ന് ഇതിനാൽ ഉറപ്പായി. വിക്ലിഫിൻറെ സ്വാധീനം രാജകീയ പ്രവൃത്തികൾക്കും രാജ്യത്തിൻറെ വിശ്വാസത്തിനും രൂപം കൊടുക്കുന്നതായി തോന്നി.

ഉടൻ തന്നെ പോപ്പിൻറെ ഗർജ്ജനങ്ങൾ അദ്ദേഹത്തിനുനേരെ ഉണ്ടായി. ഈ ദുരുപദേഷ്ടാവിനെ ഉടൻതന്നെ നിശ്ശബ്ദനാക്കുവാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് കാണിക്കുന്ന മൂന്ന് കല്പനകൾ യൂണിവേഴ്സിറ്റിക്കും, രാജാവിനും, ബിഷപ്പുമാർക്കുമായി അയച്ചു (Augustus Neander, General History of the Christian Religion and Church, pe. 6, Sec. 2, pt. 1, par. 8). അറിയിപ്പുകൾ വരുന്നതിനു മുൻപുതന്നെ ആവേശഭരിതരായ ബിഷപ്പുമാർ അവരുടെ ന്യായാസനത്തിനുമുമ്പാകെ വിക്ലിഫിനെ വിചാരണയ്ക്കായി വിളിപ്പിച്ചു. ഏറ്റവും പ്രബലരായ രണ്ട് രാജകുമാരന്മാർ

അദ്ദേഹത്തോടൊപ്പം പോയിരുന്നു. കെട്ടിടത്തിനുചുറ്റും ജനങ്ങൾ കൂടുകയും അകത്തേയ്ക്ക് തള്ളി കയറുകയും ന്യായാധിപന്മാരെ ഭീഷണിപ്പെടുത്തുകയും ചെയ്തതയാൽ നടപടികൾ തൽക്കാലത്തേയ്ക്ക് മാറ്റിവച്ചു. വിക്ലിഫിനെ സമാധാനത്തോടെ പോകാൻ അനുവദിച്ചു. അനന്തരം വിക്ലിഫിനെതിരായി നടപടികളെടുക്കു വാൻ വാർദ്ധക്യത്തിലായിരുന്ന രാജാവായ എഡ്വേർഡ് മൂന്നാമനെ ബിഷപ്പുമാർ സ്വാധീനിച്ചെങ്കിലും അദ്ദേഹം മരിച്ചു പോകുകയും വിക്ലിഫിൻറെ മുൻസംരക്ഷകൻ അടുത്ത ഭരണാധികാരിയാകുകയും ചെയ്തു.

എന്നാൽ മതവിദ്വേഷിയെ ബന്ധിച്ച് ജയിലിൽ അടയ്ക്കാനുള്ള പോപ്പിൻറെ അലംഘനീയമായ ഉത്തരവ് ഇംഗ്ലണ്ടിലെല്ലായിടത്തുമുണ്ടായി. ഈ നടപടികൾ വധസ്തംഭത്തിലേയ്ക്ക് നയിച്ചു. വിക്ലിഫ് ആസന്നഭാവിയിൽ റോമിൻറെ പ്രതികാരത്തിന് ഇരയായിത്തീരും എന്ന് തീർച്ചയാക്കി. എന്നാൽ പണ്ടുള്ള ഒരുവനോടു "ഭയപ്പെടേണ്ടാ. ... ഞാൻ നിൻറെ പരിചയാകുന്നു" (ഉല്പ. 15:1 ) എന്ന് അരുളിച്ചെയ്തു ദൈവം തൻറെ കരം നീട്ടി തൻറെ ദാസനെ വീണ്ടും സംരക്ഷിച്ചു. മരണം നവീകരണകർത്താവിനല്ല വന്നത്. അദ്ദേഹത്തെ നശിപ്പിക്കാൻ വിധിച്ച പോപ്പിനാണ് ഭവിച്ചത് ! ഗ്രിഗറി

പതിനൊന്നാമൻ മരിച്ചു. വിക്ലിഫിനെ വിസ്തരിക്കാൻ കൂടിയ പുരോഹിതന്മാർ പിരിഞ്ഞുപോയി.

നവീകരണം വളരത്തക്കവണ്ണം ദൈവത്തിൻറെ കരുതൽ എല്ലാ സംഗതികളേയും ഭരിച്ചു. ഗ്രിഗറിയുടെ മരണശേഷം പരസ്പരം മത്സരിക്കുന്ന രണ്ട് പോപ്പുമാർ തെരഞ്ഞെടുക്കപ്പെട്ടു. രണ്ട് വിപരീത ശക്തികൾ, ഓരോന്നും അപ്രമാദിത്വം തങ്ങൾക്കുണ്ടെന്ന നാട്യത്തിൽ അനുസരണം അവകാശപ്പെട്ടു. ഓരോ പോപ്പും തൻറെ അനുയായികൾക്ക് സ്വർഗ്ഗത്തിൽ സ്ഥാനമുണ്ടെന്ന് ഉറപ്പു കൊടുത്തും എതിരാളികൾക്ക് ഭ്രഷ്ട് കല്പിച്ചും അനുയായികളെ എറ്റു മുട്ടലിന്

പ്രേരിപ്പിച്ചു. ഈ കാരണങ്ങൾകൊണ്ട് പാപ്പാത്വശക്തി വളരെയധികം ബലഹീനമായി. കലഹിക്കുന്ന രണ്ട് ചേരികൾക്കും സാധിച്ചത് പരസ്പരം ആക്രമിക്കുക എന്നുള്ളത് മാത്രമായിരുന്നു. വിക്ലിഫിന് കുറെ സമയം വിശ്രമംകിട്ടി. ഭ്രഷ്ടുകളും ആരോപണ പ്രത്യാരോപണങ്ങളും പോപ്പിൽനിന്ന് പോപ്പിലേയ്ക്ക് പറന്നുകൊണ്ടിരുന്നു. പരസ്പരവിരുദ്ധങ്ങളായ അവകാശവാദങ്ങളെ പിൻതാങ്ങാൻ വലിയ രക്തപ്രവാഹം തന്നെയുണ്ടായി. അപകീർത്തികളും അപരാധങ്ങളുംകൊണ്ട് സഭ നിറഞ്ഞു. ഈ സമയത്ത് നവീകരണ കർത്താവ്, ലൂട്ടർവർത്ത് ഇടവകപ്പള്ളിയിൽ

സ്വസ്ഥനായി ഇരുന്നുകൊണ്ട്, പരസ്പരം മല്ലിടുന്ന പോപ്പുമാരിൽനിന്നും ജനങ്ങളെ സമാധാനപ്രഭുവാകുന്ന യേശുവിങ്കലേയ്ക്ക് തിരിക്കാൻ ശുഷ്കാന്തിയോടെ പ്രവർത്തിച്ചു.

അനൈക്യം അതിൻറെ മത്സരവും അഴിമതിയും കൊണ്ട് യഥാർത്ഥ പാപ്പാത്വം എന്താണെന്ന് മനസ്സിലാക്കാൻ സഹായിച്ചു. അങ്ങനെ നവീകരണത്തിലേയ്ക്കുള്ള വഴി ഒരുങ്ങി. എതിർക്രിസ്തുവിനെപ്പോലെ പരസ്പരം നിന്ദിക്കുവാൻ ഈ ബിഷപ്പുമാർ പറയുന്നതൊന്നും സത്യമല്ലെന്നുള്ളത് മനസ്സിലാക്കുവാൻ "പോപ്പുമാരുടെ ഭിന്നത" (On the Schism of the Popes) എന്ന

ലഘുലേഘലയിൽക്കൂടെ വിക്ലിഫ് ജനങ്ങളോട് ആവശ്യപ്പെട്ടു. അദ്ദേഹം പറഞ്ഞു:- "ഇതുപോലുള്ള ഒരു പുരോഹിതനിലൂടെ നടക്കുന്ന പൈശാചിക ഭരണം ദൈവം അധികനാൾ സഹിക്കുകയില്ല. പക്ഷെ രണ്ടായി ഭിന്നിച്ചിരിക്കുന്നതിനാൽ ക്രിസ്തുവിൻറെ നാമത്തിൽ ജനങ്ങൾക്ക് അവരെ എളുപ്പത്തിൽ കീഴടക്കാൻ കഴിയും" എന്ന് അദ്ദേഹം പറഞ്ഞു. - R. Vaughan, Life and Opinions of John de Wycliffe, vol. 2, p. 6.

വിക്ലിഫ് തൻറെ യജമാനനെപ്പോലെ എളിയവരോട് സുവിശേഷം അറിയിച്ചു. ലുട്ടർവർത്ത് സഭയിലെ സാധുകുടുംബങ്ങളിൽ വെളിച്ചം

പരത്തുന്നതിൽ തൃപ്തനായിരിക്കാതെ ഇംഗ്ലണ്ടിൻറെ എല്ലാ ഭാഗങ്ങളിലും അത് കൊണ്ടു പോകണമെന്ന് തീരുമാനിച്ചു. അതിനുവേണ്ടി പ്രസംഗകരുടെ ഒരു കൂട്ടത്തെ സംഘടിപ്പിച്ചു. അവർ ലളിതജീവിതവും സമർപ്പണമുള്ളവരും ആയിരുന്നു അവർ സത്യത്തെ സ്നേഹിച്ചിരുന്നു. എല്ലാറ്റിലും അധികമായി സത്യം പ്രചരിപ്പാൻ ആഗ്രഹിച്ചിരുന്നു. അവർ ചന്തകളിലും വലിയ പട്ടണത്തെരുവുകളിലും ഗ്രാമത്തിലെ ഇടവഴികളിലും എല്ലായിടത്തും പോയി പഠിപ്പിച്ചു. പ്രായമായവരേയും രോഗികളെയും സാധുക്കളേയും തിരഞ്ഞു പിടിച്ച ദൈവകൃപയുടെ സന്തോഷവർത്തമാനം അവർക്ക്

തുറന്നുകൊടുത്തു. - ഓക്സ്ഫോർഡിലെ വേദശാസ്ത്രാദ്ധ്യാപകൻ എന്ന നിലയിൽ വിക്ലിഫ് ദൈവവചനം യൂണിവേഴ്സിറ്റിയുടെ ക്ലാസ്സുകളിൽ പ്രസംഗിച്ചു. "സുവിശേഷ ഡോക്ടർ" എന്ന പേര് കിട്ടത്തക്കവണ്ണം അത് വിശ്വസ്തതയോടെയാണ് തൻറെ കീഴിൽ ഉണ്ടായിരുന്ന വിദ്യാർത്ഥികളെ അദ്ദേഹം സത്യം പഠിപ്പിച്ചത്. പക്ഷെ തൻറെ ജീവിതത്തിലെ എറ്റവും വലിയ വേല വേദപുസ്തകം ഇംഗ്ലീഷിലേയ്ക്ക് തർജ്ജമ ചെയ്യുക എന്നതായിരുന്നു. "തിരുവചന സത്യവും അർത്ഥവും (On the Truth and Meaning of Scripture) എന്ന പുസ്തകത്തിൽ ദൈവത്തിൻറെ അത്ഭുതകരമായ വേല ഇംഗ്ലണ്ടിലെ ഓരോ വ്യക്തിക്കും

അവൻറെ മാതൃഭാഷയിൽ വായിക്കാൻ കഴിയണം എന്ന ഉദ്ദേശത്തോടുകൂടിയാണ് വേദ പുസ്തകം തർജ്ജമ ചെയ്യുന്നത് എന്ന് രേഖപ്പെടുത്തിയിരിക്കുന്നു.

പെട്ടെന്ന് അദ്ദേഹത്തിൻറെ പ്രയത്നങ്ങൾ നിലച്ചു. അറുപത് വയസ്സു പോലും ഇല്ലായിരുന്നെങ്കിലും വിശ്രമം ഇല്ലാത്ത അദ്ധ്വാനവും, പഠനവും, ശത്രുക്കളുടെ പെട്ടെന്നുള്ള ആക്രമണവും അദ്ദേഹത്തിൻറെ ആരോഗ്യത്തെ ബാധിക്കുകയും തന്നെ അകാലവാർദ്ധക്യത്തിലെത്തിക്കുകയും ചെയ്തു. അപകടകരമായ ഒരു രോഗം അദ്ദേഹത്തെ ബാധിച്ചു. ഈ വാർത്ത ക്രിസ്തീയ സന്യാസികൾക്ക് വലിയ

സന്തോഷം പകർന്നു.
സന്യാസിമാർക്കെതിരെ ചെയ്ത
തിന്മയെക്കുറിച്ച് അഗാധമായി അദ്ദേഹം
അനുതപിക്കും എന്ന് അവർ വിചാരിച്ചു.
അത് കേൾക്കാൻ അവർ
അദ്ദേഹത്തിൻറെ മുറിയിലേയ്ക്ക്
ബദ്ധപ്പെട്ട് ചെന്നു. മതാധികാരികളുടെ
നാല് പ്രതിനിധികളും രാജ്യത്തിലെ
നാല് ഉന്നത ഉദ്യോഗസ്ഥരും
അദ്ദേഹത്തിൻറെ മരണക്കിടക്ക എന്ന്
വിചാരിച്ച് കിടക്കയ്ക്ക് ചുറ്റും കൂടി. “മരണം
നിൻറെ ചുണ്ടിലുണ്ട്. നിൻറെ
കുറ്റങ്ങളെക്കുറിച്ച് മനസ്സിലാക്കുക.
ഞങ്ങൾക്ക് എതിരായി പറഞ്ഞതെല്ലാം
ഞങ്ങളുടെ സാന്നിധ്യത്തിൽ
പിൻവലിക്കുക” എന്നു പറഞ്ഞു.
നവീകരണ കർത്താവ്

നിശ്ശബ്ദനായിരുന്ന് കേട്ടു. തൻറെ സഹായിയോട് കിടക്കയിൽ പൊക്കി ഇരുത്താൻ ആവശ്യപ്പെട്ടുകൊണ്ട്, അവരെ ഉറ്റുനോക്കി, പലപ്പോഴും അവരെ വിറപ്പിച്ചി രുന്ന ഉറച്ച ശക്തിയേറിയ ശബ്ദത്തിൽ പറഞ്ഞു. “ഞാൻ മരിക്കയില്ല; പക്ഷെ ജീവിക്കും. ക്രിസ്തീയ സന്യാസികളുടെ തിന്മ ഇനിയും പ്രസ്താവിക്കും” എന്നു പറഞ്ഞു. - D'Aubigne, b. 17. ch. 7. ലജ്ജിതരും അത്ഭുതപരതന്ത്രരുമായ സന്യാസികൾ മുറിവിട്ടുപോയി.

വിക്ലിഫിൻറെ വാക്കുകൾ നിറവേറി. അദ്ദേഹം ജീവിച്ചിരുന്നത് റോമിന് എതിരായ എല്ലാ ആയുധങ്ങളിലും വെച്ച് ഏറ്റവും ശക്തിയേറിയ ആയുധ മായ

ബൈബിൾ സാധാരണക്കാരുടെ
കരങ്ങളിൽ കൊടുക്കുവാൻ
വേണ്ടിയായിരുന്നു. അതിനായും
ജനങ്ങളെ മോചിപ്പിക്കാനും അവർക്ക്
പരിജ്ഞാനം നൽകുവാനും അവരെ
സുവിശേഷീകരിക്കുവാനുമായി
സ്വർഗ്ഗത്താൽ നിയമിതനായ
പ്രതിനിധിയായി അദ്ദേഹം ജീവിച്ചു. ഈ
ജോലിയുടെ പുരോഗതിയ്ക്ക് വളരെ
തടസ്സങ്ങൾ തരണം
ചെയ്യേണ്ടതായിട്ടുണ്ടായിരുന്നു. ശാരീ
രികമായി വിക്ലിഫ് അവശനായി. വേല
ചെയ്യാൻ കുറച്ചു വർഷങ്ങളേ
അവശേഷിക്കുന്നുള്ളു എന്ന് അദ്ദേഹം
അറിഞ്ഞു. അഭിമുഖീകരിക്കേണ്ട എതിർ
ശക്തിയെ കണ്ടു എങ്കിലും ദൈവിക
വാഗ്ദത്തങ്ങളാൽ പ്രേരിതനായി

മുൻപോട്ട് പോയി. ഒന്നും ഭയപ്പെടുത്തിയില്ലതാനും. ചൈതന്യമുള്ള മുഴു ബുദ്ധിശക്തിയിലും അനുഭവ സമ്പത്തിലും ഏറ്റവും വലിയ അദ്ധ്വാനത്തിനുവേണ്ടി ദൈവം അദ്ദേഹത്തെ പ്രത്യേകമായി സംരക്ഷിക്കുകയും, ഒരുക്കുകയും ചെയ്തു. ക്രൈസ്തവലോകം മുഴുവനും ആരവം മുഴക്കിയപ്പോഴും നവീകരണ കർത്താവ് തൻറെ ലൂട്ടർവർത്തിലെ ഇടവകയിൽ ഇരുന്നുകൊണ്ട് രോഷത്തിൻറെ കൊടുങ്കാറ്റുകളെ വകവയ്ക്കാതെ താൻ തിരഞ്ഞെടുത്ത വേലയിൽ മുഴുകി.

ഒടുവിൽ വേല പൂർത്തിയായി. വേദപുസ്തകത്തിൻറെ ആദ്യത്തെ ഇംഗ്ലീഷ് തർജമ ഉണ്ടായി. ഇംഗ്ലണ്ടിന്

ദൈവവചനം തുറക്കപ്പെട്ടു. ജയിലറയോ കൊല സ്തംഭമോ അദ്ദേഹം ഭയന്നില്ല. ഇംഗ്ലീഷ് ജനതയുടെ കരങ്ങളിൽ ഒരിക്കലും കെട്ടുപോകാത്ത ഒരു വെളിച്ചം വെച്ചുകൊടുത്തു. സ്വജനത്തിന് ബൈബിൾ കൊടുത്തതിലൂടെ യുദ്ധഭൂമിയിലെ വൻവിജയത്തിലുമുപരിയായി അജ്ഞ തയുടെയും ദുഷ്ടതയുടെയും ചങ്ങല പൊട്ടിച്ച് തൻറെ രാജ്യത്തെ സ്വതന്ത്രമാക്കുവാൻ കഴിഞ്ഞു. അച്ചടി അന്ന് ഉണ്ടായിരുന്നില്ല. അതുകൊണ്ട് വളരെ സാവകാശം ബുദ്ധിമുട്ടിയെങ്കിൽ മാത്രമെ ബൈബിളിൻറെ കോപ്പികൾ എടുക്കാൻ സാധിച്ചിരുന്നുള്ളൂ. പുസ്തകം കിട്ടാനുള്ള ആഗ്രഹം വലുതായിരുന്നതുകൊണ്ട് അനേകർ

പകർത്തിയെഴുതുന്ന വേലയിൽ വ്യാപൃതരായി. പ്രയാസപ്പെട്ടാണെങ്കിലും ആവശ്യമനുസരിച്ച് കൊടുക്കാൻ കഴിഞ്ഞു. ചില സമ്പന്നർ മുഴുബൈബിൾ വാങ്ങാൻ ആഗ്രഹിച്ചു. അല്ലാത്തവർ അതിൻറെ ഭാഗങ്ങൾ മാത്രം വാങ്ങി. പലപ്പോഴും പല കുടുംബങ്ങൾ ഒന്നിച്ച് ഒരു ബൈബിൾ പ്രതി വാങ്ങുമായിരുന്നു. അങ്ങനെ വിക്ലിഫിൻറെ ബൈബിൾ ജനങ്ങളുടെ ഭവനങ്ങളിൽ വേഗം എത്തിച്ചേർന്നു.

മനുഷ്യൻറെ യുക്തിവിചാരത്തോടുള്ള അഭ്യർത്ഥന, ചോദ്യം ചെയ്യാൻ പാടില്ലാത്ത പാപ്പാത്വ സിദ്ധാന്തങ്ങളോടുള്ള സഹനശീലമായ കീഴടങ്ങ ലിൽനിന്ന് അവരെ

ഉണർത്തി. വിക്ലിഫ് ഇപ്പോൾ നവീകരണ ഉപദേശത്തിൻറെ സ്പഷ്ടമായ തത്വങ്ങൾ പഠിപ്പിച്ചു. ക്രിസ്തുവിലെ വിശ്വാസത്താലുള്ള രക്ഷ, ദൈവവചനത്തിൻറെ അപ്രമാദിത്വം എന്നിവ ആയിരുന്ന അവ. അദ്ദേഹം അയച്ച് പ്രസംഗകർ തൻറെ എഴുത്തുകളോടുകൂടെ വേദപുസ്തകം പ്രചരിപ്പിച്ചു. ഇംഗ്ലണ്ടിലെ പകുതിയോളം ജനങ്ങളും ഈ പുതിയ വിശ്വാസം അംഗീ കരിക്കത്തക്കവണ്ണം ഈ സംരംഭം വിജയിച്ചു.

വേദപുസ്തകത്തിൻറെ ആവിർഭാവം സഭാനേതാക്കളെ അന്ധാളിപ്പിച്ചു അവർക്ക് വിക്ലിഫിനേക്കാൾ ശക്തിയേറിയ ഒരു പ്രവർത്തക

സംഘത്തോടാണ് എതിരിടേണ്ടിവന്നത് -- തങ്ങളുടെ ആയുധങ്ങൾകൊണ്ട് അവർക്കെ തിരായി പ്രവർത്തിച്ചാൽ വളരെ കുറച്ചുമാത്രം നേടാവുന്ന ഒരു പ്രവർത്തക സംഘം. ജനങ്ങളുടെ ഭാഷയിൽ, അതിനു മുൻപ് വേദപുസ്തകം പ്രസിദ്ധ പ്പെടുത്തിയിട്ടില്ലായിരുന്നതുകൊണ്ട് അതിൻറെ പ്രചാരത്തെ തടയുന്ന നിയമങ്ങളൊന്നും ഇംഗ്ലണ്ടിൽ അന്ന് ഇല്ലായിരുന്നു. അങ്ങനെയുള്ള നിയമങ്ങൾ പിന്നീട് നിർമ്മിച്ച് കർക്കശമായി നടപ്പാക്കി. അതേസമയം പുരോഹിതന്മാരുടെ പ്രയത്നങ്ങൾ വകവയ്ക്കാതെ, വേദപുസ്തക പ്രചരണത്തിന് ഒരു കാലയളവുവരെ അവസരം ഉണ്ടായി.

നവീകരണ കർത്താവിന്റെ ശബ്ദം ഇല്ലാതാക്കാൻ പാപ്പാത്വനായകന്മാർ കപടതന്ത്രം ആവിഷ്കരിച്ചു. മൂന്ന് ന്യായാസനങ്ങൾക്കു മുമ്പാകെ തുടരെ ഹാജരാകാൻ വിളിപ്പിച്ചു. പക്ഷെ പ്രയോജനപ്പെട്ടില്ല. ബിഷപ്പുമാരുടെ ആദ്യത്തെ സിനഡ് അദ്ദേഹത്തിൻറെ എഴുത്തുകൾ വേദവിപരീതമാണെന്ന് പ്രഖ്യാപിച്ചു. ചെറുപ്പക്കാരനായ റിച്ചാർഡ് രണ്ടാമൻ എന്ന രാജാവിനെ അവരുടെ വശത്താക്കിക്കൊണ്ട്, നിന്ദിക്കപ്പെട്ട ഉപദേശം കയ്യിൽ വെച്ചിരിക്കുന്നവരെയെല്ലാം ജയിലിൽ അടയ്ക്കണം എന്ന് ഒരു രാജകീയ കല്പന അവർ ഉണ്ടാക്കി.

വിക്ലിഫ് സുന്നഹദോസിൽനിന്നും പാർലമെന്റിൽ അപ്പീൽ കൊടുത്തു. പാർലമെന്റിനു മുൻപിൽ ഭയം കൂടാതെ അദ്ദേഹം പുരോഹിതന്മാരുടെ അധികാരശ്രേണിയെ പരസ്യമായി കുറ്റപ്പെടുത്തി. സഭ അനുവദിച്ചിരിക്കുന്ന ഭാരിച്ച അധാർമ്മികതയെ നവീകരിക്കണമെന്ന് ആവശ്യപ്പെട്ടു. പാപ്പാധികാരത്തിൻറെ പിടിച്ചെടുക്കലിനേയും അഴിമതിയേയുംപറ്റി വിശ്വസിപ്പിക്കാനുള്ള കഴിവോടുകൂടെ ചിത്രീകരിച്ചു. അദ്ദേഹത്തിൻറെ ശത്രുക്കൾ ചിന്താക്കുഴപ്പത്തിലായി. വിക്ലിഫിനെ പിൻതാങ്ങുന്നവരേയും അദ്ദേഹത്തിൻറെ കൂട്ടുകാരേയും കീഴടങ്ങുവാൻ നിർബന്ധിച്ചു.

രാജാവിൻറേയും സഭയുടേയും സംയുക്ത അധികാരത്തിനു മുൻപിൽ നവീകരണകർത്താവ്, കൂട്ടുകാർ ആരും ഇല്ലാതെ തനിയെ, അദ്ദേഹത്തിൻറെ ഈ വാർദ്ധക്യത്തിൽ തലകുനിക്കുമെന്ന് ആത്മവിശ്വാസത്തോടെ അവർ പ്രതീക്ഷിച്ചു. പക്ഷെ, അതിനുപകരം പാപ്പാ മതാനുയായികൾ കണ്ടത് അവർ സ്വയം തോൽക്കുന്നതാണ്. വിക്ലിഫിൻറെ ഉത്തേജിപ്പിക്കുന്ന ന്യായവാദങ്ങൾ ജനപ്രതിനിധിസഭയെ പ്രബുദ്ധമാക്കി. അദ്ദേഹത്തെ പീഡിപ്പിക്കാനുള്ള സമയം റദ്ദുചെയ്തു. അങ്ങനെ നവീകരണകർത്താവ് വീണ്ടും സ്വതന്ത്രനായി.

മൂന്നാം പ്രാവശ്യം വിക്ലിഫിനെ വിചാരണയ്ക്ക് കൊണ്ടുവന്നത് രാജ്യത്തെ ഏറ്റവും പരമോന്നത മതകോടതിക്കു മുൻപാകെയായിരുന്നു. ഇവിടെ ഈ മതനിന്ദയ്ക്ക് യാതൊരു ദാക്ഷിണ്യവും കാട്ടുകയില്ലെന്നും ഒടുവിൽ ഇവിടെ റോം വിജയിക്കുകയും നവീകരണകർത്താവിന്റെ വേല നിർത്തലാക്കപ്പെടുകയും ചെയ്യുമെന്നെല്ലാം പാപ്പാനുയായികൾ വിചാരിച്ചു. അവരുടെ ഉദ്ദേശം പൂർത്തീകരിക്കണമെങ്കിൽ വിക്ലിഫ് നിർബന്ധത്താൽ തൻറെ ഉപദേശങ്ങൾ ആണയിട്ട് ത്യജിക്കുകയോ അല്ലെങ്കിൽ തീക്ക് ഇര ആകാൻ വേണ്ടി കോടതി വിടുകയൊ ചെയ്യണമായിരുന്നു.

പക്ഷെ വിക്ലിഫ് പിൻവലിച്ചില്ല. അദ്ദേഹം കപടവേഷം ധരിച്ചില്ല. ഭയം കൂടാതെ തൻറെ പഠിപ്പിക്കലുകൾ നിലനിർത്തി. തൻറെ വിചാരണക്കാരുടെ കുറ്റം പറച്ചിലുകളെ എതിർത്തുനിന്നു. തന്നെത്താൻ മറന്ന്, തൻറെ സ്ഥാനമൊ സന്ദർഭമൊ നോക്കാതെ കേൾവിക്കാരെ ദിവ്യന്യായാസനത്തിന്നു മുൻപാകെ വിളിപ്പിച്ച് അവരുടെ കുതർക്കങ്ങളും ചതിവുകളും നിത്യസത്യത്തിൻറെ തുലാസിൽ തൂക്കി. പരിശുദ്ധാത്മശക്തി കൗൺസിൽ മുറിയിൽ അനുഭവപ്പെട്ടു. ദൈവത്തിൽനിന്ന് ഒരു ശക്തി കേൾവിക്കാരുടെ മേൽ ഉണ്ടായി. അവർക്ക് സ്ഥലം വിടാനുള്ള ശക്തി

ഇല്ലാത്തതുപോലെ ആയി.
കർത്താവിന്റെ ആവ നാഴിയിലെ
അമ്പുകൾ പോലെ
നവീകരണകർത്താവിന്റെ വാക്കുകൾ
അവരുടെ ഹൃദയങ്ങളെ തുളച്ചു.
അദ്ദേഹത്തിന് എതിരായി അവർ
കൊണ്ടുവന്ന മതനിന്ദ എന്ന കുറ്റം
ബോധ്യപ്പെടത്തക്ക ശക്തിയോടെ
അവരിലേയ്ക്ക് തിരിച്ചടിച്ചു. എന്തുകൊണ്ട്
അവർ തങ്ങളുടെ തെറ്റുകൾ
പ്രചരിപ്പിക്കുവാൻ തുനിയുന്നു? തങ്ങളുടെ
ലാഭത്തിനുവേണ്ടി ദൈവകൃപ
കച്ചവടച്ചരക്കാക്കിയിരി ക്കുന്നുവൊ?
എന്ന് അദ്ദേഹം ചോദിച്ചു.

“ആരോടാണ് നിങ്ങൾ പോരാടുന്നത്?
ചിന്തിക്കു! ശവക്കുഴിയുടെ

വക്കത്തുനിൽക്കുന്ന വൃദ്ധനോടോ?
അല്ല. സത്യത്തോടാണ്. നിങ്ങളെക്കാൾ
ബലമുള്ള സത്യം - അത് നിങ്ങളെ
ജയിക്കും" - Wylie, b. 2, ch. 13.
ഇങ്ങനെ പറഞ്ഞുകൊണ്ട് അദ്ദേഹം
പിൻവാങ്ങി. എതിരാളികളിൽ
ഒരാൾപോലും അദ്ദേഹത്തെ തടയാൻ
ശ്രമിച്ചില്ല.

വിക്ലിഫിൻറെ വേല മിക്കവാറും
തീർന്നിരുന്നു ഇത്രയും കാലം
വഹിച്ചിരുന്ന സത്യത്തിൻറെ കൊടി
തൻറെ കയ്യിൽനിന്നും വീഴാറായി
എങ്കിലും ഒരിക്കൽക്കൂടി
സുവിശേഷത്തിൻറെ സാക്ഷ്യം
വഹിക്കേണ്ടിവന്നു. തെറ്റുകളുടെ
അധികാര മണ്ഡലത്തിൻറെ

കോട്ടയിൽനിന്നുതന്നെ സത്യം പ്രഖ്യാപിക്കണമായിരുന്നു. വിശുദ്ധന്മാരുടെ രക്തം പലപ്പോഴും ചിന്താറുണ്ടായിരുന്ന റോമിലെ പോപ്പിൻറെ ന്യായാധിപ സംഘത്തിന്റെ മുൻപിലേയ്ക്ക് വിസ്താര ത്തിനായി വിക്ലിഫ് ഹാജരാകാൻ കല്പന ലഭിച്ചു. അതിൽ അടങ്ങിയിരുന്ന അപകടത്തെ അദ്ദേഹം കാണാതിരുന്നില്ല. എങ്കിലും ഒരു പക്ഷാഘാതം തൻറെ യാത്ര അസാദ്ധ്യമാക്കിയില്ലായിരുന്നെങ്കിൽ പോപ്പിൻറെ കല്പന അനുസരിക്കണമായിരുന്നു. അദ്ദേഹത്തിൻറെ ശബ്ദം റോമിൽ കേൾക്കപ്പെട്ടില്ലെങ്കിലും എഴുത്തിൽക്കൂടെ സംസാരിക്കാൻ കഴിഞ്ഞു. അത് ചെയ്യാൻ അദ്ദേഹം

തീരു മാനിച്ചു. തൻ്റെ ഇടവകയിൽ ഇരുന്നുകൊണ്ട് പോപ്പിന് ബഹുമാനപുരസരം ക്രിസ്തീയ ആത്മാവിൽ തൻ്റെ പ്രതാപത്തിനും അധികാരത്തിനുമെതിരെ നിശിതമായ ശാസന ഉൾക്കൊണ്ട് കത്തെഴുതി.

“ഞാൻ പിടിച്ചിരിക്കുന്ന വിശ്വാസം ഓരോ മനുഷ്യനോടും വിശേഷാൽ റോമിലെ ബിഷപ്പിനോടും തുറന്നു പ്രഖ്യാപിക്കുന്നതിൽ എനിക്ക് അനല്പമായ സന്തോഷം ഉണ്ട്. ആകയാൽ ശരിയും സത്യവും ആണെന്ന് ഞാൻ വിചാരിക്കുന്ന വിശ്വാസം മനസ്സോടെ സ്ഥിരീകരിക്കും, അല്ല തെറ്റാണെങ്കിൽ തിരുത്തും” എന്ന് അദ്ദേഹം എഴുതി.

“ഒന്നാമതായി, ക്രിസ്തുവിൻറെ സുവിശേഷം ദൈവത്തിൻറെ കല്പനകളുടെ ഒരു കൂട്ടമാണെന്ന് ഞാൻ വിചാരിക്കുന്നു.... റോമിലെ ബിഷപ്പ് ക്രിസ്തുവിൻറെ ഭൂമിയിലെ പ്രതിനിധി ആണെന്ന് ഞാൻ മനസ്സിലാക്കുന്നതിനാൽ, മറ്റുള്ള എല്ലാവരേക്കാളും സുവിശേഷത്തിൻറെ നിയമത്തോട് അദ്ദേഹത്തിന് കടപ്പാടുണ്ട്. ക്രിസ്തുവിൻറെ ശിഷ്യന്മാരുടെ മഹത്വം ലോകത്തിൻറെ പ്രതാപവും ബഹുമതിയും ഉൾക്കൊണ്ടിരുന്നില്ല. എന്നാൽ ക്രിസ്തുവിൻറെ ജീവിതവും പെരുമാറ്റവും കൃത്യമായി അവർ പിൻതുടർന്നിരുന്നു. ക്രിസ്തു

ലോകത്തിൽ ജീവിച്ചിരുന്നകാലത്ത് എല്ലാ ലൗകിക മഹത്വവും ബഹുമതികളും ത്യജിച്ച ഏറ്റവും സാധുവായ ഒരു മനുഷ്യൻ ആയിരുന്നു. ..

“ഒരു വിശ്വസ്ത മനുഷ്യനും പോപ്പിനെയോ ഏതെങ്കിലും വിശുദ്ധന്മാരെയോ അനുഗമിക്കേണ്ട കടമയില്ല. അങ്ങനെയുള്ള സന്ദർഭങ്ങളിൽ പിൻപറ്റേണ്ടത് കർത്താവായ യേശുക്രിസ്തുവിനെയാണ്. പത്രൊസും സെബദി പുത്രന്മാരും കർത്താവിന്റെ ചുവടുകളെ പിൻതുടരുന്നതിന് എതിരായി, ലൗകിക സ്ഥാനമാനങ്ങൾ ആഗ്രഹിച്ചപ്പോൾ അവർ വിലക്കപ്പെട്ടു. അതുകൊണ്ട് അത്തരം തെറ്റുകളിൽ അവരെ അനുകരിക്കരുത്....

“പോപ്പ് താൽക്കാലിക ആധിപത്യവും ഭരണവും മതേതര ശക്തിയിലേയ്ക്ക് മാറ്റിക്കൊണ്ട് മുഴവൻ പുരോഹിതഗണത്തേയും നയിക്കുകയും ഉപദേശിക്കുകയും വേണം. കാരണം ക്രിസ്തു അങ്ങനെ ചെയ്തു. ക്രിസ്തുവിൻറെ അപ്പൊസ്തലന്മാരും പ്രത്യേകമായി അങ്ങനെ ചെയ്തു. അതുകൊണ്ട് ഈ പറഞ്ഞ ഏതെങ്കിലും കാര്യത്തിൽ ഞാൻ തെറ്റിയിട്ടുണ്ടെങ്കിൽ, തിരു ത്തപ്പെടാനായി ഏറ്റവും താഴ്മയോടെ എന്നെത്തന്നെ സമർപ്പിക്കുന്നു - മരണത്തിനായിപ്പോലും - അത് ആവശ്യമാണെങ്കിൽ - എൻറെ സ്വന്ത ഇഷ്ടപ്രകാരം ജോലി ചെയ്യാമെങ്കിൽ, വ്യക്തിപരമായി ആഗ്രഹിക്കാമെങ്കിൽ,

തീർച്ചയായും റോമിലെ ബിഷപ്പിൻറെ മുമ്പാകെ ഞാൻ എന്നെത്തന്നെ തരും. പക്ഷെ കർത്താവ് വേറൊരു വിധത്തിൽ എതിരായി എന്നെ സന്ദർശിക്കയും മനുഷ്യരെക്കാൾ ദൈവത്തെ അനുസരിക്കണം എന്ന് പഠിപ്പിക്കയും ചെയ്തു".

"പോപ്പ് അർബൻ ആറാമനെ തൻറെ ആരംഭത്തിൽ എന്നപോലെ ദൈവം ഉത്സാഹിപ്പിക്കാനും അദ്ദേഹവും അദ്ദേഹത്തിൻറെ പുരോഹിതവർഗ്ഗവും തങ്ങളുടെ ജീവിതത്തിലും പ്രവൃത്തിയിലും കർത്താവായ യേശുക്രിസ്തുവിനെ പിൻതുടരാനുംവേണ്ടി നമുക്ക് നമ്മുടെ ദൈവത്തോടു പ്രാർത്ഥിക്കാം" എന്ന് അവസാനമായി അദ്ദേഹം പറഞ്ഞു. -

John Foxe, Acts and Monuments, vol. 3, pp. 49, 50.

ക്രിസ്തുവിൻറെ താഴ്ചയും വിനയവും വിക്ലിഫ് പോപ്പിൻറെയും കർദ്ദിനാൾ മാരുടേയും മുൻപിൽ പ്രദർശിപ്പിച്ചു. തങ്ങൾ പ്രതിപുരുഷന്മാരാണെന്ന് അഭിമാനിക്കുന്ന തങ്ങളുടെ ഈ കർദ്ദിനാൾമാരും പോപ്പും യജമാനനായ ക്രിസ്തുവും തമ്മിലുള്ള വ്യത്യാസം എല്ലാ കസ്തവ ലോകത്തെയും കാണിച്ചു.

തൻറെ വിശ്വസ്തതയ്ക്കുള്ള സമ്മാനം തൻറെ ജീവാപായം ആയിരിക്കും എന്ന് വിക്ലിഫ് തീർച്ചയാക്കി. അദ്ദേഹത്തെ നശിപ്പിക്കാനായി രാജാവും പോപ്പും

ബിഷപ്പുമാരും ഒത്തു ചേർന്നു. കുറച്ചുമാസങ്ങൾക്കുള്ളിൽ കൊല മരത്തിലേയ്ക്ക് നയിക്കുമെന്നതുപോലെ തോന്നി. എന്നിട്ടും അദ്ദേഹത്തിൻറെ ധൈര്യത്തിന് കുലുക്കം തട്ടിയില്ല. "എന്തിനാണ് നിങ്ങൾ രക്തസാക്ഷിത്വത്തിൻറെ കിരീടം അകലെ ആക്കുന്നതിനെപ്പറ്റി സംസാരിക്കുന്നത്? ക്രിസ്തുവിൻറെ സുവിശേഷം ഈ ഗർവ്വിഷ്ടരായ ബിഷപ്പുമാരോട് പ്രസംഗിക്കുക. രക്ത സാക്ഷിത്വം നിങ്ങൾക്കു ലഭിക്കാതിരിക്കുകയില്ല. എന്ത്? ഞാൻ ജീവിച്ച് നിശ്ശബ്ദനാകണമോ? ഒരിക്കലും ഇല്ല. ആ ഇടി വരട്ടെ. ഞാൻ അതിൻറെ വരവ് പ്രതീക്ഷിക്കുന്നു" എന്ന് അദ്ദേഹം പറഞ്ഞു. - D'Aubigne, b. 17, ch. 8.

പക്ഷെ, കർത്താവിന്റെ കരുതൽ തൻറെ ദാസനു പരിചയായിരുന്നു. ഓരോ ദിവസവും ജീവൻ അപകടത്തിൽ ആക്കിക്കൊണ്ട്, ഒരു ആയുഷ്ക്കാലം. മുഴുവനും സത്യത്തെ സംരക്ഷിക്കുവാൻ ധൈര്യപൂർവ്വം നിന്ന ആ മനുഷ്യൻ സത്യത്തിൻറെ ശത്രുക്കളുടെ ക്രൂരതയ്ക്ക് ഇരയായിത്തീരേണ്ടവനല്ലായിരുന്നു. വിക്ലിഫ് ഒരിക്കലും തൻറെ സ്വന്ത സംരക്ഷണം അന്വേഷിച്ചിരുന്നില്ല. പക്ഷെ,

ദൈവം അദ്ദേഹത്തിൻറെ സംരക്ഷകൻ ആയിരുന്നു. ശത്രുക്കൾക്ക് തങ്ങളുടെ ഇരയെ കിട്ടുമെന്ന് തീർച്ചയായപ്പോൾ,

അവരുടെ കൈ എത്താത്തിടത്തേയ്ക്ക് ദൈവം അദ്ദേഹത്തെ മാറ്റി. ലൂട്ടർവർത്തിലെ പള്ളിയിൽ കുർബാന കൊടുക്കുവാൻ തുടങ്ങുമ്പോൾ പക്ഷാഘാതമേറ്റ് വീണു. അല്പസമയത്തിനുള്ളിൽ ജീവൻ വെടിഞ്ഞു.

വിക്ലിഫിൻറെ വേലയെ ദൈവം നിശ്ചയിച്ചിരുന്നു. സത്യത്തിൻറെ വചനം അദ്ദേഹത്തിൻറെ നാവിൽ കൊടുക്കുകയും ജനങ്ങളിലേയ്ക്ക് അത് കടന്നു വരുന്നതിനായി ദൈവം കാവലേർപ്പെടുത്തുകയും ചെയ്തു. നവീകരണത്തിൻറെ വലിയ വേലയ്ക്ക് അടിസ്ഥാനമിടുന്നതുവരെ അദ്ദേഹത്തിൻറെ വേല

ദൈർഘ്യമേറിയതും ജീവിതം സംരക്ഷിക്കപ്പെട്ടതും ആയിരുന്നു.

അന്ധകാരയുഗത്തിൻറെ വിജ്ഞാന വിരോധക ചിന്താഗതിയിൽ നിന്നാണ് വിക്ലിഫ് വന്നത്. മറ്റൊരാളുടെ വേലകൊണ്ട് തൻറെ നവീകരണത്തിൻറെ പദ്ധതിക്ക് ഒരു ആകൃതി വരുത്തുവാൻ തക്കവണ്ണം ആരും തനിക്ക് മുൻപായി പോയിരുന്നില്ല. പുതിയ യുഗത്തിൻറെ മുന്നോടിയായ സ്നാപക യോഹന്നാനെപ്പോലെ എഴുന്നേറ്റ് ഒരു പ്രത്യേക ദൗത്യം പൂർത്തിയാക്കി. അദ്ദേഹം തന്ന സത്യത്തിൻറെ ഘടനയ്ക്ക് ഒരു ഐക്യതയും പൂർത്തീകരണവും ഉണ്ടായിരുന്നു. എങ്കിലും പിന്നാലെ വന്ന

നവീകരണക്കാർക്ക് അത് കടക്കുവാൻ കഴിഞ്ഞില്ല. നൂറു വർഷത്തിനുശേഷവും ചിലർ അത്രത്തോളം എത്തിയതുപോലുമില്ല. അദ്ദേഹത്തിൻറെ പിന്നാലെ വന്ന ആർക്കും വീണ്ടും കെട്ടിപ്പടുക്കേണ്ട ആവശ്യം ഉണ്ടാകാത്തവിധം അദ്ദേഹം ഇട്ട അടിസ്ഥാനം അത്ര ആഴത്തിലും വിസ്താരത്തിലും, താൻ ഇട്ട ചട്ടക്കൂട് അത് ഉറച്ചതും സത്യമുള്ളതും ആയിരുന്നു.

ഇത്രയും കാലം റോമിൻറെ വിജയത്തിന് ബാദ്ധ്യസ്ഥരാക്കപ്പെട്ടിരുന്ന രാഷ്ട്രങ്ങളെ സ്വതന്ത്രമാക്കിക്കൊണ്ടും ബുദ്ധിശക്തിയേയും മനസ്സാക്ഷി യേയും സ്വതന്ത്രമാക്കിക്കൊണ്ടും വിക്ലിഫ്

ആരംഭിച്ച വലിയ പ്രസ്ഥാനം ബൈബിളിൽ അതിൻറെ ഉത്ഭവം കണ്ടു. അനുഗ്രഹത്തിൻറെ ഉറവിടം ഇതായിരുന്നു. ജീവജലംപോലെ പതിനാലാം നൂറ്റാണ്ടുമുതൽ അത് താഴേയ്ക്ക് ഒഴുകി. ജീവിതത്തിനും വിശ്വാസത്തിനും മതിയായ നിയമമായും ദൈവേഷ്ടത്തിൻറെ ആത്മ പ്രചോദിതമായ വെളിപ്പാടുകളായും അചഞ്ചലമായ വിശ്വാസത്തോടുകൂടിയും വിക്ലിഫ് തിരുവചനം കൈക്കൊണ്ടു. സഭയുടെ ആയിരം വർഷത്തെ ആചാരങ്ങളും, പ്രചാരത്തിൽ ഇരുന്ന് പഠിപ്പിക്കലുകളും മറു ചോദ്യം കൂടാതെ ബഹുമാനപുരസരം സ്വീകരിക്കാനും, അപ്രമാദിത്വത്തിൻറെ ആധികാരികതയും, റോമാസഭയുടെ

ദിവ്യത്വവും അംഗീകരിക്കുവാനും വിക്ലി ഫിനെ പഠിപ്പിച്ചിരുന്നു. പക്ഷെ, ദൈവത്തിൻറെ വിശുദ്ധവചനം ശ്രദ്ധിക്കാൻ അദ്ദേഹം ഇതിൽ നിന്നെല്ലാം പിൻതിരിഞ്ഞു. വേദപുസ്തകത്തിൻറെ ആധികാരികത ജനങ്ങൾ മനസ്സിലാക്കാൻ അദ്ദേഹം പ്രരണ ചെലുത്തി. സഭ പോപ്പിലൂടെ സംസാരിക്കുന്നതിനുപകരം ദൈവവചനത്തിലൂടെ പറയുന്ന ദൈവശബ്ദത്തിനാണ് നിയമപരമായ അധികാരം ഉള്ളതെന്ന് അദ്ദേഹം പ്രഖ്യാപിച്ചു. കൂടാതെ വേദപുസ്തകം ദൈവേഷ്ടത്തിൻറെ പൂർണ്ണമായ വെളിപ്പാടാണെന്ന് മാത്രമല്ല, പരിശുദ്ധാത്മാവ് അതിൻറെ ഏക വ്യാഖ്യാതാവ് ആണെന്നും അതുകൊണ്ട്

ഓരോ മനുഷ്യനും അത് പഠിച്ചിട്ട് അവനവൻറെ ചുമതലകൾ മനസ്സിലാക്കണമെന്നും അദ്ദേഹം പഠിപ്പിച്ചു. അങ്ങനെ അദ്ദേഹം മനുഷ്യമനസ്സുകളെ പോപ്പിൽ നിന്നും മാറ്റി, സഭയെ ദൈവവചനത്തിലേയ്ക്ക് തിരിച്ചു.

ഏറ്റവും വലിയ നവീകരണകർത്താക്കളിൽ ഒരാളായിരുന്നു വിക്ലിഫ്. ബുദ്ധിശക്തിക്കും, തെളിഞ്ഞ ചിന്തയ്ക്കും, സത്യം നിലനിർത്തുന്നതിനുള്ള സ്ഥിരതയ്ക്കും, സത്യത്തെ സംരക്ഷിക്കുന്നതിനുള്ള ധൈര്യത്തിനും അദ്ദേഹം തൻറെ പിൻഗാമികളിൽ ചിലരോട് തുല്യനായിരുന്നു.

ജീവിതവിശുദ്ധി, പഠിത്തത്തിലും വേലയിലും ഉണ്ടായിരുന്ന സ്ഥിരോത്സാഹം, ദുഷിപ്പിക്കാൻ സാധിക്കാത്ത സത്യസന്ധത, ക്രിസ്തുവിൻറേതുപോലുള്ള സ്നേഹം, തൻറെ പൗരോഹിത്യ ശുശ്രൂഷയിൽ ഉള്ള വിശ്വസ്തത എന്നീ സ്വഭാവഗുണങ്ങൾ അദ്ദേഹത്തെ നവീകരണകർത്താക്കളിൽവെച്ച് ഏറ്റവും അഗ്രഗണ്യനാക്കുന്നു. എന്നിരുന്നാലും ആ കാലഘട്ടത്തിൻറെ തെറ്റായ ചിന്താഗതി യിൽനിന്നും സന്മാർഗ്ഗിക അധഃപതനത്തിൽനിന്നും അദ്ദേഹം പുറത്തുവന്നു.

പഠിപ്പിക്കാനും രൂപാന്തരപ്പെടുത്താനുമുള്ള

വിശുദ്ധവചനത്തിൻറെ ശക്തിയുടെ തെളിവായിരുന്ന വിക്ലിഫിൻറെ സ്വഭാവം. അദ്ദേഹത്തെ താൻ ആയതുപോലെ ആക്കിത്തീർത്തത് ബൈബിൾ ആയിരുന്നു, വെളിപ്പെടുത്തപ്പെട്ട വലിയ സത്യങ്ങൾ ഗ്രഹിക്കുവാനുള്ള ശ്രമം എല്ലാവർക്കും ഉന്മേഷവും ഊർജ്ജസ്വലതയും പകർന്നുകൊടുത്തു. അത് മനസ്സിനെ വിശാലമാക്കുകയും കാഴ്ചപ്പാടിനെ ഉത്തേജിപ്പിക്കുകയും ഗ്രാഹ്യശക്തിയെ പക്വത ഉള്ളതാക്കുകയും ചെയ്യുന്നു. വചനപഠനം ഓരോ ചിന്തയേയും അനുഭവത്തേയും അഭിലാഷത്തേയും ഉത്തമമാക്കുന്നു. അത് മറ്റൊരു പഠനത്തിനും സാധ്യമല്ല. അത് ഉദ്ദേശസ്ഥിരതയും ക്ഷമയും ധൈര്യവും

സഹനശക്തിയും തരുന്നു. അത്
സ്വഭാവത്തെ രൂപപ്പെടുത്തി
ആത്മാവിനെ വിശുദ്ധീകരിക്കുന്നു. ഒരു
ആത്മാർത്ഥമായ, ആദരണീയമായ
വേദപഠനം വിദ്യാർത്ഥിയുടെ
മനസ്സിനെ ദൈവത്തിൻറെ മനസ്സുമായി
നേരെ ബന്ധിപ്പിക്കും.
മാനുഷതത്ത്വജ്ഞാനം കൊടുക്കുന്ന
മികച്ച പരിശീലനത്തിൻറെ
ഫലത്തേക്കാൾ കൂടുതൽ സജീവ മായ
ബുദ്ധിശക്തിയും ബലവുമുള്ള മനുഷ്യർ
ലോകത്തിന് കൊടുക്കുവാൻ അതിനു
കഴിയും. "നിൻറെ വചനങ്ങളുടെ
വികാശനം പ്രകാശപ്രദമാകുന്നു; അത്
അല്പബുദ്ധികളെ ബുദ്ധിമാന്മാരാക്കുന്നു
(സങ്കീ. 119:130).

വിക്ലിഫിൻറെ ഉപദേശങ്ങൾ കുറേക്കാലത്തേയ്ക്ക് പ്രസിദ്ധപ്പെടുത്തി ക്കൊണ്ടിരുന്നു. വിക്ലിഫൈറ്റ്സ് എന്ന് അറിയപ്പെട്ടിരുന്ന, അദ്ദേഹത്തിൻറെ പിൻഗാമികളും ലോലാർഡ്സും ഇംഗ്ലണ്ട് മുഴുവനും മാത്രമല്ല, അന്യദേശങ്ങളിലേയ്ക്കും ദൈവവചനവുമായി ചിതറിപ്പോയി. ഇപ്പോൾ അവരുടെ നായകൻ മാറ്റപ്പെട്ടു. എങ്കിലും പഴയതിലും കൂടുതൽ ആവേശത്തോടെ അവർ അദ്ധ്വാനിച്ചു. അവരുടെ പ്രസംഗം കേൾക്കാൻ വൻ ജനക്കൂട്ടം തന്നെ ഉണ്ടായിരുന്നു. പ്രഭുക്കന്മാരിൽ പലരും രാജാവിൻറെ ഭാര്യപോലും മാനസാന്തര പ്പെട്ടവരിൽ ഉൾപ്പെട്ടിരുന്നു. പല സ്ഥലങ്ങളിലും ആളുകളുടെ ജീവിതത്തിൽ

എടുത്തുപറയത്തക്ക നവീകരണം ഉണ്ടായി. റോമാസഭയുടെ അടയാളമായ വിഗ്രഹങ്ങളെ പള്ളികളിൽനിന്നും നീക്കി. പക്ഷെ, വേദപുസ്തകത്തെ വഴി കാട്ടിയായി സ്വീകരിക്കാൻ തയ്യാറായവർ ഒരു ഭയവുമില്ലാതെ പീഡനങ്ങൾ അനുഭവിച്ചു. ഇംഗ്ലണ്ടിലെ ഏകാധിപതികൾ റോമിൻറെ സഹായത്തോടെ തങ്ങളുടെ ശക്തി വർദ്ധിപ്പിക്കാൻ ആകാംക്ഷയുള്ളവരായിരുന്നു. അതുകൊണ്ട് നവീകരണക്കാരെ ബലികഴിക്കുന്നതിൽ വിമുഖത കാട്ടിയില്ല. ഇംഗ്ലണ്ടിൻറെ ചരിത്രത്തിൽ ആദ്യമായി സുവിശേഷകർക്കെതിരായി മരണവിധി ഉണ്ടായി. ഒന്നിനുപിറകെ ഒന്നായി രക്തസാക്ഷിത്വം ഉണ്ടായി.

നിരോധിക്കപ്പെട്ടവരും പീഡനം അനുഭവിക്കുന്നവരുമായ സത്യത്തിൻറെ വക്താക്കൾക്ക് അവരുടെ നിലവിളി ശബ്ദത്തിൻറെ കർത്താവിങ്കലേയ്ക്ക് എത്തിക്കാൻ മാത്രമെ കഴിഞ്ഞുള്ളു. സഭയുടെ ശത്രുക്കൾ എന്ന നിലയിലും രാജ്യദ്രോഹികൾ എന്ന നിലയിലും വേട്ടയാടപ്പെട്ട അവർ രഹസ്യസ്ഥാനങ്ങളിൽ പ്രസംഗം തുടർന്നു. സാധുക്കളുടെ ചെറിയ വീടുകൾ ഏറ്റവും നല്ല ഒളിസങ്കേതങ്ങളായി കണ്ടു. ഗൂഢ സങ്കേതങ്ങളിലും ഗുഹകളിലും സാധാരണ അവർ ഒളിക്കുമായിരുന്നു.

തീവ്രമായ പീഡനം ഉണ്ടായിട്ടും വിശ്വാസത്തിലെ തെറ്റുകൾക്കെതി

രായി ശാന്തവും, ഭക്തിപുരസരവും, ദൃഢവുമായ, ക്ഷമയോടുകൂടിയ എതിർപ്പ് നൂറ്റാണ്ടുകളോളം നിലനിന്നിരുന്നു. അന്നത്തെ ക്രിസ്ത്യാനികൾക്ക് സത്യത്തെക്കുറിച്ച് ഭാഗീകമായ അറിവു മാത്രമെ ഉണ്ടായിരുന്നുള്ളു. പക്ഷെ, അവർ ദൈവവചനത്തെ സ്നേഹിക്കുവാനും അനുസരിക്കുവാനും പഠിച്ചിരുന്നു. അതിനുവേണ്ടി അവർ ക്ഷമയോടെ സഹിച്ചു. അപ്പൊസ്തലന്മാരുടെ കാല ത്തെപ്പോലെ അനേകർ തങ്ങളുടെ ലൗകിക സമ്പാദ്യങ്ങൾ കർത്താവിനായി പരിത്യജിച്ചു. വീടുകളിൽ താമസിക്കാൻ അനുവാദം ഉണ്ടായിരുന്നവർ, പുറത്താക്കപ്പെട്ട സഹോദരങ്ങളെ സന്തോഷത്തോടെ സംരക്ഷിച്ചു. അവിടെ

നിന്നും ഓടിച്ചപ്പോൾ ആ വിധി
സന്തോഷത്തോടെ സ്വീകരിച്ചു.
ആയിരങ്ങൾ പീഡകന്മാരുടെ
ഉഗ്രകോപം പേടിച്ച് വിശ്വാസം
തള്ളിപ്പറഞ്ഞ് സ്വാതന്ത്ര്യം വാങ്ങി
എന്നുള്ളത് വാസ്തവമാണ്. അവർ
പശ്ചാത്താപത്തിൻറെ കുപ്പായം
ഇട്ടുകൊണ്ട് തങ്ങൾ വിശ്വാസം
മറുത്തുപറയുന്നത്
പ്രസിദ്ധപ്പെടുത്താനായി ജയിൽ
വിട്ടിറങ്ങി. എന്നാൽ അവരുടെ എണ്ണം
ചെറുതല്ലായിരുന്നു. അവരിൽ ഉന്നതകുല
ജാതരും സാധുക്കളും ഉണ്ടായിരുന്നു.
ഭയംകൂടാതെ സത്യത്തിന്
സാക്ഷിയായവർ കൽതുറുങ്കിലും
"ലോല്ലാർഡ് ഗോപുരങ്ങളിലും
പീഡനത്തിൻറെയും അഗ്നിയുടേയും

നടുവിലും, കർത്താവിന്റെ കഷ്ടതയിൽ പങ്കു ള്ളവരായതിൽ യോഗ്യരായി എണ്ണപ്പെട്ടും എന്നുള്ളതുകൊണ്ട് സന്തോഷിച്ചു.

പാപ്പാനയായികൾക്ക് വിക്ലിഫിൻറെ ജീവകാലത്ത് തങ്ങളുടെ ഇഷ്ടപ്രകാരം അദ്ദേഹത്തെ ഒന്നും ചെയ്യാൻ കഴിഞ്ഞില്ല. അദ്ദേഹത്തിൻറെ ഭൗതിക ശരീരം ശവക്കല്ലറയിൽ വിശ്രമിക്കുമ്പോൾ അവരുടെ പ്രതികാരത്തിന് തൃപ്തിപ്പെടാൻ കഴിഞ്ഞില്ല. കോൺസ്റ്റൻസിലെ ആലോചനാസമിതിയുടെ വിധിപ്രകാരം, മരിച്ചിട്ട് നാല്പതിലധികം വർഷങ്ങളായ അദ്ദേഹത്തിൻറെ അസ്ഥികൾ കുഴിച്ചെടുത്ത് പരസ്യമായി ചുട്ടെരിച്ച്,

ചാരം എടുത്ത് അടുത്തുണ്ടായിരുന്ന അരുവിയിൽ ഒഴുക്കി. ഒരു പഴയ എഴുത്തുകാരൻ പറയുന്നു." ഈ അരുവി ആ ചാരത്തെ അവോണിലേയ്ക്കും, അവോൺ സെവേണിലേയ്ക്കും, അവിടെനിന്നും കടലിടുക്കുകളിലേയ്ക്കും, പിന്നെ അവ മഹാസമുദ്രത്തിലേയ്ക്കും വഹിച്ചു. അങ്ങനെ വിക്ലിഫിൻറെ ചിതാഭസ്മം അദ്ദേഹത്തിൻറെ ഉപദേശത്തിൻറെ ചിഹ്നമായി ലോകം മുഴുവനും ചിതറിച്ചു". - T. Fuller, Church History of Britain, b. 4, sec. 2, par. 54. ശത്രുക്കൾ അവരുടെ പക തീർത്തതിന്റെ പൊരുൾ ഗ്രഹിച്ചില്ല.

ബൊഹീമിയയിലെ ജോൺ ഹസ്സ് റോമാസഭയുടെ പല തെറ്റുകളും വിട്ടൊഴിയാൻ കാരണമായതും നവീകരണ വേലയിൽ പ്രവേശിച്ചതും ജോൺ വിക്ലിഫിൻറെ എഴുത്തുകളിലൂടെയാണ്. അങ്ങനെ വളരെ ദൂരെയായി വേർതിരിക്കപ്പെട്ടിരുന്ന രണ്ട് രാഷ്ട്രങ്ങളിലും സത്യത്തിൻറെ വിത്ത് വിതയ്ക്കപ്പെട്ടു. ബൊഹീമിയയിൽനിന്നും വേല മറ്റു സ്ഥലങ്ങളിലേയ്ക്കും വ്യാപിച്ചു. ദീർഘ കാലമായി മറന്നുകിടന്ന ദൈവവചനത്തിലേയ്ക്ക് മനുഷ്യമനസ്സുകൾ തിരിക്കപ്പെട്ടു. ദിവ്യമായ ഒരു കരം വലിയ നവീകരണത്തിലേയ്ക്കുള്ള വഴി ഒരുക്കുകയായിരുന്നു.

## അദ്ധ്യായം 6—ഹസ്സും ജെറോമും

ഒൻപതാം നൂറ്റാണ്ടിൽത്തന്നെ ബൊഹീമിയയിൽ സുവിശേഷ വിത്തുകൾ മുളച്ചുകഴിഞ്ഞിരുന്നു. പ്രാദേശിക ഭാഷയിൽ ആരാധന ആരംഭിക്കുകയും ബൈബിൾ തർജ്ജമ ചെയ്യുകയും ചെയ്തു. എന്നാൽ പോപ്പിൻറെ ശക്തി വർദ്ധിച്ചതോടുകൂടി ദൈവവചനം ഉപേക്ഷിക്കപ്പെട്ടു. രാജാക്കന്മാരുടെ അഹങ്കാരം നശിപ്പിക്കാൻ പ്രതിജ്ഞാബദ്ധനായിത്തീർന്ന ഗ്രിഗറി ഏഴാമൻ, അതേ വാശിയോടുകൂടിത്തന്നെ ജനങ്ങളെ അടിച്ചമർത്തുകയും, ബൊഹീമിയൻ ഭാഷയിലുള്ള ആരാധന

നിരോധിച്ചുകൊണ്ട് കല്പന പുറപ്പെടുവിക്കുകയും ചെയ്തു. “ഒരു അന്യഭാഷയിൽത്തന്നെ ആരാധിക്കണമെന്നുള്ളതാണ് സർവ്വ ശക്തൻറെ ഇഷ്ടം എന്ന് പോപ്പ് വിളംബരം ചെയ്തു. ഇതു പാലിക്കാത്തതു കൊണ്ട് അനേകം ദോഷങ്ങളും ദൈവദൂഷണങ്ങളും ഉണ്ടാകുന്നുണ്ട് - Wylie, b. 3, ch. 1. അങ്ങനെ ദൈവവചനത്തിൻറെ വെളിച്ചം അണയ്ക്കുവാനും ജനങ്ങളെ അന്ധകാരത്തിൽ അടച്ചിടുവാനും റോം കല്പന പുറപ്പെടുവിച്ചു. എന്നാൽ സഭയെ സംരക്ഷിക്കാൻ ദൈവം മറ്റു മുഖാന്തരങ്ങൾ ഒരുക്കിയിരുന്നു. ഫ്രാൻസിലേയും ഇറ്റലിയിലേയും മതപീഡനത്തിൻറെ ഫലമായി സ്വന്തം

ഭവനങ്ങൾ വിട്ടോടിപ്പോയ അനേകം വാൽഡൻസുകളും അൽബിജൻസുകളും ബൊഹീമിയയിലേക്കുവന്നു. പരസ്യമായി പഠിപ്പിക്കാൻ അവർ ഭയപ്പെട്ടെങ്കിലും, തീക്ഷണതയോടെ രഹസ്യമായി വേല ചെയ്തു. അങ്ങനെ സത്യവിശ്വാസം ഓരോ നൂറ്റാണ്ടുകളിലും അടുത്ത നൂറ്റാണ്ടിലേക്കു കൈമാറി.

ഹസ്സിൻറെ കാലഘട്ടത്തിനു മുമ്പും അനേകമാളുകൾ സഭയിലെ ദുഷ്പ്രവണതകളെ തുറന്നെതിർക്കാൻ തയ്യാറായിട്ടുണ്ട്. അവരുടെ പ്രയത്നങ്ങൾ എല്ലായിടത്തും ഒരു താല്പര്യമുണർത്തി. ഭരണകൂടം ഭയപ്പെടുകയും സുവിശേഷത്തിൻറെ

അനുയായികൾക്കെതിരേ പീഡനം അഴിച്ചുവിടുകയും ചെയ്തു. ആരാധനാസ്വാതന്ത്ര്യത്തിനുവേണ്ടി വനാന്തരങ്ങളേയും പർവ്വതങ്ങളേയും അഭയം പ്രാപിച്ച സത്യവിശ്വാസികളെ പടയാളികൾ വേട്ടയാടിപ്പിടിക്കുകയും അനേകരെ കൊല്ലുകയും ചെയ്തു. റോമൻ ആരാധനാരീതിയിൽനിന്നു പിന്മാറിയ സകലരെയും ചുട്ടെരിക്കണമെന്നു പിന്നീട് കല്പന പുറപ്പെടുവിച്ചു. എന്നാൽ ക്രിസ്ത്യാനികൾ തങ്ങളുടെ ജീവൻ ബലിയർപ്പിച്ചപ്പോഴും, വിജയ പ്രാപ്തിയിലേക്കുറ്റു നോക്കിയിരുന്നു. ക്രൂശിക്കപ്പെട്ട രക്ഷിതാവിലുള്ള വിശ്വാസത്താൽ മാത്രമേ രക്ഷ പ്രാപിക്കാൻ സാധിക്കയുള്ളുവെന്ന് പഠിപ്പിച്ച ആളുകളിൽ ഒരുവൻ

രക്തസാക്ഷിത്വ മരണ വേളയിൽ പ്രഖ്യാപിച്ചു: “സത്യത്തിൻറെ ശത്രുക്കളുടെ വൈരാഗ്യം ഇന്നു നമുക്കെതിരെ നിലനില്ക്കുന്നു എന്നാൽ അത് എന്നേക്കും ഉണ്ടാവില്ല; സാധാരണക്കാരുടെ ഇടയിൽ നിന്നൊരുവൻ വാളോ അധികാരമോ ഇല്ലാതെ എഴുന്നേല്ക്കും, എന്നാൽ അവർ അവൻറെ മേൽ വിജയം നേടുകയില്ല”. - Wylie, b. 3, ch. 1. ലൂഥറിൻറെ കാലം വളരെ വിദൂര ഭാവിയിലായിരുന്നു. എന്നാൽ റോമിനെതിരേയുള്ള തൻറെ സാക്ഷ്യത്താൽ ലോകരാഷ്ട്രങ്ങളെ ഉണർത്തുവാൻ പ്രാപ്തനായ ഒരുവൻ ഇതിനോടകംതന്നെ ഉദയം ചെയ്യുന്നുണ്ടായിരുന്നു.

ജോൺ ഹസ്സ് വെറുമൊരു സാധാരണക്കാരനായി ജനിച്ചു, അവൻറെ പിതാവിൻറെ മരണത്താൽ ബാല്യത്തിൽത്തന്നെ അനാഥനായി. ദൈവഭയവും വിദ്യഭ്യാസവും ഏറ്റവും വിലയേറിയ സമ്പാദ്യങ്ങളായി കരുതിയ ഭക്തയായ അവൻറെ അമ്മ, അവനതു നേടിക്കൊടുക്കാൻ കഠിനമായി യത്നിച്ചു. പ്രാദേശിക വിദ്യാലയത്തിൽ പഠിച്ചശേഷം പ്രാഗിലെ യൂണിവേഴ്സിറ്റിയിൽ നിർദ്ധ നരായ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പോടുകൂടി പ്രവേശനം നേടി. ദരിദ്രയും വിധവയുമായ അവൻറെ അമ്മ പ്രേഗിലേക്കുള്ള യാത്രയിൽ അവനെ അനുഗമിച്ചു. തൻറെ മകനു

കൊടുക്കുവാൻ ലൗകികമായ ധനമൊന്നും ആ മാതാ വിൻറെ കൈവശമില്ലായിരുന്നു. എന്നാൽ അവർ ആ വൻ നഗരത്തോടടുത്തപ്പോൾ പിതാവില്ലാത്ത തൻറെ മകനോടൊപ്പം അമ്മ മുട്ടു മടക്കി സ്വർഗ്ഗീയ പിതാവിൻറെ അനുഗ്രഹത്തിനായി പ്രാർത്ഥിച്ചു. തൻറെ പ്രാർത്ഥനയ്ക്ക് എങ്ങനെയാണുത്തരം ലഭിക്കാൻ പോകുന്നതെന്ന് ആ മാതാവ് അന്ന് അറിഞ്ഞിരുന്നില്ല.

യൂണിവേഴ്സിറ്റിയിൽ തൻറെ തളരാതെയുള്ള കഠിനാദ്ധ്വാനത്താലും ദ്രുതഗതിയിലുള്ള പുരോഗമനത്താലും ഹസ്സ് വളരെ വേഗം ശ്രദ്ധിക്കപ്പെട്ടു. അതേ സമയം അവൻറെ

കളങ്കരഹിതമായ ജീവിതവും, സൗമ്യവും ആകർഷണീയവുമായ വ്യക്തിത്വവും, അവനു സാർവ്വലൗകിക അംഗീകാരം നേടിക്കൊടുത്തു. അവൻ റോമാസഭയെ നിഷ്കളങ്കമായി സ്നേഹിക്കുകയും, സഭ ലോക ത്തിനു നല്കുന്നുവെന്നവകാശപ്പെട്ടിരുന്ന എല്ലാ ആത്മീയ അനുഗ്രഹങ്ങളും താല്പര്യത്തോടെ അന്വേഷിക്കുകയും ചെയ്തിരുന്നു. പെരുന്നാൾ സമയങ്ങളിൽ അവൻ കുമ്പസാരിക്കുകയും, ദരിദ്രനായ തൻറെ കയ്യിലുള്ള അവസാനത്തെ നാണയത്തുട്ടുകൾ പോലും കാണിയ്ക്കയർപ്പിക്കുകയും, പാപ് മോചനത്തിനായി പള്ളിക്ക് പ്രദക്ഷിണം വെയ്ക്കുന്ന റാസയിൽ പങ്കുചേരുകയും ചെയ്യുമായിരുന്നു. കോളേജ്

വിദ്യാഭ്യാസം പൂർത്തീകരിച്ചശേഷം അദ്ദേഹം പൗരോഹിത്യം സ്വീകരിക്കുകയും, തൻറെ പ്രത്യേകമായ കഴിവുക ളാൽ രാജകൊട്ടാരത്തിലെ പുരോഹിതനാവുകയും ചെയ്തു. അദ്ദേഹം പിന്നീട് പ്രൊഫസ്സറാവുകയും, ഒടുവിൽ താൻ പഠിച്ച യൂണിവേഴ്സിറ്റിയുടെ റെക്ടറാവുകയും ചെയ്തു. ഏതാനും വർഷങ്ങൾക്കുള്ളിൽ ആ സാധു പണ്ഡിതൻ തൻറെ രാജ്യത്തിൻറെ അഭിമാനവും, യൂറോപ്പിലുടനീളം അറിയപ്പെടുന്ന വ്യക്തിയുമായി.

എന്നാൽ മറ്റൊരു രംഗത്താണ് ഹസ്സ് തൻറെ നവീകരണ പ്രവർത്തനം ആരംഭിച്ചത്. പൗരോഹിത്യം സ്വീകരിച്ച് നിരവധി വർഷങ്ങൾ കഴിഞ്ഞപ്പോൾ

ഹസ്സിനെ ബേത്ലേഹെമിലെ ചാപ്പലിലെ പ്രസംഗകനായി നിയമിച്ചു. ജനങ്ങളുടെ ഭാഷയിൽ സുവിശേഷം പ്രസംഗിക്കുകയെന്നുള്ളത് വളരെ പ്രധാനപ്പെട്ട കാര്യമാണെന്ന് പ്രസ്തുത ചാപ്പലിൻറെ സ്ഥാപകൻ എപ്പോഴും പ്രബോ ധിപ്പിച്ചിരുന്നു. ഇതുപോലുള്ള പ്രവർത്തനങ്ങളെ റോം എതിർത്തിരുന്നെങ്കിലും, ബൊാഹീമിയയുടെ പല ഭാഗങ്ങളിലും അതു നിലനിന്നിരുന്നു. എന്നാൽ ജനങ്ങൾക്കു തിരുവചനങ്ങളെക്കുറിച്ച് ശരിയായ അറിവില്ലാതിരുന്നതുകൊണ്ട് പലതരത്തിലുള്ള ദുരാചാരങ്ങൾ എല്ലാ തലത്തിലുമുള്ള ജനങ്ങളുടെ ഇടയിൽ നിലനിന്നിരുന്നു. ഇത്തരം ദുരാചാരങ്ങളെ യാതൊരു ദാക്ഷിണ്യവും

കൂടാതെ ഹസ്സ് എതിർത്തുകൊണ്ട് ദൈവവചനം ഉയർത്തിപ്പിടിച്ച് സത്യത്തിൻറേയും വിശുദ്ധിയുടേതുമായ സനാതന തത്വങ്ങൾ ശക്തമായി പ്രചരിപ്പിച്ചു.

പിൽക്കാലത്തു ഹസ്സുമായി വളരെയടുത്തു പ്രവർത്തിച്ചു പ്രേഗിലെ ഒരു പൗരനായ ജെറോം ഇംഗ്ലണ്ടിൽ നിന്നു മടങ്ങിവന്നപ്പോൾ വിക്ലിഫിൻറെ പുസ്തകങ്ങൾകൂടെ കൊണ്ടുവന്നു. വിക്ലിഫിൻറെ പഠിപ്പിക്കലുകളിൽ ആകൃഷ്ടയായ ഇംഗ്ലണ്ടിലെ രാജ്ഞി ഒരു ബൊഹീമിയൻ രാജകുമാരിയായിരുന്നു. അവളുടെ സ്വാധീനത്താൽ നവീകരണദൂതുകൾ ബൊഹീമിയയിൽ ധാരാളം പ്രചരിച്ചിരുന്നു. പ്രസ്തുത

ലേഖനങ്ങൾ വളരെ താല്പര്യത്തോടെ ഹസ്സ് വായിച്ചു. അവയുടെ ലേഖകൻ നിഷ്കളങ്കനായ ഒരു ക്രിസ്ത്യാനിയാണെന്നയാൾ വിശ്വസിക്കുകയും, അയാൾ പഠിപ്പിച്ച നവീകരണ ആശയങ്ങൾ ആദരവോടെ അംഗീകരിക്കുകയും ചെയ്തു. അങ്ങനെ ഹസ്സ് അറിയാതെതന്നെ റോമിൽ നിന്നും വളരെ ദൂരേയ്ക്കു പോകുന്ന ഒരു പാതയിൽ പ്രവേശിച്ചുകഴിഞ്ഞിരുന്നു.

ഏകദേശം ഈ സമയത്ത് നല്ല അറിവുള്ളവരും, പ്രകാശം ലഭിച്ചവരുമായ രണ്ട് അപരിചിതർ അത് പ്രചരിപ്പിക്കുവാൻ ഇംഗ്ലണ്ടിൽനിന്ന് ഈ വിദൂരദേശമായ പ്രേഗിൽ എത്തിയിരുന്നു. പോപ്പിൻറെ

അപ്രമാദിത്വത്തെ തുറന്നെ
തിർത്തുകൊണ്ടുള്ള അവരുടെ
പ്രവർത്തനത്തെ അധികാരികൾ
വേഗത്തിൽ അമർച്ച ചെയ്തു; എന്നാൽ
അവരുടെ ലക്ഷ്യത്തിൽനിന്നു
പിന്മാറാൻ തയ്യാറാകാതെ അവർ മറ്റു
മാർഗ്ഗങ്ങളിലേക്ക് തിരിഞ്ഞു.
ചിത്രമെഴുത്തുകാരും
പ്രസംഗകരുമെന്നനിലയിൽ അവരുടെ
കഴിവു പ്രകടിപ്പിക്കാൻ അവർ
തുനിഞ്ഞു. പൊതുജനങ്ങൾ
ശ്രദ്ധിക്കുന്നതായ ഒരു സ്ഥലത്ത് അവർ
രണ്ടു ചിത്രങ്ങൾ വരച്ചു. സൗമ്യനായ
യേശുക്രിസ്തു ഒരു കഴുതയുടെ പുറത്ത്
(മത്താ. 21:5) യെരുശലേമിലേക്കു
പ്രവേശിക്കുന്നതും നഗ്നപാദരായ
ശിഷ്യന്മാർ യാത്രയിൽ മുഷിഞ്ഞ

വസ്ത്രങ്ങളോടെ അവനെ
അനുഗമിക്കുന്നതും ആയിരുന്നു ഒരു
ചിത്രം. മറ്റേ ചിത്രത്തിൽ പോപ്പിൻറെ
ഒരു രാജകീയ യാത്രയായിരുന്നു -
പോപ്പ് തൻറെ വിലയേറിയ വസ്ത്രങ്ങളും
ത്രിമകുടവും ധരിച്ചിരിക്കുന്നു; മോടിയായി
അലങ്കരിച്ച ഒരു കുതിരപ്പുറത്തിരിക്കുന്ന
അദ്ദേഹത്തെ കാഹളക്കാരും
കർദ്ദിനാൾമാരും മറ്റു വിശിഷ്ട
വ്യക്തികളും രാജകീയ പ്രൗഢിയിൽ
അനുഗമിക്കുന്നു.

ഇതാ, ഇവിടെ എല്ലാ വിഭാഗം
ജനങ്ങളുടേയും ശ്രദ്ധ പിടിച്ചുപറ്റിയ
നല്ലൊരു ദൂത്. ചിത്രങ്ങളുടെ അടുത്ത്
ജനങ്ങൾ തടിച്ചുകൂടി. ചിത്രത്തിലെ
ഗുണപാഠം മനസ്സിലാക്കാൻ ആർക്കും

വിഷമമുണ്ടായില്ല. ഒരുവശത്ത് യജമാനനായ യേശ്രുവിൻറെ വിനയവും സൗമ്യതയും, മറുവശത്ത് യേശ്രുവിൻറെ ദാസനായ പോപ്പിൻറെ പ്രൗഢിയും അഹങ്കാരവും ദർശിച്ച് ആളുകൾ ചിന്തിക്കാൻ തുടങ്ങി. പ്രേഗിൽ ഭയങ്കരമായ ലഹളകളുണ്ടാവുകയും സ്വന്തം സുരക്ഷിതത്വത്തിനുവേണ്ടി വിദേശികൾ സ്ഥലം വിടുകയും ചെയ്തു. എന്നാൽ അവർ പഠിപ്പിച്ച പാഠം ജനഹൃദയങ്ങളിൽ നിറഞ്ഞുനിന്നും പ്രസ്തുത ചിത്രങ്ങൾ ഹസ്സിൻറെ മനസ്സിലും വലിയൊരു സ്വാധീനം ചെലുത്തിയതിൻറെ ഫലമായി അദ്ദേഹം ബൈബിളും വിക്ലിഫിൻറെ പുസ്തകങ്ങളും നന്നായി പഠിക്കാൻ തുടങ്ങി. വിക്ലിഫ് മുന്നോട്ടുവെച്ച എല്ലാ നവീകരണ

ആശയങ്ങളും അഗീകരിക്കാൻ അദ്ദേഹം അപ്പോഴും തയ്യാറായിരുന്നില്ലെങ്കിലും, പാപ്പാത്വത്തിൻറെ യഥാർത്ഥ സ്വഭാവം അദ്ദേഹം വ്യക്തമായി കാണുകയും, കൂടുതൽ ഉത്സാഹത്തോടെ മേൽക്കോയ്മയുടെ അഹംഭാവവും, അത്യാഗ്രഹവും, ദുഷിപ്പും എതിർക്കുകയും ചെയ്തു.

പ്രേഗ് യൂണിവേഴ്സിറ്റിയിലെ അസ്വസ്ഥതകളുടെ ഫലമായി പിരിച്ചു വിടപ്പെട്ട നൂറുകണക്കിന് ജർമ്മൻ വിദ്യാർത്ഥികളിലൂടെ ബൊഹീമിയയിൽ നിന്നു വെളിച്ചം ജർമ്മനിയിലേക്കു പരന്നു. അവരിൽ അനേകർക്ക് വചന സംബന്ധമായ വെളിച്ചം ആദ്യം ഹസ്സിൽനിന്ന് ലഭിച്ചു.

സ്വദേശത്തു മടങ്ങിയെ ത്തിയശേഷം അവർ ആ പ്രകാശം സ്വന്തം ദേശവാസികളുടെ ഇടയിൽ പരത്തി.

പ്രേഗിലെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള വാർത്തകൾ റോമിലെത്തുകയും, ഹസ്സ് ഉടനെ പോപ്പിനെ കാണണമെന്ന കല്പന പുറപ്പെടുകയും ചെയ്തു. കല്പന അനുസരിക്കുകയെന്നു പറഞ്ഞാൽ സ്വയം മരണം വരിക്കുകയെന്നാണർത്ഥം. ഹസ്സ് പ്രേഗിൽ നിന്നുകൊണ്ട് പ്രതിനിധിയെ റോമിലേക്കയച്ച് മറുപടി ബോധിപ്പിക്കാൻ അനുവദിക്കണമെന്ന് ബൊഹീമിയയിലെ രാജാവും, രാജ്ഞിയും, യൂണിവേഴ്സിറ്റിയും,

പ്രഭുക്കന്മാരും, ഗവണ്മെൻറ് ഓഫീസർമാരും സംയുക്തമായി ഒരു അഭ്യർത്ഥന പോപ്പിൻറെ മുമ്പാകെ വെച്ചു. എന്നാൽ ആ അഭ്യർത്ഥന മാനിക്കുന്നതിനുപകരം, ഹസ്സിനെ വിചാരണചെയ്തു ശിക്ഷിക്കാൻ പോപ്പ് തയ്യാറാകുകയും, പ്രേഗ് പട്ടണത്തിന്മേൽ വിലക്ക് പ്രഖ്യാപിക്കുകയും ചെയ്തു.

ആ കാലഘട്ടത്തിൽ അത്തരമൊരു വിലക്കു പ്രഖ്യാപിച്ചാൽ ജനങ്ങ ളുടെ ഇടയിൽ വല്ലാത്ത പരിഭ്രാന്തി പരക്കുമായിരുന്നു. ഭൗതികവും ആത്മീയ വുമായ ന്യായവിധികൾ നടത്തുവാനുള്ള അധികാരവും, സ്വർഗ്ഗത്തിന്റേയും പാതാളത്തിൻറേയും താക്കോലും കൈവശമുള്ള, ദൈവത്തിൻറെ

ഭൂമിയിലെ കാണപ്പെട്ട പ്രതിനിധിയായി പോപ്പിനെ പരിഗണിച്ചിരുന്ന ഒരു ജനതയുടെ മേൽ ഭീതി പരത്താൻ തക്കവിധത്തിലുള്ള മതകർമ്മങ്ങൾ കല്പനയുടെ പിന്നാലെയുണ്ടായിരുന്നു. വിലക്കു നിൽക്കുന്ന പ്രദേശത്തിന്മേൽ സ്വർഗ്ഗത്തിന്റെ വാതിലുകൾ അടയ്ക്കപ്പെട്ടിരിക്കുന്നുവെന്നായിരുന്നു വിശ്വാസം. ആ പ്രദേശത്തുള്ളവർ പോപ്പിനെ സന്തോഷിപ്പിച്ച് വിലക്കു മാറ്റുന്നതുവരെ മരിച്ചവരുടെ ആത്മാക്കൾക്കു സ്വർഗ്ഗത്തിൽ പ്രവേശനം ഇല്ല. ഈ ഭയനാകമായ അവസ്ഥയുടെ അടയാളമായി എല്ലാ മത കർമ്മങ്ങളും നിർത്തിവെക്കു പ്പെടുന്നു. പള്ളികൾ അടയ്ക്കപ്പെടുന്നു. വിവാഹങ്ങൾ പള്ളിമുറ്റത്തുവെച്ചു

നടത്തപ്പെട്ടുന്നു. ശവശരീരങ്ങൾ വിശുദ്ധമായ ശവക്കോട്ടയിൽ സംസ്കരിക്കാൻ അനുവദിച്ചിരുന്നില്ല. പകരം മതപരമായ ശവസംസ്കാരച്ചടങ്ങുകൾകൂടാതെ അവരെ വെളിമ്പ്രദേശങ്ങളിൽ സംസ്കരിക്കേണ്ടിവന്നിരുന്നു. അങ്ങനെ ജനങ്ങളുടെ വികാരങ്ങളെ ഇളക്കുന്ന നടപടികളിലൂടെ, റോം ജനങ്ങളുടെ മനസ്സാക്ഷിയെ നിയന്ത്രിക്കുവാൻ തീരുമാനിച്ചു.

പ്രേഗ് പട്ടണത്തിലുടനീളം കുഴപ്പങ്ങളുണ്ടായി. സകല പ്രശ്നങ്ങളുടേയും കാരണക്കാരൻ ഹസ്സാണെന്നും, അയാളെ പോപ്പിൻറെ മുമ്പാകെ ഏല്പ്പിച്ചുകൊടുക്കണമെന്നും

ഒരു വലിയ വിഭാഗം ആവശ്യപ്പെട്ടു.
കലഹം ശമിപ്പിക്കാൻവേണ്ടി
നവീകരണകർത്താവ്
കുറച്ചുകാലത്തേക്ക് സ്വന്തം
ഗ്രാമത്തിലേക്കു പിൻവാങ്ങി. പ്രഗിലെ
സുഹൃത്തുക്കൾക്കദ്ദേഹം ഇപ്രകാരം
എഴുതി: ഞാൻ നിങ്ങളുടെ
ഇടയിൽനിന്നു പിന്മാറിയെങ്കിലും,
അത് യേശു ക്രിസ്തുവിൻറെ
ഉപദേശങ്ങളും മാതൃകയും
പിൻപറ്റുവാനും, ദുഷ്ടന്മാർ
തങ്ങളുടെമേൽ നിത്യശിക്ഷാവിധി
വരുത്തിവെയ്ക്കാൻ
ഇടമുണ്ടാകാതിരിക്കാനും,
വിശുദ്ധന്മാർക്ക് കഷ്ടതയുടേയും
പീഡനത്തിൻറേയും
മുഖാന്തരമാകാതിരിക്കാനും

വേണ്ടിയാകുന്നു. വിശുദ്ധന്മാരല്ലാത്ത പുരോഹിതന്മാർ കൂടുതൽ കാലം നിങ്ങളുടെയിടയിൽ വചനഘോഷണം തടസ്സപ്പെടുത്തിയേക്കുമെന്നുള്ള ചിന്ത കൊണ്ടാണ് ഞാൻ പിൻവാങ്ങിയത്. എന്നാൽ നിങ്ങൾ ദൈവിക സത്യം ഉപേക്ഷിക്കാൻ വേണ്ടിയല്ല ഞാൻ പിൻവാങ്ങിയത്. ദൈവിക സത്യത്തിനു വേണ്ടി ദൈവകൃപയാൽ മരിക്കാനും ഞാൻ സന്നദ്ധനാകുന്നു. - Bonnechose, The Reformers Before the Reformation, vol. 1, p. 87. ഹസ്സ് തൻറെ പ്രവർത്തനം നിർത്തിവെച്ചില്ല. ചുറ്റുമുള്ള പ്രദേശങ്ങളിൽ ജനക്കൂട്ടങ്ങളോട പ്രസംഗിച്ചുകൊണ്ടദ്ദേഹം യാത്രചെയ്തു. അങ്ങനെ സുവിശേഷത്തെ അടി

ച്ചമർത്താൻ പോപ്പ് കൈക്കൊണ്ടതായ നടപടികൾ സുവിശേഷത്തിൻറെ പ്രചാരണത്തിന്ന മുഖാന്തരമായി. സത്യത്തിന്ന അനുകൂലമല്ലാതെ അതിന്ന പ്രതികൂലമായി ഞങ്ങൾക്ക് ഒന്നും കഴിവില്ലല്ലോ (2 കൊരി. 13:8).

"ഹസ്സിൻറെ മനസ്സ് അദ്ദേഹത്തിൻറെ പ്രവർത്തനത്തിന്റെ ഈ ഘട്ടത്തിൽ വേദനാജനകമായ വലിയൊരു പോരാട്ടത്തിൻറെ വേദിയായിരുന്നിരിക്കും. സഭ അതിൻറെ ഇടിമിന്നലുകളിലൂടെ അദ്ദേഹത്തെ കീഴ്പ്പെടുത്താൻ ശ്രമിച്ചുകൊണ്ടിരുന്നെങ്കിലും അദ്ദേഹം സഭയുടെ അധികാരത്തെ തള്ളിപ്പറഞ്ഞിരുന്നില്ല. ഇപ്പോഴും

അദ്ദേഹത്തിന് റോമാസഭ ക്രിസ്തുവിൻറെ മണവാട്ടിയും, പോപ്പ് ദൈവത്തിൻറെ ഭൂമിയിലെ പ്രതിപുരുഷനുമായിരുന്നു. അധികാര ദുർവ്വിനി യോഗത്തെയാണ് ഹസ്സ് എതിർത്തത്, അതിൻറെ തത്വത്തെയല്ല. തൻറെ അനുഭവങ്ങളുടേയും അറിവുകളുടേയും മണ്ഡലവും, മനസ്സാക്ഷിയുടെ അവകാശവാദങ്ങളും തമ്മിൽ വലിയൊരു പോരാട്ടം ഇതിലൂടെ ഉളവായി. താൻ വിശ്വസിച്ചതുപോലെ അധികാരം ന്യായവും തെറ്റിക്കൂടാത്തതുമാണെങ്കിൽ, അതി നോട് അനുസരണക്കേട് കാണിക്കാൻ എന്തുകൊണ്ട് താൻ നിർബന്ധിതനായി? അനുസരിക്കുകയെന്നാൽ പാപം

ചെയ്യുകയാണെന്ന് താൻ കാണുന്നു; എന്നാൽ ഒരിക്കലും തെറ്റുപറ്റാത്ത സഭയോടുള്ള അനുസരണം അത്തര മൊരവസ്ഥയുണ്ടാക്കുന്നതെന്തുകൊണ്ട്? അദ്ദേഹത്തിന് പരിഹരിക്കാൻ കഴി യാത്ത പ്രശ്നമായിരുന്നു ഇത്. ഈ പ്രശ്നം നിമിഷംതോറും അദ്ദേഹത്തെ പീഡിപ്പിച്ചുകൊണ്ടിരുന്നു. യേശുവിൻറെ കാലത്തെപ്പോലെതന്നെ വീണ്ടും സംഭവിച്ചിരിക്കുന്നുവെന്നും, സഭയിലെ പുരോഹിതന്മാർ ദുഷ്ടന്മാരായിത്തീർന്നിട്ട്. അവരുടെ നിയമപരമായ അധികാരം നിയമവിരുദ്ധമായ ലക്ഷ്യങ്ങൾ നേടാൻ ഉപയോഗിക്കുന്നുവെന്നുമുള്ള ഒരു ന്യായീകരണത്തിലാണദ്ദേഹം ആശ്വസിച്ചത്. നമ്മൾ ഗ്രഹിക്കുന്ന

തിരുവചന സത്യങ്ങളാണ് നമ്മുടെ മനസ്സാക്ഷിയെ ഭരിക്കേണ്ടതെന്നുള്ള ഒരു പൊതുപ്രമാണം സ്വന്തം വഴികാട്ടിയായി സ്വീകരിക്കാനും, മറ്റുള്ളവരോടു പ്രസംഗിക്കാനും അദ്ദേഹം തീരുമാനിച്ചു. മറ്റൊരർത്ഥത്തിൽ പറഞ്ഞാൽ പുരോഹിതന്മാരിലൂടെ സഭ പറയുന്നതല്ല, ബൈബിളിലൂടെ ദൈവം പറയുന്നതാണ് ഒരിക്കലും തെറ്റുപറ്റാത്ത വഴികാട്ടി'. - Wylie, b. 3, ch. 2.

കുറേക്കാലങ്ങൾക്കുശേഷം പ്രഗിലെ കലഹങ്ങൾ ശമിച്ചുകഴിഞ്ഞ്, ഹസ്സ് തൻറെ ബ്ലേഹെം ചാപ്പലിലേക്കു മടങ്ങിവന്ന് ദൈവത്തിൻറെ വചനം. കൂടുതൽ ഉത്സാഹത്തോടും ധൈര്യത്തോടുംകൂടെ പ്രസംഗിക്കുന്നതു

തുടർ ന്നുകൊണ്ടിരുന്നു. അദ്ദേഹത്തിൻറെ ശത്രുക്കൾ ശക്തന്മാരും പ്രവർത്തന നിര തരുമായിരുന്നു. എന്നാൽ രാജ്ഞിയും, പ്രഭുക്കന്മാരിൽ അനേകരും അദ്ദേ ഹത്തിൻറെ സുഹൃത്തുക്കളായിരുന്നു, വലിയൊരു പങ്കു ജനങ്ങളും അദ്ദേഹത്തോടു യോജിച്ചു. മനസ്സുകൾക്കുന്നതി നല്കുന്ന ശുദ്ധമായ പഠിപ്പിക്കലുകളും അദ്ദേഹത്തിൻറെ വിശുദ്ധ ജീവിതവും, റോമാക്കാർ പഠിപ്പിച്ച ജീർണ്ണിച്ച് ആചാരങ്ങളും അവരുടെ കാപട്യവും വഞ്ചനയും തമ്മിൽ ജനങ്ങൾ താര തമ്യം ചെയ്തിട്ട്, അദ്ദേഹത്തിൻറെ വശത്തു നില്ക്കുന്നതാണ് മാന്യമെന്ന് അനേകർ തീരുമാനിച്ചു.

ഇതുവരേയും ഹസ്സ് തൻറെ പ്രവർത്തനങ്ങളിൽ ഏകനായിരുന്നു. എന്നാൽ ഇപ്പോൾ, ഇംഗ്ലണ്ടിൽവെച്ചു വിക്ലിഫിൻറെ പഠിപ്പിക്കലുകൾ സ്വീകരിച്ചതായ ജെറോം നവീകരണ പ്രവർത്തനത്തിൽ പങ്കാളിയായി, അതിൽപ്പിന്നെ ജീവിതത്തിലും പ്രവർത്തനത്തിലും അവർ ഒന്നായിത്തീരുകയും, മര ണത്തിലും വേർപിരിയാതിരിക്കുകയും ചെയ്തു. പൊതുജനസമ്മതി നേടി ക്കൊടുക്കുന്നതായ മഹത്തായ ബുദ്ധിസാമർത്ഥ്യവും, വാക്ചാതുര്യവും, അറിവും, അസാധാരണമായ അളവിൽ ജെറോമിൽ ഉണ്ടായിരുന്നു. എന്നാൽ സ്വഭാവത്തിൻറെ യഥാർത്ഥ ശക്തി വെളിവാക്കുന്ന ഗുണവിശേഷണങ്ങളിൽ

ഹസ്സായിരുന്നു മുൻപന്തിയിൽ. ജെറോമിൻറെ എടുത്തുചാട്ടപ്രകൃതിയെ ഹസ്സിൻറെ ആലോചിച്ചെടുക്കുന്ന അഭിപ്രായങ്ങൾ നിയന്ത്രിച്ചു. ഹസ്സിൻറെ മഹത്വം മനസ്സിലാക്കിയ ജെറോം യഥാർത്ഥ വിനയത്തോടെ അദ്ദേഹത്തിൻറെ ഉപദേശ ങ്ങൾക്കു കീഴ്പെട്ടു. അവരുടെ യോജിച്ചുള്ള പ്രവർത്തനത്താൽ നവീകരണം വളരെവേഗം പടർന്നു പന്തലിച്ചു.

റോമിൻറെ അനേകം തെറ്റുകളെ വെളിപ്പെടുത്തിക്കൊണ്ട്, വലിയ വെളിച്ചം ഈ തെരഞ്ഞെടുക്കപ്പെട്ട പുരുഷന്മാരുടെമേൽ പ്രകാശിക്കാൻ ദൈവം അനുവദിച്ചു; എന്നാൽ ലോകത്തിനു കൊടുക്കേണ്ടതായ മുഴുവൻ

വെളിച്ചവും അവർക്കു ലഭിച്ചില്ല. തൻറെ ഈ തെരഞ്ഞെടുക്കപ്പെട്ട ദാസന്മാരിലൂടെ ദൈവം ജനങ്ങളെ റോമാമതത്തിൻറെ അന്ധകാരത്തിൽനിന്നു പുറത്തേക്കു കൊണ്ടുവരികയായിരുന്നു. എന്നാൽ അവരുടെ മുമ്പിൽ അനേകം വലിയ മാർഗ്ഗതടസ്സങ്ങളുണ്ടായിരുന്നു. പക്ഷെ, അവർക്കു വഹിക്കാവുന്ന തരത്തിൽ പടിപടിയായി ദൈവം അവരെ നടത്തിക്കൊണ്ടിരുന്നു. മുഴുവൻ വെളി ച്ചവും ഒന്നിച്ചു സ്വീകരിക്കുവാൻ അവർ സജ്ജരല്ലായിരുന്നു ഏറെക്കാലം അന്ധകാരത്തിൽ വസിച്ചവർക്ക് മദ്ധ്യാഹ്ന സൂര്യൻറെ ശക്തമായ പ്രകാശവും ചൂടും സഹിക്കാനാവാത്തതുപോലെ ഇവരും

പൂർണ്ണമായ പ്രകാശത്തിൻറെ മുമ്പിൽ നിന്ന് ഓടി മറയുവാൻ ഇടയാകുമായിരുന്നു. അതുകൊണ്ട് ജനങ്ങൾക്കു സ്വീകരിക്കാൻ പര്യാപ്തമായ വിധത്തിൽ ദൈവം അതു കുറേശെ കുറേശ്ശേയായി നേതാക്കന്മാർക്കു വെളിപ്പെടുത്തിക്കൊടുത്തു. തുടർന്നുള്ള നൂറ്റാണ്ടു കളിൽ നവീകരണത്തിൻറെ പാതയിൽ ജനത്തെ മുന്നോട്ടു നയിക്കാൻ വിശ്വസ്തരായ വേലക്കാർ പിൻതുടരേണ്ടിയിരുന്നു.

സഭയിലെ ചേരിതിരിയൽ തുടർന്നുകൊണ്ടിരുന്നു. പരമാധികാരത്തി നുവേണ്ടി മൂന്നു പോപ്പുമാർ മത്സരിക്കുകയായിരുന്നു.

അവരുടെ മത്സരത്തിൻറെ ഫലമായി ക്രിസ്തീയ ലോകം കുറ്റകൃത്യങ്ങളാലും കുഴപ്പങ്ങളാലും നിറഞ്ഞു. അന്യോന്യം ദുഷിക്കുന്നതുകൊണ്ട് തൃപ്തിവരാഞ്ഞിട്ട് അവർ ഭൗതികമായ ആയുധങ്ങളിലേക്ക് തിരിഞ്ഞു. ആയുധങ്ങൾ വാങ്ങാനും പടയാളികളെ ശേഖരിക്കാനും ഓരോരുത്തരും മാർഗ്ഗങ്ങൾ അന്വേഷിച്ചു. ആവശ്യമായ പണം സംഭരിക്കുന്നതിനുവേണ്ടി സഭയുടെ അനുഗ്രഹങ്ങളും, വരങ്ങളും, സ്ഥാനങ്ങളുമെല്ലാം കച്ചവടം ചെയ്തു. പുരോഹിതന്മാരും മേലധികാരികളെ അനുകരിച്ച്, സ്വന്തം ശക്തി വർദ്ധിപ്പിക്കാനും എതിരാളികളെ താഴ്ത്തുവാനും കൈക്കൂലി വാങ്ങാനും വഴക്കുണ്ടാക്കാനും ആരംഭിച്ചു.

മതത്തിൻറെ പേരിൽ കാട്ടിക്കൂട്ടുന്ന ദൈവദൂഷണങ്ങൾക്കെതിരേ ദിനംന്തോറും വർദ്ധിച്ച വീര്യത്തോടെ ഹസ്സ് ശബ്ദമുയർത്തി. ക്രിസ്തീയ സമൂഹത്തെ വിഴുങ്ങിക്കളയുന്നതായ എല്ലാ ദുഷ്ടതയുടേയും കാരണക്കാരായി റോമൻ നേതൃത്വത്തെ ജനങ്ങൾ പരസ്യമായി ആക്ഷേപിച്ചു.

വീണ്ടും പ്രേഗ് പട്ടണം ഒരു രക്തരൂക്ഷിത സംഘട്ടനത്തിൻറെ വക്കിലെ ത്തിയതുപോലെ കാണപ്പെട്ടു. മുൻകാലങ്ങളിലെപ്പോലെ ദൈവത്തിൻറെ ദാസനെ ഇസ്രായേലിനെ കഷ്ടപ്പെടുത്തുന്നവൻ (1രാജാ. 18:17) എന്നു മുദ്രകുത്തി. വീണ്ടും പട്ടണം വിലക്കിനു

വിധേയമായി, ഹസ്സ് തൻറെ സ്വന്തം ഗ്രാമത്തിലേക്കു പിൻവാങ്ങുകയും ചെയ്തു. താൻ ഏറ്റവും സ്നേഹിച്ച ബേത്‌ലെഹെം ചാപ്പലിൽനിന്ന് വളരെ വിശ്വസ്തമായി നിർവ്വഹിച്ചുകൊണ്ടിരുന്ന സാക്ഷീകരണം അതോടെ അവസാനിച്ചു. സത്യത്തിനു സാക്ഷ്യമായി തൻറെ ജീവൻ ബലിയർപ്പിക്കുന്നതിനുമുമ്പായി ഒരു വിശാലമായ സ്റ്റേജിൽ നിന്നു കവലോകത്തോടു മൊത്തമായി അദ്ദേഹം സംസാരിക്കേണ്ടതുണ്ടായിരുന്നു.

യൂറോപ്പിനെ ഗ്രസിച്ചിരുന്ന കുഴപ്പങ്ങൾ ഒഴിവാക്കാൻ കോൺസ്റ്റൻസ് എന്ന

സ്ഥലത്ത് ഒരു പൊതു കൗൺസിൽ വിളിച്ചുകൂട്ടി. സിഗിസ്മണ്ട് എന്ന രാജാവിൻറെ ആഗ്രഹപ്രകാരം എതിരാളികളായ മൂന്നു പോപ്പുമാരിലൊരുവ നായ ജോൺ 23-ാമനാണ് കൗൺസിൽ വിളിച്ചുകൂട്ടിയത്. യാതൊരു വിധമായ വിമർശനത്തെയും ഇഷ്ടപ്പെടാത്ത, അന്നത്തെ സഭാജനങ്ങളേപ്പോലെ തന്നെ വളരെ അധഃപതിച്ച ഒരു ധാർമ്മിക നിലവാരം പുലർത്തുന്ന വ്യക്തിയായിരുന്ന പോപ്പ് ജോണിന്, ഒരു കൗൺസിൽ വിളിച്ചുകൂട്ടുന്നത് ഒട്ടും ഇഷ്ടമില്ലായിരുന്നു. എങ്കിലും സിഗിസ്മണ്ടിൻറെ ആഗ്രഹത്തെ എതിർക്കാൻ അദ്ദേ ഹത്തിനു ധൈര്യമില്ലായിരുന്നു.

സഭയിലെ ഗ്രൂപ്പുവഴക്കുകൾ ഇല്ലായ്മ ചെയ്യുകയും മതവിരുദ്ധ വാദങ്ങൾ പിഴുതുകളയുകയും ചെയ്യുകയെന്നുള്ളതായിരുന്നു കൗൺസിലിന്റെ പ്രധാന ലക്ഷ്യങ്ങൾ. അതുകൊണ്ട് രണ്ട് എതിർപോപ്പുമാരും, നവീകരണാശയക്കാരനായ ജോൺ ഹസ്സും വരണമെന്നു കല്പന അയച്ചു. പ്രാണഭയത്താൽ എതിർ പോപ്പുമാർ നേരിട്ടു ഹാജരാകാതെ പ്രതിനിധികളെ അയച്ചു. സഭാ നേതൃത്വത്തെ അഭിമുഖീകരിക്കുന്ന എല്ലാ കുഴപ്പങ്ങൾക്കും നാണക്കേടിനും, ചെയ്തു കൂട്ടിയ സകല അതിക്രമങ്ങൾക്കും കുറ്റക്കാരനായിട്ട് തന്നെ

പ്രഖ്യാപിച്ചുകൊണ്ട്, സ്ഥാനത്തു നിന്നിറക്കിവിടാനുള്ള രഹസ്യമായ നീക്കമാണോ രാജാവ് നടത്തുന്നതെന്നുള്ള സംശയത്തോടെ കൗൺസിലിന്റെ സംഘാടകനായ പോപ്പ് ജോൺ കടന്നുവന്നു. എങ്കിലും അദ്ദേഹം ഉന്നതസ്ഥാനീയരായ ഒരുസംഘം ആളുകളോടൊപ്പം വലിയ പ്രൗഢിയോടും ആഢംഭരത്തോടും, ഭൃത്യന്മാരുടെ ഒരു നീണ്ട നിരയുമായി എഴുന്നെള്ളി. സകല പുരോഹിതന്മാരും, പട്ടണത്തിലെ പ്രമുഖന്മാരും, പൗരന്മാരുടെ വലിയൊരു സംഘവും പുറത്തുചെന്ന് അദ്ദേഹത്തെ എതിരേറ്റു. പ്രധാനികളായ പട്ടണമൂപ്പന്മാരിൽ നാലുപേർ അദ്ദേഹത്തിൻറെ തലയ്ക്കുമീതെ ഒരു സ്വർണ്ണവിതാനം

പിടിച്ചിരുന്നു. തിരുബലിയിൽ ഉപയോഗിക്കാനുള്ള വിശുദ്ധ അപ്പം അദ്ദേഹത്തിൻറെ മുമ്പിൽ എഴുന്നെള്ളിച്ചിരുന്നു. കർദ്ദിനാളന്മാരുടേയും പ്രഭുക്കന്മാരുടേയും വിലയേറിയ വർണ്ണശബളമായ വസ്ത്രങ്ങൾ സദസ്സിനു മോടികൂട്ടി.

ഇതേ സമയത്ത് മറ്റൊരു വിശിഷ്ട വ്യക്തി കോൺസ്റ്റൻസിലേക്കു വരുന്നുണ്ടായിരുന്നു. തന്നെ അഭിമുഖീകരിക്കുന്ന അപകടങ്ങളെക്കുറിച്ച് ഹസ്സിന് നല്ല ബോദ്ധ്യമുണ്ടായിരുന്നു. ഇനി ഒരിക്കലും വീണ്ടും കാണുകയില്ലെന്നുള്ള തോന്നലോടെ അദ്ദേഹം തൻറെ

സുഹൃത്തുക്കളോട് യാത്ര പറഞ്ഞുകൊണ്ട്, ഈ പോക്ക് ചതിക്കുഴിയിലേക്കാണെന്നുള്ള തോന്നലോടെ മുന്നോട്ടു യാത്ര ചെയ്തു. താൻ കൊല്ലപ്പെട്ടേക്കുമെന്ന സംശയത്താൽ ബൊഹീമിയയിലെ രാജാവിൽ നിന്നും, ചക്രവർത്തിയായ സിഗിസ്മണ്ടിൽ നിന്നും ഓരോ അഭയ പത്രങ്ങൾ അദ്ദേഹം വാങ്ങിയിരുന്നു.

പ്രേഗിലെ തൻറെ സ്നേഹിതന്മാർക്ക് അദ്ദേഹം ഇപ്രകാരം എഴുതി: "എൻറെ സഹോദരന്മാരേ,. . . രാജാവു നല്കിയ ഒരു അഭയ പ്രതവുമായി രക്തദാഹികളായ അനേകം ശത്രുക്കളെ അഭിമുഖീകരിക്കാൻ വേണ്ടി ഞാൻ പോകുകയാണ്. ... എൻറെ

രക്ഷിതാവായ സർവ്വശക്തനായ
ദൈവത്തിൽ ഞാനാശ്രയിക്കുന്നു.
നിങ്ങളുടെ ഉള്ളുരുകിയുള്ള പ്രാർത്ഥന
അവൻ കേൾക്കും എന്നു ഞാൻ
പ്രത്യാശിക്കുന്നു. ഞാനവരെ
എതിർത്തു നില്ക്കുവാൻ തക്കവണ്ണം
തൻറെ ജ്ഞാനവും
വാക്ചാതുര്യവുംകൊണ്ട് അവൻ എൻറെ
നാവിനെ അലങ്കരിക്കും.
പരീക്ഷകളേയും, ജയിലറകളേയും,
വേണ്ടിവന്നാൽ ക്രൂരമായ ഒരു
മരണത്തേയും ഞാൻ ധൈര്യമായി
നേരിടേണ്ടതിന്, അവ സത്യത്തിൽ
എന്നെ ശക്തീകരിക്കുവാൻ അവൻ
തൻറെ പരിശുദ്ധാത്മാവിനാൽ എന്നെ
നിറയ്ക്കും. തൻറെ
പ്രിയപ്പെട്ടവർക്കുവേണ്ടി യേശുക്രിസ്തു

കഷ്ടം സഹിക്കുകയാൽ; നമ്മുടെ സ്വന്തം രക്ഷയ്ക്കുവേണ്ടി നാമും സകലവും സഹിഷ്ണുതയോടെ സഹിക്കുവാൻ അവൻ ഒരു മാതൃക തന്നിരിക്കുകയാൽ നാം അത്ഭുതപ്പെടേണ്ടതായ കാര്യമുണ്ടോ? അവൻ ദൈവവും, നാം അവൻറെ സൃഷ്ടികളും ആകുന്നു; അവൻ കർത്താവും നാം അവൻറെ ഭൃത്യന്മാരും ആകുന്നു; അവൻ ലോകത്തിൻറെ യജമാനനും, നമ്മൾ നികൃഷ്ടരായ മർത്യരും ആകുന്നു - എന്നിട്ടും അവൻ കഷ്ടപ്പെട്ടു. അങ്ങനെയെങ്കിൽ കഷ്ടത നമുക്കൊരു പ്രത്യേക ശുദ്ധീകരണ അനുഭവമായിരിക്കുമ്പോൾ എന്തുകൊണ്ട് നാം അതു സ്വീകരിക്കാൻ മടിക്കണം? അതുകൊണ്ടു പ്രിയമുള്ളവരേ, എൻറെ മരണത്താൽ അവൻറെ നാമം

മഹത്വപ്പെടണമെന്നതാണ് അവൻറെ
ഹിതമെ ങ്കിൽ, അതെത്രയും പെട്ടെന്നു
സംഭവിക്കുവാനും, സകല
വിഷമങ്ങളേയും ഞാൻ
സ്ഥിരചിത്തതയോടെ നേരിടുവാനും
വേണ്ടി നിങ്ങൾ പ്രാർത്ഥിക്കണം.
എന്നാൽ ഞാൻ നിങ്ങളുടെ ഇടയിൽ
മടങ്ങിയെത്തണമെന്നാണ്
ദൈവനിശ്ചയമെങ്കിൽ, യാതൊരു
കളങ്കവും കൂടാതെ ഞാൻ
മടങ്ങിയെത്തുവാൻ - അതായത്,
എൻറെ സഹോദരന്മാർക്ക്
പിൻപറ്റുവാൻ നല്ലയൊരു
മാതൃകയായി, സുവിശേഷത്തിലെ ഒരു
വരിപോലും ഒളിച്ചുവെയ്ക്കുവാനോ
താഴ്ത്തിക്കളയുവാനോ ഇടവരാതിരിക്കാൻ
- നമുക്കു പ്രാർത്ഥിക്കാം. മിക്കവാറും

നിങ്ങൾ ഇനിയെൻറെ മുഖം പ്രേഗിൽ കാണുകയില്ല; എന്നാൽ സർവ്വശക്തനായ ദൈവത്തിൻറെ ഹിതത്താൽ ഞാൻ നിങ്ങളുടെ അടുക്കൽ മടങ്ങിയെത്തുകയാണെങ്കിൽ, അവൻറെ ന്യായപ്രമാണത്തെക്കുറിച്ചുള്ള അറിവിലും, അതിനോടുള്ള സ്നേഹത്തിലും നമുക്കു മുന്നേറാം." - Bonnechose, vol. 1, pp. 147, 148.

സുവിശേഷത്തിൻറെ ശിഷ്യനായിത്തീർന്ന ഒരു പുരോഹിതനെഴുതിയ മറ്റൊരു കത്തിൽ സ്വന്തം തെറ്റുകളെക്കുറിച്ച് വലിയ വിനയത്തോടെ സ്വയം കുറ്റപ്പെടുത്തിക്കൊണ്ട് "വിലകൂടിയ വസ്ത്രങ്ങൾ ധരിക്കുന്നതിൽ

സന്തോഷിക്കുകയും വ്യർത്ഥമായ പ്രയത്നങ്ങളിൽ സമയം നഷ്ടപ്പെടുത്തുകയും ചെയ്തു എന്ന് ഹസ്സ് എഴുതി. ഹൃദയ സ്പർശിയായ ഈ ഉപദേശങ്ങൾ, എന്നിട്ടദ്ദേഹം കൂട്ടിച്ചേർത്തു: "ബംഗ്ലാവുകളും എസ്റ്റേറ്റുകളും സ്വന്തമാക്കുകയെന്ന ചിന്തയല്ല, ദൈവമഹത്വവും ആത്മാക്കളുടെ രക്ഷയും എന്ന ചിന്ത നിൻറെ മനസ്സിൽ നിറയട്ടെ. നിൻറെ ആത്മാവിനേക്കാളുപരി വീട് അലങ്കരിക്കുന്നതു കൊണ്ടു നീ സൂക്ഷിച്ചുകൊൾക; എല്ലാറ്റിലും ഉപരി ആത്മീയ സൗധത്തിനു കൂടുതൽ ശ്രദ്ധ കൊടുക്കുക. ദരിദ്രരോടു വിശുദ്ധിയോടും വിനയത്തോടും ഇപെടുക, നിൻറെ സമ്പത്തുകൾ സദ്വ്യവട്ടങ്ങളിൽ

ധൂർത്തടിക്കാതിരിക്കുക. താങ്കളുടെ ജീവിതത്തിനൊരു വ്യതിയാനം വരുത്തുകയും അനാവശ്യമായ അമിത ചെലവുകളിൽനിന്നു വിട്ടുനിൽക്കുകയും ചെയ്തില്ലെങ്കിൽ, എനിക്കു സംഭവിച്ചതുപോലെ നീയും കഠിനമായി ശാസിക്കപ്പെട്ടും എന്നു ഞാൻ ഭയപ്പെടുന്നു... നിനക്ക് എൻറെ തത്വശാസ്ത്രം അറിയാം; കാരണം ചെറുപ്പംമുതൽ എൻറെ പഠിപ്പിക്കലുകൾ നീ കേട്ടിട്ടുണ്ട്; അതുകൊണ്ടു ഞാൻ നിനക്ക് കൂടുതൽ എഴുതേണ്ടയാവശ്യമില്ല. നിൻറെ ദൃഷ്ടിയിൽ, ഞാൻ വീണുപോയ വ്യർത്ഥമായ കാര്യങ്ങളിലൊന്നിലും എന്നെ അനുകരിക്കരുതെന്ന് ഞാൻ കർത്താവിന്റെ കരുണയാൽ നിന്നോട്

ബുദ്ധിയുപദേശിക്കുന്നു. എഴുത്തിൻറെ കവറിൽ അദ്ദേഹം ഇപ്രകാരം കുട്ടിച്ചേർത്തു: “പ്രിയ സ്നേഹിതാ, ഞാൻ മരിച്ചുവെന്നുറപ്പാകുന്നതുവരെ ഈ കത്തു പൊട്ടിക്കരുതെന്നഭ്യർത്ഥിക്കുന്നു”. - Ibid., vol. 1, pp. 148, 149.

യാത്രയിലുടനീളം തൻറെ പഠിപ്പിക്കലുകളുടെ വ്യാപനവും, ജനങ്ങൾക്കതിനോടുള്ള നല്ല സമീപനവും ഹസ്സ് ദർശിച്ചു. അദ്ദേഹത്തെ കാണുവാൻ ജനങ്ങൾ തടിച്ചുകൂടുകയും, ചില പട്ടണങ്ങളിൽ പട്ടണപ്രമുഖർ തങ്ങളുടെ വീഥികളിലുടനീളം അദ്ദേഹത്തെ അനുധാവനം ചെയ്യുകയും ചെയ്തു.

കോൺസ്റ്റൻസിലെത്തിയപ്പോൾ ഹസ്സിനു പൂർണ്ണ സ്വാതന്ത്ര്യം നല്കപ്പെട്ടു. ചക്രവർത്തിയുടെ അഭയപത്രത്തോടൊപ്പം പോപ്പിൽനിന്നും വ്യക്തി.പരമായി ഒരു സംരക്ഷണം ഉറപ്പും ലഭിച്ചു. എന്നാൽ ആവർത്തിച്ചു നല്കിയ പരിപാവനമായ ഉറപ്പുകൾ കാറ്റിൽ പറത്തിക്കൊണ്ട്, അല്പസമയത്തിനു ള്ളിൽ പോപ്പിൻറേയും കർദ്ദിനാൾമാരുടേയും ആജ്ഞയാൽ നവീകരണ കർത്താവിനെ അറസ്റ്റുചെയ്ത് വൃത്തിഹീനമായ ഒരു കാരാഗൃഹത്തിൽ അടച്ചു. പിന്നീട് റൈൻ നദിയുടെ മറുകരയിൽ ശക്തമായ ഒരു കെട്ടിടത്തിലേക്ക് അദ്ദേഹത്തെ

മാറ്റിപ്പാർപ്പിച്ചു. എന്നാൽ പോപ്പിനു തൻറെ വഞ്ചനയിൽ നിന്നു യാതൊരു നേട്ടവുമുണ്ടായില്ലെന്ന് മാത്രമല്ല, ഏറെത്താമസിയാതെ അദ്ദേഹവും അതേ ജയിലിൽ വന്നുചേർന്നു. - Ibid., vol. 1, p 247. കൊലപാതകം, മതത്തിൻറെ മറവിൽ പണാപഹരണം, വ്യഭിചാരം മുതലായവ കൂടാതെ എടുത്തുപറയാൻ കൊള്ളാത്ത പല തെറ്റുകളും കൗൺസിലിലെ വിചാരണയിൽ അദ്ദേഹത്തിൻറെ പേരിൽ തെളിയിക്കപ്പെട്ടു. അതുകൊണ്ടദ്ദേഹത്തിൻറെ ഔദ്യോഗിക പദവികളെല്ലാം തിരിച്ചെടുക്കുവാനും അദ്ദേഹത്തെ ജയിലിലടയ്ക്കാനും കൗൺസിൽ തീരുമാനിച്ചു. എതിർ പോപ്പുകളേയും

സ്ഥാനഭ്രഷ്ടരാക്കുകയും, പുതിയൊരു പോപ്പിനെ തെരഞ്ഞെടുക്കുകയും ചെയ്തു.

പുരോഹിതന്മാരുടെ മേൽ ഹസ്സ് ആരോപിച്ചിരുന്നതിനേക്കാൾ ഭീകരമായ കുറ്റങ്ങളിൽ പോപ്പുതന്നെ മുഴുകിയിരുന്നതിനാൽ പോപ്പിനെ സ്ഥാനഭ്രഷ്ടനാക്കിയ കൗൺസിൽ, അത്തരം തെറ്റുകളിൽനിന്നൊരു നവീകരണം ആവശ്യപ്പെട്ടതായ നവീകരണ കർത്താവിനേയും നശിപ്പിക്കാനുള്ള ശ്രമത്തിൽ മുന്നേറി. ഹസ്സിനെ തുറുങ്കിലടച്ചെന്നുള്ള വാർത്ത ബൊഹീമിയയിൽ വലിയ കോളിളക്കമുണ്ടാക്കി. പ്രസ്തുത കോളിളക്കങ്ങളേത്തുടർന്ന് ശക്തന്മാരായ പ്രഭുക്കന്മാർ ഹസ്സിനെ വിട്ടയയ്ക്കാൻ

കൗൺസിലിനോടഭ്യർത്ഥിച്ചു. അഭയ പത്രത്തിനു ലംഘനമുണ്ടാകാതെ സൂക്ഷിക്കാൻ ബാദ്ധ്യസ്ഥനായ രാജാവ്, അദ്ദേഹത്തിനെതിരേയുള്ള നടപടികളെ എതിർത്തു. എന്നാൽ നവീകരണ കർത്താവിന്റെ ശത്രുക്കൾ ക്രൂരന്മാരും മർക്കടമുഷ്ടിക്കാരുമായിരുന്നു. രാജാവിൻറെ മുൻവിധികളേയും ഭയങ്ങളേയും സഭയോടുള്ള തീക്ഷ്ണതയേയും ഉയർത്തിക്കാണിച്ചുകൊണ്ടവർ വാദിച്ചു. ചക്രവർത്തിയും രാജാക്കന്മാരും അഭയപത്രം കൊടുത്തുവെന്നതിൻറെ പേരിൽ സഭാദൂഷകന്മാരെ വിശ്വസിക്കാൻ പാടില്ലെന്ന് സ്ഥാപിക്കാൻ അവർ സുദീർഘമായ ന്യായവാദങ്ങൾ

നിരത്തിവെച്ചു.- Jacques Lenfant, History of the Council of Constance, vol.1, p. 516. അങ്ങനെ അവർ വിജയിച്ചു.

കാരാഗൃഹവാസത്താലും രോഗത്താലും ക്ഷീണിതനായാണ് അദ്ദേഹം കിടന്ന കാരാഗൃഹത്തിലെ ഈർപ്പമുള്ള ദുഷിച്ച വായുവിൽനിന്ന് പനിപിടിച്ച്, മരണത്തോടടുത്താണ് -- ഒടുവിൽ ഹസ്സ് കൗൺസിലിന്റെ മുമ്പാകെ ആനയിക്കപ്പെട്ടത്. ഹസ്സിൻറെ സംരക്ഷണത്തിന്, തൻറെ പദവിയുടെ എല്ലാ അധികാരങ്ങളും കഴിവുകളും വാഗ്ദത്തം ചെയ്തായ ചക്രവർത്തിയുടെ മുമ്പാകെ ചങ്ങലകൾ ധരിച്ചുകൊണ്ടദ്ദേഹം നിന്നു.

സുദീർഘമായ വിചാരണയിലുടനീളം അദ്ദേഹം സത്യത്തെ മുറുകെപ്പിടിക്കുകയും; ഉപവിഷ്ടരായിരിക്കുന്ന, സഭയുടേയും രാജ്യത്തിൻറേയും വിശിഷ്ട വ്യക്തികളുടെയും മുമ്പാകെ നേതൃത്വത്തിലെ ദുഷിപ്പിനെതിരെ വിശ്വസ്തവും പരിപാവനവുമായ ഒരു എതിർപ്പ് പ്രഖ്യാപിക്കുകയും ചെയ്തു. തൻറെ പഠിപ്പിക്കലുകൾ പിൻവലിക്കുന്നോ, അതോ മരണം സ്വീകരിക്കുന്നോ എന്ന് അവസാനമായി ചോദിച്ചപ്പോൾ അദ്ദേഹം രക്തസാക്ഷിത്വം തെരഞ്ഞെടുത്തു.

ദൈവകൃപ അദ്ദേഹത്തെ സഹായിച്ചു. അവസാനത്തെ വിധിക്കുമുമ്പുള്ള

കഷ്ടതയുടെ ആഴ്ചകളിൽ
അദ്ദേഹത്തിൻറെ മനസ്സിൽ സ്വർഗ്ഗീയ
സമാധാനം നിറഞ്ഞു. “ഈ കത്തു ഞാൻ
എഴുതുന്നത്, അദ്ദേഹം ഒരു
സുഹൃത്തിനോടു പറഞ്ഞു: “നാളെ
എൻറെ മരണവിധി
പ്രതീക്ഷിച്ചുകൊണ്ട്, വിലങ്ങുകളാൽ
ബന്ധിതമായ എൻറെ കരങ്ങൾകൊണ്ട്
ജയിലറയ്ക്കുള്ളിലിരുന്നുകൊ ണ്ടാകുന്നു.
ഭാവിജീവിതത്തിൻറെ മാധുര്യമേറിയ
സമാധാനത്തിൽ യേശു ക്രിസ്തുവിൻറെ
സഹായത്താൽ നാം വീണ്ടും
കണ്ടുമുട്ടുമ്പോൾ, ദൈവം -
എന്നോടെത്രമാത്രം കാരുണ്യം
കാണിച്ചുവെന്നും, എൻറെ
പരീക്ഷകളിലും വിചാരണകളിലും
അവൻ എത്ര ഭംഗിയായി എന്നെ

സഹായിച്ചുവെന്നും നീ ഗ്രഹിക്കും" - Bonnechose, vol. 2, p. 67.

കാരാഗൃഹത്തിൻറെ മൂകതയിൽ യഥാർത്ഥ സത്യത്തിൻറെ വിജയം അദ്ദേഹം മുൻകൂട്ടി കണ്ടു. താൻ സുവിശേഷം പ്രസംഗിച്ചതായ പ്രേഗിലെ ചാപ്പലിൻറെ ഭിത്തികളിൽ താൻ വരച്ചതായ യേശുക്രിസ്തുവിൻറെ ചിത്രങ്ങൾ പോപ്പും അയാളുടെ ബിഷപ്പുമാരും മായിച്ചുകളയുന്നത് അദ്ദേഹം തൻറെ പകൽക്കിനാവുകളിൽ കണ്ടു. "ഈ ദർശനം അദ്ദേഹത്തെ അസ്വസ്ഥനാക്കി. എന്നാൽ അടുത്ത ദിവസം, അനേകം ചിത്രകാരന്മാർ പ്രസ്തുത ചിത്രങ്ങൾ ഏറെ സംഖ്യയിലും

കൂടുതൽ തെളിഞ്ഞ നിറങ്ങളിലും വീണ്ടും വര/യ്ക്കുന്നത് അദ്ദേഹം കണ്ടു. അവരുടെ ദൗത്യം പൂർത്തീകരിച്ചയുടനെ, വലിയൊരു ജനക്കൂട്ടത്താൽ വലയം ചെയ്യപ്പെട്ടിരുന്ന ചിത്രകാരന്മാർ പ്രസ്താവിച്ചു: "ഇപ്പോൾ പോപ്പുമാരും ബിഷപ്പുമാരും വരട്ടെ; അവർ ഇനിമേലിൽ അവ മായിക്കുകയില്ല!" സ്വപ്നം വിവരിച്ചുകൊണ്ട് നവീകരണകർത്താവ് പറഞ്ഞു: "എനിക്കു നല്ല നിശ്ചയമുണ്ട്, ക്രിസ്തുവിൻറെ രൂപം ഒരിക്കലും മാഞ്ഞുപോകില്ല. അവർ അതു നശിപ്പിക്കാൻ ആഗ്രഹിച്ചു, എന്നാൽ എന്നേക്കാൾ ഏറെ കഴിവുറ്റ പ്രസംഗകർ എല്ലാ ഹൃദയങ്ങളിലും അതു പുതുതായി

വരച്ച ചേർക്കും ". -- D'Aubigne, b. 1, ch. 6.

ഏറ്റവും ഒടുവിലായി ഒരിക്കൽ കൂടി ഹസ്സിനെ കൗൺസിലിന്റെ മുമ്പാകെ കൊണ്ടുവന്നു. വളരെ വിശാലവും ശഷ്ടവുമായ ഒരു സദസ്സായിരുന്നു അത് - ചക്രവർത്തി, സാമ്രാജ്യത്തിലെ രാജകുമാരന്മാർ, രാജകീയ പ്രതിനിധികൾ, കർദ്ദിനാൾമാർ, ബിഷപ്പുമാർ, പുരോഹിതന്മാർ മുതലായവരും അന്നത്തെ സംഭവങ്ങളുടെ സാക്ഷികളാകാൻ കടന്നുവന്ന വലിയൊരു ജനക്കൂട്ടവും ഉണ്ടായിരുന്നു. മനസ്സാക്ഷിയുടെ സ്വാതന്ത്ര്യം നേടിയെടുക്കാൻ വേണ്ടിയുള്ള സുദീർഘമായ പോരാട്ടത്തിലെ ഈ

ആദ്യ യാഗത്തിന്ന സാക്ഷ്യം വഹിക്കാൻ ക്രൈസ്തവ ലോകത്തിൻറെ എല്ലാ പ്രദേശങ്ങളിൽനിന്നും ക്രിസ്ത്യാനികൾ എത്തിയിരുന്നു.

തൻറെ അവസാന തീരുമാനം അറിയാൻ വേണ്ടി വിളിക്കപ്പെട്ടപ്പോൾ, താൻ കീഴടങ്ങുകയില്ലെന്ന് ഹസ്സ് അറിയിച്ചു. ഇത് ലജ്ജാകരമായ നിലയിൽ സ്വന്തം കല്പനയുടെ വാക്കുകൾ ലംഘിക്കപ്പെടുന്നതിന്ന സാക്ഷിയാകേണ്ടിവന്ന ചക്രവർത്തിയെ തുറിച്ചുനോക്കിക്കൊണ്ട് അയാൾ പ്രസ്താവിച്ചു: “ഇവിടെ സന്നിഹിതനായിരിക്കുന്ന ചക്രവർത്തിയുടെ പൊതുസംരക്ഷണ

ത്തിലുള്ള വിശ്വാസത്തിൽ, എൻറെ സ്വന്തം തീരുമാനപ്രകാരം ഈ കൗൺസിലിൽ വരാൻ ഞാൻ തീരുമാനിച്ചു". - Bonnechose, vol. 2, p. 84. സദസ്സിൻറെ എല്ലാ സൃഷ്ടികളും തൻറെ മുഖത്തേക്കു തിരിഞ്ഞപ്പോൾ സിഗിസ്മണ്ടിൻറെ മുഖം വല്ലാതെ വിളറിപ്പോയി.

മരണവിധി പ്രഖ്യാപിച്ചുകഴിഞ്ഞ സ്ഥിതിക്ക്, അവഹേളിക്കൽ ചടങ്ങുകൾ ആരംഭിച്ചു. ബിഷപ്പുമാർ തങ്ങളുടെ തടവുപുള്ളിയെ യാഗവസ്ത്രങ്ങൾ ധരിപ്പിച്ചു. പുരോഹിതവേഷം സ്വീകരിച്ചുകൊണ്ടദ്ദേഹം പറഞ്ഞു: "നമ്മുടെ കർത്താവായ യേശുക്രിസ്തുവിനെ ഹെരോദാവു

പീലാത്തോസിൻറെ മുമ്പാകെ അയച്ചപ്പോൾ, അവനെ അവഹേളിക്കാൻ ഒരു വെള്ള നിലയങ്കിയാണ് ധരിപ്പിച്ചത്." - Ibid., vol. 2, p. 86. പിന്മാറുവാൻ വീണ്ടും നിർദ്ദേശിച്ചപ്പോൾ ജനങ്ങളുടെ നേരേ തിരിഞ്ഞുകൊണ്ടദ്ദേഹം പറഞ്ഞു: "ഞാൻ ഏതുമുഖം കൊണ്ടാകുന്നു പിന്നെ സ്വർഗ്ഗത്തേക്കു നോക്കേണ്ടത്? ഞാൻ നിർമ്മലമായ സുവിശേഷം പ്രസംഗിച്ചു കേൾപ്പിച്ചതായ ആ ജനസഹസ്രങ്ങളെ ഞാൻ എങ്ങനെ നോക്കും? ഇല്ല; ഇപ്പോൾ മരണത്തിനു വിധിക്കപ്പെട്ടിരിക്കുന്ന ഈ ശുഷ്കിച്ച ശരീരത്തേക്കാൾ അവരുടെ നിത്യ രക്ഷയ്ക്ക് ഞാൻ കൂടുതൽ വില കല്പ്പിക്കുന്നു". അവഹേളനച്ചടങ്ങിൽ

തൻറെ ഭാഗം നിർവ്വഹിച്ചുകൊണ്ട് ബിഷപ്പുമാരിൽ ഓരോരുത്തരും ഓരോ ശാപവചനം ചൊല്ലിയപ്പോൾ, വസ്ത്രങ്ങൾ ഓരോന്നായി അഴിച്ചുമാറ്റി. "പിശാചുക്കളുടെ ഭീകരമായ രൂപങ്ങൾ വരച്ചിട്ടുള്ള ഒരു കടലാസ്സുതൊപ്പി അവസാനമായി അവർ അദ്ദേഹത്തിൻറെ തലയിൽവെച്ചു. പിരമിഡിൻറെ ആകൃതിയിലുള്ള ആ തൊപ്പിയുടെ മുൻവശത്തായി വലിയ അക്ഷരത്തിൽ "ദൈവദൂഷണ പ്രമുഖൻ' എന്നെഴുതിയിരുന്നു. ഹസ്സ് പറഞ്ഞു: എനിക്കുവേണ്ടി മുൾക്കിരീടം ധരിച്ച യേശുവേ, അങ്ങേയ്ക്കുവേണ്ടി ഞാൻ ഏറ്റവും സന്തോഷത്തോടെ ഈ ലജ്ജയുടെ കിരീടം ധരിച്ചുകൊള്ളാം'.

അദ്ദേഹത്തെ ഈ തരത്തിൽ ഒരുക്കിയശേഷം, "മേൽപ്പട്ടക്കാർ പറഞ്ഞു: "നിൻറെ ആത്മാവിനെ ഞങ്ങൾ ഇപ്പോൾ പിശാചിനു എല്പിക്കുന്നു. ജോൺ ഹസ്സ് തൻറെ കണ്ണുകൾ സ്വർഗ്ഗത്തേക്കുയർത്തിക്കൊണ്ട് പറഞ്ഞു: "കർത്താവേ, നീ എന്നെ രക്ഷിച്ചിരിക്കയാൽ ഞാൻ എൻറെ ആത്മാവിനെ തൃക്കരങ്ങളിൽ ഭാരമേല്പിക്കുന്നു". - Wylie, "b. 3, ch. 7.

പിന്നെ അദ്ദേഹത്തെ ഭരണാധികാരികൾക്കു കൈമാറുകയും കൊലക്കളത്തിലേക്കു കൊണ്ടുപോകയും ചെയ്തു. ആയുധധാരികളായ

നൂറുകണക്കിന് ആളുകളും,
വർണ്ണശബളമായ വിലയേറിയ വസ്ത്രം
ധരിച്ചുകൊണ്ട് പുരോഹിതന്മാരും
ബിഷപ്പുമാരും, കോൺസ്റ്റൻസിലെ
പൗരാവലിയും അടങ്ങുന്ന വലിയൊരു
ജനക്കൂട്ടം പിന്നാലെ ചെന്നു.
അദ്ദേഹത്തെ ചിതക്കുറ്റി യിൽ
ബന്ധിച്ചശേഷം, തീ കത്തിക്കാൻ
തക്കവണ്ണം എല്ലാ ക്രമീകരണങ്ങളും
ചെയ്തുകൊണ്ട് മരണം ഒഴിവാക്കാൻ
വേണ്ടി തെറ്റുകളെ ഉപേക്ഷിക്കുവാൻ
ഒരിക്കൽക്കൂടി ആവശ്യപ്പെട്ടു. എന്നാൽ
ഹസ്സ് ചോദിച്ചു: "എന്തു തെറ്റുകളാണ്
ഞാൻ ഉപേക്ഷിക്കേണ്ടത്? എൻറെ
അറിവിൽ ഞാൻ ഒരു തെറ്റും
ചെയ്തിട്ടില്ല. ഞാൻ എഴുതിയതും
പ്രസംഗിച്ചതുമെല്ലാം ആത്മാക്കളെ

പാപത്തിൽനിന്നും
നാശത്തിൽനിന്നും രക്ഷിക്കുകയെന്ന
ഏക
ലക്ഷ്യത്തോടെയായിരുന്നുവെന്നതിനു
ഞാൻ ദൈവത്തെ സാക്ഷി
നിർത്തുകയും, ഞാൻ എഴുതുകയും
പ്രസംഗിക്കുകയും ചെയ്തതായ ആ
സത്യത്തെ ഏറെ സന്തോഷത്തോടെ
എൻറെ രക്തത്താൽ മുദ്രവെയ്ക്കുകയും
ചെയ്യുന്നു". - Wylie, b. 3, ch. 7,
അദ്ദേഹത്തിൻറെ നാലു ചുറ്റും തീ
ജ്വാലകൾ ആളിക്കത്തിയപ്പോൾ,
"യേശുവേ, ദാവീദു പുത്രാ, എന്നോടു
കരുണയുണ്ടാകേണമേ," എന്ന പാട്ട്
അദ്ദേഹം ഉച്ചത്തിൽ പാടുവാൻ തുടങ്ങി.
തീ ജ്വാലകൾ ആ ശബ്ദസ്രോതസ്സ്
തുടച്ചുനീക്കുന്നതുവരെ ആ ഗാനം

സ്വർഗ്ഗീയ നാദമായി മുഴങ്ങിക്കൊണ്ടിരുന്നു.

അദ്ദേഹത്തിൻറെ ധീരമായ സഹനശക്തി ശത്രുക്കളിൽപ്പോലും മതിപ്പുളവാക്കി. ഹസ്സിൻറെയും, ഏറെത്താമസിയാതെ വധിക്കപ്പെട്ട ജെറോമിൻറെയും രക്തസാക്ഷിത്വം വിശദീകരിച്ചുകൊണ്ട് ഒരു പാപ്പാത്വ തീവ്രവാദി സാക്ഷിച്ചു: "അവർ രണ്ടുപേരും അവരുടെ അവസാന മണിക്കൂറുകളെ സ്വസ്ഥമായ മനസ്സോടുകൂടെ നേരിട്ടു. ഒരു വിവാഹവിരുന്നിനു പോകുന്നതുപോലെയാണ് അവർ അഗ്നിയിലേക്കു പോയത്. വേദനയുടെ ശബ്ദങ്ങളൊന്നും അവർ പുറപ്പെടുവിച്ചില്ല.

തീ ഉയർന്നപ്പോൾ അവർ പാടുവാനാരംഭിച്ച പാട്ടിൻറെ ശബ്ദത്തെ മയപ്പെടുത്താൻ തീ ജ്വാലകളുടെ ശക്തിക്കായില്ല". - Ibid., b. 3, ch. 7.

ഹസ്സിൻറെ ശരീരം പൂർണ്ണമായും എരിഞ്ഞടങ്ങിയപ്പോൾ, ആ ചാരവും മണ്ണും ശേഖരിച്ച് റൈൻ നദിയിൽ ഒഴുക്കി, സമുദ്രത്തിലേക്കു വിട്ടു. അദ്ദേഹം പ്രസംഗിച്ചതായ സത്യങ്ങളെ വേരോടെ പിഴുതെറിഞ്ഞെന്ന് അദ്ദേഹത്തിൻറെ എതിരാളികൾ തെറ്റിദ്ധരിച്ചു. അന്നു സമുദ്രത്തിലേക്കൊഴുകിപ്പോയ ചാരം എല്ലാ ലോക രാജ്യങ്ങളിലും മുളച്ചുവരുന്ന വിത്തുകൾ പോലെ ചിതറപ്പെടുമെന്നും, അന്നറിയപ്പെട്ടിട്ടില്ലാത്ത രാജ്യങ്ങളിൽപ്പോലും അത്

സത്യത്തിനു സാക്ഷ്യങ്ങളായി വളരെ ഫലം പുറപ്പെടുവിക്കുമെന്നും അവർ ചിന്തിച്ചതേയില്ല. കോൺസ്റ്റൻസിലെ കൗൺസിൽ ഹാളിൽ അന്നു മുഴങ്ങിയ ശബ്ദം വരും നൂറ്റാണ്ടുകളിലൂടനീളം മുഴങ്ങിക്കേൾക്കുന്ന പ്രതിദ്ധ്വനികൾ ഉണർത്തിയിരുന്നു. ഹസ്സ് കടന്നുപോയി, എന്നാൽ അദ്ദേഹം ജീവിതത്തിലും മരണത്തിലും ഉയർത്തിപ്പിടിച്ച സനാതന സത്യങ്ങൾക്ക് മരണമില്ല. വിശ്വാസത്തിലും ഉറച്ചു നിൽപിലും അദ്ദേഹം കാണിച്ച മാതൃക പീഡനത്തിലും മരണത്തിലും സത്യത്തിനുവേണ്ടി ഉറച്ചു നിൽക്കാൻ ജനസഹസ്രങ്ങളെ ഉത്തേജിപ്പിക്കും.

അദ്ദേഹത്തിൻറെ
കൊലപാതകത്തിലൂടെ റോമിൻറെ
ക്രൂരത എത്ര ഭയാനകമാണെന്ന്
മുഴലോകവും ദർശിച്ചു. സത്യത്തിൻറെ
ശത്രുക്കൾ, അറിയാതെ തന്നെ, അവർ
നശിപ്പിക്കാൻ ആഗ്രഹിച്ച സത്യത്തിനു
മുന്നേറ്റം ഒരുക്കുകയായിരുന്നു.

കോൺസ്റ്റൻസിൽ വീണ്ടും മറ്റൊരു
കൊലമരംകൂടെ
ഒരുക്കേണ്ടതുണ്ടായിരുന്നു. സത്യത്തിനു
വേണ്ടി മറ്റൊരാളുടെ രക്തംകൂടി സാക്ഷ്യം
വഹിക്കണമായിരുന്നു.
കൗൺസിലിലേക്കു പോകാൻ ഹസ്സ്
യാത്ര പറഞ്ഞ സമയത്ത്,
ധൈര്യമായിരിക്കാനും ഉറച്ചു
നില്ക്കാനും ജെറോം അദ്ദേഹത്തെ

ഉപദേശിച്ചു. എന്തെങ്കിലും ആപത്തു സംഭവിച്ചാൽ സഹായത്തിനു താനവിടെ ഓടിയെത്താമെന്നു വാഗ്ദത്തവും ചെയ്തു. നവീകരണ കർത്താവിനെ ജയിലിലിലടച്ചുവെന്നറിഞ്ഞപ്പോൾ വിശ്വസ്തനായ ശിഷ്യൻ തൻറെ വാഗ്ദത്തം നിവർത്തിക്കാൻ തയ്യാറായി. യാതൊരു അഭയപത്രവും കൂടാതെ ഒരു അനുയായിയോടുകൂടെ അയാൾ കോൺസ്റ്റൻസിലേക്കു യാത്രയായി. ഹസ്സിനെ സഹായിക്കാൻ യാതൊന്നും ചെയ്യാനാകില്ലെന്നു മാത്രമല്ല, സ്വയം ആപത്തിൽ വന്നു ചാടിയിരിക്കുകയാണെന്ന് അവിടെയെത്തിയപ്പോഴാണദ്ദേഹത്തിനു മനസ്സിലായത്. അദ്ദേഹം രഹസ്യമായി

പട്ടണത്തിൽനിന്നു യാത്രയായി. എന്നാൽ വീട്ടിലേക്കുള്ള വഴിമദ്ധ്യ അറസ്റ്റുചെയ്യപ്പെട്ടുകയും, ഒരു കൂട്ടം പടയാളികളുടെ നടുവിൽ ചങ്ങലകളാൽ ബന്ധിതനായി തിരിച്ചുകൊണ്ടുവരപ്പെട്ടുകയും ചെയ്തു. കൗൺസിലിന്റെ മുമ്പാകെ അദ്ദേഹം ആദ്യമായി വന്നപ്പോൾ, തനിക്കെതിരേയുള്ള ആരോപണങ്ങൾക്കു മറുപടി പറയാൻ ഓരോ തവണ ശ്രമിച്ചപ്പോഴും "അവനെ തീയിലിടൂ! അവനെ തീയിലിടൂ!" എന്നു കാണികൾ അട്ടഹസിച്ചു". - Bonnechose, vol. 1, p. 234.

അദ്ദേഹത്തിനു വലിയ പ്രയാസം അനുഭവപ്പെടുന്ന രീതിയിൽ ചങ്ങലയിൽ ബന്ധിച്ച്

ജയിലിലടയ്ക്കുകയും അപ്പവും വെള്ളവും മാത്രം ഭക്ഷിക്കാൻ കൊടുക്കുകയും ചെയ്തു. ക്രൂരമായ ബന്ധനങ്ങളുടെ ഫലമായി ചില മാസങ്ങൾക്കുശേഷം അദ്ദേഹം രോഗബാധിതനാവുകയും മരണത്തോടടുക്കുകയും ചെയ്തു. മരണത്താൽ അയാൾ തങ്ങളിൽനിന്നു രക്ഷപെട്ടേക്കുമെന്ന് സംശയിച്ച് ശത്രുക്കൾ പീഡനത്തിൻറെ കാഠിന്യം അല്പം കുറച്ചു. ഏകദേശം ഒരു വർഷക്കാലം അദ്ദേഹം ജയിലറയിലായിരുന്നു.

ഹസ്സിൻറെ മരണത്തെത്തുടർന്നുള്ള സാഹചര്യങ്ങൾ പോപ്പിൻറെ ആൾക്കാർ വിചാരിച്ചതുപോലെയായിരുന്നില്ല.

അദ്ദേഹത്തിനു കൊടുത്തിരുന്ന അഭയപത്രങ്ങളുടെ ലംഘനം വെറുപ്പിൻറേയും പുച്ഛത്തിൻറേതുമായ ഒരു കൊടുങ്കാറ്റഴിച്ചുവിട്ടു. അതുകൊണ്ട് ജെറോമിനെ ചുട്ടുകൊല്ലുന്നതിനുപകരം ഒരു സുരക്ഷിതത്വ നടപടിയെന്ന നിലയിൽ കഴിയുമെങ്കിൽ പിൻവാങ്ങാൻ പ്രേരിപ്പിക്കാം എന്നു കൗൺസിൽ തീരുമാനിച്ചു. അയാളെ സഭാമദ്ധ്യേ കൊണ്ടുവന്നിട്ട്, വിശ്വാസം തള്ളിപ്പറഞ്ഞു ജീവിക്കുകയോ, ചിതത്തീയിൽ മരിക്കുകയോ, ഏതു വേണമെന്നു ചോദിച്ചു. അദ്ദേഹം ജയിലിൽ അനുഭവിച്ച കഷ്ടതകളുമായി താരതമ്യം ചെയ്യുമ്പോൾ ആദ്യമേ മരണം ലഭിച്ചിരുന്നെങ്കിൽ, അതായിരുന്നു നല്ലത്. എന്നാൽ ഇപ്പോൾ,

രോഗത്താലും, ജയിലറയിലെ
കഷ്ടതകളാലും, എന്താണ്
സംഭവിക്കുകയെന്ന് അറിയാൻ
വയ്യാതെയുള്ള ആകാംക്ഷയാലും,
സ്നേഹിതരിൽ നിന്നുള്ള
അകൽച്ചയാലും, ഹസ്സിൻറെ
മരണത്തിലുള്ള നിരാശയാലും,
ജെറോമിൻറെ ചെറുത്തു നില്പിനു
കോട്ടമുണ്ടാകുകയും, കൗൺസിലിനു
കീഴടങ്ങാൻ അദ്ദേഹം സമ്മതിക്കുകയും
ചെയ്തു. കത്തോലിക്കാ വിശ്വാസത്തിന്
കീഴടങ്ങിക്കൊള്ളാമെന്നും, വിക്ലിഫും
ഹസ്സും പഠിപ്പിച്ചതായ തത്വങ്ങളെ
ആക്ഷേപിച്ചുകൊണ്ടുള്ള
കൗൺസിലിന്റെ തീരുമാനം
അംഗീകരിച്ചുകൊള്ളാമെന്നും അദ്ദേഹം
പ്രതിജ്ഞചെയ്തു. എന്നാൽ അവർ

പഠിപ്പിച്ച "വിശുദ്ധ സത്യങ്ങളെ" ആ പ്രതിജ്ഞയിൽ നിന്നദ്ദേഹം ഒഴിവാക്കി.
- ibid., vo! 2, p. 141.

ഈ പിൻവാങ്ങലിലൂടെ മനസ്സാക്ഷിയുടെ ശബ്ദം മന്ദമാക്കാനും മരണത്തിൽനിന്നു രക്ഷപെടാനും ജെറോം ശ്രമിച്ചു. എന്നാൽ ജയിലറയുടെ ഏകാന്തതയിൽ തൻറെ പ്രവൃത്തിയെ വളരെ വിശദമായി ജെറോം വിശകലനം ചെയ്തു. ഹസ്സ് ധൈര്യമായി ഉറച്ചുനിന്ന സ്ഥാനത്ത് താൻ സത്യത്തെ തള്ളിപ്പറഞ്ഞതിനേക്കുറിച്ച് അയാൾ ചിന്തിച്ചു. താൻ സേവിക്കാമെന്നു പ്രതിജ്ഞ ചെയ്തിരുന്ന തൻറെ സ്വർഗ്ഗീയ യജമാനൻ തനിക്കുവേണ്ടി ക്രൂശിൽ മരണം വരിച്ചതിനേക്കുറിച്ച്

അയാൾ ചിന്തിച്ചു. തൻറെ
പിന്മാറ്റത്തിനുമുമ്പ്, ദൈവിക
കരുണയുടെ ഉറപ്പിൽ, എല്ലാ
കഷ്ടതകളുടേയും നടുവിൽ താൻ
ആശ്വാസം കണ്ടെത്തിയിരുന്നു.
എന്നാലിപ്പോൾ കുറ്റബോധവും
സംശയങ്ങളും അദ്ദേ ഹത്തിൻറെ
ആത്മാവിനെ പീഢിപ്പിച്ചു. റോമുമായി
സമാധാനം സ്ഥാപിക്കു ന്നതിനുമുമ്പ്,
ഇനിയും അനേകം പിന്മാറ്റങ്ങൾ
നടത്തേണ്ടതായിട്ടുണ്ടെന്ന്
അദ്ദേഹത്തിനു മനസ്സിലായി. താൻ
പ്രവേശിച്ചിരിക്കുന്ന പാത സമ്പൂർണ്ണ
വിശ്വാസ ത്യാഗത്തിലേ
അവസാനിക്കുകയുള്ളായിരുന്നു.
അല്പകാലത്ത കഷ്ടതകളിൽനിന്നു
രക്ഷപെടാൻ വേണ്ടി തൻറെ

കർത്താവിനെ തള്ളിപ്പറയുകയില്ലെന്ന്
അദ്ദേഹം അവസാനമായി
തീരുമാനമെടുത്തു.

ഏറെ വൈകാതെ വീണ്ടും അദ്ദേഹത്തെ
കൗൺസിലിൽ ഹാജരാക്കി.
അദ്ദേഹത്തിൻറെ കീഴടങ്ങൽ
ന്യായാധിപന്മാരെ
തൃപ്തരാക്കിയിരുന്നില്ല. ഹസ്സിൻറെ
മരണത്തിലൂടെ അവരുടെ രക്തദാഹം
ശമിച്ചിരുന്നില്ല. അവർ പുതിയ ഇരകളെ
അന്വേഷിച്ചുകൊണ്ടിരുന്നു. സത്യം
സമ്പൂർണ്ണമായി
ബലിയർപ്പിച്ചാലല്ലാതെ ജെറോമിനു
തൻറെ ജീവൻ
രക്ഷിക്കാനാകില്ലായിരുന്നു. എന്നാൽ
അദ്ദേഹം തൻറെ വിശ്വാസത്തിനുവേണ്ടി

വീണ്ടും പ്രതിജ്ഞയെടുത്തുകൊണ്ട്
തൻറെ സഹരക്തസാക്ഷിയുടെ
പിന്നാലെ തീയിലേക്കു പോകുവാൻ
തീരുമാനിച്ചുകഴിഞ്ഞിരുന്നു.

അദ്ദേഹം തൻറെ പഴയ പിൻവാങ്ങൽ
ഉപേക്ഷിക്കുകയും, മരിക്കാൻ പോകുന്ന
വ്യക്തിയെന്ന നിലയിൽ
പ്രതിവാദത്തിനുള്ള പാവനമായ
ഒരവസരം ആവശ്യമായിവരുകയും
ചെയ്തു. അദ്ദേഹത്തിൻറെ വാക്കുകളുടെ
സ്വാധീനത്തെ ഭയന്നിട്ട്,
അദ്ദേഹത്തിൻറെ നേരേ
ഉന്നയിക്കപ്പെട്ടിരിക്കുന്ന
ആരോപണങ്ങൾ അംഗീകരിക്കുകയോ
അംഗീകരിക്കാതിരിക്കുകയോ മാത്രം
ചെയ്താൽ മതിയെന്ന് പ്രധാന മൂപ്പന്മാർ

നിർബ്ബന്ധിച്ചു. അത്തരം
അന്യായത്തേയും ക്രൂരതയേയും
എതിർത്തുകൊണ്ട് ജെറോം
പ്രസ്താവിച്ചു: "അഴുക്കിൻറേയും,
ശബ്ദത്തിൻറേയും,
ദുർഗ്ഗന്ധത്തിന്റേയും, എല്ലാ
ഇല്ലായ്മകളുടേയും നടുവിൽ നിങ്ങൾ
എന്നെ മുന്നൂറ്റി നാല്പതു ദിവസം
ബന്ധിച്ചിട്ടു. എന്നിട്ടിപ്പോൾ എൻറെ
അന്തകന്മാരായ ശത്രുക്കൾക്കു ചെവി
കൊടുത്തുകൊണ്ട് നിങ്ങൾ ഞാൻ
പറയുന്നതു കേൾക്കുന്നില്ല......
നിങ്ങൾ യഥാർത്ഥമായും
ജ്ഞാനികളും ലോകത്തിൻറെ
വെളിച്ചങ്ങളും ആകുന്നുവെങ്കിൽ,
നീതിക്കെതിരേ പാപം
ചെയ്യാതിരിക്കാൻ ശ്രദ്ധിച്ചുകൊൾവിൻ.

എന്നെ സംബന്ധിച്ചിടത്തോളം ഞാൻ ഒരു ബലഹീനനായ മർത്യൻ മാത്രം. എൻറെ ജീവന്ന വലിയ പ്രാധാന്യമൊന്നുമില്ല. നിങ്ങൾ അനീതിയുള്ള ഒരു വിധി പ്രസ്താവിക്കരുതെന്നു പറയുമ്പോൾ അത് എന്നേക്കാളുപരി നിങ്ങളെ ഉദ്ദേശിച്ചാകുന്നു". -- Ibid., vol. 2, pp. 146, 147.

ഒടുവിൽ അദ്ദേഹത്തിൻറെ അപേക്ഷ അനുവദിച്ചു. പരിശുദ്ധാത്മാവു തൻറെ ചിന്തകളേയും വാക്കുകളേയും നിയന്ത്രിക്കേണ്ടതിനും, സത്യത്തിനോ യജമാനൻറെ ഹിതത്തിനോ വിരുദ്ധമായി ഒന്നും സംസാരിക്കാതിരിക്കേണ്ടതിനും, ആ

സഭയുടെ മുമ്പാകെ ജെറോം മുട്ടുകുത്തി പ്രാർത്ഥിച്ചു. കർത്താവു തൻറെ ശിഷ്യന്മാർക്കു കൊടുത്ത വാഗ്ദത്തം അന്നദ്ദേഹത്തിൻറെ ജീവിതത്തിൽ നിറവേറി: "അവർ നിങ്ങളെ ന്യായാധിപസഭകളിൽ ഏല്പിക്കയും... എൻറെ നിമിത്തം നാടുവാഴികൾക്കും രാജാക്കന്മാർക്കും മുമ്പിൽ കൊണ്ടുപോകയും ചെയ്യും. എന്നാൽ നിങ്ങളെ ഏല്പിക്കുമ്പോൾ എങ്ങിനെയോ എന്തോ പറയേണ്ടു എന്നു വിചാരപ്പെടേണ്ടാ; പറവാനുള്ളതു ആ നാഴികയിൽത്തന്നെ നിങ്ങൾക്കു ലഭിക്കും. പറയുന്നതു നിങ്ങൾ അല്ല, നിങ്ങളിൽ പറയുന്ന നിങ്ങളുടെ പിതാവിൻറെ ആത്മാവത്രേ" (മത്താ. 10:17-20).

ജെറോമിൻറെ വാക്കുകൾ ശത്രുക്കളിൽപ്പോലും അത്ഭുതവും ആദരവും ഉളവാക്കി. വായിക്കാനോ പുസ്തകങ്ങൾ കാണാനോപോലും കഴിയാതെ, ഭയങ്കരമായ ശാരീരിക കഷ്ടതയിലും മാനസ്സികമായ ആകാംക്ഷയിലും ഒരു വർഷം മുഴുവൻ അദ്ദേഹം ഒരു ജയിലറയ്ക്കുള്ളിൽ ബന്ധിതനായിരുന്നു. എന്നിട്ടും അദ്ദേഹത്തിൻറെ വാദഗതികൾ, നിരന്തരമായി പഠിച്ചുകൊണ്ടിരിക്കുമ്പോഴത്തേതുപോലെ ശക്തമായും വ്യക്തമായും അവതരിപ്പിച്ചു. അനീതിയുള്ള ന്യായാധിപന്മാർ കുറ്റം വിധിച്ചതായ വിശുദ്ധന്മാരുടെ നീണ്ട നിരയിലേക്ക് അദ്ദേഹം തൻറെ

ശ്രോതാക്കളുടെ ശ്രദ്ധ തിരിച്ചു.
ഏകദേശം എല്ലാ തലമുറകളിലും,
തങ്ങളുടെ കാലത്തെ ആളുകളെ
ഉയർത്തുവാൻ ശ്രമിച്ചപ്പോൾ
തെറ്റിദ്ധരിക്കപ്പെടുകയും പുച്ഛിച്ചു
പുറന്തള്ളപ്പെടുകയും ചെയ്തശേഷം
പില്ക്കാലങ്ങളിൽ അവർ
ബഹുമാന്യരായിരുന്നു എന്നു
തെളിയിക്കപ്പെട്ട ആളുകളുണ്ടായിരുന്നു.
യേശുക്രിസ്തുപോലും നീതികെട്ട ഒരു
ന്യായാധിപ സഭയാൽ
ദൈവദൂഷകനെന്നു കുറ്റം വിധിക്കപ്പെട്ട
ആളായിരുന്നു.

നേരത്തേയുള്ള പിൻവാങ്ങലിൽ
ഹസ്സിനെതിരേയുള്ള ന്യായവിധിയെ
ജെറോം ശരി വെച്ചിരുന്നു. ഈ

സമയത്ത് അദ്ദേഹം ആ തെറ്റിനേക്കുറിച്ച് അനുതപിക്കുകയും, ആ രക്തസാക്ഷിയുടെ വിശുദ്ധിയേക്കുറിച്ചും നിഷ്കളങ്കതയേക്കുറിച്ചും സാക്ഷിക്കുകയും ചെയ്തു. അദ്ദേഹം പറഞ്ഞു: "എനിക്കദ്ദേ ഹത്തെ ബാല്യം മുതൽ അറിയാം. അദ്ദേഹം നീതിമാനും വിശുദ്ധനുമായ

ശ്രേഷ്ടനായ ഒരു വ്യക്തി ആയിരുന്നു. അദ്ദേഹത്തിൻറെ നിഷ്കളങ്കതയെ കണക്കിലെടുക്കാതെയാണു കുറ്റം വിധിച്ചത്.... ഞാനും മരിക്കാൻ തയ്യാറാണ്, എൻറെ ശത്രുക്കളും കള്ളസാക്ഷികളും എനിക്കുവേണ്ടി ഒരുക്കിയിരിക്കുന്ന പീഡനങ്ങളുടെ മുമ്പിൽ ഞാൻ പിന്മാറുകയില്ല. ആർക്കും വഞ്ചിക്കാനാകാത്ത

വലിയവനായ ദൈവത്തിൻറെ മുമ്പാകെ ഒരു ദിവസം അവരെല്ലാവരും കണക്കു ബോധിപ്പിക്കേണ്ടിവരും”. - Bonnechose, vol. 2, p. 151.

മുമ്പു താൻ സത്യത്തെ തള്ളിപ്പറഞ്ഞതിലുള്ള ആത്മനിന്ദയോടെ ജെറോം തുടർന്നു: “വിശുദ്ധ രക്തസാക്ഷിയും എൻറെ സ്നേഹിതനും യജമാനനുമായ ജോൺ ഹസ്സിനെതിരേയും, വിക്ലിഫിനെതിരേയും നടത്തിയ കുറ്റാരോപണങ്ങളെ ഞാൻ അംഗീകരിച്ചതിലൂടെ ഈ ഭയാനകമായ സ്ഥലത്ത് ഞാൻ ചെയ്ത പാപംപോലെ എൻറെ മനസ്സിനെ വേദനിപ്പിക്കുകയും എന്നോടുതന്നെ കഠിനമായ

വെറുപ്പുളവാക്കുകയും ചെയ്ത മറ്റൊരു പാപവും യൗവ്വ കാലം മുതലിങ്ങോട്ടു ഞാൻ ചെയ്തിട്ടില്ല. അതേ! ഞാൻ ഹൃദയാന്തർഭാഗത്തുനിന്ന് ഏറ്റുപറയുന്നു. ഒരു മരണഭീതിയാൽ ഞാൻ അവരുടെ തത്വങ്ങളെ ആക്ഷേപിച്ചപ്പോൾ എനിക്കൊരു ലജ്ജാകരമായ വീഴ്ചയാണു സംഭവിച്ചതെന്ന് ഭീതിയോടെ ഞാൻ പ്രഖ്യാപിക്കുന്നു. അതുകൊണ്ട് ഞാൻ അപേ ക്ഷിക്കുന്നു... സർവ്വശക്തനായ ദൈവമേ എൻറെ പാപങ്ങൾ ക്ഷമിക്കേണമേ, പ്രത്യേകിച്ചും ഈ ഒരെണ്ണം, എല്ലാറ്റിലുംവെച്ച് ഏറ്റവും ഹീനമായത്", തൻറെ മുമ്പിലിരുന്ന ന്യായാധിപന്മാരെ നോക്കിക്കൊണ്ട് ശക്തമായിട്ടദ്ദേഹം പറഞ്ഞു:

“വിക്ലിഫിനേയും ജോൺ ഹസ്സിനേയും സഭയുടെ പ്രമാണങ്ങൾക്കു കുലു ക്കമുണ്ടാക്കിയതിനല്ല നിങ്ങൾ കുറ്റം വിധിച്ചത്. പിന്നെയോ പുരോഹിതന്മാ രിൽനിന്നു പുറപ്പെടുന്ന ദുഷ്ടതകളെ - അവരുടെ ആഡംബരവും, അഹങ്കാരവും പുരോഹിതന്മാരുടേയും മേൽപ്പട്ടക്കാരുടേയും മറ്റെല്ലാ നീചകൃത്യങ്ങളും - അവർ നിന്ദ്യമെന്നു മുദ്രകുത്തിയതുകൊണ്ടാകുന്നു. അവർ ഉറപ്പിച്ചതും, ഒരിക്കലും മാറ്റമില്ലാത്തതുമായ ആ വക കാര്യങ്ങളേക്കുറിച്ച് ഞാനും അവരേപ്പോലെ തന്നെ ചിന്തിക്കുകയും പ്രസ്താവിക്കുകയും ചെയ്യുന്നു”.

അദ്ദേഹത്തിൻറെ വാക്കുകൾ ഇടയ്ക്കുവെച്ചു തടസ്സപ്പെടുത്തപ്പെട്ടു. പ്രതി കാരവാഞ്ഛയാൽ വിറയ്ക്കുന്നതായ മേൽപട്ടക്കാർ വിളിച്ചുകൂവി: "കൂടുതൽ തെളിവിൻറെ ആവശ്യമെന്താകുന്നു? ഏറ്റവും വലിയ മതവിദ്വേഷിയെ ഞങ്ങൾ സ്വന്ത കണ്ണാൽ കാണുന്നു!"

കൊടുങ്കാറ്റിൽ അല്പം പോലും ചലിക്കാതെ ജെറോം പ്രസ്താവിച്ചു: "എന്ത്! മരിക്കാൻ എനിക്കു ഭയമാണെന്നു നിങ്ങൾ ചിന്തിക്കുന്നുവോ? ഭയാനകമായ ഒരു കാരാഗൃഹത്തിൽ നിങ്ങൾ ഒരു വർഷക്കാലം എന്നെ അടച്ചിട്ടു. അതു മരണത്തേക്കാൾ ഭയങ്കരമായിരുന്നു. ഒരു തുർക്കിക്കാരനോ, യെഹൂദനോ, പുറം

ജാതിക്കാരനോ കാണിക്കുന്നതിനേക്കാൾ ഭയങ്കരമായ ക്രൂരത നിങ്ങൾ എന്നോടു കാണിച്ചു. എൻറെ മാംസം ജീവനോടെ എൻറെ അസ്ഥികളിൽനിന്ന് വേർപെട്ടുപോയി. എങ്കിലും ഞാൻ പരാതി പറയുന്നില്ല. കാരണം, വിലപിക്കുന്നതിലൂടെ ഒരു മനുഷ്യൻറെ ഹൃദയവും ആത്മാവും ക്ഷീണിച്ചു പോകും. എന്നാൽ ഒരു ക്രിസ്ത്യാനിയുടെ നേരേയുള്ള ഇത് ബർബരമായ നടപടിയിലുള്ള എൻറെ ആശ്ചര്യം പ്രസ്താവിക്കാതിരിക്കാനാവില്ല". - Ibid. vol. 2, pp. 151-153.

വീണ്ടും പ്രതിഷേധത്തിൻറെ കാറ്റ് പൊട്ടിപ്പുറപ്പെടുകയും ജെറോമിനെ

പെട്ടെന്നു ജയിലിലേക്കു മാറ്റുകയും ചെയ്തു. അദ്ദേഹത്തിൻറെ വാക്കുകൾ ആഴത്തിൽ സ്വാധീനിച്ച ചില ആളുകൾ ആ സഭയിലുണ്ടായിരുന്നു. അവർ അദ്ദേഹത്തിൻറെ ജീവൻ രക്ഷിക്കാനാഗ്രഹിച്ചു. സഭയിലെ വിശിഷ്ട വ്യക്തികൾ അദ്ദേഹത്തെ സന്ദർശിച്ച്, കൗൺസിലിനു സ്വയം കീഴടങ്ങുവാൻ നിർബ്ബന്ധിച്ചു. റോമിനോടുള്ള തൻറെ എതിർപ്പ് ഉപേക്ഷിക്കുന്നതിനു പാരിതോഷികമായി ഏറ്റവും ആകർഷകമായ മോഹന വാഗ്ദാനങ്ങൾ അദ്ദേഹത്തിൻറെ മുമ്പാകെ വെച്ചു. എന്നാൽ തൻറെ ഗുരുവിനേപ്പോലെതന്നെ ലോകത്തിൻറെ

മഹത്വം വാഗ്ദത്തം ചെയ്തപ്പോഴും ജെറോം ഉറച്ചുനിന്നു.

അദ്ദേഹം പറഞ്ഞു: "വിശുദ്ധ വചനങ്ങളിൽനിന്നും ഞാൻ തെറ്റുകാര നാണെന്നു തെളിയിക്കു, ആ തെറ്റുകൾ ഞാൻ ഉപേക്ഷിക്കാം!"

"വിശുദ്ധവചനങ്ങൾ!" പരീക്ഷകരിൽ ഒരുവൻ ആശ്ചര്യദ്യോതകമായി പറഞ്ഞു, "അപ്പോൾ എല്ലാ കാര്യങ്ങളും അതുവെച്ചു വിധിക്കണമെന്നാണോ? സഭ അവയെ വിശദീകരിക്കുന്നതുവരെ അവയെ ആർക്കു ഗ്രഹിക്കാനാകും?"

"മനുഷ്യരുടെ പാരമ്പര്യങ്ങൾ നമ്മുടെ രക്ഷിതാവിൻറെ സുവിശേഷത്തേ ക്കാൾ

ഉപരി വിശ്വാസയോഗ്യമെന്നോ?" ജെറോം ചോദിച്ചു. "പൌലൊസ് തൻറെ ലേഖനങ്ങളിൽ മനുഷ്യരുടെ പാരമ്പര്യങ്ങൾ ശ്രദ്ധിക്കണമെന്ന് ഉപദേശിച്ചില്ലല്ലോ? പിന്നെയോ, "തിരുവചനങ്ങളെ ശോധന ചെയ്വിൻ" എന്നു പറഞ്ഞിരിക്കുന്നു".

"മതദ്രോഹീ! ഞാൻ നിന്നോടിത്രയും നേരം അഭ്യർത്ഥന നടത്തിയതിൽ ഖേദിക്കുന്നു. നിന്നെ പിശാചു ബാധിച്ചിരിക്കുകയാണെന്നു ഞാൻ കാണുന്നു" എന്നായിരുന്നു മറുപടി. - Wylie, b. 3, ch. 10.

ഏറെത്താമസിയാതെ അദ്ദേഹത്തിൻറെ മേൽ ന്യായവിധി നടത്തി. ഹസ്സ്

തൻറെ ജീവൻ ബലിയർപ്പിച്ച അതേ സ്ഥലത്തേക്ക് അദ്ദേഹത്തേയും കൊണ്ടു പോയി. സമാധാനവും സന്തോഷവും നിറഞ്ഞ മുഖത്തോടെ അദ്ദേഹം പാട്ടു പാടിക്കൊണ്ടു കടന്നുപോയി. അദ്ദേഹത്തിൻറെ ദൃഷ്ടി ക്രിസ്തുവിന്മേൽ കേന്ദ്രീകരിച്ചിരുന്നതുകൊണ്ട്, തൻറെ മുമ്പിൽ മരണത്തിൻറെ എല്ലാ ഭീകരതയും നഷ്ട പ്പെട്ടിരുന്നു. വിറകിനു തീ കൊളുത്തുവാൻ ആരാച്ചാർ അദ്ദേഹത്തിൻറെ പുറകിലെത്തിയപ്പോൾ രക്തസാക്ഷി വിളിച്ചുപറഞ്ഞു, “ധൈര്യമായി മുന്നോട്ടു വരൂ; എൻറെ മുഖത്തിൻറെ മുമ്പാകെ തന്നെ തീ കത്തിക്കൂ. എനിക്കു ഭയമുണ്ടായിരുന്നെങ്കിൽ ഞാൻ ഇവിടെ വരികില്ലായിരുന്നു.”

തീജ്വാലകൾ ചുറ്റിലും ഉയർന്നപ്പോൾ അദ്ദേഹത്തിൻറെ അവസാന വാക്കുകൾ ഒരു പ്രാർത്ഥനയായിരുന്നു. “കർത്താവേ, സർവ്വശക്തനായ പിതാവേ,” അദ്ദേഹം നിലവിളിച്ചു, “ഞാൻ എല്ലായ്പ്പോഴും നിൻറെ സത്യത്തെ സ്നേഹിച്ചുവെന്ന് നീ അറിയുന്നതുകൊണ്ട്, എന്നോടു ദയതോന്നി, എൻറെ പാപങ്ങൾ ക്ഷമിക്കേണമേ”. - Bonnechose, vol. 2, p. 168. അദ്ദേഹത്തിൻറെ ശബ്ദം നിലച്ചു, എന്നാൽ ചുണ്ടുകൾ പ്രാർത്ഥനയിൽ ചലിച്ചുകൊണ്ടിരുന്നു. തീജ്വാലകൾ അവയുടെ ജോലി പൂർത്തിയാക്കിയപ്പോൾ, രക്തസാക്ഷിയുടെ ചിതാഭസ്മവും അതു

കിടന്ന മണ്ണും വാരിയെടുത്ത്, ഹസ്സിൻറേതുപോലെ തന്നേ റൈൻ നദിയിലെറിഞ്ഞു.

അങ്ങനെ ദൈവത്തിൻറെ വെളിച്ചവാഹകർ നശിച്ചു. എന്നാൽ അവർ പ്രസംഗിച്ച സത്യങ്ങളുടെ വെളിച്ചവും, അവർ കാണിച്ച ധീരമായ മാതൃകയുടെ വെളിച്ചവും അണയ്ക്കുവാൻ സാധിക്കുകയില്ല. ഭൂമിയുടെ മേൽ അപ്പോൾ തന്നെ ഉദയം ചെയ്യാനാരംഭിച്ചിരുന്ന പുതുദിനത്തിൻറെ പ്രഭാതത്തെ തടയുവാൻ മനുഷ്യർ സൂര്യൻറെ ഗതി തിരിച്ചുവിടാൻ ശ്രമിക്കുന്നതുപോലെയാണിത്.

ഹസ്സിൻറെ കൊലപാതകം ബൊഹീമിയയിലുടനീളം ഒരു ഭീതിയുടേയും പുച്ഛത്തിൻറേയും ജ്വാല ഉയർത്തിയിരുന്നു. അദ്ദേഹം പുരോഹിതന്മാരുടെ അസൂയയുടേയും ചക്രവർത്തിയുടെ വഞ്ചനയുടേയും ഇരയാകുകയായിരു ന്നെന്ന് രാജ്യത്തുടനീളം ഒരു ചിന്ത പരന്നു. അദ്ദേഹം സത്യത്തിൻറെ ഒരു വിശ്വസ്തനായ അദ്ധ്യാപകനാണെന്ന് പ്രസ്താവിക്കപ്പെട്ടിരുന്നതുകൊണ്ട്, അദ്ദേഹത്തെ നശിപ്പിക്കാനുള്ള കൗൺസിലിന്റെ തീരുമാനത്തെ കൊലപാതകമെന്ന് മുദ്രകുത്തി. ഇപ്പോൾ അദ്ദേഹത്തിൻറെ പഠിപ്പിക്കലുകൾ മുമ്പത്തേക്കാളും കൂടുതൽ ശ്രദ്ധ പിടിച്ചുപറ്റി. പാപ്പാത്വ കല്പനകളിലൂടെ

വിക്ലിഫിൻറെ എഴുത്തുകൾ ചുട്ടെരിച്ചുകളഞ്ഞിരുന്നു. എന്നാൽ നശിപ്പിക്കപ്പെടാതെ അവ ശേഷിച്ചവ, ഇപ്പോൾ ഒളിവിടങ്ങളിൽനിന്നു പുറത്തു കൊണ്ടുവരികയും ബൈബിളുമായി താരതമ്യം ചെയ്തു പഠിക്കുകയും ചെയ്തു. ഭാഗങ്ങളായിട്ടുപോലും ആളുകൾക്കു കിട്ടിയ രീതിയിൽ പഠിക്കുകയും, അനേകർ നവീകരണ വിശ്വാസം സ്വീകരിക്കാൻ ഇടയാക്കുകയും ചെയ്തു.

ഹസ്സിൻറെ കൊലപാതകികൾ, അദ്ദേഹത്തിൻറെ പ്രസ്ഥാനത്തിൻറെ വിജയം കണ്ടുകൊണ്ട് അടങ്ങിയിരുന്നില്ല. പ്രസ്തുത നീക്കത്തെ അടിച്ചൊതുക്കുവാൻ പോപ്പും ചക്രവർത്തിയും

ഒന്നിച്ചുചേർന്നുകൊണ്ട്, സിഗിസ്മണ്ടിൻറെ സൈന്യങ്ങളെ ബൊഹീമിയയിലേക്കയച്ചു.

എന്നാൽ ഒരു രക്ഷകൻ എഴുന്നേല്പിക്കപ്പെട്ടു. യുദ്ധം ആരംഭിച്ചശേഷം പൂർണ്ണമായും അന്ധനായിത്തീർന്ന സിസ്കാ, ബൊഹീമിയക്കാരുടെ നേതാവും, ആ കാലഘട്ടത്തിലെ ഏറ്റവും കഴിവുള്ള ഒരു പടത്തലവനുമായിരുന്നു. ദൈവിക സഹായത്തിലും തങ്ങളുടെ ദൗത്യത്തിൻറെ നീതിയിലും ആശ്രയിച്ചു കൊണ്ട്, അവിടുത്തെ ജനം തങ്ങളുടെ നേർക്ക് ആഞ്ഞടിക്കാവുന്ന ഏറ്റവും സുശക്തമായ സൈന്യത്തെ ചെറുത്തുനിന്നു. ചക്രവർത്തി വീണ്ടും

വീണ്ടും പുതിയ സൈന്യങ്ങളുമായി ബൊഹീമിയയെ ആക്രമിക്കുകയും എല്ലാത്തവണയും ലജ്ജാകരമായി തോറ്റോടുകയും ചെയ്തു. ഹസ്സിൻറെ അനുയായികളുടെ മരണഭീതി വിട്ടുമാറുകയും, ആർക്കും അവരുടെ നേരേ നില്ക്കാൻ വയ്യാതാകുകയും ചെയ്തു. യുദ്ധമാരംഭിച്ച് ഏതാനും വർഷങ്ങൾ കഴിഞ്ഞപ്പോൾ ധീരനായ സിസ്കാ അന്തരിച്ചു. എന്നാൽ അദ്ദേഹത്തേപ്പോലെതന്നെ ധീരനും കഴിവുള്ളവനും, ചിരരംഗങ്ങളിൽ കൂടുതൽ കഴിവുള്ള ഒരു നേതാവുമായിരുന്ന പ്രൊകോപിയസ് ആ വിടവു നികത്തി.

ബൊഹീമിയക്കാരുടെ ശത്രുക്കൾ,
അന്ധനായ പടത്തലവൻ
മരിച്ചുപോയെന്നറിഞ്ഞപ്പോൾ,
തങ്ങൾക്കു നഷ്ടപ്പെട്ടതെല്ലാം
വീണ്ടെടുക്കാനുള്ള അനു കൂലമായ
അവസരമായെന്നു വിചാരിച്ചു. അപ്പോൾ
ഹസ്സിൻറെ അനുയാ യികൾക്കെതിരേ
പോപ്പ് ഒരു കുരിശുയുദ്ധം
പ്രഖ്യാപിക്കുകയും വലിയൊരു
സൈന്യത്തെ
ബൊഹീമിയയിലേക്കയയ്ക്കുകയും ചെയ്തു.
എന്നാൽ ഭയാനകമായ പരാജയം
നേരിടേണ്ടിവന്നു. വീണ്ടും മറ്റൊരു
കുരിശുയുദ്ധം പ്രഖ്യാപിച്ചു.
യൂറോപ്പിലുടനീളം എല്ലാ പാപ്പാത്വ
രാജ്യങ്ങളിൽനിന്നും പടയാളികളും
പണവും, യുദ്ധസാമഗ്രികളും

ശേഖരിക്കപ്പെട്ടു. ഹസ്സിൻറെ അനുയായികളായ മതദ്രോഹികളെ ഒട്ടുവിൽ തുടച്ചുനീക്കുമെന്ന് ഉറക്കെ പ്രഖ്യാപിച്ചുകൊണ്ട് പാപ്പാത്വത്തിൻറെ കൊടിക്കീഴിൽ ജനസഹസ്രങ്ങൾ അണിനിരന്നു. വിജയിക്കുമെന്ന ഉറപ്പോടെ ആ വലിയ സൈന്യം ബൊഹീമിയയിൽ പ്രവേശിച്ചു. ജനങ്ങൾ അവരെ എതിർക്കുവാൻ അണിനിരന്നു. ഒരു നദിയുടെ ഇരുകരകളിലുമായി രണ്ടു സൈന്യവും മുഖാമുഖം അടുത്തു. "കുരിശുയുദ്ധക്കാർ മറ്റവരേക്കാൾ വളരെയേറെ ശക്തരായിരുന്നു. എന്നാൽ നദി കുറുകെ കടന്ന് ഹസ്സിൻറെ അനുയായികളെ യുദ്ധത്തിൽ നേരിടുന്നതിനുപകരം, ആ പടയാളികളെ നോക്കിക്കൊണ്ട് അവർ

നിശ്ശബ്ദരായി നിന്നു". - Wylie, b, 3, ch. 17. പിന്നീട് പെട്ടെന്നൊരു അസാധാരണ ഭീതി അവരുടെമേൽ വീണു. ഒരിക്കൽപോലും വാളെടുത്ത് വെട്ടാതെ, ആ ഭയങ്കരമായ സൈന്യം ഒരു അദൃശ്യ ശക്തിയാൽ പിരിച്ചയയ്ക്കപ്പെട്ടതുപോലെ ചിന്നഭിന്നമായി. ഹസ്സൈറ്റുകളുടെ സൈന്യം അവരെ പിന്തുടർന്ന് വലിയൊരു സംഘം ആളുകളെ കൊന്നൊടുക്കി. അതിൻറെ ഫലമായി വിജയികൾക്കു വലിയൊരു കൊള്ള ലഭിച്ചു. അങ്ങനെ യുദ്ധത്താൽ ദരിദ്രരായിത്തീരുന്നതിനുപകരം ബൊഹീമിയക്കാർ സമ്പന്നരായി.

ഏതാനും വർഷങ്ങൾ കഴിഞ്ഞ്, ഒരു പുതിയ പോപ്പിൻറെ കീഴിൽ വീണ്ടും ഒരു കുരിശുയുദ്ധം സംഘടിപ്പിച്ചു. മുമ്പത്തെപ്പോലെതന്നെ യൂറോപ്പിലുടനീളം എല്ലാ പാപ്പാത്വ രാജ്യങ്ങളിൽനിന്നും പടയാളികളേയും യുദ്ധ സാമഗ്രികളേയും സംഘടിപ്പിച്ചു. ഈ ജീവന്മരണ പോരാട്ടത്തിൽ പങ്കെടുക്കുന്നവർക്കു വാഗ്ദത്തം ചെയ്യപ്പെട്ട സമ്മാനങ്ങൾ വലുതായിരുന്നു. ഓരോ പോരാളിക്കും അവൻറെ എത്ര നികൃഷ്ടമായ പാപവും പൂർണ്ണമായി ക്ഷമിച്ചു കൊടുക്കുമെന്നുറപ്പു കൊടുത്തു. യുദ്ധത്തിൽ മരണമടയുന്നവർക്കു സ്വർഗ്ഗത്തിൽ വലിയൊരു പ്രതിഫലം വാഗ്ദത്തം ചെയ്തു. ജീവനോടെ ശേഷിക്കുന്നവർ

യുദ്ധക്കളത്തിൽ ബഹുമതിയും ധനവും കൊയ്യും. വീണ്ടും വൻപിച്ച ഒരു സൈന്യത്തെ ശേഖരിച്ചുകൊണ്ട്, അവർ അതിർത്തി കടന്ന് ബൊഹീമിയയിൽ പ്രവേശിച്ചു. ഹസ്സൈറ്റുകളുടെ സൈന്യം അവരുടെ മുമ്പിൽ നിന്നു പിന്തിരിഞ്ഞോടിക്കൊണ്ട് ശത്രുക്കളെ രാജ്യത്തിൻറെ ഉൾഭാഗത്തേക്കാനയിച്ചു. വിജയം നേടിക്കഴിഞ്ഞുവെന്ന് ആക്രമണകാരികൾ കണക്കുകൂട്ടി. എന്നാൽ അവസാനം പ്രൊകോപിയസ്സിൻറെ സൈന്യം തിരിഞ്ഞു ശത്രുക്കളുടെ നേരേയ ടുത്തു യുദ്ധത്തിനു തയ്യാറായി. കുരിശുയുദ്ധക്കാർ തങ്ങൾക്കു പറ്റിയ അമളി മനസ്സിലാക്കിക്കൊണ്ട്, യുദ്ധം

ആരംഭിക്കാൻവേണ്ടി ക്യാമ്പിൽ പ്രതീക്ഷയോടെ കാത്തിരുന്നു. ആഗതമാകുന്ന സൈന്യത്തിൻറെ ശബ്ദം കേട്ടപ്പോൾ, ഹസ്സ്യർ കാഴ്ചപ്പാടകലെ എത്തുംമുമ്പുതന്നെ, വീണ്ടും കുരിശുയുദ്ധക്കാരുടെമേൽ ഒരു ഭീതി നിഴലിട്ടു. രാജകുമാരന്മാരും, പടത്തലവന്മാരും, സാധാരണ പടയാളികളും ഒരുപോലെ യുദ്ധായുധങ്ങൾ വലിച്ചെറിഞ്ഞിട്ട് നാലുപാടും ഓടാൻതുടങ്ങി. ആക്രമണത്തിൻറെ നേതാവായിരുന്ന പോപ്പിൻറെ പ്രതിനിധി തൻറെ ഭയചകിതരായ, ചിതറിപ്പോയ സൈന്യത്തെ മുന്നോട്ടു നയിക്കാൻ പാഴ്ശ്രമം നടത്തി. തൻറെ അശ്രാന്ത പരിശ്രമങ്ങൾക്കൊടുവിൽ അദ്ദേഹവും

ഓടിപ്പോകുന്നവരുടെ കൂട്ടത്തിൽ അഭയം തേടേണ്ടതായി വന്നു. ഓടിപ്പോക്കു പൂർണ്ണമായിരുന്നു. വീണ്ടും വലിയൊരു കൊള്ള വിജയികൾക്കു ലഭിച്ചു.

യുദ്ധത്തിനു നല്ല രീതിയിൽ ശിക്ഷണവും ആയുധ സന്നാഹങ്ങളും ലഭിച്ചിരുന്ന, യുദ്ധപ്രിയരും ധീരന്മാരുമായി, യൂറോപ്പിലെ ഏറ്റവും ശക്തമായ രാജ്യങ്ങളിൽ നിന്നയയ്ക്കപ്പെട്ട വലിയൊരു സൈന്യം ഈ രണ്ടാമത്തെ തവണയും, ഇതുവരെ ബലഹീനമായിരുന്ന ഒരു കൊച്ചുരാജ്യത്തിലെ ചെറുത്തു നില്പുകാരുടെ നേരെ ഒരിക്കൽപ്പോലും വാളോങ്ങാതെ ഓടിപ്പോയിരിക്കുന്നു. ദിവ്യശക്തിയുടെ

ഒരു പ്രദർശനമായിരുന്നു ഇവിടെ. പ്രകൃതിക്കതീതമായ ഒരു ഭയം ആക്രമണകാരികളെ ആക്രമിച്ചു. ചെങ്കടലിൽ ഫറവോൻറെ സൈന്യത്തെ മറിച്ചിടുകയും, ഗിദെയോൻറെയും മുന്നൂറുപേരുടേയും മുമ്പാകെ മിദ്യാന്യസൈന്യത്തെ ഓടിക്കുകയും, അഹങ്കാരിയായ അശ്ശൂർ രാജാവിൻറെ സൈന്യത്തെ ഒറ്റ രാത്രികൊണ്ടു നിലംപരിചാക്കുകയും ചെയ്തവൻ, പീഡകൻറെ ശക്തി ക്ഷയിപ്പിക്കുവാൻ വീണ്ടും തൻറെ കരം നീട്ടി.
“ഭയമില്ലാതിരുന്നേടത്തു അവർക്കു മഹാഭയമുണ്ടായി; നിൻറെ നേരെ പാളയമിറങ്ങിയവൻറെ അസ്ഥികളെ ദൈവം ചിതറിച്ചുവല്ലോ. ദൈവം അവരെ

തള്ളിക്കളഞ്ഞതു കൊണ്ട് നീ അവരെ ലജ്ജിപ്പിച്ചു" (സങ്കീ. 53:5).

ശക്തിയാൽ കീഴടക്കാൻ സാദ്ധ്യമല്ലെന്നു മനസ്സിലാക്കിയ പാപ്പാത്വ നേതാക്കന്മാർ ഒടുവിൽ നയതന്ത്രനീക്കങ്ങളിലേക്കു തിരിഞ്ഞു. ബൊഹീമിയക്കാർക്ക് മനസ്സാക്ഷിയുടെ സ്വാതന്ത്ര്യം അനുവദിച്ചു എന്നവകാശപ്പെട്ടു കൊണ്ടുതന്നെ, അവരെ യഥാർത്ഥത്തിൽ റോമിൻറെ അധികാരത്തിലേക്ക് ഒറ്റിക്കൊടുക്കുന്ന ഒരു അനുരഞ്ജനത്തിലേക്കു പ്രവേശിച്ചു. റോമുമായി സമാധാനം സ്ഥാപിക്കുന്നതിനു നാലു വ്യവസ്ഥകൾ ബൊഹീമിയക്കാർ മുമ്പോട്ടു വെച്ചു. ബൈബിൾ സ്വതന്ത്രമായി

പ്രസംഗിക്കാൻ സാധിക്കുക,
തിരുവത്താഴത്തിൽ അപ്പവും വീഞ്ഞും
ഭക്ഷിക്കാൻ എല്ലാ സഭാംഗങ്ങൾക്കും
അവകാശമുണ്ടായിരിക്കുക,
ആരാധനയിൽ മാതൃഭാഷ
ഉപയോഗിക്കാൻ
സ്വാതന്ത്ര്യമുണ്ടായിരിക്കുക, എല്ലാ
ഭൗതിക അധികാരങ്ങളിൽനിന്നും
ഓഫീസുകളിൽനിന്നും
പുരോഹിതന്മാരെ പുറത്താക്കുക,
കുറ്റകൃത്യങ്ങൾ ഉണ്ടാകുമ്പോൾ
നീതിന്യായകോടതികൾക്കു
ജനങ്ങളുടെമേലും
പുരോഹിതന്മാരുടെമേലും ഒരുപോലെ
അധികാരം ഉണ്ടായിരിക്കുക
എന്നിവയായിരുന്നു ആ നാലു
വ്യവസ്ഥകൾ. ഒടുവിൽ

പാപ്പാധികാരികൾ “ഹസ്സ്യരുടെ നാലു വ്യവസ്ഥകളും അംഗീകരിക്കേണ്ടതാണെന്നു സമ്മതിച്ചു. എന്നാൽ അവ വിശദീകരിക്കാനുള്ള അവകാശം, അതായത് അവയുടെ പ്രത്യേക പ്രാധാന്യം നിർണ്ണയിക്കൽ, കൗൺസിലിന്റേതായിരിക്കണം - അല്ലെങ്കിൽ പോപ്പിൻറേയും രാജാവിൻറേയും അവകാശമായിരിക്കേണം”. - Wylie, b. 3, ch. 18. ഈ അടിസ്ഥാനത്തിൽ ഒരു ഉടമ്പടി ഒപ്പുവെയ്ക്കുകയും, യുദ്ധത്തിലൂടെ റോമിനു നേടാൻ കഴിയാഞ്ഞത് വഞ്ചനാമാർഗ്ഗത്തിലൂടെ നേടുകയും ചെയ്തു. ഹസ്സ്യരുടെ വ്യവസ്ഥകളിന്മേൽ സ്വന്തം വിശദീകരണം വെയ്ക്കുന്നതിലൂടെ; ബൈബിൾ

വിശദീകരിച്ചതുപോലെതന്നെ അവർക്ക് സ്വന്തം ഉദ്ദേശ്യങ്ങൾക്കനുസൃതമായി അവയുടെ അർത്ഥങ്ങളും വളച്ചൊടിക്കാം.

തങ്ങളുടെ സ്വാതന്ത്ര്യം ഈ ഉടമ്പടിയിലൂടെ ഒറ്റിക്കൊടുത്തുവെന്നു മനസ്സിലാക്കിയ വലിയൊരു വിഭാഗം ബൊഹീമിയക്കാർ ഉടമ്പടി അംഗീകരിക്കാൻ വിസ്സമ്മതിച്ചു. വിഭാഗീയതകളും ചേരിതിരിവുകളും ഉടലെടുക്കുകയും, അവർക്കിടയിൽത്തന്നെ കലഹങ്ങളും രക്തച്ചൊരിച്ചിലുകളും ഉണ്ടാകുകയും ചെയ്തു. ഈ കലഹത്തിൽ ശ്രേഷ്ഠനായ പ്രൊകോപിയസ് വീണുപോകു കയും

ബൊഹീമിയയുടെ സ്വാതന്ത്ര്യങ്ങൾ നശിക്കുകയും ചെയ്തു.

ഹസ്സിനേയും ജെറോമിനേയും ഒറ്റിക്കൊടുത്ത സിഗിസ്മണ്ട് ഇപ്പോൾ ബൊഹീമിയയുടെ രാജാവായിത്തീർന്നു. ബൊഹീമിയക്കാരുടെ സ്വാതന്ത്ര്യം സംരക്ഷിച്ചുകൊള്ളാമെന്നുള്ള തൻറെ പ്രതിജ്ഞ മറന്നുകൊണ്ട് അദ്ദേഹം പാപ്പാത്വ അധികാരം സ്ഥാപിച്ചെടുക്കാനുള്ള ശ്രമങ്ങൾ ആരംഭിച്ചു. എന്നാൽ റോമിൻറെ ആജ്ഞാനുവർത്തിയായതിലൂടെ അദ്ദേഹം കാര്യമായിട്ടൊന്നും നേടിയില്ല. ഇരുപതു വർഷക്കാലം അദ്ദേഹത്തിൻറെ ജീവിതത്തിൽ

കഷ്ടതകളും ദുരിതങ്ങളും നിറഞ്ഞുനിന്നു. സുദീർഘവും ഫലരഹിതവുമായ ഒരു പോരാട്ടത്തിലൂടെ അദ്ദേഹത്തിൻറെ സൈന്യം ക്ഷയിക്കുകയും ഖജനാവ് കാലിയാകുകയുംചെയ്തു. ഇപ്പോൾ ഒരു വർഷത്തെ ഭരണത്തിനുശേഷം തൻറെ രാജ്യത്തെ ഒരു ആഭ്യന്തര കലഹത്തിൻറെ വക്കിൽ വിട്ടുകൊണ്ടും, പിൻതലമുറയ്ക്ക് ഒരു ദുഷ്പേര് ബാക്കിവെച്ചുകൊണ്ടും അദ്ദേഹം മരിച്ചു.

കുഴപ്പങ്ങളും കലഹങ്ങളും രക്തച്ചൊരിച്ചിലും വീണ്ടും പൊട്ടിപ്പുറപ്പെട്ടു. വിദേശ സൈന്യങ്ങൾ വീണ്ടും ബൊഹീമിയയെ ആക്രമിക്കുകയും, ആഭ്യന്തര കലഹങ്ങൾ രാജ്യത്തെ വീണ്ടും ക്ഷീണിപ്പിക്കുകയും

ചെയ്തു. സുവിശേഷത്തോട് വിശ്വസ്തരായിരുന്നവരെ രക്ത ക്രൂക്ഷിതമായ ഒരു പീഡനത്തിന്ന വിധേയരാക്കി.

റോമുമായി ഉടമ്പടി ചെയ്ത ആളുകൾ അവരുടെ തെറ്റുകൾ ഉൾക്കൊള്ളാൻ തുടങ്ങിയപ്പോൾ, പുരാതന വിശ്വാസത്തിന്ന കീഴ്പെട്ടു നിന്നവർ ഒരു പ്രത്യേക സഭ രൂപീകരിക്കുകയും "യൂണൈറ്റഡ് ബ്രദറൺ" എന്ന പേരു സ്വീകരിക്കുകയും ചെയ്തു. എല്ലാ വിഭാഗത്തിനും അവരോടു ശത്രുതയുണ്ടാകാൻ ഇതു കാരണമായി. എങ്കിലും അവരുടെ സ്ഥിരത ഉലഞ്ഞില്ല. വനാന്തരങ്ങളിലും ഗുഹകളിലും അഭയം തേടാൻ നിർബ്ബന്ധിതരായെങ്കിലും,

ദൈവവചനം വായിക്കാനും
ആരാധനയിൽ ഒത്തുചേരാനും അവർ
കൂടിവന്നുകൊണ്ടിരുന്നു.

അവിടെയും ഇവിടെയും ഒറ്റപ്പെട്ട
സത്യസാക്ഷികൾ, ഈ പട്ടണത്തിൽ
കുറച്ചും ആ പട്ടണത്തിൽ കുറച്ചും എന്ന
നിലയിൽ തങ്ങളേപ്പോലെതന്നെ
പീഡനത്തിൻറെ ഇരകളായി
നിലകൊള്ളുന്നുവെന്ന് വിവിധ
രാജ്യങ്ങളിലേക്കയച്ച ദൂതന്മാരിൽ
നിന്നവർ മനസ്സിലാക്കി.
തിരുവചനത്തിൻറെ
അടിസ്ഥാനങ്ങളിന്മേൽ അധിഷ്ഠിതവും,
റോമിൻറെ വിഗ്രഹാർപ്പിതമായ
ദുർമ്മാർഗ്ഗങ്ങളെ എതിർക്കുകയും
ചെയ്യുന്ന ഒരു പുരാതന സഭ ആൽപ്സ്

പർവ്വതനിരകളിൽ സ്ഥിതിചെയ്യുന്നുവെന്നും അവർ മനസ്സിലാക്കി'. - Wylie, b. 3, ch. 19. ഈ രഹസ്യ അറിവ് വളരെ സന്തോഷത്തോടെ സ്വീകരിക്കുകയും, വാൽഡൻസിയൻ ക്രിസ്ത്യാനികളുമായി അവർ കത്തിടപാട് ആരംഭിക്കുകയും ചെയ്തു.

സുവിശേഷം മുറുകെപ്പിടിച്ചുകൊണ്ട്, ബൊഹീമിയക്കാർ, അവരുടെ പീഡനത്തിൻറെ രാത്രിയിലൂടെ ഏറ്റവും അന്ധകാരപൂർണ്ണമായ മണിക്കൂറിലും പ്രഭാതത്തിനുവേണ്ടി കാത്തുകൊണ്ട് തങ്ങളുടെ കണ്ണുകൾ ചക്രവാളത്തിലേക്കു തിരിച്ചിരിക്കുന്ന ആളുകളെപ്പോലെ കാത്തിരുന്നു. "കഷ്ടദിവസങ്ങളിലാണ്

അവരുടെ ചീട്ടുവീണത്.... എന്നാൽ പ്രഭാതം പൊട്ടിവിടരുന്നതിനു മുമ്പ് ഒരു നൂറ്റാണ്ടു കറങ്ങിത്തിരിയണമെന്ന് ആദ്യം ഹസ്സ് പറഞ്ഞതും പിന്നീട് ജെറോം എടുത്തു പറഞ്ഞതും അവർ ഓർമ്മിച്ചു. അടിമ വീട്ടിലായിരുന്ന ഇസ്രായേൽമക്കളോടുള്ള യോസഫിൻറെ വാക്കുകൾ പോലെയായിരുന്നു ഹസ്സ്യർക്ക് ഈ വാക്കുകൾ. യോസഫ് പറഞ്ഞു: ഞാൻ മരിക്കുന്നു; എന്നാൽ ദൈവം നിങ്ങളെ സന്ദർശിക്കുകയും ഈ ദേശത്തുനിന്ന് കൊണ്ടുപോകയും ചെയ്യും". - Ibid., p. 3, ch. 19. "പതിനഞ്ചാം നൂറ്റാണ്ടിൻറെ അവസാന കാലഘട്ടത്തിൽ ബ്രദറൺ സഭകൾ ക്രമേണയാണെങ്കിലും വളർന്നുകൊണ്ടിരുന്നു. പീഡനങ്ങൾ

ഉണ്ടായിരുന്നെങ്കിലും അവർ താരതമ്യേന സമാധാനം അനുഭവിച്ചു. പതിനാറാം നൂറ്റാണ്ടിൻറെ ആരംഭത്തിൽ ബൊഹീമിയയിലും മൊറാവിയയിലുമായി അവർക്ക് ഇരുന്നൂറ് സഭകൾ ഉണ്ടായിരുന്നു" - Ezra Hal Grillett, Life and Times of }ohn Huss, vol. 2, p. 570.

"അഗ്നിയുടേയും വാളിൻറേയും സംഹാരതാണ്ഡവത്തിൽനിന്നും രക്ഷപെട്ട്, ഹസ്സ് പ്രവചിച്ച ആ ദിവസത്തിൻറെ പ്രഭാതം കാണാൻ ഭാഗ്യം ലഭിച്ചതായ ശേഷിപ്പ് ഏറെ മനോഹരമായിരുന്നു". - Wylie, b. 3, ch. 19.

# അദ്ധ്യായം 7—റോമിൽനിന്നുള്ള ലൂഥറിൻറെ വേർപാട്

പാപ്പാത്വ അന്ധകാരത്തിൽനിന്നും പരിപാവന വിശ്വാസത്തിൻറെ വെളിച്ചത്തിലേയ്ക്ക് സഭയെ നയിക്കുവാൻ വിളിക്കപ്പെട്ടവരിൽ അഗ്രഗണ്യനായി മാർട്ടിൻ ലൂഥർ നിലകൊള്ളുന്നു. തീക്ഷ്ണത, ഉത്സാഹശീലം, സമർപ്പണം തുടങ്ങിയ ഗുണങ്ങൾ നിറഞ്ഞവനും, ദൈവഭയമൊഴികെ മറ്റൊരു ഭയവും അറിയാത്തവനും, വിശ്വാസത്തിനു വിശുദ്ധ തിരുവചനമെന്ന അടിസ്ഥാനമല്ലാതെ മറ്റൊന്നും അംഗീകരിക്കാത്തവനുമായ ലൂഥർ തൻറെ കാലഘട്ടത്തിലെ ശ്രേഷ്ഠ മനുഷ്യനായിരുന്നു; അവനിൽക്കൂടെ

സഭയെ നവീകരിക്കുന്നതിനും
ലോകത്തെ വെളിച്ചത്തിലേയ്ക്ക്
ആനയിക്കുന്നതിനുമുള്ള വലിയ വേല
ദൈവം പൂർത്തീകരിച്ചു.

ആദ്യനാളുകളിലെ സുവിശേഷ
ഘോഷകരെപ്പോലെ ദാരിദ്ര്യമനുഭവിച്ച
വരുടെ നിരയിൽ നിന്നുതന്നെയാണ്
ലൂഥറും കടന്നു വന്നത്. അവൻറെ ആദ്യ
കാലങ്ങൾ ഒരു ജർമ്മൻ കൃഷീവലൻറെ
ഗ്രാമീണ ഭവനത്തിൽ ചെലവിട്ടു. തൻറെ
വിദ്യാഭ്യാസത്തിനു വേണ്ടുന്ന
ചെലവുകൾ നേരിടുന്നതിന്
ഖനിത്തൊഴിലാളിയായിരുന്ന പിതാവ്
നിത്യേന കഠിനാദ്ധ്വാനം ചെയ്ത്
സമ്പാദിച്ചിരുന്നു. മകനൊരു
നിയമജ്ഞനാകണമെന്ന് പിതാവ്

ആഗ്രഹിച്ചു; എന്നാൽ അവനെ നൂറ്റാണ്ടുകളിലൂടെ സാവധാനം പുരോഗമിച്ചുവരുന്ന മഹത്തായ ദൈവമന്ദിരത്തിൻറെ ഒരു ശില്പിയാക്കിത്തീർക്കുവാൻ ദൈവം തീരുമാനിച്ചു. അതിപ്രധാനമായ തൻറെ ഈ ജീവിത ദൗത്യം നിറവേറ്റുന്നതിന് ഞെരുക്കം, സുഖസൗകര്യങ്ങളുടെ അഭാവം, തീക്ഷ്ണമായ അച്ചടക്കം എന്നിവയുടെ വിദ്യാലയത്തിൽ നിന്ന് ശിക്ഷണം പ്രാപിക്കുവാൻ അനന്തജ്ഞാനിയായ ദൈവം വഴിയൊരുക്കി.

ലൂഥറിൻറെ പിതാവ് ഉറച്ചതും കർമ്മനിരതനുമായ മനസ്സുള്ളവനും സൽസ്വഭാവിയും സത്യസന്ധനും

നിശ്ചയദാർഢ്യമുള്ളവനും സൻമാർഗ്ഗ നിഷ്ഠയുള്ളവനുമായ മനുഷ്യനായിരുന്നു. അനന്തരഫലം എന്തുതന്നെ ആയിരുന്നാലും ഉത്തമ വിശ്വാസമുള്ള തൻറെ ചുമതലയിൽ അദ്ദേഹം നീതി കാട്ടിയിരുന്നു. അടിസ്ഥാന മൂല്യമുള്ള തൻറെ സൽബുദ്ധി ക്രിസ്തീയ പുരോഹിതന്മാരുടെ ആശ്രമ ജീവിതത്തെ സംശയ ദൃഷ്ടിയിൽ വീക്ഷിക്കുവാൻ വഴി തെളിച്ചു. തൻറെ അനുവാദം കൂടാതെ ലൂഥർ മഠത്തിൽ ചേർന്നതിൽ അദ്ദേഹം വളരെയധികം അസന്തുഷ്ടി നിറഞ്ഞവനായിത്തീർന്നു; രണ്ടു വർഷം കഴിഞ്ഞാണ് പിതാവ് പുത്രനോട് നിരന്നതെങ്കിലും അപ്പോഴും

തൻറെ അഭിപ്രായം പഴയതുപോലെ തന്നെയായിരുന്നു.

മക്കളുടെ വിദ്യാഭ്യാസത്തിലും പരിശീലനത്തിലും ലൂഥറിൻറെ മാതാ പിതാക്കൾ വളരെ ശ്രദ്ധചെലുത്തിയിരുന്നു. ദൈവപരിജ്ഞാനത്തിനും ക്രിസ്തീയ ഗുണങ്ങൾ പ്രവൃത്തിയിലാക്കുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ അവർക്കു കൊടുക്കുവാൻ മാതാപിതാക്കൾ പ്രയത്നിച്ചിരുന്നു. മകൻ എല്ലായ്പ്പോഴും ദൈവനാമം സ്മരിക്കണമെന്നും ദൈവിക സത്യത്തിൻറെ പുരോഗതിക്ക് ഒരിക്കലവൻ സഹായകരമായിത്തീരണമെന്നും

കുട്ടിയായ ലൂഥർ കേൾക്കെ
പിതാവിൻറെ പ്രാർത്ഥന
സ്വർഗ്ഗത്തിലേയ്ക്ക് പലപ്പോഴും
കരേറിക്കൊണ്ടിരുന്നു.
കഠിനാദ്ധ്വാനത്താൽ പൂരിതമായ
അവരുടെ ജീവിതത്തിൽ
ധാർമ്മികമായും ബുദ്ധിപരമായുമുള്ള
സംസ്കാരത്തിൻറെ വളർച്ചയ്ക്ക്
കൈവന്നുകൊണ്ടിരുന്ന
അവസരങ്ങളെല്ലാം ഈ
മാതാപിതാക്കൾ തക്കത്തിൽ
ഉപയോഗിച്ചിരുന്നു. തങ്ങളുടെ മക്കളെ
ഭക്തിയും
പ്രയോജനമുള്ളവരുമാക്കിത്തീർക്കുന്ന
തിനവർ നിരന്തരം
ആത്മാർത്ഥപ്രയത്നം ചെയ്തിരുന്നു.
അവരുടെ ഉറപ്പും ബലവുമുള്ള സ്വഭാവം

നിമിത്തം ചിലപ്പോഴൊക്കെ കഠിനമായി കുട്ടികളെ ശാസിച്ചിരുന്നു; എന്നാൽ പലപ്പോഴും തങ്ങൾ തെറ്റിപ്പോകാൻ സാദ്ധ്യതയുണ്ടെന്ന ബോദ്ധ്യമുണ്ടായിരുന്ന ആ വലിയ നവീകരണ കർത്താവ് തനിക്ക് ലഭിച്ച ശിക്ഷണ നടപടിയെ കുറ്റം വിധിക്കാതെ സ്വീകരിക്കുകയാണുണ്ടായത്.

ചെറുപ്രായത്തിൽത്തന്നെ താൻ പ്രവേശിച്ച വിദ്യാലയത്തിൽ കഠിനവും ക്രൂരവുമായ പെരുമാറ്റമാണ് നേരിടേണ്ടിവന്നത്. തൻറെ ഭവനത്തിൽനിന്ന് അകലെ വേറൊരു പട്ടണത്തിലെ സ്കൂളിൽ പഠിച്ചുകൊണ്ടിരുന്ന തനിക്ക് മാതാപിതാക്കളുടെ കഠിനമായ

ദാരിദ്ര്യംനിമിത്തം ഭക്ഷണം ലഭിക്കുന്നതിനുവേണ്ടി കുറേ നാളത്തേയ്ക്ക് വീടുകൾ തോറും കടന്നു ചെന്നു പാട്ടുപാടേണ്ടിവന്നു; പലപ്പോഴും അദ്ദേഹം വിശപ്പിനാൽ വലയുകയും ചെയ്തിരുന്നു. അക്കാലത്ത് നിലവിലിരുന്ന ഇരുളടഞ്ഞതും അന്ധവിശ്വാസം നിറഞ്ഞതുമായ മതസിദ്ധാന്തങ്ങൾ അദ്ദേഹത്തെ ഭയവിഹ്വലനാക്കിയിരുന്നു. തൻറെ മുന്നിൽ കാണപ്പെട്ട ഇരുൾ നിറഞ്ഞ ഭാവിയെ നിരന്തരഭയത്തോടെ വീക്ഷിച്ചു കൊണ്ട്, ദയാലുവായ സ്വർഗ്ഗീയ പിതാവിനെ ക്രൂരനായ സ്വേച്ഛാധിപതിയും മനസ്സലിവില്ലാത്ത നിർദ്ദയനായ ന്യായാധിപതിയുമാണെന്നു

ചിന്തിച്ചുകൊണ്ട് ശോകനിർഭരമായ ഹൃദയത്തോടെ രാത്രികാലങ്ങളിൽ അദ്ദേഹം കിടക്കുക പതിവായിരുന്നു.

എന്നിരുന്നാലും വിവിധങ്ങളായ അനവധി നിരാശകളുടെ മദ്ധ്യേ തൻറെ ആത്മാവിനെ ആകർഷിച്ചിരുന്ന ധാർമ്മികവും മാനസ്സികവുമായ ഉന്നത മാനദണ്ഡത്തിലേയ്ക്ക് ലൂഥർ നിശ്ചയദാർഢ്യത്തോടെ മുന്നേറിക്കൊണ്ടിരുന്നു. അറിവിനുവേണ്ടി താൻ ദാഹിച്ചിരുന്നു. നിഷ്ഠയുള്ള തൻറെ പ്രാവർത്തിക മനസ്സ് ബാഹ്യവും പുറംമോടിയും മാത്രമായതിനേക്കാളും ഈടുറ്റ ഉപയോഗപ്രദമായതിനെ ആഗ്രഹിച്ചിരുന്നു.

പതിനെട്ടു വയസ്സായപ്പോൾ എർഫർട്ട്
സർവ്വകലാശാലയിൽ പ്രവേശിച്ച്
അദ്ദേഹത്തിൻറെ അവസ്ഥ
ആദ്യകാലങ്ങളെക്കാളും അനുകൂലവും
പ്രതീക്ഷ പകാശ നിർഭരവുമായി
കാണപ്പെട്ടു. മാതാപിതാക്കൾ തങ്ങളുടെ
മിതവ്യയം കൊണ്ടും പ്രയത്നംകൊണ്ടും
പ്രാപിച്ച കാര്യക്ഷമത നിമിത്തം
മകനാവശ്യമായിരുന്ന എല്ലാ
സഹായങ്ങളും ചെയ്തുകൊടുത്തു.
വിവേകികളായ സ്നേഹിതരുടെ
സ്വാധീനം തൻറെ ആദ്യകാല
പരിശീലനത്തിൻറെ ഫലമായി
വന്നുകൂടിയ ഇരുണ്ട് പ്രകൃതത്തെ
കുറെയൊക്കെ ലഘൂകരിക്കാൻ
സഹായകമായി. അതി ശ്രേഷ്ഠന്മാരായ
ഗ്രന്ഥകർത്താക്കളുടെ കൃതികൾ

പഠിച്ചുതുടങ്ങിയ അദ്ദേഹം അവരുടെ
വിലയേറിയ ചിന്താധാരകളെ
നിധിപോലെ മനസ്സിൽ സൂക്ഷിക്കുകയും
ജ്ഞാനികളുടെ ബുദ്ധി
തൻറേതാക്കിത്തീർക്കുകയും ചെയ്തു.
തൻറെ പൂർവ്വകാല ഗുരുക്കന്മാരുടെ
കഠിന ശിക്ഷണത്തിൽ പോലും
ബഹുമതി വാങ്ങാനമായിരുന്ന
അദ്ദേഹത്തിൻറെ മനസ്സ് അനുകൂല
സാഹചര്യമുണ്ടാ യപ്പോൾ അതിവേഗം
വളർച്ച പ്രാപിച്ചു. തങ്ങി നില്ക്കുന്ന
ഓർമ്മശക്തി, ഓജസ്സുള്ള സങ്കല്പം,
ബലിഷ്ഠമായ യുക്തിശക്തി,
തളർന്നുപോകാത്ത
അർപ്പ്ണബോധം എന്നിവ
വളരെവേഗം അദ്ദേഹത്തെ തൻറെ
സഹപാഠികളുടെ

മുൻനിരയിലെത്തിച്ചു. ബുദ്ധിപരമായ അച്ചടക്കം തൻറെ അറിവിനെ പൂർണ്ണത യിലെത്തിക്കുകയും മനസ്സിൻറെ കർമ്മശേഷിയെ ഉണർത്തുകയും വിവേചനാ ശക്തിയെ ഉദ്ദീപിപ്പിക്കുകയും, ഇവയെല്ലാം ജീവിത പോരാട്ടങ്ങൾ നേരിടു ന്നതിനു അദ്ദേഹത്തെ സജ്ജമാക്കുകയും ചെയ്തു.

ഹൃദയത്തിൽ നിറഞ്ഞുനിന്നിരുന്ന ദൈവഭയം ലക്ഷ്യ പ്രാപ്തിയിലെത്തുന്നതിനു ലൂഥറിനെ സഹായിക്കുകയും ദൈവസന്നിധിയിൽ താഴ്മയോടെ ഇരിപ്പാൻ അദ്ദേഹത്തെ എല്ലായ്പ്പോഴും നിയന്ത്രിക്കുകയും ചെയ്തിരുന്നു. ദിവ്യ സഹായത്തിൻകീഴിൽ

ആശ്രയിക്കണമെന്നുള്ള ചിന്ത എപ്പോഴും തന്നിലുണ്ടായിരുന്നു. ഓരോ ദിവസവും പ്രാർത്ഥനയോടുകൂടെ ആരംഭിക്കുന്നതിൽ ഒരിക്കലും അദ്ദേഹം വീഴ്ചവരുത്തിയിരുന്നില്ല; അതേസമയം ദിവ്യ നടത്തിപ്പിനും സഹായത്തിനുമായി തൻറെ ഹൃദയം എപ്പോഴും പ്രാർത്ഥന നിശ്വസിച്ചുകൊണ്ടുമിരുന്നു. “ശരിയായി പ്രാർത്ഥിച്ചാൽ അത് പഠനത്തിൻറെ പകുതിയിലധികമാണ്” എന്നദ്ദേഹം പലപ്പോഴും പറയാറുണ്ടായിരുന്നു. - D'Aubigne, b.2, ch. 2.

ഒരു ദിവസം സർവ്വകലാശാലയുടെ വായനശാലയിൽ പുസ്തകങ്ങൾ നോക്കിക്കൊണ്ടിരുന്ന അദ്ദേഹം ലത്തീൻ ഭാഷയിലുള്ള ഒരു വേദപുസ്തകം

കണ്ടെത്തി. മുമ്പൊരിക്കലും ഇപ്രകാരമൊരു പുസ്തകം അദ്ദേഹം ദർശിച്ചിരുന്നില്ല. അതിൻറെ നിലനില്പ്പിൽപോലും താൻ അജ്ഞനായിരുന്നു. പരസ്യാരാധനാസമയത്ത് ജനങ്ങളെ വായിച്ചു കേൾപ്പിച്ചിരുന്ന സുവിശേഷത്തിൻറേയും ലേഖനത്തിൻറേയും ഭാഗങ്ങൾ കേട്ടിട്ടുണ്ടായിരുന്ന അദ്ദേഹം അത്രയുമാണ് മുഴുവേദപുസ്തകമെന്നു സങ്കല്പ്പിച്ചിരുന്നു. എന്നാൽ ഇപ്പോൾ ജീവിതത്തിലാദ്യമായി താൻ ദൈവവചനമാകമാനം ദർശിക്കുകയാണ്. അത്ഭുത പരതന്ത്ര നായി ഭയത്തോടെ അതിൻറെ വിശുദ്ധതാളുകൾ അദ്ദേഹം

മറിച്ചുനോക്കി; വർദ്ധിച്ചുവരുന്ന നാഡീസ്പന്ദനത്തോടും ഹൃദയമിടിപ്പോടുംകൂടെ താൻ സ്വന്തമായി ജീവൻറെ വചനം അതിൽനിന്നു വായിക്കുകയും ഇടയ്ക്കിടെ നിശ്ശ ബ്ദനായി നിന്നുകൊണ്ട് ഇപ്രകാരം ആശ്ചര്യപ്പെടുകയും ചെയ്തു: "ഇപ്രകാരം ഒരു പുസ്തകം എനിക്കു സ്വന്തമായി ദൈവം തന്നിരുന്നെങ്കിൽ!" - Ibid. b. 2, ch. 2. സ്വർഗ്ഗീയ ദൂതഗണം തൻറെ സമീപമുണ്ടായിരുന്നു; ദൈവ സിംഹാസനത്തിൽ നിന്നുള്ള പ്രകാശവീചികൾ തൻറെ മനസ്സിൽ സത്യ നിക്ഷേപം തുറന്നുകാട്ടി. അദ്ദേഹമെല്ലായ്പ്പോഴും ദൈവത്തെ കോപിഷ്ടനാക്കുന്നതിൽ ഭയപ്പെട്ടിരുന്നു, എന്നാൽ ഇപ്പോൾ താനൊരു

പാപിയാണെന്ന ആഴമേറിയ വിശ്വാസം മുമ്പെങ്ങുമില്ലാതിരുന്ന വിധം അദ്ദേഹത്തെ ഗ്രസിച്ചുകഴിഞ്ഞു.

പാപമോചനം പ്രാപിക്കുവാനും ദൈവമുമ്പാകെയുള്ള സമാധാനം ഉറപ്പു വരുത്തുവാനും ആത്മാർത്ഥമായി ആഗ്രഹിച്ചുകൊണ്ട് ഒരു സന്യാസി മഠത്തിൽ ചേർന്ന് ആശ്രമജീവിതം നയിക്കുവാൻ അവസാനമായി അദ്ദേഹം നിശ്ചയിച്ചു. ഇവിടെ അദ്ദേഹത്തിനു ഏറ്റവും താണ് ജോലി ചെയ്യുകയും വീടുകൾതോറും ഭിക്ഷയാചിക്കുകയും വേണമായിരുന്നു. ബഹുമാനവും അഭിനന്ദനവും ആർത്തിയോടെ ആഗ്രഹിക്കുന്ന പ്രായത്തിലായിരുന്ന അദ്ദേഹത്തിനു താണ നിലവാരത്തിലുള്ള

വീട്ടുജോലികൾ തൻറെ നൈസർഗ്ഗിക ചിന്തകളെ ആഴത്തിൽ മുറിവേൽപ്പിക്കുന്നതുപോലെ അനുഭവപ്പെട്ടു; എന്നാൽ തൻറെ പാപങ്ങൾ നിമിത്തം ഇതെല്ലാം അത്യാവശ്യമാണെന്നു വിശ്വസിച്ചു കൊണ്ട് സഹിഷ്ണുതയോടെ സകല മാനഹാനിയും സഹിച്ചു.

ഉറക്കമിളച്ചും, അത്യല്പമായ ഭക്ഷണത്തിനുള്ള അല്പസമയം മനസ്സില്ലാമനസ്സോടെ ഉപയോഗിച്ചുകൊണ്ടും തൻറെ ദൈനംദിന ചുമതലകൾ ക്കൊഴികെയുള്ള എല്ലാ നിമിഷങ്ങളും പഠനത്തിനായി അദ്ദേഹം വിനിയോഗിച്ചു. എല്ലാറ്റിലുമുപരിയായി

തിരുവചനപഠനത്തിൽ അദ്ദേഹം ആനന്ദം കണ്ടെത്തി. ആശ്രമ ഭിത്തിയോട്ട ചേർത്തു ചങ്ങലയിൽ ബന്ധിച്ചിരുന്ന ഒരു വേദപുസ്തകം തൻറെ ദൃഷ്ടിയിൽ പെടുകയും അവിടെ ചെന്നിരുന്ന് പലപ്പോഴും അദ്ദേഹം അത് പാരായണം ചെയ്യുകയും പതിവായിരുന്നു. തൻറെ പാപബോധം ഘനീഭവിച്ചതോടെ സ്വന്ത പ്രവൃത്തികൾകൊണ്ട് പാപമോചനവും സമാധാനവും പ്രാപിക്കുവാൻ ശ്രമിച്ചു തുടങ്ങി. ദുഷ്ടപ്രകൃതിയെ അടി ച്ചമർത്തുന്നതിന് പട്ടിണി, ഉറക്കിളിപ്പ്, ചമ്മട്ടിയടി തുടങ്ങിയ കർക്കശമായ ജീവിതമാർഗ്ഗമദ്ദേഹം അവലംബിച്ചു; പക്ഷെ ആശ്രമ ജീവിതം ദുഷ്ട സ്വഭാവത്തിൽനിന്നു വിടുതൽ

നൽകുവാൻ പര്യാപ്തമായില്ല. ദൈവസന്നിധിയിൽ അംഗീകാരം പ്രാപിക്കാവുന്ന ഹൃദയശുദ്ധി ലഭിക്കുന്നതിന്ന ചെയ്യേണ്ടതായ ഏതൊരു ത്യാഗത്തിൽ നിന്നും അദ്ദേഹം ഒഴിഞ്ഞുമാറിയില്ല. "ഞാൻ ഭക്തനായ ഒരു സന്യാസിയും എനിക്കു വിവരിക്കാൻ കഴിയുന്നതിലുമധികം കൃത്യമായി എൻറെ സന്യാസി മഠത്തിൻറെ നിയമങ്ങൾ പാലിച്ച് വ്യക്തിയുമായിരുന്നു. സന്യാസിമഠകർമ്മങ്ങൾകൊണ്ട് സന്യാസിക്ക് സ്വർഗ്ഗം നേടാമെങ്കിൽ തീർച്ചയായും എനിക്കതിന്ന യോഗ്യതയുണ്ടായിരുന്നു.... ആ കർമ്മങ്ങൾ കുറച്ചു കൂടെ തുടർന്നിരുന്നെങ്കിൽ മരണത്തോളം

ഞാൻ എന്നെ ദണ്ഡിപ്പിക്കുമായിരുന്നു” എന്നു ലൂഥർ പിന്നീടു പറഞ്ഞു - Ibid., p. 2, ch. 3. ഇപ്രകാരമുള്ള വേദന നിറഞ്ഞ ശാരീരിക ദണ്ഡനങ്ങൾ നിമിത്തം ശക്തിയില്ലാതെ ബോധക്ഷയവും ഞരമ്പുവലിയും അനുഭവിച്ച അദ്ദേഹം പിന്നീടൊരിക്കലും അതിൽ നിന്നു പൂർണ്ണമായി വിടുതൽ പ്രാപിച്ചിട്ടില്ല. എന്നാൽ ഈ പ്രയത്നങ്ങളെല്ലാം ചെയ്തിട്ടും ഭാരം പേറുന്ന തൻറെ ആത്മാവിനു ആശ്വാസം ലഭിച്ചില്ല. അവ സാനം അദ്ദേഹം കൊടും നൈരാശ്യത്തിൻറെ വക്കോളം എത്തപ്പെട്ടു.

സർവ്വവും നഷ്ടമായെന്നു കാണപ്പെട്ടപ്പോൾ ദൈവം ലൂഥറിനു

സ്നേഹി തന്നും സഹായിയുമായി ഒരാളെ എഴുന്നേല്പിച്ചു. ദൈവവചനം തൻ്റെ മനസ്സിൽ തുറന്നുകൊടുത്ത ഭക്തനായ സ്റ്റാപിറ്റ്സ്, സ്വയത്തിൽനിന്നും ദൃഷ്ടി മാറ്റുവാനും ദൈവകല്പനകളുടെ ലംഘനത്തിനുള്ള നിത്യശിക്ഷയെന്ന ചിന്ത അവസാനിപ്പിക്കുവാനും പാപം ക്ഷമിച്ചുതരുന്ന രക്ഷകനായി യേശുവിനെ നോക്കുവാനും ലൂഥറിനെ പ്രോത്സാഹിപ്പിച്ചു. "നിങ്ങളുടെ പാപം സംബന്ധിച്ച് നിങ്ങളെത്തന്നെ ദണ്ഡിപ്പിക്കാതെ വീണ്ടെടുപ്പുകാരൻ്റെ കരങ്ങളിലേയ്ക്ക് ഏല്പിച്ചുകൊടുക്കുക. അവനിലും, അവൻ്റെ ജീവിതരീതിയിലും, അവൻ്റെ മരണത്താലുള്ള പാപമോചനത്തിലും വിശ്വസിക്കുക. ദൈവപുത്രൻ

ചെവികൊടുക്കുക. ദൈവിക അംഗീകാരത്തിൻറെ ഉറപ്പ് നിങ്ങൾക്കു തരുന്ന തിനാണു അവൻ മനുഷ്യനായത്." "ആദ്യംതന്നെ നിങ്ങളെ സ്നേഹിച്ച അവനെ സ്നേഹിക്കുക." - Ibid., p. 2. ch. 4. കൃപയുടെ ദൂതനായ അദ്ദേഹം ഇപ്രകാരം പറഞ്ഞുകൊടുത്തു. അദ്ദേഹത്തിൻറെ വാക്കുകൾ ലൂഥറിൻറെ മനസ്സിൽ ആഴമായി പതിഞ്ഞു. വളരെ നാളുകളായി മനസ്സിൽ സൂക്ഷിച്ചിരുന്ന തെറ്റായ ധാരണകളോടു പോരാടി വിജയംവരിച്ച അദ്ദേഹം സത്യമെന്തെന്നു ഗ്രഹിക്കുകയും തന്നിമിത്തം കലങ്ങിയിരുന്ന തൻറെ ആത്മാവിനു സമാധാനം ലഭിക്കുകയും ചെയ്തു.

തുടർന്നു പുരോഹിതനായി അഭിഷേകം ലഭിച്ച ലൂഥർ മഠത്തിൽ നിന്നു വിറ്റൻബർഗ് സർവ്വകലാശാലയുടെ പ്രൊഫസ്സറായി നിയമിതനായി. ഇവിടെയദ്ദേഹം തിരുവചനം അതിൻറെ മൂലഭാഷയിൽ പാരായണം ചെയ്യുന്നതിനു സമയം കണ്ടെത്തി. അദ്ദേഹം വേദപുസ്തകത്തിൽനിന്നു പ്രസംഗിച്ചുതുടങ്ങി; സങ്കീർത്തനങ്ങൾ, സുവിശേഷങ്ങൾ, ലേഖനങ്ങൾ എന്നിവ സന്തോഷ

ത്തോടെ ശ്രദ്ധിച്ചിരുന്ന ജനസഞ്ചയത്തിൻറെ അറിവിനായി തുറന്നുകൊടുത്തു. തൻറെ സ്നേഹിതനും മേലധികാരിയുമായിരുന്ന സ്റ്റാപിറ്റ്സ് അദ്ദേഹത്തെ പ്രസംഗപീഠത്തിൽ കയറി

തിരുവചനം ഘോഷിക്കുവാൻ നിർബന്ധിച്ചു. ക്രിസ്തുവിനുവേണ്ടി ജനങ്ങളോടു പ്രസംഗിക്കുവാൻ താൻ അയോഗ്യനാ ണെന്നു ചിന്തിച്ചുകൊണ്ട് ലൂഥർ അതിൽനിന്നു പിന്മാറുവാൻ ശ്രമിച്ചു. നീണ്ടു നിന്ന മാനസ്സിക സംഘർഷത്തിനുശേഷമാണ് അദ്ദേഹം സ്നേഹിതന്മാരുടെ അഭ്യർത്ഥനയ്ക്ക് വഴങ്ങിയത്. തിരുവചനത്തിൽ അതീവ പാണ്ഡിത്യം സിദ്ധിച്ചിരുന്ന അദ്ദേഹത്തിൻറെ മേൽ ദൈവകൃപയും ആവസിച്ചിരുന്നു. തൻറെ വാഗ്മികത്വം കേൾവിക്കാരുടെ ശ്രദ്ധ പിടിച്ചുപറ്റുന്നതായിരുന്നു, വ്യക്തവും ശക്തിയേറിയതുമായ രീതിയിലുള്ള അദ്ദേഹത്തിൻറെ സത്യവചനഘോഷണം അവരുടെ

പരിജ്ഞാനത്തെ ഉറപ്പിക്കുകയും ആവേശഭരിതമായ തൻറെ പ്രസംഗം അവരുടെ ഹൃദയങ്ങളെ ആഴമായി സ്പർശിക്കുകയും ചെയ്തു.

ലൂഥർ ഇപ്പോഴും പാപ്പാത്വസഭയുടെ വിശ്വസ്ത പുത്രനായിരുന്നു; മാത്ര മല്ല, മറ്റെന്തെങ്കിലും ആയിത്തീരുമെന്നുള്ള ചിന്തപോലും തനിക്കുണ്ടായിരുന്നില്ല. ദൈവഹിതത്താൽ താൻ റോം സന്ദർശിക്കുവാൻ ഇടവന്നു. വഴിമദ്ധ്യേ സന്ന്യാസിമഠങ്ങളിൽ താമസിച്ചുകൊണ്ട് കാൽനടയായി അദ്ദേഹം സഞ്ചരിച്ചു. ഇറ്റലിയിലെ ഒരു മഠത്തിൽ താൻ ദർശിച്ച സമ്പത്ത്, പ്രതാപം, ആർഭാടം എന്നിവയിൽ അദ്ദേഹം അത്ഭുത സ്തബ്ദനായി. രാജകീയ വരുമാനം

ലഭിച്ചിരുന്ന അവിടത്തെ ആശ്രമവാസികൾ ആർഭാടത്തോടെ പകിട്ടേറിയ മുറികളിൽ വസിക്കുകയും ധനസമൃദ്ധവും വിലപിടിപ്പുള്ളതുമായ മേലങ്കികളാൽ തങ്ങളെ ത്തന്നെ അലങ്കരിക്കുകയും, ധാരാളിത്വം നിറഞ്ഞ ഭക്ഷണമേശകളിൽ തിന്നു പുളയ്ക്കുകയും ചെയ്തിരുന്നു. ഹൃദയവേദനയേറിയ ഉൽക്കണ്ഠയോടെ ലൂഥർ ഈ രംഗം തൻറെ സ്വന്ത ജീവിതത്തിലെ സ്വയവർജ്ജനത്തോടും കഷ്ടപ്പാടു കളോടും ഉപമിച്ചുനോക്കി. അദ്ദേഹത്തിൻറെ മനസ്സ് വ്യാകുലപ്പെട്ടു.

അവസാനം ഏഴു മലകളുടെമേൽ സ്ഥാപിതമായിരിക്കുന്ന പട്ടണം ദൂരെയായി അദ്ദേഹത്തിൻറെ

ദൃഷ്ടിയിൽപ്പെട്ടു. വികാരാവേശത്താൽ നിലത്ത് സാഷ്ടാംഗം പ്രണാമിച്ചുകൊണ്ട് അദ്ദേഹം ഇപ്രകാരം ആശ്ചര്യപ്പെട്ടു: “വിശുദ്ധ റോമാനഗരമേ, ഞാൻ നിന്നെ വന്ദിക്കുന്നു!” - Ibid., - b, 2, ch.6. നഗരത്തിൽ പ്രവേശിച്ച അദ്ദേഹം പള്ളികൾ സന്ദർശിക്കുകയും, പുരോഹിതന്മാരും സന്യാ സിമാരും ആവർത്തിച്ചുകൊണ്ടിരുന്ന അത്ഭുതകഥകൾ ശ്രദ്ധിക്കുകയും, ആവശ്യ മായ സകലവിധ കർമ്മാചാരങ്ങളും അനുഷ്ഠിക്കുകയും ചെയ്തു. തന്നെ അത്ഭുത പരതന്ത്രനും ഭയവിഹ്വലനുമാക്കിയ രംഗങ്ങൾ എല്ലായിടത്തും അദ്ദേഹം ദർശിച്ചു. എല്ലാ ശ്രേണികളിലുംപെട്ട പുരോഹിതന്മാരുടെ ഇടയിൽ മ്ലേച്ഛത

നടമാടുന്നത് അദ്ദേഹം
കാണുകയുണ്ടായി. കുർബാനയുടെ
മദ്ധ്യേ പോലും അയോഗ്യമായ
ഫലിതങ്ങളും ദൈവദൂഷണങ്ങളും
പുരോഹിതന്മാ രിൽനിന്നു
പുറപ്പെടുന്നതുകണ്ട് അദ്ദേഹം
കിടിലംകൊണ്ടു. സന്യാസിമാ രോടും
പൗരവൃന്ദത്തോടും ഇടപഴകിയ അദ്ദേഹം
എവിടേയും ദുർവ്യയവും വിഷയ
ലംബടത്വവും കണ്ടുകൊണ്ടിരുന്നു.
എവിടേക്കു തിരിഞ്ഞാലും വിശുദ്ധിയുടെ
സ്ഥാനത്തു ദൈവനിന്ദയാണദ്ദേഹം
കണ്ടിരുന്നത്. "എന്തു മാത്രം പാപങ്ങളും
മ്ലേച്ഛതകളുമാണ് റോമിൽ
നടമാടിയിരുന്നതെന്നു സങ്കല്പി ക്കുവാൻ
പോലും ആർക്കും കഴിയുകയില്ല;
കാണുകയും കേൾക്കുകയും ചെയ്താലേ

അതു വിശ്വസിക്കുവാനാകൂ. ഒരു നരകമുണ്ടെങ്കിൽ റോം അതിന്മേലാണ് പണിയപ്പെട്ടിരിക്കുന്നത്; സകലവിധ പാപങ്ങളും പുറപ്പെട്ടു വരുന്ന പാതാളമാണിവിടം, എന്നു പറയത്തക്കവണ്ണം അത് മാറിയിരുന്നു എന്നദ്ദേഹം പിന്നീട് അതിനെപ്പറ്റി എഴുതുകയുണ്ടായി. - ibid., b.2, ch. 6.

റോമൻ ന്യായവിസ്താരം കഴിഞ്ഞ് നമ്മുടെ രക്ഷകൻ പീലാത്തോസിൻറെ മുമ്പിൽ നിന്നു ഇറങ്ങിവന്ന ചവിട്ടുപടികൾ ഏതോ മായാശക്തിയാൽ യെരൂശലേമിൽനിന്നു റോമിൽ മാർപാപ്പയുടെ അരമനയിൽ വന്നെത്തിയെന്നും ആ

"പീലാത്തോസിൻറെ ചവിട്ടുപടികൾ" കയറുന്ന വ്യക്തി കാൽമുട്ടിന്മേൽ നിന്നുകൊണ്ട് കയറണമെന്നും ആയിടെ മാർപാപ്പ ഒരു കല്പന ഇറക്കിയിരുന്നു. ഒരു ദിവസം ലൂഥർ ഭക്തിപുരസരം മുട്ടിന്മേൽ ആ പടികൾ കയറുമ്പോൾ, "നീതിമാൻ വിശ്വാസത്താൽ ജീവിക്കും" എന്ന ശബ്ദം ഇടി വെട്ടുന്നതുപോലെ അദ്ദേഹത്തോടു ആരോ പറയുന്നതായി തോന്നി (റോമർ. 1:17). ലജ്ജയും ഭയവും പൂണ്ട് അദ്ദേഹം എഴുന്നേറ്റു നടന്നുകൊണ്ട് ആ പടികൾ ഇറങ്ങിപ്പോന്നു. ആ വചനത്തിൻറെ ശക്തി തൻറെ ആത്മാവിൽ നിന്നു. ഒരിക്കലും മാഞ്ഞുപോയില്ല. രക്ഷയ്ക്കുവേണ്ടി മാനുഷിക കർമ്മങ്ങളിൽ ആശ്രയിക്കുന്നതിൻറെ

ഭോഷത്വവും ക്രിസ്തുവിൻറെ ശക്തിയിൽ സ്ഥിരമായി വിശ്വസിക്കേണ്ടതിൻറെ ആവശ്യകതയും അന്നുമുതലദ്ദേഹം വ്യക്തമായി കണ്ടു. പാപ്പാത്വത്തിൻറെ വഞ്ചനകൾക്കുനേരെ അദ്ദേഹത്തിൻറെ കണ്ണുകൾ തുറക്കപ്പെട്ടുകയും പിന്നീടൊരിക്കലും അടഞ്ഞുപോകാതിരിക്കയും ചെയ്തു. റോമിൽനിന്നു അദ്ദേഹം മുഖം തിരിച്ചപ്പോൾ തൻറെ ഹൃദയവും അതോടൊത്തു തിരിയുകയും അന്നുമുതൽ തൻറെ പിന്മാറ്റത്തിൻറെ വിടവ് വികസിക്കുകയും അവസാനം പാപ്പാത്വ സഭയിൽനിന്നു തൻറെ എല്ലാ ബന്ധങ്ങളും വിച്ഛേദിക്കപ്പെട്ടുകയും ചെയ്തു.

റോമിൽനിന്നു തിരിച്ചെത്തിയ ലൂഥറിന് വിറ്റൻബർഗ് സർവ്വകലാശാലയിൽ ഡോക്ടർ ഓഫ് ഡിവിനിറ്റി എന്ന ബിരുദം ലഭിക്കുകയുണ്ടായി. മുമ്പൊരിക്കലും ഇല്ലാതിരുന്നവിധം താൻ സ്നേഹിച്ചിരുന്ന തിരുവചനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനുള്ള സ്വാതന്ത്ര്യം ഇപ്പോൾ അദ്ദേഹത്തിനുണ്ടായി. പോപ്പിൻറെ പ്രഖ്യാപനങ്ങളും തത്വങ്ങളും മാറ്റിവച്ചുകൊണ്ട് ജീവകാലം മുഴു വൻ ദൈവവചനം സൂക്ഷ്മതയോടെ പഠിക്കുമെന്നും വിശ്വസ്തതയോടെ പ്രസംഗിക്കുമെന്നുമുള്ള ഭയഭക്തി നിറഞ്ഞ ഒരു പ്രതിജ്ഞ അദ്ദേഹമെടുത്തു. ഇനിയൊരിക്കലുമദ്ദേഹം സാധാരണക്കാരനായ സന്യാസിയോ

പ്രഫസറോ അല്ല, പ്രത്യുത, വേദപുസ്തകത്തിൻറെ അംഗീകൃത വക്താവാണ്. സത്യത്തി നവേണ്ടി വിശന്നും ദാഹിച്ചുമിരിക്കുന്ന ദൈവജനങ്ങളെ തീറ്റിപ്പോറ്റുവാൻ ഒരു ഇടയനായി അദ്ദേഹം വിളിക്കപ്പെട്ടുകഴിഞ്ഞു. വിശുദ്ധ തിരുവനചത്തിൻറെ അധികാരപരിധിയിലുള്ള തത്വങ്ങളൊഴികെ മറ്റൊന്നുംതന്നെ ക്രിസ്ത്യാനികൾ സ്വീകരിക്കേണ്ടതില്ലെന്നദ്ദേഹം തറപ്പിച്ചു പ്രഖ്യാപിച്ചു. ഈ വാക്കുകൾ പാപ്പാത്വ അധികാരത്തിൻറെ അടിത്തറയിൽ ചെന്നു തറച്ചു. നവീകരണത്തിൻറെ മർമ്മപ്രധാനമായ തത്വങ്ങൾ ഇതിലടങ്ങിയിരുന്നു.

ദൈവവചനത്തെക്കാളുപരി മാനുഷിക
തത്വസംഹിതകൾ
ഉയർത്തപ്പെടുന്നതിന്റെ അപകടം
ലൂഥർ മുന്നിൽ കണ്ടു.
അദ്ധ്യാപകവൃന്ദത്തിൻറെ ഇടയിൽ
കണ്ടിരുന്ന ഊഹാപോഹങ്ങളിൽ
അധിഷ്ഠിതമായ അവിശ്വാസത്ത
അദ്ദേഹം നിർഭയം ആക്രമിക്കുകയും,
ജനങ്ങളെ ഇത്രയുംനാൾ സ്വാധീനിച്ച്
നിയന്ത്രിച്ചിരുന്ന തത്വജ്ഞാനത്തേയും
മതസിദ്ധാന്തങ്ങളേയും
എതിർക്കുകയും ചെയ്തു. ഇപ്രകാരമുള്ള
പഠനങ്ങൾ വിലയില്ലാത്തതും
ദ്രോഹപരവുമാണെന്ന് വാദിച്ച് അവയെ
ഉപേക്ഷിച്ചുകൊണ്ട്
തത്വജ്ഞാനികളുടേയും മത

നേതാക്കളുടേയും
ഉപായസൂത്രങ്ങളിൽനിന്നു തൻറെ
കേൾവിക്കാരുടെ മനസ്സിനെ
പ്രവാചകന്മാരും അപ്പൊസ്തലന്മാരും
സ്ഥാപിച്ചിരിക്കുന്ന
നിത്യസത്യങ്ങളിലേയ്ക്കു തിരിക്കുവാൻ
അദ്ദേഹം പരിശ്രമിച്ചു.

തൻറെ വാക്കുകൾ ശ്രദ്ധയോടെ ശ്രവിച്ച
ജിജ്ഞാസുക്കളായ ജനക്കൂട്ടത്തിനദ്ദേഹം
നൽകിയ ദൂത് വിലയേറിയതായിരുന്നു.
മുമ്പൊരിക്കലും ഇപ്രകാരമുള്ള
പഠനങ്ങൾ അവരുടെ കാതുകളിൽ
എത്തിയിരുന്നില്ല. രക്ഷകൻറെ സ്നേഹം,
പാപപരിഹാരത്തിനുള്ള തൻറെ
രക്തത്തിൽക്കൂടെ ലഭിക്കുന്ന
പാപക്ഷമ, സമാധാനം എന്നിവയുടെ

ഉറപ്പ് തുടങ്ങിയ സന്തോഷ വാർത്തകൾ കേട്ട് ജനഹൃദയങ്ങൾ ആനന്ദിക്കുകയും അവരിൽ അമർത്യമായ പ്രത്യാശ അങ്കുരിക്കുകയും ചെയ്തു. ഭൂമിയുടെ സകല ദിക്കുകളിലും പ്രകാശവീചി കൾ എത്തിച്ചേരുവാനും കാലം അതിൻറെ അന്ത്യത്തോടടുക്കുമ്പോൾ അതിൻറെ പ്രഭ അധികമധികം വർദ്ധിക്കുവാനുള്ളതുമായ ഒരു വെളിച്ചം വിറ്റൻബർഗ്ഗിൽ കത്തിത്തുടങ്ങുകയായിരുന്നു.

എന്നാൽ വെളിച്ചവും ഇരുളും തമ്മിൽ ഒരുമിച്ചുചേരുകയില്ല. സത്യവും മിഥ്യയും തമ്മിൽ എപ്പോഴും ഒടുങ്ങാത്ത പോരാട്ടമാണ്. ഒന്നിനെ പരിരക്ഷിച്ച്

ഉയർത്തിപ്പിടിക്കുക എന്നത് മറ്റേതിനെ ആക്രമിച്ച് നശിപ്പിക്കുക എന്നതാണ്. "സമാധാനം അല്ല, വാൾ അത്രെ വരുത്തുവാൻ ഞാൻ വന്നത് എന്ന് നമ്മുടെ രക്ഷകൻതന്നെ പ്രസ്താവിച്ചിരിക്കുന്നു (മത്തായി. 10:34). "ദൈവം എന്നെ നയിക്കുകയല്ല, മുമ്പോട്ടു തള്ളുകയാണ് ചെയ്യുന്നത്. എന്നെ അവൻ വഹിച്ചുകൊണ്ടുപോകുന്നു. ഞാൻ എൻറെ യജമാനനല്ല. വിശ്രമ ജീവിതം ഞാനാഗ്രഹിക്കുന്നു; എന്നാൽ കോലാഹലങ്ങളുടേയും വിപ്ലവങ്ങളുടേയും നടുവിൽ ഞാൻ എറിയപ്പെടുന്നു" എന്ന് നവീകരണമാരംഭിച്ച് ചില വർഷങ്ങൾക്കു ശേഷം ലൂഥർ പറഞ്ഞു. - D'Aubigne, b. 5, ch. 2. ഈ

സമയമദ്ദേഹം മത്സരത്തിന്നിറങ്ങുവാൻ നിർബന്ധിതനായിക്കഴിഞ്ഞു.

റോമാസഭ ദൈവകൃപയെ കച്ചവടച്ചരക്കാക്കി മാറ്റിയിരുന്നു. അവളുടെ അൾത്താരകൾക്കു സമീപം പൊൻ വാണിഭക്കാരുടെ മേശകൾ സ്ഥാപിച്ചിരുന്നു (മത്തായി 21:12). വാങ്ങുന്നവരുടേയും വില്ക്കുന്നവരുടേയും അട്ട ഹാസങ്ങൾ വായുവിൽ പ്രതിധ്വനിച്ചു. റോമിൽ വിശുദ്ധ പത്രൊസിൻറെ ദൈവാലയം പണികഴിപ്പിക്കുന്നതിനു ധനം സ്വരൂപിക്കുവാൻ പോപ്പിൻറെ അധി കാരത്തോടുകൂടി പാപമോചനച്ചീട്ടുകൾ പരസ്യമായി വില്പന നടത്തിയിരുന്നു. ദൈവത്തെ ആരാധിക്കുന്നതിനു ആലയം

പണിയുവാൻ പാതകത്തിൻറെ വില ഉപയോഗിക്കുക - അതിക്രമത്തിൻറെ ശമ്പളം കൊണ്ട് അതിൻറെ മൂലക്കല്ലിടുക! റോമിൻറെ അഭിവൃദ്ധിക്കുപയോഗിച്ച മാർഗ്ഗങ്ങൾ അവളുടെ അധികാരത്തിനും മഹത്വത്തിനുമെതിരേയുള്ള മാരക പ്രഹരങ്ങളായി ഭവിച്ചു. പാപ്പാത്വത്തിൻറെ ശത്രുക്കൾ ഉറപ്പോടെ വിജയകരമായി പോരാടി പാപ്പാത്വ സിംഹാസനത്തെ കുലുക്കുകയും ആ സഭാധിപൻറെ തലയിൽ നിന്നു ത്രിമകുടം തെറിപ്പിക്കുകയും ചെയ്ത യുദ്ധത്തിൽ അവരെ ഉത്തേജിപ്പിച്ചത് ഇതു തന്നെയായിരുന്നു.

പാപമോചനച്ചീട്ട് ജർമ്മനിയിൽ
വിൽക്കുവാൻ നിയമിതനായ ഉദ്യോ
ഗസ്ഥനായ ടെറ്റ്സൽ സമൂഹത്തിനും
ദൈവകല്പനയ്ക്കുമെതിരെ ചെയ്ത ഹീനമായ
കുറ്റങ്ങൾക്കു
ശിക്ഷിക്കപ്പെട്ടവനായിരുന്നു; എന്നാൽ
ശിക്ഷാവിധിയിൽനിന്നു
തെറ്റിയൊഴിഞ്ഞ അയാളെ പോപ്പിൻറെ
ദുർലാഭമോഹപരവും
തത്വദീക്ഷയില്ലാത്തതുമായ
കച്ചവടത്തിനു
ഉപയോഗിക്കുകയായിരുന്നു.
വിദ്യാഭ്യാസമില്ലാത്ത, കേട്ടമാത്രയിൽ
വിശ്വസിക്കുന്ന, അന്ധവിശ്വാസികളായ
ജനത്തെ വഞ്ചിക്കുന്നതിനു
വിസ്മയകരമായ കെട്ടുകഥകളും
തിളങ്ങുന്ന കപടതകളും ലജ്ജകൂടാതെ

അയാൾ ആവർത്തിച്ചുതുടങ്ങി. ദൈവവചനം അവരുടെ പക്കലുണ്ടായിരുന്നെങ്കിൽ ഇങ്ങനെയവർ വഞ്ചിക്കപ്പെടുകയില്ലായിരുന്നു. പാപ്പാത്വ മതത്തിൽ അവരെ നിയന്ത്രിച്ചു നിറുത്തുന്നതിനും, അവരുടെ അധികാരവും സമ്പത്തും വർദ്ധിപ്പിക്കുന്നതിനും വേദപുസ്തകം അവ mod mlm, 3000 ooglolojm. (John C. L. Gieseler, A Compendium of Ecclesiastical History, per. 4, sec. 1. par. 5 നോക്കുക).

ടെറ്റ്സൽ ഒരു പട്ടണത്തിൽ കടക്കുമ്പോൾ അവനുമുമ്പായി ഒരു ദൂതു

വാഹകൻ, "ദൈവത്തിൻറേയും പരിശുദ്ധ പിതാവായ പോപ്പിൻറേയും കൃപ നിങ്ങളുടെ വാതില്ക്കൽ എത്തിയിരിക്കുന്നു" എന്നു വിളിച്ചു പറഞ്ഞുകൊണ്ട് സഞ്ചരിച്ചിരുന്നു. - D' Aubigne, b, 3, ch. 1.

ദൈവദൂഷകനായ ഈ കപട നാട്യക്കാരനെ സ്വർഗ്ഗത്തിൽ നിന്നു ദൈവം തന്നെ ഇറങ്ങി വന്നതാണെന്ന് തെറ്റിധരിച്ച് ജനങ്ങൾ സ്വാഗതം ചെയ്തു. പരമനിന്ദ്യമായ വ്യാപാരം സഭയ്ക്കുള്ളിലാരംഭിച്ചു; ദൈവത്തിൽനിന്നുള്ള ഏറ്റവും വിലപ്പെട്ട ദാനമായി പാപ മോചനച്ചീട്ടിനെ ടെറ്റ്സൽ പ്രസംഗപീഠത്തിൽനിന്നുകൊണ്ട് പുകഴ്ത്തി. പാപം ക്ഷമിച്ചുകൊടുക്കുന്ന ഈ സാക്ഷ്യപത്രം വാങ്ങുന്നയാൾക്ക്

ഭാവിയിൽ ചെയ്യാനാഗ്രഹിക്കുന്ന പാപങ്ങൾ പോലും ക്ഷമിച്ചുകിട്ടുന്നതിനുള്ള ശക്തി ഉണ്ടെന്നും "മാനസാന്തരംപോലും ആവശ്യമില്ലെന്നും" അയാൾ പ്രഖ്യാപിച്ചു. - Ibid., p. 3, ch.1. ഇതിലുമുപരിയായി ജീവിച്ചിരിക്കുന്നവരെ മാത്രമല്ല, മരിച്ചവരേയും കൂടെ രക്ഷിക്കുവാൻ പാപമോചനച്ചീട്ടിനു കഴിയുമെന്നും, അതിനുവേണ്ടി നല്കുന്ന പണം തൻറെ പണസഞ്ചിയുടെ അടിയിൽ തട്ടുമ്പോൾത്തന്നെ അതാർക്കുവേണ്ടിയാണോ വാങ്ങിയിരിക്കുന്നത് ആ വ്യക്തി ശുദ്ധീകരണ സ്ഥലത്തുനിന്നും സ്വർഗ്ഗത്തിലേയ്ക്കുള്ള യാത്ര ആരംഭിക്കുമെന്നും അയാൾ ഉറപ്പു നൽകി. (K.

R. Hagenbach, History of the Reformation, vol. 1, p. 96 നോക്കുക).

ശീമോൻ മാഗസ് അപ്പൊസ്തലന്മാരിൽനിന്ന് അത്ഭുത പ്രവൃത്തികൾക്കുള്ള ശക്തി വിലയ്ക്കു വാങ്ങുവാൻ ശ്രമിച്ചപ്പോൾ പത്രൊസിൻറെ ഉത്തരം ഇപ്രകാരമായിരുന്നു. “ദൈവത്തിൻറെ ദാനം പണത്തിനു വാങ്ങിക്കൊള്ളാം എന്നു നീ നിരൂപിക്കകൊണ്ടു നിൻറെ പണം നിന്നോടുകൂടെ നശിച്ചുപോകട്ടെ” (അപ്പൊ. 8:20). എന്നാൽ ടെററ്സൽ സമർപ്പിച്ചത് ആകാംക്ഷയോടെ ആയിരങ്ങൾ കടന്നു പിടിച്ചു. സ്വർണ്ണവും വെള്ളിയും ഖജനാവിലേയ്ക്ക്

ഒഴുകിയെത്തി. മാനസാന്തരം, വിശ്വാസം, പാപത്തോടു പോരാടി വിജയം വരി ക്കുവാനുള്ള നിരന്തര പരിശ്രമം, എന്നിവയൊന്നും കൂടാതെ എളുപ്പവഴിയിൽ പണംകൊടുത്തു വാങ്ങാവുന്ന മോക്ഷപ്രാപ്തി സൗകര്യപ്രദമായിരുന്നു.

റോമാസഭയിലെ വിദ്യാസമ്പന്നരും ദൈവഭക്തന്മാരുമായ അനേകർ - പാപമോചനച്ചീട്ടെന്ന തത്വത്തെ എതിർത്തുകൊണ്ടിരുന്നു; വെളിപ്പാടിനും ന്യായവാദത്തിനുമെതിരെയുള്ള അഭിനയമായ ഇതിനെ വിശ്വസിക്കാത്ത വലിയൊരുകൂട്ടം അതിലുണ്ടായിരുന്നു. അനീതി നിറഞ്ഞ ഈ വ്യാപാരത്തിനെ

തിരെ ശബ്ദമുയർത്തുവാൻ പുരോഹിത
വൃന്ദത്തിലാരും മുന്നോട്ടുവന്നില്ല;
എന്നാൽ മനുഷ്യമനസ്സുകൾ
പ്രക്ഷുബ്ദമായിക്കൊണ്ടിരുന്നു;
ആരിൽക്കൂടെയെങ്കിലും ദൈവം
പ്രവർത്തിച്ചു സഭയെ
ശുദ്ധീകരിക്കേണ്ടതിനും അവർ
ആത്മാർത്ഥമായി ആഗ്രഹിച്ചു.

ഇപ്പോഴും ഹൃദയംഗമായി പാപ്പാത്വ
അനുയായിയായ ലൂഥർ, പാപ്
മോചനച്ചീട്ടു വില്പനക്കാരുടെ
ദൈവദൂഷണപരമായ അഭിപ്രായത്തിൽ
ഭയ ചകിതനായിത്തീർന്നു. തൻറെ
കീഴിലുള്ള സഭാകൂട്ടായ്മയിൽപ്പെട്ട
അനേകർ പാപമോചന
സാക്ഷ്യപ്രതങ്ങൾ വാങ്ങിയിരുന്നു;

മാത്രമല്ല, മാനസാന്തരപ്പെട്ടുകൊണ്ടുള്ള നവീകരണജീവിതം ആഗ്രഹിക്കാതെതന്നെ പാപമോചനച്ചീട്ടിൻറെ വെളിച്ചത്തിൽ മോക്ഷം പ്രാപിക്കാമെന്ന വിശ്വാസത്തോടെ തങ്ങളുടെ വിവിധങ്ങളായ പാപങ്ങൾ ഏറ്റുപറഞ്ഞുകൊണ്ട് അവർ ഇടയൻറെ സന്നിധി യിൽ വന്നുകൊണ്ടിരുന്നു. ലൂഥർ അവർക്ക് മോചനം നിഷേധിക്കുകയും, മാനസാന്തരപ്പെട്ടു വിശുദ്ധീകരണ ജീവിതം നയിച്ചില്ലെങ്കിൽ അവർ തങ്ങളുടെ പാപങ്ങളിൽ നശിച്ചുപോകുമെന്നു മുന്നറിയിപ്പുകൊടുക്കുകയും ചെയ്തു. വിഷമ സന്ധിയിലായവർ ടെറ്റ്സലിനെ സമീപിച്ച് തങ്ങളുടെ ഇടയൻ പാപ് മോചനച്ചീട്ട്

നിഷേധിച്ചുവെന്നറിയിക്കുകയും അവരിൽ ചിലർ തങ്ങളുടെ പണം തിരികെ കിട്ടണമെന്നാവശ്യപ്പെടുകയും ചെയ്തു. ഇതു നിമിത്തം സന്യാസിയായ അയാൾ കോപാകുലനായി. അതിഭയാനകമായ ശാപവാക്കുകൾ ചൊരിഞ്ഞുകൊണ്ട് അയാൾ പൊതുസ്ഥലങ്ങളിൽ തീ കത്തിക്കുകയും, "അതിപാവനമായ ഈ പാപമോചനച്ചീട്ടിനെ എതിർക്കുന്ന ആചാരവിരോധികളെ അഗ്നിയിൽ ചുട്ടെരിക്കുവാൻ തനിക്കു മാർപ്പാപ്പയിൽനിന്നു അധികാരം ലഭിച്ചിരിക്കുന്നു" എന്നു പ്രഖ്യാപിക്കുകയും ചെയ്തു.-D'Aubigne, b. 3,ch. 4.

സത്യത്തിനുവേണ്ടി നില്ക്കുന്ന ആദർശവാദിയെന്ന നിലയിൽ തൻ്റെ ചുമതല നിർവ്വഹിക്കുന്നതിനുവേണ്ടി ലൂഥർ ഈ ഘട്ടത്തിൽ ധൈര്യസമേതം മുന്നോട്ടുവന്നു. ഹൃദയംഗവും ഭയഭക്തിസാന്ദ്രവുമായ മുന്നറിയിപ്പായി അദ്ദേഹത്തിൻ്റെ ശബ്ദം പ്രസംഗപീഠത്തിൽനിന്നു കേട്ടുതുടങ്ങി. പാപത്തിൻ്റെ വിനാശകരമായ സ്വഭാവം ബഹുജനമദ്ധ്യേ വിവരിച്ചുകൊണ്ട്, മനുഷ്യപ്രവൃത്തി യാൽ പാപമോചനം പ്രാപിക്കുവാനും പാപത്തിൻ്റെ കഠിനത കുറയ്ക്കുവാനും അസാദ്ധ്യമാണെന്നദ്ദേഹം അവരെ പഠിപ്പിച്ചു. ദൈവസന്നിധിയിൽ കടന്നു വന്ന് പാപങ്ങളെ ഏറ്റുപറയുകയും യേശുവിൽ വിശ്വസിക്കുകയും

ചെയ്യുന്നതല്ലാതെ മറ്റൊന്നിനും പാപിയെ രക്ഷിക്കുവാൻ സാധിക്കുകയില്ല. ക്രിസ്തുവിൻറെ കൃപ വിലയ്ക്കു വാങ്ങാവുന്നതല്ല; അത് സൗജന്യദാനമാണ്. പാപമോചനച്ചീട്ട് വാങ്ങാതിരിക്കുവാനും ക്രൂശിക്കപ്പെട്ടവനായ വീണ്ടെടുപ്പുകാരനിലേയ്ക്ക് വിശ്വാസത്തോടുകൂടെ നോക്കുവാനും അദ്ദേഹം ജനങ്ങളെ ഉപദേശിച്ചു. രക്ഷ പ്രാപിക്കുന്നതിനു താൻ ചെയ്ത വേദനയേറിയ അനുഭവങ്ങളായ തപസ്സിൻറേയും സ്വയദണ്ഡനങ്ങളുടേയും നിരർത്ഥകമായ ഉദാഹരണങ്ങൾ തൻറെ കേൾവിക്കാർക്കു വിവരിച്ചുകൊടുക്കുകയും, തന്നിൽനിന്നു ദൃഷ്ടി മാറ്റി വിശ്വാസത്തോടുകൂടെ ക്രിസ്തുവിങ്കലേയ്ക്കു നോക്കിയപ്പോൾ

മാത്രമാണ് സമാധാനവും സന്തോഷവും കൈവന്നതെന്നു പഠിപ്പിക്കുകയും ചെയ്തു.

തൻറെ വ്യാപാരവും അഭക്തി നിറഞ്ഞ കപടതയും ടെറ്റ്സൽ തുടർന്നു ചെയ്തപ്പോൾ ദൈവദൂഷണപരമായ ആ ശബ്ദത്തിനെതിരെ ശക്തിയുക്തം എതിർത്തുനിൽക്കുവാൻ ലൂഥർ തീരുമാനിച്ചു. ഇതിനുള്ള അവസരവും വളരെ വേഗം ലഭിക്കുകയുണ്ടായി. വിറ്റൻബർഗ്ഗിലെ ഭദ്രാസനപ്പള്ളിയിൽ അനേക വിശുദ്ധന്മാരുടെ ഭൗതികാവശിഷ്ടങ്ങൾ സൂക്ഷിച്ചിരുന്നു; ചില പ്രത്യേക വിശുദ്ധ ദിവസങ്ങളിൽ അതെല്ലാം ആരാധകർക്കായി തുറന്നുകൊടുത്തി രുന്നു; അന്നു പള്ളിയിലെത്തി കുമ്പസാരിക്കുന്നവർക്ക്

സമ്പൂർണ്ണമായ പാപമോചനവും വാഗ്ദാനം ചെയ്തിരുന്നു. അതനുസരിച്ച ആ പ്രത്യേക ദിവസങ്ങളിൽ വലിയൊരു കൂട്ടം ജനാവലി പള്ളിയിലെത്തുക പതിവായിരുന്നു. ഇങ്ങനെയുള്ള അവസരങ്ങളിൽ വച്ചേറ്റവും പ്രധാനപ്പെട്ട ഉത്സവമായ "ആൾ സെയിന്റ്സ്" എന്ന ദിവസം അടുത്തുവരികയായിരുന്നു. അതിൻറെ തലേദി വസം പള്ളിയിലേയ്ക്ക് ഇരച്ചുകയറിക്കൊണ്ടിരുന്ന ജനാവലിയോടു ചേർന്നു വന്ന ലൂഥർ പാപമോചനച്ചീട്ടെന്ന തത്വത്തിനെതിരേയുള്ള തൊണ്ണൂറ്റിയഞ്ച് പ്രസ്താവനകളടങ്ങിയ കടലാസ് പള്ളിയുടെ വാതിൽപ്പടിയിൽ പതിച്ചുവച്ചു. ഈ പ്രസ്താവനകൾക്കെതിരേ തന്നെ

ചോദ്യം ചെയ്യുന്ന ആരോടും
അടുത്തദിവസം സർവ്വകലാശാലയിൽ
വച്ച് സംസാരിക്കുവാൻ തയ്യാറാണെന്നു
കൂടെ അദ്ദേഹം അറിയിച്ചു.

ആഗോള വ്യാപകമായി ഈ
പ്രസ്താവനകൾ ശ്രദ്ധിക്കപ്പെടുകയു
ണ്ടായി. നാനാദിശകളിലായി അതു
വായിക്കപ്പെടുകയും
ആവർത്തിക്കപ്പെടുകയും
ചെയ്തുകൊണ്ടിരുന്നു.
സർവ്വകലാശാലയിലും, മാത്രമല്ല
നഗരം മുഴുവനും അതിൻറെ അലകൾ
അടിച്ചു തുടങ്ങി. പാപങ്ങൾ
മോചിച്ചുകൊടുക്കുന്നതിനും അതിൻറെ
ശിക്ഷയിൽനിന്നും
ഒഴിവാക്കുന്നതിനുമുള്ള അധി കാരം

പോപ്പിനോ, മറ്റേതൊരു വ്യക്തിക്കോ ഒരിക്കലും നൽകപ്പെട്ടിട്ടില്ലാ യെന്നു ഈ പ്രമേയം മുഖാന്തരം വെളിപ്പെട്ടു. ഈ പ്രഹസനം മുഴുവനും ഒരു കൗശലവിദ്യയായിരുന്നു; - ജനങ്ങളുടെ അന്ധവിശ്വാസം മുതലെടുത്ത് ധനം സമ്പാദിക്കുവാനുള്ള ഒരു കൗശലവിദ്യ; - അതിൻറെ കപടനാട്യത്തിൽ വിശ്വാസമർപ്പിക്കുന്ന സകല ആത്മാക്കളേയും നശിപ്പിക്കുവാനുള്ള സാത്താൻറെ വിദ്യ. ക്രിസ്തുവിൻറെ സുവിശേഷമാണ് സഭയുടെ വിലയേറിയ നിധിയെന്നു വ്യക്തമായി വെളിപ്പെട്ടു. സുവിശേഷത്തിൽക്കൂടെ വെളിപ്പെടുത്തിയിരിക്കുന്ന ദൈവകൃപ, അനുതാപത്തോടും വിശ്വാസത്തോടുംകൂടെ

അന്വേഷിച്ചുവരുന്ന എല്ലാവരുടെമേലും സൗജന്യമായി വർഷിക്കപ്പെടും.

തൻറെ പ്രസ്താവനകളുടെമേലുള്ള ചർച്ചയ്ക്കു ലൂഥർ വെല്ലുവിളിച്ചുവെങ്കിലും ആ വെല്ലുവിളി സ്വീകരിക്കുവാൻ ആരും ധൈര്യപ്പെട്ടില്ല. അദ്ദേഹം സ്ഥാപിച്ച ചോദ്യങ്ങൾ ചുരുങ്ങിയ നാളുകൾകൊണ്ട് ജർമ്മനിയിലെങ്ങും പടർന്നെത്തി; ചുരുക്കം ചില ആഴ്ചകൾകൊണ്ട് ക്രിസ്തീയ ലോകത്തെങ്ങും : അത് അലയടിച്ചു. സഭയിൽ നടമാടുന്ന ഭീകരമായ അതിക്രമങ്ങൾ കണ്ട് അതിനെക്കുറിച്ച് വിലപിക്കുകയും അതിൻറെ വളർച്ച എപ്രകാരം തടയണമെന്ന്

അറിഞ്ഞുകൂടാതെയുമിരുന്ന
വിശുദ്ധന്മാരായ അനേക
റോമാനുയായികൾ
സന്തോഷത്തോടുകൂടെ ഈ
പ്രസ്താവനകൾ വായിക്കുകയും അതിൽ
ദൈവശബ്ദം തിരിച്ചറിയുകയും ചെയ്തു.
റോമാസഭയുടെ കേന്ദ്രത്തിൽ നിന്നു
ബഹിർഗമിച്ചുവരുന്ന അഴിമതിയുടെ
വേലിയേറ്റത്തെ ചെറുക്കുവാൻ
കർത്താവു കൃപയോടെ തൻറെ കരം
ഉയർത്തിയിരിക്കുന്നുവെന്നവർക്കു
തോന്നി. നിവേദനമില്ലാത്ത
തീരുമാനങ്ങളെടുക്കുന്ന അഹങ്കാരം
നിറഞ്ഞ അധികാരത്തെ
നിയന്ത്രിക്കുവാൻ ഈ
കടിഞ്ഞാണിട്ടതിൽ രാജാക്കന്മാരും

നിയമജ്ഞന്മാരും രഹസ്യമായി ആനന്ദിച്ചു.

എന്നാൽ തങ്ങളുടെ ഭയത്തെ ശമിപ്പിച്ചിരുന്ന സമ്പ്രദായങ്ങൾ ഒഴുകിപ്പോയതിൽ പാപത്തെ സ്നേഹിച്ചിരുന്ന അന്ധവിശ്വാസികളായ പുരുഷാരങ്ങൾ സംഭീതരായി. തെറ്റുകൾ ചെയ്യുവാൻ അനുവദിച്ചുകൊടുത്തിരുന്ന കൗശലക്കാരായ പുരോഹിത സമൂഹത്തിൻറെ പ്രവർത്തനങ്ങൾക്കു തടസ്സം നേരിട്ടു; പക്ഷെ, തങ്ങളുടെ ലാഭം അപകടത്തിലായെന്നുകണ്ട് അവർ കോപാകുലരായി കപട സിദ്ധാന്തങ്ങൾ ഉയർത്തിപ്പിടിക്കുവാൻ ശ്രമിച്ചു. ശുക്ഷമായി കുറ്റം ചുമത്തുന്ന അനേകരെ നവീകരണകർത്താവിനു

നേരിടുവാനുണ്ടായിരുന്നു. തിടുക്കത്തിൽ വികാരാവേശംകൊണ്ട് പ്രവർത്തിച്ചുയെന്ന് ചിലർ അദ്ദേഹത്തെ കുറ്റപ്പെടുത്തി. ദൈവത്താൽ നിയന്ത്രിക്കപ്പെടാതെ അഹങ്കാരവും ധിക്കാരവും പൂണ്ട് സങ്കല്പങ്ങൾ എഴുതിപ്പതിച്ചുയെന്നു മറ്റുള്ളവർ കുറ്റം പറഞ്ഞു. "അല്പമെങ്കിലും അഹങ്കാരമില്ലാതെയും വഴക്കുകൾ ഇളക്കി വിടുന്നുവെന്നുള്ള ആരോപണമേൽക്കാതെയും ആരുംതന്നെ പുതിയ ആശയങ്ങൾ മുന്നോട്ടുവെയ്ക്കുന്നില്ലായെന്നു അറിഞ്ഞുകൂടാത്തവൻ ആരാണ്?... ക്രിസ്തുവും മറ്റെല്ലാ രക്തസാക്ഷികളും മരണത്തിനേല്പിക്കപ്പെട്ടതെന്തു കൊണ്ടാണ്? കാരണം, അവർ

അഭിമാനത്തോടുകൂടെ അന്നത്തെ ജ്ഞാനത്തെ എതിർത്തുയെന്നതുതന്നെയാണ്; അതുപോലെ പുരാതന അഭിപ്രായങ്ങളോടു വിനയാന്വിതരായി ആദ്യമേതന്നെ ഉപദേശം തേടാതെ, പുതുമ നിറഞ്ഞ ആശയങ്ങൾ മുന്നോട്ടു വച്ചുവെന്നതുംകൂടെയാണ് എന്നദ്ദേഹം പ്രതിവാദനം നടത്തി.

“ഞാൻ ചെയ്യുന്നതെല്ലാം മനുഷ്യരുടെ വിവേകത്തിലാശ്രയിച്ചല്ല, നേരെ മറിച്ച് ദൈവത്തിൻറെ ഉപദേശപ്രകാരമാണ്. ഈ വേല ദൈവത്തിൽനിന്നു ള്ളതാണെങ്കിൽ അതിനെ തടയുവാൻ ആർക്കു സാധിക്കും? അപ്രകാരമല്ലായെങ്കിൽ ആരതിനെ

മുമ്പോട്ടുനടത്തും? സ്വർഗ്ഗസ്ഥനായ പരിശുദ്ധ പിതാവേ, എൻറെ ഇഷ്ടമല്ല, അവരുടേതുമല്ല, നമ്മുടേതുമല്ല; എന്നാൽ അവിടത്തെ ഇഷ്ടം തന്നെയാകട്ടെ'. ~ Ibid., b. 3, ch. 6. -

വേലയാരംഭിക്കുന്നതിന് ദൈവാത്മാവിനാൽ ലൂഥർ നിയോഗിക്കപ്പെട്ടെങ്കിലും രൂക്ഷമായ പോരാട്ടത്തിൽക്കൂടെ അദ്ദേഹമതു മുമ്പോട്ടു നയിക്ക ണമായിരുന്നു. തൻറെ ശത്രുക്കളുടെ ശകാരങ്ങൾ, തൻറെ ഉദ്ദേശശുദ്ധിയെ തെറ്റായി പ്രതിനിധീകരിക്കൽ, തൻറെ സ്വഭാവത്തിൻറേയും താത്പര്യങ്ങളുടേയും മേൽ അവരുടെ അനീതിപരവും ഹീനവുമായ

പ്രതിപാദനങ്ങൾ എന്നിവ
തകർത്തുവരുന്ന പ്രളയമെന്നപോലെ
അദ്ദേഹത്തിൻറെമേൽ ആഞ്ഞടിച്ചു;
ഇതിനെല്ലാം അതിൻറേതായ
പ്രതിഫലനവുമുണ്ടായി. സഭയിലും
സ്കൂളിലുമുള്ള ജനനേതാക്കന്മാർ
തന്നോടൊത്തുചേർന്നു നവീകരണ
പ്രയത്നങ്ങളിൽ
പങ്കാളികളാകുമെന്നതിൽ
അദ്ദേഹത്തിനു
ആത്മവിശ്വാസമുണ്ടായിരുന്നു. ഉന്നത
അധികാരികളിൽനിന്നു ലഭിച്ച
ധൈര്യത്തിൻറെ വാക്കുകൾ
അദ്ദേഹത്തിൽ സന്തോഷവും
പ്രത്യാശയും വളർത്തി. സഭയ്ക്കുവേണ്ടി
ശോഭനമായൊരു ദിവസം
പുലരുമെന്നുകണ്ട് അദ്ദേഹം അതിൽ

പ്രതീക്ഷ വച്ചു. എന്നാൽ
ധൈര്യത്തിൻറെ വാക്കുകൾ
ശകാരത്തിൻറേയും
കുറ്റംവിധിക്കലിൻറേതുമായി
മാറുകയാണുണ്ടായത്. സഭയുടേയും
രാഷ്ട്രത്തിൻറേയും ഉന്നതാധി കാരികൾ
തൻറെ പ്രസ്താവനകളിൽ സത്യസന്ധത
കണ്ടെത്തിയിരുന്നെങ്കിലും ആ
സത്യങ്ങൾ അംഗീകരിച്ചാൽ അത്
വലിയ
മാറ്റങ്ങൾക്കിടയാക്കുമെന്നവർ വേഗം
മനസ്സിലാക്കി. ജനങ്ങളെ പ്രബുദ്ധരാക്കി
നവീകരിച്ചാൽ അത് റോമിൻറെ
അധികാരത്തെ തകിടം മറിക്കുകയും,
അവളുടെ ഭണ്ഡാരത്തി ലേക്കൊഴുകുന്ന
ആയിരക്കണക്കായ കൈവഴികൾ
നിശ്ചലമാകുകയും,

പാപ്പാത്വനേതാക്കളുടെ ധാരാളിത്വവും ആർഭാടവും നിറഞ്ഞ ജീവിതരീതിയെ വളരെയധികം ഹനിക്കുകയും ചെയ്യും. അതിലുമുപരിയായി, ഉത്തരവാദിത്വമുള്ള വ്യക്തികളെന്നവണ്ണം ചിന്തിക്കുവാനും പ്രവർത്തിക്കുവാനും, രക്ഷയ്ക്കായി ക്രിസ്തുവിനെ മാത്രം നോക്കുവാനും ജനങ്ങളെ അഭ്യസിപ്പിച്ചാൽ അതു പോപ്പിൻറെ സിംഹാസനത്തെ തെറിപ്പിക്കുകയും തുടർന്നു അവരുടെ അധികാരത്തെ തകർക്കുകയും ചെയ്യും. ഇക്കാരണത്താൽ ദൈവം അവർക്കു നൽകിയ അറിവിനെ അവർ തിരസ്കരിക്കുകയും ക്രിസ്തുവിനും സത്യ ത്തിനും അവർക്കു വെളിച്ചം പകരുവാൻ ദൈവമയച്ച

മനുഷ്യനെതിരെ അണി നിരക്കുകയും ചെയ്തു. -

തന്നിലേയ്ക്കുതന്നെ നോക്കിയ ലൂഥർ ഭയന്നു വിറച്ചു - ഭൂമിയിലെ അത്യുന്നത ശക്തികളെ ഒരു മനുഷ്യൻ എതിർത്തുനിൽക്കുന്നു. സഭയുടെ അധികാരത്തിനെതിരേ നിൽക്കുവാൻ ദൈവം വാസ്തവമായി തന്നെ അയച്ചിരിക്കുകയാണോ എന്നദ്ദേഹം ചിലപ്പോഴൊക്കെ സംശയിച്ചിരുന്നു. "ഭൂമിയിലെ രാജാക്കന്മാരും മുഴുലോകവും ഭയന്നു വിറയ്ക്കുന്ന പോപ്പിൻറെ അധി കാരത്തോടെതിർത്തുനിൽക്കുവാൻ ഞാനെന്തുള്ളു?.... ആദ്യത്തെ രണ്ടു വർഷക്കാലം എൻറെ ഹൃദയം എത്രമാത്രം വേദനിച്ചുയെന്നും

എത്രമാത്രം വിഷാദത്തിലും നിരാശയിലും ഞാൻ ആഴ്ന്നുപോയിയെന്നും ആരും മനസ്സിലാക്കിയിരുന്നില്ല'. - Ibid., p. 3, ch. 6. എന്നാൽ പൂർണ്ണമായ ഹൃദയ വ്യഥയിൽ അദ്ദേഹം തള്ളപ്പെട്ടുപോയില്ല. 'മനുഷ്യനിലാശയം ഇല്ലാതായപ്പോൾ താൻ ദൈവത്തിൽ മാത്രം ദൃഷ്ടി പതിപ്പിക്കുകയും പൂർണ്ണ സംരക്ഷണത്തിനുവേണ്ടി സർവ്വശക്തിയുള്ള കരത്തിൽ ആശ്രയിക്കാമെന്നു മനസ്സിലാക്കുകയും ചെയ്തു.

നവീകരണ പ്രസ്ഥാനത്തിൻറെ ഒരു സ്നേഹിതനു ലൂഥർ ഇപ്രകാരമെ ഴുതി: "തിരുവചന ജ്ഞാനം പഠനംകൊണ്ടോ

ബുദ്ധിശക്തികൊണ്ടോ നേടുവാൻ നമുക്ക സാധിക്കുകയില്ല. നിങ്ങളുടെ ഒന്നാമത്തെ ഉത്തരവാദിത്വം പ്രാർത്ഥനകൊണ്ടു ആരംഭിക്കുകയെന്നുള്ളതാണ്. ദൈവത്തിൻറെ വലിയ കൃപയാൽ തൻറെ വചനത്തെക്കുറിച്ചുള്ള ശ്രേഷ്ഠമായ അറിവ് പകർന്നുതരുവാൻ കർത്താവിനോടപേക്ഷിക്കുക. ദൈവവചനം വ്യാഖ്യാനിച്ചുതരുവാൻ വചനത്തിൻറെ ഉറവിടമായ ദൈവമല്ലാതെ മറ്റാരുമില്ല, "അവരെല്ലാവരും ദൈവ ത്താൽ അഭ്യസിപ്പിക്കപ്പെട്ടവരാകും' എന്നു ദൈവം താൻ അരുളിച്ചെയ്തിരിക്കുന്നു. നിങ്ങളുടെ സ്വന്ത പ്രയത്നത്തിൽ നിന്നും സ്വന്ത ജ്ഞാനത്തിൽ നിന്നും യാതൊന്നുംതന്നെ പ്രതീക്ഷിക്കരുത്.

ദൈവത്തിൽ മാത്രം വിശ്വാസമർപ്പിക്കുക, ദൈവാത്മാവിൻെറ സ്വാധീനത്തിൽ ആശ്രയിക്കുക. അനുഭവസമ്പന്നനായ ഒരു മനുഷ്യൻെറ വാക്കാണിതെന്നു വിശ്വസിക്കുക'. - }bid., p. 3, ch. 7.

ഈ കാലത്തേയ്ക്കുള്ള വിലയേറിയ സത്യം ലോകത്തിനു നൽകുവാൻ ദൈവം വിളിച്ചിരിക്കുന്നുവെന്നു തോന്നുന്ന എല്ലാവർക്കും അതിപ്രാധാന്യമുള്ള ഒരു പാഠം ഇതിൽ കാണുന്നു. ഈ സത്യങ്ങൾ സാത്താൻെറ ശത്രുത്വത്തെ ഉദ്ദീപിപ്പിക്കുകയും അവൻ ആവിഷ്ക്കരിച്ചിരിക്കുന്ന കെട്ടുകഥകളെ സ്നേഹിക്കുന്ന മനുഷ്യരുടെ കോപത്തെ ഉണർത്തുകയും ചെയ്യും. ദുഷ്ട ശക്തികൾക്കെതിരേയുള്ള

പോരാട്ടത്തിൽ മാനുഷിക ജ്ഞാനത്തിലും ബുദ്ധിയിലും കവിഞ്ഞുള്ള ഒരു ശക്തി അത്യാവശ്യമാണ്.

ശത്രുക്കൾ പാരമ്പര്യത്തേയും രീതികളേയും പോപ്പിൻറെ അധികാരത്തേയും കുറിച്ച് സംസാരിച്ചപ്പോൾ വേദപുസ്തകം മാത്രമുപയോഗിച്ച് ലൂഥർ മറുപടി നൽകി. അവർക്കുത്തരമില്ലാത്ത വാദമുഖങ്ങൾ അതിലാണുള്ളത്, അതുകൊണ്ട് അന്ധവിശ്വാസത്തിൻറേയും പാരമ്പര്യത്തിൻറേയും അടിമകളായവർ, ക്രിസ്തുവിൻറെ രക്തത്തിനുവേണ്ടി യെഹൂദന്മാർ നിലവിളിച്ചതുപോലെ

ലൂഥറിൻറെ രക്തത്തിനുവേണ്ടി
കൂകിവിളിച്ചു. "അവനൊരു
വിശ്വാസത്യാഗിയാണ്. ഇപ്രകാരമുള്ള
ഭീകരനായ വിശ്വാസപാതകനെ ഒരു
മണിക്കൂർ കൂടെ
ജീവിക്കാനനുവദിക്കുന്നത് സഭയോടുള്ള
ദ്രോഹമായിരിക്കും. അവനുവേണ്ടി
കഴുമരം ഉടൻതന്നെ ഉയർത്തട്ടെ!"
ഇപ്രകാരം റോമൻ തീവവാദികൾ മുറ
വിളികൂട്ടി. - Ibid., p. 3, ch. 9.
എന്നാൽ അവരുടെ ഉഗ്രരോഷത്തിന്
ഇര യായി ലൂഥർ വീണില്ല. ദൈവം
തീരുമാനിച്ചിരുന്ന ഒരു ജോലി
അദ്ദേഹത്തിനു ചെയ്യുവാനുണ്ടായിരുന്നു;
തന്നെ രക്ഷിക്കുവാൻ സ്വർഗ്ഗീയ
ദൂതഗണങ്ങൾ അയയ്ക്കപ്പെട്ടിരുന്നു.
എന്നിരുന്നാലും ലൂഥറിൽനിന്നു

വിലപ്പെട്ട വെളിച്ചം സ്വീകരിച്ചിരുന്ന പലരും സാത്താൻറെ ഉഗ്രകോപത്തിനു പാത്രമാവുകയും സത്യത്തിനുവേണ്ടി ഭയരഹിതരായി പീഡനങ്ങളും മരണവും അനുഭവിക്കുകയും ചെയ്തു.

ജർമ്മനിയിലെങ്ങുമുള്ള ചിന്തിക്കുന്ന മനസ്സുകൾ ലൂഥറിൻറെ ഉപദേശങ്ങളിലേയ്ക്ക് ശ്രദ്ധതിരിച്ചു. അദ്ദേഹത്തിൻറെ പ്രസംഗങ്ങളിൽനിന്നും ലേഖനങ്ങളിൽനിന്നും ബഹിർഗമിച്ചിരുന്ന പ്രകാശവലയം ആയിരങ്ങളെ ഉണർത്തുകയും പ്രകാശിപ്പിക്കുകയും ചെയ്തു. വളരെക്കാലം സഭയിൽ നടമാടിയിരുന്ന ജീവനില്ലാത്ത ആചാരാനുഷ്ഠാനങ്ങളുടെ

സ്ഥാനത്ത് ജീവനുള്ള വിശ്വാസം കടന്നുവന്നു. റോമാസഭയിലെ അന്ധവിശ്വാസങ്ങളിൽ ദിനന്തോറും ജനങ്ങളുടെ താത്പര്യം കുറഞ്ഞുവരികയായിരുന്നു. മുൻവിധിയുടെ കോട്ടകൾ തകർന്നുവീണു തുടങ്ങിയിരുന്നു. ഓരോ വിശ്വാസതത്വത്തേയും അവകാശ വാദത്തെയും പരീക്ഷിക്കുവാൻ ലൂഥർ ഉപയോഗിച്ച ദൈവവചനം ഇരുവായ്ത്ത്തലവാൾപോലെ ജനഹൃദയങ്ങളിൽ കടന്നുചെന്നു. ആത്മീയ വളർച്ച യ്ക്കുള്ള താത്പര്യം എല്ലായിടത്തും ഉണർന്നുതുടങ്ങി. യുഗങ്ങളായി അറിയപ്പെടാതിരുന്ന നീതിക്കുവേണ്ടിയുള്ള വിശപ്പും ദാഹവും എല്ലായിടത്തും കാണപ്പെട്ടു. ഭൗമിക

മദ്ധ്യസ്ഥന്മാരിലും മാനുഷിക കർമ്മങ്ങളിലും മാത്രം ദൃഷ്ടി പതിപ്പിച്ചിരുന്ന ജനം ഇപ്പോൾ വിശ്വാസത്തോടും അനുതാപത്തോടും കൂടെ ക്രിസ്തുവിലും അവൻറെ ക്രൂശിലും നോക്കിത്തുടങ്ങി.

ഇപ്രകാരമുള്ള വ്യാപകമായ താത്പര്യം പാപ്പാത്വ അധിപതികളുടെ ഭയത്തെ വീണ്ടും വർദ്ധിപ്പിച്ചു. വിശ്വാസത്യാഗമെന്ന ആരോപണത്തിന് ഉത്തരം നൽകാൻ റോമിൽ ഹാജരാകണമെന്നു ലൂഥറിനു കല്പന ലഭിച്ചു. ഈ കല്പനയിൽ തൻറെ സ്നേഹിതർ ഭീതിപൂണ്ടു. യേശുവിനുവേണ്ടി രക്ത സാക്ഷികളായവരുടെ രക്തം കുടിച്ച്

മത്തിളകി മ്ലേച്ഛതയിൽ കഴിയുന്ന ആ നഗരത്തിൽ അദ്ദേഹം നേരിടുവാനുള്ള അപകട ഭീഷണി അവർ നല്ലവണ്ണം അറിഞ്ഞിരുന്നു. അദ്ദേഹം റോമിൽ ഹാജരാകുന്നത് തടഞ്ഞുകൊണ്ട് ജർമ്മനിയിൽത്തന്നെ വിചാരണ നേരിടുവാൻ അവർ അഭ്യർത്ഥിച്ചു.

ഈ ക്രമീകരണം നടപ്പിലാക്കുകയും പോപ്പിൻറെ പ്രതിനിധി. വാദം കേൾക്കുവാൻ എത്തുകയും ചെയ്തു. ലൂഥർ വിശ്വാസത്യാഗിയായി പുറംതള്ളപ്പെട്ടുകഴിഞ്ഞിരിക്കുന്നുവെന്ന നിർദ്ദേശം പാപ്പാ പതിനിധിക്കു നേരത്ത തന്നെ ലഭിച്ചിരുന്നു. അതുകൊണ്ട് "താമസംവിനാ ആ തീരുമാനം നടപ്പിൽ വരുത്തുവാനുള്ള"

ഉത്തരവാദിത്വം പ്രതിനിധിയെ ഭരമേല്പിച്ചിരുന്നു. അദ്ദേഹം തൻറെ വീക്ഷണത്തിൽ ഉറച്ചു നില്ക്കുകയും പാപ്പാ പ്രതിനിധിക്കുതന്നെ കൈകാര്യം ചെയ്യാൻ സാധിക്കാതെയും വന്നാൽ "ലൂഥറെ ജർമ്മനിയി ലെങ്ങും നിയമ ബാഹ്യനായി പ്രഖ്യാപിക്കുവാനും നാടുകടത്തുവാനും ശപിക്കുവാനും തന്നോടു കൂട്ടുചേരുന്ന എല്ലാവരേയും സമൂഹത്തിൽനിന്നു പുറം തള്ളുവാനും" ഉള്ള അധികാരം നല്കിയാണ് ആ പ്രതിപുരുഷൻ അയയ്ക്കപ്പെട്ടത്. - Ibid., b, 4, ch. 2. ഒരു ബാധ എന്നപോലെ പടർന്നുപിടിക്കുന്ന ഈ ആചാരവിരോധത്തെ തുടച്ചുമാറ്റുവാനും, ലൂഥറേയും അനുയായികളേയും ബന്ധികളാക്കി റോമിൻറെ

കോപാഗ്നിക്കുമുമ്പിൽ
ഏല്പിച്ചുകൊടുക്കുവാൻ താല്പര്യപ്പെടാത്ത
ചക്രവർത്തിയൊഴികെ, സഭയിലും
രാഷ്ട്രത്തിലുമായി ഏതു
നിലവാരത്തിൽപ്പെട്ടവരേയും
പുറംതള്ളുവാനും തൻെറ പ്രതിനിധിക്കു
മാർപാപ്പ നിർദ്ദേശം കൊടുത്തിരുന്നു.

പാപ്പാത്വത്തിൻെറ യാഥാർത്ഥ
ആത്മാവ് ഇവിടെ വെളിപ്പെടുന്നു. ഈ
നടപടികളിലൊരിടത്തും
ക്രിസ്ത്യാനിത്വത്തിൻെറ ഒരു കണികയോ
സാമാന്യനീതിയോ കാണപ്പെടുന്നില്ല.
ലൂഥർ റോമിൽനിന്നു
വളരെയകലെയാണ്; തൻെറ
സ്ഥാനത്തെ സംബന്ധിച്ച്
വിശദീകരിക്കുന്നതിനും

പ്രതിപാദിക്കുന്നതിനും അവസരം അദ്ദേഹത്തിനു കൊടുത്തിട്ടില്ല; എന്നിട്ടും അദ്ദേഹത്തിൻറെ പേരിലുള്ള വ്യവഹാരം തെളിയിക്കുന്നതിനു മുമ്പേതന്നെ അദ്ദേഹത്തെ ആചാരവിരോധിയായി പ്രഖ്യാപിച്ചുകഴിഞ്ഞു; മാത്രമല്ല, ആ ദിവസംതന്നെ തനിക്കെതിരെ വിലക്കു കല്പിക്കുകയും കുറ്റമാരോപിക്കുകയും ന്യായംവിധിക്കുകയും പുറം തള്ളുകയും ചെയ്യുന്നു; ഇതെല്ലാം സഭയുടേയും രാഷ്ട്രത്തിൻറേയും അപ്രമാദിത്വ അധികാരമുള്ള, ഉന്നതനായ, സ്വയം പരിശുദ്ധപിതാവെന്നവകാശപ്പെടുന്നവനാൽ നടത്തപ്പെടുന്നു!

ഒരു യഥാർത്ഥ സ്നേഹിതൻറെ ഉപദേശവും അനുകമ്പയും ലൂഥറിനു

അത്യാവശ്യമായിരുന്ന ഈ സമയം ദൈവനിയോഗപ്രകാരം മെലംഗൺ വിറ്റൻബർഗ്ഗിൽ അയയ്ക്കപ്പെട്ടു. പ്രായം കുറഞ്ഞവനും വിനീതനും സങ്കോചപ്രകൃതിക്കാരനുമായ മെലംഗണിൻറെ വിശാലമായ ജ്ഞാനം, തീരുമാനമെടുക്കുവാനുള്ള കഴിവ്, ജനശ്രദ്ധ പിടിച്ചുപറ്റുന്ന തരത്തിലുള്ള വാമികത്വം, ജീവിത പരിശുദ്ധി, സ്വഭാവ ശ്രേഷ്ഠത തുടങ്ങിയ ഗുണഗണങ്ങൾ ആകർഷ കവും മതിപ്പുളവാക്കുന്നതുമായിരുന്നു. അദ്ദേഹത്തിൻറെ അതിശ്രേഷ്ഠമായ കഴിവുകൾ പോലെതന്നെ ശാന്തശീലവും മാഹാത്മ്യമേറിയതുമായിരുന്നു. വളരെവേഗം അദ്ദേഹം സുവിശേഷത്തിൻറെ ആത്മാർത്ഥ

ശിഷ്യനും ലൂഥ റിൻറെ വിശ്വസ്ത സ്നേഹിതനും വിലപ്പെട്ട സഹായിയുമായിത്തീർന്നു; തൻറെ ശാന്തത, ജാഗ്രത, സൂക്ഷ്മത എന്നിവ ലൂഥറിന്ന ധൈര്യവും ശക്തിയും പകർന്നു കൊടുത്തുകൊണ്ടിരുന്നു. ഒരുമിച്ചുള്ള അവരുടെ പ്രവർത്തനം നവീകരണത്തിന്ന പുതുശക്തി പകർന്നുകൊടുക്കുകയും ലൂഥറിൻറെ ഉത്സാഹം വർദ്ധിപ്പിക്കുകയും ചെയ്തു.

വിചാരണയ്ക്കായി ആഗബർഗ് എന്ന സ്ഥലമാണ് തെരെഞ്ഞെടു ത്തത്. അവിടേയ്ക്കുള്ള യാത്ര കാൽനടയായി ചെയ്യുവാൻ നവീകരണ വക്താവ് തീരുമാനിച്ചു. ഇതിൽ പലരും വളരെയധികം ഭയപ്പെട്ടു. വഴിമദ്ധ്യ

അദ്ദേഹത്തെ പിടികൂടി
വധിച്ചുകളയുമെന്ന് പരസ്യമായ
ഭീഷണിമുഴങ്ങി; ആയതിനാൽ ഈ
സാഹസത്തിനു മുതിരരുതെന്നു തൻറെ
സ്നേഹിതർ യാചിച്ചു. കുറെ നാളത്തേയ്ക്ക്
വിറ്റൻബർഗ്ഗിൽ നിന്നു മാറി.
സന്തോഷത്തോടെ അദ്ദേ ഹത്തെ
കാത്തുകൊള്ളുന്നവരുടെ അടുക്കൽ
സുരക്ഷിതസ്ഥാനം കണ്ട് ത്തുവാനവർ
അപേക്ഷിച്ചു. എന്നാൽ ദൈവം
ഏല്പ്പിച്ച സ്ഥാനം ഉപേക്ഷിച്ച്
പോകുവാനദ്ദേഹം ഇഷ്ടപ്പെട്ടില്ല.
തൻറെമേൽ ആഞ്ഞടിക്കുന്ന
കൊടുങ്കാറ്റിനെ ശ്രദ്ധിക്കാതെ
വിശ്വസ്തതയോടെ സത്യത്തിനുവേണ്ടി
അദ്ദേഹം നിലകൊള്ളേണ്ടതായിരുന്നു.
“ഞാൻ യിരെമ്യാവിനെപ്പോലെയാണ്,

കുഴപ്പങ്ങളും വിവാദങ്ങളും നിറഞ്ഞ ഒരു മനുഷ്യൻ; അവരുടെ ഭീഷണികൾ അധികരിക്കുന്തോറും എൻറെ സന്തോഷവും വർദ്ധിക്കുന്നു.... എൻറെ ബഹുമതിയും സൽപ്പേരുമവർ നശിപ്പിച്ചുകളഞ്ഞു. ഒരേയൊരു വസ്തു നിലനില്ക്കുന്നു; അതെൻറെ ബലഹീനശരീരം മാത്രമാണ്; അവരത് എടുത്തുകൊള്ളട്ടെ; അങ്ങനെയവർ എൻറെ ജീവിതത്തിലെ ചില മണിക്കൂറുകൾ കുറവു വരുത്തും. എന്നാൽ എൻറെ ആത്മാവിനെ എടുക്കുവാനവർക്കു സാദ്ധ്യമല്ല. ക്രിസ്തുവിൻറെ വചനം ലോകത്തിൽ ഘോഷിക്കുവാനാഗ്രഹിക്കുന്നവർ ഓരോ നിമിഷവും മരണത്തെ

പ്രതീക്ഷിച്ചുകൊണ്ടിരിക്കണം ". ~ Ibid., p. 4, ch. 4.

ലൂഥർ ആഗ്സ്ബർഗ്ഗിൽ എത്തിച്ചേർന്ന വാർത്ത കേട്ട പാപ്പാത്വ പ്രതിനിധി അതീവ സന്തുഷ്ടനായി. മുഴുലോകത്തിൻറേയും ശ്രദ്ധ ഇളക്കിമറിക്കുന്ന ശല്യക്കാരനായ ആചാര വിരോധി റോമിൻറെ പിടിയിലമർന്നതുപോലെ കാണപ്പെട്ടു; അവനിനി രക്ഷപെട്ടുകൂടായെന്നു പ്രതിനിധിയും തീരുമാനിച്ചു. രക്ഷ പെടുവാനുള്ള ഉറപ്പുപത്രം സ്വീകരിക്കുന്നതിൽ നവീകരണകർത്താവും പരാ ജയപ്പെട്ടു. അതുകൂടാതെ പാപ്പാത്വ പ്രതിനിധിയുടെ മുമ്പിൽ പ്രത്യക്ഷപ്പെടരുതെന്ന് തൻറെ

സ്നേഹിതർ അപേക്ഷിച്ചു;
ചക്രവർത്തിയിൽനിന്നു ഉറപ്പുപത്രം
നേടിയെടുക്കുവാൻ സ്നേഹിതർതന്നെ
പ്രയത്നിച്ചു. ലൂഥറെ
നിർബ്ബന്ധിക്കുവാനോ,
സാദ്ധ്യമായാൽ
പിൻവലിപ്പിക്കുവാനോ, അതിൽ
തോൽവി അടഞ്ഞാൽ ഹസ്സിൻറേയും
ജെറോമിൻറേയും വിധിതന്നെ
പ്രാപിക്കുന്നതിനു റോമിൽ
എത്തിക്കുവാനോ പ്രതിനിധി
ആഗ്രഹിച്ചു. അതുകൊണ്ട് തൻറെ കൃപ
യിൽ വിശ്വാസമർപ്പിച്ച് ഉറപ്പുപതം
കൂടാതെ കടന്നുവരുവാൻ ലൂഥറെ നിർബ്ബ
ന്ധിക്കുന്നതിനു കാര്യസ്ഥനിൽക്കൂടെ
പ്രതിനിധി പരിശ്രമിച്ചു. ഇതു
നിരസിക്കുവാൻ നവീകരണകർത്താവ്

ഉറപ്പിച്ച് തീരുമാനിച്ചു.
ചക്രവർത്തിയിൽനിന്നും തൻറെ
സുരക്ഷ ഉറപ്പുവരുത്തുന്ന സാക്ഷ്യപത്രം
ലഭിക്കുന്നതുവരെ ലൂഥർ പാപ്പാത്വ
പ്രതിനിധിയുടെ മുന്നിൽ
പ്രത്യക്ഷപ്പെടാതിരുന്നു.

നയപരമായ രീതിയിൽ
സൗമ്യഭാവത്തോടെ ലൂഥറെ തൻറെ
പക്ഷത്താക്കുവാൻ പരിശ്രമിക്കുന്നതിനു
റോമാപ്രതിനിധി തീരുമാനിച്ചു.
അഗാധമായ സ്നേഹഭാവം
പ്രകടിപ്പിച്ചുകൊണ്ട് അദ്ദേഹവുമായി
കൂടിക്കാഴ്ച ആരംഭിച്ചു; എന്നാൽ സഭയുടെ
അധികാരത്തിൻകീഴിൽ ലൂഥർ
പൂർണ്ണമായി
വഴങ്ങിക്കൊടുക്കണമെന്നും, ചോദ്യം

ചെയ്യലോ വാദ്രപതിവാദമോ കൂടാതെ അദ്ദേഹം ഓരോ തർക്കവിഷയത്തിലും കീഴടങ്ങണമെന്നും പ്രതിനിധി ആവശ്യപ്പെട്ടു. എന്നാലയാൾ, താൻ ബന്ധപ്പെടുന്ന മനുഷ്യൻറെ സ്വഭാവം ശരിയായി അപഗ്രഥിച്ചിരുന്നില്ല. ലൂഥർ തൻറെ മറുപടിയിൽ, തനിക്കു സഭയോടുള്ള ബഹുമാനവും സത്യത്തോടുള്ള ആഗ്രഹവും, താൻ പഠിപ്പിച്ച വസ്തുക്കളിന്മേലുള്ള ചോദ്യങ്ങൾക്ക് ഉത്തരം നല്കുന്നതിനുള്ള തയ്യാറെടുപ്പും, താൻ സ്ഥാപിച്ചിരിക്കുന്ന തത്വങ്ങൾ പ്രധാനപ്പെട്ട സർവ്വകലാശാലകളുടെ തീരുമാനത്തിനേ ല്പിച്ചുകൊടുക്കുവാനുള്ള അഭിലാഷവും പ്രകടിപ്പിക്കുകയുണ്ടായി.

എന്നാൽ അതേസമയം തൻറെ തെറ്റുകൾ തെളിയിക്കപ്പെടാതെ, തന്നെ പിൻതിരിപ്പിക്കുവാനുള്ള കർദ്ദിനാളിന്റെ പരിശ്രമത്തെ അദ്ദേഹം എതിർക്കുകയും ചെയ്തു.

"പിൻതിരിയുക, പിൻവലിക്കുക!" എന്നത് മാത്രമായിരുന്നു അയാളുടെ ഏക ഉത്തരം. തൻറെ സ്ഥാനം തിരുവചനത്തിൽ അധിഷ്ഠിതമാണെന്നും സത്യം വെടിയുവാൻ തനിക്കു സാദ്ധ്യമല്ലെന്നും നവീകരണകർത്താവ് പ്രഖ്യാപിച്ചു. ലൂഥറിൻറെ ന്യായവാദങ്ങൾക്കുത്തരം മുട്ടിപ്പോയ പാപ്പാത്വ പ്രതിനിധി, ശകാരങ്ങളും, കുത്തുവാക്കുകളും അഹങ്കാരങ്ങളും ചൊരിഞ്ഞുകൊണ്ട് പാര

ബര്യങ്ങളിൽനിന്നും പിതാക്കന്മാരുടെ പ്രസ്താവനകളിൽനിന്നുമുള്ള ഉദ്ധരണികൾ ഉരുവിട്ട് അദ്ദേഹത്തിനു സംസാരിക്കുവാനുള്ള അവസരം നിഷേധിച്ചു. അവസാനം തൻറെ ഉത്തരം എഴുതി സമർപ്പിക്കുവാനുള്ള വൈമുഖ്യമാർന്ന അനുവാദം ലൂഥറിനു ലഭിച്ചു.

“അപ്രകാരം ചെയ്തതിൽ പീഡിപ്പിക്കപ്പെട്ടവന് ഇരട്ടി ലാഭമുണ്ടായി; ഒന്നാമതായി എഴുതപ്പെട്ട കാര്യങ്ങൾ മറ്റുള്ളവരുടെ ന്യായതീർപ്പിനുവേണ്ടി സമർപ്പിക്കുകയും, രണ്ടാമതായി, ശകാരവർഷംകൊണ്ട് വിജയിക്കുമായിരുന്ന അഹങ്കാരിയും

വിടുവായത്തമായ സ്വേച്ഛാധിപതിയുടെ ഭയഭീതിതമായ അന്തകരണത്തിനെതിരേ പ്രവർത്തിക്കാനുള്ള നല്ല അവസരം ലഭിക്കുകയും ചെയ്തു" എന്ന് ഒരു സ്നേഹിതന് അദ്ദേഹമെഴുതി. - Martyn, The Life and Times of Luther, Pages 271, 272.

തിരുവചനത്തിലെ അനേക ഉദ്ധരണികളുടെ പിൻബലത്തിൽ തൻറെ പ്രസ്താവനകളെല്ലാം വ്യക്തവും ശക്തിയേറിയതുമായ രീതിയിൽ ചുരുക്കമായി അടുത്ത കൂടിക്കാഴ്ചയിൽ ലൂഥർ സമർപ്പിച്ചു. ഇത് ഉറക്കെ വായിച്ച് ശേഷം കർദ്ദിനാളിനു സമർപ്പിച്ചു; പക്ഷെ വെറുപ്പോടെ

ദൂരെയെറിഞ്ഞുകൊണ്ട്, ആ മനുഷ്യൻ അതെല്ലാം അനാവശ്യമായ ഉദ്ധരണികളും നിരർത്ഥകമായ വാക്കുകളുടെ കൂമ്പാരവുമാണെന്ന് പ്രഖ്യാപിക്കുകയാണ് ചെയ്തത്. ഇതിൽ കുപിതനായ ലൂഥർ, സഭയുടെ പാരമ്പര്യങ്ങളേയും അബദ്ധജഡിലമായ ഉപദേശങ്ങളേയും നിഷേധിച്ചുകൊണ്ട് അഹങ്കാരിയായ ആ വൈദികനെ നേരിടുകയും അയാളുടെ സങ്കല്പങ്ങളെ തകിടം മറിക്കുകയും ചെയ്തു.

ലൂഥറിൻറെ ന്യായവാദങ്ങൾക്കുമുമ്പിൽ ഉത്തരം മുട്ടിപ്പോയ ആ വൈദികൻ സ്വയം നിയന്ത്രണം വിട്ടുകൊണ്ട് കോപത്തോടെ ഇപ്രകാരം

അലറിവിളിച്ചു: “പിൻതിരിയുക! അല്ലെങ്കിൽ റോമിലെ ന്യായാധിപന്മാരുടെ മുമ്പിൽ വിചാരണയ്ക്കു നില്ക്കുന്നതിനു നിങ്ങളെ ഞാനയയ്ക്കും. നിങ്ങളേയും നിങ്ങളുടെ പക്ഷക്കാരേയും സാമൂഹ്യ ഭ്രഷ്ടരാക്കും, നിങ്ങളുമായി ബന്ധപ്പെടുന്ന എല്ലാവർക്കും സഭാവിലക്കു കല്പിക്കും.” അവസാനമായി അഹങ്കാരവും രോഷവും നിറഞ്ഞ സ്വരത്തിൽ ഇപ്രകാരം പ്രഖ്യാപിച്ചു: “പിൻതിരിയുക, അല്ലെങ്കിൽ ഒരിക്കലും തിരിച്ചുവരാതിരിക്കുക”. - D’ Aubigne, London ed., b. 4, ch. 8. .

തന്നിൽനിന്നു പിൻതിരിയൽ പ്രതീക്ഷിക്കേണ്ടതില്ലെന്നു വ്യക്തമായി

പ്രഖ്യാപിച്ചുകൊണ്ട് നവീകരണകർത്താവും സ്നേഹിതരും അവിടെനിന്നു പിൻവാങ്ങി. എന്നാൽ ആ കർദ്ദിനാൾ ആഗ്രഹിച്ചത് ഇതല്ലായിരുന്നു. ക്രൂരത കാണിച്ച് ഭയപ്പെടുത്തി ലൂഥറെ കീഴടക്കുമെന്നയാൾ വീമ്പിളക്കിയിരുന്നു. ഇപ്പോൾ തൻറെ ഉപായങ്ങൾ തോൽവിയിലായതിൽ മനംനൊന്ത അയാൾ ഏകനായി തൻറെ അനുയായികളെ മാറിമാറി നോക്കി.

ഈ അവസരത്തിലുള്ള ലൂഥറിൻറെ പരിശ്രമങ്ങൾക്ക് നല്ല ഫലമുണ്ടാകാതിരുന്നില്ല. അവിടെ കൂടിയിരുന്ന വലിയ ജനാവലിക്ക് ഈ രണ്ടു വ്യക്തികളെത്തമ്മിൽ

താരതമ്യപ്പെടുത്തുവാനും, അവർ
പ്രകടമാക്കിയ ആത്മാവിനെ ന്യായം
വിധിക്കുവാനും, അവരുടെ
നിലപാടുകളിലെ ശക്തിയും സത്യസ
ന്ധതയും വിലയിരുത്തുവാനുമുള്ള
അവസരം ലഭിച്ചു. ആ വൈരുദ്ധ്യം എത്ര
ശ്രദ്ധേയമായിരുന്നു. തൻറെ പക്കൽ
സത്യം ഉണ്ടായിരുന്ന നവീകരണ
വക്താവ് സരളവും വിനീതവും
ഉറപ്പുള്ളതുമായ മനോഭാവത്തോടെ
ദൈവശക്തിയിൽ ആശ്രയിച്ചുനിന്നു;
പോപ്പിൻറെ പ്രതിനിധി സ്വയം
ശ്രേഷ്ഠനെന്നു ഭാവിച്ച്, ഉന്നത ഭാവവും
അഹങ്കാരവും യുക്തിഹീനവുമായ
രീതിയിൽ, തിരുവചനത്തിൽ നിന്നു
വാദമുഖങ്ങളൊന്നും ഇല്ലാതെ ഉഗ്രമായി
ഇപ്രകാരം വിളിച്ചു

പറയുകയാണുണ്ടായത്:
"പിൻതിരിയുക, അല്ലെങ്കിൽ റോമിലയച്ച് ശിക്ഷിപ്പിക്കും'.

ലൂഥറിനു ഉറപ്പുപത്രം ലഭിച്ചിരുന്നതറിയാതെ അദ്ദേഹത്തെ പിടികൂടി കാരാഗൃഹത്തിലടയ്ക്കുവാൻ റോമാപ്രതിനിധികൾ കരുനീക്കങ്ങളാരംഭിച്ചു. അവിടെ കൂടുതൽ സമയം ചെലവഴിക്കേണ്ട ആവശ്യമില്ലെന്നും, ഒട്ടും താമസിയാതെ വിറ്റൻബർഗ്ഗിലേയ്ക്കദ്ദേഹം മടങ്ങണമെന്നും, അത് രഹസ്യമായിത്തന്നെ സൂക്ഷിക്കണമെന്നും തൻറെ സ്നേഹിതർ അപേക്ഷിച്ചു. അതനുസരിച്ചു പുലരുംമുമ്പുതന്നെ, മജിസ്ട്രേട്ട് നിയമിച്ച്

വഴികാട്ടിയോടൊത്ത്ു അദ്ദേഹം
കുതിരപ്പുറത്ത്ുകയറി ആഗ്നസ്ബർഗ്ഗ്
വിട്ട് യാത്രയായി. അനിഷ്ട സൂചനകൾ
അധികമുള്ളതിനാൽ വെളിച്ചമില്ലാത്ത
നിർജ്ജന പാതകളിലൂടെ അദ്ദേഹം
സഞ്ചരിച്ചു. ശ്രദ്ധാലുക്കളായ നിഷ്ഠൂര
ശത്രുക്കൾ തന്നെ നശിപ്പിക്കുവാൻ
കെണികൾ വിരിച്ചു. തനിക്കുവേണ്ടി
ഒരുക്കിയിരിക്കുന്ന കെണികളിൽനിന്ന്
അദ്ദേഹം രക്ഷപെടുമോ?
ജിജ്ഞാസയുടേയും ആത്മാർത്ഥമായ
പ്രാർത്ഥനയുടേയും
നിമിഷങ്ങളായിരുന്നു അവ.
നഗരമതിലിൻറെ ഒരു ചെറിയ
കവാടത്തിലദ്ദേഹം എത്തിച്ചേർന്നു.
അതദ്ദേഹത്തിനുവേണ്ടി
തുറക്കപ്പെട്ടുകയും തടസ്സങ്ങളൊന്നും

കൂടാതെ തൻ്റെ
വഴികാട്ടിയുമൊത്തദ്ദേഹം പുറത്തു
കടക്കുകയും ചെയ്തു. സുരക്ഷിതനായി
പുറത്തു കടന്ന ആ അഭയാർത്ഥികൾ
തങ്ങളുടെ പ്രയാണം തുടർന്നു, എന്നാൽ
ലൂഥറിൻ്റെ തിരോധാനം പാപ്പാത്വ
പ്രതിനിധി അറിഞ്ഞപ്പോഴേയ്ക്കും
അദ്ദേഹം തൻ്റെ പീഡിതരുടെ
പിടിയിൽനിന്ന് അകലെ
എത്തിയിരുന്നു. സാത്താനും തൻ്റെ
പ്രതിനിധികളും തോൽവിയടഞ്ഞു.
വേട്ടക്കാരൻ്റെ കെണിയിൽനിന്നു
രക്ഷപ്രാപിച്ച ഒരു പക്ഷിയെന്നപോലെ,
തങ്ങളുടെ കയ്യിൽ പെട്ടുപോയി
എന്നവർ വിചാരിച്ച മനുഷ്യൻ
രക്ഷപെട്ടുകഴിഞ്ഞു.

ലൂഥർ രക്ഷപെട്ടുകഴിഞ്ഞുവെന്ന വാർത്ത കേട്ട പാപ്പാത്വ പ്രതിനിധി അത്ഭുതവും കോപവും നിറഞ്ഞവനായിത്തീർന്നു. സഭയെ ശല്യപ്പെടുത്തുന്ന ഈ മനുഷ്യനെ നേരിടുന്ന ഉറപ്പുള്ളതും ബുദ്ധിപരവുമായ തൻറെ തന്ത്രത്തിനു വലിയ ബഹുമതി ലഭിക്കുമെന്നയാൾ പ്രതീക്ഷിച്ചിരുന്നു; എന്നാൽ ആ പ്രത്യാശയ്ക്കു ഭംഗം വന്നുകഴിഞ്ഞു. ഈ കോപത്തിൻറെ മൂർത്തീഭാവമായ ഒരു കത്ത് അയാൾ സാക്സോണിയിലെ എലക്റ്ററായ ഫ്രഡറിക്കിനു എഴുതിയിട്ട് ലൂഥറെ കയ്യൊഴിഞ്ഞുകൊണ്ട് റോമിലയയ്ക്കുവാനോ, അല്ലെങ്കിൽ സാക്സോണിയിൽനിന്ന് നാടുകടത്തുവാനോ ആവശ്യപ്പെട്ടു.

മാർപാപ്പയോ പാപ്പാതിനിധിയോ തിരുവചനവെളിച്ചത്തിൽ തൻറെ തെറ്റുകൾ വെളിപ്പെടുത്തിത്തരണമെന്നും അവ ദൈവവചനത്തിന് എതിരാണെന്നു കാണപ്പെട്ടാൽ തൻറെ ഉപദേശങ്ങളെല്ലാം ഉപേക്ഷിക്കുന്നതാണെന്നും, വളരെ വിനീതമായ രീതിയിൽ സമ്മതിച്ചുകൊണ്ട് ലൂഥർ മേൽപ്പറഞ്ഞ കത്തിനെ പ്രതിരോധിച്ചു. ഇപ്രകാരമുള്ള പരിശുദ്ധ പ്രവൃത്തിയിൽ കഷ്ടം സഹിക്കുവാൻ യോഗ്യതയുള്ളവനായി തന്നെ കണക്കാക്കിയതിൽ അദ്ദേഹം ദൈവത്തിനു നന്ദി അർപ്പിച്ചു.

നവീകരണ ഉപദേശങ്ങളിൽ തനിക്കു വലിയ അറിവില്ലെങ്കിലും ലൂഥറിൻറെ

വാക്കുകളുടെ വിശുദ്ധിയിലും ശക്തിയിലും വ്യക്തതയിലും ആകൃഷ്ടനായ എലക്ടർ, നവീകരണവക്താവ് തെറ്റാണു ചെയ്യുന്നതെന്ന് തെളിയിക്കപ്പെടുന്നതുവരെ അദ്ദേഹത്തിൻറെ സംരക്ഷകനായി തുടരുവാൻ തീരുമാനിച്ചു. പാപ്പാത്വ പ്രതിനിധിയുടെ ആവശ്യത്തിനു അദ്ദേഹമിപ്രകാരം മറുപടി എഴുതി: "ഡോക്ടർ മാർട്ടിൻ, ആഗ്സ്ബർഗ്ഗിൽ നിങ്ങളുടെ മുമ്പിൽ ഹാജരായതിൽ നിങ്ങൾ തൃപ്തിപ്പെടേണ്ടതാണ്. അദ്ദേഹത്തിൻറെ തെറ്റുകളെക്കുറിച്ച് അദ്ദേഹത്തെ ബോദ്ധ്യപ്പെടുത്താതെ പിൻമാറുവാൻ ആവശ്യപ്പെടുന്നത് നിങ്ങളിൽനിന്നു ഞങ്ങൾ പ്രതീക്ഷിച്ചിരുന്നില്ല. ഞങ്ങളുടെ

സംസ്ഥാനത്തിലെ വിദ്യാസമ്പന്നരായ വ്യക്തികളാരുംതന്നെ മാർട്ടിന്റെ ഉപദേശം അശുദ്ധവും ക്രിസ്തീയ വിരുദ്ധവും വേദനിന്ദിതവുമാണെന്ന് എന്നെ അറിയിച്ചിട്ടില്ല.' ലൂഥറെ റോമിലേക്കയയ്ക്കുവാനോ തൻറെ സംസ്ഥാനത്തുനിന്നു പുറംതള്ളുവാനോ രാജകുമാരൻ കൂട്ടാക്കിയില്ല". - D' Aubigne, p. 4, ch. 10.

സമൂഹത്തിലെ ധാർമ്മിക നിയന്ത്രണങ്ങൾ പലേടത്തും തകരുന്നതായി എലക്ടർ മനസ്സിലാക്കി. ഒരു വലിയ നവീകരണവേല അത്യാവശ്യമായിരുന്നു. ദൈവിക പ്രമാണങ്ങൾ മനുഷ്യർ അംഗീകരിക്കുകയും അനുസരിക്കുകയും

സ്വർഗ്ഗീയ വെളിച്ചം പ്രാപിച്ചവരുടെ മനസ്സാക്ഷിയിൽനിന്നുള്ള തീരുമാനങ്ങൾ പാലിക്കുകയും ചെയ്താൽ ദേശത്തിലെ കുറ്റകൃത്യങ്ങൾ അമർച്ച ചെയ്യുന്നതിനും ശിക്ഷിക്കുന്നതിനുമുള്ള സങ്കീർണ്ണവും ചെലവേറിയതുമായ ക്രമീകരണങ്ങൾ ഒഴിവാക്കാമെന്നദ്ദേഹം കണ്ടു. ഈ ലക്ഷ്യം നേടിയെടുക്കുന്നതിന് ലൂഥർ അദ്ധ്വാനിക്കുകയാണെന്ന് അദ്ദേഹം മനസ്സിലാക്കുകയും സഭകളിൽ അതിൻറെ നല്ലൊരു സ്വാധീനം പ്രകടമാകുന്നത് കണ്ട് രഹസ്യമായി സന്തോഷിക്കുകയും ചെയ്തു.

ഒരു സർവ്വകലാശാലാ പ്രൊഫസ്സർ എന്ന നിലയിൽ ലൂഥർ ഉൽകൃഷ്ട

വിജയം നേടിയിരിക്കുന്നുവെന്നദ്ദേഹം കണ്ടു. അരമനപ്പള്ളിയിൽ ലൂഥർ തൻറെ പ്രബന്ധം പരസ്യപ്പെടുത്തിയിട്ട് ഒരു വർഷമേ ആയിട്ടുള്ളുവെങ്കിലും ആൾ സെയിൻസ്" ഉത്സവത്തിൽ പങ്കെടുക്കുന്ന തീർത്ഥാടകരുടെ എണ്ണം ഗണ്യമായി കുറഞ്ഞിരിക്കുന്നു. ആരാധകരും കാണിക്കയും റോമിനു നഷ്ടമാകു ന്നുവെങ്കിലും അതിൻറെ സ്ഥാനം നിറയ്ക്കുവാൻ വേറൊരു കൂട്ടം ഇപ്പോൾ വിറ്റൻബർഗ്ഗിൽ വന്നുതുടങ്ങി; അവർ റോമിൻറെ പുണ്യവാളന്മാരുടെ അവശിഷ്ടങ്ങൾ വണങ്ങുന്ന തീർത്ഥാടകരായിട്ടല്ല, പിന്നെയോ, അവിടത്തെ സർവ്വ കലാശാലാഹാളുകൾ നിറയ്ക്കുന്ന വിദ്യാർത്ഥികളായിട്ടാണ്

വന്നുകൊണ്ടിരുന്നത്. ലൂഥറിൻറെ
എഴുത്തുകൾ എല്ലായിടത്തും തിരുവചനം
പഠിക്കുവാനുള്ള താല്പര്യത്തെ
ജ്വലിപ്പിക്കുകയും
ജർമ്മനിയിലുടനീളമുള്ളവർ
മാത്രമല്ല, മറ്റു രാജ്യങ്ങളിൽ
നിന്നുപോലും വിദ്യാർത്ഥികൾ
കൂട്ടമായി സർവ്വകലാശാലയിൽ
വന്നുതുടങ്ങുകയും ചെയ്തു. ആദ്യമായി
വിറ്റൻബർഗ്ഗിൽ വരുന്ന യുവാക്കൾ”
പഴയകാലത്തു സിയോനിൽ
സംഭവിച്ചതുപോലെ ഈ
പട്ടണത്തിൽനിന്നു വളരെ
അകലെയുള്ള രാജ്യങ്ങളിലേയ്ക്കുപോലും
സത്യവെളിച്ചം കടന്നു ചെല്ലുന്നതു കണ്ട്
സ്വർഗ്ഗത്തേയ്ക്കു കൈകളുയർത്തി

ദൈവത്തെ സ്തുതിച്ചു. - Ibid., b. 4, ch. 10

ഇത്രയൊക്കെ ആയെങ്കിലും റോമാസഭയുടെ തെറ്റുകളെ സംബന്ധിച്ച് ഭാഗികമായി മാത്രമേ ലൂഥർ പരിവർത്തന വിധേയനായിരുന്നുള്ളൂ. സ്വിറ്റ്സർലാൻഡിലും ഹോളണ്ടിലും ഈ പ്രവർത്തനം വ്യാപിച്ചുകഴിഞ്ഞു. അദ്ദേഹത്തിൻറെ ലേഖനങ്ങളുടെ പകർപ്പുകൾ ഫ്രാൻസിലും സ്പെയിനിലും എത്തിക്കഴിഞ്ഞു. ബെൽജിയം, ഇറ്റലി എന്നിവിടങ്ങളിലും സത്യം വ്യാപിച്ചുതുടങ്ങി. ആയിരങ്ങൾ നിദ്രവിട്ടുണർന്നു വിശ്വാസജീവിതത്തിൻറെ പ്രത്യാശയുടെ സന്തോഷത്തിലേയ്ക്കു വന്നുതുടങ്ങി.

ലൂഥറിൻറെ ആക്രമണങ്ങളിൽ റോം അധികമധികം പ്രകോപിപ്പിക്കപ്പെട്ടു കൊണ്ടിരുന്നു; മത്സരിയായ ഈ സന്യാസിയെ കൊല്ലുന്നവർ പാപമില്ലാത്ത വരായിരിക്കുമെന്ന് മതഭ്രാന്തന്മാരായ എതിരാളികളും കത്തോലിക്കാ സർവ്വ കലാശാലകളിലെ ഡോക്ടർമാരും പ്രഖ്യാപിച്ചു. ഇപ്രകാരം താനൊറ്റയ്ക്ക് മുന്നോട്ടുപോകുന്നതെന്തിനാണെന്ന്, വസ്ത്രത്തിനകത്തു കൈത്തോക്കു സൂക്ഷിച്ചിരുന്ന ഒരാൾ ഒരുദിവസം ലൂഥറിനെ സമീപിച്ച് ചോദിച്ചു. "ഞാൻദൈവകരങ്ങളിലാണ്; അവനാണ് എൻറെ ബലവും എൻറെ പരിചയും; മനുഷ്യനെന്നോട്

എന്തുചെയ്യുവാൻ കഴിയും?" എന്ന് ലൂഥർ ഉത്തരം പറഞ്ഞു. - Ibid., p. 6, ch. 2. ഇതു കേട്ടയുടൻ വിവർണ്ണനായിത്തീർന്ന ആ അപരിചിതൻ ദൈവദൂതന്മാരുടെ സന്നിധിയിൽ നിന്നെന്നപോലെ ഓടിമറയുകയാണുണ്ടായത്.

ലൂഥറെ നശിപ്പിക്കുവാൻ റോം തീർച്ചയാക്കിക്കഴിഞ്ഞു; എന്നാൽ ദൈവം അദ്ദേഹത്തിൻറെ പ്രതിരോധമായിരുന്നു. "വീടുകളിലും സന്യാസിമഠങ്ങളിലും,... പ്രഭുമന്ദിരങ്ങളിലും സർവ്വകാലാശാലകളിലും രാജകൊട്ടാരങ്ങളിലും" അദ്ദേഹത്തിൻറെ ഉപദേശം കേൾക്കപ്പെടുകയും

തൻറെ പ്രയത്നങ്ങളെ നിലനിർത്തുവാൻ നാനാഭാഗങ്ങളിൽ പ്രഭുക്കന്മാർ മുന്നോട്ടുവരികയും ചെയ്തു.
പn Ibid., p. 6, ch. 2.

ഈ സമയം ഹസ്സിൻറെ പുസ്തകങ്ങൾ വായിച്ച ലൂഥർ, താൻ പഠിപ്പിക്കുവാനും ഉയർത്തിക്കാണിക്കുവാനും ആഗ്രഹിച്ചിരുന്നതും ആ ബൊഹീമിയക്കാരനായ നവീകരണവക്താവ് വിശ്വസിച്ചിരുന്നതുമായ, വിശ്വാസത്താലുള്ള നീതീകരണമെന്ന സത്യം മനസ്സിലാക്കി. "ഞങ്ങളെല്ലാവരും, പൌലൊസും അഗസ്റ്റിനും ഞാനും, ഞങ്ങളറിയാതെതന്നെ ഹസ്സിൻറെ

പിൻതുടർച്ചക്കാരാ യിരുന്നു! ദൈവം തീർച്ചയായും ലോകത്തിൻറെമേൽ അത് വരുമാറാക്കും; ആ സത്യം ഒരു നൂറ്റാണ്ടുമുമ്പ് ലോകത്തിൽ പ്രസംഗിക്കപ്പെട്ടുവെങ്കിലും അതിനെ കത്തിച്ചുകളഞ്ഞു!" എന്ന് ലൂഥർ പ്രസ്താവിച്ചു. - Wylie, b. 6, ch. 1.

മാർപ്പാപ്പയെ സംബന്ധിച്ച് ജർമ്മനിയിലെ ചക്രവർത്തിക്കും പ്രഭുക്കന്മാർക്കുമുള്ള ക്രിസ്തീയ നവീകരണത്തിൻറെ ഒരഭ്യർത്ഥനയിൽ ലൂഥർ ഇപ്രകാരമെഴുതി: "ക്രിസ്തുവിൻറെ പ്രതിനിധിയെന്നു ധരിച്ചിരിക്കുന്ന വ്യക്തി ഏതൊരു ചക്രവർത്തിക്കും കിടനിൽക്കാൻ കഴിയാത്തവിധം പ്രൗഢിയിൽ കാണപ്പെടുന്നത്

ഭയങ്കരമാണ്. ഇങ്ങനെയാണോ പാവപ്പെട്ടവനായ യേശുവെപ്പോലെയും വിനീതനായ പത്രൊസിനെപ്പോലെയും ആയിത്തീരുന്നത്?- അദ്ദേഹമാണ് ലോകത്തിൻറെ പ്രഭയെന്നവർ പറയുന്നു! താൻ പ്രതിപുരുഷനെന്നു സ്വയം അവകാശപ്പെടുന്ന ക്രിസ്തു പറഞ്ഞത്, "എൻറെ രാജ്യം ഈ ലോകമല്ല', എന്നാണ്. തൻറെ മേലാവിലും ഉയർന്ന അധികാരം പ്രതിനിധിക്കുണ്ടോ?" - D' Aubigne, b. 6, ch.3.

അദ്ദേഹം സർവ്വകലാശാലകൾക്കിപ്രകാരമെഴുതി: "വിശുദ്ധ തിരുവചനം വിശദീകരിക്കുവാൻ നിരന്തരമവർ പ്രയത്നിക്കുകയും യുവഹൃദയങ്ങളിൽ

അതു പതിയപ്പെട്ടുവാൻ
സഹായിക്കുകയും ചെയ്യില്ലെങ്കിൽ
സർവ്വകലാശാലകൾ പാതാള
കവാടങ്ങളായി തെളിയിക്കപ്പെടുമെന്നു
ഞാൻ വളരെയധികം ഭയപ്പെടുന്നു.
തിരുവചനം അമിത പ്രാധാന്യം
കല്പിക്കാത്ത ഒരിടത്ത് തൻറെ കുട്ടിയെ
നിർത്തുവാൻ ഞാൻ ആരേയും
ഉപദേശിക്കുന്നില്ല. മനുഷ്യർ നിരന്തരം
ദൈവവചനം കൈകാര്യം ചെയ്യാത്ത
ഏതൊരു സ്ഥാപനവും ദുഷി
ക്കപ്പെട്ടുപോകും ". -- Ibid., p. 6, ch. 3.

ഈ അഭ്യർത്ഥന
ജർമ്മനിയിലുടനീളം വളരെ വേഗം
പരസ്യമാവുകയും ശക്തമായ അതിൻറെ
സ്വാധീനം മനുഷ്യരുടെമേൽ

പതിക്കുകയും ചെയ്തു. രാഷ്ട്രത്തെ മുഴുവൻ അത് പിടിച്ചുലയ്ക്കുകയും നവീകരണ മാനദണ്ഡങ്ങൾക്കുചുറ്റും പുരുഷാരങ്ങൾ ഉണർന്നുവരികയും ചെയ്തു. കോപാഗ്നിയിൽ ആളിക്കത്തിയ എതിരാളികൾ ലൂഥറിനെതിരെ ശക്തമായ നടപടികളെടുക്കുവാൻ പോപ്പിനെ പരിപ്പിച്ചു. അദ്ദേഹത്തിൻറെ ഉപദേശങ്ങൾ ഉടൻതന്നെ നിഷേധിക്കപ്പെടണമെന്ന് കല്പന പുറപ്പെട്ടു. അറുപതു ദിവസത്തിനുള്ളിൽ നവീകരണക്കാരനും കൂട്ടാളികളും തങ്ങളുടെ പ്രവൃത്തിയിൽനിന്നു പിൻവാങ്ങിയില്ലെങ്കിൽ നാടുകടത്തപ്പെടുമെന്നു പ്രഖ്യാപനമുണ്ടായി.

നവീകരണത്തെ സംബന്ധിച്ചിടത്തോളം അതൊരു പരീക്ഷണഘട്ടമായിരുന്നു. നാടുകടത്തലിനെ സംബന്ധിക്കുന്ന റോമിൻറെ വിധി നൂറ്റാണ്ടുകളായി ശക്തരായ ഏകാധിപതികളെപ്പോലും ബാധിക്കുകയും ഉന്നത സാമ്രാജ്യങ്ങളെ ഭയപ്പെടുത്തി നശിപ്പിക്കുകയും ചെയ്തുപോന്നിരുന്നു. അതിൻറെ ശിക്ഷാവിധി പ്രാപിച്ചവർ ലോക വ്യാപകമായി ഭയത്തോടും ഭീതിയോടും കൂടെ വീക്ഷിക്കപ്പെടുകയും സഹജീവികളിൽ നിന്നവർ വേർപെടുത്തപ്പെടുകയും നിയമലംഘികളായി അവരെ വേട്ടയാടി നശിപ്പിക്കുകയും ചെയ്തിരുന്നു. തൻറെ മേൽ ആഞ്ഞടിക്കാനിരിക്കുന്ന കൊടുങ്കാറ്റിനെ സംബന്ധിച്ച ലൂഥർ

അന്ധനായിരുന്നില്ല; എന്നാൽ തൻറെ ആശയവും പരിചയുമായി ക്രിസ്തുവിൽ വിശ്വസിച്ചുകൊണ്ടദ്ദേഹം ഉറച്ചുനിന്നു. ഒരു രക്തസാക്ഷിയുടെ വിശ്വാസത്തോടും ധൈര്യത്തോടും കൂടെ അദ്ദേഹം ഇപ്രകാരമെഴുതി: "എന്താണ് സംഭവിക്കാനിരിക്കുന്നതെന്നു ഞാനറിയുന്നില്ല, അറിയാനാഗ്രഹിക്കുന്നുമില്ല.. ഇഷ്ടമുള്ളടത്തു ജ്വലിക്കട്ടെ, എനിക്കു ഭയമില്ല. നമ്മുടെ സ്വർഗ്ഗീയ പിതാവറിയാതെ ഒരിലപോലും കൊഴിഞ്ഞുവീഴുന്നില്ല. അങ്ങനെയെങ്കിൽ അവൻ നമ്മെ എത്തുമാത്രം സംരക്ഷിക്കുന്നു! ജഡമായിത്തീർന്ന വചനംപോലും മരിച്ചിരിക്കയാൽ വചനത്തിനുവേണ്ടി

മരിക്കുന്നതു എത്രയോ നിസ്സാരം. നാം അവനോടൊത്തു മരിക്കുകയാണെങ്കിൽ അവനോടുകൂടെ ജീവിക്കുകയും ചെയ്യും; അവൻ കടന്നുപോയ മാർഗ്ഗത്തിൽക്കൂടെ കടന്നു പോവുകയാണെങ്കിൽ അവനിരിക്കുന്നിടത്തു നാം ഇരിക്കുകയും എന്നെന്നേയ്ക്കും അവനോടുകൂടെ വസിക്കുകയും ചെയ്യും '. -- ibid., 3d London ed., Walther, 1840, p. 6, ch. 9. -

പാപ്പാത്വ കല്പന ലഭിച്ചപ്പോൾ ലൂഥർ ഇപ്രകാരം പറഞ്ഞു: "ഭക്തിവിരുദ്ധവും കപടവുമായ.... ഇതിനെ ഞാൻ എതിർക്കുകയും തിരസ്കരിക്കുകയും ചെയ്യുന്നു. ഇതിലവർ

ക്രിസ്തുവിനെത്തന്നെയാണ് കുറ്റം വിധിച്ചിരി ക്കുന്നത്.... നല്ല കാര്യത്തിനുവേണ്ടി കുറ്റം വിധിക്കപ്പെടുന്നതിൽ ഞാൻ ആനന്ദിക്കുന്നു. ഇപ്പോൾത്തന്നെ എൻറെ ഹൃദയത്തിൽ വളരെയധികം സ്വാതന്ത്ര്യം ഞാനനുഭവിക്കുന്നു; അവസാനം പോപ്പുതന്നെയാണ് എതിർ ക്രിസ്തുവെന്നും തൻറെ സിംഹാസനം സാത്താൻറെ ഇരിപ്പിടമാണെന്നും ഞാനറിയുന്നു". - D' Aubigne, b, 6, ch. 9.

റോമിൻറെ തീർപ്പിനു ശക്തിയില്ലാതിരുന്നില്ല. ജയിൽ, പീഡനം, വാൾ തുടങ്ങിയ ആയുധങ്ങൾ കൊണ്ട് അവർ അനുസരണം

സ്ഥാപിച്ചിരുന്നു. ബല ഹീനരും അന്ധവിശ്വാസികളും. പോപ്പിൻറെ കല്പനയ്ക്കുമുന്നിൽ വിറച്ചു നിന്നു; ലൂഥറിനോടു പരക്കെ അനുകമ്പയുണ്ടായിരുന്നെങ്കിലും നവീകരണത്തിൻറെ പേരിൽ വിലപ്പെട്ട ജീവൻ പണയപ്പെടുത്തുവാൻ ജനം ആഗ്രഹിച്ചില്ല. നവീകരണ വക്താവിൻറെ പ്രവർത്തനം അവസാനിക്കാറായെന്നു സകലവും വ്യക്തമാക്കുന്നതുപോലെ കാണപ്പെട്ടു.

എന്നാലിപ്പോഴും ലൂഥർ ഭയരഹിതനാണ്. തനിക്കെതിരേ റോം സഭാ വിലക്കും ശാപവും ചുഴറ്റിയെറിഞ്ഞിരിക്കുന്നു; താൻ നശിപ്പിക്കപ്പെടുമെന്നോ തോൽവി

അടയുവാൻ പ്രേരിപ്പിക്കപ്പെടുമെന്നോ ലോകം സംശയരഹിതമായി വീക്ഷിക്കുന്നു. എന്നാൽ ഭയാനകമായ ശക്തിയോടെ ആ ശിക്ഷാവിധി അദ്ദേഹം റോമിൻറെ മേൽത്തന്നെ വലിച്ചെറിയുകയും അവളെ എന്നെന്നേയ്ക്കുമായി ഉപേക്ഷിക്കുവാനുള്ള തൻറെ തീരുമാനം പരസ്യമായി പ്രഖ്യാപിക്കുകയും ചെയ്തു. വിദ്യാർത്ഥികൾ, ഡോക്ടർമാർ, വിവിധ തുറകളിൽപ്പെട്ട പൗരന്മാർ, എന്നിവരുടെ മദ്ധ്യത്തിൽ വച്ച് വൈദികശാസ്ത്രം, വൈദിക കല്പനകൾ, പാപ്പാത്വ അധികാരത്തെ ഉറപ്പിക്കുന്ന ഉദ്ധരണികൾ, എന്നിവ അടങ്ങിയ മാർപാപ്പയുടെ കല്പനയെ ലൂഥർ കത്തിച്ചുകളഞ്ഞു. "എൻറെ പുസ്തകങ്ങളെ

കത്തിച്ചു നശിപ്പിച്ചുകൊണ്ട് സാധാരണ മനുഷ്യമനസ്സുകളിൽനിന്നു സത്യത്തെ ഹനിക്കുവാനും അവരുടെ ആത്മാക്കളെ നശിപ്പിക്കുവാനും എൻറെ എതിരാളികൾക്കു സാധിക്കുന്നു; ഇക്കാരണത്താൽ അവരുടെ പുസ്തകങ്ങൾ ചുട്ടെരിച്ചുകൊണ്ടു ഞാൻ പകരം വീട്ടുന്നു. വളരെ ഗൗരവമായ ഒരു സമരം ഇപ്പോൾ തുടങ്ങിക്കഴിഞ്ഞു. ഇതുവരെ ഞാൻ പോപ്പിനോടുമാത്രമാണ് കളിച്ചുകൊണ്ടിരുന്നത്. ദൈവനാമത്തിൽ ഞാൻ ഈ വേല ആരംഭിച്ചിരിക്കുന്നു; എന്നെ കൂടാതെ ദൈവശക്തിയിൽ അതവസാനിക്കും". - Ibid., p. 6, ch. 10.

തൻറെ ബലഹീന പ്രവൃത്തിയെ കുത്തുവാക്കുകൾകൊണ്ട് അധിക്ഷേപിച്ച ശത്രുക്കളുടെ ശകാരത്തിനെതിരെ ലൂഥർ ഇപ്രകാരം ഉത്തരം കൊടുത്തു. “ദൈവമെന്നെ തെരഞ്ഞെടുക്കുകയും വിളിക്കുകയും ചെയ്തില്ലയോയെന്നും, അവരത് ഭയപ്പെടേണ്ടതല്ലയോ എന്നും എന്നെ പുച്ഛിക്കുന്നതുനിമിത്തം അവർ ദൈവത്തെത്തന്നെ പുച്ഛിക്കുകയല്ലേ ചെയ്യുന്നതെന്നും ആർക്കറിയാം? മിസ്ര്'യീമിൽനിന്നു പുറപ്പെട്ടപ്പോൾ മോൾ ഒറ്റയ്ക്കായിരുന്നു; ആഹാബുരാജാവിൻറെ വാഴ്ചക്കാലത്തു ഏലിയാവു ഏകനായിരുന്നു; യെരുശലേമിൽ യെശയ്യാവു ഏകനായി നിന്നു; ബാബിലോണിൽ യെഹെസ്ക്കേൽ ഒറ്റയ്ക്കായി രുന്നു. ...

മഹാപുരോഹിതനേയോ
മറ്റുന്നതന്മാരേയോ ദൈവം ഒരിക്കലും
പ്രവാചകനായി തെരഞ്ഞെടുത്തില്ല;
എന്നാൽ വിനീതരും മനുഷ്യരാൽ നിന്ദി
ക്കപ്പെട്ടവരും സാധാരണയായി
തെരഞ്ഞെടുക്കപ്പെട്ടിരുന്നു, ഒരിക്കൽ
ഇടയ നായ ആമോസിനെപ്പോലും
വിളിച്ചിരുന്നു. ഓരോ കാലഘട്ടത്തിലും
വിശുദ്ധന്മാർ തങ്ങളുടെ ജീവനെപ്പോലും
വിലപ്പെട്ടതായി കാണാതെ ഉന്നതരേയും
രാജാക്കന്മാരേയും പ്രഭുക്കന്മാരേയും
പുരോഹിതന്മാരേയും ബുദ്ധിമാന്മാരേയും
ശാസിക്കേണ്ടതുണ്ടായിരുന്നു.... ഒരു
പ്രവാചകനായി
ഞാന്നെന്നെക്കുറിച്ചുതന്നെ പറയുന്നില്ല;
എന്നാൽ ഞാൻ ഏകനും അവർ
അനേകരും ആകയാൽ അവർ തന്നെ

ഭയപ്പെടേണ്ടതാണെന്നു ഞാൻ പറയുന്നു. എൻറെ പക്കൽ ദൈവവചനമുണ്ടെന്നും, അവരോടൊപ്പം അതില്ലെന്നും എനിക്കു നല്ല നിശ്ചയമുണ്ട്.” - Ibid., p. 6, ch. 10.

സഭയിൽനിന്നു പൂർണ്ണമായൊരു വേർപാടിനുവേണ്ടി ലൂഥർ തീരുമാനമെടുത്തത് തൻറെ ഉള്ളിൽ വലിയൊരു പോരാട്ടം കൂടാതെയായിരുന്നില്ല. ആ സമയം അദ്ദേഹമിപ്രകാരമെഴുതി: “ചെറുപ്പം മുതൽ തന്നെ ഒരുവനിത് രൂഢമൂലമായിരിക്കുന്നത്, തത്വപരമായ തടസ്സങ്ങൾ തുടച്ചുമാറ്റുന്നത് എത്ര പ്രയാസമേറിയതാണെന്നു ഓരോ ദിവസവും ഞാൻ മനസ്സിലാക്കുന്നു.

തിരുവചനം എൻറെ പക്കലുണ്ടെങ്കിലും പോപ്പിനെതിരെ നിലകൊള്ളുവാനും തന്നെ എതിർ ക്രിസ്തുവെന്നു സ്ഥാപിക്കുവാനും ഞാനെടുത്ത തീരുമാനത്തെ നീതീകരിക്കുന്നതിനു എന്തുമാത്രം ഞാൻ വേദന സഹിച്ചു! എൻറെ ഹൃദയത്തിലെ തീവ്രമായ കഷ്ടപ്പാടുകൾ അപ്രകാരമല്ലായിരുന്നെങ്കിൽ! പാപ്പാത്വ അനുയായികളുടെ നാവിൽ പലപ്പോഴും ഉള്ളതുപോലെയുള്ള ചോദ്യം വേദനയോടെ എന്നോടുതന്നെ ഞാനെത്രവട്ടം ചോദിച്ചു: “നീ മാത്രമാണോ ബുദ്ധിമാനായിട്ടുള്ളത്? മറ്റെല്ലാവരും തെറ്റിലാണോ? അഥവാ, നീ തന്നെയാണ് തെറ്റിലെന്നുവരികിൽ ആ തെറ്റുനിമിത്തം എന്തുമാത്രം

ആത്മാക്കളാണ് നിത്യനാശത്തിൽപ്പെട്ടുപോകുന്നത്? ’ ഈ സംശയങ്ങൾക്കെതിരെ, ഒരിക്കലും തെറ്റിപ്പോകാത്ത തൻറെ വചനംകൊണ്ട് യേശുക്രിസ്തു എൻറെ ഹൃദയത്തിൽ കോട്ട കെട്ടുന്നതുവരെ, സാത്താനെതിരെ ഇങ്ങനെ ഞാൻ പോരാടിക്കൊണ്ടിരുന്നു”. - Martyn, Pages 372, 373.

പിന്മാറിയില്ലെങ്കിൽ ലൂഥറെ സമൂഹത്തിൽനിന്ന് പിൻതള്ളുമെന്നുള്ള പോപ്പിൻറെ ഭീഷണി ഇപ്പോൾ നിറവേറ്റപ്പെട്ടു. റോമാസഭയിൽ നിന്നുള്ള നവീകരണ വക്താവിൻറെ അന്തിമ പിൻമാറ്റവും അതോടൊപ്പം അദ്ദേഹവും തൻറെ

ഉപദേശങ്ങൾ സ്വീകരിക്കുന്നവരും ശിക്ഷാർഹരും സ്വർഗ്ഗം ശപിച്ചു തള്ളി ക്കളഞ്ഞവരുമാണെന്നു പ്രഖ്യാപിച്ചുകൊണ്ടുള്ള മറ്റൊരു കല്പനയും ഇപ്പോൾ നടപ്പിലായി. വലിയ മത്സരം പൂർണ്ണമായി ആരംഭിച്ചുകഴിഞ്ഞു.

തങ്ങളുടെ കാലത്തേയ്ക്കുള്ള സത്യം ലോകത്തോടറിയിക്കുവാൻ ദൈവം ഉപയോഗിക്കുന്ന എല്ലാവരുടേയും ഓഹരി എതിർപ്പ് നേരിടുക എന്നതുതന്നെയാണ്. ലൂഥറിൻറെ കാലഘട്ടത്തിൽ ആവശ്യമായിരുന്ന പ്രത്യേക പ്രാധാന്യമുള്ള ഒരു സത്യം ഉണ്ടായിരുന്നു. ഇന്നു സഭയ്ക്കും ഈ കാലത്തേയ്ക്കുള്ള ഒരു സത്യമുണ്ട്. തൻറെ സ്വന്തഹിതത്തിൻറെ ഉപദേശപ്രകാരം

സർവ്വവും നിവർത്തിക്കുന്ന ദൈവം വിവിധ സാഹചര്യങ്ങളിലും വിവിധ ജീവിത നിലവാരങ്ങളിലുംപെട്ട മനുഷ്യരെ തങ്ങളുടെ കാലത്തേയ്ക്കുള്ള പ്രത്യേക ദൂത് ഘോഷിക്കുന്നതിന് ഉപയോഗിക്കുവാൻ പ്രസാദിച്ചിരിക്കുന്നു. തങ്ങൾക്കു ലഭിച്ച വെളിച്ചത്തെ അവർ വിലമതിക്കുമെങ്കിൽ സത്യത്തിൻറെ വിശാലമായ ദർശനം അവരുടെ മുമ്പിൽ വീണ്ടും തുറക്കപ്പെടും. ലൂഥറെ എതിർത്ത പാപ്പാത്വ അനുയായികളെപ്പോലെ ഇന്നത്തെ ഭൂരിപക്ഷവും സത്യം കാംക്ഷിക്കുന്നവരല്ല. കഴിഞ്ഞ കാലങ്ങളിലെന്നപോലെ ദൈവ വചനത്തിനുപകരം മനുഷ്യർക്ക് സ്വീകരിക്കുവാൻ പാരമ്പര്യങ്ങളും

തത്വസംഹിതകളും ഇന്നുമുണ്ട്.
കഴിഞ്ഞകാല നവീകരണക്കാർക്ക്
ലഭിച്ചതിനെക്കാളും അധികം താല്പര്യം
ഇന്നത്തെ സത്യത്തിൻറെ
സാക്ഷികൾക്കു ലോകത്തിൽനിന്ന്
ലഭിക്കുമെന്നു പ്രതീക്ഷിക്കരുത്.
ലോകചരിത്രം അതിൻറെ
സമാപ്തിയിലേയ്ക്ക് അടുക്കുന്തോറും
സത്യവും മിത്ഥ്യയും, അഥവാ ക്രിസ്തുവും
സാത്താനും തമ്മിലുള്ള വൻപോരാട്ടം
രൂക്ഷമായ
ശക്തിയാർജ്ജിക്കുകയാണ്
ചെയ്യുന്നത്.

നിങ്ങൾ ലോകക്കാർ ആയിരുന്നു
എങ്കിൽ ലോകം തനിക്കു
സ്വന്തമായതിനെ സ്നേഹിക്കുമായിരുന്നു;

എന്നാൽ നിങ്ങൾ
ലോകക്കാരായിരിക്കാതെ ഞാൻ
നിങ്ങളെ ലോകത്തിൽനിന്നു
തിരഞ്ഞെടുത്തതുകൊണ്ട് ലോകം
നിങ്ങളെ പകയ്ക്കുന്നു. ദാസൻ
യജമാനനെക്കാൾ വലിയവനല്ല എന്നു
ഞാൻ നിങ്ങളോടു പറഞ്ഞ വാക്കു
ഓർപ്പിൻ. അവർ എന്നെ ഉപദ്രവിച്ചു
എങ്കിൽ നിങ്ങളെയും ഉപദ്രവിക്കും;
എൻറെ വചനം പ്രമാണിച്ചു എങ്കിൽ
നിങ്ങളുടേതും (പ്രമാണിക്കും" എന്ന്
യേശു തൻറെ ശിഷ്യന്മാരോട്
പ്രസ്താവിച്ചിരുന്നു. (യോഹന്നാൻ
15:19, 20): "സകല മനുഷ്യരും
നിങ്ങളെ പുകഴ്ത്തിപ്പറയുമ്പോൾ
നിങ്ങൾക്കു അയ്യോ കഷ്ടം; അവരുടെ
പിതാക്കന്മാർ കള്ളപ്രവാചക ന്മാരെ

അങ്ങനെ ചെയ്തുവല്ലോ. എന്ന് മറ്റൊരുവിധത്തിൽ കർത്താവ് വ്യക്തമാക്കിയിരിക്കുന്നു (ലൂക്കൊസ്. 6:26). കഴിഞ്ഞ കാലങ്ങളിലേതുപോലെതന്നെ ലോകത്തിൻറെ ആത്മാവ് ഇന്നും ക്രിസ്തുവിൻറെ ആത്മാവിനോടു യോജിപ്പിലല്ല; അന്നത്തെ സത്യസാക്ഷികൾക്കു ലഭിച്ചതിനേക്കാളും വലിയ പ്രീതി ഇന്നു ദൈവവചനം അതിൻറെ പരിശുദ്ധിയിൽ പ്രസംഗിക്കുന്നവർക്കു ലഭിക്കുകയില്ല. സത്യത്തിനെതിരേയുള്ള എതിർപ്പിന്റെ രീതിക്കു മാറ്റം സംഭവിച്ചേയ്ക്കാം; ആ ശത്രുത കൗശലം നിറഞ്ഞതാകയാൽ തുറന്ന രീതിയിലായിരിക്കുകയില്ല; എന്നാൽ

അതേ രീതിയിലുള്ള ശത്രുതതന്നെ
ഇന്നും നില നില്ക്കുന്നു,
അന്ത്യകാലത്തത് പൂർണ്ണമായി
വെളിപ്പെടും.

## അദ്ധ്യായം 8—ലൂഥർ

## ആലോചനാസമിതിക്കു മുമ്പിൽ

ചാൾസ് അഞ്ചാമൻ എന്ന പുതിയ ചക്രവർത്തി ജർമ്മനിയിലെ സിംഹാസനത്തിൽ അവരോധിക്കപ്പെട്ടപ്പോൾ അദ്ദേഹത്തെ അഭിനന്ദിക്കുവാനും രാജകീയാധികാരം നവീകരണത്തിനെതിരെ പ്രയോഗിക്കുന്നതിന് പരിപ്പിക്കുവാനും റോമാപ്രതിനിധികൾ വെമ്പൽ കൊണ്ടു. എന്നാൽ ചാൾസ് തൻറെ കിരീടത്തിനു വളരെയധികം കടപ്പെട്ടിരുന്ന സാക്സോണിയിലെ എലക്ടറാകട്ടെ ലൂഥറിൻറെ വാദംകൂടെ കേൾക്കുന്നതുവരെ യാതൊരു നടപടിയും അദ്ദേഹത്തിനെതിരെ

കൈക്കൊള്ളരുതെന്നു
ചക്രവർത്തിയോടപേക്ഷിച്ചിരുന്നു.
ഇപ്രകാരം ചക്രവർത്തി സംഭ്രമത്തിലും
വിഷമസ്ഥിതിയിലുമായി. ലൂഥറെ
മരണത്തിനേൽപ്പിക്കുന്ന രാജകീയ
വിളംബരത്തേക്കാളും കുറഞ്ഞ
യാതൊന്നും കൊണ്ട് തൃപ്തരാകുവാൻ
പാപ്പാത്വ പ്രതിനിധികളും
ഒരുക്കമായിരുന്നില്ല. “ചക്രവർത്തി
തിരുമനസ്സോ മറ്റാരെങ്കിലുമോ ലൂഥറിൻറെ
എഴുത്തുകൾ നിരാകരിക്കപ്പെട്ടതായി
കണ്ടിട്ടില്ല; ആയതിനാൽ, ഡോക്ടർ
ലൂഥറിൻറെ സുരക്ഷയ്ക്കായി ഒരു
ഉറപ്പുപ്രതം നല്കുകയും, പാണ്ഡിത്യവും
ഭക്തിയുമുള്ള നിഷ്പക്ഷക്കാരായ
ന്യായാധിപന്മാരുടെ ഒരു സദസ്സിൽ
അദ്ദേഹം പ്രത്യക്ഷപ്പെടുകയും വേണം”

എന്ന് എലക്ടർ തറപ്പിച്ചു പറഞ്ഞു". - D'Aubigne, b. 6, ch. 11.

ചാൾസ് ചക്രവർത്തിപദത്തിൽ ആരോഹണം ചെയ്തയുടനെ വേംസിൽ കൂടിയ ജർമ്മൻ സംസ്ഥാന പ്രതിനിധികളുടെ സമ്മേളനത്തിൽ എല്ലാ കൂട്ടരുടേയും ശ്രദ്ധയിപ്പോൾ തിരിഞ്ഞിരിക്കുകയാണ്. ഈ നാഷണൽ കൗൺസിലിൽ സുപ്രധാനമായ രാഷ്ട്രീയ പ്രശ്നങ്ങളും താത്പര്യങ്ങളും പര്യാലോചിക്കേണ്ടതുണ്ട്. ജർമ്മനിയിലെ പ്രഭുക്കന്മാർ ആദ്യമായി തങ്ങളുടെ യുവചക്രവർത്തിയെ ഈ ആലോചനാസഭയിൽ കണ്ടുമുട്ടാൻ പോവുകയാണ്. സഭയുടേയും

രാഷ്ട്രത്തിൻറേയും നേതാക്കന്മാർ സാമ്രാജ്യത്തിൻറെ നാനാഭാഗത്തു നിന്നും വന്നെത്തിയിരുന്നു. ഉന്നത കുലജാതരും അധികാര പ്രമത്തരും പരമ്പരാഗത അവകാശങ്ങളിൽ ജാഗരൂകരുമായ മതേതരത്വ പ്രഭുക്കന്മാർ, തങ്ങളുടെ നിരയിലും അധികാരത്തിലും ബദ്ധശ്രദ്ധരായി. വികാര പ്രവാഹത്താൽ നിറയപ്പെട്ട പ്രതാപശാലികളായ വൈദികർ, കുലീനരായ വീരയോദ്ധാക്കളും പരിവാരങ്ങളും, അടുത്തുമകലേയുമുള്ള വിദേശരാഷ്ട്ര സ്ഥാനാപതികൾ, തുടങ്ങിയവരെല്ലാം വേംസിൽ കൂടിയിട്ടുണ്ട്. എന്നിട്ടും ആ വലിയ സമൂഹത്തിനു അഗാധ താല്പര്യമുള്ള ഉത്തേജനം പകർന്നുകൊടുത്തത് ആ

നവീകരണ കർത്താവിന്റെ കാര്യം തന്നെയായിരുന്നു.

തർക്കപ്രശ്നത്തിൽ പ്രാവീണ്യം നേടിയിട്ടുള്ള വ്യക്തികളോടൊത്തു സ്വതന്ത്രമായ ചർച്ചയ്ക്ക് വേദിയൊരുക്കാമെന്നും സുരക്ഷിതത്വം ഉറപ്പുവരുത്താമെന്നും വാഗ്ദത്തം ചെയ്തുകൊണ്ട് ലൂഥറെ ഈ ആലോചനായോഗത്തിൽ കൊണ്ടുവരുവാൻ ചാൾസ് നേരത്തേതന്നെ എലക്ടറോടു നിർദ്ദേശിച്ചിരുന്നു. ചക്രവർത്തിയുടെ മുമ്പിൽ പ്രത്യക്ഷപ്പെടുന്നതിൽ ലൂഥറും ആകാംക്ഷാ ഭരിതനായിരുന്നു. അദ്ദേഹത്തിൻറെ ആരോഗ്യം വളരെ ക്ഷയിച്ച അവസ്ഥയി ലായിരുന്നു;

എങ്കിലും എലകൂർക്കു ഇപ്രകാരമദ്ദേഹമെഴുതി: “നല്ല ആരോഗ്യത്തോടെ വേംസിലെത്താൻ എനിക്കു സാധിക്കുന്നില്ലെങ്കിൽ എന്നെ എടുത്തു കൊണ്ടുവരും; എനിക്കു തീരെ സുഖമില്ല. ചക്രവർത്തി എന്നെ വിളിക്കുകയാണെങ്കിൽ അത് ദൈവം തന്നെ വിളിക്കുന്നു എന്നതിൽ എനിക്കു സംശ യമില്ല. എനിക്കെതിരെ അവർ അക്രമം പ്രവർത്തിക്കുവാൻ തുനിയുകയാണങ്കിൽ, അതിനു തീർച്ചയായും സാധ്യതയുള്ളതിനാൽ, (അവിടെ എത്താൻ എനിക്കു കല്പന തരുന്നത് അവരുടെ നിർദ്ദേശപ്രകാരമല്ല) ഇക്കാര്യം ഞാൻ ദൈവകരങ്ങളിൽ വയ്ക്കുന്നു. കത്തുന്ന തീച്ചൂളയിൽ മൂന്നു യുവാക്കളെ

കാത്തു സൂക്ഷിച്ച് ദൈവം ഇന്നും ജീവിക്കുകയും വാഴുകയും ചെയ്യുന്നു. എന്നെ അവൻ രക്ഷിക്കുന്നില്ലെങ്കിൽ എൻ്റെ ജീവിതം വളരെ ഫലപ്രദമല്ലാതായിരിക്കും. സുവിശേഷം ദുഷ്ടന്മാരുടെ പരിഹാസവിഷയമായിത്തീരാതെ നമുക്കു തടയാം, അവർ പ്രബലപ്പെടാതെയിരിക്കുവാൻ നമുക്കു രക്തം ചിന്താം. എല്ലാ വരുടേയും രക്ഷയ്ക്കായി ഏറ്റവുമധികം സംഭാവന നല്കുവാൻ എൻ്റെ മരണമാണോ ജീവനാണോ വിലയാകുന്നതെന്നു ഞാനല്ല തീരുമാനിക്കേണ്ടത്. .. എന്നിൽനിന്നു നിങ്ങൾക്ക് എല്ലാം പ്രതീക്ഷിക്കാം.... ഓടിപ്പോക്കും പിൻവാങ്ങലും സാദ്ധ്യമല്ല.

പാലായനം ചെയ്യാൻ എനിക്കു കഴിയുകയില്ല; പിൻവാങ്ങലും അതുപോലെ തന്നെ'. - Ibid., p. 7, ch. 1.

വേംസിലെ ആലോചനാസഭയിൽ ലൂഥർ വന്നുചേരുന്നുവെന്ന വാർത്ത പരന്നതോടെ എല്ലായിടവും ഉത്സാഹഭരിതമായിക്കണ്ടു. ഈ കേസ് ഏല്പിച്ചിരുന്ന പാപ്പാപ്രതിനിധിയായ അലീൻ്റർ ഇതറിഞ്ഞു കോപാകുലനും ഭയവിഹ്വലനുമായിത്തീർന്നു. ഇതിൻറെ ഫലം പാപ്പാസമൂഹത്തിനു വിനാശകരമായിരിക്കുമെന്നയാൾ കണ്ടു. മാർപാപ്പ നേരത്തേതന്നെ കുറ്റം വിധിച്ച ഒരു സംഗതിയുടെ മേൽ അന്വേഷണം നടത്തുന്നത് പോപ്പിൻറെ

പരമാധികാരത്തിന്ന മേൽ അവജ്ഞ കാട്ടുന്നതാണ്. അതിലുമുപരിയായി ഈ മനുഷ്യൻറെ വാഗ്വൈഭവവും ശക്തിയേറിയതുമായ വാദമുഖങ്ങൾ പ്രഭുക്കന്മാരെ പോപ്പിൻറെ താല്പര്യത്തിൽ നിന്നു മാറ്റിക്കളയുമെന്നയാൾ ഭയപ്പെട്ടു. ആയതിനാൽ ലൂഥർ വേംസിൽ വരുന്നതിനെതിരെ അയാൾ ചാൾസിനോടു വളരെ ശക്തിയായി പ്രതിക്ഷേധിച്ചു. ഇതേസമയം ലൂഥറിനെതിരേ സഭാവിലക്കു കല്പിച്ചുകൊണ്ടുള്ള മാർപാപ്പയുടെ കല്പനയും പരസ്യപ്പെടുത്തി; ഇതും പാപ്പാ പ്രതിനിധിയുടെ സ്വാധീനവും ഒത്തുചേർന്ന് ചക്രവർത്തിയെ കീഴ്പെടുത്തുവാൻ പ്രേരിപ്പിച്ചു.

പിൻതിരിയാൻ ഭാവമില്ലെങ്കിൽ ലൂഥർ വിറ്റൻബർഗ്ഗിൽ ത്തന്നെ കഴിഞ്ഞാൽ മതിയെന്നദ്ദേഹം എലക്ടർക്കെഴുതി.

ഈ വിജയത്തിൽ തൃപ്തനാകാതെ, ലൂഥറിൻറെ ശിക്ഷ ഉറപ്പുവരുത്തു ന്നതിന് സകല ശക്തിയോടും ഉപായത്തോടുംകൂടെ അലീന്റർ പ്രയതിച്ചു. ഒരു നല്ല കാര്യത്തിനു കാണിക്കുന്ന നിർബന്ധശീലത്തോടെ അയാൾ പ്രഭുക്കന്മാർ, വൈദികർ, ആലോചനാസമിതിയിലെ മറ്റ് അംഗങ്ങൾ എന്നിവരുടെ മുമ്പിൽ നവീകരണ കർത്താവ് "രാജ്യദ്രോഹിയും മത്സരിയും അഭക്തനും

ദൈവദൂഷകൻ”മാണെന്നു
കുറ്റമാരോപിച്ചു. എന്നാൽ
പാപ്പാപ്രതിപുരുഷൻ പ്രകടമാക്കിയ
തീവ്രമായ വികാരം അയാളെ
പരിപ്പിച്ചിരുന്ന ആത്മാവിനെ
വ്യക്തമായി വെളിപ്പെടുത്തുകയായിരുന്നു.
“ഉത്സാഹത്തിനും ഭക്തിക്കുമെതിരേ
അയാൾ വിദ്വേഷവും പ്രതികാരാഗ്നിയും”
നിറഞ്ഞ് നീങ്ങുകയാണെന്ന് പൊതുവെ
എല്ലാവരും അഭിപ്രായപ്പെട്ടു. - Ibid., p.
7, ch. 1. മുമ്പെങ്ങുമില്ലാ തിരുന്നവിധം
ആലോചനാസമിതിയിലെ ഭൂരിപക്ഷം
പേരും ലൂഥറിൻറെ പ്രശ്നം പ്രീതിയോടെ
കാണുവാൻ മനസ്സുവച്ചു.

ദ്വിഗുണീഭവിച്ച ഉത്സാഹത്തോടെ
പാപ്പാത്വ കല്പനകൾ പ്രായോഗിക

മാക്കേണ്ടതിൻറെ ചുമതല
ചക്രവർത്തിയുടെ മുമ്പിൽ അലീനർ
വ്യക്തമാക്കുവാൻ വ്യഗ്രതകാട്ടി.
എന്നാൽ പ്രഭുക്കന്മൊരുടെ അഭിപ്രായ
ഐക്യം കൂടാതെ ഇതു ചെയ്യുവാൻ
ജർമ്മൻ നിയമം അനുവദിച്ചിരുന്നില്ല;
അവസാനം പാപ്പാ പ്രതിനിധിയുടെ
അലട്ടലിൻറെ മേൽ ജയം
നേടിക്കൊണ്ട് തൻറെ കാര്യം
ആലോചനാസമിതിയുടെ മുമ്പിൽ
അവതരിപ്പിക്കുവാൻ ചാൾസ്
അയാളോടാവശ്യപ്പെട്ടു. “പോപ്പിൻറെ
ദൂതന് അതൊരു
അഹങ്കാരദിവസമായിരുന്നു.
ആലോചനാസഭ
മഹത്വമേറിയതായിരുന്നു;
അതിലുമധികം മഹത്വമേറിയ

തായിരുന്ന പ്രശ്നവും. സഭകളുടെ
മാതാവും നായികയുമായ.... റോമിനു
വേണ്ടി വാദിക്കേണ്ടത് അലീൻററിൻറെ
ചുമതല ആയിരുന്നു". അവിടെ
സമ്മേളിച്ചിരുന്ന ക്രിസ്തീയ
ഭരണാധികാരികളുടെ മുമ്പിൽ
പത്രോസിൻറെ പരമോന്നതസ്ഥാനം
ന്യായീകരിച്ചുറപ്പിക്കേണ്ടത് അയാളുടെ
കർത്തവ്യമായിരുന്നു".
വാഗ്മികത്വദാനം പ്രാപിച്ചിരുന്ന
അയാൾ ഈ അവസരം അതിൻറെ
ഉന്നതിയിലെത്തിച്ചേർന്നു. റോം
കുറ്റംവിധിക്കപ്പെടുന്നതിനുമുമ്പ്
പ്രതാപശാലികളായ
ന്യായാധിപന്മാരുടെ മുമ്പിൽ
അവൾതന്നെ പ്രത്യക്ഷപ്പെട്ട് അവളുടെ
അതിശ്രേഷ്ഠ വാഗ്മികളെക്കൊണ്ട്

ന്യായവാദം നടത്തണമെന്നത് വിധിവിഹിതമായി വന്നു". - Wylie, b. 6, ch. 4. നവീകരണ കർത്താവിന്റെ മേൽ പ്രീതി കാണിച്ചിരുന്നവർ അലീൻററുടെ പ്രസംഗത്തിൻറെ ശക്തിയെ ഉൽക്കണ്ഠയോടെ വീക്ഷിച്ചു. സാക്സോണിയിലെ എലക്റ്റർ സന്നിഹിതനായിരുന്നില്ലായെങ്കിലും പാപ്പാദൂതൻറെ പ്രസംഗക്കുറിപ്പുകൾ രേഖപ്പെടുത്തുവാൻ ചില ഉപദേഷ്ടാക്കന്മാരെ അദ്ദേഹം നിയോഗിച്ചിരുന്നു.

തൻറെ വിജ്ഞാന വൈഭവവും വാഗ്ധോരണിയുമുപയോഗിച്ച് അലീൻറർ സത്യത്തെ നിലംപരിചാക്കുവാൻ തയ്യാറെടുത്തു. ലൂഥർ സഭയുടേയും

രാഷ്ട്രത്തിൻറേയും മരിച്ചവരുടേയും ജീവനുള്ളവരുടേയും സഭാജനങ്ങളുടേയും പുരോഹിത വൃന്ദത്തിൻറേയും വൈദിക സഭയുടേയും സ്വകാര്യ ക്രിസ്ത്യാനികളുടേയു. ശത്രുവാണെന്നു കാണിച്ച് ആരോപണങ്ങളുടെമേൽ ആരോപണങ്ങൾ ഉന്നയിച്ചുതുടങ്ങി. "ഒരു നൂറായിരം വിശ്വാസ പാതകരെ ചുട്ടെരിക്കുവാനാവശ്യമായ "തെറ്റുകൾ ലൂഥറിൽ കാണുന്നു"വെന്ന് അയാൾ പ്രസ്താവിച്ചു.

നവീകരണവിശ്വാസ അനുയായികളെ കുറ്റം വിധിക്കുവാൻ പരിശ്രമിച്ചു കൊണ്ടയാൾ ഇപ്രകാരം ഉപസംഹരിച്ചു: "ഈ ലൂഥറൻകാർ ആരാണ്? അവർ വഴി പിഴപ്പിച്ച് അപഥയാനം

ചെയ്യിപ്പിക്കുന്ന പൊതുജനങ്ങളോടു കൂട്ടുചേർന്ന ഗർവിഷ്ടരായ അദ്ധ്യാപകർ, ദുഷിച്ച പുരോഹിതന്മാർ, ഭോഗ്രപിയരായ സന്യാസിമാർ, അറിവില്ലാത്ത നിയമജ്ഞന്മാർ, അധഃപതിച്ച പ്രഭുക്കന്മാർ, എന്നിവരുടെ വെറുമൊരു കൂട്ടം. സംഖ്യാബലത്തിലും കഴിവിലും ശക്തിയിലും കത്തോലിക്കർ അവരേക്കാൾ എത്രയോ ശ്രേഷ്ടന്മാരാണ് പുകൾപെറ്റ ഈ ആലോ ചനാസമിതിയുടെ ഐകകണ്ഠ്യമായ കല്പന സാധാരണക്കാരെ വെളിച്ചത്തിലേക്കു നടത്തുകയും അവിവേകികൾക്കു മുന്നറിയിപ്പായിരിക്കുകയും അസ്ഥിരമതികളെ ഉറപ്പിക്കുകയും

ബലഹീനരെ ശക്തിപ്പെടുത്തുകയും ചെയ്യും ", - D'Aubigne, b. 7, ch. 3.

ഇങ്ങനെയുള്ള ആയുധങ്ങളാൽ സത്യത്തിൻറെ സൂക്ഷിപ്പുകാർ എല്ലാ കാലഘട്ടങ്ങളിലും ആക്രമിക്കപ്പെട്ടിട്ടുണ്ട്. സുസ്ഥാപിതങ്ങളായ തെറ്റുകൾക്കെതിരെ വ്യക്തവും വളവില്ലാത്തതുമായ ദൈവവചന ഉപദേശങ്ങൾ സമർപ്പിക്കുവാൻ ധൈര്യപ്പെടുന്നവരുടെ നേർക്ക് ഇപ്രകാരമുള്ള വാദമുഖങ്ങൾ ഇന്നും പ്രയോഗിക്കപ്പെടുന്നു. "പുതിയ ഉപദേശം കൊണ്ടുവരുന്ന ഈ പ്രസംഗകർ ആരാണ്?" എന്ന് ജനപ്രീതി നേടിയ മതം ആഗ്രഹിക്കുന്നവർ ചോദിക്കുന്നു. "അവർ വിദ്യാഭ്യാസമില്ലാത്തവരും

അംഗസംഖ്യയിൽ കുറഞ്ഞവരും സമൂഹത്തിൽ താഴ്ന്നവരുമാണ്. എന്നിട്ടുമവർ തങ്ങളുടെ പക്കൽ സത്യമുണ്ടെന്നും ദൈവത്തിൻറെ തെരഞ്ഞെടുക്കപ്പെട്ട ജനമാണെന്നും അവകാശപ്പെടുന്നു. അവർ അറിവില്ലാത്തവരും വഞ്ചിക്കപ്പെട്ടവരുമാണ്. അംഗ സംഖ്യയിലും സ്വാധീനശക്തിയിലും നമ്മുടെ സഭ അവരെക്കാളും എത്രയോ അധികം ഉന്നതി പ്രാപിച്ചിരിക്കുന്നു! നമ്മുടെ കൂട്ടത്തിൽ എത്രമാത്രം മഹാന്മാരും ബുദ്ധിശാലികളുമാണുള്ളത്!' ഈ വിധമുള്ള വാദമുഖങ്ങൾക്ക് അതിൻറേതായ സ്വാധീനം ലോകത്തിന്മേലുണ്ട്; എന്നാലവയിന്നു

നവീകരണ കർത്താക്കളുടെ കാലഘട്ടത്തേക്കാളും നിർണ്ണായകമല്ല.

പലരും ധരിച്ചിരിക്കുന്നതുപോലെ ലൂഥറിൻറെ കാലത്തോടുകൂടെ നവീകരണം അവസാനിച്ചില്ല. ഈ ലോകചരിത്രത്തിൻറെ അന്ത്യം വരെ അത് തുടർന്നുകൊണ്ടേയിരിക്കും. ലൂഥറിൻറെ മേൽ പ്രകാശിക്കുവാൻ ദൈവം അനുവദിച്ച വെളിച്ചം മറ്റുള്ളവരിലേക്ക് പ്രതിഫലിപ്പിക്കുകയെന്ന വലിയ വേല അദ്ദേഹത്തിനു ചെയ്യുവാനുണ്ടായിരുന്നു; പക്ഷെ ലോകത്തിനു നല്കേണ്ടതായ സകല വെളിച്ചവും അദ്ദേഹം പ്രാപിച്ചിരുന്നില്ല. അന്നുമുതൽ ഇന്നെയോളം തിരുവചനത്തിന്മേൽ

നൂതന വെളിച്ചം പ്രകാശിക്കുകയും പുതിയ സത്യങ്ങൾ തുടർച്ചയായി തുറക്കപ്പെടുകയും ചെയ്തുകൊണ്ടിരിക്കുന്നു.

പാപ്പാ പതിനിധിയുടെ പ്രസംഗം ആലോചനാസമിതിയിൽ ആഴമായി പതിഞ്ഞു. പാപ്പാത്വ നായകനെ പരാജയപ്പെടുത്തുവാൻ വ്യക്തമായ ദൈവ വചന സത്യങ്ങളുമായി ലൂഥർ അവിടെ സന്നിഹിതനായിരുന്നില്ല. നവീകരണകർത്താവിനെ പ്രതിരോധിക്കുവാനുള്ള ഉദ്യമങ്ങളൊന്നും നടമാടിയില്ല. അദ്ദേഹത്തെയും താൻ പഠിപ്പിക്കുന്ന തത്വങ്ങളേയും കുറ്റം വിധിക്കുക മാത്രമല്ല, സാധ്യമായാൽ ആ മത ഭാഷാന്ധതയെ ഉത്തെറിയുവാനുള്ള ഒരു താല്പര്യം അവിടെ പ്രകടമായിരുന്നു.

അവളുടെ പക്ഷം ജയിക്കുവാനുള്ള അവസരം ലഭിച്ചതിൽ റോം സന്തോഷിച്ചു. അവളെ ന്യായീകരിക്കുന്നതിന് പറയേണ്ടതെല്ലാം പറഞ്ഞുകഴിഞ്ഞു. പക്ഷെ വിജയമെന്നു തോന്നിയതു പരാജയത്തിൻറെ അടയാളമായിരുന്നു. അപ്പോൾ മുതൽ സത്യവും അസത്യവും തമ്മിലുള്ള വ്യത്യാസം വ്യക്തമായി കാണപ്പെടുകയും അതൊരു തുറന്ന പോരാട്ടമായിത്തീരുകയും ചെയ്തു. അവൾ നിലനിന്നിരുന്നതുപോലെ സുരക്ഷിതമായി അന്നുമുതൽ റോമിനു നിലകൊള്ളാൻ കഴിയാതെയായി.

റോമിൻറെ പ്രതികാരത്തിനുമുമ്പിൽ ലൂഥറെ കീഴ്പെടുത്തുവാൻ

ആലോചനാസമിതിയിലെ പല
അംഗങ്ങളും തല്പരരായിരുന്നുവെങ്കിലും
സഭയിൽ നടമാടിയിരുന്ന
സാൻമാർഗ്ഗികാധഃപതനത്തിലവർ
പരിതപിക്കുകയും
പൗരോഹിത്യാധികാരത്തിൻറെ
ദുരാഗ്രഹത്തിലും ദൂഷിത വലയത്തിലും
പെട്ട് കഷ്ടപ്പെടുന്ന ജർമ്മൻ ജനതയ്ക്ക്
മോചനം വേണമെന്നവർ
ആഗ്രഹിക്കുകയും ചെയ്തിരുന്നു.
പാപ്പാപ്രതിനിധി പാപ്പാത്വ
നയങ്ങളെല്ലാം വളരെയധികം
താല്പ്പര്യജനകമായി
പ്രസ്താവിച്ചുകഴിഞ്ഞു. ഇപ്പോൾ ദൈവം
മാർപാപ്പയുടെ മർദ്ദനഭരണ
ഫലങ്ങൾ ശരിയായി വരച്ചു കാട്ടുവാൻ
സദസ്സിലെ ഒരംഗത്തെ ഉദ്യോഗിപ്പിച്ചു.

കുലീന ഭാവത്തോടും ഉറപ്പോടും കൂടെ സാക്സോണിയിലെ പ്രഭുവായ ജോർജ് ആ രാജകീയ സദസ്സിൽനിന്നുകൊണ്ട് പാപ്പാത്വവഞ്ചനകളും അറപ്പായ പ്രവൃത്തികളും അവയുടെ അനന്തരഫലങ്ങളും ഭയാനക തീവ്രതയോടെ വിവരിച്ചുപറഞ്ഞു. അവസാനം അദ്ദേഹം ഇപ്രകാരം പ്രസ്താവിച്ചു:

“റോമിനെതിരെ ശബ്ദമുയർത്തുന്ന ദുരാചാരങ്ങളിൽ ചിലതാണിവ. എല്ലാ ലജ്ജയുമവർ മൂടിവയ്ക്കുന്നു; അവരുടെ ഏക ലക്ഷ്യമാണ്. . പണം, പണം, പണം... ഇങ്ങനെ സത്യം പഠിപ്പിക്കേണ്ട വൈദികർ കളവല്ലാതെ മറ്റൊന്നും ശബ്ദിക്കുന്നില്ല. ഇവരെ

വച്ചുപൊറുപ്പിക്കുക മാത്രമല്ല, പ്രതിഫലവും കൊടുക്കുന്നു. കാരണം അവരുടെ അസത്യ ഭാഷണം വർദ്ധിക്കുന്തോറും അവരുടെ സാമ്പത്തിക നേട്ടവും വർദ്ധിക്കുന്നു. ഇങ്ങനെയുള്ള അഴുക്കടിഞ്ഞ ഉറവിൽനിന്നു മലിനജലമൊഴുകുന്നു. അമിത വിഷയാസക്തി, പണക്കൊതിയിലേക്കു കൈനീട്ടുന്നു.... കഷ്ടം, പുരോഹിതന്മാരുടെ അപകീർത്തി സാധുക്കളായ അനേകമാത്മാക്കളെ നിത്യനാശത്തിലേക്കു വലിച്ചെറിഞ്ഞു. പൊതുവായ ഒരു നവീകരണം അത്യാവശ്യമായിരിക്കുന്നു". - ibid., p. 7, ch. 4,

ഇതിനേക്കാളും ശക്തിയേറിയ ഭത്സനം ലൂഥർതന്നേയും പാപ്പാത്വ ദുരാചാരങ്ങൾക്കെതിരെ നൽകുമായിരുന്നില്ല; ആ പ്രസംഗകൻ നവീകരണക്കാരുടേയും ശ്രദ്ധേയനായ ശത്രുവായതിനാൽ തൻറെ വാക്കുകൾക്ക് വളരെ സ്വാധീനമുണ്ടായിരുന്നു.

സദസ്സ്യരുടെ ദൃഷ്ടികൾ തുറന്നിരുന്നെങ്കിൽ സത്യം സ്വീകരിക്കത്തക്ക വിധം മനസ്സുകളേയും ഹൃദയങ്ങളേയും തുറന്നുകൊണ്ട് അസത്യത്തിൻറെ അന്ധകാരത്തെ കീറിമുറിക്കുന്ന പ്രകാശ രശ്മികൾ വിതറി നിൽക്കുന്ന ദൈവ ദൂതന്മാരെ തങ്ങളുടെ മദ്ധ്യത്തിൽ കാണുമായിരുന്നു.

സത്യത്തിൻറെയും ജ്ഞാനത്തിൻറേയും ഉറവിടമായ ദൈവശക്തിയാണ് നവീകരണത്തിൻറെ എതിരാളികളെപ്പോലും നിയന്ത്രിച്ചുകൊണ്ട് സംഭവിക്കാനിരുന്ന വലിയ വേലയ്ക്കു വഴിയൊരുക്കമാറാക്കിയത്. മാർട്ടിൻ ലൂഥർ അവിടെയുണ്ടായിരുന്നില്ല; എന്നാൽ ലൂഥറെക്കാളും വലിയവനായ ദൈവത്തിൻറെ ശബ്ദം ആ സദസ്സിൽ കേൾക്കുകയുണ്ടായി.

ജർമ്മൻ ജനതയുടെ മേൽ ഭാരമായി അടിച്ചേല്പിക്കപ്പെട്ടിരിക്കുന്ന പാപ്പാത്വമർദ്ദനങ്ങളുടെ കണക്ക് ശേഖരിക്കുന്നതിന് ആ രാജകീയ സദസ്സ് അപ്പോൾത്തന്നെ ഒരു കമ്മറ്റിയെ നിയോഗിച്ചു. നൂറ്റിയൊന്നു കാരണങ്ങളുട

ങ്ങിയ ഒരു രേഖ ചക്രവർത്തിക്കു
സമർപ്പിക്കുകയും ഈ ദുരാചാരങ്ങൾ
തിരുത്തുന്നതിനു സത്വരനടപടികൾ
കൈക്കൊള്ളണമെന്നഭ്യർത്ഥിക്കുക
യും ചെയ്തു. "എന്തുമാത്രം ക്രിസ്തീയ
ആത്മാക്കൾ നഷ്ടമായിപ്പോകുന്നു;
എന്തൊരു കവർച്ച;
ക്രിസ്ത്യാനിത്വത്തിൻറെ ആത്മീക തലം
എന്തെല്ലാം അപവാദങ്ങളാലും
അന്യായങ്ങളാലും ചുറ്റപ്പെട്ടിരിക്കുന്നു!
നമ്മുടെ ജനത്തിൻറെ നാശവും അപ
കീർത്തിയും തടയേണ്ടത് നമ്മുടെ
കർത്തവ്യമാണ്. ഇക്കാരണത്താൽ
പൊതുവായ ഒരു നവീകരണത്തിനു
കല്പന പുറപ്പെടുവിക്കുവാനും അത്
പ്രാവർ ത്തികമാക്കുവാനും ഞങ്ങൾ
വളരെ വിനയത്തോടും

അത്യാവശ്യമായും
അപേക്ഷിക്കുന്നുവെന്നു നിവേദകർ
അഭ്യർത്ഥിച്ചു". - Ibid., b. 7, ch. 4.

രാജകീയ സദസ്സ്
നവീകരണകർത്താവിനെ തങ്ങളുടെ
മുമ്പിൽ ഹാജരാക്കാൻ ആവശ്യപ്പെട്ടു.
അലീൻററുടെ അഭ്യർത്ഥനയും
എതിർപ്പും ഭീഷണിയും വകവയ്ക്കാതെ
ലൂഥർ സദസ്സിലെത്താൻ ചക്രവർത്തി
സമ്മതിക്കുകയും കൽപിക്കുകയും
ചെയ്തു. കല്പനയോടൊത്തു ഒരു
സുരക്ഷിതസ്ഥാനത്തു അദ്ദേഹത്തെ
തിരിച്ചെത്തിക്കുന്നതിനുള്ള ഉറപ്പുപ്രതവും
നൽകി. അദ്ദേഹത്തെ വേംസിൽ
എത്തിക്കുവാനുള്ള ചുമതല
മേൽപ്പറഞ്ഞ രേഖകൾ വിററൻ

ബർഗ്ഗിലേക്കു കൊണ്ടുപോയ സന്ദേശവാഹകനിൽത്തന്നെ നിക്ഷിപ്തമാക്കി.

ലൂഥറിൻറെ സ്നേഹിതർ ഭയവിഹ്വലരും കലുഷിതരുമായി. അദ്ദേഹത്തിനെതിരെ മുൻവിധിയും ശത്രുതയും നിറഞ്ഞിരിക്കുന്നതുകൊണ്ട് ഉറപ്പുപത്രത്തിനു വില കല്പിക്കുകയില്ലായെന്നവർ ഭയപ്പെട്ടു; തൻറെ ജീവനു നാശം വരുത്തരുതെന്നവർ അപേക്ഷിച്ചു. “ഞാൻ വേംസിൽ വരുന്നത് പാപ്പാപക്ഷക്കാർ ആഗ്രഹിക്കുന്നില്ല; എന്നാലവർ എൻറെ ശിക്ഷാവിധിയും മരണവും ആഗ്രഹിക്കുന്നു. അതു സാരമില്ല, എനിക്കായി

പ്രാർത്ഥിക്കരുത്,
ദൈവവചനത്തിനുവേണ്ടി
പ്രാർത്ഥിക്കുക... ഈ
കാപട്യത്തിൻറെ ശുശ്രൂഷകരെ
ജയിക്കുവാൻ യേശുക്രിസ്തു തൻറെ
ആത്മാവിനെ എനിക്കു തരും. എൻറെ
ജീവനിൽ ഞാനവരെ പകെയ്ക്കുന്നു;
എൻറെ മരണത്തിൽ ഞാനവരുടെമേൽ
വിജയംവരിയ്ക്കും. വേംസിൽവെച്ച്
എന്നെ പിൻതിരിപ്പിക്കുവാനവർ
തിരക്കുകൂട്ടുന്നു; ഇതായിരിക്കും എൻറെ
പിൻവാങ്ങൽ; പോപ്പ് ക്രിസ്തുവിൻറെ
പ്രതിപുരുഷനാണെന്നു ഞാൻ ആദ്യം
പറഞ്ഞു. എന്നാലിപ്പോൾ ഞാൻ
തറപ്പിച്ചു പറയുന്നു: അദ്ദേഹം നമ്മുടെ
കർത്താവിന്റെ പ്രതിയോഗിയും

സാത്താൻറെ അപ്പൊസ്തലനമാണ്. - Ibid., b. 7, ch. 6.

അപകടപൂർണ്ണമായ യാത്ര ഏകനായി നടത്തുവാൻ ലൂഥർ അനുവദിക്കപ്പെട്ടില്ല. രാജകീയ ദൂതുവാഹകനോടൊപ്പം തൻറെ ഉറ്റമിത്രങ്ങളിൽ മൂന്നു പേർകൂടെ അദ്ദേഹത്തോടൊപ്പം യാത്ര ചെയ്യുവാൻ തീരുമാനിച്ചു. അവരോടു ചേരുവാൻ മെലംഗ്ണും ആത്മാർത്ഥമായി ആഗ്രഹിച്ചു. തൻറെ ഹൃദയം ലൂഥറോടു പറ്റിയിരുന്നതിനാൽ അദ്ദേഹത്തെ അനുഗമിക്കുവാനും ജയിലോ മരണമോ നേരിടുവാനും താൻ വാഞ്ഛിച്ചു. പക്ഷെ തൻറെ അപേക്ഷകൾ നിരാകരിക്കപ്പെടുകയാണുണ്ടായത്. ലൂഥർ തകർന്നു പോവുകയാണെങ്കിൽ

നവീകരണത്തിൻറെ പ്രത്യാശ യുവാവായ ആ സഹപ്രവർത്തകനിൽ കേന്ദ്രീ കരിക്കപ്പെടേണ്ടതാണ്. മെലംഗണിനെ വിട്ടുപിരിഞ്ഞ സമയം ലൂഥർ ഇപ്രകാരം പറഞ്ഞു: "ഞാൻ തിരികെ വരാതെയിരിക്കയും എൻറെ ശത്രുക്കൾ എന്നെ കൊല്ലുകയും ചെയ്യുകയാണെങ്കിൽ സത്യത്തിലുറച്ചുനിന്നുകൊണ്ട് പഠിപ്പിക്കൽ തുടരുക. എൻറെ അദ്ധ്വാനം തുടർന്നു ചെയ്യുക.... നിങ്ങൾ ജീവിച്ചിരിക്കുകയാണെങ്കിൽ എൻറെ മരണത്തിനു വലിയ പ്രസക്തി ഉണ്ടാകയില്ല". - Ibid, b. 7, ch. 7.

ലൂഥറിൻറെ യാത്രയയപ്പിനു സാക്ഷ്യം വഹിക്കുവാൻ കൂടിവന്ന വിദ്യാർത്ഥികളും പൗരജനവും

ആഴമായി വേദനപ്പെട്ടു. സുവിശേഷദൂത് ഹൃദയങ്ങളെ സ്പർശിച്ച ജനക്കൂട്ടം കണ്ണുനീരോടെ അദ്ദേഹത്തിനു യാത്രാമംഗളം നേർന്നു. ഇപ്രകാരം നവീകരണകർത്താവും തൻറെ സ്നേഹിതരും വിറ്റൻബർഗ്ഗിൽനിന്നും യാത്രയായി.

മ്ലാനമായ അനിഷ്ട സൂചനകൾകൊണ്ട് മനുഷ്യ മനസ്സുകൾ വ്യാകുലപ്പെടുന്നതായി യാത്രാമദ്ധ്യേ അവർ കണ്ടു. ചില പട്ടണങ്ങളിൽ ആരുമവരെ ബഹുമാനിച്ചിരുന്നില്ല. രാത്രി കഴിച്ചുകൂട്ടുവാൻ തങ്ങിയ സ്ഥലത്ത് സ്നേഹി തനായ ഒരു പുരോഹിതൻ, രക്തസാക്ഷിത്വം വരിച്ച ഇറ്റലിക്കാരനായ ഒരു

നവീകരണക്കാരൻറെ ചിത്രം ലൂഥറെ കാണിച്ചുകൊണ്ട് തൻറെ ഭയം പ്രകടിപ്പിച്ചു. വേംസിൽ ലൂഥറിൻറെ ലിഖിതങ്ങൾ നിരോധിക്കപ്പെട്ടിരിക്കുന്നുവെന്ന് പിറ്റേദിവസം അവർ ഗ്രഹിച്ചു. രാജകീയ വിളംബരക്കാർ ചക്രവർത്തിയുടെ കല്പന പ്രസിദ്ധമാക്കുകയും സമുദായ ഭ്രഷ്ട് കല്പിക്കപ്പെട്ട ലിഖിതങ്ങൾ നിയമജ്ഞൻമാരുടെ പക്കലേൽപിക്കുവാൻ ജനങ്ങളെ ആഹ്വാനം ചെയ്യുകയും ചെയ്തുകൊണ്ടിരുന്നു. രാജകീയ സദസ്സിൽ ലൂഥറിൻറെ സുരക്ഷിതത്വത്തിന്മേൽ ഭയം പൂണ്ട സന്ദേശവാഹകർ ചക്രവർത്തിയുടെ തീരുമാനത്തിനു കോട്ടം തട്ടാൻ

സാദ്ധ്യതയുണ്ടെന്ന ചിന്തിച്ചുകൊണ്ട്
മുന്നോട്ടുപോകാൻ ലൂഥർ
ആഗ്രഹിക്കുന്നുവോയെന്നന്വേഷിച്ചു.
“പട്ടണംതോറും വിലക്കു നില
നില്ക്കുന്നുണ്ടെങ്കിലും ഞാൻ
മുന്നോട്ടുതന്നെ പോകുന്നു”വെന്നദ്ദേഹം
ഉത്തരം പറഞ്ഞു. - Ibid, b. 7, ch. 7.

എർഫർട്ടിൽ ലൂഥർ
ബഹുമതികളോടുകൂടെ
സ്വീകരിക്കപ്പെടുകയുണ്ടായി.
ഭിക്ഷാപാത്രവുമായി പലപ്പോഴും താൻ
നടന്നിരുന്ന തെരുക്കളിൽ ജനക്കൂട്ടം
ആദരവോടെ അദ്ദേഹത്തിനുചുറ്റും
കൂടിവന്നു. ഇപ്പോൾ ജർമനിയിൽ
അലയടിക്കുന്ന പ്രകാശ തരംഗം തൻറെ
ആത്മാവിൽ കടന്നുവരുന്നതിനു മുമ്പുള്ള

മാനസ്സിക പോരാട്ടം, കോൺവെന്റുമുറിയിൽ പ്രവേശിച്ച അദ്ദേഹത്തിൻെറ മനസ്സിൽ കടന്നുവന്നു. പ്രസംഗിക്കുവാനദ്ദേഹം നിർബന്ധിതനായി. അദ്ദേഹത്തിനിത് വിലക്കപ്പെട്ടിരുന്നെങ്കിലും സന്ദേശവാഹകൻ അനുമതി നൽകിയതിനെത്തുടർന്നു ഒരു കാലത്തവിടെ അടുക്കളപ്പണി ചെയ്തിരുന്ന സന്യാസിയിപ്പോൾ പ്രസംഗപീഠത്തിൽ കയറി.

'"നിങ്ങൾക്കു സമാധാനം', എന്നു പറഞ്ഞുകൊണ്ട് ചുറ്റും നിന്നിരുന്ന ജനസഞ്ചയത്തോടദ്ദേഹം ക്രിസ്തുവിൻെറ വചനം പ്രസംഗിച്ചു. "തത്വജ്ഞാനികൾ, പണ്ഡിതന്മാർ, എഴുത്തുകാർ, എന്നിവർ

നിത്യജീവൻറെ മാർഗ്ഗം ജനങ്ങളെ പഠിപ്പിക്കുവാൻ ശ്രമിച്ചിരുന്നെങ്കിലും അവരതിൽ വിജയിച്ചിരുന്നില്ല. അതിപ്പോൾ ഞാൻ നിങ്ങളോടറിയിക്കുന്നു.. മരണത്തെ നശിപ്പിക്കുന്നതിനും പാപത്തിനു പ്രായശ്ചിത്തം വരുത്തുന്നതിനും പാതാളഗോപുരങ്ങൾ അടയ്ക്കുന്നതിനും കർത്താവായ യേശുക്രിസ്തു എന്ന മനുഷ്യനെ ദൈവം മരിച്ചവരുടെ ഇടയിൽനിന്നുയിർത്തെഴുന്നേല്പിച്ചു. ഇതാണ് രക്ഷാപദ്ധതി... ക്രിസ്തു വിജയിയായി! ഇതാണ് സന്തോഷകരമായ സുവിശേഷം; നമ്മുടെ പ്രവൃത്തികൊണ്ടല്ല; എന്നാൽ അവൻറെ പ്രവൃത്തികൊണ്ട് നാം രക്ഷിക്കപ്പെട്ടിരിക്കുന്നു.... “നിങ്ങൾക്കു

സമാധാനം; എൻറെ കരങ്ങൾ കാണുക; അതായത്, അല്ലയോ മനുഷ്യാ കാൺക! ഞാൻ, ഞാൻ തന്നെയാണ് നിൻറെ പാപത്തെ ദൂരീകരിച്ചതും, നിൻറെ മറുവിലയായി ഏല്പിക്കപ്പെട്ടതും; അങ്ങ നെയിപ്പോൾ നിനക്കു സമാധാനം ലഭ്യമായിരിക്കുന്നുവെന്നു കർത്താവു പറഞ്ഞു". എന്നീപ്രകാരം അദ്ദേഹം പ്രസംഗിച്ചു.

യഥാർത്ഥ വിശ്വാസം വിശുദ്ധ ജീവിതത്തിലൂടെ പ്രകടമാകുന്നുവെന്നദ്ദേഹം തുടർന്നു വ്യക്തമാക്കി. "ദൈവം നമ്മെ രക്ഷിച്ചിരിക്കയാൽ അവനു സ്വീകാര്യമായിത്തീരത്തക്കവിധം നമ്മുടെ പ്രവൃത്തികളെ നമുക്കു

ക്രമീകരിക്കാം. നീ ധനവാനാണോ? നിൻറെ ധനം പാവപ്പെട്ടവരുടെ ആവശ്യങ്ങൾക്കുപയോഗിക്കുക. നീ ദരിദ്രനാണോ? നിൻറെ സേവനം ധനവാന്മാർക്കു പ്രസാദകരമായിരിക്കട്ടെ, നിൻറെ പ്രവൃത്തി നിനക്കു മാത്രം പ്രയോജനകരമാണങ്കിൽ ദൈവത്തിനുവേണ്ടി ചെയ്യുന്നുവെന്നു നീ നടിക്കുന്ന സേവനം കള്ളമത്രേ, - Ibid., p. 7, ch. 7.

പരിപൂർണ്ണ നിശ്ശബ്ദരായി ജനം ശ്രദ്ധിച്ചു കേട്ടു. വിശന്നിരുന്ന ആത്മാക്കൾക്കു ജീവൻറെ അപ്പം നുറുക്കിക്കൊടുത്തു. പോപ്പുമാർക്കും വൈദികർക്കും ചക്രവർത്തിമാർക്കും

രാജാക്കന്മാർക്കും മുകളിലായി ക്രിസ്തു ഉയർത്തപ്പെട്ടു. നാശത്തിലായ തൻറെ സ്വന്ത അവസ്ഥയെക്കുറിച്ച് ഒന്നുംതന്നെ ലൂഥർ പരാമർശിച്ചില്ല.
അനുകമ്പയുടെയും
ചിന്താകുലത്തിൻറേയും
കേന്ദ്രബിന്ദുവായി കാണ
പ്പെടുവാനദ്ദേഹമാഗ്രഹിച്ചില്ല.
ക്രിസ്തുവിനെ ധ്യാനിക്കുന്നതിൽ
സ്വയമെന്നത് തനിക്കു നഷ്ടമായി.
പാപിയുടെ വീണ്ടെടുപ്പുകാരനായി
യേശുവിനെ പ്രതിനിധീകരിച്ചുകൊണ്ട്
കാൽവറിയിലെ കർത്താവിന്റെ
പിന്നിലദ്ദേഹം മറഞ്ഞുനിന്നു.

അവിടെനിന്നു തൻറെ യാത്ര തുടർന്നു.
നവീകരണ കർത്താവിനെ

എല്ലായിടത്തും താത്പര്യത്തോടെ ശ്രദ്ധിക്കുകയുണ്ടായി. ശ്രദ്ധാലുക്കളായ ജനസഞ്ചയം തനിക്കു ചുറ്റും കൂടിവരികയും റോമാധികാരികളുടെ ഉദ്ദേശങ്ങളെ സംബന്ധിച്ച സ്നേഹനിർഭരമായ ശബ്ദങ്ങളാൽ മുന്നറിയിപ്പുകൊടുക്കുകയും ചെയ്തു. “ജോൺ ഹസ്സിനോട് ചെയ്തതുപോലെ നിങ്ങളുടെ ശരീരത്തെ അവർ കത്തിച്ച് ചാരമാക്കി മാറ്റും', അതിന് ലൂഥറിപ്രകാരം പ്രതികരിച്ചു, “വേംസ് മുതൽ വിറ്റൻബർഗ്ഗ് വരെ അവർ തീ കത്തിക്കുകയും അതിൻറെ ജ്വാല ആകാശത്തോളമുയരുകയും ചെയ്താലും കർത്താവിന്റെ നാമത്തിൽ ഞാനതിൽക്കൂടെ നടക്കും; അവരുടെ മുമ്പിൽ ഞാൻ നിൽക്കും;

കർത്താവായ യേശുക്രിസ്തുവിനെ ഏറ്റുപറഞ്ഞുകൊണ്ട് ഈ കടുവയുടെ വായിൽ ഞാൻ കടന്ന് അതിൻറെ പല്ലുകളെ തകർക്കും". - ibid., 6, 7, ch. 7.

വേംസിലദ്ദേഹം എത്തിച്ചേർന്നുവെന്ന വാർത്ത വലിയ കലക്കം സൃഷ്ടിച്ചു. തൻറെ സുരക്ഷിതത്വത്തെ സംബന്ധിച്ച് സ്നേഹിതർ ഭയചകിതരായി; തങ്ങളുടെ താൽപര്യം വിജയിക്കുമോയെന്നദ്ദേഹത്തിൻറെ ശത്രുക്കളും ഭയപ്പെട്ടു. പട്ടണത്തിൽ കടക്കാതിരിക്കാനദ്ദേഹത്തെ പരിപ്പിക്കുന്നതിന് എല്ലാ ഉദ്യമങ്ങളും ചെയ്യപ്പെട്ടു. സ്നേഹിതനായ ഒരു പ്രഭുവിൻറെ കൊട്ടാരത്തിൽ

താമസിച്ചുകൊണ്ട് പ്രശ്നങ്ങളെല്ലാം ഭംഗിയായി പരിഹരിക്കാമെന്നു പാപ്പാപ്രതിനിധികളുടെ നിർബന്ധത്താൽ അദ്ദേഹത്തെ പ്രേരിപ്പിച്ചു. തനിക്കു ഭീഷണിയായിരിക്കുന്ന അപകടത്തെ വിവരിച്ചുകൊണ്ട് അദ്ദേഹത്തിൻറെ ഭയത്തെ ഉദ്ദീപിപ്പിക്കുവാൻ സ്നേഹിതരും പരിശ്രമിച്ചു. എന്നാൽ അവരുടെയെല്ലാം ഉദ്യമങ്ങൾ വിഫലമാവുകയാണുണ്ടായത്. അശേഷം കുലുങ്ങാതെ ലൂഥർ പ്രഖ്യാപിച്ചു; "വീടിനു മുകളിലെ ഓടുപോലെ എത്രമാത്രം പിശാചുക്കൾ വേംസിലുണ്ടെങ്കിലും ഞാനതിൽ കടക്കും, - ibid, b. 7, ch. 7.

അദ്ദേഹം വേംസിലെത്തിയപ്പോൾ വലിയൊരു ജനക്കൂട്ടം തന്നെ സ്വാഗതം ചെയ്യുവാൻ വാതിൽക്കലെത്തി. ചക്രവർത്തിയെപ്പോലും സ്വീകരിക്കുവാൻ ഇത് വലിയൊരു ജനസഞ്ചയമുണ്ടായിരുന്നില്ല. കടുത്ത വികാരാവേശത്താൽ ജനക്കൂട്ടത്തിൻറെ ഇടയിൽനിന്നും ചരമഗീതം പോലുള്ള തുളച്ചു കയറുന്ന വിലാപശബ്ദം ലൂഥറിനൊരു മുന്നറിയിപ്പുപോലെ വരാനിരിക്കുന്ന വിധിയെക്കുറിച്ചു ഉയർന്നുകൊണ്ടിരുന്നു. വാഹനത്തിൽ നിന്നിറങ്ങിയ ലൂഥർ ഇപ്രകാരം പറഞ്ഞു:" എൻറെ പ്രതിരോധം ദൈവം മാത്രമാണ്.

വേംസിലെത്തിച്ചേരാൻ ലൂഥർ ഒരുമ്പെടുകയില്ലെന്നു വിശ്വസിച്ചിരുന്ന പാപ്പാതിനിധികൾ അമ്പരപ്പിലായി. അനന്തര നടപടികളെക്കുറിച്ചാലോചിക്കുന്നതിനു ചക്രവർത്തി ഉപദേഷ്ടാക്കന്മാരെ വളരെവേഗം വിളിച്ചുകൂട്ടി കടുത്ത പാപ്പാഭക്തനായ ഒരു ബിഷപ്പ് ഇപ്രകാരം പറഞ്ഞു: "ഈ കാര്യത്തിൽ നമ്മൾ ദീർഘമായി ആലോചിച്ചുകഴിഞ്ഞു. ചക്രവർത്തി തിരുമനസ് ഈ മനുഷ്യനെ ഉടൻതന്നെ അവസാനിപ്പിച്ചുകളയട്ടെ. ജോൺ ഹസ്സിനെ ചുട്ടെരിക്കുവാൻ സിഗിസ്മണ്ട് കല്പിച്ചില്ലേ? ഒരു വിശ്വാസപാതകൻറെ ഉറപ്പുപത്രത്തിന്മേൽ നാമെന്തിന് വില കല്പിക്കണം?' പാടില്ല, നമ്മുടെ വാഗ്ദാനം

നാം പാലിക്കേണ്ടതുണ്ട്‌, ചക്രവർത്തി അറിയിച്ചു. - Ibid., p. 7, ch. 8. ഇപ്രകാരം നവീകരണ കർത്താവിന്റെ വാക്കുകൾ കേൾക്കുവാൻ തീരുമാനമുണ്ടായി.

ഈ ശ്രേഷ്ഠ മനുഷ്യനെ കാണുവാൻ പട്ടണം മുഴുവൻ ഉത്സാഹഭരിതരായി; തൻറെ വാസസ്ഥലത്ത്‌ വലിയൊരു കൂട്ടം സന്ദർശകർ തടിച്ചുകൂടി. അടുത്ത സമയത്തുണ്ടായ രോഗത്തിൽനിന്നു ലൂഥറിനു ചെറിയൊരാശ്വാസം മാത്രമെ ലഭിച്ചിരുന്നുള്ളു; രണ്ട്‌ ആഴ്ച മുഴുവൻ നീണ്ടുനിന്ന യാത്രനിമിത്തം അദ്ദേഹം നന്നേ ക്ഷീണിച്ചിരുന്നു; അടുത്ത പ്രഭാതത്തിൽ നടക്കാനിരിക്കുന്ന സംഭവങ്ങളെ

നേരിടുന്നതിനൊരുങ്ങുവാൻ
അദ്ദേഹത്തിനു വിശ്രമവും ഏകാന്തതയും
ആവശ്യമായിരുന്നു. എന്നാൽ
മാന്യജനങ്ങൾ, പ്രഭുക്കന്മാർ,
പുരോഹിതന്മാർ, പൗരജനങ്ങൾ
എന്നിവർ ആകാംക്ഷയോടെ തനിക്കു
ചുറ്റും കൂടി വന്നപ്പോൾ അദ്ദേഹം
ഏതാനും ചില മണിക്കൂറുകളുടെ വിശ്രമം
കൊണ്ട് തൃപ്തിപ്പെടുകയുണ്ടായി.
പുരോഹിതവർഗ്ഗത്തിന്റെ
ദുർവൃത്തികളിൽ
നവീകരണമാവശ്യമാണെന്നു
ചക്രവർത്തിയോടു ധൈര്യസമേതം
ആവശ്യപ്പെട്ട അനേക പ്രഭുക്കന്മാർ ഈ
കൂട്ടത്തിലുണ്ടായിരുന്നു. "ഇവരെല്ലാം
എൻറെ സുവിശേഷത്താൽ
സ്വതന്ത്രരാക്കപ്പെട്ടവരായിരുന്നു എന്ന്

ലൂഥർ പറയുന്നു. - Martyn, Page 393.
ശത്രുക്കളും സ്നേഹിതരും ഭയമില്ലാത്ത ആ സന്യാസിയെ കാണുവാൻ വന്നു; എന്നാലദ്ദേഹം കുലുക്കമില്ലാത്ത സ്വച്ഛതയോടെ അവരെയെല്ലാം സ്വീകരിക്കുകയും മാന്യതയോടും ബുദ്ധിയോടുംകൂടെ മറുപടി കൊടുക്കുകയും ചെയ്തുകൊണ്ടിരുന്നു. തൻറെ മുഖഭാവം ഉറപ്പും ധൈര്യ വുമുള്ളതായിരുന്നു. കഠിനാദ്ധ്വാനവും രോഗവുംകൊണ്ട് മെലിഞ്ഞ് വിവർണ്ണ മായ തൻറെ മുഖം സന്തോഷവും ദയയും സ്ഫുരിക്കുന്നതായിരുന്നു. തൻറെ ശത്രുക്കൾക്കുപോലും ചെറുത്തുനിൽക്കാൻ കഴിയാത്തവിധം ആഴമായ ആത്മാർത്ഥതയോടും ഭക്തിഗാംഭീര്യത്തോടും കൂടിയ

അദ്ദേഹത്തിൻറെ വാക്കുകൾ ശക്തിയേറിയതായിരുന്നു. സ്നേഹിതരും ശത്രുക്കളും ഒരുപോലെ അത്ഭുതംകൊണ്ടു നിറഞ്ഞു. ഒരു ദിവ്യസ്വാധീനം അദ്ദേഹത്തോടൊപ്പം ഉണ്ടെന്നു ചിലർക്കു ഉറപ്പായിരുന്നു; മറ്റുചിലരാകട്ടെ, "അവനൊരു പിശാചുണ്ട് എന്നു പരീശന്മാർ ക്രിസ്തുവിനെക്കുറിച്ചു പറഞ്ഞതുപോലെ പ്രസ്താവിച്ചു.

അടുത്തദിവസം രാജകീയ സദസ്സിൽ സന്നിഹിതനാവാൻ ലൂഥറോടാവശ്യപ്പെട്ടു. അദ്ദേഹത്തെ സഭയിൽ കൂട്ടിക്കൊണ്ട് വരുന്നതിനു ഒരു രാജകീയ ഉദ്യോഗസ്ഥൻ നിയമിക്കപ്പെട്ടു; എന്നിട്ടും വളരെ

പ്രയാസപ്പെട്ടാണദ്ദേഹം അവിടെയെത്തിയത്. പോപ്പിൻറെ അധികാരത്തെ പ്രതിരോധിക്കുന്ന സന്യാസിയെ കാണുവാൻ ആകാംക്ഷാഭരിതരായ കാഴ്ചക്കാരുടെ വൻതിരക്കു എല്ലാ വഴികളിലും അനുഭവപ്പെട്ടു.

അദ്ദേഹം ന്യായാധിപന്മാരുടെ മുമ്പിൽ പ്രവേശിക്കാൻ തുടങ്ങിയപ്പോൾ, അനേക യുദ്ധങ്ങളിൽ മുമ്പനായിരുന്ന പ്രായമുള്ള ഒരു ജനറൽ ദയാപുരസ്സരം ഇപ്രകാരം പറഞ്ഞു: “സാധുവായ സന്യാസി, സാധുവായ സന്യാസീ, ഞാനോ മറ്റേതൊരു പട്ടാളത്തലവനോ ഭീകരമായ ഏതൊരു യുദ്ധത്തിലും ഉറച്ചുനിന്നതിനേക്കാളും ധൃഷ്ടമായ ഒരു

സ്ഥാനത്തു നിൽക്കുവാൻ നിങ്ങൾ പോവുകയാണ്. എന്നാൽ നിങ്ങളുടെ വാദം ന്യായവും അതിൽ നിങ്ങൾക്ക് ഉറപ്പുമുണ്ടെങ്കിൽ ഒന്നും ഭയപ്പെടാതെ ദൈവനാമത്തിൽ മുമ്പോട്ടു പോവുക. ദൈവം നിങ്ങളെ കൈവിടുകയില്ല". - D'Aubigne, b. 7, ch. 8.

അവസാനം ലൂഥർ ആലോചനാസഭയിൽ വന്നെത്തി. ചക്രവർത്തി സിംഹാസനത്തിൽ ഇരുന്നു. സാമ്രാജ്യത്തിലെ അതിശ്രേഷ്ഠം വ്യക്തികൾ അദ്ദേഹത്തിനു ചുറ്റുമുണ്ടായിരുന്നു. തൻറെ വിശ്വാസത്തിനുത്തരം പറവാൻ മാർട്ടിൻ ലൂഥർ നിന്നതുപോലെ ഇപാകരമൊരു രാജകീയ സദസ്സിനു

മുമ്പിൽ ഒരു വ്യക്തിയും ഒരു കാലത്തും പ്രത്യക്ഷപ്പെടേണ്ടിവന്നിട്ടില്ല. “ഈ പ്രത്യ ക്ഷപ്പെടൽ പാപ്പാത്വത്തിൻറെ മേലുള്ള വിജയത്തിൻറെ അടയാളമായിരുന്നു. പോപ്പ് കുറ്റം വിധിച്ച മനുഷ്യൻ പോപ്പിനെക്കാളും ഉന്നതമാണെന്നു പ്രവൃത്തിയിൽക്കൂടെ തെളിയിച്ച ന്യായാധിപസംഘത്തിനു മുമ്പിൽ നില്ക്കുന്നു. പോപ്പ് വിലക്കു കല്പിക്കുകയും മനുഷ്യസമൂഹത്തിൽ നിന്നു ഭ്രഷ്ടനാക്കുകയും ചെയ്ത ആ വ്യക്തി ബഹുമാന്യഭാഷയിൽ വിളിക്കപ്പെടുകയും ലോകത്തിലെ അതിശ്രേഷ്ഠ സദസ്സിനു മുമ്പിൽ സ്വീകരിക്കപ്പെടുകയും ചെയ്തിരിക്കുന്നു. പോപ്പ് കുറ്റംവിധിച്ച് എന്നെന്നേക്കും നിശ്ശബ്ദമാക്കപ്പെട്ട ആ വ്യക്തിയിപ്പോൾ ക്രിസ്ത്യാനിത്വത്തിൻറെ

വിദൂരദിക്കുകളിൽ നിന്നുപോലും എത്തിച്ചേർന്ന ആയിരക്കണക്കായ സശ്രദ്ധ കേൾവിക്കാരോടു സംവാദിക്കുന്നു. ലൂഥറെന്ന ആയുധത്തിൽക്കൂടെ മഹത്തായ ഒരു വിപ്ലവം പ്രവൃത്തിപഥത്തിലാകുന്നു. റോം അതിൻറെ സിംഹാസനത്തിൽനിന്നു താഴേയ്ക്കിറങ്ങിത്തുടങ്ങി; ഈ താഴ്ചയുടെ കാരണം ഒരു സന്യാസിയുടെ ശബ്ദമായിരുന്നു'. - Ibid., 6, 7, ch. 8.

ശക്തിമത്തരായ ശ്രേഷ്ഠന്മാരുടെ ആ സമൂഹത്തിൽ വിനയഭാവമുള്ള സാധാരണക്കാരനായ നവീകരണ കർത്താവ് സംഭ്രാന്തിയും അമ്പരപ്പും നിറ ഞ്ഞവനായി. അദ്ദേഹത്തിൻറെ വികാരഭാവം ദർശിച്ച പ്രഭുക്കന്മാരിൽ

പലരും തൻറെ സമീപമെത്തുകയും അവരിലൊരാൾ മന്ദമായി ഇങ്ങനെ പറയുകയും ചെയ്തു: "ദേഹിയെ കൊല്ലാതെ ദേഹത്തെമാത്രം കൊല്ലുന്നവരെ ഭയപ്പെടരുത്". മറ്റൊരാൾ ഇങ്ങനെ പറഞ്ഞു:" എൻറെ നിമിത്തം നാടുവാഴികൾക്കും രാജാക്കന്മാർക്കും മുമ്പിൽ നിങ്ങളെ എൽപിക്കുമ്പോൾ പറയാനുള്ളത് ആ നാഴികയിൽ നിങ്ങൾക്കു ലഭിക്കും. പറയുന്നത് നിങ്ങളല്ല, നിങ്ങളുടെ പിതാവിൻറെ ആത്മാവത്രെ", ഇപ്രകാരം കർതൃദാസനെ തൻറെ വിസ്താര സമയം ശക്തീകരിക്കുവാൻ ലോകത്തിലെ ഉന്നത വ്യക്തികൾ ക്രിസ്തുവിൻറെ വചനംകൊണ്ട് ധൈര്യപ്പെടുത്തി.

ചക്രവർത്തിയുടെ സിംഹാസനത്തിനു തൊട്ടുമുമ്പിലുള്ള ഒരു സ്ഥാനത്തു ലൂഥറെ കൊണ്ടുവന്നു. കൂടിയിരുന്ന സമൂഹത്തിൽ ആഴമേറിയ നിശ്ശബ്ദത കളിയാടി.

അപ്പോൾ ഒരു രാജകീയ ഉദ്യോഗസ്ഥൻ എഴുന്നേറ്റ് ലൂഥറിൻ്റെ എഴു ത്തുകളുടെ ഒരു ശേഖരത്തെ ചൂണ്ടിക്കാണിച്ചുകൊണ്ട് രണ്ടു ചോദ്യങ്ങൾക്കു നവീകരണ കർത്താവു ഉത്തരം പറയണമെന്നാവശ്യപ്പെട്ടു -- അവയെല്ലാം തൻ്റേതാണെന്നു സമ്മതിക്കുന്നുണ്ടായെന്നും അതിൽ പ്രതിപാദിച്ചിരിക്കുന്ന അഭിപ്രായങ്ങൾ പിൻവലിക്കാൻ താൽപര്യപ്പെടുന്നോയെന്നുമായിരു

ന്നു ആ രണ്ടു ചോദ്യങ്ങൾ. ആ പുസ്തകങ്ങളുടെ തലക്കെട്ടു വായിച്ച ലൂഥർ അത് തൻറേതുതന്നെയാണെന്ന് ഒന്നാമത്തെ ചോദ്യത്തിനുത്തരം കൊടുത്തു. “രണ്ടാമത്തെ ചോദ്യം, വിശ്വാസത്തിലും ആത്മാക്കളുടെ രക്ഷയിലും അധിഷ്ഠിത മായതാകയാലും സ്വർഗ്ഗത്തിലോ ഭൂമിയിലോ ഉള്ള ഏറ്റവും വലിയ വിലപിടിപ്പുള്ള നിധിയായ ദൈവവചനവുമായി ബന്ധിക്കപ്പെട്ടതാകയാലും ഒരു വിശദീകരണംകൂടാതെ അവിവേകമായി ഞാൻ ഉത്തരം പറയുവാൻ പാടില്ല. പരിതസ്ഥിതിയുടെ നിർബന്ധത്തിൽ സത്യത്തെ ലഘൂകരിച്ചാൽ ക്രിസ്തുവിൻറെ ഈ വാക്കുകൾക്കെതിരെ ഞാൻ പാപം

ചെയ്യുകയായിരിക്കും: മനുഷ്യരുടെ മുമ്പിൽ എന്നെ തള്ളിപ്പറയുന്നവനേയോ എൻറെ പിതാവിൻറെ മുമ്പിൽ ഞാനും തള്ളിപ്പറയും" (മത്തായി 10:33). ഇക്കാരണത്താൽ ദൈവവചനത്തോട് മറുത്തുനിൽക്കാതെ അതീവ വിനയത്തോടുകൂടെ ചക്രവർത്തി തിരുമനസ്സിനോടു ഉത്തരം പറയുവാൻ സമയം അനുവദിച്ചുതരണമെന്നു അപേക്ഷിക്കുന്നു" എന്ന് ലൂഥർ പറഞ്ഞു. -- D'Aubigne, b. 7, ch. 8.

ഈ അപേക്ഷ കഴിക്കുന്നതിൽ ലൂഥർ ബുദ്ധിപരമായി നീങ്ങി. തൻറെ നീക്കം വികാരാവേശത്തിലോ ആവേശത്തിനടിമപ്പെട്ടോ ആയിരുന്നില്ലെന്നു ആ സദസ്സ്

മനസ്സിലാക്കി. അന്തരഞ്ജനം ആഗ്രഹിക്കാത്ത ധൈര്യശാലിയായ ഒരു വ്യക്തിയിൽ കാണാത്തവിധമുള്ള ശാന്തതയും ആത്മസംയമനവും തൻറെ ശക്തി വർദ്ധിപ്പിക്കുകയും പിന്നീട് തൻറെ ശത്രുക്കളെ അതിശയിപ്പിച്ച് നിരാശപ്പെടുത്തത്തക്കവിധം അവരുടെ അഹങ്കാരത്തേയും ഗർവ്വിനേയും ഭത്സിച്ചു കൊണ്ട് സമയോചിതമായ തീരുമാനത്തോടും ബുദ്ധിയോടും അന്തസ്സോടും കൂടെ ഉത്തരം പറയുവാൻ അദ്ദേഹത്തിന്ന സാധിക്കുകയും ചെയ്തു.

അടുത്ത ദിവസം തൻറെ അവസാന ഉത്തരം നൽകുവാൻ അദ്ദേഹം അവിടെ സന്നിഹിതനാകേണ്ടതുണ്ടായിരുന്നു.

സത്യത്തിനെതിരേ ഒന്നിച്ചിരുന്ന ശക്തികളെപ്പറ്റി ചിന്തിച്ചപ്പോൾ കുറെ സമയത്തേക്കു തൻറെ ഹൃദയം തളർന്നുപോയി. അദ്ദേഹത്തിൻറെ വിശ്വാസം ഇടറി, ഭയവും വിറയലും തൻറെ മേൽ വന്നു; ഉൾക്കിടിലം അദ്ദേഹത്തെ പിടികൂടി. അപകടങ്ങൾ അനവധിയായി തൻറെ മുമ്പിൽ നിഴലിച്ചു; തൻറെ ശത്രുക്കൾ വിജയിക്കുന്നതായും അന്ധകാര ശക്തികൾ പ്രബലപ്പെടുന്നതായും തോന്നി. മേഘപടലവും മൂടി, തന്നെ ദൈവത്തിൽനിന്നു അകറ്റുന്നതായി അദ്ദേഹം കണ്ടു. സൈന്യങ്ങളുടെ യഹോവ തന്നോടൊപ്പമുണ്ടെന്നുള്ള ഉറപ്പിനായി അദ്ദേഹം വാഞ്ഛിച്ചു. ആത്മാവിൻറെ അതിവേദനയിൽ

ഞരങ്ങിക്കൊണ്ട് സാഷ്ടാംഗം നിലത്തുവീണ അദ്ദേഹം ദൈവമല്ലാതെ മറ്റാരും പൂർണ്ണമായി മനസ്സിലാക്കാതെ തകർന്നും നുറുങ്ങിയുമുള്ള ഹൃദയത്തിൻറെ രോദനം കഴിച്ചു.

അദ്ദേഹത്തിൻറെ അഭയയാചന ഇപ്രകാരമായിരുന്നു: "സർവ്വശക്തനും നിത്യനുമായ ദൈവമേ, ഈ ലോകം എത്ര ഭയാനകമാണ്! അതെന്നെ വിഴുങ്ങുവാൻ വായ് തുറക്കുന്നു; എനിക്കു നിന്നിൽ അത്യല്പ വിശ്വാസം മാത്രമായിരിക്കുന്നു.... ഈ ലോകത്തിൻറെ ബലത്തിൽ മാത്രമാണ് ഞാൻ ആശ യിക്കേണ്ടതെങ്കിൽ, അതിപ്പോൾ കഴിഞ്ഞുപോയി.... എൻറെ അന്ത്യ നാഴിക വന്നുകഴിഞ്ഞു;

എനിക്കുള്ള ശിക്ഷാവിധി പുറപ്പെട്ടുകഴിഞ്ഞു.... അല്ലയോ ദൈവമേ, ലോകത്തിൻറെ സകല ജ്ഞാനത്തിൽനിന്നും നീ തന്നെ സഹായിക്കേണമേ.... എന്നെ സഹായിക്കുക.... നിനക്കു മാത്രമേ അത് സാദ്ധ്യമാകൂ. ... ഇതെൻറെ വേലയല്ല, നിൻറേതാണ്. എനിക്കിവിടെ ഒന്നും ചെയ്യുവാനില്ല, ഈ ലോകത്തിലെ മഹാന്മാരോടു മത്സരിക്കുവാനും ഞാനാളല്ല. ... ആവശ്യം നിൻറേതാണ്. ... അത് നീതിയായതും നിത്യവും ആകുന്നു. കർത്താവേ, എന്നെ സഹായിക്കേണമേ! വിശ്വസ്തനും മാറാത്തവനുമായ ദൈവമേ, മനുഷ്യനിൽ ഞാൻ ആശയം വെയ്ക്കുന്നില്ല. ... മനുഷ്യനുള്ള തെല്ലാം

അസ്ഥിരമാണ്; മനുഷ്യനിൽ നിന്നുള്ളതെല്ലാം തോറ്റുപോകുന്നു.... ഈ വേലയ്ക്കു നീ എന്നെ തിരഞ്ഞെടുത്തു.... നിൻറെ പ്രിയ പുത്രനും എൻറെ കോട്ടയും എൻറെ പരിചയും എൻറെ പ്രതിരോധവും ആയ യേശുക്രിസ്തു മൂലം നീ എൻറെ സമീപം നിക്കേണമേ". - ibid., b. 7, ch. 8.

സ്വന്തശക്തിയിൽ ആശ്രയിച്ച് അപകടത്തിൽപെട്ടുപോകാതിരിക്കേണ്ടതിനു തൻറെ വിപത്ത് മനസ്സിലാക്കുവാൻ ലൂഥറെ സർവ്വജ്ഞാനിയായ ദൈവം അനുവദിച്ചു. എന്നാൽ അദ്ദേഹത്തെ ഭയവിഹ്വലനാക്കിയത് തൻറെ വ്യക്തിപരമായ കഷ്ടപ്പാടോ പീഡനമോ

മരണമോ അല്ലായിരുന്നു. അദ്ദേഹം പരീക്ഷാഘട്ടത്തിൽ എത്തിച്ചേരുകയും അതു നേരിടുവാൻ തൻറെ അയോഗ്യത മനസ്സിലാക്കുകയും ചെയ്തു. തൻറെ ബലഹീനതയിൽ സത്യമാർഗ്ഗം നഷ്ടമാകുമെന്നു അദ്ദേഹത്തിനു തോന്നി. തൻറെ സ്വന്ത രക്ഷയ്ക്കുവേണ്ടിയല്ല, പക്ഷെ, സുവിശേഷത്തിൻറെ വിജയത്തിനുവേണ്ടി അദ്ദേഹം ദൈവത്തോടു മൽപിടിത്തത്തിൽ ഏർപ്പെട്ടു. ഇസായേൽ നദിക്കരയിൽ രാത്രികാലത്തു ദൈവത്തോടു മല്ലടിച്ചതുപോലെ തൻറെ ആത്മാവു മത്സരത്തിലേർപ്പെട്ടു. ഇസ്രായേലിനെപ്പോലെ അദ്ദേഹം ജയിച്ചു. തൻറെ നിസ്സഹായാവസ്ഥയിൽ അദ്ദേഹത്തിൻറെ വിശ്വാസം തന്നെ

വിടുവിക്കുവാൻ ശക്തനായ ക്രിസ്തുവിൽ കേന്ദ്രീകരിച്ചു. ആലോചനാസമിതിയുടെ മുമ്പിലദ്ദേഹം ഏകനായി നില്ക്കയില്ലയെന്ന ഉറപ്പ് തന്നെ ധൈര്യപ്പെടുത്തി. സമാധാനം തൻറെ ആത്മാവിൽ തിരിച്ചെത്തി; രാഷ്ട്രത്തിൻറെ ഭരണാധികാരികൾക്കുമുമ്പിൽ ദൈവവചനം ഉയർത്തിക്കാണിക്കുവാൻ താൻ അനുവദിക്കപ്പെട്ടതിലദ്ദേഹം ആനന്ദിച്ചു.

മനസ്സ് ദൈവത്തിൽ കേന്ദ്രീകരിച്ചുകൊണ്ട് തൻറെ മുമ്പിലുള്ള പോരാട്ടത്തെ നേരിടുന്നതിനു ലൂഥർ തയ്യാറെടുത്തു. താൻ കൊടുക്കേണ്ട ഉത്തരം

എപ്രകാരമുള്ളതായിരിക്കണമെന്നദ്ദേഹം ചിന്തിക്കുകയും തൻറെ പുസ്തകങ്ങളിൽനിന്നുള്ള ഉദ്ധരണികൾ പരിശോധിക്കുകയും തൻറെ സ്ഥാനം ഉറപ്പിക്കുന്നതിനാവശ്യമായ തിരുവനചതെളിവുകൾ ശേഖരിക്കുകയും ചെയ്തു. തുടർന്ന് തൻറെ ഇടതുകരം തുറന്നിരിക്കുന്ന വേദപുസ്തകത്തിൽ വെച്ചു കൊണ്ട് വലതുകരം സ്വർഗ്ഗത്തേക്കുയർത്തി, “സുവിശേഷത്തിൽ വിശ്വസ്തനായിരിപ്പാനും തൻറെ വിശ്വാസം ഏറ്റു പറയുവാനും തൻറെ സാക്ഷ്യം രക്തം കൊണ്ട് മുദ്രയിടേണ്ടിവന്നാൽ പോലും വിശ്വസ്തത പാലിക്കുവാനും” അദ്ദേഹം

പ്രതിജ്ഞയെടുത്തു. -- ibid., p. 7, ch. 8.

താൻ വീണ്ടും ആലോചനാസമിതിയിലേക്കാനയിക്കപ്പെട്ടപ്പോൾ അദ്ദേഹ ത്തിൻറെ മുഖത്ത് ഭയത്തിൻറേയോ അമ്പരപ്പിൻറേയോ കണികപോലും കാണ്മാനുണ്ടായിരുന്നില്ല. ഭൂമിയിലെ മഹാന്മാരുടെ മദ്ധ്യേ ദൈവത്തിൻറെ സാക്ഷി യായി ശാന്തനും സമാധാനചിത്തനും ധൈര്യശാലിയും കുലീനനുമായി അദ്ദേഹം നിലകൊണ്ടു. അദ്ദേഹം തൻറെ വിശ്വാസസംഹിതകൾ പിൻവലിക്കാൻ തയ്യാറാണോയെന്ന് രാജകീയ ഉദ്യോഗസ്ഥൻ ചോദിച്ചു.

വികാരാവേശമോ തീവ്രതയോ കൂടാതെ
വിനയവും വണക്കവുമാർന്ന സ്വരത്തിൽ
ലൂഥർ ഉത്തരം പറഞ്ഞു.
അദ്ദേഹത്തിൻറെ പെരുമാറ്റം
സങ്കോചരഹിതവും
ബഹുമാനമേറിയതുമായിരുന്നു;
സദസ്യരെ അതിശയിപ്പിക്കുന്ന
ആത്മവിശ്വാസവും ആനന്ദവും
അദ്ദേഹത്തിൽ വിളങ്ങിനിന്നു.

“മഹാനായ ചക്രവർത്തി തിരുമനസ്സേ,
വിശ്രുതരായ പ്രഭുക്കന്മാരേ,
സ്നേഹസമ്പന്നരായ
ഭരണകർത്താക്കളേ, ഇന്നലെ എനിക്കു
ലഭിച്ച കല്പനയുടെ അടിസ്ഥാനത്തിൽ
ഞാനിന്നു നിങ്ങളുടെ മുമ്പിൽ
നില്ക്കുന്നു; സത്യവും നീതിയുമാണെന്നു

എനിക്കുറപ്പുള്ള എൻറെ പ്രതിവാദം ദയവുണ്ടായി ശ്രദ്ധിക്കണമെന്ന് ചക്രവർത്തി തിരുമനസ്സിനോടും പൂജ്യരായ പ്രഭുക്കന്മാരോടും ദൈവകൃപയിൽ ഞാനഭ്യർത്ഥിക്കുന്നു, അറിവില്ലായ്മകൊണ്ട് കോടതി നടപടികളുടെ അംഗീകൃത മാനദണ്ഡങ്ങൾ ഞാൻ ലംഘിച്ചുപോ'യാൽ ദയവായി ക്ഷമിക്കണമെന്നു ഞാനപേക്ഷിക്കുന്നു; കാരണം ഞാൻ വളർന്നത് രാജകൊട്ടാരങ്ങളിലല്ല, സന്യാസിമഠത്തിൻറെ ഏകാന്തതയിലാണ് എന്ന് ലൂഥർ പറഞ്ഞു.-- ibid., 6. 7. ch. 8.

പിന്നെ ചോദ്യത്തിനുത്തരമായി തൻറെ എല്ലാ പ്രസിദ്ധീകരണങ്ങളും ഒരേ തരത്തിലുള്ളതല്ലായെന്നദ്ദേഹം പ്രസ്താവിച്ചു. ചില പുസ്തകങ്ങളിൽ താൻ വിശ്വാസത്തേയും സൽപ്രവൃത്തികളേയും കുറിച്ച് പ്രതിപാദിച്ചിരിക്കുന്നത് നിരുപദ്രവകരവും പ്രയോജനപ്രദവുമാണെന്ന് തൻറെ ശത്രുക്കൾ പോലും പ്രഖ്യാപിച്ചിട്ടുള്ളതാണ്. എല്ലാവരും സാക്ഷീകരിച്ചിട്ടുള്ള സത്യങ്ങളെ തള്ളി പ്പറയുകയാവും പിൻവാങ്ങൽകൊണ്ട് സംഭവിക്കുന്നത്. എഴുത്തുകളിൽ രണ്ടാമത്തെ വിഭാഗം, പാപ്പാത്വത്തിൻറെ ബ്ലേച്ഛതകളും ദുരാചാരങ്ങളും തുറന്നുകാട്ടുന്നവയാണ്.

അവ പിൻവലിക്കുകയാണെങ്കിൽ റോമിൻറെ മർദ്ദന ഭരണം ശക്തിപ്പെടുകയും ഭക്തിരാഹിത്യത്തിൻറെ വാതിൽ വിശാലമായി തുറക്കപ്പെടുകയും ചെയ്യും. പുസ്തകങ്ങളിൽ മൂന്നാമത്തെ വിഭാഗത്തിലദ്ദേഹം ദുഷ്ടതയെ അനു കൂലിക്കുന്നവരെ എതിർത്തിരിക്കുന്നു. ഇവർക്കെതിരേ താൻ കൂടുതൽ കർക്കശമായി എഴുതിയിട്ടുണ്ടെന്നദ്ദേഹം ഏറ്റുപറഞ്ഞു. താൻ കുറ്റമില്ലാത്തവനെ ന്നദ്ദേഹം വാദിച്ചില്ല; എന്നാൽ ഈ പുസ്തകങ്ങൾ തന്നേയും താൻ പിൻവലിക്കുകയാണെങ്കിൽ അത് സത്യ വിരോധികളെ പ്രബലരാക്കുകയും, അധികം ക്രൂരതയോടെ ദൈവജനങ്ങളെ അടിച്ചമർത്തുവാൻ

അവസരമുണ്ടാക്കുകയും ചെയ്യുമെന്നദ്ദേഹം പറഞ്ഞു.

ഇപ്രകാരമദ്ദേഹം തുടർന്നു: “ഞാൻ വെറുമൊരു മനുഷ്യനാണ്, ദൈവമല്ല. ക്രിസ്തു ചെയ്തതുപോലെ ഞാൻ എൻറെ സാക്ഷ്യം പ്രസ്താവിക്കുന്നു: ഞാൻ തെറ്റായി സംസാരിച്ചിട്ടുണ്ടെങ്കിൽ തെറ്റിനു സാക്ഷ്യം വഹിക്കുന്നു.... ബഹുമാന്യനായ ചക്രവർത്തി തിരുമനസ്സേ, മഹാന്മാരായ പ്രഭുക്കളേ, മറ്റു മാന്യവ്യക്തികളേ, ഞാൻ തെറ്റാണു ചെയ്തിരിക്കുന്നതെന്നു പ്രവാചകന്മാരുടേയും അപ്പൊസ്തലന്മാരുടേയും എഴുത്തുകളിൽ നിന്നു തെളിയിക്കുവാൻ ദൈവകൃപയിൽ അപേക്ഷിക്കുന്നു. ഇതെനിക്കു ബോദ്ധ്യപ്പെട്ടാൽ ആ

തെറ്റിൽ നിന്നു പിൻവാങ്ങുകയും
ഞാൻ തന്നെ ആദ്യം എൻറെ
പുസ്തകങ്ങളെ തീയിൽ
വലിച്ചെറിയുകയും ചെയ്യും.

“ഞാൻ നേരിടാൻ പോകുന്ന
വിപത്തുകളെ സൂക്ഷ്മതയോടെ
അപഗ്രഥിച്ചതിനുശേഷമാണ് ഇപ്രകാരം
പറയുന്നതെന്നു ഞാൻ അറിയുന്നു:
എന്നാൽ സുവിശേഷം
ഇന്നത്തെപ്പോലെ കഴിഞ്ഞ
കാലങ്ങളിലും പ്രശ്നത്തിനും പിളർപ്പിനും
കാരണമായിരുന്നുവെന്നതിൽ
സങ്കോചമില്ലാതെ ഞാൻ ആനന്ദിക്കുന്നു.
ഇതുതന്നെയാണ് ദൈവവചനത്തിൻറെ
സ്വഭാവവും പരികല്പ്പിതവും.
സമാധാനമല്ല വാളത്രേ വരുത്തുവാൻ

ഞാൻ വന്നിരിക്കുന്നു; എന്നു
യേശുക്രിസ്തു പറഞ്ഞിരിക്കുന്നു. ദൈവം
തൻറെ ആലോചനകളിൽ
അത്ഭുതവാനും ഭയങ്കരനുമാണ്;
ആയതിനാൽ ഭിന്നതകൾ
ഒഴിവാക്കുന്നതിനുവേണ്ടി
ദൈവത്തിൻറെ വിശുദ്ധവചനത്തെ
പീഡിപ്പിക്കുകയാണെങ്കിൽ
ഭയാനകമായ പ്രളയവും, തരണം
ചെയ്യാനാവാത്ത അപകടങ്ങളും
നാശങ്ങളും നിത്യമായ ശൂന്യതയും
നിങ്ങളുടെമേൽ
വിളിച്ചുവരുത്തുകയായിരിക്കും....
ദൈവവ ചനത്തിൽനിന്നും അനേക
ഉദാഹരണങ്ങൾ ഇതിനെ സംബന്ധിച്ചു
പറയുവാനുണ്ട്. ഫറവോന്മാർ,
ബാബിലോണ്യ രാജാക്കന്മാർ,

ഇസ്രായേല്യർ തുട ങ്ങിയവർ ബുദ്ധിയുള്ള ഉപദേശങ്ങൾ സ്വീകരിച്ച് തങ്ങളുടെ അധികാരത്തെ ബലപ്പെടുത്തുന്നതിനുപകരം അവ തിരസ്കരിച്ചുകൊണ്ട് നാശത്തിൽ നിപ തിച്ചത് എനിക്ക് പറയുവാനുണ്ട്. "ദൈവം പർവ്വതങ്ങളെ നീക്കുന്നു, അവരോ അതറിഞ്ഞില്ല".- Ibid., p. 7. ch. 8.

ജർമ്മൻ ഭാഷയിൽ ലൂഥർ ഇത് സംസാരിച്ചു; ഇപ്പോഴത് ലാറ്റിൻ ഭാഷ യിൽ ആവർത്തിക്കുവാൻ അദ്ദേഹത്തോടഭ്യർത്ഥിച്ചു. ആദ്യസംരംഭത്തിൽ തന്നെ അദ്ദേഹം ക്ഷീണിതനായെങ്കിലും അഭ്യർത്ഥന മാനിച്ച് ആദ്യ പ്രസംഗം പോലെ

വ്യക്തമായും
ഊർജ്ജസ്വലതയോടുംകൂടെ
രണ്ടാമതും സംസാരിച്ചു. ദൈവനടത്തിപ്പ്
ഇതിൽ നിയന്ത്രിക്കുകയായിരുന്നു.
തെറ്റും അന്ധവിശ്വാസവും കൊണ്ട്
കുരുടായിപ്പോയിരുന്ന പ്രഭുക്കന്മാരുടെ
മനസ്സുകളിൽ ലൂഥറിൻറെ ആദ്യ
സംവാദത്തിൻറെ ശക്തി
അലയടിച്ചെത്തിയില്ലെങ്കിലും
വീണ്ടുമതാവർത്തിച്ചപ്പോൾ അതിൻറെ
ഉള്ളടക്കം വ്യക്തമായി
ഗ്രഹിക്കുവാനവർക്കു സാധിച്ചു.

വെളിച്ചത്തിനെതിരെ മനഃപൂർവ്വം
കണ്ണുകളടയ്ക്കുകയും സത്യത്തിൻറെ
പരിജ്ഞാനം ത്യജിക്കുവാൻ
തീരുമാനിക്കുകയും ചെയ്തവർ ലൂഥറിൻറെ

വാക്കുകളുടെ ശക്തിയിൽ രോഷാകുലരായി. അദ്ദേഹം തൻറെ പ്രസംഗം അവസാനിപ്പിച്ചപ്പോൾ ആലോചനാസമിതിയിലെ വക്താവ്: കോപത്തോടെ പറഞ്ഞു: “നിങ്ങളോടു ചോദിച്ച ചോദ്യത്തിനുത്തരം നിങ്ങൾ പറഞ്ഞില്ല.... ചുരുക്കവും വ്യക്തവുമായ ഉത്തരം മാത്രം നിങ്ങൾ പറഞ്ഞാൽ മതി.... നിങ്ങൾ പിൻതിരിയുമോ ഇല്ലയോ?

നവീകരണ കർത്താവ് ഇപ്രകാരം മറുപടി പറഞ്ഞു: “മഹാനായ ചക്രവർത്തി തിരുമനസ്സ് എന്നോട് വ്യക്തവും ലളിതവുമായ ചുരുങ്ങിയ ഉത്തരം മാത്രം ആവശ്യപ്പെടുകയാൽ ഞാൻ അത് തരുന്നു,

അതിപ്രകാരമാണ്: പോപ്പിൻറെയോ, വൈദികസഭയുടെയോ മുമ്പിൽ എൻറെ വിശ്വാസം അടിയറ വയ്ക്കു വാൻ സാദ്ധ്യമല്ല; കാരണം അത് പകൽപോലെ വ്യക്തവും പലപ്പോഴും അവരുടെ തെറ്റുകൾക്കെതിരെ എതിർത്തു നിൽക്കുന്നതുമാണ്. തിരുവചന സാക്ഷ്യംകൊണ്ടോ വ്യക്തമായ സംവാദംകൊണ്ടോ തെളിയിച്ചുതരികയും, ഞാൻ ഉദ്ധരണികളായി ഉപയോഗിച്ചിരിക്കുന്ന തിരുവചനഭാഗങ്ങളിൽക്കൂടെ എന്നെ ബോദ്ധ്യപ്പെടുത്തുകയും അപ്രകാരമവർ എൻറെ മനസ്സാക്ഷിയെ ദൈവ വചനത്തോടു ബന്ധിപ്പിക്കുകയും ചെയ്യുന്നില്ലെങ്കിൽ പിന്തിരിയുവാൻ എനിക്കു സാദ്ധ്യമല്ല, ഞാൻ

പിൻമാറുകയുമില്ല; തൻറെ മനസ്സാക്ഷിക്കു വിരുദ്ധമായി സംസാരിക്കുന്നത് ഒരു ക്രിസ്ത്യാനിക്ക് സുരക്ഷിതമല്ല. ഇവിടെ ഞാൻ നില്ക്കുന്നു, മറ്റൊന്നും ചെയ്യാൻ എനിക്കു സാധിക്കുന്നില്ല; ദൈവമെന്നെ സഹായിക്കട്ടെ. ആമേൻ. ---- Ibid., 6. 7. ch. 8.i

ഇപ്രകാരം ദൈവവചനമെന്ന ഉറപ്പുള്ള അടിസ്ഥാനത്തിന്മേൽ ഈ നീതിമാനായ മനുഷ്യൻ ഉറച്ചുനിന്നു. സ്വർഗ്ഗീയ വെളിച്ചം തൻറെ മുഖത്തെ പ്രശോഭിപ്പിച്ചു. തെറ്റിൻറെ ശക്തിക്കെതിരെ സാക്ഷ്യം പറയുകയും, ലോകത്തെ ജയിച്ച വിശ്വാസത്തിൻറെ ശ്രേഷ്ഠതയെക്കുറിച്ച്

സാക്ഷീകരിക്കുകയും ചെയ്തപ്പോൾ തൻറെ സ്വഭാവ ശുദ്ധിയുടെ മഹിമയും തൻറെ ഹൃദയത്തിലെ സമാധാനവും സന്തോഷവും എല്ലാവർക്കും വെളിപ്പെട്ടു.

അല്പസമയത്തേക്കു സദസ്സുമുഴുവൻ അത്ഭുത സ്തബ്ധരായി. ആദ്യ ഉത്തരം കൊടുക്കുമ്പോൾ ലൂഥർ ബഹുമാനത്തോടും താഴ്മയോടുംകൂടെ താഴ്ന്ന സ്വരത്തിൽ സംസാരിക്കുകയായിരുന്നു. തൻറെ ധൈര്യം ചോർന്നു പോകുന്നതിൻറെ തെളിവായി റോമാക്കാർ ഇതിനെ വ്യാഖ്യാനിച്ചു. സമയം നീട്ടാനുള്ള തൻറെ അഭ്യർത്ഥന പിൻമാറ്റത്തിനുള്ള ആദ്യപടിയായി അവർ കണ്ടു. തൻറെ ക്ഷീണിച്ച

അവസ്ഥയും ലളിതമായ വസ്ത്രവും വിനയ ഭാഷണവും കണ്ടുകൊണ്ട് ചാൾസുപോലും അവജ്ഞയോടെ ഇപ്രകാരം പറഞ്ഞു: "ഈ സന്യാസി മതനിന്ദകനായി എൻറെ മുമ്പിൽ കാണപ്പെടുന്നില്ല". എന്നാലിപ്പോൾ താൻ കാഴ്ചവച്ച ധൈര്യവും ഉറപ്പും, മാത്രമല്ല, തൻറെ വാദമുഖങ്ങളുടെ ശക്തിയും വ്യക്തതയും ദർശിച്ച എല്ലാവരും അത്ഭുത പരതന്ത്രരായി. ചക്രവർത്തിയും പ്രശംസിച്ചുകൊണ്ട് ഇപ്രകാരം ആശ്ചര്യപ്പെട്ടു: "ഹൃദയത്തിൽ ലേശവും ഭയംകൂടാതെ, കുലുങ്ങാത്ത ധൈര്യത്തോടുകൂടെ ഈ സന്യാസി സംസാരിക്കുന്നു". തങ്ങളുടെ രാഷ്ട്രത്തെ ഇപ്രകാരം പ്രതിനിധീകരിച്ചതിൽ അനേക ജർമ്മൻ പ്രഭുക്കന്മാർ

അദ്ദേഹത്തെ അഭിമാനത്തോടും ആനന്ദത്തോടുംകൂടെ വീക്ഷിച്ചു.

റോമാപക്ഷക്കാർ ഇതിൽ കുപിതരായി; അവരുടെ ആവശ്യം സാധ്യമാകാത്തരീതിയിൽ കാണപ്പെട്ടുന്നതായി തോന്നി. തിരുവചനത്തിലല്ല, പ്രത്യുത റോമിൻറെ തോൽവിയില്ലാത്ത ന്യായവാദമായ ഭീഷണിയുപയോഗിച്ച് തങ്ങളുടെ അധികാരം നിലനിർത്തുവാനവർ പരിശ്രമിച്ചു. ആലോചനാസഭയിലെ വക്താവ് ഇങ്ങനെ പറഞ്ഞു. “പിൻമാറാൻ നിങ്ങൾക്കു ഭാവമില്ലെങ്കിൽ ചക്രവർത്തിയും മറ്റു രാഷ്ട്രപ്രതിനിധികളും കൂടിയാലോചിച്ച് ഈ ദുഷിച്ച മത നിന്ദകനെതിരെ എന്തു

നടപടി കൈക്കൊള്ളണമെന്നു തീരുമാനിക്കും".

തൻറെ ശ്രേഷ്ഠമേറിയ പ്രസ്താവന സന്തോഷത്തോടെ ശ്രദ്ധിച്ചു കേട്ടിരുന്ന സ്നേഹിതർ ഈ വാക്കുകൾ കേട്ട് നടുക്കം പൂണ്ടു; എന്നാൽ ലൂഥർ സൗമ്യനായി ഇങ്ങനെ പറഞ്ഞു: "ദൈവമെൻറെ സഹായിയായിരിക്കട്ടെ, എനിക്കിതിൽനിന്നു പിന്മാറുവാനാകുന്നില്ല - Ibid., p. 7, ch. 8.

പ്രഭുക്കന്മാർ ഒരുമിച്ച് ചർച്ച തുടങ്ങിയപ്പോൾ ആലോചനാസമിതിയിൽ നിന്നു മാറുവാൻ ലൂഥറോടാവശ്യപ്പെട്ടു.

വലിയൊരു പരീക്ഷാഘട്ടം വന്നു ചേർന്നതായി തോന്നി. കീഴടങ്ങാതെ ലൂഥർ കാണിക്കുന്ന ഉറച്ച നിഷേധാത്മക നിലപാട്, യുഗങ്ങളായി നിലകൊള്ളുന്ന സഭയുടെ ചരിത്രത്തെ ബാധിക്കും. പിന്മാറുന്നതിന് ഒരവസരംകൂടെ അദ്ദേഹത്തിനു നല്കുവാൻ തീരുമാനമുണ്ടായി. അവസാനമായി ഒരിക്കൽകൂടെ അദ്ദേഹത്തെ സദസ്സിൽ കൊണ്ടുവന്നു. തൻെറ ഉപദേശങ്ങളെ ഉപേക്ഷിക്കാമോയെന്ന ചോദ്യം ഒന്നുകൂടെ ആവർത്തിക്കപ്പെട്ടു. "ഞാൻ മുമ്പേതന്നെ കൊടുത്തതല്ലാതെ മറ്റൊരുത്തരവും എനിക്കിതിൽ പറയുവാനില്ല" എന്നദ്ദേഹം മറുപടി പറഞ്ഞു. വാഗ്ദാനങ്ങൾ കൊണ്ടോ ഭീഷണി മുഴക്കിയോ അദ്ദേഹത്തെ

റോമിൻറെ തീർപ്പിനുമുമ്പിൽ
കീഴ്പെടുത്താമെന്ന വ്യാമോഹം
ഫലപ്രദമല്ലെന്ന് വ്യക്തമായി.

രാജാക്കന്മാരേയും പ്രഭുക്കന്മാരേയും
വിറപ്പിച്ച തങ്ങളുടെ അധികാരത്തെ
വിനീതനായ ഒരു സന്യാസി
നിഷേധിച്ചതിൽ പാപ്പാനേതാക്കന്മാർ
നീറിപ്പുകഞ്ഞു; തൻറെ ജീവിതത്തെ
ദണ്ഡനപൂരിതമാക്കി തങ്ങളുടെ
ഉഗ്രകോപം അദ്ദേഹത്തെ
ബോദ്ധ്യപ്പെടുത്തണമെന്നവർ
ആഗ്രഹിച്ചു. എന്നാൽ അപകടം
മനസ്സിലാക്കിയ ലൂഥർ ക്രിസ്തീയമായ
അന്തസ്സോടും
സൗമ്യതയോടുംകൂടെയാണ്
സംസാരിച്ചത്. അഹങ്കാരമോ

ആവേശമോ തെറ്റായ ചിത്രീകരണമോ കൂടാതെയുള്ളതായിരുന്ന അദ്ദേഹത്തിൻറെ വാക്കുകൾ. താനും തൻറെ ചുറ്റു മുള്ള മഹാന്മാരും ദൃഷ്ടിപഥത്തിൽ നിന്നും മാഞ്ഞുപോവുകയും, മാർപാപ്പ, പരിവാരങ്ങൾ, രാജാക്കന്മാർ, ചക്രവർത്തിമാർ, എന്നിവരെക്കാളെല്ലാം ഉന്നതനായ ഒരുവൻറെ മുമ്പിലാണ് താനെന്നു അദ്ദേഹത്തിനു തോന്നുകയും ചെയ്തു. ലൂഥറിൻറെ സാക്ഷ്യത്തിൽ കൂടെ മഹാശക്തിയോടും പൂർണ്ണതയോടുംകൂടെ ക്രിസ്തു സംസാരിച്ചതിനാൽ സ്നേഹിതരും ശത്രുക്കളും ഭയവും ആദരവും നിറഞ്ഞവരായി. സാമാജ്യതലവന്മാരുടെ

ഹൃദയങ്ങളിൽ പ്രവർത്തിക്കുന്നതിനു ആ സദസ്സിൽ ദൈവാത്മാവ് ഉണ്ടായിരുന്നു. ലൂഥറിൻറെ പക്ഷത്താണ് നീതിയുള്ളതെന്നു അനേക പ്രഭുക്കന്മാർ ധൈര്യസമേതം അംഗീകരിച്ചു. സത്യത്തെ സംബന്ധിച്ച് പലർക്കും ബോധ്യമുണ്ടായി. എന്നാൽ ചിലരിലത് ദീർഘമായി നീണ്ടുനിന്നില്ല. തങ്ങൾക്കു ലഭിച്ച തെളിവു ഏറ്റുപറയാതിരുന്ന മറ്റൊരുകൂട്ടം പിന്നീട് തിരുവചനം പരിശോധിക്കുകയും ഭാവിയിൽ ഭയരഹിതരായി നവീകരണത്തെ പിൻതാങ്ങുകയും ചെയ്തു.

എലക്ടർ ഫ്രെഡറിക് ആലോചനാസമിതിയിൽ ലൂഥറെ

ആകാംക്ഷയോടെ വീക്ഷിക്കുകയും
ആഴമായി വികാരവായ്പ്പോടെ തൻറെ
പ്രസംഗം ശ്രദ്ധിക്കുകയും ചെയ്തു. ആ
പണ്ഡിതൻറെ ധൈര്യവും ഉറപ്പും
സ്വയശിക്ഷണവും നേരിൽ കണ്ട്
അദ്ദേഹം സന്തോഷത്തോടും
അഭിമാനത്തോടുംകൂടെ ധൈര്യസമേതം
ലൂഥറിനുവേണ്ടി നിലകൊള്ളുവാൻ
തീരുമാനിച്ചു. അവിടെ മത്സരിക്കുന്ന
രണ്ടു വിഭാഗങ്ങളേയും വിലയിരുത്തിയ
അദ്ദേഹം സത്യത്തിൻറെ
ശക്തിക്കുമുമ്പിൽ പോപ്പുമാരുടേയും
രാജാക്കന്മാരുടേയും
പുരോഹിതന്മാരുടേയും ബുദ്ധി
ഏതുമില്ലാത്തതാണെന്നു മനസ്സിലാക്കി.
എല്ലാ കാലങ്ങളി ലുമുള്ള സകല
രാജ്യങ്ങളും കാണത്തക്ക വിധം

പാപ്പാത്വ ശക്തിയ്ക്ക് തോൽവി സംഭവിക്കുന്നു.

ലൂഥറിൻറെ പ്രസംഗം സൃഷ്ടിച്ച കോളിളക്കം ദർശിച്ച പാപ്പാ പ്രതിനിധി മുമ്പെങ്ങുമില്ലാത്തവിധം ഭയപ്പെടുകയും റോമാധികാരത്തിൻറെ സുരക്ഷയ്ക്കായി നവീകരണ കർത്താവിനെ തകർക്കുന്നതിനു തനിക്കു ലഭ്യമായ സകല മാർഗ്ഗങ്ങളും ഉപയോഗിക്കുവാൻ തീരുമാനിക്കുകയും ചെയ്തു. താൻ പ്രസിദ്ധിയാർജ്ജിച്ചിരുന്ന വാഗ്ധോരണിയോടും നയതന്ത്ര വൈദഗ്ദ്ധ്യത്തോ ടുംകൂടെ, അർത്ഥശൂന്യനായ സന്യാസിയുടെ പക്ഷം പിടിച്ചുകൊണ്ട് ശക്തനായ

മാർപാപ്പയുടെ പിൻതുണയും മൈത്രിയും ത്യജിക്കുന്നതിലുള്ള അപകടവും വിഡ്ഢിത്തവും അയാൾ യുവചക്രവർത്തിയെ ബോധിപ്പിച്ചു.

തൻറെ വാക്കുകൾ പ്രയോജനരഹിതമായില്ല. കത്തോലിക്കാമതത്തെ കാത്തു സൂക്ഷിക്കുന്നതിന് തൻറെ മുൻഗാമികളുടെ നയംതന്നെ പിൻതുടരുവാനുള്ള തൻറെ തീരുമാനം വിളംബരം ചെയ്യുന്ന ഒരു സന്ദേശം ആലോചനാ സമിതിയിൽ അവതരിപ്പിക്കുന്നതിനു ലൂഥർ മറുപടി കൊടുത്തതിൻറെ പിറ്റെ ദിവസം ചാൾസ് പരസ്യപ്പെടുത്തി. തൻറെ തെറ്റുകൾ ഉപേക്ഷിക്കുവാൻ ലൂഥർ

കൂട്ടാക്കാത്തതുകൊണ്ട്
അദ്ദേഹത്തിൻറേയും തൻറെ
ഉപദേശങ്ങളുടേയും മേൽ കഠിനമായ
മാർഗ്ഗങ്ങൾ പ്രയോഗിക്കുമെന്നും
പ്രസ്താവിച്ചു. "ക്രിസ്തീയ
വിശ്വാസത്തിനെതിരെ ഏകനായ ഒരു
സന്യാസി വിഡ്ഢിത്തം നിറഞ്ഞ
ഉപദേശങ്ങളുമായി എഴുന്നേറ്റിരിക്കുന്നു.
ഇപ്രകാരമുള്ള അവിശ്വാസത്തെ
അടിച്ചമർത്തുവാൻ എൻറെ
സാമ്രാജ്യം, ധനം, സ്നേഹിതർ, ശരീരം,
രക്തം, ആത്മാവ്, ജീവൻ,
തുടങ്ങിയവയെല്ലാം ഞാൻ
ബലിയർപ്പിക്കുന്നു. പൊതുജനമദ്ധ്യേ
കലഹം
സൃഷ്ടിക്കരുതെന്നാവശ്യപ്പെട്ടുകൊണ്ട്
അഗസ്റ്റിൻ സന്യാസ

സമൂഹത്തിൽപെട്ട ലൂഥറെ ഞാൻ പിരിച്ചുവിടാൻ പോകുന്നു; പിന്നീടയാളേയും തൻറെ അനുയായികളായ പിടിവാശിയുള്ള മതനിന്ദകരേയും നാടുകടത്തൽ, സ്വഭാവിലക്ക്, തുടങ്ങിയവകൊണ്ട് നശിപ്പിക്കുകയും ചെയ്യുന്നതാണ്. വിശ്വസ്ത ക്രിസ്ത്യാനികളായി പെരുമാറുവാൻ സംസ്ഥാനാധിപന്മാരെയെല്ലാം ഞാൻ ആഹ്വാനം ചെയ്യുന്നു". Ibid., b, 7, ch. 9. എന്നിരുന്നാലും ലൂഥറിൻറെ ഉറപ്പുപത്രത്തെ ബഹുമാനിക്കണമെന്നും തൻറെമേൽ നടപടികൾ കൈക്കൊള്ളുന്നതിനുമുമ്പ് സുരക്ഷിതമായി ഭവനത്തിലെത്തുവാൻ അനുവദിക്കണമെന്നും ചക്രവർത്തി പ്രഖ്യാപിച്ചു.

ആലോചനാസമിതിയംഗങ്ങളുടെ മുമ്പിൽ രണ്ടു വ്യത്യസ്ത അഭിപ്രായങ്ങളുണ്ടായിരിക്കുന്നു. നവീകരണ കർത്താവിന്റെ ഉറപ്പുപതം ഉപേക്ഷിച്ചു കളയണമെന്നു പാപ്പാ പ്രതിനിധികളും രഹസ്യദൂതന്മാരും ആവശ്യപ്പെട്ടു. "ഒരു നൂറ്റാണ്ടുമുമ്പു ജോൺ ഹസ്സിനു സംഭവിച്ചതുപോലെ തൻറെ ചാരം റൈൻ നദിയിൽ ഒഴുക്കേണ്ടതാണ്" എന്നവർ പറഞ്ഞു. - Ibid, b. 7, ch. 9. എന്നാൽ രാഷ്ട്രത്തിൻറെ അന്തസ്സിനു കളങ്കമേൽക്കുന്ന ഈ നടപടിയെ പൊതുവിശ്വാസത്തിൻറെ കരാർ ലംഘനമാണെന്നുള്ളതുകൊണ്ട് തങ്ങൾ പാപ്പാവിഭാഗക്കാരും ലൂഥറിൻറെ

ശത്രുക്കളുമാണെങ്കിൽപോലും ജർമ്മൻ പ്രഭുക്കന്മാർ എതിർത്തു. ഹസ്സിൻെറ മരണശേഷമുണ്ടായ അത്യാഹിതങ്ങളെ ചൂണ്ടിക്കാണിച്ചുകൊണ്ട് ഇപ്രകാരമുള്ള ഭീകരമായ ഹീനകൃത്യങ്ങൾ ജർമ്മനിയുടെ മേലും അതിൻെറ യുവചക്രവർത്തിയുടെമേലും വരാൻ പാടില്ലായെന്നവർ പ്രസ്താവിച്ചു.

“ബഹുമതിയും വിശ്വാസവും ലോകത്തെല്ലായിടത്തുനിന്നും തുടച്ചു നീക്കിയാലും പ്രഭുക്കന്മാരുടെ ഹൃദയങ്ങളിൽ അതിനുള്ള അഭയസ്ഥാനം കണ്ടെത്തേണ്ടതാണ്” എന്ന് അടിസ്ഥാന നിർദ്ദേശത്തിനുത്തരമായി ചാൾസ് പറഞ്ഞു.- Ibid, b, 7, ch. 9.

സിഗിസ്മണ്ട് ഹസ്സിനോടു
ചെയ്തതുപോലെ സഭയുടെ
കൃപയിൽനിന്നു അദ്ദേഹത്തെ
തള്ളിക്കളയുവാൻ ലൂഥറിൻറെ
പാപ്പാത്വശത്രുക്കൾ ചക്രവർത്തിയോടു
ആവർത്തിച്ചാവശ്യപ്പെട്ടു;
പൊതുസദസ്സിൽ ഹസ്സ് ചങ്ങലയാൽ
ബന്ധിക്കപ്പെട്ടവനായി തൻറെ വിശ്വാസ
പ്രതിജ്ഞ ഉറപ്പിക്കുന്നതിനു നിന്ന രംഗം
ഓർമ്മിച്ച ചക്രവർത്തിയായ ചാൾസ്
അഞ്ചാമൻ ഇപ്രകാരം പ്രഖ്യാപിച്ചു:
“സിഗിസ്മണ്ടിനെപ്പോലെ ലജ്ജിക്കുവാൻ
ഞാനാഗ്രഹിക്കുന്നില്ല'. - Leniant, vol.
1, p. 422.

എന്നിട്ടും ലൂഥർ നിരത്തിവച്ച സത്യങ്ങളെ
ചാൾസ് മനഃപൂർവ്വം

ഉപേക്ഷിച്ചുകളഞ്ഞു. “എൻറെ മുൻഗാമികളുടെ മാതൃക അനുകരിക്കുവാൻ ഞാൻ ഉറച്ചു തീരുമാനിക്കുന്നു” എന്ന് ചക്രവർത്തിയെഴുതി. - D'Aubigne, b. 7, ch. 9. സത്യത്തിൻറേയും നീതിയുടേയും വഴിയിൽ നടക്കേണ്ടതിനുപോലും പാരമ്പര്യമാർഗ്ഗങ്ങളിൽനിന്നും വ്യതിചലിക്കയില്ലായെന്നദ്ദേഹം തീരുമാനിച്ചു. തൻറെ പിതാക്കന്മാർ ചെയ്തതുകൊണ്ട് അതിൻറെ എല്ലാവിധ ക്രൂരതയോടും ഹീന കൃത്യങ്ങളോടുംകൂടെ പാപ്പാമതത്തെ പ്രോത്സാഹിപ്പിക്കുവാനദ്ദേഹം നില കൊണ്ടു. തൻറെ പിതാക്കന്മാർക്കു ലഭിച്ചതിലുമധികമായി വെളിച്ചം

പ്രാപിക്കാതെ തിരസ്കരിച്ചുകളയുവാനും,
അവർ ചെയ്യാതെവിട്ട ചുമതലകൾ
ഉപേക്ഷിച്ചു കളയുവാനും തൻറെ
സ്ഥാനത്തെ ഉപയോഗിച്ചു.

തങ്ങളുടെ പിതാക്കന്മാരുടെ നീതികളും
പാരമ്പര്യങ്ങളും മുറുകെ പിടിക്കുന്നവർ
ഇന്നും ധാരാളമുണ്ട്. പിതാക്കന്മാർക്കു
ലഭിക്കാതിരുന്നതുകൊണ്ടും, അവർ
സ്വീകരിക്കാതിരുന്നതുകൊണ്ടും ദൈവം
അധികമായ വെളിച്ചം അയയ്ക്കുമ്പോളവർ
അത് സ്വീകരിക്കാതെ തള്ളിക്കളയുന്നു.
നമ്മുടെ പിതാക്കന്മാർ
നിന്നിരുന്നിടത്തല്ല നാം നില്ക്കുന്നത്;
അപ്രകാരംതന്നെ നമ്മുടെ ചുമതലകളും
ഉത്തരവാദിത്വങ്ങളും
അവരുടേതുപോലെയല്ലതാനും. നമ്മുടെ

ച്ചമതല കണ്ടെത്തുന്നതിന്
സത്യവചനത്തിൽ അന്വേഷിക്കാതെ
പിതാക്കന്മാരുടെ മാതൃകതന്നെ
നോക്കുകയാണെങ്കിൽ ദൈവം നമ്മ
അംഗീകരിക്കുകയില്ല. നമ്മുടെ
മുൻഗാമികൾക്കുണ്ടായിരുന്നതിനേ
ക്കാളും അധികമായ ഉത്തരവാദിത്വം
നമ്മുടെ മേലുണ്ട്. അവർക്കു ലഭിച്ച
വെളിച്ചത്തിനും, നമുക്കവർ ഏല്പിച്ചുതന്ന
അവകാശത്തിനും, ഇപ്പോൾ നമ്മുടെ
മേൽ ദൈവവചനത്തിൽ നിന്നു
പ്രകാശിച്ചുകൊണ്ടിരിക്കുന്ന അധികമായ
വെളിച്ചത്തിനും നാം കണക്കു
ബോധിപ്പിക്കേണ്ടതാണ്.

അവിശ്വാസികളായ യെഹൂദന്മാരോടു
ക്രിസ്തു ഇപ്രകാരം പറഞ്ഞു: "ഞാൻ വന്നു

അവരോടു സംസാരിക്കാതിരുന്നെങ്കിൽ
അവർക്കു പാപം ഇല്ലായിരുന്നു;
ഇപ്പോഴൊ അവരുടെ പാപത്തിനു
ഒഴികഴിവില്ല" (യോഹന്നാൻ 15:22)
ഇതേ ദിവ്യശക്തിതന്നെ
ലൂഥറിൽക്കൂടെ ജർമ്മൻ
ചക്രവർത്തിയോടും പ്രഭു ക്കന്മാരോടും
സംസാരിച്ചു. ദൈവവചനത്തിൽനിന്നു
വെളിച്ചം പ്രകാശിച്ചതോടൊപ്പം
ദൈവാത്മാവ് അവസാനമായി
സദസ്സിലുണ്ടായിരുന്ന അനേകരിലും
സംവാദിച്ചു. നൂറ്റാണ്ടുകൾക്കുമുമ്പ്
ലോകരക്ഷകനെതിരേ ഹൃദയം അടച്ചുക
ളയുവാൻ അഹങ്കാരവും ജനസമ്മതിയും
പീലാത്തോസിനെ അനുവദിച്ചതു
പോലെയും; "തൽക്കാലം പോകാം;
അവസരം ഉള്ളപ്പോൾ നിന്നെ

വിളിപ്പിക്കാം" (അപ്പൊ. പ്രവൃ. 24:25) എന്ന് ഫെലിക്സ് ഭീതിയോടെ സത്യത്തിൻറെ ദൂതു വാഹകനോടു പറഞ്ഞതുപോലെയും; "ഞാൻ ക്രിസ്ത്യാനിയായിത്തീരുവാൻ നീയെന്നെ അല്പംകൊണ്ടു സമ്മതിപ്പിക്കുന്നു" (അപ്പൊ. 26:28) എന്ന് അഹങ്കാരിയായ അഗ്രിപ്പാ ഏറ്റുപറഞ്ഞിട്ട് സ്വർഗ്ഗം അയച്ച ദൂതിനെ ഉപേക്ഷിച്ചുകളഞ്ഞതുപോലെയും- ലൗകിക അഹങ്കാരം, നയം, എന്നിവയുടെ പിടിയിലമർന്നുകൊണ്ട് സത്യവെളിച്ചത്തെ തള്ളിക്കളയുവാൻ ചാൾസ് അഞ്ചാമൻ തീരുമാനിച്ചു.

പട്ടണത്തിലെങ്ങും ആവേശം പകർന്നുകൊണ്ട് ലൂഥറിനെതിരേയുള്ള

ആസൂത്രണങ്ങളുടെ കിംവദന്തികൾ പടർന്നു പിടിച്ചു. തങ്ങളുടെ ഹീനകൃത്യങ്ങൾ തുറന്നുകാട്ടുന്നവർക്കെതിരെ റോം കൈക്കൊള്ളുന്ന ചതിയുടേയും ക്രൂരതയുടേയും ഭീകര പ്രവർത്തനങ്ങൾ അറിയാവുന്ന തൻറെ സ്നേഹിത വൃന്ദം ലൂഥറെ യാഗമായി അർപ്പിക്കുവാൻ പാടില്ലായെന്നു തീരുമാനിച്ചു. അദ്ദേഹത്തെ രക്ഷിക്കുന്നതിനുവേണ്ടി നൂറുകണക്കായ പ്രഭുക്കന്മാർ പ്രതിജ്ഞയെടുത്തു. റോമിൻറെ അധികാര ശക്തിക്കേല്പിച്ചുകൊടുത്ത ബലഹീനമായ രാജകീയ വിളംബരത്തെ ആരും പരസ്യമായി തള്ളിപ്പറഞ്ഞില്ല. ലൂഥറെ കുറ്റപ്പെടുത്തിക്കൊണ്ടും, അനുകൂലമായും ഉള്ള പരസ്യങ്ങൾ

പൊതുസ്ഥലങ്ങ ളിലും വീടുകളുടെ ഗേറ്റുകളിലും പ്രതിപ്പിച്ചുതുടങ്ങി. ഒരു പരസ്യത്തിൽ “ബാലനായ രാജാവും.... ഉള്ള ദേശമേ നിനക്കു അയ്യോ കഷ്ടം!” എന്ന വാക്യം എഴുതിയിരുന്നു (സഭാപ്രസംഗി 1 0:16). ലൂഥറിനു അനുകൂലമായി ജർമ്മനിയിലെങ്ങും അലയടിച്ച ജനസമ്മതിയേറിയ താല്പര്യം കണ്ടു ചക്രവർത്തിയും ആലോചനാസമിതിയും, അദ്ദേഹത്തിനെതിരേ അനീതി പ്രവർത്തിച്ചാൽ അത് സാമ്രാജ്യത്തിൻറെ സമാധാനവും സിംഹാസനത്തിൻറെ ഉറപ്പും ശിഥിലമാക്കു മെന്നു മനസ്സിലാക്കി.

നവീകരണ കർത്താവിന്റേയും
അദ്ദേഹത്തിൻറെ ശത്രുക്കളുടേയും
നീക്കങ്ങൾ ശ്രദ്ധിച്ചുകൊണ്ടും,
നിതാന്തജാഗ്രതയോടുകൂടെ അദ്ദേഹത്തെ
സൂക്ഷി ച്ചുകൊണ്ടും അദ്ദേഹത്തോടു
തൻറെ യഥാർത്ഥ ഭാവങ്ങൾ
മറച്ചുവച്ചുകൊണ്ടും സാക്സോണിയിലെ
ഫ്രഡറിക് സംയമനം പാലിച്ചു.
എന്നാൽ ലൂഥറിനോടുള്ള അനകമ്പ
മറച്ചുപിടിക്കാൻ ശ്രമിക്കാത്തവരായി
പലരുമുണ്ടായിരുന്നു. സാധാരണ
ജനങ്ങൾ, പുരോഹിതന്മാർ,
പൗരപ്രമുഖർ, പ്രഭുക്കന്മാർ, ആലോ
ചനാസമിതി അംഗങ്ങൾ, ഇടപ്രഭുക്കൾ
തുടങ്ങി അനേകർ അദ്ദേഹത്ത
സന്ദർശിക്കുകയുണ്ടായി. "ഡോക്ടർ
ലൂഥറിൻറെ ചെറിയ മുറി, തന്നെ

സന്ദർശിച്ചു കൊണ്ടിരുന്ന എല്ലാവർക്കും മതിയാകുമായിരുന്നില്ല” എന്നു സ്പലാട്ടിൻ എഴുതിയിരിക്കുന്നു. - Martyn, vol 1, p. 404.

റോമിനോടു അനുരഞ്ജനത്തിലെത്തിച്ചേരാൻ ലൂഥറെ സമ്മതിപ്പിക്കുന്നതിനു ചിലർ ആത്മാർത്ഥമായി പരിശ്രമിച്ചുതുടങ്ങി. സഭയ്ക്കും ആലോ ചനാസമിതിക്കുമെതിരെയുള്ള തൻറെ ന്യായവിധി സ്ഥാപിക്കുവാൻ തുടർന്നു പരിശ്രമിക്കുകയാണെങ്കിൽ വളരെ വേഗം അദ്ദേഹം നാടുകടത്തപ്പെടുമെന്നും അതു തടയുവാനാർക്കും സാദ്ധ്യമല്ലെന്നും പ്രഭുക്കന്മാരും പൗരമുഖ്യരും അദ്ദേഹത്തെ ഉപദേശിച്ചു.

ഈ അഭ്യർത്ഥനയ്ക്കുള്ള ലൂഥറിൻറെ മറുപടി ഇപ്രകാരമായിരുന്നു: “പീഡനംകൂടാതെ ക്രിസ്തുവിൻറെ സുവിശേഷം പ്രസംഗിക്കുക സാദ്ധ്യമല്ല. . . . അങ്ങനെയാണെങ്കിൽ അപകടത്തെക്കുറിച്ചുള്ള ഭയം എന്നെ കർത്താവിൽ നിന്നും, സത്യം മാത്രമായ ദൈവവചനത്തിൽനിന്നും വേർതിരിക്കുന്നതെന്തിന്? ഇല്ല; അതിനെക്കാളും എൻറെ ശരീരവും രക്തവും ജീവനും ഏല്പിച്ചുകൊടുക്കുകയായിരിക്കും നല്ലത്.
- D'Aubigne, b. 7. ch. 10.

തുടർന്ന് ചക്രവർത്തിയുടെ ന്യായവിസ്താരത്തിനു കീഴ്പെടുവാനും, അങ്ങനെ ചെയ്താൽ ഒന്നും

ഭയപ്പെടുവാനില്ലെന്നും അദ്ദേഹത്തെ ഉപദേശിച്ചു. "ചക്രവർത്തിയോ, പ്രഭുക്കന്മാരോ ഏറ്റവും സാധാരണക്കാരനായ ക്രിസ്ത്യാനിയോ എൻറെ പുസ്തകങ്ങൾ പരിശോധിക്കുവാനും ന്യായം വിധിക്കുവാനും ഞാൻ താല്പര്യപ്പെടുന്നു; അവർ ദൈവവചനം മാത്രം മാനദണ്ഡമാക്കി അതുചെയ്യണമെന്നുള്ള ഒരേയൊരു വ്യവസ്ഥ മാത്രമേയുള്ളൂ. അതനുസരിക്കുകയല്ലാതെ മറ്റൊന്നും മനുഷ്യർക്കു ചെയ്യുവാനില്ല. വിശുദ്ധ തിരുവചനംകൊണ്ട് കെട്ടി മുറുക്കിയിരിക്കുന്ന എൻറെ മനസ്സാക്ഷിയെ ബലാൽക്കാരം ചെയ്യരുത്" എന്നദ്ദേഹം പറഞ്ഞു. -- Ibid, b. 7. ch. 10.

വേറൊരഭ്യർഥനയ്ക്ക്
ഇപ്രകാരമദ്ദേഹം മറുപടി പറഞ്ഞു: "എനിക്കു നല്കിയിരിക്കുന്ന ഉറപ്പു മാത്രം ഉപേക്ഷിക്കുവാൻ ഞാൻ ഒരുക്കമാണ്. എന്നെയും എൻറെ ജീവനേയും ചക്രവർത്തിയുടെ കരങ്ങളിൽ ഏല്പിക്കുന്നു, എന്നാൽ ദൈവവചനത്തെ ഒരിക്കലുമേല്പിക്കുകയില്ല!" ibid., p. 7. ch. 10.
തിരുവചനത്തിനനുസരിച്ചുമാത്രം തീർപ്പു കല്പിക്കണമെന്ന വ്യവസ്ഥയിൽ ഉപദേശക സമിതിയുടെ തീരുമാനത്തിനു ഏല്പിച്ചുകൊടുക്കുവാനുള്ള തൻറെ താല്പര്യവും അദ്ദേഹം വെളിപ്പെടുത്തി. "ലക്ഷോപലക്ഷം ഉപദേശക സമിതിയുടെ പിൻബലമുണ്ടെങ്കിൽ

പോലും വിശ്വാസവും ദൈവവചനവും അടിസ്ഥാനമാക്കിയല്ലെങ്കിൽ ഓരോ ക്രിസ്ത്യാനിയും പോപ്പിനെപ്പോലുള്ള ന്യായാധിപനായിരിക്കും" എന്നദ്ദേഹം തുടർന്നുപറഞ്ഞു. Martyn, vol. 1, p. 410. അനു രഞ്ജനത്തിനുവേണ്ടിയുള്ള പരിശ്രമങ്ങൾ ഫലവത്താകയില്ലെന്നു സ്നേഹി തരും ശത്രുക്കളും അവസാനമായി അംഗീകരിച്ചു.

ഒരു ചെറിയ കാര്യത്തിലെങ്കിലും നീവകരണ കർത്താവ് സമ്മതിച്ചിരുന്നെങ്കിൽ സാത്താനും അവൻറെ സൈന്യങ്ങളും വിജയിക്കുമായിരുന്നു. എന്നാൽ തൻറെ ഇളക്കമില്ലാത്ത ഉറപ്പുനിമിത്തം സഭയെ അടിമത്വത്തിൽനിന്നും

മോചിപ്പിക്കുവാനും പുതിയതും നല്ലതുമായ ഒരു യുഗത്തിന് ആരംഭം കുറിക്കുവാനും സാധിച്ചു. മതപരമായ കാര്യങ്ങളിൽ വ്യക്തിപരമായി ചിന്തിക്കുവാനും പ്രവർത്തിക്കുവാനും ധൈര്യപ്പെട്ട ഈ ഒരു മനുഷ്യൻറെ സ്വാധീനം തൻറെ കാലത്തു മാത്രമല്ല, ഭാവിതലമുറകളിലും സഭയേയും ലോകത്തെയും ബാധിക്കുന്നതായി മാറി. അന്ത്യകാലംവരെ ഇപ്രകാരമുള്ള അനുഭവത്തിൽക്കൂടെ കടന്നുപോകുന്നവർക്കെല്ലാം അദ്ദേഹത്തിൻറെ ഉറപ്പും വിശ്വസ്തതയും ധൈര്യം പകർന്നുകൊടുത്തുകൊണ്ടേയിരിക്കും. മനുഷ്യരുടെ ഉപദേശങ്ങളുടെമേലും സാത്താൻറെ വലിയ ശക്തിയുടെമേലും

ദൈവത്തിൻറെ ശക്തിയും മഹത്വവും നിലനില്ക്കുന്നു.

ലൂഥർ വളരെവേഗം വീട്ടിലേക്കു തിരിച്ചുപോകണമെന്നു ചക്രവർത്തിയുടെ അധികാരത്തിന്മേലുള്ള കല്പനയുണ്ടായി; ഇതിനെത്തുടർന്ന് തന്നെ കുറ്റം വിധിച്ചുകൊണ്ടുള്ള കല്പനയും ഉടൻതന്നെയുണ്ടാകുമെന്നദ്ദേഹം അറിഞ്ഞിരുന്നു. ഭീഷണിപ്പെടുത്തുന്ന മേഘപടലങ്ങൾ തൻറെ പാതയിൽ നിറഞ്ഞുനിന്നു; എന്നാലദ്ദേഹം വേംസിൽനിന്നു പിൻവാങ്ങിയപ്പോൾ ആനന്ദവും സ്തുതികളുംകൊണ്ട് തൻറെ ഹൃദയം നിറഞ്ഞിരുന്നു. "പോപ്പിൻറെ കൊട്ടാരം സാത്താൻതന്നെ കാത്തുസൂക്ഷിച്ചു;

അവനേക്കാളും കർത്താവു ബലവാനാണെന്നു ഏറ്റുപറയുവാൻ സാത്താൻ നിർബന്ധിക്കപ്പെടത്തക്കവണ്ണം ആ കൊട്ടാരത്തിൽ ക്രിസ്തു വലിയൊരു വിള്ളലുണ്ടാക്കി' എന്നദ്ദേഹം പറഞ്ഞു.- D'Aubigne, b. 7, ch. 11.

തൻറെ ഉറപ്പു മത്സരമാണെന്നു തെറ്റിദ്ധരിക്കപ്പെടരുതെന്നാഗ്രഹിച്ചു തിരിച്ചു പോയശേഷം, ലൂഥർ ചക്രവർത്തിക്കെഴുതി: "ദൈവം ഹൃദയങ്ങളെ ശോധന ചെയ്യുന്നവനും എൻറെ സാക്ഷിയുമാകയാൽ, മനുഷ്യൻ ജീവിക്കുന്ന ദൈവ വചനമൊഴികെ മറ്റെല്ലാറ്റിലും ബഹുമാനത്തിലും അപമാനത്തിലും ജീവനിലും

മരണത്തിലും ഞാൻ ആത്മാർത്ഥമായി ചക്രവർത്തി തിരുമനസ്സിനെ അനുസരിക്കാൻ ഒരുക്കമാണ്. ഈ ജീവിതത്തിൻറെ എല്ലാ വഴികളിലും എൻറെ വിശ്വസ്തത ഇളകാത്തതായിരിക്കും, കാരണം ഇവിടെ നഷ്ടപ്പെടുകയോ പ്രാപിക്കുകയോ ചെയ്യുന്നത് രക്ഷയെ ബാധിക്കുകയില്ല. എന്നാൽ നിത്യമായ താല്പര്യങ്ങളുടെമേൽ മനുഷ്യൻ മനുഷ്യനു കീഴ്പെടരുതെന്നു ദൈവം ആഗ്രഹിക്കുന്നു. കാരണം ആത്മീക കാര്യങ്ങളിൽ ഇപ്രകാരമുള്ള കീഴ്പെടൽ യഥാർത്ഥ ആരാധനയാണ്; അത് സൃഷ്ടികർത്താവിനുമാത്രം

അർഹമായതുമാണ്.- Ibid., p. 7. ch. 11.

വേംസിലേക്കു വരുമ്പോൾ ലഭിച്ചതിനേക്കാളുമധികം ഊഷ്മളമായ സ്വീകരണമാണ് തിരിച്ചുപോയപ്പോൾ അദ്ദേഹത്തിനു ലഭിച്ചുകൊണ്ടിരുന്നത്. സഭാവിലക്കു കല്പിക്കപ്പെട്ട സന്യാസിയെ രാജകീയ പുരോഹിതന്മാർ സ്വാഗതം ചെയ്യുകയും ചക്രവർത്തി കയ്യൊഴിഞ്ഞ മനുഷ്യനെ രാഷ്ട്രീയ ഭരണകർത്താക്കൾ ബഹുമാനിക്കുകയും ചെയ്തു. പ്രസംഗിക്കുവാൻ അഭ്യർത്ഥിച്ചപ്പോൾ രാജകീയ നിരോധനാജ്ഞ ശ്രദ്ധിക്കപ്പെടാതെയദ്ദേഹം പ്രസംഗപീഠത്തിൽ കയറി. “ദൈവവചനം ബന്ധിക്കപ്പെടുവാൻ

ഞാൻ ഒരിക്കലും പ്രതിജ്ഞ ചെയ്തിട്ടില്ല, ഇനിയൊരിക്കലും ചെയ്യുകയുമില്ല" എന്നദ്ദേഹം പറഞ്ഞു. - Martyn, Vol. 1, p. 420.

അദ്ദേഹം വേംസിലില്ലാതിരുന്ന ചുരുങ്ങിയ സമയംകൊണ്ട് തനിക്കെതിരെ കല്പന പുറപ്പെടുവിക്കുവാൻ ചക്രവർത്തിയെ പാപ്പാ പ്രതിനിധികൾ വശപ്പെടുത്തിയിരുന്നു. "സാത്താൻ സ്വയം സന്യാസിയുടെ വേഷം ധരിച്ച് മനുഷ്യനായി വന്നവനാണ്" ലൂഥർ എന്ന് അതിൽ ആരോപിച്ചിരുന്നു. - D'Aubigne, b. 7, ch. 11. ഉറപ്പുപത്രകാലാവധി അവസാനിക്കുമ്പോൾത്തന്നെ തൻറെ

ജോലി നിർത്തലാക്കുന്നതിനുള്ള
കല്പനയും അതിലടങ്ങിയിരുന്നു.
അദ്ദേഹത്തിനു അഭയം നല്കുകയോ,
ഭക്ഷണപാനീയങ്ങൾ കൊടുക്കുകയോ,
വാക്കുകൊണ്ടോ പ്രവൃത്തികൊണ്ടോ,
രഹസ്യമായോ പരസ്യമായോ
അദ്ദേഹത്തെ പ്രോത്സാഹിപ്പിക്കുകയോ
ചെയ്യുന്നതിൽനിന്നു എല്ലാ
മനുഷ്യരേയും വിലക്കിയിരുന്നു.
താനെവിടെയായിരുന്നാലും പിടിച്ചുകെട്ടി
അധികാരികൾക്കേല്പിക്കുവാൻ
വ്യവസ്ഥ ചെയ്തിരുന്നു. തൻെറ
അനുയായികളെ തുറുങ്കിലടയ്ക്കുവാനും
അവരുടെ വസ്തുവകകൾ കണ്ടുകെട്ടുവാനും
നിർദ്ദേശിച്ചിരുന്നു. അദ്ദേഹത്തിൻെറ
പുസ്തകങ്ങൾ നശിപ്പിക്കുവാനും,
അവസാനമായി ഈ കല്പ്പനക്കെതിരെ

പ്രവൃത്തിക്കുന്നവരെയെല്ലാം ദണ്ഡനത്തിനേല്പ്പിക്കുവാനും തീർപ്പു കല്പിച്ചിരുന്നു. താൻ പോയയുടനെതന്നെ സാക്സോണിയിലെ എലക്ടറും ലൂഥറിൻറെ സ്നേഹിതരായ പ്രഭുക്കന്മാരും വേംസ് വിട്ടു പോയിരുന്നതുകൊണ്ട് ചക്രവർത്തിയുടെ കല്പനയ്ക്ക് ആലോചനാസമിതിയുടെ അംഗീകാരം ലഭിക്കുവാൻ പ്രയാസമുണ്ടായില്ല. റോമാക്കാരെല്ലാം ആഹ്ലാദഘോഷണം നടത്തിത്തുടങ്ങി. നവീകരണത്തിൻറെ വിധി അവസാനിച്ചുകഴിഞ്ഞതായി അവർക്കു തോന്നി.

ഈ അപായമണിക്കൂറിൽ ഒരു രക്ഷാമാർഗ്ഗം തൻറെ ദാസനു ദൈവം തുറന്നുകൊടുത്തു. ഒരു സൂക്ഷ്മ നയനം

ലൂഥറിൻറെ നീക്കങ്ങളെ പിൻതുടരു
കയും സത്യസന്ധമായ ഒരു
മാന്യഹൃദയം അദ്ദേഹത്തിൻറെ
മോചനത്തിനു വേണ്ടി
തീരുമാനമെടുക്കുകയും ചെയ്തുകഴിഞ്ഞു.
അദ്ദേഹത്തിൻറെ മരണ ത്തേക്കാളും
ചെറുതായ യാതൊന്നുകൊണ്ടും
തൃപ്തിപ്പെടുവാൻ റോമിനാവുകയില്ല
എന്നത് വ്യക്തമാണ്; സിംഹത്തിൻറെ
വായിൽനിന്നു തന്നെ രക്ഷി
ക്കണമെങ്കിൽ ഒളിച്ചു പാർപ്പിച്ചാൽ
മാത്രമേ സാദ്ധ്യമാകയുള്ളൂ. നവീകരണ
കർത്താവിനെ കാത്തു
സൂക്ഷിക്കുന്നതിനൊരു പദ്ധതി
തയ്യാറാക്കുവാൻ സാസോണിയിലെ
ഫഡറിക്കിനു ദൈവം ബുദ്ധിനൽകി.
യഥാർത്ഥ സ്നേഹിതരുടെ

സഹകരണംകൊണ്ടു എലക്ടറുടെ
ഉദ്ദേശ്യം സാദ്ധ്യമാവുകയും
സ്നേഹിതരിലും ശത്രുക്കളിലുംനിന്നു
സൗകര്യപ്രദമായി ലൂഥറെ
ഒളിപ്പിക്കുകയും ചെയ്തു. തൻറെ
വീട്ടിലേക്കുള്ള യാത്രാമദ്ധ്യേ
അദ്ദേഹത്തെ പിടികൂടി
അംഗരക്ഷകരിൽ നിന്നകറ്റുകയും
നിബിഡ വനത്തിൽക്കൂടെ
കൊണ്ടുപോയി പർവ്വതത്തിൽ
കോട്ടയോടുകൂടിയതും ഏകാന്തവുമായ
വാർട്ട്ബെർഗ്ഗിലെ കൊട്ടാരത്തിൽ
ഒളിപ്പിക്കുകയും ചെയ്തു. അദ്ദേഹത്തെ
പിടിച്ചെടുത്തതും ഒളിപ്പിച്ചതും അതീവ
രഹസ്യമായിരുന്നതിനാൽ
കുറേനാളത്തേക്കു തൻറെ
സ്ഥിതിയെപ്പറ്റി ഫ്രെഡറിക്കിനുപോലും

അറിഞ്ഞുകൂടായിരുന്നു. ഈ അറിവില്ലായ്മ പ്രത്യേക ആസൂത്രണം കൂടാതെയായിരുന്നില്ല; ലൂഥറിൻറെ സ്ഥിതിഗതികളെപ്പറ്റി എലക്ടർക്ക് ഒന്നുംതന്നെ അറിഞ്ഞുകൂടാതിരുന്നിടത്തോളം അദ്ദേഹത്തിനു യാതൊന്നും വെളിപ്പെടുത്തുവാനുണ്ടായിരുന്നില്ല. നവീകരണകർത്താവ് സുരക്ഷിതനാണെന്നതിൽ താൻ തൃപ്തനാകയും ഈ അറിവിൽ അദ്ദേഹം സന്തോഷിക്കുകയും ചെയ്തു.

വസന്തം, വേനൽ, ശരത്ക്കാലം എന്നിവ കഴിഞ്ഞുപോയി, ശീതകാലവും വന്നു; ഇപ്പോഴും ലൂഥർ കാരാഗൃഹവാസിയായി കഴിയുകയാണ്.

സുവിശേഷവെളിച്ചം
അസ്തമിച്ചുപോയിയെന്ന് കണ്ട്
അലീൻററും കൂട്ടാളികളും അമിതമായി
ആഹ്ലാഹിച്ചു. പക്ഷെ അതിനുപകരം
നവീകരണകർത്താവ് തൻറെ
വിളക്കിൽ സത്യത്തിൻറെ
സംഭരണശാലയിൽനിന്നു
നിറച്ചുകൊണ്ടിരിക്കുകയായിരുന്നു;
അതിൻറെ വെളിച്ചം
അതീവതേജസ്സോടെ
പ്രകാശിക്കുവാനുണ്ടായിരുന്നു.

യുദ്ധത്തിൻറെ ചൂടിലും
കോലാഹലത്തിലും നിന്നു
വാർട്ട്ബെർഗ്ഗിലെ നേഹമസൃണമായ
സുരക്ഷിതത്വത്തിൽ
എത്തിച്ചേർന്നതിൽ ലൂഥർ കുറെ

നാളത്തേക്കു സന്തോഷവാനായിരുന്നു. പക്ഷെ ഇപ്രകാരമുള്ള വിശ്രമജീവിതത്തിൽ അധികനാൾ സംതൃപ്തനായിരിക്കുവാൻ അദ്ദേഹത്തിന് കഴിഞ്ഞില്ല. പ്രവർത്തനനിരതവും പോരാട്ടം നിറഞ്ഞതുമായ ജീവിതം പരിചയിച്ച അദ്ദേഹത്തിനു പ്രവൃത്തിയില്ലാതെയിരിക്കുന്നത് അസഹ്യമായി തോന്നി. ആ ഏകാന്ത നാളുകളിൽ സഭയുടെ അവസ്ഥ അദ്ദേഹത്തിൻറെ മുമ്പിൽ കാണപ്പെട്ടുകയും നിരാശയോടുകൂടെ ഇപ്രകാരമദ്ദേഹം വിലപിക്കുകയും ചെയ്തു: "കഷ്ടം! ദൈവകോപത്തിൻറെ ഈ അന്ത്യനാളിൽ ദൈവമുമ്പിൽ മതിൽപോലെ നിന്നു യിസ്രായേലിനെ രക്ഷിക്കുവാൻ ആരുമില്ലല്ലോ!" Ibid.. b.

9, ch. 2. വീണ്ടും ചിന്ത തന്നിലേക്കുതന്നെ മടങ്ങുകയും മത്സരത്തിൽ നിന്നു ഒഴിഞ്ഞു മാറിയതിൽ താൻ ഭീരുവാണെന്നു വിധിക്കപ്പെടുകയും ചെയ്യുമെന്നദ്ദേഹം ഭയപ്പെടുകയും ചെയ്തു. പിന്നെയദ്ദേഹം തൻറെ അലസതയേയും സുഖജീവിതത്തേയും കുറ്റപ്പെടുത്തി. എന്നിരുന്നാലും അതേസമയം ഒരു മനുഷ്യനു ചെയ്യാൻ കഴിയുന്നതിലും അധികം അദ്ദേഹം പ്രവർത്തിക്കുകയായിരുന്നു. തൻറെ തൂലിക ഒരിക്കലും അലസമായിരുന്നില്ല. തന്നെ നിശ്ശബ്ദനാക്കിയെന്നു വീമ്പിളക്കിയ ശത്രുക്കൾപോലും അതിശയിക്കുകയും കലങ്ങുകയും ചെയ്യുമാറുള്ള വ്യക്തമായ തെളിവുകൾ

അദ്ദേഹം പ്രവർത്തന നിരതനാണെന്നു സാക്ഷിക്കുന്നതിനുണ്ടായിരുന്നു. തൻറെ തൂലികയിൽനിന്നുത്ഭവിച്ച വലിയൊരുകൂട്ടം ലഘുലേഖകൾ ജർമ്മനിയിലെങ്ങും പ്രചരിച്ചുകൊണ്ടിരുന്നു. ജർമ്മൻ ഭാഷയിൽ പുതിയനിയമം വിവർത്തനം ചെയ്തുകൊണ്ട് അതിശ്രേഷ്ഠമായ ഒരു സേവനം തൻറെ ജനത്തിനുവേണ്ടിയദ്ദേഹം കാഴ്ചവച്ചു. പാറക്കെട്ടുകൾ നിറഞ്ഞ പത്മോസിൽ നിന്നുകൊണ്ട് ഏകദേശം ഒരു വർഷത്തോളമദ്ദേഹം സുവിശേഷം ഘോഷിക്കുകയും കാലഘട്ടത്തിൻറെ പാപങ്ങളേയും തെറ്റുകളേയും ശാസിക്കുകയും ചെയ്തു.

ശത്രുക്കളിൽനിന്നു ലൂഥറിൻറെ ജീവൻ രക്ഷിക്കുന്നതിനും, ഈ സുപ്രധാന പ്രവർത്തനങ്ങൾക്ക് ഏകാന്തമായ വേദിയൊരുക്കുന്നതിനുംവേണ്ടി മാത്രമായിരുന്നില്ല. ദൈവം തൻറെ ദാസനെ പൊതുജീവിത രംഗത്തുനിന്നു മാറ്റിയത്. ഇതിനേക്കാളും വലിയ വിലപ്പെട്ട ഫലങ്ങൾ വേറെയും പ്രാപിക്കുവാനുണ്ടായിരുന്നു. പർവ്വതപ്രദേശത്തിന്റെ ഏകാന്തതയിലും മറവിലും മാറ്റപ്പെട്ട് ലൂഥറിനു ഭൗമിക സഹായങ്ങളിലും മാനുഷിക സ്തുതികളിലുംനിന്നു ഒഴിഞ്ഞിരിക്കുവാൻ സാധിച്ചു. പലപ്പോഴും വിജയത്തിൽ നിന്നുത്ഭവിക്കുന്ന അഹങ്കാരത്തിലും ആത്മവിശ്വാസത്തിലുംനിന്ന് താൻ

രക്ഷിക്കപ്പെട്ടു. വളരെവേഗം താൻ ഉയർത്തപ്പെടാനിരിക്കുന്ന, തലചുറ്റലനുഭവപ്പെടുന്ന ഉന്നതിയിൽ സുരക്ഷിതമായി നടകൊള്ളുവാൻ കഷ്ടതയും വിനയവും അദ്ദേഹത്തെ അഭ്യസിപ്പിച്ചു.

സത്യം നൽകുന്ന സ്വാതന്ത്ര്യത്തിൽ മനുഷ്യർ ആനന്ദിക്കുമ്പോൾ, തെറ്റിൻറേയും അന്ധവിശ്വാസത്തിൻറേയും ചങ്ങലകളെ ഭേദിക്കുവാൻ ദൈവം ഉപയോഗിച്ചവരെ വാഴ്ത്തുവാനുള്ള പ്രവണത അവർക്കുണ്ടാകാറുണ്ട്. മനുഷ്യൻറെ ചിന്തയും സ്നേഹവും ദൈവത്തിൽനിന്നകറ്റി മനുഷ്യനിൽതന്നെ

കേന്ദ്രീകരിപ്പിക്കുന്നതിനു സാത്താൻ ഉദ്യമിച്ചുകൊണ്ടിരിക്കുന്നു; വെറും ഉപകരണങ്ങ ളായിരുന്നവരെ ബഹുമാനിച്ചുകൊണ്ട് സകല ക്രിയകളേയും ചുറ്റുപാടുകളേയും നിയന്ത്രിക്കുന്ന ദൈവകരത്തെ മറന്നുകളയുവാൻ അവൻ അവരെ വഴിനടത്തുന്നു. പലപ്പോഴുമിപ്രകാരം സ്തുതിക്കപ്പെടുകയും ബഹുമാനിക്കപ്പെടുകയും ചെയ്യപ്പെടുന്ന മതനേതാക്കന്മാർക്ക് ദൈവത്തിലെ ആശയമെന്ന കാഴ്ചപ്പാട് നഷ്ടപ്പെടുകയും തങ്ങളിൽത്തന്നെ അവർ വിശ്വാസമർപ്പിക്കുകയും ചെയ്യുന്നു. അങ്ങനെയവർ, ദൈവവചനത്തിലേക്കു നോക്കുന്നതിനുപകരം ഉപദേശത്തിനായി അവരിലേക്കുതന്നെ

നോക്കുന്ന മനുഷ്യരുടെ മനസ്സിനേയും മനസ്സാക്ഷിയേയും നിയന്ത്രിക്കുവാൻ ശ്രമിക്കുന്നു. ഇപ്രകാരം നവീകരണ പ്രവർത്തനം അതിൻറെ നടത്തിപ്പുകാരിൽ നടമാടുന്ന ആത്മാവുനിമിത്തം തകർന്നുപോകുന്നു. ഈ ആപത്തിൽനിന്നും നവീകരണത്ത ദൈവത്തിനു കാത്തുസൂക്ഷിക്കേണ്ടതായിട്ടുണ്ട്. ഈ പ്രവർത്തനത്തിൽ മനുഷ്യൻറെ മുദ്രണമല്ല, പ്രത്യുത ദൈവത്തിൻറേതുതന്നെ പ്രാപിക്കേണ്ടതാണെന്നു ദൈവം ആഗ്രഹിക്കുന്നു. സത്യത്തിൻറെ വ്യാഖ്യാതാവെന്ന നിലയിൽ മനുഷ്യനയനങ്ങൾ ലൂഥറിലേക്കു

തിരിഞ്ഞുകഴിഞ്ഞു; എല്ലാ കണ്ണുകളും സത്യത്തിൻറെ നിത്യമായ ഉറവിടമെന്ന ദൈവത്തിങ്കലേക്ക് തിരിയുവാൻ ലൂഥറെ മാറ്റി നിറുത്തി.

# അദ്ധ്യായം
# 9—സ്വിറ്റ്സർലന്റുകാരനായ നവീകരണ കർത്താവ്

സഭ നട്ടുവളർത്തുന്നതിനുള്ള ദൈവിക പദ്ധതിതന്നെ സഭയുടെ നവീകരണത്തിനുള്ള പ്രവർത്തക സംഘങ്ങളുടെ തെരഞ്ഞെടുപ്പിലും കാണാം. നേതാക്കൾ എന്ന നിലയിൽ ജനങ്ങളുടെ ആദരവും പ്രശംസയും ഏറ്റുവാങ്ങി ശീലിച്ച, പദവിയും സമ്പത്തുമുള്ള, ലോകത്തിൻറെ വലിയ മനുഷ്യരെ ആ സ്വർഗ്ഗീയ അദ്ധ്യാപകൻ പിന്നിട്ടുപോയി. സമസൃഷ്ടങ്ങളോട് സഹാനുഭൂതി പ്രകടിപ്പിക്കത്തക്കവിധം രൂപപ്പെടുവാനോ, നസത്തിലെ വിനീതനായ പുരു ഷൻറെ

സഹകാരികൾ ആകുവാനോ കഴിയാത്തവിധം അവർ തങ്ങളുടെ പൊങ്ങച്ചത്തിൽ സ്വാഭിമാനം കൊള്ളുന്നവരും അഹങ്കാരികളും ആയിരുന്നു. “എന്നെ അനുഗമിക്ക, ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്നവർ ആക്കും” എന്ന വിളി (മത്താ. 4:19) വിദ്യാഭ്യാസമില്ലാത്ത, കഠിനാദ്ധ്വാനികളായ ഗലീ ലയിലെ മീൻപിടുത്തക്കാരോടാണ് സംബോധന ചെയ്യപ്പെട്ടത്. ഈ ശിഷ്യ ന്മാർ താഴ്മയുള്ളവരും പഠിപ്പിക്കാവുന്നവരും ആയിരുന്നു. അവരുടെ കാലത്തിലെ വ്യാജോപദേശങ്ങളുടെ സ്വാധീനം അവരുടെമേൽ എത്ര കുറവായിരുന്നുവോ അത്ര മാത്രം വിജയകരമായി ക്രിസ്തുവിന്

അവരെ തൻറെ ശുശ്രൂഷയ്ക്കായി പഠിപ്പിക്കാനും പരിശീലിപ്പിക്കാനും കഴിഞ്ഞു. വലിയ നവീകരണത്തിൻറെ ദിവസങ്ങളിലും അങ്ങനെതന്നെ ആയിരുന്നു. പ്രധാനപ്പെട്ട നവീകരണ കർത്താക്കൾ എളിയ ജീവിതം നയിച്ചിരുന്നവരായിരുന്നു. അവർ അവരുടെ കാലത്തെ ഏതെങ്കിലും പദവിയുടെ അഹങ്കാരത്തിൽനിന്നും മതഭ്രാന്തിൻറെയും പൌരോഹിത്യ തന്ത്രങ്ങളുടേയും സ്വാധീനത്തിൽനിന്നും മിക്കവാറും സ്വതന്ത്രരായിരുന്നു. വലിയ ഫലം നേടാൻ എളിയ ഉപകരണങ്ങളെ ഉപയോഗിക്കുക എന്നുള്ളത് ദൈവത്തിൻറെ പദ്ധതി ആയിരുന്നു. അങ്ങനെയാകുമ്പോൾ മഹത്വം

മനുഷ്യന് നൽകപ്പെടുകയില്ല. പ്രത്യുത ദൈവത്തിൻറെ സ്വന്ത ഇഷ്ടം ഇച്ഛിക്കുന്നതിനും പ്രവർത്തിക്കുന്നതിനും മനുഷ്യരിലൂടെ പ്രവർത്തിക്കുന്ന, ദൈവം മഹത്വപ്പെട്ടും.

സാക്സണിയിലെ ഒരു ഖനിത്തൊഴിലാളിയുടെ ഭവനത്തിൽ ലൂഥറിൻറെ ജനനത്തിനു ഏതാനും ആഴ്ചകൾക്കുശേഷം ആൽപ്സിൽ ഉള്ള ഒരു പശു പാലകൻറെ വീട്ടിൽ അൾറിക് സ്വിംഗ്ളി ജാതനായി. സ്വിംഗ്ളിയുടെ ചെറുപ്പകാല ചുറ്റുപാടുകളും ആദ്യകാലപരിശീലനവും ഭാവിയിലെ ദൗത്യത്തിന് അദ്ദേഹത്തെ ഒരുക്കുന്ന തരത്തിലുള്ളതായിരുന്നു. സ്വാഭാവിക

പ്രതാപം, സൗന്ദര്യം, ഗംഭീരമായ ഔന്നത്യം എന്നീ രംഗങ്ങളുടെ ഇടയിൽ വളർത്തപ്പെട്ട അദ്ദേഹത്തിൻറെ മനസ്സ് ദൈവത്തിൻറെ മഹത്വം, ശക്തി, പ്രതാപം എന്നിവയുടെ അവബോധത്താൽ നേരത്തേതന്നെ ഉൽബോധിപ്പിക്കപ്പെട്ടിരുന്നു. അദ്ദേഹത്തിൻറെ സ്വദേശത്തിലെ പർവ്വതപ്രദേശങ്ങളിൽ നടന്ന ധീരപ്രവൃത്തികളുടെ ചരിത്രം തൻറെ ചെറുപ്പകാലത്തിലെ അഭിലാഷങ്ങളെ ഉത്തേജിപ്പിച്ചു. തൻറെ ഭക്തയായ വലിയമ്മച്ചിയിൽനിന്നും ഏതാനും വിലയേറിയ വേദപുസ്തക കഥകൾ അദ്ദേഹം കേട്ടിരുന്നു. അവ സഭയുടെ പാരമ്പര്യത്തിൽനിന്നും ഐതീഹ്യങ്ങളിൽനിന്നും

ശേഖരിച്ചവയായിരുന്നു. ഗോത്രപിതാക്കന്മാരുടേയും പ്രവാചകന്മാരുടേയും ധീരപ്രവൃത്തികൾ, പാലസ്തീനിലെ കുന്നുകളിൽ ആട്ടുമേയിച്ചു നടന്ന ഇടയന്മാരോടു ദൂതന്മാർ സംസാരിച്ചത്, ബേത്ലേഹെമിലെ ശിശു, കാൽവറിയിലെ ക്രിസ്തു എന്നിവയെല്ലാം അതീവ താത്പര്യത്തോടെ അദ്ദേഹം കേട്ടിരുന്നു.

ജോൺ ലൂഥറിനെപ്പോലെ, സ്വിംഗ്ളിയുടെ അപ്പനും മകൻറെ വിദ്യാഭ്യാസം ആഗ്രഹിക്കുകയും അവനെ നേരത്തേതന്നെ സ്വന്തസ്ഥലത്തുനിന്ന് അയയ്ക്കുകയും ചെയ്തു. അവൻറെ മനസ്സ് വേഗത്തിൽ വികസിച്ചു. അവനെ പഠിപ്പിക്കാൻ പറ്റിയ അദ്ധ്യാപകരെ

എവിടെ കിട്ടും എന്ന ചോദ്യം പെട്ടെന്നുണ്ടായി. പതിമൂന്നാമത്തെ വയസ്സിൽ അദ്ദേഹം സ്വിറ്റ്സർലന്റിലെ പ്രശസ്ത വിദ്യാലയം ഉണ്ടായിരുന്ന ബേണിലേക്കുപോയി. ഏതു വിധേനയും ജീവിതത്തിൻറെ പ്രതീക്ഷകളെ ഉണക്കിക്കളയുന്ന ഒരു അപായ ഭീഷണി ഇവിടെ ഉയർത്തപ്പെട്ടു. അദ്ദേഹത്തെ സന്യാസിമഠത്തിലേക്ക് വശീകരിക്കാൻ ക്രിസ്തീയ സന്യാസിമാർ കഠിന പ്രയത്നം ചെയ്തു. അന്ന് പൊതുജന പ്രീതിക്കുവേണ്ടി ഡൊമിനിക്കൻ സന്യാസിമാരും ഫ്രാൻസിസ്കൻ സന്യാസിമാരും പരസ്പരം മത്സരത്തിലായിരുന്നു. പള്ളികളുടെ പകിട്ടാർന്ന അലങ്കാരങ്ങൾ, ആചാരങ്ങളുടെ ഗംഭീര പ്രകടനങ്ങൾ,

കീർത്തികേട്ട തിരുശേഷിപ്പുകളുടെ ആകർഷണങ്ങൾ, അത്ഭുതം പ്രവർത്തിക്കുന്ന വിഗ്രഹങ്ങൾ എന്നിവയാൽ ഇത് ഉറപ്പാക്കാൻ അവർ പ്രയത്നിച്ചു.

ഈ നിപുണനായ വിദ്യാർത്ഥിയെ കിട്ടിയാൽ തങ്ങൾക്ക് ലാഭവും ബഹുമതിയും ഉറപ്പാക്കാമെന്ന് ബേണിലെ ഡൊമനിക്കൻ സന്യാസിമാർ കണ്ടു. മനുഷ്യരെ തങ്ങളുടെ ശുശ്രൂഷകളിലേക്ക് ആകർഷിച്ച്, അങ്ങനെ ആദായം വർദ്ധിപ്പിക്കാൻ അവർ നടത്താറുള്ള എല്ലാ ആഡംബര പ്രകടനത്തേക്കാളും, അദ്ദേഹത്തിൻറെ അത്യന്തമായ യുവത്വം, എഴുത്തുകാരനും പ്രാസംഗകനും

എന്ന നിലയിലുള്ള സ്വാഭാവിക കഴിവുകൾ, കവിതയിലും സംഗീതത്തിലുമുള്ള ഉജ്ജ്വല കലാവാസന എന്നിവയെല്ലാം കൂടുതൽ ഫലപ്രദമാണെന്ന് അവർ മനസ്സിലാക്കി. തട്ടിപ്പും മുഖസ്തുതിയുംകൊണ്ട് പ്രലോഭിപ്പിച്ച് സ്വിംഗ്ളിയെ തങ്ങളുടെ ആശ്രമത്തിൽ പ്രവേശിപ്പിക്കാൻ അവർ പ്രയത്നിച്ചു. ലൂഥർ ഒരു സ്കൂൾ വിദ്യാർത്ഥിയായിരുന്ന കാലത്ത് ആശ്രമത്തിലെ ഒരു ഇടുങ്ങിയ മുറിയിൽ സ്വയം മറവുചെയ്യപ്പെട്ടു; ദൈവത്തിൻറെ ദിവ്യ സംരക്ഷണം അദ്ദേഹത്തെ രക്ഷിക്കാതെയിരുന്നെങ്കിൽ താൻ ലോകത്തിന് നഷ്ടമാകുമായിരുന്നു. അതേ ആപത്ത് അഭിമുഖീകരിക്കാൻ സ്വിംഗ്ളി അനുവദി ക്കപ്പെട്ടില്ല.

സന്യാസിമാരുടെ ഹീനമായ ഉദ്ദേശത്തെക്കുറിച്ചുള്ള അറിവ് അദ്ദേഹത്തിൻറെ പിതാവിന് ദൈവകാരുണ്യത്താൽ ലഭിച്ചു. വിലകെട്ടതും അലസവുമായ സന്യാസ ജീവിതത്തെ തൻറെ മകൻ പിന്തുടരുന്നത് അനുവദിക്കാൻ പിതാവിന് താത്പര്യമില്ലായിരുന്നു. മകൻറെ ഫലപ്രദമായ ഭാവി സ്തംഭനാവസ്ഥയിൽ ആണെന്ന് കണ്ട് അദ്ദേഹം, താമസിയാതെ വീട്ടിലേക്ക് മടങ്ങാൻ അവനെ നിർദ്ദേശിച്ചു.

ആജ്ഞ അനുസരിക്കപ്പെട്ടു; എങ്കിലും യുവാവിന് തൻറെ ജന്മസ്ഥലത്ത് ദീർഘനാൾ സംതൃപ്തനായിരിക്കാൻ കഴിഞ്ഞില്ല. അദ്ദേഹം ഉടനെ

ബാസലിൽ പഠനം പുനരാരംഭിച്ചു. ഇവിടെ വച്ചാണ് സ്വിംഗ്ളി ആദ്യമായി ദൈവ ത്തിൻറെ സൗജന്യമായ കൃപയുടെ സുവിശേഷം കേൾക്കുന്നത്. പുരാതന ഭാഷാദ്ധ്യാപകനായിരുന്ന വിറ്റംബാച്ച് ഗ്രീക്കും എബ്രായ ഭാഷയും പഠിപ്പിച്ചു കൊണ്ടിരുന്നപ്പോൾ, വേദപുസ്തകത്തിലേക്ക് നയിപ്പിക്കപ്പെടുകയും അങ്ങനെ അദ്ദേഹത്തിൻറെ കീഴിൽ ഉണ്ടായിരുന്ന വിദ്യാർത്ഥികളുടെ മനസ്സിലേക്ക് ദിവ്യ പ്രകാശകിരണങ്ങൾ പതിക്കുവാൻ ഇടവരുകയും തത്വചിന്തകന്മാരും, അദ്ധ്യാപകരും പഠിപ്പിക്കുന്ന സിദ്ധാന്തങ്ങളേക്കാൾ അതിപുരാതനവും, വിലയേറിയതുമായ, കൂടുതൽ ശ്രേഷ്ഠ സത്യം ഉണ്ടെന്ന്

അദ്ദേഹം പ്രഖ്യാപിച്ചു. പാപിയുടെ ഏക ഉദ്ധാരണം ക്രിസ്തുവിൻറെ മരണമാണെന്നുള്ള പുരാതന സത്യമായിരുന്നു അത്. സ്വിംഗ്ളിക്ക്, ഉദയത്തിനുമുൻപ് വരുന്ന പ്രകാശത്തിൻറെ ആദ്യകിരണങ്ങൾ പോലെ ആയിരുന്നു ആ വാക്കുകൾ.

തൻറെ ജീവിത തുറയിൽ സേവനമനുഷ്ഠിക്കുവാൻ ബാസലിൽനിന്ന് സ്വിംഗ്ളി പെട്ടെന്ന് വിളിക്കപ്പെട്ടു. സ്വന്തദേശത്തുനിന്നും അധികം ദൂരെയല്ലാത്ത ആൽപ്സ് പർവ്വതനിരകളിലുള്ള ഒരു ഇടവക ആയിരുന്നു അദ്ദേഹത്തിൻറെ ആദ്യത്തെ പ്രവർത്തനസ്ഥലം. പൗരോഹിത്യപട്ടം ലഭിച്ചതിനുശേഷം,

ദിവ്യസത്യത്തെ ആരായുന്നതിന്
പൂർണ്ണാത്മാവോടെ തന്നെത്താൻ
സമർപ്പി ക്കപ്പെട്ടിരുന്നു; "ക്രിസ്തുവിൻറെ
ആട്ടിൻകൂട്ടം ആരുടെ പക്കൽ
ഭാരമേല്പിക്കപ്പെട്ടിരിക്കുന്നു എന്നു താൻ
എത്രമാത്രം
അറിഞ്ഞിരിക്കേണ്ടതാണെന്ന്
അദ്ദേഹത്തിന് നല്ല
ഗ്രാഹ്യമുണ്ടായിരുന്നു; എന്ന് ഒരു
സഹനവീകരണകർത്താവ്
പറഞ്ഞിരിക്കുന്നു. വേദപുസ്തകം
ആരായുന്തോറും റോമിൻറെ മതനിന്ദയും
വചന സത്യങ്ങളും തമ്മിലുള്ള
വൈരുദ്ധ്യം കൂടുതൽ തെളിവായി വന്നു
കൊണ്ടിരുന്നു. ബൈബിൾ
ദൈവവചനവും തെറ്റുപറ്റാത്ത
സമ്പൂർണ്ണ നിയമവും ആകയാൽ

അദ്ദേഹം തന്നെത്തന്നെ അതിനായി സമർപ്പിച്ചു. അത് അതിൻറെ സ്വന്തം വ്യാഖ്യാതാവായിരിക്കണമെന്ന് അദ്ദേഹം മനസ്സിലാക്കി. മുൻവിധിയോടുകൂടിയ സിദ്ധാന്തമൊ ഉപദേശമൊ നിലനിറുത്താനായിട്ട് വേദ പുസ്തകം വിശദീകരിക്കാൻ അദ്ദേഹം തുനിഞ്ഞില്ല. എന്നാൽ സ്പഷ്ടമായതും നേരിട്ടുള്ളതുമായ അതിൻറെ ഉപദേശങ്ങൾ എന്താണെന്ന് പഠിക്കുന്നത് തൻറെ കടമയായി കരുതി. അതിൻറെ ശരിയായും മുഴവനായും ഉള്ള അർത്ഥം ഗ്രഹിക്കുന്നതിന് സ്വന്തമായി ചെയ്യാവുന്നതെല്ലാം അദ്ദേഹം ആരാഞ്ഞു. കൂടാതെ പ്രാർത്ഥനയോടും ആത്മാർത്ഥതയോടുംകൂടെ അന്വേഷിക്കുന്ന എല്ലാവർക്കും

ലഭിക്കുമെന്ന് പറഞ്ഞിട്ടുള്ള പരിശുദ്ധാത്മ സഹായത്തിനായും അദ്ദേഹം പ്രാർത്ഥിച്ചു.

തിരുവെഴുത്തുകൾ മനുഷ്യനിൽ നിന്നല്ല ദൈവത്തിൽനിന്ന് വരുന്നു. ആ പ്രഭാഷണം ദൈവത്തിൽനിന്ന് വരുന്നു എന്ന് മനസ്സിലാക്കാനുള്ള പരിജ്ഞാനവും ദൈവം തരും. ദൈവവചനം. .. പരാജയപ്പെടാൻ സാധ്യമല്ല; അതു പ്രശോഭിക്കുന്നതാണ്; അത് സ്വയം പഠിപ്പിക്കുന്നു; വെളിപ്പെടുത്തുന്നു, എല്ലാ കൃപയാലും രക്ഷയാലും അത് ആത്മാവിനെ പ്രകാശിപ്പിക്കുന്നു, അത് ദൈവത്തിൽ ആശ്വസിപ്പിക്കുന്നു, താഴ്ചയുള്ളവനാക്കുന്നു. അത് അവകാശം

നഷ്ടപ്പെടുത്തുകപോലും ചെയ്തിട്ട്
ദൈവത്തെ ആശ്ലേഷിക്കുന്നു എന്ന്
സ്വംഗളി പറഞ്ഞു. ഈ വാക്കുകളുടെ
സത്യാവസ്ഥ സ്വിംഗ്ളി സ്വയം
തെളിയിക്കുകയുണ്ടായി. ഈ സമയത്തെ
അനുഭവത്തെക്കുറിച്ചു പറഞ്ഞുകൊണ്ട്
അദ്ദേഹം പിന്നീട് എഴുതി:
“വിശുദ്ധഗ്രന്ഥത്തിന് എന്നെത്തന്നെ
കീഴ്പെടു ത്തുവാൻ ഞാൻ
തുടങ്ങിയപ്പോൾ, തത്വശാസ്ത്രവും
വേദശാസ്ത്രവും എല്ലായ്പോഴും എന്നോട്
മല്ലിട്ടുകൊണ്ടിരുന്നു. ഒടുവിൽ ഞാൻ
ഈ ചിന്തയിലേക്ക് വന്നു: “കള്ളം
പറയുന്നവരെ അങ്ങ് തടയുകയും
ദൈവത്തിൻറെ ലളിതമായ
വചനത്തിൽനിന്നുമാത്രം
ദൈവത്തിൻറെ അർത്ഥം ഗ്രഹിക്കട്ടെ,

പിന്നെ ഞാൻ ദൈവത്തോട് അവൻറെ വെളിച്ചത്തിനായി യാചിക്കുവാൻ ആരംഭിക്കുകയും, അങ്ങനെ ദൈവവചനം എനിക്കു വളരെ എളുപ്പമായിത്തുടങ്ങുകയും ചെയ്തു". - Ibid. b. 8, ch. 6.

സ്വിംഗ്ളി പ്രസംഗിച്ച തത്വോപദേശം ലൂഥറിൽനിന്നും കിട്ടിയവയായിരുന്നില്ല. അത് ക്രിസ്തുവിൻറെ തത്വോപദേശമായിരുന്നു. സ്വിറ്റ്സർലന്റിന്റെ നവീകരണകർത്താവ് ഇപ്രകാരം പറഞ്ഞു: "

ലൂഥർ ക്രിസ്തുവിനെ പ്രസംഗിക്കുന്നുവെങ്കിൽ, ഞാൻ

ചെയ്യുന്നതുതന്നെ അദ്ദേഹവും ചെയ്യുന്നു. ഞാൻ ക്രിസ്തുവിലേക്കാനയിച്ച ആത്മാക്കളേക്കാൾ അധികം ആത്മാക്കളെ അദ്ദേഹം ആനയിച്ചിട്ടുണ്ട്. അതങ്ങനെ ആയിരിക്കട്ടെ. എന്നാൽ ക്രിസ്തുവിൻറേതല്ലാതെ മറ്റൊരു നാമവും ഞാൻ വഹിക്കുന്നില്ല; ഞാൻ അവൻറെ പടയാളിയാണ്, അവൻ മാത്രമാണെൻറെ നേതാവ്. ഒരിക്കലും ഒരു വരിപോലും ഞാൻ ലൂഥറിനെഴുതിയിട്ടില്ല; ലൂഥർ എനിക്കും എഴുതിയിട്ടില്ല. അതെന്തുകൊണ്ട്? - ദൈവാത്മാവിൻറെ സാക്ഷ്യം എത്രമാത്രം ഏകരൂപേണയാണെന്ന് എല്ലാവർക്കും പ്രകടമാകുന്നതിനായി, ഞങ്ങൾക്കു പരസ്പരം ആശയവിനിമയമൊന്നും

ഇല്ലാതിരുന്നിട്ടും, യേശുക്രിസ്തുവിൻറെ ഉപദേശം സംബന്ധിച്ച് ഞങ്ങൾ യോജിപ്പുള്ളവരായിരുന്നു."- D'Aubigne, b.8, ch. 9.

1516-ൽ ഐൻസിഡെലിൻ എന്ന സ്ഥലത്തെ കോൺവെന്റിൽ പ്രസംഗകനാകുവാൻ സ്വിംഗ്ളി ക്ഷണിക്കപ്പെട്ടു. ഇവിടെ അദ്ദേഹത്തിന് റോമിൻറെ അഴിമതികളെ കൂടുതൽ സൂക്ഷ്മമായി വീക്ഷിക്കുവാൻ സാധിച്ചു. നവീകരണ കർത്താവ് എന്ന നിലയിൽ തൻറെ സ്വദേശമായ ആൽപ്സിനപ്പുറം അനുഭവപ്പെടുന്ന ഒരു സ്വാധീനം താൻ ചെലുത്തണമായിരുന്നു. അത്ഭുതങ്ങൾ പ്രവർ ത്തിക്കുവാൻ ശക്തിയുണ്ടെന്നു

പറയപ്പെട്ടിരുന്ന ഒരു കന്യകയുടെ വിഗ്രഹമായിരുന്നു, ഐൻസിഡെലിനിലെ ആകർഷണങ്ങളിൽ പ്രധാനപ്പെട്ടത്. കോൺവെന്റിന്റെ പ്രവേശനകവാടത്തിനുമുകളിൽ ഇപ്രകാരം കൊത്തിവെച്ചിരുന്നു. പൂർണ്ണമായ പാപമോചനം ഇവിടെനിന്നും കരസ്ഥമാക്കാവുന്നതാണ്". - Ibid., b. 8. ch. 5. എല്ലാ കാലത്തും തീർത്ഥാടകർ കന്യകയുടെ ഈ പുണ്യസങ്കേതത്തിൽ അഭയം പ്രാപിച്ചിരുന്നു. എന്നാൽ വർഷംതോറും ഉള്ള പ്രതിഷ്ഠയുടെ വലിയ പെരുന്നാളിൽ സ്വിറ്റ്സർലന്റിന്റെ എല്ലാ ഭാഗത്തുനിന്നും, കൂടാതെ ഫ്രാൻസിൽ

നിന്നും, ജർമ്മനിയിൽനിന്നുപോലും വലിയ പുരുഷാരം ഇവിടെ എത്തിയിരുന്നു. ഈ കാഴ്ച കണ്ട് മനംനൊന്ത് സ്വിംഗ്ളി, ഈ അന്ധവിശ്വാസത്തിനടിമകളായവരോട് സുവിശേഷത്തിലൂടെയുള്ള സ്വാതന്ത്ര്യം ഉത്ഘോഷിക്കുവാനുള്ള അവസരം കണ്ടെത്തി

അദ്ദേഹം ഇപ്രകാരം പറഞ്ഞു: "സൃഷ്ടിയുടെ ഏതെങ്കിലും ഭാഗത്ത് ഉള്ളതിനേക്കാൾ കൂടുതലായി ദൈവം ഈ ദൈവാലയത്തിൽ ഉണ്ടെന്ന് സങ്കല്പിക്കരുത്. നിങ്ങൾ ഏതെല്ലാം രാജ്യങ്ങളിൽ താമസിച്ചിരുന്നാലും ദൈവം നിങ്ങളുടെ ചുറ്റിലും ഉണ്ട്; അവൻ നിങ്ങളുടെ പ്രാർത്ഥന കേൾക്കുകയും

ചെയ്യുന്നു.... പ്രയോജനപ്രദമല്ലാത്ത ജോലികൾ, ക്ലേശകരമായ തീർത്ഥാടനങ്ങൾ, നേർച്ചകൾ, വിഗ്രഹങ്ങൾ, കന്യകയ്ക്കൊ വിശുദ്ധന്മാർക്കൊ വേണ്ടിയുള്ള സ്തുതിഗീതങ്ങൾ, എന്നിവയ്ക്ക് ദൈവപ്രീതി ഉറപ്പാക്കാൻ സാധിക്കുമോ? വാക്കുകളുടെ പെരുപ്പം ഉൾക്കൊള്ളുന്ന പ്രാർത്ഥനകൊണ്ട് എന്ത് ലഭിക്കും? സന്യാസികളുടെ പളപളപ്പുള്ള ശിരോവസ്ത്രംകൊണ്ടും മുണ്ഡനംചെയ്ത തലകൊണ്ടും നീണ്ടുതൂങ്ങുന്ന കുപ്പായംകൊണ്ടും സ്വർണ്ണ ചിത്രത്തയ്യൽ ഉള്ള ചെരുപ്പുൾകൊണ്ടും എന്ത് നേട്ടം?... ദൈവം നമ്മുടെ ഹൃദയങ്ങളെയാണ് നോക്കുന്നത്; നമ്മുടെ ഹൃദയങ്ങളാകട്ടെ,

ദൈവത്തിൽനിന്ന് അകലെയും".
"ഒരിക്കൽ ക്രൂശിൽ അർപ്പിക്കപ്പെട്ട ക്രിസ്തുവിൻറെ യാഗം നിത്യതയോളം എല്ലാ വിശ്വാസികളുടേയും പാപങ്ങൾക്ക് പരിഹാരമാണ് എന്ന് അദ്ദേഹം പറഞ്ഞു. - Ibid., b.8, ch.5.

അനേക കേൾവിക്കാർക്ക് ഈ പഠിപ്പിക്കൽ സ്വാഗതാർഹം അല്ലായിരുന്നു. തങ്ങളുടെ അദ്ധ്വാനമേറിയ യാത്രകൾ വെറുതെയായി എന്ന് പറഞ്ഞപ്പോൾ അത് കൈപ്പേറിയ നിരാശയായിത്തീർന്നു. ക്രിസ്തുവിലൂടെ സൗജന്യമായി ലഭിക്കുന്ന പാപക്ഷമ അവർക്ക് ഉൾക്കൊള്ളുവാൻ കഴിഞ്ഞില്ല. റോം അവർക്കു വേണ്ടി

അടയാളപ്പെടുത്തിയ സ്വർഗ്ഗത്തിലേക്കുള്ള പഴയ വഴി അവർക്ക് തൃപ്തിയായിരുന്നു. പൂർവ്വാധികം മെച്ചപ്പെട്ട എന്തെങ്കിലും അന്വേഷിക്കുന്നതിലുള്ള ഉത്ക്കണ്ഠയിൽനിന്നും അവർ ഉള്ളിൽ ഒതുങ്ങിക്കൂടി. ഹൃദയ വിശുദ്ധിയെ അന്വേഷിക്കുന്നതിനേക്കാൾ അവർക്ക് എളുപ്പം രക്ഷയ്ക്കുവേണ്ടി പുരോഹിതന്മാരേയും പോപ്പിനേയും ആശ്രയിക്കുക എന്നതായിരുന്നു.

എന്നാൽ വേറൊരു സമൂഹം ക്രിസ്തുവിലൂടെ ഉള്ള വീണ്ടെടുപ്പിൻ വാർത്ത ആഹ്ലാദത്തോടെ അംഗീകരിച്ചു. അവർക്ക് ആത്മസമാധാനം കൊടുക്കുവാൻ, റോം

ആധികാരികമായി ആവശ്യപ്പെട്ടിരുന്ന ആചാരങ്ങൾക്ക് സാധിച്ചില്ല. രക്ഷകൻറെ രക്തം അവരുടെ സംതൃപ്തിക്കായി വിശ്വാസത്താൽ അവർ സ്വീകരിച്ചു. ഇക്കൂട്ടർ തങ്ങളുടെ ഭവനങ്ങളിലേക്ക് പോയിട്ട് തങ്ങൾ സ്വീകരിച്ച അമൂല്യവെളിച്ചം മറ്റുള്ളവർക്ക് വെളിപ്പെടുത്തിക്കൊടുത്തു. അങ്ങനെ സത്യം കുഗ്രാമത്തിൽനിന്ന് കുഗ്രാമത്തിലേക്കും പട്ടണത്തിൽനിന്ന് പട്ടണത്തിലേക്കും എത്തിച്ചതിൻറെ ഫലമായി കന്യകയുടെ പള്ളിയിലെ തീർത്ഥാടകരുടെ എണ്ണം കുറഞ്ഞു. വഴിപാടുകൾ കുറഞ്ഞതിൻറെ ഫലമായി സ്വിംഗ്ളിയുടെ ശമ്പളം കുറഞ്ഞു. അതിൽനിന്നായിരുന്നു സ്വിംഗ്ളിക്ക് ശമ്പളം കൊടുത്തിരുന്നത്. എങ്കിലും

മതഭ്രാന്തിൻറേയും അന്ധവിശ്വാസത്തിൻറേയും ശക്തി ഉടയ്ക്കപ്പെട്ടത് അദ്ദേഹത്തിൻറെ സന്തോഷത്തിന് കാരണമായി.

സ്വിംഗ്ളി ചെയ്തുകൊണ്ടിരുന്ന വേലയെപ്പറ്റി സഭാഭരണാധികാരികൾ അജ്ഞരായിരുന്നില്ല, പക്ഷെ തൽക്കാലത്തേക്ക് അവർ അതിൽ ഇടപെട്ടില്ല എന്നുമാത്രം. എന്നിട്ടും തങ്ങളുടെ വശത്തേക്ക് സ്വാധീനിക്കാം എന്ന് ആശിച്ചുകൊണ്ട് മധുരവചനങ്ങളാൽ അദ്ദേഹത്തെ ജയിക്കാൻ യത്നിച്ചു. അതേ സമയം പൊതുജന ഹൃദയങ്ങളിൽ സത്യം ഒരു സ്വാധീനം ആർജ്ജിച്ചു കൊണ്ടിരുന്നു.

കൂടുതൽ വിശാല സ്ഥലത്ത്
പ്രവർത്തിക്കുവാൻ
ഐൻസിഡെലിനിലെ വേല
അദ്ദേഹത്തെ സജ്ജമാക്കുകയും
അദ്ദേഹം അവിടെ പ്രവേശിക്കുകയും
ചെയ്തു. മൂന്നു വർഷത്തിനുശേഷം
സൂറിച്ചിലെ ഭദ്രാസനപ്പള്ളിയിലെ പ്രസം
ഗക പദവിയിലേക്ക് അദ്ദേഹം
വിളിക്കപ്പെട്ടു. സ്വിസ്സ് രാഷ്ട്രസഖ്യത്തിലെ
ഏറ്റവും പ്രധാനപ്പെട്ട പട്ടണമായിരുന്നു
സൂറിച്ച്. സൂറിച്ചിൽ തൻറെ സ്വാധീനം
വ്യാപി കമായി അറിയപ്പെട്ടിരുന്നു.
സൂറിച്ചിലേക്ക് ക്ഷണിച്ച പുരോഹിതർ
നവീകരണത്തിൽ
തല്പരരല്ലാത്തതിനാൽ അവർ
അദ്ദേഹത്തിൻറെ കടമകളെക്കുറിച്ച്
നിർദ്ദേശിച്ചു. അവർ ഇപ്രകാരം

പറഞ്ഞു: “ഏറ്റവും ചെറിയവനെപ്പോലും അവഗണിക്കാതെ ഈ സഭയുടെ മുതലെടുപ്പ് വസൂലാക്കാനുള്ള എല്ലാ നട പടിയും നീ ചെയ്യണം. പ്രസംഗപീഠത്തിൽ നിന്നുകൊണ്ടും, കുമ്പസാരക്കൂട്ടിൽ ഇരുന്നുകൊണ്ടും, അവരുടെ എല്ലാ ബാധ്യതകളും ദശാംശവും കൊടുക്കാനും നേർച്ചകാഴ്ചകളാൽ സഭയോടുള്ള സ്നേഹം പ്രദർശിപ്പിക്കാനും വിശ്വാസികളെ ഉദ്ബോധിപ്പിക്കണം. രോഗികളിൽനിന്നും, കുർബാനയിൽനിന്നും മാത്രമല്ല, പൊതുവെ പറഞ്ഞാൽ, പൗരോഹിത്യപരമായ ഓരോ കൂദാശകളിലൂടെയും വരുമാനം വർദ്ധിപ്പിക്കാൻ നീ ശുഷ്കാന്തിയുള്ളവൻ

ആയിരിക്കണം. അദ്ദേഹത്തിൻറെ ഉപദേശകർ ഇങ്ങനെ കൂട്ടിച്ചേർത്തു: “കൂദാശകൾ നടത്തുന്നതും, പ്രസംഗിക്കുന്നതും, ക്രിസ്തീയ സമൂഹത്തെ സംരക്ഷിക്കുന്നതും, എല്ലാം പുരോഹിതൻറെ ജോലിയിൽ ഉൾപ്പെട്ടതാണ്. പക്ഷെ ഇതിനൊക്കെ ആയിട്ട് നിനക്ക് ഒരു പകരക്കാരനെ നിയമിക്കാം, പ്രത്യേകിച്ചും പ്രസംഗത്തിന്. പ്രശസ്തരായ ആളുകൾക്കല്ലാതെ ആർക്കും നീ കൂദാശകൾ നടത്താൻ പാടില്ല. അതും അവർ ആവശ്യപ്പെട്ടാൽ മാത്രം. ആളുകളെ വിവേചിക്കാതെ അങ്ങനെ ചെയ്യുന്നതിൽനിന്നും നിന്നെ നിരോധിച്ചിരിക്കുന്നു”. - ibid.. b.8, ch. 6.

ഈ നിർദ്ദേശങ്ങൾ എല്ലാം സ്വിംഗ്ളി നിശ്ശബ്ദനായി ശ്രദ്ധിച്ചു. മറുപടിയായി, തന്നെ ഈ പ്രധാന കേന്ദ്രത്തിലേക്ക് വിളിച്ച് മാനിച്ചതിന് നന്ദി പറഞ്ഞുകൊണ്ട്, താൻ കൈക്കൊള്ളാൻ ഉദ്ദേശിക്കുന്ന പ്രവർത്തനക്രമം വിശദീകരിക്കാൻ തുടങ്ങി. അദ്ദേഹം പറഞ്ഞു: “ദീർഘനാളുകൾ ആയിട്ട് ക്രിസ്തുവിൻറെ ജീവിതം ജനങ്ങളിൽനിന്ന് മറച്ചിരിക്കുകയാണ്. ഞാൻ മത്തായിയുടെ സുവിശേഷം മുഴുവനും അടിസ്ഥാനമാക്കി പ്രസംഗിക്കും. തിരുവചനം മാത്രം അടിസ്ഥാനപ്പെടുത്തി, അതിൻറെ ആഴത്തെ അറിയിച്ചുകൊണ്ട്, ഒരു

പുസ്തകഭാഗം വേറൊന്നുമായി
താരതമ്യപ്പെടുത്തിക്കൊണ്ട്, മനുഷ്യർ
വിവേകത്തെ അന്വേഷിക്കാനുള്ള
സുസ്ഥിരവും ഗൗരവവുമായ
പ്രാർത്ഥനയോടുകൂടെ ഞാൻ
പ്രസംഗിക്കും. ദൈവത്തിൻറെ
മഹത്വത്തിനും, തൻറെ ഏക പുത്രൻറെ
പുകഴ്ച്ചയ്ക്കും , ആത്മാക്കളുടെ യഥാർത്ഥ
രക്ഷയ്ക്കും , സത്യവിശ്വാസത്തിൽ അവർ
ആത്മീയ ഉന്നതി നേടുന്നതിനും ഞാൻ
എൻറെ ശുശ്രൂഷ ദൈവസേ വയ്ക്കായി
സമർപ്പിക്കും". - Ibid., b.8, ch. 6.
ചില പുരോഹിതന്മാർ അദ്ദേ ഹത്തിൻറെ
പദ്ധതിയോട് പ്രതികൂലിച്ചെങ്കിലും
അദ്ദേഹത്തെ അതിൽനിന്നും
പിന്തിരിപ്പിക്കാൻ പരിശ്രമിക്കുകയും
ചെയ്തതെങ്കിലും സ്വിംഗ്ളി

ദൃഢചിത്തനായിത്തന്നെ നിലകൊണ്ടു. അദ്ദേഹം പുതിയ രീതി ഒന്നും നടപ്പിലാക്കു ന്നില്ലെന്നും ആദ്യകാലത്ത്, സഭയുടെ വിശുദ്ധകാലങ്ങളിൽ ഉപയോഗിച്ചി രുന്ന പഴയ രീതിതന്നെയാണ് ഉപയോഗിക്കുന്നതെന്നും പറഞ്ഞു.

അദ്ദേഹം പഠിപ്പിച്ച സത്യങ്ങളോട് മുമ്പേതന്നെ താല്പര്യം ഉണ്ടായി രുന്നതിനാൽ അദ്ദേഹത്തിൻറെ പ്രസംഗം കേൾക്കാൻ ജനങ്ങൾ കൂട്ടം കൂട്ടമായി വന്നുതുടങ്ങി. ദീർഘകാലമായി ദൈവാരാധനയിൽ സംബന്ധിക്കാതിരുന്ന പലരും ആ കൂട്ടത്തിൽ ഉണ്ടായിരുന്നു. ക്രിസ്തുവിൻറെ പ്രചോദനം നൽകുന്ന ജീവിത

കഥകൾ, പഠിപ്പിക്കലുകൾ, മരണം എന്നിവ സുവിശേഷങ്ങളിൽ നിന്നും വായിച്ചും വിവരിച്ചുംകൊണ്ട് അദ്ദേഹം തൻറെ ശുശ്രൂഷ ആരംഭിച്ചു. ഐൻസിഡെലിനിലെപ്പോലെ ഇവിടെയും ദൈവവചനം അപ്രമാദിത്വമുള്ള അധികാരമായും ക്രിസ്തുവിൻറെ മരണം മാത്രമാണ് ഏകയാഗമെന്നും അവതരിപ്പിച്ചു. "ഞാൻ നിങ്ങളെ രക്ഷയുടെ യഥാർത്ഥ ഉറവിടമായ ക്രിസ്തുവിലേക്കാണ് നയിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് അദ്ദേഹം പറഞ്ഞു. - Ibid, 6.8. ch. 6. രാജ്യതന്ത്രജ്ഞരും പണ്ഡിതരും വൈദഗ്ധ്യം നേടിയ കൈത്തൊഴിലാളികളും കൃഷിക്കാരും എന്നുവേണ്ട എല്ലാ വിഭാഗത്തിൽപ്പെട്ട

ആളുകളും ഈ പ്രസംഗകൻറെ ചുറ്റും കൂടി. അഗാധമായ താല്പര്യത്തോടെ അവർ അദ്ദേഹത്തിൻറെ വാക്കുകൾ ശ്രദ്ധിച്ചു. അദ്ദേഹം യാതൊരു ഭയവും കൂടാതെ ആ കാലങ്ങളിലെ തിന്മകളെയും അഴിമതികളെയും ശക്തമായി താക്കീതു ചെയ്യുകയും സൗജന്യമായ രക്ഷയെക്കുറിച്ച് .പ്രസംഗിക്കുകയും ചെയ്തു. അനേകർ ഭദ്രാസനപ്പള്ളിയിൽനിന്നും ദൈവത്തെ സ്തുതിച്ചുകൊണ്ട് മടങ്ങി. "ഈ മനുഷ്യൻ ഒരു സത്യപസംഗകനാണ്"; "അദ്ദേഹം ഈ ഈജിപ്റ്റിലെ ഇരുട്ടിൽ നിന്നും നമ്മെ മേല്പോട്ടു നയിക്കുന്ന മോശെ ആയിരിക്കും എന്ന് അവർ പറഞ്ഞു". - Ibid., 6.8, ch.6.

അദ്ദേഹത്തിൻറെ പ്രവർത്തകർ ആദ്യം അത്യുത്സാഹത്തോടെ അംഗീകരിച്ചെങ്കിലും കുറെ കഴിഞ്ഞപ്പോൾ എതിർപ്പുണ്ടായി. ക്രിസ്തീയ സന്യാസികൾ അദ്ദേഹത്തിൻറെ ജോലിയെ വിഘലനപ്പെടുത്താനും പഠിപ്പിക്കലുകളെ നിന്ദിക്കാനും തുടങ്ങി. നിന്ദാപൂർവ്വമായ പരിഹാസത്തോടും ആക്ഷേപത്തോടും കൂടെ അനേകർ അദ്ദേഹത്തെ ആക്രമിച്ചു. മറ്റുള്ളവർ ധിക്കാരവും ഭീഷ ണിയും ആലംബിച്ചു. എന്നാൽ "ദുഷ്ടനെ യേശുക്രിസ്തുവിങ്കലേക്ക് നേടണമെന്ന് നാം ആഗ്രഹിക്കുന്നു എങ്കിൽ നമ്മുടെ കണ്ണുകൾ പല കാര്യങ്ങൾക്കും നേരെ അടയ്ക്കണം" എന്ന് പറഞ്ഞുകൊണ്ട്

സ്വിംഗ്ളി ഇതെല്ലാം ക്ഷമയോടെ സഹിച്ചു. -- Ibid., b. 6. ch. 6.

ഈ സമയത്ത് ഒരു പുതിയ പ്രവർത്തകസംഘം നവീകരണവേല മുന്നോട്ട് നയിക്കാൻ തുടങ്ങി. ബാസലിലെ നവീകരണ പ്രസ്ഥാനത്തോട് വിശ്വാസമുള്ള ഒരു സുഹൃത്ത് ലൂഥറിൻറെ പുസ്തകങ്ങളുടെ വിതരണം വെളിച്ചം വിതറുന്നതിനുള്ള ശക്തിയേറിയ ഉപാധിയായിരിക്കും എന്ന് നിർദ്ദേശിക്കുകയും ചെയ്തു. അദ്ദേഹം ഇപ്രകാരം സ്വിംഗ്ളിക്ക് എഴുതി: "ഈ മനുഷ്യന് ആവശ്യത്തിന് ദീർഘദൃഷ്ടിയും സാമർത്ഥ്യവും ഉണ്ടോ എന്ന് നിശ്ചയിക്കുക. ഉണ്ടെങ്കിൽ അവൻ സ്വിറ്റ്സർലന്റിലെ

സിറ്റിയിൽനിന്ന് സിറ്റിയിലേക്കും പട്ടണത്തിൽനിന്ന് പട്ടണത്തിലേക്കും, ഗ്രാമത്തിൽനിന്ന് ഗ്രാമത്തിലേക്കും, വീട്ടിൽനിന്ന് വീട്ടിലേക്കും ലൂഥറിൻറെ കൃതികളും സാധാരണ ക്കാർക്കുവേണ്ടി എഴുതിയ കർത്താവിന്റെ പ്രാർത്ഥനയുടെ വിശദീകരണങ്ങളും കൊണ്ടുപോകട്ടെ. അവരെ അറിയപ്പെട്ടുംതോറും, കൂടുതൽ വാങ്ങുന്നവരേയും അവർ കണ്ടുമുട്ടും", -- ibid., b. 8. ch. 6. അങ്ങനെ വെളിച്ചം രംഗപ്രവേശനം ചെയ്തു.

അജ്ഞതയുടേയും അന്ധവിശ്വാസത്തിൻറെയും ബന്ധനങ്ങളെ പൊട്ടിക്കാൻ ദൈവം ഒരുങ്ങുന്ന നേരത്തെല്ലാം സാത്താൻ

മനുഷ്യനെ അന്ധകാരത്തിൽ
മൂടിയിടാനും കാൽവിലങ്ങുകൾ
കൂട്ടതൽ ഉറപ്പാക്കാനും വലിയ
ശക്തിയോടെ പ്രവർത്തിക്കുന്നു.
പാപക്ഷമയും നീതീകരണവും
ക്രിസ്തുവിൻറെ രക്തത്തിലൂടെ
അവതരിപ്പിക്കുവാനായി ദേശത്തിൻറെ
നാനാഭാഗത്തുനിന്നും ആളുകൾ
എഴുന്നേറ്റപ്പോൾ, പണത്തിന് പാപക്ഷമ
നൽകിക്കൊണ്ട് ക്രൈസ്തവ
ലോകത്തിൽ ആകമാനം ചന്ത
തുറക്കാനായി റോം പുതുക്കപ്പെട്ട
ഊർജ്ജത്തോടെ മുന്നോട്ട് നീങ്ങി.

ഓരോ പാപത്തിനും തനത് വില
ഉണ്ടായിരുന്നു. സഭയുടെ ഖജനാവ്
നല്ലതുപോലെ നിറച്ചു

സൂക്ഷിക്കുന്നവർക്ക് കുറ്റകൃത്യങ്ങൾ ചെയ്യുന്നതിനുള്ള അധികാരപത്രം സൗജന്യമായി അനുവദിക്കപ്പെട്ടിരുന്നു. അങ്ങനെ രണ്ട് പ്രസ്ഥാനങ്ങളും മുന്നോട്ടു പോയി - ഒന്ന് പണം വാങ്ങി പാപക്ഷമ കൊടുത്തു; മറ്റേത് ക്രിസ്തുവിലൂടെ പാപക്ഷമ കൊടുത്തു. റോം പാപത്തിന് അധികാരം കൊടുത്തുകൊണ്ട് അതിനെ വരുമാനമാർഗ്ഗമാക്കി. നവീകരണ കർത്താക്കൾ പാപത്തെ വെറുത്തുകൊണ്ട് അനുരഞ്ജകനും ഉദ്ധാരകനുമായി ക്രിസ്തുവിനെ ചൂണ്ടിക്കാണിച്ചു.

ജർമ്മനിയിൽ പാപമോചനച്ചീട്ടിൻറെ വില്പനയ്ക്ക് ഡൊമനിക്കൻ സന്യാസികളെ ചുമതലപ്പെടുത്തുകയും ദുഷ്കീർത്തിയുള്ള

ടെറ്റ്സലിനെക്കൊണ്ട് അത്
നിർവ്വഹിക്കയും ചെയ്തിരുന്നു.
സ്വിറ്റ്സർലന്റിൽ ഇറ്റലിക്കാരനായ
സാംസൺ എന്ന സന്യാസിയുടെ
നിയന്ത്രണത്താൽ, അതിൻറെ
വ്യാപാരം ഫ്രാൻസിസ്കൻ
സന്യാസികളുടെ കൈകളിൽ
അർപ്പിക്കപ്പെട്ടിരുന്നു. പാപ്പാത്വ
ഖജനാവ് നിറയ്ക്കാനായി
ജർമ്മനിയിൽനിന്നും
സ്വിറ്റ്സർലന്റിൽ നിന്നും അളവില്ലാത്ത
ദ്രവ്യം ശേഖരിക്കുക വഴി സാംസൺ
സഭയ്ക്ക് നല്ല സേവനം നേരത്തേതന്നെ
ചെയ്തിരുന്നു. ഇപ്പോൾ അദ്ദേഹം വലിയ
ജനക്കൂട്ടത്തെ ആകർഷിച്ചുകൊണ്ടും,
പാവപ്പെട്ട കൃഷിക്കാരുടെ
അപര്യാപ്തമായ വരുമാനം

തട്ടിപ്പറിച്ചുകൊണ്ടും
സമ്പന്നവർഗ്ഗങ്ങളിൽനിന്ന്
വിലയേറിയ, ഖണ്ഡിതമായ, ദാനങ്ങൾ
വാങ്ങിക്കൊണ്ടും
സ്വിറ്റ്സർലന്റിലുടനീളം നടന്നു.
നവീകരണത്തിൻറെ സ്വാധീനതയ്ക്ക് ഈ
കച്ചവടം നിറുത്തുവാൻ
സാധിച്ചില്ലെങ്കിലും അത്
വെട്ടിക്കുറയ്ക്കുന്നതായി
അനുഭവപ്പെട്ടിരുന്നു. സ്വിംഗ്ളി
ഐൻസിഡെലിൽ ആയിരിക്കുമ്പോൾ
സാംസൺ സ്വിറ്റ്സർലന്റിൽ
പ്രവേശിച്ച് തൻറെ വില്പനച്ചരക്കുമായി
അടുത്തുള്ള ഒരു പട്ടണത്തിൽ
എത്തിച്ചേർന്നു. തൻറെ
ദൗത്യത്തേക്കുറിച്ച് അറിയിച്ചുകൊണ്ട്
അദ്ദേഹത്തെ തടയുവാനായി ആ

നവീകരണ കർത്താവ് പെട്ടെന്ന് പ്രതികരിച്ചു. രണ്ടുപേരും തമ്മിൽ കണ്ടില്ല. സന്യാസിയുടെ കപടവേഷം വെളിച്ചത്താക്കുന്നതിലായിരുന്നു സ്വിംഗ്ളിയുടെ വിജയം. അതോടെ സാംസൺ വേറെ സ്ഥലത്തേക്ക് പോകേണ്ടിവന്നു.

സൂറിച്ചിൽ പാപക്ഷമ വിൽക്കുന്നവനെതിരായി ആവേശത്തോടെ സ്വിംഗ്ളി പ്രസംഗിച്ചു. ആ സ്ഥലത്ത് സാംസൺ പ്രസംഗിച്ചപ്പോൾ ആലോചനാസമിതിയിൽനിന്നും വന്ന ഒരു ദൂതനെ കണ്ടുമുട്ടി. സാംസൺ അവിടെനിന്ന് പോകുമെന്ന് പ്രതീക്ഷിക്കുന്നു എന്നൊരു അറിയിപ്പും

ദൂതൻറെ പക്കൽ ഉണ്ടായിരുന്നു. ഒടുവിൽ അദ്ദേഹം കപടോപായത്താൽ പ്രവേശനം സാധിച്ചുയെങ്കിലും ഒറ്റ പാപമോചനച്ചീട്ടുപോലും വിൽക്കാൻ സാധിക്കാതെ അവിടെനിന്നും പോകേണ്ടിവന്നു. അധികം താമസിയാതെ അദ്ദേഹം സ്വിറ്റ്സർലന്റ് വിട്ടു.

1519-ൽ സ്വിറ്റ്സർലന്റിലുടനീളം വ്യാപകമായ ഒരു മഹാബാധയാൽ വലിയ ആൾനാശമുണ്ടാകുകയും ഇതു നവീകരണത്തിന് ആക്കം കൊടുക്കുകയും ചെയ്തു. അങ്ങനെ സംഹാരകനെ മുഖാമുഖമായി കാണാൻ മനുഷ്യർക്ക് ഇടവന്നപ്പോൾ തങ്ങൾ വാങ്ങിയ പാപക്ഷമകൾ എത്ര

വിലകെട്ടതും പാഴായതും ആയിരുന്നു എന്ന് അവർ ചിന്തിച്ചു. അവർ തങ്ങളുടെ വിശ്വാസ ത്തിന് കൂടുതൽ ഉറപ്പായ അടിസ്ഥാനത്തിനുവേണ്ടി കാംക്ഷിച്ചു. സൂറിച്ചിൽ വച്ച് സ്വിംഗ്ളിയും രോഗബാധിതനായി. രോഗമുക്തിയെക്കുറിച്ചുള്ള പ്രത്യാശ കൈവിടത്തക്കവിധം അദ്ദേഹത്തിൻറെ നില വഷളാകുകയും അദ്ദേഹം മരിച്ചെന്ന് വ്യാപകമായി വൃത്താന്തം പ്രചരിപ്പിക്കുകയും ചെയ്തു. ആ പരീക്ഷാ ഘട്ടത്തിലും അദ്ദേഹത്തിൻറെ പ്രത്യാശയും ധൈര്യവും ഇളക്കമെറ്റതായിരുന്നു. പാപത്തിൻറെ അനുരഞ്ജനത്തിനുള്ള മുഴുശേഷിയിലും വിശ്വാസം അർപ്പിച്ചു കൊണ്ട്, കാൽവറിയിലെ ക്രൂശിലേക്ക് അദ്ദേഹം

വിശ്വാസത്താൽ നോക്കി. അദ്ദേഹം മരണവാതിലിൽനിന്ന് തിരിച്ചുവന്നപ്പോൾ പണ്ടത്തേതിലും കൂടുതൽ തീവ്രതയോടെ സുവിശേഷം പ്രസംഗിച്ചു. ഒരു പുതുശക്തി വാക്കുകളിൽ അനുഭവപ്പെട്ടു. തങ്ങളുടെ പ്രിയപ്പെട്ട പാസ്റ്റർ ശവക്കുഴിയുടെ വക്കിൽനിന്നും തിരികെ വന്നപ്പോൾ ജനം സന്തോഷത്തോടെ സ്വീകരിച്ചു. അവർ തങ്ങളുടെ രോഗികളുടേയും മരിക്കുന്നവരുടേയും ശുശ്രൂഷയിൽനിന്ന് വന്നിരുന്നതു കൊണ്ട് സുവിശേഷത്തിൻറെ വില പണ്ടത്തേതിലും അധികം മനസ്സിലാക്കി.

സ്വിംഗ്ളി വചനസത്യങ്ങളുടെ കൂടുതൽ തെളിവായ ധാരണയിൽ

എത്തിച്ചേർന്നു. അതിൻറെ പുതുക്കുന്ന ശക്തി തന്നിൽത്തന്നെ കൂടുതലായി അനുഭവിച്ചു. മനുഷ്യൻറെ വീഴ്ച, രക്ഷാപദ്ധതി എന്നീ വിഷയങ്ങൾ ആയിരുന്നു അദ്ദേഹത്തിൻറെ ദീർഘപ്രസംഗങ്ങളുടെ ആധാരം. "ആദാമിൽ എല്ലാ വരും മരിക്കയും ദുഷ്ടതയിൽ മുങ്ങുകയും ശിക്ഷാവിധിക്കർഹരാവുകയും ചെയ്തു എന്നദ്ദേഹം പറഞ്ഞു. - Wylie, b.8. ch. 9. "ഒരിക്കലും അവസാ നിക്കാത്ത ഒരു വീണ്ടെടുപ്പു ക്രിസ്തു... നമുക്കുവേണ്ടി വാങ്ങി.... ഒരു നിത്യമായ യാഗം, സുഗമമാക്കുന്നതിന്, ശാശ്വതവും ഫലപ്രദവുമായത് അദ്ദേഹത്തിൻറെ തീവ്രമായ വാഞ്ഛയാണ്. അതിൽ ഉറപ്പുള്ളതും ഇളകാത്തതുമായ വിശ്വാസം

അർപ്പിക്കുന്ന എല്ലാവർക്കും പകരമായി ദൈവത്തിൻറെ നീതി എന്നേക്കുമായി ലഭിക്കുന്നു'. എങ്കിലും ക്രിസ്തുവിൻറെ കൃപയാൽ, മനുഷ്യർക്ക് പാപത്തിൽ തുടരാനുള്ള സ്വാതന്ത്ര്യം ഇല്ല എന്ന് അദ്ദേഹം തെളിവായി പഠിപ്പിച്ചു. "എവിടെയെല്ലാം ദൈവത്തിൽ വിശ്വാസമുണ്ടോ അവിടെയെല്ലാം ദൈവവും ഉണ്ട്; എവിടെ ദൈവം വസിക്കുന്നുവൊ അവിടെ മനുഷ്യരെ നല്ല പ്രവൃത്തികൾ ചെയ്യുവാൻ ഉത്സാഹിപ്പിക്കുകയും നിർബന്ധിക്കുകയും ചെയ്യുന്ന ഒരു അഭിനിവേശം നിലകൊള്ളുന്നു". - D'Aubigne, b.8, ch. 9.

സ്വിംഗ്ളിയുടെ പ്രസംഗത്തോടുള്ള
താല്പര്യംകൊണ്ട് കേൾക്കാൻ വന്ന
ജനക്കൂട്ടത്താൽ ഭദ്രാസനപ്പള്ളി നിറഞ്ഞ്
കവിഞ്ഞിരുന്നു. മനുഷ്യർക്ക്
വഹിക്കാവുന്ന വിധത്തിൽ അല്പാല്പമായി
അദ്ദേഹം സത്യം തൻറെ
കേൾവിക്കാർക്ക് തുറന്നു കൊടുത്തു.
പരിഭ്രമിപ്പിക്കുന്നതും മുൻവിധി
ഉളവാക്കുന്നതുമായ മർമ്മങ്ങൾ
ഒന്നുംതന്നെ ആദ്യം
അവതരിപ്പിക്കാതിരിക്കാൻ
ശ്രദ്ധിച്ചിരുന്നു. ക്രിസ്തുവിൻറെ
പഠിപ്പിക്കലുകളിലേയ്ക്ക് അവരുടെ
ഹൃദയങ്ങളെ നേടാനും
ദൈവസ്നേഹത്താൽ അവ
മാർദ്ദവപ്പെടാനും അവരുടെ മുൻപിൽ
ദൈവത്തിൻറെ മാതൃകയായി

തന്നെത്താൻ സൂക്ഷിക്കുവാനും അദ്ദേഹം യത്നിച്ചു. സുവിശേഷ തത്വങ്ങൾ സ്വീകരിച്ചുകഴിയുമ്പോൾ അവരുടെ അന്ധവിശ്വാസങ്ങളും ആചാരങ്ങളും നീക്കിക്കളയേണ്ടത് അനിവാര്യമായിത്തീരും.

പടിപടിയായി നവീകരണം സൂറിച്ചിൽ മുന്നോട്ട് പോയി. ആപത്സൂചക ധ്വനിയോടെ ശത്രുക്കൾ സജ്ജീവമായ എതിർപ്പിനായി എഴുന്നേറ്റു. വിറ്റൻബർഗ്ഗിലെ കത്തോലിക്കാ സന്യാസി ഒരു വർഷത്തിനുമുമ്പ് വേംസിലെ ചക്രവർത്തിയോടും പോപ്പിനോടും തൻറെ പ്രതിഷേധം അറിയിച്ചതുപോലെ സൂറിച്ചിലും എല്ലാ സംഗതികളും ഒരു പ്രതിരോധത്തെ

ചൂണ്ടിക്കാണിക്കുന്നതായി തോന്നി. സ്വിംഗ്ളിയുടെ മേൽ തുടരെ ആക്രമണങ്ങൾ ഉണ്ടായി. പാപ്പാത്വ ഭ്രപ്രദേശങ്ങളിൽ സമയാസമയങ്ങളിൽ സുവിശേഷത്തിൻറെ ശിഷ്യന്മാരെ അപകടപ്പെടുത്തിയിരുന്നു. എങ്കിലും അത് മതിയായിരുന്നില്ല. മതനിന്ദയുടെ അദ്ധ്യാപകൻ നിശ്ശബ്ദനാക്കപ്പെടണം. അതിൻപ്രകാരം കോൺസ്റ്റൻസിലെ ബിഷപ്പ് മൂന്ന് പ്രതിനിധികളെ സൂറിച്ചിലെ പ്രതിനിധി സംഘത്തിലേക്ക് പറഞ്ഞയച്ചു. സഭയുടെ നിയമങ്ങൾ ലംഘിക്കുവാൻ സ്വിംഗ്ളി ജനങ്ങളെ പഠിപ്പിക്കുന്നു എന്നും അങ്ങനെ സമൂഹത്തിൽ സമാധാനവും നല്ല വ്യവസ്ഥയും അപകടത്തിലാക്കുന്നു എന്നും അദ്ദേഹം കുറ്റപ്പെടുത്തി. സഭയുടെ

അധികാരം മാറ്റിയാൽ സാർവ്വത്രികമായ അരാജകത്വം ആയിരിക്കും ഫലം എന്നും അദ്ദേഹം പറഞ്ഞു. കഴിഞ്ഞ നാലു വർഷങ്ങളായിട്ട് സൂറിച്ചിൽ അദ്ദേഹം സുവിശേഷം പഠിപ്പിച്ചിരുന്നു എന്നും സൂറിച്ച് സഖ്യരാഷ്ട്രത്തിലെ മറ്റുള്ള എല്ലാ പട്ടണങ്ങളേക്കാളും കൂടുതൽ ശാന്തവും സമാധാന പൂർണ്ണവും ആണെന്നും മറുപടികൊടുത്തു. "അങ്ങനെ എങ്കിൽ പൊതുവെയുള്ള സുര ക്ഷിതത്വത്തിന് ക്രിസ്ത്യാനിത്വം സംരക്ഷണം അല്ലേ?? എന്ന് അദ്ദേഹം പറഞ്ഞു. --~- Wylie, b.a, Ch. 2.

സഭയിൽ തുടരാൻ ഈ പ്രതിനിധികൾ സഭാംഗങ്ങളെ ഗുണദോഷിച്ചു. സഭയ്ക്ക്

വെളിയിൽ രക്ഷയില്ലെന്ന് അവർ പ്രഖ്യാപിച്ചു. സ്വിംഗ്ളി പ്രതിവചിച്ചു: “ഈ കുറ്റപ്പെടുത്തലുകൾ നിങ്ങളെ ഇളക്കരുത്. വിശ്വസ്തതയോടെ ഏറ്റുപറഞ്ഞതുകൊണ്ട് പത്രൊസിന് ആ പേര് കൊടുത്ത അതേ ക്രിസ്തു, അതേപാറ തന്നെയാണ് സഭയുടെ അടിസ്ഥാനം. ഓരോ രാഷ്ട്രത്തിലും പൂർണ്ണ വിശ്വാസത്തോടെ കർത്താവായ യേശുവിൽ വിശ്വസിക്കുന്ന ഏവരും ദൈവത്താൽ അംഗീകരിക്കപ്പെടുന്നു. അവരാണ് യഥാർത്ഥ സഭ. അതിന് വെളിയിൽ ഒരുത്തർക്കും രക്ഷയില്ല'. - D'Aubigne, London ed. b.8, ch. 2.

ആ സമ്മേളനത്തിൻറെ ഫലമായി

ബിഷപ്പിൻറെ പ്രതിനിധികളിൽ ഒരാൾ നവീകരണ വിശ്വാസം സ്വീകരിച്ചു.

ആ ആലോചനാസമിതി സ്വിംഗ്ളിക്ക് എതിരായി നടപടി എടുക്കുന്നത് ഉപേക്ഷിച്ചു. അപ്പോൾ റോം പുതിയ ആക്രമണത്തിന് ഒരുങ്ങി. ശത്രുക്കളുടെ ഗൂഢാലോചനയെപ്പറ്റി അറിവു കിട്ടിയപ്പോൾ നവീകരണ കർത്താവ് അതിശയോക്തിപരമായി പറഞ്ഞു: “അവർ വരട്ടെ, കടലിലേക്ക് ഉന്തിനിൽക്കുന്ന പാറയിൽ ഇരിക്കുന്ന കരിവണ്ട് അതിൻറെ കാലിൻറെ കീഴിലുള്ള തിരമാ ലകളുടെ ഗർജ്ജനം കേട്ട് ഭയപ്പെടുന്നതുപോലെ ഞാൻ അവരെ ഭയപ്പെടുന്നു”. - Wylie, b.8, ch. 2. പുരോഹിതന്മാരുടെ

പ്രയത്നങ്ങൾക്ക് അവർ മറിച്ചിടാൻ ആഗ്രഹിച്ചിരുന്ന കാര്യങ്ങൾ ദൂരേയ്ക്ക് മാറ്റാൻ മാത്രമെ കഴിഞ്ഞുള്ളൂ. സത്യം തുടർന്നു വ്യാപിച്ചു. ലൂഥറിൻറെ അപ്രത്യക്ഷതയോടെ മ്ലാനമായിരുന്ന ജർമ്മനിയിലെ നവീകരണ പക്ഷക്കാർ, സുവിശേഷം സ്വിറ്റ്സർലന്റിൽ പുരോഗമിക്കുന്നത് കണ്ടിട്ട് വീണ്ടും സജീവമായി.

സൂറിച്ചിൽ നവീകരണം ദൃഢീകരിച്ചപ്പോൾ അതിൻറെ പൂർണ്ണഫലം കണ്ടത് ദുരാചാര നിയന്ത്രണത്തിലും ഐക്യത്തിൻറെയും നിയമവാഴ്ചയുടേയും അഭിവൃദ്ധിയിലും ആയിരുന്നു. "സമാധാനത്തിന് അവളുടെ വാസ സ്ഥാനം ഞങ്ങളുടെ പട്ടണത്തിൽ

ഉണ്ട്", സ്വിംഗ്ളി എഴുതി: "ഇവിടെ ഒരു വഴക്കോ, കാപട്യമോ, ശത്രുതയോ കിടമത്സരമോ ഇല്ല. കർത്താവിൽ നിന്നല്ലാതെ അങ്ങനെ ഒരു യോജിപ്പ് എവിടെനിന്നു വരാനാണ്? സമാധാനത്തിൻറെയും ഭക്തിയുടേയും ഫലങ്ങളാൽ നമ്മ നിറയ്ക്കുന്നു", ഉപദേശങ്ങളും കർത്താവിൽനിന്നു വരുന്നു" — ibid., 6, 8, ch. 15.

നവീകരണംകൊണ്ടു നേടിയ വിജയങ്ങൾ, റോമാക്കാരെ റോമിൻറെ സ്ഥാനഭംശത്തിനായി കൂടുതൽ നിശ്ചയദാർഢ്യമുള്ള പ്രയത്നങ്ങൾക്കായി അവരെ പ്രേരിപ്പിച്ചു. ജർമ്മനിയിൽ ലൂഥറുടെ വേലയെ അടിച്ചമർത്താനായി പീഡനം

അല്പം പോലും ഉപകരിക്കില്ലെന്നു കണ്ടപ്പോൾ നവീകരണത്തെ എതിരിടാൻ അതിൻറെതന്നെ ആയുധങ്ങളെ ഉപയോഗിക്കുവാൻ തീരുമാനിച്ചു. അവർ സ്വിംഗ്ളിയുമായി ഒരു വാഗ്വാദം ഏർപ്പെടുത്തുകയും, എതിരിടാനു ള്ള സ്ഥലവും, രണ്ട് തർക്കക്കാരുടേയും ഇടയിൽ കാര്യം തീരുമാനിക്കേണ്ട ന്യായാധിപനേയും അവർതന്നെ തീരുമാനിച്ച് വിജയം ഉറപ്പാക്കുകയും ചെയ്യും. അങ്ങനെ സ്വിംഗ്ളിയെ തങ്ങളുടെ അധീനതയിൽ കിട്ടിയാൽ രക്ഷപെടാതെ അവർ നോക്കിക്കൊള്ളും. നേതാവ് നിശ്ശബ്ദനായാൽ പ്രസ്ഥാനത്ത വളരെ വേഗം അടിച്ചമർത്താം. ഈ ഉദ്ദേശ്യം, എങ്ങനെയും ശ്രദ്ധയോടെ ഒളിച്ചുവെച്ചു.

ബാദനിൽ വാഗ്വാദം നടത്തുന്നതിനായി ഏർപ്പെടുത്തി. പക്ഷെ സ്വിംഗ്ളി സന്നിഹിതനായിരുന്നില്ല. പാപ്പാത്വമതക്കാരുടെ പദ്ധതിയിൽ അവിശ്വാസം തോന്നിയ സൂറിച്ചിലെ ആലോചനാസമിതി സുവിശേഷത്തിൻറെ പുരോഹിതന്മാർക്കായി പാപ്പാത്വഭ്രപ്രദേശത്ത് കുമ്പാരങ്ങൾക്ക് തീ കൊളുത്തി ജ്വലിപ്പിച്ച് മുന്നറിയിപ്പ് കൊടുത്തു. തങ്ങളുടെ പാസ്റ്റർമാർ സ്വയം ഈ അപകടത്തിൽ ചെന്നുചാടുന്നത് അവർ തടഞ്ഞു. റോം അയയ്ക്കുന്ന ഒളിപ്പോരാളികളെ സൂറിച്ചിൽവെച്ച് നേരിടാൻ അദ്ദേഹം തയ്യാറായിരുന്നു. എന്നാൽ സത്യത്തിനുവേണ്ടി

രക്തസാക്ഷികളുടെ രക്തം ചിന്തപ്പെട്ട ഉടനെ ബാദനിലേക്ക് പോകുന്നത് തീർച്ചയായും മരണത്തിലേക്കുള്ള പോക്കാണ്. ഒരുകൂട്ടം പണ്ഡിതരായ ഡോക്ടർമാരാലും മേൽപട്ടക്കാരാലും പിൻതാങ്ങപ്പെട്ടുകൊണ്ട് ഒക്കോലമ്പാഡിയസും ഹാള്ളറും നവീകരണക്കാരെ പ്രതിനിധീകരിക്കുവാൻ തിരഞ്ഞെടുക്കപ്പെട്ടപ്പോൾ പ്രശസ്തനായ ഡോക്ടർ എക്ക് ആയിരുന്നു റോമിൻറെ പ്രഗത്ഭൻ.

ആ സമ്മേളനത്തിൽ സ്വിംഗ്ളി ആഗതനല്ലായിരുന്നെങ്കിലും അദ്ദേഹത്തിൻറെ സ്വാധീനം അവിടെ ഉണ്ടായിരുന്നു. സെക്രട്ടറിമാരെല്ലാം

പാപ്പാത്വമതക്കാരാൽ
തിരഞ്ഞെടുക്കപ്പെട്ടിരുന്നു. മറ്റുള്ളവർ
മരണവേദനയുടെ കുറിപ്പുകൾ
എഴുതുന്നതിൽ നിന്നും
വിലക്കപ്പെട്ടിരുന്നു. എങ്കിൽ തന്നെയും
ബാദനിൽ എന്താണ് പറഞ്ഞത്
എന്നുള്ളതിൻറെ വിശ്വസ്തമായ
വിവരണം സ്വിംഗ്ളിക്ക് ദിനവും
കിട്ടിയിരുന്നു. ഈ വാഗ്വാദത്തിൽ
സന്നിഹിതനായിരുന്ന ഒരു വിദ്യാർത്ഥി
എല്ലാ സായാഹ്നത്തിലും ആ ദിവസം
നടന്ന വാഗ്വാദത്തെക്കുറിച്ചുള്ള ഒരു രേഖ
ഉണ്ടാക്കി. ഈ കടലാസ്സുകൾ
ഒക്കോലമ്പാഡിയസിൻറെ
ദിനംതോറുമുള്ള എഴുത്തുകളോടൊപ്പം
സൂറിച്ചിൽ സ്വിംഗ്ളിക്ക് എത്തിച്ചു
കൊടുക്കുന്ന ചുമതല വേറെ രണ്ട്

വിദ്യാർത്ഥികൾ ഏറ്റെടുത്തു. നവീകരണ കർത്താവ് ഉപദേശങ്ങളും നിർദ്ദേശങ്ങളും കൊടുത്തുകൊണ്ട് മറുപടി എഴുതി. അദ്ദേഹം തൻറെ എഴുത്തുകൾ രാത്രിയിൽ എഴുതുകയും വിദ്യാർത്ഥികൾ രാവിലെ അവയുമായി ബാദനിലേക്ക് തിരിച്ചുപോകുകയും ചെയ്തിരുന്നു. പട്ടണവാതിൽക്കൽ ഉണ്ടായിരുന്ന പാറാവുകാരുടെ ജാഗ്രതയിൽനിന്ന് ഒഴിയുന്നതിനായി ഈ ദൂതുവാഹകർ കുട്ടയിൽ വളർത്തുപക്ഷികളെ ഇട്ട് തലയിൽ ചുമന്നുകൊണ്ട് പോയി. അവർ കടന്നുപോകുന്നതിന് തടസ്സം ഒന്നും ഉണ്ടായതുമില്ല.

സ്വിംഗ്ളി തൻറെ തന്ത്രശാലിയായ പ്രതിയോഗിയോട് യുദ്ധം നില നിർത്തി. മൈക്കോണിയസ് ഇങ്ങനെ പറഞ്ഞു: "ശത്രുക്കളുടെ മദ്ധ്യേ ഇരുന്ന് പ്രതിവാദിക്കുന്നതിനേക്കാൾ, അദ്ദേഹത്തിൻറെ ധ്യാനം, ഉറക്കം ഇല്ലാത്ത രാത്രികൾ, ബാദനിലേക്ക് അയച്ച ഉപദേശങ്ങൾ എന്നിവയാൽ അദ്ദേഹം കൂടുതൽ അദ്ധ്വാനിച്ചു". - D'Aubigne, b. 2, ch. 13.

റോമാക്കാർ മുൻകൂട്ടി നിശ്ചയിച്ച വിജയത്താൽ സന്തോഷിച്ച്, രത്നങ്ങളാൽ തിളങ്ങുന്ന, വിലകൂടിയ വിശേഷവസ്ത്രങ്ങൾ അണിഞ്ഞാണ് ബാദനിലേക്ക് വന്നത്. അവർ സുഖലോലുപതയിൽ നാളുകൾ തള്ളി.

ഏറ്റവും ഇഷ്ടമുള്ളതും വിലകൂടിയതും രുചികരവുമായ വീഞ്ഞുകൾകൊണ്ട് അവരുടെ മേശ നിറഞ്ഞിരുന്നു. അവരുടെ പൗരോഹിത്യ ചുമതലകളുടെ ഭാരം ആഹ്ലാദംകൊണ്ടും പാനമഹോത്സവംകൊണ്ടും ലഘൂകരിക്കപ്പെട്ടിരുന്നു. അവരെ അപേക്ഷിച്ച് നവീകരണ കർത്താക്കളിൽ വ്യക്തമായ വ്യത്യാസം കാണപ്പെട്ടു. ഒരുകൂട്ടം ധർമ്മക്കാരെക്കാൾ അല്പംകൂടെ മെച്ചപ്പെട്ടവർ എന്ന നിലയിൽ ആളുകൾ അവരെ നോക്കി. അവരുടെ മിതവ്യയം അവരെ മേശയ്ക്കരികിൽ കുറച്ചു സമയമെ പ്രവർത്തിപ്പിച്ചുള്ളു. ഇക്കോലമ്പാഡിയസിൻറെ ഭൃവുടമ അദ്ദേഹത്തിൻറെ മുറിയിൽ

അദ്ദേഹത്തെ കാണാനുള്ള സന്ദർഭം ഉണ്ടാക്കി, ഇക്കോലമ്പാഡിയസ് സദാ പ്രാർത്ഥനയിലൊ പഠനത്തിലൊ ബദ്ധശ്രദ്ധനായിരിക്കുന്നത് കണ്ടു. അദ്ദേഹം വളരെ അത്ഭുതത്തോടെ പ്രസ്താവിച്ചു: മതനിന്ദകൻ, കുറഞ്ഞപക്ഷം വളരെ ഭക്തൻ ആണ്.

ആ സമ്മേളനത്തിൽ, "പ്രൗഢഗംഭീരമായി അലങ്കരിച്ച പ്രസംഗപീഠത്തിൽ എക്ക് ഗർവ്വത്തോടെ കയറി. വിനീതനായ, താണതരം വസ്ത്രം ധരിച്ചിരുന്ന ഇക്കോലമ്പാഡിയസ് ആകട്ടെ, പരുഷമായി ചിത്രപ്പണി ചെയ്തിരുന്ന സ്റ്റൂളിൽ എതിരാളികളുടെ മുൻപിൽ ഇരിക്കാൻ നിർബന്ധിതനായി. -

Ibid, b.2, ch. 13. എക്കിൻ്റെ പ്രൗഢഗംഭീരമായ നാദവും പരിധി ഇല്ലാത്ത ഉറപ്പും അദ്ദേഹത്തെ തോല്പിച്ചില്ല. പ്രശസ്തിയോടും സ്വർണ്ണത്തോടും ഉള്ള ആശ അദ്ദേഹത്തിൻ്റെ അഭിനിവേശത്തെ ഉത്തേജിപ്പിച്ചു. എന്നാൽ വിശ്വാസിയുടെ രക്ഷകൻ്റെ പ്രതിഫലം ഉദാരമായ ശമ്പളം ആയിരുന്നു. നല്ല വാദങ്ങൾ തോറ്റപ്പോൾ എക്കിന് അധിക്ഷേപത്തിലും ശപഥത്തിലും അഭയം കണ്ടെത്തേണ്ടി വന്നു.

ഇക്കോലമ്പാഡിയസ്, ആത്മവിശ്വാസം ഇല്ലാത്ത വിനീതൻ, എതിരിടലിൽനിന്ന് ഉള്ളിലേക്ക് വലിഞ്ഞ് ഗൗരവമേറിയ

പ്രതിജ്ഞയോടുകൂടി വിവാദത്തിൽ പ്രവേശിച്ചു. “വിധിയുടെ മാനദണ്ഡം ദൈവത്തിൻറെ വചനമല്ലാതെ മറ്റൊന്നും അല്ലെന്ന് ഞാൻ അറിയിക്കുന്നു”. - !!! : Ibid h.2, ch . t3. പെരുമാറ്റത്തിൽ മര്യാദയുള്ളവനും സൗമ്യനുമായ അദ്ദേഹം പതറാത്തവനും കഴിവുള്ളവനും ആണെന്ന് സ്വയം തെളിയിച്ചു. റോമാക്കാർ അവരുടെ പതിവനുസരിച്ച് സഭയുടെ ആചാരങ്ങൾക്ക് ആധിപത്യം വേണമെന്ന് അഭ്യർത്ഥിച്ചപ്പോൾ നവീകരണക്കാരൻ വിശുദ്ധവചനത്തോട് ദൃഢചിത്തതയോടെ പറ്റിനിന്നു. അദ്ദേഹം പറഞ്ഞു: “ഭരണഘടനയോട് അനുരൂപമല്ലെങ്കിൽ ആചാരങ്ങൾക്ക് സ്വിറ്റ്സർലന്റിൽ യാതൊരു ശക്തിയും

ഇല്ല. ഇപ്പോൾ വിശ്വാസപരമായ കാര്യങ്ങളിൽ, ബൈബിൾ ആണ് ഞങ്ങളുടെ ഭരണഘടന”. - Ibid., b. 2, ch. 13.

രണ്ട് തർക്കക്കാരും തമ്മിലുള്ള വിപരീതതത്വം പ്രയോജനമില്ലാത്തതായിരുന്നു. നവീകരണ കർത്താവിന്റെ ശാന്തവും, സ്പഷ്ടവുമായ ന്യായവാദം, സൗമ്യതയോടും വിനയത്തോടുംകൂടെയുള്ള അവതരണം എന്നിവ എക്കിൻറെ കോലാഹലത്തോടുകൂടിയ ആത്മപ്രശംസാപരമായ ധാരണകളാൽ വെറുപ്പു നിറഞ്ഞ മനസ്സുകളെ കീഴടക്കി.

ചർച്ച പതിനെട്ട് ദിവസം തുടർന്നു. അതിൻറെ അവസാനത്തിൽ പാപ്പാ മതാനുയായികൾ വലിയ ആത്മവിശ്വാസത്തോടെ വിജയം അവകാശപ്പെട്ടു. മിക്കവാറും പ്രതിനിധികൾ റോമിൻറെ പക്ഷം ചേർന്നു. ആലോചനാസഭ നവീകരണക്കാരുടെ മേൽ വിധി പ്രസ്താവിച്ചു. അവരും അവരുടെ നായകനായ സ്വിംഗളിയും സഭാഗത്വത്തിൽനിന്ന് നീക്കപ്പെട്ടു. പക്ഷെ പ്രയോജനം ഏതു വശത്ത് കിടക്കുന്നു എന്ന് സമ്മേളനത്തിൻറെ ഫലങ്ങൾ വെളിപ്പെടുത്തി. നവീകരണക്കാർക്ക് ഒരു ബലമേറിയ പ്രേരകശക്തി ഈ മത്സരത്താൽ സംജാതമായി. അധികം

ദീർഘിക്കുന്നതിനുമുൻപെ പ്രധാന നഗരങ്ങളായ ബേണും ബാസലും നവീകരണം പ്രഖ്യാപിച്ചു.

## അദ്ധ്യായം 10—ജർമ്മനിയിൽ നവീകരണത്തിൻറെ പുരോഗതി

ലൂഥറിൻറെ നിഗൂഢമായ അപ്രത്യക്ഷത ജർമ്മനിയിൽ എല്ലാടവും സംഭ്രാന്തി പരത്തി അദ്ദേഹത്തെക്കുറിച്ചുള്ള അന്വേഷണങ്ങൾ എവിടെയും കേൾക്കാമായിരുന്നു. ഭ്രാന്തമായ കിംവദന്തികൾ പ്രചരിച്ചു. പലരും അദ്ദേഹം കൊല്ലപ്പെട്ടു എന്ന് വിശ്വസിച്ചു. അദ്ദേഹത്തിൻറെ യഥാർത്ഥ കൂട്ടുകാരാലും നവോത്ഥാനത്തോട് സ്പഷ്ടമായ നിലപാട് എടുക്കാത്ത ആയിരങ്ങളാലും വലിയ വിലാപം ഉണ്ടായി. അദ്ദേഹത്തിൻറെ മരണത്തിന് പ്രതികാരം ചെയ്യാൻ ഒരു പാവനമായ

ശപഥത്താൽ പലരും സ്വയം തീരുമാനിച്ചു.

തങ്ങൾക്ക് എതിരെയുള്ള വികാരം ശ്രുക്ഷമായിരിക്കുന്നു എന്ന് റോമിൻറെ നായകന്മാർ ഉൾക്കിടിലത്തോടെ മനസ്സിലാക്കി. ലൂഥറിൻറെ സാങ്കല്പിക മരണത്തിൽ ആദ്യം മതിമറന്ന് ആഹ്ളാദിച്ചെങ്കിലും അവർ പെട്ടെന്ന് ജനങ്ങളുടെ കോപത്തിൽനിന്നും ഒളിക്കുവാൻ ആഗ്രഹിച്ചു. അദ്ദേഹത്തെ നീക്കം ചെയ്യാനായി ഒരുങ്ങിയപ്പോൾ അദ്ദേഹം അവരുടെ ഇടയിൽ ചെയ്ത ഏറ്റവും സാഹസികമായ പ്രവൃത്തികൾ പോലും തൻറെ ശത്രുക്കൾക്ക് പ്രയാസം ഉണ്ടാക്കുന്നതായിരുന്നില്ല. തങ്ങളുടെ രോഷത്താൽ ധീരനായ ആ നവീകരണ

കർത്താവിനെ നശിപ്പിക്കാൻ വിചാരിച്ചവരൊക്കെ ഇപ്പോൾ ഭയവിഹ്വലരായി. കാരണം അദ്ദേഹം ഇപ്പോൾ ഒരു നിസ്സഹായനായ തടവുകാരൻ ആണല്ലൊ. ഒരുവൻ പറഞ്ഞു: "നമ്മെ രക്ഷിക്കാനായി അവശേഷിച്ചിരിക്കുന്ന ഏക മാർഗ്ഗം, മോർച്ചുകൾ തെളിച്ച് ലോകം മുഴുവനും ലൂഥറിനെ തിരഞ്ഞ് പിടിച്ച്, അദ്ദേഹത്തെ ആവശ്യപ്പെടുന്ന രാഷ്ട്രത്തിന് വിട്ടുകൊടുക്കുക". - D' Aubigne, b. 9, ch. 1. ചക്രവർത്തിയുടെ രാജശാസനം ശക്തിയില്ലാത്തതായി കാണപ്പെട്ടു. ലൂഥറിൻറെ വിധിയെക്കാൾ വളരെ കുറഞ്ഞ ശ്രദ്ധയേ അതിന് കിട്ടുന്നുള്ളൂ എന്നു കണ്ട പോപ്പിൻറെ

പ്രതിനിധികൾ കോപം കൊണ്ട്
നിറഞ്ഞു.

തടവുകാരൻ ആണെങ്കിലും അദ്ദേഹം സുരക്ഷിതനാണെന്നുള്ള സദ്വർത്തമാനം ജനങ്ങളുടെ ഭയത്തെ ശമിപ്പിച്ചുവെങ്കിലും അദ്ദേഹത്തോടുള്ള താത്പര്യം വർദ്ധിച്ചുവന്നു. അദ്ദേഹത്തിൻറെ എഴുത്തുകൾ മുൻപത്തേതിലും ഔത്സുക്യത്തോടെ വായിക്കാൻ തുടങ്ങി. പേടിപ്പെടുത്തുന്ന അസാധാരണ തത്വങ്ങളിൽ, ദൈവവചനത്തിലെ ആത്മരക്ഷ നേടിയ വീരനായ മനുഷ്യൻറെ ലക്ഷ്യത്തോട് യോജിച്ചവരുടെ എണ്ണം കൂടിക്കൊണ്ടിരുന്നു. നവീകരണം അഭംഗുരം

ശക്തിയാർജ്ജിച്ചുകൊണ്ടിരുന്നു. ലൂഥർ വിതച്ച വിത്ത് എല്ലായിടത്തും പൊട്ടിക്കിളിർത്തു. അദ്ദേഹത്തിൻറെ സാന്നിദ്ധ്യത്തിൽ ചെയ്യുവാൻ സാധിക്കാതെ വരുമായിരുന്ന ജോലി അസാന്നിദ്ധ്യത്തിൽ നിർവ്വഹിക്കപ്പെട്ടു. മറ്റു ജേലിക്കാർ തങ്ങളുടെ വലിയ നേതാവ് മാറ്റപ്പെട്ടുകയാൽ പുതിയ ചുമതലകൾ ഏറ്റു. പുതിയ വിശ്വാസത്തോടും വ്യഗ്രതയോടുംകൂടെ അവർ ഉത്തമമായി ആരംഭിച്ച ജോലി തടസ്സപ്പെടാതിരിക്കാൻ, തങ്ങളാൽ കഴിയുന്നതെല്ലാം ചെയ്യുന്നതിന് നിർബന്ധിതരായി.

പക്ഷെ, പിശാചും മടിപിടിച്ചിരുന്നില്ല. മറ്റുള്ള എല്ലാ നവീകരണ പ്രസ്ഥാനങ്ങളിലും ശ്രമിച്ചുനോക്കിയ അതേ സംഗതി ഇവിടെയും പരീക്ഷിച്ചു. സത്യത്തിൻറെ സ്ഥാനത്ത് കാപട്യം കാണിച്ച് മനുഷ്യരെ തൻറെ കൈക്കുള്ളിലാക്കി ചതിക്കയും നശിപ്പിക്കുകയും ചെയ്തു. ക്രിസ്തീയ പള്ളികളിൽ ആദ്യത്തെ നൂറ്റാണ്ടിൽ കപട ക്രിസ്തുക്കൾ ഉണ്ടായിരുന്നതുപോലെ പതിനാറാം നൂറ്റാണ്ടിലും കള്ളപ്രവാചകന്മാർ എഴുന്നേറ്റു.

ആത്മീകലോകത്തിൽ വികാരവിക്ഷോഭം ആഴത്തിൽ ബാധിച്ച കുറെ ആളുകൾ, സ്വർഗ്ഗത്തിൽനിന്ന്

പ്രത്യേക വെളിപ്പാടുകൾ അവർക്ക് കിട്ടിയിട്ടുണ്ടെന്ന് സങ്കല്പിച്ചു. ലൂഥർ ദുർബ്ബലമായി ആരംഭിച്ചതെന്ന് അവർ പ്രഖ്യാപിച്ച് നവീകരണം പൂർത്തീകരണത്തിലേക്ക് നയിക്കാൻ സ്വർഗ്ഗീയമായി അധികാര പ്പെടുത്തപ്പെട്ടവരാണ് അവർ എന്ന് അവകാശപ്പെട്ടു. വിശ്വാസത്തിനും ആചാ രത്തിനും മതിയായ നിയമം ദൈവവചനമാണ് എന്നുള്ള നവീകരണത്തിൻറെ പ്രധാനപ്പെട്ട അടിസ്ഥാനതത്വംതന്ന് അവർ നിരാകരിച്ചു. ആ തെറ്റുപറ്റാത്ത വഴികാട്ടിക്കുപകരം, അസ്ഥിരമായ തങ്ങളുടെ സ്വന്തവികാരങ്ങളിൽനിന്നും ഉൽഭൂതമായ, മാറ്റം വരുത്തുന്നതും അനിശ്ചിതവുമായ മാനദണ്ഡങ്ങൾ

വെച്ചു. തെറ്റുകളേയും കാപട്യങ്ങളേയും കണ്ടുപിടിക്കാനുള്ള ആ വലിയ യന്ത്രത്തെ ഒരു വശത്തേക്ക് മാറ്റിയ പ്രവൃത്തിയാൽ, സാത്താന് മനുഷ്യമനസ്സുകളെ തൻറെ ഇഷ്ടത്തിന് ഒത്തവണ്ണം നിയന്ത്രിക്കാൻ വഴി തുറക്കപ്പെട്ടു.

ഗബ്രിയേൽ മാലാഖയാൽ പഠിപ്പിക്കപ്പെട്ടു എന്ന് അവരിൽ ഒരു പ്രവാചകൻ അവകാശപ്പെട്ടു. അദ്ദേഹത്തോട് ചേർന്ന ഒരു വിദ്യാർത്ഥി ദൈവവചനം വ്യാഖ്യാനിക്കുവാൻ ഉള്ള ജ്ഞാനം ദൈവംതന്നെ തനിക്ക് അവകാശമായി കൊടുത്തിട്ടുണ്ട് എന്ന് പ്രഖ്യാപിച്ചുകൊണ്ട് പഠനം പാടെ

ഉപേക്ഷിച്ചു. മത ഭ്രാന്തിനോട് സ്വാഭാവികമായും ചായ്‌വുള്ള മറ്റുള്ളവർ അവരോട് യോജിച്ചു. ഈ ഉത്സാഹഭരിതരുടെ നടപടികൾ ഉണ്ടാക്കിയ വികാരവിക്ഷോഭം ചെറുതൊന്നും ആയിരുന്നില്ല. ലൂഥറിൻറെ പ്രസംഗം എല്ലായിടത്തും ഒരു നവീകരണത്തിൻറെ ആവശ്യം ജനങ്ങളിൽ ഉണർത്തിയിരുന്നു. എന്നാൽ ഇപ്പോൾ ഈ പുതിയ പ്രവാചകന്മാരുടെ കപടവേഷത്താൽ യഥാർത്ഥത്തിൽ സത്യസന്ധരായ കുറെപേർ വഴി തെറ്റിപ്പോയി.

പ്രസ്ഥാനത്തിൻറെ നായകന്മാർ വിറ്റൻബർഗ്ഗിലേക്ക് പോയി. മെലംഗ്തണോടും അദ്ദേഹത്തിൻറെ

സഹകാരികളോടും തങ്ങളുടെ അവകാശവാദങ്ങൾ ഉന്നയിച്ചു. അവർ പറഞ്ഞു: "ജനങ്ങളെ പഠിപ്പിക്കുവാൻ ദൈവം ഞങ്ങളെ അയച്ചിരിക്കുകയാണ്. കർത്താവുമായി വളരെ അടുത്ത സംഭാഷണം ഞങ്ങൾ നടത്തി. എന്ത് സംഭവിക്കും എന്ന് ഞങ്ങൾക്ക് അറിയാം. ഒരു വാക്കിൽ പറഞ്ഞാൽ ഞങ്ങൾ അപ്പൊസ്തലന്മാരും പ്രവാചകന്മാരും ആണ്; ഞങ്ങൾ ഡോക്ടർ ലൂഥറോട് അഭ്യർത്ഥിക്കുന്നു".
- Ibid., 6.9, ch. 7.

നവീകരണ കർത്താക്കൾ അത്ഭുതപ്പെടുകയും സംഭ്രമിക്കുകയും ചെയ്തു. ഇതിനുമുൻപ് ഒരിക്കലും ഏറ്റുമുട്ടിയിട്ടില്ലാത്ത ഒരു

ഘടകമായിരുന്ന അത്. ഏത് പ്രവർത്തനരീതി തുടരണമെന്നും അവർ അറിഞ്ഞില്ല. മെലംഗ്തൺ പറഞ്ഞു: തീർച്ചയായും ഈ മനുഷ്യരിൽ അസാധാരണമായ ആത്മാവുണ്ട്. പക്ഷെ ഏതാത്മാവാണ്?.... ഒരുവശത്ത് ദൈവാത്മാവിനെ കെടുത്താതെയും മറ്റേ വശത്ത് പിശാചിൻറെ ആത്മാവിനാൽ വഴി തെറ്റിപ്പോകാതിരിക്കാനും സൂക്ഷിക്കുക". - Ibid., 6, 9, ch. 7.

പുതിയ പഠിപ്പിക്കലിൻറെ ഫലം പെട്ടെന്ന് വ്യക്തമായി ജനങ്ങൾ ബൈബിൾ അവഗണിക്കുകയോ മുഴുവനായി തള്ളിക്കളയുകയോ ചെയ്യാനിടയായി. വിദ്യാലയങ്ങൾ കലക്കത്തിലായി വിദ്യാർത്ഥികൾ

എല്ലാ നിയന്ത്രണങ്ങൾക്കും അതീതി
പഠനം ഉപേക്ഷിക്കുകയും
യൂണിവേഴ്സിറ്റിയിൽനിന്ന്
പിൻവാങ്ങുകയും ചെയ്തു. നവീകരണ
പ്രവർത്തനം പുനരുജ്ജീവിപ്പിക്കാനും
നിയന്ത്രി ക്കാനും കഴിയുമെന്ന്
ചിന്തിച്ചിരുന്നവർക്ക് അതിനെ
നാശത്തിൻറെ വക്കിൽ
എത്തിക്കുന്നതിൽ മാത്രം വിജയിച്ചു.
പാപ്പാത്വ മതാനുയായികൾ
ആത്മവിശ്വാസം വീണ്ടെടുത്തുകൊണ്ട്
വിജയോത്സവത്തോടെ
ആർത്തുവിളിച്ചു: - “അവസാനത്തെ
ഒറ്റപ്പോരാട്ടം, എന്നാൽ എല്ലാം
നമ്മുടേത്”. - Ibid., p. 9. ch. 7.

സംഭവിച്ചതിനെക്കുറിച്ച് ലൂഥർ വാർട്ട് ബർഗ്ഗിൽ കേട്ടപ്പോൾ ചിന്താഭാരത്തോടെ ഇങ്ങനെ പറഞ്ഞു: - "സാത്താൻ നമുക്ക് ഈ ബാധ അയയ്ക്കുമെന്ന് ഞാൻ എപ്പോഴും പ്രതീക്ഷിച്ചിരുന്നതാണ്". -- Ibid., b. 9, ch. 7. കപട പ്രവാചകന്മാരുടെ യഥാർത്ഥ സ്വഭാവം അദ്ദേഹം മനസ്സിലാക്കി. സത്യത്തിനു ഭീഷണിയായേക്കാവുന്ന അപകടത്തേയും കണ്ടു. ഇപ്പോൾ അനുഭവിച്ചതു പോലെയുള്ള മഹാവ്യഥയും പരിഭ്രമവും പോപ്പിൻറേയും ചക്രവർത്തിയുടേയും എതിർപ്പുകാരണം ഉണ്ടായിട്ടില്ല. നവീകരണത്തിൻറെ സുഹൃത്തുക്കളെന്ന് അവകാശപ്പെട്ടവർ അതിൻറെ ഏറ്റവും

കടുത്ത ശത്രുക്കളായി എഴുന്നേറ്റു. വളരെ അധികം സന്തോഷവും ആശ്വാസവും അദ്ദേഹത്തിനു നൽകിയ അതേ സത്യം, പള്ളിയിൽ സ്പർദ്ധയും അസ്വസ്ഥതയും ഉണ്ടാ കുവാനിടയായി.

നവീകരണ പ്രവർത്തനത്തിൽ മുമ്പോട്ടുപോകാനുള്ള ഉത്തേജനം ദൈവാത്മാവിലൂടെ ലഭിച്ചിരുന്നതിനാൽ ലൂഥർ അറിയാതെതന്നെ വളരെ ദൂരം മുമ്പോട്ടുപോയി. താൻ വഹിച്ച സ്ഥാനങ്ങൾ എടുക്കുന്നതിനോ അല്ലെ.ങ്കിൽ സമൂലമായ പരിവർത്തനങ്ങൾ വരുത്തുന്നതിനൊ അദ്ദേഹം ഉദ്ദേശിച്ചിരുന്നില്ല. പക്ഷെ, അദ്ദേഹം അനന്തമായ ശക്തിയുടെ കയ്യിലെ ആയുധമായിരുന്നു. എന്നിട്ടും

അദ്ദേഹം പലപ്പോഴും തൻറെ പ്രവർത്തന ഫലത്തെക്കുറിച്ച് ഭയപ്പെട്ടിരുന്നു. ഒരിക്കൽ അദ്ദേഹം ഇങ്ങനെ പറഞ്ഞു: “എൻറെ ഉപദേശം ഒരു വ്യക്തിയെ, ഒറ്റ ഒരു വ്യക്തിയെ, ലളിതമായ വിധത്തിലൊ സ്പഷ്ടമല്ലാത്ത വിധത്തിലൊ മുറിപ്പെടുത്തി എന്ന് ഞാൻ അറിയാനിടയായാൽ - അതിന് സാധ്യത ഇല്ല; കാരണം അത് സുവിശേഷം ആണ് - എൻറെ പ്രസ്താവം പിൻവലിക്കുന്നതിനേക്കാൾ ഞാൻ പത്തുവട്ടം മരിക്കുന്നതായിരിക്കും നല്ലത്". - Ibid., b. 9, ch. 7.

നവീകരണത്തിൻറെ കേന്ദ്രമായിരുന്ന അതേ വിറ്റൻബർഗ്ഗുതന്നെ മത ഭ്രാന്തിൻറെയും അരാജകത്വത്തിൻറെയും

ശക്തിയിൽ അമർന്നുകൊണ്ടിരുന്നു. ഈ ദാരുണമായ അവസ്ഥ ലൂഥറിൻറെ പഠിപ്പിക്കലുകളിൽനിന്ന് ഉണ്ടായതല്ല. പക്ഷെ, ജർമ്മനിയിൽ എല്ലായിടത്തും അദ്ദേഹത്തിൻറെ ശത്രുക്കൾ ഈ കുറ്റം അദ്ദേഹത്തിനുമേൽ ചുമത്തി. വേദന നിറഞ്ഞ ഹൃദയത്തോടെ അദ്ദേഹം, ചിലപ്പോൾ ചോദിക്കുമായിരുന്നു: -- "നവീകരണത്തിൻറെ മഹത്തായ പ്രവർത്തനം ഇങ്ങനെയോ അവസാനിക്കുന്നത്". --- Ibid., b. 9, ch. 7. അദ്ദേഹം പ്രാർത്ഥനയിൽ ദൈവത്തോട് മല്പിടുത്തം നടത്തിയപ്പോൾ ഹൃദയത്തിലേക്ക് സമാധാനം ഒഴുകി. അദ്ദേഹം പറഞ്ഞു: "ഈ ജോലി എൻറേതല്ല, എന്നാൽ അങ്ങയുടേതാണ്. മതഭ്രാന്തും

അന്ധവിശ്വാസവുംകൊണ്ട് അത് കലുഷമാകുന്നത് ദൈവം സഹിക്കുകയില്ല. പക്ഷെ ഇത്തരത്തിലുള്ള ഒരു പ്രതിസന്ധിഘട്ടത്തിൽനിന്ന് മാറിനില്ക്കുന്ന വിചാരംതന്നെ അദ്ദേഹത്തിന് അനുകൂലമല്ലാതായി. അദ്ദേഹം വിറ്റൻബർഗ്ഗിലേക്ക് മടങ്ങുവാൻ തീരുമാനിച്ചു.

താമസിയാതെ അദ്ദേഹം തൻറെ ആപൽക്കരമായ യാത്ര ആരംഭിച്ചു. അദ്ദേഹം സാമാജ്യത്തിൻറെ നിരോധനത്തിൻ കീഴിലായിരുന്നു. തൻറെ ജീവൻ എടുക്കാൻ ശത്രുക്കൾക്ക് സ്വാതന്ത്ര്യം ഉണ്ടായിരുന്നു. അദ്ദേഹത്തിന് അഭയമോ സഹായമോ

കൊടുക്കുന്നതിൽനിന്നും സ്നേഹിതരെ വിലക്കിയിരുന്നു. പരമാധികാരമുള്ള ഗവണ്മെന്റ് അദ്ദേഹത്തിൻറെ അനുയായികൾക്കെതിരായി, ഏറ്റവും കർക്കശമായ നടപടികളാണ് കൈക്കൊണ്ടിരുന്നത്. പക്ഷെ സുവിശേഷവേല അപകടത്തിലായെന്നുകണ്ടപ്പോൾ സത്യത്തിനുവേണ്ടി യുദ്ധം ചെയ്യാൻ കർത്താവിന്റെ നാമത്തിൽ നിർഭയം മുന്നിട്ടിറങ്ങി.

എലക്ടർക്ക് എഴുതിയ ഒരു എഴുത്തിൽ, വാർച്ച് ബർഗ്ഗ് വിട്ടുപോകുന്ന തിൻറെ ഉദ്ദേശം പറഞ്ഞതിനുശേഷം ലൂഥർ എഴുതി: "രാജകുമാരന്മാർക്കും പ്രഭുക്കന്മാർക്കും ഉള്ളതിലും ഉന്നതമായ

സംരക്ഷണത്തിലാണ് ഞാൻ വിറ്റൻ ബർഗ്ഗിലേക്ക് പോകുന്നത് എന്ന് തിരുമനസ്സുകൊണ്ട് അറിഞ്ഞാലും. തിരുമനസ്സിൻറെ സംരക്ഷണം അഭ്യർത്ഥിക്കുന്നതിനെക്കുറിച്ച് ഞാൻ ചിന്തിക്കുന്നില്ല. താങ്കളിൽനിന്നുള്ള സംരക്ഷണം ആഗ്രഹിക്കുന്നതിനേക്കാൾ ഞാൻതന്നെ അങ്ങയെ സംരക്ഷിക്കും. തിരുമനസ്സുകൊണ്ട് എന്നെ സംരക്ഷിക്കുമെന്നോ, സംരക്ഷിക്കാൻ കഴിയുമെന്നോ ഞാൻ അറിഞ്ഞിരുന്നുവെങ്കിൽ, ഞാൻ വിറ്റൻ ബർഗ്ഗിലേക്ക് പോവുകയേ ഇല്ലായിരുന്നു. ഈ ലക്ഷ്യത്തെ പോഷിപ്പിക്കാവുന്ന ഒരു അധികാരവും ഇല്ല. മനുഷ്യൻറെ സഹായമോ

സഹകരണമോ കൂടാതെ ദൈവംതന്നെ പ്രവർത്തിക്കണം. സംരക്ഷിക്കാൻ ഏറ്റവും ശക്തനായവൻ ആരോ അവനിൽ ഏറ്റവും വലിയ വിശ്വാസവും ഉണ്ട്". - Ibid.,b.9, ch.8.

വിറ്റൻബർഗ്ഗിലേക്ക് പോകുന്ന വഴിയിൽവെച്ച് എഴുതിയ രണ്ടാമത്തെ കത്തിൽ ലൂഥർ ഇങ്ങനെ കൂട്ടിച്ചേർത്തു: - "തിരുമനസ്സിൻറെ അനിഷ്ടത്തിനും മുഴുലോകത്തിൻറെയും കോപത്തിനും പാത്രമായിത്തീരാൻ ഞാൻ ഒരുക്കമാണ്. വിറ്റൻബർഗ്ഗകാർ എൻറെ ആടുകളല്ലേ? ദൈവം അവരെ എന്നെ ഏൽപിച്ചിട്ടില്ലേ? വേണ്ടിവന്നാൽ അവർക്കുവേണ്ടി മരണത്തിന് എന്നെത്തന്നെ ഏൽപിച്ചു

കൊടുക്കേണ്ടതല്ലയോ? കൂടാതെ ജർമ്മനിയിൽ ഭയങ്കരമായൊരു പോരാട്ടം ഉണ്ടാകുമെന്നു ഞാൻ ഭയപ്പെടുന്നു. അതുമുഖാന്തരം ദൈവം നമ്മുടെ രാഷ്ട്രത്തെ ശിക്ഷിക്കും'.- Ibid.. b. 9, ch. 7.

വലിയ മുൻകരുതലോടും താഴ്ചയോടും എന്നാൽ ഉറച്ച തീരുമാന ത്തോടും നിശ്ചയദാർഢ്യത്തോടുംകൂടെ അദ്ദേഹം ജോലിയിൽ പ്രവേശിച്ചു അദ്ദേഹം പറഞ്ഞു: "അക്രമംകൊണ്ട് പടുത്തുയർത്തിയതിനെ നമുക്ക് വചനത്താൽ തകർക്കാം. അന്ധവിശ്വാസികളുടെമേലും അവിശ്വാസികളുടെ മേലും ഒരു സമ്മർദ്ദവും ചെലുത്തുകയില്ല....

ഒരുത്തരും നിർബന്ധിക്കപ്പെടരുത്. സ്വാതന്ത്ര്യമാണ് വിശ്വാസത്തിൻറെ അന്തസ്സത്ത". --Ibid., b.9, ch. 8.

ലൂഥർ തിരികെ വന്നു എന്നും അദ്ദേഹം പ്രസംഗിക്കുവാൻ പോകുന്നു വെന്നും വിറ്റൻബർഗ്ഗിലെല്ലാം വേഗം അറിവു ലഭിച്ചു. ജനക്കൂട്ടം എല്ലാഭാഗത്തു നിന്നും തടിച്ചുകൂടി, പള്ളി നിറഞ്ഞുകവിഞ്ഞു. പ്രസംഗപീഠത്തിൽ അദ്ദേഹം കയറിനിന്നുകൊണ്ട് ഉൽകൃഷ്ടമായ ജ്ഞാനത്തോടും സൗമ്യതയോടുംകൂടെ ഉപദേശിക്കുകയും ഗുണദോഷിക്കുകയും ശാസിക്കുകയും ചെയ്തു. കുർബ്ബാനയെ ഇല്ലാതാക്കാൻ ചിലർ അക്രമനടപടികൾ സ്വീകരിക്കുവാൻ ശ്രമിക്കുന്നതിനെ പരാമർശിച്ച്

അദ്ദേഹം പറഞ്ഞു: - "കുർബ്ബാന ഒരു മോശമായ കാര്യമാണ്, ദൈവം അതിന് എതിരാണ്. അതു തീർച്ചയായും നിർത്തലാക്കപ്പെടേണ്ടതാണ്; ലോകത്തിൽ എല്ലായിടത്തും അത് സുവിശേഷത്തിൻറെ അത്താഴമായി പുനഃസ്ഥാപിക്കപ്പെട്ടാൽ കൊള്ളാമായിരുന്നു. എന്നാൽ ഒരു ത്തനും ബലപ്രയോഗത്താൽ അതിൽനിന്നും മുറിച്ചു മാറ്റപ്പെടരുത്. നമ്മൾ ദൈവത്തിൻറെ കരങ്ങളിൽ ഈ സംഗതി ഏല്പിക്കണം. നാമല്ല ദൈവവചനം പ്രവർത്തിക്കട്ടെ. അത് എന്തുകൊണ്ടങ്ങനെ എന്ന് നിങ്ങൾ ചോദിക്കും. എന്തു കൊണ്ടെന്നാൽ കുശവൻ കളിമണ്ണ് പിടിച്ചിരിക്കുന്നതുപോലെ എൻറെ

കൈകളിൽ ഞാൻ മനുഷ്യഹൃദയങ്ങളെ പിടിക്കുന്നില്ല. നമുക്ക് പറയാനുള്ള അവകാശമുണ്ട്. പക്ഷെ, പ്രവർത്തിപ്പിക്കാനുള്ള അവകാശം ഇല്ല. നമുക്ക് പ്രസംഗിക്കാം; ബാക്കി കാര്യങ്ങൾ ദൈവത്തിനുള്ളതാണ്. ഞാൻ ബലം പ്രയോഗിച്ചാൽ എനിക്ക് എന്ത് പ്രയോജനം? കൊഞ്ഞനം, ഔപചാരികത്വം, മാനുഷികനിയമ ശാസനകൾ, കപടനാട്യം.... പക്ഷെ ഹൃദയത്തിൽ ആത്മാർത്ഥതയോ, വിശ്വാസമോ, സ്നേഹമോ ഉണ്ടായിരിക്കുകയില്ല. ഈ മൂന്നിൻറേയും അഭാവം എവിടെ ഉണ്ടോ അവിടെ എല്ലാറ്റിൻറെയും അഭാവം ഉണ്ട്. അങ്ങനെയുള്ള ഒരു പരിണാമത്തിന് ഞാൻ അവസരം കൊടുക്കയില്ല....

എനിക്കോ നിങ്ങൾക്കോ മുഴുലോകർക്കോ എല്ലാവരുടെയും കൂട്ടായ ശ്രമത്താലോ ചെയ്യാവുന്നതിലധികം ദൈവവചനത്താൽ മാത്രം ദൈവം ചെയ്യുന്നു. ദൈവം ഹൃദയത്തെ പിടിക്കുന്നു. ഹൃദയത്തെ സ്പർശിക്കുമ്പോൾ എല്ലാം വിജയിക്കും. . . .

"ഞാൻ പ്രസംഗിക്കും ചർച്ചചെയ്യും എഴുതും; പക്ഷെ ഞാൻ ആരേയും നിർബന്ധിക്കുകയില്ല, കാരണം വിശ്വാസം ഒരു സ്വമേധയാലുള്ള പ്രവൃത്തിയാണ്. ഞാൻ എന്താണ് ചെയ്തിട്ടുള്ളതെന്ന് നോക്കു. പോപ്പിനും പാപമോചനച്ചീട്ടുകൾക്കും പോപ്പിൻറെ ഉദ്യോഗസ്ഥന്മാർക്കും എതിരായി

ഞാൻ നിന്നു; പക്ഷെ അക്രമമോ ബഹളമോ കൂടാതെയായിരുന്നു. ദൈവത്തിൻറെ വചനം ഞാൻ മുൻപോട്ട് വെച്ചു; ഞാൻ പ്രസംഗിച്ചു, എഴുതി - ഇത്രമാത്രമാണ് ഞാൻ ചെയ്തത്. എങ്കിലും ഞാൻ ഉറങ്ങിയപ്പോൾ ചക്രവർത്തിയോ രാജകുമാരനോ അതിനെ ഹനിക്കാത്തവിധം, ഞാൻ പ്രസംഗിച്ച വചനം പാപ്പാത്വ ഘടനയെ മറിച്ചിട്ടു. എന്നിട്ടും ഞാൻ ഒന്നും ചെയ്തില്ല. വചനംതന്നെയാണ് എല്ലാം ചെയ്തത്. ഞാൻ ബലം പ്രയോഗിക്കാൻ ആഗ്രഹിച്ചിരുന്നെങ്കിൽ, ഒരു പക്ഷെ ജർമ്മനി മുഴുവനും രക്തപ്രളയം ആകുമായിരുന്നു. എന്നാൽ അതിൻറെ ഫലം എന്തായേനേ?- ശരീരത്തിനും

ആത്മാവിന്നം നാശവും ശൂന്യതയും. അതുകൊണ്ട് വചനത്തെ മാത്രം ലോകത്തിലൂടെ ഓടാൻ അനുവദിച്ചുകൊണ്ട് ഞാൻ സ്വസ്ഥമായിരുന്നു". - Ibid., b. 9, ch. 8.

ജനക്കൂട്ടത്തെ ഉത്സുകരാക്കാൻ ഒരാഴ്ച്ച മുഴുവനും ലൂഥർ ദിനംതോറും പ്രസംഗം തുടർന്നു. ദൈവവചനം മതഭ്രാന്തിൻറെ വികാരവിക്ഷോഭത്തെ തകർത്തു. സുവിശേഷത്തിൻറെ ശക്തി വഴിതെറ്റിക്കപ്പെട്ട ജനങ്ങളെ സത്യത്തിൻറെ പാതയിലേക്ക് തിരിച്ചുകൊണ്ടുവന്നു. ഇത്ര അധികം തിന്മയ്ക്ക് കാരണഭൂതരായ മതഭ്രാന്തന്മാരെ എതിരിടണമെന്ന് ലൂഥർ ഒട്ടും

ആഗ്രഹിച്ചില്ല. ദൈവത്തിൽനിന്ന്
പ്രത്യേക വെളിച്ചം ലഭിച്ചവരെന്ന്
അവകാശപ്പെട്ട ഇവർ
അച്ചടക്കരഹിതരും അടിസ്ഥാനമില്ലാത്ത
വിധികർത്താക്കളും തങ്ങളുടെ
അഭിപ്രായങ്ങൾക്ക് എതിരായിട്ടുള്ള
കാര്യങ്ങൾ സത്യമാണെങ്കിൽപോലും
അംഗീകരിക്കാൻ
തയ്യാറല്ലാത്തവരുമാണെന്ന്
അദ്ദേഹത്തിനറിയാമായിരുന്നു. അവർ
ഏറ്റവും ചെറിയ വൈരുദ്ധ്യമോ
ദയാവായ്പോടുകൂടിയ
ശാസനയോപോലും
സ്വീകരിക്കുമായിരുന്നില്ല. പരമാധികാരം
തങ്ങൾ സ്വയം അപഹരിച്ചെടുത്തു
കൊണ്ട് ഇക്കൂട്ടർ ചോദ്യം കൂടാതെ
അവരുടെ അവകാശങ്ങൾ അംഗീകരിച്ചു

കൊടുക്കാൻ ഓരോരുത്തരോടും ആവശ്യപ്പെട്ടു. എന്നാൽ, അവർ അദ്ദേഹവുമായി ഒരു അഭിമുഖം ആവശ്യപ്പെട്ടപ്പോൾ അവരെ സന്ധിക്കാമെന്ന് അദ്ദേഹം സമ്മതിച്ചു. അങ്ങനെ അദ്ദേഹം അവരുടെ കപട വേഷം വിജയകരമായി വെളിച്ചത്തുകൊണ്ടുവരികയും കപട വേഷധാരികൾ പെട്ടെന്ന് വിറ്റൻബർഗ്ഗ് വിട്ടുപോവുകയും ചെയ്തു.

കുറേക്കാലത്തേക്ക് ഈ മതഭ്രാന്ത് തടയപ്പെട്ടെങ്കിലും പല വർഷങ്ങൾക്കുശേഷം വലിയ അക്രമാസക്തിയോടും അതിഭയങ്കര ഫലങ്ങളോടുംകൂടെ പൊട്ടിപ്പുറപ്പെട്ടു. ഈ പ്രസ്ഥാനത്തിൻറെ

നേതാക്കന്മാരെക്കുറിച്ച് ലൂഥർ ഇപ്രകാരം പറഞ്ഞു: “അവരെ സംബന്ധിച്ചിടത്തോളം വിശുദ്ധ തിരുവ്ിഴുത്തുകൾ നിർജ്ജീവമായ നിയമങ്ങൾ മാത്രമാണ്. അവർ എല്ലാവരും, ആത്മാവ്! ആത്മാവ്! എന്ന് നിലവിളിക്കാനാരംഭിച്ചു. അവരുടെ ആത്മാവ് അവരെ നയിക്കുന്നിടത്തേക്ക് തീർച്ചയായും ഞാൻ പോകുകയില്ല. എന്റെ ദൈവം തന്റെ കരുണയാൽ വിശുദ്ധന്മാരല്ലാതെ മറ്റാരും ഇല്ലാത്ത ഒരു സഭയിൽ എന്നെ സംരക്ഷിക്കട്ടെ! ദൈവിക സാന്ത്വനവും പിന്തുണയും കരസ്ഥമാക്കാൻ തങ്ങളുടെ ഹൃദയത്തിന്റെ അടിത്തട്ടിൽനിന്ന് തുടർച്ചയായി ദൈവത്തോട് ഞരങ്ങുകയും കരയുകയും ചെയ്യുന്ന

താഴ്മയും ദൗർബല്യവും രോഗവുമുള്ള, തങ്ങളുടെ പാപങ്ങളെക്കുറിച്ച് അറിവും ഖേദവുമുള്ള ആളുകളുടെകൂടെ വസിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു". - Ibid., b. 10, ch. 10.

മത്രഭ്രാന്തരിൽ ഏറ്റവും ഊർജ്ജസ്വലനായ തോമസ് മുൻസർ നല്ല കഴിവുള്ള ഒരു വ്യക്തി ആയിരുന്നെങ്കിലും തൻറെ കഴിവുകൾ ശരിയായി നയിക്കപ്പെട്ടിരുന്നെങ്കിൽ നന്മചെയ്യാൻ അദ്ദേഹത്തിന് പ്രചോദനമാകുമായിരുന്നു. എന്നാൽ സത്യമതത്തിൻറെ പ്രാഥമിക തത്വങ്ങൾപോലും അദ്ദേഹം പഠിച്ചിരുന്നില്ല; "അദ്ദേഹത്തിന് ലോകത്തെ നവീകരിക്കുവാനുള്ള

മോഹം ഉണ്ടായി രുന്നു, എന്നാൽ എല്ലാ അത്യാസക്തരും ചെയ്യുന്നതുപോലെ തന്നിൽത്തന്നെയാണ് നവീകരണം തുടങ്ങേണ്ടത് എന്ന് മറന്നുപോയി', - Ibid., b. 9, ch. 8. സ്ഥാനവും സ്വാധീനവും ലഭിക്കാനുള്ള അതിമോഹം അദ്ദേഹത്തിനുണ്ടായിരുന്നു; ലൂഥറിന് രണ്ടാമൻ ആകാൻ പോലും മനസ്സില്ലായിരുന്നു. വചനത്തിൻറെ ആധികാരികത പോപ്പിനുപകരമായി നവീകരണക്കാർ കൊണ്ടു വരുന്നത്, പാപ്പാത്വ തത്വങ്ങളുടെ വേറൊരു രൂപം മാത്രമാണെന്ന് അദ്ദേഹം പ്രഖ്യാപിച്ചു. സത്യമായ നവീകരണം നടപ്പാക്കാൻ ദൈവികമായി അധികാരപ്പെടുത്തിയിരിക്കുന്ന വ്യക്തിയാണ് താനെന്ന് സ്വയം

അവകാശപ്പെട്ടു. മുൻസെർ പറഞ്ഞു: "തിരുവചനം തൻറെ ജീവിതത്തിൽ ഒരിക്കൽപോലും കണ്ടിട്ടില്ലെങ്കിൽത്തന്നെയും, ഈ ആത്മാവുള്ളവൻ, സത്യവിശ്വാസം ഉള്ളവനാണ്", - Ibid., b.10, ch. 10.

ഓരോ ചിന്തയും ആവേശവും ദൈവശബ്ദമാണെന്നുള്ള മതിപ്പിനാൽ നയിക്കപ്പെടാൻ മതഭ്രാന്തിൻറെ അദ്ധ്യാപകർ തങ്ങളെത്തന്നെ ഏല്പിച്ചു. തൽഫലമായി അവർ അറ്റകൈ പ്രയോഗിച്ചു. "അക്ഷരം കൊല്ലുന്നു; ആത്മാവോ ജീവിപ്പിക്കുന്നു" എന്ന് ആർത്തുവിളിച്ചുകൊണ്ട് ചിലർ ബൈബിൾ കത്തിക്കുക പോലും ചെയ്തു. മുൻസരുടെ പഠിപ്പിക്കലുകൾ അത്ഭുത

സംഭവങ്ങളിലേക്ക് മനുഷ്യ ശ്രദ്ധയെ ആകർഷിക്കുകയും മാനുഷിക ആശയങ്ങളും അഭിപ്രായങ്ങളും ദൈവവചനത്തിനുമേലായി വെച്ചുകൊണ്ട് അവരുടെ അഹങ്കാരത്തെ തൃപ്തിപ്പെടുത്തി. അദ്ദേഹത്തിൻറെ ഉപദേശങ്ങൾ ആയിരങ്ങൾ സ്വീകരിച്ചു. അദ്ദേഹം പിന്നീട് പൊതു ആരാധനയിൽ എല്ലാ നിയമങ്ങളും തള്ളിപ്പറഞ്ഞു കൊണ്ട് പ്രഭുക്കന്മാരെ അനുസരിക്കുന്നത് ദൈവത്തേയും ബലിയേലിനേയും സേവിക്കാനുള്ള ശ്രമമാണെന്ന് പ്രഖ്യാപിച്ചു.

മനുഷ്യമനസ്സുകൾ പാപ്പാത്വത്തിൻറെ നുകം തിരസ്കരിക്കാൻ ആരംഭിക്കുകയും പൗരാധികാരത്തിന്മേലുള്ള

നിയന്ത്രണത്തിൽ അവർ
അക്ഷമരായിത്തീരുവാനും തുടങ്ങി.
ദൈവിക അംഗീകരണം
അവകാശപ്പെടുന്ന മുൻസ റിൻറെ
വിപ്ലവാത്മകമായ പഠിപ്പിക്കലുകൾ,
എല്ലാ നിയന്ത്രണങ്ങളിൽനിന്നും
വേർപെട്ട് എതിരഭിപ്രായങ്ങൾക്കും
ശക്തമായ വികാരങ്ങൾക്കും കടിഞ്ഞാ
ണിടുന്നതിലേക്കും അവരെ നയിച്ചു.
രാജ്യദ്രോഹത്തിൻറെയും പോരാട്ടത്തി
ന്്റെയും ഘോരമായ രംഗങ്ങൾ
ഉണ്ടാവുകയും ജർമ്മനിയുടെ
ഉപദേശങ്ങൾ രക്തത്തിൽ മുങ്ങുകയും
ചെയ്തു.

മതഭ്രാന്തിൻറെ ഫലങ്ങൾ
നവീകരണത്തിന്മേൽ

ചുമത്തുന്നതുകണ്ടപ്പോൾ, വളരെ നാളുകൾക്കുമുമ്പ് എർഫെർട്ടിൽവെച്ച് ലൂഥർ അനുഭവിച്ച മനോവേദന ഇപ്പോൾ ഇരട്ടശക്തിയോടെ തൻറെമേൽ വന്നു. ഈ വിപ്ലവം ലൂഥറിൻറെ ഉപദേശങ്ങളുടെ നിയമാനുസൃതഫലമാണെന്ന് പാപ്പാത്വ പ്രഭുക്കന്മാർ പ്രഖ്യാപിച്ചു. ഈ പ്രസ്താവന വിശ്വസിക്കാൻ പലരും ഒരുക്കമായിരുന്നു. ഈ കുറ്റാരോപണത്തിന് നേരിയ അടിസ്ഥാനംപോലും ഇല്ലായിരുന്നെങ്കിലും, ലൂഥറിൽ അത് തീവ്രവ്യഥ ഉണ്ടാക്കി. സത്യത്തിൻറെ നിദാനം മതഭ്രാന്തിൻറെ അസ്തിവാരവുമായി അണിനിരത്തി

അധഃപതിപ്പിക്കുന്നത് അദ്ദേഹത്തിന് സഹിക്കാവുന്നതിലും അധികമായി കാണപ്പെട്ടു. നേരേമറിച്ച് തങ്ങളുടെ ഉപദേശങ്ങളെ എതിർത്തിരുന്നതുകൊണ്ടും ദിവ്യപ്രചോദനത്തിൻറെ അവകാശവാദത്തെ അംഗീകരിക്കാതിരുന്നതുകൊണ്ടും മാത്രമല്ല പൗരാധിപത്യത്തെ എതിർക്കുന്നവരെന്ന് വിധി കല്പിച്ചതുകൊണ്ടും ഈ വിപ്ലവത്തിലെ നേതാക്കന്മാർ ലൂഥറെ വെറുത്തു. പ്രതികാരമായി അദ്ദേഹത്തെ ഒരു കപട വേഷധാരിയെന്നു പറഞ്ഞ് അവർ ആക്ഷേപിച്ചു. അദ്ദേഹത്തോടുള്ള (പ്രഭുക്കന്മാരുടെയും ജനങ്ങളുടെയും

ശത്രുത താൻ തന്നെ വരുത്തിവെച്ചതായി തോന്നി.

നവോത്ഥാനം എത്രയുംവേഗം തകരുമെന്ന് പ്രതീക്ഷിച്ചുകൊണ്ട് പാപ്പാ മതാന്ധയായികൾ തുള്ളിച്ചാടി. വളരെ ദൃഢതയോടെ തിരുത്തുവാൻ പ്രയത്നിച്ചുകൊണ്ടിരുന്ന തെറ്റുകൾക്കുപോലും അവർ ലൂഥറെ പഴിചാരി. വലിയ അനീതിയോടെ പെരുമാറുന്നുവെന്ന് തെറ്റായി അവകാശപ്പെട്ടതിനാൽ ആ മതഭ്രാന്തൻസംഘം, ഒരു വലിയകൂട്ടം ജനങ്ങളുടെ സഹതാപം ആർജ്ജിക്കുന്നതിൽ വിജയിച്ചു. സാധാരണ സംഭവിക്കാറുള്ളതുപോലെ, തെറ്റിൻറെ വശം പിടിച്ചിരുന്ന

വ്യക്തികളെ രക്തസാക്ഷികളായി കണക്കാക്കപ്പെടുകയും ചെയ്തു. അങ്ങനെ നവോത്ഥാനത്തിനെതിരായി ശക്തി ഉപയോഗിക്കുന്നവരെ കനിവോടും ദയയോടും ക്രൂരതയുടേയും പീഡനത്തിൻറേയും ഇരകളായി വീക്ഷിച്ചു. ഇത്, ആദ്യമായി സ്വർഗ്ഗത്തിൽ പ്രകടമായ എതിർപ്പിന്റെ അതേ ആത്മാവിനാലുള്ള സാത്താൻറെ പ്രവൃത്തിയായിരുന്നു.

സാത്താൻ മനുഷ്യരെ ചതിക്കുന്നതിന് നിരന്തരമായി ശ്രമിക്കുകയും പാപത്തെ നീതിയെന്നും നീതിയെ പാപമെന്നും വിളിക്കാൻ മനുഷ്യരെ പഠിപ്പിക്കുകയും ചെയ്യുന്നു. അവൻറെ പ്രവൃത്തി എത്ര വിജയകരം! സത്യത്തിൻറെ

സാക്ഷികളായി ദൈവത്തിൻറെ വിശ്വസ്തദാസന്മാർ നിർഭയം നില്ക്കുന്നതു കൊണ്ട് ആക്ഷേപവും ശകാരവും അടിക്കടി അവർ കേൾക്കേണ്ടിവരുന്നു. സാത്താൻറെ പ്രതിനിധികളായ മനുഷ്യരെ പ്രശംസിക്കുകയും സ്തുതിക്കുകയും രക്തസാക്ഷികളായിപ്പോലും കണക്കാക്കുകയും ചെയ്തപ്പോൾ ദൈവത്തോടുള്ള വിശ്വസ്തതയ്ക്ക് ബഹുമാനിക്കപ്പെടുകയും നിലനിർത്തപ്പെടുകയും ചെയ്യേണ്ടവരെ സംശയത്തിലും അവിശ്വാസത്തിലും വീക്ഷിച്ച് ഒറ്റപ്പെടുത്തുകയായിരുന്നു.

കൃത്രിമ വിശുദ്ധിയും വ്യാജ
വിശുദ്ധീകരണവും ഇന്നും വഞ്ചനയുടെ
പ്രവർത്തനം
തുടർന്നുകൊണ്ടിരിക്കുന്നു.
ദൈവകല്പന അനുസരിക്കുന്നതിനായി
കീഴ്പെടുന്നതിനുപകരം, അവരവരുടെ
സ്വന്തം തോന്നലുകൾക്കും
ഇച്ഛകൾക്കും അനുസൃതമായി
പോകുന്നതിന് മനുഷ്യമനസ്സുകളെ
തിരുവെഴുത്തുകളിൽനിന്ന്
വ്യതിചലിപ്പിച്ചുകൊണ്ട്, ലൂഥറിൻറെ
കാലത്തെപ്പോലെ അതേ ആത്മാവ്,
വിവിധ രൂപങ്ങളിൽ വെളിപ്പെടുന്നു.
വിശുദ്ധിയേയും സത്യത്തേയും
അധിക്ഷേപിക്കുക എന്നത്
സാത്താൻറെ വിജയകരമായ
ഉപായങ്ങളിൽ ഒന്നാണ്.

സുവിശേഷത്തിനെതിരായി എല്ലാ ഭാഗത്തുനിന്നും വന്ന ആക്രമണത്തെ ലൂഥർ ഭയലേശമെന്യേ നേരിട്ടു. ഓരോ സംഘട്ടനത്തിലും ദൈവവചനം വളരെ ശക്തമായ ആയുധമാണെന്ന് തെളിയിക്കപ്പെട്ടു. ദൈവവചനത്താൽ അദ്ദേഹം പോപ്പിൻറെ കയ്യൂക്കുകൊണ്ട് പിടിച്ചെടുത്ത ഭരണാധികാരത്തോടും അഭ്യസ്ത വിദ്യരുടെ യുക്തിവാദപരമായ തത്വശാസ്ത്രത്തോടും പൊരുതി നവോത്ഥാനത്തോടു യോജിക്കാൻ ശ്രമിച്ച മതഭ്രാന്തിനെതിരായി ഒരു പാറപോലെ ഉറച്ചു നില്ക്കുകയും ചെയ്തു.

ഓരോ എതിർ ശക്തിയും അതിൻറേതായ മാർഗ്ഗത്തിൽ വിശുദ്ധ

തിരുവെഴുത്തുകളെ മാറ്റി
നിർത്തിക്കൊണ്ട് മാനുഷിക
ജ്ഞാനമാണ് ആത്മീകമായ
സത്യത്തിൻറേയും അറിവിൻറെയും
ഉറവിടമെന്ന് ഉയർത്തിക്കാണിച്ചു.
യുക്തിവാദം യുക്തിയെ വിഗ്രഹമാക്കി
പൂജിക്കുകയും അതിനെ മതത്തിൻറെ
മാനദണ്ഡമാക്കുകയും ചെയ്യുന്നു.
റോമാമതം,
അപ്പൊസ്തലന്മാരിൽനിന്നും പൊട്ടാത്ത
പിന്തുടർച്ചയിലൂടെയുള്ള
ദിവ്യജ്ഞാനമാണ്
സർവ്വാധികാരിയായ പോപ്പ് എന്നും,
എക്കാലത്തും മാറ്റമില്ലാത്തതെന്നും
അവകാശപ്പെട്ടുകൊണ്ട്,
അപ്പൊസ്തലികമായ അധികാര
പവിത്രതയുടെ മറവിൽ അഴിമതിക്കും

ധാരാളിത്വത്തിനും വിപുലമായ അവസരങ്ങൾ കൊടുക്കുന്നു. മുൻസറും തൻറെ സഹപ്രവർത്തകരും അവകാശപ്പെട്ട ദിവ്യജ്ഞാനം സങ്കല്പത്തിൻറെ ബുദ്ധി ചാപല്യങ്ങളേക്കാൾ ഉന്നതമായ ഉറവിടത്തിൽനിന്നും തുടങ്ങിയതല്ലായിരുന്നു. അതിൻറെ സ്വാധീനത മാനുഷികവും ദൈവികവും ആയ എല്ലാ ആധിപത്യത്തേയും അട്ടിമറിക്കാൻ പര്യാപ്തമായിരുന്നു. യഥാർത്ഥ ക്രിസ്ത്യാനിത്വം, ദൈവദത്തമായ സത്യത്തിൻറെ വലിയ കലവറയായും എല്ലാ ദിവ്യജ്ഞാനത്തിൻറെയും പരിശോധകനായും ദൈവവചനത്തെ സ്വീകരിക്കുന്നു.

വാർട്ട് ബർഗ്ഗിൽ നിന്നും തിരിച്ചുവന്ന്
ലൂഥർ പുതിയ നിയമത്തിൻറെ തർജ്ജമ
പൂർത്തിയാക്കുകയും ഉടൻതന്നെ
ജർമ്മനിയിലെ ജനങ്ങൾക്ക് അവരുടെ
സ്വന്തഭാഷയിൽ സുവിശേഷം
എത്തിക്കുകയും ചെയ്തു. സത്യത്തെ
സ്നേഹിച്ചിരുന്ന എല്ലാവരും ഈ
തർജ്ജമ വലിയ സന്തോഷത്തോടെ
സ്വീകരിച്ചു; എന്നാൽ മാനുഷിക
പാരമ്പര്യങ്ങളും കല്പനകളും
തിരഞ്ഞെടുത്തവർ പുച്ഛത്തോടെ
അതിനെ തിരസ്കരിച്ചു.

ദൈവവചനത്തിലെ
ഉപദേശങ്ങളെക്കുറിച്ച് സാധാരണ
ജനങ്ങൾ അവരോട് ചർച്ച ചെയ്യുവാൻ

ഇപ്പോൾ പ്രാപ്തരാകുകയും, തങ്ങളുടെ സ്വന്തം അറിവില്ലായ്മ അങ്ങനെ വെളിച്ചത്താവുകയും ചെയ്യുമെന്നുള്ള ചിന്ത പുരോഹിതന്മാരെ പരിഭ്രമിപ്പിച്ചു. ആത്മാവിൻറെ വാളിന് എതിരായി അവരുടെ ആയുധങ്ങളായ ജഡിക ന്യായവാദങ്ങൾ ശക്തി ഇല്ലാത്തതായിരുന്നു. ദൈവവചനത്തിൻറെ പ്രചാരം തടയാൻ റോം അവളുടെ സകല അധികാരികളോടും കല്പ്പിച്ചു. എന്നാൽ ആജ്ഞകളും ഭ്രഷ്ടും പീഡനവും ഒരുപോലെ വിഫലമായി. അവൾ എത്രമാത്രം ബൈബിളിനെ നിന്ദിക്കുകയും നിരോധിക്കുകയും ചെയ്തുവോ അതിലുമുപരിയായി അത് വാസ്തവത്തിൽ എന്താണ്

പഠിപ്പിക്കുന്നതെന്നറിയാനുള്ള
ജനങ്ങളുടെ ജിജ്ഞാസയും വർദ്ധിച്ചു.
വായിക്കാനറിയാവുന്നവരെല്ലാം
ദൈവവചനം സ്വന്തമായി പഠിക്കാൻ
ആകാംക്ഷ ഉള്ളവരായിത്തീർന്നു.
അവർ പോകുന്നിടത്തെല്ലാം തിരുവചനം
കൊണ്ടുനടന്ന് വീണ്ടും വീണ്ടും
വായിച്ചിട്ടും തൃപ്തരാകാതെ വലിയ
ഭാഗങ്ങൾ മനഃപാഠമാക്കി. പുതിയ
നിയമം സ്വീകരിക്കുവാൻ ജനങ്ങൾ
കാണിച്ച ഹൃദയപൂർവ്വമായ താല്പര്യം
കണ്ടിട്ട് ലൂഥർ വേഗത്തിൽ
പഴയനിയമവും തർജ്ജമ ചെയ്യാൻ
തുടങ്ങുകയും പൂർത്തിയാകുന്ന മുറയ്ക്ക്
ഭാഗം ഭാഗമായി അത്
പ്രസിദ്ധീകരിക്കുയും ചെയ്തു.

കുഗ്രാമത്തിലും പട്ടണത്തിലും ഉള്ളവർ ഒരുപോലെ ലൂഥറിൻറെ എഴുത്തുകളെ സ്വാഗതം ചെയ്തു. “ലൂഥറും അദ്ദേഹത്തിൻറെ കൂട്ടുകാരും എന്ത് രചിച്ചുവോ അത് മറ്റുള്ളവർ പ്രചരിപ്പിച്ചു. സന്യാസ ജീവിതത്തിൻറെ കടപ്പാടുകളിലെ നിയമരാഹിത്യം ബോദ്ധ്യപ്പെട്ടിരുന്നതും, ആലസ്യത്തിൻറെ നീണ്ട് ജീവിതത്തിനുപകരം സജീവ ആയാസം ആഗ്രഹിച്ചിരുന്നതും, എന്നാൽ

ദൈവവചനം അറിയിക്കാൻ തീരെ അറിവില്ലാതെയുമിരുന്ന ക്രിസ്തീയ സന്യാസികൾ പ്രവിശ്യകളിലൂടെ യാത്ര ചെയ്ത്, കുഗ്രാമങ്ങളും കുടിലു കളും സന്ദർശിച്ച്, അവിടെ ലൂഥറിൻറേയും

അദ്ദേഹത്തിൻറെ സ്നേഹിതരു ടേയും പുസ്തകങ്ങൾ വിറ്റു. പെട്ടെന്ന് ഈ ധീരരായ ഗസ്ഥ സുവിശേഷക രാൽ ജർമ്മനി നിറഞ്ഞു". - Ibid., b, 9, ch. 11.

പണ്ഡിതരും അജ്ഞരും ധനവാന്മാരും ദരിദ്രരും ഇവരുടെ ലേഖന ങ്ങൾ വർദ്ധിച്ച് താല്പര്യത്തോടെ പഠിച്ചു. രാത്രിയിൽ ഗ്രാമ വിദ്യാലയങ്ങളിലെ അദ്ധ്യാപകർ തീ കായുവാൻ കൂടിവന്നിരുന്ന ചെറിയ കൂട്ടങ്ങളെ അവ ഉറക്കെ വായിച്ചു കേൾപ്പിച്ചു. ഓരോ സംരംഭത്തിലും വചനം സന്തോഷത്തോടെ സ്വീകരിച്ച ചില ആത്മാക്കൾ സത്യം ദൃഢമായി വിശ്വസിച്ചു. അവർ മാറി മാറി

മറ്റുള്ളവരോട് ഈ സദ്വർത്തമാനം അറിയിച്ചു.

ദിവ്യജ്ഞാനത്തിൻറെ വാക്കുകൾ, - നിൻറെ വചനങ്ങളുടെ വികാശനം പ്രകാശപദമാകുന്നു; അത് അല്പബുദ്ധികളെ ബുദ്ധിമാന്മാരാക്കുന്നു". (സങ്കീർത്തനം 119:130) - എന്ന വചനത്താൽ ശരിയാണോ എന്നു തെളിയിക്കപ്പെട്ടു. തിരുവചന പഠനം ജനഹൃദയങ്ങളിൽ ഒരു വലിയ മാറ്റം ഉണ്ടാക്കി. പാപ്പാത്വ ഭരണം അതിൻറെ പ്രജകളുടെമേൽ ഒരു ഇരുമ്പ് നുകം വെച്ച് അവരെ അജ്ഞതയിലും അധഃപതനത്തിലും സൂക്ഷിച്ചിരുന്നു. അന്ധവിശ്വാസപരമായ ചട്ടങ്ങളുടെ അനുഷ്ഠാനങ്ങൾ കരുതലോടെ

പാലിച്ചുപോന്നുയെങ്കിലും അവരുടെ
എല്ലാ ശുശ്രൂഷകളിലും ഹൃദയത്തിനും
ബുദ്ധിശക്തിക്കും പങ്കില്ലായിരുന്നു.
ദൈവവചനത്തിൻറെ സ്പഷ്ടമായ
സത്യങ്ങളെ പ്രതിപാദിക്കുന്ന ലൂഥറുടെ
പ്രസംഗവും സാധാരണ ജനങ്ങളുടെ
കയ്യിൽ ദൈവവചനം
എത്തിച്ചേർന്നതും, ജനങ്ങളുടെ
ഉറങ്ങിക്കിടന്ന ശക്തികളെ
ഉണർത്തുകയും ആത്മീക
അവസ്ഥയെ ശുദ്ധീകരിക്കുയും
മഹിമപ്പെടുത്തുകയും മാത്രമല്ല,
ബുദ്ധിശക്തിക്ക് പുതുശക്തിയും വീര്യവും
പകർന്നുകൊടുക്കുകയും ചെയ്തു.

എല്ലാ ശ്രേണിയിലുമുള്ള ആളുകൾ
വേദപുസ്തകവും കൈകളിലേന്തി

നവോത്ഥാനത്തിൻറെ ഉപദേശങ്ങളെ പ്രതിരോധിക്കുന്നത് കാണാമായിരുന്നു. തിരുവചന പഠനം പുരോഹിതന്മാർക്കും ക്രിസ്തീയ സന്യാസിമാർക്കുമായി ഏല്പിച്ചിരുന്ന പാപ്പാമതാനുയായികൾ ഇപ്പോൾ അവരോട് മുൻപോട്ട് വന്ന് ഈ പുതിയ പഠിപ്പിക്കലുകളെ ഖണ്ഡിക്കുവാൻ ആഹ്വാനംചെയ്തു. പക്ഷെ, തിരുവെഴുത്തുകളിലും ദൈവശക്തിയിലും ഒരുപോലെ അജ്ഞർ ആയിരുന്ന പുരോഹിതന്മാരും സന്യാസികളും, പഠിപ്പില്ലാത്തവരെന്നും നാസ്തികരെന്നും അവർ ആക്ഷേപിച്ചിരുന്നവരാൽ പൂർണ്ണമായി തോല്പിക്കപ്പെട്ടു. ഒരു കത്തോലിക്കാ എഴുത്തുകാരൻ പറഞ്ഞു: "നിർഭാഗ്യവശാൽ, ലൂഥർ തൻറെ

അനുയായികളെ വിശുദ്ധ തിരുവെഴുത്തുകളിലല്ലാതെ വേറെ യാതൊരു അരുളപ്പാടിലും വിശ്വാസം അർപ്പിക്കാൻ പ്രേരിപ്പിച്ചില്ല. - D'Aubigne, b. 9, ch. 11. നിസ്സാര വിദ്യാഭ്യാസമുള്ള മനുഷ്യർ സത്യം പഠിപ്പിക്കുന്നതു കേൾക്കാൻ വലിയ ജനക്കൂട്ടം വന്നുകൂടി. വിദ്യാഭ്യാസം ഉള്ളവരോടും വാഗ്ധാടിയുള്ള ദൈവശാസ്ത്ര പണ്ഡിതന്മാരോടുപോലും അവർ ചർച്ച നടത്തി. ഈ വലിയ ആളുകളുടെ വാദഗതികൾ ദൈവവചനത്തിൻറെ ലളിതമായ പഠിപ്പിക്കലുക ളുമായി ഏറ്റുമുട്ടിയപ്പോൾ അവരുടെ ലജ്ജാകരമായ അജ്ഞത വെളിവായി. പുരോഹിതന്മാരെക്കാളും പണ്ഡിതരെക്കാളും

തൊഴിലാളികൾക്കും
പടയാളികൾക്കും സ്ത്രീകൾക്കും
കുട്ടികൾക്കുപോലും ബൈബിളിലെ
ഉപദേശങ്ങൾ കൂടുതലായി
അറിയാമായിരുന്നു.

സുവിശേഷത്തിൻറെ ശിഷ്യന്മാരും
പാപ്പാത്വ അന്ധവിശ്വാസം ഉയർത്തി
പ്പിടിക്കുന്നവരുമായുള്ള വൈരുദ്ധ്യം
സാമാന്യജനങ്ങളുടെ ഇടയിൽ
ഉണ്ടായിരുന്നതിനേക്കാൾ ഒട്ടും
കുറവല്ലാതെ പണ്ഡിതന്മാരുടെ
നിരകളിലും പ്രകടമായി. "സാഹിത്യ
സംസ്കരണവും ഭാഷാപഠനവും
അവഗണിച്ച്, സ്ഥാനികളുടെ അധികാര
ശ്രേണിയിലെ പഴയ വീരന്മാരോട്
എതിർത്തുകൊണ്ട്,. . . സൂക്ഷ്മമായി

വചനം പരിശോധിച്ചുകൊണ്ട്,
പൗരാണിക ശ്രേഷ്ഠകൃതിയോട്
തങ്ങളെത്തന്നെ പരിചയിച്ചുകൊണ്ട്,
മഹാമനസ്കരായ യുവാക്കൾ വചന
പഠനത്തിന് സമർപ്പിച്ചു. സജീവമായ
മനസ്സും ഉയർത്തപ്പെട്ട ആത്മാവും
നിർഭയമായ ഹൃദയവും
കരസ്ഥമാക്കിക്കൊണ്ട് ഈ യുവാക്കൾ,
ദീർഘകാലം ഒരുത്തർക്കും
തങ്ങളോട്
മത്സരിക്കുവാനാവാത്തവിധത്തിലുള്ള
അറിവ് സമ്പാദിച്ചു.... തദനന്തരമായി,
നവോത്ഥാനത്തിൻറെ സംരക്ഷകരായ
ഈ യുവാക്കൾ, ഏതെങ്കിലും
സഭയിൽവെച്ച് റോമിൻറെ
പണ്ഡിതന്മാരുമായി കണ്ടുമുട്ടുമ്പോൾ,
ഈ അറിവില്ലാത്ത മനുഷ്യർ ശങ്കിതരും

ലജ്ജിതരുമായി, എല്ലാവരുടെയും
കണ്ണിൽ
നിന്ദിതരായിത്തീരത്തക്കവണ്ണം,
അനായാസമായും
ആത്മവിശ്വാസത്തോടെയും അവരോട്
എതിർത്തു". - Ibid., b. 9, ch. 11.

റോമിൻറെ പുരോഹിതവർഗ്ഗം തങ്ങളുടെ ആരാധനക്കൂട്ടങ്ങൾ കുറയുന്നതു കണ്ടപ്പോൾ മജിസ്ട്രേറ്റുമാരുടെ സഹായം അഭ്യർത്ഥിച്ചു. തങ്ങളുടെ കേൾവിക്കാരെ തിരികെ കൊണ്ടുവരാൻ തങ്ങളാൽ ആവുംവിധം എല്ലാം പ്രയത്നിച്ചു. എന്നാൽ പുതിയ പഠിപ്പിക്കലുകളിൽ തങ്ങളുടെ ആത്മാവിൻറെ ആവശ്യങ്ങൾ നിറവേറുന്നതായി ജനം കണ്ടെത്തി.

മാനുഷിക പാരമ്പര്യങ്ങളുടെയും അന്ധ വിശ്വാസപരമായ ആചാരങ്ങളുടെയും വിലയില്ലാത്ത പുറംതോടുകൾകൊണ്ട് തങ്ങളെ ഇത്രകാലം ഊട്ടിയവരിൽനിന്നും അവർ പിൻതിരിഞ്ഞു.

സത്യത്തിൻറെ ഉപദേഷ്ടാക്കന്മാർക്കെതിരെ പീഡനം ജ്വലിപ്പിക്കപ്പെട്ടപ്പോൾ, "എന്നാൽ ഒരു പട്ടണത്തിൽ നിങ്ങളെ ഉപദ്രവിച്ചാൽ മറ്റൊന്നിലേക്ക് ഓടിപ്പോകുവിൻ" (മത്തായി 10:23) എന്ന ക്രിസ്തുവിൻറെ വാക്കുകൾ അനുസരിച്ചു. വെളിച്ചം എല്ലായിടത്തും നുഴഞ്ഞുകയറി. എവിടെയെങ്കിലും ആതിഥ്യ മര്യാദയുള്ള വാതിൽ അഭയാർത്ഥികൾക്കായി

തുറന്നുകിട്ടുമ്പോൾ അവിടെ
താമസിച്ചുകൊണ്ട് അവർ
കർത്താവിനെ പ്രസംഗിക്കും;
ചിലപ്പോൾ പള്ളിയിൽ, ആ സൗകര്യം
നിഷേധിക്കപ്പെട്ടാൽ പ്രത്യേക
വീടുകളിലോ അല്ലെങ്കിൽ,
വെളിമ്പ്രദേശത്തോ ആയിരിക്കും.
വചനം കേൾപ്പിക്കുവാനുള്ള സ്ഥലം
എവിടെ കിട്ടുന്നുവോ അവിടം
ദൈവാലയമായിരുന്നു.
ആത്മവിശ്വാസത്തോടും
ഊർജ്ജസ്വലതയോടും കൂടെ
പ്രസംഗിക്കപ്പെട്ട സത്യം ആർക്കും
എതിർക്കുവാൻ കഴിയാത്ത
ശക്തിയോടെ പടർന്നു.

രാഷ്ട്രീയവും സഭാപരവുമായ അധികാരങ്ങളെ ഉപയോഗിച്ച് നാസ്തികത്വത്തെ തകർക്കാനുള്ള ശ്രമം വൃഥാവായി. വൃഥാ അവർ തടവിലും പീഡനത്തിലും തീയിലും വാളിലും ആശ്രയിച്ചു. ആയിരക്കണക്കിനു വിശ്വാസികൾ തങ്ങളുടെ വിശ്വാസത്തെ രക്തത്താൽ മുദ്രയിട്ടു. എന്നിട്ടും വേല മുമ്പോട്ടു പോയി. സത്യം പ്രചരിപ്പിക്കാൻ മാത്രമെ പീഡനം സഹായിച്ചുള്ളൂ; അതിനോട് ചേർക്കാൻ സാത്താൻ ഉദ്യമിച്ച് മത്രഭാന്ത് സാത്താൻറെ പ്രവർത്തവും ദൈവത്തിൻറെ പ്രവർത്തനവും തമ്മിലുള്ള വിത്യാസം കൂടുതൽ വ്യക്തമാക്കുന്നതിൽ കലാശിച്ചു.

# അദ്ധ്യായം 11—പ്രഭുക്കന്മാരുടെ പ്രതിക്ഷേധം

1529-ൽ ജർമ്മനിയിൽ സ്പൈറസ് എന്ന സ്ഥലത്ത് കൂടിയ അന്തർദേശീയ ആലോചനാസമിതിയിൽ ക്രിസ്തീയ നാട്ടുരാജാക്കന്മാർ ഉയർത്തിയ പ്രതിക്ഷേധം എക്കാലത്തും നവീകരണത്തിന് ലഭിച്ചിട്ടുള്ള സാക്ഷ്യങ്ങളിൽ വച്ച് ഏറ്റവും ഉത്തമമായ ഒന്നായിരുന്നു. ആ ദൈവമനുഷ്യരുടെ ധൈര്യവും വിശ്വാസവും ഉറപ്പും പിൻവന്ന യുഗങ്ങളിൽ ചിന്തയ്ക്കും മനസ്സാക്ഷിക്കും ഉള്ള സ്വാതന്ത്ര്യം ആർജ്ജിച്ചു. ഇവരുടെ പ്രതിക്ഷേധം നവീകരിക്കപ്പെട്ട സഭയ്ക്ക് പ്രൊട്ടസ്റ്റൻറ് എന്ന പേർ

നൽകി; അതിൻറെ തത്വങ്ങൾ "നവീകരണത്തിൻറെ സാരാംശം" തന്നെയാണ്.- D'Aubigne.b.13, ch. 6. -

നവീകരണത്തിന് ഇരുണ്ടതും ഭീക്ഷണിപ്പെടുത്തുന്നതുമായ ഒരു ദിവസം വന്നു. എങ്കിൽത്തന്നെയും ലൂഥറിനെ നിയമരക്ഷാഭ്രഷ്ടനായും അദ്ദേഹത്തിൻറെ പഠിപ്പിക്കലുകളും ഉപദേശങ്ങളിലുള്ള വിശ്വാസവും ആപത്താണെന്ന് മുന്നറിയിച്ചുകൊണ്ട് വേംസിലെ രാജശാസനം മതപരമായ സഹിഷ്ണത അത്യധികമായി സാമാജ്യത്തിൽ നിലനിർത്തി. സത്യത്തെ എതിർത്ത ശക്തികളെ ദൈവത്തിൻറെ ദിവ്യപാലനം

തടഞ്ഞുനിർത്തി. ചാൾസ് അഞ്ചാമൻ നവീകരണത്തെ തകർക്കുവാൻ ഒരുങ്ങി എങ്കിലും, പോരാടാൻ തൻറെ കൈ ഉയർത്തിയപ്പോഴൊക്കെ ആ പ്രഹരം ഒഴിച്ചു മാറ്റുവാൻ അദ്ദേഹം നിർബന്ധിതനായി. പിന്നെയും പിന്നെയും റോമിനോട് എതിർത്തവരുടെ പെട്ടെന്നുള്ള നാശം അനിവാര്യമാണെന്നത് പ്രകടമായി. എങ്കിലും ആ പ്രത്യേക നിമിഷത്തിൽ കിഴക്കേ അതിർത്തിയിൽ തുർക്കിയുടെ സൈന്യം പ്രത്യക്ഷപ്പെട്ടു. ഫ്രാൻസിന്റെ രാജാവും ചക്രവർത്തിയുടെ വർദ്ധിച്ചു വരുന്ന മഹത്വത്തോട്ടു അസൂയ പൂണ്ട് പോപ്പും അവനോട്ടു യുദ്ധത്തിനിറങ്ങി. അങ്ങനെ രാജ്യങ്ങളുടെ സംഘട്ടനാവസ്ഥകളുടെയും

ബഹളങ്ങളുടെയും മദ്ധ്യേ നവീകരണം ശക്തിപ്രാപിക്കുന്നതിനും, വ്യാപിക്കുന്നതിനും ഇടയായി.

ഒടുവിൽ പാപ്പാത്വ പരമാധികാരികൾ നവീകരണക്കാർക്ക് എതിരെ കുറ്റങ്ങൾ ചുമത്തുവാനായി അവരുടെ ജന്മികളെ നിർബന്ധിച്ചു. 1526-ൽ സ്പൈറസിൽ നടന്ന അന്തർദേശീയ ആലോചനാസമിതി, (Diet of spires) പൊതു ആലോചനാസമിതി കൂടുന്നതുവരെ മതപരമായ കാര്യങ്ങളിൽ പൂർണ്ണ സ്വാതന്ത്ര്യം ഓരോ സംസ്ഥാനത്തിനും കൊടുത്തു. ഈ ആനുകൂല്യം ഉറപ്പാക്കിയ ഉടനെ, മതനിന്ദയെ തകർക്കാൻ ഉദ്ദേശിച്ചുകൊണ്ട് 1529-ൽ

സ്പൈറസിൽ രണ്ടാമത്തെ അന്തർദേശീയ യോഗം വിളിച്ചുകൂട്ടാൻ ചക്രവർത്തി കല്പിച്ചു. സാധിക്കുമെങ്കിൽ സൗമ്യമായ രീതിയിൽ നാട്ടുരാജാക്കന്മാരെ നവീകരണത്തിന് എതിരായിത്തീരാൻ പ്രേരിപ്പിക്കുവാനും അവ പരാജയപ്പെടുന്നുവെങ്കിൽ വാളിനെ അവലംബിക്കുവാനും ചാൾസ് ഒരുങ്ങിയിരുന്നു.

പോപ്പിൻ്റെ ആളുകൾ മതിമറന്ന് ആഹ്ളാദിച്ചു. അവരുടെ ഒരു വലിയ സംഖ്യ സ്പൈറസിൽ കാണപ്പെട്ടു. അവർ നവീകരണക്കാരോടും നവീകരണ തൽപരരായ എല്ലാവരോടും തങ്ങളുടെ ശത്രുത തുറന്ന് പ്രകടിപ്പിച്ചു. മെലംഗ്തൺ ഇപ്രകാരം

പറഞ്ഞു: “ഞങ്ങൾ ലോകത്തിൻറെ വിസർജ്ജ്യവും ചപ്പു ചവറുകളുമാണ്; എങ്കിലും ക്രിസ്തു തൻറെ സാധുജനങ്ങളെ തൃക്കൺ പാർത്ത് സംരക്ഷിക്കും”. - Ibid.,b.13, ch.5. ഈ അന്തർദേശീയ സമ്മേളനത്തിൽ പങ്കെടുത്ത സുവിശേഷകരായ നാട്ടുരാജാക്കന്മാരെ തങ്ങളുടെ വാസസ്ഥലങ്ങളിൽ പോലും സുവിശേഷം പ്രസംഗിക്കുന്നത് വിലക്കിയിരുന്നു. എങ്കിലും സ്പൈറസിലെ ജനം ദൈവവചനത്തിനായി ദാഹിക്കുകയും, വിലക്കുകൾ ഉണ്ടായിരുന്നിട്ടും ആയിരങ്ങൾ സാക്സണിയിലെ എലക്ടറുടെ പള്ളിയിൽ ശുശ്രൂഷയ്ക്ക് തടിച്ചുകൂടുകയും ചെയ്തു.--

ഇത് പ്രതിസന്ധിയെ ത്വരിതപ്പെടുത്തി. മനസ്സാക്ഷിയുടെ സ്വാതന്ത്ര്യം അനുവദിക്കുന്ന തീരുമാനം ആ സമ്മേളനത്തിൽ ചക്രവർത്തി പ്രഖ്യാപിച്ചതിനാൽ വലിയ അലങ്കോലം ഉണ്ടാവുകയും ചക്രവർത്തിക്ക് അത് അസാധുവാക്കേണ്ടിവരികയുമുണ്ടായി. ഈ ഏകപക്ഷീയമായ പ്രവൃത്തി ഇവാഞ്ചലിക്കൽ ക്രിസ്ത്യാനികളുടെ ധാർമ്മിക രോക്ഷത്തെ ഇളക്കിവിട്ടു. ഒരുവൻ പറഞ്ഞു: "ക്രിസ്തു പിന്നെയും കയ്യാഫാവിൻറെയും പീലാത്തോസിൻറെയും കൈകളിൽ വീണിരിക്കുന്നു". റോമാമതാനുസാരികൾ കൂടുതൽ അക്രമാസക്തരായി. ഒരു പാപ്പാമതാനുസാരിയായ മതഭ്രാന്തൻ

ഇപ്രകാരം പ്രഖ്യാപിച്ചു:
“ലൂഥർമതക്കാരെക്കാൾ
തുർക്കികളാണ് മെച്ചം; കാരണം
തുർക്കികൾ ഉപവാസദിനങ്ങൾ
അനുഷ്ഠിക്കുന്നു, ലൂഥറുടെ ആളുകൾ അത്
ലംഘിക്കുന്നു. ദൈവത്തിൻറെ വിശുദ്ധ
വചനം, സഭയുടെ പഴയ തെറ്റുകൾ,
ഇവയിൽ ഏതെങ്കിലുമൊന്ന്
തിരഞ്ഞെടുക്കേണ്ടിവന്നാൽ നാം
ആദ്യത്തേത് നിരസിക്കണം. ഓരോ
ദിവസവും മുഴുസഭയിൽ ഫാബർ പുതിയ
കല്ല് സുവിശേഷ പ്രസംഗകരുടെ മേൽ
എറിയുന്നു” എന്ന് മെലംഗ്തൺ പറഞ്ഞു:
--- Ibid.,b,13, ch.5.

മതസഹിഷ്ണുത നിയമാനുസൃതമായി
സ്ഥാപിക്കപ്പെടുകയും തങ്ങളും

അവകാശങ്ങളുടെ ഉല്ലംഘനത്തെ
എതിർക്കുവാൻ ഇവാഞ്ചലിക്കൽ
സുവിശേഷ സംസ്ഥാനങ്ങൾ
തീരുമാനിക്കുകയും ചെയ്തു. വേംസിലെ
രാജശാസനത്താൽ അപ്പോഴും
നിരോധനത്തിൻ കീഴിലായിരുന്ന ലൂഥർ
സ്പൈറസിൽ സന്നിഹിതനാകുവാൻ
അനുവദിക്കപ്പെട്ടിരുന്നില്ല. എങ്കിലും
അദ്ദേഹത്തിൻറെ സ്ഥാനം
സഹപ്രവർത്തകരാലും, ഈ
അടിയന്തിരാവസ്ഥയിൽ തനിക്കു
വേണ്ടി എതിർവാദം നടത്തുവാൻ
ദൈവം എഴുന്നേല്പിച്ച
നാട്ടുരാജാക്കന്മാരാലും,
സഹപ്രവർത്തകരാലും
നികത്തപ്പെട്ടിരുന്നു. ലൂഥറിൻറെ
ആദ്യത്തെ സംരക്ഷകനായിരുന്ന

സാക്സണിയിലെ കുലീനനായ ഫ്രെഡറിക്ക് മരിച്ചുപോയിരുന്നു. അദ്ദേഹത്തിൻറെ സഹോദരനും പിൻഗാമിയുമായ ഡ്യൂക്ക് ജോൺ നവീകരണത്തെ സന്തോഷപൂർവ്വം സ്വാഗതം ചെയ്യുകയും സമാധാനത്തിൻറെ കൂട്ടുകാരൻ എന്ന നിലയിൽ അദ്ദേഹം വളരെ ഉത്സാഹവും ധൈര്യവും വിശ്വാസപരവുമായ എല്ലാ കാര്യങ്ങളിലും പ്രകടമാക്കുകയും ചെയ്തു.

നവീകരണം അംഗീകരിച്ച സംസ്ഥാനങ്ങൾ റോമിൻറെ ന്യായാധികാരത്തിന് നിരുപാധികം കീഴടങ്ങണമെന്ന് പുരോഹിതന്മാർ ആവശ്യപ്പെട്ടു. മറുവശത്ത് നവീകരണക്കാർ, നേരത്തെ

അനുവദിക്കപ്പെട്ടിരുന്ന സ്വാതന്ത്ര്യം അവകാശപ്പെട്ടു. വളരെ വലിയ സന്തോഷത്തോടെ ദൈവവചനം കൈക്കൊണ്ട് സംസ്ഥാനങ്ങളെ പിന്നെയും റോമിൻറെ നിയന്ത്രണത്തിൽ കൊണ്ടുവരുന്നത് അനുവദിക്കാൻ അവർക്ക് കഴിഞ്ഞില്ല.

ഒടുവിൽ അനുരഞ്ജനാർത്ഥം നവീകരണം സ്ഥാപിക്കപ്പെടാത്ത സ്ഥലങ്ങളിൽ വേംസിൻറെ രാജശാസനം കർക്കശമായി ബലംപ്രയോഗിച്ച് നടപ്പാക്ക ണമെന്ന് നിർദ്ദേശിക്കപ്പെട്ടു". കൂടാതെ അതിൽനിന്നും വ്യതിചലിച്ചിട്ടുള്ളവ രിലും പ്രക്ഷോഭണത്തിൻറെ അപകടം കൂടാതെ യോജിച്ചുപോകാൻ

കഴിയാത്തവരുടെ ഇടയിലും ഒരു പുതിയ പരിഷ്ക്കരണവും അവർ നടപ്പാക്കാൻ പാടില്ല; തർക്കമുള്ള കാര്യങ്ങളെക്കുറിച്ചുള്ള ഒരു പ്രസംഗവും പാടില്ല; കുർബ്ബാന ആചരണത്തെ എതിർക്കാൻ പാടില്ല; ലൂഥറിൻറെ ഉപദേശത്തെ പുണരാൻ ഒരു റോമൻ കത്തോലിക്കനേയും അനുവദിച്ചുകൂടാ". - Ibid.. b.13, ch.5.

ഈ നിയമം നടപ്പിലാക്കിയാൽ, "ഇതുവരെ ചെന്നെത്തിയിട്ടില്ലാത്ത ഇട ത്തേക്ക് നവീകരണം വ്യാപിപ്പിക്കാനോ,... നേരത്തെ നിലനിന്നിരുന്ന ഇടങ്ങളിൽ സുദൃഢമായ അടിസ്ഥാനങ്ങളിന്മേൽ സ്ഥാപിക്കാനോ സാധിക്കയില്ല" - Ibid., b.13, ch.5.

സംസാര സ്വാതന്ത്ര്യം നിരോധിക്കപ്പെട്ടു. ഒരു മതപരിവർത്തനവും അനുവദനീയമല്ല. ഈ നിയന്ത്രണങ്ങൾക്കും നിരോധനങ്ങൾക്കും നവീകരണത്തിൻറെ സ്നേഹിതർ ഉടനെ കീഴടങ്ങണമായിരുന്നു. ലോകത്തിൻറെ പ്രത്യാശ അണയാറായതായി തോന്നി. “റോമാമതത്തിലെ സ്ഥാനികളുടെ അധികാരശ്രേണിയുടെ പുനഃസ്ഥാപനം, . . പുരാതന ദൂഷ്യങ്ങളെ ഒരിക്കലും തെറ്റുപറ്റാതെ തിരികെ കൊണ്ടുവരും; കൂടാതെ മതഭ്രാന്തിനാലും അഭിപ്രായഭിന്നതയാലും, “മുൻപേതന്നെ ഉഗ്രമായി ഉലയ്ക്കപ്പെട്ട നവീകരണ പ്രവർത്തനത്തിന്റെ നാശം പൂർത്തീകരിക്കാൻ ഒരു അവസരം

തീർച്ചയായും കണ്ടെത്തും". - Ibid., b.13, ch.5.

സുവിശേഷകരുടെ സംഘം ആലോചനയ്ക്കായി കൂടിവന്നപ്പോൾ അന്ധാളിപ്പോടെ പരസ്പരം നോക്കിനിന്നു. ഒരുവൻ വേറൊരുവനോട് "എന്താണു ചെയ്യാനുള്ളത്?" എന്ന് അന്വേഷിച്ചു. ലോകത്തിൻറെ ബലവത്തായ വിഷയങ്ങൾ അപകടത്തിലാണ്. "നവോത്ഥാനത്തിൻറെ നായകന്മാർ കീഴടങ്ങി ശാസനാപത്രം അംഗീകരിക്കണമോ? വാസ്തവത്തിൽ അതിഭയങ്കരമായ ഈ പ്രതിസന്ധിഘട്ടത്തിൽ നവോത്ഥാനക്കാർ തെറ്റായ

ചലനമാർഗ്ഗത്തിലേക്ക് സ്വയം
വാദിച്ചത് എത്ര അനായാസമായിരുന്നു!
കീഴടങ്ങലിന് വിശ്വാസ്യമായി
തോന്നിക്കുന്ന എത്രയെത്ര
ഒഴികഴിവുകളും നീതിയുക്തമായ
കാരണങ്ങളും അവർക്ക് കണ്ടെത്താം!
ലൂഥറൻ പ്രഭുക്കന്മാർക്ക് അവരുടെ
മതാനുഷ്ഠാനങ്ങൾ സ്വതന്ത്രമായി
നടത്തുന്നതിന്
ഉറപ്പുനൽകപ്പെട്ടിരുന്നു. നേരത്തേ
നവീകരണ കാഴ്ചപ്പാടുകളെ
സ്വീകരിച്ചിട്ടുള്ള തങ്ങളുടെ പ്രജകൾക്കും
ഇതേ ആനുകൂല്യം നൽകാമായിരുന്നു.
ഇത് അവരെ തൃപ്തിപ്പെടുത്താൻ
ആവശ്യമല്ലേ? കീഴടങ്ങൽ എത്ര
ആപത്തുകളെ ഒഴിവാക്കും! ഏതെല്ലാം
അറിയാത്ത ആപത്തുകളിലും

സംഘട്ടനങ്ങളിലുമാണ് എതിരാളികൾ അവരെ എറിയുക! ഭാവി എന്തെല്ലാം അവസരങ്ങൾ കൊണ്ടുവരുമെന്ന് ആർക്കറിയാം? നമുക്ക് സമാധാനത്തെ ആശ്ലേഷിക്കാം; റോം പിടിച്ചിരിക്കുന്ന ഒലിവുകൊമ്പ് നാം പിടിച്ചെടുക്കയും ജർമ്മനിയുടെ മുറിവുകളെ ഉണക്കുകയും ചെയ്യാം. മുമ്പോട്ടുള്ള പോക്കിൻറെ ഉത്തരവാദിത്വം ഏറ്റെടുത്തുകൊണ്ട് ഇതുപോലെയുള്ള വാദഗതികളുമായി നവീകരണക്കാർക്ക് സ്വയം ന്യായീകരിക്കാമായിരുന്നു. അങ്ങനെയെങ്കിൽ അവരുടെ ഉദ്ദേശ്യം അധികം താമസിയാതെ തീർച്ചയായും പരാജയപ്പെടുമായിരുന്നു.

“ഈ സംവിധാനത്തിന്
അടിസ്ഥാനമായിരിക്കുന്ന തത്വങ്ങളെ
അവർ സന്തോഷത്തോടെ കാണുകയും
വിശ്വാസത്തോടെ പ്രവർത്തിക്കുകയും
ചെയ്തു. ആ തത്വം എന്തായിരുന്നു?
മനസ്സാക്ഷിയെ ബലാൽക്കാരമായി
അനുസരിപ്പിക്കാനും സ്വതന്ത്രമായ
അന്വേഷണത്തെ നിരോധിക്കാനുമുള്ള
റോമിൻറെ അവകാശം ആയിരുന്നു
അത്. എന്നാൽ അവർക്കും അവരുടെ
പ്രൊട്ടസ്റ്റൻറ് പ്രജകൾക്കും
മതസ്വാതന്ത്ര്യം
അനുഭവിക്കാനുള്ളതല്ലേ? അതെ,
ക്രമീകരണത്തിൽ പ്രത്യേകമായി
വ്യവസ്ഥ ചെയ്തിട്ടുള്ള ഒരു
ആനുകൂല്യമായി മാത്രം,
ഒരവകാശമായിട്ടല്ല. ആ

ക്രമീകരണത്തിനു പുറത്തുള്ള എല്ലാവർക്കു മെന്നപോലെ, അധികാരത്തിൻറെ വലിയ തത്വം ഭരിക്കുക എന്നതായിരുന്നു. മനസ്സാക്ഷി കോടതിക്ക് പുറത്തായിരുന്നു. റോം, ഒരിക്കലും തെറ്റുപറ്റാത്ത ന്യായാധിപനാണ്, എല്ലാവരും അനുസരിച്ചേ മതിയാകൂ. നിർദേശിക്കപ്പെട്ട ക്രമീകരണം അംഗീകരിക്കുന്നത് ഫലത്തിൽ നവീകരിക്കപ്പെട്ട സാക്സണിയിൽ മത സ്വാതന്ത്ര്യത്തെ ഒതുക്കി നിർത്തുന്നതാവാം; ശേഷം

ക്രൈസ്തവ ലോകത്തിന് എന്നപോലെ സ്വതന്ത്രമായ അന്വേഷണവും നവീകരണ വിശ്വാസം

സ്വീകരിക്കുന്നതും കുറ്റകൃത്യമാണ്. അത് ഇരുട്ടറകളിലടച്ചും, ജീവനോടെ ദഹിപ്പിക്കാവുന്നതുമായ ശിക്ഷ ലഭിക്കേണ്ടതുമാണ്. മത സ്വാതന്ത്ര്യം പ്രാദേശികമാക്കിത്തീർക്കുന്നതിന് അവർക്ക് അനുമതി നൽകാമോ? നവോത്ഥാനം അതിൻറെ അവസാന മതപരിവർത്തനം നടത്തി എന്ന്, അവസാനത്തെ ഏക്കറും പിടിച്ചടക്കിയെന്ന്, എങ്ങോട്ടെല്ലാം റോം ഈ സമയത്ത് ചാഞ്ഞുവോ അവിടെയെല്ലാം അവളുടെ ആധിപത്യം നില നിർത്തിയെന്ന് പ്രഖ്യാപിക്കുവാൻ കഴിയുമോ? ഈ ക്രമീകരണം പിൻതുടർന്നതുകൊണ്ട് പോപ്പിൻറെ ദേശങ്ങളിൽ തങ്ങളുടെ ജീവനെ കീഴ്പെടുത്തേണ്ടി

വരുമായിരുന്ന ആയിരക്കണക്കിനാളുകളുടെ രക്തത്തെ സംബന്ധിച്ച് കുറ്റക്കാരല്ലെന്ന ഒഴികഴിവു പറയുവാൻ കഴിയുമായിരുന്നോ? ആ സുപ്രധാന മണിക്കൂറിൽ ഇത് ക്രൈസ്തവ ലോകത്തിൻറെ സ്വാതന്ത്ര്യത്തേയും സുവിശേഷത്തിൻറെ ഉദ്ദേശത്തേയും വഞ്ചിക്കുകയായിരിക്കും ചെയ്യുന്നത്.- Wylie, b.8, ch. 15. അതിനേക്കാൾ നല്ലത് "തങ്ങളുടെ സംസ്ഥാനങ്ങളും കിരീടങ്ങളും ജീവൻ പോലും ത്യജിക്കുന്നതാണ്". - D'Aubigne, b.13, ch.5.

പ്രഭുക്കന്മാർ പറഞ്ഞു: "ഈ ഉത്തരവ് നമുക്ക് തള്ളിക്കളയാം. മനസ്സാക്ഷിയുടെ കാര്യത്തിൽ ഭൂരിപക്ഷത്തിന്

അധികാരം ഇല്ല". പ്രതിനിധികൾ പറഞ്ഞു: "1526-ലെ കല്പനയാൽ ചക്രവർത്തി ആസ്വദിക്കുന്ന സമാധാനത്തിന് ഞങ്ങൾ കടപ്പെട്ടവരാണ്. അതിൻറെ റദ്ദാക്കൽ പ്രശ്നങ്ങളാലും പിളർപ്പുകളാലും ജർമ്മനിയെ നിറയ്ക്കും . ഉപദേശക സമിതി കൂടുന്നതുവരെ മത സ്വാതന്ത്ര്യം സംരക്ഷിക്കുന്നതിൽ കൂടുതൽ ഒന്നും ചെയ്യാൻ അന്തർദേശീയ ആലോചനാസമിതിക്ക് യോഗ്യതയില്ല".
- Ibid.. b.13, ch.5. മനസ്സാക്ഷി സ്വാതന്ത്ര്യം സംരക്ഷിക്കുന്നത് സംസ്ഥാനത്തിൻറെ കടമയും മതപരമായ കാര്യങ്ങളിൽ ഇത് അതിൻറെ അധികാര പരിധിയുമാണ്. പൗരാധികാരത്താൽ മതാനുഷ്ഠാനങ്ങൾ

നിയന്ത്രിക്കാനോ നിർബന്ധിക്കാനോ ശ്രമിക്കുന്ന ഓരോ മതേതര ഗവണ്മെന്റും, ഇവാഞ്ചലിക്കൽ ക്രിസ്ത്യാനികൾ വളരെ ഉത്കൃഷ്ടമായി കഠിനപ്രയത്നം ചെയ്തുണ്ടാക്കിയ തത്വങ്ങൾതന്നെ ത്യജിക്കുകയാണ്.

“സാഹസികമായ മർക്കട മുഷ്ടി’ എന്ന് അവർ വിളിച്ചിരുന്നതിനെ അധികാരം ഉപയോഗിച്ച് അടിച്ചമർത്താൻ പാപ്പാമതാനുയായികൾ തീരുമാനിച്ചു. നവോത്ഥാനത്തെ പിൻതുണയ്ക്കുന്നവരുടെ ഇടയിൽ ഭിന്നിപ്പുണ്ടാക്കാൻ പരിശ്രമിച്ചും നവീകരണത്തോട് കൂറ് തുറന്ന് പ്രഖ്യാപിക്കാത്തവരെ വിരട്ടിയും അടിച്ചമർത്തൽ ആരംഭിച്ചു. സ്വതന്ത്ര

പട്ടണങ്ങളുടെ പ്രതിനിധികളെ അവസാനം ആലോചനാസമിതിക്കു മുമ്പാകെ വിളിച്ചു വരുത്തി. പ്രമേയത്തിൻറെ നിബന്ധനകൾ അവർ അംഗീകരിക്കുമോ എന്ന് പരസ്യമായി പ്രസ്താവിക്കുവാൻ അവർ ആവശ്യപ്പെട്ടു. അവർ സാവകാശത്തിനുവേണ്ടി അഭ്യർത്ഥിച്ചെങ്കിലും ലഭിച്ചില്ല. പരിശോധിച്ചപ്പോൾ അതിൽ ഏകദേശം പകുതിയോളം പേർ നവോത്ഥാനക്കാരുടെ പക്ഷം പിടിച്ചിരിക്കുന്നതായി കണ്ടു. അങ്ങനെ മനസ്സാക്ഷിയുടെ സ്വാതന്ത്ര്യവും വ്യക്തിപരമായി വിധിക്കുന്നതിൻറെ അവകാശവും ത്യജിക്കുവാൻ വിസമ്മതിച്ചവർ ഭാവി വിമർശനത്തിനും ദണ്ഡന വിധിക്കും,

പീഡനത്തിനുമായി തങ്ങളുടെ നില അടയാളപ്പെടുത്തിയിട്ടുണ്ടെന്ന് മനസ്സിലാക്കി. പ്രതിനിധികളിൽ ഒരാൾ ഇപ്രകാരം പറഞ്ഞു: "നമുക്ക് ഒന്നുകിൽ ദൈവവചനം നിഷേധിക്കണം, അല്ലെങ്കിൽ ചുട്ടുകരിക്കണം". - Ibid., b.13, ch.5.

അന്തർദേശീയ ആലോചനാസമിതിയിൽ ചക്രവർത്തിയുടെ പ്രതിനിധിയായിരുന്ന ഫെർഡിനന്റ് രാജാവ്, ഈ ഉത്തരവ് അംഗീകരിക്കാനും സഹിക്കാനും പ്രഭുക്കന്മാരെ പ്രേരിപ്പിച്ചില്ലെങ്കിൽ ഗൗരവമായ പിളർപ്പ് ഉണ്ടാകുമെന്ന് മനസ്സിലാക്കി. അതുകൊണ്ട് അദ്ദേഹം അനുനയം എന്ന

രീതി പരീക്ഷിച്ചു നോക്കി. ഈ ആളുകളോട് ശക്തി പ്രയോഗിച്ചാൽ അവർ കൂടുതൽ ഉറപ്പു ള്ളവരായിത്തീരുമെന്ന് അദ്ദേഹത്തിന് നല്ലതുപോലെ അറിയാമായിരുന്നു". ചക്രവർത്തി അവരിൽ അത്യധികമായി പ്രസാദിക്കും എന്ന് ഉറപ്പുവരുത്തിക്കൊണ്ട് അദ്ദേഹം ഈ ഉത്തരവ് അംഗീകരിക്കുവാൻ പ്രഭുക്കന്മാരോട് യാചിച്ചു". പക്ഷേ, ഭൂമിയിലെ ഭരണാധിപന്മാരേക്കാൾ ഉന്നതമായ ആധിപത്യം അംഗീകരിച്ചിരുന്ന ഈ വിശ്വസ്തർ സൗമ്യമായി പ്രതിവചിച്ചു: — "ദൈവത്തിൻറെ മഹത്വത്തിനും സമാധാനത്തിൻറെ നിലനില്പിനും സഹായകമാകുന്ന എല്ലാ കാര്യത്തിലും

ഞങ്ങൾ ചക്രവർത്തിയെ അനുസരിക്കും'.- Ibid., b.13, ch.5

“രാജകല്പന ക്രമപ്പെടുത്തുവാൻ പോകുന്നു; ഭൂരിപക്ഷത്തിനു കീഴ്പെടുക എന്ന ഏകമാർഗ്ഗമേ ശേഷിക്കുന്നുള്ളൂ എന്ന് എലക്ടറോടും അവൻറെ കൂട്ടരോടും ആലോചനാസമിതിയുടെ മുന്നിൽ രാജാവ് അവസാനം പ്രഖ്യാപിച്ചു. ഇപ്രകാരം പറഞ്ഞുകൊണ്ട്, നവീകരണക്കാർക്ക് ഗാഢമായ പര്യാലോചനക്കൊ, മറുപടിക്കൊ അവസരം കൊടുക്കാതെ സമിതിയിൽ നിന്നും അദ്ദേഹം പിൻവാങ്ങി. രാജാവ് തിരികെ വരാൻ അഭ്യർത്ഥിക്കുന്നതിന് ഒരു പ്രതിനിധിസംഘത്തെ അവർ അയച്ചു

എങ്കിലും പ്രയോജനമുണ്ടായില്ല'. അത് തീരുമാനിക്കപ്പെട്ട കാര്യമാണ്. കീഴ്പെടുക എന്നതുമാത്രമാണ് അവശേഷിക്കുന്നത് എന്ന് അവരുടെ ശക്തിയായ പ്രതിഷേധത്തിന് അദ്ദേഹം മറുപടി പറഞ്ഞു". - Ibid., b.13, ch.5.

മാനുഷിക ഉപദേശങ്ങൾക്കും ആവശ്യങ്ങൾക്കും മേലായി വിശുദ്ധ തിരുവെഴുത്തുകളെ ക്രിസ്തീയ പ്രഭുക്കന്മാർ അനുസരിക്കുമെന്ന് പരമാധികാരികൾക്ക് ബോദ്ധ്യപ്പെട്ടിരുന്നു. എവിടെയൊക്കെ ഈ തത്വം സ്വീകരിക്കപ്പെടുന്നുവോ അവിടെയെല്ലാം പാപ്പാത്വം ഒടുവിൽ ഇല്ലാതാകും എന്നും അറിഞ്ഞിരുന്നു. പക്ഷെ ആ കാലംമുതലുള്ള

ആയിരങ്ങളെപോലെ, “കാണുന്ന കാര്യങ്ങളെ” മാത്രം നോക്കിക്കൊണ്ട്, ചക്രവർത്തിയുടെയും പോപ്പിൻറെയും ഉദ്ദേശങ്ങൾ പ്രബലവും നവീകരണക്കാരുടേത് ബലഹീനവും ആണെന്ന് സ്വയം പുകഴ്ത്തിപ്പറഞ്ഞു. നവീകരണക്കാർ മാനുഷിക സഹായത്തിൽ മാത്രം ആശ്രയിച്ചിരുന്നെങ്കിൽ പാപ്പാമതക്കാർ വിചാരിച്ചതുപോലെ അവർ ബലഹീനർ ആകുമായിരുന്നു. എണ്ണത്തിൽ കുറഞ്ഞവരെങ്കിലും റോമുമായുള്ള വിവാദത്തിൽ അവർക്ക് അവരുടേതായ ശക്തി ഉണ്ടായിരുന്നു.

“ആലോചനാസമിതിയുടെ റിപ്പോർട്ടിൽ നിന്നും ദൈവവചനത്തോടും ചാൾസ് ചക്രവർത്തിയിൽ നിന്നും

കർത്താധികർത്താവും രാജാധിരാജാവും ആയ ക്രിസ്തുവിനോടും അവർ അഭ്യർത്ഥിച്ചു”. - Ibid., b.13, ch.6.

മനസ്സാക്ഷിപ്രകാരമുള്ള അവരുടെ ദൃഢവിശ്വാസത്തെ പരിഗണിക്കുവാൻ ഫെർഡിനൻ്റ് വിസമ്മതിച്ചപ്പോൾ, അദ്ദേഹത്തിൻ്റെ അസാന്നിധ്യം വക വെയ്ക്കാതെ തങ്ങളുടെ നിക്ഷേധ പ്രസ്താവന താമസിയാതെ ദേശീയ ആലോചനാസമിതിയിൽ അവതരിപ്പിക്കാൻ തീരുമാനിച്ചു. ഒരു പാവനമായ പ്രസ്താവന ചിട്ടയിൽ ക്രമപ്പെടുത്തി ആലോചനാ സമിതിയിൽ സമർപ്പിച്ചു: “ആത്മാക്കളുടെ രക്ഷയ്ക്കോ, നമ്മുടെ ശരിയായ

മനസ്സാക്ഷിക്കോ, ദൈവ ത്തിനും
അവൻറെ വചനത്തിനുമോ, എതിരായി
ഞങ്ങൾ ഞങ്ങൾക്കുവേണ്ടിയും
ഞങ്ങളുടെ ജനങ്ങൾക്കുവേണ്ടിയും
നിർദ്ദിഷ്ട കല്പന എന്തു
തന്നെയായാലും ഒരു വിധത്തിലും
അനുസരിക്കുകയോ
അംഗീകരിക്കുകയോ ചെയ്യുകയില്ലെന്ന്
നമ്മുടെ സ്രഷ്ടാവും സംരക്ഷകനും
വീണ്ടെടുപ്പുകാരനും രക്ഷിതാവും
സർവ്വമനുഷ്യരുടെയും
സൃഷ്ടികളുടേയും മുമ്പാകെ ഒരിക്കൽ
നമ്മുടെ ന്യായാധിപനാകേണ്ടവൻറെയും
മുമ്പാകെ ഈ സന്നിഹിതരായ ഞങ്ങൾ
പ്രതിഷേധിക്കുന്നു”.

“എന്ത്! ഈ രാജശാസനത്തിന്
ഞങ്ങൾ അംഗീകാരം നൽകുകയോ!
സർവ്വശക്തനായ ദൈവം ഒരുവനെ
തൻറെ പരിജ്ഞാനത്തിലേക്ക് വിളിക്കു
മ്പോൾ ആ മനുഷ്യന്, എങ്ങനെ
ആയാലും ദൈവത്തെപ്പറ്റിയുള്ള അറിവ്
സ്വീകരിക്കാൻ കഴിയുന്നില്ല എന്ന
കാര്യത്തിന് ഞങ്ങൾ ഉറപ്പുതരുന്നു”
“ദൈവവചനത്തോട്
പൊരുത്തപ്പെടുത്താവുന്ന സ്ഥിരതയുള്ള
തത്വങ്ങൾ ഒന്നുംതന്നെയില്ല. ... മറ്റുള്ള
എല്ലാ തത്വങ്ങളുടെയും പഠിപ്പിക്കലുകൾ
കർത്താവു നിഷേധിക്കുന്നു. .. .
വിശുദ്ധ വചനം കൂടുതൽ വ്യക്തമായ മറ്റ്
വാക്യങ്ങളാൽ വ്യാഖ്യാനിക്കപ്പെടണം. .
. . ക്രിസ്ത്യാനിക്ക് ആവശ്യമായ
കാര്യങ്ങൾ എല്ലാം ആണ്

വിശുദ്ധവചനം. അത് മനസ്സിലാക്കാൻ എളുപ്പവും അന്ധകാരത്തെ ചിതറിക്കാൻ കണക്കാക്കപ്പെട്ടിട്ടുള്ളതും ആണ്. . . . എന്തെങ്കിലും അതിനോടു കൂട്ടിയാൽ അതിനുതന്നെ വിരുദ്ധമായേക്കാവുന്നതു കൊണ്ട്, അതിനോട് ഒന്നും കൂട്ടാതെ പുതിയനിയമത്തിലും പഴയനിയമത്തിലും ഉൾക്കൊണ്ടിരിക്കുന്ന പുസ്തകങ്ങളിൽ പറഞ്ഞിരിക്കുന്നതുപോലെ തന്നെ, അന്യ പ്രവേശനമില്ലാത്ത, നിർമ്മല തിരുവചന പ്രസംഗം നിലനിർത്തുവാൻ ദൈവകൃപയാൽ ഞങ്ങൾ തീരുമാനിച്ചു. വചനമാണ് ഏകസത്യം. മുഴു ജീവിതത്തിൻറെയും എല്ലാ സിദ്ധാന്തങ്ങളുടെയും ഉറപ്പായ നിയമം ആണ് അത്. അതിന് ഒരിക്കലും

പരാജയപ്പെടാനോ നമ്മ ചതിക്കാനോ കഴിവില്ല. ഈ അടിസ്ഥാനത്തിന്മേൽ പണിയുന്ന ഏവനും നരകത്തിൻറെ ശക്തിക്ക് എതിരെ നിൽക്കുകയും അതിനെതിരായി പടുത്തുയർത്തുന്ന മാനുഷിക പൊങ്ങച്ചങ്ങൾ എല്ലാം ദൈവമുമ്പാകെ വീണുപോകുകയും ചെയ്യും'.

“ഈ കാരണത്താൽ ഞങ്ങളുടെമേൽ അടിച്ചേൽപ്പിച്ചിരിക്കുന്ന ഈ നുകം ഞങ്ങൾ തള്ളിക്കളയുന്നു”. “അതേ സമയം, എല്ലാറ്റിലും ഉപരിയായി

ദൈവത്തെ സ്നേഹിക്കുന്ന ഒരു ക്രിസ്തീയ രാജാവിനേപ്പോലെ പരമാധി കാരമുള്ള തിരുമനസ്സ് ഞങ്ങളോട് പെരുമാറും

എന്ന് ഞങ്ങൾ പ്രതീക്ഷി ക്കുന്നു. അദ്ദേഹത്തിനും സഹൃദയരായ രാജാക്കന്മാരായ നിങ്ങൾക്കും ഞങ്ങളുടെ കടമയിൽപ്പെട്ട നീതിപൂർവ്വവും നിയമാനുസൃതവുമായ സ്നേഹവും അനുസരണവും തരാൻ ഞങ്ങൾ തയ്യാറാണെന്നും പ്രസ്താവിച്ചുകൊള്ളുന്നു". - Ibid., b.13, ch.6.

ആ ആലോചനാസമിതിയിൽ ഒരു ആഴമായ മതിപ്പ് ഉണ്ടായി. പ്രതിക്ഷേധക്കാരുടെ ആത്മവിശ്വാസത്തിൽ, ഭൂരിപക്ഷം അത്ഭുതത്താലും ആപത് സൂചനയാലും നിറഞ്ഞു. ഭാവി അവർക്ക് പ്രക്ഷുബ്ധവും അസ്ഥിരവും ആയിത്തോന്നി. അഭിപ്രായ ഭിന്നതയും കിടമത്സരവും

രക്തച്ചൊരിച്ചിലും അനിവാര്യമായിത്തീർന്നേക്കും. എന്നാൽ നവീകരണ കർത്താക്കൾ തങ്ങളുടെ ലക്ഷ്യത്തിൻറെ നീതിയിൽ ഉറപ്പുള്ളവരും സർവ്വശക്തന്റെ കൈകളിൽ വിശ്വാസം അർപ്പിച്ചുകൊണ്ട് "ഉറപ്പും ധൈര്യവും ഉള്ളവരും ആയിരുന്നു".

"പ്രകീർത്തിക്കപ്പെട്ട പ്രതിക്ഷേധത്തിൽ അടങ്ങിയിരിക്കുന്ന തത്വങ്ങൾ.... പ്രൊട്ടസ്റ്റാൻറിസത്തിൻറെ അന്തസ്സത്ത രൂപികരിക്കുന്നു. ഇപ്പോൾ മനുഷ്യൻറെ വിശ്വാസപരമായ കാര്യങ്ങളിൽ രണ്ട് ദുർവിനിയോഗങ്ങളെ ഈ പ്രതിക്ഷേധം എതിർക്കുന്നു.

ആദ്യത്തേത് മജിസ്ട്രേട്ടിൻറെ
അതിക്രമിച്ച കട ക്കലും രണ്ടാമത്തേത്
സഭയുടെ അനിയന്ത്രിതമായ
ആധിപത്യവുമാണ്. പ്രൊട്ടസ്റ്റാൻറിസം,
മജിസ്ട്രേട്ടിനും ഉപരിയായി
മനസ്സാക്ഷിയുടെ ശക്തിയേയും
കാണപ്പെട്ട സഭയ്ക്ക് ഉപരിയായി
ദൈവവചനത്തേയും
ഉയർത്തിപ്പിടിക്കുന്നു.
ആദ്യത്തേതിൽ പാവനമായ
കാര്യങ്ങളിൽനിന്ന്
പൗരധർമ്മശക്തിയെ തള്ളിക്കളയുന്നു.
കൂടാതെ പ്രവാചകന്മാരോടും
അപ്പൊസ്തലന്മാരോടും ചേർന്ന്
“മനുഷ്യരെക്കാൾ ദൈവത്തെ
അനുസരിക്കേണ്ടതാകുന്നു” എന്ന്
പറയുന്നു. ചാൾസ് അഞ്ചാമൻറെ

കിരീടത്തിൻറെ സാന്നിധ്യത്തിൽ യേശുക്രിസ്തുവിൻറെ കിരീടത്തെ ഉയർത്തിപ്പിടിക്കുന്നു. പക്ഷേ അത് അതിലും അപ്പുറത്തേക്ക് പോകുന്നു. ദൈവിക വെളിപ്പാടുകൾക്ക് കീഴെയാണ് മനുഷ്യൻറെ എല്ലാ പഠിപ്പിക്കലുകളും എന്ന തത്വം അത് വയ്ക്കുന്നു".- Ibid., b.13, ch. 6. അതും കൂടാതെ, പ്രൊട്ടസ്റ്റൻറുകാർ സത്യത്തെക്കുറിച്ചുള്ള ദൃഢവിശ്വാസത്തെ സ്വതന്ത്രമായി ഉച്ചരിക്കുന്നതിനുള്ള അവരുടെ ന്യായത്തെ ഉറപ്പിച്ചു പറഞ്ഞു. അവർ വിശ്വസിക്കുകയും അനുസരിക്കുകയും മാത്രമല്ല ദൈവവചനം പറയുന്നത് പഠിപ്പിക്കുകയും ചെയ്തു. മജിസ്ട്രേട്ടിനും പുരോഹിതനും കൈകടത്ത നുള്ള

ന്യായത്തെ അവർ നിഷേധിക്കുകയും ചെയ്തു. മതത്തിൻറെ അസഹിഷ്ണുതയ്ക്ക് എതിരായ പാവനമായ സാക്ഷ്യം ആയിരുന്നു സ്പൈറസിലെ പ്രതിക്ഷേധം. സ്വന്തം മനസ്സാക്ഷി ചൊല്ലിക്കൊടുക്കുന്നതനുസരിച്ച് ദൈവത്തെ ആരാധിക്കുവാനുള്ള എല്ലാ മനുഷ്യരുടെയും അവകാശത്തെ ഉറപ്പിക്കുന്നതുമായിരുന്നു അത്.

ആ പ്രസ്താവന നടത്തപ്പെട്ടു. അത് ആയിരങ്ങളുടെ ഓർമ്മയിൽ എഴുതപ്പെട്ടു. മനുഷ്യൻറെ ഒരു പ്രയത്നത്താലും മായിച്ചുകളയുവാൻ സാധിക്കാത്ത സ്വർഗ്ഗത്തിലെ ബുക്കിലും രജിസ്റ്റർ ചെയ്യപ്പെട്ടു. സുവിശേഷാനുസൃതമായി

മുഴുജർമ്മനിയും ഈ പ്രതിഷേധത്തെ വിശ്വാസത്തിൻറെ പ്രകാശനമായി കൈക്കൊണ്ടു. എല്ലായിടത്തുമുള്ള ആളുകൾ പുതിയതും കൂടുതൽ ഉത്തമവുമായ ഒരു യുഗത്തിൻറെ വാഗ്ദാനം ഈ പ്രസ്താവനയിൽ കണ്ടു. പൈറ സിലെ പ്രോട്ടസ്റ്റൻറുകാരോട് നാട്ടുരാജാക്കന്മാരിൽ ഒരുവൻ പറഞ്ഞു: "ഭയം കൂടാതെ സ്വാതന്ത്ര്യമായി ഉന്മേഷത്തോടെ കുറ്റം സമ്മതിക്കാൻ കൃപ തന്ന സർവ്വശക്തൻ, അതേ ക്രിസ്തീയ ഉറപ്പിൽ നിത്യതയുടെ ദിവസംവരെ കാത്തു കൊള്ളട്ടെ". - Ibid., b. 13, ch. 6.

നവീകരണം ഒരളവുവരെ വിജയം സമ്പാദിച്ചശേഷം ലൗകിക

താല്പര്യങ്ങൾക്കുവേണ്ടി
കാലത്തിനുതക്ക കോലം കെട്ടുന്നതിനു
സമ്മതിച്ചാൽ ദൈവത്തിനും
അതിനുതന്നെയും
സത്യവിരുദ്ധമാവുകയും അങ്ങനെ സ്വന്ത
നാശം ഉറപ്പുവരുത്തുകയും ചെയ്യും.
ഉത്തമരായ നവീകരണ
കർത്താക്കളുടെ അനുഭവം
പിൻവരുന്ന തലമുറകൾക്ക് ഒരു പാഠം
ഉൾക്കൊള്ളുന്നു. ദൈവത്തിനും
ദൈവവചനത്തിനും എതിരായി
സാത്താൻറെ പ്രവർത്തനരീതിക്ക്
മാറ്റം ഒന്നും ഇല്ല. പതിനാറാം
നൂറ്റാണ്ടിലെപ്പോലെതന്നെ,
ജീവിതത്തിൽ വഴികാട്ടിയായി
തിരുവചനത്തെ സ്വീകരിക്കുന്നതിനോട്
അവൻ ഇന്നും എതിരാണ്. നമ്മുടെ

സമയത്ത്, അവരുടെ
സിദ്ധാന്തങ്ങളിൽനിന്നും ഒരു
വ്യാപകമായ വ്യതിയാനം ഉണ്ട്.
കർത്തവ്യത്തിന്റെയും
വിശ്വാസത്തിൻറെയും നിയമമായി
ബൈബിൾ മാത്രം എന്ന
പ്രൊട്ടസ്റ്റന്റുകാരുടെ വലിയ
തത്വത്തിലേക്ക് തിരിച്ചുപോകേണ്ട
ആവശ്യമുണ്ട്. മതസ്വാതന്ത്ര്യം
നശിപ്പിക്കാൻ തനിക്ക് നിയ
ന്തിക്കാവുന്ന എല്ലാ
മാർഗ്ഗത്തിലൂടെയും ഇന്നും സാത്താൻ
പ്രവർത്തിക്കു ന്നു. സ്പൈറസിലെ
പ്രതിഷേധക്കാർ തള്ളിക്കളഞ്ഞ എതിർ
ക്രിസ്തുവിൻറെ ശക്തി ഇപ്പോൾ
പുതുക്കപ്പെട്ട ശൗര്യത്തോടെ നഷ്ടപ്പെട്ട
മേൽക്കോയ്മ പുനഃ സ്ഥാപിക്കുവാൻ

ശ്രമിച്ചുകൊണ്ടിരിക്കുന്നു. നവീകരണത്തിൻറെ നിർണ്ണായക ഘട്ടത്തിൽ പ്രകടമാക്കപ്പെട്ട തിരുവചനത്തോടുള്ള വ്യതിചലിക്കാത്ത അതേ പറ്റിച്ചേരൽ മാത്രമാണ്, ഇന്നത്തെ നവീകരണത്തിൻറെ ഏക പ്രത്യാശ.

പ്രോട്ടസ്റ്റൻറുകാർക്ക് ആപത്തിൻറെ അടയാളങ്ങൾ പ്രത്യക്ഷപ്പെട്ടു. അട യാളങ്ങൾ ഉണ്ടായപ്പോൾ വിശ്വസ്തരെ സംരക്ഷിക്കുന്ന ദിവ്യകാരങ്ങളും നീട്ടപ്പെട്ടിരുന്നു. ഏതാണ്ട് ഈ സമയത്താണ് മെലംഗ്തൺ പൈറസിൻറെ തെരുവീഥിയിൽക്കൂടി തൻറെ കൂട്ടുകാരൻ സൈമൺ ഗെനിയൂസിനെ റൈൻ നദീ തീരത്തേക്ക്

തിടുക്കത്തിൽ കൂട്ടിക്കൊണ്ടുപോയി അക്കരെ കടക്കാൻ സമ്മർദ്ദം ചെലുത്തിയത്. ഈ വല്ലാത്ത ബദ്ധപ്പാടിൽ സൈമൺ അമ്പരന്നു പോയി. “പാവന മുഖഭാവത്തോടെ ഉൽക്കണ്ഠാകുലനായ ഒരു വൃദ്ധൻ; പക്ഷെ ഞാൻ അറിയാത്ത ആൾ” മെലംഗ്തൺ പറഞ്ഞു: “എൻറെ മുൻപിൽ പ്രത്യക്ഷപ്പെട്ട് ഗനിയൂസിനെ അറസ്റ്റുചെയ്യാൻ ഒരു മിനിറ്റിനകം ഉദ്യോഗസ്ഥരെ അയയ്ക്കും ” എന്നു പറഞ്ഞു.

ആ ദിവസം, വളരെ മുഖ്യനും പാപ്പാത്വ പണ്ഡിതനും ആയ ഫാബരിനാൽ പ്രഭാഷണ സമയത്ത് ഗനിയൂസ് അപമാനിതനായി. അതിൻറെ ഒടുവിൽ

“നിന്ദ്യമായ ചില തെറ്റുകളെ” ചെറുത്തുകൊണ്ട് ഫാബരിനെ തൻറെ പ്രതിഷേധം പ്രകടമാക്കി. “ഫാബർ തൻറെ കോപം മറച്ചുവച്ചുകൊണ്ട് പെട്ടെന്ന് രാജാവിൻറെ അടുക്കൽ ചെന്ന് ഹെയ്ഡൽ ബർഗ്ഗിൽ തന്നെ വിടാതെ പിടിച്ച് പ്രൊഫസ്സർക്ക് എതിരായി ഒരു കല്പന കരസ്ഥമാക്കി. മുന്നറിയിപ്പ് കൊടുക്കാനായി വിശുദ്ധമാലാഖമാരിൽ ഒരാളെ അയച്ച് ദൈവം തൻറെ കൂട്ടുകാരനെ വിടുവിച്ചതാണെന്നുള്ളതിന് മെലംഗ്ണിന് സംശയം ഒന്നുമില്ല.

“നദിയിലെ വെള്ളം ഗ്രെനിയൂസിനെ പീഡകരുടെ കയ്യിൽനിന്നും വീണ്ടെടുക്കുന്നതുവരെ റൈൻ

നദീതീരത്ത് ചലനമറ്റ് കാത്തുനിന്നു. അദ്ദേഹത്തെ അക്കരെ കണ്ടപ്പോൾ മെലംഗ്തൺ പറഞ്ഞു: "കുറ്റമില്ലാത്ത രക്തത്തിനു ദാഹിക്കുന്നവരുടെ ക്രൂരമായ താടിയെല്ലുകളിൽനിന്നും അദ്ദേഹം രക്ഷപെട്ടു വീട്ടിൽ തിരിച്ചെത്തിയപ്പോൾ ഗ്രെനിയൂസിനെ അന്വേഷിച്ച ഉദ്യോഗസ്ഥന്മാർ തലമുതൽ പാദംവരെ എല്ലാടവും അന്വേഷിച്ചു എന്ന് മെലംഗ്തൺ അറിഞ്ഞു". - Ibid., p. 12, ch. 6.

ഭൂമിയിലെ ബലവാന്മാരുടെ മുമ്പിൽ നവീകരണത്തിന് കൂടുതൽ വിപുലമായ പ്രാമാണ്യം കിട്ടേണ്ടതായിരുന്നു. ഫെർഡിനന്റ് രാജാവിനാൽ നൽകപ്പെട്ട ഒരു വാദം കേൾക്കുന്നത്

സുവിശേഷകരായ നാട്ടുരാജാക്കന്മാർക്ക് നിഷേധിക്കപ്പെട്ടിരുന്നു. പക്ഷെ തങ്ങളുടെ ന്യായങ്ങൾ സഭയുടേയും സംസ്ഥാനത്തിൻറേയും വിശിഷ്ട വ്യക്തികളുടെ യോഗത്തിൽ, ചക്രവർത്തിയുടെ സാന്നിദ്ധ്യത്തിൽ അവതരിപ്പിക്കാനുള്ള അവസരം അനുവദിക്കപ്പെട്ടിരുന്നു. ചക്രവർത്തിയെ ശല്യപ്പെടുത്തിയ അനൈക്യം ശാന്തമാക്കാൻ ചാൾസ് അഞ്ചാമൻ പൈറസിലെ പ്രതിഷേധത്തിൻറെ പിറ്റേവർഷം ഓാഗ്ബർഗ്ഗിൽ ഒരു അന്തർദേശീയ സമ്മേളനം വിളിച്ചുകൂട്ടി, അതിൽ വ്യക്തിപരമായി അദ്ധ്യക്ഷം വഹിക്കാനുള്ള തൻറെ ഉദ്ദേശം

വ്യക്തമാക്കി. അതിലേക്ക് പ്രൊട്ടസ്റ്റൻറ് നായകന്മാരെ വിളിപ്പിച്ചു.

നവീകരണത്തെ വലിയ ആപത്ത് ഭീഷണിപ്പെടുത്തി. പക്ഷെ അതിൻറെ വക്താക്കൾ അവരുടെ കാര്യം ദൈവത്തിൽ സമർപ്പിച്ച് സുവിശേഷത്തോട് ഉറപ്പുള്ളവരായിരിക്കും എന്ന് പ്രതിജ്ഞ എടുത്തു. സാക്സണിയിലെ എലക്ടർ ഈ അന്തർദേശീയ സമ്മേളനത്തിൽ വരരുതെന്ന് സാമാജികന്മാർ ശഠിച്ചു. ചക്രവർത്തി എല്ലാ രാജാക്കന്മാരുടെയും സാന്നിദ്ധ്യം ആവശ്യപ്പെടുന്നത് അവരെ ഒരു കെണിയിൽ പെടുത്താനാണെന്ന് അവർ പറഞ്ഞു: - "പ്രബലനായ ഒരു ശത്രുവിനോടൊപ്പം ഒരുത്തൻ

തന്നെത്താൻ നഗരമതിലുകൾക്കകത്ത് അടയ്ക്കപ്പെടുന്നത് അപകടം ഉണ്ടാക്കുന്നതല്ലേ? പക്ഷെ മഹാമനസ്കതയോടെ മറ്റുള്ളവർ പ്രസ്താവിച്ചു: "ഈ രാജാക്കന്മാർ ധൈര്യപൂർവ്വം പെരുമാറുക മാത്രം ചെയ്യട്ടെ. ദൈവത്തിൻറെ ലക്ഷ്യം പരിപാലിക്കപ്പെടും'. ദൈവം വിശ്വസ്തനാണ്. അവൻ നമ്മെ കയ്യൊഴികയില്ല' എന്ന് ലൂഥർ പറഞ്ഞു", -- Ibid., b. 14, ch. 2. എലക്ടർ തൻറെ അകമ്പടിക്കാരോടുകൂടെ ഓഗ്സ്ബർഗ്ഗിലേക്ക് യാത്ര ആരംഭിച്ചു. അദ്ദേഹത്തെ ശല്യപ്പെടുത്തുന്ന അപകട മുന്നറിയിപ്പ് എല്ലാവർക്കും അറിയാമായിരുന്നു. പലരും മുൻപോട്ട് പരിഭ്രാന്തമായ മുഖഭാവത്തോടും

അത്യധിക ംതുടിക്കുന്ന ഹൃദയത്തോടും (...) ബർഗ്ഗുവരെ അവരോടൊപ്പം പോയ ലൂഥർ ആ (...) എന്ന (...) പ്രോത്സാഹജനകമായ ആ പാട്ടിൻറെ ശബ്ദം പലരുടേയും സൂചനയിലെ ഉത്കണ്ഠയെ നിഷ്ക്കാസനം ചെയ്തു. പലരുടെയും ഹൃദയഭാരം കുറഞ്ഞു.

ആ നവീകരണ പ്രഭുക്കന്മാർ ക്രിമീകൃത രൂപത്തിലൽ വചനതെളിവോട്ടു കൂടി ഒരു പ്രസ്താവന ഉണ്ടാക്കി ആലോചനാസഭ മുമ്പാകെ അവതരിപ്പിക്കാൻ തീരുമാനിച്ചു. അത് ഉണ്ടാക്കുന്ന ജോലി ലൂഥറിനെയും മെലംഗ്തണിനേയും അവരുടെ സഹകാരികളെയും എല്പിച്ചു. പ്രൊട്ടസ്റ്റൻറുകാർ ഈ വിശ്വാസ

പ്രമാണം തങ്ങളുടെ വിശ്വാസത്തിൻറെ വിശദീകരണമായി അംഗീകരിച്ചു. ഈ പ്രധാന പ്രമാണത്തിൻറെ ഒടുവിൽ തങ്ങളുടെ പേരുകൾ ചേർക്കുന്നതിന് കൂടി വന്നു. അത് പാവനതയുടേയും പരിശോധനയുടേയും സമയം ആയിരുന്നു. രാഷ്ട്രീയ ചോദ്യങ്ങളാൽ തങ്ങളുടെ ലക്ഷ്യം കുഴപ്പത്തിലാക്കാതിരിക്കാൻ നവീകരണക്കാർ വ്യഗ്രത ഉള്ളവരായിരുന്നു. ദൈവവചനത്തിൽ നിന്നുള്ള ശക്തിപ്രവാഹം അല്ലാതെ മറ്റൊന്നും നവീകരണം ഉപയോഗപ്പെടുത്തരുതെ അവർ വിചാരിച്ചു. ക്രിസ്തീയ രാജാക്കന്മാർ വിശ്വാസപ്രമാണത്തിൽ ഒപ്പു വെയ്ക്കാൻ മുൻപോട്ട് വന്നപ്പോൾ മെലംഗ്തൺ

ഇടയ്ക്കുകയറി പറഞ്ഞു: “ഈ കാര്യങ്ങൾ നിർദ്ദേശിക്കുന്നത് വേദശാസ്ത്രജ്ഞന്മാർക്കും സഭാശുശ്രൂഷകന്മാർക്കും ഉള്ളതാണ്. ലോകത്തിലെ പ്രബലരായവരുടെ അധികാരം വേറെ കാര്യങ്ങൾക്കായി മാറ്റിവയ്ക്കാം”. ഉടനെ സാക്സണിയിലെ ജോൺ മറുപടി പറഞ്ഞു: “എന്നെ ബഹിഷ്കരിക്കുന്നത് ദൈവം തടയും എന്റെ കിരീടത്തെക്കുറിച്ച് എനിക്ക് പ്രയാസമുണ്ടാക്കാതെ ശരിയായത് ചെയ്യുവാൻ ഞാൻ ദൃഢനിശ്ചയം ചെയ്തു കർത്താവിനെ ഏറ്റുപറയാൻ ഞാൻ ആഗ്രഹിക്കുന്നു.

തിരഞ്ഞെടുപ്പിൻറേതായ എന്റെ തൊപ്പിയും ചെറുരോമാവൃതമായ രാജകീയ വസ്ത്രവും യേശുക്രിസ്തുവിൻറെ

ക്രൂശിനോളം എനിക്ക് വിലയുള്ളതല്ല".
ഇങ്ങനെ പറഞ്ഞുകൊണ്ട് അദ്ദേഹം
തൻറെ പേര് എഴുതിച്ചേർത്തു.
പ്രഭുക്കന്മാരിൽ വേറൊരാൾ പേന
എടുത്തപ്പോൾ ഇങ്ങനെ പറഞ്ഞു:
"എൻറെ കർത്താവായ യേശുവിൻറെ
ബഹുമതി ആവശ്യപ്പെടുന്നെങ്കിൽ
എൻറെ സ്വത്തുക്കളും ജീവനും
നഷ്ടപ്പെടുത്താൻ ഞാൻ തയ്യാറാണ്".
"ഈ വിശ്വാസ പ്രമാണത്തിൽ
ഉൾക്കൊണ്ടിരിക്കുന്നതല്ലാതെ വേറെ
ഏതെങ്കിലും ഉപദേശം
സ്വീകരിക്കുന്നതിനേക്കാൾ നല്ലത്,
എൻറെ എല്ലാ ചുറ്റുപാ ടുകളും
സംസ്ഥാനവും, എൻറെ അപ്പന്മാരുടെ
കയ്യിലെ ചെങ്കോലാകുന്ന രാജ്യത്തിൻറെ
അവകാശവും ഞാൻ വേണ്ടെന്ന്

വയ്ക്കുന്നതായിരിക്കും'. — Ibid., b.14, ch.6. ആ ദൈവമനുഷ്യരുടെ വിശ്വാസവും ധൈര്യവും അതായിരുന്നു.

ചക്രവർത്തിയുടെ മുൻപിൽ ഹാജരാകാൻ നിശ്ചയിക്കപ്പെട്ട സമയം വന്നു. എലക്ടർമാരാലും നാട്ടുരാജാക്കന്മാരാലും ചുറ്റപ്പെട്ട് ചാൾസ് അഞ്ചാമൻ സിംഹാസനത്തിൽ ഉപവിഷ്ടനായി. സദസ്സ് പ്രൊട്ടസ്റ്റൻറ് നവീകരണക്കാർക്ക് കൊടുത്തു. അവരുടെ വിശ്വാസത്തിൻറെ പ്രസ്താവന വായിച്ചു. ആ മഹനീയ യോഗത്തിൽ സുവിശേഷ സത്യങ്ങൾ വ്യക്തമായി പ്രതിപാദിച്ചു. പാപ്പാസഭയുടെ തെറ്റുകൾ ചൂണ്ടിക്കാണിക്കപ്പെട്ടു. “മനുഷ്യവർഗ്ഗത്തിന്റേയും

ക്രിസ്ത്യാനിത്വത്തിൻറേയും ചരിത്രത്തിലെ ഏറ്റം മഹത്വപൂർണ്ണമായ ദിവസം എന്നും നവീകരണത്തിൻറെ നിർണ്ണായക ദിവസം എന്നും ആ ദിവസത്തെ വിശേഷിപ്പിക്കുന്നു'. - Ibid., p. 14, ch. 7.

വേംസിലെ ദേശീയ ആലോചനാസമതിയുടെ മുമ്പാകെ വിറ്റൻബർ ഗ്ഗിലെ ക്രിസ്തീയ സന്യാസി ഒറ്റയ്ക്ക് നിന്നതിനുശേഷം ചില വർഷങ്ങൾ പിന്നിട്ടിരുന്നു. ഇപ്പോൾ അദ്ദേഹത്തിൻറെ സ്ഥാനത്ത് കുലീനരും ഏറ്റം ശക്തിമാന്മാരുമായ നാട്ടുരാജാക്കന്മാർ ആണ് നിൽക്കുന്നത്. ഓഗ്സ്ബർഗ്ഗിൽ ലൂഥർ വരുന്നത് തടയപ്പെട്ടിരുന്നെങ്കിലും

വാക്കുകൊണ്ടും പ്രാർത്ഥനകൊണ്ടും അദ്ദേഹം അവിടെ സന്നിഹിതനായിരുന്നു. അദ്ദേഹം എഴുതി: "ഇത്ര മഹത്വ പൂർണ്ണമായ ഒരു യോഗത്തിൽ വച്ച്, തങ്ങളുടെ മതവിശ്വാസം ധൈര്യത്തോടെ പ്രഖ്യാപിച്ച ഇത്ര പ്രശസ്തരാൽ ക്രിസ്തുവിനെ പരസ്യമായി ഉയർത്തിയ ഈ മണിക്കൂർ വരെ ഞാൻ ജീവിച്ചതിൽ എനിക്ക് അത്യധികമായ സന്തോഷമുണ്ട്.- ibid., p. 14, ch, 7. അങ്ങനെ "ഞാൻ ലജ്ജിക്കാതെ രാജാക്കന്മാരുടെ മുമ്പിലും നിൻറെ സാക്ഷ്യങ്ങളെക്കുറിച്ച് സംസാരിക്കും" (സ ങ്കീ. 119:46) എന്ന തിരുവചനം നിവൃത്തിയാക്കപ്പെട്ടു.

പൌലൊസിൻറെ കാലത്ത്
പൌലൊസിനെ ജയിലിൽ അടച്ച
സുവിശേഷം, പരമാധികാരമുള്ള
നഗരത്തിൻറെ മഹാന്മാർക്കും
നാട്ടുരാജാക്കന്മാർക്കും മുമ്പിൽ
അങ്ങനെ കൊണ്ടുവരപ്പെട്ടു. അങ്ങനെ
ഈ സന്ദർഭത്തിൽ
കൊട്ടാരത്തിൽനിന്നും ചക്രവർത്തി
വിലക്കിയിരുന്നതും
ദാസന്മാർക്കുപോലും കേൾക്കാൻ
കൊള്ളരുതാത്തതെന്ന് അനേകർ
കരുതിയിരുന്നതും ആയ വചനം
സാമ്രാജ്യത്തിലെ പ്രഭുക്കന്മാരും
യജമാനന്മാരും അത്ഭുതത്തോടെ
കേൾക്കത്തക്കവണ്ണം
പ്രസംഗിക്കുവാൻ ഇടയായി.
രാജാക്കന്മാർ വലിയ മനുഷ്യർ

എന്നിവർ കേൾവിക്കാരും, കിരീടം അണിഞ്ഞ രാജാക്കന്മാർ പ്രസംഗകരും, പ്രഭാഷണം ദൈവത്തിൻറെ രാജകീയ സത്യവും ആയിരുന്നു. ഒരു എഴുത്തുകാരൻ പറയുന്നു: "അപ്പൊസ്തലികയുഗം മുതൽ ഒരിക്കലും ഇത്ര വലിയ ഒരു ജോലിയോ രാജകീയ പ്രൗഢിയോടുകൂടിയ വിശ്വാസപ്രഖ്യാപനമോ ഉണ്ടായിട്ടില്ല'.- D'Aubigne, b. 14, ch. 7.

പാപ്പാത്വ ബിഷപ്പ് പ്രഖ്യാപിച്ചു: "ലൂഥറിൻറെ അനുയായികൾ പറഞ്ഞത് എല്ലാം ശരിയാണ്. നമുക്ക് അത് മറുത്തുപറയാൻ സാധ്യമല്ല'. ഡോക്ടർ എക്കിൻറെ മറ്റൊരുവൻ ചോദിച്ചു: "എലക്ടർമാരുടെയും അവരുടെ

സഹായികളുടേയും വിശ്വാസ പ്രമാണത്തെ അഖണ്ഡമായ കാരണങ്ങളാൽ നിരസിക്കാൻ നിങ്ങൾക്ക് കഴിയുമൊ?" അതിൻറെ മറുപടി: "അപ്പൊസ്തലന്മാരുടേയും പ്രവാചകന്മാരുടേയും എഴുത്തുകളാൽ - സാധ്യമല്ല!". "എന്നാൽ പിതാക്കന്മൊരുടേയും ആലോചനാസമതിയുടേയും എഴുത്തുകളാൽ- സാധ്യമാണ്!" എന്നായിരുന്നു. "ഞാൻ മനസ്സിലാക്കുന്നു" ചോദ്യകർത്താവ് പ്രതി വചിച്ചു: - "താങ്കളുടെ അഭിപ്രായപ്രകാരം ലൂഥറിൻറെ അനുയായികൾ വചനത്തിനുള്ളിലാണ്, നമ്മൾ അതിന് പുറത്തും ". - Ibid., b, 14, ch. 8.

ജർമ്മനിയിലെ ചില നാട്ടുരാജാക്കന്മാർ നവീകരണ വിശ്വാസത്തിലേക്ക് വന്നിരുന്നു. പ്രോട്ടസ്റ്റന്റ് ലേഖനങ്ങൾ സത്യമാണെന്ന് ചക്രവർത്തിതന്നെ പ്രഖ്യാപിച്ചു. വിസ്വാസപ്രമാണം പല ഭാഷകളിലേക്ക് തർജ്ജിമ ചെയ്ത് യൂറോപ്പ് മുഴുവനും പ്രസിദ്ധീകരിച്ചു. പിൻ തലമുറയിലെ കോടിക്കണക്കിന് ജനങ്ങൾ അത് തങ്ങളുടെ വിശ്വാസത്തിന്റെ പ്രകാശനമായി സ്വീകരിച്ചു.

ദൈവത്തിന്റെ വിശ്വസ്ത ദാസന്മാർ തനിയെ അദ്ധ്വാനിച്ചില്ല. ചെറു നാട്ടുവാഴികളുടെ രാജ്യങ്ങളും ശക്തികളും ദുഷ്ടാത്മാക്കളും ഉന്നതങ്ങളിൽ അവർക്ക്

എതിരായി ഒന്നിച്ചുകൂടിയപ്പോൾ, കർത്താവ് തൻെറ ജനത്തെ ഉപേക്ഷിച്ചില്ല. അവരുടെ കണ്ണുകൾ തുറക്കാൻ കഴിഞ്ഞിരുന്നെങ്കിൽ, പണ്ടത്തെ പ്രവാചകന് സഹായം അനുവദിക്കപ്പെട്ടതുപോലെ ദിവ്യസാന്നിധ്യത്തിൻെറ വ്യക്തമായ തെളിവ് അവർക്ക് കാണാൻ കഴിയുമായിരുന്നു. എലീശായുടെ ദാസൻ ശത്രു സൈന്യം അവരെ ചുറ്റിയിരിക്കുന്നതും രക്ഷപെടാനുള്ള അവസരങ്ങൾ നഷ്ടപ്പെട്ടിരിക്കുന്നതും തൻെറ യജമാനനെ കാണിച്ചപ്പോൾ പ്രവാചകൻ പ്രാർത്ഥിച്ചു:-
“കർത്താവേ, ഇവൻ കാണത്തക്കവണ്ണം ഇവൻെറ കണ്ണ് തുറക്കാൻ ഞാൻ അങ്ങയോട്

യാചിക്കുന്നു" (2 രാജാ. 6:17). നോക്കൂ! ആ ദൈവമനുഷ്യനെ സംരക്ഷിക്കാനായി സ്വർഗ്ഗത്തിലെ സൈന്യം അഗ്നിമയ രഥങ്ങളിലും കുതിരകളിലുമായി പർവ്വതം നിറഞ്ഞിരിക്കുന്നു. നവീകരണത്തിൻറെ ജോലിക്കാരെ അങ്ങനെതന്നെ മാലാഖമാർ കാത്തു.

ലൂഥറിനാൽ സുസ്ഥിരമായി നിലനിറുത്തിയിരുന്ന തത്വങ്ങളിൽ ഒന്ന്, നവീകരണത്തെ പിൻതാങ്ങുന്നതിന് മതേതരശക്തിയിൽ യാതൊരു ആശ്രയവും പാടില്ലെന്നും, അതിൻറെ പ്രതിരോധനത്തിന് ആയുധീകരിക്കാൻ അപേക്ഷിക്കരുതെന്നും ആയിരുന്നു.

സാമാജ്യത്തിലെ നാട്ടുരാജാക്കന്മാർ സുവിശേഷം ഏറ്റതിനാൽ; അദ്ദേഹം വളരെ സന്തോഷിച്ചു. എന്നാൽ അവർ ഒന്നിച്ചുകൂടി പ്രതിരോഗപരമായ സഖ്യം ഉണ്ടാക്കാൻ ഉദ്ദേശിച്ചപ്പോൾ അദ്ദേഹം പ്രഖ്യാപിച്ചു. സുവിശേഷതത്വങ്ങൾ ദൈവത്താൽ മാത്രം പ്രതിരോധിക്കേണ്ടവയാണ്... മനുഷ്യൻറെ അനാവശ്യ ഇടപെടൽ എത്ര കുറഞ്ഞിരിക്കുന്നുവോ അത്രയ്ക്ക് കൂടുതൽ ഇതിനുള്ള ദൈവിക ഇടപ്പെടൽ ആഞ്ഞടിക്കുന്നതായിരിക്കും. അദ്ദേഹത്തിൻറെ കാഴ്ചപ്പാടിൽ, നിർദ്ദേശിക്കപ്പെട്ട എല്ലാ രാഷ്ട്രീയ മുൻകരുതലുകളും അനർഹമായ ഭയവും പാപകരമായ അവിശ്വാസവും ആരോപിക്കുന്നതായിരുന്നു". ---

D'Aubigne, London ed, b. 10, ch. 14.

നവീകരണ വിശ്വാസം മറിച്ചിടുവാനായി ശക്തിയേറിയ ശത്രുക്കൾ ഒന്നിച്ചപ്പോൾ, ആയിരക്കണക്കിന് വാളുകൾ ഉറയിൽനിന്ന് ഊരപ്പെടും എന്ന് തോന്നിയപ്പോൾ ലൂഥർ ഇപ്രകാരം എഴുതി: “സാത്താൻ അവൻറെ ഉഗ്രകോപം പ്രകടിപ്പിക്കുകയാണ്. ദൈവഭയമില്ലാത്ത പൊന്തിഫുകൾ ഗൂഢാലോചന നടത്തുന്നു. നാം യുദ്ധഭീഷണി നേരിടുന്നു. ദൈവാത്മാവിനാൽ നമ്മുടെ ശത്രുക്കളെ ജയിച്ചടക്കത്തക്കവിധം, അപ്രതിരോധമാംവണ്ണം സമാധാനത്തിലേക്ക്

പ്രേരിപ്പിക്കത്തക്കവണ്ണം, വിശ്വാസത്താലും പ്രാർത്ഥനയാലും കർത്താവിന്റെ സിംഹാസനത്തിന്നുമുമ്പാകെ ശ്ശൂരതയോടെ മല്ലിടാൻ ജനങ്ങളോട് അഭ്യർത്ഥിക്കുന്നു. നമ്മുടെ പ്രധാന ആവശ്യവും പ്രധാന അദ്ധ്വാനവും പ്രാർത്ഥനയാണ്; ജനം വാൾത്തലയ്ക്കലേക്കും സാത്താൻറെ രോഷത്തിലേക്കും തുറന്നിരിക്കുകയാണെന്ന് അറിയട്ടെ; അവർ പ്രാർത്ഥിക്കട്ടെ'.-- D'Autsigne, b. 10, ch. 14.

പിന്നെയും വേറൊരു ദിവസം, സംഭവ്യമായി കരുതിയിരുന്ന നവീകരണക്കാരായ

നാട്ടുരാജാക്കന്മാരുടെ സഖ്യത്തെക്കുറിച്ച്, ഈ യുദ്ധത്തിൽ പ്രയോഗിക്കുന്ന ഏക ആയുധം "ആത്മാവിൻറെ വാൾ" ആയിരിക്കണം എന്ന് ലൂഥർ പ്രഖ്യാപിച്ചു. സാക്സണിയിലെ എലക്ടർക്ക് അദ്ദേഹം എഴുതി: "ദേശങ്ങൾ തമ്മിൽ നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന സഖ്യ ഉടമ്പടി നമ്മുടെ മനസ്സാക്ഷി പ്രകാരം അംഗീകരിക്കാൻ സാധ്യമല്ല. സുവിശേഷത്തെപ്രതി ഒരു തുള്ളി രക്തം ചിന്തപ്പെടുന്നതിനേക്കാൾ പത്തുവട്ടം ഞങ്ങൾ മരിക്കും. കൊല്ലാനുള്ള ആടുകളെപ്പോലെ ആയിരിക്കണം നമ്മുടെ ഭാഗം. കർത്താവിന്റെ ക്രൂശ് വഹിക്കണം. തിരുമനസ്സുകൊണ്ട് പേടിക്കാതിരിക്കണം. എല്ലാ ശത്രുക്കളും

കൂടെ അവരുടെ വീരവാദത്താൽ ചെയ്യുന്നതിനേക്കാൾ കൂടുതൽ നമ്മുടെ പ്രാർത്ഥനകൊണ്ട് നമുക്ക് ചെയ്യാം. സഹോദരന്മാരുടെ രക്തത്താൽ നിങ്ങളുടെ കൈകളെ കളങ്കമാക്കുകമാത്രം ചെയ്യരുത്. ചക്രവർത്തിക്ക് നമ്മെ തൻറെ നീതിന്യായകോടതികളിലേക്ക് കൈവെടിയേണ്ടത് ആവശ്യമെങ്കിൽ, ഞങ്ങൾ അവിടെ ഹാജരാകാൻ തയ്യാറാണ്. ഞങ്ങളുടെ വിശ്വാസത്തെ ചെറുക്കാൻ നിങ്ങൾക്ക് സാധിക്കുകയില്ല. ഓരോരുത്തരും തൻറെ സ്വന്തം ഉത്തരവാദിത്വത്തിലും ആപത്തിലും വിശ്വാസം ഏറ്റെടുക്കണം'.
- Ibid., b. 14, ch. 1.

നവീകരണത്താൽ ലോകത്തെ പിടിച്ചു കുലുക്കിയ ശക്തി പ്രാർത്ഥനയുടെ രഹസ്യസ്ഥാനത്തുനിന്നും വന്നു. അവിടെ ദൈവദാസന്മാർ ദിവ്യമായ ശാന്തതയോടെ ദൈവവാഗ്ദാനമാകുന്ന പാറമേൽ തങ്ങളുടെ പാദങ്ങൾ ഉറപ്പിച്ചു. ഓഗ്‌ബർഗ്ഗിലെ പോരാട്ട സമയത്ത് ലൂഥർ കുറഞ്ഞപക്ഷം മൂന്നുമണിക്കൂർ എങ്കിലും പ്രാർത്ഥനയ്ക്കായി വിനിയോഗിക്കാത്ത ഒറ്റ ദിവസം പോലും ഇല്ലായിരുന്നു. പഠനത്തിന് ഏറ്റവും അനുയോജ്യമായ സമയങ്ങളിൽനിന്നും തിരഞ്ഞെടുത്തതായിരുന്നു ആ സമയം. തൻറെ സ്വകാര്യമുറിയിലെ ഏകാന്തതയിൽ "ഒരുവൻ തൻറെ സ്നേഹിതനോട് സംസാരിക്കുന്ന തുപോലെ, ആരാധനയും ഭയഭക്തിയും

പ്രത്യാശയും നിറഞ്ഞ വാക്കുകളാൽ തൻറെ ആത്മാവിനെ ദൈവമുമ്പാകെ പകരുന്നത് കേൾക്കാമായിരുന്നു. അദ്ദേഹം പറഞ്ഞു:--- "അവിടുന്ന ഞങ്ങളുടെ പിതാവും ഞങ്ങളുടെ ദൈവവും ആണെന്ന് ഞങ്ങൾ അറിയുന്നു. അങ്ങയുടെ കുഞ്ഞുങ്ങളുടെ പീഡകന്മാരെ ചിതറിച്ചുകളയും എന്നും ഞാൻ അറിയുന്നു. കാരണം അങ്ങുതന്ന ഞങ്ങളോടൊപ്പം അപകടത്തിലായിരിക്കുകയാണല്ലോ? ഈ എല്ലാ കാര്യങ്ങളും അങ്ങയുടേതാണ്. അവിടുത്തെ നിർബന്ധത്താലാണ് ഞങ്ങൾ ഇതിൽ കൈകടത്തിയത്. ഓ പിതാവേ! ഞങ്ങളെ സംരക്ഷിച്ചാലും". - Ibid.. b. 1 4, ch. 6,

ഉത്കണ്ഠയുടേയും ഭയത്തിൻറേയും ഭാരത്താൽ ഒരിക്കപ്പെട്ട മെലാംഗ്തണിന് അദ്ദേഹം എഴുതി: “ക്രിസ്തുവിൽ കൃപയും സമാധാനവും - ഞാൻ പറയുന്നു, ലോകത്തിൽ അല്ല ക്രിസ്തുവിൽ തന്നേ. ആമേൻ. നിന്നെ ദഹിപ്പിക്കുന്ന ആകുലത സീമാതീതമായ വിദ്വേഷത്തോടെ ഞാൻ വെറുക്കുന്നു. അതിൻറെ കാരണം നീതിയില്ലാത്തതാണെങ്കിൽ കയ്യൊഴിയുക. കാരണം നീതിയുക്തം എങ്കിൽ, ഭയം കൂടാതെ കിടന്നുറങ്ങാൻ ആജ്ഞാപിച്ച ദൈവത്തിൻറെ വാഗ്ദാനങ്ങളെ നമ്മൾ എന്തിന് തെറ്റിദ്ധരിക്കണം?.... നീതിയുടേയും സത്യത്തിൻറെയും ജോലിക്ക്

ക്രിസ്തുവിന് ക്ഷാമമൊന്നും ഉണ്ടായിരിക്കയില്ല. ക്രിസ്തു ജീവിക്കുന്നു; ക്രിസ്തു ഭരിക്കുന്നു; പിന്നെ എന്തുഭയമാണ് നമുക്കുള്ളത്?” - Ibid., p. 14, ch. 6.

ദൈവം തൻറെ ദാസന്മാരുടെ നിലവിളി കേൾക്കുന്നു. ഈ ലോകത്തിലെ ഇരുട്ടിൻറെ ഭരണാധികാരികൾക്കു എതിരേ സത്യത്തെ നിലനിറുത്തുവാൻ നാട്ടുരാജാക്കന്മാർക്കും മന്ത്രിമാർക്കും കൃപയും ധൈര്യവും ദൈവം കൊടുത്തു. “ഞാൻ ശ്രേഷ്ഠവും മാന്യവുമായ ഒരു മൂലക്കല്ല് സീയോനിൽ ഇടുന്നു; അവനിൽ വിശ്വസിക്കുന്നവൻ ലജ്ജിച്ചുപോകയില്ല” (1 പത്രൊസ് 2:6) എന്ന് കർത്താവ് പറയുന്നു. പ്രൊട്ടസ്റ്റൻറ് നവീകരണക്കാർ

ക്രിസ്തുവിന്മേൽ പണിതു.
പാതാളഗോപുരങ്ങൾക്ക് അതിനെ
അതിജീവിക്കുവാൻ കഴിഞ്ഞില്ല.

# അദ്ധ്യായം 12—ഫ്രാൻസിലെ നവീകരണം

ജർമ്മനിയിലെ നവീകരണത്തിനുള്ള വിജയം കുറിച്ച സ്പൈറസിലെ പ്രതിഷേധവും ആഗ്ബർഗിലെ കുറ്റസമ്മതവും കഴിഞ്ഞതിനുശേഷമുള്ള കാലം പോരാട്ടത്തിൻറെയും അന്ധകാരത്തിൻറെയും വർഷങ്ങളായിരുന്നു. അനുകൂലിക്കുന്നവരുടെ ഇടയിലുണ്ടായ ചേരിതിരിവിനാൽ ബലഹീനമാക്കപ്പെട്ടും ശക്തരായ എതിരാളികളാൽ ആക്രമിക്കപ്പെട്ടും നവീകരണപ്രസ്ഥാനം പൂർണ്ണമായും നശിപ്പിക്കപ്പെടുമെന്നായി. ആയിരങ്ങൾ രക്തംകൊണ്ട് തങ്ങളുടെ സാക്ഷ്യത്തിന്

മുദ്രവെച്ചു. ആഭ്യന്തരയുദ്ധം പൊട്ടിപ്പുറപ്പെട്ടു; നവീകരണപ്രസ്ഥാനത്തെ അതിൻറെ പ്രമുഖ അനുയായി ഒറ്റിക്കൊടുത്തു. ഉന്നതകുലജാതരായ നവീകരണാനുകൂലികൾ ചക്രവർത്തിയുടെ കയ്യിൽ അകപ്പെടുകയും അവരെ ബന്ധനസ്ഥരാക്കുകയും പട്ടണത്തിൽനിന്ന് പട്ടണത്തിലേക്ക് വലിച്ചിഴച്ചു കൊണ്ടുപോകുകയും ചെയ്തു. എന്നാൽ ചക്രവർത്തി വിജയിച്ചു വെന്ന് തോന്നിയപ്പോൾത്തന്നെ പരാജയപ്പെട്ടു. ഇരയെ തൻറെ കയ്യിൽനിന്ന് തട്ടിയെടുക്കുന്നത് അയാൾ കണ്ടു; ഏത് ഉപദേശങ്ങളെ നശിപ്പിക്കുന്നത് തൻറെ

ജീവിതലക്ഷ്യമായിത്തീർന്നുവോ അവയെ വിശ്വസിക്കുവാൻ അനുവാദം കൊടുക്കുന്നതിന് താൻ അവസാനം നിർബ്ബന്ധിതനായി. വിപരീതോപദേശങ്ങളെ തുടച്ചു നീക്കുവാനായി തൻെറ രാജ്യവും സ്വത്തും ജീവനും ഉഴിഞ്ഞുവച്ചു. താൻ അടിച്ചമർത്തുവാൻ വൃഥാ പരിശ്രമിച്ച് വിശ്വാസം എല്ലായിടത്തേക്കും പ്രചരിക്കുമ്പോൾ, തൻെറ സൈന്യം യുദ്ധത്തിൽ നശിക്കുന്നതും ഭണ്ഡാരം ചോർന്നുപോകുന്നതും സംസ്ഥാനങ്ങൾ വിഘടിച്ചുപോകുന്നതും താൻ കണ്ടു. ചാൾസ് അഞ്ചാമൻ സർവ്വശക്തനെതിരായിട്ടാണ് പൊരുതിക്കൊണ്ടിരുന്നത്. "വെളിച്ചം ഉണ്ടാകട്ടെ" എന്ന് ദൈവം പറഞ്ഞു;

ചക്രവർത്തി പരിശ്രമിച്ചത് അന്ധകാരം നിലനിർത്താനാണ്. തൻറെ ലക്ഷ്യങ്ങൾ പരാജയപ്പെടുകയും അകാലവാർദ്ധക്യം പ്രാപിച്ച നീണ്ട പോരാട്ടത്താൽ എല്ലാം നശിക്കുകയും സിംഹാസനം ബഹിഷ്കരിക്കുകയും ചെയ്തശേഷം ഒരു സന്യാസി മഠത്തിലെ ഏകാന്തതയിലേക്ക് പോയി.

സ്വിറ്റ്സർലൻറിലും ജർമ്മനിയിലെപ്പോലെ നവീകരണത്തിന് ഇരുണ്ട നാളുകൾ ഉണ്ടായി. പല ദേശക്കാരും നവീകരണവിശ്വാസം സ്വീകരിച്ചപ്പോൾ മറ്റുള്ളവർ അന്ധമായ നിർബന്ധബുദ്ധിയോടെ റോമയുടെ വിശ്വാസത്തോടു ചേർന്നുനിന്നു.

സത്യം സ്വീകരിക്കാൻ
ആഗ്രഹിച്ചവരുടെ നേരെയുള്ള പീഡനം
അവസാനം
ആഭ്യന്തരയുദ്ധത്തിനിടയാക്കി.
സ്വിംഗ്ളിയും തന്നോടൊപ്പം
നവീകരണത്തിനു കൂട്ടുനിന്നവരിൽ
അനേകരും കാപ്പെലിലെ
രക്തക്കളത്തിൽ വീണുപോയി. ഈ
ഭയാനകമായ അത്യാപത്തുകളെ
അതിജീവിച്ച ഓയ്ക്കൊലംപാടിയസ്
താമസിയാതെ മരിച്ചു. റോം
വിജയിക്കുകയും അനേക സ്ഥലങ്ങളിൽ
അവൾക്ക് നഷ്ടപ്പെട്ടത്
തിരിച്ചുകിട്ടുമെന്ന് തോന്നുകയും ചെയ്തു.
എന്നാൽ നിത്യമായ ഉപദേശങ്ങൾ
ഉള്ളവൻ തൻറെ പ്രസ്ഥാനത്തേയോ
ജനത്തേയോ കൈവിട്ടില്ല. തൻറെ

കരങ്ങൾ അവൾക്ക് വിടുതൽ കൊണ്ടുവരും. നവീകരണം മുൻപോട്ടു കൊണ്ടുപോകുവാൻ ദൈവം മറ്റു രാജ്യങ്ങളിൽ വേലക്കാരെ എഴുന്നേല്പിച്ചു.

ഫ്രാൻസിൽ, ഒരു നവീകരണക്കാരൻ എന്ന് ലൂഥറിൻറെ പേര് കേൾക്കുന്നതിനു മുൻപുതന്നെ, പുലരി വിടർന്നു. ആദ്യം വെളിച്ചം സ്വീകരിച്ചവരിൽ ഒരാൾ പ്രായം ചെന്നവനും വിദ്യാസമ്പന്നനും പാരീസ് സർവ്വകലാശാലയിലെ പ്രൊഫസറുമായ ലഫവ്രെ ആയിരുന്നു. അദ്ദേഹം തീക്ഷ്ണതയുള്ള ഒരു യഥാർത്ഥ പോപ്പ് അനുകൂലി ആയിരുന്നു. പൗരാണിക സാഹിത്യത്തെക്കുറിച്ചുള്ള ഗവേഷണത്തിൽ തൻറെ ശ്രദ്ധ

ബൈബിളിലേക്കു തിരിയുകയും
അതിൻറെ പഠനം തൻറെ
വിദ്യാർത്ഥികളിൽത്തന്നെ
ആരംഭിക്കുകയും ചെയ്തു.

ലഫവ്രെ വിശുദ്ധന്മാരെ
ആരാധിക്കുന്നതിൽ വളരെ
ശുഷ്കാന്തിയുള്ളവൻ ആയിരുന്നു.
സഭയുടെ ഐതീഹ്യങ്ങളിൽ
കൊടുത്തിരുന്ന വിശുദ്ധന്മാരുടേയും
രക്തസാക്ഷികളുടേയും ഒരു ചരിത്രം
തയാറാക്കുവാൻ താൻ ആരഭിച്ചു. ഇത്
വളരെ ശ്രമകരമായ ഒരു
വേലയായിരുന്നുവെങ്കിലും അദ്ദേഹം
അതിൽ വളരെ മുന്നോട്ടു പോയി;
അതിനു പ്രയോജനപ്രദമായ സഹായം

ബൈബിളിൽ നിന്ന് ലഭിക്കുമെന്ന് വിചാരിച്ചു. അദ്ദേഹം ബൈബിൾ പഠിക്കുവാൻ തുടങ്ങി. ഇവിടെ അദ്ദേഹം വിശുദ്ധന്മാരെ കണ്ടുമുട്ടി; പക്ഷെ, റോമാ കലണ്ടറിൽ കാണിച്ചിരുന്നതുപോലെ അല്ലായിരുന്നു. തൻറെ മനസ്സിൽ ദിവ്യ വെളിച്ചത്തിൻറെ ഒരു പ്രളയമുണ്ടായി. സ്വയം ഏറ്റെടുത്ത വേലയിൽനിന്നും വിട്ടുമാറി ദൈവവചനത്തിനു തന്നേത്തന്നെ സമർപ്പിച്ചു. താൻ അവിടെ കണ്ടുപിടിച്ച വിലയേറിയ സത്യങ്ങൾ താൻ പഠിപ്പിക്കുവാൻ തുടങ്ങി.

1512 - ല് ലൂഥറോ, സ്വിംഗ്ളിയോ നവീകരണ പ്രവൃത്തി തുടങ്ങുന്നതിനു മുൻപ് കൃപയാൽ നിത്യജീവനിലേക്ക്

നയിക്കുന്ന വിശ്വാസത്താലുള്ള നീതീകരണം ദൈവമാണ് നമുക്ക് നൽകുന്നത് എന്ന് ലഫെവ്രെ എഴുതി. Wyliet b. 13, ch. 1 (remaining parts of the paragraph is illegible)

രക്ഷയുടെ മഹത്വം ദൈവത്തിനു മാത്രമുള്ളതാണെന്ന് പഠിപ്പിക്കുമ്പോൾ അനുസരിക്കേണ്ടത് മനുഷ്യൻെറ കടമയാണെന്ന് അദ്ദേഹം പ്രഖ്യാപിച്ചു. നിങ്ങൾ ക്രിസ്തുവിൻെറ സഭയുടെ അംഗമാണെങ്കിൽ നിങ്ങൾ അവൻെറ ശരീരത്തിൻെറ അവയവമാണ്; നിങ്ങൾ അവൻെറ ശരീരത്തിൻെറ ഭാഗമാണെങ്കിൽ അവൻെറ ദിവ്യസ്വഭാവത്താൽ നിറയപ്പെട്ടിരിക്കും... ഓ, മനുഷ്യർക്ക്

ഈ പദവിയെക്കുറിച്ച്
മനസ്സിലായിരുന്നുവെങ്കിൽ, എത്ര
വിശുദ്ധവും പരിപാവനവുമായ ജീവിതം
അവർ നയിക്കുമായിരുന്നു, ജഡിക
നയനങ്ങൾക്ക് കാണാൻ കഴിയാത്ത,
അവരുടെ ഉള്ളിലുള്ള ഈ തേജസ്സിനെ
ഭൗമികമായ കാര്യങ്ങളുമായി താരതമ്യം
ചെയ്തുനോക്കിയാൽ, ഭൗമികമായവയെ
എത്ര അവജ്ഞയോടെ
വീക്ഷിക്കുമായിരുന്നു. - Ibid., b. 12,
ch. 2.

ലഫവ്രെയുടെ വിദ്യാർത്ഥികളിൽ ചിലർ
വളരെ ശ്രദ്ധയോടെ തൻറെ വാക്കുകൾ
ശ്രദ്ധിച്ചു. അദ്ദേഹത്തെ നിശ്ശബ്ദനാക്കി
വളരെ നാളുകൾ കഴിഞ്ഞ ശേഷവും
അവർ ഈ സത്യം തുടർന്നു

ഘോഷിക്കണമായിരുന്നു. വില്യം
ഫാരൽ അങ്ങനെയുള്ള ആളായിരുന്നു.
ദൈവഭക്തരായ മാതാപിതാക്കളുടെ
മകനും സഭയുടെ ഉപദേശങ്ങളെ ചോദ്യം
ചെയ്യാതെ അംഗീകരിക്കുവാൻ
അഭ്യസിപ്പിക്കപ്പെട്ടവനുമായ തനിക്ക്
തന്നേക്കുറിച്ച്
പൗലൊസപ്പൊസ്തലനോടൊപ്പം -ഞാൻ
നമ്മുടെ മാർഗ്ഗത്തിൽ സൂക്ഷ്മതയേറിയ
മതഭേദപ്രകാരം പരീശനായി ജീവിച്ചു-
എന്ന് പറയാമായിരുന്നു. (അപ്പൊ 26.5)
ഒരു റോമാഭക്തനായ താൻ, സഭയെ
എതിർക്കുന്നവരെ നശിപ്പിക്കാനായി
തീക്ഷ്ണതയോടെ ജ്വലിച്ചു. തൻറെ ഈ
കാലത്തെ ജീവിതത്തെക്കുറിച്ച്
“ആരെങ്കിലും പോപ്പിനെതിരായിട്ട്
“സംസാരിക്കുന്നത് കേൾക്കുമ്പോൾ

ഒരു ക്രുദ്ധനായ ചെന്നായയെപ്പോലെ ഞാൻ പല്ലുകടിക്കുമായിരുന്നു" എന്ന് പിന്നീട് അദ്ദേഹം പറഞ്ഞു. - Wylie, b. 13, ch. 2. പുണ്യവാളന്മാരെ ആരാധിക്കുന്നതിൽ താൻ ഉത്സുകനായിരുന്നു. ലഫെവ്രെയോടൊപ്പം പാരീസിലെ പള്ളികൾ സന്ദർശിക്കുകയും പുണ്യസ്ഥലങ്ങളിൽ വഴിപാടുകൾ അർപ്പിക്കുകയും ചെയ്യതിൽ അവൻ അക്ഷീണനായിരുന്നു. എന്നാൽ ഈ ആചാരങ്ങളൊന്നും ആത്മാവിനു ശാന്തി നൽകിയില്ല. താൻ നിർവ്വഹിച്ച പ്രായശ്ചിത്തങ്ങൾക്കൊന്നും തന്നിൽ കുടികൊണ്ടിരുന്ന കുറ്റബോധത്തെ നീക്കുവാൻ കഴിഞ്ഞില്ല. "രക്ഷ കൃപയാൽ ഉള്ളതാണ്". "നിരപരാധി

കുറ്റം വിധിക്കപ്പെടുകയും കുറ്റവാളി വിട്ടയയ്ക്കപ്പെടുകയും ചെയ്തു".

"ക്രിസ്തുവിൻറെ ക്രൂശു മാത്രമാണ് സ്വർഗ്ഗീയ വാതിൽ തുറക്കുന്നതും നരകത്തിൻറെ വാതിൽ അടയ്ക്കുന്നതും" എന്നീ വാക്കുകൾ സ്വർഗ്ഗത്തിൽനിന്ന് എന്നപോലെ നവീകരണക്കാരൻറെ ശബ്ദം അദ്ദേഹം ശ്രദ്ധിച്ചു.

ഫാരൽ സന്തോഷത്തോടെ സത്യം സ്വീകരിച്ചു. പൌലൊസിൻറേതു പോലുള്ള ഒരു മാനസാന്തരത്തിൽക്കൂടി താൻ പാരമ്പര്യത്തിൻറെ ബന്ധനത്തിൽനിന്നും ദൈവപുത്രന്മാരുടെ സ്വാതന്ത്ര്യത്തിലേക്കു തിരിഞ്ഞു. "ആർത്തിയോടെ ഇരയെ തിന്നുന്ന ഒരു ചെന്നായുടെ ക്രൂര

ഹൃദയത്തിനുപകരം സൗമ്യവും നിരുപദ്രവകാരിയുമായ ഒരു ആട്ടിൻകുട്ടിയെപ്പോലെ തൻറെ ഹൃദയം പൂർണ്ണമായും പോപ്പിൽനിന്നും പിൻവലിച്ച് യേശുക്രിസ്തുവിനു നൽകി" എന്ന് അതേപ്പറ്റി താൻ പറയുന്നു. - D'Aubigne, b. 12, ch. 3.

ലഫവ്രെ തൻറെ വിദ്യാർത്ഥികളുടെ ഇടയിൽ വെളിച്ചം വിതറിക്കൊണ്ടിരുന്നപ്പോൾ, ഫാരൽ, പോപ്പിൻറെ പ്രസ്ഥാനത്തിനെന്നപോലെ ക്രിസ്തുവിനു വേണ്ടി തീക്ഷ്ണതയോടെ സത്യം പൊതുവിൽ ഘോഷിക്കുവാൻ തുടങ്ങി. സഭയിലെ ഒരു ഉന്നതനും മ്യാവുക്സിലെ

ബിഷപ്പുമായ ആൾ പിന്നീട് അവരോട് ചേർന്നു. തങ്ങളുടെ കഴിവിലും വിദ്യാഭ്യാസത്തിലും മികവുറ്റ മറ്റ് അദ്ധ്യാപകരും സുവിശേഷഘോഷണത്തിൽ തങ്ങളോട് ചേർന്നു. അത് എല്ലാ വിഭാഗങ്ങളിൽനിന്നും അനുയായികളെ നേടി; കൃഷിക്കാരിൽ നിന്നും തൊഴിലാളികളിൽനിന്നും രാജകൊട്ടാരത്തിൽനിന്നും, അന്നത്തെ ഭരണാധിപനായ ഫ്രാൻസിസ് ഒന്നാമൻറെ സഹോദരിക്കുടെയും നവീകരണദൂത് സ്വീകരിച്ചു. രാജാവും അമ്മ മഹാറാണിയും ഇതിനോട് അനുഭാവമുള്ളവരാകുകയും, നവീകരണക്കാർ ഫ്രാൻസിനെ സുവിശേഷമാർഗ്ഗത്തിലേക്കു

നേടുന്നതിനായി പ്രതീക്ഷിക്കുകയും ചെയ്തു.

എന്നാൽ അവരുടെ പ്രതീക്ഷപോലെ സംഭവിച്ചില്ല. ക്രിസ്തുവിൻറെ ശിഷ്യന്മാർക്കായി വിചാരണയും പീഡനങ്ങളും കാത്തിരിക്കുകയായിരുന്നു. എങ്കിലും ഇത് കരുണയാൽ അവരുടെ കണ്ണുകളിൽ നിന്നും മറയ്ക്കപ്പെട്ടിരുന്നു. കൊടുങ്കാറ്റിനെ നേരിടേണ്ടതിന് അവർക്ക് ധൈര്യം കിട്ടാനായി സമാധാനത്തിൻറെ ഒരു അവസരം ഉണ്ടായി. നവീകരണം വേഗം പുരോഗമിച്ചു. മ്യാവുക്സ്സസിലെ ബിഷപ്പ് തൻറെ അധികാരപരിധിയിലുള്ള പട്ടക്കാരേയും ജനങ്ങളേയും

ഉപദേശിക്കുന്നതിൽ തീക്ഷ്ണതയോടെ പ്രവർത്തിച്ചു. അജ്ഞന്മാരും അധാർമ്മികരുമായ പട്ടക്കാരെ മാറ്റിയിട്ട് പകരം കഴിവുള്ളിടത്തോളം വിദ്യാസമ്പന്നരും ദൈവഭക്തന്മാരുമായ പുരോഹിതന്മാരെ നിയമിച്ചു. തൻ്റെ ജനങ്ങൾക്ക് നേരിട്ട് ദൈവവചനം ലഭിക്കണം എന്ന് ബിഷപ്പ് ആഗ്രഹിക്കുകയും അത് വേഗം സാധിക്കുകയും ചെയ്തു. ലഫവ പുതിയനിയമം പരിഭാഷപ്പെടുത്തുന്ന വേല ഏറ്റെടുക്കുകയും ലൂഥറിൻ്റെ ജർമ്മൻ ബൈബിൾ വിറ്റൻബർഗ്ഗിൽ വിതരണം ചെയ്ത സമയത്തുതന്നെ ഫ്രഞ്ച് പുതിയനിയമം മ്യാവുക്സിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു. അത് തൻ്റെ ഇടവകകളിൽ പണവും

അദ്ധ്വാനവും കൂട്ടാക്കാതെ ബിഷപ്പ് വിതരണം ചെയ്തു. വേഗം മൃ്യാവൃഷ്ടിലെ ജനങ്ങൾക്ക് തിരുവെഴുത്തുകൾ ലഭിച്ചു.

ദാഹത്താൽ പൊരിഞ്ഞുവലയുന്ന വഴിയാത്രക്കാർ ജീവജലത്തിൻറെ ഉറവ കാണുമ്പോൾ സന്തോഷത്തോടെ സ്വാഗതം ചെയ്യുന്നതുപോലെ, ഈ ആത്മാക്കൾ സ്വർഗ്ഗത്തിൽനിന്നുള്ള ദൂതിനെ സ്വീകരിച്ചു. വയലുകളിലും തൊഴിൽ ശാലകളിലും വേല ചെയ്യുന്നവർ ബൈബിളിലെ വിലയേറിയ സത്യ ത്തെക്കുറിച്ച് സംസാരിച്ചു തങ്ങളുടെ ദൈനംദിന അദ്ധ്വാനത്തെ പ്രാത്സാ ഹിപ്പിച്ചു. വൈകുന്നേരം മദ്യഷാപ്പുകളിൽ പോകുന്നതിനുപകരം ഓരോരുത്ത രുടെ വീടുകളിൽ

ഒരുമിച്ചുകൂടി ദൈവവചനം വായിക്കുകയും പ്രാർത്ഥിക്കു കയും ദൈവത്തെ സ്തുതിക്കുകയും ചെയ്തു. ഈ സമൂഹങ്ങളിൽ പെട്ടെന്ന് ഒരു വലിയ മാറ്റം അനുഭവപ്പെട്ടു. താഴ്ന്ന ജീവിത നിലവാരം ഉള്ളവരും വിദ്യാസമ്പന്നരല്ലാത്തവരും കഠിനാദ്ധ്വാനികളും ആയിരുന്നെങ്കിലും അവരുടെ ജീവിതത്തിൽ നവീകരിക്കുന്നതും പുനരുദ്ധരിക്കുന്നതുമായ ദിവ്യകൃപയുടെ ശക്തി അനുഭവപ്പെട്ടു. ആത്മാർത്ഥതയോടെ സുവിശേഷത്തെ സ്വീകരിക്കു ന്നവർക്കുവേണ്ടി അത് എന്തുചെയ്യും എന്നതിന് സാക്ഷിയായി അവർ വിന

യവും സ്നേഹവും വിശുദ്ധിയും ഉള്ളവരായി നിലനിന്നു.

മൃാവുക്സിൽ തെളിയിച്ച ദീപം അതിൻറെ കിരണങ്ങൾ വിദൂരങ്ങളിലേക്ക് എത്തിച്ചു. ഓരോ ദിവസവും പുതിയ വിശ്വാസികളുടെ എണ്ണം വർദ്ധിച്ചുവന്നു. സഭാധികാരികളുടെ കോപത്തെ കുറേക്കാലത്തേക്ക് രാജാവ് (first paragraph is illegible)

കഷ്ടതയുടെയും പരിവേദനങ്ങളുടെയും മദ്ധ്യേ ക്രിസ്തുവിൻറെ വിശ്വാസികളാകുവാൻ ധൈര്യപ്പെട്ടത് സാധുക്കളും എളിയവും മാത്രമല്ലായിരുന്നു. ധനത്തെക്കാളും സ്ഥാനമാനങ്ങളെക്കാളും ജീവനേക്കാളും

അധികമായി സത്യത്തെ വിലമതിച്ച അനേകം ആത്മാക്കൾ രാജകൊട്ടാരത്തിലും പ്രഭുമന്ദിരങ്ങളിലും ഉണ്ടായിരുന്നു. ലൂയി ഡി ബർക്വൃൻ ഉന്നതകുലജാതനായിരുന്നു. അദ്ദേഹം ധൈര്യശാലിയും ഉന്നതസ്ഥാനിയും പഠനത്തിൽ താത്പര്യമുള്ളവരും സൽസ്വഭാവിയുമായിരുന്നു. അദ്ദേഹം പാപ്പാത്വനിയമങ്ങളെ കർശനമായി അനുസരിക്കുന്നവനും കുർബ്ബാനകളും പ്രസംഗങ്ങളും ശ്രദ്ധിച്ചു കേൾക്കുന്നവനും, എല്ലാറ്റിലും മേലായി ലൂഥറിൻറെ ഉപദേശത്തോട് പ്രത്യേക വെറുപ്പും ഉള്ളവനായിരുന്നു. എന്നാൽ, മറ്റനേകരെപ്പോലെ ദൈവനിയോഗത്താൽ ബൈബിളിലേക്ക് നയിക്കപ്പെടുകയും

അതിൽ റോമിൻറെ ഉപദേശങ്ങളല്ല, ലൂഥറിൻറെ ഉപദേശങ്ങൾ കണ്ടപ്പോൾ താനാശ്ചര്യപ്പെട്ടുകയും ചെയ്തു എന്ന് ഒരെഴുത്തുകാരൻ പറയുന്നു. -Wylie b 13. ch. 9. അതിനുശേഷം പൂർണ്ണ സമർപ്പണത്തോടുകൂടി താൻ അതിൽ വ്യാപൃതനായി.

ഫ്രാൻസിലെ ഉന്നതന്മാരുടെയിടയിൽ ഏറ്റവും വിദ്യാസമ്പന്നനും, പ്രതിഭാശാലിയും, വാഗ്മിയും, രാജാവിന് പ്രിയപ്പെട്ടവനും ആയതുകൊണ്ട് കൊട്ടാരത്തിൽ അവനുണ്ടായിരുന്ന സ്വാധീനം കാരണം അവൻ തൻറെ രാജ്യത്തിലെ നവീകരണ കർത്താവായിരിക്കുമെന്ന് പലരും കരുതി. ഫ്രാൻസിസ് ഒന്നാമനിൽ ഒരു

രണ്ടാം എലക്കൂറെ കണ്ടിരുന്നുവെങ്കിൽ ബർക്യൂൻ ഒരു രണ്ടാം ലൂഥർ ആകുമായിരുന്നു” എന്ന് ബസാ പറഞ്ഞു. “അവൻ ലൂഥറിനേക്കാൾ മോശമാണ് എന്ന് റോമാസഭക്കാർ പറഞ്ഞു. അവർ അദ്ദേഹത്തെ അധികം ഭയപ്പെട്ടു. വേദവിപരീതക്കാരൻ എന്നു പറഞ്ഞ് അവർ അദ്ദേഹത്തെ തടവിലാക്കിയെങ്കിലും രാജാവ് വിട്ടയച്ചു. പോരാട്ടം വർഷങ്ങളോളം തുടർന്നു. റോമിനും നവീകരണത്തിനും മദ്ധ്യേ ചാഞ്ചാടിക്കൊണ്ടിരുന്ന ഫ്രാൻസിസ് ഇടയ്ക്കിടെ സന്യാസിമാരുടെ ക്രൂര തീക്ഷണതയ്ക്ക് തടയിട്ടു. ബർകനെ മൂന്നു പ്രാവശ്യം തടവിലാക്കി, എന്നാൽ രാജാവ് അദ്ദേഹത്തെ വിടുവിച്ചു. സഭാധികാരികളുടെ ദുഷ്ടതയ്ക്ക് ബലി

കൊടുപ്പാൻ ബർക്ക്യൂന്റെ സൽസ്വഭാവത്തേയും പ്രതിഭയേയും അഭിനന്ദിച്ച രാജാവ് വിസമ്മതിച്ചു.

ബർക്ക്യൂനു ഫ്രാൻസിൽ ഭീഷണിയായിരുന്ന അപകടത്തെക്കുറിച്ചു പല മുന്നറിയിപ്പുകൾ നൽകുകയും സ്വയം നാടുവിട്ടുപോയ മറ്റ് പലരേയുംപോലെ ചെയ്വാൻ ആവശ്യപ്പെടുകയും ചെയ്തു. പണ്ഡിതനെങ്കിലും ഭീരുവും സത്യത്തേക്കാൾ സ്ഥാനമാനങ്ങൾക്ക് പ്രാധാന്യം കല്പിക്കുന്നവനും അവസരവാദിയും ആയിരുന്ന എരാസ്മസ് ബർകന് എഴുതി: “ഏതെങ്കിലും വിദേശത്ത് സ്ഥാനപതിയായി വിടുവാൻ ആവശ്യപ്പെട്ടു; പോയി ജർമ്മനിയിൽ

സഞ്ചരിക്കു. ബീദായെ നിങ്ങൾക്കറിയാമല്ലോ, അവൻ എല്ലായിടത്തും മാരകമായ വിഷം പരത്തുന്ന ആയിരം തലയുള്ള ഒരു ഭീകര സത്വമാണ്. നിങ്ങളുടെ ശത്രുക്കളെ ലഗോൻ എന്നു വിളിക്കാം. നിങ്ങളുടെ സംരംഭം യേശുക്രിസ്തുവിൻറേതിലും മെച്ചമായിരുന്നാലും അവർ നിങ്ങളെ നശിപ്പിക്കാതെ വിടുകയില്ല. രാജാവിൻറെ സംരക്ഷണത്തെ അധികം വിശ്വസിക്കരുത്. ഏതു സാഹചര്യത്തിലും വേദ പണ്ഡിതന്മാരോടൊപ്പം അനുരഞ്ജനത്തിന് എന്നെ നിർബന്ധിക്കരുത്.

എന്നാൽ അപകടങ്ങൾ കൂടിയപ്പോൾ ബർക്ക്യൂന്റെ തീക്ഷ്ണതയ്ക്ക് ശക്തി കൂടി. എരാസ്മസിൻറെ സ്വാർത്ഥപരമായ ഉപദേശവും രാഷ്ട്രീയവും സ്വീകരിക്കാതെ ധൈര്യമായി മറ്റ നടപടികൾ സ്വീകരിച്ചു. സത്യത്തെ സംരക്ഷിക്കുകമാത്രമല്ല, തെറ്റിനെ ആക്രമിക്കുകയും ചെയ്തു. റോമാസഭയോടു കൂറുള്ളവർ തൻറെ മേൽ അടിച്ചേല്പിക്കാൻ ശ്രമിച്ച വേദവിപരീത ആരോപണം അവർക്കുനേരെ തിരിച്ചടിച്ചു. തൻറെ ഏറ്റവും കടുത്ത ശത്രുക്കൾ രാജ്യത്തെ ഏറ്റവും ഉന്നതമായ പാരീസ് സർവ്വകലാശാലയിലെ വേദശാസ്ത്രവിഭാഗത്തിൽപ്പെട്ട ഉന്നതന്മാരും സന്യാസിമാരും

ആയിരുന്നു. ഇവരുടെ എഴുത്തു
കളിൽനിന്നും ബർക്യൂൻ പ്രന്തണ്ടു
പ്രസ്താവനകൾ തെരഞ്ഞെടുത്ത് അവ
ബൈബിളിന് എതിരാണെന്നും
വേദവിപരീതമാണെന്നും പരസ്യമായി
ഘോഷിച്ചു, ഈ വിവാദത്തിൽ
ജഡ്ജിയായി പ്രവർത്തിക്കാൻ താൻ
രാജാ വിനോട് അപേക്ഷിച്ചു.

എതിരാളികളുടെ ശക്തിയും കൃത്യതയും
തട്ടിച്ചുനോക്കുവാൻ വൈമനസ്യമില്ലാത്ത
രാജാവ്, അഹങ്കാരികളായ
സന്യാസിമാരുടെ മുഷ്ക്കിനെ ഒന്ന്
ഒതുക്കുവാൻ കിട്ടിയ അവസരത്തിൽ
സന്തോഷിച്ചുകൊണ്ട്,
റോമാസഭക്കാരോട് അവരുടെ വാദം
ബൈബിൾകൊണ്ട് തെളിയിക്കാൻ

ആവശ്യപ്പെട്ടു. ഈ ആയുധം ഒരു ഗുണവും ചെയ്യില്ല എന്ന് അവർ നന്നായി അറിഞ്ഞു. അവർക്ക് അറിയാവുന്നത് തടവിലാക്കുക, പീഡിപ്പിക്കുക, തീ കൊളുത്തുക മുതലായവയാണ്. ഇപ്പോൾ കാര്യം തിരിച്ചായി, ബർക്യൂനുവേണ്ടി തങ്ങൾ കുഴിച്ച കുഴിയിൽ അവർ തന്നെ വീഴാൻ പോകുന്നു എന്ന് അവർക്കു ബോദ്ധ്യമായി. രക്ഷപെടാനുള്ള വഴിക്കായി അവർ ചുറ്റുപാടും നോക്കി.

ആ സമയത്ത് ഒരു തെരുവിൻറെ കോണിൽ ഉണ്ടായിരുന്ന കന്യകയുടെ രൂപത്തിന് അംഗഭംഗം വരുത്തി. പട്ടണത്തിൽ വലിയ വികാരാവേശം ഉണ്ടായി. ദുഃഖവും കോപവും നിറഞ്ഞ ജനങ്ങൾ സംഭവസ്ഥലത്തു തടിച്ചുകൂടി.

രാജാവും അതിദുഃഖിതനായി. സന്യാസിമാർക്കു കൈവന്ന ഈ അവസരം അവർ തക്കത്തിൽ ഉപയോഗിച്ചു. ഇത് ബർക്ക്യൂന്റെ ഉപദേശങ്ങളുടെ അന്തരഫലങ്ങളാണ് "ഈ ലൂഥറൻ ഗൂഢാലോചനയാൽ എല്ലാം തകിടം മറിക്കുവാൻ പോകുകയാണ്, - മതം, നിയമവാഴ്ച, സിംഹാസനംതന്നെയും എന്ന് അവർ വിളിച്ചു കൂകി- Ibid., p. 13, ch. 9.

വീണ്ടും ബർക്ക്യൂൻ പിടിക്കപ്പെട്ടു. രാജാവ് പാരീസിൽനിന്നും പിന്മാറി, അങ്ങനെ സന്യാസിമാർക്ക് അവരുടെ ഇഷ്ടംപോലെ ചെയ്യുവാൻ സ്വാതന്ത്ര്യം ലഭിച്ചു. നവീകരണക്കാരനെ വിചാരണ ചെയ്ത് കൊല്ലുവാൻ വിധിച്ചു;

ഫ്രാൻസിസ് ഇടപെട്ട് രക്ഷിക്കാതിരിക്കേണ്ടതിന്, വിധി പ്രസ്താവിച്ച അന്നു തന്നെ നടപ്പിലാക്കുകയും ചെയ്തു. ഉച്ചയ്ക്ക് ബർക്ക്യൂനെ കൊല്ലുവാനുള്ള സ്ഥലത്തേക്കു കൊണ്ടുപോയി. സംഭവത്തിനു സാക്ഷ്യം വഹിപ്പാൻ ജനങ്ങൾ വന്നുചേർന്നു; ഫ്രാൻസിലെ ഉന്നതകുലജാതരിൽ ഏറ്റവും ധൈര്യശാലിയെ ബലിയാടായി തെരഞ്ഞെടുത്തതിൽ അനേകർ ഉൽക്കണ്ഠയും ആശ്ചര്യവും നിറഞ്ഞവരായി, മുഖങ്ങളിൽ വെറുപ്പും വിദ്വേഷവും കോപവും പരിഹാസവും ഒക്കെ നിഴലിച്ചു, എന്നാൽ ഒരു മുഖത്ത് ഭാവവ്യത്യാസം ഒന്നും ഉണ്ടായില്ല. രക്തസാക്ഷിയുടെ ചിന്തകൾ ആ

പ്രക്ഷുബ്ദമായ അന്തരീക്ഷത്തിൽനിന്നും വളരെ അകലെ ആയിരുന്നു, തൻറെ കർത്താവിന്റെ സാന്നിധ്യത്തെക്കുറിച്ചു മാത്രമേ താൻ ബോധവാനായിരുന്നുള്ളു.

അവനെ കൊലസ്ഥലത്തേക്ക് കൊണ്ടുപോകുവാൻ ഉപയോഗിച്ച നികൃഷ്ട മായ വാഹനമോ, പീഡകരുടെ കോപിഷ്ഠമായ മുഖങ്ങളോ അവൻ അനുഭവി ക്കാൻ പോകുന്ന ഭീകര മരണമോ ഒന്നും അവൻ കൂട്ടാക്കിയില്ല. മരിച്ചിട്ട് ജീവി ക്കുന്നവനും എന്നേയ്ക്കും ജീവിച്ചിരിക്കുന്നവനും മരണത്തിൻറെയും പാതാള ത്തിൻറെയും താക്കോൽ പിടിച്ചിരിക്കുന്നവനുമായവൻ തന്നോടൊപ്പം ഉണ്ടായി രുന്നു. ബർക്യൂന്റെ മുഖം സ്വർഗ്ഗീയ വെളിച്ചവും

സമാധാനവുംകൊണ്ട് ശോഭിച്ചു. "അവൻ പട്ടുകൊണ്ടുള്ള പുറം കുപ്പായവും സാറ്റിൻ കൊണ്ടുള്ള മാർച്ചട്ടയും തങ്കവർണ്ണമുള്ള കാൽച്ചട്ടയും സ്വയം ധരിച്ചിരുന്നു". -- D'Aubigne, History of the Reformation in Europe in the time of Calvin, b. 2, ch. 16. രാജാധിരാജാവിൻറെയും അഖിലാണ്ഡത്തിൻറെയും മുമ്പാകെ അവൻ സാക്ഷ്യം വഹിക്കുവാൻ പോകുകയാണ്. ദുഃഖത്തിൻറെ സൂചനപോലും തൻറെ സന്തോഷത്തെ മറയ്ക്കുവാൻ പാടില്ല.

ജനനിബിഡമായ തെരുവുകളിൽക്കൂടി ഘോഷയാത്ര മെല്ലെ നീങ്ങിയപ്പോൾ, തൻറെ സമാധാനവും സന്തോഷവും

വിജയവും തുടിക്കുന്ന മുഖഭാവം ജനങ്ങൾ ശ്രദ്ധിച്ചു. "അദ്ദേഹം ആരാധനാലയത്തിൽ ഇരുന്ന് വിശുദ്ധ കാര്യങ്ങളെക്കുറിച്ച് ധ്യാനിക്കുന്നവനെപ്പോലെ ആകുന്നു" എന്ന് അവർ പറഞ്ഞു ~ Wylie, b. 13, ch. 9.

കൊലമരത്തിനടുത്തുവച്ച് ജനത്തോടു ഏതാനും വാക്കുകൾ സംസാരിപ്പാൻ ബർക്ക്യൂൻ ശ്രമിച്ചു. എന്നാൽ അതിൻറെ പ്രതികരണത്തെ ഭയന്ന് സന്യാസിമാർ ഒച്ച വയ്ക്കുകയും പടയാളികൾ തങ്ങളുടെ ആയുധങ്ങൾ കൂട്ടി മുട്ടിച്ചു ശബ്ദം ഉണ്ടാക്കുകയും ചെയ്തപ്പോൾ രക്തസാക്ഷിയുടെ ശബ്ദം അവയിൽ മുങ്ങിപ്പോയി. അങ്ങനെ

1529-ൽ സാംസ്കാരിക നഗരമായ പാരീസിലെ ഉന്നത സാഹിത്യ സഭാധികാരികൾ, കൊലമരത്തിൽ മരിക്കാൻ തുടങ്ങുന്നവൻറെ പവിത്ര വാക്കുകളെ ഒതുക്കുന്നതിനു തുടക്കം കുറിച്ചു.- Ibid.. b, 13, ch. 9.

ബർക്വ്യൂനെ ശ്വാസംമുട്ടിച്ചു കൊല്ലുകയും തൻറെ ശരീരം തീയിൽ ദഹിപ്പിക്കുകയും ചെയ്തു. തൻറെ മരണവാർത്ത ഫ്രാൻസിലൂടനീളമുള്ള നവീകരണാനുഭാവികളെ ദുഃഖാകുലരാക്കി. എന്നാൽ തൻറെ മാതൃക വൃഥാവായില്ല. “സന്തോഷത്തോടെ, വരുവാനുള്ള ജീവനെ നോക്കിക്കൊണ്ടു ഞങ്ങളും മരിക്കുവാൻ തയ്യാറാണെന്ന്

സത്യത്തിൻറെ സാക്ഷികൾ പറഞ്ഞു”. D'Aubigne, History of the Reformation in Europe in the Time of Calvin, b. 2, ch. 16.

മ്യാവുക്സ്സിലെ പീഡനകാലത്ത് നവീകരണ വിശ്വാസത്തിലെ ഉപദേഷ്ടാക്കളുടെ പ്രസംഗിക്കുന്നതിനുള്ള അധികാരപത്രം റദ്ദാക്കി, അവർ മറ്റു മേഖലകളിലേക്കുപോയി. ലഫെവ്രെ കുറച്ചു നാളുകൾക്കുശേഷം ജർമ്മനിയിലേക്കു പോയി. ഫാരൽ തൻറെ ബാല്യകാല ഭവനമായ കിഴക്കൻ ഫ്രാൻസിൽ വെളിച്ചം പകരുവാൻ പോയി. മ്യാവുക്സ്സിൽ സംഭവിച്ചതിൻറെ വിവരം നേരത്തേതന്നെ അറിഞ്ഞു, താൻ

നിർഭയ തീക്ഷ്ണതയോടെ പഠിപ്പിച്ച സത്യം കേൾക്കുവാൻ ആളുകളുണ്ടായി. അധികാരികൾ വേഗം പ്രവർത്തനനിരതരായി തന്നെ നിശ്ശബ്ദനാക്കുകയും പട്ടണത്തിൽനിന്നും പുറത്താക്കുകയും തുടർന്ന് തനിക്ക് പരസ്യമായി പ്രവർത്തിപ്പാൻ കഴിഞ്ഞില്ലെങ്കിലും, ഗ്രാമങ്ങളിലും സമതലങ്ങളിലും സഞ്ചരിച്ച്, വീടുകളിലും ഒറ്റപ്പെട്ട പുൽത്തകിടികളിലും വെച്ചു പഠിപ്പിക്കയും താൻ ബാല്യകാലത്തു പൊയ്ക്കൊണ്ടിരുന്ന കാടുകളിലും പാറയുടെ ഗുഹകളിലും സങ്കേതം കണ്ടെത്തുകയും ചെയ്തു. കൂടുതൽ പീഡനങ്ങൾക്ക് ദൈവം തന്നെ ഒരുക്കുകയായിരുന്നു. താൻ പറഞ്ഞു:

“ക്രൂശുകൾ, പീഡനങ്ങൾ, എന്നെ നേരത്തേ മുന്നറിയിച്ചിരുന്ന സാത്താൻറെ തന്ത്രങ്ങൾ ഇവ ഒന്നും കുറവല്ലായിരുന്നു: എല്ലാം എനിക്കു സഹിക്കാവുന്നതിലും കഠിനമായിരുന്നു; എന്നാൽ ദൈവം എൻറെ പിതാവാണ്. അവൻ എനിക്ക് ആവശ്യമായ ശക്തി തന്നു, എപ്പോഴും തരികയും ചെയ്യും “. - D'Aubigne, History of the Reformation of the ‘Sxteenth Century, b. 12. ch. 9.

അപ്പൊസ്തലിക കാലത്തെന്നപോലെ പീഡനം “സുവിശേഷത്തിൻറെ അഭിവൃദ്ധിക്കു കാരണമായിത്തീർന്നു” (ഫിലിപ്പിയർ 1:12), പാരീസിൽനിന്നും മ്യാവുക്സിൽനിന്നും

പുറത്താക്കപ്പെട്ട്, "ചിതറിപ്പോയവർ വചനം സുവിശേഷിച്ചുംകൊണ്ട് അവിടവിടെ സഞ്ചരിച്ചു" (അപ്പൊ. 8:4). അങ്ങനെ ഫ്രാൻസിൻറെ അനേക ഉൾപ്രദേശങ്ങളിലേക്കു വെളിച്ചം ചെന്നെത്തി.

ദൈവിക പദ്ധതിയുടെ പുരോഗതിക്കായി ദൈവം വേലക്കാരെ ഒരുക്കുകയായിരുന്നു. പാരീസിലെ സ്കൂളുകളിൽ ഒന്നിൽ, ചിന്താശീലനും നിശ്ശബ്ദനും, ശക്തനും ആഴത്തിൽ കാര്യങ്ങളെ വിലയിരുത്തുന്ന മനസ്സിൻറെ ഉടമയെന്നു തെളിയിക്കപ്പെട്ടുകയും ചെയ്തു, സ്വഭാവശുദ്ധിയും മതപരമായ കാര്യങ്ങളിൽ തല്പരനുമായ ഒരു യുവാവ് ഉണ്ടായിരുന്നു. തൻറെ പ്രതിഭയും

പ്രായോഗികതയും തന്നെ അതിവേഗം കോളേജിൻറെ അഭിമാനമാക്കി. ജോൺ കാൽവിൻ സഭയുടെ കഴിവുറ്റതും ബഹുമാന്യനുമായ ഒരു സംരക്ഷകൻ ആയിത്തീരുമെന്ന് പ്രതീക്ഷിച്ചു. എങ്കിലും കാൽവിനെ വലയം ചെയ്തിരുന്ന പാണ്ഡിത്യവും അന്ധവിശ്വാസവും ഭേദിച്ചുകൊണ്ട് ദിവ്യവെളിച്ചത്തിൻറെ കിരണങ്ങൾ തൻറെ ഉള്ളിൽ കടന്നു. പുതിയ ഉപദേശങ്ങളെ താൻ നടുക്കത്തോടെ കേട്ടു, വിപരീതോപദേശകർക്ക് അവർ അർഹിക്കുന്ന തീനാളങ്ങൾതന്നെ ലഭിച്ചു. എന്നതിൽ ഒട്ടും സംശയിച്ചില്ല. എന്നിട്ടും തൻറെ ബുദ്ധിശക്തിക്ക് അതീതമായി, പ്രൊട്ടസ്റ്റാൻറ് ഉപദേശത്തെ ചെറുക്കുവാൻ

റോമൻസഭയുടെ വേദോപദേശങ്ങൾക്ക് കഴിയുമോ എന്ന് പരിശോധിക്കുവാൻ നിർബന്ധിതനായി.

നവീകരണക്കാരോടു ചേർന്ന കാൽവിന്റെ ഒരു കസിൻ പാരീസിൽ ഉണ്ടായിരുന്നു. ഈ ബന്ധുക്കൾ പലപ്പോഴും ഒത്തുകൂടി ക്രിസ്തീയ സഭയെ അലട്ടുന്ന പ്രശ്നങ്ങളെക്കുറിച്ചു സംസാരിക്കുമായിരുന്നു. നവീകരണ വിഭാഗത്തിൽപെട്ട ഒലിവെറ്റൻ പറഞ്ഞു: “ലോകത്തിൽ രണ്ടു മതങ്ങളേയുള്ളു. ഒരു വിഭാഗം ആചാരാനുഷ്ഠാനങ്ങളിൽക്കൂടെയും സൽപ്രവൃത്തികളിൽക്കൂടെയും തന്നെത്താൻ രക്ഷിക്കാമെന്ന് മനുഷ്യൻ

കണ്ടുപിടിച്ചതും, മറ്റേത് ബൈബിൾ വെളിപ്പെടുത്തിയിരിക്കുന്ന രക്ഷ ദൈവത്തിൻറെ ദാനമായ കൃപയിലൂടെയെന്നും ആണ്.

“ഞാൻ നിങ്ങളുടെ പുതിയ ഉപദേശമൊന്നും അംഗീകരിക്കുകയില്ല, ഇത്രയും നാൾ ഞാൻ തെറ്റിൽ ജീവിച്ചു എന്ന് വിചാരിക്കുന്നുവോ?” എന്നാണ് കാൽവിൻ പറഞ്ഞ മറുപടി'. - Wylie, b. 13, ch. 7

എന്നാൽ തനിക്ക് സ്വന്തം ഇഷ്ടപ്രകാരം മാറ്റുവാൻ കഴിയാത്തവിധം തൻറെ മനസ്സിൽ ചിന്തകൾ ഉണർന്നുകഴിഞ്ഞിരുന്നു. തൻറെ മുറിയിൽ ഏകനായിരുന്നുകൊണ്ട്

തൻറെ കസിൻറെ വാക്കുകളെക്കുറിച്ച്
ആലോചിച്ചു. താൻ പാപിയാണെന്നു
ബോദ്ധ്യമായി; നീതിമാനും
പരിശുദ്ധനുമായ ഒരു ന്യായാധിപൻറെ
മുൻപാകെ ഒരു മദ്ധ്യസ്ഥൻ ഇല്ലാതെ
തന്നെ കണ്ടു. പുണ്യവാളന്മാരുടെ
പക്ഷവാദം നന്മപ്രവൃത്തികൾ, സഭയുടെ
കൂദാശകൾ മുതലായവയെല്ലാം
പാപത്തിൻറെ പ്രായശ്ചിത്തത്തിന്
ശക്തിയേകിയില്ല. നിത്യമായ
നിരാശയുടെ അന്ധകാരമല്ലാതെ തനിക്ക്
ഒന്നും കാണാൻ കഴിഞ്ഞില്ല. തൻറെ
കഷ്ടപ്പാടു മാറ്റുവാൻ സഭയിലെ
പണ്ഡിതന്മാർ വൃഥാ പരിശ്രമിച്ചു.
ഏറ്റുപറച്ചിൽ, പ്രായശ്ചിത്തം
മുതലായവകൊണ്ട്
പ്രയോജനമുണ്ടായില്ല; അവയക്കൊന്നും

ആത്മാവിനെ ദൈവവുമായി നിരപ്പിൽ ആക്കുവാൻ സാധിച്ചില്ല.

ഈ നിഷ്ഫലപ്രയത്നങ്ങളിൽ ഏർപ്പെട്ടിരിക്കെ കാൽവിൻ, ഒരു ദിവസം പൊതുസ്ഥലത്ത് മതഭേദക്കാരനെ ചുട്ടെരിക്കുന്നതു കണ്ടു. രക്തസാക്ഷിയുടെ മുഖത്ത് നിലനിന്നുകണ്ട് സമാധാനഭാവം തന്നെ അതിശയിപ്പിച്ചു. ആ ഭയാനകമായ മരണത്തിലെ പീഡനങ്ങളുടെ മദ്ധ്യേ, സഭയുടെ ക്രൂരമായ വിധിയിൽ, താൻ പ്രകടിപ്പിച്ച വിശ്വാസവും ധൈര്യവും, യുവവിദ്യാർത്ഥി, സഭയെ പൂർണ്ണമായി അനുസരിച്ചിരുന്ന സമയത്ത് തൻറെ നിരാശയും അന്ധകാരവുമായി താരതമ്യപ്പെടുത്തി.

വിപരീതോപദേശക്കാർ ബൈബിളിൽ തങ്ങളുടെ വിശ്വാസം ഉറപ്പിച്ചിരിക്കുന്നു എന്നു താൻ അറിഞ്ഞു. അദ്ദേഹം ബൈബിൾ പഠിച്ച് അവരുടെ സന്തോഷത്തിൻറെ രഹസ്യം കണ്ടുപിടിക്കാൻ നിശ്ചയിച്ചു.

ബൈബിളിൽ അദ്ദേഹം ക്രിസ്തുവിനെ കണ്ടു, ഇങ്ങനെ വിളിച്ചു.. പറഞ്ഞു: "ഓ പിതാവേ, ക്രിസ്തുവിൻറെ യാഗം അങ്ങേയുടെ കോപത്തെ ശമിപ്പിച്ചു; അവൻറെ രക്തം എൻറെ അശുദ്ധിയെ കഴുകിക്കളഞ്ഞു; അവൻറെ കുരിശ് എൻറെ ശാപത്തെ വഹിച്ചു; അവൻറെ മരണം എനിക്കു പ്രായശ്ചിത്തമായി. ഞങ്ങൾ ഞങ്ങൾക്കായി അനേക നിഷ്ഫലമായ മഠയത്തരങ്ങൾക്ക് രൂപം

നല്കി, എന്നാൽ അവിടുന്ന് അങ്ങയുടെ വചനം ഒരു ദീപംപോലെ എൻറെ മുമ്പിൽ വെച്ചു, അവിടുന്ന് എൻറെ ഹൃദയത്തെ സ്പർശിച്ചു യേശുവിൻറെ നന്മയിലുള്ള പ്രശംസയല്ലാത്ത മറ്റെല്ലാം ഞാൻ വെറുക്കേണ്ടതിന്നതന്നെ".

പൗരോഹിത്യ പദവിക്കായി കാൽവിനെ പഠിപ്പിച്ചിരുന്നു. പന്ത്രണ്ടു വയസ് മാത്രമുള്ളപ്പോൾ ഒരു ചെറിയ പള്ളിയിലെ ശുശ്രൂഷകനായി നിയമിക്കപ്പെട്ടു, സഭയുടെ നിയമപ്രകാരം ബിഷപ്പ് കാൽവിന്റെ തല മുണ്ഡനം ചെയ്തു. പുരോഹിതഗണത്തിൽ എണ്ണപ്പെട്ട് അതിൻറെ ആനുകൂല്യം പ്രാപിച്ചുകൊണ്ടിരുന്നു.

ഇപ്പോൾ തനിക്ക് ഒരു പുരോഹിതനാകാൻ കഴികയില്ല എന്നു ചിന്തിച്ച്, നിയമ പഠനത്തിലേക്കു തിരിഞ്ഞു, കുറേക്കഴിഞ്ഞ് അതും ഉപേക്ഷിച്ചിട്ട് തൻറെ ജീവിതം സുവിശേഷവേലയ്ക്കായി സമർപ്പിക്കുവാൻ നിശ്ചയിച്ചു. എന്നാൽ ഒരു പൊതു ഉപദേഷ്ടാവാകുവാൻ താൻ അറച്ചു നിന്നു. തൻറെ സ്നേഹിതന്മാരുടെ ആത്മാർത്ഥമായ അപേക്ഷ താൻ സ്വീകരിച്ചു. "ഏറ്റവും താഴ്ന്ന അവസ്ഥയിൽനിന്നും വന്ന ഒരാൾ ഇത്രയും മഹോന്നത പദവിയിലേക്കു ഉയർത്തപ്പെടുന്നത് അത്ഭുതംതന്നെ" എന്ന് അദ്ദേഹം പറഞ്ഞു. - Wylie, b. 13, ch. 9.

സാവധാനം കാൽവിൻ തൻ്റെ വേല തുടങ്ങി, തൻ്റെ വാക്കുകൾ ഭ്രമിക്കു നവോന്മേഷം പകരുവാൻ പെയ്യുന്ന മഞ്ഞുപോലെ ആയിരുന്നു. താൻ പാരീസ് വിട്ടു മാർഗരറ്റ് രാജകുമാരിയുടെ പരിധിയിലുള്ള ഒരു സംസ്ഥാനത്ത് എത്തി. രാജകുമാരി സുവിശേഷത്തിൽ തല്പരയായിരുന്നതുകൊണ്ട് സുവിശേഷ കർക്ക് സംരക്ഷണം നല്കി. കാൽവിൻ ഇപ്പോഴും യുവാവും സൗമ്യനും കൃത്രിമഭാവങ്ങൾ ഒന്നും ഇല്ലാത്തവനും ആയിരുന്നു. തൻ്റെ പ്രവൃത്തി വീടുകളിൽ ഉള്ള ആളുകളോടൊപ്പം തുടങ്ങി. കുടുംബാംഗങ്ങളുടെ മദ്ധ്യേ നിന്നു കൊണ്ട് ബൈബിൾ വായിച്ച് രക്ഷയുടെ സത്യം തുറന്നുകൊടുത്തു. ദൂതു കേട്ടവർ

ആ സദ്വർത്തമാനം മറ്റുള്ളവർക്ക് പകർന്നുകൊടുത്തു, പെട്ടെന്ന് ആ ഉപദേഷ്ടാവ് നഗരത്തിൽനിന്നും ചുറ്റുമുള്ള ചെറു പട്ടണങ്ങളിലേക്കും ഗ്രാമങ്ങളിലേക്കും പ്രവേശിച്ചു. കൊട്ടാരത്തിലും കൊട്ടിലിലും തനിക്കു പ്രവേശനം ലഭിച്ചു; സത്യത്തിനുവേണ്ടി നിർഭയം സാക്ഷ്യം വഹിക്കുന്നവരെ വളർത്തി യെടുക്കുന്ന സഭകൾക്ക് അടിസ്ഥാനം ഇട്ടുകൊണ്ട് അദ്ദേഹം മുന്നേറി.

കുറച്ചു മാസങ്ങൾ കഴിഞ്ഞ് അദ്ദേഹം വീണ്ടും പാരീസിൽ എത്തി. വിദ്യാസമ്പന്നരുടേയും പണ്ഡിതരുടേയും ഇടയിൽ അസാധാരണമായ പ്രക്ഷോപണം ഉണ്ടായി. പുരാതന

ഭാഷാപഠനം ആളുകളെ ബൈബിളിലേക്കു നയിച്ചു; അതിലെ സത്യങ്ങൾ അംഗീകരിക്കാതിരുന്ന അനേകർ ഇപ്പോൾ അത് ചർച്ചാ വിഷയമാക്കി. റോമാനുകൂലികൾക്ക് എതിരേയും തിരിഞ്ഞു. വേദശാസ്ത്രപരമായ വിവാദത്തിൽ കാൽവിൻ ഒരു കഴിവുറ്റ പോരാളിയായിരുന്നെങ്കിലും പുരോഹിതന്മാരേക്കാൾ ഉന്നതമായ ഒരു ദൗത്യം തനിക്കു നിർവ്വഹിക്കാനുണ്ടായിരുന്നു. മനുഷ്യമനസ്സുകൾ ഉണർത്തപ്പെട്ടിരിക്കുന്നു, ഇപ്പോഴാണ് അവർക്ക് സത്യം തുറന്നുകൊടുക്കേണ്ട സമയം. സർവ്വകലാശാലയുടെ ഹാളുകൾ

വേദശാസ്ത്രപരമായ തർക്കങ്ങളാൽ ശബ്ദാനമയമായപ്പോൾ, കാൽവിൻ വീടുകൾ സന്ദർശിച്ച് ആളുകളോട് വേദപുസ്തകം തുറന്ന് ക്രിസ്തുവിനെപ്പറ്റിയും അവൻറെ ക്രൂശുമരണത്തേപ്പറ്റിയും പറയുകയായിരുന്നു.

ദൈവിക നടത്തിപ്പിനാൽ, പാരീസിനു സുവിശേഷം സ്വീകരിപ്പാൻ വീണ്ടും വിളിയുണ്ടായി. ലഫവ്രെയുടെയും ഫാരലിൻറെയും വിളികൾ തിരസ്കരിക്കപ്പെട്ടു; എന്നാൽ വീണ്ടും ആ വലിയ പട്ടണത്തിലെ എല്ലാ വിഭാഗം ജനങ്ങൾക്കും ദൂതു കേൾക്കണമായിരുന്നു. രാജാവ്, രാഷ്ട്രീയ ചിന്തകളാൽ സ്വാധീനിക്കപ്പെട്ടിട്ട്, നവീകരണത്തിന്

എതിരായിട്ട് റോമിനോടു ചേർന്നിരുന്നില്ല. ഫ്രാൻസിൽ നവീകരണ പ്രസ്ഥാനം വിജയിക്കും എന്ന് മാർഗ്ഗരറ്റ് ഇപ്പോഴും വിശ്വസിച്ചു. നവീകരണ വിശ്വാസം പാരീസിൽ പ്രസംഗിക്കണം എന്ന് അവൾ ദൃഢനിശ്ചയം ചെയ്തു. രാജാവ് സ്ഥലത്തില്ലാതിരിക്കുമ്പോൾ, പട്ടണത്തിലെ പള്ളികളിൽ പ്രസംഗിക്കണം എന്ന് അവർ ഒരു നവീകരണ പ്രസംഗകനോട് ആവശ്യപ്പെട്ടു. പോപ്പിൻറെ അധികാരികൾ ഇത് തടഞ്ഞപ്പോൾ രാജകുമാരി കൊട്ടാരം തുറന്നുകൊടുത്തു. അതിനോടുചേർന്ന് ഒരു ചാപ്പൽ പണിത് എല്ലാ ദിവസവും ഒരു പ്രത്യേക സമയത്ത് അവിടെ

പ്രസംഗമുണ്ടായിരിക്കും എന്ന്
വിളംബരം ചെയ്തു. എല്ലാ വിഭാഗം
ജനങ്ങളേയും ക്ഷണിച്ചു. ചാപ്പൽ
മാത്രമല്ല, ഉപശാലകളും ഹാളുകളും
ജനങ്ങളാൽ നിറയപ്പെട്ടു. മഹത്തുക്കൾ,
രാജ്യതന്ത്രജ്ഞർ, അഭിഭാഷകർ,
വ്യാപാരികൾ, തൊഴിലാളികൾ
അങ്ങനെ ആയിരങ്ങൾ ദിവസേന
വന്നുകൊണ്ടിരുന്നു. രാജാവ്, ഈ കൂടി
വരവ് നിരോധിക്കുന്നതിനുപകരം,
പാരീസിലെ രണ്ടു പള്ളികൾ
തുറന്നുകൊടുക്കണം എന്ന് കല്പ്പിച്ചു.
മുമ്പൊരിക്കലും പട്ടണം ഇങ്ങനെ
ദൈവവചനത്താൽ
വികാരഭരിതമാക്കപ്പെട്ടിട്ടില്ല.
സ്വർഗ്ഗത്തിൽനിന്ന് ജീവാത്മാവ്
ജനങ്ങളിലേക്ക് അയയ്ക്കപ്പെട്ടതുപോലെ

അനുഭവപ്പെട്ടു. മദ്യപാനം, വിഷയാസക്തി, കലഹം, അലസത മുതലായവയ്ക്കുപകരം ഇന്ദ്രിയജയം, വിശുദ്ധി, ക്രമസമാധാനം, അദ്ധ്വാനശീലം മുതലായവ നിലവിൽവന്നു.

എന്നാൽ അധികാരികൾ അടങ്ങിയിരുന്നില്ല. രാജാവ് പ്രസംഗം തടസപ്പെടുത്തുവാൻ ഇടപെട്ടില്ല, അവർ ജനങ്ങളുടെ അടുക്കലേക്കു പോയി. അജ്ഞരും അന്ധവിശ്വാസികളുമായ ജനങ്ങളുടെ ഭയത്തേയും മുൻവിധിയേയും മതഭ്രാന്തിനേയും ഉത്തേജിപ്പിക്കുവാൻ ആവുന്നതെല്ലാം ചെയ്തു. അവരുടെ കള്ള ഉപദേഷ്ടാക്കന്മാർക്ക് വഴങ്ങിക്കൊണ്ട്,

പാരീസും, പഴയ
യെരുശലേമിനെപ്പോലെ, അവളുടെ
സന്ദർശനകാലവും അവളുടെ
സമാധാനത്തിനായുള്ള കാര്യങ്ങളും
അറിഞ്ഞില്ല. രണ്ടു വർഷക്കാലം
തലസ്ഥാനത്തു ദൈവവചനം
പ്രസംഗിക്കപ്പെട്ടു, എന്നാൽ, അനേകർ
സുവിശേഷം സ്വീകരിച്ചെങ്കിലും,
ഭൂരിപക്ഷവും സുവിശേഷം
തള്ളിക്കളഞ്ഞു. തൻറെ സ്വന്തം കാര്യ
സാദ്ധ്യതയ്ക്കുവേണ്ടി ഫ്രാൻസിസ്
അനുകൂലഭാവം നടിച്ചു,
പോപ്പനുകൂലികൾ അധികാരം
കയ്യാളുന്നതിൽ വിജയിച്ചു. വീണ്ടും
പള്ളികൾ പൂട്ടി, കൊല മരങ്ങൾ
സ്ഥാപിച്ചു.

കാൽവിൻ പാരീസിൽത്തന്നെ താമസിച്ചുകൊണ്ട് പഠനത്തിലും ധ്യാനത്തിലും പ്രാർത്ഥനയിലുംകൂടി തൻറെ ഭാവി പ്രവർത്തനത്തിനായി തന്നെത്തന്നെ ഒരുക്കുകയും വെളിച്ചം പരത്തിക്കൊണ്ടിരിക്കയും ചെയ്തു. എന്നാൽ അവസാനം താൻ സംശയിക്കപ്പെട്ടു. അധികാരികൾ തന്നെ തീജ്വാലയിലേക്കു കൊണ്ടുവരുവാൻ നിശ്ചയിച്ചു. തൻറെ ഒറ്റപ്പെട്ട ജീവിതചുറ്റുപാടിൽ ഭയപ്പെടാൻ ഒന്നുമില്ല എന്നു ചിന്തിച്ചിരിക്കുമ്പോൾ സ്നേഹിതന്മാർ ധൃതിയിൽ വന്ന് തന്നെ ബന്ധിക്കുവാൻ ഉദ്യോഗസ്ഥർ വരുന്നു എന്ന വിവരം അറിയിച്ചു. അപ്പോഴേക്കും പുറത്തെ വാതിലിൽ ശക്തമായി മുട്ടുന്നതു കേട്ടു. ഒരു നിമിഷം പോലും

നഷ്ടപ്പെടുത്തുവാൻ ഇല്ലായിരുന്നു. തൻറെ ചില സ്നേഹിതന്മാർ ഉദ്യോഗസ്ഥന്മാരെ വാതുക്കൽ തടഞ്ഞുനിർത്തി, മറ്റു ചിലർ നവീകരണക്കാരനെ ജനലിൽക്കൂടി പുറത്തുപോകുവാൻ സഹായിച്ചു, താൻ അതിവേഗം നഗരാതിർത്തി വിട്ടു പോയി. നവീകരണ പ്രസ്ഥാനത്തോട് അനുഭാവമുള്ള ഒരു തൊഴിലാളിയുടെ കുടിലിൽ അഭയം പ്രാപിച്ച്, ആ തൊഴിലാളിയുടെ വസ്ത്രവും ധരിച്ച്, തോളിൽ കട്ടയുടയ്ക്കുന്നതിനും മറ്റും ഉപയോഗിക്കുന്ന ആയുധവും വച്ചു കൊണ്ട് വേഷംമാറി തൻറെ യാത്ര തുടർന്നു. തെക്കോട്ട് യാത്ര ചെയ്ത് താൻ വീണ്ടും മാർഗരറ്റിന്റെ

ഭരണാതിർത്തിയിൽ എത്തി അഭയം കണ്ടെത്തി.

ശക്തന്മാരായ സ്നേഹിതന്മാരുടെ സംരക്ഷണത്തിൽ ചില മാസങ്ങൾ അവിടെ താമസിച്ചുകൊണ്ട് അവൻ പഠനം തുടർന്നു. എന്നാൽ തൻ്റെ ഹൃദയം ഫ്രാൻസിനെ സുവിശേഷീകരിക്കുന്നതിന് ഉറച്ചിരുന്നതിനാൽ, അധികനാൾ നിഷ്ക്രിയനായിരിപ്പാൻ കഴിഞ്ഞില്ല. കൊടുങ്കാറ്റ് അല്പമൊന്ന് ശമിച്ചപ്പോൾ പോസ്റ്റിയേഴ്സിൽ അദ്ദേഹം ഒരു പുതിയ വേലസ്ഥലം അന്വേഷിച്ചു; അവിടെ ഒരു സർവ്വകലാശാല ഉണ്ടായിരുന്നു, പുതിയ അഭിപ്രായത്തോട് അനുകൂല മനോഭാവവും ഉണ്ടായിരുന്നു. എല്ലാ

വിഭാഗത്തിലുംപെട്ട ആളുകൾ സന്തോഷത്തോടെ സുവിശേഷം ശ്രദ്ധിച്ചു. പൊതുയോഗങ്ങൾ ഇല്ലായിരുന്നു, എന്നാൽ മുഖ്യ മജിസ്ട്രേട്ടിൻറെ വീട്ടിലും ചിലപ്പോൾ തോട്ടങ്ങളിലും വച്ച് കേൾപ്പാൻ താല്പര്യമുള്ളവരോട് കാൽവിൻ നിത്യജീവൻറെ വചനങ്ങൾ ഘോഷിച്ചു. കുറച്ചു സമയത്തിനുശേഷം കേൾവിക്കാർ കൂടിയപ്പോൾ പട്ടണത്തിനുപുറത്ത് ഒരുമിച്ചു കൂടുന്നതായിരിക്കും സുരക്ഷിതത്വം എന്നു കരുതി. ഇടുക്കവും താഴ്ചയുമുള്ള ഒരു മലഞ്ചരിവിലെ ഗുഹയിൽ, മരങ്ങളും പാറകളുംകൊണ്ട് മറയ്ക്കപ്പെട്ടു, ഒഴിഞ്ഞ സ്ഥലത്ത് യോഗം ചേരുവാൻ നിശ്ചയിച്ചു. ചെറിയ കൂട്ടങ്ങൾ പല

വഴികളിലൂടെ പട്ടണത്തിൽ നിന്നും അവിടെ എത്തി. ഈ രഹസ്യ സ്ഥലത്തുവച്ച് തിരുവചനം വായിച്ച് വിശദീകരിച്ചു. ഇവിടെ വച്ച് ആദ്യമായി ഫ്രാൻസിലെ പ്രൊട്ടസ്റ്റാൻറുകാർ തിരുവത്താഴ ശുശ്രൂഷ നടത്തി. ഈ ചെറിയ സഭയിൽ നിന്നും അനേകം വിശ്വസ്തരായ സുവിശേഷകന്മാരെ പുറത്തേയ്ക്കയച്ചു.

ഒരിക്കൽക്കൂടി കാൽവിൻ പാരീസിലേക്കു തിരികെ പോയി. ഫ്രാൻസ് ഒരു രാഷ്ട്രമായിട്ട് നവീകരണത്തെ അംഗീകരിക്കും എന്ന പ്രതീക്ഷ ഉപേക്ഷിക്കാൻ തനിക്കു കഴിഞ്ഞില്ല. എന്നാൽ പ്രവർത്തിപ്പാനുള്ള വാതിലുകൾ

എല്ലാം അടഞ്ഞിരിക്കുന്നതായി കണ്ടു. സുവിശേഷം പഠിപ്പിക്കുക എന്നാൽ, നേരേ കൊലമരത്തിലേക്കു ചെല്ലുകയായിരുന്നു; അവസാനം ജർമ്മനിയിലേക്കു പോകുവാൻ താൻ തീരുമാനിച്ചു. കഷ്ടിച്ച് താൻ ഫ്രാൻസ് വിട്ടതും നവീകരണക്കാരുടെമേൽ വീണ്ടും കൊടുങ്കാറ്റടിച്ചു. താൻ പോകാതിരുന്നെങ്കിൽ ആ കൂട്ടനാശത്തിൽ പെട്ടുപോകുമായിരുന്നു.

ഫ്രെഞ്ച് നവീകരണക്കാർ, തങ്ങളുടെ രാജ്യവും ജർമ്മനിയേയും സ്വിറ്റ്സർലാൻഡിനേയുംപോലെ ആയിക്കാണുവാനുള്ള ആകാംക്ഷയാൽ, രാജ്യത്തെ ആകമാനം ഉണർത്തത്തക്ക രീതിയിൽ,

റോമാസഭക്കാരുടെ
അന്ധവിശ്വാസത്തിനെതിരെ
ആഞ്ഞടിക്കുവാൻ നിശ്ചയിച്ചു.
അതിൻപ്രകാരം ഒരു രാത്രിയിൽ
വിശുദ്ധ കുർബ്ബാനയെ
അധിക്ഷേപിച്ചുകൊണ്ടുള്ള ചുവർ
പരസ്യങ്ങൾ ഫ്രാൻ സിൽ
എല്ലായിടത്തും ഒട്ടിച്ചു. നവീകരണത്തെ
പ്രോത്സാഹിപ്പിക്കുന്നതിനു പകരം,
തീക്ഷണതയോടുകൂടിയതെങ്കിലും,
ബുദ്ധിപരമല്ലാത്ത ഈ പ്രവൃത്തി,
അതിൻറെ പ്രചാരകർക്കും
നവീകരണത്തിൻറെ
അനുഭാവികൾക്കും വളരെ ദോഷം
ചെയ്തു. അതു റോമാസഭക്കാർക്ക് അവർ
വളരെ നാളായിട്ട് കാത്തിരുന്ന
അവസരം നല്കി - നവീകരണക്കാർ

സിംഹാസനത്തിനും രാജ്യ ത്തിൻറെ സമാധാനത്തിനും ഭീഷണിയാണ്, അതിനാൽ അവരെ എല്ലാം നശിപ്പിക്കണം. ആ ചുവർ പരസ്യങ്ങളിൽ ഒന്ന് രാജാവിൻറെ സ്വകാര്യവീടിൻറെ വാതിൽക്കലും പതിച്ചിരുന്നു. അതുകണ്ട് രാജാവ് ഞെട്ടിപ്പോയി. ആ പരസ്യത്തിൽ, തലമുറകളായി ആദരിച്ചുവന്ന വിശ്വാസാചാരങ്ങളെ നിശിതമായി വിമർശിച്ചി രുന്നു. രാജാവിൻറെ സ്വകാര്യ വസതിയിൽ അതിക്രമിച്ചു കടക്കുവാൻ ധൈര്യം കാട്ടിയതിൽ രാജാവ് അതീവ കോപിഷ്ടനായി. കുറച്ചു സമയം പകച്ചു നിന്ന ശേഷം രാജാവിൻറെ കോപം വാക്കുകളിൽക്കൂടി പുറത്തുവന്നു

“ലൂഥറിൻറെ അനുയായികൾ എന്നു സംശയിക്കുന്ന എല്ലാവരേയും പിടിക്കട്ടെ, ഞാൻ അവരെയെല്ലാം വകവരുത്തും”.... ഇനി പിന്നോട്ടില്ല. രാജാവ് റോമാസഭയുടെ പക്ഷത്തേക്കു പൂർണ്ണമായി ചേർന്നു.

ലൂഥറിൻറെ പാരീസിലുള്ള ഓരോ അനുയായിയേയും ബന്ധിക്കുവാൻ നടപടി എടുത്തു. വിശ്വാസികളെ തങ്ങളുടെ രഹസ്യ സമ്മേളന സ്ഥലത്തേക്കു നയിച്ചുകൊണ്ടിരുന്ന ഒരു സാധു കരകൗശലപ്പണിക്കാരനായ നവീകരണാനുഭാവിയെ പിടിച്ച്, പെട്ടെന്നു കൊന്നുകളയും എന്നു ഭീഷണിപ്പെടുത്തി, പോപ്പിൻറെ പ്രതിനിധിയെ ഓരോ

നവീകരണക്കാരൻറെയും വീട്ടിലേക്കുള്ള വഴി കാണിക്കുവാൻ നിർബന്ധിച്ചു. അല്പ സമയത്തേക്കു താൻ മടിച്ചുനിന്നെങ്കിലും, തീജ്വാലയിലെ മരണത്തെ ഭയന്ന്, തൻറെ സഹോദരങ്ങളെ ഒറ്റിക്കൊടുക്കാമെന്നു സമ്മതിച്ചു. ആതിഥേയൻറെ പിന്നാലെ, പുരോഹിതന്മാർ, ധൂപ കലശക്കാർ, സന്യാസിമാർ, പട്ടാളക്കാർ മുതലായവരാൽ ചുറ്റപ്പെട്ട്, രാജകീയ കുറ്റാന്വേഷകനായ മോറിൻ ഒറ്റുകാരനോടൊപ്പം പട്ടണത്തിലെ വീഥി കളിൽക്കൂടി സാവധാനം കടന്നുപോയി. നവീകരണക്കാർ കുർബ്ബാനയെ അവ ഹേളിച്ചതിനു പ്രായശ്ചിത്തമായിട്ടും തിരുകർമ്മങ്ങളെ ആദരിക്കുന്നതിനുമാ യിട്ടായിരുന്നു ഈ

പ്രകടനം. ഈ വർണ്ണശബളമായ ഘോഷയാത്രയിൽ ഒരു മാരകമായ ഉദ്ദേശം മറച്ചു വച്ചിരുന്നു. ലൂഥറിൻറെ ഓരോ അനുയായിയുടേയും വീടിന് എതിരേ വരുമ്പോൾ ഒറ്റുകാരൻ ഒരു ആംഗ്യം കാണിക്കും, ഒന്നും സംസാരിക്കയില്ല. ഘോഷയാത്ര നിൽക്കും, വീട്ടിൽ കടക്കും, കുടുംബാംഗ ങ്ങളെ വലിച്ചിഴച്ച് ചങ്ങലയാൽ ബന്ധിക്കും, പുതിയ ഇരകളെത്തേടി സംഘം മുൻപോട്ടു പോകും; അവർ വലുതോ ചെറുതോ ആയ ഒരു വീടിനേയും ഒഴി വാക്കിയില്ല, പാരീസ് സർവ്വകലാശാലയുടെ കോളേജുകളെപ്പോലും.... മോറിൻ പട്ടണത്തെ മുഴുവൻ വിറപ്പിച്ചു....

അതൊരു ഭീകര വാഴ്ച ആയിരുന്നു. - Ibid., p. 4, ch. 10.

പിടിക്കപ്പെട്ടവരെ ക്രൂരമായ പീഡനത്തോടുകൂടി വധിച്ചു; ദണ്ഡനം കൂടുതൽ സമയത്തേക്കു നിലനിൽക്കത്തക്കവണ്ണം തീ ക്രമീകരിച്ചു. എന്നാൽ അവർ ജയാളികളെപ്പോലെ മരിച്ചു. അവരുടെ സ്ഥിരതയ്ക്ക് ഇളക്കം തട്ടിയില്ല, അവരുടെ സമാധാനം മങ്ങിയില്ല. അവരുടെ അചഞ്ചലമായ നിലപാടിൽ മാറ്റം വരുത്തുവാൻ കഴിയാത്ത പീഡകന്മാർ സ്വയം തോറ്റതായി തോന്നി. “പാരീസിൻറെ എല്ലാ ഭാഗത്തും കൊലമരങ്ങൾ സ്ഥാപിച്ചു, ദിവസംതോറും തീയിൽ ഇടുകയും

ചെയ്തവിധം വ്യാപിപ്പിച്ചുകൊണ്ട്
വിപരീതോപദേശത്തിൻറെ ശിക്ഷയുടെ
ഭീകരത വിളിച്ചറിയിക്കുകയായിരുന്നു
ഉദ്ദേശം. എങ്കിലും അവസാനം
പ്രയോജനം സുവിശേഷത്തിനായിരുന്നു.
പുതിയ ഉപദേശത്തിന് ആളുകളെ
എങ്ങനെയുള്ളവർ ആക്കിത്തീർക്കാൻ
കഴിയും എന്ന്
പാരീസിലുള്ളവർക്കെല്ലാം കാണാൻ
കഴിഞ്ഞു. രക്തസാക്ഷികളുടെ
കുമ്പാരത്തിനൊപ്പം ഒരു പ്രസംഗപീഠവും
ഇല്ല. കൊലക്കളത്തിലേക്കു
പോകുമ്പോൾ അവരുടെ മുഖത്തു
തെളിഞ്ഞ പ്രശാന്തതയും സന്തോഷവും,
തീജ്ജ്വാലയിൽ നിൽക്കുമ്പോൾ
അവർക്കുണ്ടായിരുന്ന ധീരത,
മുറിവേല്പിച്ചവരോടുള്ള ക്ഷമ, ഇതെല്ലാം

കോപത്തിനു പകരം അനുകമ്പയും, വിദ്വേഷത്തിനുപകരം സ്നേഹവും ഉളവാക്കിക്കൊണ്ട് സുവിശേഷത്തിനുവേണ്ടി വാചാലതയോടെ വാദിച്ചു" -- Wylie, b. 13, ch. 20.

ജനങ്ങളുടെ കോപത്തെ അതിൻറെ അതിരറ്റ അവസ്ഥയിൽ നിലനിർത്തുന്നതിനായി പുരോഹിതന്മാർ നവീകരണക്കാർക്കെതിരായി കടുത്ത ആരോപണങ്ങൾ പ്രചരിപ്പിച്ചു. കത്തോലിക്കരെ കൂട്ടക്കൊല ചെയ്യുവാൻ പദ്ധതി തയാറാക്കുന്നു, ഗവണ്മെന്റിനെ മറിച്ചിടുക, രാജാവിനെ വധിക്കുക എന്നിങ്ങനെയായിരുന്നു ആരോപണങ്ങൾ. എന്നാൽ ഈ

ആരോപണങ്ങളെ സ്ഥിരീ കരിക്കാൻ യാതൊരു തെളിവുകളും ഇല്ലായിരുന്നു. ഈ കള്ള പ്രവചനങ്ങൾക്ക് വിദൂര സാഹചര്യത്തിൽ ഒരു നിറവേറൽ എതിരായ കാരണങ്ങളിൽനിന്നും ഉണ്ടാകേണ്ടിയിരുന്നു. നിരപരാധികളായ നവീകരണക്കാരോടു ചെയ്ത ക്രൂര തയ്ക്ക് അർഹമായ ശിക്ഷ കുമിഞ്ഞുകൂടിക്കൊണ്ടിരുന്നു. നൂറ്റാണ്ടുകൾക്കു ശേഷം രാജാവിനും ഗവണ്മെന്റിനും പ്രജകൾക്കും നേര നിരീശ്വരവാദികളും പോപ്പനുകൂലികൾതന്നെയും ആഞ്ഞടിച്ചു.... നവീകരണക്കാരെ അടിച്ച മർത്തിയതിന്റെ ഫലമായിരുന്ന മുന്നൂറു വർഷങ്ങൾക്കുശേഷം

ഫ്രാൻസിന്റെ മേൽ വരേണ്ട ഒരു വിപത്ത് ആയിരുന്നു അത്.

എല്ലാ വിഭാഗം ജനങ്ങളിലും സംശയവും അവിശ്വാസവും ഭയവും വ്യാപിച്ചു. പൊതുവേ നിലനിന്നിരുന്ന ഭയാശങ്കയ്ക്കിടയിലും ലൂഥറിൻറെ ഉപദേശങ്ങൾ വിദ്യാഭ്യാസവും സ്വഭാവശുദ്ധിയും ഉള്ള ആളുകളെ എങ്ങനെ സ്വാധീനിച്ചു എന്നു കാണാമായിരുന്നു. വിശ്വസ്തതയും മാന്യതയും ഉള്ള തസ്തികകൾ എല്ലാം പെട്ടെന്ന് ഒഴിഞ്ഞുകിടക്കുന്നതായി കാണപ്പെട്ടു. കരകൗശല ത്തൊഴിലാളികൾ, അച്ചടിക്കുന്നവർ, പണ്ഡിതന്മാർ, സർവ്വകലാശാലകളിലെ

പ്രൊഫസർമാർ, എഴുത്തുകാർ, കൊട്ടാരത്തിൽ ജോലി ചെയ്തിരുന്നവർപോലും അപ്രത്യക്ഷരായി. നൂറുകണക്കിന് ആളുകൾ സ്വന്തം നാടുപേക്ഷിച്ച് ഓടിപ്പോയതിൽക്കൂടി തങ്ങൾക്ക് നവീകരണ ദൂതിൽ താല്പര്യമുണ്ട് എന്നു സൂചിപ്പിക്കുകയായിരുന്നു. തങ്ങൾ ഒട്ടും സംശയിക്കാത്ത വിശ്വാസ ത്യാഗികളെയാണല്ലോ ഇത്രനാൾ തങ്ങളുടെ ഇടയിൽ വച്ചു പൊറുപ്പിച്ചു കൊണ്ടിരുന്നത് എന്നോർത്ത് പോപ്പനുകൂലികൾ ചുറ്റും നോക്കി ആശ്ചര്യപ്പെട്ടു. അവരുടെ അധീനതയിൽ ഉണ്ടായിരുന്ന എളിയവരായ ജനത്തിൻറെ മേൽ അവരുടെ കോപം ചൊരിഞ്ഞു;

തടവറകൾ നിറഞ്ഞു; സുവിശേഷ സത്യം ഏറ്റു പറഞ്ഞവരെ ദഹിപ്പിക്കുന്ന പുകകൊണ്ട് അന്തരീക്ഷം ഇരുണ്ടുപോയി.

പതിനാറാം നൂറ്റാണ്ടിൻറെ ആരംഭത്തിൽ വിദ്യാഭ്യാസത്തിന് ഉണർവ്വ് നല്കുന്ന പ്രസ്ഥാനത്തിൻറെ നേതാവാണ് താൻ എന്ന് ഫ്രാൻസിസ് ഒന്നാമൻ അഭിമാനം പൂണ്ട് എല്ലാ രാജ്യത്തുനിന്നും പണ്ഡിതന്മാരെ തൻറെ കൊട്ടാരത്തിലേക്കു കൊണ്ടുവരുന്നതിൽ താൻ സന്തുഷ്ടനായി. പഠനത്തോടുള്ള തൻറെ താല്പര്യവും സന്യാസിമാരുടെ അജ്ഞതയോടും അന്ധവിശ്വാസത്തോടും ഉള്ള വെറുപ്പും കാരണമാണ് താൻ, കുറഞ്ഞ

തോതിലെങ്കിലും, നവീകരണത്തോട് സഹിഷ്ണത കാട്ടിയത്. എന്നാൽ, വിപരീത വിശ്വാസത്തെ തുടച്ചു നീക്കുവാനുള്ള തീക്ഷ്ണത നിമിത്തം, വിദ്യാഭ്യാസത്തിൻറെ ഈ രക്ഷാധികാരി, ഫ്രാൻസിലുടനീളം അച്ചടി നിരോധിച്ചതായി വിളംബരം ചെയ്തു! ബുദ്ധിപരമായ സംസ്കാരം മതപരമായ അസഹിഷ്ണതയ്ക്കും പീഡനത്തിനും എതിരായ ഒരു സുരക്ഷിതത്വം അല്ല എന്ന് ഫ്രാൻസിസ് ഒന്നാമൻ ശരിയായ ഉദാഹരണം നൽകുന്നു.

ഫ്രാൻസ് മതപരമായ ഒരു പൊതു പരിപാടിയോടുകൂടി നവീകരണ ക്കാരെ പൂർണ്ണമായും നശിപ്പിക്കുന്നതിന്

നിശ്ചയിച്ചു. കുർബ്ബാനയെ അവ ഹേളിച്ചതിൽക്കൂടെ അത്യന്നത സ്വർഗ്ഗത്തെ അപമാനിച്ചതിന് പ്രായശ്ചിത്ത മായി രക്തംതന്നെ ചൊരിയണം; അതിന് രാജാവ് തൻറെ ജനങ്ങൾക്കുവേണ്ടി ഈ പ്രവൃത്തിക്ക് പരസ്യമായി അനുവാദം നൽകണം എന്നായിരുന്നു പുരോഹി തന്മാർ ആവശ്യപ്പെട്ടത്.

ഈ ഭീകരമായ പ്രവർത്തനത്തിന് 1535, ജനുവരി 21-ാം തീയതി നിശ്ചയിക്കപ്പെട്ടു. രാഷ്ട്രത്തിലുടനീളം അന്ധവിശ്വാസപരമായ ഭയവും വെറുപ്പും ഇളക്കിവിട്ടു. ചുറ്റുപാടുമുള്ള സ്ഥലങ്ങളിലെ ജനങ്ങളെക്കൊണ്ട് പാരീസിലെ തെരുവുകൾ നിറഞ്ഞു. വലുതും

മോടിപിടിപ്പിച്ചതുമായ ഒരു ഘോഷയാത്ര യോടുകൂടി ആ ദിവസത്തെ വരവേല്ക്കണമായിരുന്നു. ഘോഷയാത്ര കടന്നു പോകുന്ന പാതയുടെ വശങ്ങളിലെ വീടുകളിൽ ദുഃഖസൂചകമായി തുണികൾ കെട്ടിത്തൂക്കിയിരുന്നു, ഇടയ്ക്കിടെ ബലിപീഠങ്ങൾ ഉയർത്തിയിരുന്നു. വിശുദ്ധ കുദാശയുടെ ബഹുമാനാർത്ഥം ഓരോ വീടിൻറെയും മുൻപിൽ ദീപം തെളിച്ചു. നേരം വെളുക്കുംമുൻപേ ഘോഷയാത്ര രാജകൊട്ടാരത്തിനു മുൻപിൽ രൂപം കൊണ്ടു. ആദ്യമായിട്ട് ഇടവകകളുടെ കൊടികളും കുരിശുകളും പ്രത്യക്ഷപ്പെട്ടു. പുറകേ ഈരണ്ടീരണ്ടായി പൗരന്മാർ പന്തങ്ങളും പിടിച്ചുകൊണ്ട് വന്നു. പിന്നീട്

സന്യാസിമാർ നാലു വിഭാഗങ്ങളിലുള്ള വസ്ത്രങ്ങളും, വ്യത്യസ്ത വർണ്ണങ്ങളിൽ അവരുടെ പ്രത്യേക വസ്ത്രവും അണിഞ്ഞുവന്നു. അതിനു ശേഷം പുരാവസ്തുക്കളുടെ ഒരു വലിയ ശേഖരം വന്നു, ഒടുവിലായി സഭയുടെ ഉന്നത നേതാക്കൾ തങ്ങളുടെ രത്നങ്ങളും വിവിധ വർണ്ണങ്ങൾകൊണ്ട് അലങ്കരിച്ച അംഗവസ്ത്രങ്ങൾ ധരിച്ചുംകൊണ്ട് വരവായി.

“ഒരു മഹനീയമായ കുടയ്ക്കു കീഴിൽ, നാലു പുരോഹിതന്മാരാൽ വലയം ചെയ്യപ്പെട്ട് പാരീസിലെ ബിഷപ്പ് കുർബ്ബാനയിലെ അപ്പം വഹിച്ചു കൊണ്ട് നടന്നു. അപ്പത്തിൻറെ പിന്നിൽ രാജാവ് നടന്നു. ഫ്രാൻസിസ് ഒന്നാമൻ അന്ന് കിരീടവും

രാജവസ്ത്രവും ധരിച്ചില്ല. തല മറയ്ക്കാതെ, താഴെ നിലത്തു നോക്കിക്കൊണ്ട്, കയ്യിൽ കത്തിച്ച മെഴുകുതിരിയുമായി, ഫ്രാൻസിന്റെ രാജാവ് ഒരു പശ്ചാത്താപക്കാരനെപ്പോലെ കാണപ്പെട്ടു". - Ibid., p. 13, ch. 21.

ഓരോ ബലിപീഠത്തിലും താൻ വിനയത്തോടെ വണങ്ങിയത് തൻറെ ആത്മാവിനെ മലിനപ്പെടുത്തിയ ദുഷ്ടതയ്ക്കല്ല, തൻറെ കൈകളിൽ പറ്റിപ്പിടിച്ച നിരപരാധികളുടെ രക്തത്തിനുമല്ല, പിന്നെയോ തൻറെ പ്രജകൾ കുർബ്ബാനയെ അവഹേളിച്ച മഹാപാപത്തിനുവേണ്ടിയായിരുന്നു. തനിക്കു പിന്നിലായിട്ട് രാജ്ഞിയും രാജ്യത്തിലെ മഹത്തുക്കളും

ഈരണ്ടീരണ്ടായി കയ്യിൽ പന്തവും പിടിച്ചുകൊണ്ടുവന്നു.

ആ ദിവസത്തെ ശുശ്രൂഷകളുടെ ഒരു ഭാഗമായിട്ട് ഭരണാധിപൻതന്നെ രാജ്യത്തെ ഉന്നത ഉദ്യോഗസ്ഥന്മാരെ ബിഷപ്പിൻറെ കൊട്ടാരത്തിലെ വലിയ ഹാളിൽവെച്ച് അഭിസംബോധന ചെയ്തു. മ്ലാനവദനനായി അവരുടെ മുമ്പിൽ പ്രത്യക്ഷപ്പെട്ട്, വികാരഭരിതനായി വിളിച്ചുകൂകി, "ആ അപരാധം, ആ ദൈവദൂഷണം, ദുഃഖത്തിൻറെയും ലജ്ജയുടെയും ദിവസം" രാജ്യത്തിന്മേൽ വന്നു പെട്ടു. ഫ്രാൻസിന് നാശമായിത്തീരാവുന്ന ഭീഷണിയായ വിപരീത ഉപദേശമാകുന്ന സാംക്രമികരോഗത്തെ പൂർണ്ണമായും

തുടച്ചുനീക്കുവാൻ വിശ്വസ്തരായ എല്ലാ ജനങ്ങളോടും ആവശ്യപ്പെട്ടു. . . . "ഞാൻ നിങ്ങളുടെ രാജാവായിരിക്കുന്നതു സത്യമായതുപോലെ എൻറെ ശരീരത്തിലെ ഏതെങ്കിലും ഒരു അവയവം മലിനമാക്കപ്പെടുകയോ ഇതിനാൽ ബാധിക്കപ്പെടുകയോ ചെയ്താൽ അതു ഛേദിച്ചുകളയുവാൻ ഞാൻ നിങ്ങൾക്കു വിട്ടുതരാം.... മാത്രമല്ല എൻറെ മക്കളിൽ ആരെങ്കിലും അതിനാൽ അശുദ്ധമാക്കപ്പെട്ടതായി കണ്ടാൽ, ഞാൻ അവനെ രക്ഷിക്കയില്ല, ഞാൻതന്നെ അവനെ വിട്ടുകൊടുത്ത് ദൈവത്തിനു യാഗം കഴിക്കും". തൻറെ കണ്ണുകൾ നിറഞ്ഞു, ജനക്കൂട്ടം കരഞ്ഞു, ഏകസ്വരത്തിൽ എല്ലാവരും കൂടി പറഞ്ഞു: "ഞങ്ങൾ

കത്തോലിക്ക മതത്തിനു വേണ്ടി ജീവിക്കുകയും മരിക്കുകയും ചെയ്യും ”, D'Aubigne, History of the Reformation in Europe in the Time of Calvin, b. 4, ch. 12.

സത്യത്തിൻറെ വെളിച്ചം നിരസിച്ച രാഷ്ട്രത്തിൻറെ അന്ധകാരം ഭയാനകമായിരുന്നു. രക്ഷയെ കൊണ്ടുവരുന്ന കൃപ പ്രത്യക്ഷപ്പെട്ടു; എന്നാൽ ഫ്രാൻസ്, അതിൻറെ ശക്തിയും വിശുദ്ധിയും കണ്ടതിനുശേഷം അതിൻറെ ദിവ്യമായ സൗന്ദര്യത്താൽ ആയിരങ്ങൾ ആകൃഷ്ടരായശേഷം, അതിൻറെ ശോഭയാൽ പട്ടണങ്ങളും ഗ്രാമങ്ങളും പ്രകാശിതമാക്കപ്പെട്ടുകഴിഞ്ഞിട്ടും,

അതിനെ ഉപേക്ഷിച്ചിട്ട്, വെളിച്ചത്തേക്കാൾ ഇരുളിനെ തെരഞ്ഞെടുത്തു. സ്വർഗ്ഗീയദാനം അവർക്കു നൽകിയപ്പോൾ അവർ അതിനെ തങ്ങളുടെയിടയിൽനിന്നും അകറ്റിക്കളഞ്ഞു. അവരുടെ മനഃപൂർവ്വമായ സ്വയവഞ്ചനയ്ക്ക് അവർ അടിമകളാകുന്നതുവരെ അവർ തിന്മയെ നന്മ എന്നും നന്മയെ തിന്മ എന്നും വിളിച്ചു.

ദൈവജനത്തെ പീഡിപ്പിക്കുന്നതിൽക്കൂടി അവർ ദൈവത്തിനു സേവനം അനുഷ്ഠിക്കുന്നു എന്ന് ആത്മാർത്ഥമായി വിശ്വസിച്ചാൽ തന്നെയും അവരുടെ ആത്മാർത്ഥത അവരെ

കുറ്റവിമുക്തരാക്കിയില്ല. അവരെ ചതിയിൽനിന്നും, അവരുടെ ആത്മാക്കളെ രക്തപാതകക്കറയിൽ നിന്നും രക്ഷിക്കുമായിരുന്ന പ്രകാശത്തെ അവർ മനഃപൂർവ്വം ഉപേക്ഷിച്ചു.

ജീവിക്കുന്ന ദൈവത്തെ മറന്നുകളഞ്ഞ രാജ്യം ഏകദേശം മൂന്നു നൂറ്റാണ്ടുകൾക്കുശേഷം "യുക്തിബോധത്തിൻറെ ദേവിയെ പ്രതിഷ്ഠിക്കുവാനുള്ള സ്ഥലമായ ഭദ്രാസനപ്പള്ളിയിൽ വെച്ച്, വിപരീത ഉപദേശത്തെ തുടച്ചു നീക്കും എന്ന് ദൃഢപ്രതിജ്ഞ എടുത്തു. വീണ്ടും ഘോഷയാത്ര രൂപീകരിക്കപ്പെട്ടു, ഫ്രാൻസിന്റെ പ്രതിനിധികൾ തങ്ങൾ ചെയ്യുമെന്ന് പ്രതിജ്ഞയെടുത്ത

വേലകൾ തുടങ്ങുവാൻ പുറപ്പെട്ടു. “കൃത്യമായ അകലത്തിൽ കൊലത്തൂണുകൾ സ്ഥാപിച്ചിരുന്നു. അവയിൽ ചില നവീകരണ കിസ്ത്യാനികളെ ജീവനോടെ ദഹിപ്പിക്കണമായിരുന്നു. രാജാവ് അടുത്തെത്തുമ്പോൾ അവർക്കുചുറ്റും അടുക്കിയിരിക്കുന്ന വിറകിന് തീ കൊളുത്തത്തക്കവണ്ണമായിരുന്നു അവ ക്രമീകരിക്കപ്പെട്ടിരുന്നത്. സംഭവത്തിനു സാക്ഷ്യം വഹിക്കാൻ ഘോഷയാത്ര അവിടെ നിൽക്കണമായിരുന്നു”. - Wylie, b. 13, ch. 21. ക്രിസ്തുവിൻറെ ഈ സാക്ഷി കൾ സഹിച്ചതായ പീഡനത്തിൻറെ വിശദാംശങ്ങൾ എടുത്തു പറയുന്നത് മനോ വേദന ഉണ്ടാക്കുന്നതാണ്; എന്നാൽ അവർ

അചഞ്ചലരായിരുന്നു. പുതിയ വിശ്വാസം ഉപേക്ഷിക്കുവാൻ ആവശ്യപ്പെട്ടപ്പോൾ ഒരാൾ പറഞ്ഞു; “പ്രവാചകന്മാരും അപ്പൊസ്തലന്മാരും നേരത്തെ പ്രസംഗിച്ചതും വിശുദ്ധന്മാരുടെ കൂട്ടം വിശ്വസിച്ചതുമത്രേ ഞാൻ വിശ്വസിക്കുകയുള്ളൂ. എൻറെ വിശ്വാസത്തിന് ദൈവത്തിൽ ഒരു ഉറപ്പുണ്ട്, അത് പാതാളത്തിൻറെ എല്ലാ ശക്തികളേയും ചെറുത്തു നിൽക്കും ‘. D'Aubigne, History of the Reformation in Europe in the Time of Calvin, b. 4, ch. 12.

ദണ്ഡിപ്പിക്കുന്നതിനുള്ള സ്ഥലങ്ങളിൽ വീണ്ടും വീണ്ടും ഘോഷയാത്ര നിന്നു. അവർ യാത്ര തുടങ്ങിയ സ്ഥലമായ

രാജകൊട്ടാരത്തിൽ എത്തിയപ്പോൾ, ജനക്കൂട്ടം പിരിഞ്ഞുപോയി, രാജാവും മേൽപ്പട്ടക്കാരും തിരികെപോയി, ആ ദിവസത്തെ പ്രവൃത്തികളിൽ സംതൃപ്തരായി അവരേത്തന്നെ അഭിനന്ദിച്ചു കൊണ്ട്, ദുരുപദേശത്തെ പൂർണ്ണമായും നശിപ്പിക്കുന്നതിനു തുടങ്ങിവച്ച വേല തുടരുകയും ചെയ്യുമെന്ന് പറഞ്ഞു പിരിഞ്ഞു.

ഫ്രാൻസ് നിഷേധിച്ചതായ സമാധാനത്തിൻറെ സുവിശേഷത്തെ പൂർണ്ണമായി നശിപ്പിച്ചാൽ, അതിൻറെ അനന്തരഫലം ഭയാനകമായിരിക്കും. 1793 ജനുവരി 21-ന്, ഫ്രാൻസ് നവീകരണക്കാരെ ദണ്ഡിപ്പിക്കാൻ തുടങ്ങിയതിൻറെ 258-ാം വർഷം,

മറ്റൊരു ഘോഷയാത്ര, തികച്ചും വ്യത്യസ്തമായ ഉദ്ദേശത്തോടെ, പാരീസിൻറെ തെരുവുകളിൽക്കൂടി കടന്നുപോയി. "വീണ്ടും പ്രമുഖ വ്യക്തി രാജാവായിരുന്നു, വീണ്ടും ഒച്ചയും ആരവവും ഉണ്ടായിരുന്നു, കൂടുതൽ ഇരകൾക്കുവേണ്ടി മുറവിളികേട്ടു, അവിടെ കറുത്ത കൊലമരങ്ങൾ ഉണ്ടായിരുന്നു, വീണ്ടും കൊടും ഭീതിജനകമായ വധത്തോടുകൂടി ദിവസം അവസാനിപ്പിച്ചു, ലൂയി പതിനാറാമൻ (Louis XVI) വലിച്ചിഴയ്ക്കപ്പെട്ട്, കൊലമരത്തിൽ കെട്ടപ്പെട്ട്, കഴുത്തിൽ കോടാലി പതിഞ്ഞ്, തല മരത്തിൽ തൂങ്ങിക്കിടന്നു". - Wylie, b. 13, ch. 21. ആ ഭീകര ഭരണകാലത്ത് രാജാവിനെക്കൂടാതെ അതേ സ്ഥലത്ത്

വേറെ രണ്ടായിരത്തിയെണ്ണൂറു മനുഷ്യർ ശിരച്ഛേദം ചെയ്യപ്പെട്ടു.

നവീകരണം ദൈവിക കല്പ്പനയിലെ ഉപദേശങ്ങളെ തുറന്നു കാണിച്ചും മനുഷ്യമനസ്സുകളിന്മേൽ അതിൻറെ അവകാശം ഉന്നയിച്ചും ഒരു തുറന്ന വേദപുസ്തകം ലോകത്തിനു കാഴ്ചവച്ചും അനന്തമായ സ്നേഹം സ്വർഗ്ഗീയ നിയമങ്ങളേയും തത്വങ്ങളേയും മനുഷ്യർക്കു തുറന്നു കാണിച്ചു. അവയെ പ്രമാണിച്ചു നടപ്പിൻ; ഇതുതന്നെയല്ലോ ജാതികളുടെ ദൃഷ്ടിയിൽ നിങ്ങളുടെ ജ്ഞാനവും വിവേകവും ആയിരിക്കുന്നത്. അവർ ഈ കല്പനകൾ ഒക്കെയും കേട്ടിട്ടു: ഈ ശ്രേഷ്ഠ ജാതി ജ്ഞാനവും വിവേകവും ഉള്ള ജനംതന്നെ എന്നു

പറയും” (ആവർത്തം. 4:6) എന്ന് ദൈവം അരുളിച്ചെയ്തു. ഫ്രാൻസ് സ്വർഗ്ഗീയ ദാനം നിരസിച്ചപ്പോൾ, അവൾ അരാജകത്വത്തിൻറെയും നാശത്തിൻറെയും വിത്തുവിതച്ചു; കാരണവും പരിണിതഫലവും എന്ന തത്വത്തിൻറെ പ്രവർത്തന ഫലമായി വിപ്ലവവും ഭീകര വാഴ്ചയും ഉണ്ടായി.

ചുവർ പരസ്യങ്ങൾ മുഖാന്തരം ഉണ്ടായ പീഡനത്തിനു വളരെ മുൻപു തന്നെ ധീരനും ഉത്സാഹിയുമായ ഫാരൽ തൻറെ ജന്മനാട്ടിൽനിന്നും പലായനം ചെയ്യുവാൻ നിർബന്ധിതനായി. താൻ സ്വിറ്റ്സർലാന്റിലേക്കു ചെന്ന് തൻറെ അദ്ധ്വാനത്താൽ സ്വിംഗ്ളിയുടെ വേലയെ പിന്തുണച്ചുകൊണ്ട്

സാഹചര്യത്തെ നവീകരണത്തിന് അനുയോജ്യമാക്കി. തൻറെ പിൽക്കാല വർഷങ്ങൾ ഇവിടെ കഴിച്ചുകൂട്ടേണ്ടതുണ്ടായിരുന്നെങ്കിലും, ഫ്രാൻസിലെ നവീകരണത്തിന് തൻറെ സ്വാധീനം ഉപയോഗിച്ചു. തൻറെ ഓടിപ്പോക്കിൻറെ ആദ്യ വർഷങ്ങളിൽ സ്വന്തനാട്ടിൽ സുവിശേഷം പ്രചരിപ്പിക്കുവാൻ പരിശ്രമിച്ചു. തൻറെ രാജ്യത്തിൻറെ അതിർത്തിപ്രദേശത്തുള്ളവരോടു സുവിശേഷം പ്രസംഗിപ്പാൻ ധാരാളം സമയം എടുത്തു. അക്ഷീണ സൂക്ഷ്മതയോടെ പോരാട്ടത്തെ വീക്ഷിച്ചു. തൻറെ വാക്കുകൾകൊണ്ടും ഉപദേശംകൊണ്ടും പ്രോത്സാഹിപ്പിച്ചു പലായനം ചെയ്ത മറ്റുള്ളവരുടെ

സഹായത്തോടെ ജർമ്മൻ നവീകരണക്കാരുടെ എഴുത്തുകൾ ഫ്രഞ്ചു ഭാഷയിൽ പരിഭാഷപ്പെടുത്തി ഫ്രഞ്ച് വേദപുസ്തകത്തോടൊപ്പം ധാരാളമായി അച്ചടിച്ച് വിതരണം ചെയ്തു. വീടുകൾ സന്ദർശിച്ച് ഗ്രന്ഥസുവിശേഷകരിൽക്കൂടി ഈ പ്രസിദ്ധീകരണങ്ങൾ കുറഞ്ഞ വിലയ്ക്ക് ധാരാളം വിറ്റു. വില്പനക്കാർക്ക് വിലകുറച്ച് കൊടുത്തതുകൊണ്ട് വില്പനയിലെ ലാഭം അവർക്ക് തുടർന്നും വില്പന നടത്താൻ പ്രേരണ നൽകി.

ഒരു സ്കൂൾ അദ്ധ്യാപകനായിട്ടാണ് ഫാരൽ സ്വിറ്റ്സർലാന്റിൽ വേല തുടങ്ങിയത്. ഒരു ഒറ്റപ്പെട്ട സ്ഥലത്തെ ഇടവകയിൽ കുട്ടികളെ

പഠിപ്പിക്കുന്നതിൽ വ്യാപൃതനായിരുന്നു. സാധാരണ പഠിക്കുന്ന വിഷയങ്ങൾ കൂടാതെ ക്രമേണ കുട്ടികളിൽക്കൂടെ അവരുടെ മാതാപിതാക്കന്മാരെ സമീപിക്കാം എന്ന പ്രതീക്ഷയോടെ ബൈബിൾ സത്യങ്ങളും ഉൾപ്പെടുത്തി. ചിലർ വിശ്വസിച്ചു എങ്കിലും പുരോഹിതന്മാർ മുൻപോട്ടു വന്നു വേല തടഞ്ഞു. അന്ധവിശ്വാസികളായ നാട്ടുകാർ വേലയെ എതിർക്കാൻ പ്രേരിതരായി. "ഈ ദൂത് പ്രസംഗിക്കുമ്പോൾ സമാധാനമല്ല, യുദ്ധമാണ് ഉണ്ടാക്കുന്നത്, എന്നു കാണുന്നതിനാൽ ഇത് ക്രിസ്തുവിൻറെ സുവിശേഷമല്ല" എന്ന് പുരോഹിതന്മാർ വാദിച്ചു. - Wylie, b. 14, ch. 3. ആദ്യ ശിഷ്യന്മാരെപ്പോലെ, ഒരു പട്ടണത്തിൽ

പീഡിപ്പിക്കപ്പെട്ടുമ്പോൾ താൻ മറ്റൊന്നിലേക്ക് ഓടിപ്പോകും. ഗ്രാമത്തിൽനിന്നു ഗ്രാമത്തിലേക്ക്, പട്ടണത്തിൽനിന്നു പട്ടണത്തിലേക്ക്, കാൽനട യായി സഞ്ചരിച്ച്, വിശപ്പും തണുപ്പും ക്ഷീണവും സഹിച്ച്, എല്ലായിടത്തും പ്രാണഭയത്തിൽ ആയിരുന്നു. ചന്തകളിലും പള്ളികളിലും പ്രധാന പള്ളികളിലെ പ്രസംഗപീഠത്തിലും നിന്നുകൊണ്ടു താൻ പ്രസംഗിച്ചു. ചില സന്ദർഭങ്ങളിൽ പള്ളികളിൽ കേൾവിക്കാർ ഇല്ലായിരുന്നു. ചിലപ്പോൾ പരിഹസിച്ച് പ്രസംഗം തടസ്സപ്പെടുത്തുകയും പ്രസംഗപീഠത്തിൽനിന്നു ബലമായി തള്ളിമാറ്റപ്പെടുകയും ചെയ്തു. ഒന്നിൽക്കൂടുതൽ തവണ

അച്ചടക്കമില്ലാത്ത ജനക്കൂട്ടത്താൽ താൻ മരിക്കാറാകുന്നതുവരെ അടിക്കപ്പെട്ടു, എന്നിട്ടും താൻ മുമ്പോട്ടുപോയി. പലപ്പോഴും ആട്ടിപ്പായിക്കപ്പെട്ടെങ്കിലും നിശ്ചയദാർഢ്യത്തോടെ അദ്ദേഹം വേലയിലേക്കു മടങ്ങിവന്നു, പോപ്പിന് ശക്തമായ പിന്തുണയുള്ള പട്ടണങ്ങളും നഗരങ്ങളും ഒന്നിനു പുറകെ ഒന്നായി തങ്ങളുടെ വാതിലുകൾ സുവിശേഷത്തിനായി തുറന്നു കൊടുക്കുന്നതു താൻ കണ്ടു. താൻ ആദ്യമായി വേല ആരംഭിച്ച ചെറിയ ഇടവക പെട്ടെന്ന് നവീകരണ വിശ്വാസം സ്വീകരിച്ചു. മോററ്റ്, ന്യൂചാറ്റൽ എന്നീ പട്ടണങ്ങൾ റോമാസഭയുടെ ആചാരാനുഷ്ഠാനങ്ങളും

വിഗ്രഹാ രാധനാപരമായ സ്വരൂപങ്ങളും പള്ളികളിൽനിന്ന് നീക്കം ചെയ്തു.

ജനീവയിൽ നവീകരണ പതാക സ്ഥാപിക്കണമെന്ന് ഫാരൽ വളരെ നാളുകളായി ആഗ്രഹിച്ചിരുന്നു. ഈ നഗരത്തെ ജയിക്കാൻ കഴിഞ്ഞെങ്കിൽ, അത് ഫ്രാൻസിലും സ്വിറ്റ്സർലാന്റിലും ഇറ്റലിയിലും നവീകരണത്തിൻറെ കേന്ദ്രം ആകുമായിരുന്നു. ഈ ലക്ഷ്യം മുന്നിൽ വച്ചുകൊണ്ട് ചുറ്റുപാടുമുള്ള അനേകം പട്ടണങ്ങളും ഗ്രാമങ്ങളും ആദായപ്പെടുന്നതുവരെ അദ്ധ്വാനിച്ചു. പിന്നെ ഒരേ ഒരു സഹകാരിയുമായി താൻ ജനീവയിലേക്ക് കടന്നു. എന്നാൽ രണ്ടു പ്രസംഗങ്ങൾ നടത്തുവാൻ മാത്രമേ

അനുവദിച്ചുള്ളൂ. പുരോഹിതന്മാർ, തന്നെ കുറ്റവാളി എന്ന് ഭരണകർത്താക്കളെക്കൊണ്ടു പ്രഖ്യാപിക്കാം എന്നു പ്രതീക്ഷിച്ച്, സഭാനേതാക്കന്മാരുടെ സമിതിയിൽ ഹാജരാക്കി; അവർ അവിടെ വന്നത്, തൻറെ ജീവനെ എടുത്തുകളയത്തക്കവണ്ണം അവരുടെ വസ്ത്രങ്ങളുടെ ഉള്ളിൽ ആയുധങ്ങൾ ഒളിച്ചുവച്ചുകൊണ്ടായിരുന്നു. സമിതിയിൽനിന്നു താൻ രക്ഷപെട്ടു പുറത്ത് വരികയാണെങ്കിൽ കൊന്നുകളയുന്നതിനായിട്ട് രോഷാകുലരായ ആൾക്കൂട്ടം വെളിയിൽ വാളും വടിയുമായി കാത്തുനിന്നിരുന്നു. എങ്കിലും ന്യായാധിപന്മാരുടെയും പട്ടാളത്തിൻറെയും

സാന്നിദ്ധ്യം തന്നെ രക്ഷിച്ചു. അടുത്ത പ്രഭാതത്തിൽത്തന്നെ തന്നേയും സഹകാരിയേയും ഒരു സുരക്ഷിത സ്ഥലത്തേക്കു കൂട്ടിക്കൊണ്ടുപോയി. ജനീവയെ സുവിശേഷീകരിക്കുന്നതിനുള്ള തൻറെ ആദ്യത്തെ ഉദ്യമം അങ്ങനെ അവസാനിച്ചു.

അടുത്ത പരിശ്രമത്തിന് ഒരു താഴ്മയുള്ള ഉപകരണത്തെ തെരഞ്ഞെടുത്തു. ഒരു യുവാവ്, കാഴ്ചയ്ക്ക് ഇത്ര വിനയവും താഴ്മയും ഉള്ള വ്യക്തി, നവീകരണക്കാർ എന്നവകാശപ്പെട്ടവർപോലും വളരെ തണുപ്പൻ മട്ടിൽ ഇടപെട്ടു. ഫാരലിനെ തള്ളിക്കളഞ്ഞ ആ സ്ഥലത്ത് ഇങ്ങനെയുള്ള ഒരാൾക്ക് എന്തു ചെയ്യാൻ കഴിയും. ശക്തനും ധൈര്യശാലിയുമായ

ആളെ ഓടിപ്പോകുവാൻ നിർബന്ധിച്ച സ്ഥലത്ത് കൊടുങ്കാറ്റിനെ അഭിമുഖീകരിക്കാൻ ധൈര്യം കുറഞ്ഞതും പരിചയമില്ലാത്തതുമായ ആളിന് എങ്ങനെ സാധിക്കും? “സൈന്യത്താലുമല്ല, ശക്തിയാലുമല്ല, എൻറെ ആത്മാവിനാലത്രെ, എന്നു കർത്താവ് അരുളിച്ചെയ്യുന്നു” (സെഖര്യാവ് 4:6). “ജ്ഞാനികളെ ലജ്ജിപ്പിപ്പാൻ ദൈവം ലോകത്തിൽ ഭോഷത്വമായതു തിരഞ്ഞെടുത്തു; ബലമുള്ളതിനെ ലജ്ജിപ്പിപ്പാൻ ദൈവം ലോകത്തിൽ ബലഹീനമായതു തിരഞ്ഞെടുത്തു”. ദൈവത്തിൻറെ ഭോഷത്വം മനുഷ്യരേക്കാൾ ജ്ഞാനമേറിയതും ദൈവത്തിൻറെ ബലഹീനത മനുഷ്യരേക്കാൾ

ബലമേറിയതും ആകുന്നു". (1 കൊരിന്ത്യർ 1:27,25).

ഫ്രോമെൻറ് തൻറെ വേല ഒരു അദ്ധ്യാപകനായിട്ടാണ് തുടങ്ങിയത്. താൻ സ്കൂളിൽ കുട്ടികളെ പഠിപ്പിച്ച സത്യം അവർ തങ്ങളുടെ വീടുകളിൽ ആവർത്തിച്ചു. ക്ലാസ് മുറികളിൽ താല്പര്യത്തോടെ കേൾക്കുന്നവരെക്കൊണ്ട് നിറയുന്നതുവരെ ബൈബിൾ വിശദീകരിച്ചു കേൾക്കാൻ മാതാപിതാക്കൾ വന്നു. പുതിയനിയമവും ലഘുലേഖകളും സൗജന്യമായി വിതരണം ചെയ്തു, പരസ്യമായി പുതിയ ഉപദേശം കേൾക്കുവാൻ ഭയപ്പെട്ട അനേകർക്കും അവ ലഭിച്ചു.

കുറേക്കാലത്തിനുശേഷം ഈ പ്രവർത്തകനും ഓടിപ്പോകുവാൻ നിർബന്ധിതനായി, എന്നാൽ താൻ പഠിപ്പിച്ച സത്യം മനുഷ്യരുടെ ഹൃദയങ്ങളിൽ തങ്ങി നിന്നു. തുടങ്ങിവച്ച നവീകരണം പടർന്ന് ശക്തി പ്രാപിച്ചു. പ്രസംഗകർ തിരികെ വന്നു, അവരുടെ അദ്ധ്വാനത്താൽ അവസാനം നവീകരണ ആരാധന ജനീവയിൽ നിലവിൽവന്നു.

കാൽവിൻ പല ജീവിത സുഖ ദുഃഖങ്ങളിൽപ്പെട്ട്, അനേക സ്ഥലങ്ങളിൽ യാത്ര ചെയ്ത്, അതിൻറെ വാതിലുകളിൽ എത്തിയപ്പോൾ, പട്ടണം നവീകരണത്തിനുവേണ്ടി പ്രഖ്യാപിക്കപ്പെട്ടു. തൻറെ

ജന്മസ്ഥലത്തുനിന്നും അവസാന
സന്ദർശനം കഴിഞ്ഞു മടങ്ങുമ്പോൾ,
താൻ
ബാസലിലേക്കുപോകുകയായിരുന്നു;
നേരിട്ടുള്ള റോഡ് ചാൾസ്
അഞ്ചാമൻറെ സൈന്യം
കൈവശപ്പെടുത്തിയിരിക്കുന്നതു കണ്ടിട്ട്,
ജനീവവഴി ചുറ്റിത്തിരിഞ്ഞു പോകുവാൻ
നിർബന്ധിതനായി.

ഈ സന്ദർശനത്തിൽ ഫാരൽ
ദൈവിക കരം തിരിച്ചറിഞ്ഞു. ജനീവ
നവീകരണ വിശ്വാസം
അംഗീകരിച്ചെങ്കിലും അവിടെ ഒരു
വലിയ വേല ചെയ്തു
തീർക്കുവാനുണ്ടായിരുന്നു. മനുഷ്യർ
ദൈവത്തിങ്കലേക്കു

മാനസാന്തരപ്പെടുന്നത് സമൂഹമായിട്ടല്ല, വ്യക്തികളായിട്ടാണ്. വീണ്ടുംജനനത്തിൻറെ പ്രവൃത്തി ഹൃദയത്തിലും മനസ്സാക്ഷിയിലും നടക്കേണ്ടത് പരിശുദ്ധാത്മാവിൻറെ ശക്തി യിൽക്കൂടിയാണ്, കൗൺസിലുകളുടെ വിധിയിൽക്കൂടിയല്ല. ജനീവയിലെ ജനങ്ങൾ റോമയുടെ അധികാരത്തെ തള്ളിക്കളഞ്ഞെങ്കിലും അവളുടെ ഭരണ കാലത്തു നിലനിന്നിരുന്ന ദുരാചാരങ്ങൾ ഉപേക്ഷിക്കുവാൻ ഒരുക്കമല്ലായിരുന്നു. ഇവിടെ സുവിശേഷത്തിൻറെ നിർമ്മല സത്യങ്ങൾ ഉറപ്പിക്കുന്നതും, ദൈവിക നടത്തിപ്പ് അവരെ വിളിച്ചാക്കിയ സ്ഥാനത്തിന് യോഗ്യരാക്കി ത്തീർക്കുന്നതും ലഘുവായ വേലയല്ല.

തന്നോടുകൂടെ ചേർന്ന് ഈ വേല ചെയ്യാവുന്ന ഒരാളെ കാൽവിനിൽ താൻ കണ്ടു എന്ന് ഫാരലിന് ഉറച്ച വിശ്വാസമുണ്ടായിരുന്നു. ആ യുവ സുവിശേഷകൻ അവിടെത്തന്നെ ജോലിചെയ്യണമെന്ന് താൻ ദൈവനാമത്തിൽ അഭ്യർത്ഥിച്ചു. കാൽവിൻ ഞെട്ടലോടെ പിൻവാങ്ങി. ശാന്തനും സമാധാന പ്രിയനുമായ താൻ, ധൈര്യശാലികളും സ്വതന്ത്രരും അക്രമാസക്തരുമായ ജനീവക്കാരോട് ബന്ധപ്പെടുവാൻ താല്പര്യപ്പെട്ടില്ല. തൻറെ മോശമായ ആരോഗ്യസ്ഥിതിയും പഠനശീലവും ഒരു ഏകാന്തവാസസ്ഥലം അന്വേഷിപ്പാൻ തന്നെ പ്രേരിപ്പിച്ചു. തൻറെ പേനകൊണ്ട് നവീകരണ

പ്രസ്ഥാനത്തിന് സേവനം ചെയ്യാമെന്നുള്ള വിശ്വാസത്താൽ, പഠനത്തിനായി ഒരു ശാന്തമായ സ്ഥലം ലഭിക്കണെമെന്നാഗ്രഹിക്കുകയും, അവിടെ, അച്ചടിയിൽക്കൂടി സഭകളെ ഉപദേശിക്കയും ഉറപ്പിക്കുകയും ചെയ്യാം എന്ന് വിചാരിച്ചു. ഒരു ദിവ്യവിളിയായി അവനിലേക്കുവന്ന ഫാരലിൻറെ പരിപാവനമായ ഉപദേശത്തെ നിരസിക്കുവാൻ താൻ ധൈര്യപ്പെട്ടില്ല. തനിക്ക് അനുഭവപ്പെട്ടതായി താൻ പറഞ്ഞത്: "ദൈവകരം സ്വർഗ്ഗത്തിൽനിന്നു നീട്ടി തന്നെ പിടിച്ച്, താൻ വിട്ടുപോകുവാൻ ശ്രമിച്ച സ്ഥലത്ത് സ്ഥിരമായി നിർത്തിയെന്നാണ്". - D'Aubigne, History of the Reformation in

Europe in the Time of Calvin, b. 9, ch. 17.

.ഈ സമയത്ത് നവീകരണ പ്രസ്ഥാനത്തെ വലിയ ആപത്തുകൾ വലയം ചെയ്തു. ജനീവയ്ക്കെതിരായി പോപ്പ് ഭ്രഷ്ട് കല്പിച്ചു. ബലശാലികളായ രാജ്യങ്ങൾ അതിനെ നശിപ്പിക്കുമെന്നു ഭീഷണി മുഴക്കി. ചക്രവർത്തിമാരേയും രാജാക്കന്മാരേയും മുട്ടുകുത്തിച്ചിട്ടുള്ള ഈ ശക്തിയോട് ഈ ചെറിയ പട്ടണം എങ്ങനെ എതിർത്തു നില്ക്കും? ലോകത്തിലെ വലിയ ആക്രമണകാരികളുടെ സൈന്യങ്ങൾക്കെതിരെ അതിന് എങ്ങനെ ചെറുത്തു നിൽക്കാൻ കഴിയും?

ക്രൈസ്തവലോകത്ത് ഒക്കെയും നവീകരണ പ്രസ്ഥാനം ശക്തന്മായ ശത്രുക്കളാൽ ഭീഷണിപ്പെടുത്തപ്പെട്ടുകൊണ്ടിരുന്നു. നവീകരണത്തിൻറെ ആദ്യ വിജയം കഴിഞ്ഞ്, അതിനെ നശിപ്പിക്കാമെന്നു പ്രതീക്ഷിച്ചുകൊണ്ട്, റോം പുതിയ ശക്തികളെ സമാഹരിച്ചു. ഈ സമയത്ത് ജെസ്യൂട്ട് എന്ന സംഘടന രൂപീകരിക്കപ്പെട്ടു. (Society of Jesus (യേശുവിൻറെ സമൂഹം) ഇഗ്നേഷ്യസ് ലയോള 1533-ൽ സ്ഥാപിച്ചത്) പോപ്പിൻറെ ചാമ്പ്യന്മാരിൽവെച്ച് ഏറ്റവും - ക്രൂന്മാരും മനസ്സാക്ഷിക്കത്തില്ലാത്തവരും ശക്തന്മാരും ആയവർ ഭൌമിക

ബന്ധങ്ങളിൽനിന്നും മാനുഷിക താല്പര്യങ്ങളിൽനിന്നും വിട്ടകന്ന്, പ്രകൃത്യായുള്ള വികാരങ്ങൾ മുരടിച്ച്, യുക്തിബോധത്തേയും മനസ്സാക്ഷിയേയും പൂർണ്ണമായും നിശ്ശബ്ദമാക്കിക്കൊണ്ട്, നിയമമോ വൈകാരിക ബന്ധമോ അറിയാതെ, അവരുടെ സംഘടനയെ മാത്രം അറിഞ്ഞ് അതിൻറെ അധികാരം വർദ്ധിപ്പിച്ചു. ക്രിസ്തുവിൻറെ സുവിശേഷം അതിൻറെ വിശ്വാസികളെ അപകടങ്ങൾ നേരിടുന്നതിനും; തണുപ്പ്, വിശപ്പ്, അദ്ധ്വാനം, ദാരിദ്ര്യം എന്നിവയാൽ നിരാശപ്പെടാതെ സത്യത്തിൻറെ പതാക ഉയർത്തിപ്പിടിക്കുവാനും; പീഡനയന്ത്രം, കാരാഗ്രഹം, കൊലമരം എന്നിവയെ അഭിമുഖീകരിക്കുവാനും

ഒരുക്കമുള്ളവരാക്കി. ഈ ശക്തികളെ എതിർക്കുവാൻ ജസ്യൂട്ട പ്രസ്ഥാനം അതിൻറെ അനുയായികളെ മത്രഭാന്തുകൊണ്ട് പ്രേരിപ്പിച്ചു. അത് അവർക്ക് അപകടങ്ങളെ നേരിടാനും സത്യത്തിൻറെ ശക്തിയെ നേരിടാൻ വഞ്ചനയുടെ എല്ലാ ആയുധങ്ങളും ഉപയോഗിക്കുവാനും കഴിവും നല്കി. അവർ ചെയ്യാത്ത കുറ്റകൃത്യങ്ങളില്ല, വഞ്ചനകളില്ല, അവർക്ക് അനുകരിപ്പാൻ പ്രയാസമായിട്ട് ഒരു കപടവേഷവും ഇല്ല. നിത്യമായ ദാരിദ്ര്യവും സൗമ്യതയും സ്വീകരിച്ചുകൊള്ളാമെന്ന് സത്യം ചെയ്തിട്ട് ധനവും അധികാരവും കൈവരിക്കാനും, നവീകരണത്തെ തുടച്ചുമാറ്റാനും പോപ്പിൻറെ

പരമാധികാരത്തെ
പുനഃസ്ഥാപിക്കുവാനും പ്രവർത്തിച്ചു.

അവരുടെ സമൂഹത്തിൻറെ
അംഗങ്ങളായിട്ട് പ്രത്യക്ഷപ്പെടുമ്പോൾ,
അവർ പരിശുദ്ധിയുടെ ഒരു ഭാവം
കൈക്കൊള്ളും; കാരാഗൃഹങ്ങളും
ആശുപത്രികളും സന്ദർശിക്കും,
രോഗികളേയും സാധുക്കളേയും
ശുശ്രൂഷിക്കും, ലോകത്തെ ഉപേക്ഷിച്ചു
എന്നു നടിക്കും, നന്മചെയ്തുകൊണ്ട്
സഞ്ചരിച്ച യേശുവിൻറെ പവിത്രനാമവും
ധരിച്ചുകൊണ്ട്, എന്നാൽ
നിർദ്ദോഷമെന്നു തോന്നുന്ന
പുറംമൂടികളുള്ളിൽ ഏറ്റവും കുറ്റകരവും,
മാരകവുമായ ഉദ്ദേശങ്ങൾ
ഒളിച്ചുവച്ചിരുന്നു. ഈ സമൂഹത്തിൻറെ

ഒരു അടിസ്ഥാന തത്വം, ലക്ഷ്യം
മാർഗ്ഗത്തെ ന്യായീകരിക്കുന്നു
എന്നതാണ്. ഈ തത്വപ്രകാരം കള്ളം
പറയുക, മോഷ്ടിക്കുക, സത്യപ്രതിജ്ഞ
ലംഘിക്കുക, വധിക്കുക മുതലായവ
ക്ഷമിക്കപ്പെടുന്നതും, സഭയുടെ
താല്പര്യത്തിനുവേണ്ടിയാകുമ്പോൾ
പ്രശംസനീയവു മാകുന്നു. പല
വേഷങ്ങളിലായി ജെസ്യൂട്ടുകൾ
രാജ്യത്തിൻറെ ഓഫീസുകളിൽ
രാജാക്കന്മാരുടെ ഉപദേഷ്ടാക്കന്മാരായിട്ട്
എത്തിച്ചേരുകയും രാജ്യത്തിൻറെ
നയരൂപീകരണത്തിൽ ഇടപെടുകയും
ചെയ്യും. യജമാനന്മാരെ
ഒറ്റിക്കൊടുക്കുന്നതിന് അവർ
ദാസന്മാരായി ജോലി ചെയ്തും
രാജാക്കന്മാരുടെയും മഹത്തുക്കളുടെയും

മക്കൾക്കായി അവർ കോളേജുകൾ സ്ഥാപിച്ചു; സാധാരണ ക്കാർക്കായിട്ട് സ്കൂളുകൾ തുടങ്ങിയും, അങ്ങനെ നവീകരണ മാതാപിതാക്കന്മാരുടെ മക്കൾ പാപ്പാത്വ ആചാരാനുഷ്ഠാനങ്ങൾ സ്വീകരിക്കാൻ ഇടയാക്കി. പിതാക്കന്മാർ അദ്ധ്വാനിച്ച രക്തംചീന്തി നേടിയ സ്വാതന്ത്ര്യം പുത്രന്മാർ തള്ളിക്കളഞ്ഞു. യൂറോപ്പിൽ എല്ലായിടത്തും ജെസ്യൂട്ടുകൾ പടർന്നു. അവർ പോയിടത്തെല്ലാം പാപ്പാത്വം വീണ്ടും വളർന്നു.

അവർക്കു കൂടുതൽ അധികാരം കൊടുക്കുന്നതിനായി കുറ്റവിചാരണ വീണ്ടും സ്ഥാപിക്കുന്നു എന്ന് പോപ്പ് വിളംബരം ചെയ്തു. കത്തോലിക്കാ

രാജ്യങ്ങൾ ഉൾപ്പെടെ ഇതിനെ വെറുപ്പോടെയാണ് കരുതിയതെങ്കിലും, പോപ്പിൻറെ ഭരണാധികാരികൾ ഈ ഭയാനകമായ കോടതി വീണ്ടും സ്ഥാപിച്ചു. പകൽ വെളിച്ചത്തിൽ നടപ്പാക്കാൻ കഴിയാത്ത ക്രൂരമായ മർദ്ദനമുറകൾ അതിൻറെ ഇരുണ്ട രഹസ്യ അറകളിൽ അവർ വീണ്ടും ആരംഭിച്ചു. അനേക രാജ്യങ്ങളിൽ ആയിരക്കണക്കിനു യുവാക്കളും, വിദ്യാസമ്പന്നരും, ബുദ്ധി ജീവികളും, ഭക്തന്മാരും പ്രതിഷ്ഠിക്കപ്പെട്ടവരുമായ പാസ്റ്റർമാരും, അദ്ധ്വാന ശീലരും, രാജ്യസ്നേഹികളുമായ പൗരന്മാരും, പണ്ഡിതന്മാരും കരകൗശ ലപ്പണിക്കാരും, വധിക്കപ്പെടുകയോ

രാജ്യം വിട്ടോടിപ്പോകുവാൻ
നിർബന്ധി തരാകുകയോ ചെയ്തു.

ജനങ്ങളിൽനിന്നു വേദപുസ്തകം
തിരിച്ചെടുക്കുകയും,
അന്ധകാരയുഗത്തിലെ അജ്ഞതയും
അന്ധവിശ്വാസവും പുനഃസ്ഥാപിക്കുകയും
ആയിരുന്ന നവീകരണത്തിൻറെ
വെളിച്ചത്തെ അണയ്ക്കുവാൻ റോം
തിരഞ്ഞെടുത്ത മാർഗ്ഗ ങ്ങൾ. എന്നാൽ
ദൈവത്തിൻറെ അനുഗ്രഹത്താലും
ലൂഥറിൻറെ പിൻഗാമിക ളായിരിപ്പാൻ
ദൈവം തിരഞ്ഞെടുത്ത മാന്യന്മാരായ
വ്യക്തികളുടെ പരിശ്രമത്താലും
നവീകരണത്തെ തുടച്ചുനീക്കുവാൻ
സാധിച്ചില്ല. രാജാക്കന്മാരുടെ
അനുഭാവത്തിലോ ആയുധങ്ങളിലോ

അല്ല അതിൻറെ ശക്തി നിലനിന്നത്. ഏറ്റവും ചെറിയ രാജ്യങ്ങളും ശക്തികുറഞ്ഞ രാജ്യങ്ങളും അതിൻറെ കോട്ടക ളായി. ബലശാലികളായ ശത്രുക്കൾ നശിപ്പിക്കാൻ തക്കം നോക്കിക്കൊണ്ടിരുന്ന ജനീവയിലും, ആ കാലത്തെ സമ്പന്നവും ബലമേറിയതുമായ സ്പെയി നിൻറെ മർദ്ദന ഭരണത്തെ ചെറുത്തുനിന്നുകൊണ്ട് ഹോളണ്ടും, ശുഷ്ക്കവും ഉല്പാദനക്ഷമതയില്ലാത്തതുമായ സ്വീഡനും ആയിരുന്നു നവീകരണത്തിന് വിജയങ്ങൾ കൈവരിച്ചത്.

വേദപുസ്തകത്തിൻറെ ധാർമ്മികതയിൽ അധിഷ്ഠിതമായ ഒരു സഭ

സ്ഥാപിക്കുവാനും, യൂറോപ്പിൽ
എല്ലായിടത്തും നവീകരണം
പ്രചരിപ്പിക്കുവാനുംവേണ്ടി കാൽവിൻ
മുപ്പതുവർഷത്തോളം ജനീവയിൽ
അദ്ധ്വാനിച്ചു. ഒരു പൊതുനേതാവ് എന്ന
നിലയിൽ തൻറെ പ്രവർത്തനം
കുറ്റമറ്റതല്ലാ യിരുന്നു, തൻറെ
ഉപദേശങ്ങൾ തെറ്റിൽനിന്നും
വിമുക്തവും അല്ലായിരുന്നു.
റോമാസഭയുടെ പഠിപ്പിക്കലിൽ
തഴച്ചുവളർന്ന അഹങ്കാരത്തിൻറെയും
അഴി മതിയുടെയും സ്ഥാനത്ത്
വേഗത്തിൽ തിരിച്ചുവന്നുകൊണ്ടിരുന്ന
പാപ്പാത്വ ത്തിനെതിരായി നവീകണ
തത്വങ്ങൾ നിലനിർത്തിയും
ലാഘവത്വവും ജീവിത വിശുദ്ധിയും
പ്രോത്സാഹിപ്പിച്ചും തൻറെ

കാലഘട്ടത്തിലേക്കു പ്രാധാന്യമുള്ള സത്യത്തെ പ്രചരിപ്പിക്കുന്നതിന് താൻ ഉപകരണമായിരുന്നു.

ജനീവയിൽനിന്നും പ്രസിദ്ധീകരണങ്ങളും അദ്ധ്യാപകന്മാരും നവീക രണ ദൂത് പ്രചരിപ്പിക്കുന്നതിനായി പുറപ്പെട്ടുപോയി. ഈ കേന്ദ്രത്തിലേക്ക് എല്ലാ രാജ്യങ്ങളിലുമുള്ള പീഡിപ്പിക്കപ്പെട്ടവർ ഉപദേശത്തിനും ആലോചനയ്ക്കും പ്രോത്സാഹത്തിനുമായി ഉറ്റുനോക്കി. പടിഞ്ഞാറൻ യൂറോപ്പിലെ വേട്ടയാടപ്പെട്ട നവീകരണനേതാക്കന്മാരുടെ അഭയകേന്ദ്രമായിത്തീർന്നു കാൽവിന്റെ പട്ടണം. നൂറ്റാണ്ടുകളോളം

തുടർന്നുപോന്ന ഭയാനകമായ കൊടുങ്കാറ്റിൽ നിന്നും ഓടിപ്പോയവർ ജനീവയുടെ കവാടത്തിൽ വന്നു ചേർന്നു. വിശപ്പ് സഹിച്ച്, മുറിവേറ്റ്, ഭവനവും ഉറ്റവരും നഷ്ടപ്പെട്ടവരായ അവരെ, ഹാർദ്ദവമായി സ്വീകരിച്ച്, സ്നേഹത്തോടുകൂടി പരിചരിച്ചു; ഇവിടെ ഒരു വീടു കണ്ടെത്തിയതിൽ അവർ തങ്ങൾ തെരഞ്ഞെടുത്ത പട്ടണത്തെ, തങ്ങളുടെ പാണ്ഡിത്യവും കഴിവും ദൈവഭക്തിയുംകൊണ്ട് അനുഗ്രഹിച്ചു. ഇവിടെ ഒരു അഭയസ്ഥാനം തേടിയ അനേകർ, റോമിൻറെ മർദ്ദനമുറകളെ ചെറുത്തു തോല്പിക്കുവാൻ സ്വന്തം രാജ്യങ്ങളിലേക്കുപോയി; സ്കോട്ലൻറിലെ ധീരനായ നവീകരണനേതാവ് ജോൺ നോക്സ്, ഇംഗ്ലീഷ്

പ്യൂരിറ്റൻസഭാംഗങ്ങളിൽ അനേകർ, ഹോളണ്ടിലേയും സ്പെയിനിലേയും നവീകരണക്കാർ, ഫ്രാൻസിലെ ഹ്യൂഗറിനോട്ട്സ്, മുതലായവർ, തങ്ങളുടെ നാടുകളിലെ അന്ധകാരം അകറ്റുവാൻ ജനീവയിൽനിന്നും സത്യത്തിൻറെ ദീപശിഖ വഹിച്ചുകൊണ്ടുപോയി.

PreviousNext

## അദ്ധ്യായം 13—നെതർലാൻഡ്സും സ്കാൻഡിനേവ്യയും

നെതർലാൻഡ്സിൽ പോപ്പിൻറെ മർദ്ദനഭരണം വളരെ നേരത്തേതന്ന കഠിനമായ എതിർപ്പ് വിളിച്ചുവരുത്തി. ലൂഥറിൻറെ കാലത്തിന് എഴുന്നൂറു വർഷംമുൻപുതന്നെ റോമിലെ പോപ്പിനെ, അവിടെ, നയതന്ത്ര പ്രതിനിധികളായിട്ട് അയയ്ക്കപ്പെട്ട രണ്ട് നിർഭയരായ ബിഷപ്പുമാർ ചോദ്യം ചെയ്തിരുന്നു. അവർ പോപ്പിൻറെ പ്രവർത്തനത്തിന്റെ തനി ശൈലി കണ്ടു മനസ്സിലാക്കി. "ദൈവം തൻറെ രാജ്ഞിയും മണവാട്ടിയും ആക്കിയ സഭയ്ക്ക്, അവളുടെ കുടുംബത്തിന് മേന്മയേറിയതും നിലനില്ക്കുന്നതുമായ

ജീവിത മാർഗ്ഗങ്ങൾ,
മാഞ്ഞുപോകാത്തതും
കളങ്കപ്പെടാത്തതുമായ സ്ത്രീധനമായി
നല്കി, നിത്യമായ കിരീടവും ചെങ്കോലും
നല്കി.... ഇതെല്ലാം ഒരു മോഷ്ടാവ്
തട്ടിയെടുക്കുന്നതുപോലെ നിങ്ങൾക്ക്
സ്വന്തം
പ്രയോജനത്തിനാക്കിത്തീർത്തു.
നിങ്ങൾ നിങ്ങളെത്തന്നെ
ദൈവാലയത്തിൽ പ്രതിഷ്ഠിച്ച്, ഒരു
പാസ്റ്റർ ആയിരിക്കുന്നതിനുപകരം
നിങ്ങൾ ആട്ടിൻകൂട്ടത്തിന് ഒരു
ചെന്നായ് ആയിത്തീർന്നു;.... .
നിങ്ങൾ ഒരു അത്യുന്നത
ബിഷപ്പാണെന്നു ഞങ്ങൾ
വിശ്വസിക്കണം, എന്നാൽ നിങ്ങൾ ഒരു
മർദ്ദനഭരണക്കാരനായിട്ടു

വിരാജിക്കുകയാണ്.... നിങ്ങൾ
നിങ്ങളേത്തന്നെ വിളിക്കുന്നതുപോലെ
നിങ്ങൾ ദാസന്മാരുടെ
ദാസനായിരിക്കേണ്ടതാണ്, എന്നാൽ
നിങ്ങൾ പ്രഭുക്കന്മാരുടെ പ്രഭു
ആകാനാണ് പരിശ്രമിക്കുന്നത്....
നിങ്ങൾ ദൈവകല്പനയെ
അവഹേളിക്കുന്നു; ഭൂമിയുടെ
അറ്റങ്ങളോളം എല്ലാ സഭകളേയും
പണിയുന്നത് പരിശുദ്ധാത്മാവാണ്....
നാം പൗരന്മാരായിരിക്കുന്ന
ദൈവപട്ടണം സ്വർഗ്ഗത്തിന്റെ എല്ലാ
മേഘലകളിലും എത്തുന്നു; അത്
പ്രവാചകന്മാരാൽ ബാബിലോൺ എന്നു
പേരു പറയപ്പെട്ട പട്ടണത്തെക്കാൾ
മഹത്വമേറിയതാണ്. ബാബിലോൺ
ദൈവികമെന്ന് ഭാവിക്കുന്നു, അതിൻറെ

ബുദ്ധി അനശ്വരം എന്നു വിളിക്കുന്നു, ഒരിക്കലും തെറ്റു പറ്റിയിട്ടില്ല, തെറ്റിപ്പോകയുമില്ല എന്നു അവകാശപ്പെടുന്നു'. -Gerard Brandt, History of the Reformation in and about the Low Countries, b. 1, p 6.

ഈ പ്രതിക്ഷേധത്തിൻറെ പ്രതിധ്വനി ഉയർത്തുവാൻ മറ്റു പലരും നൂറ്റാണ്ടുതോറും ഉയർന്നു വന്നു. ആരംഭകാലത്തെ അദ്ധ്യാപകർ പല സ്ഥലങ്ങളിലും യാത്ര ചെയ്ത് പല പേരുകളിൽ അറിയപ്പെട്ട്, വയുഡോയിസ് മിഷനറിമാരുടെ സ്വഭാവം ഉൾക്കൊണ്ട്, സുവിശേഷത്തിൻറെ അറിവ്

എല്ലായിടത്തും പ്രചരിപ്പിച്ച്, നെതർലാൻഡിൽ പ്രവേശിച്ചു. അവരുടെ ഉപദേശം വേഗം വ്യാപിച്ചു. വാൾഡൻസ്യൻ ബൈബിൾ അവർ പദ്യരൂപത്തിൽ ഡച്ചുഭാഷയിലേക്കു പരിഭാഷപ്പെടുത്തി. അതിൽ വലിയ പ്രയോജനം ഉണ്ടെന്ന് അവർ പ്രഖ്യാപിച്ചു. തമാശകളും കെട്ടുകഥകളും ഇല്ല; താഴ്ന്നതരത്തിലുള്ള നിസ്സാര കാര്യങ്ങളും വസ്തുതകൾ വളച്ചൊടിക്കലും ഇല്ല; പിന്നെയോ, സത്യവചനം, അല്പം ചിലതു പെട്ടെന്ന് മനസ്സിലാക്കുവാൻ പ്രയാസമുള്ളതും ആണ്." - Ibid., b.1, p.14.

ഇപ്പോൾ റോമാസഭയുടെ പീഡനം തുടങ്ങി; എന്നാൽ പീഡനത്തിൻറെ

മദ്ധ്യത്തിലും വിശ്വാസികൾ വർദ്ധിക്കുവാൻ തുടങ്ങി. മതപരമായ കാര്യങ്ങളിൽ വേദപുസ്തകം മാത്രമാണ് തെറ്റില്ലാത്ത ആധികാരികമായത് എന്നും “വിശ്വസിക്കുവാൻ ആരേയും നിർബന്ധിക്കുവാൻ പാടില്ല, പിന്നെയോ പ്രസംഗത്തിൽക്കൂടി നേടിയെടുക്കണം” എന്നും അവർ പ്രഖ്യാപിച്ചു. - Martyn, vol. 2, p. 87.

ലൂഥറിൻറെ പഠിപ്പിക്കലിനോട് അനുഭാവമുള്ളവർ നെതർലാൻഡിൽ ഉണ്ടായിരുന്നു. കാര്യഗൗരവം ഉള്ളവരും വിശ്വസ്തരുമായ ആളുകൾ എഴുന്നേറ്റ് സുവിശേഷം പ്രസംഗിച്ചു. ഹോളണ്ടിലെ ഒരു സംസ്ഥാനത്തുനിന്നും മെന്നോ സമൻസ് വന്നു. ഒരു റോമൻ

കത്തോലിക്കനായി വിദ്യാഭ്യാസം ചെയ്ത് പൗരോഹിത്യത്തിനായി കൈവെയ്പ്പ് സ്വീകരിച്ച്, ബൈബിളിനെക്കുറിച്ച് അറിവില്ലാതെ, വിപരീതോപദേശക്കാരനാണെന്ന് തെറ്റിദ്ധരിക്കുമെന്ന് ഭയന്ന് അതു വായിക്കാതിരുന്നു. വിശുദ്ധ കുർബ്ബാനയിലെ അപ്പവും വീഞ്ഞും ക്രിസ്തുവിൻറെ മാംസവും രക്തവുമായി മാറുന്നു എന്ന സിദ്ധാന്തത്തെ സംബന്ധിച്ച് ഒരു സംശയം കലശലായിട്ട് ഉണ്ടായപ്പോൾ, അതു സാത്താൻറെ ഒരു പരീക്ഷയാണ് എന്നു കരുതി പ്രാർത്ഥനയിലൂടെയും ഏറ്റുപറച്ചിലിൽക്കൂടിയും അതിൽനിന്നും സ്വതന്ത്രനാകാൻ ശ്രമിച്ചെങ്കിലും സാധിച്ചില്ല.

മനസ്സാക്ഷിയുടെ കുറ്റം വിധിക്കുന്ന ശബ്ദത്തെ നിശ്ശബ്ദമാക്കാൻ പരിശ്രമിച്ചെങ്കിലും കഴിഞ്ഞില്ല. കുറച്ചുകാലം കഴിഞ്ഞ് പുതിയനിയമം വായിക്കുന്നതിലേക്കു താൻ നയിക്കപ്പെട്ടു; ഇത്, ലൂഥറിൻറെ എഴുത്തുകൾക്കൊപ്പം, തന്നെ നവീകരണ ദൂതു സ്വീകരിക്കുവാൻ കാരണമാക്കി. അധികം താമസിയാതെ അടുത്തുള്ള ഒരു ഗ്രാമത്തിൽ, രണ്ടാമതു സ്നാനം സ്വീകരിച്ചു എന്ന കാരണത്താൽ മരണത്തിനു വിധിക്കപ്പെട്ട മനുഷ്യനെ ശിരഛേദം ചെയ്യുന്നതു താൻ കണ്ടു. ഇത്, ശിശുസ്നാനത്തെപ്പറ്റി വേദപുസ്തകം പറയുന്നതു പഠിക്കുവാൻ തന്നെ നയിച്ചു. തിരുവചനത്തിൽ അതിനു തെളിവൊന്നും കാണാൻ കഴിഞ്ഞില്ല,

എന്നാൽ സ്നാനം സ്വീകരിക്കുന്നതിൻറെ വ്യവസ്ഥയായിട്ട് മാനസാന്തരവും വിശ്വാസവും എല്ലായിടത്തും ആവശ്യപ്പെട്ടിരിക്കുന്നു.

മെനോ റോമൻ സഭയിൽനിന്നു പിന്മാറി തൻറെ ജീവിതം താൻ സ്വീകരിച്ച സത്യം പഠിപ്പിക്കുന്നതിനു സമർപ്പിച്ചു. ജർമ്മനിയിലും നെതർലാൻഡ്സിലും ഒരു വിഭാഗം മതഭ്രാന്തന്മാർ എഴുന്നേറ്റ്, യുക്തിരഹിതവും രാജ്യദ്രോഹപരവു മായ ഉപദേശങ്ങൾ പ്രചരിപ്പിക്കുകയും, നിയമ വാഴ്ചയേയും മാന്യതയേയും തകർത്തുകൊണ്ട്, അക്രമാസക്തവും കലാപ കലുഷിതവുമായിക്കൊണ്ടിരുന്നു. ഈ മതഭ്രാന്തന്മാരുടെ പഠിപ്പിക്കലിൻറെ

ഭയാനകമായ ഫലങ്ങൾ എന്താ
യിരിക്കുമെന്ന് മനസ്സിലാക്കിയ മെനോ
ആ ഉപദേശങ്ങളെ ശക്തമായി
എതിർത്തു. ഇവരുടെ തെറ്റായ
ഉപദേശങ്ങളിൽ വഴിതെറ്റിപ്പോയ
അനേകർ ഉണ്ടായിരുന്നെങ്കിലും, പഴയ
ക്രിസ്ത്യാനികളുടെ
പിൻതുടർച്ചക്കാരായ അനേകർ,
വാൾഡൻസ്യൻ ഉപദേശത്തിൻറെ
ഫലങ്ങളായി ഉണ്ടായിരുന്നു. ഈ
വിഭാഗക്കാരുടെ ഇടയിൽ വളരെ
ഉത്സാഹത്തോടെ മെനോ അദ്ധ്വാനിച്ച്
വിജയിച്ചു.

തൻറെ ഭാര്യയും മക്കളുമായിട്ട് വളരെ
കഷ്ടപ്പാടും ദാരിദ്ര്യവും സഹിച്ച്,
പലപ്പോഴും ജീവന ഭീഷണിയോടുകൂടെ

ഇരുപത്തിയഞ്ചു വർഷം അദ്ദേഹം യാത്ര ചെയ്തു. അദ്ദേഹം നെതർലാൻഡ്സിലും വടക്കൻ ജർമ്മനിയിലും സഞ്ചരിച്ച്, പ്രധാനമായും സാധാരണക്കാരുടെ ഇടയിൽ പ്രവർത്തിച്ച്, വിപുലമായ സ്വാധീനം ഉണ്ടാക്കി. പരിമിതമായ വിദ്യാഭ്യാസമേ ഉണ്ടായിരുന്നുള്ളു വെങ്കിലും നല്ല വാക്ചാതുര്യവും, പതറാത്ത സത്യസന്ധതയും വിനയവും താഴ്ചയും അനുകമ്പയും ഉള്ളവനും താൻ പഠിപ്പിച്ച തത്വങ്ങൾ സ്വന്ത ജീവിതത്തിൽ പ്രായോഗികമാക്കുകയും, ജനങ്ങളുടെ വിശ്വാസം ആർജ്ജിക്കുകയും ചെയ്തു. തൻറെ അനുയായികൾ ചിതറിപ്പോകുകയും പീഡിപ്പിക്കപ്പെടുകയും ചെയ്തു.

മുൻഹെറിറ്റുകൾ എന്ന മതഭ്രാന്തന്മാരാൽ അവർ വളരെ കഷ്ടം സഹിക്കയും ചിന്താക്കുഴപ്പത്തിൽ അകപ്പെടുകയും ചെയ്തു. എന്നിട്ടും വളരെപ്പേർ തൻറെ അദ്ധ്വാനത്താൽ മാനസാന്തരപ്പെട്ടു.

നെതർലാൻഡ്സിലെപ്പോലെ നവീകരണ ദൂത് മറ്റെങ്ങും സാധാരണയായി സ്വീകരിച്ചില്ല. ചുരുക്കം ചില രാജ്യങ്ങളിൽ മാത്രമേ അതിൻറെ അനുയായികൾ അധികമായി പീഡിപ്പിക്കപ്പെട്ടുള്ളൂ. ജർമ്മനിയിൽ ചാൾസ് അഞ്ചാമൻ നവീകരണം നിരോധിച്ചു; ആ വിശ്വാസക്കാരെ വധിക്കുവാൻ തനിക്കു താല്പര്യവുമുണ്ടായിരുന്നു, എന്നാൽ

രാജകുമാരന്മാർ തൻറെ ഉദ്യമത്തിന്ന തടസം നിന്ന. നെതർലാൻഡ്സിൽ തനിക്ക് വളരെ അധികാരവുമുണ്ടായിരുന്നു, മർദ്ദനത്തിനുള്ള വിളംബരങ്ങൾ ഒന്നിന്നപുറകേ ഒന്നായി വന്നുകൊണ്ടിരുന്നു. ബൈബിൾ വായിക്കുന്നതും, കേൾക്കുന്നതും, പ്രസംഗിക്കുന്നതും അതിനെപ്പറ്റി സംസാരിക്കുന്നതും കൊലത്തുണിൽ മരണശിക്ഷ വരുത്തി വെയ്ക്കുന്നതായിരുന്നു. രഹസ്യത്തിൽ ദൈവത്തോടു പ്രാർത്ഥിക്കുന്നതും വിഗ്രഹത്തിൻറെ മുമ്പിൽ കുമ്പിട്ടു വണങ്ങാതിരിക്കുന്നതും ഒരു പാട്ടുപാടുന്നതും എല്ലാം മരണശിക്ഷയ്ക്കു കാരണമാണ്. തങ്ങളുടെ തെറ്റുകളെ

ഏറ്റുപറഞ്ഞു ഉപേക്ഷിക്കുന്നവരെപ്പോലും കുറ്റം വിധിച്ചു, പുരുഷന്മാരെങ്കിൽ വാളാൽ മരിക്കണം, സ്ത്രീകളാണെങ്കിൽ ജീവനോടെ കുഴിച്ചിടപ്പെടണം. ചാൾസിന്റെയും ഫിലിപ്പ് രണ്ടാമൻ്റെയും ഭരണത്തിൻ കീഴിൽ ആയിരങ്ങൾ നശിച്ചു.

ഒരു പ്രാവശ്യം ഒരു കുടുംബത്തെ മുഴുവൻ കുറ്റവിചാരണ നടത്തുന്ന വരുടെ മുമ്പിൽ കൊണ്ടുവന്നു; ചുമത്തപ്പെട്ട കുറ്റം അവർ കുർബ്ബാനയിൽ സംബന്ധിക്കാതെ വീട്ടിൽവെച്ച് ആരാധിച്ചു എന്നതായിരുന്നു. രഹസ്യ ആരാധനയിൽ എന്താണ് ചെയ്യുന്നത് എന്ന് ചോദിച്ചപ്പോൾ ഏറ്റവും ഇളയ മകൻ പറഞ്ഞത്: "ഞങ്ങൾ മുട്ടിന്മേൽ

നിന്ന്, ദൈവമേ ഞങ്ങളുടെ മനസ്സുകളെ പ്രകാശിപ്പിച്ച് ഞങ്ങളുടെ പാപങ്ങളെ ക്ഷമിക്കേണമേ എന്നു പ്രാർത്ഥിക്കും; ഞങ്ങളുടെ രാജാവിനുവേണ്ടി പ്രാർത്ഥിക്കും; അദ്ദേഹത്തിൻറെ ഭരണം നന്നായിരിക്കേണമേ, ജീവിതം സന്തുഷ്ടമായിരിക്കേണമേ; ഞങ്ങളുടെ ന്യായാധിപന്മാരേ ദൈവം സംരക്ഷിച്ചുകൊള്ളുണമേ" എന്നായിരുന്നു. - Wylie, b. 18, ch. 6. ചില ന്യായാധിപന്മാർ വളരെ വികാരാധീനരായി എങ്കിലും പിതാവിനും തൻറെ പുത്രന്മാരിൽ ഒരുവനും മരണശിക്ഷ വിധിച്ചു.

പീഡകന്മാരുടെ ഉഗ്രകോപത്തിനു തുല്യമായിരുന്നു രക്തസാക്ഷികളുടെ

വിശ്വാസം. പുരുഷന്മാർ മാത്രമല്ല, ദുർബ്ബലരായ സ്ത്രീകളും യുവതികളുംകൂടി അചഞ്ചലമായ ധൈര്യം കാഴ്ചവച്ചു. “ഭർത്താക്കന്മാർ അഗ്നിയിൽ വേദന സഹിച്ചുകൊണ്ടിരിക്കുമ്പോൾ ഭാര്യമാർ അടുത്തു നിന്നുകൊണ്ട് ആശ്വാസവാക്കുകൾ പറയുകയും പ്രോത്സാഹിപ്പിക്കാനായി കീർത്തനങ്ങൾ ആലപിക്കുകയും ചെയ്യും. അവിവാഹിതരായ യുവതികൾ അവരെ ജീവനോടെ കുഴിച്ചിടുന്ന കുഴിയിൽ രാത്രിയിൽ ഉറങ്ങാൻ കിടക്കുന്നതുപോലെ കിടക്കും. തീച്ചൂളയിലേക്കാണെങ്കിൽ തങ്ങൾക്കുള്ള ഏറ്റവും നല്ല വസ്ത്രം ധരിച്ചുകൊണ്ട് അവരുടെ വിവാഹത്തിനു

പോകുന്നതുപോലെ പോകും". Ibid., p.18, ch.6.

അജ്ഞാനമതം സുവിശേഷത്തെ നശിപ്പിക്കാൻ ശ്രമിച്ച കാലത്തേപ്പോലെ ക്രിസ്ത്യാനികളുടെ രക്തം വിത്തായിരുന്നു. (See Tertullian, Apology, paragraph 50) പീഡനം സത്യത്തിനു സാക്ഷികളെ വർദ്ധിപ്പിക്കുവാൻ കാരണമായി. കീഴ്പെടുത്തുവാൻ കഴിയാത്ത ജനങ്ങളുടെ ദൃഢനിശ്ചയത്താൽ കോപിഷ്ഠനായ രാജാവു വർഷംതോറും തൻറെ ക്രൂരപ്രവൃത്തി തുടരുവാൻ ശ്രമിച്ചുവെങ്കിലും നിഷ്ഫലമായി. ഓറഞ്ച് എന്ന സ്ഥലത്തെ കുലീനനായ വില്യത്തിൻറെ നേതൃത്വത്തിൽ

ദൈവത്തെ ആരാധിക്കാനുള്ള സ്വാതന്ത്ര്യം ഹോളണ്ടിനു നേടിക്കൊടുത്തു.

പീഡ്മണ്ട് മലനിരകളിലും ഫ്രാൻസിലെ സമതലങ്ങളിലും ഹോളണ്ടിൻറെ കടൽ തീരങ്ങളിലും സുവിശേഷത്തിൻറെ വളർച്ച അതിൻറെ അനുയായികളുടെ രക്തംകൊണ്ട് അടയാളപ്പെടുത്തപ്പെട്ടതാണ്. എന്നാൽ വടക്കൻ രാജ്യങ്ങളിൽ അത് സമാധാനപരമായ ഒരു പ്രവേശനം കണ്ടു. വിറ്റൻബർഗ്ഗിലെ വിദ്യാർത്ഥികൾ, തങ്ങളുടെ ഭവനങ്ങളിലേക്കു മടങ്ങിപ്പോയപ്പോൾ, നവീകരണ ദൂത്

സ്കാൻഡിനേവ്യയിലേക്കു വഹിച്ചുകൊണ്ടുപോയി. ലൂഥറിൻറെ എഴുത്തുകളുടെ പ്രസിദ്ധീകരണവും വെളിച്ചം പരത്തി. വടക്കൻ പ്രദേശങ്ങളിലെ സാധാരണക്കാരും അദ്ധ്വാനശീലരുമായ ആളുകൾ, റോമിൻറെ അഴിമതിയിൽനിന്നും ആഡംബരത്തിൽനിന്നും അന്ധവിശ്വാസങ്ങളിൽ നിന്നും പിൻതിരിഞ്ഞ് ബൈബിളിലെ വിശുദ്ധിയേയും ലാളിത്യത്തേയും ജീവദായകമായ സത്യ ത്തേയും സ്വാഗതം ചെയ്തു.

"ഡൻമാർക്കിലെ നവീകരണ കർത്താവായ" റ്റാസൻ ഒരു കൃഷിക്കാരൻറെ മകൻ ആയിരുന്നു. നല്ല

ബുദ്ധിയുടെ ലക്ഷണങ്ങളൊക്കെ കുട്ടിയിൽ നേരത്തേ കണ്ടുതുടങ്ങുകയും വിദ്യാഭ്യാസത്തിനായി ആഗ്രഹിക്കുകയും ചെയ്തു; എന്നാൽ മാതാപിതാക്കന്മാരുടെ സാഹചര്യം അതു നിഷേധിച്ചു, അങ്ങനെ അവൻ ഒരു സന്യാസിമഠത്തിൽ പ്രവേശിച്ചു. ഇവിടെ തൻറെ ജീവിത വിശുദ്ധിയും, ജോലിയിലെ കരുതലും വിശ്വസ്തതയും, മേലധികാരിയുടെ അനു ഭാവം ലഭ്യമാക്കി. ഭാവിയിൽ സഭയ്ക്ക് നല്ല സേവനമായിത്തീരാവുന്ന താലന്തു കൾ വാഗ്ദാനം ചെയ്യുന്നതായി പരിശോധനയിൽ കണ്ടു. ജർമ്മനിയിലോ നെതർലൻഡിലോ ഉള്ള സർവ്വകലാശാലയിൽ തനിക്ക് വിദ്യാഭ്യാസം നല്കുവാൻ നിശ്ചയിച്ചു. അവൻ വിറ്റൻബർഗ്ഗിൽ പോകുവാൻ

പാടില്ല എന്ന വ്യവസ്ഥയിന്മേൽ ഇഷ്ടമുള്ള സ്കൂൾ തെരെഞ്ഞെടുക്കുവാൻ അനുവദിച്ചു. സഭയുടെ പണ്ഡിതൻ വിപരീതോപദേശവിഷത്താൽ അപകടത്തിൽപ്പെടാൻ പാടില്ലെന്നു സന്യാസിമാർ പറഞ്ഞു.

ഇന്നത്തെപ്പോലെ അന്നും റോമയുടെ ഒരു ശക്തികേന്ദ്രമായിരുന്ന കൊളോണിലേക്ക് റ്റാസൻ പോയി. അവിടുത്തെ നിഗൂഢതകൾ തന്നിൽ വെറുപ്പുളവാക്കി. ആ സമയത്ത് തനിക്ക് ലൂഥറിൻറെ പ്രസിദ്ധീകരണങ്ങൾ ലഭിച്ചു, അത്ഭുതത്തോടും, സന്തോഷത്തോടുംകൂടി താൻ അതു വായിക്കുകയും നവീകരണ കർത്താവിന്റെ വ്യക്തിപരമായ നിർദ്ദേശം ലഭിക്കാൻ ആഗ്രഹിക്കുകയും

ചെയ്തു. എന്നാൽ അങ്ങനെ ചെയ്യുന്നത് തൻറെ മഠമേധാവിയെ കോപിപ്പിക്കുകയും സഹായം നഷ്ടപ്പെടുത്തുകയും ചെയ്യുന്നതാണ്. അധികം താമസിയാതെ താൻ വിറ്റൻബർഗ്ഗിലെ ഒരു വിദ്യാർത്ഥിയായി ചേരുവാൻ തീരുമാനിച്ചു.

ഡൻമാർക്കിലേക്കു തിരികെ വന്നപ്പോൾ താൻ വീണ്ടും സന്യാസി മഠത്തിലേക്കുപോയി. ഇതുവരെ ആരും തന്നെ ലൂഥറൻ എന്നു സംശയിച്ചില്ല. തൻറെ രഹസ്യം വെളിപ്പെടുത്തിയില്ല, എന്നാൽ തൻറെ കൂട്ടുകാരുടെ മുൻ വിധിയെ ഉത്തേജിപ്പിക്കാതെ, അവരെ ഒരു പാവനമായ വിശ്വാസത്തിലേക്കും

ജീവിതത്തിലേക്കും നയിക്കുവാൻ ശ്രമിച്ചു. താൻ ബൈബിൾ തുറന്ന് അതിൻറെ ശരിയായ അർത്ഥം വിശദീകരിച്ചു, അവസാനം ക്രിസ്തുവിനെ അവർക്കു പാപിയുടെ നീതിയായും അവൻറെ രക്ഷയുടെ ഏക പ്രത്യാശയായും പ്രസംഗിച്ചു. റോമയുടെ ഒരു ധീരനായ സംരക്ഷകനായി തന്നിൽ വിശ്വാസം അർപ്പിച്ചി രുന്ന മഠാധിപതിയുടെ കോപം ജ്വലിച്ചു. തന്നെ സ്വന്ത മഠത്തിൽ നിന്നും വേഗം മറ്റൊരു മഠത്തിലേക്കു മാറ്റി, മുറിയിൽ ഇട്ട് കർശനമായ മേൽനോട്ടത്തിലാക്കി.

തൻറെ പുതിയ മേൽനോട്ടക്കാരെ അത്ഭുതപ്പെടുത്തിക്കൊണ്ട്,

സന്യാസിമാരിൽ അനേകർ തങ്ങൾ നവീകരണ പ്രസ്ഥാനത്തിലേക്കു മാറി എന്ന് പെട്ടെന്ന് പ്രഖ്യാപിച്ചു. മുറിയുടെ അഴികൾക്കിടയിൽക്കൂടി റ്റാസൻ തൻറെ കൂട്ടുകാർക്ക് സത്യത്തേക്കുറിച്ചുള്ള അറിവു പകർന്നുകൊടുത്തു. വിപരീതോപദേശക്കാരെ കൈകാര്യം ചെയ്യുന്ന സഭയുടെ പരിപാടിയിൽ ഡാനിഷ് പാതിരിമാർ വിജയിച്ചിരുന്നു. എങ്കിൽ റ്റാസൻറെ ശബ്ദം പിന്നെ ഒരിക്കലും കേൾക്കുകയില്ലായിരുന്നു. എന്നാൽ ഏതോ രഹസ്യ ജയിലറയിലെ കല്ലറയിലേക്കു തള്ളുന്നതിനുപകരം, അവർ തന്നെ മഠത്തിൽ നിന്നും പുറംതള്ളി. ഇപ്പോൾ അവർക്കു ശക്തിയില്ലാതായി. അടുത്ത

കാലത്തു പുറപ്പെട്ടുവിച്ച രാജകീയ വിളംബരപ്രകാരം പുതിയ ഉപദേശത്തെ പഠിപ്പിക്കുന്നവർക്ക് സംരക്ഷണം ഉറപ്പുവരുത്തി. റ്റാസൻ പ്രസംഗിക്കുവാൻ ആരംഭിച്ചു. പള്ളികളെ തുറന്നുകൊടുത്തു; കേൾക്കുവാൻ ആളുകൾ തടിച്ചുകൂടി. മറ്റുള്ളവരും ദൈവ വചനം പ്രസംഗിക്കുന്നുണ്ടായിരുന്നു. പുതിയനിയമം, ഡാനിഷ് ഭാഷയിലേക്കു പരിഭാഷപ്പെടുത്തി. അവ ധാരാളം വിതരണം ചെയ്തു. ഈ വേലയെ തകിടം മറിക്കാനുള്ള പോപ്പുപക്ഷക്കാരുടെ പ്രയത്നം അതിനെ വികസിപ്പിക്കാൻ പര്യാപ്തമായി, ഏറെ താമസിയാതെ, ഡന്മാർക്ക് നവീകരണ വിശ്വാസം അംഗീകരിച്ചു എന്നു പ്രഖ്യാപിച്ചു.

വിറ്റൻബർഗ്ഗിലെ ഉറവയിൽനിന്നും ജീവജലം കുടിച്ച യുവാക്കന്മാർ തങ്ങളുടെ രാജ്യത്തുള്ളവർക്കുവേണ്ടി തിരുവചനം സ്വീഡനിലേയ്ക്കും വഹിച്ചുകൊണ്ടുപോയി. സ്വീഡനിലെ നവീകരണ നേതാക്കന്മാരിൽ രണ്ടുപേർ, ഒലാഫും ലാറഷ്യസ് പെട്രിയും ഒറിബ്രോയിലെ ഒരു കൊല്ലപ്പണിക്കാരൻറെ മക്കൾ ആയിരുന്നു. അവർ ലൂഥറിൻറെയും മെലംഗൻറെയും വിദ്യാർത്ഥികൾ ആയിരുന്നു; അവർ അങ്ങനെ പഠിച്ച സത്യം പഠിപ്പിക്കുവാൻ വളരെ കരുതൽ ഉള്ളവരായിരുന്നു. മഹാനായ നവീകരണ നേതാവിനെപ്പോലെ, ഒലാഫ് തൻറെ തീക്ഷണതയും വാക്ചാതുര്യവുംകൊണ്ട് ജനത്തെ ഉണർത്തിയപ്പോൾ ലാറൻഷ്യസ്

മെലംഗനെപ്പോലെ വിദ്യാസമ്പന്നനും
ചിന്താശീലനും ശാന്തനും ആയിരുന്നു.
രണ്ടുപേരും വളരെ ദയാശീലരും വളരെ
ഉന്നതമായ വേദപാണ്ഡിത്യം ഉള്ളവരും
സത്യം പ്രചരിപ്പിക്കുന്നതിൽ
ധൈര്യശാലികളു മായിരുന്നു.
റോമാസഭക്കാരിൽനിന്നും ഉള്ള
എതിർപ്പ് കുറവല്ലായിരുന്നു.
അന്ധവിശ്വാസികളും അജ്ഞരുമായ
ആളുകളെ കത്തോലിക്കാ പുരോഹിതൻ
ഇളക്കി വിട്ടു. ഒലാഫ് പെട്രി പലപ്പോഴും
ജനക്കൂട്ടത്താൽ ആക്രമിക്കപ്പെട്ടു.
എന്നാൽ കഷ്ടിച്ച് ജീവൻ രക്ഷപെട്ടു.
ഈ നവീകരണ നേതാക്കന്മാരോട്
രാജാവിന് അനുഭാവം ഉണ്ടായിരുന്നു,
അവരെ സംരക്ഷിക്കുകയും ചെയ്തു.

റോമാസഭയുടെ ഭരണത്തിൻകീഴിൽ, ജനങ്ങൾ ദാരിദ്ര്യത്തിൽ ആണ്ട് അടിച്ചമർത്തലിൽ തളർന്നുപോയി. അവർക്ക് തിരുവെഴുത്തുകൾ ഇല്ലായിരുന്നു. ആചാരാനുഷ്ഠാനങ്ങളോടുകൂടിയ മതം മനസ്സുകളിൽ വെളിച്ചം പകർന്നുകൊടുത്തില്ല, അവർ അവരുടെ പൂർവ്വപിതാക്കന്മാരുടെ ജാതീയമായ അന്ധവിശ്വാസത്തിലേക്കും പരിചയങ്ങളിലേക്കും തിരിച്ചുപോകുകയായിരുന്നു. രാഷ്ട്രം വിരുദ്ധചേരികളായി വിഭാഗിക്കപ്പെട്ടു, തുടർച്ചയായുള്ള കലഹം മൂലം എല്ലാവരുടെയും കഷ്ടപ്പാടു വർദ്ധിച്ചു. രാജ്യത്തും സഭയിലും ഒരു നവീകരണം നടപ്പാക്കുവാൻ രാജാവു നിശ്ചയിച്ചു, അതിനായി, റോമിനെതിരായുള്ള

പോരാട്ടത്തിന് ഈ കഴിവുറ്റ സഹായികളെ അദ്ദേഹം സ്വാഗതം ചെയ്തു.

സ്വീഡനിലെ രാജാവിൻറെയും പ്രധാനപ്പെട്ട വ്യക്തികളുടെയും മുൻപാകെ, റോമാസഭക്കാർക്ക് എതിരായി ഒലാഫ് പെട്രി വളരെ തന്മയത്വത്തോടുകൂടി നവീകരണ വിശ്വാസത്തിൻറെ തത്വങ്ങൾക്കായി വാദിച്ചു. പുരോ ഹിതന്മാരുടെ ഉപദേശങ്ങൾ തിരുവെഴുത്തുകളുമായി യോജിക്കുന്നു എങ്കിൽ മാത്രം സ്വീകരിച്ചാൽ മതി എന്ന് അദ്ദേഹം പ്രഖ്യാപിച്ചു; വിശ്വാസത്തിൻറെ അത്യാവശ്യ ഉപദേശങ്ങൾ ലളിതവും വ്യക്തവുമായ രീതിയിൽ ബൈബിളിൽ

നല്കിയിട്ടുള്ളതുകൊണ്ട് എല്ലാവർക്കും അതു മനസ്സിലാക്കാം. ക്രിസ്തു പറഞ്ഞു; "എൻറെ ഉപദേശം എൻറേതല്ല, എന്നെ അയച്ചവൻറേതത്രെ". (യോഹന്നാൻ 7:16); പൌലൊസ് പറഞ്ഞു: തനിക്കു ലഭിച്ചതല്ലാതെ മറ്റേതെങ്കിലും സുവിശേഷം പ്രസംഗിച്ചാൽ താൻ ശപിക്കപ്പെട്ടവനാകും (ഗലാത്യർ 1:8). നവീകരണ കർത്താവ് പറഞ്ഞു: "പിന്നെ എങ്ങനെയാണ് മറ്റുള്ളവർ അവരുടെ ഇഷ്ടപ്രകാരം വിശ്വാസപ്രമാണം ഉണ്ടാക്കി അതു രക്ഷയ്ക്ക് അത്യാവശ്യമായിട്ട് ആളുകളുടെ മേൽ അടിച്ചേല്പിക്കുന്നത്?" Wylie, b.10, ch. 4. ദൈവ കല്പനയ്ക്ക് എതിരാകുമ്പോൾ സഭയുടെ നിയമങ്ങൾക്ക് അധികാരമില്ല എന്നു

താൻ തെളിയിച്ചു. വിശ്വാസത്തിനും പ്രവൃത്തിക്കും ആധാരം “ബൈബിൾ മാത്രം” എന്ന മഹത്തായ നവീകരണതത്വത്തിൽ താൻ ഉറച്ചുനിന്നു.

താരതമ്യേന അപ്രധാനമായ ഒരു വേദിയിലാണ് ഈ മത്സരം നടത്തി യത് എങ്കിലും നവീകരണക്കാരുടെ കൂട്ടത്തിൽ ഉണ്ടായിരുന്നവർ എങ്ങനെയു ള്ളവർ എന്ന് നമുക്ക് കാണിച്ചുതരുവാൻ പര്യാപ്തമാണ്. അവർ നിരക്ഷരരോ, വിഭാഗീയവാദികളോ, ഒച്ചവയ്ക്കുന്ന വിവാദക്കാരോ അല്ലായിരുന്നു, പിന്നെയോ അവർ ദൈവവചനം നന്നായി പഠിച്ചവർ ആയിരുന്നു. ദൈവവചനമായ ആയുധശാല

അവർക്കു നല്കിയ സർവ്വായുധവർഗ്ഗം ശരിക്കും പ്രയോഗിക്കാൻ നിപുണന്മാർ ആയിരുന്നു. പാണ്ഡിത്യത്തിൽ അവർ അവരുടെ കാല ഘട്ടത്തേക്കാൾ മുന്നിലായിരുന്നു. നാം നമ്മുടെ ശ്രദ്ധയെ വിറ്റൻബർഗ്ഗിനെ പ്പോലെയും സുറിച്ചിനെപ്പോലെയും ഉജ്ജ്വലമായ കേന്ദ്രങ്ങളിലേക്കും, ലൂഥർ, മെലംഗൻ, സ്വിംഗ്ളി, ഓകലമ്പാടിയസ് (Oecolampadius ) മുതലായ പ്രസിദ്ധമായ പേരുകളിലേക്കും കേന്ദ്രീകരിക്കുമ്പോൾ, നമ്മോടു പറഞ്ഞേക്കാം, ഇവർ ആയിരുന്നു പ്രസ്ഥാനത്തിൻറെ നേതാക്കന്മാർ; നാം അവരിൽ ബൃഹ ത്തായ ശക്തിയും വിപുലമായ നേട്ടങ്ങളും പ്രതീക്ഷിക്കും, എന്നാൽ അവർക്കു താഴെയുള്ള

നേതാക്കൾ
അവരെപ്പോലെയല്ലായിരുന്നു. നന്ന്,
സ്വീഡനിലെ അത്ര
പ്രസിദ്ധമല്ലാത്തയിടങ്ങളിലേക്കു
വിനയാന്വിതരായ ഒലാഫ്,
ലാറൻഷ്യസ് ഐടി എന്നിവരിലേക്കും
നമുക്ക് ശ്രദ്ധ തിരിക്കാം.
അധികാരികളിൽനിന്നും
അനുയായികളിലേക്ക് നാം എന്തു
ദർശിക്കുന്നു?.... പണ്ഡിതന്മാരെയും
വേദശാസ്ത്ര നിപുണരെയും; സുവിശേഷ
സത്യത്തെപ്പറ്റി ഗ്രാഹ്യമുള്ളവരും,
വിദ്യാലയങ്ങളിലെ പണ്ഡിത
വേഷധാരികളുടെയും, റോമിലെ
പുരോഹിതന്മാരുടെയും മേൽ
അനായാസ വിജയം
കൈവരിച്ചവരെയുമാണ്!

ഈ സംവാദത്തിൻറെ ഫലമായി സ്വീഡൻറെ രാജാവ് നവീകരണ വിശ്വാസം സ്വീകരിച്ചു, ഏറെ താമസിയാതെതന്നെ ദേശീയ അസംബ്ലി അതിന് അനുകൂലമായ പ്രഖ്യാപനവും നടത്തി. ഒലാഫ് ഐടി പുതിയ നിയമം സ്വീഡീഷ് ഭാഷയിലേക്കു പരിഭാഷപ്പെടുത്തിയിരുന്നു; രാജാവിൻറെ താല്പര്യപ്രകാരം രണ്ടു സഹോദരന്മാരുംകൂടി ബൈബിൾ മുഴുവനും പരിഭാഷപ്പെടുത്തി. അങ്ങനെ സ്വീഡനിലെ ജനങ്ങൾക്ക് അവരുടെ ദേശീയ ഭാഷയിൽ ആദ്യമായിട്ട് ദൈവവചനം ലഭിച്ചു. രാജ്യത്ത് എല്ലായിടത്തും പുരോഹിതന്മാർ ദൈവവചനം

വിശദീകരിച്ചുകൊടുക്കണമെന്നും സ്കൂളു
കളിൽ കുട്ടികളെ ബൈബിൾ
വായിക്കാൻ പഠിപ്പിക്കണമെന്നും നിയമ
നിർമ്മാണസഭ കല്പ്പിച്ചു.

ക്രമേണ അജ്ഞതയുടെയും
അന്ധവിശ്വാസത്തിൻറെയും
അന്ധകാരത്തെ സുവിശേഷത്തിൻറെ
അനുഗൃഹീത വെളിച്ചം അകറ്റിക്കളഞ്ഞു.
റോമയുടെ പീഡനത്തിൽനിന്നും
സ്വതന്ത്രമായ രാഷ്ട്രം,
ഇതിനുമുൻമ്പെങ്ങും
പ്രാപിച്ചിട്ടില്ലാത്തത് ശക്തിയും
മഹത്വവും കൈവരിച്ചു. സ്വീഡൻ
നവീകരണത്തിൻറെ
കോട്ടകളിലൊന്നായിത്തീർന്നു. ഒരു
നൂറ്റാണ്ടിനുശേഷം, കഠിനമായ

കഷ്ടതയുടെ സമയത്ത്, ഈ ചെറുതും അതുവരെ ദുർബ്ബലവുമായിരുന്ന രാജ്യം, ഒരു സഹായഹസ്തം നീട്ടുവാൻ ധൈര്യം കാട്ടിയ യൂറോപ്പിലെ ഏക രാജ്യം, മുപ്പതു വർഷത്തെ യുദ്ധത്തിലെ ഭീകരമായ പോരാട്ടത്തിൽ ജർമ്മനിയുടെ മോചനത്തിനായി വന്നു. വടക്കൻ യൂറോപ്പു മുഴുവനും വീണ്ടും റോമയുടെ ക്രൂരതയിൻകീഴിൽ ആകുമെന്ന് തോന്നിപ്പോയി. പോപ്പിൻറെ വിജയ തരംഗത്തിൻറെ ഗതി മാറ്റുവാനും -കാൽവിനിസ്റ്റുകൾക്കും ലൂഥറന്മാർക്കും-- നിലനിൽപ്പിനുള്ള അവകാശം നേടിയെടുക്കാനും നവീകരണം സ്വീകരിച്ച രാജ്യങ്ങൾക്ക് മനസ്സാക്ഷിയുടെ സ്വാതന്ത്ര്യം

പുനഃസ്ഥാപിക്കുവാനും ജർമ്മനിയെ സഹായിച്ചത് സ്വീഡനിലെ സൈന്യമായിരുന്നു.

# അദ്ധ്യായം 14—പിൽക്കാല ആംഗ്ലേയ നവീകരണക്കാർ

അടയ്ക്കപ്പെട്ടിരുന്ന വേദപുസ്തകം മാർട്ടിൻ ലൂഥർ ജർമ്മൻ ജനതയ്ക്കുവേണ്ടി തുറന്നപ്പോൾ, ടിൻഡേൽ ഇംഗ്ലീഷ് ജനതയ്ക്കുവേണ്ടി അതേ കാര്യം ചെയ്യുവാൻ പരിശുദ്ധാത്മാവ് പ്രേരിപ്പിച്ചു. വിക്ലിഫ്, ലത്തീൻ ഭാഷയിൽനിന്ന് ഇംഗ്ലീഷിലേക്ക് വേദപുസ്തകം നേരത്തെ പരിഭാഷപ്പെടുത്തിയിരുന്നു. എന്നാൽ അതിൽ പല സ്ഖലിതങ്ങളും കടന്നുകൂടിയിരുന്നു. വിക്ലിഫിൻറെ വേദപുസ്തകം അച്ചടിച്ചിരുന്നില്ല. കയ്യെഴുത്തു പ്രതികളായിരുന്നതു കൊണ്ട് ഓരോ പ്രതിയുടെയും വില വളരെ

കൂടുതലായിരുന്നു. അതുകൊണ്ട്
ധനികർക്കു മാത്രമെ അതിൻറെ പ്രതി
സ്വന്തമാക്കുവാൻ കഴിഞ്ഞിരുന്നുള്ളൂ.
മാത്രമല്ല, അത് റോമൻ കത്തോലിക്കാ
സഭയുടെ കഠിനമായ വിമർശനത്തിന്
പാത്രമായിരുന്നതിനാൽ താരതമ്യേന
വിക്ലിഫിൻറെ വേദപുസ്തകത്തിൻറെ
പ്രചാരം വളരെ ചുരുങ്ങി. 1516-ൽ
അതായത് മാർട്ടിൻ ലൂഥർ
കത്തോലിക്കാ സഭയ്ക്കെതിരായി 95
പ്രബന്ധങ്ങൾ പരസ്യപ്പെടുത്തുന്നതിന്
ഒരു കൊല്ലം മുമ്പ്, ഇറാസ്മസ്
പുതിയനിയമത്തിൻറെ ഗ്രീക്കും ലാറ്റിനും
പതിപ്പുകൾ പ്രകാശനം ചെയ്തു. അങ്ങനെ
ദൈവവചനം ആദ്യമായി പുരാതന
ഭാഷകളിൽ അച്ചടിക്കപ്പെട്ടു. ഈ
പതിപ്പുകളിൽ, മുൻപ്

പ്രസിദ്ധീകരിക്കപ്പെട്ട പല ഭാഷ്യങ്ങളുടെയും കുറവുകൾ പരിഹരിക്കപ്പെട്ടിരുന്നു. ആശയങ്ങൾ കൂടുതൽ വ്യക്തമാക്കപ്പെടുകയും ചെയ്തു. സത്യത്തെക്കുറിച്ചുള്ള പരിജ്ഞാനം, വിദ്യാഭ്യാസം ലഭിച്ചവരുടെ ഇടയിൽ ഉണ്ടാകുവാൻ അത് സഹായിച്ചു. കൂടാതെ നവീകരണ പ്രസ്ഥാനത്തിന് ഇവ നല്ല പ്രചോദനം നൽകുകയും ചെയ്തു. ഇതൊക്കെ ആയിരുന്നിട്ടും സാധാരണക്കാരിൽ നല്ല ഒരു പങ്കിന് ദൈവവചനം അപ്രാപ്യമായിരുന്നു. തൻറെ നാട്ടിലെ സാധാരണക്കാർക്ക് ദൈവവചനം എത്തിക്കുക എന്ന വിക്ലിഫിൻറെ ശ്രമം പൂർത്തീകരിക്കേണ്ടിയിരുന്ന ചുമതല ടിൻഡേലിനായിരുന്നു.

ഒരു നല്ല വിദ്യാർത്ഥിയും ശുഷ്കാന്തിയുള്ള സത്യാന്വേഷകനുമായിരുന്ന ടിൻഡേൽ. അദ്ദേഹത്തിന് ഇറാസ്മസിൻറെ ഗ്രീക്ക് വേദപുസ്തകത്തിൽ നിന്ന് സുവിശേഷം ലഭിച്ചു. തനിക്ക് ലഭിച്ച സുവിശേഷം നിർഭയനായി ടിൻഡേൽ പ്രസംഗിച്ചു. എല്ലാ വേദസത്യങ്ങളും താൻ വേദപുസ്തക വെളിച്ചത്തിൽ പരിശോധിച്ചുവെന്ന് ടിൻഡേൽ പ്രസ്താവിച്ചു. വേദപുസ്തകം നൽകിയത് സഭയാണെന്നും, സഭയ്ക്കു മാത്രമേ വേദപുസ്തകത്തെ വിശദീകരിപ്പാൻ അധികാരമുള്ളുവെന്നുമുള്ള പാപ്പാത്വത്തിൻറെ അവകാശപ്പെടലിനെ

സംബന്ധിച്ച് ടിൻഡേൽ ഇപ്രകാരം പറഞ്ഞു: “കഴുകന് തൻറെ ഇരയെ കണ്ടെത്തുവാൻ ആർ പഠിപ്പിച്ചു? അതേ, ആ ദൈവം വിശപ്പുള്ള തൻറെ കുഞ്ഞുങ്ങൾക്ക് തൻറെ വചനത്തിലൂടെ ഞങ്ങളുടെ സ്വർഗ്ഗസ്ഥനായ പിതാവിനെ കണ്ടെത്തുവാൻ അഭ്യസനം നടത്തുന്നു. വേദപുസ്തകത്തെ ദൈവം ഞങ്ങൾക്കു തന്നപ്പോൾ, നിങ്ങളാണ് അത് ഞങ്ങളിൽനിന്നും ഒളിപ്പിച്ചു വെച്ചത്, സത്യവേദപുസ്തകം പഠിപ്പിക്കുന്നവരെ തീയിലിട്ട് കൊല്ലുന്നവർ നിങ്ങളാണ്. കഴിയുമായിരുന്നെങ്കിൽ നിങ്ങൾ തിരുവചനത്തെ തീയിലിട്ടു കത്തിച്ചുകളയുമായിരുന്നു’- D'Aubigne,

History of the Reformation of the 16th Century, b. 18, ch. 4.

ടിൻഡേലിന്റെ പ്രസംഗം ജനങ്ങളിൽ വലിയ താത്പര്യം ഉളവാക്കി. എന്നാൽ പുരോഹിതന്മാർ ജാഗരൂകരായി, ടിൻഡേൽ വയൽ പ്രദേശം വിട്ട ഉടനെ അദ്ദേഹത്തിൻറെ പ്രവർത്തനത്തെ നിഷ്ഫലമാക്കുവാൻ ഭീഷണിയും തെറ്റിദ്ധാരണയും പരത്തുവാൻ ശ്രമിച്ചു. പലപ്പോഴും അവർ വിജയിക്കുകയും ചെയ്തു. “ഞാൻ എന്തു ചെയ്യണം?” ടിൻഡേൽ ചോദിച്ചു. “ഒരു സ്ഥലത്ത് ഞാൻ വിത്തു വിതച്ചശേഷം പോകുമ്പോൾ, ശത്രു ആ വയലിനെ നശിപ്പിക്കുന്നു. എനിക്ക് എല്ലായിടത്തും ആയിരിക്കാൻ കഴിയുകയില്ല.

ക്രിസ്ത്യാനികൾക്ക് സ്വന്തഭാഷയിൽ വേദപുസ്തകം ലഭിച്ചിരിന്നുവെങ്കിൽ, ഈ വഞ്ചകരെ എതിർത്തു നില്ക്കാൻ അവർക്ക് കഴിയുമായിരുന്നു. വേദപുസ്തകംകൂടാതെ ജനത്തെ സത്യത്തിൽ ഉറപ്പിക്കുവാൻ കഴിയുകയില്ല. -Ibid., b.18, ch. 4.

ടിൻഡേലിന്റെ മനസ്സിൽ പുതിയ ഒരാശയം രൂപംകൊണ്ടു. അദ്ദേഹം പറഞ്ഞു: “യഹോവയുടെ ആലയത്തിൽ പാടിയ സങ്കീർത്തനങ്ങൾ, യിസ്രായേല്യരുടെ ഭാഷയിലായിരുന്നു. ഇംഗ്ലീഷ് ഭാഷയിൽ സുവിശേഷത്തിന് നമ്മോട് സംസാരിച്ചുകൂടായോ?... ഉദയത്തെക്കാൾ ശക്തികുറഞ്ഞ പ്രകാശം ഉച്ചയ്ക്ക് സഭയ്ക്ക് ലഭിച്ചാൽ മതിയോ?...

ക്രിസ്ത്യാനികൾ തങ്ങളുടെ മാതൃഭാഷയിൽ പുതിയനിയമം വായിക്കണം. സഭയിലെ പണ്ഡിതന്മാരുടെയും അദ്ധ്യാപകരുടെയും ഇടയിൽ ഭിന്നത ഉണ്ടായി. വേദപുസ്തകത്തിലൂടെ മാത്രമേ സത്യത്തിലെത്തിച്ചേരുവാൻ കഴിയുകയുള്ളൂ. ഒരാൾ ഒരു പണ്ഡിതനെ പിന്താങ്ങുന്നു. മറ്റൊരാൾ വേറൊരു പണ്ഡിതനെ പിന്താങ്ങുന്നു. ഈ പണ്ഡിതന്മാർ തന്നെ പരസ്പരം കുറവുകൾ കണ്ടെത്തുന്നു. അങ്ങനെയെങ്കിൽ നമുക്ക് എങ്ങനെ തെറ്റും ശരിയും പറയുന്ന ആളെ തിരിച്ചറിയാം?. എങ്ങനെ?. തീർച്ചയായും

ദൈവവചനത്തിൽക്കൂടെ മാത്രം'.
-Ibid., p.18, ch.4.

പിന്നീട്, ടിൻഡേലിനോട് വാദപ്രതിവാദത്തിൽ ഏർപ്പെട്ടിരുന്ന ഒരു കത്തോലിക്കാ പുരോഹിതൻ പറഞ്ഞു: പോപ്പിൻറെ കല്പനയെക്കാൾ ദൈവ കല്പനകൾ ഇല്ലാതെയിരിക്കുന്നതാണ് ഞങ്ങൾക്ക് ഏറെ നല്ലത്. അതിന് ടിൻഡേൽ മറുപടി പറഞ്ഞു: "ഞാൻ പോപ്പിനേയും പോപ്പിൻറെ എല്ലാ കല്പനകളേയും എതിർക്കുന്നു. ദൈവം എനിക്ക് ആയുസ്സ് നൽകുകയാണെങ്കിൽ, അധികം താമസിയാതെ നിലം ഉഴുന്ന ഒരു ബാലന് താങ്കളേക്കാൾ കൂടുതൽ വേദപുസ്തക പരിജ്ഞാനം ലഭിക്കുവാൻ

ഞാൻ ഇടയാക്കും". -Anderson, Annals of the English Bible, page 19.

ടിൻഡേലിന്റെ ഹൃദയാഭിലാഷം, അതായത് ഇംഗ്ലീഷ് ജനതയ്ക്ക് തങ്ങളുടെ മാതൃഭാഷയിൽ ഒരു പുതിയനിയമ വേദപുസ്തകം നൽകുക എന്ന കാര്യം ഏറെക്കുറെ ഉറപ്പായി. ടിൻഡേൽ ആ കൃത്യനിർവ്വഹണത്തിന് ഒരുങ്ങിക്കഴിഞ്ഞു. പീഡനം സഹിക്കവെയ്യാതെ തൻറെ ഭവനത്തിൽനിന്നും ടിൻഡേൽ ലണ്ടനിലേക്ക് പലായനം ചെയ്തു. ലണ്ടനിൽ കുറെക്കാലം വലിയ ശല്യങ്ങളൊന്നും കൂടാതെ അദ്ദേഹം കഴിച്ചുകൂട്ടി. വീണ്ടും പാപ്പാപക്ഷവാദികളുടെ അക്രമംമൂലം

ടിൻഡേലിന് ലണ്ടൻ വിട്ട്
ഓടിപ്പോകേണ്ടതായി വന്നു.
ഇംഗ്ലണ്ടിലെ വാതിലുകളെല്ലാം
തനിക്കെതിരായി
അടയ്ക്കപ്പെട്ടിരിക്കുന്നുവെന്ന്
ടിൻഡേലിന് ബോദ്ധ്യമായി.
ജർമ്മനിയിലേക്ക് അദ്ദേഹം
പലായനം ചെയ്തു. അവിടെവച്ച് അദ്ദേഹം
ഇംഗ്ലീഷിലുള്ള പുതിയനിയമം
അച്ചടിക്കുവാൻ തുടങ്ങി. രണ്ടുപ്രാവശ്യം
ഈ സംരംഭത്തിന് തടസ്സമുണ്ടായി. ഒരു
നഗരത്തിൽ വേദപുസ്തകം
അച്ചടിക്കുന്നതിന് വിലക്കുണ്ടായപ്പോൾ
മറ്റൊരു നഗരത്തിലേക്ക് അദ്ദേഹം
ഓടിപ്പോയി. ഒടുവിൽ അദ്ദേഹം
"വേംസി'ലേക്ക് പോയി.
അവിടെവച്ചായിരുന്നു മാർട്ടിൻ ലൂഥർ,

ഒരു നിയമസഭയ്ക്ക് മുൻപാകെ.
സുവിശേഷത്തിനുവേണ്ടി വാദിച്ചത്.
വേംസിൽ നവീകരണ പ്രസ്ഥാനത്തിന്
ധാരാളം സുഹൃത്തുക്കൾ ഉണ്ടായിരുന്നു.
വലിയ തടസ്സങ്ങളൊന്നും കൂടാതെ
ടിൻഡേൽ അവിടെ തൻ്റെ വേല
പൂർത്തീകരിച്ചു.
പുതിയനിയമത്തിൻ്റെ മൂവായിരം
ഇംഗ്ലീഷ് പതിപ്പുകൾ തയ്യാറാക്കി
അതേവർഷംതന്നെ വേറൊരു പതിപ്പു
കൂടെ ഇറക്കി.

വലിയ ഉത്സാഹത്തോടും
സഹിഷ്ണുതയോടും ടിൻഡേൽ തൻ്റെ
വേല തുടർന്നു. ഇംഗ്ലണ്ടിലെ
ഭരണാധികാരികൾ തങ്ങളുടെ
തുറമുഖങ്ങളിലെല്ലാം കർശന

നിരോധനം ഏർപ്പെടുത്തി. എങ്കിലും ദൈവവചനം പല മാർഗ്ഗങ്ങളിലൂടെ ലണ്ടനിലും അവിടെനിന്ന് രാജ്യത്തിൻറെ പല ഭാഗങ്ങളിലും പ്രചരിക്കപ്പെട്ടു. പാപ്പാപക്ഷക്കാർ സത്യത്തെ തടഞ്ഞുനിർത്തുവാൻ ശ്രമിച്ചുവെങ്കിലും അത് പാഴ്വേലയായി. ഡറാമിലെ ബിഷപ്പ് ഒരിക്കൽ, ടിൻഡേലിന്റെ സ്നേഹിതനായ ഒരു പുസ്തകവ്യാപാരിയിൽനിന്നും, ആ വ്യാപാരിയുടെ കൈവശമുണ്ടായിരുന്ന വേദപുസ്തകങ്ങൾ മുഴുവനും നശിപ്പിക്കണമെന്ന ഉദ്ദേശത്തോടുകൂടി വില കൊടുത്തു വാങ്ങി. ടിൻഡേലിന്റെ വേലയെ അങ്ങനെ തടസ്സപ്പെടുത്താമെന്ന് ബിഷപ്പ് കരുതി. എന്നാൽ വ്യാപാരിയാകട്ടെ, തനിക്കു

ലഭിച്ച പണംകൊണ്ട് കുറേക്കൂടി പതിപ്പ് ടിൻഡേലിനെക്കൊണ്ട് അച്ചടിപ്പിച്ച് ഇറക്കി. അപ്രകാരം പണം ലഭിച്ചില്ലായിരുന്നുവെങ്കിൽ പുതിയ പതിപ്പ് ഇറക്കുക അസാദ്ധ്യമായിരുന്നു. പിൽക്കാലത്ത് ടിൻഡേൽ തടവുകാരനാക്കപ്പെട്ടപ്പോൾ, തനിക്ക് പുതുതായി വീണ്ടും വേദപുസ്തകം പ്രസിദ്ധീകരിക്കുന്നതിന് പണം നല്കിയതാരെന്ന് വെളിപ്പെടുത്തിയാൽ തടവിൽനിന്ന് തന്നെ മോചിപ്പിക്കാമെന്ന് ഒരു അറിവു ലഭിച്ചു. “ഡറാമിലെ ബിഷപ്പ് ആയിരുന്നു മറ്റാരെയുംകാൾ കൂടുതൽ പണം തന്ന് എന്നെ സഹായിച്ചത് എന്ന് ടിൻഡേൽ പറഞ്ഞു. വിൽക്കാതെ ഇരുന്ന പുസ്തകങ്ങൾക്ക് പണം ലഭിച്ചപ്പോൾ

ടിൻഡേലിന് സധൈര്യം മുൻപോട്ട് പോകാൻ കഴിഞ്ഞു.

ഈ അവസരത്തിൽ ടിൻഡേലിനെ ആരോ ശത്രുക്കൾക്ക് ഒറ്റിക്കൊടുത്തു. അങ്ങനെ അനവധി ദിവസങ്ങൾ തടവിൽ കഴിയുന്നതിന് കാരണമായി. ഒടുവിൽ ടിൻഡേൽ ഒരു രക്തസാക്ഷിയായി തൻ്റെ വിശ്വാസത്തെ സാക്ഷീകരിച്ചു. താൻ ഒരുക്കിയ ആയുധങ്ങൾ കൊണ്ട്, തന്നെപ്പോലുള്ള മറ്റ് പോരാളി കൾക്ക് നൂറ്റാണ്ടുകളിലൂടെ അടരാടുന്നതിന് സഹായകമായി.

ജനങ്ങളുടെ ഭാഷയിൽ വേദപുസ്തകം തയ്യാറാക്കപ്പെടണമെന്ന് ലാറ്റിമർ

തൻറെ പ്രസംഗവേദികളിൽ സംസാരിച്ചു. “ദൈവമാണ് തിരുവെഴുത്തുകളുടെ ഗ്രന്ഥകാരൻ” എന്ന് ലാറ്റിമർ പറഞ്ഞു. “ദൈവത്തിൻറെ വിശുദ്ധ വചനങ്ങൾ അനുസരിച്ച് ജീവിക്കുന്നതിൽനിന്നും ഒരു രാജാവോ, ചക്രവർത്തിയോ, ന്യായാധിപനോ, ഭരണാധികാരിയോ ഒഴിവാക്കപ്പെട്ടിട്ടില്ല. എല്ലാവരും ദൈവ കല്പന അനുസരിക്കുവാൻ കടപ്പെട്ടിരിക്കുന്നു. നമുക്ക് വേറെ കുറുക്ക് വഴികളൊന്നും വേണ്ട. അവർ ചെയ്തതൊന്നും നാം ചെയ്യേണ്ടതില്ല. അവർ ചെയ്യേണ്ടിയിരുന്നത് നമുക്ക് ചെയ്യാം”. -Hugh Latimer, “First Sermon Preached Before King Edward VI.”

ടിൻഡേലിന്റെ വിശ്വസ്ത
സുഹൃത്തുക്കളായിരുന്ന ബാൺസും
ഫ്രിത്തും സത്യത്തിനുവേണ്ടി
വാദിക്കുവാനായി എഴുന്നേറ്റു. റിഡ്ലിസും,
ക്രാൻമെറും അവരെ പിന്തുടർന്നു.
ഇംഗ്ലണ്ടിലെ നവീകരണ
നേതാക്കളായിരുന്ന ഇവർ അഭ്യസ്ത
വിദ്യരായിരുന്നു. അവരിൽ പലരും
യഥാർത്ഥമായ ഉണർവ്വിനും ഭക്തിക്കും
റോമൻ കത്തോലിക്കാസഭയിൽ
കീർത്തികേട്ടവരും ആയിരുന്നു.
വിശുദ്ധ പിതാവിൻറെ തെറ്റുകളെക്കുറിച്ച്
അവർക്കുണ്ടായിരുന്ന അറിവിൻറെ
ഫലമായിരുന്നു പാപ്പാമതത്തോട്
അവർക്കുണ്ടായിരുന്ന എതിർപ്പ്.
ബാബിലോണിൻറെ മാർമ്മിക

വംശത്തെക്കുറിച്ചുള്ള തങ്ങളുടെ അറിവ് റോമൻ കത്തോലിക്കാ സഭയ്ക്കെതിരായി സാക്ഷ്യം നല്കുവാൻ അവർക്ക് ശക്തി പ്രദാനം ചെയ്തു.

“ഞാൻ ഇപ്പോൾ വിചിത്രമായ ഒരു ചോദ്യം ചോദിക്കും” എന്ന് ലാറ്റിമർ പറഞ്ഞു. “ഇംഗ്ലണ്ടിൽ ഏറ്റവും ശുഷ്കാന്തിയോടെ പഠനം നടത്തുന്ന ബിഷപ്പും പുരോഹിത ശ്രേഷ്ഠന്മാരും ആരാകുന്നു? ഞാൻ തന്നെ അതിന്നുത്തരം നൽകാം. അത് പിശാചാണ്.... അവൻ തൻറെ രൂപതയിൽ നിന്നും ഒരിക്കലും പുറത്തുപോകയില്ല; നിങ്ങൾക്ക് എപ്പോൾ വേണമെങ്കിലും അയാളെ സന്ദർശിക്കാം. എപ്പോഴും അയാൾ

തൻറെ താമസസ്ഥലത്ത് കാണും;
ഒരിക്കലും അവൻ വെറുതേ ഇരുന്ന്
സമയം കളയുന്നത് കാണുകയില്ല.
ഞാൻ ഉറപ്പായി പറയുന്നു. പിശാച്
എവിടെയുണ്ടോ അവിടെ പുസ്തകങ്ങൾ
ഉണ്ടായിരിക്കയില്ല, പക്ഷെ
മെഴുകുതിരികൾ കത്തിക്കൊണ്ടിരിക്കും;
വേദപുസ്തക മുണ്ടായിരിക്കയില്ല, പക്ഷേ
ജപമാലയുണ്ടായിരിക്കും; സുവിശേഷ
വെളിച്ചം ഉണ്ടായിരിക്കയില്ല, പക്ഷേ
ഉച്ചയ്ക്കുപോലും മെഴുകുതിരി
പ്രകാശിച്ചുകൊണ്ടിരിക്കും; ക്രിസ്തുവിൻറെ
കുരിശ് അവിടെ ഉണ്ടായിരിക്കയില്ല,
പക്ഷേ ശുദ്ധീകരണ സ്ഥലം അവിടെ
ഉണ്ടായിരിക്കും; നഗ്നർക്കും
ദരിദ്രർക്കും അബലന്മാർക്കും അവിടെ
സ്ഥാനമുണ്ടായിരിക്കയില്ല,

അണിയിച്ചൊരുക്കിയ വിഗ്രഹങ്ങൾ അവിടെ കാണും; പിതൃപാരമ്പര്യങ്ങൾക്കും മാനുഷ നിയമങ്ങൾക്കും അവിടെ പ്രാധാന്യം ഉണ്ടായിരിക്കും, ദൈവകല്പനകൾക്കും ദൈവിക നിയമങ്ങൾക്കും അവിടെ ഒരു പ്രാധാന്യവും ഉണ്ടായിരിക്കയില്ല. പിശാച് തൻറെ തന്ത്രങ്ങളെ വിതയ്ക്കുവാൻ ഉത്സാഹം കാണിക്കുന്നതുപോലെ നമ്മുടെ പുരോഹിതന്മാർ വേദപുസ്തക സത്യങ്ങളെ വിതയ്ക്കുവാൻ താത്പര്യം കാണിച്ചിരുന്നുവെങ്കിൽ" -Ibid., "sermon of the Plough".

ഈ നവീകരണ കർത്താക്കൾ കാത്തുസൂക്ഷിച്ചിരുന്ന മനോഹര തത്വം-

വാൽഡൻസുകാരും വിക്ലിഫും ജോൺ ഹസ്സും ലൂഥറും സ്വിംഗ്ലിയും താലോലിച്ചിരുന്ന അതേ തത്വം തന്നെ - വിശ്വാസത്തിൻറേയും ജീവിതത്തിൻറെയും ഏക മാർഗ്ഗദർശിയായി അപ്രമാദിത്വം ഉള്ള തിരുവെഴുത്തുകളെ സ്വീകരിക്ക എന്നതായിരുന്നു. മതപരമായ കാര്യങ്ങളിൽ മനസ്സാക്ഷിയെ നിയന്ത്രിക്കുവാൻ പോപ്പിനോ സഭാ കമ്മിററിക്കോ, പിതാക്കന്മാർക്കോ, രാജാക്കന്മാർക്കോ യാതൊരു അവകാശവുമില്ലായെന്നവർ ശഠിച്ചു. വേദപുസ്തകമായിരുന്നു അവരുടെ ഏക ആധാരം. വേദപുസ്തക ഉപദേശത്തിൽ അവരുടെ സകല ഉപദേശങ്ങളും അവകാശവാദങ്ങളും അവർ

പരിശോധിച്ചു. അവരെ നിലനിർത്തിയത് വേദപുസ്തകത്തിലുള്ള തങ്ങളുടെ വിശ്വാസമായിരുന്നു. അഗ്നിക്കിരയാക്കപ്പെട്ടപ്പോഴും തങ്ങളുടെ വിശ്വാസം അചഞ്ചലമായിരുന്നു. "ആശ്വസിച്ചുകൊള്ളുക", എന്ന് തന്നോടൊപ്പം രക്തസാക്ഷിത്വം വരിച്ച വ്യക്തിയോട് ലാറ്റിമർ പറഞ്ഞു. അഗ്നിനാളങ്ങൾ തങ്ങളുടെ ശബ്ദം നിശ്ശബ്ദ മാക്കുന്നതിനുമുൻപ് ലാറ്റിമർ പറഞ്ഞു: ഒരിക്കലും അണയ്ക്കാൻ കഴിയാത്തെ ഒരു മെഴുകുതിരി വെളിച്ചം ഇന്ന്, ഇംഗ്ലണ്ടിൽ ദൈവകൃപയിൽ ആശ്രയിച്ച് ഞങ്ങൾ തെളിയിക്കുകയാണ്." -Works of Hugh Latimer, vol. I, p. 13.

സ്കോട്ലാൻറിൽ കൊളംബായും
അദ്ദേഹത്തിൻറെ സഹപ്രവർത്തകരും
കൂടെ ചേർന്ന് വിതച്ച സത്യത്തിൻറെ
വിത്തുകൾ പൂർണ്ണമായി
നശിപ്പിക്കപ്പെടുവാൻ കഴിഞ്ഞില്ല.
അനേക വർഷങ്ങൾക്കുശേഷം
ഇംഗ്ലണ്ടിലെ സഭകൾ റോമിന്
കീഴ്പെട്ടപ്പോഴും, സ്കോട്ലൻറിൽ
സ്ഥാപിക്കപ്പെട്ട സഭകൾ തങ്ങളുടെ
സ്വാതന്ത്യം കാത്തുസൂക്ഷിച്ചു.
എന്നിരിക്കിലും 12-ാം നൂറ്റാണ്ടിൽ
പാപ്പാത്വം സ്കോട്ലൻറിൽ അധീശത്വം
ഉറപ്പിച്ചു. മറ്റൊരിടത്തും
പ്രയോഗിച്ചിട്ടില്ലാത്ത സേച്ഛാധിപത്യം
സ്കോട്ലൻറിൽ പാപ്പാത്വം
അടിച്ചേല്പ്പിച്ചു. മറ്റൊരിടത്തും,
സേച്ഛാധിപത്യത്തിൻറെ കൂരിരുട്ട് ഇത്ര

കഠിനമായിരുന്നിട്ടില്ല. എങ്കിലും പ്രകാശത്തിൻറെ നേർത്ത രശ്മികൾ കൂരിരുട്ടിനെ കുത്തിത്തുളച്ചു കൊണ്ട് പ്രകാശിച്ചു. വരുംകാലങ്ങളിലേക്കുള്ള വാഗ്ദത്തം ആ പ്രകാശ രശ്മികൾ നല്കി. വിക്ലിഫിൻറെ ഉപദേശങ്ങളോടും വേദപുസ്തക സത്യങ്ങളോടുംകൂടി ഇംഗ്ലണ്ടിൽനിന്നും വന്ന "ലൊല്ലാർഡ്സ്" സുവിശേഷ സംരക്ഷണത്തിനുവേണ്ട കാര്യങ്ങൾ ചെയ്തു. എല്ലാ കാലഘട്ടങ്ങൾക്കും അതിൻറേതായ സാക്ഷികളും രക്തസാക്ഷികളും ഉണ്ടായിരുന്നു.

വലിയ നവീകരണത്തിൻറെ ആവിർഭാവത്തോടുകൂടി മാർട്ടിൻ ലൂഥറിൻറെ എഴുത്തുകളും പിന്നീട്

ടിൻഡേലിന്റെ ഇംഗ്ലീഷിലുള്ള പുതിയനിയമവും പുറത്തുവന്നു. മേലധികാരികളുടെ ശ്രദ്ധയിൽപെടാതെ, ഈ ദൂതുകൾ കുന്നുകളും മലകളും താഴ്വരകളും കടന്നുചെന്നു. സത്യത്തിൻറെ ദീപശിഖയെ ഇവരുടെ കൃതികൾ ജാജ്വല്യമാനമാക്കി. റോമിൻറെ നാലാം നൂറ്റാണ്ടിലെ സേച്ഛാധിപത്യത്തിൽ സ്കോട്ലൻറിലും മറ്റും അണയാറായ സത്യത്തെ അവ പ്രകാശിപ്പിച്ചു.

രക്തസാക്ഷികളുടെ രക്തം നവീകരണ പ്രസ്ഥാനത്തിന് പുതുജീവൻ നൽകി. തങ്ങളുടെ താല്പര്യങ്ങൾ അപകടത്തിലാവുമെന്ന് കണ്ടുണർന്ന കത്തോലിക്കാനേതാക്കൾ,

സ്കോട്ലൻറിലെ ഏറ്റവും ബഹുമാന്യരും കുലീനരുമായ ചിലരെ ചിതയിലേക്ക് തള്ളിവിട്ടു. അങ്ങനെ അവർ ഒരു പ്രസംഗ പീഠം ഒരുക്കി. ആ പ്രസംഗപീഠത്തിൽ നിന്നും അഗ്നിക്കിരയായ ചിലരുടെ സാക്ഷ്യങ്ങൾ ദേശമെങ്ങും പടർന്നു. റോമാക്കാരുടെ ചങ്ങലകളെ പൊട്ടിച്ചെറിയണമെന്ന ആവേശം, ആ സാക്ഷ്യങ്ങൾ ജനഹൃദയങ്ങളിലുളവാക്കി.

ഹാമിൽട്ടനും വിഷാർട്ടും, സ്വഭാവത്തിലും ജനനം കൊണ്ടും പ്രഭുക്കൻമാരായിരുന്നു. മറ്റ് സാധാരണക്കാരായ സാക്ഷികളോടൊപ്പം, തങ്ങളുടെ ജീവനേയും അവർ ചിതയിലൊടുക്കി.

വിഷാർട്ടിന്റെ ചിതാഗ്നിയിൽ നിന്ന് പൊങ്ങിയ അഗ്നിനാളങ്ങൾ, കോട്ലൻറിലെ പാപ്പാത്വ മേൽക്കോയ്മയുടെ മരണ മണിനാദം മുഴക്കി.

സഭയുടെ പാരമ്പര്യങ്ങളിൽനിന്നും മാർമ്മികതയിൽനിന്നും മാറി, ദൈവ വചനത്തിൽ മേയുവാൻ ജോൺ നോക്സ് തീരുമാനിച്ചു. റോമയുമായുള്ള ബന്ധം വിടർത്തുവാൻ ജോൺ നോക്സിനെ പ്രേരിപ്പിച്ചതും കഷ്ടപ്പെടുന്ന നവീകരണക്കാരോടുകൂടെ ചേരുവാൻ അദ്ദേഹത്തെ ഉത്സാഹിപ്പിച്ചതും വിഷാർട്ടിന്റെ ഉപദേശമായിരുന്നു.

ഒരു പ്രസംഗകൻറെ ഉത്തരവാദിത്വം ഏറ്റെടുക്കണമെന്ന് തൻറെ സ്നേഹിതന്മാർ നിർബന്ധിച്ചപ്പോൾ ഭയചകിതനായി ജോൺ നോകസ് അതിൽ നിന്നും പിൻവലിഞ്ഞു. എന്നാൽ കുറേ ദിവസങ്ങളോളം നീണ്ടുനിന്ന ഉൾപ്പോരിന്റെ ഫലമായും ഏകാന്തത ഇഷ്ടപ്പെടാത്തതിനാലും, ആ വലിയ ഉത്തരവാദിത്വം ഏറ്റെടുക്കുന്നതിന് ജോൺ നോക്സ് സമ്മതിച്ചു. എന്നാൽ ആ സ്ഥാനം ഒരിക്കൽ കയ്യേറ്റുകഴിഞ്ഞപ്പോൾ, വളരെ ഉത്സാഹത്തോടും നിശ്ചയദാർഢ്യത്തോടും ധീരതയോടുംകൂടെ ജോൺ നോക്സ് ജീവിതാന്ത്യംവരെ മുന്നോട്ടു പോയി. സത്യസന്ധനായിരുന്ന ആ നവീകരണ

കർത്താവ് മനുഷ്യരെ ഭയപ്പെട്ടിരുന്നില്ല. തങ്ങളുടെ വിശ്വാസത്തിനുവേണ്ടി ജീവിതം ആത്മഹൂതി ചെയ്യപ്പെടേണ്ടിവന്നവരുടെ തീജ്വാല ജോൺ നോക്സിൻറെ ഉത്സാഹവും ധീരതയും വർദ്ധിപ്പിക്കുവാൻ കാരണമായി. സേച്ഛാധിപൻറെ മഴ തൻറെ തലയ്ക്കു മുകളിലൂടെ അപായകരമാം വിധം വീശപ്പെട്ടുകൊണ്ടിരുന്നപ്പോഴും ജോൺ നോക്സ് ധീരതയോടെ താൻ നിന്നിടത്തുതന്നെ ഉറച്ചുനിന്നു. വിഗ്രഹാരാധനയെ താളടിയാക്കുവാൻ തന്നാൽ കഴിവത് ജോൺ നോക്സ് ചെയ്തു.

അനേക പ്രൊട്ടസ്റ്റൻറ് വീരന്മാരെ നിലംപരിചാക്കിയ സ്കോട്ലൻറിലെ രാജ്ഞിയുമായി മുഖാമുഖം നില്ക്കേണ്ടി വന്നപ്പോഴും ജോൺ നോക്സ്, സത്യത്തിനുവേണ്ടി അചഞ്ചലനായി നിന്നു. പ്രീണനങ്ങളിൽ വഴങ്ങുന്നവനായിരുന്നില്ല ജോൺ നോക്സ്. ഭീഷണികളുടെ മുൻപിൽ അദ്ദേഹം ഭയപ്പെട്ടില്ല. മതത്തിനെതിരായി പഠിപ്പിക്കുന്നു എന്ന ആരോപണം ജോൺ നോക്സിൻറെമേൽ രാജ്ഞി ചുമത്തി. രാഷ്ട്രം നിരോധിച്ച ഒരു മതം സ്വീകരിപ്പാൻ ജോൺ നോക്സസ് ജനത്തെ പഠിപ്പിക്കുന്നു എന്ന ആരോപണം അദ്ദേഹത്തിൻറെ മേൽ ആരോപിക്കപ്പെട്ടു. അതിന് ജോൺ

നോക്സിൻറെ ഉത്തരം ഇപ്രകാരമായിരുന്നു:

“ശരിയായ മതം, ലോക പ്രഭുക്കന്മാരിൽ ആശ്രയിക്കുകയോ, സ്വന്ത ശക്തി കാട്ടുകയോ ചെയ്യാതിരിക്കുകയും നിത്യനായ ദൈവത്തിൽ ആശ്രയിക്കുകയും ചെയ്യുന്നതുമാകയാൽ, പ്രഭുക്കന്മാരുടെ ഇഷ്ടാനിഷ്ടപ്രകാരമുള്ള മതം സ്വീകരിപ്പാൻ ജനം ഒരു വിധത്തിലും കടപ്പെട്ടവരല്ല. പലപ്പോഴും പ്രഭുക്കന്മാർ മറ്റുള്ളവരെക്കാൾ അജ്ഞരാണ്. അബ്രഹാമിൻറെ സന്തതികൾ ദീർഘകാലം പാർത്ത ഈജിപ്റ്റിലെ രാജാവിൻറെ മതം സ്വീകരിച്ചിരുന്നുവെങ്കിൽ, ഞാൻ തിരുമനസ്സിനോട് ചോദിക്കുകയാണ്,

ഈ ലോകത്തിൽ ഇന്ന് ഏതു മതം കാണുമായിരുന്നു? അതുകൊണ്ട് തിരുമനസ്സ് ഒരു കാര്യം മനസ്സിലാക്കണം, തങ്ങൾ എത്രമാത്രം നിർബന്ധിതരാകുന്നെങ്കിൽത്തന്നെയും തങ്ങളുടെ പ്രഭുക്കന്മാരുടെ മതം സ്വീകരിപ്പാൻ ജനം ബാദ്ധ്യസ്ഥരല്ല

മേരി രാജ്ഞി പറഞ്ഞു: “നിങ്ങൾ തിരുവെഴുത്തുകളെ ഒരുവിധത്തിൽ വ്യാഖ്യാനിക്കുന്നു. റോമൻ കത്തോലിക്കർ വേറൊരു വിധത്തിൽ വ്യാഖ്യാനിക്കുന്നു. ഞാൻ ആരെയാണ് വിശ്വസിക്കേണ്ടത്? ആർ ഇതിൻറെ വിധി പ്രസ്താവിക്കും?”

ജോൺ നോക്സ് മറുപടിയായി പറഞ്ഞു: “നിങ്ങൾ ദൈവത്തെ വിശ്വസിക്കുക. തൻറെ വചനത്തിലൂടെ ദൈവം വ്യക്തമായി സംവാദിക്കുന്നു. ദൈവ വചനം പഠിപ്പിക്കുന്നതിനപ്പുറത്ത് നിങ്ങൾ ആരേയും വിശ്വസിക്കരുത്. ദൈവ വചനം വളരെ വ്യക്തമാണ്. എന്തെങ്കിലും അവ്യക്തത നിങ്ങൾക്ക് അനുഭവപ്പെടുന്നെങ്കിൽ ഒരിക്കലും താൻ പറഞ്ഞതിന് എതിരായി പറയാത്ത പരിശുദ്ധാത്മാവ് അവയെ സ്പഷ്ടമാക്കിത്തരും. മർക്കട മുഷ്ടിയോടെ തൻറെ അജ്ഞതയിൽത്തന്നെ കഴിയണമെന്ന് ആഗ്രഹിക്കുന്നവർക്കൊഴിച്ച്, ആർക്കും പിന്നീട് ഒരു സംശയവും ഉണ്ടാകുന്നതല്ല.”-David Laing, The

Collected Works of John Knox, vol. 2, pp. 281, 284.

തൻറെ ജീവനെപ്പോലും അപകടത്തിലാക്കിക്കൊണ്ട് രാജ്ഞിയോട് സംസാരിച്ച ധീരനായ നവീകരണകർത്താവിന്റെ വാക്കുകൾ ഇതായിരുന്നു. ഇതേ ധീരതയോടുകൂടി ജോൺ നോക്സ് തൻറെ ഉപദേശത്തിൽ ഉറെച്ചുനിന്നു. സ്കോട്ലൻറ് പാപ്പാത്വത്തിൽനിന്ന് മോചിതയാകുന്നതുവരെ ജോൺ നോക്സ് പ്രാർത്ഥനയിലും കർത്താവിനുവേണ്ടിയുള്ള പോരാട്ടത്തിലും ഉറച്ചുനിന്നു.

ഇംഗ്ലണ്ടിൽ പ്രൊട്ടസ്റ്റൻറ് മതം, ഒരു ദേശീയമതമെന്ന നിലയിൽനിന്നും അധഃപതിച്ചു. എന്നാൽ പീഡനം പൂർണ്ണമായും നിർത്തിയിരുന്നില്ല. റോമിൻറെ അനേക ഉപദേശങ്ങൾ തള്ളിക്കളയപ്പെട്ടപ്പോൾ അവളുടെ രൂപങ്ങൾ പലതും നിലനിന്നിരുന്നു. പാപ്പാത്വത്തിൻറെ മേൽക്കോയ്മ ത്യജിക്കപ്പെട്ടപ്പോൾ, ഒരു മേൽക്കോയ്മാസ്ഥാനത്തേക്ക് ഇംഗ്ലണ്ടിലെ രാജാവ് അധിപതിയായി കടന്നു വന്നു. സഭാശുശ്രൂഷയിൽ സുവിശേഷത്തിൻറെ ലാളിത്യത്തിൽനിന്നും വിശു ദ്ധിയിൽനിന്നും വലിയ അകൽച്ച ഉണ്ടായിരുന്നു. മതസ്വാതന്ത്ര്യത്തിൻറെ തത്വം അപ്പോൾ ആരും

മനസ്സിലാക്കിയിട്ടില്ലായിരുന്നു.
മതനിന്ദയ്ക്കെതിരായി റോമാ സഭ
നടത്തിയിരുന്ന ക്രൂരമായ സമീപനം
പ്രൊട്ടസ്റ്റൻറുമതവും
നിലനിർത്തിയിരുന്നു. യഥാർത്ഥ
മതസ്വാതന്ത്ര്യം അപ്പോഴും
അനുവദിക്കപ്പെട്ടിരുന്നില്ല.
റോമാസഭയുടെ ഉപദേശങ്ങളും
ആരാധനാകമങ്ങളും ഉപയോഗിപ്പാൻ
ഏവരും നിർബന്ധിതരായിരുന്നു.
അതിനെ എതിർത്തവർക്ക് പീഡനം
അനുഭവിക്കേണ്ടി വന്നു. ഇത്
വർഷങ്ങളോളം നീണ്ടുനിന്നു.

17-ാം നൂറ്റാണ്ടിൽ
ആയിരക്കണക്കിന് പാസ്റ്റർമാർ
അവരുടെ സ്ഥാനങ്ങളിൽനിന്ന്

നിഷ്കാസിതരായി. സഭ അനുവദിച്ചിട്ടില്ലാത്ത ഏതെങ്കിലും മതപരമായ യോഗങ്ങളിലോ കൂട്ടായ്മകളിലോ പങ്കെടുക്കുന്നവരെ അതിൽ നിന്ന് വിലക്കിയിരുന്നു. അതനുസരിക്കാത്തവർക്ക് വലിയ പിഴയോ, തടവോ, നാടുകടത്തലോ ആയിരുന്നു ശിക്ഷ. വിശ്വസ്തരായ ഭക്തജനങ്ങൾക്ക് ഇപ്രകാരമുള്ള നിരോധനാജ്ഞകളെ ഭയന്നിരിക്കുവാൻ കഴിഞ്ഞില്ല. ഇരുളടഞ്ഞ ഇടനാഴികളിലോ, നിഗൂഢമായ മുറിക്കുള്ളിലോ, വനാന്തർഭാഗത്തോ പീഡിപ്പിക്കപ്പെട്ടവരായ ദൈവമക്കൾ, തങ്ങളുടെ ഹൃദയങ്ങളെ ദൈവസന്നിധിയിൽ പകരുന്നതിനും ദൈവത്തിന് സ്തോത്രം

അർപ്പിക്കുന്നതിനും സഭയായി കൂടി വന്നിരുന്നു. അവർ എന്തെല്ലാം മുൻകരുതൽ എടുത്തിരുന്നിട്ടും തങ്ങളുടെ വിശ്വാസത്തിനുവേണ്ടി കഷ്ടത അനുഭവിക്കേണ്ടിവന്നു. ജയിലുകൾ നിറഞ്ഞു കവിഞ്ഞു. അനേക കുടുംബങ്ങൾ ഛിന്നഭിന്നമായി. അനേകർ വിദേശങ്ങളിലേക്ക് നാടുകടത്തപ്പെട്ടു. എങ്കിലും ദൈവം തൻറെ ജനത്തോടുകൂടെ ഉണ്ടായിരുന്നു. പീഡനങ്ങൾക്ക് ദൈവജനത്തെ നിരാശരാക്കുവാൻ കഴിഞ്ഞില്ല. അനേകർക്ക് അമേരിക്കയിലേക്ക് പോകേണ്ടിവന്നു. അങ്ങനെ അമേരിക്കയിൽ ചെന്നവർ, സ്വാതന്ത്ര്യത്തിൻറെയും പൗരാവകാശത്തിൻറെയും

അടിത്തറയിട്ടു. അവരുടെ ആഗമനം അമേരിക്കയ്ക്ക് മഹത്വവും പുകോട്ടയും ആയിത്തീർന്നു.

അപ്പൊസ്തലിക കാലത്തെന്നപോലെ പീഡനം സുവിശേഷത്തിൻറെ വളർച്ചയ്ക്ക് കാരണമായി. ഭയങ്കര കുറ്റവാളികളെ പാർപ്പിച്ചിരുന്ന, മനം പുരട്ടുളവാക്കുന്ന ഒരു തടവറയിൽ ജോൺ ബന്ന്യനെ പാർപ്പിച്ചു. അവിടെവച്ചാണ് ലോകപ്രശസ്തമായ “പരദേശി മോക്ഷയാത്ര” എന്ന ഗ്രന്ഥം ജോൺ ബന്ന്യൻ രചിച്ചത്. ഏതാണ്ട് 200-ൽ പരം വർഷങ്ങൾ “ബഡ്ഫോർഡ്” ജയിലിൽ നിന്ന് ജോൺ ബന്ന്യൻറെ ഗ്രന്ഥങ്ങൾ മനുഷ്യ ഹൃദയത്തോട് സംവാദിച്ചു. ജോൺ

ബന്ന്യൻറെ കൃതികളായ "പരദേശി മോക്ഷയാത്രയും", "പാപികളിൽ ഒന്നാമന് നല്കപ്പെടുന്ന നിറഞ്ഞുകവിയുന്ന കൃപയും" അനേകരെ ജീവൻറെ പാതയിലേക്ക് നയിച്ചു.

ബാക്സ്റ്ററും ഫ്ളേവലും അലീനും ധാരാളം കഴിവുകൾ ഉള്ളവരും, വിദ്യാസമ്പന്നരും, ആഴമേറിയ ക്രിസ്തീയ അനുഭവമുള്ളവരും ആയിരുന്നു. ഒരിക്കൽ വിശുദ്ധന്മാർക്കു ഭരമേൽപ്പിച്ചിരുന്ന ഈ വേല നിർവ്വഹിപ്പാൻ. അവരും എഴുന്നേറ്റു. ഇവർ നേടിയെടുത്ത് വേല, ഒരിക്കലും നശിക്കുവാൻ പാടുള്ളതല്ല. ഭരണാധികാരികളും രാജാക്കന്മാരും ഈ വൻവേലയെ നശിപ്പിക്കുവാൻ നിയമംകൊണ്ടും മറ്റും ശ്രമിച്ചെങ്കിലും

അത് നശിപ്പിക്കുവാൻ അവർക്ക് കഴിഞ്ഞില്ല. ഫ്ളേവലിൻറെ കൃതിയായ “ജീവൻറെ ഉറവിടവും കൃപയുടെ മാർഗ്ഗവും” എന്ന കൃതി അനേകായിരങ്ങളെ, തങ്ങളുടെ ജീവിതം എപ്രകാരം ക്രിസ്തുവിന് സമർപ്പിക്കണമെന്ന് പഠിപ്പിച്ചു. ബാക്സ്റ്ററുടെ കൃതിയായ “നവീകരണം പ്രാപിച്ച ആത്മീയ ഇടയൻ” (Reformed Pastor) എന്ന പുസ്തകം ദൈവവേലയിൽ ഒരു പുനർജീവൻ വേണം എന്നാഗ്രഹിക്കുന്നവർക്ക് ഒരനുഗ്രഹമായി പരിണമിച്ചു. ബാക്സ്റ്ററുടെ മറ്റൊരു ഗ്രന്ഥമായ- “വിശുദ്ധന്മാരുടെ നിത്യ സ്വസ്ഥത” (Saint’s Everlasting Rest) എന്ന ഗ്രന്ഥം ദൈവജനത്തിന് ഒടുവിൽ

ലഭിക്കുന്ന സ്വസ്ഥതയിലേക്ക് വഴിനടത്തുന്നതായിരുന്നു.

അതിന് ഏതാണ്ട് 100 വർഷങ്ങൾക്കുശേഷം, ആത്മീയ അന്ധകാരം യൂറോപ്പിനെ ബാധിച്ചിരുന്ന കാലഘട്ടത്തിൽ വൈറ്റ്ഫീൽഡും വെസ്ലി കുടുംബവും ദൈവത്തിൻറെ ദൂതുവാഹകരായി എഴുന്നേറ്റു. ജാതികളിൽനിന്നും വിഭിന്നമല്ലാത്ത ആത്മീയത്തകർച്ചയിലേക്ക് ഇംഗ്ലണ്ടിലെ ജനത നിപതിച്ചു. അപ്പോൾ ഇംഗ്ലണ്ട് കത്തോലിക്കാസഭയുടെ ആധിപത്യത്തിൻ കീഴിലായിരുന്നു. "പ്രകൃത്യാ ഉള്ള മതം" എന്ന വിഷയമായിരുന്നു പുരോഹിത

ശുശ്രൂഷയ്ക്കുവേണ്ടി പഠിക്കുവാൻ പോകുന്നവരുടെ പ്രധാന വിഷയങ്ങളിലൊന്ന്. ഉന്നത വർഗ്ഗത്തിലുള്ളവർ ഭക്തിയെ അപഹസിച്ചു. തങ്ങൾ മറ്റുള്ളവരെപ്പോലെ മതഭ്രാന്തന്മാർ അല്ലാത്തതുകൊണ്ട് ഉന്നതകുലജാതർ അഹങ്കരിച്ചു. താഴേക്കിടയിലുള്ള ആളുകൾ കൂടുതലും അജ്ഞരായിരുന്നു. അവർ തിന്മ പ്രവൃത്തികൾ ചെയ്യുവാൻ തള്ളപ്പെട്ടവരായിരുന്നു. സത്യത്തിൻറെ ശോചനീയമായ അവസ്ഥയിൽ നിന്ന് അതിനെ ഉയർത്തിക്കൊണ്ടുവരുവാൻ വേണ്ട ധാർമ്മിക ശേഷിയോ വിശ്വാസമോ സഭയ്ക്കില്ലായിരുന്നു.

ലൂഥർ വ്യക്തമായി പഠിപ്പിച്ച വിശ്വാസത്താലുള്ള നീതീകരണം എന്ന വേദോപദേശം ഏതാണ്ട്, പൂർണ്ണമായി വിസ്മൃതിയിലാണ്ടുപോയി. റോമൻ കത്തോലിക്കാസഭയുടെ ഉപദേശമായ പ്രവൃത്തിയാലുള്ള രക്ഷ എന്ന പഠിപ്പിക്കൽ ആ സ്ഥാനം ഏറ്റെടുത്തു. റോമൻ കത്തോലിക്കാസഭയിലെ അംഗങ്ങളായിരുന്ന വൈറ്റ്ഫീൽഡും വെസ്ലി കുടുംബങ്ങളും ദൈവത്തിൻറെ പ്രീതി നേടാൻ ആത്മാർത്ഥമായി ആഗ്രഹിച്ചവരായിരുന്നു. ദൈവപ്രീതി നേടുന്നതിന് വളരെ വിശുദ്ധമായ ജീവിതം നയിക്കുകയും സഭ അനുശാസിക്കുന്ന കർമ്മങ്ങൾ നിർവ്വഹിക്കണമെന്നും അവരെ പഠിപ്പിച്ചിരുന്നു.

ഒരിക്കൽ ചാൾസ് വെസ്ലി മരണത്തെ പ്രതീക്ഷിച്ചുകൊണ്ട് രോഗിയായി കിടക്കുമ്പോൾ, നിത്യജീവനെക്കുറിച്ചുള്ള തൻറെ പ്രത്യാശ ഏതിന്മേൽ ആശ്രയിച്ചിരിക്കുന്നു എന്ന് ആരോ തന്നോടു ചോദിച്ചു. അദ്ദേഹത്തിൻറെ ഉത്തരം ഇപ്രകാരമായിരുന്നു: "ദൈവത്തെ സേവിപ്പാൻ എൻറെ എല്ലാ കഴിവുകളും ഉപയോഗിച്ചു". ചോദ്യം ചോദിച്ച സ്നേഹിതന് ഈ ഉത്തരം തൃപ്തികരമായില്ല. ചാൾസ് വെസ്ലി ഇപ്രകാരം ചിന്തിച്ചു: "എന്ത്? എൻറെ പ്രയത്നങ്ങൾ എൻറെ രക്ഷയ്ക്ക് പോരായോ? എൻറെ പ്രയത്നങ്ങളെ ദൈവം അവഗണിക്കുമോ ? എനിക്ക് ആശ്രയിപ്പാൻ വേറൊന്നുമില്ല". -

John Whitehead Life of the Rev. Charles Wesley, page 102.
സഭയുടെ മേൽ ഉരുണ്ടുകൂടിയിരുന്ന അന്ധകാരം ഇത്ര വലുതായിരുന്നു. അതു ക്രിസ്തുവിൻറെ മഹത്വത്തെയും മറച്ചിരുന്നു. മനുഷ്യരുടെ മനസ്സുകളെ തങ്ങളുടെ ഏക പ്രത്യാശയായ ക്രൂശിതനായ രക്ഷകനിൽനിന്ന് വ്യതിചലിപ്പിച്ചിരുന്നു.

വെസ്ലിയും തൻറെ സഹപ്രവർത്തകരും, യഥാർത്ഥ മതം നിലകൊള്ളുന്നത് ഹൃദയത്തിലാണ് എന്നറിഞ്ഞിരുന്നു. ദൈവത്തിൻറെ കല്പനകൾ വാക്കുകളിലും പ്രവൃത്തികളിലും കാണപ്പെടുന്നതുപോലെ ചിന്തകളിലും വ്യാപിക്കുന്നുവെന്ന് അവർ

മനസ്സിലാക്കിയിരുന്നു. ഹൃദയ പരിശുദ്ധിയുടെ ആവശ്യകതയെക്കുറിച്ചും അതുപോലെതന്നെ ബാഹ്യമായ വസ്ത്രധാരണ രീതിയെക്കുറിച്ചും ശരിയായ ബോധ്യമുണ്ടായിരുന്ന അവർ, ആ പുതുജീവിതം നയിക്കുന്നതിന് വളരെ ആവേശത്തോടെ ശ്രമിച്ചു. ഏറ്റവും വലിയ ശുഷ്കാന്തിയോടും പ്രാർത്ഥനാപൂർവ്വമായ ശ്രമത്തോടുംകൂടെ പ്രാകൃത ഹൃദയത്തിൻറെ തിന്മകളെ കീഴ്പെടുത്തുവാൻ അവർ ശ്രമിച്ചു. സ്വയത്യാഗത്തിൻറേയും സ്നേഹത്തിൻറേയും വിനയത്തിൻറേയും ജീവിതം അവർ നയിച്ചു. തങ്ങൾ ആഗ്രഹിച്ച വിശുദ്ധ ജീവിതം നയിക്കുന്നതിനും, തദ്വാരാ

ദൈവത്തിൻറെ പ്രീതി നേടുന്നതിനും അവ സഹായിക്കുമെന്ന് അവർ കരുതി. എന്നാൽ തങ്ങൾ ആഗ്രഹിച്ച ലക്ഷ്യം നേടുവാൻ അവർക്ക് കഴിഞ്ഞില്ല. പാപത്തിൻറെ ശിക്ഷാവിധിയിൽനിന്നും മോചനം നേടുവാനുള്ള അവരുടെ ശ്രമം വൃഥാവിലായി. ഏർഫർട്ടിലുള്ള തൻറെ അറയിൽവച്ച് മാർട്ടിൻ ലൂഥറിനുണ്ടായ അനുഭവം ഇതുതന്നെയായിരുന്നു. ലൂഥറിൻറെ ആത്മാവിനെ പീഡിപ്പിച്ച ചോദ്യവും ഇതു തന്നെയായിരുന്നു- "ദൈവസന്നിധിയിൽ മർത്യൻ നീതിമാനാകുന്നതെങ്ങനെ? (ഇയ്യോ. 9:12).

പ്രൊട്ടസ്റ്റാൻററിസത്തിൻറെ
അൾത്താരകളിൽ മിക്കവാറും
അണഞ്ഞിരുന്ന ദൈവിക
സത്യത്തിൻറെ തീജ്വാലകൾ,
ബൊഹീമിയൻ ക്രിസ്ത്യാനികളാൽ
പിൻതലമുറയ്ക്ക് കൈമാറ്റപ്പെട്ട
പുരാതനമായ ദൈവിക സത്യത്തിൻറെ
ദീപശിഖ പുതുതായി
ജ്വലിപ്പിക്കേണ്ടതുണ്ടായിരുന്നു. അത്
പ്രൊട്ടസ്റ്റാൻന്റിസത്തിന്റെ
അൾത്താരകളിൽ മിക്കവാറും
അണഞ്ഞുപോയിരുന്നു.
നവീകരണത്തിനുശേഷം
ബൊഹീമിയയിലെ പ്രൊട്ടസ്റ്റാൻററിസം
റോമിൽനിന്നുള്ള തുടർച്ചയായ
ആകമണം നിമിത്തം ചവിട്ടി
മെതിക്കപ്പെട്ടു. സത്യം കൈവെടിയുവാൻ

വിസമ്മതം കാട്ടിയവർ ഓടിപ്പോകുവാൻ നിർബന്ധിതരായി. അവരിൽ ചിലർ സാക്സണിയിൽ അഭയം തേടി. അവിടെ അവർ പുരാതന സത്യത്ത പരിരക്ഷിച്ചു. ഈ കിസ്ത്യാനികളുടെ പിൻതലമുറക്കാരിൽനിന്നാണ് വെസ്ലിക്കും തൻറെ സഹപ്രവർത്തകർക്കും വെളിച്ചം ലഭിച്ചത്.

ജോൺ വെസ്ലിയും ചാൾസ് വെസ്ലിയും അഭിഷിക്തരായശേഷം സുവിശേഷ ദൗത്യവുമായി അമേരിക്കയിലേക്ക് അയയ്ക്കപ്പെട്ടു. അവർ യാത്ര ചെയ്തിരുന്ന കപ്പലിൽ മൊറേവിയൻ വിഭാഗത്തിൽപ്പെട്ട ഒരുകൂട്ടം ക്രിസ്ത്യാനികൾ ഉണ്ടായിരുന്നു.

അവരുടെ കപ്പൽ താമസിയാതെ ഒരു കൊടുങ്കാറ്റിലകപ്പെട്ടു. ജോൺ വെസ്ലി മരണത്തെ മുഖാമുഖം കണ്ടു. തനിക്ക് ദൈവിക സമാധാനത്തിൻറെ നിർണ്ണയം ലഭിച്ചിട്ടില്ലായെന്ന് ജോൺ വെസ്ലിക്ക് അനുഭവപ്പെട്ടു. എന്നാൽ ജർമ്മൻകാരായ മൊറേവിയൻ വിശ്വാസികൾ, തനിക്ക് അന്യമായ ദൈവിക സമാധാനം പ്രകടമാക്കുന്നതായി ജോൺ വെസ്ലി കണ്ടു.

ജോൺ വെസ്ലി പിന്നീട് ഇപ്രകാരം സാക്ഷീകരിച്ചു: “വളരെ മുൻപു തന്നെ മൊറേവിയൻ വിശ്വാസികളുടെ ജീവിതചര്യ ഞാനും പാലിച്ചിരുന്നു. ഇംഗ്ലീഷുകാരൻ ഒരിക്കലും ചെയ്യാത്ത

ദാസ്യപ്രവൃത്തി, ഈ മൊറേവിയൻ ക്രിസ്ത്യാനികൾ സഹയാത്രികർക്കുവേണ്ടി ചെയ്തിരുന്നു. ഈ വക പ്രവൃത്തികൾക്ക് ഒരു പ്രതിഫലം അവർ ഇച്ഛിച്ചില്ല. തങ്ങളുടെ നിഗള ഹൃദയത്തെ വിനയപ്പെടുത്തുവാൻ ഈ ദാസ്യപ്രവൃത്തി നല്ലതാണെന്ന് അവർ വിശ്വസിച്ചു. തങ്ങളുടെ കർത്താവ് ഇതിനേക്കാൾ വലിയ വിനയത്തിൻറെ പ്രവൃത്തി ചെയ്തിട്ടുണ്ട്. ഒന്നിനും അവരുടെ വിനയ സ്വഭാവത്തെ ഇല്ലായ്മ ചെയ്യുവാൻ കഴിഞ്ഞില്ല. അവരെ അടിച്ചാലോ, തള്ളിയാലോ, നിലത്തുതള്ളിയിട്ടാലോ അവർ അക്ഷമയുടെ ഒരു ലാഞ്ചനപോലും കാണിച്ചില്ല. ഒരു പരാതിയും അവർ പുറപ്പെടുവിച്ചില്ല. ഒരിക്കൽ ജോൺ

വെസ്ലിക്ക് ഇതിൻറെ കാരണം ചോദിക്കാനുള്ള സന്ദർഭം ലഭിച്ചു. അവരുടെ ആരാധനയുടെ ആരംഭമായി ഒരു സങ്കീർത്തനം വായിച്ചുകൊണ്ടിരുന്നപ്പോൾ, സമുദ്രം ഇളകിമറിയാൻ തുടങ്ങി. "ആഴി ഞങ്ങളെ മൂടിക്കളയുമോ" എന്ന് തോന്നുമാറ് കടൽവെള്ളം കപ്പലിൻറെ തട്ടിലേക്ക് പാഞ്ഞുകയറി. കപ്പലിൻറെ പായ്മരം ഒടിഞ്ഞ് ഛിന്ന ഭിന്നമായി. ഭയചകിതരായ ഇംഗ്ലീഷുകാർ നിലവിളിച്ചു. എന്നാൽ ആപൽ സന്ധിയിൽ ജർമ്മൻകാരായ മൊറേവിയൻ വിശ്വാസികൾ ശാന്തരായി പാട്ടുപാടിക്കൊണ്ടിരുന്നു. കൊടുങ്കാറ്റ് ശമിച്ചപ്പോൾ ഞാൻ അവരോടു ചോദിച്ചു: "നിങ്ങൾക്ക്

ഭയമുണ്ടായില്ലേ”? അവരിലൊരാൾ പുഞ്ചിരിച്ചുകൊണ്ട് മറുപടി പറഞ്ഞു: “ഞങ്ങൾക്ക് ഒട്ടും ഭയമില്ലായിരുന്നു; ദൈവത്തിനു സ്തോത്രം”. ഞാൻ വീണ്ടും ചോദിച്ചു: “നിങ്ങളുടെ കുട്ടികൾക്കും സ്ത്രീകൾക്കും ഭയമുണ്ടായിരുന്നില്ലേ? അദ്ദേഹം മറുപടി പറഞ്ഞു: “ഇല്ല ഞങ്ങളുടെ കുട്ടികൾക്കും ഭാര്യമാർക്കും മരണത്തെ ഭയമില്ല”. - Whitehead, Life of the Rev. John Wesley, page 10.

സാവന്നയിൽ എത്തിയശേഷം ജോൺ വെസ്ലി മൊറേവിയക്കാരുടെ കൂടെ അല്പകാലം പാർത്തു. അവരുടെ ക്രിസ്തീയ ജീവിതം അദ്ദേഹത്ത ആഴമായി സ്പർശിച്ചു. ആംഗ്ലിക്കൻ

സഭയുടെ നിർജ്ജീവമായ ആരാധനാ
രീതിയിൽ നിന്ന് വ്യത്യസ്തമായ
മൊറേവിയക്കാരുടെ
ആരാധനാക്രമത്തെക്കുറിച്ച് അദ്ദേഹം
എഴുതി: “മൊറേവിയക്കാരുടെ
ആരാധനയുടെ ലാളിത്യവും
പരിപാവനതയും എനിക്കുമുമ്പ്
കടന്നുപോയ 1700 വർഷങ്ങളെ
മറക്കുവാൻ ഇടയാക്കി. രൂപവും ഭാവവും
ഇല്ലാതിരുന്ന, മൊറേവിയക്കാരുടെ
ആരാധനകളിൽ ഞാൻ ആകൃഷ്ടനായി.
കൂടാരപ്പണിക്കാരനായ പൌലൊസോ
അഥവാ മീൻപിടുത്തക്കാരനായ
പത്രൊസോ ആരാധനയിൽ
അദ്ധ്യക്ഷ്യം വഹിച്ചതു പോലെ തോന്നി.
അവർ പരിശുദ്ധാത്മ

നിറവുള്ളവരായിരുന്നു". -- ibid., page 11, 12.

ജോൺ വെസ്ലി ഇംഗ്ലണ്ടിൽ തിരിച്ചെത്തിയപ്പോൾ മൊറേവിയൻ സ്വാധീനത്താൽ വേദപുസ്തക വിശ്വാസത്തിൽ ഒന്നുകൂടെ ഉറപ്പുള്ളവനായിത്തീർന്നു. ആത്മരക്ഷയ്ക്ക് സ്വന്തപ്രവൃത്തിയിലുള്ള എല്ലാ ആശയവും വെടിയണമെന്ന് അദ്ദേഹത്തിന് പൂർണ്ണബോദ്ധ്യം വന്നു. "ലോകത്തിൻറെ പാപത്തെ ചുമക്കുന്ന" ദൈവത്തിൻറെ കുഞ്ഞാടിൽ പൂർണ്ണമായി ആശ്രയിക്കണമെന്ന് അദ്ദേഹത്തിന് ബോദ്ധ്യമായി. ലണ്ടനിലുള്ള ഒരു മൊറേവിയൻ സൊസൈറ്റിയുടെ യോഗത്തിൽ

ലൂഥറിൻറെ ആ പ്രസ്താവന വായിക്കയുണ്ടായി. ഒരു വിശ്വാസിയിൽ ദൈവാത്മാവ് വരുത്തുന്ന മാറ്റത്തെക്കുറിച്ചായിരുന്നു ആ പ്രസ്തവാന. ജോൺ വെസ്ലി അത് ശ്രദ്ധിച്ചപ്പോൾ, തനിക്കുണ്ടായ അനുഭവത്തെക്കുറിച്ച് അദ്ദേഹം ഇപ്രകാരം എഴുതി: "രക്ഷയ്ക്ക് ക്രിസ്തുവിൽ മാത്രം ആശ്രയിക്കണമെന്ന് എനിയ്ക്ക് അനുഭവപ്പെട്ടു. എനിക്ക് ഒരു ഉറപ്പ് ലഭിച്ചു. എൻറെ പാപം മുഴുവൻ കർത്താവ് നീക്കിക്കളഞ്ഞു എന്ന് എനിക്ക് ബോദ്ധ്യം വന്നു. പാപത്തിൻറെ ന്യായപ്രമാണത്തിൽനിന്നും അവൻ എന്നെ രക്ഷിച്ചിരിക്കുന്നു എന്ന് എനിക്ക് ഉറപ്പ് ലഭിച്ചു". - Ibid., page 52.

സുഖലോലുപതയെ വെടിഞ്ഞ്, കഠിനമായ തപസ്യയിലൂടെ തൻറെ ഏക ലാക്കായ ദൈവികാന്വേഷണത്തിലേക്ക് വെസ്ലി ഇറങ്ങിത്തിരിച്ചു. അവൻ കണ്ടെത്തുകയും ചെയ്തു. "ദ്രവ്യവും വിലയും കൂടാതെ സൗജന്യമായി തനിക്ക് ലഭിച്ചതായിരുന്നു ദൈവകൃപ.

ഒരിക്കൽ ക്രിസ്തുവിൻറെ വിശ്വാസത്തിൽ ഉറച്ചശേഷം, വെസ്ലിയുടെ മുഴുഹൃദയവും ദൈവത്തിൻറെ സൗജന്യകൃപയെ സംബന്ധിച്ച മഹത്വമേറിയ സുവിശേഷ പരിജ്ഞാനം എങ്ങും വിതറുവാനുള്ള ആവേശത്താൽ എരിഞ്ഞു. "ലോകം മുഴുവൻ എൻറെ ഇടവകയായി ഞാൻ തെരഞ്ഞെടുത്തു. അതിൻറെ ഏതൊരു ഭാഗത്തും

കേൾക്കാൻ മനസ്സുള്ളവരോടെല്ലാം രക്ഷയുടെ ദൂത് പറയുക എന്നത് എൻറെ പരമപ്രധാനമായ ചുമതലയായിരിക്കും'.
-Ibid.. page 74.

സ്വയത്യാഗത്തിൻറെ കർശനമായ ജീവിതശൈലി ജോൺ വെസ്ലി തുടർന്നു. പക്ഷേ അതേ സംബന്ധിച്ചുള്ള കാഴ്ചപ്പാടിന് മാറ്റം വന്നു. ഇപ്പോൾ അത് വിശ്വാസജീവിതത്തിൻറെ വേരായിരുന്നില്ല. നേരെമറിച്ച് അതിൻറെ ഫലമായിരുന്നു. ഒരു ക്രിസ്ത്യാനിയുടെ പ്രത്യാശയുടെ അടിസ്ഥാനമാണ് ക്രിസ്തുവിലൂടെയുള്ള ദൈവകൃപ. അനുസരണത്തിലൂടെ ആ ദൈവകൃപ വെളിപ്പെടുന്നു. തനിക്കു ലഭിച്ച വിലയേറിയ സത്യം എവിടേയും

പ്രസംഗിക്കുവാൻ വെസ്ലിയുടെ ജീവിതം പ്രതിജ്ഞാബദ്ധമായിരുന്നു. ആ സത്യം ക്രിസ്തുവിൻറെ പാപപരിഹാര രക്തത്തിലെ വിശ്വാസത്തിലൂടെ പ്രാപിക്കുന്ന നീതീകരണം ആയിരുന്നു. അതോടൊപ്പം ഹൃദയത്തെ പുതുതാക്കുകയും, ക്രിസ്തുവിൻറെ ജീവിത മാതൃകയ്ക്ക് അനുസൃതമായ ഫലം പുറപ്പെടുവിക്കാൻ കാരണമാക്കുകയും ചെയ്യുന്ന പരിശുദ്ധാത്മാവിൻറെ ശക്തിയിലുള്ള വിശ്വാസവും ആയിരുന്നു.

:തങ്ങളുടെ പാപാവസ്ഥയെക്കുറിച്ച് ശക്തമായ ബോധം ഉണ്ടായതിനു ശേഷമാണ് വെസ്ലി സഹോദരന്മാരും വൈറ്റ്ഫീൽഡും തങ്ങളുടെ വേലയ്ക്ക് ഒരുങ്ങിയത്. സുവിശേഷ ശുശ്രൂഷയിലും

തങ്ങൾ പഠിച്ചിരുന്ന കലാശാലയിലും പരിഹാസവും നിന്ദയും പീഡനവും അവർക്ക് ഏൽക്കേണ്ടിവന്നു. ക്രിസ്തുവിൻറെ നല്ല പടയാളികളായി കഷ്ടം സഹിക്കേണ്ടതിന്, ഇതെല്ലാം ആവശ്യമായിരുന്നു. അവരേയും അവരോടു കൂടെയുണ്ടായിരുന്ന മറ്റുചിലരേയും, സഹപാഠികൾ പരിഹാസരൂപേണ "മെതെഡിസ്റ്റുകൾ" എന്ന് വിളിച്ചു. ഇന്ന് അമേരിക്കയിലും ഇംഗ്ലണ്ടിലും വലിയ അനുയായികളുള്ള ഒരു സഭയുടെ പേരായിത്തീർന്നു ആ പരിഹാസ നാമം.

ആംഗ്ലിക്കൻ സഭയുടെ അംഗങ്ങളായിരുന്ന വെസ്ലി സഹോദരന്മാരും വൈറ്റ്ഫീൽഡും ആ

സഭയുടെ ആരാധനാക്രമങ്ങളിൽ ശക്തമായി ബന്ധപ്പെട്ടിരുന്നു. എന്നാൽ കർത്താവ് തൻറെ വചനത്തിലൂടെ വളരെ ഉന്നതമായ ആ ജീവിത ശൈലി അവർക്ക് കാട്ടിക്കൊടുത്തിരുന്നു. ക്രൂശിക്കപ്പെട്ടവനായ ക്രിസ്തുവിനെ പ്രസംഗിക്കുവാൻ പരിശുദ്ധാത്മാവ് അവരെ ഉത്ബോധിപ്പിച്ചു. അത്യുന്നതൻറെ ശക്തി അവരുടെ പ്രയത്നങ്ങളോടുകൂടെയുണ്ടായിരുന്നു. ആയിരക്കണക്കിനാളുകൾ മാനസാന്തരപ്പെട്ടു. കടിച്ചുകീറുന്ന ചെന്നായ്ക്കളിൽനിന്ന് ഈ ആട്ടിൻകൂട്ടത്തെ രക്ഷിക്കേണ്ടതുണ്ടായിരുന്നു. പുതിയ ഒരു സഭ ഉണ്ടാക്കുന്നതിനെക്കുറിച്ച് വെസ്ലി ചിന്തിച്ചിരുന്നില്ല. എന്നാൽ

“മെതെഡിസ്റ്റ് കണക്ഷൻ’ എന്ന പേരിൽ ഒരു കൂട്ടം അദ്ദേഹം രൂപീകരിച്ചു.

അന്നത്തെ ശക്തമായ സഭയിൽനിന്നും പരിക്ഷീണിപ്പിക്കുന്ന എതിർപ്പുകൾ ഈ പ്രവർത്തകർക്ക് അനുഭവപ്പെട്ടു. എന്നാൽ ദൈവം തൻറെ ജ്ഞാനത്താൽ എല്ലാറ്റിനേയും നിയന്ത്രിച്ചു. സഭയ്ക്കുള്ളിൽ ഒരു നവീകരണം വരുത്താൻ ദൈവം ഇടയാക്കി. ഈ നവീകരണം മുഴുവനും പുറത്തുനിന്നു വന്നിരുന്നുവെങ്കിൽ, ആവശ്യമായ കടന്നുചെല്ലൽ ഉണ്ടാകുമായിരുന്നില്ല. എന്നാൽ ഉണർവ്വ് പ്രസംഗകർ സഭാംഗങ്ങളായിരുന്നതുകൊണ്ടും അവർ

സഭയുടെ ചട്ടക്കൂട്ടിനുള്ളിൽനിന്നു പ്രവർത്തിച്ചതുകൊണ്ടും അവസരം കിട്ടുമ്പോഴെല്ലാം മറ്റു വിധത്തിൽ അപ്രാപ്യമായിരുന്നിടത്തെല്ലാം സത്യത്തിന് കടന്നുചെല്ലാൻ കഴിഞ്ഞു. അവൻ തങ്ങളുടെ ഇടവകകളിൽ ശുഷ്കാന്തിയോടെ പ്രവർത്തിച്ചു. നാമമാത്രമായ ആരാധനകളാൽ ജീർണ്ണാവസ്ഥയിൽ ആയ അനേക സഭകൾ പുതുജീവൻ പ്രാപിച്ചു.

സഭാചരിത്രത്തിൽ ഏതു കാലഘട്ടത്തിലുമെന്നപോലെ വെസ്ലിയുടെ കാലത്തും പലവിധമായ കഴിവുകളുള്ളവർ സഭയ്ക്കുവേണ്ടി പ്രവർത്തിച്ചു. വേദോപദേശങ്ങളിലെല്ലാം അവർ

ഐകരൂപ്യമുള്ളവർ ആയിരുന്നില്ല. എങ്കിലും അവർ എല്ലാവരും ദൈവാത്മാവാൽ നയിക്കപ്പെട്ടു. ക്രിസ്തുവിനുവേണ്ടി ആത്മാക്കളെ നേടുക എന്ന കാര്യത്തിൽ അവർ ഐക്യപ്പെട്ടു. വൈറ്റ്ഫീൽഡും വെസ്ലി സഹോദരന്മാരും തമ്മിലുണ്ടായ ആശയ സംഘട്ടനം സഭയിൽ അകൽച്ച ഉണ്ടാക്കുമോ എന്ന് ഭയപ്പെട്ട ഒരു സമയം ഉണ്ടായിരുന്നു. എന്നാൽ ക്രിസ്തുവിൻറെ വിദ്യാലയത്തിൽനിന്ന് അവർ സൗമ്യത പഠിച്ചിരുന്നതുകൊണ്ട് അവർ ഒരുമനപ്പെട്ടു. എല്ലായിടത്തും വിഘടനവാദവും പാപവും വർദ്ധിച്ചു കൊണ്ടിരിക്കുകയും പാപികൾ നാശത്തിലേക്ക് പതിക്കയും ചെയ്തുകൊണ്ടി രിക്കുമ്പോൾ, അവർക്ക്

പിടിച്ചു നില്ക്കുവാൻ
സമയമില്ലായിരുന്നു.

ദൈവദാസന്മാർ പരുപരുത്ത
പാതയിലൂടെ നടന്നു. സ്വാധീനശക്തി
ധൂവരും സമ്പന്നരും തങ്ങളുടെ
കഴിവുകളെ അവർക്കെതിരായി
വിനിയോഗിച്ചു. പുരോഹിതന്മാർ,
തങ്ങളുടെ വിദ്വേഷം പ്രകടിപ്പിച്ചു.
സഭയുടെ വാതായ നങ്ങൾ നിഷ്കളങ്കരായ
വിശ്വാസികൾക്കെതിരെ അടയ്ക്കപ്പെട്ടു.
ദൈവജനത്തെ ദുഷിക്കുന്നതിനും,
പ്രസംഗ പീഠത്തിൽനിന്ന് അവരെ
വിമർശിക്കുന്നതിനും പുരോഹിതന്മാർ
എടുത്ത നിലപാട്, അജ്ഞതയേയും
പാപത്തേയും ഇളക്കിവിടുവാൻ
കാരണമായി. ജോൺ വെസ്ലി പല

പ്രാവശ്യം ദൈവകൃപയാൽ വധശ്രമത്തിൽനിന്ന് രക്ഷപെട്ടു. മനുഷ്യരുടെ ക്രോധം ജോൺ വെസ്ലിക്കെതിരായി തിരിഞ്ഞപ്പോൾ തൻറെ രക്ഷയ്ക്ക് ഒരു മാർഗ്ഗവും ഇല്ലാതിരുന്ന വേളയിൽ, മനുഷ്യരൂപത്തിൽ വന്ന സ്വർഗ്ഗീയ ദൂതന്മാർ ദുഷ്ടജനങ്ങളുടെ ക്രോധാവേശത്തിൽനിന്നും ജോൺ വെസ്ലിയെ രക്ഷിച്ചു.

കോപാന്ധരായ ജനക്കൂട്ടത്തിൽനിന്നും തനിക്ക് ലഭിച്ച വിടുതലിനെക്കുറിച്ച് വെസ്ലി ഇപ്രകാരം പറഞ്ഞു: "നഗരത്തിലേക്കുള്ള ഇറക്കത്തിൽവെച്ച്, വഴുവഴുപ്പായ പാതയിൽ നിന്നും എന്നെ

തള്ളിയിടുവാൻ അനേകർ ശ്രമിച്ചു. ഒരിക്കൽ ഞാൻ താഴെ വീണാൽ പിന്നെ ഞാൻ എഴുന്നേല്ക്കുകയില്ല എന്ന കണക്കുകൂട്ടലിലായിരുന്നു അത്. എന്നാൽ അവരുടെ കയ്യിൽനിന്ന് പൂർണ്ണമായി വിടുവിക്കപ്പെടുംവരെ എൻറെ കാൽ വഴുതുകയോ, വീഴേണ്ടിവരുകയോ ഉണ്ടായില്ല. പലരും എൻറെ ഷർട്ടിന്റെ കോളറിൽ പിടിക്കുവാനും, വസ്ത്രത്തിൽ പിടിച്ച് തള്ളിയിടുവാനും ശ്രമിച്ചിട്ടുണ്ടെങ്കിലും അവർക്ക് എന്നെ വീഴ്ത്തുവാൻ കഴിഞ്ഞിട്ടില്ല. ഒരിക്കൽ ഒരുവൻ എൻറെ വെയ്സ്റ്റ് കോട്ടിൽ പിടിച്ചു. പക്ഷേ അത് കീറി ഒരുഭാഗം അവൻറെ കയ്യിലായി. വേറൊരു മോശമായ ആൾ എൻറെ പിന്നിൽ നിന്നുകൊണ്ട്

വടികൊണ്ട് എൻറെ തലയുടെ
പിൻഭാഗത്ത് അടിച്ചു. ആ ഒരു അടി
മതിയായിരുന്നു ഞാൻ മരിക്കുവാൻ.
എന്നാൽ ഓരോ അടിയും ദൈവം
തടഞ്ഞു. അയാൾ ആഗ്രഹിച്ച
സ്ഥാനത്ത് കൊണ്ടില്ല. അതെങ്ങനെ
സംഭവിച്ചു എന്ന് എനിക്കറിയില്ല.
എനിക്ക് വലത്തോട്ടോ ഇടത്തോട്ടോ
തിരിയുവാൻ കഴിയുകയില്ലായിരുന്നു.
വേറൊരുവൻ ജനക്കൂട്ടത്തിൽനിന്ന്
എന്നെ അടിക്കുവാൻ കൈ ഉയർത്തി.
എന്നാൽ വലിയവനായ ദൈവം എന്നെ
രക്ഷിച്ചു. എന്നെ അടിക്കുവാൻ
ഉയർത്തിയ കൈ അതുപോലെ
താഴേക്ക് പതിച്ചു. ആ കൈ എൻറെ
തലയിൽ ഒന്ന് ഉരസുക മാത്രമാണ്
ചെയ്തത്. അടിക്കാൻ ശ്രമിച്ച ആൾ

പറഞ്ഞു: ഇവൻറെ തലമുടി എത്ര മാർദ്ദവമായിരിക്കുന്നു. ആ ദുഷ്ടജനങ്ങളുടെ ഹൃദയങ്ങൾക്ക് മാറ്റം ഭവിച്ചിരുന്നു. കലാപക്കാരുടെ നേതാവ് നഗരത്തിലെ ഒരു മത്സര ബോക്സർ ആയിരുന്നു.

“എത്ര സാവധാനത്തിലാണ് ദൈവം നമ്മെ ഒരുക്കുന്നത്. രണ്ടുവർഷ ത്തിനുമുമ്പ് ഒരു ഇഷ്ടിക കഷണം എൻറെ തോളിൽക്കൂടി ഉരുമ്മിക്കടന്നു പോയി. അതിന് ഒരു വർഷം കഴിഞ്ഞ് ഒരു കല്ല് എൻറെ നെറ്റിത്തടത്തിൽ കൊണ്ടു. കഴിഞ്ഞ മാസത്തിൽ എനിക്ക് ഒരു അടിയേറ്റു. ഇന്നു വൈകുന്നേരം എനിക്ക് രണ്ടു പ്രാവശ്യം അടികൊണ്ടു. ഒന്ന് ഞങ്ങൾ നഗരത്തിൽ

എത്തുന്നതിനു മുൻപും, മറ്റേത് ഞങ്ങൾ വീട്ടിൽനിന്ന് ഇറങ്ങിക്കഴിഞ്ഞതിനുശേഷവും. എന്നാൽ രണ്ടടിയും അത്ര ഗൗരവമുള്ളതായിരുന്നില്ല. ഒരാൾ തൻറെ സർവ്വ ശക്തിയുമുപയോഗിച്ച് എൻറെ നെഞ്ചിൽ അടിച്ചു. മറ്റേയാൾ രക്തം വരത്തക്കവണ്ണം എൻറെ വായ്ക്ക് അടിച്ചു. ഈ രണ്ടടികളും എന്നെ ഒരു കച്ചിത്തുരുമ്പു കൊണ്ട് തൊട്ടു എന്ന് എനിക്കു തോന്നിയതല്ലാതെ ഒരു വേദനയും ഉണ്ടാ ക്കിയില്ല'. -John Wesley, Works, vol. 3, pp. 297, 298.

പ്രാരംഭകാലങ്ങളിലെ മെതഡിസ്റ്റുകാർക്ക് -പ്രസംഗകരും

ജനങ്ങളും- വളരെ പീഡനങ്ങൾ സഹിക്കേണ്ടതായി വന്നു. സഭാവിശ്വാസികളും അവിശ്വാസികളും ഒരുപോലെ അവരെ ഉപദ്രവിച്ചു. ന്യായാധിപകോടതികളിൽ അവർക്ക് വരേണ്ടിവന്നു. പേരിൽ മാത്രമേ അവ നീതിന്യായാധിപ കോടതികളായിരുന്നുള്ളു. അക്കാലങ്ങളിൽ കോടതികളിൽ ന്യായം നടത്തുക അപൂർ വ്വമായിരുന്നു. പലപ്പോഴും പ്രതികളായി കൊണ്ടുവരപ്പെട്ടവർക്ക് പീഡനം അനുഭവിക്കേണ്ടിവന്നു. അക്രമാസക്തരായ ജനക്കൂട്ടം വീടുവീടാന്തരം കയറി അക്രമങ്ങൾ അഴിച്ചുവിട്ടു. മെതെഡിസ്റ്റുകാരുടെ വീടുകൾ ആക്രമിക്കാൻ

ക്ഷണിച്ചുകൊണ്ടുള്ള നോട്ടീസുകൾ ചില അവസരങ്ങളിൽ പ്രസിദ്ധപ്പെടുത്തിയിരുന്നു. ദൈവിക കല്പനകളുടെയും മാനുഷിക നിയമങ്ങളുടയും ഇപ്രകാരമുള്ള നഗ്നമായ ലംഘനം നിർവിഘ്നം നടന്നിരുന്നു. പാപികളെ നാശമാർഗ്ഗത്തിൽനിന്ന് നന്മയുടെ വഴിയിലേക്ക് നയിച്ചു എന്ന ഏക തെറ്റ് മാത്രമെ അവരുടെമേൽ ചുമത്തുവാനുണ്ടായിരുന്നുള്ളൂ. അവരുടെമേൽ ആലോചിച്ചുറച്ച പീഡനമാണ് നടത്തിപ്പോന്നിരുന്നത്.

തൻറെമേലും, തൻറെ സഹപ്രവർത്തകരുടെമേലും ആരോപിക്കപ്പെട്ടിരുന്ന ആരോപണങ്ങളെ

പരാമർശിച്ചുകൊണ്ട് ജോൺ വെസ്ലി പറഞ്ഞു: മെതെഡിസ്റ്റുകാരുടെ ഉപദേശങ്ങൾ വ്യാജവും തെറ്റനിറഞ്ഞതും വളരെ തീവ്രസ്വഭാവമുള്ളതുമാണെന്നും അവ പാരമ്പര്യാചാരങ്ങൾക്ക് വിരുദ്ധവും പുതിയ ആശയം ക്വാക്കറിസം, മതഭ്രാന്ത് എന്നിവ ഉൾക്കൊള്ളുന്നതുമാണെന്ന് ചിലർ പറയാറുണ്ട്. എന്നാൽ ഈ ആരോപണങ്ങൾ എല്ലാം വേരോടെ അറുത്തു നീക്കി. സഭയുടെ ഉപദേശങ്ങൾ വേദപുസ്തകത്തിൻറെ സ്പഷ്ടമായ വ്യാഖ്യാനമാണ്. അതുകൊണ്ട് അത് വ്യാജമോ, തെറ്റോ ആയിരിക്കാൻ സാദ്ധ്യമല്ല. തിരുവെഴുത്തുകൾ സത്യമാണെങ്കിൽ, ഈ സഭയുടെ

ഉപദേശങ്ങളും സത്യമാണ്.
മെതേഡിസ്റ്റുകാരുടെ ഉപദേശങ്ങൾ
വളരെ കഠിനമാണെന്ന് ചിലർ
കുറ്റപ്പെടുത്താറുണ്ട്. അവർ
സ്വർഗ്ഗത്തേക്കുള്ള വഴി വളരെ
ഇടുക്കമുള്ളതാക്കിത്തീർക്കുന്നു. ഇത്
യഥാർത്ഥത്തിൽ ആദ്യമേയുള്ള
എതിർപ്പാണ്. (കുറേക്കാലത്തേക്കുള്ളത്
മാത്രമായിരുന്നു ഈ ഏക
ആരോപണം). അനേകം
എതിർപ്പുകളുടേയും മൂലകാരണം
ഇതായിരുന്നു. അത് പല രൂപത്തിൽ
കാണുന്നുവെന്നുമാത്രം. എന്നാൽ നമ്മുടെ
കർത്താവും അപ്പൊസ്തലന്മാരും
ആഗ്രഹിച്ചിട്ടുള്ളതിനേക്കാൾ നമ്മുടെ
ഉപദേഷ്ടാക്കന്മാർ കൂടുതൽ
ഇടുക്കമുള്ളതാക്കിത്തീർക്കുന്നുവോ?

അവരുടെ ഉപദേശങ്ങൾ വേദപുസ്തകത്തെക്കാൾ കൂടുതൽ കടുപ്പമേറിയതാണോ? കുറച്ച വാക്യങ്ങൾ പരിശോധിക്കുക. "നിൻറെ ദൈവമായ കർത്താവിനെ നീ പൂർണ്ണ ഹൃദയത്തോടും പൂർണ്ണ മനസ്സോടും, പൂർണ്ണാത്മാവോടും പൂർണ്ണ ശക്തിയോടും കൂടെ സ്നേഹിക്കേണം". "മനുഷ്യർ പറയുന്ന ഏത് നിസ്സാര വാക്കിനും ന്യായവിധി ദിവസത്തിൽ കണക്കു ബോധിപ്പിക്കേണ്ടിവരും". ആകയാൽ തിന്നാലും കുടിച്ചാലും എന്തു ചെയ്താലും എല്ലാം ദൈവത്തിൻറെ മഹത്വത്തിനായി ചെയ്വിൻ."

അവരുടെ ഉപദേശം ഇതിനേക്കാൾ കർശനമെങ്കിൽ അവർ കുറ്റക്കാർ

തന്നെ. എന്നാൽ വാസ്തവമതല്ലായെന്ന് നിങ്ങളുടെ മനസ്സ പറയുന്നു. ദൈവത്തിൻറെ വചനത്തെ മാലിന്യപ്പെടുത്താതെ ആർക്ക് ഒരംശമെങ്കിലും കുറയ്ക്കാൻ സാധിക്കും? ദൈവത്തിൻറെ വിശുദ്ധ ആജ്ഞകളെ മാറ്റിക്കൊണ്ട് ദൈവത്തിൻറെ ഏതൊരു ദാസനെങ്കിലും ദൈവസന്നിധിയിൽ വിശുദ്ധനായി നില്ക്കാൻ കഴിയുമോ? തീർച്ചയായും കഴിയുകയില്ല. അവന് ഒന്നും കുറയ്ക്കുവാൻ സാദ്ധ്യമല്ല. ഒന്നിനേയും മയപ്പെടുത്തുവാനും കഴിയുകയില്ല. “നിങ്ങളുടെ അഭിരുചിക്കനുസരിച്ച് എനിക്ക് തിരുവെഴുത്തുകളെ താഴോട്ടുകൊണ്ടു വരുവാൻ കഴിയുകയില്ല. നിങ്ങൾ അതിനനുസരിച്ച് ഉയരണം. അല്ലെങ്കിൽ

നശിക്കുക". മെതെഡിസ്റ്റുകാരുടെ സ്നേഹമില്ലായ്മയെക്കുറിച്ച് വിളിച്ചു കൂവുന്ന ജനതയുടെ അവസ്ഥ ഇതാണ്. അവർ സ്നേഹമില്ലാത്തവരാണോ? ഏതു രീതിയിലാണ് അവർ സ്നേഹമില്ലാത്തവരായിരിക്കുന്നത്? അവർ വിശപ്പുള്ളവർക്ക് ആഹാരം കൊടുക്കുകയും നഗ്നരെ ഉടുപ്പിക്കയും ചെയ്യുന്നില്ലേ? അതല്ല കാര്യം വിമർശിക്കുന്നവരാണ് ഒട്ടും സ്നേഹമില്ലാത്തവർ. തങ്ങളെപ്പോലെ മറ്റുള്ളവർ ആയിത്തീരുന്നില്ലെങ്കിൽ ഒരുത്തനും രക്ഷപെടാൻ പോകുന്നില്ല എന്നാണ് അവർ കരുതുന്നത്". -Ibid., vol. 3. pp 152, 153.

ഇംഗ്ലണ്ടിൽ വെസ്ലിക്ക് തൊട്ടുമുൻപ്
പ്രകടമായ ആത്മീയാധഃപതനത്തിനു
കാരണം
ദൈവകല്പനയ്ക്കെതിരായിട്ടുള്ള
ഉപദേശമായിരുന്നു. ക്രിസ്തു പത്തു
കല്പനയെ നീക്കിക്കളഞ്ഞുവെന്ന്
അനേക ഉപദേഷ്ടാക്കന്മാർ ശക്തമായി
പഠിപ്പിച്ചു. അതുകൊണ്ട് ക്രിസ്ത്യാനികൾ
കല്പന അനുസരിക്കുവാൻ
ബാദ്ധ്യസ്ഥരല്ലായെന്നും അവർ
പഠിപ്പിച്ചു. ഒരു വിശ്വാസി
കല്പനാനുസരണം എന്ന
തടവറയിൽനിന്ന് മോചിതനാണെന്ന്
അവർ പഠിപ്പിച്ചു. മറ്റു ചിലർ, "കല്പന
മാറ്റമില്ലാത്തതാകുന്നുവെന്ന്
സമ്മതിക്കുന്നുവെങ്കിലും,
ഉപദേഷ്ടാക്കന്മാർ

കല്പനാനുസരണത്തെക്കുറിച്ച്
പഠിപ്പിക്കേണ്ടതില്ല എന്ന് പറഞ്ഞു.
കാരണം ദൈവം രക്ഷയ്ക്കായി
തെരഞ്ഞെടുക്കുന്നവർ, ദൈവകൃപയാൽ
കല്പനകളെ സ്വാഭാവികമായി
കാത്തുകൊള്ളും. അതുപോലെതന്നെ,
നിത്യ നാശത്തിനായി വിധിക്കപ്പെട്ടവർ,
ദൈവകല്പനകളെ പ്രമാണിക്കുവാൻ
അശക്തരുമായിരിക്കും".

"തെരഞ്ഞെടുക്കപ്പെട്ട വിശുദ്ധന്മാർക്ക്
കൃപയിൽനിന്ന് വീണുപോകാനോ,
ശത്രുവിൻറെ അടിമയായിത്തീരുവാനോ
കഴിയുകയില്ല" എന്നവർ പഠിപ്പിച്ചു.
ഇപ്രകാരം പഠിപ്പിച്ചവർ ഒരു പടികൂടെ
താഴേക്ക് പതിച്ചു. അവർ പറഞ്ഞു:
"വിശുദ്ധന്മാർ ചെയ്യുന്ന പാപങ്ങൾ

യഥാർത്ഥത്തിൽ പാപങ്ങളല്ല. അവ ദൈവകല്പനയുടെ ലംഘനങ്ങളാണെന്നും കരുതേണ്ടതില്ല. അവർക്ക് ഏറ്റുപറയുവാനോ, അനുതപിക്കുവാനോ അവസരങ്ങളില്ല. - McClintock and Strong, Cyclopedia, art. അതുകൊണ്ട് ഏറ്റവും ഹീനമായ പാപവും, ദൈവകല്പനയുടെ ലംഘനമെന്ന് ലോകത്തെല്ലാടവും പറയപ്പെടുന്ന പാപങ്ങൾപോലും, ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ടവർ ചെയ്യുമ്പോൾ അത് പാപമല്ലാതായിത്തീരുന്നു".

ഈ ഭയാനകമായ ഉപദേശസംഹിതകൾതന്നെയാണ് പിന്നീട് വന്ന വേദപണ്ഡിതരും,

ഉപദേഷ്ടാക്കന്മാരും പഠിപ്പിച്ചത്. ദൈവകല്പനയ്ക്ക് മാറ്റം വരുമെന്ന് അവർ പഠിപ്പിച്ചു. സമൂഹമാണ് ധാർമ്മിക മൂല്യങ്ങളുടെ മാനദണ്ഡം നിർമ്മിക്കുന്നതെന്നും, സമൂഹം കാട്ടിക്കൊടുക്കുന്ന മാനദണ്ഡം അംഗീകരിച്ചാൽ മതിയെന്നും, ഇത് എപ്പോഴും മാറ്റത്തിന് വിധേയമാണെന്നും അവർ പഠിപ്പിച്ചു. ഈ ആശയങ്ങളെല്ലാം ഒരേ ആത്മാവിനാൽ നയിക്കപ്പെടുന്നതാണ്. ആ ആത്മാവായിരുന്നു പാപരഹിതരായ സ്വർഗ്ഗവാസികളുടെ ഇടയിൽ പോലും ദൈവകല്പനകളെ തകർക്കാൻ ശ്രമിച്ചത്.

ദൈവിക കല്പനകളെ സംബന്ധിച്ച ഉപദേശം മനുഷ്യസ്വഭാവങ്ങളെ ദൃഢമായി ഉറപ്പിക്കുന്നു. ഈ അവസ്ഥാവിശേഷം അനേകരെ കല്പനാനിഷേധത്തിലേക്ക് നയിച്ചു. ദൈവകല്പനയ്ക്കെതിരായി നിലകൊണ്ട ഉപദേശ രുടെ തെറ്റുകളെ പലപ്പോഴും എതിർത്തിരുന്നു. അവരുടെ നിലപാട് തിരുവെഴുത്തുകൾക്ക് വിരുദ്ധമാണെന്ന് അദ്ദേഹം പറഞ്ഞു. "സകല മനുഷ്യർക്കും രക്ഷാകരമായ ദൈവകൃപ ഉദിച്ചുവല്ലോ". ഇത് വളരെ നല്ലതും ദൈവദൃഷ്ടിയിൽ അംഗീകാരമുള്ളതുമാണ്. എല്ലാവരും രക്ഷ പ്രാപിക്കണമെന്നും സത്യത്തിൻറെ പരിജ്ഞാനത്തിൽ വരണമെന്നും ദൈവം ആഗ്രഹിക്കുന്നു.

എന്തുകൊണ്ടെന്നാൽ നമുക്ക് ഒരു ദൈവവും ഒരു മദ്ധ്യസ്ഥനും മാത്രമേയുള്ളൂ. അത് കർത്താവായ യേശുക്രിസ്തു ആകുന്നു. താൻ എല്ലാ മനുഷ്യർക്കുംവേണ്ടി യാഗമായിത്തീർന്നു (തീത്തൊസ് 2:11; 1 തിമൊ. 2:3-6). ദൈവാത്മാവ് സൗജന്യമായി ഏവർക്കും നല്കപ്പെട്ടിരിക്കയാണ്. ഇപ്രകാരം ക്രിസ്തു "ലോകത്തിലേക്ക് വരുന്ന സകലരേയും പ്രകാശിപ്പിക്കുന്നു" (യോഹ.29). ജീവന്റെ ദാനത്തെ മനുഷ്യർ അറിഞ്ഞുകൊണ്ട് ത്യജിക്കുന്നതിനാൽ മനുഷ്യന് രക്ഷ നഷ്ടപ്പെടുന്നു.

ക്രിസ്തുവിന്റെ മരണത്തിൽ കർമ്മാചാരപരമായ മോശൈക

ന്യായ പ്രമാണത്തോടൊപ്പം
ദൈവത്തിൻറെ പത്തുകല്പനയായ
സാന്മാർഗ്ഗിക ന്യാ പ്രമാണവും
നീക്കപ്പെട്ടു എന്ന വാദത്തെ
ഖണ്ഡിച്ചുകൊണ്ട് ജോൺ വെസ്ലി
പറഞ്ഞു: പത്തു കല്പനയിൽ
ഉൾപ്പെട്ടിരിക്കുന്ന സാന്മാർഗ്ഗിക
നിയമങ്ങൾ ക്രിസ്തു ഒരിക്കലും
എടുത്തുകളഞ്ഞില്ല. തൻറെ വരവിൻറെ
ഉദ്ദേശം ദൈവ കല്പനകൾ
എങ്ങിനെയെങ്കിലും മാറ്റുകയായിരുന്നില്ല.
ഒരിക്കലും മാറ്റുവാൻ കഴിയാത്തതാകുന്നു
ദൈവകല്പനകൾ. അതൊരു വിശ്വസ്ത
സാക്ഷിയായി സ്വർഗ്ഗത്തിൽ
നിലകൊള്ളുന്നു.... ലോകാരംഭം മുതൽ
ഇപ്രകാരമായിരുന്നു. കല്പലകകളിലല്ല
ഇവ എഴുതിയിരിക്കുന്നത്. നേരേമറിച്ച്

എല്ലാ മനുഷ്യരുടെയും ഹൃദയത്തിൽ ഇവ എഴുതപ്പെട്ടിരിക്കുന്നു. ഒരിക്കൽ ദൈവത്താൽ എഴുതപ്പെട്ട ഈ കല്പനകൾ ഇന്ന് പാപം മൂലം വികൃതമാക്കപ്പെട്ടിരിക്കുന്നു. എങ്കിലും, നന്മതിന്മകളെക്കുറിച്ച് നമുക്ക് എന്തെങ്കിലും ചിന്തയുണ്ടെങ്കിൽ ദൈവകല്പനകളെ നമുക്ക് തുടച്ച് നീക്കുവാൻ കഴികയില്ല. ദൈവകല്പനയുടെ എല്ലാ ഭാഗവും എല്ലാ മനുഷ്യരുടെമേലും, എല്ലായ്പ്പോഴും സംശക്തമായി നിലകൊള്ളണം. ഇതിന് കാലദേശ വ്യത്യാസമോ മറ്റ് സാഹചര്യ വ്യത്യാസങ്ങളോ ഇല്ല. ഇവ ദൈവത്തിൻറെ പ്രകൃതംപോലെയാണ്. ദൈവ കല്പനയ്ക്ക് ഒരു മാറ്റവുമില്ല.

“ഞാൻ ന്യായപ്രമാണത്തെയോ പ്രവാചകന്മാരെയോ നീക്കേണ്ടതിന് വന്നു എന്ന് നിരൂപിക്കരുത്. നീക്കേണ്ടതിനല്ല, നിവർത്തിപ്പാനത്രേ വന്നത്', ഞാൻ ഈ പറഞ്ഞതിൻറെ അർത്ഥം: ഞാൻ വന്നതിൻറെ ഉദ്ദേശം ദൈവകല്പനകളെ പൂർണ്ണമായി ഉറപ്പിക്കുന്നതിനാണ്. മനുഷ്യൻ എന്ത് വ്യാഖ്യാനം നല്കിയാലും ക്രിസ്തു വന്നതിൻറെ ഉദ്ദേശം, ഇരുട്ടത്തായിപ്പോയ ദൈവകല്പനയ്ക്ക് വെളിച്ചം കൊടുക്കുന്നതിനും തെളിമയുള്ളതും പൂർണ്ണവുമായ ദർശനം കല്പനയ്ക്ക് ലഭിക്കുന്നതിനും ആയിരുന്നു. ദൈവകല്പനയുടെ യഥാർത്ഥവും പൂർണ്ണവുമായ ശക്തിയെ പ്രഘോഷിക്കുന്നതിനും,

അതിൻറെ വീതിയും നീളവും പ്രഖ്യാപിക്കുന്നതിനുമാണ് ക്രിസ്തു വന്നത്. ദൈവകല്പനയുടെ എല്ലാ ഭാഗവും, അതിൻറെ ആഴവും ഉയരവും, മാനുഷ ചിന്തയ്ക്ക് ഉൾക്കൊള്ളാവുന്ന എല്ലാ വിശുദ്ധിയും, ആത്മീയതയും അതിന് നല്കണമെന്ന് പറയുവാനാണ് ഞാൻ വന്നത്." - Wesley, sermon 25.

ദൈവകല്പനയും സുവിശേഷവും എപ്രകാരം ഐക്യപ്പെട്ടിരിക്കുന്നു വെന്ന് വെസ്ലി പറഞ്ഞു. "സുവിശേഷവും ദൈവകല്പനയും തമ്മിൽ ഏറ്റവും അടുത്ത ബന്ധമാണുള്ളത്. ഒരു വശത്ത് ദൈവകല്പന സുവിശേഷത്തിനായി വഴി ഒരുക്കുകയും സുവിശേഷത്തെ നമുക്ക്

കാട്ടിത്തരുകയും ചെയ്യുന്നു. മറുവശത്ത്, സുവിശേഷം ദൈവകല്പനയിലേക്ക് നയിക്കുന്നു. ഉദാഹരണമായി, ദൈവകല്പ്പന നമ്മോട് ആവശ്യപ്പെടുന്നത് ദൈവത്തെ സ്നേഹിക്കുവാനാണ്. അതുപോലെതന്നെ നമ്മുടെ അയൽക്കാരനേയും സ്നേഹിക്കുന്നതിന് ദൈവകല്പന ആവശ്യപ്പെടുന്നു. നാം താഴ്ചയുള്ളവരായിരിപ്പാനും സൌമ്യതയും വിശുദ്ധിയും ഉള്ളവരായിരിക്കുവാനും ദൈവകല്പന ആഹ്വാനം ചെയ്യുന്നു. ഈവക കാര്യങ്ങളിൽ നാം ഒന്നുമായിത്തീർന്നിട്ടില്ല എന്ന ബോധം നമുക്കുണ്ട്. "മനുഷ്യന് ഇത് അസാദ്ധ്യം തന്നെ; എങ്കിലും ദൈവത്തിൻറെ വാഗ്ദത്തം ഇതാണ്: നമ്മ താഴ്മയുള്ളവരും

വിശുദ്ധിയുള്ളവരും ആക്കിത്തീർക്കുന്ന സ്നേഹം നല്കാമെന്ന ദൈവവാഗ്ദത്തം നാം കാണുന്നു. ഈ സുവിശേഷത്തെ നാം മുറുകെ പിടിക്കുന്നു. ഈ സുവാർത്തയെ നാം വിശ്വാ ത്താൽ കൈക്കൊള്ളുന്നു. നമ്മുടെ വിശ്വാസത്തിൻറെ അളവിനൊത്ത് അത് നമുക്ക് നല്കപ്പെടുന്നു. അങ്ങനെ ന്യായപ്രമാണത്തിൻറെ നീതി നമ്മിൽ നിവൃത്തിയാക്കപ്പെടുന്നു. ഇത് ക്രിസ്തുവിലുള്ള വിശ്വാസത്താൽ സംഭവിക്കുന്നു.

സുവിശേഷത്തിൻറെ ശത്രുക്കളായുള്ളവരുടെ ഉന്നത മണ്ഡലങ്ങളിൽ ദൈവത്തിൻറെ ന്യായപ്രമാണത്തെ പരസ്യമായി

വിമർശിക്കുന്നവരുണ്ട്. ദൈവ കല്പനയെ ലംഘിക്കുവാൻ അവർ മറ്റുള്ളവരെ പ്രേരിപ്പിക്കും. ഒരു കല്പന മാത്രമല്ല, എല്ലാ കല്പനകളേയും ലംഘിക്കുവാൻ അവർ ഉപദേശിക്കും. അതിൽ ഏറ്റവും അത്ഭുതകരമായിട്ടുള്ളത്, ദൈവകല്പനയെ സംരക്ഷിക്കേ ണ്ടവർ, അതിനെ പുറന്തള്ളുമ്പോൾ, തങ്ങൾ ക്രിസ്തുവിനെ ബഹുമാനിക്കയാണെന്നും അതിനെ വലുതാക്കി കാണിക്കുകയാണെന്നും വിശ്വസിക്കുന്നതാണ്. യൂദയെപ്പോലെ അവരും കർത്താവിനെ ബഹുമാനിക്കുന്നു. "ഗുരുവേ വന്ദനം" എന്നു പറഞ്ഞുകൊണ്ട് അവർ ക്രിസ്തുവിനെ ചുംബിക്കുന്നു. "മനുഷ്യപുത്രനെ ചുംബനംകൊണ്ട്

ഒറ്റിക്കൊടുക്കുന്നുവോ" എന്ന് കർത്താവ് അവരോടും ചോദിക്കുന്നു. കർത്താവിന്റെ രക്തത്തെക്കുറിച്ച് സംസാരിക്കുകയും തൻറെ കിരീടത്തെ എടുത്തുകളകയും ചെയ്യുന്നവർ, കർത്താവിനെ ചുംബനത്താൽ എന്നപോലെ ഒറ്റിക്കൊടുക്കുന്നവരാണ്. ഏതെങ്കിലും ഭാഗത്ത് സുവിശേഷത്തെ പ്രോത്സാഹിപ്പിക്കുന്നു എന്ന മറവിൽ കർത്താ വിൻറെ കല്പനകളിൽ ഏതെങ്കിലും ഭാഗത്തെ ലാഘവമായി എടുക്കുന്നവരും കർത്താവിനെ ഒറ്റിക്കൊടുക്കുന്നവരുടെ കൂട്ടത്തിലാണ്. ദൈവകല്പനകളിൽ ഏതെങ്കിലും ഭാഗത്തെ അവഗണിച്ചുകൊണ്ട്, വിശ്വാസത്തെക്കുറിച്ച് പ്രസംഗിക്കുന്നവനും മേൽപ്പറഞ്ഞ

ആരോപണത്തിൽനിന്നും ഒഴിഞ്ഞു മാറാവതല്ല.ദൈവകല്പ്പനകളിൽ ഏതിനെയെങ്കിലും അവഗണിച്ചുകൊണ്ട് ക്രിസ്തുവിനെ പ്രസംഗിക്കുന്നവരും ഇതേ കുറ്റം ചെയ്യുന്നവരാണ്. -Ibid., sermon 35.

സുവിശേഷം ന്യായപ്രമാണത്തിൻറെ അവസാനം ആകുന്നു എന്ന് വാദിച്ചവരോട് വെസ്ലി പറഞ്ഞു: "ഇത് ഞാൻ പൂർണ്ണമായും നിഷേധിക്കുന്നു. കല്പനയുടെ ഒന്നാമത്തെ ലക്ഷ്യത്തെക്കുറിച്ച് ഇതൊന്നും പറയുന്നില്ല. പ്രത്യേകിച്ചും പാപബോധത്തെക്കുറിച്ച്. നരകത്തിൻറെ പടിവാതിലിൽ കിടക്കുന്നവരെ ഉണർത്തേണ്ടതിന്റെ

ആവശ്യത്തെക്കുറിച്ച് ഒന്നും പറയുന്നില്ല. അപ്പൊസ്തലനായ പൌലൊസ് പറയുന്നു: “ന്യായപ്രമാണത്താൽ അല്ലാതെ ഞാൻ പാപത്തെ അറിഞ്ഞില്ല” (റോമ. 7:17). തൻറെ പാപത്തെക്കുറിച്ച് അറിവു ലഭിക്കുന്നതുവരെ പാപപരിഹാരത്തിനുവേണ്ടി ക്രിസ്തു ചൊരിഞ്ഞ രക്തത്തെക്കുറിച്ച് മനുഷ്യന് ആവശ്യബോധം ഉണ്ടാകയില്ല'. ആരോഗ്യമുള്ളവർക്ക് വൈദ്യനെക്കൊണ്ട് ആവശ്യമില്ല. വൈദ്യനെ ആവശ്യമുള്ളത് രോഗികൾക്കാണ് എന്ന് കർത്താവ് പറഞ്ഞു. രോഗമില്ലാത്തവർക്ക് വൈദ്യനെ നല്കുന്നത് വിഡ്ഢിത്തമാണ്. രോഗമില്ലായെന്ന് കരുതുന്നവർക്കും

വൈദ്യനെ ആവശ്യമില്ല. തങ്ങൾ രോഗികളാണെന്ന് അവരെ ആദ്യം ബോദ്ധ്യപ്പെടുത്തണം. അല്ലെങ്കിൽ അവർ നിങ്ങളുടെ പ്രയത്നത്തിന് നന്ദി പ്രകാശിപ്പിക്കയില്ല. അതുപോലെ പരിശുദ്ധമായ ഹൃദയമുള്ള ഒരുവന് ക്രിസ്തുവിനെ നൽകുന്നതും വിഡ്ഢിത്തമാണ്. ഒരിക്കലും ഹൃദയം നുറുങ്ങാത്തവർക്ക് ക്രിസ്തുവിനെ നല്കുന്നത് അബദ്ധമാണ്". -Ibid., sermon 35.

ഇങ്ങനെ ക്രിസ്തുവിൻറെ കൃപയെക്കുറിച്ച് പ്രസംഗിച്ചപ്പോൾ, തൻറെ ഗുരുവിനെപ്പോലെ, വെസ്ലി കല്പനയെ മഹത്വീകരിപ്പാനും ബഹുമാനമുള്ളതാക്കുവാനും ശ്രമിച്ചു.

ദൈവത്താൽ നല്കപ്പെട്ട വേല വെസ്ലി വിശ്വസ്തതയോടെ പൂർത്തീകരിച്ചു. അതിൻറെ ഫലം മഹത്വപൂർണ്ണമായിരുന്നു. അതു കണ്ടാനന്ദിപ്പാനും ദൈവം വെസ്ലിയെ അനുവദിച്ചു. തൻറെ ദീർഘമായ ജീവിതകാലത്ത് തനിക്ക് ലഭിച്ച അനുയായികളുടെ എണ്ണം ഏതാണ്ട് അഞ്ച് ലക്ഷമായിരുന്നു. എന്നാൽ തൻറെ പ്രയത്നത്താലും തൻറെ ഉപദേശങ്ങളാലും സമ്പന്നമായ ആത്മീകാനുഭവത്തിലേക്ക് ഇറങ്ങിയവരുടെ എണ്ണം ദൈവരാജ്യത്തിൽ വീണ്ടെടുക്കപ്പെട്ടവർ ഒന്നിച്ചു കൂടുംവരെ അറിയുകയില്ല. വെസ്ലിയുടെ ജീവിതം ഓരോ ക്രിസ്ത്യാനിക്കും വില കല്പിക്കുവാൻ

പാടില്ലാത്ത പാഠമാണ് നല്കുന്നത്.
ഇന്നത്തെ സഭകളിൽ വെസ്ലിയുടെ
വിശ്വാസവും താഴ്ചയും ഒരിക്കലും
തളരാത്ത ഊർജ്ജസ്വലതയും
പ്രതിഫലിച്ചിരുന്നെങ്കിൽ!

# അദ്ധ്യായം 15—വേദപുസ്തകവും ഫ്രഞ്ചുവിപ്ലവവും

തുറക്കപ്പെട്ട വേദപുസ്തകത്തെ ജനത്തിനായി സമ്മാനിച്ച, 16-ാം നൂറ്റാണ്ടിൽ ഉണ്ടായ നവീകരണ പ്രസ്ഥാനം എല്ലാ യൂറോപ്യൻ രാഷ്ട്രങ്ങളിലും പ്രവേശിക്കുവാൻ ശ്രമിച്ചു. ചില രാജ്യങ്ങൾ സന്തോഷത്തോടെ നവീകരണത്തെ സ്വാഗതം ചെയ്തു. ചില രാഷ്ട്രങ്ങളിൽ നവീകരണത്തിന് പ്രവേശനം നൽകാതെ തടഞ്ഞു നിർത്തുവാൻ പാപ്പാത്വത്തിന് കഴിഞ്ഞു. അങ്ങനെ മനുഷ്യരെ ഉന്നത ശ്രേണിയിലേക്ക് ഉയർത്തുവാൻ കഴിവുള്ള വേദപുസ്തകം നൽകുന്ന പ്രകാശത്തെ മിക്കവാറും പൂർണ്ണമായി

തടഞ്ഞു. ഒരു രാജ്യത്തിൽ വേദപുസ്തക വെളിച്ചത്തിന് പ്രവേശിക്കുവാൻ കഴിഞ്ഞുവെങ്കിലും അന്ധകാരത്തിന് അത് ഗ്രഹിക്കുവാൻ കഴിഞ്ഞില്ല. നൂറ്റാണ്ടുകളായി സത്യവും വ്യാജവും തമ്മിൽ മേൽക്കോയ്മയ്ക്കുവേണ്ടി പോരാടി. ഒടുവിൽ തിന്മ ജയിച്ചു. സ്വർഗ്ഗത്തിന്റെ സത്യത്തെ പുറന്തള്ളി. “ന്യായവിധി എന്നതോ, വെളിച്ചം ലോകത്തിൽ വന്നിട്ടും, മനുഷ്യരുടെ പ്രവൃത്തി ദോഷമുള്ളതാകയാൽ അവർ വെളിച്ചത്തേക്കാൾ ഇരുളിനെ സ്നേഹിച്ചതുതന്നെ” (യോഹ. 3:19). താൻ തെരഞ്ഞെടുത്ത ഫലം കൊയ്തെടുക്കാൻ ആ രാഷ്ട്രം നിർബന്ധിതയായി. ദൈവത്തിൻറെ ദാനമായ കൃപയെ തിരസ്കരിച്ച ആ

രാഷ്ട്രത്തിൽനിന്ന് ദൈവാ ത്മാവിനെ പിൻവലിച്ചു. തിന്മ അതിൻറെ പൂർണ്ണ വളർച്ചയിലെത്തുവാൻ അനുവദിക്കപ്പെട്ടു. ദൈവിക പ്രകാശത്തെ ബോധപൂർവ്വം തിരസ്കരിച്ച ആ രാഷ്ട്രത്തിൻറെമേൽ വന്ന ശിക്ഷ ലോകം ദർശിച്ചു.

അനേക വർഷമായി ഫ്രാൻസിൽ വേദപുസ്തകത്തിനെതിരായി നടത്തിയിരുന്ന യുദ്ധം ഫ്രഞ്ചു വിപ്ലവത്തിൽ കലാശിച്ചു. ആ ഭയങ്കരമായ കലാപം, തിരുവെഴുത്തുകളെ റോം അടിച്ചമർത്തിയതിന്റെ സ്വാഭാവികമായുണ്ടായ പരിണിതഫലമായിരുന്നു. മാർപാപ്പയുടെ നയത്തിൻറെ ഒരു

ഉത്തമ ഉദാഹരണമായിരുന്ന ഫ്രഞ്ചു വിപ്ലവം. റോമൻ കത്തോലിക്കാസഭയുടെ ആയിരം വർഷത്തെ പഠിപ്പിക്കലിൻറെ ഫലമായിരുന്നു ഈ വിപ്ലവം.

പാപ്പാത്വ മേൽക്കോയ്മക്കാലത്ത് തിരുവെഴുത്തുകൾക്ക് നേരിടേണ്ടി വരുന്ന അടിച്ചമർത്തലിനെക്കുറിച്ച് പ്രവാചകന്മാർ മുൻകൂട്ടി പ്രവചിച്ചിരുന്നു. വെളിപ്പാടുകാരനായ യോഹന്നാൻ, “അധർമ്മമൂർത്തിയുടെ അധികാരം കൊണ്ട് പ്രത്യേകിച്ച് ഫ്രാൻസിന് ഭവിക്കാൻ പോകുന്ന ഭയാനകമായ ഫലങ്ങളെ ചൂണ്ടിക്കാട്ടുന്നുണ്ട്.

കർത്താവിന്റെ ദൂതൻ പറഞ്ഞു: “അവർ വിശുദ്ധനഗരത്തെ നാല്പത്തി രണ്ട് മാസം ചവിട്ടും. അന്ന ഞാൻ എൻറെ രണ്ടു സാക്ഷികൾക്കും വരം നല്കും; അവർ രട്ടു ഉടുത്തുംകൊണ്ട് ആയിരത്തി ഇരുനൂറ്ററുപത് ദിവസം പ്രവചിക്കും. അവർ തങ്ങളുടെ സാക്ഷ്യം തികച്ചശേഷം ആഴത്തിൽ നിന്നു കയറിവരുന്ന മൃഗം അവരോട് പടവെട്ടി അവരെ ജയിച്ച് കൊന്നുകളയും. അവരുടെ കർത്താവ് ക്രൂശിക്കപ്പെട്ടതും ആത്മീകമായി സൊദോം എന്നും മിസയീം എന്നും പേരുള്ളതുമായ മഹാനഗരത്തിൻറെ വീഥിയിൽ അവരുടെ ശവം കിടക്കും. ഈ പ്രവാചകന്മാർ ഇരുവരും ഭൂമിയിൽ വസിക്കുന്നവരെ ദണ്ഡിപ്പിച്ചതുകൊണ്ട്

ഭ്രവാസികൾ അവർ നിമിത്തം സന്തോഷിച്ച് ആനന്ദിക്കുകയും അന്യോന്യം സമ്മാനം കൊടുത്തയയ്ക്കുകയും ചെയ്യും. മൂന്നര ദിവസം കഴിഞ്ഞശേഷം ദൈവത്തിൽനിന്ന് ജീവശ്വാസം അവരിൽ വന്നു അവർ കാൽ ഊന്നിനിന്നു- അവരെ കണ്ടവർ ഭയപരവശരായിത്തീർന്നു" (വെളി. 11:2-11).

ഇവിടെ പറഞ്ഞിരിക്കുന്ന കാലഘട്ടങ്ങൾ- "നാല്പത്തിരണ്ട് മാസവും" "ആയിരത്തി ഇരുന്നൂറ്ററുപത് ദിവസവും" - ഒന്നുതന്നെയാണ്. റോമിൻറെ പീഡനങ്ങളെ ക്രിസ്തുവിൻറെ സഭ സഹിക്കേണ്ടിവരുന്ന

കാലഘട്ടമായിരുന്ന അത്! 1260 വർഷങ്ങൾ നീണ്ടു നിൽക്കേണ്ട പാപ്പാത്വ മേൽക്കോയ്മ ആരംഭിച്ചത് AD 538-ൽ ആയിരുന്നു. അതുകൊണ്ട് അത് അവസാനിക്കേണ്ടത് AD 1798-ലും ആണ്. ഈ സമയത്ത് ഒരു ഫ്രഞ്ചു സൈന്യം റോമിൽ പ്രവേശിച്ച് അന്നുണ്ടായിരുന്ന മാർപാപ്പയെ ബന്ധനസ്ഥനാക്കി. മാർപാപ്പ നാടുകടത്തപ്പെട്ടിരുന്ന സമയത്ത് മരണമടഞ്ഞു. ഒരു പുതിയ മാർപാപ്പ പെട്ടെന്ന് തെരഞ്ഞെടുക്കപ്പെട്ടുവെങ്കിലും പാപ്പാത്വശക്തിക്ക് മുൻപുണ്ടായിരുന്ന പ്രതാപം വീണ്ടെടുക്കുവാൻ കഴിഞ്ഞില്ല.

1260 വർഷ കാലഘട്ടത്തിൻറെ മുഴുസമയവും സഭയുടെമേൽ പീഡനം

തുടർന്നില്ല. ദൈവം തൻറെ കരുണയിൽ, തൻറെ ജനത്തിന് അനുഭവിക്കേണ്ടി വന്ന അഗ്നിശോധനയുടെ സമയദൈർഘ്യത്തെ ചുരുക്കി. സഭയുടെമേൽ പതിക്കുവാൻ പോകുന്ന മഹാകഷ്ടത്തെക്കുറിച്ച് പ്രവചിക്കുമ്പോൾ കർത്താവു പറഞ്ഞു: “ആ നാളുകൾ ചുരുങ്ങാതിരുന്നാൽ ഒരു ജഡവും രക്ഷിക്കപ്പെടുകയില്ല; വൃതന്മാർ നിമിത്തമോ ആ നാളുകൾ ചുരുങ്ങും” (മത്താ. 24:22). നവീകരണത്തിൻറെ സ്വാധീനത്താൽ 1798 -നു മുൻപ് പീഡനം അവസാനിച്ചു.

രണ്ടു സാക്ഷികളെക്കുറിച്ച് പറയുമ്പോൾ പ്രവാചകൻ ഇപ്രകാരം പറയുന്നു:

“അവർ ഭൂമിയുടെ കർത്താവിന്റെ സന്നിധിയിൽ നിൽക്കുന്ന രണ്ട് ഒലീവ് വൃക്ഷവും രണ്ട് നിലവിളക്കും ആകുന്നു” (വെളി. 11: 4). “നിൻറെ വചനം എൻറെ കാലിന് ദീപവും എൻറെ പാതയ്ക്ക് പ്രകാശവും” ആകുന്നു (സങ്കീ. 119:105). ഈ രണ്ട് സാക്ഷികൾ ദൈവത്തിൻറെ “പഴയനിയമവും’ “പുതിയനിയമവും’ ഉൾക്കൊള്ളുന്ന തിരുവെഴുത്തുകൾ ആകുന്നു. ദൈവ കല്പനയുടെ ആരംഭത്തേയും, തുടർന്നുള്ള നിലനില്പിനേയും സംബന്ധിച്ച് പ്രധാന സാക്ഷികളാകുന്നു ഇവ രണ്ടും. കൂടാതെ രക്ഷാപദ്ധതിയുടെ സാക്ഷികളുമാകുന്നു. പഴയനിയമത്തിലെ നിഴലുകൾ, യാഗങ്ങൾ, പ്രവചനങ്ങൾ തുടങ്ങിയവ

വരുവാനുള്ള രക്ഷകനെ ചൂണ്ടിക്കാട്ടുന്നു. പുതിയ നിയമത്തിലെ സുവിശേഷങ്ങളും അപ്പൊസ്തലിക ലേഖനങ്ങളും വന്നുകഴിഞ്ഞ ഒരു രക്ഷകനെക്കുറിച്ച് സംസാരിക്കുന്നു. പഴയനിയമത്തിലെ പ്രതീക്ഷകളും പ്രവചനങ്ങളും മുൻകൂട്ടി പ്രവചിച്ച അതേ രീതിയിൽത്തന്നെ രക്ഷകൻ വന്നുവെന്ന് പുതിയനിയമ എഴുത്തുകാർ പറയുന്നു..

"അവർ രട്ടു ഉടുത്തുംകൊണ്ട് ആയിരത്തി ഇരുനൂറ്റി അറുപതു ദിവസം പ്രവചിക്കും". ഈ കാലഘട്ടത്തിൻറെ കൂടുതൽ സമയത്തും ദൈവത്തിൻറെ സാക്ഷികൾ ഏതാണ്ട് വിസ്മൃതിയിൽ കഴിയുകയായിരുന്നു. സത്യവചനത്തെ ജനത്തിൽനിന്നും മറച്ചുവയ്ക്കുവാൻ

പാപ്പാത്വശക്തി ശ്രമിച്ചു. അതിനുപകരം സത്യസാക്ഷികളെ എതിർക്കുന്നതിന് വ്യാജസാക്ഷികളെ അവരുടെ മുമ്പാകെ വച്ചു. മതശക്തിയാലും മതേതര ശക്തിയാലും വേദപുസ്തകം നിന്ദിച്ചു തള്ളപ്പെട്ടപ്പോൾ, വേദപുസ്തക സാക്ഷ്യങ്ങളെ വികലമാക്കിയപ്പോൾ, പിശാചും മനുഷ്യരും ചേർന്ന് മനുഷ്യഹൃദയങ്ങളെ വേദപുസ്തകത്തിൽ നിന്ന് തിരിച്ചപ്പോൾ, വേദപുസ്തകത്തിലെ വിശുദ്ധ സത്യങ്ങളെ ഘോഷിക്കുവാൻ ശ്രമിച്ചവർ വേട്ടയാടപ്പെടുകയും ഒറ്റിക്കൊടുക്കപ്പെടുകയും പീഡിപ്പി ക്കപ്പെടുകയും ചെയ്തപ്പോൾ ഈ വിശ്വസ്ത സാക്ഷികൾ രട്ടുടുത്ത് പ്രവചിച്ചും ആയിരത്തി ഇരുനൂറ്റി അറുപത്

സംവത്സരങ്ങളോളം അവരുടെ സാക്ഷ്യം തുടർന്നു. കൂരിരുട്ടിൻറെ താളുകളിൽ ദൈവവചനത്തെ സ്നേഹിച്ച വിശ്വസ്തരായ ആളുകളുണ്ടായിരുന്നു. അവർ വളരെ തീക്ഷ്ണതയുള്ളവരായിരുന്നു. ഈ വിശ്വസ്ത സേവകർക്ക് ജ്ഞാനവും ശക്തിയും തൻറെ സത്യം പ്രഘോഷിക്കുവാൻ അധികാരവും ഈ കാലഘട്ടത്തിൽ (1260 വർഷം) കൊടുത്തു.

“ആരെങ്കിലും അവർക്ക് ദോഷം ചെയ്യാൻ ഇച്ഛിച്ചാൽ അവരുടെ വായിൽനിന്ന് തീ പുറപ്പെട്ട് അവരുടെ ശത്രുക്കളെ ദഹിപ്പിച്ചുകളയും” (വെളി. 11:5) ശിക്ഷകൂടാതെ ദൈവവചനത്തെ ആർക്കും ചവിട്ടിമെതിക്കാൻ

കഴികയില്ലായിരുന്നു. വെളിപ്പാട് പുസ്തകത്തിൻറെ അവസാന അദ്ധ്യായത്തിൽ ഈ ഭയാനകമായ ശാപത്തിൻറെ അർത്ഥം നൽകിയിട്ടുണ്ട്. “ഈ പുസ്തകത്തിലെ പ്രവചനം കേൾക്കുന്ന ഏവനോടും ഞാൻ സാക്ഷീകരിക്കുന്നതെന്തെന്നാൽ: അതിനോട് ആരെങ്കിലും കൂട്ടിയാൽ ഈ പുസ്തകത്തിൽ എഴുതിയ ബാധകളെ ദൈവം അവനു വരുത്തും. ഈ പ്രവചന പുസ്തകത്തിലെ വചനത്തിൽ നിന്ന് ആരെങ്കിലും വല്ലതും നീക്കിക്കളഞ്ഞാൽ ഈ പുസ്തകത്തിൽ എഴുതിയിരിക്കുന്ന ജീവവൃക്ഷത്തിലും വിശുദ്ധ നഗരത്തിലും അവനുള്ള അംശം ദൈവം നീക്കിക്കളയും”(വെളി. 22:18,19).

ദൈവം വെളിപ്പെടുത്തിയിട്ടുള്ളതും ആജ്ഞാപിച്ചിട്ടുള്ളതുമായ കാര്യങ്ങളെ ഏതെങ്കിലും വിധത്തിൽ മാറ്റുന്നതിനെതിരായി ദൈവം നൽകിയിട്ടുള്ള മുന്നറിയിപ്പുകൾ പ്രകാരത്തിലുള്ളവയായിരുന്നു. ദൈവകല്പനയെ ലാഘവമായി കണക്കാക്കുന്നതിന് തങ്ങളുടെ പെരുമാറ്റവും സ്വാധീനശക്തിയും ഉപയോഗിക്കുന്നവർക്കും ഈ ഗൗരവമായ മുന്നറിയിപ്പ് ബാധകമാണ്. ദൈവ കല്പനയെ നാം അനുസരിച്ചാലും ഇല്ലെങ്കിലും സാരമില്ല എന്ന് അലക്ഷ്യ മായി പറയുന്നവരേയും ഈ മുന്നറിയിപ്പ് ഭയവും വിറയലും ഉള്ളവരാക്കേണ്ടതാണ്. ദൈവിക വെളിപ്പാടിനുപരിയായി തങ്ങളുടെ

സ്വന്തം അഭിപ്രായങ്ങളെ
ഉയർത്തുന്നവർ തങ്ങളുടെമേൽ
ഭയാനകമായ ഒരു വിധി
വരുത്തിവയ്ക്കുകയാണ്.
തിരുവെഴുത്തുകളുടെ നേരെയുള്ള
ഉപദേശങ്ങളെ തങ്ങളുടെ
സൗകര്യത്തിനൊപ്പിച്ച്
വളച്ചൊടിയ്ക്കുകയോ, അല്ലെങ്കിൽ ലോക
പ്രകാരം ജീവിക്കുന്നതിനുവേണ്ടി
മാറ്റുകയോ ചെയ്യുന്നവർ, തങ്ങളുടെമേൽ
ശാപം വരുത്തി വയ്ക്കുകയാണ്.
എഴുതപ്പെട്ട വചനം, അഥവാ
ദൈവത്തിൻറെ കല്പ്പന ഓരോ
മനുഷ്യൻറെയും സ്വഭാവത്തെ
അളന്നുനോക്കുന്നു. ഒരിക്കലും തെറ്റു
പറ്റാത്ത ഈ അളവുകോൽ
കുറവുള്ളവനെ ന്യായം വിധിക്കും.

“അവർ തങ്ങളുടെ സാക്ഷ്യം തികച്ചശേഷം”. രട്ടു ഉടുത്തിരുന്ന രണ്ടു സാക്ഷികൾ പ്രവചിക്കേണ്ട കാലം 1798-ൽ അവസാനിച്ചു. തങ്ങളുടെ വേല വിസ്തൃതിയിൽ അവസാനിക്കുന്ന സമയത്തേക്ക് അവർ സമീച്ചുകൊണ്ടിരുന്നപ്പോൾ” ആഴത്തിൽനിന്ന് കയറിവന്ന മൃഗം പ്രതിനിധീകരിക്കുന്ന ശക്തിയുമായി അവർക്ക് യുദ്ധം ചെയ്യേണ്ടിയിരുന്നു. യൂറോപ്പിലെ പല രാഷ്ട്രങ്ങളിലും രാഷ്ട്രത്തേയും സഭയേയും ഭരിച്ചുകൊണ്ടിരുന്ന ശക്തി; നൂറ്റാണ്ടുകളായി സാത്താനാൽ നിയന്ത്രിക്കപ്പെട്ടിരുന്നു.

സാത്താന്യശക്തിയുടെ ഒരു പുതിയ പ്രകടനം സൃഷ്ടിക്ക് വിഷയീഭവിച്ചു.

വേദപുസ്തകത്തോടുള്ള ഭയഭക്തി എന്ന ഭാവേന വേദപുസ്തകത്തെ അറിയാൻ പാടില്ലാത്ത ഭാഷയിൽ ബന്ധിച്ചിടുക എന്നത് റോമിൻറെ ഒരു നയമായിരുന്നു. അങ്ങനെ വേദ പുസ്തകം ജനങ്ങളുടെ കയ്യിൽ എത്താതെ സൂക്ഷിച്ചു. അവളുടെ (റോമിൻറെ) ഭരണത്തിൻ കീഴിൽ ഈ സാക്ഷികൾ രട്ടു ഉടുത്തുകൊണ്ട് പ്രവചിച്ചു. എന്നാൽ വേറൊരു ശക്തി-അഗാധത്തിൽനിന്ന് കയറിവന്ന മൃഗം-ദൈവവചനത്തിനെതിരായി എഴുന്നേറ്റ് തുറന്ന യുദ്ധം ചെയ്യേണ്ടതുണ്ടായിരുന്നു.

ഈ സാക്ഷികൾ കൊല്ലപ്പെട്ട്
"മഹാനഗരത്തിൻറെ" വീഥിയിൽ
അവരുടെ ശവം കിടക്കും. ആ നഗരം
ആത്മീകമായ അർത്ഥത്തിൽ
ഈജിപ്റ്റ് ആണ്.
വേദപുസ്തകചരിത്രത്തിൽ വരുന്ന എല്ലാ
നഗരങ്ങളിലും വച്ച് ജീവനുള്ള
ദൈവത്തേയും ദൈവത്തിൻറെ
ആജ്ഞകളേയും തിരസ്കരിച്ചത്
ഈജിപ്തായിരുന്നു. ഈജിപ്തിലെ
ഭരണാധികാരിയെപ്പോലെ ഒരു രാജാവും
സ്വർഗ്ഗീയ ഭരണാധികാരിക്കെതിരായി
ഇത്രത്തോളം എതിർക്കയോ കടുംകൈ
കാട്ടുകയോ ചെയ്തിട്ടില്ല. മോശെ
ദൈവത്തിൻറെ ദൂത് ഫറവോൻറെ
പക്കൽ കൊണ്ടുവന്നപ്പോൾ, ഫറവോൻ
ധാർഷ്ട്യത്തോടെ പറഞ്ഞു:

“യിസ്രായേലിനെ വിട്ടയപ്പാൻ തക്കവണ്ണം, ഞാൻ യഹോവയുടെ വാക്ക് കേൾക്കേണ്ടതിന് അവൻ ആർ? ഞാൻ യഹോവയെ അറികയില്ല. ഞാൻ യിസ്രായേലിനെ വിട്ടയയ്ക്കുകയുമില്ല” എന്നു പറഞ്ഞു (പുറ. 5:2). ഇത് നിരീശ്വരത്വം ആണ്. ഈജിപ്റ്റ് പ്രതിനിധീകരിക്കുന്ന രാഷ്ട്രം ഇപ്രകാരം ജീവനുള്ള ദൈവത്തിൻറെ ആജ്ഞകളെ നിരസിക്കുകയും അവിശ്വാസത്തിൻറേയും മറുതലിപ്പിൻറേയും ആത്മാവിനെ പ്രകടിപ്പിക്കുകയും ചെയ്യും. മഹാനഗരത്തെ ആത്മീയമായി സൊദോമിനോടും തുലനം ചെയ്യുന്നുണ്ട്. ദൈവകല്പനകളെ ലംഘിച്ച് സൊദോമിൻറെ പാപം

ഭോഗാസക്തിയായിരുന്നു. ഈ തിരുവെഴുത്തുകളിലെ സുവ്യക്തമായ വിവരണത്തിന് യോജിച്ചു വരുന്ന രാഷ്ട്രത്തിൻറെ മുഖമുദ്രയായിരുന്ന പാപവും ഇതുതന്നെയായിരുന്നു.

പ്രവാചകൻ പറഞ്ഞതുപോലെ 1798-നു തൊട്ടുമുമ്പ് സാത്താന്യ ആരംഭവും സ്വഭാവവും ഉള്ള ഒരു ശക്തി എഴുന്നേറ്റ് വേദപുസ്തകത്തിനെതിരായി യുദ്ധം അഴിച്ചുവിടും. ദൈവത്തിൻറെ രണ്ടു സാക്ഷികളെ നിശ്ശബ്ദമാക്കുന്ന ആ നാട്ടിൽ ഫറവോൻറെ നിരീശ്വരത്വവും സൊദോമിൻറെ ഭോഗാസക്തിയും ഉണ്ടായിരിക്കും.

ഫ്രാൻസിന്റെ ചരിത്രം നോക്കുമ്പോൾ, ഈ പ്രവചനം ഫ്രാൻസിനെ സംബന്ധിച്ച് കടുകിട വ്യത്യാസമില്ലാത്തതാണെന്ന് മനസ്സിലാക്കുവാൻ കഴിയും. “ഫ്രഞ്ചു വിപ്ലവകാലഘട്ടത്തിൽ, അതായത് 1793-ൽ, ലോകം ആദ്യമായി കേട്ട ഒരു വാർത്ത ഇതായിരുന്നു. നാഗരികതയിൽ ജനിക്കയും വളരുകയും വിദ്യാഭ്യാസം ചെയ്യപ്പെടുകയും ചെയ്ത സംസ്കാരചിത്തരായ ഒരുസംഘം - യൂറോപ്യൻ രാഷ്ട്രങ്ങളിൽ വച്ച് ഏറ്റവും മേത്തരമെന്ന് കരുതപ്പെട്ടിരുന്നതും ഫ്രഞ്ചുജനതയെ ഭരിക്കുവാൻ കഴിവുള്ളതുമായ ഒരുസംഘം- ഏറ്റവും പാവനമായ ഒരു സത്യത്തിനെതിരായി ശബ്ദമുയർത്തി. അവർ ഏകകണ്ഠമായി

ദൈവാരാധനയേയും ദൈവവിശ്വാസത്തേയും ത്യജിച്ച്" - Walter Scott, Life of Napoleon, vol. 1, ch. 17, ഒരു രാഷ്ട്രമെന്ന നിലയിൽ "പ്രപഞ്ച സ്രഷ്ടാവിനെതിരായി കൈ ഉയർത്തിയ ഏകരാഷ്ട്രം ഫ്രാൻസ് ആയിരുന്നു. ധാരാളം ദൈവദൂഷകന്മാരും അവിശ്വാസികളും അവിടെ ഉണ്ടായിരുന്നു. ഇപ്പോഴും അപ്രകാരമുള്ളവർ അവിടെ ഉണ്ട്. ഇംഗ്ലണ്ടിലും ജർമ്മനിയിലും പെയിനിലും ഉള്ള സ്ഥിതിയും വിഭിന്നമല്ല. എന്നാൽ ലോകചരിത്രത്തിൽ ഫ്രാൻസ് ഇക്കാര്യത്തിൽ മറ്റെല്ലാ രാജ്യങ്ങളേയും കടത്തിവെട്ടിയിരിക്കുന്നു.

നിയമസഭയിൽ പാസ്സാക്കിയ നിയമത്തിലൂടെ ഫ്രാൻസിൽ നിരീശ്വരവാദം (പബലമായിത്തീർന്നു. ഫ്രാൻസിന്റെ തലസ്ഥാന നഗരിയിലെ ആളുകളും മറ്റു പ്രദേശങ്ങളിലെ ഭൂരിഭാഗം ആളുകളും നൃത്തം ചെയ്തും പാട്ടുകൾ പാടിയും ഫ്രഞ്ച് നിയമസഭയുടെ തീരുമാനത്തെ സ്വാഗതം ചെയ്തു". - Blackwood's Magazine, November, 1870.

സൊദോമിൻറെ ചില പ്രത്യേക സ്വഭാവസവിശേഷതകൾ ഫ്രാൻസ് പ്രകടിപ്പിച്ചു. ഫ്രഞ്ച് വിപ്ലവകാലത്ത്, സൊദോം ഗൊമോറായുടെ വീഴ്ചയ്ക്ക് കാരണമാക്കിയ അവസ്ഥാവിശേഷം ഫ്രാൻസിലും നടമാടിയിരുന്നു.

പ്രവചനത്തിൽ നൽകപ്പെട്ടിരിക്കുന്ന തരത്തിലുള്ള നിരീശ്വരത്വവും ഭോഗാസക്തിയും ചരിത്രകാരൻ സാക്ഷ്യപ്പെടുത്തുന്നു: "ഫ്രാൻസിലെ നിയമങ്ങളിൽ ചിലത് മതത്തെ വളരെ അധികം സ്പർശിക്കുന്നതായിരുന്നു. വിവാഹത്തിൻറെ പരിപാവനതയെ അവർ ഒന്നുമല്ലാതാക്കി. മനുഷ്യന് ദൈവത്തിൽനിന്ന് ലഭിച്ചിട്ടുള്ള ഏറ്റവും പരിപാവനമായ ഒരു സ്ഥാപനമാണല്ലോ വിവാഹബന്ധം. അതിൻറെ ഉറപ്പും സ്ഥിരതയും സമൂഹത്തിൻറെ കെട്ടുറപ്പിനെ സഹായിക്കുന്നു. എന്നാൽ ഫ്രാൻസിൽ പരിശുദ്ധവിവാഹത്തെ വെറുമൊരു "സിവിൽ കോൺടാക്റ്റ്" എന്ന അവസ്ഥയിലേക്ക് അധഃപതിപ്പിച്ചു. രണ്ടു വ്യക്തികൾക്ക്

എപ്പോൾ വേണമെങ്കിലും സ്ഥാപിക്കയും, അവരുടെ ഇംഗിതപ്രകാരം അതിനെ അഴിക്കയും ചെയ്യാവുന്ന ഒരു ബന്ധമാക്കി വിവാഹത്തെ അധഃപതിപ്പിച്ചു. പരിപാവനമായ ഏതൊരു വ്യവസ്ഥയേയും തകർക്കുന്നതിന് ഒരു മാർഗ്ഗം കണ്ടുപിടിക്കാൻ പിശാചുക്കൾ ഒരുമ്പെടുകയാണെങ്കിൽ, പ്രത്യേകിച്ചും തലമുറതലമുറയായി ആ തകർച്ച നീണ്ടുനിൽക്കണമെന്ന് അവർ ആഗ്രഹിക്കുകയും ചെയ്യുന്നുവെങ്കിൽ, വിവാഹത്തെ അധഃപതിപ്പിക്കുന്നതിനേക്കാൾ മെച്ചമായ ഒരു മാർഗ്ഗമില്ല. ഒരു നടിയായിരുന്ന സോഫി ആർ. നെനൾട്ട് പറഞ്ഞു: “ഗവണ്മെൻറ് അനുവദിച്ചിട്ടുള്ള വിവാഹം

വ്യഭിചാരത്തിൻറെ ഒരു വിശുദ്ധ കർമ്മമാണ്". -Scott, vol. 1, ch. 17.

"നമ്മുടെ കർത്താവും അവിടെ ക്രൂശിക്കപ്പെട്ടു". പ്രവചനത്തിൻറെ ഈ വിവരണവും ഫ്രാൻസ് നിറവേറ്റി. മറ്റൊരു രാജ്യത്തും ക്രിസ്തുവിനോടുള്ള വിരോധം ഇത സ്പഷ്ടമായി പ്രദർശിപ്പിച്ചില്ല. മറ്റൊരു രാജ്യത്തും സത്യം ഇത്ര ക്രൂരമായി എതിർക്കപ്പെട്ടില്ല. സുവിശേഷത്തെ പ്രകീർത്തിച്ചവരെ പീഡിപ്പിച്ചതിലൂടെ ക്രിസ്തുവിനെ ഫ്രാൻസ് ക്രൂശിച്ചു.

നൂറ്റാണ്ടുകളായി വിശുദ്ധന്മാരുടെ രക്തം ഫ്രാൻസിൽ ഒഴുക്കപ്പെട്ടു. പീഡകൊണ്ട് പർവ്വതനിരകളിൽ

വാൾഡൻസുകാർ
ദൈവവചനത്തിനുവേണ്ടിയും
യേശുവിൻറെ സാക്ഷ്യത്തിനുവേണ്ടിയും
തങ്ങളുടെ ജീവനെ വെടിഞ്ഞപ്പോൾ,
അവരുടെ സഹോദരങ്ങൾ
(ഫ്രാൻസിലെ ആൽബിജൻസുകാർ)
സത്യത്തിന് സാക്ഷികളായി.
നവീകരണ കാലഘട്ടത്തിൽ, അതിൻറെ
പ്രയോക്താക്കളിൽ പലരും ഭയങ്കരമായ
പീഡനങ്ങൾക്കും മരണത്തിനും
ഇരയായിത്തീർന്നു. രാജാക്കന്മാരും
പ്രഭുക്കന്മാരും ഉന്നതകുലജാതരായ
സ്ത്രീജനങ്ങളും യുവസുന്ദരികളും
രാജ്യത്തിലെ യോദ്ധാക്കളും
യേശുവിനുവേണ്ടി
രക്തസാക്ഷികളായവരുടെ വേദനകൾ
കൺകുളിർക്കെ കണ്ടു.

മനുഷ്യഹൃദയങ്ങൾ പരിഹാസമായി കരുതുന്ന അവകാശങ്ങൾക്കുവേണ്ടി യുദ്ധം ചെയ്ത ധീരരായ ഹ്യൂഗനോട്ടുകൾ തങ്ങളുടെ ചുടു രക്തം അനേക യുദ്ധക്കളങ്ങളിൽ ഒഴുക്കി. പ്രൊട്ടസ്റ്റൻറുകാരെ പുറന്തള്ളപ്പെട്ടവരായി ഗണിച്ചു. അവരുടെ തലകൾക്ക് വില നിർണ്ണയിച്ചു. വന്യമൃഗങ്ങളെപ്പോലെ അവൻ വേട്ടയാടപ്പെട്ടു.

"മരുഭൂമിയിലെ സഭ'യായിരുന്ന പുരാതന ക്രിസ്ത്യാനികളുടെ ചില സന്താന പരമ്പരകൾ അപ്പോഴും ഫ്രാൻസിലുണ്ടായിരുന്നു. ഫ്രാൻസിൻ്റെ ദക്ഷിണ ഭാഗത്തുള്ള വനാന്തരങ്ങളിലും കുന്നുകളിലും അവർ

അഭയം തേടിയിരുന്നു. അവർ അപ്പോഴും തങ്ങളുടെ പിതാക്കന്മാരുടെ വിശ്വാസത്തെ ഉയർത്തിപ്പിടിച്ചിരുന്നു. രാത്രികാലങ്ങളിൽ പർവ്വതപ്രദേശത്തും വിജനമായ ചതുപ്പുനിലങ്ങളിലും തങ്ങളുടെ കൂട്ടുവിശ്വാസികളെ കാണുവാൻ അവർ ധൈര്യം കാട്ടിയിരുന്നു. അങ്ങനെയുള്ള സന്ദർഭങ്ങളിൽ ശത്രുക്കളായ കുതിരപ്പടയാളികളും മറ്റും അവരെ വേട്ടയാടി പിടികൂടി ജീവിതാന്ത്യംവരെ തടവിലോ അടിമത്വത്തിലോ കഴിയുവാൻ വിധിച്ചിരുന്നു. ഏറ്റവും വിശുദ്ധരും, സംസ്കാരസമ്പന്നരുമായ ആളുകളെ ചങ്ങലകൊണ്ട് ബന്ധിച്ച്, കഠിനമായി പീഡിപ്പിച്ച്

കൊലപാതകികളും
കൊള്ളക്കാരുമായവരുടെകൂടെ
പാർപ്പിച്ചു. (Wylie, b.22,ch.6
കാണുക). മറ്റുള്ളവരെ കുറേക്കൂടി
കരുണയോടുകൂടിയുള്ള
പ്രവർത്തനത്തിന് വിധേയരാക്കി.
അവരെ നിർഭയമായി
വെടിവെച്ചുകൊന്നു. അവർ
പ്രാർത്ഥനയോടെ മരിച്ചുവീണു.
പ്രായംചെന്ന നൂറുകണക്കിനാളുകൾ,
നിരാലംബരായ സ്ത്രീകൾ, നിഷ്കളങ്കരായ
കുഞ്ഞുങ്ങൾ തുടങ്ങിയവർ ദയനീയമായി
മരിച്ചുവീണു. ഈ വിശ്വാസികൾ
ഒത്തുകൂടാറുണ്ടായിരുന്ന വന
പ്രദേശങ്ങളിലും മലഞ്ചരിവുകളിലുംകൂടെ
നടക്കുമ്പോൾ ഇടവിട്ടുള്ള
പ്രദേശങ്ങളിൽ, ശവശരീരങ്ങൾ

പുൽത്തകിടിയിൽ കിടക്കുന്നതോ,
മരങ്ങളിൽ തൂങ്ങിനിൽക്കുന്നതായോ
കാണാമായിരുന്നു. വാൾ, മഴു തുടങ്ങിയ
ആയു ധങ്ങൾകൊണ്ട് അവരുടെ രാജ്യം
നിർജനമാക്കപ്പെട്ടു. ഈ ഭയങ്കര
കൃത്യങ്ങളൊക്കെ നടന്നത്
അന്ധകാരയുഗത്തിലായിരുന്നില്ല;
നേരെമറിച്ച് ലൂയി 14-ാമൻറെ
സുവർണ്ണയുഗത്തിലായിരുന്നു. ആ
കാലത്ത് ശാസ്ത്രം പുരോഗമിച്ചിരുന്നു.
സാഹിത്യശാഖ വികസിച്ചിരുന്നു.
രാജകൊട്ടാരങ്ങളിലും തല
സ്ഥാനനഗരിയിലും പാർത്തിരുന്നവർ
വിദ്യാസമ്പന്നരും വാഗ്മികളും
ആയിരുന്നു. സൗമ്യത ഔദാര്യം
തുടങ്ങിയ സൽഗുണങ്ങൾ

അവർക്കുണ്ടായിരുന്നു." — ibid., b, 22, ch. 7.

കുറ്റകൃത്യങ്ങളിൽ ഏറ്റവും ഹീനമായതും ഭയാനകമായതുമായ പ്രവൃത്തി "സെൻറ് ബർത്തലോമിയോ കൊലപാതകം" എന്ന പേരിൽ അറിയപ്പെട്ട കുറ്റകൃത്യമായിരുന്നു. ഏറ്റവും ക്രൂരമായ ആ കൊലപാതകത്തെ കുറിച്ച് ഓർക്കുമ്പോൾ ലോകം നടുങ്ങുന്നു. റോമൻ കത്തോലിക്കാ പുരോഹിതന്മാരുടെ പ്രേരണയ്ക്ക് വശംവദനായി ഫ്രാൻസിലെ രാജാവ് ഈ അറും കൊലയ്ക്ക് ഉത്തരവ് നൽകി. രാത്രിയുടെ ശ്മശാനമൂകതയിൽ ഒരു മണി നാദം കേൾക്കുമ്പോൾ കൊല ആരംഭിക്കണമെന്നായിരുന്നു തീരുമാനം.

തങ്ങളുടെ ഭവനങ്ങളിൽ ഒന്നും അറിയാതെ ഉറങ്ങിയിരുന്ന ആയിരക്കണക്കിന് പ്രൊട്ടസ്റ്റൻറുകാരെ നിർദയമായി വധിച്ചു.

മിസ്രയീമ്യ അടിമത്വത്തിൽനിന്ന് പുറപ്പെട്ട ജനതയുടെ അദൃശ്യ നേതാവ് ക്രിസ്തു ആയിരുന്നതുപോലെ, ഈ കൊലപവൃത്തി ചെയ്ത് ദുഷ്ട സേനയുടെ അദൃശ്യനായ നേതാവ് സാത്താനായിരുന്നു. പാരീസിൽ എഴ ദിവസത്തോളം ഈ കൊലപാതക അക്രമം തുടർന്നു. ആദ്യത്തെ മൂന്നു ദിവസങ്ങളിൽ നമുക്ക് അചിന്ത്യമായ തരത്തിലുള്ള ക്രൂരതയാണ് നടമാടിയത്. നഗരത്തിൽ മാത്രം ഈ പ്രവൃത്തി ഒതുങ്ങിയില്ല. രാജാവിൻറെ പ്രത്യേക

ആജ്ഞയാൽ, പ്രൊട്ടസ്റ്റൻറുകാർ കൂടുതൽ അധിവസിച്ചിരുന്ന പ്രവിശ്യകളിലേക്കും പട്ടണങ്ങളിലേക്കും ഈ അക്രമം വ്യാപിപ്പിച്ചു. പ്രായമോ ആൺ പെൺ ഭേദമോ നോക്കാതെയുള്ള ക്രൂരതയാണ് അവർ കാട്ടിയത് നിരപരാധിയായ ശിശുവോ, തല നരച്ച വൃദ്ധരോ ഈ അക്രമത്തിൽനിന്ന് രക്ഷപെട്ടില്ല. പ്രഭുവും സാധാരണക്കാരനും പ്രായം ചെന്നവരും യുവാക്കളും അമ്മമാരും പൈതങ്ങളും കൊലചെയ്യപ്പെട്ടു. ഫ്രാൻസിൽ ഉടനീളം ഈ കശാപ്പ് രണ്ടുമാസത്തോളം തുടർന്നു. രാഷ്ട്രത്തിൻറെ സമ്പത്തായ എഴുപതിനായിരം ആളുകൾ കൊല്ലപ്പെട്ടു.

“ഈ കൊലപാതകത്തിൻറെ വാർത്ത റോമിൽ എത്തിയപ്പോൾ, അവിടുത്തെ പുരോഹിതന്മാരുടെ ഇടയിലുണ്ടായ സന്തോഷത്തിന് അതിരില്ലായിരുന്നു. ഈ വാർത്തയുമായി വന്ന ദൂതന് ലൊറെയിനിലെ കർദ്ദിനാൾ ആയിരം ക്രൗൺസ് ദാനംചെയ്തു. സെൻറ് ആൻജലോയിലെ പീരങ്കി ആചാരവെടി മുഴക്കി ഈ വാർത്തയിൽ ആഹ്ലാദിച്ചു. എല്ലാ ദൈവാലയ ഗോപുരങ്ങളിലും മണിനാദം മുഴക്കപ്പെട്ടു. സന്തോഷം പ്രകടിപ്പിക്കാൻ രാത്രിയിൽ അഗ്നികുണ്ഡങ്ങൾ ഒരുക്കി. മാർപാപ്പ ആയിരുന്ന ഗ്രിഗറി 13-ാമൻ, അനേക കർദ്ദിനാൾമാരാലും ശ്രേഷ്ഠപുരോഹിതന്മാരാലും അനുഗതനായി, ഒരു വലിയ

ഘോഷയാത്രയായി "സെൻറ് ലൂയി" പള്ളിയിലേക്കുപോയി. അവിടെവച്ച് ലൊറെയിലെ കർദ്ദിനാൾ റ്റെ ഡിയെം എന്ന് ഗാനം ആലപിച്ചു.... അവിടെ നടന്ന കൊലപാതകത്തെ കൊണ്ടാടുവാൻ ഒരു മെഡൽ സ്ഥാപിച്ചു. വത്തിക്കനിൽ ഇന്നും കാണുന്ന മൂന്നു ചുവർ ചിത്രങ്ങളുണ്ട്. ഒന്ന്, ഒരു നാവികസേനാധിപതിക്കു (admiral) നേരേ നടത്തുന്ന യുദ്ധം. രണ്ട്, ഫ്രാൻസിലെ രാജാവ് തൻറെ കൗൺസിലിൽ ഇരുന്നുകൊണ്ട് കൊലയ്ക്ക് പ്ലാൻ ചെയ്യുന്നത്. മൂന്ന്, വ്യാപകമായി നടന്ന കൊലപാതകങ്ങൾ. പോപ്പ് ഗ്രിഗറി ഗോൾഡൻ റോഡ് എന്ന പേരിൽ അറിയപ്പെട്ടിരുന്ന ചാൾസിനെ

അയച്ചു... കൊലയ്ക്ക് നാലു മാസത്തിനുശേഷം പോപ്പ് ഗ്രിഗറി ഫ്രാൻസിലെ ഒരു പുരോഹിതൻറെ പ്രസംഗം ഒരു മനസ്സാക്ഷിക്കുത്തുമില്ലാതെ ശ്രവിച്ചു. പുരോഹിതൻറെ പ്രസംഗവും കൊലപാതകത്തെ ന്യായീകരിച്ചുകൊണ്ടായിരുന്നു. പരിശുദ്ധ പിതാവ് (മാർപാപ്പ) ഈ വാർത്ത സന്തോഷത്തോടെ കേട്ട് ദൈവത്തെ സ്തുതിപ്പാനായി സെൻറ് ലൂയി കത്തീഡ്രലിലേക്കുപോയി.
-"Henry White The Massacre of St: Bartholomew", ch. 14, par. 34.

സെൻറ് ബർത്തലോമ്യോ കൊലപാതകത്തിന് പ്രേരണ നൽകിയ

അതേ ആത്മാവുതന്നെയാണ് ഫ്രഞ്ച് വിപ്ലവത്തേയും നയിച്ചത്. യേശുക്രിസ്തുവിനെ ആൾമാറാട്ടം നടത്തുന്ന ഒരു തട്ടിപ്പുകാരനായി വിപ്ലവകാരികൾ ചിത്രീകരിച്ചു. "അധമനെ തകർക്കുക" എന്നായിരുന്നു ഫ്രഞ്ച് നിരീശ്വരവാദികളുടെ മുദ്രാവാക്യം. അതിൻറെ അർത്ഥം ക്രിസ്തുവിനെ തകർക്ക എന്നായിരുന്നു. ദൈവദൂഷണവും ആധാർമ്മിക പ്രവൃത്തികളും കൈകോർത്തു നടന്നു. ഏറ്റവും ഹീനരായ മനുഷ്യർ അക്കാലത്ത് ഏറ്റവും ശ്രേഷ്ഠരായി ഗണിക്കപ്പെട്ടു. ഇതിലെല്ലാം സാത്താന് പുകഴ്ച ലഭിച്ചു. നിസ്വാർത്ഥ സ്നേഹത്തിൻറെ നിറകുടമായിരുന്ന ക്രിസ്തുവിനെ വീണ്ടും ക്രൂശിച്ചു.

“ആഴത്തിൽനിന്ന് കയറിവരുന്ന മൃഗം അവരോട് പടവെട്ടി അവരെ ജയിച്ച കൊന്നുകളയും.” ഫ്രഞ്ച് വിപ്ലവകാലത്തും ഭീകരഭരണകാലത്തും ഫ്രാൻസിനെ ഭരിച്ചിരുന്ന നിരീശ്വരശക്തി ദൈവത്തിനും ദൈവവചനത്തിനുമെതിരായി ലോകം ഇതുവരേയും കണ്ടിട്ടില്ലാത്ത തരത്തിൽ ഒരു യുദ്ധം ചെയ്തു. ഫ്രാൻസിലെ നാഷണൽ അസംബ്ലി ദൈവാരാധന നിരോധിച്ചു; വേദപുസ്തകങ്ങൾ കൂട്ടി പരസ്യമായി അഗ്നിക്കിരയാക്കി. ദൈവകല്പനയെ ചവിട്ടി മെതിച്ചു. വേദപുസ്തക സ്ഥാപനങ്ങളെ നിരോധിച്ചു. ആഴ്ചയിലെ സ്വസ്ഥദിനത്തെ നീക്കി. അതിനുപകരം പത്തു ദിവസത്തിൽ ഒരു ദിവസം

ആഹ്ലാദത്തിനും
ദൈവദൂഷണത്തിനുമായി മാറ്റിവച്ചു.
ജ്ഞാനസ്നാനവും തിരുവത്താഴ
ശുശ്രൂഷകളും നിരോധിച്ചു. മരണം
നിത്യമായ ഒരു ഉറക്കമാണെന്ന്
ശവപ്പറമ്പുകളിലും മറ്റും പ്രസിദ്ധീകരിച്ചു.

യഹോവാഭക്തി ജ്ഞാനത്തിൻറെ
ആരംഭമല്ല നേരെമറിച്ച് അത്
വിഡ്ഢിത്തത്തിൻറെ ആംരഭമാണെന്ന്
അവർ പഠിപ്പിച്ചു. എല്ലാ തരത്തിലുമുള്ള
ആരാധനയും നിരോധിക്കപ്പെട്ടു. അതിനു
പകരമായി സ്വാതന്ത്ര്യത്തേയും
രാജ്യത്തേയും ആരാധിച്ചു. ദേശീയ
ജനപ്രതിനിധികൾ ആസനസ്ഥരായ
ഒരു സഭയിൽ ഇത് ഹീനവും
ലജ്ജാവഹവുമായ പ്രഹസനം

നടന്നിട്ടില്ല. അതു നട ത്തുവാൻ
വന്നതോ പാരീസിലെ വ്യവസ്ഥാപിത
ബിഷപ്പും. വലിയ
ഘോഷയാത്രയായിട്ടാണ് അദ്ദേഹത്തെ
വരവേറ്റത്. താൻ വർഷങ്ങളായി
പഠിപ്പിച്ചു വന്ന മതം എല്ലാ വിധത്തിലും
ഒരു പൗരോഹിത്യ
തന്ത്രമായിരുന്നുവെന്നും അത്
ചരിത്രത്തിലോ, വിശുദ്ധസത്യത്തിലോ
അടിസ്ഥാനമുറപ്പിച്ചിട്ടുള്ളതല്ല എന്നും
അദ്ദേഹം പറഞ്ഞു. ആരുടെ
ആരാധനയ്ക്കായി പ്രതിഷ്ഠിക്കപ്പെട്ടു കയും
സമർപ്പിക്കപ്പെടുകയും
ചെയ്തിരിക്കുന്നുവോ, ആ ദൈവത്തിൻറെ
ആസ്തിക്യത്തെ, സംശയത്തിനിട
നൽകാത്ത വിധത്തിൽ
നിരാകരിക്കുകയും, ഇനിമേലിൽ താൻ

സ്വാതന്ത്ര്യത്തേയും സത്ഗുണങ്ങളേയും ധാർമ്മികതയേയും ആരാധിക്കയും ബഹുമാനിക്കയും ചെയ്യുമെന്ന് ആ ബിഷപ്പ് പറഞ്ഞു. അതിനുശേഷം തൻറെ പൗരോഹിത്യ മുദ്രകൾ എല്ലാം അഴിച്ച് മേശപ്പുറത്ത് വെച്ചു. ദേശീയ കൺവൻഷന്റെ പ്രസിഡൻറ് അദ്ദേഹത്തെ ചുംബിച്ചു. വിശ്വാസത്യാഗികളായ അനേകം പുരോഹിതന്മാർ ഈ ബിഷപ്പിൻറെ വഴിയ പിൻതുടർന്നു'.- Scott, vol. 1, ch. 17.

"ഈ പ്രവാചകന്മാർ ഇരുവരും ഭൂമിയിൽ വസിക്കുന്നവരെ ദണ്ഡിപ്പിച്ചതുകൊണ്ട് ഭൂവാസികൾ അവർ നിമിത്തം സന്തോഷിച്ച് ആനന്ദിക്കുകയും

അന്യോന്യം സമ്മാനങ്ങൾ കൊടുത്തയയ്ക്കുകയും ചെയ്തു” അവിശ്വാസിയായ ഫ്രാൻസ് ദൈവത്തിൻറെ രണ്ടു സാക്ഷികളുടെ ശാസനയെ നിശ്ശബ്ദമാക്കി. ഫ്രാൻസിന്റെ തെരുവീഥികളിൽ സത്യവചനം മരിച്ചുകിടന്നു. ദൈവ കല്പനയുടെ നിരോധനങ്ങളേയും ആവശ്യപ്പെടലുകളേയും എതിർത്തവർ സന്തോഷിച്ചു. സ്വർഗ്ഗീയ രാജാവിനെ ജനങ്ങൾ പരസ്യമായി എതിർത്തു. പഴയകാല പാപികളെപ്പോലെ അവർ ചോദിച്ചു: “ദൈവം എങ്ങനെ അറിയുന്നു? അത്യുന്നതന് അറിവുണ്ടോ?” (സങ്കീ. 73:11).

ദൈവദൂഷണത്തിന് സമമായ ധീരത കാട്ടിക്കൊണ്ട് അവിശ്വസനീയമായ തരത്തിൽ ആ പുരോഹിതൻ പറഞ്ഞു: "ദൈവമേ നീയുണ്ടെങ്കിൽ, മുറിവേറ്റ നിൻറെ നാമത്തിന്ന പകരം ചെയ്യുക. ഞാൻ നിന്നെ വെല്ലുവിളിക്കുന്നു. നീ നിശ്ശബ്ദനായിരിക്കുന്നു. നിൻറെ ഇടിമുഴക്കം നടത്താൻ നീ തുനിയുന്നില്ല. ആർ നിൻറെ ആസ്തിത്വത്തിൽ വിശ്വസിക്കും". - Lacretelle, History, vol. 2, p. 309, in Sir Archibald Alison, History of Europe, vol.1, ch. 10. ഫറവോൻറെ ആജ്ഞയുടെ ഒരു ശരിപ്പകർപ്പല്ലേ ഇത്? യിസ്രായേലിനെ വിട്ടയപ്പാൻ തക്കവണ്ണം ഞാൻ യഹോവയുടെ വാക്കു

കേൾക്കേണ്ടതിന് അവൻ ആർ? ഞാൻ യഹോവയെ അറികയില്ല”.

“ദൈവം ഇല്ല എന്ന് മൂഢൻ തൻറെ ഹൃദയത്തിൽ പറയുന്നു” (സങ്കീ. 14:1). സത്യത്തെ വളച്ചൊടിക്കുന്നവരെക്കുറിച്ച് യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു. “അവർ അധികം മുഴുക്കുകയില്ല. മേല്പറഞ്ഞവരുടെ ബുദ്ധി കേട് എല്ലാവർക്കും വെളിപ്പെട്ടതുപോലെ ഇവരുടെ ബുദ്ധികേടും വെളിപ്പെടും” (2തിമൊ. 3:9). “ഉന്നതനും ഉയർന്നിരിക്കുന്നവനും ശാശ്വതവാസിയും പരിശുദ്ധൻ എന്ന് നാമമുള്ളവനുമായ’ ജീവനുള്ള ദൈവത്തെ ആരാധിക്കുന്നത് ഫ്രാൻസ് മതിയാക്കിയതിനുശേഷം, അവർ

വിഗ്രഹാരാധനയിലേക്ക് അധഃപതിച്ചു. ഫ്രാൻസ് “യുക്തിവിചാരം” എന്ന ദേവതയെ ആരാധിക്കുവാൻ തുടങ്ങി. ദുർമാർഗ്ഗിനിയായ ഒരു സ്ത്രീയായിരുന്നു ആ ദേവതയായി വന്നത്. ഇതെല്ലാം നടന്നത് ആ രാജ്യത്തിൻറെ പ്രതിനിധിസഭയിലായിരുന്നുവെന്നോർക്കണം. ചരിത്രകാരൻ ഇപ്രകാരം പറയുന്നു: “ഈ ഭ്രാന്തൻ കാലഘട്ടത്തിലെ ആചാരങ്ങളിലൊന്ന് വിഡ്ഢിത്തവും ഭക്തിയില്ലായ്മയും കൂടിച്ചേർന്നതായിരുന്നു. കൺവൻഷന്റെ വാതായനങ്ങൾ സംഗീതാലാപകർക്കായി തുറന്നിട്ടു. അവർക്കും മുൻപായി പ്രാദേശിക സ്വയംഭരണ സ്ഥാപനത്തിലെ അംഗങ്ങൾ സ്വാതന്ത്ര്യത്തെ സ്തുതിക്കുന്ന

ഒരു ഗാനം ആലപിച്ചു കൊണ്ട് അണിയണിയായി പ്രവേശിച്ചു. തങ്ങളുടെ ഭാവിയിലെ ആരാധനാ പാത്രമായി മൂടുപടമിട്ട ഒരു സ്ത്രീയെ - യുക്തിവിചാരമെന്ന ദേവതയുടെ അത്ഭുതരൂപമായി- കൊണ്ടുവന്നു. അവളുടെ മൂടുപടം നീക്കിയശേഷം പ്രസിഡൻറിൻറെ വലതുഭാഗത്ത് ഇരുത്തി. മൂടുപടം മാറിയപ്പോൾ അവൾ നൃത്ത ശാലയിൽ പോകാറുണ്ടായിരുന്ന ഒരു നർത്തകിയായിരുന്നുവെന്ന് മനസ്സിലായി. യുക്തിചിന്തയുടെ പ്രതിരൂപമായി ഈ വ്യക്തിയേയാണ് അവർ കൊണ്ടുവന്നത്. ഫ്രാൻസിലെ ദേശീയ കൺവൻഷൻ (പാർലമെൻ്റ്) ഈ വ്യക്തിയെ പൂജിച്ചു.

“ഈ ഭക്തിവിരുദ്ധവും വിഡ്ഢിത്തവും കലർന്ന പ്രവർത്തനത്തിന് ഒരു പ്രത്യേക ബാഹ്യമോടി ഉണ്ടായിരുന്നു. യുക്തിചിന്തയുടെ ദേവതകളെ രാജ്യത്തിൻറെ എല്ലാ ഭാഗത്തും സ്ഥാപിച്ചു. വിപ്ലവത്തിൻറെ ഉയർച്ചയ്ക്കനുസൃതമായി ഉയരുവാൻ ആഗ്രഹിച്ച എല്ലാ ദേശവാസികളുടേയും സ്ഥലത്ത് പ്രത്യേകിച്ച്, ഈ ദേവതമാരുടെ പ്രതിഷ്ഠകൾ സ്ഥാപിക്കപ്പെട്ടു'.- Scott, vol. 1; ch. 17.

യുക്തിചിന്തയുടെ ആരാധന ഉദ്ഘാടനം ചെയ്ത പ്രഭാഷകൻ പറഞ്ഞു: “നിയമസഭാ സമാജികരെ യുക്തിചിന്തയ്ക്ക്, മത്രഭാന്ത് വഴിമാറിക്കൊടുത്തു. അതിൻറെ മങ്ങിയ

കണ്ണുകൾക്ക് പ്രകാശധോരണിയെ താങ്ങാനുള്ള കരുത്തില്ല. ഇന്ന് ഈ വൻസൗധത്തിനുകീഴിൽ ഒരു വലിയ ജനസഞ്ചയം ആദ്യ മായി തടിച്ചുകൂടിയിരിക്കുകയാണ്. ഇത് സത്യത്തെ പ്രതിധ്വനിപ്പിക്കുന്നു. ഫ്രഞ്ചുകാർ യുക്തിചിന്തയെ ആരാധിക്കുന്നു. അതുമാത്രമാണ് യഥാർത്ഥ ആരാധന.ഫ്രഞ്ചു റിപ്പബ്ലിക്കിൻറെ സൈനികശക്തിയുടെ വിജയത്തിന് നാം ആശംസകൾ അർപ്പിക്കുന്നു. യുക്തിചിന്തയ്ക്കുവേണ്ടി നാം ജീവനില്ലാത്ത വിഗ്രഹങ്ങളെ കൈവിടുന്നു. യുക്തിചിന്ത മാത്രമാണ് ജീവനുള്ള രൂപം; പ്രകൃതിയുടെ ശ്രേഷ്ഠമായ സൃഷ്ടി". - M. A. Thiers,

History of the French Revolution, vol. 2, pp 370, 371.

ദേവതയെ കൺവൻഷൻ നടന്ന സ്ഥലത്തേക്ക് കൊണ്ടുവന്നപ്പോൾ, പ്രഭാഷകൻ അവളുടെ കൈ പിടിച്ചുകൊണ്ട് ജനസമൂഹത്തോടായി പറഞ്ഞു. മർത്യരേ, നിങ്ങൾക്ക് ഭയം സൃഷ്ടിച്ച ദൈവത്തിൻറെ ശക്തിയില്ലാത്ത ഇടിമുഴക്കങ്ങളുടെ മുമ്പാകെ വിറയ്ക്കുന്നത് മതിയാക്കുവിൻ. ഇന്നുമുതൽ യുക്തി ചിന്തയ്ക്ക് ഒഴിച്ച് മറ്റൊന്നിനും ഒരു ദൈവികത്വവും നൽകേണ്ടതില്ല. അതിൻറെ ഏറ്റവും ശ്രേഷ്ഠവും ശുദ്ധവുമായ രൂപത്തെ നിങ്ങളുടെ മുമ്പാകെ വയ്ക്കുന്നു. നിങ്ങൾക്ക് വിഗ്രഹങ്ങൾ ഉണ്ടെങ്കിൽ, ഇതിനുമാത്രം

സ്തോത്രകാഴ്ചകൾ അർപ്പിക്കുക....
സ്വാതന്ത്ര്യത്തിൻറെ
പാവനസന്നിധിയിൽ വണങ്ങുക, യുക്തി
ചിന്തയുടെ മൂടുപടമേ!”.

കൺവൻഷൻ പ്രസിഡൻറ് ദേവതയെ
ആലിംഗനം ചെയ്തുകഴിഞ്ഞ ശേഷം,
ദേവതയെ മനോഹരമായ ആ കാറിൽ
കയറ്റി ജനക്കൂട്ടത്തിനിടയിൽ കൂടെ
നയിച്ചു. നോട്ടർഡാം
കത്തീഡ്രലിലേക്ക്, ദേവസ്ഥാനത്ത്
ഇരിക്കുന്നതിനായി പോയി. അവിടെ
അൾത്താരയുടെ ഉയർന്ന ഭാഗത്ത്
അവളെ ഇരുത്തി. അവിടെ
കൂടിവന്നവരെല്ലാം അവളെ വാഴ്ത്തി.-
Alison, vol. 1, ch.10.

ഇതിനുശേഷം വേദപുസ്തകം പരസ്യമായി കത്തിച്ചു. ഒരിക്കൽ പോപ്പുലർ സൊസൈറ്റി ഓഫ് ദ മ്യൂസിയം എന്ന ഒരു സംഘം “വിവേ ലാ റെയ്സാ?” എന്ന് ആക്രോശിച്ചുകൊണ്ട് മുനിസിപ്പാലിറ്റിയുടെ ഹാളിൽ പ്രവേശിച്ചു. അവർ പിടിച്ചിരുന്ന തീപ്പന്തങ്ങളിൽ വെന്തുപോയ അനേക പുസ്തകങ്ങളുടെ അവശിഷ്ടങ്ങൾ ഉണ്ടായിരുന്നു. അവയിൽ ചിലത് പ്രാർത്ഥനാപുസ്തകങ്ങളും പഴയതും പുതിയതുമായ നിയമങ്ങൾ അടങ്ങിയ വേദപുസ്തകങ്ങളുമായിരുന്നു. വേദപുസ്തകങ്ങളെ നശിപ്പിച്ചപ്പോൾ പ്രസിഡൻറ് പറഞ്ഞു: “മനുഷ്യവർഗ്ഗത്തെക്കൊണ്ട് ഇവ ചെയ്യിച്ച വിഡ്ഢിത്തങ്ങൾക്കെല്ലാം ഈ

വെന്തെരിക്കൽ പ്രായശ്ചിത്തമായി”, - Journal of Paris 1793, No. 318. Quoted in Buchez-Roux, Collection of Parliamentary History, vol. 30, pp. 200, 201.

കത്തോലിക്കാസഭ ആരംഭിച്ച വേല നിരീശ്വരത്വം പൂർത്തിയാക്കി. ഫ്രാൻസിനെ നാശത്തിലേക്ക് നയിച്ച മതപരവും രാഷ്ട്രീയവും സാമൂഹികവുമായ അവസ്ഥകൾ ഉണ്ടാക്കിവച്ചത് റോമിൻറെ നയംമൂലമായിരുന്നു. ഫ്രഞ്ച വിപ്ലവത്തെ പരാമർശിച്ച് രചിക്കപ്പെട്ട കൃതികളുടെ ഗ്രന്ഥകാരന്മാർ പറഞ്ഞു: “വിപ്ലവകാലത്തെ അതിക്രമങ്ങൾക്ക് മുഖ്യകാരണം സഭയും രാജഭരണവുമായിരുന്നു. വസ്തുനിഷ്ഠമായി

പറയുകയാണെങ്കിൽ ഇതിനെല്ലാം കാരണം സഭയായിരുന്നു. കത്തോലിക്കാസഭ നവീകരണത്തിനെതിരായി രാജാക്കന്മാരുടെ മനസ്സുകളെ വിഷലിപ്തമാക്കി. തങ്ങൾക്കെതിരായ ഒരു ശത്രുവായിട്ട് 'നവീകരണത്തെ ഭരണാധികാരികൾ കണ്ടു. രാജ്യത്തിൻറെ സമാധാനത്തിനും ഐക്യതയ്ക്കും വിപത്തുണ്ടാക്കുന്ന ഒന്നായി നവീകരണത്തെ വീക്ഷിച്ചു. റോമിൻറെ ബുദ്ധിയായിരുന്നു രാജാവിൽനിന്നും ഇത്ര ഭയങ്കരമായ ക്രൂരതയും മർദ്ദനവുമുണ്ടാകുവാൻ കാരണം.

സ്വാതന്ത്ര്യത്തിൻറെ ആത്മാവ് വേദപുസ്തകത്തോടൊരുമിച്ചുനിന്നു. സുവിശേഷം എവിടെയെല്ലാം സ്വീകരിക്കപ്പെട്ടുവോ, അവിടെയെല്ലാം ജനങ്ങളുടെ മനസ്സും ഉണർത്തപ്പെട്ടു. തങ്ങളെ ബന്ധിച്ചിരുന്ന അജ്ഞത അന്ധ വിശ്വാസങ്ങൾ, ദുസ്വഭാവങ്ങൾ തുടങ്ങിയ വിലങ്ങുകളെ പൊട്ടിച്ചെറിയുവാൻ തുടങ്ങി. മനുഷ്യരെപ്പോലെ ചിന്തിപ്പാനും പ്രവർത്തിപ്പാനും അവർ തുടങ്ങി. ഏകാധിപതികൾ ഇതുകണ്ട് ഭയന്നു വിറച്ചു.

തങ്ങളുടെ അസൂയ നിറഞ്ഞ ഭയങ്ങളെ ഉജ്ജ്വലിപ്പിപ്പാൻ റോം താമസം കാട്ടിയില്ല. 1525-ൽ ഫ്രാൻസിനെ

ഭരിച്ചിരുന്ന റീജൻറിനോട് മാർപാപ്പ പറഞ്ഞു: "ഈ ഭ്രാന്ത് (പ്രൊട്ടസ്റ്റാൻറിസം) മതത്തെ മാത്രമല്ല കുഴയ്ക്കുകയും നശിപ്പിക്കുകയും ചെയ്യാൻ പോകുന്നത്, അതോടൊപ്പംതന്നെ ഭരണാധികാരികളേയും പ്രഭുക്കന്മാരേയും നിയമങ്ങളേയും എല്ലാം തകർക്കും." - G. de Felice, History of the Protestants of France, b. 1, ch. 2, para 8. കുറച്ചു വർഷങ്ങൾക്കുശേഷം പോപ്പിൻറെ ഒരു പ്രതിപുരുഷൻ രാജാവിനോട് പറഞ്ഞു: "പ്രഭോ വഞ്ചിക്കപ്പെടരുത്; പ്രൊട്ടസ്റ്റൻറുകാർ എല്ലാ പൗരനിയമങ്ങളേയും മതപരമായ ചട്ടക്കൂടുകളേയും തകിടം മറിക്കും.... സിംഹാസനം ഇന്ന് അൾത്താരയെപ്പോലെ

അപകടത്തിലായിരിക്കയാണ്....
പുതിയ ഒരു മതത്തിൻറെ ആവിർഭാവം
പുതിയ ഒരു ഭരണകൂടത്തിൻറെ
തുടക്കമാണ്". - D' Aubigne, History of the Reformation in Europe in the Time of Calvin. b. 2, ch. 36.
പ്രൊട്ടസ്റ്റൻറ് വേദോപദേശങ്ങൾ മനുഷ്യരെ പുതുമകളിലേക്കും വിഡ്ഢിത്തങ്ങളിലേക്കും വശീകരിച്ചുകൊണ്ടുപോകുന്നു. രാജാവിന് തൻറെ പ്രജകളിൽ നിന്ന് ലഭിക്കേണ്ട ഭക്ത്യാദരവുകൾ അതുമൂലം നഷ്ടമാകുന്നു. കൂടാതെ സഭയേയും രാഷ്ട്രത്തേയും അത് നശിപ്പിക്കുന്നു. ദൈവശാസ്ത്രം പഠിച്ചവർ ജനങ്ങളുടെ വികാരങ്ങളെ ഇളക്കുവാൻ റോം ഫ്രാൻസിനെ നവീകരണത്തിനെ തിരായി അണിനിരത്തുന്നതിൽ

വിജയിച്ചു. "പീഡനത്തിൻറെ വാൾ ഉറയിൽ നിന്നും വലിച്ചെടുത്തത് സിംഹാസനത്തെ താങ്ങി നിർത്താനും, പ്രഭുക്കന്മാരെ സംരക്ഷിക്കുവാനും നിയമം നിലനിർത്താനും ആയിരുന്നു". - Wylie, b. 13, ch, 4.

തങ്ങൾ എടുത്ത ആപൽക്കരമായ നയത്തിൻറെ ദുരന്തഫലങ്ങൾ എന്തായിരിക്കുമെന്ന് ഭരണാധികാരികൾ കണ്ടില്ല. മുൻകൂട്ടി വേദപുസ്തക ഉപദേശം ജനത്തിൻറെ മനസ്സുകളിൽ പതിപ്പിച്ചിരുന്നെങ്കിൽ അവ ഔദാര്യം ധർമ്മം, സത്യം, വർജ്ജനം, ന്യായം, തുടങ്ങിയ തത്വങ്ങളെ നട്ടുവളർത്തുമായിരുന്നു.

ഒരു രാഷ്ട്രത്തിൻറെ പുരോഗതിക്കും ഐശ്വര്യത്തിനുമുള്ള മൂലക്ക ല്ലുകളാണവ. “നീതി ജാതിയെ ഉയർത്തുന്നു. “നീതികൊണ്ടല്ലോ സിംഹാസനം സ്ഥിരപ്പെടുന്നത്” (സദൃശ. 14:34; 16:12). “നീതിയുടെ പ്രവൃത്തി സമാധാനവും, നീതിയുടെ ഫലം ശാശ്വത വിശ്രാമവും നിർഭയതയും ആയിരിക്കും” (യെശ. 32:17). ദൈവിക നിയമങ്ങളെ അനുസരിക്കുന്നവൻ തീർച്ചയായും തൻറെ രാജ്യത്തിൻറെ നിയമങ്ങളും പാലിക്കും. ദൈവത്തെ ഭയപ്പെട്ടു ന്നവൻ, ഭരണാധികാരിയുടെ എല്ലാ ന്യായവും നീതിപൂർവ്വമായ അധികാരത്തെയും മാനിക്കും. എന്നാൽ അസന്തുഷ്ടയായ ഫ്രാൻസ്, വേദപുസ്തകത്തെ നിരോധിക്കുകയും

അതിൻറെ ശിഷ്യന്മാരെ പുറന്തള്ളുകയും ചെയ്തു. നൂറ്റാണ്ടുകളായി തത്വദീക്ഷയുള്ളവരും വിശ്വസ്തരുമായ ആളുകൾ, സത്യത്തിനുവേണ്ടി കഷ്ടം സഹിക്കുവാനും തങ്ങൾക്ക് ശരിയെന്നു ബോധ്യമായ തിനോട് വിശ്വസ്തത കാട്ടുവാൻ ധീരത കാട്ടിയവർ ബുദ്ധികൂർമ്മതയുള്ളവരും സന്മാർഗ്ഗിക ശക്തിയുള്ളവരുമായ ആളുകൾ - നൂറ്റാണ്ടുകളായി ഇവർ ആരും അറിയാത്ത സ്ഥലങ്ങളിൽ അടിമപ്പണിചെയ്തു. അഗ്നിച്ചിതയിൽ ആഹുതി ചെയ്യപ്പെട്ടു. അന്ധകാരം നിറഞ്ഞ അറകളിൽ കിടന്നു മരിച്ചു. ആയിരക്കണക്കിനാളുകൾ ഓടി രക്ഷപെട്ടു. നവീകരണം ആരംഭിച്ച്

ഏതാണ്ട് 250 വർഷത്തോളം ഈ സ്ഥിതിവിശേഷം നിലവിലിരുന്നു.

ഈ ഘട്ടത്തിൽ പീഡകൻറെ കോപാഗ്നിയിൽ പതിക്കാതിരിക്കാൻ ഓടിപ്പോയ സുവിശേഷത്തിൻറെ ശിഷ്യന്മാരെ കാണാത്ത ഫ്രഞ്ചുതലമുറ ഇല്ലായിരുന്നു. അവരുടെ ഓടിപ്പോക്കുമൂലം ഫ്രാൻസിനുണ്ടായ നഷ്ടം അപരിഹാര്യമായിരുന്നു. ഫ്രാൻസിന്റെ ബുദ്ധി, കലകൾ, വ്യവസായം, ഭരണകൂടത്തിൻറെ മേന്മ വിളിച്ചറിയിച്ച് ചട്ടം ഇവയൊക്കെയാണ് ഫ്രാൻസിന് നഷ്ടമായത്. ഓടി പ്പോയവർ അഭയം കണ്ടെത്തിയ ദേശം സമ്പുഷ്ടമായി. ഈ നല്ല ദാനങ്ങളാൽ മറ്റു രാജ്യങ്ങളെ സമ്പുഷ്ടമാക്കിയതിൻറെ

ആനുപാതികമായി തങ്ങളുടെ
സ്വന്തരാജ്യത്തിന് ഇവയൊക്കെയും
ഇല്ലാതെയായി. ഫ്രാൻസിന്
നഷ്ടമായതൊക്കെയും
ഫ്രാൻസിൽത്തന്നെ
നിലനിർത്തിയിരുന്നെങ്കിൽ, ഈ
മുന്നൂറു വർഷക്കാലത്തെ
വ്യാവസായിക പരിചയസമ്പന്നത
നഷ്ടപ്പെടുത്താതിരുന്നുവെങ്കിൽ,
അവരുടെ കരകൗശല കഴിവുകൾ
അവളുടെ ഉല്പാദനമേഖലയെ
സമ്പുഷ്ടമാക്കിയിരുന്നു. ഈ മുന്നൂറു
വർഷക്കാലം ഫ്രാൻസിന്റെ
കലാവൈഭവത്തേയും സാഹിത്യ
മേഖലയേയും ശാസ്ത്രീയ മേഖലയേയും
പരിപുഷ്ടിപ്പെടുത്തിയേനേം.
ഭരണസമിതികളെ അവളുടെ ജ്ഞാനം

വഴിനടത്തിയിരുന്നെങ്കിൽ, അവളുടെ ധീരത അവളുടെ യുദ്ധനാളിൽ ഉപയോഗിച്ചിരുന്നെങ്കിൽ, ഫ്രാൻസിന്റെ സമചിത്തത നിയമനിർമ്മാണ മേഖലകളിൽ ഉപയോഗിച്ചിരുന്നെങ്കിൽ, വേദപുസ്തകമതം അവളുടെ ബുദ്ധിയെ ബലപ്പെടുത്തിയിരുന്നെങ്കിൽ, ഇന്ന് ഫ്രാൻസ് എത്ര വലിയ മഹത്വപൂർണ്ണമായ രാഷ്ട്രമാകുമായിരുന്നു! ലോകരാഷ്ട്രങ്ങൾക്ക് ഒരു മാതൃകയായി, എത്ര ഐശ്വര്യ പൂർണ്ണവും സന്തോഷം നിറഞ്ഞതുമായ ഒരു രാജ്യമായി പരിലസിക്കുമായിരുന്നു ഫ്രാൻസ്!

“എന്നാൽ അന്ധതയും അസഹിഷ്ണുതയും നിറഞ്ഞ മതഭ്രാന്ത് ഫ്രാൻസിന്റെ മണ്ണിൽനിന്ന് എല്ലാ നല്ല കാര്യങ്ങളേയും എല്ലാ നല്ല വ്യവസ്ഥകളേയും ദൂരത്തേക്ക് ഓടിച്ചുകളഞ്ഞു. ഈ ഭൂമിയിൽ തങ്ങളുടെ രാഷ്ട്രത്തെ ഒരു മഹത്വവും മഹിമയുമുള്ള രാജ്യമാക്കിത്തീർക്കുവാൻ കഴിവുണ്ടായിരുന്നവരെയാണ് ഫ്രാൻസ് പുറത്താക്കുകയോ അഗ്നിക്കിരയാക്കുകയോ ചെയ്തത്. ഒടുവിൽ രാഷ്ട്രത്തിൻറെ നാശം പരിപൂർണ്ണമായി. കുറ്റപ്പെടുത്തുവാൻ ഒരു മനസ്സാക്ഷിയില്ലാതെയായി ചിതയിൽ തള്ളുവാൻ ആരും ഇല്ലാതെയായി. നാടുകടത്തുവാൻ ഒരു രാജ്യസ്നേഹിയും ഇല്ലാതെയായി”. - Wylie, b. 13, ch.

20. ഭീകരമായ വിപ്ലവം മാത്രമായിരുന്നു അതിൻറെ പരിണിതഫലം!

“ഹ്യൂജ്നോട്ട്സിൻറെ പലായനത്തോടുകൂടി ഫ്രാൻസിന് പൊതുവായ ഒരു അധഃപതനം ഉണ്ടായി. ഉല്പാദകക്ഷമമായിരുന്ന നഗരങ്ങൾ അധഃപതിച്ചു. ഫലഭ്രൂയിഷ്ഠമായിരുന്ന പ്രദേശങ്ങളിൽ കാടുകൾ വളർന്നു. ബുദ്ധിപരമായ മാന്ദ്യവും സാന്മാർഗ്ഗികാധഃപതനവും ഫ്രാൻസിന്റെ വളർച്ചയെ തടഞ്ഞു. പാരീസ് വലിയ ഒരഗതിമന്ദിരം ആയിത്തീർന്നു. വിപ്ലവം തുടങ്ങുന്ന സമയം രണ്ടു ലക്ഷം ആളുകളായിരുന്നു രാജാവിൽനിന്നും സാമ്പത്തിക സഹായം പറ്റിക്കൊണ്ടിരുന്നത്.

നശിച്ചുകൊണ്ടിരുന്ന രാജ്യത്തിൽ ജെസ്യൂട്ടുകൾ മാത്രമാണ് പുരോഗതി പ്രാപിച്ചത്. അവർ സ്വേച്ഛാധിപതികളായി പള്ളികളും പള്ളിക്കൂടങ്ങളും ഭരിച്ചുപോന്നു.

പുരോഹിതരേയും, രാജാവിനേയും നിയമവിദഗ്ധരേയും കുഴപ്പത്തിലാക്കിയ രാഷ്ട്രീയവും സാമൂഹികവുമായ പ്രശ്നങ്ങൾ പരിഹരിക്കാൻ സുവിശേഷത്തിനു കഴിയുമായിരുന്നു. ഫ്രാൻസ് ഒടുവിൽ അരാജകത്വത്തിലേക്കും നാശത്തിലേക്കും പതിച്ചു. റോമിൻറെ ആധിപത്യത്തിൻകീഴിൽ, കർത്താവ് പഠിപ്പിച്ച സ്വയത്യാഗത്തിൻറേയും നിസ്വാർത്ഥസ്നേഹത്തിന്റേയും പാഠങ്ങൾ ഫ്രാൻസിന് നഷ്ടപ്പെട്ടു.

മറ്റുള്ളവരുടെ നന്മയ്ക്കുവേണ്ടി
ആത്മാർപ്പണം ചെയ്യുന്ന
കാര്യത്തിൽനിന്നും അവർ അകറ്റപ്പെട്ടു.
പാവപ്പെട്ടവരെ പീഡിപ്പിക്കുന്ന
കാര്യത്തിൽ ധനവാന്മാർക്ക് യാതൊരു
കുറ്റാരോപണവും ഇല്ലായിരുന്നു.
പാവപ്പെട്ടവർക്ക് അവരുടെ
ദാരിദ്ര്യത്തിൽ യാതൊരുവിധമായ
സഹായവും ലഭിച്ചില്ല. ധനികരുടെ
സ്വാർത്ഥത കൂടുതൽ കൂടുതൽ
കാഠിന്യമുള്ള തായിത്തീർന്നു.
പ്രഭുക്കന്മാരുടെ അത്യാർത്തിയും
സുഖലോലുപതയും കൂടുതൽ
തെളിവായിക്കൊണ്ടിരുന്നു.
പാവപ്പെട്ടവരോട് ധനികർ ദ്രോഹം
പ്രവർത്തിച്ചു. പാവപ്പെട്ടവർ ധനികരെ
വെറുത്തു.

അനേകം പ്രവിശ്യകളിൽ വലിയ തോട്ടങ്ങൾ പ്രഭുക്കന്മാർ കയ്യടക്കിവച്ചിരുന്നു. കൃഷിക്കാർ വെറും കൂലിക്കാരായിരുന്നു. അവർക്ക് ഭൂമിമേൽ ഉടമസ്ഥാവകാശം ഇല്ലായിരുന്നു. കാർഷിക പ്രഭുക്കന്മാരുടെ കരുണയിലാണ് അവർ കഴിഞ്ഞത്. ഭൂവുടമകളുടെ ഏതാവശ്യവും അവർ നിറവേറ്റിക്കൊടുക്കണമായിരുന്നു. സഭയേയും രാഷ്ട്രത്തേയും പോറ്റേണ്ടുന്ന ചുമതല ഇടനില ക്കാർക്കും താഴ്ന്ന വരുമാനക്കാർക്കുമായിരുന്നു. ഭരണാധികാരികളും പുരോഹിതവർഗ്ഗവും അവരുടെമേൽ അന്യായമായി കരം ചുമത്തി. പ്രഭുക്കന്മാരുടെ ആഹ്ലാദം വലിയ

നിയമമമായി കരുതപ്പെട്ടു. കർഷകരും പാവപ്പെട്ടവരും പട്ടിണി കിടക്കേണ്ട അവസ്ഥപോലും ഉണ്ടായി. കാർഷികത്തൊഴിലാളികളുടെ ജീവിതം കഷ്ടത നിറഞ്ഞതായിരുന്നു. അവരുടെ പരാതികൾ തികഞ്ഞ വെറുപ്പോടെയാണ് ഉന്നതന്മാർ കേട്ടിരുന്നത്. നീതിന്യായകോടതി എപ്പോഴും പ്രഭുക്കന്മാരുടെ ഭാഗം പിടിച്ചിരുന്നു. ന്യായാധിപന്മാർ കൈക്കൂലി പറ്റിയിരുന്നു. സാർവ്വലൗകികമായ അഴിമതി അവിടേയും (ഫ്രാൻസിലും) നിലനിന്നിരുന്നതിനാൽ പ്രഭുവർഗ്ഗത്തിന്റെ ഏതൊരു ചാപല്യത്തിനും നിയമത്തിൻറെ ശക്തിയുണ്ടായിരുന്നു.

സാധാരണക്കാരിൽനിന്നും പിരിച്ചെടുത്ത നികുതിയിൽ പകുതിപോലും ചെല്ലേണ്ട സ്ഥാനത്ത് ചെന്നില്ല. ഗവൺമെന്റ് ട്രഷറിയും, പള്ളികളിലെ പണവും ദുർവിനിയോഗം ചെയ്യപ്പെട്ടു. സാധാരണക്കാരെ കഷ്ടപ്പെടുത്തിയിരുന്ന ധനികർക്ക് നികുതിയിളവും ഉണ്ടായിരുന്നു. മാത്രമല്ല അവർക്ക് സംസ്ഥാനത്തിലെ ഏത് ജോലിക്കും അർഹതയും ഉണ്ടായിരുന്നു. ഇപ്രകാരം പദവികളും അവകാശങ്ങളുമുണ്ടായിരുന്ന ജനതയുടെ എണ്ണം ഏതാണ്ട് ഒന്നര ലക്ഷത്തോളം വരുമായിരുന്നു. അവരുടെ സംതൃപ്തിക്കും സന്തോഷത്തിനും വേണ്ടി ലക്ഷക്കണക്കിനാളുകൾ കഷ്ടപ്പെട്ട ജീവിതം നയിക്കേണ്ടിവന്നു.

നീതിന്യായകോടതികൾ ആഡംബരത്തിനും സുഖലോലുപതയ്ക്കും കീഴ്പെട്ടിരുന്നു. ഭരണാധികാരികളും ജനങ്ങളും തമ്മിൽ ഒരു വിശ്വാസവും ഇല്ലായിരുന്നു. ഗവൺമെന്റിന്റെ എല്ലാ വകുപ്പിലും സംശയം കൊടികുത്തി വാണിരുന്നു. സ്വാർത്ഥതയ്ക്കും കൗടില്യത്തിനും എങ്ങും പ്രസിദ്ധിയുണ്ടായിരുന്നു. ഫ്രഞ്ചുവിപ്ലവത്തിനുമുമ്പ് ഏതാണ്ട് അര നൂറ്റാണ്ടോളം ലൂയി 15-ാമൻ ഭരണം നടത്തി. അദ്ദേഹം കാര്യഗൗരവമില്ലാത്തവനും ചപലനും അലസനുമായ ഭരണാധികാരിയായിരുന്നു. അധഃപതിച്ചവരും ക്രൂരസ്വഭാവമുള്ളവരുമായ ഒരു

പ്രഭുവർഗ്ഗവും ദരിദ്രരും
അജ്ഞാതരുമായ മറ്റൊരു വിഭാഗം
ആളുകളും കൂടെ രാഷ്ട്രത്തെ സാമ്പത്തിക
ദാരിദ്ര്യത്തിലാഴ്ത്തി. ജനം മുഴുവൻ
അസ്വസ്ഥരായിത്തീർന്നു.
ആസന്നഭാവിയിൽ സംഭവിക്കാൻ
പോകുന്ന വിപത്തിനെക്കുറിച്ച് മുൻകൂട്ടി
പറയുവാൻ ഒരു പ്രവാചകനോ
ദാർശനികനോ ആവശ്യമില്ലായിരുന്നു.
ഉപദേശകരുടെ മുന്നറിയിപ്പിനുള്ള
രാജാവിൻറെ സ്ഥിരം മറു പടി
ഇതായിരുന്നു: “ഞാൻ
ജീവിക്കുന്നതുവരെ കാര്യങ്ങൾ
പോകുവാൻ അനുവദിക്കുക. എൻറെ
മരണത്തിനുശേഷം എങ്ങനേയും വരട്ടെ'.
പരിഷ്കാരങ്ങൾ നടപ്പിലാക്കണമെന്നു
പറഞ്ഞത് വൃഥാവിലായി. രാജാവ്,

രാജ്യത്ത് നടക്കുന്ന തിന്മകളെ കണ്ടു. പക്ഷേ അവയെ അഭിമുഖീകരിക്കാനുള്ള ധൈര്യമോ, ശക്തിയോ അദ്ദേഹത്തിനില്ലായിരുന്നു. രാജാവിൻറെ അലസവും, സ്വാർത്ഥത മുൻനിൽക്കുന്നതുമായ ഉത്തരം, ഫ്രാൻസ് അഭിമുഖീകരിക്കാൻ പോകുന്ന വിപത്തിനെ ശരിയാംവിധം ചിത്രീകരിച്ചിരുന്നു": എനിക്കുശേഷം പ്രളയം".

ഭരണവർഗ്ഗത്തിന്റേയും ഭരണാധികാരികളുടേയും അസൂയയെ ഇളക്കി വിട്ടുകൊണ്ട് ജനത്തെ അടിമത്തത്തിൽ നിർത്താൻ റോം അവരെ സ്വാധീ നിച്ചു. ഇങ്ങനെ ചെയ്താൽ രാജ്യം ബലഹീനമാകുമെന്ന്

റോമിന് നല്ലപോലെ
അറിയാമായിരുന്നതുമാത്രമല്ല
ഭരണാധികാരികളേയും ഭരണീയരേയും
ഒരു പോലെ തങ്ങളുടെ
ചൊൽപടിയിൽ നിർത്താൻ
കഴിയുമെന്നും റോമിനറി യാമായിരുന്നു.
ജനത്തെ ഫലവത്തായി
അടിമത്തത്തിലാക്കണമെങ്കിൽ
ചങ്ങലകൾ അവരുടെ ആത്മാക്കളെ
ബന്ധിക്കണമെന്ന് അവർ (റോം)
ക്കറിയാമായിരുന്നു. റോമിൻറെ
അടിമത്തത്തിൽനിന്ന്
രക്ഷപെടാതിരിക്കണമെങ്കിൽ,
സ്വാതന്ത്ര്യത്തെ പുൽകാൻ അവർക്ക്
കഴിവില്ലാതാകണം എന്ന് റോം
മനസ്സിലാക്കി. ശാരീരികമായ
കഷ്ടപ്പാടുകളേക്കാൾ ആയിരം മടങ്ങ്

വലുതാണ് ധാർമ്മികാധഃപതനം. വേദപുസ്തകം ലഭിക്കാതെ വരികയും മതഭ്രാന്തിൻറേയും സ്വാർത്ഥതയുടേയും പാഠങ്ങൾ പഠിക്കയും ചെയ്യുമ്പോൾ ജനം അജ്ഞതയിലും അന്ധവിശ്വാസത്തിലും പതിക്കും. അങ്ങനെ അവർ സ്വയംഭരണത്തിന് അശക്തരായിത്തീരും.

റോം ഉദ്ദേശിച്ച രീതിയിലായിരുന്നില്ല ഇതിൻറെ പ്രവർത്തനം. തങ്ങളുടെ ഉപദേശങ്ങളെ കണ്ണുമടച്ച് ജനം സ്വീകരിക്കുന്നതിനുപകരം ജനം വിപ്ലവകാരികളും അവിശ്വാസികളുമായിത്തീരുകയാണ് ചെയ്തത്. പൗരോഹിത്യതന്ത്രം എന്ന

നിലയിൽ "റോമാ ഉപദേശത്തെ"
ഫ്രഞ്ചുകാർ തിരസ്കരിച്ചു.
പൗരോഹിത്യവർഗ്ഗത്തേയും തങ്ങളുടെ
പീഡകന്മാർ എന്ന രീതിയിലാണ് ജനം
കണ്ടത്. ഫ്രഞ്ചുജനത കണ്ട് "ഏക
ദൈവം" "റോമിലെ ദൈവ'മാണ്.
റോമിൻറെ ഉപദേശമായിരുന്ന
ഫ്രഞ്ചുജനതയുടെ ഏകമതം. റോമിൻറെ
അത്യാർത്തിയും ക്രൂരതയും
വേദപുസ്തകത്തിൻറെ ന്യായമായ
പ്രതിഫലമെന്ന് അവർ കരുതി.
അവർക്ക് അതൊന്നും വേണ്ടായിരുന്നു.
ദൈവത്തിൻറെ സ്വഭാവത്തെ റോം
ശരിയായി പ്രതിനിധീകരിച്ചില്ല. ദൈവ
കല്പനകളെ അവർ തിരിച്ചുകളഞ്ഞു.
അങ്ങനെ ആളുകൾ വേദപുസ്തകത്തേയും
അതിൻറെ ഗ്രന്ഥകർത്താവിനേയും

ത്യജിച്ചുകളഞ്ഞു. റോം, തൻറെ
ഉപദേശങ്ങളെ അന്ധമായി
അനുഗമിക്കാനാണ്
ജനത്തോടാവശ്യപ്പെട്ടത്. തിരു
വചനത്തിൻറെ ആജ്ഞ എന്ന
രീതിയിലാണ് അതവതരിപ്പിച്ചത്.
അതിൻറെ തിരിച്ചടിയായി
വോൾട്ടയറും തൻറെ അനുയായികളും
വേദപുസ്തകത്തെ പൂർണ്ണമായി ത്യജിച്ചു.
അവർ അവിശ്വാസത്തെ എങ്ങും
പ്രചരിപ്പിച്ചു. റോം ജനത്തെ തൻറെ
ഇരുമ്പു മുഷ്ടികൊണ്ട് അടിച്ചമർത്തി.
ജനം എല്ലാ നിയന്ത്രണങ്ങളും ലംഘിച്ചു.
തങ്ങൾ വഞ്ചിക്കപ്പെട്ടു
എന്നറിഞ്ഞപ്പോൾ ജനം, സത്യവും
വ്യാജവും ഒരുപോലെ ത്യജിച്ചു,
സ്വാതന്ത്ര്യമെന്ന് തെറ്റിദ്ധരിച്ച് തിന്മയുടെ

അടിമകളായിരുന്നവർ ബോധിച്ച് വഴിയിൽ നടന്നു.

ഫ്രഞ്ചുവിപ്ലവം ആരംഭിച്ചപ്പോൾ രാജാവ് ചില വിട്ടുവീഴ്ചകൾ ചെയ്തു. പുരോഹിതന്മാർക്കും പ്രഭുക്കന്മാർക്കും പുറമേ അവരുടെ സംഖ്യയ്ക്കൊപ്പം സാധാരണക്കാരേയും പ്രതിനിധികളാക്കി. ഇങ്ങനെ ജനങ്ങളുടെ കയ്യിൽ അധികാരം ലഭിച്ചു. എന്നാൽ അധികാരം ബുദ്ധിയോടും വിവേകത്തോടും മിതമായും കൈകാര്യം ചെയ്യുന്നതിൽ അവർ പരാജയപ്പെട്ടു. തങ്ങൾ അനുഭവിച്ച കഷ്ടതകൾക്ക് പരിഹാരം കണ്ടെത്തണമെന്ന തിടുക്കത്തിൽ സമൂഹത്തിൻറെ അഴിച്ചുപണി ചെയ്യാൻ അവർ

തീരുമാനിച്ചു. തങ്ങൾ അനുഭവി
ക്കേണ്ടിവന്ന തിക്താനുഭവങ്ങളെക്കുറിച്ച്
ഓർത്ത് കോപാകുലരായ
ജനകോടികൾ തങ്ങളുടെ രാജ്യത്തിൽ
വിപ്ലവം അഴിച്ചുവിട്ടു. തങ്ങളുടെ
കഷ്ടതകൾക്ക് കാരണക്കാർ എന്ന്
അവർക്ക് തോന്നിയ ആളുകളുടെമേൽ
പ്രതികാരം ചെയ്യുവാനും അവർ
തീരുമാനിച്ചു.
സ്വേച്ഛാധിപത്യത്തിൻകീഴിൽ തങ്ങൾ
പഠിച്ച പാഠങ്ങൾ തങ്ങളെ
പീഡിപ്പിച്ചവരുടെ നേരെ അവർ
ഉപയോഗിച്ചു. തങ്ങളെ പീഡിപ്പിച്ചവരും
പീഡിതന്മാരായി അവർ രൂപാന്തരം
പ്രാപിച്ചു.

അസന്തുഷ്ടയായ ഫ്രാൻസ്, താൻ വിതച്ചതിൻറെ ഫലം രക്തത്തിൽ കൊയ്തു. അധികാര പ്രമത്തയായ റോമിൻറെ കീഴിൽ ഒതുങ്ങിക്കഴിഞ്ഞതിൻറെ ഫലം കുഴപ്പമായിരുന്നു. റോമിൻറെ നിർദ്ദേശപ്രകാരം നവീകരണ കാലത്തിൻറെ ആരംഭഘട്ടത്തിൽ ഫ്രാൻസ് എവിടെ ഒന്നാമത്തെ ചിത ഒരുക്കിയോ അവിടെ ഫ്രഞ്ചു വിപ്ലവകാലത്ത് ആദ്യത്തെ ഗില്ലറ്റിൻ സ്ഥാപിച്ചു. പതിനാറാം നൂറ്റാണ്ടിൽ പ്രൊട്ടസ്റ്റൻറ് വിശ്വാസത്തിനു എവിടെ ഒന്നാമത്തെ രക്തസാക്ഷിയുണ്ടായോ അവിടെ 18-ാം നൂറ്റാണ്ടിൽ ഗില്ലറ്റിൻറെ ഒന്നാമത്തെ ഇര ഉണ്ടായി. തനിക്ക് സൗഖ്യം പ്രദാനം

ചെയ്യുമായിരുന്ന സുവിശേഷത്തെ ത്യജിച്ചതിലൂടെ ഫ്രാൻസ് നാശത്തിനും അവിശ്വാസത്തിനുമായി വാതിൽ തുറക്കുകയായിരുന്നു. ദൈവകല്പനകളുടെ നിയന്ത്രണങ്ങളെ തട്ടിയകറ്റിയപ്പോൾ മനുഷ്യക്രോധത്തിൻറെ വേലിയേറ്റങ്ങളെ തടുത്തുനിർത്തുവാൻ മാനുഷകല്പനകൾ അപര്യാപ്തമാണെന്ന് ബോധ്യമായി. അങ്ങനെ രാജ്യം വിപ്ലവ ത്തിലേക്കും അരാജകത്വത്തിലേക്കും ഒഴുകിപ്പോയി.
വേദപുസ്തകത്തിനെതിരായ യുദ്ധം ഒരു പുതിയ കാലഘട്ടത്തെ തുറന്നുകൊടുത്തു. അത് ചരിത്രത്തിൽ “ഭീകര ഭരണം” എന്ന് അറിയപ്പെടുന്നു. സന്തോഷവും സമാധാനവും ഭവനങ്ങളിൽനിന്നും മനുഷ്യ ഹൃദയങ്ങളിൽനിന്നും

നിഷ്കാസനം ചെയ്യപ്പെട്ടു. ഒരുത്തരും സുരക്ഷിതരായിരുന്നില്ല. ഇന്ന് ജേതാവായവൻ നാളെ സംശയിക്കപ്പെട്ട് വധിക്കപ്പെട്ടു. അക്രമവും വികാരവും എങ്ങും തലയെടുത്തുനിന്നു.

ഇളകിവശായവരും കോപാന്ധരുമായ ഒരുക്കൂട്ടം ജനതയുടെ ക്രൂരതയ്ക്ക് രാജാവും പുരോഹിതവർഗ്ഗവും പ്രഭുക്കന്മാരും കീഴ്പെടുവാൻ നിർബന്ധിതരായ രാജാവിൻറെ വധത്തോടുകൂടി അവരുടെ പ്രതികാരദാഹം വർദ്ധിച്ചു. രാജാവിൻറെ മരണത്തിന് ഉത്തരവിട്ടവർ വേഗത്തിൽ കൊലമരത്തിലേക്കാനയിക്കപ്പെട്ടു. വിപ്ലവത്തിനെതിരായി നിൽക്കുന്നുവെന്ന് സംശയിക്ക

പ്പെട്ടവരെയെല്ലാം കൊല ചെയ്യുന്നതിന് തീരുമാനിക്കപ്പെട്ടു. ജയിലറകൾ നിറഞ്ഞു കവിഞ്ഞു. ഒരുസമയത്ത് രണ്ട് ലക്ഷം ആളുകൾ വരെ തടവിലുണ്ടായിരുന്നു. രാജ്യത്തിലെ നഗരങ്ങൾ ഭീകരസംഭവങ്ങളുടെ രംഗവേദിയായിത്തീർന്നു. വിപ്ലവകാരികളുടെ ഒരു കക്ഷി വേറൊരു കക്ഷിക്കെതിരായി പ്രവർത്തിച്ചു. ഫ്രാൻസിലുടനീളം സമരങ്ങൾ പൊട്ടിപ്പുറപ്പെട്ടു. "പാരീസിൽ ഒരു കാലാപം വേണ്ടാന്നിലേക്കു പകർന്നു. പൗരജനങ്ങൾ പല കക്ഷികളായി തിരിഞ്ഞു. പരസ്പരം നശിപ്പിക്കയല്ലാതെ വേറൊരു പരിപാടിയും അവർക്കില്ലായിരുന്നു. ഇതോടൊപ്പം ഫ്രാൻസ് യൂറോപ്യൻ ശക്തികളുമായി

ദീർഘമായ ഒരു യുദ്ധത്തിൽ ഏർപ്പെടുകയും ചെയ്തു. രാജ്യത്തിൻറെ ധന സ്ഥിതി താറുമാറായി. പട്ടാളം തങ്ങളുടെ ശംബള കുടിശ്ശികയ്ക്കുവേണ്ടി ആവശ്യപ്പെട്ടു. പാരീസിലെ പൗരന്മാർ പട്ടിണികിടന്നു. പ്രവിശ്യകൾ കൊള്ളക്കാർ ആക്രമിച്ചു മുടിച്ചു. നാഗരികത മിക്കവാറും തകർന്നു. അരാജകത്വവും തോന്ന്യാസവും എങ്ങും കാണപ്പെട്ടു.

റോം അഭ്യസിപ്പിച്ച ക്രൂരതയുടേയും പീഡനത്തിൻറേയും പാഠങ്ങൾ ഫ്രഞ്ചുജനത നല്ലതുപോലെ പഠിച്ചു. പ്രതികാരത്തിൻറെ ഒരു ദിവസം ഒടുവിൽ വന്നുചേർന്നു. ഇപ്പോൾ ഇരുണ്ട അറകളിലും ചിതയിലേക്കും

തള്ളപ്പെട്ടത് യേശുവിൻറെ ശിഷ്യന്മാരായിരുന്നില്ല. വളരെക്കാലം മുമ്പ് അവർ കൊല്ലപ്പെടുകയോ നാടുകടത്തപ്പെടുകയോ ചെയ്തിരുന്നു. രക്തദാഹിയായി തങ്ങൾ വളർത്തിയെടുത്ത രാജ്യത്തിൻറെ മാരകശക്തി റോമിന് ഇപ്പോൾ അനുഭവ വേദ്യമായി. അനേക വർഷങ്ങൾ ഫ്രാൻസിലെ പുരോഹിതവർഗ്ഗം പ്രകടമാക്കിയിരുന്ന പീഡനം ഇപ്പോൾ വളരെ ശക്തിയായി പുരോഹിതന്മാരുടെ മേൽ പതിച്ചു. പുരോഹിതന്മാരുടെ രക്തത്താൽ ഗില്ലറ്റീൻ്റെ കുക്കമരങ്ങൾ രക്തപങ്കിലമായി. ഒരിക്കൽ ഹ്യൂജനോട്ടീസുകളാൽ നിറയപ്പെട്ടിരുന്ന ജയിലറകൾ ഇപ്പോൾ അവരെ പീഡിപ്പിച്ചവരാൽ നിറഞ്ഞു.

ബഞ്ചുകളോടു ചേർത്ത് ബന്ധിച്ചപ്പോഴും തുഴകൾ എടുത്ത് തുഴയേണ്ടിവന്നപ്പോഴും തങ്ങളുടെ സഭ, ശാന്തരായ അവിശ്വാസികളോട് കാണിച്ച കൊടുംക്രൂരതകൾ എന്തായിരുന്നുവെന്ന് കത്തോലിക്കാ പുരോഹിതന്മാർക്ക് അനുഭവമാക്കുവാൻ കഴിഞ്ഞു.

അതിക്രൂരമായ ഭരണാധികാരികളാൽ, അതിനിന്ദ്യമായ ശിക്ഷാവിധികൾ നടപ്പാക്കുന്ന കാലം വന്നു. അക്കാലത്ത് അയൽക്കാരനോട് കുശലം പറയുന്നതോ, പ്രാർത്ഥിക്കുന്നതു പോലുമോ, അപകടം ക്ഷണിച്ചുവരുത്തുന്ന കാര്യങ്ങളായിരുന്നു. വധശിക്ഷ ലഭിക്കാനുള്ള കുറ്റം ആരോപിക്കപ്പെടാനുള്ള സാദ്ധ്യതകൾ

ഇതിലൊക്കെയുമുണ്ടായിരുന്നു. ചാരന്മാർ എല്ലായിടത്തും പതി യിരുന്നിരുന്നു. വധശിക്ഷ നടപ്പാക്കാനുപയോഗിച്ചിരുന്ന ഗില്ലറ്റിൻ എന്ന ഉപകരണം എല്ലാ രാവിലേയും സാവധാനത്തിൽ അവിരാമം പ്രവർത്തിച്ചിരുന്നു. അടിമകളെ കൊണ്ടുപോകുന്ന കപ്പലിൻറെ രീതിയായിരുന്നു ജയിലുകളുടെ സ്ഥിതി. ഫ്രാൻസിലെ തെരുവീഥികളിലെ ചെളിക്കുഴികളിൽ നിന്ന് രക്തവും അഴുക്കുവെള്ളവും കൂടിച്ചേർന്ന് സീൻ നദിയിലേക്കൊഴുകി. എന്നും പാരീസിലെ പൊതുനിരത്തുകളിലൂടെ ശിക്ഷയ്ക്കു വിധിക്കപ്പെട്ടവരെ വധസ്ഥലത്തേക്ക് കൊണ്ടുപോയപ്പോൾ, പരമാധികാരിസഭ നിയമിച്ചിരുന്ന പ്രോ

കോൺസലുമാർ ക്രൂരതയിൽ തിമിർത്തു. അവരുടെ ക്രൂരത തലസ്ഥാന നഗരിയിൽപ്പോലും അജ്ഞാതമായിരുന്നു. ഗില്ലറ്റിൻറെ കത്തികൾ വളരെ സാവധാനമായിരുന്നു കൊല നടത്തിയിരുന്നത്. അക്കാലത്ത് പലരീതിയിൽ ആളുകളെ വധിച്ചിരുന്നു. തടവുകാരെ നീണ്ട നിരയായി നിർത്തി അരിഞ്ഞു വീഴ്ത്തുന്നത് ഒരു രീതിയായിരുന്നു. ജനങ്ങളെ ബോട്ടിൽ കുത്തിനിറച്ചശേഷം ബോട്ടിൻറെ അടിത്തട്ടിൽ ദ്വാരങ്ങളുണ്ടാക്കുകയായിരുന്നു വേറൊരു വിധം. അരാസ് എന്ന സ്ഥലത്ത്, കൊലയ്ക്ക് വിധിക്കപ്പെട്ടവരെ പെട്ടെന്ന് മരിക്കാൻ അനുവദിച്ചില്ല. ലോയർ എന്ന നദീതടപ്രദേശത്തും, സൊയർ മുതൽ

കടൽ വരെയുള്ള സ്ഥലങ്ങളിലും നഗ്നമായ ശവശരീരങ്ങളെ കാക്കയും കഴുകനും തിന്ന് വിശപ്പടക്കുന്നത് നിത്യേനയുള്ള കാഴ്ചയായിരുന്നു. നൂറുകണക്കിന് ചെറുബാലന്മാരേയും പതിനേഴ വയസ്സ് പ്രായമുള്ള പെൺകുട്ടികളേയും ഫ്രാൻസിലെ കിരാത ഗവണ്മെൻറ് അറുകൊല ചെയ്തു. പ്രായവിത്യാസമോ, ലിംഗ വിത്യാസമോ അവർ പരിഗണിച്ചില്ല. മുല കുടിക്കുന്ന കുഞ്ഞുങ്ങളെ കൂർത്ത മൂർത്ത ഇരുമ്പുകുറ്റികളിൽ തറച്ചു കൊന്നു. പത്തു വർഷത്തിനുള്ളിൽ ലക്ഷക്കണക്കിനാളുകൾ കൊല്ലപ്പെട്ടു.

ഇതെല്ലാം സാത്താൻ ആഗ്രഹിച്ച വിധത്തിൽ നടന്നു. യുഗങ്ങളായി

അവൻ ആഗ്രഹിച്ചതും ഇതായിരുന്നു. ആദി മുതൽ അവസാനം വരെ സാത്താൻറെ നയം വഞ്ചനയാണ്. മനുഷ്യ വർഗ്ഗത്തിനുമേൽ കഷ്ടതയും ദുരിതവും കൊണ്ടുവരികയാണ് സാത്താൻറെ ലക്ഷ്യം. ദൈവത്തിൻറെ സൃഷ്ടി മാഹാത്മ്യത്തെ വിരൂപമാക്കുകയും മനുഷ്യനന്മയ്ക്കുവേണ്ടിയുള്ള ദൈവത്തിൻറെ സ്നേഹവായ്പോടുകൂടിയ പ്രവർത്തനത്തെ തെറ്റിദ്ധരിപ്പിക്കുകയുമാണ് അവൻറെ പ്രധാന ഉദ്ദേശം. സാത്താൻ, തൻറെ കൗശലമുപയോഗിച്ച്, മനുഷ്യ മനസ്സുകളെ കുരുടാക്കി, സ്വന്തം കൗടില്യങ്ങളെ ദൈവത്തിൻറെ മേൽ ചുമത്തുവാൻ മനുഷ്യനെ പ്രേരിപ്പിക്കുന്നു.

ഭൂമിയിലെ സകല ദുരന്തങ്ങൾക്കും കാരണക്കാരൻ ദൈവമാണെന്ന് മനുഷ്യനെ സാത്താൻ തെറ്റിദ്ധരിപ്പിക്കുന്നു. ഇതേ വിധത്തിൽ സാത്താനാൽ തെറ്റിദ്ധരിപ്പിക്കപ്പെട്ടവർക്ക് ശക്തി ലഭിക്കുമ്പോൾ, അതിരുകടന്ന ക്രൂരപ്രവൃത്തികൾ ചെയ്യാൻ അവൻ അവരെ പ്രലോഭിപ്പിക്കുന്നു. അനിയന്ത്രിതമായ ഈ അവസ്ഥാവിശേഷത്തെ സ്വാതന്ത്ര്യത്തിൻറെ പരിണിതഫലങ്ങൾ എന്ന് ലോകമനുഷ്യർ വിളിക്കുന്നു.

പുറംമൂടിയണിഞ്ഞ തെറ്റിനെ വെളിച്ചത്തു കൊണ്ടുവരുമ്പോൾ,

വേറൊരുവിധത്തിൽ അതിനെ
മറയ്ക്കുവാൻ സാത്താൻ ശ്രമിക്കുന്നു.
എന്നാൽ ജന ലക്ഷങ്ങൾ ആ തെറ്റിനെ
സ്വീകരിക്കുന്നു. റോമൻ
കത്തോലിക്കാമതം തെറ്റാണെന്ന്
ജനങ്ങൾക്ക് ബോദ്ധ്യമാകുകയും
സാത്താന് ഈ മാർഗ്ഗത്തിലൂടെ
ദൈവകല്പനയെ ലംഘിക്കുവാൻ
സാദ്ധ്യമല്ലാതെ വരികയും ചെയ്തപ്പോൾ,
എല്ലാ മതങ്ങളും വഞ്ചനയാണെന്ന്
സാത്താൻ പറഞ്ഞു. മാത്രമല്ല,
വേദപുസ്തകം ഒരു കെട്ടുകഥയാണെന്നും
അവൻ ഉപദേശിച്ചു. അവൻറെ
ഉപദേശത്തിന് ചെവി കൊടുത്തവർ,
ദൈവകല്പനയെ കാറ്റിൽ
പറത്തികൊണ്ട് അനിയന്ത്രിതമായ
പാപജീവിതത്തിലേക്ക് പതിച്ചു.

ഫ്രഞ്ച് ജനതയ്ക്ക് ഇത്രമാത്രം കഷ്ടതകൾ വരുവാൻ കാരണം, അവൻ ഒരു വലിയ സത്യത്തെ അവഗണിച്ചതായിരുന്നു- യഥാർത്ഥ സ്വാതന്ത്ര്യം സ്ഥിതിചെയ്യുന്നത്, ദൈവകല്പന അനുസരിക്കുന്നവരിലാണ്. “അയ്യോ, നീ എൻറെ കല്പനകളെ കേട്ടനുസരിച്ചെങ്കിൽ കൊള്ളാമായിരുന്നു. എന്നാൽ നിൻറെ സമാധാനം നദിപോലെയും, നിൻറെ നീതി സമുദ്രത്തിലെ തിരപോലെയും ആകുമായിരുന്നു”. “ദുഷ്ടന്മാർക്ക് സമാധാനം ഇല്ലായെന്ന് യഹോവ അരുളിച്ചെയ്യുന്നു”. “എൻറെ വാക്കു കേൾക്കുന്നവനോ നിർഭയം വസിക്കുകയും ദോഷഭയം കൂടാതെ

സ്വൈര്യമായിരിക്കയും ചെയ്യും” (യെശ. 48:18,22; സദൃശ. 1:33).

നിരീശ്വരവാദികളും അവിശ്വാസികളും വിശ്വാസത്യാഗികളും ദൈവ കല്പനകളെ എതിർക്കുകയും അധിക്ഷേപിക്കുകയും ചെയ്യും. എന്നാൽ അവരുടെ പ്രവർത്തനഫലം തെളിയിക്കുന്നത്, ദൈവകല്പന അനുസരിക്കുന്നവർ ഐശ്വര്യമുള്ളവരായിത്തീരും എന്ന വസ്തുതയാണ്. വേദപുസ്തകത്തിൽനിന്ന് ആ പാഠം പഠിക്കാത്തവർ രാഷ്ട്ര ചരിത്രത്തിൽനിന്നും ആ സത്യം പഠിക്കും.

റോമൻ കത്തോലിക്കാസഭയിലൂടെ, സാത്താൻ, മനുഷ്യരെ

ദൈവകല്പനാനുസരണത്തിൽനിന്ന്
മാറ്റുവാൻ ശ്രമിച്ചപ്പോൾ, അവൻറെ
ഇംഗിതം മറച്ചു വച്ചിരുന്നു. അതുകൊണ്ട്
ദൈവകല്പന ലംഘിച്ചതുകൊണ്ടുണ്ടായ
അധഃപതനത്തിൻറേയും കഷ്ടതയുടേയും
കാരണങ്ങൾ കണ്ടെത്തുവാൻ ആർക്കും
.കഴിഞ്ഞില്ല. സാത്താൻറെ ശക്തിയും
അധികാരവും ദൈവാത്മാവിനാൽ
തടയപ്പെട്ടതുകൊണ്ട് അവൻറെ
പ്രവർത്തനം
പൂർണ്ണഫലപ്രാപ്തിയിലെത്തിയില്ല.
ജനം, തങ്ങളുടെ കഷ്ടതയുടെ കാരണം
കണ്ടെത്തുവാൻ ശ്രമിച്ചില്ല. ഫ്രെഞ്ചു
വിപ്ലവകാലത്തെ നാഷണൽ
കൗൺസിൽ പരസ്യമായി
ദൈവകല്പനയെ നീക്കി. പിന്നീട് വന്ന
ഭീകരഭരണകാലത്ത്, അതിൻറെ

തിക്തഫലങ്ങൾ ഏവർക്കും കാണുവാൻ കഴിഞ്ഞു.

ഫ്രാൻസ് പരസ്യമായി വേദപുസ്തകത്തെ തിരസ്കരിക്കയും, ദൈവത്തെ ദൂഷിക്കുകയും ചെയ്തപ്പോൾ, ദുഷ്ടന്മാരായ ആളുകളും അന്ധകാരത്തിൻറെ ആത്മാക്കളും ഒത്തുചേർന്ന് തങ്ങളുടെ നേട്ടത്തിൽ ആഹ്ലാദിച്ചു. അവർ കാത്തിരുന്ന ലക്ഷ്യം നേടി. അവരുടെ ലക്ഷ്യം ദൈവകല്പനയിൽനിന്ന് മോചിതമായ ഒരു രാഷ്ട്രം കെട്ടിപ്പടുക്കുക എന്നതായിരുന്നു. ദുഷ്പ്രവൃത്തികൾക്ക് എതിരായി കോടതി വിധികൾ ഉടൻ നടപ്പാക്കാത്തതുകൊണ്ട്, ദുഷ്പ്രവൃത്തികൾ ചെയ്യാൻ മനുഷ്യ ഹൃദയം ധൈര്യപ്പെട്ടു (സഭാ. 8:11).

നീതിയും ന്യായവുമുള്ള ഒരു കല്പനയുടെ ലംഘനം തീർച്ചയായും കഷ്ടവും നാശവും കൊണ്ടുവരും. ഒരുപക്ഷേ മനുഷ്യൻറെ ദുഷ്പ്രവൃത്തികൾക്ക് ഉടനടി ശിക്ഷ കിട്ടുന്നില്ലെങ്കിലും അതിൻറെ ഫലം എപ്പോഴെങ്കിലും വരാതിരിക്കില്ല. നൂറ്റാണ്ടുകളായി വളർന്ന വിശ്വാസത്യാഗവും കുറ്റകൃത്യങ്ങളുമെല്ലാം പ്രതികാരദിവസത്തിലേക്ക് ദൈവത്തിൻറെ രോഷം കൂട്ടിവയ്ക്കുകയായിരുന്നു. അവരുടെ അകൃത്യം പൂർണ്ണതയിലെത്തിയപ്പോൾ, ദൈവിക ക്ഷമയുടെ അതിര് അവർ കണ്ടെത്തി. ദൈവകോപത്തിൽ വീഴുന്നത് ഭയാനകമാ ണെന്നും. അത് കണ്ടെത്തുന്നതിൽ തങ്ങൾ

താമസിച്ചുപോയി എന്ന് അവർ മനസ്സിലാക്കിയതും അപ്പോഴായിരുന്നു. സാത്താൻറെ ദുഷ്ടപ്രവർത്തനങ്ങൾക്ക് തടയായി നില്ക്കുന്ന ദൈവാത്മാവ്, തൻറെ പ്രതിരോധം പിൻവലിക്കുമ്പോൾ, സാത്താൻറെ പ്രവർത്തനങ്ങൾ ശക്തമാകും. അവൻറെ പ്രമോദം, മനുഷ്യന് ദുരിതം സമ്മാനിക്കുന്നതിലാണ്. മറുതലിപ്പിൻറെ വഴി തെരഞ്ഞെടുത്തവർ, അതിൻറെ ഫലങ്ങൾ അനുഭവിക്കുവാൻ അനുവദിക്കപ്പെട്ടു. പേനകൊണ്ട് വിവരിക്കുവാൻ പാടില്ലാതെവണ്ണം, അത്രയ്ക്ക് ഭീകരമായിരുന്നു. അതിൻറെ ഫലങ്ങൾ, ദേശം കുറ്റകൃത്യങ്ങളാൽ നിറഞ്ഞു. തകർന്നടിഞ്ഞ നഗരങ്ങളിൽ

നിന്നും, നശിച്ചുപോയ പ്രവിശ്യകളിൽനിന്നും ദയനീയമായ നിലവിളി കേട്ടു. നിരാശയുടേയും ഭീതിയുടേയും നിലവിളിയായിരുന്നു അത്. ഒരു ഭൂകമ്പത്താൽ കുലുങ്ങുന്നതുപോലെ, ഫ്രാൻസ് ഇളകിയാടി. മതം, നിയമം, സാമൂഹ്യകെട്ടുപാട്, കുടുംബം, രാഷ്ട്രം, സഭ എന്നിവ തകർന്നു. ദൈവകല്പനക്കെതിരായി ഭക്തി കെട്ടവൻ എഴുന്നേറ്റപ്പോൾ, മേൽപറയപ്പെട്ട സ്ഥാപനങ്ങൾ തകർന്നു. ജ്ഞാനിയായ ശാലോമോൻ പറഞ്ഞു: "ദുഷ്ടനോ, തൻറെ ദുഷ്ടതകൊണ്ട് വീണുപോകും". "പാപി നൂറുപ്രാവശ്യം ദോഷം ചെയ്യും , ദീർഘായുസ്സോടെ ഇരിക്കയും

ചെയ്യുന്നുണ്ടെങ്കിലും ദൈവത്തെ ഭയപ്പെടുന്ന ഭക്തന്മാർക്ക് നന്മ വരുമെന്ന് ഞാൻ നിശ്ചയമായി അറിയുന്നു. എന്നാൽ ദുഷ്ടന് നന്മ വരികയില്ല" (സദൃശ. 11:5; സഭാപ്രസംഗി. 8:12, 13.) "അവർ പരിജ്ഞാനത്തെ വെറുത്തല്ലോ. യഹോവാഭക്തിയെ തെരഞ്ഞെടുത്തതുമില്ല'. "അതുകൊണ്ട് അവർ സ്വന്തവഴിയുടെ ഫലം അനുഭവിക്കയും, തങ്ങളുടെ ആലോചനകളാൽ തൃപ്തി പ്രാപിക്കയും ചെയ്യും (സദൃശ. 1:29,31).

"ആഴത്തിൽനിന്ന് കയറിവരുന്ന, ദൈവദൂഷണം ഉച്ചരിക്കുന്ന ദുഷ്ടശക്തിയാൽ കൊല്ലപ്പെട്ട ദൈവത്തിൻറെ വിശ്വസ്ത സാക്ഷികൾ അധികകാലം

നിശ്ശബ്ദരായിരിപ്പാൻ പോകുന്നില്ല. മൂന്നര ദിവസം കഴിഞ്ഞശേഷം ദൈവത്തിൽനിന്ന് ജീവശ്വാസം അവരിൽ വന്നു. അവർ കാലൂന്നി നിന്നു - അവരെ കണ്ടവർ ഭയപരവശരായിത്തീർന്നു" (വെളി. 11:11). ആയിരത്തി എഴുന്നൂറ്റി തൊണ്ണൂറ്റി മൂന്നിലായിരുന്നു ക്രിസ്തീയ മതത്തേയും വേദപുസ്തകത്തേയും നിരോധിക്കുന്ന ഒരു നിയമം ഫ്രഞ്ച് അസംബ്ലി പാസ്സാക്കിയത്. മൂന്നര വർഷം കഴിഞ്ഞ ഇതേ അസംബ്ലി, നേരത്തെ പാസ്സാക്കിയ നിരോധന നിയമത്തെ റദ്ദാക്കി. ഇങ്ങനെ തിരുവെഴുത്തുകൾക്ക് വീണ്ടും സ്വാതന്ത്ര്യം അനുവദിച്ചു. തിരുവെഴുത്തുകളെ നിരോധിച്ച

ഫ്രാൻസിന്റെ പാപകുറ്റത്തെ കണ്ട്
ലോകം പകച്ചു നിന്നു.
സാന്മാർഗ്ഗികതയുടേയും
സദ്ഗുണങ്ങളുടേയും അടിസ്ഥാന മായ
തിരുവെഴുത്തുകളിലും ദൈവത്തിലും
തങ്ങൾക്കുണ്ടായിരിക്കേണ്ട ഭക്തി
വിശ്വാസത്തിൻറെ
ആവശ്യകതയെക്കുറിച്ച് മനുഷ്യർ
ബോധവാന്മാരായി. യഹോവയായ
കർത്താവ് പറയുന്നു: “നീ
ആരെയാകുന്നു നിന്ദിച്ച് ദുഷിച്ചത്?
ആർക്കു വിരോധമായിട്ടാകുന്നു നീ
ഒച്ചപൊക്കുകയും തല ഉന്നതമായി
ഉയർത്തുകയും ചെയ്തത്?
(യെശ.37:23) ആകയാൽ ഞാൻ ഈ
പ്രവാശ്യം അവരെ ഒന്നു പഠിപ്പിക്കും;
എൻറെ കയ്യും എൻറെ ബലവും ഞാൻ

അവരെ ഒന്ന് അനുഭവിപ്പിക്കും; എൻറെ നാമം യഹോവ എന്നവർ അറിയും" (യിരെമ്യാ. 16:21).

രണ്ടു സാക്ഷികളെക്കുറിച്ച് പ്രവാചകൻ വീണ്ടും പറയുന്നു: "ഇവിടെ കയറി വരുവിൻ എന്ന് സ്വർഗ്ഗത്തിൽനിന്ന് ഒരു മഹാശബ്ദം പറയുന്നതു കേട്ടു. അവർ മേഘത്തിൽ സ്വർഗ്ഗത്തിലേക്ക് കയറി; അവരുടെ ശത്രുക്കൾ അവരെ നോക്കിക്കൊണ്ടിരുന്നു" (വെളി. 11:12). ദൈവത്തിൻറെ രണ്ടു സാക്ഷികളുടെ നേരെ ഫ്രാൻസ് യുദ്ധഭീഷണി മുഴക്കിയതുകൊണ്ട് ഇതിനുമുമ്പില്ലാത്തവിധം ഫ്രാൻസ് അപമാനിതയായി. 1804-ൽ ബ്രിട്ടീഷ് ബൈബിൾ സൊസൈറ്റി

രൂപീകൃതമായി. ഇതോടനുബന്ധിച്ച് ഇതുപോലെയുള്ള അനവധി സംഘടനകളും അവയുടെ ബ്രാഞ്ചുകളും യൂറോപ്പിൽ രൂപീകൃതമായി. 1816-ൽ അമേരിക്കൻ ബൈബിൾ സൊസൈറ്റി രൂപീകരിക്കപ്പെട്ടു. ബ്രിട്ടീഷ് ബൈബിൾ സൊസൈറ്റി രൂപീകരിക്കപ്പെട്ടപ്പോൾ, അൻപതു ഭാഷകളിൽ വേദപുസ്തകം അച്ചടിക്കപ്പെടുകയും വിതരണം ചെയ്യപ്പെടുകയും ചെയ്തു. അതുമുതൽ നൂറുക്കണക്കിന് ഭാഷകളിൽ വേദപുസ്തകം പരിഭാഷപ്പെടുത്തി അച്ചടിക്കപ്പെട്ടുകൊണ്ടിരിക്കുന്നു.

1792-ന് 50 വർഷംമുമ്പ് വിദേശമിഷൻ പ്രവർത്തനം എന്ന ഒരു ആശയമേ ഉണ്ടായിരുന്നില്ല. പുതിയ ഒരു

സൊസൈറ്റി പോലും അന്ന് രൂപീകരിച്ചിരുന്നില്ല. സത്യവെളിച്ചം എത്തിയിട്ടില്ലാത്ത ദേശങ്ങളിൽ ക്രിസ്ത്യാനിത്വം വ്യാപിക്കുന്നതിനുവേണ്ടി വളരെക്കുറച്ച സഭകൾ മാത്രമേ പ്രവർത്തിച്ചിരുന്നുള്ളൂ. എന്നാൽ പതിനെട്ടാം നൂറ്റാണ്ടിൻറെ അവസാനത്തോടുകൂടി വലിയ മാറ്റങ്ങൾ ഉണ്ടായി. യുക്തിചിന്തയിൽ മനുഷ്യർ അസംതൃപ്തരായി. ആത്മീയ വെളിപ്പാടുകളിലും, പ്രായോഗിക ചിന്തയിലും മനുഷ്യർക്ക് താല്പര്യമുളവായി. ഈ സമയം മുതൽ വിദേശമിഷൻ പ്രവർത്തനം മുൻപില്ലാത്തവിധം ശക്തമായി.

അച്ചടിയിലുണ്ടായ അഭിവൃദ്ധി വേദപുസ്തകത്തിൻറെ പ്രചരണത്തിന് ഒരു പുതിയ ആവേശം പകർന്നു. വിവിധ രാജ്യങ്ങൾ തമ്മിലുള്ള സമ്പർക്കം വർദ്ധിക്കുകയും, പഴയകാലത്തുണ്ടായിരുന്ന പരസ്പര വിദ്വേഷത്തിനും ദേശീയമായി ഒറ്റ തിരിഞ്ഞുള്ള നില്പ്പിനും പോപ്പിൻറെ രാഷ്ട്രീയ മേൽക്കോയ്മയ്ക്ക് ഇടിവു തട്ടുകയും ചെയ്തപ്പോൾ, ദൈവവചനത്തിന് ഒരു പുതുവഴി തുറക്കപ്പെടുകയാണ് ചെയ്തത്. കുറച്ചുകാലം റോമിലെ തെരുവീഥിയിൽ യാതൊരു വിലക്കുമില്ലാതെ വേദപുസ്തകം വിറ്റഴിക്കപ്പെട്ടു. ലോകത്തിൽ മനുഷ്യവാസമുള്ള എല്ലാ പ്രദേശങ്ങളിലും വേദപുസ്തകം എത്തിച്ചേർന്നു.

യുക്തിവാദിയായിരുന്ന വോൾട്ടയർ ഒരിക്കൽ ഇപ്രകാരം പറഞ്ഞു: "പന്ത്രണ്ടുപേർ ക്രിസ്തീയ മതം സ്ഥാപിച്ചു എന്ന് പറയുന്നതുകേട്ട് എനിക്ക് മുഷിവ് തോന്നിയിട്ടുണ്ട്. എന്നാൽ അതിനെ തകിടം മറിക്കുവാൻ ഒരാൾ മതിയാകും എന്ന് ഞാൻ തെളിയിച്ചുതരും." വോൾട്ടയർ മരിച്ചിട്ട് ഇന്ന് അനേക വർഷങ്ങൾ കഴിഞ്ഞു. ലക്ഷക്കണക്കിന് ആളുകൾ വേദപുസ്തകത്തിനെതിരായി കൈകോർത്ത് പോരാടിയിട്ടുണ്ട്. എന്നാൽ ഇന്നും വേദപുസ്തകം അജയ്യമായി നിലകൊള്ളുന്നു. വോൾട്ടയറിന്റെ കാലത്ത് നൂറു വേദപുസ്തകങ്ങളുണ്ടായിരുന്നെങ്കിൽ ഇന്ന് ആ സ്ഥാനത്ത് ലക്ഷക്കണക്കിന്

വേദപുസ്തകങ്ങളാണുള്ളത്. ആദ്യകാല നവീകരണ കർത്താക്കളുടെ വാക്കുകളിൽ പറഞ്ഞാൽ അതിപ്രകാരമായിരിക്കും "വേദപുസ്തകം, കൊല്ലൻറെ ആലയിലെ അടകല്ലുപോലെയാണ്. അത് അനവധി ഇരുമ്പ് ചുറ്റികകളെ പ്രവർത്തന ക്ഷമമല്ലാതാക്കിയിട്ടുണ്ട്" യഹോവ പറയുന്നു: "നിനക്കു വിരോധമായി ഉണ്ടാകുന്ന യാതൊരു ആയുധവും ഫലിക്കയില്ല. ന്യായവിധി ദിവസത്തിൽ നിനക്കു വിരോധമായി എഴുന്നേല്ക്കുന്ന എല്ലാ നാവിനേയും നീ കുറ്റം വിധിക്കും" (യെശ. 54:17).

"ദൈവത്തിൻറെ വചനമോ, എന്നേക്കും നിലനില്ക്കും. അവൻറെ പ്രമാണങ്ങൾ

എല്ലാം വിശ്വാസ്യംതന്നെ. അവ
എന്നേക്കും സ്ഥിരമായിരിക്കുന്നു.
മനുഷ്യരുടെ ശക്തിയിന്മേൽ
കെട്ടിപ്പടുക്കുന്നതെല്ലാം നശിപ്പിക്കപ്പെടും.
എന്നാൽ എന്നേക്കും
സ്ഥിരമായിരിക്കുന്ന
ദൈവവചനത്തിന്മേൽ
കെട്ടിപ്പടുക്കുന്നതെന്തും എന്നേക്കും
നിലനില്ക്കും.

# അദ്ധ്യായം 16—തീർത്ഥാടക പിതാക്കന്മാർ

ആംഗ്ലേയ നവീകരണ കർത്താക്കൾ റോമൻ കത്തോലിക്കാസഭയുടെ ഉപദേശങ്ങളെ ത്യജിച്ചിരുന്നെങ്കിലും അവയുടെ രൂപങ്ങളിൽ പലതിനേയും നിലനിർത്തിയിരുന്നു. ഇങ്ങനെ റോമിൻറെ അധീശത്വത്തേയും വിശ്വാസങ്ങളിൽ പലതിനേയും തിരസ്കരിച്ചിരുന്നുവെങ്കിലും അവരുടെ രീതികളും അനുഷ്ഠാനങ്ങളും ആംഗ്ലിക്കൻ സഭയുടെ ആരാധനാക്രമത്തിൽ ഉൾപ്പെടുത്തിയിരുന്നു. ഈവക കാര്യങ്ങൾ മനസ്സാക്ഷിയെ ബാധിക്കുന്ന കാര്യങ്ങളായിരുന്നില്ല എന്ന് പറയപ്പെട്ടിരുന്നു. തിരുവെഴുത്തുകളിൽ

ഇവയെക്കുറിച്ച്
പറഞ്ഞിട്ടില്ലാത്തതിനാൽ അവ
ഒഴിച്ചുകൂട്ടുവാൻ
പാടില്ലാത്തതായിരുന്നില്ല. അവയെ
തിരുവെഴുത്തുകളിൽ
വിലക്കിയിട്ടില്ലാത്തതിനാൽ,
ആന്തരികമായി
ദോഷമുള്ളവയായിരുന്നില്ല. അവയുടെ
അനുഷ്ഠാനം, നവീകരണ സഭകളും
കത്തോലിക്കാസഭയുമായുള്ള അകൽച്ച
കുറയ്ക്കുവാൻ സഹായിച്ചു. ഈ ബന്ധം
പ്രൊട്ടസ്റ്റൻറുകാരുടെ നിലപാടിനെ
റോമൻ കത്തോലിക്കർ
അംഗീകരിക്കുമെന്നും പലരും
വിശ്വസിക്കുകയും അതിനെ
പ്രോത്സാഹിപ്പിക്കുകയും ചെയ്തു.

യാഥാസ്ഥിതികർക്കും അന്തരഞ്ജന വാദികൾക്കും ഈ അഭിപ്രായങ്ങൾ നിർണ്ണായകമായി തോന്നി. അപ്രകാരം വിശ്വസിക്കാത്ത വേറൊരു വിഭാഗം ഉണ്ടായിരുന്നു. റോമൻ കത്തോലിക്കാസഭയും നവീകരണ പ്രസ്ഥാനവും തമ്മിലുള്ള വിടവ്, ഈ ആചാരമര്യാദകൾ നികത്തുമെന്ന വസ്തുത ആ ബന്ധത്തിനെതിരായുള്ള ഒരു വാദമായിരുന്നു. അവർ മോചിതരാക്കപ്പെട്ട അടിമത്വത്തിൻറെ മുദ്രകളായിട്ടാണ് ആ ബന്ധത്തെ കണ്ടത്. ആ ബന്ധത്തിലേക്ക് മടങ്ങിപ്പോകുവാൻ അവർ ആഗ്രഹിച്ചില്ല. ദൈവത്തെ ആരാധിപ്പാനുള്ള നിയമങ്ങൾ തൻറെ വചനത്തിലൂടെ ദൈവം തന്നെ

നൽകിയിട്ടുണ്ടെന്ന് അവർ
വിശ്വസിച്ചു. ദൈവത്തിൻറെ
വചനത്തോട് എന്തെങ്കിലും കൂട്ടുവാനോ
കുറയ്ക്കുവാനോ മനുഷ്യന് അധികാരം
നൽകിയിട്ടില്ലെന്നും അവർ വാദിച്ചു.
ദൈവത്തിൻറെ അധികാരം സഭയ്ക്ക്
നൽകുവാൻ ശ്രമിക്കുന്നതി ലൂടെ
വലിയ വിശ്വാസത്യാഗത്തിൻറെ
ആദ്യപടിയിലേക്ക് പ്രവേശിക്കുകയാണ്.
ദൈവം വിലക്കിയിട്ടില്ലാത്തതിനെ
റോമൻ കത്തോലിക്കാസഭ തങ്ങളുടെ
ആജ്ഞാപനമായി ആദ്യം പുറപ്പെടുവിച്ചു.
ഒടുവിൽ ദൈവം വ്യക്തമായി
ആജ്ഞാപിച്ചിട്ടുള്ള കല്പനകളെ അവർ
എതിർക്കുകയും ചെയ്തു.

ആദ്യകാല സഭയുടെ മുഖമുദ്രയായിരുന്ന
വിശുദ്ധിയിലേക്കും ലാളിത്യത്തിലേക്കും
തിരിച്ചുപോകുവാൻ അനേകർ
താത്പര്യത്തോടെ ആഗ്രഹിച്ചു.
ആംഗ്ലിക്കൻ സഭയുടെ അനേക
ആചാരങ്ങളും വിഗ്രഹാരാധനയുടെ
സ്മാരകങ്ങളാണ് എന്ന് അവർ കരുതി.
അവർക്ക് ഉള്ളുകൊണ്ട് അവളുടെ
ആരാധനയിൽ സംബന്ധിക്കുവാൻ
കഴിയാതെ വന്നു. എന്നാൽ
സർക്കാരിന്റെ സഹായം ലഭിച്ചിരുന്ന
സഭയ്ക്ക് അവളുടെ
ആരാധനാക്രമത്തിൽനിന്ന്
പുറത്തുവരാൻ കഴിഞ്ഞില്ല.
സഭാശുശ്രൂഷകളിൽ ഹാജരാകുക
എന്നത് നിയമങ്ങളാൽ ഗവൺമെന്റ്
നിർബന്ധിതമാക്കി. ഗവണ്മെൻറ്

അംഗീകാരമില്ലാത്ത ആരാധനനാക്കുട്ടങ്ങൾ നിരോധിക്കപ്പെട്ടു. അതിനെതിരായിട്ടു നിന്നവർക്ക് തടവുശിക്ഷയും നാടുകടത്തലും മരണശിക്ഷയും നേരിടേണ്ടതായി വന്നു.

പതിനേഴാം നൂറ്റാണ്ടിൻറെ തുടക്കത്തിൽ ഇംഗ്ലണ്ടിലെ രാജസിംഹാസനത്തിലേറിയ രാജാവ് ഇപ്രകാരമൊരു തീരുമാനമെടുത്തു. “പ്യൂരിറ്റൻസ് (കത്തോലിക്കാസഭയ്ക്കെതിരായി നിന്നവർ) ഒന്നുകിൽ സർക്കാരിന്റെ തീരുമാനങ്ങളോട് യോജിക്കണം അല്ലെങ്കിൽ നാടുവിട്ടു പോകുകയോ അതിനേക്കാൾ ഭയാനകമായത്

നേരിടുകയോ ചെയ്യണം'. - George Bancroft, History of the United States of America pt.1, ch. 12, par. 6. വേട്ടയാടപ്പെടുകയും, പീഡിപ്പിക്കപ്പെടുകയും തടവിലാക്കപ്പെടുകയും ചെയ്ത പ്യൂരിറ്റൻസിന് ഭാവി ഇരുളടഞ്ഞതായിരുന്നു. തങ്ങളുടെ മനസ്സാക്ഷിയനുസരിച്ച് ദൈവത്തെ സേവിക്കുവാൻ ആഗ്രഹിക്കുന്നവർക്ക് "ഇംഗ്ലണ്ട് ഇനിയൊരിക്കലും ഒരു അഭയസ്ഥാനമായിരിക്കയില്ല എന്ന് അവർക്ക് ബോധ്യമായി"). G. Palfrey, History of New England, ch. 3, par. 43. ചിലർ ഹോളണ്ടിൽ അഭയം കണ്ടെത്തി. പ്രയാസങ്ങൾ, നഷ്ടങ്ങൾ, തടവ് എന്നിവ അവർ അനുഭവിച്ചു.

അവരുടെ ഉദ്ദേശങ്ങൾ പലപ്പോഴും ധ്വംസിക്കപ്പെട്ടു. ശത്രുക്കളുടെ കയ്യിലേക്ക് അവർ ഒറ്റിക്കൊടുക്കപ്പെട്ടു. എന്നാൽ അവസാനം വരെയുള്ള സഹിച്ചുനിൽപ്പ് ഒടുവിൽ വിജയിച്ചു. ഡച്ചിൽ അവർക്ക് സൗഹൃദത്തോടെയുള്ള സ്വീകരണം ലഭിച്ചു.

അവരുടെ ഓടിപ്പോക്കിൽ അവർ തങ്ങളുടെ ഭവനങ്ങളേയും സമ്പത്തു കളേയും ജീവിതമാർഗ്ഗങ്ങളേയും വിട്ടുകളഞ്ഞു. അവർ ഒരു പുതിയ സ്ഥലത്ത് അപരിചിതരും അന്യരും ആയിരുന്നു. അവിടുത്തെ ജനങ്ങളുടെ ഭാഷയും ആചാരമര്യാദകളും അവർക്കറിയില്ലായിരുന്നു. തങ്ങളുടെ ആഹാരസമ്പാദനത്തിനായി പുതിയതും

പരിചയിച്ചിട്ടില്ലാത്തതുമായ തൊഴിലുകളിൽ ഏർപ്പെടുവാൻ അവർ നിർബന്ധിതരായി. ഇതുവരേയും കൃഷിപ്പണിയിൽ മാത്രം ഏർപ്പെട്ടിരുന്ന മദ്ധ്യവയസ്കരായ ആളുകൾക്ക് യന്ത്രങ്ങളെ കൈകാര്യം ചെയ്യേണ്ട സ്ഥിതി വന്നുകൂടി. എന്നാൽ തങ്ങൾക്ക് ലഭിച്ച തൊഴിലുകളിൽ അവർ സന്തോഷത്തോടെ ഏർപ്പെട്ടു. അന്ധതയിൽ ഒട്ടും സമയം അവർ നഷ്ടപ്പെടുത്തിയില്ല. പലപ്പോഴും ദാരിദ്ര്യത്തിൻറെ വേദന സഹിക്കേണ്ടിവന്ന പ്പോൾ, അവർക്ക് ലഭിച്ച അനുഗ്രഹങ്ങൾക്കായി ദൈവത്തിനു സ്തോത്രം പറഞ്ഞു. ദൈവവുമായുള്ള ആത്മീയ സമ്പർക്കത്തിൽ അവർ സന്തോഷം

കണ്ടെത്തി. "തങ്ങൾ അന്യരാണെന്ന് അവർക്ക് അറിയാമായിരുന്നു. ഭൗതിക കാര്യങ്ങളിൽ അവർ ഒട്ടും ശ്രദ്ധ ചെലുത്തിയില്ല. തങ്ങളുടെ പ്രിയ നാടായ സ്വർഗ്ഗത്തേക്കുനോക്കി തങ്ങളുടെ ആത്മാക്കളെ ആശ്വസിപ്പിച്ചു". -- Bancroft, pt. 1, ch. 12, par. 15.

പരദേശികളായി വിദേശത്ത് കഷ്ടതയുടെ നടുവിൽ കഴിയേണ്ടിവന്നപ്പോഴും അവരുടെ വിശ്വാസവും സ്നേഹവും വളർന്നുകൊണ്ടിരുന്നു. അവർ ദൈവത്തിൻറെ വാഗ്ദത്തങ്ങളിൽ വിശ്വസിച്ചു. ആവശ്യസമയത്ത് ദൈവം അവരെ ഉപേക്ഷിച്ചില്ല. ദൈവദൂതന്മാർ അവരെ ധൈര്യപ്പെടുത്തുവാനും

താങ്ങുവാനുമായി അവരുടെ അരികെ ഉണ്ടായിരുന്നു. കടലിന്നക്കരെ, തങ്ങൾക്കുവേണ്ടി ഒരു രാജ്യം ദൈവം ചൂണ്ടിക്കാണിച്ചപ്പോൾ അവർ തളരാതെ മുമ്പോട്ടു പോയി. ആ പുതിയ നാട്ടിൽ തങ്ങൾക്കും തങ്ങളുടെ സന്തതികൾക്കും മതസ്വാതന്ത്ര്യമെന്ന പൈതൃകം നൽകുവാൻ തീരുമാനിച്ചു.

ദൈവത്തിൻറെ കരുണ നിറഞ്ഞ ഉദ്ദേശം തൻറെ ജനങ്ങളിൽ നിറവേറുവാൻ അവരുടെമേൽ ചില ശോധനകൾ വരുന്നതിന് അനുവദിച്ചു. സഭയെ ഉന്നതിയിലേക്കുയർത്തുന്നതിനുവേണ്ടി അവളെ താഴേക്കു കൊണ്ടുവന്നു. സഭയുടെ പേരിൽ ദൈവം തൻറെ ശക്തി

പ്രകടിപ്പിക്കുവാൻ പോകുകയായിരുന്നു.
തന്നിൽ ആശ്രയിക്കുന്നവരെ താൻ ഒരു
നാളും തള്ളിക്കളകയില്ലെന്ന്
ലോകത്തിന് വേറൊരു തെളിവു
നൽകാൻ പോകയായിരുന്നു. ദൈവം
സംഭവഗതികളെ നിയന്ത്രിച്ചു.
സാത്താൻറെയും ദുഷ്ട മനുഷ്യരുടേയും
ക്രോധത്തെയും ദുഷ്ട ആലോചനകളേയും
ദൈവമഹത്വത്തെ
ഉയർത്തിക്കാണിക്കു വാൻ
കാരണമാകുമാറ് ദൈവം
സംഭവഗതികളെ നിയന്ത്രിച്ചു.
അതോടൊപ്പം തൻറെ ജനത്തെ
സുരക്ഷിതമായ ഒരു സ്ഥാനത്തേക്കു
കൊണ്ടുവരുന്നതിനും അവൻ
പ്രവർത്തിച്ചു. പീഡനവും

നാട്ടുകടത്തലും സ്വാതന്ത്ര്യത്തിലേക്കുള്ള വഴി തുറക്കുകയായിരുന്നു.

ആംഗ്ലിക്കൻ സഭയിൽനിന്നും വേർപെട്ട് നിൽക്കുവാൻ ആദ്യം നിർബ ന്ധിതരായപ്പോൾ, പ്യൂരിറ്റൻസ് ദൈവജനമെന്ന നിലയിൽ പാവനമായ ഒരു തീരുമാനമെടുത്തു. ആ തീരുമാനം ഇപ്രകാരമായിരുന്നു: "ദൈവത്തിൻറെ സ്വതന്ത്രരായ ജനമെന്ന നിലയിൽ, ദൈവം തങ്ങൾക്ക് കാണിച്ചുതന്ന വഴിയിലൂടെ അഥവാ കാണിച്ചു തരുവാൻ പോകുന്ന വഴിയിലൂടെ ഒന്നിച്ച് നടക്കും". J, Brown The Pilgrim Fathers, page. 74. യഥാർത്ഥ നവീകരണത്തിൻറെ ആത്മാവായിരുന്നു ഇവിടെ പ്രദർശിപ്പിക്കപ്പെട്ടത്.

പ്രൊട്ടസ്റ്റാൻറിസത്തിന്റെ ജീവനും തത്വമായിരുന്നു ഇത്. ഈ ഉദ്ദേശത്തോടുകൂടി ആയിരുന്നു തീർത്ഥാടകർ ഒരു പുതിയ ലോകത്തിൽ പുതിയ ഭവനം കണ്ടെത്തുവാൻ ഹോളണ്ട് വിട്ടത്. അവരുടെ പാസ്റ്ററും അവരോടൊപ്പം പുതിയ നാട്ടിലേക്കു പോകുവാൻ ദൈവം അനുവദിക്കാതെ ഇരുന്നവനുമായ ജോൺ റോബിൻസൺ, തൻറെ യാത്രയയപ്പു പ്രസംഗത്തിൽ ഇപ്രകാരം പറഞ്ഞു:

"സഹോദരന്മാരേ നാം അധികം താമസിയാതെ വേർപിരിയും, ഇനിയും നിങ്ങളുടെ മുഖം കാണ്മാൻ ജീവിച്ചിരിക്കുമോ എന്ന് കർത്താവ്

അറിയുന്നു. അതിന് കർത്താവ് അനുവാദിച്ചാലും ഇല്ലെങ്കിലും ദൈവമുമ്പാകെ ഞാൻ നിങ്ങളെ ഉത്ബോധിപ്പിക്കുന്നത്, ഞാൻ ക്രിസ്തുവിനെ അനുഗമിക്കുന്നതിൽ മാത്രമേ, നിങ്ങൾ എന്നെ അനുഗമിക്കാവൂ. ദൈവം നിങ്ങൾക്ക് എന്തെങ്കിലും വെളിപ്പെടുത്തിത്തരുന്നുവെങ്കിൽ എൻറെ ശുശ്രൂഷയിൽ എനിക്ക് ലഭിച്ച സത്യം സ്വീകരിക്കാൻ നിങ്ങൾ ഒരുക്കമായിരുന്നതുപോലെ, അതു സ്വീകരിക്കാനും ഒരുങ്ങിയിരിക്കുക. ഒരു കാര്യം എനിക്കു തീർച്ചയുണ്ട്. ദൈവത്തിന് ഇനിയും കൂടുതൽ സത്യവും കൂടുതൽ വെളിച്ചവും തൻറെ വിശുദ്ധ വചനത്തിൽനിന്നും

നൽകുവാനുണ്ട്." - Martyn, vol. 5, p. 70. - "

എന്നെ സംബന്ധിച്ചാണെങ്കിൽ, നവീകരണ സഭകളുടെ അവസ്ഥയെ ക്കുറിച്ച് വേണ്ടുംവണ്ണം വിലപിപ്പാൻ കഴിയുകയില്ല. അവർ ഒരു ഘട്ടത്തിൽ എത്തിയിരിക്കയാണ്. അവർക്കതിനപ്പുറം പോകാൻ കഴികയില്ല. ലൂഥർ കണ്ടതിനപ്പുറം പോകാൻ ലൂഥറിൻറെ അനുയായികൾക്ക് കഴിയുകയില്ല. അതു പോലെ കാൽവിന്റെ അനുയായികൾക്ക്, കാൽവിൻ എന്ന ദൈവമനുഷ്യൻ നിന്ന സ്ഥാനത്ത് പറ്റിപ്പിടിച്ച് നിൽക്കാനെ കഴിയുന്നുള്ളൂ. കാൽവിൻ തിരുവെഴുത്തുകളിലെ

മുഴുവൻ സത്യവും കണ്ടിരുന്നില്ല. ഇത് വിലപിക്കപ്പെടേണ്ട ഒരു അരിഷ്ടാവസ്ഥയാണ്. ഈ നേതാക്കളെല്ലാം തങ്ങളുടെ കാലത്ത്, എരിഞ്ഞുകൊണ്ടിരുന്ന, പ്രശോഭിച്ച വെളിച്ചങ്ങളായിരുന്നു. എങ്കിലും ദൈവത്തിൻറെ മുഴു ആലോചനകളിലും അവർ കടന്നുചെന്നിരുന്നില്ല. അവർ ഇന്ന് ജീവിച്ചിരുന്നുവെങ്കിൽ തങ്ങൾ ആദ്യകാലത്ത് എപകാരം വെളിച്ചം സ്വീകരിച്ചുവോ അതുപോലെ സ്വീകരിപ്പാൻ ഒരുക്കമായിരുന്നേനേം'.- D, Neal, History of the Puritans, vol. 1, p. 269.

നിങ്ങൾ സഭയുമായി ചെയ്ത ഉടമ്പടിയെ ഓർക്കുക. അതിൽ, നിങ്ങൾ

നിങ്ങളുടെ കർത്താവിനോടുകൂടെ
എല്ലാ വഴികളിലും നടക്കുമെന്ന്
പ്രതിജ്ഞ ചെയ്തു. നിങ്ങളുടെ വാഗ്ദത്തവും
ദൈവത്തോടും മറ്റുള്ളവരോടുമുള്ള
ഉടമ്പടിയും ഓർത്തുകൊള്ളുക.
ദൈവത്തിൻറെ ഗ്രന്ഥത്തിൽനിന്ന്
ലഭിക്കുന്ന ഏതു സത്യവും ഏതു
വെളിച്ചവും സ്വീകരിച്ചുകൊള്ളാമെന്ന്
നിങ്ങളുടെ ഉടമ്പടി ഓർത്തുകൊള്ളുക.
പക്ഷേ, സത്യമെന്ന പേരിൽ
നിങ്ങൾക്കു ലഭിക്കുന്ന ഏതിനേയും
സ്വീകരിക്കുന്നതിനുമുൻപായി
വേദപുസ്തകവുമായി
താരതമ്യപ്പെടുത്തുകയും
തട്ടിച്ചുനോക്കുകയും ചെയ്യുക എന്നത്
അതോടു കൂടെ ഓർത്തുകൊള്ളുക,
എന്ന് ഞാൻ നിങ്ങളോട്

അപേക്ഷിക്കയാണ്. എന്തുകൊണ്ടെന്നാൽ ക്രിസ്തീയ ലോകത്തിന്, ഇപ്പോൾ തങ്ങളെ മൂടിയിരിക്കുന്ന അക്രൈസ്തവമായ അന്ധകാരത്തിൽനിന്ന് പെട്ടെന്ന് പുറത്തുവരിക അസാദ്ധ്യമാണ്. അതുപോലെതന്നെ അസാദ്ധ്യമാണ് അറിവിൻറെ പൂർണ്ണത ഉടനടി അവരുടെമേൽ പ്രകാശിക്ക എന്നതും".- Martyn, vo. 5, p. 70,71.

സ്വാതന്ത്ര്യത്തോടുള്ള അന്തർദാഹമായിരുന്നു തീർത്ഥാടക പിതാക്കന്മാരെ കടലിലെ ആപത്തിനെ അഭിമുഖീകരിച്ചുകൊണ്ട് യാത്രചെയ്യുന്നതിനും കഷ്ടപ്പാടുകളും ദുരിതവും സഹിക്കുന്നതിനും ഒരു

ശക്തമായ രാഷ്ട്രത്തിൻറെ അടിസ്ഥാനം ഇടുന്നതിനും പ്രേരിപ്പിച്ചത്. അവർ വിശ്വസ്തരും ദൈവഭയമുള്ളവരും ആയിരുന്നിട്ടും മതസ്വാതന്ത്ര്യത്തിൻറെ അടിസ്ഥാനതത്വങ്ങൾ ഗ്രഹി ച്ചിരുന്നില്ല. തങ്ങൾക്ക് ലഭിച്ച മതസ്വാന്ത്ര്യത്തിനുവേണ്ടി എല്ലാം ത്യജിക്കുവാൻ ഒരുക്കമായിരുന്നെങ്കിലും മറ്റുള്ളവർക്ക് അതേ സ്വാതന്ത്ര്യം നല്കുവാൻ അവർ വിമുഖരായിരുന്നു. വളരെക്കുറച്ചുപേർ, 17-ാം നൂറ്റാണ്ടിലെ പ്രമുഖരായ ചിന്തകർക്കും, സാന്മാർഗ്ഗികതത്വവാദികൾക്കുപോലും, ഈ മതസ്വാതന്ത്ര്യത്തിൻറെ മാഹാത്മ്യത്തെക്കുറിച്ച് ശരിയായ ധാരണ ഉണ്ടായിരുന്നില്ല. വിശ്വാസത്തിൻറെ ഏക

ന്യായകർത്താവായി ദൈവത്തെ അംഗീകരിക്കുക എന്ന പുതിയനിയമ വിശ്വാസത്തിൻറെ പകർപ്പായിരുന്നു ഈ മതസ്വാതന്ത്ര്യത്തിലൂൾക്കൊണ്ടിരുന്ന അന്തസ്സത്ത."- Ibid., vo. 5, p. 297. ദൈവം സഭയ്ക്ക് നൽകിയിരുന്ന ഉപദേശം അതായത് മനസ്സാക്ഷിയെ നിയന്ത്രിക്കുവാനുള്ള അവകാശവും വിശ്വാസം നിർവ്വചിക്കുകയും ശിക്ഷിക്കുകയെന്നതും ആഴത്തിൽ വേരൂന്നിയിരുന്ന പാപ്പാത്വ തെറ്റുകളിൽ പ്രധാനപ്പെട്ട ഒന്നാണ്! നവീകരണകർത്താക്കൾ കത്തോലിക്കാസഭയുടെ വിശ്വാസത്തെ തിരസ്കരിച്ചവേളയിലും കത്തോലിക്കാസഭ കാണിച്ചിരുന്ന

അസഹിഷ്ണുതയുടെ ആത്മാവിൽനിന്ന് തികച്ചും മുക്തരല്ലായിരുന്നു. കത്തോലിക്കാസഭയുടെ ദീർഘകാലത്തെ ഭരണത്തിൽനിന്നും ഉടലെടുത്ത കനത്ത കൂരിരുട്ട് എല്ലാ ക്രിസ്തീയ രാജ്യങ്ങളേയും ഗ്രസിച്ചിരുന്നു. അത് പൂർണ്ണമായും നശിപ്പിക്കപ്പെട്ടിരുന്നില്ല. മസ്സാച്ചുസെറ്റ്സ് എന്ന് സ്വയം ഭരണാവകാശമുണ്ടായിരുന്ന പ്രവിശ്യയിലെ ഒരു സമുന്നത മന്ത്രി പറഞ്ഞു: "സഹിഷ്ണുതയാണ് ലോകത്തെ ക്രൈസ്തവവിരുദ്ധമാക്കിയത്. അവിശ്വാസികളുടെ ശിക്ഷ സഭയെ ഒരിക്കലും ക്ഷീണിപ്പിച്ചില്ല."- Ibid., vol. 5, p. 335. പൊതുഭരണത്തിൽ സഭാംഗങ്ങൾക്കുമാത്രമേ അധി

പ്രായപ്രകടനം പാടുള്ളു എന്ന നിയമം അമേരിക്കയിൽ കുടിയേറിപ്പാർത്ത എല്ലാ കോളനിക്കാരും മാനിച്ചു. ഈ വിധത്തിലുള്ള സർക്കാർസഭ രൂപീകരിക്കപ്പെട്ടു. സഭാശുശ്രൂഷകരെ പോറ്റിപ്പുലർത്താൻ എല്ലാ ജനങ്ങളും സംഭാവനകൾ നൽകണമെന്ന് തീരുമാനിക്കപ്പെട്ടു. സഭയ്ക്കെതിരായി തിരിയുന്നവരെ ഒതുക്കാൻ മജിസ്ട്രേട്ടുമാരെ ചുമതലപ്പെടുത്തി. ഇങ്ങനെ രാഷ്ട്രീയാധികാരങ്ങൾ സഭയുടെമേൽ നിക്ഷിപ്തമായി. ഈ നടപടികളെല്ലാം ഒഴിച്ചുകൂടാൻ പാടില്ലാത്ത ഒരു ഫലം ഉളവാക്കി-പീഡനം.

കുടിയേറ്റക്കാർ കോളനി സ്ഥാപിച്ച് പതിനൊന്നു വർഷങ്ങൾ കഴിഞ്ഞപ്പോൾ റോജർ വില്യംസ് ഈ നവീനലോകത്തിലേക്കു വന്നു. ആദിയിൽ വന്ന തീർത്ഥാടക പിതാക്കന്മാരെ (പിൽഗ്രിം ഫാദേഴ്സ്) പ്പോലെ മതസ്വാതന്ത്ര്യം ആസ്വദിക്കാൻ വന്ന ഒരാളായിരുന്നു റോജർ വില്യംസ്. അവരിൽനിന്നും വിഭിന്നമായി അദ്ദേഹത്തിനൊരു കാഴ്ചപ്പാട് ഉണ്ടായിരുന്നു. റോജർ വില്യംസിൻറെ കാലത്ത് വളരെക്കുറച്ചുപേർക്ക് മാത്രമേ ആ കാഴ്ച്പ്പാട് ഉണ്ടായിരുന്നുള്ളൂ. എന്തുമായിക്കൊള്ളട്ടെ അവരുടെ വിശ്വാസം. ഈ സ്വാതന്ത്ര്യം എല്ലാവരുടേയും അവിഭാജ്യമായ ഒരവകാശമാണ്. അദ്ദേഹം ഉത്സുകനായ

ഒരു സത്യാന്വേഷി ആയിരുന്നു. ദൈവവചനത്തിൻറെ എല്ലാ വെളിച്ചവും ലഭിച്ചു കഴിഞ്ഞു എന്ന് റോബിൻസനോടൊപ്പം റോജർ വില്യംസും വിശ്വസിച്ചില്ല. "ക്രിസ്തീയ യുഗത്തിൽ നിയമത്തിനുമുൻമ്പിൽ അഭിപ്രായസമമത്വമായ മനസ്സാക്ഷിയുടെ സ്വാതന്ത്ര്യം എന്ന ആശയത്തിന്മേൽ ആദ്യമായി ഗവൺമെൻ്റ് സ്വാപിച്ചത് വില്യംസ് ആയിരുന്നു." - Bancroft, pt.1, par. 16. മജിസ്ട്രേട്ടിൻറെ ചുമതല കുറ്റകൃത്യങ്ങൾ നിയന്ത്രിക്കുക എന്നതാണ്. മനസ്സാക്ഷിയെ നിയന്ത്രിക്കുക എന്നതായിരിക്കരുത്. "മനുഷ്യൻ മനുഷ്യനോട് ചെയ്യേണ്ടതെന്ത് എന്ന് പൊതുജനത്തിനും മജിസ്ട്രേട്ടിനും

തീരുമാനിക്കാം എന്ന് റോജർ വില്യംസ് പറഞ്ഞു. എന്നാൽ ദൈവത്തോട് മനുഷ്യൻറെ ചുമതലകൾ ഇന്നതെന്ന് നിർദ്ദേശിക്കുവാൻ തുടങ്ങുമ്പോൾ ജനങ്ങൾ, തങ്ങളുടെ ചുമതലകൾ മറികടക്കുന്നു. പിന്നീട് സുരക്ഷിതത്വമില്ല. ഒന്ന് വ്യക്തമാണ്; മജിസ്ട്രേട്ടിന് അധികാരമുണ്ടെങ്കിൽ, ഇന്ന് അദ്ദേഹം കുറേ അഭിപ്രായങ്ങൾ അഥവാ വിശ്വാസങ്ങൾ കല്പ്പനയായി പുറപ്പെടുവിക്കും; നാളെ വേറൊരു നിയമം പാസ്സാക്കും; ഇംഗ്ലണ്ടിൽ പല രാജാക്കന്മാരും രാജ്ഞിമാരും ചെയ്തതുപോലെ വിവിധ കത്തോലിക്കാ സഭയിൽ വിവിധ പാപ്പാമാരും കൗൺസിലുകളും ചെയ്തതുപോലെ ആയിരിക്കും മജിസ്ട്രേറ്റ് ചെയ്യുക.

അങ്ങനെ വിശ്വാസം വിലയ ഒരു കലക്കമൊയിത്തീരും”. Martyn, vol. 5, p. 340.

കത്തോലിക്കാസഭയിൽ ആരാധനയ്ക്ക് ഹാജരായില്ലെങ്കിൽ പിഴയോ തടവോ ആയിരുന്നു ശിക്ഷ. “വില്യംസ് നിയമത്തെ കഠിനമായി അധിക്ഷേപിച്ചു. ഇംഗ്ലീഷ് നിയമാവലിയിലെ ഏറ്റവും മോശമായ നിയമം ഇടവകപ്പള്ളിയിൽ ഹാജരാവണം എന്ന കർശനനിയമം ആയിരുന്നു. തങ്ങൾ വിശ്വ സിക്കാത്ത ഒരു മതത്തിൽ ചേരുവാൻ മനുഷ്യനെ നിർബന്ധിക്കുന്നത് മനുഷ്യ സഹജമായ അവകാശത്തിൻറെ നേരെയുള്ള തുറന്ന കടന്നാക്രമണങ്ങളാണെന്ന് റോജർ വില്യംസ് പറഞ്ഞു.

മതമില്ലാത്ത വ്യക്തിയേയും മനസ്സില്ലാത്ത ആളേയും പരസ്യാരാധനയ്ക്ക് നിർബന്ധിക്കുന്നത് കപടഭക്തിയെ ക്ഷണിച്ചുവരുത്തുന്നതുപോലെയാണ്. ഒരു വ്യക്തിയേയും ആരാധനയ്ക്ക് നിർബന്ധിക്കരുത് എന്ന് റോജർ വില്യംസ് പറഞ്ഞു. "സ്വന്ത ആഗ്രഹത്തിനെതി രായി ആരേയും ആരാധനയ്ക്ക് നിർബന്ധിക്കരുത് ", "വില്യംസിൻറെ തത്വങ്ങളിൽ അത്ഭുതം കൂറിയ അദ്ദേഹത്തിൻറെ എതിരാളികൾ അത്ഭുതത്തോടു കൂടി ചോദിച്ചു: ഏത്! വേലക്കാരൻ കൂലിക്ക് അർഹനല്ലേ? "അതേ" റോജർ വില്യംസ് പറഞ്ഞു. "തന്നെ കൂലിക്കെടുക്കുന്നവനിൽനിന്നും കൂലി വാങ്ങുവാൻ അർഹനാണ്", an Bancroft pt, 1, ch. 15, par. 2.

റോജർ വില്യംസ് ഒരു വിശ്വസ്തനായ ശുശ്രൂഷകൻ എന്ന നിലയിൽ ഏവരുടേയും സ്നേഹബഹുമാനങ്ങൾ ആർജ്ജിച്ചു. അദ്ദേഹം അപൂർവ്വ സിദ്ധികളുള്ള മനുഷ്യനും സത്യസന്ധനും ദയാലുവുമായിരുന്നു. എന്നാൽ ഗവണ്മെൻറ് ഉദ്യോഗസ്ഥന്മാർക്ക് സഭയുടെ മേലുള്ള അധികാരത്തെ അദ്ദേഹം എപ്പോഴും എതിർത്തു. മതസ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള അദ്ദേഹത്തിൻറെ ആവശ്യപ്പെടൽ ഭരണാധികാരികൾക്ക് ഉൾക്കൊള്ളാൻ കഴിഞ്ഞില്ല. ഈ പുതിയ ആശയത്തിൻറെ നടപ്പിലാക്കൽ രാജ്യത്തിൻറെ അടിസ്ഥാനത്തെ തകർക്കും. റോജർ വില്യംസിനെ

കോളനിയിൽനിന്ന് പുറത്താക്കി. അറസ്റ്റ് ഒഴിവാക്കാൻ ഒടുവിൽ റോജർ വില്യംസ് ഘോരമായ തണുപ്പിൽ വനത്തി ലേക്ക് ഓടിപ്പോയി.

പതിനാല് ആഴ്ച്ചകൾ ഘോരതണുപ്പിൽ ആഹാരമോ കിടക്കയോ ഇല്ലാതെ വില്യംസിനു കഴിയേണ്ടിവന്നു. കാക്കകൾ ഏലിയാവിനെ പോറ്റിയതുപോലെ വില്യംസിനേയും. മരത്തിൻറെ പോടുകളിൽ വില്യംസ് അഭയം കണ്ടെത്തി.- Martyn, vol.5, pp.349,350, ഹിമത്തിലൂടെയും, വഴിത്താരകളില്ലാത്ത ഘോരവനത്തിലൂടെയും റോജർ വില്യംസ് അലഞ്ഞുതിരിഞ്ഞ് ഒടുവിൽ ഒരു ഇൻഡ്യൻ വംശജൻറെ

ഭവനത്തിൽ അഭയം കണ്ടെത്തി. ഇൻഡ്യാക്കാരന്റെ സ്നേഹവും വിശ്വാസവും റോജർ നേടി. സുവിശേഷ സത്യങ്ങളെ അദ്ദേഹത്തിന് റോജർ പറഞ്ഞുകൊടുത്തു.

അലഞ്ഞുതിരിഞ്ഞ യാത്രയുടെ ഒടുവിൽ റോജർ വില്യംസ് നരഗാൻസെറ്റ് ഉൾക്കടലിന്റെ തീരത്ത് എത്തിച്ചേർന്നു. അവിടെവച്ച് ആധുനിക കാലത്തെ പ്രഥമ സംസ്ഥാനത്തിന് അദ്ദേഹം അടിസ്ഥാനമിട്ടു. മതസ്വാതന്ത്ര്യം അതിൻറെ പൂർണ്ണമായ അർത്ഥത്തിൽ അവിടെ അംഗീകരിക്കപ്പെട്ടു. റോജർ വില്യംസിൻറെ കോളനിയുടെ അടിസ്ഥാനതത്വം, “എല്ലാ

മനുഷ്യർക്കും അവനവൻറെ മനസ്സാക്ഷിക്കനുസരിച്ച് ദൈവത്തെ ആരാധിക്കുവാനുള്ള സ്വാതന്ത്ര്യം ഉണ്ടായിരിക്കണം എന്നതായിരുന്നു റോജർ വില്യംസ് സ്ഥാപിച്ച കൊച്ചു സംസ്ഥാനം." - Ibid., vol. 5,p.354. റോപ്പ് ഐലൻഡ് മർദ്ദിതരുടേയും, ആലംബഹീനരുടേയും അഭയസ്ഥാനമായിത്തീർന്നു. ആ സംസ്ഥാനം വളർന്ന് ഐശ്വര്യം പ്രാപിച്ചു. പൗരാവകാശങ്ങളുടേയും മതസ്വാതന്ത്ര്യത്തിൻറേയും കളിത്തൊട്ടിലായിരുന്ന ആ സംസ്ഥാനം അമേരിക്കൻ ജനകീയ ഭരണത്തിൻറെ മൂലക്കല്ലായിത്തീർന്നു.

സ്വാതന്ത്ര്യത്തിൻറെ വിളംബര പത്രികയിൽ, തങ്ങളുടെ അവകാശമായി രാഷ്ട്രശില്പികൾ എഴുതി: “ഈ സത്യങ്ങൾ സ്വയം വിശദീകരിക്കുമെന്ന് ഞങ്ങൾ കരുതുന്നു. എല്ലാവരും സമന്മാരായി സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. ഓരോ വ്യക്തിക്കും അന്യമാക്കുവാൻ കഴിയാത്ത ചില അവകാശങ്ങൾ സൃഷ്ടിതാവ് നൽകിയിട്ടുണ്ട്. അവയിൽ ചിലത് ജീവൻ, സ്വാതന്ത്ര്യം, സന്തോഷത്തെ പിന്തുടരുവാനുള്ള അവകാശം എന്നിവയാണ്. സ്പഷ്ടമായ ഭാഷയിൽ നമ്മുടെ ഭരണഘടന ഉറപ്പുനൽകുന്നത് മനഃസ്സാക്ഷിയുടെ അലംഘനീയതയാണ്”. അമേരിക്കൻ ഐക്യനാടുകളിലെ ഏതൊരു സർക്കാർ സ്ഥാപനത്തിലും ജോലി

ചെയ്യുന്നതിനുള്ള യോഗ്യത നേടുന്നതിന് മതപരമായ ഒരു പരിശോധനയും ഉണ്ടായിരിക്കുന്നതല്ല. ഏതെങ്കിലും മതസ്ഥാപനത്തെ പ്രീണിപ്പി ക്കുന്നതോ, വ്യക്തിയുടെ സ്വതന്ത്രമായ നിലപാടിനെ നിയന്ത്രിക്കുന്നതോ ആയ ഒരു നിയമവും, അമേരിക്കൻ നിയമനിർമ്മാണ സഭ നിർമ്മിക്കുകയില്ല.

അമേരിക്കൻ ഭരണഘടനയുടെ വിധാതാക്കൾ ഒരു നിത്യസത്യം അംഗീകരിച്ചു. മനുഷ്യന് അവൻറെ ദൈവത്തോടുള്ള ബന്ധം മനുഷ്യൻറെ നിയമ നിർമ്മിതിക്ക് ഉയരെയാണ്. മനുഷ്യൻറെ മനഃസാക്ഷിയുടെ അവകാശങ്ങൾ അന്യമാക്കുവാൻ കഴിയുന്നതല്ല. ഈ സത്യം

സ്ഥാപിക്കുന്നതിന് യുക്തിയുടെ ആവശ്യമില്ല. നമ്മുടെ ഹൃദയാന്തർഭാഗത്തുതന്നെ നാം ഇതിനെക്കുറിച്ച് ബോധവാന്മാരാണ്. ഈ അവബോധമാണ് മനുഷ്യനിയമങ്ങളെയൊക്കെ എതിർത്തുകൊണ്ട് ഇത്രയധികം രക്ത സാക്ഷികൾ പീഡനങ്ങളേയും തീയേയും അഭിമുഖീകരിക്കുവാൻ ഇടയാക്കിയത്. ദൈവത്തോടുള്ള തങ്ങളുടെ കർത്തവ്യം, മാനുഷിക നിയമസംഹിതകളേക്കാൾ മേത്തരമാണെന്ന് അവർ കരുതി. തങ്ങളുടെ മനസ്സാക്ഷികളിന്മേൽ മറ്റുള്ളവർക്ക് ഒരധികാരവുമില്ലെന്ന് അവർക്ക് ബോധ്യമായി. മറ്റൊന്നിനും മായിച്ചുകളയാൻ പാടില്ലാത്ത ജന്മസിദ്ധമായ ഒരു തത്വമാണത്.--

Congregressional documents (USA), serial No. 200, document No. 271.

യൂറോപ്പിലെ രാജ്യങ്ങളിൽ ഈ വാർത്ത പരന്നപ്പോൾ, അതായത് ഓരോ വ്യക്തിയ്ക്കും തൻറെ പ്രയത്നഫലം അനുഭവിക്കാമെന്നും തൻറെ മനസ്സാക്ഷിക്കനുസൃതമായി ജീവിക്കാമെന്നുമുള്ള വാർത്ത പരന്നപ്പോൾ ആയിരക്കണക്കിനാളുകൾ പുതിയ ഭൂമിയിലേക്ക് കുടിയേറി കൂടുതൽ കോളനികൾ ഉടലെടുത്തു. മസ്സാച്ചുസെറ്റ്സ് ഒരു പ്രത്യേക നിയമം പാസ്സാക്കി. അതി പ്രകാരമായിരുന്നു: "അറ്റ്ലാൻറിക്കിനക്കരെ, യുദ്ധങ്ങളിൽ നിന്നോ ക്ഷാമത്തിൽനിന്നോ,

പീഡകന്മാരുടെ പീഡനത്തിൽനിന്നോ രക്ഷപ്രാപിക്കാനാഗ്രഹിക്കുന്നവർക്ക് സൗജന്യമായ സ്വാഗതവും സഹായവും ഗവണ്മെൻറ് ചെലവിൽ നല്കുന്നതാണ്. ഇങ്ങനെ അലഞ്ഞുതിരിയുന്നവരും, പീഡിതരും നിയമത്താൽ രാഷ്ട്രത്തിൻറെ അതിഥികളായി".
--Martyn,vol.5. p.417. പ്ലീമത്തിൽ പിൽഗ്രിം ഫാദേഴ്സ് ഇറങ്ങി ഇരുപത് വർഷം കഴിഞ്ഞപ്പോഴേക്കും ആയിരക്കണക്കിന് ആളുകൾ ന്യൂ ഇംഗ്ലണ്ടിൽ കുടിയേറിപ്പാർത്തു.

തങ്ങൾ ആഗ്രഹിച്ച കാര്യം നേടുന്നതിന് വളരെ ലോപിച്ച് ജീവിക്കുന്നതിനും, പരിമിതമായ വരവുകൊണ്ട് തൃപ്തരാകുന്നതിനും അവർ പഠിച്ചു. അവർ

ഭൂമിയിൽനിന്നും ഒന്നും ചോദിച്ചിട്ടില്ല; എന്നാൽ സ്വന്ത്രപ്രയത്നത്തിൽ ന്യായമായ പ്രതിഫലം മാത്രം ചോദിച്ചു. ഒരു സുവർണ്ണ ദർശനവും വഞ്ച നാത്മകമായ ഒരു പരിവേഷവും അവരുടെ പാതയിൽ വിതറിയിരുന്നില്ല. സാവധാനത്തിലുള്ളതും എന്നാൽ ഇടറാത്തതുമായ അവരുടെ സാമൂഹ്യരാഷ്ട്രീയ വളർച്ചയിൽ അവർ സംതൃപ്തരായിരുന്നു. മരുഭൂമിയിലെ കഷ്ടതകളെ അവർ സഹിച്ചു. തങ്ങളുടെ കണ്ണുനീരാൽ നെറ്റിയിലെ വിയർപ്പിലും അവർ തങ്ങളുടെ സ്വാതന്ത്ര്യമാകുന്ന വൃക്ഷത്തെ നനച്ചു. ദേശത്ത് അത് ആഴത്തിൽ വേരോട്ടുന്നതുവരെ അവർ അപ്രകാരം ചെയ്തു.

വിശ്വാസത്തിൻറെ അടിസ്ഥാനം വേദപുസ്തകമായിരുന്നു. അത് ജ്ഞാനത്തിൻറെ ഉത്ഭവവും, സ്വാതന്ത്ര്യത്തിൻറെ പ്രമാണവുമായിരുന്നു. വേദപുസ്തകതത്വങ്ങൾ വീടുകളിലും പള്ളിക്കൂടങ്ങളിലും പള്ളികളിലും പഠിപ്പിച്ചു. അനാഡംബരമായ ജീവിതം, ബുദ്ധി, വിശുദ്ധി, വർജ്ജനം എന്നിവയിലൂടെ അതിൻറെ ഫലങ്ങൾ പ്രകടമായി. പ്യൂരിറ്റൻ വിഭാഗത്തിൽപെട്ടവർ പാർത്തിരുന്ന ഒരു സ്ഥലത്ത് അനേകം വർഷങ്ങൾ ഒരാൾ താമസിച്ചിരുന്നാലും, ഒരു മദ്യപനെ കാണുകയോ ആണയിടീൽ കേൾക്കയോ ഒരു യാചകനെ കാണുകയോ ചെയ്തിരുന്നില്ല". --

Bancroft, pt.1,ch.19, par. 25.
ദേശീയ മഹത്വത്തിൻറെ ഏറ്റവും തീർച്ചയായ സുരക്ഷാമാർഗ്ഗം വേദപുസ്തക തത്വങ്ങളാണ് എന്ന് തെളിയിക്കപ്പെട്ടു. ബലഹീനവും ബന്ധമില്ലാതെ കിടന്നിരുന്നതുമായ കുടിയേറ്റ സ്ഥലങ്ങൾക്ക് ശക്തമായ ഒരു സംസ്ഥാനത്തിൻറെ നിലയിലേക്കുയരുവാൻ കഴിഞ്ഞു. പോപ്പില്ലാത്ത സഭയിലും രാജാവില്ലാത്ത രാജ്യത്തിലും കളിയാടിയ സമാധാനത്തേയും ഐശ്വര്യത്തേയും കണ്ട് ലോകം അത്ഭുതപ്പെട്ടു.

അമേരിക്കയുടെ തീരത്തേക്ക് വിപുലമായ കുടിയേറ്റം തുടർന്നുകൊണ്ടിരുന്നു. ആദ്യകാലത്തെ

തീർത്ഥാടകർക്കുണ്ടായിരുന്ന ലക്ഷ്യങ്ങളായിരുന്നില്ല. പിൽക്കാലത്ത് വന്നവർക്ക്, അവർക്ക് വലിയ വിത്യാസങ്ങൾ ഉണ്ടായിരുന്നു. ആദ്യകാല വിശ്വാസവും വിശുദ്ധിയും വ്യാപകമായ സ്വാധീനം ജനങ്ങളിൽ ചെലുത്തിയിരുന്നെങ്കിലും ജനസംഖ്യ വർദ്ധിച്ചതോടെ അതിൻറെ സ്വാധീനം കുറഞ്ഞുവന്നു. ലൗകിക ലക്ഷ്യങ്ങളായിരുന്നു പിൽക്കാലങ്ങളിൽ വന്നവർക്കുണ്ടായിരുന്നത്.

പ്രാരംഭത്തിൽ കുടിയേറിയ ആളുകൾ സ്വീകരിച്ച നടപടിക്രമങ്ങൾ അതായത് സഭാംഗങ്ങളെ മാത്രമേ വോട്ട് ചെയ്യുവാൻ അനുവദിക്കു എന്നതും

സഭാംഗങ്ങൾക്കുമാത്രമേ ഗവണ്മെൻറിൽ ഏതെങ്കിലും ഉദ്യോഗം വഹിക്കുവാൻ സാധിക്കയുള്ളൂ എന്ന നിയമവും വളരെ ദോഷകരമായ ഫലങ്ങൾ ഉളവാക്കി. രാഷ്ട്രത്തിൻറെ പരിശുദ്ധി കാത്തു സൂക്ഷിക്കണമെന്ന സദുദ്ദേശത്തോടുകൂടി യാണ് ഈ നിയമങ്ങളൊക്കെ ഉണ്ടാക്കിയത്. എന്നാൽ ഇത് സഭയെ ദുഷി പ്പിക്കയാണ് ചെയ്തത്. വോട്ടു ചെയ്യാനുള്ള അവകാശത്തിന് ഏതെങ്കിലും ഗവണ്മെൻറ് ജോലി ലഭിക്കുന്നതിനും സഭാംഗം ആയിരിക്കണമെന്ന വ്യവസ്ഥ അനേകരെ ഹൃദയ പരിവർത്തനം ഉണ്ടാകാതെ ലൗകിക ലക്ഷ്യങ്ങൾ വച്ചു കൊണ്ട് സഭയുമായി ബന്ധപ്പെടുവാൻ ഇടയാക്കി. ഇങ്ങനെ സഭയിൽ മാന

സാന്തരപ്പെടാത്ത ആളുകളുടെ നല്ല ഒരു സംഖ്യ സഭയിൽ കടന്നുകൂടി. സഭാ ശുശ്രൂഷകരിൽ പോലും നല്ല ഒരു പങ്ക് തെറ്റായ വേദോപദേശങ്ങളാണ് പഠിച്ചിരുന്നത്. പരിശുദ്ധാത്മാവിൻറെ പുതുതാക്കുന്ന ശക്തിയെപ്പറ്റി അജ്ഞരായിരുന്നു. കുസ്തന്തീനോസിൻറെ കാലം മുതൽ ഇന്നുവരെ ഉണ്ടായിരുന്ന സഭാ ചരിത്രത്തിൽ കണ്ടുവന്നിരുന്ന ദുഷ്ഫലങ്ങൾ വീണ്ടും കാണായി. രാഷ്ട്രത്തിൻറെ സഹായത്താൽ സഭയെ കെട്ടിപ്പണിയുമ്പോൾ മതേതര ശക്തിയായ രാഷ്ട്രത്തിൻറെ പിൻബലത്തോടെ സുവിശേഷത്തെ ശക്തിപ്പെടുത്തുവാനും ശ്രമിക്കുമ്പോൾ സ്വഭാവികമായും ഉണ്ടാകുന്ന ദുഷ്ഫലങ്ങളാണിവ. യേശു പറഞ്ഞു:

“എൻറെ രാജ്യം ഐഹികമല്ല” (യോഹ. 18:36). സഭയും രാഷ്ട്രവുമായുള്ള ഐക്യം അതെത്ര ചെറുതുമായിക്കൊള്ളട്ടെ- അത് കാഴ്ചയ്ക്ക് ലോകത്തെ സഭയോട് അടുപ്പിക്കയാണെന്ന് തോന്നും. പക്ഷേ യഥാർത്ഥത്തിൽ സംഭവിക്കുന്നത് തത്ഫലമായി സഭ ലോകത്തോട് അടുക്കുകയാണ്.

റോജർ വില്യംസും, റോബിൻസനും പറഞ്ഞ വലിയ തത്വം അതാണ്! സത്യം പടിപടിയായി വളരുന്നതാണെന്നും തിരുവെഴുത്തുകളിന്മേൽ പ്രകാശിക്കുന്ന വെളിച്ചം ക്രിസ്ത്യാനി സ്വീകരിപ്പാൻ ഒരുക്കമുള്ളവനായിരിക്കണമെന്നും

കാലാന്തരത്തിൽ അവരുടെ
അനുയായികൾ മറന്നുകളഞ്ഞു. അതു
പോലെ നവീകരണത്തിൻറെ
അനുഗ്രഹങ്ങളെ സ്വീകരിക്കുന്നതിൽ
വളരെ താല്പര്യം കാണിച്ചിരുന്ന
അമേരിക്കയിലെയും യൂറോപ്പിലെയും
പ്രൊട്ടസ്റ്റാൻറ് സഭകൾ
നവീകരണത്തിൻറെ പാതയിലൂടെ
മുന്നേറുന്നതിൽ പരാജയമടഞ്ഞു. പുതിയ
സത്യങ്ങളെ പ്രഘോഷിക്കുവാനും,
വളരെക്കാലമായി താലോലിച്ചു
കൊണ്ടിരുന്ന തെറ്റുകളെ
വെളിച്ചത്താക്കുവാനും കുറച്ചു
വിശ്വസ്തരായ ആളുകൾ
കാലാകാലങ്ങളിൽ എഴുന്നേറ്റുവെങ്കിലും,
ക്രിസ്തുവിൻറെ കാലത്തെ
യെഹൂദരെപ്പോലെ അഥവാ ലൂഥറിൻറെ

കാലത്തെ പാപ്പാ അനുഭാവികളെ പ്പോലെ, ഭൂരിപക്ഷം പേരും തങ്ങളുടെ പിതാക്കന്മാർ വിശ്വസിച്ചിരുന്ന സത്യങ്ങളിൽ സംതൃപ്തരായി അവരെപ്പോലെ ജീവിക്കുവാൻ ശ്രമിച്ചു. തൽഫലമായി മതം വീണ്ടും ദുഷിച്ച് ചടങ്ങാചാരത്തിലേക്ക് നിപതിച്ചു. അനുബന്ധങ്ങളും അന്ധവിശ്വാസങ്ങളും ദൂരത്തെറിയേണ്ടതിനുപകരം അവയെ നില നിർത്തുകയും പരിരക്ഷിക്കയും ചെയ്തു. അങ്ങനെ നവീകരണം സംഭാവന ചെയ്ത ആത്മാവ് ക്രമേണ മരിച്ചു. ലൂഥറിൻറെ കാലത്ത് കത്തോലിക്കാസഭയ്ക്ക് എത്രമാത്രം നവീകരണം ആവശ്യമായിരുന്നുവോ അത്രകണ്ട് ആവശ്യം പ്രൊട്ടസ്റ്റൻറ് സഭയ്ക്കുണ്ടായി. അതേ ലൗകികത്വവും

ആത്മീക മന്ദതയും, മനുഷ്യൻറെ ആശയങ്ങളോടുള്ള ഭക്തിയും വർദ്ധിച്ചു. ദൈവവചനം പഠിപ്പി ക്കുന്നതിനുപകരം മനുഷ്യൻറെ ആശയങ്ങൾക്ക് പ്രാധാന്യം നല്കി.

പത്തൊൻപതാം നൂറ്റാണ്ടിൻറെ പ്രാരംഭഘട്ടത്തിൽ ഉണ്ടായിരുന്ന വേദ പുസ്തകത്തിൻറെ അഭൂതപൂർവ്വമായ പ്രചാരവും തൽഫലമായുണ്ടായ വലിയ പ്രകാശവും പൂർണ്ണമായി പ്രയോജനപ്പെടുത്തിയില്ല. കഴിഞ്ഞ കാലങ്ങളിലെപ്പോലെ ദൈവവചനം ജനത്തിൽനിന്ന് അകറ്റി നിർത്തുവാൻ സാത്താന് കഴിഞ്ഞില്ല. എല്ലാവർക്കും തിരുവെഴുത്തുകൾ പ്രാപ്യമായിരുന്നു. എന്നാൽ സാത്താൻ

തൻറെ മാർഗ്ഗം നേടുന്നതിനുവേണ്ടി വീണ്ടും ചില തന്ത്രങ്ങൾ കണ്ടുപിടിച്ചു. തിരുവെഴുത്തുകളെ കാര്യമായിട്ടെടുക്കാതിരിപ്പാൻ ജനത്തെ പ്രേരിപ്പിച്ചു. തിരുവെഴുത്തുകളെ ശോധന ചെയ്യുന്നതിൽ ആളുകൾ വിരക്തി കാണിച്ചു. ഇങ്ങനെ തെറ്റായ വ്യാഖ്യാനങ്ങളെ അവർ സ്വീകരിക്കാൻ ഇട യായി. വേദപുസ്തകാടിസ്ഥാനമല്ലാത്ത ഉപദേശങ്ങളെ അവർ സ്വീകരിച്ചു.

പീഡനത്തിലൂടെ സത്യത്തെ ഞെരിച്ചമർത്തുവാൻ കഴിയാഞ്ഞതിൽ സാത്താൻ അനുരഞ്ജനത്തിൻറെ മാർഗ്ഗം അന്വേഷിച്ചു. അതിലൂടെയാണല്ലോ വലിയ

വിശ്വാസത്യാഗം ഉണ്ടായതും റോമൻ കത്തോലിക്കാസഭ ഉദയം ചെയ്തതും. ഇപ്പോൾ ജാതികളുമായി ഇടപഴകുവാനല്ല ലോകത്തെ മറ്റെന്തി ലുമധികം സ്നേഹിക്കുകയും വിഗ്രഹങ്ങളെ ആരാധിക്കുന്നവരേക്കാൾ അധികം ലോകസ്നേഹമാകുന്ന വിഗ്രഹത്തെ ആരാധിക്കുന്നവരുമായി ബന്ധപ്പെടുന്നതിനുമാണ് സാത്താൻ ക്രിസ്ത്യാനികളെ പ്രേരിപ്പിച്ചത്. ഈ ഐക്യത്തിൻറെ ഫലം മുൻകാലങ്ങളിലുണ്ടായതിനേക്കാൾ ഒട്ടും ചെറുതല്ലായിരുന്നു. മതത്തിൻറെ മറവിൽ അഹങ്കാരവും ആഡംബരത്വവും പ്രോത്സാഹിച്ചു. സഭകൾ കളങ്ക പങ്കിലമായി. വേദപുസ്തക ഉപദേശങ്ങളെ സാത്താൻ വളച്ചൊടിച്ചു. ആയിരങ്ങളെ

വഴിതെറ്റിക്കുന്ന പരസ്യങ്ങൾ വേരുറച്ചുകൊ ണ്ടിരുന്നു. വിശുദ്ധന്മാർക്ക് ഒരിക്കൽ നൽകപ്പെട്ട വിശ്വാസത്തിനുവേണ്ടി പൊരാടുന്നതിനുപകരം ഈ പാരമ്പര്യങ്ങളെ സഭ ഉയർത്തിക്കാണിക്കയും പിൻതാങ്ങുകയും ചെയ്തു. നവീകരണ നേതാക്കൾ പ്രയത്നിക്കയും കഷ്ട പാടുകൾ സഹിക്കയും ചെയ്ത തത്വങ്ങൾ ഇപ്രകാരം അധഃപതിച്ചു.

# അദ്ധ്യായം 17—പ്രഭാതം വിളിച്ചറിയിക്കുന്നവർ

വേദപുസ്തകത്തിലെ ഏറ്റവും മഹത്വമേറിയതും പരിപാവനവുമായ സത്യങ്ങളിൽ ഒന്നാണ് വീണ്ടെടുപ്പിൻറെ വലിയ വേല പൂർത്തീകരിക്കുന്നതിനുള്ള കർത്താവിന്റെ രണ്ടാംവരവ്. മരണത്താഴ്വരയിൽക്കൂടി യാത്ര ചെയ്ത് ദൈവജനത്തിന് വിലയേറിയതും സന്തോഷം ഉളവാക്കുന്നതുമായ പ്രത്യാശ, അവൻറെ പ്രത്യക്ഷതയുടെ വാഗ്ദാനത്തിൽ ലഭിക്കുന്നു. "പുനരുത്ഥാനവും ജീവനും ആയവൻ" അവൻറെ ഉപേക്ഷിക്കപ്പെട്ടവരെ വീണ്ടും ഭവനത്തിൽ ചേർക്കുവാൻ വരുന്നു.

കർത്താവിന്റെ രണ്ടാം
വരവിനെക്കുറിച്ചുള്ള ഉപദേശമാണ്
തിരുവെഴുത്തുകളിലെ ഏറ്റവും
പ്രധാനപ്പെട്ട ഉപദേശം. ആദിമ
ദമ്പതികൾ ദുഖത്തോടെ ഏദെൻ
പരദീസ വിട്ട നാൾ മുതൽ സാത്താൻറെ
ശക്തി തകർത്ത്, നഷ്ടപ്പെട്ട
പരദീസയിലേക്ക് അവരെ
തിരിച്ചുകൊണ്ടുവരുവാനുള്ള വാഗ്ദത്ത
മശീഹയുടെ വരവിനായി കാത്തിരുന്നു.
മുൻകാല വിശുദ്ധന്മാർ, തങ്ങളുടെ
പ്രത്യാശയുടെ നിറവേറലായ
മശീഹയുടെ മഹത്വപ്രത്യക്ഷതയ്ക്കായി
നോക്കിപ്പാർത്തിരുന്നു.
ദൈവത്തോടുകൂടെ നടന്ന ആദാംമുതൽ
ഏഴാം തലമുറക്കാരനായ ഹാനോക്കിനെ
വീണ്ടെടുപ്പുകാരൻറെ വരവ് ദൂരെ

ദർശിക്കുവാൻ ദൈവം അനുവദിച്ചിരുന്നു. “ഇതാ, കർത്താവ് എല്ലാവരേയും വിധിപ്പാനും. ആയിരമായിരം വിശുദ്ധന്മാരോടുകൂടെ വന്നിരിക്കുന്നു എന്ന് അവൻ പറഞ്ഞു (യൂദാ. 14,15). ഗോത്രപിതാവായ ഇയ്യോബ് അവൻ്റെ കഠിനശോധനയിൽ അചഞ്ചലമായ ആശയത്തോടെ “എന്നെ വീണ്ടെടുക്കുന്നവൻ ജീവിച്ചിരിക്കുന്നു എന്നും അവൻ ഒടുവിൽ പൊടിമേൽ നിൽക്കുമെന്നും ഞാൻ അറിയുന്നു.... ഞാൻ ദേഹസഹിതനായി ദൈവത്തെ കാണും. ഞാൻ തന്നെ അവനെ കാണും” എന്നു പറഞ്ഞു (ഇയ്യോ. 19:25-27).

നീതിയോടെ ഭരിക്കുവാനായി ക്രിസ്തു വരുമെന്നുള്ള വിശുദ്ധ എഴുത്തുകാരുടെ വാക്കുകൾ ശ്രുഷ്ഠവും വികാരഭരിതവുമാകുവാൻ പ്രചോദനം നൽകി. ആ ദിവ്യാഗ്നിയാൽ ഉജ്ജ്വലമായ വാക്കുകളാൽ വേദപുസ്തക കവി കളും പ്രവാചകന്മാരും അതിനെപ്പറ്റി പ്രതിപാദിച്ചിട്ടുണ്ട്. യിസ്രായേലിൻ രാജാവിൻറെ തേജസ്സിനേയും ശക്തിയേയും കുറിച്ച് സങ്കീർത്തനക്കാരൻ പാടി. "സൗന്ദര്യത്തിൻറെ പൂർണ്ണതയായ സീയോനിൽനിന്ന് ദൈവം പ്രകാശിക്കുന്നു. നമ്മുടെ ദൈവം വരുന്നു; മൗനമായിരിക്കയില്ല.... തൻറെ ജനത്തെ ന്യായം വിധിക്കേണ്ടതിന്ന് അവൻ മേലിൽനിന്ന് ആകാശത്തേയും

ഭൂമിയേയും വിളിക്കുന്നു" (സങ്കീ. 50:2-4). "ആകാശം സന്തോഷിക്കയും ഭൂമി ആനന്ദിക്കയും... ചെയ്യട്ടെ. യഹോവയുടെ സന്നിധിയിൽ തന്നേ; അവൻ വരുന്നുവല്ലോ; അവൻ ഭൂമിയെ വിധിപ്പാൻ വരുന്നു; അവൻ ഭൂലോകത്തെ നീതിയോടും ജാതികളെ വിശ്വസ്തതയോടുംകൂടെ വിധിക്കും" (സങ്കീ. 96:11-13).

പ്രവാചകനായ യെശയ്യാവ് പറഞ്ഞു: "നിൻറെ മൃതന്മാർ ജീവിക്കും; എൻറെ ശവങ്ങൾ എഴുന്നേല്പും". "പൊടിയിൽ കിടക്കുന്നവരേ, ഉണർന്ന് ഘോഷിപ്പിൻ; നിൻറെ മഞ്ഞ് പ്രഭാതത്തിലെ മഞ്ഞുപോലെ ഇരിക്കുന്നു; ഭൂമി പ്രേതന്മാരെ

പ്രസവിക്കുമല്ലോ”. “അവൻ മരണത്തെ സദാകാലത്തേക്കും നീക്കിക്കളയും; യഹോവയായ കർത്താവ് സകല മുഖങ്ങളിൽ നിന്നും കണ്ണുനീർ തുടയ്ക്കുയും തൻറെ ജനത്തിൻറെ നിന്ദ സകല ഭൂമിയിലും നിന്നു നീക്കി ക്കളകയും ചെയ്യും. യഹോവയല്ലോ അരുളിച്ചെയ്തിരിക്കുന്നത്. അന്നാളിൽ ഇതാ, നമ്മുടെ ദൈവം; അവനെ അത്രേ നാം കാത്തിരുന്നത്; അവൻ നമ്മ രക്ഷിക്കും; അവൻ തന്നേ യഹോവ; അവനെയത് നാം കാത്തിരുന്നത്; അവൻറെ രക്ഷയിൽ നമുക്ക് ആനന്ദിച്ച് സന്തോഷിക്കാം എന്ന് അവർ പറയും” (യെശയ്യാ . 26:19; 25:8,9).

ഹബക്കുക്ക് വിശുദ്ധ ദർശനത്തിൽ നിമഗ്നനായി, ദൈവത്തിൻറെ പ്രത്യക്ഷത കാണുന്നു. "ദൈവം തേമാനിൽനിന്നും പരിശുദ്ധൻ പാറാൻപർവ്വതത്തിൽനിന്നും വരുന്നു. അവൻറെ പ്രഭ ആകാശത്തെ മൂടുന്നു; അവൻറെ തിയാൽ ഭൂമി നിറഞ്ഞിരിക്കുന്നു. സൂര്യപ്രകാശംപോലെ അവൻറെ ശോഭ വരുന്നു". "അവൻ നിന്ന് ഭൂമിയെ കുലുക്കുന്നു; അവൻ നോക്കി ജാതികളെ ചിതറിക്കുന്നു; ശാശ്വത പർവ്വതങ്ങൾ പിളർന്നുപോകുന്നു; പുരാതന ഗിരികൾ വണങ്ങി വീഴുന്നു; അവൻ പുരാതന പാതകളിൽ നടക്കുന്നു". "നീ കുതിരപ്പുറത്തും ജയരഥത്തിലും കയറിയിരിക്കുന്നു". "പർവ്വതങ്ങൾ

നിന്നെ കണ്ട് വിറയ്ക്കുന്നു.. ആഴി മുഴക്കം പുറപ്പെടുവിക്കുന്നു; ഉയരത്തിലേക്ക് കൈ ഉയർത്തുന്നു. നിൻറെ അസ്ത്രങ്ങൾ പായുന്ന പ്രകാശത്തിങ്കലും മിന്നിച്ചാടുന്ന കുന്തത്തിൻറെ ശോഭയിങ്കലും സൂര്യനും ചന്ദ്രനും സ്വഗൃഹത്തിൽ നിൽക്കുന്നു" "നിൻറെ ജനത്തിൻറെ രക്ഷയ്ക്കായിട്ടും നിൻറെ അഭിഷിക്തൻറെ രക്ഷയ്ക്കായിട്ടും നീ പുറപ്പെടുന്നു" (ഹബക്കുക്ക് 3:3,4,6,8,10,11,13).

രക്ഷകൻ തൻറെ ശിഷ്യന്മാരെ പിരിയാറായപ്പോൾ താൻ വീണ്ടും വരുമെന്ന് ഉറപ്പുകൊടുക്കുകയും അവരുടെ സങ്കടത്തിൽ അവരെ ആശ്വസിപ്പിക്കുകയും ചെയ്തു. "നിങ്ങളുടെ ഹൃദയം കലങ്ങിപ്പോകരുത്.... എൻറെ

പിതാവിൻറെ ഭവനത്തിൽ അനേകം വാസസ്ഥലങ്ങൾ ഉണ്ട്.... ഞാൻ നിങ്ങൾക്ക് സ്ഥലം ഒരുക്കുവാൻ പോകുന്നു. ഞാൻ പോയി നിങ്ങൾക്ക് സ്ഥലം ഒരുക്കിയാൽ, ഞാൻ ഇരിക്കുന്ന ഇടത്ത് നിങ്ങളും ഇരിക്കേണ്ടതിന് പിന്നെയും വന്ന് നിങ്ങളെ എൻറെ അടുക്കൽ ചേർത്തുകൊള്ളും" (യോഹ. 14:1 -3). "മനുഷ്യ പുത്രൻ തൻറെ തേജസ്സോടെ സകല വിശുദ്ധദൂതന്മാരുമായി വരുമ്പോൾ അവൻ തൻറെ തേജസ്സിൻറെ സിംഹാസനത്തിൽ ഇരിക്കും. സകല ജാതികളേയും അവൻറെ മുൻപിൽ കൂട്ടും" (മത്തായി 25:31,32).

ക്രിസ്തുവിൻറെ
സ്വർഗ്ഗാരോഹണത്തിനുശേഷം
ഒലിവുമലയിൽ തങ്ങിയ മാലാഖമാർ,
യേശുവിൻറെ
തിരിച്ചുവരവിനെക്കുറിച്ചുള്ള വാഗ്ദത്തം
ആവർത്തിച്ചു. “നിങ്ങളെ വിട്ട്
സ്വർഗ്ഗാരോഹണം ചെയ്ത ഈ
യേശുവിനെ സ്വർഗ്ഗ ത്തിലേക്ക്
പോകുന്നവനായി നിങ്ങൾ
കണ്ടതുപോലെ തന്നെ അവൻ വീണ്ടും
വരും? (അ.പ. 1:11). കൂടാതെ
അപ്പൊസ്തലനായ പൌലൊസ് പരിശു
ദ്ധാത്മാവിനാൽ പ്രചോദിതനായി
സാക്ഷ്യപ്പെടുത്തുന്നു: “കർത്താവ് താൻ
ഗംഭീര നാദത്തോടും പ്രധാന ദൂതൻറെ
ശബ്ദത്തോടും ദൈവത്തിൻറെ
കാഹളത്തോടുംകൂടെ

സ്വർഗ്ഗത്തിൽനിന്ന് ഇറങ്ങിവരും" (1 തെസ്സ. 4:16). വെളിപ്പാടു കാരനായ യോഹന്നാൻ പറയുന്നു: "ഇതാ, അവൻ മേഘാരൂഢനായി വരുന്നു; ഏതു കണ്ണും.... അവനെ കാണും" (വെളിപ്പാട്. 1:7).

ദൈവം ലോകാരംഭം മുതൽ തൻറെ വിശുദ്ധ പ്രവാചകന്മാർ മുഖാന്തരം അരുളിച്ചെയ്തത് ഒക്കെയും യഥാസ്ഥാനത്താകുന്ന കാലം വരുവോളം എന്നത് അവൻറെ വരവിൻറെ മഹത്വത്തെ കുട്ടുന്നു (അ.പ, 3:21). അപ്പോൾ ദുഷ്ടൻറെ ദീർഘനാളായ ഭരണം അവസാനിക്കും. "ലോകരാജത്വം നമ്മുടെ കർത്താവിന്നും അവൻറെ ക്രിസ്തുവിനും ആയിത്തീർന്നിരിക്കുന്നു.

അവൻ എന്നെന്നേക്കും വാഴും” (വെളി. 11:15). “യഹോവയുടെ മഹത്വം വെളിപ്പെടും, സകല ജഡവും ഒരുപോലെ അതിനെ കാണും”: “യഹോവയായ കർത്താവ് സകല ജാതികളും കാൺകെ നീതിയേയും തിയേയും മുളപ്പിക്കും”. “അന്നാളിൽ സൈന്യങ്ങളുടെ യഹോവ തൻറെ ജനത്തിൻറെ ശേഷിപ്പിന് മഹത്വമുള്ള കിരീടവും ഭംഗിയുള്ളോരു മുടിയും ആയിരിക്കും” (യെശയ്യാ 40:5; 61:11; 28:5).

അപ്പോൾ ദീർഘകാലം കാത്തിരുന്ന സമാധാനപൂർണ്ണമായ മശീഹയുടെ രാജത്വം സ്വർഗ്ഗീയാധിപത്യത്തിൻകീഴിൽ

വരും. “യഹോവ സീയോനെ ആശ്വസിപ്പിക്കുന്നു. അവൻ അതിൻറെ സകല ശൂന്യസ്ഥലങ്ങളേയും ആശ്വസിപ്പിച്ചു. അതിൻറെ മരുഭൂമിയെ ഏദെനെപ്പോലെയും അതിൻറെ നിർജ്ജനപ്രദേശത്തെ യഹോവയുടെ തോട്ടത്തെപ്പോലെയും ആക്കുന്നു”. “ലബാനോൻറെ മഹത്വവും കർമ്മേലിന്റെയും ശാരോൻറെയും ശോഭയും അതിന് കൊടുക്കപ്പെട്ടും”. “നിന്നെ ഇനി അസൂബാ (ത്യക്ത) എന്നു വിളിക്കയില്ല. നിൻറെ ദേശത്തെ ശെമാമാ (ശൂന്യം) എന്നു പറകയുമില്ല; നിനക്ക് ഹെഫ്സീബാ (ഇഷ്ട) എന്നും നിൻറെ ദേശത്തിന് ബയൂലാ (വിവാഹസ്ഥ) എന്നും പേർ ആകും”. “മണവാളൻ മണവാട്ടിയിൽ

സന്തോഷിക്കുന്നതുപോലെ നിൻറെ ദൈവം നിന്നിൽ സന്തോഷിക്കും" (യെശയ്യാ. 51:3; 35:2; 62:4,5).

കർത്താവിന്റെ വരവ് എല്ലാ യുഗങ്ങളിലേയും ദൈവത്തിൻറെ സത്യാനുഗാമികളുടെ പ്രത്യാശ ആയിരുന്നു. താൻ വീണ്ടും വരുമെന്നുള്ള രക്ഷകൻറെ ഒലിവുമലയിലെ വിടവാങ്ങൽ വാഗ്ദാനം ശിഷ്യന്മാരുടെ ഭാവിയെ പ്രകാശിപ്പിച്ചു. ദുഃഖം കെടുത്തിക്കളകയൊ പരീക്ഷകൾ മങ്ങൽ ഏല്പിക്കയൊ ചെയ്യാൻ കഴിയാത്ത പ്രത്യാശയാലും സന്തോഷത്താലും അവരുടെ ഹൃദയങ്ങൾ നിറഞ്ഞിരുന്നു. കഷ്ടതകളുടേയും പീഡനങ്ങളുടേയും മദ്ധ്യേ വലിയവനായ ദൈവത്തിൻറെയും നമ്മുടെ രക്ഷകനായ

യേശുക്രിസ്തുവിൻറെയും പ്രത്യക്ഷത
അവരുടെ ഭാഗ്യകരമായ പ്രത്യാശ
ആയിരുന്നു. ജീവിച്ചിരുന്ന്
കർത്താവിന്റെ വരവിൻറെ
സാക്ഷികളാകാമെന്ന് പ്രത്യാശിച്ചിരുന്ന
തങ്ങളുടെ പ്രിയപ്പെട്ടവരെ
സംസ്കരിച്ചപ്പോൾ തെസ്സലൊനീക്യർ
ദുഃഖാർത്തരായിത്തീർന്നു. അവരുടെ
ഉപദേഷ്ടാവായ വി. പൌലൊസ്,
കർത്താവിന്റെ വരവിൽ
സംഭവിക്കാനുള്ള
ഉയിർത്തെഴുന്നേല്പ്പിലേക്ക്
അവരുടെ ശ്രദ്ധയെ തിരിച്ചു.
"ക്രിസ്തുവിൽ മരിച്ചവർ മുമ്പെ
ഉയിർത്തെഴുന്നേൽക്കുകയും
ജീവിച്ചിരിക്കുന്നവർ അവരോട് ഒന്നിച്ച്
കർത്താവിനെ എതിരേല്പ്പാൻ

മേഘങ്ങളിൽ എടുക്കപ്പെടുകയും ചെയ്യും. ഇങ്ങനെ നാം കർത്താവിനോടുകൂടെ എന്നേക്കും ഇരിക്കും. ഈ വാക്കുകളാൽ അന്യോന്യം ആശ്വസിപ്പിച്ചുകൊൾവീൻ" (1 തെസ്സ. 4:16-18).

പത്മൊസ് ദ്വീപിൽ യോഹന്നാൻ "അതേ ഞാൻ വേഗം വരുന്നു" എന്ന വാഗ്ദത്തം കേൾക്കുന്നു. പ്രതികരണവാഞ്ഛയുള്ള അവൻറെ ശബ്ദത്തിൽ, സഭ അവളുടെ തീർത്ഥയാത്രയിലുടനീളം, "അതേ, കർത്താവേ, വരേണമേ" എന്ന് പ്രാർത്ഥിക്കുന്നു (വെളി. 22:20).

സത്യത്തിനുവേണ്ടി സാക്ഷ്യം വഹിച്ച് വിശുദ്ധന്മാരുടേയും രക്തസാക്ഷികളുടേയും, വിശ്വാസത്തിൻറേയും പ്രത്യാശയുടേയും പ്രഖ്യാപനം തുറുങ്കിൽനിന്നും കൊലമരത്തിൽനിന്നും ക്രൂശമരത്തിൽനിന്നും നൂറ്റാണ്ടുകളായി പുറപ്പെടുന്നു. അവൻറെ വരവിൽ, ക്രിസ്തു ഉയിർത്തെഴുന്നേറ്റതിനാൽ തങ്ങളും ഉയിർത്തെഴുന്നേല്ക്കുമെന്നുള്ള ഉറപ്പിൽ വിശ്വസിച്ചിരുന്ന ക്രിസ്ത്യാനികളിൽ ഒരുവൻ പറയുന്നു: "അവൻ മരണത്തെ തുച്ഛീകരിച്ച് അതിനതീത മായി കാണപ്പെട്ടു". - Daniel T. Taylor, The Reign of Christ on Earth: or, The Voice of the Church in All Ages, page 33.

അവർ “സ്വതന്ത്രമായി ” ഉയിർക്കുമെന്നുള്ള പ്രത്യാശയുള്ളതുകൊണ്ട് മരിക്കുവാൻ അവർ ഒരുക്കമായിരുന്നു.- Ibid., page. 54. തൻറെ രാജ്യം നീതിമാന്മാർക്കു കൊടുക്കുവാൻ “പിതാവിൻറെ മഹത്വത്തോടെ സ്വർഗ്ഗത്തിൽ നിന്നിറങ്ങി മേഘാരൂഢനായി വരുന്ന” കർത്താവിനെ അവർ പ്രതീക്ഷിച്ചു. വാൽഡൻസുകാർ ഈ പ്രത്യാശയെ പരിലാളിച്ചു. - Ibid., pages. 129-132. വിക്ലിഫ്, രക്ഷകൻറെ പ്രത്യക്ഷത സഭയുടെ പ്രത്യാശയായി പ്രതീക്ഷിച്ചു- Ibid., pages. 132-134.

മുന്നൂറ് വർഷത്തിനപ്പുറം ന്യായവിധിയുടെ ദിവസം

ദീർഘിക്കയില്ലെന്ന് ലൂഥർ തന്നോടുതന്നെ പറഞ്ഞു. വളരെ നാൾ ദൈവത്തിന് ഈ ദുഷ്ടലോകത്തെ സഹിക്കാൻ സാധ്യമല്ല, ദൈവം അത് ചെയ്യുകയും ഇല്ല". "ആ വലിയ ദിവസം സമാഗതമാവുകയാണ്. അന്ന് ദുഷ്ടരാജത്വത്തിനു അവസാനം വരും" - Ibid., pages 158, 1 34.

"ഈ ലോകത്തിൻറെ അവസാനം വിദൂരതയിലല്ല" എന്ന് മെലംഗ്തൻ പറഞ്ഞു. വിശ്വസ്തരായ ക്രിസ്തീയ സമൂഹം എല്ലാ സംഭവങ്ങളെക്കാളും ഏറ്റവും വലുതായ ക്രിസ്തുവിൻറെ പുനരാഗമനത്തെ തീക്ഷ്ണതയോടെ നോക്കിപ്പാർക്കുവാൻ കാൽവിൻ ആവശ്യപ്പെടുന്നു. "നമ്മുടെ കർത്താവ്

തൻറെ രാജത്വത്തിൻറെ മഹത്വം മുഴുവനും പ്രകടമാക്കുന്ന ആ വലിയ ദിവസത്തിൻറെ ഉദയംവരെ നാം ക്രിസ്തുവിനായി ആർത്തി ഉള്ളവരും അവനെ അന്വേഷിക്കുന്നവരും പ്രതീക്ഷിക്കുന്നവരും ആയിരിക്കണം' എന്ന് അദ്ദേഹം പറഞ്ഞു".- Ibid., pages 158, 134.

കർത്താവായ യേശു നമുക്കു തുല്യമായി ദേഹസഹിതനായി സ്വർഗ്ഗത്തിലേക്ക് പോയതുപോലെ സ്കോച്ച് നവീകരണകർത്താവായ നോക്സ് ചോദിക്കുന്നു: "വീണ്ടും വരികയില്ലയോ? അവൻ വേഗം വരുമെന്ന് നാം അറിയുന്നു; സത്യത്തിനുവേണ്ടി ജീവിതം അർപ്പിച്ച റെഡ്‌ലിയും ലാറ്റിമറും

കർത്താവിന്റെ വരവിനെ വിശ്വാസത്തോടെ നോക്കിപ്പാർത്തു. റെഡ്‌ലി ഇപ്രകാരം എഴുതി: ഈ ലോകം അതിൻറെ അന്ത്യത്തിലേക്ക് അടുക്കുന്നു എന്നതിന് യാതൊരു സംശയവും ഇല്ല എന്ന് ഞാൻ വിശ്വസിക്കുന്നു. ദൈവത്തിൻറെ ദാസനായ യോഹന്നാനോടൊപ്പം നമ്മുടെ ഹൃദയത്തിൽ കർത്താവിനോട് കേണപേക്ഷിക്കാം- “വരേണമേ, കർത്താവായ യേശുവേ വേഗം വരേണമേ’ — ibid., Pages 151, 145.

ബേക്സ്റ്റർ പറഞ്ഞു: “കർത്താവിന്റെ വരവിനെക്കുറിച്ചുള്ള ചിന്തകൾ എനിക്ക് ഏറ്റം മധുരിക്കുന്നതും സന്തോഷപ്രദവും

ആണ്". - Richard, Baxter, Works, vol. 17, p. 555. "കർത്താവിനെ സ്നേഹിക്കുന്നതും ആ ഭാഗ്യകരമായ പ്രത്യാശയെ കാംക്ഷിക്കുന്നതും വിശുദ്ധന്മാരുടെ സ്വഭാവവും വിശ്വാസത്തിൻറെ പ്രവൃത്തിയും ആണ്". "ഉയിർപ്പിങ്കൽ, അവസാനമായി നശിപ്പിക്കേണ്ടത് മരണത്തെ ആണെങ്കിൽ, ക്രിസ്തുവിൻറെ പൂർണ്ണമായ അവസാന വിജയം കൈവരിച്ചുകൊണ്ടുള്ള വരവിനുവേണ്ടി എത്രമാത്രം അചഞ്ചലമായി വിശ്വാസികൾ കാംക്ഷിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യണമെന്ന് നാം പഠിക്കണം". - Ibid., vol. 17, p. 500. "കർത്താവിന്റെ ദിവസത്തെയാണ് എല്ലാ വിശ്വാസികളും

ആഗ്രഹിക്കുകയും പ്രത്യാശിക്കുകയും കാത്തിരിക്കുകയും ചെയ്യേണ്ടത്. കാരണം, അവരുടെ വീണ്ടെടുപ്പിനുള്ള മുഴുവൻ വേലയുടേയും സാഫല്യവും അവരുടെ ആത്മാക്കളുടെ ഉദ്യമവും അഭിലാഷവും ഈ ദിവസം ആണ്". "കർത്താവേ! ഈ അനുഗ്രഹിക്കപ്പെട്ട ദിവസം ബദ്ധപ്പെടുത്തേണമേ!' - Ibid., vol. 17, pp. 182, 183.

അപ്പൊസ്തലിക സഭയുടേയും മരുഭൂമിയിലെ സഭയുടേയും" നവീകരണ കർത്താക്കളുടേയും പ്രത്യാശ അതായി രുന്നു.

കർത്താവിന്റെ വരവിൻറെ രീതിയും ഹേതുവും മാത്രമല്ല, പ്രവചനം പറയുന്നത്, അത് എത്ര

അടുത്തിരിക്കുന്നു എന്ന് മനുഷ്യർ അറിയുവാൻ അടയാളങ്ങളും തന്നിട്ടുണ്ട്. കർത്താവ് പറഞ്ഞു: “സൂര്യനിലും ചന്ദ്രനിലും നക്ഷത്രങ്ങളിലും ലക്ഷ്യങ്ങൾ ഉണ്ടാകും” (ലൂക്കൊസ് 21:25). “സൂര്യൻ ഇരുണ്ട് പോകയും ചന്ദ്രൻ പ്രകാശം കൊടുക്കാതിരിക്കുകയും ആകാശത്തുനിന്ന് നക്ഷത്രങ്ങൾ വീഴുകയും ആകാശത്തിലെ ശക്തികൾ ഇളകിപ്പോകുകയും ചെയ്യും. അപ്പോൾ മനുഷ്യപുത്രൻ വലിയ ശക്തിയോടും തേജസ്സോടുംകൂടെ മേഘങ്ങളിൽ വരുന്നത് അവർ കാണും” (മർക്കൊസ് 13:24-26). രണ്ടാം വരവിലേക്ക് നയിക്കുന്ന അടയാളങ്ങളിൽ ആദ്യത്തേത് വെളിപ്പാടുകാരൻ വിവരിക്കുന്നു: ‘വലിയൊരു ഭൂകമ്പം

ഉണ്ടായി; സൂര്യൻ കരിമ്പടംപോലെ കറുത്തു. ചന്ദ്രൻ മുഴുവനും രക്തതുല്യമായിത്തീർന്നു" (വെളി. 6:12).

ഈ അടയാളങ്ങൾ പത്തൊൻപതാം നൂറ്റാണ്ട് തുടങ്ങുന്നതിനു മുൻപു തന്നെ കാണപ്പെട്ടു. പ്രവചനനിവൃത്തിയായിത്തന്നെ 1755-ൽ ഒരിക്കലും ഉണ്ടായിട്ടില്ലാത്ത അത്ര ഭയങ്കര ഭൂകമ്പം ഉണ്ടായി. ലിസ്ബൺ ഭൂകമ്പം എന്ന് സാധാരണ അറിയപ്പെടുന്നു എങ്കിലും അത് യൂറോപ്പിൻറെയും ആഫ്രിക്കയുടേയും അമേരിക്കയുടേയും ഭാഗങ്ങളിലും ഉണ്ടായി. ഗ്രീൻലണ്ട്, വെസ്റ്റ് ഇൻറീസ്, മെഡെറാ ദ്വീപ്, നോർവെ, സ്വീഡൻ,

ഗ്രെയ്റ്റ് ബ്രിട്ടൻ, അയർലണ്ട്
എന്നിവിടങ്ങളിൽ അത് അനുഭവപ്പെട്ടു.
നാല്പതു ലക്ഷം ചതുരശ്ര മൈലിൽ
കുറയാതെയുള്ള സ്ഥലങ്ങളിൽ അത്
വ്യാപിച്ചിരുന്നു. യൂറോപ്പിലെപ്പോലെ
തന്നെ, ആഫ്രിക്കയിലും അതിൻറെ
ആഘാതം ഭയങ്കരമായിരുന്നു.
ആൽജിയേഴ്സിന്റെ ഒരു വലിയ ഭാഗം
നശിച്ചുപോയി.
മൊറോക്കൊയിൽനിന്ന് അല്പം
അകലെ ഉദ്ദേശം പതിനായിരത്തോളം
താമസക്കാർ ഉണ്ടായിരുന്ന ഒരു ഗ്രാമം
മുഴുവനും നശിച്ചു. സ്പെയിനിൻറെയും
ആഫ്രിക്കയുടെയും പട്ടണങ്ങൾ
ഉൾക്കൊള്ളുന്ന തീരപ്രദേശം
നശിച്ചുപോയി.

ഭൂകമ്പം പരമാവധി അക്രമാസക്തമായത് സ്പെയിനിലും പോർട്ടുഗലിലും ആയിരുന്നു. കാഡിസിൽ തിരമാല 60 അടി ഉയരത്തിൽ അടിച്ചുയർന്നു എന്ന് പറയപ്പെടുന്നു. “ഏറ്റം വലിയ പർവ്വതങ്ങൾ, ചിലത് പോർട്ടുഗലിൽ, അതിൻറെ അടിസ്ഥാനം മുതൽ കുലുങ്ങുന്നു എന്ന് തോന്നുമാറ് അതി സാഹസികമായി ഉലഞ്ഞു. അവയിൽ ചിലതിൻറെ പർവ്വതാഗ്രം തുറക്കപ്പെട്ടു. ചിലത് നെടുകെ കീറി. ചിലതിൽ അത്ഭുതകരമായ വിടവുകൾ ഉണ്ടായി. ചേർന്നു കിടന്ന താഴ്വരയിലേക്ക് വലിയ ഭാഗങ്ങൾ അടർന്നു വീണു. ഈ പർവ്വതങ്ങളിൽനിന്ന് അഗ്നിജ്വാലകൾ ബഹിർഗമിച്ചതായി

പ്രസ്താവിക്കപ്പെട്ടിരുന്നു”.- Sir Charles Lyell, Principles of Geology, p. 495.

“ലിസ്ബണിൽ ഭൂമിക്കടിയിൽ ഒരു ഇടിമുഴക്കം കേൾക്കുകയും ഉടൻ തന്നെ ഉഗ്രമായ ഒരു ഭൂകമ്പം മൂലം പട്ടണത്തിൻറെ ഭൂരിഭാഗവും നിലംപരിചാകുകയും ചെയ്തു. ആറു മിനിട്ട് സമയംകൊണ്ട് അറുപതിനായിരം ആളുകൾ നശിച്ചു. സമുദ്രം ആദ്യം പിൻവാങ്ങി, അവിടം ഉണങ്ങിയതായി കണ്ടു. പിന്നെ സാധാരണ വരാറുള്ളതിലും 50 അടി കൂടുതൽ ഉയരത്തിൽ അകത്തേക്ക് അടിച്ചുകയറി”. “ഈ മഹാ വിപത്തിൻറെ കാലത്ത് ലിസ്ബണിൽ

നടന്നു എന്ന് വിവരിക്കുന്ന അസാധാരണ സംഭവങ്ങളിൽ ഒന്ന്, കണക്കില്ലാതെ പണം ചെലവുചെയ്ത് മുഴുവൻ മാർബിളിൽ തീർത്ത ഒരു പുതിയ തുറമുഖ മേട താണുപോയതാണ്. സംഭവിച്ചുകൊണ്ടിരുന്ന കെടുതികൾക്ക് എത്താൻ പറ്റാത്ത സ്ഥലമായി പരിഗണിച്ച്, സുരക്ഷിതത്വത്തിനുവേണ്ടി ഒരു വലിയ പുരുഷാരം അവിടെ കൂടിയിരുന്നു. പക്ഷെ തുറമുഖമേട പെട്ടെന്ന് അതിലെ സകല ജനവുമായി മുങ്ങിപ്പോയി. ഒറ്റ ശവം പോലും ഒരിക്കലും വെള്ളത്തിൽ പൊങ്ങി വന്നില്ല". - Ibid., page 495.

"ഓരോ പള്ളിയും ആശ്രമവും ഒട്ടുമുക്കാലും പൊതുസ്ഥാപനങ്ങളുടെ വലിയ

കെട്ടിടങ്ങളും, നാലിലൊന്നിൽ കൂടുതൽ വീടുകളും, ഭൂകമ്പത്തിൻറെ ആഘാതത്താൽ തൽക്ഷണം വീണുപോയി. ഭൂകമ്പം കഴിഞ്ഞ് ഏകദേശം രണ്ടു മണിക്കൂറിനുശേഷം, പല സ്ഥലങ്ങളിലും തീ പൊട്ടിപ്പുറപ്പെട്ട് ഏകദേശം മൂന്നു ദിവസംകൊണ്ട് ക്രോധാഗ്നി പരന്നു. പട്ടണം പൂർണ്ണമായും വിജനമായിത്തീർന്നു. ഭൂകമ്പം ഉണ്ടായത് ഒരു അവധി ദിവസം ആയിരുന്നതിനാൽ പള്ളികളും ആശ്രമങ്ങളും മനുഷ്യരാൽ നിറഞ്ഞിരുന്നു. അവരിൽ വളരെ ചുരുക്കംപേർ മാത്രമേ രക്ഷപെട്ടുള്ളൂ"- Encyclopedia Americana, art. Lisbon note (ed. 1831).

"മനുഷ്യരുടെ ഭീതി വർണ്ണനാതീതം

ആയിരുന്നു. ആരും കരഞ്ഞില്ല. കാരണം അത് കണ്ണുനീരിനും അപ്പുറം ആയിരുന്നു. അവർ ഉഗ്രഭീതിയാലും അത്ഭുതത്താലും ഭ്രാന്തചിത്തരായി അങ്ങോട്ടും ഇങ്ങോട്ടും ഓടുകയും നെഞ്ചത്തും മുഖത്തും അടിക്കുകയും മീസെറിക്കോർഡിയാ! ലോകം അവസാനിക്കുന്നു" എന്ന് വിലപിക്കുകയും ചെയ്തു. അമ്മമാർ തങ്ങളുടെ കുഞ്ഞുങ്ങളെ മറന്നു. അവർ ക്രൂശിത ക്രിസ്തുവിഗ്രഹം ചുമന്നുകൊണ്ട് അങ്ങോട്ടും ഇങ്ങോട്ടും ഓടി. നിർഭാഗ്യവശാൽ അനേകർ സംരക്ഷണത്തിനായി പള്ളികളിൽ ഓടിക്കയറി. നടന്നുകൊണ്ടിരുന്ന ദിവ്യബലികൾ അവരെ രക്ഷിച്ചില്ല. ബലിപീഠങ്ങളേയും വിഗ്രഹങ്ങളേയും

പുരോഹിതന്മാരേയും ഈ പാവങ്ങൾ കെട്ടിപ്പിടിച്ചതും വെറുതെയായി. ആ മനുഷ്യരെല്ലാം ഒരേ കുഴിയിൽ അടക്കപ്പെട്ടു". വിനാശകരമായ ആ ദിവസം തൊണ്ണൂറായിരം ആളുകൾക്ക് തങ്ങളുടെ ജീവൻ നഷ്ടപ്പെട്ടതായി കണക്കാക്കപ്പെടുന്നു.

അടുത്ത അടയാളമാകുന്ന, സൂര്യനും ചന്ദ്രനും ഇരുണ്ടുപോകും എന്ന പ്രവചനം 25 വർഷത്തിനുശേഷം സംഭവിച്ചു. അതിൻറെ നിവൃത്തീകരണത്തിൻറെ സമയം ക്ലിപ്തമായി പറഞ്ഞിരുന്നു, എന്നുള്ളതാണ് ഏറെ ശ്രദ്ധേയമായ കാര്യം. ഒലിവുമലയിൽവെച്ച് ശിഷ്യന്മാരുമായി കർത്താവ് സംസാരിച്ചു കൊണ്ടിരുന്നപ്പോൾ 1260

വർഷത്തെ പാപ്പാത്വ
പീഡനത്തെക്കുറിച്ച് അവൻ
സംസാരിക്കുകയും ആ പീഡനകാലത്തെ
ചുരുക്കുമെന്ന് കർത്താവ് വാഗ്ദത്തം
ചെയ്യുകയും ചെയ്തു. അതിനോടൊപ്പം
അവൻറെ വീണ്ടും വരവിനുമുമ്പ്
സംഭവിക്കേണ്ട ചില സംഭവങ്ങളെ
അറിയിക്കുകയും അവയിൽ
ആദ്യത്തേത് എപ്പോൾ
ആയിരിക്കുമെന്നും പറഞ്ഞു. "ആ
കാലത്തിലെ കഷ്ടം കഴിഞ്ഞ ശേഷം
സൂര്യൻ ഇരുണ്ടുപോകയും ചന്ദ്രൻ
പ്രകാശം കൊടുക്കാതിരിക്കയും ചെയ്യും "
(മർക്കൊ. 13:24). 1260 ദിവസം
അഥവാ വർഷം 1798- ൽ
അവസാനിച്ചു. കാൽനൂറ്റാണ്ടിനുമുമ്പ്
പീഡനം മിക്കവാറും അവസാനിച്ചിരുന്നു.

ക്രിസ്തുവിൻറെ വാക്കുകളിൻ പ്രകാരം, പീഡനത്തെ തുടർന്ന് സൂര്യൻ ഇരുണ്ടു പോകണം. 1780, മെയ് മാസം 19-ന് ഈ പ്രവചനം നിവൃത്തിയായി.

"മിക്കവാറും, എല്ലാം അല്ലെങ്കിൽ തന്നെയും, ഏറ്റവും ദുർഗ്രാഹ്യമായതും ഇന്നുവരെ വിവരണാതീതമായതും ആയ പ്രകൃതിവിശേഷം ആണ് 1780, മെയ് 19 എന്ന ഇരുണ്ട ദിനം. ന്യൂ ഇംഗ്ലണ്ടിലെ കാണപ്പെടുന്ന മുഴവൻ ആകാശവും അന്തരീക്ഷവും അവർണ്ണനീയമായ അന്ധകാരത്തിലായി'.- R. M. Devens, Our First Century, p. 89.

മസാച്ചുസെറ്റ്സ് എന്ന സ്ഥലത്ത് ജീവിച്ചിരുന്ന ഒരു ദൃക്സാക്ഷി സംഭവത്തെ ഇങ്ങനെ വിവരിക്കുന്നു: “രാവിലെ സൂര്യൻ ശോഭയോടെ ഉദിച്ചു. പക്ഷെ, പെട്ടെന്ന് മൂടപ്പെട്ടു. മേഘങ്ങൾ താണു. അവയിൽനിന്നും പെട്ടെന്ന് ആവിർഭവിച്ച് അശുഭ സൂചകമായ മിന്നലുകൾ ഉണ്ടായി. ഇടി മുഴങ്ങി, ഒരു ചെറിയ മഴയും ഉണ്ടായി. ഒൻപതു മണിയോടെ മേഘത്തിൻറെ ഘനം കുറഞ്ഞ് ചെമ്പിൻറെയൊ പിച്ചള പോലെയോ ഉള്ള നിറത്തിൽ കാണപ്പെട്ടു. ഭൂമി, പാറകൾ, മരങ്ങൾ, കെട്ടിടങ്ങൾ, വെള്ളം, മനുഷ്യർ ഇവയെല്ലാം ഈ അസാധാരണ അലൗകിക വെളിച്ചത്തിൽ മാറിയതായി കാണപ്പെട്ടു. കുറച്ചു

മിനിട്ടുകൾക്കുശേഷം ഒരു ഘനമേറിയ കറുത്ത മേഘം, ചക്രവാളത്തിൽ ഒരു വിളുമ്പ് വിട്ടിട്ട് മുഴുവൻ ആകാശവും പരന്നു. വേനൽക്കാലത്തെ രാത്രി ഒൻപതുമണിപോലെ അത്ര കൂരിരുട്ടായിരുന്നു അത്....

ഭയം, ഉത്കണ്ഠ, സംഭ്രമം എന്നിവ ജനഹൃദയങ്ങളെ നിറച്ചു. സ്ത്രീകൾ വാതിൽക്കൽ നിന്നുകൊണ്ട് ഇരുണ്ട ദൃശ്യം നോക്കി. പുരുഷന്മാർ വയലിലെ ജോലിയിൽനിന്ന് കയറി. ആശാരി തൻ്റെ പണി ആയുധങ്ങളും, കൊല്ലൻ തൻ്റെ ആലയും, വ്യാപാരി തൻ്റെ മേശയും ഉപേക്ഷിച്ചു. സ്കൂളുകൾ വിട്ടു. ഭയവിഹ്വലരായ കുട്ടികൾ ഭവനങ്ങളിലേക്ക് ഓടി. വഴിയാത്രക്കാർ

ഏറ്റവും അടുത്തുള്ള കളപ്പുരയിൽ തങ്ങി. ഓരോ ഹൃദയവും ചുണ്ടുകളും ചോദിച്ചു: എന്താണ് സംഭവിക്കുന്നത്? ദേശമാകെ ഒരു വലിയ കൊടുങ്കാറ്റ് വരുന്നതുപോലെ അല്ലെങ്കിൽ സകലത്തിൻറെയും പൂർത്തീകരണ ദിവസം പോലെ തോന്നി.

“മെഴുകുതിരികൾ ഉപയോഗിച്ചു. ശരൽക്കാലത്തെ ചന്ദ്രനില്ലാത്ത രാത്രി പോലെ അടുപ്പുകളിൽ തീ പ്രകാശിച്ചു.... പക്ഷികൾ ചേക്കേറി. കന്നുകാലികൾ മേച്ചിൽ സ്ഥലങ്ങളിൽ കൂടിനിന്ന് അമറി. തവളകൾ കരഞ്ഞു. പക്ഷികൾ തങ്ങളുടെ സായാഹ്ന സംഗീതം ആലപിച്ചു. വവ്വാലുകൾ പറന്നു നടന്നു.

പക്ഷെ രാത്രി വന്നില്ലെന്ന് മനുഷ്യർക്ക് അറിയാമായിരുന്നു....

“ശാലേമിലെ ടെബർനാക്കിൾ പള്ളിയിലെ പാസ്റ്ററായ ഡോ: നഥനയേൽ വിറ്റക്കർ, യോഗസ്ഥലത്ത് മതപരമായ ശുശ്രൂഷ നടത്തി. അദ്ദേഹത്തിൻറെ വചന ശുശ്രൂഷയിൽ ഈ ഇരുട്ട് പ്രകൃത്യാതീതമായതാണ് എന്ന് പ്രസംഗിച്ചു. വേറെ പല സ്ഥലങ്ങളിലും ജനം കൂടിവന്നു. മുന്നൊരുക്കമില്ലാത്ത ഈ വചനശുശ്രൂഷകളിൽ എല്ലാം ഭേദഗതിയില്ലാതെ പ്രസംഗധാര വാക്യങ്ങൾ എല്ലാം തന്നെ ഈ ഇരുട്ട് തിരുവചന പ്രവചനത്തിന് അനുയോജ്യമായതായി

ച്ചൂണ്ടിക്കാണിച്ചു.... ഈ ഇരുട്ട് പതിനൊന്നുമണി കഴിഞ്ഞ ഉടനെ ഇത് കൂരിരുട്ടായി'.- The Essex Antiquarian, April, 1899, vol. 3, No. 4, pp. 53, 54. "രാജ്യത്തിൻറെ മിക്കവാറും, എല്ലാഭാഗത്തും ആ പകൽസമയം വളരെ ഇരുട്ടായതുകൊണ്ട് ജനങ്ങൾക്ക് സമയം എന്തായി എന്ന് വാച്ച് മൂലമൊ, ക്ലോക്കു മൂലമോ, ഭക്ഷണ സമയം മൂലമൊ പറയാനൊ, വീട്ടുകാര്യങ്ങൾ ക്രമപ്പെടുത്താൻ മെഴുകുതിരിയുടെ പ്രകാശം കൂടാതെ കഴിയുകയൊ ചെയ്തില്ല...

"ഈ ഇരുട്ടിൻറെ ദൈർഘ്യം അസാധാരണമായിരുന്നു. അത് ഫാൽ

മൗത്ത് പോലുള്ള കിഴക്കൻ സ്ഥലങ്ങളിലും അനുഭവപ്പെട്ടു. പടിഞ്ഞാറേക്ക് ഏറ്റവും ദൂരത്തിലുള്ള കണക്റ്റിക്കട്ടിൻറെയും അൽബനിയുടെയും ഭാഗങ്ങളിലും എത്തി. തെക്കുഭാഗത്ത് കടൽത്തീരംവരെ അത് അനുഭവപ്പെട്ടു. വടക്കു ഭാഗത്തേക്ക് അമേരിക്കൻ കുടിപാർപ്പുവരെയും എത്തിയിരുന്നു'.- William Gordon, History of the Rise, Progress, and Establishment of the Independence of the USA vol. 3, p. 57.

സന്ധ്യയുടെ ഒന്നോ രണ്ടോ മണിക്കൂറിനുമുമ്പ് തീവ്രമായ ഇരുട്ടിനെ

തുടർന്ന് ഒരു പ്രത്യേകം തെളിഞ്ഞ ആകാശവും സൂര്യനും കാണായി. എങ്കിലും മഞ്ഞിനാൽ രൂക്ഷമായി മൂടിക്കിടന്നു. 'സൂര്യാസ്തമനത്തിനുശേഷം ആകാശം വീണ്ടും മേഘാവൃതമായി. പെട്ടെന്ന് ഇരുട്ട് വ്യാപിച്ചു". "രാത്രിയിലെ ഇരുട്ട് അത്രയും അസാധാരണമായതും പകൽ അനുഭവപ്പെട്ട ഇരുട്ടിനെപ്പോലെ ഭയപ്പെടുത്തുന്നതും ആയിരുന്നു. പൗർണ്ണമി രാത്രി ആയിരുന്നുവെങ്കിലും കൃത്രിമമായ പ്രകാശത്തിൻറെ സഹായത്താലല്ലാതെ ഒരു വസ്തുവും തിരിച്ചറിയാമായിരുന്നില്ല. അയൽ വീടുകളിൽനിന്നും ദൂരെയുള്ള സ്ഥലങ്ങളിൽ നിന്നും നോക്കിയപ്പോൾ അത് മിസ്രയീമിലെ ബാധകളിൽ

ഒന്നായ കൂരിരുട്ടുപോലെ തോന്നി.” - Isaiah Thomas, Massachusetts Spy; or, American Oracle of Liberty, vol. 10, No. 472 (May 25, 1780). ഒരു ദൃക്സാക്ഷി പറഞ്ഞു: “പ്രപഞ്ചത്തിൽ സ്വയം പ്രകാശിക്കുന്ന ഓരോന്നും അഭേദ്യമായ ഇരുട്ടിനാൽ ആവൃതമാകുകയോ, അതോ, അസ്തിത്വത്തിൽ നിന്നുതന്നെ മാറ്റപ്പെടുകയോ ചെയ്തു എന്ന് തോന്നുമാറ് ഇരുട്ട് അത്ര ഭയങ്കരമായിരുന്നതുകൊണ്ട് എനിക്ക് ആ സമയത്ത് ഒന്നും ആഗ്രഹിക്കാൻ കഴിഞ്ഞില്ല”. - Letter by Dr. Samuel Tenney, of Exeter, New Hampshire, December, 1785 (in Massachusetts, Historical Society Collections 1792, Ist

series. vol. 1, p. 97). “ആ രാത്രിയിൽ ഒൻപതു മണിയായപ്പോൾ പൂർണ്ണ ചന്ദ്രൻ ഉദിച്ച് ഉയർന്നെങ്കിലും ആ ഭയങ്കര ഇരുട്ടിനെ അകറ്റാൻ കഴിഞ്ഞില്ല. അർദ്ധരാത്രി കഴിഞ്ഞപ്പോൾ ഇരുട്ട് മാറിയ ഉടനെ കാണപ്പെട്ട ചന്ദ്രൻ രക്തത്തിനു തുല്യമായിരുന്നു.

1780, മെയ് 19 ചരിത്രത്തിൽ “അന്ധകാരദിനം” ആയി നിലകൊള്ളുന്നു. മോശയുടെ കാലത്തിനുശേഷം ഇതിനോടൊപ്പം സാന്ദ്രതയും വ്യാപ്തിയും സമയ ദൈർഘ്യവും ഉണ്ടായിരുന്ന കുരിരുട്ട് ഒരിക്കലും രേഖപ്പെടുത്തിയിട്ടില്ല. ദൃക്സാക്ഷികളുടെ സംഭവ വിവരണം

കർത്താവിന്റെ വാക്കുകളുടെ ഒരു പ്രതിഫലനമാണ്. യോവേൽ പ്രവാചകനാൽ 2500 വർഷങ്ങൾക്കു മുൻപ് എഴുതപ്പെട്ട പ്രവചനത്തിൻറെ നിറവേറലായിരുന്നു. 'യഹോവയുടെ വലുതും ഭയങ്കരവുമായുള്ള ദിവസം വരുംമുമ്പ് സൂര്യൻ ഇരുളായും ചന്ദ്രൻ രക്തമായും മാറിപ്പോകും" (യോവേൽ 2:31).

ക്രിസ്തു തൻറെ ജനങ്ങളോട് തൻറെ വരവിൻറെ അടയാളങ്ങൾ ശ്രദ്ധിക്കുവാനും അവരുടെ രാജാവിൻറെ വരവിൻറെ അടയാളങ്ങൾ കാണുമ്പോൾ ആനന്ദിക്കാനും ആവശ്യപ്പെട്ടിരുന്നു. "ഇത് സംഭവിച്ച് തുടങ്ങുമ്പോൾ അവൻ പറഞ്ഞു: "നിങ്ങളുടെ വീണ്ടെടുപ്പ് അടുത്തു

വരുന്നതുകൊണ്ട് നിവർന്ന് തല പൊക്കുവിൻ" വസന്തത്തിൽ മരങ്ങൾ തളിർക്കുന്നത് തൻറെ അനുയായികളെ ചൂണ്ടിക്കാണിച്ചുകൊണ്ട് ക്രിസ്തു പറഞ്ഞു: "അവ തളിർക്കുന്നത് നിങ്ങൾ കാണുമ്പോൾ വേനൽ അടുത്തിരിക്കുന്നു എന്ന് സ്വതവെ അറിയുന്നുവല്ലൊ. അവ്വണ്ണംതന്നെ ഇത് സംഭവിക്കുന്നത് കാണുമ്പോൾ ദൈവരാജ്യം അടുത്തിരിക്കുന്നു എന്ന് ഗ്രഹിപ്പിൻ" (ലൂക്കൊസ് 21:28, 30, 31).

പക്ഷെ, സഭയിലെ താഴ്മയും ഭക്തിയും, ഗർവ്വത്തിനും ബാഹ്യാചാര ങ്ങൾക്കും വഴി മാറിയപ്പോൾ ക്രിസ്തുവിനോടുള്ള സ്നേഹവും അവൻറെ വരവിലുള്ള വിശ്വാസവും തണുത്തു.

ദൈവജനമെന്നഭിമാനിച്ചവർ ലൗകികത്വത്തിൽ മുഴുകുകയും ഉല്ലാസാന്വേഷികളുമായപ്പോൾ കർത്താവിന്റെ പ്രത്യക്ഷതയെപ്പറ്റിയുള്ള അടയാളങ്ങളെ സംബന്ധിക്കുന്ന അവൻറെ നിർദ്ദേശങ്ങളിൽ അന്ധരായിത്തീർന്നു. രണ്ടാം വരവിനെപ്പറ്റിയുള്ള ഉപദേശത്തെ അവഗണിച്ചു. വേദഭാഗങ്ങളെ മറക്കുകയും അവഗണിക്കുകയും ചെയ്യത്തക്കവിധം ഒരു വലിയ അളവിൽ അതിനെ തെറ്റായി വ്യാഖ്യാനിച്ചു. പ്രത്യേകിച്ചും അമേരിക്കയിലെ സഭകളിൽ അവസ്ഥ ഇതായിരുന്നു. സമൂഹത്തിൽ എല്ലാതരത്തിലുമുള്ളവരും സ്വാതന്ത്ര്യവും സുഖസൗകര്യങ്ങളും ആസ്വദിച്ചു.

ആഡംബരസമൃദ്ധിക്കും ധനത്തിനും
വേണ്ടിയുള്ള അതിമോഹം,
പണസമ്പാദനത്തിനുള്ള അത്യാർത്തി,
ബഹുജന സമ്മതിയ്ക്കും അധികാരത്തിനും
വേണ്ടി
അത്യാർത്തിയോടുകൂടിയുള്ള
മുന്നേറ്റം, ഇവയെല്ലാം എല്ലാവർക്കും
കരഗതമാക്കാം എന്ന തോന്നൽ, ഇവ
മനുഷ്യരെ ഈ ലോകചിന്തകളിലേക്ക്
നയിക്കുകയും, ഇന്നത്തെ
സ്ഥിതിഗതികളെ മാറ്റുന്ന ആ
പാവനമായ ദിവസം വളരെ
അകലെയാണെന്ന് കരുതുകയും ചെയ്തു.

രക്ഷകൻ തൻറെ അനുയായികൾക്ക്
തൻറെ വരവിൻറെ അടയാളങ്ങൾ
ചൂണ്ടിക്കാണിച്ചപ്പോൾ രണ്ടാം

വരവിൻറെ തൊട്ടുമുൻപുള്ള പിന്മാറ്റക്കാരുടെ അവസ്ഥയെപ്പറ്റി മുൻകൂട്ടി പറഞ്ഞു. ലൗകിക കാര്യങ്ങളുടെ പ്രവർത്തനവും ഇളക്കവും, സുഖതൃഷ്ണയും, വാങ്ങിയും, വിറ്റും, നട്ടും, കെട്ടിടം പണിതും, വിവാഹം ചെയ്തും, വിവാഹത്തിന് കൊടുത്തും ദൈവത്തേയും ഭാവി ജീവിതത്തെയും മറന്നുകൊണ്ട് നോഹയുടെ കാലത്തെപ്പോലെതന്നെയുള്ള കാലം ആകും. ഈ കാലത്ത് ജീവിക്കുന്നവർക്ക് ക്രിസ്തു കൊടുത്തിരിക്കുന്ന ഉപദേശം: "നിങ്ങളുടെ ഹൃദയം അതിഭക്ഷണത്താലും മദ്യപാനത്താലും ഉപജീവന ചിന്തകളാലും ഭാരപ്പെട്ടിട്ട് ആ ദിവസം നിങ്ങൾക്ക് പെട്ടെന്ന് കണി

പോലെ വരാതിരിപ്പാൻ സൂക്ഷിച്ചുകൊൾവിൻ". "ആകയാൽ ഈ സംഭവി പ്പാനുള്ള എല്ലാറ്റിലും ഒഴിഞ്ഞുപോകുവാനും മനുഷ്യപുത്രൻറെ മുൻപിൽ നില്പാനും നിങ്ങൾ പ്രാപ്തരാകേണ്ടതിന് സദാകാലവും ഉണർന്നും പ്രാർത്ഥിച്ചും കൊണ്ടിരിപ്പിൻ" (ലൂക്കൊസ് 21:34, 36).

സഭയുടെ ഈ സമയത്തെ അവസ്ഥയെ കർത്താവ് വെളിപ്പാട് പുസ്തകത്തിൽ ചൂണ്ടിക്കാണിച്ചിരിക്കുന്നു. "ജീവനുള്ളവൻ എന്ന് നിനക്ക് പേർ ഉണ്ടെങ്കിലും നീ മരിച്ചവനാകുന്നു". നിലനില്ക്കാത്ത സുരക്ഷിതത്വത്തിൽനിന്നും

പിന്തിരിയുവാൻ മനസ്സില്ലാത്തവർക്ക്
പാവനമായ മുന്നറിയിപ്പ് നൽകുന്നു.
“നീ ഉണരാതിരുന്നാൽ ഞാൻ
കള്ളനെപ്പോലെ വരും; ഏത്
നാഴികെയ്ക്ക് നിൻറെ മേൽ വരും എന്ന്
നീ അറിയുകയും ഇല്ല” (വെളി. 3:1 , 3).

മനുഷ്യരെ അവരുടെ ആപത്തുകൾക്ക്
നേരെ കണ്ണ് തുറപ്പിക്കേണ്ടത്
ആവശ്യമാണ്. അന്ത്യകാല
സംഭവങ്ങളിലേക്ക് ഒരുങ്ങുന്നതിന്
മനുഷ്യരെ ഉണർത്തേണ്ടതും
ആവശ്യമായിരിക്കുന്നു. ദൈവത്തിൻറെ
പ്രവാചകൻ പ്രഖ്യാപിക്കുന്നു:
“യഹോവയുടെ ദിവസം വലുതും
അതിഭയങ്കരവും ആകുന്നു; അത്
സഹിക്കാകുന്നവൻ ആർ?” “ദോഷം

കണ്ടുകൂടാതവണ്ണം നിർമ്മല ദൃഷ്ടി യുള്ളവനും അനീതി കാണാൻ കഴിയാത്തവനുമായവൻ” പ്രത്യക്ഷപ്പെടുമ്പോൾ ആർ നില്ക്കും? (യോവേൽ 2:11; ഹബ. 1:13).

“എൻറെ ദൈവമേ, ഞങ്ങൾ നിന്നെ അറിയുന്നു” എന്ന് നിലവിളിക്കുന്നുയെങ്കിലും ദൈവത്തിൻറെ നിയമം ലംഘിച്ചു മറ്റൊരു ദേവൻറെ പിന്നാലെ പോകുവാൻ വെമ്പൽകൊള്ളുകയും, ഹൃദയങ്ങളിൽ അധർമ്മം മറയ്ക്കുകയും, അനീതിയുടെ വഴികളെ സ്നേഹിക്കുകയും ചെയ്യുന്നവർക്ക് യഹോവയുടെ ദിവസം വെളിച്ചമല്ല; ഇരുൾ തന്നെയല്ലോ; ഒട്ടും പ്രകാശമില്ലാതെ അന്ധതമസ്സു തന്നേ (ഹോശേയ. 8:2,1; സങ്കീ. 16:4;

ആമോസ് 5:20). കർത്താവ് ഇപ്രകാരം അരുളിച്ചെയ്യുന്നു: "ആ കാലത്ത് ഞാൻ യെരൂശലേമിനെ വിളക്ക് കത്തിച്ച് ശോധന കഴിക്കയും മട്ടിന്മേൽ ഉറച്ചുകിടന്നു: യഹോവ ഗുണമോ ദോഷമോ ചെയ്യുകയില്ല എന്ന് ഹൃദയത്തിൽ പറയുന്ന പുരുഷന്മാരെ സന്ദർശിക്കയും ചെയ്യും" (സെഫ്. 1:12). "ഞാൻ ഭൂതലത്തെ ദോഷം നിമിത്തവും, ദുഷ്ടന്മാരെ അവരുടെ അകൃത്യം നിമിത്തവും സന്ദർശിക്കും; അഹങ്കാരികളുടെ ഗർവ്വത്തെ ഞാൻ ഇല്ലാതാക്കും. ഉഗ്രന്മാരുടെ നിഗളത്തെ താഴ്ത്തും " (യെശയ്യാ. 13:1 !). "യഹോവയുടെ ക്രോധദിവസത്തിൽ അവരുടെ വെള്ളിക്കും പൊന്നിനും അവരെ രക്ഷിപ്പാൻ കഴികയില്ല"

“അവരുടെ സമ്പത്ത് കവർച്ചയും അവരുടെ വീടുകൾ ശൂന്യവും ആയിത്തീരും” (സെഫ. 1:18, 13).

ഈ ഭയാനകമായ സമയത്തെ മുന്നിൽ കണ്ടുകൊണ്ട് യിരെമ്യാ പ്രവാചകൻ ഇപ്രകാരം ഉൽഘോഷിച്ചു: എൻറെ ഹൃദയത്തിന് വേദന പിടിച്ചിരിക്കുന്നു... എനിക്ക് മിണ്ടാതിരുന്നുകൂടാ, എന്തെന്നാൽ, എൻറെ ഉള്ളം കാഹളനാദവും യുദ്ധത്തിൻറെ ആർപ്പുവിളിയും കേട്ടിരിക്കുന്നു. നാശത്തിന്മേൽ നാശം വിളിച്ചുപറയുന്നു” (യിരെ. 4:19, 20).

“ആ ദിവസം ക്രോധദിവസം, കഷ്ടവും സങ്കടവും ഉള്ള ദിവസം, ശൂന്യതയും

നാശവും ഉള്ള ദിവസം, ഇരുട്ടും അന്ധകാരവും ഉള്ള ദിവസം, മേഘവും മൂടലും ഉള്ള ദിവസം, ഉറപ്പുള്ള പട്ടണങ്ങൾക്കും ഉയരമുള്ള കൊത്തളങ്ങൾക്കും വിരോധമായി കാഹളനാദവും ആരവവും ഉള്ള ദിവസം തന്നെ" (സെഫ്. 1:15,16). "ദേശത്തെ ശൂന്യമാക്കുവാനും, പാപികളെ അതിൽ നിന്നും മുടിച്ചുകളവാനും യഹോവയുടെ ദിവസം.... വരുന്നു" (യെശയ്യാ. 13:9).

ദൈവത്തിൻറെ വചനം ഈ മഹാദിവസത്തിൻറെ വീക്ഷണത്തിൽ, ഏറ്റവും പാവനവും വ്യക്തവും ആയ ഭാഷയിൽ ആത്മീക മയക്കത്തിൽനിന്നും ഉണരാനായും, താഴ്മയോടും പശ്ചാത്താപത്തോടുംകൂടെ

ദൈവത്തിൻറെ മുഖം അന്വേഷിക്കാനും ദൈവജനത്തോട് വിളിച്ചു പറയുന്നു: “സീയോനിൽ കാഹളം ഊതുവിൻ; എൻറെ വിശുദ്ധപർവ്വതത്തിൽ അയ്യം വിളിപ്പിൻ, യഹോവയുടെ ദിവസം വരുന്നതുകൊണ്ടും അത് അടുത്തിരിക്കുന്നതുകൊണ്ടും ദേശത്തിലെ സകല നിവാസികളും നടുങ്ങിപ്പോകട്ടെ”. “ഒരു ഉപവാസം നിയമിപ്പിൻ; സഭായോഗം വിളിപ്പിൻ; ജനത്തെ കൂട്ടി വരുത്തുവിൻ; സഭയെ ശുദ്ധീകരിപ്പിൻ; മൂപ്പന്മാരെ കൂട്ടിവരുത്തുവിൻ; പൈതങ്ങളെയും ഒരുമിച്ചു കൂട്ടുവിൻ:... . മണവാളൻ മണവറയും മണവാട്ടി ഉള്ളറയും വിട്ട് പുറത്ത് വരട്ടെ. യഹോവയുടെ ശുശ്രൂഷകന്മാരായ പുരോഹിതന്മാർ പൂമുഖത്തിൻറെയും

യാഗ പീഠത്തിൻറെയും മദ്ധ്യേ കരയട്ടെ". "എന്നാൽ ഇപ്പോഴെങ്കിലും നിങ്ങൾ പൂർണ്ണ ഹൃദയത്തോടും ഉപവാസത്തോടും കരച്ചിലോടും വിലാപത്തോടുംകൂടെ എങ്കലേക്ക് തിരിവിൻ എന്ന് യഹോവയുടെ അരുളപ്പാട്. വസ്ത്രങ്ങളെയല്ല, ഹൃദയങ്ങളെ തന്നേ കീറി നിങ്ങളുടെ ദൈവമായ യഹോവയുടെ അടുക്കലേക്ക് തിരിവിൻ; അവൻ കൃപയും കരുണയും ദീർഘക്ഷമയും മഹാദയയും ഉള്ളവനല്ലോ" (യോവേൽ 2:1, 15-17, 12, 13).

യഹോവയുടെ ദിവസത്തിൽ നിൽക്കുന്നതിന് ഒരു ജനത്തെ ഒരുക്കാൻ നവീകരണത്തിൻറെ ഒരു

വലിയ ജോലി ചെയ്തുതീർക്കേണ്ടതായിട്ടുണ്ട്. ദൈവപരിജ്ഞാനമുള്ള അനേക ദൈവജനങ്ങളും നിത്യതയ്ക്കുവേണ്ടി ഒരുങ്ങുന്നില്ല എന്ന് ദൈവം കണ്ടു. ദൈവം തൻറെ കരുണയാൽ, അവരെ ഉറക്കത്തിൽനിന്നും ഉണർത്തി കർത്താവിന്റെ വരവിന് ഒരുങ്ങുന്നതിനുള്ള ഒരു മുന്നറിയിപ്പിൻ ദൂത് കൊടുക്കുന്നു.

ഈ മുന്നറിയിപ്പ് വെളിപ്പാട് 14-ൽ കാണുന്നു. സ്വർഗ്ഗീയ മാലാഖമാർ പ്രഖ്യാപിച്ചതിവിധ ദൂതിനെതുടർന്ന്. "ഭൂമിയിലെ വിളവ് എടുക്കാനായി മനുഷ്യപുത്രൻറെ വരവ് ആകും ഈ മുന്നറിയിപ്പുകളിൽ ആദ്യത്തേത്

ആസന്നമായിരിക്കുന്ന ന്യായവിധിയെക്കുറിച്ചാണ്. വേറൊരു ദൂതൻ "ആകാശ മദ്ധ്യേ" പറക്കുന്നത് പ്രവാചകൻ കണ്ടു. "ഭൂവാസികളായ സകല ജാതിയും ഗോത്രവും ഭാഷയും വംശവും ആയവരോട് അറിയിപ്പാൻ അവൻറെ പക്കൽ ഒരു നിത്യസുവിശേഷം ഉണ്ടായിരുന്നു. ദൈവത്തെ ഭയപ്പെട്ട് അവന്ന് മഹത്വം കൊടുപ്പിൻ; അവൻറെ ന്യായവിധിയുടെ നാഴിക വന്നിരിക്കുന്നു; ആകാശവും ഭൂമിയും സമുദ്രവും നീരുറവകളും ഉണ്ടാക്കിയവനെ ആരാധിപ്പിൻ എന്ന് അവൻ അത്യുച്ചത്തിൽ പറഞ്ഞുകൊണ്ടിരുന്നു" (വെളി. 14:6,7).

ഈ ദൂത് നിത്യസുവിശേഷത്തിൻറെ ഒരു ഭാഗമായി പ്രഖ്യാപിക്കപ്പെടുന്നു. സുവിശേഷം പ്രസംഗിക്കുന്ന വേല ദൂതന്മാരെ ഏല്പിച്ചിട്ടില്ല; അത് മനുഷ്യരെ ആണ് ഏല്പിച്ചിരിക്കുന്നത്. വിശുദ്ധ ദൂതന്മാർ ഈ വേലയ്ക്ക് നിർദ്ദേശങ്ങൾ കൊടുക്കുന്നു. മനുഷ്യൻറെ രക്ഷയ്ക്കുവേണ്ടിയുള്ള വലിയ വേലയുടെ ചുമതലയുണ്ടെങ്കിലും, ഭൂമിയിൽ സുവിശേഷം വാസ്തവത്തിൽ പ്രസ്താവിക്കുന്നത്, ക്രിസ്തുവിൻറെ ദാസന്മാരാണ്.

പരിശുദ്ധാത്മപ്രേരണയോടും ദൈവവചനത്തോടും അനുസരണയുള്ള വിശ്വസ്തരാണ് ലോകത്തിനുവേണ്ടിയുള്ള ഈ മുന്നറിയിപ്പ് പ്രഖ്യാപിക്കുന്നത്.

നേരം വെളുക്കുകയും ഉദയനക്ഷത്രം ഉദിക്കുകയും ചെയ്യുവോളം ഇരുണ്ട സ്ഥലത്തെ പ്രകാശിക്കുന്ന വിളക്കുകളായി ശോഭിക്കുന്നവരും അവരാണ് (2 പത്രൊസ് 1:19). ദൈവപരിജ്ഞാനത്തെ മറച്ചുവെച്ച് എല്ലാ നിധികളെക്കാളും അധികമായി അവർ എണ്ണി. “അതിൻറെ സമ്പാദനം വെള്ളിയുടെ സമ്പാദനത്തിലും അതിൻറെ ലാഭം തങ്കത്തിലും നല്ലത്” (സദൃശ. 3:14). ദൈവരാജ്യത്തിൻറെ വൻകാര്യങ്ങളെ കർത്താവ് അവർക്ക് വെളിപ്പെടുത്തി. “യഹോവയുടെ സഖിത്വം തൻറെ ഭക്തന്മാർക്ക് ഉണ്ടാകും; അവൻ തൻറെ നിയമം അവരെ അറിയിക്കുന്നു” (സങ്കീ.25:14).

ഈ ദൂത് മനസ്സിലാക്കിയിരുന്ന വേദപണ്ഡിതന്മാരായിരുന്നില്ല ഈ ദൂത് ഘോഷിച്ചത്. പ്രാർത്ഥനയോടും ശുഷ്കാന്തിയോടും വചനം പരിശോധിക്കുകയും വിശ്വസ്തരായ കാവൽക്കാർ ആയിരിക്കുകയും ചെയ്തിരുന്നുവെങ്കിൽ രാത്രി എന്തായി എന്ന് അവർ അറിയുമായിരുന്നു. പെട്ടെന്ന് സംഭ വിക്കുവാൻ പോകുന്നവയെ പ്രവചനം വെളിപ്പെടുത്തുമായിരുന്നു. പക്ഷെ അവർ ആ ചുമതല ഏറ്റെടുക്കാത്തതുകൊണ്ട് താഴ്ചയുള്ള സാധാരണക്കാരെ ഉപയോഗിച്ചു. യേശു പറഞ്ഞു: "ഇരുൾ നിങ്ങളെ പിടിക്കാതിരിപ്പാൻ നിങ്ങൾക്ക് വെളിച്ചം ഉള്ളടത്തോളം നടന്നുകൊൾവിൻ" (യോഹ. 12:35).

ദൈവം തന്നെ വെളിച്ചത്തിന് എതിരെ തിരിഞ്ഞവരും, അല്ലെങ്കിൽ തങ്ങൾക്ക് സമീപമായിരുന്നിട്ടും അന്വേഷിക്കാതെ അവഗണിച്ചവരും ഇരുട്ടിൽ ഉപേക്ഷി ക്കപ്പെട്ടവരാണ്. എങ്കിലും രക്ഷകൻ പ്രഖ്യാപിക്കുന്നു: "എന്നെ അനുഗമിക്കുന്നവൻ ഇരുളിൽ നടക്കാതെ ജീവൻറെ വെളിച്ചമുള്ളവൻ ആകും" (യോഹ. 8:12). ആരെങ്കിലും ഉദ്ദേശശുദ്ധിയോടെ ദൈവഹിതം അന്വേഷിച്ചാൽ, ലഭിച്ച വെളിച്ചത്തെ ഉപേക്ഷിക്കാത്തവർക്ക് കൂടുതൽ വെളിച്ചം കിട്ടും. സകല സത്യ ത്തിലേക്കും വഴി നടത്തുന്ന സ്വർഗ്ഗീയ വെളിച്ചം ആ വ്യക്തിക്ക് ലഭിക്കുന്നു.

ക്രിസ്തുവിൻറെ ആദ്യത്തെ വരവിങ്കൽ, ദൈവിക വെളിപ്പാടുകൾ ഭരമേല്പിക്കപ്പെട്ടിരുന്ന വിശുദ്ധ നഗരത്തിലെ പുരോഹിതന്മാരും ശാസ്ത്രിമാരും, ആ സമയത്തിൻറെ അടയാളങ്ങളെ തിരിച്ചറിഞ്ഞ് വാഗ്ദത്ത മശീഹയുടെ വരവ് ഘോഷിക്കണമായിരുന്നു. മീഖായുടെ പ്രവചനം അവൻറെ ജനനസ്ഥലം വെളിപ്പെടുത്തിയിരുന്നു. ദാനീയേൽ അവൻറെ വരവിൻറെ സമയം രേഖപ്പെടുത്തി (മീഖാ. 5:2; ദാനീ: 9:25). ദൈവം യെഹൂദാ നേതാക്കന്മാരെ ഈ പ്രവചനങ്ങൾ ഭരമേല്പിച്ചിരുന്നു. അവർ അത് അറിയാതെയും മശീഹയുടെ വരവ് അടുത്തിരിക്കുന്നു എന്ന് ജനങ്ങളെ അറിയിക്കാതെയും ഇരുന്നതിൽ

യാതൊരു ഒഴികഴിവും ഇല്ല. പാപപൂർണ്ണമായ അവഗണനയുടെ ഫലമായി ദുന്ന അവരുടെ അറിവില്ലായ്മ. യെഹൂദാജനം ദൈവത്തിൻറെ കൊല്ലപ്പെട്ട പ്രവാചകന്മാർക്ക് സ്മാരകങ്ങൾ പണിയുകയും ലോകമഹാന്മാർ ആദരപൂർവ്വം വഴങ്ങുകയും ചെയ്യതിൽകൂടെ സാത്താൻറെ സേവകർക്ക് വണങ്ങുകയായിരുന്നു. മനുഷ്യരുടെ ഇടയിലെ സ്ഥാനത്തിനും അധികാരത്തിനും വേണ്ടി അതിമോഹത്തോടെയുള്ള കിടമത്സരത്തിൽ നിമഗ്നരായി, സ്വർഗ്ഗത്തിന്റെ രാജാവ് അവർക്ക് വെച്ചുനീട്ടിയ പാവനമായ ബഹുമതി അവർ കണ്ടില്ല.

മനുഷ്യരാശിയുടെ വീണ്ടെടുപ്പിൻറെ പൂർത്തീകരണത്തിനായുള്ള ദൈവ പുത്രൻറെ വരവായ ലോകചരിത്രത്തിലെ ഏറ്റവും വലിയ സംഭവത്തിൻറെ സ്ഥലം, സമയം, ചുറ്റുപാടുകൾ എന്നിവയെല്ലാം ആഴമായും ഭയഭക്തിയോ ടുംകൂടിയ താല്പര്യത്തോടെ യിസ്രായേൽ മൂപ്പന്മാർ പഠിക്കേണ്ടതായിരുന്നു. ലോകത്തിൻറെ വീണ്ടെടുപ്പുകാരനെ സ്വാഗതം ചെയ്യുന്നവരിൽ ആദ്യത്തേത് അവർ ആകുവാൻ എല്ലാ ജനങ്ങളും നോക്കി, കാത്തിരിക്കേണ്ടതായിരുന്നു. പക്ഷെ, നോക്കൂ! ബേത്ലെഹെമിൽ രണ്ട് ക്ഷീണിച്ച യാത്രക്കാർ നസറെത്ത് കുന്നുകളിൽനിന്ന് പുറപ്പെട്ട് നഗരത്തിൻറെ കിഴക്കേ അറ്റം വരെയുള്ള

ഇടുങ്ങിയ നീണ്ട വഴിയിലൂടനീളം വിശ്രമത്തിനും അഭയത്തിനുമായി ഒരു സ്ഥലം വൃഥാ അന്വേഷിച്ചു. അവരെ സ്വീകരിക്കാൻ ഒരു വാതിലും തുറന്നില്ല. പശുക്കൾക്കുവേണ്ടി ഉണ്ടാക്കിയ ഒരു നികൃഷ്ടമായ കാലിത്തൊഴുത്തിൽ അവർ അവസാനം അഭയം കണ്ടെത്തി. അവിടെ ലോകരക്ഷകൻ ഭൂജാതനായി.

ലോക സൃഷ്ടിക്കുമുൻപെ ദൈവപുത്രൻ പിതാവിനോട് പങ്കുവെച്ചിരുന്ന മഹത്വം സ്വർഗ്ഗീയ ദൂതന്മാർ ദർശിച്ചിട്ടുണ്ട്. സർവ്വ മനുഷ്യർക്കുമുള്ള മഹാ സന്തോഷത്തിൻറെ സംഭവമാകുന്ന മശീഹയുടെ ഭൂമിയിലെ ജനനം അവർ അതീവ താല്പര്യത്തോടെ നോക്കിക്കണ്ടു. സ്വീകരിക്കുവാൻ ഒരുക്കമുള്ള വർക്കും

സന്തോഷത്തോടെ മറ്റുള്ളവരെ
അറിയിക്കുകയും ചെയ്യുവാൻ
താല്പര്യമുള്ളവർക്കും ഈ
സദ്വർത്തമാനം എത്തിക്കുവാൻ
ദൂതന്മാർ നിയമിക്കപ്പെട്ടിരുന്നു.
മനുഷ്യപ്രകൃതം എടുക്കുന്നതിന് ക്രിസ്തു
തന്നെത്താൻ താഴ്ത്തി. തൻറെ
ആത്മാവിനെ പാപയാഗമാക്കാൻ അതി
വ്യസനത്തിൻറെ അന്തമായ ഭാരം ക്രിസ്തു
വഹിക്കണമായിരുന്നു. അതന്നതൻറെ
പുത്രൻ തൻറെ താഴ്ചയിൽ പോലും
തൻറെ സ്വഭാവത്തിന് അനുയോജ്യമായ
പ്രതാപ് ത്തിലും മഹത്വത്തിലും
മനുഷ്യരുടെ മുമ്പാകെ പ്രത്യക്ഷപ്പെടും
എന്ന് ദൂതന്മാർ ആഗ്രഹിച്ചു.
ദൈവത്തിൻറെ വരവിനെ അഭിവാദ്യം
ചെയ്യാൻ ലോകത്തിലെ മഹാന്മാർ

യിസ്രായേലിൻറെ തലസ്ഥാനത്ത് സമ്മേളിച്ചിരുന്നോ? കാത്തിരുന്ന സംഘത്തിന് അസംഖ്യം ദൂതന്മാർ കർത്താവിനെ സമ്മാനിച്ചിരുന്നോ?

ആരെല്ലാമാണ് യേശുവിനെ സ്വാഗതം ചെയ്യാൻ ഒരുങ്ങിയിരിക്കുന്നത് എന്ന് കാണുവാൻ ഒരു ദൂതൻ ഭൂമി സന്ദർശിക്കുന്നു. കാത്തിരിപ്പിൻറെ ഒരു അടയാളവും ദൂതൻ കാണുന്നില്ല. മശീഹയുടെ വരവ് അടുത്തു എന്നു പറയുന്ന സമയത്തുള്ള സ്തുതിയുടെയോ ജയോത്സവത്തിൻറെയൊ ഒരു ആരവവും ദൂതൻ കേൾക്കുന്നില്ല. ദിവ്യസാന്നിധ്യം യുഗങ്ങളോളം പ്രകടമായ

ദൈവാലയത്തിൻറെയും
തെരഞ്ഞെടുക്കപ്പെട്ട പട്ടണത്തിൻറെയും
മീതെ ദൂതൻ കുറെ സമയം വട്ടമിട്ടു
പറക്കുന്നു. അവിടെപ്പോലും
അനാസ്ഥയാണ്. ദൈവാലയത്തിൽ
പുരോഹിതന്മാർ തങ്ങളുടെ
ഉന്നതഭാവത്തോടും അഹങ്കാരത്തോടും
മലിനമായ യാഗങ്ങൾ
അർപ്പിച്ചുകൊണ്ടിരിക്കുന്നു.
പരീശന്മാർ ഉച്ചത്തിൽ ജനങ്ങളെ
അഭിസംബോധന ചെയ്യുകയോ
തെരുകോണുകളിൽനിന്നുകൊണ്ട്,
ആത്മ പ്രശംസയോടെ
പ്രാർത്ഥിക്കുകയോ ചെയ്യുന്നു. മനുഷ്യ
വർഗ്ഗത്തിന്റെ വീണ്ടെടുപ്പുകാരൻ
പ്രത്യക്ഷനാകുവാൻ പോകുന്നുവെന്ന
വസ്തുത സ്വർഗ്ഗത്തെ മുഴുവനും

സന്തോഷത്താലും സ്തുതികളാലും
നിറയ്ക്കുമ്പോൾ രാജാക്കന്മാരുടെ
കൊട്ടാരങ്ങളിലും തത്വജ്ഞാനികളുടെ
കൂടി വരവിലും റബിമാരുടെ
വിദ്യാലയങ്ങളിലും എല്ലാവരും
ഒരുപോലെ അശ്രദ്ധാലുക്കളാണ്.

ക്രിസ്തുവിനെ
പ്രതീക്ഷിച്ചിരുന്നതിൻറെയോ
അതിൻറെ ഒരുക്കത്തിൻറെയോ
യാതൊരു തെളിവും ഇല്ല. സ്വർഗ്ഗീയ
ദൂതൻ ലജ്ജാപൂർണ്ണനായ ഈ
വാർത്തയുമായി അത്ഭുതത്തോടെ
സ്വർഗ്ഗത്തിലേക്കു മടങ്ങാൻ
തുടങ്ങുമ്പോൾ, രാത്രിയിൽ ആടുകളെ
കാത്തുകൊണ്ടിരുന്ന ഒരു കൂട്ടം
ആട്ടിടയന്മാരെ കാണുന്നു. അവർ

നക്ഷതം നിറഞ്ഞ ആകാശത്തിലേക്ക് ഉറ്റുനോക്കിക്കൊണ്ട് മശീഹയുടെ ഭൂമിയിലേക്കുള്ള വരവിൻറെ പ്രവചനം ധ്യാനിച്ചു കൊണ്ടിരിക്കുന്നു. അവർ ലോകരക്ഷകൻറെ വരവിനെ നോക്കിപ്പാർത്തുകൊണ്ടിരിക്കുന്നു. സ്വർഗ്ഗീയ ദൂത് സ്വീകരിക്കാൻ ഒരുക്കത്തോടെ ഇവർ ഇതാ, ഒരു കൂട്ടം. പെട്ടെന്ന് കർത്താവിന്റെ ദൂതൻ പ്രത്യക്ഷപ്പെട്ട് വലിയ സന്തോഷത്തിൻറെ സദ്വർത്തമാനം അറിയിക്കുന്നു. അവർക്കുചുറ്റും സ്വർഗ്ഗീയ മഹത്വം നിറയുന്നു. എണ്ണമറ്റ ദൂതന്മാരുടെ സംഘങ്ങൾ വെളിപ്പെടുന്നു. ഒരു ദൂതുവാഹകനിൽ തനിയെ സ്വർഗ്ഗത്തിൽനിന്നു കൊണ്ടുവരുവാൻ കഴിയാത്ത അത്ര വലിയ സന്തോഷം

തോന്നമാറ് പുരുഷാരത്തിൻറെ ശബ്ദം ആനന്ദഗീതമായി കേട്ടു. ആ ശബ്ദത്തിൽ എല്ലാ ജാതികളിൽനിന്നും രക്ഷിക്കപ്പെട്ടവർ ഒരു ദിവസം പാടും. "അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം; ഭൂമിയിൽ ദൈവപ്രസാദമുള്ള മനുഷ്യർക്കു സമാധാനം" (ലൂക്കൊ. 2:14).

ഓ! ബേത്ലെഹെമിൻറെ ഈ കഥ എത്ര അത്ഭുതകരമായ പാഠമാണ്! നമ്മുടെ അവിശ്വാസം, അഹങ്കാരം, സ്വയം പര്യാപ്തത എന്നിവയെ ഇത് എങ്ങനെ ശാസിക്കുന്നു. നമ്മുടെ കുറ്റകരമായ അനാസ്ഥയാൽ കാലത്തിൻറെ അടയാളങ്ങളെ വിവേചിക്കാൻ പരാജയപ്പെട്ടു നമ്മുടെ സന്ദർശനകാലം

അറിയാതെ വരാതിരിക്കാൻ സൂക്ഷിക്കുന്നതിന് ഇതു എങ്ങനെ മുന്നറിയിപ്പു തരുന്നു.

യെഹൂദാ മലനാട്ടുകളിലും സാധുക്കളായ ആട്ടിടയന്മാരുടെ ഇടയിലും മാത്രമല്ല മശീഹയുടെ വരവിനു കാത്തിരുന്നത് ദൂതൻ കണ്ടത്. ജാതികളുടെ നാട്ടിൽ ദൈവത്തെ നോക്കിപ്പാർത്തവർ ഉണ്ടായിരുന്നു. അവർ പൗരസ്ത്യ ധനവാന്മാരും കുലീനന്മാരും തത്വജ്ഞാനികളും ആയിരുന്നു. പ്രകൃതി നിരീക്ഷകരായിരുന്ന ഈ വിദ്വാന്മാർ ദൈവത്തെ അവൻറെ കൈവേലയിലൂടെ കണ്ടിരുന്നു. യാക്കോബിൽനിന്നും ഉയരുന്ന നക്ഷത്രത്തെക്കുറിച്ചു എബ്രായ തിരുവെഴുത്തുകളിൽനിന്നും അവർ

പഠിച്ചിരുന്നു. ആകാംക്ഷാഭരിതമായ ആഗ്രഹത്തോടെ കർത്താവിന്റെ വരവിനെ അവർ കാത്തു. അതു “യിസ്രായേലിൻറെ ആശ്വാസം” മാത്രമല്ല, “ജതികൾക്കു വെളിച്ചം കൊടുക്കുന്ന പ്രകാശവും', “ഭൂമിയുടെ അറ്റത്തോളമുള്ളവർക്കു രക്ഷയും ആണ് (ലൂക്കൊ. 2:25, 32; അപ്പൊ. 13:47). അവർ വെളിച്ചം അന്വേഷിച്ചവരായിരുന്നു. ദൈവസിംഹാസനത്തിൽ നിന്നും വന്ന വെളിച്ചം അവരുടെ പാതയ്ക്കു പ്രകാശം വീശി. സത്യത്തിൻറെ വ്യാഖ്യാതാക്കളും രക്ഷാകർത്താക്കളുമായി നിയമിക്കപ്പെട്ടിരുന്ന യെരൂശലേമിലെ പുരോഹിതന്മാരും റബ്ബിമാരും അന്ധതയിൽ ആയിരുന്നപ്പോൾ

ജാതികളായ ഈ അപരിചിതരെ
നവജാത രാജാവിൻറെ ജന്മ
സ്ഥലത്തേക്കു സ്വർഗ്ഗീയനക്ഷത്രം
നയിച്ചു.

“തനിക്കായി കാത്തു
നിൽക്കുന്നവരുടെ രക്ഷയ്ക്കായി അവൻ
പാപം കൂടാതെ രണ്ടാമതു
പ്രത്യക്ഷനാകും” (എബ്രാ. 9:28).
രക്ഷകൻറെ ജനനവാർത്തപോലെ
രണ്ടാം വരവിൻറെ ദൂതും
മതനേതാക്കന്മാരെയല്ല
ഭരമേല്പിച്ചിരിക്കുന്നത്. അവർ
ദൈവവുമായുള്ള തങ്ങളുടെ ബന്ധം
കാത്തു സൂക്ഷിക്കുന്നതിൽ
പരാജയപ്പെട്ടവരും
സ്വർഗ്ഗത്തിൽനിന്നുള്ള വെളിച്ചം

നിരാകരിച്ചവരും ആയിരുന്നു. അതുകൊണ്ട് പൌലൊസ് വിവരിക്കുന്ന എണ്ണത്തിൽ ഉൾപ്പെട്ടവരും അല്ല. “എന്നാൽ സഹോദരന്മാരെ, ആ നാൾ കള്ളൻ എന്നപോലെ നിങ്ങളെ പിടിപ്പാൻ നിങ്ങൾ ഇരുട്ടിലുള്ളവരല്ല; നിങ്ങൾ എല്ലാവരും വെളിച്ചത്തിൻറെ മക്കളും പകലിൻറെ മക്കളും ആകുന്നു; നാം രാത്രിക്കും ഇരുളിനും ഉള്ളവരല്ല” (1 തെസ്സ. 5:4,5).

രക്ഷകൻറെ വരവിൻ സന്ദേശം ആദ്യം അറിയേണ്ടിയിരുന്നതും, ശബ്ദമുയർത്തി അവൻ സമീപസ്ഥനെന്നു ഘോഷിക്കേണ്ടിയിരുന്നതും, അവൻറെ വരവിനുവേണ്ടി മുന്നറിയിപ്പു കൊടുക്കേണ്ടിയിരുന്നതും സീയോൻറെ

കാവൽക്കാർ
ആയിരിക്കേണ്ടതായിരുന്നു. എന്നാൽ
ജനം തങ്ങളുടെ പാപങ്ങളിൽ
മുഴുകിക്കിടന്നപ്പോൾ അവർ
സമാധാനത്തേയും സുരക്ഷിതത്വത്തേയും
കുറിച്ച് സ്വപ്നം കണ്ടുകൊണ്ടു
സ്വസ്ഥമായി ഇരിക്കുകയായിരുന്നു. ഇല
നിറഞ്ഞതെങ്കിലും ഫലം കായ്ക്കാത്ത
അത്തിവൃക്ഷംപോലെ യേശു തൻറെ
സഭയെ കണ്ടു. ദൈവത്തിനു
സ്വീകാര്യമായ സേവനം കാഴ്ച വയ്ക്കുവാൻ
മതിയായ യഥാർത്ഥ താഴ്ചയുടെ
ആത്മാവും, അനുതാപവും, ആശയവും
ഇല്ലാതെ ബാഹ്യമായ മതാചാരങ്ങളാൽ
അഹങ്കരിച്ചിരുന്നു. ആത്മീയ
കൃപകൾക്കു പകരം, ഗർവ്വം,
അമിതാചാരനിഷ്ഠയും, വൃഥാഭിമാനവും,

സ്വാർത്ഥതയും, ജനോപദ്രവവും പ്രകടമായിരുന്നു. ഒരു പിൻമാറ്റസഭ കാലത്തിൻറെ അടയാളങ്ങൾക്കുനേരെ കണ്ണടച്ചു. ദൈവം അവരെ ഉപേക്ഷിക്കുകയോ അവൻറെ വിശ്വസ്തതയ്ക്കു ഭംഗം വരികയോ ചെയ്തില്ല. പക്ഷെ, അവർ ദൈവത്തിൽനിന്നും അകന്നു ദൈവസ്നേഹത്തെ തള്ളിക്കളഞ്ഞു. അവർ നിബന്ധനകൾക്കു വഴങ്ങാത്തതുകൊണ്ട് ദൈവത്തിൻറെ വാഗ്ദാനങ്ങൾ അവരിൽ നിറവേറിയില്ല.

ദൈവം കൊടുക്കുന്ന വെളിച്ചവും അവസരങ്ങളും അഭിനന്ദിക്കുകയും മെച്ചപ്പെടുത്തുകയും ചെയ്യാതെ നിരാകരിക്കുന്നതിൻറെ സുനിശ്ചിതമായ

ഫലം അതാണ്. വെളിപ്പെടുന്ന ഓരോ ചുമതലയും അനുഷ്ഠിക്കുകയും ഓരോ പ്രകാശരശ്മിയും കൈക്കൊള്ളുകയും ചെയ്തുകൊണ്ട് സഭ ദിവ്യപരിപാലനത്തിൻറെ വാതിലിലൂടെ പിൻതുടരുന്നില്ലെങ്കിൽ മതം ആചാരാനുഷ്ഠാന ങ്ങളുടെ രൂപ ഘടനയായി തീർച്ചയായും അധഃപതിയ്ക്കും. കൂടാതെ മർമ്മ പ്രധാനമായ ദൈവികത്വം അപ്രത്യക്ഷമാകുകയും ചെയ്യും. ഈ സത്യം സഭാ ചരിത്രത്തിൽ തുടർച്ചയായി വിശദീകരിച്ചിട്ടുണ്ട്. നൽകപ്പെട്ട അനുഗ്രഹങ്ങൾക്കും അവസരങ്ങൾക്കും അനുയോജ്യമായ വിശ്വാസത്തിൻറെ പ്രവൃത്തികളും അനുസരണയും തൻറെ

കുഞ്ഞുങ്ങളിൽനിന്നും ദൈവം ആവശ്യപ്പെടുന്നു. അനുസരണം ഒരു ത്യാഗം ആവശ്യപ്പെടുകയും ഒരു കുരിശു ഉൾക്കൊള്ളുകയും ചെയ്യുന്നു. അതുകൊണ്ടാണ് തങ്ങൾ ക്രിസ്തുവിൻറെ അനുയായികളെന്നഭിമാനിച്ചവർ അനേകരും സ്വർഗ്ഗീയ വെളിച്ചം നിരാകരിക്കുകയും, പുരാതന യെഹൂദന്മാരെപ്പോലെ തങ്ങളുടെ സന്ദർശനകാലത്തിന്റെ സമയം അറിയാതിരിക്കുകയും ചെയ്യുന്നത് (ലൂക്കൊ. 19:44). അവരുടെ അഹങ്കാരവും അവിശ്വാസവും ഹേതുവായി കർത്താവു അവരെ കടന്നുപോയി; ബേത്ലെഹെമിലെ ആട്ടിടയന്മാരെപ്പോലെയും കിഴക്കുനിന്നു വന്ന വിദ്വാന്മാരെപ്പോലെയും

തങ്ങൾക്കു കിട്ടിയ എല്ലാ
വെളിച്ചത്തെയും വകവയ്ക്കുന്നവർക്ക്
ദൈവം തൻറെ സത്യം വെളിപ്പെടുത്തി.

## അദ്ധ്യായം 18—അമേരിക്കക്കാരനായ ഒരു നവീകരണ കർത്താവ്

തിരുവചനത്തിൻറെ ദൈവിക അധികാരത്തെ സംശയിക്കുവാൻ പ്രേരിതനായ നേരുള്ളവനും നിഷ്കളങ്കനുമായ ഒരു കർഷകൻ ഉണ്ടായിരുന്നു. അദ്ദേഹം സത്യം അറിയുവാൻ ആത്മാർത്ഥമായി ആഗ്രഹിച്ചിരുന്നു. ക്രിസ്തുവിൻറെ രണ്ടാം വരവ് ഉത്ഘോഷിക്കുന്നതിന് നേതൃത്വം നൽകുവാൻ ദൈവം അദ്ദേഹത്തെ പ്രത്യേകം തിരഞ്ഞെടുത്തിരുന്നു. മറ്റനേകം നവീകരണകർത്താക്കളെപ്പോലെ വില്യം മില്ലറിനും തൻറെ ചെറുപ്പകാലത്ത് ദാരിദ്ര്യത്തോട് പോരാടേണ്ടിവന്നതിനാൽ

കാര്യനിർവ്വഹണത്തിന്റെയും സ്വത്യാഗത്തിൻറെയും വലിയ പാഠങ്ങൾ പഠിക്കുവാൻ കഴിഞ്ഞു. അദ്ദേഹത്തിൻറെ കുടുംബാംഗങ്ങൾ സ്വാതന്ത്ര്യകാംക്ഷികളും സഹനശക്തിയുള്ളവരും രാജ്യസ്നേഹികളും ആയിരുന്നു. അദ്ദേഹത്തിൻറെ സ്വഭാവത്തിലും ഈ ഗുണവിശേഷങ്ങൾ മുൻനിരയിലായിരുന്നു. തൻറെ പിതാവ് വിമോചന സൈന്യത്തിൻറെ ക്യാപ്റ്റനായിരുന്നു. ഇളകിമറിഞ്ഞ ആ കാലയളവിൻറെ ബദ്ധപ്പാടിലും യാതനയിലും പിതാവ് അനുഭവിച്ച ത്യാഗങ്ങൾ മില്ലറുടെ ബാല്യകാലത്തെ ഞെരു ക്കിയ ചുറ്റുപാടുകളെ ചൂണ്ടിക്കാണിക്കുന്നു.

അദ്ദേഹത്തിന് നല്ല ആരോഗ്യവും സാധാരണയിൽ കവിഞ്ഞ ബുദ്ധി ശക്തിയും ഉണ്ടായിരുന്നു. വളർന്നപ്പോൾ അവ കൂടുതൽ സ്പഷ്ടമാക്കപ്പെട്ടു. തൻറെ മനസ്സ് സജീവവും വികസിച്ചതും ആയിരുന്നു. അറിവു നേടാൻ അതീവതല്പരനും ആയിരുന്നു. കോളേജ് വിദ്യാഭ്യാസത്തിൻറെ ആനുകൂല്യങ്ങൾ ആസ്വദിച്ചില്ലെങ്കിലും തൻറെ പഠനത്തോടുള്ള പ്രതിപത്തിയും സൂക്ഷ്മമായ ചിന്താശീവും കർശന നിരൂപണവും അദ്ദേഹത്തെ സാരഗർഭമായ നിർണ്ണയം ഉള്ളവനും വ്യാപകമായ കാഴ്ച്ചപ്പാടുള്ളവനും ആക്കിത്തീർത്തു. കുറ്റമറ്റ സാന്മാർഗ്ഗിക

സ്വഭാവവും അസൂയാർഹമായ കീർത്തിയും അദ്ദേഹത്തിനുണ്ടായിരുന്നു. നേരത്തേ നേടിയിരുന്ന ഊർജ്ജസ്വലതയും അർപ്പണ ബോധവും തുടർന്നുകൊണ്ടുപോകുവാൻ പാനശീലം സഹായിച്ചു. സൈന്യ ത്തിലും സമൂഹത്തിലും പല ഔദ്യോഗിക സ്ഥാനങ്ങൾ അലങ്കരിച്ചിരുന്ന തിനോടൊപ്പം ധനത്തിനും ബഹുമതികൾക്കുമുള്ള വഴികൾ തുറന്നിരുന്നു.

അദ്ദേഹത്തിൻറെ അമ്മ മികച്ച ദൈവഭക്ത ആയിരുന്നതുകൊണ്ട് ചെറുപ്പത്തിൽ തന്നെ ആത്മീക പാതയിലേക്ക് നയിച്ചു. വളരെ

ചെറുപ്രായത്തിൽ ത്തന്നെ ആസ്തികരുടെ സമൂഹത്തിൽ അകപ്പെട്ടിരുന്നു. അവർ മിക്കവാറും നല്ല പൗരന്മാരും ദയയുടേയും ഔദാര്യത്തിൻറേയും മനോഭാവത്തോടുകൂടി യവരും ആയിരുന്നതിനാൽ അദ്ദേഹത്തിൽ അവരുടെ സ്വാധീനതയും ശക്ത മായതായിരുന്നു. ക്രിസ്തീയ സ്ഥാപനങ്ങളുടെ നടുവിൽ വസിച്ചിരുന്നതു കൊണ്ട് അവരുടെ സ്വഭാവങ്ങളെ ഒരു പരിധിവരെ ചുറ്റുപാടുകൾ രൂപപ്പെടുത്തി. ബഹുമാനവും ആത്മവിശ്വാസവും നേടിക്കൊടുത്ത സ്വഭാവ ശ്രേഷ്ഠതകൾക്ക് അവർ ബൈബിളിനോട് കടപ്പെട്ടിരുന്നു. എന്നിട്ടും ഈ സംഭാവനകളൊക്കെ

ദൈവവചനത്തിന് എതിരായി
സ്വാധീനം ചെലുത്തത്തക്ക രീതിയിൽ
വ്യതിചലിച്ചവ ആയിരുന്നു. ഈ
മനുഷ്യരുമായുള്ള മൈത്രിയാൽ
അവരുടെ ആദർശങ്ങൾ സ്വീകരിപ്പാൻ
മില്ലർ പ്രേരിതനായി നിലവിലുള്ള
തിരുവചന വ്യാഖ്യാനം
അദ്ദേഹത്തിൻറെ പുതിയ വിശ്വാസത്തെ
അതിജീവിക്കുന്നതിന്
അപര്യാപ്തമായിരുന്നു. എന്നിട്ടും
വേദപുസ്തകം മാറ്റിവച്ചപ്പോൾ അതിൻറെ
സ്ഥാനത്ത് മെച്ചമായതൊന്നും തൻറെ
പുതിയ വിശ്വാസത്താൽ ലഭിച്ചില്ല.
അദ്ദേഹം അസംതൃപ്തനായിത്തീർന്നു.
എന്നിരുന്നാലും പന്ത്രണ്ട്
വർഷത്തോളം ഈ
കാഴ്ചപ്പാടുകളിൽത്തന്നെ തുടർന്നു.

എന്നാൽ മുപ്പത്തിനാ ലാമത്തെ
വയസ്സിൽ പരിശുദ്ധാത്മാവ് തൻറെ
ഹൃദയത്തെ സ്പർശിക്കുകയും താൻ
ഒരു പാപിയാണെന്ന്
ബോദ്ധ്യപ്പെടുകയും ചെയ്തു. തൻറെ ആദ്യ
വി ശ്വാസപ്രകാരം മരണാനന്തരം
സന്തോഷത്തിൻറെ യാതൊരു ഉറപ്പും
ഇല്ലെന്ന് മനസ്സിലാക്കി. ഭാവി
ഇരുണ്ടതും മ്ലാനമായതും ആയിരുന്നു.
ഈ സമയത്തു ണ്ടായിരുന്ന
മനോവികാരത്തെപ്പറ്റി പിന്നീട്
പറഞ്ഞത്:

“ഉന്മൂലനാശം എന്നത് ഒരു തണുത്ത്
വിറങ്ങലിച്ച ആശയവും കണക്കു
ബോധിപ്പിക്കൽ എല്ലാറ്റിൻറെയും
സുനിശ്ചിതമായ നാശവുമാണ്. സ്വർഗ്ഗം

എൻറെ തലയ്ക്കുമീതെ പിച്ചളപോലെയും ഭൂമി എൻറെ കാൽക്കീഴ് ഇരുമ്പുപോലെയും ആയിരുന്നു. നിത്യത - അതെന്തായിരുന്നു? മരണം- അത് 'എന്തിനായിരുന്നു' അതിനെപ്പറ്റി ഞാൻ കൂടുതൽ വിചിന്തനം ചെയ്തപ്പോൾ മനസ്സിലാക്കാൻ പ്രയാസമായി. ഞാൻ എത്രമാത്രം ചിന്തിച്ചിട്ടും ഒരു തീരുമാനത്തിൽ എത്തിച്ചേരാൻ കഴിഞ്ഞില്ല. അതിനെപ്പറ്റി ചിന്തിക്കാതിരിക്കാൻ ശ്രമിച്ചുയെങ്കിലും അത് നിയന്ത്രിക്കാനായില്ല. ഞാൻ വാസ്തവത്തിൽ അരിഷ്ടനായിരുന്നു. എന്നാൽ അതിൻറെ കാരണം മനസ്സിലായില്ല. ഞാൻ പിറുപിറുക്കുകയും ആവലാതിപ്പെടുകയും ചെയ്തു. പക്ഷെ ആരോടാണ് എന്ന് അറിഞ്ഞില്ല.

അവിടെ ഒരു തെറ്റുണ്ടെന്ന് ഞാൻ അറിഞ്ഞു. പക്ഷെ എങ്ങനെ അല്ലെങ്കിൽ എവിടെ ശരിയായത് കണ്ടെത്തും എന്ന് അറിഞ്ഞില്ല. പ്രത്യാശയില്ലാതെ ഞാൻ വിലപിച്ചു".

ഈ സ്ഥിതിയിൽ അദ്ദേഹം ചില മാസങ്ങൾ തുടർന്നു. അദ്ദേഹം പറഞ്ഞു: "പെട്ടെന്ന് ഒരു രക്ഷകൻറെ രൂപം എൻറെ മനസ്സിൽ വ്യക്തമായി പതിഞ്ഞു. നല്ലവനും ആർദ്രചിത്തനുമായ രക്ഷകൻ നമ്മുടെ ലംഘനങ്ങൾക്ക് തന്നെത്താൻ പരിഹാരം ആകുകയും അങ്ങനെ പാപത്തിൻറെ ശിക്ഷ അനുഭവിക്കുന്നതിൽനിന്ന് നമ്മെ രക്ഷിക്കുകയും ചെയ്തു. അങ്ങനെയുള്ള

ഒരുവൻ എത്രമാത്രം മനോജ്ഞനായിരിക്കും; അവൻറെ കരുണയിൽ ആശ്രയിച്ച് എന്നെത്തന്നെ ആ കരങ്ങളിൽ അർപ്പിക്കുവാൻ തോന്നി. അങ്ങനെ യുള്ള ഒരുവൻ ഉണ്ടെന്ന് എങ്ങനെ തെളിയിക്കും എന്ന ചോദ്യം ഉയർന്നു. അങ്ങനെയുള്ള ഒരു രക്ഷകൻറെ നിലനില്പിനെപ്പറ്റിയുള്ള ഒരു തെളിവ് തിരുവചനത്തിൽ നിന്നല്ലാതെ എനിക്ക് കണ്ടെത്താൻ കഴിഞ്ഞില്ല...

"എനിക്ക് ആവശ്യമായതുപോലുള്ള രക്ഷകനെ ബൈബിൾ വെളിപ്പെടുത്തുന്നത് ഞാൻ കണ്ടു. വീഴ്ച ഭവിച്ച ലോകത്തിൻറെ ആവശ്യത്തിന് പൂർണ്ണമായി പൊരുത്തപ്പെടുന്ന തത്വങ്ങൾ, ആത്മ പ്രചോദനമില്ലാത്ത

ഒരു പുസ്തകത്തിന് എങ്ങനെ വികസിപ്പിക്കാൻ കഴിയും എന്ന് ഞാൻ അതിശയിച്ചു. വേദപുസ്തകം ദൈവത്തിൻറെ വെളിപ്പാട് ആണെന്ന് സമ്മതിക്കാൻ ഞാൻ നിർബന്ധിതനായി. അവ എൻറെ പ്രമോദമായിത്തീരുകയും യേശുവിൽ ഞാൻ ഒരു സ്നേഹിതനെ കണ്ടെത്തുകയും ചെയ്തു. രക്ഷകൻ എനിക്ക് പതിനായിരങ്ങളിൽ അതിശ്രേഷ്ടൻ ആവുകയും നേരത്തെ ഇരുളടഞ്ഞതും പരസ്പര വിരുദ്ധവുമായി തോന്നിയിരുന്ന ദൈവവചനം ഇപ്പോൾ എൻറെ കാലിന്നു ദീപവും എൻറെ പാതയ്ക്ക് പ്രകാശവും ആവുകയും ചെയ്തു. എൻറെ മനസ്സ് സ്വസ്ഥതയും സംതൃപ്തിയും ഉള്ളതായിത്തീർന്നു.

ജീവിതമാകുന്ന സമുദ്രമദ്ധ്യേയുള്ള പാറയായി ഞാൻ യഹോവയായ ദൈവത്തെ കണ്ടെത്തി. ഞാൻ സത്യസന്ധമായി പറയട്ടെ - ഇപ്പോൾ എൻറെ പ്രധാന പഠനം ബൈബിൾ ആണ്. ഞാൻ വലിയ സന്തോഷത്തോടെ അത് ആരായുന്നു. അതിൻറെ പകുതിപോലും ഒരിക്കലും ഞാൻ അറിഞ്ഞിരുന്നില്ലെന്ന് എനിക്ക് മനസ്സിലായി. അതിൻറെ മനോഹരതയും മഹത്വവും ഞാൻ എന്തുകൊണ്ട് നേരത്തെ കണ്ടില്ല എന്നും, ഞാൻ ഒരിക്കൽ തള്ളിക്കളഞ്ഞല്ലോ എന്നും ഓർത്ത് അത്ഭുതപ്പെട്ടു. അത് ആത്മാവിൻറെ എല്ലാ അസുഖത്തിൻറെയും പ്രതിവിധിയായും എൻറെ ഹൃദയം

ആഗ്രഹിക്കുന്നതെല്ലാം വെളിപ്പെടുത്തിത്തരുന്നതായും ഞാൻ കണ്ടെത്തി. പുസ്തകപാരായണത്തോടുള്ള അഭിരുചി എനിക്ക് ഇല്ലാതാവുകയും ദൈവത്തിൽനിന്നുള്ള ജ്ഞാനം പ്രാപിക്കാൻ എൻറെ ഹൃദയത്തെ അതിനായി ഒരുക്കുകയും ചെയ്തു. - S. Bliss, Memories of Wm. Miller pages 65- 67.

ഒരു കാലത്ത് താൻ നിന്ദിച്ചിരുന്ന വിശ്വാസത്തെ ഇപ്പോൾ പരസ്യമായി പ്രഘോഷിച്ചു. എന്നാൽ വേദപുസ്കതത്തിൻറെ പാവനമായ അധികാരത്തിന് എതിരായി അദ്ദേഹംതന്നെ മിക്കപ്പോഴും ഉത്തേജിപ്പിച്ചിട്ടുള്ള വാഗ്വാദങ്ങൾ

മുൻപോട്ട് വയ്ക്കുവാൻ അദ്ദേഹത്തിൻറെ അവിശ്വാസികളായ സ്നേഹിതന്മാർ താമസിച്ചില്ല. അദ്ദേഹം അപ്പോൾ ഉത്തരം കൊടുക്കുവാൻ തയ്യാറായില്ല. പക്ഷെ ബൈബിൾ ദൈവത്തിൽനിന്നുള്ള വെളിപ്പാടാണെങ്കിൽ അത് അതിൽത്തന്നെ പരസ്പര ബന്ധമുള്ളതായിരിക്കണമെന്നും അത് മനുഷ്യൻറെ നിർദ്ദേശത്തിനായി തന്നിട്ടുള്ളത് ആണെങ്കിൽ അവൻറെ ഗ്രഹണശക്തിക്ക് ചേർന്നതായിരിക്കണമെന്നും അദ്ദേഹം യുക്തിപൂർവ്വം പ്രതിപാദിച്ചു. അദ്ദേഹം വേദപുസ്തകം സ്വന്തമായി പഠിക്കാനും പര്സപര വിരുദ്ധമായ ഓരോന്നി ന്നേയും

പൊരുത്തപ്പെടുത്താൻ കഴിയാത്തവ എന്ന് ഉറപ്പാക്കാനും തീരുമാനിച്ചു.

മുൻവിധികളെ മാറ്റിവയ്ക്കാൻ ശ്രമിച്ചുകൊണ്ടും, വ്യാഖ്യാനഗ്രന്ഥങ്ങളെ (Commentaries) ഉപയോഗിച്ചും അരികിലുള്ള കുറിപ്പുകളുടെയും അനുക്രമണികകളുടെയും സഹായത്തോടെ വാക്യം, വാക്യത്തോട് താരതമ്യപ്പെടു ത്തിയും ക്രമമായും അദ്ദേഹം പഠനം തുടർന്നു. സംശയാതീതമായി ഗ്രഹിക്കുന്നതിന് ക്രമീകരിക്കപ്പെട്ട വിധത്തിൽ ഉല്പത്തി മുതൽ വാക്യം വാക്യ മായി വായിച്ച് പഠിക്കുവാൻ തുടങ്ങി. സ്പഷ്ടമല്ലാത്ത എന്തെങ്കിലും കിട്ടുമ്പോൾ, പരിഗണനയിലിരിക്കുന്ന വിഷയവുമായി

ബന്ധമുണ്ടെന്ന് തോന്നുന്ന മറ്റ്
വേദഭാഗങ്ങളുമായി
താരതമ്യപ്പെടുത്തുന്നത് അദ്ദേഹത്തിൻറെ
പതിവായിരുന്നു. ഓരോ വാക്കിനും
വേദഭാഗത്തിൻറെ വിഷയത്തിന്മേൽ
തക്കതായ താങ്ങലുകൾ
അനുവദിച്ചിരുന്നു. അതിനെക്കുറിച്ചുള്ള
അദ്ദേഹത്തിൻറെ കാഴ്ചപ്പാട്
അടുത്തിരിക്കുന്ന ഓരോ ഭാഗത്തോടും
യോജിക്കുന്നുണ്ടെങ്കിൽ അതിൻറെ
പ്രയാസം അവസാനിച്ചു. അങ്ങനെ
എപ്പോഴെങ്കിലും ഒരു ഭാഗം
മനസ്സിലാക്കാൻ വിഷമമാകുമ്പോൾ,
വേദപുസ്തകത്തിൻറെ വേറെ ഏതെങ്കിലും
ഭാഗത്ത് അതിനുള്ള വിവരണം അദ്ദേഹം
കണ്ടെത്തി ദിവ്യമായ പരിജ്ഞാനത്തിനു
' വേണ്ടി മനസ്സുറച്ച് പ്രാർത്ഥനയോടെ

അദ്ദേഹം പഠിച്ചപ്പോൾ നേരത്തെ മനസ്സിലാക്കാൻ പ്രയാസമായിരുന്നത് വ്യക്തമായിത്തീർന്നു. സങ്കീർത്തനത്തിലെ സത്യം അദ്ദേഹം അനുഭവിച്ചറിഞ്ഞു: “നിൻറെ വചനങ്ങളുടെ വികാശനം പ്രകാശപ്രദം ആകുന്നു; അത് അല്പബുദ്ധികളെ ബുദ്ധിമാന്മാരാക്കുന്നു” (സങ്കീ. 119:1-30).

മറ്റ് വേദഭാഗങ്ങളിലെന്നപോലെ വ്യാഖ്യാനത്തിൻറെ അതേ തത്വം പ്രയോഗിച്ചുകൊണ്ട് അദ്ദേഹം അതിശ്രദ്ധയോടെ ദാനീയേലും വെളിപ്പാടും പഠിച്ചു. അപ്പോൾ പ്രവചന സൂചനകൾ മനസ്സിലാക്കാൻ സാധിക്കുമെന്ന് ഗ്രഹിച്ചു. അതുവരെ

നിവൃത്തിയായ പ്രവചനങ്ങൾ എല്ലാം അക്ഷരീകമായി നിവൃത്തിയായി എന്നു കണ്ടു. പലവിധ ബാഹ്യരൂപങ്ങൾ, രൂപകാലങ്കാര ങ്ങൾ, ദൃഷ്ടാന്തകഥകൾ, സാദൃശങ്ങൾ മുതലായവയെല്ലാം അവിടെത്തന്നെ വിവരിക്കുകയോ അല്ലെങ്കിൽ, അവ ആവിഷ്കരിക്കപ്പെട്ട പദങ്ങൾ വേദപുസ്തകത്തിൻറെ ഇതര ഭാഗങ്ങളിൽ വർണ്ണിക്കപ്പെടുകയോ ചെയ്തിട്ടുണ്ട്. അങ്ങനെ വിവരിച്ചപ്പോൾ അക്ഷരംപ്രതി മനസ്സിലാക്കി "ഞാൻ അങ്ങനെ സംതൃപ്തനായി. ബൈബിൾ വെളിപ്പെടുത്തപ്പെട്ട സത്യത്തിൻറെ ഒരു ഘടന യാണ്. ഒരു വഴിപോക്കന്, അവൻ ഒരു മാ യ നാ ണ ങ്കിൽ പോലും, അതേസംബന്ധിച്ച് തെറ്റുപറ്റാതവണ്ണം വ്യക്തമായും

ലളിതമായും എഴുതിയിരിക്കുന്നു എന്ന് അദ്ദേഹം പറഞ്ഞു.” - Bliss page 70. പ്രവചനത്തിൻറെ വലിയ വരികളിലൂടെ ഓരോ ചുവടും വെച്ച് നീങ്ങിയപ്പോൾ സത്യമാകുന്ന ചങ്ങലയുടെ ഓരോ കണ്ണിയും അദ്ദേഹത്തിൻറെ പ്രയത്നത്തെ സഫലീകരിച്ചു. സ്വർഗ്ഗീയ മാലാഖമാർ അദ്ദേഹത്തിൻറെ മനസ്സിനെ നയിക്കുകയും, തിരുവെഴുത്തുകളെ ഗ്രഹിക്കുന്നതിന് തുറക്കുകയും ചെയ്തുകൊണ്ടിരുന്നു.

കഴിഞ്ഞ കാലങ്ങളിൽ പ്രവചനങ്ങൾ നിവൃത്തിയായ രീതി മാനദണ്ഡ മായി എടുത്ത് ഇനിയും വരാനിരിക്കുന്നവയുടെ നിവൃത്തീകരണത്തിൻറെ തീർപ്പ് കല്പിക്കാം. ക്രിസ്തുവിൻറെ ആത്മീക

വാഴ്ചയെപ്പറ്റി ജനസമ്മതിയുള്ള കാഴ്ചപ്പാടിൽ അദ്ദേഹം തൃപ്തനായിരുന്നു. ലോകാവസാനത്തിനു മുൻപ് ഒരു താൽക്കാലിക സഹസ്രാബ്ദവാഴ്ച ദൈവവചനത്തിന് ആധാരമല്ലാത്തതാണ്. കർത്താവിന്റെ വ്യക്തിപരമായ വരവിനു മുൻപുള്ള ആയിരം വർഷത്തെ നീതിയും സമാധാനവും നിറഞ്ഞ വാഴ്ച് എന്ന ഉപദേശം യഹോവയുടെ വലുതും ഭയങ്കരവുമായ ദിവസത്തേക്കുറിച്ചുള്ള ഭയം അകറ്റി അത് സന്തോഷിപ്പിക്കുന്നതായിരിക്കാം, എങ്കിലും ലോകാവസാനമാകുന്ന കൊയ്ത്ത്തോളം ഗോതമ്പും കളയും ഒന്നിച്ച് വളരട്ടെ എന്നും "ദുഷ്ടമനുഷ്യരും വഴിപിഴപ്പിക്കുന്നവരും മേൽക്കുമേൽ

ദോഷത്തിൽ മുതിർന്നവരും" എന്നും അന്ധകാരത്തിൻറെ രാജത്വം കർത്താവിന്റെ വരവോളം തുടരുകയും യേശു തൻറെ വായിലെ ശ്വാസത്താൽ അതിനെ ഒടുക്കി, തൻറെ പ്രത്യക്ഷതയുടെ പ്രഭാവത്താൽ നശിപ്പിക്കും എന്നും പ്രഖ്യാപിച്ച ക്രിസ്തുവിൻറെയും അപ്പൊസ്തലന്മാരുടെ പഠിപ്പിക്കലിന് വിരുദ്ധമാണ് (മത്തായി 13:30, 38-41; 2 തിമൊഥെ. 3:13, 1-2 തെസ്സ. 2:8).

ലോകത്തിൻറെ മാനസാന്തരവും ക്രിസ്തുവിൻറെ ആത്മീകവാഴ്ചയും എന്ന ഉപദേശം അപ്പൊസ്തലിക സഭയ്ക്ക് ഇല്ലായിരുന്നു. 18-ാം നൂറ്റാണ്ടിൻറെ ആരംഭകാലം വരെ ക്രിസ്ത്യാനികൾ

പൊതുവെ അത് അംഗീകരിച്ചിരുന്നില്ല. മറ്റുള്ള ഓരോ തെറ്റുപോലെ ഇതിൻറെ ഫലങ്ങളും ദോഷകരമായിരുന്നു. അത് കർത്താവിന്റെ വരവ് ഭാവിയുടെ വിദൂരതയിൽ പ്രതീക്ഷിക്കുവാൻ മനുഷ്യരെ പഠിപ്പിക്കുകയും വരവിൻറെ മുന്നറിയിപ്പിൻറെ സൂചനകളെ അവഗണിക്കുവാൻ അവരെ പ്രേരിപ്പിക്കുകയും ചെയ്തു. അത് സുസ്ഥാപിതം അല്ലാത്ത ഒരു ആത്മവിശ്വാസത്തിൻറേയും ഭദ്രതയുടെയും മനോഭാവം ഉളവാക്കുകയും അനേകരെ അവരുടെ കർത്താവിനെ എതിരേൽക്കുന്നതിന് ആവശ്യമായ ഒരുക്കങ്ങൾ ചെയ്യുന്നതിലുള്ള താല്പര്യം ഇല്ലാതാക്കുകയും ചെയ്തു.

അക്ഷരീകമായതും വ്യക്തിപരമായതും ആയ കർത്താവിന്റെ വരവിനെപ്പറ്റി തിരുവെഴുത്തുകൾ വ്യക്തമായി പഠിപ്പിച്ചത് മില്ലർ മനസ്സിലാക്കി. പൌലൊസ് പറഞ്ഞു: "കർത്താവ് താൻ ഗംഭീരനാദത്തോടും പ്രധാന ദൂതൻറെ ശബ്ദത്തോടും ദൈവത്തിൻറെ കാഹളത്തോടുംകൂടെ സ്വർഗ്ഗത്തിൽനിന്ന് ഇറങ്ങിവരും " (1 തെസ്സ. 4:16). കൂടാതെ രക്ഷകൻ പ്രഖ്യാപിച്ചു: "... മനുഷ്യപുത്രൻ ആകാശത്തിലെ മേഘങ്ങളിൻ മേൽ മഹാശക്തിയോടും തേജസ്സോടും കൂടെ വരുന്നത് കാണും" (മത്താ. 24:30,27). സ്വർഗ്ഗത്തിലെ സകല സൈന്യങ്ങളോടും കൂടെ വരും. "മനുഷ്യപുത്രൻ തൻറെ തേജസ്സോടെ

സകല വിശുദ്ധദൂതന്മാരുമായി വരും,,,, ”
(മത്തായി 25:31). “അവൻ തൻെറ
ദൂതന്മാരെ മഹാകാഹളധ്വനിയോടുംകൂടെ
അയയ്ക്കും. അവർ അവൻെറ വൃതന്മാരെ
കൂട്ടിച്ചേർക്കും” (മത്തായി 24:31).

അവൻെറ വരവിങ്കൽ മരിച്ച
നീതിമാന്മാർ ഉയിർക്കുകയും
ജീവിച്ചിരിക്കുന്ന നീതിമാന്മാർ
രൂപാന്തരപ്പെടുകയും ചെയ്യും.
പൌലൊസ് പറയുന്നു: “നാം എല്ലാവരും
നിദ്രകൊള്ളുകയില്ല. എന്നാൽ
അന്ത്യകാഹളനാദത്തിങ്കൽ പെട്ടെന്ന്
കണ്ണിമെയ്ക്കുന്നിടയിൽ നാം എല്ലാവരും
രൂപാന്തരപ്പെടും. കാഹളം ധ്വനിക്കും.
മരിച്ചവർ അക്ഷയരായി
ഉയിർക്കുകയും നാം

രൂപാന്തരപ്പെടുകയും ചെയ്യും-- ഈ ദ്രവത്വമുള്ളത് അദവത്വത്തെയും ഈ മർത്ത്യമായത് അമർത്ത്യത്വത്തെയും ധരിക്കേണം" (1 കൊരി. 15:51 --53). കൂടാതെ തെസ്സലൊനിക്യർക്കെഴുതിയ ലേഖനത്തിൽ കർത്താവിന്റെ വരവ് വിവരിച്ചശേഷം പറയുന്നു: "ക്രിസ്തുവിൽ മരിച്ചവർ മുമ്പെ ഉയിർക്കും. പിന്നെ ജീവനോടെ ശേഷിക്കുന്ന നാം അവരോട് ഒരുമിച്ച് ആകാശത്തിൽ കർത്താവിനെ എതിരേല്പാൻ മേഘങ്ങളിൽ എടുക്കപ്പെടും. ഇങ്ങനെ നാം എപ്പോഴും കർത്താവിനോടുകൂടെ ഇരിക്കും" (1 തെസ്സ. 4:16, 17).

കർത്താവിന്റെ വ്യക്തിപരമായ വരവുവരെ തൻ്റെ ജനം ദൈവരാജ്യം അവകാശമാക്കുകയില്ല. രക്ഷകൻ പറഞ്ഞു: “മനുഷ്യപുത്രൻ തൻ്റെ തേജസ്സോടെ സകല വിശുദ്ധ ദൂതന്മാരുമായി വരുമ്പോൾ അവൻ തൻ്റെ തേജസ്സിൻ്റെ സിംഹാസനത്തിൽ ഇരിക്കും. സകലജാതികളെയും അവൻ്റെ മുമ്പിൽ കൂട്ടും. അവൻ അവരെ ഇടയൻ ചെമ്മരി ആട്ടുകളെയും കോലാട്ടുകളെയും തമ്മിൽ വേർതിരിക്കുന്നതുപോലെ വേർതിരിച്ച്, ചെമ്മരിയാട്ടുകളെ തൻ്റെ വലത്തും കോലാട്ടുകളെ ഇടത്തും നിറുത്തും. രാജാവ് തൻ്റെ വലത്തുള്ളവരോട് അരുളിച്ചെയ്യും: എൻ്റെ പിതാവിനാൽ

അനുഗ്രഹിക്കപ്പെട്ടവരേ, വരുവിൻ; ലോക സ്ഥാപനംമുതൽ നിങ്ങൾക്കായി ഒരുക്കിയിരിക്കുന്ന രാജ്യം അവകാശമാക്കിക്കൊൾവിൻ” (മത്തായി 25:31-34). മനുഷ്യപുത്രൻ വരുമ്പോൾ മരിച്ചവർ അക്ഷയരായി ഉയിർക്കുമെന്നും ജീവനോടിരിക്കുന്നവർ രൂപാന്തരപ്പെടുമെന്നും ഈ വേദഭാഗത്തുനിന്ന് നാം കണ്ടു. ഈ വലിയ മാറ്റത്താൽ, അവർ രാജത്വം പ്രാപിക്കാൻ ഒരുങ്ങിക്കഴിയും. പൌലൊസ് പറയുന്നു: “മാംസരക്തങ്ങൾക്ക് ദൈവരാജ്യത്തെ അവകാശമാക്കുവാൻ കഴികയില്ല. ദ്രവത്വം അദ്രവത്വത്തെ അവകാശമാക്കുകയും ഇല്ല” (1 കൊരി.

15:50). മനുഷ്യൻ അവൻറെ ഈ അവസ്ഥയിൽ മരണത്തിന് അധീനൻ ആണ്; ദ്രവത്വം ഉള്ളവൻ ആണ്. എന്നാൽ ദൈവരാജ്യം ദ്രവത്വം ഇല്ലാതെ എന്നേക്കും നിലനിൽക്കുന്നതാണ്. അതുകൊണ്ട് മനുഷ്യൻറെ ഈ അവസ്ഥയിൽ അവന് ദൈവരാജ്യത്തിൽ പ്രവേശിപ്പാൻ സാധ്യമല്ല. എന്നാൽ യേശു വരുമ്പോൾ തൻറെ ജനത്തിന് അമർത്യത നൽകുന്നു. അനന്തരം ദൈവരാജ്യം അവകാശമാക്കുവാൻ അവരെ ക്ഷണിക്കുന്നു.

കർത്താവിന്റെ പുനരാഗമനത്തിനുമുമ്പ് സംഭവിക്കുമെന്ന് അവർ പ്രതീക്ഷിച്ചിരുന്നതുപോലെയല്ല,

നീതിയും സമാധാനവും നിറഞ്ഞ വാഴ്ച്ചയും ദൈവരാജ്യസ്ഥാപനവും പുനരാഗമനത്തിനുശേഷം സംഭവിക്കുന്നതാണെന്ന് ഈ തിരുവെഴുത്തുകൾ മില്ലറെ ഗ്രഹിപ്പിച്ചു. അതുകൂടാതെ കാലത്തിൻറെ അടയാളങ്ങളും ലോകത്തിൻറെ അവസ്ഥയും അന്ത്യകാല പ്രവചനങ്ങളുമായി ബന്ധപ്പെട്ടതാണ്. ഇന്നത്തെ നിലയിലുള്ള ഭൂമിയുടെ അവസ്ഥയിൽ ഭൂമി യുടെ നിലനില്പ്പ് അവസാനിക്കുവാൻ പോകുന്നുവെന്ന് തിരുവെഴുത്തുകളിൽനിന്ന് മനസ്സിലാക്കുവാൻ മില്ലർ നിർബന്ധിതനായി.

“വേദപുസ്തകത്തിലെ
കാലാനുക്രമവിവരണം മില്ലറിൻറെ
മനസ്സിനെ വളരെയധികം ആകർഷിച്ചു
എന്നത് വേറൊരു തെളിവാണ്” എന്ന്
അദ്ദേഹം പറയുന്നു.... കഴിഞ്ഞ
കാലങ്ങളിൽ നിറവേറിയ
പ്രവചനപ്രകാരമുള്ള സംഭവങ്ങൾ
മിക്കവാറും പറയപ്പെട്ട സമയ
പരിധികളുള്ളിൽ നടന്നുയെന്ന് ഞാൻ
മനസ്സിലാക്കി. ജലപ്രളയത്തിന് 120
വർഷം (ഉല്പ. 6:3); പ്രവചനപ്രകാര
മുള്ള നാല്പതുദിവസത്തെ മഴയും
അതിനുമുമ്പുള്ള ഏഴ് ദിവസങ്ങളും (ഉല്പ.
7:4); അബ്രഹാമിൻറെ സന്തതികളുടെ
നാനൂറ് വർഷത്തെ പരദേശവാസം
(ഉല്പ. 15:13); പാനപാത്ര
വാഹകൻറെയും അപ്പക്കാരൻറെയും

സ്വപ്നത്തിലെ മൂന്നു ദിവസം (ഉല്പ. 40:12-20); ഫറവോൻറെ ഏഴു വർഷം (ഉല്പ. 41 :28-54); മരുഭൂമിയിലെ നാല്പതു വർഷം (സംഖ്യ. 14:43); മൂന്നര വർഷത്തെക്ഷാമം (1 രാജാ. 17:1) (ലൂക്കൊസ് 4:25 കാണുക);... എഴുപത് വർഷത്തെ ബാബിലോണ്യ പ്രവാസം (യിരെമ്യാ. 25:11); നെബൂഖദ്നേസറിൻറെ ഏഴുകാലം (ദാനീ. 4:13-16); ഏഴ് ആഴ്ച്ചവട്ടം, അറുപത്തിരണ്ടാഴ്ച്ച് വട്ടം, പിന്നെ ഒരാഴ്ച്ചവട്ടം ഇങ്ങനെ യെഹൂദന്മാർക്ക് നിയമിച്ചിട്ടുള്ള എഴുപത് ആഴ്ച്ചവട്ടം (ദാനീ. 9:24-27) - ഈ കാലപരിധിക്കളളിലെ സംഭവങ്ങൾ എല്ലാം ഒരിക്കൽ മാത്രമെ പ്രവചനത്തിൻറെ

ഉള്ളടക്കമായിരുന്നിട്ടുള്ളു.
പ്രവചനപ്രകാരം അവ എല്ലാം നിറവേറി
- Bliss, page 74, 75.

അതുകൊണ്ട് അദ്ദേഹത്തിൻറെ തിരുവചന പഠനത്തിൽനിന്നും പല കാലാനുക്രമമായ സമയങ്ങളും കണ്ടെത്തി. അവയെക്കുറിച്ചുള്ള അദ്ദേഹത്തിൻറെ ധാരണ അനുസരിച്ച്, കർത്താവിന്റെ രണ്ടാമത്തെ വരവ് “നിയോഗിക്കപ്പെട്ട സമയത്തിനു മുൻപെ ആകും” എന്ന് പരിഗണിക്കാതിരിക്കാൻ സാധ്യമല്ലാത്ത അവസ്ഥയോളം എത്തി. അവ ദൈവം തൻറെ ദാസന്മാർക്ക് വെളിപ്പെടുത്തി യിട്ടുണ്ട്. മോശെ പറയുന്നു: “മറഞ്ഞിരിക്കുന്ന കാര്യങ്ങൾ

നമ്മുടെ ദൈവമായ
യഹോവെയ്ക്കുള്ളതത്രേ;
വെളിപ്പെട്ടിരിക്കുന്നവയോ... എന്നേക്കും
നമുക്കും നമ്മുടെ മക്കൾക്കും
ഉള്ളവയാകുന്നു". ആമോസ്
പ്രവാചകനിലൂടെ കർത്താവ് പറയുന്നു:
"യഹോവയായ കർത്താവ്
പ്രവാചകന്മാരായ തൻറെ ദാസന്മാർക്ക്
തൻറെ രഹസ്യം വെളിപ്പെടുത്താതെ ഒരു
കാര്യവും ചെയ്കയില്ല" (ആവ. 29:28;
ആമോ. 3:7). തിരുവചനം പഠിച്ചവർ,
അത്യാശ്ചര്യജനകമായ സംഭവങ്ങൾ
മാനവചരിത്രത്തിൽ സംഭവിക്കാനുള്ളത്
സത്യവചനം തെളിവായി
ചൂണ്ടിക്കാണിക്കുന്നു എന്ന് പൂർണ്ണ
വിശ്വാസത്തോടെ മനസ്സിലാക്കി.

മില്ലർ പറയുന്നു: “എനിക്ക് പൂർണ്ണമായി ബോദ്ധ്യപ്പെട്ടതനുസരിച്ച്, എല്ലാ തിരുവെഴുത്തും ദൈവശ്വാസീയമാകയാൽ (2തിമൊഥെ 3:16). അത് ഒരിക്കലും മനുഷ്യൻറെ ഇഷ്ടത്താൽ വന്നതല്ല; എന്നാൽ മനുഷ്യർ പരിശുദ്ധാത്മനിയോഗം പ്രാപിച്ചിട്ട് എഴുതിയതും (2 പത്രൊസ് 1:21) “നമ്മുടെ ഉപദേശത്തിന്നായിട്ടും നമുക്ക് തിരുവെഴുത്തുകളാൽ ഉളവാകുന്ന സ്ഥിരതയാലും ആശ്വാസത്താലും പ്രത്യാശ ഉണ്ടാകേണ്ടതിന്നും (റോമർ 15:4) എഴുതപ്പെട്ടതാണ്. അതിലെ കാലഗണന ഭാഗങ്ങൾ മറ്റ് ഏതൊരു തിരുവചന ഭാഗത്തേയും പോലെ ദൈവവചനത്തിൻറെ ഭാഗമാണെന്നും നമ്മുടെ ഗൗരവമായ പരിഗണനയ്ക്ക്

യോഗ്യമാണെന്നും കരുതാനേ എനിക്ക് കഴിയുന്നുള്ളൂ. അതുകൊണ്ട് ദൈവം തൻറെ കരുണയാൽ നമുക്ക് വെളിപ്പെടുത്താൻ യോഗ്യമായി കണ്ട് കാര്യങ്ങൾ ഉൾക്കൊള്ളാൻ പരിശ്രമിക്കണം എന്ന് എനിക്ക് തോന്നി. പ്രവചനസമയങ്ങളെ അവഗണിക്കാൻ എനിക്ക് ഒരവകാശവും ഇല്ല' - Bliss, page 75.

രണ്ടാം വരവിൻറെ സമയം സ്പഷ്ടമായി വെളിപ്പെടുത്തുന്ന പ്രവചനം ദാനീ. 8:14-ൽ കാണുന്ന "രണ്ടായിരത്തിമുന്നൂറ് സന്ധ്യയും ഉഷസ്സും തികയുവോളം തന്നേ; പിന്നെ വിശുദ്ധ മന്ദിരം യഥാസ്ഥാനപ്പെടും" എന്ന പ്രവചനമാണെന്ന് തോന്നി.

വേദപുസ്തകംതന്നെ അതിൻറെ
വ്യാഖ്യാതാവ് എന്ന നിയമപ്രകാരം
പ്രവചനത്തിൽ ഒരു ദിവസം
സൂചിപ്പിക്കുന്നത് ഒരു വർഷം (സംഖ്യ.
14:34; യെഹെ. 4:6) ആണെന്ന് മില്ലർ
പഠിച്ചു. 2300 പ്രവചന ദിവസം
അല്ലെങ്കിൽ അക്ഷരീക വർഷങ്ങൾ
യെഹൂദാ കാലഘട്ടത്തിനും
അപ്പുറത്തേക്ക് ദീർഘിക്കും എന്ന്
അദ്ദേഹം മനസ്സിലാക്കി. അതുകൊണ്ട്
ആ കാലത്തെ വിശുദ്ധമന്ദിരത്തെപ്പറ്റി
പരാമർശിക്കുവാൻ അതിനു കഴി
ഞ്ഞില്ല. ക്രിസ്തീയ യുഗത്തിൽ പൊതുവെ
സ്വീകരിക്കപ്പെട്ടിരുന്ന, ഭൂമിയാണ്
വിശുദ്ധമന്ദിരം എന്ന കാഴ്ചപ്പാട് മില്ലറും
അംഗീകരിച്ചു. അതുകൊണ്ട് ദാനീ.
8:14-ൽ പ്രവചിച്ചിരുന്ന

വിശുദ്ധമന്ദിരശുദ്ധീകരണം ക്രിസ്തുവിൻറെ രണ്ടാം വരവിങ്കൽ അഗ്നികൊണ്ട് ഭൂമിയെ ശുദ്ധീകരിക്കുന്നതിനെ പ്രതിനിധീകരിക്കുന്നു എന്ന് അദ്ദേഹം മനസ്സിലാക്കി. അങ്ങനെ ആണെങ്കിൽ 2300 ദിവസം തുടങ്ങുന്ന കൃത്യമായ സമയം കണ്ടുപിടിക്കാൻ കഴിഞ്ഞാൽ രണ്ടാം വരവിൻറെ സമയവും അനായാസം തിട്ടപ്പെടുത്താം എന്ന് തീർച്ചപ്പെടുത്തി. അങ്ങനെ "എല്ലാ അഹങ്കാരവും ശക്തിയും പ്രതാപവും മായാമോഹവും അധാർമ്മികതയും ജനദ്രോഹങ്ങളും നിറഞ്ഞ ഇന്നത്തെ സ്ഥിതി അവസാനിപ്പിച്ചുകൊണ്ട് ആ വലിയ പൂർത്തീകരണത്തിന്റെ സമയം വെളിപ്പെടുത്തപ്പെട്ടേക്കാം". അപ്പോൾ

“ഭൂമിയിൽനിന്ന് ശാപവും, മരണവും നീക്കപ്പെട്ടും, ദൈവനാമത്തെ ഭയപ്പെട്ടുന്നവർക്കും വിശുദ്ധന്മാർക്കും പ്രവാചകന്മാർക്കും ദൈവദാസന്മാർക്കും പ്രതിഫലം നൽകപ്പെടും, ഭൂമിയെ നശിപ്പിക്കുന്നവരെ നശിപ്പിക്കുകയും ചെയ്യും”. - Bliss, page 76.

മുമ്പിലത്തേതിലും ആത്മാർത്ഥതയോടെ മില്ലർ പ്രവചനങ്ങളുടെ പരിശോധന രാവും പകലും തുടർന്നു. ദാനീയേൽ എട്ടാം അദ്ധ്യായത്തിൽ 2300 സന്ധ്യയും ഉഷസ്സിൻറെ ആരംഭത്തിൻറെ സൂചനയൊന്നും കാണാൻ കഴിഞ്ഞില്ല. ദാനീയേലിനെ ദർശനം ഗ്രഹിപ്പിക്കാൻ ഗബ്രീയേൽ ദൂതന് ദൈവം ആജ്ഞ

കൊടുത്തുയെങ്കിലും ഒരു ഭാഗിക വിവരണം മാത്രമെ കൊടുത്തുള്ളു. സഭയുടെമേൽ സംഭവിക്കാനുള്ള ഭയങ്കര പീഡനം പ്രവാചകന് ദർശനത്തിൽ വെളിവാക്കിയപ്പോൾ അദ്ദേഹത്തിൻറെ ശാരീരിക ശക്തി നഷ്ടപ്പെട്ടു പോയി. കുട്ടതലൊന്നും സഹിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞില്ല. ദൂതൻ അദ്ദേഹത്തെ ഒരു സമയത്തേക്കു വിട്ടു പോയി. ദാനീയേൽ “ബോധംകെട്ടു ഏതാനും ദിവസം ദീനമായിക്കിടന്നു” “ഞാൻ ദർശനത്തെക്കുറിച്ച് വിസ്മയിച്ചു, ആർക്കും അത് മനസ്സിലായില്ല താനും” എന്ന് ദാനീയേൽ പറഞ്ഞു.

എന്നിട്ടും ദൈവം തൻറെ ദൂതുവാഹകനോട്: "ഈ മനുഷ്യന് ദർശനം മനസ്സിലാക്കി കൊടുക്ക" എന്നാജ്ഞാപിച്ചു. ആ ആജ്ഞ നിറവേറ്റപ്പെടണം. അതനുസരിച്ച് കുറെ സമയം കഴിഞ്ഞ് ദൂതൻ ദാനീയേലിൻറെ അടുത്തേക്ക് മടങ്ങിവന്ന് പറഞ്ഞു: "നിനക്ക് ബുദ്ധി ഉപദേശിച്ചുതരേണ്ടതിന് ഞാനിപ്പോൾ വന്നിരിക്കുന്നു'. "അതുകൊണ്ട് നീ കാര്യം ചിന്തിച്ച് ദർശനം ഗ്രഹിച്ചുകൊൾക" (ദാനീ. 8:27,16; 9:22,23,25-27). അദ്ധ്യായം എട്ടിലെ വിവരിക്കാതെ വിട്ട പ്രധാനപ്പെട്ട കാര്യം കാലത്തോട് ബന്ധപ്പെട്ട 2300 ദിവസങ്ങളുടെ പ്രവചനം ആണ്. അതിനാൽ ദൂതൻ തൻറെ വിവരണം പുനരാരംഭിച്ചപ്പോൾ

കാലം എന്ന വിഷയത്തെ ആണ് സവിസ്തരം പ്രതിപാദിച്ചത്.

“നിൻറെ ജനത്തിനും വിശുദ്ധനഗരത്തിനും എഴുപത് ആഴ്ചവട്ടം നിയമിച്ചിരിക്കുന്നു.... അതുകൊണ്ട് നീ അറിഞ്ഞ് ഗ്രഹിച്ചുകൊള്ളണ്ടത് എന്തെന്നാൽ: യെരുശലേമിനെ യഥാസ്ഥാനപ്പെടുത്തി പണിയാൻ കല്പന പുറപ്പെടുന്നതുമുതൽ മശീഹ എന്ന പ്രഭുവരെ എഴ് ആഴ്ചവട്ടം; 62 ആഴ്ച വട്ടംകൊണ്ട് അതിനെ വീഥിയും കിടങ്ങുമായി കഷ്ടകാലങ്ങളിൽ തന്നെ വീണ്ടും പണിയും. അറുപത്തിരണ്ട് ആഴ്ചവട്ടം കഴിഞ്ഞിട്ട് അഭിഷിക്തൻ ഛേദിക്കപ്പെടും; അവനുവേണ്ടി ആയിരിക്കുകയില്ല. അവൻ

ഒരാഴ്ചവട്ടത്തേക്ക് പലരോടും നിയമത്തെ കഠിനമാക്കും; ആഴ്ചവട്ടത്തിൻറെ മദ്ധ്യേ അവൻ ഹനനയാഗവും ഭോജനയാഗവും നിർത്തലാക്കിക്കളയും'.

“2300 സന്ധ്യയും ഉഷസ്സും തികയുവോളം തന്നെ പിന്നെ വിശുദ്ധമന്ദിരം യഥാസ്ഥാനപ്പെടും” എന്ന എട്ടാം അദ്ധ്യായത്തിലെ ദാനീയേലിന് മനസ്സിലാക്കാൻ കഴിയാതിരുന്ന സമയത്തെക്കുറിച്ചുള്ള ഭാഗം വിശദീകരിക്കാൻ വേണ്ടി ദൂതനെ ദാനീയേലിൻറെ അടുത്തേക്ക് അയച്ചു. “അറിഞ്ഞു ഗ്രഹിക്കണം” എന്ന് ആവശ്യപ്പെട്ടശേഷം ദൂതൻറെ ആദ്യത്തെ വാക്കുകൾതന്നെ “നിൻറെ ജനത്തിനും വിശുദ്ധനഗരത്തിനും എഴുപത് ആഴ്ചവട്ടം

നിയമിച്ചിരിക്കുന്നു” എന്നതായിരുന്നു. ഇവിടെ “നിയമിച്ചിരിക്കുന്നു” എന്ന് പരിഭാഷപ്പെടുത്തിയിരിക്കുന്ന പദം അക്ഷരാർത്ഥത്തിൽ വേർതിരിക്കുക എന്നാണ് അർത്ഥമാക്കുന്നത്. യെഹൂദാജനത്തിന് പ്രത്യേകമായി നിയമിച്ചിരുന്ന 490 വർഷത്തെ പ്രതിനിധീകരിക്കുന്ന എഴുപത് ആഴ്ചവട്ടം വേർതിരിക്കണം എന്ന് ദൂതൻ പ്രഖ്യാപിച്ചു. പക്ഷേ എന്തിൽനിന്ന് വേർതിരിക്കണം? എട്ടാം അദ്ധ്യായത്തിൽ സമയത്തെക്കുറിച്ച് 2300 ദിവസം എന്നു മാത്രമെ പറഞ്ഞിട്ടുള്ളൂ. ആയതിനാൽ അതിൽ നിന്നായിരിക്കണം എഴുപത് ആഴ്ചവട്ടം വേർതിരിക്കേണ്ടത്. അതുകൊണ്ട് എഴുപത് ആഴ്ചവട്ടം 2300

ദിവസത്തിൻറെ ഒരു ഭാഗമായിരിക്കണം. രണ്ട് കാലഘട്ടവും ഒരുമിച്ച് തുടങ്ങുകയും ചെയ്യണം. യെരുശലേമിനെ പുതുക്കിപ്പണിയാൻ കല്പന പുറപ്പെടുന്നതുമുതൽ എഴുപത് ആഴ്ച വട്ടമാണ് ദൂതൻ പ്രഖ്യാപിച്ചത്. ഈ കല്പ്പനയുടെ തിയ്യതി കണ്ടുപിടിക്കാമെങ്കിൽ 2300 സന്ധ്യയും ഉഷസ്സും എന്ന ദീർഘകാലപ്രവചനത്തിന്റെ ആരംഭം നിശ്ചയിക്കാം.

എസ്രായുടെ പ്രവചനം 7:12-26 വരെയുള്ള വാക്യത്തിൽ ഈ കല്പന കണ്ടു. കല്പന അതിൻറെ പൂർണ്ണമായ വിധത്തിൽ പാർസിരാജാവായ അർത്ഥഹ്ശഷ്ടാവ് ബി. സി.

457-ൽ പുറപ്പെടുവിച്ചു. എന്നാൽ എസാ. 6:14-ൽ “കോരെശിൻറെയും ദാര്യാവേശിൻറെയും പാർസിരാജാവായ അർത്ഥഹ്ശഷ്ടാവിന്റെയും കല്പനപ്രകാരം” ദൈവാലയം യെരുശലേമിൽ പണിതുതീർത്തു എന്ന് പറഞ്ഞിരിക്കുന്നു. ഈ മൂന്ന് രാജാക്കന്മാർ ഉണ്ടാക്കുകയും, പുനഃദൃഢീകരണം നടത്തുകയും പൂർത്തീകരിക്കയും ചെയ്ത കല്പനയാൽ 2300- വർഷത്തിന്റെ ആരംഭം അടയാളപ്പെടുത്താൻ പ്രവചനം ആവശ്യപ്പെട്ടതനുസരിച്ച് അത് പൂർണ്ണതയിൽ എത്തിച്ച ഉത്തരവ് പൂർത്തിയായ സമയം ആയ ബി. സി. 457 കല്പനയുടെ തിയ്യതിയായി

കണക്കാക്കിയാൽ എഴുപത് ആഴ്ചവട്ടത്തെ പരാമർശിക്കുന്ന ഇനം തിരിച്ചുള്ള ഓരോ വിവരണവും നിറവേറിയതായി കാണാം.

“കല്പന പുറപ്പെട്ടതുമുതൽ യെരുശലേം പുതുക്കിപ്പണിയുന്നതുവരെയും അഭിഷിക്തനായ പ്രഭുവരെയും ഏഴ് ആഴ്ചവട്ടവും, പിന്നെ 62 ആഴ്ചയും” അതായത് 69 ആഴ്ച, അല്ലെങ്കിൽ 483 വർഷം. അർത്ഥഹ്ശഷ്ടാവിന്റെ കല്പന 457 ബി. സി. യുടെ ശരൽക്കാലത്ത് നിലവിൽ വന്നു. ബി. സി. 457 -ൽ ആരംഭിക്കുന്ന ഈ പ്രവചനം എ. ഡി. 27 -ൽ അവസാനിക്കുന്നു. ആ സമയത്ത് ഈ പ്രവചനം നിവൃത്തിയായി “മശീഹ”

എന്ന വാക്ക് "അഭിഷിക്തനായ ഒരുവനെ" സൂചിപ്പിക്കുന്നു. എ. ഡി. 27-ന്റെ ശരൽ കാലത്ത് ക്രിസ്തു യോഹന്നാനാൽ സ്നാനമേൽക്കുകയും പരിശുദ്ധാത്മാവിനാൽ അഭിഷിക്തനാകുകയും ചെയ്തു. അപ്പൊസ്തലനായ പത്രൊസ് സാക്ഷ്യപ്പെടുത്തുന്നു: "നസായനായ യേശുവിനെ ദൈവം പരിശുദ്ധാത്മാവിനാലും ശക്തിയാലും അഭിഷേകം ചെയ്തു" (അ.പ്ര. 10:38). ക്രിസ്തു തന്നെ പറഞ്ഞു: "ദരിദ്രന്മാരോട് സുവിശേഷം അറിയിപ്പാൻ കർത്താവ് എന്നെ അഭിഷേകം ചെയ്കയാൽ അവൻറെ ആത്മാവു എൻറെ മേൽ ഉണ്ട്" (ലൂക്കൊ. 4:18). സ്നാനത്തിനുശേഷം "യേശു

ഗലീലയിൽചെന്ന് രാജ്യത്തിൻറെ സുവിശേഷം പ്രസംഗിച്ചു. കാലം തികഞ്ഞു" എന്ന് പറഞ്ഞു (മർക്കൊ. 1:14,15).

"അവൻ ഒരാഴ്ചത്തേക്ക് പലരോടും നിയമത്തെ കഠിനമാക്കും" ഇവിടെ "ആഴ്ച" എന്ന് പറഞ്ഞിരിക്കുന്നത് എഴുപത് ആഴ്ചവട്ടത്തിൻറെ അവസാനത്തെയാണ്. യെഹൂദാജനത്തിന് നിയമിച്ചിരുന്ന അവസാനത്തെ ഏഴു വർഷത്തെ സമയം ആണത്. എ.ഡി. 27 മുതൽ എ. ഡി. 34 വരെ എത്തുന്ന ഈ സമയത്ത്, ക്രിസ്തു ആദ്യം വ്യക്തിപരമായും പിന്നീട് അവൻറെ ശിഷ്യന്മാരി ലൂടെയും സുവിശേഷം

അറിയിച്ചും പ്രത്യേകിച്ച്, രാജ്യത്തിൻറെ സദ്വർത്തമാനവുമായി ശിഷ്യന്മാർ പോയപ്പോൾ രക്ഷകൻറെ നിർദ്ദേശം: “ജാതികളുടെ അടുക്കൽ പോകാതെയും, ശമര്യക്കാരുടെ പട്ടണത്തിൽ കടക്കാതെയും യിസ്രായേൽ ഗൃഹത്തിലെ കാണാതെപോയ ആടുകളുടെ അടുക്കൽ തന്നെ ചെയ്യുവീൻ” എന്നായിരുന്നു (മത്താ. 10:5,6).

“ആഴ്ചവട്ടത്തിൻറെ മദ്ധ്യേ ഹനനയാഗവും ഭോജനയാഗവും നിർത്തലാക്കപ്പെടും'. എ. ഡി. 31-ൽ, സ്നാനത്തിന് മൂന്നര വർഷത്തിനുശേഷം കർത്താവ് ക്രൂശിക്കപ്പെട്ടു. കാൽവറിയിൽ

അർപ്പിക്കപ്പെട്ട ആ വലിയ യാഗത്താൽ, നാലായിരം വർഷങ്ങളായി ദൈവത്തിൻറെ കുഞ്ഞാടിനെ ചൂണ്ടിക്കാണിച്ചിരുന്ന യാഗകർമ്മാദികൾ അവസാനിച്ചു. നിഴലായത് പൊരുളായിത്തീർന്നു. അവിടെ കർമ്മാചാരപരമായ ന്യായപ്രമാണത്തിലെ യാഗകർമ്മാദികൾ അവസാനിക്കണമായിരുന്നു.

യെഹൂദാജനത്തിന് പ്രത്യേകമായി നിയമിച്ചിരുന്ന എഴുപത് ആഴ്ച്ചവട്ടം അഥവാ 490 വർഷം എ. ഡി. 34-ൽ അവസാനിച്ചതായി നാം കാണുന്നു. ആ സമയത്ത് യെഹൂദന്മാരുടെ സൻഹെദിൻ സംഘത്തിൻറെ നടപടി

പ്രകാരം ക്രിസ്തുവിൻറെ അനുയായികളെ പീഡിപ്പിക്കുകയും സ്റ്റേഫാനോസിനെ കല്ലെറിഞ്ഞു കൊല്ലുകയും ചെയ്യുമൂലം ഒരു ജാതി എന്ന നിലയിൽ യെഹൂദാജനത്തിന് രക്ഷ അവസാനിച്ചു. തെരഞ്ഞെടുക്കപ്പെട്ട ജനത്തിനായി പരിമിതപ്പെടുത്തിയിരുന്ന രക്ഷയുടെ ദൂത് പിന്നീട് ലോകത്തിനു കൊടുത്തു. പീഡനത്താൽ യെരുശലേമിൽ നിന്ന് ഒളിച്ചോടാൻ നിർബന്ധിതരായ ശിഷ്യന്മാർ "എല്ലായിടത്തും പോയി വചനം പ്രസംഗിച്ചു. "ഫിലിപ്പോസ് ശമര്യാപട്ടണത്തിൽ ചെന്ന് ക്രിസ്തുവിനെ പ്രസംഗിച്ചു. പത്രൊസ് ദൈവിക നടത്തിപ്പിനാൽ കൈസര്യയിലെ ശതാധിപനായ കൊർന്നല്ല്യൊസ് എന്ന ദൈവഭക്തന് സുവിശേഷം

തുറന്നുകൊടുത്തു. യേശുവിൻറെ വിശ്വാസം നേടിയ ഉത്സാഹിയായ പൌലൊസിനെ ജാതികൾക്ക് സദ്വർത്തമാനം അറിയിക്കാൻ നിയോഗിച്ചു (അ. പ്ര. 8:4,5; 22:21).

അതുവരെ പ്രവചനമെല്ലാം കൃത്യമായി നിറവേറി. എഴുപത് ആഴ്ചവട്ടത്തിൻറെ തുടക്കം ബി. സി. 457-ലും അതിൻറെ അവസാനം എ. ഡി. 34-ലും ആണെന്ന് സംശയാതീതമായ ഉറപ്പായി. ഈ നിഗമനത്തിന് ആധാരമായ വസ്തുതകളിൽനിന്ന് 2300 ദിവസത്തിൻറെ അവസാനം കണ്ടുപിടിക്കാൻ യാതൊരു പ്രയാസവും ഇല്ല. എഴുപത് ആഴ്ച്ചവട്ടം (490 ദിവസം) 2300-ൽ നിന്ന് കുറച്ചാൽ

1810 ദിവസം അവശേഷിക്കും. എ. ഡി. 34-നോട് 1810 ദിവസം കൂട്ടിയാൽ 1844 -ൽ എത്തും , അങ്ങനെ ദാനീയേൽ 8:14-ലെ 2300 സന്ധ്യയും ഉഷസ്സും എ. ഡി. 1844-ൽ അവസാനിക്കുന്നു. ദൈവദൂതൻറെ സാക്ഷ്യപ്രകാരം ഈ വലിയ പ്രവചന കാലത്തിൻറെ അന്ത്യത്തിങ്കൽ “വിശുദ്ധമന്ദിരം ശുദ്ധീകരിക്കപ്പെടും”. ക്രിസ്തുവിൻറെ രണ്ടാം വരവിൽ ദൈവാലയ ശുദ്ധീകരണം നടക്കുമെന്ന് ലോകവ്യാപകമായി വിശ്വസിക്കപ്പെട്ടിരുന്ന തിലേക്ക് അതു വ്യക്തമായി നയിച്ചു.

മില്ലറും അദ്ദേഹത്തിൻറെ അനുയായികളും, ആദ്യം

വിശ്വസിച്ചിരുന്നത് 2300 സന്ധ്യയും ഉഷസ്സും അവസാനിക്കുന്നത് 1844-ലെ വസന്തകാലത്ത് ആണ് എന്നായിരുന്നു. എങ്കിലും പ്രവചനം ചൂണ്ടിക്കാണിച്ചത് ആ വർഷത്ത ശരൽക്കാലം ആണ്. കർത്താവിന്റെ വരവിൻറെ മുൻകൂട്ടിയുള്ള തിയ്യതി നിശ്ചയിച്ചവർക്ക് ഈ കാര്യത്തിലുള്ള തെറ്റിധാരണ നിരാശയും പരിഭ്രമവും ഉളവാക്കി. എങ്കിലും 2300 സന്ധ്യയും ഉഷസ്സും 1844-ൽ അവസാനിച്ചു എന്നും അപ്പോൾ നടക്കുന്ന വിശുദ്ധമന്ദിരശുദ്ധീകരണം പ്രതിനിധീകരിക്കുന്ന വലിയ സംഭവത്തെക്കുറിച്ചുള്ള വാദഗതിയെ അല്പം പോലും ബാധിക്കുകയും ചെയ്തില്ല.

ദൈവത്തിൽനിന്നുള്ള വെളിപ്പാടാണ് വേദപുസ്തകം എന്ന് തെളിയിക്കാൻ വേണ്ടി അത് പഠിക്കാൻ തുടങ്ങിയ മില്ലറിന് താൻ എത്തിച്ചേർന്ന നിഗമനത്തെപ്പറ്റി ആരംഭത്തിങ്കൽ അശേഷം പ്രതീക്ഷ ഇല്ലായിരുന്നു. തൻറെ അന്വേഷണത്തിൻറെ ഫലം തനിക്കുതന്നെ അംഗീകരിക്കാൻ പ്രയാസമായിരുന്നു. എന്നാൽ വേദപുസ്തകത്തെളിവ് മാറ്റാൻ പാടില്ലാത്തവിധം സ്പഷ്ടവും ശക്തവും ആയിരുന്നു.

അദ്ദേഹം രണ്ടു വർഷം ബൈബിൾ പഠനത്തിനായി സമർപ്പിച്ചു. ക്രിസ്തു തൻറെ ജനത്തിൻറെ വീണ്ടെടുപ്പിനായി ഇരുപത്തിയഞ്ച് വർഷങ്ങൾക്കകം

പ്രത്യക്ഷനാകുമെന്നുള്ള പാവനമായ ദൃഢവിശ്വാസത്തിൽ അദ്ദേഹം 1818-ൽ എത്തിച്ചേർന്നു. മില്ലർ പറയുന്നു; "സന്തോഷം നിറഞ്ഞ ഈ പ്രത്യാശയുടെ കാഴ്ചപ്പാടിൽ എൻറെ ഹൃദയത്തെ നിറച്ച സന്തോഷത്തെപ്പറ്റിയും, വീണ്ടെടുക്കപ്പെട്ടവരുടെ സന്തോഷത്തിൽ പങ്കെടുക്കാനുള്ള എൻറെ ആത്മാവിൻറെ തീക്ഷ്ണമായ വാഞ്ചരയെപ്പറ്റിയും ഞാൻ പറയേണ്ടതില്ല. ബൈബിൾ ഇപ്പോൾ എനിക്ക് ഒരു പുതിയ പുസ്തകം ആയിത്തീർന്നു. അത് വാസ്തവത്തിൽ ആഹ്ലാദകരമായ ഒരനുഭവമായി. അതിൻറെ വിശുദ്ധ താളുകളിൽ നിന്ന് ലഭിച്ച വെളിച്ചം എനിക്ക് നിഗൂഢവും

അവ്യക്തവും ആയിരുന്നതും, ആയതുമെല്ലാം മാറ്റി. ഓ! എത്ര പ്രകാശപൂർണ്ണവും മഹത്വകരവുമായി സത്യം വെളിപ്പെട്ടു. വചനത്തിൽ നേരത്തെ കണ്ടിരുന്ന എല്ലാ വൈരുദ്ധ്യങ്ങളും പൊരുത്തക്കേടുകളും മാറി എന്നു മാത്രമല്ല, എനിക്ക് തൃപ്തിയല്ലാതിരുന്ന അനേക ഭാഗങ്ങളെപ്പറ്റിയും പൂർണ്ണമായ ധാരണ ഉണ്ടായി. എന്നിട്ടും, നേരത്ത ഇരുളടഞ്ഞിരുന്ന എൻറെ മനസ്സിനെ പ്രകാശിപ്പിക്കാൻ അതിൽനിന്നും വളരെ പ്രകാശം ബഹിർഗമിച്ചു. അതിൻറെ പഠനത്തിൽനിന്നും ഉത്ഭവിക്കാൻ കഴിയും എന്ന് നേരത്തെ സങ്കല്പിക്കാതിരുന്ന അത്യാഹ്ലാദം

എനിക്ക് അനുഭവവേദ്യമായി'. - Bliss, pages 76, 77.

“വളരെ കുറഞ്ഞ സമയപരിധികളള്ളിൽ നിറവേറപ്പെടാനായി വചനത്തിൽ പ്രവചിച്ചിരുന്ന ഗൗരവമേറിയ സംഭവങ്ങളെപ്പറ്റിയുള്ള പാവനമായ ദൃഢവിശ്വാസത്താലും എൻറെ സ്വന്തം മനസ്സിനെ ബാധിച്ച തെളിവുകളുടെ കാഴ്ചപ്പാടിലും ലോകത്തോടുള്ള എൻറെ കടമയെപ്പറ്റി ബലവത്തായ ചോദ്യം എന്നിൽ ഉണ്ടായി'. - Ibid., page 81. തനിക്ക് ലഭിച്ച വെളിച്ചം മറ്റുള്ളവർക്ക് പകർന്നുകൊടുക്കുന്നത് തൻറെ കടമയാണെന്ന് ചിന്തിക്കാതിരിക്കാൻ കഴിഞ്ഞില്ല. അദ്ദേഹം അഭക്തരുടെ എതിർപ്പുകളുമായി ഏറ്റമുട്ടൽ

പ്രതീക്ഷിച്ചു. പക്ഷെ എല്ലാ ക്രിസ്ത്യാനികളും തങ്ങൾ സ്നേഹിക്കുന്നു എന്ന് പരസ്യമായി പ്രസ്താവിക്കുന്ന രക്ഷകനെ എതിരേൽക്കുന്നതിലുള്ള പ്രത്യാശയിൽ ആഹ്ലാദിക്കും എന്ന് ഉറപ്പുണ്ടായിരുന്നു. ഉടനെ നിറവേറപ്പെടുന്ന മഹത്വമേറിയ വീണ്ടെടുപ്പിൻറെ വീക്ഷണത്തിൽ ഉണ്ടാകുന്ന വലിയ സന്തോഷത്താൽ വചനം പരിശോധിച്ച് യഥാർത്ഥ സത്യം മനസ്സിലാക്കാതെ അനേകർ ഈ ഉപദേശം സ്വീകരിക്കും എന്നുള്ള ഒറ്റ ഭയമേ അദ്ദേഹത്തിന് ഉണ്ടായിരുന്നുള്ളൂ. താൻതന്നെ മറ്റുള്ളവരെ വഴിതെറ്റിക്കാൻ ഇടയായിത്തീരുമോയെന്നുള്ള ഭയത്താൽ ഈ സത്യം

വെളിപ്പെടുത്താൻ മടിച്ചു. അങ്ങനെ അദ്ദേഹം എത്തിച്ചേർന്ന നിഗമനത്തെ പിൻതാങ്ങുന്ന തെളിവുകളെ പത്യവലോകനം ചെയ്യുന്നതിനും മനസ്സിൽ വന്ന ഓരോ പ്രതിബന്ധങ്ങളെയും സൂക്ഷ്മതയോടെ പരിഗണിക്കുന്നതിനും നിർബന്ധിതനായി. സൂര്യപ്രകാശത്തിൽ മഞ്ഞ് എന്ന പോലെ തടസ്സങ്ങൾ എല്ലാം ദൈവവചന വെളിച്ചത്തിൽ അപ്രത്യക്ഷമാകുന്നത് അദ്ദേഹം കണ്ടു. തൻറെ നിലപാടിൻറെ കൃത്യത പൂർണ്ണമായി ബോധ്യപ്പെടുത്തിക്കൊണ്ട്, അതിനായി ചിലവഴിച്ച അഞ്ചു വർഷം അദ്ദേഹത്തെ വിട്ട് കടന്നുപോയി.

അദ്ദേഹം വിശ്വസിച്ചത് വചനാനുസരണമാണെന്നുള്ള ബോധം അദ്ദേഹത്തിനുണ്ടായപ്പോൾ അത് അറിയിക്കുവാൻ നിർബ്ബന്ധിതനായി. അദ്ദേഹം പറഞ്ഞു: “ഞാൻ എൻറെ വേലയിൽ ആയിരിക്കുമ്പോൾ” “ലോകരോ? അവരുടെ അപകടത്തെപ്പറ്റി പോയി പറയുക” എന്ന വാക്കുകൾ എൻറെ ചെവിയിൽ മുഴങ്ങിക്കൊണ്ടിരുന്നു. “ഞാൻ ദുഷ്ടനോട്: ദുഷ്ടാ നീ മിരിക്കും എന്ന് കല്പ്പിക്കുമ്പോൾ ദുഷ്ടൻ തൻറെ വഴിവിട്ടു തിരിവാൻ കരുതിക്കൊള്ളത്തക്ക വണ്ണം നീ അവനോട് പ്രബോധിപ്പിക്കാതിരുന്നാൽ, ദുഷ്ടൻ തൻറെ അകൃത്യം നിമിത്തം മരിക്കും;

അവൻറെ രക്തമൊ ഞാൻ നിന്നോട് ചോദിക്കും. എന്നാൽ ദുഷ്ടൻ തൻറെ വഴിവിട്ടു തിരിയേണ്ടതിന്ന് നീ അവനെ ഓർമ്മപ്പെടുത്തിയിട്ടും അവൻ തൻറെ വഴി വിട്ടുതിരിയാഞ്ഞാൽ, അവൻ തൻറെ അകൃത്യം നിമിത്തം മരിക്കും; നീയോ നിൻറെ പ്രാണനെ രക്ഷിച്ചിരിക്കുന്നു" (യെഹെ. 33:8,9). ദുഷ്ടന്മാർക്ക് ശരിയായ മുന്നറിയിപ്പുകൊടുത്താൽ വലിയൊരുസംഘം പശ്ചാത്തപിച്ചേക്കാം എന്ന് ഞാൻ ചിന്തിച്ചു. മുന്നറിയിപ്പ് കൊടുത്തില്ലെങ്കിൽ അവരുടെ രക്തം എന്നോട് ചോദിക്കും". - Bliss, page 92.

ചില ശുശ്രൂഷകന്മാർ ഈ വീക്ഷണം മനസ്സിലാക്കി തങ്ങളെത്തന്നെ ഈ ദുആഘോഷണത്തിനായി ഒരുക്കും എന്ന വിശ്വാസത്തോടും പ്രാർത്ഥനയോടും അവസരം കിട്ടുമ്പോഴൊക്കെ വ്യക്തിപരമായി അവരെ ധരിപ്പിച്ചു. എങ്കിലും ഈ മുന്നറിയിപ്പ് കൊടുക്കുന്നതിന് തനിക്ക് വ്യക്തിപരമായ കടപ്പാട് ഉണ്ടെന്നുള്ള ദൃഢവിശ്വാസത്തെ നിഷ്കാസനം ചെയ്യാൻ കഴിഞ്ഞില്ല. "ലോകത്തോട് പോയി പറക, അവരുടെ രക്തം നിൻറെ കയ്യിൽനിന്ന് ഞാൻ ആവശ്യപ്പെടും" എന്നുള്ള വാക്കുകൾ അദ്ദേഹത്തിൻറെ മനസ്സിൽ ആവർത്തിച്ചുകൊണ്ടിരുന്നു. ഒൻപതു വർഷം അദ്ദേഹം

കാത്തിരുന്നു. 1831 -ൽ ആദ്യ മായി തൻറെ വിശ്വാസത്തിനുള്ള കാരണങ്ങൾ പരസ്യമായി കൊടുക്കുന്നതുവരെ തന്നെ അത് നിർബന്ധിച്ചുകൊണ്ടിരുന്നു.

നിലം ഉഴുതുകൊണ്ടിരുന്ന എലീശയെ പ്രവാചകവൃത്തിക്കായി ദൈവം വിളിച്ചപ്പോൾ തന്നെത്തന്നെ പ്രതിഷ്ഠിച്ചുകൊണ്ട് അവൻ കാളയേയും കലപ്പയേയും ഉപേക്ഷിച്ച് ഏലിയാവിൻറെ പിന്നാലെ പോയതുപോലെ വില്യം മില്ലറും തൻറെ കലപ്പ ഉപേക്ഷിച്ച് ദൈവരാജ്യത്തിൻറെ മർമ്മങ്ങളെ ജനങ്ങൾക്ക് വെളിപ്പെടുത്തുവാൻ വിളിക്കപ്പെട്ടു. വിറയലോടെ അദ്ദേഹം തൻറെ വേലയിൽ പ്രവേശിച്ചു. തൻറെ

കേൾവിക്കാരെ ക്രിസ്തുവിൻറെ രണ്ടാം വരവിലേക്ക് പ്രവചന കാലഘട്ടങ്ങളിലൂടെ പടിപടിയായി നയിച്ചു. തൻറെ വാക്കുകളാൽ ഉളവായ വ്യാപകമായ താല്പര്യം അദ്ദേഹം കണ്ടപ്പോൾ ഓരോ ഉദ്യമത്താലും ശക്തിയും ധൈര്യവും ആർജ്ജിച്ചു.

തൻറെ സഹോദരന്മാരുടെ അഭ്യർത്ഥന ദൈവവിളിയാണെന്ന് ബോധ്യപ്പെട്ട മില്ലർ തൻറെ വീക്ഷണം പൊതുവായി പ്രസ്താവിക്കാമെന്ന് സമ്മതിച്ചു. അൻപത് വയസ്സ് പ്രായമുണ്ടായിരുന്ന, പരസ്യപ്രസംഗത്തിന് ഒരു പരിചയ വുമില്ലായിരുന്ന മില്ലർ തൻറെ മുമ്പിലുള്ള വേലയ്ക്ക് താൻ അയോഗ്യനാണെന്ന് ഭാരപ്പെട്ടിരുന്നു. എങ്കിലും ആദിമുതൽ

തന്നെ ആത്മാക്കളുടെ രക്ഷയ്ക്കുള്ള പ്രയത്നം സ്തുത്യർഹമായ വിധത്തിൽ അനുഗ്രഹിക്കപ്പെട്ടു. അദ്ദേഹത്തിൻറെ ആദ്യത്തെ പ്രസംഗത്താൽ ഒരു ആത്മീയ ഉണർവ്വ് ഉണ്ടാകുകയും അതിൻറെ ഫലമായി പതിമൂന്ന് കുടുംബങ്ങളിൽ രണ്ടുപേർ ഒഴികെ മുഴുവൻ അംഗങ്ങളും മാനസാന്തരപ്പെട്ടു. ഉടൻതന്നെ മറ്റ് സ്ഥലങ്ങളിൽ പ്രസംഗിക്കുന്നതിന് അദ്ദേഹം ഉത്തേജിക്കപ്പെട്ടു. മിക്കവാറും എല്ലാ സ്ഥലങ്ങളിലും അദ്ദേ ഹത്തിൻറെ പ്രയത്നം ദൈവ വേലയുടെ ഉണർവ്വിൽ കലാശിച്ചു. പാപികൾ മാനസാന്തരപ്പെട്ടു. ക്രിസ്ത്യാനികൾ കുറച്ചുകൂടെ വലിയ പ്രതിഷ്ഠയ്ക്കായി എഴുന്നേറ്റു. ക്രിസ്തുമതത്തെക്കുറിച്ചും

ബൈബിളിനെക്കുറിച്ചും ഉള്ള അറിവിലേക്ക് ആസ്തികരും നാസ്തികരും നയിക്കപ്പെട്ടു. അദ്ദേഹത്തിൻറെ പ്രയത്നഫലങ്ങളിൽ ചിലരുടെ സാക്ഷ്യം ഇപ്രകാരമാണ്: "മറ്റു മനുഷ്യരുടെ പ്രേരണകൂടാതെതന്നെ അദ്ദേഹത്തിൻറെ സ്വാധീനത്താൽ ഒരു വലിയ സംഘം വിശ്വസിച്ചു'.- Ibid., page 138. രക്ഷയുടെ വൻകാര്യങ്ങളിലേക്ക് പൊതുജനാഭി പ്രായം ഉയരുവാനും, കാലത്തിൻറേതായി വളർന്നുകൊണ്ടിരുന്ന ലൗകികത്വവും സുഖലോലുപതയും നിർത്തുവാനും, മതിയായതായിരുന്നു അദ്ദേ ഹത്തിൻറെ പ്രസംഗം.

അദ്ദേഹത്തിൻറെ പ്രസംഗത്തിൻറെ ഫലമായി മിക്കവാറും എല്ലാ പട്ടണങ്ങളിലും ചലനം ഉണ്ടായി. ചിലതിൽ അസംഖ്യം ആളുകൾ മനം തിരിഞ്ഞു. പല സ്ഥലങ്ങളിലും മിക്കവാറും എല്ലാ പ്രോട്ടസ്റ്റാൻറ് വിഭാഗങ്ങളിലും ഉൾപ്പെട്ട ദൈവാലയങ്ങളും അദ്ദേഹത്തിനായി തുറന്നുകൊടുത്തു. പ്രസംഗത്തിനുള്ള ക്ഷണം സാധാരണയായി കിട്ടിയിരുന്നത് പല സഭകളുടേയും ശുശ്രൂഷകന്മാ രിൽ നിന്നായിരുന്നു. ക്ഷണിക്കപ്പെടാത്ത സ്ഥലങ്ങളിൽ പ്രയത്നിക്കയില്ലെ ന്നുള്ളത് അദ്ദേഹത്തിൻറെ മാറ്റമില്ലാത്ത ഒരു തീരുമാനം ആയിരുന്നു. എന്നിട്ടും അദ്ദേഹത്തിനു ലഭിച്ച ക്ഷണത്തിൻറെ

പകുതിപോലും നിറവേറ്റാൻ തനിക്ക്
കഴിയുന്നില്ലെന്ന് പെട്ടെന്ന് മനസ്സിലായി.
രണ്ടാമത്തെ വരവിൻറെ കൃത്യസമ
യത്തെക്കുറിച്ചുള്ള അദ്ദേഹത്തിൻറെ
കാഴ്ചപ്പാടിനോട് യോജിക്കാത്ത
അനേകർക്കും ക്രിസ്തുവിൻറെ
വരവിൻറെ സാമീപ്യവും
സുനിശ്ചിതത്വവും അതോ ടൊപ്പം
അവരുടെ ഒരുക്കത്തിൻറെ ആവശ്യവും
ബോദ്ധ്യപ്പെട്ടു. ചില വലിയ
പട്ടണങ്ങളിൽ അദ്ദേഹത്തിൻറെ വേല
സ്പഷ്ടമായ മതിപ്പ് ഉളവാക്കി. മദ്യ
വ്യാപാരികൾ തങ്ങളുടെ വ്യാപാരം
ഉപേക്ഷിച്ച് തങ്ങളുടെ കടകൾ സമ്മേള
നമുറികൾ ആക്കി മാറ്റി.
ചൂതാട്ടക്കൂടാരങ്ങൾ തകർന്നു.
നാസ്തികനും ആസ്തികനും

സർവ്വലോകവാദികളും എന്നുവേണ്ട, കയ്യൊഴിയപ്പെട്ട ദുർമ്മാർഗ്ഗികൾ പോലും നവീകരിക്കപ്പെട്ടു. അവരിൽ ചിലരെല്ലാം വർഷങ്ങളായി ആരാധ നാലയങ്ങളിൽ കയറുകപോലും ചെയ്യാത്തവരായിരുന്നു. മിക്കവാറും എല്ലാ സമയത്തും പ്രാർത്ഥിക്കുന്ന പ്രാർത്ഥനാക്കൂട്ടങ്ങൾ പല മതവിഭാഗങ്ങളും പല സ്ഥലങ്ങളിലും സ്ഥാപിച്ചു. പ്രാർത്ഥനയ്ക്കും സ്തുതിക്കുമായി വ്യാപാരികൾ ഉച്ചസമയത്ത് കൂടിവന്നു. അനിയന്ത്രിതമായ വികാരവിക്ഷോഭമൊന്നും ഉണ്ടായില്ലെങ്കിലും മിക്കവാറും സാർവ്വത്രികമായ ഭയഭക്തി ജനഹൃദയങ്ങളിൽ ഉടലെടുത്തു.

ആദ്യകാല നവീകരണ കർത്താക്കളെപ്പോലെ അദ്ദേഹ ത്തിൻറെ വേല വെറും വികാരങ്ങളെ ഉണർത്തുന്നതിനേക്കാൾ, വ്യക്തമായി മനസ്സിലാകുന്നതും മനസ്സാക്ഷിയെ ഉണർത്തുന്നതും ആയിരുന്നു.

1833-ൽ താൻ അംഗമായിരുന്ന ബാപ്റ്റിസ്റ്റ്സഭയിൽ നിന്നും പ്രസംഗി ക്കാനുള്ള ഒരു അധികാരപത്രം മില്ലർക്ക് ലഭിച്ചു. തൻറെ സ്വന്ത സഭാവിഭാഗ ത്തിലെ ഒരു വലിയ ഭാഗം ശുശ്രൂഷകന്മാർ അദ്ദേഹത്തിൻറെ വേല അംഗീകരിച്ചു. മതിയായ അനുമതിയോടുകൂടെ അദ്ദേഹം തൻറെ വേല തുടർന്നു. പ്രധാനമായും ന്യൂ

ഇംഗ്ലണ്ടിലും
മദ്ധ്യസംസ്ഥാനങ്ങളിലുമായി തൻറെ
വ്യക്തിപരമായ ജോലി
പരിമിതപ്പെടുത്തിയെങ്കിലും അദ്ദേഹം
വിരാമമില്ലാതെ സഞ്ചരിക്കുകയും
പ്രസംഗിക്കുകയും ചെയ്തു. വളരെ
വർഷങ്ങളോളം തൻറെ ചിലവുകൾ
മുഴുവനും സ്വയമായി വഹിച്ചു. പിന്നീട്
അദ്ദേഹത്തെ ക്ഷണിച്ച സ്ഥലത്തേക്കുള്ള
യാത്രാച്ചെലവിൻറെ ഒരു ഭാഗം മാത്രമേ
വാങ്ങിയിരുന്നുള്ളു. അങ്ങനെ
അദ്ദേഹത്തിൻറെ പൊതുപ്രവർത്തനം
സാമ്പത്തിക നേട്ടത്തിനുപകരം തൻറെ
വസ്തുവകയിൽ കടബാദ്ധ്യതയുണ്ടാക്കി.
ഈ കടബാദ്ധ്യത തൻറെ
പിൽക്കാലജീവിതത്തിൽ കുറയുകയും
ചെയ്തു. അദ്ദേഹം ഒരു വലിയ

കുടുംബത്തിൻറെ പിതാവായിരുന്നു എന്നാൽ അവരെല്ലാം മിതവ്യയ ശീലമുള്ളവരും അദ്ധ്വാനശീലരും ആയിരുന്നതിനാൽ അദ്ദേഹത്തിൻറെ കൃഷിത്തോട്ടങ്ങൾ തൻറേയും അവരുടേയും ഉപജീവനത്തിന് മതിയാകുമായിരുന്നു.

1833 -ൽ, ക്രിസ്തുവിൻറെ പെട്ടെന്നുള്ള വരവിൻറെ തെളിവുകൾ പരസ്യമായി പ്രസംഗിക്കാൻ തുടങ്ങി രണ്ടു വർഷം കഴിഞ്ഞ്, ക്രിസ്തു തൻറെ രണ്ടാം വരവിൻറെ അടയാളങ്ങളായി കൊടുത്തിരുന്നവയിൽ അവസാനത്തെ അടയാളം നിറവേറി. യേശു പറഞ്ഞു: "ആകാശത്തുനിന്ന് നക്ഷത്രങ്ങൾ വീഴും" (മത്തായി 24:29).

ദൈവദിവസത്തിൻറെ മുന്നറിയിപ്പിൻ രംഗങ്ങൾ കണ്ടുകൊണ്ട് വി. യോഹന്നാൻ തൻറെ വെളിപ്പാടിൽ പ്രഖ്യാപിച്ചു: "അത്തി വൃക്ഷം പെരുങ്കാറ്റുകൊണ്ട് കുലുങ്ങീട്ട് കായ് ഉതിർക്കുംപോലെ ആകാശത്തിലെ നക്ഷത്രങ്ങൾ ഭൂമിയിൽ വീണു" (വെളി. 6:13). 1833 നവംബർ 13-ലെ ഉൽക്കവർഷം മനസ്സിൽ തട്ടുന്ന പ്രവചന നിവൃത്തിയായി. രേഖപ്പെടുത്തിയിട്ടുള്ളതിൽവെച്ച് ഏറ്റവും വ്യാപകമായതും അത്ഭുതപൂർണ്ണവുമായ നക്ഷത്രവീഴ്ചയുടെ പ്രദർശനം ആയിരുന്നു അത്. അമേരിക്കൻ ഐക്യനാടിനു മുകളിൽ ആകാശവിതാനം നക്ഷത്രഖചിതമായ

രീതിയിൽ മണിക്കൂറുകളോളം പ്രകാശത്താൽ പ്രക്ഷുബ്ധമായിരുന്നു. ഐക്യനാടുകൾ ഉടലെടുത്തതിനു ശേഷം ഒരിക്കലും ഉണ്ടാകാത്ത ദിവ്യമായ പ്രകൃതിവിശേഷം സമൂഹത്തിലെ ഒരുകൂട്ടം ആളുകൾ അത്യധികമായി പ്രശംസിച്ചപ്പോൾ മറ്റൊരു വിഭാഗം ഉൾക്കടഭീതിയോടും അസ്വസ്ഥതയോടുംകൂടെ അതിനെ വീക്ഷിച്ചു. “അതിൻറെ ഗാംഭീര്യതയും മനോഹാരിതയും ഇപ്പോഴും മനസ്സിൽ തങ്ങിനിൽക്കുന്നു. ഉൽക്കകൾ ഭൂമിയിലേക്ക് പതിച്ചതിലും കട്ടിയായ പേമാരി ഒരിക്കലും ഉണ്ടായിട്ടില്ല. എല്ലായിടത്തും അത് ഒരുപോലെയായിരുന്നു. ഒരുവിധത്തിൽ പറഞ്ഞാൽ മുഴുവൻ ആകാശവും

ചലിക്കുന്നതായി തോന്നി... പ്രൊഫസ്സർ സില്ലിമാൻറെ മാസികയിൽ വിവരിക്കുന്നതുപോലെ, ഈ പ്രദർശനം വടക്കേ അമേരിക്ക മുഴുവനും കാണപ്പെട്ടു... രണ്ടുമണിമുതൽ കനത്ത പകൽ വെളിച്ചം വരുവോളം പൂർണ്ണമായും ശാന്തവും മേഘരഹിതവും ആയ ആകാശത്തിൽ മുഴുവനും അതിദീപ്തിയുള്ള, ശോഭയേറിയ ധാരമുറിയാതുള്ള ഉൽക്കവീഴ്ചയുണ്ടായി- R. M. Devens, American Progress, or caps the Great Events of the Greatest Century, ch. 28, Parss. 1-5.

“പ്രൗഢഗംഭീരമായ ആ
പ്രദർശനത്തിന്റെ ശോഭ
തീർച്ചയായും
വർണ്ണനാതീതമായിരുന്നു…
അതിൻറെ മഹത്വത്തെക്കുറിച്ച്
വേണ്ടിടത്തോളമുള്ള ധാരണ അതിന്
സാക്ഷ്യം വഹിക്കാത്ത ഒരുവനിൽ
ഉണ്ടാക്കാൻ സാധ്യമല്ല. നേരെ മുകൾ
ഭാഗത്തിന് അടുത്ത് ഒരു ബിന്ദുവിൽ
മുഴുവൻ നക്ഷത്രമണ്ഡലവും
കൂട്ടംകൂടിയതുപോലെ തോന്നി. അവയുടെ
പ്രകാശം വേഗത്തിൽ ചക്ര
വാളത്തിൻറെ എല്ലാ ഭാഗത്തേക്കും ഒരേ
സമയത്ത് പാഞ്ഞു. എന്നിട്ടും അവ
തീർന്നുപോയില്ല. ഈ
അവസരത്തിലേക്ക് സൃഷ്ടിക്കപ്പെട്ടുവൊ
എന്ന് തോന്നു മാറ്, ആയിരങ്ങൾ

ദ്രുതഗതിയിൽ ആയിരങ്ങളുടെ ചരണപഥത്തിൽ പിൻതുടർന്നു'.- F. Reed, in the Christian Advocate and journal, Dec 13, 1833.
കൊടുങ്കാറ്റുകൊണ്ട് അത്തിവൃക്ഷം കായ് ഉതിർക്കുന്ന ചിത്രീകരണം കുറച്ചുകൂടെ ശരിയാണെങ്കിലും അത് നോക്കിക്കാണുക എന്നത് സാധ്യമല്ല "The Old Countryman" in Portland Evening Advertiser, Nov. 26, 1833.

1833, നവംബർ 14-ലെ ന്യൂയോർക്ക് ജേർണൽ ഓഫ് കൊമേഴ്സ് എന്ന മാസികയിൽ ഈ അത്ഭുത പ്രതിഭാസത്തെപ്പറ്റി ഒരു നീണ്ട ലേഖനം കാണപ്പെട്ടു. അതിൽ ഈ പ്രസ്താവന

ഉൾക്കൊള്ളുന്നു:- “ഇന്നലെ രാവിലെ നടന്നതുപോലുള്ള സംഭവം ഒരു തത്വജ്ഞാനിയൊ പണ്ഡിതനൊ പറയുകയൊ രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ലെന്ന് ഞാൻ വിചാരിക്കുന്നു. 1800 വർഷങ്ങൾക്കുമുൻപ് ഒരു പ്രവാചകൻ അത് കൃത്യമായി പ്രവചിച്ചിരുന്നു. നക്ഷത്രം വീഴുക എന്നത് മനസ്സിലാക്കാൻ നാം പ്രയാസപ്പെടുന്നുണ്ടെങ്കിൽ നക്ഷത്രങ്ങൾ വീഴുന്നു എന്ന് കരുതാൻ അത് അക്ഷരാർത്ഥത്തിൽ സാധിക്കും എന്ന് അനുഭവത്തിൽ മാത്രം അറിയുക”.

കർത്താവിന്റെ വരവിൻറെ അടയാളങ്ങളിൽ അവസാനത്തേത് അങ്ങനെ പ്രദർശിപ്പിക്കപ്പെട്ടു.

അതിനേപ്പറ്റി യേശു ശിഷ്യന്മാരോട് പറഞ്ഞത്: "ഇതൊക്കെയും കാണുമ്പോൾ അത് അടുക്കെ, വാതിൽക്കൽ തന്നെ ആയിരിക്കുന്നു എന്ന് അറിഞ്ഞുകൊൾവിൻ" എന്നാണ് (മത്തായി 24:33). ഈ അടയാള ങ്ങൾക്കുശേഷം, ആസന്നമായിരിക്കുന്ന അടുത്ത വലിയ സംഭവം വി. യോഹന്നാൻ നോക്കിക്കണ്ടത്. പുസ്തകച്ചുരുൾ ചുരുട്ടുംപോലെ ആകാശം മാറിപ്പോയി. എല്ലാ മലയും ദ്വീപും സ്വസ്ഥാനത്തുനിന്ന് ഇളകിപ്പോയി; മനുഷ്യപുത്രൻറെ സന്നിധിയിൽനിന്ന് ദുഷ്ടന്മാർക്ക് ഭയത്തോടെ ഒളിച്ചോടേണ്ടിവന്നു (വെളി . 6:12-17).

നക്ഷത്രവീഴ്ച കണ്ട് അനേകർ വരാനിരിക്കുന്ന ന്യായവിധിയുടെ മുന്നോടിയായി അതിനെ മനസ്സിലാക്കി. വലുതും ഭയങ്കരവുമായ നാളിൻറെ ഒരു നിശ്ചയമായ മുന്നറിയിപ്പായി കരുതി.- “The Old Countryman”, in Portland Evening Advertiser, Nov.26, 1833. അങ്ങനെ ജനശ്രദ്ധ പ്രവചന നിവൃത്തിയിലേക്ക് തിരിക്കപ്പെട്ടു. രണ്ടാംവരവിൻറെ മുന്നറിയിപ്പുകളെ ശ്രദ്ധിക്കാൻ അനേകരും നയിക്കപ്പെട്ടു.

1840-ൽ വേറൊരു അനന്യസാധാരണമായ പ്രവചന നിവൃത്തി വ്യാപകമായ താല്പര്യത്തെ ഉണർത്തി. രണ്ടാംവരവ് പ്രസംഗിക്കുന്ന

ശുശ്രൂഷകരിൽ ഒരു പ്രധാനിയായ ജോസിയാ ലിറ്റ്ച്ച്, രണ്ടു വർഷം മുൻപ്, ഒട്ടോമൻ സാമാജ്യത്തിൻറെ വീഴ്ചയെ പ്രവചിച്ചുകൊണ്ട് വെളിപ്പാടുപുസ്തകം ഒൻപതിന്റെ വ്യാഖ്യാനം പ്രസിദ്ധീകരിച്ചിരുന്നു. അദ്ദേഹത്തിൻറെ കണക്കുപ്രകാരം ഈ ശക്തി "എ. ഡി. 1840-ൽ ചിലപ്പോൾ ആഗസ്റ്റു മാസത്തിൽ" മാറ്റപ്പെടണം. അത് സംഭവിക്കുന്നതിൻറെ ഏതാനും ദിവസങ്ങൾക്കുമുൻപ് അദ്ദേഹം എഴുതി: "ഡിക്കോസൈസ്, തുർക്കികളുടെ അനുവാദത്തോടെ സിംഹാസനസ്ഥൻ ആകുന്നതിനുമുൻപ് ആദ്യകാലഘട്ടമായ 150 വർഷം കൃത്യമായി പൂർത്തിയാക്കി. ആദ്യകാലഘട്ടം തീർന്നപ്പോൾ 391

വർഷവും 15 ദിവസവും തുടങ്ങി. 1840 ആഗസ്റ്റ് 11-ാം തീയതി അത് തീരണം. അപ്പോൾ ഒട്ടോമൻ ശക്തി കോൺസ്റ്റാന്റിനോപ്പിളിൽ തീർന്നതായി പ്രതീക്ഷിക്കാം. അത് അങ്ങനെ സംഭവിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു'. - Josiah Litch, in Signs of the Times, and Expositor of Prophecy, Aug. 1, 1840.

പറഞ്ഞ അതേ സമയത്തുതന്നെ, തുർക്കി അവളുടെ സ്ഥാനാപതികളിലൂടെ യൂറോപ്പിലെ സഖ്യകക്ഷികളുടെ സംരക്ഷണം സ്വീകരിച്ചു. അങ്ങനെ ക്രിസ്ത്യീയ രാഷ്ട്രങ്ങളുടെ നിയന്ത്രണത്തിൻകീഴിൽ അവളെത്തന്നെ പ്രതിഷ്ഠിച്ചു.

പ്രവചനത്തിലെ ഈ സംഭവം കൃത്യമായി നിറവേറി. ഇത് അറിഞ്ഞപ്പോൾ, മില്ലറും സഹപ്രവർത്തകരും സ്വീകരിച്ചിരുന്ന പ്രവചനവ്യാഖ്യാന തത്വങ്ങളുടെ കൃത്യത ജനത്തിന് മനസ്സിലായി അത്ഭുതകരമായ പ്രചോദനം പുനരാഗമന പ്രസ്ഥാനത്തിന് തന്മൂലം ലഭിക്കുകയും ചെയ്തു. സ്ഥാനമാനങ്ങൾ അലങ്കരിച്ചിരുന്നവരും വിദ്യാസമ്പന്നരുമായ ആളുകൾ, പ്രസംഗത്തിനും അദ്ദേഹത്തിൻറെ ആശയങ്ങൾ പ്രസിദ്ധീകരിക്കുന്നതിനും മില്ലറോട് ചേർന്നു. 1840 മുതൽ 1844 വരെ ഈ വേല വേഗത്തിൽ വ്യാപിച്ചു.

വില്യാമില്ലറിന് വളരെ ബലമേറിയ മനശക്തിയുണ്ടായിരുന്നു. അതിന് ചിന്തകൊണ്ടും പഠനംകൊണ്ടും ശിക്ഷണം നേടിയിരുന്നു. അദ്ദേഹം ജ്ഞാനത്തിൻറെ ഉറവിടത്തിലേക്ക് തന്നെത്താൻ ബന്ധിപ്പിച്ച് സ്വർഗ്ഗീയ ജ്ഞാനം അതോട് ചേർത്തു. അദ്ദേഹം സൽസ്വഭാവമുള്ളവനും ബഹുമാനവും ആദരവും ആർജ്ജിച്ചവനുമായിരുന്നു. ദയയോടും ക്രിസ്തീയതാഴ്മയോടും ആത്മ സംയമനത്തോടുകൂടിവയനും മറ്റുള്ളവരുടെ അഭിപ്രായങ്ങളെ ശ്രദ്ധിക്കുകയും അവരുടെ വാദഗതികളെ വിലയിരുത്തുകയും അവരെ ആദരിക്കുന്നവനും ആയിരുന്നു മില്ലർ. വികാരവിക്ഷോഭം കൂടാതെ എല്ലാ

സിദ്ധാന്തങ്ങളും ഉപദേശങ്ങളും ദൈവത്തിൻറെ വചനവെളിച്ചത്തിൽ പരിശോധിച്ചു. തൻറെ വചന പരിജ്ഞാനത്തിലൂടെയുള്ള സാരഗർഭമായ ന്യായവാദം തെറ്റുകൾ ഖണ്ഡി ക്കുന്നതിനും കാപട്യത്തെ തെളിച്ചുകാണിക്കുന്നതിനും അദ്ദേഹത്തെ പാപ നാക്കി.

എന്നിട്ടും കയ്പേറിയ എതിർപ്പുകൾ കൂടാതെ തൻറെ വേല നിർവ്വഹിക്കാൻ സാധിച്ചില്ല. മുൻപ് ഉണ്ടായിരുന്ന നവീകരണ കർത്താക്കളോട് എന്ന പോലെ, അദ്ദേഹം കൊടുത്ത സത്യത്തെ ജനസമ്മതി ആർജ്ജിച്ച മതനേതാക്കന്മാർ താല്പര്യത്തോടെ സ്വീകരിച്ചില്ല. വചനത്താൽ തങ്ങളുടെ

സ്ഥാനം നിലനിർത്താൻ
കഴിയാഞ്ഞതുകൊണ്ട് അവർക്ക്
മാനുഷിക ഉപദേശങ്ങളിലും
പറച്ചിലുകളിലും പിതാക്കന്മാരുടെ
പാരമ്പര്യത്തിലും ആശ്രയിക്കേണ്ടിവന്നു.
എന്നാൽ പുനരാഗമന സത്യത്തിൻറെ
പ്രസംഗകർ ദൈവത്തിൻറെ വചനം
മാത്രമെ സാക്ഷ്യമായി അംഗീകരിച്ചുള്ളു.
“ബൈബിൾ, ബൈബിൾ മാത്രം”
എന്നതായിരുന്നു അവരുടെ
വിശ്വാസത്തിനടിസ്ഥാനം.
എതിരാളികളുടെ വചന വാദഗതികളുടെ
അഭാവം പരിഹാസവും നിന്ദയുംകൊണ്ട്
നികത്തി, തങ്ങളുടെ കർത്താവിന്റെ
വീണ്ടുംവരവിനെ സന്തോഷത്തോടെ
നോക്കിപ്പാർത്തു എന്നതും ഒരു വിശുദ്ധ
ജീവിതത്തിനായി അദ്ധ്വാനിച്ചു എന്നതും

മറ്റുള്ളവർ കർത്താവിന്റെ വരവിനായി ഒരുങ്ങണമെന്ന് അഭ്യർത്ഥിച്ചു എന്നതും മാത്രം കുറ്റമായിക്കണ്ട്, അവരുടെ നേരെ സമയവും ധനവും പ്രാപ്തിയും ദ്രോഹത്തിനായി ഉപയോഗിച്ചു.

രണ്ടാംവരവ് എന്ന വിഷയത്തിൽനിന്നും ജനഹൃദയങ്ങളെ ദൂരെ മാറ്റാൻ തീക്ഷ്ണതയോടെ പ്രവർത്തിച്ചു. ക്രിസ്തുവിൻറെ വരവിനേയും ലോകാവസാനത്തേയും കുറിച്ചുള്ള പ്രവചനങ്ങൾ പഠിക്കുന്നത് ഒരു പാപമാണെന്ന് തോന്നിപ്പിക്കുകയും മനുഷ്യർ ലജ്ജിക്കേണ്ട ഏതോ ഒന്നാണെന്ന് വരുത്തി ത്തീർക്കുകയും ചെയ്തു. അങ്ങനെ ദൈവത്തിൻറെ വചനത്തിലുള്ള വിശ്വാസത്തിന്

അന്നയോജ്യമായ ശുശ്രൂഷയ്ക്ക് തുരങ്കംവെച്ചു. അവരുടെ പഠിപ്പിക്കലുകൾ മനുഷ്യരെ അവിശ്വാസികൾ ആക്കി. അനേകർ ദൈവമില്ലാതെ തങ്ങളുടെ സ്വന്ത ഭോഗേച്ഛകൾക്ക് അനുസൃതമായി നടക്കുവാൻ തീരുമാനിച്ചു. അപ്പോൾ ദുഷ്ടന്മാർ ഇവയെ പുനരാഗമനകാംക്ഷികളുടെ മേൽ ചുമത്തി.

ബുദ്ധിമാന്മാരും ശ്രദ്ധാലുക്കളുമായ കേൾവിക്കാരാൽ ആലയങ്ങൾ തിങ്ങി നിറഞ്ഞപ്പോഴും മതപരമായ പ്രസിദ്ധീകരണങ്ങൾ മില്ലറുടെ പേര് കുറ്റാരോപണത്തോടും പരിഹാസത്തോടുംകൂടെ അല്ലാതെ പരാമർശിച്ചിരുന്നില്ല. മത

ഗുരുക്കന്മാരുടെ പരണയാൽ അശദ്ധരും
ദൈവമില്ലാത്തവരുമായ ആളുകൾ
മില്ലറിനേയും തൻറെ
പ്രവർത്തനങ്ങളേയും
നിന്ദാപൂർവ്വവും അവജ്ഞ യോടുംകൂടിയ
വാക്കുകളാൽ പരിഹസിക്കുവാനും
ദൈവദൂഷകഫലിതങ്ങൾ പറയുവാനും
ധൈര്യപ്പെട്ടു. ആസന്നമായിരിക്കുന്ന
ന്യായവിധിയെക്കുറിച്ചുള്ള പാവനമായ
മുന്നറിയിപ്പ്
ലോകത്തിനുകൊടുക്കാനായി
സുഖപ്രദമായ സ്വന്തം വീടുവിട്ട് സ്വന്തം
ചിലവിൽ പട്ടണത്തിൽനിന്ന്
പട്ടണത്തിലേക്കും നഗരത്തിൽ നിന്ന്
നഗരത്തിലേക്കും വിശ്രമമില്ലാതെ
യാത്രചെയ്യുന്ന വയോധികനെ മത
ഭ്രാന്തനെന്നും അസത്യം

പറയുന്നവനെന്നും ലാഭത്തിനുവേണ്ടി നടക്കുന്ന വഞ്ചകനെന്നും നിന്ദയോടെ പഴിച്ചു.

പരിഹാസവും കാപട്യവും അപമാനവും കോപത്തോടെയുള്ള എതിർപ്പും ശക്തിയായ പ്രതിഷേധത്തോടെ, ലൗകിക പ്രസിദ്ധീകരണങ്ങളിൽക്കൂടെപോലും വന്നുകൂടി. വിപുലമായ മഹത്വവും ഭയാനകമായ അനന്തരഫലങ്ങളും ഉള്ള ഇതേപോലൊരു വിഷയം കൈകാര്യം ചെയ്യുന്നതിന് “ലോകമനുഷ്യർ ഉപയോഗിച്ചത് ലാഘവത്വവും ആഭാസത്തരവും ആയിരുന്നു. “അതിൻറെ പ്രചാരകരുടേയും പിൻതാങ്ങുന്നവരുടേയും

വികാരങ്ങൾ മാനിക്കാതെ ന്യായവിധി ദിവസത്തെ പരിഹസിക്കുകയും സൃഷ്ടികർത്താവിനെ തന്നെ അധിക്ഷേപിക്കുകയും ദൈവിക ന്യായവിധിദിവസത്തിൻറെ ഭീകരതയെ നിന്ദിക്കുകയും ചെയ്തുകൊണ്ടാണ് അവർ ആ വിഷയം കൈകാര്യം ചെയ്തത്.- Bliss, page 183.

പുനരാഗമനദൂതിൻറെ ശക്തിയെ കെടുത്തുക മാത്രമല്ല ദൂതു വാഹകനെത്തന്നെയും നശിപ്പിക്കുവാൻ എല്ലാ തിന്മയുടേയും പ്രചാരകൻ ശ്രമിച്ചു. മില്ലർ തൻറെ കേൾവിക്കാരുടെ ഹൃദയങ്ങളിലേക്ക് വചന സത്യത്തെ ക്രിയാത്മകമായും, പാപത്തെ ശാസിച്ചുകൊണ്ടും, അവരുടെ സ്വയം

സംതൃപ്തിയെ അസ്വസ്ഥമാക്കിക്കൊണ്ടും ഉള്ള സ്പഷ്ടമായതും മുറിപ്പെടുത്തുന്നതുമായ വാക്കുകളോടെ വിളമ്പിയപ്പോൾ ശത്രുതയെ ഉളവാക്കി. അദ്ദേഹത്തിൻറെ ദൂതിനോട് സഭാംഗങ്ങൾ പ്രകടമാക്കിയ എതിർപ്പ്, നാമധേയ വിശ്വാസികളെ അദ്ദേഹം സമ്മേളനസ്ഥലം വിട്ടുപോകുമ്പോൾ ജീവൻ ഒടുക്കിക്കളയാൻ പോലുമുള്ള പദ്ധതികൾ ആവിഷ്ക്കരിക്കാൻ പ്രോത്സാഹിപ്പിച്ചു. പക്ഷെ വിശുദ്ധ ദൂതന്മാർ ആ കൂട്ടത്തിൽ ഉണ്ടായിരിക്കയും അവരിൽ ഒരു ദൂതൻ മനുഷ്യ വേഷം ധരിച്ച് കർത്തൃദാസന്റെ കരംപിടിച്ച് നടത്തി കോപാകുലരായ ജനക്കൂട്ടത്തിൽനിന്ന് രക്ഷിച്ചു. സാത്താനും അവൻറെ

ചാരന്മാരും തങ്ങളുടെ ഉദ്ദേശം സാധിക്കാത്തതിൽ നിരാശരായി.

എതിർപ്പുകൾ ഉണ്ടായിരുന്നിട്ടും പുനരാഗമന പ്രസ്ഥാനം വളർന്നുകൊണ്ടിരുന്നു. ഇരുപതുകളിൽനിന്നും നൂറുകളിൽനിന്നും അവർ ആയിരങ്ങളായി വളർന്നു. പല സഭകളിലും വലിയ അംഗീകാരം ഉണ്ടായി. എന്നാൽ കുറെക്കഴിഞ്ഞപ്പോൾ മനംതിരിഞ്ഞവർക്കെതിരെ എതിർപ്പുണ്ടാകുകയും മില്ലറുടെ കാഴ്ചപ്പാട് സ്വീകരിച്ചവർക്കെതിരെ സഭകൾ ശിക്ഷണനടപടികൾ പോലും തുടങ്ങുകയും ചെയ്തു. അദ്ദേഹത്തിൻറെ

ഉപദേശങ്ങൾ തെറ്റാണെങ്കിൽ വേദ പുസ്തകത്തിൽനിന്നും ആ തെറ്റിനെ തെളിയിക്കണമെന്ന് എല്ലാ സഭാവിഭാഗങ്ങൾക്കും കത്തെഴുതി.

നമ്മുടെ വിശ്വാസത്തിനും പ്രായോഗിക ജീവിതത്തിനും ആധാരമായി ഏകമാനദണ്ഡമായ ദൈവവചനമല്ലാതെ ഞങ്ങളെന്തെങ്കിലും വിശ്വസിച്ചുവോ എന്നദ്ദേഹം ചോദിച്ചു. പ്രസംഗത്തിലൂടെയും പ്രസിദ്ധീകരണങ്ങളിൽക്കൂടെയും അതിപരുഷമായി ഞങ്ങൾക്കെതിരായ കുറ്റം ആരോപിക്കാൻ ഞങ്ങൾ എന്ത് ചെയ്തു? ഞങ്ങളെ (പുനരാഗമനകാംക്ഷികളെ) നിങ്ങളുടെ ദൈവാലയങ്ങളിൽ നിന്നും കൂട്ടായ്മയിൽ

നിന്നും ബഹിഷ്കരിക്കാൻ നിങ്ങൾക്ക് എന്ത് കാരണം കിട്ടി?" "ഞങ്ങൾ തെറ്റി എങ്കിൽ, എന്തിലാണ് ഞങ്ങളുടെ തെറ്റെന്ന് കാണിക്കുവാൻ അഭ്യർത്ഥിക്കുന്നു. ഞങ്ങൾ തെറ്റിലാണെന്ന് ദൈവത്തിൻറെ വചനത്തിൽ നിന്നും ഞങ്ങളെ ബോദ്ധ്യപ്പെടുത്തു. ഞങ്ങൾ ധാരാളം ആക്ഷേപം സഹിച്ചു. അത്, ഞങ്ങൾ തെറ്റിലാണെന്ന് ഒരിക്കലും ബോദ്ധ്യപ്പെടുത്തുന്നില്ല. ദൈവവചനത്തിനു മാത്രമെ ഞങ്ങളുടെ കാഴ്ചപ്പാടിനെ മാറ്റാൻ കഴിയൂ. ഞങ്ങളുടെ തീരുമാനം തിരുവചനത്തിലുള്ള തെളിവുകളിൻപ്രകാരം പ്രാർത്ഥനാപൂർവ്വം ആലോചിച്ചുറച്ച്

എടുത്തിട്ടുള്ളതാണ്', - ibid., pp 250, 252.

ദൈവം തൻറെ ദാസന്മാരാൽ ലോകത്തിന് കാലാകാലങ്ങളിൽ കൊടുത്ത മുന്നറിയിപ്പുകൾ ഇതേ രീതിയിൽ സംശയ ദൃഷ്ടിയോടും അവിശ്വാസത്തോടുംകൂടെയാണ് സ്വീകരിച്ചത്. പുരാതന കാലത്തെ മനുഷ്യരുടെ പാപം ഒരു ജലപ്രളയം ലോകത്തിൽ വരുവാൻ കാരണമായപ്പോൾ, മനുഷ്യർക്ക് അവരുടെ ദുഷ്ടവഴികളിൽ നിന്ന് തിരിയുവാൻ അവസരം ഉണ്ടെന്നുള്ള ദൈവോദ്ദേശം ദൈവം ആദ്യം അവർക്കു കൊടുത്തു. മാനസാന്തരപ്പെടാഞ്ഞാൽ

ദൈവകോപം അവരെ നശിപ്പിക്കും എന്ന മുന്നറിയിപ്പ് നൂറ്റി ഇരുപതു വർഷം അവരുടെ കാതുകളിൽ മുഴങ്ങി. പക്ഷെ ആ ദൂത് വ്യർത്ഥമായ കെട്ടു കഥയായി അവർക്കു തോന്നി. അവർ അത് വിശ്വസിച്ചതുമില്ല. അധാർമ്മികതയിൽ ധൈര്യപ്പെട്ട് ദൈവത്തിൻറെ ദൂതുവാഹകനെ അവർ പരിഹസിച്ചു. അദ്ദേഹത്തിൻറെ യാചനകൾ നിസ്സാരമാക്കുകയും അനുമാനങ്ങൾ മുഖാന്തിരം അവനെ കുറ്റപ്പെടുത്തുകയും ചെയ്തു. ലോകത്തിലുള്ള എല്ലാ മഹാന്മാർക്കുമെതിരായി ഒരു മനുഷ്യൻ എങ്ങനെ എതിർത്തു നിൽക്കും? നോഹയുടെ ദൂത് സത്യമായിരുന്നെങ്കിൽ മുഴലോകവും എന്തുകൊണ്ട് അത് കേൾക്കുകയും

വിശ്വസിക്കുകയും ചെയ്തില്ല?
ആയിരങ്ങളുടെ വിജ്ഞാനത്തിന്
എതിരായി ഒരു മനുഷ്യൻറെ
ദൃഢപ്രസ്താവന! ആ മുന്നറിയിപ്പ് അവർ
വിശ്വസിച്ചില്ല; പെട്ടകത്തിൽ അവർ
അഭയം തേടിയില്ല.

കാലങ്ങളുടെ ക്രമങ്ങൾ, ഒരിക്കലും മഴ
ചൊരിയിക്കാത്ത നീലാകാശം,
രാത്രിയിലെ മഞ്ഞുകൊണ്ട്
നനഞ്ഞിരുന്ന പച്ചപ്പാടങ്ങൾ
ഇവയെല്ലാം ചൂണ്ടി ക്കാണിച്ചുകൊണ്ട്
പരിഹാസികൾ “ഇവൻ ഉപമകൾ
പറയുകയല്ലേ? എന്ന് അലറി വിളിച്ചു.
നീതി പ്രസംഗകനെ, ആവേശം
കൊള്ളിക്കുന്നവനെന്ന് അവർ
അവജ്ഞയോടെ പ്രഖ്യാപിച്ചു. തങ്ങളുടെ

സുഖാന്വേഷണത്തിൽ കൂടുതൽ തത്പരരായി, മുമ്പത്തേക്കാൾ കൂടുതൽ ശ്രദ്ധയോടെ ദുഷ്ട വഴികളിൽ അവർ തുടർന്നു. എന്നാൽ പ്രവചിക്കപ്പെട്ട സംഭവത്തെ അവരുടെ അവിശ്വാസം തടഞ്ഞു നിറുത്തിയില്ല. മാനസാന്തരപ്പെടാനുള്ള വിപുലമായ അവസരങ്ങൾ കൊടുത്തുകൊണ്ട് ദൈവം ദീർഘകാലം അവരുടെ ദുഷ്ടത സഹിച്ചു. പക്ഷെ ദൈവകാരുണ്യം നിരസിച്ചവരുടെമേൽ ദൈവത്തിൻറെ ന്യായവിധി നിർണ്ണയിക്കപ്പെട്ട സമയത്തുതന്നെ ഉണ്ടായി.

രണ്ടാം വരവിനെ സംബന്ധിച്ചും ഇതുപോലെയുള്ള അവിശ്വാസം നില നിൽക്കും എന്ന് ക്രിസ്തു പ്രസ്താവിക്കുന്നു.

നോഹയുടെ കാലത്തെ ജനങ്ങളെപ്പോലെ “ജലപ്രളയം വന്നു, എല്ലാവരെയും നീക്കിക്കളയുവോളം അവർ അറിഞ്ഞതുമില്ല; മനുഷ്യപുത്രൻറെ വരവും അങ്ങനെതന്നെ ആകും” (മത്തായി 24:39). ദൈവികരാണെന്ന് പൊതുവെ അംഗീകരിക്കപ്പെട്ട ആളുകൾ ലൗകികരോട് ചേർന്ന് അവർ ജീവിക്കുന്നതുപോലെ ജീവിക്കുകയും വിലക്കപ്പെട്ട അഭിലാഷങ്ങളിൽ പങ്കുചേരുകയും ചെയ്യുമ്പോൾ; ലോകത്തിൻറെ ആർഭാടം സഭ അനുകരിക്കുമ്പോൾ; വിവാഹമണികൾ ഏക താളത്തിൽ ശബ്ദം മുഴക്കുമ്പോൾ; അനേക വർഷത്തെ ലൗകിക അഭിവൃദ്ധിക്കായി എല്ലാവരും

നോക്കിയിരിക്കുമ്പോൾ; സ്വർഗ്ഗത്തിൽനിന്ന് മിന്നൽപിണർപോലെ അവരുടെ ശുഭദർശനങ്ങളുടേയും മിഥ്യയായ പ്രതീക്ഷകളുടേയും അവസാനം വന്നു ഭവിക്കും.

വരാനിരുന്ന ജലപ്രളയത്തെക്കുറിച്ച് ലോകത്തിന് മുന്നറിയിപ്പ് കൊടുക്കാൻ ദൈവം തൻറെ ദാസനെ അയച്ചതുപോലെ ആസന്നഭാവിയിലെ അന്ത്യ ന്യായവിധി മനസ്സിലാക്കിക്കൊടുക്കാൻ ദൈവം തിരഞ്ഞെടുത്ത ദൂതുവാഹകരെ അയച്ചു. നോഹയുടെ സമകാലികർ നീതി പ്രസംഗകൻറെ പ്രവചനങ്ങൾ നിന്ദിച്ചു ചിരിച്ചതുപോലെ മില്ലറുടെ കാലത്തും

അനേകർ ദൈവത്തിൻറെ ആളുകളാണെന്ന് കരുതപ്പെട്ടിരുന്നവർ പോലും മുന്നറിയിപ്പിൻറെ വാക്കുകളെ അധിക്ഷേപിച്ചു.

കർത്താവിന്റെ രണ്ടാം വരവിനെക്കുറിച്ചുള്ള ഉപദേശങ്ങളും പ്രസംഗങ്ങളും സഭകൾക്ക് സ്വാഗതാർഹമല്ലാതിരുന്നത് എന്തുകൊണ്ടാണ്? കർത്താവിന്റെ വരവ് ദുഷ്ടന്മാർക്ക് കഷ്ടവും ശൂന്യതയും വരുത്തുമ്പോൾ നീതിമാന്മാർക്ക് നിറഞ്ഞ സന്തോഷവും പ്രത്യാശയും നൽകുന്നു. ഈ വലിയ സത്യം ദൈവത്തിൻറെ വിശ്വസ്തർക്ക് എക്കാലത്തും സാന്ത്വനം ആയിരുന്നു. ദൈവികർ എന്ന് പറയപ്പെടുന്നവർക്ക്,

അതിൻറെ കാരണക്കാരനെപ്പോലെ എന്തു കൊണ്ട് അത് "ഒരു ഇടർച്ചക്കല്ലും" "ഒരു തടങ്ങൽപാറയും" ആയിത്തീർന്നു? നമ്മുടെ കർത്താവുതന്നെ തൻറെ ശിഷ്യന്മാർക്കു കൊടുത്ത വാഗ്ദാനം ആണ്: "ഞാൻ പോയി നിങ്ങൾക്ക് സ്ഥലം ഒരുക്കിയാൽ... പിന്നെയും വന്ന് നിങ്ങളെ എൻറെ അടുക്കൽ ചേർത്തുകൊള്ളും" എന്നത് (യോഹ. 14:3). തൻറെ പിൻഗാമികളുടെ ഏകാന്തതയും ദുഃഖവും മുൻകൂട്ടി അറിഞ്ഞ ആർദ്രവാനായ രക്ഷകൻ, താൻ സ്വർഗ്ഗത്തിലേക്ക് പോയതുപോലെ വീണ്ടും വരുമെന്നുള്ള ഉറപ്പു കൊടുത്ത് അവരെ ആശ്വസിപ്പിക്കുവാൻ ദൂതന്മാരെ അയച്ചു.

അവൻ പോകുന്നേരം അവർ ആകാശത്തിലേക്ക് അവരെ സ്നേഹിച്ചവനെ ഉറ്റു നോക്കുമ്പോൾ ഈ വാക്കുകൾ അവരുടെ ശ്രദ്ധയെ ആകർഷിച്ചു: “ഗലീലാപുരുഷന്മാരേ, നിങ്ങൾ ആകാശത്തിലേക്ക് നോക്കിനിൽക്കുന്നത് എന്ത്? നിങ്ങളെ വിട്ട് സ്വർഗ്ഗാരോഹണം ചെയ്ത ഈ യേശുവിനെ സ്വർഗ്ഗ ത്തിലേക്ക് പോകുന്നവനായി നിങ്ങൾ കണ്ടതുപോലെതന്നെ അവൻ വീണ്ടും വരും” (അപ്പൊ. 1:11). ദൂതന്മാരുടെ ഈ സന്ദേശം അവരുടെ പ്രത്യാശയെ വീണ്ടും ഉണർത്തി ശിഷ്യന്മാർ മഹാസന്തോഷത്തോടെ യെരൂശലേമിലേക്ക് മടങ്ങിച്ചെന്ന് എല്ലായ്പ്പോഴും ദൈവാലയത്തിൽ

ഇരുന്ന് ദൈവത്തെ വാഴ്ത്തിപ്പോന്നു (ലൂക്കോസ് 24:52, 53), ലോകത്തിൻറെ കഷ്ടങ്ങളും പരീക്ഷകളും അവർ അനുഭവിക്കുവാൻ യേശു തങ്ങളെ വിട്ടുപോയതുകൊണ്ടല്ല അവർ സന്തോഷിച്ചത്. എന്നാൽ യേശു വീണ്ടും വരും എന്നുള്ള ദൂതന്മാരുടെ ഉറപ്പുകാരണമാണ്.

കർത്താവിന്റെ വരവിൻറെ വിളംബരം, ബേത്ലേഹെമിലെ ആട്ടിടയന്മാരോട് എന്നപോലെ, മഹാസന്തോഷത്തിൻറെ സദ്വർത്തമാനം ഇപ്പോൾ ആയിരിക്കേണ്ടതാണ്. തങ്ങളുടെ നിത്യജീവൻറെ പ്രത്യാശ കേന്ദ്രീകരിച്ചിരിക്കുന്ന വൻറെ “വീണ്ടും” എന്നുള്ള വചനാധിഷ്ഠിതമായ

പ്രഖ്യാപനം സന്തോഷത്തോടെ വിളിച്ചു പറയാതിരിക്കാൻ രക്ഷകനെ വാസ്തവമായി സ്നേഹിക്കുന്നവർക്ക് കഴികയില്ല. ആദ്യത്തെ വരവിൽ എന്നപോലെ അപമാനിക്കപ്പെടാനും നിന്ദിക്കപ്പെടാനും പരിത്യജിക്കപ്പെടാനും അല്ല, അധികാരത്തോടും മഹത്വത്തോടും കൂടെ തൻറെ ജനത്തെ വീണ്ടെടുക്കാൻ വരും. രക്ഷകൻ ദൂരെ തന്നെ ഇരിക്കട്ടെ എന്ന് ആഗ്രഹിക്കുന്നവർ അവനെ സ്നേഹിക്കാത്തവർക്ക് ദിവ്യദൂതിനോടുള്ള വെറുപ്പും കോപവും സഭ ദൈവത്തിൽനിന്നും അകന്നു പോയി എന്നതിൻറെ വ്യക്തമായ തെളിവാണ്.

പുനരാഗമന ഉപദേശം സ്വീകരിച്ചവർ ദൈവമുമ്പാകെ പശ്ചാത്താപത്തിൻറെയും താഴ്ചയുടേയും ആവശ്യബോധത്താൽ ഉണർത്തപ്പെട്ടു. ലോകത്തിനും ക്രിസ്തുവിനും ഇടയ്ക്ക് ദീർഘനാളുകളായി തങ്ങിയിരുന്ന അനേകർക്കും ഒരു തീരുമാനം എടുക്കേണ്ട സമയം ആയി എന്ന് തോന്നി. "നിത്യതയുടെ കാര്യങ്ങൾ അവർക്ക് പഴക്കമില്ലാത്ത യഥാർത്ഥ്യം ആണെന്ന് മന സ്സിലായി. സ്വർഗ്ഗരാജ്യം സമീപമായിരിക്കെ ദൈവമുമ്പാകെ തങ്ങൾ കുറ്റക്കാരായും തോന്നി'-- Bliss, page 1:46. ക്രിസ്ത്യാനികൾ പുതിയ ആത്മീക ജീവിതത്തിനായി ഉണർത്തപ്പെട്ടു. സമയം

കുറവാണെന്നും സമസൃഷ്ടങ്ങളോട്
ചെയ്യാനുള്ളത് വേഗത്തിൽ
ചെയ്യണമെന്നും അവർക്ക് തോന്നി. ഭൂമി
പിൻവാങ്ങി; നിത്യത അവരുടെ
മുൻപിൽ തുറക്കപ്പെട്ടു. ആത്മാവ്
അനശ്വരമായ സുഖത്താ ദുഃഖത്തെയൊ
സംബന്ധിക്കുന്ന എല്ലാമായി
താൽക്കാലിക വസ്തുക്കളെ എല്ലാം
ഗ്രസിക്കുന്നതായി തോന്നി.
ദൈവത്തിൻറെ ആത്മാവ്
അവരുടെമേൽ വസിച്ചു, അവരുടെ
സഹോദരന്മാരും പാപികളും
ദൈവത്തിൻറെ ദിവസത്തിന്നായി
ഒരുങ്ങുന്നതിനുവേണ്ടി ഉറച്ച മനസ്സോടെ
അപേക്ഷിക്കാനുള്ള ശക്തി കൊടുത്തു.
അവരുടെ ദിവസേനയുള്ള
ജീവിതത്തിൻറെ നിശ്ശബ്ദസാക്ഷ്യം

നാമധേയമായവരും
സമർപ്പണമില്ലാത്തവരും ആയ
സഭാംഗങ്ങൾക്ക് ഒരു സ്ഥിരമായ
ശാസന ആയിരുന്നു.
സുഖാന്വേഷണത്തിനും
ധനസമ്പാദനത്തിനുള്ള
സമർപ്പണത്തിനും
ലോകമാനത്തിനായുള്ള
അതിമോഹത്തിനും ഭംഗം വരുത്തുവാൻ
ഇവർ ആഗ്രഹിച്ചില്ല. അതുകൊണ്ട്
പുനരാഗമന വിശ്വാസത്തിനും അത്
പ്രസംഗിച്ചവർക്കും എതിരായി
ശത്രുത്വവും എതിർപ്പും ഉളവാക്കി.

പ്രവചനകാലങ്ങളെക്കുറിച്ചുള്ള
വാദമുഖങ്ങൾ പിടിച്ചടക്കാൻ അസാദ്ധ്യം
എന്ന് കണ്ടപ്പോൾ എതിരാളികൾ,

പ്രവചനങ്ങൾ മുദ്രയിടപ്പെട്ടവയാണ്
എന്ന് പറഞ്ഞ് ഈ
വിഷയത്തെക്കുറിച്ചുള്ള അന്വേഷണം
നിരുത്സാഹപ്പെടുത്താൻ യത്നിച്ചു.
അങ്ങനെ പ്രൊട്ടസ്റ്റൻറുകാർ റോമൻ
കത്തോലിക്കരുടെ ചുവടുകൾ
പിൻതുടർന്നു. പാപ്പാത്വസഭ
ജനങ്ങളിൽനിന്ന് ബൈബിൾ
തടഞ്ഞുവെച്ചപ്പോൾ പ്രൊട്ടസ്റ്റൻറ്
സഭകൾ, വിശുദ്ധവചനത്തിൻറെ
ഒരുഭാഗം പ്രത്യേകിച്ച് നമ്മുടെ
കാലത്തിന് ബാധകമായ സത്യങ്ങളെ
കാണിക്കുന്ന ഭാഗം മനസ്സിലാക്കാൻ
സാധ്യമല്ലെന്ന് പറഞ്ഞു.

ശുശ്രൂഷകന്മാരും ജനങ്ങളും
ദാനീയേലിലേയും വെളിപ്പാടിലേയും

പ്രവചനങ്ങൾ ഗ്രഹിക്കാൻ കഴിയാത്ത നിഗൂഢതകൾ ആണെന്ന് പ്രഖ്യാപിച്ചു. എന്നാൽ ക്രിസ്തു, തങ്ങളുടെ കാലത്ത് നടക്കുന്ന സംഭവങ്ങളെ ബാധിക്കുന്ന ദാനീയേൽ പ്രവചനങ്ങളിലേക്ക് ശിഷ്യന്മാരുടെ ശ്രദ്ധയെ തിരിച്ചുകൊണ്ട് പറഞ്ഞു: "വായിക്കുന്നവൻ മനസ്സിലാക്കട്ടെ" (മത്തായി 24:15).

വെളിപ്പാട് ഒരു രഹസ്യമാണെന്നും മനസ്സിലാക്കേണ്ടതല്ലെന്നും ഉള്ള ദൃഢപ്രസ്താവന, ആ പുസ്തകത്തിൻറെ തലക്കെട്ടുനതന്നെ നിഷേധിക്കുന്നു. "യേശു ക്രിസ്തുവിൻറെ വെളിപ്പാട് - വേഗത്തിൽ സംഭവിപ്പാനുള്ളത് തൻറെ ദാസന്മാരെ കാണിക്കേണ്ടതിന് ദൈവം അത് അവന്നു കൊടുത്തു.... ഈ

പ്രവചനത്തിൻറെ വാക്കുകളെ വായിച്ചു കേൾപ്പിക്കുന്നവനും കേൾക്കുന്നവരും അതിൽ എഴുതിയിരിക്കുന്നത് പ്രമാണിക്കുന്നവരും ഭാഗ്യവാന്മാർ; സമയം അടുത്തിരിക്കുന്നു" (വെളി. 1:1-3).

ഇവിടെ പ്രവാചകൻ പറയുന്നു: "വായിക്കുന്നവൻ ഭാഗ്യവാൻ". ഇത് വായിക്കാത്തവരുണ്ട്. അനുഗ്രഹം അവർക്കുള്ളതല്ല. "കൂടാതെ കേൾക്കുന്ന വരും'- പ്രവചന സംബന്ധമായതൊന്നും കേൾക്കണ്ടാ എന്നു പറയുന്ന ഒരു കൂട്ടരും കൂടെ ഉണ്ട്. അനുഗ്രഹം ഈ കൂട്ടർക്കുള്ളതല്ല. "അതിൽ എഴുതിയിരിക്കുന്നത് പ്രമാണിക്കുന്നവരും" - വെളിപ്പാടു

പുസ്തകത്തിൽ പറഞ്ഞിരിക്കുന്ന ഉപദേശങ്ങളും മുന്നറിയിപ്പുകളും വകവെയ്ക്കാത്തവർ അനേകർ ഉണ്ട്. വാഗ്ദത്തം ചെയ്യപ്പെട്ട അനുഗ്രഹങ്ങൾ അവകാശപ്പെടാൻ ഇവർക്ക് ആർക്കും സാധ്യമല്ല. പ്രവചന വിഷയങ്ങളെ കളിയാക്കുന്നവരും, ഇവിടെ തന്നിരിക്കുന്ന ദിവ്യമായ അടയാളങ്ങളെ പരിഹസിക്കുന്നവരും മനുഷ്യപുത്രൻറെ വരവിനായി ഒരുങ്ങേണ്ടതിന് തങ്ങളുടെ ജീവിതത്തെ പുനക്രമീകരണം ചെയ്യുന്നത് നിരാകരിക്കുന്നവരും ആരും അനുഗ്രഹിക്കപ്പെടുകയില്ല.

ദിവ്യജ്ഞാനത്താൽ സാക്ഷ്യങ്ങളുടെ കാഴ്ചപ്പാടിൽ, വെളിപ്പാട് രഹസ്യമാണെന്നും മാനുഷിക ബുദ്ധിക്ക്

അതീതമാണെന്നും പഠിപ്പിക്കാൻ മനുഷ്യർ എങ്ങനെ ധൈര്യപ്പെടും? അത് ഒരു വെളിപ്പെടുത്തപ്പെട്ട രഹസ്യമാണ്; ഒരു തുറന്ന പുസ്തകമാണ്. വെളിപ്പാടിൻ്റെ പഠനം മനസ്സിനെ ദാനീയേൽ പ്രവചനങ്ങളിലേക്ക് നയിക്കുന്നു. ലോകചരിത്രത്തിൻ്റെ അന്ത്യത്തിൽ നടക്കാനിരിക്കുന്ന സംഭവങ്ങളെപ്പറ്റി ദൈവം മനുഷ്യർക്ക് കൊടുത്ത് അതിപ് ധാനമായ ഉപദേശങ്ങളെ ഈ രണ്ട് പുസ്തകങ്ങളും സമ്മാനിക്കുന്നു.

സഭയുടെ അനുഭവത്തിൽ ആഴത്തിലുള്ളതും രോമാഞ്ചം കൊള്ളിക്കുന്നതുമായ രംഗങ്ങൾ യോഹന്നാന് തുറക്കപ്പെട്ടു.

ദൈവജനത്തിൻറെ സ്ഥിതിയും
അപകടങ്ങളും സംഘട്ടനങ്ങളും
അവസാന വിമോചനവും അദ്ദേഹം
കണ്ടു. ഭൂമിയിലെ വിളവ്
പാകമാകുന്നതിന് അന്ത്യദൂതുകൾ
അദ്ദേഹം രേഖപ്പെടുത്തി. ഒന്നുകിൽ
സ്വർഗ്ഗീയ കളപ്പുരയിലെ കറ്റകൾ
ആയി, അല്ലെങ്കിൽ നാശത്തിൻറെ
തീക്കുള്ള വിറകുകെട്ടുകളായുള്ള കൊയ്ത്ത്
നടക്കും. അത്യന്തം പ്രാധാന്യമുള്ള
വിഷയങ്ങൾ അദ്ദേഹത്തിന് വെളിപ്പെട്ടു.
അവസാന സഭയെക്കുറിച്ച് പ്രത്യേകിച്ചും;
തെറ്റിൽനിന്ന് സത്യത്തിലേക്ക് വരു
ന്നവരെ വരാനിരിക്കുന്ന
പ്രാണഹാനിയെക്കുറിച്ചും
സംഘട്ടനങ്ങളെക്കുറിച്ചും
ഉപദേശിക്കേണ്ടതിന്നും

വെളിപ്പെടുത്തപ്പെട്ടു. ഭൂമിക്ക് എന്തു ഭവിക്കും എന്നതിനെപ്പറ്റി ആരും അജ്ഞർ ആയിരിക്കേണ്ട ആവശ്യമില്ല.

അപ്പോൾ വേദപുസ്തകത്തിൻറെ പ്രധാന ഭാഗത്തെക്കുറിച്ച് വ്യാപകമായ അജ്ഞത എന്തിന്? അതിൻറെ പഠിപ്പിക്കലിൽ സൂക്ഷ്മ പരിശോധനയ്ക്കുള്ള പൊതുവായ വൈമനസ്യം എന്തിന്? അവൻറെ ചതിവുകളെ തുറന്നു കാട്ടാതെ മനുഷ്യരിൽനിന്ന് മറച്ചുവെയ്ക്കാനുള്ള അന്ധകാരപ്രഭുവിൻറെ ശ്രമം ആണത്. ഈ കാരണത്താൽ വെളിപ്പാടുകാരനായ ക്രിസ്തു, വെളിപ്പാട് പഠിക്കുന്നതിന് എതിരെയുള്ള യുദ്ധം മുന്നേ കണ്ടുകൊണ്ട്, അത് വായിക്കുകയും കേൾക്കുകയും പ്രവചനങ്ങൾ

പാലിക്കുകയും ചെയ്യുന്ന
എല്ലാവർക്കുമായി. ഒരു അനുഗ്രഹം
ഉച്ചരിച്ചു.

# അദ്ധ്യായം 19—അന്ധകാരത്തിലൂടെ വെളിച്ചം

കാലാകാലങ്ങളായി ഭൂമിയിൽ നടക്കുന്ന ദൈവവേല ഓരോ വലിയ നവീകരണത്തിലും, അഥവാ, ഓരോ മതപരമായ ചലനത്തിലും ശ്രദ്ധേയമായ സാമ്യത്തെ കാണിക്കുന്നു. മനുഷ്യരോടുള്ള ദൈവത്തിൻറെ ഇടപെടലുകളുടെ തത്വം എക്കാലവും ഒന്നുതന്നെയാണ്. ഇന്നത്തെ പ്രധാന പ്രസ്ഥാ നങ്ങൾക്ക് അവയുടെ സാദൃശ്യം മുൻകാലങ്ങളിൽ ഉണ്ട്. കൂടാതെ ആദ്യ കാല സഭയുടെ അനുഭവം നമ്മുടെ കാലത്തേയ്ക്ക് ആവശ്യമായ വിലയേറിയ പാഠങ്ങൾ തരുന്നു.

ദൈവം തൻറെ പരിശുദ്ധാത്മാവിനാൽ രക്ഷയുടെ വേലയുമായി മുമ്പോട്ട് പോകുന്ന തൻറെ ദാസന്മാരെ അതിശയകരമായി നയിക്കുന്നു എന്ന സത്യത്തേക്കാൾ സ്പഷ്ടമായ ഒരു പഠിപ്പിക്കൽ ബൈബിളിൽ ഇല്ല. തൻറെ കൃപയുടേയും കരുണയുടേയും ഉദ്ദേശത്തെ നിറവേറ്റുന്നതിനായി ദൈവകരങ്ങളിൽ ഉപയോഗിക്കപ്പെടുന്ന ഉപകരണങ്ങളാണ് മനുഷ്യർ. ഓരോരുത്തനും അവനവൻറെ ഭാഗം നിറവേറ്റാനുണ്ട്. അവനവൻറെ കാലത്ത് ആവശ്യങ്ങൾക്ക് ചേർന്നതും, ചെയ്യാനായി ദൈവം കൊടുത്തതുമായ വേല ചെയ്യുന്നതിന് അവനെ സജ്ജമാക്കാനും ആവശ്യമായ വെളിച്ചം ഓരോരുത്തർക്കും

അതാതുസമയങ്ങളിൽ നൽകിയിരിക്കുന്നു. എന്നാൽ ആരുംതന്നെ, സ്വർഗ്ഗത്താൽ മാനിക്കപ്പെട്ടവൻ ആണെങ്കിൽ പോലും, മഹത്തായ രക്ഷാപദ്ധതിയുടെ മുഴുവൻ അറിവും നേടുകയോ അവൻറെ കാലത്ത് വേല ദിവ്യമായ ഉദ്ദേശത്ത പൂർണ്ണമായി അഭിനന്ദിക്കുകയോ ചെയ്തിട്ടില്ല. അവർക്ക് ചെയ്യാൻ ദൈവം കൊടുത്ത വേലയിൽ ദൈവം എന്ത് നേടിയേനേം എന്ന് മനുഷ്യർ മനസ്സി ലാക്കുന്നില്ല. ദൈവത്തിൻറെ നാമത്തിൽ അവർ ഘോഷിക്കുന്ന ദൂത്, അതിൻറെ എല്ലാ ഭാവത്തിലും അവർ ഉൾക്കൊള്ളുന്നില്ല.

“ദൈവത്തെ നിനക്ക് അന്വേഷണത്താൽ കണ്ടെത്താൻ

സാധിക്കുമോ? സർവ്വശക്തന്റെ സമ്പൂർത്തി നിനക്ക് മനസ്സിലാകുമൊ?” ” എൻറെ വിചാരങ്ങൾ നിങ്ങളുടെ വിചാരങ്ങൾ അല്ല; നിങ്ങളുടെ വഴികൾ എൻറെ വഴികളുമല്ല എന്ന് യഹോവ അരുളിച്ചെയ്യുന്നു. ആകാശം ഭൂമിക്കുമീതെ ഉയർന്നിരിക്കുന്നതു പോലെ എൻറെ വഴികൾ നിങ്ങളുടെ വഴികളിലും എൻറെ വിചാരങ്ങൾ നിങ്ങളുടെ വിചാരങ്ങളിലും ഉയർന്നിരിക്കുന്നു”. “ഞാൻ തന്നെ ദൈവം, എന്നെപ്പോലെ ഒരുത്തനും ഇല്ല. ആരംഭത്തിൽ തന്നെ അവസാനവും പൂർവ്വകാല ത്തുതന്നെ മേലാൽ സംഭവിപ്പിനുള്ളതും ഞാൻ പ്രസ്താവിക്കുന്നു” (ഇയ്യോ. 11:7; യെശയ്യാ . 55:8,9; 46:9,10).

ആത്മാവിൻറെ പ്രത്യേക
പ്രകാശനത്താൽ നയിക്കപ്പെട്ട
പ്രവാചകന്മാർപോലും അവരിൽ
അർപ്പിക്കപ്പെട്ട വെളിപ്പാടുകളുടെ
പ്രാധാന്യത്ത പൂർണ്ണമായി
ഉൾക്കൊണ്ടില്ല.
ദൈവജനത്തിനുവേണ്ടി അതിൽ
അടങ്ങിയിരുന്ന നിർദ്ദേശങ്ങളുടെ
അർത്ഥം അവരുടെ ആവശ്യം
അനുസരിച്ച് കാലാകാലങ്ങളിൽ
വെളിവാക്കപ്പെടണമായിരുന്നു.

സുവിശേഷത്തിൽ വെളിപ്പെട്ടിരിക്കുന്ന
രക്ഷയുടെ സന്ദേശത്തെക്കുറിച്ച്
പത്രൊസ് ഇപ്രകാരം പറയുന്നു:
“നിങ്ങൾക്ക് വരുവാനിരിക്കുന്ന
കൃപയെക്കുറിച്ച് പ്രവചിച്ച പ്രവാചകന്മാർ

ഈ രക്ഷയെ ആരാഞ്ഞു അന്വേഷിച്ചിരുന്നു. അവരിലുള്ള ക്രിസ്തുവിൻറെ ആത്മാവ് ക്രിസ്തുവിനു വരേണ്ടിയ കഷ്ടങ്ങളെയും പിൻവരുന്ന മഹിമയെയും മുൻകൂട്ടി സാക്ഷീകരിച്ചപ്പോൾ സൂചിപ്പിച്ച സമയം ഏതോ എങ്ങനെ ഉള്ളതോ എന്ന് പ്രവാചകന്മാർ ആരാഞ്ഞുനോക്കി. തങ്ങൾക്കായിട്ടല്ല നിങ്ങൾക്കായിട്ടത്രേ തങ്ങൾ ആ ശുശ്രൂഷ ചെയ്യുന്നു എന്ന് അവർക്ക് വെളിപ്പെട്ടു" (1 പത്രൊ. 1:10-12).

തങ്ങൾക്ക് വെളിവാക്കപ്പെട്ട കാര്യങ്ങളുടെ മുഴുവൻ അറിവും പ്രവാചകന്മാർക്ക് ലഭിക്കാതിരുന്നിട്ടും ദൈവം പ്രദർശിപ്പിക്കാൻ

അന്വേഷിച്ചവയുടെ മുഴുവൻ പ്രകാശവും കരസ്ഥമാക്കാൻ ആത്മാർത്ഥമായി ആരാഞ്ഞു. അവരിൽ ഉള്ള ക്രിസ്തുവിൻറെ ആത്മാവ് സൂചിപ്പിച്ച സമയം ഏതോ എങ്ങനെയുള്ളതോ എന്ന് അവർ ആരാഞ്ഞു നോക്കി. ദൈവദാസന്മാർക്ക് നൽകപ്പെട്ട ഈ പ്രവചനങ്ങളുടെ പ്രയോജനം കിട്ടിയ ക്രിസ്തീയ യുഗത്തിലെ ദൈവജനത്തിന് എത്രയോ വലിയ പാഠമാണിത്. "തങ്ങൾക്കായിട്ടല്ല, നിങ്ങൾക്കായിട്ടത്രേ തങ്ങൾ ആ ശുശ്രൂഷ ചെയ്യുന്നു എന്ന് അവർക്ക് വെളിപ്പെട്ടു'. "അതുവരെ ജനിക്കാത്ത തലമുറകൾക്കുവേണ്ടി പ്രവാചകന്മാർക്ക് നൽകപ്പെട്ട വെളിപ്പാടുകളെ സംബന്ധിച്ച്

ശ്രുഷ്കാന്തിയോടെ ആരായുമ്പോൾ
ദൈവത്തിൻറെ വിശുദ്ധജനം
സാക്ഷികളാകുന്നു. പിൽക്കാലത്ത്
ദൈവാനുഗ്രഹം പ്രാപിച്ചവർ
സ്വർഗ്ഗത്തിന്റെ ഈ ദാനത്തെ
കൈകാര്യം ചെയ്യുന്ന അശ്രദ്ധവും
താല്പര്യമില്ലായ്മയുമായി
പ്രവാചകന്മാരുടെ
വിശുദ്ധതീക്ഷ്ണതയുമായി
താരതമ്യപ്പെടുത്തുക. സുഖസ്നേഹികളും
ലോകസ്നേഹികളുമായവരുടെ
അനാസ്ഥയും പ്രവചനങ്ങൾ
മനസ്സിലാക്കാൻ സാധിക്കാത്തവ
ആണെന്നുള്ള പ്രഖ്യാപനത്തിലെ
സംതൃപ്തിയും എത്ര ശാസനാകരമാണ്!

അനന്തമായവൻറെ ഉപദേശങ്ങളിലേക്ക് കടക്കാൻ പരിമിതികൾ ഉള്ള മനുഷ്യമനസ്സുകൾ അപര്യാപ്തമാണെങ്കിലും, അഥവാ ദൈവോദ്ദേശ്യങ്ങളുടെ നടത്തിപ്പുകളെ പൂർണ്ണമായി മനസ്സിലാക്കാൻ കഴിയുകയില്ലായെങ്കിലും, പലപ്പോഴും സ്വന്തം ഭാഗത്തുണ്ടാകാറുള്ള ചില തെറ്റൊ, അവഗണനയൊകൊണ്ടാണ് സ്വർഗ്ഗീയ ദൂത് വളരെ അവ്യക്തമായി ഉൾക്കൊള്ളുന്നത്. കൂടെക്കൂടെ ജനങ്ങളുടെ മനസ്സും, ദൈവദാസന്മാരുടെ മനസ്സുപോലും മാനുഷിക അഭിപ്രായങ്ങളാൽ അന്ധമായിപ്പോകുന്നു. മനുഷ്യരുടെ പാരമ്പര്യവും തെറ്റായ പഠിപ്പിക്കലുകളുംമൂലം തിരുവചനത്തിൽ

ദൈവം വെളിപ്പെടുത്തിയിട്ടുള്ള വൻകാര്യങ്ങൾ ഭാഗികമായി മാത്രമേ ഗ്രഹിക്കാൻ കഴിയുന്നുള്ളൂ. രക്ഷകൻ വ്യക്തിപരമായി കൂടെ ഉണ്ടായിരുന്നപ്പോൾ പോലും അവൻറെ ശിഷ്യന്മാരും അപ്രകാരമായിരുന്നു. ലോകസാമ്രാജ്യത്തിൻറെ സിംഹാസനത്തിലേക്ക് യിസ്രായേലിനെ ഉയർത്തുന്ന തൽക്കാല പ്രഭു ആണ് മശീഹ എന്നുള്ള ജനപ്രീതി ആർജ്ജിച്ച ധാരണ അവരുടെ മനസ്സുകളെ നിറം പിടിപ്പിച്ചിരുന്നു. കൂടാതെ, ക്രിസ്തുവിൻറെ കഷ്ടപ്പാടുകളെയും മരണത്തേയും പറ്റി മുൻകൂട്ടിപ്പറഞ്ഞ അവൻറെ വാക്കുകളുടെ അർത്ഥം അവർക്ക് മനസ്സിലാക്കാൻ കഴിഞ്ഞില്ല.

“കാലം തികഞ്ഞു, ദൈവരാജ്യം സമീപിച്ചിരിക്കുന്നു; മാനസാന്തരപ്പെട്ട് സുവിശേഷത്തിൽ വിശ്വസിപ്പിൻ” എന്ന ദൂതുമായി ക്രിസ്തുതന്നെ അവരെ അയച്ചിരുന്നു (മർക്കൊ. 1:15). ആ ദൂത് ദാനീയേൽ ഒൻപതാം അദ്ധ്യായത്തെ അടിസ്ഥാനമാക്കിയുള്ളതായിരുന്നു. ദൂതൻ പ്രഖ്യാപിച്ച അറുപത്തി ഒൻപത് ആഴ്ചവട്ടം മശീഹാ എന്ന പ്രഭു” വരെ എത്തുന്നതുകൊണ്ട് ഉന്നതമായ പ്രത്യാശയോടും സന്തോഷം നിറഞ്ഞ പ്രതീക്ഷകളോടുംകൂടെ മശീഹായുടെ രാജ്യം യെരുശലേമിൽ സ്ഥാപിച്ച് മുഴുലോകവും ഭരിക്കുന്നത് ശിഷ്യന്മാർ നോക്കി ഇരുന്നു.

അവർതന്നെ അതിൻറെ അർത്ഥം പൂർണ്ണമായി ഗ്രഹിച്ചില്ലായെങ്കിലും, ക്രിസ്തു ഏല്പിച്ച ദൂത് അവർ പ്രസംഗിച്ചു. അവരുടെ പ്രഖ്യാപനത്തിൻറെ അടിസ്ഥാനം ദാനീയേൽ 9:25-ൽ ഉള്ളപ്പോൾ അതേ അദ്ധ്യായത്തിൻറെ അടുത്ത വാക്യത്തിൽ മശീഹാ കൊലപ്പെട്ടും എന്നുള്ള വാക്യം അവർ കണ്ടില്ല. അവരുടെ ജനനം മുതൽ ഹൃദയങ്ങളിൽ ഉദിച്ച ഒരു ഭൗമിക സാമ്രാജ്യത്തിൻറെ മഹത്വം പ്രവചനത്തിൻറെ സുവ്യക്ത നിർദ്ദേശങ്ങളും ക്രിസ്തുവിൻറെ വാക്കുകളും ഗ്രഹിക്കാൻ കഴിയാതെ അവരെ എല്ലാവരേയും ഒരു പോലെ അന്ധരാക്കി.

കരുണയുടെ വിളി യെഹൂദരാഷ്ട്രത്തിന് കൊടുക്കുക എന്ന കടമ അവർ നിവർത്തിച്ചു. എന്നിട്ട് അവരുടെ കർത്താവ് ദാവീദിൻറെ സിംഹാസനത്തിൽ ആരോഹണം ചെയ്യുന്നത് പ്രതീക്ഷിച്ചിരിക്കുമ്പോൾത്തന്നെ അവനെ ഒരു കുറ്റവാളിയെപ്പോലെ പിടിക്കുന്നതും ചമ്മട്ടികൊണ്ട് അടിക്കുന്നതും നിന്ദിക്കുന്നതും ശിക്ഷിക്കുന്നതും കാൽവറി ക്രൂശിൽ ഉയർത്തുന്നതും അവർ കണ്ടു. അവരുടെ കർത്താവ് ശവകുടീരത്തിൽ ഉറങ്ങിക്കിടന്നിരുന്ന ദിവസങ്ങളിൽ എത്ര നിരാശയും തീവ്രമായ മനോവേദനയും ആ ശിഷ്യന്മാരുടെ ഹൃദയങ്ങളെ ഞെരുക്കിയിട്ടുണ്ടാവും. ‘

ക്രിസ്തു കൃത്യമായ സമയത്തും പ്രവചനം മുൻകൂട്ടി പറഞ്ഞിരുന്നതനുസരിച്ചും ആണ് വന്നത്. തൻറെ ശുശ്രൂഷയുടെ ഓരോ മേഖലയിലും തിരുവചനസാക്ഷ്യം നിവർത്തിക്കപ്പെട്ടു. അവൻ രക്ഷയുടെ ദൂത് പ്രസംഗിക്കുകയും അവൻറെ വചനങ്ങൾ അധികാരത്തോടെയുള്ളതും ആയിരുന്നു. അവൻറെ കേൾവിക്കാരുടെ ഹൃദയങ്ങൾ അത് സ്വർഗ്ഗത്തിന്റേതാണെന്ന് സാക്ഷ്യപ്പെടുത്തി. ദൈവപുത്രൻറെ ദിവ്യദൗത്യത്തെ വചനവും ദൈവാത്മാവും സാക്ഷ്യപ്പെടുത്തി.

എന്നിട്ടും ശിഷ്യന്മാർ ശാശ്വത സ്നേഹത്തോടെ തങ്ങളുടെ പ്രിയ കർത്താവിനെ ആശ്ലേഷിച്ചു. എങ്കിലും അവരുടെ ഹൃദയം അനിശ്ചിതത്വം കൊണ്ടും സംശയംകൊണ്ടും മൂടിയിരുന്നു. തീവ്രമായ മനോവേദനയിൽ, കർത്താവിന്റെ കഷ്ടപ്പാടിനെയും മരണത്തെയുംപറ്റി കർത്താവ് മുൻകൂട്ടി പറഞ്ഞ വാക്കുകൾ അവർ ഓർത്തില്ല. നസറായനായ യേശു യഥാർത്ഥ മശീഹാ ആയിരുന്നെങ്കിൽ അവർ അങ്ങനെ ദുഃഖത്തിലും നിരാശയിലും അകപ്പെടേ ണ്ടതുണ്ടായിരുന്നോ? കർത്താവിന്റെ മരണത്തിൻറെയും ഉയിർപ്പിന്റെയും ഇടയ്ക്കുവന്ന നിരാശാപൂർണ്ണമായ ശബ്ദത്തിൻറെ മണിക്കൂറുകളിൽ രക്ഷകൻ

കല്ലറയിലായിരുന്നപ്പോൾ, അവരുടെ മനസ്സുകളെ അത്യന്തം പീഡിപ്പിച്ച ചോദ്യം ഇതായിരുന്നു.

അത് ദുഃഖത്തിൻറെ രാത്രി ആയിരുന്നുവെങ്കിലും അവരാരും പാടെ ഉപേക്ഷിക്കപ്പെട്ടിരുന്നില്ല. പ്രവാചകൻ ഇപ്രകാരം പറയുന്നു: “ഞാൻ ഇരുട്ടത്ത് ഇരുന്നാലും യഹോവ എനിക്ക് വെളിച്ചമായിരിക്കുന്നു... അവൻ എന്നെ വെളിച്ചത്തിലേക്ക് കൊണ്ടുവരികയും ഞാൻ അവൻറെ നീതി കണ്ട് സന്തോഷിക്കുകയും ചെയ്യും”. “ഇരുട്ടുപോലും നിനക്ക് മറവായിരിക്കയില്ല; രാത്രി പകൽപോലെ പ്രകാശിക്കും; ഇരുട്ടും വെളിച്ചവും നിനക്ക് ഒരുപോലെ തന്നെ”.

ദൈവം പറഞ്ഞു: “നേരുള്ളവർക്ക് ഇരുട്ടിൽ വെളിച്ചം ഉദിക്കുന്നു”. “ഞാൻ കുരുടന്മാരെ അവർ അറിയാത്ത വഴികളിൽ നടത്തും; അവർ അറിയാത്ത പാതകളിൽ അവരെ സഞ്ചരിക്കുമാറാക്കും; ഞാൻ അവരുടെ മുൻപിൽ ഇരുട്ടിനെ വെളിച്ചവും ദുർഘടങ്ങളെ സമഭൂമിയും ആക്കും; ഞാൻ ഈ വചനങ്ങളെ വിട്ടുകളയാതെ നിവർത്തിക്കും” (മീഖാ. 7:8,9; സങ്കീ. 139:12; 112:4; യെശയ്യാ. 42:16).

കർത്താവിന്റെ നാമത്തിൽ ശിഷ്യന്മാർ ചെയ്ത വിളംബരം ഓരോന്നും കൃത്യമായതും അത് ചൂണ്ടിക്കാണിച്ച സംഭവങ്ങൾ അപ്പോൾ പോലും നടക്കുന്നുമുണ്ടായിരുന്നു. “കാലം

തികഞ്ഞു; ദൈവരാജ്യം സമീപിച്ചിരിക്കുന്നു" എന്നായിരുന്നു അവരുടെ ദൂത്. "കാലത്തിൻറെ അന്ത്യത്തിൽ -- ദാനീയേൽ ഒൻപതാം അദ്ധ്യായത്തിൽ പ്രതിപാദിച്ചിരിക്കുന്ന അറുപത്തി ഒൻപത് ആഴ്ച വട്ടത്തിൻറെ അന്ത്യത്തിൽ, "അഭിഷിക്തനായ പ്രഭു" - ക്രിസ്തു യോർദ്ദാനിൽ യോഹന്നാനാൽ സ്നാനമേൽക്കുകയും പരിശുദ്ധാത്മാവിനാൽ അഭിഷിക്തനാകുകയും ചെയ്തു. സമീപിച്ചിരിക്കുന്നുവെന്ന് അവർ പ്രഖ്യാപിച്ച് "ദൈവ രാജ്യം" ക്രിസ്തുവിൻറെ മരണത്തോടുകൂടെ സ്ഥാപിതമായി. വിശ്വസിക്കാൻ അവരെ പഠിപ്പിച്ചിരുന്നതുപോലെ ഈ രാജത്വം ഭൗമിക സാമ്രാജ്യം

അല്ലായിരുന്നു. അനന്തഭാവിയിൽ ഉള്ളതും അല്ലായിരുന്നു. "പിന്നെ രാജത്വവും ആധി പത്യവും ആകാശത്തിൻ കീഴെല്ലാടവും ഉള്ള രാജ്യങ്ങളുടെ മഹത്വവും അത്യ ന്നതനായവൻറെ വിശുദ്ധന്മാർക്ക് ലഭിക്കും". ആ നിത്യരാജത്വത്തിൽ "സകല ആധിപത്യങ്ങളും അവനെ സേവിച്ചനുസരിക്കും" (ദാനീ, 7:27). വേദപുസ്ത കത്തിൽ ഉപയോഗിച്ചിരുന്നതുപോലെ, കൃപയുടെയും മഹത്വത്തിൻറെയും രാജ്യത്തെ നിർദ്ദേശിക്കാനാണ് "ദൈവരാജ്യം" എന്ന പദം ഉപയോഗിച്ചിരിക്കുന്നത്. പൌലൊസ് എബ്രായർക്ക് എഴുതിയ ലേഖനത്തിൽ കൃപയുടെ രാജ്യം ശ്രദ്ധയിൽ

കൊണ്ടുവന്നിട്ടുണ്ട്. "നമ്മുടെ ബലഹീനതകളിൽ സഹതാപം കാണിപ്പാൻ കഴിയുന്ന" ക്രിസ്തു എന്ന ആർദ്രവാനായ മദ്ധ്യസ്ഥനെ ചൂണ്ടിക്കൊണ്ട് അപ്പൊസ്തലൻ പറയുന്നു: "അതുകൊണ്ട് കരുണ ലഭിപ്പാനും തത്സമയത്ത് സഹായത്തിനുള്ള കൃപ പ്രാപിപ്പാനുമായി നാം ധൈര്യത്തോടെ കൃപാസനത്തിന് അടുത്തു ചെല്ലുക" (എബ്രാ. 4:15,16). കൃപയുടെ സിംഹാസനം കൃപയുടെ രാജ്യത്തെ പ്രതിനിധീകരിക്കുന്നു. ഒരു സിംഹാസനത്തിൻറെ നിലനില്പ്പ് ഒരു രാജ്യത്തിൻറെ നിലനില്പ്പിനെ സൂചിപ്പിക്കുന്നു. മനുഷ്യഹൃദ യങ്ങളിൽ പ്രവർത്തിക്കുന്ന ദിവ്യകൃപയെപ്പറ്റിപ്പറയാൻ

“സ്വർഗ്ഗരാജ്യം” എന്ന പദപ്രയോഗം ക്രിസ്തു തൻറെ ഉപമകളിൽ ഉപയോഗിച്ചു.

അതുകൊണ്ട് മഹത്വത്തിൻറെ സിംഹാസനം മഹത്വത്തിൻറെ രാജ്യത്തെ കുറിക്കുന്നു. രക്ഷകൻറെ വാക്കുകളിൽ ഈ രാജ്യത്തെ ഇങ്ങനെ സൂചിപ്പിക്കുന്നു: “മനുഷ്യപുത്രൻ തൻറെ തേജസ്സോടെ സകല വിശുദ്ധ ദൂതന്മാരുമായി വരുമ്പോൾ അവൻ തൻറെ തേജസ്സിൻറെ സിംഹാസനത്തിൽ ഇരിക്കും. സകല ജാതികളേയും അവൻറെ മുമ്പിൽ കൂട്ടും” (മത്തായി 25:31,32). ഈ രാജ്യം ഇനിയും വരാനിരിക്കുന്നതേയുള്ളു.

കർത്താവിന്റെ രണ്ടാം വരവു വരെ ഇത് സ്ഥാപിക്കപ്പെടുകയില്ല.

മനുഷ്യവർഗ്ഗം പാപം ചെയ്തയുടൻതന്നെ കൃപയുടെ രാജ്യം സ്ഥാപിതമായി. ദൈവവാഗ്ദത്തത്തിലും ഉദ്ദേശ്യത്തിലും അത് അപ്പോൾ നിലനിന്നിരുന്നു. വിശ്വാസത്താൽ മനുഷ്യർക്ക് അതിൽ ഭാഗഭാക്കുകളാകാൻ കഴിഞ്ഞു. എങ്കിലും അത് കർത്താവിന്റെ മരണംവരെ യഥാർത്ഥത്തിൽ സ്ഥാപിതമായില്ല. ഭൗമിക ദൗത്യത്തിലേക്ക് പ്രവേശിച്ചതിനുശേഷവും മനുഷ്യരുടെ നിർബന്ധബുദ്ധിയും നന്ദികേടും നിമിത്തം ക്ഷീണിതനായി രക്ഷകൻ കാൽവറിയിലെ യാഗത്തിൽനിന്ന്

പിൻവാങ്ങിയേക്കാമായിരുന്നു.
ഗതശൈമനയിൽവെച്ച് മഹാവ്യഥയുടെ
പാനപാത്രം കയ്യിൽ ഇരുന്ന് വിറച്ചു.
നെറ്റിയിൽ ഉണ്ടായ
രക്തവിയർപ്പുകണങ്ങളെ
തുടച്ചുകളഞ്ഞശേഷം കുറ്റക്കാരായ
മനുഷ്യവർഗ്ഗത്തെ അവരുടെ
ലംഘനത്തിൽ നശിക്കാൻ
വിട്ടുകളയാമായിരുന്നു. അങ്ങനെ
ചെയ്തിരുന്നെങ്കിൽ വീഴ്ച ഭവിച്ച
മനുഷ്യവർഗ്ഗത്തിന് ഒരു വീണ്ടെടുപ്പ്
ഉണ്ടാകുമായിരുന്നില്ല. പക്ഷെ, രക്ഷകൻ
തൻറെ ജീവനെ വിട്ടുകൊടുത്തപ്പോൾ,
അവസാനത്തെ ശ്വാസത്തോടുകൂടെ
“നിവൃത്തിയായി” എന്ന് പറഞ്ഞപ്പോൾ
വീണ്ടെടുപ്പിൻ പദ്ധതിക്ക് ഉറപ്പുവന്നു.
ഏദനിലെ പാപികളായ ദമ്പതികളോട്

ചെയ്ത രക്ഷയുടെ വാഗ്ദാനം സ്ഥിരീകരിക്കപ്പെട്ടു. ദൈവത്തിൻറെ വാഗ്ദാനത്താൽ മുൻപ് നിലനിന്നിരുന്ന കൃപയുടെ രാജ്യം അപ്പോൾ സ്ഥാപിതമായി.

തങ്ങളുടെ പ്രത്യാശയുടെ അന്ത്യനാശം, ശിഷ്യന്മാർ കണ്ട് ക്രിസ്തുവിൻറെ ക്രൂശുമരണത്തോടുകൂടി എന്നേയ്ക്കുമായി വന്നുയെന്ന് അവർ വിചാരിച്ചുയെങ്കിലും അത് കൃപയുടെ രാജ്യം ഉറപ്പാക്കിക്കൊടുത്തു. അവരെ വളരെയധികം നിരാശരാക്കിയെങ്കിലും അവരുടെ വിശ്വാസം ശരിയായിരുന്നു എന്നതിൻറെ തെളിവായിരുന്നു അത്. ദുഃഖവും നിരാശയും നിറച്ച ആ സംഭവം ആദാമിൻറെ ഓരോ പിൻഗാമിക്കും

പ്രത്യാശയുടെ വാതിൽ തുറക്കുന്നതായിരുന്നു. അതിൽ ഭാവിജീവിതം കേന്ദ്രീകരിച്ചിരുന്നു. എല്ലാക്കാലങ്ങളിലേയും ദൈവത്തിൻറെ വിശ്വസ്തരായവർക്കുള്ള നിത്യ സന്തോഷവും അതായിരുന്നു.

ശിഷ്യന്മാരുടെ നൈരാശ്യത്തിലൂടെപോലും അനന്തമായ കരുണയുടെ ഉദ്ദേശ്യങ്ങൾ അതിൻറെ നിറവേറലിൽ എത്തിക്കൊണ്ടിരുന്നു. "മനുഷ്യൻ സംസാരിക്കുന്നതുപോലെ ഒരിക്കലും സംസാരിക്കാത്തവൻറെ പഠിപ്പിക്കലിൻറെ ശക്തിയാലും ദിവ്യമായ കൃപയാലും അവരുടെ ഹൃദയങ്ങളെ നേടിക്കൊ ണ്ടിരുന്നപ്പോൾ പോലും ലൗകിക ഗർവ്വിനോടും

സ്വാർത്ഥമോഹങ്ങളോടും യേശുവിനോടുള്ള സ്നേഹം ഇടകലർത്തി. പെസഹാമുറിയിൽ, ആ പാവനമായ മണിക്കൂറിൽ, അവരുടെ കർത്താവ് ഗതശെമനയുടെ നിഴലിലേക്ക് ഇറ ങ്ങിക്കഴിഞ്ഞപ്പോൾ പോലും "തങ്ങളുടെ കൂട്ടത്തിൽ ആരെ ആകുന്നു വലിയവനായി എണ്ണേണ്ടത് എന്നതിനെച്ചൊല്ലി ഒരു തർക്കവും അവരുടെ ഇടയിൽ ഉണ്ടായി" (ലൂക്കൊ. 22:24). അവരുടെ ദർശനം സിംഹാസനവും കിരീ ടവും മഹത്വവുംകൊണ്ട് നിറഞ്ഞിരുന്നപ്പോൾ അവരുടെ തൊട്ടുമുന്നിൽ കിടന്നിരുന്നത് തോട്ടത്തിലെ യാതനയും ലജ്ജയും ന്യായവിസ്താരസഭയും കാൽവറിക്കുരിശും ആയിരുന്നു.

മുൻപോട്ട് ചൂണ്ടിക്കാണിക്കപ്പെട്ട ക്രിസ്തുവിൻറെ യാതനയും മരണവും, അവൻറെ രാജ്യത്തിൻറെ യഥാർത്ഥ സ്വഭാവത്തെക്കുറിക്കുന്ന രക്ഷകൻറെ വാക്കുകളും, വകവയ്ക്കാതെ തങ്ങളുടെ കാലത്തെ തെറ്റായ പഠിപ്പിക്കലുകളെ ബലമായി മുറുകെ പിടിച്ചത് ലോകമഹത്വത്തോടുള്ള അവരുടെ ദാഹവും ഹൃദയത്തിൻറെ ഗർവ്വമൂലവും ആയിരുന്നു. മൂർച്ചയേറിയതെങ്കിലും ആവശ്യമായിരുന്ന കഷ്ടാനുഭവം അവരുടെ തിരുത്തലിന് അനുവദനീയമായിരുന്നു. ശിഷ്യന്മാർ അവരുടെ ദൂതിൻറെ അർത്ഥം തെറ്റി ദ്ധരിച്ചെങ്കിലും, അവരുടെ പ്രതീക്ഷകൾ സഫലീകരിക്കുന്നതിൽ തോൽവി അടഞ്ഞപ്പോഴും, ദൈവത്താൽ

നൽകപ്പെട്ട മുന്നറിയിപ്പ് അവർ പ്രസംഗിച്ചു. കർത്താവ് അവരുടെ വിശ്വാസത്തിന് പ്രതിഫലം കൊടുക്കുകയും അവരുടെ അനുസരണത്തെ മാനിക്കുകയും ചെയ്യും. ഉയിർത്തെഴുന്നേറ്റ കർത്താവിനെ ക്കുറിച്ചുള്ള മഹത്വകരമായ സദ്വർത്തമാനം സകല ജാതിയേയും അറിയിക്കുവാനുള്ള വേല അവരെയാണ് ഏല്പിച്ചിരുന്നത്. ഈ വേലയ്ക്കുവേണ്ടി അവരെ ഒരുക്കുന്നതിനാണ് വളരെ കയ്പേറിയത് എന്ന് തോന്നുന്ന അനുഭവങ്ങൾ അവർക്ക് അനുവദിക്കപ്പെട്ടത്.

കർത്താവിന്റെ ഉയിർപ്പിനുശേഷം, എമ്മവുസിലേക്കുള്ള വഴിയിൽവെച്ച്

തൻറെ ശിഷ്യന്മാർക്ക് യേശു പ്രത്യക്ഷനായി “മോൾ തുടങ്ങി എല്ലാ പ്രവാചകന്മാരിൽനിന്നും എല്ലാതിരുവെഴുത്തുകളിലും തന്നെക്കുറിച്ചുള്ളത് അവർക്ക് വ്യാഖ്യാനിച്ചുകൊടുത്തു” (ലൂക്കൊ. 24:27), ശിഷ്യന്മാരുടെ ഹൃദ യങ്ങൾ ഇളകി. വിശ്വാസം വർദ്ധിച്ചു. യേശു തന്നെത്താൻ അവർക്ക് വെളിപ്പെടുത്തുന്നതിനുമുമ്പ് തന്നെ ഒരു മനോഹരമായ പ്രത്യാശയിലേക്ക് അവരെ പിന്നെയും തിരിച്ചു. അധികം സ്ഥിരമായ പ്രവാചകവാക്യങ്ങളിൽ അവരുടെ വിശ്വാസം ഉറപ്പിക്കണമെന്നും അവരുടെ അറിവിനെ പ്രകാശിപ്പിക്കണമെന്നുമുള്ളത് അവൻറെ ഉദ്ദേശ്യമായിരുന്നു. സത്യം അവരുടെ

മനസ്സുകളിൽ ആഴമായി പതിയണം
എന്ന് അവൻ ആഗ്രഹിച്ചത്, തൻറെ
വ്യക്തിപരമായ സാക്ഷ്യ ങ്ങൾ
പിൻതാങ്ങുന്നതുകൊണ്ടല്ല
പിന്നെയോ മാതൃകയായ
നിയമത്തിൻറെ പ്രതീകങ്ങളും
നിഴലുകളും പഴയ നിയമ പുസ്തകങ്ങളിലെ
പ്രവചനങ്ങളും നൽകിയ തർക്കമെറ്റ
തെളിവുകൾകൊണ്ടാണ് ക്രിസ്തുവിൻറെ
അനുയായി കൾക്ക് ബുദ്ധിപൂർവ്വമായ
വിശ്വാസം ഉണ്ടായിരിക്കേണ്ടത്
അവർക്കുവേണ്ടി മാത്രമല്ല,
ക്രിസ്തുവിനെപ്പറ്റിയുള്ള അറിവ്
ലോകത്തിന് പകർന്നുകൊടുക്കു
ന്നതിനുവേണ്ടിയായിരുന്നു. ഈ
പരിജ്ഞാനം കൊടുക്കാനുള്ള ആദ്യത്ത
പടിയായി യേശു ശിഷ്യന്മാരെ

“മോശെയിലേക്കും എല്ലാ
പ്രവാചകന്മാരി ലേക്കും” നയിച്ചു.
ഉയിർത്തെഴുന്നേറ്റ രക്ഷകൻ
പഴയനിയമ തിരുവചന ങ്ങൾക്ക്
വിലയും പ്രാധാന്യവും ഇങ്ങനെയുള്ള
സാക്ഷ്യത്താൽ നല്കി.

അവരുടെ യജമാനൻറെ
സ്നേഹാർദ്രമായ മുഖത്തേക്ക് വീണ്ടും
നോക്കി യപ്പോൾ ശിഷ്യന്മാരുടെ
ഹൃദയങ്ങൾക്ക് എന്തൊരു മാറ്റം
സംഭവിച്ചു! ( ലൂക്കൊ. 24:32).
മോശെയുടെ ന്യായപ്രമാണത്തിലും
പ്രവാചക പുസ്ത കങ്ങളിലും
എഴുതപ്പെട്ടവനെ, മുൻപ്
കണ്ടിട്ടുള്ളതിനേക്കാൾ കൂടുതൽ
പൂർണ്ണനും കുറ്റമറ്റവനുമായി കണ്ടു.

അനിശ്ചിതത്വ മനോവ്യഥ, നിരാശ, എന്നിവ പരിപൂർണ്ണ ഉറപ്പിനും മങ്ങലേൽക്കാത്ത വിശ്വാസത്തിനും ഇടംകൊ ടുത്തു. കർത്താവിന്റെ സ്വർഗ്ഗാരോഹണത്തിനുശേഷം അവർ "തുടർച്ചയായി ദൈവാലയത്തിൽ ഇരുന്ന് ദൈവത്തെ പുകഴ്ത്തിപ്പോന്നു" എന്നുള്ളത് എത അതിശയകരമാണ്! രക്ഷകൻറെ ലജ്ജാകരമായ ക്രൂശീകരണം മാത്രം അറി ഞ്ഞവർ ദുഃഖത്തിൻറെയും മനോവിഭ്രമത്തിൻറെയും തോൽവിയുടേയും വികാരങ്ങൾ കാണുന്നതിന് അവരുടെ മുഖത്തേക്ക് നോക്കിയെങ്കിലും അവർ കണ്ടത് വിജയഭേരിയും സന്തോഷവുമാണ്. ഈ ശിഷ്യന്മാർക്ക് അവരുടെ മുന്നിലുള്ള

വേലയ്ക്ക് എന്തൊരു ഒരുക്കമാണ് ലഭിച്ചത്!. മനുഷ്യ സൃഷ്ടിക്ക് എല്ലാം നഷ്ടപ്പെട്ടു എന്ന് തോന്നുകയും അവർക്ക് അനുഭവിപ്പാൻ കഴിയുമായിരുന്ന കഠിനമായ പരീക്ഷയിൽ കൂടെ കടക്കുകയും ചെയ്തപ്പോൾ ദൈവ വചനം വിജയം കൈവരിക്കുകയായിരുന്നു. ഇനിമേലിൽ അവരുടെ വിശ്വാ സത്തെ തകർക്കുന്നതിനോ സ്നേഹത്തെ മന്ദീഭവിപ്പിക്കുവാനോ എന്തിന് സാധിക്കും? തീവ്രമായ ദുഃഖത്തിൽ അവർക്ക് ആത്മാവിൻറെ ഒരു നങ്കൂരവും നിശ്ചയവും സ്ഥിരവും ആയ പ്രത്യാശ ശക്തിയുള്ള പ്രബോധനമായി അവർക്ക് ഉണ്ടായിരുന്നു (എബ്രാ. 6:18,19). ദൈവജ്ഞാനത്തിനും ശക്തിക്കും അവർ സാക്ഷികൾ ആയിരുന്നു.

“മരണത്തിനോ, ജീവനോ, ദൂതന്മാർക്കോ, വാഴ്ചകൾക്കോ, അധികാരങ്ങൾക്കോ, ഇപ്പോഴുള്ളതിനോ, വരുവാനുള്ളതിനൊ ഉയരത്തിനോ, ആഴത്തിനോ മറ്റു യാതൊരു സൃഷ്ടിക്കോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിലുള്ള ദൈവസ്നേഹത്തിൽനിന്ന് അവരെ വേർപിരിപ്പാൻ കഴികയില്ല” അവർ പറഞ്ഞു: “ഇതിലൊക്കെയും ഞങ്ങളെ സ്നേഹിച്ചവൻ മുഖാന്തരം ഞങ്ങൾ പൂർണ്ണജയം പ്രാപിക്കുന്നു (റോമർ 8:38,39,37). “കർത്താവിന്റെ വചനമോ എന്നേക്കും നിലനില്ക്കുന്നു” (1 പത്രൊ. 1:25). കൂടാതെ “ശിക്ഷ വിധിക്കുന്നവൻ ആർ? ക്രിസ്തുയേശു മരിച്ചവൻ; മരിച്ചിട്ട്

ഉയിർത്തെഴുന്നേറ്റവൻതന്നേ; അവൻ ദൈവത്തിൻറെ വലത്തുഭാഗത്തിരിക്കയും നമുക്കുവേണ്ടി പക്ഷവാദം കഴിക്കയും ചെയ്യുന്നു" (റോമർ 8:34).

കർത്താവ് പറഞ്ഞു: "എൻറെ ജനം ഒരുനാളും ലജ്ജിച്ചുപോകയില്ല" (യോവേൽ 2:26). "സന്ധ്യയിങ്കൽ കരച്ചിൽ വന്ന് രാപാർക്കും; ഉഷസ്സിലോ ആനന്ദഘോഷം വരുന്നു" (സങ്കീ. 30:5). കർത്താവിന്റെ ഉയിർപ്പിന്റെ ദിവസം ശിഷ്യന്മാർ കർത്താവിനെ കണ്ടുമുട്ടി; അവൻറെ വാക്കുകൾ ശ്രദ്ധിച്ചുകൊണ്ടിരുന്നപ്പോൾ അവരുടെ ഹൃദയം ഉള്ളിൽ കത്തിക്കൊണ്ടിരുന്നു. തങ്ങൾക്കായി

തകർന്ന കാലുകളും കൈകളും തലയും കണ്ടപ്പോഴും; സ്വർഗ്ഗാരോഹണത്തിനുമുമ്പ് അവരെ ബഥാന്യയോളം കൂട്ടിക്കൊണ്ടുപോയി അനുഗ്രഹിക്കുന്ന കരങ്ങളെ ഉയർത്തി "കണ്ടാലും എല്ലായ്പ്പോഴും ഞാൻ നിങ്ങളോടുകൂടെയുണ്ട്" ഭൂലോകത്തിൽ ഒക്കെയും പോയി സുവിശേഷം പ്രസംഗിപ്പിൻ" എന്ന് ആവശ്യപ്പെട്ടപ്പോഴും (മർക്കൊ. 16:16, മത്തായി 28:20); പെന്തെക്കൊസ്ത ദിനത്തിൽ വാഗ്ദത്തം ചെയ്യപ്പെട്ട ആശ്വാസകൻ അവരുടെമേൽ വന്നു. ഉയരത്തിൽനിന്ന് ശക്തി അവർക്ക് ലഭിച്ചു. സ്വർഗ്ഗാരോഹണം ചെയ്ത കർത്താവിന്റെ സാന്നിദ്ധ്യത്തിൽ വിശ്വാസികളുടെ ഹൃദയങ്ങൾ

പുളകംകൊണ്ടു
കർത്താവിന്റേതുപോലെ ത്യാഗവും
രക്ത സാക്ഷിത്വവും നിറഞ്ഞ അവരുടെ
ജീവിതപാതയിൽ അവരുടെ ആദ്യകാല
ശിഷ്യത്വത്തിൻറെ പ്രത്യാശയായിരുന്ന
കർത്താവിന്റെ വരവിങ്കൽ
പ്രാപിക്കേണ്ട രീതിയിൽ
കിരീടത്തോടുകൂടിയ കൃപയുടെ ശുശ്രൂഷ
അവർ കൈമാറുമായിരുന്നുവോ? "നാം
ചോദിക്കുന്നതിലും നിനയ്ക്കുന്നതിലും
അത്യന്തം പരമായി ചെയ്യാൻ
കഴിയുന്നവൻ തൻറെ കഷ്ടപ്പാടിൻറെ
സഖ്യത്തോടുകൂടെ തൻറെ
സന്തോഷത്തിൻറെ കൂട്ടായ്മയും അവർക്ക്
അനുവദിച്ചിട്ടുണ്ട്- "അനേക പുത്രന്മാരെ
മഹത്വത്തിലേക്ക് കൊണ്ടുവരുന്ന"
സന്തോഷം, പറഞ്ഞറിയിക്കാൻ

വയ്യാത്ത സന്തോഷം;
“നൊടിനേരത്തേക്കുള്ള ലഘുവായ
നമ്മുടെ ക്ലേശം” “തേജസ്സിൻറെ
നിത്യഘനത്തോട്
താരതമ്യപ്പെടുത്തുവാൻ യോഗ്യമല്ല”
എന്ന് പൗലൊസ് പറയുന്നു..
ക്രിസ്തുവിൻറെ ആദ്യത്തെ വരവിങ്കൽ
“രാജ്യത്തിൻറെ സുവിശേഷം” അറിയിച്ച
ശിഷ്യന്മാർക്കുണ്ടായ അനുഭവം
പുനരാഗമന ദൂത് അറിയിച്ചവർക്കും
ഉണ്ടായി. “കാലം തികഞ്ഞു,
ദൈവരാജ്യം സമീപിച്ചിരിക്കുന്നു” എന്ന്
ശിഷ്യന്മാർ ഘോഷിച്ചതുപോലെ,
ബൈബിളിൽ കാണപ്പെട്ട ഏറ്റവും
ദീർഘമേറിയതും
അവസാനത്തേതുമായ പ്രവചനകാലം
തീരാറായി എന്നും ന്യായവിധി

സമീപിച്ചിരിക്കുന്നു എന്നും നിത്യരാജ്യം വാതിൽക്കൽ എത്തിയിരിക്കുന്നു എന്നും മില്ലറും തൻറെ സഹപ്രവർത്തകരും പ്രസംഗിച്ചു. സമയത്തെ സംബന്ധിച്ചുള്ള ശിഷ്യന്മാരുടെ പ്രസംഗം, ദാനീയേൽ ഒൻപതിലെ എഴുപത് ആഴ്ചവട്ടത്തെ അടിസ്ഥാനമാക്കി ഉള്ളതായിരുന്നു. എഴുപത് ആഴ്ച വട്ടം ഒരുഭാഗം മാത്രമായിരുന്നു. ദാനീയേൽ 8:14-ലെ 2300 ദിവസത്തിൻറെ അവസാനത്തെപ്പറ്റിയാണ് മില്ലറും സഹപ്രവർത്തകരും പ്രഖ്യാപിച്ചത്. ഓരോരുത്തരുടെ പ്രസംഗവും ഈ വലിയ പ്രവചന കാലഘട്ടത്തിലെ വ്യത്യസ്ഥ ഭാഗങ്ങളുടെ നിറവേറലിനെ അടിസ്ഥാനമാക്കിയായിരുന്നു.

കർത്താവിന്റെ
ശിഷ്യന്മാരെപ്പോലെതന്നെ മില്ലറും
സഹപ്രവർത്തകരും തങ്ങൾ വഹിച്ച
ദൂതിൻറെ മുഴുവൻ അർത്ഥവും
ഗ്രഹിച്ചിരുന്നില്ല. സഭയിൽ
ദീർഘകാലമായി നിലനിന്നിരുന്ന
തെറ്റുകൾമൂലം
പ്രവചനവ്യാഖ്യാനത്തിൻറെ
പ്രധാനപ്പെട്ട ഭാഗത്തിലേക്ക്
എത്തിച്ചേരുന്നതിന് അവർക്ക്
കഴിഞ്ഞില്ല. അതു കൊണ്ട്,
ലോകത്തിന് കൊടുക്കാനായി ദൈവം
അവരെ ഭരമേല്പിച്ച ദൂത് അവർ
പ്രസംഗിച്ചെങ്കിലും, അർത്ഥത്തിന്റെ
ഒരു തെറ്റിദ്ധാരണമൂലം അവർ
നിരാശപ്പെടേണ്ടിവന്നു.

“രണ്ടായിരത്തിമുന്നൂറ് സന്ധ്യയും ഉഷസ്സും തികയുവോളംതന്നെ; പിന്നെ വിശുദ്ധമന്ദിരം യഥാസ്ഥാനപ്പെടും” എന്ന ദാനീയേൽ 8:14-ന്റെ വിശദീകരണത്തിൽ, മില്ലർ, മുൻപ് പറഞ്ഞിട്ടുള്ളതുപോലെ, ഭൂമി വിശുദ്ധമന്ദിരം ആണെന്നുള്ള പൊതുവീക്ഷണം അംഗീകരിച്ചു. വിശുദ്ധമന്ദിരം യഥാസ്ഥാനപ്പെടുക എന്നത് കർത്താവിന്റെ വരവിങ്കൽ തീ കൊണ്ട് ഭൂമിയെ ശുദ്ധീകരിക്കുന്നതിനെ പ്രതിനിധീകരിക്കുന്നു എന്നും അദ്ദേഹം വിശ്വസിച്ചു. അതു കൊണ്ട് 2300 സന്ധ്യയും ഉഷസ്സിൻറെ അവസാനം തീർച്ചയായും പ്രവചിച്ചിട്ടുണ്ടെന്നും അത് രണ്ടാം വരവിൻറെ സമയത്തെ

വെളിപ്പെടുത്തുന്നു എന്നും പറഞ്ഞ് പര്യവസാനിപ്പിച്ചു. വിശുദ്ധമന്ദിരം എന്നുപറയുന്നത് എന്താണ് എന്നുള്ള പൊതുവായ കാഴ്ചപ്പാട് സ്വീകരിച്ചതിൻറെ ഫലമായിരുന്നു അദ്ദേഹത്തിൻറെ ഈ തെറ്റ്.

ക്രിസ്തുവിൻറെ യാഗവും പൗരോഹിത്യത്തിൻറെ നിഴലായ മഹാപുരോഹിതൻറെ വർഷാവസാന ശുശ്രൂഷയുമാണ് വിശുദ്ധമന്ദിര ശുദ്ധീകരണം. അത് യിസ്രായേലിൽനിന്നും പാപത്തെ നീക്കിക്കളയുന്ന പാപപരിഹാര ശുശ്രൂഷ യായിരുന്നു. സ്വർഗ്ഗീയ രേഖകളിൽ എഴുതപ്പെട്ടിരിക്കുന്ന തൻറെ ജനത്തിൻറെ പാപങ്ങളെ മായിച്ചുകളക

എന്ന സ്വർഗ്ഗത്തിലെ നമ്മുടെ
മഹാപുരോഹിതൻറെ അവസാന
വേലയുടെ ബാഹ്യരൂപമാണത്!
ആകാശമേഘങ്ങളിൽ ശക്തിയോടും
മഹാതേജസ്സോടുംകൂടെ ക്രിസ്തു
വരുന്നതിന് തൊട്ടുമുമ്പ് നടക്കുന്ന ഈ
ശുശ്രൂഷയിൽ ഒരു
സൂക്ഷ്മപരിശോധനയും ന്യായവിധിയുടെ
വേലയും ഉൾക്കൊള്ളുന്നു. അവൻ
വരുമ്പോൾ ഓരോരുത്തരുടെയും വിധി
നിർണ്ണയി ക്കപ്പെട്ടിരിക്കണം.
"ഓരോരുത്തന് അവനവൻറെ
പ്രവൃത്തിക്ക് തക്കവണ്ണം കൊടുപ്പാൻ
പ്രതിഫലം എൻറെ പക്കൽ ഉണ്ട് എന്ന്
യേശു പറയുന്നു (വെളി. 22:12).
വെളിപ്പാട് 14:7-ലെ ഒന്നാം ദൂതൻറെ
ദൂത് പ്രഖ്യാപിക്കുന്നത് രണ്ടാം വരവിന്

തൊട്ടു മുൻപുള്ള ന്യായവിധിയുടെ ഈ വേലയെപ്പറ്റിയാണ്. “ദൈവത്തെ ഭയപ്പെട്ട് അവന് മഹത്വം കൊടുപ്പിൻ, അവൻറെ ന്യായവിധിയുടെ നാഴിക വന്നിരിക്കുന്നു (വെളി. 14:7).

ഈ മുന്നറിയിപ്പ് കൊടുത്തവർ ശരിയായ ദൂത് ശരിയായ സമയത്ത് പ്രഖ്യാപിച്ചു. എന്നാൽ, “കാലം തികഞ്ഞു, സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു” എന്ന് ദാനീയേൽ, ഒൻപതാം അദ്ധ്യായം അടിസ്ഥാനമാക്കി യേശുവിൻറെ ശിഷ്യന്മാർ പ്രസംഗിച്ചപ്പോൾ, അതേ അദ്ധ്യായത്തിൽ മശീഹായുടെ മരണം പ്രവചിച്ചിരിക്കുന്നത് മനസ്സിലാക്കാൻ അവർ പരാജയപ്പെട്ടതുപോലെ മില്ലറും

സഹപ്രവർത്തകരും ദാനീയേൽ 8:14, വെളിപ്പാട്. 14:7 ഇവ ആധാരമാക്കി പ്രസംഗിച്ചപ്പോൾ വെളിപ്പാട് 14-ൽ ഇനിയും കാഴ്ചപ്പാടിലേക്ക് കൊണ്ടുവരേണ്ടതും കർത്താവിന്റെ വരവിനുമുൻപ് പ്രസംഗിക്കേണ്ടതുമായ വേറെ ദൂതുകൾ ഉണ്ടെന്ന് മനസ്സിലാക്കുന്നതിൽ പരാജയപ്പെട്ടു. എഴുപത് ആഴ്ചവട്ടത്തിൻറെ അന്ത്യത്തിൽ സ്ഥാപിതമാകേണ്ട ദൈവരാജ്യത്തെപ്പറ്റി ശിഷ്യന്മാർക്ക് തെറ്റുപറ്റിയതുപോലെ, പുനരാഗമനകാംക്ഷികൾക്കും 2300 സന്ധ്യയും ഉഷസ്സിൻറെയും അന്ത്യത്തിൽ നടക്കേണ്ട സംഭവത്തെപ്പറ്റി തെറ്റുപറ്റി. ഈ രണ്ട് സംഗതികളിലും, സത്യത്തെ കാണാതെ

മനസ്സ് കുരുടാക്കിയ, നിലവിലിരുന്ന തെറ്റുകളുടെ സ്വീകാര്യമൊ അല്ലെങ്കിൽ, അതിലേറെ അതിനോടുള്ള ഒത്തു ചേരലൊ ആണുണ്ടായത്! ഇരുകൂട്ടരും, ഘോഷിക്കണമെന്ന് ദൈവം ആഗ്രഹിച്ച ദൂത് ഘോഷിച്ച് ദൈവഹിതം നിവർത്തിക്കുകയും അവർ ഘോഷിച്ച് ദൂതിലുള്ള തെറ്റുകൾമൂലം നിരാശ അനുഭവിക്കുകയും ചെയ്തു.

എന്നിട്ടും ന്യായവിധിയെക്കുറിച്ചുള്ള മുന്നറിയിപ്പ് അത് ആയിരുന്നതു പോലെ ഘോഷിക്കുവാൻ അനുവദിച്ചുകൊണ്ട് ദൈവത്തിൻറെ സദുദ്ദേശത്തെ അവർ പൂർത്തിയാക്കി. ആ മഹാ ദിവസം സമീപിച്ചിരിക്കുന്നു; മനുഷ്യഹൃദയങ്ങളിൽ ഉള്ളത് അവർക്ക്

വെളിപ്പെടുത്തുന്നതിന് ഒരു ക്ലിപ്തമായ സമയ പരിശോധന ദൈവഹിതപ്രകാരം അവർക്ക് കൊടുത്തു. ആ ദൂത് സഭയെ പരിശോധിക്കുന്നതിനും ശുദ്ധീകരിക്കുന്നതിനുമായി ആസൂത്രണം ചെയ്തതായിരുന്നു. അവർ ലോകമോഹത്തിനുവേണ്ടിയാണോ അതോ ക്രിസ്തുവിനും സ്വർഗ്ഗത്തിനും വേണ്ടിയാണോ എന്ന് കാണുവാൻ നയിക്കപ്പെടേണ്ടിയിരുന്നു. അവർ രക്ഷകനെ സ്നേഹിക്കുന്നുയെന്ന് അവകാശപ്പെട്ടതിനാൽ ആ സ്നേഹത്തെ, ഇപ്പോൾ അവർ തെളിയിക്കേണ്ടതായിവന്നു. ലൗകിക പ്രത്യാശകളും ഉൽകൃഷ്ടേച്ഛകളും പരിത്യജിച്ച് കർത്താവിന്റെ പുനരാഗമനത്തെ സന്തോഷത്തോടെ

സ്വാഗതം ചെയ്യാൻ തയ്യാറായിരുന്നോ? അവരുടെ യഥാർത്ഥ ആത്മീക അവസ്ഥ വിവേചിക്കാൻ അവരെ പ്രാപ്തരാക്കുന്നതിനും താഴ്ചയോടും പശ്ചാത്താപത്തോടുംകൂടെ കർത്താവിനെ അന്വേഷിക്കുന്നതിനും കരുണയോടെ ആ ദൂത് അയയ്ക്കപ്പെട്ടു.

ആ നിരാശ അവർ കൊടുത്ത ദൂതിൽ അവരുടെതന്നെ തെറ്റിദ്ധാരണയുടെ ഫലമായിരുന്നുവെങ്കിൽത്തന്നെയും നന്മയ്ക്കായിത്തീരേണ്ടിയിരുന്നു. അത് മുന്നറിയിപ്പ് സ്വീകരിക്കുന്നു എന്ന് അവകാശപ്പെട്ടവർക്ക് ഒരു ഹിത പരിശോധനയ്ക്ക് വേണ്ടിയായിരുന്നു. നിരാശയുടെ മദ്ധ്യത്തിൽ അവരുടെ അനുഭവം വേഗത്തിൽ ത്യജിക്കയും

ദൈവവചനത്തിലുള്ള അവരുടെ
വിശ്വാസം ഉപേക്ഷിക്കുകയും ചെയ്യുമോ?
അതോ, അവർ പ്രാർത്ഥനയോടും
താഴ്മയോടുംകൂടെ പ്രവചനത്തിൻറെ
പൊരുൾ ഗ്രഹിക്കുന്നതിൽ
പരാജയപ്പെട്ടത് എവിടെ എന്ന്
തിരിച്ചറിയാൻ ശ്രമിക്കുമോ?
ഭയത്തിൽനിന്നും, അഥവാ
ആവേശത്തിലും
വികാരവിക്ഷോഭത്തിലുംനിന്ന്
എത്രപേർ മാറി? എത്രപേർ
ഇരുമനസ്സുള്ളവരും അവിശ്വാസികളും
ആയിരുന്നു? കർത്താവിന്റെ വരവിനെ

സ്നേഹിക്കുന്നു എന്ന് അനേകരും
അവകാശപ്പെട്ടു. ലോകത്തിൻറെ
പരിഹാസവും ശാസനയും

സഹിക്കേണ്ടിവരുമ്പോൾ, നീണ്ട
കാത്തിരിപ്പിൻറേയും നിരാശയുടേയും
പരിശോധന വരുമ്പോൾ, അവർ
വിശ്വാസം നിഷേധിക്കുമോ?
അവരോടുള്ള ദൈവത്തിൻറെ
ഇടപാടുകൾ പെട്ടെന്ന്
മനസ്സിലാകാത്തതു കൊണ്ട്,
ദൈവവചനത്തിൻറെ വ്യക്തമായ
സാക്ഷ്യങ്ങളെ ആധാരമാക്കിയുള്ള
സത്യങ്ങളെ തള്ളിക്കളയുമോ?

ഈ പരിശോധന ശരിയായ വിശ്വാസം
ഉള്ളവരുംടെ ശക്തി വെളിച്ചത്തുവരുത്തും.
വചനത്തിൻറേയും
പരിശുദ്ധാത്മാവിൻറെയും
പഠിപ്പിക്കലുകൾ ആണെന്ന്
വിശ്വസിച്ചിരുന്നത് അവർ

അനുസരിക്കും. അത് അവരെ പഠിപ്പിക്കും. തിരുവചനത്തെ അതിൻറെ സ്വന്ത വ്യാഖ്യാതാവായി കണക്കാക്കുന്നതിനുപകരം മനുഷ്യരുടെ വ്യാഖ്യാനങ്ങളും തത്വങ്ങളും അംഗീകരിക്കുന്നതിലുള്ള അപകടം ഇതുപോലുള്ള അനുഭവത്തിനു മാത്രമെ പഠിപ്പിക്കാൻ കഴിയൂ. വിശ്വാസികളിൽ അവരുടെ തെറ്റുകളുടെ ഫലമായുണ്ടായ പരിഭ്രമവും സങ്കടവും, ആവശ്യമായ തിരുത്തൽ വരുത്തുന്നു. അവർ പ്രവചനത്തിൻറെ കൂടുതൽ സൂക്ഷ്മമായ പഠനത്തിലേക്ക് നയിക്കപ്പെടുന്നു. അവർ തങ്ങളുടെ വിശ്വാസത്തിൻറെ അടിസ്ഥാനം കൂടുതൽ ശ്രദ്ധയോടെ പരിശോധിക്കുകയും ക്രിസ്തീയ ലോകം വ്യാപകമായി

അംഗീകരിച്ചിട്ടുള്ളതാണെങ്കിൽപോലും , വേദപുസ്തകാധിഷ്ഠിതമല്ലാത്തത് എല്ലാം അവർ നിരാകരിക്കുകയും ചെയ്യുന്നു.

കർത്താവിന്റെ ശിഷ്യന്മാരെപ്പോലെ, ഈ വിശ്വാസികളിലും പരിശോധനാകാലഘട്ടങ്ങളിൽ തങ്ങൾക്ക് മനസ്സിലാക്കുവാൻ കഴിയാതിരുന്നത് പിന്നീട് വ്യക്തമായിത്തീരുന്നു. തങ്ങളുടെ തെറ്റുകളുടെ ഫലമായി പരിശോധനകൾ ഉണ്ടായെങ്കിൽത്തന്നെയും "കർത്താവിന്റെ അന്ത്യം" കാണുമ്പോൾ അവരോടുള്ള ദൈവസ്നേഹത്തിൻറെ ഉദ്ദേശ്യങ്ങൾ അചഞ്ചലമായി നിറവേറുന്നത് അവർക്ക് അറിയാം. ദൈവം "വളരെ ദയാപരനും

കൃപയും കാരുണ്യവും ഉള്ളവനാണെന്ന്
അവർ ഒരു അനുഗൃഹീതമായ
അനുഭവത്താൽ പഠിക്കും.
ദൈവത്തിൻറെ ഉടമ്പടിയും
സാക്ഷ്യങ്ങളും പാലിക്കുന്നവന് ദൈവ
വഴികൾ എല്ലാം കൃപയുടേയും
സത്യത്തിൻറേതും ആണ്.

## അദ്ധ്യായം 20—മതപരമായ ഒരു വലിയ ഉണർവ്

വെളിപ്പാടു 14-ലെ ഒന്നാം ദൂതൻറെ ദൂതിൽ ക്രിസ്തുവിൻറെ പുനരാഗമന ദൂതുഘോഷണത്തോടുകൂടെ മതപരമായ ഒരു വലിയ ഉണർവുണ്ടാകുമെന്നു പ്രവചിച്ചിരുന്നു. “ഒരു ദൂതൻ ആകാശമദ്ധ്യേ പറക്കുന്നതു ഞാൻ കണ്ടു. ഭൂവാസികളായ സകല ജാതിയും ഗോത്രവും ഭാഷയും വംശവും ആയവരോട് അറിയിപ്പാൻ അവൻറെ പക്കൽ ഒരു നിത്യസുവിശേഷം ഉണ്ടായിരുന്നു”. ഈ ദൂത് അവൻ അത്യുച്ചത്തിൽ ഘോഷിച്ചു. “ദൈവത്തെ ഭയപ്പെട്ട് അവനു മഹത്വം കൊടുപ്പിൻ; അവൻറെ ന്യായവിധിയുടെ നാഴിക

വന്നിരിക്കുന്നു; ആകാശവും ഭൂമിയും സമുദ്രവും നീരുറവകളും ഉണ്ടാക്കിയവനെ നമസ്കരിപ്പിൻ” (വെളി. 14:6,7).

ഒരു ദൂതൻതന്നെ ഈ മുന്നറിയിപ്പിൻ ദൂത് ഘോഷിക്കുന്നവൻ ആയതു പ്രാധാന്യമർഹിക്കുന്ന വസ്തുതയാണ്. സ്വർഗ്ഗീയ ദൂതൻറെ ശക്തിയോടും മഹത്വത്തോടും നിർമ്മലതയോടും ദൂതു ഘോഷിക്കുന്നതിൻറെ ശ്രേഷ്ഠസ്വഭാവം പ്രതിനിധീകരിക്കുവാൻ ദിവ്യജ്ഞാനത്തിനിഷ്ടമായത് അതിനോടനുബന്ധിച്ച ശക്തിയും മഹത്വവും ഉണ്ടാകേണ്ടതിനാണ്. ആകാശമധ്യയുള്ള ദൂതൻ പറഞ്ഞതും ഉച്ചത്തിലുള്ള ഘോഷണവും ഭൂവാസികളായ സകല ജാതിയും

ഗോത്രവും ഭാഷയും വംശവുമായവരോട് അറിയിക്കുക എന്നതും ദൂതു ഘോഷണത്തിൻറെ ലോകവ്യാപകതയേയും വേഗതയേയും തെളിയിക്കുന്നു.

ഈ ദൂതുഘോഷണം എപ്പോൾ തുടങ്ങണമെന്നുള്ള വെളിച്ചം ദൂതു തന്നെ പകരുന്നു. അതു നിത്യസുവിശേഷത്തിൻറെ ഒരു ഭാഗമായിരിക്കയും ന്യായവിധിയുടെ തുടക്കമായിരിക്കുകയും വേണം. രക്ഷയുടെ ദൂതു എല്ലാക്കാലത്തും പ്രസംഗിക്കപ്പെടുന്നു. എന്നാൽ സുവിശേഷത്തിൻറെ ഒരു ഭാഗമായ ഈ ദൂതു അന്ത്യകാലത്തു ഘോഷിക്കപ്പെടേണ്ടതാണ്, എങ്കിൽ

മാത്രമേ ന്യായവിധിയുടെ നാഴിക വന്നിരിക്കുന്നു എന്നുള്ളതു പരമാർത്ഥമാകയുള്ളൂ. ന്യായവിധിയുടെ ആരംഭംവരെയുള്ള സംഭവപരമ്പരകൾ ഒന്നിനുപുറകെ മറ്റൊന്നായി പ്രവചിക്കപ്പെട്ടിരിക്കുന്നു. ദാനീയേലിൻറെ പുസ്തകത്തെ സംബന്ധിച്ചിടത്തോളം ഇത് വിശിഷ്യാ സത്യമാണ്. എന്നാൽ ഈ പ്രവചനത്തിൽ അന്ത്യകാലത്തേക്കുള്ളത് അതുവരെ അടച്ചു മുദ്രയിടുവാൻ ദാനീയേലിനോടു ദൈവം ആവശ്യപ്പെട്ടു. ഈ സമയം വരെ ന്യായവിധിയെക്കുറിച്ചുള്ള ദൂത് പ്രവചന നിവൃത്തിയെ ആസ്പദമാക്കി ഘോഷിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ? അന്ത്യകാലത്തിൽ “പലരും അതിനെ

പരിശോധിക്കുകയും ജ്ഞാനം വർദ്ധിക്കുകയും ചെയ്യും'' (ദാനീ. 12:4) എന്ന് പ്രവാചകൻ പറയുന്നു.

അപ്പൊസ്തലനായ പൌലൊസ് തൻറെ കാലത്തു ക്രിസ്തുവിൻറെ വരവിനെ പ്രതീക്ഷിക്കേണ്ട, എന്നു സഭയ്ക്കു മുന്നറിയിപ്പു നൽകി. "ആദ്യമേ വിശ്വാസത്യാഗം സംഭവിക്കുകയും നാശയോഗ്യനും അധർമ്മമൂർത്തിയുമായവൻ വെളിപ്പെടുകയും വേണം" (2തെസ്സ. 2:3) എന്നു പൌലൊസ് പറയുന്നു. വലിയ വിശ്വാസത്യാഗത്തിനുമുമ്പും "അധർമ്മമൂർത്തിയുടെ" ദീർഘകാല ഭരണത്തിനുമുമ്പും നമ്മുടെ കർത്താവിന്റെ വരവിനെ നാം

പ്രതീക്ഷിക്കേണ്ട. “അധർമ്മമൂർത്തി’ എന്നും “അധർമ്മത്തിന്റെ മർമ്മം” എന്നും “നാശ യോഗ്യൻ’ എന്നും പ്രതിപാദിച്ചിരിക്കുന്നതെല്ലാം പാപ്പാത്വത്തെ പ്രതിനിധീകരിക്കുന്നു. അതു പ്രവചനത്തിൽ മുൻകൂട്ടി പറഞ്ഞിട്ടുള്ളതും അതിൻറെ ആധിപത്യം 1260 വർഷം നിലനിൽക്കേണ്ടതുമായിരുന്നു. 1798-ൽ ഈ കാലഘട്ടം അവസാനിച്ചു. ക്രിസ്തുവിൻറെ വരവ് അതിനുമുമ്പ് ഉണ്ടാകുകയില്ല. 1798 വരെയുള്ള സകല കിസ്ത്യാനികളെയും ഉൾപ്പെടുത്തിയാണ് പൌലൊസ് മുന്നറിയിപ്പു നൽകിയിരിക്കുന്നത്. ക്രിസ്തുവിൻറെ പുനരാഗമനദൂതു

പ്രഘോഷിക്കേണ്ടത്
അതിനുശേഷമാണ്.

അപ്രകാരമുള്ള ദൂത്
അതിനുമുമ്പൊരിക്കലും നല്കിയിട്ടില്ല. നാം കണ്ടതു പോലെ പൌലൊസ് അതു പ്രസംഗിച്ചില്ല. കർത്താവിന്റെ വരവ് വളരെ വിദൂരതയിലാണെന്നു പൌലൊസ് സഹോദരന്മാരെ ചൂണ്ടിക്കാട്ടി. നവീകരണകർത്താക്കൾ ആ ദൂതു ഘോഷിച്ചില്ല. തൻറെ കാലത്തിന് 300 വർഷങ്ങൾക്കുശേഷമാണ് മാർട്ടിൻ ലൂഥർ ന്യായവിധിയുടെ സമയമായി പ്രതീക്ഷിച്ചത്. 1798-നു ശേഷം ദാനീയേൽ പ്രവചനത്തിൻറെ മുദ്ര തുറക്കുകയും പ്രവചനത്തെക്കുറിച്ചുള്ള

പരിജ്ഞാനം വർദ്ധിക്കുകയും അനേകരും ന്യായ വിധി അടുത്തിരിക്കുന്നുവെന്ന പാവനമായ ദൂതു ഘോഷിക്കുകയും ചെയ്തു.

പതിനാറാം നൂറ്റാണ്ടിലെ വലിയ നവീകരണം പോലെ പുനരാഗമന ദൂതു ഘോഷണം ക്രിസ്തീയ ലോകത്തിൽ പലയിടത്തും ഒരേസമയം നടന്നു. യൂറോപ്പിലും അമേരിക്കയിലുമുള്ള വിശ്വസ്തരും പ്രാർത്ഥനാശീലമുള്ളവരും പ്രവചനങ്ങൾ പഠിക്കുകയും ദൈവശ്വാസീയമായ രേഖകളിലൂടെ സകലത്തിൻറെയും അവസാനം വന്നെത്തിയിരിക്കുന്നു എന്ന് അവർക്ക് ബോദ്ധ്യമാവുകയും ചെയ്തു. വിവിധ

രാജ്യങ്ങളിൽ പല ക്രിസ്തീയ കൂട്ടങ്ങൾക്കും തിരുവചനപാനത്തിലൂടെ കർത്താവിന്റെ വരവു സമീപമായിരിക്കുന്നുവെന്നു ബോദ്ധ്യപ്പെട്ടു.

1821 -ൽ ന്യായവിധി സമയത്തിൻറെ വ്യാഖ്യാനവുമായി മില്ലർ എത്തി മൂന്നു വർഷം കഴിഞ്ഞ് "ലോകമിഷനറി"യായ ഡോക്ടർ ജോസഫ് വുൾഫ് കർത്താവിന്റെ ആസന്നവരവിനെക്കുറിച്ചു ഘോഷിക്കാൻ തുടങ്ങി. വുൾഫ് ഒരു യെഹൂദറബിയുടെ മകനായി എബ്രായ പാരമ്പര്യത്തിൽ ജർമ്മനിയിൽ ജനിച്ചു. ചെറുപ്പത്തിൽതന്നെ ക്രിസ്തുമതത്തിൽ വിശ്വസിച്ചു. തൻറെ

ജനത്തിൻറെ പ്രത്യാശകളും
പ്രതീക്ഷകളും പുനഃചിന്തനം ചെയ്യുവാൻ
തൻറെ പിതാവിൻറെ ഭവനത്തിൽ
ദിവസവും കൂടിവന്നിരുന്ന ഭക്തരായ
എബ്രായരുടെ സംഭാഷണങ്ങളിൽ
ജോസഫ് വുൾഫ്
ആകാംക്ഷാഭരിതനായ ഒരു
കേൾവിക്കാരനായിരുന്നു.
വരുവാനുള്ള മശീഹയുടെ മഹത്വവും
യിസ്രായേലിൻറെ പുനഃസ്ഥാപനവും
ആയിരുന്നു സംഭാഷണ വിഷയം.
ഒരിക്കൽ നസ്രേത്തിലെ
യേശുവിനെക്കുറിച്ചു സംസാരിക്കുന്നതു
കേട്ടപ്പോൾ അവനാരായി
രുന്നുവെന്നവൻ അന്വേഷിച്ചു. ഏറ്റവും
വലിയ താലന്തുള്ള ഒരു യെഹൂദൻ
എന്നായിരുന്നു മറുപടി. “എന്നാൽ

അവൻ മശീഹ ആണെന്നു നടിച്ചതിനാൽ യെഹൂദന്യായാധിപസംഘം മരണത്തിനു വിധിച്ചു. ചോദ്യകർത്താവു വീണ്ടും ചോദിച്ചു? "യെരുശലേം എന്തുകൊണ്ട് നശിപ്പിക്കപ്പെട്ടു? നാം ഇപ്പോഴും എന്തുകൊണ്ട് അടിമത്വത്തിലായിരിക്കുന്നു?" യെഹൂദർ പ്രവാചകന്മാരെ കൊന്നു എന്നു വ്യസനത്തോടെ പിതാവു പ്രതിവചിച്ചു. ഈ ആശയം കുട്ടിയുടെ മനസ്സിൽ തോന്നിച്ചത് "ഒരു പക്ഷെ യേശുവും ഒരു പ്രവാചകനായിരുന്നു, അവൻ നിരപരാധി ആയിരിക്കുമ്പോൾ യെഹൂദന്മാർ അവനെ കൊന്നു എന്നായിരുന്നു".- Travels & Adventures of the Rev. Joseph

Wolff. vol. 1, p.6. ക്രിസ്തീയ ദൈവാലയത്തിൽ കയറുവാൻ പാടില്ല എന്നുള്ള വിലക്കു ഉണ്ടായിട്ടും യേശുവിനെക്കുറിച്ചു ലഭിച്ച ഈ ചിന്ത കാരണം പ്രസംഗം കേൾക്കുന്നതിനുവേണ്ടി ദൈവാലയത്തിനു പുറത്ത് ചുറ്റിപ്പറ്റി അവൻ നിൽക്കുമായിരുന്നു.

ബാലൻറെ ഏഴാമത്തെ വയസ്സിൽ ഒരു പ്രായംചെന്ന ക്രിസ്ത്യാനിയായ അയൽക്കാരനോട് മശീഹയുടെ വരവോടുകൂടി യിസ്രായേലിനു ഭാവിയിലുണ്ടാകുവാൻ പോകുന്ന വിജയത്തെക്കുറിച്ച് വീരവാദം മുഴക്കി. അപ്പോൾ വൃദ്ധനായ ആ മനുഷ്യൻ ശാന്തമായി "യഥാർത്ഥ മശീഹ

ആരായിരുന്നു എന്നു ഞാൻ നിന്നോടു പറയാം. നിൻറെ പൂർവ്വ പിതാക്കൻമാർ പഴയ കാലത്തെ പ്രവാചകൻമാരോട് ചെയ്തതുപോലെ അവർ നസ്രായനായ യേശുവിനെ ക്രൂശിച്ചു... നീ വീട്ടിൽ ചെന്നിട്ട് യെശയ്യാ പ്രവചനം 53-ാം അദ്ധ്യായം വായിച്ചുനോക്കിയാൽ യേശുക്രിസ്തു ദൈവപുത്രനെന്നു നിനക്കു ബോദ്ധ്യമാകും" --Ibid., vol.1. page 7. ഉടൻതന്നെ അവനു ബോദ്ധ്യമായി; അവൻ വീട്ടിൽ പോയി തിരുവചനം വായിച്ചു, നസ്രേത്തിലെ യേശുവിൽ അതു എത് അത്ഭുതകരമായി നിറവേറി, ക്രിസ്ത്യാനിയുടെ വാക്കുകൾ വാസ്തവമായിരുന്നുവോ? ബാലൻ തൻറെ പിതാവിനോടു പ്രവചനത്തിന് ഒരു വിശദീകരണം ആവശ്യപ്പെട്ടു. എന്നാൽ

വീണ്ടും ഒരിക്കൽപ്പോലും ആ വിഷയത്തെപ്പറ്റി ചോദിപ്പാൻ അവൻ മുതിരാത്ത വിധം കഠിനമായ ഒരു നിശ്ശബ്ദ തയായിരുന്നു മറുപടി. ഇതവൻറെ ക്രിസ്തുമതത്തെക്കുറിച്ചറിവാനുള്ള ആഗ്രഹത്തെ വർദ്ധിപ്പിക്ക് മാത്രമേ ചെയ്തുള്ളു.

അവൻറെ യെഹൂദാഭവനത്തിൽ വച്ച് അവൻ ആഗ്രഹിച്ച പരിജ്ഞാനം നേടുന്നതിൽനിന്നും അകറ്റിയിരുന്നു, എന്നാൽ പതിനൊന്നു വയസ്സായപ്പോൾ തനിക്കൊരു വിദ്യാഭ്യാസം നേടുവാനും സ്വന്തം മതം തിരഞ്ഞെടുക്കുവാനും ഒരു ജീവിതമാർഗ്ഗം നേടുവാനുമായി അവൻ പിതൃഭവനം വിട്ടു ലോകത്തിലേക്കിറങ്ങി.

ഒരു ബന്ധുഭവനത്തിൽ താൽക്കാലികമായി താമസസൗകര്യം ലഭിച്ചു. എന്നാൽ പെട്ടെന്നവനെ ഒരു വിശ്വാസത്യാഗിയായി അവർ അവിടെനിന്നും പുറത്താക്കി. അവൻ അപരിചിതരുടെ ഇടയിൽ നിർദ്ധനനായി സ്വന്തമായി തൊഴിൽ ചെയ്തു ജീവിക്കേണ്ടിവന്നു. അവൻ ഉപജീവന മാർഗ്ഗത്തിനായി എബ്രായ ഭാഷ പഠിപ്പിച്ചും സൂക്ഷ്മതയോടെ മുൻപറഞ്ഞ കാര്യങ്ങൾ പഠിച്ചുംകൊണ്ട് ഒരു സ്ഥലത്തുനിന്നും മറ്റൊരു സ്ഥലത്തേക്ക് മാറി മാറിപ്പോയി. ഒരു കത്തോലിക്ക അദ്ധ്യാപകൻറെ സ്വാധീനത്താൽ റോമൻ കത്തോലിക്ക വിശ്വാസം സ്വീകരിച്ചു. തൻറെ സ്വന്ത

ജനത്തിനിടയിൽ ഒരു ദൗത്യവാഹകനാകാൻ തീരുമാനിച്ചു. ഈ ലക്ഷ്യത്തോടെ ഏതാനും വർഷങ്ങൾക്കുശേഷം അവൻ തൻറെ പഠനം റോമിലുള്ള "കോളേജ് ഓഫ് ദി പാപ്പഗൻഡ" എന്ന കോളേജിൽ തുടർന്നു. ഇവിടെ അവൻറെ സ്വതന്ത്രമായ ചിന്തയും നിഷ്കളങ്കവും നിഷ്പക്ഷവുമായ സംസാരവും ദുരുപദേശകൻ എന്നുള്ള ആരോപണത്തിനു വിധേയനാക്കി. സഭയുടെ ദുർവിനിയോഗത്തെ അവൻ പരസ്യമായി എതിർക്കുകയും നവീകരണത്തിൻറെ ആവശ്യം ഉന്നയിക്കുകയും ചെയ്തു. ആദ്യം കത്തോലിക്ക ഉദ്യോഗസ്ഥർ അവൻറെ അഭി പ്രയത്തോട് താല്പര്യം

കാട്ടിയെങ്കിലും കുറെക്കഴിഞ്ഞപ്പോൾ അവനെ റോമിൽനിന്നു മാറ്റി റോമാത്വത്തിൻറെ നിയന്ത്രണത്തിൽ ഒതുക്കി നിർത്തു വാൻ സാധിക്കയില്ലായെന്ന് വ്യക്തമാകുന്നതുവരെ അവൻ സഭയുടെ കർശനമായ മേൽനോട്ടത്തിൽ ഒരു സ്ഥലത്തുനിന്നു മറ്റൊരു സ്ഥലത്തേക്കു പോയി. തിരുത്തുവാൻ കഴിയാത്തവൻ എന്നു പ്രഖ്യാപിച്ച് അവനിഷ്ടമുള്ളിടത്തു പോകാൻ സ്വത്രന്തമായി വിട്ടു. അവൻ ഇംഗ്ലണ്ടിലേക്കു പോകുകയും പ്രൊട്ടസ്റ്റൻറു വിശ്വാസം സ്വീകരിച്ച് ഇംഗ്ലീഷ് സഭയുമായി ചേരുകയും ചെയ്തു. രണ്ടു വർഷത്തിനുശേഷം 1821-ൽ തൻറെ ദൗത്യവുമായി മുമ്പോട്ടു പോയി.

ക്രിസ്തുവിൻറെ ഒന്നാം വരവിൻറെ വലിയ സത്യം വുൾഫ് സ്വീകരി ച്ചപ്പോൾ വ്യസനപാത്രവും രോഗം ശീലിച്ചവനായും ഉള്ള ക്രിസ്തുവിൻറെ ഒന്നാം വരവിൻറെ മഹത്തായ സത്യം വുൾഫ് അംഗീകരിച്ചപ്പോൾ ശക്തിയോടും മഹത്വത്തോടു കൂടിയുള്ള രണ്ടാം വരവിനെക്കുറിച്ചുള്ള പ്രവചനങ്ങൾ തുല്യവ്യക്തതയോടെ അവൻ ദർശിച്ചു. വാഗ്ദത്ത മശീഹയായ യേശുവിലേക്കു തൻറെ ജനത്തെ നയിക്കുവാൻ അവൻ ശ്രമിച്ചു. മനുഷ്യരാശിയുടെ പാപത്തിനുവേണ്ടി യാഗമായിത്തീരുവാനുള്ള അപമാനകരമായ ഒന്നാം വരവിനെ അവൻ ചൂണ്ടിക്കാണിച്ചു. രാജാവും വീണ്ടെടുപ്പുകാരനുമായുള്ള ക്രിസ്തുവിൻറെ

രണ്ടാം വരവിനെക്കുറിച്ചും അവൻ പഠിപ്പിച്ചു.

“നസ്രേത്തിലെ യേശുവിൻറെ കൈകാലുകൾ തുളയ്ക്കപ്പെട്ടു. കൊല്ലുവാനുള്ള ആടിനെപ്പോലെ അവൻ കൊണ്ടുവരപ്പെട്ടു; അവൻ രോഗം ശീലിച്ചവനായും വ്യസനപാത്രമായും ഇരുന്നു. ചെങ്കോലും ആധിപത്യവും യെഹൂദയിൽനിന്നു നീക്കപ്പെട്ടശേഷം തൻറെ ഒന്നാം വരവുണ്ടായി. രണ്ടാം വരവ് ആകാശമേഘങ്ങളിൻമേൽ പ്രധാനദൂതൻറെ കാഹളത്തോടുകൂടെ ആയിരിക്കുമെന്നും” (Joseph Wolff, Researches & Missionary Labors, Page 62) “അവൻ ഒലിവുമലയിൽ നിൽക്കുകയും സൃഷ്ടിപ്പിൽ ആദാമിനു

നല്കുകയും പിന്നീടു നഷ്ടപ്പെടുത്തുകയും ചെയ്ത ആധിപത്യം യേശുവിന് നല്കുകയും ചെയ്യും" (ഉല്പ. 1:26; 3:17). മുഴുവൻ ലോകത്തിനും അവൻ രാജാവായിരിക്കും. സൃഷ്ടിപ്പിലെ ഞരക്കവും മുറവിളിയും നിന്നിട്ടു സ്തുതിസ്തോത്രങ്ങൾ ശ്രവിക്കാം. യേശു തൻറെ പിതാവിൻറെ മഹത്വത്തിൽ സ്വർഗ്ഗീയ ദൂതന്മാരുമായി വരുമ്പോൾ മരിച്ചുപോയ വിശ്വാസികൾ ആദ്യം ഉയിർക്കും. (1 തെസ്സ. 4:16; 1 കൊരി. 15:23). ഇതാണു ക്രിസ്ത്യാനികളായ നാം ഒന്നാം പുനരു ത്ഥാനം എന്നു പറയുന്നത്. അനന്തരം ജന്തുലോകം അതിൻറെ സഹജഗുണം മാറ്റും. (യെശ. 11:6-9), അവ യേശുവിനു കീഴ്പെട്ടിരിക്കും (സങ്കീ.8), "സാർവ്വ

ലൗകികമായ സമാധാനം നിലനിൽക്കും'. -Journal of the Rev. ]oseph Wolff, pages 378,379. "അതു എത്രയും നല്ലത് എന്നു കർത്താവ് വീണ്ടും ഭൂമിയെ നോക്കി പറയും -Ibid., p.294.

കർത്താവിന്റെ വരവ് ആസന്നമായിരിക്കുമെന്നു വുൾഫ് വിശ്വസിച്ചു. മില്ലർ പ്രവചനകാലത്തിൻറെ പൂർത്തീകരണം ചൂണ്ടിക്കാട്ടിയതിൽനിന്നു വളരെ അകലെ അല്ലെന്നും അദ്ദേഹം വിശ്വസിച്ചിരുന്നു. "ആ നാളും നാഴികയും ഒരു മനുഷ്യനും അറിയുന്നില്ല" എന്നു തിരുവെഴുത്തിൽനിന്നും ഉദ്ധരിച്ചു

പറയുന്നവരോടു വുൾഫ് ഇങ്ങനെ മറുപടി പറഞ്ഞു. ആ നാളും നാഴികയും ഒരു മനുഷ്യനും അറിയുന്നില്ലെന്നു നമ്മുടെ കർത്താവു പറഞ്ഞിട്ടുണ്ടോ? അത്തിവൃക്ഷം ഇലപൊഴിക്കുന്നത് വേനൽക്കാലസാമീപ്യത്തെ സൂചിപ്പിക്കു ന്നതുപോലെ തൻറെ വരവിൻറെ സാമീപ്യത്തെ മുന്നറിയിക്കുന്ന കാലത്തിൻറെ അടയാളങ്ങൾ അവൻ നമുക്കു നല്കിയിട്ടില്ലേ? (മത്താ. 24:32). ആ സമയം നാം ഒരിക്കലും അറിയരുതെന്നാണോ? ദാനീയേൽ പ്രവാചകൻറെ പുസ്തകം വായിക്കാൻ മാത്രമല്ല അതു മനസ്സിലാക്കാനും കർത്താവു ഉപദേശിച്ചിട്ടില്ലേ? (ദാനിയേൽതന്നെ പ്രസ്ഥാവിച്ചിട്ടില്ലേ)

കാലാന്ത്യംവരെ വചനം അടച്ച
മുദ്രയിടുവാൻ തൻറെ കാലത്തെ
അവസ്ഥ അതായിരുന്നു. പലരും
അതിനെ പരിശോധിക്കുകയും ജ്ഞാനം
വർദ്ധിക്കുകയും ചെയ്യും (ദാനീ.12:4).
അതിനും പുറമെ നമ്മുടെ കർത്താവു
സമയത്തിൻറെ സാമീപ്യത്തെക്കുറിച്ച
പറയുമ്പോൾ കൃത്യമായ നാളും
നാഴികയും ആരും അറിയുന്നില്ല എന്നു
പറഞ്ഞിരിക്കുന്നതിൻറെ അർത്ഥം
തൻറെ വരവ് അടുത്തിരിക്കുന്നു
എന്നറിയുന്നില്ല എന്നല്ല. നോഹ
പെട്ടകം പണിതതുപോലെ തൻറെ
വരവിനുവേണ്ടി നാം ഒരുങ്ങുവാൻ
പ്രേരണ നല്കുന്നതിനാവശ്യമായ അറിവു
കാലത്തിൻറെ ലക്ഷണങ്ങളാൽ അവർ
അറിയും എന്നു അവൻ ഉറപ്പായി

പറഞ്ഞിട്ടുണ്ട്. - Wolff, Researches & Missionary Labors, pages 404, 405.

തിരുവചനം വ്യാഖ്യാനിക്കുന്നതിനും അഥവാ തെറ്റായി വ്യാഖ്യാനിക്കുന്നതിനും ജനസമ്മതി ആർജ്ജിച്ചിട്ടുള്ള വ്യവസ്ഥയെക്കുറിച്ചു വുൾഫ് ഇങ്ങനെ എഴുതിയിരിക്കുന്നു: "ക്രിസ്തീയ സഭയുടെ ഭൂരിഭാഗവും തിരുവചനത്തിൻറെ വ്യക്തമായ വശം വിട്ടിട്ട് ബുദ്ധമതക്കാരുടെ സിദ്ധാന്തമായ ദൈവം എല്ലാറ്റിനും എവിടെയുമുണ്ടെന്നുള്ള സിദ്ധാന്തത്തിലേക്കു തിരിഞ്ഞു. അന്തരീക്ഷത്തിൽ സഞ്ചരിക്കുന്നതിലൂടെയാണ് മനുഷ്യൻറെ

ഭാവി സന്തോഷം എന്ന അവർ വിശ്വസിക്കുന്നു. അവർ "യെഹൂദർ' എന്നു വായിക്കുമ്പോൾ "ജാതികൾ' എന്നും 'യെരുശലേം' എന്നതു "സഭ' എന്നും 'ഭൂമി' എന്നു പറഞ്ഞാൽ "ആകാശം' എന്നും "കർത്താവിന്റെ വരവു' എന്നു പറഞ്ഞാൽ "മിഷനറിസമൂഹങ്ങളുടെ അഭിവൃദ്ധി' എന്നും, "യഹോവയുടെ ആലയമുള്ള പർവ്വതത്തിൽ പോകുക' എന്നത് "മെതഡിസ്റ്റുകാരുടെ വലിയ യോഗം' എന്നുമാണ്". -journal of the Rev. Joseph Wolff, page 96.

1821 മുതൽ 1845 വരെയുള്ള 24 വർഷം വുൾഫ് വളരെയധികം യാത ചെയ്തു. ആഫ്രിക്കയിൽ ഈജിപ്റ്റും

അബിസീനിയയും സന്ദർശിച്ചു. ഏഷ്യയിൽ പലസ്തീൻ, സിറിയ, പേർഷ്യ, ബൊക്കാറ, ഇൻഡ്യ ഇവിടങ്ങളിൽ പോയി. അമേരിക്കൻ ഐക്യനാട് സന്ദർശിക്കുകയും സെൻറ് ഹമീന എന്ന ദ്വീപിൽ പ്രസംഗിക്കുകയും ചെയ്തു. അദ്ദേഹം 1837 ആഗസ്റ്റിൽ ന്യൂയോർക്കിലെത്തുകയും ആ പട്ടണത്തിൽ പ്രസംഗിച്ചശേഷം ഫിലഡൽഫ്യയിലും ബാൾട്ടിമോറിലും പ്രസംഗിക്കുകയും അവസാനമായി വാഷിംഗ്ടണിലേക്കു പോകുകയും ചെയ്തു. ഇവിടെ അദ്ദേഹം പറയുന്നു: "മുൻ പ്രസിഡൻറായി രുന്ന ജോൺ ക്വിൻസി ആഡംസ് കോൺഗ്രസ്സ് സമ്മേളനത്തിൽ ഒരു

പ്രമേയം അവതരിപ്പിച്ച് കോൺഗ്രസ്സ് ഹാൾ എൻറെ ഉപയോഗത്തിനായി നല്കുവാൻ ഐകകണ്ഠ്യേന തീരുമാനിച്ചു. എനിക്കവിടെ പ്രസംഗം നടത്തുവാൻ ഒരവസരം ലഭിച്ചു. ഒരു ശനിയാഴ്ച്ച ഞാനതു നിർവ്വഹിക്കുകയും ചെയ്തു. അപ്പോൾ അതിൽ സംബന്ധിക്കുവാൻ കോൺഗ്രസ്സ് അംഗങ്ങളെല്ലാവരും, മുൻപ്രസിഡന്റും വെർജീനിയായിലെ ബിഷപ്പും വൈദികരും വാഷിംഗ്ടൺ പൗരാവലിയും സന്നിഹിതരായിരുന്നു. അതേ ബഹുമതി ന്യൂ ജർസിയിലും പെൻസിൽവാനിയയിലും ഗവൺമെന്റു നല്കി. അവിടുത്തെ പ്രസംഗങ്ങളിൽ ഞാൻ എൻറെ ഏഷ്യയിലെ ഗവേഷണത്തെയും യേശുവിൻറെ വ്യക്തിപരമായ

ഭരണത്തെയും കുറിച്ചു പ്രസംഗങ്ങൾ നടത്തി', -Ibid.pages 398, 399.

യൂറോപ്പിലെ ആധികാരികളുടെ സംരക്ഷണയൊന്നും കൂടാതെ വുൾഫ് ഏറ്റവും അപരിഷ്കൃതമായ രാജ്യങ്ങളിൽ അസംഖ്യം അപകടങ്ങളുടെ മദ്ധ്യേ അനേക കഷ്ടപ്പാടുകൾ സഹിച്ച് യാത്രചെയ്തു. അടികൊള്ളുകയും പട്ടിണി കിടക്കേണ്ടിവരികയും ചെയ്തിരുന്നു. ഒരു അടിമയെപ്പോലെ വില്ക്കപ്പെടുകയും മൂന്നു പ്രാവശ്യം മരണത്തിനു വിധിക്കപ്പെടുകയും ചെയ്തു. കള്ളന്മാരാൽ ചുറ്റപ്പെടുകയും ചിലപ്പോൾ ദാഹംകൊണ്ട് ഏതാണ്ട് മരണത്തോളം എത്തുകയും ചെയ്തിരുന്നു. അവനുള്ളതെല്ലാം പിടിച്ചുപറിച്ചു വെറും

കയ്യോടെ അയച്ചുകളഞ്ഞു. നൂറുകണക്കിനു മൈലുകൾ കാൽനടയായി പാദുകമില്ലാതെ പർവ്വതങ്ങളിലൂടെ നടന്നു. പാദങ്ങൾ മഞ്ഞുകട്ടയുമായുള്ള സ്പർശനത്താൽ സ്പർശവേദ്യമില്ലാതെ മരവിച്ചു.

ക്രൂരതയുള്ള അപരിഷ്കൃത വർഗ്ഗക്കാരുടെ ഇടയിൽ നിരായുധനായി പോകരുതെന്നു മുന്നറിയിപ്പു നല്കിയിട്ടും അദ്ദേഹം പ്രസ്ഥാവിച്ചു: "ആയുധങ്ങൾ നല്കപ്പെട്ടിരിക്കുന്നു" -- "പ്രാർത്ഥനയും ക്രിസ്തുവിനുവേണ്ടിയുള്ള ശുഷ്കാന്തിയും അവൻറെ സഹായത്തിലുള്ള ഉറപ്പും', "എനിക്കു നല്കപ്പെട്ടിരിക്കുന്നതു ദൈവസ്നേഹവും എൻറെ ഹൃദയത്തിൽ എൻറെ അയൽവാസിയും കയ്യിൽ

ബൈബിളും ആണ്.-- W.H.D. Adams, In Perils Oft page 192. അദ്ദേഹം പോയിടത്തെല്ലാം എബ്രായഭാഷയിലും ഇംഗ്ലീഷിലുമുള്ള ബൈബിൾ കൊണ്ടുപോയിരുന്നു. തൻറെ പില്ക്കാലയാത്രകളിൽ ഒന്നിനെക്കുറിച്ചു അദ്ദേഹം പറയുന്നത്: "ഞാൻ എൻറെ കയ്യിൽ ബൈബിൾ തുറന്നു വെച്ചിരുന്നു; എൻറെ ശക്തി ആ ഗ്രന്ഥത്തിലായിരുന്നു. അതിൻറെ ശക്തി എന്നെ നിലനിർത്തും എന്നാണ്', -Ibid., p 201.

അങ്ങനെ തൻറെ വേലയിൽ ന്യായവിധിയുടെ ദൂതു മനുഷ്യവാസമുള്ള ലോകരാജ്യങ്ങളിൽ വലിയൊരു ഭാഗത്തു എത്തിക്കുന്നതുവരെ അക്ഷീണ

പരിശ്രമം ചെയ്തു. യെഹൂദന്മാരുടേയും തുർക്കികളുടേയും പാർസികളുടേയും ഹിന്ദുക്കളുടേയും മറ്റനേക ജാതികളുടേയും വംശങ്ങളുടേയും ഇടയിൽ വിവിധ ഭാഷകളിൽ ദൈവവചനം വിതരണം ചെയ്യുകയും എല്ലായിടത്തും മശീഹയുടെ ഭരണം ആസന്നമായിരിക്കുന്നുവെന്നറിയിക്കുകയും ചെയ്തു.

തൻറെ ബൊക്കാറയിലെ യാത്രയിൽ കർത്താവിന്റെ പെട്ടെന്നുള്ള ആഗമനോപദേശത്തിൽ വിശ്വസിക്കുന്ന ഒറ്റപ്പെട്ട ജനത്തെ കണ്ടു. “യമനിലെ അറബികൾക്ക് സീറാ എന്നൊരു ഗ്രന്ഥം കൈവശം ഉള്ളതായും അതിൽ ക്രിസ്തുവിൻറെ വരവിനെക്കുറിച്ചും

മഹത്വത്തിലുള്ള വാഴ്ചയെക്കുറിച്ചും 1840-ൽ വലിയ സംഭവങ്ങൾ ഉണ്ടാകുമെന്നുള്ളതിനെക്കുറിച്ചും വിസ്തരിച്ചിട്ടുണ്ട്.Journal of the Rev. Joseph Wolff, page 377,

യമനിൽ... ആറു ദിവസം രാഹാബിൻറെ മക്കളുമായി കഴിച്ചുകൂട്ടി. അവർ വീഞ്ഞു കുടിക്കുകയോ മുന്തിരിത്തോട്ടം നട്ടുണ്ടാക്കുകയോ വിത്തു വിതയ്ക്കുകയോ ചെയ്യാതെ കൂടാരങ്ങളിൽ പാർത്തു. രാഹാബിൻറെ മകനായ യോനാദാബിൻറെ ദിനങ്ങളെ ഓർത്തു. അവരുടെ കൂട്ടത്തിൽ ദാൻ ഗോത്രത്തിൽപ്പെട്ട, യിസ്രയേൽ ജനവും... ഉണ്ടായിരുന്നു. അവർ രാഹാബിൻറെ മക്കൾ ആയിരുന്നു. ആകാശമേഘങ്ങളിൽ മശീഹയുടെ

വരവു പെട്ടെന്നുണ്ടാകുമെന്നും അവർ പ്രതീക്ഷിച്ചു", -- Ibid., p 389.

അപകാരമുള്ള ഒരു വിശ്വാസം ടാറ്ററിയിലുള്ള മറ്റൊരു മിഷനറിയും കണ്ടെത്തി. ഒരു ടാറ്റർ പുരോഹിതൻ ക്രിസ്തു രണ്ടാമതു വരുന്നത് എപ്പോൾ എന്നു ചോദിച്ചു. തനിക്കറിഞ്ഞുകൂടാ എന്നു മിഷനറി പറഞ്ഞപ്പോൾ പുരോഹിതൻ ബൈബിൾ അദ്ധ്യാപകനെന്നഭിമാനിക്കുന്ന വ്യക്തിയുടെ ഈ അറിവില്ലായ്മയിൽ അതിശയിച്ചു. 1844- നോട് അടുത്ത് ക്രിസ്തു വരുമെന്ന പ്രവചനത്തെ അടിസ്ഥാനമാക്കിയുള്ള അദ്ദേഹത്തിൻറെ വിശ്വാസത്തെക്കുറിച്ചും പ്രസ്താവിച്ചു.

1826 -ന്‌റെ ആരംഭത്തിൽതന്നെ പുനരാഗമനദൂതു ഇംഗ്ലണ്ടിൽ പ്രസംഗിക്കാൻ തുടങ്ങി. ഈ ദൂതുഘോഷണം അമേരിക്കയിലെപ്പോലെ ക്രിസ്തുവിൻറെ വരവിൻറെ കൃത്യസമയം സുനിശ്ചിതമായി പഠിപ്പിച്ചില്ല. എങ്കിലും ശക്തിയോടും മഹത്വത്തോടുമുള്ള ക്രിസ്തുവിൻറെ പെട്ടെന്നുള്ള പുനരാഗമനത്തെ വളരെ വിശാലമായി ഘോഷിച്ചു. ഇതു ക്രൈസ്തവാചാരഭ്രഷ്ടരുടെയും ഭിന്നാഭിപ്രായക്കാരുടെയും ഇടയിൽ മാത്രമല്ല ഉണ്ടായിരുന്നത്. മൊറാൻറു ബ്രൂക്ക് എന്ന ആംഗ്ലേയ എഴുത്തുകാരൻ പറയുന്നത്: ആംഗ്ലിക്കൻ സഭയിലെ

എഴുനൂറോളം ശുശ്രൂഷകർ "രാജ്യത്തിൻറെ ഈ സുവിശേഷം" പ്രസംഗിക്കുന്നതിൽ വ്യാപൃതരായിരുന്നു എന്നത്രേ. ക്രിസ്തുവിൻറെ വരവിനുള്ള സമയം 1844 ആയിരിക്കുമെന്നുള്ള ദൂത് ബ്രിട്ടനിലും നല്കപ്പെട്ടു. അമേരിക്കൻ ഐക്യനാടുകളിൽ പുനരാഗമന പ്രസിദ്ധീകരണങ്ങൾ വ്യാപകമായി വിതരണം ചെയ്യപ്പെട്ടു. പുസ്തകങ്ങളും മാസികകളും ഇംഗ്ലണ്ടിൽ പുനഃപ്രസിദ്ധീകരണം നടത്തപ്പെട്ടു. 1842-ൽ റോബർട്ടു വിൻറർ എന്ന ഇംഗ്ലീഷുകാരൻ അമേരിക്കയിൽ വച്ചു പുനരാഗമനദൂതു ലഭിച്ചിട്ടു തൻറെ സ്വന്തനാട്ടിൽ ഈ ദൂതിൻറെ പ്രചരണാർത്ഥം ഇംഗ്ലണ്ടിലേക്കു മടങ്ങി. പലരും അദ്ദേഹത്തോടു ചേർന്ന്

ന്യായവിധിയുടെ ദൂതു ഇംഗ്ലണ്ടിൽ
വിവിധഭാഗങ്ങളിൽ ഘോഷിച്ചു.

ദക്ഷിണ അമേരിക്കയിൽ
കിരാതത്വത്തിൻറേയും പൗരോഹിത്യ
തന്ത്രങ്ങളുടേയും മദ്ധ്യത്തിൽ ഒരു
സ്പെയിൻകാരനും ജസ്യൂട്ടുമായിരുന്ന
ലാക്കുൻസാ തൻറെ മാർഗ്ഗം
തിരുവചനത്തിലേക്കു തിരിക്കയും
അങ്ങനെ ക്രിസ്തുവിൻറെ പെട്ടെന്നുള്ള
തിരിച്ചുവരവിൻറെ സത്യം
സ്വീകരിക്കുകയും ചെയ്തു. മുന്നറിയിപ്പു
നല്കാൻ പ്രേരണ ഉണ്ടായെങ്കിലും
റോമിൻറെ കുറ്റാ രോപണത്തിൽനിന്നു
രക്ഷപെടാൻ ആഗ്രഹിച്ചു.
മാനസാന്തരപ്പെട്ട യെഹൂദനെന്നുള്ള
നിലയിൽ തൻറെ വീക്ഷണം “റാബി

ബെൻ-ഇസ്രസ" എന്ന പേരിൽ
പ്രസിദ്ധീകരിച്ചത് റോമിൻറെ
ശകാരത്തിൽനിന്നും
രക്ഷപെടുന്നതിനുവേണ്ടിയാണ്.
ലാക്കുൻസാ ജീവിച്ചിരുന്നത്
പതിനെട്ടാം നൂറ്റാണ്ടിലാണ്. എന്നാൽ
ഏകദേശം 1825 -ൽ ആണ് ഈ
പുസ്തകം ഇംഗ്ലണ്ടിലെത്തിയതും അതു
ഇംഗ്ലീഷിലേക്കു പരിഭാഷപ്പെടുത്തിയതും.
അതിൻറെ പ്രസിദ്ധീകരണം
ഇംഗ്ലണ്ടിൽ ഉണ്ടായിട്ടുള്ള ക്രിസ്തുവിൻറെ
പുനരാഗമനത്തെ സംബന്ധിച്ച ഉണർവ്
വർദ്ധിക്കുവാനിടയാക്കി.

ജർമ്മനിയിൽ ഈ ഉപദേശം
പഠിപ്പിച്ചതു ലൂഥറൻ സഭയിലെ ഒരു
ശുശ്രൂഷകനും നല്ല ബൈബിൾ

പണ്ഡിതനും വിമർശകനുമായ ബെനഗൽ ആയിരുന്നു. അതു പതിനെട്ടാം നൂറ്റാണ്ടിലായിരുന്നു. ബെനഗൽ പഠനം പൂർത്തിയാക്കിയശേഷം മുഴുശദ്ധയും കേന്ദ്രീകരിച്ചത് പ്രവചനപഠനത്തിലായിരു ന്നു. അതവൻറെ ഗൗരവാവഹവും മതപരവുമായ മാനസികാവസ്ഥയെ നേരത്തെയുള്ള പരിശീലനവും ശിക്ഷണവും സ്വാഭാവികമായി ആഴമേറിയതാക്കി. ചിന്താശീലമുള്ള മറ്റു ചെറുപ്പക്കാരെപ്പോലെ മുമ്പും ഇപ്പോഴും മതപരമായ സംശയങ്ങളും പ്രയാസങ്ങളുമായി മല്ലിടേണ്ടിവന്നു. അദ്ദേഹത്തിൻറെ പരോക്ഷവിമർശനങ്ങൾക്കെതിരെയു

ള്ള ക്കുരമ്പുകൾ അവൻറെ
യുവഹൃദയത്തിന്ന സഹിക്കാൻ
പ്രയാസമായിരുന്നു. വിറ്റൻബർഗ്ഗിലെ
ഒരംഗമായതോടെ
മതസ്വാതന്ത്ര്യത്തിൻറെ ഒരു
വക്താവായി. “സഭയുടെ അവകാശങ്ങളും
അനുഗ്രഹങ്ങളും നിലനിർത്തിക്കൊണ്ട്
എല്ലാ ന്യായമായ സ്വാതന്ത്ര്യവും
പ്രോത്സാ പ്പിച്ചിരുന്നു; തങ്ങളുടെ
മനഃസാക്ഷി അനുസരിച്ച സഭയ്ക്കുള്ളിൽ
അടിമത്തം അനുഭവിക്കുന്നുവെന്നു
കരുതുന്നവർക്കു സഭയിലുള്ള
കൂട്ടായ്മയിൽ നിന്നു മാറി നില്ക്കാം “.
-Encyclopedia Britannica, 9th ed.,
art., “Bergel’; ബർഗലിന്റെ ഈ
തത്വത്തിൻറെ ഫലം ഇപ്പോഴും തൻറെ

സ്വന്തം പ്രവിശ്യയിൽ
നിലവിലിരിയ്ക്കുന്നു.

പുനരാഗമന ഞായറാഴ്ചയ്ക്കുവേണ്ടി
വെളിപ്പാടു 21-ൽ നിന്നും ഒരു പ്രസംഗം
തയ്യാറാക്കുമ്പോഴാണ് രണ്ടാം
വരവിനെക്കുറിച്ചുള്ള വെളിച്ചം
ബർഗലിന്റെ മനസ്സിൽ പ്രകാശിച്ചത്.
വെളിപ്പാടിലെ പ്രവചനങ്ങൾ
മുമ്പൊരിക്കലും തൻറെ ബുദ്ധിക്കു
തെളിഞ്ഞിട്ടില്ലാത്തവിധം
പ്രദർശിപ്പിക്കപ്പെട്ടു. പ്രവാചകൻ
അത്യത്ഭുത പ്രാധാന്യവും
അതിശയിപ്പിക്കുന്ന മഹത്വവും ഉള്ള
കാഴ്ചകൾ നല്കിയപ്പോൾ
തൽക്കാലത്തേക്കു ആ
വിഷയത്തെക്കുറിച്ചു ധ്യാനിക്കുന്നതു

നിർത്തിവെച്ചു. പ്രസംഗപീഠത്തിൽ നിന്നു അതുതന്നെ സ്പഷ്ടമായും ശക്തിയോടും വീണ്ടും നല്കപ്പെട്ടു. അപ്പോൾ മുതൽ തൻറെ മുഴു ശ്രദ്ധയും പ്രവചനപഠനത്തിലേക്കു പ്രത്യേകിച്ചു വെളിപ്പാടു പുസ്തകത്തിലേക്കും ക്രിസ്തുവിൻറെ വരവ് ആസന്നമായിരിക്കുന്നുയെന്ന വിശ്വാസത്തിലേക്കും വേഗം എത്തിച്ചേർന്നു. ക്രിസ്തുവിൻറെ രണ്ടാംവരവിനെക്കുറിച്ച് അദ്ദേഹം നിശ്ചയിച്ച തീയതി ഏതാനും വർഷങ്ങൾക്കുള്ളിൽ ആയിരിക്കുമെന്നത് പിൽക്കാലത്ത് മില്ലറും അംഗീകരിച്ചു.

ബെൻഗല്ലിന്റെ എഴുത്തുകൾ ക്രിസ്തീയ ലോകം മുഴുവനും പ്രചരിച്ചു. പ്രവചനത്തെക്കുറിച്ചുള്ള അദ്ദേഹത്തിൻറെ വീക്ഷണം സ്വന്തം സംസ്ഥാനമായ വിറ്റൻബർഗ്ഗിലും ജർമ്മനിയുടെ മറ്റു ഭാഗങ്ങളിലും ഏറെക്കുറെ സ്വീകരിക്കപ്പെട്ടു. അദ്ദേഹത്തിൻറെ കാലശേഷവും അതു തുടരുകയും പുനരാഗമനദൂതു ജർമ്മനിയിൽ കേൾക്കുകയും അതെ സമയം മറ്റു രാജ്യങ്ങളിൽ ശ്രദ്ധ ആകർഷിക്കപ്പെടുകയും ചെയ്തുകൊണ്ടിരുന്നു. ചില വിശ്വാസികൾ നേരത്തെ റഷ്യയിലേക്കു കുടിയേറ്റം നടത്തുകയും ക്രിസ്തുവിൻറെ പെട്ടെന്നുള്ള വരവിനെക്കുറിച്ചുള്ള വിശ്വാസം

അവിടെയുള്ള ജർമ്മൻ സഭകൾ നില നിർത്തുകയും ചെയ്തു.

ഫ്രാൻസിലും സ്വിറ്റ്സർലന്റിലും അതിൻറെ വെളിച്ചം പ്രകാശിച്ചു. ജനീവയിൽ ഫാരലും കാൽവിനും നവീകരണദൂതിൻറെ സത്യം പ്രചരിപ്പിച്ചിരുന്നു. ഗ്വാസിൻ രണ്ടാം വരവിൻറെ ദൂതു പ്രസംഗിച്ചു. ഗ്വാസിൻ സ്കൂൾ വിദ്യാർത്ഥി ആയിരുന്നപ്പോൾ യൂറോപ്പു മുഴുവനും പതിനെട്ടാം നൂറ്റാണ്ടിൻറെ അവസാനഭാഗത്തും പത്തൊമ്പതാം നൂറ്റാണ്ടിൻറെ ആരംഭത്തിലും നിലനിന്നിരുന്ന യുക്തിവാദ സിദ്ധാന്തത്തെ എതിരിട്ടു. താൻ പൗരോഹിത്യത്തിൽ പ്രവേശിക്കുമ്പോൾ സത്യ

വിശ്വാസത്തെക്കുറിച്ചു
അറിവില്ലാത്തവനായിരുന്നു. എന്നാൽ
നിരീശ്വരവാദത്തിലോട്ടു
ചായ്‌വുള്ളവനായിത്തീർന്നു.
യുവാവായിരിക്കുമ്പോൾ
പ്രവചനപഠനത്തിൽ
തത്പരനായിത്തീർന്നു. റോളിനിൻറെ
പൗരാണിക ചരിത്രം വായിച്ചശേഷം
തൻറെ ശ്രദ്ധ ദാനീയേലിൻറെ രണ്ടാം
അദ്ധ്യായത്തിലേക്കു തിരിയുകയും
ചരിത്രകാരൻറെ രേഖയിൽ പ്രവചനം
അത്ഭുതകരമായും കൃത്യമായും
നിറവേറിയതിൽ
അത്ഭുതസ്തബ്ധനാകുകയും ചെയ്തു. ഇവിടെ
തിരുവചനത്തിൻറെ
ദൈവശ്വാസീയതയുടെ സാക്ഷ്യം
ഉണ്ടായിരുന്നതു പില്ക്കാലത്തെ

അപകടങ്ങളിൽ ഒരു നങ്കൂരമായിരുന്നു. യുക്തിവാദ ഉപദേശങ്ങളിൽ സംതൃപ്തനാകാതെ അദ്ദേഹം ബൈബിൾ പഠിക്കുകയും വ്യക്തമായ വെളിച്ചത്തിനുവേണ്ടി ശോധന കഴിക്കയും കുറെ സമയത്തിനുശേഷം സുനിശ്ചിതമായ വിശ്വാസം നിലനിർത്തുകയും ചെയ്തു.

പ്രവചനങ്ങൾ പരിശോധിച്ച് കർത്താവിന്റെ വരവ് ആസന്നമാണെന്നു ള്ള വിശ്വാസത്തിൽ എത്തിച്ചേർന്നു. ഈ വലിയ സത്യത്തിൻറെ പ്രാധാന്യവും ഗൗരവവും മനസ്സിലാക്കി അതു ജനങ്ങളുടെ മുമ്പിൽ കൊണ്ടുവരുവാൻ താൻ ആഗ്രഹിച്ചു; എന്നാൽ ദാനീയേൽ പ്രവചനം

ഗ്രഹിപ്പാൻ കഴിയാത്ത മർമ്മമാണെന്ന പൊതുവെയുള്ള വിശ്വാസം തൻറെ മാർഗ്ഗമദ്ധ്യേ ഒരു തടസ്സമായി ത്തീർന്നു. ഫാരൽ മുമ്പു ചെയ്തതുപോലെ ജനീവയിൽ സുവിശേഷീകരണം നടത്തുവാൻ തീരുമാനിച്ചു. അതു കുട്ടികളിലൂടെ ആരംഭിച്ച് മാതാപിതാക്കളിൽ താത്പര്യം ജനിപ്പിക്കണമെന്നു പ്രത്യാശിച്ചു.

താൻ തുനിഞ്ഞിറങ്ങിയ കാര്യസാധ്യത്തിൻറെ ലക്ഷ്യത്തെപ്പറ്റി "ഇതു മനസ്സിലാക്കുവാൻ ഞാനാഗ്രഹിക്കുന്നു"വെന്നു പിന്നീട് പറയുകയുണ്ടായി അതിൻറെ പ്രാധാന്യക്കുറവുകൊണ്ടല്ല നേരെമറിച്ച്

അതിൻറെ ശഷ്ടത കൊണ്ട് ഞാൻ
അതിനെ സുപരിചിതമായ രീതിയിൽ
അവതരിപ്പിക്കുവാൻ ആഗ്രഹി ക്കുകയും
കുട്ടികളെ അഭിസംബോധന ചെയ്ത്
സംസാരിക്കുകയും ചെയ്തു. എന്നെ
ശ്രദ്ധിക്കണമെന്ന് ഞാനാഗ്രഹിച്ചു,
എന്നാൽ ആദ്യം മുതിർന്നവർക്ക് ദൂതു
നൽകിയാൽ അവർ ശ്രദ്ധിക്കയില്ലെന്നു
ഞാൻ ഭയപ്പെട്ടു. അതിനാൽ ഏറ്റവും
പ്രായം കുറഞ്ഞവരിലേക്കു പോകുവാൻ
ഞാൻ തീരുമാനിച്ചു. കുട്ടികളുടെ ഒരു
സംഘത്തെ ഞാൻ ശേഖരിച്ചു. എണ്ണം
വർദ്ധിച്ചാൽ അവർ
ശ്രദ്ധിക്കുന്നുവെന്നും അവർ
സന്തുഷ്ടരാണെന്നും വിഷയം അവർ
ഗ്രഹിച്ചിട്ട് അതു
വിശദീകരിക്കുന്നുവെന്നും കണ്ടിട്ടു

രണ്ടാമതൊരു കൂട്ടരെ പെട്ടെന്നു അഭി സംബോധന ചെയ്യാനും അതിൽ മുതിർന്നവർ ഇരുന്നു പഠിക്കുന്നതു നല്ല തായിരിക്കും എന്നും കണ്ടു. അങ്ങനെ ചെയ്തപ്പോൾ ലക്ഷ്യം വിജയിച്ചു എന്നു ഗ്രഹിച്ചു" -- L. Gaussen, Daniel the Prophet, vol. 2, Preface.

പരിശ്രമം വിജയകരമായിരുന്നു. കുട്ടികളെ അഭിസംബോധന ചെയ്തപ്പോൾ മുതിർന്നവരും കേൾക്കാൻ വന്നു. തൻറെ സഭയിലെ ഇരിപ്പിടങ്ങളെല്ലാം ശ്രദ്ധാലുക്കളായ കേൾവിക്കാരെക്കൊണ്ടു നിറഞ്ഞു. അവരുടെ ഇടയിൽ ഉദ്യോഗപ്രമുഖരും പരിജ്ഞാനമുള്ളവരും അപരിചിതരും ജനീവ സന്ദർശിക്കുന്ന

അന്യരാജ്യക്കാരും ഉണ്ടായിരുന്നു.
അങ്ങനെ ദൂത് മറ്റു ഭാഗങ്ങളിലേക്കും
പടർന്നു.

ഈ വിജയം
പ്രോത്സാഹജനകമാകയാൽ
പ്രവാചക്രഗന്ഥങ്ങൾ ഫ്രഞ്ചു
സംസാരിക്കുന്ന ജനങ്ങളുടെ ഇടയിലെ
പള്ളികളിൽ പഠിപ്പിക്കുന്നതിനു
പ്രോത്സാഹിപ്പിക്കാമെന്നുള്ള
പ്രത്യാശയിൽ ഗ്വാസിൻ തൻറെ
പാഠങ്ങൾ പ്രസിദ്ധീകരിച്ചു.
“കുട്ടികൾക്കു നല്കിയ നിർദ്ദേശങ്ങൾ
മുതിർന്നവർക്കും
കൂടെയുള്ളതാണെങ്കിലും പലപ്പോഴും
അപ്രകാരമുള്ള പുസ്തകങ്ങൾ മറഞ്ഞിരി
ക്കുന്നവയാണെന്ന് മുതിർന്നവർ

നടിച്ചിരുന്നു. നിങ്ങളുടെ കുട്ടികൾക്കു അതു മനസ്സിലാക്കാൻ കഴിയുമെങ്കിൽ അവ മറഞ്ഞിരിക്കുന്നവയാണെന്നെങ്ങനെ പറയാൻ കഴിയും? അദ്ദേഹം കൂട്ടിച്ചേർത്തു. "സാധിക്കുമെങ്കിൽ നമ്മുടെ ജനങ്ങളുടെ ഇടയിൽ അറിയപ്പെടുന്ന പ്രവചനങ്ങളെക്കുറിച്ചു അറിവ് പകരണമെന്നു എനിക്കു വളരെ ആഗ്രഹം ഉണ്ടായിരുന്നു".

"കാലത്തിൻറെ ആവശ്യകതകളെക്കുറിച്ചു ഇതിലും നന്നായി പ്രതിവചിക്കുന്ന യാതൊരു പഠനവും വാസ്തവമായും ഇല്ല. ഇതുമൂലം നമുക്കു മുമ്പിലുള്ള കഷ്ടകാലത്തിനും യേശുക്രിസ്തുവിൻറെ പെട്ടെന്നുള്ള

വരവിനംവേണ്ടി ഒരുങ്ങുവാൻ
സാധിക്കും'.

ഗ്വാസിൻ ഫ്രഞ്ചു ഭാഷയിലെ ഏറ്റവും
പ്രഗത്ഭനും പ്രിയങ്കരനുമായ
പ്രസംഗകനായിരുന്നുവെങ്കിലും
താമസിയാതെ പൗരോഹിത്യ
ശുശ്രൂഷയിൽ നിന്നും പിരിച്ചുവിടപ്പെട്ടു.
അദ്ദേഹത്തിനെതിരായിട്ടുള്ള പ്രധാന
കുറ്റം സഭയുടെ ഇഷ്ടപ്പെട്ടുന്നതും
സമുചിതവുമായ കറ്റക്കിസം
ഉപയോഗിക്കാതെ യുവാക്കളെ
പഠിപ്പിക്കുന്നതിന്ന ദൈവവചനമായ
ബൈബിൾ ഉപയോഗിച്ചും
എന്നുള്ളതായിരുന്നു. പിന്നീട് ഒരു
വൈദിക ശാസ്ത്ര വിദ്യാലയത്തിൽ
അദ്ധ്യാപകനാകുകയും

ഞായറാഴ്ചയാകുമ്പോൾ, ഒരു കറ്റക്കിസ അദ്ധ്യാപകനെന്ന നിലയിൽ കുട്ടികളെ തിരുവെഴുത്തുകൾ പഠിപ്പിക്കുകയും ചെയ്തു പോന്നു. പ്രവചനത്തെക്കുറിച്ചുള്ള തൻറെ ഗ്രന്ഥങ്ങൾ വളരെ താത്പര്യമുളവാക്കി. കോളേജദ്ധ്യാപനം മുതൽ പ്രസിദ്ധീകരണ വേലവരെയും തനിക്ക് ഏറ്റവും പ്രിയപ്പെട്ട വേലയായ കുട്ടികളുടെ അദ്ധ്യാപകൻ എന്ന നിലയിലും അനേകവർഷം തുടർന്നു.

കർത്താവിന്റെ വരവ് ആസന്നമായി എന്നു കാണിക്കുന്ന പ്രവചന പഠനങ്ങളിലേക്ക് അനേകരുടെ ശ്രദ്ധയെ ആകർഷിക്കുന്ന ഒരു ഉപകരണവും ഏറ്റവും വലിയ സ്വാധീനവും ആകുകയും ചെയ്തു.

സ്കാൻഡിനേവ്യയിലും പുനരാഗമനദൂതു ഘോഷിക്കപ്പെടുകയും വിശാലമായ താത്പര്യം പടരുകയും ചെയ്തു. അനേകരും തങ്ങളുടെ സൂക്ഷ്മതയില്ലാത്ത സുരക്ഷിതത്വത്തിൽ നിന്നുണർന്ന് തങ്ങളുടെ പാപങ്ങളെ ഏറ്റുപറഞ്ഞുപേക്ഷിക്കാൻ സന്നദ്ധരാകുകയും ക്രിസ്തുവിൻറെ നാമത്തിൽ ക്ഷമ അന്വേഷിക്കുകയും ചെയ്തു. എന്നാൽ ദേശീയ സഭയുടെ പുരോഹിതന്മാർ ഈ പ്രസ്ഥാനത്തോടെതിർത്തു. അവരുടെ സ്വാധീനത്താൽ ഈ ദൂതു പ്രസംഗിച്ചവരിൽ ചിലർ ജയിലിലിലടയ്ക്കപ്പെട്ടു. പല സ്ഥലത്തും കർത്താവിന്റെ പെട്ടെന്നുള്ള വരവിൻറെ ദൂതു പ്രസംഗിക്കുന്നവരെ

ഇപ്രകാരം നിശ്ശബ്ദരാക്കി. ഈ ദൂതു ചെറിയ കുട്ടികളിലൂടെ അത്ഭുതകരമായ രീതിയിൽ നൽകുവാൻ ദൈവം പ്രസാദിച്ചു. അവർ പ്രായം കുറഞ്ഞവരാകയാൽ അവരെ തടസ്സപ്പെടുത്തുവാൻ രാഷ്ട്രനിയമം അനുവദിക്കാഞ്ഞതിനാൽ അവർ ഉപദ്രവം ഇല്ലാതെ വചനം പ്രസംഗിക്കുന്നതിനു അനുവദിക്കപ്പെട്ടു.

ഈ വേല പ്രധാനമായി പാവപ്പെട്ടവരുടെ ഇടയിലായിരുന്നു. ഈ മുന്നറിയിപ്പിൻ ദൂതുകൾ ശ്രവിപ്പാൻ ജനങ്ങൾ കൂടിവന്നത് തൊഴിലാളികളുടെ എളിയ വസതികളിലായിരുന്നു. കുട്ടികളായ ഈ പ്രസംഗകർ മിക്കവരും സാധുക്കളുടെ കുടിലുകളിൽ

നിന്നുള്ളവരായിരുന്നു. അവരിൽ ചിലർ ആറും എട്ടും വയസ്സിൽ കൂടുതലുള്ളവരായിരുന്നില്ല; എന്നാൽ അവരുടെ ജീവിതം അവർ രക്ഷകനെ സ്നേഹിക്കുന്നുവെന്നും ദൈവകല്പനകൾ അനുസരിച്ച് ജീവിപ്പാൻ ശ്രമിക്കുന്നുവെന്നും സാക്ഷിച്ചു. അവരുടെ പ്രായത്തിലുണ്ടായിരുന്ന മറ്റു കുട്ടികളുടെ കഴിവും ബുദ്ധിയും മാത്രമെ അവർക്കും ഉണ്ടായിരു ന്നുള്ളു. അവർ ജനങ്ങളുടെ മുൻപിൽ നിൽക്കുമ്പോൾ അവരുടെ സ്വാഭാവിക കഴിവിനതീതമായ ഒരു പ്രേരണ ദൃശ്യമായിരുന്നു. ശബ്ദവും രീതിയും വ്യത്യാസപ്പെടുകയും ദിവ്യ അധികാരത്തോടെ "ദൈവത്തെ ഭയപ്പെട്ട് അവനു മഹത്വം കൊടുപ്പിൻ; അവൻറെ ന്യായവിധിയുടെ നാഴിക

വന്നിരിക്കുന്നു" എന്ന തിരുവചനഭാഗം ഉദ്ധരിച്ച് ന്യായവിധിയുടെ മുന്നറിയിപ്പ് കൊടുത്തു. ജനങ്ങളുടെ പാപങ്ങളെ ശാസിക്കയും അസാന്മാർഗ്ഗീയതയെയും ദുരാചാരങ്ങളെയും കുറ്റം വിധിക്കുക മാത്രമല്ല ചെയ്തത് പ്രത്യുത പിന്മാറ്റത്തെയും ലൗകികതയെയും നിശിതമായി താക്കീതു ചെയ്യുകയും വരാൻ പോകുന്ന കോപത്തിൽനിന്നും വേഗം ഓടിപ്പോകാൻ ആഹ്വാനം ചെയ്യുകയും ചെയ്തു.

ജനം ഭയത്തോടെ ശ്രദ്ധിച്ചു. സകല സത്യത്തിലും വഴിനടത്തുന്ന ദൈവത്തിൻറെ ആത്മാവ് അവരുടെ ഹൃദയത്തോടു സംസാരിച്ചു. അനേകരും

പുതുക്കപ്പെട്ടതും ആഴമേറിയതുമായ
താല്പര്യത്തോടെ തിരുവചനം
പരിശോധിക്കുവാൻ തുടങ്ങി.
അജിതേന്ദ്രിയരും
അസാൻമാർഗ്ഗികളും രൂപാന്തരപ്പെട്ടു.
മറ്റുള്ളവർ തങ്ങളുടെ അവിശ്വസ്ത
പരിചയങ്ങളെ ഉപേക്ഷിച്ചു. ഈ
വേലയിൽ ദൈവികകരം
തീർച്ചയായും ഉണ്ട് എന്നത്
അംഗീകരിക്കുവാൻ തക്കവണ്ണം
ദേശീയസഭയുടെ
ശുശ്രൂഷകൻമാർപോലും
നിർബന്ധിതരായിത്തീരത്തക്കവി
ധം ഈ പ്രവർത്തനം അതീവ
പ്രാധാന്യമുള്ളതായിരുന്നു.

രക്ഷകൻറെ പുനരാഗമനദൂതു
സ്കാൻഡിനേവ്യൻ രാജ്യങ്ങളിലും
നൽകപ്പെടണമെന്നുള്ളതു
ദൈവയിഷ്ടമാകയാൽ തൻറെ
ദാസൻമാരെ നിശ്ശബ്ദരാക്കിയപ്പോൾ
ആ വേല നിർവ്വഹിക്കുന്നതിന്
ദൈവം തൻറെ ആത്മാവിനെ
കുട്ടികളിലേക്കയച്ചു.
യേശുയെരുശലേമിനെ സമീപിച്ചപ്പോൾ
ആഹ്ലാദഭരിതരായ ജനാവലി
കുരുത്തോലകൾ വീശിക്കൊണ്ട്
ദാവീദുപുത്രൻ എന്നു ഘോഷിച്ചു.
അസൂയാലുക്കളായ പരീശന്മാർ
യേശുവിനോട് അവരെ
ശാന്തരാക്കുവാൻ ആവശ്യപ്പെട്ടു.
ഇതെല്ലാം പ്രവചന നിവൃത്തിയാണെന്നും
അവർ മൗനമായിരുന്നാൽ കല്ലുകൾ

ആർക്കുമെന്നും യേശു മറുപടി പറഞ്ഞു. പുരോഹിതന്മാരും ഭരണകർത്താക്കളും ജനങ്ങളെ ഭീഷണിപ്പെടുത്തിയപ്പോൾ അവരുടെ ജയാരവം അവസാനിച്ചു. പിന്നീട് ദൈവാലയത്തിൽ കുട്ടികൾ കയ്യിൽ കുരുത്തോലയുമായി, "ദാവീദു പുത്രനു ഹോശന്നാ" എന്ന് ആർത്തു ഘോഷിച്ചു. പരീശന്മാർ വളരെ കുപിതരായി അവനോടു ചോദിച്ചു; "ഇവർ പറയുന്നതു കേൾക്കുന്നുവോ?" "ഉവ്വ്; ശിശുക്കളുടെയും മുലകുടിക്കുന്നവരുടെയും വായിൽനിന്നു നീ പുകഴ്ച ഒരുക്കിയിരിക്കുന്നു എന്നുള്ളതു നിങ്ങൾ ഒരിക്കലും വായിച്ചിട്ടില്ലയോ?" എന്ന് യേശു പറഞ്ഞു. ക്രിസ്തുവിൻറെ ഒന്നാം വരവിൻറെ സമയത്തു ദൈവം

കുട്ടികളിലൂടെ ചെയ്തതുപോലെ തൻറെ രണ്ടാം വരവിൻറെ ദൂതഘോഷണം അവരിൽക്കൂടെ നിർവ്വഹിച്ചു. ദൈവവചനം നിവൃത്തിയാകണം, രക്ഷകൻറെ വരവിൻറെ ദൂതു സകല ജാതികൾക്കും ഭാഷയ്ക്കും നല്കപ്പെടണം.

വില്യം മില്ലർക്കും സഹപ്രവർത്തകർക്കും അമേരിക്കയിൽ മുന്നറിയിപ്പിൻറെ ദൂതു പ്രസംഗിക്കുവാൻ വിളിയുണ്ടായി. ഈ രാജ്യം വലിയ പുനരാഗമന പ്രസ്ഥാനത്തിൻറെ കേന്ദ്രമായിത്തീർന്നു. ഇവിടെയാണ് ഒന്നാം ദൂതൻറെ ദൂതിനെ സംബന്ധിച്ച പ്രവചനം ഏറ്റവും അധികമായി നേരിട്ടു നിവൃത്തിയായയത്. വില്യം മില്ലറുടെയും

സഹപ്രവർത്തകർ വിദൂരസ്ഥലങ്ങളിലെത്തിയിരുന്നു. ലോകത്തിലെവിടെയെല്ലാം ദൂതവാഹകർ കടന്നു ചെന്നുവോ അവിടെയെല്ലാം ക്രിസ്തുവിൻറെ പെട്ടെന്നുള്ള വരവിൻറെ സദ്വർത്തമാനം നല്കപ്പെട്ടു. “ദൈവത്തെ ഭയപ്പെട്ടു അവനു മഹത്വം കൊടുപ്പിൻ; അവൻറെ ന്യായ വിധിയുടെ നാഴിക വന്നിരിക്കുന്നു” എന്നുള്ള നിത്യ സുവിശേഷം വളരെ വ്യാപകമായി പരന്നു.

1844 വസന്തകാലത്ത് ക്രിസ്തുവിൻറെ രണ്ടാം വരവാകും എന്നു തോന്നിക്കുന്നതിലേക്കു വിരൽ ചൂണ്ടിയ പ്രവചന സാക്ഷ്യം ജനഹൃദയങ്ങളിൽ

ആഴമായി പതിഞ്ഞിരുന്നു. ദൂത് ഓരോ രാജ്യത്തും എത്തിയപ്പോൾ വിശാലമായ ഉണർവും താൽപര്യവും എല്ലായിടത്തും സംജാതമായി. പ്രവചനകാലഘട്ടങ്ങളിൽനിന്നുള്ള വാദഗതി ശരിയാണെന്നു അനേകർക്കും ബോദ്ധ്യമാകയാൽ തങ്ങളുടെ സ്വന്തം അഭിപ്രായങ്ങളിലുണ്ടായിരുന്ന അഹന്ത ഉപേക്ഷിച്ച് ആഹ്ലാദത്തോടെ സത്യം സ്വീകരിച്ചു. ചില സഭാശുശ്രൂഷകന്മാർ തങ്ങളുടെ സങ്കുചിത വീക്ഷണവും സഭയും ശമ്പളവും വെടിഞ്ഞ് യേശുവിൻറെ വരവിനെ ഘോഷിക്കുന്നവരോടു ചേർന്നു. ഈ ദൂതു സ്വീകരിച്ച് സഭാശുശ്രൂഷകന്മാർ താരതമ്യേന കുറവാകയാൽ എളിയ ഐമേനികളെ

ഈ വേലയുടെ ഭൂരിഭാഗവും ഏൽപ്പിച്ചു. കൃഷിക്കാർ കൃഷിസ്ഥലങ്ങളും യന്ത്രപ്പണിക്കാർ തങ്ങളുടെ ആയുധങ്ങളും വ്യാപാരികൾ തങ്ങളുടെ കച്ചവടങ്ങളും ഉദ്യോഗസ്ഥർ തങ്ങളുടെ സ്ഥാനങ്ങളും ഉപേക്ഷിച്ചുവെങ്കിലും തീർക്കുവാനുള്ള വേലയുമായി താരതമ്യം ചെയ്യുമ്പോൾ വേലക്കാരുടെ എണ്ണം കുറവായിരുന്നു. ദൈവ ഭയമില്ലാത്ത സഭയുടെ അവസ്ഥയും ദുഷ്ടതയിൽ നിമഗ്നമായ ഒരു ലോകവും യഥാർത്ഥ കാവൽക്കാരുടെ ആത്മാക്കളെ ഭാരപ്പെടുത്തുകയും കഠിനാദ്ധ്വാനവും പട്ടിണിയും കഷ്ടപ്പാടുകളും സ്വമനസ്സാലെ സഹിച്ചുകൊണ്ട് മനുഷ്യരെ രക്ഷയ്ക്ക് നിദാനമായ മാനസാന്തരത്തിലേക്കു

വരുവാൻ ആഹ്വാനം ചെയ്ത സാത്താൻ എതിർത്തു എങ്കിലും വേല ശക്തിയായി മുമ്പോട്ടുപോകുകയും അനേകായിരങ്ങൾ പുനരാഗമന ദൂത് സ്വീകരിക്കുകയും ചെയ്തു.

സഭയ്ക്കുള്ളിലും പുറത്തുമുള്ള പാപികൾക്ക് വരുവാനുള്ള കോപത്തിൽനിന്നും ഓടിപ്പോകുവാനുള്ള മുന്നറിയിപ്പ് കൊടുത്തുകൊണ്ടുള്ള അന്വേഷണത്തിൻറെ സാക്ഷ്യം കേൾക്കുകയുണ്ടായി. ക്രിസ്തുവിൻറെ മുന്നോടിയായ യോഹന്നാൻ സ്നാപകനെപ്പോലെ, മാനസാന്തരപ്പെട്ട് ഫലം കായ്ക്കാത്തവരുടെമേൽ വരുവാൻ പോകുന്ന ശിക്ഷാവിധിയെക്കുറിച്ചുള്ള മുന്നറിയിപ്പ് പ്രസംഗകർ കൊടുത്തു.

ജനസമ്മതിയുള്ള
പ്രസംഗപീഠത്തിൽനിന്നും ശ്രവിച്ച്
സമാധാനത്തിൻറെയും
സുരക്ഷിതത്വത്തിൻറെയും അഭ്യർത്ഥന
തമ്മിൽ താരതമ്യപ്പെടുത്തുമ്പോൾ ഈ
പ്രസംഗങ്ങൾ ഇളക്കി
മറിക്കുന്നവയായിരുന്നു. ഈ ദൂതു
നൽകപ്പെട്ടിടത്തെല്ലാം ജനങ്ങളുടെ
മനസ്സ് ഇളകി. തിരുവചനത്തിൻറെ
ലഘുവും നേരിട്ടുള്ളതുമായ സാക്ഷ്യം
പരിശുദ്ധാത്മശക്തിയാൽ
മനസ്സാക്ഷിയെ കുറ്റം ചുമത്തുന്നതു
അധികം പേർക്കും പൂർണ്ണമായും
മറുത്തുനിൽക്കാൻ കഴിഞ്ഞില്ല.
മതപണ്ഡിതർ തങ്ങളുടെ തെറ്റായ
സുരക്ഷിതത്വത്തിൽനിന്നും ഉണർന്നു.
അവരുടെ പിന്മാറ്റം, ലൗകികത,

അവിശ്വാസം, അഹംഭാവം, സ്വാർത്ഥത എന്നിവ അവർക്കു കാണാൻ കഴിഞ്ഞു. അനേകരും താഴ്മയോടും അനുതാപത്തോടുംകൂടെ കർത്താവിനെ അന്വേഷിച്ചു. ലൗകിക വസ്തുക്കളുമായി ഇതുവരെയും അവരെ ബന്ധിപ്പിച്ചുനിർത്തിയ സ്നേഹം അവർക്കിപ്പോൾ സ്വർഗ്ഗത്തോടായി. ദൈവാത്മാവ് അവരിൽ വരുകയും ഹൃദയത്തെ മയപ്പെടുത്തി, "ദൈവത്തെ ഭയപ്പെട്ടു അവന് മഹത്വം കൊടുപ്പിൻ; അവൻറെ ന്യായവിധിയുടെ നാഴിക വന്നിരിക്കുന്നു" എന്നു ഘോഷിക്കുന്നവരോടു ചേർന്നു.

"ഞങ്ങൾ രക്ഷപ്രാപിപ്പാൻ എന്തുചെയ്യണം? എന്നു പാപികൾ കണ്ണു

നീരോടെ ചോദിച്ചു.
സത്യസന്ധതയില്ലാതെ ജീവിച്ചവർ
അവർ അപഹരിച്ച തിനെ
മടക്കിക്കൊടുപ്പാൻ ആകാംക്ഷ കാണിച്ചു.
ക്രിസ്തുവിൽ സമാധാനം
കണ്ടെത്തിയവരെല്ലാം മറ്റുള്ളവർ
അനുഗ്രഹം പങ്കുവെയ്ക്കുന്നതു കാണു
ന്നതിൽ ആഗ്രഹം പ്രകടിപ്പിച്ചു.
മാതാപിതാക്കളുടെ ഹൃദയം
മക്കളിലേക്കും, മക്കളുടെ ഹൃദയം
മാതാപിതാക്കളിലേക്കും തിരിഞ്ഞു.
അഹങ്കാരത്തിൻറെയും
പൃഥ്വിവയ്ക്കലിൻറെയും വരമ്പുകൾ
നീങ്ങിപ്പോയി. ഹൃദയംഗമായ
ഏറ്റുപറച്ചിൽ നടന്നു. ബന്ധുക്കളുടെയും
പ്രിയപ്പെട്ടവരുടെയും രക്ഷയ്ക്കുവേണ്ടി
അദ്ധ്വാനിച്ചു. പലപ്പോഴും

ദൈവത്തോടുള്ള ആത്മാർത്ഥമായ മദ്ധ്യസ്ഥ പ്രാർത്ഥനയുടെ ശബ്ദം കേൾക്കാമായിരുന്നു. എല്ലായിടത്തും ആത്മാക്കൾ അതീവ ദുഃഖത്താൽ ദൈവത്തോടു യാചിച്ചു. തങ്ങളുടെ പാപം മോചിച്ചു കിട്ടിയതിൻറെ ഉറപ്പിനും പ്രിയപ്പെട്ടവരുടെയും അയൽക്കാരുടെയും മാനസാന്തരത്തിനുവേണ്ടിയും രാത്രി മുഴുവൻ പ്രാർത്ഥനയിൽ ദൈവവുമായി മല്ലിട്ടിരുന്നു.

എല്ലാവിഭാഗം ജനങ്ങളും പുനരാഗമനദൂതു ശ്രവിക്കാൻ കൂടിവന്നു. ധനവാനും ദരിദ്രനും ഉന്നതനും താണവനും എല്ലാവരും രണ്ടാം വരവിൻറെ ഉപദേശം ശ്രദ്ധിക്കുന്നതിന് ഉത്സുകരായി. തൻറെ

വേലക്കാർ തങ്ങളുടെ
വിശ്വാസസംഹിതകളെ
വിശദീകരിക്കവെ,
അവർക്കെതിരായുള്ള
എതിർപ്പുകളെ ദൈവം നിയന്ത്രിച്ചു.
ദൂതു വാഹകർ ചിലപ്പോഴൊക്കെ
ബലഹീനരായിരുന്നു എങ്കിലും
ദൈവാത്മാവു അവരിൽ കൂടി തൻറെ
സത്യത്തെ ബലപ്പെടുത്തി. ഈ
കൂടിവരവിൽ വിശുദ്ധദൂതന്മാരുടെ
സാന്നിദ്ധ്യം അനുഭവപ്പെടുകയും
ദിവസേന വിശ്വാസികളുടെ എണ്ണം
വർദ്ധിക്കുകയും ചെയ്തു.
പുനരാഗമനത്തിൻറെ ലക്ഷണങ്ങൾ
ആവർത്തിക്കവെ വലിയ ജനാവലി
നിശ്ശബ്ദരായി വചനഘോഷം ശ്രദ്ധിച്ചു.
സ്വർഗ്ഗവും ഭൂമിയും പരസ്പരം സമീപിക്കു

ന്നതുപോലെ തോന്നി. ദൈവത്തിൻറെ ശക്തി പ്രായമുള്ളവർക്കും യുവാക്കൾക്കും മദ്ധ്യവയസ്കർക്കും അനുഭവവേദ്യമായി. അവരുടെ അധരങ്ങളിൽ സ്തുതികളുമായി അവർ വീടുകളിലേക്കു പോവുകയും ആ സന്തോഷശബ്ദം രാത്രിയുടെ നിശ്ശബ്ദതയിൽ പ്രതിധ്വനിക്കുകയും ചെയ്തു. ആ യോഗങ്ങളിൽ സംബന്ധിച്ചവർക്കാർക്കും അതീവ താത്പര്യത്തിൻറെ ആ ദൃശ്യങ്ങൾ ഒരിക്കലും മറക്കുവാൻ കഴിയുകയില്ല.

ക്രിസ്തുവിൻറെ വരവിൻറെ കൃത്യസമയപ്രഖ്യാപനം എല്ലാ വിഭാഗത്തിൽപ്പെട്ടവരിൽനിന്നും വലിയ എതിർപ്പുളവാക്കി.

സഭാശ്ശുശ്രൂഷകൻറെ
പ്രസംഗപീഠംമുതൽ നിർവ്വികാരിയും
സ്വർഗ്ഗനിക്ഷേധിയുമായ
പാപിവരെയുള്ള എല്ലാ ജനങ്ങളുടെയും
ഇടയിൽനിന്നും എതിർപ്പുണ്ടായി.
പ്രവചനങ്ങൾ നിറവേറി. “അവൻറെ
പ്രത്യക്ഷതയുടെ വാഗ്ദത്തം എവിടെ?
പിതാക്കന്മാർ നിദ്രകൊണ്ടശേഷം
സകലവും സൃഷ്ടിയുടെ ആരംഭത്തിൽ
ഇരുന്നതു പോലെ ഇരിക്കുന്നു എന്നു
പറഞ്ഞ് സ്വന്തമോഹങ്ങളെ അനുസരിച്ചു
നടക്കുന്ന പരിഹാസികൾ
പരിഹാസത്തോടെ അന്ത്യകാലത്തു
വരുമെന്നു വിശേഷാൽ
അറിഞ്ഞുകൊൾവിൻ” (2പത്രൊ.
3:3;4). രണ്ടാം വരവിൻറെ
ഉപദേശത്തെയല്ല പിന്നെയോ,

വരവിനെക്കുറിച്ചുള്ള ഒരു പ്രത്യേക സമയ നിർണ്ണയ ത്തെയാണ് ക്രിസ്തുവിനെ സ്നേഹിച്ച പലരും എതിർത്തത്. സകലത്തെയും ശോധന ചെയ്യുന്ന ദൈവം അവരുടെ ഹൃദയങ്ങളെ അറിയുന്നു. ലോകത്തെ നീതിയിൽ ന്യായം വിധിക്കാൻ വരുന്ന ക്രിസ്തുവിൻറെ വരവിനെക്കുറിച്ച് കേൾക്കാൻ അവർ ആഗ്രഹിച്ചില്ല. അവർ അവിശ്വസ്തരായ ദാസന്മാർ ആയിരുന്നു. അവരുടെ പ്രവൃത്തികൾ ഹൃദയങ്ങളെ ശോധനചെയ്യുന്ന ദൈവമുമ്പാകെ നില്ക്കാൻ യോഗ്യമായതല്ലായ്കയാൽ കർത്താവിനെ കാണാൻ അവർ ഭയപ്പെട്ടിരുന്നു. കർത്താവിന്റെ ഒന്നാം വരവിൽ യെഹൂദാജനം

എങ്ങനെയായിരുന്നുവോ അതുപോലെ
ഇവരും യേശുവിനെ സ്വാഗതം
ചെയ്യുവാൻ ഒരുങ്ങിയിരുന്നില്ല.
ബൈബിളിലെ വ്യക്തമായ
ഭാവഗതികളെ ശ്രദ്ധിക്കാതിരുന്നതു
മാത്രമല്ല, പിന്നെയോ, കർത്താവിന്റെ
വരവിനെ കാത്തിരി ക്കുന്നവരെ
ആക്ഷേപിക്കുകയും ചെയ്തു. സാത്താനും
അവൻറെ ദൂതന്മാരും ആഹ്ലാദത്തോടെ
ക്രിസ്തുവിൻറെയും ദൂതന്മാരുടെയും മുമ്പിൽ
സ്വന്തജനമെന്നഭിമാനിക്കുന്നവർ
അവനെ സ്നേഹിക്കുന്നില്ലെന്നും തൻറെ
വരവ്
അവർക്കിഷ്ടമില്ലായിരുന്നുവെന്നും
നിന്ദിച്ചു പറയുകയും ചെയ്തു.

നാളും നാഴികയും ആർക്കും അറിയുകയില്ല എന്നുള്ളതായിരുന്നു പുരോഗമനദൂത് നിരസിച്ചവരുടെ വാദഗതി. തിരുവചനം അതെക്കുറിച്ചു രേഖപ്പെടുത്തിയിരിക്കുന്നു. ആ നാളും നാഴികയും സംബന്ധിച്ചോ എൻറെ പിതാവുമാത്രമല്ലാതെ ആരും സ്വർഗ്ഗത്തിലെ ദൂതന്മാരും പുത്രനുംകൂടെ അറിയുന്നില്ല. (മത്താ 24.36) ഇതിനു വ്യക്തവും ഉചിതവുമായ വിശദീകരണം കർത്താവിൻറെ വരവിനെ പ്രതീക്ഷിക്കുന്നവർ നല്കുകയും ശത്രുക്കൾ ആ വചനത്തെ തെറ്റായി ഉപയോഗിക്കുന്നതിനെ ചൂണ്ടിക്കാട്ടുകയും ചെയ്തു. ഇത് കർത്താവ് ശിഷ്യന്മാരുമായി ദൈവാലയത്തിൽ നിന്നും അവസാനമായി പോന്നശേഷം

ഒലിവുമലയിൽവച്ച് പറഞ്ഞതാണ്. ശിഷ്യൻമാർ ചോദിച്ചു, നിൻറെ വരവിനും ലോകാവസാനത്തിനുമുള്ള അടയാളം എന്താണ്? ക്രിസ്തു അവർക്കു അടയാളങ്ങൾ പറഞ്ഞുകൊടുത്ത ശേഷം പറഞ്ഞു- "അങ്ങനെ നിങ്ങൾ ഇതൊക്കെയും കാണുമ്പോൾ അവൻ അടുക്കൽ വാതിൽക്കൽ തന്നെ ആയിരിക്കുന്നുവെന്നറിഞ്ഞുകൊൾവിൻ" (മത്താ. 24:3,33), യേശു പറഞ്ഞ ഒരു കാര്യം മറ്റൊന്നിനെ ഇല്ലാതാക്കുന്നില്ല. അവൻറെ വരവിൻറെ നാളും നാഴികയും ആർക്കും അറിയില്ലെങ്കിലും അവൻറെ വരവിൻറെ സാമീപ്യത്തെ ക്കുറിച്ചു നാം അറിയുവാൻ നമ്മോടാവശ്യപ്പെടുന്നു. തൻറെ മുന്നറിയിപ്പുകളെ അവഗണിക്കുകയും തൻറെ വരവിൻറെ

സാമീപ്യത്തെക്കുറിച്ച് അറിയുന്നതു നിരസിക്കുകയും അഥവാ അവഗണിക്കുകയും ചെയ്യുന്നത് നോഹയുടെ കാലത്തെ ജനങ്ങൾ ജലപ്രളയം ഉണ്ടാകുവാൻ പോകുന്നത് എപ്പോഴാണെന്നു അറിയാതിരുന്നതുപോലെ നമുക്കപകടകരമായിരിക്കും. വിശ്വസ്തനും അവിശ്വസ്തനുമായ ദാസൻമാർ തമ്മിലുള്ള വ്യത്യാസം കാണിക്കുകയും ദുഷ്ട ദാസൻറെ ഹൃദയത്തിൽ, "യജമാനൻ വരുവാൻ താമസിക്കുന്നു" എന്നു ഹൃദയംകൊണ്ട് പറഞ്ഞ ദാസൻറെ അവസാനത്തെയും കുറിച്ചുള്ള ഉപമ അതേ അദ്ധ്യായത്തിൽ പറഞ്ഞിട്ടുള്ളത് കാണിക്കുന്നത്, തൻറെ വരവിനെ പിപ്പിച്ചും

ജാഗരിച്ചുമിരിക്കുന്നവരും അതു നിരസിക്കുന്നവരും തമ്മിലുള്ള അന്തരമാണ്. “യജമാനൻ വരുമ്പോൾ അങ്ങനെ കാണുന്ന ദാസൻ ഭാഗ്യവാൻ’ (വാക്യം 42,46). “നീ ഉണരാതിരുന്നാൽ ഞാൻ കള്ളനെപ്പോലെ വരും, ഏതു നാഴികയ്ക്ക് നിൻറെ മേൽ വരുമെന്നു നീ അറിയുകയുമില്ല” (വെളി. 3:33).

കർത്താവിന്റെ വരവിനുവേണ്ടി ഒരുങ്ങിക്കാത്തിരിക്കാത്ത ഒരു കൂട്ടത്തെക്കുറിച്ച് പൌലൊസ് പറയുന്നു: “കള്ളൻ രാത്രിയിൽ വരുമ്പോലെ കർത്താവിന്റെ നാൾ വരുന്നു എന്നു നിങ്ങൾ തന്നെ നന്നായി അറിയുന്നു. അവർ സമാധാനമെന്നും

നിർഭയമെന്നും പറയുമ്പോൾ അവർക്കു പെട്ടെന്നു നാശം വന്നുഭവിക്കുന്നു... അവർക്കു തെറ്റി ഒഴിയാവതുമല്ല. എന്നാൽ രക്ഷകൻറെ മുന്നറിയിപ്പുകൾ ശ്രദ്ധിച്ചുവരോടു അവൻ ഇപ്രകാരം പറയുന്നു: സഹോദരന്മാരെ ആ നാൾ കള്ളൻ എന്നപോലെ പിടിപ്പാൻ നിങ്ങൾ ഇരുട്ടിൽ ഉള്ളവരല്ല. നിങ്ങൾ എല്ലാവരും വെളിച്ചത്തിൻറെ മക്കളും പകലിൻറെ മക്കളും ആകുന്നു. നാം രാത്രിക്കും ഇരുട്ടിനും ഉള്ളവരല്ല" (1 തെസ്സ. 5: 2-5).

അങ്ങനെ ക്രിസ്തുവിൻറെ പുനരാഗമനത്തിൻറെ സാമീപ്യത്തെക്കുറിച്ചു മനുഷ്യർ അറിവില്ലാത്തവരായിരിക്കരുത് എന്ന്

തിരുവചനം പറയുന്നു. എന്നാൽ സത്യം നിരസിക്കുവാൻ ആഗ്രഹിക്കുന്നവർ ഈ വിശദീകരണ ത്തിനു ചെവികൊടുക്കാതെ, "നാളും നാഴികയും ആർക്കും അറിയില്ല" എന്നുള്ള വാക്കുകളാൽ ധൈര്യമായി പരിഹസിക്കുന്നവരോടൊപ്പം ക്രിസ്തുവിൻറെ ശുശ്രൂഷകന്മാരെന്നഭിമാനിക്കുന്നവരും നിലകൊണ്ടു. ജനങ്ങൾ ഉത്തേജിതരായി രക്ഷയുടെ മാർഗ്ഗം അന്വേഷിക്കാൻ തുടങ്ങി. അപ്പോൾ മത അദ്ധ്യാപകർ അവർക്കും സത്യത്തിനുമിടയിൽ നിന്നുകൊണ്ട് ദൈവവചനങ്ങൾ തെറ്റായി വ്യാഖ്യാനിച്ച് അവരുടെ ഭയം അകറ്റാൻ ശ്രമിച്ചു. ദൈവം സമാധാനം എന്നു പറയാതിരിക്കെ അവിശ്വസ്തരായ

വേലക്കാർ സാത്താനോട് ചേർന്നു സമാധാനം സമാധാനം എന്നാക്രോശിച്ചു. ക്രിസ്തുവിൻറെ കാലത്തെ പരീശന്മാരെപ്പോലെ അനേകർ സ്വർഗ്ഗരാജ്യത്തിലേക്കുള്ള പ്രവേശനം സ്വയം നിരസിക്കുകയും പ്രവേശിക്കുന്നവർക്കു തടസ്സപ്പെടുത്തുകയും ചെയ്തു. ഈ ആത്മാക്കളുടെ രക്തത്തിൻറെ വില അവരുടെ പക്കൽ നിന്നും ദൈവം ആവശ്യപ്പെടും.

സഭയിലെ ഏറ്റം എളിയവരും സമർപ്പണ മനോഭാവമുള്ളവരുമാണ് ആദ്യം ദൂത് സാധാരണ കൈക്കൊള്ളുന്നത്. സ്വയം ബൈബിൾ പഠിച്ചവർക്ക് അന്നു

നിലവിലിരുന്നതായ
തിരുവചനാധിഷ്ഠിതമല്ലാത്ത ജനപ്രീതി
നേടിയ പ്രവചന വീക്ഷണം
കാണാതിരിക്കാൻ കഴിഞ്ഞില്ല.
പുരോഹിതന്മാരുടെ സ്വാധീനത്താൽ
എവിടെയെല്ലാം ജനങ്ങൾ
നിയന്ത്രിക്കപ്പെടാതിരുന്നുവോ;
എവിടെയെല്ലാം തങ്ങൾ തന്നെ
സ്വയമായി തിരുവചനം
പരിശോധിച്ചുവോ അവിടെയെല്ലാം
പുനരാഗമനോപദേശം
തിരുവചനവുമായി താരതമ്യപ്പെടുത്തി
അതിൻറെ ദിവ്യ അധികാരം
സുസ്ഥാപിതമാക്കേണ്ടതു മാത്രമേ
ഉണ്ടായിരുന്നുള്ളൂ.

അനേകരും അവരുടെ
അവിശ്വാസികളായ സഹോദരങ്ങളാൽ
പീഡിപ്പിക്കപ്പെട്ടു. സഭകളിൽ തങ്ങളുടെ
സ്ഥാനം നിലനിർത്തേണ്ടതിന് ചിലർ
തങ്ങളുടെ പ്രത്യാശയെ സംബന്ധിച്ചു
മൗനം പാലിച്ചു. എന്നാൽ മറ്റുള്ളവർ
ദൈവം തങ്ങളെ ഭരമേല്പ്പിച്ചിരിക്കുന്ന
സത്യം മറച്ചുവയ്ക്കുന്നതു ദൈവത്തോടുള്ള
അവിശ്വസ്തതയാണെന്നു കരുതി.
ക്രിസ്തുവിൻറെ വരവിനെക്കുറിച്ചുള്ള
വിശ്വാസം പ്രകാശിപ്പിക്കുകയാൽ
അനേകർ തങ്ങളുടെ സഭകളുടെ
കൂട്ടായ്മയിൽനിന്നു ബഹിഷ്കരിക്കപ്പെട്ടു.
തങ്ങളുടെ വിശ്വാസത്തിനുവേണ്ടിയുള്ള
ശോധന അവർ വിലയേറിയതായി
കണക്കാക്കി. പ്രവാചകൻ
എഴുതിയിരിക്കുന്നു: “നിങ്ങളെ പകെച്ചു,

എൻറെ നാമം നിമിത്തം നിങ്ങളെ പുറത്താക്കിക്കളയുന്ന നിങ്ങളുടെ സഹോദരന്മാർ: ഞങ്ങൾ നിങ്ങളുടെ സന്തോഷം കണ്ടു രസിക്കേണ്ടതിന്നു യഹോവ തന്നെത്താൻ മഹത്വീകരിക്കട്ടെ എന്നു പറയുന്നുവല്ലോ; എന്നാൽ അവർ ലജ്ജിച്ചുപോകും (യെശ. 66:5).

മുന്നറിയിപ്പിൻറെ ഫലം ദൈവദൂതന്മാർ അതീവ താത്പര്യത്തോടെ വീക്ഷിച്ചു. സഭകൾ ദൂതിനെ പൊതുവെ നിരസിച്ചപ്പോൾ ദൂതന്മാർ സങ്കടത്തോടെ മടങ്ങി. എന്നാൽ അനേകർ പുനരാഗമന സത്യത്തെ സംബന്ധിച്ചു ഇതുവരെയും ശോധനചെയ്യപ്പെട്ടില്ല.

ഭർത്താക്കന്മാരാലും ഭാര്യമാരാലും മാതാപിതാക്കളാലും കുട്ടികളാലും പുനരാഗമനകാംംഷികളുടെ ദൂതുപദേശത്തെ കേൾക്കുന്നതുതന്നെ പാപമാണെന്ന് വിശ്വസിക്കാൻ പ്രേരിപ്പിക്കപ്പെട്ടു. ഈ ആത്മാക്കളെ വിശ്വസ്തതയോടെ നോക്കുവാൻ ദൈവദൂതന്മാരോടു ദൈവം കല്പിച്ചു. എന്തെന്നാൽ മറ്റൊരു വെളിച്ചം ദൈവസിംഹാസനത്തിൽനിന്നും അവരുടെമേൽ വരാനുണ്ടായിരുന്നു.

ദൂതു സ്വീകരിച്ചവർ പറഞ്ഞറിയിക്കാൻ പറ്റാത്ത താത്പര്യത്തോടെ തങ്ങളുടെ രക്ഷകൻറെ വരവിനെ നോക്കിക്കാത്തിരുന്നു. അവൻ വരുമെന്നു പറഞ്ഞ സമയമായി . ആ നാഴികയെ

അവർ ഭയഭക്തിയോടെ സമീപിച്ചു. അവർ ദൈവവുമായി ഞെരുങ്ങിയ ബന്ധത്തിൽ ഏർപ്പെട്ടു. അചഞ്ചല ഭാവിയിൽ ദിവ്യമായ സമാധാനം അവർക്കുള്ളതായിരിക്കും. ഈ പ്രത്യാശയും ഉറപ്പും അനുഭവിച്ചവർക്കാർക്കും ഈ കാത്തിരിപ്പിൻറെ വിലയേറിയ സമയം മറക്കുവാൻ കഴിയുകയില്ല. അതിനുമുമ്പുള്ള ചില ആഴ്ചകൾ മിക്കയിടത്തും ലൗകികവ്യാപാരങ്ങൾ നിർത്തിയിരുന്നു. മണിക്കൂറുകൾക്കുള്ളിൽ ലോകത്തോട് വിടപറയുവാൻ പോകുന്നവർ, തങ്ങളുടെ മരണക്കിടക്കകളിൽ എന്ന പോലെ സൂക്ഷ്മതയോടെ തങ്ങളുടെ ഹൃദയവിചാരങ്ങളെയും വികാരങ്ങ

ളെയും ശോധന കഴിച്ചു. അവിടെ
ആരോഹണ വസ്ത്രം നിർമ്മിക്കല്ലായി
രുന്നു; എന്നാൽ അവർ രക്ഷകനെ
എതിരേല്ക്കുവാൻ
ഒരുങ്ങിയവരാണെന്നും ആന്തരിക
തെളിവു ആവശ്യമാണെന്നും എല്ലാവരും
കരുതി. ആത്മാക്കളുടെ നിർമ്മലത
ആയിരുന്നു തങ്ങളുടെ വെള്ള വസ്ത്രം.
ക്രിസ്തുവിൻറെ
പാപപരിഹാരരക്തത്താൽ കഴുകി
പാപത്തിൽനിന്നു ശുദ്ധീകരണം
പ്രാപിച്ചതായി രിക്കണം തങ്ങളുടെ
സ്വഭാവം . അതെ,
ഹൃദയപരിശോധനയുടെ
ആത്മാർത്ഥതയും ഉറപ്പും ഉള്ള
വിശ്വാസം ആത്മാർത്ഥ
ദൈവജനങ്ങളെന്നഭിമാനിക്കുന്നവരിൽ

ഉണ്ടായിരിക്കും. കർത്താവിന്റെ
മുന്നിൽ തങ്ങളെ വിനയപ്പെടുത്തി
തങ്ങളുടെ അപേക്ഷകൾ
കൃപാസനത്തിൻ മുമ്പാകെ
സമർപ്പിച്ചിരുന്നെങ്കിൽ
ഇപ്പോഴുള്ളതിനേക്കാൾ വിലയേറിയ
അനുഭവങ്ങൾ ഉണ്ടാകുമായിരുന്നു.
വളരെക്കുറച്ചു പ്രാർത്ഥന, വളരെക്കുറച്ചു
വാസ്തവത്തിലുള്ള പാപബോധം,
സജീവമായ വിശ്വാസരാഹിത്യം,
ഇവമൂലം അനേകരും നമ്മുടെ
വീണ്ടെടുപ്പുകാരൻ സുലഭമായി
നൽകിയിരിക്കുന്ന കൃപ ലഭിക്കാതെ
അക്കാര്യത്തിൽ ദരിദ്രരായിരിക്കുന്നു.

തൻറെ ജനത്തെ ശോധനചെയ്യുക
എന്നുള്ളതു ദൈവം ആസൂത്രണം

ചെയ്തിട്ടുള്ളതാണ്. പ്രവചനകാലഘട്ടങ്ങളെ കണക്കാക്കിയതിലെ ഒരു തെറ്റ് ദൈവകരം ആവരണം ചെയ്തു. പുനരാഗമനകാംക്ഷികൾ ആ തെറ്റു കണ്ടുപിടിച്ചില്ല. അവരുടെ എതിരാളികളിൽ വിദ്യാസമ്പന്നരായവർപോലും അതു കണ്ടെത്തിയില്ല. അവർ പറഞ്ഞു: "പ്രവചനകാലഘട്ടങ്ങളെക്കുറിച്ചുള്ള നിങ്ങളുടെ കണക്കുകൂട്ടലുകൾ ശരിയാണ്. ചില വലിയ സംഭവങ്ങൾ നടക്കാനുള്ള സമയം സമാഗതമായി; എന്നാൽ അത് മില്ലർ മുൻകൂട്ടി പറഞ്ഞതല്ല; ലോകത്തിൻറെ മാനസാന്തരമാണ്, ക്രിസ്തുവിൻറെ രണ്ടാംവരവല്ല.

അവർ പ്രതീക്ഷിച്ച സമയം കടന്നുപോയി തൻറെ ജനത്തിൻറെ വീണ്ടടുപ്പിനു കർത്താവു വന്നില്ല. ആത്മാർത്ഥ വിശ്വാസവും സ്നേഹവുമായി രക്ഷകനെ പ്രതീക്ഷിച്ചവർ വളരെ കയ്പേറിയ നിരാശയ്ക്കു വശംവദരായി. എങ്കിലും ദൈവോദ്ദേശം നിറവേറി; തൻറെ വരവിനുവേണ്ടി കാത്തിരിക്കുന്നുവെന്നഭിമാനിച്ചവരുടെ ഹൃദയങ്ങളെ താൻ പരിശോധിക്കയായിരുന്നു. അവരുടെ ഇടയിൽ അനേകരും പ്രവർത്തിച്ചത് ഭയത്തേക്കാൾ ഉന്നതമായ ഉദ്ദേശത്തോടെയായിരുന്നു. അവരുടെ വിശ്വാസം ഹൃദയത്തെയോ

ജീവിതത്തെയോ ബാധിച്ചില്ല. അവർ പ്രതീക്ഷിച്ചതു സംഭവിക്കാഞ്ഞപ്പോൾ അവർ നിരാശപ്പെട്ടില്ലെന്നു പ്രസ്താവിച്ചു. ക്രിസ്തു വരുമെന്നവർ ഒരിക്കലും വിശ്വസിച്ചില്ല. സത്യവിശ്വാസികളുടെ സങ്കടത്തെ പരിഹരിച്ചവരുടെ കൂട്ടത്തിൽ അവരുമുണ്ടായിരുന്നു.

എന്നാൽ യേശുവും സകല സ്വർഗ്ഗീയ സൈന്യങ്ങളും സ്നേഹത്തോടും സഹതാപത്തോടും ക്ഷീണിതരും വിശ്വസ്തരും എന്നാൽ നിരാശരുമായിരുന്നവരെ നോക്കി. കാണപ്പെടുന്നവയും കാണപ്പെടാത്തവയുമായ, ലോകത്തെ വേർതിരിക്കുന്ന മൂടുപടം നീക്കി ദൃഢചിത്തരായ ആത്മാക്കളെ

സാത്താൻറെ അമ്പുകളിൽനിന്നും ദൈവദൂതന്മാർ അടുത്തുവന്നു രക്ഷിക്കുന്നതും കാണാമായിരുന്നു.

## അദ്ധ്യായം 21—ഒരു മുന്നറിയിപ്പ് നിരസിച്ചത്

വില്യം മില്ലറും കൂട്ടുകാരും ക്രിസ്തുവിൻറെ രണ്ടാം വരവിൻറെ ഉപദേശം പ്രസംഗിച്ചത് ജനങ്ങളെ ന്യായവിധിക്കുവേണ്ടി ഒരുക്കുക എന്ന ഏകലക്ഷ്യത്തിലായിരുന്നു. മതബോധകരെ സഭയുടെ യഥാർത്ഥ പ്രത്യാശയിലേക്കുണർത്തുകയും ആഴത്തിലുള്ള ക്രിസ്തീയ അനുഭവത്തിൻറെ ആവശ്യകത അവർക്കാവശ്യമെന്നു ഗ്രഹിപ്പിക്കുകയും ചെയ്യാനും മാനസാന്തരപ്പെടാത്തവർ പെട്ടെന്നു അനുതപിച്ചു ദൈവത്തിങ്കലേക്കു മനം തിരിവാനും അവർ പ്രവർത്തിച്ചു.

മതവിഭാഗങ്ങളിലേക്കു മനുഷ്യരെ തിരിച്ചുവിടാൻ അവർ ശ്രമിച്ചില്ല. സഭാവിഭാഗങ്ങളിലും സംഘടനാശിക്ഷണങ്ങളിലും ഇടപെടാതെ സകലരുടെ ഇടയിലും അവർ ജോലി ചെയ്തു.

മില്ലർ പ്രസ്താവിച്ചു: "എൻറെ എല്ലാ പ്രയത്നങ്ങളിലും നിലവിലുള്ള സഭാ വിഭാഗങ്ങളിൽ നിന്നു വ്യത്യസ്തമായ ഒന്നു രൂപീകരിക്കാനോ ഒന്നിൽനിന്നു മറ്റൊന്നിൻറെ മുതലെടുക്കാനോ ശ്രമിച്ചില്ല. എല്ലാവരുടേയും നന്മ മാത്രം ഞാൻ ആഗ്രഹിച്ചു. ക്രിസ്തുവിൻറെ പുനരാഗമനത്തിൽ എല്ലാ ക്രിസ്ത്യാനികളും സന്തുഷ്ടരാണെന്നുള്ള നിഗമനത്തിൽ ഞാൻ

കാണുന്നതുപോലെ കാണാത്തവരും ഈ ഉപദേശം സ്വീകരിക്കുന്നവരെക്കാൾ ഒട്ടും കുറയാതെ നേഹിക്കുന്നവരും ആകയാൽ പ്രത്യേക മീറ്റിംഗുകളുടെ ആവശ്യം ഞാൻ കാണുന്നില്ല. ദൈവത്തിനുവേണ്ടി ആത്മാക്കളെ മാനസാന്തരപ്പെടുത്തി, വരുവാനുള്ള ന്യായവിധിയെക്കുറിച്ചു ലോകത്തെ അറിയിക്കുകയും അവരുടെ ഹൃദയങ്ങളെ ഒരുക്കി, അവരുടെ ദൈവത്തെ സമാധാനത്തിൽ കണ്ടുമുട്ടാൻ സഹായിക്കുകയും ചെയ്യുക എന്നുള്ളതായിരുന്നു എൻറെ ലക്ഷ്യം. എൻറെ പ്രവർത്തനത്തിൽ മാനസാന്തരപ്പെട്ടവരിലധികവും നിലവിലുള്ള പല സഭകളിൽ ചേർന്നു”.
-Bliss, page 328.

അദ്ദേഹത്തിൻറെ പ്രവർത്തനം ഒരു സമയത്തേക്കു മാത്രം സഭയുടെ വളർച്ചയ്ക്കനുകൂലമായിരുന്നു, എന്നാൽ ശുശ്രൂഷകന്മാരും, സഭാനേതാക്കന്മാരും പുനരാഗമന ഉപദേശത്തിനെതിരായി പ്രതികരിക്കുകയും ആ വിഷയത്തെക്കുറിച്ചുള്ള ഉണർവ്വിനെ ഇല്ലാതാക്കാൻ പ്രസംഗപീഠങ്ങളിൽനിന്ന് എതിർക്കുകയും പുനരാഗമന പ്രസംഗം ശ്രവിക്കാതിരിക്കാൻ തങ്ങളുടെ അംഗങ്ങളെ നിരുത്സാഹപ്പെടുത്തുകയും ചെയ്തു. സഭയുടെ സാമൂഹിക സമ്മേളനത്തിൽ തങ്ങളുടെ പ്രത്യാശയെക്കുറിച്ച

സംസാരിക്കാൻ പാടില്ലായിരുന്നു.
അങ്ങനെ വിശ്വാസികൾ വലിയ
പരിശോധനയിലും
സംഭ്രാന്തിയിലുമായി. അവർ തങ്ങളുടെ
സഭയെ സ്നേഹിച്ചിരുന്നതുകൊണ്ട്,
അവരിൽ നിന്നു വേർപെട്ടു നില്ക്കാൻ
വൈമനസ്യവുമായിരുന്നു. എന്നാൽ
ദൈവ വചനത്തിൻറെ സാക്ഷ്യത്തെ
നിരോധിക്കുകയും അവർക്കു
പ്രവചനത്തെ പരിശോധിക്കുവാനുള്ള
അവകാശത്തെ വിലക്കുകയും
ചെയ്കയാൽ അവർ ദൈവത്തോടു
കൂറുള്ളവരായി സ്വയം
സമർപ്പിക്കുന്നതു
നിരസിക്കുന്നുവെന്നവർ കരുതി.
സത്യത്തിൻറെ ഗുണം ഉറപ്പുമായ
ദൈവവചന സാക്ഷ്യം

ബഹിഷ്കരിക്കുന്നവരെ ക്രിസ്തുവിൻറെ സഭയായി പരിഗണിക്കാവുന്നതല്ല. അതിനാൽ അവർ തങ്ങളുടെ പൂർവ്വബന്ധം വിഛേദിക്കുന്നതു ന്യായമാണെന്നവർ കരുതി. 1844 -ന്റെ വേനൽക്കാലത്ത് അൻപതിനായിരം പേർ തങ്ങളുടെ സഭകൾ വിട്ടു.

ഈ സമയത്തു അമേരിക്കൻ ഐക്യനാടുകളിലെ മിക്ക സഭകളിലും വ്യക്തമായ വ്യതിയാനം ദൃശ്യമായിരുന്നു. അനേകവർഷമായി ക്രമേണയും വർദ്ധമാനമായും ലോക പരിചയങ്ങളോടും ആചാരങ്ങളോടും ഇണങ്ങിച്ചേരുകയും അതിനനുസരണമായി യഥാർത്ഥ ആത്മീയ ജീവിതത്തിൽ

അധഃപതനവുമുണ്ടായി. എന്നാൽ ആ വർഷത്തിൽ ആ രാജ്യത്തുള്ള മിക്കവാറും എല്ലാ സഭകളിലും പെട്ടെന്നുള്ള ആത്മീക അധഃപതനത്തിൻറെ തെളിവുകളുണ്ടായിരുന്നു. അതിൻറെ കാരണം എന്തെന്നു പറയുവാനാർക്കും കഴിഞ്ഞില്ല. എങ്കിലും ഈ വസ്തുത പ്രസംഗവേദികളിലും പ്രസിദ്ധീകരണങ്ങളിലും അതിനെ വിശദമായി പരാമർശിക്കുകയുണ്ടായി.

ഫിലഡൽഫ്യയിലെ പ്രധാന സഭകളിലൊന്നായ പ്രസ്ബിറ്റീരിയൻ സഭയുടെ ഒരു യോഗത്തിൽ ഒരു കമൻററിയുടെ കർത്താവായ മി.

ബാർണീസ് ഇങ്ങനെ
പ്രസ്താവിച്ചിരിക്കുന്നു: “ഇരുപതു വർഷം
ഞാൻ ഒരു ശുശ്രൂഷകനായിരുന്നിട്ട്
കഴിഞ്ഞ തിരുവത്താഴ ശുശ്രൂഷവരെ
സഭയിലേക്കു ജനങ്ങൾ ഏറ്റക്കുറച്ചിൽ
കൂടാതെ സംബന്ധിച്ചിരുന്നു. എന്നാൽ
ഇപ്പോൾ ഉണർവ്വോ, മാനസാന്തരമോ,
മതബോധകരിൽ ദൃശ്യമായ കൃപയുടെ
വളർച്ചയോ, തങ്ങളുടെ ആത്മാക്കളുടെ
രക്ഷയെക്കുറിച്ചു സംസാരിക്കാനും
പഠിക്കാനും ആരും വരികയോ
ചെയ്യുന്നില്ല. വ്യവസായ വർദ്ധനവിലും
നിർമ്മാണത്തിലും
വാണിജ്യത്തിലുമുള്ള അഭിവൃദ്ധിയുടെ
പ്രേരണയാൽ ലൗകികത്വം
വർദ്ധിച്ചിരിക്കുന്നു. ഇത് എല്ലാ
സഭാവിഭാഗങ്ങളിലും

കാണുന്നു”.-Congregational Journal, May 23, 1844.

അതേവർഷം ഫെബ്രുവരി മാസത്തിൽ ഒബർലിൻ കോളേജ് പ്രൊഫസർ ഫിന്നി പ്രസ്താവിച്ചു: “ഈ കാലത്തെ സാന്മാർഗ്ഗിക പരിഷ്കരണത്തോടു നമ്മുടെ രാജ്യത്തെ പ്രൊട്ടസ്റ്റൻറു സഭകളെല്ലാം പൊതുവേ താല്പര്യമില്ലാതിരിക്കയോ അഥവാ എതിർക്കുകയോ ചെയ്യുന്നുവെന്നുള്ള വസ്തുത നമ്മുടെ മുമ്പിൽ കാണുന്നു. ഭാഗികമായ വ്യത്യാസം ഉണ്ടെങ്കിലും അതു പൊതുവെ എന്നു വിശേഷിപ്പിക്കുന്നതിനതീതമായിട്ടുള്ളതല്ല. ലോകമാകമാനമുള്ള സഭകളിൽ ഉണർവ്വിന്റെ പ്രേരണാശക്തി

ഇല്ലാതായിരിക്കുന്നുവെന്നുള്ള കാര്യം മറ്റൊരു സുനിശ്ചിത സംഗതിയാണ്. ആത്മീയ മയക്കം എല്ലായിടത്തും ഭയാനകമായി ആഴത്തിൽ വ്യാപിച്ചിരിക്കുന്നുവെന്ന് രാജ്യത്തുള്ള മതപരമായ പ്രസിദ്ധീകരണങ്ങളെല്ലാം സാക്ഷ്യം വഹിക്കുന്നു... സഭാജനങ്ങൾ വളരെ വിശാലമായി, പരിഷ്കാരത്തിൻറെ ആരാധകരായി, ദൈവഭക്തിയില്ലാത്ത പാപികളോടു ചേർന്നു വിരുന്നു സൽക്കാരങ്ങളിലും ഡാൻസുകളിലും ഉല്ലാസങ്ങളിലും കഴിയുന്നു... എന്നാൽ ഈ വേദനാജനകമായ വിഷയം വിശദീകരിക്കേണ്ടതില്ല. സഭകൾ പൊതുവേ സങ്കടകരമായി അധഃപതിക്കുന്നതിൻറെ ലക്ഷണങ്ങൾ

വർദ്ധമാനമായി നമുക്ക് കാണാം. അവർ ദൈവത്തിൽനിന്നു വളരെ അകന്നുപോയി, ദൈവവും അവരിൽനിന്നു പിൻവാങ്ങി'.

ഒരു എഴുത്തുകാരൻ റിലിജിയസ് ടെലസ്കോപ്പ് എന്ന പ്രസിദ്ധീകരണത്തിൽ സാക്ഷ്യപ്പെടുത്തിയിരിക്കുന്നു: “ഇന്നത്തെപ്പോലെയുള്ള മതപരമായ പൊതുവെയുള്ള അധഃപതനം മുമ്പൊരിക്കലും നാം കണ്ടിട്ടില്ല. വാസ്തവത്തിൽ സഭ ഉണർന്ന് ഈ ദുഃസ്ഥിതിക്കു കാരണമെന്തെന്നൊരായണം. അതു സീയോനെ സ്നേഹിക്കുന്ന എല്ലാവരും കാണണം. യഥാർത്ഥ മാനസാന്തരം

എത്രമാത്രം കുറവാണെന്നും പാപികളുടെ ധിക്കാരവും ഹൃദയ കാഠിന്യവും കാണുമ്പോൾ ദൈവം കൃപാലുവായിരിപ്പാൻ മറന്നുപോയോ? അഥവാ കൃപയുടെ വാതിൽ അടച്ചുകളഞ്ഞോ? എന്നു നാം ഇച്ഛാപൂർവ്വമല്ലെങ്കിലും ചോദിച്ചു പോകും.

സഭയിൽതന്നെ കാരണമില്ലാതെ അങ്ങനെ ഒരവസ്ഥ ഒരിക്കലും ഉണ്ടായിട്ടില്ല. ആത്മീയ അന്ധകാരം രാജ്യത്തെയും സഭയെയും വ്യക്തികളെയും ഗ്രസിക്കുമ്പോൾ മനുഷ്യർ ദിവ്യവെളിച്ചം അവഗണിക്കയോ നിരസിക്കയോ ചെയ്യുമ്പോൾ ദൈവകൃപ

പിൻവലിക്കപ്പെടുന്നില്ല. അതു മനുഷ്യർ പ്രയോജനപ്പെടുത്താതിരിക്കയാണു ചെയ്യുന്നത്. ഈ സത്യത്തിൻറെ ഒരു ഉദാഹരണമാണ് ക്രിസ്തുവിൻറെ കാലത്ത് യെഹൂദാജനത്തിൻറെ ചരിത്രത്തിൽ കാണുന്നത്. അവരുടെ ലൗകികത്വംകൊണ്ടു ദൈവത്തോടും ദൈവവചനത്തോടുമുള്ള അവരുടെ പരിജ്ഞാനം ഇരുണ്ടുപോകയും ഹൃദയം ഭോഗാസക്തിയിലും ലൗകികത്വത്തിലും മുഴുകുകയും ചെയ്തു. അങ്ങനെ അവർ മശീഹയുടെ വരവിനെക്കുറിച്ചറിവില്ലാത്തവരായി. അവരുടെ അഹങ്കാരവും അവിശ്വാസവും മൂലം വീണ്ടെടുപ്പുകാരനെ നിരസിച്ചു. എങ്കിലും രക്ഷയുടെ അനുഗ്രഹത്തിൽ

പങ്കാളികളാകുന്നതിൽ നിന്നോ ദൈവത്തെക്കുറിച്ചുള്ള പരിജ്ഞാനത്തിൽ നിന്നോ യെഹൂദാ ജാതിയെ ദൈവം തള്ളിക്കളഞ്ഞില്ല. എന്നാൽ സത്യം നിരസിച്ചവരെല്ലാം സ്വർഗ്ഗീയദാനത്തിൽ താല്പര്യമില്ലാത്തവരായിത്തീർന്നു. അവരിലുള്ള വെളിച്ചം ഇരുണ്ടു പോകുംവരെ അവർ വെളിച്ചത്തിനു അന്ധകാ രവും, അന്ധകാരത്തിനു വെളിച്ചവും വെച്ചു; ആ അന്ധകാരം എത്ര ഭയങ്ക രമായിരുന്നു!

സജീവമായ ദൈവഭക്തി കുറവുള്ള മനുഷ്യർ മതത്തിൻറെ വേഷം മാത്രം പരിരക്ഷിക്കുന്ന സാത്താൻറെ നയത്തിനനുയോജ്യരാണ്. സുവിശേഷം

നിരസിച്ചതിന്നുശേഷം യെഹൂദന്മാർ അവരുടെ പുരാതന ആചാരങ്ങൾ തീക്ഷ്ണതയോടെ പാലിച്ച് ദേശീയത പരിരക്ഷിക്കുകയും അതേസമയം ദൈവ സാന്നിദ്ധ്യം അവരുടെ ഇടയിൽ വെളിപ്പെടുന്നില്ലെന്നുള്ളത് അവർ സമ്മതിക്കുകയും ചെയ്തു. മശീഹായുടെ വരവിൻറെ സമയം ദാനീയേൽ പ്രവചനം കൃത്യമായി മുൻകൂട്ടി പറയുകയും മരണത്തെക്കുറിച്ചു പ്രവചിക്കുകയും : ചെയ്തിരിക്കുന്നത് പഠിക്കുന്നതിനെ അവർ നിരുത്സാഹപ്പെടുത്തുകയും സമയം ക്ലിപ്തമായി കണക്കുകൂട്ടുന്നവരുടെമേൽ ഒരു ശാപം റബിമാർ കല്പിക്കുകയും ചെയ്തു. യിസ്രായേൽ ജനം അന്ധതയിലും

പശ്ചാത്താപമില്ലായ്മയിലും അടുത്ത നൂറ്റാണ്ടുകളിൽ രക്ഷയുടെ കൃപയോടുകൂടിയ ക്ഷണത്തിൽ താല്പര്യമില്ലാതെ സുവിശേഷത്തിൻറെ അനുഗ്രഹങ്ങളെ ഗണ്യമാക്കാതെ സ്വർഗ്ഗത്തിൽ നിന്നുള്ള വെളിച്ചത്തെ നിരസിക്കുന്നതിൻറെ അപകട മുന്നറിയിപ്പുകളുമായി മുമ്പോട്ടുപോയി.

കാരണം എവിടെ നിലനിന്നാലും ഒരേഫലം തന്നെ അനുഗമിക്കും. സ്വന്തം ചായ്‌വിനെതിരായിട്ടുള്ളതാണെങ്കിൽ കർത്തവ്യത്തോടുള്ള ഉത്തമ ബോധ്യത്തിന്മേൽ സമ്മർദ്ദം ചെലുത്തി അവസാനം ശരിയും തെറ്റും തിരിച്ചറിവാനുള്ള കഴിവു നഷ്ടപ്പെടുന്നു. അറിവു അന്ധകാരമാവുകയും

അന്തഃകരണം കഠിനപ്പെടുകയും ചെയ്യുന്നു. ദിവ്യസത്യത്തിൽനിന്നുള്ള ദൂതു നിരസിക്കയോ നിസാരമാക്കിക്കളെയുകയോ ചെയ്യുന്നിടത്തു സഭ അന്ധകാരാവൃതമാവുകയും വിശ്വാസവും സ്നേഹവും തണുത്തുപോവുകയും അഭിപ്രായ വ്യത്യാസവും വിദ്വേഷവും പ്രവേശിക്കയും ചെയ്യുന്നു. സഭാംഗങ്ങൾ അവരുടെ താല്പര്യങ്ങൾ ലൗകിക കാര്യങ്ങളിൽ കേന്ദ്രീകരിക്കയും പാപികൾ പശ്ചാത്താപ രഹിതമായി കഠിനപ്പെടുകയും ചെയ്യുന്നു.

വെളിപ്പാടു 14-ലെ ഒന്നാം ദൂതൻറെ ദൂതു ദൈവത്തിൻറെ ന്യായവിധിയുടെ സമയമായെന്നു പ്രഖ്യാപിക്കയും

മനുഷ്യർ ദൈവത്തെ ഭയപ്പെട്ടു അവനെ നമസ്കരിക്കാനും ദൈവജനമെന്നഭിമാനിക്കുന്നവർ ലോകത്തിൻറെ ദുഷ്പ്രവണതകളിൽ നിന്നൊഴിഞ്ഞിരിക്കാനും അവരുടെ ലൗകികത്വവും പിന്മാറ്റാവസ്ഥയും ഗ്രഹിക്കാനവരെ ആഹ്വാനം ചെയ്യുകയും ചെയ്യുന്നു. ഈ ദൂതിൽ ദൈവം അയച്ച് മുന്നറിയിപ്പു സ്വീകരിച്ചിരുന്നെങ്കിൽ ദൈവത്തിൽനിന്നു വരെ അകറ്റുന്ന ദുഷ്ടതകളിൽ നിന്നവർ പിൻതിരിയുമായിരുന്നു. സ്വർഗ്ഗത്തിൽ നിന്നുള്ള ദൂതു സ്വീകരിച്ചിരുന്നെങ്കിൽ ദൈവമുമ്പാകെ അവരുടെ ഹൃദയങ്ങളെ വിനയപ്പെടുത്തി തിരുമുമ്പിൽ നില്പാൻ ആത്മാർത്ഥമായ ഒരുക്കം ആഗ്രഹിച്ചിരുന്നെങ്കിൽ

അവരിൽ ദൈവത്തിൻറെ ആത്മാവും ശക്തിയും പ്രകടമാക്കപ്പെട്ടുമായിരുന്നു. സഭ വീണ്ടും അപ്പൊസ്തലിക കാലത്തെപ്പോലെ അനുഗ്രഹിക്കപ്പെട്ട ഐക്യതയിലും വിശ്വാസത്തിലും സ്നേഹത്തിലും വിശ്വാസികൾ "ഏകഹൃദയവും ഏകമനസ്സും ഉള്ളവരായി' ദൈവവചനം ധൈര്യത്തോടെ പ്രസംഗിക്കുകയും "കർത്താവു രക്ഷിക്കപ്പെടുന്നവരെ ദിനംപ്രതി സഭയോടു ചേർത്തുകൊണ്ടിരിക്കയും ചെയ്തു" (അ. പ്ര. 4:32, 31;2:47).

"ആത്മാവിൻറെ ഐക്യത സമാധാനബന്ധത്തിൽ" എന്ന് അപ്പൊസ്തലൻ വിവരിച്ചിരിക്കുന്നതും

കർത്താവു പ്രാർത്ഥിച്ചതുമായ സഭയുടെ ഐക്യത പ്രാപിക്കാൻ ദൈവജനമെന്നഭിമാനിക്കുന്നവർ ദൈവവചനത്തിൽനിന്നെന്ന പോലെ വെളിച്ചം സ്വീകരിക്കണം. "നിങ്ങളെ വിളിച്ചപ്പോൾ ഏക പ്രത്യാശയ്ക്കായി നിങ്ങളെ വിളിച്ചതുപോലെ ശരീരം ഒന്ന്, ആത്മാവ് ഒന്ന്, കർത്താവ് ഒരുവൻ, വിശ്വാസം ഒന്ന്, സ്നാനം ഒന്ന് എന്നും അവൻ പറയുന്നു (എഫെ. 4:3-5).

പുനരാഗമനദൂതു സ്വീകരിച്ചവരുടെ അനുഗ്രഹിക്കപ്പെട്ട ഫലം അങ്ങനെ യുള്ള അനുഭവമായിരുന്നു. അവർ വിവിധ സഭകളിൽനിന്ന് സഭകളുടെ അതിർവരമ്പുകളെ എറിഞ്ഞുകളഞ്ഞ് ഭിന്നിപ്പിക്കുന്ന ജാതിവ്യത്യാസം

നശിപ്പിച്ച്,
തിരുവചനാടിസ്ഥാനമില്ലാത്ത
താൽക്കാലിക ആയിരമാണ്ടു വാഴ്ച
ഉപേക്ഷിച്ച്, പുനരാഗമനത്തെക്കുറിച്ചുള്ള
തെറ്റായ വീക്ഷണം ശരിയാക്കി,
അഹങ്കാരവും ലൗകികത്വവും
ഉപേക്ഷിച്ച്, തെറ്റുകളെ ശരിപ്പെടുത്തി,
ഏറ്റവും മധുരതരമായ കൂട്ടായ്മയിൽ
ഹൃദയങ്ങളെ ബന്ധിപ്പിച്ച് സ്നേഹത്തിലും
സന്തോഷത്തിലും ഉന്നതി പ്രാപിച്ചു. ഈ
ഉപദേശം സ്വീകരിച്ച
കൂട്ടത്തിനിങ്ങനെയുള്ള അനുഭവം
ഉണ്ടായെങ്കിൽ, എല്ലാവരും അത്
സ്വീകരിച്ചിരുന്നെങ്കിൽ എല്ലാവർക്കും
അതേ അനുഭവം ഉണ്ടാകുമായിരുന്നു.

എന്നാൽ പൊതുവെ സഭകൾ
മുന്നറിയിപ്പുകൾ സ്വീകരിച്ചില്ല.
അവരുടെ ശുശ്രൂഷകന്മാർ "യിസ്രായേൽ
ഗൃഹത്തിൻറെ" കാവൽക്കാർ
എന്നപോലെ യേശുക്രിസ്തുവിൻറെ
വരവിൻറെ ലക്ഷണങ്ങൾ ആദ്യം
തിരിച്ചറിയണമായി രുന്നു.
പ്രവാചകന്മാരുടെ സാക്ഷ്യങ്ങളിൽ
നിന്നോ കാലത്തിൻറെ
അടയാളങ്ങളിൽ നിന്നോ അവർ അതു
ഗ്രഹിക്കുന്നതിൽ പരാജയപ്പെട്ടു.
ലൗകിക പ്രത്യാശയും ലോക
മോഹങ്ങളുംകൊണ്ട് ഹൃദയം നിറഞ്ഞു.
ദൈവത്തോടുള്ള സ്നേഹവും
ദൈവവചനത്തോടുള്ള വിശ്വാസവും
തണുത്തു. പുനരാഗമന ഉപദേശം
ശ്രവിച്ചപ്പോൾ അവരുടെ

അവിശ്വാസത്തെയും മുൻവിധിയെയും ഉത്തേജിപ്പിക്കുകമാത്രം ചെയ്തു. ദൂതുപസംഗിച്ചതധികവും സാധാരണ ജനങ്ങളാണെന്നുള്ള വസ്തുതതന്നെ അതു സ്വീകരിക്കുന്നതിനെതിരായിട്ടുള്ള ഒരു വാദമാണ്. ദൈവവചനത്തിൻറെ വ്യക്തമായ സാക്ഷ്യം പഴയ കാലത്തു നല്കിയപ്പോൾ "ഭരണകർത്താക്കളോ പരീശന്മാരോ അതു വിശ്വസിച്ചുവോ?" എന്നുള്ള അന്വേഷണം ഉണ്ടായി. പ്രവചനകാലം മുതലുള്ള വാദത്തെ ഖണ്ഡിക്കുന്നത് പ്രയാസമുള്ള കാര്യമാകയാൽ പ്രവചനങ്ങൾ പഠിക്കുന്നതും പ്രവാചകപുസ്തകങ്ങൾ പഠിപ്പിക്കുന്നതും പലരും നിരുത്സാഹപ്പെടുത്തുകയും പ്രവാചക പുസ്തകങ്ങൾ മുദ്രയിടപ്പെട്ടവയാകയാൽ

മനസ്സിലാകുകയില്ലെന്നു പറയുകയും ചെയ്തു. ബഹുജനം അവരുടെ ശുശ്രൂഷകന്മാരിൽ വിശ്വസിച്ച് മുന്നറിയിപ്പുകൾ കേൾക്കാതിരിക്കുകയും, ചിലർ സത്യം ബോദ്ധ്യമായിട്ടും അതംഗീകരിക്കാത്തതും അവർ സഭയിൽനിന്നു ബഹിഷ്കൃതരാകുമെന്നു ഭയന്നായിരുന്നു. സഭയെ ശുദ്ധീകരിക്കുന്നതിനും ശോധന ചെയ്യുന്നതിനുമായി ദൈവം അയച്ച ദൂതുകൾ തെളിയിച്ചത് ക്രിസ്തുവിനെ സ്നേഹിക്കുന്നവരുടെ എണ്ണം എത്ര അധികമാണെന്നത്. സ്വർഗ്ഗീയ ആകർഷണത്തെക്കാൾ ലൗകിക ജ്ഞാനം തിരഞ്ഞെടുത്തു.

ഒന്നാം ദൂതൻറെ മുന്നറിയിപ്പ്
നിരസിക്കുന്നതിലൂടെ അവരുടെ
വീണ്ടെടുപ്പിനായി സ്വർഗ്ഗം നല്കിയ
മുഖാന്തരം അവർ
നിരസിക്കുകയായിരുന്നു.
ദൈവത്തിൽനിന്നും അവരെ
വേർപെടുത്തുന്ന ദുഷ്ടതയിൽനിന്നും
വേർപെടുത്തുവാനുള്ള
കൃപയോടുകൂടിയ ദൂതന്മാരെ ധിക്കരിച്ച്
തള്ളിക്കളഞ്ഞ് കൂടുതൽ
ശക്തിയോടുകൂടിയ
ലോകസ്നേഹത്തിലേക്കു തിരിഞ്ഞു.
1844-ൽ സഭകളിൽ നിലനിന്ന
ആത്മീക മരണത്തിനും പിന്മാറ്റത്തിനും
ഇടയാക്കിയ ഭയങ്കര അവസ്ഥ
ലോകമയത്വം ആയിരുന്നു.

വെളിപ്പാട് 14-ലെ ഒന്നാം ദൂതൻെറ പിന്നാലെ രണ്ടാമതൊരു ദൂതൻ; "വീണുപോയി; തൻെറ ദുർന്നടപ്പിന്റെ ക്രോധമദ്യം സകല ജാതികളെയും കുടിപ്പിച്ച മഹതിയാം ബാബിലോൺ വീണുപോയി", എന്നു ഘോഷിച്ചു (വെളി. 14:8). ബാബിലോൺ എന്ന പദം ബാബേൽ എന്ന പദത്തിൽനിന്നുണ്ടായിട്ടുള്ളതും കലക്കത്തെ സൂചിപ്പിക്കുന്നതും ആകുന്നു. തിരുവചനത്തിൽ അതു വിവിധതരം തെറ്റായതോ അഥവാ വിശ്വാസ ത്യാഗിയായതോ ആയ മതത്തെയാണതു പ്രതിനിധീകരിക്കുന്നത്. ഒരു സ്ത്രീയെ സഭയുടെ പ്രതീകമായി വേദപുസ്തകത്തിൽ വിശേഷിപ്പിച്ചിരിക്കുന്നു. വെളിപ്പാട്

17-ാം അദ്ധ്യായ ത്തിൽ ബാബിലോണിനെ ഒരു സ്ത്രീയോട് ഉപമിച്ചിരിക്കുന്നു. അത് സഭയുടെ പ്രതീകമായി ഉപയോഗിക്കപ്പെട്ടിരിക്കുകയാണ്. കന്യകയായ സ്ത്രീ പരിശുദ്ധ സഭയേയും വേശ്യാ സ്ത്രീ വിശ്വാസത്യാഗിയായ സഭയേയും പ്രതിനിധീകരിക്കുന്നു.

ബൈബിളിൽ ക്രിസ്തുവും സഭയും തമ്മിലുള്ള ബന്ധത്തെ ഉപമിച്ചിരിക്കുന്നത് വിവാഹബന്ധത്തോടാണ്. താൻ അവരുടെ ദൈവവും അവർ അവൻറെ മാത്രം ജനവുമായിരിക്കുമെന്നുള്ള ഉഭയസമ്മതത്തോടുകൂടിയാണ് കർത്താവു തൻറെ ജനത്തെ തന്നോടു

ചേർത്തത്. അവൻ പ്രസ്താവിക്കുന്നു: "ഞാൻ നിന്നെ സദാ കാലത്തേക്കും എനിക്കു വിവാഹത്തിനു നിശ്ചയിക്കും; അതേ, നീതിയോടും, ന്യായത്തോടും ദയയോടും കരുണയോടുംകൂടെ നിന്നെ എനിക്കു വിവാഹത്തിനു നിശ്ചയിക്കും" (ഹോശേ. 2:19). വീണ്ടും പറയുന്നു: "ഞാനല്ലോ നിങ്ങളുടെ ഭർത്താവ്" (യിരെ. 3:14). പുതിയ നിയമത്തിൽ പൌലൊസ് അതേ സാദൃശ്യംതന്നെ ഉപയോഗിച്ചിരിക്കുന്നു: "ഞാൻ ക്രിസ്തു എന്ന ഏക പുരുഷനു നിങ്ങളെ നിർമ്മല കന്യകയായി ഏല്പിപ്പാൻ വിവാഹ നിശ്ചയം ചെയ്തിരിക്കുന്നു" (2 കൊരി. 11:2).

ക്രിസ്തുവിനോടുള്ള സഭയുടെ
അവിശ്വസ്തത അവളുടെ സ്നേഹവും
ദൃഢവിശ്വാസവും തന്നിൽ നിന്നു മാറ്റി
ലൗകിക കാര്യങ്ങളിലേക്ക്
തിരിക്കുന്നതിനു അനുവദിക്കുന്നു.
ലൗകിക കാര്യങ്ങളോടുള്ള സ്നേഹം
മനസ്സിനെ പിടിച്ചടക്കുന്നത് വിവാഹ
ഉടമ്പടിയുടെ ലംഘനത്തിനു തുല്യമാണ്.
യിസ്രായേൽ ദൈവത്തിൽനിന്നു
വിട്ടുപോയതിൻറെ പാപം ഇതേ
സാദൃശ്യത്തിൽ വിവരിച്ചിരിക്കുന്നതു
വിവാഹ ഉടമ്പടിയുടെ ലംഘനത്തിനു
തുല്യമായി ചിത്രീകരിച്ചിരിക്കുന്നു.
ദൈവത്തിൻറെ അത്ഭുത സ്നേഹം അവർ
അങ്ങനെ നിന്ദിച്ചതു പ്രവാചകൻ
ഹൃദയസ്പൃക്കായി വിവരിച്ചിരിക്കുന്നു:
“ഞാൻ നിന്നോടു സത്യവും നിയമവും

ചെയ്ത നീ എനിക്കുള്ളവൾ
ആയിത്തീർന്നു'. "നീ ഏറ്റവും
സൗന്ദര്യമുള്ളവളായിത്തീർന്നു; നിനക്കു
രാജത്വവും സിദ്ധിച്ചു. ഞാൻ നിന്നെ
അണിയിച്ച അലങ്കാരംകൊണ്ട് നിന്റെ
സൗന്ദര്യം പരിപൂർണ്ണമായതിനാൽ
നിന്റെ കീർത്തി ജാതികളിൽ
പരന്നു... എന്നാൽ നീ നിന്റെ
സൗന്ദര്യത്തിൽ ആശ്രയിച്ചു. നിന്റെ
കീർത്തി ഹേതുവായി പരസംഗം ചെയ്തു.
"ഭർത്താവിനുപകരം അന്യന്മാരെ
പരിഗ്രഹിച്ചു വ്യഭിചാരം ചെയ്യുന്ന സ്ത്രീയേ
എന്നു യഹോവ അരുളിച്ചെയ്യുന്നു'.
യിസ്രായേൽ ഗൃഹമേ ഒരു ഭാര്യ
ഭർത്താവിനോടു വിശ്വാസപാതകം
ചെയ്ത് അവനെ വിട്ടുകളയുന്നതുപോലെ
നിങ്ങൾ എന്നോടു വിശ്വാസപാതകം

ചെയ്തിരിക്കുന്നു എന്നു യഹോവയുടെ അരുളപ്പാട് (യെഹ. 16:8, 13-15, 32; യിരെ. 3:20).

ദൈവാനുഗ്രഹത്തെക്കാൾ ലോകസ്നേഹം അന്വേഷിക്കുന്ന ക്രിസ്ത്യാനികളെന്നഭിമാനിക്കുന്നവരെ ഈ രീതിയിൽ സംബോധന ചെയ്തിരിക്കുന്നത്. പുതിയനിയമത്തിൽ സാധാരണമാണ്. അപ്പൊസ്തലനായ യാക്കോബ് പ്രസ്താവിക്കുന്നു: "വ്യഭിചാരിണികളായുള്ളാരെ ലോകസ്നേഹം ദൈവത്തോടു ശത്രുത്വം ആകുന്നു എന്നു നിങ്ങൾ അറിയുന്നില്ലയോ? ആകയാൽ ലോകത്തിൻറെ സ്നേഹിതൻ ആകുവാൻ ഇച്ഛിക്കുന്നവനെല്ലാം ദൈവത്തിൻറെ

ശത്രു ആയിത്തീരുന്നു" (യാക്കോബ് 4:4).

വെളിപ്പാടു 17-ലെ സ്ത്രീ (ബാബിലോൺ) വിവരിക്കപ്പെട്ടിരിക്കുന്നു: "ആ സ്ത്രീ ധൂമ്രവർണ്ണവും കടും ചുവപ്പുനിറവുമുള്ള വസ്ത്രം ധരിച്ചു പൊന്നും രത്നവും മുത്തും അണിഞ്ഞവളായി തൻറെ വേശ്യാവൃത്തിയുടെ മ്ലേച്ഛതയും അശുദ്ധിയും നിറഞ്ഞ സ്വർണ്ണപാനപാത്രം കയ്യിൽ പിടിച്ചിരുന്നു. മർമ്മം മഹതിയാം ബാബിലോൺ; വേശ്യമാരുടെയും മ്ലേച്ഛതകളുടെയും മാതാവ് എന്നൊരു പേര് അവളുടെ നെറ്റിയിൽ എഴുതിയിട്ടുണ്ട്". "പ്രവാചകൻ പറയുന്നു: "വിശുദ്ധന്മാരുടെ രക്തവും യേശുവിൻറെ

സാക്ഷികളുടെ രക്തവും കുടിച്ച് സ്ത്രീ മത്തയായിരിക്കുന്നു!” ബാബിലോണിനെക്കുറിച്ച് വീണ്ടും വിവരിച്ചിരിക്കുന്നു: “നീ കണ്ട സ്ത്രീയോ ഭൂരാജാക്കന്മാരുടെമേൽ രാജത്വമുള്ള മഹാനഗരംതന്നെ” (വെളി. 17:4-6,18). അനേക നൂറ്റാണ്ടുകളായി ക്രിസ്തീയ ഭൂരാജാക്കന്മാരുടെ മേൽ സ്വേച്ഛാധിപത്യം നടത്തിയത് റോം ആയിരുന്നു. “ധൂമവർണ്ണവും കടുംചുവപ്പുമുള്ള വസ്ത്രവും പൊന്നും രത്നവും മുത്തും ധരിച്ചിരുന്നു മാർപാപ്പയുടെ സിംഹാസനത്തിൻറെ പ്രൗഢി വിശദമായി ചിത്രീകരിക്കുന്നു: “വിശുദ്ധന്മാരുടെ രക്തം കുടിച്ചു” എന്നു മറ്റൊരു ശക്തിയെക്കുറിച്ചും യഥാർത്ഥമായി പ്രസ്താവിക്കുവാൻ

സാദ്ധ്യമല്ല. കാരണം ക്രിസ്തുവിൻറെ അനുയായികളെ ഇത്ര ക്രൂരമായി പീഡിപ്പിച്ചത് റോം മാത്രമായിരുന്നു. "ഭൂരാജാക്കന്മാരുമായി അവിഹിതബന്ധമെന്ന പാപം ബാബിലോണിനുണ്ടായിരുന്നുവെന്നു കുറ്റപ്പെടുത്തിയിരിക്കുന്നു. അതു കർത്താവിൽ നിന്നകന്നുപോയി. ജാതികളുമായി ബന്ധപ്പെട്ട യെഹൂദസഭ വേശ്യ ആയതുപോലെ റോമും ലോകശക്തികളുടെ സഹായം തേടുകയാൽ അതു പോലെയുള്ള ശിക്ഷാവിധിക്കർഹയാവുന്നു.

ബാബിലോൺ "വേശ്യമാരുടെ മാതാവ്" എന്നു പറയപ്പെട്ടിരിക്കുന്നു. അവളുടെ മക്കളെന്ന് പറയപ്പെടുന്നതു അവളുടെ

ഉപദേശങ്ങളുടെ പാരമ്പര്യങ്ങളും പിൻപറ്റി ദൈവത്തിൻറെ അംഗീകാരവും സത്യവും ബലികഴിച്ച് ലോകത്തോടു അവിഹിത ബന്ധം പുലർത്തുന്ന സഭകളാണ്. വെളിപ്പാടു 14-ലെ ബാബിലോൺ വീണുപോയി എന്നുള്ള ദൂതു ഒരിക്കൽ നിർമ്മലമായിരുന്നതും പിന്നീടു ദുഷിച്ചതുമായ മതപരമായ സംഘടനകളെക്കുറിച്ചുള്ളതാണ്. ഈ ദൂതിൻറെ പിന്നാലെയുള്ള ന്യായവിധിയുടെ മുന്നറിയിപ്പു റോമാസഭയ്ക്കു മാത്രമുള്ളതല്ല. നൂറ്റാണ്ടുകളായി അതു വീണ അവസ്ഥയിലാണ്. അതിനാൽ ഈ മുന്നറിയിപ്പിൻ ദൂത് അന്ത്യനാളുകളിലെ സഭകൾക്കുള്ളതാണ്. കൂടാതെ

വെളിപ്പാടു 18-ാം അദ്ധ്യായത്തിൽ ദൈവജനം അവളെ വിട്ടുപോരാൻ ആവശ്യപ്പെടുന്നു. ഈ തിരുവചനപ്രകാരം അനേകം ദൈവജനങ്ങൾ ബാബിലോണിൽ ഉണ്ടായിരിക്കണം. ഇന്ന് ഏറ്റവും അധികം ദൈവജനം കാണപ്പെടുന്നതു ഏതു മതസംഘടനയിലാണ്. നവീന സഭകളി ലാണെന്നുള്ളതിനു സംശയമില്ല. ഈ സഭകളുടെ പ്രാരംഭത്തിൽ അവർ ദൈവത്തോടും സത്യത്തോടും ഒരു ശ്രേഷ്ഠ നിലപാടു സ്വീകരിച്ചിരുന്നു, ദൈവാനുഗ്രഹവും അവരോടുകൂടെ ഉണ്ടായിരുന്നു. സുവിശേഷ തത്വങ്ങൾ അംഗീകരിക്കുകയാൽ ലഭിച്ച മേന്മകളെ സംബന്ധിച്ചു അവിശ്വാസികളും

സമ്മതിക്കുവാൻ നിർബന്ധിതരായി. യിസ്രായേലിൻറെ പ്രവാചകൻ പറയുന്നു: "ഞാൻ നിന്നെ അണിയിച്ച അലങ്കാരംകൊണ്ടു നിൻറെ സൗന്ദര്യം പരിപൂർണ്ണമായതിനാൽ നിൻറെ കീർത്തി ജാതികളിൽ പരന്നു. എന്നാൽ യിസ്രായേലിനുണ്ടായ നാശത്തിനും ശാപത്തിനുമിടയാക്കിയ അതേ ആഗ്രഹത്തിൽ അവരും വീണു. ദൈവഭയമില്ലാത്തവരുമായി സഖിത്വവും അവരുടെ പരിചയങ്ങൾ സ്വീകരിച്ചതും ആയിരുന്നു അവരുടെ നാശത്തിനു കാരണം". എന്നാൽ നീ നിൻറെ സൗന്ദര്യത്തിൽ ആശ്രയിച്ചു, നിൻറെ കീർത്തി ഹേതുവായി പരസംഗം ചെയ്തു" (യെഹ. 16:14,15).

അനേക പ്രൊട്ടസ്റ്റന്‍റുസഭകളും റോമാസഭയെപ്പോലെ “ഭൂരാജാക്കന്മാരുമായി” പാപകരമായ ബന്ധം ഉണ്ടാക്കി. അതായത് രാഷ്ട്രസഭകള്‍ അവരുടെ ബന്ധം മറ്റു സമുദായങ്ങളോടും മതേതര ഭരണകൂടത്തോടും സൗമനസ്യം തേടി. “ബാബിലോണ്‍” (കലക്കം അഥവാ ആശയക്കുഴപ്പം) എന്ന പദംകൊണ്ടു ഈ സഭകളെ നാമകരണം ചെയ്യുന്നതു അര്‍ത്ഥവത്തായിരിക്കും. അവരെല്ലാം തങ്ങളുടെ ഉപദേശം ബൈബിളില്‍നിന്നും ലഭിച്ചതാണെന്ന അഭിമാനിക്കുകയും തമ്മില്‍ വിഭിന്നമായ നിരവധി മതവിഭാഗങ്ങളായിത്തീരുകയും ചെയ്തു.

റോമാസഭയിൽനിന്നു വേർപെട്ട സഭകൾക്ക് ലോകവുമായി പാപപൂർണ്ണമായ ബന്ധം ഉണ്ടായിരിക്കുന്നതിനുപുറമെ അവളുടെ സ്വഭാവം ഉണ്ടായിരി ക്കുകയും ചെയ്യുന്നു.

ഒരു റോമൻ കത്തോലിക്കാഗ്രന്ഥം വാദിക്കുന്നു: "റോമാസഭ വിശുദ്ധന്മാരുമായുള്ള ബന്ധത്തിൽ വിഗ്രഹാരാധന എന്ന തെറ്റിലാണെങ്കിൽ അവളുടെ മക്കളായ ആംഗ്ലിക്കൻ സഭയും അതേ തെറ്റിലാണ്, കാരണം അവർ പത്തു സഭകൾ (പള്ളികൾ) മറിയയുടെ പേരിലും ഒരെണ്ണം ക്രിസ്തുവിന്റെ പേരിലും, ക്രിസ്തുവിനായി ഒന്ന് പ്രതിഷ്ഠിച്ചപ്പോൾ മറിയയ്ക്കായി പത്തു

പ്രതിഷ്ഠിച്ചിരുന്നു” -Richard Challoner, The Catholic Christian Instructed, Preface, pages 21,22.

“ക്രിസ്തീയമല്ലാത്ത കാര്യങ്ങളും രീതികളും ഇന്ന് റോമാ സഭയ്ക്കുള്ളിൽ ഒതുങ്ങിനിൽക്കുന്നതാണെന്ന് പറയാൻ ഒരു കാരണവുമില്ല. പ്രൊട്ടസ്റ്റൻറ് സഭകളിൽ വളരെയധികം ക്രിസ്തീയമല്ലാത്ത കാര്യങ്ങളുണ്ട്. ദുഷ്ടതകളിലും അഴിമതികളിലുംനിന്ന് പൂർണ്ണമായി വിരമിക്കുന്നതിൽ അവർ വളരെയകലെയാണ് എന്ന ഡോക്ടർ ഹോപ്കിൻസ് സഹസാബ്ദത്തെക്കുറിച്ചുള്ള തൻറെ ഒരു പ്രബന്ധത്തിൽ

പ്രതിപാദിച്ചിരിക്കുന്നു..Samuel Hopkins, Works, vol.2, page 328.

പ്രസ്ബിറ്റീരിയൻ സഭ റോമാസഭയിൽനിന്നും വേർപെട്ടതിനെക്കുറിച്ച് ഡോക്ടർ ഗുത്രി എഴുതുന്നു: “മുന്നൂറു വർഷംമുമ്പ് നമ്മുടെ സഭ ഒരു തുറന്ന ബൈബിൾ കൊടി അടയാളവുമായി തിരുവചനം പരിശോധിക്കുക എന്നുള്ള” മുദ്രാവാക്യവുമായി റോമാസഭയുടെ കവാടത്തിൽനിന്നു പുറത്തു വന്നു. “അനന്തരം അദ്ദേഹം ഈ പ്രധാന ചോദ്യം ചോദിക്കുന്നു: “അവർ ബാബിലോ ണിൽനിന്നും ശുദ്ധിയായി പുറത്തു വന്നുവോ? -Thomas Guthrie, The Cospel in Ezekiel, page 237.

സ്പർജൻ പ്രസ്താവിച്ചിരിക്കുന്നു:
“ആംഗ്ലിക്കൻ സഭ പരിപൂർണ്ണമായി
കുദാശകൾ സ്വീകരിച്ചിരിക്കുന്നതായി
തോന്നുകയും അവരുടെ വിയോജിപ്പ്
തത്വചിന്താപരമായി
വിശ്വാസഹീനമായിരിക്കുന്നതു ഒരു
കടംകഥപോലെയും പ്രത്യക്ഷപ്പെടുന്നു.
നല്ലതെന്നു ഞങ്ങൾ വിചാരിച്ചത്
ഓരോന്നും അടിസ്ഥാന
വിശ്വാസത്തിൽനിന്നും വേർപെട്ടു
പോകുന്നു. ഇംഗ്ലണ്ടിൻറെ ഹൃദയം
പരിപൂർണ്ണമായി മധുരതരമാക്കി
നീചമായ
വിശ്വാസവഞ്ചനക്കിരയാക്കിയെന്നു
ഞാൻ വിശ്വസിക്കുന്നത് ധൈര്യമായി
പ്രസംഗ പീഠത്തിൽ എത്തുകയും

ക്രിസ്ത്യാനികളെന്നു സ്വയം അഭിമാനിക്കുകയും ചെയ്യുന്നു'.

വലിയ വിശ്വാസത്യാഗത്തിൻറെ ഉത്ഭവം എന്തായിരുന്നു? സഭ ശുദ്ധമായ സുവിശേഷത്തിൽനിന്നും ആദ്യം വേർപെട്ടതെങ്ങനെയാണ്? വിഗ്രഹാരാധകരുടെ പരിചയങ്ങളുമായി യോജിച്ച് അക്രൈസ്തവരും ക്രിസ്തു മതത്തിലേക്കുവരുവാൻ സാദ്ധ്യമാക്കിത്തീർത്തു. അപ്പൊസ്തലനായ പൌലൊസ് തൻറെ കാലത്തുതന്നെ പ്രസ്താവിച്ചിരിക്കുന്നു; “അധർമ്മത്തിന്റെ മർമ്മം ഇപ്പൊഴേ വ്യാപരിക്കുന്നുണ്ട്” (2 തെസ്സ. 2:7). അപ്പൊസ്തലന്മാരുടെ കാലത്തു സഭ താരതമ്യേന നിർമ്മലമായിരുന്ന

എന്നാൽ രണ്ടാം നൂറ്റാണ്ടിൻറെ അവസാനം ആയപ്പോഴേക്കും മിക്ക സഭകളും ഒരു പുതിയ രൂപം സ്വീകരിച്ചു; ആദ്യ നൈർമ്മല്യം അപ്രത്യക്ഷമായി. ശിഷ്യന്മാർ മരണപ്പെട്ടപ്പോൾ അവരുടെ മക്കളും പുതിയ വിശ്വാസികളും... നിർവ്വികാരമായി മുമ്പോട്ടു വന്ന് പുതിയ മാതൃകയായി', -Robert Robinson, Ecclesiastical Researches, ch.6, par.17, p.51. സഭയുടെ ശ്രേഷ്ഠ നിലവാരം താഴ്ന്നി കൂടുതൽ പേരെ മതപരിവർത്തനം ചെയ്കയാൽ സഭയിൽ ജാതികളുടെ ആചാരങ്ങളും പരിചയങ്ങളും വിഗ്രഹങ്ങളും കടന്നുവരുവാനിടയായി: Gavazzi Lectures, page 278. ലൗകിക ഭരണാധിപന്മാരുടെ പിന്തുണയും

പ്രീതിയും ലഭിക്കയാൽ വളരെയധികം പേർ നാമധേയ ക്രിസ്ത്യാനികളായി. ക്രിസ്ത്യാനികളെന്നപേരിൽ അറിയപ്പെടുകയും അനേകരും രഹസ്യത്തിൽ തങ്ങളുടെ വിഗ്രഹങ്ങളെ ആരാധിക്കുകയും ചെയ്തു? --Ibid., p.298.

നവീകരണം എന്നു വിളിക്കപ്പെടുന്ന മിക്ക സഭകളിലും ഇതേ പ്രകിയയല്ലയോ നടക്കുന്നത്? യഥാർത്ഥ. നവീകരണത്തിൻറെ ആത്മാവുണ്ടായിരുന്ന സ്ഥാപകരുടെ കാലം കഴിയുമ്പോൾ അവരുടെ പിൻഗാമികൾ "പുതിയ മാതൃകയുടെ നിദാന"വുമായി മുമ്പോട്ടുവരുന്നു. നവീകരണക്കാരുടെ മക്കൾ തങ്ങളുടെ

പിതാക്കന്മാരുടെ മതം അന്ധമായി സ്വീകരിക്കുകയും മുമ്പിൽ എന്ത് സത്യം കണ്ടാലും അതു നിരസിക്കുകയും പിതാക്കന്മാരുടെ താഴ്മയും സ്വയത്യാഗവും ലോകത്തെ വെടിയുന്നതും അവരിൽനിന്ന് അപ്രത്യക്ഷമാവുകയും ചെയ്യുന്നു. അങ്ങനെ "ആദ്യത്തെ നിർവ്യാജ്യത അപ്രത്യക്ഷമാകുന്നു". പ്രളയംപോലെ സഭയിലേക്ക് "അതിൻറെ ആചാരങ്ങളും പരിചയങ്ങളും വിഗ്രഹങ്ങളും ആയ ഒരു ലൗകികത്വം കടന്നുവരുന്നു".

ലോകത്തോടുള്ള ബന്ധം ഭയാനകമായിത്തീർന്നു. അതു "ദൈവത്തോടു ശത്രുത്വം ആകുന്നു. ഇപ്പോൾ അതു

ക്രിസ്ത്യാനികളെന്നഭിമാനിക്കുന്നവർ പരിലാളിക്കുന്നു. ഇന്നത്തെ ക്രിസ്തീയ ലോകം മുഴുവനും തിരുവചന പ്രകാരം താഴ്ച, സ്വയത്യാഗം, വിശുദ്ധി ഇവയിൽനിന്നും അകന്നുപോയി. പണത്തിൻറെ ശരിയായ ഉപയോഗത്തെക്കുറിച്ചു ജോൺ വെസ്ലി പ്രസ്താവിച്ചിരിക്കുന്നു: "നിങ്ങളുടെ വിലയേറിയ താലന്തുകളുടെ യാതൊരു ഭാഗവും നയനാനന്ദകരമായ വിലയേറിയ വസ്തുങ്ങൾക്കോ ആവശ്യമില്ലാത്ത ആഭരണങ്ങൾക്കായിട്ടോ നഷ്ടമാക്കരുത്. നിങ്ങളുടെ വീട് അലങ്കരിക്കുന്നതിനോ, വിലയേറിയ വീട്ടുപകരണങ്ങൾ വാങ്ങുന്നതിനോ, ചിത്രങ്ങൾ പെയിൻറു ചെയ്യുന്നതിനോ, മനുഷ്യരുടെ അഭിനന്ദനങ്ങളോ

പ്രശംസയോ ആർജ്ജിക്കുവാനോ, ജീവനപതാപത്തെ സംതൃപ്തിപ്പെടുത്തുന്നതിനോ ഒന്നും നഷ്ടപ്പെടുത്തരുത്. നിങ്ങളുടെ നന്മയ്ക്കുവേണ്ടി ചെയ്യുന്നതിനെ മനുഷ്യർ നല്ലതായിട്ടേ നിങ്ങളെക്കുറിച്ചു പറകയുള്ളൂ. നിങ്ങൾ ആഡംബരത്തോടെ നല്ല വർണ്ണപ്പകിട്ടുള്ള വസ്ത്രങ്ങളണിഞ്ഞു രമണീയമായി ദിവസേന നടന്നാൽ നിങ്ങളുടെ ഔദാര്യത്തേയും ആദിത്യമര്യാദയെയും മറ്റുള്ളവർ പുകഴ്ത്തും. എന്നാൽ അതത്ര കാര്യമാക്കേണ്ടതില്ല. ദൈവത്തിൽനിന്ന് ലഭിക്കുന്ന മാനത്തിൽ സംതൃപ്തനായിരിക്കുക. Wesley Works, Sermon 50, “The use of money”, എന്നാൽ ഇന്നു

നമ്മുടെ കാലത്തു അനേക സഭകളിൽ അപ്രകാരമുള്ള ഉപദേശങ്ങൾ അവഗണിക്കപ്പെടുന്നു.

ലോകത്തിൽ മതസ്വീകാര്യം ജനസമ്മതി ആർജ്ജിച്ചു. ഭരണകർത്താക്കളും, രാഷ്ട്രീയക്കാരും, അഭിഭാഷകരും, ഡോക്ടർമാരും, വ്യാപാരികളും സഭയിൽ ചേർന്ന് തങ്ങളുടെ ബഹുമാനവും സമൂഹത്തിൽ ഉള്ള സ്ഥാനവും സുരക്ഷിതമാക്കാനും സ്വന്തം ലൗകിക താത്പര്യങ്ങൾ പുരോഗമിപ്പിക്കുവാനും ഉള്ള ഉദ്യമത്തിലാണ്. അങ്ങനെ അവർ ക്രിസ്ത്യാനിത്വത്തിൻറെ പേരിൽ തങ്ങളുടെ അനീതിപരമായ ഇടപാടുകളൊക്കെയും മറയ്ക്കുവാൻ

ശ്രമിക്കുന്നു. വിവിധ സഭാസംഘടനകൾ ഈ സ്ഥാനപ്പെട്ട ലൗകികരുടെ ധനവും പ്രേരണാശക്തിയുംമൂലം കൂടുതൽ ജനസമ്മതിയും രക്ഷാധികാരവും നേടി. ഏറ്റവും നല്ല സൗകര്യപ്രദമായ റോഡുവക്കത്ത് മനോഹരമായ പള്ളികെട്ടിടങ്ങൾ അത്യധികം പണം ചെലവഴിച്ച് നിർമ്മിക്കുകയും അലങ്കാരങ്ങളാൽ കമനീയമാക്കുകയും ചെയ്തു. ആരാധകരും വിലയേറിയതും പരിഷ്കൃത രീതിയിലും വസ്ത്രധാരണം ചെയ്തുവന്നു. ജനങ്ങളെ ആകർഷിക്കാൻ താലന്തുള്ള ശുശ്രൂഷകനെ കൂടുതൽ ശമ്പളം കൊടുത്തു നിയമിച്ചു. അവൻറെ പ്രസംഗങ്ങളിൽ പൊതുവെ കാണപ്പെടുന്ന പാപങ്ങളെക്കുറിച്ച് പരാമർശിക്കാതെ

കർണ്ണരസമാകുമാറ് പ്രസംഗിക്കണമായിരുന്നു. അങ്ങനെ പരിഷ്കൃത പാപികൾ സഭാരേഖകളിൽ കയറുകയും അവരുടെ പാപങ്ങൾ ദൈവിക ആവരണത്താൽ എന്ന ഭാവേന മൂടുകയും ചെയ്തു.

ക്രിസ്ത്യാനികളെന്നഭിമാനിക്കുന്നവരുടെ ലോകത്തോടുള്ള മനോഭാവത്തെക്കുറിച്ചു മുൻനിരയിൽ നിന്ന ഒരു മതേതര മാസികയിൽ പ്രസ്താവിച്ചിരിക്കുന്നു: “സഭ നിർവ്വികാരമായി ലോകത്തിൻറെ ആത്മാവിന്നു കീഴ്പെടുകയും ആരാധനാക്രമങ്ങൾ ആധുനീകരിക്കുകയും ചെയ്തു”. മതം ആകർഷണീയമാക്കാനുള്ള സകലതും സഭ ചെയ്യുന്നു. “ന്യൂയോർക്കു

സ്വാതന്ത്ര്യം” എന്ന പ്രസിദ്ധീകരണത്തിൽ ഒരു എഴുത്തുകാരൻ മെതൈഡിസ്റ്റു സഭയെക്കുറിച്ചു പ്രസ്താവിച്ചിരിക്കുന്നു: “ദൈവഭക്തി ഉള്ളവരും ഇല്ലാത്തവരും തമ്മിലുള്ള വ്യത്യാസം ഇല്ലാതാകുംപോലെ ഇരുകൂട്ടരിലും തീക്ഷ്ണത ഉള്ളവർ സകല വ്യത്യാസം തുടച്ചു മാറ്റുമാറ് അവരുടെ പ്രവർത്തനങ്ങളിലും ഉല്ലാസങ്ങളിലും ഒന്നുപോലെ മുമ്പോട്ടുപോയി'. മതത്തിൻറെ കർത്തവ്യങ്ങൾ ശരിയായി നടത്താതെ അതിൻറെ മേന്മ അന്വേഷിക്കുന്നവരുടെ എണ്ണം വളരെ വർദ്ധിച്ചു. അതു ജനസമ്മതി ഉള്ളതായിത്തീരുന്നു”.

ഹവാർഡ് ക്രോസ്ബി പ്രസ്താവിക്കുന്നു: “ക്രിസ്തുവിൻറെ സഭ അതിൻറെ കർത്താവിന്റെ ഇഷ്ടം നിറവേറ്റാതെ കാണുന്നത് വളരെ ഉൽണ്ഠാജനകമാണ്. പുരാതന യെഹൂദന്മാർ വിഗ്രഹാരാധികളായ രാജ്യങ്ങളുമായുള്ള സംസർഗ്ഗംമൂലം അവരുടെ ഹൃദയം ദൈവത്തിൽനിന്നും അകന്നുപോയതു പോലെ ഇപ്പോൾ യേശുവിൻറെ സഭ അവിശ്വാസികളുമായുള്ള അവിഹിത ബന്ധത്തിൽ അതിൻറെ യഥാർത്ഥ ജീവിതത്തിൻറെ ദിവ്യരീതികൾ ഉപേക്ഷിക്കുകയും പലപ്പോഴും ശരിയെന്നു തോന്നുന്ന ഹാനികരമായ ക്രിസ്തുവില്ലാത്ത സമൂഹത്തിൻറെ സ്വഭാവത്തിനു കീഴ്പെടുകയും കൃപയുടെ

വളർച്ചയ്ക്കെതിരായിട്ടുള്ളതും ദൈവത്തിൻറെ വെളിപ്പാടുകൾക്ക് അന്യവുമായ തീരുമാനമെടുക്കുകയും ചെയ്യുന്നു". -The Healthy Christian : An Appeal to the Church, pages 141, 142.

ലോകത്തിൻറെയും ഉല്ലാസ അന്വേഷണത്തിൻറെയും വേലിയേറ്റത്തിൽ ക്രിസ്തുവിനുവേണ്ടിയുള്ള സ്വയത്യാഗവും സ്വയം സമർപ്പണവും മിക്കവാറും മുഴുവനായി നഷ്ടപ്പെട്ടു. ഇന്ന് സഭയിൽ സജീവമായി പ്രവർത്തിക്കുന്ന സ്ത്രീ പുരുഷന്മാരിൽ ചിലർ കുട്ടികളായിരുന്നപ്പോൾ ക്രിസ്തുവിനുവേണ്ടി ത്യാഗം ചെയ്യുവാനും,

എന്തെങ്കിലും കൊടുക്കുവാനും,
ചെയ്യുവാനും പരിശീലിക്കപ്പെട്ടിരുന്നു.
എന്നാൽ “ഇപ്പോൾ പണം
ആവശ്യമുണ്ടെങ്കിൽ ആരോടും
ചോദിക്കരുത്. പാടില്ല! ഒരു മേളയോ,
മൗനനാടകമോ, പരിഹാസ
അനുകരണമോ, പൗരാണിക
രീതിയിലുള്ള അത്താഴമോ, അല്ലെങ്കിൽ
എന്തെങ്കിലും ഭക്ഷിക്കാനുണ്ടായിരിക്ക -
ജനങ്ങൾക്കു സന്തോഷപ്രദമായ
എന്തെങ്കിലുമോ”.

വിസ്കൻസിനിലെ ഗവർണർ
വാഷ്ബൺ 1873 ജനുവരി 9-ന്
തൻറെ വാർഷിക ദൂതിൽ പ്രസ്താവിച്ചു:
ചൂതാട്ടക്കാരെ ഉണ്ടാക്കുന്ന സ്കൂളുകളെ
സംബന്ധിച്ച് ചില നിയമനിർമ്മാണം

ആവശ്യമെന്നു തോന്നുന്നു.
അതെല്ലായിടത്തുമുണ്ട്. സഭയിൽ തന്നെയും മനഃപൂർവ്വമല്ലെങ്കിലും ചിലപ്പോൾ സാത്താൻറെ പ്രവർത്തനങ്ങൾ കാണപ്പെടുന്നു. സമ്മാനസംഗീതകച്ചേരി, സമ്മാനപദ്ധതികൾ, ചിലപ്പോൾ വലിയ പ്രാധാന്യം അർഹിക്കാത്ത കാര്യങ്ങൾക്കായി, ചിലപ്പോൾ മതപരമായതോ അഥവാ കാരുണ്യപ്രവർത്തനങ്ങൾക്കായിട്ടോ ഉള്ള ലോട്ടറികൾ, സമ്മാന പൊതികൾ മുതലായി മൂല്യമില്ലാതെ പണം നേടുന്ന എല്ലാ മാർഗ്ഗങ്ങളും ഉണ്ടായിരിക്കുന്നതാണ്. അദ്ധ്വാനമില്ലാതെയുള്ള പണസമ്പാദനം പ്രത്യേകിച്ചു ചെറുപ്പക്കാർക്കു ഇത്രയും

ധർമ്മലോപമോ ലഹരിയോ ഉള്ള
മറ്റൊന്നുമില്ല. അഭിമാനമുള്ളവർ
ഇങ്ങനെയുള്ള കാര്യങ്ങളിൽ
ഇടപെടുന്നതു പണം നല്ല
കാര്യത്തിനാണല്ലോ പോകുന്നതെന്നുള്ള
മനസ്സാക്ഷിയെ
ശാന്തമാക്കിക്കൊണ്ടാണ്.
സംസ്ഥാനത്തിലെ ചെറുപ്പക്കാർ
വിനോദങ്ങളിൽ ഉത്തേജിതരായി
അപകടത്തിലാവുന്നത്
അസാധാരണമല്ല.

ലോകത്തിൻറെ ആത്മാവു ക്രിസ്തീയ
ലോകത്തെ മുഴുവനും
ആക്രമിച്ചിരിക്കയാണ്. ഇംഗ്ലണ്ടിൽ
നിലവിലിരിക്കുന്ന ആത്മീക
അധഃപതനത്തെക്കുറിച്ച് ഒരു ഇരുണ്ട

ചിത്രം തൻറെ ലണ്ടനിലെ
പ്രസംഗത്തിൽ റോബർട്ട് അറ്റ്കിൻസ്
കാട്ടുകയുണ്ടായി: "നീതിമാന്മാർ
ഭൂമിയിൽനിന്നു കുറയുന്നു, അതാരും
ഗ്രഹിക്കുന്നില്ല. ഇന്നത്തെ സഭകളിലെ
ഉപദേഷ്ടാക്കളെല്ലാം ലോകസ്നേഹികളും
മനുഷ്യരിൽ നിന്നുള്ള അഭിനന്ദനവും
സന്തോഷവും കാംക്ഷിക്കുന്നവരാണ്.
അവർ ക്രിസ്തുവിനോടുകൂടി കഷ്ടം
സഹിക്കുവാൻ വിളിക്കപ്പെട്ടവരാണ്.
എന്നാൽ അധിക്ഷേപങ്ങൾ
സഹിക്കുവാൻ മനസ്സില്ലാത്തവരാണ്.....
വിശ്വാസത്യാഗം, വിശ്വാസത്യാഗം,
വിശ്വാസത്യാഗം എന്ന് ഓരോ
പള്ളിയുടെയും മുമ്പിൽ മുദ്രണം
ചെയ്തിരിക്കുന്നു; അവർക്കതറിയാമോ?
അവർ അങ്ങനെ ചിന്തിക്കുന്നുവോ,

അവിടെ പ്രത്യാശ ഉണ്ടായിരിക്കാം; കഷ്ടം! അട്ടഹസിക്കുന്നു, “ഞങ്ങൾക്കൊന്നിനും കുറവില്ലാ; ധനം വർദ്ധിച്ച് സമ്പന്നരായിരിക്കുന്നു’ Second Advent Library, tract No.39.

ബാബിലോണിന്നെതിരായിട്ടുള്ള വലിയ പാപം അവൾ “തൻറെ ദുർന്നടപ്പിന്റെ ക്രോധമദ്യം സകല ജാതികളെയും കുടിപ്പിച്ചു” എന്നുള്ളതാണ്. അവൾ ലോകത്തിനു നല്കുന്ന മദ്യലഹരി പ്രതിനിധീകരിക്കുന്നത് ഭൂമിയിലെ ഉന്നതന്മാരുമായുള്ള അവിഹിത ബന്ധത്തിൽനിന്നു ലഭിച്ച തെറ്റായ ഉപദേശങ്ങളെയാണ്. ലോകവുമായുള്ള ബന്ധം അവളുടെ വിശ്വാസത്തെ

ദുഷിപ്പിച്ചു, തന്മൂലം അവൾ ദുഷിപ്പിക്കുന്ന പ്രേരണ തിരുവചന പ്രസ്താവനയ്ക്കെതിരായിട്ടുള്ള ഉപദേശങ്ങളിലൂടെ ലോകത്തിനു നല്കി.

റോം ജനങ്ങൾക്കു ബൈബിൾ നിരോധിക്കുകയും അതിൻറെ സ്ഥാനത്തു അവളുടെ ഉപദേശം സ്വീകരിപ്പാൻ ആവശ്യപ്പെടുകയും ചെയ്തു. ദൈവ വചനം ജനങ്ങൾക്കു വീണ്ടും നല്കുക എന്നുള്ളതു നവീകരണത്തിൻറെ വേല ആയിരുന്നു; എന്നാൽ ഇക്കാലത്ത് സഭകൾ, മനുഷ്യരുടെ വിശ്വാസം തിരുവചനത്തിലല്ല, സഭയുടെ ഉപദേശത്തിൽ അടിസ്ഥാനമുള്ളതായിരിക്കണം എന്നു പഠിപ്പിക്കുന്നില്ലേ? ചാൾസു ബീച്ചർ

നവീകരണ സഭകളോടു പറഞ്ഞു;
“അവർ തങ്ങളുടെ
സഭാവിശ്വാസത്തിനെതിരായി
ആരെങ്കിലും എന്തെങ്കിലും പറഞ്ഞാൽ
വിശുദ്ധന്മാരോടും, രക്തസാക്ഷികളോടും
ഉള്ള ഭയഭക്തി പ്രോത്സാഹിപ്പിച്ചിരുന്ന
വിശുദ്ധ പിതാക്കന്മാർ ആ
വിശ്വാസത്തിന്നെതിരായി പറയുന്ന
വാക്കുകളിൽ
ക്ഷിപ്രകോപികളാകുന്നതുപോലെ
പ്രതികരിച്ചു പിന്മാറുന്നു... നവീകരണ
സുവിശേഷ സഭകൾ ബൈബിൾ
കൂടാതെ മറ്റു ഗ്രന്ഥംകൂടെ സ്വീകരിക്കാതെ
ആർക്കും ഒരു പ്രസംഗകൻ ആകാൻ
സാധിക്കാതെ അവരുടെ കരങ്ങളെ
ബന്ധിച്ചിരുന്നു... റോമാസഭ ബൈബിൾ
നിരോധിച്ചതുപോലെ മറ്റു സഭകളും

ആരും ഗ്രഹിക്കാത്തതുപോലെ ബൈബിളിനെതിരായി പ്രവർത്തിപ്പാൻ തുടങ്ങി” - Sermon on The Bible a Sufficient Creed delivered at Fort Wayne, Indiana, Feb. 22, 1846.

വിശ്വസ്തരായ അദ്ധ്യാപകർ തിരുവചനം വിശദീകരിച്ചപ്പോൾ തിരുവചനം അറിയാവുന്നവരെന്ന് അഭിമാനിക്കുന്ന പണ്ഡിതന്മാരും ശുശ്രൂഷകന്മാരും ശരിയായ ഉപദേശത്തെ വേദവിപരീതമായി തള്ളി സത്യാന്വേഷണത്തിൽനിന്നും പിന്മാറി, ബാബിലോണും ദുരുപദേശത്തിനടിമപ്പെട്ടുപോയിരുന്നുവെങ്കിൽ നിഷ്കർഷവും തുളച്ച്

കയറുന്നതുമായ ദൈവവചനത്താൽ ജന ലക്ഷങ്ങൾ കുറ്റബോധം വന്ന് മനം തിരിയുമായിരുന്നു. എന്താണ് സത്യമെന്ന് തിരിച്ചറിയാൻ കഴിയാത്ത രീതിയിൽ മതവിശ്വാസം തമ്മിൽ ചേർച്ച ഇല്ലാത്തതും ആശയക്കുഴപ്പമുള്ളതായിത്തീർന്നു. പശ്ചാത്താപരഹിതമായ ലോകത്തിൻറെ പാപം സഭയുടെ കവാടത്തിൽ തന്നെയാണ്.

വെളിപ്പാടു 14 -ലെ രണ്ടാം ദൂതൻറെ ദൂത് 1844 വേനൽക്കാലത്തു ആദ്യമായി പ്രസംഗിക്കപ്പെട്ടു. അത് അമേരിക്കൻ ഐക്യനാടുകളിലെ സഭകൾക്ക് വളരെ യോജിച്ചതായിരുന്നു. എന്നാൽ ന്യായവിധിയുടെ മുന്നറിയിപ്പിൻ ദൂത്

വ്യാപകമായി ഘോഷിക്കപ്പെട്ടുവെങ്കിലും പൊതുവെ തിരസ്കരിക്കപ്പെടുകയും സഭയുടെ വീഴ്ച പെട്ടെന്നുണ്ടാകുകയും ചെയ്തു. എന്നാൽ രണ്ടാം ദൂതൻറെ ദൂതിൻറെ പരിപൂർണ്ണ നിറവേറൽ 1844-ൽ സംഭവിച്ചില്ല. പുനരാഗമന ദൂതിൻറെ വെളിച്ചം നിരസിക്കുകയാൽ സഭകൾ അപ്പോൾ ഒരു ധാർമ്മിക അധഃപതനം അനുഭവിച്ചു, എന്നാൽ ആ വീഴ്ച പൂർണ്ണമല്ലായിരുന്നു. ആ സമയത്തേക്കുള്ള പ്രത്യേക ദൂത് അവർ തുടർച്ചയായി നിരസിക്കുകയാൽ താഴേക്കു പതിച്ചുകൊണ്ടിരുന്നു. "തൻറെ ദുർന്നടപ്പിന്റെ ക്രോധമദ്യം സകല ജാതികളെയും കുടിപ്പിച്ച മഹതിയാം ബാബിലോൺ വീണുപോയി'. എന്നു പറവാൻ കഴികയില്ല. സകല

ജാതികളെയും അതു കുടിപ്പിക്കാൻ കഴിഞ്ഞില്ല. ലോകത്തിൻറെ ആത്മാവിനോട് അനുരഞ്ജനപ്പെട്ടുകയും ഇക്കാലത്തേക്കുള്ള ദൂതിനോട് അനാസ്ഥ കാട്ടുകയും നവീകരണ സഭാവിശ്വാസത്തിൽ എല്ലായിടത്തും ഈ പ്രവണത കാണപ്പെട്ടുകയും ചെയ്തു. എന്നാൽ വിശ്വാസത്യാഗത്തിൻറെ പൂർണ്ണതയിൽ എത്തിയില്ല.

ബൈബിൾ പ്രസ്താവിക്കുന്നതു കർത്താവിന്റെ വരവിനു മുമ്പായി സാത്താൻ "വ്യാജമായ സകല ശക്തിയോടും അടയാളങ്ങളോടും അത്ഭുതങ്ങളോടും അനീതിയുടെ സകല വഞ്ചനയോടുംകൂടെ ആയിരിക്കും". അവർ രക്ഷിക്കപ്പെട്ടുവാൻ സത്യത്തെ

സ്നേഹിച്ചു കൈക്കൊള്ളായ്കയാൽ തന്നെ”
(2 തെസ്സ: 2:9-11) എന്നാകുന്നു ഈ
അവസ്ഥയിലെത്തുകയും സഭയും
ലോകവും എല്ലായിടത്തും
ഐക്യതയിലാകുകയും ചെയ്യുന്നതുവരെ
ബാബിലോണിൻറെ വീഴ്ച
പൂർണ്ണമാകുന്നില്ല. വ്യതിയാനം
ക്രമേണയാണ് വെളി. 14:8-ന്റെ
പൂർണ്ണ നിറവേറൽ ഭാവിയിലാണ്.

ആത്മീക അന്ധകാരവും
ദൈവത്തിൽനിന്നുള്ള അകൽച്ചയും
ബാബിലോണിനു രൂപം കൊടുക്കുന്ന
ക്രിസ്തീയ സഭകളിൽ
നിലനില്ക്കുന്നുണ്ടെങ്കിലും ക്രിസ്തുവിൻറെ
യഥാർത്ഥ അനുയായികൾ അവരുടെ
കൂട്ടായ്മയിൽ ഇപ്പോഴും കാണപ്പെടുകയും

ചെയ്യുന്നു. ഈ കാലത്തേക്കുള്ള പ്രത്യേക ദൂത് അവരിൽ അനേകരും ഒരിക്കലും കേട്ടിട്ടില്ല. ഈ അവസ്ഥയിൽ അസംതൃപ്തരും വ്യക്തമായ വെളിച്ചത്തിന് ആഗ്രഹിക്കുന്നവരും കുറച്ചൊന്നുമല്ല. തങ്ങൾ ഉൾപ്പെടുന്ന സഭയിൽ ക്രിസ്തുവിൻറെ സാദൃശ്യം നോക്കുന്നതു വൃഥാവാണ്. ഈ സഭകൾ കൂടുതൽ സത്യത്തിൽനിന്നകന്നുപോകുകയും ലോകത്തോടു കൂടുതൽ യോജിക്കുകയും ചെയ്തു. ഈ രണ്ടു കൂട്ടരും തമ്മിലുള്ള വ്യത്യാസം വർദ്ധിച്ച് അവസാനം വേർപെടുകയും ചെയ്യും. ദൈവത്തെ ഏറ്റവും അധികം സ്നേഹിക്കുന്നവർ "ദൈവത്തെക്കാൾ ഉല്ലാസത്തെ സ്നേഹിക്കുന്ന ദൈവഭക്തിയുടെ വേഷം

ധരിച്ച് അതിൻറെ ശക്തിയെ ത്യജിക്കുന്നവരുമായുള്ള കൂട്ടായ്മയിൽനിന്നു വേർപെടുന്ന സമയം വരുന്നു.

വെളിപ്പാടു 18 ചൂണ്ടിക്കാട്ടുന്നതു വെളിപ്പാടു. 14:6-12-ലെ ത്രിവിധ മുന്നറിയിപ്പുകളെ നിരസിക്കുന്നതിൻറെ ഫലമായി രണ്ടാം ദൂതൻ മുൻകൂട്ടി പറഞ്ഞിരിക്കുന്ന അവസ്ഥ പൂർണ്ണമായി സഭയിൽ ഉണ്ടായിരിക്കയാൽ ദൈവജനം ബാബിലോണിൻറെ കൂട്ടായ്മയിൽ നിന്നു വിട്ടുപോരുവാൻ വിളിക്കുന്ന സമയത്തെയാണ്. ഇതു ലോകത്തിനു നല്കുവാനുള്ള അവസാനത്തെ ദൂതാണ്. അതിൻറെ വേല അതു ചെയ്യും "സത്യത്തെ

വിശ്വസിക്കാതെ അനീതിയിൽ രസിക്കുന്നവർക്ക് ഭോഷ്ക്ക് വിശ്വസിക്കുമാറ് വ്യാജത്തിൻറെ വ്യാപാര ശക്തി അയയ്ക്കുന്നു" (2 തെസ്സ. 2:12). അപ്പോൾ സത്യവെളിച്ചം സ്വീകരിപ്പാൻ തുറന്നിരിക്കുന്ന ദൈവമക്കളുടെ ഹൃദയങ്ങളിൽ അത് പ്രകാശിക്കുകയും ബാബിലോണിൽ ശേഷിച്ചിരിക്കുന്ന ദൈവകുഞ്ഞുങ്ങൾ, "

എൻറെ ജനമായുള്ളോരേ അവളെ വിട്ടുപോരുവിൻ" എന്നുള്ള വിളി സ്വീകരിക്കും (വെളി. 18:4).

PreviousNext

# അദ്ധ്യായം **22**—നിറവേറിയ പ്രവചനങ്ങൾ

1844 - ന്റെ വസന്തകാലത്തു കർത്താവു വരുമെന്നാണ് ആദ്യം പ്രതീക്ഷിച്ചത്. ആ സമയം കടന്നുപോയി. കർത്താവിന്റെ വരവിനെ വിശ്വാസത്തോടെ നോക്കിയിരുന്നവരിൽ കുറെ സമയത്തേക്കു സംശയവും അനിശ്ചിതത്വവും നിലനിന്നു. അവർ പൂർണ്ണമായി പരാജയപ്പെട്ടുവെന്ന് ലോകം പരിഗണിക്കുകയും അവർ ഒരു വ്യാമോഹം പരിലാളിക്കുന്നുവെന്നു തെളിയി ക്കുകയും ചെയ്തു. അവരുടെ ആശ്വാസത്തിൻറെ ഉറവിടം അപ്പോഴും ദൈവ വചനം ആയിരുന്നു. അനേകരും

തിരുവചനം ശോധന കഴിക്കുന്നത്
തുടരുകയും തങ്ങളുടെ വിശ്വാസത്തിൻറെ
തെളിവുകൾക്ക് കൂടുതൽ വെളിച്ചം
ലഭിക്കുന്നതിന് പ്രവചനങ്ങൾ പുതുതായി
പഠിക്കുകയും ചെയ്തു. തങ്ങളുടെ
നിലപാടിനു
ഉപോൽബലകമായിരുന്ന
ദൈവവചനസാക്ഷ്യം വ്യക്തവും
ബോദ്ധ്യമായതുമാണെന്നു തോന്നി.
തെറ്റിക്കൂടാത്ത അടയാളങ്ങൾ
ക്രിസ്തുവിൻറെ വരവ്
അടുത്തിരിക്കുന്നുയെന്നു ചൂണ്ടിക്കാണിച്ചു.
പാപികളുടെ മാനസാന്തരത്തിനും
ക്രിസ്ത്യാനികൾക്കിടയിലുണ്ടായ
ആത്മീയ ഉണർവിനും ഇടയാക്കിയ
ദൈവത്തിൻറെ പ്രത്യേക അനുഗ്രഹം
ഈ ദൂത് സ്വർഗ്ഗത്തിൽ

നിന്നാണെന്നുള്ളതിന് സാക്ഷ്യം വഹിച്ചു. വിശ്വാസികൾക്ക് തങ്ങളുടെ നിരാശ വിശദമാക്കുവാൻ കഴിഞ്ഞില്ലെങ്കിലും തങ്ങളുടെ കഴിഞ്ഞ അനുഭവങ്ങളിൽ ദൈവം നടത്തിയെന്നവർക്കുറപ്പുണ്ടായിരുന്നു.

രണ്ടാം വരവിൻറെ സമയത്തെക്കുറിച്ച് അവർക്ക് ലഭിച്ച നിർദ്ദേശത്തിന്റെ അനിശ്ചിതത്വത്തിൻറെയും ആകാംക്ഷയുടെയും അവസ്ഥ പ്രവചനങ്ങളോട് ഇഴ ചേർന്ന് കിടക്കുന്നു. അവരുടെ അറിവിന് ഇപ്പോൾ മറഞ്ഞിരിക്കുന്നവ തക്കസമയത്ത് വെളിവാക്കപ്പെടും എന്ന

വിശ്വാസത്തിൽ ക്ഷമയോടെ
കാത്തിരിക്കാൻ അവരെ പ്രേരിപ്പിച്ചു

ഈ പ്രവചനങ്ങളിൽ ഹബ. 2:1-4 വരെയുള്ള പ്രവചനവും ഉണ്ടായിരുന്നു. “ഞാൻ കൊത്തളത്തിൽനിന്നു കാവൽ കാത്തുകൊണ്ടു. അവൻ എന്നോടരുളിച്ചെയ്യുമെന്നും എൻറെ ആവലാതി സംബന്ധിച്ച് ഞാൻ എന്തുത്തരം പറയേണ്ടു എന്നും കാണേണ്ടതിന്നു ദൃഷ്ടി വയ്ക്കും. യഹോവ എന്നോടു ഉത്തരം അരുളിയത്: നീ ദർശനം എഴുതുക; ഓടിച്ചു വായിപ്പാൻ തക്കവണ്ണം അതു പലകയിൽ തെളിവായി വരയ്ക്കുക. ദർശനത്തിനൊരവധി വച്ചിരിക്കുന്നു; അതു സമാപ്തിയിലേക്കു ബദ്ധപ്പെടുന്നു;

സമയം തെറ്റുകയുമില്ല; അതു വൈകിയാലും അതിന്നായി കാത്തിരിക്ക; അതു വരും നിശ്ചയം; താമസിക്കയുമില്ല; അവൻറെ മനസ്സു അവനിൽ അഹങ്കരിച്ചിരിക്കുന്നു; അതു നേരുള്ളതല്ല; നീതിമാനോ വിശ്വാസത്താൽ ജീവിച്ചിരിക്കും”.

1842-ന്റെ പ്രാരംഭത്തിൽത്തന്നെ ഈ പ്രവചനത്തിൽ നിർദ്ദേശം നൽകിയിരുന്നു. “ദർശനം എഴുതുക, ഓടിച്ചുവായിക്കുവാൻ തക്കവണ്ണം അതു പലകയിൽ തെളിവായി വരയ്ക്കുക. ദാനീയേലിലും വെളിപ്പാടിലുമുള്ള ദർശനങ്ങളുടെ രേഖാചിത്രം തയ്യാറാക്കുവാൻ ചാൾസ് ഫിച്ചിനോടു നിർദ്ദേശിച്ചിരുന്നു. അതിൻറെ

പ്രസിദ്ധീകരണം ഹബക്കൂക്കിനാൽ നൽകപ്പെട്ട കൽപ്പനയുടെ നിവൃത്തിയായി പരിഗണിക്കപ്പെട്ടിരുന്നു. ദർശനത്തിന്റെ നിർവഹണത്തിനും പ്രത്യക്ഷമായ വിളംബരം ഉണ്ടാകുമെന്ന് അപ്പോൾ ആരും കരുതിയിരുന്നില്ല. ഒരു കാത്തിരുപ്പ് സമയം-അതേ പ്രവചനത്തിൽത്തന്നെ അത് അവതരിപ്പിച്ചിട്ടുണ്ട്. നിരാശയ്ക്കുശേഷം ഈ തിരുവചനം വളരെ പ്രാധാന്യമുള്ളതായി പ്രത്യക്ഷപ്പെട്ടു. “ദർശനത്തിനൊരു പ്രത്യേക സമയമുണ്ട്, എന്നാൽ അതിൻറെ അവസാനത്തിൽ അതു സംസാരിക്കും, കള്ളം പറയുകയില്ല വിളംബം അതിനുണ്ടാകുമെങ്കിലും അതിനായി കാത്തിരിക്കാം; അതു വരും നിശ്ചയം;

താമസിക്കുകയുമില്ല.....നീതിമാനോ വിശ്വാസത്താൽ ജീവിക്കും".

യെഹെസ്കേൽ പ്രവചനത്തിൻറെ ഒരുഭാഗം വിശ്വാസികൾക്കു ശക്തിയുടെയും ആശ്വാസത്തിൻറെയും ഒരു ഉറവിടമായിരുന്നു."യഹോവയുടെ അരുളപ്പാടെനിക്കുണ്ടായതെന്തെന്നാൽ: മനുഷ്യപുത്രാ, കാലം നീണ്ടുപോകും; ദർശനമൊക്കെയും ഒക്കാതെപോകും എന്നു നിങ്ങൾക്കു യിസ്രായേൽ ദേശത്ത് ഒരു പഴഞ്ചൊല്ലുള്ളത് എന്ത്? അതുകൊണ്ട് നീ അവരോടു പറയേണ്ടതു: യഹോവയായ കർത്താവിപ്രകാരം അരുളിച്ചെയ്യുന്നു:.... കാലവും സകല ദർശനത്തിന്റെയും നിവൃത്തിയും

അടുത്തിരിക്കുന്നു... നിങ്ങളുടെ കാലത്തുതന്നെ ഞാൻ വചനം പ്രസ്താവിക്കയും നിവർത്തിക്കുകയും ചെയ്യും. അതു താമസിയാതെ നിവൃത്തിയാകും" (യെഹെ. 12:21,25,27,28).

ആരംഭത്തിൽത്തന്നെ അവസാനവും അറിയുന്നവൻ അവരുടെ നിരാശ മുൻകൂട്ടിക്കണ്ട് അവർക്കു ധൈര്യത്തിൻറെയും പ്രത്യാശയുടേയും വചനങ്ങൾ നൽകിയിരുന്നത് വിശ്വസിച്ച് കാത്തിരുന്നവർ സന്തോഷിച്ചു. ആ പരീക്ഷാ ഘട്ടത്തിൽ അപ്രകാരമുള്ള തിരുവചനഭാഗങ്ങൾ, ക്ഷമയോടെ കാത്തിരിക്കുവാനും ദൈവവചനത്തിൽ ഉറപ്പോടെ

പിടിച്ചുകൊൾവാനും ഉപദേശിച്ചിട്ടില്ലായിരുന്നു എങ്കിൽ അവരുടെ വിശ്വാസം പരാജയപ്പെട്ടുമായിരുന്നു.

മത്തായി 25-ലെ പത്തു കന്യകമാരുടെ ഉപമയിലും പുനരാഗമനകാംക്ഷികളുടെ അനുഭാവവും വിശദീകരിച്ചിരിക്കുന്നു. മത്തായി 24-ൽ കർത്താവിന്റെ വരവിനും ലോകാവസാനത്തിനുമുള്ള അടയാളം എന്തെന്നുള്ള തൻറെ ശിഷ്യൻമാരുടെ ചോദ്യത്തിനുത്തരമായി ലോകചരിത്രത്തിലും സഭയിലും തൻറെ ഒന്നാം വരവുമുതൽ രണ്ടാം വരവുവരെയുള്ള കാലഘട്ടത്തിലെ അതി പ്രധാനമായ ചില സംഭവങ്ങൾ

ചൂണ്ടിക്കാട്ടിയിരിക്കുന്നു;
യെരുശലേമിൻറെ നാശം,
സഭയുടെമേലുള്ള അജ്ഞാന
റോമയുടേയും പാപ്പാത്വ റോമയുടെയും
പീഡനം, സൂര്യൻ ഇരുളുന്നതും ചന്ദ്രൻ
പ്രകാശം കൊടുക്കാതിരിക്കുന്നതും
നക്ഷത്രങ്ങളുടെ വീഴ്ച്ചയുമാണിവ.
അതിനുശേഷം അവൻറെ വരവിനെ
കാത്തിരിക്കുന്ന രണ്ടുതരം
ദാസന്മാരെക്കുറിച്ചു വിശദീകരിക്കുന്ന
ഉപമയെ ബന്ധപ്പെടുത്തി തൻറെ
വരവിനെക്കുറിച്ചു സംസാരിച്ചു.
"സ്വർഗ്ഗരാജ്യം മണവാളനെ
എതിരേൽക്കുവാൻ വിളക്ക്
എടുത്തുംകൊണ്ട് പുറപ്പെട്ട പത്ത്
കന്യകമാരോട് സദൃശം ആകും" എന്ന
വാക്കുകളോടെയാണ് 25-ാം

അദ്ധ്യായം ആരംഭിക്കുന്നത്!
അതുതന്നെയാണ് 24-ാം
അദ്ധ്യായത്തിൻറെ അവസാനത്തിൽ
ചൂണ്ടിക്കാണിച്ചിരിക്കുന്നത്.
അന്ത്യകാലത്തു ജീവിച്ചിരിക്കുന്ന
സഭയുടെ ദൃശ്യം ഇവിടെ
വെളിവാക്കപ്പെട്ടിരിക്കുന്നു. പൗരസ്ത്യ
വിവാഹരീതികളിൽക്കൂടെ അവരുടെ
അനുഭവത്തെ ഈ ഉപമയിൽ
വിവരിച്ചിരിക്കുന്നു.

“സ്വർഗ്ഗരാജ്യം മണവാളനെ
എതിരേൽക്കുവാൻ വിളക്കും എടുത്തു
കൊണ്ടു പുറപ്പെട്ട പത്തു കന്യകമാരോട്
സദൃശമാകും. അവരിൽ 5 പേർ
ബുദ്ധിയില്ലാത്തവരും 5 പേർ
ബുദ്ധിയുള്ളവരും ആയിരുന്നു.

ബുദ്ധിയില്ലാത്തവർ വിളക്കെടുത്തപ്പോൾ എണ്ണ എടുത്തില്ല. ബുദ്ധിയുള്ളവരോ വിളക്കോടുകൂടെ പാത്രത്തിൽ എണ്ണയും എടുത്തു. പിന്നെ മണവാളൻ താമസിക്കുമ്പോൾ എല്ലാവരും മയക്കം പിടിച്ചുതുടങ്ങി. അർദ്ധരാത്രിക്കോ മണവാളൻ വരുന്നു; അവനെ എതിരേൽക്കുവാൻ പുറപ്പെടുവിൻ എന്ന ആർപ്പുവിളി ഉണ്ടായി. “മണവാളൻറെ വരവു പ്രതിനിധീകരിച്ചതു, ഒന്നാം ദൂതൻറെ ദൂതു പ്രഖ്യാപിച്ചതുപോലെ ക്രിസ്തുവിൻറെ വരവിനെക്കുറിച്ചാണ് എന്നു മനസ്സിലായി, കന്യകമാരുടെ പുറപ്പാട് കാണിക്കുന്നത് തൻറെ പെട്ടെന്നുള്ള വരവിൻറെ ഘോഷണത്തിൽ വളരെ വ്യാപകമായുണ്ടായ

നവീകരണത്തെയാണ്. മത്തായി 24-ലെപേലെ ഈ ഉപമയിൽ രണ്ടുതരം ജനങ്ങളെ പ്രതിനിധീകരിച്ചിരിക്കുന്നു. എല്ലാവരും ദൈവവചനമായ വിളക്കുകൾ എടുത്തുകൊണ്ട് അതിൻറെ പ്രകാശത്തിൽ മണവാളനെ എതിരേൽക്കുവാൻ പുറപ്പെട്ടു. "എന്നാൽ ബുദ്ധിയില്ലാത്തവർ വിളക്കെടുത്തപ്പോൾ അതിനോടോപ്പം എണ്ണയെടുത്തില്ല". "ബുദ്ധിയുള്ളവർ വിളക്കെടുത്തപ്പോൾ പാത്രത്തിൽ എണ്ണയുമെടുത്തു." അവൻറെ വചനം കാലിനു ദീപവും പാതയ്ക്കു പ്രകാശവുമാക്കിക്കൊടുക്കുന്ന, പുനരുജ്ജീവിപ്പിക്കുന്നതും പ്രകാശിപ്പിക്കുന്നതുമായ പരിശുദ്ധാത്മാവിൻറെ ശക്തിയാകുന്ന

ദൈവകൃപ രണ്ടാമത്തെ കൂട്ടർക്കു ലഭിച്ചു, ദൈവഭയത്തോടെ സത്യം ഗ്രഹിപ്പാൻ അവർ തിരുവചനം പഠിക്കുകയും ഒരു വിശുദ്ധ ജീവിതം നയിക്കുന്നതിന് ആത്മാർത്ഥമായി ആഗ്രഹിക്കുകയും ചെയ്തു. അവർക്കു വ്യക്തിപരമായ ഒരനുഭവവും, ദൈവത്തിലും അവൻറെ വചനത്തിലും വിശ്വാസവും ഉണ്ടായിരുന്നതിനാൽ നിരാശയ്ക്കോ കാലതാമസത്തിനോ അവരെ പരാജയപ്പെടുത്തുവാൻ കഴിഞ്ഞില്ല. മറ്റുള്ളവർ തങ്ങളുടെ വിളക്കെടുത്തപ്പോൾ അതോടുകൂടെ എണ്ണ എടുത്തില്ല. അവർ വീണ്ടു വിചാരമില്ലാതെ നീങ്ങി. വിശുദ്ധദൂതിനാൽ അവർക്ക് ഭയമുളവായി. സത്യത്തെക്കുറിച്ചുള്ള പരിപൂർണ്ണമായ ജ്ഞാനംകൂടാതെയും

ഹൃദയത്തിൽ കൃപയുടെ യഥാർത്ഥമായ പ്രവർത്തനം കൂടാതെയും നല്ല വികാരങ്ങളുടെ മങ്ങിയ വെളിച്ചത്തിൽ സംതൃപ്തരായി മറ്റുള്ളവരുടെ വിശ്വാസത്തിൽ അവർ ആശ്രയിച്ചു. അവർ കർത്താവിനെ എതിരേൽപ്പാൻ പുറപ്പെട്ടുടനെ പ്രതിഫലം കിട്ടുമെന്നുള്ള പൂർണ്ണപ്രത്യാശയോടെയാണ് പോയത്; എന്നാൽ അവർ നിരാശയ്ക്കോ കാലതാമസത്തിനോ ഒരുക്കമായിരുന്നില്ല. ശോധനയുണ്ടായപ്പോൾ അവരുടെ വിശ്വാസം പരാജയപ്പെടുകയും വിളക്കുകൾ മങ്ങുകയും ചെയ്തു.

മണവാളൻ വരാൻ വൈകിയപ്പോൾ എല്ലാവരും മയക്കം പിടിച്ച് ഉറങ്ങി. മണവാളൻറെ താമസത്തെ പ്രതിനിധീകരിക്കുന്നതു കാലതാമസത്തെയും കർത്താവിന്റെ വരവിൻറെ പ്രതീക്ഷയിൽ തോന്നിക്കുന്ന താമസംമൂലമുള്ള നിരാശയുമാണ്. ഈ അനിശ്ചിത കാലയളവിൽ ഇരുമനസ്സുള്ളവരും ഉപരിപ്ലവ ചിന്താഗതിക്കാരുമായവരുടെ താത്പര്യം പെട്ടെന്നു വ്യതിചലിക്കുവാൻ തുടങ്ങുകയും അവരുടെ പരിശ്രമങ്ങൾ ശിഥിലീഭവിക്കുകയും ചെയ്തു. എന്നാൽ തങ്ങളുടെ വിശ്വാസം വ്യക്തിപരമായി തിരുവചനപഠനത്തിൽ ആധാരമാക്കിയിട്ടുള്ളവരുടെ പാദം

പാറമേൽ ആകയാൽ നിരാശയുടെ തിരമാലകൾക്കവരെ ഒഴുക്കിക്കളവാൻ കഴിഞ്ഞില്ല. എല്ലാവരും മയക്കംപിടിച്ച് ഉറങ്ങി. ഒരു കൂട്ടർ തങ്ങളുടെ വിശ്വാസത്തിൽ താത്പര്യമില്ലാത്തവരും അതിനെ പരിത്യജിക്കുന്നവരും ആയിരിക്കുമ്പോൾ മറ്റെക്കൂട്ടർ ക്ഷമയോടെ കൂടുതൽ വ്യക്തമായ വെളിച്ചം നല്കപ്പെടുന്നതിനു കാത്തിരുന്നു. എങ്കിലും ശോധനയുടെ ഇരുളിൽ തങ്ങളുടെ തീക്ഷ്ണതയും ഭക്തിയും നഷ്ടപ്പെടുന്നതു പോലെ തോന്നി. ഇരുമനസ്സുള്ളവരും ഉപരിപ്ലവചിന്താഗതിക്കാരും മറ്റുള്ളവരുടെ വിശ്വാസത്തിൽ പിന്നീടൊരിക്കലും ആശ്രയിക്കാൻ കഴിയാതെയായി. ഓരോരുത്തരും

അവനവനുവേണ്ടി വീഴുകയോ നിൽക്കുകയോ ചെയ്യേണ്ടിയിരിക്കുന്നു.

ഏതാണ്ടീസമയത്താണ് മതഭ്രാന്ത് പ്രത്യക്ഷപ്പെടാൻ തുടങ്ങിയത്. തീക്ഷ്ണതയുള്ള വിശ്വാസികളെന്നഭിമാനിക്കുന്നവരിൽ ചിലർ ദൈവവചനം തെറ്റിക്കൂടാത്ത വഴികാട്ടിയെന്നുള്ളതു നിരസിക്കുകയും പരിശുദ്ധാത്മാവി നാൽ നയിക്കപ്പെടുന്നവെന്നവകാശപ്പെടുകയും സ്വന്തം അഭിപ്രായത്തിനും ഭാവനയ്ക്കും അധീനരായി നിയന്ത്രിക്കപ്പെടുകയും ചെയ്തു. ചിലർ അവരുടെ ആശയത്തോട് യോജിക്കാത്തവരെയെല്ലാം നിന്ദിക്കുന്ന അന്ധമായ മത ഭ്രാന്തന്മാരായി. പുനരാഗമനകാംക്ഷികളിൽനിന്നും

ഇവരുടെ ഭ്രാന്തമായ ആശയങ്ങൾക്ക് യാതൊരു സഹതാപവും ലഭിച്ചില്ല. അവർ സത്യത്തിനു അപമാനം വരുത്തുന്നവരായിത്തീർന്നു.

ദൈവവേലയെ നശിപ്പിക്കുന്നതിനും എതിർക്കുന്നതിനും സാത്താൻ ഈ വഴി അന്വേഷിക്കുകയായിരുന്നു. പുനരാഗമന ദൂതു ഘോഷണത്താൽ വലിയ ഉണർവുണ്ടായി. ആയിരക്കണക്കിനു പാപികൾ മാനസാന്തരപ്പെട്ടു. വിശ്വസ്തരായ മനുഷ്യർ ഈ കാലതാമസത്തിൽ പോലും സത്യം ഘോഷിക്കുന്ന വേലയ്ക്കായി തങ്ങളെത്തന്നെ സമർപ്പിച്ചു. ദുഷ്ടതയുടെ അധിപന് അവൻറെ അനുയായികളെ നഷ്ടപ്പെട്ടു.

ദൈവവേലയ്ക്ക് അപമാനം വരുത്തുവാൻ വിശ്വാസികളെന്നഭിമാനിച്ച ചിലരെ വഞ്ചിച്ച് മതഭ്രാന്തിൻറെ പാരമ്യത്തിലേക്കു നയിച്ചു. അപ്പോൾ അവൻറെ അനുയായികൾ തെറ്റു കണ്ടുപിടിക്കുന്നതിനും എല്ലാ പരാജയങ്ങളും നിവൃത്തിയാകാത്ത കാര്യങ്ങളും പുനരാഗമനകാംക്ഷികളെയും അവരുടെ തെറ്റായ വിശ്വാസത്തെയും ഊതി വീർപ്പിച്ച് ജനങ്ങളുടെ മുമ്പിൽ കാണിക്കുന്നതിന് സദാ തയ്യാറായി നില കൊണ്ടു. എത്രയും വലിയ കൂട്ടത്തെ അവൻ ചേർക്കുകയും അവൻറെ ശക്തി അവരുടെ ഹൃദയങ്ങളെ നിയന്ത്രിച്ചിരിക്കെ കർത്താവിന്റെ പുനരാഗമനത്തിൽ

വിശ്വസിക്കുന്നുയെന്നഭിമാനിക്കുന്ന ഒരു വലിയ കൂട്ടത്തെ ചേർക്കുവാൻ അവനു സാധിക്കുകയും എല്ലാ വിശ്വാസികളുടെയും പ്രതിനിധി എന്ന നിലയിൽ വലിയ നേട്ടം അവനു ലഭിക്കുകയും ചെയ്തു.

സാത്താൻ സഹോദരന്മാരെ കുറ്റം പറയുന്നവനാണ്. ദൈവമക്കളുടെ കുറ്റങ്ങളും കുറവുകളും ഉയർത്തിപ്പിടിപ്പിക്കുന്നതിന് മനുഷ്യരെ പ്രേരിപ്പിക്കുന്നത് അവൻറെ ആത്മാവാണ്. അവരുടെ നല്ല പ്രവൃത്തികളെ ഒന്നു സൂചിപ്പിക്കപോലും ചെയ്യാതെ മൗനമായിരിക്കുന്നു. ആത്മാക്കളുടെ രക്ഷയ്ക്കു വേണ്ടി ദൈവം പ്രവർത്തിക്കുമ്പോൾ സാത്താൻ

അതിനെതിരായി കർമ്മോ മുഖനാണ്.
ദൈവപുത്രന്മാർ ദൈവമുമ്പാകെ
വരുമ്പോൾ അവരുടെ കൂട്ട ത്തിൽ
സാത്താനും വരുന്നു. ഓരോ
ഉണർവുയോഗത്തിലും ഹൃദയശുദ്ധി
യില്ലാത്തതും
സമീകൃതമനസ്സില്ലാത്തതുമായവരേയും
കൊണ്ടുവരാൻ അവൻ തയ്യാറാകുന്നു.
അവർ ചില സത്യങ്ങൾ
സ്വീകരിക്കുകയും
വിശ്വാസികളായിത്തീരുകയും
ചെയ്യുമ്പോൾ സാത്താൻ
അവരിൽക്കൂടെ ജാഗ്രതയില്ലാ ത്തവരെ
സിദ്ധാന്തങ്ങൾവഴി വഞ്ചിക്കുന്നു.
ദൈവമക്കളുമായുള്ള കൂട്ടുകെ ട്ടുകൊണ്ടോ
ആരാധനാസ്ഥലത്തോ
കർത്തമേശയ്ക്കുചുറ്റും

കാണപ്പെടുന്നതിനാലുമോ ഒരു
മനുഷ്യനും
സത്യക്രിസ്ത്യാനിയായിത്തീരുന്നില്ല.
ഏറ്റവും വിശുദ്ധ അവസരങ്ങളിൽ
സാത്താൻ പലപ്പോഴും തനിക്കുപയോ
ഗിക്കാൻ കഴിയുന്ന അനുയായികളുടെ
രൂപത്തിൽ അവിടെ ഉണ്ടായിരിക്കും.

സ്വർഗ്ഗീയ നഗരത്തിലേക്കുള്ള
യാത്രയിൽ ദൈവമക്കൾ വയ്ക്കുന്ന ഓരോ
ചുവടിലും സാത്താൻ അവരോട്
മത്സരിക്കുന്നു. ഗൗരവമേറിയ
പ്രതിബന്ധങ്ങൾ നേരിടാതെ ഒരു
നവീകരണവും സഭാചരിത്രത്തിൽ
ഉണ്ടായിട്ടില്ല. പൌലൊസിൻറെ
കാലത്തും അങ്ങനെ ആയിരുന്നു.
അപ്പൊസ്തലൻ എവിടെ സഭ

സ്ഥാപിച്ചുവോ അവിടെ വിശ്വാസം സ്വീകരിച്ചെന്നഭിമാനിച്ചവർ ഉണ്ടാ യിരുന്നു. എന്നാൽ അവർ ദുരുപദേശം കൊണ്ടുവരുകയും അതു സ്വീകരിച്ചിരുന്നെങ്കിൽ സത്യത്തോടുള്ള സ്നേഹം ക്രമേണ നഷ്ടപ്പെടുകയും ചെയ്യുമായിരുന്നു. ദൈവം നേരിട്ടു സംസാരിച്ചു എന്നവകാശപ്പെട്ട മതഭ്രാന്തന്മാരാൽ ലൂഥറും കടുത്ത നിരാശയും വൈഷമ്യങ്ങളും സഹിച്ചു. ആകയാൽ ഇങ്ങനെയുള്ളവർ അവരുടെ ആശയങ്ങൾക്കും അഭിപ്രായങ്ങൾക്കും തിരു വചനസാക്ഷ്യത്തിനുപരിയായി സ്ഥാനം നൽകി. വിശ്വാസത്തിലും അനുഭവത്തിലും കുറവുള്ളവരെങ്കിലും ഗണനീയമായ സ്വയംപര്യാപ്തതയുള്ളവരും പുതിയ

വസ്തുതകളെ കേൾക്കുവാനും
പറയുവാനും താത്പര്യം കാണിച്ചവരും
പുതിയ ഉപദേശകരുടെ
അഭിനയരീതികളാൽ
വഞ്ചിക്കപ്പെടുകയും സാത്താൻറെ
അനുയായികളോടുചേർന്ന് ദൈവം
ലൂഥറിലൂടെ പണിതുയർത്തി യവയെ
അവരുടെ പ്രവൃത്തികളാൽ
നശിപ്പിച്ചുകളകയും ചെയ്തു. വെസ്ലി
കുടുംബവും അവരോടൊപ്പം തങ്ങളുടെ
വിശ്വാസത്താലും സ്വാധീനത്താലും
ലോകത്തെ അനുഗ്രഹിച്ച് മറ്റുള്ളവരും
ഓരോ പടിയിലും സാത്താൻറെ
വഞ്ചനയെ നേരിട്ടു. എല്ലാ തരത്തിലുമുള്ള
മതഭ്രാന്തും കാട്ടാൻ അത്യാവേശമുള്ള
വരെയും ബുദ്ധിയുടെ സമനില

തെറ്റിയവരെയും വിശുദ്ധരല്ലാത്തവരെയും സാത്താൻ ഈ വഞ്ചനയുപയോഗിച്ച്

മതഭ്രാന്തിലേക്കു നയിക്കുവാൻ പ്രേരിപ്പിച്ചവരോട് വിശ്വസ്യം മിശ്ലർക്കു യാതൊരു സഹതാപവും ഇല്ലായിരുന്നു. ഏതാത്മാവിനെയും ദൈവവചനത്താൽ ശോധന കഴിക്കണം എന്ന് ലൂഥറിനോടൊപ്പം അദ്ദേഹവും പ്രസ്താവിച്ചു. "ഈ കാലത്തു ചില മനസ്സുകളിൻമേൽ സാത്താന് വലിയ ശക്തി യുണ്ട് എന്നും അവർ ഏതാത്മാവിൽ നിന്നുള്ളവരെന്നും നാം എങ്ങനെ അറിയും'? ബൈബിൾ ഉത്തരം പറയുന്നു: "അവരുടെ ഫലങ്ങളാൽ നിങ്ങൾക്കവരെ തിരിച്ചറിയാം... അനേകം ആത്മാക്കൾ

ലോകത്തിലേക്കു കടന്നിട്ടുണ്ട്;
ആത്മാക്കളെ ശോധന കഴിക്കാൻ
നമ്മോടു കല്പിച്ചിരിക്കുന്നു.
സുബോധത്തോടും നീതിയോടും
ദൈവഭക്തിയോടും ഈ ലോകത്തിൽ
ജീവിപ്പാൻ നമ്മെ നടത്താത്ത
ആത്മാവൊന്നും ക്രിസ്തുവിൻറെ
ആത്മാവല്ല. ഈ വന്യമായ
പ്രസ്ഥാനങ്ങളുമായി സാത്താനു
അഭേദ്യമായ ബന്ധമുള്ള തായി എനിക്കു
കൂടുതൽ കൂടുതൽ ബോധ്യമായി....
പൂർണ്ണമായും
വിശുദ്ധീകരിക്കപ്പെട്ടിരിക്കുന്നുയെന്ന്
നടിക്കുന്ന നമ്മിൽ പലരും മനുഷ്യരുടെ
പാര മ്പര്യത്തെ അനുകരിക്കുകയും
അഭിനയമൊന്നുമില്ലാത്ത
മറ്റുള്ളവരെപ്പോലെ

സത്യത്തെക്കുറിച്ചറിവില്ലാത്തവരുമാണ് എന്ന് മില്ലർ പറഞ്ഞു." -~-Bliss., pages 236,237. വ്യാജാത്മാവു നമ്മെ സത്യത്തിൽനിന്നു വ്യതിചലിപ്പിക്കുകയും ദൈവത്തിൻറെ ആത്മാവു നമ്മെ സത്യത്തിലേക്കു നയിക്കുകയും ചെയ്യും. എന്നാൽ ഒരു മനുഷ്യൻ തനിക്കു സത്യം ഉണ്ടെന്നു ചിന്തിക്കുകയും തെറ്റിലായിരിക്കുകയും ചെയ്യാമെന്നു നിങ്ങൾ പറയുന്നു. എന്നാൽ എന്ത്? ഞങ്ങൾ ഉത്തരം പറയുന്നു: ആത്മാവും വചനവും സമ്മതിക്കുന്നു. ഒരു മനുഷ്യൻ ദൈവവചനത്താൽ സ്വയം വിധിക്കുന്നെങ്കിൽ മുഴുവൻ വചനവുമായി പൂർണ്ണമായി യോജിക്കുന്നതായി കാണുകയും എന്നിട്ടയാൾക്കു സത്യം

ഉണ്ടെന്നു വിശ്വസിക്കുകയും വേണം; എന്നാൽ തന്നെ നയിക്കുന്ന ആത്മാവു മുഴുവൻ ഗ്രന്ഥത്തിലേക്കോ അഥവാ ദൈവത്തിൻറെ ന്യായപ്രമാണവുമായി ഒത്തുചേർന്ന് പോകുന്നതായി കാണുന്നില്ലെങ്കിൽ അവൻ സാത്താൻറെ കെണിയിൽ പെട്ടുപോകാതിരിക്കാൻ വളരെ സൂക്ഷ്മതയോടെ നടക്കട്ടെ". --The Adventist Herald and Signs of the Times Reporter vol. 8, No. 23 (Jan.15, 1845). ക്രൈസ്തവ ലോകത്തിൻറെ ഉപദേശങ്ങളിൽനിന്നു ലഭിക്കുന്നതിനേക്കാൾ അകമെയുള്ള നൈർമല്യത്തിന്റെ തെളിവുകൾ എനിക്കു പലപ്പോഴും ലഭിച്ചിട്ടുള്ളത് ഒരു ജ്വലിക്കുന്ന നേത്രത്തിൽനിന്നും,

നനഞ്ഞ കവിൾത്തട ത്തിൽനിന്നും,
ഒരു ഗൽഗദവാക്കിൽ നിന്നുമാണ്.-
Bliss p. 282.

നവോത്ഥാന കാലഘട്ടത്തിൽ
അതിൻറെ ശത്രുക്കൾ മതഭ്രാന്തിൻറെ
എല്ലാ തിന്മകളും ആത്മാർത്ഥമായി
പ്രവർത്തിച്ചവർക്കെതിരായി
ആരോപിച്ചു. പുനരാഗമന
ദൂതുഘോഷണത്തിനെതിരുനിന്നവരും
ആ വഴിതന്നെ സ്വീകരിച്ചു.
മതഭ്രാന്തന്മാരുടേയും
തീവ്രവാദികളുടെയും തെറ്റുകളെ
പെരുപ്പിച്ചു കാട്ടുകയും തെറ്റായി
അവതരിപ്പിക്കുകയും ചെയ്യുന്നതിൽ
തൃപ്തരാകാതെ സത്യത്തോടു
യാതൊരുഛായയുമില്ലാത്ത

അനാശാസ്യമായ വാർത്തകൾ അവർ പ്രചരിപ്പിച്ചു. അന്നവരെ അതിന്ന പ്രേരിപ്പിച്ചതു മുൻവിധിയും വെറുപ്പും ആയിരുന്നു. ക്രിസ്തു വാതിൽക്കലെന്നുള്ള ദൂതുഘോഷണം അവരുടെ സമാധാനത്തെ ഹനിച്ചു. അതു ശരിയായിരിക്കുമെന്നവർ ഭയപ്പെടുകയും അങ്ങനെ ആകാതിരിപ്പാൻ അവർ ആശിക്കുകയും ചെയ്തു. അതായിരുന്നു പുനരാഗമനകാംക്ഷികൾക്കും അവരുടെ വിശ്വാസത്തോടും ഉള്ള പോരിൻെറ രഹസ്യം.

ചില മതഭ്രാന്തന്മാർ പുനരാഗമനകാംക്ഷികളോടു ചേർന്നു എന്നത് ഈ വിശ്വാസം ദൈവത്തിൽ നിന്നുള്ളതല്ല എന്നു വരുത്തുന്നില്ല.

പൌലൊസിൻറെയും ലൂഥറിൻറെയും കാലത്ത് മതഭ്രാന്തന്മാരും വഞ്ചകന്മാരും സഭയിൽ കടന്നുകൂടിയിരുന്നു. അതവരുടെ വേലയെ കുറ്റം വിധിക്കാൻ പറ്റിയ ഒരു കാരണമായിരുന്നില്ല. ദൈവജനം നിദ്രയിൽ നിന്നുണർന്ന് മാനസാന്തരത്തി ന്റെയും നവീകരണത്തിൻറെയും വേല ആത്മാർത്ഥമായി ആരംഭിക്കുകയും ചെയ്യട്ടെ; യേശുവിൽ എന്നപോലെ സത്യത്തെ പഠിക്കുന്നതിനായി അവർ (തിരുവെഴുത്തുകളെ പരിശോധിക്കട്ടെ; അവർ ദൈവമുമ്പാകെ പൂർണ്ണമായും സമർപ്പിക്കട്ടെ; സാത്താൻ ഇപ്പോഴും ജാഗരൂഗനും ഉണർവുള്ളവനുമായിരിക്കുന്നുവെന്നുള്ളതിനു തെളിവാവശ്യമില്ല.

അതോടൊപ്പം വീണുപോയ എല്ലാ ദൂതന്മാരെയും വിളിച്ചുകൊണ്ട് സാദ്ധ്യമായ എല്ലാ വഞ്ചനയോടുംകൂടെ അവൻറെ ശക്തി പ്രകടിപ്പിക്കും.

മതഭ്രാന്തിനും വിഭജനത്തിനും നിദാനമായത് രണ്ടാം വരവിൻറെ ഘോഷണമല്ല. 1844-ലെ വേനൽകാലത്ത് പുനരാഗമന കാംക്ഷികൾ തങ്ങ ളുടെ യഥാർത്ഥ നിലപാടിനെക്കുറിച്ചു സംശയവും ഉൽക്കണ്ഠയും ഉള്ളവ രായപ്പോഴാണ് അതു സംഭവിച്ചത്. ഒന്നാം ദൂതൻറെ ദൂതുഘോഷണവും, “അർദ്ധരാത്രിയിലെ ആർപ്പുവിളി’ (Midnight Cry) യും മതഭ്രാന്തിനെയും ഭിന്നിപ്പിനെയും നേരിട്ട് അടിച്ചമർത്തി. ഈ വിശുദ്ധ

പ്രസ്ഥാനത്തിൽ പങ്കെടുത്തവർ ഒത്തൊരുമയുള്ളവരായിരുന്നു. അവരുടെ ഹൃദയം, അവർ വേഗത്തിൽ കാണും എന്നു പ്രതീക്ഷിച്ചിരുന്ന യേശുവിനോടും പരസ്പരമുള്ള സ്നേഹ ത്താലും നിറഞ്ഞിരുന്നു. ഏതു മാനുഷിക സ്വാധീനത്തിനുമതീതമായി അവർക്കുണ്ടായിരുന്ന ഏക വിശ്വാസവും ഭാഗ്യകരമായ പ്രത്യാശയും അവരെ ഉയർത്തുകയും സാത്താൻറെ എല്ലാ വഞ്ചനയ്ക്കുമെതിരായി ഒരു കവചമായിത്തീരുകയും ചെയ്തു.

“മണവാളൻ താമസിക്കുമ്പോൾ എല്ലാവരും മയക്കം പിടിച്ച് ഉറങ്ങി. അർദ്ധരാത്രിക്കോ മണവാളൻ വരുന്നു; അവനെ എതിരേല്ക്കാൻ പുറപ്പെടുവിൻ

എന്ന ആർപ്പുവിളി ഉണ്ടായി. അപ്പോൾ കന്യകമാർ എല്ലാവരും എഴുന്നേറ്റു വിളക്കു തെളിച്ചു" (മത്താ. 25:5-7). 2300 സന്ധ്യയും ഉഷസ്സും 1844-ലെ വേനൽക്കാലത്തു അവസാനിക്കും എന്നു ആദ്യം കരുതിയിരുന്നു. അതിനു ശേഷം അതേ വർഷത്തിലെ ശരത്കാലത്തിലേക്ക് ഇത് നീട്ടപ്പെട്ടു എന്ന വിശ്വാസത്തോടെ തിരുവചനത്തിലെ "ഇതാ മണവാളൻ വരുന്നു" എന്ന അതേ വാക്കുകൾ ഉദ്ധരിച്ചുകൊണ്ട് അവർ ദൂതുഘോഷിച്ചു.

ഈ പ്രസ്ഥാനത്തെ നയിച്ചത് യെരുശലേമിനെ യഥാസ്ഥാനപ്പെടുത്തി പണിവാൻ അർത്ഥഹ്ശഷ്ടാവ് കൊടുത്ത കല്പനയുടെ കണ്ടെത്തൽ

ആയിരുന്നു. ഈ കല്പന 2300 സന്ധ്യയും ഉഷസ്സും എന്ന പ്രവചനത്തിൻറെ പ്രാരംഭം കുറിച്ചു. നേരത്തെ വിശ്വസിച്ചിരുന്നതുപോലെ ഈ കല്പന വർഷത്തിന്റെ ആരംഭത്തിലല്ല പ്രത്യുത ക്രിസ്തുവിനുമുമ്പ് 457 -ാം ആണ്ടിൻറെ ശരത്കാലത്തായിരുന്നു നിലവിൽ വന്നത്. 457 ശരത്കാലം മുതൽ കണക്കാക്കുമ്പോൾ 2300 വർഷം അവസാനിക്കുന്നത് 1844-ലെ ശരത്ക്കാലത്താണ്.

പഴയനിയമപുസ്തകത്തിൽ വിശുദ്ധമന്ദിരം യഥാസ്ഥാനപ്പെടും എന്ന് നിഴലായിക്കൊടുത്തിരിക്കുന്ന ദൃഷ്ടാന്തങ്ങളിൽനിന്നും ഉണ്ടായ

വാദഗതികൾ വിരൽ ചൂണ്ടുന്നത് വിശുദ്ധമന്ദിരം യഥാസ്ഥാനപ്പെടും എന്നത് ശരത്ക്കാലത്തുതന്നെ സംഭവിക്കണം എന്നതായിരുന്നു. ക്രിസ്തുവിൻറെ ഒന്നാം വരവിനെക്കുറിച്ച് പ്രതിപാദിക്കുന്ന മാതൃകകൾ ഈ രീതിയിൽ നിറവേറിയതുകൊണ്ട് ഇതു വ്യക്തമായി ശ്രദ്ധിക്കപ്പെട്ടു.

പെസഹാകുഞ്ഞാടിനെ അറുക്കുന്നതു ക്രിസ്തുവിൻറെ മരണത്തിൻറെ നിഴലായിരുന്നു. പൌലൊസ് പറയുന്നു: "നമ്മുടെ പെസഹക്കുഞ്ഞാടും അറുക്കപ്പെട്ടിരിക്കുന്നു" (1 കൊരി.5:7). പെസഹയുടെ സമയത്തു യഹോവയുടെ മുമ്പാകെ നീരാജനം ചെയ്ത ആദ്യഫലം ക്രിസ്തുവിൻറെ ഉയിർപ്പിന്റെ മാതൃക

ആയിരുന്നു. കർത്താവിന്റെയും അവൻറെ ജനത്തിൻറെയും ഉയിർപ്പിനെക്കുറിച്ച് പൌലൊസ് പറയുന്നു: "ആദ്യഫലം കി; പിന്നെ ക്രിസ്തുവിനു ള്ളവർ അവൻറെ വരവിങ്കൽ (1 കൊരി. 15:23). കൊയ്ത്തിനു മുമ്പെ ആദ്യ ഫലക്കറ്റ ശേഖരിച്ചതുപോലെയാണ് ദൈവത്തിൻറെ കളപ്പുരയിലേക്ക് ഭാവിയിൽ ശേഖരിക്കപ്പെടുവാൻ പോകുന്ന വീണ്ടെടുക്കപ്പെട്ടവരുടെ ആദ്യഫല മാകുന്ന ക്രിസ്തു.

ഈ മാതൃകകൾ നിവൃത്തിയായി എന്നുമാത്രമല്ല കൃത്യസമയത്തുതന്നെ നിറവേറപ്പെട്ടു. പതിനഞ്ചു നൂറ്റാണ്ടുകളോളം യെഹൂദന്മാരുടെ,

ഒന്നാം മാസം പതിനാലാം തീയതി, നിയമിക്കപ്പെട്ട അതേ മാസം, അതേ ദിവസം തന്നെ പെസഹാക്കുഞ്ഞാട് അറുക്കപ്പെട്ടുകൊണ്ടിരുന്നു. തൻറെ ശിഷ്യന്മാരുമായി പെസഹ കഴിച്ച ക്രിസ്തു "ലോകത്തിൻറെ പാപം ചുമക്കുന്ന ദൈവത്തിൻറെ കുഞ്ഞാട് തൻറെ മരണത്തിൻറെ ഓർമ്മയ്ക്കായി ആ വിരുന്നു സ്ഥാപിച്ചു. ക്രൂശിക്കുന്നതിന് ദുഷ്ടന്മാരുടെ കൈകളാൽ ആ രാത്രിതന്നെ അവൻ പിടിക്കപ്പെട്ടു. നിരാജനക്കറ്റയ്ക്കു പകരമായി നമ്മുടെ കർത്താവു മൂന്നാം ദിവസം ഉയിർത്തു. "നിദ്രകൊണ്ടവരിൽനിന്നുള്ള ആദ്യഫലം", ഉയിർക്കപ്പെട്ട നീതിമാന്മാരുടെ ഒരു മാതൃക എന്നവണ്ണം "നമ്മുടെ താഴ്ചയുള്ള ശരീരത്തെ തൻറെ

മഹത്വമുള്ള ശരീരത്തിനനുരൂപമായി രൂപാന്തരപ്പെടുത്തും'(വാക്യം 20; ഫിലി. 3:21).

അതുപോലെ രണ്ടാം വരവിനെ സൂചിപ്പിക്കുന്ന നിഴലുകൾ പ്രതീകാത്മകമായ ശുശ്രൂഷകളിൽ സൂചിപ്പിച്ചിരുന്ന സമയത്തുതന്നെ നിറവേറപ്പെടണം. മോശക ന്യായപ്രമാണത്തിൻകീഴിൽ വിശുദ്ധമന്ദിരത്തിൻറെ യഥാസ്ഥാനപ്പെടൽ അഥവാ മഹാപാപപരിഹാര ദിവസം യെഹൂദമാസമായ ഏഴാം മാസം പത്താം തീയതി നടന്നുപോന്നു (ലേവ്യ. 16:29-34). മഹാപുരോഹിതൻ എല്ലാ യിസ്രായേലിനുംവേണ്ടി പാപപരിഹാരം

നടത്തുകയും അങ്ങനെ പാപമെല്ലാം സമാഗമനകൂടാരത്തിൽനിന്നു നീക്കം ചെയ്തിട്ട് മടങ്ങിവന്ന് ജനങ്ങളെ അനുഗ്രഹിച്ചു. അങ്ങനെ നമ്മുടെ മഹാപുരോഹിതനായ ക്രിസ്തു പ്രത്യക്ഷപ്പെട്ട് ഭൂമിയെയും പാപത്തെയും പാപികളെയും നശിപ്പിച്ചശേഷം തന്നെ കാത്തിരിക്കുന്ന ജനങ്ങളെ നിത്യജീവൻറെകൊണ്ടനുഗ്രഹിക്കുമെന്നു വിശ്വസിച്ചു. മഹാപാപപരിഹാര ദിവസവും കൂടാര ശുദ്ധീകരണ ദിവസവും ആയ ഏഴാം മാസം പത്താം തീയതി 1844 ഒക്ടോബർ മാസം 22-ാം തീയതി വരുകയും ആ ദിവസം ക്രിസ്തുവിൻറെ വീണ്ടും വരവിൻറെ സമയമാണ് എന്ന് മനസ്സിലാക്കുകയും ചെയ്തു.

2300 സന്ധ്യയും ഉഷസ്സിനെയും കുറിച്ചുള്ള പ്രവചനം ആ ദിനത്തിലാണ് വന്നു ചേരുന്നത് എന്ന് നേരത്തേതന്നെ വേണ്ട തെളിവുകൾ സഹിതം സമർദ്ധിച്ചിട്ടുള്ളതിനാൽ തീരുമാനം എതിർത്തുകൂടാത്തതാണെന്നു തോന്നി.

മത്തായി 25-ലെ ഉപമയിൽ കാത്തിരിപ്പുസമയവും മയക്കവും കഴിഞ്ഞിട്ടാണു മണവാളൻ വരുന്നത്. ഇത് പ്രവചനത്തിൽനിന്നും മാതൃകയിൽനിന്നും ഉള്ള വാദഗതിയുമായി യോജിച്ചിരുന്നു. അവയുടെ സത്യാവസ്ഥയ്ക്ക് ദൃഢ വിശ്വാസം നൽകി.

“അർദ്ധരാത്രിക്കുള്ള ആർപ്പുവിളി ആയിരക്കണക്കിന്ന വിശ്വാസികൾ ഘോഷിച്ചു.

വേലിയേറ്റംപോലെ പ്രസ്ഥാനം ദേശം മുഴുവൻ വ്യാപിച്ചു. കാത്തിരുന്ന ദൈവജനം ശരിയായി ഉണരുന്നതുവരെ അതു പട്ടണത്തിൽനിന്നു പട്ടണത്തിലേക്കും ഗ്രാമത്തിൽനിന്നു ഗ്രാമത്തിലേക്കും വളരെ അകലത്തിലുള്ള സ്ഥലങ്ങളിലേക്കും ചെന്നെത്തി. സൂര്യോദയത്തിൽ മഞ്ഞുകണങ്ങൾ അപ്രത്യക്ഷമാവുന്നതുപോലെ ഈ ദൂതുഘോഷണത്തിൻറെ മുമ്പിൽ മതഭ്രാന്ത് അപ്രത്യക്ഷമായി. വിശ്വാസികളുടെ സംശയങ്ങളും ഉൽക്കകണ്ഠകളും നീക്കം

ചെയ്യപ്പെട്ടതായും പ്രത്യാശയും ധൈര്യവും അവരുടെ ഹൃദയത്തിന്ന ചൈതന്യം നൽകുന്നതായും വിശ്വാസികൾ കണ്ടു. ദൈവാത്മാവിൻറെയും വചനത്തിൻറെയും സ്വാധീനം കൂടാതെ മാനുഷിക വികാരവിക്ഷോഭങ്ങളിൽ വെളിപ്പെടുന്ന പാരമ്യങ്ങളിൽനിന്നും വേല സ്വതന്ത്രമായിരുന്നു. നിന്ദയുടെയും കർത്താവിങ്കലേക്കുള്ള തിരിച്ചുവരവിൻറെയും കാലങ്ങളിൽ പൗരാണികയിസ്രായേൽ ദൈവദാസന്മാരിൽനിന്നും ശാസനയുടെ ദൂതു ലഭിച്ചതിനോടു ഇതു സമാനമായിരുന്നു. ഈ സവിശേഷതകൾ ഓരോ കാലത്തും നടന്ന ദൈവവേലയെക്കാണിച്ചു.

അത്യാഹ്ലാദത്തേക്കാളുപരിയായി ആഴമേറിയ ഹൃദയപരിശോധന, പാപം ഏറ്റുപറച്ചിൽ, ലോകത്തെ വെടിയുക, കർത്താവിനെ എതിരേൽക്കുവാൻ ഒരുങ്ങുന്നതിൻറെ അതീവ ആത്മീയ ഭാരം, അക്ഷീണ പ്രാർത്ഥന, കലവറയില്ലാത്ത ദൈവിക സമർപ്പണം എന്നിവ അനുഭവപ്പെട്ടു. ആ വേലയെ പരാമർശിച്ചുകൊണ്ട് മില്ലർ ഇപ്രകാരം പറഞ്ഞിരിക്കുന്നു: "സ്വർഗ്ഗവും ഭൂമിയും ഒരുമിച്ച ആഹ്ലാദിക്കുന്ന പറഞ്ഞറിയിക്കാവതല്ലാത്തതും മഹത്വപൂർണ്ണവുമായ സന്തോഷം പോലെ ഇത് വലിയ സന്തോഷം മറ്റൊന്നുമില്ല. സ്വർഗ്ഗത്തിൽനിന്ന് ഉണ്ടാകുവാൻ പോകുന്ന ജയഘോഷത്തിനു തുല്യമായി വേറൊരു

ഘോഷവുമില്ല. ഗായകന്മാർ മൗനമായിരിക്കുന്നു. അവർ സ്വർഗ്ഗീയ ഗായക സംഘമായ ദൂതരോടൊന്നിച്ചു ചേരുവാൻ കാത്തിരിക്കുന്നു... അവിടെ മനോവികാരസംഘട്ടനങ്ങളില്ലാതെ എല്ലാവരും ഏക മനസ്സും ഏക ഹൃദയവുമുള്ളവരാണ്". -Bliss., pages 270,271.

ഈ ദൂതുഘോഷണത്തിൽ പങ്കെടുത്ത മറ്റൊരാൾ ഇങ്ങനെ സാക്ഷ്യം പറഞ്ഞു: "എല്ലായിടത്തും അന്നതനായ ദൈവമുമ്പാകെ താഴ്ചയും ആഴമേറിയ ഹൃദയപരിശോധനയും ഉളവായി. അത് ലൗകികകാര്യങ്ങളോട് വെറുപ്പുണ്ടാകുവാനും വിവാദങ്ങളും വിദ്വേഷങ്ങളും ഇല്ലാതാകുവാനും

തെറ്റുകളേറ്റുപറകയും ക്ഷമയും
അംഗീകാരത്തിനുമായി ദൈവമുമ്പാകെ
തകർന്നതും നുറുങ്ങിയതുമായ
ഹൃദയത്തോടെ വരുവാനും
കാരണമാക്കിത്തീർത്തു. നാം
മുമ്പൊരിക്കലും കണ്ടിട്ടില്ലാത്ത
രീതിയിൽ സ്വയം താഴ്ത്തുവാനും
സാഷ്ടാംഗം വീഴുവാനും കാരണമാക്കി.
യോവേലിൽകൂടെ ദൈവം
കല്പ്പിച്ചതുപോലെ ദൈവത്തിൻറെ
വലുതും ഭയങ്കരവുമായ ദിവസം
സമീപിക്കുമ്പോൾ, അതു വസ്ത്രത്തെയല്ല
ഹൃദയത്തെത്തന്നെ കീറി
ദൈവത്തിങ്കലേക്കു തിരിഞ്ഞ്
ഉപവാസത്തോടും കരച്ചിലോടും
വിലാപത്തോടും അടുത്തുവരാനിടയാക്കി.
സെഖര്യാവിൽക്കൂടെ ദൈവം

അരുളിച്ചെയ്തതുപോലെ തൻറെ മക്കളുടെമേൽ കൃപയുടെയും കേണപേക്ഷിക്കലിൻറെയും ആത്മാവിനെ ചൊരിഞ്ഞു. അവർ കുത്തിത്തുളച്ചവങ്കലേക്കു നോക്കി ദേശത്തു വലിയ വിലാപം ഉണ്ടായി... കർത്താവിങ്കലേക്കു നോക്കിയവർ ദൈവമുമ്പാകെ തങ്ങളുടെ ആത്മാക്കളെ പീഡിപ്പിച്ചു. -Bliss, in Advent Shield and Review, vol. 1 p. 271 (January 1845).

അപ്പൊസ്തലന്മാരുടെ കാലം മുതലുള്ള എല്ലാ മതപരമായ പ്രസ്ഥാനങ്ങളിൽ ഒന്നുംതന്നെ മാനുഷിക അപൂർണ്ണതയിൽനിന്നും സാത്താൻറെ തന്ത്രങ്ങളിൽനിന്നും 1844-ന്റെ

ശരത്കാലത്തെക്കാളധികം
സ്വതന്ത്രമായിരുന്നില്ല. ഇപ്പോൾ,
അനേക വർഷങ്ങൾക്കുശേഷം
ഇപ്പോൾ പോലും ആ
ദൂതുഘോഷണത്തിൽ
പങ്കുണ്ടായിരുന്നവരും സത്യത്തിൽ
അടിയുറച്ചു നിന്നവരും അനുഗൃഹീത
വേലയുടെ വിശുദ്ധ പ്രേരണയാൽ അതു
ദൈവത്തിൽനിന്നു ള്ളതായിരുന്നു
എന്നു സാക്ഷ്യം വഹിക്കുന്നു.

“മണവാളൻ വരുന്നു; അവനെ
എതിരേല്ക്കുവാൻ പുറപ്പെട്ടുവിൻ”
എന്നുള്ള ആഹ്വാനം ഉണ്ടായപ്പോൾ
കാത്തിരുന്നവർ എഴുന്നേറ്റു തങ്ങളുടെ
വിളക്കു തെളിച്ചു’;
മുമ്പുണ്ടായിരുന്നതിനെക്കാൾ അതീവ

താത്പര്യത്തോടെ ദൈവവചനം പഠിച്ചു. നിരാശപ്പെട്ടുപോയവരെ ഉണർത്തുവാനും ദൂതു സ്വീകരിപ്പാൻ ഒരുക്കുന്നതിനുമായി സ്വർഗ്ഗത്തിൽനിന്നും ദൂതന്മാരെ അയച്ചു. ദൈവ വേല മാനുഷിക ബുദ്ധിയിലും പാണ്ഡിത്യത്തിലുമല്ല നിലനിന്നിരുന്നത്. പിന്നെയോ ദൈവിക ശക്തിയിലാണ്. ആദ്യം വിളി കേൾക്കുകയും അനുസരിക്കുകയും ചെയ്തത് ഏറ്റവും അധികം കഴിവുകളുള്ളവരെക്കാൾ താഴ്മയും ഭക്തിയും ഉള്ളവരായിരുന്നു. കർഷകർ തങ്ങളുടെ വിളവുകൾ ഉപേക്ഷിച്ചു; യന്ത്രപ്പണിക്കാർ തങ്ങളുടെ പണിയായുധങ്ങൾ മാറ്റിവച്ചു; കണ്ണുനീരോടും ആർപ്പോടും മുന്നറിയിപ്പു

നൽകുവാനായി പുറപ്പെട്ടു. ഈ പ്രസ്ഥാനത്തിൽ അവസാനം ചേർന്നവരിൽ പലരും ആദ്യം ഈ വേലയിൽ ആകൃഷ്ടരായവരായിരുന്നു. സഭകൾ പൊതുവെ ഈ ദൂതിനെതിരായി വാതിലുകൾ അടയ്ക്കുകയും ഈ ദൂതു സ്വീകരിച്ചവരിൽ വലിയ ഒരു കൂട്ടം ഈ ദൂതുമായുള്ള ബന്ധം ഉപേക്ഷിക്കുകയും ചെയ്തു. ഈ ദൂതുഘോഷണം ദൈവിക നടത്തിപ്പിനാൽ രണ്ടാം ദൂതൻ്റെ ദൂതഘോഷണത്തിന് ശക്തി പകർന്നു.

“മണവാളൻ വരുന്നു” എന്നുള്ള ദൂതിൻ്റെ തിരുവചനതെളിവ് വ്യക്തവും ആധികാരികവും ആയതിനാൽ “ഇതാ മണവാളൻ വരുന്നു” എന്ന ദൂതു അത്ര

വാദപ്രതിവാദത്തിനിടയുള്ളതല്ലായിരുന്നു. ആത്മാവിനെ ഇളക്കിയ ഒരു വലിയ ശക്തി അതിനോട്ടുകൂടെ ഉണ്ടായിരുന്നു. അവിടെ സംശയമോ ചോദ്യം ചെയ്യലോ ഉണ്ടായില്ല. ക്രിസ്തു വിജയശ്രീലാളിതനായി യെരുശലേമിൽ പ്രവേശിച്ചപ്പോൾ രാജ്യത്തിൻറെ എല്ലാ ഭാഗത്തുനിന്നും പെരുന്നാളിനായി വന്ന പുരുഷാരം ഒലിവുമലയ്ക്കു ചുറ്റം തടിച്ചു കൂടുകയും യേശുവിനു ചുറ്റം നിന്നവരോടു ചേർന്ന് ആ നാഴികയുടെ പ്രചോദനം പ്രാപിക്കുകയും കർത്താവിന്റെ നാമത്തിൽ വരുന്നവൻ വാഴ്ത്തപ്പെട്ടവൻ എന്നു ആർക്കുന്നതിൽ അവരെ സഹായിക്കുകയും ചെയ്തു (മത്താ. 21:9). അതുപോലെ ഈ യോഗങ്ങളിൽ ചിലർ ജിജ്ഞാസകൊണ്ടും ചിലർ

പരിഹസിക്കാനമാണ് വന്നത്. എങ്കിലും “മണവാളൻ വരുന്നു” എന്നുള്ള ദൂത് കടന്നുവന്ന അവിശ്വാസികൾക്ക് ബോദ്ധ്യം വരുത്തുന്ന ശക്തിയോടുകൂടിയതാണെന്ന് അനുഭവവേദ്യമായി.

ആ സമയത്ത് പ്രാർത്ഥനയ്ക്കുത്തരം ലഭിക്കുന്നതും ദൈവികാനുഗ്രഹത്തെ മാനിക്കുന്നതുമായ വിശ്വാസം ഉണ്ടായിരുന്നു. ദാഹിക്കുന്ന ഭൂമിയിൽ മഴഎന്നപോലെ ആത്മാർത്ഥമായി അന്വേഷിച്ചവരുടെമേൽ കൃപയുടെ ആത്മ വർഷം ഉണ്ടായി. തങ്ങളുടെ വീണ്ടെടുപ്പുകാരനെ വേഗത്തിൽ മുഖാമുഖമായി കാണാൻ ആകാംക്ഷയോടെ കാത്തിരുന്നവർക്കും

അവർണ്ണനീയമായ സന്തോഷം അനുഭവപ്പെട്ടു. വിശ്വസിക്കുകയും ദൈവത്തിലാശയിക്കുകയും ചെയ്തവരുടെമേൽ ദൈവാനുഗ്രഹം ധാരാളമായി ചൊരിഞ്ഞപ്പോൾ മൃദുലവും കീഴ്പെടുത്തുകയും ചെയ്യുന്ന പരിശുദ്ധാത്മശക്തി അവരുടെ ഹൃദയങ്ങളെ ഉരുക്കി.

സൂക്ഷ്മതയോടും വിശുദ്ധിയോടുംകൂടെ ദൂതു സ്വീകരിച്ചവർ തങ്ങൾ കർത്താവിനെ എതിരേല്പാൻ പ്രതീക്ഷിച്ച സമയംവരെ എത്തി. ഓരോ പ്രഭാതത്തിലും തങ്ങളുടെ പ്രഥമകർത്തവ്യം അവരുടെ വിളിയും തെരഞ്ഞെടുപ്പും ഉറപ്പു വരുത്തുക എന്നുള്ളതായിരുന്നു. അവർ ഒരുമനപ്പെട്ട് ഒരുവനുവേണ്ടി ഒരുവൻ പ്രാർത്ഥിച്ചു.

അവർ പലപ്പോഴും ദൈവവുമായി ബന്ധപ്പെടുന്നതിന് വിജനസ്ഥലങ്ങളിൽ കൂടിവരികയും തങ്ങളുടെ മദ്ധ്യസ്ഥതയുടെ ശബ്ദം കൃഷിയിടങ്ങളിൽനിന്നും മറ്റും സ്വർഗ്ഗത്തിലേക്കുയരുകയും ചെയ്തു. രക്ഷകൻറെ അംഗീകാരത്തിൻറെ ഉറപ്പ് അവർക്ക് ഭക്ഷണത്തേക്കാൾ കൂടുതൽ ആവശ്യമായിരുന്നു. മനസ്സിനെ ഇരുളാക്കുന്ന രീതിയിൽ എന്തെങ്കിലും പ്രശ്നങ്ങൾ നേരിടുമ്പോൾ അതു മാറുന്നതുവരെ അവർ വിശ്രമിക്കുമായിരുന്നില്ല. അവരുടെ പാപങ്ങൾ ക്ഷമിച്ചു കിട്ടിയെന്നു തോന്നിയപ്പോൾ അവർ സ്നേഹിച്ച് ക്രിസ്തുവിനെ ഒന്നു കാണുവാൻ ആഗ്രഹിച്ചു.

എന്നാൽ വീണ്ടും നിരാശയ്ക്കായി അവർ വിധിക്കപ്പെട്ടിരുന്നു. പ്രതീക്ഷിച്ച സമയം കടന്നുപോയി. അവരുടെ രക്ഷകൻ പ്രത്യക്ഷനായില്ല. പതറാത്ത ആത്മവിശ്വാസത്തോടുകൂടി അവർ തൻറെ വരവിനെ നോക്കിയിരിക്കുകയും അവർ ഇപ്പോൾ കല്ലറയ്ക്കൽ വന്ന് കല്ലറ ഒഴിഞ്ഞുകിടക്കുന്നതുകണ്ടു. "എൻറെ കർത്താവിനെ എടുത്തുകൊണ്ടുപോയി; അവനെ എവിടെ വെച്ചു എന്നു ഞാൻ അറിയുന്നില്ല" എന്നു കരഞ്ഞ മറിയയെപ്പോലെ അവർക്കു തോന്നി (യോഹ. 20:13).

ദൂതു ശരിയാണോ എന്നൊരു ഭയവും സംഭ്രമവും അവിശ്വസിച്ചവരെ ഒരു കാലത്തേക്കു നിയന്ത്രിച്ചു. അത്

കുറെക്കാലം കഴിഞ്ഞിട്ടും അവരെ വിട്ടുമാറിയില്ല. ആദ്യം അവർ നിരാശപ്പെട്ടവരെ എതിർക്കുവാൻ തുനിഞ്ഞില്ല. എന്നാൽ ദൈവകോപത്തിൻറെ ലക്ഷണങ്ങൾ കാണുന്നില്ലായെന്നു കണ്ടപ്പോൾ അവരുടെ ഭീതികളിൽ നിന്നൊക്കെയും മാറിയിട്ട് അവരെ പരിഹസിക്കുകയും ശാസിക്കുകയും ചെയ്യാൻ തുടങ്ങി. കർത്താവിന്റെ പെട്ടെന്നുള്ള വരവിൽ വിശ്വസിക്കുന്നുവെന്നഭിമാനിച്ച വലിയൊരു കൂട്ടം തങ്ങളുടെ വിശ്വാസം ത്യജിച്ചു. വളരെ ആത്മവിശ്വാസമുണ്ടായിരുന്നവർ തങ്ങളുടെ അഹന്തയ്ക്ക് ക്ഷതമുണ്ടാകയാൽ ലോകത്തിൽനിന്നും ഓടിപ്പോകുന്നതുപോലെ തോന്നി.

യോനയെപ്പോലെ ദൈവത്തിന്ന
വിരോധമായി പരാതി പറയുകയും
ജീവനെക്കാൾ മരണത്തെ
തെരഞ്ഞെടുക്കുകയും ചെയ്തു.
ദൈവവചനത്തി നനുസൃതമല്ലാതെ
മറ്റുള്ളവരുടെ അഭിപ്രായങ്ങളിൻമേൽ
വിശ്വാസം ഉറപ്പിച്ചവർ ഇപ്പോൾ അവർ
തങ്ങളുടെ കാഴ്ചപ്പാടുകൾക്ക് വ്യതിയാനം
വരുത്തുവാൻ സന്നദ്ധരായി.
പരിഹാസികൾ ബലഹീനരെയും
ഭീരുക്കളെയും തങ്ങളുടെ
അണികളിലേക്കു നേടി. ഇപ്പോൾ
പ്രതീക്ഷയ്ക്കും ഭയത്തിനും ഇനി മേൽ
ഇടമില്ലെന്നു പ്രഖ്യാപിക്കുന്നതിൽ
അവർ ഒരുമിച്ചുനിന്നു. കാലം
കടന്നുപോയി, കർത്താവു വന്നതുമില്ല;

ലോകം അനേകായിരം വർഷങ്ങൾ
ഇങ്ങനെ നിലനിന്നേയ്ക്കാം .

ആത്മാർത്ഥമായുള്ള വിശ്വാസികൾ
ക്രിസ്തുവിനുവേണ്ടി
അവർക്കുള്ളതെല്ലാം ത്യജിക്കുകയും
അവൻറെ സാന്നിദ്ധ്യം
മുൻകാലത്തേക്കാളധികം പങ്കിടുകയും
ചെയ്തു. അവർ വിശ്വസിച്ചതുപോലെ
ലോകത്തിനു അവസാന മുന്നറിയിപ്പു
നല്കി. തങ്ങളുടെ ദിവ്യനാഥൻറെയും
സ്വർഗ്ഗീയ ദൂതന്മാരുടെയും
സമൂഹത്തിലേക്കു വേഗം
ചേർക്കപ്പെടുവാൻ പ്രതീക്ഷിച്ച് ദൂതു
സ്വീകരിക്കാത്തവരുടെ
സമൂഹത്തിൽനിന്നും ഒരു വലിയ
പരിധിവരെ പിൻവാങ്ങി. അതീവ

താത്പര്യത്തോടെ: കർത്താവായ യേശുവേ വേഗം വരേണമെ” എന്നവർ പ്രാർത്ഥിച്ചു. എന്നാൽ അവൻ വന്നില്ല. ഇപ്പോൾ ജീവിത ഭാരങ്ങളും കരുതലുകളും ഉൽക്കണ്ഠകളും വീണ്ടും ഏറ്റെടുക്കുകയും പരിഹാസലോകത്തിൻറെ നിന്ദയും അവഹേളനവും സഹിച്ച് ഉറച്ചു നില്ക്കുകയും ചെയ്യുന്നതു വിശ്വാസത്തിൻറെയും സഹിഷ്ണുതയുടെയും ഒരു കഠിന ശോധന യായിരുന്നു.

എന്നാൽ ഈ നിരാശ കർത്താവിന്റെ ഒന്നാംവരവിങ്കൽ ശിഷ്യന്മാർക്കുണ്ടായ അനുഭവത്തേക്കാൾ വലുതല്ല. യേശു

വിജയശ്രീലാളിതനായി യെരുശലേമിലേക്കു യാത്ര ചെയ്തപ്പോൾ താൻ ദാവീദിൻറെ സിംഹാസനത്തിൽ കയറി യിസ്രായേലിനെ പീഡിപ്പിക്കുന്നവരിൽനിന്നും തങ്ങളെ ഉടൻതന്നെ വിടുവിക്കുമെന്ന് തൻറെ അനുഗാമികൾ വിശ്വസിച്ചു. ഉന്നത പ്രത്യാശയോടും സന്തുഷ്ട പ്രതീക്ഷയോടും അവർ തങ്ങളുടെ രാജാവിനെ മാനിക്കുവാൻ പരസ്പരം പോരാടി. അനേകരും തങ്ങളുടെ മേലങ്കി രാജാവിനെ മാനിക്കു വാൻ വഴിയിൽ പരവതാനിയായി വിരിക്കുകയും കുരുത്തോല വിതറുകയും ചെയ്തു. അവർ സന്തോഷഭരിതരായി, “ദാവീദു പുത്രനു ഹോശാന്നാ!” എന്നു ആർത്തുഘോഷിച്ചു. ഈ

ആഹ്ലാദാരവത്തിൽ കോപിഷ്ടരായ പരീശന്മാർ യേശുവിൻറെ ശിഷ്യന്മാരെ ശാസിക്കുവാൻ ആവശ്യപ്പെട്ടു. അതിനു അവൻ: "ഇവർ മിണ്ടാതിരുന്നാൽ കല്ലുകൾ ആർത്തു വിളിക്കും എന്നു ഞാൻ നിങ്ങ ളോടു പറയുന്നു എന്നുത്തരം പറഞ്ഞു" (ലൂക്കൊ 19:40). പ്രവചനം നിവൃ ത്തിയാകണം.ശിഷ്യൻമാർ ദൈവോദ്ദേശം നിർവ്വഹിക്കയായിരുന്നു; എങ്കിലും അവർക്കു ലഭിച്ചതു കൈപ്പേറിയ ഒരു നിരാശയായിരുന്നു. ഏതാനും ദിവസങ്ങൾ കഴിഞ്ഞപ്പോൾ രക്ഷകൻറെ മനോവ്യഥയോടുകൂടിയ മരണവും അവനെ കല്ലറയിൽ വയ്ക്കുന്നതും അവർ കണ്ടു. അവരുടെ പ്രതീക്ഷകൾ

ആ ഒരു കാര്യത്തിൽ നിറവേറിയില്ല. അവരുടെ പ്രത്യാശ യേശുവിനോടു കൂടെ മരിച്ചു. കർത്താവ് ജയാളിയായി കല്ലറയിൽനിന്നു പുറത്തു വരുന്നതു വരെ ഇതെല്ലാം പ്രവചനത്തിൽ മുൻകൂട്ടി പറഞ്ഞിട്ടുള്ളതാണെന്നവർ ഗ്രഹിച്ചില്ല. "ക്രിസ്തു കഷ്ടം അനുഭവിക്കുകയും മരിച്ചവരിൽനിന്നു ഉയിർത്തെഴുന്നേല്ക്കുകയും ചെയ്യേണ്ടതെന്ന് മുൻകൂട്ടി പറഞ്ഞു" (അപ്പൊ. 17:3).

പ്രവാചകനായ സെഖര്യാവിൽക്കൂടെ 500 വർഷങ്ങൾക്കുമുമ്പ് ദൈവം പ്രസ്താവിച്ചു: "സീയോൻ പുതിയേ, ഉച്ചത്തിൽ ഘോഷിച്ചാനന്ദിക്കുക; യെരുശലേംപുതിയേ ആർപ്പിടുക! ഇതാ,

നിൻറെ രാജാവ് നിൻറെ അടുക്കൽ വരുന്നു; അവൻ നീതിമാനും ജയശാലിയും താഴ്മയുള്ളവനുമായി കഴുതപ്പുറത്തും പെൺകഴുതയുടെ കുട്ടിയായ ചെറുകഴുതപ്പുറത്തും കയറി വരുന്നു" (സെഖ. 9:9). ക്രിസ്തു ന്യായവിധിക്കും മരണത്തിനും വിധേയനാകാൻ പോകയാണെന്നു ശിഷ്യന്മാർ ഗ്രഹിച്ചിരുന്നെങ്കിൽ അവർക്കു ഈ പ്രവചനം നിവൃത്തിയാക്കുവാൻ കഴിയുകയില്ലായിരുന്നു.

അതുപോലെ മില്ലറും സഹപ്രവർത്തകരും പ്രവചനം നിവർത്തിക്കുകയും ലോകത്തിനു കൊടുക്കണമെന്ന് ദൈവാത്മാവ് മുൻകൂട്ടിപ്പറഞ്ഞതായ ദൂതു

അറിയിക്കുകയും ചെയ്തു. പ്രവചനങ്ങൾ അവരുടെ നിരാശയെ ചൂണ്ടിക്കാണിക്കുന്നുവെന്നു പൂർണ്ണമായും മനസ്സിലാക്കിയിരുന്നെങ്കിൽ അവർ ഈ ദൂത് കൊടുക്കുവാൻ കഴിയാതെ കർത്താവിന്റെ വരവിനുമുമ്പായി മറ്റൊരു ദൂത് പ്രസംഗിക്കുമായിരുന്നു. ഒന്നും രണ്ടും ദൂതന്മാരുടെ ദൂതുകൾ തക്കസമയത്ത് പ്രസംഗിക്കപ്പെടുകയും അവരെക്കൊണ്ട് പൂർത്തീകരിക്കുവാൻ ദൈവം ആഗ്രഹിച്ച വേല നിവർത്തിക്കുകയും ചെയ്തു.

സമയം കടന്നുപോകുകയും കർത്താവ് വരാതിരിക്കുകയും ചെയ്യുകയാണെങ്കിൽ പുനരാഗമന ദൂതുഘോഷണം

പൂർണ്ണമായും ഉപേക്ഷിക്കപ്പെട്ടും എന്നു പ്രതീക്ഷിച്ചുകൊണ്ടിരുന്നു. എന്നാൽ പലരും വിശ്വാസത്തിൽ ഉറച്ചു നിന്നപ്പോൾ മറ്റനേകർ തങ്ങളുടെ അഗ്നിശോധനയിൽ വിശ്വാസം ഉപേക്ഷിച്ചു. താഴ്മയുടെ ആത്മാവ്, ഹൃദയശോധന, ലോകത്തോടുള്ള വെറുപ്പ്, ജീവിത നവീകരണം ഇങ്ങനെ ഈ വേലയിൽ ഉൾക്കൊണ്ട് സവിശേഷതകളൊക്കെയും ഈ പുനരാഗമന ദൂതു ഘോഷണം ദൈവത്തിൽ നിന്നുള്ളതാണെന്നു തെളിയിച്ചു. പുനരാഗമന ദൂതുഘോഷണത്തിൽ പരിശുദ്ധാത്മ ശക്തിയുടെ സാക്ഷ്യം ഉണ്ടായിരുന്നുവെന്നുള്ളതു നിരസിക്കുവാൻ അവർ ധൈര്യപ്പെട്ടില്ല.

പ്രവചനകാലഘട്ടങ്ങളെ
കണക്കാക്കുന്നതിൽ യാതൊരു തെറ്റും
അവർക്കു കണ്ടെത്തുവാൻ കഴിഞ്ഞില്ല.
അവരുടെ എതിരാളികളിൽ? ഏറ്റവും
സമർത്ഥൻമാർപോലും അവരുടെ
പ്രവചന വ്യാഖ്യാന രീതിയെ
മറികടക്കുന്നതിൽ വിജയിച്ചില്ല.
ദൈവത്തിൻറെ ആത്മാവിനാൽ
പ്രകാശിതമായിത്തീർന്ന മനസ്സോടും
അതിൻറെ ശക്തി കൊണ്ട് ജ്വലിക്കുന്ന
ഹ്യദയത്തോടുള്ള ആത്മാർത്ഥതയും
പ്രാർത്ഥനയും നിറഞ്ഞ തിരുവചന
പഠനത്തിലൂടെ അവർ എത്തിച്ചേർന്ന
നിഗമനങ്ങളെ നിരാകരിക്കുന്നതിൽ
വേദപുസ്തക തെളിവു കൂടാതെ അവർക്ക്
സമ്മതിക്കാൻ കഴിഞ്ഞില്ല.
മതോപദേശകരുടെയും

ലോകജ്ഞാനികളുടെയും ഏറ്റവും കയ്പേറിയ എതിർപ്പും വലിയ വിമർശനങ്ങളും അവർ ചെറുത്തുനിന്നു. വാഗ്മിത്വത്തിൻറെയും പാണ്ഡിത്യത്തിൻറെയും കൂട്ടായ ശക്തികൾക്കെതിരായി ഉറച്ചു നിൽക്കുകയും മാന്യന്മാരുടെയും അധമന്മാരുടെയും നിന്ദകൾക്കും പരിഹാസങ്ങൾക്കും ഒരു പോലെ അവർ എതിരായിരുന്നു.

പ്രതീക്ഷിച്ചത് സംഭവിച്ചില്ലായെന്നുള്ളതു വാസ്തവമാണ്, എന്നാൽ ഇതിനുപോലും ദൈവവചനത്തിലുള്ള അവരുടെ വിശ്വാസത്തെ കുലുക്കുവാൻ കഴിഞ്ഞില്ല. ദൈവം നാല്പതു ദിവസത്തിനുള്ളിൽ നിനവെ പട്ടണത്തെ ഉന്മൂലമാക്കും എന്ന്

യോന അതിൻറെ തെരുവുകളിൽ പ്രസംഗിച്ചപ്പോൾ, പട്ടണക്കാർ മാനസാന്തരപ്പെട്ടുകയാൽ ദൈവം അവരുടെ കൃപാകാലം ദീർഘി പ്പിച്ചുകൊടുത്തു. യോനയിൽക്കൂടെയുള്ള ദൂത് ദൈവം അയച്ച എന്നു മാത്രമല്ല തൻറെ ഹിതപ്രകാരംതന്നെ അവരെ പരിശോധിക്കുകയും ചെയ്തു. അതുപോലെ ന്യായവിധിയുടെ ദൂതു നൽകുവാൻ ദൈവം തങ്ങളെ നയിച്ചെന്നു പുനരാഗമന കാംക്ഷികൾ വിശ്വസിച്ചു. ആ ദൂത് ശ്രവിച്ച ഹൃദയങ്ങളെ അത് പരിശോധിക്കുകയും കർത്താവിന്റെ വരവിനു വേണ്ടിയുള്ള ആഗ്രഹം ഉണർത്തുകയും ചെയ്തു. ഏറെക്കുറെ വ്യക്തമായിരുന്നതും എന്നാൽ

ദൈവത്തിനുമാത്രം അറിവുള്ളതുമായ തൻറെ വരവിനെക്കുറിച്ച് ഈ ദൂത് വെറുപ്പ് ഉളവാക്കി. കർത്താവ് അപ്പോൾ വന്നിരുന്നുവെങ്കിൽ തങ്ങൾ ഏതു വശത്ത് കാണപ്പെട്ടുമെന്ന് ഹൃദയങ്ങളെ സ്വയം പരിശോധിക്കുന്നവർക്ക് അറിയാമായിരുന്നു. "ഇതാ, ഞങ്ങളുടെ ദൈവം, ഞങ്ങൾ അവനുവേണ്ടി കാത്തിരുന്നു, അവൻ ഞങ്ങളെ രക്ഷിക്കും! എന്നു പറയുമായിരുന്നോ അതോ സിംഹാസനത്തിലിരിക്കുന്നവൻറെ മുഖം കാണാതവണ്ണവും കുഞ്ഞാടിൻറെ കോപം തട്ടാതവണ്ണവും മലകളോടും പാറകളോടും തങ്ങളുടെമേൽ വീഴുവിൻ എന്നു പറയുമായിരുന്നോ? നാം

വിശ്വസിക്കുന്നതു പോലെ ദൈവം തൻറെ ജനത്തെ ശോധന ചെയ്ത് അവരുടെ വിശ്വാസത്തെ പരിശോധിക്കുകയും ഉപ്രദവസമയത്തവർ വിശ്വാസത്തിൽനിന്നു പിൻതിരിയുമോ എന്നും അവർ ആയിരിക്കേണ്ട സ്ഥാനത്ത് അവരെ ആക്കുവാൻ സാധിക്കുമോയെന്നും ഈ ലോകത്തെ ഉപേക്ഷിച്ച് തിരുവചനത്തിൽ അടിയുറച്ച വിശ്വാസത്തോടെ ആശയിക്കുകയും ചെയ്യുമോ എന്നും കണ്ടെത്തിയിട്ടുണ്ട്. -The Advent Herald and Signs of the Times Reporter, vol. 8, No. 14 (Nov. 13-1844).

തങ്ങളുടെ കഴിഞ്ഞ അനുഭവങ്ങളിൽ ദൈവം അവരെ നയിച്ചു എന്ന് അപ്പോഴും വിശ്വസിച്ചിരിക്കുന്നവരെപ്പറ്റി വില്യം മില്ലർ പ്രസ്ഥാവിച്ചിരിക്കുന്നു: “ഞാൻ വീണ്ടും ജീവിക്കയാണെങ്കിൽ ദൈവത്തോടും മനുഷ്യനോടും സത്യസന്ധമായി മുമ്പത്തെപ്പോലെ ഇനിയും ചെയ്യണം”. “ഞാൻ എൻറെ വസ്ത്രം ആത്മാക്കളുടെ രക്തംകൊണ്ടു കഴുകി ശുദ്ധീകരിച്ചു എന്ന് പ്രത്യാശിക്കുന്നു. അതെൻറെ അധികാരത്തിലായിരിക്കുന്നിടത്തോളം ഞാൻ അവരുടെ ശിക്ഷാ വിധിയിൽനിന്നും സ്വതന്ത്രനാണ്”. “ഞാൻ രണ്ടു പ്രാവശ്യം നിരാശപ്പെട്ടുവെങ്കിലും ഞാൻ ഉപേക്ഷിക്കപ്പെടുകയോ

അധൈര്യപ്പെടുകയോ ചെയ്തില്ല'. ഈ ദൈവമനുഷ്യൻ എഴുതിയിരിക്കുന്നു... "ക്രിസ്തുവിൻറെ വരവിലുള്ള എൻറെ പ്രത്യാശ എക്കാലത്തേയും പോലെ ശക്തമാണ്. അനേക വർഷത്തെ പരിഗണനയ്ക്കുശേഷം എൻറെ വിശുദ്ധ കർത്തവ്യമെന്നു തോന്നിയതു മാത്രമെ ചെയ്തിട്ടുള്ളു. ഞാൻ ചെയ്തതിൽ എന്തെങ്കിലും തെറ്റുണ്ടെങ്കിൽ അതു സ്നേഹത്തിലും സഹവിശ്വാസിയോടുള്ള സ്നേഹത്താലും ദൈവത്തോടുള്ള കർത്തവ്യ ബോധത്താലുമത്".
"ഒന്നെനിക്കറിയാം, ഞാൻ വിശ്വസിച്ചതല്ലാതെ മറ്റൊന്നും പ്രസംഗിച്ചില്ല; ദൈവം എന്നോടുകൂടെയുണ്ട്; വേലയിൽ അവൻറെ ശക്തി പ്രകാശിപ്പിക്കുകയും

അനേകം നന്മചെയ്യുകയും ചെയ്തു”. “അനേകായിരങ്ങൾ മനുഷ്യദൃഷ്ടിയിൽ അക്കാലത്തെ പ്രസംഗത്തിൻറെ ഫലമായി തിരുവെഴുത്തുകളെ പഠിക്കുവാൻ ഇടയായിത്തീരുകയും തന്മൂലം വിശ്വാസത്താലും ക്രിസ്തുവിൻറെ രക്തത്താലും ദൈവത്തോടു നിരപ്പാക്കുകയും ചെയ്തു”-Bliss pages 256,255,277,280,281. “ഞാൻ ഒരിക്കലും അഹങ്കാരികളുടെ പ്രീതികാംക്ഷിക്കുകയോ ലോകത്തിൻറെ നീരസത്തിൽ വ്യാകുലപ്പെടുകയോ ചെയ്തില്ല. ഇപ്പോൾ ഞാനവരുടെ ആനുകൂല്യം വാങ്ങുകയോ എൻറെ കർത്തവ്യത്തിനപ്പുറമായി അവരുടെ വിദ്വേഷത്തെ ആകർഷിക്കുകയോ ചെയ്യുകയില്ല.

അവരുടെ കയ്യാൽ ജീവഹാനി വരുമെന്നു ചിന്തിക്കുകയോ ദൈവം തൻറെ നല്ല നടത്തിപ്പിൽ അപ്രകാരം കല്പ്പിക്കുകയാണെങ്കിൽ ജീവൻ നഷ്ടപ്പെടും എന്ന ചിന്തയാൽ പിന്മാറുകയോ ചെയ്യുകയില്ല" -J. White, life of Wm. Miller, page 315.

തങ്ങൾക്കു ലഭിച്ചതായ വെളിച്ചത്തെ പെട്ടെന്നു നിക്ഷേധിച്ച് പുനരാഗമനപ്രസ്ഥാനത്തെ തള്ളിക്കളയാത്തവരോടൊപ്പം തൻറെ ആത്മാവ് അപ്പോഴും വസിച്ചിരുന്നു. ഈ പ്രതിസന്ധിയിൽ ശോധന ചെയ്യപ്പെട്ട് കാത്തിരിക്കുന്നവർക്കു ധൈര്യവും മുന്നറിയിപ്പും എബ്രായലേഖനം നൽകുന്നു: "അതു കൊണ്ട് നിങ്ങളുടെ

മഹാപ്രതിഫലമുള്ള ധൈര്യം തള്ളിക്കളയരുത്. ദൈവേഷ്ടം ചെയ്തു വാഗ്ദത്തം പ്രാപിപ്പാൻ സഹിഷ്ണുത നിങ്ങൾക്കു ആവശ്യം. ഇനി എത്രയും അല്പകാലം കഴിഞ്ഞിട്ടു വരുവാനുള്ളവൻ വരും താമസിക്കയുമില്ല. എന്നാൽ എൻറെ നീതിമാൻ വിശ്വാസത്താൽ ജീവിക്കും; പിന്മാറുന്നു എങ്കിൽ എൻറെ ഉള്ളത്തിനു അവനിൽ പ്രസാദമില്ല. നാമോ നാശത്തിലേക്കു പിന്മാറുന്നവരുടെ കൂട്ടത്തിലല്ല, വിശ്വസിച്ചു ജീവരക്ഷ പ്രാപിക്കുന്നവരുടെ കൂട്ടത്തിലത്രേ ആകുന്നു" (എബ്രാ. 10:35-39).

കർത്താവിന്റെ വരവിൻറെ സാമീപ്യത്തെ ചൂണ്ടിക്കാണിക്കുന്ന

വാക്കുകളിൽനിന്നും ഈ പ്രബോധനം അന്ത്യകാല സഭയ്ക്കുള്ളതാണെന്ന് തെളിഞ്ഞു. "വരുവാനുള്ളവൻ വരും താമസിക്കുകയുമില്ല" എന്നത് വ്യക്തമായി സൂചിപ്പിച്ചിരിക്കുന്നതു കർത്താവിന്റെ പ്രത്യക്ഷതയ്ക്ക് അല്പകാല താമസമുണ്ടാകുമെന്നു തോന്നുംപോലെയാണ്. ഇവിടെ നല്കിയിരിക്കുന്ന നിർദ്ദേശങ്ങൾ പുനരാഗമനകാംക്ഷികളുടെ അനുഭവങ്ങളുമായി പ്രത്യേകിച്ച് ഈ കാലഘട്ടത്തിൽ യോജിപ്പുള്ളതാണ്. ഇവിടെ സംബോധന ചെയ്യപ്പെട്ട ജനങ്ങൾ വിശ്വാസത്തകർച്ചയിലായിരുന്നു. അവൻറെ ആത്മാവിൻറെ നടത്തിപ്പിനെയും അവൻറെ

വചനത്തെയും അനുഗമിക്കുന്നതിൽ ദൈവപ്രസാദം ചെയ്തു എങ്കിലും തങ്ങളുടെ കഴിഞ്ഞ അനുഭവത്തിൽ ദൈവത്തിൻറെ ഉദ്ദേശ്യം ഗ്രഹിപ്പാനവർക്കു കഴിഞ്ഞില്ല. അവരുടെ മുമ്പിലുള്ള വഴി തിരിച്ചറിയുവാൻ കഴിയുന്നതിൽ അവർ പരാജയപ്പെടുകയും ദൈവംതന്നെ അവരെ നയിച്ചിരുന്നുവോ എന്ന് സംശയിക്കുവാൻ തക്കവണ്ണം അവർ പരീക്ഷിക്കപ്പെട്ടു. "ഇപ്പോൾ നീതിമാൻ വിശ്വാസത്താൽ ജീവിക്കും' എന്ന വചനം ഈ സമയത്ത് വളരെ പ്രയോഗികമായിരുന്നു. "അർദ്ധരാത്രിക്കുള്ള ആർപ്പുവിളി' അവരുടെ പാതയിൽ ശോഭയേറിയ പ്രകാശം നൽകി. മുദ്രയിടപ്പെട്ടിരുന്ന

പ്രവചനങ്ങൾ തുറക്കപ്പെടുന്നത് അവർ കാണുകയും അതിവേഗം നിറവേറിക്കൊണ്ടിരുന്ന ലക്ഷണങ്ങൾ ക്രിസ്തുവിൻറെ വരവ് ആസന്നമായിരിക്കുന്നുയെന്നു പറയുകയും ചെയ്തു. അവർ കാഴ്ചയാൽ എന്നപോലെ നടന്നു. എന്നാൽ ഇപ്പോൾ നിരാശയ്ക്കടിമപ്പെട്ട അവർക്കു ദൈവത്തിലും തൻറെ വചനത്തിലും മാത്രമേ നില്ക്കുവാൻ കഴിഞ്ഞുള്ളൂ. "നിങ്ങൾ വഞ്ചിക്കപ്പെട്ടിരിക്കുന്നു; നിങ്ങളുടെ വിശ്വാസം ഉപേക്ഷിച്ച് പുനരാഗമന ദൂതുഘോഷണം സാത്താനിൽ നിന്നുള്ളതാണെന്നു പറയുവിൻ" എന്നു പരിഹാസികൾ പറഞ്ഞു. എന്നാൽ ദൈവ വചനം പ്രഖ്യാപിച്ചു: "ആരെങ്കിലും

പിന്മാറിയാൽ എൻറെ ആത്മാവു
അവനിൽ പ്രസാദിക്കുന്നില്ല”. ഇപ്പോൾ
അവരുടെ വിശ്വാസം ഉപേക്ഷിക്കയും
അതി നോട്ടക്കൂടെ ഉണ്ടായിരുന്ന
പരിശുദ്ധാത്മ ശക്തിയെ
നിരസിക്കുകയും ചെയ്തത് അവരെ
നാശത്തിലേക്കാണ് നയിച്ചത്.
“നിങ്ങളുടെ ആത്മവിശ്വാസം
തള്ളിക്കളയരുത് എന്ന
പൌലൊസിൻറെ വാക്കുകൾ അവരെ
വിശ്വാസത്തിൽ ധൈര്യപ്പെടുത്തി,
നിങ്ങൾക്കു സഹിഷ്ണത ആവശ്യമാണ്.
“അല്പ സമയം കഴിഞ്ഞാൽ
വരുവാനുള്ളവൻ വരും
താമസിക്കുകയുമില്ല. അവർ
ദൈവത്തിൽനിന്നു ലഭിച്ച വെളിച്ചത്തെ
മുറുകെപ്പറ്റുകയും അവൻറെ

വാദത്തത്തിൽ മുറുകെ
പിടിച്ചുകൊൾകയും തിരുവചനം
തുടർന്നു ശോധനകഴിക്കയും കൂടുതൽ
വെളിച്ചം ലഭിപ്പാൻ ക്ഷമയോടെ
കാത്തിരിക്കയും ചെയ്കയാണ് അവരുടെ
സുരക്ഷിതമായ ഏകമാർഗ്ഗം.

# അദ്ധ്യായം 23—വിശുദ്ധ മന്ദിരം എന്നാൽ എന്ത്?

മറ്റെല്ലാ തിരുവചന വാഗ്ദത്തങ്ങൾക്കും ഉപരിയായി, പുനരാഗമന വിശ്വാസത്തിൻറെ അടിസ്ഥാനവും നടുത്തൂണുമായി നിലകൊള്ളുന്നത്, “രണ്ടായിരത്തി മുന്നൂറ് സന്ധ്യയും ഉഷസ്സും തികയുമ്പോളും തന്നേ; പിന്നെ വിശുദ്ധ മന്ദിരം യഥാസ്ഥാനപ്പെടും’ എന്ന വലിയ വാഗ്ദത്തമാണ് (ദാനീ.8:14) കർ ത്താവിൻറെ ശീഘ്രപ്രത്യക്ഷതയിൽ വിശ്വസിച്ച് എല്ലാ ആളുകൾക്കും ഈ വാക്കുകൾ സുപരിചിതമായിരുന്നു. തങ്ങളുടെ വിശ്വാസത്തിൻറെ ആത്പവാ ക്യമായി ഈ പ്രവചനം ആയിരങ്ങൾ

സസന്തോഷം ഉച്ചരിച്ചു. ഈ പ്രവചന ത്തിൻറെ സംഭവങ്ങളെ ആധാരമാക്കിയാണ് അവരുടെ ശുഭപ്രതീക്ഷകളും ചിരകാലാഭിലാഷവും നില നിറുത്തിയിരുന്നത്. 1844-ന്റെ ശരത്കാലത്ത് ഈ പ്രവചനദിവസങ്ങൾ സമാപിക്കുമെന്ന് അവർ മനസ്സിലാക്കി. ഇതര ക്രിസ്തീയ സമൂഹങ്ങളെപ്പോലെ അഡ്വൻറിസ്റ്റുകാരും വിശ്വസിച്ചിരുന്നത്, ഭൂമിയൊ അതിൻറെ ചില ഭാഗങ്ങളൊ ആണ് വിശുദ്ധമന്ദിരമെന്നും, അതിനെ ശുദ്ധീകരിക്കുക അഥവാ യഥാസ്ഥാനപ്പെടുത്തുകയെന്നത് അന്ത്യനാളിൻറെ അഗ്നികൊണ്ടാണെന്നുമായിരുന്നു. ക്രിസ്തുവിൻറെ രണ്ടാം വരവിങ്കൽ ആണ് ഇത് സംഭവിക്കുന്നതെന്ന് അവർ

മനസ്സിലാക്കി. 1844-ൽ ക്രിസ്തു ഭൂമിയിലേക്കു വരും എന്ന നിഗമനത്തിൽ തങ്ങൾ എത്തിച്ചേരുവാനുള്ള കാരണം ഇതായിരുന്നു.

നിശ്ചിത സമയം സമാഗതമായി. പക്ഷെ കർത്താവ് പ്രത്യക്ഷനായില്ല. ദൈവിക വാഗ്ദത്തങ്ങൾക്കും തിരുവചനത്തിനും ഒരുനാളും തെറ്റ് പറ്റുകയില്ലെന്ന് വിശ്വാസികൾക്ക് പൂർണ്ണ ഉറപ്പുണ്ടായിരുന്നു. അവർ പ്രവചനം വ്യാഖ്യാനിച്ച് മനസ്സിലാക്കിയതിൽ ആയിരുന്നു തെറ്റ്. എന്നാൽ എവിടെ യാണ് തെറ്റുപറ്റിയത്? ഈ പ്രയാസങ്ങളിൽനിന്ന് വിമുക്തി നേടുവാൻ അനേകർ 2300 സന്ധ്യയും

ഉഷസ്സും അവസാനിച്ചത് 1844-ൽ ആയിരുന്നു എന്ന വസ്തുത വിവേകശൂന്യതയോടെ നിരാകരിക്കുകയാണുണ്ടായത്. തങ്ങൾ പ്രതീക്ഷിച്ച് കാത്തിരുന്ന സമയത്ത് കർത്താവ് പ്രത്യക്ഷനായില്ലെന്നതൊഴികെ, മറ്റു കാരണങ്ങൾ ഒന്നുംതന്നെ പ്രസ്തുത നിലപാടിനു നല്കുവാൻ അവർക്ക് സാധിച്ചില്ല. പ്രവചന ദിവസങ്ങൾ 1844-ൽ അവസാനിച്ചിരുന്നെങ്കിൽ, ഭൂമിയെ അഗ്നികൊണ്ട് ശുദ്ധീകരിച്ച് വിശുദ്ധമന്ദിരം യഥാസ്ഥാനപ്പെടുത്തുവാൻ കർത്താവ് വരുമായിരുന്നു. എന്നാൽ അവൻ വരാതെയിരുന്നതിനാൽ പ്രവചനദിവസങ്ങളും

അവസാനിക്കുവാൻ സാദ്ധ്യതയില്ലെന്നാണ് അവർ വിചാരിച്ചത്.

ഈ തീരുമാനം അംഗീകരിക്കുക എന്നാൽ പ്രവചനകാലത്തിൻറെ ആദ്യ കണക്കുകൂട്ടലുകൾ നിരസിക്കുകയെന്നതായിരുന്നു. 2300 സന്ധ്യയും ഉഷസ്സും എന്ന പ്രവചനം ആരംഭിക്കുന്നത് അർത്ഥഹ്ശഷ്ടാവ് രാജാവ് യെരുശലേമിനെ യഥാസ്ഥാനപ്പെടുത്തി പണിയാൻ കല്പന കൊടുക്കുകയും പണി ആരംഭിക്കുകയും ചെയ്ത ബി.സി. 457-ലെ ശരൽക്കാലത്താണെന്നു കണ്ടെത്തി. ഇത് ആരംഭമാക്കിയപ്പോൾ ദാനീ. 9:25-27 വരെയുള്ള വാക്യങ്ങളിൽ

പ്രവചിച്ചിരിക്കുന്നവയുടെ നിറവേറലുമായി ഒരു പരിപൂർണ്ണ യോജിപ്പുണ്ടായിരുന്നു. 2300 വർഷത്തിന്റെ ആദ്യ 69 ആഴ്ചവട്ടം അഥവാ 483 വർഷം അഭിഷിക്തനായ പ്രഭുവരെ എത്തേണ്ടതാണ്. എ.ഡി. 27-ൽ നടന്ന ക്രിസ്തുവിൻറെ സ്ഥാനവും പരിശുദ്ധാത്മാഭിഷേകവും അതിൻറെ യഥാർത്ഥ നിറവേറലാണ്. എഴുപതാമത്തെ ആഴ്ചവട്ടത്തിൻറെ മദ്ധ്യത്തിൽ അഭിഷിക്തൻ ഛേദിക്കപ്പെടേണ്ടതായിരുന്നു. അവൻറെ സ്നാനം കഴിഞ്ഞു മൂന്നരവർഷം ആയപ്പോൾ എ.ഡി. 31-ലെ വസന്തകാലത്ത് ക്രിസ്തു ക്രൂശിക്കപ്പെട്ടു. 70 ആഴ്ചവട്ടം അഥവാ 490 വർഷം പ്രത്യേകിച്ചു യെഹൂദന്മാർക്കുവേണ്ടിയു

ള്ളതായിരുന്നു. ഈ കാലയളവ് അവസാനിച്ചപ്പോൾ അവൻറെ ശിഷ്യന്മാരെ പീഡിപ്പിച്ചതിൽക്കൂടെ ഒരു രാഷ്ട്രം എന്ന നിലയിൽ ക്രിസ്തുവിനെ തള്ളിക്കളയുകയും, എ.ഡി 34-ൽ അപ്പൊസ്തലന്മാർ സുവിശേഷവുമായി ജാതികളിലേക്കു തിരിയുകയും ചെയ്തു. 2300 സന്ധ്യയും ഉഷസ്സും എന്ന പ്രവചനത്തിൻറെ ആദ്യ 490 വർഷം അപ്പോൾ അവസാനിക്കുകയും അതിലുള്ള ബാക്കി 1810 വർഷം ശേഷിക്കുകയും ചെയ്തു. ഈ 1810 വർഷത്തെ എ.ഡി. 34-നോടു കൂട്ടുമ്പോൾ 1844-ൽ എത്തുന്നു. "അപ്പോൾ വിശുദ്ധമന്ദിരം യഥാസ്ഥാനപ്പെടും" എന്ന് ദൂതൻ പറഞ്ഞു. ഈ പ്രവചനത്തിലെ മുൻ

സംഭവങ്ങളെല്ലാം കൃത്യസമയത്ത് സംശയമന്യേ നിറവേറിയിരുന്നു.

1844-ൽ വിശുദ്ധമന്ദിരം യഥാസ്ഥാനപ്പെടുത്തുന്ന യാതൊരു സംഭവവും കാണപ്പെട്ടില്ല എന്നതൊഴിച്ചാൽ കണക്കുകൂട്ടലുകൾ എല്ലാം വ്യക്തവും പരസ്പരം യോജിക്കുന്നതും ആയിരുന്നു. ഈ ദിവസങ്ങൾ അപ്പോൾ അവസാനിക്കുന്നു എന്നതിനെ നിരാകരിക്കുന്നത്, ആ കണക്കു കൂട്ടലുകളെ ആശ യക്കുഴപ്പത്തിലാക്കുകയും അതു പ്രവചനത്തിൻറെ തെറ്റിക്കൂടാത്ത നിവൃ ത്തീകരണത്തെ തൽസ്ഥാനത്തുനിന്ന് നീക്കിക്കളയുകയും ചെയ്യുന്നു.

എന്നാൽ ദൈവം തൻറെ ജനത്തെ ആ വലിയ ദൂതു ഘോഷണത്തിലേക്കു നയിച്ചു. ദൈവത്തിൻറെ ശക്തിയും മഹത്വവും ആ വേലയെ നയിച്ചു. അത് അന്ധകാരത്തിലും നിരാശയിലും അവസാനിക്കാനോ മതഭ്രാന്തു പിടിച്ച, തെറ്റായ വികാരവിക്ഷോഭമായി അധിക്ഷേപിക്കപ്പെട്ടുവാനോ ദൈവം അനുവദിച്ചില്ല. സംശയത്തിലും അനിശ്ചിതത്വത്തിലും അവൻറെ വചനം അകപ്പെ ട്ടുപോകുവാൻ അവൻ അനുവദിക്കുകയില്ല. അനേകരും പ്രവചനകാലഘട്ടത്തെക്കുറിച്ചുള്ള അവരുടെ കണക്കുകൂട്ടലുകളെ കൈവിടുകയും ആ പ്രസ്ഥാനത്തെ അടിസ്ഥാനമാക്കിയുള്ള സത്യത്തെ

നിഷേധിക്കുകയും ചെയ്തപ്പോൾ
മറ്റുള്ളവർ തിരുവചനം
ആധാരമാക്കിയുള്ളതും ദൈവാത്മാവ്
സാക്ഷ്യപ്പെടുത്തിയതുമായ
അനുഭവജ്ഞാനവും,
വിശ്വാസരഹസ്യവും വിട്ടുകളവാൻ
തയ്യാറായില്ല. അവർ തങ്ങളുടെ പ്രവചന
പഠനങ്ങളിൽ, വ്യാഖ്യാനങ്ങളുടെ കോട്ടം
തട്ടിയിട്ടില്ലാത്ത തത്വങ്ങൾ സ്വീകരിച്ചു
എന്ന് വിശ്വസിച്ചു. അവർ ഇതിനകമായി
ആർജ്ജിച്ച സത്യങ്ങൾ മുറുകെ
പിടിക്കേണ്ടതും തിരുവചനപഠനം
അതേ ഗതിയിൽ തുടരേണ്ടത് അവരുടെ
ആവശ്യമാണെന്നും വിശ്വസിച്ചു.
ആത്മാർത്ഥമായ പ്രാർത്ഥനയോടെ
അവർ അവരുടെ നിലപാടിനെ അവ
ലോകനം ചെയ്യുകയും തങ്ങളുടെ

തെറ്റിനെ തിരുത്തുന്നതിനുമായി തിരുവചനം പരിശോധിക്കുകയും ചെയ്തു. പ്രവചന സമയങ്ങളെപ്പറ്റിയുള്ള അവരുടെ കണക്കുകൂട്ടലിൽ തെറ്റൊന്നും കാണാത്തതിനാൽ വിശുദ്ധമന്ദിരം എന്ന വിഷയത്തെക്കുറിച്ച് കൂടുതൽ സൂക്ഷ്മതയോടെ പരിശോധിക്കുന്നതിന് തീരുമാനിച്ചു.

ഭൂമിയാണ് വിശുദ്ധസ്ഥലം എന്ന പൊതു അഭിപ്രായത്തെ സ്ഥിരീകരിക്കുന്ന വേദപുസ്തകത്തെളിവൊന്നും ഇല്ലെന്ന് അവരുടെ പരിശോധനയിൽ തെളിഞ്ഞു. കൂടാതെ അതിൻറെ സ്വഭാവം, സ്ഥാനം, ശുശ്രൂഷകൾ എന്നിവ ഉൾക്കൊള്ളുന്നതും വിശുദ്ധ എഴുത്തുകാരുടെ സാക്ഷ്യം മറ്റെല്ലാ

സംശയങ്ങളെയും അതിജീവിക്കത്തക്കവണ്ണം വ്യക്തവും മതിയായയതുമാണ്. പൌലൊസ് എബ്രായർക്ക് എഴുതിയ ലേഖനത്തിൽ, ഇപ്രകാരം പറയുന്നു "എന്നാൽ ആദ്യനിയമത്തിനും ആരാധനയ്ക്കുള്ള ചട്ടങ്ങളും ലൗകികമായ വിശുദ്ധമന്ദിരവും ഉണ്ടായിരുന്നു. ഒരു കൂടാരം ചമച്ചു; അതിൻറെ ആദ്യഭാഗത്ത് നിലവിളക്കും മേശയും കാഴ്ചയപ്പവും ഉണ്ടായിരുന്നു. അതിന് വിശുദ്ധസ്ഥലമെന്ന് പേർ. രണ്ടാം തിരശ്ശീലയ്ക്കു പിന്നിലോ അതിവിശുദ്ധം എന്ന കൂടാരം ഉണ്ടായിരുന്നു. അതിൽ പൊന്നുകൊണ്ടുള്ള ധൂപകലശവും മുഴുവനും പൊന്നു പൊതിഞ്ഞ നിയമപ്പെട്ടകവും അതിനകത്ത് മന്ന

ഇട്ടുവച്ച പൊൻപാത്രവും
അഹരോൻറെ തളിർത്ത വടിയും
നിയമത്തിൻറെ കല്പല കകളും
അതിന്നുമീതെ കൃപാസനത്തെ മൂടുന്ന
തേജസ്സിൻറെ കെരൂബുകളും
ഉണ്ടായിരുന്നു" (എബ്രായർ 9:1 -5),

അത്യുന്നതൻറെ ഭൂമിയിലെ
വാസത്തിനായി ദൈവം മോശെയോട്
കല്പിച്ചുണ്ടാക്കിയ
സമാഗമനകൂടാരത്തെക്കുറിച്ചാണ്
പൌലൊസ് വിശുദ്ധമന്ദിരം എന്ന്
ഇവിടെ പരാമർശിച്ചിരിക്കുന്നത്;
ഞാൻ അവരുടെ നടുവിൽ വസിപ്പാൻ
അവർ എനിക്ക് ഒരു വിശുദ്ധമന്ദിരം
ഉണ്ടാക്കേണം" (പുറപ്പാട് 25:8). മോൾ
ദൈവത്തോടുകൂടെ പർവ്വതത്തിൽ

ആയിരുന്നപ്പോൾ കിട്ടിയ നിർദ്ദേ
ശമായിരുന്നു ഇത്. യിസ്രായേൽ
മരുഭൂമിയിലൂടെ യാത്ര ചെയ്യുകയായിരു
ന്നതിനാൽ, സമാഗമനകൂടാരം
ഒരിടത്തുനിന്ന് മറ്റൊരിടത്തേയ്ക്കു മാറ്റി
സ്ഥാപിക്കാവുന്ന രീതിയിലാണ്
ഉണ്ടാക്കിയത്. എങ്കിലും വലിയ
പ്രതാപം അതിനുണ്ടായിരുന്നു.
വെള്ളികൊണ്ടുള്ള കുഴൽത്തുളകളിൽ
ഉറപ്പിച്ച് പൊന്നു പൊതിഞ്ഞ് നേരെ
നിർത്തിയിരുന്ന പലകകളായിരുന്നു
അതിൻറെ ഭിത്തികൾ. മേൽക്കൂര
തിരശ്ശീലകൾകൊണ്ടുള്ളതും
തോലുകൊണ്ട് ആവരണം ചെയ്തതും
ആയിരുന്നു. കെരൂബുകളെ
മനോഹരമായി തുന്നിപ്പിടിപ്പിച്ച
നേർമ്മയേറിയ തുണിയായിരുന്നു

ഉള്ളറ. കൂടാതെ പ്രാകാരത്തിൽ
ഹോമയാഗത്തിനുള്ള യാഗപീഠം
ഉണ്ടായിരുന്നു. വിശുദ്ധസ്ഥലം എന്നും
അതിവിശുദ്ധസ്ഥലം എന്നും
വിളിച്ചിരുന്ന രണ്ടു ഭാഗങ്ങൾ
സമാഗമനകൂടാരത്തിന് ഉണ്ടായിരു ന്നു.
വിലയേറിയതും മനോഹരവുമായ
തിരശ്ശീലകൊണ്ട് അവയെ
വേർതിരിച്ചിരുന്നു.
ആദ്യഭാഗത്തേക്കുള്ള വാതിലും
അതുപോലൊരു തിരശ്ശീല കൊണ്ട്
മറച്ചിരുന്നു.

വിശുദ്ധസ്ഥലത്ത്, തെക്കുഭാഗത്തായി
വച്ചിരുന്ന ഏഴ് പൊൻ നിലവിളക്ക്
രാവും പകലും പ്രകാശിച്ചുകൊണ്ടിരുന്നു.
വടക്കുഭാഗത്തായി കാഴ്ചയപ്പത്തിനുള്ള

മേശ ഉണ്ടായിരുന്നു.
അതിവിശുദ്ധസ്ഥലത്തുനിന്നും
വിശുദ്ധസ്ഥലത്തെ വേർതിരിക്കുന്ന
തിരശ്ശീലയ്ക്കു മുൻപിൽ സുഗന്ധദ്രവ്യം
പുക യ്ക്കുന്ന പൊന്നുകൊണ്ടുള്ള
ധൂപപീഠമുണ്ടായിരുന്നു. അതിൽനിന്നും
പുറ

പ്പെടുന്ന സൗരഭ്യത്തിൻറെ പുക
യിസ്രായേലിൻറെ
പ്രാർത്ഥനയോടൊപ്പം എന്നും
ദൈവസന്നിധിയിലേക്ക്
ഉയർന്നുകൊണ്ടിരുന്നു.

വിലയേറിയ തടികൊണ്ടുള്ള, പൊന്നു
പൊതിഞ്ഞ പെട്ടകം
അതിവിശുദ്ധസ്ഥലത്തായിരുന്നു.

ദൈവം എഴുതിയ പത്തു കല്പനകൾ
ഉൾക്കൊള്ളുന്ന രണ്ടു കല്പലകകൾ
അതിൽ നിക്ഷേപിച്ചിരുന്നു. പാവനമായ
പെട്ടകത്തിൻറെ മൂടിയായി
മനോഹരമായ
കൊത്തുപണികളോടുകൂടിയ
കൃപാ.സനവും അതിൻറെ രണ്ടറ്റത്തും
ഓരോ കെരൂബുകളും ഉണ്ടായിരുന്നു.
ഇവയെല്ലാം മനുഷ്യൻറെ
തങ്കംകൊണ്ടുള്ള കൈവിരുതായിരുന്നു.
ഈ ഭാഗത്ത് കെരൂബുകളുടെ
മദ്ധ്യത്തിൽ മഹത്വമേറിയ ദൈവിക
സാന്നിദ്ധ്യം വെളിപ്പെട്ടിരുന്നു.

എബ്രായർ കനാനിൽ
താമസമായതിനുശേഷം
സമാഗമനകൂടാരത്തിനു പകരം

ശലോമോൻറെ ദൈവാലയം സ്ഥാപിക്കപ്പെട്ടു. അത് വലിയ തോതിൽ സുസ്ഥിര ഘടനയോടുകൂടിയതായിരുന്നുവെങ്കിലും സമാഗമന കൂടാരത്തിൻറെ അതേ അനുപാതത്തിൽ പണിതതും അതേപോലെ സജ്ജീകരിച്ചിരുന്നതും ആയിരുന്നു. ദാനീയേലിൻറെ കാലത്തു ശൂന്യതയിൽ കിടന്നിരുന്നതൊഴിച്ച് ഈ ദൈവാലയം എ.ഡി. 70-ൽ റോമാക്കാർ പൂർണ്ണമായി നശിപ്പിച്ചതുവരെ മുൻ വിശദീകരിച്ച അവസ്ഥയിൽ നിലനിന്നു.

ഭൂമിയിൽ നിലനിന്നിരുന്ന വിശുദ്ധമന്ദിരത്തെക്കുറിച്ചു എന്തെങ്കിലും വിവരം തിരുവചനം തരുന്നുവെങ്കിൽ

അത് ഈ ദൈവാലയത്തെക്കുറിച്ചു മാത്രമാണ്. ആദ്യനിയമത്തിൻറെ ദൈവാലയമെന്ന് പൌലൊസ് പ്രസ്താവിക്കുന്നത് ഇതിനെക്കുറിച്ചായിരുന്നു. എന്നാൽ പുതിയ നിയമത്തിന് മന്ദിരം ഇല്ലയോ ?

സത്യാന്വേഷകർ വീണ്ടും എബ്രായലേഖനത്തിലേക്ക് തിരിഞ്ഞപ്പോൾ പൌലൊസ് നേരത്തെ ഉദ്ധരിച്ചിരുന്നതനുസരിച്ചു രണ്ടാമത്തെ അഥവാ പുതിയനിയമ വിശുദ്ധമന്ദിരത്തെ പ്രതിപാദിക്കുന്ന സൂചന കണ്ടു. "അപ്പോൾ വാസ്തവമായി ആദ്യനിയമത്തിനും ദിവ്യാരാധനയ്ക്കും ഒരു ലൌകികമായ വിശുദ്ധമന്ദിരവും ഉണ്ടായിരുന്നു" എന്ന ഉദ്ധരണി കണ്ടു.

പൌലൊസ് നേരത്തെ ഈ വിശുദ്ധ മന്ദിരത്തെക്കുറിച്ച് പ്രസ്താവിച്ചിരുന്നു. മുൻ അദ്ധ്യായത്തിൻറെ തുടക്കത്തിൽ, അവർ ഇപ്രകാരം വായിച്ചു: "നാം ഈ പറയുന്ന തിൻറെ സാരം എന്തെന്നാൽ; സ്വർഗ്ഗത്തിൽ മഹിമാസനത്തിൻറെ വലത്തുഭാഗത്ത് ഇരുന്നവനായി, വിശുദ്ധസ്ഥലത്തിൻറെ മനുഷ്യനല്ല കർത്താവു സ്ഥാപിച്ച് സത്യകൂടാരത്തിൻറെയും ശുശ്രൂഷകനായ മഹാപുരോഹിതൻ നമുക്കുണ്ട്" (എബ്രാ . 8:1 -2).

പുതിയനിയമത്തിൻറെ വിശുദ്ധമന്ദിരം ഇവിടെ വെളിപ്പെട്ടിരിക്കുന്നു. ആദ്യനിയമത്തിൻറെ വിശുദ്ധമന്ദിരം, മനുഷ്യനാൽ സ്ഥാപിതമായി

മോശയാൽ പണിയപ്പെട്ടു. ഇത് മനുഷ്യനാൽ അല്ല, ക്രിസ്തുവിനാൽ സ്ഥാപിതമായതാണ്. മനുഷ്യനിർമ്മിതമായതിൽ ഭൗമിക പുരോഹിതന്മാർ ശുശ്രൂഷകൾ നിർവ്വഹിച്ചു. എന്നാൽ പുതിയനിയമത്തിൻറെ മന്ദിരത്തിൽ നമ്മുടെ ശ്രേഷ്ഠപുരോഹിതനായ ക്രിസ്തുതന്നെ ദൈവത്തിൻറെ വലത്തുഭാഗത്ത് ശുശ്രൂഷ ചെയ്യുന്നു. ഒരു മന്ദിരം ഭൂമിയിലായിരുന്നു, മറ്റേത് സ്വർഗ്ഗത്തിലാണ്.

കൂടാതെ മോശയാൽ നിർമ്മിക്കപ്പെട്ട സമാഗമന കൂടാരം ഒരു മാതൃക പ്രകാരമാണ് പണിതത്. “തിരുനിവാസവും അതിൻറെ

ഉപകരണങ്ങളും ഞാൻ കാണിക്കുന്ന മാതൃക പ്രകാരമൊക്കെയുംതന്നെ ഉണ്ടാക്കേണം” എന്നും “പർവ്വതത്തിൽവെച്ച് കാണിച്ചുതന്ന മാതൃകപകാരം അവയെ ഉണ്ടാക്കുവാൻ സൂക്ഷിച്ചുകൊള്ളണം” എന്നും ദൈവം മോശെയോട് നിർദ്ദേശിച്ചു (പുറപ്പാ. 25:9,40). “വഴിപാടും യാഗവും അർപ്പിച്ചിരുന്ന സമാഗമന കൂടാരം അക്കാലത്തേയ്ക്ക് ഉണ്ടായിരുന്ന ഒരു ബാഹ്യരൂപം ആയിരുന്നു". അതിൻറെ വിശുദ്ധ സ്ഥലങ്ങൾ “സ്വർഗ്ഗീയമായതിന്റെ മാതൃക'' ആയിരുന്നു. നിയമം അനുശാസിക്കുന്ന പ്രകാരം “സ്വർഗ്ഗീയമായതിന്റെ ദൃഷ്ടാന്തവും നിഴലുമായതിൽ'' പുരോഹിതന്മാർ വഴിപാട്

അർപ്പിച്ചിരുന്നു. "ക്രിസ്തു വാസ്തവമായതിൻറെ പ്രതിബിംബമായി കൈപ്പണിയായ വിശുദ്ധമന്ദിരത്തിലേക്കല്ല, ഇപ്പോൾ നമുക്കു വേണ്ടി ദൈവസന്നിധിയിൽ പ്രത്യക്ഷനാകുവാൻ സ്വർഗ്ഗത്തിലേക്കത്രേ പ്രവേശിച്ചത് എന്ന് പൌലൊസ് പറയുന്നു" (എബ്രാ. 9:9,23; 8:5; 9:24).

മോശെയാൽ നിർമ്മിതമായ ഭൗമിക കൂടാരം, യേശു ഇപ്പോൾ നമുക്കു വേണ്ടി ശുശ്രൂഷ ചെയ്തുകൊണ്ടിരിക്കുന്ന സാക്ഷാലുള്ള സ്വർഗ്ഗീയ കൂടാരത്തിൻറെ പകർപ്പ് മാത്രമായിരുന്നു. ഭൂമിയിലെ വിശുദ്ധ മന്ദിരം നിർമ്മിച്ചവരുടെമേൽ

ദൈവാത്മാവുണ്ടായിരുന്നു. അതിൻറെ പണിയിൽ പ്രകടമായ കര കൗശല സാമർത്ഥ്യം ദിവ്യപരിജ്ഞാനത്തിൻറെ പ്രകടനം ആയിരുന്നു. തങ്ക നിർമ്മിതമായ ഭിത്തികളിൽ ഏഴ് പൊൻനിലവിളക്കിൽ നിന്നുള്ള പ്രകാശധാര എല്ലാവശത്തേക്കും പ്രതിഫലിച്ചിരുന്നു. കാഴ്ചയപ്പത്തിൻറെ മേശയും ധൂപവർഗ്ഗത്തിന്റെ ധൂപപീഠവും തേച്ചുമിനുക്കിയ സ്വർണ്ണം പോലെ മിന്നിത്തിളങ്ങി. മേൽത്തട്ടായി നിർമ്മിച്ചിരുന്ന അത്യാകർഷകമായ തിരശ്ശീലയിൽ നീല, നീലകലർന്ന ചുവപ്പ്, കടുംചുവപ്പ് എന്നീ നിറങ്ങളിൽ ഉണ്ടാക്കിയിരുന്ന ദൂതന്മാരുടെ രൂപങ്ങൾ രംഗത്തിൻറെ മനോഹാരിതയെ വർദ്ധിപ്പിച്ചു. ദൈവമഹത്വത്തിൻറെ

കാണപ്പെട്ട പ്രകടനമായ വിശുദ്ധ ബൈബൈബിനാ രണ്ടാം തിരശ്ശീലയ്ക്കുമപ്പുറം ആയിരുന്നു. അവിടെ മഹാപുരോഹിതൻ അല്ലാതെ ആരും പ്രവേശിച്ച് ജീവിച്ചിരുന്നിട്ടില്ല.

ദൈവസിംഹാസനത്തിനുമുൻപിൽ നമുക്കുവേണ്ടി, നമ്മുടെ മുന്നോടിയായ ക്രിസ്തു ശുശ്രൂഷ ചെയ്യുന്ന സ്വർഗ്ഗീയ ദൈവാലയത്തിൻറെ മഹത്വം മാനുഷിക ഭാഷയിൽ പ്രകടമാക്കിയത് അതുല്യമായി ശോഭിച്ച ഭൗമിക സമാഗമനകൂടാരമാണ്. രാജാധിരാജാവിൻറെ വാസസ്ഥലത്തു "ആയിരം ആയിരം പേർ അവനു ശുശ്രൂഷ ചെയ്തു. പതിനായിരം പതിനായിരം പേർ അവൻറെ മുമ്പാകെ

നിന്നു'' (ദാനീ. 7:10). ആ ദൈവാലയം നിത്യസിംഹാസനത്തിൻറെ മഹത്വംകൊണ്ട് നിറഞ്ഞിരുന്നു. അവിടെ ശോഭയേറിയ സാറാഫുകൾ ഭക്തി പുരസരം തങ്ങളുടെ മുഖം തിളങ്ങുന്ന ചിറകുകളാൽ മറച്ചു. മനുഷ്യകരങ്ങ ളാൽ പരിപാലിക്കപ്പെട്ടതിൽ വെച്ചേറ്റവും മനോഹരമായ മന്ദിരത്തിൻറെ വിസ്തൃതിയും മഹത്വവും ഒരു മങ്ങിയ പ്രതിഫലനമായി മാത്രമേ അവർ കണ്ടുള്ളൂ. എങ്കിലും സ്വർഗ്ഗീയ വിശുദ്ധ മന്ദിരത്തെ സംബന്ധിച്ച സത്യങ്ങളും മനുഷ്യൻറെ വീണ്ടെടുപ്പിനുവേണ്ടി അവിടെ നടക്കുന്ന വലിയ വേലയും എന്താ ണെന്ന് ഭൗമിക

വിശുദ്ധമന്ദിരത്താലും അതിലെ ശുശ്രൂഷകളാലും പഠിപ്പിച്ചു.

സ്വർഗ്ഗീയ വിശുദ്ധ മന്ദിരത്തിലെ വിശുദ്ധസ്ഥലങ്ങളെ ഭൗമിക വിശുദ്ധ മന്ദിരത്തിൻറെ രണ്ട് ഭാഗങ്ങൾ പ്രതിനിധീകരിച്ചു. അപ്പൊസ്തലനായ യോഹന്നാൻ ദർശനത്തിലായിരുന്നപ്പോൾ സ്വർഗ്ഗീയ മന്ദിരത്തെ ദർശിച്ചു. "ഏഴ് ദീപങ്ങൾ സിംഹാസനത്തിൻറെ മുൻപിൽ ജ്വലിച്ചുകൊണ്ടിരിക്കുന്നു" (വെളി. 4:5). "മറ്റൊരു ദൂതൻ ഒരു സ്വർണ്ണ ധൂപകലശവുമായി വന്ന് യാഗപീഠത്തിന് അരികെ നിന്നു. സിംഹാസനത്തിൻറെ മുൻപിലുള്ള സ്വർണ്ണപീഠത്തിന്മേൽ സകല

വിശുദ്ധന്മാരുടെയും പ്രാർത്ഥനയോട് ചേർക്കേണ്ടതിന് വളരെ ധൂപ വർഗ്ഗം അവന്നു കൊടുത്തു (വെളി. 8:3). ഇവിടെ പ്രവാചകന് സ്വർഗ്ഗീയ വിശുദ്ധമന്ദിരത്തിൻറെ ആദ്യഭാഗം നോക്കിക്കാണാൻ അനുവാദം ലഭിച്ചിരുന്നു. അദ്ദേഹം അവിടെ കണ്ട “”ജ്വലിക്കുന്ന ഏഴ് വിളക്കുകളും'' “സ്വർണ്ണധൂപപീഠവും’ പ്രതിനിധീകരിച്ചത് ഭൂമിയിലെ വിശുദ്ധമന്ദിരത്തിൽ ഉണ്ടായിരുന്ന സ്വർണ്ണനിലവിളക്കും ധൂപ പീഠവും ആണ്. “അപ്പോൾ സ്വർഗ്ഗത്തിലെ ദൈവാലയം തുറന്നു” (വെളി. 11:19), തിരശ്ശീലയ്ക്കുള്ളിലെ അതിപരിശുദ്ധസ്ഥലത്തെ നോക്കി, ദൈവത്തിൻറെ കല്പനയെ

സൂക്ഷിക്കുവാൻ മോശെ ഉണ്ടാക്കിയ നിയമപ്പെട്ടകം സ്വർഗ്ഗത്തിലെ സാക്ഷ്യപ്പെട്ടകത്തെ പ്രതിനിധാനം ചെയ്യുന്നത് അവൻ കണ്ടു.

അങ്ങനെ സ്വർഗ്ഗത്തിൽ ഒരു വിശുദ്ധമന്ദിരം നിലനിൽക്കുന്നതിന്റെ അനി ഷേധ്യമായ തെളിവ് ആ വിഷയം പഠിപ്പിച്ചുകൊണ്ടിരുന്നവർ കണ്ടെത്തി. മോശയ്ക്ക് ദൈവം കാണിച്ചുകൊടുത്ത് മാതൃകപ്രകാരമാണ് ഭൗമിക കൂടാരം താൻ ഉണ്ടാക്കിയ അതിൻറെ നിർമ്മാണം സ്വർഗ്ഗീയമായ സത്യകൂടാരത്തിൻറെ മാതൃകപകാരം ആയിരുന്നു എന്ന് അപ്പൊസ്തലനായ പൌലൊസ് പഠിപ്പിക്കുന്നു. വെളിപ്പാടുകാരനായ യോഹന്നാൻ

സ്വർഗ്ഗത്തിൽ അത് കണ്ടു എന്ന്
സാക്ഷീകരിക്കുന്നു

സ്വർഗ്ഗത്തിലെ ആലയത്തിൽ
ദൈവത്തിൻറെ വാസസ്ഥലത്ത്, ദൈവ
സിംഹാസനം നീതിയിലും
ന്യായത്തിലും സ്ഥാപിച്ചിരിക്കുന്നു.
മനുഷ്യരാ ശിയെ മുഴുവനും
പരിശോധിക്കുന്ന സാന്മാർഗ്ഗിക
ന്യായപ്രമാണം എന്ന അള വുകോൽ
അതിവിശുദ്ധസ്ഥലത്ത് ഇരിക്കുന്നു.
നിയമത്തിൻറെ കല്പനകൾ
പ്രതിഷ്ഠിച്ചിരിക്കുന്ന പെട്ടകം
കൃപാസനംകൊണ്ട് മൂടി അതിനുമുമ്പിൽ
ക്രിസ്തു പാപികൾക്കുവേണ്ടി അവൻറെ
രക്തത്താൽ പക്ഷവാദം ചെയ്യുന്നു.
മനുഷ്യരാശിയുടെ വീണ്ടെടുപ്പിൻ

പദ്ധതിയിൽ നീതിയുടെയും
കരുണയുടെയും സംയോജനം ഇപ്രകാരം
പ്രതിനിധീകരിക്കപ്പെടുന്നു. ഈ
സംയോജനം അനന്തമായ
ജ്ഞാനത്തിനു മാത്രം ആസൂത്രണം
ചെയ്യാൻ കഴിഞ്ഞതും ആ ശക്തിയുടെ
നേട്ടവും ആണ്. ഈ സംയോജനം
അത്ഭുതത്താലും ആരാധനയാലും
സ്വർഗ്ഗത്തെ നിറയ്ക്കുന്നു. ഭൗമിക
വിശുദ്ധമന്ദിരത്തിലെ കെരൂബുകൾ
ഭയഭക്തിയോടെ കൃപാസനത്തിലേക്കു
നോക്കുന്നതിനെ പ്രതിനി
ധീകരിക്കുന്നത് വീണ്ടെടുപ്പിൻ
പദ്ധതിയിൽ സ്വർഗ്ഗീയ
സൈന്യത്തിനുള്ള
താത്പര്യത്തെയാണ്. അനുതപിക്കുന്ന
പാപിയെ നീതീകരിക്കുമ്പോൾ ദൈവം

നീതിമാനാണ്. വീണുപോയ
മനുഷ്യരാശിയുമായി അവൻ തൻറെ
ബന്ധത്തെ പുതുക്കുന്നു. അങ്ങനെ
നാശഗർത്തത്തിൽനിന്നും എണ്ണമറ്റ
ജന.സമൂഹത്തെ ക്രിസ്തു
ഉയർത്തുകയും ഒരിക്കലും
വീണുപോകാത്ത ദൂതന്മാരുമായി
ഒന്നിക്കുന്നതിനും ദൈവസന്നിധിയിൽ
എന്നേക്കും വസിക്കുന്ന തിനുമായി
അവൻ തൻറെ കറയില്ലാത്ത
നീതിയിൽ വസ്ത്രം ധരിപ്പിക്കുന്നു.
ദൂതന്മാർ നോക്കുവാൻ ആഗ്രഹിക്കുന്ന
കൃപയുടെ മർമ്മം ഇതാണ്.

“മുള എന്നു പേരുള്ള', ക്രിസ്തുവിൻറെ
മനുഷ്യനുവേണ്ടിയുള്ള മദ്ധ്യസ്ഥ
വേലയെക്കുറിച്ചും, സെഖര്യാവിൻറെ

മനോഹരമായ പ്രവചനത്തിൽ പറഞ്ഞി രിക്കുന്നു. "അവൻ തൻറെ നിലയിൽനിന്ന് മുളച്ചുവന്ന് യഹോവയുടെ മന്ദിരം പണിയും. അവൻതന്നെ യഹോവയുടെ മന്ദിരം പണിയും; അവൻ ബഹുമാനഭൂഷണം ധരിച്ച് സിംഹാസനത്തിൽ ഇരുന്നു വാഴും; അവൻ സിംഹാസന ത്തിൽ പുരോഹിതനുമായിരിക്കും; ഇരുവർക്കും തമ്മിൽ സമാധാനമന്ത്രണം ഉണ്ടാകും" എന്ന് പ്രവാചകൻ പറഞ്ഞിരിക്കുന്നു (സെഖ. 6:12,13).

"അവൻ യഹോവയുടെ മന്ദിരം പണിയും". ക്രിസ്തുതന്നെ തൻറെ യാഗംകൊണ്ടും മദ്ധ്യസ്ഥതകൊണ്ടും ദൈവസഭയുടെ അടിസ്ഥാനവും

നിർമ്മാതാവും ആണ്. അപ്പൊസ്തലനായ പൌലൊസ് ക്രിസ്തുവിനെ പ്രധാന മൂലക്കല്ലായി ചൂണ്ടിക്കാണിക്കുന്നു. “അവനിൽ കെട്ടിടം മുഴുവനും യുക്തമായിച്ചേർന്ന് കർത്താവിൽ വിശുദ്ധ മന്ദിരമായി വളരുന്നു. അവനിൽ നിങ്ങളെയും ദൈവത്തിൻറെ നിവാസമാകേണ്ടതിന് ആത്മാവിൽ ഒന്നിച്ച് പണിതു വരുന്നു (എഫെ. 2:20-22).

“അവൻ മഹത്വം ധരിക്കും”. വീഴ്ച ഭവിച്ച ജനത്തിനുള്ള രക്ഷയുടെ മഹത്വം ക്രിസ്തുവിനുള്ളതാണ്. നമ്മെ സ്നേഹിക്കുന്നവനും നമ്മുടെ പാപം പോക്കി നമ്മെ തൻറെ രക്തത്താൽ വിടുവിച്ച്, തൻറെ പിതാവായ

ദൈവത്തിന് നമ്മെ രാജ്യവും പുരോഹിതന്മാരും ആക്കിത്തീർത്തവനുമായവന് എന്നെന്നേക്കും മഹത്വവും ആധിപത്യവും ഉണ്ടായിരിക്കട്ടെ (വെളി. 1:5,6) എന്നത് നിത്യതയിലുടനീളം വീണ്ടെടുക്കപ്പെട്ടവരുടെ പാട്ട് ആയിരിക്കും.

“അവൻ തൻറെ സിംഹാസനത്തിൽ ഇരുന്ന് വാഴും; അവൻ സിംഹാസനത്തിൽ പുരോഹിതനും ആയിരിക്കും”. അവൻറെ മഹത്വത്തിൻറെ സിംഹാസനത്തിൽ ഇരിക്കുന്നത് ഇപ്പോഴല്ല; മഹത്വത്തിൻറെ രാജ്യം ഇതുവരെയും സ്ഥാപിതമായിട്ടില്ല. മദ്ധ്യസ്ഥൻ എന്ന

നിലയിലുള്ള അവൻറെ വേല അവസാനിക്കുന്നതുവരെ ദൈവം തൻറെ പിതാവായ ദാവീദിൻറെ സിംഹാസനം അവന് കൊടുക്കുകയില്ല. അവൻ വലിയവനാകും; അത്യുന്നതൻറെ പുത്രൻ എന്നു വിളിക്കപ്പെട്ടും; കർത്താവായ ദൈവം അവൻറെ പിതാവായ ദാവീദിൻറെ സിംഹാസനം അവനു കൊടുക്കും. അവൻ യാക്കോബു ഗൃഹത്തിനു എന്നേക്കും രാജാവായിരിക്കും; അവൻറെ രാജ്യത്തിനു അവസാനം ഉണ്ടാകയില്ല (ലൂക്കൊ. 1:32,33). ഒരു പുരോഹിതൻ എന്ന നിലയിൽ ക്രിസ്തു തൻറെ പിതാവി നോടുകൂടെ സിംഹാസനത്തിൽ ഇരിക്കുന്നു (വെളി. 3:21 ). “നമ്മുടെ രോഗങ്ങളെ വഹിക്കുകയും നമ്മുടെ

വേദനകളെ ചുമക്കുകയും ചെയ്യുവൻ".
“നമ്മെപ്പോലെ സകലത്തിലും പരീക്ഷിക്കപ്പെട്ടവൻ എങ്കിലും പാപരഹിതൻ",
“പരീക്ഷിക്കപ്പെടുന്നവരെ സഹായിക്കുവാൻ ശക്തനും ആയവൻ, അനശ്വരനായവൻറെ കൂടെ സിംഹാസനത്തിൽ ഉണ്ട്”. “ഒരുവൻ പാപം ചെയ്തു എങ്കിലോ നീതിമാനായ യേശു എന്ന കാര്യസ്ഥൻ നമുക്ക് പിതാവിൻറെ അടുക്കൽ ഉണ്ട്. (യെശ. 53:4; എബ്രാ . 4:15; 2:18; 1 യോഹ. 2:1 ). അവൻറെ മദ്ധ്യസ്ഥത ഊനമില്ലാത്ത ജീവിതത്തിൻറെയും തകർന്നതും നുറുങ്ങിയതുമായ ശരീരത്തിൻറേതും ആണ്. മുറിവേറ്റ കരങ്ങളും തുളയ്ക്കപ്പെട്ട പാർശ്വവും,

തകർക്കപ്പെട്ട കാലുകളും, വീഴ്ച ഭവിച്ച മനുഷ്യരാശിക്കുവേണ്ടി അപേക്ഷിക്കുന്നു. അത് അതിരറ്റ വിലകൊടുത്ത് വാങ്ങിയതാണ് പാപിയുടെ രക്ഷ.

“ഇരുവർക്കും തമ്മിൽ സമാധാനമന്ത്രണം ഉണ്ടാകും'. നഷ്ടപ്പെട്ട മനുഷ്യരാശിയുടെ രക്ഷയുടെ ഉറവ പുത്രൻറേതിനേക്കാളും ഒട്ടും കുറവല്ലാത്ത പിതാവിൻറെ സ്നേഹമാണ്. “ഞാൻ നിങ്ങൾക്കുവേണ്ടി പിതാവിനോട് അപേക്ഷിക്കും എന്ന് ഞാൻ പറയുന്നില്ല... പിതാവു താനും നിങ്ങളെ സ്നേഹിക്കുന്നു” എന്ന് സ്വർഗ്ഗാരോഹണത്തിനുമുമ്പ് യേശു ശിഷ്യന്മാരോടു പറഞ്ഞു (യോഹ. 16:26,27). “ദൈവം ലോകത്തെ

തന്നോട് നിരപ്പിച്ചു പോന്നു” (2 കൊരി. 5:19). സ്വർഗ്ഗത്തിലെ വിശുദ്ധ മന്ദിരത്തിലെ ശുശ്രൂഷയിൽ ഇരുവർക്കും തമ്മിൽ സമാധാന മന്ത്രണം ഉണ്ടാകും. “തൻറെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീ വൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു” (യോഹ. 3:16).

എന്താണ് വിശുദ്ധമന്ദിരം? എന്ന ചോദ്യത്തിന് ഉത്തരം തിരുവചനത്തിൽ വ്യക്തമായിരിക്കുന്നു. തിരുവചനത്തിൽ “വിശുദ്ധമന്ദിരം'' എന്ന പദം ഒന്നാമത് സ്വർഗ്ഗീയ മന്ദിരത്തിൻറെ മാതൃകയായി

മോശെ പണിത സമാഗമന
കൂടാരത്തെയും രണ്ടാമത്, ഭൗമിക
കൂടാരം ചൂണ്ടിക്കാണിച്ച "സത്യകൂടാര
"ത്തയും പരാമർശിക്കുന്നു.
ക്രിസ്തുവിൻറെ മരണത്തോടുകൂടി
നിഴലായ ശുശ്രൂഷ അവസാനിച്ചു.
സ്വർഗ്ഗത്തിലെ "സത്യകൂടാരം" ആണ്
പുതിയ നിയമത്തിൻറെ വിശുദ്ധമന്ദിരം.
ഈ പ്രസ്താവനയുടെ വെളിച്ചത്തിൽ
ദാനീ. 8:14-ൽ പറഞ്ഞിരിക്കുന്ന
പ്രവചനം നിറവേറി. അതിൽ പറയുന്ന
വിശുദ്ധമന്ദിരം പുതിയനിയമത്തിൻറെ
വിശുദ്ധമന്ദിരം ആയിരിക്കണം. അനേക
നൂറ്റാണ്ടുകളായി ഭൂമിയിൽ ഒരു
വിശുദ്ധമന്ദിരം 'ഇല്ലാതിരിക്കവെയാണ്
1844-ൽ 2300 സന്ധ്യയും ഉഷസ്സും
എന്ന പ്രവചനം അവസാനിക്കുന്നത്.

അതുകൊണ്ട്, “രണ്ടായിരത്തിമുന്നൂറ് സന്ധ്യയും ഉഷസ്സും തികയുവോളം തന്നേ; പിന്നെ വിശുദ്ധമന്ദിരം യഥാസ്ഥാനപ്പെട്ടും” എന്ന പ്രവചനത്തിൽ സ്വർഗ്ഗീയകൂടാരത്തെ സംശയരഹിതമായി ചൂണ്ടിക്കാണിക്കുന്നു.

എങ്കിലും ഏറ്റം പ്രധാനമായ ചോദ്യം അവശേഷിക്കുന്നു. വിശുദ്ധമന്ദിരത്തിൻറെ ശുദ്ധീകരണം എന്താണ്? പഴയനിയമപുസ്തകങ്ങളിൽ, ഭൗമിക കൂടാരത്തിൽ ഇതിനോട് അനുബന്ധമായ ശുശ്രൂഷ ഉണ്ടായിരുന്നു. എന്നാൽ സ്വർഗ്ഗത്തിൽ എന്തെങ്കിലും ശുദ്ധീകരിക്കേണ്ടതായിട്ടുണ്ടോ? എബ്രായർ 9-ൽ ഭൂമിയിലെയും

സ്വർഗ്ഗത്തിലെയും വിശുദ്ധമന്ദിരം ശുദ്ധീകരിക്കുന്നതിനെപ്പറ്റി വ്യക്തമായി പഠിപ്പിക്കുന്നു. "ന്യായപ്രമാണപ്രകാരം, ഏകദേശം സകലവും രക്തത്താൽ ശുദ്ധീകരിക്കപ്പെടുന്നു. രക്തം ചൊരിഞ്ഞിട്ടല്ലാതെ വിമോചനം ഇല്ല. ആകയാൽ സ്വർഗ്ഗത്തിലുള്ളവയുടെ പ്രതിബിംബങ്ങളെ ഈ വകയാൽ (മൃഗങ്ങളുടെ രക്തത്താൽ) ശുദ്ധമാക്കുന്നത് ആവശ്യം. സ്വർഗ്ഗീയമായ വക്കോ ഇവയെക്കാൾ നല്ല യാഗങ്ങൾ ആവശ്യം" (എബ്രാ. 9:22,23). ക്രിസ്തുവിൻറെ വിലയേറിയ രക്തം തന്നെ ആവശ്യം.

നിഴലായതിലും പൊരുളായതിലും ശുദ്ധീകരണം വരുത്തുന്നത് രക്തം

ആണ്. ആദ്യത്തേതിൽ മൃഗരക്തവും, പിന്നെ അതിൽ ക്രിസ്തുവിൻറെ രക്തവും. ശുദ്ധീകരണം രക്തത്താൽ നടത്തുന്നതിൻറെ കാരണം, വി. പൌലൊസ് പറയുന്നത്: “രക്തം ചൊരിഞ്ഞിട്ടല്ലാതെ വിമോചനം ഇല്ല''‘ എന്നാണ്. വിമോചനം അഥവാ നിർമ്മാർജ്ജനം ചെയ്യൽ എന്ന വേലയാണ് നിർവ്വഹിക്കപ്പെടേണ്ടത്. പക്ഷെ, പാപത്തിന് സ്വർഗ്ഗത്തിലെയോ ഭൂമിയിലെയോ വിശുദ്ധമന്ദിരവുമായി എങ്ങനെ ബന്ധമുണ്ടാകും? “സ്വർഗ്ഗീയമായ തിൻറെ ദൃഷ്ടാന്തവും നിഴലുമായതിൽ ശുശ്രൂഷ ചെയ്യുന്നു'' (എബ്രാ. 8:5). പുരോഹിതന്മാരുടെ പ്രതീകാത്മകമായ ശുശ്രൂഷയെക്കുറിച്ചുള്ള പരാമർശ

ത്തിൽക്കൂടെ ഇതു പഠിക്കുവാൻ
കഴിയും.

ഭൗമിക വിശുദ്ധമന്ദിരത്തിലെ ശുശ്രൂഷയ്ക്ക്
രണ്ടു ഭാഗങ്ങൾ ഉണ്ടായിരുന്നു.
വിശുദ്ധസ്ഥലത്ത് ദിവസവും
പുരോഹിതന്മാർ ശുശ്രൂഷ ചെയ്തു പോന്നു.
വർഷത്തിലൊരിക്കൽ
മഹാപുരോഹിതൻ
അതിവിശുദ്ധസ്ഥലത്ത് ഒരു പ്രത്യേക
പാപപരിഹാര ശുശ്രൂഷ
വിശുദ്ധമന്ദിരത്തിൻറെ ശുദ്ധീകരണ
ത്തിനുവേണ്ടി നടത്തിയിരുന്നു.
ദിവസംതോറും അനുതപിക്കുന്ന പാപി,
തൻറെ വഴിപാട്
സമാഗമനകൂടാരത്തിൻറെ
വാതിൽക്കൽ കൊണ്ടുവന്ന്, തൻറെ

കൈയാഗമൃഗത്തിൻറെ തലയിൽ വെച്ച്
പാപം ഏറ്റുപറഞ്ഞ്, സാദൃശമായി
തൻറെ പാപങ്ങളെ ആ
നിരപരാധിയായ മൃഗത്തിലേക്കു മാറ്റുന്നു.
പിന്നെ ആ മൃഗത്തെ കൊല്ലും. "രക്തം
ചൊരിഞ്ഞിട്ടല്ലാതെ വിമോചനമില്ല"
എന്ന് വി. പൌലൊസ് പറയുന്നു;
"മാംസത്തിൻറെ ജീവൻ രക്തത്തിലല്ലോ
ഇരിക്കു ന്നത്' (ലേവ്യ.17:11 ).
ദൈവകല്പനയുടെ ലംഘനം,
ലംഘകൻറെ ജീവൻ ആവശ്യപ്പെടുന്നു.
പാപം വഹിക്കുന്ന യാഗമൃഗത്തിൻറെ
രക്തം പാപിയുടെ ജീവനെ
പ്രതിനിധാനം ചെയ്യുന്നു. ഈ രക്തം
പുരോഹിതൻ വിശുദ്ധസ്ഥ ലത്ത്
കൊണ്ടുപോയി തിരശ്ശീലയ്ക്കു മുമ്പിൽ
തളിക്കുന്നു. ഈ തിരശ്ശീലയുടെ

പിന്നിലാണ് അവൻ ലംഘിച്ച നിയമം ഇരിക്കുന്ന പെട്ടകം ഉള്ളത്. ഈ ശുശ്രൂഷയിൽ പാപം രക്തത്തിലൂടെ, സദൃശമായി വിശുദ്ധമന്ദിരത്തി ലേക്ക് മാറ്റുകയാണ്. ചില സന്ദർഭങ്ങളിൽ രക്തം വിശുദ്ധമന്ദിരത്തിലേക്കും കൊണ്ടുവരുന്നില്ല. എന്നാൽ ആ മൃഗത്തിൻറെ മാംസം മോശെയുടെ നിർദ്ദേശ പ്രകാരം അഹരോൻറെ പുത്രന്മാർ ഭക്ഷിക്കണമായിരുന്നു. “സഭയുടെ അകൃത്യം വഹിക്കേണ്ടതിന് അത് ദൈവം നിങ്ങൾക്ക് തന്നതാണ്‘‘ (ലേവ്യ. 10:17). രണ്ട് ശുശ്രൂഷയും ഒരുപോലെ അനുതപിച്ച് പാപിയിൽനിന്ന് വിശു ദ്ധമന്ദിരത്തിലേക്ക് പാപം മാറ്റുന്നതിൻറെ പ്രതിരൂപം ആണ്.

അതാണ് വർഷം മുഴുവനും ഓരോ ദിവസവും നടന്നുകൊണ്ടിരുന്നത്. ഇപ്രകാരം യിസ്രായേലിൻറെ പാപമെല്ലാം വിശുദ്ധമന്ദിരത്തിലേക്ക് മാറ്റപ്പെട്ടിരുന്നത് നീക്കം ചെയ്യാൻ ഒരു പ്രത്യേക ശുശ്രൂഷ ആവശ്യമായി വന്നു. ഓരോ വിശുദ്ധ ഭാഗത്തിനും പ്രായശ്ചിത്തം നടത്തുവാൻ ദൈവം ആജ്ഞാ പിച്ചു. "യിസ്രയേൽ മക്കളുടെ അശുദ്ധികൾ നിമിത്തവും അവരുടെ സകല പാപവുമായ ലംഘനങ്ങൾ നിമിത്തവും അവൻ വിശുദ്ധമന്ദിരത്തിന് പ്രായശ്ചിത്തം കഴിക്കണം. അവരുടെ ഇടയിൽ അവരുടെ അശുദ്ധിയുടെ നടുവിൽ ഇരിക്കുന്ന സമാഗമനകൂടാരത്തിനും അവൻ

അങ്ങനെതന്നെ ചെയ്യേണം".
യാഗപീഠത്തിനും പ്രായശ്ചിത്തം
കഴിക്കേണം. “യിസ്രായേൽ മക്കളുടെ
അശു ദ്ധികളെ നീക്കി അതിനെ
വെടിപ്പാക്കി ശുദ്ധീകരിക്കേണം”
(ലേവ്യ. 16:16,19).

വർഷത്തിലൊരിക്കൽ
മഹാപാപപരിഹാര ദിവസം
പുരോഹിതൻ വിശുദ്ധമന്ദിരം
ശുദ്ധീകരിക്കാനായി
അതിവിശുദ്ധസ്ഥലത്ത് പ്രവേശിച്ചു.
വർഷം മുഴുവനും ചെയ്തിരുന്ന വേലയെ
ഈ ശുശ്രൂഷ പൂർത്തീകരിച്ചു.
മഹാപാപപരിഹാര ദിവസം രണ്ട്
കോലാട്ടുകൊറ്റന്മാരെ കൊണ്ടുവന്ന്
സമാഗമനകൂടാരവാതിൽക്കൽ

നിർത്തി അവയ്ക്ക് ചീട്ടിടും. "യഹോവയ്ക്ക് എന്നൊരു ചീട്ടും അസസ്സേലിന് എന്ന് മറ്റൊരു ചീട്ടും" (വാക്യം 8). യഹോവയ്ക്ക് എന്ന ചീട്ടു വീണ കോലാട്ടുകൊറ്റനെ ജനങ്ങളുടെ പാപയാഗമായി കൊല്ലേണ്ടിയിരുന്നു. പുരോഹിതൻ അതിൻറെ രക്തം തിരശ്ശീലയ്ക്ക് അകത്തു കൊണ്ടു വന്ന് കൃപാസനത്തിന്മേലും അതിനു മുൻപിലും തളിക്കണം. തിരശ്ശീലയ്ക്കു മുൻപിൽ ഉള്ള ധൂപപീഠത്തിന്മേലും രക്തം തളിക്കേണം,

"ജീവനോടിരിക്കുന്ന കോലാട്ടുകൊറ്റൻറെ തലയിൽ അഹരോൻ കൈ രണ്ടും വെച്ച് യിസ്രായേൽ മക്കളുടെ എല്ലാ കുറ്റങ്ങളും സകല പാപങ്ങളുമായ ലംഘനങ്ങളൊക്കെയും ഏറ്റുപറഞ്ഞ്

കോലാട്ടുകൊറ്റൻറെ തലയിൽ ചുമ ത്തി, നിയമിക്കപ്പെട്ട ഒരു ആളുടെ കൈവശം അതിനെ മരുഭ്രമിയിലേക്ക് അയക്കേണം, കോലാട്ടുകൊറ്റൻ അവരുടെ കുറ്റങ്ങളെ ഒക്കെയും ശ്രുന്യപ്രദേശത്തേക്ക് ചുമന്നുകൊണ്ടു പോകേണം; അവൻ കോലാട്ടുകൊറ്റനെ മരുഭ്രമിയിൽ വിടേണം'' (വാക്യം 21,22). യിസ്രായേലിൻറെ പാർപ്പിടങ്ങളിലേക്ക് അസസ്സേലിനു ചീട്ടു വീണ ആട്ടുകൊറ്റൻ പിന്നെ ഒരിക്കലും വരുന്നില്ല. കൊണ്ടുപോയ വ്യക്തി തൻറെ പാളയത്തിൽ കയറുന്നതിനുമൻപ് തൻറെ വസ്ത്രം അലക്കി കുളിച്ചിരിക്കണം.

ദൈവത്തിൻറെ വിശുദ്ധിയും
പാപത്തോടുള്ള വെറുപ്പും
യിസ്രായേലിനെ
ഉൽബോധിപ്പിക്കാനായി ആസൂത്രണം
ചെയ്തതായിരുന്നു ഈ ആചാരം മുഴുവനും.
അതു കൂടാതെ, അശുദ്ധമാകാതെ
പാപത്തോട് ബന്ധപ്പെടാൻ
കഴികയില്ലെന്ന് അവരെ കാണിക്കാനും
ഉപകരിച്ചു. ഈ പ്രായശ്ചിത്ത ശുശ്രൂഷ
നടക്കുമ്പോൾ ഓരോ വ്യക്തിയും
ആത്മതപനം ചെയ്യുണമായിരുന്നു. എല്ലാ
വേലകളും മാറ്റി വെച്ച്, മുഴുവൻ
യിസ്രയേല്യരും ഉപവാസം, പ്രാർത്ഥന,
ആഴമേറിയ ഹൃദയപരിശോധന
എന്നിവയാൽ ഭയഭക്തിയോടും താഴ്ച
യോടുംകൂടെ ദൈവമുമ്പാകെ ആ ദിവസം
ചിലവിടണമായിരുന്നു.

നിഴലായ ഈ ശുശ്രൂഷ
പാപപരിഹാരത്തെക്കുറിച്ച് പ്രധാനപ്പെട്ട
സത്യങ്ങൾ പഠിപ്പിക്കുന്നു. പാപിയുടെ
സ്ഥാനത്ത് ഒരു പകരക്കാരൻ
അംഗീകരിക്കപ്പെട്ടു. പക്ഷെ,
യാഗമൃഗത്തിൻറെ രക്തത്താൽ പാപം
നീതീകരിക്കപ്പെടുന്നില്ല. അത്
വിശുദ്ധമന്ദിരത്തിലേക്കു മാറ്റാനുള്ള ഒരു
മാർഗ്ഗം അങ്ങനെ ഉണ്ടാക്കപ്പെട്ടു.
രക്തവഴിപാടുമൂലം പാപി
നിയമത്തിൻറെ ആധിപത്യം
അംഗീകരിച്ച്, അവൻറെ
കല്പനാലംഘനത്താലുള്ള
അപരാധത്തെക്കുറിച്ച് അനുത പിക്കുന്നു.
വരാനിരിക്കുന്ന രക്ഷകനിലുള്ള
വിശ്വാസത്താൽ ക്ഷമ കിട്ടാനുള്ള

അവൻറെ ആഗ്രഹത്തെ പ്രകടിപ്പിക്കുന്നു. പക്ഷെ, അവൻ അതുകൊണ്ട് കല്പ്പനയുടെ ശിക്ഷാവിധിയിൽനിന്നും പൂർണ്ണമായി മോചിക്കപ്പെടുന്നില്ല. മഹാപാപപരിഹാര ദിവസം മഹാപുരോഹിതൻ ജനങ്ങളുടെ വഴിപാട് എടുത്ത്, അതിൻറെ രക്തവുമായി അതിവിശുദ്ധസ്ഥലത്തു ചെന്ന് കൃപാസനത്തിന്മേലും ന്യായപ്രമാണത്തിന്മേലും അത് തളിച്ച്, ന്യായപ്രമാണത്തിൻറെ അവകാശങ്ങളെ തൃപ്തിപ്പെടുത്തുന്നു. അപ്പോൾ മദ്ധ്യസ്ഥൻ എന്ന നിലയിൽ പുരോഹിതൻ പാപത്തെ വിശുദ്ധമന്ദിരത്തിൽനിന്ന് തൻറെ മേൽ വഹിക്കുന്നു. പുരോഹിതൻ തൻറെ കൈകളെ അസസ്സേലിനു ചീട്ടുവീണ കോലാട്ടുകൊറ്റൻറെ തല

യിൽവെച്ച് എല്ലാ പാപവും ഏറ്റു പറഞ്ഞ് അനുതപിക്കുന്നു. അങ്ങനെ സാദൃശമായി തന്നിൽനിന്ന് സകല പാപങ്ങളും കോലാട്ടുകൊറ്റൻറെ തലയിൽ ചുമത്തുന്നു. അത് അവയെ ദൂരേയ്ക്ക് വഹിക്കുകയും ജനങ്ങളിൽനിന്ന് പാപങ്ങൾ എന്നെന്നേക്കുമായി മാറ്റപ്പെട്ടതായി കണക്കാക്കപ്പെടുകയും ചെയ്യുന്നു.

"സ്വർഗ്ഗീയമായതിന്റെ നിഴലും ദൃഷ്ടാന്തവുമായ" ശുശ്രൂഷ അങ്ങനെ ആയിരുന്നു. സ്വർഗ്ഗീയ വിശുദ്ധമന്ദിരത്തിലെ യഥാർത്ഥ ശുശ്രൂഷയുടെ നിഴലായിരുന്ന ഭൗമിക കൂടാരത്തിലെ നിഴലായി നടന്ന ശുശ്രൂഷ.

2012

സ്വർഗ്ഗാരോഹണത്തിനുശേഷം
രക്ഷകൻ നമ്മുടെ മഹാപുരോഹിതനായി
തൻറെ വേല ആരംഭിച്ചു. “”ക്രിസ്തു
വാസ്തവമായതിൻറെ പ്രതിബിംബമായി
കൈപ്പണി യായ
വിശുദ്ധമന്ദിരത്തിലേക്കല്ല ഇപ്പോൾ
നമുക്കുവേണ്ടി ദൈവസന്നിധിയിൽ
പ്രത്യക്ഷനാവാൻ സ്വർഗ്ഗത്തിലേക്ക്
പ്രവേശിച്ചത് എന്ന് വി. പൌലൊസ്
പറയുന്നു (എബ്രായർ 9:24).

വിശുദ്ധ സ്ഥലത്തെ
പ്രാകാരത്തിൽനിന്നും
വേർതിരിക്കുന്നതിന് വാതി
ലായിത്തീർന്ന തിരശ്ശീലയ്ക്കുള്ളിൽ
നിന്നും വിശുദ്ധമന്ദിരത്തിൻറെ
ആദ്യഭാഗത്ത് പുരോഹിതൻ വർഷം

മുഴുവനും നിർവ്വഹിച്ച ശുശ്രൂഷ ക്രിസ്തു
തൻറെ
സ്വർഗ്ഗാരോഹണത്തിനുശേഷം
ആരംഭിച്ച ശുശ്രൂഷയെ
പ്രതിനിധീകരിക്കുന്നു.
പാപയാഗത്തിൻറെ രക്തവും
യിസ്രായേലിൻറെ
പ്രാർത്ഥനയോടൊപ്പം ഉയർന്നിരുന്ന
ധൂപവർഗ്ഗവും ദൈവമുമ്പാകെ
സമർപ്പിക്കുകയായിരുന്നു
ദൈനംദിന ശുശ്രൂഷയിലൂടെയുള്ള
പുരോഹിതൻറെ വേല. അതുപോലെ
പിതാവിൻറെ മുൻപിൽ ക്രിസ്തു
പാപികുവേണ്ടി തൻറെ രക്തത്താൽ
അഭയയാചന കഴിക്കുന്നു. തൻറെ
സ്വന്തനീതിയുടെ വിലയേറിയ
സൗരഭ്യത്തോടൊപ്പം അനുതപിക്കുന്ന

വിശ്വാസിയുടെ പ്രാർത്ഥനയും സമർപ്പിക്കുന്നു. സ്വർഗ്ഗത്തിലെ വിശുദ്ധമന്ദിരത്തിൻറെ ആദ്യഭാഗത്തു നടന്ന ശുശ്രൂഷ അതായിരുന്നു.

ക്രിസ്തു സ്വർഗ്ഗാരോഹണം ചെയ്തപ്പോൾ ശിഷ്യന്മാരുടെ വിശ്വാസവും അവനെ അനുഗമിച്ചു. അവരുടെ പ്രത്യാശ ഇവിടെ കേന്ദ്രീകരിച്ചു. ആ പ്രത്യാശ നമുക്ക് ആത്മാവിൻറെ നങ്കൂരം തന്നെ; അത് നിശ്ചയവും സ്ഥിരവും തിരശ്ശീലയ്ക്കകത്തേയ്ക്ക് കടക്കുന്നതുമാകുന്നു. അവിടേയ്ക്ക് യേശു "മീസേദെക്കിൻറെ ക്രമപ്രകാരം എന്നേയ്ക്കും മഹാപുരോഹിതനായി മുമ്പുകൂട്ടി നമുക്കുവേണ്ടി പ്രവേശിച്ചിരിക്കുന്നു". "ആട്ടുകൊറ്റന്മാരു

ടെയും പശുക്കിടാക്കളുടേയും
രക്തത്താലല്ല, സ്വന്ത രക്തത്താൽ തന്നെ
ഒരിക്കലായിട്ട് വിശുദ്ധമന്ദിരത്തിൽ
പ്രവേശിച്ച് എന്നേയ്ക്കുമുള്ളൊരു വീണ്ടെടുപ്പ്
സാധിപ്പിച്ചു" (എബ്രാം 6:19,20; 9:12)
എന്ന് പൌലൊസ് പറയുന്നു.

പതിനെട്ടു നൂറ്റാണ്ടോളം
വിശുദ്ധമന്ദിരത്തിൻറെ ആദ്യത്തെ
ഭാഗത്ത് ഈ ശുശ്രൂഷ തുടർന്നിരുന്നു.
ക്രിസ്തുവിൻറെ രക്തം അനുതപിക്കുന്ന
വിശ്വാ സിക്കുവേണ്ടി വാദിച്ചു.
പിതാവിൽ നിന്ന് പാപക്ഷമയും
അംഗീകാരവും അവർക്ക് ലഭിച്ചിരുന്നു
എങ്കിലും സ്വർഗ്ഗീയ രേഖകളിൽ
അവരുടെ പാപങ്ങൾ
അവശേഷിച്ചിരുന്നു. നിഴലായ

ശുശ്രൂഷയിൽ വർഷാവസാനം ഒരു പാപപരിഹാര ശുശ്രൂഷ ഉണ്ടായിരുന്നതുപോലെ, മനുഷ്യരാശിയുടെ വീണ്ടെടുപ്പിൻ വേലയിൽ ക്രിസ്തുവിൻറെ വേല അവസാനിക്കുന്നതിനുമുമ്പ് വിശുദ്ധമന്ദിരത്തിൽനിന്ന് പാപത്തെ നീക്കിക്കളയുന്ന പാപപരിഹാര ശുശ്രൂഷ ഉണ്ട്. ഈ ശുശ്രൂഷയാണ് 2300 സന്ധ്യയും ഉഷസ്സും അവസാനിക്കുമ്പോൾ ആരംഭിക്കുന്നത്. ദാനീയേൽ പ്രവാചകൻ മുന്നറിയിപ്പു തന്നതുപോലെ, ആ സമയത്ത് നമ്മുടെ മഹാപുരോഹിതൻ തൻറെ പാവനമായ വേലയുടെ അവസാ നഭാഗമായ വിശുദ്ധമന്ദിരശുദ്ധീകരണത്തിനുവേണ്ടി അതിവിശുദ്ധസ്ഥല ത്തേക്ക് പ്രവേശിച്ചു.

പുരാതനകാലത്തെപ്പോലെ ജനങ്ങളുടെ
പാപം വിശ്വാസത്താൽ
പാപയാഗവസ്തുവിൻമേൽ ചുമത്തി
അതിൻറെ രക്തത്തിലൂടെ സാദൃശമായി
ഭൗമിക വിശുദ്ധമന്ദിരത്തിലേക്ക്
മാറ്റപ്പെട്ടിരുന്നതുപോലെ പുതിയ നിയമ
ത്തിൽ അനുതപിച്ചവൻറെ പാപങ്ങൾ
വിശ്വാസത്താൽ ക്രിസ്തുവിൻറെ മേൽ
ചുമത്തി, വാസ്തവമായി സ്വർഗ്ഗീയ
മന്ദിരത്തിലേക്ക് മാറ്റപ്പെടും.
പാപത്താൽ മലിനമാക്കപ്പെട്ട ഭൗമിക
വിശുദ്ധമന്ദിരത്തിലെ പാപം നീക്കി
ശുദ്ധീകരിക്കുന്ന നിഴലായ ശുശ്രൂഷ
പോലെ സ്വർഗ്ഗീയമായതിന്റെ
യഥാർത്ഥ ശുദ്ധീകരണം അവിടെ
രേഖപ്പെടുത്തുന്ന പാപത്തിൻറെ

നീക്കിക്കളയലിൽക്കൂടെ
സാദ്ധ്യമാക്കപ്പെടുന്നു. ഇതു
സാധിക്കുന്നതിനു സ്വർഗ്ഗീയ രേഖകളുടെ
ഒരു പരിശോധന ആവശ്യമായിരിക്കുന്നു.
ക്രിസ്തുവിങ്കലുള്ള വിശ്വാസത്താലും അനു
താപത്താലും തൻറെ പാപപരിഹാര
ശുശ്രൂഷയുടെ നന്മ പ്രാപിപ്പാൻ
യോഗ്യരായവരെ തീരുമാനിക്കുന്നതിനു
ഈ പരിശോധന ആവശ്യമായിരുന്നു.
അതു കൊണ്ട് ന്യായവിധിയുടെ
വേലയാകുന്ന ഒരു പരിശോധന
വിശുദ്ധമന്ദിര ശുദ്ധീകരണത്തിൽ
ഉൾക്കൊള്ളുന്നു. "അവൻ വരുമ്പോൾ
ഓരോരുത്തനു അവനവൻറെ
പ്രവൃത്തിക്കു തക്കവണ്ണം കൊടുപ്പാൻ
പ്രതിഫലം എൻറെ പക്കൽ ഉണ്ട്'
(വെളി. 22:12). അതുകൊണ്ട്, തൻറെ

ജനത്തെ വീണ്ടെടുക്കാനായി ക്രിസ്തു വരുന്നതിനുമുമ്പ് ഈ വേല ചെയ്തിരിക്കണം.

അങ്ങനെ പ്രവചന വെളിച്ചത്തെ അനുഗമിച്ചവർ 1844-ൽ 2300 സന്ധ്യയും ഉഷസ്സും അവസാനിക്കുമ്പോൾ ഭൂമിയിലേക്ക് വരേണ്ടതിനുപകരം ക്രിസ്തു സ്വർഗ്ഗീയ മന്ദിരത്തിലെ അതിവിശുദ്ധസ്ഥലത്തേക്ക് തൻറെ വരവിൻറെ ഒരുക്കമായ പാപപരിഹാരശുശ്രൂഷയുടെ അവസാനഭാഗം നിർവ്വഹിക്കുന്നതിനുവേണ്ടി പ്രവേശിച്ചു എന്ന് മനസ്സിലാക്കി.

പാപയാഗം യേശുവിൻറെ യാഗത്തെ
ചൂണ്ടിക്കാണിച്ച മഹാപുരോഹി തൻ
ക്രിസ്തുവിനെ ഒരു മദ്ധ്യസ്ഥൻ എന്ന
നിലയിൽ പ്രതിനിധീകരിച്ചു.
അനുതപിക്കുന്നവൻറെ പാപം
അവസാനമായി ചുമത്തപ്പെടുന്ന
അസസ്സേലി നുള്ള ആട് പാപത്തിൻറെ
കാരണഭൂതനായ സാത്താനെ
സൂചിപ്പിച്ചു. പാപ യാഗരക്തത്താൽ
മഹാപുരോഹിതൻ
വിശുദ്ധമന്ദിരത്തിൽനിന്നും പാപം
നീക്കം ചെയ്ത് അസസ്സേലിനു ചീട്ടുവീണ
ആടിൻറെ മേൽ ചുമത്തി. തൻറെ
ശുശ്രൂഷയുടെ അവസാനത്തിങ്കൽ
കിൻറെ സ്വന്തരക്തത്താൽ തൻറെ
ജനത്തിൻറെ പാപം
സ്വർഗ്ഗീയമന്ദിരത്തിൽനിന്ന് നീക്കി

2021

ന്യായവിധിയിൽ അവ സാന പിഴ അനുഭവിക്കേണ്ടതായ സാത്താൻറെ മേൽ ചുമത്തും. യിസ്രായേൽ പാളയത്തിലേക്ക് ഒരിക്കലും മടങ്ങിവരാതവണ്ണം ആ ആട്ടുകൊറ്റനെ മനുഷ്യവാസമില്ലാത്ത ഒരു സ്ഥലത്തേക്ക് അയച്ചിരുന്നു. അതുപോലെ ദൈവത്തിൻറെയും ദൈവജനത്തിൻറെയും സന്നിധിയിൽനിന്ന് പിശാചിനെ എന്നെ ന്നേക്കുമായി നിഷ്കാസനം ചെയ്ത്, പാപത്തേയും പാപിയേയും എന്നെ ന്നേക്കുമായി നശിപ്പിക്കും.

## അദ്ധ്യായം 24—അതിപരിശുദ്ധ സ്ഥലത്ത്

1844-ലെ നിരാശയുടെ രഹസ്യം വെളിപ്പെടുത്തിയ താക്കോലായിരുന്നു സമാഗമന കൂടാരമെന്ന വിഷയം. പരസ്പരബന്ധമുള്ളതും, യോജിപ്പുള്ളതുമായ ഒരു പൂർണ്ണ സത്യം അതു തുറന്നുതന്നു. പുനരാഗമന ദൂതുഘോഷണം ദൈവത്തിൻറെ കരങ്ങളാലാണ് നയിക്കപ്പെടുന്നതെന്നും അത് ചൂണ്ടിക്കാട്ടി. ജനത്തിൻറെ സ്ഥാനവും പ്രവൃത്തിയും എന്തെന്നും അതു വെളിപ്പെടുത്തിയതിലൂടെ ഇപ്പോഴത്തെ ചുമതല എന്തെന്നും അതു കാണിച്ചുതന്നു. ഭയാനകവും ഉത്ക്കണ്ഠാഭരിതവുമായ രാത്രിക്കുശേഷം കർത്താവിനെ കണ്ടപ്പോൾ സന്തോഷിച്ചതുപോലെ,

തൻറെ രണ്ടാമത്തെ വരവിനുവേണ്ടി വിശ്വാസത്തോടെ കാത്തിരുന്നവർ ആഹ്ളാദിച്ചു. കർത്താവിന്റെ ദാസന്മാർക്ക് പ്രതിഫലം നൽകുവാനായി താൻ മഹത്വത്തിൽ പ്രത്യക്ഷപ്പെടുമെന്ന് അവർ പ്രതീക്ഷിച്ചിരുന്നു. എന്നാൽ അവരുടെ ആശയ്ക്കു ഭംഗം സംഭവിച്ചു. യേശുവിങ്കലുള്ള കാഴ്ച അവർക്കു നഷ്ടമായി. ശവക്കല്ലറയ്ക്കു സമീപം നിന്നു കൊണ്ട് മറിയ കരഞ്ഞതുപോലെ അവർ കരഞ്ഞു: "എൻറെ കർത്താവിനെ എടുത്തുകൊണ്ടുപോയി; അവനെ എവിടെ വച്ചു എന്നു ഞാൻ അറിയുന്നില്ല". തങ്ങളുടെ സ്നേഹവാനായ മഹാപുരോഹിതനെ, തങ്ങളുടെ രാജാവും വിമോചകനുമായി പ്രത്യക്ഷപ്പെടുവാൻ

പോകുന്ന കർത്താവിനെ അതിവിശു
ദ്ധസ്ഥലത്ത് അവർ കണ്ടു.
വിശുദ്ധമന്ദിരത്തിൽനിന്നുള്ള വെളിച്ചം
കഴിഞ്ഞ കാലത്തെയും
വർത്തമാനകാലത്തേയും
ഭാവിയേയും പ്രകാശിപ്പിച്ചു. തെറ്റു
പറ്റാത്ത ദൈവിക സംരക്ഷണയിലാണ്
ഇതുവരെയും തങ്ങളെ ദൈവം
നടത്തിയതെന്ന് അവർ മനസ്സിലാക്കി.
ആദ്യകാലത്തെ ശിഷ്യന്മാരെപ്പോലെ
തങ്ങൾ വഹിച്ചിരുന്ന ദൂത്
ഗ്രഹിക്കുന്നതിൽ അവർ
പരാജയപ്പെട്ടുവെങ്കിലും, എല്ലാ
രീതിയിലും അതു ശരിയായിരുന്നു. അതു
വിളംബരം ചെയ്യുന്നതിലൂടെ
ദൈവോദ്ദേശ്യം അവർ നിറവേറ്റി;
അവരുടെ പ്രയത്നം കർത്താവിൽ

വൃഥാവായില്ല. “ജീവനുള്ള പ്രത്യാശയ്ക്കായി വീണ്ടും ജനിക്കപ്പെട്ട അവർ, പറഞ്ഞുതീരാത്തതും മഹിമയുള്ളതുമായ സന്തോഷത്തോടെ ആനന്ദിക്കുകയും ചെയ്തു”.

ദാനീയേൽ 8:14-ലെ രണ്ടായിരത്തി മുന്നൂറ് സന്ധ്യയും ഉഷസ്സും തികയുവോളം തന്നെ പിന്നെ വിശുദ്ധ മന്ദിരം യഥാസ്ഥാനപ്പെടും എന്ന പവ ചനവും “ദൈവത്തെ ഭയപ്പെട്ട് അവന് മഹത്വം കൊടുപ്പിൻ; അവൻറെ ന്യായ വിധിയുടെ നാഴിക വന്നിരിക്കുന്നു” എന്ന പ്രവചനവും തൻറെ ജനത്തെ വീണ്ടെടുക്കുന്നതിനും ദുഷ്ടന്മാരെ നിഗ്രഹിക്കുന്നതിനും ഉള്ള ക്രിസ്തു വിൻറെ രണ്ടാമത്തെ

വരവിനെയായിരുന്നില്ല പിന്നെയോ ക്രിസ്തുവിൻറെ അതി പരിശുദ്ധസ്ഥലത്തെ ശുശ്രൂഷയേയും പരിശോധനാന്യായവിധിയേയുമാണ് ചൂണ്ടിക്കാണിച്ചത്, പ്രവചനകാലങ്ങളുടെ കണക്കുകൂട്ടലിൽ ഉണ്ടായ തെറ്റാ യിരുന്നില്ല, പിന്നെയോ രണ്ടായിരത്തി മുന്നൂറ് സന്ധ്യയുടെയും ഉഷസ്സി ന്റെയും ഒടുവിൽ നടക്കേണ്ടിയിരുന്ന സംഭവത്തെ ഗ്രഹിച്ചതിലാണ് തെറ്റു പറ്റിയത്. ഈ തെറ്റിലൂടെ വിശ്വാസികൾക്ക് കഠിനമായ നിരാശ അനുഭവിക്കേണ്ടിവന്നു. എന്നാൽ പ്രവചനത്തിൽ പറഞ്ഞ എല്ലാകാര്യങ്ങളും നിറവേറുകതന്നെ ചെയ്തു.തങ്ങളുടെ പ്രത്യാശയുടെ ഭംഗത്തെക്കുറിച്ചു പല് പിച്ചുകൊണ്ടിരുന്ന

അതേ സമയത്തുതന്നെ ദൈവം മുൻകൂട്ടിപ്പറഞ്ഞിരുന്ന സംഭവം നടക്കുകയുണ്ടായി . കർത്താവ് തൻറെ ദാസൻമാർക്ക് പ്രതിഫലവുമായി പ്രത്യക്ഷപ്പെടുന്നതിനുമുൻപ് നിറവേറേണ്ടിയിരുന്നതായിരുന്നു ആ സംഭവം.

ക്രിസ്തു വരികതന്നെ ചെയ്തു. അവർ പ്രതീക്ഷിച്ചതുപോലെ ഭൂമിയിലേക്കായിരുന്നില്ല എന്നു മാത്രം, അടയാളങ്ങളിലൂടെ മുൻകൂട്ടിക്കാണിച്ചിരു ന്നതുപോലെ, സ്വർഗ്ഗത്തിലുള്ള ദൈവത്തിൻറെ വിശുദ്ധ മന്ദിരത്തിലെ അതി വിശുദ്ധ സ്ഥലത്തേക്കാണ് ക്രിസ്തു പ്രവേശിച്ചത്. ക്രിസ്തു വയോധികനായ ഒരുവൻറെ

അടുത്തേക്കു പോകുന്നതായി ദാനീയേൽ ചിത്രീകരിച്ചിരിക്കുന്നു. "രാത്രി ദർശനങ്ങളിൽ, മനുഷ്യപുത്രനോട് സദൃശനായ ഒരുത്തൻ ആകാശ മേഘങ്ങളിൽ വരുന്നത് ഞാൻ കണ്ടു. അവൻ വയോധികൻറെ അടുക്കൽ ചെന്നു". മനുഷ്യപുത്രൻ ഭൂമിയിലേക്കല്ല വയോധികൻറെ അടുക്കലേക്കാണ് ചെന്നത്. "അവർ അവനെ അവൻറെ മുമ്പിൽ അടുത്തു വരുമാറാക്കി" (ദാനി യേൽ 7:13).

മലാഖിയും ഈ വരവിനെക്കുറിച്ചു പറയുന്നു: "നിങ്ങൾ അന്വേഷിക്കുന്ന കർത്താവും നിങ്ങൾ ഇഷ്ടപ്പെടുന്ന നിയമദൂതനുമായവൻ പെട്ടെന്നു തൻറെ മന്ദിരത്തിലേക്കു വരും; ഇതാ, അവൻ

വരുന്നുവെന്ന് സൈന്യങ്ങളുടെ യഹോവ അരുളിച്ചെയ്യുന്നു" (മലാഖി 3:1). തൻറെ മന്ദിരത്തിലേക്കുള്ള കർത്താവിന്റെ വരവ് പെട്ടെന്നുള്ളതും തൻറെ ജനത്തെ സംബന്ധിച്ചിടത്തോളം അപ്രതീക്ഷിതവുമായിരുന്നു. വിശുദ്ധമന്ദിരത്തിലേക്കു കർത്താവു വരുമെന്നല്ല ജനങ്ങൾ പ്രതീക്ഷിച്ചത്. അവർ പ്രതീക്ഷിച്ചത് ക്രിസ്തു ഭൂമിയിലേക്കു വരുമെന്നായിരുന്നു. "കർത്താവായ യേശു തൻറെ ശക്തിയുള്ള ദൂതൻമാരുമായി സ്വർഗ്ഗത്തിൽനിന്ന് അഗ്നിജ്വാലയിൽ പ്രത്യക്ഷനായി ദൈവത്തെ അറിയാത്തവർക്കും നമ്മുടെ കർത്താവായ യേശുവിൻറെ സുവിശേഷം അനുസരിക്കാത്തവർക്കും

പ്രതികാരം കൊടുക്കുവാനും” (2 തെസ്സ. 1:6,7) കർത്താവ് ഭൂമി യിലേക്കു വരുന്നുവെന്ന് അവർ പ്രതീക്ഷിച്ചിരുന്നു.

എന്നാൽ കർത്താവിനെ എതിരേൽപ്പാൻ ജനം ഒരുങ്ങിയിരുന്നില്ല. അവർക്ക് ഒരു ഒരുക്കത്തിൻറെ വേല അവശേഷിക്കുന്നുണ്ടായിരുന്നു. സ്വർഗ്ഗ ത്തിലെ വിശുദ്ധ കൂടാരത്തിലേക്ക് അവരുടെ മനസ്സുകളെ തിരിക്കേണ്ടതായിരുന്നു. തങ്ങളുടെ ശ്രേഷ്ഠമഹാപുരോഹിതനെ, തൻറെ സ്വർഗ്ഗീയ മന്ദിരത്തിലെ ശുശ്രൂഷയിൽ ഏർപ്പെട്ടിരിക്കുന്നത് അവർ കാണേണ്ടതുണ്ടായിരുന്നു. അങ്ങനെ ചെയ്യുമ്പോൾ പുതിയ ചുമതലകൾ

അവർക്ക് നൽകപ്പെടുമാ യിരുന്നു. വേറൊരു മുന്നറിയിപ്പിൻറെ ദൂതും നിർദ്ദേശങ്ങളും സഭയ്ക്ക് കൊടുക്കേണ്ടതുണ്ടായിരുന്നു.

പ്രവാചകൻ പറയുന്നത് ശ്രദ്ധിക്കുക: “എന്നാൽ അവൻ വരുന്ന ദിവസത്തെ ആർക്കു സഹിക്കാം? അവൻ പ്രത്യക്ഷനാകുമ്പോൾ ആർ നില നിൽക്കും? അവൻ ഊതിക്കഴിക്കുന്നവൻറെ തീ പോലെയും അലക്കുന്നവൻറെ ചാരവെള്ളം പോലെയും ആയിരിക്കും. അവൻ ഊതിക്കഴിക്കുന്നവനെപ്പോ ലെയും വെള്ളി ശുദ്ധി വരുത്തുന്നവനെപ്പോലെയും ഇരുന്നുകൊണ്ട് ലേവി പുത്രന്മാരെ

ശുദ്ധീകരിച്ച് പൊന്നുപോലെയും വെള്ളിപോലെയും നിർമ്മലീ കരിക്കും; അങ്ങനെ അവർ നീതിയിൽ യഹോവയ്ക്ക് വഴിപാട് അർപ്പിക്കും (മലാ. 3:2,3). സ്വർഗ്ഗീയ വിശുദ്ധമന്ദിരത്തിലെ ക്രിസ്തുവിൻറെ പക്ഷവാദ ശുശ്രൂഷ അവസാനിക്കുമ്പോൾ ഭൂമിയിൽ ജീവിച്ചിരിക്കുന്നവർ വിശുദ്ധനായ ദൈവത്തിൻറെ മുമ്പാകെ ഒരു ഇടനിലക്കാരൻ ഇല്ലാതെ നിൽക്കേണ്ടിവരും. അവരുടെ അങ്കികൾ കറയും ചുളുക്കവും ഇല്ലാത്തതായിരിക്കണം. ക്രിസ്തുവിൻറെ തളിക്കപ്പെട്ട രക്തത്താൽ അവരുടെ സ്വഭാവങ്ങൾ പാപത്തിൽനിന്ന് പൂർണ്ണമായി ശുദ്ധീകരിക്കപ്പെടണം.

ദൈവത്തിൻറെ കൃപയാലും,
ശുഷ്കാന്തിയോടുകൂടെയുമുള്ള അവരുടെ
പ്രയത്നത്താലും തിന്മയുമായുള്ള
പോരാട്ടത്തിൽ അവർ
വിജയികളായിത്തീരണം.
സ്വർഗ്ഗത്തിൽ പരിശോധനാന്യായ
വിധി നടക്കുമ്പോൾ, അനുതപിച്ച
വിശ്വാസികളുടെ പാപങ്ങൾ വിശുദ്ധമന്ദി
രത്തിൽനിന്നും നീക്കം
ചെയ്യപ്പെടുമ്പോൾ, ഭൂമിയിലുള്ള
ദൈവജനത്തിന് ഒരു പ്രത്യേക ജോലി
ചെയ്തുതീർക്കുവാനുണ്ട്. ഇത്
ശുദ്ധീകരണത്തിൻറെ ഒരു പ്രത്യേക
വേലയാണ്. പാപത്തെ
പരിപൂർണ്ണമായി വിട്ടൊഴിയുക
എന്നതാണ് അത് . വെളിപ്പാട് 14-ാം
അദ്ധ്യായത്തിൽ ഈ

പ്രവൃത്തിയെക്കുറിച്ച് വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്.

ഈ വേല പൂർത്തീകരിക്കപ്പെടുമ്പോൾ ക്രിസ്തുവിൻറെ അനുയായികൾ ക്രിസ്തുവിൻറെ വരവിനുവേണ്ടി ഒരുങ്ങിയിരിക്കും. "അന്ന് യെഹൂദയുടേയും യെരുശലേമിൻറേയും വഴിപാട് പുരാതന കാലത്തെന്നപോലെയും പണ്ടത്തെ ആണ്ടുകളിലെന്നപോലെയും യഹോവയ്ക്ക് പ്രസാദകരമായിരിക്കും" (മലാഖി 3:4), അപ്പോൾ തൻറെ വരവിൽ താൻ സ്വീകരിപ്പാൻ പോകുന്ന സഭ "കറ, ചുളുക്കം മുതലായതു് ഒന്നുമില്ലാത്തതായിരിക്കും" (എഫെ.

5:27). അപ്പോൾ അവൾ “അരുണോദയംപോലെ ശോഭയും ചന്ദ്രനെപ്പോലെ സൗന്ദര്യവും സൂര്യനെപ്പോലെ നിർമ്മലതയും കൊടികളോടു കൂടിയ സൈന്യംപോലെ ഭയങ്കരത്വവും ഉള്ളവളായിരിക്കും” (ഉത്തമഗീതം. 6:10).

യഹോവ തൻ്റെ മന്ദിരത്തിലേക്ക് എഴുന്നള്ളുന്നത് കൂടാതെ, ന്യായ വിധി നടപ്പാക്കുന്നതിനുള്ള തൻ്റെ രണ്ടാമത്തെ വരവിനെക്കുറിച്ചും മാലാഖി പ്രവാചകൻ ഇപ്രകാരം പറയുന്നു: “ഞാൻ ന്യായവിധിക്കായി നിങ്ങളോട് അടുത്തു വരും; ഞാൻ ക്ഷുദ്രക്കാർക്കും വ്യഭിചാരികൾക്കും കള്ളസ്സത്യം ചെയ്യുന്നവർക്കും കൂലിയുടെ

കാര്യത്തിൽ കൂലിക്കാരനെയും വിധവയെയും അനാഥനെയും പീഡിപ്പിക്കുന്നവർക്കും എന്നെ ഭയപ്പെടാതെ പരദേശിയുടെ ന്യായം മറിച്ചുകളയുന്നവർക്കും വിരോധമായി ഒരു ശീഘ്രസാക്ഷിയായിരിക്കും എന്ന് സൈന്യങ്ങളുടെ യഹോവ അരുളിച്ചെയ്യുന്നു" (മലാഖി.3:5). ഇതേ രംഗത്തെ യൂദാ ഇപ്രകാരം പരാമർശിക്കുന്നു: "ഇതാ, കർത്താവ് എല്ലാ വരേയും വിധിപ്പാനും അവർ അഭക്തിയോടെ ചെയ്ത ഭക്തിവിരുദ്ധമായ സകല പ്രവൃത്തികളും നിമിത്തം ഭക്തികെട്ട പാപികൾ തൻറെ നേരെ പറഞ്ഞ സകല നിഷ്ഠൂരങ്ങളും നിമിത്തവും ഭക്തികെട്ടവരെ ഒക്കെയും ബോധം വരു ത്തുവാനും ആയിരമായിരം

വിശുദ്ധന്മാരോടുകൂടെ വന്നിരിക്കുന്നു" (യൂദാ. 14,15). കർത്താവിന്റെ ഈ വരവും, വിശുദ്ധമന്ദിരത്തിലേക്കുള്ള വരവും രണ്ട് വ്യത്യസ്തങ്ങളായ സംഭവങ്ങളാണ്.

നമ്മുടെ മഹാപുരോഹിതനെന്ന നിലയിൽ ദൈവാലയ ശുദ്ധീകരണത്തിനുവേണ്ടി, അതിപരിശുദ്ധസ്ഥലത്തേക്ക് ദാനീയേൽ 8:14-ൽ പറഞ്ഞിരിക്കുന്നതും ദാനീയേൽ 7:13-ൽ "മനുഷ്യപുത്രനോട് സദൃശനായ ഒരുത്തൻ വയോധികൻറെ അടുക്കൽ ചെന്നു" എന്ന് വർണ്ണിച്ചിരിക്കുന്നതും "കർത്താവ് തൻറെ മന്ദിരത്തിലേക്ക് വരും' എന്ന മലാഖിയുടെ പ്രവചനവും

എല്ലാം ഒരേ സംഭവത്തിൻറെ വിശദീകരണങ്ങളാണ്. മത്തായി 25-ാം അദ്ധ്യായത്തിൽ ക്രിസ്തു പറഞ്ഞ പത്തു കന്യകമാരുടെ ഉപമയിൽ മണവാളൻറെ വരവും ഇതേ സംഭവത്തിൻറെ വിശദീകരണം ആകുന്നു.

1844-ലെ വേനൽക്കാലത്തും ശരത്കാലത്തും "മണവാളൻ വരുന്നു" എന്ന പ്രഖ്യാപനം നൽകപ്പെട്ടു. ബുദ്ധിയുള്ള കന്യകമാരും ബുദ്ധിയില്ലാത്ത കന്യകമാരും പ്രതിനിധാനം ചെയ്ത രണ്ടു വിഭാഗങ്ങൾ അപ്പോൾ രൂപം കൊണ്ടു. ഒരു വിഭാഗം സന്തോഷത്തോടുകൂടി കർത്താവിന്റെ പ്രത്യക്ഷത യ്ക്കായി കാത്തിരുന്നു. മറ്റേ

വിഭാഗം ഭയത്തിൽനിന്നും വികാരാവേശ ത്തിൽനിന്നും മുന്നോട്ടിറങ്ങിയവരായിരുന്നു. അവർ സത്യത്തിൻറെ സിദ്ധാന്തത്തിൽ മാത്രം തത്പരരായിരുന്നു. ദൈവത്തിൻറെ കൃപ അവർക്കില്ലായിരുന്നു. ഉപമയിൽ, മണവാളൻ വന്നപ്പോൾ, ഒരുക്കത്തോടുകൂടെയിരുന്നവർ അവനോടൊരുമിച്ച് വിവാഹത്തിനു പോയി. ഇവിടെ പറയപ്പെട്ട മണവാളൻറെ വരവ് വിവാഹത്തിനു മുമ്പ് നടക്കുന്ന സംഭവമാണ്. വിവാഹം അർത്ഥമാ ക്കുന്നത് തൻറെ രാജ്യത്തെ ക്രിസ്തു സ്വീകരിക്കുന്നതാണ്. പുതിയ യെരു ശലേം എന്ന വിശുദ്ധ നഗരം -- അത് തലസ്ഥാനനഗരിയും ക്രിസ്തുവിൻറെ രാജ്യത്തെ പ്രതിനിധാനം

ചെയ്യുന്നതുമാണ് - കുഞ്ഞാടിൻറെ കാന്തയായ മണവാട്ടി എന്ന് വിളിക്കപ്പെടുന്നു. യോഹന്നാനോട് ദൂതൻ പറഞ്ഞു: "വരിക കുഞ്ഞാടിൻറെ കാന്തയായ മണവാട്ടിയെ കാണിച്ചു തരാം". "അവൻ എന്നെ ആത്മവിവശതയിൽ ഉയർന്നോരു വന്മലയിൽ കൊണ്ടുപോയി". യോഹന്നാൻ പറയുന്നു: "യെരുശലേമെന്ന വിശുദ്ധ നഗരം സ്വർഗ്ഗത്തിൽനിന്ന്, ദൈവസന്നിധിയിൽ നിന്നുതന്നെ, ദൈവതേജസ്സുള്ളതായി ഇറങ്ങുന്നതു കാണിച്ചു തന്നു" (വെളി. 21:9,10). മണവാട്ടി വിശുദ്ധ നഗരത്തെ പ്രതിനിധാനം ചെയ്യുന്നുവെന്ന് വ്യക്തമായി. മണവാളനെ

എതിരേൽക്കാൻ പോകുന്ന കന്യക മാർ സഭയുടെ ഒരു പ്രതീകമാണ്. വെളിപ്പാടിൽ ദൈവജനത്തെ കല്യാണ സദ്യയിൽ പങ്കെടുക്കാൻ വന്ന അതിഥികളോട് തുലനം ചെയ്തിരിക്കുന്നു (വെളി. 19:9). അവർ അതിഥികളെങ്കിൽ മണവാട്ടിയുമായിരിപ്പാൻ കഴികയില്ല. ദാനീയേൽ പ്രവാചകൻ പറയുന്നത് ശ്രദ്ധിക്കുക: ക്രിസ്തു, മനുഷ്യ പുത്രനോടു സദൃശനായ ഒരുത്തൻ വയോധികൻ്റെ അടുക്കൽ ചെന്നു. "അവന്നു ആധിപത്യവും മഹത്വവും രാജത്വവും ലഭിച്ചു" (ദാനീ. 7:14). തൻ്റെ രാജ്യത്തിൻ്റെ തലസ്ഥാനമായ യെരുശലേം, "ഭർത്താവിനായി അലങ്കരിച്ച മണവാട്ടി'യെപ്പോലെ,

കർത്താവിനാൽ സ്വീകരിക്കപ്പെട്ടും (വെളി. 21:2). രാജ്യത്തെ സ്വീകരിച്ചതിന്നശേഷം, തൻറെ ജനത്തെ വീണ്ടെടുപ്പാനായി കർത്താവ് രാജാധിരാജാവായും കർത്താധികർത്താവായും തേജസ്സിൽ വരും. അപ്പോൾ തൻറെ ജനം "അബ്രഹാമിനോടും യിസഹാക്കിനോടും യാക്കോബിനോടും കൂടെ സ്വർഗ്ഗരാജ്യത്തിൽ പന്തിക്കിരിക്കും". കുഞ്ഞാടിൻറെ കല്യാണസദ്യക്ക് വീണ്ടെടുക്കപ്പെട്ടവർ എല്ലാവരും പങ്കുചേരും (മത്താ. 8:11; ലൂക്കൊ. 22:30),

"മണവാളൻ വരുന്നു" എന്ന 1844-ലെ പ്രഖ്യാപനം അനേകായിരങ്ങളെ

കർത്താവിന്റെ രണ്ടാമത്തെ ആസന്ന വരവിനുവേണ്ടി കാത്തിരിപ്പാൻ പ്രേരിപ്പിച്ചു. നിശ്ചയിക്കപ്പെട്ട നാളിൽ മണവാളൻ വന്നു. പക്ഷേ, അനേകായിരങ്ങൾ പ്രതീക്ഷിച്ചതുപോലെയല്ലെന്നു മാത്രം. വയോധികനായവൻറെ അടുത്തേക്ക് കാന്തയെ കല്യാണം കഴിക്കുവാൻ അഥവാ തൻറെ രാജ്യം സ്വീകരിപ്പാനായിരുന്നു കർത്താവ് പോയത്. "ഒരുങ്ങിയിരുന്നവർ അവനോടുകൂടെ കല്യാണസദ്യെക്കു ചെന്നു; വാതിൽ അടയ്ക്കുകയും ചെയ്തു" (മത്താ. 25:10). അവരുടെ ശാരീരിക സാന്നിദ്ധ്യം അവിടെ ആവശ്യമായിരുന്നില്ല. കാരണം ആ വിവാഹം സ്വർഗ്ഗത്തിൽ വച്ചാണല്ലോ

നടക്കുന്നത്. അപ്പോൾ അവർ ഭൂമിയിലായിരുന്നല്ലോ. ക്രിസ്തുവിൻറെ അനുയായികൾ കർത്താവിനുവേണ്ടി കാത്തിരിക്കേണ്ടതുണ്ടായിരുന്നു. “യജമാനൻ കല്യാണത്തിനു പോയി വന്നു മുട്ടിയാൽ ഉടനെ വാതിൽ തുറന്നുകൊടുക്കേണ്ടതിന് അവൻ എപ്പോൾ മടങ്ങിവരും എന്നു കാത്തുനില്ക്കുന്നവരോടു തുല്യരായിരിപ്പിൻ (ലൂക്കൊ. 12:36). കർത്താവിന്റെ ദാസന്മാർ കർത്താവിന്റെ വേല മനസ്സിലാക്കുകയും പിതാവിൻറെ മുമ്പാകെ പുത്രൻ കടന്നു ചെല്ലുമ്പോൾ വിശ്വാസത്തിൽ അവർ അവനെ പിന്തുടരുകയും ചെയ്യേണ്ടതാണ്. ഈ

അർത്ഥത്തിൽ വേണം അവർ
വിവാഹത്തിൽ പങ്കെടുക്കേണ്ടത്.

ഉപമയിൽ തങ്ങളുടെ പാത്രത്തിൽ
എണ്ണ കരുതിയിരുന്നവരാണ്
വിവാഹത്തിന് പോയത്.
തിരുവെഴുത്തുകളിൽനിന്ന്
സത്യത്തെക്കുറിച്ചുള്ള പരിജ്ഞാനവും
ദൈവത്തിൽനിന്ന്
പരിശുദ്ധാത്മനിറവും ദൈവകൃപയും
പ്രാപിച്ചിരുന്നവരായിരുന്നു അവരുടെ
കയ്പേറിയ ശോധനയുടെ രാത്രിയിൽ
ക്ഷമയോടെ കാത്തിരിക്കുകയും കൂടുതൽ
വെളിച്ചത്തിനുവേണ്ടി വേദപുസ്തകം
ശോധന ചെയ്യുകയും
ചെയ്തുകൊണ്ടിരുന്നത്. സ്വർഗ്ഗത്തിലെ
വിശുദ്ധമന്ദി രത്തെക്കുറിച്ചുള്ള വെളിച്ചവും

കർത്താവിന്റെ ശുശ്രൂഷയിലുണ്ടായ മാറ്റവും ഇവർ കാണുകയും വിശ്വാസത്തിൽ, വിശുദ്ധമന്ദിരത്തിലെ ശുശ്രൂഷയിൽ അവർ കർത്താവിനെ അനുഗമിക്കുയും ചെയ്തു. തിരുവചനവെളിച്ചത്തിൽ ഈ സത്യം സ്വീകരിക്കുകയും തൻറെ പക്ഷവാദത്തിലെ അവസാനഘട്ട ശുശ്രൂഷ നിർവഹിപ്പാനായി ക്രിസ്തു പിതാവിൻറെ സന്നിധിയിൽ പ്രവേശിക്കുമ്പോൾ വിശ്വാസത്തിൽ അവനെ അനുഗമിക്കുകയും ചെയ്യുന്നവർ കല്യാണത്തിനു പോകുന്നവരായി ഉപമയിൽ സാദൃശീകരിക്കപ്പെട്ടിരിക്കുന്നു.

മത്തായി 22-ലെ ഉപമയിൽ കല്യാണത്തിൻറെ ഇതേ ചിത്രം അവതരിപ്പിക്കപ്പെട്ടിരിക്കുന്നു. കല്ല്യാണത്തിനുമുമ്പായി പരിശോധനാന്യായവിധി നടക്കുന്നുവെന്ന് അവിടെയും വ്യക്തമാക്കിയിരിക്കുന്നു. കല്യാണത്തിനു മുമ്പ് രാജാവ് അതിഥികളെ കാണുവാനായി വരുന്നു. എല്ലാവരും കല്യാണവസ്ത്രം ധരിച്ചിട്ടുണ്ടോ എന്നു കാണുവാനാണ് രാജാവ് എഴുന്നള്ളുന്നത്. കുഞ്ഞാ ടിൻറെ രക്തത്തിൽ കഴുകി വെളുപ്പിച്ച; കറയും ചുളുക്കവുമില്ലാത്ത സ്വഭാവ മാകുന്ന വസ്ത്രം ധരിച്ചിട്ടുണ്ടോ എന്നു കാണുവാനാണ് കല്യാണശാലയിൽ രാജാവ് പ്രവേശിക്കുന്നത് (മത്താ. 22:11; വെളി.

7:14). ആ വസ്ത്രം ധരിക്കാത്തവനെ വെളിയിൽ തള്ളുന്നു. എന്നാൽ പരിശോധനയിൽ കല്യാണ വസ്ത്രം ധരിച്ചിട്ടുള്ളവരെല്ലാം ദൈവത്താൽ സ്വീകരിക്കപ്പെടുകയും, തൻറെ രാജ്യത്തിൽ പങ്കാളികളാകാൻ യോഗ്യരെന്ന് ഗണിക്കപ്പെടുകയും സ്വർഗ്ഗസിം ഹാസനത്തിൽ അവർക്ക് ഇരിപ്പിടം നൽകുകയും ചെയ്യുന്നു. സ്വഭാവത്തെ സംബന്ധിച്ച ഈ പരിശോധന, അഥവാ ദൈവരാജ്യത്തിലേക്ക് പ്രവേശിക്കുവാൻ യോഗ്യതയുള്ളവൻ ആർ എന്ന് തീരുമാനമെടുക്കുവാനാണ് പരി ശോധനാന്യായവിധി. സ്വർഗ്ഗീയ വിശുദ്ധമന്ദിരത്തിലെ അവസാന വേലയാ ണത്.

ഈ പരിശോധന
അവസാനിക്കുമ്പോൾ, എല്ലാ
യുഗങ്ങളിലും ജീവിച്ചിരുന്ന ക്രിസ്തുവിൻറെ
അനുയായികൾ എന്ന്
അവകാശപ്പെട്ടിരുന്നവരുടെ
ജീവിതങ്ങൾ പരിശോധിച്ചു
കഴിയുമ്പോൾ മാത്രം കൃപയുടെ കാലം
അവ സാനിക്കും; കരുണയുടെ വാതിൽ
അടയ്ക്കപ്പെടുകയും ചെയ്യും.
"ഒരുങ്ങിയിരുന്നവർ അവനോടുകൂടെ
കല്യാണസദ്യയ്ക്ക് ചെന്നു, വാതിൽ
അടയ്ക്കുകയും ചെയ്തു" (മത്താ. 25:10).
ഈ ചെറിയ വാക്യത്തോടുകൂടി ക്രിസ്തു
വിൻറെ അവസാന ശുശ്രൂഷയിലേക്ക്
നാം നയിക്കപ്പെടുന്നു.
മനുഷ്യരക്ഷയ്ക്കുവേണ്ടിയുള്ള വലിയ

വേലയുടെ അവസാന നിമിഷം നമുക്ക് ഗോചരീഭ വിക്കുന്നു.

സ്വർഗ്ഗീയ ശുശ്രൂഷയുടെ ഒരു നിഴലായ ഭൗമിക വിശുദ്ധ മന്ദിരത്തിലെ ശുശ്രൂഷയിൽ, മഹാപാപപരിഹാര ദിവസത്തിൽ, മഹാപുരോഹിതൻ അതി വിശുദ്ധ സ്ഥലത്ത് പ്രവേശിക്കുമ്പോൾ, ഒന്നാമത്തെ ഭാഗത്തിലെ ശുശ്രൂഷ അവസാനിച്ചിരിക്കും. യഹോവ ഇപ്രകാരം കല്പിച്ചിരുന്നു: "അവൻ വിശു ദ്ധമന്ദിരത്തിൽ പ്രായശ്ചിത്തം കഴിപ്പാൻ കടന്നിട്ടു പുറത്തു വരുന്നതുവരെ, സമാഗമനകൂടാരത്തിൽ ആരും ഉണ്ടായിരിക്കരുത്" (ലേവ്യ. 16:17). അതു പോലെ ക്രിസ്തു അതിപരിശുദ്ധ സ്ഥലത്ത്, പാപപരിഹാരത്തിൻറെ

അവസാന ശുശ്രൂഷ ചെയ്യാൻ പ്രവേശിച്ചപ്പോൾ, ഒന്നാമത്തെ ഭാഗത്തിലെ തൻറെ ശുശ്രൂഷ അവസാനിപ്പിച്ചിരുന്നു. ഒന്നാമത്തെ ഭാഗത്തിലെ ശുശ്രൂഷ അവസാനിച്ച ഉടൻ രണ്ടാമത്തെ ഭാഗത്തിലെ ശുശ്രൂഷ ആരംഭിച്ചു. ഭൗമികകൂടാര ശുശ്രൂഷയിൽ മഹാപുരോഹിതൻ പാപപരിഹാരദിനത്തിൽ, വിശുദ്ധ സ്ഥലത്തെ ശുശ്രൂഷ അവസാനിപ്പിച്ച് യഥാർത്ഥത്തിൽ അനുതപിച്ച എല്ലാ യിസ്രയേല്യനുംവേണ്ടി പാപയാഗരക്തം ദൈവസന്നിധിയിൽ അർപ്പിക്കുന്ന തിനായി അതിപരിശുദ്ധ സ്ഥലത്ത് ചെല്ലുമായിരുന്നു. അതുപോലെ നമുക്കു വേണ്ടി പക്ഷവാദം നടത്തുന്ന ആൾ എന്ന നിലയിൽ ക്രിസ്തു തൻറെ

ശുശ്രൂഷയുടെ ആ ഭാഗം അവസാനിപ്പിച്ച്, മറ്റൊരു ഭാഗം ആരംഭിക്കുകയാണ് ചെയ്തത്. കർത്താവ് പിതാവിനോട്, തൻറെ രക്തം പാപികൾക്കുവേണ്ടി ചൊരിഞ്ഞിരിക്കുന്നു എന്ന് യാചിച്ചു.

1844 -ൽ പുനരാഗമന കാംക്ഷികൾ ഈ വസ്തുത മനസ്സിലാക്കിയിരുന്നില്ല. യേശു വീണ്ടും വരുമെന്ന് പ്രതീക്ഷിക്കുന്ന നാൾ കടന്നു പോയിട്ടും ക്രിസ്തുവിൻറെ വരവ് അടുത്തുതന്നെ നടക്കുമെന്നായിരുന്നു അവരുടെ (പതീക്ഷ. ഒരു സുപ്രധാന സമയത്തിലേക്ക് തങ്ങൾ എത്തിച്ചേർന്നിരിക്കുന്നുവെന്നവർ വിശ്വസിച്ചു. പിതാവിൻറെ മുമ്പാകെ

ചെയ്തുകൊണ്ടിരുന്ന ക്രിസ്തുവിൻറെ പക്ഷവാദശുശ്രൂഷ അവസാനിച്ചുവെന്നും അവർ കരുതി. ക്രിസ്തു മേഘത്തിൽ വരുന്നതിന് അല്പം മുമ്പ് മനുഷ്യനു നൽകിയിട്ടുള്ള കൃപയുടെ കാലം അവസാനിക്കുമെന്ന് വേദപുസ്തകം പഠിപ്പിക്കുന്നതായി അവർക്ക് അറിയാമായിരുന്നു. കൃപയുടെ വാതിൽ അടച്ചശേഷം മനുഷ്യർ അന്വേഷിച്ച് വരുകയും മുട്ടുകയും നിലവിളിക്കുകയും ചെയ്താലും അത് തുറക്കപ്പെടുകയില്ല എന്ന തിരുവെഴുത്തുകളുടെ അടിസ്ഥാനത്തിൽ മേൽപ്പറഞ്ഞ ഉപദേശം വ്യക്തമായി അവർ കണ്ടു. ക്രിസ്തുവിൻറെ വരവ് നടക്കു മെന്ന് പ്രതീക്ഷിച്ച ദിവസത്തിൽത്തന്നെ തൻറെ വരവിന് തൊട്ടുമുൻപ്

നടക്കേണ്ട, കൃപയുടെ കാലം അവസാനിക്കുന്ന സംഭവം നടക്കുമോ എന്നത് അവർക്ക് ഒരു ചോദ്യചിഹ്നമായിരുന്നു. ന്യായവിധി സമീപമായിരിക്കുന്നുവെന്ന മുന്നറിയിപ്പ് നൽകിയശേഷം ലോകത്തിനുവേണ്ടിയുള്ള തങ്ങളുടെ വേല അവസാനിച്ചുവെന്നവർക്കു തോന്നി. പാപികളുടെ രക്ഷയെ സംബന്ധിച്ചുള്ള തങ്ങളുടെ ഭാരം അവർക്കില്ലാതെയായി. പാപികളായ ആളുകളുടെ പരിഹാസവും ദൈവദൂഷണങ്ങളും വേദപുസ്തകത്തിലെ മറ്റൊരു തെളിവായി അവർ അംഗീകരിച്ചു. ദൈവകൃപ നിരസിച്ചവരിൽനിന്നും പരിശുദ്ധാത്മാവിനെ

പിൻവലിച്ചുവെന്ന് ക്രിസ്തുവിനെ കാത്തിരുന്നവർ വിശ്വസിച്ചു. കൃപയുടെ കാലം അവസാനിച്ചു എന്ന നിഗമനത്തിലെത്തിച്ചേരാൻ മേൽപ്പറഞ്ഞ കാര്യങ്ങളെല്ലാം സഹായിച്ചു. അവരുടെ ഭാഷയിൽ പറഞ്ഞാൽ "കൃപയുടെ വാതിൽ അടച്ചു കഴിഞ്ഞു".

എന്നാൽ സ്വർഗ്ഗത്തിലെ വിശുദ്ധകൂടാരത്തെ സംബന്ധിച്ച് പരിശോധന വ്യക്തമായ വെളിച്ചം വീശി. 1844-ൽ അവസാനിക്കുന്ന 2300 സന്ധ്യയും ഉഷസ്സിനെക്കുറിച്ചുള്ള പ്രവചനം ഒരു സുപ്രധാന സംഭവത്തിൻറെ ആരംഭമായിരുന്നുവെന്ന് തങ്ങൾ

കരുതിയത് ശരിയെന്ന് അവർക്ക് അപ്പോൾ ബോദ്ധ്യമായി. 1800 വർഷങ്ങളായി മനുഷ്യർ ദൈവവുമായി സമ്പർക്കം പുലർത്തിയിരുന്ന പ്രത്യാശയുടെയും കരുണയുടെയും വാതിൽ അടച്ചുവെന്ന വസ്തുത ശരിയായിരുന്നുവെങ്കിലും മറ്റൊരു വാതിൽ തുറക്കപ്പെട്ടു. അതിപരിശുദ്ധ സ്ഥലത്ത് ക്രിസ്തു ചെയ്തുകൊണ്ടിരുന്ന പക്ഷവാദത്തിലൂടെ മനുഷ്യർക്ക് പാപക്ഷമ നൽകിയിരുന്നു. തൻറെ ശുശ്രൂഷയുടെ ഒരു ഭാഗം അവസാനിച്ചത് മറ്റൊരു ശുശ്രൂഷ ആരംഭിക്കുവാനായിരുന്നു. വിശുദ്ധമന്ദിരത്തിലേക്ക് തുറക്കപ്പെട്ട മറ്റൊരു വാതിൽകൂടെ ഉണ്ടായിരുന്നു.

അവിടെ ക്രിസ്തു പാപികൾക്കു വേണ്ടി ശുശ്രൂഷ ചെയ്തുകൊണ്ടിരുന്നു.

ഈ കാലത്തേക്കു ക്രിസ്തു സഭയ്ക്കു വെളിപ്പാടു പുസ്തകത്തിൽ കൂടെ നൽകിയ ഉപദേശത്തിൻറെ പ്രായോഗികത വളരെ വ്യക്തമായി കാണപ്പെട്ടു. വിശുദ്ധനും സത്യവാനും ദാവീദിൻറെ താക്കോലുള്ളവനും ആയി ആരും അടയ്ക്കാതവണ്ണം തുറക്കുകയും, ആരും തുറക്കാതവണ്ണം അടയ്ക്കുകയും ചെയ്യുന്നവൻ അരുളിച്ചെയ്യുന്നത്; "ഞാൻ നിൻറെ പ്രവൃത്തി അറിയുന്നു; ഇതാ, ഞാൻ നിൻറെ മുമ്പിൽ ഒരു വാതിൽ തുറന്നു വച്ചിരിക്കുന്നു; അത് ആർക്കും അടച്ചുകൂടാ" (വെളി. 3:7,8).

പാപപരിഹാര ശുശ്രൂഷയിൽ
വിശ്വാസത്താൽ ക്രിസ്തുവിനെ
അനുഗമിക്കുകയും, ക്രിസ്തുവിൻറെ
മദ്ധ്യസ്ഥതയെ പ്രയോജനപ്പെടുത്തുകയും
ചെയ്യുന്ന ഒരു കൂട്ടരുണ്ട് . അതേസമയം
തങ്ങൾക്കു ലഭിച്ച വെളിച്ചത്തെ,
ക്രിസ്തുവിൻറെ വിശുദ്ധമന്ദിരത്തിലെ
പാപപരിഹാരശുശ്രൂഷയെ
തിരസ്കരിക്കുകയും ആ ശുശ്രൂഷയുടെ
ഗുണത്തെ
പ്രയോജനപ്പെടുത്താതിരിക്കുകയും
ചെയ്യുന്നവർ ഉണ്ട്. ക്രിസ്തുവിൻറെ
ഒന്നാമത്തെ വരവിൽ നൽകപ്പെട്ട
വെളിച്ചത്തെ തിരസ്കരിക്കുകയും,
ക്രിസ്തുവിനെ ലോകത്തിൻറെ
രക്ഷകനായി സ്വീകരിക്കാതിരിക്കയും
ചെയ്ത യെഹൂദൻമാർക്ക്

ക്രിസ്തുവിലൂടെയുള്ള പാപക്ഷമ
ലഭിക്കുവാൻ കഴിഞ്ഞില്ല. ക്രിസ്തു തൻറെ
സ്വർഗ്ഗാരോഹണ സമയത്ത് സ്വന്ത
രക്തവുമായി തൻറെ ശിഷ്യന്മാർക്ക്
അനുഗ്രഹം ചൊരിയുവാൻ സ്വർഗ്ഗീയ
വിശുദ്ധമന്ദിരത്തിൽ പ്രവേശിച്ചപ്പോൾ,
യെഹൂദന്മാർ പൂർണ്ണമായും
അന്ധകാരത്തിൽ കഴിഞ്ഞു.
പ്രയോജനരഹിതങ്ങളായിത്തീർന്ന
തങ്ങളുടെ യാഗങ്ങളും വഴിപാടുകളും
അവർ തുടർന്നുകൊണ്ടിരുന്നു.
നിഴലുകളുടേയും പ്രതീകങ്ങളുടെയും
ശുശ്രൂഷ അവസാനിച്ചു കഴിഞ്ഞിരുന്നു.
ദൈവത്തോട് നിരപ്പു പ്രാപിച്ചിരുന്നവരെ
സംബന്ധിച്ചിടത്തോളം ആ വാതിൽ
അടച്ചു കഴിഞ്ഞു. ദൈവത്തിങ്കലേക്കു
കടന്നുവരാനുള്ള ഏക വഴി

യെഹൂദൻമാർ തിരസ്കരിച്ചു.
സ്വർഗ്ഗത്തിലെ സമാഗമനകൂടാരത്തിലെ ശുശ്രൂഷയെ അവർ അംഗീകരിച്ചില്ല.
അതുകൊണ്ട് ദൈവവുമായി അവർക്ക് ഒരു സമ്പർക്കവുമി ല്ലാതെയായി,
അവരെ സംബന്ധിച്ചിടത്തോളം വാതിൽ അടയ്ക്കപ്പെട്ടിരുന്നു.
ക്രിസ്തുവായിരുന്നു യഥാർത്ഥ യാഗമൃഗം എന്ന് യെഹൂദർ അറിഞ്ഞിരുന്നില്ല.
ദൈവത്തിൻറെ മുമ്പാകെയുള്ള ഏക മദ്ധ്യസ്ഥൻ ക്രിസ്തുവായിരുന്നുവെന്ന് അവർ വിശ്വസിച്ചില്ല. അതുകൊണ്ട് ക്രിസ്തുവിൻറെ മദ്ധ്യസ്ഥതയുടെ പ്രയോജനം പ്രാപിപ്പാൻ അവർക്കു കഴിഞ്ഞില്ല.

ക്രിസ്ത്യാനികളെന്നഭിമാനിക്കുന്നവരുടെ
ഇടയിലുള്ള, വിശ്വസിക്കാതിരുന്നവരും
അശ്രദ്ധരും നമ്മുടെ
മഹാപുരോഹിതൻറെ വേലയെ
മനപ്പൂർവ്വം അവഗണിക്കുകയും
ചെയ്തവരുമായവരുടെ അവസ്ഥയെയാണ്
വിശ്വസിക്കാ തിരുന്ന യെഹൂദന്മാരുടെ
അവസ്ഥ ചിത്രീകരിക്കുന്നത്. ഭൗമിക
കൂടാരം നില നിന്നിരുന്നപ്പോൾ,
മഹാപുരോഹിതൻ
അതിവിശുദ്ധസ്ഥലത്തേക്ക് പ്രവേശി
ച്ചിരുന്ന സമയം എല്ലാ യിസ്രായേലും
ഭയത്തോടും വിറയലോടുംകൂടെ
വിശു'ദ്ധമന്ദിരത്തിനു ചുറ്റും വന്നു കൂടുകയും
തങ്ങളെത്തന്നെ
ആത്മതപത്തിൽക്കൂടെ
വിനയപ്പെടുത്തി തങ്ങളുടെ

പാപങ്ങൾക്ക് മോചനം
പ്രാപിക്കേണ്ടതുണ്ടായിരുന്നു.
അല്ലെങ്കിൽ അവരെ സഭയിൽനിന്ന്
ഛേദിച്ചുകളയുമാ യിരുന്നു. ഇന്ന്
യഥാർത്ഥ പാപപരിഹാരദിനത്തിൻറെ
കാലഘട്ടത്തിൽ നാം ജീവിക്കുകയാണ്.
നമ്മുടെ മഹാപുരോഹിതൻ ചെയ്യുന്ന
ശുശ്രൂഷയെക്കു റിച്ചു നാം
അറിവുള്ളവരായിരിക്കണം; നമ്മിൽ
അർപ്പിതമായിരിക്കുന്ന ചുമതലകൾ
എന്തെല്ലാമെന്ന് നാം
ബോധവാന്മാരായിരിക്കണം:

ദൈവം, തൻറെ കരുണയിൽ നല്കുന്ന
മുന്നറിയിപ്പുകളെ ശിക്ഷകൂടാതെ
നിരസിക്കുവാൻ സാദ്ധ്യമല്ല.
നോഹയുടെ കാലത്ത് ഒരു രക്ഷാദൂത്

ലോകത്തിന് നൽകപ്പെട്ടു. ആ ദൂതിനോട് എങ്ങനെ പ്രതികരിച്ചു എന്നതിനെ ആശ്ര യിച്ചിരുന്നു അവരുടെ രക്ഷ. മുന്നറിയിപ്പിനെ അന്നത്തെ ജനം നിരസിച്ചതു കൊണ്ട് ദൈവാത്മാവിനെ അവരിൽനിന്ന് പിൻവലിച്ചു. പ്രളയത്തിൽ അവർ നശിച്ചു. അബ്രഹാമിൻറെ കാലത്ത് സോദോമിലെ കുറ്റവാളികളായ ആളുകൾക്കുവേണ്ടി ദൈവത്തിൻറെ കരുണ നിശ്ശബ്ദമായി. ലോത്തും ഭാര്യയും രണ്ടു പെൺമക്കളും സ്വർഗ്ഗത്തിൽനിന്നു വന്ന അഗ്നിയിൽനിന്നും രക്ഷപെട്ടു. ക്രിസ്തുവിൻറെ കാലത്തും അങ്ങനെയായിരുന്നു. വിശ്വസിക്കാത്ത തൻറെ തലമുറയിലെ യെഹൂദന്മാരോട്

ദൈവത്തിൻറെ പുത്രനായ ക്രിസ്തു പറഞ്ഞു: “നിങ്ങളുടെ ഭവനം ശൂന്യമായിത്തീരും” (മത്താ. 23:38). അന്ത്യകാലത്തെ മുൻകൂട്ടിക്കണ്ടുകൊണ്ട്, “സത്യത്തിൻറെ സ്നേഹം” പ്രാപിച്ചിട്ടില്ലാത്തവരെ സംബന്ധിച്ച് കർത്താവു പറയുകയാണ്: “അവർ രക്ഷിക്കപ്പെട്ടുവാൻ തക്ക വണ്ണം സത്യത്തെ സ്നേഹിച്ച് കൈക്കൊള്ളായ്കയാൽത്തന്നെ അങ്ങനെ ഭവിക്കും. സത്യത്തെ വിശ്വസിക്കാതെ അനീതിയിൽ രസിക്കുന്ന ഏവർക്കും ന്യായവിധി വരേണ്ടതിന് ദൈവം അവർക്ക് ഭോഷ്ക്ക് വിശ്വസിക്കുമാറ് വ്യാജത്തിൻറെ വ്യാപാരശക്തി അയയ്ക്കുന്നു”

(2തെസ്സ.2:10-12). ദൈവത്തിൻറെ വചനം അവർ തിരസ്കരിക്കുമ്പോൾ, ദൈവം തൻറെ ആത്മാവിനെ അവരിൽനിന്ന് പിൻവലിക്കുകയും തങ്ങൾ ഇഷ്ടപ്പെടുന്ന വഞ്ചനയ്ക്ക് അവർ വിധേയരായിത്തീരുകയും ചെയ്യുന്നു.

എങ്കിലും കർത്താവ് ഇപ്പോഴും മനുഷ്യനുവേണ്ടി പക്ഷവാദം ചെയ്യുന്നു. ദൈവത്തെ അന്വേഷിക്കുന്നവർക്ക് ഇപ്പോഴും വെളിച്ചം നൽകിക്കൊണ്ടിരിക്കുന്നു. പുനരാഗമനകാംക്ഷികൾ ഇതാദ്യം മനസ്സിലാക്കിയിരുന്നില്ലെങ്കിലും പിൽക്കാലത്ത് ഈ സത്യം അവർക്ക് വ്യക്തമാകുകയും തങ്ങളുടെ യഥാർത്ഥ സ്ഥാനം എന്തെന്ന് തിരുവെഴുത്തുകൾ

അവർക്ക് ബോദ്ധ്യമാക്കിക്കൊടുക്കുകയും ചെയ്തു.

പുനരാഗമന വിശ്വാസം മുറുകെ പിടിച്ചിരുന്നവർക്ക് 1844-നു ശേഷവും വലിയ ശോധനയുടെ കാലഘട്ടമായിരുന്നു. സ്വർഗ്ഗത്തിലെ വിശുദ്ധമന്ദിരത്തി ലേക്ക് തങ്ങളുടെ മനസ്സുകളെ നയിച്ച പ്രകാശമായിരുന്നു തങ്ങളുടെ യഥാർത്ഥ നിലപാടിനെ സംബന്ധിച്ചിടത്തോളമുണ്ടായിരുന്ന ഏക ആശ്വാസം. പ്രവചനിക കാലത്തെ ഗണിക്കുന്നതിൽ ഉണ്ടായ പ്രമാദത്തിൽ, ചിലർ തങ്ങളുടെ വിശ്വാസത്തെ ത്യജിച്ചുകളഞ്ഞു. പുനരാഗമനപ്രസ്ഥാനത്തെ നയിച്ച പരിശുദ്ധാത്മാവിൻറെ സ്വാധീനത്തെ

അവർ പൈശാചിക പ്രവർത്തനമായി ചിത്രീകരിച്ചു. വേറെ ചിലർ കർത്താവ് തങ്ങളെ നടത്തിയെന്ന് വിശ്വസിച്ചു. അവർ പ്രാർത്ഥിക്കുകയും ദൈവേഷ്ടം എന്തെന്ന് അറിയാൻ ആഗ്രഹിക്കു കയും ചെയ്തപ്പോൾ തങ്ങളുടെ മഹാപുരോഹിതനായ ക്രിസ്തു തൻറെ ശുശ്രൂഷയുടെ വേറൊരുഘട്ടത്തിലേക്ക് പ്രവേശിച്ചിരിക്കുന്നുവെന്ന് അവർ കണ്ടു. വിശ്വാസത്തിൽ അവർ അവനെ അനുഗമിച്ചപ്പോൾ സഭയുടെ സമാ പന വേലകൂടെ കാണുവാൻ അവർക്ക് ഇടയായി. ഒന്നും രണ്ടും ദൂതന്മാരുടെ ദൂതുകളെക്കുറിച്ച് അവർക്ക് വ്യക്തമായ ധാരണയുണ്ടായി. വെളിപ്പാട് 14-ലെ മൂന്നാം ദൂതൻറെ ദൂത് സ്വീകരിപ്പാനും

അത് ലോകത്തിന് നല്കുവാനും അവർ ഒരുക്കപ്പെട്ടു.

അദ്ധ്യായം **25**—ദൈവത്തിൻറെ ന്യായപ്രമാണം സുസ്ഥിരമാകുന്നു

സ്വർഗ്ഗത്തിലെ ദൈവാലയം തുറന്നു; അവൻറെ നിയമപ്പെട്ടകം ആലയത്തിൽ പ്രത്യക്ഷമായി (വെളി. 11:19). ദൈവത്തിൻറെ നിയമപ്പെട്ടകം അതി പരിശുദ്ധസ്ഥലത്തുണ്ട്, അതായത് വിശുദ്ധ മന്ദിരത്തിലെ രണ്ടാമത്തെ ഭാഗത്ത്. സ്വർഗ്ഗീയ കാര്യങ്ങളുടെ നിഴലും മാതൃകയുമായ ഭൗമിക വിശു ദ്ധമന്ദിരത്തിലെ ശുശ്രൂഷയിൽ, മഹാപാപ പരിഹാരദിവസത്തിൽ മാത്രമായിരുന്ന അതിപരിശുദ്ധ സ്ഥലമായ രണ്ടാമത്തെ ഭാഗം തുറക്കപ്പെട്ടിരുന്നത്. അന്ന് ദൈവാലയ ശുദ്ധീകരണദിവസമായിരുന്നു.

അതുകൊണ്ട് സ്വർഗ്ഗ ത്തിലെ
ദൈവാലയം തുറന്നു. അവൻറെ
സാക്ഷ്യപ്പെട്ടകം ദൈവത്തിൻറെ
ആലയത്തിൽ പ്രത്യക്ഷമായി എന്ന
പ്രഖ്യാപനം ചൂണ്ടിക്കാണിക്കുന്നത്
1844-ൽ സ്വർഗ്ഗീയ
വിശുദ്ധമന്ദിരത്തിലെ
അതിവിശുദ്ധസ്ഥലം
തുറന്നതിനെയാണ്.
പാപപരിഹാരത്തിൻറെ
സമാപനശുശ്രൂഷയ്ക്കായി
മഹാപുരോഹിതനായ കിൻറെ
പ്രവേശിച്ചപ്പോൾ വിശ്വാസത്താൽ
ക്രിസ്തുവിനെ അനുഗമിച്ചിരുന്നവർ
ക്രിസ്തുവിൻറെ ന്യായപ്രമാണം
വച്ചിരിക്കുന്ന പെട്ടകം കണ്ടു. വിശു
ദ്ധമന്ദിരം എന്ന വിഷയത്തെക്കുറിച്ച്

അവർ പഠിച്ചപ്പോൾ ക്രിസ്തുവിൻറെ ശുശ്രൂഷയുടെ മാറ്റത്തെക്കുറിച്ച് മനസ്സിലാക്കി. പാപികൾക്കുവേണ്ടി താൻ രക്തം ചൊരിഞ്ഞിരിക്കുന്നു എന്നു പറഞ്ഞുകൊണ്ട് അവർക്കുവേണ്ടി പക്ഷ വാദം ചെയ്തുകൊണ്ട് നിയമപ്പെട്ടകത്തിൻറെ മുൻപിൽ, അതി വിശുദ്ധ സ്ഥലത്തു ക്രിസ്തു നിൽക്കുന്നത് അവർ കണ്ടു.

ഭൗമിക വിശുദ്ധമന്ദിരത്തിലെ പെട്ടകത്തിനുള്ളിൽ ദൈവത്തിൻറെ കല്പനകൾ ആലേഖനം ചെയ്തിരുന്ന രണ്ടു കല്പലകകൾ ഉണ്ടായിരുന്നു. കല്പനകൾ ഉൾക്കൊണ്ടിരുന്ന ഒരു പേടകം മാത്രമായിരുന്നു ആ പട്ടം. ദൈവിക കല്പനയുടെ സാന്നിദ്ധ്യമായിരുന്നു,

പെട്ടകത്തിന് ഇത്രത്തോളം വിശുദ്ധിയും വിലയും ലഭിക്കുവാൻ കാരണം. സ്വർഗ്ഗത്തിൽ ദൈവാലയം തുറന്നപ്പോൾ ദൈവകല്പന വച്ചിരുന്ന പെട്ടകം കാണപ്പെട്ടു.സ്വർഗ്ഗത്തിലെ ദൈവാലയത്തിൽ അതിപരിശുദ്ധസ്ഥലത്ത് സീനായ് മലയിൽ ഇടിമുഴക്കങ്ങളുടെ നടുവിൽ നിന്നുകൊണ്ട് ദൈവത്താൽ ഉച്ചരിക്കപ്പെട്ടതും, ദൈവത്തിൻറെ വിരൽകൊണ്ട് എഴുതപ്പെട്ടതുമായ ദൈവകല്പന ഭദ്രമായി സൂക്ഷിക്കപ്പെട്ടിരിക്കയാണ്.

സ്വർഗ്ഗത്തിലെ ദൈവാലയത്തിൽ സൂക്ഷിക്കപ്പെട്ടിരിക്കുന്ന ദൈവ കല്പന മഹത്തായ രേഖയാകുന്നു. അതിൻറെ

തനിപ്പകർപ്പായിരുന്നു രണ്ടു കൽപലകകളിൽ ലിഖിതം ചെയ്യപ്പെട്ടതും, മോശെയുടെ അഞ്ചു പുസ്തകങ്ങളിൽ വന്നതും അതിൽ ഒരു ലിതവും ഉണ്ടായിട്ടില്ല. ഈ സുപ്രധാ നകാര്യം മനസ്സിലാക്കിയവർ, ദൈവിക കല്പനയുടെ സുസ്ഥിരവും വിശ്വ ദ്ധവുമായ സ്വഭാവവും മനസ്സിലാക്കി. അവർ കർത്താവിന്റെ വാക്കുകളുടെ ശക്തി ഗ്രഹിച്ചു. "ആകാശവും ഭൂമിയും ഒഴിഞ്ഞുപോകുംവരെ... ന്യായപ്രമാണത്തിൽനിന്ന് ഒരു വള്ളി എങ്കിലും പുള്ളി എങ്കിലും ഒരു നാളും ഒഴിഞ്ഞുപോകുകയില്ല" (മത്താ. 5:18). ദൈവത്തിൻറെ ഇച്ഛയെ വെളിപ്പെട്ടു ത്തുന്നതും ദൈവിക സ്വഭാവത്തിൻറെ തനിപ്പകർപ്പുമായ ദൈവത്തിൻറെ

കല്പന, സ്വർഗ്ഗത്തിൽ ഒരു വിശ്വസ്തസാക്ഷിയായി എന്നേക്കും നിലനിൽക്കണം. അതിലെ ഒരു കല്പനപോലും മാറ്റപ്പെട്ടില്ല. ഒരു വള്ളിയെങ്കിലും പുള്ളിയെങ്കിലും അതിൽനിന്ന് നീക്കം ചെയ്യപ്പെട്ടിട്ടില്ല. സങ്കീർത്തനക്കാരൻ പറയുന്നു: "അവൻറെ പ്രമാണങ്ങൾ എല്ലാം വിശ്വാസ്യം തന്നെ. അവ എന്നെന്നേക്കും സ്ഥിരമായിരിക്കുന്നു; യഹോവേ നിൻറെ വചനം സ്വർഗ്ഗത്തിൽ എന്നെന്നേക്കും സ്ഥിരമായിരിക്കുന്നു" (സങ്കീ: 119:89;111:7,8).

പത്തു കല്പനകളുടെ ഹൃദയഭാഗത്ത് നാലാം കല്പന നിലകൊള്ളുന്നു,

“ശബ്ബത്ത് നാളിനെ ശുദ്ധീകരിപ്പാൻ ഓർക്ക. ആറു ദിവസം അദ്ധ്വാനിച്ച് നിൻറെ വേല ഒക്കെയും ചെയ്ക, ഏഴാം ദിവസം നിൻറെ ദൈവമായ യഹോവയുടെ ശബ്ബത്ത് ആകുന്നു; അന്നു നീയും നിൻറെ പുത്രനും പുത്രിയും നിൻറെ വേലക്കാരനും വേലക്കാരത്തിയും നിൻറെ കന്നുകാലികളും നിൻറെ പടിവാതിലകത്തുള്ള പരദേശിയും ഒരു വേലയും ചെയ്യരുത്. ആറു ദിവസംകൊണ്ട് യഹോവ ആകാശവും ഭൂമിയും സമുദ്രവും അവയിലുള്ളതൊക്കെയും ഉണ്ടാക്കി, ഏഴാം ദിവസം സ്വസ്ഥമായിരുന്നു; അതുകൊണ്ട് യഹോവ ശബ്ബത്ത്

നാളിനെ അനുഗ്രഹിച്ച്
ശുദ്ധീകരിച്ചിരിക്കുന്നു” (പുറ. 20:8-11).

ദൈവവചനം പഠിച്ചിരുന്ന
വിദ്യാർത്ഥികളുടെ ഹൃദയങ്ങളെ
ദൈവാത്മാവ് ആഴമായി സ്വാധീനിച്ചു.
സൃഷ്ടാവിൻറെ സ്വസ്ഥദിനത്തെ
അറിവില്ലാതെ
ലംഘിച്ചുകൊണ്ടിരിക്കയാണെന്ന
ബോധം അവർക്കുണ്ടായി. ദൈവം
വിശു ദ്ധീകരിച്ച ദിവസത്തിനു പകരം
ആഴ്ചയുടെ ഒന്നാം ദിനത്തെ
എന്തുകൊണ്ട് ആചരിക്കുന്നു എന്ന്
അവർ പരിശോധിച്ചു. നാലാം കല്പനയെ
നീക്കിക്ക ളഞ്ഞു എന്നോ ശബ്ബത്തിനെ
മാറ്റിയെന്നോ ഉള്ളതിനു യാതൊരു
തെളിവും തിരുവചനത്തിൽ

കണ്ടെത്താൻ കഴിഞ്ഞില്ല. ഏഴാം ദിനത്തെ ആദിയിൽ വിശുദ്ധീകരിച്ച് അനുഗ്രഹം ഒരിക്കലും മാറിയിട്ടില്ല. അവർ ആത്മാർത്ഥമായി ദൈവഹിതമെന്തെന്ന് അറിയുവാനും അനുസരിപ്പാനും അന്വേഷിക്കുകയായിരുന്നു. തങ്ങൾ ദൈവകല്പന ലംഘിക്കുന്നവർ എന്നു മനസ്സിലായപ്പോൾ അവരുടെ ഹൃദയം ദുഃഖത്താൽ നിറഞ്ഞു. ശബ്ബത്തിനെ വിശുദ്ധിയോടെ ആചരിച്ചുകൊണ്ട് ദൈവത്തോടുള്ള അവരുടെ വിശ്വസ്തത അവർ പ്രകടിപ്പിച്ചു.

അവരുടെ വിശ്വാസത്തെ ധ്വംസിക്കുവാനുള്ള ശ്രമങ്ങൾ അനവധിയായിരുന്നു. ഭൗമിക

വിശുദ്ധമന്ദിരം സ്വർഗ്ഗത്തിലെ
വിശുദ്ധമന്ദിരത്തിൻറെ
പകർപ്പാണെങ്കിൽ ഭൗമിക
വിശുദ്ധമന്ദിരത്തിലെ പെട്ടകത്തിൽ
സൂക്ഷിക്കപ്പെട്ടിരുന്ന ദൈവകൽപന
സ്വർഗ്ഗത്തിലെ പെട്ടകത്തിൽ
സൂക്ഷിക്കപ്പെട്ടിരിക്കുന്ന കല്പനയുടെ തനി
പകർപ്പായിരിക്കും. സ്വർഗ്ഗീയ
വിശുദ്ധമന്ദി രത്തെ സംബന്ധിച്ച സത്യം
അംഗീകരിക്കുമ്പോൾ ഭൗമിക
വിശുദ്ധമന്ദിരത്തെക്കുറിച്ചും
അംഗീകരിക്കേണ്ടതാണ്. അങ്ങനെ
വരുമ്പോൾ ദൈവകല്പ നയേയും നാലാം
കല്പനയായ ശബ്ബത്തനുഷ്ഠാനത്തെയും
അംഗീകരിക്കേണ്ടതായി വരും.
സ്വർഗ്ഗീയ കൂടാരത്തിലെ ക്രിസ്തുവിൻറെ
ശുശ്രൂഷയെക്കു റിച്ച് തിരുവെഴുത്തുകൾ

ഇത് വ്യക്തമാക്കിയിട്ടും അതിനെ മനുഷ്യർ എതിർക്കുവാനുള്ള കാരണം മേൽപറഞ്ഞതായിരുന്നു. ദൈവം തുറന്ന വാതിലിനെ അടയ്ക്കുവാൻ മനുഷ്യൻ ശ്രമിച്ചു. ദൈവം അടച്ച വാതിലിനെ തുറക്കുവാനും മനുഷ്യൻ ശ്രമിച്ചു. എന്നാൽ "ആരും അടയ്ക്കാതെവണ്ണം തുറക്കുകയും, ആരും തുറക്കാതെവണ്ണം അടയ്ക്കുകയും ചെയ്യുന്നവൻ അരു ളിച്ചെയ്യുന്നത്: ഇതാ, ഞാൻ നിൻറെ മുമ്പിൽ ഒരു വാതിൽ തുറന്നു വെച്ചിരിക്കുന്നു; അതു ആർക്കും അടെച്ചുകൂടാ" (വെളി. 3:7-8). ക്രിസ്തു വാതിൽ തുറന്നു അഥവാ അതിവിശുദ്ധസ്ഥലത്തെ ശുശ്രൂഷ ആരംഭിച്ചു. സ്വർഗ്ഗീയ വിശുദ്ധ മന്ദിരത്തിലെ തുറന്ന വാതിലിലൂടെ

പ്രകാശം വെളിയിലേക്കു വന്നു കൊണ്ടിരുന്നു. പെട്ടകത്തിൽ വെച്ചിരുന്ന കല്പനയിൽ 4-ാം കല്പ്പനയും പ്രദർശിപ്പിക്കപ്പെട്ടിരിക്കുന്നു. ദൈവം ഉറപ്പിച്ചതിനെ യാതൊരുവനും ഇളക്കുവാൻ സാധ്യമല്ല.

ക്രിസതുവിൻറെ പക്ഷവാദ ശുശ്രൂഷയെ സംബന്ധിച്ച സത്യവും, ദൈവ കല്പനയുടെ മാറ്റമില്ലായ്മയും സ്വീകരിച്ചിട്ടുള്ളവർ ഈ ശാശ്വതസത്യങ്ങൾ വെളിപ്പാട് 14 -ലും നൽകിയിട്ടുള്ളതായി കാണും. വെളി. 14-ലെ ദൂത് മൂന്ന് വിധത്തിലുള്ള മുന്നറിയിപ്പാണ്. ക്രിസ്തുവിൻറെ രണ്ടാമത്തെ വരവിനുവേണ്ടി

ഒരുങ്ങുന്നതിന് സകല ഭൂവാസികൾക്കുമുള്ള ദൂതുകളാണ് അവ. അവൻറെ ന്യായവിധിയുടെ നാഴിക വന്നിരിക്കുന്നു എന്ന പ്രഖ്യാപനം മാനുഷരക്ഷയ്ക്ക് വേണ്ടിയുള്ള ക്രിസ്തുവിൻറെ ശുശ്രൂഷയുടെ സമാപനരംഗത്തെ കാണിക്കുന്നു. ക്രിസ്തുവിൻറെ മദ്ധ്യസ്ഥത സമാപിക്കുകയും കർത്താവ് വീണ്ടും വന്ന് തനിക്കായി ഒരുങ്ങിയിരിക്കുന്നവരെ ചേർക്കുകയും ചെയ്യുന്നതുവരെ, വെളി. 14-ലെ ദൂത് വിളംബരം ചെയ്യപ്പെടേണ്ടതാണ്. 1844-ൽ ആരംഭിച്ച ന്യായവിധി ഭൂമിയിലെ സകല വ്യക്തികളുടെയും സ്വഭാവം പരിശോധിച്ചു കഴിയുവോളം തുടരുന്നതാണ്. മരിച്ചവരും

ജീവിച്ചിരിക്കുന്നവരും അതിലുൾപ്പെടും. അതുകൊണ്ട് കൃപയുടെ കാലം കഴിയുന്നതുവരെ അത് തുടരും. ന്യായ വിധിയ ഒരുക്കത്തോടെ അഭിമുഖീകരിക്കേണ്ടതിന് ആ ദൂത് ഇപ്രകാരം ആജ്ഞാപിക്കുന്നു: "ദൈവത്തെ ഭയപ്പെട്ട് അവന് മഹത്വം കൊടുപ്പിൻ... ആകാശവും ഭൂമിയും സമുദ്രവും നീരുറവകളും ഉണ്ടാക്കിയവനെ നമസ്കരിപ്പിൻ". ഈ ആജ്ഞയെ അനുസരിക്കുന്നതിൻറെ ഫലവും തിരുവെഴുകളിൽ നൽകപ്പെട്ടിരിക്കുന്നു. ദൈവകല്പനയും യേശുവിങ്കലുള്ള വിശ്വാ (11)വും കാത്തുകൊള്ളുന്ന വിശുദ്ധന്മാരുടെ സഹിഷ്ണുതകൊണ്ട് ഇവിടെ ആവശ്യം.

ന്യായവിധിക്കുവേണ്ടി ഒരുങ്ങുന്നതിന് മനുഷ്യൻ ദൈവത്തിൻറെ കല്പന അനുസരിക്കേണ്ടതാവശ്യമാണ്. ന്യായവിധിയിൽ മനുഷ്യൻറെ സ്വഭാവം അളക്കുവാനുള്ള മാനദണ്ഡം ദൈവകല്പനയായിരിക്കും. അപ്പൊസ്തലനായ പൌലൊസ് ഇപ്രകാരം പറയുന്നു: "ന്യായപ്രമാണം ഉണ്ടായിട്ട് പാപം ചെയ്തവർ ഒക്കെയും ന്യായപ്രമാണത്താൽ വിധിക്കപ്പെടും... യേശുക്രിസ്തു മുഖാന്തിരം മനുഷ്യരുടെ രഹസ്യങ്ങളെ ന്യായം വിധിക്കുന്ന നാളിൽ തന്നെ". "ന്യായപ്രമാണം ആചരിക്കുന്നവരത്രേ നീതീകരിക്കപ്പെടുന്നത്" (റോമ. 2:12-16). ദൈവകല്പന അനുഷ്ഠിക്കുന്നതിന് വിശ്വാസം

അനപേക്ഷണീയമാണ്. വിശ്വാസം കൂടാതെ ദൈവത്തെ പ്രസാദിപ്പിക്കാൻ കഴിയുന്നതല്ല. “വിശ്വാസത്തിൽനിന്ന് ഉത്ഭവിക്കാത്തതൊക്കെക്കെയും പാപമത്രെ” (എബ്രാ. 1 1 :6; റോമ. 14:23).

ഒന്നാമത്തെ ദൂതൻ നൽകുന്ന ദൂത് “ദൈവത്തെ ഭയപ്പെട്ട് അവന് മഹത്വം കൊടുപ്പിൻ”; ആകാശത്തിൻറെയും ഭൂമിയുടെയും സ്രഷ്ടാവെന്ന നിലയിൽ ദൈവത്തെ നമസ്കരിക്കുന്നതിനുമാണ് ദൂതൻ പറയുനത്. ഇത് ചെയ്യണമങ്കിൽ അവർ ദൈവത്തിൻറെ കല്പന അനുസരിക്കേണ്ടതാണ്. ജ്ഞാനിയായ ശലോമോൻ പറയുന്നു: “ദൈവത്തെ ഭയപ്പെട്ട് അവൻറെ കല്പനകളെ

പ്രമാണിച്ചുകൊൾക; അതാകുന്നു സകല മനുഷ്യർക്കും വേണ്ടുന്നത്” (സഭാ. 12:13). ദൈവകല്പന അനുസരിക്കാതെയുള്ള ഒരു ആരാധനയും ദൈവത്തിന് പ്രസാദകരമല്ല. “അവൻറെ കല്പനകളെ പ്രമാണിക്കുന്നതല്ലോ ദൈവത്തോടുള്ള സ്നേഹം. ന്യായപ്രമാണം കേൾക്കാതെ ചെവി തിരിച്ചു കളഞ്ഞാൽ അവൻറെ പ്രാർത്ഥന തന്നെയും വെറുപ്പാകുന്നു” (1 യോഹ. 5:3; സദൃശ. 28:9).

ദൈവം സൃഷ്ടിതാവാകുന്നു എന്ന വസ്തുതയും സകല സൃഷ്ടിജാലങ്ങളും അവയുടെ നിലനില്പിന് ദൈവത്തോട് കടപ്പെട്ടിരിക്കുന്നു എന്ന വസ്തുതയുമാണ് ദൈവത്തെ ആരാധിപ്പാൻ

യോഗ്യനാക്കിയിരിക്കുന്നത്.
വേദപുസ്തകത്തിൽ എവിടെയെല്ലാം
ജാതികളുടെ ദേവന്മാരെക്കാൾ ആരാധന
ലഭിപ്പാനുള്ള ദൈവത്തിൻറെ അവകാശം
ഉന്നയിക്കപ്പെട്ടിരിക്കുന്നുവോ,
അവിടെയെല്ലാം ദൈവത്തിൻറെ
സൃഷ്ടിശക്തിയുടെ തെളിവുകൾ
നൽകിയിട്ടുണ്ട്. "ജാതികളുടെ
ദേവന്മാരൊക്കെയും
മിത്ഥ്യാമൂർത്തികളത്രേ; യഹോവയോ
ആകാശത്തെ ഉണ്ടാക്കിയിരിക്കുന്നു"
(സങ്കീ. 96:5). "ആകയാൽ നിങ്ങൾ
എന്നെ ആരോട് സദൃശമാക്കും? ഞാൻ
ആരോട് തുല്യനാകും എന്ന്
പരിശുദ്ധനായവൻ അരുളിച്ചെയ്യുന്നു.
നിങ്ങൾ കണ്ണ് മേലോട്ടുയർത്തി
നോക്കുവിൻ; ഇവയെ സൃഷ്ടിച്ചതാർ?"

“ആകാശത്തെ സൃഷ്ടിച്ച് യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു: അവൻ തന്നെ ദൈവം; അവൻ ഭൂമിയെ നിർമ്മിച്ചുണ്ടാക്കി... ഞാൻതന്നെ യഹോവ; വേറൊരുത്തനും ഇല്ല” (യെശ. 40:25,26; 45:18).

സങ്കീർത്തനക്കാരൻ പറയുന്നു: “യഹോവ തന്നെ ദൈവം എന്നറിവിൻ; അവൻ നമ്മെ ഉണ്ടാക്കി; നാം അവനുള്ളവർ ആകുന്നു'. “വരുവിൻ, നാം വണങ്ങി നമസ്കരിക്ക; നമ്മെ നിർമിച്ച യഹോവയുടെ മുമ്പിൽ മുട്ടുകുത്തുക” (സങ്കീ. 100:3:95:6). സ്വർഗ്ഗത്തിൽ യഹോവയെ നമസ്കരിക്കുന്ന വിശുദ്ധന്മാർ, അവർ എന്തുകൊണ്ട് ദൈവത്തെ ബഹുമാനിക്കുന്നുവെന്ന് പറയുന്നു; “കർത്താവേ, നീ സർവ്വവും

സൃഷ്ടിച്ചവനും എല്ലാം നിൻറെ ഇഷ്ടം ഹേതുവാൽ ഉണ്ടായതും സൃഷ്ടിക്കപ്പെട്ടതും ആകയാൽ മഹത്വവും ബഹുമാനവും ശക്തിയും കൈക്കൊൾവാൻ യോഗ്യൻ' (വെളി. 4:11).

വെളിപ്പാട് 14 -ൽ സൃഷ്ടിതാവിനെ നമസ്കരിപ്പാൻ മനുഷ്യരെ വിളിക്കുന്നു. ത്രിവിധ ദൂതിൻറെ ഫലമായി ഒരുകൂട്ടം ജനം ദൈവകല്പന അനുസരിക്കുന്നവരായി കാണുമെന്ന് പ്രവചനം വ്യക്തമാക്കുന്നു. ഈ കല്പനകളിൽ ഒന്ന് ദൈവം സൃഷ്ടിതാവാണെന്ന് ചൂണ്ടിക്കാണിക്കുന്നു. നാലാം കല്പന പറയുന്നത് "ഏഴാം ദിവസം നിൻറെ

ദൈവമായ യഹോവയുടെ ശബ്ബത്ത്
ആകുന്നു... ആറു ദിവസംകൊണ്ട്
യഹോവ ആകാശവും ഭൂമിയും സമുദ്രവും
അവയിലുള്ളതൊക്കെയും ഉണ്ടാക്കി.
ഏഴാം ദിവസം സ്വസ്ഥമായിരുന്നു.
അതുകൊണ്ട് യഹോവ ശബ്ബത്ത്
നാളിനെ അനുഗ്രഹിച്ച്
ശുദ്ധീകരിച്ചിരിക്കുന്നു" (പുറ. 20:10,11).
ശബ്ബത്തിനെക്കുറിച്ച് കർത്താവ് വീണ്ടും
പറയുന്നു: "ഞാൻ നിങ്ങളുടെ ദൈവമായ
യഹോവ എന്ന് നിങ്ങൾ
അറിയേണ്ടതിന് അവ എനിക്കും
നിങ്ങൾക്കും ഇടയിൽ
അടയാളമായിരിക്കട്ടെ" (യെഹ.
20:20). അതിൻറെ കാരണവും
വേദപുസ്തകം നൽകിയിരിക്കുന്നു.
"ആറു ദിവസം കൊണ്ടല്ലോ യഹോവ

ആകാശത്തെയും ഭൂമിയെയും ഉണ്ടാക്കിയത്. ഏഴാം ദിവസം അവൻ സ്വസ്ഥമായിരുന്നു വിശ്രമിച്ചു” (പുറ.31 :17).

“ആരാധന ദൈവത്തിനുമാത്രം നൽകേണ്ടതാണെന്ന് എപ്പോഴും അനുസ്മരിപ്പിക്കുന്നതു കൊണ്ടാണ്, സൃഷ്ടി സ്മാരകമെന്ന നിലയിൽ ശബ്ബത്തിനുള്ള പ്രാധാന്യം'- ദൈവം സൃഷ്ടിതാവും നാം അവൻറെ സൃഷ്ടികളുമായതിനാലാണ് ആരാധന ദൈവത്തിനു കടപ്പെട്ടിരിക്കുന്നത്. “ദൈവി കാരാധനയുടെ അടിസ്ഥാനം ശബ്ബത്താണ്. നമുക്കു ബോദ്ധ്യമാകുംവണ്ണം ഈ സത്യം നമ്മെ അത് പഠിപ്പിക്കുകയും ചെയ്യുന്നു. മറ്റൊരു

കല്പനയും ഇത് ചെയ്യുന്നില്ല. സ്രഷ്ടാവും സൃഷ്ടികളും തമ്മിലുള്ള വ്യത്യാസമാണ് യഥാർത്ഥ ആരാധനയുടെ അടിസ്ഥാനം. ഏഴാം ദിനത്തിൻറെ പ്രാധാന്യം ആ വ്യത്യാസം നമ്മെ അനുസ്മരിപ്പിക്കുന്നതിലാണ് സ്ഥിതിചെയ്യുന്നത്. ഈ വലിയ സത്യം ഒരിക്കലും പഴകിപ്പോകുന്നില്ല. അതുകൊണ്ട് അത് വിസ്മ രിക്കപ്പെട്ടുവാനും പാടുള്ളതല്ല', -j.N. Andrews, History of the Sabbath, ch.27. മനുഷ്യർ എപ്പോഴും ഓർക്കുവാനായിരുന്നു ഏദൻ തോട്ടത്തിൽ ശബ്ബത്തിനെ സ്ഥാപിച്ചത്. ദൈവം സൃഷ്ടിതാവായതുകൊണ്ട് നാം അവനെ ആരാധിക്കണമെന്ന സത്യം എത്രകാലം നിലനിൽക്കുന്നുവോ

അത്രയും കാലം അതിൻറെ അടയാളവും സ്മാരകമായി മനുഷ്യമനസ്സുകളിൽ നില നിൽക്കും. ശബ്ബത്തിനെ സാർവ്വലൗകികമായി അനുഷ്ഠിച്ചിരുന്നുവെങ്കിൽ മനുഷ്യൻറെ ചിന്തകളും സ്നേഹവുമെല്ലാം സ്രഷ്ടാവിങ്കലേക്ക് ഒഴുകുമായിരുന്നു. ഭക്തിയുടെയും ആരാധനയുടെയും ലക്ഷ്യമായി ദൈവത്തെ സ്വീകരിക്കുമായിരുന്നു. അങ്ങനെയായിരുന്നുവെങ്കിൽ ഒരു വിഗ്രഹാരാധിയോ, നിരീ ശ്വരനോ, അവിശ്വാസിയോ ഉണ്ടാകുമായിരുന്നില്ല. ആകാശവും ഭൂമിയും സമുദ്രവും നീരുറവകളും ഉണ്ടാക്കിയ സത്യദൈവത്തോടുള്ള വിശ്വസ്തതയുടെ അടയാളമാണ് ശബ്ബത്തനുഷ്ഠാനം.

ദൈവത്തെ നമസ്കരിച്ച് അവൻറെ
കല്പനകളെ കാത്തുകൊൾക എന്ന ദൂത്
വിശേഷിച്ചും നാലാം കല്പന
കാക്കുവാനുള്ള ഒരു ആഹ്വാനമാണ്.

ദൈവത്തിൻറെ കല്പനകളെ
പ്രമാണിക്കുകയും യേശുവിങ്കലുള്ള
വിശ്വാസം കാത്തുകൊള്ളുകയും
ചെയ്യുന്നവരിൽനിന്നും വിഭിന്നമായി
വേറൊരു കൂട്ടരെ മൂന്നാം ദൂതൻ
കാണിച്ചുതരുന്നു. അവരുടെ തെറ്റുകൾക്ക്
ഗൗരവമായ മുന്നറിയിപ്പും ആ ദൂതൻ
നൽകുന്നു. മൃഗത്തെയും അതിൻറെ
പ്രതിമയേയും നമസ്കരിച്ച് നെറ്റിയിലോ,
കൈമേലോ മുദ്ര ഏൽക്കുന്നവൻ,
ദൈവകോപത്തിൻറെ പാത്രത്തിൽ
കലർപ്പില്ലാതെ പകർന്നിരിക്കുന്ന

ദൈവക്രോധമദ്യം കുടിക്കേണ്ടിവരും (വെളി. 14:9,10). വേദപുസ്തകത്തിൽ വിവരിച്ചിരിക്കുന്ന പ്രതീകങ്ങളുടെ ശരിയായ ഒരു വ്യാഖ്യാനം ഈ ദൂത് മനസ്സിലാക്കുന്നതിന് ആവശ്യമാണ്. മൃഗം, പ്രതിമ, മുദ്ര ഇവയുടെ അർത്ഥം എന്താണ്?

ഈ പ്രതീകങ്ങൾ ഉപയോഗിച്ചിരിക്കുന്ന പ്രവചനം വെളിപ്പാട് 12-ാം അദ്ധ്യായത്തിലാണ് ആരംഭിക്കുന്നത്. ക്രിസ്തുവിൻറെ ജനനസമയത്ത് ക്രിസ്തുവിനെ നശിപ്പിക്കാൻ മഹാസർപ്പം ശമിക്കുന്നതോടെ ആ പ്രവചനം ആരംഭിക്കുന്നു. മഹാസർപ്പം സാത്താനാണെന്ന് നാം വായിക്കുന്നു (വെളി. 12:9). രക്ഷകനെ

നശിപ്പിക്കുവാൻ ഹെരോദാവിനെ ഉദ്യമിപ്പിച്ചത് സാത്താനായിരുന്നു. എന്നാൽ ക്രിസ്താബ്ദത്തിൻറെ ആരംഭ നൂറ്റാണ്ടുകളിൽ ക്രിസ്തുവിനോടും കിസ്ത്യാനികളോടും പോരാട്ടം നടത്തിയ സാത്താൻറെ പ്രധാന പ്രതിനിധി റോമൻ സാമ്രാജ്യമായിരുന്നു. റോമൻ സാമ്രാജ്യത്തിൽ നിലനിന്നിരുന്ന പ്രധാന മതം അജ്ഞാനമതമായിരുന്നു. ഇങ്ങനെ സർപ്പം പ്രധാനമായി സാത്താനെ പ്രതിനിധീകരിക്കുമ്പോൾത്തന്നെ വേറൊരർത്ഥത്തിൽ അജ്ഞാന റോമയേയും പ്രതിനിധീകരിക്കുന്നു.

വെളിപ്പാട് 13-ാം അദ്ധ്യായത്തിൽ (വാക്യം 1 -10) മറ്റൊരു മൃഗത്തെ

വർണ്ണിക്കുന്നു.
പുള്ളിപ്പുലിയെപ്പോലുള്ള ഒരു മൃഗമാണത്. മഹാസർപ്പം അതിന് തൻ്റെ ശക്തിയും സിംഹാസനവും വലിയ അധികാരവും കൊടുത്തു. അനേകം പ്രൊട്ടസ്റ്റന്റുകാർ വിശ്വസിക്കുന്നതുപോലെ, പാപ്പാത്വത്തെയാണ് ഈ മൃഗം പ്രതിനിധീകരിക്കുന്നത്. പുരാതന കാലത്തെ റോമൻ സാമ്രാജ്യത്തിൻ്റെ അധികാരത്തെ പിൻതുടരുകയാണ് പാപ്പാത്വം ചെയ്തത്.
പുള്ളിപ്പുലിയെപ്പോലെയുള്ള മൃഗത്തെക്കുറിച്ച് താഴെ പറയും പ്രകാരം വർണ്ണിച്ചിരിക്കുന്നു: “വമ്പും ദൂഷണവും സംസാരിക്കുന്ന വായ് അതിന് ലഭിച്ചു , അത് ദൈവത്തിൻ്റെ നാമത്തെയും അവൻ്റെ കൂടാരത്തെയും സ്വർഗ്ഗത്തിൽ

വസിക്കുന്നവരെയും ദുഷിപ്പാൻ ദൈവദൂഷണത്തിനായി വായ് തുറന്നു. വിശുദ്ധന്മാരോട് യുദ്ധം ചെയ്ത് അവരെ ജയിപ്പാനും അതിന് അധികാരം ലഭിച്ചു. സകല ഗോത്രത്തിന്മേലും വംശത്തിന്മേലും ഭാഷമേലും ജാതിമേലും അധികാരവും ലഭിച്ചു". ദാനീയേൽ ഏഴിൽ വിവരിച്ചിരിക്കുന്ന ചെറിയ കൊമ്പുമായി ഈ മൃഗത്തെ സംബന്ധിച്ച പ്രവചനം വളരെ സാധർമ്മ്യം ഉള്ളതാണ്. നിർവിവാദം ഇത് പാപ്പാത്വത്തെ സംബന്ധിച്ചതാണെന്ന് പറയാം.

"നാല്പത്തിരണ്ടു മാസം പ്രവർത്തിപ്പാൻ അധികാരവും ലഭിച്ചു". അതിൻെറ തലകളിൽ ഒന്ന് മരണകരമായ

മുറിവേറ്റതുപോലെ ഞാൻ കണ്ടു. അടിമയാക്കിക്കൊണ്ടുപോകുന്നവൻ അടിമയായിപ്പോകും. വാൾകൊണ്ട് കൊല്ലുന്നവൻ വാളാൽ മരിക്കേണ്ടിവരും നാല്പത്തിരണ്ടു മാസം അഥവാ ദാനീയേൽ ഏഴിലെ കാലവും കാലങ്ങളും കാലാംശവും അഥവാ മൂന്നര വർഷക്കാലം അല്ലെങ്കിൽ ആയിരത്തി ഇരുന്നൂറ്റി അറുപതു ദിവസം ഇവ യെല്ലാം ഒന്നിനെയാണ് സൂചിപ്പിക്കുന്നത്. ഈ കാലഘട്ടത്തിൽ പാപ്പാത്വ ശക്തി ദൈവജനത്തെ പീഡിപ്പിക്കും. മുൻ അദ്ധ്യായങ്ങളിൽ പ്രതിപാദിച്ചി ട്ടുള്ളതുപോലെ പാപത്വമേൽക്കോയ്മ എ.ഡി. 538-ൽ ആരംഭിച്ച് 1798-ൽ അവസാനിച്ചു. ഫ്രഞ്ചു സൈന്യം

1798-ൽ പാപ്പായെ തടവിലാക്കി. പാപ്പാത്വ ശക്തിക്ക് മരണകരമായ മുറിവ് ലഭിച്ചു. "അടിമയാക്കിക്കൊണ്ടുപോകുന്നവർ അടിമയായിപ്പോകും" എന്ന പ്രവചനം നിവൃത്തിയായി.

ഈ സന്ദർഭത്തിൽ വേറൊരു പ്രതീകംകൂടെ പുതുതായി നൽകപ്പെട്ടു. പ്രവാചകൻ പറയുന്നു: "വേറൊരു മൃഗം ഭൂമിയിൽനിന്ന് കയറുന്നത് ഞാൻ കണ്ടു. അതിന് കുഞ്ഞാടിനുള്ളതു പോലെ രണ്ട് കൊമ്പുണ്ടായിരുന്നു" (വാക്യം 11). ഈ മൃഗത്തിൻറെ രൂപവും ആവിർഭാവവും കാണിക്കുന്നത് ഏതു രാജ്യത്തെ അത് പ്രതിനിധീകരിക്കുന്നുവോ ആ രാഷ്ട്രം

മുൻ പ്രസ്താവിക്കപ്പെട്ട രാഷ്ട്രങ്ങളിൽനിന്നും ആ രാഷ്ട്രങ്ങളുടെ പ്രതീകങ്ങളിൽ നിന്നും തികച്ചും വിഭിന്നമായിരുന്നു. ലോകത്തെ അടക്കിവാണിരുന്ന വലിയ രാജ്യങ്ങൾ ദാനീയേലിന് ഇരപിടിച്ചു തിന്നുന്ന ക്രൂരമൃഗങ്ങളെ പ്രതിരൂപങ്ങളാക്കിയാണ് കാണിച്ചുകൊടുത്തത്. "ആകാശത്തിലെ നാലു കാറ്റും മഹാസമുദ്രത്തിൻറെ നേരെ അടിക്കുന്നത് ഞാൻ കണ്ടു" (ദാനീ. 7:2). ഈ കാറ്റിനു

ശേഷം സമുദ്രത്തിൽനിന്ന് ഇര പിടിക്കുന്ന മൃഗങ്ങൾ കയറി വരുന്നതായിട്ടാണ് ദാനീയേൽ പ്രവാചകൻ ദർശനം കാണുന്നത്. വെളിപ്പാടു പുസ്തകം 17-ൽ

വെള്ളത്തെക്കുറിച്ച് ഒരു ദൂതൻ ഇപ്രകാരം വിശദീകരണം നൽകുന്നു. "വെള്ളം വംശങ്ങളും പുരുഷാരങ്ങളും ജാതികളും ഭാഷകളുമത്രേ" (വെളി. 17:15). കാറ്റ് യുദ്ധത്തിൻറെ ഒരു പ്രതീകമാണ്. "ആകാശത്തിലെ നാലു കാറ്റ് സമുദ്രത്തിന്മേൽ അടിക്കുന്നു" എന്നതിൻറെ അർത്ഥം ഭയങ്കരമായ യുദ്ധങ്ങൾക്കും വിപ്ലവങ്ങൾക്കും ശേഷമാണ് ദാനീയേൽ കണ്ട ഭുവനൈക രാഷ്ട്രങ്ങൾ അധികാരത്തിലേറിയത്.

എന്നാൽ കുഞ്ഞാടിനെപ്പോലെ കൊമ്പുകളുള്ള മൃഗം "ഭൂമിയിൽനിന്ന് കയറി വരുന്നതായിട്ടാണ് പ്രവാചകൻ ദർശിച്ചത്. മറ്റ് അധികാരങ്ങളെ ശക്തി

പ്രയോഗിച്ച് മറിച്ചിട്ട് സ്വന്തം അധികാരം ഉറപ്പിക്കുന്നതിനുപകരം ഈ പുതിയ രാഷ്ട്രം മനുഷ്യർ പാർത്തിട്ടില്ലാത്ത ദേശത്ത് സാവധാനമായും സമാ ധാനപരമായും വളർന്നുകൊണ്ടിരുന്നു. ഈ രാഷ്ട്രം ജനബാഹുല്യവും യുദ്ധങ്ങളും ഉള്ള പഴയ ലോകത്തിൽ രൂപംകൊള്ളുന്ന ഒന്നല്ല. പഴയ ലോകമെന്നാൽ വംശങ്ങളും പുരുഷാരങ്ങളും ജാതികളും ഭാഷകളും അടങ്ങിയ കലങ്ങിമറിയുന്ന ഒരു സമുദ്രം തന്നെയായിരുന്നുവല്ലോ. ഈ പുതിയ രാഷ്ട്രത്തെ പുതുതായി കണ്ടുപിടിച്ച പാശ്ചാത്യ ഭൂഖണ്ഡത്തിൽ അന്വേഷിക്കേണ്ടിയിരിക്കുന്നു.

പുതുതായി കണ്ടുപിടിക്കപ്പെട്ട ഭൂഖണ്ഡത്തിൽ ഏതു രാഷ്ട്രമായിരുന്നു 1798-ൽ ലോകശ്രദ്ധ പിടിച്ചുപറ്റി ശക്തിയും മഹത്വവും വാഗ്ദാനം ചെയ്തു കൊണ്ട് അധികാരത്തിലേക്കുയർന്നത്? യാതൊരു സംശയവും ഇല്ലാതെ അതിനുത്തരം കണ്ടെത്തുവാൻ കഴിയും. ഈ പ്രവചനത്തെ സാർത്ഥകമാക്കുന്ന ഏക രാഷ്ട്രം അമേരിക്കൻ ഐക്യനാടുകളാണ്. പലപ്പോഴും വേദ പുസ്തക എഴുത്തുകാരൻറെ ചിന്ത, അല്ലെങ്കിൽ അദ്ദേഹത്തിൻറെ അതേ വാക്കുകൾ തന്നെ അമേരിക്കൻ ഐക്യനാടുകളുടെ ചരിത്രാഖ്യാനത്തിലും അതിനെക്കുറിച്ചുള്ള പ്രഭാഷണങ്ങളിലും പ്രതിഫലിക്കുന്നുണ്ട് ഈ മൃഗം.

“ഭൂമിയിൽനിന്ന് കയറുന്നത് ഞാൻ കണ്ടു. “കയറുക’ എന്ന പദത്തിന് “ഒരു ചെടിപോലെ വളരുക’ എന്നും അർത്ഥമുണ്ട്. മുൻപ് ജനവാസമില്ലാതിരുന്ന ഒരു പ്രദേശത്ത് ആയിരിക്കണം ഈ രാഷ്ട്രം ഉദയം ചെയ്യേണ്ടതെന്ന് നാം പറഞ്ഞുവല്ലോ. പ്രസിദ്ധനായ ഒരു എഴുത്തുകാരൻ അമേരിക്കൻ ഐക്യ നാടുകളുടെ ഉദയത്തെ വിവരിക്കുമ്പോൾ ഇപ്രകാരം പറയുന്നു: “ഒന്നുമില്ലായ്മ യിൽനിന്നും അവൾ എഴുന്നേറ്റ അത്ഭുത രഹസ്യം”. “നിശ്ശബ്ദമായ ഒരു കാട്ടു ചൂരൽ പോലെ നാം ഒരു സാമ്രാജ്യത്തിലേക്കു വളർന്നു G.A. Townsend, The New World Compared with the Old, page 462. ഒരു യൂറോപ്യൻ പത്രിക 1850-ൽ

അമേരിക്കൻ ഐക്യനാടുകളെക്കുറിച്ച് ഇങ്ങനെ പറഞ്ഞു: "അത് ഒരു അത്ഭുതകരമായ സാമ്രാജ്യമാണ്. ഭ്രമിയുടെ നിശ്ശബ്ദതയിൽ ശക്തിയും അഭിമാനവും ദിനന്തോറും ആർജ്ജിച്ചുകൊണ്ട് അത് വളർന്നു'. The Dublin Nation. എഡ്വർഡ് എവ്റ്റ് ഈ രാഷ്ട്രത്തിൻറെ സ്ഥാപകരായ മോഷയാത്രക്കാരോടുള്ള ഒരു പ്രഭാഷണത്തിൽ ഇപ്രകാരം പറഞ്ഞു: "ലീഡനിലെ കൊച്ചു സഭയ്ക്ക് മനസ്സാക്ഷിയുടെ സ്വാതന്ത്ര്യം ആസ്വദിക്കുവാനായി അവർ പ്രശാന്തമായ ഒരു സ്ഥലം നോക്കിയോ? കുറഞ്ഞിരിക്കുന്നതിന് പറ്റിയ ഒരു ഒഴിഞ്ഞ സ്ഥലം, സുരക്ഷിതമായ ഒരു വിദൂര സ്ഥലം. സമാധാനപൂർവ്വമായി

നേടിയെടുത്ത വിസ്തൃതമായ ഭൂപ്രദേശത്ത് ക്രൂശിൻറെ കൊടിയുമായി- അവർ ചെന്നു" - Speech delivered at Plymouth, Massachusetts, Dec 22, 1 824, page11.

അതിന് കുഞ്ഞാടിനുള്ളതു പോലെ രണ്ടു കൊമ്പുണ്ടായിരുന്നു. കുഞ്ഞാടിൻറെ കൊമ്പുകൾ യൗവനം, നിഷ്കളങ്കത, ശാന്തത തുടങ്ങിയ സ്വഭാവവിശേഷങ്ങളെ കാണിക്കുന്നു. 1798-ൽ കയറി വന്ന അമേരിക്കൻ ഐക്യനാടുകളുടെ സ്വഭാവത്തെ ഈ കുഞ്ഞാടിനെപ്പോലെയുള്ള മൃഗം പ്രതിനിധീകരിക്കുന്നു. സ്വന്തരാജ്യം വിട്ടുപോയ ക്രിസ്ത്യാനികളിൽ പലരും രാജകീയ പീഡനത്തിൽ നിന്നും

പുരോഹിത മേധാവിത്വത്തിൽനിന്നും മോചനം നേടുന്നതിന് അമേരിക്കൻ ഭൂഖണ്ഡത്തിലേക്ക് പോയവരായിരുന്നു. അവർ മതസ്വാതന്ത്ര്യവും പൗരസ്വാതന്ത്ര്യവും ഉറപ്പുവരുത്തുന്ന ഒരു ഗവൺമെന്റ് രൂപവൽക്കരിക്കുവാൻ ഉറച്ചു. സ്വാതന്ത്യപ്രഖ്യാപനത്തിൽ അവരുടെ ആശയങ്ങൾ പ്രഖ്യാപിച്ചു. എല്ലാ മനുഷ്യരും തുല്യരായി സൃഷ്ടിക്കപ്പെട്ടിരിക്കുന്നു എന്ന വലിയ സത്യം ആ പ്രഖ്യാപനത്തിൽ ഉണ്ട്. ജീവനും സ്വാതന്ത്യത്തിനും സന്തോഷം കണ്ടെത്തുന്നതിനുള്ള പരിശ്രമത്തിലും അവർക്ക് അവകാശമുണ്ട് എന്നും ആ പ്രഖ്യാപനത്തിൽ പറയുന്നു. അമേരിക്കൻ ഭരണഘടന, എല്ലാവർക്കും സ്വയംഭരണാവകാശവും ജനപ്രതിനി

ധികൾക്ക്
നിയമനിർമ്മാണാവകാശവും
നൽകിയിരിക്കുന്നു. മതസ്വാതന്ത്ര്യം
തങ്ങളുടെ മനസ്സാക്ഷിക്കനുസരിച്ച്
ഏവർക്കും നല്കപ്പെട്ടിരിക്കുന്നു.
ജനങ്ങൾക്കുള്ള പരമാധികാരവും
പ്രോട്ടസ്റ്റൻഡ് മതവിശ്വാസവും
രാഷ്ട്രത്തിൻറെ അടിസ്ഥാന
തത്വങ്ങളാണ്. ആ രാഷ്ട്രത്തിൻറെ
ശക്തിയുടെയും ഐശ്വര്യ ത്തിൻറെയും
രഹസ്യം ഈ തത്വങ്ങളാകുന്നു. ക്രിസ്ത്രീയ
രാജ്യങ്ങളിലെ മർദ്ദി തരും
അധഃസ്ഥിതരും പ്രത്യാശയോടും
താത്പര്യത്തോടുംകൂടെ ഈ
രാജ്യത്തിലേക്കു തിരിഞ്ഞു.
അനേകായിരങ്ങൾ ഈ രാഷ്ട്രത്തിൻറെ
തീരമന്വേഷിച്ചു വന്നു. അമേരിക്കൻ

ഐക്യനാടുകൾ ലോകത്തിലെ ഏറ്റവും ശക്തമായ രാഷ്ട്രങ്ങളിലൊന്നായി ഉയർന്നു.

എന്നാൽ കുഞ്ഞാടിനെപ്പോലെ കൊമ്പുണ്ടായിരുന്ന മൃഗം മഹാസർപ്പം എന്നപോലെ സംസാരിച്ചു. അത് ഒന്നാമത്തെ മൃഗത്തെപ്പോലെ അവൻ എല്ലാ അധികാരവും കാണിച്ചു. അത് "അധികാരമെല്ലാം നടത്തി ഭൂമിയേയും അതിൽ വസിക്കുന്നവരേയും മരണകരമായ മുറിവു പൊറുത്തു പോയ ഒന്നാം മൃഗത്തെ നമസ്കരിക്കുമാറാക്കുന്നും മ മ , വാളാൽ മുറിവേറ്റിട്ടും ജീവിച്ച മൃഗത്തിന് പ്രതിമയുണ്ടാക്കുവാൻ ഭൂവാസികളോട് പറകയും ചെയ്യുന്നു" (വെളി. 13:11 -14).

കുഞ്ഞാടിൻറെപോലുള്ള കൊമ്പുകളും മഹാസർപ്പത്തിന്റെ ശബ്ദവും ആ രാഷ്ട്രത്തിൻറെ പ്രായോഗിക ജീവിതവും അതിൻറെ മൂല്യബോധങ്ങളും തമ്മിലുള്ള ശ്രദ്ധേയമായ വൈരുദ്ധ്യങ്ങളെ വിളിച്ചറിയിക്കുന്നു. രാഷ്ട്രത്തിൻറെ "പ്രസ്താവന" അർത്ഥമാക്കുന്നത്, അതിൻറെ നിയമനിർമ്മാണപരവും നീതി ന്യായസംബന്ധവുമായ അധികാരത്തെയാണ്. ആ രാഷ്ട്രത്തിൻറെ നയത്തിൻറെ അടിത്തറയെന്ന് വിശേഷിപ്പിച്ച് സ്വാതന്ത്ര്യത്തിൻറെയും സമാധാനത്തിൻറെയും തത്വങ്ങളോട് വഞ്ചന കാട്ടുകയാണ് ആ പരസ്പര വൈരുദ്ധ്യ പ്രവർത്തനം കൊണ്ട്

ചെയ്തത്. ഒന്നാമത്തെ മൃഗത്തിൻറെ മുമ്പാകെ തൻറെ അധികാരമെല്ലാം നടത്തുകയും, മഹാസർപ്പം എന്നപോലെ സംസാരിക്കയും ചെയ്യുമെന്ന പ്രവചനം ചൂണ്ടിക്കാണിക്കുന്നത്, മഹാസർപ്പവും പുള്ളിപ്പുലി പോലെയുള്ള മൃഗവും പ്രതിനിധാനം ചെയ്യുന്ന ശക്തികളുടെ പീഡനവും ഉപദ്രവങ്ങളും ഈ കുഞ്ഞാടുപോലുള്ള മൃഗവും തുടരുമെന്നാണ്. ഈ മൃഗം "ഒന്നാമത്തെ മൃഗത്തിൻറെ മുമ്പാകെ അതിൻറെ അധികാരം എല്ലാം നടത്തി ഭൂമിയേയും അതിൽ വസിക്കുന്നവരെയും ഒന്നാം മൃഗത്തെ നമസ്കരിക്കുമാറാക്കുന്നു" എന്ന പ്രസ്താവന അർത്ഥമാക്കുന്നത് പാപ്പാത്വത്തിന് വിധേയം കാട്ടുന്ന ഒരു

ആചാരം, ഈ രാഷ്ട്രം അതിൻറെ അധികാരം ഉപയോഗിച്ച് നിർബ്ബന്ധിതമാക്കുമെന്നാണ്.

ഈ രാഷ്ട്രത്തിൻറെ തത്വങ്ങൾക്ക് കടകവിരുദ്ധമായിരിക്കും ഇപ്രകാര മുള്ള പ്രവൃത്തി. അമേരിക്കൻ ഐക്യനാടുകളുടെ ഭരണഘടനയ്ക്കും , സ്വാതന്ത്ര്യപ്രഖ്യാപനത്തിൻറെ പിന്നിലുള്ള പാവനമായ ആശയങ്ങൾക്കും വിരോധമായ ഒന്നായിരിക്കും കുഞ്ഞാടിനെപ്പോലുള്ള ഈ രാഷ്ട്രം ചെയ്യുവാൻ പോകുന്നത്. മതേതര ശക്തികൾ സഭയുടെ മേൽ കർതൃത്വം നടത്തുന്നതും അതിൽനിന്നും ഉടലെടുക്കുന്ന ഉപ്രദ്രവങ്ങളും പീഡനവും,

ഒഴിവാക്കുന്നതിന് രാഷ്ട്രശില്പികൾ കാലേക്കൂട്ടി ബുദ്ധിപൂർവ്വം കരുതിയിരുന്നു. ഭരണഘടന ഇപ്രകാരം അനുശാസിക്കുന്നു: “ഏതെങ്കിലും മതസ്ഥാപനത്തിനു വേണ്ടിയോ അഥവാ മതങ്ങളുടെ സ്വതന്ത്രമായ പ്രവർത്തനങ്ങളെ നിരോധിച്ചുകൊണ്ടോ, സ്വാതന്ത്ര്യത്തെ ഹനിച്ചുകൊണ്ടോ അമേരിക്കൻ നിയമനിർമ്മാണസഭ ഒരു നിയമവും ഉണ്ടാക്കാൻ പാടില്ല. അമേരിക്കൻ ഐക്യ നാടുകളുടെ പൊതുസ്ഥാപനങ്ങളിൽ ഏതെങ്കിലും ജോലി ലഭിക്കുന്നതിനു വേണ്ടി മതപരമായ ഒരു പരീക്ഷയും എഴുതേണ്ടതില്ല. രാഷ്ട്രത്തിൻറെ സ്വാതന്ത്ര്യം ഉറപ്പുവരുത്തുന്ന

നിയമങ്ങളെ മറികടന്നു കൊണ്ടു മാത്രമേ ഗവൺമെന്റിന് ഏതെങ്കിലും മതപരമായ ആചാരം ജനത്തിൻറെ മേൽ അടിച്ചേൽപ്പിക്കുവാൻ കഴിയൂ. അമേരിക്കൻ ഐക്യനാടുകളെ പ്രതിനിധീകരിക്കുന്ന പ്രതീകത്തിൽ കാണുന്ന വൈരുദ്ധ്യങ്ങൾ മേൽപ്പറഞ്ഞ രാഷ്ട്രത്തിൻറെ പ്രവർത്തനങ്ങളെക്കാൾ വലുതല്ല. കുഞ്ഞാടിൻറേതുപോലുള്ള കൊമ്പുകൾ ഉള്ള മൃഗമാണത്. അതിൻറെ ബാഹ്യപ്രകടനങ്ങൾ ശുദ്ധവും ശാന്തതയുള്ളതും നിരുപദ്രവകരവുമാണ്.

എന്നാൽ അത് സംസാരിക്കുന്നത് മഹാസർപ്പത്തെപ്പോലെയാണ്. അത് മൃഗത്തിന് പ്രതിമയുണ്ടാക്കാൻ

ഭൂവാസികളോടു പറകയും ചെയ്യുന്നു. നിയമനിർമ്മാണാധികാരം ജനങ്ങളിൽ നിക്ഷിപ്തമായിരിക്കുന്ന ഒരു ഗവൺമെന്റിനെയാണ് ഇവിടെ അവതരിപ്പിക്കുന്നത്. ഈ പ്രവചനം അമേരിക്കൻ ഐക്യ നാടിനെക്കുറിച്ചാണെന്ന് നിസ്സംശയം പറയാം.

മൃഗത്തിൻറെ പ്രതിമ എന്നാൽ എന്താണ്? അത് എപ്രകാരം രൂപപ്പെടും? രണ്ടു കൊമ്പുള്ള മൃഗമാണ് പ്രതിമ ഉണ്ടാക്കുന്നത്. മൃഗത്തിന് പ്രതിമ ഉണ്ടാ,ക്കുന്നുവെന്നാണ് നാം വായിക്കുന്നത്. മൃഗത്തിൻറെ പ്രതിമ എന്നും പറയപ്പെടുന്നു. പ്രതിമ എന്തിനെപ്പോലെയാണ്? അത്

ഏപ്രകാരമാണ് രൂപപ്പെടുന്നത്?
ഇവയെല്ലാം മനസ്സിലാക്കുന്നതിനു നാം മൃഗത്തിൻറെ അഥവാ പാപ്പാത്വത്തിൻറെ സ്വഭാവം പഠിക്കേണ്ടതുണ്ട്.

പൗരാണിക സഭ, സുവിശേഷത്തിൻറെ ലാളിത്യത്തിൽനിന്ന് അകലു കയും ജാതീയാചാരങ്ങൾ പകർത്തുകയും ചെയ്തപ്പോൾ ദൈവിക ശക്തിയും ആത്മാവും അവൾക്ക് നഷ്ടപ്പെട്ടു. ജനത്തിൻറെ മനസ്സാക്ഷിയെ നിയന്ത്രിക്കുന്നതിന് സഭ, മതേതരശക്തികളുടെ സഹായം തേടി. അതിൻറെ ഫലം പാപ്പാത്വം ആയിരുന്നു. രാഷ്ട്രത്തെ ഭരിക്കുവാനും സ്വന്തതാത്പര്യങ്ങൾ സംരക്ഷിക്കാനും, പ്രത്യേകിച്ച് മതനിന്ദയുടെ പേരിൽ

മറ്റുള്ളവരെ ശിക്ഷിക്കുവാനുമുള്ള അധികാരം പാപ്പാത്വം ആർജ്ജിച്ചു. അമേരിക്കൻ ഐക്യനാടുകൾ മൃഗത്തിൻറെ പ്രതിമ ഉണ്ടാക്കുന്നതിന്, മതശക്തി പൊതുഭരണകൂടത്തെ നിയന്ത്രിക്കേണ്ടതായി വരും. രാഷ്ട്രത്തിൻറെ അധികാരം, സഭ കൈകാര്യം ചെയ്യും.

എപ്പോഴെങ്കിലും സഭ മതേതരശക്തി കൈവരിച്ചിട്ടുണ്ടോ, അപ്പോഴൊക്കെ അവളോടെതിർത്തിട്ടുള്ളവരെ ശിക്ഷിച്ചിട്ടുണ്ട്. റോമിൻറെ കാലടികൾ പിൻതുടർന്ന പ്രോട്ടസ്റ്റൻറ് സഭകൾ ലോകശക്തികളുമായി സമ്പർക്കം പുലർത്തി. റോമിനെപ്പോലെതന്നെ മനസ്സാക്ഷിയുടെ സ്വാതന്ത്ര്യത്തെ കടി

ഞ്ഞാണിടുവാൻ വ്യഗ്രത പ്രകടിപ്പിച്ചു. ഇതിൻറെ ഒരു മാതൃക കാണാൻ കഴിയുന്ന ആംഗ്ലിക്കൻ സഭ (Church of England) നടത്തിയ പീഡനമാണ്. തങ്ങളിൽനിന്നും വേർപെട്ട കക്ഷികളെ ആംഗ്ലേയ സഭ കഠിനമായി പീഡിപ്പിച്ചു. പതിനാറും പതിനേഴും നൂറ്റാണ്ടുകളിൽ ആംഗ്ലേയ സഭയോട് യോജിക്കാൻ മടിച്ച് ആയിരക്കണക്കിന് പുരോഹിതന്മാർക്ക് തങ്ങളുടെ സഭകളിൽ നിന്നും ഓടിപ്പോകേണ്ടതായി വന്നു. അനേകം ശുശ്രൂഷകന്മാരും അമേനികളും പിഴ, തടവ്, പീഡനം, രക്തസാക്ഷിത്വം എന്നീ ശിക്ഷകൾക്ക് വിധേയരായി.

വിശ്വാസത്യാഗം ഒന്നുമൂലമായിരുന്നു പൗരാണിക സഭയ്ക്ക് ഗവൺമെന്റ് സഹായം തേടേണ്ടിവന്നത്. മൃഗം അഥവാ പാപ്പാത്വത്തിൻറെ വളർച്ചയ്ക്കും വികസനത്തിനും ഇത് കാരണമായിത്തീർന്നു. പൌലൊസ് അപ്പൊസ്തലൻ പറഞ്ഞു: "ആദ്യമേ വിശ്വാസത്യാഗം സംഭവിക്കുകയും നാശയോഗ്യനും അധർമ്മ മൂർത്തിയുമായവൻ വെളിപ്പെടുകയും വേണം" (2 തെസ്സ.2:3). അങ്ങനെ സഭയിലെ വിശ്വാസത്യാഗം മൃഗത്തിൻറെ പ്രതിമയ്ക്ക് വഴിയൊരുക്കുന്നു.

ആദ്യനൂറ്റാണ്ടുകളിലെപ്പോലെ മതപരമായ ഒരു പതനം കർത്താവിന്റെ വരവിനു മുൻപും

ഉണ്ടായിരിക്കുമെന്ന് തിരുവെഴുത്തു പറയുന്നു. “അന്ത്യ കാലത്ത് ദുർഘടസമയങ്ങൾ വരും എന്നറിക. മനുഷ്യർ സ്വനേഹികളും ദ്രവ്യാഗ്രഹികളും വമ്പുപറയുന്നവരും അഹങ്കാരികളും ദൂഷകന്മാരും അമ്മയപ്പന്മാരെ അനുസരിക്കാത്തവരും നന്ദികെട്ടവരും അശുദ്ധരും വാത്സല്യമില്ലാ ത്തവരും ഇണങ്ങാത്തവരും ഏഷണിക്കാരും അജിതേന്ദ്രിയന്മാരും ഉഗ്രന്മാരും സൽഗുണദ്വേഷികളും ദ്രോഹികളും ധാർഷ്ട്യക്കാരും നിഗളികളുമായി ദൈവപ്രിയമില്ലാതെ, ഭോഗപ്രിയരായി ഭക്തിയുടെ വേഷം ധരിച്ച് അതിൻറെ ശക്തി ത്യജിക്കുന്നവരുമായിരിക്കും” (2 തിമൊ. 3:1 -5). “എന്നാൽ

ഭാവികാലത്ത് ചിലർ വ്യാജാത്മാക്കളും ഭ്രതങ്ങളുടെ ഉപ ദേ ശങ്ങ ളെയും ആശ യിച്ച് ഭോഷ്ക് പറയുന്നവരുടെ കപടത്താൽ വിശ്വാസം ത്യജിക്കും എന്ന് ആത്മാവ് തെളിവായി പറയുന്നു" (1 തിമൊ. 4:1). സാത്താൻ വ്യാജമായ സകല ശക്തിയോടും അടയാളങ്ങളോടും അത്ഭുതങ്ങളോടും അനീതിയുടെ സകല വഞ്ചനയോടും കൂടെ പ്രവർത്തിക്കും. "എന്നാൽ രക്ഷിക്കപ്പെടുവാന്തക്കവണ്ണം സത്യത്തെ സ്നേഹിച്ച് കൈക്കൊള്ളാത്ത" ഏവർക്കും "ന്യായവിധി വരേണ്ടതിന് ദൈവം അവർക്ക് ഭോഷ്ക് വിശ്വസിക്കുമാറ് വ്യാജത്തിൻറെ വ്യാപാര ശക്തി അയയ്ക്കുന്നു" (2 തെസ്സ. 2:9-11). ദൈവഭയമില്ലാത്ത ഈ

അവസ്ഥയിലെത്തിച്ചേരുമ്പോൾ ആദ്യനൂറ്റാണ്ടുകളിലെ അതേ ഫലം തന്നെ പിന്തു ടരും .

നവീകരണങ്ങൾ സഭകൾക്ക് ഒരു ഐകരൂപ്യവും വരുത്തുവാൻ സാദ്ധ്യ മല്ലാത്ത വിധം വിശ്വാസാചാരങ്ങളിൽ വളരെ അകൽച്ചകൾ ഉണ്ട്. എന്നാൽ ഉപദേശങ്ങളിലെ ഐകരൂപ്യമുള്ള ഭാഗങ്ങളെ മാത്രം അടിസ്ഥാനമാക്കി ഒരു ഐക്യത കെട്ടിപ്പടുക്കണമെന്ന് വർഷങ്ങളായി പ്രൊട്ടസ്റ്റൻറ് വിഭാഗങ്ങളിലെ സഭകളിൽ അദമ്യമായ ആഗ്രഹം വളർന്നുകൊണ്ടിരുന്നു. അപ്രകാരമൊരു ഐക്യത രൂപീകരിക്കുന്നതിന് എല്ലാവർക്കും യോജിപ്പിലെത്താൻ കഴിഞ്ഞിട്ടില്ലാത്ത

വിഷയങ്ങളെ അവ എത്രമാത്രം വേദപുസ്തക അടിസ്ഥാനത്തിൽ പ്രധാനപ്പെട്ടതായിരുന്നാലും അവഗണിച്ചേ മതിയാവൂ.

1846-ൽ ചാൾസ് ബീച്ചർ ഒരു പ്രസംഗത്തിൽ ഇപ്രകാരം പറഞ്ഞു: സുവിശേഷ വിഹിത സഭകളായ പ്രൊട്ടസ്റ്റൻഡ് വിഭാഗങ്ങളുടെ സുവിശേഷ വേല മാനുഷിക ഭയത്തിൻറെ സമ്മർദ്ദത്താൽ മാത്രം ഉളവായതല്ല. അടിസ്ഥാന പരമായി ജീർണ്ണിച്ച്, സത്യത്തെ മൂടിവെയ്ക്കുവാൻ എല്ലായ്പ്പോഴും തങ്ങ ളുടെ ഹീനപകൃതിയോട് ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്ന മലിമസമായ അന്ത രീക്ഷത്തിൽ അവൻ

ജീവിക്കയും ചരിക്കയും ശ്വസിക്കുകയും ചെയ്യുന്നു. കൂടാതെ വിശ്വാസത്യാഗത്തിൻറെ മുൻപിൽ അവർ നമ്രശിരസ്കരായി നിൽക്കുന്നു. റോമിനെ സംബന്ധിച്ചിടത്തോളവും ഇങ്ങനെയല്ലോ കാര്യങ്ങൾ നീങ്ങിയത്? റോമിൻറെ ജീവിതം നാം ആവർത്തിക്കുകയല്ലേ? നമുക്കു മുൻപിൽ നാം എന്തു കാണുന്നു?. മറ്റൊരു പൊതുയോഗം, ആരോഗ്യസമ്മേളനം, സുവിശേഷവിഹിതസഭകളുടെ ഒരു ഐക്യം, സാർവ്വലൗകികമായ ഒരു വിശ്വാസം വച്ചു പുലർത്തുന്ന ഒരു ജനത 'വേദപുസ്തകം മതിയായ ഒരു വിശ്വാസ സംഹിത" എന്ന വിഷയത്തെ ആസ്പദമാക്കി 1846 ഫെബ്രുവരി 22-ന്

ഫോർട്ട് വെയിനി ഇൻഡ്യാനയിൽ വച്ച് ചെയ്ത ഒരു പ്രസംഗത്തിൽനിന്ന് ഇത് നേടിക്കഴിയുമ്പോൾ, പൂർണ്ണമായ ഐകരൂപ്യം വരുത്തുന്നതിനുള്ള ശ്രമത്തിൽ ശക്തി ഉപയോഗിക്കുവാൻ പിന്നീട് ഒട്ടും താമസമില്ല.

അമേരിക്കൻ ഐക്യനാടുകളിലെ പ്രധാനസഭകൾ പൊതുവായ ഉപദേശ സത്യങ്ങളിൽ ഐകരൂപ്യം നേടിക്കഴിയുമ്പോൾ, തങ്ങളുടെ ചട്ടങ്ങൾ എല്ലാവർക്കും ബാധകമാക്കുവാൻ ഗവൺമെന്റിനെ നിർബന്ധിക്കും. തങ്ങളുടെ സ്ഥാപനങ്ങളെ പോറ്റിപ്പുലർത്തുവാൻ ഗവൺമെന്റിനോടാവശ്യപ്പെടും. അപ്പോൾ പ്രൊട്ടസ്റ്റന്റെ

വിശ്വാസത്തിൽ അടിയുറച്ച്
വിശ്വസിക്കുന്ന അമേരിക്കൻ
ഐക്യനാട്ടുകൾ റോമൻ കത്തോലിക്കാ
മേൽക്കോയ്മയ്ക്ക്
പ്രതിമയുണ്ടാക്കിയിരിക്കും . അപ്പോൾ
വിഘടിച്ചുനിൽക്കുന്നവരുടെ മേൽ
ഗവൺമെന്റ് ശിക്ഷാനടപടികൾ
സ്വീകരിക്കുമെന്നത്
അനിവാര്യമായിത്തീരും.

കുഞ്ഞാടിനെപ്പോലെ രണ്ടു കൊമ്പുള്ള
മൃഗം ചെറിയവരും വലിയവരും
സമ്പന്നന്മാരും ദരിദ്രന്മാരും
സ്വതന്ത്രന്മാരും ദാസന്മാരുമായ
എല്ലാവർക്കും വലകൈമേലോ,
നെറ്റിയിലോ മുദ്ര കിട്ടുമാറും മൃഗത്തിൻറെ
പേരോ, പേരിൻറെ സംഖ്യയോ ആയ

മുദ്രയുള്ളവനല്ലാതെ വാങ്ങുകയോ, വിൽക്കു കയോ ചെയ്യാൻ വഹിയാതെയും ആക്കുന്നു (വെളി.13:16,17). മൂന്നാം ദൂതൻ മുന്നറിയിപ്പ് നൽകുന്നത് :മൃഗത്തെയും അതിൻറെ പ്രതിമയേയും നമസ്കരിച്ച് നെറ്റിയിലോ കൈമേലോ മുദ്ര ഏൽക്കുന്നവൻ ദൈവകോപത്തിൻറെ പാത്രത്തിൽ കലർപ്പില്ലാതെ പകർന്നിരിക്കുന്ന ദൈവക്രോധമദ്യം കുടിക്കേ ണ്ടിവരും. കുഞ്ഞാടിനെപ്പോലെ രണ്ടു കൊമ്പുള്ള മൃഗം, ആരെ നമസ്കരി ക്കണമെന്ന് നിർബന്ധിക്കുന്നുവോ, ആ മൃഗത്തെക്കുറിച്ചാണ് മൂന്നാം ദൂതൻ പറയുന്നത്. വെളിപ്പാട് പുസ്തകത്തിൽ 13-ാം അദ്ധ്യായത്തിൽ പറഞ്ഞിരിക്കുന്ന പുള്ളിപ്പുലിക്ക്

സദൃശമായ മൃഗവും അതു തന്നെയാണ്. അത് പ്രതിനിധീകരിക്കുന്നത് പാപ്പാത്വത്തെയാണ്. മൃഗത്തിൻറെ പ്രതിമയെന്നത് വിശ്വാസത്യാഗിയായ നവീകരണ പ്രൊട്ടസ്റ്റാൻറിസമാണ്. പ്രൊട്ടസ്റ്റൻറ് സഭകൾക്ക് ഭരണകൂടങ്ങളുടെ സഹായം തേടുകയും അവരുടെ ഉപദേശങ്ങൾക്ക് ഗവൺമെൻ്റിൽ നിന്ന് അംഗീകാരവും ശക്തിയും സംഭരിക്കാൻ വിജയപൂർവ്വം ശ്രമിക്കുകയും അവരുടെ ഉപദേശങ്ങളെ മറ്റുള്ളവരുടെ മേൽ അടിച്ചേൽപ്പിക്കാൻ ശ്രമിക്കയും ചെയ്യും. മൃഗത്തിൻറെ മുദ്ര ഇനിയും നിർവ്വചിക്കപ്പെടേണ്ടിയിരിക്കുന്നു.

മൃഗത്തെയും അതിൻറെ പ്രതിമയെയും നമസ്കരിക്കുന്നതിനെതിരെ മുന്നറിയിപ്പു നല്കിയതിനുശേഷം പ്രവചനം ഇപ്രകാരം പറയുന്നു: ദൈവ കല്പനയും യേശുവിങ്കലുള്ള വിശ്വാസവും കാത്തുകൊള്ളുന്ന വിശുദ്ധന്മാരുടെ സഹിഷ്ണുതകൊണ്ട് ഇവിടെ ആവശ്യം. ദൈവകല്പന പ്രമാണിക്കുന്നവരോ, മൃഗത്തേയും മൃഗത്തിൻറെ പ്രതിമയേയും നമസ്കരിക്കുകയും അതിൻറെ മുദ്ര ഏൽക്കുകയും ചെയ്യുന്നവരേയും എതിർ ചേരികളിൽ കാണിച്ചിരിക്കകൊണ്ട്, ദൈവത്തെ നമസ്കരിക്കുന്നവരും മൃഗത്തെ നമസ്കരിക്കുന്നവരും തമ്മിലുള്ള അന്തരം കാണിച്ചിരിക്കുകയാണ്.

മൃഗത്തിൻറേയും അതിൻറെ
പ്രതിമയുടേയും പ്രത്യേക സ്വഭാവ
സവിശേഷത ദൈവത്തിൻറെ
കല്പനകളെ ലംഘിക്കുക എന്നതാണ്.
പാപ്പാത്വ ശക്തിയായ ചെറിയ
കൊമ്പിനെക്കുറിച്ച് ദാനീയേൽ
പ്രവാചകൻ പറയുന്നത് ശ്രദ്ധിക്കുക:
“അവർ സമയങ്ങളേയും നിയമങ്ങളേയും
മാറ്റുവാൻ ശ്രമിക്കയും ചെയ്യും” (ദാനീ
7:25). അപ്പൊസ്തലനായ പൌലൊസ്
അതിനെ വർണ്ണിക്കുന്നത്
“അധർമ്മമൂർത്തി” എന്നാണ്. അവൻ
ദൈവാലയത്തിൽ ഇരുന്നു കൊണ്ട്
ദൈവം എന്നു നടിച്ച്, ദൈവം എന്നോ,
പൂജാവിഷയം എന്നോ പേരുള്ള
സകലത്തിനും മീതെ തന്നെത്താൻ
ഉയർത്തുന്ന എതിരാളി അതെ. ഒരു

പ്രവചനം മറ്റൊരു പ്രവചനത്തിൻറെ പൂരകമാണ്. ദൈവത്തിൻറെ കല്പന നീക്കം ചെയ്തുകൊണ്ടു മാത്രമേ പാപ്പാത്വത്തിന് ദൈവത്തേക്കാൾ സ്വയം ഉയർത്തുവാൻ കഴിയുകയുള്ളൂ. ആരെങ്കിലും അറിഞ്ഞുകൊണ്ട് ഇപ്രകാരം മാറ്റപ്പെട്ട കല്പനയെ പ്രമാണിക്കുകയാണെങ്കിൽ അയാൾ ദൈവകല്പനയെ നീക്കിയ ശക്തിക്ക് പൂർണ്ണ ബഹുമതി നൽകുകയാണ്. പാപ്പാത്വ നിയമങ്ങൾക്ക് അപ്രകാരമൊരു അനുസരണം നൽകുകയാണെങ്കിൽ ദൈവത്തെക്കാൾ ഉപരിയായി പോപ്പിനോടുള്ള കൂറ് പ്രകടിപ്പിക്കയാണ്.

ദൈവകല്പന മാറ്റുവാൻ പാപ്പാത്വം ശ്രമിച്ചിട്ടുണ്ട്. വിഗ്രഹാരാധനയെ വിലക്കുന്ന രണ്ടാം കല്പന പാപ്പാത്വം മാറ്റി. ഏഴാം ദിന ശബ്ദത്തിനുപകരം ഒന്നാം ദിനമായ ഞായറാഴ്ച്ചയെ പാപ്പാത്വം ആരാധന ദിവസമാക്കിക്കൊണ്ട് നാലാം കല്പനയേയും മാറ്റി. രണ്ടാം കല്പന നീക്കം ചെയ്യുവാനുള്ള കാരണമായി പാപ്പാത്വ പക്ഷക്കാർ കാണിക്കുന്നത്, ഒന്നാമത്തെ കല്പനയിൽ രണ്ടാം കല്പന കൂടി ഉൾക്കൊള്ളിച്ചിരിക്കുന്നതുകൊണ്ട് അതിൻറെ ആവർ ത്തനം ആവശ്യമില്ല എന്നാണ്. ദൈവം വിഭാവന ചെയ്തിരിക്കുന്നതുപോലെ തന്നെ, കല്പന ജനത്തിന് നൽകുകയാണെന്ന്

പാപ്പാത്വ പക്ഷക്കാർ പറയുന്നു. പ്രവാചകൻ മുന്നറിയിച്ച മാറ്റമല്ല ഇതെന്നും അവർ പറയുന്നു. കരുതിക്കൂട്ടി യുള്ള ഒരു മാറ്റമാണ് അവർ വരുത്തി വെച്ചിരിക്കുന്നത്. “അവൻ സമയങ്ങ ളേയും നിയമങ്ങളേയും മാറ്റുവാൻ ശ്രമിക്കയും ചെയ്യും”. നാലാം കല്പനയുടെ മാറ്റം പ്രവചനത്തെ വളരെ കൃത്യമായി നിറവേറ്റുന്നു. ഈ മാറ്റത്തിന് നൽകപ്പെട്ടിരിക്കുന്ന ഏക വിശദീകരണം, സഭയ്ക്കുള്ള അധികാരം ഉപ യോഗിച്ച് ദൈവകല്പന മാറ്റി എന്നതാണ്. ഇവിടെ പാപ്പാത്വ ശക്തി തങ്ങ ളെ, ദൈവത്തേക്കാൾ ഉന്നതമായ ഒരു സ്ഥാനത്ത് പ്രതിഷ്ഠിക്കുകയാണ് ചെയ്യുന്നത്.

ദൈവത്തെ ആരാധിക്കുന്നവർ, നാലാം കല്പ്പനയോടുള്ള തങ്ങളുടെ പ്രത്യേക ആദരവുകൊണ്ട് തിരിച്ചറിയപ്പെട്ടുമ്പോൾ -നാലാം

കല്പന-ശബ്ബത്തനുഷ്ഠാനം-ദൈവം സൃഷ്ടി കർത്താവ് ആണെന്നുള്ള അടയാളവും, താൻ ആരാധിക്കപ്പെടേണ്ടവനാണ് എന്ന ദൈവത്തിൻറെ അവകാശത്തിൻറെ സാക്ഷ്യ വുമാണ്. മൃഗത്തെ ആരാധിക്കുന്നവർ തിരിച്ചറിയപ്പെടുന്നത്, സഷ്ടാവിൻറെ ജ്ഞാപകമായ ശബ്ദത്തിനെ തച്ചുടയ്ക്കാനുള്ള ശ്രമത്താലാണ്. അവർ റോമിൻറെ സൃഷ്ടിയായ ഞായറാഴ്ച ആചാരത്തെ ഉയർത്തിക്കാണിപ്പാൻ ശമിക്കും. ഞായറാഴ്ചയുടെ പേരിലായിരുന്ന പാപ്പാത്വം

ധാർഷ്ട്യത്തോടെ അതിൻറെ
അവകാശവാദങ്ങൾ ഉന്നയിച്ചത്.
ഭൗതിക അധികാരം കയ്യാളാനുള്ള
പാപ്പാത്വത്തിൻറെ ഒന്നാമത്തെ പ്രവൃത്തി
ഞായറാഴ്ചയെ കരിദിനമായി
ആചരിക്കുവാൻ നിർബന്ധിക്കുക
എന്നതായിരുന്നു. എന്നാൽ വേദ
പുസ്തകം കർത്തദിനമായി
ചൂണ്ടിക്കാട്ടുന്നത് ഏഴാം ദിനത്തെയാണ്;
ഒന്നാം ദിനത്തെയല്ല. ക്രിസ്തു പറഞ്ഞു:
"മനുഷ്യപുത്രൻ ശബ്ബത്തിനും
കർത്താവാകുന്നു". നാലാം കല്പന
പ്രഖ്യാപിക്കുന്നത്: ഏഴാം ദിവസം
യഹോവയുടെ ശബ്ബത്താകുന്നു എന്നാണ്!
"എൻറെ വിശുദ്ധ ദിവസം" എന്ന്
യെശയ്യാ പ്രവാചകനിലൂടെ ദൈവം

പറയുന്നു: (മർക്കൊ 2:28.യെശ 58:13).

ക്രിസ്തു ശബ്ബത്ത് മാറ്റി എന്ന് പലപ്പോഴും ഉന്നയിക്കാറുള്ള ന്യായീകരണം ക്രിസ്തുവിൻറെ സ്വന്ത വാക്കുകൾ തന്നെ തെറ്റെന്നു വരുത്തുകയാണ്. ഞാൻ ന്യായപ്രമാണത്തെയോ പ്രവാചകൻമാരെയോ നീക്കുവാൻ വന്നുവെന്നു നിരൂപിക്കരുത്, നീക്കുവാനല്ല നിവർത്തിപ്പാനത്രേ വന്നത്. സത്യമായിട്ട് ഞാൻ നിങ്ങളോടു പറയുന്നു: ആകാശവും ഭൂമിയും ഒഴിഞ്ഞുപോകുംവരെ സകലവും നിവൃത്തിയാകുവോളം ന്യായപ്രമാണത്തിൽ നിന്ന് ഒരു വള്ളി എങ്കിലും പുള്ളി എങ്കിലും ഒരു നാളും

ഒഴിഞ്ഞുപോകുകയില്ല. ആകയാൽ ഈ ഏറ്റവും ചെറിയ കല്പനകളിൽ ഒന്ന് അഴിക്കയും മനുഷ്യരെ അങ്ങനെ പഠിപ്പിക്കുകയും ചെയ്യുന്നവൻ സ്വർഗ്ഗരാജ്യത്തിൽ ഏറ്റവും ചെറിയവൻ എന്ന് വിളിക്കപ്പെടും. അവയെ ആചരിക്കയും പഠിപ്പിക്കുകയും ചെയ്യുന്നവനോ സ്വർഗ്ഗരാജ്യത്തിൽ വലിയവൻ എന്നു വിളിക്കപ്പെടും (മത്തായി 5:17-19) എന്ന് കർത്താവിന്റെ ഗിരിപ്രഭാഷണത്തിൽ അവൻ പറയുന്നു.

ശബ്ബത്തിനെ നീക്കുന്നതിന് തിരുവെഴുത്തുകൾ ഒരധികാരവും നൽകിയിട്ടില്ല എന്ന് പൊതുവേ പ്രൊട്ടസ്റ്റന്റുകാർ സാധാരണ

സമ്മതിക്കാറുണ്ട്. അമേരിക്കൻ ട്രാക്റ്റ് സൊസൈറ്റിയും അമേരിക്കൻ സൺഡേ സ്കൂൾ യൂണിയനും ഇത് അവരുടെ പ്രസിദ്ധീകരണങ്ങളിലൂടെ സമ്മതിക്കുന്നു. ഇവയിലൊന്നിൻറെ പ്രസിദ്ധീകരണം ഇപ്രകാരം സമ്മതിക്കുന്നു: "ആഴ്ചവട്ടത്തിൻറെ ഒന്നാം ദിനമായ ഞായറാഴ്ച ശബ്ബത്തായി ആചരിക്കുന്നതിന് പുതിയ നിയമത്തിൽ ഒരു കല്പനയുമില്ല". --George Elliott, The Abiding Sabbath, page 184.

വേറൊരു കുറിപ്പ് പറയുന്നു: ക്രിസ്തുവിൻറെ മരണം വരെ ദിവസത്തിൽ ഒരു മാറ്റവും വരുത്തിയിട്ടില്ല. രേഖകൾ കാണിക്കുന്നിടത്തോളം

അപ്പൊസ്തലന്മാർ ഏഴാം ദിനശബ്ബത്ത് നീക്കം ചെയ്യുവാനായി ഒരു കല്പനയും നൽകിയിട്ടില്ല. അതുപോലെതന്നെ അതിനുപകരം ഒന്നാം ദിവസാരാധനയ്ക്കു കല്പ്പന തന്നിട്ടില്ല.-- A.E. Waffle, The Lord's Day, pages 186 --188.

റോമൻ കത്തോലിക്കർ സമ്മതിക്കുന്നത് തങ്ങളുടെ സഭയാണ് ശബ്ബത്തിനെ മാറ്റിയതെന്നാണ്. നവീകരണക്കാർ ഞാറാഴ്ചയെ ആരാധനാദിവ സമാക്കി ആചരിക്കുന്നതുകൊണ്ട് കത്തോലിക്കാസഭയുടെ അധികാരത്ത അവർ അംഗീകരിക്കുകയാണ്. അവർ പ്രഖ്യാപിക്കുന്നു. കാത്തലിക്ക് കാര ക്കിസം ഓഫ് ക്രിസ്ത്യൻ റിലീജിയൻ എന്ന പുസ്തകത്തിൽ നാലാം കല്പ

നയ്ക്കന്നസൃതമായി ഏതു ദിവസത്തെ ആചരിക്കണമെന്ന ചോദ്യത്തിനുത്തരം നൽകുന്നതിപ്രകാരമാണ്. പഴയനിയമത്തിൽ ശനിയാഴ്ചയായിരുന്നു വിശുദ്ധീകരിക്കപ്പെട്ട ദിനം. എന്നാൽ ക്രിസ്തുവിൻറെ ഉപദേശപ്രകാരവും ദൈവാത്മാവിൻറെ നടത്തിപ്പിലും ഞായറാഴ്ചയെ ശനിയാഴ്ച്ചക്കുപകരമായി സ്ഥാപിച്ചു. അതുകൊണ്ട് നാമിപ്പോൾ ഒന്നാം ദിവസത്തെ വിശുദ്ധീകരിക്കുന്നു. ഏഴാം ദിനത്തെയല്ല. ഞായർ അർത്ഥമാക്കുന്നതും ഇപ്പോൾ ആയിരിക്കുന്നതും കർത്തൃദിനമെന്ന നിലയിലാണ്.

കത്തോലിക്കാസഭയുടെ അധികാരത്തിൻറെ അടയാളമെന്ന

നിലയിൽ കത്തോലിക്കാ എഴുത്തുകാർ ഇപ്രകാരമെഴുതുന്നു: പ്രൊട്ടസ്റ്റന്റുകാർ അംഗീകരിക്കുന്ന ശബ്ബത്തിനെ ഞായറാഴ്ചയിലേക്കു മാറ്റിയ പ്രവൃത്തി... ഞായറാഴ്ച ആചാരം പ്രോട്ടസ്റ്റൻറുകാർ അംഗീകരിക്കുന്നതുമൂലം സഭയ്ക്ക് പെരുന്നാളുകളും മറ്റും സ്ഥാപിക്കാനുള്ള അധികാരത്തെ അംഗീകരിക്കുകയും നവീകരണക്കാർ പാപത്തിൻ കീഴിലാണെന്നു പ്രഖ്യാപിക്കുവാനും അധികാരമുണ്ട്". -Henry Tuberville, An Abridgement of the Christian Doctrine, p.58. ശബ്ബത്തിൻറെ മാറ്റം റോമാസഭയുടെ അധികാരത്തിൻറെ അടയാളം അഥവാ മുദ്രയല്ലാതെ മറ്റെന്താണ് -"മൃഗത്തിൻറെ മുദ്ര"?.

മേധാവിത്വത്തിലേക്കുള്ള തങ്ങളുടെ
അവകാശത്തെ റോമൻ കത്തോ
ലിക്കാസഭ ഒരുനാളും വെടിഞ്ഞില്ല.
ലോകവും പ്രോട്ടസ്റ്റന്റ് സഭകളും റോമൻ
കത്തോലിക്കാസഭയുടെ സൃഷ്ടിയായ
ശബ്ബത്തിനെ അംഗീകരിക്കുകയും, വേദ
പുസ്തകശബ്ബത്തിനെ തിരസ്കരിക്കയും
ചെയ്യുമ്പോൾ, അവർ (പ്രൊട്ടസ്റ്റന്റ് കാർ)
യഥാർത്ഥത്തിൽ കത്തോലിക്കാ
മേധാവിത്വത്തെ അംഗീകരിക്കുക
യാണ്. പ്രോട്ടസ്ററന്റുകാർ
പാരമ്പര്യത്തെയും
പിതാക്കൻമാരെയും ഈ മാറ്റത്തിന്
ഉപോത്ബലകമായി ഉദ്ധരിച്ചേക്കാം.
എന്നാൽ ഇപ്രകാരം അവർ ചെയ്യു
മ്പോൾ റോമൻ കത്തോലിക്കാരിൽ
നിന്ന് തങ്ങളെ വേർതിരിക്കുന്ന വലിയ

ത ത്വത്തെ അവഗണിക്കുകയാണ്. "വേദപുസ്തകം-വേദപുസ്തകം മാത്രം" എന്ന പ്രൊട്ടസ്റ്റന്റ് വിശ്വാസം അവർ വലിച്ചെറിയുകയാണ്. അവർ തങ്ങളെത്തന്നെ വഞ്ചിക്കുകയാണെന്ന് റോമൻ കത്തോലിക്കർക്ക് അറിയാം. ബോധപൂർവ്വം അവർ സത്യത്തിന്റെ മുൻപിൽ കണ്ണടയ്ക്കുന്നു. നിർബ്ബന്ധിത ഞായറാഴ്ച ആചാരത്തിന് പിന്തുണ ലഭിക്കുമ്പോൾ കത്തോലിക്കർ സന്തോഷിക്കുന്നു. ആത്യന്തികമായി പ്രൊട്ടസ്റ്റൻഡ് ലോകം റോമാസഭയുടെ കൊടി ക്കീഴിൽ വരുമെന്ന് അവർക്ക് ഉറപ്പുണ്ട്.

തങ്ങളുടെ സഭയ്ക്ക്, പ്രൊട്ടസ്റ്റന്റ് സഭ നൽകുന്ന ആദരവാണ്, ഞായ റാഴ്ചച്

ആചാരത്തെ സ്വീകരിച്ചിരിക്കുന്നതുമൂലം എന്ന് കത്തോലിക്കർ പ്രസ്താവിക്കുന്നു. ഈ പ്രസ്താവന പ്രൊട്ടസ്റ്റന്‍റുകാർ നിഷേധിച്ചേക്കാമെ ങ്കിലും വാസ്തവമാണ്. - Mgr. Segur, Plain Talk About the Protestantism of Today, page 213, ഞായറാഴ്ച ആചാരം നിർബ്ബന്ധിതമാക്കുക എന്നാൽ പ്രൊട്ടസ്റ്റന്‍റുകാരെ സംബന്ധിച്ചിടത്തോളം പാപ്പാത്വ ആരാധനയെ നിർബ ന്ധിതമാക്കുക എന്നതാണ്. നാലാം കല്പ്പന എന്തെന്ന് മനസ്സിലാക്കിയവർ സത്യ ശബ്ദത്തിനുപകരം വ്യാജശബ്ദത്തിനെ അനുഷ്ഠിച്ചാൽ, ആര് വ്യാജ ശബ്ദത്തിനെ നിർമ്മിച്ചുവോ അവർക്ക് ആദരവ് കൊടുക്കുകയാണ്. ഒരു മതേതര ശക്തി,

മതപരമായ ഒരു വിശ്വാസത്തെ അടിച്ചേല്പിക്കുമ്പോൾ, സഭകൾ മൃഗത്തിന് ഒരു പ്രതിമ നിർമ്മിക്കുകയാണ്. അതുകൊണ്ട് അമേര ക്കൻ ഐക്യനാടുകളിൽ ഞാറാഴ്ച ആചാരം നിർബന്ധിതമാക്കുമ്പോൾ മൃഗത്തേയും അതിൻറെ പ്രതിമയേയും നമസ്കരിക്കുന്നത് നിർബന്ധിതമാക്കുകയാണ്.

കഴിഞ്ഞ തലമുറയിലെ ക്രിസ്ത്യാനികൾ ഞായറാഴ്ച അനുഷ്ഠിച്ചിരുന്നു. വേദപുസ്തക ശബ്ദത്തിനെ അനുഷ്ഠിക്കുന്നു എന്ന വിശ്വാസത്തിലായിരുന്നു അവർ ഞായറാഴ്ച ആചരിച്ചിരുന്നത്. എല്ലാ സഭകളിലും ഇന്നും യഥാർത്ഥ

ക്രിസ്ത്യാനികളുണ്ട്. ഞായർ ശബ്ബത്താണെന്ന് അവർ വിശ്വസിക്കുന്നു. അവരുടെ ആത്മാർത്ഥതയേയും സത്യസന്ധതയേയും ദൈവം അംഗീകരിക്കുന്നു. എന്നാൽ ഞായറാഴ്ച ആചാരം നിയമംമൂലം നിർബന്ധിതമാക്കുമ്പോൾ, യഥാർത്ഥ ശബ്ബത്തിനെക്കുറിച്ച് ലോകത്തിന് അറിവു ലഭിച്ചുകഴിയുമ്പോൾ, ദൈവകല്പ്പന നിഷേധിക്കുന്ന ആരും അഥവാ റോമൻ കത്തോലിക്കാ സഭയുടെ അധികാരത്തോടുകൂടിമാത്രം നിലവിൽ വന്ന ഒരു കല്പന സ്വീകരിക്കുന്നവർ ദൈവത്തെക്കാൾ അധികം പാപ്പാത്വത്തെ ആദരിക്കുകയാണ്. അയാൾ റോമിന് കൂടുതൽ ആദരവു നൽകുന്നു. റോം

ഏർപ്പെടുത്തിയ സ്ഥാപനത്തെ (വ്യാജശബ്ബത്ത്) നിർബ്ബന്ധിതമാക്കിയ ശക്തിയേയും അവർ ആദരിക്കുന്നു. അവർ മൃഗത്തേയും അതിൻറെ പ്രതിമയേയും നമസ്കരിക്കുന്നു. തൻറെ അധികാരത്തിൻറെ അടയാളമായി ദൈവം അതിനുപകരം സ്ഥാപിച്ച സ്ഥാപനത്തെ മനുഷ്യർ നിരസിക്കുകയും റോം തൻറെ അധീശത്വത്തിൻറെ അടയാളമായി സ്ഥാപിച്ച വ്യാജശബ്ബത്തിനെ ബഹുമാനിക്കുകയും ചെയ്യുമ്പോൾ, മൃഗത്തിൻറെ മുദ്ര അഥവാ റോമിനോടുള്ള വിധേയത്വത്തിൻറെ അടയാളം അവർ സ്വീകരിക്കുകയാണ്. ഇപ്രകാരം ഈ വസ്തുത വ്യക്തമായി ജനത്തിനു മുൻപിൽ വന്നുകഴിയുമ്പോൾ മാത്രമേ, അഥവാ

ദൈവക ല്പ്പന സ്വീകരിക്കണമോ എന്ന ചോദ്യം ഉന്നയിക്കപ്പെട്ടുകഴിയുമ്പോൾ മാത്രമേ ലംഘനം തുടരുന്നവർ മൃഗത്തിൻറെ മുദ്ര സ്വീകരിക്കുകയുള്ളൂ.

മർത്യവർഗ്ഗത്തിന് നൽകപ്പെട്ടിട്ടുള്ള ഏറ്റവും ഭയാനകമായ മുന്നറിയിപ്പാണ് മൂന്നാം ദൂതൻറെ ദൂതിൽ ഉൾക്കൊണ്ടിരിക്കുന്നത്. കലർപ്പില്ലാതെ പകർന്നിരിക്കുന്ന ദൈവകാധമദ്യം ഒഴിക്കപ്പെടേണ്ടി വരുന്ന പാപം ഭയങ്ക രമായിരിക്കും. ഈ പ്രധാനപ്പെട്ട കാര്യത്തെക്കുറിച്ച് മനുഷ്യർ അജ്ഞതയിൽ കഴിയുവാൻ പാടില്ല. ദൈവത്തിൻറെ ന്യായവിധി ഭൂമിയുടെമേൽ വരുന്നതിനുമുൻപ് ഈ പാപത്തെക്കുറിച്ചുള്ള മുന്നറിയിപ്പ്

ലോകത്തിന് നൽകേണ്ടതാണ്. തങ്ങൾ എന്തുകൊണ്ട് ശിക്ഷിക്കപ്പെടുന്നു എന്ന് ഏവരും മനസ്സിലാക്കേണ്ടതാണ്. അതിൽനിന്ന് രക്ഷപെടുവാനുള്ള സന്ദർഭവും അവർക്ക് നൽകേണ്ടതാണ്. ഒന്നാം ദൂതൻറെ ദൂത് സകല ജാതിയും ഗോത്രവും ഭാഷയും വംശവും ആയവരോടുള്ള ദൂതാണ്. മൂന്നാം ദൂതൻറെ ദൂതും അതിൽപെട്ടതും, ഒന്നാം ദൂതൻറെ ദൂതുപോലെ സകലജനത്തിനും വേണ്ടിയുള്ളതാണ്.... ഉച്ചത്തിൽ വിളിച്ചുപറയേണ്ട ഒരു മുന്നറിയിപ്പാണതെന്ന് പ്രവചനത്തിൽ കാണുന്നു. ആകാശമധ്യേ പറക്കുന്ന ദൂതൻ നൽകുന്ന ദൂത്, ലോകത്തിൻറെ ശ്രദ്ധ പിടിച്ചുകൊള്ളും.

ഈ വലിയ പോരാട്ടത്തിൽ ക്രിസ്തീയ സഭ രണ്ട് വിഭാഗങ്ങളായി വിഭജിക്കപ്പെടും. ദൈവകല്പന പ്രമാണിക്കുന്നവരും യേശുവിൻറെ വിശ്വാസമുള്ളവരുമായ ഒരുകൂട്ടം, മൃഗത്തേയും അതിൻറെ പ്രതിമയേയും നമസ്കരിക്കുകയും അതിൻറെ മുദ്ര സ്വീകരിക്കുകയും ചെയ്യുന്ന വേറൊരു കൂട്ടം . സഭയും രാഷ്ട്രവും ഒരുമിച്ച് ചേർന്ന് ചെറിയവരും വലിയവരും സമ്പന്നന്മാരും ദരിദ്രന്മാരും സ്വതന്ത്രന്മാരും ദാസന്മാരുമായ എല്ലാവരേയും മൃഗത്തിൻറെ മുദ്ര ഏൽക്കുവാൻ നിർബന്ധിക്കുമെങ്കിലും, ദൈവത്തിൻറെ ജനം അത് സ്വീകരിക്കുകയില്ല. പത്മൊസ് ദ്വീപിലെ

പ്രവാചകൻ, മൃഗത്തോടും അതിൻറെ പ്രതിമയോടും പേരിൻറെ സംഖ്യയോടും ജയിച്ചവർ ദൈവത്തിൻറെ വീണകൾ പിടി ച്ചുകൊണ്ട് പളുങ്കുകടലിന്നരികെ നിൽക്കുന്നത് കണ്ടു. അവർ ദൈവത്തിൻറെ ദാസനായ മോശെയുടെ പാട്ടും കുഞ്ഞാടിൻറെ പാട്ടും പാടി (വെളി.15:2,3).

# അദ്ധ്യായം 26—നവീകരണത്തിൻറെ വേല

ശബ്ബത്ത് നവീകരണം അന്ത്യനാളുകളിൽ നിറവേറപ്പെടുമെന്ന് യെശ. യ്യാവിൻറെ പ്രവചനത്തിൽ മുൻകൂട്ടി രേഖപ്പെടുത്തിയിട്ടുണ്ട്. “യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു: എൻറെ രക്ഷ വരുവാനും എൻറെ നീതി വെളിപ്പെടുവാനും അടുത്തിരിക്കയാൽ ന്യായം പ്രമാണിച്ച് നീതി പ്രവർത്തിപ്പിൻ. ശബ്ബത്തിനെ അശുദ്ധമാക്കാതെ പ്രമാണിച്ച് ദോഷം ചെയ്യാതവണ്ണം തൻറെ കൈ സൂക്ഷിച്ചുംകൊണ്ട് ഇതു ചെയ്യുന്ന മർത്യനും ഇത് മുറുകെപ്പിടിക്കുന്ന മനുഷ്യനും ഭാഗ്യവാൻ. യഹോവയെ

സേവിച്ച്, അവൻറെ നാമത്തെ സ്നേഹിച്ച് അവൻറെ ദാസന്മാരായിരിക്കേണ്ടതിന് യഹോവയോട് ചേർന്നു വരുന്ന അന്യ ജാതിക്കാരേ, ശബ്ബത്തിനെ അശുദ്ധമാക്കാതെ ആചരിക്കയും എൻറെ നിയമം പമാണിച്ച് നടക്കയും ചെയ്യുന്നവരെ ഒക്കെയും തന്നെ, ഞാൻ എൻറെ വിശുദ്ധ പർവ്വതത്തിലേക്കു കൊണ്ടുവന്ന് എൻറെ പ്രാർത്ഥനാലയത്തിൽ അവരെ സന്തോഷിപ്പിക്കും" (യെശ. 56:1,2,6,7).

സന്ദർഭാനുസരണമായി നോക്കുമ്പോൾ, ഈ വാക്കുകൾ ചേരുന്നത് ക്രിസ്തീയ കാലഘട്ടത്തിലാണ്. "ഞാൻ അവരോട്,

അവരുടെ ശേഖരിക്കപ്പെട്ടവരോടുതന്നെ, ഇനി മറ്റുള്ളവരേയും കൂട്ടിച്ചേർക്കും എന്ന് യിസ്രായേ ലിൻറെ ഭ്രഷ്ടന്മാരെ ശേഖരിക്കുന്ന ദൈവമായ യഹോവയുടെ അരുളപ്പാട് (വാക്യം 8). സുവിശേഷം മുഖാന്തരം ജാതികളെ കൂട്ടിച്ചേർക്കുന്നതിനെയാണ് ഇവിടെ സൂചിപ്പിച്ചിരിക്കുന്നത്. അപ്പോൾ ശബ്ബത്തിനെ ബഹുമാനിക്കുന്നവർക്ക് ഒരനുഗ്രഹം എന്ന് പ്രഖ്യാപിച്ചിരിക്കുകയാണ്. ഇങ്ങനെ നാലാം കല്പന അനുസരിക്കേണ്ടതിൻറെ പ്രസക്തി ക്രിസ്തുവിൻറെ ക്രൂശാരോഹണവും ഉയിർപ്പും സ്വർഗ്ഗാരോഹണം കഴിഞ്ഞശേഷവും ഉണ്ടായിരിക്കും. മാത്രമല്ല ക്രിസ്തുവിൻറെ ശിഷ്യന്മാർ സകല ജാതികളോടും

സുവിശേഷദൂത് പ്രസംഗിക്കുമ്പോഴും ശബ്ദത്തിൻറെ പ്രസക്തി ഉണ്ടായിരിക്കും.

അതേ പ്രവാചകനിലൂടെ കർത്താവ് ആജ്ഞാപിക്കുന്നു: "സാക്ഷ്യം പൊതിഞ്ഞുകെട്ടുക; എൻറെ ശിഷ്യന്മാരുടെ ഇടയിൽ ഉപദേശം മുദ്രയിട്ടു വെയ്ക്കുക" (യെശ. 8:16). ദൈവകല്പനയിലെ മുദ്ര നാലാം കല്പ്പനയി ലാണ് കാണപ്പെടുന്നത്. നിയമദാതാവിൻറെ പേരും സ്ഥാനവും നൽകപ്പെട്ടി രിക്കുന്നത് നാലാം കല്പനയിൽ മാത്രമാണ്. ആകാശത്തിൻറേയും ഭൂമിയുടേയും സൃഷ്ടിതാവാണ് യഹോവയെന്ന് നാലാം കല്പന പ്രസ്താവിക്കുന്നു. മറ്റാരേക്കാളും ആരാധിക്കപ്പെടുവാൻ താൻ

അവകാശപ്പെട്ടവൻ എന്ന്
കാണിക്കുന്നതും ഈ കല്പന മാത്രമാണ്.
ആരുടെ അധികാരത്താലാണ് പത്തു
കല്പന നൽകപ്പെട്ടിരിക്കുന്നതെന്നു
പ്രഖ്യാപിക്കുന്നതും ഈ കല്പന
മാത്രമാണ്. പാപ്പാത്വ അധികാരത്താൽ
ശബ്ബത്ത് കല്പന മാറ്റപ്പെട്ടപ്പോൾ,
കല്പനയിൽനിന്ന് മുദ്ര നീക്കം
ചെയ്യപ്പെട്ടു. ക്രിസ്തുവിൻറെ
അനുയായികൾ, ശബ്ബത്തിനെ
സൃഷ്ടിപ്പിൻറെ സ്മാരകവും
ദൈവത്തിൻറെ അധികാരത്തിൻറെ അട
യാളവുമെന്ന സ്ഥാനത്തേക്ക് വീണ്ടും
ഉയർത്തുവാൻ വിളിക്കപ്പെട്ടിരിക്കുന്നു.

"ഉപദേശത്തിനും സാക്ഷ്യത്തിനും
വരുവിൻ." പരസ്പരവിരുദ്ധങ്ങളായ

ആശയങ്ങളും ഉപദേശങ്ങളും വർദ്ധിക്കുമ്പോൾ, എല്ലാ ആശയങ്ങളേയും, ഉപദേശങ്ങളേയും പരിശോധിക്കുവാനുള്ള ഏക അപ്രമാദിത്വമുള്ള ചട്ടം ദൈവകല്പന മാത്രമാണ്. പ്രവാചകൻ പറയുന്നു: “അവർ ഈ വാക്കുപോലെ പറയുന്നില്ലെങ്കിൽ അവർക്ക് അരുണോദയം ഉണ്ടാകയില്ല” (വാക്യം 20).

വീണ്ടും ദൈവത്തിൻറെ വചനം പറയുന്നു: “ഉറക്കെ വിളിക്കു. അടങ്ങിയിരിക്കരുത് കാഹളംപോലെ നിൻറെ ശബ്ദം ഉയർത്തി എൻറെ ജനത്തിന് അവരുടെ അകൃത്യങ്ങളേയും, യാക്കോബ് ഗൃഹത്തിന് അവരുടെ

പാപങ്ങളേയും അറിയിക്ക്
ദുഷ്ടലോകത്തയല്ല പ്രത്യുത എൻറെ
ജനമെന്ന് യഹോവ വിളിക്കുന്നവരാണ്
തങ്ങളുടെ പാപത്തിനു വേണ്ടി
ശകാരിക്കപ്പെടേണ്ടത്. കർത്താവ്
വീണ്ടും പറയുന്നു: "അവർ ദിനമ്പതി
എന്നെ അന്വേഷിക്കുന്നു. നീതി
പ്രവർത്തിച്ച ജാതി എന്ന നിലയിലും
തങ്ങളുടെ ദൈവത്തിൻറെ ചട്ടങ്ങളെ
ഉപേക്ഷിച്ചിട്ടില്ലാത്തവർ എന്ന
വിധത്തിലും എൻറെ വഴികളെ
അറിവാൻ അവർ താല്പര്യപ്പെടുന്നു"
(യെശ. 58:1,2). തങ്ങൾ
നീതിമാന്മാരാണെന്നും,
ദൈവവേലയിൽ വലിയ താല്പര്യം
ഉള്ളവർ എന്ന് ഭാവിക്കുന്നവരുമായ
ഒരുകൂട്ടം ആളുകളെയാണ് ഇവിടെ

ചിത്രീകരിച്ചിരിക്കുന്നത്. എന്നാൽ ഹൃദയങ്ങളെ പരിശോധിക്കുന്ന വലിയ പരിശോധകൻറെ കാർക്കശ്യവും പാവനവുമായ ശകാരം അവരുടെ തനിസ്വഭാവത്തെ തുറന്നു കാട്ടുന്നു

തള്ളിക്കളഞ്ഞ ദൈവിക ചട്ടങ്ങൾ ഇന്നതെന്ന് പ്രവാചകൻ ചൂണ്ടിക്കാണിക്കുന്നു; "നിങ്ങൾ അനേക തലമുറകളുടെ അടിസ്ഥാനങ്ങൾ കെട്ടിപ്പടുക്കും നിങ്ങൾ കേട്ടു പോരുന്നവനെന്നും കുടിയിരിപ്പാൻ തക്കവണ്ണം പാതകളെ യഥാസ്ഥാനപ്പെടുത്തുന്നവനെന്നും പേർ പറയും. നീ എൻറെ വിശുദ്ധ ദിവസത്തിൽ നിൻറെ കാര്യാദികൾ നോക്കാതെ, ശബ്ദത്തിൽ നിൻറെ കാൽ

അടക്കി വച്ച്, ശബ്ബത്തിനെ ഒരു സന്തോഷമെന്നും, യഹോവയുടെ വിശുദ്ധ ദിവസത്തെ ബഹുമാന യോഗ്യമെന്നും പറകയും, നിൻറെ വേലയ്ക്ക് പോകയോ, നിൻറെ കാര്യാദികളെ നോക്കുകയോ, വ്യർത്ഥ സംസാരത്തിൽ നേരം പോക്കുകയോ ചെയ്യാതവണ്ണം അതിനെ ബഹുമാനിക്കയും ചെയ്യുമെങ്കിൽ, നീ യഹോവ യിൽ പ്രമോദിക്കും" (വാ 12 --14). ഈ പ്രവചനം നമ്മുടെ കാലത്തേക്കും യോജിച്ചിരിക്കുന്നു. റോമൻ അധികാരത്താൽ ശബ്ബത്തിനെ മാറ്റിയപ്പോഴാണ്, ദൈവകല്പനയിൽ കേടുണ്ടായത്. എന്നാൽ ആ ദൈവിക സ്ഥാപനം (ശബ്ബത്ത്) പുനരുദ്ധരിക്കപ്പെടുവാനുള്ള സമയം

സമാഗതമായിരിക്കുന്നു. ആ കേട് തീർക്കപ്പെടേണ്ടിയിരിക്കുന്നു. തലമുറകളായി ഇടിഞ്ഞുകിടക്കുന്ന അടി സ്ഥാനങ്ങളെ കെട്ടിപ്പൊക്കേണ്ടിയിരിക്കുന്നു. -

പരിശുദ്ധമായ ഏദൻ തോട്ടത്തിൽ വച്ച് ആദാം, തൻറെ നിഷ്കളങ്കാവസ്ഥയിൽ, സൃഷ്ടിതാവ് വിശുദ്ധീകരിച്ച ശബ്ബത്ത് അനുഷ്ഠിച്ചു. വീഴ്ച ഭവിക്കുകയും പിന്നീട് അനുതപിക്കുകയും ചെയ്ത ആദാം ഏദെൻ തോട്ടത്തിൽ നിന്നും നിഷ്കാസിതനായശേഷവും ശബ്ബത്ത് അനുസരിച്ചു. ഹാബേൽതൊട്ട് നീതിമാനായ നോഹവരേയും അബ്രഹാം മുതൽ യാക്കോബു വരേയുള്ള ഗോത്രപിതാക്കന്മാർ ശബ്ബത്ത്

ആചരിച്ചിരുന്നു. ദൈവത്തിൻറെ തെരഞ്ഞെടുക്കപ്പെട്ട ജനം മിസയീമിൽ അടിമകളായിരുന്നപ്പോൾ, വിഗ്രഹാരാധനയുടെ നടുവിൽ അവർ കഴിഞ്ഞിരുന്ന വേളയിൽ, ദൈവകല്പനയെക്കുറിച്ചുള്ള പരി ജ്ഞാനം അവർക്ക് നഷ്ടപ്പെട്ടു. എന്നാൽ ദൈവം യിസ്രായേലിനെ മോചിപ്പിച്ചപ്പോൾ, തൻറെ കല്പന വളരെ പരിപാവനമായ വിധത്തിൽ അവിടെയുണ്ടായിരുന്ന യിസ്രായേൽ ജനതയ്ക്ക് നൽകി. ദൈവഹിതം ഇന്നതെന്ന് അവർ അറിയേണ്ടതിനും ദൈവത്തെ എന്നേക്കും അനുസരിക്കേണ്ടതിനുമാണ് ദൈവം കല്പന നൽകിയത്.

അന്നുമുതൽ ഇന്നുവരേയും ദൈവകല്പനയേക്കുറിച്ചുള്ള പരിജ്ഞാനം ഭൂമിയിൽ കാത്തുസൂക്ഷിക്കപ്പെട്ടിട്ടുണ്ട്; അന്നുമുതൽ നാലാം കല്പനയായ ശബ്ബത്ത് അനുഷ്ഠിച്ചുപോരുന്നു. ഇന്നുവരേയും ദൈവത്തിൻറെ വിശുദ്ധദിനത്തെ ചവിട്ടിമെതിക്കുന്നതിൽ "അധർമ്മ മൂർത്തി" കുറേയൊക്കെ വിജയിച്ചിട്ടുണ്ടെങ്കിലും, അവൻറെ പരമാധികാരം നിലനിന്ന നാളുകളിൽപ്പോലും, ഒളിവിടങ്ങളിൽ വിശ്വസ്ത സാക്ഷികൾ ശബ്ബത്തിനെ ഭക്ത്യാദരപൂർവ്വം അനുഷ്ഠിച്ചിരുന്നു. നവീകരണ കാലത്തിനുശേഷം, എല്ലാ തലമുറകളിലും ശബ്ബത്തനുഷ്ഠാനം അല്പം ചിലരെങ്കിലും അനുഷ്ഠിച്ചുപോന്നു. പീഡനത്തിൻറേയും

പരിഹാസത്തിൻറേയും
നടുവിലൂടെയാണെങ്കിലും,
ദൈവകല്പനയുടെ ശാശ്വതത്വത്തിനും
സൃഷ്ടിസ്മാരക ശബ്ബത്തിനോടുള്ള
പരിശുദ്ധമായ പ്രതിബദ്ധതയ്ക്കും എല്ലാ
കാലത്തും ഒരു സാക്ഷ്യം ഉണ്ടായിരുന്നു.

നിത്യസുവിശേഷത്തിൻറെ ബന്ധത്തിൽ
വെളിപ്പാട് 14-ൽ നല്കിയിരിക്കുന്ന ഈ
സത്യങ്ങൾ ക്രിസ്തുവിൻറെ സഭയെ,
തൻറെ വരവിങ്കൽ വേർതിരിച്ച്
കാണിക്കും. ത്രിവിധ ദൂതുകളുടെ
ഫലമെന്നോണം, ഇപ്രകാരം
പ്രസ്താവിക്കപ്പെട്ടിരിക്കുന്നു:
“ദൈവകല്പനയും യേശുവിങ്കലുള്ള
വിശ്വാസവും കാത്തു കൊള്ളുന്ന
വിശുദ്ധന്മാരുടെ സഹിഷ്ണുത കൊണ്ട്

ഇവിടെ ആവശ്യം'. കർത്താവിന്റെ വരവിനുമുൻപായി നൽകപ്പെടേണ്ട ദൂത് ഇതാകുന്നു. ഈ ദൂത് നൽകിയ ഉടൻതന്നെ ഭൂമിയിലെ കൊയ്ത്ത് നടത്തുവാനായി മനുഷ്യപുത്രൻ മഹത്വത്തിൽ വരുന്നത് പ്രവാചകൻ കാണുന്നു.

വിശുദ്ധ മന്ദിരത്തെക്കുറിച്ചും, ദൈവകല്പനയുടെ സുസ്ഥിരതയെക്കുറിച്ചും അറിവു ലഭിച്ചവർ, തങ്ങൾക്ക് ലഭിച്ച സത്യത്തിൻറെ സൗന്ദര്യവും യോജിപ്പും കണ്ടപ്പോൾ സന്തോഷാത്ഭുതങ്ങളാൽ നിറഞ്ഞു. തങ്ങൾക്കു ലഭിച്ച വിലയേറിയ പ്രകാശം എല്ലാവർക്കും പകർന്നുകൊടുക്കണമെന്ന് അവർ ആഗ്രഹിച്ചു. അതു സന്തോഷപൂർവ്വം

സ്വീകരിക്കപ്പെടുമെന്നും അവർ വിശ്വ സിച്ചു. എന്നാൽ ലോകവുമായി പൊരുത്തപ്പെട്ടുപോകാൻ കഴിയാത്ത സത്യങ്ങൾ ക്രിസ്തുവിൻറെ അനുയായികൾ എന്ന അവകാശം ഉന്നയിക്കുന്നവർക്ക് സ്വീകാര്യമായിരുന്നില്ല. നാലാം കല്പന അനുസരിക്കുക എന്നത് വലിയ ഒരു ത്യാഗം സഹിക്കേണ്ട കാര്യമാകയാൽ അനേകരും പിൻവാങ്ങി.

ശബ്ബത്ത് സത്യം നൽകപ്പെട്ടപ്പോൾ, അനേകർ, ലോകക്കാരുടെ കാഴ്ച പ്പാടിൽ നിന്നുകൊണ്ട് ന്യായവാദംചെയ്തു. അവർ പറഞ്ഞു: "നാമെല്ലാവരും ഞായറാഴ്ച ആചരിച്ചു. നമ്മുടെ പിതാക്കന്മാരും അതുചെയ്തു. അനേക നല്ലവരും

ഭക്തരുമായ ആളുകൾ ഞായറാഴ്ചയെ
വിശുദ്ധദിവസമായി കരുതി
സന്തോഷത്തോടുകൂടെ മരിച്ചു. അവർ
ചെയ്തത് ശരിയായിരുന്നെങ്കിൽ, നാമും
ശരിയായ കാര്യമാണ്
ചെയ്തുകൊണ്ടിരിക്കുന്നത്. ഈ പുതിയ
ശബ്ദ ത്തനുഷ്ഠാനം നമ്മെ
ലോകവുമായുള്ള ബന്ധത്തിൽനിന്ന്
പുറന്തള്ളും. നമുക്ക് പിന്നീട്
അവരുടെമേൽ ഒരു
സ്വാധീനശക്തിയുമുണ്ടാകയില്ല. ഞായ
റാഴ്ച് ആചരിക്കുന്ന
മുഴുലോകത്തിനുമെതിരായി ഏഴാം ദിനം
ആചരിക്കുന്ന ഒരു ചെറിയ സമൂഹത്തിന്
എന്തു നേടാൻ കഴിയും?? ഏതാണ്ട്
ഇതേ തരത്തിലുള്ള
വാദഗതികളുമായാണ് യെഹൂദന്മാർ

ക്രിസ്തുവിനെ തിരസ്കരിച്ചതിനെ ന്യായീകരിക്കുവാൻ ശ്രമിച്ചത്. യാഗകർമ്മാദികൾ അനുഷ്ഠിച്ച് തങ്ങളുടെ പിതാക്കന്മാർ ദൈവത്താൽ അംഗീകരിക്കപ്പെട്ടു. അതേ അനുഷ്ഠാനങ്ങൾ പാലിക്കുന്ന അവരുടെ മക്കൾക്ക് എന്തുകൊണ്ട് രക്ഷ കണ്ടെത്തിക്കൂടാ? അതുപോലെ ലൂഥറിൻറെ കാലത്ത് പോപ്പിൻറെ പക്ഷക്കാർ ഇപ്രകാരം വാദിച്ചു: "കത്തോലിക്കാ വിശ്വാസത്തിൽ മരിച്ചവർ യഥാർത്ഥ ക്രിസ്ത്യാനികളായിരുന്നു. അതുകൊണ്ട് രക്ഷയ്ക്ക് ആ മതം മതിയാകും".

ഞായറാഴ്ച ആചാരം, സുസ്ഥാപിതമായ ഒരു ഉപദേശവും നൂറ്റാണ്ടുകളായി

സഭയുടെ ചിരപ്രതിഷ്ഠിതമായ ഒരു പതിവുമായിത്തീർന്നുവെന്ന് അനേകർ ഉത്ബോധിപ്പിച്ചു. ഈ അചാരത്തിനെതിരായി ഉന്നയിക്കപ്പെട്ട വാദം ശബ്ബത്തനുഷ്ഠാനം കൂടുതൽ പ്രാചീനവും വ്യാപകവും ലോകത്തോളം തന്നെ പഴക്കമുള്ളതും ദൂതന്മാരുടേയും ദൈവത്തിൻറേയും അംഗീകാരം ഉള്ള തുമാണെന്നാണ്. “പ്രഭാതനക്ഷത്രങ്ങൾ ഒന്നിച്ച് ഘോഷിച്ചുല്ലസിക്കയും ദൈവപുത്രന്മാരരല്ലാം സന്തോഷിച്ചാർക്കുകയും ചെയ്തപ്പോൾ ശബ്ബത്തിൻറെ അടിസ്ഥാനം ഇട്ടു (ഇയ്യോ. 38:6,7; ഉല്പ. 2:1-3). ഈ ദൈവികസ്ഥാപനം നമ്മുടെ ഭയഭതി ചോദിച്ച് വാങ്ങട്ടെ. മനുഷ്യാധികാരത്താലല്ല ഇത്

സ്ഥാപിതമായത്. മനുഷ്യൻറെ പാരമ്പര്യങ്ങളിലുമല്ല അത് ഉറപ്പിച്ചിരിക്കുന്നത്. “വയോ ധികനായ” ഒരുവനാൽ അത് സ്ഥാപിതമാകുകയും അവൻറെ നിത്യമായ വചനത്താൽ അത് ഉറപ്പാക്കുകയും ചെയ്തു.

ശബ്ബത്ത് നവീകരണ വിഷയത്തിലേക്ക് ജനശ്രദ്ധ ക്ഷണിക്കപ്പെട്ടപ്പോൾ, സാധാരണക്കാരുടെ ഇടയിൽ സ്വാധീനം ലഭിച്ചിട്ടുള്ള ഉപദേശകന്മാർ അന്വേ ഷണ കുതകികളായവരെ മിണ്ടാതാക്കുന്ന വിധത്തിലുള്ള വ്യാഖ്യാനങ്ങൾ ദൈവവചനത്തിന് നൽകിക്കൊണ്ട് അതിനെ വളച്ചൊടിച്ചു. സ്വയം, വേദപുകത്ത് പഠിക്കാത്തവർ തങ്ങളുടെ

ഹൃദയാഭിലാഷങ്ങൾക്കൊത്ത തീരുമാനങ്ങൾ സ്വീകരിക്കുന്നതിൽ സംതൃപ്തരായിരുന്നു. തർക്കം, സൂതം, പിതൃ പാരമ്പര്യം, സഭയുടെ അധികാരം എന്നീ കാരണങ്ങളാൽ അനേകർ വേദപുസ്തക സത്യത്തെ മറിച്ചുകളവാൻ ശ്രമിച്ചു. ശബ്ബത്ത് സത്യത്തിൻറെ വക്താക്കൾ നാലാം കല്പനയുടെ പ്രാധാന്യത്തെ സംരക്ഷിക്കുന്നതിനായി തങ്ങളുടെ വേദപുസ്തകത്തിലേക്കു തിരിഞ്ഞു. സത്യവചനമെന്ന ആയുധം മാത്രം ധരിച്ചുകൊണ്ട് പവപ്പെട്ടവരായ അവർ പണ്ഡിതന്മാരുടെ ആക്രമണത്തെ ചെറുത്തുനിന്നു. സ്കൂളുകളിൽനിന്നും ലഭിക്കുന്ന കൗശല സൂത്രങ്ങളിൽ പ്രാവീണ്യം നേടിയിട്ടില്ലാത്ത ഇവർ തിരുവെഴുത്തുകളെയായിരുന്ന

പഠിച്ചിരുന്നത്. ഇവരുടെ ലളിതവും നേരേയുള്ളതുമായ വാദഗതിക്കു മുൻപിൽ വിദ്യാ സമ്പന്നരുടെ വാചാലമായ തർക്കസൂത്രങ്ങൾ അസ്തപ്രഭമായി. തങ്ങൾക്കുണ്ടായ പരാജയത്തിൽ വിദ്യാസമ്പന്നരായവർ കോപാകുലരായി.

തങ്ങൾക്ക് വേദപുസ്തകസാക്ഷ്യം അനുകൂലമല്ലാതെവന്നപ്പോൾ, അവർ ചോദിച്ചു: "ഈ ശബ്ബത്ത് സത്യം എന്തുകൊണ്ട് ഞങ്ങളുടെ വലിയ ആളുകൾ മനസ്സിലാക്കിയില്ല? നിങ്ങൾ കുറച്ചുപേർ മാത്രമേ ഇത് വിശ്വസിക്കുന്നുള്ളല്ലോ? വിദ്യാഭ്യാസം ലഭിച്ചിട്ടുള്ള ആ മഹാന്മാർക്ക് തെറ്റുപറ്റുകയും നിങ്ങൾ കുറച്ചുപേർ

മാത്രം ശരിയായിരിക്കുകയും ചെയ്യുക സാദ്ധ്യമല്ല". ഇതേ വാദഗതിയാണ് യേശുക്രിസ്തുവിനും അപ്പൊസ്തലന്മാർക്കും എതി രായി അന്നത്തെ ആളുകൾ ഉന്നയിച്ചതെന്ന വസ്തുത ഇവരും മറന്നുകൊ ണ്ടാണ് ഈ ചോദ്യം ചോദിച്ചത്.

ഇമ്മാതിരിയുള്ള വാദഗതികളെ തള്ളിക്കളയുന്നതിന് വേദയുപദേ ശങ്ങളും എല്ലാകാലത്തുമുള്ള ദൈവജനങ്ങളോട് ദൈവം ഇടപെട്ട രീതിയും ഉദ്ധരിക്കുകയാണ് ഏറ്റവും നല്ലത്. തൻറെ ശബ്ദം കേൾക്കയും അനുസരി ക്കയും ചെയ്യുന്നവരിലൂടെയും ആവശ്യമെങ്കിൽ അരുചികരമായ സത്യം സംസാരിക്കുകയും ജനങ്ങളുടെ

ഇടയിൽ പ്രചുരപ്രചാരമായ പാപങ്ങളെ ശകാരിക്കുവാൻ ഭയപ്പെടാതെ ഇരിക്കുന്നവരിലൂടെയും ദൈവം പ്രവർത്തിക്കുന്നു. നവീകരണ പ്രസ്ഥാനങ്ങളെ നയിക്കുവാൻ പലപ്പോഴും വിദ്യാസമ്പ ന്നരേയും ഉന്നതസ്ഥാനീയരേയും ദൈവം ക്ഷണിക്കാത്തതിൻറെ കാരണം, അവർ തങ്ങളുടെ അഭിപ്രായത്തിൽ മാത്രം ആശ്രയിക്കയും, ദൈവത്താൽ പഠിപ്പിക്കപ്പെടണമെന്ന് ആഗ്രഹിക്കാത്തതിനാലുമാണ്. ജ്ഞാനത്തിൻറെ ഉറവിടമായ ദൈവത്തോട് വ്യക്തിഗതമായ ബന്ധം പുലർത്തുന്നവർക്കു മാത്രമേ തിരുവെഴുത്തുകളെ ശരിയായി ഗ്രഹിപ്പാനും വിശദീകരിക്കാനും

സാദ്ധ്യമാ കയുള്ളൂ. വിദ്യാലയങ്ങളിൽനിന്ന് വലിയ വിദ്യാഭ്യാസം ലഭിച്ചിട്ടില്ലാത്തവരോടും ചിലപ്പോൾ സത്യം പ്രഖ്യാപിക്കുന്നതിനായി ചിലപ്പോൾ വിളിക്ക പ്പെടുന്നുണ്ട്. അവർക്ക് വിദ്യാഭ്യാസം ലഭിച്ചിട്ടില്ലാത്തതുകൊണ്ടല്ല അവരെ വിളിക്കുന്നത്; നേരെമറിച്ച് അവർ സ്വയം തികഞ്ഞവരാണ് എന്ന ഭാവം ഇല്ലാത്തതുകൊണ്ടാണ് അവരെ ദൈവം വിളിക്കുന്നത്. ക്രിസ്തുവിൻറെ വിദ്യാലയത്തിൽ അവർ പഠിക്കുന്നു. അവരുടെ വിനയവും അനുസരണവും അവരെ മഹാന്മാരാക്കുന്നു. തൻറെ സത്യം അവർക്കു പകർന്നു കൊടുത്തുകൊണ്ട് ദൈവം അവരെ

ബഹുമാനിക്കുന്നു. ആ പദവികൾമുന്നിൽ ലോകത്തിൻറെ മഹത്വവും പദവികളുമെല്ലാം അപ്രധാന്യത്തിലേക്ക് താഴുന്നു.

ക്രിസ്തുവിൻറെ പുനരാഗമനത്തിൽ വിശ്വസിച്ചിരുന്ന അനേകം പേരും വിശുദ്ധ കൂടാരത്തെക്കുറിച്ചും ദൈവകല്പനയെക്കുറിച്ചുമുള്ള സത്യങ്ങൾ നിരാകരിച്ചു. അനേകർ പുനരാഗമന പ്രസ്ഥാനത്തിലുള്ള തങ്ങളുടെ വിശ്വാസവും വെടിഞ്ഞു. അവർ അടിസ്ഥാനമില്ലാത്തതും പരസ്പരം യോജിക്കാത്തതുമായ പ്രവചനങ്ങളെ തെരഞ്ഞെടുത്തു. ചിലർ ക്രിസ്തുവിൻറെ വരവിന് സമയം നിർണ്ണയിക്കുന്ന തെറ്റായ പ്രവൃത്തിയിലേക്കു

നയിക്കപ്പെട്ടു. സമാഗമന
കൂടാരത്തിന്മേൽ
പ്രകാശിച്ചുകൊണ്ടിരുന്ന വെളിച്ചത്തിൽ
ആ വസ്തുത അവർ കാണേണ്ടിയിരുന്നു.
അത് ക്രിസ്തുവിൻറെ രണ്ടാമത്തെ
വരവുവരെ നീളുന്ന ഒരു പ്രവചനവും
ഇല്ലെന്ന വസ്തുതയായിരുന്നു.
കർത്താവിന്റെ രണ്ടാം വരവിൻറെ
കൃത്യസമയത്തെക്കുറിച്ച് മുൻകൂട്ടി
പറഞ്ഞിട്ടില്ല. എന്നാൽ ലഭിച്ച
പ്രകാശത്തിൽനിന്ന് മാറിക്കൊണ്ട്,
കർത്താവിന്റെ വരവിന് വീണ്ടും വീണ്ടും
സമയം നിർണ്ണയിക്കുകയാണ്.
തൽഫലമായി അവർ വീണ്ടും വീണ്ടും
നിരാശപ്പെടുകയുമാണ്.

ക്രിസ്തുവിൻറെ വരവിനെക്കുറിച്ച് തെറ്റായ ആശയങ്ങൾ തെസ്സലൊനിക്യാ സഭയ്ക്ക് ലഭിച്ചപ്പോൾ, അപ്പൊസ്തലനായ പൌലൊസ്, അവരുടെ ആശകളും പ്രതീക്ഷകളും ദൈവവചനവുമായി സസൂക്ഷ്മം പരിശോധിച്ചു നോക്കുവാൻ പറഞ്ഞു. ക്രിസ്തു വരുന്നതിനു മുമ്പുള്ള, നടക്കേണ്ട സംഭവങ്ങളെ ചൂണ്ടിക്കാട്ടിക്കൊണ്ട് അവയെ വെളിപ്പെടുത്തുന്ന പ്രവചനങ്ങൾ അദ്ദേഹം അവർക്ക് മനസ്സിലാക്കിക്കൊടുത്തു. തങ്ങളുടെ കാലത്ത് ക്രിസ്തു വരുമെന്ന് പ്രതീക്ഷിക്കുവാൻ ഒരു സാദ്ധ്യതയുമില്ലെന്നും അദ്ദേഹം പറഞ്ഞു". ആരും ഏതുവിധേനയും നിങ്ങളെ ചതിക്കരുത് (2 തെസ്സ. 2:3).

പൌലൊസ് മുന്നറിയിപ്പ് നൽകി. തിരുവെഴുത്തുകൾ നൽകാത്ത പ്രതീക്ഷകൾക്ക് അവർ വഴങ്ങുകയാണെങ്കിൽ തെറ്റായ നടപടികളിലേക്ക് അവർ നയിക്കപ്പെട്ടും; അവി ശ്വാസികളുടെ പരിഹാസ് പാത്രമായിത്തീരാൻ അത് കാരണമാകും. തങ്ങളുടെ രക്ഷയ്ക്ക് അത്യന്താപേക്ഷിതമായിരിക്കുന്ന സത്യത്തെ സംശയിക്കുവാൻ അവർ അതുമൂലം പ്രേരിതരാവും. അന്ത്യകാലത്ത് ജീവിച്ചിരിക്കുന്ന വർക്ക് വേണ്ടതായ ഒരു പ്രധാനപ്പെട്ട പാഠം തെസ്സലൊനികൃർക്ക് അപ്പൊസ്തലൻ നല്കിയ മുന്നറിയിപ്പിൽ ഉൾക്കൊള്ളുന്നുണ്ട്. കർത്താവിന്റെ വരവിന് വ്യക്തമായ ഒരു സമയം

നിർണ്ണയിക്കാൻ കഴിഞ്ഞില്ലെങ്കിൽ, കർത്താവിന്റെ വരവിനുവേണ്ടിയുള്ള ഒരുക്കത്തിൽ എരിവും തീക്ഷ്ണതയുമുള്ളവരായിരിപ്പാൻ കഴിയുകയില്ലെന്ന് അനേക പുനരാഗമന കാംക്ഷികൾക്ക് തോന്നുന്നുണ്ട്. തങ്ങളുടെ പ്രതീക്ഷകൾ വീണ്ടും വീണ്ടും നഷ്ഫലമായി ഉണർത്തപ്പെടുമ്പോൾ തങ്ങളുടെ വിശ്വാസത്തിന് വലിയ ആഘാതം ഏൽക്കുകയാണ്. തൽഫലമായി പ്രവചനത്തിലെ വലിയ സത്യങ്ങൾ മനസ്സിൽ പതി യുന്നതിന് അസാദ്ധ്യമായിത്തീരുന്നു.

ന്യായവിധിക്ക് ഒരു നിശ്ചിത സമയമുണ്ടെന്ന് കൽപ്പിച്ചത് ദൈവമാണ്. ഒന്നാം ദൂതിൽ അത്

നൽകപ്പെട്ടിരിക്കുന്നു. 1844 -ലെ ശിശിരകാലത്തിൽ 2300 സന്ധ്യയും ഉഷസ്സും സമാപിക്കുമെന്ന പ്രവചനകാല കണക്കുകൂട്ടൽ സംശയ രഹിതമാണ്. ന്യായവിധിയുടെ ദൂത് ഈ കാലഘട്ടത്തിലാണ് അടി സ്ഥാനപ്പെടുത്തിയിരിക്കുന്നത്. പ്രവചന കാലഘട്ടങ്ങളുടെ ആരംഭത്തിനും അവസാനത്തിനും പുതിയ സമയം നിർണ്ണയിക്കുവാൻ വീണ്ടും ശ്രമിക്കുന്നതും, ഈ നിലപാടിനെ നിലനിർത്തുവാൻ ഉറപ്പില്ലാത്ത വാദഗതികൾ ആവശ്യമായി വരുന്നതും നമ്മുടെ കാലത്തേക്കുള്ള സത്യത്തിൽനിന്നും മനസ്സുകളെ അകറ്റുക മാത്രമല്ല പ്രവചനങ്ങളെ വിശദീകരിക്കുവാനുള്ള എല്ലാ

യത്നങ്ങളിലും വെറുപ്പ് ഉളവാക്കുകയും ചെയ്യുന്നു. രണ്ടാം വരവിനു ഒരു നിശ്ചിത സമയം കൂടെക്കൂടെ നിർണ്ണയിക്കുകയും അത് വ്യാപകമായി പഠിപ്പിക്കുകയും ചെയ്യുമ്പോൾ, അത് സാത്താൻറെ ഉദ്ദേശങ്ങളെ സഹായിക്കുകയാണ് ചെയ്യുന്നത്. നിശ്ചിത സമയം കഴിയുമ്പോൾ, അതിൻറെ പ്രണേതാക്കളെ പരിഹസിക്കുവാൻ സാത്താൻ ആളുകളെ ഇളക്കിവിടുന്നു. ഇപ്രകാരം 1843-ലേയും 1844-ലേയും പുനരാഗമന പ്രസ്ഥാനങ്ങൾക്ക് വലിയ പരിഹാസം ഏൽക്കേണ്ടിവന്നു. ഈ തെറ്റിൽ മുറുകെ പിടിക്കുന്നവർ, ഒടുവിൽ ക്രിസ്തുവിൻറെ രണ്ടാം വരവിന്, വളരെ വിദൂര ഭാവിയിൽ ഒരു ദിവസം

നിർണ്ണയിക്കും. അങ്ങനെ അവരുടെ വ്യാജ സംരക്ഷിതത്വത്തിൽ ജീവിക്കാൻ ഇടയാകും. ഇങ്ങനെ അനേകർ വഞ്ചിതരായിത്തീരും.

പുരാതന യിസ്രായേലിൻറെ ചരിത്രം, പുനരാഗമനകാംക്ഷികളുടെ കഴിഞ്ഞകാല അനുഭവങ്ങളുടെ ഒരു ഉത്തമ ഉദാഹരണമാണ് പുനരാഗമന പ്രസ്ഥാനത്തിൽ ദൈവം തൻറെ ജനത്തെ, യിസ്രായേലിനെ മിസയീമിൽനിന്ന് നടത്തിയതുപോലെ നയിച്ചു. യിസ്രായേല്യരുടെ വിശ്വാസം ചെങ്കടൽക്കര വച്ച് പരിക്ഷിക്കപ്പെട്ടതുപോലെ വലിയ നിരാശയുടെ വേളയിൽ, അവരുടെ വിശ്വാസം പരീക്ഷിക്കപ്പെട്ടു. തങ്ങളുടെ

കഴിഞ്ഞകാല അനുഭവങ്ങളിൽ തങ്ങളോടുകൂടെയുണ്ടായിരുന്ന ദൈവകരങ്ങളിൽ അവർ (പുനരാഗമനവിശ്വാസികൾ) വിശ്വസിച്ചിരുന്നെങ്കിൽ ദൈവം നൽകുന്ന രക്ഷ അവർ കാണുമായിരുന്നു. 1844-ലെ വേലയിൽ ഐക്യതയോടെ പ്രയത്നിച്ചവർ, മൂന്നാം ദൂതൻറെ ദൂത് സ്വീകരിക്കുകയും പരിശുദ്ധാത്മശക്തിയോടെ അത് പ്രഘോഷിക്കുകയും ചെയ്തിരുന്നുവെങ്കിൽ, അവരുടെ പ്രയത്നങ്ങളോടു ചേർന്ന് ദൈവം ശക്തിയായി പ്രവർത്തിക്കുമായിരുന്നു. ലോകത്തിൽ പ്രകാശധോരണി അതുമൂലം ചൊരിയപ്പെടുമായിരുന്നു.

വർഷങ്ങൾക്കു മുൻപ് ലോകനിവാസികൾക്ക് ദൈവത്തിൻറെ മുന്നറിയിപ്പ് ലഭിക്കുകയും, അന്ത്യവേല അവസാനിക്കുകയും, ക്രിസ്തു തൻറെ ജനത്തിൻറെ വീണ്ടെടുപ്പിനായി വരികയും ചെയ്യുമായിരുന്നു.

മരുഭൂമിയിൽ നാല്പത് ആണ്ട് യിസ്രായേൽ ജനത അലയണമെന്നത് ദൈവത്തിൻറെ ഉദ്ദേശമായിരുന്നില്ല. കനാൻ ദേശത്തേക്ക് അവരെ നേരേ നയിക്കണമെന്നാണ് ദൈവം ആഗ്രഹിച്ചത്. പരിശുദ്ധിയും സന്തോഷവുമുള്ള ഒരു ജനതയായി അവരെ കനാനിൽ സ്ഥാപിക്കുവാൻ ദൈവം ആഗ്രഹിച്ചു. പക്ഷേ, അവരുടെ അവിശ്വാസം നിമിത്തം അവർക്ക്

പ്രവേശിപ്പാൻ കഴിഞ്ഞില്ല" (എബ്രാ. 3:19). അവരുടെ പിൻമാറ്റവും അവിശ്വാസവുംമൂലം അവർ മരുഭൂമിയിൽ വച്ച് നശിച്ചുപോയി. വാഗ്ദത്ത നാട്ടിൽ പ്രവേശിപ്പാൻ മറ്റൊരു തലമുറയെ എഴുന്നേല്പ്പിക്കേണ്ടിവന്നു. അതുപോലെ, ക്രിസ്തുവിൻറെ വരവ് ദീർഘ കാലം താമസിപ്പിക്കുക എന്നത് ദൈവേഷ്ടമായിരുന്നില്ല. പാപവും ദുഃഖവും നിറഞ്ഞ ഈ ലോകത്തിൽ ദൈവത്തിൻറെ ജനം കഴിയുക എന്നതും ദൈവേഷ്ടം ആയിരുന്നില്ല. എന്നാൽ അവിശ്വാസം അവരെ ദൈവത്തിൽനിന്നും അകറ്റി. ദൈവം അവരെ ഭരമേല്പിച്ച ദൗത്യം അവർ സ്വീകരിക്കുവാൻ വിസമ്മതിച്ച പ്പോൾ, ആ ദൂത് പ്രഖ്യാപിക്കുവാൻ മറ്റുള്ളവരെ

ദൈവം എഴുന്നേല്പിച്ചു. ദൈവക്രോധം ലോകത്തിൻറെ മേൽ ഒഴിക്കുന്നതിനുമുൻപായി ദൈവത്തിൽ അഭയം കണ്ടെത്തുന്നതിനും, മുന്നറിയപ്പിൻറെ ദൂത് പാപികൾ കേൾക്കുന്ന തിനും തൻറെ കരുണയിൽ കർത്താവ് വരവ് താമസിപ്പിക്കുകയാണ്.

മുൻകാലങ്ങളിലെപ്പോലെ, പാപത്തേയും തെറ്റുകളേയും ശാസിക്കുന്ന സത്യം നൽകപ്പെടുമ്പോൾ അത്, എതിർപ്പിനെ വിളിച്ചുവരുത്തും. "തിന്മ പ്രവർത്തിക്കുന്നവൻ എല്ലാം വെളിച്ചത്തെ പകയ്ക്കുന്നു. തൻറെ പ്രവൃത്തിക്ക് ആക്ഷേപം വരാതിരിപ്പാൻ വെളിച്ചത്തിലേക്ക് വരുന്നതുമില്ല"

(യോഹ. 3:20).
തിരുവെഴുത്തുകൾക്കനുസൃതമായി തങ്ങളുടെ നില പാലിക്കുവാൻ കഴിയുകയില്ല എന്ന് ആളുകൾ മനസ്സിലാക്കുമ്പോൾ, അനേകരും തങ്ങളുടെ നില തുടരുവാൻ തീരുമാനിക്കുകയും, സത്യത്തിനുവേണ്ടി നിലകൊള്ളുന്നവരുടെ സ്വഭാവഹത്യ നടത്തുവാനും അവരെ നശിപ്പിക്കുവാനും അവർ ഒരുമ്പെടും. എല്ലാ കാലത്തും ഇതുതന്നെയാണ് സംഭവിച്ചിട്ടുള്ളത്. യിസ്രായേലിലെ സകല കുഴപ്പങ്ങൾക്കും കാരണം ഏലിയാവാണെന്ന് പറഞ്ഞു; യിരെമ്യാവിനെ രാജ്യദ്രോഹിയായി മുദ്രയടിച്ചു. പൌലൊസിനെ ക്ഷേത്രധ്വംസകനായി ചിത്രീകരിച്ചു.

അന്നുമുതൽ ഇന്നുവരെയും സത്യത്തോട് വിശ്വസ്തത പുലർത്തുന്നവരെ രാജ്യദ്രോഹികളായും, വേദവിപരീതക്കാരായും മതഭിന്നത വളർത്തുന്നവരായും മുദ്രയടിക്കുകയാണ്. പ്രവചനത്തിൻറെ സുസ്ഥിരതയെ വിശ്വസിക്കാത്ത ജനം, പാപത്തെ ശാസിക്കുന്നവർക്കെതിരായി ഏതു കുറ്റാരോപണവും വിശ്വസിക്കും. ഇത്തരത്തിലുള്ള മനോഭാവം കൂടുതൽ കൂടുതൽ വർദ്ധിക്കും. രാഷ്ട്രത്തിൻറെ നിയമങ്ങൾ ദൈവകല്പനയ്ക്ക് വിരുദ്ധമായിത്തീരുമ്പോൾ ദൈവകല്പനകളെ അനുസരിക്കുന്നവർക്ക് പരിഹാസവും തിന്മ പ്രവർത്തിക്കുന്നവരെപ്പോലെ

ശിക്ഷാ നേരിടേണ്ട ഒരു സമയം വരുന്നെന്ന് വേദപുസ്തകം വ്യക്തമായി പഠിപ്പിക്കുന്നു.

ഇതിൻറെ വെളിച്ചത്തിൽ, സത്യത്തിൻറെ ദൂത് വഹിക്കുന്നവൻറെ ചുമതല എന്താണ്? സത്യത്തിൻറെ അവകാശങ്ങളെ എതിർക്കുകയോ, ഒഴിഞ്ഞുമാറുകയോ ചെയ്യുവാനാണ് അതിൻറെ ഫലം ജനത്തെ പേര് പ്രേരിപ്പിക്കുന്നു എന്നതു കൊണ്ട്, സത്യം പകർന്നു കൊടുക്കേണ്ട എന്നാണോ തീരുമാനിക്കേണ്ടത്? ഒരിക്കലുമല്ല, ദൈവവചനം എതിർപ്പുണ്ടാക്കുന്നതുകൊണ്ട്, ഒളിച്ചുവെയ്ക്കുവാൻ നവീകരണ കർത്താക്കൾ

ശ്രമിക്കാതിരുന്നതുപോലെ, ഇപ്പോഴത്ത
ദൂതുവാഹകനും ചെയ്തുകൂടാത്തതായിരുന്നു.
വിശുദ്ധന്മാരുടെയും രക്ത
സാക്ഷികളുടേയും
വിശ്വാസപ്രഖ്യാപനങ്ങൾ, വരും
തലമുറയുടെ പ്രയോജനത്തിനുവേണ്ടി
രേഖപ്പെടുത്തിയിരുന്നു. ദൈവത്തിൻറെ
സാക്ഷികളായി നിലവാൻ
വിളിക്കപ്പെട്ടിരിക്കുന്നവരിൽ ധൈര്യം
പകർന്നുകൊടുക്കുവാനാണ്
വിശുദ്ധിയുടേയും, അചഞ്ചലമായ
സത്യസന്ധതയുടേയും ജീവിക്കുന്ന
മാതൃകകളായ അവർ വന്നത്. അവർ
കൃപയും സത്യവും പ്രാപിച്ചത്
തങ്ങൾക്കുവേണ്ടി മാത്രം
അല്ലായിരുന്നു, പിന്നെയോ, അവരിലൂടെ
ദൈവത്തിൻറെ പരിജ്ഞാനം ഭൂമിയെ

പ്രകാശിപ്പിക്കുന്നതിനുവേണ്ടിയായിരുന്നു. ഈ തല മുറയിലെ തൻറെ ദാസന്മാർക്ക് ദൈവം പ്രകാശം നൽകിയിട്ടുണ്ടോ? അങ്ങനെയെങ്കിൽ അവർ ലോകത്തിന് അത് പ്രകാശിപ്പിച്ചു കൊടുക്കേണ്ടതാണ്.

തൻറെ നാമത്തിൽ സംസാരിച്ച ഒരാളോട് പുരാതന കാലത്ത് ദൈവം പ്രഖ്യാപിച്ചു: “നിസയേൽ ഗൃഹമോ നിൻറെ വാക്കു കേൾക്കയില്ല. എൻറെ വാക്ക് കേൾക്കാൻ അവർക്കു മനസ്സില്ലല്ലോ”. എന്നിട്ടും ദൈവം പറഞ്ഞു: “അവർ കേട്ടാലും കേൾക്കാഞ്ഞാലും നീ എൻറെ വചനങ്ങളെ അവരോടു. പ്രസ്താവിക്കേണം” (യെഹെ. 3:7;2:7).

ദൈവത്തിൻറെ ഇക്കാലത്തെ ദാസ
നോടു ഇപ്രകാരം
ആജ്ഞാപിച്ചിരിക്കുന്നു. "കാഹളം
പോലെ നിൻറെ ശബ്ദം ഉയർത്തി
എൻറെ ജനത്തിന്ന അവരുടെ
ലംഘനത്തേയും യാക്കോബ് ഗൃഹ
ത്തിന്ന അവരുടെ പാപങ്ങളേയും
അറിയിക്ക'.

ഒരുവന്ന അവസരങ്ങൾ
ലഭിച്ചിട്ടുള്ളിടത്തോളം, യിസ്രായേലിലെ
പ്രവാചകനെപ്പോലെ, സത്യത്തിൻറെ
വെളിച്ചം ലഭിച്ചവർ പാവനവും
ഭയങ്കരവുമായ ഉത്തരവാദിത്വം
വഹിക്കുകയാണ്. അവരോടു ദൈവം
പറയുന്നു: "മനുഷ്യ പുത്രാ, ഞാൻ നിന്നെ
യിസ്രായേൽ ഗൃഹത്തിന്

കാവല്ക്കാരനാക്കിവച്ചിരിക്കുന്നു. നീ എൻറെ വായിൽ നിന്ന് വചനം കേട്ട് എൻറെ നാമത്തിൽ അവരെ ഓർമ്മപ്പെടുത്തണം. ഞാൻ ദുഷ്ടനോട്: ദുഷ്ടാ, നീ മരിക്കും എന്ന് കല്പിക്കുമ്പോൾ, ദുഷ്ടൻ തൻറെ വഴി വിട്ടുതിരിവാൻ കരുതിക്കൊള്ളത്തക്കവണ്ണം നീ അവനെ പ്രബോധിപ്പിക്കാതിരുന്നാൽ, ദുഷ്ടൻ തൻറെ അകൃത്യം നിമിത്തം മരിക്കും; അവൻറെ രക്തമോ ഞാൻ നിന്നോടു ചോദിക്കും. എന്നാൽ ദുഷ്ടൻ തൻറെ വഴിവിട്ടുതിരിയേണ്ടതിന്നു നീ അവനെ ഓർമ്മപ്പെടുത്തീട്ടും അവൻ തൻറെ വഴി വിട്ടുതിരിയാഞ്ഞാൽ, അവൻ തൻറെ അകൃത്യം നിമിത്തം മരിക്കും;

നീയോ, നിൻറെ പ്രാണനെ രക്ഷിച്ചിരിക്കുന്നു" (യെഹെ. 33:7-9).

സത്യത്തിൻറെ സ്വീകാര്യത്തിനും പ്രചരണത്തിനും വലിയ വിഘ്നാതമായി നില്ക്കുന്നത് അതിൻ മൂലമുണ്ടാകുന്ന അസൗകര്യവും പരിഹാസവു മാണ്. സത്യത്തിന് വിരോധമായി നില്ക്കാവുന്ന ഏകവാക്യം ഇതുമാത്ര മാണ്. ഇതിനെ നിഷേധിക്കുവാൻ ആർക്കും കഴിഞ്ഞിട്ടില്ല. എന്നാൽ ക്രിസ്തുവിനെ യഥാർത്ഥമായി അനുഗമിക്കുന്നവരെ ഇത് തടഞ്ഞുനിർത്തു കയില്ല. അപ്രകാരമുള്ളവർ സത്യത്തിന് ജനസമ്മതി വരും വരെ കാത്തുനി യില്ല. തങ്ങളുടെ ചുമതലയെക്കുറിച്ച്

ബോദ്ധ്യമാവുമ്പോൾ, അവർ ക്രൂശിനെ ബോധപൂർവ്വം സ്വീകരിക്കുന്നു. അപ്പൊസ്തലനായ പൌലൊസിനെപ്പോലെ “നൊടിനേരത്തേക്കുള്ള ഞങ്ങളുടെ ലഘുവായ കഷ്ടം അത്യന്തം അനവധിയായി തേജസ്സിൻറെ നിത്യഘനം ഞങ്ങൾക്ക് കിട്ടുവാൻ ഹേതുവാ കുന്നു” എന്ന് പറയാൻ അവർക്ക് കഴിയും. “മിസയീമിലെ നിക്ഷേപങ്ങളെ ക്കാൾ ക്രിസ്തുവിൻറെ നിന്ദ വലിയ ധനം എന്ന് എണ്ണുകയും ചെയ്തു” (2 കൊരി. 4:17; എബ്രാ . 11:26).

അവരുടെ തൊഴിൽ എന്തായിരുന്നാലും, ഹൃദയത്തിൽ ലോകത്തെ സേവിക്കുന്നവർ മാത്രമേ, മതപരമായ

കാര്യങ്ങലിൽ തത്വങ്ങളെ ബലികഴിച്ചുകൊണ്ട് നയപരമായി പെരുമാറുകയുള്ളൂ. ആ കാര്യം ശരിയായതുകൊണ്ട് നാം ശരിയെ തെരഞ്ഞെടുക്കണം. അതിൻറെ ഫലം ദൈവത്തിന് വിട്ടുകൊടുക്കണം. തത്വാധിഷ്ഠിതമായി ജീവിക്കുന്നവരും, വിശ്വാസ വീരന്മാരുമായവർക്കും ലോകം കടപ്പെട്ടിരിക്കയാണ്. അവർ മുഖാന്തരമാണ് ലോകത്തിൽ വലിയ നവീകരണങ്ങൾ വന്നിട്ടുള്ളത്. ഇക്കാലത്തേക്കുള്ള നവീകരണം മുന്നോട്ടു കൊണ്ടുപോകേണ്ടത് ഇത്തരക്കാരായ ആളുകൾ മുഖേനയായിരിക്കണം".

"നീതിയെ അറിയുന്നവരും, ഹൃദയത്തിൽ എൻറെ ന്യായപ്രമാണം

ഉള്ള ജനവും ആയുള്ളോരേ, എൻറെ
വാക്കുകേൾപ്പിൻ; നിങ്ങൾ മനുഷ്യരുടെ
നിന്ദയെ ഭയപ്പെടരുത്; അവരുടെ
ദൂഷണങ്ങളെ പേടിക്കയും അരുത്. പുഴു
അവൻറെ വസ്ത്രത്തെപ്പോലെ അരിച്ചു
കളയും; കൃമി അവരെ
കമ്പിളിയെപ്പോലെ തിന്നുകളയും;
എന്നാൽ എൻറെ നീതി ശാശ്വതമായും
എൻറെ രക്ഷ തലമുറ തലമുറയായും
ഇരിക്കും" (യെശ. 51:7,8).

# അദ്ധ്യായം 27—ആധുനിക ഉണർവുകൾ

എവിടെയെല്ലാം ദൈവവചനം വിശ്വസ്തതയോടെ പ്രസംഗിക്കപ്പെട്ടിട്ടുണ്ടോ, അവിടെയെല്ലാം തിരുവചനത്തിൻറെ ദൈവികമായ ഉത്ഭവത്തെ സാക്ഷീകരിക്കുന്ന ഫലങ്ങളും ഉണ്ടായിട്ടുണ്ട്. തൻറെ ദാസന്മാർ നല്കുന്ന ദൂതിനെ ദൈവാത്മാവ് അനുഗമിച്ചിട്ടുണ്ട്. ദൈവവചനം ശക്തിയോടുകൂടെ അവിടെയെല്ലാം നൽകപ്പെടുകയും ചെയ്തു. അതുമൂലം പാപികളുടെ മനസ്സാക്ഷികൾ ഉണർത്തപ്പെട്ടു. 'ഏതു മനുഷ്യനേയും പ്രകാശിപ്പിക്കുന്ന, ലോക ത്തിലേക്കു വന്നുകൊണ്ടിരുന്ന

സത്യവെളിച്ചം' അവരുടെ
ഹൃദയങ്ങളേയും പ്രകാശിപ്പിച്ചു.
ഹൃദയത്തിൻറെ ഇരുളടഞ്ഞ ഭാഗങ്ങൾ
വെളിച്ചം കണ്ടു. ക്രിസ്തുവിൻറെ ദൂത്
ശ്രവിച്ച കേൾവിക്കാരുടെ
ഹൃദയങ്ങളിൽ ആഴമായ പാപബോധം
ഉണ്ടായി. തങ്ങളുടെ പാപത്തെക്കുറിച്ചു
വരുവാനുള്ള ന്യായവിധിയെക്കുറിച്ചും
നീതിയെക്കുറിച്ചും അവർ ചിന്തിക്കുവാൻ
തുടങ്ങി. യഹോവയുടെ നീതിയെക്കുറിച്ച്
അവർക്കറിവുണ്ടായിരുന്നു.
ഹൃദയത്തെ കാണുന്ന വൻറെ
മുൻപാകെ, തങ്ങളുടെ അശുദ്ധി
നിറഞ്ഞ ഹൃദയത്തോടും കുറ്റബോ
ധത്തോടും കൂടെ
നില്ക്കേണ്ടിവരുന്നതിൻറെ
ഭയാനകതയെക്കുറിച്ച് ക്രിസ്തുവിൻറെ

ശ്രോതാക്കൾക്ക് അറിവുണ്ടായിരുന്നു. ഭീതിജനകമായ ഉത്കണ്ഠയോടുകൂടി അവർ നിലവിളിച്ചു: “മരണത്തിനധീനമായ ഈ ശരീരത്തിൽനിന്നും ആർ എന്നെ വിടുവിക്കും?” മനുഷ്യരുടെ പാപങ്ങൾക്കുവേണ്ടി വില മതിക്കുവാൻ പാടില്ലാത്ത യാഗം അർപ്പിക്കപ്പെട്ട കാൽവറി ക്രൂശ് കണ്ടപ്പോൾ, തങ്ങളുടെ പാപങ്ങളുടെ പരിഹാരത്തിനായി ക്രിസ്തുവിൻറെ നീതി മാത്രം മതിയാകുമെന്ന് അവർ മനസ്സിലാക്കി. മനുഷ്യനെ ദൈവത്തോട് നിരപ്പിക്കുവാൻ ക്രിസ്തുവിൻറെ യാഗത്തിന് കഴിയുമെന്ന് അവർ കണ്ടു. പാപിയായ മനുഷ്യനെ ദൈവത്തോടു നിരപ്പിക്കുവാൻ ക്രൂശിനു മാത്രമേ കഴിയൂ.

വിശ്വാസത്തോടും താഴ്മയോടും കൂടെ അവർ ലോകത്തിൻറെ പാപം ചുമക്കുന്ന ദൈവത്തിൻറെ കുഞ്ഞാടിനെ സ്വീകരിച്ചു. യേശുവിൻറെ രക്തത്തിലൂടെ കഴിഞ്ഞകാല പാപങ്ങൾക്ക് അവൻ പരിഹാരം കണ്ടെത്തി.

മാനസാന്തരത്തിനു യോഗ്യമായ ഫലം ഈ ആത്മാക്കൾ പുറപ്പെട്ടു വിച്ചു. അവർ വിശ്വസിച്ച് സ്നാനം ഏറ്റു. യേശുക്രിസ്തുവിൽ അവർ പുതിയ സൃഷ്ടികളായി. മുമ്പുണ്ടായിരുന്ന മോഹങ്ങളാൽ വീണ്ടും സ്വാധീനിക്കപ്പെട്ടുവാനല്ല, പിന്നെയോ ക്രിസ്തു വിശുദ്ധനായിരിക്കുന്നതുപോലെ, തങ്ങളെ ത്തന്നെ ശുദ്ധീകരിക്കുന്നതിനും വിശ്വാസത്താൽ ക്രിസ്തുവിൻറെ

കാൽച്ചു വട്ടുകളെ പിന്തുടരുന്നതിനും ക്രിസ്തുവിൻറെ സ്വഭാവം പ്രതിഫലിപ്പിക്കുന്ന തിനും അവർ ഒരുങ്ങി. ഒരിക്കൽ തങ്ങൾ വെറുത്തിരുന്ന കാര്യങ്ങൾ അവർ ഇഷ്ടപ്പെട്ടുവാൻ തുടങ്ങി. അവർ ഇഷ്ടപ്പെട്ടിരുന്ന കാര്യങ്ങൾ ഇപ്പോൾ അവർക്ക് വെറുപ്പായി. സ്വാർത്ഥരും തങ്ങളുടെ ആശയങ്ങൾ മറ്റുള്ളവരുടെ മേൽ നിർബന്ധിച്ച് ഏല്പ്പിക്കുന്നവരുമായിരുന്നവർ സൗമ്യതയും താഴ്ചയുമു ള്ളവരായിത്തീർന്നു. മദ്യപാനികൾ മദ്യത്തെ വെറുത്തു. ശ്ലേച്ഛന്മാരായി ജീവി ച്ചിരുന്നവർ, വിശുദ്ധ ജീവിതം നയിച്ചു. ലോക ഇമ്പങ്ങളെ അവർ വെടിഞ്ഞു. ക്രിസ്ത്യാനികൾ തലമുടി പിന്നുന്നതും

പൊന്നണിയുന്നതും വസ്ത്രത്താൽ അലംകൃതരാവുന്നതും അല്ല, സൗമ്യതയും സാവധാനതയുമുള്ള മനസ്സ് എന്ന അക്ഷയഭൂഷണമായ ഹൃദയത്തിൻറെ ഗുഢമനുഷ്യനെ ധരിക്കുവാൻ" അവർ ഉറച്ചു. (1 പത്രൊ. 3:3,4).

ഉണർവ്വുയോഗങ്ങൾ ആഴമായ ഹൃദയശോധനയേയും വിനയത്തേയും നൽകി. പാപികളോട് ആത്മാർത്ഥതയും തീക്ഷ്ണതയും നിറഞ്ഞ അഭ്യർത്ഥനകൾ നടത്തുന്നത് ഈ ഉണർവുയോഗങ്ങളുടെ പ്രത്യേകതകളായിരുന്നു. ക്രിസ്തുവിൻറെ രക്തത്താൽ വിലയ്ക്കു വാങ്ങപ്പെട്ടവരോട് നിർവ്യാജ സ്നേഹം അവിടെ കാണാമായിരുന്നു. ആത്മാക്കളുടെ

രക്ഷയ്ക്കുവേണ്ടി സ്ത്രീ പുരുഷന്മാർ
ദൈവത്തോട് കേണപേക്ഷിക്കയും
മല്ലിടുകയും ചെയ്തിരുന്നു. അപ്രകാരമുള്ള
ഉണർവ്വിന്റെ ഫലങ്ങൾ ആത്മാക്കളിൽ
ദൃശ്യമായിരുന്നു. രക്ഷിക്കപ്പെട്ടവർ
സ്വയത്യാഗത്തിലും ഹൃദയപൂർവ്വം
നല്കുന്നതിലും ഉത്സ കരായിരുന്നു.
ക്രിസ്തുവിനുവേണ്ടി കഷ്ടങ്ങളും
ശോധനകളും വഹിപ്പാൻ തങ്ങൾ
യോഗ്യരായി എണ്ണപ്പെട്ടതിനാൽ അവർ
സന്തോഷിച്ചു. യേശുവിൻറെ നാമം
ധരിച്ചവരിൽ വലിയ ഒരു രൂപാന്തരം
സംഭവിച്ചതായി മറ്റുള്ളവർ കണ്ടു.
അവരുടെ സ്വാധീനത്താൽ അവർ
ഉൾപ്പെട്ടിരുന്ന സമൂഹം
അനുഗൃഹീതമായി. നിത്യജീവനെ
നേടേണ്ടതിന് അവർ

പരിശുദ്ധാത്മാവിൽ വിതയ്ക്കുകയും ക്രിസ്തുവിനോട് ചേർന്ന് ഫലശേഖരം നടത്തുകയും ചെയ്തു.

അവരെക്കുറിച്ച് ഇപ്രകാരം പറയാൻ കഴിയും: “നിങ്ങൾ മാനസാന്തര ത്തിനുള്ള ദുഃഖം” അനുഭവിച്ചവരായിരുന്നു; “നിങ്ങൾ ദുഃഖിച്ചതിനാലല്ല, മാന സാന്തരത്തിനായി ദുഃഖിച്ചതിനാലത്രേ. നിങ്ങൾക്ക് ഞങ്ങളാൽ ഒന്നിലും ചേതം വരാതവണ്ണം ദൈവഹിതപ്രകാരമല്ലോ നിങ്ങൾ ദുഃഖിച്ചത്. ദൈവഹിതപ്രകാരമുള്ള ദുഃഖം അനുതാപം വരാത്ത മാനസാന്തരത്തെ രക്ഷയ്ക്കായി ഉളവാക്കുന്നു; ലോകത്തിൻറെ ദുഃഖമോ മരണത്തെ

ഉളവാക്കുന്നു. ദൈവഹിതപ്രകാരം നിങ്ങൾക്കുണ്ടായ ഈ ദുഃഖം എത്ര ഉത്സാഹം, എത്ര പ്രതിവാദം, എത്ര നീരസം, എത്ര ഭയം, എത്രവാഞ്ഛ, എത്ര എരിവ്, എത്ര പ്രതികാരം നിങ്ങളിൽ ജനിപ്പിച്ചു. ഈ കാര്യത്തിൽ നിങ്ങൾ നിർമ്മലന്മാർ എന്ന് എല്ലാ വിധത്തിലും കാണിച്ചിരിക്കുന്നു" (2 കൊരി. 7:9-11).

ദൈവാത്മാവിൻറെ വേലയുടെ ഫലമാണിത്. നവീകരണം അവനിൽ ഉണ്ടാകുന്നില്ലെങ്കിൽ, അത് യഥാർത്ഥ മാനസാന്തരമാണെന്ന് പറയാൻ കഴിയുകയില്ല. ഒരുവൻ തൻറെ വാഗ്ദാനം പാലിക്കയും, താൻ മോഷ്ടിച്ചത് തിരികെ കൊടുക്കയും, തൻറെ പാപങ്ങളെ ഏറ്റു

പറയുകയും ദൈവത്തേയും തൻറെ സഹജീവികളേയും സ്നേഹിക്കയും ചെയ്യുന്നവെങ്കിൽ ദൈവവുമായി അയാൾ നിരപ്പായിത്തീർന്നുവെന്ന് ഉറപ്പാക്കാം. കഴിഞ്ഞ കാലങ്ങളിലെ മതപരമായ ഉണർവുകളിൽ ഇപ്രകാരമുള്ള ഫലങ്ങളാണ് ഉണ്ടായിരുന്നത്. മനുഷ്യവർഗ്ഗത്തിന്റെ രക്ഷയിലും, ഉദ്ധാരണത്തിലും അവരുടെ പ്രവർത്തനഫലങ്ങൾ വെച്ച് നോക്കുമ്പോൾ, അവർ ദൈവത്താൽ അനുഗ്രഹിക്കപ്പെട്ടവർ എന്ന് നിസ്സംശയം പറയാൻ കഴിയും.

എന്നാൽ ആധുനിക കാലത്തെ ഉണർവുകളിൽ പലതും പഴയ കാലത്തേതിൽ നിന്നും വളരെ

വ്യത്യാസമാണ്. മുൻകാലങ്ങളിലെ ദൈവദാസന്മാരുടെ പ്രവർത്തനത്തിൽ ദൈവകൃപയുടെ പ്രകടനങ്ങൾ ധാരാളമുണ്ടായിരുന്നു. ഉണർവുകളിൽ വ്യാപകമായ ഒരു താത്പര്യം ഇപ്പോൾ ജനിപ്പിച്ചിട്ടുണ്ടെന്നുള്ളത് വാസ്തവം തന്നെ. അനേകം ആളുകൾ മാനസാന്തരാനുഭവത്തിലേക്കു വന്നിട്ടുണ്ട് എന്ന് അവകാശപ്പെടുന്നുണ്ട്. സഭകളിലേക്ക് ധാരാളംപേർ കടന്നുവരുന്നുണ്ട്. എന്നാൽ അതിനനുസൃതമായി യഥാർത്ഥ ആത്മിക ജീവിതം ഉയർന്നിട്ടുണ്ട് എന്ന വിശ്വാസത്തിന് ന്യായീകരണമില്ല. താൽക്കാലികമായിട്ട് പ്രകാശം കത്തിജ്വലിക്കുമെങ്കിലും പെട്ടെന്ന് ആ പ്രകാരം അണഞ്ഞുപോകുന്നു.

മുമ്പിലത്തേതിനേക്കാൾ വലിയ ഇരുട്ട് അനുഭവപ്പെടുകയും ചെയ്യുന്നു.

വികാരങ്ങളെ മഥിക്കുകയും, പുതുമയേയും ഇളക്കമുണ്ടാക്കുന്നതെന്തിനേയും സ്നേഹിക്കുന്നവരെ സംതൃപ്തരാക്കുകയും ചെയ്യുന്ന വിധത്തിലാണ്. സാധാരണ ഉണർവ് യോഗങ്ങൾ കണ്ടുവരാറുള്ളത്. ഇപ്രകാരമുള്ള പ്രസംഗഫലമായി കടന്നുവരുന്ന ആത്മാക്കൾക്ക് വേദപുസ്തക സത്യങ്ങൾ കേൾപ്പാൻ ഒരു താൽപര്യവുമുണ്ടായിരിക്കുകയില്ല. അവർക്ക് പ്രവാചകന്മാരുടേയും അപ്പൊസ്തലന്മാരുടേയും സാക്ഷ്യത്തിൽ ഒരു താത്പര്യവും ഉണ്ടായിരിക്കുകയില്ല. ഒരു മത ശുശ്രൂഷയ്ക്ക് വികാരത്തെ മഥിക്കുന്ന സ്വഭാവമില്ലെങ്കിൽ, അത്

അവർക്ക് അനാകർഷകമായിരിക്കും. വികാരത്തെ ഇളക്കാത്ത ഒരു ദൂതിന് ഇങ്ങനെയുള്ളവരിൽ ഒരു പ്രതികരണവും ഉണർത്തുകയില്ല. തങ്ങളുടെ നിത്യതയെ സംബന്ധിക്കുന്ന ദൈവവചനത്തിൻറെ വ്യക്തമായ മുന്നറിയിപ്പുകളെ ഒട്ടുംതന്നെ അവർ ശ്രദ്ധിക്കുന്നില്ല.

യഥാർത്ഥത്തിൽ മാനസാന്തരാനുഭവത്തിലേക്ക് കടന്നുവന്നിരിക്കുന്ന ഓരോ വ്യക്തിയുടെയും ദൈവത്തോടും ദൈവികകാര്യങ്ങളോടുമുള്ള ബന്ധം ജീവിതത്തിൻറെ പ്രധാന വിഷയമായിരിക്കും. എന്നാൽ ഇന്നത്തെ ജനസമ്മതി കൂടുതലുള്ള സഭകളിൽ,

ദൈവത്തോടുള്ള സമർപ്പണം എവിടെ?
മാനസാന്തരപ്പെട്ടു വരുന്നവർ
യഥാർത്ഥത്തിൽ അവരുടെ
അഹന്തയും ലോക

നേഹവും ത്യജിക്കുന്നില്ല. സ്വയത്തെ
വെടിയുവാൻ അവർക്കു
മനസ്സൊരുക്കമില്ല. തങ്ങളുടെ ക്രൂശ്
എടുത്ത് സൗമ്യനും താഴ്മയുള്ളവനുമായ
യേശുവിനെ അവർ അനുഗമിക്കുന്നില്ല.
മതം, അവിശ്വാസികളുടെ ഒരു വിളയാട്ട്
പ്രസ്ഥാനമായി മാറിയിരിക്കുകയാണ്.
കാരണം മതത്തിൻറെ
തത്വങ്ങളെക്കുറിച്ച് അതിൻറെ പേർ
എടുത്തിരിക്കുന്ന അനേകരും
അജ്ഞരാണ്. അനവധി
സഭകളിൽനിന്ന് ദൈവികശക്തി

വിട്ടുമാറിയിരിക്കുകയാണ്. വിനോദ യാത്രകളും നാടകങ്ങളും ഉത്സവങ്ങളും മനോഹരസൗധങ്ങളും വ്യക്തിപരമായ പൊങ്ങച്ചം കാണിക്കലും ഇന്ന് ദൈവത്തെക്കുറിച്ചുള്ള ചിന്തകളെ ഉന്മൂലനം ചെയ്തിരിക്കുന്നു. ലൗകിക സമ്പത്തുകളും ജോലികളും ഇന്ന് മനസ്സിനെ കീഴടക്കിയിരിക്കുന്നു. സ്വർഗ്ഗീയ കാര്യങ്ങൾക്ക് ഒരു ശ്രദ്ധയും നല് പ്പെടുന്നില്ല.

വിശ്വാസത്തകർച്ചയും ഭക്തിരാഹിത്യവും ഇന്ന് വ്യാപകമായിട്ടുണ്ട് ങ്കിലും, ക്രിസ്തുവിൻറെ യഥാർത്ഥ അനുയായികൾ ഈ സഭകളിലുണ്ട്. ദൈവത്തിൻറെ അന്ത്യന്യായവിധി ഭൂമിയിൽ

വരുന്നതിനുമുമ്പേ, ദൈവജനത്തിനിടയിൽ, അപ്പൊസ്തലിക കാലത്തിനുശേഷം കണ്ടിട്ടില്ലാത്ത, പഴയ കാലത്തെപ്പോലെയുള്ള ഒരു യഥാർത്ഥ അനുതാപം ഉണ്ടാവും. ദൈവത്തിൻറെ ആത്മാവും ശക്തിയും ദൈവജനത്തിന്മേൽ ചൊരിയപ്പെടും. അപ്പോൾ, ദൈവത്തെയും ദൈവവചനത്തെയും സ്നേഹിക്കുന്നതിനുപകരം ലോകത്തെ സ്നേഹിക്കുന്നു, തങ്ങൾ ഉൾപ്പെട്ടിരിക്കുന്ന സഭകളിൽനിന്ന് അവർ ബന്ധം വിഛേദിക്കും. കർത്താവിന്റെ രണ്ടാം വരവിനുവേണ്ടി ഒരു ജനത്തെ ഒരുക്കുന്നതിന് ദൈവം തയ്യാറാക്കിയിരിക്കുന്ന വലിയ സത്യത്തെ ഈ സഭകളിൽനിന്നുള്ള

ശുശ്രൂഷകന്മാരും അയ്മേനികളും സന്തോഷത്തോടെ സ്വീകരിക്കും. ഈ വേലയെ തടസ്സപ്പെടുത്തുവാൻ ശത്രു (സാത്താൻ ആഗ്രഹിക്കുന്നു. അങ്ങനെയൊന്ന് സംഭവിക്കുന്നതിനുമുൻപായി, ഒരു വ്യാജമാർഗ്ഗം അവതരിപ്പിച്ചുകൊണ്ട് അവൻ അതിനെ തടയാൻ നോക്കും. തൻറെ വഞ്ചനയ്ക്ക് വിധേയമാക്കാവുന്ന സഭകളിൽ, അവൻ മറ്റുള്ളവരെ വഞ്ചിക്കുന്നതിൽക്കുടെ, ദൈവത്തിൻറെ പ്രത്യേക അനുഗ്രഹങ്ങൾ ചൊരിയപ്പെട്ടിരിക്കുന്നു എന്ന് അവൻ കാണിക്കും. വലിയ മതതാല്പര്യം ഉണർത്തപ്പെട്ടിരിക്കുന്നു എന്ന് തോന്നുമാറ് അവൻ കാര്യങ്ങളെ പ്രദർശിപ്പിക്കും. ദൈവം

തങ്ങൾക്കുവേണ്ടി അത്ഭുതങ്ങൾ പ്രവർത്തിക്കുമെന്ന് ആയിരങ്ങൾ പറയും. എന്നാൽ വേറൊരാത്മാവിൻറെ പ്രവർത്തനമായിരിക്കും നടക്കുന്നത്. മതത്തിൻറെ വേഷം അണിഞ്ഞുകൊണ്ട് ക്രിസ്തീയ ലോകത്തെ വഞ്ചിപ്പാനായി സാത്താൻ ശ്രമിക്കും.

കഴിഞ്ഞ നൂറ്റാണ്ടിൻറെ പൂർവ്വാർദ്ധത്തിൽ ഉണ്ടായ അനേകം ഉണർവ്വ യോഗങ്ങളിൽ, ഇതേ ആത്മാവാണ് പ്രവർത്തിച്ചിരുന്നത്. അതിൻറെ ശക്തി എത്രമാത്രമായിരുന്നുവെന്ന്, ഭാവിയിലെ പ്രസ്ഥാനങ്ങളിൽനിന്നും കാണാ വുന്നതാണ്. സത്യവും അസത്യവുമായി ഒരു കൂട്ടിക്കുഴയ്ക്കൽ, വൈകാരിക ഇളക്കം

ഉണ്ടാക്കുന്ന പ്രവർത്തനം
ഇതൊക്കെയായിരുന്നു അതിൻറെ
പ്രത്യേ കതകൾ. മനുഷ്യരെ
തെറ്റിക്കുന്നതിന് പറ്റിയ
വിധത്തിലായിരുന്നു അതിൻറെ
(പവർത്തനം. എങ്കിലും ആരും
വഞ്ചിക്കപ്പെടേണ്ട ആവശ്യം ഇല്ല.
ദൈവവചനത്തിൻറെ വെളിച്ചത്തിൽ,
ഈ പ്രസ്ഥാനങ്ങളുടെ സ്വഭാവം
കണ്ടുപിടിക്കുക ദുഷ്കരമല്ല.
വേദപുസ്തകത്തിൻറെ സാക്ഷ്യത്തെ,
മനുഷ്യൻ എവിടെ ത്യജിക്കുന്നുവോ,
അതിൻറെ തെളിവുറ്റതും, ആത്മശോധന
നടത്തുന്നതുമായ സത്യങ്ങളെ
വിട്ടുമാറുന്നുവോ, (നമുക്ക്
നിശ്ചയമാക്കാം) അവിടെ
ദൈവത്തിൻറെ അനുഗ്രഹങ്ങൾ

വർഷിക്കപ്പെടുകയില്ല. എന്നാൽ സ്വയത്യാഗവും ലോകമോഹത്തെ വെടിയുന്നതും വേദപുസ്തകത്തിൻറെ ഉദ്ദേശമാണ്. "അവരുടെ ഫലങ്ങളാൽ നിങ്ങൾക്ക് അവരെ തിരിച്ചറിയാം (മത്താ. 7:16) എന്ന ക്രിസ്തു നൽകിയ ചട്ടംതന്നെ തെളിയിക്കുന്നത് ഈ പ്രസ്ഥാനങ്ങളൊന്നും ദൈവാത്മാവിൻറെ പ്രവർത്തനമല്ല എന്നാണ്.

ദൈവവചനത്തിൽ, തന്നെക്കുറിച്ചുള്ള ഒരു വെളിപ്പെടുത്തൽ ദൈവം നൽകിയിട്ടുണ്ട്. അത് സ്വീകരിക്കുന്നവർക്കെല്ലാം അത് സാത്താൻറെ വഞ്ചനക്കെതിരായ ഒരു പരിചയായിരിക്കുകയും ചെയ്യും. ഈ സത്യങ്ങളോടുള്ള അവഗണനയാണ്,

പൈശാചിക ശക്തികൾക്ക് പ്രവേശിപ്പാനുള്ള വാതിൽ തുറന്നുകൊടുത്തത്. ഇപ്പോൾ മതലോകത്തിൽ അത് വളരെ വ്യാപകമായി ത്തീർന്നിരിക്കുന്നു. ദൈവകല്പനയുടെ പ്രാധാന്യവും, സ്വഭാവവും ഒരു വലിയ അളവുവരെ നഷ്ടപ്പെട്ടിരിക്കുകയാണ്. ദൈവിക കല്പനയോടുള്ള വിധേയമില്ലായ്മയും, ദൈവിക കല്പനയേക്കുറിച്ചും അതിൻറെ നിത്യസ്വഭാവത്തെക്കുറിച്ചുമുള്ള തെറ്റായ ധാരണം മാനസാന്തരത്തേയും വിശുദ്ധീകരണത്തേയും സംബന്ധിച്ച് തെറ്റുകളിലേക്ക് നയിച്ചു. അത് സഭയിലെ ഭക്തിയുടെ നിലവാരത്തെ താഴ്ത്തുന്നതിന് കാരണമായിത്തീർന്നു. നമ്മുടെ കാലത്തെ ഉണർവുകളിൽ

ആത്മാവിൻറെ അഭാവവും
ദൈവികശക്തിയുടെ കുറവും
അനുഭവപ്പെടുന്നത് ഇതുകൊണ്ടാണ്.

ഈ പരമാർത്ഥത്തെ അംഗീകരിപ്പാനും
വിമർശിക്കുവാനും കഴിവുള്ള
പ്രഗത്ഭരായ ആളുകൾ ഇന്ന്
പലസഭകളിലും ഉണ്ട്. ഇന്നത്തെ
ക്രിസ്തീയ സഭയുടെ ആപത്തുകളെ
ചൂണ്ടിക്കാട്ടിക്കൊണ്ട് പ്രൊഫ.
എഡ്വർഡ്സ് ഏ. പാർക്ക് പറയുന്നത്:
പ്രസംഗപീഠം ദൈവിക കല്പനയെ
ഉറപ്പിക്കുന്നതിൽ ഉപേക്ഷ
കാണിക്കുന്നതാണ് അപകടത്തിൻറെ
ഒരു കാരണം. കഴിഞ്ഞ കാലങ്ങളിൽ
പ്രസംഗപീഠം മനസ്സാക്ഷിയുടെ
ശബ്ദത്തിൻറെ പ്രതിധ്വനിയായിരുന്നു...

നമ്മുടെ കർത്താവിന്റെ മാതൃക സ്വീകരിച്ചുകൊണ്ട് ദൈവകല്പ്പനയ്ക്കും അതിൻറെ ഉപദേശങ്ങൾക്കും മുന്നറിയിപ്പുകൾക്കും പ്രാധാന്യം കൊടുത്തുകൊണ്ട്. തങ്ങളുടെ പ്രസംഗങ്ങൾക്ക് അത്ഭുതകരമായ ഒരു ചാതുരി നൽകിയിരുന്ന രണ്ട് പ്രധാനപ്പെട്ട ഉപദേശങ്ങളെ അവർ ആവർത്തിച്ചിരുന്നു. ദൈവിക സമ്പൂർണ്ണതയുടെ തനിപ്പകർപ്പാണ് ദൈവകല്പന. കല്പനയെ സ്നേഹിക്കാത്തവർ സുവിശേഷത്തെ സ്നേഹിക്കുന്നില്ല. സുവിശേഷവും കല്പ്പനയും ദൈവത്തിൻറെ സ്വഭാവത്തെ പ്രതിഫലിപ്പിക്കുന്ന കണ്ണാടിയാണ്. ഈ അപകടം മറ്റൊന്നിലേക്കു നയിക്കുന്നു.

പാപത്തിൻറെ ഭയാനകതയെയും അതിൻറെ വ്യാപ്തി'യയും അതിൻറെ ദൂഷ്യഫലങ്ങളേയും. നിസ്സാരമായി തള്ളിക്കളയുവാൻ പ്രേരിപ്പിക്കുന്നു. ദൈവകല്പനയുടെ വിശുദ്ധിക്കൊപ്പമാണ്, അതിനെ അനുസരിക്കാതെ ഇരിക്കുമ്പോഴുണ്ടാകുന്ന അശുദ്ധിയും ആനുപാതികമായിരിക്കും...

മുകളിൽ പറഞ്ഞിരിക്കുന്ന അപകടങ്ങളുമായി ഏറ്റവും ബന്ധപ്പെട്ടിരിക്കുന്ന ഒരപകടമാണ് ദൈവനീതിയെ മനസ്സിലാക്കാതിരിക്കുക എന്നത്. ആധുനിക പ്രസംഗപീഠത്തിൻറെ പ്രവണത എന്തെന്നു വച്ചാൽ ദൈവിക കരുണയിൽനിന്നും ദൈവിക

നീതിയെ അരിച്ചുമാറ്റുക എന്നതാണ്.
ദൈവിക കരുണയെ ഒരു തത്വമെന്ന
ഉന്നത ശ്രേണിയിൽനിന്നും ഒരു
വികാരത്തിൻറെ സ്ഥാനത്തേക്ക്
താഴ്ത്തിക്കൊണ്ടുവരാനുള്ള ശ്രമമാണ്
കാണുന്നത്. ദൈവം യോജിപ്പിച്ചതിനെ
വേർപിരിക്കുവാനുള്ള ശ്രമമാണ്
പുതിയ വേദശാസ്ത്രം ചെയ്യുന്നത്.
ദൈവകല്പന നന്മയോ? തിന്മയോ?
അത് നല്ലതുതന്നെ.
അപ്പോൾദൈവനീതിയും നല്ലതു
തന്നെ. ദൈവനീതി ദൈവകല്പന
നടപ്പാക്കാനുള്ള ഒരു മനോഭാവമാണ്.
കല്പനയേയും നീതിയേയും താഴ്ത്തിക്കെട്ടുന്ന
ശീലത്തിൽനിന്നും, നമ്മുടെ
പാപങ്ങൾക്ക് പരിഹാരമായിത്തീർന്ന
കൃപയെ വില മതിക്കാൻ കഴിയാത്ത

ശീലത്തിലേക്ക് നാം വേഗം വഴുതി വീഴുന്നു. ഇങ്ങനെ സുവിശേഷത്തിൻറെ വിലയും പ്രാധാന്യവും മനുഷ്യമനസ്സുകളിൽ നഷ്ടപ്പെ ടുന്നു. അങ്ങനെ വേദപുസ്തകത്തേയും പുറന്തള്ളാൻ അവർ ഒരുങ്ങിക്കഴിയും.

അനേകം സഭാനേതാക്കൾ വിശ്വസിക്കുന്നത്, ക്രിസ്തു തൻറെ മരണത്താൽ കല്പനയെ റദ്ദാക്കിയെന്നാണ്. അങ്ങനെ മനുഷ്യർ കല്പന അനുസരിക്കേണ്ട ബാധ്യതയിൽ സ്വതന്ത്രരായിരിക്കുന്നുവെന്നവർ കരുതുന്നു. ചിലർ ദൈവകല്പനയെ ഭാരമുള്ള ഒരു നുകമായി കരുതുന്നു. അവർ, ദൈവ കല്പ്പനയെ അടിമനുകമായി ചിത്രീകരിക്കയും,

അതിനെ അനുസരിക്കുന്നതിനുപകരം സുവിശേഷത്തിൽ ലഭിക്കുന്ന സ്വാതന്ത്ര്യത്തെ അവർ വാദാനം ചെയ്യുകയും ചെയ്യുന്നു.

എന്നാൽ ദൈവകല്പനയെ സംബന്ധിച്ച് പ്രവാചകന്മാരും അപ്പൊസ്തലന്മാരും ചെയ്തത് അങ്ങനെയായിരുന്നില്ല. ദാവീദ് പറഞ്ഞു: “നിൻറെ പ്രമാണങ്ങളെ ആരായുന്നതുകൊണ്ട് ഞാൻ വിശാലതയിൽ നടക്കും” (സങ്കീ. 119:45). അപ്പൊസ്തലനായ യാക്കോബ് ക്രിസ്തുവിൻറെ മരണശേഷം പത്തു കല്പനയെക്കുറിച്ച് പരാമർശിക്കുന്നത് “രാജകീയ ന്യായപ്രമാണം”, “സ്വാതന്ത്ര്യത്തിൻറെ തികഞ്ഞ ന്യായപ്രമാണം” (യാക്കോ. 2:8; 1:25)

എന്നീപ്രകാരമാണ്. വെളിപ്പാടുകാരനായ യോഹന്നാൻ ക്രിസ്തുവിൻറെ ക്രൂശാരോഹണത്തിന് അരനൂറ്റാണ്ടിനുശേഷം, ദൈവകല്പന അനുസരിക്കുന്നവർക്ക് ഒരു ആശീർവാദം നൽകുന്നു. “ജീവൻറെ വൃക്ഷത്തിൽ തങ്ങൾക്ക് അധികാരം ഉണ്ടാകേണ്ടതിന്നും ഗോപുരങ്ങളിൽ കൂടി നഗരത്തിൽ കടക്കേണ്ടതിനും തങ്ങളുടെ വസ്ത്രം അലക്കുന്നവർ (കല്പന പ്രമാണിക്കുന്നവർ) ഭാഗ്യവാന്മാർ’ (വെളി . 22:14).

ക്രിസ്തു തൻറെ മരണത്തോടുകൂടി തൻറെ പിതാവിൻറെ കല്പന ഇല്ലാതെയാക്കി എന്നു പറയുന്നതിന് അടിസ്ഥാനമില്ല. ദൈവകല്പനയെ റദ്ദാക്കുകയോ, മാറ്റി

നിറുത്തുകയോ ചെയ്യാൻ കഴിയുമായിരുന്നുവെങ്കിൽ ക്രിസ്തുവിന് മനുഷ്യരെ പാപത്തിൻറെ ശിക്ഷയിൽനിന്ന് രക്ഷിക്കുന്നതിന് മരിക്കേണ്ട ആവശ്യമില്ലായിരുന്നു. ക്രിസ്തുവിൻറെ മരണം, ദൈവകല്പനയെ റദ്ദാക്കുന്നതിനുപകരം, തെളിയിക്കുന്നത്, ദൈവകല്പന മാറ്റമില്ലാത്തതാണെന്നാണ്. ദൈവപുത്രൻ ഈ ലോകത്തിൽ വന്നത് "ഉപദേശത്തെ ശ്രേഷ്ഠമാക്കി മഹത്വീകരിപ്പാനായിരുന്നു". (The Son of God came to magnify the law and make it honourable (യെശ. 42:21). കർത്താവു പറഞ്ഞു: "ഞാൻ ന്യായപ്രമാണത്തെയോ, പ്രവാചകന്മാരേയോ നീക്കേണ്ടതിനു വന്നു എന്ന് നിരൂപിക്കരുത്',

“ആകാശവും ഭൂമിയും ഒഴിഞ്ഞുപോകുംവരെ സകലവും നിവൃത്തിയാകുവോളം ന്യായപ്രമാണത്തിൽനിന്ന് ഒരു വള്ളിയെങ്കിലും, പുള്ളിയെങ്കിലും ഒരുനാളും ഒഴിഞ്ഞുപോകയില്ല” (മത്താ. 5:17,18). തന്നെക്കുറിച്ച് കർത്താവ് പറയുന്നു: എൻറെ ദൈവമേ നിൻറെ ഇഷ്ടം ചെയ്യാൻ ഞാൻ പ്രിയപ്പെടുന്നു; നിൻറെ ന്യായപ്രമാണം എൻറെ ഉള്ളിൽ ഇരിക്കുന്നു” (സങ്കീ . 40:8).

ദൈവകല്പന, സ്വാഭാവികമായിത്തന്നെ അചഞ്ചലമാണ്. അത് മാറ്റ പ്പെടാവുന്നതല്ല. അതിൻറെ ഉടയവൻറെ സ്വഭാവവും അദ്ദേഹത്തിൻറെ ഇഷ്ടം എന്തെന്നുള്ള വെളിപ്പെടുത്തലുമാണ്

ദൈവകല്പന. ദൈവം സ്നേഹമാ കുന്നു. ദൈവകല്പനയും സ്നേഹമാകുന്നു. അതിൻറെ വലിയ രണ്ടു തത്വങ്ങൾ, ദൈവത്തോടുള്ള സ്നേഹവും മനുഷ്യരോടുള്ള സ്നേഹവുമാണ്. “ആകയാൽ സ്നേഹം ന്യായപ്രമാണത്തിൻറെ നിവൃത്തിതന്നെ” (റോമ. 13:10). ദൈവത്തിൻറെ സ്വഭാവം നീതിയും സത്യവുമാണ്. “നിൻറെ നീതി ശാശ്വത നീതിയും നിൻറെ ന്യായപ്രമാണം സത്യവുമാകുന്നു” (സങ്കീ. 119:142). “നിൻറെ കല്പനകൾ ഒക്കെയും നീതി ആയിരിക്കയാൽ” (സങ്കീ. 119:172), അപ്പൊസ്തലനായ പൌലൊസ് പറയുന്നു: ആകയാൽ ന്യായപ്രമാണം വിശുദ്ധവും കല്പന വിശുദ്ധവും ന്യായവും

നല്ലതുംതന്നെ” (റോമ. 7:12). ദൈവയിഷ്ടത്തിൻറേയും മനസ്സിൻറേയും പ്രതിഛരായ ആയ ദൈവകല്പന, ദൈവം സ്ഥിരമായിരിക്കുന്നതുപോലെ എന്നേക്കും സ്ഥിരമായിരിക്കുന്നു.

മാനസാന്തരത്തിൻറേയും വിശുദ്ധീകരണത്തിൻറേയും വേല, മനുഷ്യനെ ദൈവത്തോടു നിരപ്പിക്കുകയും ദൈവകല്പനയുടെ തത്വങ്ങൾക്കനുസൃതമായി മനുഷ്യനെ കൊണ്ടുവരികയും ചെയ്യുക എന്നതാണ്. ആദിയിൽ ദൈവത്തിൻറെ സ്വരൂപത്തിൽ മനുഷ്യനെ സൃഷ്ടിച്ചു. ദൈവത്തിൻറെ സ്വഭാവത്തിനും കല്പനയ്ക്കും സമ്പൂർണ്ണ സഹകരണമായിരുന്നു മനുഷ്യൻ

നല്കിയിരുന്നത്. നീതിയുടെ തത്വങ്ങൾ അവൻറെ ഹൃദയത്തിന്മേൽ എഴുതപ്പെട്ടിരുന്നു. എന്നാൽ പാപം മനുഷ്യനെ തൻറെ സൃഷ്ടിതാവിൽനിന്നും അകറ്റി. ദൈവത്തിൻറെ ദിവ്യ രൂപത്തെ അവൻ പിന്നീട് പ്രതിഫലിപ്പിച്ചില്ല. ദൈവകല്പനയുടെ തത്വങ്ങളുമായി മനുഷ്യൻ നിരന്തര പോരാട്ടത്തിലായി. “ജഡത്തിൻറെ ചിന്ത ദൈവത്തോട് ശത്രുത്വം ആകുന്നു; അത് ദൈവത്തിൻറെ ന്യായപ്രമാണത്തിന് കീഴ്പെടുന്നില്ല. കീഴ്പെടുവാൻ കഴിയുന്നതുമല്ല” (റോമ. 8:7). എന്നാൽ മനുഷ്യൻ ദൈവത്തോട് നിരക്കേണ്ടതിന്നു തൻറെ ഏകജാതനായ പുത്രനെ നൽകുവാൻ തക്കവണ്ണം ദൈവം ലോകത്തെ സ്നേഹിച്ചു.

ക്രിസ്തുവിൻറെ യാഗത്താൽ, മനുഷ്യൻ ദൈവത്തോട് നിരപ്പു പ്രാപിക്കുന്നു. ദിവ്യകൃപയാൽ മനുഷ്യൻറെ മനസ്സ് പുതുതാക്കപ്പെടണം. ഉയരത്തിൽനിന്നുള്ള പുതുജീവൻ അവൻ പ്രാപിക്കണം. ഈ മാറ്റത്തെയാണ് പുതു ജനനം എന്ന് പറയുന്നത്. കർത്താവു പറയുന്നു. പുതുതായി ജനിച്ചില്ലായെങ്കിൽ ആർക്കും സ്വർഗ്ഗരാജ്യം കാണാൻ കഴികയില്ല.

ദൈവവുമായി നിരപ്പാകുന്നതിൻറെ ഒന്നാമത്തെ പടി പാപബോധമാണ്. “പാപം ചെയ്യുന്നവൻ എല്ലാം അധർമ്മവും ചെയ്യുന്നു” “(കല്പനാലംഘനമാണ് പാപം)”.

“ന്യായപ്രമാണത്താൽ പാപത്തിൻറെ പരിജ്ഞാനമത്രേ വരുന്നത്” (1 യോഹ.8:4; റോമ. 3:20). തൻറെ പാപത്തിൻറെ കുറ്റം മനസ്സിലാക്കേണ്ടതിനു പാപിയായ മനുഷ്യൻ, ദൈവനീതിയുടെ മഹത്തായ മാനദണ്ഡവുമായി തൻറെ സ്വഭാവത്തെ പരിശോധിച്ചുനോക്കേണ്ടതാണ്. ദൈവനീതിയുടെ മാനദണ്ഡം (കല്പ്പന) ഒരു കണ്ണാടിപോലെയാണ്. നീതിയുള്ള സ്വഭാവത്തിൻറെ പൂർണ്ണതയെ അത് കാണിക്കുന്നു. തൻറെ കുറവുകളെ കാണുവാൻ അത് പാപിയായ മനുഷ്യനെ സഹായിക്കുന്നു.

ദൈവകല്പന, തൻറെ പാപങ്ങളെ പ്രാപിക്ക് വെളിപ്പെടുത്തിക്കൊടുക്കുന്നു.

അനുസരിക്കുന്നവന് അത് ജീവൻ വാഗ്ദാനം ചെയ്യുന്നതോടൊപ്പം പാപിയുടെ ഓഹരി മരണമാണെന്ന് അത് പ്രഖ്യാപിക്കുന്നു:'. ക്രിസ്തുവിൻറെ സുവിശേഷത്തിനു മാത്രമേ, പാപത്തിൻറെ മ്ലേച്ഛതയിൽനിന്ന്, അഥവാ ശാപത്തിൽനിന്ന് പാപിയെ വിടുവിക്കാൻ കഴിയൂ. പാപി ദൈവത്തോട് തൻറെ കുറ്റ ത്തെക്കുറിച്ച് അനുതപിക്കണം. ദൈവത്തിൻറെ കല്പനയാണ് അവൻ ലംഘിച്ചിരിക്കുന്നത്. ക്രിസ്തുവിൻറെ പാപപരിഹാരയാഗത്തിൽ അവൻ വിശ്വസിക്കണം. ഇങ്ങനെ അവൻ, തൻറെ "മുൻകഴിഞ്ഞ പാപങ്ങൾക്ക്" പരിഹാരം നേടുന്നു. അങ്ങനെ അവർ ദിവ്യസ്വഭാവത്തിൻറെ

പങ്കാളിയായിത്തീർന്നു. അവൻ "പുത്രത്വത്തിൻറെ സ്വീകാര്യം' പ്രാപിച്ച് ദൈവത്തിൻറെ പൈതലായി ത്തീരുകയും, അബ്ബാ, പിതാവേ എന്ന് വിളിക്കയും ചെയ്യുന്നു.

അവനു ദൈവകല്പന ലംഘിക്കുവാനുള്ള സ്വാതന്ത്ര്യം ഉണ്ടോ? അപ്പൊസ്തലനായ പൌലൊസ് പറയുന്നു: "ആകയാൽ നാം വിശ്വാസത്താൽ ന്യായപ്രമാണത്തെ ദുർബലമാക്കുന്നുവോ? ഒരുനാളും ഇല്ല. നാം ന്യായപ്രമാണത്തെ ഉറപ്പിക്കയെ ചെയ്യുന്നത്". "പാപസംബന്ധമായി മരിച്ചവരായ നാം ഇനി അതിൽ ജീവിക്കുന്നത് എങ്ങനെ ? യോഹന്നാൻ പ്രഖ്യാപിക്കുന്നു:

“അവൻറെ കല്പനകളെ
പ്രമാണിക്കുന്നതല്ലോ ദൈവത്തോടുള്ള
സ്നേഹം. അവൻറെ കല്പനകൾ
ഭാരമുള്ളവയല്ല” (റോമ. 3:31; 6:2;
1യോഹ. 5:3). പുതുജനനത്തിൽ,
ഹൃദയം ദൈവത്തോട്
സമന്വയിപ്പിക്കുന്നു. അതു പോലെ
ദൈവകല്പനയോടും
വിധേയത്വമുള്ളതായിത്തീരുന്നു.
പാപിയിൽ ഈ വലിയ മാറ്റം
ഉണ്ടാകുമ്പോൾ അവൻ
മരണത്തിൽനിന്ന് ജീവനിലേക്കു
കടക്കുന്നു. പാപത്തിൽനിന്ന്
വിശുദ്ധിയിലേക്കു പ്രവേശിക്കുന്നു.
ലംഘനത്തിൽനിന്നും
മറുതലിപ്പിൽനിന്നും
അനുസരണത്തിലേക്കും വിശ്വസ്തതയി

ലേക്കും കടക്കുന്നു. ദൈവത്തിൽനിന്നും അകൽച്ചയുണ്ടായിരുന്ന പഴയ ജീവിതം അവസാനിച്ചു. അന്തരഞ്ജനത്തിൻറെ പുതിയ ജീവിതം, വിശ്വാസ ത്തിൻറേയും സ്നേഹത്തിൻറേയും പുതുജീവിതവും ആരംഭിച്ചുകഴിഞ്ഞു. “ജഡത്തെയല്ല, ആത്മാവിനെ അതേ അനുസരിച്ചുനടക്കുന്ന നമ്മിൽ ന്യായ പമാണത്തിൻറെ നീതി നിറവേറ്റപ്പെടും” (റോമ. 8:4). അപ്പോൾ നമ്മുടെ ആത്മാവിൻറെ ഭാഷ ഇപ്രകാരമായിരിക്കും: “നിൻറെ ന്യായപ്രമാണം എനിക്ക് എത്രയോ പ്രിയം” (സങ്കീ. 119:97).

“യഹോവയുടെ ന്യായപ്രമാണം തികവുള്ളത്; അത് പ്രാണനെ തണുപ്പിക്കുന്നു (സങ്കീ. 19:7). കല്പനകൂടാതെ ദൈവത്തിൻറെ പരിശുദ്ധിയെക്കുറിച്ചോ, തങ്ങളുടെ പാപത്തേയോ അശുദ്ധിയെക്കുറിച്ചോ ശരിയായ ഒരു ധാരണ മനുഷ്യന് കിട്ടുകയില്ല. അവർക്ക് അപ്പോൾ ശരിരായ പാപബോധ മോ, അനുതാപത്തിൻറെ ആവശ്യകതയോ ബോദ്ധ്യമാവുകയില്ല. ദൈവക ല്പന ലംഘിക്കുന്നവർ എന്ന അവസ്ഥയിൽ തങ്ങൾ നഷ്ടപ്പെട്ടവരാണ് എന്ന് അവർ മനസ്സിലാക്കുകയില്ല. ക്രിസ്തുവിൻറെ പാപപരിഹാര രക്തത്തിൻറെ ആവശ്യവും അവർക്ക് ബോദ്ധ്യമാവുകയില്ല. ജീവിത

നവീകരണമില്ലാതെ, ഹൃദയപരിവർത്തനം കൂടാതെയുള്ള ഒരു രക്ഷയുടെ സ്വീകാര്യമായിരിക്കുമത്. കിസ്തുവുമായി ഐക്യപ്പെടാതെ, ആയിരക്കണക്കിനാളുകൾ സഭയിലേക്കു കടന്നുവരുന്നു.

ഇന്നു കാണുന്ന മതപരമായ പ്രസ്ഥാനങ്ങളിൽ, ദൈവിക കല്പനയെ നിഷേധിച്ചുകൊണ്ടോ അഥവാ അവഗണിച്ചുകൊണ്ടോ വിശുദ്ധീകരണത്തെക്കുറിച്ച് ഉടലെടുക്കുന്ന തെറ്റായ ഉപദേശങ്ങൾക്ക് പ്രധാന സ്ഥാനം ലഭിക്കുന്നു. ഈ തെറ്റായ ഉപദേശങ്ങൾക്ക് എല്ലാവരുടേയും ഇടയിൽ ലഭിക്കുന്ന സ്വീകരണം നമ്മെ വർദ്ധിച്ച

ഉത്തരവാദിത്വമുള്ളവരാക്കിത്തീർക്കു ന്നു. അവർ പഠിപ്പിക്കുന്ന ഉപദേശം വ്യാജം മാത്രമല്ല, പ്രായോഗിക ഫലങ്ങളിൽ അപകടകാരിയുമാണ്.

യഥാർത്ഥ വിശുദ്ധീകരണം ഒരു വേദപുസ്തക ഉപദേശമാണ്. തെ ലൊനീക്യസഭയ്ക്കുള്ള ലേഖനത്തിൽ അപ്പൊസ്തലനായ പൌലൊസ് പ്രസ്താവിക്കുന്നു: "ദൈവത്തിൻറെ ഇഷ്ടമോ, നിങ്ങളുടെ ശുദ്ധീകരണം തന്നെ". സമാധാനത്തിൻറെ ദൈവംതന്നെ നിങ്ങളെ മുഴുവനും ശുദ്ധീകരിക്കുമാറാകട്ടെ" (1 തെസ്സ. 4:3; 5:23). വിശുദ്ധീകരണം എന്തെന്ന് വേദപുസ്തകം വ്യക്തമായി പഠിപ്പിക്കുകയും എപ്രകാരം

നേടണമെന്ന് പറയുകയും ചെയ്യുന്നു. രക്ഷകൻ തൻറെ ശിഷ്യന്മാർക്കുവേണ്ടി ഇപ്രകാരം പ്രാർത്ഥിച്ചു:

“സത്യത്താൽ അവരെ വിശുദ്ധീകരിക്കേണമേ. നിൻറെ വചനം സത്യം ആകുന്നു” (യോഹ. 17:19). വിശ്വാസികൾ പരിശുദ്ധാത്മാവാൽ വിശുദ്ധീക രിക്കപ്പെടണമെന്ന് പൌലൊസ് പറയുന്നു (റോമ. 15:16). പരിശുദ്ധാത്മാവിൻറെ പ്രവൃത്തി എന്താകുന്നു? യേശു, ശിഷ്യന്മാരോടു പറഞ്ഞു: ത്തിൻറെ ആത്മാവ് വരുമ്പോഴോ അവൻ നിങ്ങളെ സകല സത്യത്തിലും വഴി നടത്തും” (യോഹ. 16:13). സങ്കീർത്തനക്കാരൻ

പറയുന്നു: നിൻറെ ന്യായപ്രമാണം സത്യമാകുന്നു; ദൈവത്തിൻറെ ന്യായപ്രമാണത്തിൽ ഉൾക്കൊണ്ടിരിക്കുന്ന നീതിയുടെ വലിയ തത്വങ്ങൾ ദൈവത്തിൻറെ ആത്മാവാലും വചന ത്താലും, തുറക്കപ്പെട്ടിരിക്കയാണ്. ദൈവത്തിൻറെ കല്പന വിശുദ്ധവും ന്യായവും നല്ലതും ദൈവിക സമ്പൂർണ്ണതയുടെ ഒരു ശരിപ്പകർപ്പുമായതി നാൽ, അതിനെ അനുസരിച്ചുകൊണ്ടുള്ള ഒരു സ്വഭാവം വിശുദ്ധമായിരിക്കും. അപ്രകാരം രൂപീകൃതമായിരിക്കുന്ന സ്വഭാവത്തിൻറെ ഉത്തമമാതൃക ക്രിസ്തുവാണ്. കർത്താവ് പറയുന്നു: “ഞാൻ എൻറെ പിതാവിൻറെ കല്പനകൾ പ്രമാണിച്ച് അവൻറെ

സ്നേഹത്തിൽ വസിക്കുന്നതുപോലെം 9
2 . ” “ഞാൻ എല്ലായ്പോഴും അവന്ന്
പ്രസാദമുള്ളത് ചെയ്യുന്നു” (യോഹ.
15:10; 8:29). ക്രിസ്തു വിൻറെ
അനുയായികൾ, അവനെപ്പോലെ
ആയിത്തീരേണ്ടതാണ്. വിശുദ്ധ
കല്പനകളുടെ
തത്വങ്ങൾക്കനുസൃതമായി,
ദൈവകൃപയാൽ സ്വഭാവം
രൂപവൽക്കരിക്കേണ്ടതാണ്.
ഇതിനെയാണ് വേദപുസ്തക
വിശുദ്ധീകരണം എന്ന് പറയുന്നത്.

ക്രിസ്തുവിലുള്ള വിശ്വാസത്തിലൂടെയും
നമ്മിൽ വസിക്കുന്ന പരിശുദ്ധാത്മ
ശക്തിയിലുംകൂടെ മാത്രമേ ഈ വേല
പൂർത്തീകരിപ്പാൻ സാധിക്കുകയുള്ളൂ.

പൌലൊസ് വിശ്വാസികളെ ഉത്ബോധിപ്പിക്കുന്നത് “ഏറ്റവും അധികമായി ഭയത്തോടും വിറയലോടുംകൂടെ നിങ്ങളുടെ രക്ഷയ്ക്കായി പ്രവർത്തിപ്പാൻ ഇച്ഛിക്കുക എന്നതും, പ്രവർത്തിക്ക് എന്നതും നിങ്ങളിൽ ദൈവമല്ലോ, തിരുവുള്ളമുണ്ടായിട്ട് പ്രവർത്തിക്കുന്നത് (ഫിലി. 2:12, 13). പാപം ചെയ്യാനുള്ള പ്രേരണ കിസ്ത്യാനിക്കും തോന്നും. എന്നാൽ അവൻ പാപവുമായി തുടർച്ചയായ പോരാട്ടത്തിലായിരിക്കും. ഇവിടെയാണ് ക്രിസ്തുവിൻറെ സഹായം ആവശ്യമായി വരുന്നത്. ദൈവിക ശക്തിയോട് മാനുഷിക ബലഹീനത ഐക്യപ്പെടുന്നു”. നമ്മുടെ കർത്താവായ യേശുക്രിസ്തു മുഖാന്തരം നമുക്ക് ജയം നല്കുന്ന

ദൈവത്തിന്ന സ്തോത്രം” (1 കൊരി. 15:57).

വിശുദ്ധീകരണത്തിൻറെ വേല വളർച്ചയുടേതാണെന്ന് തിരുവെഴുത്തുകൾ വ്യക്തമായി കാണിക്കുന്നു. മാനസാന്തരാനുഭവത്തിൽ പാപി പാപപരിഹാര രക്തത്തിലൂടെ ദൈവവുമായി നിരപ്പാകുമ്പോൾ, ക്രിസ്തീയ ജീവിതം ആരംഭിക്കുക മാത്രമാണ് ചെയ്യുന്നത്. ഇനിയും അവർ “പരിജ്ഞാനപൂർത്തിയിലേക്കു വളരണം; ക്രിസ്തുവിൻറെ സമ്പൂർണ്ണതയായ പ്രായത്തിൻറെ അളവ് പ്രാപിക്കുവോളം അവൻ വളരണം. അപ്പൊസ്തലനായ പൌലൊസ് പറയുന്നു: “ഒന്നു ഞാൻ

ചെയ്യുന്നു; പിമ്പിലുള്ളത് മറന്നും
മുമ്പിലുള്ളതിന് ആഞ്ഞുംകൊണ്ട്
ക്രിസ്തുയേശുവിൽ ദൈവത്തിൻറെ
പരമവിളിയുടെ വിരു തിനായി
ലാക്കിലേക്ക് ഓടുന്നു" (ഫിലി.
3:13,14). നാം നേടേണ്ട വേദപുസ്തക
വിശുദ്ധീകരണത്തിൻറെ പടികൾ
പത്രൊസ് നമ്മുടെ മുമ്പാകെ
വച്ചിരിക്കുന്നു: "അതുനിമിത്തം തന്നെ
നിങ്ങൾ സകല ഉത്സാഹവും കഴിച്ച്,
നിങ്ങളുടെ വിശ്വാസത്തോട് വീര്യവും,
വീര്യത്തോട് പരിജ്ഞാനവും,
പരിജ്ഞാനത്തോട് ഇന്ദ്രിയജയവും,
ഇന്ദ്രിയജയത്തോട് സ്ഥിരതയും,
സ്ഥിരതയോട് ഭക്തിയും, ഭക്തിയോട്
സഹോദരപ്രീതിയും,
സഹോദരപ്രീതിയോട് സ്നേഹവും

കൂട്ടികൊൾവിൻ. ഇവ നിങ്ങൾക്കുണ്ടായി വർദ്ധിക്കുന്നുവെങ്കിൽ നിങ്ങൾ നമ്മുടെ കർത്താവായ യേശുക്രിസ്തുവിൻറെ പരിജ്ഞാനം സംബന്ധിച്ച് ഉത്സാഹമില്ലാത്തവരും നിഷ്ഫലന്മാരും ആയിരിക്കയില്ല. ഇങ്ങനെ ചെയ്താൽ നിങ്ങൾ ഒരുനാളും ഇടറിപ്പോകാതെ നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിൻറെ നിത്യരാജ്യത്തിലേക്കുള്ള പ്രവേശനം ധാരാളമായി പ്രാപിക്കും" (2 പത്രൊ 1:5-11).

വേദപുസ്തകത്തിൻറെ വിശുദ്ധീകരണം അനുഭവപ്പെടുന്നവർ താഴ്മയുടെ ആത്മാവിനെ പ്രകടമാക്കും.

മോശയെപ്പോലെ, വിശുദ്ധിയുടെ ഭയങ്കരമായ പ്രഭാവം കണ്ടവരാണവർ. നിത്യനായവൻറെ ഉന്നതമായ നീതിയും വിശുദ്ധിയും ഒരുവശത്ത്, തങ്ങളുടെ അയോഗ്യത മറുവശത്ത്.

പ്രവാചകനായ ദാനീയേൽ, യഥാർത്ഥ വിശുദ്ധീകരണത്തിൻറെ ഒരു മാതൃകയാണ്. തൻറെ ദീർഘ ജീവിതം തൻറെ യജമാനനുവേണ്ടിയുള്ള സേവനത്താൽ നിറഞ്ഞിരുന്നു. ദൈവം ഏറ്റവും പ്രിയപ്പെട്ടിരുന്ന ഒരു മനുഷ്യനാ യിരുന്ന ദാനീയേൽ (ദാനി. 10:11). എങ്കിലും താൻ വിശുദ്ധനെന്നോ നിർമ് ലൻ എന്നോ അവകാശപ്പെടാതെ, ഈ ബഹുമാന്യനായ പ്രവാചകൻ, തൻറെ ജനത്തിനുവേണ്ടി പ്രാർത്ഥിച്ചപ്പോൾ,

യിസ്രായേലിൻറെ പാപം തൻറെ പാപമാണെന്ന് സമ്മതിച്ചുകൊണ്ടാണ് യാചന കഴിച്ചത്. “ഞങ്ങൾ, ഞങ്ങളുടെ നീതിപ്രവൃത്തികളിൽ അല്ല, നിൻറെ മഹാദയയിൽ അത്രേ ആശ്രയിച്ചുകൊണ്ട് ഞങ്ങളുടെ യാചനകളെ തിരുസന്നിധിയിൽ ബോധിപ്പിക്കുന്നു”. “ഞങ്ങൾ പാപം ചെയ്തു. ദുഷ്ടത പ്രവർത്തിച്ചിരിക്കുന്നു'. ദാനീയേൽ പറയുന്നു: “ഇങ്ങനെ ഞാൻ പ്രാർത്ഥിക്കും, എൻറെ പാപവും എൻറെ ജനമായ യിസ്രായേലിൻറെ പാപവും ഏറ്റുപറകയും.... (ദാനീ. 9:18,15,20).

പിന്നീടൊരവസരത്തിൽ, ദാനീയേലിന് ആജ്ഞ നൽകുവാനായി ദൈവപുത്രൻ പ്രത്യക്ഷപ്പെട്ടപ്പോൾ, ദാനീയേൽ

പറയുന്നു: “എൻറെ മുഖശോഭ ക്ഷയിച്ചുപോയി; എനിക്ക് ഒട്ടും ബലം ഇല്ലാതെയും ആയി” (ദാനീ. 10:8).

ചുഴലിക്കാറ്റിൽക്കൂടെ, ഇയ്യോബ്, ദൈവശബ്ദം കേട്ടപ്പോൾ, പറഞ്ഞു: “ആകയാൽ ഞാൻ എന്നെത്തന്നെ വെറുത്തു. പൊടിയിലും ചാരത്തിലും കിടന്ന് അനുതപിക്കുന്നു” (ഇയ്യോ. 42:6). കെരൂബുകൾ ഇപ്രകാരം പറയുന്നതു കേട്ടപ്പോഴാണ് യെശയ്യാവ് കർത്താവിന്റെ മഹത്വം കണ്ടത്. “സൈന്യങ്ങളുടെ യഹോവ, പരിശുദ്ധൻ, പരിശുദ്ധൻ പരിശുദ്ധൻ”. അപ്പോൾ യെശയ്യാവ് നിലവിളിച്ചു പറഞ്ഞു: “എനിക്കു അയ്യോ കഷ്ടം; ഞാൻ നശിച്ചു” (യെശ. 6:3,5). പൌലൊസ്, മൂന്നാം

സ്വർഗ്ഗത്തോളം എടുക്കപ്പെടുകയും, മനുഷ്യന് ഉച്ചരിപ്പാൻ കഴിയാത്ത കാര്യങ്ങൾ കേൾക്കയും ചെയ്തപ്പോൾ തന്നെക്കുറിച്ച് പറഞ്ഞത് സകല വിശുദ്ധന്മാരിലും ഏറ്റവും ചെറിയവൻ എന്നാണ്. (2 കൊരി. 12:2-4; എഫെ. 3:8). യേശുവിൻറെ മാർവ്വിൽ ചാരിയ, യേശുവിൻറെ പ്രിയനായ യോഹന്നാനായിരുന്നു, യേശുവിൻറെ തേജസ്സ് കണ്ട് ദൂതൻറെ കാൽക്കൽ മരിച്ചവനെപ്പോലെ വീണത് (വെളി. 1:17).

കാൽവറിക്രൂശിന്റെ നിഴലിൽ നടക്കുന്ന ഒരുവനും, സ്വയ പുകഴ്ച പാടില്ല; പാപത്തിൽ വിടുതൽ പ്രാപിച്ചു എന്ന് അഹങ്കരിച്ച് പറവാൻ പാടില്ല.

തങ്ങളുടെ പാപമാണ് ദൈവപുത്രൻറെ ഹൃദയത്തെ തകർത്ത വേദനയ്ക്ക് കാരണം എന്ന് അവർക്കു തോന്നും. ഈ ചിന്ത അവരെ സ്വയം കുറ്റപ്പെടുത്തുവാൻ ഇടയാക്കും. യേശുവിനോട് ഏറ്റവും അടുത്ത് ജീവിക്കുന്നവർ, മനു ഷ്യവർഗ്ഗത്തിന്റെ ചാഞ്ചല്യവും ബലഹീനതയും വളരെ വ്യക്തമായി തിരിച്ച് റിയും. അവരുടെ ഏക പ്രത്യാശ ക്രൂശിക്കപ്പെട്ടുകയും ഉയിർക്കയും ചെയ്ത രക്ഷിതാവിലാണെന്ന് അവർ അറിയും.

വേദപുസ്തക മതത്തിന് അന്യമായ, ദൈവകല്പനയോടുള്ള അവഗണനയും, സ്വയപുകഴ്ചയും, ഇന്ന് മത ലോകത്തിൽ പ്രബലമായിക്കൊണ്ടിരിക്കുന്ന

വിശുദ്ധീകരണത്തിൻറെ
പ്രത്യേകതകളാണ്. അതിൻറെ
പ്രത്യേകതകൾ പറയുന്നത്,
വിശുദ്ധീകരണം എന്നത് പെട്ടെന്ന്
നടക്കുന്ന ഒരു പ്രകിയ ആണെന്നും,
അതുമൂലം, വിശ്വാസത്തിലൂടെ അവർ
പൂർണ്ണതയുള്ള വിശുദ്ധി
കൈവരിക്കയും ചെയ്യുന്നുവെന്നുമാണ്.
അവർ പറയുന്നു: "വിശ്വസിക്ക മാത്രം
ചെയ്യുക; നിങ്ങൾക്ക് അനുഗ്രഹം
ലഭിക്കും', വിശ്വാസിയുടെ ഭാഗത്തുനിന്ന്
വേറൊരു ശ്രമവും ആവശ്യമില്ല.
അതേസമയം അവർ ദൈവകല്പനയുടെ
അധികാരം ത്യജിക്കയും ചെയ്യുന്നു.
തങ്ങൾ കല്പ്പന അനുസരിക്കുന്ന
ബാദ്ധ്യ തയിൽനിന്ന്
വിമോചിതരാണെന്നും

അവകാശപ്പെടുന്നു. അനുരൂപമായി ദൈവസ്വഭാവത്തിൻറേയും ദൈവയിഷ്ടത്തിൻറേയും യഥാർത്ഥ പ്രതിഫലനമായ ദൈവകല്പനകളെ അനുസരിക്കാതെ, ദൈവഹിതപ്രകാരമുള്ള വിശുദ്ധീകരണം പ്രാപിക്കുവാൻ മനുഷ്യന് സാദ്ധ്യമാകുമോ?

പ്രയത്നം ആവശ്യമില്ലാത്ത ഏതു വഴിയിലും മതത്തെ സ്വീകരിക്കാനുള്ള പ്രവണത വിശ്വാസത്താലുള്ള നീതീകരണം എന്ന ഉപദേശത്തെ എല്ലാവർക്കും സ്വീകാര്യമായ ഒന്നാക്കിത്തീർത്തിരിക്കുന്നു. എന്നാൽ ദൈവവചനം എന്തുപറയുന്നു. "ഒരുത്തൻ തനിക്ക് വിശ്വാസം ഉണ്ട്

എന്ന് പറകയും പ്രവൃത്തികൾ ഇല്ലാതിരിക്കയും ചെയ്താൽ ഉപകാരം എന്ത്? അവിശ്വാസത്താൽ അവൻ രക്ഷപ്രാപിക്കുമോ? വ്യർത്ഥമനുഷ്യാ, പ്രവൃത്തി ഇല്ലാത്ത വിശ്വാസം നിഷ്ഫലമെന്ന് ഗ്രഹിപ്പാൻ നിനക്കു മനസ്സുണ്ടോ? നമ്മുടെ പിതാവായ അബ്രഹാം തൻറെ മകനായ യിസ്സഹാക്കിനെ യാഗപീഠത്തിന്മേൽ അർപ്പിച്ചിട്ട് പ്രവൃത്തിയാൽ അല്ലയോ നീതീകരിക്കപ്പെട്ടത്? അവൻറെ പ്രവൃത്തിയോടു കൂടെ വിശ്വാസം വ്യാപരിച്ചു എന്നും പ്രവൃത്തിയാൽ വിശ്വാസം പൂർണ്ണമായി എന്നും നീ കാണുന്നുവല്ലോ? അങ്ങനെ മനുഷ്യൻ ദൈവവിശ്വാസത്താലല്ല പ്രവൃത്തികളാൽ തന്നെ

നീതീകരിക്കപ്പെടുന്നു എന്ന് നിങ്ങൾ കാണുന്നു”. (യാക്കോ. 2:14-24).

പ്രവൃത്തികൂടാതെയുള്ള വിശ്വാസം എന്ന വഞ്ചിക്കുന്ന ഉപദേശത്ത ദൈവവചനം ഒരിക്കലും അനുകൂലിക്കുന്നില്ല. കൃപ നൽകുവാനുള്ള വ്യവസ്ഥയ്ക്ക് അനുരൂപമായി നിൽക്കാതെ, സ്വർഗ്ഗത്തിന്റെ അനുഗ്രഹം അവകാശപ്പെടുന്നത് വിശ്വാസമല്ല, നേരെമറിച്ച്, മുൻവിധിയാണ്. യഥാർത്ഥ വിശ്വാ സത്തിൻറെ അടിസ്ഥാനം, തിരുവെഴുത്തുകളിൽ നല്കപ്പെട്ടിരിക്കുന്ന വാഗ്ദത്തങ്ങളിലും മാർഗ്ഗങ്ങളിലും ആകുന്നു. ദൈവത്തിൻറെ കല്പനകളിൽ ഏതി നിനെയെങ്കിലും ബോധപൂർവ്വം

ലംഘിച്ചുകൊണ്ട്
വിശുദ്ധനായിത്തീരാമെന്ന്
ഉപദേശത്താൽ ആരും നിങ്ങളെ
വഞ്ചിക്കരുത്. അറിഞ്ഞുകൊണ്ട്
ഏതെങ്കിലും പാപം ചെയ്യുന്നത്
പരിശുദ്ധാത്മാവിനെ നിശ്ശബ്ദമാക്കുക
മാത്രമല്ല ആ മനുഷ്യൻ
ദൈവത്തിൽനിന്ന് അകലുകയും ചെയ്യും.
"കല്പനയുടെ ലംഘനമാണ് പാപം";
അവനിൽ വസിക്കുന്നവൻ ആരും
പാപം ചെയ്യുന്നില്ല. പാപം ചെയ്യുന്നവൻ
ആരും അവനെ കണ്ടിട്ടില്ല" (1 യോഹ.
3:6). യോഹന്നാൻ, തൻറെ
ലേഖനങ്ങളിൽ സ്നേഹത്തെക്കുറിച്ചാണ്
കൂടുതലും പറയുന്നതെങ്കിലും,
ദൈവത്തിൻറെ കല്പനകളെ
ലംഘിക്കുകയും അതേസമയം തങ്ങൾ

വിശുദ്ധീകരിക്കപ്പെട്ടവർ എന്ന്
അവകാശപ്പെടുകയും ചെയ്യുന്നവരുടെ
യഥാർത്ഥ മുഖം തുറന്നുകാട്ടുവാൻ
ഒട്ടുംതന്നെ മടിക്കുന്നില്ല. “അവനെ
അറിഞ്ഞിരിക്കുന്നു എന്നു പറകയും
അവൻറെ കല്പനകളെ
പ്രമാണിക്കാതിരിക്കയും ചെയ്യുന്നവൻ
കള്ളൻ ആകുന്നു; സത്യം അവനിൽ
ഇല്ല. എന്നാൽ ആരെങ്കിലും അവൻറെ
വചനം പ്രമാണിക്കുന്നുവെങ്കിൽ
അവനിൽ ദൈവസ്നേഹം വാസ്തവമായി
തികഞ്ഞിരിക്കുന്നു” (1 യോഹ. 2:4,5).
എല്ലാ മനുഷ്യൻറെയും
അവകാശവാദത്തിൻറെ പരീക്ഷണം
ഇതാകുന്നു. സ്വർഗ്ഗത്തിലും ഭൂമിയിലും
ദൈവത്തിൻറെ വിശുദ്ധിയുടെ ഏക
അളവുകോലുകൊണ്ട് അള ക്കാതെ

ഒരുവരും വിശുദ്ധി നൽകുവാൻ നമുക്ക് സാദ്ധ്യമല്ല. ദൈവത്തിൻറെ സന്മാർഗ്ഗീയ ന്യായപ്രമാണത്തിൻറെ ഭാരം ഒരുവന് അനുഭവപ്പെടുന്നില്ലെങ്കിൽ, ദൈവകല്പനകളെ അവൻ ചെറുതാക്കുകയും അവഗണിക്കുകയും ചെയ്താൽ, ഏതെങ്കിലും ചെറിയ കല്പനകളിൽ ഒന്നിനെ അഴിക്കുകയും, അങ്ങനെ പഠിപ്പിക്കയും ചെയ്താൽ, സ്വർഗ്ഗത്തിന്റെ ദൃഷ്ടിയിൽ അവർക്ക് ഒരു വിലയും ഉണ്ടായിരിക്കുകയില്ല. അവരുടെ അവകാശവാദങ്ങൾക്ക് ഒരു അടിസ്ഥാനവും ഇല്ലെന്ന് നമുക്കു കാണുവാൻ കഴിയും.

തങ്ങൾക്ക് പാപമില്ലായെന്ന്
ആരെങ്കിലും പറഞ്ഞാൽ, ആ പ്രസ്താവന
നടത്തുന്ന ആൾതന്നെ
വിശുദ്ധിയിൽനിന്ന് വളരെ
അകലെയാണ്. ദൈവ ത്തിൻറെ
അനന്തമായ വിശുദ്ധിയേയും
പരിപാവനതയേയുംകുറിച്ച് ശരിയായ
ധാരണയില്ലാത്തതുകൊണ്ടും,
ദൈവസ്വഭാവത്തിന് അനുസൃതമായി
നടക്കു ന്നവർ ആരായിത്തീരും എന്ന്
ജഡേച്ഛുകൾക്ക്
അറിയാത്തതുകൊണ്ടുമാണ് അവർ
അപ്രകാരം അവകാശവാദം
പുറപ്പെടുവിക്കുന്നത്. യേശുവിൻറെ ഉന്ന
തമായ വിശുദ്ധിയെക്കുറിച്ച് യഥാർത്ഥ
അറിവില്ലാത്തതുകൊണ്ടും പാപത്തിൻറെ
ഭയാനകതയേയും അതിൻറെ

തിന്മയേയുംകുറിച്ച്
പരിജ്ഞാനമില്ലാത്തതുകൊണ്ടും, താൻ
വിശുദ്ധനാണെന്ന് മനുഷ്യന് തോന്നാം.
ക്രിസ്തുവും മനുഷ്യനുമായി അകൽച്ച
എത്ര വർദ്ധിക്കുന്നുവോ,
അതിനനുസൃതമായിരിക്കും, ദൈവിക
സ്വഭാവത്തെക്കുറിച്ചുള്ള അവൻറെ
പരിജ്ഞാനവും, ദൈവ
നീതിയെക്കുറിച്ചുള്ള അവൻറെ അറിവും.
അപ്പോൾ സ്വന്തകണ്ണിൽ അവൻ
നീതിമാൻ എന്ന് അവനു തോന്നും.

തിരുവെഴുത്തുകളിൽ പറഞ്ഞിരിക്കുന്ന
വിശുദ്ധീകരണം മുഴുവ്യക്തിത്വത്തേയും
ഉൾക്കൊള്ളിച്ചുകൊണ്ടുള്ളതാണ്.
ഒരാളിൻറെ ആത്മാവ്, പ്രാണൻ, ശരീരം
ഇവ മൂന്നിനേയും അത്

ഉൾക്കൊള്ളുന്നു. പൌലൊസ് തെസ്സലൊനിക്യർക്കുവേണ്ടി പ്രാർത്ഥിച്ചത് "നിങ്ങളുടെ ആത്മാവും പ്രാണനും ദേഹവും അശേഷം നമ്മുടെ കർത്താവായ യേശുക്രിസ്തുവിൻറെ പ്രത്യക്ഷതയിൽ അനിന്ദ്യമായി വെളിപ്പെടും വണ്ണം കാക്കപ്പെടുമാറാകട്ടെ" (1 തെസ്സ. 5:23). വീണ്ടും പൌലൊസ് വിശ്വാസികൾക്ക് എഴുതുന്നു: "സഹോദരന്മാരെ ഞാൻ ദൈവത്തിൻറെ മനസ്സലിവ് ഓർപ്പിച്ച് നിങ്ങളെ പ്രബോധിപ്പിക്കുന്നത്: "നിങ്ങൾ ബുദ്ധി യുള്ള ആരാധനയായി, നിങ്ങളുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവ ത്തിന് പ്രസാദവുമുള്ള യാഗമായി സമർപ്പിപ്പിൻ. ഈ ലോകത്തിന് അനുരൂ പമാകെ, നന്മയും

പ്രസാദവും പൂർണ്ണതയുമുള്ള
ദൈവഹിതം ഇന്നതെന്ന്
തിരിച്ചറിയേണ്ടതിന്, മനസ്സ് പുതുക്കി
രൂപാന്തരപ്പെടുവിൻ (റോമ. 12:12).
പുരാതന യിസ്രായേലിൻറെ കാലത്ത്,
ദൈവത്തിൻറെ മുൻപാകെ
കൊണ്ടുവരപ്പെട്ട എല്ലാ യാഗവും
സൂക്ഷ്മമായി പരിശോധിക്കപ്പെട്ടതിൽ
എന്തെങ്കിലും ന്യൂനത ഉണ്ട് എന്ന്
കണ്ടാൽ ആ യാഗം
തള്ളിക്കളയപ്പെട്ടിരുന്നു. എന്തെന്നാൽ
യാഗം കഴിക്കാൻ കൊണ്ടുവരുന്ന മൃഗം
യാതൊരു ഊനവും
ഇല്ലാത്തതായിരിക്കേണമെന്ന് യഹോവ
കല്പിച്ചിരുന്നു. അതുപോലെ
ക്രിസ്ത്യാനികൾ തങ്ങളുടെ ശരീരത്തെ
ജീവനും വിശുദ്ധിയും ദൈവത്തിന്

പ്രസാദവുമുള്ള യാഗങ്ങളായി സമർപ്പിക്കുവാൻ ആജ്ഞാപിക്കപ്പെട്ടിരിക്കയാണ്. ഇതു ചെയ്യുന്ന തിന് തങ്ങളുടെ എല്ലാ ശക്തികളും അങ്ങേയറ്റം, കഴിവുള്ള വിധത്തിൽ നമ്മുടെ ശക്തികളെ പരിരക്ഷിക്കണം. ശാരീരികമോ മാനസികമോ ആയ ശക്തിയെ ബലഹീനമാക്കുന്ന ഏതൊരു പ്രവൃത്തിയും, മനുഷ്യനെ, അവൻറെ സൃഷ്ടിതാവിനോടുള്ള സേവനത്തിൽ അയോഗ്യനാക്കുന്നു. നമുക്ക് ദൈവ ത്തിനുനൽകുവാൻ കഴിയുന്ന ഏതൊന്നിലും, ഏറ്റവും നല്ലതല്ലാത്ത ഏതെങ്കിലും നൽകിയാൽ ദൈവം പ്രസാദിക്കുമോ? ക്രിസ്തു പ്റഞ്ഞു: "നിൻറെ ദൈവമായ കർത്താവിനെ നീ

പൂർണ്ണഹൃദയത്തോടെ
സ്നേഹിക്കേണം. തങ്ങളുടെ
കർത്താവിനെ മുഴുഹൃദയത്തോടെ
സ്നേഹിക്കുന്നവർ, ഏറ്റവും നല്ല സേവനം
ദൈവത്തിന് നൽകുവാൻ
തയ്യാറായിരിക്കും. തങ്ങളുടെ
മുഴുശക്തിയും, ദൈവയിഷ്ടം
ചെയ്യുവാനുള്ള തങ്ങളുടെ കഴിവിനെ
വികസിപ്പിക്കുന്ന ദൈവയിഷ്ടത്തിന്
അനുസൃതമാക്കുവാൻ എപ്പോഴും
ശ്രമിച്ചുകൊണ്ടിരിക്കും. ഞങ്ങളുടെ
ജഡേച്ഛകൾക്ക് കീഴ്പെട്ടുകൊണ്ട്
തങ്ങളുടെ സ്വർഗ്ഗീയപിതാവിന്
സമർപ്പിക്കുന്ന യാഗത്തെ അവർ
മലിനമാക്കുകയോ,
ബലഹീനമാക്കുകയോ ചെയ്യുകയില്ല.

പത്രൊാസ് പറയുന്നു: “ആത്മാവിനോട് പോരാടുന്ന ജഡമോഹങ്ങളെ വിട്ടകലുക” (1 പത്രോ. 2:11). പാപകരമായ ഓരോ പ്രവൃത്തിയും നമ്മുടെ ശരീരത്തിൻറെ കഴിവുകളെ ബലഹീനമാക്കുകയും, മാനസികവും ആത്മിയവുമായ കഴിവുകളെ നിർജീവമാക്കുകയും, ചെയ്യുന്നു. ദൈവ വചനത്തിനോ, ദൈവാത്മാവിനോ അങ്ങിനെയുള്ള ആളിൻറെ ഹൃദയത്തിൽ ദുർബലമായ പ്രവർത്തനമേ നടത്താൻ കഴിയുകയുള്ളൂ. പൌലൊാസ് കൊരിന്ത്യസഭയ്ക്ക് എഴുതി: “നാം ജഡത്തിലേയും ആത്മാവിലേയും സകലകന്മഷവും നീക്കി നമ്മെത്തന്നെ വെടിപ്പാക്കി ദൈവഭയത്തിൽ വിശുദ്ധിയെ തികച്ചുകൊൾക'. (2

കൊരി. 7:1). ആത്മാവിൻറെ ഫലമോ: സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൗമ്യത, ഇന്ദ്രിയ ജയം എന്നിവയാകുന്നു (ഗലാ. 5:22,23).

പരിശുദ്ധാത്മ പ്രേരിതമായ ഈ പ്രസ്താവനകളൊക്കെ ഉണ്ടായിരുന്നിട്ടും ക്രിസ്ത്യാനികൾ എന്ന് അഭിമാനിക്കുന്നവർ, ലോക മോടികളെ ആരാധിക്കുകയോ സ്വാർത്ഥലാഭത്തെ പിൻതുടരുകയോ ചെയ്യുന്നതിലൂടെ തങ്ങൾക്കുള്ള ശക്തിയെ ബലഹീനമാക്കുകയാണ്. എത്ര പേരാണ് തങ്ങളുടെ ദൈവി കമായ പുരുഷത്വത്തെ അമിതാഹാരംവഴി മലിനമാക്കുന്നത്; മദ്യപാനത്തിലൂടെയും

വിലക്കപ്പെട്ട ആനന്ദങ്ങളിലൂടെയും, സഭ ഇപ്രകാരമുള്ള വീഴ്ചകളെ ശകാരിക്കുന്നതിനുപകരം പലപ്പോഴും ഇവയെ പ്രാത്സാഹിപ്പിക്കുകയാണ്; ക്രിസ്തുവിനോടുള്ള സ്നേഹത്തിന് കഴിയാത്തതായ, ലോക ഇമ്പങ്ങളുടെ നിധിഭണ്ഡാരങ്ങളെ സമ്പന്നമാക്കൽ, ലോക ഇമ്പത്തോടുള്ള പ്രിയം, ജഡേച്ഛകളെ ആനന്ദിപ്പിക്കുന്ന തിന്മകൾ, ഈവക കാര്യങ്ങളെ ശകാരിക്കുന്നതിനു പകരം സഭ പലപ്പോഴും പ്രോത്സാഹിപ്പിക്കയാണ് ചെയ്യുന്നത്. ഇന്നത്തെ സഭകളിൽ ക്രിസ്തു പ്രവേശിച്ച്, മതത്തിൻറെ പേരിൽ അവിടെ നടക്കുന്ന വിരുന്നുകളും അവിശുദ്ധ പ്രവർത്തനങ്ങളും കാണുകയാണെങ്കിൽ, സഭയെ

മലിനപ്പെടുത്തുന്നവരെ യെരുശലേം ദൈവാലയത്തിൽ നാണയ കച്ചവടം നടത്തിയിരുന്നവരെ പുറത്താക്കിയതുപോലെ ഇവരേയും പുറത്താക്കുകയില്ലേ?.

അപ്പൊസ്തലനായ യാക്കോബ് ഉയരത്തിൽനിന്നുള്ള ജ്ഞാനം, “ഒന്നാമത് നിർമ്മല'മെന്ന് പ്രഖ്യാപിക്കുന്നു. യേശുവിൻറെ വിലയേറിയ നാമം പുകയിലയാൽ മലിനമാക്കപ്പെട്ട ചുണ്ടുകളിൽ എടുക്കുന്നവരേയും, അതിൻറെ മനം മടുപ്പിക്കുന്ന മണത്താൽ ശ്വാസം മലിനമായ വരേയും, സ്വർഗ്ഗീയാന്തരീ ക്ഷത്തെ മലീമസമാക്കുന്നവരേയും, മറ്റുള്ളവരെക്കൊണ്ട് വിശ്വസിപ്പിക്കുന്ന

വരേയും, സുവിശേഷത്തിൻറെ പരിശുദ്ധിക്ക് കടക വിരുദ്ധമായ പരിശീല നത്തെ നേരിട്ട് അപ്പൊസ്തലന് കാണേണ്ടിവരികയും ചെയ്താൽ, അദ്ദേഹം പറകയില്ലേ, അത് തികച്ചും ദൗമികവും, പൈശാചികവും ജഡികവുമാണെന്ന്? പുകയിലയുടെ അടിമകൾ മുഴ വിശുദ്ധിയുടെ അനുഗ്രഹം സ്വന്തമെന്ന് അവകാശപ്പെട്ടുകൊണ്ട് തങ്ങളുടെ സ്വർഗ്ഗീയ പ്രത്യാശയെക്കുറിച്ച് സംസാരിക്കാ റുണ്ട്. പക്ഷെ, ദൈവവചനം വ്യക്തമായിപ്പറയുന്നു: "അശുദ്ധമായത് യാതൊന്നും... അതിൽ കടക്കയില്ല (വെളി. 21:27).

“ദൈവത്തിൻറെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിൻറെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും, നിങ്ങളെ വിലയ്ക്കു വാങ്ങിയിരിക്കയാൽ നിങ്ങൾ താന്താങ്ങൾക്കുള്ളവരല്ലാ എന്നും അറിയുന്നില്ലയോ? ആക യാൽ നിങ്ങളുടെ ശരീരം കൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുവിൻ”( 1 കൊരി. 6:19,20). പരിശുദ്ധാത്മാവിൻറെ മന്ദിരമായ ഒരുവൻറെ ശരീരം, അപക ടകാരിയായ ഒരു ശീലത്താൽ അടിമയാക്കപ്പെടുകയില്ല. അവൻറെ ശക്തി ക്രിസ്തുവിൻറേതാണ്. തൻറെ രക്തത്താൽ വിലകൊടുത്ത് വാങ്ങപ്പെട്ടതാണ് അത്. അവൻറെ വസ്തുവകകൾ ദൈവത്തിൻറേതാണ്. തന്നെ ഏല്പിച്ചിരിക്കുന്ന ധനത്തെ

ദുർവ്വിനിയോഗം ചെയ്തശേഷം എങ്ങനെ കുറ്റക്കാരനല്ലാതായിരിപ്പാൻ കഴിയും? നാമധേയ ക്രിസ്ത്യാനികൾ പ്രയോജനരഹിതമായതും, ശരീരത്തിന് ദോഷം വരുത്തുന്നതുമായ കാര്യങ്ങൾക്കുവേണ്ടി ആണ്ടു തോറും വൻതുകകൾ ചെലവഴിക്കുന്നു. അതേസമയം അനവധി ആളുകൾ ജീവൻറെ വചനം ലഭ്യമാകാതെ നശിക്കുന്നു. ദശാംശങ്ങളിലും കാണിക്കകൈ ളിലും ദൈവത്തെ മോഷ്ടിക്കുകയാണ്. ഓരോ സമയവും നശിപ്പിക്കുന്ന ജഡീകമോഹത്തിൻറെ ദഹിപ്പിക്കുന്ന അൾത്താരയിൽ അവർ എരിഞ്ഞടങ്ങുകയാണ്. അവരുടെ ധനം സുവിശേഷത്തിൻറെ പുരോഗതിക്കോ, സാധുജന സംരക്ഷ ണത്തനോ

നൽകുന്നില്ല. ക്രിസ്തുവിൻറെ അനുയായികൾ എന്നവകാശപ്പെടുന്നവർ എല്ലാം യഥാർത്ഥത്തിൽ വിശുദ്ധീകരണം പ്രാപിച്ചിരുന്നെങ്കിൽ അവരുടെ സമ്പത്തുകൾ, ആവശ്യമില്ലാത്തതും ഉപദ്രവകാരികളുമായ ദുഷ്പരിചയങ്ങൾക്ക് ചെലവഴിക്കുന്നതിനുപകരം ദൈവത്തിൻറെ ഭണ്ഡാരത്തിലേക്ക് കൊണ്ടുവരപ്പെടുമായിരുന്നു. അങ്ങനെ ക്രിസ്ത്യാനികൾ വർജ്ജനത്തിനും സ്വയത്യാഗത്തിനും സ്വയതാണത്തിനും മാതൃകയായിത്തീരുമായിരുന്നു. അപ്പോൾ അവർ ലോകത്തിൻറെ വെളിച്ചമാകുമായിരുന്നു.

ലോകം എല്ലാവിധമായ ദോഷങ്ങൾക്കും വിലക്കപ്പെട്ടിരിക്കയാണ്. ജഡ മോഹം കൺമോഹം, ജീവനത്തിൻറെ പ്രതാപം ഇവ ഇന്ന് ജനസഞ്ചയത്തെ നിയന്ത്രിക്കുകയാണ്. ക്രിസ്ത്യാനികൾക്ക് വിശുദ്ധമായ ഒരു വിളിയുണ്ട്. അവരുടെ നടുവിൽനിന്ന് പുറപ്പെട്ടു വേർപെട്ടിരിപ്പിൻ എന്ന് കർത്താവ് അരുളി ച്ചെയ്യുന്നു. അശുദ്ധമായത് ഒന്നും തൊടരുത്. പാപവഴികളെ പരിപൂർണ്ണമായി വിട്ടുമാറുകയും ലോക ഇമ്പങ്ങളെ നിരസിക്കുകയും ചെയ്യാത്ത വിശുദ്ധീകരണം യഥാർത്ഥമല്ല എന്ന് നാം പറയുമ്പോൾ ദൈവവചനത്തിൻറെ വെളിച്ചത്തിൽ നമ്മുടെ പ്രസ്താവന ന്യായീകരിക്കപ്പെടാവുന്നതാണ്.

അവരുടെ നടുവിൽ നിന്ന് പുറപ്പെട്ട് വേർപെട്ടിരിപ്പിൻ... അശുദ്ധമായത് ഒന്നും തൊടരുത് എന്ന ആജ്ഞയെ അനുസരിക്കുന്നവരോട് "ഞാൻ നിങ്ങളെ ചേർത്തുകൊള്ളുകയും നിങ്ങളുടെ പിതാവായിരിക്കയും നിങ്ങൾ എൻറെ പുത്രന്മാരും പുത്രിമാരും ആയിരിക്കയും ചെയ്യും എന്ന് സർവ്വശക്തനായ കർത്താവ് അരുളിച്ചെയ്യുന്നു (2 കൊരി. 6:17,18). ദൈവിക വിഷയങ്ങളിൽ സമൃദ്ധവും സമ്പന്നവുമായ അനുഭവം ഉണ്ടായിരിക്കേണ്ടത് ഓരോ ക്രിസ്ത്യാനിയുടേയും ചുമതലകളും പദവിയുമാണ്. "ഞാൻ ലോകത്തിൻറെ വെളിച്ചമാകുന്നു'വെന്ന് യേശു പറഞ്ഞു. "എന്നെ അനുഗമിക്കുന്നവൻ ഇരുട്ടിൽ

നടക്കുകയില്ല. അവന് ജീവൻറെ വെളിച്ചം ഉണ്ടായിരിക്കും" (യോഹ. 8:12). "നീതിമാന്മാരുടെ പാത ശോഭിക്കുന്ന വെളിച്ചംപോലെയാകുന്നു. അത് കൂടുതൽ കൂടുതൽ പ്രകാശത്തിലേക്ക് നയിക്കുന്നു" (സദൃശ. 4:18). വിശ്വാസത്തിൻറെ ഓരോ ചുവടും, അനുസരണവും ലോകത്തിൻറെ വെളിച്ചത്തോട്, ആത്മാവിനെ കൂടുതൽ അടുപ്പിക്കുന്നതുമാണ്. "അവനിൽ ഇരുൾ ഒട്ടുംത ന്നെയില്ലായിരുന്നു. നീതിസൂര്യനാകുന്ന ക്രിസ്തുവിൻറെ ശോഭാകിരണങ്ങൾ ദൈവദാസന്മാരുടെമേൽ പതിക്കുന്നു. അവർ അത് പ്രതിഫലിപ്പിക്കേണ്ടതാണ്. തങ്ങൾ പ്രകാശിക്കേണ്ടത് ആകാശത്തിലെ

വലിയ പ്രകാശനക്ഷത്രങ്ങൾ
പറയുമ്പോലെ,
സ്വർഗ്ഗസിംഹാസനത്തിൽ ഒരു
ദൈവം വിരാജിക്കുന്നുവെന്ന്
ക്രിസ്ത്യാനികൾ തെളിയിച്ചുകാട്ടണം. ആ
ദൈവത്തിൻറെ സ്വഭാവം സ്തുതിക്കും,
അനുകരിക്കാനും യോഗ്യമാണെന്ന്
അവർ സാക്ഷീകരിക്കണം.

ദൈവമക്കൾക്ക് നൽകപ്പെട്ടിരിക്കുന്ന
സമൃദ്ധമായ അനുഗ്രഹങ്ങളെക്കു റിച്ച്
പൌലൊസ് കൊലൊസ്യർക്ക്
എഴുതിയ ലേഖനത്തിൽ
എടുത്തുകാട്ടുന്നു. അതുകൊണ്ട് ഞങ്ങൾ
അതു കേട്ട നാൾ മുതൽ
നിങ്ങൾക്കുവേണ്ടി ഇടവിടാതെ
പ്രാർത്ഥിക്കുന്നു. നിങ്ങൾ പൂർണ്ണ

പ്രസാദത്തിനായി കർത്താ വിന്
യോഗ്യമാംവണ്ണം നടന്ന് ആത്മികമായ
സകല ജ്ഞാനത്തിലും വിവേ കത്തിലും
അവൻറെ ഇഷ്ടത്തിൻറെ
പരിജ്ഞാനംകൊണ്ട് നിറഞ്ഞുവരേണം
എന്നും സകല സൽപ്രവൃത്തിയിലും
ഫലം കായിച്ച് ദൈവത്തെക്കുറിച്ചുള്ള
പരിജ്ഞാനത്തിൽ വളരേണമെന്നും
സകല സഹിഷ്ണുതയ്ക്കും ദീർഘ
ക്ഷമയ്ക്കുമായി അവൻറെ മഹത്വത്തിൻറെ
വല്ലഭത്വത്തിന് ഒത്തവണ്ണം പൂർണ്ണ
ശക്തിയോടെ ബലപ്പെടേണമെന്നും
അപേക്ഷിക്കുന്നു (കൊലൊ. 1:9-11).

എഫേസോസിലെ സഹോദരന്മാർ
ക്രിസ്ത്യാനിയുടെ ഉന്നത പദവി എന്തെന്ന്
മനസ്സിലാക്കണമെന്ന തൻറെ ആഗ്രഹം

പൌലൊാസ് വീണ്ടും എഴു തുന്നു.
അത്യുന്നതൻറെ പുത്രീപുത്രന്മാർ എന്ന
നിലയിൽ തങ്ങൾ സ്വായത്തമാക്കേണ്ട
അത്ഭുത ശക്തിയേയും
പരിജ്ഞാനത്തേയും കുറിച്ച്
പൌലൊാസ് വളരെ സുഗാഹ്യമായ
വിധത്തിൽ എഫെസ്യർക്ക്
എഴുതിയിരിക്കുന്നു. “അവൻ തൻറെ
മഹത്വത്തിന് ഒത്തവണ്ണം അവൻറെ
ആത്മാവിനാൽ നിങ്ങൾ അകത്തെ
മനുഷ്യനെ സംബന്ധിച്ച് ശക്തിയോടെ
ബലപ്പെടേണ്ടതിനും ക്രിസ്തു
വിശ്വാസത്താൽ നിങ്ങളുടെ
ഹൃദയങ്ങളിൽ വസിക്കേണ്ടതിനും....
നിങ്ങൾ സ്നേഹത്തിൽ വേരൂന്നി
അടിസ്ഥാനപ്പെട്ടവരുമായി വീതിയും
നീളവും ഉയരവും ആഴവും എന്ത് എന്ന്

സകല വിശുദ്ധന്മാരോടുംകൂടെ ഗ്രഹിപ്പാനും പരിജ്ഞാനത്തെ കവിയുന്ന ക്രിസ്തുവിൻറെ സ്നേഹത്തെ അറിവാനും പ്രാപ്തരാകയും ദൈവത്തിൻറെ എല്ലാ നിറവിനോളം നിറഞ്ഞുവരികയും വേണം എന്നും പ്രാർത്ഥിക്കുന്നു” (എഫെ. 3:16-19).

നമ്മുടെ സ്വർഗ്ഗീയ പിതാവിൻറെ വാഗ്ദത്തങ്ങളിലൂടെ നമുക്ക് എത്തിച്ചേരാവുന്ന ഉയരങ്ങളെയാണ് ഇവിടെ വെളിപ്പെടുത്തിത്തന്നിരിക്കുന്നത്. ദൈവത്തിൻറെ നിബന്ധനകൾ നാം നിറവേറ്റുമ്പോൾ മാത്രമാണ് ഇത് നമുക്ക് സാധിതപ്രായമാകുന്നത്. ക്രിസ്തുവിൻറെ നീതിയാൽ നമുക്ക് ദൈവത്തിൻറെ അപമേയ ശക്തിയോട് സാമീപ്യം ഉണ്ട്.

“സ്വന്തപുത്രനെ ആദരിക്കാതെ നമുക്ക് എല്ലാവർക്കുംവേണ്ടി ഏല്പിച്ചുതന്നവൻ അവനോടുകൂടെ സകലവും നമുക്ക് നല്കാതിരിക്കുമോ?” (റോമ. 8:32). തൻറെ പുത്രന് ഒരളവുംകൂടാതെ പിതാവ്, പരിശുദ്ധാത്മാവിനെ നൽകി. നമുക്കും അതിൻറെ പൂർണ്ണതയിൽ പങ്കാ ളികളാകാം. യേശു പറയുന്നു: “അങ്ങനെ ദോഷികളായ നിങ്ങൾ നിങ്ങളുടെ മക്കൾക്ക് നല്ല ദാനങ്ങളെ കൊടുപ്പാൻ അറിയുന്നുവെങ്കിൽ സ്വർഗ്ഗസ്ഥനായ പിതാവ് തന്നോട് യാചിക്കുന്നവർക്ക് പരിശുദ്ധാത്മാവിനെ എത്ര അധികം കൊടുക്കും?” (ലൂക്കൊ. 11:13). നിങ്ങൾ എൻറെ നാമത്തിൽ എന്നോട് അപേ ക്ഷിക്കുന്നതൊക്കെയും ഞാൻ ചെയ്തുതരും”. “അപേക്ഷിപ്പിൻ;

എന്നാൽ നിങ്ങളുടെ സന്തോഷം പൂർണ്ണമാകുംവണ്ണം നിങ്ങൾക്ക് ലഭിക്കും" (യോഹ. 14:14; 16:24).

ക്രിസ്ത്യാനിയുടെ ജീവിതത്തിൻറെ വൈശിഷ്ട്യം താഴ്മയാണ്. എന്നാൽ കിസ്തീയ ജീവിതം ഒരിക്കലും ദുഃഖപൂർണ്ണമോ, സ്വയ നിന്ദിതമോ ആകരുത്. ദൈവം അംഗീകരിക്കുകയും അനുഗ്രഹിക്കയും ചെയ്യുന്ന ആ ജീവിതം നയിക്കുകയാണ് എല്ലാവരുടേയും പദവി. നാം എപ്പോഴും ശാപഗ്രസ്തരായി അന്ധകാരത്തിൽ കഴിയുകയല്ല സ്വർഗ്ഗീയ പിതാവിൻറെ ഇഷ്ടം. ഹൃദയം, സ്വയ ചിന്തകളാൽ നിറഞ്ഞിരിക്കുകയും തല, ഹൃദയഭാരത്താൽ കുനിഞ്ഞിരിക്കയും

ചെയ്യുന്നതല്ല യഥാർത്ഥ
വിനയത്തിൻറെ ലക്ഷണം. നമുക്ക്
യേശുവിൻറെ അരികത്തേക്കു ചെന്ന്
ശുദ്ധീകരണം പ്രാപിക്കാം. അങ്ങനെ
നമുക്ക് ലജ്ജകൂടാതെ
ന്യായപ്രമാണത്തിൻറെ മുമ്പാകെ
നില്ക്കാൻ കഴിയും. "അതുകൊണ്ട്
ഇപ്പോൾ ക്രിസ്തുയേശുവിലുള്ളവർക്ക് ഒരു
ശിക്ഷാവിധിയും ഇല്ല" (റോമ. 8:1).

യേശുവിലൂടെ, വീഴ്ച ഭവിച്ചവരായ
ആദാമിൻറെ സന്തതികൾ ദൈവ
ത്തിൻറെ പുത്രന്മാരായിത്തീർന്നു.
"വിശുദ്ധീകരിക്കുന്നവനും
വിശുദ്ധീകരിക്കപ്പെടുന്നവർക്കും എല്ലാം
ഒരുവനല്ലോ പിതാവ്; അത് ഹേതുവായി
അവൻ അവരെ സഹോദരന്മാർ എന്ന്

വിളിപ്പാൻ ലജ്ജിക്കാതെ?" (എബ്രാ. 2:11). ക്രിസ്ത്യാനിയുടെ ജീവിതം, വിശ്വാസത്തിൻറേതും, വിജയത്തിൻറേതും ദൈവ ത്തിലുള്ള സന്തോഷത്തിൻറേതുമായിരിക്കണം. "ദൈവത്തിൽനിന്ന് ജനിച്ച തൊക്കെയും, ലോകത്തെ ജയിക്കുന്നു; ലോകത്തെ ജയിച്ച ജയമോ, നമ്മുടെ വിശ്വാസംതന്നെ" (1 യോഹ. 5:4). നെഹെമ്യാവ് ഇപ്രകാരം പറഞ്ഞു: "യഹോവയിലെ സന്തോഷം നിങ്ങളുടെ ബലമാകുന്നവല്ലോ?" (നെഹെ. 8:10). വി. പൌലൊസ് പറയുന്നു: "കർത്താവിൽ എപ്പോഴും സന്തോഷിപ്പിൻ; സന്തോഷിപ്പിൻ എന്ന് ഞാൻ പിന്നെയും പറയുന്നു". "എപ്പോഴും സന്തോഷിപ്പിൻ;

ഇടവിടാതെ പ്രാർത്ഥിപ്പിൻ;
എല്ലാറ്റിന്നും സ്തോത്രം ചെയ്‌വീൻ;
ഇതല്ലോ നിങ്ങളെക്കുറിച്ച്
ക്രിസ്തുയേശുവിൽ ദൈവേഷ്ടം” (ഫിലി.
4:4; 1 തെസ്സ. 5:16-18).

വേദപുസ്തക മാനസാന്തരത്തിൻറേയും
യഥാർത്ഥ വിശുദ്ധീകരണത്തിൻറേയും
ഫലങ്ങൾ ഇവയൊക്കെയാണ്.
ദൈവകല്പനയിൽ
ഉയർത്തിക്കാണിച്ചിരിക്കുന്ന വലിയ
തത്വങ്ങളെ ക്രിസ്തീയ ലോകം വളരെ
അവഗണിച്ചതുകൊണ്ടാണ്
ആത്മാവിൻറെ ഈ ഫലങ്ങൾ
അന്യപൂർവ്വമായി കാണപ്പെടുന്നത്.
കഴിഞ്ഞകാലങ്ങളിൽ ഉണ്ടായിട്ടുള്ള
ഉണർവുകളെപ്പോലെ ഇപ്പോൾ

ഇല്ലാതെയിരിക്കുന്നതിൻറെ കാരണം മേൽപ്പറഞ്ഞതാണ്.

നോട്ടത്തിലൂടെ നാം രൂപാന്തരപ്പെടുന്നു. തൻറെ ദിവ്യസ്വഭാവത്തിൻറെ പരിശുദ്ധിയും പൂർണ്ണതയും മനുഷ്യർക്ക് വെളിപ്പെടുത്തുവാൻ ദൈവം ഉപയോഗിച്ച് ദിവ്യകല്പനകളെ മനുഷ്യൻ അവഗണിക്കയും മാനുഷകല്പന കളോടും ഉപദേശങ്ങളോടും ആകർഷിക്കപ്പെടുകയും ചെയ്തു. അങ്ങനെ സഭയിൽ ഭക്തി ജീവിതത്തിന് വലിയ ക്ഷതം സംഭവിച്ചു. യഹോവ അരുളി ച്ചെയ്യുന്നു: "അവർ ജീവജലത്തിൻറെ ഉറവയായ എന്നെ ഉപേക്ഷിച്ച് വെള്ളമില്ലാത്ത

കിണറുകളെ, പൊട്ടക്കിണറുകളെത്തന്നെ കുഴിച്ചിരിക്കുന്നു" (യിരെ മ്യാ. 2:13).

"ദുഷ്ടന്മാരുടെ ആലോചനപ്രകാരം നടക്കാതെയും പാപികളുടെ വഴിയിൽ നിൽക്കാതെയും... യഹോവയുടെ ന്യായപ്രമാണത്തിൽ സന്തോഷിച്ച് അവൻറെ ന്യായപ്രമാണത്തെ രാപ്പകൽ ധ്യാനിക്കുന്നവൻ ഭാഗ്യവാൻ. അവൻ ആറ്ററികത്ത് നട്ടിരിക്കുന്നതും തക്കകാലത്ത് ഫലം കായ്ക്കുന്നതും ഇല വാടാത്തതുമായ വൃക്ഷം പോലെ ഇരിക്കും. അവൻ ചെയ്യുന്നതൊക്കെയും സാധിക്കും" (സങ്കീ. 1:1 -3). ദൈവകല്പന അതിൻറെ യഥാർത്ഥ സ്ഥാനത്ത് പുനഃസ്ഥാപിക്കപ്പെടുമ്പോൾ മാത്രമേ ആദിമകാലങ്ങളിലെ

വിശ്വാസത്തിൻറെയും ദൈവഭക്തിയുടേയും ഉണർവ് തൻറെ ജനത്തിനിടയിൽ ഉണ്ടാവുകയുള്ളൂ. “യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു: നിങ്ങൾ വഴികളിൽ ചെന്ന് നല്ലവഴി ഏതെന്ന് പഴയ പാതകളെ നോക്കി ചോദിച്ച് അതിൽ നടപ്പിൻ; എന്നാൽ നിങ്ങളുടെ മനസ്സിന് വിശ്രാമം ലഭിക്കും” (യിരെമ്യാ. 6:16).

## അദ്ധ്യായം 28—പരിശോധനാ ന്യായവിധി

ദാനീയേൽ പ്രവാചകൻ പറയുന്നു: “ഞാൻ നോക്കിക്കൊണ്ടിരിക്കെ അവർ ന്യായാസനങ്ങളെ വെച്ചു. വയോധികനായ ഒരുത്തൻ ഇരുന്നു. അവൻറെ വസ്ത്രം ഹിമം പോലെ വെളുത്തതും അവൻറെ തലമുടി നിർമ്മലമായ ആട്ടു രോമം പോലെയും അവൻറെ സിംഹാസനം അഗ്നിജ്വാലയും അവൻറെ രഥചക്രങ്ങൾ കത്തുന്ന തീയും ആയിരുന്നു. ഒരു അഗ്നിനദി അവൻറെ മുമ്പിൽനിന്നു പുറപ്പെട്ടു ഒഴുകി; ആയിരം ആയിരംപേർ അവന്നു ശുശ്രൂഷ ചെയ്തു; പതിനായിരം പതിനായിരം പേർ അവൻറെ മുമ്പാകെ നിന്നു; ന്യായ

വിസ്താര സഭ ഇരുന്നു; പുസ്തകങ്ങൾ തുറന്നു (ദാനീ. 7:9,10).

ഓരോരുത്തർക്കും അവരവരുടെ പ്രവർത്തിക്കു തക്ക പ്രതിഫലം നല്കുവാനുള്ള വലുതും ഭയങ്കരവുമായ ആ ദിനത്തിനുമുമ്പ് ഈ ലോക ന്യായാധിപതിയുടെ മുമ്പിൽ സകലരുടേയും ജീവിതവും സ്വഭാവങ്ങളും പുനഃപരി ശോധന കഴിക്കുന്നതിൻറെ ദർശനം പ്രവാചകനു നല്കിയത് ഇപ്രകാരമാണ്. വയോധികനായ ഒരുത്തൻ പിതാവായ ദൈവം ആണ്. സങ്കീർത്തനക്കാരൻ പറയുന്നു: “പർവ്വതങ്ങൾ ഉണ്ടായതിനും നീ ഭൂമിയെയും ഭൂമണ്ഡലത്തെയും നിർമ്മിച്ചതിനുംമുമ്പ് നീ

അനാദിയായും ശാശ്വതമായും ദൈവമാകുന്നു" (സങ്കീ. 90:2). ന്യായവിധിയിൽ അദ്ധ്യക്ഷം വഹിക്കേണ്ടത് സകല കല്പ്പനകളുടേയും അടിസ്ഥാനവും ഉറവിടവുമായ ദൈവമാണ്. ആയിരം ആയിരവും പതിനായിരം പതിനായിരങ്ങളുമായ വിശുദ്ധ ദൂതന്മാർ ശുശ്രൂഷ ചെയ്യുന്ന വരായും സാക്ഷികളായും ഈ നീതിന്യായകോടതിയിൽ സംബന്ധിക്കുന്നു.

"രാത്രി ദർശനങ്ങളിൽ മനുഷ്യപുത്രനോടു സദൃശനായ ഒരുത്തൻ ആ കാശമേഘങ്ങളോടെ വരുന്നതു കണ്ടു. അവൻ വയോധികൻറെ

അടുക്കൽ ചെന്നു; അവർ അവനെ അവൻറെ മുമ്പിൽ അടുത്തുവരുമാറാക്കി. സകല വംശങ്ങളും ജാതികളും ഭാഷക്കാരും അവനെ സേവിക്കേണ്ടതിന്നു അവന്നു ആധിപത്യവും മഹത്വവും രാജത്വവും ലഭിച്ചു; അവൻറെ ആധിപത്യം നീങ്ങിപ്പോകാത്ത നിത്യാധിപത്യവും അവൻറെ രാജത്വം നശിച്ചുപോകാത്തതും ആകുന്നു" (ദാനീ. 7:13,14). ഇവിടെ ക്രിസ്തു വരുന്നതു വിവരിച്ചിരിക്കുന്നത് അവൻ രണ്ടാമതു ലോകത്തിലേക്കു വരുന്നതിനെക്കുറിച്ചല്ല. തൻറെ മദ്ധ്യസ്ഥ വേലയ്ക്കുശേഷം പിതാവായ ദൈവത്തിൻറെ അടുക്കൽ വന്ന് ആധിപത്യവും മഹത്വവും രാജത്വവും വരിക്കാനാണ്.

കർത്താവിന്റെ രണ്ടാംവരവ് മുൻകൂട്ടി പറഞ്ഞിരിക്കുന്നത് ദാനീയേൽ പ്രവചനത്തിൽ പറഞ്ഞിരിക്കുന്ന 2300 സന്ധ്യയും ഉഷസ്സും തീരുമ്പോൾ 1844-ൽ ആരംഭിക്കുന്ന ജോലി തീർന്നു കഴിഞ്ഞിട്ടാണ്. സ്വർഗ്ഗീയ ദൂതന്മാരോടുകൂടെ നമ്മുടെ മഹാപുരോഹിതൻ അതിപരിശുദ്ധ സ്ഥലത്തു പ്രവേശിച്ച് ദൈവസന്നിധിയിൽ മനുഷ്യനുവേണ്ടിയുള്ള തൻറെ അവസാന ശുശ്രൂഷ നിർവ്വഹിക്കണം. അതാണു പരിശോധനാന്യായവിധി. തൻറെ പാപപരിഹാരത്തിൻറെ ഗുണഭോക്താക്കളാരൊക്കെ യാണെന്നു പരിശോധിക്കുക.

സമാഗമനകൂടാര ശുശ്രൂഷയിൽ വർഷത്തിലൊരിക്കൽ പാപ പരിഹാരദിനം എന്നൊരു ദിവസമുണ്ട്. ഈ ശുശ്രൂഷയിൽ ഭാഗഭാക്കുകളാകുന്നവർക്ക് തങ്ങളുടെ പാപയാഗരക്തത്തിലൂടെ പാപങ്ങളെ സമാഗമനകൂടാരത്തിലേക്കു നീക്കം ചെയ്യപ്പെട്ടവരാണ്. പാപപരിഹാരദിനത്തിൽ അവർ അനുതാപത്തോടും ഏറ്റുപറച്ചിലോടും ദൈവസന്നിധിയിൽ ആയിരിക്കേണ്ടതാണ്. അവസാന പാപപരിഹാരത്തിൻറെയും പരിശോധനാ ന്യായവിധിയുടെയും ആ മഹാദിവസത്തിൽ ദൈവജനമെന്നഭിമാനിക്കുന്നവരുടെ മാത്രം രേഖകളാണ്

പരിഗണിക്കപ്പെടുന്നത്. ദുഷ്ടന്മാരുടെ ന്യായവിധി വ്യത്യസ്ഥമായ മറ്റൊരു ജോലിയാണ്. അതു പിന്നീടൊരവസരത്തിലാണ് നടക്കുന്നത്. “ന്യായവിധി ദൈവഗൃഹത്തിൽ ആരംഭിപ്പാൻ സമയമായല്ലോ. അതു നമ്മിൽ തുടങ്ങിയാൽ ദൈവത്തിൻറെ സുവിശേഷം അനുസരിക്കാത്തവരുടെ അവസാനം എന്താകും? (1 പത്രൊ, 4:17).

സ്വർഗ്ഗത്തിലെ പുസ്തകങ്ങളിൽ മനുഷ്യരുടെ പേരും അവരുടെ പ്രവൃത്തികളും രേഖപ്പെടുത്തിയിരിക്കുന്നതിൻറെ അടിസ്ഥാനത്തിലായിരിക്കും

ന്യായവിധിയുടെ തീരുമാനം.
“ന്യായവിസ്താര സഭ ഇരുന്നു, പുസ്തങ്ങൾ തുറന്നു” എന്നു ദാനീയേൽ പ്രവാചകൻ പറയുന്നു. വെളിപ്പാടുകാരൻ ഇതിനെക്കുറിച്ചു വിവരിച്ചിരിക്കുന്നു: “ജീവൻറെ പുസ്തകം എന്ന മറ്റൊരു പുസ്തകവും തുറന്നു, പുസ്തകങ്ങളിൽ എഴുതിയിരിക്കുന്നതിന് ഒത്തവണ്ണം മരിച്ച് വർക്കും അവരവരുടെ പ്രവൃത്തികൾക്കടുത്ത ന്യായവിധി ഉണ്ടായി’ (വെളി. 20:12).

ദൈവവേലയിൽ പ്രവേശിച്ചിട്ടുള്ള എല്ലാവരുടേയും പേരുകൾ ജീവ പുസ്തകത്തിൽ എഴുതിയിരിക്കുന്നു. “നിങ്ങളുടെ പേർ ജീവപുസ്തകത്തിൽ എഴുതിയിരിക്കുന്നതിൽ

സന്തോഷിപ്പിൻ” എന്ന് യേശുക്രിസ്തു തൻറെ ശിഷ്യന്മാരോടു പറഞ്ഞു (ലൂക്കൊ. 10:20). തൻറെ വിശ്വസ്ത സഹപ്രവർത്തകരുടെ പേർ ജീവപുസ്തകത്തിൽ എഴുതിയിരിക്കുന്നു എന്നു പൌലൊസ് പ്രസ്താവിച്ചിരിക്കുന്നു (ഫിലി. 4:3). “ഇതുവരെ ഉണ്ടായിട്ടില്ലാത്ത വലിയ കഷ്ടകാലം ഉണ്ടാകും; അന്നു നിൻറെ ജനം, പുസ്തകത്തിൽ എഴുതിക്കാണുന്ന ഏവനും തന്നെ രക്ഷപ്രാപിക്കും” (ദാനീ. 12:1). വെളിപ്പാടുകാരൻ പ്രസ്താവിച്ചിരിക്കുന്നതു നോക്കാം. “കുഞ്ഞാടിൻറെ ജീവപുസ്തകത്തിൽ പേർ എഴുതിയിരിക്കുന്നവർ” മാത്രമാണു ദൈവത്തിൻറെ പട്ടണത്തിൽ കടക്കുന്നത് (വെളി . 21:27).

“യഹോവാഭക്തന്മാർക്കും അവൻറെ നാമത്തെ സ്മരിക്കുന്നവർക്കും വേണ്ടി അവൻറെ സന്നിധിയിൽ ഒരു സ്മരണ പുസ്തകം എഴുതി വച്ചിരിക്കുന്നു” (മലാ. 3:16). അവർ ചെയ്ത നന്മപ്രവൃത്തികളൊക്കെ അതിൽ രേഖപ്പെടുത്തിയിരിക്കുന്നു. അവരുടെ വിശ്വാസത്തിൻറെ വചനങ്ങൾ, സ്നേഹപ് വർത്തനങ്ങൾ ഇവയൊക്കെ സ്വർഗ്ഗത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഇതിനെക്കുറിച്ചാണ് നെഹെമ്യാവു തൻറെ പ്രാർത്ഥനയിൽ സൂചിപ്പിച്ചിരിക്കുന്നത്. ” എൻറെ ദൈവമേ, ഇതു എനിക്കായി ഓർക്കേണമേ, ഞാൻ എൻറെ ദൈവത്തിൻറെ ആലയത്തിനും അതിലെ

ശുശ്രൂഷകൾക്കുംവേണ്ടി ചെയ്ത
എൻറെ സൽപ്രവൃത്തികളെ
മായിച്ചുകളയരുതെ" (നെഹെ. 13:14).
ഓർമ്മയുടെ പുസ്തകത്തിൽ സകല
നീതിപ്രവൃത്തികളും ശാശ്വതമായി
രേഖപ്പെടുത്തി യിരിക്കുന്നു. എതിർത്തു
ജയിച്ച ഓരോ പരീക്ഷയും,
ദുഷ്ടതയുടെമേലുള ഓരോ വിജയവും,
ഉച്ചരിച്ചിട്ടുള്ള ഓരോ ദയാമസൃണമായ
വാക്കും വിശ്വസ്തതയോടെ
എഴുതിയിരിക്കുന്നു. ഓരോ ത്യാഗ
പ്രവർത്തനവും ക്രിസ്തു വിനുവേണ്ടി
സഹിച്ചിട്ടുള്ള ഓരോ കഷ്ടതയും
രേഖപ്പെടുത്തിയിരിക്കുന്നു.
സങ്കീർത്തനക്കാരൻ പറയുന്നു: "നീ
എൻറെ ഊഴൽചകളെ എണ്ണുന്നു,
എൻറെ കണ്ണുനീർ നിൻറെ

തുരുത്തിയിൽ ആക്കി വെക്കേണമെ;
അതു നിൻറെ പുസ്ത കത്തിൽ ഇല്ലയോ?
(സങ്കീ. 56:8).

മനുഷ്യരുടെ പാപങ്ങളുടെ ഒരു രേഖ
അവിടെ ഉണ്ട്. “ദൈവം നല്ലതും
തീയതുമായ സകല പ്രവൃത്തിയെയും
സകല രഹസ്യങ്ങളുമായി
ന്യായവിസ്താരത്തിലേക്കു വരുത്തുമല്ലോ”.
കർത്താവു പറഞ്ഞു: “മനുഷ്യർ
പറയുന്ന ഏതു നിസാരവാക്കിനും
ന്യായവിധി ദിവസത്തിൽ കണക്കു
ബോധിപ്പിക്കേണ്ടിവരും എന്നു ഞാൻ
നിങ്ങളോടു പറയുന്നു. “നിൻറെ
വാക്കുകളാൽ നീ
നീതീകരിക്കപ്പെടുകയും നിൻറെ
വാക്കുകളാൽ കുറ്റം വിധിക്കപ്പെടുകയും

ചെയ്യും. (സഭാ. 12:14; മത്താ. 12:36,37). രഹസ്യ ഉദ്ദേശങ്ങളും ഉൾപ്രേരണകളും തെറ്റില്ലാതെ രേഖപ്പെടുത്തിയിരിക്കുന്നു: "അവൻ ഇരുട്ടിൽ മറഞ്ഞിരിക്കുന്നതു വെളിച്ചത്താക്കി ഹൃദയങ്ങളുടെ ആലോചനകളെ വെളിപ്പെടുത്തും (1 കൊരി. 4:5). നിങ്ങളുടെ അകൃത്യങ്ങളും നിങ്ങളുടെ പിതാക്കന്മാരുടെ അകൃത്യങ്ങളും എൻറെ മുമ്പിൽ എഴുതിവച്ചിരിക്കുന്നു" (യെശ. 65:6,7).

ഓരോരുത്തരുടേയും ജോലി വിശ്വസ്തതയോടെയോ അവിശ്വസ്തത യോടെയോ ചെയ്തു എന്നുള്ളതിൻറെ രേഖ ദൈവമുമ്പാകെ പുനരവലോകനത്തിനായി വരുന്നു.

സ്വർഗ്ഗത്തിലെ പുസ്തകത്തിൻറെ ഓരോ പേരിൻറെയും നേരെ വളരെ കൃത്യമായി രേഖപ്പെടുത്തിയിട്ടുള്ളത് എന്താണെന്ന നോക്കുക. ഓരോ തെറ്റായ വാക്കും സ്വാർത്ഥതയും അവിശ്വസ്ത കർത്തവ്യവും രഹ സ്യപാപവും കാപട്യവും മാത്രമല്ല സ്വർഗ്ഗത്തിൽ നിന്നയച്ചിട്ടുള്ള മുന്നറിയി പ്പുകളെ അവഗണിച്ചിട്ടുള്ളതും നഷ്ടമാക്കിയിട്ടുള്ള നിമിഷങ്ങളും നല്ല അവസരങ്ങളെ ഉപയോഗിക്കാതിരുന്നിട്ടുള്ളതും ദൂരവ്യാപകമായ ഫലങ്ങളുളവാക്കുന്ന നിങ്ങളുടെ പരണാശക്തികൾ നന്മയ്ക്കോ തിന്മയ്ക്കോ ഉപയോഗിച്ചിട്ടുള്ളതും ദൈവദൂതൻ രേഖപ്പെടുത്തിയിരിക്കുന്നു.

ന്യായവിധിയിൽ മനുഷ്യരുടെ ജീവിതവും സ്വഭാവങ്ങളും പരിശോധിക്കപ്പെടുന്നത് ദൈവത്തിൻറെ ന്യായപ്രമാണത്തെ അടിസ്ഥാനമാക്കിയാണ് ജ്ഞാനിയായവൻ പറയുന്നു: “എല്ലാറ്റിൻറെയും സാരം കേൾക്കുക; ദൈവത്തെ ഭയപ്പെട്ടു അവൻറെ കല്പനകളെ പ്രമാണിച്ചുകൊൾക; അതാകുന്നു സകല മനുഷ്യർക്കും വേണ്ടുന്നത്. ദൈവം നല്ലതും തീയതുമായ സകല പ്രവൃത്തികളെയും സകല രഹസ്യങ്ങളുമായി ന്യായവിസ്താരത്തിലേക്കു വരുത്തുമല്ലോ'. (സഭാപ്ര. 12:13,14). അപ്പൊസ്തലനായ യാക്കോബു തൻറെ സഹോദരിന്മാരെ ഇങ്ങനെ ഉപദേശിച്ചിരിക്കുന്നു:

“സ്വാതന്ത്ര്യത്തിൻറെ ന്യായപ്രമാണത്താൽ വിധിക്കപ്പെടുവാനുള്ളവരെപ്പോലെ സംസാരിക്കയും പ്രവർത്തിക്കയും ചെയ്‌വീൻ” (യാക്കോ. 2:12).

ന്യായവിധിയിൽ യോഗ്യരായി കാണപ്പെട്ടവർക്കു നീതിമാന്മാരുടെ പുനരുത്ഥാനത്തിൽ പങ്കുണ്ടായിരിക്കും. യേശു പറഞ്ഞു: “ആ ലോകത്തിന്നും മരിച്ചവരിൽനിന്നുള്ള പുനരുത്ഥാനത്തിനും യോഗ്യരായിട്ടുള്ളവർ..., പുനരുത്ഥാന പുത്രന്മാരാകയാൽ ദൈവദൂതതുല്യരും ദൈവപുത്രന്മാരും ആകുന്നു” (ലൂക്കൊ. 20:35,36). വീണ്ടും യേശു പ്രസ്താവിച്ചത് “നന്മ ചെയ്തവർ

ജീവന്നായും പുനരുത്ഥാനം ചെയ്യാനുള്ള നാഴിക വന്നിരിക്കുന്നു" (യോഹ. 5:29). മരിച്ചുപോയ നീതിമാന്മാർ ന്യായവിധിയിൽ അവർ ജീവൻറെ പുനരുത്ഥാനത്തിനു യോഗ്യരെന്നു നിർണ്ണയിക്കപ്പെടുന്നതുവരെ ഉയിർത്തെഴുന്നേല്ക്കുന്നില്ല. അതുകൊണ്ട് അവരുടെ രേഖകൾ ന്യായവിസ്താര സഭയുടെ പരിഗണയ്ക്കു വരുമ്പോൾ അവർ വ്യക്തിപരമായി അവിടെ ഉണ്ടായിരിക്കയില്ല.

ദൈവമുമ്പാകെ അവർക്കുവേണ്ടി പക്ഷവാദം ചെയ്യാൻ മദ്ധ്യസ്ഥനായി യേശു ഉണ്ടായിരിക്കും. "ഒരുത്തൻ പാപം ചെയ്തു എങ്കിലോ നീതിമാനായ യേശുക്രിസ്തു എന്ന കാര്യസ്ഥൻ നമുക്കു

പിതാവിൻറെ അടുക്കൽ ഉണ്ട്” (1 യോഹ. 2:1). “ക്രിസ്തു വാസ്തവമായതിൻറെ പ്രതിബിംബമായി കൈപ്പണിയായ വിശുദ്ധമന്ദിരത്തിലേക്കല്ല ഇപ്പോൾ നമുക്കുവേണ്ടി ദൈവസന്നിധിയിൽ പ്രത്യക്ഷനാവാൻ സ്വർഗ്ഗത്തിലേക്ക് പ്രവേശിച്ചത്.” “അതുകൊണ്ട് താൻ മുഖാന്തരമായി ദൈവത്തോടടുക്കുന്നവർക്കുവേണ്ടി പക്ഷവാദം ചെയ്‌വാൻ സദാ ജീവിച്ചിരിക്കുന്നവനാകയാൽ അവരെ പൂർണ്ണമായി രക്ഷിപ്പാൻ അവൻ പ്രാപ്തനാകുന്നു” (എബ്രാ . 9:24, 7:25).

ന്യായവിധിയിൽ രേഖയുടെ പുസ്തകങ്ങൾ തുറക്കുമ്പോൾ യേശുവിൽ

വിശ്വസിച്ചവരുടെ ജീവിതം
ദൈവമുമ്പാകെ പുനരവലോകനം
ചെയ്യപ്പെടുന്നു. ഈ ലോകത്തിൻറെ
ആരംഭം മുതൽ ഓരോ തലമുറയിലും
ജീവിച്ചവരുടെ രേഖകൾ മദ്ധ്യസ്ഥൻ
അവതരിപ്പിക്കുന്നു, അനന്തരം ഇപ്പോൾ
ജീവിച്ചിരിക്കുന്നവരിൽ
അവസാനിക്കുന്നു. ഓരോ രേഖകളും
വളരെ സൂക്ഷ്മമായി പരിശോധിക്കപ്പെട്ടു.
പേരുകൾ സ്വീകരിക്കയും,
നിരസിക്കുകയും, നിരസിക്കയും
ചെയ്യപ്പെട്ടു. മാനസാന്തരപ്പെടാതെയും
ക്ഷമിക്കപ്പെടാതെയുമുള്ള പാപങ്ങളുടെ
രേഖകൾ പുസ്തകത്തിലുള്ളവരുടെ
പേരുകൾ ജീവൻറെ
പുസ്തകത്തിൽനിന്നും നീക്കപ്പെടുകയും
അവരുടെ നന്മപ്രവൃത്തികളുടെ രേഖ

ദൈവത്തിൻറെ സ്മരണ
പുസ്തകത്തിൽനിന്നു മായിച്ചുകളകയും
ചെയ്യുന്നു. ദൈവം
മോശെയോടരുളിച്ചെയ്തു: "എന്നോടു
പാപം ചെയ്ത വൻറെ പേർ ഞാൻ
ജീവപുസ്തകത്തിൽനിന്നു
മായിച്ചുകളയും" (പുറ. 32:33).
യെഹെസ്കേൽ പ്രവാചകൻ
പ്രസ്താവിച്ചിരിക്കുന്നു: "നീതിമാൻ തൻറെ
നീതി വിട്ടുതിരിഞ്ഞ് നീതികേടു
പ്രവർത്തിച്ചാൽ..., അവൻറെ നീതി
ഒന്നും കണക്കിടുന്നില്ല" (യെഹെ.
18:24).

പാപത്തെക്കുറിച്ചു
മാനസാന്തരപ്പെടുകയും വിശ്വാസത്താൽ
ക്രിസ്തുവിൻറെ പാപപരിഹാരയാഗം

അംഗീകരിക്കുകയും ചെയ്യുന്നവരുടെ
പേരുകൾക്കുനേരെ സ്വർഗ്ഗത്തിലെ
പുസ്തകത്തിൽ ക്ഷമ രേഖപ്പെടുത്തുകയും
അവർ ക്രിസ്തുവിൻറെ നീതിക്ക്
ഓഹരിക്കാരാവുകയും അവരുടെ
സ്വഭാവം ദൈവത്തിൻറെ
ന്യായപ്രമാണത്തിന്നനുസരണമായിരി
ക്കയും അവരുടെ പാപങ്ങൾ
മായിക്കപ്പെടുകയും അവർ നിത്യജീവന്
യോഗ്യരാക്കപ്പെടുകയും ചെയ്യുന്നു”.
യെശയ്യാവിൽക്കൂടി കർത്താവ്
അരുളിച്ചെയ്യുന്നു: “എൻറെ നിമിത്തം
ഞാൻ, ഞാൻ തന്നെ, നിൻറെ
അതിക്രമങ്ങളെ മായിച്ചുകളയുന്നു;
നിൻറെ പാപങ്ങളെ ഞാൻ
ഓർക്കയുമില്ല” (യെശ. 43:25). യേശു
പറഞ്ഞു: “ജയിക്കുന്നവൻ

വെള്ളയുടുപ്പുധരിക്കും; അവൻറെ പേർ ഞാൻ ജീവപുസ്തകത്തിൽനിന്നു മായിച്ചുകളയാതെ എൻറെ പിതാവിൻറെ സന്നിധിയിലും അവൻറെ ദൂതന്മാരുടെ മുമ്പിലും അവൻറെ പേർ ഏറ്റുപറയും". "മനുഷ്യരുടെ മുമ്പിൽ എന്നെ ഏറ്റുപറയുന്ന ഏവനെയും സ്വർഗ്ഗസ്ഥനായ എൻറെ പിതാവിൻറെ മുമ്പിൽ ഞാനും ഏറ്റുപറയും. മനുഷ്യരുടെ മുമ്പിൽ എന്നെ തള്ളിപ്പറയുന്നവനെയോ എൻറെ പിതാവിൻറെ മുമ്പിൽ ഞാനും തള്ളിപ്പറയും" (വെളി. 3:5; മത്തായി. 10:32,33).

ലൌകിക കോടതിവിധിയിൽ മനുഷ്യർ വളരെ തല്പ്പരരാണ്. എന്നാൽ

സ്വർഗ്ഗീയ ന്യായവിസ്താരത്തിൽ ജീവൻറെ പുസ്തകത്തിൽ പേരെഴുതുകയും ലോകന്യായാധിപതിയുടെ മുമ്പിൽ പരിശോധനക്കെത്തുകയും ചെയ്യുമ്പോൾ മനുഷ്യർ താല്പ്പര്യം കാട്ടുന്നില്ല. സ്വർഗ്ഗീയമദ്ധ്യസ്ഥൻ പറയുന്നത് തൻറെ രക്തത്തിലെ വിശ്വാസത്താൽ വിജയികളാകുന്നവർക്കു പ്ി◌ാപങ്ങൾ മോചി ച്ചുകൊടുക്കുകയും ഏദെൻ ഭവനം പുനർലഭ്യമാക്കുകയും ചെയ്യുമെന്നാണ്. കൂടാതെ അവനോടുകൂടെ കൂട്ടവകാശികളായി “പൂർവ്വാ(പത്യവും പ്രാപിക്കും” (മീഖ. 4:8). മനുഷ്യവർഗ്ഗത്തെ വഞ്ചിക്കുന്നതിനും വശീകരിക്കുന്നതിനുമുള്ള സാത്താൻറെ പരിശ്രമത്തിൽ മനുഷ്യ

സൃഷ്ടിപ്പിനെക്കുറിച്ചുള്ള ദിവ്യപദ്ധതിയെ പരാജയപ്പെടുത്താമെന്നു അവൻ കരുതി; എന്നാൽ ഈ പ്ലാൻ നടപ്പാക്കു വാനും മനുഷ്യൻ ഒരിക്കലും പാപം ചെയ്തിട്ടില്ലാത്ത നിലയിലെത്തിക്കു വാനും ക്രിസ്തു പ്രവർത്തിച്ചു. തൻറെ ജനത്തിനു വേണ്ടി അവൻ ചോദിക്കു ന്നത് പാപമോചനവും പൂർണ്ണമായ നീതീകരണവും മാത്രമല്ല, തൻറെ മഹ ത്വത്തിൽ ഓഹരിക്കാരാകുവാനും തൻറെ സിംഹാസനത്തിൽ ഒരു ഇരിപ്പി ടവും കൂടെയാണ്.

തൻറെ കൃപയ്ക്കർഹരായവർക്കുവേണ്ടി പിതാവിൻറെ മുമ്പിൽ പക്ഷവാദം ചെയ്യുമ്പോൾ സാത്താൻ പറയുന്നത് അവർ പാപികളാണെന്നാണ്. ആ

മഹാവഞ്ചകൻ അവരെ
നാസ്തികത്വത്തിലേക്കു നയിച്ച്
ദൈവത്തിലുള്ള വിശ്വാസം നശിപ്പിച്ച്
അവരെ ദൈവസ്നേഹത്തിൽനിന്നു
വേർപെടുത്തി
ദൈവകല്പനാലംഘികളാക്കുന്നു.
ഇപ്പോൾ അവരുടെ ജീവിത
രേഖകളിലേക്കു ചൂണ്ടിക്കാട്ടുന്നത്
അവരുടെ ക്രിസ്തുല്യമല്ലാത്ത സ്വഭാവ
ന്യൂനതകളാണ്. അങ്ങനെ അവരുടെ
വീണ്ടെടുപ്പുകാരനെ അപമാനിക്കുവാൻ
തക്ക പ്രേരണ നല്കി, ചെയ്യിച്ച പാപങ്ങൾ
നിമിത്തം അവർ തൻറെ
വകയാണെന്നവൻ അവകാശപ്പെടുന്നു.

യേശു അവരുടെ പാപങ്ങൾക്കു മാപ്പു
കൊടുക്കുന്നില്ല, പ്രത്യുത അവരുടെ

പശ്ചാത്താപവും വിശ്വാസവും അവരുടെ ക്ഷമയ്ക്കുള്ള അവകാശവും ചൂണ്ടിക്കാട്ടുകയും തൻറെ മുറിവേറ്റ കരങ്ങൾ പിതാവിൻറെയും വിശുദ്ധ ദൂതന്മാരുടെയും മുമ്പാകെ ഉയർത്തി അവരെ വ്യക്തിപരമായി ഞാനറിയുന്നു വെന്നു പറയുകയും ചെയ്യുന്നു. എൻറെ ഉള്ളംകയ്യിൽ അവയെ എഴുതിയിരിക്കുന്നു. "ദൈവത്തിൻറെ ഹനനയാഗങ്ങൾ തകർന്നിരിക്കുന്ന മനസ്സ്, തകർന്നും നുറുങ്ങിയുമിരിക്കുന്ന ഹൃദയത്തെ ദൈവമെ നീ നിരസിക്കയില്ല" (സങ്കീ. 51:17). തൻറെ ജനത്തെ കുറ്റം പറയുന്നവനോട് ദൈവം പ്രസ്താവിക്കുന്നു: "യഹോവ സാത്താനോട്; സാത്താനെ, യഹോവ നിന്നെ ഭർത്സിക്കുന്നു; യെരു

ശലേമിനെ തിരഞ്ഞെടുത്തിരിക്കുന്ന യഹോവ തന്നെ നിന്നെ ഭർത്സിക്കുന്നു; ഇവൻ തീയിൽ നിന്നു വലിച്ചെടുക്കപ്പെട്ട കൊള്ളിയല്ലയോ എന്നു കല്പിച്ചു" (സെഖ. 3:2). തൻറെ വിശ്വസ്തരായിട്ടുള്ളവരെ ക്രിസ്തുതന്നെ സ്വന്തം നീതി ധരിപ്പിച്ച് പിതാവിൻറെ മുമ്പിൽ നില്ക്കുമാറാക്കുന്നു. "കറ ചുളുക്കം മുത ലായതൊന്നുമില്ലാതെ സഭയെ ശുദ്ധവും നിഷ്കളങ്കവുമായി തനിക്കുതന്നെ തേജസ്സോടെ മുന്നിറുത്തേണ്ട തിന്നും തന്നെത്താൻ അവൾക്കു വേണ്ടി ഏല്പ്പിച്ചു കൊടുത്തു" (എഫെ. 5:27). ജീവൻറെ പുസ്തകത്തിൽ അവരുടെ പേർ എഴുതപ്പെടുകയും അവരെക്കുറിച്ച് ഇപ്രകാരം രേഖപ്പെടുത്തുകയും

ചെയ്തിരിക്കുന്നു; “അവർ യോഗ്യന്മാരാകയാൽ വെള്ള ധരിച്ചുംകൊണ്ട് എന്നോടുകൂടെ നടക്കും” (വെളി. 3:4).

അങ്ങനെ പുതിയനിയമ ഉഭയസമ്മതവാഗ്ദത്തങ്ങളുടെ പരിപൂർണ്ണനിവൃത്തി പ്രാപിക്കും. “ഞാൻ അവരുടെ അകൃത്യം മോചിക്കും; അവരുടെ പാപം ഇനി ഓർക്കയുമില്ല എന്നു യഹോവയുടെ അരുളപ്പാട്; ആ കാലത്തു യിസ്രായേലിൻറെ അകൃത്യം അന്വേഷിച്ചാൽ അത് ഇല്ലാതെയിരിക്കും; യെഹൂദയുടെ പാപങ്ങൾ അന്വേഷിച്ചാൽ കാണുകയില്ല എന്നു യഹോവയുടെ അരുളപ്പാട്” (യിരെ. 31:34; 50:20)

“അന്നാളിൽ യഹോവയുടെ മുള ഭംഗിയും മഹത്വവും ഉള്ളതും ഭൂമിയുടെ ഫലം യിസ്രായേലിലെ രക്ഷിതഗണത്തിനു മഹിമയും അഴകും ഉള്ളതായിരിക്കും. കർത്താവു ന്യായവിധിയുടെ കാറ്റു കൊണ്ടും ദഹനത്തിൻറെ കാറ്റുകൊണ്ടും സീയോൻ പുത്രിമാരുടെ മലിനത കഴുകിക്കളകയും യെരൂശലേമിൻറെ രക്തപാതകം അതിൻറെ നടുവിൽനിന്നു നീക്കി വെടിപ്പാക്കുകയും ചെയ്തശേഷം സീയോനിൽ മിഞ്ചിയിരിക്കുന്ന വനും, യെരൂശലേമിൽ ശേഷിച്ചിരിക്കുന്നവനും ഇങ്ങനെ യെരുശലേമിൽ ജീവനുള്ളവരുടെ കൂട്ടത്തിൽ പേർ എഴുതിയിരിക്കുന്ന ഏവനും തന്നെ,

വിശ്രുദ്ധൻ എന്നു വിളിക്കപ്പെടും” (യെശ. 4:2,4).

കർത്താവിന്റെ രണ്ടാം വരവിനുമുമ്പ് പരിശോധനാന്യായവിധിയും പാപങ്ങളെ മായിച്ചുകളയുന്നതും പൂർത്തീകരിക്കേണ്ടതാകുന്നു. മരിച്ചവരെ ന്യായം വിധിക്കുന്നത് പുസ്തകത്തിലെ രേഖകളനുസരിച്ചാണ്. അവരുടെ രേഖകൾ പരിശോധിക്കുന്നതിനുമുമ്പ് പാപങ്ങൾ മായിച്ചുകളയുക അസാദ്ധ്യമാണ്. അപ്പൊസ്തലനായ പത്രൊസ് വ്യക്തമാക്കിയിരിക്കുന്നത് വിശ്വാസികളുടെ പാപങ്ങൾ മായിച്ചുകളയുമെന്നാണ്. “ആകയാൽ നിങ്ങളുടെ പാപങ്ങൾ

മാഞ്ഞുകിട്ടേണ്ടതിന്ന മാനസാന്തരപ്പെട്ടു തിരിഞ്ഞുകൊൾവിൻ; എന്നാൽ കർത്താവിന്റെ സമ്മുഖത്തുനിന്നു ആശ്വാസകാലങ്ങൾ വരികയും നിങ്ങൾക്കു മുൻനിയമിക്കപ്പെട്ട ക്രിസ്തുവായ യേശുവിനെ അവൻ അയയ്ക്കുകയും ചെയ്യും” (അപ്പൊ. 3:19,20). പരിശോധനാ ന്യായവിധി കഴിയുമ്പോൾ ക്രിസ്തു ഓരോരുത്തർക്കും അവരവരുടെ പ്രവർത്തിക്കുതക്ക പ്രതിഫലം കൊടുപ്പാൻ വരും.

യിസ്രായേലിൻറെ മാതൃകാ ശുശ്രൂഷയിൽ മഹാപുരോഹിതൻ പാപപരി ഹാരാനന്തരം പുറത്തുവന്നു ജനത്തെ അനുഗ്രഹിക്കുന്നു. അതുപോലെ ക്രിസ്തു തൻറെ മദ്ധ്യസ്ഥവേലയുടെ

അവസാനം "തനിക്കായി കാത്തുനി ല്ക്കുന്നവരുടെ രക്ഷയ്ക്കായി പാപം കൂടാതെ രണ്ടാമതു പ്രത്യക്ഷനാവും" (എബ്രാ. 9:28). പുരോഹിതൻ സമാഗമനകൂടാരത്തിൽനിന്നും പാപം നീക്കി അസസ്സേലിൻറെ ആട്ടുകൊറ്റൻറെ തലയിൽ ചുമത്തുന്നതുപോലെ പാപത്തിൻറെ കാരണഭൂതനും അതിന് മനുഷ്യരെ പ്രേരിപ്പിക്കുന്നവനുമായ സാത്താൻറെമേൽ ചുമത്തുന്നു. അസസ്സേലിൻറെ ആട്ടുകൊറ്റൻ പാപങ്ങളെല്ലാം ചുമന്നുകൊണ്ട് ഒരു ശൂന്യപ്രദേശത്തേക്ക് അയയ്ക്കപ്പെടുന്നു (ലേവ്യ. 16:22). അതുപോലെ അവൻ ദൈവജനത്തെക്കൊണ്ടു ചെയ്യിച്ച സകല പാപങ്ങളുടെയും ശിക്ഷയായി ആയിരം വർഷത്തേക്കു നിർജ്ജനവും പാഴും

ശൂന്യവുമായ ഭൂമിയിൽ ആക്കപ്പെടുകയും അവസാനം സകല ദുഷ്ടന്മാരെയും നശിപ്പിക്കാനുള്ള അഗ്നിയിൽ പൂർണ്ണമായി ശിക്ഷിക്കപ്പെടുകയും ചെയ്യുന്നു. അങ്ങനെ ഈ മഹാവ ലിയ വീണ്ടെടുപ്പിൻ പദ്ധതി അതിൻറെ പരിസമാപ്തിയിലെത്തുന്നതു പാപത്തെ നിർമ്മാർജനം ചെയ്യുന്നതോടെയാണ്.

ന്യായവിധിക്കു നിശ്ചയിക്കപ്പെട്ട സമയത്ത് 2300 ദിനങ്ങളുടെ അവ സാനത്തിൽ, 1844-ൽ പരിശോധനയും പാപങ്ങൾ മായിച്ചുകളയുന്നതും ആയ വേല ആരംഭിച്ചു. ക്രിസ്തുവിനെ സ്വീകരിച്ചിട്ടുള്ള എല്ലാവരും ഈ സൂക്ഷ്മ പരിശോധനയിൽക്കൂടെ

കടന്നുപോകണം. മരിച്ചുപോയവരും ജീവനുള്ളവരും ന്യായം വിധിക്കപ്പെടണം. “അവരുടെ പ്രവൃത്തികൾ പുസ്തകത്തിൽ എഴുതിയിരിക്കുന്നതിന്നനുസരണമായിട്ടാണ് വിധിക്കപ്പെടുന്നത്”.

മാനസാന്തരപ്പെട്ടു ഉപേക്ഷിക്കാത്ത പാപങ്ങൾ ക്ഷമിക്കപ്പെടുകയോ പുസ്തകത്തിൽനിന്നു മായിച്ചുകളകയോ ചെയ്യാതെ ദൈവദിവസത്തിൽ അവർക്കെതിരായി സാക്ഷ്യത്തിനായി നിലകൊള്ളും. അവർ പകൽ വെളിച്ചത്തിലോ രാത്രിയുടെ അന്ധകാരത്തിലോ ചെയ്തിട്ടുള്ള ദുഷ്ടതകൾ ദൈവ മുമ്പാകെ തെളിവായി നില്ക്കുന്നു. ഓരോ പാപത്തിനും

ദൈവദൂതന്മാർ സാക്ഷ്യം വഹിച്ച്
തെറ്റുപറ്റാതെ രേഖപ്പെടുത്തിയിരിക്കുന്നു.
പിതാവോ, മാതാവോ, ഭാര്യയോ,
മക്കളോ, സ്നേഹിതരോ അറിയാതെ
മറച്ചു വെയ്ക്കപ്പെട്ട പാപം ചെയ്ത
വ്യക്തിതന്നെയും സംശയിക്കപ്പെടാത്തവ
സ്വർഗ്ഗത്തിന്റെ മുമ്പിൽ വ്യക്തമായി
കാണപ്പെടുന്നു. കൂരിരുട്ടുള്ള രാത്രിയുടെ
അന്ധകാരമൊ
വഞ്ചനാപ്രവർത്തനങ്ങളുടെ
രഹസ്യമോ അല്പം പോലും ദൈവ
ത്തിൽനിന്നു മറച്ചുവെയ്ക്കാൻ
പര്യാപ്തമല്ല. അനീതിയുടെ കണക്കുകളും
അപമര്യാദയുടെ പ്രവർത്തനങ്ങളും
ദൈവമുമ്പാകെ കൃത്യമായി
രേഖപ്പെടുത്തിയിരിക്കുന്നു.
ദൈവഭക്തിയുടെ വേഷംകൊണ്ടും

ദൈവത്തെ വഞ്ചിക്കുവാൻ സാദ്ധ്യമല്ല. സ്വഭാവ നിർണ്ണയത്തിൽ ദൈവത്തിനു തെറ്റുപറ്റുക യില്ല. ഹൃദയത്തിൽ വകതയുള്ളവർ മനുഷ്യരെ വഞ്ചിക്കാം; എന്നാൽ ദൈവം എല്ലാ വേഷം കെട്ടലുകൾക്കുമപ്പുറമുള്ള ആന്തരീയ ജീവിതം കാണുന്നു.

സ്വർഗ്ഗത്തിലെ പുസ്തകങ്ങളിലേക്കുള്ള രേഖകളുടെ ഭാരവുമായി ദിന രാത്രങ്ങൾ നിത്യതയിലേക്കു കടന്നുപോകുന്നുവെന്നുള്ളത് എത്ര ഗൗരവാ വഹമായ ചിന്തയാണ്! ഒരിക്കൽ സംസാരിച്ച വാക്കുകൾ, ഒരിക്കൽ ചെയ്ത പ്രവൃത്തികൾ, ഇവയൊന്നും തിരിച്ചെടുക്കാവുന്നതല്ല. നല്ല കാര്യങ്ങളും ചീത്ത കാര്യങ്ങളും

എല്ലാം ദൈവദൂതൻ രേഖപ്പെടുത്തിയിരിക്കുന്നു. ഭൂമിയിലെ ഏറ്റവും ശക്തനായ പോരാളിക്കുപോലും ഒരു ദിവസത്തെപോലും രേഖ തിരിച്ചെടുക്കാൻ സാദ്ധ്യമല്ല. നമ്മുടെ പ്രവർത്തനങ്ങളോ വാക്കുകളോ നമ്മുടെ രഹസ്യ ആന്തരീയ പ്രേരണകളോ എല്ലാംതന്നെ നമ്മുടെ നിത്യസന്തോഷത്തിനോ ക്ലേശത്തിനോ കാരണമാവുന്നു. നാം അവ മറന്നുപോയിരിക്കാം; അവ നമ്മെ നീതീകരിക്കാനോ, കുറ്റവാളി ആക്കുവാനോ സാക്ഷ്യം വഹിക്കുന്നു.

ഒരു ചിത്രകാരൻ മിനുസമുള്ള ഫലകത്തിൽ മുഖഭാവം വളരെ വ്യക്തമായി ആലേഖനം

ചെയ്യുന്നതുപോലെ സ്വർഗ്ഗത്തിലെ പുസ്തകത്തിൽ സ്വഭാവം വളരെ കൃത്യമായി രേഖപ്പെടുത്തിയിരിക്കുന്നു. സ്വർഗ്ഗീയ ജീവികൾ നോക്കുന്ന രേഖകളെക്കുറിച്ചു മനുഷ്യർ ചിന്തിക്കുന്നില്ല. ദൃശ്യവും അദൃശ്യവുമായ ലോകങ്ങളെ വേർതിരിക്കുന്ന മറ നീക്കം ചെയ്ത് ഒരു ദൈവദൂ തൻ ഓരോ വാക്കും പ്രവൃത്തിയും രേഖപ്പെടുത്തുന്നതും അവ ന്യായവിധിയിൽ കൊണ്ടുവരുമെന്നുള്ളതും മനുഷ്യർക്കു കാണാൻ കഴിഞ്ഞെങ്കിൽ ദിവസേന ഉച്ചരിക്കുന്ന എത്ര വാക്കുകൾ ഉച്ചരിക്കപ്പെടാതിരിക്കും, എത്ര പ്രവർത്തനങ്ങൾ ചെയ്യാതിരിക്കയും ചെയ്യുമായിരുന്നു.

ന്യായവിധിയിൽ ഓരോ താലന്തും ഉപയോഗിച്ചതിൻറെ മൂല്യനിർണ്ണയം നടത്തു, സ്വർഗ്ഗം നമുക്കു കടം തന്നെ സ്വത്ത് നാം എങ്ങനെ ഉപയോഗിച്ചു? കർത്താവിന്റെ വരവിങ്കൽ താൻ നല്കിയതു പലിശയോടുകൂടി സ്വീകരിക്കുമോ? നമുക്കു നല്കിയ ശക്തി, ബുദ്ധി, മനസ്സ് ഇവയെ പുഷ്ടിപ്പെടുത്തി ലോകത്തിന് അനുഗ്രഹമായി ദൈവത്തെ മഹത്വപ്പെടുത്താൻ ഉപയോഗിച്ചോ? നമ്മുടെ സമയം, നമ്മുടെ എഴുത്തുകൾ, നമ്മുടെ ശബ്ദം, നമ്മുടെ പണം (ധനം), നമ്മുടെ പ്രേരണ ഇവയെ നാം എങ്ങനെ ഉപയോഗിച്ചു? സാധുക്കളോടും കഷ്ടപ്പെടുന്നവരോടും അനാഥരോടും വിധവകളോടും ഉള്ള പെരുമാറ്റത്തിൽ നാം ക്രിസ്തുവിനുവേണ്ടി

എന്തു ചെയ്തു? അവൻ നമ്മെ ദൈവവചനം ഏല്പിച്ചിരിക്കുന്നു; നമുക്കു ലഭിച്ച വെളിച്ചവും സത്യവും സംബന്ധിച്ചു നാം എന്തുചെയ്തു? അതു മനുഷ്യരെ രക്ഷയിലേക്കും ജ്ഞാനത്തിലേക്കും നയിക്കുവാനുള്ളതല്ലേ? ക്രിസ്തുവിലുള്ള വെറും വിശ്വാസത്തിനു വില കല്പിക്കാനില്ല. പ്രവൃത്തിയോടു കൂടിയ സ്നേഹം മാത്രമെ ആത്മാർത്ഥതയുള്ളതായി കണക്കാക്കപ്പെടുന്നുള്ളു. ഏതു പ്രവർത്തനവും സ്നേഹസമന്വിതമാണെങ്കിൽ മാത്രമെ സ്വർഗ്ഗം വിലമതിക്കുന്നുള്ളു. സ്നേഹത്തോടുകൂടിയ ഏതു പ്രവർത്തനവും മനുഷ്യരുടെ വിലയിരുത്തലിൽ എത്ര

ചെറുതാണെങ്കിലും ദൈവം
അതംഗീകരിക്കുകയും, അതിന്ന
പ്രതിഫലം നല്കുകയും ചെയ്യും.

മനുഷ്യരുടെ മറഞ്ഞിരിക്കുന്ന
സ്വാർത്ഥത സ്വർഗ്ഗത്തിലെ
പുസ്തകത്തിൽ വെളിപ്പെട്ടിരിക്കുന്നു.
കൂട്ടുകാരനോടു ചെയ്യാനുള്ള
കർത്തവ്യങ്ങൾ ചെയ്യാതിരിക്കുന്നതും
സ്വർഗ്ഗീയ പുസ്തകത്തിൽ
രേഖപ്പെടുത്തിയിരിക്കുന്നു. രക്ഷകൻറെ
അവകാശം വിസ്മരിച്ചിരിക്കുന്നതും
രേഖയിൽ കാണാം. ക്രിസ്തുവിനുവേണ്ടി
ഉപയോഗിക്കേണ്ട സമയവും ചിന്തയും
ശക്തിയും സാത്താനു വേണ്ടി പലപ്പോഴും
ഉപയോഗിച്ചിട്ടുള്ളതിൻറെ രേഖ
സ്വർഗ്ഗീയ ദൂതന്മാർ അവിടെ

എത്തിക്കുന്നതു എത്ര ശോചനീയം. ക്രിസ്തുവിൻറെ അനുയായികളെന്നഭിമാനിക്കുന്ന ബുദ്ധിമാന്മാർ ലൗകിക ധനസമ്പാദനത്തിലും ലൌകിക സുഖത്തിലും മുഴുകിയിരിക്കുന്നു. പണവും സമയവും ശക്തിയും സ്വാർത്ഥരു തയ്ക്കുവേണ്ടിയും ആഡംബരത്തിനുവേണ്ടിയും ചെലവിടുമ്പോൾ പ്രാർത്ഥനയ്ക്കും വേദപഠനത്തിനും ആത്മതപനത്തിനും പാപം ഏറ്റുപറയുന്നതിനുംവേണ്ടി എത്ര കുറച്ചുസമയം മാത്രം ചെലവിടുന്നു.

നാം സുപരിചിതരായിരിക്കേണ്ട കാര്യങ്ങളിൽ സമയം ചെലവിടാതിരിക്കുവാൻ നമ്മുടെ

മനസ്സുകളെ വ്യാപൃതമാക്കുവാൻ അസംഖ്യം കാര്യപ പരിപാടികളെ കണ്ടുപിടിക്കുന്നു. ഒരു സർവ്വശക്തനായ മദ്ധ്യസ്ഥനെയും പാപ പരിഹാര ബലിയെയുംകുറിച്ചുള്ള വലിയ സത്യത്തെ മഹാവഞ്ചകൻ വെറുക്കുന്നു. യേശുക്രിസ്തുവിൽനിന്നും അവൻറെ സത്യത്തിൽനിന്നും മനസ്സുകളെ വ്യതിചലിപ്പിക്കുന്നതിനെ ആശ്രയിച്ചിരിക്കുന്ന സകലതും എന്നവനറിയാം.

രക്ഷകൻറെ മദ്ധ്യസ്ഥതയുടെ പ്രയോജനം പങ്കിടുന്നവർ, ദൈവിക ഭയഭക്തിയിൽ വിശുദ്ധിയെ തികയ്ക്കുന്ന കർത്തവ്യത്തിൽ മറ്റൊന്നും കടന്നുവരാൻ അനുവദിക്കരുത്.

വിലയേറിയ സമയം,
ആത്മാർത്ഥതയോടെ
പ്രാർത്ഥനാപൂർവ്വം സത്യവചനം
പഠിക്കുന്നതിനുപയോഗിക്കുന്നതിനു
പകരം വിനോദത്തിനും
ആഡംബരത്തിനും അഥവാ
ധനസമ്പാദനത്തിനും ചെലവിടരുത്.

ദൈവജനം
പരിശോധനാന്യായവിധിയെക്കുറിച്ചും,
വ്യക്തമായി മനസ്സിലാക്കിയിരിക്കണം.
തൻറെ മഹാപുരോഹിതൻറെ സ്ഥാനവും
ജോലിയും സംബന്ധിച്ച് ഓരോ
വ്യക്തിയും അറിഞ്ഞിരിക്കണം.
അല്ലെങ്കിൽ
ഇന്നത്തേക്കാവശ്യമായിരിക്കുന്ന
വിശ്വാസം ഉണ്ടായിരിക്കാനോ ദൈവം

ആസൂത്രണം ചെയ്തിരിക്കുന്ന സ്ഥാനം അലങ്കരിക്കുവാനോ ഉണ്ട്. ഓരോ വ്യക്തിക്കും നഷ്ടപ്പെടുത്തുവാനോ രക്ഷിക്കുവാനോ ഉള്ള ഒരാത്മാവുണ്ട്. ദൈവിക കോടതിയിൽ ഓരോരുത്തർക്കും നേരിടേണ്ട ഒരു വ്യവഹാരമുണ്ട്. ഓരോരുത്തരും വലിയ ന്യായാധിപതിയെ മുഖാമുഖമായി നേരിടണം. കാലാന്ത്യത്തിൽ ദാനീയേലിനോടൊപ്പം ഓരോരുത്തരും തങ്ങളുടെ സ്ഥാനത്തു നില്ക്കേണ്ടതാകയാൽ ന്യായവിസ്താര സഭ ഇരിക്കുകയും പുസ്തകങ്ങൾ തുറക്കപ്പെടുകയും ചെയ്യുന്ന രംഗത്തെക്കുറിച്ച് കൂടെക്കൂടെ ചിന്തിക്കുകയും ധ്യാനിക്കുകയും

ചെയ്യുന്നത് എത്ര പ്രാധാന്യമർഹിക്കുന്നു.

ഈ വിഷയങ്ങളെക്കുറിച്ചുള്ള വെളിച്ചം ലഭിച്ചിട്ടുള്ളവർ ഈ വൻ സത്യത്തിനു സാക്ഷ്യം വഹിക്കേണ്ടതാണ്. മനുഷ്യനുവേണ്ടിയുള്ള ക്രിസ്തുവിൻറെ വേലയുടെ സ്ഥാനം സ്വർഗ്ഗീയ സമാഗമനകൂടാരമാണ്. അതു ഭൂമിയിൽ ജീവി ച്ചിരിക്കുന്ന ഓരോ വ്യക്തിക്കും വേണ്ടിയുള്ളത്. അതു വീണ്ടെടുപ്പിൻ പദ്ധതി തുറന്നുകാട്ടുകയും അവസാനം നീതിയും പാപവും തമ്മിലുള്ള പോരാട്ടത്തിൻറെ വിജയത്തിൽ നമ്മെ എത്തിക്കുകയും ചെയ്യുന്നു. ഈ വിഷയത്തെക്കുറിച്ചു വിശദമായി പരിശോധിക്കുന്നതു വളരെ

പ്രാധാന്യമർഹിക്കുന്നു. എങ്കിൽ മാത്രമെ നമ്മുടെ പ്രത്യാശയെക്കുറിച്ചു ചോദിക്കുന്ന ഏവ രോടും ഉത്തരം പറവാൻ കഴികയുള്ളൂ.

മനുഷ്യനുവേണ്ടിയുള്ള സ്വർഗ്ഗീയ കൂടാരത്തിലെ ക്രിസ്തുവിൻറെ മദ്ധ്യസ്ഥത, ക്രൂശുമരണംപോലെ, രക്ഷാപദ്ധതിയിലെ പ്രാധാന്യമർഹിക്കുന്ന കാര്യമാണ്. തൻറെ മരണത്താൽ ആരംഭിച്ച ജോലി പൂർത്തീകരിക്കുവാനാണു താൻ സ്വർഗ്ഗാരോഹണം ചെയ്തത്. വിശ്വാസത്താൽ നാം തിരശ്ശീലയ്ക്കകത്തേക്കു പ്രവേശിക്കണം. അവൻ "എന്നേക്കും മഹാപുരോഹിതനായി മുമ്പു കൂട്ടി

നമുക്കുവേണ്ടി പ്രവേശിച്ചിരിക്കുന്നു”
(എബ്രാ, 6:20). അവിടെ
കാൽവറിക്രൂശിലെ പ്രകാശം
പ്രതിഫലിക്കുന്നു. അവിടെ നാം
വീണ്ടെടുപ്പിൻ രഹസ്യം കൂടുതൽ
വ്യക്തമായി ഗ്രഹിക്കുന്നു. മനുഷ്യൻറെ
രക്ഷ സാദ്ധ്യമാക്കിയത് സ്വർഗ്ഗത്തിന്റെ
അമൂല്യവിലയിലാണ്. ദൈവത്തിൻറെ
കല്പന ലംഘിച്ചതിന് യാഗം
ആവശ്യമായിവന്നു. പിതാവിൻറെ
സിംഹാസനത്തിലേക്കുള്ള വഴി യേശു
തുറന്നു. അവൻറെ മദ്ധ്യസ്ഥതയിലൂടെ
വിശ്വാസത്താൽ അവങ്കലേക്കു
വരുവാൻ ആത്മാർത്ഥമായി
ആഗ്രഹിക്കുന്ന ഏവരേയും അവൻ
ദൈവമുമ്പാകെ സമർപ്പിക്കുന്നു.

“തൻറെ ലംഘനങ്ങളെ മറെയ്ക്കുന്നവന്നു ശുഭം വരികയില്ല; അവയെ ഏറ്റുപറഞ്ഞ് ഉപേക്ഷിക്കുന്നവനോ കരുണ ലഭിക്കും” (സദൃ. 28:13). തങ്ങളുടെ തെറ്റുകുറ്റങ്ങളെ മറച്ചുവെയ്ക്കുകയും നിസാരമാക്കിക്കളുകയും ചെയ്യുന്നവരെക്കുറിച്ച് സാത്താൻ എത്രമാത്രം സന്തുഷ്ടവാനായിരിക്കുന്നുവെന്നു കായ്ക്കാൻ കഴിഞ്ഞെങ്കിൽ കൊള്ളാമായിരുന്നു. ക്രിസ്തുവും വിശുദ്ധ ദൂതന്മാരും പാപികളെ മാനസാന്തരത്തിലേക്കു നയിക്കുന്ന പ്രവർത്തനങ്ങളെ സാത്താൻ പുച്ഛിക്കുന്നു. സ്വഭാവത്തിൽ ബലഹീനതയുള്ളവർ അതിൽതന്നെ സന്തുഷ്ടരാണെങ്കിൽ അവരുടെ

മനസ്സിനെ പൂർണ്ണമായി നിയന്ത്രിപ്പാൻ കഴിയുമെന്നു സാത്താനറിയാം. അവർ അതിനുവേണ്ടി കഠിനപ്രയത്നം നടത്തും. ക്രിസ്തുവിൻറെ അനുയായികളെ അവൻ സദാ പ്രേരിപ്പിക്കുന്ന യുക്തിവാദം, അവർക്കു ബലഹീനതകളെ ഒരിക്കലും ജയിക്കുവാൻ സാദ്ധ്യമല്ലെന്നാണ്. എന്നാൽ യേശുവിൻറെ മുറിവേറ്റ കരങ്ങളും ശരീരവുമായി അവർക്കുവേണ്ടി പിതാവിൻറെ മുമ്പിൽ മദ്ധ്യസ്ഥത നടത്തുകയും തന്നെ അനുഗമിക്കുന്ന എല്ലാ വരോടും പ്രസ്താവിക്കയും ചെയ്യുന്നു: "എൻറെ കൃപ നിനക്കു മതി" (2 കൊരി. 12:9). "ഞാൻ സൗമ്യതയും താഴ്ചയും ഉള്ളവനാകയാൽ എൻറെ നുകം ഏറ്റു കൊണ്ട് എന്നോടു പഠിപ്പിൻ; എന്നാൽ

നിങ്ങളുടെ ആത്മാക്കൾക്ക് ആശ്വാസം കണ്ടെത്തും. എൻറെ നുകം മൃദുവും എൻറെ ചുമട് ലഘുവും ആകുന്നു" (മത്താ. 11:29,30). തങ്ങളുടെ ബലഹീനതകൾ മാറ്റാൻ അസാദ്ധ്യമാണെന്നു ചിന്തിക്കരുത്. അവയെ ജയിപ്പാൻ ദൈവം വിശ്വാസവും കൃപയും നൽകും.

നാം ഇന്നു ജീവിച്ചിരിക്കുന്നത് മഹാവലിയ പാപപരിഹാര ദിനത്തിലാണ്. മാതൃകാശുശ്രൂഷയിൽ മഹാപുരോഹിതൻ യിസ്രായേലിൻറെ പാപപരിഹാരം നടത്തുമ്പോൾ ജനങ്ങൾ ദൈവസന്നിധിയിൽ ആത്മതപനം ചെയ്തു അനുതാപത്തോടും താഴ്ചയോടുംകൂടെ ഇരിക്കണമെന്നു കല്പിച്ചിരുന്നു. അങ്ങനെ ചെയ്യാത്തവരെ

ജനത്തിൻറെ ഇടയിൽ നിന്നു ചോദിച്ചുകളയണമെന്നും അനുശാസിച്ചിരുന്നു. അതുപോലെ ജീവൻറെ പുസ്തകത്തിൽ പേരുള്ളവരെല്ലാം ഇപ്പോൾ കൃപയുടെ ശേഷിച്ചിരിക്കുന്ന ദിവസങ്ങളിൽ ദൈവമുമ്പാകെ പാപത്തെക്കുറിച്ചു പശ്ചാത്താപവും യഥാർത്ഥ മാനസാന്തരവുമുള്ളവരായിരിക്കണം. വിശ്വസ്തതയോടെ ആഴമായി ഹൃദയ പരിശോധന നടത്തണം. ക്രിസ്ത്യാനികളെന്നഭിമാനിക്കുന്ന അനേകരും നിഷ്പ്രയോജനമായ ജീവിത വീക്ഷണത്തിൽ വിരാജിക്കുന്നതു ഉപേക്ഷിക്കണം. ആധിപത്യം സ്ഥാപിക്കാൻ ശ്രമിക്കുന്ന ദുഷ്പ്രവണതയെ കീഴ്പെടുത്തുവാൻ

കഠിന പോരാട്ടം നടത്തണം. നാം വ്യക്തിപരമായി ഒരുങ്ങണം. നാം കൂട്ടമായി രക്ഷിക്കപ്പെടുന്നില്ല. ഒരാളിൻറെ ഭക്തിയും വിശുദ്ധിയും മറ്റൊരാളിൻറെ കുറവിനെ പരിഹരിക്കുന്നില്ല. ദൈവമുമ്പാകെ സകല ജാതികളും ന്യായവിധിയിൽകൂടെ കടന്നുപോകുന്നെങ്കിലും ഓരോ വ്യക്തിയെയും വളരെ സൂക്ഷ്മതയോടെ ദൈവം പരിശോധിക്കുന്നു. ഓരോ വ്യക്തിയെയും പരിശോധിച്ച കറയും ചുളുക്കവുമില്ലാതെ കാണപ്പെടുന്നു.

പാപപരിഹാരത്തിൻറെ അവസാനത്തോടു ബന്ധപ്പെട്ട രംഗങ്ങൾ എത്ര ഭയങ്കരമാണ്. അവിടെ

ഗൗരവാവഹമായ താല്പര്യങ്ങൾ അന്തർഭവിച്ചിരിക്കുന്നു. സ്വർഗ്ഗീയ മന്ദിരത്തിലെ ന്യായവിധി ഇപ്പോൾ പുരോഗമിച്ചുകൊണ്ടിരിക്കയാണ്. പെട്ടെന്ന്, എത്ര പെട്ടെന്ന് എന്ന് ആർക്കും അറിഞ്ഞുകൂടാ, അത് ജീവിച്ചിരിക്കുന്നവരുടെ വ്യവഹാരത്തിലേക്കു കടക്കും. ദൈവമുമ്പാകെ നമ്മുടെ ജീവിതം പുനരവലോകനത്തിനായി പ്രത്യക്ഷപ്പെടുന്നു. "ആ കാലം എപ്പോൾ എന്നു നിങ്ങൾ അറിയായ്കയാൽ സൂക്ഷിച്ചുകൊൾവിൻ. ഉണർന്നും പ്രാർത്ഥിച്ചും കൊണ്ടിരിപ്പിൻ" (മർക്കൊ. 13:33) എന്നുള്ള കർത്താവിന്റെ ഉപദേശം മറ്റെല്ലാറ്റിനെക്കാളും ഉപരിയായി

പരിഗണിക്കുന്നത് ഉചിതമായിരിക്കും. “നീ ഉണരാതിരുന്നാൽ ഞാൻ കള്ളനെപ്പോലെ വരും; ഏതു നാഴികയ്ക്കു നിൻറെമേൽ വരുമെന്നു നീ അറികയുമില്ല” (വെളി. 3:3).

പരിശോധനാ ന്യായവിധിയുടെ വേല അവസാനിക്കുമ്പോൾ സകലരുടേയും ഭാവി ജീവനോ മരണത്തിനോ ആയി വിധിക്കപ്പെടുന്നു. കർത്താവു മേഘങ്ങളിൽ പ്രത്യക്ഷപ്പെടുന്നതിനല്പം മുമ്പ് കൃപാകാലം അവസാനിക്കുന്നു. കർത്താവ് ആ സമയത്ത് നോക്കി വെളിപ്പാടിൽ പ്രസ്താവിച്ചിരിക്കുന്നു: “അനീതി ചെയ്യുന്നവൻ ഇനിയും അനീതി ചെയ്യട്ടെ; അഴുക്കുള്ളവൻ ഇനിയും അഴുക്കാടട്ടെ; വിശുദ്ധൻ

ഇനിയും തന്നെ വിശുദ്ധീകരിക്കട്ടെ. ഇതാ, ഞാൻ വേഗം വരുന്നു; ഓരോരുത്തനു അവനവൻറെ പ്രവൃത്തിക്കു തക്കവണ്ണം കൊടുപ്പാൻ പ്രതിഫലം എൻറെ പക്കലുണ്ട് (വെളി. 22:11, 12).-. നീതിമാനും ദുഷ്ടനും തങ്ങളുടെ മർത്ത്യമായ ശരീരത്തോടുകൂടെ ഈ ഭൂമിയിൽ ജീവിച്ചിരിക്കുന്നു. സ്വർഗ്ഗീയ മന്ദിരത്തിൽ തങ്ങളുടെ മാറ്റപ്പെടാനാവാത്ത തീരുമാനം ഉച്ചരിച്ചുകഴിഞ്ഞെന്നറിയാതെ അവർ നട്ടും പണിതും തിന്നും കുടിച്ചും ജീവിക്കുന്നു. ജലപ്രളയത്തിനുമുമ്പ് നോഹ പെട്ടകത്തിനുള്ളിൽ പ്രവേശിച്ചശേഷം ദൈവം പെട്ടകം അടച്ച് അവരെ അകത്തും ദൈവ ഭയമില്ലാത്തവരെ പുറത്തും ആക്കി.

എന്നാൽ അവരുടെ വിധി കഴിഞ്ഞു എന്നറിയാതെ ഏഴ ദിവസം വരാൻപോകുന്ന ന്യായവിധിയെക്കുറിച്ചുള്ള മുന്നറിയിപ്പിനെ അവഹേളിച്ചുകൊണ്ട് സുഖലോലുപതയിലും ശ്രദ്ധയില്ലാതെയും ജീവിച്ചു. “മനുഷ്യപുത്രൻറെ വരവും അങ്ങനെ തന്നെ ആകും” (മത്താ. 24:39) എന്നു രക്ഷകൻ പ്രസ്താവിച്ചിരിക്കുന്നു. അർദ്ധരാത്രിയിൽ ആരും അറിയാതെ കള്ളൻ വരുന്നതുപോലെ ഓരോരുത്തരുടെയും വിധി നിർണ്ണയിക്കുകയും പാപികളായ മനുഷ്യരുടെ കൃപയുടെ വാതിൽ അടയ്ക്കപ്പെടുകയും ചെയ്യുന്നു.

“അവൻ പെട്ടെന്നു വന്ന് നിങ്ങളെ ഉറങ്ങുന്നവരായി കണ്ടെത്താതിരിക്കേണ്ടതിനു ഉണർന്നിരിപ്പിൻ” (മർക്കൊ. 13:35,36). ഉണർന്നിരിക്കുന്നതിൽ ക്ഷീണിതരായി ലോകാകർഷണത്തിലേയ്ക്ക് തിരിയുന്നവരുടെ അവസാനം അപകടകരമത്രെ. വ്യവസായികൾ ലാഭം ഉണ്ടാക്കുന്ന സംരംഭത്തിൽ മുഴുകുമ്പോൾ, സുഖലോലുപർ അതിന്നവസരം തേടുമ്പോൾ, ആഡംബരപ്രിയ അവളുടെ അലങ്കാരവസ്തുക്കൾ കമീകരിക്കുമ്പോൾ ആ സമയത്തായിരിക്കും ലോകത്തിൻറെ ന്യായാധിപൻ ഇപ്രകാരം പ്രസ്താവിക്കുന്നത്: “തുലാസിൽ നിന്നെ

ളുക്കി കുറവുള്ളവനായി കണ്ടിരിക്കുന്നു.’
(ദാനീ. 5:27).

# അദ്ധ്യായം 29—പാപത്തിൻറെ ഉത്ഭവം

പാപത്തിൻറെ ഉത്ഭവവും അതിൻറെ നിലനില്പിൻറെ കാരണവും അനേക മനസ്സുകളെയും ഉല്ക്കണ്ഠാകുലരാക്കുന്നു. അവർ പാപപ്രവൃത്തിയുടെ ദുരിതവും ശൂന്യതയും കണ്ട് അളവില്ലാത്ത പരിജ്ഞാനവും ശക്തിയും സ്നേഹവും നിറഞ്ഞ ദൈവത്തിൻറെ സർവ്വാധിപത്യത്തിൽ ഇതെങ്ങനെ നിലനില്ക്കുന്നുവെന്ന് ചോദിക്കുന്നു. അത് വിശദീകരണമില്ലാത്ത ഒരു മർമ്മമായി അവർ കാണുന്നു. അവരുടെ സംശയത്തിലും അനിശ്ചിതത്വത്തിലും രക്ഷയ്ക്കനിവാര്യമായ സത്യം തിരുവചനത്തിൽ വെളിപ്പെടുത്തിയിരിക്കുന്നതു അവർ

കാണുന്നില്ല. പാപത്തിൻറെ
നിലനില്പിനെ സംബന്ധിച്ചുള്ള
അന്വേഷണത്തിൽ ദൈവം ഒരിക്കലും
വെളിപ്പെടുത്തിയിട്ടില്ലാത്തവ
പരിശോധിക്കുന്നവർ തങ്ങളുടെ
സംശയങ്ങൾക്ക് അഥവാ
പ്രതിബന്ധങ്ങൾക്ക് വിശദീകരണം
ലഭിക്കാ ത്തതുമൂലം തിരുവചനം
നിരസിക്കുന്നു. മറ്റുള്ളവർക്കു തിന്മയുടെ
ഭയങ്കര പ്രശ്നത്തിനു തൃപ്തികരമായ അറിവു
ലഭിക്കാത്തതിനു കാരണം പാരമ്പര്യവും
തെറ്റായ വ്യാഖ്യാനവുംമൂലം
ദൈവസ്വഭാവത്തെയും തൻറെ ഭരണ
പ്രകൃതിയെയും പാപത്തെ കൈകാര്യം
ചെയ്യുന്ന തൻറെ രീതിയെയുംകുറിച്ചു
ബൈബിൾ എന്തു പഠിപ്പിക്കുന്നു

എന്നുള്ളതു
മറഞ്ഞുകിടക്കുന്നതിനാലാണ്.

പാപത്തിൻറെ ഉത്ഭവമോ, അതിൻറെ
നിലനില്പിൻറെ കാരണമോ വിശ
ദീകരിക്കാൻ അസാദ്ധ്യമാണ്. എങ്കിലും
പാപത്തിൻറെ ഉത്ഭവത്തെക്കുറിച്ചും
അതിൻറെ അവസാന
നിർമ്മാർജ്ജനത്തെക്കുറിച്ചും
അതിൽ ദൈവത്തിൻറെ
നീതിയെക്കുറിച്ചും കൃപയെക്കുറിച്ചും
ആവശ്യത്തിനറിയാൻ കഴിയും.
പാപത്തിൻറെ പ്രവേശനത്തിനു ദൈവം
യാതൊരു വിധത്തിലും ഉത്തരവാദി
അല്ലെന്നും ദൈവകൃപ
അനിയന്ത്രിതമായി
പിൻവലിക്കപ്പെട്ടിട്ടില്ലെന്നും

ദൈവിക ഭരണത്തിൽ ഒരു ന്യൂനതയും ഇല്ലെന്നുമുള്ളതിനാൽ മത്സരം ഉണ്ടാകേണ്ട കാര്യമില്ലായിരുന്നുവെന്നും തിരുവചനം വ്യക്തമായി പഠിപ്പിക്കുന്നു. പാപം ഒരു നുഴഞ്ഞുകയറ്റക്കാരനും അതിൻറെ ആവിർഭാവത്തിന്നൊരു കാരണവും നൽകാനുമല്ല. അകാരണമായ ഒരു മർമ്മമാണത്! അതു ക്ഷമിക്കുന്നത് അതിനെ ന്യായീകരിക്കലാണ്. അതിന് ഒഴികഴിവു കണ്ടുപിടിക്കയോ അഥവാ അതിൻറെ നിലനില്പിനു കാരണം കണ്ടുപിടിക്കയോ ചെയ്യുന്നത് അതിനെ പാപം അല്ലാതാക്കുകയാണ്. അതു ദൈവിക ഭരണകൂടത്തിൻറെ അടിസ്ഥാനമായ വലിയ സ്നേഹനിയമത്തിൻറെ തത്വത്തോടുള്ള

യുദ്ധമാണ്. പാപത്തെക്കുറിച്ചുള്ള നമ്മുടെ ഏക നിർവ്വചനം, “കല്പനാലംഘനം പാപം” എന്ന വേദപുസ്തകം പറയുന്നത് മാത്രമാണ്.

പാപത്തിൻറെ ആവിർഭാവത്തിനുമുമ്പ് അഖിലാണ്ഡം മുഴവൻ സമാധാനവും സന്തോഷവും നിറഞ്ഞതായിരുന്നു. എല്ലാം സ്രഷ്ടാവിൻറെ ഇഷ്ടാനുസരണം ആയിരുന്നു. ദൈവത്തോടുള്ള സ്നേഹം പരമപ്രധാനമായിരുന്നു. മറ്റുള്ളവരോടുള്ള സ്നേഹം പക്ഷപാതരഹിതവുമായിരുന്നു. ദൈവത്തിൻറെ ഏകജാതൻ നിത്യ പിതാവിനോടുകൂടെയായിരുന്നു സ്വഭാവത്തിലും ഉദ്ദേശത്തിലും പ്രകൃതത്തിലും- ദൈവത്തിൻറെ എല്ലാ

ആലോചനകളിലും പ്രവേശിക്കാൻ കഴിയുന്ന അഖിലാണ്ഡത്തിലെ ഏക വ്യക്തി ക്രിസ്തു മാത്രമായിരുന്നു. സ്വർഗ്ഗീയവാസികളുടെ സൃഷ്ടിപ്പും പിതാവു ക്രിസ്തുമൂലം നിർവ്വഹിച്ചു. "സ്വർഗ്ഗത്തിലുള്ളതും ഭൂമിയിലുള്ളതും ദൃശ്യമായതും അദൃശ്യമാ യതും സിംഹാസനങ്ങൾ ആകട്ടെ അധികാരങ്ങൾ ആകട്ടെ കർതൃത്വങ്ങളാകട്ടെ വാഴ്ചകൾ ആകട്ടെ സകലവും അവൻ മുഖാന്തരം സൃഷ്ടിക്കപ്പെട്ടു" (കൊലൊ. 1:16). ക്രിസ്തു പിതാവിനു സമനായവനും സ്വർഗ്ഗം മുഴുവനും ആദരിച്ചിരുന്നവനുമായിരുന്നു.

ദൈവത്തിൻറെ ഭരണകൂടത്തിൻറെ അടിസ്ഥാനം സ്നേഹത്തിൻറെ

നിയമമാകയാൽ സകലരുടെയും സന്തോഷം നീതിയുടെ വലിയ തത്വങ്ങളോടുള്ള പരിപൂർണ്ണ യോജിപ്പിനെ ആശ്രയിച്ചിരിക്കുന്നു. ദൈവം തൻറെ എല്ലാ സൃഷ്ടികളിലും നിന്നാഗ്രഹിക്കുന്നത് സ്നേഹത്തിൻറെ സേവനമാണ്-- ദൈവത്തിൻറെ സ്വഭാവത്തെ ആത്മാർത്ഥമായി അഭിനന്ദിക്കുന്നതിൽ നിന്നുള്ള ആരാധനയാണ്. ദൈവം എല്ലാവർക്കും സ്വാതന്ത്ര്യം നല്കിയിരിക്കുന്നു. തന്നെ ആരാധിക്കുവാൻ ആരെയും നിർബന്ധിക്കുന്നില്ല. എല്ലാവരും സ്വമേധയാ സ്നേഹാന്വിതമായ സേവനം നല്കണമെന്നാണ് തൻറെ ആഗ്രഹം.

എന്നാൽ ഈ സ്വാതന്ത്ര്യത്തെ ദുർവ്വിനിയോഗം ചെയ്യുവാൻ ഒരാൾ തീരുമാനിച്ചു. അവനിലാണു പാപത്തിൻറെ ഉത്ഭവം. സ്വർഗ്ഗീയവാസികളുടെ ഇടയിൽ ഏറ്റവും ശക്തിയും മഹത്വവും ദൈവം അവനു നല്കി. അവൻ ക്രിസ്തുവിനു സമീപം നിന്നു. വീഴ്ചയ്ക്കുമുമ്പ് ലൂസിഫർ മറെയ്ക്കുന്ന കെരൂബുകളിൽ ഒന്നാമനും വിശുദ്ധനും നിഷ്കളങ്കനും ആയിരുന്നു. “യഹോവയായ കർത്താവ് ഇപ്രകാരം അരുളിച്ചെയ്യുന്നു! നീ മാതൃകാ മുദ്ര ആകുന്നു; നീ ജ്ഞാനസമ്പൂർണ്ണനും സൗന്ദര്യസമ്പൂർണ്ണനും തന്നെ. നീ ദൈവത്തിൻറെ തോട്ടമായ ഏദെനിലായിരുന്നു... സകല രത്നങ്ങളും നിന്നെ മൂടിയിരുന്നു... “നീ ചിറകു

വിടർത്തി മറയ്ക്കുന്ന കെരൂബ് ആകുന്നു; ഞാൻ നിന്നെ വിശുദ്ധ ദേവപർവ്വതത്തിൽ ഇരുത്തിയിരുന്നു; നീ അഗ്നിമയരഥങ്ങ ളുടെ മദ്ധ്യ സഞ്ചരിച്ചുപോന്നു. നിന്നെ സൃഷ്ടിച്ച നാൾ മുതൽ നിങ്കൽ നീതി കേട്ട കണ്ടതുവരെ നീ നടപ്പിൽ നിഷ്കളങ്കനായിരുന്നു" (യെഹെ. 28:12-15).

ലൂസിഫറിൻറെ ശ്രേഷ്ഠശക്തി മറ്റുള്ളവരെ അനുഗ്രഹിപ്പാനും അവൻറെ സ്രഷ്ടാവിനെ മഹത്വപ്പെടുത്തുവാനും ഉപയോഗിച്ചിരുന്നുവെങ്കിൽ അവൻ ദൈവത്തിൻറെ പ്രിയനും സ്വർഗ്ഗീയ ദൂതന്മാരാൽ ബഹുമാനിക്കപ്പെടുന്നവനും ആയി നിലനില്ക്കുമായിരുന്നു.

എന്നാൽ പ്രവാചകൻ പറയുന്നു :
"നിൻറെ സൗന്ദര്യം നിമിത്തം നിൻറെ
ഹൃദയം ഗർവ്വിച്ചു; നിൻറെ പ്രഭ
നിമിത്തം നീ നിൻറെ ജ്ഞാനത്തെ
വഷളാക്കി" (യെഹ. 28:17).
ലൂസിഫറിൻറെ മനസ്സിൽ അല്പാല്പം
സ്വയമഹിമയ്ക്കായി ആഗ്രഹിച്ചു. "നീ
ദൈവഭാവം നടിക്ക യാൽ" (വാക്യം 6).
"ഞാൻ സ്വർഗ്ഗത്തിൽ കയറും; എൻറെ
സിംഹാസനം ദൈവത്തിൻറെ
നക്ഷത്രങ്ങൾക്കു മീതെ വെക്കും;
ഉത്തരദിക്കിൻറെ അതിർത്തിയിൽ
സമാഗമ പർവ്വതത്തിന്മേൽ ഞാൻ
ഇരുന്നരുളും; ഞാൻ മേലോന്ന
തങ്ങൾക്കു മീതെ കയറും; ഞാൻ
അത്യുന്നതനോടു സമനാകും" (യെശ.
14:13,14). എല്ലാ സൃഷ്ടികളുടെയും

സ്നേഹവും കൂറും പരമാവധി ദൈവത്തിനു നല്കുവാൻ ശ്രമിക്കുന്നതിനുപകരം ലൂസിഫറിൻറെ ശ്രമം അവരുടെ സേവനവും ആരാധനയും തന്നിലേക്കാക്കുവാനായിരുന്നു. നിത്യപിതാവു തൻറെ പുത്രനു നല്കിയ ബഹുമതി മോഹിച്ച് ദൈവദൂതന്മാരുടെ തലവൻ, ക്രിസ്തുവിനുമാത്രം അവകാശപ്പെട്ട, ശക്തിയും മഹത്വവും കൈവശമാക്കുവാൻ ശ്രമിച്ചു.

സ്വർഗ്ഗം മുഴുവനും സ്രഷ്ടാവിൻറെ മഹത്വം പ്രതിഫലിപ്പിക്കുന്നതിൽ സന്തുഷ്ടരായി തന്നെ സ്തുതിച്ചുകൊണ്ടിരുന്നു. ദൈവത്തെ ഇങ്ങനെ മാനിച്ചപ്പോൾ എല്ലാവർക്കും സമാധാനവും സന്തോഷവും

നിറഞ്ഞിരുന്നു. എന്നാൽ ഒരു മത്സര
അടയാളം സ്വർഗ്ഗീയ ഐക്യത്തിനു
കളങ്കം വരുത്തി. സ്വയത്തെ
ഉയർത്തുകയും വളർത്തുകയും
ചെയ്യുന്നതു ദൈവത്തിൻറെ പദ്ധതിക്കു
എതിരാകയാൽ ദൈവമഹത്വം
പരമോന്നതമായിരുന്ന മനസ്സിൽ
തിന്മയുടെ അനിഷ്ട സൂചന തലപൊക്കി.
സ്വർഗ്ഗീയ കൗൺസിൽ ലൂസിഫറുമായി
സംവാദം നടത്തി. ദൈവപുത്രൻ
സ്രഷ്ടാവിൻറെ നീതിയും നന്മയും
മാഹാത്മ്യവും തൻറെ നിയമത്തിൻറെ
വിശുദ്ധിയും സുസ്ഥിരതയും അവൻറെ
മുമ്പാകെ വ്യക്തമാക്കി. സ്വർഗ്ഗത്തിലെ
നിയമങ്ങൾ ദൈവം തന്നെയാണു
നിലവിലാക്കിയത്, അതിൽ നിന്നു
വ്യതിചലിക്കുന്നതുമൂലം ലൂസിഫർ

അവൻറെ സ്രഷ്ടാവിനെ അവഗണിക്കുകയും സ്വയം നാശം വരുത്തിവയ്ക്കുകയും ചെയ്തു. എന്നാൽ അളവറ്റ സ്നേഹത്തിലും കരുണയിലും മുന്നറിയിപ്പു നല്കിയെങ്കിലും എതിർപ്പു വർദ്ധിക്ക മാത്രം ചെയ്തു. ലൂസിഫർ ക്രിസ്തുവിനോടുള്ള അസൂയ നിലനിറുത്തുകയും കൂടുതൽ വർദ്ധിപ്പിക്കുകയും ചെയ്തു.

സ്വന്ത മഹത്വത്തിലുള്ള അഹങ്കാരം വളർത്തി പരമാധികാരം ആഗ്രഹിച്ചു. ലൂസിഫറിനു നല്കിയ ഉന്നത പദവി ദൈവത്തിൻറെ ദാനമാണെന്നവൻ അഭിനന്ദിക്കുകയോ സ്രഷ്ടാവിനോടു കൃതജ്ഞത കാട്ടുകയോ ചെയ്തില്ല. അവൻറെ ശോഭയിലും ഉയർച്ചയിലും

അവൻ അഹങ്കരിക്കുകയും ദൈവത്തിനു സമനാകുവാൻ ആഗ്രഹിക്കുകയും ചെയ്തു. അവൻ സ്വർഗ്ഗീയ സൈന്യങ്ങൾക്കു പ്രിയനും ആദരണീയനുമായിരുന്നു. അവൻറെ കല്പനകൾ നടപ്പാക്കുന്നതിൽ ദൂതന്മാർ സന്തുഷ്ടരുമായിരുന്നു. മറ്റെല്ലാവരെക്കാളും അവൻ ജ്ഞാനവും മഹത്വവും അണിഞ്ഞിരുന്നു. എന്നാൽ പിതാവിനോടൊപ്പം അധികാരത്തിലും ശക്തിയിലും സമനായി അംഗീകരിക്കപ്പെട്ടിരുന്ന ഭരണാധിപൻ ദൈവപുത നായിരുന്നു. ദൈവത്തിൻറെ എല്ലാ ആലോചനകളിലും ക്രിസ്തു ഉൾപ്പെട്ടിരുന്നു. എന്നാൽ ലൂസിഫറിന് അതിന് അനുവാദമില്ലായിരുന്നു. അങ്ങനെ അവനു ദിവ്യ ഉദ്ദേശങ്ങളിലും ആലോചനകളിലും

പ്രവേശനമില്ലായിരുന്നു. "എന്തു കൊണ്ട് ക്രിസ്തുവിനു ഈ പരമാധികാരം നല്കി"? എന്ന് ഈ ശക്തനായ ദൈവദൂതൻ, ചോദ്യം ചെയ്തു. ലൂസിഫറിനെക്കാൾ അധികമായി ഇങ്ങനെ ക്രിസ്തു മാനിക്കപ്പെടുന്നത് എന്തുകൊണ്ട്?"

ദൈവത്തിൻറെ ഏറ്റവും സമീപം ആയിരിക്കുന്നവർ മറ്റ് ദൂതന്മാരുടെ ഇടയിൽ അസംതൃപ്തിയുടെ ആത്മാവിനെ പ്രചരിപ്പിക്കുവാൻ പുറപ്പെട്ടു. കുറെ സമയം അവൻറെ യഥാർത്ഥ ഉദ്ദേശം മറച്ചുവെച്ച് ദൈവത്തോടുള്ള ഭക്ത്യാദരവുകളുടെ വേഷത്തിൽ സ്വർഗ്ഗീയരെ ഭരിച്ചുവന്ന നിയമങ്ങളുടെമേൽ അതൃപ്തി ഉളവാക്കുകയും അവരുടെ മേൽ

അനാവശ്യമായ ഒരു വിലക്ക് ഏർപ്പെടുത്തിയിരിക്കുകയും ചെയ്തിരിക്കുന്നവെന്ന് ധരിപ്പിച്ചു. അവരുടെ പ്രകൃതി വിശുദ്ധമാകയാൽ അവർ സ്വന്തം മനസ്സാക്ഷിക്കനുസരിച്ച നിയമം പാലിച്ചാൽ മതിയെന്നവൻ പ്രചരിപ്പിച്ചു. പരമോന്നത ബഹുമാനം ക്രിസ്തുവിനു നല്കിയതിൽ ദൈവം അവനോടു അനീതി കാട്ടിയെന്നുള്ള സഹതാപം സ്വർഗ്ഗീയരുടെ ഇടയിൽനിന്നു പിടിച്ചുപറ്റാൻ അവൻ ശ്രമിച്ചു. അവൻ കൂടുതൽ അധികാരവും ബഹുമാനവും കാംക്ഷിക്കുന്നതു സ്വയത്തെ ഉയർത്തുന്നതിനല്ല പ്രത്യുത സ്വർഗ്ഗീയവാസികൾക്കെല്ലാം സ്വാതന്ത്ര്യവും ഉന്നത നിലയും പ്രാപിക്കാനാണു താൻ

ശ്രമിക്കുന്നതെന്ന് അവൻ അവകാശപ്പെട്ടു.

ദൈവം തൻറെ മഹാകരുണയിൽ ദീർഘനാൾ ലൂസിഫറിനോട് മുഷിഞ്ഞില്ല. അവൻ അസന്തുഷ്ടി പ്രകടിപ്പിച്ച ഉടനെ അവനെ അവൻറെ ഉന്നത സ്ഥാനത്തുനിന്നും ബഹിഷ്കരിച്ചില്ല. ദീർഘനാൾ ആ സ്ഥാനം വഹിച്ചു കൊണ്ട് അവൻറെ കുപ്രചരണങ്ങൾ ദൈവത്തോടു കൂറുള്ള ദൂതന്മാരുടെ ഇടയിൽ നടത്തിക്കൊണ്ടിരുന്നു. ദീർഘനാൾ അവൻ സ്വർഗ്ഗത്തിൽതന്നെ കഴിയാൻ അനുവദിച്ചു. മാനസാന്തരവും അനുസരണവും ഉണ്ടായാൽ അവനോടു ക്ഷമിക്കുവാൻ ദൈവം വീണ്ടും വീണ്ടും

ശ്രമിച്ചു. നിത്യസ്നേഹത്തിനും ജ്ഞാനത്തിനും മാത്രമെ അപകാരമുള്ള ശ്രമം ആസൂത്രണം ചെയ്ത് അവൻറെ തെറ്റിനെ അവനു ബോദ്ധ്യപ്പെടുത്തുവാൻ കഴികയുള്ളൂ. അസംതൃപ്തിയുടെ മനോഭാവം മുമ്പ് സ്വർഗ്ഗത്തിൽ ഉണ്ടായിരുന്നില്ല. ലൂസിഫർ തന്നെയും തൻറെ യഥാർത്ഥ നില മോശപ്പെട്ടുകയാണെന്ന് ആദ്യം മനസ്സിലാക്കിയില്ല. എന്നാൽ അവൻറെ അസംതൃപ്തി കാരണം ഇല്ലാത്തതാണെന്നു വ്യക്തമാക്കപ്പെട്ടു. ലൂസിഫർ ചെയ്തതു തെറ്റാണെന്നും ദൈവിക അധികാരം നീതിയുള്ളതാണെന്നും അതിനാൽ അവൻ സ്വർഗ്ഗത്തിന്റെ മുമ്പിൽ അതംഗീകരിക്കേണ്ടതാണെന്നും അവനു

ബോദ്ധ്യമായി. അവനതു
ചെയ്തിരുന്നെങ്കിൽ അവനെത്തന്നെയും
അവനോടുചേർന്ന അനേക
ദൂതന്മാരെയും രക്ഷിക്കാമായിരുന്നു.
അപ്പോൾ അവൻ ദൈവത്തോടുള്ള
ഭക്തി പരിപൂർണ്ണമായി ഉപേക്ഷിച്ചില്ല.
മറെയ്ക്കുന്ന കെരൂബ് എന്നുള്ള തൻറെ
സ്ഥാനം ഉപേക്ഷിച്ചെങ്കിലും അവൻ
മടങ്ങിവന്ന് സ്രഷ്ടാവിൻറെ ജ്ഞാനത്തെ
അംഗീകരിച്ച് ദൈവത്തിൻറെ
പദ്ധതിയിൽ അവനു നല്കിയിരുന്ന
സ്ഥാനത്തിൽ തൃപ്തനാ യിരുന്നെങ്കിൽ
അവൻറെ സ്ഥാനത്തുതന്നെ വീണ്ടും
തുടരുകയും ചെയ്യാമാ യിരുന്നു. എന്നാൽ
കീഴടങ്ങുവാൻ അഹങ്കാരം അവനെ
അനുവദിച്ചില്ല. തൻറെ ഗതിയെ
നിരന്തരം അവൻ ന്യായീകരിക്കുകയും

മാനസാന്തരത്തിൻറെ ആവശ്യമില്ലെന്നുള്ള നിലയിലെത്തുകയും സ്രഷ്ടാവിനെതിരായിട്ടുള്ള വൻപോരാട്ടത്തിനു പൂർണ്ണമായി സ്വയം അർപ്പിക്കുകയും ചെയ്തു.

അവൻറെ മേധാവിത്വശക്തി മുഴുവൻ തൻറെ കീഴിലുള്ള ദൂതന്മാരുടെ സഹതാപം ആർജ്ജിക്കുവാൻ വഞ്ചനാപ്രവർത്തനങ്ങളിൽ ഉപയോഗിച്ചു. ക്രിസ്തു നല്കിയ മുന്നറിയിപ്പും ഉപദേശങ്ങളും അവൻറെ രാജ്യദ്രോഹപര മായ പദ്ധതികൾക്കുപകരിക്കത്തക്ക രീതിയിൽ വികൃതമാക്കി. അവനോടു കൂടുതൽ സ്നേഹാദരവു കാട്ടിയവരോടു സാത്താൻ പറഞ്ഞത് അവൻ തെറ്റായി

വിധിക്കപ്പെട്ടുവെന്നും തൻറെ സ്ഥാനം മാനിക്കപ്പെടുന്നില്ലെന്നും അവൻറെ സ്വാതന്ത്ര്യം എടുത്തുകളയുന്നുവെന്നും ആണ്. ക്രിസ്തുവിൻറെ വാക്കുകളെ തെറ്റിദ്ധരിപ്പിച്ച് നേരിട്ടു കള്ളം പറഞ്ഞ് സ്വർഗ്ഗീയരുടെ മുമ്പിൽ ദൈവപുത്രനെ അപമാനിക്കുവാൻ അവൻ പദ്ധതി ആവിഷ്കരിച്ചു. ദൈവത്തോടു കൂറുള്ള ദൂതന്മാരുടെയും അവൻറെ അനുയായികളുടെയും ഇടയിൽ ഒരു തെറ്റായ വാദമുഖം കൊണ്ടുവരുവാൻ അവൻ ശ്രമിച്ചു. തകിടം മറിച്ചു പൂർണ്ണമായി തൻറെ വശത്താക്കാൻ കഴിയാഞ്ഞവർ സ്വർഗ്ഗവാസികളുടെ താല്പര്യത്തിൽ ഉത്സാഹമില്ലാത്തവരാണെന്നവൻ കുറ്റം വിധിച്ചു. അവൻ ചെയ്യുന്നതിൻറെ

എല്ലാം കുറ്റം ദൈവത്തോടു വിശ്വസ്തരായ ദൂതന്മാരുടെമേൽ ആരോപിച്ചു. അവനോടു ദൈവം കാട്ടുന്നത് അനീതിയാണെന്ന് സ്ഥിരീകരിക്കാൻ ദൈവത്തിൻറെ വാക്കുകളും പ്രവൃത്തിയും അവൻ തെറ്റായി അവതരിപ്പിച്ചു. ദൈവത്തിൻറെ ഉദ്ദേശങ്ങളെ സംബന്ധിച്ച് ദൂതന്മാരുടെ ഇടയിൽ ചിന്താക്കുഴപ്പം ഉണ്ടാക്കുന്ന സൂക്ഷ്മമായ വാദപ്രതിവാദം ഉന്നയിക്കുന്ന തവൻറെ ഒരു ഉപായം ആയിരുന്നു. യഹോവയുടെ വളരെ വ്യക്തമായ പ്രസ്താവനകളെ അവൻ വികടവും അവ്യക്തവുമാക്കി അതിൽ സംശയം ഉണ്ടാക്കിയിരുന്നു. ദൈവിക ഭരണകൂടത്തോടു ഏറ്റം അടുത്ത ബന്ധമുള്ള സ്ഥാനം അവനുണ്ടായിരുന്നതിനാലും അവൻറെ

മാതൃകയ്ക്ക് കൂടുതൽ ശക്തി ഉണ്ടായിരുന്നതിനാലും പലരും സ്വർഗ്ഗത്തിലെ അധികാരത്തോടുള്ള മത്സരത്തിൽ അവനോടു ചേർന്നു.

ദൈവം തൻറെ ജ്ഞാനത്തിൽ സാത്താൻറെ അസംതൃപ്തി ശക്തമായ മത്സരത്തിൽ എത്തുന്നതുവരെ അവൻറെ പ്രവർത്തനം തുടരുവാൻ അനു വദിച്ചു. അവൻറെ പദ്ധതിയുടെ യഥാർത്ഥ സ്വഭാവവും പ്രവണതയും എല്ലാ വർക്കും കാണണമെങ്കിൽ അവ പൂർണ്ണമായി വികസിക്കേണ്ടതാവശ്യമായിരുന്നു. മറയ്ക്കുന്ന കെരൂബായി നിയമിതനായിരുന്ന ലൂസിഫറിനെ ശേഷം പദവിയിൽ സ്വർഗ്ഗത്തിലുള്ളവരെല്ലാം

സ്നേഹിച്ചിരുന്നു. അവരിൽ അവൻറെ
പ്രേരണാശക്തി വളരെ
കൂടുതലുമായിരുന്നു. ദൈവത്തിൻറെ
ഭരണകൂടത്തിൽ ഉൾപ്പെട്ടിരുന്നതു
സ്വർഗ്ഗീയ വാസികൾ
മാത്രമായിരുന്നില്ല പിന്നെയോ ദൈവം
സൃഷ്ടിച്ച എല്ലാ
ലോകങ്ങളുമുൾക്കൊള്ളുന്നു.
സാത്താൻ കരുതിയത്
സ്വർഗ്ഗീയദൂതരെയെല്ലാം തൻറെ
കൂടെ മത്സരത്തിൽ
ഉൾപ്പെടുത്തിയാൽ മറ്റു
ലോകങ്ങളിലുള്ളവരെയും തൻറെ
പക്ഷത്താക്കാമെന്നാണ്. തൻറെ വശം
വളരെ കൗശലപൂർവ്വം കള്ള
ന്യായങ്ങളും വഞ്ചനകളും കലർത്തി
അവൻ അവതരിപ്പിച്ചു. വഞ്ചിക്കുവാനുള്ള

അവൻറെ ശക്തി വളരെ വലുതായിരുന്നു. തൻറെ ആൾമാറാട്ട പ്രവർത്തനം അവനു വളരെ ഗുണകരമായിരുന്നു. വിശ്വസ്തരായ ദൂതന്മാർക്കുതന്നെയും അവൻറെ സ്വഭാവം പൂർണ്ണമായി ഗ്രഹിക്കുവാനോ അവൻറെ വേല എവിടേക്കു നയിക്കുന്നുവെന്നറിയാനോ കഴിഞ്ഞില്ല.

സാത്താൻ വളരെ ശ്രേഷ്ഠമായി മാനിക്കപ്പെട്ടിരുന്നു. അവൻറെ പ്രവർത്തനങ്ങളൊക്കെ നിഗൂഢമായിരുന്നതിനാൽ അവൻറെ സ്വഭാവം തിരിച്ചറിയാൻ ദൂതന്മാർക്കു പ്രയാസമായിരുന്നു. പാപം പൂർണ്ണമായി വളർന്നുയെങ്കിലെ അതു തിന്മയാണെന്നു പ്രത്യക്ഷമാകയുള്ളൂ.

ഇതുവരെ ദൈവത്തിൻറെ പ്രപഞ്ചത്തിൽ അതിനു സ്ഥാനം ഇല്ലായിരുന്നു. വിശുദ്ധ ജീവികൾക്ക് അതിൻറെ സ്വഭാവത്തെയോ ദുഷ്ടതയെക്കുറിച്ചോ അറിവില്ലായിരുന്നു. ദൈവകല്പന ലംഘിക്കുന്നതിൻറെ ഭയങ്കര ഫലം എന്തെന്ന് ഊഹിക്കുവാൻ പോലും കഴിഞ്ഞില്ല. സാത്താൻ ആദ്യം ദൈവഭക്തിയുടെ നാട്യത്തിലാണ് തൻറെ പ്രവർത്തനങ്ങൾ നടത്തിയത്. ദൈവത്തെ ബഹുമാനിക്കുന്നത് താൻ പ്രോത്സാഹിപ്പിക്കുകയും ദൈവത്തിൻറെ ഭരണകൂടത്തിനുറപ്പു വരുത്തുന്നതിനും സ്വർഗ്ഗീയവാസികളുടെ നന്മയ്ക്കുമായിട്ടാണ് താൻ പ്രവർത്തിക്കുന്നതെന്നും അവൻ അവകാശപ്പെട്ടു. അവൻറെ കീഴിലുള്ള

ദൈവദൂതന്മാരുടെ മനസ്സിൽ അസംതൃപ്തി ക്രമേണ കടത്തുകയും അതെ സമയം അസംതൃപ്തിയെ നീക്കം ചെയ്യുവാൻ ശ്രമി ക്കയാണെന്ന മറ്റുള്ളവർക്കു തോന്നത്തക്കതുപോലെ പ്രവർത്തിക്കയും ചെയ്തു. സ്വർഗ്ഗീയ സമാധാനം നിലനിർത്തുവാൻ ദൈവിക ഭരണകൂടത്തിൻറെ നിയമങ്ങളിൽ മാറ്റം വരുത്തേണ്ടതാവശ്യമാണെന്ന് അവൻ വാദിച്ചു.

പാപത്തെ കൈകാര്യം ചെയ്യുന്നതിൽ നീതിയും സത്യവും മാത്രമെ ദൈവത്തിന്ന ചെയ്യുവാൻ കഴിയുമായിരുന്നുള്ളൂ. ദൈവത്തിന്ന ചെയ്യാൻ കഴി യാത്ത വഞ്ചനയും മുഖസ്തുതിയും ചെയ്യുവാൻ

സാത്താനു കഴിഞ്ഞു. ദൈവ ദൂതന്മാരുടെ മുമ്പിൽ ദൈവവചനത്തെ തെറ്റായി അവതരിപ്പിക്കുന്നതിനും ദൈവത്തിൻറെ ഭരണ പദ്ധതികളെ ദുർവ്യാഖ്യാനം ചെയ്യുവാനും അവനു കഴിഞ്ഞു. ദൈവം നീതിമാനല്ലെന്നും നിയമങ്ങളും ചട്ടങ്ങളും സ്വർഗ്ഗവാസി കളുടെമേൽവച്ച് അവരെ അനുസരിപ്പിക്കുന്നത് ദൈവത്തിനു തന്നെത്താനു യരുവാനാണെന്നും അവൻ ആരോപിച്ചു. അതിനാൽ സ്വർഗ്ഗവാസികളുടെ മുമ്പിലും മറ്റു ലോകങ്ങളിലും ദൈവത്തിൻറെ ഭരണം നീതിപൂർവ്വമുള്ളതും കല്പനകൾ തികവുള്ളതും ആണെന്നു തെളിയിക്കേണ്ടതു ആവശ്യമായിരുന്നു. സാത്താൻ അഖിലാണ്ഡത്തിൻറെ നന്മയെ പുരോഗമിപ്പിക്കയാണെന്നു

മറ്റുള്ളവരെ തോന്നിപ്പിക്കുവാൻ അവൻ ശ്രമിച്ചു. അവൻറെ യഥാർത്ഥ സ്വഭാവവും അവൻറെ ഉദ്ദേശവുമെന്തെന്ന് എല്ലാവരും അറിയണം. അവൻറെ ദുഷ്ടപ്രവർത്തനങ്ങൾ ചെയ്ത് സ്വയം വെളിപ്പെടുത്തുവാൻ അവനു സമയം വേണം.

സ്വർഗ്ഗത്തിൽ ആരംഭിച്ച അവൻറെ മത്സരത്തിനു കാരണം ദൈവത്തിൻറെ ഭരണവും കല്പനയുമാണെന്നവൻ ആരോപിച്ചു. ദിവ്യഭരണത്തിൻറെ ഫലമാണ് സകല തിന്മയുടെയും ഉത്ഭവമെന്നവൻ പ്രസ്താവിച്ചു. യഹോവയുടെ ചട്ടങ്ങളുടെ സ്ഥിതി മെച്ചമാക്കുകയാണവൻറെ ലക്ഷ്യമെന്നവൻ അവകാശപ്പെട്ടു.

അതിനാൽ അവൻറെ അവകാശവാദം തെളിയിക്കുവാൻ ദൈവകല്പനയിൽ മാറ്റം വരുത്തേണ്ടതാവശ്യമാണെന്നു അവൻ നിർദ്ദേശിച്ചു. അവൻറെ സ്വന്ത പ്രവൃത്തിതന്നെ അവനെ കുറ്റവാളിയാക്കി. ആരംഭം മുതലെ സാത്താൻ അവകാശപ്പെടുന്നതു അവൻ മത്സരിക്കുന്നില്ലെന്നാണ്. അഖിലാണ്ഡം മുഴുവനും വഞ്ചകനെ മൂടുപടം ഇല്ലാതെ കാണണം.

അവനു സ്വർഗ്ഗത്തിൽ തുടരാൻ സാദ്ധ്യമല്ലെന്നു തീരുമാനിച്ചപ്പോൾ ദൈവത്തിൻറെ അപ്രമേയ ജ്ഞാനം സാത്താനെ നശിപ്പിച്ചില്ല. സ്നേഹത്തിൽ നിന്നുള്ള സേവനം മാത്രമെ ദൈവം അംഗീകരിക്കുന്നുള്ളൂ. തൻറെ സൃഷ്ടിക

ളൂടെ ഭക്തി ദൈവത്തിൻറെ നീതിയിലും കൃപയിലുമുള്ള ദൃഢവിശ്വാസത്തിൽ നിന്നുള്ളതായിരിക്കണം. സ്വർഗ്ഗീയരും മറ്റുലോകരും പാപത്തിൻറെ സ്വഭാവമോ ഫലമോ മനസ്സിലാക്കാൻ ഒരുക്കമെല്ലായിരുന്നു. സാത്താനെ നശിപ്പിച്ചിരുന്നെങ്കിൽ ദൈവത്തിൻറെ കരുണയും നീതിയും കാൺമാനും കഴിയുമായിരുന്നില്ല. ഉടൻതന്നെ അവനെ നശിപ്പിച്ചിരുന്നെങ്കിൽ അവർ ദൈവത്തെ സ്നേഹത്തിനുപകരം ഭയം മൂലമെ സേവിക്കുമായിരുന്നുള്ളൂ. വഞ്ചകൻറെ പ്രേരണാശക്തി നശിപ്പിക്കുവാനും മത്സരത്തിൻറെ ആത്മാവിനെ പരിപൂർണ്ണമായി നീക്കം ചെയ്യുവാനും സാധിക്കയില്ലായിരുന്നു. തിന്മ അതിൻറെ പൂർണ്ണ വളർച്ച പ്രാപി

ക്കാൻ അനുവദിക്കണം.
പ്രപഞ്ചത്തിൻറെ നിത്യമായ നന്മയ്ക്കു
സാത്താൻ അവൻറെ തത്വങ്ങൾ
വികസിപ്പിച്ച് ദൈവത്തിൻറെ
ഭരണത്തിനെതിരായി ഉന്നയിക്കുന്ന
ആരോപണങ്ങളെ അതിൻറെ
യഥാർത്ഥ വെളിച്ചത്തിൽ സർവ്വ സൃഷ്ടി
കളും കാണുകയും ദൈവത്തിൻറെ
നീതിയും കരുണയും ദൈവകല്പന കളുടെ
സുസ്ഥിരതയും എന്നേക്കും ചോദ്യം
ചെയ്യപ്പെടാതിരിക്കയും വേണം.

സാത്താൻറെ മത്സരം
പ്രപഞ്ചത്തിനൊരു പാഠമായി എന്നേയ്ക്കും
നില കൊള്ളുകയും പാപത്തിൻറെ
സ്വഭാവത്തിനും അതിൻറെ
ഭവിഷ്യത്തിനും ഒരു ശാശ്വത

സാക്ഷ്യമായിരിക്കയും ചെയ്യും. സാത്താൻറെ നിയമങ്ങൾ അനുസരിക്കുന്നതും അതിൻറെ ഫലം മനുഷ്യരിലും ദൂതന്മാരിലും കാണുന്നതും ദൈവീക അധികാരത്തെ അവഗണിക്കുന്നതുമൂലമാണെന്നു കാണാം. ദൈവത്തിൻറെ ഭരണവും, കല്പനകളും നിലനില്ക്കുന്നതു താൻ സൃഷ്ടിച്ച എല്ലാവരുടെയും നന്മയ്ക്കാണെന്നു സാക്ഷ്യം വഹിക്കുന്നു. ഇങ്ങനെ മത്സരത്തിൻറെ ചരിത്രം സകല ബുദ്ധിജീവികൾക്കും അവർ വഞ്ചിക്കപ്പെടാതിരിക്കുന്നതിനും പാപം ചെയ്യാതിരിക്കാനും അതിൻറെ ശിക്ഷാവിധിയിൽ കഷ്ടപ്പെടാതിരിക്കാനും ഒരു സുരക്ഷാ നടപടി ആയിരിക്കണം.

സ്വർഗ്ഗത്തിലെ വൻ വിവാദത്തിൻറെ അവസാനത്തിൽ സാത്താൻ സ്വയം നീതീകരിച്ചുകൊണ്ടിരുന്നു. സാത്താനെയും അവനോടനുകൂലിക്കുന്നവരെയും സ്വർഗ്ഗത്തിൽനിന്നു ബഹിഷ്ക്കരിക്കുന്നുവെന്നു പ്രസ്താവിച്ചപ്പോൾ മത്സര നേതാവ് ദൈവകല്പനയോടു ധൈര്യമായി വെറുപ്പു പ്രകടിപ്പിച്ചു. ദൂതന്മാ രിൽ നിയന്ത്രണം ആവശ്യമില്ലെന്നും അവരുടെ ഇഷ്ടത്തിനു വിട്ടാൽ അവർ എപ്പോഴും ശരിയായി നയിക്കപ്പെടുമെന്നുമുള്ള തൻറെ അവകാശവാദം അവൻ ആവർത്തിച്ചു പറഞ്ഞു. ദൈവകല്പന അവരുടെ സ്വാതന്ത്ര്യത്തിനു തടസ്സമാ ണെന്നും

അതു നീക്കം ചെയ്താൽ സ്വർഗ്ഗീയസൈന്യം ശ്രേഷ്ഠ പദവിയിലും മഹത്വത്തിലും പ്രവേശിക്കുമെന്നുമുള്ളതിനാലാണ് അതിൻറെ നിർമ്മാർജ്ജനം ഉറപ്പുവരുത്താൻ തുനിഞ്ഞത്.

സാത്താനും അവൻറെ അനുയായികളും ഒന്നായിട്ടു തങ്ങളുടെ മത്സര ത്തിൻറെ കുറ്റം മുഴുവനായി ക്രിസ്തുവിന്മേൽ വച്ചു. അവരെ ശാസിച്ചില്ലായിരുന്നെങ്കിൽ ഒരിക്കലും മത്സരിക്കയില്ലായിരുന്നുവെന്നവൻ പ്രസ്താവിച്ചു. അങ്ങനെ അവരുടെ ഭക്തിയില്ലായ്മയിൽ ദുർവ്വാശിയോടും പ്രത്യക്ഷമായ എതിർപ്പോടും ദൈവത്തിൻറെ ഭരണത്തെ തകിടം

മറിക്കുവാൻ വൃഥാ ശ്രമിക്കുകയും തങ്ങൾ
എതിർ ശക്തിയാൽ
പീഡിപ്പിക്കപ്പെടുകയും ഒടുവിൽ
നിരപരാ ധികളാണെന്നു
അവകാശപ്പെടുന്ന മത്സര നേതാവും
അവൻറെ അനുയായി കളും
സ്വർഗ്ഗത്തിൽനിന്നും
ബഹിഷ്കൃതരാവുകയും ചെയ്തു.

സ്വർഗ്ഗത്തിൽ മത്സരം ഉണ്ടാക്കിയ
അതെ ആത്മാവിൽ ഭൂമിയിൽ
മത്സരത്തിനുള്ള പ്രചോദനം നല്കി.
ദൂതന്മാരുടെ ഇടയിൽ ആവർത്തിച്ച
അതെ നയം മനുഷ്യരുടെ ഇടയിലും
സാത്താൻ തുടർന്നു. ഇപ്പോൾ
അവൻറെ ആത്മാവ് അനുസരണംകെട്ട
മക്കളിൽ പ്രവർത്തിക്കുന്നു.

അവനെപ്പോലെ ദൈവകല്പനയിലെ
നിയന്ത്രണം തകർത്തു കളവാൻ
അവരും ശ്രമിക്കുകയും കല്പ്പനാ
ലംഘനം മൂലം മനുഷ്യർക്കു സ്വാതന്ത്ര്യം
വാഗ്ദാനം ചെയ്യുകയും ചെയ്യുന്നു.
പാപത്തെ ശാസിക്കുന്നത്
വെറുപ്പിൻറെയും പ്രതിരോധത്തിൻറെയും
ആത്മാവിനെ ഉണർത്തുന്നു.
ദൈവത്തിൻറെ മുന്നറിയിപ്പിൻ ദൂതുകൾ
മനസ്സാക്ഷിയിൽ എത്തുമ്പോൾ
സാത്താൻ മനുഷ്യരെ സ്വയം
നീതികരിപ്പാൻ പ്രേരിപ്പിക്കു കയും
മറ്റുള്ളവരിൽനിന്നു തങ്ങളുടെ
പാപമാർഗ്ഗത്തിൽ സഹതാപം
അന്വേഷിക്കുകയും ചെയ്യുന്നു. തങ്ങളുടെ
തെറ്റുകളെ തിരുത്താതെ അവർ
തങ്ങളുടെ പ്രയാസങ്ങൾക്കു

കാരണക്കാരൻ തങ്ങളെ ശാസിച്ചവനാണെന്നുള്ള നിലയിൽ കോപം മുഴുവനും അവനിലേക്കു തിരിച്ചുവിടുന്നു. നീതിമാനായ ഹാബേലിൻറെ സമയം മുതൽ ഇന്നുവരെയും പാപത്തെ കുറ്റം വിധിക്കുന്നവരോടുള്ള അവൻറെ മനോഭാവം അങ്ങനെതന്നെയായിരുന്നു.

ദൈവത്തിൻറെ സ്വഭാവത്തെ തെറ്റിദ്ധരിപ്പിച്ച് സ്വർഗ്ഗത്തിൽ മത്സരമുണ്ടാക്കിയ അതെ ആത്മാവിൽ സാത്താൻ ഭൂമിയിലും മനുഷ്യർ പാപം ചെയ്യാൻ പ്രേരിപ്പിച്ചു. അങ്ങനെ ഇതുവരെ അവൻ വിജയിക്കയാൽ ദൈവത്തിൻറെ അനീ തിയായ കർശനനിയമങ്ങളാണു മനുഷ്യരെ

പാപത്തിൽ വീഴ്ത്തിയതെന്നവൻ പ്രസ്താവിച്ചു.

എന്നാൽ തൻറെ സ്വഭാവത്തെക്കുറിച്ചു നിത്യനായ ദൈവംതന്നെ പ്രസ്താവിച്ചു: “യഹോവയായ ദൈവം, കരുണയും കൃപയും ഉള്ളവൻ; ദീർഘക്ഷമയും മഹാദയയും വിശ്വസ്തതയുമുള്ളവൻ, ആയിരം ആയിരത്തിനു ദയ പാലിക്കുന്നവൻ; അകൃത്യവും അതിക്രമവും പാപവും ക്ഷമിക്കുന്നവന് (പുറ. 34:6,7)

സ്വർഗ്ഗത്തിൽനിന്നു സാത്താനെ ബഹിഷ്കരിച്ചതിൽ ദൈവം തൻറെ നീതിയും തൻറെ സിംഹാസനത്തിൻറെ വിലയും പരിരക്ഷിച്ചു എന്നു ദൈവം

പ്രസ്താവിച്ചു. എന്നാൽ വഞ്ചനയാൽ മനുഷ്യർ പാപം ചെയ്തപ്പോൾ ദൈവം തൻറെ സ്നേഹത്തിൻറെ ഒരു തെളിവായി തൻറെ ഏകജാതനായ പുത്രനെ പാപത്തിന്നധീനരായ മനുഷ്യവർഗ്ഗത്തിനുവേണ്ടി മരിപ്പാൻ നല്കി. പാപപരിഹാരത്തിൽ ദൈവത്തിൻറെ സ്വഭാവം വെളിപ്പെടുത്തി. ദൈവത്തിൻറെ ഭരണത്തി നെതിരായിട്ടുള്ള ആരോപണം യാതൊരു പ്രസക്തിയുമില്ലാത്തതാണെന്ന് ക്രൂശിൻറെ ശക്തിയേറിയ വാദം പ്രപഞ്ചത്തിന്നു വ്യക്തമാക്കുന്നു.

ക്രിസ്തുവും സാത്താനും തമ്മിലുള്ള പോരാട്ടം രക്ഷകൻറെ ഭൗമിക

ശ്രുശ്രൂഷയിൽ മഹാവഞ്ചകൻറെ
സ്വഭാവത്തവെളിപ്പെടുത്തി. സ്വർഗ്ഗീയ
ദൂതന്മാരുടെ സ്നേഹത്തിൽനിന്നു
സാത്താനെ വേരോടെ പിഴുതെറിയാൻ
ലോക രക്ഷകന്ന മാത്രമെ കഴിഞ്ഞുള്ളൂ.
അവൻറെ ധൈര്യമായ ദൈവദൂഷണം
ക്രിസ്തു അവനെ
നമസ്കരിക്കണമെന്നുള്ളതായിരുന്നു.
അവൻറെ അഹങ്കാ രവും ധൈര്യവും
മൂലമാണ് ക്രിസ്തുവിനെ ഒരു ഉയർന്ന
മലയിൽ കൂട്ടി ക്കൊണ്ടുപോയതും
ദൈവാലയാഗത്തിൽ കൊണ്ടുപോയതും
താഴേക്കുചാ ടാൻ ആവശ്യപ്പെട്ടതും
അവൻറെ ദുഷ്ട ഉദ്ദേശം സ്പഷ്ടമാക്കി.
അവൻറെ സജീ വമായ ദ്രോഹമനസ്സ്
ഒരു സ്ഥലത്തുനിന്ന് മറ്റൊരു
സ്ഥലത്തേക്കു പിൻചെല്ലു കയും

പുരോഹിതന്മാരുടെയും ജനങ്ങളുടെയും മനസ്സിൽ ക്രിസ്തുവിൻറെ സ്നേഹത്തെ നിരസിക്കുവാനും അവസാനം "അവനെ ക്രൂശിക്ക" 'അവനെ ക്രൂശിക്ക" എന്നു നിലവിളി കൂട്ടുന്നതിനും പ്രേരിപ്പിക്കുകയും ചെയ്തു. ഇതെല്ലാം പ്രപഞ്ചം മുഴുവനും അത്ഭുതവും കോപവും സംഭ്രമവും ഉളവാക്കി.

ക്രിസ്തുവിനെ ലോകം നിരസിക്കുന്നതിനു പ്രേരിപ്പിച്ചതും സാത്താ നായിരുന്നു. പാപത്തിൻറെ അധിപൻ അവൻറെ സകലശക്തിയും തന്ത്രങ്ങളും യേശുവിനെ നശിപ്പിക്കാൻ ഉപയോഗിച്ചു. കാരണം യേശുവിൻറെ കരുണയും സ്നേഹവും അവൻറെ ദയയും സഹതാപവും ഈ ലോകത്തിനു ദൈവ

ത്തിൻറെ സ്വഭാവത്തിൻറെ
പ്രതീകമായിരുന്നു, ദൈവപുത്രൻറെ
അവകാശവാദങ്ങളെ മുഴുവൻ സാത്താൻ
എതിർത്തു. അവൻറെ
പ്രതിനിധികളായി മനുഷ്യരെ
ഉപയോഗിച്ച് രക്ഷകൻറെ ജീവിതം
കഷ്ടതയും ദുഃഖവും കൊണ്ടും നിറച്ചു.
യേശുവിൻറെ വേലയ്ക്ക് തടസ്സമായി
അവൻ കള്ള ന്യായങ്ങളും വ്യാജവും
പ്രയോഗിച്ചു. അതുല്യമായ നന്മയുടെ
ഉടമയായ യേശുവിന്നു നേരെയുള്ള
ക്രൂരമായ ആരോപണങ്ങളും വെറുപ്പും
അനുസരണം കെട്ടവരുടെ പതി
കാരേച്ഛയിൽ നിന്നുണ്ടായതാണ്.
വളർന്നുവന്നിരുന്ന അസൂയയും
ദ്രോഹചിതയും വെറുപ്പും പ്രതികാരവും
ദൈവപുത്രനെതിരായി കാൽവറിയിൽ

കാണി ച്ചപ്പോൾ സ്വർഗ്ഗം മുഴുവനും
നിശ്ശബ്ദമായും ഭയത്തോടുംകൂടെ
നോക്കിക്കൊണ്ടിരുന്നു.

തൻറെ വലിയ യാഗം
പൂർത്തീകരിച്ചുകഴിഞ്ഞ് ക്രിസ്തു
സ്വർഗ്ഗത്തി ലേക്കു കരേറിയപ്പോൾ
ദൂതന്മാരുടെ ആരാധന “ഞാൻ
ഇരിക്കുന്ന ഇടത്തു നീ എനിക്കു
തന്നിട്ടുള്ളവരും എന്നോടുകൂടെ
ഇരിക്കേണം എന്നു ഞാൻ ഇച്ഛിക്കുന്നു”
(യോഹ. 17:24) എന്നുള്ള അപേക്ഷ
പിതാവിൻറെ സന്നിധിയിൽ
സമർപ്പിക്കുന്നതിനു മുമ്പ്
സ്വീകരിച്ചില്ല. അപ്പോൾ പിതാവിൻറെ
സിംഹാസന ത്തിൽനിന്നും
അവർണ്ണനീയമായ സ്നേഹവും

ശക്തിയുമുള്ള ഉത്തരം ലഭിച്ചു: "ദൈവത്തിൻറെ സകല ദൂതന്മാരും അവനെ നമസ്കരിക്കേണം" (എബ്രാ. 1:6). യാതൊരു കളങ്കവും യേശുവിന്മേൽ ഉണ്ടായിരുന്നില്ല. അവൻറെ താഴ്ച് അവസാനിച്ചു, തൻറെ യാഗം പൂർത്തിയായി അവിടെ അവനു എല്ലാ നാമ ത്തിനും മേലായ നാമവും നല്കി.

ഇപ്പോൾ സാത്താൻറെ കുറ്റം ഒരു മറയുമില്ലാതെ പ്രത്യക്ഷമായി. ഒരു കള്ളനും കൊലപാതകനും എന്ന നിലയിൽ അവൻറെ യഥാർത്ഥ സ്വഭാവം അവൻ വെളിപ്പെടുത്തി. അവൻറെ അധികാരത്തിൻകീഴിലുള്ള മനുഷ്യരെ അവൻ ഭരിച്ചതുപോലെ

അവനെ അനുവദിച്ചിരുന്നെങ്കിൽ സ്വർഗ്ഗത്തിലുള്ളവ രെയും അതുപോലെ നിയന്ത്രിക്കുമായിരുന്നു. ദൈവകല്പന ലംഘിക്കുന്നതു മൂലം അവർ സ്വതന്ത്രരാവുകയും ശ്രേഷ്ഠപദവിയിലെത്തുകയും ചെയ്യുമെന്ന വൻ അവകാശപ്പെട്ടു. എന്നാൽ അതിൻറെ ഫലം അടിമത്തവും അധഃപതനവു മാണെന്നു കാണപ്പെട്ടു.

ദൈവത്തിൻറെ സ്വഭാവത്തിനും ഭരണത്തിനും എതിരായിട്ടുള്ള ആരോ പണങ്ങൾ അതിൻറെ യഥാർത്ഥ വെളിച്ചത്തിൽ പ്രത്യക്ഷമായി. സൃഷ്ടികളിൽ നിന്നു അനുസരണവും കീഴടങ്ങലും ദൈവം ആവശ്യപ്പെടുന്നതു സ്വയം പുകഴ്ച്ചയ്ക്കുവേണ്ടിയാണെന്ന്

സാത്താൻ ദൈവത്തെ കുറ്റം പറഞ്ഞു. മറ്റുള്ളവരിൽ നിന്നു സ്വയത്യാഗം ആവശ്യപ്പെട്ടുമ്പോൾ സ്വന്തജീവിതത്തിൽ അതു കാട്ടുന്നില്ലെന്നു അവൻ പ്രസ്താവിച്ചു. ഇപ്പോൾ പാപികളായ മനുഷ്യ വർഗ്ഗത്തിന്റെ രക്ഷയ്ക്കുവേണ്ടി പ്രപഞ്ചാധിപൻ ഏറ്റവും വലിയ ത്യാഗം സ്നേഹം മൂലം നിർവ്വഹിച്ചു. "ദൈവം ലോകത്തിനു ലംഘനങ്ങളെ കണക്കിടാതെ ലോകത്തെ ക്രിസ്തുവിൽ തന്നോടു നിരപ്പിച്ചു" (2 കൊരി. 5:19). അവൻറെ മാനത്തിനും പ്രഥമ സ്ഥാനത്തിനും പാപത്തിൻറെ പ്രവേശനത്തിനും ലൂസിഫർ വാതിൽ തുറന്നപ്പോൾ, പാപത്തെ നശിപ്പിക്കുവാൻ ക്രിസ്തു സ്വയം താഴ്ത്തി

മരണത്തോളം അനുസരണം ഉള്ളവനായി കാണപ്പെട്ടു.

മത്സരത്തിൻറെ തത്വങ്ങളോടു ദൈവം തൻറെ വെറുപ്പു പ്രകടിപ്പിച്ചു. ദൈവത്തിൻറെ നീതി മനുഷ്യൻറെ വീണ്ടെടുപ്പിലും സാത്താൻറെ ശിക്ഷാവിധിയിലും സ്വർഗ്ഗം മുഴുവനും കണ്ടു. ദൈവകല്പന മാറ്റപ്പെടാത്തതാണെങ്കിൽ അതിൻറെ ശിക്ഷ ഇളവു ചെയ്തു കൊടുക്കാനും സാദ്ധ്യമല്ല സ്രഷ്ടാവിൻറെ നേഹത്തിൽനിന്നു എന്നേക്കുമായി പുറത്താക്കപ്പെടുമെന്നും അവൻ പ്രസ്താവിച്ചു. പാപികളായ മനുഷ്യർ വീണ്ടെടുക്കപ്പെടാൻ സാദ്ധ്യമല്ലാത്തതിനാൽ അവരെല്ലാം

തനിക്കവകാശപ്പെട്ട ഇരയാണെന്നും അവൻ അവകാശപ്പെട്ടു. എന്നാൽ മനുഷ്യനുവേണ്ടിയുള്ള ക്രിസ്തുവിൻറെ മരണം അനിഷേധ്യമായ ഒരു ന്യായവാദമാണ്. നിയമലംഘനത്തിൻറെ ശിക്ഷ ദൈവത്തോട്ടു സമനായവൻറെ മേൽ വരികയും ക്രിസ്തു സാത്താനെ ജയിച്ചതുപോലെ താഴ്ചയോടും പശ്ചാത്താപത്തോടുമുള്ള ഒരു ജീവിതം നയിച്ചും ക്രിസ്തുവിൻറെ നീതി സ്വീകരിച്ചും ആർക്കും വിജയി ആകാം. യേശുക്രിസ്തുവിൽ വിശ്വസിക്കുന്നവരെയെല്ലാം നീതീകരിക്കുന്നവനും ദൈവത്തിൻറെ നീതിയുമാണവൻ.

എന്നാൽ മനുഷ്യൻറെ വീണ്ടെടുപ്പ്
സാദ്ധ്യമാക്കുന്നതിനു മാത്രമല്ല ക്രിസ്തു
ഈ ഭൂമിയിൽ വന്ന് കഷ്ടം അനുഭവിച്ചു
മരിച്ചത്. അവൻ വന്നതു ദൈവകല്പനയെ
വിശദമാക്കുന്നതിനും
ബഹുമാനയോഗ്യമാക്കുന്നതിനും
കൂടിയാണ്. ഈ ലോകർ മാത്രമല്ല മറ്റു
ലോകരും ദൈവകല്പനയ്ക്ക്
അർഹിക്കുന്ന പരിഗണന
നല്കേണ്ടതും അതു
സുസ്ഥിരവുമാണെന്നു തെളിയിക്കാനും
കൂടിയാണ് ക്രിസ്തു വന്നത്. അതിൻറെ
അവകാശവാദത്തെ
പുറംതള്ളുകയാണെങ്കിൽ ദൈവപുത്രൻ
കല്പ്പനാലംഘനത്തിൻറെ
പാപപരിഹാരത്തിനായി തൻറെ
ജീവൻ അർപ്പിക്കേണ്ടതില്ലായിരുന്നു.

ക്രിസ്തുവിൻറെ മരണം അതിൻറെ സുസ്ഥിരതയെയാണ് തെളിയിക്കുന്നത്. പിതാവിൻറെയും പുത്രൻറെയും നിസീമമായ സ്നേഹമാണ് പാപികളെ വീണ്ടെടുക്കാൻ നിർബന്ധിച്ചത്. പാപപരി ഹാര പദ്ധതിയെക്കാൾ കുറഞ്ഞ ഒന്നിനും അതിന് കഴിയുമായിരുന്നില്ല. കല്പ നയുടെയും ദൈവിക ഭരണത്തിൻറെയും അടിസ്ഥാനം നീതിയും കരുണയുമാണെന്നു പ്രപഞ്ചത്തിനു മുഴുവൻ കാട്ടിക്കൊടുക്കുവാൻ ക്രിസ്തു വന്നു.

അവസാന ന്യായവിധിനടത്തിപ്പിൽ പാപത്തിൻറെ നിലനില്പിനു ഒരു കാരണവും കാണുകയില്ല. സർവ്വ ലോകന്യായാധിപൻ സാത്താനോട് "നീ

എന്തുകൊണ്ട് എന്നോടു മത്സരിക്കുകയും എൻറെ രാജ്യത്തിലെ പ്രജകളെ മോഷ്ടിക്കയും ചെയ്തത് എന്നു ചോദിക്കുമ്പോൾ തിന്മയുടെ ഉടമസ്ഥു അതിനൊരു കാരണം കാണിപ്പാനില്ല. എല്ലാ നാവും അടയുകയും മത്സരത്തിൽ ഇടപെട്ടവർക്കാർക്കും ഒന്നും പറയുവാനുമില്ല.

കാൽവറി ക്രൂശ് പ്രസ്താവിക്കുന്നത് കല്പനകൾ സുസ്ഥിരമാണെന്നും പാപത്തിൻറെ ശമ്പളം മരണമാണെന്നുമത്. "സകലതും നിവൃത്തിയായി" എന്നുള്ള രക്ഷകൻറെ അവസാന നിലവിളിയിൽ സാത്താൻറെ മരണമണിയാണു മുഴങ്ങിയത്. ദീർഘനാൾ നീണ്ടുനിന്ന വൻ

വിവാദവും പാപത്തിൻറെ അവസാന
തുടച്ചുമാറ്റലും അപ്പോൾ
തീരുമാനിക്കപ്പെടുകയും സുനിശ്ചിത
മാക്കപ്പെടുകയും ചെയ്തു. ദൈവപുത്രൻ
മരണകവാടത്തിലൂടെ കടന്ന്
“മരണത്തിൻറെ അധികാരിയായ
പിശാചിനെ തൻറെ മരണത്താൽ
നീക്കി മരണ ഭീതിയിൽ
അടിമകളായിരുന്നവരെ ഒക്കെയും
വിടുവിച്ചു” (എബ്രാ. 2:14).
ലൂസിഫറിൻറെ സ്വയ പുകഴ്ച്ചയ്ക്കായുള്ള
ആഗ്രഹമാണ് “ഞാൻ എൻറെ
സിംഹാസനം ദൈവത്തിൻറെ
നക്ഷത്രങ്ങൾക്കു മീതെ വെയ്ക്കണം) .
ഞാൻ അത്യുന്നതനോടു സമനാകും”
എന്നു ഹൃദയത്തിൽ
പറയുവാനിടയാക്കിയത്. ദൈവം

അരുളിച്ചെയ്യുന്നു: “ഞാൻ നിന്നെ നിലത്തു ഭസ്മമാക്കിക്കളയും... നീ സദാകാലത്തേക്കും ഇല്ലാതെയാകും” (യെശ. 14:13,14; യെഹെ. 28:18,19). “ചൂളപോലെ കത്തുന്ന ഒരു ദിവസം വരും. അപ്പോൾ അഹങ്കാരികളൊക്കെയും സകല ദുഷ്പ്രവൃത്തിക്കാരും താളടിയാകും. വരുവാനുള്ള ദിവസം വേരും കൊമ്പും ശേഷിപ്പിക്കാതെ അവരെ ദഹിപ്പിച്ചുകളയും എന്നു സൈന്യങ്ങളുടെ യഹോവ അരുളിച്ചെയ്യുന്നു” (മലാ. 4:1).

പാപത്തിൻറെ സ്വഭാവത്തെയും അതിൻറെ ഫലത്തെയും പ്രപഞ്ചത്തിനു മുഴുവൻ കാൺമാൻ കഴിഞ്ഞു. ആരംഭത്തിൽ തന്നെ അതിനെ

നശിപ്പിച്ചിരുന്നെങ്കിൽ ദൂതന്മാരുടെ ഇടയിൽ ഭീതിക്കും ദൈവത്തോടുള്ള ബഹുമാനക്കുറവിനും ഇടയാകുമായിരുന്നു. ഇപ്പോൾ ദൈവസ്നേഹത്തെ വെളിപ്പെടുത്തു കയും പ്രപഞ്ചത്തിനുമുമ്പിൽ ദൈവയിഷ്ടം ചെയ്യാനാഗ്രഹിക്കുന്നവരുടെ ഉള്ളിൽ ദൈവസ്നേഹത്തിനും ബഹുമാനത്തിനും കുറവില്ലാതാകുകയും ചെയ്യുന്നു. തിന്മ ഒരിക്കലും ഇനി വെളിപ്പെടുകയില്ല. ദൈവവചനം പറയുന്നു: കഷ്ടത രണ്ടുപ്രാവശ്യം പൊങ്ങി വരികയില്ല" (നഹൂം 1:9). അടിമത്വത്തിൻറെ നുകമാണെന്നു സാത്താൻ പ്രഖ്യാപിച്ച ദൈവകല്പന സ്വാതന്ത്ര്യത്തിൻറെ കല്പനയായി മാനിക്കപ്പെടും. ദൈവസ്വഭാവവും നിസീമമായ സ്നേഹവും

അപമേയമായ ജ്ഞാനവുമാണെന്ന്
പൂർണ്ണമായി വെളിപ്പെടുത്തപ്പെട്ട,
പരീക്ഷിക്കപ്പെടുകയും തെളിയിക്കയും
ചെയ്ത ഒരു സൃഷ്ടി ഒരിക്കലും
ദൈവഭക്തിയിൽനിന്നു പിന്മാറുകയില്ല.

# അദ്ധ്യായം 30—മനുഷ്യരും സാത്താനും തമ്മിലുള്ള ശത്രുത്വം

“ഞാൻ നിനക്കും സ്ത്രീക്കും നിൻറെ സന്തതിക്കും അവളുടെ സന്തതിക്കും തമ്മിൽ ശത്രുത്വം ഉണ്ടാക്കും. അവൻ നിൻറെ തല തകർക്കും. നീ അവൻറെ കുതികാൽ തകർക്കും” (ഉല്പത്തി 3:15). മനുഷ്യൻറെ പതനത്തിനുശേഷം സാത്താനെതിരായി ഉണ്ടായ ദൈവിക വിധിപ്രഖ്യാപനം കാലാവസാനംവരെ നിലനില്ക്കുന്നതും ഭൂമുഖത്തു ജീവിക്കുന്ന എല്ലാ മനുഷ്യരും ഉൾക്കൊള്ളുന്ന ഒരു വൻപോരാട്ടത്തിന്റെ നിഴലായ ഒരു പ്രവചനവും ആയിരുന്നു.

“ഞാൻ ശത്രുത്വം ഉണ്ടാക്കും” എന്നു ദൈവം പ്രഖ്യാപിക്കുന്നു. ഈ ശത്രുത്വം സ്വാഭാവികമായി സ്വീകാര്യമായതല്ല. മനുഷ്യൻ ദൈവത്തിൻറെ വിശുദ്ധ കല്പന ലംഘിച്ചപ്പോൾ അവൻറെ പ്രകൃതം ദോഷമുള്ളതാകുകയും, സാത്താനുമായൊരു രമ്യതയിലെത്തുകയും ചെയ്തു. പാപത്തിൻറെ കാരണഭൂതനും പാപിയായ മനുഷ്യനും തമ്മിൽ ശത്രുത്വം നിലനില്ക്കുന്നില്ല. ഇരുകൂട്ടരും വിശ്വാസ ത്യാഗത്താൽ തിന്മനിറഞ്ഞവരായിത്തീർന്നു. തൻറെ മാതൃകയെ പിൻതുടരുന്നതിന് മറ്റുള്ളവരെ പ്രേരിപ്പിച്ചുകൊണ്ട് അനുകമ്പയും സഹാ യവും നൽകുന്നതുവരെ വിശ്വാസത്യാഗി ഒരിലും നിഷ്ക്രിയനാകുന്നില്ല.

ഇക്കാരണത്താൽ വീഴ്ച ഭവിച്ച ദൂതന്മാരും ദുഷ്ട മനുഷ്യരും ആശയറ്റ സഹവർത്തിത്വത്തിൽ ലയിച്ചു. ദൈവം ഇടപെടാതിരുന്നുവെങ്കിൽ സാത്താനും മനുഷ്യരും സ്വർഗ്ഗത്തിനെതിരായി ഒരു സഖ്യതയിൽ പ്രവേശിക്കുകയും സാത്താനെതിരായി ശത്രുത്വം പുലർത്തേണ്ടതിനുപകരം മാനവകുലം മുഴുവൻ ദൈവത്തിനെതിരായി ഒന്നിക്കുകയും ചെയ്യുമായിരുന്നു.

ദൂതന്മാരെ മത്സരിക്കുവാൻ പ്രേരിപ്പിച്ചതുപോലെ മനുഷ്യനെയും സാത്താൻ പാപം ചെയ്യുവാൻ പ്രേരിപ്പിച്ചു. സാത്താൻ ഇപകാരം അവൻ സ്വർഗ്ഗത്തിന്നെതിരായുള്ള

യുദ്ധത്തിൽ അവരുടെ സഹകരണം ആർജ്ജിച്ചു മറ്റെല്ലാ കാര്യങ്ങളിലും അവർ തമ്മിൽ വിയോജിപ്പുണ്ടായിരുന്നെങ്കിലും ക്രിസ്തുവിനോടുള്ള അവരുടെ വെറുപ്പിൻറെ കാര്യത്തിൽ അവനും നിപതിച്ച ദൂതന്മാർക്കും തമ്മിൽ എതിർപ്പുണ്ടായിരുന്നില്ല. എങ്കിലും പ്രപഞ്ചകർത്താവിൻറെ അധികാരത്തെ എതിർക്കുന്നതിൽ അവർ ശക്തമായി ഉറെച്ചു നിന്നു; എന്നാൽ സാത്താനും സ്ത്രീയും തമ്മിലും അവൻറെ സന്തതിയും അവളുടെ സന്തതിയും തമ്മിലും ശത്രുത്വം നിലനില്ക്കുമെന്നുള്ള പ്രഖ്യാപനം സാത്താൻ കേട്ടപ്പോൾ, മനുഷ്യ സ്വഭാവത്തെ ദുഷിപ്പിക്കുന്ന അവൻറെ പരിശ്രമങ്ങ9ളിൽ തടസ്സം നേരിടുമെന്ന്

അവൻ അറിഞ്ഞു. അതായത് അവന്റെ ദുഷ്ടശക്തിയെ എതിർക്കുവാൻ മനുഷ്യൻ എങ്ങനെയെങ്കിലും പ്രാപ്തനാകണമായിരുന്നു).

മനുഷ്യവർഗ്ഗം ക്രിസ്തുവിൽക്കൂടെ ദൈവത്തിൻറെ സ്നേഹത്തിനു ആർദ്രതയ്ക്കും പാത്രമായതുകൊണ്ടു സാത്താന് അവരോടുള്ള ശത്രുത ആളിക്കത്തി. സ്വർഗ്ഗത്തിൽ കാലുഷ്യത്തിനും ഭ്രമുഖത്തു ദുഃഖത്തിനും വിജനാവസ്ഥയ്ക്കും കാരണമാകുമാറ് ദൈവത്തിന്റെ കൈവേലയെ വികൃതവും മലീമസവുമാക്കിക്കൊണ്ട് അവൻറെ മേൽ അപമാനം വരുത്തുന്നതിന് മനുഷ്യൻറെ വീണ്ടെടുപ്പിനുള്ള ദൈവത്തിൻറെ പദ്ധതിയെ

താറുമാറാക്കുവാൻ സാത്താൻ ആഗ്രഹിക്കുന്നു. മനുഷ്യനെ സൃഷ്ടിച്ചതിലുള്ള ദൈവിക പ്രവർത്തനത്തിന്റെ പരിണിതഫലമാണ് ഈ തിന്മകളെല്ലാം എന്നാണവർ ചൂണ്ടിക്കാണിക്കുന്നത്.

സാത്താനെതിരായുള്ള മനുഷ്യൻറെ ശത്രുതാമനോഭാവം ദൈവം ആത്മാക്കളിൽ പാകിയ തൻറെ കൃപയാകുന്നു. രൂപാന്തരം വരുത്തുന്ന കൃപയും പുതുക്കത്തിൻറെ ശക്തിയും കൂടാതെ മനുഷ്യൻ സാത്താൻറെ അധീനതയിൽ തുടർന്നേനെ; അവൻറെ ആജ്ഞയെ എക്കാലത്തും അനുസരിക്കുവാൻ തയ്യാറുള്ള ഒരു ദാസനാകുമായിരുന്നു. ഇതുവരെയും

സമാധാനപൂർണ്ണമായിരുന്ന ഹൃദയത്തിൽ ഈ പുതിയ തത്വം പോരാട്ടത്തെ സൃഷ്ടിക്കുന്നു. കർത്താവ് നല്കുന്ന ശക്തിയാൽ സേച്ഛാധിപതിയും ദൈവത്തിൻറെ സ്ഥാനം കൈവശമാക്കുവാൻ ശ്രമിച്ചവനുമായവനെ എതിർക്കുവാൻ മനുഷ്യനെ പ്രാപ്തനാക്കുന്നു. പാപത്തെ സ്നേഹിക്കുന്നതിനുപകരം അതിനെ വെറുക്കുന്നവരായി കാണപ്പെടുകയും, ഹൃദയത്തിലെ പാപസ്വഭാവങ്ങളെ കീഴടക്കുയും ചെയ്യുന്നവരൊക്കെയും ദൈവത്തിൻറെ നടത്തിപ്പിൻറെ തത്വത്തെ പൂർണ്ണമായി പ്രദർശിപ്പിക്കുന്നു.

ലോകം കർത്താവിനെ
സ്വീകരിച്ചതിലൂടെ, ക്രിസ്തുവും,
സാത്താനും തമ്മിലുള്ള വൈരുദ്ധ്യം
വളരെ സ്പഷ്ടമായി പ്രദർശിപ്പിക്കപ്പെട്ടു.
ലോക സമ്പത്തോ പതാപമോ
ഗാംഭീര്യമോ ഇല്ലാത്തവനായി
പ്രത്യക്ഷപ്പെട്ടതിനാൽ യെഹൂദന്മാർ
അവനെ! തിരസ്കരിച്ചു. ഈ പുറമെയുള്ള
ലൗകിക മോടികൾ
ഇല്ലായിരുന്നുവെങ്കിലും അവനിൽ
അധികാരമുള്ളതായി അവർ കണ്ടു.

ക്രിസ്തുവിൻറെ പരിശുദ്ധിയും
നൈർമല്യവും അവനെതിരായി
ദുഷ്ടന്മാരുടെ വെറുപ്പിന് ആക്കംകൂട്ടി.
സ്വയത്യാഗപൂർണ്ണവും
പാപരഹിതവുമായ തൻറെ സമർപ്പണ

ജീവിതം ജികന്മാരും,
അഹംഭാവികളുമായ ജനത്തിന് ഒരു
ശാശ്വത ശാസനയായിരുന്നു.
ദൈവപുത്രനെതിരായി ശത്രുത്വം ഉടലെടു
ത്തതിൻറെ കാരണം
ഇതുതന്നെയായിരുന്നു.

സാത്താനും ദുഷ്ടാത്മസേനയും
നീചന്മാരായ ദുഷ്ടമനുഷ്യരോട് സഖ്യത്
പുലർത്തി. വിശ്വാസത്യാഗത്തിൻറെ
സകല ശക്തികളും സത്യത്തിൻറെ
നായകനെതിരായി അണിനിരന്നു.

ഗുരുവിനോടുണ്ടായിരുന്ന അതേ ശത്രുത
തൻറെ ശിഷ്യന്മാരുടെ നേരേയും
പ്രകടമായി. പാപസ്വഭാവത്തെ
നിഷേധിക്കുന്നവർക്കും പരീക്ഷകളെ

അതി ജീവിക്കുന്നതിന്
ഉന്നതങ്ങളിൽനിന്നും
ശക്തിയാർജ്ജിച്ചവർക്കുമെതിരായി
നിശ്ചയമായും സാത്താൻറെയും
അവൻറെ സൈന്യത്തിൻറെയും
ക്രോധജ്വാലയുണരും. പാപവും
പാപികളും ഉള്ള കാലത്തോളം
സത്യത്തിൻറെ പരിപാവന
തത്വങ്ങളോടും അതിൻറെ
അനുഭാവികളോടുമുള്ള വെറുപ്പും
നിലനില്ക്കുന്നതാണ്. ക്രിസ്തുവിൻറെ
അനുഗാമികൾക്കും സാത്താൻറെ
കൂട്ടാളികൾക്കും തമ്മിൽ
രമ്യതയിലെത്തുവാൻ കഴിയുകയില്ല.
ക്രൂശിനോടുള്ള വിദ്വേഷം നിലച്ചിട്ടില്ല.
“എന്നാൽ ക്രിസ്തുയേശുവിൽ
ഭക്തിയോടെ ജീവിക്കാൻ മനസ്സു

ള്ളവർക്കു എല്ലാം ഉപദ്രവം ഉണ്ടാകും”
(2 തിമൊ. 3:12).

ദൈവിക ഭരണകൂടത്തിനെതിരായി സാത്താൻറെ സാമ്രാജ്യവും അധികാരവും സുസ്ഥാപിക്കുന്നതിനുവേണ്ടി അവൻറെ മാർഗ്ഗനിർദ്ദേശാനുസരണം കൂട്ടുപ്രവർത്തകർ അതീവോത്സുകരായി നിരന്തരം പ്രവർത്തിക്കുന്നു. ഇതിനായി മോഹനവാഗ്ദാനങ്ങൾ നല്കി ക്രിസ്തുവിൻറെ അനുഗാമികളെ വഞ്ചിക്കുവാൻ അവർ ശ്രമിക്കുന്നു. ലക്ഷ്യപ്രാപ്തിക്കുവേണ്ടി, അവരുടെ നേതാവിനെപ്പോലെതന്നെ അവർ തിരുവെഴുത്തുകളെ ദുർവ്യാഖ്യാനം ചെയ്യുകയും സത്യത്തിൽനിന്നും

വ്യതിചലിപ്പിക്കുകയും ചെയ്യുന്നു. ദൈവത്തിന്നെതിരായി കുറ്റാരോപണങ്ങൾ ഉന്നയിക്കുവാൻ സാത്താൻ ഉദ്യമിച്ചതുപോലെ, അപവാദങ്ങളാൽ അവൻറെ കൂട്ടുപ്രവർത്തകർ ദൈവജനത്തെ വേട്ടയാടുന്നു. യേശു ക്രിസ്തുവിനെ മരണത്തിനേല്പിച്ച അതേ മനഃസ്ഥിതി അവൻറെ അനുയായികളെ നശിപ്പിക്കുന്നതിന് ദുഷ്ടന്മാരെ പ്രേരിപ്പിക്കുന്നു. ഞാൻ നിനക്കും സ്ത്രീക്കും നിൻറെ സന്തതിക്കും അവളുടെ സന്തതിക്കും തമ്മിൽ ശത്രുത്വം ഉണ്ടാക്കും' എന്ന ആദ്യപ്രവചനത്തിൽ ഇതെല്ലാംതന്നെ നിഴലിട്ടിരിക്കുന്നു. കാലാവസാനത്തോളം ഇതു തുടർന്നുകൊണ്ടേയിരിക്കും.

സാത്താൻ അവൻറെ
സേനകളെയെല്ലാം വിളിച്ചുകൂട്ടുകയും
അവൻറെ സകല ശക്തിയും ഈ
പോരാട്ടത്തിൽ ചെലുത്തുകയും ചെയ്യുന്നു.
എന്തു കൊണ്ടാണവന് അതിശക്തമായ
ഒരു എതിർപ്പ് ഉണ്ടാകാതിരിക്കുന്നത്?
ക്രിസ്തീയ പടയാളികൾ ഉദാസീനരും
നിദ്രാലുക്കളും ആകുന്നതെന്തുകൊണ്ട്?
കാരണം അവർക്ക് ക്രിസ്തുവുമായുള്ള
ബന്ധമില്ലായ്മയും പരിശുദ്ധാത്മ
നടത്തിപ്പില്ലായ്മയുമാണ്. അവരുടെ
യജമാനന്
പാപത്തോടുണ്ടായിരുന്നതുപോലെയുള്ള
വെറുപ്പോ അറപ്പോ
അവർക്കില്ലായിരുന്നു. ഉറച്ച
തീരുമാനത്തോടുകൂടെ ക്രിസ്തു

പാപത്തോടു എതിർത്തു നിന്നതുപോലെ അല്ല അവർ. തിന്മയുടെ വളർച്ചയേയും പാപത്തിൻറെ മൂർദ്ധന്യതയേയും കുറിച്ചവർ ബോധവാന്മാരാകുന്നില്ല. അന്ധകാരപ്രഭുവിൻറെ ശക്തിയിലും സ്വഭാവത്തിലും അവർ അന്ധരാണ്. ക്രിസ്തുവിനോടും അവൻറെ സഭയോടുമുള്ള പോരാട്ടത്തിൻറെ വിശാലതയും സാത്താൻറെ അധികാരത്തെയും വിദ്വേഷത്തെയും കുറിച്ചുള്ള അജ്ഞതയുംമൂലം സാത്താനോടും അവൻറെ പ്രവർത്തനത്തോടും ശത്രുത ഇല്ല.

ജനസഹസ്രങ്ങൾ ഇവിടെ വഞ്ചിക്കപ്പെടുന്നു. എല്ലാ

അശുദ്ധാത്മാക്കളുടെയും ചിന്തകളെ നിയന്ത്രിക്കുന്നവനും, ആത്മാക്കളുടെ രക്ഷയ്ക്കും ക്രിസ്തുവിനെതിരായും പോരാടുന്നതിന് കുടില തന്ത്രങ്ങളാവിഷ്കരിച്ച് മുന്നോട്ടു നീങ്ങുന്നവനുമായ അതിശക്തനായ സേനാനായകനാണ് അവരുടെ ശത്രുവെന്ന് ജനം മനസ്സിലാക്കുന്നില്ല. ക്രിസ്ത്യാനികളെന്ന് നടിക്കുന്നവരിലും, സുവിശേഷ ശുശ്രൂഷകരിൽപ്പോലും, പ്രസംഗപീഠങ്ങളിൽ യാദൃശ്ചികമായി പരാമർശിക്കുന്നതൊഴിച്ചാൽ സാത്താനെക്കുറിച്ചപൂർവ്വമായി മാത്രമേ പരാമർശിക്കുന്നുള്ളൂ. അവൻറെ നിരന്തരമായ പ്രവർത്തനം, അതിന്മേലുള്ള വിജയം, അവൻറെ അസ്തിത്വം, കൗശലത്തെക്കുറിച്ചുള്ള

മുന്നറിയിപ്പ്, ഇവയെ അവർ അവഗണിക്കുന്നു.

അവൻറെ ഉപായങ്ങളെക്കുറിച്ചും മനുഷ്യർ അജ്ഞരായിരിക്ക ഈ ജാഗരൂകനായ ശത്രു അവരുടെ ജീവിതപന്ഥാവിലൂടെ നീങ്ങുന്നു. ജീവിതത്തിൻറെ എല്ലാ മേഖലകളിലും അവൻറെ സാന്നിദ്ധ്യം നുഴഞ്ഞുകയറുന്നു. നമ്മുടെ പട്ടണങ്ങളിലെ എല്ലാ തെരുവുകളിലും സഭകളിലും ദേശീയ ഭരണ സമിതികളിലും നീതിന്യായ കോടതികളിലും ഈ നുഴഞ്ഞുകയറ്റം ചിന്താക്കുഴപ്പത്തിലും വഞ്ചനയിലും ദൂഷ്യമാർഗ്ഗങ്ങളിലുംകൂടെ അരങ്ങേറുന്നു. എല്ലായിടത്തും സ്ത്രീപുരുഷന്മാരുടേയും കുഞ്ഞുങ്ങളുടെയും

ശരീരത്തേയും മനസ്സിനേയും
നശിപ്പിക്കുന്നു, കുടുംബ ബന്ധങ്ങൾ
ശിഥിലമാക്കുന്നു,
വൈരാഗ്യത്തിൻറെയും,
വെറുപ്പിൻറെയും, വിദ്വേഷത്തിൻറെയും
വിത്തു വിതറുന്നു. കിട മത്സരങ്ങൾ,
കലാപങ്ങൾ, രാജ്യദ്രോഹങ്ങൾ,
കൊലപാതകങ്ങൾ എന്നിവ
എല്ലായിടങ്ങളിലും അവൻറെ
സാന്നിദ്ധ്യം വിളിച്ചറിയിക്കുന്നു.
ദൈവമാണ് ഇവയെല്ലാം
വരുത്തിവെയ്ക്കുന്നതെന്നും
ഇപ്രകാരമെല്ലാം സംഭവിക്കണമെന്നു
മുള്ള കാഴ്ചപ്പാടോടുംകൂടെ
ക്രൈസ്തവലോകം നിലകൊള്ളുന്നതായും
തോന്നുന്നു.

ലോകത്തിൽനിന്നും ദൈവജനങ്ങളെ വേർതിരിക്കുന്ന അതിർവരമ്പുകളെ തകർത്തുകൊണ്ട് സാത്താൻ നിരന്തരം ദൈവമക്കളിൽ ആധിപത്യം അന്വേഷിക്കുന്നു. ജാതികളുമായി വിലക്കപ്പെട്ട ബന്ധത്തിന് പുരാത ഇസ്രായേൽ മുതിർന്നപ്പോൾ അവരെ പാപം ചെയ്യുന്നതിന് വശീകരിക്കുകയാണു ചെയ്തത്. ഇതേ രീതിയിൽ ആധുനിക ഇസ്രായേലും വഴിപിഴച്ചുപോകുന്നു. "ദൈവപ്രതിമയായ ക്രിസ്തുവിൻറെ തേജസ്സുള്ള സുവിശേഷത്തിൻറെ പ്രകാശനം ശോഭിക്കാതിരിക്കാൻ ഈ ലോകത്തിൻറെ ദൈവം അവിശ്വാസികളുടെ മനസ്സ് കുരുടാക്കി" (2 കൊരി. 4:4). ക്രിസ്തുവിനെ

അനുഗമിക്കാൻ
തീരുമാനിച്ചിട്ടില്ലാത്തവരെല്ലാം
സാത്താൻറെ ദാസന്മാരാണ്. വീണ്ടും
ജനനം പ്രാപി ക്കാത്ത ഹൃദയങ്ങളിൽ
പാപാസക്തിയും അതിനെ
താലോലിക്കാനും ലാഘ
വമായെടുക്കാനുമുള്ള
മനോഭാവവുമുണ്ടായിരിക്കും. വീണ്ടും
ജനനം പ്രാപിച്ച ഹൃദയത്തിൽ
പാപത്തെ വെറുക്കാനും അതിനെ
ചെറുക്കുവാനുമുള്ള തീരുമാനമുണ്ട്.
അഭക്തരുടെയും അവിശ്വാസികളുടെയും
കൂട്ടുകെട്ട് ക്രിസ്ത്യാനികൾ
തിരഞ്ഞെടുക്കുമ്പോൾ അവർ
തങ്ങളെത്തന്നെ
പരീക്ഷകനേല്പിക്കുകയാണ് ചെയ്യുന്നത്.
അവരുടെ ദൃഷ്ടികളിൽനിന്ന് സാത്താൻ

തന്നെ മറ ച്ചിട്ട് അവരുടെ കണ്ണുകളെ കപടമായ വഞ്ചനകളാൽ അവൻ ആവരണം ചെയ്യുന്നു. ഇത്തരത്തിലുള്ള ലോകബന്ധങ്ങൾ അവർക്ക് ഹാനികരമാണെന്ന് അവർ മനസ്സിലാക്കുന്നില്ല. സ്വഭാവത്തിലും വാക്കുകളിലും പ്രവർത്തനങ്ങളിലും എല്ലായ്പ്പോഴും ലോകം നമ്മെ ആകർഷിക്കുമ്പോൾ അവർ പൂർവ്വാധികം അന്ധരാകുന്നു.

ലോകാചാരങ്ങളെ അനുകരിക്കുമ്പോൾ സഭ ലൌകികത്വത്തിലേയ്ക്ക് തിരിയുന്നു. അതൊരിക്കലും ലോകത്തെ ക്രിസ്തുവിലേയ്ക്ക് തിരിയ്ക്കുന്നില്ല. പാപവുമായുള്ള സമ്പർക്കം അതിനോടുള്ള ഒഴിച്ചുകൂടാനാകാത്ത

രീതിയിൽ എതിർപ്പിനെ
ലഘൂകരിക്കുന്നു. സാത്താൻറെ
ദാസനായി
സഹകരിക്കുന്നതിനാഗ്രഹിക്കുന്നവൻ
വളരെ വേഗം അവരുടെ യജമാനനെ
ഭയക്കാ ത്തവനായിത്തീരുന്നു.
ദാനീയേൽ രാജകൊട്ടാരത്തിലെ
ന്യായാസനത്തിനു
മുമ്പിലായിരുന്നതുപോലെ നാം നമ്മുടെ
കർത്തവ്യങ്ങളിൽ
പരീക്ഷിക്കപ്പെടുമ്പോൾ ദൈവം നമ്മെ
രക്ഷിക്കുമെന്ന് നമുക്ക് പൂർണ്ണമായും
ഉറപ്പാക്കാം. എന്നാൽ അതിന്
വിരുദ്ധമായി നാം നമ്മത്തന്നെ
പരീക്ഷകൾക്കേല്പിച്ചു
കൊടുക്കുന്നുവെങ്കിൽ എപ്പോഴെങ്കിലും
നാം പരാജയപ്പെടുകതന്നെ ചെയ്യും.

അവൻറെ അധികാരത്തിൻ കീഴിലാണ് തങ്ങളെന്ന് സംശയിക്കാൻ സാദ്ധ്യതയില്ലാത്തവരിലൂടെ പരീക്ഷകൻ പലപ്പോഴും ഉന്നതമായ വിജയത്തോടുകൂടെ പ്രവർത്തിക്കുന്നു. ദൈവഭയമില്ലായ്മയ്ക്ക് പരിഹാരമെന്നതു പോലെയോ അഥവാ അവൻറെ പ്രീതിക്കു പാത്രീഭൂതൻ എന്നപോലെയോ വിദ്യാഭ്യാസവും കഴിവുമുള്ളവർ ആദരിക്കപ്പെടുകയും മാനിക്കപ്പെടുകയും ചെയ്യുന്നു. താലന്തും സംസ്കാരവും ദൈവത്തിൻറെ ദാനമാണെന്നു അവർ കരുതുന്നു. എന്നാൽ ദൈവഭക്തിയുടെ സ്ഥാനത്തേയ്ക്ക് ഇവ വിനിയോഗിച്ച്, ദൈവത്തിങ്കലേയ്ക്ക് ആത്മാവിനെ

കൊണ്ടുവരുന്നതിനുപകരം അവർ തന്നിൽനിന്നും അകലുന്നു, അപ്പോൾ അവ ഒരു കെണിയും ശാപവുമായിത്തീരുന്നു. മര്യാദയും പരിശുദ്ധിയും ഒരർത്ഥത്തിൽ ക്രിസ്തുവുമായി ബന്ധപ്പെട്ടതാണെന്ന അഭിപ്രായം അനേകരിലും നിലകൊള്ളുന്നു.

ഇതിൽ കവിഞ്ഞ വേറൊരബദ്ധം ഉണ്ടായിട്ടില്ല. നല്ല മതത്തിനു വേണ്ടിയും ശക്തമായ സ്വാധീനം ചെലുത്തുവാൻ വേണ്ടിയും ഈ സവിശേഷതകൾ ഓരോ ക്രിസ്ത്യാനിയുടെ സ്വഭാവത്തെയും കൃപയുള്ളതാക്കേണ്ടതുണ്ട്. എന്നാലത് ദൈവത്തിന്നായി പ്രതിഷ്ഠിക്കപ്പെട്ടതായിരിക്കണം.

അല്ലായെങ്കിൽ അവയെല്ലാം പൈശാചികമായ തിന്മക്കൊരു ശക്തിയായിത്തീരും. ഒരസാന്മാർഗ്ഗിക പ്രവൃത്തിയാണെന്ന് സർവ്വസാധാരണമായി ഗണിക്കപ്പെട്ട ഒന്നിനോട്, വഴങ്ങാത്ത ബുദ്ധിശക്തിയും നല്ല പെരുമാറ്റവുമുള്ള മനുഷ്യൻ സാത്താൻറെ കൈകളിലെ കറകളഞ്ഞ ഒരായുധമായി കലാശിക്കുന്നതാണ്. അവൻറെ സ്വാധീനത്തിൻറെയും മാതൃകയുടെയും കപടവും വഞ്ചനാത്മകവുമായ സ്വഭാവം, ക്രിസ്തുമാർഗ്ഗത്തിന്, അജ്ഞരും സംസ്കാരമില്ലാത്തവരുമായവരേക്കാൾ ഏറ്റവും ആപല്ക്കരമായ ഒരു ശത്രുത്വമുളവാക്കുന്നു. ഒരിക്കലും ഇക്കാര്യം മറക്കാതിരിക്കണം.

ലോകത്തെ അമ്പരപ്പിക്കുകയും
അത്ഭുതപാരമ്യത്തിലെത്തിക്കു കയും
ചെയ്യുന്നതാക്ക വിജ്ഞാനം ശലോമോൻ
തീവ്രമായ പ്രാർത്ഥനയാലും
ദൈവത്തിലുള്ള ആശയത്താലും
കരഗതമാക്കി. എന്നാൽ അവൻറെ
ശക്തികു റവിടമായവനിൽനിന്നും
അവൻ പിൻതിരിയുകയും അവൻ
സ്വയത്തിലാശയിക്കുകയും ചെയ്തപ്പോൾ,
അവൻ പരീക്ഷയ്ക്കിരയായിത്തീർന്നു.
അപ്പോൾ രാജാക്കന്മാരിൽ
ബുദ്ധിമാനായ ഈ രാജാവിൽ
ചൊരിയപ്പെട്ട അതിശയക രമായ
ശക്തികളെല്ലാം പിശാചിൻറെ
മദ്ധ്യവർത്തിയായി അവനെ കൂടുതൽ
'പ്രയോജനപ്പെടുത്തുക
മാത്രമാണുണ്ടായത്. എന്നുള്ള

സത്യത്തിനുനേരെ മനുഷ്യരുടെ കണ്ണ് കുരുടാക്കിത്തീർക്കുന്നതിനുവേണ്ടി സാത്താൻ നിരന്തരം വ്യാപൃതനായിരിക്കുമ്പോൾ ക്രിസ്ത്യാനികൾ "നമുക്കു പോരാട്ടമുള്ളത് ജഡ രക്തങ്ങളോടല്ല, വാഴ്ചകളോടും അധികാരങ്ങളോടും ഈ അന്ധകാരത്തിൻറെ ലോകാധിപതികളോടും സ്വർല്ലോകങ്ങളിലെ ദുഷ്ടാത്മസേനയോടും അത്രേ എന്ന സത്യം മനസ്സിലാക്കണം (എഫെ. 6:12). ആത്മപ്രേരിതമായ മുന്നറിയിപ്പ് ആദിമനൂറ്റാണ്ടുമുതൽ ഇന്നുവരേയും മാറ്റൊലിക്കൊള്ളുന്നത്: "നിർമ്മദരായിരിപ്പിൻ, ഉണർന്നിരിപ്പിൻ, നിങ്ങളുടെ പ്രതിയോഗിയായ പിശാചു അലറുന്ന

സിംഹം എന്നപോലെ ആരെ
വിഴുങ്ങേണ്ടു എന്ന് തിരിഞ്ഞു ചുറ്റി
നടക്കുന്നു” (1 പത്രൊസ് 5:8).
“പിശാചിൻറെ തന്ത്രങ്ങളോടു
എതിർത്തുനില്ക്കാൻ
കഴിയേണ്ടതിന്നു ദൈവത്തിൻറെ
സർവ്വായുധവർഗ്ഗം ധരിച്ചുകൊൾവിൻ
എന്നാണ് (എഫെ. 6:11).

ആദാമ്യകാലം മുതൽ ഇന്നെയോളം
നമ്മുടെ ശത്രു അടിച്ചമർത്തുന്നതിനും
നിർമ്മൂല നശീകരണത്തിനുമായി
അവൻറെ ശക്തി ഉപയോഗിച്ചു
കൊണ്ടിരിക്കുന്നു. ദൈവത്തിൻറെ
സഭയ്ക്കെതിരായുള്ള അവൻറെ
അവസാന സംരംഭത്തിനായി
അവനിപ്പോൾ

തയ്യാറെടുത്തുകൊണ്ടിരിക്കുന്നു.
യേശുവിനെ
അനുഗമിയ്ക്കാനാഗ്രഹിക്കുന്നവരെല്ലാം,
ഈ നിഷ്ഠൂര ശത്രുവുമായി
സംഘട്ടനത്തിൽ അകപ്പെട്ടിരിക്കും.
ദൈവിക മാതൃകയെ അനുകരിക്കാൻ
ക്രിസ്ത്യാനി എത്രത്തോളം അടുക്കുമോ
അത്രത്തോളം അവൻ അവനെ ത്തന്നെ
സാത്താൻറെ ആക്രമണത്തിന്നു ഒരു
അടയാളമായി നിശ്ചയമായും
രൂപപ്പെടുത്തും. ദൈവിക പരിപാടിയിൽ
ശുഷ്കാന്തിയോടെ
വ്യാപൃതരായിരിക്കുകയും,
പൈശാചികൻറെ വഞ്ചനകളെ
അനാവരണം ചെയ്യുവാൻ
അന്വേഷിക്കുകയും ജനങ്ങളുടെ മുമ്പിൽ
ക്രിസ്തുവിനെ അവതരിപ്പിക്കുകയും

ചെയ്യുന്നവരെല്ലാം, വിനയമുള്ള മനസ്സോടും കണ്ണുനീരോടും പരീക്ഷകളോടും കൂടെ കർത്താവിനെ ശുശ്രൂഷിക്കുന്നു എന്ന് പൌലൊസ് പറഞ്ഞ സാക്ഷ്യത്തോട് പങ്കുചേരാൻ പ്രാപ്തരാകുന്നതാണ്.

സാത്താൻ തൻ്റെ ഘോരവും കൌശലപൂർണ്ണവുമായ പരീക്ഷകൾ കൊണ്ട് ക്രിസ്തുവിനെ ആക്രമിച്ചു; എന്നാൽ ഓരോ സംഘട്ടനത്തിലും അവൻ വിജയിച്ചു. ആ പോരാട്ടങ്ങൾ നമുക്കുവേണ്ടിയായിരുന്നു. ആ വിജയങ്ങളൊക്കെയും നമുക്ക് വിജയം സാദ്ധ്യമാക്കിത്തരുന്നു. അതിനെ അന്വേഷിക്കുന്നവർക്കൊക്കെയും ക്രിസ്തു ശക്തി പകർന്നുതരും. ഒരു

മനുഷ്യനും തൻറെ സ്വന്ത സമ്മതം
കൂടാതെ സാത്താനാൽ
കീഴടക്കപ്പെടുന്നില്ല. ആരേയും
നിർബന്ധപൂർവ്വം പാപം
ചെയ്യിക്കുന്നതിനോ, ഇച്ഛാശക്തിയെ
നിയന്ത്രിക്കുന്നതിനുള്ള കരുത്തോ
പരീക്ഷകനില്ല തന്നെ.
അവനൊരുപക്ഷെ കഷ്ടത
വരുത്താനാകും, എന്നാലവന്
മലിനപ്പെടുത്താനാവില്ല; വ്യഥയ്ക്കു
കാരണമുണ്ടാക്കാനവനാകും, എന്നാൽ
കളങ്കപ്പെടുത്താനാവില്ല. പാപത്തിനും
സാത്താനും എതിരായി
ആത്മധൈര്യത്തോടെ യുദ്ധം ചെയ്യാൻ
ക്രിസ്തുവിൻറെ വിജയം തൻറെ
അനുയായികൾക്ക് പ്രചോദനമാണ്.

# അദ്ധ്യായം 31—ദുരാത്മാക്കളുടെ പ്രവർത്തനസംഘം

അദൃശ്യലോകവുമായുള്ള ദൃശ്യമായതിൻറെ ബന്ധം, ദൈവദൂതന്മാരുടെ ശുശ്രൂഷ, ദുരാത്മാക്കളുടെ പ്രവർത്തനസംഘം എന്നിവ തിരുവെഴുത്തുകളിൽ വളരെ വ്യക്തമായി വെളിവാക്കപ്പെട്ടിരിക്കുകയും മനുഷ്യ ചരിത്രത്തിൽ ഇതെല്ലാം കോർത്തിണക്കുകയും ചെയ്തിരിക്കുന്നു. ദുരാത്മാക്കളുടെ അസ്തിത്വത്തിലുള്ള അവിശ്വാസം വളർന്നു വരുന്നൊരു പ്രതിഭാസമാകുന്നു. അതേസമയം "അവരൊക്കെയും രക്ഷപ്രാപിപ്പാനുള്ളവരുടെ ശുശ്രൂഷയ്ക്ക അയയ്ക്കപ്പെടുന്ന സേവകാത്മാക്കളല്ലയോ"

(എബ്രായർ 1:14) എന്നു
വിശുദ്ധദൂതന്മാരെക്കുറിച്ചു
പറഞ്ഞിരിക്കുന്നത് അനേകർ
മരിച്ചവരുടെ ആത്മാക്കളായി
അംഗീകരിക്കുന്നു. നല്ലതും ചീത്തയുമായ
ദൂതന്മാരുടെ നിലനില്പിനെക്കുറിച്ചു
മാത്രമല്ല, ഇവ മരിച്ചുപോയ മനുഷ്യരുടെ
പ്രേതാത്മാക്കളല്ല എന്നുള്ള
അനിഷേധ്യമായ തെളിവിനെക്കുറിച്ചും
തിരുവെഴുത്തുകൾ സവിസ്തരം
പഠിപ്പിക്കുന്നു.

മനുഷ്യനെ സൃഷ്ടിക്കുന്നതിനു മുമ്പുതന്നെ
ദൈവദൂതന്മാരുണ്ടായിരുന്നു.
ഭൂമിക്കടിസ്ഥാനമിട്ടപ്പോൾത്തന്നെ
"പ്രഭാത നക്ഷത്രങ്ങൾ ഒന്നിച്ചു
ഘോഷിച്ചുല്ലസിക്കുകയും

ദൈവപുത്രന്മാരെല്ലാം സന്തോഷിച്ചാർക്കുകയും ചെയ്തപ്പോൾ അതിൻറെ അടിസ്ഥാനം ഏതിന്മേൽ ഉറപ്പിച്ചു" (ഇയ്യോബ് 38:16); മനുഷ്യൻറെ വീഴ്ചയ്ക്കുശേഷം, ജീവവൃക്ഷത്തെ കാപ്പാനായി ദൂത ന്മാരെ അയച്ചു. ഒരു മനുഷ്യജീവിയും മരിക്കുന്നതിനുമുമ്പായിരുന്നു ഇതു സംഭവിച്ചത്. മനുഷ്യരേക്കാൾ ഉന്നതമായ പ്രകൃതിയായിരുന്നു ദൂതന്മാർക്ക്. സങ്കീർത്തനക്കാരൻ ഇപ്രകാരം പറയുന്നു: "നീ അവനെ ദൈവത്തേക്കാൾ അല്പം മാത്രം താഴ്ത്തി സൃഷ്ടിച്ചിരിക്കുന്നു" (സങ്കീർത്തനങ്ങൾ 8:5).

സ്വർഗ്ഗീയ ജീവികളുടെ
എണ്ണത്തെക്കുറിച്ചും, കൂടാതെ ശക്തി,
മഹത്വം, ദൈവിക ഭരണകൂടത്തോടുള്ള
അവരുടെ ബന്ധം, അതുപോലെ
രക്ഷാപദ്ധതിയുമായി അവർക്കുള്ള
ബന്ധത്തെക്കുറിച്ചും
തിരുവെഴുത്തുകളിൽക്കൂടെ നമ്മെ
മുന്നറിയിച്ചിരിക്കുന്നു. "യഹോവ തൻെറ
സിംഹാസനത്തെ സ്വർഗ്ഗത്തിൽ
സ്ഥാപിച്ചിരിക്കുന്നു. അവൻെറ രാജത്വം
സകലത്തേയും ഭരിക്കുന്നു". വീണ്ടും
പ്രവാചകൻ ഇപ്രകാരം പറയുന്നു
"സിംഹാസനത്തിനു ചുറ്റും ദൂതഗണങ്ങ
ളുടെ ഘോഷം ഞാൻ കേട്ടു."
രാജാധിരാജവിൻെറ തിരുമുമ്പിൽ
അവർ സാദരം നില്ക്കുന്നു. "ദൂതന്മാർ
അതീവ ശക്തർ, ദൈവത്തിൻെറ

ശുശ്രൂഷകരായ അവർ തൻറെ ഇംഗിതങ്ങൾ നിറവേറ്റുന്നു". "തൻറെ പ്രവചനത്തിൻറെ ഘോഷം മുഴക്കുന്നവരത്" (സങ്കീർത്തനങ്ങൾ 103: 19-21; വെളിപ്പാട് 5:11). പതിനാ യിരം പതിനായിരവും, ആയിരം ആയിരവുമാകുന്നു സ്വർഗ്ഗീയ ദൂതു വാഹ കരെന്നു ദാനീയേൽ പ്രവാചകൻ അവലോകനം ചെയ്യുന്നു. അപ്പൊസ്തല നായ പൌലൊസ് "ഒരു സംഖ്യഗണമെന്ന്" ദൂതന്മാരെക്കുറിച്ചു പ്രഖ്യാപിക്കുന്നു (ദാനിയേൽ 7:10 എബ്രായർ 12:22). ദൈവത്തിൻറെ സന്ദേശവാഹക രായ അവർ "മിന്നൽപ്പിണർപ്പോലെ പ്രത്യക്ഷപ്പെടുന്നു" (യെഹെക്കേൽ 1:14) അവരുടെ മഹത്വം

കണ്ണഞ്ചിപ്പിക്കുന്നതുപോലെയും, അവരുടെ ഗമനം അതിശീഘ്രവുമാകുന്നു. രക്ഷകൻറെ കല്ലറയ്ക്കരികിൽ പ്രത്യക്ഷനായ ദൂതൻറെ മുഖം മിന്നൽ പോലെ ശോഭയേറിയതും അവൻറെ അങ്കി ഹിമംപോലെ ശുഭ്രവുമായിരുന്നു. അതു പാറാവുകാരനെ ഭ്രമിപ്പിക്കുകയും മൃതപ്രായരെപ്പോലെ ആക്കുകയും ചെയ്തു" (മത്തായി 28:3,4). ധിക്കാരിയായ അശ്ശൂർ രാജാവായ സൻഹേരിബ്, ദൈവത്തെ അധിക്ഷേപിക്കുകയും, ദൈവദൂഷണം ജല്പി ക്കയും, യിസ്രായേലിനെ നശിപ്പിച്ച് ഭിക്ഷണിപ്പെടുത്തുകയും ചെയ്തപ്പോൾ "അന്നു രാത്രി യഹോവയുടെ ദൂതൻ പുറപ്പെട്ട് അശ്ശൂർ പാളയത്തിൽ ഒരു ലക്ഷത്തൺപത്തയ്യായിരം പേരെ

കൊന്നു. അശ്ശൂർ രാജാവിൻറെ പാളയ
ത്തിലെ സകല പരാകമശാലികളെയും
പ്രഭുക്കന്മാരെയും സേനാപതികളേയും
സംഹരിച്ചു. അതുകൊണ്ട് അവർ
ലജ്ജാമുഖത്തോടെ സ്വദേശത്തെയ്ക്ക്
മടങ്ങിപ്പോകേണ്ടിവന്നു". (2
രാജാക്കന്മാർ 19:35; 2 ദിനവൃത്താന്തം
32:21).

ദൈവമക്കൾക്കുവേണ്ടി
കൃപാദൗത്യവുമായി
അയയ്ക്കപ്പെടുന്നവരാണ ദൈവദൂതന്മാർ.
അബ്രഹാമിനുവേണ്ടി
അനുഗ്രഹത്തിൻറെ വാഗ്ദാനവുമായി
സോദോമിൻറെ പടിവാതില്ക്കലേക്ക്,
അതിൻറെ ഭയാനകമായ നാശത്തിൽ
നിന്നും നീതിമാനായ ലോത്തിനെ

സംരക്ഷിക്കുന്നതിന്നായി, ദൂതന്മാരെ അയച്ചു. മരുഭൂമിയിൽ തളർന്നവശരായി മരിക്കാറായ ഏലിയാവിൻറെ അടുക്കലേയ്ക്ക്, ശത്രുക്കളാൽ വലയം ചെയ്യപ്പെട്ട എലീശായുടെ അടുക്കലേയ്ക്ക്, അഗ്നിമയ രഥങ്ങളോടെ അശ്വാരൂഢരായി ദൂതന്മാർ ആ ചെറിയ പട്ടണത്തിലേയ്ക്ക് കടന്നു വന്നു. ജാതീയ രാജാവിൻറെ കൊട്ടാരത്തിൽ ദൈവിക ജ്ഞാനം ആരായുന്ന വേളയിൽ, സിംഹങ്ങൾക്കിരയാവുന്നതിനായി തള്ളപ്പെട്ട ദാനീയേലിൻറെ അടുക്കലേയ്ക്ക്, മരണത്തിനായി വിധിക്കപ്പെട്ട് ഹെരോദാവിൻറെ കാരാഗൃഹത്തിൽ കഴിയുന്ന പത്രൊസിൻറെ അടുക്കലേയ്ക്ക്,

ഫിലിപ്പ്യയിലെ തടവുകാരുടെ
അടുക്കലേയ്ക്ക്, അർദ്ധരാത്രിയിൽ
സമുദ്രമദ്ധ്യേ കൊടുങ്കാറ്റിലകപ്പെട്ട
പൌലൊസിൻറെയും കൂട്ടാളികളുടേയും
അടുക്കലേയ്ക്ക്, സുവി ശേഷം
സ്വീകരിക്കുന്നതിനുവേണ്ടി
കൊർന്നല്യോസിന്റെ മനസ്സ്
തുറക്കുന്നതിന്നുവേണ്ടി, അപരിചിതരായ
ജാതികളിൽ രക്ഷയുടെ സന്ദേശവുമായി
പതാസിനെ അയയ്ക്കുന്നതിനുവേണ്ടി,
ഇപ്രകാരം ദൈവത്തിൻറെ
ജനത്തിന്നുവേണ്ടി എല്ലാ കാലങ്ങളിലും
വിശുദ്ധ ദൂതന്മാർ ശുശ്രൂഷ നിർവ്വഹിച്ചു
കൊണ്ടിരിക്കുന്നു.

ഓരോ കാവൽ ദൂതനെയും
കർത്താവിന്റെ ഓരോ

അനുഗാമികൾക്കുമായി
നിയോഗിച്ചിരിക്കുന്നു. ഈ സ്വർഗ്ഗീയ
സംരക്ഷകൻ, വിശുദ്ധന്മാരെ ദുഷ്ടൻറെ
അധികാരത്തിൽനിന്നും രക്ഷിക്കുന്നു.
"അതിനു സാത്താൻ യഹോവയോടു
വെറുതെയോ ഇയ്യോബ്
ദൈവഭക്തനായിരിക്കുന്നത്? നീ
അവനും അവൻറെ വീടിനും അവനുള്ള
സകലതിനു ചുറ്റും വേലി
കെട്ടിയിട്ടില്ലയോ? നീ അവൻറെ
പ്രവർത്തിയെ അനുഗ്രഹിച്ചിരിക്കുന്നു.
അവൻറെ മൃഗ സമ്പത്ത് ദേശത്ത്
പെരുകിയിരിക്കുന്നു" (ഇയ്യോബ്
1:9,10) എന്നു സാത്താൻ
പ്രസ്താവിക്കുമ്പോൾ ഇക്കാര്യം അവൻ
സ്വയം അംഗീകരിക്കുന്നു.
സങ്കീർത്തനക്കാ രൻറെ വാക്കുകളിൽ

തൻറെ പ്രവർത്തന സംഘങ്ങളിലൂടെ ദൈവം തൻറെ മക്കളെ സംരക്ഷിക്കുന്നതിനെക്കുറിച്ച് പ്രകടമാക്കിയിട്ടുണ്ട്. "യഹോവയുടെ ദൂതൻ അവൻറെ ഭക്തന്മാരുടെ ചുറ്റും പാളയമിറങ്ങി അവരെ വിടുവിക്കുന്നു". (സങ്കീ 34:7). ദൈവത്തിൽ വിശ്വസിക്കുന്നവരോട് രക്ഷിതാവു പറഞ്ഞു: "ഈ ചെറിയവരിൽ ഒരുത്തനെ തുച്ഛീകരിക്കാതിരിപ്പാൻ സൂക്ഷിച്ചു കൊൾവിൻ. സ്വർഗ്ഗത്തിൽ അവരുടെ ദൂതന്മാർ സ്വർഗ്ഗസ്ഥനായ എൻറെ പിതാവിൻറെ മുഖം എപ്പോഴും കാണുന്നു എന്നു ഞാൻ നിങ്ങളോടു പറയുന്നു" (മത്തായി 18:10,11). ദൈവമക്കളെ ശുശ്രൂഷിക്കുന്നതിനായി നിയോഗിക്കപ്പെട്ടിരിക്കുന്ന ദൂതന്മാർ

സദാസമയവും ദൈവത്തിൻറെ സന്നിധിയിൽ പ്രവേശിക്കുന്നുണ്ട്.

ഇപ്രകാരം കുത്സിത ശക്തിയും, അന്ധകാരാധീശൻറെ തളരാത്തെ ഉൾപ്പകയും നിറഞ്ഞ പൈശാചിക സേനയുമായുള്ള പോരാട്ടത്തിൽ ദൈവമക്കൾക്കു സ്വർഗ്ഗീയ ദൂതന്മാരുടെ നിലയ്ക്കാത്ത സംരക്ഷണത്തിൻറെ വാഗ്ദാനവും വെളിപ്പെടുത്തിയിരിക്കുന്നു. ഇത്തരത്തിലുള്ള വാഗ്ദത്തം ഒരിക്കലും ആവശ്യം കൂടാതെ നല്കുന്നില്ല. കൃപയുടേയും സംരക്ഷണത്തിൻറേയും വാഗ്ദാനം ദൈവം തൻറെ മക്കൾക്കു നൽകിയിട്ടുണ്ടെങ്കിൽ അതിൻറെ കാരണം അതീവ ശക്തരായ പൈശാചിക സേനയെ

നേരിടേണ്ടതിനായിട്ടാണ്, നിശ്ചയ ദാർഢ്യമുള്ളവരും ക്ഷണിക്കാത്തവരും കുത്സിതരുമായ അസംഖ്യം ദുരാത്മാക്കളുടെ ശക്തിയിൽനിന്ന് രക്ഷനേടുന്നതിന് അജ്ഞതയും അശ്രദ്ധയും ഒഴിവാക്കേണ്ടതാണ്.

ദുരാത്മാക്കൾ ആരംഭത്തിൽ പാപരഹിതരായി സൃഷ്ടിക്കപ്പെട്ടവരും, പകൃതത്തിലും ശക്തിയിലും , മഹത്വത്തിലും ഇന്ന് ദൈവത്തിൻറെ ദൂതുവാഹകരായി വർത്തിക്കുന്ന വിശുദ്ധ ദൂതന്മാർക്ക് തുല്യരുമായിരുന്നു. എന്നാൽ പാപത്താൽ വീഴ്ച ഭവിച്ചപ്പോൾ ദൈവത്തെ അനാദരിക്കുന്നതിനും മനുഷ്യരെ നിർമ്മൂലമാക്കുന്നതിനും ഒന്നിച്ചൊരു

സഖ്യമായി മാറി. സാത്താനോ ടൊപ്പം
അവൻ്റെ എതിർപ്പിൽ
ഒന്നിച്ചുചേർന്നും സ്വർഗ്ഗത്തിൽ നിന്നും
അവ നോടൊത്ത് നിഷ്കാസിതരായും
അവർ എല്ലാക്കാലത്തും,
ദൈവികാധികാ രത്തോട് മറുത്തും
മത്സരിച്ചും നില്ക്കുന്നതിൽ
പങ്കാളികളായി. അവരുടെ
കൂട്ടുകെട്ടിനെക്കുറിച്ചും ഭരണത്തെക്കുറിച്ചും
വ്യത്യസ്തങ്ങളായ അവരുടെ
ആസൂത്രണങ്ങളേയും അവരുടെ
വൈദഗ്ധ്യങ്ങളേയും,
വിവേചനങ്ങളേയും മനുഷ്യരുടെ
സ്വസ്ഥതയ്ക്കും
സന്തോഷത്തിനുമെതിരായുള്ള അവരുടെ
വൈരാഗ്യാസൂത്രണങ്ങളേയും കുറിച്ചും

തിരുവെഴുത്തിൽ നമ്മെ
അറിയിച്ചിരിക്കുന്നു.

അവരുടെ നിലനില്പ്പ്, പ്രവർത്തന
സഖ്യത എന്നിവയെക്കുറിച്ചുള്ള
ഭാഗികമായ പ്രസ്താവന പഴയനിയമ
ചരിത്രത്തിൽ നല്കുന്നുണ്ട്. എന്നാൽ
ക്രിസ്തുത ഈ ഭൂമുഖത്തായിരുന്ന
കാലഘട്ടത്തിലായിരുന്നു പൈശാചികാ
ത്മാക്കൾ അവരുടെ ശക്തി അതിൻറെ
പരമകാഷ്ഠയിൽ വെളിപ്പെടുത്തിയത്.
മനുഷ്യൻറെ വീണ്ടെടുപ്പിനായി
ആസൂത്രണം ചെയ്ത പദ്ധതിയിൽ
പ്രവേശിക്കുന്നതിന് ക്രിസ്തു വരികയും
ഈ ലോകത്തെ നിയന്ത്രിക്കാനുള്ള-
അവൻറെ അധികാരത്തെ സാത്താൻ
കർക്കശമായ വകാശപ്പെടുകയു ചെയ്തു.

പാലസ്തീൻ ദേശമൊഴികെയുള്ള
ഭൂമുഖത്തെ എല്ലാ ഭാഗങ്ങളിലും
വിഗ്രഹാരാധന സുസ്ഥാപിക്കുന്നതിൽ
അവൻ വിജയം കൈവരിച്ചു.
പരീക്ഷകൻറെ സ്വാധീനത്തിന്
കീഴടങ്ങാത്ത പ്രത്യേക നാട്ടിലേക്ക്,
സ്വർഗ്ഗീയ ദീപ്തി ചൊരിയുന്നതിന്നായി
ക്രിസ്തു വന്നു. ഇവിടെ രണ്ട്
ഭിന്നശക്തികൾ തങ്ങളുടെ
പരമോന്നതാധികാരം അവകാശപ്പെട്ടു.
തന്നിലൂടെ സകലർക്കും പാപക്ഷമയും,
ദിവ്യസമാധാനവും കണ്ടെത്താനായി
യേശു തൻറെ സ്നേഹ ഭുജങ്ങൾ
നീട്ടിക്കൊണ്ട് ക്ഷണിക്കുകയായിരുന്നു.
അനിയന്ത്രിതാധികാരം തങ്ങൾക്ക്
പ്രാപിപ്പാനായില്ലെന്ന് അന്ധകാരസേന
കാണുകയും, ക്രിസ്തുവിൻറെ ദൗത്യം

വിജയിക്കുകയാണെങ്കിൽ അവരുടെ ഭരണം അതിവേഗം അവ സാനിക്കുമെന്നും അവർ മനസ്സിലാക്കി. ബന്ധിക്കപ്പെട്ട സിംഹംപോലെ സാത്താൻ ക്രുദ്ധനാകുകയും മനുഷ്യരുടെ ശരീരത്തിലും ആത്മാവിലുമുള്ള അവൻറെ അധികാരത്തെ ധിക്കാരത്തോടെ പ്രദർശിപ്പിക്കുകയും ചെയ്തു.

മനുഷ്യർ ദുർഭൂതങ്ങളാൽ അധിനിവേശിതരായിരിക്കുന്നതിൻറെ യാഥാർത്ഥ്യം പുതിയനിയമത്തിൽ വളരെ സ്പഷ്ടമായി പ്രതിപാദിച്ചിരിക്കുന്നു. പ്രകൃതി കാരണങ്ങളാലുണ്ടാകുന്ന രോഗംമൂലമുള്ള കഷ്ടതയാലല്ല വ്യക്തികൾ ഇപ്രകാരം

പീഡിപ്പിക്കപ്പെട്ടുകൊണ്ടിരിക്കുന്നത്. തൻറെ ഇടപാടുകളെക്കുറിച്ചുള്ള വ്യക്തമായ ഒരു ധാരണ കർത്താവിനുണ്ടായിരുന്നു. കൂടാതെ ദുരാത്മാക്ക ളുടെ വ്യക്തമായ സാമീപ്യത്തേയും സഖ്യതയേയുംകുറിച്ച് താൻ ബോധവാനായിരുന്നു.

അവരുടെ പെരുപ്പം, ശക്തി, പക എന്നിവ കൂടാതെ ക്രിസ്തുവിൻറെ അധികാര ശക്തിയും കരുണയും വെളിപ്പെടുത്തുന്ന ഒരുത്തമോദാഹരണമാണു ഗദരയിലെ പൈശാചികാക്രമണത്തിൽനിന്നുള്ള വിടുതലിനെക്കുറിച്ചുള്ള രേഖകൾ തിരുവെഴുത്തിൽ നൽകിയിരിക്കുന്നത്. ആ

അധമന്മാരായ ഉന്മത്തന്മാർ, എല്ലാ നിയന്ത്രണങ്ങളേയും നിന്ദിക്കുകയും ദുസ്സഹ വേദനയാൽ പുളയുകയും ഉഗ്രതപൂണ്ട് നിലവിളിയുടെ ശബ്ദത്താൽ അന്തരീക്ഷം മുഖരിതമാകയും സ്വയം തങ്ങൾക്കുതന്നെ അവരെ അഭിമുഖീകരിക്കുന്നവരെ അപായപ്പെടുത്തുകയും ഹാനിവരുത്തുകയും ചെയ്തിരുന്നു. രക്തം വാർന്നൊഴുകുന്ന വികൃതമായ അവരുടെ ശരീരങ്ങളും കൂടാതെ, കടിഞ്ഞാണില്ലാത്ത മനസ്സും അന്ധകാരത്തിൻറെ പ്രഭുവിനു ഹൃദ്യമായ ഒരു കാഴ്ച്ചയായി സമർപ്പിക്കപ്പെട്ടു. പിശാചുക്കളാൽ നിയന്ത്രിക്കപ്പെട്ട പീഢിതരിൽ ഒരാൾ പ്രഖ്യാപിച്ചു: "എൻറെ പേർ ലെഗ്യോൻ എന്നാകുന്നു;

ഞങ്ങൾ അനേകരാകുന്നു" (മാർക്കൊ 5:9). റോമൻ സൈന്യത്തിൽ മൂവായിരം മുതൽ അയ്യായിരം വരെ യോദ്ധാക്കൾ ഉൾക്കൊള്ളുന്ന സംഖ്യയാണ് ലെഗ്യോൻ. സാത്താന്യ സൈന്യവും കൂട്ടംകൂട്ടമായിരിക്കുകയും ഒരു കൂട്ടത്തിൽ ഒരു ലെഗ്യോനിൽ കുറയാത്ത പൈശാചിക സേനാംഗങ്ങൾ അടങ്ങുകയും ചെയ്യുന്നു.

രക്ഷിതാവിൻറെ പാദാരവിന്ദങ്ങളിൽ വിനയത്തോടും സുബോധത്തോടും കീഴ്വഴക്കത്തോടുംകൂടി ഇരിപ്പാൻ അവരെ അനുവദിച്ചുകൊണ്ടി യേശുവിൻറെ ആജ്ഞയിൽ ദുരാത്മാക്കൾ അവരുടെ ഇരകളെ വിട്ടകന്നു. കടലിൽ നിപതിക്കുന്നതിന്നായി പിശാചുക്കളെ

ഒരു പറ്റം പന്നികളിൽ
പ്രവേശിക്കാനനുവദിച്ചു.
ഗദരനിവാസികളെ
സംബന്ധിച്ചിടത്തോളം ക്രിസ്തു നല്കിയ
ഈ അനുഗ്രഹങ്ങളേക്കാൾ മുൻതൂക്കം
അവർക്കുണ്ടായ നഷ്ടമായിരുന്നു.
ദിവ്യസൗഖ്യദായകൻ അവിടം
വിട്ടുപോകുവാൻ അപേക്ഷിച്ചു.
സുരക്ഷിതത്വത്തിനുവേണ്ടി സാത്താൻ
രൂപം നല്കിയതിൻറെ ഫലമായിരുന്നു
ഇത്. അവരുടെ നഷ്ടത്തിൻറെ കുറ്റം
യേശുവിൽ ആരോപിച്ചുകൊണ്ട്
സാത്താൻ ജനങ്ങളുടെ
സ്വാർത്ഥതയുണർത്തുകയും
യേശുവിൻറെ വചനങ്ങൾ
ശ്രദ്ധിക്കുന്നതിൽനിന്നും അവരെ
തടയുകയും ചെയ്തു. ഇതിൻറെയെല്ലാം

മൂലകാരണത്തിന്മേൽ- തന്നിലും തൻറെ സംഘത്തിന്മേലും കുറ്റമാരോപിക്കേണ്ടതിനുപകരം, നഷ്ടത്തിൻറേയും ദൗർഭാഗ്യത്തിന്റേയും കഷ്ടതയുടേയും കാരണം ക്രിസ്ത്യാനികളാണെന്ന് സാത്താൻ സദാ കുറ്റമാരോപിക്കുകയാണ്.

എന്നാൽ ക്രിസ്തുവിൻറെ ഉദ്ദേശങ്ങളൊന്നും വിഫലമായില്ല. ലാഭേച് യ്ക്കായി ഈ അശുദ്ധ മൃഗങ്ങളെ പെരുപ്പിക്കുന്ന യെഹൂദന്മാർക്ക്, ഒരു കർക്കശമായ താക്കീതുപോലെ താൻ ആ പന്നിക്കൂട്ടത്തെ നശിപ്പിക്കുന്നതിന് അശുദ്ധാത്മാക്കളെ അനുവദിച്ചു. പിശാചുക്കളെ ക്രിസ്തു

നിയന്ത്രിച്ചിട്ടുണ്ടായിരുന്നില്ലേ? കടലിൽ മുങ്ങുന്ന പന്നികളെ മാത്രമല്ല അതിൻറെ സൂക്ഷിപ്പുകാരു ടേയും ഉടമസ്ഥരുടേയും പോലുമുള്ള പരിപാലനം കർത്താവിന്റെ അധികാരത്തിൽനിന്നു മാത്രമായിരുന്നു. അവരുടെ വിടുതലിന്നായി അവൻ കരുണയോടെ പ്രവർത്തിച്ചു. ഇതിനേക്കാളുപരി തൻറെ ശിഷ്യന്മാർ മനുഷ്യരിലും മൃഗങ്ങളിലുമുള്ള സാത്താൻറെ നിഷ്പ്രാധികാരത്തിൻറെ ദൃക്സാക്ഷികളായിത്തീരുന്നതിന് ഈ സംഭവം നടക്കുവാൻ കർത്താവ് അനുവദിക്കുക യായിരുന്നു. അവൻറെ ചതിയാൽ വഞ്ചിതരായിത്തീരാനോ അടിമപ്പെട്ടുപോ കാനോ

ഇടവരാതിരിക്കുന്നതിന്,
തങ്ങളഭിമുഖീകരിക്കാനിരിക്കുന്ന
വൈരിയെക്കുറിച്ച് തൻറെ
അനുഗാമികൾ
ബോധവാന്മാരായിരിക്കണമെന്ന് രക്ഷി
താവാഗ്രഹിച്ചു. സാത്താന്യ
ബന്ധനങ്ങളെ അറുക്കുന്നതിനും
അവൻറെ അടി മത്വത്തിൽനിന്നും
വിടുതൽ നേടുന്നതിനും തൻറെ ശക്തി
ആ പ്രദേശത്തു ള്ളവർ
കൈവരിക്കണമെന്നുള്ളത് തൻറെ
ഒരഭിലാഷമായിരുന്നു. യേശു സ്വയം
അവിടെനിന്നും കടന്നുപോയെങ്കിലും,
അത്ഭുതകരമായി വിടുവിക്കപ്പെട്ടവർ,
അവരുടെ ഗുണകാംക്ഷിയുടെ
കരുണയെക്കുറിച്ച് ഉച്ചത്തിൽ

പ്രഘോഷിക്കുന്നതിൽ
നിലനില്ക്കയുണ്ടായി.

ഇത്തരത്തിലുള്ള മറ്റു പല സംഭവങ്ങളും തിരുവെഴുത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. സുറൊഫൊയിക്യക്കാരിയുടെ മകൾ പിശാചിനാൽ വളരെയേറെ പീഡിപ്പിക്കപ്പെടുകയും, യേശുവിൻറെ ശക്തിയുള്ള വചനത്താൽ വിടുവിക്കപ്പെടുകയും ചെയ്തു (മർക്കൊ. 7:26-30); "അന്ധനും ഊമനുമായിത്തീർന്ന, പിശാചു ബാധിച്ച ഒരുവൻ" (മത്തായി 12:22); യുവാവിനെ തീയിലും വെള്ളത്തിലും ഇട്ടുകൊല്ലുവാൻ ഭാവിക്കുന്ന ദുരാത്മാവ് (മർക്കൊ. 9:17-27); "അശുദ്ധാത്മാവ് ബാധിച്ച ഭ്രാന്തൻ" (ലൂക്കോ . 4:33-36);

കഫർന്ന ഹൂമിലെ സിനഗോഗിൽ
പ്രശാന്തമായ ശബ്ദത്തിനെ
അലങ്കോലമാക്കിയ സംഭവം--
എല്ലാവരും അനുകമ്പാപൂർണ്ണനായ
രക്ഷിതാവിനാൽ സൗഖ്യമാക്കപ്പെട്ടു.
മിക്കവാറും എല്ലാ സംഭവങ്ങളിലും ക്രിസ്തു,
പിശാചിനെ ബുദ്ധിമാനെന്ന്
അഭിസംബോധന ചെയ്യുകയും അവൻറെ
ഇരയെ ഇനിയും കൂടുതൽ ദാരുണമായി
പീഡിപ്പിക്കാതെ വിട്ടുമാറുന്നതിനുവേണ്ടി
അവനോട് കല്പിക്കുകയും ചെയ്തു.
കഫർന്നഹൂമിൽ തന്നെ
ആരാധിക്കുന്നവർ തൻറെ അതുല്യശക്തി
അവലോകനം ചെയ്തു, "സകലരും
അത്ഭുതപ്പെട്ടു, അവർ അന്യോന്യം
എന്തൊരു വചനമാകുന്നു ഇത് എന്ന്
പറഞ്ഞു. അധികാര

ത്തോടും ശക്തിയോടും അവൻ അശുദ്ധാത്മാക്കളോട് കല്പിക്കുന്നു. അവ പുറത്തുവരികയും ചെയ്യുന്നു" (ലൂക്കൊസ് 4:36).

ആ ഭൂതബാധിതർ സാധാരണയായി മഹാകഷ്ടതയുടെ അനുഭവത്തിൽ നിന്നുള്ളവരുടെ പ്രതിനിധികളെപ്പോലെ ആയിരുന്നു. എങ്കിലും ഇതിൽനിന്നും വിഭിന്നമായതുമുണ്ടായിരുന്നു. അമാനുഷിക ശക്തിയാർജ്ജിക്കുന്നതിനു വേണ്ടി ചിലർ സാത്താന്യ സ്വാധീനം സ്വാഗതം ചെയ്തു. ഇവ ഒരിക്കലും ഭൂതങ്ങളുമായി വൈരുദ്ധ്യമുണ്ടാക്കിയില്ല. ഇക്കൂട്ടത്തിൽപ്പെട്ടവർ ഭാവി

പ്രവചനാത്മാവിനെ പ്രാപിച്ചവരായ-
സൈമൺ മാഗസ്, ക്ഷുദ്രക്കാരനായ
എലി മാസ്, ഫിലിപ്പ്യയിൽവെച്ച്
പൌലൊാസിനേയും ശീലാസിനേയും
അനുഗമിച്ച കന്യക എന്നിവരായിരുന്നു.

പൈശാചിക സംഘത്തിൻറേയും
ആത്മാക്കളുടേയും നിലനില്പിനെ
തൃജിക്കുകയും, തിരുവെഴുത്തുകളുടെ
സാക്ഷ്യം നേരിട്ടും വിപുലമായും
ഇക്കാര്യത്തിൽ
ഉണ്ടെങ്കിൽത്തന്നെയും അതിനെ
അവഗണിക്കുകയും ചെയ്യുന്നവർ
പൈശാചികാത്മാവിൻറെ
സ്വാധീനത്താൽ വലിയ ആപത്തിൽ
ആയിരിക്കുന്നു. നാം അവരുടെ
കൗശലത്തിൽ

അജ്ഞരായിരിക്കുന്നിടത്തോളം മിക്കവാറും അവർക്ക് അപ്രാപ്യമായ നേട്ടമുണ്ട്. ഒരുപക്ഷെ അവർ അവരുടെ സ്വന്തജ്ഞാനത്തെ പിൻതുടരുമ്പോൾപോലും അനേകരും അവരുടെ അഭിപ്രായത്തിന് ശ്രദ്ധകൊടുക്കും. ഇതുകൊണ്ടാകുന്നു. കാലാന്ത്യത്തോട് നാം സമീപിക്കുന്നതുകൊണ്ട്, സാത്താൻ അത്യന്തം ശക്തിയോടെ വഞ്ചിക്കുന്നതിനും നശിപ്പിക്കുന്നതിനുമായി പ്രവർത്തിക്കുന്നത്.

എല്ലായിടത്തും അവൻറെ അസ്തിത്വം ഇല്ലെന്നുള്ള വിശ്വാസം അവൻ പരത്തുന്നു. അതുകൊണ്ടാകുന്ന

തന്നെത്തന്നെയും തൻറെ പ്രവർത്തന ശൈലിയേയും മൂടിവെയ്ക്കുന്നത് അവൻറെ പദ്ധതിയാക്കിയത്. നാം അവൻറെ വഞ്ചനകളുമായി ബന്ധപ്പെടേണ്ടിവരുന്നതിനേക്കാൾ അധികമായി ആ മഹാ വഞ്ചകൻ ഭയപ്പെടുന്ന മറ്റു യാതൊന്നും തന്നെയില്ല. അവൻറെ യഥാർത്ഥ സ്വഭാവവും ഉദ്ദേശവും വളരെ ഭംഗിയായി മറയ്ക്കുന്നതിന്, നിന്ദയുടേയും അപഹാസ്യത്തിൻറേയും രൂക്ഷമായ വികാരത്തിൻറെ പ്രതിനിധിയായി അവൻ രൂപം കൊള്ളുന്നു. വികൃതരൂപത്തോടുകൂടി, മൃഗത്തിൻറേയും മനുഷ്യൻറേയും രൂപ സങ്കലനത്തോടുകൂടി, ബീഭത്സകമോ പരിഹാസ്യമോ ആയ ഒരു വസ്തുവായി

വേഷം പൂകുന്നതിൽ അവൻ അതീവ സന്തുഷ്ടനാണ്. സ്വയം തങ്ങൾ ബുദ്ധിമാന്മാരെന്നും അറിവുള്ളവരെന്നും ചിന്തിക്കുന്നവരുടെ കേളീരംഗങ്ങളിൽ തൻറെ പേരുപയോഗിച്ചുകേൾക്കുന്നതിൽ അവൻ സന്തോഷിക്കുന്നു.

അവൻ സ്വയം തൻറെ തികവുറ്റ പാടവത്തോടുകൂടെ മൂടുപടം അണിഞ്ഞുകൊണ്ട് "ഇത്തരത്തിലുള്ള ഒരു സത്വം യഥാർത്ഥത്തിൽ ഉണ്ടോ?" എന്ന് വ്യാപകമായി ചോദിക്കുന്നു. അവൻറെ ജയത്തിൻറെ ഒരു തെളിവെന്തെന്നാൽ തിരുവെഴുത്തിലെ പ്രകടമായ സാക്ഷ്യങ്ങൾക്ക് വ്യാജ തത്വങ്ങൾ നല്കുകയും ആത്മീകലോകം

അവ ഹൃദ്യമായി സ്വീകരിക്കുകയും ചെയ്യുന്നു എന്നുള്ളതാണ്. അതുകൊണ്ടാണ് സാത്താൻ അവൻറെ സ്വാധീനത്തെക്കുറിച്ച് അബോധാവസ്ഥയിൽ കഴിയുന്നവരുടെ മനസ്സുകളെ നിയന്ത്രിക്കാൻ തികച്ചും ഒരുങ്ങുന്നത്. അവൻറെ ദുഷിച്ച പ്രവർത്തനത്തെക്കുറിച്ച് ദൈവവചനത്തിൽ നമുക്ക് ധാരാളം ഉദാഹരണങ്ങൾ നല്കുന്നു. അവൻറെ നിഗൂഢ സേനകളെ നമ്മുടെ മുമ്പിൽ പ്രദർശിപ്പിക്കുന്നു. ഇപ്രകാരം അവൻറെ ആക്രമണത്തെ ചെറുക്കുവാൻ അവൻ നമ്മെ നിയോഗിക്കുന്നു.

സാത്താൻറെയും അവൻറെ സൈന്യത്തിൻറേയും

ഊർജ്ജസ്വലതയും ഉൾപ്പകയും
ഒരുപക്ഷെ നമുക്കു കേവലം
ആപൽസൂചന നൽകിയേക്കാം.
അപ്രകാരം അതുണ്ടായില്ലെങ്കിലും
വിടുതലും സങ്കേതവും നമ്മുടെ വീണ്ടെ
ടുപ്പുകാരൻറെ അത്യുന്നത ശക്തിയിൽ
നമുക്കു കണ്ടെത്താനാകുന്നതാണ്.
ദുഷ്ടമനുഷ്യരിൽ നിന്ന് നമ്മുടെ
ജീവനേയും നമ്മുടെ വസ്തുവകകളേയും
സംരക്ഷിക്കുന്നതിനുവേണ്ടി നാം വളരെ
കരുതലോടുകൂടി നമ്മുടെ വീടുകൾ പൂട്ടി
ഭദ്രമാക്കും. എന്നാൽ നമ്മെ നിരന്തരം
ആക്രമിച്ചുകൊണ്ടിരിക്കുന്ന
പൈശാചികസേനകളെക്കുറിച്ച് വളരെ
അപൂർവ്വമായാണ് നാം ചിന്തിക്കുന്നത്.
അനു വദനീയമെങ്കിൽ, അവർക്കു
നമ്മുടെ മനസ്സുകളെ വ്യതിചലിപ്പിക്കാനും

നമ്മുടെ ശരീരങ്ങളെ അതിദാരുണമായി
വേദനിപ്പിക്കാനും താറുമാറാക്കാനും
നമ്മുടെ ജീവിതങ്ങളേയും
സമ്പാദ്യങ്ങളേയും
ശിഥിലമാക്കാനുമാകും. കഷ്ട തയിലും
നാശത്തിലും മാത്രമാണ് അവരുടെ
ആനന്ദം. അശുദ്ധാത്മാക്കളി ന്മേലുള്ള
അധികാരം ദൈവം അവർക്ക്
നല്കുന്നതുവരെ
സാത്താന്യപരീക്ഷകൾക്ക്
കീഴ്പെടുകയും ദൈവിക നടത്തിപ്പുകളെ
എതിർക്കുകയും ചെയ്യുന്നവരുടെ
അവസ്ഥ ഭയാനകമായിരിക്കും.
എന്നാൽ ക്രിസ്തുവിനെ അനുഗ
മിക്കുന്നവർ എക്കാലത്തും അവൻറെ
കരുതലിൻകീഴിലായിരിക്കും.
അവരുടെ സംരക്ഷണത്തിന്നായി

അതുല്യശക്തരായ ദൂതന്മാരെ
സ്വർഗ്ഗത്തിൽനിന്നും
അയയ്ക്കുന്നതായിരിക്കും. ദൈവം തൻറെ
ജനത്തിന്നായി ഏർപ്പെടുത്തിയി
രിക്കുന്ന സങ്കേതത്തെ തകർക്കുവാൻ
ദുഷ്ടനായവന്ന സാദ്ധ്യമല്ല.

# അദ്ധ്യായം 32—സാത്താൻറെ കെണികൾ

യേശുക്രിസ്തുവും സാത്താനും തമ്മിൽ ആറായിരത്തോളം വർഷങ്ങളായി തുടർന്നുവരുന്ന വൻപോരാട്ടം വേഗം അവസാനിക്കുവാൻ പോകുന്നു. അതുകൊണ്ട് ക്രിസ്തു മനുഷ്യ രക്ഷയ്ക്ക് വേണ്ടി ചെയ്യുന്ന വേല പരാജയപ്പെടുത്തി ആത്മാക്കളെ കെണിയിൽ അകപ്പെടുത്തുന്നതിനുള്ള തൻറെ പ്രയത്നം ദുഷ്ടനായവൻ വീണ്ടും ഇരട്ടിപ്പിക്കുകയാണ്! പാപക്ഷമയ്ക്കായി ഒരു യാഗവും ഇല്ലാതായിത്തീരും വരെ, രക്ഷകൻറെ മദ്ധ്യസ്ഥത അവസാനിക്കുവോളം മനുഷ്യരെ അന്ധകാരത്തിലും അനുതാപരാഹിത്യത്തിലും ആഴത്തി

നിറുത്തുക എന്ന ലക്ഷ്യം നിറവേറ്റുവാൻ സാത്താൻ സദാ പരിശ്രമിച്ചു കൊണ്ടിരിക്കുന്നു.

തൻറെ ശക്തിയെ പ്രതിരോധിക്കുന്നതിനു പ്രത്യേക പ്രയത്നം ഇല്ലാതെയിരിക്കുന്നിടത്തോളം, അഥവാ, ഉദാസീനത സഭയിലും ലോകത്തിലും നിലനില്ക്കുന്നിടത്തോളം സാത്താൻ ഉൽക്കണ്ഠാരഹിതനായിരിക്കുന്നു. കാരണം അവൻറെ ബന്ധനത്തിൽപെട്ട് തൻറെ ഇഷ്ടമനുസരിച്ച് നടക്കുന്നവർ തനിക്കു നഷ്ടമാകുമെന്ന ഭയം അവനില്ല എന്നതുതന്നെ. എന്നാൽ നിത്യമായ വസ്തുതകളിലേക്കു ശ്രദ്ധ

ക്ഷണിക്കപ്പെടുക നിമിത്തം, “രക്ഷ പ്രാപിപ്പാൻ ഞാൻ എന്തു ചെയ്യേണം”? എന്ന് ആത്മാക്കൾ അന്വേഷിക്കുമ്പോൾ അവൻ കുളത്തിലിറങ്ങുകയും ക്രിസ്തുവിൻറെ ശക്തിക്കെതിരെ തൻറെ ശക്തി പ്രയോഗിക്കുന്നതിനു പരിശുദ്ധാത്മാവിൻറെ സ്വാധീനത്തെ പ്രതിരോധിക്കുവാനുള്ള അവസരങ്ങൾ തെരഞ്ഞുപിടിക്കുകയും ചെയ്യുന്നു.

തിരുവചനം പ്രതിപാദിക്കുന്ന പ്രകാരം ഒരിക്കൽ ദൈവദൂതന്മാർ യഹോവയുടെ സന്നിധിയിൽ നില്പാൻ ചെന്നപ്പോൾ അവരോടൊത്ത് സാത്താനും ചെന്നത് (ഇയ്യോബ് 1:6) നിത്യനായ രാജാവിൻറെ മുന്നിൽ വണങ്ങുന്നതിനായിരുന്നില്ല; പ്രത്യുത,

നീതിമാന്മാർക്കെതിരെയുള്ള തൻറെ
കൊടും പക വ്യാപി
പ്പിക്കുന്നതിനായിരുന്നു. ദൈവത്തെ
ആരാധിക്കുന്നതിനു മനുഷ്യർ
കൂടിവരുന്നിടത്തൊക്കെയും ഈ
ഉദ്ദേശ്യത്തോടുകൂടെ സാത്താനും
സന്നിഹിതനാകുന്നു. ആരാധനക്കാരുടെ
മനസ്സിനെ നിയന്ത്രിക്കുന്നതിന്
അവരുടെ ദൃഷ്ടിയിൽനിന്നു
മറഞ്ഞുനിന്നുകൊണ്ട് സകല
ജാഗ്രതയോടും കൂടെ അവൻ
പ്രവർത്തിക്കുന്നു. നിപുണനായ ഒരു
സൈന്യാധിപനെപ്പോലെ അവൻ
തൻറെ പദ്ധതികൾക്കു നേരത്തേതന്നെ
രൂപം കൊടുക്കുന്നു. ദൈവത്തിൻറെ
ദൂതുവാഹകർ തിരുവചനം
പഠിക്കുന്നതുകാണുമ്പോൾ അവർ

ജനങ്ങളുടെ മുന്നിൽ
അവതരിപ്പിക്കുവാൻ പോകുന്ന വിഷയം
എന്തെന്ന് അവൻ രേഖപ്പെടുത്തുന്നു.
പിന്നെ ആ ദൂതു തൻറെ വഞ്ചനയ്ക്കു
വിധേയരാകാനുള്ളവരുടെ ഉള്ളത്തിൽ
കടക്കാതിരിക്കത്തക്കവിധം
പരിതസ്ഥിതികളെ നിയന്ത്രിക്കുന്നതിനു
സകലവിധ കൗശലങ്ങളും തന്ത്രങ്ങളും
അവൻ പ്രയോഗിക്കുന്നു. ആ പ്രത്യേക
മുന്നറിയിപ്പ് ഏറ്റവും
ആവശ്യമായിരിക്കുന്ന വ്യക്തിയെ
തൻറെ സാന്നിദ്ധ്യം വേണമെന്നുള്ള
ഏതെങ്കിലും വ്യാപാര ഇടപാടിൽ
അകപ്പെടുത്തുകയോ, മറ്റേതെങ്കിലും
വിധത്തിൽ തടസ്സങ്ങൾ സൃഷ്ടിക്കുകയോ
ചെയ്തു കൊണ്ട്, അവനെ തനിക്ക്
ജീവനിൽനിന്നു ജീവനിലേക്ക്

സൗരഭ്യവാസന ആകുമായിരുന്ന വചനങ്ങൾ കേൾക്കുവാൻ അനുവദിക്കാതെ അകറ്റി നിറുത്തുന്നു.

ജനത്തെ ചുറ്റിയിരിക്കുന്ന ആത്മീക അന്ധകാരം നിമിത്തം ദൈവദാസ ന്മാർ ഭാരപ്പെട്ടിരിക്കുന്നത് സാത്താൻ കാണുന്നു. ഈ ഉദാസീനതയുടെയും അശ്രദ്ധയുടെയും അലസതയുടെയും മയക്കത്തെ ഭേദിക്കുന്നതിന് ആവശ്യ മായ ദൈവകൃപയ്ക്കും ശക്തിക്കും വേണ്ടിയുള്ള ആത്മാർത്ഥമായ പാർ തന അവൻ കേൾക്കുന്നു. അപ്പോൾ പുതിയ ഉണർവ്വോടെ തൻറെ ഉപായങ്ങളെ അവൻ ശ്രുപപ്പെടുത്തുന്നു. മനുഷ്യരെ കാമാർത്തികളിൽ കുടുക്കിയോ മറ്റേതെങ്കിലും

സ്വയേച്ഛാപൂർത്തീകരണത്തിനു പ്രലോഭിപ്പിച്ചോ രാഗമോ ഹാദികളിലും പലവിധ സ്വയ സംതൃപ്തികളിലും മുഴുകുവാൻ പ്രേരിപ്പിച്ചു കൊണ്ട് സുബോധം മരവിപ്പിച്ചവരാക്കി തങ്ങൾ അവശ്യം ഗ്രഹിച്ചിരിക്കേണ്ടതായ സത്യങ്ങൾ കേൾക്കാതിരിക്കത്തക്കവണ്ണം സാത്താൻ അവരെ വഞ്ചിക്കുന്നു.

പ്രാർത്ഥനയിലും തിരുവചനപഠനത്തിലും ഉപേക്ഷ കാണിക്കുന്നവരെ ആക്രമിച്ചു ജയിക്കുവാൻ എളുപ്പമാണെന്നു സാത്താനു നന്നായറിയാം. അതു കൊണ്ട് അവരുടെ മനസ്സ് മുഴുവൻ നിറയ്ക്കുന്നതിനു സാദ്ധ്യമായ സകല

ഉപാധികളും അവൻ കണ്ടുപിടിക്കുന്നു. തങ്ങൾ ദൈവഭക്തരെന്നു അഭിമാനിക്കുകമാത്രം ചെയ്യുന്ന ഒരുകൂട്ടം എപ്പോഴും ഉണ്ടായിട്ടുണ്ട്. അവർ സത്യം ഗ്രഹിക്കുന്നതിനു ശ്രമിക്കാതെ തങ്ങൾ വിയോജിക്കുന്നവരുടെ സ്വഭാവ വൈകല്യങ്ങളും വിശ്വാസവൈകല്യങ്ങളും കണ്ടുപിടിക്കുകയെന്നതുമാത്രം അവരുടെ മതമാക്കിത്തീർക്കുന്നു. ഇങ്ങനെയുള്ളവർ സാത്താൻറെ വലംകൈ ആയ സഹായികളാണ്. സഹോദരന്മാരെ കുറ്റം ചുമത്തുന്നവർ വിരളമല്ല. ദൈവം പ്രവർത്തിക്കുകയും ദൈവദാസന്മാർ ശുശ്രൂഷയിൽ മുഴുകുകയും ചെയ്യുമ്പോൾ അവർ കർമ്മനിരതരാകുന്നു. സത്യത്തെ

സ്നേഹിക്കുകയും അനുസരിക്കുകയും ചെയ്യുന്നവരുടെ വാക്കുകളിലും പ്രവൃത്തികളിലും അവർ തെറ്റായ നിറം പിടിപ്പിക്കുന്നു. ആത്മാർത്ഥതയും ഉത്സാഹശീലവുമുള്ള സ്വയത്യാഗികളായ ക്രിസ്തുശിഷ്യരെ വഞ്ചിക്കപ്പെട്ടവരും വഞ്ചകരുമായി സാത്താൻ പ്രതിനിധീകരിക്കുന്നു. മഹത്തായ ഒരോ സൽപ്രവൃത്തിയുടെയും ഉദ്ദേശശുദ്ധിയെ തെറ്റായി ചിത്രീകരിച്ച് ദൂഷ്യങ്ങൾ പ്രചരിപ്പിച്ചുകൊണ്ട് അനുഭവജ്ഞാനമില്ലാത്തവരുടെ മനസ്സിൽ സംശയം ജനിപ്പിക്കുന്നു. വിശുദ്ധവും നീതിയുക്തവുമായ ഓരോന്നും അശുദ്ധവും വഞ്ചനാപരവുമെന്ന് ധരിക്കത്തക്കവിധം സാത്താൻ വളച്ചൊടിക്കുന്നു.

എന്നാലും ആരുംതന്നെ അതിൽ വഞ്ചിതരാകേണ്ടതില്ല. അവർ ആരുടെ മക്കളാണെന്നും ആരുടെ മാതൃക പിന്തുടരുന്നു എന്നും ആരുടെ പ്രവൃത്തി ചെയ്യുന്നു എന്നും വ്യക്തമായി വെളിപ്പെടും. “അവരുടെ ഫലങ്ങളാൽ നിങ്ങൾക്കു അവരെ തിരിച്ചറിയാം” (മത്താ. 7:16). അങ്ങനെയുള്ളവരുടെ പ്രവൃത്തി ഉഗ്രവിഷം നിറഞ്ഞ ദൂഷകനായ സാത്താൻറേതിനോടു സാദൃശ്യമുള്ളതായി രിക്കും. അവൻ “നമ്മുടെ സഹോദരന്മാരെ രാപ്പകൽ ദൈവസന്നിധിയിൽ കുറ്റം ചുമത്തുന്ന അപവാദി” ആണ് (വെളി. 12:10).

ആത്മാക്കളെ കെണിയിൽപ്പെടുത്തുന്നതിന്

ഏതുവിധത്തിലുമുള്ള കള്ളവും അവതരിപ്പിക്കുവാൻ തയ്യാറായിട്ടുള്ള ധാരാളം പ്രവർത്തകർ ഈ മഹാവഞ്ചകനുണ്ട്. അവൻ നാശത്തിൽ എത്തിക്കുവാൻ പോകുന്നവരുടെ വ്യത്യസ്തങ്ങളായ അഭിരുചികൾക്കും ഗ്രഹണശക്തിക്കും യോജിച്ച അനേകം മതപാഷാണ്ഡതകൾ മെനഞ്ഞെടുക്കുന്നു. ദൈവവേല പുരോഗമിക്കുന്നതു കാണുവാനാഗ്രഹിച്ച് അതിനെ .പരിപോഷിപ്പിക്കുന്നവർക്കു വിഘ്നങ്ങൾ സൃഷ്ടിച്ചുകൊണ്ട് അവിശ്വാസവും സംശയവും പ്രോത്സാഹിപ്പിക്കുന്നവരായ മാനസാന്തരപ്പെടാത്തവരും ആത്മാർത്ഥതയില്ലാത്തവരുമായ വ്യക്തികളെ സഭയ്ക്കുള്ളിൽ

കടത്തിക്കൊണ്ടുവരികയെന്നത് അവൻറെ പദ്ധതിയാണ്. ദൈവത്തിലും തിരുവചനത്തിലും യഥാർത്ഥ വിശ്വാസമില്ലാത്തവർ മറ്റേതെങ്കിലും തത്വത്തോടു യോജിപ്പ് പ്രകടിപ്പിച്ചുകൊണ്ട് ക്രിസ്ത്യാനികളെന്ന വ്യാജേന അവരുടെ വ്യാജോപദേശങ്ങൾ തിരുവചന സത്യങ്ങളിലേക്കു കടത്തിവിടുന്നു.

മനുഷ്യൻറെ വിശ്വാസം എന്തായാലും അതിന് അനന്തരഫലമൊന്നുമില്ല. എന്ന സിദ്ധാന്തം സാത്താൻറെ വിജയകരമായ ചതികളിൽ ഒന്നാണ്. സത്യത്തെ സ്നേഹത്തോടെ സ്വീകരിക്കുന്നവനെ അതു ശുദ്ധീകരിക്കുന്നു എന്ന് സാത്താനറിയാം. അതുകൊണ്ട്

സത്യത്തിൻറെ സ്ഥാനത്തു അബദ്ധ സിദ്ധാന്തങ്ങൾ, കെട്ടുകഥകൾ, അന്യസുവിശേഷങ്ങൾ എന്നിവ ഉൾപ്പെടുത്തുവാൻ സാത്താൻ സദാ ശ്രമിച്ചുകൊണ്ടിരിക്കുന്നു. ആരംഭകാലം മുതൽ തന്നെ തെറ്റായ ഉപദേശങ്ങൾ പഠിപ്പിക്കുന്നവരോട് ദൈവദാസന്മാർ എതിർത്തുനിന്നിട്ടുള്ളത് അവർ ഹീനന്മാരായതുകൊണ്ടു മാത്രമല്ല, അപ്രകാരമുള്ള തെറ്റുകൾ പഠിച്ച് ആത്മാക്കൾ നാശത്തിൽ വീഴുമെന്നുള്ളതുകൊണ്ടുകൂടെയാണ്. മനുഷ്യരെ ദൈവത്തിൽനിന്ന് അകറ്റിക്കളയുന്നവർക്കെതിരേ ഏലിയാവ്, യിരെമ്യാവ്, പൌലൊസ് എന്നിവർ സധൈര്യം ഉറപ്പോടെ എതിർത്തുനിന്നിട്ടുണ്ട്. ശരിയായ മത

വിശ്വാസം അപ്രധാനമാണെന്നു
കരുതുന്ന ഉദാരഭാവം
സത്യസംരക്ഷകരായ വിശുദ്ധന്മാരെ
അശേഷം സ്വാധീനിച്ചിട്ടില്ലായിരുന്നു.

ഇന്ന് ക്രിസ്തീയ ലോകത്തിൽ കാണുന്ന
അവ്യക്തവും സാങ്കല്പികവു മായ
തിരുവചന വ്യാഖ്യാനങ്ങൾ,
മതവിശ്വാസസംബന്ധമായ പരസ്പര
വിരുദ്ധ സിദ്ധാന്തങ്ങൾ എന്നിവ സത്യം
എന്തെന്നു തിരിച്ചറിയാതെ മനസ്സുകളെ
ചിന്താക്കുഴപ്പത്തിലാക്കുന്നതിനുള്ള
നമ്മുടെ വലിയ ശത്രുവിൻറെ പവർ
ത്തനങ്ങളാണ്. ക്രിസ്തീയ സഭകളിൽ
നിലനില്ക്കുന്ന തർക്കങ്ങളും വിഭാ
ഗങ്ങളും വലിയൊരളവുവരെ തങ്ങളുടെ
ഇഷ്ട സിദ്ധാന്തങ്ങൾ

ശക്തിപ്പെടുത്തുന്നതിനുവേണ്ടി
തിരുവചനത്തെ ദുർവ്യാഖ്യാനം
ചെയ്യുന്ന സമ്പ്രദായത്താൽ
നടപ്പായതാണ്.
ദൈവേഷ്ടമെന്തെന്നറിയുന്നതിന് ഹൃദയം
വിനയപ്പെടുത്തി ക്കൊണ്ട് ശ്രദ്ധയോടെ
തിരുവചനം പഠിക്കുന്നതിനുപകരം
ചേർച്ചയില്ലാത്തതും അപൂർവ്വ
കല്പിതങ്ങളുമായവയെ
കണ്ടുപിടിക്കുവാൻ പലരും ശ്രമിക്കുന്നു.

തെറ്റായ തത്വസംഹിതകളും
ക്രിസ്തീയമല്ലാത്ത അനുഷ്ഠാനങ്ങളും
നിലനിറുത്തിപ്പോകുന്നതിനായി
പശ്ചാത്തലം മറന്നുകൊണ്ട് വേദപുസ്തക
ഭാഗങ്ങൾ ഉപയോഗിക്കുകയും
ചിലപ്പോൾ തങ്ങളുടെ താല്പര്യം

സംരക്ഷിക്കുന്നതിന് ഒരു വാക്യത്തിൻറെതന്നെ ചെറിയൊരു ഭാഗം മാത്രം ഉദ്ധരിക്കു കയും ചെയ്യുന്നു. ആ വാക്യം മുഴുവനായി പരിശോധിച്ചാൽ അർത്ഥം നേരേ വിപരീതമായി പലപ്പോഴും കാണപ്പെടുന്നതുമാണ്. സ്വർഗ്ഗതുല്യമായ കൗശലത്തോടെ ജഡിക താല്പര്യങ്ങൾക്കനുയോജ്യമായ പരസ്പരവിരുദ്ധ വ്യാഖ്യാനം നല്കിക്കൊണ്ട് തങ്ങൾക്കുചുറ്റും അവർ കിടങ്ങുകുഴിക്കുന്നു. ഇങ്ങനെ അനേകർ മനഃപൂർവ്വം ദൈവവചനത്തെ വൈപരീത്യമാക്കുന്നു. സജീവമായ ഭാവ നാശേഷിയുള്ള മറ്റുചിലർ വേദപുസ്തകം തന്നെ അതിൻറെ വ്യാഖ്യാനവും നല്കുന്നു

എന്ന തിരുവചനസാക്ഷ്യം അഗണ്യമാക്കി വിശുദ്ധ പ്രവചനങ്ങളിൽ കാണുന്ന ആലങ്കാരിക ചിത്രീകരണങ്ങൾ, രൂപങ്ങൾ, പ്രതീകപ്രയോഗങ്ങൾ എന്നിവയെ തങ്ങളുടെ സങ്കല്പത്തിനൊത്തു ക്രോഡീകരിച്ച് അവ ബൈബിൾ വ്യാഖ്യാനമെന്ന് പ്രസ്താവിക്കുന്നു.

പ്രാർത്ഥന, വിനയം, പഠിപ്പിക്കാവുന്ന ആത്മാവ് എന്നിവ കൂടാതെ തിരുവചനം പഠിക്കുമ്പോഴൊക്കെയും പ്രയാസമേറിയവ മാത്രമല്ല, ലാളിത്യവും വ്യക്തവുമായ വേദഭാഗങ്ങൾപോലും ദുർവ്യാഖ്യാനം ചെയ്യപ്പെട്ട് ശരിയായ അർത്ഥത്തിൽനിന്ന് മാറ്റപ്പെട്ടുപോകുന്നു.

പാപ്പാത്വനേതാക്കൾ ഇപ കാരമുള്ള വേദഭാഗങ്ങൾ അടർത്തിയെടുത്ത് തങ്ങളുടെ താല്പര്യം സംരക്ഷിക്കുന്നതിന് വ്യാഖ്യാനിച്ച് ജനത്തിനു നല്കുകയും വേദപുസ്തകം പഠിച്ച് അതിലെ പാവനസ്യങ്ങൾ ഗ്രഹിക്കുന്നതിനുള്ള അവകാശം അവർക്കു നിഷേധിക്കുകയും ചെയ്യുന്നു. മുഴുവേദപുസ്തകവും അതു ആയിരിക്കുന്നതു പോലെതന്നെ ജനത്തിനു നല്കേണ്ടതാണ്. ബൈബിൾ ദുർവ്യാഖ്യാനം ചെയ്തു പഠിപ്പിക്കുന്നതിനുപകരം അതു അശേഷം ഇല്ലാതിരുന്നു എങ്കിൽ ത്തവർക്കു എത്രയോ നന്നായിരുന്നു.

സൃഷ്ടിതാവിൻറെ ഇഷ്ടമെന്തെന്നറിയുവാൻ ആഗ്രഹിക്കുന്ന

എല്ലാവർക്കും വഴികാട്ടിയായി വേദപുസ്തകം രൂപപ്പെടുത്തിയിരിക്കുന്നു. സ്ഥിരമായ പ്രവാചകവാക്യം മനുഷ്യന്ന കൊടുത്തത് ദൈവം തന്നെയാണ്. വേഗത്തിൽ സംഭവിക്കാനുള്ളതു ദാനീയേലിനും യോഹന്നാനും വെളിപ്പെടുത്തേണ്ടതിന്ന യേശുവും ദൂതന്മാരും വന്നു. നമ്മുടെ രക്ഷയ്ക്കാവശ്യമായ സുപ്രധാന കാര്യങ്ങൾ ഗോപ്യമായ മർമ്മമായിരിക്കുന്നില്ല. അവ വെളിപ്പെടുത്തിയിരിക്കുന്നത് ആത്മാർത്ഥതയുള്ള സത്യാന്വേഷിയെ സംഭമിപ്പിക്കുവാനോ വഴി തെറ്റിക്കുവാനോ അല്ല, “നീ ദർശനം എഴുതുക; ഓടിച്ചു വായിപ്പാൻ തക്കവണ്ണം അതു പലകയിൽ തെളിവായി വരെയ്ക്കുക” എന്നു ദൈവം ഹബക്കൂക്ക്

പ്രവാചകൻ മുഖാന്തിരം അരുളിച്ചെയ്തിരിക്കുന്ന (ഹബ. 2:2} പ്രാർത്ഥനാനിരത മായ ഹൃദയത്തോടെ പഠിക്കുന്ന എല്ലാവർക്കും ദൈവവചനം തെളിവായ താണ്. സത്യസന്ധനായ ഓരോ വ്യക്തിയും സത്യവെളിച്ചത്തിലേക്കു കടന്നു വരും. "നീതമാന് പ്രകാശനം... ഉദിക്കും" (സങ്കീ. 97:22). മറഞ്ഞിരിക്കുന്ന നിധിക്കെന്നെപോലെ സഭാംഗങ്ങൾ ഹൃദയപരമാർത്ഥികളായ സത്യാന്വേഷി കളാകുന്നില്ലെങ്കിൽ ആ സഭയ്ക്ക് വിശുദ്ധിയിലേക്കു വളരുവാൻ സാധിക്കു കയില്ല. സാത്താൻ എല്ലായ്പ്പോഴും തൻറെ ഉദ്ദേശസാദ്ധ്യത്തിനായി പ്രവർത്തിച്ചു കൊണ്ടിരിക്കുകയാണ്. മഹാമനസ്കത

എന്ന നിലവിളി മനുഷ്യരെ കുരുടാക്കി ശത്രുവിൻറെ കെണിയിൽ വീഴുന്നു. വേദപുസ്തകത്തിൻറെ സ്ഥാനത്തു മനുഷ്യസിദ്ധാന്തങ്ങൾ നിറയ്ക്കുന്നതിൽ അവൻ വിജയിച്ചിരിക്കുന്നു. തങ്ങൾ സ്വതന്ത്രരെന്നു അഭിമാനിക്കുന്നു എങ്കിലും ദൈവകല്പന മാറ്റിവച്ചതു നിമിത്തം സഭകൾ പാപത്തിൻറെ ബന്ധനത്തിലാണ്.

ശാസ്ത്രീയ ഗവേഷണം പലർക്കും ഒരു ശാപമായി തീർന്നിരിക്കുന്നു. ശാസ്ത്രീയ കണ്ടുപിടിത്തങ്ങൾക്കും കലയുടെ വളർച്ചയ്ക്കുമായി പ്രകാശ ത്തിൻറെ ഒരു പ്രവാഹം അയയ്ക്കുവാൻ ദൈവം അനുവദിച്ചെങ്കിലും ദൈവവ ചനത്താൽ നിയന്ത്രിക്കപ്പെടാതെ ശാസ്ത്രവും

വെളിപ്പാടും തമ്മിലുള്ള ബന്ധത്തിൽ സൂക്ഷ്മാന്വേഷണം നടത്തുന്ന ഉന്നത വ്യക്തികൾപോലും തങ്ങളുടെ പ്രയത്നത്തിൽ ഭ്രമിച്ചുപോകുന്നു.

ഭൗതികവും ആത്മീകവുമായ കാര്യങ്ങളിന്മേലുള്ള മനുഷ്യജ്ഞാനം അപൂർണ്ണവും ഭാഗികവുമാണ്. അതുകൊണ്ട് ശാസ്ത്രത്തെക്കുറിച്ചുള്ള തങ്ങളുടെ വീക്ഷണത്തെ വേദപുസ്തക പ്രസ്താവനകളുമായി സമന്വയിപ്പിക്കുവാൻ പലർക്കും സാധിക്കുന്നില്ല. വെറും സിദ്ധാന്തങ്ങളും ഊഹാപോഹങ്ങളു മായവയെ ശാസ്ത്രീയ വസ്തുതകളായി പലരും സ്വീകരിക്കുകയും പ്രസ്തു "ജ്ഞാനം എന്നു വ്യാജമായി പേർ പറയുന്നതിനെ"ക്കൊണ്ട്

തിരുവചനത്തെ ശോധന
കഴിക്കണമെന്ന് അവർ ചിന്തിക്കുകയും
ചെയ്യുന്നു (1 തിമൊ. 6:20)..
സൃഷ്ടിതാവും അവൻറെ പ്രവൃത്തികളും
അവരുടെ ഗ്രഹണശക്തിക്കതീത മാണ്.
അവയെ പ്രകൃതിനിയമങ്ങൾകൊണ്ട്
വിശദീകരിക്കുവാൻ
സാധിക്കാത്തതിനാൽ വേദപുസ്തക
ചരിത്രം ആശയിക്കാവുന്നതല്ലായെന്ന്
അവർ ചിന്തിക്കുന്നു.
പഴയനിയമത്തിലെയും
പുതിയനിയമത്തിലെയും രേഖകളുടെ
വിശ്വസനീയതയിൽ സംശയിക്കുന്നവർ
ഒരു പടികൂടെ മുന്നോട്ടുപോയി
ദൈവത്തിൻറെ അസ്ഥിത്വത്തെക്കുടെ
സംശയിക്കുകയും അതുല്യമായ ശക്തി
പ്രകൃതിയുടേതാണെന്ന്

പ്രസ്താവിക്കുകയും ചെയ്യുന്നു. തങ്ങളുടെ നങ്കൂരം ഇളകിപ്പോകുവാൻ അനുവദിച്ചുകൊടുത്തതുകൊണ്ട് നിരീശ്വരത്വം എന്ന പാറമേൽ അടിച്ച് തകർന്നുപോകുവാൻ അവർ നിയമിക്കപ്പെട്ടിരിക്കുന്നു.

ഇപ്രകാരം അനേകർ സത്യം വിട്ടകന്ന് സാത്താൻറെ വഞ്ചനയിൽ കുടുങ്ങുന്നു. സൃഷ്ടികർത്താവിനെക്കാൾ ബുദ്ധിമാന്മാരാകുവാൻ മനുഷ്യർ പ്രയത്നിക്കുന്നു. നിത്യതയിലും വെളിപ്പെടുത്തിക്കിട്ടാത്തതായ മർമ്മങ്ങൾ അന്വേഷിക്കുവാനും വിശദീകരിക്കുവാനും മാനുഷിക തത്വശാസ്ത്രങ്ങൾ പരിശമിക്കുന്നു. ദൈവം തന്നെക്കുറിച്ചും തൻറെ

ഉദ്ദേശത്തെപ്പറ്റിയും വെളിപ്പെടുത്തി
ക്കൊടുത്തിരിക്കുന്നവയെ
ആരാഞ്ഞറിയുന്നതിന് മനുഷ്യർ
ശ്രമിക്കുകയാണ് ങ്കിൽ അവർക്കു
യഹോവയുടെ മഹത്വം, വൈഭവം,
ശക്തി എന്നിവയുടെ ദർശനം
ലഭിക്കുകയും തങ്ങളുടെ ഒന്നുമില്ലായ്മ
അവർ ഗ്രഹിച്ചറിയുകയും തങ്ങൾക്കും
മക്കൾക്കുമായി
വെളിപ്പെടുത്തിയിരിക്കുന്നവയിൽ അവർ
സംതൃപ്തരാകുകയും ചെയ്യും

ദൈവം മനുഷ്യർക്കു
വെളിപ്പെടുത്തിക്കൊടുക്കാത്തതും നാം
മനസ്സിലാക്കണമെന്നു ദൈവം
ആഗ്രഹിക്കാത്തതുമായ കാര്യങ്ങളെ
അന്വേഷിച്ചും തെളിവില്ലാത്ത

അഭിപ്രായങ്ങളും ഊഹാപോഹങ്ങളും നിരത്തിവച്ചും മനുഷ്യ മനസ്സുകളെ സൂക്ഷിക്കുകയെന്നത് സാത്താൻറെ പരമകൗശലമാണ്. ലൂസിഫറിന് സ്വർഗ്ഗത്തിലുണ്ടായിരുന്ന തൻറെ സ്ഥാനം നഷ്ടമായത് ഇതു നിമിത്ത മായിരുന്നു. ദൈവിക പദ്ധതിയിലെ എല്ലാ രഹസ്യങ്ങളും വെളിപ്പെടുത്തി ക്കൊടുക്കാത്തതിൽ അവൻ നിരാശപ്പെട്ടു. തനിക്കു ലഭിച്ചിരിക്കുന്ന ഉന്നത പദവിയോടനുബന്ധിച്ച് താൻ ചെയ്യേണ്ടതായിട്ടുള്ള കാര്യങ്ങൾ വെളിപ്പെടു ത്തിക്കിട്ടിയതിനെ അവൻ പൂർണ്ണമായി അവഗണിക്കുകയും ചെയ്തു. തൻറെ നിയന്ത്രണത്തിലുണ്ടായിരുന്ന ദൂതഗണങ്ങളിലും ഈ അതൃപ്തി കടത്തിവിട്ട് അവരുടെ വീഴ്ചയ്ക്ക്

വഴിയൊരുക്കി. ഇപ്പോൾ അവൻ ഇതേ ആത്മാവു തന്നെ നിറച്ചുകൊണ്ട് വ്യക്തമായ ദൈവകല്പനകളെ നിഷേധിക്കുവാൻ മനുഷ്യ മനസ്സുകളെ പ്രേരിപ്പിക്കുന്നു.

വ്യക്തവും തുളച്ചുചെല്ലുന്നതുമായ വേദപുസ്തക സത്യങ്ങൾ സ്വീകരിക്കുവാൻ ഇഷ്ടപ്പെടാത്തവർ മനസ്സാക്ഷിയെ മരവിപ്പിക്കുവാനുതകുന്ന നർമ്മ ഭാഷിതങ്ങളായ കെട്ടുകഥകൾക്കായി നിരന്തരം കാതോർക്കുന്നു. ആത്മീകതയും സ്വയത്യാഗവും വിനയഭാവവും ലഘൂകരിക്കുന്ന ഉപദേശങ്ങൾ നല്ല ബോൾ വളരെ സന്തോഷത്തോടെ അവ സ്വീകരിക്കപ്പെടുന്നു. ഇങ്ങനെയുള്ള വർ

ജഡികാഭിലാഷ

പൂർത്തീകരണത്തിനായി തങ്ങളുടെ

ബുദ്ധിശക്തിയെ അധഃപതിപ്പിക്കുന്നു.

നുറുങ്ങിയ ഹൃദയത്തോടും ദിവ്യ

നടത്തിപ്പിനായുള്ള ആത്മാർത്ഥ

പ്രാർത്ഥനയോടുംകൂടെ

തിരുവചനത്തിലേക്കു തിരിയാതെ

ബുദ്ധിമാന്മാരെന്നു നടിക്കുന്നവർക്കു

ഇപ്രകാരമുള്ള കബളിപ്പിക്കലിനെ നേരി

ടുവാൻ സാധിക്കാതെ വരുന്നു. അവരുടെ

ഹൃദയവാഞ്ഛകളെ സാധിച്ചു.

കൊടുക്കുവാൻ സാത്താൻ

ഒരുങ്ങിനില്ക്കുന്നു. സത്യത്തിൻറെ

സ്ഥാനത്ത് അവൻ തൻറെ വഞ്ചനകളെ

നിരത്തിവയ്ക്കുന്നു. ഇപ്രകാരം പാപ്പാത്വ

അധികാരം മനുഷ്യമനസ്സുകളുടെമേൽ

ശക്തിപ്രാപിക്കുകയും ഒരു ക്രൂശു

വഹിക്കേണ്ടതുള്ളതിനാൽ അവർ സത്യത്തെ തൃജിക്കുകയും ചെയ്യുന്നു. പ്രൊട്ടസ്റ്റന്റു കാരും ഇതേ പാത തന്നെ പിന്തുടരുന്നു. കൗശലങ്ങളും സൗകര്യപ്രദമായ ഉപായങ്ങളും പഠിച്ചു ലോകത്തോടു അനുരൂപപ്പെട്ടു നില്ക്കുന്നതിനുവേണ്ടി ദൈവവചനം ഉപേക്ഷിക്കുന്ന എല്ലാവരും സത്യ വിശ്വാസത്തിൻറെ സ്ഥാനത്തു നിത്യനാശത്തിലേക്കു നയിക്കുന്ന വിശ്വാസത്യാഗം സ്വീകരിക്കുവാൻ ഏല്പിക്കപ്പെടുന്നു. അറിഞ്ഞുകൊണ്ട് സത്യം ഉപേക്ഷിച്ചുകളയുന്ന എല്ലാവരും സാങ്കല്പികങ്ങളായ സകലവിധ വ്യാജങ്ങളും സ്വീകരിക്കുന്നു. ഒരു ചതിയെ ഉൾക്കിടിലത്തോടെ നോക്കിയവർ വേറൊന്നുകൂടെ

സ്വീകരിക്കുവാൻ ഒരുങ്ങുന്നു. “അവർ രക്ഷിക്കപ്പെടുവാൻ തക്കവണ്ണം സത്യത്തെ സ്നേഹിച്ചു കൈക്കൊള്ളാത്ത” കൂട്ടരെക്കുറിച്ചു അപ്പൊസ്തലനായ പൌലൊസ് ഇപ്രകാരം പറയുന്നു; “സത്യത്തെ വിശ്വസിക്കാതെ അനീതിയിൽ രസിക്കുന്ന ഏവർക്കും ന്യായവിധി വരേണ്ടതിന്നു ദൈവം അവർക്കു ഭോഷ്ക്കു വിശ്വസിക്കുമാറ് വ്യാജത്തിൻറെ വ്യാപാരശക്തി അയയ്ക്കുന്നു” (2 തെസ്സ. 2:10-12). നമ്മൾ ഏതു തത്വമാണ് സ്വീകരിക്കുന്നതെന്നു ശ്രദ്ധിച്ചുകൊള്ളുവാൻ ഈ മുന്നറിയിപ്പ് നമ്മുടെ മുമ്പിൽ തന്നിരിക്കുന്നു.

പ്രേതാത്മ സിദ്ധാന്തത്തിൻറെ
കബളിപ്പിക്കുന്ന അത്ഭുതങ്ങളും
അതിൻറെ പ്രലോഭനകരങ്ങളായ
പഠിപ്പിക്കലും ഈ മഹാ ചതിയൻറെ
വിജയകരമായ
പ്രവൃത്തികളിലൊന്നാണ്.
വെളിച്ചദൂതൻറെ വേഷം ധരിച്ചുകൊണ്ട്
അശേഷം സംശയിക്കാത്തിടങ്ങളിൽ
അവൻ തൻറെ വലകൾ വീശുന്നു.
എന്നാൽ ദൈവത്തിൻറെ
പുസ്തകത്തിലെ അത്ഭുതങ്ങൾ
ഗ്രഹിക്കുന്നതിന് ഹൃദയംഗമായ
പ്രാർത്ഥനയോടെ പഠിക്കുന്നവർ
തെറ്റായ ഉപദേശങ്ങൾ
സ്വീകരിക്കത്തക്ക വിധം
അന്ധകാരത്തിൽ
തള്ളപ്പെട്ടുപോകയില്ല. അവർ

സത്യത്തെ ഉപേക്ഷിക്കുകയാണെങ്കിൽ ഈ വഞ്ചനക്കിരയായി വീണുപോകും.

വിനാശകരമായ വേറൊരു തെറ്റ് ക്രിസ്തുവിൻറെ ദൈവത്വത്തെ നിഷേധിക്കുന്ന ഉപദേശമാണ്. ഭൂമിയിൽ മനുഷ്യനായി വരുന്നതിനുമുമ്പ് കർത്താവ് ഉണ്ടായിരുന്നില്ലായെന്നവർ അവകാശപ്പെടുന്നു. വേദപുസ്തകം വിശ്വസിക്കുന്നു എന്നഭിമാനിക്കുന്ന വലിയൊരു കൂട്ടം ഈ സിദ്ധാന്തത്തെ താല്പര്യത്തോടെ സ്വീകരിച്ചിരിക്കുന്നു. ഇങ്ങനെ ചെയ്യുക നിമിത്തം യേശുവും പിതാ വുമായുള്ള ബന്ധം, തൻറെ ദിവ്യസ്വഭാവാ, കർത്താവിന്റെ പുരാതന അസ്തിത്വം എന്നിവ സംബന്ധിച്ചു നമ്മുടെ രക്ഷിതാവുതന്നെ

പ്രഖ്യാപിച്ചിട്ടുള്ള വ്യക്ത മായ
പ്രസ്താവനകളെ നേരിട്ടു അവർ
എതിർക്കുകയാണു ചെയ്യുന്നത്. തിരു
വചനത്ത ദുർവ്യാഖ്യാനം ചെയ്താൽ
മാത്രമേ ഇതു പരിഗണിക്കുവാനുമാ
കയുള്ളൂ. വീണ്ടെടുപ്പിൻ പദ്ധതിയെ
സംബന്ധിക്കുന്ന മനുഷ്യൻറെ
ധാരണയെ ഇത് തരം താഴ്ത്തുക മാത്രമല്ല,
വേദപുസ്തകം ദൈവത്തിൻറെ
വെളിപ്പാടാണെന്നുള്ള വിശ്വാസത്തെ
മറിച്ചുകളയുകകൂടെ ചെയ്യുന്നു. ഈ തെറ്റ്
വളരെ ആപല്ക്കരവും അതിനെ
നേരിടുന്നത് വിഷമകരവുമാണ്.
യേശുക്രിസ്തു വിൻറെ ദൈവത്വത്തെ
സംബന്ധിക്കുന്ന
തിരുവചനസാക്ഷ്യങ്ങളെ മനുഷ്യർ
നിഷേധിക്കുകയാണെങ്കിൽ

അവരോടുപതിവാദിക്കുന്നതു
നിരർത്ഥകമാണ്. കാരണം, എത
നിർണ്ണായകമായി പ്രതിവാദം
ചെയ്താലും അവരെ സമ്മതിപ്പിക്കുവാൻ
സാദ്ധ്യമാകയില്ല എന്നതുതന്നെയാണ്.
"എന്നാൽ പ്രാകൃത മനുഷ്യൻ
ദൈവത്തിൻറെ ഉപദേശം
കൈക്കൊള്ളുന്നില്ല; അതു അവന്നു
ഭോഷത്വം ആകുന്നു. ആത്മീകമായി
വിവേചിക്കേണ്ടതാകയാൽ അതു
അവന്നു ഗ്രഹിപ്പാൻ കഴിയുന്നതുമല്ല" (1
കൊരി. 2:14). ഈ തെറ്റ് വച്ചു
പുലർത്തുന്ന ആർക്കും തന്നെ
യേശുവിൻറെ സ്വഭാവത്തിൻറെയോ,
ദൗത്യത്തിൻറെയോ, മനുഷ്യൻറെ
വീണ്ടെടുപ്പിനുള്ള ദൈവത്തിൻറെ

മഹത്തായ പദ്ധതിയുടെയോ ശരിയായ ധാരണ ലഭിക്കുവാനും സാധ്യമാകയുമില്ല.

വ്യക്തി സ്വഭാവമുള്ള ഒരു ജീവിയെന്ന അസ്തിത്വം സാത്താനില്ലായെന്നും തിരുവചനത്തിൽ ഈ പേരു ഉപയോഗിച്ചിരിക്കുന്നതു മനുഷ്യൻറെ ദുഷിച്ച ചിന്തകളെയും, ആഗ്രഹങ്ങളെയും പ്രതിപാദിക്കുന്നതിനുവേണ്ടിയാ ണെന്നും ഉള്ള തെറ്റായ വിശ്വാസമാണ് വളരെ വേഗം പടർന്നുകൊണ്ടിരിക്കുന്ന വേഷപ്രച്ഛന്നവും അപകടകരവുമായ മറ്റൊരു പാഷാണ്ഡത.

ജനസമ്മതി നേടിയ അനേകം പ്രസംഗപീഠങ്ങളിൽനിന്നു

പ്രതിധ്വനിക്കുന്ന മറ്റൊരു ഉപദേശമാണ് കർത്താവിന്റെ വീണ്ടും വരവുന്നത്. ഒരാൾ മരിക്കുമ്പോൾ യേശു അവൻറെ അടുക്കൽ വരുന്നു എന്നുള്ള സിദ്ധാന്തം. ക്രിസ്തു ആകാശമേഘങ്ങളിൽ വരുമെന്ന സത്യം മനുഷ്യമനസ്സുകളിൽനിന്ന് വ്യതിചലിപ്പിക്കുവാനുള്ള സാത്താൻറെ തന്ത്രമാണിത്. "ഇതാ അവൻ അറക ളിൽ" എന്നു വർഷങ്ങളായി പറഞ്ഞുകൊണ്ട് സാത്താൻ അനേകം ആത്മാ ക്കളെ വഞ്ചിച്ചുകൊണ്ടിരിക്കുന്നു. പലരും ഈ ഉപദേശം സ്വീകരിച്ച് നഷ്ടപ്പെട്ടു കഴിഞ്ഞു (മത്താ . 24: 23-26).

പ്രാർത്ഥന

അത്യന്താപേഷിതമായതല്ലെന്ന്

ലോകജ്ഞാനം പഠിപ്പിക്കുന്നു. പ്രാർത്ഥനയ്ക്ക് യഥാർത്ഥ ഉത്തരം കിട്ടുകയില്ലായെന്നും അങ്ങനെ ആയാൽ അതു നിയമവിരുദ്ധമായ ഒരു അത്ഭുതമാകുമെന്നും അത്ഭുതങ്ങൾക്കു നിലനില്ക്കാനാവില്ലെന്നും ശാസ്ത്രജ്ഞന്മാർ അവകാശപ്പെടുന്നു. വാനഗോളങ്ങൾ മുഴുവൻ മാറ്റമില്ലാത്ത നിയമങ്ങളാൽ നിയന്ത്രിക്കപ്പെടുന്നു എന്നും ഈ നിയമങ്ങൾക്കെതിരേ ദൈവം ഒന്നും ചെയ്യുകയില്ലായെന്നും അവർ പറയുന്നു. മാത്രമല്ല, ദൈവം തൻറെ തന്നെ നിയമങ്ങൾക്കുള്ളിലാണെന്നും ദൈവികനിയമങ്ങൾ പ്രവൃത്തിപഥത്തിലാകുമ്പോൾ ദൈവിക സ്വാതന്ത്ര്യം പുറന്തള്ളപ്പെട്ടുപോകുമെന്നും അവർ പ്രഖ്യാപിക്കുന്നു. ഇപ്രകാ രമുള്ള

ഉപദേശങ്ങൾ
തിരുവചനസാക്ഷ്യങ്ങളോട്
യോജിക്കുന്നില്ല. യേശു ക്രിസ്തുവും
തൻറെ അപ്പൊസ്തലന്മാരും അത്ഭുതങ്ങൾ
പ്രവർത്തിച്ചിട്ടില്ലേ?
അനുകമ്പാർദ്രനായ അതേ രക്ഷകൻ
ഇന്നും ജീവിക്കുന്നു. താൻ ഈ
ലോകത്തിൽ മനുഷ്യരൂപം
പൂണ്ടിരുന്നപ്പോഴെന്നപോലെ ഇന്നും
അവൻ വിശ്വാസത്തോടുകൂടിയ
പ്രാർത്ഥന ശ്രദ്ധിക്കുന്നതിൽ
തല്പരനുമാണ്. ജഡീകമായതു
സ്വർഗ്ഗീയമായതിനോടു
സഹകരിക്കുന്നു.
യാചിക്കുന്നില്ലായെങ്കിൽ കൊടുക്കുവാൻ
സാദ്ധ്യതയില്ലാത്തതു
വിശ്വാസത്തോടുകൂടിയ

പ്രാർത്ഥനയ്ക്ക ത്തരമായി നല്കുക എന്നതു ദൈവ പദ്ധതിയുടെ ഒരു ഭാഗമാണ്.

ക്രിസ്തീയ സഭകളിൽ കണ്ടുവരുന്ന അബദ്ധ ഉപദേശങ്ങളും സാങ്കല്പിക ആശയങ്ങളും അസംഖ്യമാണ്. ദൈവവചനത്തിൽ ഉറപ്പിച്ചിരിക്കുന്ന അതിർ വരമ്പുകൾ മാറ്റുമ്പോഴുണ്ടാകുന്ന ദുഷ്ടതയുടെ ഫലം ഗണിക്കാനസാദ്ധ്യ മാണ്. ഇപ്രകാരം പ്രവർത്തിക്കുവാനൊരുമ്പെടുന്നവ രിൽ ചിലർ ഒരു സത്യം മാത്രം തിരസ്കരിക്കുന്നു. എന്നാൽ അധികം പേരും സത്യോപദേശങ്ങൾ ഒരോന്നായി ഉപേക്ഷിച്ചുകൊണ്ട്

അവസാനം അവിശ്വാസികളായി മാറുന്നു.

തിരുവചനവിശ്വാസികളായിരിക്കേണ്ടിയിരുന്ന പലരും സാർവ്വത്രികമായ മതതത്വശാസ്ത്രത്തിലെ തെറ്റുകൾ നിമിത്തം അവിശ്വാസികളായി മാറിപ്പോയിരിക്കുന്നു. നീതി, ദയ, ദാനശീലം തുടങ്ങിയവയെ സംബന്ധിക്കുന്ന തങ്ങളുടെ സ്വന്ത മാനസിക നിഗമനങ്ങൾക്കു ക്ഷതം ഏല്പിച്ചുകൊണ്ടുള്ള ഉപദേശങ്ങൾ സ്വീകരിക്കുന്നതു അവർക്കു അസാദ്ധ്യമായിത്തീരുകയും അവ വേദപുസ്തക ഉപദേശങ്ങളാണെന്ന് പഠിപ്പിക്കുന്നതുകൊണ്ട് അവർ ദൈവ

വചനത്തെ സ്വീകരിക്കാതിരിക്കുകയും ചെയ്യുന്നു.

ഇത് സാധിച്ചുകാണുവാൻ സാത്താനും ഉത്സാഹിക്കുന്നു. ദൈവത്തിലും ദൈവവചനത്തിലുമുള്ള ആശയം നശിച്ചുകാണുന്നതിലധികം ഒന്നും അവൻ ആഗ്രഹിക്കുന്നില്ല. സംശയാലുക്കളുടെ വലിയ സൈന്യത്തിൻറെ തലവനായി സാത്താൻ നിന്നുകൊണ്ട് ആത്മാക്കളെ വഞ്ചിച്ച് തൻറെ സൈന്യബലം കൂട്ടുവാൻ അക്ഷീണം പ്രയത്നിക്കുന്നു. അവിശ്വാസിക്കുക എന്നത് ഒരു പരിഷ്കാരമായി മാറിയിരിക്കുന്നു. തിരുവചനം പാപത്തെ ശാസിക്കുകയും ശിക്ഷിക്കുകയും ചെയ്യുന്നതുകൊണ്ട് വലിയൊരു

കൂട്ടം പേർ ദൈവത്തെയും തൻറെ
വചനത്തെയും അവിശ്വസിക്കുന്നു.
പറയുന്ന കാര്യങ്ങൾ അനുസരിക്കുവാൻ
ഇഷ്ടപ്പെടാത്തവർ അതിൻറെ
അധികാരത്തെ മറിച്ചിടുവാൻ
പ്രയത്നിക്കുന്നു. അവർ വേദപുസ്തകം
വായിക്കുന്നതും പ്രസംഗം
കേൾക്കുന്നതും വചന ത്തിലും
പ്രസംഗത്തിലും കുറ്റമുണ്ടോ എന്നു
കണ്ടുപിടിക്കുന്നതിനു മാത്ര മാണ്.
തങ്ങളുടെ ഉത്തരവാദിത്വത്തിൽ
വിമുഖത കാണിക്കാതെയും അതിനെ
ന്യായീകരിച്ചുകൊണ്ടും ആരുംതന്നെ
അവിശ്വാസികളായിത്തീരുന്നില്ല.
അഹങ്കാരവും അലസതയും നിമിത്തം
അനേകർ സംശയാലുക്കളായിത്തീരുന്നു.
പ്രശംസാർഹമായതെന്തും

പൂർത്തീകരിക്കണമെങ്കിൽ പ്രയത്നവും സ്വയ ത്യാഗവും ആവശ്യമായിരിക്കുന്നതുകൊണ്ട് അലസന്മാരായവർ വേദപുസ്ത കത്തെ വിമർശിച്ച് അതിബുദ്ധിമാന്മാരെന്ന പ്രശസ്തി ആർജ്ജിക്കുവാൻ ലക്ഷ്യമിടുന്നു. ദൈവിക ജ്ഞാനത്താൽ വെളിച്ചം പ്രാപിക്കാത്ത ജഡിക ബുദ്ധിക്കു ഗ്രഹിക്കുവാൻ അസാദ്ധ്യമായ അനേകം കാര്യങ്ങൾ ഉള്ളതു കൊണ്ട് വിമർശനത്തിനുള്ള അവസരം അവർക്കു ലഭിക്കുന്നു. അവിശ്വാസ ത്തിൻറെയും സംശയത്തിൻറെയും നിരീശ്വരത്വത്തിൻറെയും കൂടെ നില്ക്കുന്നതു നന്മയായി പലർക്കും തോന്നുന്നു. ഇപ്രകാരമുള്ളവർ തുറന്ന മനസ്സുള്ളവ രായി പ്രത്യക്ഷപ്പെട്ടുമെങ്കിലും

ഇവർ സ്വാർത്ഥ വിശ്വാസികളും അഹങ്കാരി കളുമാണെന്ന് വെളിപ്പെട്ടവരും. മറ്റുള്ളവരുടെ മനസ്സിനെ സംഭവിപ്പിക്കുന്ന തിനുവേണ്ടി തിരുവചനത്തിൽനിന്നു എന്തെങ്കിലും കണ്ടുപിടിക്കുന്നതിൽ പലരും സന്തോഷിക്കുന്നു. ചിലർ ഒരു വിവാദം ആഗ്രഹിച്ചുകൊണ്ട് തെറ്റിൻറെ വശം പിടിച്ച് വിമർശിക്കുവാനും വാദിക്കുവാനും തുടങ്ങുന്നു. അവർ തങ്ങളെ വേട്ടക്കാരൻറെ കെണിയിൽ വീഴുകയാണെന്ന് അറിയുന്നില്ല. എന്നാൽ പരസ്യമായി അവിശ്വാസം പ്രകടിപ്പിച്ചുപോയതുകൊണ്ട് ആ അവസ്ഥയിൽ തന്നെ തുടരേണ്ടതാണെന്നു അവർക്കു തോന്നുന്നു. അങ്ങനെ അവർ

അവിശ്വാസികളോടു ചേർന്നു തങ്ങൾക്കു പരദീസയുടെ വാതിൽ അടച്ചുകളയുന്നു

വേദപുസ്തകത്തിൻറെ ദിവ്യസ്വഭാവത്തെ സംബന്ധിക്കുന്ന അനേകം തെളിവുകൾ ദൈവം തൻറെ വചനത്തിൽ നല്കിയിരിക്കുന്നു. നമ്മുടെ വീണ്ടെടുപ്പിനെ സംബന്ധിക്കുന്ന വലിയ സത്യങ്ങൾ വ്യക്തമായി പ്രതിപാദിക്കപ്പെട്ടിരിക്കുന്നു. ആത്മാർത്ഥമായി അന്വേഷിക്കുന്ന എല്ലാവർക്കും വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്ന പരിശുദ്ധാത്മാവിൻറെ സഹായത്തോടെ ഓരോ വ്യക്തിക്കും സത്യം മനസ്സിലാക്കാം തങ്ങളുടെ വിശ്വാസത്തിനു ആധാരമായ ഉറച്ച ഒരടി

സ്ഥാനം ദൈവം മനുഷ്യനു
കൊടുത്തിരിക്കുന്നു.

എന്നാലും അക്ഷയനായ ദൈവത്തിൻറെ പദ്ധതികളും ഉദ്ദേശ്യങ്ങളും പൂർണ്ണമായി ഗ്രഹിക്കുവാൻ ക്ഷയമുള്ള മനുഷ്യമനസ്സിനു സാധിക്കുന്നില്ല. ദൈവത്തെ അന്വേഷിച്ചു കണ്ടുപിടിക്കുവാൻ നമുക്കു സാദ്ധ്യമല്ല. അവൻ തൻറെ മഹത്വം മറച്ചിരിക്കുന്ന തിരശ്ശീല നമ്മുടെ അഹംഭാവമെന്ന കരത്താൽ മാറ്റുവാൻ നാം ശ്രമിക്കരുത്. “ഹാ, ദൈവത്തിൻറെ ധനം, ജ്ഞാനം, അറിവ്, എന്നിവയുടെ ആഴമേ! അവൻറെ ന്യായവിധികൾ എത്ര അപമേയവും അവൻറെ വഴികൾ എത്ര അഗോചരവും ആകുന്നു” എന്ന്

അപ്പൊസ്തലൻ പറയുന്നു (റോമ. 11:33). അനന്തമായ ശക്തിയോടു ബന്ധപ്പെട്ടിരിക്കുന്ന അതിരുകളില്ലാത്ത സ്നേഹം നാം മനസ്സിലാക്കേണ്ടതിന് നമ്മോടുള്ള തൻറെ ഇടപെടലുകളെയും തൻറെ പ്രവർത്തനോദ്ദേശങ്ങളെയും നമ്മുടെ അറിവി നായി തന്നിരിക്കുന്നു. നമ്മുടെ സ്വർഗ്ഗീയ പിതാവിൻറെ ജ്ഞാനവും നീതിയും നിറഞ്ഞ കല്പനയുടെ മുമ്പിൽ അതൃപ്തിയും അവിശ്വാസവും കൂടാതെ ആദരപൂർവ്വം തല വണക്കി നാം കീഴടങ്ങേണ്ടതാണ്. നമ്മുടെ നന്മയ്ക്കു വേണ്ടി നാം അറിയേണ്ടതായ തൻറെ പദ്ധതികളെല്ലാം അവൻ നമുക്കു വെളിപ്പെടുത്തിത്തരും. അതിനപ്പുറമുള്ളവയ്ക്കുവേണ്ടി

സർവ്വശക്തിയുള്ള തൻറെ കരത്തിലും
സ്നേഹനിർഭരമായ തൻറെ
ഹൃദയത്തിലും നാം വിശ്വസിക്കണം.

വിശ്വസിക്കുന്നതിനുള്ള ധാരാളം
തെളിവുകൾ ദൈവം തന്നിട്ടുണ്ടെങ്കിലും
അവിശ്വസിക്കുവാനുള്ള ഉപാധികളെല്ലാം
ദൈവം ഒരിക്കലും മാറ്റിക്കളയുന്നില്ല.
തങ്ങളുടെ സംശയങ്ങൾ
ഉറപ്പിക്കുന്നതിനുള്ള കൊളുത്തുകൾ
അന്വേ ഷിക്കുന്നവർ അവ കണ്ടെത്തും.
എല്ലാവിധ തടസ്സങ്ങളും മാറി
സംശയത്തി നുള്ള അവസരങ്ങളെല്ലാം
നീങ്ങിപ്പോകുമ്പോൾ മാത്രം
ദൈവവചനം സ്വീകരിച്ച്
അനുസരിക്കാമെന്ന് ചിന്തിക്കുന്നവർ

ഒരിക്കലും ദൈവിക വെളിച്ചത്തിലേക്ക വരികയില്ല.

ദൈവത്തെ അവിശ്വസിക്കുക എന്നതു പുതുക്കം പ്രാപിക്കാത്തതും ദവത്തോട് ശത്രുത്വം ഉള്ളതുമായ ഹൃദയത്തിൻറെ ബാഹ്യപ്രകടനമാണ്. എന്നാൽ വിശ്വാസം എന്നത് പരിശുദ്ധാത്മാവിനാൽ പ്രചോദിക്കപ്പെടുന്ന താണ്. പോഷിപ്പിക്കുമ്പോൾ മാത്രമേ അതു പുഷ്ടിപ്പെടുകയുള്ളൂ. നിശ്ചയ ദാർഢ്യത്തോടെ പ്രവർത്തിക്കുന്നില്ലായെങ്കിൽ ആർക്കും വിശ്വാസത്തിൽ ഉറച്ചുവരുവാൻ സാധിക്കുകയില്ല. വളർത്തുന്നതിനനുസരിച്ച്

അവിശ്വാസവും ശക്തി പ്രാപിക്കും. വിശ്വാസത്തിൽ ഉറച്ചുനില്ക്കുന്നതിനു ദൈവം കൊടുത്തിരിക്കുന്ന തെളിവുകളിൽ ആശയിക്കാതെ ചോദ്യം ചെയ്യാനും കുറ്റം പറയാനും മനുഷ്യർ തുടങ്ങുമ്പോൾ സംശയങ്ങൾ കൂടുതൽ കൂടുതൽ ബലപ്പെട്ടു വരുന്നതായി അവർ കാണും.

എന്നാൽ ദൈവവാഗ്ദത്തങ്ങളെ സംശയിക്കയും തൻറെ കൃപയുടെ ഉറപ്പിനെ അവിശ്വസിക്കുകയും ചെയ്യുന്നവർ ദൈവത്തെ അപമാനിക്കുക യാണ് ചെയ്യുന്നത്. അവരുടെ സ്വാധീനം മറ്റുള്ളവരെ ക്രിസ്തുവിങ്കലേക്കു ആകർഷിക്കുന്നതിനു പകരം അകറ്റിക്കളയുക മാത്രമേ ചെയ്യുകയുള്ളൂ.

കറുത്ത ഇലകൾ നിറഞ്ഞ ശിഖിരങ്ങൾ ചുറ്റുപാടും വീശി മറ്റു സസ്യങ്ങൾക്കും കൂടെയുള്ള സൂര്യപ്രകാശം തടഞ്ഞുകൊണ്ട് അവയെ തൻറെ തണുത്ത നിഴലിൻകീഴിൽ നശിപ്പിക്കുന്ന ഫലമില്ലാത്ത വൃക്ഷങ്ങളാണ് അവർ. ഇക്കൂട്ടരുടെ ജീവിത പവൃത്തികൾ അവർക്കെതിരെയുള്ള നിത്യമായ സാക്ഷികളായി വെളിപ്പെട്ടുവരും. സംശയത്തിൻറെയും അവിശ്വാസത്തിൻറെയും വിത്തുകൾ വിതയ്ക്കുന്ന ഇവർ അതിൽനിന്നു നിശ്ചയമായും ഫലം കൊയ്യും.

സംശയങ്ങളിൽനിന്നു മോചനം നേടണമെന്നാഗ്രഹിക്കുന്നവർക്കു ഒരു

പോം വഴി മാത്രമേ കരണീയമായിട്ടുള്ളൂ. മനസ്സിലാകാത്ത കാര്യങ്ങളെ സംബന്ധിച്ച് ചോദ്യം ചെയ്യാതെയും കുറ്റം പറയാതെയും, തങ്ങളുടെ മേൽ പ്രകാശിപ്പിച്ചിരിക്കുന്ന വെളിച്ചത്തിനു പ്രാധാന്യം കൊടുത്ത് അതിൽ അവർ നടക്കേണ്ടതാണ്. അപ്പോൾ അധികം വെളിച്ചം അവർക്കു തുടർന്നു ലഭിക്കും. ചെയ്യേ ണ്ടതെന്തെന്നു തങ്ങളുടെ ബുദ്ധിക്കു വ്യക്തമായിക്കിട്ടിയിരിക്കുന്നതു അവർ ചെയ്യട്ടെ. അപ്പോൾ അവർ ഇന്നു സംശയിക്കുന്നവയെ സംബന്ധിച്ചുള്ള അറിവ് ലഭിക്കുകയും അത് പ്രാവർത്തികമാക്കാൻ സഹായം ലഭിക്കുകയും ചെയ്യും.

സത്യമാണെന്നുതന്നെ
തോന്നത്തക്കവിധമുള്ള വ്യാജം
അവതരിപ്പിച്ച് അതിൽ
വഞ്ചിക്കപ്പെടുവാൻ താല്പര്യമുള്ളവരെയും
സത്യം ആവശ്യപ്പെടുന്ന സ്വയത്യാഗവും
യാഗവും ഉപേക്ഷിക്കുവാൻ
ആഗ്രഹിക്കുന്നവരെയും ചതിക്കു വാൻ
സാത്താൻ സാധിക്കും. എന്നാൽ എന്തു
വില കൊടുത്തായാലും
സത്യാഗ്രഹിക്കുവാൻ
ആത്മാർത്ഥമായി ആഗ്രഹിക്കുന്ന ഒരു
ആത്മാവിനെപ്പോലും തൻറെ
ശക്തിക്കധീനമാക്കുവാൻ അവനു
സാധിക്കുകയില്ല. ക്രിസ്തുവാണ് സത്യം.
അവനാണ് "ഏതു മനുഷ്യനെയും
പ്രകാശിപ്പിക്കുന്ന സത്യവെളിച്ചം" (
യോഹ. 1:9). മനുഷ്യനെ സകല

സത്യത്തിലും വഴിനടത്തുവാൻ സത്യ
ത്തിൻറെ ആത്മാവിനെ
അയച്ചിരിക്കുന്നു. ദൈവപുത്രൻ തൻറെ
അധികാരത്തിൽ ഇപ്രകാരം
പ്രസ്താവിച്ചിരിക്കുന്നു: "അന്വേഷിപ്പിൻ
എന്നാൽ നിങ്ങൾ കണ്ടെത്തും"
"അവൻറെ ഇഷ്ടം ചെയ്വാൻ
ഇച്ഛിക്കുന്നവൻ ഈ ഉപദേശം 2
അറിയും (മത്താ. 7:7, യോഹ. 7:17).

സാത്താനും അവൻറെ സൈന്യവും
തങ്ങൾക്കെതിരെ പ്രയോഗിക്കുവാൻ
ഒരുക്കുന്ന കെണികളെപ്പറ്റി
ക്രിസ്തുവിൻറെ അനുയായികൾ വളരെ
കുറച്ചു മാത്രമേ അറിയുന്നുള്ളൂ. എന്നാൽ
സ്വർഗ്ഗത്തിൽ വസിക്കുന്നവൻ തൻറെ
അഗാ ധമായ പദ്ധതിയുടെ

പൂർത്തീകരണത്തിനുവേണ്ടി
അവയ്ക്കെല്ലാമതീതമായി
പ്രവർത്തിക്കുന്നു. തൻറെ ജനം
അഗ്നിശോധനകളും പരീക്ഷകളും
നേരിടുവാൻ കർത്താവ്
അനുവദിക്കുന്നത് അവരുടെ
കഷ്ടപ്പാടിലും വേദനയിലും അവൻ
സന്തോഷിക്കുന്നതുകൊണ്ടല്ല;
പിന്നെയോ, ഉപകാരമുള്ള നടപടികൾ
അവരുടെ അന്തിമ വിജയത്തിനു
അത്യാവശ്യമായതിനാലാണ്.
പരീക്ഷകളിൽ നിന്ന് അവരെ
പൊതിഞ്ഞുകൊൾവാൻ തൻറെ സ്വന്ത
മഹത്വത്തിൽ ദൈവ ത്തിന് സാദ്ധ്യമല്ല;
കാരണം, പീഡാനുഭവങ്ങളുടെ
ആവശ്യംതന്നെ തിന്മയുടെ
വശീകരണങ്ങളോടു

എതിർത്തുനില്ക്കുവാൻ അവരെ പ്രാപ്തരാക്കുന്നതിനു വേണ്ടിയാണ്.

നുറുങ്ങിയ ഹൃദയത്തോടുകൂടെ തങ്ങളെ ദൈവസന്നിധിയിൽ താഴ്ത്തി പാപങ്ങളെ ഏറ്റുപറഞ്ഞുപേക്ഷിച്ചുകൊണ്ട് വിശ്വാസത്തോടുകൂടെ ദൈവ വാഗ്ദത്തങ്ങളിൽ ആശ്രയിക്കുന്ന തൻറെ ജനത്തിൽനിന്നു തിരുസാന്നിദ്ധ്യം മാറ്റിവയ്ക്കുവാനും ദൈവവേലയ്ക്ക് തടസ്സം സൃഷ്ടിക്കുവാനും മനുഷ്യർക്കോ പിശാചുകൾക്കോ ഒരിക്കലും സാധിക്കുകയില്ല. പരസ്യമോ രഹസ്യമോ ആയ ഓരോ പരീക്ഷയും ഓരോ തടസ്സവാദവും വിജയകരമായി ചെറുത്തു നേരിടപ്പെടും. അതു "സൈന്യത്താലുമല്ല, ശക്തിയാലുമല്ല,

എൻറെ ആത്മാവിനാലത് എന്ന് സൈന്യങ്ങളുടെ യഹോവ അരുളിച്ചെയ്യുന്നു" (സെഖ. 4:6).

"കർത്താവിന്റെ കണ്ണ് നീതിമാന്മാരുടെമേലും അവൻറെ ചെവി അവരുടെ പ്രാർത്ഥനയ്ക്കും തുറന്നിരിക്കുന്നും 9 9 . നിങ്ങൾ നന്മ ചെയ്യുന്നതിൽ ശുഷ്കാ ന്തിയുള്ളവർ ആകുന്നു എങ്കിൽ നിങ്ങൾക്കു ദോഷം ചെയ്യുന്നവൻ ആർ?" (1 പത്രൊ. 3:12,13). ആഭിചാരം പ്രയോഗിച്ചും ദൈവത്തിനു യാഗം കഴിച്ചും ഇസ്രായേലിനെതിരേ ശാപവാക്കുകൾ ഉച്ചരിക്കുവാൻ, പ്രതിഫലം മോഹിച്ചു കൊണ്ട്, ബിലെയാം ശമിച്ചപ്പോൾ ദൈവാത്മാവു അവൻറെ

ശാപവാക്കുകളെ തടയുകയുണ്ടായി. അവൻ ഇപ്രകാരം പ്രസ്താവിക്കുവാൻ നിർബന്ധിക്കപ്പെട്ടു; “ദൈവം ശപിക്കാത്തവനെ ഞാൻ എങ്ങനെ ശപിക്കും?” യഹോവ പ്രാകാത്തവനെ ഞാൻ എങ്ങനെ പ്രാകും?” “ഭക്തന്മാർ മരിക്കുമ്പോലെ ഞാൻ മരിക്കട്ടെ; എന്റെ അവസാനം അവന്റേതുപോലെ ആകട്ടെ'. രണ്ടാമതും യാഗം കഴിച്ചതിനുശേഷം അഭക്തനായ പ്രവാചകൻ ഘോഷിക്കുന്നു: “അനുഗ്രഹിപ്പാൻ എനിക്കു കല്പന ലഭിച്ചിരിക്കുന്നു; അവൻ അനുഗ്രഹിച്ചിരിക്കുന്നു; എനിക്കു അതു മറച്ചുകൂടാ. യാക്കോബിൽ തിന്മ കാൺമാനില്ല; യിസ്രായേലിൽ കഷ്ടത ദർശിപ്പാനുമില്ല; അവന്റെ ദൈവമായ

യഹോവ അവനോടുകൂടെ ഇരിക്കുന്നു;
രാജകോലാഹലം അവരുടെ മദ്ധ്യേ
ഉണ്ട്. ആഭിചാരം യാക്കോബിനു
പറ്റുകയില്ല; ലക്ഷണവിദ്യ
യിസ്രായേലിനോടു ഫലിക്കയുമില്ല;
ഇപ്പോൾ യാക്കോബിനെക്കുറിച്ചും
യിസ്രായേലിനെക്കുറിച്ചും ദൈവം
എന്തെല്ലാം പ്രവർത്തിച്ചിരിക്കുന്നു
എന്നേ പറയാവൂ! മൂന്നാമതും യാഗപീഠം
നിർമ്മിക്കപ്പെട്ടു; ഒരു ശാപവാക്കു
ഉച്ചരിപ്പാൻ ബിലെയാം വീണ്ടും
പരിശ്രമിച്ചു. പക്ഷെ അനുഗ്രഹിക്കുന്നതു
ഇഷ്ടപ്പെടാത്ത ആ പ്രവാചകൻറെ
അധരങ്ങളിൽ നിന്ന് ദൈവാത്മാവു
തൻറെ തെരഞ്ഞെടുക്കപ്പെട്ട ജനത്തിനു
സമൃദ്ധിയും അവരുടെ ശത്രുക്കൾക്കു
വിശിഷ്ടത്വവും വിദ്വേഷവും പ്രഖ്യാപിച്ചു:

“നിന്നെ അനുഗ്രഹിക്കുന്നവൻ അനുഗ്രഹിക്കപ്പെട്ടവൻ; നിന്നെ ശപിക്കുന്നവൻ ശപിക്കപ്പെട്ടവൻ” (സംഖ്യാ. 23:8,10,20,21 ,23; 24:9).

ഈ സമയം യിസ്രായേൽ മക്കൾ ദൈവമുമ്പാകെ വിശ്വസ്തരായിരുന്നു. അവർ ദൈവകല്പനകൾ അനുസരിച്ചിരുന്നിടത്തോളം അവരെ ജയിക്കുവാൻ ഭൂമിയിലോ പാതാളത്തിലോ ഉള്ള ഒരു ശക്തിക്കും സാധിച്ചിരുന്നില്ല. എന്നാൽ അവർക്കെതിരേ ഉച്ചരിക്കുവാൻ ബിലെയാം ശ്രമിച്ച ശാപവാക്കുകൾ അവരെ പാപത്തിൽ വീഴ്ത്തിയതിനുശേഷം അവരുടെമേൽ വരുത്തുവാൻ സാത്താനു സാധിച്ചു.

ക്രിസ്തുവിൽ വസിക്കുന്ന ബലഹീനനായ വ്യക്തിയോടുപോലും അന്ധകാരത്തിൻറെ സൈന്യത്തിന് കിടനില്ക്കാനാകയില്ലെന്നും തന്നെത്താൻ വെളിപ്പെടുത്തിക്കൊണ്ട് മത്സരത്തിനിറങ്ങിയാൽ അവൻ എതിർക്കപ്പെടു മെന്നും സാത്താന്നു നന്നായറിയാം. അതുകൊണ്ട് അവൻ ക്രിസ്തുവിൻറെ ഭടന്മാരെ അവരുടെ രക്ഷാ സങ്കേതത്തിൽനിന്ന് അകറ്റുവാൻ ശ്രമിക്കുകയും തൻറെ സേനയുമായി മറഞ്ഞുനിന്നുകൊണ്ട് തൻറെ നിലത്തു കാൽ വയ്ക്കുന്നവരെ നശിപ്പിക്കുവാൻ ഒരുങ്ങി നില്ക്കുകയും ചെയ്യുന്നു. ദൈവത്തിൽ ആശയം വച്ചും തൻറെ എല്ലാ കല്പനകളും അനുസരിച്ചും മാത്രമേ

നമുക്കു സുരക്ഷിതരായിരിക്കുവാൻ സാധിക്കുകയുള്ളൂ

പ്രാർത്ഥന കൂടാതെ ആർക്കുംതന്നെ ഒരു ദിവസമോ ഒരു മണിക്കൂർ പോലുമോ സുരക്ഷിതരായിരിക്കുവാൻ സാദ്ധ്യമല്ല. പ്രത്യേകിച്ച്, തൻറെ വചനം ഗ്രഹിക്കുന്നതിനുള്ള ജ്ഞാനം ലഭിക്കുവാൻ നാം ദൈവത്തോടു യാചിക്കേണ്ടതാണ്. പരീക്ഷകൻറെ ഉപായങ്ങളെ സംബന്ധിച്ചും അവയെ വിജയകരമായി നേരിടേണ്ട മാർഗ്ഗങ്ങളെക്കുറിച്ചും ഇതിൽ വെളിപ്പെടുത്തി യിരിക്കുന്നു. ഇടർച്ചയുണ്ടാക്കി നമ്മെ വീഴിക്കാമെന്ന് കരുതി അവൻ കാണുന്ന തിരുവചന ഭാഗങ്ങൾ ദുർവ്യാഖ്യാനം

ചെയ്യാനും അസ്ഥാനത്ത് ഉദ്ധരിക്കു വാനും സാത്താൻ വിരുതനാണ്. ദൈവത്തിലുള്ള നമ്മുടെ ആശയം ഒരിക്കലും കൈവിടാതെ ഹൃദയത്തിൽ താഴ്ന്ന് ധരിച്ചുകൊണ്ട് നാം വേദപുസ്തകം പഠി ക്കേണ്ടതാണ്. സാത്താൻറെ തന്ത്രങ്ങൾക്കെതിരേ നാം എപ്പോഴും ജാഗരൂകരാ യിരുന്നുകൊണ്ട് "ഞങ്ങളെ പരീക്ഷയിൽ പ്രവേശിപ്പിക്കരുത് എന്നു വിശ്വാ സത്തോടുകൂടെ നാം സദാ പ്രാർത്ഥിക്കേണ്ടതാണ്.

## അദ്ധ്യായം **33**—ഒന്നാമത്തെ വലിയ വഞ്ചന

മാനവ ചരിത്രത്തിൻറെ പ്രാരംഭം മുതൽക്കുതന്നെ, സാത്താൻ മനുഷ്യ വർഗ്ഗത്തെ വഞ്ചിക്കുവാനുള്ള ശ്രമമാരംഭിച്ചു. സ്വർഗ്ഗത്തിൽ യുദ്ധത്തിന് കാര ണക്കാരനായ സാത്താൻ, മനുഷ്യരും ദൈവത്തിൻറെ ഭരണകൂടത്തിനെതിരായി, തന്നോടു ചേർന്നു യുദ്ധം ചെയ്യണമെന്ന് ആഗ്രഹിച്ചു. ദൈവകല്പന അനു സരിച്ച് കഴിഞ്ഞിരുന്ന ആദാമും ഹവ്വായും പരിപൂർണ്ണ സംതൃപ്തരും സന്തു ഷ്ടരുമായിരുന്നു. ഇത് സാത്താൻറെ വാദത്തിന് എതിരായുള്ള ഒരു തെളിവായിരുന്നു. ദൈവകല്പന

സൃഷ്ടികളുടെ നന്മയ്ക്ക് എതിരായി
നിലകൊള്ളുന്നതും, സഷ്ടികളെ
അടിച്ചമർത്തുന്നതുമെന്ന
കള്ളമായിരുന്നു സാത്താൻ
സ്വർഗ്ഗത്തിൽ പ്രചരിപ്പിച്ചത്.
പാപരഹിതരായിരുന്ന ആദാമിനും
ഹവ്വായും സമ്മാനിച്ച മനോഹരമായ
ഏദൻ ഭവനം സാത്താൻറെ അസൂയയെ
ആളി ക്കത്തിച്ചു. അവരുടെ
സന്തോഷത്തിൽ നിന്ന് അവരെ
തള്ളിയിടണമെന്ന് സാത്താൻ
നിശ്ചയിച്ചുറച്ചു. അവരെ
ദൈവത്തിൽനിന്നും അകറ്റി, തൻറെ
അധി കാരത്തിൻകീഴിൽ
കൊണ്ടുവന്നാൽ ഭൂമിയെ തനിക്ക്
അവകാശമാക്കാമെന്നും
അത്യുന്നതന്നെതിരായി തൻറെ രാജ്യം

ഇവിടെ സ്ഥാപിക്കാമെന്നും സാത്താൻ കരുതി.

തൻറെ തനിസ്വഭാവം സാത്താൻ വെളിപ്പെടുത്തിയിരുന്നെങ്കിൽ ആദാമും ഹവ്വായും സാത്താനെ ഉടൻതന്നെ വെറുക്കുമായിരുന്നു. ഈ അപകടകാരിയായ ശത്രുവിനെക്കുറിച്ച് ആദാമിനും ഹവ്വായ്ക്കും മുന്നറിയിപ്പ് നൽകപ്പെട്ടിരുന്നു. എന്നാൽ സാത്താൻ, തൻറെ ലക്ഷ്യങ്ങളെ ഒളിച്ചു വച്ചുകൊണ്ട്, തന്ത്രപൂർവ്വം, ഗൂഢമായി പ്രവർത്തിച്ചു. മനോഹര രൂപിയായ സർപ്പത്തെ തൻറെ മാദ്ധ്യമമാക്കിക്കൊണ്ട്, സാത്താൻ ഹവ്വായോട് ചോദിച്ചു: “തോട്ടത്തിലെ യാതൊരു വൃക്ഷത്തിൻറെ ഫലവും

നിങ്ങൾ തിന്നരുതെന്ന് ദൈവം വാസ്തവമായി കല്പിച്ചിട്ടുണ്ടോ? (ഉല്പ. 3:1). പരീക്ഷകനുമായി ഹവ്വാ ഒരു സംവാദത്തിലേർപ്പെടാതിരുന്നുവെങ്കിൽ അവൾ സുരക്ഷിതയായിരുന്നേനേം. എന്നാൽ അവൾ സത്താനുമായി സംവാദിക്കുവാൻ ഉദ്യമിച്ചു. തൽഫലമായി അവൻറെ കുടിലതയ്ക്ക് അവൾ ഇരയായി. ഇങ്ങനെയാണ് അനേകർ ഇന്നും കീഴടക്കപ്പെടുന്നത്. ദൈവത്തിൻറെ നിബന്ധനകളെ അവർ സംശയിക്കുകയും ചോദ്യം ചെയ്യുകയും ചെയ്യുന്നു. അവർ ദൈവകല്പനകളെ അനുസരിക്കുന്നതിനു പകരം സാത്താൻറെ തന്ത്രങ്ങൾ ഒളിഞ്ഞിരിക്കുന്ന മാനുഷിക തത്വങ്ങളെ അംഗീകരിക്കുകയും ചെയ്യുന്നു.

“സ്ത്രീ പാമ്പിനോട്: തോട്ടത്തിലെ വൃക്ഷങ്ങളുടെ ഫലം ഞങ്ങൾക്കു തിന്നാം; എന്നാൽ നിങ്ങൾ മരിക്കാതിരിക്കേണ്ടതിന് തോട്ടത്തിൻറെ നടുവി ലുള്ള വൃക്ഷത്തിൻറെ ഫലം തിന്നരുത്, തൊടുകയും അരുത് എന്ന് ദൈവം കല്പ്പിച്ചിട്ടുണ്ട് എന്നുപറഞ്ഞു. പാമ്പ് സ്ത്രീയോട്: നിങ്ങൾ മരിക്കയില്ല നിശ്ചയം; അത് തിന്നുന്ന നാളിൽ നിങ്ങളുടെ കണ്ണ് തുറക്കയും നിങ്ങൾ നന്മതിന്മകളെ അറിയുന്നവരായി ദൈവത്തെപ്പോലെ ആകുകയും ചെയ്യും എന്ന് ദൈവം അറിയുന്നു എന്നു പറഞ്ഞു” (വാക്യങ്ങൾ 2-5). ആദാമും ഹവ്വായും ദൈവത്തെപ്പോലെ ആയിത്തീരുമെന്ന്

സാത്താൻ പറഞ്ഞു. അവർ കൂടുതൽ ജ്ഞാനം ആർജ്ജിക്കയും ശ്രേഷ്ഠമായ ഒരു പദവിയിലേക്ക് ഉയർത്തപ്പെടുകയും ചെയ്യുമെന്നാണ് സാത്താൻ പറഞ്ഞത്. ഹവ്വാ പരീക്ഷയ്ക്ക് കീഴ്പെട്ടു. അവളൂടെ സ്വാധീനത്തിലൂടെ ആദാമും പാപത്തിലേക്ക് നയിക്കപ്പെട്ടു. ദൈവത്തിൻറെ വാക്കുകളെ അവർ അവിശ്വസിച്ചു. സാത്താൻറെ വാക്കു കളെ അവർ അംഗീകരിച്ചു. ദൈവത്തിൻറെ കല്പനകളെ ലംഘിക്കുന്നതിലൂടെ തങ്ങൾക്ക് ലഭിക്കുവാൻ പോകുന്ന സ്വാതന്ത്ര്യവും ജ്ഞാനവും തടയുകയാണ് ദൈവം ചെയ്യുന്നതെന്ന് ആദാമും ഹവ്വായും ചിന്തിച്ചു.

“നന്മതിന്മകളെക്കുറിച്ചുള്ള അറിവിൻറെ വൃക്ഷത്തിൻഫലം തിന്നുന്ന നാളിൽ നീ മരിക്കും’ എന്ന ആജ്ഞയുടെ അർത്ഥം എന്തെന്ന്, പാപത്തിനു ശേഷം ആദാം മനസ്സിലാക്കി. സാത്താൻ അവരെ പറഞ്ഞു വിശ്വസിപ്പിച്ചതു പോലെ തങ്ങൾ ശ്രേഷ്ഠമായ ഒരു സ്ഥാനത്തേക്ക് ഉയർത്തപ്പെടും എന്ന അർത്ഥമാണോ അവർ കണ്ടെത്തിയത്? അങ്ങനെയെങ്കിൽ പാപം ചെയ്യുന്ന തുമൂലം വലിയ നേട്ടമാണ് കൈവരിക്കുന്നത്. മനുഷ്യവർഗ്ഗത്തിന്റെ നന്മയ്ക്കു വേണ്ടി പ്രവർത്തിക്കുന്ന ഒരാളായി സാത്താൻ തെളിയിക്കപ്പെട്ടുമായിരുന്നു. എന്നാൽ ദൈവിക ആജ്ഞയുടെ അർത്ഥം ഇതായിരിക്കുമെന്ന് ആദാം

മനസ്സിലാക്കിയില്ല. പാപത്തിൻറെ ഫലമായി പൊടിയിൽനിന്ന് എടുക്കപ്പെട്ട മനുഷ്യൻ പൊടിയിലേക്ക് തിരികെ ചേരുമെന്ന് ദൈവം കല്പ്പിച്ചു. “നീ പൊടി യാകുന്നു, പൊടിയിൽ തിരികെ ചേരും” (വാ. 19). “നിങ്ങളുടെ കണ്ണു തുറക്കും” ഏദെൻ തോട്ടത്തിൻറെ നടുക്ക്, ജീവൻറെ വൃക്ഷവും നിന്നിരുന്നു. അതിൻറെ ഫലം ജീവനെ നിലനിർത്തുവാനുള്ള ശക്തി പ്രദാനം ചെയ്തിരുന്നു. ആദാം ദൈവത്തെ അനുസരിച്ചിരുന്നുവെങ്കിൽ, ഈ വൃക്ഷത്തിൻറെ ഫലം സൗജ ന്യമായി ഭക്ഷിക്കുവാനും അങ്ങനെ നിത്യതയോളം ജീവിപ്പാനും കഴിയുമായിരുന്നു. എന്നാൽ ആദാം പാപം ചെയ്തപ്പോൾ, ജീവവൃക്ഷ ഫലം

തിന്നുവാനുള്ള പദവിയിൽ നിന്ന് നീക്കപ്പെട്ടു. അങ്ങനെ ആദാം മരണത്തിന് അധീനനായിത്തീർന്നു. “നീ പൊടിയാകുന്നു; പൊടിയിലേക്ക് തിരികെ ചേരും” എന്ന ദൈവിക ശാസന, ജീവൻറെ പരിപൂർണ്ണമായ നാശത്തെയാണ് കാണിക്കുന്നത്.

അനുസരണത്തിൻറെ ഫലം എന്ന വ്യവസ്ഥയിലാണ് മനുഷ്യന് അമർത്യത വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്നത്. പാപം ചെയ്തതോടുകൂടി അമർത്യത മനുഷ്യൻ നഷ്ടപ്പെടുത്തി. തനിക്ക് സ്വായത്തമല്ലാത്ത ഒന്ന് പിൻതലമുറയ്ക്ക് പകർന്നുകൊടുപ്പാൻ ആദാമിന് സാദ്ധ്യമല്ലായിരുന്നു. തൻറെ

ഏകജാതനായ പുതൻറെ യാഗത്താൽ, അമർത്യത, മനുഷ്യൻറെ കയ്യെത്തുന്ന ദൂരത്തിൽ

ദൈവം കൊണ്ടുവന്നില്ലായിരുന്നുവെങ്കിൽ വീഴ്ച ഭവിച്ച മനുഷ്യവർഗ്ഗത്തിന് ഒരു പ്രത്യാശയ്ക്കും വഴിയുണ്ടാകുമായിരുന്നില്ല. എല്ലാവരും പാപം ചെയ്തതുകൊണ്ട് മരണം സകല മനുഷ്യരിലും പരന്നിരിക്കുമ്പോൾ, ക്രിസ്തു, "മരണം നീക്കുകയും, സുവിശേഷംകൊണ്ട് ജീവനും അക്ഷയതയും വെളിപ്പെടുത്തുകയും" ചെയ്തിരിക്കുന്നു. (റോമ. 5:12; 2 തിമൊ. 1:10). ക്രിസ്തുവിൽ കൂടി മാത്രമേ അമർത്യത നേടുവാൻ സാധിക്കുകയുള്ളൂ. യേശു

പറഞ്ഞു: “പുത്രനിൽ വിശ്വസിക്കുന്നവന് നിത്യജീവൻ ഉണ്ട്; പുത്രനെ അനുസരിക്കാത്തവനോ ജീവനെ കാണുകയില്ല” (യോഹ. 3:36). ഈ അമൂല്യമായ അനുഗ്രഹത്തെ എല്ലാവർക്കും സ്വായത്തമാക്കാവുന്നതാണ് ദൈവ ത്തിൻറെ വ്യവസ്ഥകളെ സ്വീകരിച്ചാൽ മാത്രം മതി. “നല്ല പ്രവൃത്തിക്ക് വേണ്ടുന്ന സ്ഥിരത പൂണ്ട് തേജസ്സും മാനവും അക്ഷയതയും അന്വേഷിക്കുന്നവർക്ക് നിത്യജീവൻ” ലഭിക്കുന്നതാണ് (റോമ. 2:7).

അനുസരണക്കേടിലും ആദാമിനോട് ജീവൻ വാഗ്ദാനം ചെയ്തത് ആ വലിയ വഞ്ചകനായ സാത്താൻ

മാത്രമായിരുന്നു. ഏദൻ തോട്ടത്തിൽ ഹവ്വായോട് പാമ്പ് പറഞ്ഞത്: "നിങ്ങൾ മരിക്കയില്ല നിശ്ചയം" എന്നാണ്. മനുഷ്യാത്മാവിൻറെ അമർത്യതയെക്കുറിച്ചുള്ള ആദ്യ പ്രസംഗം പാമ്പിൻറെ പ്രസംഗമായിരുന്നു. എന്നാൽ അനേക ക്രിസ്തീയ പ്രസംഗപീഠത്തിൽനിന്നും ഈ പ്രസംഗത്തിൻറെ പ്രതിദ്ധ്വനി ഇന്നും നാം കേൾക്കുന്നു. നമ്മുടെ ആദിമാതാപിതാക്കൾ ഈ വഞ്ചന സ്വീകരിച്ചതുപോലെ, ഭൂരിപക്ഷം ക്രിസ്ത്യാനികളും ഇത് സസന്തോഷം സ്വീകരിക്കുന്നു. ദൈവം പറയുന്നത് ഇപ്രകാരമാണ്: "പാപം ചെയ്യുന്ന ദേഹി മരിക്കും" (യെഹ. 18:20). എന്നാൽ ഇന്ന് അതിനെ

വ്യാഖ്യാനിച്ചിരിക്കുന്നത്: പാപം ചെയ്യുന്ന ദേഹി മരിക്കയില്ല; അത് നിത്യമായി ജീവിക്കും എന്നത്. സാത്താൻറെ വാക്കുകളെ വിശ്വസിക്കാനും, ദൈവ ത്തിൻറെ വാക്കുകളെ അവിശ്വസിക്കാനുമുള്ള പ്രവണത കാണുമ്പോൾ നമുക്ക് അത്ഭുതപ്പെടാതിരിപ്പാൻ കഴിയുകയില്ല.

വീഴ്ചയ്ക്കുശേഷം മനുഷ്യന് ജീവവൃക്ഷത്തിൻറെ അടുത്തേക്ക് പോകു വാനുള്ള സ്വാതന്ത്ര്യം ഉണ്ടായിരുന്നെങ്കിൽ, അവർ എന്നും ജീവിക്കുമായിരുന്നു. അങ്ങനെ പാപത്തിന് അമർത്യത ലഭിക്കുമായിരുന്നു. എന്നാൽ കരു ബുകളും. തിരിഞ്ഞുകൊണ്ടിരിക്കുന്നതും

ജ്വലിക്കുന്നതുമായ വാളും “ജീവന്‍റെ വൃക്ഷത്തിങ്കലേക്കുള്ള വഴി കാത്തു” (ഉല്പ. 3:24 }. ആദാമിന്‍റെ കുടുംബ ത്തിൽപെട്ട ഒരുത്തനുപോലും ആ കടമ്പ കടന്ന് ജീവവൃക്ഷത്തിന്‍റെ ഫലം അനുഭവിപ്പാൻ അനുവാദം ലഭിച്ചിട്ടില്ല. അതുകൊണ്ട് അമർത്യതയുള്ളവനായ ഒരു പാപിപോലുമില്ല.

എന്നാൽ മനുഷ്യന്‍റെ വീഴ്ചയ്ക്കുശേഷം, മനുഷ്യന് സ്വഭാവികമായ അമർത്യത ഉണ്ട് എന്ന വിശ്വാസം മനുഷ്യരിൽ പതിപ്പിക്കുവാൻ, സാത്താൻ, തന്‍റെ അനുയായികളോടു പറഞ്ഞു. ഈ തെറ്റ് സ്വീകരിപ്പാൻ മനുഷ്യരെ പ്രേരിപ്പിച്ചശേഷം സാത്താൻറെ ദൂതന്മാർ, അവരെ വേറൊരു തെറ്റായ

ആശ യത്തിലേക്കു നയിച്ചു. അതായത്
നിത്യദുഃഖം അനുഭവിച്ച് പാപി
കഴിയുമെന്ന ആശയം. ദൈവം
പകവീട്ടുവാൻ ആഗ്രഹിക്കുന്ന ഒരു
സ്വേച്ഛാധിപതി യാണെന്ന ആശയം
മറ്റുള്ളവർക്ക് നല്കുവാൻ പിശാച് തൻറെ
അനുചരന്മാ രിൽകൂടെ ശ്രമിക്കുന്നു.
തന്നെ പ്രസാദിപ്പിക്കാത്ത ഏവരേയും
നരകത്തിൽ തള്ളിയിടുന്ന ഒരു
സേച്ഛാധികാരിയായി ദൈവത്തെ
സാത്താൻ ചിത്രീകരിക്കുന്നു.
അതിഭയങ്കരമായ നിത്യദണ്ഡനത്തിൽ
പാപികൾ പുളയുമ്പോൾ, അതു
സംതൃപ്തിയോടെ നോക്കിയിരിക്കുന്ന ഒരു
വ്യക്തിയായി ദൈവത്ത സാത്താൻ
വരച്ചുകാണിക്കുന്നു.
മനുഷ്യവർഗ്ഗത്തിന്റെ സൃഷ്ടിതാവും, നന്മ

കാംക്ഷിക്കുന്നവനുമായ ദൈവത്തെ തൻറെ സ്വഭാവം പ്രതിഫലിപ്പിക്കുന്ന ഒരു വ്യക്തിയായി സാത്താൻ ചിത്രീകരിക്കുന്നു. ക്രൂരത സാത്താനിൽനിന്നുമുള്ളതാണ്. ദൈവം സ്നേഹമാകുന്നു. ദൈവം സൃഷ്ടിച്ചതെല്ലാം നൈർമ്മല്യവും വിശുദ്ധിയും, മനോഹാരിതയും ഉള്ളവയായിരുന്നു. പിശാച് പാപം കൊണ്ടുവരുന്നതുവരെ സമാ ധാനവും വിശുദ്ധിയും കളിയാടിരുന്ന ഒരു ഗോളമായിരുന്നു ഈ ഭൂമി. മനുഷ്യനെ പരീക്ഷിച്ച് പാപം ചെയ്യിക്കുന്ന വ്യക്തിയാണ് സാത്താൻ. കഴിയുമെങ്കിൽ മനുഷ്യനെ അവൻ നശിപ്പിക്കും. തൻറെ ഇരയെ കയ്യിൽ കിട്ടിയാൽ, അതിനെ

നശിപ്പിക്കുന്നതിൽ സാത്താൻ സന്തോഷം കണ്ടെത്തുന്നു. അവന് സൗകര്യം കിട്ടിയാൽ മനുഷ്യവർഗ്ഗത്തെ മുഴുവനും അവൻറെ വലയിൽ വീഴിക്കും. ദൈവികശക്തിയുടെ ഇടപെടൽ ഇല്ലായിരുന്നുവെങ്കിൽ ആദാമിൻറെ സന്തതിപരമ്പരകളിൽ ഒന്നുപോലും രക്ഷപെടുമായിരുന്നില്ല.

ദൈവത്തിൻറെ കല്പനകളുടെ നീതിയേയും ഭരണകൂടത്തിൻറെ ജ്ഞാന ത്തേയും സംശയിക്കുന്നതിന് മനുഷ്യരെ പ്രേരിപ്പിക്കയും തങ്ങളുടെ സൃഷ്ടി താവിലുള്ള വിശ്വാസത്തെ പിടിച്ചു കുലുക്കുകയും നമ്മുടെ ആദിമാതാപിതാക്കളെ

കീഴ്പെടുത്തിയതും പോലെ മനുഷ്യരെ കീഴ്പെടുത്തുവാൻ സാത്താൻ ശ്രമിക്കയും ചെയ്യുന്നു. തങ്ങളേക്കാൾ മോശമായ ഒരു വ്യക്തി യാണ് ദൈവമെന്ന് കാണിക്കുവാൻ സാത്താനും അവൻറെ കൂട്ടരും ശ്രമിക്കുന്നത്, തൻറെ വഞ്ചനയും ദ്രോഹവും മൂടിവയ്ക്കുന്നതിനാണ്. എന്നാൽ സ്വർഗ്ഗീയ പിതാവിൻറെ മേൽ ക്രൂരത നിറഞ്ഞ തൻറെ സ്വഭാവം കെട്ടിവയ്ക്കുന്നതിനാണ് സാത്താൻ ശ്രമിക്കുന്നത്. തൻറെ മേൽ അനീതി ചെയ്തു എന്ന് ദൈവത്തിൻറെമേൽ സാത്താൻ കുറ്റം ചുമത്തുന്നു. തൻറെ ഭരണം സ്ഥാപിത മായാൽ ലോകത്തിന് യഥാർത്ഥ സ്വാതന്ത്ര്യം നല്കുമെന്ന് സാത്താൻ പൊള്ളയായ വാഗ്ദാനം

ചെയ്യുന്നു. ദൈവത്തിൽനിന്നു മനുഷ്യരെ അകറ്റി, തൻറെ കീഴിൽ അവരെ കൊണ്ടുവരുന്നതിനുവേണ്ടി മോഹന വാഗ്ദാനങ്ങളാൽ മനുഷ്യരെ കുരുക്കിലാക്കുന്നു.

മരിച്ച ദുഷ്ടന്മാർ നിത്യനരകത്തിൽ, ഒരിക്കലും അവസാനിക്കാത്തെ പീഡനത്തിൽ തീയിലും ഗന്ധകത്തിലും നരകിച്ചുകഴിയുന്നു എന്ന ഉപദേശം നീതി ബോധത്തിന് നിരക്കാത്തതും, സ്നേഹം, കരുണ എന്നീ വികാരങ്ങൾക്ക് എത്ര അറപ്പുളവാക്കുന്നതുമാണ്. ചുരുങ്ങിയ ഭൗമിക ജീവിതത്തിലെ പാപങ്ങൾക്കുവേണ്ടി, നിത്യത മുഴുവൻ മനുഷ്യർ, ശിക്ഷ അനുഭവിക്കണമെന്നുള്ളത് എത്ര

വിചിതമാണ്. എങ്കിലും ഈ ഉപദേശം ക്രിസ്ത്തീയലോകത്തിൽ ഇന്ന് വളരെ വ്യാപകമായി അംഗീകരിക്കപ്പെട്ടിരിക്കുന്നു. ഒരു ഉന്നത ക്രിസ്ത്തീയ പണ്ഡിതൻ ഇപകാരം പറഞ്ഞിരിക്കുന്നു: “നരകത്തിലെ പീഡനങ്ങളുടെ കാഴ്ച വിശുദ്ധന്മാരെ എന്നേക്കും സന്തോഷിപ്പിക്കും. തങ്ങളെപ്പോലുള്ളവർ നരകത്തീയിൽ കഴിയുകയും, തങ്ങൾ വ്യത്യസ്തരായിരിക്കുകയും ചെയ്യുമ്പോൾ തങ്ങൾ (വിശുദ്ധന്മാർ) എത്രമാത്രം ഭാഗ്യവാന്മാരെന്ന് നരകത്തിലെ അവസ്ഥ വ്യക്തമാക്കും. വേറൊരു വേദപണ്ഡിതൻ പറഞ്ഞു: “ദൈവകോപത്തിന് പാത്രമായവരുടെമേൽ ദൈവശിക്ഷ

നടപ്പാക്കുമ്പോൾ, അവരുടെ
പീഡനത്തിൻറെ പുക നിത്യമായി
പൊങ്ങിക്കൊണ്ടിരിക്കുന്നതു
കാണുമ്പോൾ ദൈവകൃപയ്ക്ക്
പാത്രമായവർ പറയും ആമേൻ,
ഹാലേലൂയ്യാ, ദൈവത്തിനു സ്തോത്രം".

ദൈവവചനത്തിൽ ഏതു താളിലാണ്
ഇത്തരത്തിലുള്ള ഉപദേശം കാണുന്നത്?
സ്വർഗ്ഗം പൂകിയ വീണ്ടെടുക്കപ്പെട്ടവർ
അനുകമ്പയും കരുണയും
ഇല്ലാത്തവരായിരിക്കുമോ? സാധാരണ
മനുഷ്യത്വംപോലും നഷ്ടപ്പെട്ടവരാ
യിരിക്കുമോ? അവരുടെ സത്‌ചിന്തകൾ
അപരിഷ്കൃതമായ ക്രൂരതയുടെ മുമ്പിൽ
അടിയറവയ്ക്കുമോ ? ഒരിക്കലുമില്ല.
വേദപുസ്തകോപദേശം അതല്ല. മുൻ

ഉദ്ധരിച്ച ഉദ്ധരണികൾ വിദ്യാസമ്പന്നരും സത്യസന്ധരുമായവരുടേതാ യിരിക്കാം. പക്ഷേ അവർ സാത്താൻറെ തന്ത്രത്തിൽ മയങ്ങിപ്പോയവരാണ്. തിരുവെഴുത്തുകളിലെ ശക്തമായ പ്രയോഗങ്ങളെ തെറ്റായി ധരിപ്പിക്കയാണ് സാത്താൻറെ ജോലി. വേദപുസ്തക ആശയങ്ങൾക്ക് കയ്പിൻറേയും വിദ്വേഷത്തിൻറേയും നിറം സാത്താൻ പകരുന്നു. അത് അവൻറെ സ്വഭാവമാണ്. അത് നമ്മുടെ സൃഷ്ടിതാവിൻറെ സ്വഭാവമല്ല. “എന്നാണ്, ദുഷ്ടൻറെ മരണത്തിൽ അല്ല, ദുഷ്ടൻ തൻറെ വഴി വിട്ട് തിരിഞ്ഞ് ജീവിക്കുന്നതിൽ അത്രേ എനിക്ക് ഇഷ്ടമുള്ളതെന്ന് യഹോവയായ കർത്താവിന്റെ അരുളപ്പാട്. നിങ്ങളുടെ

ദുർമ്മാർഗ്ഗങ്ങളെ വിട്ടുതിരിവിൻ, തിരിവിൻ. യിസ്രായേൽ ഗൃഹമേ നിങ്ങൾ എന്തിനു മരിക്കുന്നു" (യെഹ. 33:11).

ഒരിക്കലും അവസാനിക്കാത്ത പീഡനത്തിൽ ദൈവം രസിക്കുന്നു എന്ന് നാം സമ്മതിച്ചാൽ ദൈവത്തിന് എന്ത് നേടാൻ കഴിയും? താൻ നരകത്തീയിൽ ഇട്ട് പീഡിപ്പിക്കുന്നവരുടെ അലമുറയും നിലവിളിയും കേട്ട് ദൈവം ആഹ്ലാദിക്കുന്നുവെന്ന് നാം പറഞ്ഞാൽ ദൈവത്തിന് എന്താഭം? ഈ ഭയാനകമായ രോദനം, അനന്തസ്നേഹത്തിൻറെ ഉടമയായ ദൈവത്തിൻറെ കാതുകൾക്ക്

ഇമ്പഗീതമോ? ദുഷ്ടൻറെമേൽ, അവസാനമില്ലാത്ത അരിഷ്ടത ചൊരിയുന്നത്, പ്രപഞ്ചത്തിൻറെ സമാധാനം കെടുത്തുന്നതായ പാപത്തോടുള്ള ക്രോധം പ്രകടിപ്പിക്കുവാനാണ് എന്ന് പറയുന്നത് എത്ര ഭയങ്കരമായ ദൈവ ദൂഷണമാണ്. പാപം നശിക്കാതെ നിലനിർത്തുന്നത് (നരകത്തിലായാൽ ത്തന്നെ) ദൈവത്തിന് പാപത്തോടുള്ള വെറുപ്പുകൊണ്ടാണുപോലും! ഈ വേദപണ്ഡിതന്മാരുടെ ഉപദേശമനുസരിച്ച്, തുടർച്ചയായ വേദനിപ്പിക്കൽ അനു ഭവിക്കുന്നവരെ ഭ്രാന്ത് പിടിപ്പിക്കയും, അവരുടെ കോപത്തിൽ അവർ ശാപ വചനങ്ങൾ ഉച്ചരിക്കയും ദൈവദൂഷണം പറകയും ചെയ്യും. ഇങ്ങനെ ചെയ്യുമ്പോൾ

അവരുടെ പാപത്തെ വർദ്ധിപ്പിക്കുകയാണ് ചെയ്യുന്നത്. നിത്യതയിൽ ഇപ്രകാരം പാപത്തെ നിലനിർത്തുകയും വളർത്തുകയും ചെയ്യുന്നത് ദൈവത്തിൻറെ മഹത്വം വർദ്ധിപ്പാൻ ഒട്ടും സഹായകമല്ല.

നിത്യനരകത്തെക്കുറിച്ചുള്ള ദുരുപദേശത്താൽ ഉളവാക്കിയിട്ടുള്ള തിന്മ എത്ര വലുതെന്ന് വിലയിരുത്തുവാൻ മനുഷ്യ മനസ്സുകൾക്ക്, സാദ്ധ്യമല്ല. വേദപുസ്തകമതം സ്നേഹത്തിൻറേയും നന്മയുടേയും മതമാണ്. അത് ആർദ്രത നിറഞ്ഞതാണ്. അന്ധവിശ്വാസവും, ഭീകരതയുംകൊണ്ട് ചിലർ അതിനെ ആവരണം ചെയ്യുന്നു. ദൈവത്തിൻറെ

സ്വഭാവത്തെ ചിത്രീകരിക്കാൻ സാത്താൻ തെറ്റായ നിറങ്ങൾ ഉപയോഗിക്കുന്നു. അതുകൊണ്ടാണ് കരുണാർദ്രനായ ദൈവത്തെ ഇന്ന് അനേകർ ഭയപ്പെടുകയും വെറുക്കുകപോലും ചെയ്യുന്നത്. ദൈവത്തെക്കുറിച്ച് ഇപ്രകാരമുള്ള തെറ്റായ ഉപദേശങ്ങൾ ക്രിസ്തീയ പ്രസംഗപീഠങ്ങളിൽനിന്നും വരുന്നതുകൊണ്ട് അനേകായിരങ്ങൾ നിരീശ്വരരും അവി ശ്വാസികളുമായിത്തീരുന്നു.

നിത്യനരകത്തെ സംബന്ധിച്ച ഉപദേശം തെറ്റായ അനേക ഉപദേശങ്ങ ളിലൊന്നാണ്. സകലജാതികളേയും കുടിപ്പിക്കുന്ന ബാബിലോണിൻറെ

ക്രോധ മദ്യം
നിർമ്മിക്കപ്പെട്ടിരിക്കുന്നത്
ഇപ്രകാരമുള്ള ദുരുപദേശങ്ങൾ
കൊണ്ടാണ് (വെളി. 14:8;17:2).
ക്രിസ്തുവിൻറെ സുവിശേഷകർ ഈ
ദുരുപദേശം സ്വീക രിക്കുകയും, വിശുദ്ധ
പീഠത്തിൽ നിന്ന് പ്രഖ്യാപിക്കുകയും
ചെയ്യുന്നത് മന സ്സിലാക്കാൻ
പ്രയാസമുള്ള ഒരു വസ്തുതയാണ്.
വ്യാജശബ്ബത്ത് ഉപദേശം അവർക്ക്
ലഭിച്ചതുപോലെ, ഈ ഉപദേശം
ലഭിച്ചതും റോമിൽനിന്നാണ്. ഈ
തന്നെയാണ്. എന്നാൽ നമുക്കു
ലഭിച്ചതുപോലെ, ഈ നേതാക്കൾക്ക്
ഈ ഉപദേശത്തെക്കുറിച്ചുള്ള വെളിച്ചം
ലഭിച്ചിട്ടില്ല. അവരുടെ കാലത്ത് ലഭിച്ച
വെളിച്ചത്തിന് മാത്രം അവർ

ഉത്തരവാദികൾ ആയിരുന്നു. നമ്മുടെ കാലത്ത് ലഭിക്കുന്ന വെളിച്ചത്തിന് നാം ഉത്തരവാദികളാണ്. ദൈവവചനത്തിൻറെ സാക്ഷ്യത്തിൽനിന്ന് നാം തിരിയുകയും വ്യാജ ഉപദേശങ്ങളെ നമ്മുടെ പിതാക്കന്മാർ പഠിപ്പിച്ചു എന്ന ഏക കാരണത്താൽ നാം സ്വീകരിക്കുകയും ചെയ്താൽ, ബാബിലോണിന് നൽകപ്പെട്ട ശാപത്തിൽ നാമും പതിക്കും. അവളുടെ മ്ലേച്ഛതയുടെ വീഞ്ഞ് നാമും കുടിക്കയാണ്.

നിത്യനരകമെന്ന ഉപദേശം വെറുക്കുന്ന ഒരു വലിയ സമൂഹം വേറൊരു ആർദ്രതയുടേയും മൂർത്തിയായി കാണുകയും ഒരിക്കലും തൻറെ

സൃഷ്ടികളെ നിത്യനരകത്തിൽ ഇടുകയില്ലെന്ന് വിശ്വസിക്കുയും ചെയ്യുന്നു. എന്നാൽ അവർ വിശ്വസിക്കുന്നത് ആത്മാവ് അമർത്യതയുള്ളതാണെന്നും, എല്ലാ മനുഷ്യരേയും ആത്യന്തികമായി ദൈവം രക്ഷിക്കുമെന്നുമാണ്. വേദപുസ്തകത്തിൽ കാണുന്ന മുന്നറിയിപ്പുകൾ, മനുഷ്യരെ ഭയപ്പെടുത്തി അനുസരണത്തിലേക്കു കൊണ്ടു വരിക എന്ന ഉദ്ദേശത്തോടുകൂടെയാണ് നല്കപ്പെട്ടിരിക്കുന്നതെന്ന് അവർ വിശ്വസിക്കുന്നു. അവയൊന്നും അക്ഷരീകമായി നിറവേറുകയില്ലെന്ന് അവർ കരുതുന്നു. അങ്ങനെ, പാപിക്ക് സ്വാർത്ഥപരമായ സന്തോഷം നുകർന്ന് ദൈവകല്പനകൾ

ലംഘിച്ചുകൊണ്ട് കഴിയാമെന്നും ഒടുവിൽ ദൈവത്തിൻറെ പ്രീതിയാൽ സ്വർഗ്ഗത്തിൽ കടന്നുകൂടാമെന്നും അവർ വിശ്വസിക്കുന്നു. ദൈവത്തിൻറെ കൃപയിൽ ആശ്രയിക്കുകയും, ദൈവനീതിയെ അവഗണിക്കുകയും ചെയ്യുന്ന ഉപദേശം, ജഡിക ഹൃദയത്തെ സന്തോഷിപ്പിക്കുകയും, പാപിയെ തൻറെ ദുഷ്ടതയിൽ പ്രോത്സാഹിപ്പിക്കയും ചെയ്യുന്നു.

സാർവ്വ ലൗകികമായ രക്ഷയിൽ വിശ്വസിക്കുന്നവർ എപ്രകാരമാണ് തങ്ങളുടെ തെറ്റായ വിശ്വാസങ്ങളെ നിലനിർത്തുവാൻ വേണ്ടി തിരുവെഴുത്തു കളെ ദുർവ്യാഖ്യാനം ചെയ്യുന്നതെന്ന് കാണിപ്പാൻ അവരുടെ

ചില പ്രസ്താ വനകളെ ഉദ്ധരിക്കേണ്ടത് ആവശ്യമായിവരുന്നു. മതഭക്തി തീരെയില്ലാത്ത ഒരു യുവാവിൻറെ ശവസംസ്കാര വേളയിൽ സാർവ്വലൗകിക രക്ഷയുടെ പ്രചാ രകനായ ഒരു പ്രവർത്തകൻ, ദാവീദിനെ സംബന്ധിക്കുന്ന ഒരു തിരുവചന ഭാഗം തെരഞ്ഞെടുത്തു വായിച്ചു: "മരിച്ചുപോയ അമ്നോനെക്കുറിച്ചുള്ള ദുഃഖത്തിന് ആശ്വാസം വന്നിരുന്നു" (2 ശമൂ. 13:39).

ആ പ്രസംഗകൻ പറഞ്ഞു: "പാപത്തിൽ ഇഹലോകവാസം വെടി യുന്നവരുടെ ഭാവി എന്തായിരിക്കുമെന്ന് പലപ്പോഴും എന്നോട് പലരും ചോദി ച്ചിട്ടുണ്ട്. ഒരുപക്ഷേ ലഹരി തലയ്ക്ക് ബാധിച്ച്

ബോധമില്ലായ്മയിൽ മരിക്കുന്നവർ, കുറ്റകൃത്യങ്ങളുടെ ചുവന്ന കറയുമായി ഈ യുവാവിനെപ്പോലെ മരിക്കുന്നവർ, ഇവരുടെയൊക്കെ ഭാവി എന്തായിരിക്കും? തിരുവെഴുത്തുകൾ നമ്മെ തൃപ്തരാക്കുന്നു. അവർക്കു ലഭിക്കുന്ന ഉത്തരം എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം കണ്ടെത്തും. അമ്മോൻ ഒരു കടുത്ത പാപിയായിരുന്നു. അവൻ അനുതപിച്ചില്ല. അമ്മോനെ മദ്യം അമിതമായി കുടിപ്പിച്ചു. മദ്യപാനത്തിൻറെ ലഹരിയിൽ അവൻ കൊല്ലപ്പെട്ടു. ദാവീദ് ദൈവത്തിൻറെ ഒരു പ്രവാചകനായിരുന്നു. വരുവാനുള്ള ലോകത്തിൽ അമ്നോന് സന്തോഷമായിരിക്കുമോ, കഷ്ടതയായിരിക്കുമോ എന്ന്

ദാവീദിനറിയാം. ദാവീദിൻറെ ഹൃദയം എന്താണ് വെളിപ്പെടുത്തിയത്? “ദാവീദ് അബ്ശലോമിനെ കാണ്മവാൻ വാഞ്ഛിച്ചു. മരിച്ചു പോയ അമ്നോനെക്കുറിച്ചുള്ള ദുഃഖത്തിന് ആശ്വാസം വന്നിരുന്നു”(വാ. 39).

“ഇതിൽനിന്നും നമുക്ക് ഗ്രഹിക്കാവുന്നതെന്താണ്? ദാവീദിൻറെ വിശ്വാ സത്തിൽ, നിത്യനരകത്തിന് ഒരു സ്ഥാനവുമില്ലെന്നല്ലേ കാണിക്കുന്നത്? അതു കൊണ്ട് നാം മനസ്സിലാക്കുന്നത്, അത്യന്തികമായി, സാർവ്വലൗകികമായ വിശ്രു ദ്ധിയും സമാധാനവും ഉണ്ടാവുമെന്ന ആശ്വാസകരമായ ഒരു നിലപാടിൽ നമുക്ക് എത്തിച്ചേരാമെന്നാണ്. മരിച്ച്

അമ്മോനെക്കുറിച്ച് ദാവീദ് ആശ്വസിച്ചു.
എന്തുകൊണ്ട് ദാവീദ് ആശ്വസിച്ചു?
പ്രവചന ദൃഷ്ടികൊണ്ട്, മഹത്വ കരമായ
ഒരു ഭാവിയിലേക്ക് നോക്കുവാൻ
ദാവീദിന് കഴിഞ്ഞു. തൻറെ മകൻ
എല്ലാവിധ കഷ്ടപ്പാടിൽനിന്നും
വിമുക്തനായിരിക്കുന്നതും, പാപത്തിൻറെ
കറയിൽനിന്നും
ശുദ്ധീകരിക്കപ്പെട്ടിരിക്കുന്നതും
സന്തോഷിക്കുന്ന ആത്മാക്കളുടെ
കൂട്ടത്തിലേക്ക് അമ്മോൻ
ഉയർത്തപ്പെട്ടതും ദാവീദ് കണ്ടു.
ദാവീദിൻറെ ഏക ആശ്വാസം തൻറെ
പ്രിയപുത്രൻ ഈ പാപവും കഷ്ടതയും
നിറഞ്ഞ ലോകത്തിൽ നിന്നും
പരിശുദ്ധാത്മാവിൻറെ നിശ്വാസങ്ങൾ
പതിക്കുന്ന സ്ഥലത്തേക്ക്

കരേറ്റപ്പെട്ടിരിക്കുന്നു എന്നതിലായിരുന്നു".

"ഇതിൽ നിന്നും നമുക്ക് മനസ്സിലാക്കാവുന്നത്, സ്വർഗ്ഗം നല്കുന്ന രക്ഷ, ഈ ജീവിതത്തിൽ നമുക്കു ചെയ്യാൻ കഴിയുന്ന ഒന്നിനേയും ആശ്രയിച്ചല്ല നിലകൊള്ളുന്നത് എന്നത്രേ. ഹൃദയത്തിൻറെ പരിവർത്തനത്തെ ആശ്രയിച്ചോ, ഇപ്പോഴുള്ള നമ്മുടെ വിശ്വാസത്തെ ആശ്രയിച്ചോ, ഏത് മതത്തിൽ നാം ആയി രിക്കുന്നു എന്നതിനെ ആശ്രയിച്ചോ അല്ല നമ്മുടെ രക്ഷ നിലകൊള്ളുന്നത്.

ഏദെൻ തോട്ടത്തിൽ വച്ച് "നിങ്ങൾ മരിക്കയില്ല. നിശ്ചയം; നിങ്ങൾ തിന്നു ന്നനാളി നിങ്ങളുടെ കണ്ണുകൾ തുറന്ന് ദൈവത്തെപ്പോലെ ആയിത്തീരും എന്ന് പാമ്പ് പറഞ്ഞതായ വ്യാജത്തെ, ക്രിസ്തുവിൻറെ ശുശ്രൂഷക്കാരൻ എന്ന് അവകാശവാദം ഉന്നയിച്ച ആ മനുഷ്യൻ ആവർത്തിച്ചു പറഞ്ഞു. അദ്ദേഹത്തിൻറെ അഭിപ്രായമനുസരിച്ച്, ഏറ്റവും കൊടുംപാപികളായ കൊലപാത കിയും കൊള്ളക്കാരനും വ്യഭിചാരിയും മരണാനന്തരം അനന്തമായ സ്വർഗ്ഗീയാനന്ദത്തിലേക്ക് പ്രവേശിക്കുവാൻ ഒരുക്കപ്പെട്ടും.

തിരുവെഴുത്തുക്കളെ വളച്ചൊടിക്കുന്ന ഈ മനുഷ്യന് എവിടെ നിന്നാണ് ഈ

തീരുമാനങ്ങളിലെത്തിച്ചേരാൻ കഴിയുന്നത്? ദൈവത്തിൻറെ ദയയെക്കുറിച്ച് ദാവീദ് പറയുന്ന ഒറ്റ വാക്യത്തിൽ നിന്നത്രേ. “ദാവീദ് രാജാവ് അബ്ശലോമിനെ കാണ്മവാൻ വാഞ്ഛിച്ചു; മരിച്ചുപോയ അമ്നോനെക്കുറിച്ചുള്ള ദുഃഖത്തിന് ആശ്വാസം വന്നിരുന്നു”. കാലം ദാവീദിൻറെ കഠിന ദുഃഖത്തെമായിച്ചു. മരിച്ചവന്ന് നിന്നും, ജീവിക്കുന്ന തൻറെ പുത്രനിലേക്ക് ദാവീദിൻറെ ശദ്ധ തിരിഞ്ഞു. ദുർവൃത്തനും മദ്യപാനിയുമായിരുന്ന അമ്നോൻ മരണാനന്തരാ, ഉടനട് സ്വർഗ്ഗീയ സന്തോഷത്തിലേക്ക് എടുക്കപ്പെട്ടു എന്ന് സ്ഥാപിക്കുവാൻ മേൽ ഉദ്ധരിച്ച വാക്യമാണ് തെളിവായി ഉദ്ധരിക്കുന്നത്.

സന്തോഷം പ്രദാനംചെയ്യുന്ന ഒരു നിർമ്മിത കഥയാണത്. ജഡിക ഹൃദയത്തിന് സംതൃപ്തി നൽകുവാൻ പര്യാപ്തമാണാക്കഥ. ഇത് സാത്താൻറെ ഉപദേശ മാണ്. അവൻറെ ഉദ്ദേശ നിവൃത്തിക്കുവേണ്ടി ഇക്കഥ സഹായമായിരുന്നു. ഇപ്രകാരമുള്ള ഉപദേശങ്ങളാൽ ദുഷ്ടത പെരുകുന്നതിൽ നാം അത്ഭുതപ്പെടേണ്ടതുണ്ടോ?

ഈ വ്യാജ അദ്ധ്യാപകൻറെ നിലപാടു അവൻറെ മറ്റ് തന്ത്രങ്ങളെ വെളിപ്പെടുത്തുന്നു. തിരുവെഴുത്തിലെ ചില വാക്കുകൾ അവയുടെ സന്ദർഭത്തിൽനിന്നും അടർത്തിയെടുക്കുമ്പോൾ അതിൻറെ അർത്ഥത്തിന് വളരെ മാറ്റമുണ്ടാകുന്നു.

ഒരുപക്ഷേ, അവിടെ ഉദ്ദേശിച്ചിരിക്കുന്ന അർത്ഥത്തിന്റെ വിപരീതാർത്ഥമാണുണ്ടാവുക. ഇങ്ങനെ സന്ദർഭത്തിൽ നിന്നും മാറ്റി എടുക്കുന്ന ഭാഗങ്ങൾ വളച്ചൊടിക്കപ്പെടുകയും വേദപുസ്തകത്തിൽ അടിസ്ഥാനമില്ലാത്ത ഉപദേശ സംഹിതകളെ തെളിവായി ഉപയോഗിക്കയും ചെയ്യുന്നു. മദ്യപാനിയായ അമ്മോൻ സ്വർഗ്ഗത്തിലുണ്ടോ എന്ന് തെളിയിപ്പാൻ ഉദ്ധരിച്ച വേദപുസ്തകത്തെളിവ് വെറുമൊരു അനുമാനം മാത്രമാകുന്നു. മദ്യപന്മാർ ദൈവ രാജ്യം അവകാശമാക്കുകയില്ല (1 കൊരി. 6:10) എന്ന വ്യക്തമായ തിരുവെ ഴുത്തുകൾക്ക്

കടകവിരുദ്ധമാണ് ആ ഉപദേശം. ഇങ്ങനെ അവിശ്വാസികളും സംശയാലുക്കളും സത്യത്തെ വ്യാജമാക്കി മാറ്റുന്നു. ഇവരുടെ തന്ത്രങ്ങളാൽ അനേകർ വഞ്ചിതരാവുകയും, അവർ യഥാർത്ഥ സുരക്ഷിതത്വത്തിൻറെ തൊട്ടിലിൽ സുഖസുഷുപ്തിയിലാണ്ടു പോകാൻ കാരണമാകുകയും ചെയ്യുന്നു.

മനുഷ്യജീവൻ അഴിഞ്ഞുപോകുന്ന വേളയിൽ സകല മനുഷ്യരുടേയും ആത്മാക്കൾ നേരെ സ്വർഗ്ഗത്തിലേക്കാണ് പോകുന്നതെങ്കിൽ, നാം ജീവനേക്കാൾ കാംക്ഷിക്കേണ്ടത് മരണത്തെയാണ്. തങ്ങളുടെ ജീവിതത്തിന് വിരാമമിടുവാൻ

അനേകരെ നയിക്കുന്നത് ഈ വിശ്വാസമാണ്. കഷ്ടങ്ങളും കുഴപ്പങ്ങളും നൈരാശ്യങ്ങളും നേരിടുമ്പോൾ ജീവൻറെ ചരടിനെ പൊട്ടിച്ച് നിത്യതയുടെ സന്തോഷത്തിലേക്ക് പ്രവേശിക്കുന്നത് ലളിതമായ ഒന്നാണെന്ന് അവർ കരുതുന്നു.

തൻറെ കല്പനകളെ ലംഘിക്കുന്നവരെ താൻ ശിക്ഷിക്കുമെന്ന് തൻറെ വചനത്തിൽ അസന്ദിഗ്ധമായ ഭാഷയിൽ ദൈവം അരുളിച്ചെയ്തിട്ടുണ്ട്. പാപികളുടെമേൽ നഷ്പക്ഷ നീതി നടത്തുവാൻ വൈമനസ്യം കാട്ടുന്ന കരുണാർദ്രനായ ഒരു വ്യക്തിയാണ് ദൈവമെന്ന് സാർവ്വലൗകിക രക്ഷയുടെ പ്രയോക്താക്കൾ പറയുന്നു.

അങ്ങനെ പറയുന്നവൻ കാൽവറിയിൽ ഉയർത്തപ്പെട്ട കുരിശിലേക്ക് നോക്കിയാൽ മതി. കളങ്കമറ്റവനായ ദൈവപുത്രൻറെ മരണം സാക്ഷീകരിക്കുന്നത് പാപത്തിൻറെ ശമ്പളം മരണമത്രേ" എന്നാണ്. ദൈവ കല്പനയുടെ ഓരോ ലംഘനവും ന്യായമായ ശിക്ഷ കൊണ്ടുവരുന്നു. പാപമില്ലാത്ത ക്രിസ്തു മനുഷ്യർക്കുവേണ്ടി പാപമായിത്തീർന്നു. മനുഷ്യൻറെ പാപത്തിൻറെ ഫലം കർത്താവനുഭവിച്ചു. തൻറെ പിതാവിൻറെ മുഖം തൻറെ മേൽ നിന്നു മറയ്ക്കപ്പെട്ടു. തൻറെ ഹൃദയം തകർന്നു. കർത്താവ് ജീവൻ വെടിയു കയും ചെയ്തു. പാപികൾ രക്ഷ

പ്രാപിക്കുന്നതിനുവേണ്ടിയാണ്
രക്ഷകൻ ഈ പങ്കപ്പാടുകൾ
അനുഭവിച്ചത്. പാപത്തിൻറെ
ശിക്ഷയിൽനിന്ന് മനുഷ്യനെ
സ്വതന്ത്രനാക്കുവാൻ വേറൊരു
മാർഗ്ഗവുമില്ലായിരുന്നു. ഇത് വലിയ
വില കൊടുത്തു വാങ്ങിയ ഈ
വീണ്ടെടുപ്പിൻ യാഗത്തിൽ
പങ്കാളിയാകുവാൻ വിസമ്മതിക്കുന്ന
ഏവനും തൻറെ പാപത്തിൻറെ
ശിക്ഷയെ വഹിച്ചേ മതിയാവൂ.

സാർവ്വത്രികമായ രക്ഷ
പ്രസംഗിക്കുന്നവൻ ദൈവമില്ലാത്തവനും
അനുതപിക്കാത്തവനും സ്വർഗ്ഗത്തിൽ
കാണുമെന്ന് പറയുന്നു. എന്നാൽ
വേദപുസ്തകം എന്താണ്

അങ്ങനെയുള്ളവരെക്കുറിച്ച്
പറയുന്നതെന്ന് നോക്കാം.

“ദാഹിക്കുന്നവന് ഞാൻ ജീവനീരുറവയിൽനിന്ന് സൗജന്യമായി കൊടുക്കും” (വെളി. 21:6). ദാഹിക്കുന്നവനു മാത്രമാണ് ഈ വാഗ്ദാനം നൽകപ്പെട്ടിട്ടുള്ളത്. ജീവജലം ആവശ്യമെന്ന് തോന്നുന്നവനും, എല്ലാം ത്യജിച്ച് അത് അന്വേഷിക്കുന്നവനും മാത്രമേ അതു നല്കുകയുള്ളൂ. “ജയിക്കുന്നവന് അത് അവകാശമായി ലഭിക്കും. ഞാൻ അവന് ദൈവവും അവൻ എനിക്ക് മകനുമായിരിക്കും” (വെളി. 21:7). ഇവിടെയും അതിൻറെ വ്യവസ്ഥ കൾ ഇന്നതെന്ന് ഊന്നിപ്പറഞ്ഞിരിക്കുന്നു.

എല്ലാം അവകാശമാക്കുന്നതിന് നാം പാപത്തെ എതിർക്കുകയും ജയിക്കയും ചെയ്യേണ്ടത് ആവശ്യമാണ്.

യെശയ്യാ പ്രവാചകനിലൂടെ ദൈവം അരുളിച്ചെയ്യുന്നു: "നീതിമാനെക്കുറിച്ച്: അവനു നന്മ വരും എന്നു പറവിൻ; ദുഷ്ടന് അയ്യോ! കഷ്ടം! അവനു ദോഷം വരും; അവൻറെ പ്രവൃത്തികളുടെ ഫലം അവനും അനുഭവിക്കും" (യെശ. 3:10, 11). "പാപി നൂറു പ്രാവശ്യം ദോഷം ചെയ്യുകയും ദീർഘായു സ്സോടെ ഇരിക്കയും ചെയ്യുന്നുണ്ടെങ്കിലും, ദൈവത്തെ ഭയപ്പെടുന്ന ഭക്തന്മാർക്ക് നന്മ വരുമെന്ന് ഞാൻ നിശ്ചയമായി അറിയുന്നു. എന്നാൽ ദുഷ്ടന് നന്മ വരികയില്ല. (സഭാപ്രസംഗി 8:12,13).

അപ്പൊസ്തലനായ പൌലൊസ് സാക്ഷീകരിക്കുന്നു: പാപി തനിക്കുവേണ്ടി എല്ലാം കരുതിവയ്ക്കുന്നു. എന്നാൽ നിൻറെ കാഠിന്യത്താലും അനുതാപമില്ലാത്ത ഹൃദയത്താലും, നീ ദൈവത്തിൻറെ നീതിയുള്ള വിധി വെളിപ്പെടുന്ന കോപദിവസത്തേക്ക്, നിനക്കു തന്നേ കോപം ചരതിച്ചുറയ്ക്കുന്നു. അവൻ ഓരോരുത്തന് അവനവൻറെ പ്രവൃത്തികൾക്കു തക്ക് പകരം ചെയ്യും. തിന്മ പ്രവർത്തിക്കുന്ന ഏത് മനുഷ്യാത്മാവിനും കഷ്ടവും സങ്കടവും വരും" (റോമ. 2:5,6,9).

ദുർന്നടപ്പുകാരൻ, അശുദ്ധൻ, വിഗ്രഹാരാധിയായ ദ്രവ്യാഗ്രഹി ഇവർക്ക് ആർക്കും ക്രിസ്തുവിൻറേയും

ദൈവത്തിൻറേയും രാജ്യത്തിൽ അവകാശമില്ല. (എഫെ. 5:5). “എല്ലാവരോടും സമാധാനം ആചരിച്ച് ശുദ്ധീകരണം പ്രാപിപ്പാൻ ഉത്സാഹിപ്പിൻ. ശുദ്ധീകരണം കൂടാതെ ആരും കർത്താവിനെ കാണുകയില്ല (എബ്രാ. 12:14). “ജീവൻറെ വൃക്ഷത്തിൽ തങ്ങൾക്ക് അധികാരം ഉണ്ടാകേണ്ടതിനും, ഗോപുരങ്ങളിൽ കൂടി നഗരത്തിൽ കടക്കേണ്ടതിനും തങ്ങളുടെ വസ്ത്രം അലക്കുന്നവർ (കല്പന അനുസരിക്കുന്നവർ ഭാഗ്യവാന്മാർ. നായ്ക്കളും ക്ഷുദക്കാരും ദുർന്നടപ്പുകാരും കൊലപാതകന്മാരും ബിംബാ രാധികളും ഭോഷ്കിൽ പ്രിയപ്പെടുകയും അതിനെ പ്രവർത്തിക്കയും ചെയ്യുന്ന ഏവനും പുറത്തുതന്നെ (വെളി. 22:14,15).

തൻറെ സ്വഭാവത്തെക്കുറിച്ച് ഒരു പ്രഖ്യാപനം ദൈവം മനുഷ്യന് നൽകി. പാപത്തെ എങ്ങനെ കൈകാര്യം ചെയ്യുമെന്നും ദൈവം മനുഷ്യനെ അറിയിച്ചു. "യഹോവയായ ദൈവം കരുണയും കൃപയുമുള്ളവൻ; ദീർഘക്ഷമയും, മഹാദയയും വിശ്വസ്തതയുമുള്ളവൻ; ആയിരം ആയിരത്തിന് ദയ പാലിക്കുന്നവൻ; അകൃത്യവും അതിക്രമവും പാപവും ക്ഷമിക്കുന്നവൻ; കുറ്റമുള്ള വനെ വെറുതെ വിടാത്തവൻ" (പുറ. 34:6,7). "സകലദുഷ്ടന്മാരെയും അവൻ നശിപ്പിക്കും" (സങ്കീ. 145:20). "എന്നാൽ അതിക്രമക്കാർ ഒരുപോലെ മുടിഞ്ഞുപോകും" (സങ്കീ. 37:38).

ദൈവിക ഭരണകൂടത്തിൻറെ അധികാരവും ശക്തിയും അനുസരണക്കേടിനെ അടിച്ചമർത്താൻ ഉപയോഗിക്കും. എന്നാൽ

ദൈവത്തിൻറെ എല്ലാ ശിക്ഷാവിധികളും, തൻറെ സ്വഭാവത്തോട് സാധർമ്മ്യം വഹിക്കുന്ന രീതിയിലായിരിക്കും.

ആരുടേയും ഇച്ഛാശക്തിയുടെ മേലോ വിവേചനാശക്തിയുടെ മേലോ ദൈവം സമ്മർദ്ദം ചെലുത്തുന്നില്ല. അടിമയെപ്പോലെ ആരും തന്നെ അനു സരിക്കുവാനും ദൈവം ആഗ്രഹിക്കുന്നില്ല. തൻറെ കൈകളുടെ പ്രവൃത്തി യായ സൃഷ്ടികൾ തന്നെ

സ്നേഹിക്കുന്നത്, തനിക്ക്, അതിന് യോഗ്യതയുണ്ട്.ങ്കിൽ മാത്രം മതിയെന്നാണ് ദൈവത്തിൻറെ പക്ഷം. തൻറെ ജ്ഞാനത്തേയും

സ്നേഹത്തേയും നന്മയേയും ബോധപൂർവ്വം സൃഷ്ടികൾ മനസ്സിലാക്കിക്കൊ ണ്ടുള്ള അനുസരണമാണ് ദൈവം ആഗ്രഹിക്കുന്നത്. ദൈവത്തിൻറെ ഈ ദൃശ്യഗുണങ്ങളെക്കുറിച്ച് അറിവുള്ളവർ ദൈവത്തെ സ്നേഹിക്കും. എന്തുകൊണ്ടെന്നാൽ അവർ ദൈവത്തോട് ആകർഷിതരായിരിക്കുന്നത് ദൈവത്തിൻറെ ഈ വക ഗുണങ്ങളെ ഇഷ്ടപ്പെട്ടതുകൊണ്ടാണ്.

നമ്മുടെ രക്ഷകൻ പഠിപ്പിക്കുകയും തൻറെ ജീവിതത്തിലൂടെ പ്രായോഗികമാക്കിയതുമായ, ദയയുടേയും കാരുണ്യത്തിൻറേയും സ്നേഹത്തിൻറേയും തത്വങ്ങൾ ദൈവസ്വഭാവത്തിൻറെ ഒരു തനിപകർപ്പായിരുന്നു. തൻറെ പിതാവിൽനിന്ന് ലഭിച്ചിട്ടുള്ളതല്ലാതെ മറ്റൊന്നും താൻ ഉപദേശിച്ചിട്ടില്ലായെന്ന് കർത്താവ് പറഞ്ഞു. നിങ്ങളുടെ ശത്രുക്കളെ സ്നേഹിപ്പിൻ എന്ന കർത്താവിന്റെ ഉപദേശത്തോട് അനുയോജ്യമായിരുന്ന ദൈവിക ഭരണകൂടത്തിൻറെ തത്വങ്ങൾ. ലോകത്തിൻറെ നന്മയ്ക്കുവേണ്ടിയാണ് ദൈവം ദുഷ്ടൻറെമേൽ നീതി

നടത്തുന്നത്. ആരുടെമേൽ നീതി
നടപ്പാക്കുന്നുവോ അവരുടെ
നന്മയ്ക്കുടെയാണ് ദൈവം
പ്രവർത്തിക്കുന്നത്. തനിക്കു
കഴിയുമായിരുന്നെങ്കിൽ തൻറെ
ഭരണകൂടത്തിൻറെ നിയമങ്ങൾക്കും
തൻറെ നീതിക്കും അനുസൃതമായി
അവരെ സന്തോഷിപ്പിക്കുമായിരുന്നു.
തൻറെ സ്നേഹത്തിൻറെ
അടയാളങ്ങളെക്കൊണ്ട് അവർക്ക് ചുറ്റും
കർത്താവ് നിരന്തരം വലയം ചെയ്യുന്നു.
തൻറെ ന്യായപ്രമാ ണത്തെക്കുറിച്ചുള്ള
അറിവ് അവർക്ക് ദൈവം
പകർന്നുകൊടുക്കുന്നു. തൻറെ
കൃപയുടെ വാഗ്ദാനങ്ങളുമായി കർത്താവ്
അവരെ അനുധാവനം ചെയ്യുന്നു.
എന്നാൽ അവർ കർത്താവിന്റെ

സ്നേഹത്തെ നിന്ദിക്കുന്നു;
കർത്താവിന്റെ കല്പനകളെ അവർ
കൂട്ടാക്കാതിരിക്കുകയും തൻറെ കൃപയെ
അവർ നിരസിക്കുകയും ചെയ്യുന്നു.
ദൈവത്തിൻറെ ദാനങ്ങൾ
തുടർച്ചയായി അനുഭവിച്ചു കൊണ്ട്
അതിൻറെ ദാതാവിനെ
അപമാനിക്കുന്നു. തങ്ങളുടെ പാപത്തെ
ദൈവം വെറുക്കുന്നതുകൊണ്ട്, അവർ
ദൈവത്തേയും വെറുക്കുന്നു. എന്നാൽ
അവരുടെ കൊള്ളരുതായ്മകളെ ദൈവം
ദീർഘമായി ക്ഷമിക്കുന്നു. എന്നാൽ
അവരുടെ വിധി
നിർണ്ണയിക്കപ്പെടുന്ന, നിർണ്ണായക
നാഴിക ഒടുവിൽ വരും; അപ്പോൾ ഈ
അനുസരണം കെട്ടവരെ ദൈവം
തന്നോട് ചേർത്തുകൊള്ളുമോ?

തൻറെ ഇഷ്ടം ചെയ്യാൻ അവരെ നിർബന്ധിക്കുമോ?

തങ്ങളുടെ നേതാവായി സാത്താനെ തെരഞ്ഞെടുത്തവരും, അവൻറെ ശക്തിക്ക് വിധേയരായവരും, ദൈവസന്നിധിയിൽ പ്രവേശിക്കുവാൻ ഒരുങ്ങിയവരല്ല. അഹങ്കാരവും വഞ്ചനയും ജഡികത്വവും ക്രൂരതയും അവരുടെ സ്വഭാ വത്തിൽ രൂഢമൂലമായിക്കഴിഞ്ഞു. ഭൂമിയിൽ വച്ച് തങ്ങൾ നിന്ദിക്കുകയും വെറുക്കുകയും ചെയ്തവരോടുകൂടെ എന്നേക്കും വസിപ്പാൻ അവർക്ക് സ്വർഗ്ഗത്തിൽ പ്രവേശിപ്പാൻ കഴിയുമോ? കള്ളം പറയുവാൻ ശീലിച്ചവന് സത്യം ഒരിക്കലും അഭികാമ്യമായിരിക്കയില്ല.

സ്വയപുകഴ്ച്ചയേയും സ്വാർത്ഥതയേയും
സൗമ്യത ഒരിക്കലും
തൃപ്തിപ്പെടുത്തുകയില്ല. അഴിമതിയെ
ഇഷ്ടപ്പെടുന്നവന് വിശുദ്ധി
സ്വീകാര്യമായിരിക്കയില്ല;
സ്വാർത്ഥമതിക്ക് നിസ്വാർത്ഥമായ
സ്നേഹം
ആകർഷകമായിരിക്കുകയില്ല.
ഭൗമികവും സ്വാർത്ഥപരവുമായ
താത്പര്യങ്ങ ളിൽ
മുഴുകിയിരിക്കുന്നവർക്ക്,
ഏതുതരത്തിലുള്ള സന്തോഷമാണ്
സ്വർഗ്ഗത്തിന് നൽകുവാൻ
കഴിയുന്നത്?

തങ്ങളുടെ ജീവിതകാലം മുഴുവൻ
ദൈവത്തോട് മറുതലിച്ചവരെ, പെട്ടെന്ന്

സ്വർഗ്ഗത്തിലേക്ക് അയയ്ക്കാൻ
കഴിയുമോ? അവർക്കു അവിടുത്ത
പൂർണ്ണതയും സ്നേഹത്തിൻറെ നിറവും
ഇമ്പഗീതങ്ങളും ആസ്വദിക്കുവാൻ
കഴിയുമോ? ദൈവത്തേയും
കുഞ്ഞാടിനേയും പ്രകീർത്തിച്ചു
കൊണ്ടുള്ള സംഗീതമന്ത്രധ്വനി
കേൾക്കാൻ കഴിയുമോ? ദൈവത്തോടും
സത്യത്തോടു വിശുദ്ധിയോടും തികഞ്ഞ
വിദ്വേഷം വച്ചുപുലർത്തിയിരുന്ന,
സ്വർഗ്ഗീയ വന്ദ ത്തോടു ചേർന്ന്
സ്തോത്രഗീതം ആലപിക്കുവാൻ
കഴിയുമോ? ദൈവത്തിൻറേയും
കുഞ്ഞാടിൻറേയും തേജസ്സ് അവർക്ക്
സഹിക്കാൻ കഴിയുമോ? ഒരി ക്കലുമില്ല.
സ്വർഗ്ഗത്തിലേക്കു പ്രവേശിപ്പാനുള്ള
സ്വഭാവരൂപവൽക്കരണത്തിന്റെ

സമയം - കൃപയുടെ കാലം - അവർക്ക് നൽകിയിരുന്നു. എന്നാൽ വിശുദ്ധിയെ സ്നേഹിക്കാൻ അവർ തങ്ങളുടെ ഹൃദയങ്ങളെ ഒരുക്കിയില്ല. സ്വർഗ്ഗീയ ഭാഷ അവർ ആസ്വദിച്ചില്ല. സമയം വളരെ അതിക്രമിച്ചുപോയി. ദൈവത്തോടുള്ള എതിർപ്പ് സ്വർഗ്ഗത്തിൽ പ്രവേശിപ്പാനുള്ള അവരുടെ യോഗ്യത നഷ്ടപ്പെടുത്തി. സ്വർഗ്ഗത്തിലെ വിശുദ്ധിയും സമാധാനവും അവർക്ക് ഒരു പീഡനമായിരിക്കും. ദൈവതേജസ്സ് അവരെ നശിപ്പിക്കുന്ന അഗ്നിപോ ലെയായിരിക്കും. അവിടെനിന്നും ഓടിപ്പോകുവാൻ അവർ ആഗ്രഹിക്കും. അവിടെ നില്ക്കുന്നതിനെക്കാൾ അവർ നാശത്തെ തെരഞ്ഞെടുക്കും. തങ്ങ ളുടെ

വീണ്ടെടുപ്പിനായി മരിച്ചവൻറെ മുഖശോഭയിൽനിന്ന് തങ്ങളെ മറയ്ക്കേണമേ എന്നവർ കാംക്ഷിക്കും. തങ്ങളുടെ തെരഞ്ഞെടുപ്പുകൊണ്ടുതന്നെ, ദുഷ്ടന്മാർ തങ്ങളുടെ വിധി ഉറപ്പിക്കും. ദുഷ്ടന്മാർ സ്വർഗ്ഗത്തിൽ പ്രവേശിക്കാതെ പോകുന്നത് തങ്ങളുടെ സ്വയമേയുള്ള തെരഞ്ഞെടുപ്പാണ്. ദൈവത്തിൻറെ ഭാഗത്ത് കരുണയും നീതിയും മാറ്റമില്ലാതെ ഉണ്ടായിരിക്കും. -

ദുഷ്ടന്മാരുടെ ദുഷ്ടത ചികിത്സിച്ചു സുഖപ്പെടുത്താൻ കഴിയാത്ത ഒന്നാണെന്ന് അന്ത്യ ന്യായവിധി ദിവസത്തിലെ അഗ്നി പ്രഖ്യാപിക്കും. ദൈവിക അധികാരത്തിന് കീഴ്പെടുവാനുള്ള മനോഭാവം

ദുഷ്ടന്മാർക്കുണ്ടായിരിക്ക യില്ല. മത്സരിക്കലാണ് അവരുടെ സ്വഭാവം. ജീവിതം അവസാനിച്ചുകഴിയുമ്പോൾ, അവരുടെ ചിന്താസരണിയെ വേറൊരു ദിശയിലേക്ക് കൊണ്ടുപോ ' കാൻ സാധ്യമല്ല. പിന്നീട് അതിക്രമങ്ങളെ അനുസരണമാക്കി മാറ്റാൻ കഴി യുന്നതല്ല. വിദ്വേഷത്തെ സ്നേഹമാക്കിത്തീർക്കാനും സാധിക്കുകയില്ല.

കൊലപാതകിയായ കയീൻറെ ജീവനെ ഉടനടി എടുക്കാത്തതിലൂടെ, പാപിയെ അനിയന്ത്രിതമായി വിട്ടാലുള്ള ഫലം എന്തായിരിക്കുമെന്ന് ലോകത്തിന് ദൈവം ഒരു പാഠം നല്കുകയായിരുന്നു. കയീൻറെ സ്വാധീനത്തിലൂ ടെയും

ഉപദേശങ്ങളിലൂടെയും അവൻറെ പിൻതലമുറയിലെ അനേകായിരങ്ങൾ തെറ്റിലേക്ക് നയിക്കപ്പെട്ടു. "ഭൂമിയിൽ മനുഷ്യൻറെ ദുഷ്ടത വലിയതെന്നും അവൻറെ ഹൃദയവിചാരങ്ങളുടെ നിരൂപണമൊക്കെയും എല്ലായ്പ്പോഴും ദോഷമുള്ളത്" എന്നും പറയുവാൻ കാരണമായിത്തീർന്നു. "ഭൂമി ദൈവത്തിൻറെ മുമ്പാകെ വഷളായി; ഭൂമി അതിക്രമംകൊണ്ട് നിറഞ്ഞിരുന്നു" (ഉല്പ.6:5,11).

നോഹയുടെ കാലത്തുണ്ടായിരുന്ന ദുഷ്ടന്മാരെ നിഗ്രഹിച്ചത്, ദൈവത്തിന് ലോകത്തോടുണ്ടായിരുന്ന കരുണകൊണ്ടായിരുന്നു. സൊദോമിലെ

പാപികളെ നശിപ്പിച്ചതും
ദൈവത്തിൻറെ കരുണമൂലമായിരുന്നു.
സാത്താൻറെ വഞ്ചനയിലൂടെ, പാപം
ചെയ്യുന്നവർക്ക് സഹതാപവും
അഭിനന്ദനവും നേടുവാൻ കഴിയുന്നു.
ഇപ്രകാരം അവൻ മറ്റുള്ളവരെ
അനുസരണക്കേടിലേക്കു നയിക്കുന്നു.
കയീൻറെയും നോഹയുടേയും കാലത്ത്
അതാണ് സംഭവിച്ചത്.
അബ്രാഹാമിൻറെയും ലോത്തിൻറേയും
കാലത്തും അതുതന്നെ സംഭവിച്ചു.
അതുപോലെ നമ്മുടെ കാലത്തും
അതുതന്നെ സംഭവിക്കുന്നു. ഈ
പ്രപഞ്ചത്തോടുള്ള ദൈവകരുണയാണ്,
ദൈവകൃപയെ നിരസിക്കുന്നവരെ
ആത്യന്തികമായി നശിപ്പിക്കുന്നത്.

“പാപത്തിൻറെ ശമ്പളം മരണമത്.
ദൈവത്തിൻറെ കൃപാവരമോ, നമ്മുടെ
കർത്താവായ യേശുക്രിസ്തുവിൽ
നിത്യജീവൻതന്നെ” (റോമ. 6:23).
ജീവൻ നീതിമാന്മാരുടെ
അവകാശമായിരിക്കുന്നതുപോലെ,
മരണം ദുഷ്ടന്മാരുടെ ഓഹരിയാകുന്നു.
മോശെ യിസ്രായേലിനോടു പറഞ്ഞു:
“ഇതാ, ഞാൻ ഇന്ന് ജീവനും ഗുണവും
മരണവും ദോഷവും നിൻറെ മുമ്പിൽ
വച്ചിരിക്കുന്നു” (ആവ. 30:15). ഇവിടെ
പ്രസ്താവിച്ചിരിക്കുന്ന മരണം, ആദാമിന്
നല്കിയ ശാപത്തിൽ
പറഞ്ഞിരിക്കുന്നതല്ല. എല്ലാ മനുഷ്യരും
ആദാമിൻറെ പാപത്തിൻറെ ശിക്ഷ
അനുഭവിക്കേണ്ടതുണ്ട്. രണ്ടാമത്തെ

മരണമാണ് നിത്യജീവൻറെ എതിർ പദമായി വരുന്നത്.

ആദാമിൻറെ പാപഫലമായി മരണം സകലരുടെമേലും വന്നു. എല്ലാ വരും ഒരുപോലെ ശവക്കല്ലറയിലേക്കു പോകും. രക്ഷാപദ്ധതിയനുസരിച്ച് എല്ലാവരും അവരുടെ ശവക്കല്ലറകളിൽനിന്ന് പുറത്തു വരേണ്ടവരാണ്. നീതിമാന്മാരുടേയും നീതികെട്ടവരുടേയും പുനരുത്ഥാനം ഉണ്ടാകും എന്ന് ഇവർ കാത്തിരിക്കുന്നതുപോലെ ഞാനും ദൈവത്തിങ്കൽ ആശവച്ചിരിക്കുന്നു" (അപ്പൊ. 24:15). "ആദാമിൽ എല്ലാവരും മരിക്കുന്നതുപോലെ ക്രിസ്തുവിൽ എല്ലാവരും ജീവിക്കപ്പെടും"

(1 കൊരി. 15:22). എന്നാൽ ഉയിർപ്പിക്കപ്പെടുന്ന ഈ രണ്ട് വിഭാഗക്കാരും തമ്മിൽ വ്യക്തമായ ഒരു വ്യത്യാസം ഉണ്ടായിരിക്കും. "കല്ലറകളിൽ ഉള്ളവർ എല്ലാവരും അവൻറെ ശബ്ദം കേട്ട് നന്മ ചെയ്തവർ ജീവന്നായും, തിന്മ ചെയ്തവർ ന്യായവിധിക്കായും പുനരുത്ഥാനം ചെയ്വാനുള്ള നാഴിക വരുന്നു" (യോഹ. 5:28,29). നിത്യജീവനിലേക്ക് പുന രുത്ഥാനം ചെയ്വാൻ യോഗ്യരായി കണക്കാക്കപ്പെട്ടവൻ "ഭാഗ്യവാനും വിശുദ്ധനും" ആകുന്നു. "അവരുടെമേൽ രണ്ടാം മരണത്തിന് അധികാരം ഇല്ല" (വെളി. 20:6). എന്നാൽ അനുതാപത്തിലൂടെയും വിശ്വാസത്തിലൂടെയും പാപക്ഷമ

നേടിയിട്ടില്ലാത്തവർ പാപത്തിൻറെ ശിക്ഷ അഥവാ പാപത്തിൻറെ ശമ്പളം അനുഭവിച്ചേ മതിയാവൂ. അവരുടെ പ്രവൃത്തിക്കൊത്ത ഫലം അവർക്ക് ലഭിക്കും. അവരുടെ ശിക്ഷയുടെ ദൈർഘ്യത്തിനും കാഠിന്യത്തിനും വ്യത്യാസം ഉണ്ടായിരിക്കും. പക്ഷേ രണ്ടാം മരണത്തിലായിരിക്കും അത് അവസാനിക്കുക. ദൈവത്തിൻറെ നീതിയും കരുണയും അചഞ്ചലമായിരിക്കുന്നതനുസരിച്ച്, അനുതപിക്കാത്ത ഒരു പാപിയെ അവൻറെ പാപത്തിൽ (പാപത്തോടുകൂടെ) രക്ഷിപ്പാൻ ദൈവത്തിന് കഴിയുകയില്ലാത്തതുകൊണ്ട്, തൻറെ നീതിക്കും കരുണയ്ക്കും അനുസൃതമായി

മനുഷ്യൻറെ ജീവൻറെ നിലനില്പിനെ നീക്കിക്കളയുന്ന മനുഷ്യൻറെ പാപങ്ങളാണ്, അവന് യോഗ്യമല്ലാത്ത ജീവനെ നഷ്ടപ്പെടുത്തുവാൻ കാരണം. “കുറഞ്ഞൊന്നു കഴിഞ്ഞ് ദുഷ്ടൻ ഇല്ല. നീ അവൻറെ ഇടം സൂക്ഷിച്ചു നോക്കും; അവനെ കാണുകയില്ല” (സങ്കീ. 37:10). “അവർ ജനിക്കാത്തവരെപ്പോലെ” ആകയും ചെയ്യും (ഓബദ്യാ, 16). അവർ ലജ്ജ കൊണ്ടു മൂടി, പ്രത്യാശയില്ലാതെ നിത്യമായ വിസ്മൃതിയിലേക്ക് ആണ്ടു പോകും.

ഇങ്ങനെ പാപത്തെ എന്നേക്കുമായി അവസാനിപ്പിക്കും. അതിൽനിന്നും ഉൽഭൂതമായ കഷ്ടതയും നാശവും അതോടൊപ്പം നശിക്കും. സങ്കീർത്തന

ക്കാരൻ പറയുന്നു: “നീ ജാതികളെ ശാസിച്ച് ദുഷ്ടനെ നശിപ്പിച്ചു. അവരുടെ നാമത്തെ നീ സദാകാലത്തേക്കും മായിച്ചുകളഞ്ഞു. ശത്രുക്കൾ മുടിഞ്ഞ് സദാകാലത്തേക്കും നശിച്ചിരിക്കുന്നു” (സങ്കീ. 9:5,6). യോഹന്നാൻ വെളി പ്പാടുപുസ്തകത്തിൽ, വീണ്ടെടുക്കപ്പെട്ട വിശുദ്ധന്മാരുടെ ലോകത്തേക്ക് നോക്കുമ്പോൾ, എല്ലാവരും ഏക സ്വരത്തിൽ മനോഹരമായി പാടുന്നത് കേൾക്കുന്നു. സകലവും ദൈവത്തെ സ്തുതിച്ചുകൊണ്ട് പാടി (വെളി. 5:13). ഒരി ക്കലും അവസാനിക്കാത്തെ തീച്ചൂളയിൽ കിടന്ന് ദൈവത്തെ ദൂഷിക്കുന്ന ഒരു ത്തനും ഉണ്ടായിരിക്കയില്ല. രക്ഷിക്കപ്പെട്ടവരുടെ പാട്ടിനോടുകൂടെ തങ്ങളുടെ വിലാപങ്ങളും

കുട്ടിക്കലർത്തുവാൻ നിത്യ നരകത്തിൽ കിടന്ന് പുളയുന്നവർ ഉണ്ടായിരിക്കയില്ല.

മനുഷ്യന് സ്വാഭാവികമായ അമർത്യത ഉണ്ട് (അടിസ്ഥാനപരമായ). തെറ്റായ ഉപദേശത്തിൽ അടിയുറച്ചിരിക്കുന്ന വേറൊരു വിശ്വാസമാണ് മര ണത്തിൽ മനുഷ്യന് ബോധമുണ്ടെന്നുള്ളത്. അതുപോലെ നിത്യനരകം എന്ന ഉപദേശവും തിരുവെഴുത്തുകൾക്ക് വിരുദ്ധമാണ്. മാനുഷിക ബുദ്ധിക്കു നിര ക്കുന്നതല്ല ആ ഉപദേശം. മാനുഷിക വികാരങ്ങൾക്കും എതിരാണ് ആ ഉപ് ദേശം. മനുഷ്യരുടെ ഇടയിൽ സാധാരണയായി പ്രചരിച്ചുപോരുന്ന വിശ്വാസം, സ്വർഗ്ഗത്തിലായിരിക്കുന്ന

വീണ്ടെടുക്കപ്പെട്ടവർ ഭൂമിയിൽ നടക്കുന്നതെല്ലാം, പ്രത്യേകിച്ച് തങ്ങൾ വിട്ടേച്ചുപോയിരിക്കുന്ന പ്രിയപ്പെട്ടവർക്ക് സംഭവിക്കു ന്നതെല്ലാം അറിഞ്ഞുകൊണ്ടിരിക്കുന്നു എന്നത്. എന്നാൽ ജീവിച്ചിരിക്കുന്നവരുടെ പ്രയാസങ്ങൾ അറിയുന്നതും തങ്ങളുടെ പ്രിയപ്പെട്ടവർ ചെയ്യുന്ന പാപങ്ങൾക്ക് സാക്ഷികളായും അവർ അനുഭവിക്കുന്ന, സഹിക്കുന്ന കഷ്ടതകൾ കാണുകയും ചെയ്യുമ്പോൾ മരിച്ചവർക്ക് എങ്ങനെ സന്തോഷിക്കാ നാവും? ഭൂമിയിലുള്ള തങ്ങളുടെ സ്നേഹിതന്മാരുടെമേൽ അധിവസിച്ചുകൊണ്ടിരിക്കുന്ന മരിച്ചുപോയവരുടെ എത്രമാത്രം സ്വർഗ്ഗീയ സന്തോഷം അനുഭ വിപ്പാൻ ആത്മാക്കൾക്ക് കഴിയും? ശ്വാസം

ശരീരത്തിൽനിന്നും വേർപെടുന്ന ഉടനെ അനുതപിക്കാത്ത പാപിയുടെ ആത്മാവ് നരകത്തിലേക്ക് ഏൽപ്പിച്ചു കൊടുക്കപ്പെടുന്നു എന്ന വിശ്വാസം എത്ര മനംപിരട്ടലുളവാക്കുന്നതാണ്! കഷ്ടതയുടേയും പാപത്തിൻറെ അവസാനമില്ലാത്ത നാളുകളിലേക്കും ഒരു ക്രമമില്ലാതെ ശവക്കുഴിയിലേക്കും തങ്ങളുടെ പ്രിയപ്പെട്ടവർ പ്രവേശിക്കുന്നത് ജീവിച്ചിരിക്കുന്നവർക്ക് എന്ത് വേദനാജനകമായിരിക്കും! ഈ മാതിരി മനോവേദനയുളവാക്കുന്ന ചിന്തകളാൽ അനേകർക്ക് ഭ്രാന്തു പിടിച്ചുപോയിട്ടുണ്ട്.

ഈ വിഷയത്തെക്കുറിച്ച് തിരുവെഴുത്തുകൾ എന്തു പറയുന്നു?

മരണത്തിൽ മനുഷ്യന്
ബോധമില്ലായെന്ന് ദാവീദ് പറയുന്നു:
“അവൻറെ ശ്വാസം പോകുന്നു; അവൻ
മണ്ണിലേക്കു തിരിയുന്നു; അന്നുതന്നെ
അവൻറെ നിരൂപ ണങ്ങൾ നശിക്കുന്നു”
(സങ്കീ. 146:4). ശാലോമോനും അതേ
ആശയമാണ് നൽകുന്നത്:
“ജീവിച്ചിരിക്കുന്നവർ തങ്ങൾ
മരിക്കുമെന്നറിയുന്നു. മരിച്ചവരോ ഒന്നും
അറിയുന്നില്ല”. “അവരുടെ സ്നേഹവും
ദോഷവും അസൂയയും നശി ച്ചുപോയി;
സൂര്യനുകീഴെ നടക്കുന്ന യാതൊന്നിലും
അവർക്ക് ഇനി ഒരിക്കലും ഓഹരിയില്ല”.
“നീ ചെല്ലുന്ന പാതാളത്തിൽ
പ്രവൃത്തിയോ, സൂത്രമോ, അറിവോ,
ജ്ഞാനമോ ഒന്നും ഇല്ല” (സഭാപ്രസംഗി.
9:5,6,10).

തൻറെ പ്രാർത്ഥനയ്ക്കുത്തരമായി ഹിസ്കീയാവിൻറെ ആയുസ്സിൽ 15 വർഷംകൂടെ നീട്ടിക്കൊടുത്തപ്പോൾ, നന്ദി നിറഞ്ഞ രാജാവ്, ദൈവത്തിൻറെ മഹാകൃപയ്ക്കായി ഒരു പ്രത്യുപകാരം സമർപ്പിച്ചു. എന്തുകൊണ്ടാണ് താൻ സന്തോഷിക്കുന്നതെന്ന് ഈ ഗാനത്തിൽ ഹിസ്കിയാവ് പറയുന്നു. "പാതാളം നിന്നെ സ്തുതിക്കുന്നില്ല; മരണം നിന്നെ വാഴ്ത്തുന്നില്ല; കുഴിയിൽ ഇറങ്ങു ന്നവർ നിൻറെ വിശ്വസ്തതയെ പ്രത്യാശിക്കുന്നതുമില്ല. ഞാൻ ഇന്നു ചെയ്യു ന്നതുപോലെ ജീവനുള്ളവൻ, ജീവനുള്ളവൻ മാത്രം നിന്നെ സ്തുതിക്കും' (യെശ. 38:18,19). ജനങ്ങളുടെ ഇടയിൽ പ്രചരിച്ചിട്ടുള്ള മറ്റൊരു

വിശ്വാസം മരിച്ച ശുദ്ധന്മാർ സ്വർഗ്ഗത്തിൽ ആണെന്നത്രേ. അമർത്ത്യമായ നാവിനാൽ അവർ യഹോവയെ സ്തുതിച്ചുകൊണ്ടിരിക്കുന്നു എന്ന് പഠിപ്പിക്കുന്നു. എന്നാൽ മരണത്തിൽ അമ്മാതിരികളുള്ള മഹത്വമൊന്നും കാണുവാൻ ഹിസ്കീയാവിന് കഴിഞ്ഞില്ല. സങ്കീർത്തനക്കാരന്റെ സാക്ഷ്യം ഹിസ്കിയാവിൻറെ വാക്കുകളോട് യോജിക്കുന്നു: “മരണത്തിൽ നിന്നെക്കുറിച്ച് ഓർമ്മയില്ലല്ലോ”. മരിച്ചവരും മൗനതയിൽ ഇറങ്ങിയവർ ആരും യഹോവയെ സ്തുതിക്കുന്നില്ല” (സങ്കീ. 6:5; 115:17).

പെന്തെക്കൊസ്ത ദിനത്തിൽ പത്രൊസ് പ്രഖ്യാപിച്ചു: "സഹോദരന്മാരായ പുരുഷന്മരെ, ഗോത്രപിതാവായ ദാവീദിനെക്കുറിച്ച് അവൻ മരിച്ച് അടക്കപ്പെട്ടു എന്ന് എനിക്ക് നിങ്ങളോട് ധൈര്യമായി പറയാം; അറ ഇന്നുവരെ നമ്മുടെ ഇടയിൽ ഉണ്ടല്ലോ." "ദാവീദ് സ്വർഗ്ഗാരോഹണം ചെയ്തില്ല" (അപ്പൊ. 2:29, 34). പുനരുത്ഥാന നാളിൽവരെ ദാവീദ് കല്ലറയിലാണെന്ന വസ്തുത തെളിയിക്കുന്നത്, നീതിമാന്മാർ മരണത്തിൽ ഉടനെ സ്വർഗ്ഗത്തിലേക്കു പോകുന്നില്ല എന്നാണ്. പുനരുത്ഥാനത്തിൽ കൂടെ മാത്രമേ, അതുമല്ല ക്രിസ്തു ഉയിർത്തു എന്ന വസ്തുതയുടെ അടിസ്ഥാനത്തിന്മേൽ മാത്രമേ ദാവീദ്, ദൈവത്തിൻറെ

വലത്തുഭാഗത്ത് ഒടുവിലത്തെ നാളിൽ ഇരിക്കുകയുള്ളു. അതും ക്രിസ്തുവിൻറെ രണ്ടാം വരവിനുശേഷം.

അപ്പൊസ്തലനായ പൌലൊസ് പറഞ്ഞു: “മരിച്ചവർ ഉയിർക്കുന്നില്ലാ യെങ്കിൽ ക്രിസ്തുവും ഉയിർത്തിട്ടില്ല. ക്രിസ്തു ഉയിർത്തിട്ടില്ലായെങ്കിൽ നിങ്ങ ളുടെ വിശ്വാസം വ്യർത്ഥമത; നിങ്ങളിന്നും നിങ്ങളുടെ പാപങ്ങളിൽ ഇരിക്കുന്നു. ക്രിസ്തുവിൽ നിദ്രകൊണ്ടവരും നശിച്ചുപോയി” (1 കൊരി. 15:16 -18). നാലായിരം വർഷങ്ങളായിട്ട് വിശുദ്ധന്മാർ മരണത്തിൽ നേരെ സ്വർഗ്ഗത്തിലേക്കു പോയിരുന്നുവെങ്കിൽ എങ്ങനെ പൌലൊസിന് പറയാനാവും,

“പുനരുത്ഥാനം ഇല്ലായെങ്കിൽ ക്രിസ്തുവിൽ നിദ്രകൊണ്ടവരും നശിച്ചു പോയി” എന്ന്. അപ്രകാരം മരണത്തിൽ നേരെ സ്വർഗ്ഗത്തിലേക്കു പോവുക യാണെങ്കിൽ പിന്നീട് പുനരുത്ഥാനത്തിൻറെ ആവശ്യമില്ലല്ലോ.

മരിച്ചവരുടെ അവസ്ഥയെ പരാമർശിച്ചുകൊണ്ട് രക്തസാക്ഷിയായ ടിൻഡേൽ പറഞ്ഞു: “ഞാൻ തുറന്നു പറയുവാൻ ആഗ്രഹിക്കുന്നു, ക്രിസ്തു പ്രവേശിച്ചിരിക്കുന്ന മഹത്വത്തിലോ, ദൂതന്മാരുടെ അവസ്ഥയിലോ അവർ (മരിച്ച വിശുദ്ധർ) ആയി എന്ന് എനിക്ക് ബോദ്ധ്യമായിട്ടില്ല. അതെൻറെ വിശ്വാസവുമല്ല. അങ്ങനെ

ആയിരുന്നുവെങ്കിൽ, മരിച്ചവരുടെ പുനരുത്ഥാനത്തെക്കുറിച്ചുള്ള ഉപദേശം വ്യർത്ഥമായേനേം. -William Tyndale, Preface to New Testament (ed. 1534). Reprinted in British Reformers -- Tindal Firth, Barnes, page 349.

മരണത്തോടുകൂടി അമർത്യതയിലേക്ക് പ്രവേശിക്കുന്നു എന്ന വിശ്വാസം പുനരുത്ഥാന ഉപദേശത്ത് വ്യാപകമായി നിഷേധിക്കുവാൻ കാരണമായി എന്നത് അവിതർക്കിതമായ ഒരു വസ്തുതയാണ്. ആഡം ക്ലാർക്ക് ഈ പ്രവണതയെക്കുറിച്ച് പറഞ്ഞത് ശ്രദ്ധിക്കുക: ഇന്നുള്ളതിനേക്കാൾ, ആദിമ ക്രിസ്ത്യാനികൾ പുനരുത്ഥാന

ഉപദേശം വളരെ പ്രാധാന്യമുള്ളതായി കരു തിയിരുന്നു. അത് എപ്രകാരമായിരുന്നു? അപ്പൊസ്തലന്മാർ തുടർച്ചയായി ആ വിഷയത്തിന് ഊന്നൽ കൊടുത്തിരുന്നു. ആ ഉപദേശത്തിലൂടെ അവർ ദൈവത്തെ അനുഗമിക്കുന്നവരെ ശുഷ്കാന്തിയിലേക്കും അനുസരണത്തിലേക്കും സന്തോഷത്തിലേക്കും നയിച്ചു. അവരുടെ പിൻതലമുറകൾ ഇന്ന് പുനരുത്ഥാനത്തെക്കുറിച്ച് വളരെ അപൂർവ്വമായേ സംസാരിക്കാറുള്ളൂ. അപ്പൊസ്തലന്മാർ പ്രസംഗിച്ചു. ആദിമ ക്രിസ്ത്യാനികൾ വിശ്വസിച്ചു. നാം ഇന്ന് അത് പ്രസംഗിക്കുന്നു. നമ്മെ കേൾക്കുന്നവർ വിശ്വസിക്കുന്നു. ഇതിനേക്കാൾ പ്രാധാന്യം

നൽകപ്പെട്ടിട്ടുള്ള വേറൊരുപദേശം സുവിശേഷത്തിലില്ല. ഇന്നത്തെ പ്രസംഗങ്ങളിൽ ഇത്രമാത്രം അവഗണന ലഭിച്ചിട്ടുള്ള വേറൊരു വിഷയവുമില്ല”. --Commentary, remarks on 1 Corinthians 15, par. 3.

ക്രിസ്തീയ ലോകം പൂർണ്ണമായി പുനരുത്ഥാന സത്യത്തെ വിസ്മരിക്കുന്നതുവരെ ഈ സ്ഥിതിവിശേഷം തുടർന്നുകൊണ്ടിരുന്നു. ഒരു പ്രധാന

പ്പെട്ട എഴുത്തുകാരൻ 1 തെസ്സ. 4:13-18 വരെയുള്ള വാക്യങ്ങളെ ആസ്പദ മാക്കി പറയുന്നു: “കർത്താവിന്റെ രണ്ടാമത്തെ വരവിനെ സംബന്ധിച്ച ഏതെങ്കിലും

സംശയം ഉളവാക്കുന്ന ഉപദേശം നാം അഭിമുഖീകരിക്കുമ്പോൾ എല്ലാ വിധത്തിലുമുള്ള ആശ്വാസത്തിനായി നീതിമാന്മാരുടെ അമർത്യതയുടെ ഉപ ദേശം നമുക്കുവേണ്ടി സഹായത്തിനായി വരുന്നു. നമ്മുടെ മരണത്തിൽ കർത്താവ് നമുക്കായി വരുന്നു. അതിനുവേണ്ടിയാണ് ഉണർന്നും ജാഗരിച്ചും ഇരിക്കേണ്ടത്. മരിച്ചവർ മഹത്വത്തിലേക്ക് പ്രവേശിച്ചുകഴിഞ്ഞു. അവർ കാഹളശബ്ദത്തിനായി കാത്തിരിക്കുന്നില്ല".

എന്നാൽ തൻെറ ശിഷ്യന്മാരെ വിട്ടുപിരിയേണ്ട സമയം വന്നപ്പോൾ, അവർ വേഗം തൻെറ അടുക്കൽ വരുമെന്ന് യേശു ശിഷ്യന്മാരോടു

പറഞ്ഞില്ല. “ഞാൻ നിങ്ങൾക്ക് സ്ഥലം ഒരുക്കുവാൻ പോകുന്നു. ഞാൻ പോയി സ്ഥലം ഒരുക്കിയാൽ പിന്നെയും വന്ന് നിങ്ങളെ എൻറെ അടുക്കൽ ചേർത്തുകൊള്ളും” (യോഹ. 14:2,3). അപ്പൊസ്തലനായ പൌലൊസ് പറയുന്നു: “കർത്താവ് താൻ ഗംഭീരനാദത്തോടും പ്രധാന ദൂതൻറെ ശബ്ദത്തോടും ദൈവത്തിൻറെ കാഹളത്തോടുംകൂടെ സ്വർഗ്ഗത്തിൽനിന്ന് ഇറങ്ങിവരികയും ക്രിസ്തുവിൽ മരിച്ചവർ മുമ്പേ ഉയിർത്തെഴുന്നേല്ക്കുകയും ചെയ്യും. പിന്നെ ജീവനോടെ ശേഷിക്കുന്ന നാം അവരോട് ഒരുമിച്ച് ആകാശത്തിൽ കർത്താവിനെ എതി രേല്പാൻ മേഘങ്ങളിൽ എടുക്കപ്പെടും; ഇങ്ങനെ

നാം എപ്പോഴും കർത്താ വിനോടുകൂടെ ഇരിക്കും". "ഈ വചനങ്ങളെക്കൊണ്ട് അന്യോന്യം ആശ്വ സിപ്പിച്ചുകൊൾവിൻ" എന്നും പൌലൊസ് കൂട്ടിച്ചേർക്കുന്നു (1 തെസ്സ. 4:16 -18). ഈ ആശ്വാസവചനങ്ങളും മുമ്പ് ഉദ്ധരിച്ച "സാർവ്വലൗകിക രക്ഷയുടെ" വക്താവിൻറെ വചനങ്ങളും തമ്മിൽ എന്ത് വ്യത്യാസം! സാർവ്വത്രിക രക്ഷയുടെ വക്താവ് പറഞ്ഞത് മരിച്ച ആൾ എത്ര വലിയ പാപി ആയിരുന്നാലും ജീവശ്വാസം പോയിക്കഴിയുമ്പോൾ, അയാൾ ദൂതന്മാരുടെ ഇടയിലേക്ക് സ്വീകരിക്കപ്പെടുന്നു. പൌലൊസ് അപ്പൊസ്തലൻ തൻറെ സഹോദരന്

ചൂണ്ടിക്കാണിക്കുന്നത് ഭാവിയിൽ നടക്കാൻ പോകുന്ന കർത്താവിന്റെ വര വിനേയാണ്. അപ്പോൾ ശവക്കല്ലറകളുടെ ചങ്ങലകൾ പൊട്ടിത്തകരുകയും "ക്രിസ്തുവിൽ മരിച്ചവർ' നിത്യജീവങ്കലേക്ക് ഉയിർക്കപ്പെടുകയും ചെയ്യും.

വിശുദ്ധന്മാരുടെ ഭവനങ്ങളിലേക്ക് ആരെങ്കിലും പ്രവേശിക്കുന്നതിനു മുമ്പ് അവരുടെ ജീവിതം പരിശോധിക്കപ്പെടേണ്ടതുണ്ട്. അവരുടെ സ്വഭാവവും പ്രവൃത്തിയും ദൈവത്തിൻറെ മുമ്പാകെ തുറന്നു കാട്ടപ്പെടും. പുസ്ത കത്തിൽ എഴുതിയതിൻപ്രകാരം ഓരോരുത്തരും വിധിക്കപ്പെടും. അവരുടെ പ്രവൃത്തിക്കൊത്ത പ്രതിഫലം

ലഭിക്കും. മരണത്തിലല്ല ഈ
ന്യായവിധി നടക്കുന്നത്.
പൌലൊസിൻറെ വാക്കുകൾ
ശ്രദ്ധിക്കുക. “താൻ നിയമിച്ച പുരുഷൻ
മുഖാന്തരം ലോകത്തെ നീതിയിൽ
ന്യായം വിധിപ്പാൻ അവൻ ഒരു
ദിവസത്തെ നിശ്ചയിച്ചു; അവനെ
മരിച്ചവരിൽനിന്ന്
ഉയിർത്തെഴുന്നേല്പിച്ച തിനാൽ
എല്ലാവർക്കും അതിൻറെ ഉറപ്പ്
നല്കിയിരിക്കുന്നു” (അപ്പൊ. 17:31).
അപ്പൊസ്തലൻ വ്യക്തമായി ഇവിടെ
പറയുന്നത്, ലോകത്തെ വിധിപ്പാൻ ഒരു
പ്രത്യേക സമയം
നീക്കിവച്ചിരിക്കുന്നുവെന്നാണ്.
അപ്പൊസ്തലൻ അന്ന് അത്

പറയുമ്പോൾ ഭാവിയിലാണ് ആ സമയം നിശ്ചയിച്ച് വച്ചിരിക്കുന്നതെന്ന് പറഞ്ഞു.

അതേ കാലഘട്ടത്തെക്കുറിച്ച് യൂദായും പറയുന്നു: "തങ്ങളുടെ വാഴ്ച കാത്തുകൊള്ളാതെ, സ്വന്ത വാസസ്ഥലം വിട്ടുപോയ ദൂതന്മാരെ മഹാദിവസത്തിൻറെ വിധിക്കായി എന്നേക്കുമുള്ള ചങ്ങലയിട്ട് അന്ധകാരത്തിൻകീഴിൽ " സൂക്ഷിച്ചിരിക്കുന്നു" യൂദാ വീണ്ടും ഹാനോക്കിൻറെ വാക്കുകളെ ഉദ്ധരിക്കുന്നു; "ഇതാ കർത്താവ് എല്ലാവരേയും വിധിപ്പാനും അവർ അഭക്തിയോടെ ചെയ്ത ഭക്തിവിരുദ്ധമായ സകല പ്രവൃത്തികളും നിമിത്തം, ഭക്തികെട്ട പാപികൾ തൻറെ നേരെ

പറഞ്ഞ സകല നിഷ്ഠൂരങ്ങളും നിമിത്തവും ഭക്തികെട്ടവരെ ഒക്കെയും ബോധം വരുത്തുവാനും ആയിരമായിരം വിശുദ്ധന്മാരോടുകൂടെ വന്നിരിക്കുന്നു" (യൂദാ. 6,14,15). യോഹന്നാൻറെ വാക്കുകൾ ശ്രദ്ധിക്കുക: "മരിച്ചവർ ആബാലവൃദ്ധം സിംഹാസനത്തിൻറെ മുമ്പിൽ നില്ക്കുന്നതും കണ്ടു; പുസ്തകങ്ങൾ തുറന്നും.... ജീവൻറെ പുസ്തകം എന്ന മറ്റൊരു പുസ്തകവും തുറന്നു; പുസ്തകങ്ങളിൽ എഴുതിയിരുന്നതിന് ഒത്തവണ്ണം മരിച്ചവർക്ക് അവരുടെ പ്രവൃത്തികൾക്കടുത്ത ന്യായവിധി ഉണ്ടായി" (വെളി. 20:12).

മരിച്ചവർ ഇപ്പോൾതന്നെ സ്വർഗ്ഗീയാനന്ദം അനുഭവിക്കുകയാണെങ്കിൽ അഥവാ നരകത്തിൽ കിടന്ന് പുളയുകയാണെങ്കിൽ, ഭാവിയിൽ ഒരു ന്യായവിധിയുടെ ആവശ്യമെന്ത്? ഈ പ്രധാന വിഷയത്തെ സംബന്ധിച്ച് ദൈവത്തിൻറെ വചനത്തിലെ ഉപദേശങ്ങൾ മറഞ്ഞിരിക്കുന്നതോ പരസ്പര വിരുദ്ധമോ അല്ല. അവ സാധാരണ മനസ്സുകൾക്ക് ഗ്രഹിക്കാവുന്നതേ ഉള്ളൂ. എന്നാൽ ഇപ്പോൾ നിലവിലുള്ള ഉപദേശങ്ങളിൽ ഏതെങ്കിലും തുറന്ന മന സ്സിന്, ജ്ഞാനമോ നീതിയോ കണ്ടെത്താൻ കഴിയുമോ? ഒരുപക്ഷേ അനേകയുഗങ്ങളായി

ദൈവസന്നിധിയിൽ വസിച്ചശേഷം, നീതിമാന്മാർ, ന്യായ വിധി ദിവസത്തിൽ, അവരുടെ സ്വഭാവങ്ങൾ എല്ലാം പരിത്യജിച്ചുകഴിഞ്ഞ ശേഷം" നന്ന്, നല്ലവനും വിശ്വസ്തനുമായ ദാസനെ..., നിൻറെ യജമാ നൻറെ സന്തോഷത്തിലേക്ക് പ്രവേശിക്കുക എന്ന അഭിനന്ദനം കേൾക്കുവാൻ കഴിയുമോ? അതുപോലെ തങ്ങളുടെ യാതനാസ്ഥലത്തുനിന്നും ദുഷ്ടന്മാരെ വീണ്ടും വിളിച്ചു കയറ്റി ശപിക്കപ്പെട്ടവരേ, നിങ്ങൾക്കായി ഒരുക്കിയിരിക്കുന്ന നിത്യാഗ്നിയിലേക്ക് പോക എന്ന് വീണ്ടും കല്പ്പിക്കുമോ? (മത്താ. 25:21 ,41). എന്ത് പരിഹാസ്യമായിരിക്കുന്നു. ദൈവത്തിൻറെ ജ്ഞാനത്തെയും

ന്യായത്തെയും ലജ്ജാകരമായി കുറ്റപ്പെടുത്തുകയാണ് ഇതുമൂലം ചെയ്യുന്നത്.

ജാതീയ വിശ്വാസത്തിൽനിന്നും ക്രിസ്തീയ മതത്തിലേക്ക് റോമൻ കത്തോലിക്കാസഭ കടമെടുത്ത് കൂട്ടിച്ചേർത്ത വ്യാജോപദേശങ്ങളിലൊന്ന, ആത്മാവിൻറെ അമർത്യതയെക്കുറിച്ചുള്ള ഉപദേശം. മാർട്ടിൻ ലൂഥർ ഈ ഉപദേശത്ത, റോമിൻറെ മലിനമായ ഉപദേശ സംഹിതകളുടെ ഭാഗമായി തരംതിരിച്ചിരിക്കുന്നു. സഭാപ്രസംഗിയിൽ ശലോമോൻറെ വാക്കുകളെ വ്യാഖ്യാ നിക്കുമ്പോൾ മാർട്ടിൻ ലൂഥർ പറയുന്നു: “മരിച്ചവർക്ക്

ഒരു ബോധവുമില്ല എന്നു തെളിയിക്കുന്ന വേറൊരു ഭാഗം, അവിടെ (മരിച്ചവർ ആയിരുന്ന സ്ഥലത്ത് ഒരു പ്രവൃത്തിയോ, ശാസ്ത്രമോ, അറിവോ, ജ്ഞാനമോ ഒന്നുമില്ല. മരിച്ചവർ ഒന്നുമറിയുന്നില്ല. ഉറങ്ങുന്നു എന്നത് ശലോമോൻ പറയുന്നത്. വർഷങ്ങളോ, ദിനങ്ങളോ കടന്നുപോകുന്നതറിയാതെ മരിച്ചവർ അവിടെ കിടക്കുന്നു. എന്നാൽ അവർ ഉണരുമ്പോൾ അവർ കഷ്ടിച്ച് ഒരു നിമിഷമേ ഉറങ്ങിയുള്ളൂ എന്ന് അവർക്ക് തോന്നും', -Martin Luther, Exposition of Solomon’s Booke Called Ecclesiastes, page 152.

മരണത്തോടുകൂടി നീതിമാന്മാർ തങ്ങളുടെ പ്രതിഫലം വാങ്ങാനായി

പോകുന്നുവെന്നും, ദുഷ്ടന്മാർ തങ്ങളുടെ ശിക്ഷ വാങ്ങുന്നുവെന്നും തിരുവചനത്തിലെങ്ങും കാണുന്നില്ല. നമ്മുടെ ഗോത്രപിതാക്കന്മാർക്കും പ്രവാചകന്മാർക്കും ആ ഉറപ്പ് ലഭിച്ചിരുന്നില്ല. ക്രിസ്തുവും, അവൻറെ അപ്പൊസ്തലന്മാരും അതിനെക്കുറിച്ച് ഒരു സൂചനയും നല്കിയില്ല. മരിച്ചവർ ഉടനടി സ്വർഗ്ഗത്തിൽ പോകുന്നില്ലായെന്ന് വേദപുസ്തകം വ്യക്തമായി പഠിപ്പിക്കുന്നു. പുനരുത്ഥാനംവരെ അവർ നിദ്രയിലാണ് (1 തെസ്സ. 4:14; ഇയ്യോ. 14:10-12). വെള്ളിച്ചരട് അറ്റുപോകയും പൊൻകിണ്ണം തകരുകയും ചെയ്യുന്ന അതേ നാളിൽ മനുഷ്യരുടെ വിചാരങ്ങൾ നശിക്കുന്നു (സഭാ പ്ര. 12:6). ശവക്കുഴിയിലേക്കു പോകുന്നവർ

മൗനതയിലാകുന്നു. സൂര്യനുകീഴെ
നടക്കുന്നതൊന്നും അവർ അറിയുന്നില്ല
(ഇയ്യോ. 14:21). ക്ഷീണിതരായ
നീതിമാന്മാർക്കുള്ള അനുഗൃഹീതമായ
വിശ്രമം. സമയം
ദീർഘമായിക്കൊള്ളട്ടെ, അല്ലെങ്കിൽ
ചുരുങ്ങിയതായിരിക്കട്ടെ. പക്ഷേ
അവർക്ക് അതൊരു നിമിഷംപോലെ
മാത്രം. അവർ ഉറങ്ങുന്നു. ദൈവത്തിൻറെ
കാഹളം (ധ്വനിക്കുമ്പോൾ അവർ
മഹത്വപൂർണ്ണമായ
അമർത്യതയിലേക്ക് ഉണരും.
"കാഹളം ധ്വനിക്കും മരിച്ചവർ
അക്ഷയരായി ഉയിർക്കും... ഈ
ദ്രവത്വമുള്ളത് അദവത്വത്തേയും ഈ
മർത്ഥ്യമായത് അമർത്യത്വത്തേയും
ധരിക്കുമ്പോൾ "മരണം നീങ്ങി ജയം

വന്നിരിക്കുന്നു" എന്നെഴുതിയ വചനം നിവൃത്തിയാകും (1 കൊരി. 15:52-54). തങ്ങളുടെ ഗാഢനിദ്രയിൽ നിന്ന് അവർ ഉണർത്തപ്പെടുമ്പോൾ അവർ ഇല്ലാതെയായിത്തീർന്ന ഇടം അവർ ഓർക്കും. അവരുടെ അവസാനത്തെ വികാരം മരണവേദനയായിരിക്കും. കല്ലറയുടെ ശക്തിക്ക് അടിമപ്പെട്ടതായിരിക്കും അവരുടെ ഒടുവിലത്തെ ഓർമ്മ. കല്ലറയിൽനിന്ന് അവർ എഴുന്നേല്ക്കുമ്പോൾ പുറപ്പെടുന്ന വിജയാഹ്ലാദത്തിൽ അവരുടെ ആദ്യത്തെ ചിന്ത പ്രതിദ്ധ്വനിക്കും. "ഹേ മരണമേ, നിൻറെ ജയം എവിടെ? ഹേ മരണമേ നിൻറെ വിഷമുള്ള് എവിടെ?? (വാക്യം 55).

അദ്ധ്യായം **34—**മരിച്ചവർക്ക് നമ്മോട് സംസാരിക്കുവാൻ സാധിക്കുമോ**?**

തിരുവചനത്തിൽ പ്രസ്താവിച്ചിരിക്കുന്നതുപോലെ, വിശുദ്ധ ദൂതന്മാരുടെ ശുശ്രൂഷ, ക്രിസ്തുവിൻറെ ഓരോ പിൻഗാമിക്കും ആശ്വാസം പകരുന്ന വിലയേറിയ സത്യമാണ്. എന്നാൽ സാർവ്വത്രികമായ മതതത്വശാസ്ത്രത്തിൻറെ തെറ്റായ ഉപദേശങ്ങൾ നിമിത്തം ഈ സത്യത്തിൻറെ വേദപുസ്തക തത്വങ്ങൾ വികലമാക്കപ്പെട്ടുകയും അതിന് മങ്ങലേൽക്കുകയും ചെയ്തിരിക്കുന്നു. ജാതീയ മതത്തിൽനിന്നു കടമെടുത്തതായ സ്വാഭാവിക അമർത്യതയെന്ന ഉപദേശം

അന്ധകാരകാലഘട്ടത്തിൽ ക്രിസ്തീയ വിശ്വാസത്തിലേക്ക് കടന്നുകൂടുകയും "മരിച്ചവർ ഒന്നുമറിയുന്നില്ലാ" യെന്നുള്ള തിരുവചന സത്യത്തെ മാറ്റിമറിക്കുകയും ചെയ്തിരിക്കുന്നു. "രക്ഷ പ്രാപിക്കാനിരിക്കുന്നവരുടെ ശുശ്രൂഷയ്ക്ക് അയയ്ക്കപ്പെടുന്ന സേവകാത്മാക്കൾ', മരിച്ചവരുടെ ആത്മാക്കളാണ് എന്ന് ജനം വിശ്വസിച്ചുതുടങ്ങി. സ്വർഗ്ഗീയ ദൂതഗണങ്ങൾ ഉണ്ടെന്നും ഒരു മനുഷ്യൻറെ മരണത്തിനുമുൻപുള്ള അവൻറെ ചരിത്രവുമായി അവർക്ക് ബന്ധമുണ്ടെന്നുമുള്ള തിരുവചന സാക്ഷ്യം ശ്രദ്ധിക്കപ്പെടുന്നില്ല.

മരണത്തിൽ മനുഷ്യൻ ബോധവാനാണെന്നും, മരിച്ചവരുടെ

ആത്മാ ക്കൾ ജീവനോടിരിക്കുന്നവരെ ശുശ്രൂഷിപ്പാൻ വരുന്നുവെന്നുമുള്ള വിശ്വാസവും ഉപദേശവും ആധുനിക പതാത്മവാദത്തിന്നു വഴി തെളിച്ചു. മരിച്ച് വർ ദൈവസന്നിധിയിലും ദൂതന്മാരുടെ സമൂഹത്തിലും പ്രവേശിക്കുകയും മുൻപവർക്കുണ്ടായിരുന്നതിലും അധികം ജ്ഞാനം പ്രാപിക്കുവാൻ അനുവദിക്കപ്പെടുകയും ചെയ്യുന്നുവെങ്കിൽ, ജീവനോടിരിക്കുന്നവർക്ക് ബുദ്ധി ഉപദേശിച്ച് നിർദ്ദേശങ്ങൾ കൊടുക്കുവാനവർ ഭൂമിയിലേക്ക് വരാത്തതെന്താണ്? പ്രശസ്തരായ മതനേതാക്കന്മാർ പഠിപ്പിക്കുന്നതുപോലെ അവർ ഭൂമിയിലുള്ള തങ്ങളുടെ സ്നേഹിതർക്കു

ചുറ്റും പറന്നു നടക്കുകയാണെങ്കിൽ,
അവരുമായി ആശയവിനിമയം
നടത്താനും തിന്മക്കെതിരെ
മുന്നറിയിപ്പുകൊടുക്കുവാനും ദുഃഖത്തിൽ
ആശ്വസിപ്പിക്കുവാനും എന്തുകൊണ്ടവർ
അനുവദി ക്കപ്പെടുന്നില്ല? തങ്ങൾക്കു
ലഭിക്കുന്ന ദിവ്യവെളിച്ചം മഹത്വീകരണം
പ്രാപിച്ച ആത്മാക്കളുടെ
ആശയവിനിമയമാണെങ്കിൽ ഇതിനെ,
മരണത്തിൽ മനുഷ്യൻറെ
ബോധാവസ്ഥയിൽ വിശ്വസിക്കുന്നവർ
തള്ളിക്കളെയുന്നതെന്തുകൊണ്ടാണ്?
ഇവിടെ പരിശുദ്ധമെന്നു
സങ്കല്പിച്ചിരിക്കുന്ന മാർഗ്ഗമുപയോഗിച്ച്
തൻറെ ലക്ഷ്യം നേടുവാൻ സാത്താൻ
പ്രവർത്തിക്കുന്നു. തൻറെ ആജ്ഞ
അനു സരിക്കുന്നവരായ തള്ളപ്പെട്ട

ദൂതന്മാർ ആത്മലോകത്തിൽ നിന്നുള്ള സന്ദേശവാഹകരായി പ്രത്യക്ഷപ്പെടുന്നു. ജീവനോടിരിക്കുന്നവരെ മരിച്ചവരുമായി സമ്പർക്കത്തിലാക്കുന്നുവെന്ന് ഭാവിച്ചുകൊണ്ടു തിന്മയുടെ പ്രഭുവായ സാത്താൻ അവരുടെ മനസ്സുകളെ സ്വാധീനിക്കുന്നു.

മരിച്ചവരുടെ രൂപത്തിൽ അവരുടെ സ്നേഹിതർക്കുമുമ്പിൽ പ്രത്യക്ഷ്പ്പെടുവാൻ സാത്താനു ശക്തിയുണ്ട്. വഞ്ചനാകരമായ ഈ പ്രവർത്തനം പൂർണ്ണതയുള്ളതായിരിക്കും; അതേ നോട്ടം, വാക്കുകൾ, ശബ്ദം എന്നിവ അത്ഭുതവും വ്യക്തവുമായ വിധം പുനഃസ്ഥാപിക്കുന്നു. തങ്ങളുടെ സ്നേഹ

ഭാജനങ്ങൾ സ്വർഗ്ഗീയ സന്തോഷം ആസ്വദിക്കുന്നുവെന്നുള്ള ഉറപ്പ് പാപി ച്ചുകൊണ്ട് അനേകർ സംതൃപ്തരാകുകയും, തങ്ങൾ "വ്യാജാത്മാക്കളേയും ഭൂതങ്ങളുടെ ഉപദേശങ്ങളേയും ആശ്രയിച്ച്, അതിനു ചെവി കൊടുക്കുന്ന എന്നു സംശയിക്കാതിരിക്കയും ചെയ്യുന്നു. --

മരിച്ചവരാണ് യഥാർത്ഥത്തിൽ തങ്ങളോട് സംസാരിക്കുവാൻ വരുന്നതെന്ന് അവരെ വിശ്വസിപ്പിച്ചശേഷം, ഒരുക്കം കൂടാതെ ശവക്കുഴിയിലേക്കിറങ്ങിയവർ സ്വന്തരൂപത്തിൽ തന്നെ പ്രത്യക്ഷപ്പെടുന്നതായി സാത്താൻ അഭിനയിക്കുന്നു. അവർ സ്വർഗ്ഗത്തിൽ

സന്തോഷിക്കുന്നുവെന്നും
ഉന്നതസ്ഥാനങ്ങൾ
അലങ്കരിക്കുന്നുവെന്നും
പ്രഖ്യാപിക്കുമ്പോൾ, നീതിമാന്മാരും
ദുഷ്ട ന്മാരും തമ്മിൽ വലിയ
വിത്യാസങ്ങളൊന്നുമില്ലായെന്നുള്ള
തെറ്റായ ഉപദേശം വ്യാപകമായി
പഠിപ്പിക്കപ്പെടുന്നു. ശരിയാണെന്നു
തെളിയിക്കപ്പെടുന്ന മുന്നറിയിപ്പുകളും
ഉപദേശങ്ങളും ചിലപ്പോൾ
ആത്മാക്കളുടെ ലോകത്തിൽ നിന്നും
വരുന്നുവെന്നു നടിക്കുന്നവർ
സംസാരിക്കുന്നു. അപ്രകാരം
മനുഷ്യരുടെ ആത്മവിശ്വാസം
കൈക്കലാക്കിയശേഷം തിരുവചന
വിശ്വാസത്തെ തുരങ്കം വയ്ക്കുന്ന
ഉപദേശങ്ങൾ സ്ഥാപിച്ചെടുക്കുന്നു.

ഭൂമിയിലുള്ള തങ്ങളുടെ സ്നേഹിതരുടെ ക്ഷേമാവസ്ഥയിൽ തല്പരരാണെന്നു ഭാവിച്ചുകൊണ്ടവർ അപായകരമായ തെറ്റുകൾ കടത്തിക്കൊണ്ട് വരുന്നു. ചില സത്യങ്ങൾ പ്രസ്താവിക്കുകയും ഭാവിയെ സംബന്ധിച്ച് ചിലതൊക്കെ പ്രവചിക്കുകയും ചെയ്യു ന്നതുകൊണ്ട് അവരുടെ പ്രസ്താവനകൾ ആശയിക്കത്തക്കതായി കരുതപ്പെടുന്നു; അവരുടെ തെറ്റായ ഉപദേശങ്ങളെ പുരുഷാരം അംഗീകരിക്കുകയും അവ വേദപുസ്തകത്തിലെ അതിവിശുദ്ധ സത്യങ്ങളായി ഗണിക്കുകയും ചെയ്യുന്നു. ദൈവകല്പന ദൂരെ മാറ്റിവയ്ക്കുകയും കൃപയുടെ ആത്മാവിനെ തള്ളിക്കളകയും നിയമരക്തത്തെ അശുദ്ധമെന്നു എണ്ണുകയും ചെയ്യുന്നു. ആത്മാക്കൾ

ക്രിസ്തുവിൻറെ ദൈവികത്വത്തെ ഉപേക്ഷിക്കുകയും തങ്ങളുടെ സ്വന്തനിലവാരത്തിൽപ്പെടുന്ന ഒരുവനായി സൃഷ്ടിതാവിനെ കാണുകയും ചെയ്യുന്നു. സ്വർഗ്ഗത്തിലാരംഭിച്ച്, ആറായിരം വർഷങ്ങളായി ഭൂമിയിൽ തുടർന്നുവരുന്ന, ദൈവത്തിനെതിരെയുള്ള തൻറെ യുദ്ധം ഇപ്രകാരം വേഷ പ്രച്ഛന്നനായി ശത്രുവായവൻ തുടരുന്നു.

ചെപ്പടി വിദ്യയുടെയും കൗശലത്തിൻറേയും മാധ്യമമായി അനേകർ ആത്മീയ പ്രകടനങ്ങളെ ഗണിക്കുവാൻ പരിശ്രമിക്കുന്നു. എന്നാൽ ചെപ്പടി വിദ്യതന്നേയും പലപ്പോഴും യാഥാർത്ഥ്യമായതിന്റെ

ഫലമാണെന്നും പ്രകൃ ത്യാതീതമായ
ശക്തിയുടെ പ്രകടനമാണെന്നും
പരിഗണിക്കപ്പെട്ടുന്നു. ആധു നിക
പ്രേതാത്മവാദത്തിൻറെ ആരംഭമായ
മായാശബ്ദം മാനുഷിക
കൗശലത്തിൻറേയോ കപടതയുടെയോ
അനന്തരഫലമല്ല, പതത, അത്
വിജയക രമായി മനുഷ്യാത്മാക്കളെ
വഞ്ചനയിലേക്കു വഴിനടത്തുന്ന
ദുരാത്മാക്കളുടെ പ്രവർത്തനമാണ്.
വെറും മാനുഷികമായ
ആൾമാറാട്ടമാണ് പതാത്മവാദ
മെന്നുള്ള വിശ്വാസം പലരേയും
കെണിയിൽ വീഴ്ത്തുന്നു; അതിൻറെ പ്രകട
നവുമായി മുഖാമുഖം അവർ
ബന്ധപ്പെട്ടുവാനിടവരുമ്പോൾ അവ
അമാനു ഷികമെന്നും ചിന്തിക്കാതെ

തരമില്ലാതാവുകയും
വഞ്ചിക്കപ്പെട്ടുപോവുകയും
ദൈവത്തിൻറെ വലിയ ശക്തി
പ്രകടനമെന്നു അവയെ
അംഗീകരിക്കുകയും ചെയ്യുന്നു.

സാത്താനും തൻറെ ദൂതന്മാരും ചെയ്യുന്ന
അത്ഭുതങ്ങളെക്കുറിച്ചുള്ള വേദപുസ്തക
സാക്ഷ്യം ഇക്കൂട്ടർ അഗണ്യമാക്കുന്നു.
ദൈവത്തിൻറെ പ്രവത്തിക്കെതിരെയുള്ള
ഫറവോൻറെ മന്ത്രവാദികളുടെ
പ്രവർത്തനം സാധ്യമാ ക്കിയത്
സാത്താൻറെ ശക്തിയായിരുന്നു.
ക്രിസ്തുവിൻറെ രണ്ടാം വരവിനു മുമ്പ്
സാത്താന്യ ശക്തിയാൽ ഇപ്രകാരമുള്ള
പ്രകടനങ്ങൾ കാണപ്പെടുമെന്ന് വിശുദ്ധ
പൌലൊസ് സാക്ഷിക്കുന്നു.

“സാത്താൻറെ വ്യാപാരശക്തിക്ക് ഒത്ത വണ്ണം വ്യാജമായ സകല ശക്തിയോടും അടയാളങ്ങളോടും അത്ഭുതങ്ങളോടും അനീതിയുടെ സകല വഞ്ചനയോടുംകൂടെ”, ക്രിസ്തുവിൻറെ വീണ്ടും വരവിനു തൊട്ടുമുൻപ് ഭൂമിയിൽ പ്രവർത്തനം നടക്കും (2തെസ്സ. 2:9,10). അന്ത്യകാലത്തു നടക്കാനിരിക്കുന്ന അത്ഭുത പ്രവർത്തനത്തെ സംബന്ധിച്ച് വിശുദ്ധ യോഹന്നാൻ ഇപ്രകാരം പ്രസ്താവിക്കുന്നു: “അത് മനുഷ്യർ കാൺകെ ആകാശത്തുനിന്നും ഭൂമിയിലേക്കു തീ ഇറങ്ങുമാറു വലിയ അടയാളങ്ങൾ പ്രവർത്തിക്കുകയും... അടയാളങ്ങളെക്കൊണ്ട് ഭൂവാസികളെ തെറ്റിക്കുകയും’ ചെയ്യും (വെളിപ്പാട്

13:13,14). ഇവിടെ പ്രവചിച്ചിരിക്കുന്നത് വെറും ആൾമാറാട്ടമല്ല. സാത്താൻറെ ദൂതന്മാർ മനുഷ്യരെ വഞ്ചിക്കുന്നതിനു തങ്ങളുടെ ശക്തിയിൽ പ്രവർത്തിക്കുന്ന വലിയ അത്ഭുതങ്ങളാണ്; വെറും നാട്യമല്ല, യാഥാർത്ഥ്യമാണ്.

ഇത്രയും കാലം അന്ധകാരപ്രഭു വഞ്ചക പ്രവർത്തനത്തിനായി ഉപയോഗിച്ചിരുന്ന തൻറെ വലിയ ശക്തികൾ നാനാതുറകളിലും അവസ്ഥകളി ലുമുള്ള ജനത്തെ പരീക്ഷിക്കുന്നതിനും തന്ത്രപൂർവ്വം മെനഞ്ഞെടുക്കുന്നു. സംസ്കാരത്തിലും ജീവിത ശ്രേഷ്ഠതകളിലും മുൻപന്തിയിൽ നില്ക്കുന്ന വ്യക്തികളുടെ മുമ്പിൽ,

ശുദ്ധീകരിച്ചതും ബുദ്ധിയേറിയതുമായ വിഷയമായി പതാത്മവാദത്തെ അവതരിപ്പിച്ചുകൊണ്ട് അനേകരെ തൻറെ വലയിൽ സാത്താൻ വീഴ്ത്തുന്നു. ഇപ്രകാരം പ്രതാത്മവാദം നല്കുന്ന ജ്ഞാനത്തെ അപ്പൊസ്തലനായ യാക്കോബ് "ഇത് ഉയരത്തിൽനിന്നു വരുന്ന ജ്ഞാനമല്ല, ഭൗമികവും പ്രാകൃതവും പൈശാചികവും ആയതത്രേ" എന്നു വിവരിക്കുന്നു (യാക്കോബ് 3:15). ഇത് മറച്ചുവയ്ക്കുന്നത് തൻറെ ഉദ്ദേശ്യത്തെ സഹായിക്കുന്നിടത്തോളം മഹാവഞ്ചകൻ മറച്ചുപിടിക്കുന്നു. മരുഭൂമിയിലെ പരീക്ഷാസമയത്ത് ക്രിസ്തുവിൻറെ മുമ്പിൽ സ്വർഗ്ഗീയ സാറാഫുകളുടെ ശോഭ ധരിച്ചുകൊണ്ട് പ്രത്യക്ഷനായവൻ മനുഷ്യരുടെ മുമ്പിൽ

ആകർഷകമായ വെളിച്ചദൂതൻറെ
വേഷത്തിൽ പ്രത്യക്ഷനാകുന്നു.
ബുദ്ധിപരമായ വലിയ വിഷ യങ്ങൾ
അവതരിപ്പിച്ചുകൊണ്ടവൻ
ബുദ്ധിപരമായി
ചിന്തിക്കുവാനാവശ്യപ്പെടുന്നു; നിർവൃതി
നൽകുന്ന രംഗങ്ങൾ
അവതരിപ്പിച്ചുകൊണ്ടവൻ കലാബോ
ധത്തെ ഉത്തേജിപ്പിക്കുന്നു;
സ്നേഹത്തിൻറേയും ദാനത്തിൻറേയും
വൈഭവ മുള്ള പ്രദർശനങ്ങളെ
താല്പര്യജനകമായി അവൻ
നിരത്തിവയ്ക്കുന്നു. വളരെ ഉന്നതമായ
പ്രതലത്തിലേക്ക് മനുഷ്യസങ്കല്പത്തെ
ഉയർത്തിക്കൊണ്ട് തങ്ങളുടെ
സ്വന്തബുദ്ധിയിൽ അഭിമാനിക്കുവാനും
ഹൃദയത്തിൽ നിത്യനായ ദൈവത്തെ

തള്ളിപ്പറയുവാനും മനുഷ്യരെ പഠിപ്പിക്കുന്നു. വളരെ ഉയർന്ന മലമേൽ ലോക രക്ഷിതാവിനെ കൊണ്ടുവന്ന് നിറുത്തി ഭൂമിയിലെ സകല രാജ്യങ്ങളേയും അവയുടെ മഹത്വത്തെയും കാണിച്ചുകൊടുത്തവൻ ദിവ്യ ശക്തിയുടെ കവചം ധരിച്ചിട്ടില്ലാത്ത സകല മനുഷ്യരെയും പരീക്ഷിച്ച് ബുദ്ധി ശക്തിയെ വികലമാക്കും.

മുഖസ്തുതി പ്രയോഗിച്ചും വിലക്കപ്പെട്ട ജ്ഞാനം പ്രാപിക്കുവാനുള്ള ആഗ്രഹത്തെ ഇളക്കിയും സ്വയം ഉയർച്ച പ്രാപിക്കുന്നതിനുള്ള ആഗ്രഹത്തെ തട്ടി ഉണർത്തിയും കൊണ്ടവൻ ഏദൻ തോട്ടത്തിൽ ഹവ്വായെ വഞ്ചനയിൽ

കുടുക്കിയതുപോലെയിപ്പോൾ മനുഷ്യരെ വഞ്ചിക്കുന്നു. ഇപ്രകാരമുള്ള തിന്മ കളാണ് അവനെ നാശത്തിൽ വീഴ്ത്തിയത്, ഇതേ തിന്മകൾ ഉപയോഗിച്ചാണ് അവൻ മനുഷ്യരുടെ നാശത്തിനു ലക്ഷ്യമിട്ടിരിക്കുന്നത്. "നിങ്ങൾ നന്മതിന്മ കളെ അറിയുന്നവരായി ദൈവത്തെപ്പോലെ ആകും" (ഉല്പത്തി 3:5). "മനുഷ്യൻ പുരോഗതിയുടെ സൃഷ്ടിയാണ്; നിത്യതയിലേക്ക്, ദൈവത്തോളം വളരുകയെന്ന ലക്ഷ്യമാണ് അവൻറെ ജനനം മുതലുള്ള തലവിധി," എന്ന് പതാത്മവാദം പഠിപ്പിക്കുന്നു. "ഓരോ മനസ്സിനേയും അതായത് മനസ്സു തന്നെ ന്യായം വിധിക്കും; മറ്റൊന്നിനാൽ വിധിക്കപ്പെടുകയില്ല". "സ്വയമാ യിട്ടുള്ള

ന്യായവിധിയായതിനാൽ അത്
നീതിയുള്ള ന്യായവിധിയാണ്...
സിംഹാസനം നിന്നിൽ തന്നെ
ആയിരിക്കുന്നു". ഒരു പ്രേതാത്മവാദ
സിദ്ധാന്ത ഉപദേഷ്ടാവ് "ആത്മീക
ബോധത്താൽ" ഉണർന്നപ്പോൾ
ഇപ്രകാരം പറയുകയുണ്ടായി: "

എൻറെ സഹജീവികളേ,
നിങ്ങളെല്ലാവരും വീഴ്ച്ച ഭവിക്കാത്ത
അർദ്ധദേവന്മാരാണ്". "ക്രിസ്തുവാണ്
നീതിമാനും പൂർണ്ണനുമായ വ്യക്തി'
എന്ന് വേറൊരാൾ പ്രഖ്യാപിക്കുന്നു.

നിത്യനായ ദൈവത്തിൻറെ
നീതിയുടേയും പൂർണ്ണതയുടേയും
സ്ഥാനത്തിൻ പ്രകാരം അപൂർണ്ണമായ

ആരാധനാവസ്തു സ്ഥാപിക്കപ്പെടുന്നു;
പൂർണ്ണവും നീതിയുള്ളതും, മനുഷ്യൻ
എത്തിച്ചേരേണ്ടതുമായ മാനദണ്ഡ
മെന്നുള്ള ദൈവകല്പനയുടെ സ്ഥാനത്ത്
ഏക ആരാധനാവസ്തുവായും,
ന്യായവിധിയുടെ മാനദണ്ഡമായും
സ്വഭാവത്തിൻറെ അളവുകോലായും
സാത്താൻ പാപ പങ്കിലമായ ദുഷ്ട
സ്വഭാവത്തോടുകൂടിയ മനുഷ്യനെ
പ്രതിഷ്ഠിക്കുന്നു. ഇത് പുരോഗമനമാണ്;
ഉന്നതിയിലേക്കുള്ളതല്ല, അധോഗതി
യിലേക്കുള്ളതാണെന്നുമാത്രം.

നോക്കിക്കണ്ടുകൊണ്ട് നാം രൂപാന്തരം
പ്രാപിക്കുന്നുയെന്നുള്ളത് ബുദ്ധിപരവും
ആത്മീകവുമായ ഒരു
പ്രകൃതിനിയമമാണ്. മനസ്സിനെ

പ്രവർത്തന നിരതമാക്കുന്ന
വിഷയത്തിലേക്കും, സ്നേഹിക്കുവാനും
ആരാധിക്കു വാനും
തെരഞ്ഞെടുക്കുന്നതിലതിലേക്കും അത്
സാവധാനം ലയിച്ചു ചേരുന്നു. തൻറെ
സ്വന്ത വിശുദ്ധിയിലും നന്മയിലും
സത്യത്തിലും നിന്ന് ഉന്നതമായ ഒരു
പ്രതലത്തിൽ മനുഷ്യനൊരിക്കലും
സ്വന്തമായി എത്തിച്ചേരുകയില്ല. തൻറെ
ഉന്നത ആശയം സ്വയം
എന്നതാണെങ്കിൽ ഉന്നതി
പ്രാപിച്ചിരിക്കുന്ന മറ്റൊന്നിലും
അവനൊരിക്കലും എത്തിച്ചേരുകയില്ല.
നേരെമറിച്ച്, അവൻ തുടർച്ച യായി
താഴ്ചയിൽനിന്ന് താഴ്ചയിലേക്കു
താണുകൊണ്ടിരിക്കും. മനുഷ്യനെ
ഉയർത്തുവാനുള്ള ശക്തി ദൈവകൃപ

ഒന്നുമാത്രമാണ്. തന്നിൽ മാത്രം
ആശ്രയിച്ചാണെങ്കിൽ അവൻറെ യാത്ര
തീർച്ചയായും
താഴ്ചയിലേക്കുള്ളതുതന്നെയാണ്

ബുദ്ധിവൈഭവത്തിലും സംസ്കാരത്തിലും
ഉന്നതി പ്രാപിച്ചവൻറെ മുമ്പിൽ
ഉള്ളതിനേക്കാളും ലഘുവായ
വഞ്ചനയോടും
വേഷപ്രച്ഛന്നതയോടുംകൂടെ,
സ്വയത്തിലാശ്രയിച്ച്,
ആഹ്ലാത്തിമിർപ്പിലായ ജഡിക
സ്വഭാവമുള്ളവൻറെ മുമ്പിൽ
പിതാത്മവാദം പ്രത്യക്ഷപ്പെടുന്നു;
അതിൻറെ ആകെത്തുക തങ്ങളുടെ
താല്പര്യങ്ങളോട്
യോജിച്ചിരിക്കുന്നതായി അവർ

കാണുന്നു. മനുഷ്യ പ്രകൃതിയുടെ ദൗർബല്യത്തിലേക്കുള്ള ഓരോ ചായ്വും സാത്താൻ പഠിക്കുന്നു; ഓരോ വ്യക്തിയും ചെയ്യുവാൻ താല്പര്യപ്പെടുന്ന പാപങ്ങളെ യവൻ രേഖപ്പെടുത്തുന്നു; പിന്നെ അവൻ ദുഷ്പ്രവണതയെ തൃപ്തിപ്പെടുത്തുന്ന അവസരങ്ങളൊന്നും പാഴായിപ്പോകാതെ സൂക്ഷിക്കുന്നു. ന്യായമായതിനെ ധാരാളമായി ആസ്വദിക്കുവാൻ മനുഷ്യരെ പരീക്ഷിച്ചുകൊണ്ട് സാത്താൻ അവരുടെ ശാരീരികവും മാനസികവും ധാർമ്മികവുമായ കഴിവുകളെ ബലഹീനമാക്കുന്നു. വികാരങ്ങൾക്കടിമപ്പെടുത്തി മനുഷ്യപ്രകൃതിയെ മുറിവേല്പിച്ചുകൊണ്ടവൻ ആയിരങ്ങളെ

നശിപ്പിച്ചുകഴിഞ്ഞു; ഇപ്പോഴും
നശിപ്പിച്ചുകൊണ്ടിരിക്കുന്നു. "യഥാർത്ഥ
ജ്ഞാനം സകല നിയമങ്ങൾക്കും
ഉന്നതമായി മനുഷ്യനെ ഉയർത്തുന്നു"
എന്ന് ദുഷ്ടാത്മാക്കളിലൂടെ പ്രഖ്യാപിച്ചു
കൊണ്ടവൻ തൻറെ വേല
പൂർത്തിയാക്കുന്നു; "എല്ലാം
ശരിതന്നെയാണ്; ദൈവം ഒന്നിനേയും
തള്ളിക്കളയുന്നില്ല; ചെയ്യുന്ന
പാപങ്ങളെല്ലാം
നിപരാധിത്വത്തിൽനിന്നുള്ളതാണ്"
എന്നവർ പഠിപ്പിക്കുന്നു. ആഗ്രഹമാണ്
ഏറ്റവും വലിയ കല്പനയെന്നും,
സ്വാതന്ത്ര്യമെന്നത് ആഗ്രഹം
സാധിക്കുവാനുള്ള അധികാര
പ്രതമാണെന്നും, തന്നോടുമാത്രമെ
മനുഷ്യനു കണക്കു ബോധി പ്പിക്കേണ്ട

ആവശ്യമുള്ളുവെന്നും വിശ്വസിക്കുവാൻ
മനുഷ്യരെ വഴി നടത്തുമ്പോൾ
എല്ലാവശത്തും അഴിമതിയും
ധാർമ്മികാധഃപേതനവും നടമാടുന്ന
തിൽ അത്ഭുതമെന്താണ്? തങ്ങളുടെ
ജഡിക ഹൃദയത്തിൻറെ താല്പര്യങ്ങൾ
അനുസരിക്കുവാൻ പഠിപ്പിക്കുന്ന
ഉപദേശങ്ങളെ മനുഷ്യരാശി താല്പര്യ
ത്തോടെ സ്വീകരിക്കുന്നു.
സ്വയനിയന്ത്രണത്തിൻറെ
കടിഞ്ഞാണുകൾ ജഡ മോഹത്തിൻറെ
കഴുത്തിൽ വച്ചുകൊണ്ടും, മനസ്സിൻറെയും
ആത്മാവിൻറേയും ശക്തികളെ മൃഗീയ
പ്രവണതകൾക്കു
കഴ്പെടുത്തിക്കൊണ്ടും, ക്രിസ്തുവിൻറെ
അനുഗാമികളെന്നഭിമാനിക്കുന്ന

ആയിരങ്ങളെ സാത്താൻ തൻറെ വലയ്ക്കുള്ളിൽ ഉത്തുകയറ്റുന്നു.

എന്നാൽ പ്രേതാത്മവാദത്തിൻറെ തെറ്റായ വാദഗതികളിൽ അകപ്പെട്ട ആരുംതന്നെ വഞ്ചിതരാകേണ്ടതില്ല. കെണി കണ്ടെത്തുന്നതിനാവശ്യമായ വെളിച്ചം ലോകത്തിനു ദൈവം നല്കിയിരിക്കുന്നു. മുൻകൂട്ടി കാണിച്ചിരിക്കുന്നതുപോലെ പിതാത്മവാദത്തിൻറെ അടിത്തറയായ തത്വം വ്യക്തമായ തിരുവചന പ്രസ്താവനകളോട് പോരാട്ടത്തിലാണ്. മരിച്ചവർ യാതൊന്നും അറിയുന്നില്ലായെന്നും അവരുടെ ചിന്തകൾ നശിച്ചുപോയെന്നും സൂര്യനു കീഴെ നടക്കുന്ന ഒന്നിലും അവർക്കു

പങ്കില്ലായെന്നും ഭൂമിയിൽ അവരുടെ സ്നേഹ ഭാജനങ്ങൾക്കുണ്ടാകുന്ന സന്തോഷത്തിലും സന്താപത്തിലും അവർക്കോഹരി ഇല്ലെന്നും ബൈബിൾ പ്രഖ്യാപിച്ചിരിക്കുന്നു.

മരിച്ചവരുടെ ആത്മാക്കളോടെന്ന വ്യാജേനയുള്ള സകല സംഭാഷണങ്ങളും ദൈവം ശക്തിയായി വിലക്കിയിരിക്കുന്നു. ഇന്നത്തെ പ്രേതാത്മ സിദ്ധാ ന്തക്കാരെപ്പോലെ എബ്രായ ജനതയുടെ കാലത്ത് ഒരു വിഭാഗം ജനങ്ങൾ മരിച്ചവരോടു സമ്പർക്കം പുലർത്തുന്നവരായിട്ടുണ്ടായിരുന്നു. മറ്റ് ലോകങ്ങളിൽനിന്നു സന്ദർശകരായി വരുന്നുയെന്ന

സങ്കല്പിച്ച് പ്രേതാത്മാക്കളെന്നവർ വിളിച്ചിരുന്ന അവയെ "ഭൂതാത്മാക്കൾ" എന്ന് വേദപുസ്തകം പ്രഖ്യാപിക്കുന്നു (സംഖ്യാപുസ്തകം 25:1 -3; സങ്കീർത്തനങ്ങൾ 106:28; 1 കൊരിന്ത്യർ 10:20; വെളിപ്പാട് 16:14). പരേതാത്മാക്കളോട് ചിലയ്ക്കുന്നത് ദൈവം വെറുക്കുന്നുവെന്നും അങ്ങനെയുള്ളവരെ മരണശിക്ഷ കൊണ്ടായി രുന്നാലും അതിൽനിന്ന് തടഞ്ഞുനിർത്തണമെന്നും പ്രസ്താവിച്ചിരിക്കുന്നു (ലേവ്യാപുസ്തകം 19:31; 20:27). മന്ത്രവാദം എന്ന പേരുതന്നെ വെറുക്കപ്പെടേണ്ടതാണ്. മനുഷ്യർക്ക് ഭൂതാത്മാക്കളുമായി ബന്ധപ്പെടാമെന്നുള്ളത് അന്ധകാരയുഗത്തിൽ

കെട്ടുകഥയായിരുന്നു. എന്നാൽ നൂറു നൂറായും, ആയിരം ആയിരമായും ലക്ഷോപലക്ഷമായും അംഗസംഖ്യയുള്ളതും, ശാസ്ത്രീയ ഗോളങ്ങളിലും സഭകളിലും നീതിന്യായ കോടതികളിലും രാജ കീയ സദസ്സുകളിലും കയറിക്കൂടിയിരിക്കുന്നതുമായ ഇന്നത്തെ പ്രേതാത്മ വാദം പഴയ കാലത്ത് കുറ്റംവിധിച്ച് തള്ളിയ മന്ത്രവാദം പുതിയ വേഷത്തിൽ ഉണർന്നുവന്നിരിക്കുന്ന ഭീമാകാരമായ വഞ്ചനയാണ്.

പ്രേതാത്മവാദത്തിൻറെ യഥാർത്ഥ സ്വഭാവത്തെ സംബന്ധിച്ചുള്ള തെളിവുകൾ മറ്റൊന്നുമില്ലായെങ്കിലും, ഇപകാരമുള്ള ആത്മാക്കൾ പാപവും

നീതിയും തമ്മിലുള്ള വ്യത്യാസം കാണിച്ചുകൊടുക്കുന്നില്ലാ എന്നുള്ളതും ക്രിസ്തുവിൻറെ ശ്രേഷ്ഠന്മാരായ വിശുദ്ധ അപ്പൊസ്തലന്മാരും അഴിമതിയിൽ മുങ്ങിയ സാത്താൻറെ ശുശ്രൂഷക്കാരും തമ്മിൽ വ്യത്യാസങ്ങളില്ലായെന്നു പറയുന്നതും മാത്രം ഒരു ക്രിസ്ത്യാനിക്ക് തെളിവായിരുന്നാൽ മതിയാകുന്നതാണ്. മനുഷ്യരിൽ ഹീനന്മാരായവർ പോലും സ്വർഗ്ഗത്തിലാണെന്നും അവരവിടെ ഉന്നതപദവികളിൽ ഇരിക്കുന്നുവെന്നും പ്രഖ്യാപിച്ചുകൊണ്ട് സാത്താൻ ലോകത്തോടിപ്രകാരം പറയുന്നു: “നിങ്ങളെത്രമാത്രം ദുഷ്ടനായിരുന്നാലും സാരമില്ല; ദൈവത്തിലും വേദപുസ്തകത്തിലും നിങ്ങൾ

വിശ്വസിച്ചാലും ഇല്ലെങ്കിലും കാര്യമില്ല. നിങ്ങളാഗ്രഹിക്കുന്നതുപോലെ യഥേഷ്ടം ജീവിച്ചു കൊൾക; സ്വർഗ്ഗം നിങ്ങളുടെ ഭവനം തന്നെയാണ്. പ്രേതാത്മവാദ ഉപദേഷ്ടാക്കന്മാർ ഇപ്രകാരം പ്രഖ്യാപിക്കുന്നു: “ദോഷം പ്രവർത്തിക്കുന്ന ഏവനും യഹോവയ്ക്ക് ഇഷ്ടമുള്ളവൻ ആകുന്നു; അങ്ങനെയുള്ളവരിൽ അവൻ പ്രസാദിക്കുന്നു; അല്ലെങ്കിൽ ന്യായവിധിയുടെ ദൈവം എവിടെ?” (മലാഖി. 2:17). ദൈവവചനം ഇപ്രകാരം പറയുന്നു: “തിന്മയ്ക്ക് നന്മയെന്നും നന്മയ്ക്കു തിന്മയെന്നും പേർ പറകയും ഇരുട്ടിനെ വെളിച്ചവും വെളിച്ചത്തെ ഇരുട്ടും ആക്കുകയും...

ചെയ്യുന്നവർക്കു അയ്യോ കഷ്ടം!” (യെശ. 5:20).

ഇപ്രകാരം ഭ്രതാത്മാക്കൾ കളവായി പ്രതിനിധീകരിക്കുന്ന, വിശുദ്ധ അപ്പൊസ്തലന്മാർ അവരുടെ ഇഹലോക ജീവിതകാലത്തു പരിശുദ്ധാത്മ ശക്തികൊണ്ട് രേഖപ്പെടുത്തിയതിനെ ഇപ്പോൾ പതാത്മാക്കൾ എതിർക്കുന്നു. വേദപുസ്തകത്തിൻറെ ദിവ്യമായ ഉത്ഭവത്തെ അവർ തള്ളിക്കളെയുകയും അപ്രകാരം ക്രിസ്ത്യാനിയുടെ പ്രത്യാശയെന്ന അടിസ്ഥാനത്തെ പൊളിച്ചു കൊണ്ട് സ്വർഗ്ഗത്തിലേക്കുള്ള വഴി തെളിക്കുന്ന വെളിച്ചത്തെ കെടുത്തുകള കയും ചെയ്യുന്നു. വേദപുസ്തകം വെറും

കെട്ടുകഥയാണെന്നും അത്
മനുഷ്യവർഗ്ഗത്തിന്റെ ശൈശവദശയിൽ
മാത്രം ആവശ്യമുള്ളതായിരുന്നുവെന്നും
ഇപ്പോളതിനെ തള്ളിക്കളകയൊ
നിസ്സാരമായി പരിഗണിക്കുകയൊ
ചെയ്താൽ കുഴപ്പമില്ലെന്നും സാത്താൻ
ലോകത്തെ വിശ്വസിപ്പിക്കുന്നു.

ദൈവവചനത്തിൻറെ സ്ഥാനം
അലങ്കരിക്കുന്നതിനവൻ
ഭൂതാത്മാക്കളുടെ പ്രകടനങ്ങളിലേക്കു
ശ്രദ്ധ തിരിക്കുന്നു. തൻറെ മാത്രം
നിയന്ത്രണത്തിലുള്ള ഒരു ചാനലാണിത്;
ഇതിൽ കൂടെ തൻറെ ഇഷ്ടം ലോകത്തെ
വിശ്വസിപ്പിക്കുവാനവനു സാധിക്കുന്നു.
തന്നെയും തൻറെ അനുഗാമികളെയും
ന്യായം വിധിക്കുന്ന പുസ്തകത്തെ

അവനാഗ്രഹിക്കുന്ന ഇരുട്ടിലവൻ എറിഞ്ഞുകളഞ്ഞി രിക്കുന്നു: ലോകരക്ഷിതാവിനെ അവൻ ഒരു സാധാരണ മനുഷ്യനെക്കാൾ അപ്പുറം ഗണ്യമാക്കുന്നില്ല. യേശുവിൻറെ കല്ലറയ്ക്കു കാവൽ നിന്ന പടയാളി, കർത്താവിന്റെ ഉയിർത്തെഴുന്നേല്പ്പിനെതിരേ പുരോഹിതന്മാരും മൂപ്പന്മാരും പറഞ്ഞുകൊടുത്ത കള്ളക്കഥ പ്രചരിപ്പിച്ചതുപോലെ പരേതാത്മ പ്രതിഭാസങ്ങളിൽ വിശ്വസിക്കുന്നവർ നമ്മുടെ രക്ഷകൻറെ ജീവിതത്തിൽ വ്യാപരിച്ച പരിതസ്ഥിതികളിൽ അത്ഭുതകരമായി ഒന്നുമില്ലെന്നു പ്രസ്താവിക്കുന്നു. ഇപ്രകാരം യേശുവിനെ പിന്നിലേക്കു തള്ളുവാൻ

പരിശ്രമിച്ചുകൊണ്ട് തങ്ങളുടെ സ്വന്ത അത്ഭുതങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുവാൻ ലോകത്തെ ക്ഷണിക്കുകയും അവ ക്രിസ്തുവിൻറെ പ്രവൃത്തികളെക്കാൾ ഉന്നതമാണെന്നു പ്രഖ്യാപിക്കുകയും ചെയ്യുന്നു.

പ്രേതാത്മവാദം ഇപ്പോളതിൻറെ രൂപത്തെ മാറ്റിക്കൊണ്ട് ചോദ്യം ചെയ്യപ്പെടാവുന്ന ചില വസ്തുതകളെ മൂടുപടത്തിനുള്ളിലാക്കിയിരിക്കുന്നത് കപടനാട്യമായി ഒരു ക്രിസ്ത്യാനി മനസ്സിലാക്കണമെന്നുള്ളത് സത്യമായ വസ്തുതയാണ്. എന്നാൽ പ്രസംഗപീഠങ്ങളിൽനിന്നുള്ള അതിൻറെ ശബ്ദങ്ങളും പൊതുജനമദ്ധ്യേ അനേകവർഷങ്ങളായി

പ്രതവാർത്തകൾ അതിനെക്കുറിച്ച് പ്രചരിപ്പിക്കുന്നതും അതിൻറെ യഥാർത്ഥ സ്വഭാവം വ്യക്തമാക്കിക്കൊണ്ട യാഥാർത്ഥ്യം വെളിപ്പെടുത്തുന്നു. ഈ ഉപദേശങ്ങൾ തള്ളിക്കളയുവാനോ മറച്ചുപിടിക്കുവാനോ സാദ്ധ്യമല്ല.

ഇപ്പോഴത്തെ അവസ്ഥയിൽപോലും, കഴിഞ്ഞ കാലങ്ങളെ അപേക്ഷിച്ച് ലഘുവായി തോന്നാമെങ്കിലും അത് കൂടുതൽ വിഷലിപ്തവും വഞ്ചനാത്മകവും ആയതിനാൽ അപകടം നിറഞ്ഞതാണ്. ആദ്യമത് ക്രിസ്തുവിനേയും വേദപുസ്തകത്തേയും തള്ളിപ്പറഞ്ഞുവെങ്കിൽ ഇപ്പോൾ അവ രണ്ടും സ്വീകരിക്കുന്നതായി

അഭിനയിക്കുന്നു. പുതുക്കം പ്രാപിക്കാത്ത ഹൃദയത്തിനു ആനന്ദം ലഭിക്കുന്നവിധം വേദപുസ്തകത്തെ വ്യാഖ്യാനിച്ചുകൊണ്ട് അതിലെ ഗൗരവതരവും അതിപ്രാധാനവുമായ സത്യങ്ങളെ ലഘൂകരിച്ചുകളയുന്നു. ദൈവത്തിൻറെ സ്വഭാവ സവിശേഷതകളിൽ അതിപ്രധാനമായത് സ്നേഹ മാണെങ്കിലും അതിനെ ഒരു വികാര ദൗർബ്ബല്യമാക്കി മാറ്റിക്കൊണ്ട് നന്മയും തിന്മയും തമ്മിലുള്ള വ്യത്യാസം ലഘുവാക്കുന്നു. ദൈവനീതി, പാപത്തോടുള്ള തൻറെ വെറുപ്പ്, തൻറെ വിശുദ്ധ കല്പനയുടെ ആവശ്യം എന്നിവ ദൃഷ്ടിപഥത്തിൽ നിന്നകലെയാകുന്നു. ചത്ത അക്ഷരങ്ങളായി പത്തു കല്പനയെ കാണുവാൻ ജനത്തെ പഠിപ്പിക്കുന്നു.

മനുഷ്യമനസ്സിനെ സന്തോഷിപ്പിച്ച് വശീ
കരിക്കുന്ന കെട്ടുകഥകൾ
പ്രചരിപ്പിച്ചുകൊണ്ട് വിശ്വാസത്തിൻറെ
അടിസ്ഥാ നമായ വേദപുസ്തകത്തെ
ഉപേക്ഷിച്ചുകളയുവാൻ ജനത്തെ വഴി
നടത്തുന്നു. മുമ്പത്തെപ്പോലെതന്നെ
ക്രിസ്തു
ഉപേക്ഷിക്കപ്പെട്ടിരിക്കുന്നുവെങ്കിലും ഈ
വഞ്ചന തിരിച്ചറിയാതിരിക്കുവാൻ
ജനത്തിൻറെ കണ്ണുകളെ സാത്താൻ
കുരുടാക്കിയിരിക്കുന്നു.

പ്രേതാത്മവാദത്തിൻറെ വഞ്ചക
ശക്തിയെക്കുറിച്ചും അതിൻറെ
സ്വാധീനത്തിൽപെട്ടു പോയാലുള്ള
ആപത്തിനെക്കുറിച്ചും വളരെ
കുറച്ചുപേർക്കു മാത്രമേ ധാരണയുള്ളു.

ജിജ്ഞാസ അടക്കാനായി പലരുമതിൽ തലയിട്ടു പോകുന്നു. അവർക്കതിൽ വിശ്വാസമില്ല; ആത്മാവിൻറെ നിയന്ത്രണത്തിൽ തങ്ങളെ ഏല്പിച്ചുകൊടുക്കുവാൻ പോകുന്നുവെന്ന് ചിന്തപോലും അവരെ ഭയവിഹ്വലരാക്കുന്നു. പക്ഷെയവർ വിലക്കപ്പെട്ട പ്രതലത്തിൽ നിൽക്കുകയാണ്; മഹാനാശകൻ തൻറെ ശക്തി അവരുടെ താല്പര്യത്തിനെതിരേ പ്രയോഗിക്കുന്നു. തൻറെ ഇഷ്ടത്തിനു ഒരിക്കലവർ ഏല്പ്പിച്ചു കൊടുത്തുകഴിഞ്ഞാൽ അവനവരെ അടിമകളാക്കിത്തീർക്കും. അതിൻറെ മാന്ത്രിക മായാശക്തിയുടെ പ്രലോഭനത്തിൽനിന്ന് കരകയറാൻ പിന്നീടവർക്ക് സ്വന്തശക്തികൊണ്ട്

സാധ്യമല്ലാതാകുന്നു. ഇപ്രകാരം വലയിൽപെട്ടുപോയ ദേഹികളെ രക്ഷിക്കുവാൻ വിശ്വാസത്തോടുകൂടിയ ഹൃദയംഗമായ പ്രാർത്ഥനയ്ക്കുത്തരമായി ലഭിക്കുന്ന ദൈവശക്തിക്കു മാത്രമേ സാധിക്കുകയുള്ളൂ.

പാപസ്വഭാവത്തിൽ തുടരുകയും, അറിഞ്ഞുകൊണ്ട് മനഃപൂർവ്വം പാപത്തിൽ ലയിക്കുകയും ചെയ്യുന്നവർ സാത്താൻറെ പരീക്ഷ ക്ഷണിച്ചുവരുത്തു ന്നു. ദൈവത്തിൽനിന്നും ദൈവദൂതന്മാരുടെ സംരക്ഷണ വലയത്തിൽനിന്നുമവർ അകന്നു മാറുന്നു; ദുഷ്ടനായവൻ തൻറെ വഞ്ചന പ്രയോഗിക്കുമ്പോൾ പ്രതിരോധമില്ലാത്ത

അവർ ഇരയായിപ്പോകുന്നു. അവൻറെ ശക്തിക്ക് കീഴ്പെട്ടുപോയ ഇവർ തങ്ങളുടെ പാതയുടെ അന്ത്യം തീരെ മനസ്സിലാക്കുന്നില്ല. അവരുടെ തകർച്ച സാദ്ധ്യമാക്കിയ പരീക്ഷകൻ മറ്റുള്ളവരെ വശീകരിക്കു ന്നതിനവരെ ആയുധമാക്കി മാറ്റുന്നു.

പ്രവാചകനായ യെശയ്യാവ് ഇപ്രാകാരം പറയുന്നു: "വെളിച്ചപ്പാടന്മാ രോടു ചിലക്കുകയും ജപിക്കുകയും ചെയ്യുന്നവരായ ലക്ഷണവാദികളോടും അരുളപ്പാടു ചോദിപ്പിൻ എന്നു അവർ നിങ്ങളോടു പറയുന്നുവെങ്കിൽ ജനം തങ്ങളുടെ ദൈവത്തോടല്ലയോ ചോദിക്കേണ്ടതു? ഉപദേശത്തിനും സാക്ഷ്യത്തിനും വരുവിൻ! അവർ ഈ

വാക്കുപോലെ പറയുന്നില്ലയെങ്കിൽ - അവർക്ക് അരുണോദയം ഉണ്ടാകയില്ല" (യെശയ്യാവ്. 8:19,20). മനുഷ്യൻറെ പ്രകൃതിയേയും മരണത്തിൽ മനുഷ്യൻറെ അവസ്ഥയേയും സംബന്ധിച്ചുള്ള വേദപുസ്തക ഉപദേശം പ്രസ്താവിക്കുന്ന വ്യക്തമായ സത്യം സ്വീകരിക്കു വാൻ മനുഷ്യർ താല്പര്യം കാണിച്ചിരുന്നെങ്കിൽ, പതാത്മവാദത്തിൻറെ പ്രകടനങ്ങളിലും അവകാശവാദങ്ങളിലും കളവായ അത്ഭുതങ്ങളും അടയാളങ്ങ ളുംകൊണ്ട് ശക്തിയോടുകൂടെ സാത്താൻ പ്രവർത്തിക്കുന്നതവർക്ക് കാണാൻ കഴിയുമായിരുന്നു. പക്ഷെ, തങ്ങളുടെ ജഡിക ഹൃദയത്തിൻറെ സ്വാതന്ത്ര്യം കീഴ്പെടുത്തിക്കൊണ്ട് രസകരമായ

പാപങ്ങളെ ഉപേക്ഷിക്കുന്നതിനുപകരം, ജനസമൂഹം വെളിച്ചത്തിനെതിരെ കണ്ണുകൾ ഇറുക്കി അടച്ചുകൊണ്ട് മുന്നറിയിപ്പുകൾ വകവയ്ക്കാതെ മുന്നോട്ടു ഗമിക്കുകയും സാത്താനൊരുക്കുന്ന വലയിൽ ഇരയായി പെട്ടുപോകയും ചെയ്യുന്നു. "അവർ രക്ഷിക്കപ്പെട്ടുവാന്തക്കവണ്ണം സത്യത്തെ സ്നേഹിച്ചു കൈക്കൊള്ളായയാൽ തന്നേ അങ്ങനെ ഭവിക്കും. സത്യത്തെ വിശ്വസിക്കാതെ അനീതിയിൽ രസിക്കുന്ന ഏവർക്കും.... ഭോഷ്ക്കു വിശ്വസിക്കുമാറ് വ്യാജത്തിൻറെ വ്യാപാരശക്തി അയയ്ക്കുന്നു" (2 തെസ്സലൊനീക്യർ 2:10-12).

പ്രേതാത്മവാദ ഉപദേശങ്ങളോടു എതിർത്തു നില്ക്കുന്നവർ മനുഷ്യരോടു മാത്രമല്ല, സാത്താനോടും തൻറെ ദൂതന്മാരോടുംകൂടെ യുദ്ധം ചെയ്യുകയാണ്. വാഴ്ചകളോടും അധികാരങ്ങളോടും സ്വർലോക ദുഷ്ടാത്മ സേനയോടുമവർ പോരാട്ടത്തിൽ ഏർപ്പെട്ടുകഴിഞ്ഞിരിക്കുന്നു. സ്വർഗ്ഗീയ ദൂതഗണങ്ങളുടെ ശക്തികൂടാതെ ഒരിഞ്ചുപോലും പിന്നോക്കം സാത്താൻ മാറി പ്പോകയില്ല. രക്ഷകൻ ചെയ്തതുപോലെ, “എന്നും എഴുതിയിരിക്കുന്നു” എന്നുള്ള വാക്കുകൾ ഉപയോഗിച്ചുകൊണ്ട് ദൈവജനം സാത്താനെ നേരിടേണ്ടതാണ്. ക്രിസ്തുവിൻറെ കാലത്തെന്നപോലെ ഇന്നും തിരുവചനം

ഉദ്ധരിച്ചുകൊണ്ട് തൻ്റെ
പ്രലോഭനങ്ങളെ ബലപ്പെടുത്തുവാൻ
സാത്താൻ ഉപദേശങ്ങളെ
മറിച്ചുകളയുന്നു. കഷ്ടകാലത്തു
ഉറച്ചുനില്ക്കണമെന്നാഗ്രഹിക്കു ന്നവർ
തിരുവചന സാക്ഷ്യം സ്വന്തമായി
മനസ്സിലാക്കേണ്ടതാണ്.

സ്നേഹിതരും ബന്ധുക്കളുമായി
സ്നേഹഭാജനങ്ങളുടെ രൂപം
ധരിച്ചുകൊണ്ട് ഭൂതാത്മാക്കൾ
അപകടകരമായ വിശ്വാസരാഹിത്യം
പ്രസ്താവിക്കുന്നത് പലരും
നേരിടേണ്ടിവരും. നമ്മുടെ മൃദുലമായ
അനുകമ്പ അർഹിക്കത്തക്കവിധം
ഈ സന്ദർശകർ അഭിനയിച്ച്
അത്ഭുതങ്ങൾ പ്രവർത്തിക്കും.

മരിച്ചവർ യാതൊന്നും അറിയുന്നില്ല എന്നുള്ള ബൈബിൾ സത്യത്തിൽ ഉറച്ചുനിന്നുകൊണ്ട് നാം ഇവർ നേരിടുകയും ഇപ്രകാരം പ്രത്യക്ഷപ്പെടുന്നവർ ഭൂതാത്മാക്കളാണെന്നു മനസ്സിലാക്കുകയും ചെയ്യേണ്ടതാണ്.

"ഭൂമിയിൽ വസിക്കുന്നവരെ പരീക്ഷിക്കേണ്ടതിനു ഭൂതലത്തിലെങ്ങും വരുവാനുള്ള പരീക്ഷാകാലം" നമുക്ക് തൊട്ടുമുമ്പിലുണ്ട് (വെളിപ്പാട് 3:10). ദൈവവചനത്തിൽ അടിസ്ഥാനമിട്ട് ഉറപ്പുള്ള വിശ്വാസം ഇല്ലാത്തവരൊക്കേയും വഞ്ചിക്കപ്പെടുകയും തോറ്റുപോവുകയും ചെയ്യും. "അനീതിയുടെ സകല വഞ്ചനയോടുംകൂടെ" സാത്താൻ

പ്രവർത്തിച്ച് മനുഷ്യരെ
നിയന്ത്രിക്കുകയും അവൻറെ വഞ്ചക
പ്രവൃത്തികൾ തുടർച്ചയായി
വർദ്ധിച്ചുവരികയും ചെയ്യും. പക്ഷെ
മനുഷ്യർ അവൻറെ പരീക്ഷയ്ക്ക്
സ്വമേധയാ വശംവദരാകുന്നെങ്കിൽ
മാത്രമേ സാത്താൻ തൻറെ ലക്ഷ്യം
നേടുകയുള്ളൂ. സത്യത്തിൻറെ
പരിജ്ഞാനം ആത്മാർത്ഥമായി
ആഗ്രഹിക്കുകയും,
അനുസരണയിൽകൂടെ തങ്ങളുടെ
ആത്മാക്കളുടെ വിശുദ്ധീകരണം
കാംക്ഷിക്കുകയും ഇപകാരം
പോരാട്ടത്തിനു ഒരുങ്ങുകയും ചെയ്യുന്നവർ
സത്യത്തിൻറെ ദൈവത്തിൽ തങ്ങൾക്ക്
ഉറപ്പായ പ്രതിരോധനം ഉള്ളതായി
മനസ്സിലാക്കും.

“സഹിഷ്ണുതയെക്കുറിച്ചുള്ള എൻറെ വചനം നീ കാത്തുകൊണ്ടതിനാൽ.... ഞാനും നിന്നെ കാക്കും” (വെളിപ്പാട് 3:10). ഇതാണ് രക്ഷകൻറെ വാഗ്ദത്തം. തന്നിൽ വിശ്വസിക്കുന്ന ഒരു ദേഹിയുടെമേൽപോലും സാത്താൻ വിജയിക്കാതിരിക്കേണ്ടതിനു അതിവേഗം ദൈവം ഓരോ ദൂതനേയും സ്വർഗ്ഗത്തിൽ നിന്നും ഭൂമിയിലേക്കയയ്ക്കുന്നു.

ദൈവത്തിൻറെ ന്യായവിധിയിൽനിന്നു തങ്ങൾ സുരക്ഷിതരാണെന്നു ചിന്തിച്ചുകൊണ്ട് ദുഷ്ടന്മാർ ഭയാനകമായ വഞ്ചനയിൽ വീഴുന്ന ദർശനം പ്രവാചകനായ യെശയ്യാവ് വിവരിക്കുന്നു: “ഞങ്ങൾ മരണത്തോടു

സഖ്യതയും പാതാളത്തോടു ഉടമ്പടിയും ചെയ്തിരിക്കുന്നു; പ്രവഹിക്കുന്ന ബാധ ആക്രമിക്കുമ്പോൾ അതു ഞങ്ങളോടു അടുത്തു വരികയില്ല; ഞങ്ങൾ ഭോഷ്കിനെ ശരണമാക്കി വ്യാജത്തിൽ ഒളിച്ചിരിക്കുന്നു എന്നു നിങ്ങൾ പറഞ്ഞുവല്ലോ” (യെശയ്യാവ് 28:15). പശ്ചാത്താപരഹിതമായ ഹൃദയ കാഠിന്യത്തിൽ പെട്ടു പോയതു നിമിത്തം പാപിക്ക് ശിക്ഷവരികില്ലായെന്ന് വിശ്വസിച്ച് ആശ്വാസം കൊള്ളുന്നവർ ഈ കൂട്ടത്തിലുണ്ട്; എത്രമാത്രം ദുഷിച്ചുപോയവരായിരുന്നാൽ പോലും, മാനവരാശി മുഴുവൻ ദൈവദൂതന്മാരെപ്പോലെ ആകേണ്ടതിന് സ്വർഗ്ഗത്തിലേക്കു ഉയർത്തപ്പെടും

എന്നവർ ചിന്തിക്കുന്നു. ഉപദ്രവകാലത്തു പ്രതിരോധമായി നീതിമാന്മാർക്കു സ്വർഗ്ഗം പ്രദാനം ചെയ്തിരിക്കുന്ന സത്യം ഉപേക്ഷിച്ചുകൊണ്ട് മരണത്തോടു നിയമം ചെയ്കയും പാതാളത്തോടു ഉഭയസമ്മതം ചെയ്യുകയും അതിനുവേണ്ടി സാത്താനാൽ നല്കപ്പെട്ടിരിക്കുന്ന സുനിശ്ചിതമായ കള്ളങ്ങളെ അഭയകേന്ദ്രമായി സ്വീകരിക്കുകയും ചെയ്തുകൊണ്ട് ഇവർ വഞ്ചനയിൽ പെട്ടുപോകുന്നു - ഇതാണ് പ്രേതാത്മ സിദ്ധാന്തത്തിൻറെ വഞ്ചനാത്മകമായ കാപട്യം.

ഈ തലമുറയിലെ ജനത്തിൻറെ അന്ധത വിവരിക്കാവുന്നതിലധികം അത്ഭുതകരമായിരിക്കുന്നു.

വിശ്വസിക്കുവാൻ അയോഗ്യമെന്നു
പറഞ്ഞു ആയിരങ്ങൾ ദൈവവചനത്തെ
ദൂരത്തെറിഞ്ഞുകൊണ്ട് ജിജ്ഞാസ
നിറഞ്ഞ ആത്മവിശ്വാസത്തോടുകൂടെ
സാത്താൻറെ വഞ്ചനകളെ
സ്വീകരിക്കുന്നു. പ്രവാചകന്മാരുടേയും
അപ്പൊസ്തലന്മാരുടെയും വിശ്വാസത്തിൽ
സംതൃപ്തരായവരെ മതഭ്രാന്തന്മാരെന്നു
അവിശ്വാസികളും പരിഹാസികളും
തള്ളിപ്പറ യുകയും, ക്രിസ്തുവിനേയും
രക്ഷാപദ്ധതിയേയും കുറിച്ചുള്ള
തിരുവചന പ്രസ്താവനകളെ അവർ
പിടിച്ചിരിക്കയാൽ അവരെ നിന്ദിച്ചു
തള്ളുകയും ഇപ്രകാരം സത്യം
നിഷേധിച്ചുകളയുന്നവരുടെമേൽ
ദൈവകോപം കടന്നു വരുവാൻ
വഴിയൊരുക്കുകയും ചെയ്യുന്നു.

ദൈവത്തിൻറെ അവകാശവാദങ്ങളെ
അംഗീകരിക്കുകയും ദൈവകല്പനകൾ
അനുസരിക്കുകയും ചെയ്യുന്നവർ
ഇടുങ്ങിയ മനസ്സുള്ളവരും ബലഹീനരും
അന്ധവിശ്വാസികളും അനുകമ്പ
അർഹിക്കുന്നവരുമാണെന്നു
മുദ്രയടിക്കപ്പെടുന്നു. അങ്ങനെ ദുഷ്ടന്മാർ
മരണത്തോടു നിയമം ചെയ്യുകയും
പാതാളത്തോടു ഉഭയസമ്മതം
ചെയ്യുകയും ചെയ്തുകൊണ്ട് അതിനു
ഉറപ്പുവരുത്തിയതായി കാണിക്കുന്നു.
ഇപ്രകാരമവർ തങ്ങൾക്കും
ദൈവകോപത്തിനും മദ്ധ്യേ്യ നിശ്ചലവും
കടന്നുകൂടുവാൻ കഴിയാത്തതുമായ
പ്രതിരോധം നിർമ്മിച്ചിരിക്കുന്നതായി
ഭാവിക്കുന്നു. അവരുടെ ഭയത്തെ
ഉത്തേജിപ്പിക്കുവാൻ ഒന്നിനുംതന്നെ

സാധിക്കുന്നില്ല. അവരെത്രമാത്രം പൂർണ്ണമായി പരീക്ഷകനു കീഴ്പെട്ടുപോയതിനാലും, അഭേദ്യമായി അവനോടു യോജിച്ചു പോയതിനാലും, അവൻറെ ആത്മാവിനാൽ നിറയപ്പെട്ടുപോയതു നിമിത്തവും, അവൻറെ വലയിൽനിന്നു മോചനം പ്രാപിക്കുവാൻ താല്പര്യമോ ശക്തിയോ അവരിൽ കാണപ്പെടുന്നില്ല.

ലോകത്തെ വഞ്ചിക്കുന്നതിനുള്ള തൻറെ അന്ത്യ പരിശ്രമത്തിനു സാത്താൻ ഒരുക്കങ്ങൾ കൂട്ടുന്നു. ഏദെൻ തോട്ടത്തിൽ ഹവ്വായ്ക്ക് കൊടുത്ത ഉറപ്പിൻമേൽ അവൻറെ പ്രവൃത്തികളുടെ അടിസ്ഥാനം ഉറപ്പിച്ചിരിക്കുന്നു. “നിങ്ങൾ മരിക്കയില്ല നിശ്ചയം; അതു

തിന്നുന്ന നാളിൽ നിങ്ങളുടെ കണ്ണു തുറക്കുകയും നിങ്ങൾ നന്മതിന്മകളെ അറിയുന്നവരായി ദൈവത്തെപ്പോലെ ആകയും ചെയ്യും" (ഉല്പ. 3:4,5). അല്പാല്പമായി താമസിദ്ധാന്തത്തിൽകൂടെ തൻറെ വഞ്ചനയ്ക്കുള്ള വഴിയവൻ തുറന്നു വികസിപ്പിച്ചു. തൻറെ പദ്ധതികളെ പൂർണ്ണമായി അവനിപ്പോഴും നേടിയെടുത്തിട്ടില്ല; ശേഷിപ്പിൻറെ അന്ത്യകാലത്ത് അതവൻ പൂർത്തീകരിക്കും. പ്രവാചകൻ ഇപ്രകാരം പറയുന്നു: ''..... തവളയെപ്പോലെ മൂന്നു അശുദ്ധാത്മാക്കൾ പുറപ്പെടുന്നതു ഞാൻ കണ്ടു. ഇവ സർവ്വ ഭൂതലത്തിലും ഉള്ള രാജാക്കന്മാരെ സർവ്വശക്തനായ

ദൈവത്തിൻറെ മഹാദിവസത്തിലെ
യുദ്ധത്തിന്ന കൂട്ടിച്ചേർപ്പാൻ
അത്ഭുതങ്ങൾ ചെയ്തുകൊണ്ട് അവരുടെ
അടുക്കലേക്കു പുറപ്പെടുന്ന ഭൂതാത്മാക്കൾ
തന്നേ” (വെളിപ്പാട് 16:13,14).
ദൈവവചനത്തിലുള്ള വിശ്വാസത്തിലും
ദൈവശക്തിയിലും
സൂക്ഷിക്കപ്പെടാത്തവരൊക്കെയും
സാത്താൻറെ കൊടും വഞ്ചനയിൽപെട്ട്
ഒഴുകിപ്പോകും. ഇല്ലാത്ത
സുരക്ഷിതത്വത്തിൽ ജനം
സമാധാനപ്പെട്ടിരിക്കുന്നു;
ദൈവകോപത്തിൻറെ പാനപാത്രം
പകരപ്പെടുമ്പോൾ മാത്രം അവർ
ഉണർന്നുവരും.

കർത്താവായ ദൈവം ഇപ്രകാരം അരുളിച്ചെയ്യുന്നു: “ഞാൻ ന്യായത്തെ അളവുചരടും നീതിയെ തൂക്കുകട്ടയും ആക്കിവെക്കും; കന്മഴ വ്യാജശരണത്തെ നീക്കിക്കളയും; വെള്ളം ഒളിപ്പിടത്തെ ഒഴുക്കിക്കൊണ്ടുപോകും. മരണത്തോടുള്ള നിങ്ങളുടെ സഖ്യത ദുർബ്ബലമാകും; പാതാളത്തോടുള്ള നിങ്ങളുടെ ഉടമ്പടി നിലനില്ക്കയില്ല; പ്രവഹിക്കുന്ന ബാധ ആക്രമിക്കുമ്പോൾ നിങ്ങൾ തകർന്നുപോകും” (യെശയ്യാവു 28:17,18).

അദ്ധ്യായം

**35**—മനസ്സാക്ഷിസ്വാതന്ത്ര്യത്തിനു ഭീഷണി

മുൻകാലങ്ങളിൽ ഉണ്ടായിരുന്നതിനെക്കാൾ അധികം താല്പര്യത്തോടെ ഇപ്പോൾ പ്രൊട്ടസ്റ്റൻറ് ക്രിസ്ത്യാനികൾ റോമാ മതത്തെ വീക്ഷിച്ചു തുടങ്ങിയിരിക്കുന്നു. കത്തോലിക്കാ മതം വളരെയധികം പ്രബലപ്പെടാതിരുന്ന രാജ്യങ്ങളിൽ അവരുടെ സ്വാധീനം വർദ്ധിപ്പിക്കുവാൻ ശ്രമിക്കുന്നതനുസരിച്ച് നവീകരണ സഭകളേയും പാപ്പാത്വ പാരമ്പര്യത്തേയും തമ്മിൽ വേർതിരിച്ചിരുന്ന തത്വസംഹിതകളിൽ വ്യാപകമായ

അശദ്ധ പ്രകടമായി ത്തുടങ്ങി.
അതിപ്രധാനമായ വിശ്വാസ
സംഹിതകളിൽ തങ്ങൾ
ചിന്തിച്ചിരുന്നതുപോലുള്ള വ്യത്യാസം
യഥാർത്ഥത്തിൽ കാണുന്നില്ല എന്നും
തങ്ങളുടെ പക്ഷത്തു നിന്നു ചുരുക്കം ചില
വിട്ടുവീഴ്ചകൾ ചെയ്താൽ റോമിനോടു നല്ല
അഭിപ്രായ ഐക്യത്തിൽ വരാൻ
സാധിക്കുമെന്നും ഉള്ള ചിന്താഗതി
പ്രൊട്ടസ്റ്റൻറു സഭകളിൽ ഉടലെടുത്തു
തുടങ്ങി. വളരെ വിലകൊടുത്തു
വാങ്ങിയിരുന്ന
മനസ്സാക്ഷിസ്വാതന്ത്ര്യത്തെ
പ്രൊട്ടസ്റ്റൻറുകാർ ഒരുകാലത്തു
വളരെയധികം വിലമതിച്ചിരുന്നു.
പാപ്പാത്വ പാരമ്പര്യങ്ങളോട്
യോജിക്കുവാൻ ശ്രമിക്കുന്നത്

ദൈവത്തോട് അവിശ്വസ്തത
കാണിക്കുന്നതാണെന്നും, ആയതിനാൽ
അതിൽനിന്ന് പൂർണ്ണമായി
അകന്നിരിക്കേണ്ടതാണെന്നും അവർ
തങ്ങളുടെ മക്കളെ പഠിപ്പിച്ചിരുന്നു.
എന്നാൽ ഇപ്പോൾ അവർ റോമാ
സഭയോടു കാണിക്കുന്ന വികാരം
എത്രമാത്രം വ്യത്യസ്തമായിരിക്കുന്നു!

ഒരിക്കൽ കത്തോലിക്കാ സഭ
അപകീർത്തികരമായി
പ്രവർത്തിച്ചുപോന്നിരുന്നുവെന്നു
ള്ള പ്രസ്താവന, പാപ്പാത്വ
മതത്തിനുവേണ്ടി ന്യായവാദം
നടത്തുന്നവരോടൊത്തു പ്രൊട്ടസ്റ്റൻറ്
വിഭാഗങ്ങളും സ്വീകരിച്ചു
തുടങ്ങിയിരിക്കുന്നു. അജ്ഞതയുടേയും

അന്ധകാരത്തിൻറെയും നൂറ്റാണ്ടുകളിലെ സഭയുടെ അധികാര കാലത്തു നടമാടിയിരുന്ന യുക്തി രഹിതവും വെറുപ്പുളവാക്കുന്നതുമായ പ്രവർത്തികളെക്കൊണ്ടു ഇന്നത്തെ സഭയെ വിധിക്കുന്നത് ന്യായരഹിതമാണെന്നു അവർ തറപ്പിച്ചു പറയുന്നു. അന്നത്തെ കാലത്തു നിലവിലിരുന്ന പരിഷ്ക്കാരമില്ലായ്മയുടെ ഫലമായിട്ടായിരുന്നു അന്ന് ഭീകരമായ ക്രൂരതകൾ അവർ പ്രവർത്തിച്ചുപോയതെന്നും, അത് ഇന്നു നാം ക്ഷമിച്ചുകൊടുക്കേണ്ടതാണെന്നും, എന്നാൽ ആധുനിക സംസ്കാരം അവരുടെ മതവികാരങ്ങൾക്കു

ഗണ്യമായ മാറ്റം വരുത്തിയിരിക്കുന്നു എന്നും അവർ വാദിക്കുന്നു.,

അഹങ്കാരം നിറഞ്ഞ ഈ ശക്തി തങ്ങളുടെ അപ്രമാദിത്വ അധികാരം എണ്ണൂറ് വർഷക്കാലം പ്രയോഗിച്ചിരുന്നത് ഈ വ്യക്തികൾ മറന്നുപോയതാണോ? ഇത് ലേശവും പരിത്യജിക്കാതെ 19-ാം നൂറ്റാണ്ടിൽ കഴിഞ്ഞ കാലങ്ങളേക്കാൾ അധികം തങ്ങളുടെ അപ്രമാദിത്വ അധികാരം അവർ ഉറപ്പിക്കുകയാണ് ചെയ്തത്. “തിരുവചനത്തിന് തെറ്റ് സംഭവിച്ചാലും സഭയ്ക്ക് ഒരിക്കലും തെറ്റ് സംഭവിച്ചിട്ടില്ല, ഇനി സംഭവിക്കയുമില്ല” എന്ന് റോം ഉറപ്പിച്ചു പ്രസ്താവിക്കുന്നു. (John L. Von Mosheim, Institutes of

Ecclesiastical History, book 3, Century 11, Part 2, Chapter 2, Section 9, Note 17). കഴിഞ്ഞ കാലങ്ങളിൽ അവളുടെ ഗതിയെ ഭരിച്ച നടത്തിയ തത്വങ്ങൾ ഉപേക്ഷിക്കുവാൻ അവൾക്കെങ്ങനെ കഴിയും?

അപ്രമാദിത്വ അധികാരമെന്ന അവളുടെ അവകാശവാദം പാപ്പാത്വ സഭ ഒരിക്കലും ഉപേക്ഷിക്കുകയില്ല. അവൾ സ്ഥാപിച്ച വിശ്വാസപ്രമാണങ്ങൾ പാലിക്കാതിരുന്നവരോടു ചെയ്ത എല്ലാവിധ പീഡനങ്ങളും ന്യായമായിരുന്നു എന്ന് വാദിക്കുന്ന അവൾ മേലിലും അവസരം വരുമ്പോൾ പഴയ പ്രവൃത്തികൾ ആവർത്തിക്കുകയില്ലേ? മതേതരത്വ

ഭരണകൂടങ്ങൾ ഇന്ന് നടപ്പിലാക്കിയിരിക്കുന്ന നിയന്ത്രണങ്ങൾ പിൻവലിക്കുകയും റോം അതിൻറെ ആദ്യകാല അധികാരത്തിൽ തിരിച്ചുവരികയും ചെയ്താൽ അവൾ ചെയ്തിരുന്ന പീഡനങ്ങളും മർദ്ദന ഭരണവും വളരെ വേഗം പുനർജീവിക്കും.

മനസ്സാക്ഷിസ്വാതന്ത്ര്യത്തെ സംബന്ധിച്ചുള്ള പാപ്പാത്വ ശക്തിയുടെ മനോഭാവത്തെയും, അവളുടെ നയങ്ങൾ വിജയപ്രദമായി പ്രയോഗിക്കപ്പെടുമ്പോൾ അമേരിക്കൻ ഐക്യനാടുകൾ നേരിടുവാനിരിക്കുന്ന വിപത്തിൻറെ ഭീഷണിയെപ്പറ്റിയും ഒരു

സുപ്രസിദ്ധ എഴുത്തുകാരൻ ഇപ്രകാരം പറയുന്നു:

“അമേരിക്കൻ ഐക്യനാട്ടുകളിൽ റോമൻ കത്തോലിക്കാ സഭയുടെ മതഭ്രാന്തിനെയോ ബാലിശത്തേയോ സംബന്ധിച്ചുള്ള യാതൊരുവിധ ആരോപണങ്ങളേയും ഭയപ്പെടേണ്ടതില്ലെന്നു അനേകർ ചിന്തിക്കുന്നു. നമ്മുടെ സ്വതന്ത്ര സ്ഥാപനങ്ങൾക്ക് പ്രതികൂലമായി മാറുവാനിരിക്കുന്ന റോമാ സഭയുടെ സ്വഭാവത്തിലും അതിൻറെ വളർച്ചയിലും അശുഭ സൂചകമായി അവർ ഒന്നും ഇപ്പോൾ കാണുന്നില്ല. എന്നാൽ നമുക്കിപ്പോൾ നമ്മുടെ ഭരണകൂടത്തിൻറെ അടിസ്ഥാന തത്വങ്ങളെ കത്തോലിക്കാ

സഭയുടേതിനോടു താരതമ്യപ്പെടുത്തി
നോക്കാം.

“അമേരിക്കൻ ഐക്യനാടുകളുടെ
ഭരണഘടന, മനസ്സാക്ഷിസ്വാതന്ത്ര്യം
ഉറപ്പു ചെയ്യുന്നു. ഇതിനേക്കാളും
അടിസ്ഥാനപരമായോ,
പ്രിയപ്പെട്ടതായോ മറ്റൊന്നും
തന്നെയില്ല. പിയൂസ് 9-ാം മാർപ്പാപ്പ
1854 ആഗസ്റ്റ് 15-ാം തീയതിയിലെ
തൻറെ ചാക്രികകത്തിൽ ഇപ്രകാരം
പറയുന്നു: “മനസ്സാക്ഷിസ്വാതന്ത്ര്യത്തെ
രക്ഷിക്കുന്നതിനുള്ള യുക്തിഹീനവും
അബദ്ധ ജഡിലവുമായ തത്വ
സംഹിതകൾ സാംക്രമിക രോഗം
പോലെ വിനാശകരമായ തെറ്റാണ് -
ഒരു സംസ്ഥാനത്തിൽ എല്ലാവരേയും

ബാധിക്കുന്നതും, ഏറ്റവുമധികം ഭയപ്പെടേണ്ടതുമായ വിനാശമാണ്”. 1864 ഡസിബർ 8-ാം തീയതിയിലെ തൻറെ ചാക്രിക ലേഖനത്തിൽ “മനസ്സാക്ഷി സ്വാതന്ത്ര്യവും മത ആരാധനയും അവകാശപ്പെടുകയും, അവർക്കെതിരെ സഭ ശക്തി പ്രയോഗിക്കരുതെന്നു ആവശ്യപ്പെടുകയും ചെയ്യുന്നവർ പള്ളിഭ്രഷ്ടരാക്കേണ്ടതാണ് എന്നുള്ള വിലക്ക് കല്പ്പിക്കുകയും ചെയ്തിരിക്കുന്നു.

അമേരിക്കൻ ഐക്യനാടുകളോടുള്ള റോമിൻറെ ശാന്തസ്വരം ഹൃദയ മാറ്റത്തിൽ നിന്നു ഉരുവാകുന്നതല്ല. നിസ്സഹായത അനുഭവപ്പെടുമ്പോൾ അവൾ ക്ഷമാശീലം കാണിക്കുക

മാത്രമാണു ചെയ്യുന്നത്. ഒ കോണർ
എന്ന ബിഷപ്പ് ഇപ്രകാരം പറയുന്നു:
“കത്തോലിക്കാ ലോകത്തിനു അപകടം
സംഭ വിക്കാതെ മതസ്വാതന്ത്യ്ര വിരുദ്ധ
താല്പര്യങ്ങൾ പ്രവൃത്തിയിൽ കൊണ്ടുവ
രുന്നതിനുവേണ്ടി മത സ്വാതന്ത്ര്യമെന്ന
പ്രകിയ വെറും നാമമാത്രമായി അവർ
അനുവദിക്കുന്നു.... സെയിൻറ്
ലൂയിസിലെ ആർച്ച് ബിഷപ്പ് ഒരിക്കൽ
ഇങ്ങനെ പറയുകയുണ്ടായി:
“മതവിരോധവും അവിശ്വാസവും
കുറ്റകൃത്യങ്ങളാണ്, ഉദാഹരണമായി,
ജനങ്ങളെല്ലാം കത്തോലിക്കാ
വിശ്വാസികളും, ദേശീയ നിയമങ്ങൾക്കു
തുല്യമായി കത്തോലിക്കാ മതവും,
നിലവിലിരിക്കുന്ന ഇറ്റലി, സ്പെയിൻ

തുടങ്ങിയ രാജ്യങ്ങളിൽ ഒരു കുറ്റ കൃത്യമായി ഇതും ശിക്ഷാർഹമാണ്.

“കത്തോലിക്കാ സഭയിലെ ഓരോ കർദ്ദിനാളും ആർച്ചുബിഷപ്പും ബിഷപ്പും പോപ്പിൻറെ കീഴിലുള്ള തങ്ങളുടെ വിധേയത്വം പ്രകടിപ്പിച്ചുകൊണ്ട് ചെയ്യുന്ന പ്രതിജ്ഞയിലെ ചില വാക്കുകൾ ശ്രദ്ധിക്കുക: “ഞങ്ങളുടെ പ്രഭുവായി അംഗീകരിക്കപ്പെട്ടിരിക്കുന്ന പോപ്പിനും, അദ്ദേഹത്തിൻറെ പിൻഗാമികൾക്കും എതിരെ ആചാരവിരോധങ്ങൾ, എതിർപ്രവർത്തനങ്ങൾ, മത്സരങ്ങൾ എന്നിവ സൃഷ്ടിക്കുന്നവരെ എൻറെ പരമാവധി ശക്തി പ്രയോഗിച്ച് നേരിടുകയും പീഡിപ്പിക്കുകയും

ചെയ്യുന്നതാണ്". -Josiah Strong, Our Country, ch. 5, pars. 2-4,

റോമൻ കത്തോലിക്കാ സമുദായത്തിൽ സത്യക്രിസ്ത്യാനികൾ ഉണ്ട്ന്നുള്ളത് പരമാർത്ഥമായ വസ്തുതയാണ്. തങ്ങൾക്കു ലഭിച്ച വെളിച്ചത്തിൻറെ പൂർണ്ണതയിൽ അനേകായിരങ്ങൾ ആ സഭയിൽ ദൈവസേവ ചെയ്യുന്നു. ദൈവവചനം ഗ്രഹിക്കുവാൻ അനുവാദം ഇല്ലാത്തതിനാൽ സത്യമെന്തെന്നു തിരിച്ചറിയുവാൻ അവർക്കു സാധിക്കുന്നില്ല. ജീവനുള്ള ഹൃദയംഗമായ ആരാ ധനാ ശുശ്രൂഷകളും മിഥ്യയായ ആചാരാനുഷ്ഠാനങ്ങളും തമ്മിലുള്ള വ്യത്യാസം അവർ മനസ്സിലാക്കിയിട്ടില്ല. വെറും മത

വിഭ്രമത്തിലും തൃപ്തികരമല്ലാത്ത
വിശ്വാസത്തിലും അഭ്യാസം
ലഭിച്ചിരിക്കുന്ന ഈ ആത്മാക്കളെ
ദൈവം ദയാപുരസ്സരം വീക്ഷിക്കുന്നു.
അവരെ വലയം ചെയ്തിരിക്കുന്ന
സാന്ദ്രതയേറിയ അന്ധകാരത്തെ
തുളച്ചുചെല്ലുന്ന സത്യത്തിൻറെ
പ്രകാശരശ്മികൾ

ദൈവം അയച്ചുകൊടുക്കുന്നു.
യേശുക്രിസ്തുവിങ്കലെ സത്യം അതിൻറെ
പൂർണ്ണതയിൽ ദൈവം അവർക്കു
വെളിപ്പെടുത്തിക്കൊടുക്കുകയും,
അപ്പോൾ അവർ ദൈവജനങ്ങളോടു
ചേർന്നു തങ്ങളുടെ സ്ഥാനം
ഉറപ്പിക്കുകയും ചെയ്യും.

എന്നാൽ റോമാമതാചാരങ്ങൾ കഴിഞ്ഞ കാലങ്ങളിലെന്നപോലെ ഇന്നും ക്രിസ്തുവിൻറെ സുവിശേഷത്തോടു അനുയോജ്യമായിട്ടുള്ളതല്ല. പ്രൊട്ടസ്റ്റൻറ് സഭകളും വലിയ ഇരുളിൽ പെട്ടിരിക്കുകയാണ്. അല്ലായിരുന്നെങ്കിൽ, കാലത്തിൻറെ അടയാളങ്ങൾ അവർ തിരിച്ചറിയുമായിരുന്നു. റോമാ സഭ അവരുടെ പദ്ധതികളിലും പ്രവർത്തന ശൈലിയിലും വളരെ മുൻപന്തി യിലാണ്. മുഴുലോകത്തിൻറെയും നിയന്ത്രണം തങ്ങളുടെ കീഴിൽ കൊണ്ടു വരുന്നതിനും പീഡനമുറകൾ പുനരാരംഭിക്കുന്നതിനും പ്രൊട്ടസ്റ്റൻറ് വിഭാഗങ്ങൾ പ്രവർത്തിച്ചതെല്ലാം മാറ്റിമറിക്കുന്നതിനും അവളുടെ സ്വാധീന

ശക്തി വ്യാപകമാക്കുന്നതിനുമുള്ള ഭീകരമായ മത്സരമുറകൾ ആവർത്തിക്കുന്നതിനും വിവിധങ്ങളായ തന്ത്രങ്ങൾ റോമാസഭ പ്രയോഗിച്ചുകൊണ്ടിരിക്കുന്നു. എല്ലാ ഭാഗങ്ങളിലും കത്തോലിക്കാ സഭ അതിൻറെ നില ഉറപ്പിച്ചുവരികയാണ്. പ്രൊട്ടസ്റ്റൻറ് രാജ്യങ്ങളിൽ എണ്ണത്തിൽ പെരുകിവരുന്ന അവരുടെ സഭകളും പള്ളിക്കെട്ടിടങ്ങളും നോക്കുക. പ്രൊട്ടസ്റ്റൻറുകാർതന്നെ വിപുലമായി പരിരക്ഷിക്കുന്ന അവരുടെ കോളേജുകളുടെയും സെമിനാരികളുടെയും കീർത്തി എത്രമാത്രം വലുതാണെന്നു അമേരിക്കയിൽതന്നെ കാണുവാൻ സാധിക്കും. കത്തോലിക്കാ

സഭയിലേക്കുള്ള കുറുമാറ്റവും അവരുടെ മതാനുഷ്ഠാനങ്ങളുടെ അനുകരണവും ഇംഗ്ലണ്ടിൽ എന്തുമാത്രം വളർന്നിരിക്കുന്നുയെന്ന് നോക്കുക. ഇതൊക്കെ കാണുമ്പോൾ സുവിശേഷത്തിൻറെ പരിശുദ്ധ തത്വങ്ങൾക്ക് വില കല്പിക്കുന്നവരുടെ ജിജ്ഞാസ ഉണരേണ്ടതാണ്.

പ്രൊട്ടസ്റ്റൻറ് വിഭാഗങ്ങൾ താറുമാറാവുകയും അവർ പാപ്പാത്വത്തെ പരിപോഷിപ്പിക്കുകയും ചെയ്യുന്നു; പാപ്പാത്വ അനുഗാമികൾക്ക് മനസ്സിലാക്കുവാൻ അസാദ്ധ്യമായി അവരെ ആശ്ചര്യപ്പെടുത്തിക്കൊണ്ട്, പ്രൊട്ടസ്റ്റൻറ് വിഭാഗങ്ങൾ അവരോടു സകല വിധ വിട്ടുവീഴ്ചകൾക്കും

അന്തരഞ്ജനങ്ങൾക്കും വശപ്പെടുന്നു. റോമാസഭയുടെ യഥാർത്ഥ സ്വഭാവത്തിൻറെയും അവളുടെ പരമാധികാരത്തിൽ ഒളിഞ്ഞിരിക്കുന്ന അപകടങ്ങളുടെയും നേരെ മനുഷ്യർ കണ്ണടച്ചുകളയുന്നു. അതിഭീകരമായ ഈ ശത്രു പൗരസ്വാതന്ത്ര്യത്തിനും മതസ്വാതന്ത്ര്യത്തിനും എതിരെ പ്രവർത്തിച്ചു മുന്നേറുന്നത് തടയുവാൻ ജനങ്ങൾ ജാഗരൂകരാകേണ്ടതാണ്.

കത്തോലിക്കാ മതം ആകർഷകമല്ലായെന്നും, അവരുടെ ആരാധന മൂകവും അർത്ഥശൂന്യവുമായ ആചാരങ്ങൾ മാത്രമാണെന്നും പല പ്രൊട്ടസ്റ്റൻറുകാരും വിചാരിക്കുന്നു. ഇവിടെ അവർക്കു

തെറ്റുപറ്റിയിരിക്കയാണ്. റോമാമതം വഞ്ചനാപരമാണെങ്കിലും അത് പരുപരുത്തതും, പ്രാകൃതവും ചതിയും നിറഞ്ഞതല്ല. റോമൻ കത്തോലിക്കാ സഭയുടെ ശുശ്രൂഷാക്രമം വളരെയധികം ആചാരപരവും ആകർഷകവുമാണ്. അവരുടെ പാവനമായ കൂദാശകർമ്മങ്ങളും അതിൻറെ അതിശ്രേഷ്ഠമായ ശുശ്രൂഷാ ശൈലിയും മനുഷ്യരുടെ ഇന്ദ്രിയങ്ങളെ ആസ്വാദ്യകരമാക്കുകയും അവരുടെ മനസ്സാക്ഷിയേയും ചിന്താശക്തിയേയും നിശബ്ദമാക്കുകയും ചെയ്യുന്നു. കണ്ണുകൾക്ക് അത് മാന്ത്രികശക്തിപോലെയാണ്. അതിഗംഭീരവും മനോഹരവുമായ പള്ളികൾ, ആശ്ചര്യകരമായ

ഘോഷയാത്രകൾ, സുവർണ്ണ
അൾത്താരകൾ, വൈരക്കല്ലുകൾ
പതിച്ച വിശുദ്ധന്മാരുടെ സമാധി
മന്ദിരങ്ങൾ, അനുപമമായ
ചിത്രരചനകൾ, മനോഹരശില്പങ്ങൾ
എന്നിവ സ്നേഹത്തേയും
സൗന്ദര്യത്തെയും ഉദ്ദീപിപ്പിക്കുന്നു.
കാതുകളേയും ഇമ്പകരമായ ഗീതങ്ങൾ
വശീകരിക്കുന്നു. സംഗീതം
അതുല്യമാണ്. ശ്രുതിമധുരമായ സംഗീത
ഉപകരണങ്ങളിൽനിന്നു പുറപ്പെടുന്ന
ഇമ്പസ്വരങ്ങൾ ഗായക സംഘങ്ങളുടെ
മാധുര്യ സ്വരങ്ങളോടു ഒന്നുചേർന്നു
ദേവാലയ ഗോപുരാന്തർഭാഗത്തു
അലയടിച്ചു മനോഹരമായ
ളുണകൾകൊണ്ട് നിബിഡമായ
ഇടനാഴിയിലൂടെ പ്രതിധ്വനിക്കുമ്പോൾ

ഓരോ മനസ്സിലും ഭയഭക്തിയാദരങ്ങൾ സംജാതമാകുന്നു.

ഇപ്രകാരമുള്ള ബാഹ്യമോടിയും ആചാര കർമ്മങ്ങളും, പാപയോഗത്താൽ വലയുന്ന ആത്മാവിന് ഒരു പരിഹാസവും, ആന്തരീക മലിനതയുടെ തെളിവുമാണ്. കർത്താവായ യേശുക്രിസ്തുവിൻറെ സത്യ ആരാധനയ്ക്ക് ഇപ്രകാരമുള്ള ആകർഷണങ്ങൾ ആവശ്യമുള്ളതല്ല. ക്രൂശിൽനിന്ന് ബഹിർഗമിക്കുന്ന പ്രകാശവലയത്തിൽ പരിശുദ്ധവും സ്നേഹസന്തുഷ്ടവുമായി പ്രത്യക്ഷപ്പെടുന്ന സത്യ ക്രിസ്ത്യാനിത്വത്തിൻറെ മാറ്റുകൂട്ടുവാൻ ബാഹ്യ ആഡംബരങ്ങൾ ആവശ്യമില്ല. ദൈവസന്നിധിയിൽ

ഏറ്റവും വിലമതിക്കപ്പെടുന്നത് പരിശുദ്ധിയുടെ സൗന്ദര്യവും, സൗമ്യതയും സാവധാനതയും നിറഞ്ഞ ആത്മാവാണ്.

ആരാധനാ രീതിയിലെ അത്യുജ്ജ്വലമായ തിളക്കം പരിശുദ്ധവും ഉന്നതവും ആയ മാനസികാവസ്ഥയുടെ സൂചനയല്ല. ലൗകികവും വിഷയാസക്തവുമായ മനസ്സിൽ ഉന്നത കലാവൈദഗ്ധ്യവും, അതിലോലമായ താല്പര്യങ്ങളും പലപ്പോഴും കുടികൊള്ളുന്നു. ആത്മാവിൻറെ ആവശ്യങ്ങൾ മറന്നു കളയുവാനും, ഭാവിയിൽ വരുവാനിരിക്കുന്ന നിത്യജീവനിൽനിന്ന് ദൃഷ്ടി മറച്ചുകളയുവാനും നിത്യസഹായിയായ

കർത്താവിൽ നിന്നകന്ന് ഈ ലോകത്തിനുവേണ്ടി മാത്രം ജീവിക്കുവാനും മനുഷ്യരെ പ്രേരിപ്പിക്കുന്നതിന് സാത്താൻ ഈ വക കാര്യങ്ങൾ പ്രയോജനപ്പെടുത്തുന്നു.

പുതുക്കം പ്രാപിക്കാത്ത ഹൃദയത്തിനു ബാഹ്യമായ മതാചാരങ്ങൾ ആകർഷണീയമാണ്. റോമൻ കത്തോലിക്കാ ആരാധനയുടെ ബാഹ്യമായ പ്രൗഢിയുടെയും ഭക്തി സാന്ദ്രതയുടേയും മാന്ത്രികമായ വശീകരണ ശക്തിയിൽ അനേകർ വഞ്ചിക്കപ്പെട്ടുപോകുന്നു; സ്വർഗ്ഗീയ നഗരത്തിൻ്റെ കവാടമായി അവർ റോമൻ കത്തോലിക്കാ സഭയെ പരിഗണിക്കുന്നു. സത്യത്തിൻ്റെ

ഉറപ്പുള്ള അടിസ്ഥാനത്തിന്മേൽ നിലകൊള്ളാത്തവരും പരിശുദ്ധാത്മ ശക്തിയാൽ ഹൃദയ നവീകരണം പ്രാപിക്കാത്തവരും മാത്രമല്ലാതെ മറ്റാരും തന്നെ അവളുടെ സ്വാധീനശക്തിയുടെമേൽ ജയം പ്രാപിക്കുന്നില്ല. യേശുക്രിസ്തുവുമായുള്ള വ്യക്തിപരമായ പരിജ്ഞാനത്തിൽ എത്തിച്ചേരാത്ത ആയിരങ്ങൾ, ദൈവിക ശക്തിയില്ലാത്ത ബാഹ്യ ആചാരങ്ങളുടെ മാസ്മരശക്തിയിൽ പിടി പെട്ടുപോകും. ലക്ഷോപലക്ഷം ജനങ്ങൾ ഇപ്രകാരമുള്ള മതം മാത്രമാണ് ആഗ്രഹിക്കുന്നത്.

പാപമോചനം നല്കുവാനുള്ള സഭയുടെ അധികാരം, തുടർന്നു പാപം ചെയ്യുവാൻ കത്തോലിക്കാ

വിശ്വാസികൾക്ക് സ്വാതന്ത്ര്യം കൊടുക്കുന്നു; പാപക്ഷമ പ്രാപിക്കുന്നതിനുള്ള കുമ്പസാരമെന്ന കൂദാശ ദുഷ്ടത തുടരുവാനുള്ള അനുവാദമാണ്. പാപത്തിൽ വീണ് കിടക്കുന്ന മനുഷ്യൻറെ മുമ്പിൽ മുട്ടു കുത്തി തൻറെ ഹൃദയത്തിലെ രഹസ്യചിന്തകളേയും സങ്കൽപ്പങ്ങളേയും ഏറ്റു പറഞ്ഞു കുമ്പസാരിക്കുന്ന വ്യക്തി അവൻറെ സ്വന്തം വ്യക്തിത്വത്തെ തരം താഴ്ത്തുകയും ആത്മാവിൻറെ ശ്രേഷ്ഠമായ ജന്മവാസനകളെ വലിച്ചെറിയുകയുമാണ് ചെയ്യുന്നത്. പലപ്പോഴും തെറ്റിപ്പോകുന്നവനും, പാപിയും മർ ത്യനും മദ്യത്തിനു അടിമപ്പെട്ട് ദുഷ്പ്രവൃത്തിയിൽ ആകൃഷ്ടനുമായ പുരോ

ഹിതൻറെ മുമ്പിൽ തൻറെ പാപങ്ങൾ ഏറ്റുപറയുന്ന വ്യക്തി, അവൻറെ സ്വഭാവ മാനദണ്ഡത്തിൻറെ വിലയിടിക്കുകയും അനന്തരഫലമായി അവൻ അധികമായ വഷളത്വത്തിലേക്കു തരം താഴുകയുമാണ് ചെയ്യുന്നത്. പുരോഹിതൻ ദൈവത്തെ പ്രതിനിധീകരിക്കുന്നവനായി അവൻ കാണുന്നതിനാൽ, നാശത്തിൽ വീണ് മനുഷ്യവർഗ്ഗത്തിന്റെ പ്രതീകമായിത്തന്നെ അധഃപതിച്ച നിലയിൽ അവൻ ദൈവത്തെക്കുറിച്ചും ചിന്തിക്കുന്നു. ഇപ്രകാരം മനുഷ്യൻ മനുഷ്യനോടുതന്നെ പാപങ്ങൾ ഏറ്റുപറയുന്ന തരം താണ പ്രവൃത്തി ലോകത്തെ അധികം അധികം വഷളാക്കി ദുഷ്ടത ഒഴുക്കിവിടുന്ന ഒരു രഹസ്യ അരുവിയായി

അന്ത്യനശീകരണത്തിന്ന ഭൂമിയെ
അനുയോജ്യമാക്കുകയാണ് ചെയ്യുന്നത്.
എന്നിരുന്നാലും സുഖാനുഭൂതിയിൽ
ലയിച്ചു ജീവിക്കുവാൻ ആഗ്ര
ഹിക്കുന്നവൻ, തൻറെ ആത്മാവിനെ
ദൈവമുമ്പാകെ തുറക്കുന്നതിനെക്കാൾ
അധികം ഒരു സഹജീവിയും മർത്ത്യനും
ആയവൻറെ മുൻപിൽ ഏറ്റുപറയുന്ന
തിൽ സന്തോഷിക്കുന്നു. പാപത്തിൽ
നിന്ന് ഒളിഞ്ഞിരിക്കുന്നതിനെക്കാളും
പ്രായശ്ചിത്തം അനുഷ്ഠിക്കുവാൻ മനുഷ്യ
പ്രകൃതി ഇഷ്ടപ്പെടുന്നു;
ജഢികാഭിലാഷങ്ങളെ
ക്രൂശിക്കുന്നതിനെക്കാളും ശരീരത്തെ
ദണ്ഡിപ്പിക്കുന്നതും രട്ടുടുക്കുന്നതും
ചങ്ങലയാൽ കെട്ടി മുറുക്കപ്പെടുന്നതും
എളുപ്പമായി അവർ കാണുന്നു.

ക്രിസ്തുവിൻറെ നുകത്തിനു കീഴിൽ തല കുനിക്കുന്നതിനെക്കാൾ ഭാരമേറിയ നുകം വഹിക്കുവാൻ ജഡിക ഹൃദയം താല്പര്യപ്പെടുന്നു.

യേശു ഭൂമിയിൽ അവതാരമെടുത്തപ്പോൾ ഉള്ള യെഹൂദാ സഭയും, റോമൻ കത്തോലിക്കാസഭയും തമ്മിൽ വളരെയധികം സാമ്യമുണ്ട്. യെഹൂദന്മാർ ദൈവകല്പനയിലെ തതിങ്ങളെയെല്ലാം രഹസ്യമായി ചവിട്ടി താഴ്ത്തുകയും ബാഹ്യമായി ആ നിയമങ്ങൾ പാലിക്കുന്നതിൽ കർശന രീതി അവലംബിക്കുകയും അവയെ പാരമ്പര്യങ്ങളോട് ബന്ധപ്പെടുത്തി അനുസരണമെന്നത് വേദനാജനകവും ഭാരമുള്ളതുമായി തീർക്കുകയും

ചെയ്തിരുന്നു. അവർ ദൈവകല്പനകളെ ബഹുമാനിച്ചിരുന്നുയെന്ന് അഭിമാനിച്ചിരുന്നതു പോലെ റോമൻ കത്തോലിക്കർ ക്രൂശിനെ വണങ്ങുന്നു. ക്രിസ്തുവിൻറെ കഷ്ടപ്പാടുകളുടെ പ്രതീകമായ ക്രൂശിനെ ഉയർത്തിക്കാണിക്കുകയും അത് പ്രതിനിധീകരിക്കുന്ന കർത്താവിനെ അവരുടെ ജീവിതത്തിൽനിന്ന് തള്ളിക്കളയുകയും ചെയ്യുന്നു.

പാപ്പാത്വ സഭാപ്രതിനിധികൾ അവരുടെ പള്ളികളിലും അൾത്താരകളിലും നിലയങ്കികളിലും ക്രൂശിൻറെ രൂപങ്ങൾ പതിച്ചിരിക്കുന്നു. ക്രൂശിൻറെ മുദ്ര എവിടെയും കാണാം. എല്ലായിടത്തും അതിനെ ബാഹ്യമായി

ബഹുമാനിക്കുകയും ഉയർത്തിക്കാണിക്കുകയും ചെയ്യുന്നു. എന്നാൽ, ബുദ്ധിഹീനമായ പാരമ്പര്യങ്ങളുടേയും കപട വ്യാഖ്യാനങ്ങളുടേയും കർക്കശമായ സമ്മർദ്ദങ്ങൾ പ്രയോഗിച്ച് ജനങ്ങളെ അനുസരിപ്പിച്ചുകൊണ്ട് ക്രിസ്തുവിൻറെ വചനങ്ങളെ ആഴത്തിൽ കുഴിച്ചിട്ടുകളയുന്നു. മതഭ്രാന്തിന് അടിമപ്പെട്ട യെഹൂദന്മാരോട് കർത്താവു പറഞ്ഞ വചനങ്ങൾ റോമൻ കത്തോലിക്കാ നേതാക്കന്മാരെ സംബന്ധിച്ചിടത്തോളം വളരെ അധികം ശക്തിമത്തായതാണ്: "അവർ ഘനമുള്ള ചുമടുകളെ കെട്ടി മനുഷ്യരുടെ തോളിൽ വെയ്ക്കുന്നു; ഒരു വിരൽ കൊണ്ടുപോലും അവയെ തൊടുവാൻ അവർക്കു

മനസ്സില്ല" (മത്തായി. 23:4). ദൈവേഷ്ടത്തിനു വിരുദ്ധമായി പ്രവർത്തിക്കുന്നതുമൂലം തങ്ങളുടെമേൽ ദൈവകോപം ചൊരിയപ്പെടുമെന്നുള്ള നിത്യഭയപ്പാടിൽ വിശുദ്ധ മനസ്സാക്ഷിയുള്ള അനേക ആത്മാക്കളെ സൂക്ഷിക്കുകയും അതേ സമയം സഭാ അധിപതികളിൽ അനേകരും ആർഭാടങ്ങളിലും ജഡിക ആഹ്ലാദത്തിലും മുഴുകി കഴിയുകയും ചെയ്യുന്നു.

പ്രതിമകളേയും വിശുദ്ധന്മാരുടെ ഭൗതിക അവശിഷ്ടങ്ങളേയും വണങ്ങി, പുണ്യവാളൻമാരോട് പ്രാർത്ഥിച്ച്, പോപ്പിനെ സകലത്തിനുംമീതെ ഉയർത്തിക്കാണിച്ചുകൊണ്ട്

സാത്താൻ മനുഷ്യ മനസ്സുകളെ ദൈവത്തിൽനിന്നും ദൈവപുത്രനിൽനിന്നും വ്യതിചലിപ്പിച്ച് തൻെറ സൂത്രങ്ങളിലേക്ക് ആകർഷിക്കുന്നു. മാനവരാശിയുടെ രക്ഷയ്ക്ക് നിദാനമായ ഏക രക്ഷകനിൽനിന്ന് അവരുടെ ശ്രദ്ധയെ തിരിച്ചുവിട്ടുകൊണ്ട് അവരുടെ നിത്യ നാശത്തിന് ഉറപ്പു വരുത്തുവാനായി സാത്താൻ നിരന്തരം പരിശ്രമിക്കുന്നു. "അദ്ധ്വാനിക്കുന്ന വരും ഭാരം ചുമക്കുന്നവരുമായുള്ളോരെ എല്ലാവരും എൻെറ അടുക്കൽ വരുവിൻ; ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും" (മത്താ. 11:28). എന്നു അരുളിച്ചെയ്തു കർത്താവിന്റെ സ്ഥാനത്ത്

പ്രതിഷ്ഠിക്കുന്ന ഏതു വസ്തുവിലേക്കും സാത്താൻ മനുഷ്യ ശ്രദ്ധ തിരിച്ചുവിടുന്നു.

ദൈവസ്വഭാവത്തേയും പാപപ്രകൃതിയേയും, വൻപോരാട്ടത്തിൽ വിനാശകരമായിത്തീരാവുന്ന യാഥാർത്ഥ്യങ്ങളേയും തെറ്റായി ചിത്രീകരിക്കുവാൻ സാത്താൻ എല്ലായ്പോഴും പരിശ്രമിച്ചുകൊണ്ടിരിക്കുന്നു. അവൻറെ കപടത നിറഞ്ഞ ന്യായവാദങ്ങൾ ദൈവിക ന്യായപ്രമാണത്തോടുള്ള കടപ്പാടിനെ ലഘുകരിച്ചുകൊണ്ട് പാപം ചെയ്തു ജീവിക്കുവാനുള്ള അനുവാദം മനുഷ്യർക്കു കൊടുക്കുന്നു. അതേ സമയം ദൈവത്തെ സംബന്ധിച്ചുള്ള

തെറ്റായ ധാരണകൾ വെച്ചുപുലർത്തുവാൻ മനുഷ്യരെ പ്രേരിപ്പിച്ചുകൊണ്ട് ദൈവത്തെ

സ്നേഹിക്കുന്നതിനുപകരം ഭയപ്പെടുവാനും വെറുക്കുവാനും സാത്താൻ അവരെ സ്വാധീനിക്കുന്നു. തൻറെ സ്വന്ത സ്വഭാവത്തിൽ അലിഞ്ഞു ചേർന്നിരിക്കുന്ന ക്രൂരത അവൻ സൃഷ്ടിതാവിൻറെ മേൽ ആരോപിക്കുന്നു; വിവിധ മതസിദ്ധാന്തങ്ങളിലും, ആരാധനാരീതികളിലും ഇത് വളരെ വ്യക്തമാണ്. ഇപ്രകാരം മനുഷ്യ മനസ്സുകളെ കുരുടാക്കിക്കൊണ്ട് ദൈവത്തിനെതിരെ യുദ്ധം ചെയ്യുവാൻ അവരെ തൻറെ അനുചരന്മാരാക്കിത്തീർക്കുന്നു.

ദൈവത്തിൻറെ ഗുണവിശേഷങ്ങളെ തെറ്റായി വ്യാഖ്യാനിച്ചുകൊണ്ട് അത്യുന്നതൻറെ കൃപ പ്രാപിക്കുന്നതിനു നരബലി അത്യാവശ്യമാണെന്ന് വിവിധ മതജാതികളായവരെ അവൻ വിശ്വസിപ്പിക്കുന്നു; അങ്ങനെ വിഗ്രഹാരാധനയുടെ വിവിധ ഭാഗങ്ങളായ കൊടുംക്രൂരതകൾ അവരെക്കൊണ്ട് ചെയ്യിപ്പിക്കുന്നു.

റോമൻ കത്തോലിക്കാ സഭ വിജാതീയ മതങ്ങളും ക്രിസ്ത്യാനിത്വവും യോജിപ്പിച്ചുകൊണ്ട് വിജാതീയ മത വിശ്വാസികളെപ്പോലെ ദൈവ സ്വഭാവത്തെ തെറ്റായി പ്രതിനിധീകരിച്ച്, അപ്രകാരമുള്ള ക്രൂരവും ദൈവവിദ്വേഷപരവുമായ

രീതികളിൽ തന്നെ
പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.
റോമാ സഭയ്ക്ക്
പരമാധികാരമുണ്ടായിരുന്ന
കാലഘട്ടത്തിൽ അവരുടെ വിശ്വാസ
സംഹിതകൾ അനുസരിപ്പിക്കുന്നതിന്
മനുഷ്യരെ ക്രൂരമായി പീഡിപ്പിക്കുന്ന
ഉപകരണങ്ങൾ ധാരാളമായി
ഉപയോഗിച്ചിരുന്നു. അവരുടെ
അവകാശവാദം അംഗീകരിക്കാത്തവരെ
പീഡിപ്പിക്കുന്നതിന് കൊലക്കുറ്റി
ഉപയോഗിച്ചിരുന്നു. ന്യായവിധി
ദിവസത്തിൽ വെളിപ്പെടുന്നതുവരെ
അജ്ഞാതമായിരിക്കുന്ന
അതിവിപുലമായ കൂട്ടക്കൊലകൾ അവർ
നടത്തിയിട്ടുണ്ട്. സഭാ അധിപന്മാർ
തങ്ങളുടെ ഗുരുവായ സാത്താൻറെ

സഹായത്തോടെ മനുഷ്യരുടെ ജീവൻ നിലനിർത്തിക്കൊണ്ട് അവരെ ഏറ്റവും ക്രൂരമായി പീഡിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ കണ്ടുപിടിച്ച് ഉപയോഗിച്ചിരുന്നു. പലപ്പോഴും മനുഷ്യൻറെ സഹനശക്തിക്ക് അതീതമായി പൈശാചിക പീഡനങ്ങൾ ആവർത്തിക്കപ്പെടുമ്പോൾ പ്രകൃതി അവർക്കു തുണ നിൽക്കുകയും അവർ ആസ്വാദ്യകരമായ മോചനമായി മരണം വരിക്കുകയും ചെയ്തിരുന്നു.

റോമിനോട്ടു എതിർത്തു നിന്നവരുടെ വിധി ഇപകാരമായിരുന്നു. എന്നാൽ അവരുടെ അനുയായികളെ ചാട്ടയടിയ്ക്കു ഏല്പിച്ചും ദാരിദ്ര്യവും വിശപ്പുംകൊണ്ട്

ദണ്ഡിപ്പിച്ചും ജഡമോഹങ്ങളിൽനിന്ന് പിൻമാറുന്നതിന് ഹൃദയവേദന ജനിപ്പിക്കുമാറ് ശാരീരികമായി പീഡിപ്പിച്ചും അച്ചടക്കം പാലിക്കുവാൻ പഠിപ്പിച്ചിരുന്നു. സ്വർഗ്ഗീയ പ്രീതി സമ്പാദിക്കുന്നതിന് പ്രകൃതി നിയമങ്ങളും ദൈവകല്പനകളും ലംഘിച്ചുകൊണ്ട് പ്രായശ്ചിത്തവും തപസ്സും അനുഷ്ഠിച്ചിരുന്നു. ലോക ജീവിതത്തിൽ മനുഷ്യന്ന സന്തോഷവും അനുഗ്രഹവും പകരുവാൻ, ദൈവം സ്ഥാപിച്ച ബന്ധങ്ങളെ പിളർക്കുവാൻ അവരെ പഠിപ്പിച്ചു. ദൈവത്തിനു അസഹനീയമായ രീതിയിൽ തങ്ങളുടെ സ്വാഭാവിക ആഗ്രഹങ്ങളെ അടിച്ചമർത്തി സഹജീവികളോടുള്ള അനുകമ്പാപൂർണ്ണമായ ചിന്തകളേയും

മനോഭാവങ്ങളേയും വ്യർത്ഥമായി തള്ളിക്കളഞ്ഞുകൊണ്ട് ജീവിതം നയിച്ച അനേകരെക്കൊണ്ട് പള്ളിയങ്കണങ്ങൾ നിറഞ്ഞിരിക്കുന്നു.

ഒരിക്കലും ദൈവത്തെക്കുറിച്ചു കേൾക്കാതിരുന്നവരുടെ മേലല്ല, പ്രത്യുത, ക്രിസ്ത്യാനിത്വത്തിൻറെ ഹൃദയാന്തർഭാഗത്തും, അതിൽ ഉടനീളവും നൂറ്റാണ്ടുകളോളം നിശ്ചയ ദാർഢ്യത്തോടുകൂടെയുള്ള സാത്താൻറെ കൊടുംക്രൂരത മനസ്സിലാക്കണമെങ്കിൽ നാം റോമാസഭയുടെ ചരിത്രത്തിലേക്കു കണ്ണോടിച്ചാൽ മാത്രം മതിയാകുന്നതാണ്. ഭീകരമായ ഈ കപടസമൂഹത്തിൽക്കൂടെ ദുഷ്ടതയുടെ

പ്രഭുവായ സാത്താൻ ദൈവത്തിന് അപമാനവും മനുഷ്യന് കഷ്ടപ്പാടും വരുത്തിക്കൊണ്ട് തൻറെ ലക്ഷ്യം നേടിക്കൊണ്ടിരുന്നു. സാത്താൻ തന്നെത്താൻ മറഞ്ഞുനിന്നുകൊണ്ട് സഭാനേതാക്കന്മാരിൽക്കൂടെ തൻറെ ലക്ഷ്യം എപ്രകാരം നേടിയെടുക്കുന്നുയെന്ന് നാം മനസ്സിലാക്കുമ്പോൾ അവനു വേദപുസ്തകത്തോടുള്ള വെറുപ്പ് എത്ര വലുതാണ് എന്ന് നമുക്ക് കാണുവാൻ സാധിക്കുന്നു. കാരണം, ആ പുസ്തകം വായിക്കുമ്പോൾ ദൈവത്തിൻറെ കൃപയും സ്നേഹവും വെളിപ്പെട്ടുവരുന്നു; മാത്രമല്ല, ഇപ്രകാരമുള്ള യാതൊരുവിധ ഭാരങ്ങളും ദൈവം മനുഷ്യൻറെ മേൽ അടിച്ചേൽപിക്കുന്നില്ല. എന്നും

വ്യക്തമാകുന്നു. ദൈവം ആവശ്യപ്പെടുന്നത് തകർന്നും നുറുങ്ങിയുമുള്ള ഹൃദയവും താഴ്ചയും അനുസരണവുമുള്ള ആത്മാവും മാത്രമാണ്.

സ്വർഗ്ഗത്തിനു സ്ത്രീ പുരുഷന്മാർ യോഗ്യരാകുന്നതിനുവേണ്ടി ആശ്രമങ്ങളിലൊ, മഠങ്ങൾക്കകത്തോ, ഒതുങ്ങിക്കഴിയണമെന്ന് ക്രിസ്തു തൻറെ ജീവിതത്തിൽനിന്ന് ഒരുദാഹരണവും തരുന്നില്ല. സ്നേഹവും അനുകമ്പയും അടിച്ചമർത്തപ്പെടണമെന്ന് അവൻ ഒരിക്കലും പഠിപ്പിച്ചിട്ടില്ല. രക്ഷകൻറെ ഹൃദയം സ്നേഹത്താൽ നിറഞ്ഞുകഴിഞ്ഞിരുന്നു. മനുഷ്യൻ സ്വഭാവ പൂർണ്ണതയിലേക്ക്

അടുത്തുവരുന്തോറും അവൻറെ മൃദുല വികാരങ്ങൾക്ക് തീക്ഷണത ഏറുകയും പാപത്തെ അതിൻറെ ഹീനതയോടുകൂടെ വ്യക്തമായി മനസ്സിലാക്കുകയും കഷ്ടത അനുഭവിക്കുന്നവരോടുള്ള അവൻറെ അനുകമ്പയ്ക്കു ആഴമേറുകയും ചെയ്യും. മാർപാപ്പ ക്രിസ്തുവിൻറെ പ്രതിപുരുഷനെന്നു അവകാശപ്പെടുന്നു; എന്നാൽ അവൻറെ സ്വഭാവം നമ്മുടെ രക്ഷകൻറേതിനോട് എപ്രകാരം സാമ്യപ്പെടുന്നു? സ്വർഗ്ഗീയ രാജാവെന്ന നിലയിൽ തനിക്ക് ആദരവു ലഭിച്ചില്ല എന്നതിൻറെ പേരിൽ ക്രിസ്തു എപ്പോഴെങ്കിലും മനുഷ്യരെ കാരാഗൃഹത്തിൽ ഏല്പിക്കുകയോ ദണ്ഡനത്തിന് വിട്ടുകൊടുക്കുകയോ ചെയ്തതായി കേട്ടിട്ടുണ്ടോ? അവനെ

സ്വീകരിക്കാത്തവരെ കുറ്റം വിധിച്ചു മരണത്തിനു ഏല്പിച്ചുകൊടുത്തതായി ക്രിസ്തുവിൻറെ ശബ്ദം കേൾക്കപ്പെട്ടിട്ടുണ്ടോ? ശമര്യക്കാർ അവനെ നിസ്സാരനാക്കിയപ്പോൾ കുപിതനായ ശിഷ്യൻ യോഹന്നാൻ ഇങ്ങനെ ചോദിക്കുന്നു: "കർത്താവേ ഏലിയാവു ചെയ്തതു പോലെ ആകാശത്തുനിന്നും തീ ഇറങ്ങി അവരെ നശിപ്പിക്കാൻ ഞങ്ങൾ പറഞ്ഞത് തനിക്ക് സമ്മതമോ എന്നു ചോദിച്ചു?" യേശു ദയാപുരസ്സരം തൻറെ ശിഷ്യനെ നോക്കി അവൻറെ കഠിനഹൃദയത്തെ ശാസിച്ചുകൊണ്ട് ഇങ്ങനെ പറയുന്നു: "മനുഷ്യപുത്രൻ മനുഷ്യരുടെ പ്രാണങ്ങളെ നശിപ്പിപ്പാനല്ല, രക്ഷിപ്പാനത്രെ വന്നത്" (ലൂക്കൊ.

9:54,56). തൻറെ പ്രതിപുരുഷനെന്നു
അവകാശപ്പെടുന്നവനിൽനിന്ന്
എത്രയോ വ്യത്യസ്തമായിരുന്നു
ക്രിസ്തുവിൻറെ സ്വഭാവം

റോമൻ കത്തോലിക്കാ സഭ
കഴിഞ്ഞകാലങ്ങളിലെ അതിൻറെ
ഭയാന കമായ ക്രൂരതകൾക്ക്
മാപ്പപേക്ഷിച്ചുകൊണ്ട് ലോകത്തിൻറെ
മുൻപിൽ ഇന്നും ഒരു നിർമ്മല ഭാവം
പ്രകടിപ്പിക്കുന്നു. കിസ്തുതുല്യമായ മേലങ്കി
ധരിക്കുന്നുണ്ടെങ്കിലും ലേശംപോലും
മാറ്റം അവൾക്കുണ്ടായിട്ടില്ല. കഴിഞ്ഞ
കാലങ്ങളിൽ നിലവിലിരുന്ന എല്ലാവിധ
പാപ്പാത്വ സംഹിതകളും ഇപ്പോഴും
അപ്രകാരം തന്നെയുണ്ട്.
അന്ധകാരയുഗത്തിൽ മെനെഞ്ഞെടുത്ത

എല്ലാ തത്വ സംഹിതകളും ഇന്നും അവൾ മുറുകെ പിടിക്കുന്നു. ആരും തങ്ങളെത്തന്നെ വഞ്ചിക്കരുത്. പ്രൊട്ടസ്റ്റൻറുകാരെ ബഹുമാനിക്കുവാൻ തയ്യാറായി നിൽക്കുന്ന പാപ്പാത്വ സഭതന്നെയാണ് അന്ന് ദൈവമക്കളായ നവീകരണകർത്താക്കൾ തങ്ങളുടെ ജീവനെപ്പോലും അപകടത്തിൽ ആക്കിക്കൊണ്ട് അവളുടെ ദുഷ്പ്രവൃത്തികളെ തുറന്നു കാട്ടിയപ്പോൾ ഉണ്ടായിരുന്നത്. രാജാക്കന്മാരുടേയും പ്രഭുക്കന്മാരുടേയും മേൽ അധികാരം നടത്തിക്കൊണ്ടും, ദൈവത്തിൻറെ പ്രതിനിധിയെന്ന് അവകാശപ്പെട്ടുകൊണ്ടും അഹങ്കാരത്തോടും അഹംഭാവത്തോടും വാണരുളിയിരുന്ന അവൾക്ക് ഇന്നും ആ

ഗുണവിശേഷങ്ങളെല്ലാം ഉണ്ട്. മനുഷ്യസ്വാതന്ത്ര്യത്തെ ചവിട്ടിമെതിച്ചും, അത്യുന്നതൻറെ വിശുദ്ധന്മാരെ കൊന്നൊടുക്കിയും ക്രൂരത കാണിച്ചിരുന്ന അവളുടെ ആത്മാവ് ഇന്നും സേച്ഛാധിപത്യത്തിനുവേണ്ടി വെമ്പൽ കൊള്ളുന്നു.

അന്ത്യകാലത്തെ വിശ്വാസത്യാഗം എന്തായിരിക്കുമെന്നു പ്രവചനം പ്രഖ്യാപിക്കുന്നതു പാപ്പാത്വത്തെ സംബന്ധിച്ചു തന്നെയാണ് (2 തെസ്സ. 2:3,4 ). ലക്ഷ്യപ്രാപ്തിക്കായി അനുയോജ്യമായ മാർഗ്ഗങ്ങൾ വേണ്ടപ്പോൾ, സ്വീകരിക്ക എന്നതു അവളുടെ സ്വഭാവത്തിൻറെ ഒരു ഭാഗമാണ്; ഓന്തിനെപ്പോലെ നിറം

മാറുന്നതിൻറെ മദ്ധ്യത്തിലും മാറ്റമില്ലാത്ത സർപ്പവിഷം അവൾ രഹസ്യമായി സൂക്ഷിക്കുന്നു. “മതനിന്ദകരോട്ടും, ആചാരവിരോധികളെന്നു സംശയിക്കപ്പെടുന്നവരോടും വിശ്വാസം കാണിക്കേണ്ട ആവശ്യമേയില്ല” എന്നു അവൾ പ്രഖ്യാപിക്കുന്നു (Lenfat, Volume 1, Page 516). ആയിരം വർഷക്കാലം വിശുദ്ധന്മാരുടെ രക്തംകൊണ്ട് ചരിത്രരേഖകൾ ചമച്ച് ഈ ശക്തി ഇന്ന് ക്രിസ്തുവിൻറെ സഭയുടെ ഒരു ഭാഗമായി അംഗീകരിക്കപ്പെടുമോ?

കഴിഞ്ഞ കാലങ്ങളെക്കാൾ ഇന്ന് കത്തോലിക്കാ മതത്തിന് പ്രൊട്ടസ്റ്റൻറെ സഭകളുമായി വളരെ വലിയ വ്യത്യാസങ്ങളൊന്നുമില്ല എന്ന

വ്യാപകമായ അവകാശവാദം പ്രൊട്ടസ്റ്റന്റ് രാജ്യങ്ങളിൽ പരന്നിരിക്കുന്നത് കാരണം കൂടാതെയല്ല, തീർച്ചയായും ഒരു മാറ്റം സംഭവിച്ചിട്ടുണ്ട്, എന്നാൽ ആ മാറ്റം പാപ്പാത്വ സഭയിൽ നിന്നുള്ളതല്ല. ഇന്ന് നിലവിലിരിക്കുന്ന പ്രൊട്ടസ്റ്റന്റ് സഭകൾ കത്തോലിക്കാ സഭയോട് വളരെയധികം താരതമ്യം പ്രാപിച്ചിരിക്കുകയാണ്, കാരണം നവീകരണകർത്താക്കളുടെ കാലഘട്ടവുമായി തുലനം ചെയ്യുമ്പോൾ പ്രൊട്ടസ്റ്റന്റ് വിഭാഗങ്ങൾ ഇന്ന് വളരെയധികം അധഃപതിച്ചുപോയതായി കാണാവുന്നതാണ്.

പ്രൊട്ടസ്റ്റൻറ് സഭകൾ ഇന്ന്
ലോകത്തിൻറെ പ്രീതി നേടുവാൻ
ആഗ്രഹിക്കുന്നതുകൊണ്ട് തെറ്റായ
മാർഗ്ഗത്തിലേക്കുള്ള ഒരു വാത്സല്യം
അവരുടെ കണ്ണുകളെ
കുരുടാക്കിയിരിക്കുന്നു. തിന്മയെ
നന്മയെന്നു വിശ്വസിക്കുന്നതു
തെറ്റാണെന്നു അവർക്ക്
അറിയാമെങ്കിലും ഒഴിച്ചുകൂടാൻ
പാടില്ലാത്തതായ അനന്തരഫലമായി
അവർ എല്ലാ നന്മയ്ക്കുമെതിരെ തിന്മയെ
തന്നെ വിശ്വ സിക്കേണ്ടതായി വരുന്നു.
വിശുദ്ധന്മാർക്കായി ഒരിക്കൽ
വെളിപ്പെടുത്തപ്പെട്ട വിശ്വാസത്തെ
കാത്തുസൂക്ഷിക്കുന്നതിനുവേണ്ടി ഉറച്ചു
നിൽക്കുന്നതിനു പകരം, ഇന്നു
കാണുന്നതുപോലെ റോമിനെ

ദീനാനുകമ്പയില്ലാത്തവരായി ചിന്തിച്ചുപോയി എന്നു മാപ്പുപറഞ്ഞുകൊണ്ട്, അവർ കാണിച്ച മത്രഭ്രാന്തിനു ക്ഷമ ചോദിക്കുന്നു.

വലിയൊരു കൂട്ടം ജനം, പാപ്പാത്വ മതത്തോട് താല്പര്യമില്ലാത്തവർ പോലും, അവരുടെ ശക്തിയിലും സ്വാധീനത്തിലും അപകടമൊളിഞ്ഞിരിക്കുന്നതു മനസ്സിലാക്കുന്നില്ല.
മദ്ധ്യകാലഘട്ടത്തിൽ നിലവിലിരുന്ന ധാർമ്മികവും ബുദ്ധിപരവുമായ അന്ധകാരം നിമിത്തം റോമാസഭയുടെ തത്വസംഹിതകളും അന്ധവിശ്വാസങ്ങളും പീഡനവും അന്നു വ്യാപകമായിരുന്നു എങ്കിലും ആധുനിക കാലത്തിലെ ധാരാളമായ

ബുദ്ധിശക്തിയുടേയും ജ്ഞാനവളർച്ച യുടേയും മതസൗഹാർദ്ദത്തിന്റേയും മദ്ധ്യേ അവരുടെ സ്വേച്ഛാധിപത്യവും അസഹിഷ്ണുതയും ഉണർന്നെഴുന്നേൽക്കുകയില്ലാ എന്നു അവർ ഉറച്ചു വിശ്വസിക്കുന്നു. ജ്ഞാനാഭിവൃദ്ധി പ്രാപിച്ചിരിക്കുന്ന ഈ ആധുനിക കാലത്തു ഇപകാരം ഒരു സ്ഥിതി നിലവിലിരിക്കുന്നു എന്നു ചിന്തിക്കുന്നതുപോലും പരിഹാസവിഷയമായി അവർക്കു തോന്നുന്നു. ഈ തലമുറയിൽ പരിജ്ഞാനത്തിൻറേയും ധാർമ്മികതയുടേയും, മതാനുഷ്ഠാനങ്ങളുടേയും ശക്തിയേറിയ വെളിച്ചം പ്രകാശിക്കുന്നു എന്നുള്ളതു സത്യം തന്നെ. ദൈവത്തിൻറെ വിശുദ്ധ

വചനത്തിൻറെ തുറന്നിരിക്കുന്ന താളുകളിൽക്കൂടെ ലോകത്തിലേക്കു സ്വർഗ്ഗീയ വെളിച്ചം വീശുന്നു. എന്നാൽ, ധാരാളമായി വെളിച്ചം ലഭിക്കുന്നതിനോടൊപ്പം അതിനെ വികലമാക്കുകയും നിഷേധിക്കുകയും ചെയ്യുന്നവരുടെമേൽ വരുന്ന അന്ധകാരം ഏറ്റവും വലുതായിരിക്കുമെന്ന് ഓർത്തിരിക്കേണ്ടതാണ്.

പ്രൊട്ടസ്റ്റൻറുകാർ പ്രാർത്ഥനയോടെ വേദപുസ്തകം പഠിപ്പിക്കുകയാണെങ്കിൽ പാപത്വ മതത്തിൻറെ യഥാർത്ഥ സ്വഭാവം കണ്ടെത്തി അതിനെ ഭയപ്പെട്ട് അതിൽനിന്നകന്നിരിക്കുവാൻ അവർക്കു സാധിക്കും; എന്നാൽ

അവരുടെ സ്വന്തം അഭിപ്രായത്തിൽ
അവർ ബുദ്ധിമാന്മാരെന്ന
അഭിമാനിച്ചിരിക്കുന്നതുകൊണ്ട് അവരെ
സത്യത്തിലേക്കു വഴിനടത്തത്തക്കവിധം
താഴ്മയോടെ ദൈവമുഖപ്രസാദം
അന്വേഷിക്കേണ്ടതിൻറെ ആവശ്യം
ഉണ്ടെന്ന അവർക്കു തോന്നുന്നില്ല.
അവരുടെ പരിജ്ഞാനത്തിൽ അവർ
അഹങ്കരിച്ചിരിക്കുന്നതു കൊണ്ട്
ദൈവവചനത്തിലും ദൈവശക്തിയിലും
അവർ അജ്ഞരാണ്. എങ്ങ
നെയെങ്കിലും അവരുടെ
അന്തഃകരണത്തെ ശാന്തമാക്കിക്കൊണ്ട്
നിസ്സാര മെന്ന അവർക്കു തോന്നുന്ന
ആത്മീകതയേയും സൗമ്യതയേയും
അവർ അന്വേഷിക്കേണ്ടതാണ്.
ദൈവത്തെ മറക്കാനുള്ള ഒരു മാർഗ്ഗം

അവർ ആഗ്രഹിച്ചാൽ അതിൽക്കൂടെ ദൈവത്തെ ഓർമ്മിക്കുവാനുള്ള ഒരു വഴി ഉണ്ടാകുമെന്നു അവർ ചിന്തിക്കുന്നു. ഇപ്രകാരമുള്ളവരുടെ ആഗ്രഹങ്ങളെ ഭംഗിയായി നിറവേറ്റത്തക്കവിധമാണ്. പാപ്പാത്വമതത്തിൻറെ പ്രവർത്തന ശൈലി. ലോക മെമ്പാടുമുള്ള രണ്ടു വിഭാഗം മനുഷ്യസമൂഹങ്ങളെ മുഴുവനായി അവർ സ്വാധീനിക്കുന്നു; അതായത്, തങ്ങളുടെ സ്വന്തം പ്രയത്നംകൊണ്ട് രക്ഷ നേടുവാൻ ആഗ്രഹിക്കുന്നവരും തങ്ങളുടെ പാപത്തിൽതന്നെ നിന്നുകൊണ്ടു രക്ഷനേടുവാൻ ആഗ്രഹിക്കുന്നവരുമാണ് ഈ രണ്ടുവിഭാഗക്കാർ. ഇതിൽ അവരുടെ ശക്തിയുടെ രഹസ്യം സ്ഥിതി ചെയ്യുന്നു.

പാപ്പാത്വ ശക്തിയുടെ വിജയത്തിനു
പരിജ്ഞാനം ഇല്ലാതിരുന്ന അന്ധ
കാരയുഗം സഹായകരമായിരുന്നു എന്നു
നാം കാണുകയുണ്ടായി.
അപ്രകാരംതന്നെ പരിജ്ഞാനത്തിൻറെ
വെളിച്ചം എവിടേയും
പ്രകാശിച്ചുകൊണ്ടിരിക്കുന്ന ഈ
കാലഘട്ടവും അവളുടെ വിജയത്തിനു
വളരെ സഹായകരമാണ്. മനുഷ്യർക്കു
ദൈവവചനം ലഭിക്കാതെയും
സത്യത്തിൻറെ പരിജ്ഞാ നമില്ലാതെയും
കണ്ണുകൾ ഇരുളടഞ്ഞു കഴിഞ്ഞിരുന്ന
കാലങ്ങളിൽ തങ്ങളുടെ മുമ്പിൽ
വച്ചിരുന്ന വല കാണപ്പെടാതെ
ആയിരങ്ങൾ അതിൽ
പിടിപെട്ടുപോയി. എന്നാൽ ശാസ്ത്രമെന്നു
തെറ്റായി പരിഗണിക്കപ്പെടുന്ന

മാനുഷിക ഊഹാപോഹങ്ങളിൽ
പിടിപെട്ട് കണ്ണിന് മങ്ങലേറ്റവരായി
തങ്ങളുടെ മുമ്പിലെ വല കാണുവാൻ
സാധിക്കാതെ കുരുടന്മാരായി
അതിനുള്ളിലേക്കു ഈ
തലമുറയിൽതന്നെ അനേകർ ചെന്നു
വീഴുന്നു. മനുഷ്യനു ലഭിച്ചിരിക്കുന്ന
പരിജ്ഞാനത്തിൻറെ ശക്തി
സ്രഷ്ടാവിൽനിന്നുള്ള ഒരു ദാനമായി
സ്വീകരിച്ചുകൊണ്ട് സത്യത്തിൻറേയും
നീതിയുടേയും സേവനത്തിനായി അത്
ഉപയോഗിക്കണമെന്നു ദൈവം
നിശ്ചയിച്ചിരിക്കുന്നു; എന്നാൽ
അഹങ്കാരവും ദുരഭിമാനവും
നിലനിൽക്കുകയും ദൈവവചനത്തിനു
അപ്പുറമായി തങ്ങളുടെ സ്വന്തമായ
തത്വസംഹിതകളെ മനുഷ്യൻ

ഉയർത്തിപ്പിടിക്കുകയും ചെയ്യുമ്പോൾ അജ്ഞതയെക്കാളധികം ദോഷം പരിജ്ഞാനംകൊണ്ട് ഉളവാകുന്നതായി കാണപ്പെടുന്നു. അന്ധകാരയുഗത്തിൽ പരിജ്ഞാനത്തിനെതിരെ വാതി ലടയ്ക്കപ്പെട്ടിരുന്ന കാലത്തു പാപ്പാത്വ മതം ഉന്നതി പ്രാപിക്കുവാൻ സഹായകമായതുപോലെ, വേദപുസ്തകവിശ്വാസത്തെ തുരങ്കം വെയ്ക്കുന്ന ആധു നിക യുഗത്തിലെ മിഥ്യാശാസ്ത്രം പാപ്പാത്വമതത്തെ അതിൻറെ നാനാവിധമായ വ്യാമോഹങ്ങളോടുംകൂടെ സ്വീകരിക്കുവാൻ വിജയകരമായി വഴിയൊരുക്കുകയാണ് ചെയ്യുന്നത്.

ഇന്നു അമേരിക്കൻ ഐക്യനാടുകളിൽ സ്ഥാപനങ്ങളുടെ സുരക്ഷ യ്ക്കും, രാഷ്ട്രത്തെ പിൻതാങ്ങുന്നതിനും സഭയെ ഉപയുക്തമാക്കുന്ന പ്രസ്ഥാനങ്ങളുടെ പുരോഗതിയിൽ പ്രൊട്ടസ്റ്റന്റുകാർ പാപ്പാത്വ സഭയുടെ ചുവടുകൾ തന്നെ പിൻതുടരുന്നു. അതിലുമുപരിയായി, പഴയ ലോകത്തിൽ തങ്ങൾക്കു നഷ്ടമായിപ്പോയ ആധിപത്യം പ്രൊട്ടസ്റ്റന്റ് രാജ്യമായ അമേരിക്കയിൽ വീണ്ടെ ടുക്കുവാൻ അവർ പാപ്പാത്വമതത്തിനു വാതിൽ തുറന്നുകൊടുത്തിരിക്കുക യാണ്. ഈ പ്രസ്ഥാനത്തിന് ഏറ്റവും അധികം പ്രാധാന്യം കല്പ്പിക്കുന്ന വസ്തുത ഞായറാഴ്ച ആചാരം നിയമപരമായി പ്രാബല്യത്തിൽ വരുത്തു ന്നതിന്

ഗാഢമായി ചിന്തിച്ചുകൊണ്ടിരിക്കുന്നു എന്നുള്ളതുകൂടിയാണ്. ഈ ആചാരം റോമിൽനിന്നും ഉത്ഭവിച്ചതും അവളുടെ അധികാരത്തിൻറെ അടയാളവുമാണെന്നു അവൾ അവകാശപ്പെടുന്നു. അത് പാപ്പാത്വ മതത്തിൻറെ ആത്മാവാണ് ലൗകിക ആചാരങ്ങളോടു യോജിപ്പു പുലർത്തുന്ന ആത്മാ വാണ്, ദൈവകല്പ്പനകളെക്കാൾ ഉപരിയായി മാനുഷിക പാരമ്പര്യത്തെ വണങ്ങുന്നതുമാണ്. അതു പാപ്പാത്വമതം ചെയ്യുന്നതുപോലെ പ്രൊട്ടസ്റ്റന്റു സഭ കളെയെല്ലാം ഒരുമിപ്പിച്ച് അവരുടെ സ്വാധീന വലയത്തിലാക്കി ഞായറാഴ്ച ആചാരത്തെ ഉയർത്തിപ്പിടിക്കുവാൻ വഴി തെളിക്കുന്നു.

അതിവേഗം വരാനിരിക്കുന്ന
മത്സരത്തിൽ ഭാഗഭാക്കുകളാകാൻ
പോകുന്ന വിവിധ ശക്തികളെക്കുറിച്ച്
വായനക്കാർ മനസ്സിലാക്കണമെങ്കിൽ
തങ്ങളുടെ ലക്ഷ്യം
നിറവേറ്റുന്നതിനുവേണ്ടി റോം കഴിഞ്ഞ
കാലങ്ങളിൽ പ്രയോഗിച്ച
മാർഗ്ഗങ്ങളുടെ രേഖകൾ
പരിശോധിക്കേണ്ടതാണ്. പാപ്പാത്വ
സഭയും പ്രൊട്ടസ്റ്റൻറുകാരും
ഒരുമിച്ചുചേർന്നു അവരുടെ നിയമങ്ങൾ
ലംഘിക്കുന്നവർക്കെ തിരെ
എപ്രകാരമുള്ള നടപടികൾ
സ്വീകരിക്കുവാൻ പോകുന്നുവെന്നു
മനസ്സിലാക്കണമെങ്കിൽ കഴിഞ്ഞ
കാലങ്ങളിൽ ദൈവത്തിൻറെ വിശുദ്ധ

ശബ്ദത്തി നോടും അതു
അനുസരിക്കുന്നവരോടും റോമാസഭ
പ്രകടമാക്കിയ ആത്മാവ്
എപ്രകാരമുള്ളതായിരുന്നുയെന്നും
പരിശോധിക്കുക.

ക്രിസ്തീയ ലോകത്തിൽ വിജാതീയ
മതാചാരങ്ങൾ ബഹുമതിയും സ്ഥാനവും
കരസ്ഥമാക്കിയത് രാജകീയ
വിളംബരങ്ങളിൽക്കൂടിയും രാഷ്ട്രീയ
അധികാരികളുടെ തീരുമാനങ്ങൾ
മുഖേനയും, സഭയും രാഷ്ട്രവും ഒരുമിച്ചു
ചേർന്നു നടപ്പാക്കിയ നിയമങ്ങളിൽ
കൂടിയും ആയിരുന്നു. ഞായറാഴ്ച്ച
ആചാരം നിയമപരമായി
പ്രാബല്യത്തിൽ വരുത്തുന്നതിനു എടുത്ത
ആദ്യ നടപടി കോൺസ്റ്റന്റൈൻ

ചക്രവർത്തി പുറപ്പെടുവിച്ച
നിയമമായിരുന്നു. ഈ നിയമം
അനുസരിച്ച് "സൂര്യ ഭഗവാൻറെ
പവിത്രദിനത്തിൽ', നഗരവാസികൾ
സ്വസ്ഥമായി ഇരിക്കണമെന്നും ഗ്രാമീണ
ജനതയ്ക്ക് തങ്ങളുടെ കൃഷിപ്പ ണികൾ
ചെയ്തുകൊള്ളാമെന്നും
അനുശാസിച്ചിരുന്നു. ബാഹ്യദൃഷ്ടിയിൽ
അതൊരു വിജാതീയ രാജ്യമാണെങ്കിലും
ഈ നിയമം പ്രാബല്യത്തിൽ
വരുത്തിയത് ചക്രവർത്തി വെറും
നാമമാത്രമായി ക്രിസ്തുമതം
സ്വീകരിച്ചതിനു ശേഷമാണ്.

ദിവ്യ അധികാരം
കൂട്ടിച്ചേർക്കപ്പെടാതിരുന്ന ഈ
രാജകീയ വിളംബരത്തിൽ,

രാജാവിൻറെ സ്നേഹിതനും രാജാവിനും സ്തുതി പാടുന്നവനും രാജകീയ പ്രീതി ആഗ്രഹിച്ചിരുന്നവനുമായ ഇസിബിസ് എന്ന ബിഷപ്പ്, ശബ്ദത്തിൻറെ എല്ലാ പരിശുദ്ധിയും ഞായറാഴ്ചയിലേക്ക് യേശുക്രിസ്തു മാറ്റിയി രിക്കുന്നു എന്നു അവകാശപ്പെട്ടുകൊണ്ടുള്ള പ്രസിദ്ധീകരണംകൂടെ നിർവ്വ ഹിച്ചു. ഈ പുതിയ തത്വസംഹിതയെ തെളിയിക്കുന്നതിനുവേണ്ടി തിരുവച് നത്തിൽ നിന്നു ഒരൊറ്റ സാക്ഷ്യ വചനം പോലും ഉപയോഗിച്ചില്ല. ഈ പ്രസ്താവന അടിസ്ഥാനരഹിതമാണെന്നും ഇസിബിസ് തന്നെ ബുദ്ധിമോശമായി അംഗീകരിച്ചുകൊണ്ട് ഈ മാറ്റത്തിൻറെ ഉടമസ്ഥൻ ആരാണെന്നു ഇപ്രകാരം പറയുന്നു: "ശബ്ബത്തുദിവസത്തിൽ

നമ്മൾ ചെയ്യേണ്ടതായി എന്തെല്ലാം ഉണ്ടോ അതെല്ലാം ഞങ്ങൾതന്നെ കർത്താവിന്റെ ദിവസത്തിലേക്കു മാറ്റിയി Oldbjm”. - Robert cox, Sabbath Laws and Sabbath Duties, Page 538. എന്നാൽ ഞായറാഴ്ചവാദം അടിസ്ഥാന രഹിതമാണെങ്കിലും ദൈവത്തിൻറെ വിശുദ്ധ ശബ്ബത്തിനെ ചവിട്ടി മെതിക്കുവാൻ അതു മനുഷ്യരെ സഹായിച്ചു. ലോകബഹുമാനം ആഗ്രഹിച്ചിരുന്നവരെല്ലാം ഞായറാഴ്ച ആചാരമെന്ന ഈ സുപ്രസിദ്ധ ഉത്സവത്തെ സ്വീകരിച്ചു.

പാപ്പാത്വ അധികാരം ശക്തമായതോടുകൂടി ഞായറാഴ്ചയുടെ

ഉയർ ച്ചയും തുടർന്നുവന്നു.
കുറെനാളത്തേക്കു പള്ളിയിൽ
ആരാധനയ്ക്കു പങ്കെടുക്കാതിരുന്ന
കർഷകർ ശനിയാഴ്ച്ചയെ തന്നെ
ശബ്ബത്തായി പരിഗണിച്ചു പോന്നു.
എന്നാൽ ക്രമേണ ഒരു മാറ്റംകൂടെ
പ്രബലപ്പെട്ടുത്തി. നീതിന്യായ
ഓഫീസിൽ ജോലി ചെയ്യുന്നവർ
ഞായറാഴ്ചകളിൽ യാതൊരു വിധമായ
ജനകീയ പ്രശ്നങ്ങളുടെമേലും ന്യായവിധി
പുറപ്പെടുവിക്കരുത് എന്നുള്ള പ്രഖ്യാപനം
ഉണ്ടായി. തുടർന്ന്, ഏതു
നിലവാരത്തിലുള്ളവരായിരുന്നാലും
ഞായറാഴ്ച സാധാരണ ജോലികളിൽ
നിന്നു ഒഴിഞ്ഞിരിക്കണമെന്നും അതു
ലംഘിച്ചാൽ സ്വതന്ത്രരായ പൗരന്മാർ
പിഴ നൽകണമെന്നും ഭൃത്യന്മാർ

ചാട്ടയടി ഏല്ക്കണമെന്നും നിയമം ഉണ്ടാക്കി. അതിനുശേഷം ഞായറാഴ്ചയാചാരം ലംഘിക്കുന്ന ധനവാന്മാർ തങ്ങളുടെ സ്വത്തിൻറെ പകുതി പിഴയായി കൊടുക്കണമെന്നും തുടർന്ന് അങ്ങനെയുള്ളവർ അടിമകളാക്കപ്പെടുമെന്നും നിയമനിർമ്മാണം നടപ്പാക്കി. താഴ്ന്ന നിലയിലുള്ള വ്യക്തികളെ സ്ഥിരമായി നാടുകടത്താനുള്ള നിയമവും കൊണ്ടുവന്നു.

ഞായറാഴ്ച ആചാരത്തോടു ബന്ധപ്പെട്ട് അനേക അത്ഭുതങ്ങൾ നടക്കുന്നതായും പരസ്യപ്പെടുത്തി. ഒരു കൃഷിക്കാരൻ ഞായറാഴ്ച തൻറെ നിലം ഉഴുന്നതിനു ഇരുമ്പു കഷണം ഉപയോഗിച്ച് കലപ്പ

വൃത്തിയാക്കിക്കൊണ്ടി രുന്നപ്പോൾ ആ ഇരുമ്പ് കഷണം അവൻറെ കയ്യിൽ ഇടിച്ചു കയറി. തുടർന്നു . രണ്ടു വർഷം, “തീവ്രവേദന സഹിച്ചും ലജ്ജിതനായും” അവൻ അതുമായി നടക്കേണ്ടിവന്നു. - Francis West, Historical and Practical Discourse on the Lord’s Day, Page 174.

ഞായറാഴ്ച ആചാരം ലംഘിക്കുന്നവരെ എല്ലാം ഇടവക പുരോഹി തൻ ഉപദേശിച്ച് ആരാധനയിൽ പങ്കെടുപ്പിച്ച് പ്രാർത്ഥന പറയിപ്പിക്കണെ ന്നും അപ്രകാരം അവരുടെമേലും അയൽക്കാരുടെ മേലും വരാനിരിക്കുന്ന നാശം ഒഴിവാക്കാൻ സാധിക്കുമെന്നും പിന്നീട് മാർപാപ്പ എല്ലാവർക്കും

നിർദ്ദേ ങ്ങൾ കൊടുത്തു. ഞായറാഴ്ച്ച്
ജോലി ചെയ്യുന്നവരുടെമേൽ
ഇടിമിന്നൽ ഏല്ക്കുന്നതുകൊണ്ട്
തീർച്ചയായും അതാണ് യഥാർത്ഥ
ശബ്ദത്ത് എന്ന് വൈദിക സംഘ
ഉപദേശക സമിതി പ്രഖ്യാപിക്കുകയും
അത് പോട്ടസ്റ്റന്റ് രും പ്രാബല്യത്തിൽ
വരുത്തുകയും ചെയ്തു. “ഞായറാഴ്ച്ച
ആചാരം ഉപേക്ഷിക്കുന്നവരുടെമേൽ
ഉള്ള ദൈവത്തിൻറെ അസന്തുഷ്ടി
എത്രമാത്രം വലുതാണ് എന്ന് ഇതു
വ്യക്തമാക്കുന്നു” എന്ന് പാപ്പാത്വ
പ്രതിനിധികൾ പ്രസ്താവന ഇറക്കി.
പുരോഹിതന്മാരും ശുശ്രൂഷകന്മാരും
രാജാക്കന്മാരും പ്രഭുക്കന്മാരും മറ്റു
വിശ്വാസികളും “ഞായറാഴ്ച്ചയെ
അതിൻറെ ബഹുമതിയിൽ

പരിരക്ഷിക്കുന്നതിനും വരുംകാലങ്ങളിൽ വിശുദ്ധമായി ആചരിച്ച് ക്രിസ്തു മതത്തിന് ഒരു കീർത്തി മുദ്രയായി അതിനെ തീർക്കുന്നതിനും അവരുടെ സകല ശക്തിയും ശ്രദ്ധ ഉപയോഗിക്കണം എന്നുമുള്ള അഭ്യർത്ഥന എല്ലായിടത്തും പരസ്യപ്പെടുത്തി '.-- Thomas Morer, Discourse in Six Dialogues on the Name, Notion and Observation of the Lord's day, page 271.

ഇപ്രകാരമുള്ള ഉപദേശങ്ങളും പ്രഖ്യാപനങ്ങളും തൃപ്തികരമല്ലെന്ന് കണ്ടപ്പോൾ മനുഷ്യ ഹൃദയങ്ങളെ ഭയപ്പെടുത്തി ബലം പ്രയോഗിച്ച് ജനങ്ങളെ ഞായറാഴ്ച ജോലികളിൽ

ഏർപ്പെടാതിരിക്കേണ്ടതിനു രാഷ്ട്രീയ അധികാരത്തിൻറെ കല്പനയും പുറപ്പെട്ടുവിക്കുകയുണ്ടായി. റോമിൽ നടന്ന ഒരു വൈദിക കോടതിയിൽവെച്ച് എല്ലാ വിധമായ മുൻതീരുമാനങ്ങളും പവിത്രതയോടും ശക്തിമത്തായും നടപ്പിലാക്കുവാൻ പുനർ പ്രഖ്യാപനം നടത്തുകയുണ്ടായി. അതിനെ പൗരോഹിത്യ നിയമത്തോട് ബന്ധപ്പെടുത്തുകയും രാഷ്ട്രീയ അധികാരം ഉപയോഗിച്ച് എല്ലാ ക്രിസ്തീയ രാഷ്ട്രങ്ങളിലും നടപ്പാക്കുകയും ചെയ്തു . (Heylyn, History of the Sabbath, pt. 2, ch. 5, sec. 7 നോക്കുക).

പക്ഷെ ഞായറാഴ്ച ആചാരത്തിനു വേദപുസ്തകത്തെളിവുകൾ ഇല്ലാത്തതിനാൽ കൂടുതൽ വൈഷമ്യങ്ങൾക്ക് അവസരം ഉണ്ടായി. “ഏഴാം ദിവസം നിൻറെ ദൈവമായ യഹോവയുടെ ശബ്ബത്താകുന്നു” എന്നുള്ള ദൈവത്തിൻറെ പ്രഖ്യാപനത്തിനെതിരെ സൂര്യ ദിവസത്തെ ബഹുമാനിക്കുവാൻ നിർബന്ധിക്കുന്നതിനു പുരോഹിതന്മാർക്കുള്ള അവകാശത്തെ ജനങ്ങൾ ചോദ്യം ചെയ്തു. വേദപുസ്തക സാക്ഷ്യത്തിനുപകരം മറ്റ് ഉപായങ്ങൾ കണ്ടുപിടി ക്കേണ്ടതു ആവശ്യമായി വന്നു. ഞായറാഴ്ച ആചാരം നടപ്പിൽ വരുത്തുന്നതിന് അതിതീക്ഷ്ണതയോടെ പ്രവർത്തിച്ചിരുന്ന ഒരു വ്യക്തി പന്ത്രണ്ടാം നൂറ്റാണ്ടിൻറെ

അന്ത്യഘട്ടത്തിൽ ഇംഗ്ലണ്ടിലെ സഭകൾ സന്ദർശിച്ചുവെങ്കിലും സത്യത്തിനുവേണ്ടി നിലകൊണ്ടിരുന്ന വിശ്വസ്ത സാക്ഷികളുടെ എതിർപ്പു മൂലം ഫലശൂന്യമായ തൻറെ പ്രയത്നം ഉപേക്ഷിച്ച് തൽക്കാലത്തേക്കു ആ രാജ്യം വിട്ടുപോരുകയും തൻറെ ഉപദേശങ്ങൾ പ്രബലപ്പെടുത്തുന്നതിനുള്ള മറ്റ് മാർഗ്ഗങ്ങൾ ആരായുകയും ചെയ്തു. താൻ വീണ്ടും തിരിച്ചു വന്നപ്പോൾ ആവശ്യങ്ങളെല്ലാം നിറവേറ്റപ്പെടുകയും പ്രവർത്തനങ്ങൾ വിജയകരമായി ത്തീരുകയും ചെയ്തു. ഞായറാഴ്ച ആചാരത്തിനു മതിയായ കൽപനകൾ അടങ്ങിയതും അനുസരിക്കാത്തവരുടെമേൽ ഭയവും

ഭീതിയും ഉളവാക്കുന്നതുമായ
വചനങ്ങളടങ്ങിയ ഒരു പുസ്തകച്ചുരുൾ,
ദൈവത്തിൽനിന്ന് നേരിട്ട് ലഭിച്ചു
എന്നുള്ള ഭാവേന തൻ്റെ കൈവശം
കരുതിയിരുന്നു. ഞായറാഴ്ച
ആചാരംപോലെതന്നെ വ്യാജമായ ഈ
പ്രമാണവും സ്വർഗ്ഗത്തിൽനിന്നു
നേരിട്ട് വീണതാണെന്നും
യെരുശലേമിൽ ഗോൽഗോഥായിലെ
വിശുദ്ധ ശീമോൻ്റെ
അൾത്താരയിൽനിന്ന്
കണ്ടെടുത്തതാണെന്നും വ്യാജപ്രചരണം
നടത്തി. എന്നാൽ യഥാർത്ഥത്തിൽ
അത് റോമിൽ മാർപാപ്പയുടെ
കൊട്ടാരത്തിൽ വെച്ചുതന്നെ എഴുതി
തയ്യാറാക്കിയതായിരുന്നു. എല്ലാ
കാലഘട്ടങ്ങളിലും സഭയുടെ അധികാരം

സംരക്ഷിക്കുന്നതിനും അതിൻറെ വളർച്ചയ്ക്കും എപകാരവുമുള്ള കപടതയും വഞ്ചനയും ഉപയോഗിക്കുന്നത് ന്യായമാ ണെന്ന് പാപ്പാത്വ അധികാരം ഉറച്ചു വിശ്വസിക്കുന്നു.

ശനിയാഴ്ച ഉച്ചയ്ക്കുശേഷം ഒൻപതാം മണി നേരം മുതൽ, അല്ലെങ്കിൽ വൈകുന്നേരം മൂന്നു മണിമുതൽ തിങ്കളാഴ്ച സൂര്യോദയം വരെ ഒരു ജോലിയും ചെയ്യരുതെന്നു ആ പുസ്തകച്ചുരുളിൽ എഴുതിയിരുന്നു. ഇതിൻറെ അധികാരം അനേക അത്ഭുതങ്ങളാലും അടയാളങ്ങളാലും ഉറപ്പിക്കുകയും ചെയ്തിരുന്നു. നിശ്ചയിക്കപ്പെട്ട സമയത്തിനുശേഷവും ജോലി ചെയ്ത ഒരാ

ളുടെ ശരീരം സ്തംഭനാവസ്ഥയിൽ
കിടപ്പിലായെന്നു അതിൽ എഴുതിയി
രുന്നു. ധാന്യം പൊടിക്കുന്നതിനു ശ്രമിച്ച
ഒരു മിൽ ഉടമ, മില്ലിൽ നിന്നു
പൊടിഞ്ഞ മാവു പുറത്തു
വരുന്നതിനുപകരം ശക്തിയായ
രക്തമൊഴുക്കാണ് കണ്ടത്. എത്ര
ശക്തിയായി വെള്ളം ഒഴുക്കിയിട്ടും
അനക്കമില്ലാതെ മില്ലിൻറെ ചക്രങ്ങൾ
നിശ്ചലമാവുകയും ചെയ്തു. ഒരു സ്ത്രീ കുഴച്ച
മാവ് അപ്പമുണ്ടാക്കുന്നതിനു അടുപ്പിൽ
വെച്ചുവെങ്കിലും അതു അതേപടിതന്നെ
കാണപ്പെട്ടു; എന്നാൽ അടുപ്പ് നല്ല
ചൂടായും ഇരുന്നു. എന്നാൽ വേറൊരു
ആൾ കുഴച്ച മാവ് ഒൻപതാം മണി
നേരമായിപ്പോയതു കൊണ്ട് അടുപ്പിൽ
വെയ്ക്കാതെ തിങ്കളാഴ്ച രാവിലേക്കു

മാറ്റിവച്ചിരുന്നു. എങ്കിലും അടുത്ത ദിവസം നോക്കിയപ്പോൾ ദിവ്യശക്തികൊണ്ട് പാകം ചെയ്യപ്പെട്ട അപ്പക്കഷണങ്ങളായി മാറിയിരിക്കുന്നത് കണ്ടു. വേറൊരാൾ ശനിയാഴ്ച ഒൻപതാം മണിക്കുശേഷം കുഴച്ച് അടുപ്പിൽവെച്ച മാവ് അടുത്ത ദിവസം രക്തം നിറഞ്ഞതായി കാണുകയുണ്ടായി. ഇപ്രകാരം മെനഞ്ഞെടുത്ത വഞ്ചനാപരമായ അന്ധവിശ്വാസങ്ങൾകൊണ്ട് ഞായറാഴ്ച ആചാരത്തിൻറെ പരിശുദ്ധിയെ സ്ഥാപിക്കുവാൻ അതിൻറെ വക്താക്കൾ പ്രയത്നിച്ചുകൊണ്ടിരുന്നു. (Roger de Hoveden, Annals, vol. 2, pp 528 - 530 നോക്കുക).

പുരാതന ശബ്ബത്തിൻറെ ഒരു ഭാഗം ഞായറാഴ്ചയോടു കൂട്ടിച്ചേർത്ത് അതിനു വലിയ ബഹുമതി കല്പിക്കുവാൻ ഇംഗ്ലണ്ടിലെന്നപോലെ സ്കോട്ലൻറിലും സാധിച്ചു. എന്നാൽ വിശുദ്ധമായി ആചരിക്കേണ്ട സമയത്തിനു മാറ്റം വരുത്തി. "ശനിയാഴ്ച ഉച്ചയ്ക്ക് പന്ത്രണ്ടുമണി മുതൽ വിശുദ്ധമായി ആച രിക്കേണ്ടതാണ് എന്നും ആ സമയം മുതൽ തിങ്കളാഴ്ച രാവിലെവരെ ആരും തന്നെ ഒരു ജോലിയും ചെയ്യരുതെന്നും കോട്ലൻറിലെ രാജാവ് കൽപന പുറപ്പെടുവിച്ചു'. - Morer, page 290, 291.

ഞായറാഴ്ചയുടെ പരിശുദ്ധി സ്ഥാപിച്ചെടുക്കുവാനുള്ള സകലവിധ പരിശ്രമങ്ങളുടെ മധ്യത്തിലും പാപ്പാത്വ നേതാക്കന്മാർ വിശുദ്ധ ശബ്ദത്തിന്മേലുള്ള ദൈവിക അധികാരത്തേയും അതിൻറെ സ്ഥാനത്ത് സ്ഥാപിച്ച് ഞായറാഴ്ച ആചാരത്തിൻറെ മാനുഷിക ഉത്ഭവത്തേയും കുറിച്ച് പരസ്യമായിത്തന്നെ ഏറ്റുപറഞ്ഞുകൊണ്ടിരുന്നു. "ഏഴാം ദിവസം ദൈവംതന്നെ വിശുദ്ധീകരിച്ച് വേർതിരിച്ചതാണെന്നും, യെഹൂദന്മാർ മാത്രമല്ല ദൈവത്തെ യഥാർത്ഥത്തിൽ ആരാധിച്ചിരുന്ന എല്ലാവരും അത് സ്വീകരിക്കുകയും ആചരിക്കുകയും ചെയ്തിരുന്നു എന്നും അവരുടെ ശബ്ദത്തിനെ ക്രിസ്ത്യാനികളായ നമ്മൾ

കർത്താവിന്റെ ദിവസമായി മാറ്റിയെന്നും എല്ലാ ക്രിസ്ത്യാനികളും അറിഞ്ഞിരിക്കേണ്ടതാണ് എന്നു പതിനാറാം നൂറ്റാണ്ടിൽ ഒരു പാപ്പാത്വ കൗൺസിൽ വ്യക്തമായി പ്രഖ്യാപിച്ചിരിക്കുന്നു -- Ibid., pages 281 282. ദൈവിക കല്പനകളോട് മത്സരിക്കുന്നവർ അവരുടെ പ്രവൃത്തിയുടെ സ്വഭാവമെന്തെന്നു അറിയാതിരിക്കുന്നില്ല. അവർ മനഃപൂർവ്വം തങ്ങളെ ദൈവത്തേക്കാൾ ഉയർത്തി പ്രതിഷ്ഠിക്കുകയാണ്.

റോമിൻറെ നയങ്ങളോടു അനുകൂലിക്കാത്തവരുടെമേൽ അവൾ വരുത്തുന്ന പീഡനങ്ങളുടെ ഒരു നല്ല വിവരണം ശബ്ബത്തനുസാരികളായിരുന്ന

വാൽഡൻസീസ് എന്ന ക്രിസ്തീയ വിഭാഗത്തെ ദീർഘനാൾ രക്തരൂക്ഷിതമായി പീഡിപ്പിച്ചതിൽകൂടെ നമുക്കു ലഭിക്കുന്നു. നാലാം കല്പനയോടു വിശ്വസ്തത പാലിച്ച് മറ്റ് അനേകർ ഇതുപോലെ കഷ്ടതകൾ സഹിച്ചു. എത്യോപ്യയുടേയും അബിസിനിയായുടേയും സഭാചരിത്രം ഇത്തരുണത്തിൽ ശ്രദ്ധേയമാണ്. അന്ധാകരയുഗത്തിൻറെ മങ്ങലിൽ മദ്ധ്യ ആഫ്രിക്കയിലെ ക്രിസ്ത്യാനികൾ ബാഹ്യലോകത്തിൽനിന്ന് ഒറ്റപ്പെട്ടുകയും അനേക നൂറ്റാണ്ടുകൾ ആരാധനാസ്വാതന്ത്ര്യം അനുഭവിക്കുകയും ചെയ്തു. എന്നാൽ അവസാനം ഇവരുടെ നിലനില്പിനെ

സംബന്ധിച്ച് റോം മനസ്സിലാക്കുകയും അബിസിനിയായിലെ ചക്രവർത്തി പോപ്പിനെ ക്രിസ്തുവിൻറെ പ്രതിപുരുഷനായി അംഗീകരിക്കുവാൻ കബളിപ്പിക്കപ്പെടുകയും ചെയ്തു. അവർക്കു പല അവകാശങ്ങളും അനുവദിച്ചുകിട്ടി. തുടർന്നു ശബ്ബത്ത് ആചാരം വിലക്കി ക്കൊണ്ടും ശബ്ബത്തനുസരണം തുടരുന്നവരുടെമേൽ രൂക്ഷമായ ശിക്ഷാവിധികൾ ഏർപ്പെടുത്തിക്കൊണ്ടുമുള്ള രാജകീയ വിളംബരം പ്രസിദ്ധപ്പെടുത്തി. (Michael Ceddes, Church History of Ethiopia, pages 311, 312 നോക്കുക). എന്നാൽ പാപ്പാത്വ ഏകാധിപത്യം ഒരു നകമായി ഭവിച്ചതു കൊണ്ട് അതിൽനിന്നു തങ്ങളുടെ

കഴുത്തുരിമാറ്റുവാൻ അബിസിനിയക്കാർ തീരുമാ നിച്ചു. ഉഗ്രമായ ഒരു പോരാട്ടത്തെ തുടർന്നു അവരുടെ അധികാര പരിധി യിൽപ്പെട്ട പ്രദേശങ്ങളിൽനിന്നു റോമാക്കാരെ പുറം തള്ളുകയും പഴയ വിശ്വാസം പുനഃസ്ഥാപിക്കുകയും ചെയ്തു. തങ്ങൾക്കു ലഭിച്ച സ്വാതന്ത്ര്യത്തിൽ സഭകൾ ആനന്ദിച്ചു. മാത്രമല്ല, റോമിൻറെ സ്വേച്ഛാധിപത്യ അധികാരം, മത്രഭാന്ത്, വഞ്ചന എന്നിവയെപ്പറ്റി അവർ പഠിച്ച പാഠങ്ങൾ മറക്കാതെ സൂക്ഷിക്കുകയും ചെയ്തു. ബാഹ്യ ക്രിസ്തീയ ലോകത്തിനു അദൃശ്യമായും തങ്ങ ളുടെ ഏകാന്ത പ്രദേശത്ത് സന്തോഷമായും അവർ കഴിഞ്ഞുപോന്നു.

പാപ്പാത്വ സഭ പൂർണ്ണമായ വിശ്വാസ ത്യാഗത്തിൽപ്പെടുന്നതിനുമുമ്പ് ശബ്ബത്തിനെ ആചരിക്കുന്നതുപോലെ ആഫ്രിക്കയിലെ സഭകളും ശബ്ബത്താചരണം നടത്തിയിരുന്നു. ദൈവത്തിൻറെ കല്പന അനുസരിക്കുകയും സഭയുടെ സമ്പ്രദായത്തോട് അനുകൂലിച്ചുകൊണ്ട് ഞായറാഴ്ച്ച ജോലികളിൽനിന്നു ഒഴിഞ്ഞിരിക്കുകയും ചെയ്തിരുന്നു. റോമിനു പരമാധികാരം ലഭിച്ചതുമുതൽ അവളുടെ സ്വന്ത കല്പനയെ ഉയർത്തിക്കാണിക്കുന്നതിനുവേണ്ടി ദൈവത്തിൻറെ വിശുദ്ധ ശബ്ബത്തിനെ ചവിട്ടി മെതിച്ചുതുടങ്ങി. എന്നാൽ ആഫ്രിക്കയിലെ സഭകൾ ആയിരം വർഷത്തോളം ബാഹ്യലോകത്തിൽ

നിന്നും അകന്നിരുന്നതിനാൽ പാപ്പാതി
വിശ്വാസത്യാഗത്തിൽ അകപ്പെട്ടു
പോകാതെ കഴിഞ്ഞിരുന്നു. റോമിനു
അടിമപ്പെട്ടതുമുതൽ യഥാർത്ഥ
ശബ്ദത്തിൻറെ സ്ഥാനത്ത് ഞായറാഴ്ച
ആചാരം
നിർബന്ധമാക്കപ്പെടുകയും
റോമിൽനിന്നു സ്വാതന്ത്ര്യം
നേടിയതുമുതൽ നാലാം
കൽപനയുടെ അനു സരണത്തിലേക്കു
അവർ മടങ്ങിവരികയും ചെയ്തു.

സത്യശബ്ബത്തിനോടും അതു
അനുസരിക്കുന്നവരോടുമുള്ള റോമിൻറെ
ശത്രുത അവർ സ്ഥാപിച്ച ആചാരത്തെ
ബഹുമാനിക്കുന്നതിനു ഉപയോഗിക്കുന്ന
നടപടിക്രമങ്ങളുമാണ് കഴിഞ്ഞകാല

ചരിത്രരേഖകളിൽ നാം വ്യക്തമായി കാണുന്നത്. റോമൻ കത്തോലിക്കാസഭയും പ്രൊട്ടസ്റ്റന്റ് സഭകളും ഞായറാഴ്ച ആചാരത്തെ ഉയർത്തിപ്പിടിക്കുവാൻ ഒരുമിച്ചു ചേരുമ്പോൾ കഴിഞ്ഞുപോയ രംഗങ്ങൾ ആവർത്തിക്കപ്പെടുമെന്നു ദൈവവചനം പഠിപ്പിക്കുന്നു.

വെളിപ്പാട് പുസ്തകം പതിമൂന്നാം അദ്ധ്യായത്തിലെ പ്രവചനത്തിൽ കുഞ്ഞാടിനുള്ളതുപോലെ രണ്ടു കൊമ്പുള്ളതായി പ്രതിപാദിച്ചിരിക്കുന്ന ശക്തി "ഭൂമിയേയും അതിൽ വസിക്കുന്നവരേയും", "പുള്ളിപ്പുലിക്കു സദൃശമായ" മൃഗമായി വിവരിച്ചിരിക്കുന്ന പാപ്പാത്വശക്തിയെ ആരാധിക്കുമെന്നു

തിരുവചനം പ്രഖ്യാപിക്കുന്നു. “മൃഗത്തിനു പ്രതിമ ഉണ്ടാക്കുവാൻ ഭൂമിയിൽ വസിക്കുന്നവരോടു രണ്ടു കൊമ്പുള്ളതായി കണ്ട ശക്തി ആവശ്യപ്പെടുകയും അതിലുമുപരിയായി “ചെറിയവരും വലിയവരും സമ്പന്നന്മാരും ദരിദ്രന്മാരും സ്വതന്ത്രന്മാരും ദാസന്മാരുമായ എല്ലാവർക്കും', മൃഗത്തിൻറെ മുദ്ര ലഭിക്കുവാൻ കല്പന പുറപ്പെടുവിക്കുകയും ചെയ്യുന്നു (വെളി. 13:11 -16). കുഞ്ഞാടിനുള്ളതുപോലെ രണ്ടു കൊമ്പുള്ളതായി പ്രതിപാദിച്ചിരിക്കുന്ന ശക്തി അമേരിക്കൻ ഐക്യനാടുകളാണെന്നു കണ്ടുകഴിഞ്ഞു. റോമിൻറെ പരമാധികാരത്തിനു തെളിവായി അവർ അവകാശപ്പെടുന്ന ഞായറാഴ്ച്ച ആചാരം അമേരിക്കൻ ഐക്യനാടുകൾ

പ്രാബല്യത്തിൽ വരുത്തുമ്പോൾ ഈ പ്രവചനം നിറവേറുന്നതാണ്. പാപ്പാത്വ അധികാരത്തെ വണങ്ങുന്നത് അമേരിക്കൻ ഐക്യനാടുകൾ മാത്രമല്ല, ഒരു കാലത്തു റോമാസഭയുടെ പരമാധികാരത്തിൻറെ സ്വാധീന ശക്തിയിൽപ്പെട്ടിരുന്ന രാജ്യങ്ങൾ ഇന്നും നശിക്കാതെ നില്ക്കുന്നുണ്ട്. റോമാസഭയുടെ ശക്തി പുനഃസ്ഥാപിക്കപ്പെട്ടതായി പ്രവചനം മുൻകൂട്ടി പറഞ്ഞിരിക്കുന്നു. "അതിൻറെ തലകളിൽ ഒന്ന് മരണകരമായ മുറിവു ഏറ്റതുപോലെ ഞാൻ കണ്ടു; എന്നാൽ അതിൻറെ മരണകാരണമായ മുറിവു പൊറുത്തുപോയി. സർവ്വഭൂമിയും മൃഗത്തെ കണ്ടു വിസ്മയിച്ചു (വാക്യം 3). 1798-ൽ പാപ്പാത്വ ശക്തിക്കുണ്ടായ

തകർച്ച അതിന്റെ ഏറ്റതായ മരണകരമായ മുറിവിനെ സൂചിപ്പിക്കുന്നു. അതിനുശേഷം പ്രവാചകൻ പറയുന്നത്. അതിൻറെ മരണകരമായ മുറിവ് പൊറുത്തുപോയി; സർവ്വ ഭൂമിയും മൃഗത്തെക്കണ്ടു വിസ്മയിച്ചു" എന്നാണ്. "അധർമ്മമൂർത്തി" കർത്താവിന്റെ വീണ്ടും വരവു വരെ തുടരുമെന്നു വിശുദ്ധ പൌലൊസ് വ്യക്തമായി പ്രസ്താവിക്കുന്നു (2 തെസ്സ. 2:3-8). കാലം അതിൻറെ അന്ത്യത്തോട് അടുക്കുമ്പോൾ അവൻ തൻറെ വഞ്ചനാപരമായ പ്രവൃത്തികൾ ചെയ്തു തുടങ്ങും. "കുഞ്ഞാടിൻറെ ജീവപുസ്തകത്തിൽ പേർ എഴുതിയിട്ടില്ലാത്ത സകല ഭൂവാസികളും അവനെ നമസ്കരിക്കും" എന്നും വെളിപ്പാടുകാരൻ പാപ്പാത്വശക്തിയെ

സംബന്ധിച്ചു പ്രസ്താവിച്ചിരിക്കുന്നു (വെളി. 13:8). റോമാസഭയുടെ അധികാരത്തിൽ മാത്രം നിലവിൽവന്ന ഞായറാഴ്ച ആചാരം അംഗീകരിക്കപ്പെടുന്നതോടുകൂടെ പഴയ ലോകത്തിലും പുതിയ ലോകത്തിലും പാപ്പാത്വ ശക്തിക്കു ബഹുമാനവും ആരാധനയും ലഭിക്കുന്നു.

19-ാം നൂറ്റാണ്ടിന്റെ അവസാനഘട്ടത്തിൽ അമേരിക്കൻ ഐക്യനാടു കളിലെ പ്രവചന വിദ്യാർത്ഥികൾ ഈ സാക്ഷ്യം ലോകമുൻപാകെ തുറന്നു കാട്ടി. ഇന്നു നടന്നുകൊണ്ടിരിക്കുന്ന ഓരോ സംഭവങ്ങളും ഈ പ്രവചനത്തിന്റെ തിട്ടുക്കത്തിലുള്ള നിറവേറലിലേക്കു

അതിവേഗം നയിക്കുന്നവയാണ്.
ഞായറാഴ്ച ആചാരത്തിനു വേദപുസ്തക
തെളിവുകൾ ഒന്നുംതന്നെ
പ്രൊട്ടസ്റ്റൻറുകാരുടെ പക്കൽ
ഇല്ലായെങ്കിലും, ദൈവത്തിങ്കൽനിന്നു
തങ്ങൾക്കു ലഭിച്ചു എന്ന്
അവകാശപ്പെട്ട് പാപ്പാത്വ നേതാക്കന്മാർ
മെനഞ്ഞെടുത്ത കഥകളിലും
അത്ഭുതങ്ങളിലുംകൂടെ
സ്ഥാപിക്കുന്നതുപോലെ
പ്രോട്ടസ്റ്റന്റുകാരും ഞായറാഴ്ച ആചാരം
ദൈവിക അധികാരത്തിൽ
നിന്നുള്ളതാണെന്നു അവ കാശപ്പെടുന്നു.
ഞായറാഴ്ച എന്ന കപട ശബ്ബത്ത്
മനുഷ്യർ ലംഘിക്കുന്ന തുകൊണ്ട്
ദൈവത്തിൻറെ ന്യായവിധി
അവരുടെമേൽ

വന്നുകൊണ്ടിരുന്നുയെന്നുള്ള പ്രഖ്യാപനം ആവർത്തിക്കപ്പെടും; ഇപ്പോൾതന്നെ അത് തുടങ്ങിക്കഴിഞ്ഞിരിക്കുന്നു. ഞായറാഴ്ച ആചാരം പ്രാബല്യത്തിൽ വരുവാനുള്ള നിമിഷം വളരെ വേഗം സമീപിച്ചുവരുന്നു.

റോമാസഭയുടെ രീതി ഉപായങ്ങളും കൗശലങ്ങളും പ്രയോഗിക്കുന്ന തിൽ അത്ഭുതാഹവമാണ്. മുന്നിൽ എന്താണ് ഉള്ളതെന്ന് അവൾ നന്നായി ഗ്രഹിക്കുന്നു. പ്രൊട്ടസ്റ്റൻസഭകൾ ഞായറാഴ്ച ആചാരം മുറുകെപ്പിടിച്ചു കൊണ്ട് അവളോടുള്ള ആദരവ് പ്രകടിപ്പിക്കുന്നതും കഴിഞ്ഞകാലങ്ങളിൽ അവളുപയോഗിച്ച

അതേ മാർഗ്ഗങ്ങളിൽകൂടെ അവർ അതിനെ ജനങ്ങളുടെ മേൽ അടിച്ചേല്പിക്കുന്നതും കണ്ടുകൊണ്ട് തൻറെ സമയത്തെ ഇപ്പോൾ അവൾ മറച്ചുപിടിക്കുന്നു. സത്യവെളിച്ചം ഉപേക്ഷിച്ചുകളയുന്നവർ അപമാ ദിതി അധികാരമുണ്ടെന്നു അവകാശപ്പെട്ടുകെണ്ട് പാപ്പാത്വ സഭ സ്ഥാപിച്ച ഈ ആചാരത്തെ ഉറപ്പിക്കുന്നതിനു അവളുടെ സഹായം തേടുന്നു. എത് ഉത്സാഹത്തോടെ അവൾ പ്രൊട്ടസ്റ്റന്റുകാരെ സഹായിക്കാൻ മുന്നോട്ടു വരുമെന്നു അനുമാനിക്കുവാൻ പ്രയാസമില്ല. സഭയോടു അനുസരണക്കേടു കാണിക്കുന്നവരെ കൈകാര്യം ചെയ്യേണ്ടതെപ്രകാരമാണെന്നു പാപ്പാത്വ

നേതാക്കന്മാരെക്കാളും നന്നായി അറിയാവുന്നത് മറ്റാർക്കാണ്?

മാർപാപ്പയുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിന് അവരുടെ നേതൃത്വത്തിൽ റോമൻ കത്തോലിക്കാസഭ വിവിധങ്ങളായ ശാഖോപശാഖകളായി ലോകമെങ്ങും ഒരു വലിയ സംഘടനയായി പ്രവർത്തിക്കുന്നു. ഭൂമിയിൽ എങ്ങുമുള്ള ഓരോ രാജ്യത്തിലും അവർക്കുള്ള ദശലക്ഷക്കണക്കായ വക്താക്കൾ പോപ്പിനോടുള്ള വിധേയത്വം പരിരക്ഷിക്കുവാൻ പരിശീലിക്കപ്പെട്ടവരാണ്. ഏതു ഭരണകൂടമായിരുന്നാലും തങ്ങളുടെ സഭയുടെ അധികാരം സർവ്വത്തിനും

മുകളിലായി അവർ കാണുന്നു. ഈ വക്താക്കൾ രാഷ്ട്രത്തോടു വിശ്വസ്തത പാലിച്ചുകൊള്ളാമെന്നു പ്രതിജ്ഞ എടുക്കുന്നുവെങ്കിലും റോമിനോടുള്ള അവരുടെ അനുസരണയുടെ ശബ്ദം എല്ലാറ്റിനും മുകളിലാണ്; സഭയോടു ശത്രുതാമനോഭാവം പുലർത്തുന്നവർക്കെതിരെയുള്ള പ്രതിജ്ഞാ ലംഘനത്തിന് അവർക്കു മാപ്പുലഭിക്കുകയും ചെയ്യുന്നു.

രാജ്യങ്ങളുടെ രാഷ്ട്രീയ താല്പര്യങ്ങൾക്കുള്ളിൽ നുഴഞ്ഞു കയറുവാനുള്ള കൗശല പൂർണ്ണമായ അവരുടെ നിരന്തര പരിശ്രമവും അവിടെ ഒരു കാലുറപ്പിച്ചശേഷം അവിടത്തെ രാജാവിനും ജനങ്ങൾക്കും നാശം സംഭ

വിച്ചാലും തങ്ങളുടെ ലക്ഷ്യപ്രാപ്തിക്കുള്ള പ്രവർത്തനങ്ങളും ചരിത്രം സാക്ഷിക്കുന്നു. 1204-ാമാണ്ട് ഇന്നസെൻറ് മൂന്നാമൻ മാർപാപ്പ അരഗോണിലെ രാജാവായ പീറ്റർ രണ്ടാമനെക്കൊണ്ട് ഇപ്രകാരം ഒരു പ്രതിജ്ഞ എടുപ്പിച്ചു: "അരഗോണിയൻ രാജാവായ പീറ്റർ രണ്ടാമൻ എന്ന ഞാൻ എൻറെ പ്രഭുവായ പോപ്പ് ഇന്നസെൻറിനോടും തൻറെ കത്തോലിക്കാ പിൻഗാമികളോടും റോമൻ സഭയോടും അനുസരണയുള്ളവനും, എന്നെന്നും വിശ്വസ്തത പാലിക്കുന്നവനുമായി ഇരുന്നുകൊള്ളാമെന്നും കത്തോലിക്ക വിശ്വാ സത്തെ കാത്തു സംരക്ഷിച്ചും അതിനെതിരെയുള്ള സകല

ദുഷ്ടതയേയും നശിപ്പിച്ചും പോപ്പിനോടുള്ള അനുസരണയിൽ എൻറെ രാജ്യത്തെ പരിപൂർണ്ണ വിശ്വസ്തതയിൽ സംരക്ഷിച്ചുകൊള്ളാമെന്ന് സമ്മതിക്കുകയും അതിനായി വാഗ്ദത്തം ചെയ്യുകയും ചെയ്യുന്നു' - John Dowling, The History of Ramansim, b. 5, ch. 6, sec. 55. "ചക്രവർത്തിമാരെ സ്ഥാനഭ്രഷ്ടരാക്കുവാനും അനീതി ചെയ്യുന്ന ഭരണാധികാരികളിൽനിന്നു പ്രജകളെ മോചിപ്പിക്കുവാനും ന്യായമായ അവകാശവും അധികാരവും മാർപാപ്പയ്ക്കുണ്ടെന്നുള്ള അവരുടെ അവകാശവാദത്തോട് ഇത് അനുയോജ്യമായിരിക്കയും ചെയ്യുന്നു".-

Mosheim, b. 3, cent. 13, pt. 2, ch. 2, sec. 9, note 17.

ഒരിക്കലും മാറാത്തവളാണ് റോം എന്നുള്ളത് അവൾ പൊങ്ങച്ചം പറയുന്നതു മാത്രമാണെന്നു ഓർമ്മയിൽ ഇരിക്കട്ടെ. മാർപാപ്പമാരായ ഗ്രിഗറി ഏഴാമൻറെയും ഇന്നസെൻ്റ് മൂന്നാമൻറെയും തത്വങ്ങൾ തന്നെയാണ് റോമൻ കത്തോലിക്കാ സഭയുടെ ഇന്നുവരെയുള്ള മൗലിക തത്വങ്ങൾ. അവളുടെ കയ്യിൽ അധികാരം ലഭിച്ചുകഴിയുമ്പോൾ കഴിഞ്ഞ നൂറ്റാണ്ടുകളിൽ ചെയ്തു തിനേക്കാൾ അധികം ഉത്സാഹത്തോടെ അവ പ്രാബല്യത്തിൽ വരുത്തുന്നതിനു പ്രൊട്ടസ്റ്റൻ്റുകാർ റോമിൻറെ സഹായം

സ്വീകരിക്കുന്നത് ഇതിനെ
സംബന്ധിച്ചുള്ള ശരിയായ അറിവ്
കൂടാതെ ആണ്. അവർ തങ്ങളുടെ ഉദ്ദേശ
സാക്ഷാൽക്കാരത്തിനു വേണ്ടി
കുനിഞ്ഞുകൊടുക്കുമ്പോൾ അധികാരം
പുനഃസ്ഥാപിക്കുന്നതിനും
നഷ്ടപ്പെട്ടുപോയ അവളുടെ പരമോന്നത
പദവി വീണ്ടെടുക്കുവാനും അവൾ
ലക്ഷ്യമിട്ടിരിക്കുകയാണ്. സഭയ്ക്ക്
രാഷ്ട്രീയ നിയമങ്ങൾകൊണ്ടു
അധികാരം ഉപയോഗിക്കുകയോ
നിയന്ത്രിക്കുകയോ ചെയ്യാമെന്നും
മതാചാരങ്ങൾ പ്രാബല്യത്തിൽ
വരുത്താമെന്നുമുള്ള തത്വങ്ങൾ
അമേരിക്കൻ ഐക്യനാടുകളിൽ
പ്രാബല്യത്തിൽ വരുമ്പോൾ,
ചുരുക്കത്തിൽ സഭയുടെയും

രാഷ്ട്രീയത്തിൻറേയും ഒരുമിച്ചുള്ള അധികാരം മനുഷ്യമനസ്സാക്ഷിയെ നിയന്ത്രിക്കുവാൻ തുടങ്ങുമ്പോൾ ആ രാജ്യത്തിൽ റോമിൻറെ വിജയം ഉറപ്പാണ്.

ഏറ്റവും സമീപിച്ചുകൊണ്ടിരിക്കുന്ന നാശത്തെപ്പറ്റി ദൈവവചനം മുന്ന റിയിപ്പു തരുന്നുണ്ട്, അതു ശ്രദ്ധിക്കാതിരിക്കയാണെങ്കിൽ റോമിൻറെ യഥാർത്ഥ ഉദ്ദേശങ്ങൾ എന്തെല്ലാമാണെന്നു പ്രൊട്ടസ്റ്റൻറെ ലോകം മനസ്സിലാക്കുന്നില്ല; എന്നാൽ ആ കെണിയിൽനിന്നും രക്ഷപെടുവാനുള്ള അവസരം കഴിഞ്ഞു പോയിരിക്കും. അവൾ നിശ്ശബ്ദമായി അധികാരത്തിലേക്കു വളരുകയാണ്.

അവളുടെ തത്വങ്ങളുടെ സ്വാധീന ശക്തി നിയമനിർമ്മാണ സഭകളിലും, ആരാധനാലയങ്ങളിലും, മനുഷ്യ ഹൃദയങ്ങളിലും പ്രബലപ്പെട്ടുവരുന്നു. അവളുടെ കഴിഞ്ഞകാല പീഡനമുറകൾ പുനരാരംഭിക്കുന്നതിനു രഹസ്യമായി തൻറെ ഉന്നതവും ശ്രേഷ്ഠവുമായ ഘടന ബലപ്പെടുത്തുകയാണ്. തക്ക സമയം വരുമ്പോൾ പ്രവർത്തിക്കത്തക്കവിധം അവളുടെ ഉദ്ദേശ്യ സാദ്ധ്യങ്ങൾക്കായി സംശയരഹിതവും രഹസ്യവുമായി തൻറെ അധികാര പരിധി വികസിപ്പിക്കയാണ്. അവൾക്കാവശ്യം അനുകൂല സാഹചര്യം മാത്രമാണ്, അതവൾക്ക് ലഭിച്ചുകഴിഞ്ഞും ഇരിക്കുന്നു. റോമാസഭയുടെ ഉദ്ദേശ്യം എന്താണെന്നു എത്രയും വേഗം നാം

കാണുകയും അനുഭവിക്കുകയും ചെയ്യും. ദൈവവചനം വിശ്വസിക്കുകയും അനുസരിക്കുകയും ചെയ്യുന്നവർക്കെല്ലാം അതുമുഖാന്തരം ദൂഷണവും പീഡനവും നേരിടേണ്ടിവരും.

# അദ്ധ്യായം 36—ആസന്നപോരാട്ടം

വൻ പോരാട്ടം സ്വർഗ്ഗത്തിൽ ആരംഭിച്ചതിൻറെ തുടക്കം മുതൽ തന്നെ ദൈവത്തിൻറെ നിയമങ്ങളെ തുത്തെറിയുക എന്നുള്ളതായിരുന്നു സാത്താൻറെ ഉദ്ദേശം. ഇത് നടപ്പിൽ വരുന്നതിന് അവൻ സൃഷ്ടിതാവിനെതിരെ മത്സരിക്കുകയും തുടർന്ന് സ്വർഗ്ഗത്തിൽനിന്നു തള്ളപ്പെട്ടു കഴിഞ്ഞപ്പോൾ തൻറെ പഴയ പോരാട്ടം ഭൂമിയിൽ തുടരുകയും ചെയ്തു. ദൈവകല്പന ലംഘിക്കുവാൻ മനുഷ്യനെ വഞ്ചിക്കുകയെന്ന തൻറെ ലക്ഷ്യപ്രാപ്തിക്കായി അവൻ നിരന്തരം മുന്നേറിക്കൊണ്ടിരുന്നു. ദൈവകല്പനകളെല്ലാം പൂർണ്ണമായി

ലംഘിച്ചാലും, അതിൽ ഏതെങ്കിലും ഒന്നിന് ലംഘനം വരുത്തിയാലും അന്തിമ ഫലം ഒന്നു തന്നെയാണ്. ഒരുവൻ, "ഒന്നിൽ തെറ്റിയാൽ", അവൻ മുഴുകല്പനയ്ക്കും എതിരെ തൻറെ വെറുപ്പ് പ്രകടിപ്പിക്കുകയും അവൻറെ സ്വാധീനവും മാതൃകയും ലംഘനത്തിൻറെ പക്ഷത്താവുകയും അവൻ "സകലത്തിനും കുറ്റക്കാ രനാവുകയും' ചെയ്യുന്നു (യാക്കോ. 2:10).

ദിവ്യ നിയമങ്ങൾക്കെതിരെയുള്ള തൻറെ വെറുപ്പ് പ്രകടമാക്കുന്നതിനു സാത്താൻ വേദപുസ്തക സത്യങ്ങളെ വളച്ചൊടിക്കുകയും തിരുവചനങ്ങളെ വിശ്വസിക്കുന്നുയെന്നു അഭിമാനിക്കുന്ന ആയിരക്കണക്കായ ജനങ്ങളുടെ

വിശ്വാസത്തിന്മേൽ തെറ്റുകൾ കൂട്ടിക്കലർത്തുകയും ചെയ്തിരിക്കുന്നു. തെറ്റും ശരിയും തമ്മിലുള്ള അവസാനത്തെ വലിയ പോരാട്ടം ദൈവത്തിൻറെ നിയമത്തിനെതിരെ യുഗങ്ങളായി നടന്നുവരുന്ന പോരാട്ടത്തിൻറെ അന്തിമഘട്ടം മാത്രമാണ്. ഈ യുദ്ധത്തിലേക്കു നാം ഇപ്പോൾ ഇറങ്ങിത്തുടങ്ങുന്നു- ഇതു മനുഷ്യ നിയമങ്ങളും യഹോവയുടെ നിയമങ്ങളും തമ്മിലും, വേദപുസ്തക മതവും മനുഷ്യ നിർമ്മിത കെട്ടുകഥകളും പാരമ്പര്യങ്ങളുമായ മതവും തമ്മിലും ഉള്ള യുദ്ധമാണ്.

സത്യത്തിനും നീതിക്കുമെതിരേയുള്ള ഈ മത്സരത്തിൽ പങ്കെടുക്കുന്ന എല്ലാ

ഘടകകക്ഷികളും ഒത്തൊരുമിച്ച്
ഇപ്പോൾ തന്നെ അതി ശക്തിയോടെ
പ്രവർത്തിപ്പാൻ തുടങ്ങിയിരിക്കുന്നു.
കഷ്ടപ്പാടുകളും രക്തവും വിലയായി
കൊടുത്തുകൊണ്ട് നമ്മുടെ
കൈകളിലേക്ക് എത്തിയിരിക്കുന്ന
ദൈവത്തിൻറെ വിശുദ്ധ വചനത്തിനു
ഇപ്പോൾ വിലയില്ലാതായിരിക്കുന്നു.
സത്യ വേദപു സ്തകം എല്ലാവർക്കും
ലഭ്യമാകാൻ സാദ്ധ്യമാണെങ്കിലും
ജീവിത വഴികാട്ടി യായി അത്
സ്വീകരിക്കുന്നവർ വളരെ വിരളമാണ്.
ലോകത്തിൽ മാത്രമല്ല, സഭയ്ക്കുള്ളിൽ
പോലും ഭയപ്പെടുത്തുന്ന രീതിയിൽ
അവിശ്വാസം നിലനിൽക്കുന്നു.
ക്രിസ്തീയ വിശ്വാസത്തിൻറെ പ്രധാന
 തൂണുകളായ തത്വസം ഹിതകളെ

അനേകർ തള്ളിക്കളയുന്നു.
പരിശുദ്ധാത്മ പരിതരായ എഴുത്തു കാർ
രേഖപ്പെടുത്തിയിരിക്കുന്ന സൃഷ്ടിപ്പിൻറെ
ചരിത്രം, മനുഷ്യൻറെ വീഴ്ച,
പാപപരിഹാരം, ദൈവകല്പനകളുടെ
ശാശ്വതത്വം എന്നിവ ക്രിസ്തീയ ലോകം
ഭാഗികമായോ പൂർണ്ണമായോ
തള്ളിക്കളഞ്ഞിരിക്കുകയാണ്. തങ്ങ
ളുടെ ബുദ്ധിശക്തിയിലും
സ്വാതന്ത്ര്യത്തിലും അഭിമാനംകൊള്ളുന്ന
ആയിര ങ്ങൾ വേദപുസ്തകത്തിൽ
പരിപൂർണ്ണ വിശ്വാസം
അർപ്പിക്കുന്നതു ബലഹീന തയുടെ
തെളിവായി കാണുന്നു. തിരുവചനത്തെ
അടിസ്ഥാന രഹിതമെന്നു
ആരോപിക്കുന്നതും അതിൻറെ
അതിപ്രധാന സത്യങ്ങൾക്ക് ആത്മീയ

വിശദീകരണം നല്കി മാറ്റി നിർത്തുന്നതും തങ്ങളുടെ ശ്രേഷ്ഠമായ കഴിവിൻറെയും പരിജ്ഞാനത്തിൻറെയും തെളിവാണെന്നവർ ചിന്തിക്കുന്നു. ദൈവകല്പനകൾ മാറിപ്പോയി, അഥവാ അത് അസാധുവായിത്തീർന്നിരിക്കുന്നു എന്നും, ഇന്നും അത് വിലപ്പെട്ടതാണെന്നും അക്ഷരീക്ഷമായി അനുസരിക്കേണ്ടതാണെന്നും പറയുന്നവരെ പരിഹസിക്കുകയും കുറ്റം വിധിക്കയും ചെയ്യേണ്ടതാണെന്നും അനേക ശുശ്രൂഷകന്മാർ തങ്ങളുടെ ജനങ്ങളെ പഠിപ്പിക്കുകയും അനേക പ്രൊഫസർമാരും അദ്ധ്യാപകരും തങ്ങളുടെ വിദ്യാർത്ഥികളെ അഭ്യസിപ്പിക്കുകയും ചെയ്യുന്നു.

സത്യത്തെ തള്ളിക്കളയുന്നതിൽക്കൂടെ മനുഷ്യർ സത്യത്തിൻറെ ഉറവിടമായ ദൈവത്തെ ഉപേക്ഷിച്ചുകളയുകയാണ് ചെയ്യുന്നത്. ദൈവകല്പനകളെ നിലത്തിട്ടു ചവിട്ടുന്നതിൽ കൂടെ മനുഷ്യർ നിയമദാദാവിൻറെ അധികാരത്തെ ഉപേക്ഷിച്ചുകളയുന്നു. മരമോ കല്ലോ കൊണ്ടുള്ള ഒരു വിഗ്രഹം വാർത്തെടുക്കുന്നതുപോലെ എളുപ്പമാണ് കപട തത്വങ്ങളും വിശ്വാസ സംഹിത കളും അടങ്ങിയ ഒരു വിഗ്രഹം വാർത്തെടുക്കുക എന്നത്. ദൈവത്തിൻറെ സവിശേഷതകളെ തെറ്റായി ചിത്രീകരിച്ചുകൊണ്ട് അവൻറെ ഗുണവിശേഷ ങ്ങളെ ആത്മാർത്ഥതയില്ലാത്തതായി അംഗീകരിക്കുവാൻ സാത്താൻ

മനുഷ്യരെ പ്രേരിപ്പിക്കുന്നു.
തിരുവചനത്തിലും യേശുക്രിസ്തുവിലും സൃഷ്ടിപ്പിലും വെളിപ്പെടുത്തപ്പെട്ടിരിക്കുന്ന ജീവനുള്ള ദൈവത്തെ ആരാധിക്കുന്നവർ ചുരുക്കമാണെങ്കിലും യഹോവയുടെ സ്ഥാനത്തു തത്വജ്ഞാനപരമായ വിഗ്രഹത്തെ പ്രതിഷ്ഠിച്ചിരിക്കുന്നവർ വലിയൊരു കൂട്ടമാണ്. പ്രകൃതിക്ക് ദൈവപദവി കല്പിച്ചുകൊണ്ട് പ്രകൃതിയുടെ സൃഷ്ടിതാവായ ദൈവത്തെ ആയിരങ്ങൾ നിഷേധിച്ചുകളയുന്നു. ഏലിയാവിൻറെ കാലത്തു പുരാതന യിസ്രായേലിൽ വിഗ്രഹാരാധന നിലനിന്നിരുന്നതുപോലെ ഒരു വ്യത്യസ്ത രീതിയിൽ ഇന്നത്തെ ക്രിസ്തീയ ലോകത്തിലും വിഗ്രഹാരാധന നടമാടിക്കൊണ്ടിരിക്കുന്നു.

ബുദ്ധിമാന്മാരെന്നഭിമാനിക്കുന്ന അനേകരുടേയും തത്വ ചിന്തകന്മാരുടേയും കവികളുടേയും രാഷ്ട്രതന്ത്രജ്ഞന്മാരുടേയും പ്രത്രപ് വർത്തകരുടേയും സംസ്കാര സമ്പന്നരെന്ന് അഭിമാനിക്കുന്നവരുടേയും അനേക വിദ്യാപീഠങ്ങളുടേയും സർവ്വകലാശാലകളുടേയും മാത്രമല്ല മതത ത്വപഠന സ്ഥാപനങ്ങളുടെപോലും ദൈവം ഫിനീഷ്യാക്കാരുടെ സൂര്യദേവ നായ ബാൽ ദേവനേക്കാൾ മെച്ചമായതല്ല.

മനുഷ്യർ ഇക്കാലത്തു ദൈവകല്പന അനുസരിക്കേണ്ട ആവശ്യമേ യില്ലായെന്നുള്ള അതിവേഗം വേരുറച്ചുവരുന്ന ആധുനിക തത്വശാസ്ത്രം

പോലെ സ്വർഗ്ഗിയ
അധികാരത്തിനെതിരെ ധൈര്യത്തോടെ
ആഞ്ഞടിക്കുന്ന മറ്റൊരു തെറ്റും ക്രിസ്തീയ
ലോകം സ്വീകരിച്ചതായിട്ടില്ല.
അടിസ്ഥാന ഉപ ദേശങ്ങളെ നേരിട്ടു
എതിർക്കുന്നതായി ഫലത്തിൽ
ദ്രോഹപരമായ മറ്റൊന്നുമില്ല.
ബഹുമാനവും അനുസരണവും
ആവശ്യപ്പെടുന്ന നിയമങ്ങൾ ഓരോ
രാജ്യത്തിനുമുണ്ട്; നിയമങ്ങൾ കൂടാതെ
നിലനിൽക്കുവാൻ ഒരു
ഭരണകൂടത്തിനും സാദ്ധ്യമല്ല.
അങ്ങനെയാണെങ്കിൽ
ആകാശത്തിൻറെയും ഭൂമിയുടെയും
സൃഷ്ടികർത്താവിനു തൻറെ സൃഷ്ടികളെ
ഭരിക്കുന്ന നിയമങ്ങൾ ആവശ്യ
മില്ലായെന്നു എങ്ങനെ ചിന്തിക്കുവാൻ

സാധിക്കും? തങ്ങളുടെ രാജ്യത്തെ
ഭരിക്കുന്നതിനും പൗരാവകാശങ്ങൾ
സംരക്ഷിക്കുന്നതിനും നിയമങ്ങൾ ആവ
ശ്യമില്ലായെന്നും ജനങ്ങളുടെ
സ്വാതന്ത്ര്യത്തിന്മേൽ അവ നിയന്ത്രണം
ഏർപ്പെടുത്തുന്നതിനാൽ നിയമങ്ങൾ
ഒന്നുംതന്നെ അനുസരിക്കേണ്ടതില്ലെന്നും
ഇന്നത്തെ പ്രശസ്തരായ പ്രസംഗകരും
പുരോഹിതന്മാരും പരസ്യമായി പഠി
പ്പിക്കുന്നു എന്നു ചിന്തിക്കുക; എത്രനാൾ
ഇങ്ങനെയുള്ളവരുടെ പ്രസംഗം
അനുവദിക്കപ്പെട്ടും എന്നാൽ സകല
ഭരണകൂടങ്ങളുടേയും അടിസ്ഥാനമായ
ദൈവകല്പനകളെ ചവിട്ടി
മെതിക്കുന്നതിനേക്കാളും
കാഠിന്യമേറിയതാണോ
സംസ്ഥാനങ്ങളുടെയും രാഷ്ട്രങ്ങളുടെയും

നിയമങ്ങളെ നിരാകരിക്കുന്ന അപരാധം?

രാഷ്ട്രങ്ങൾക്ക് സുദൃഢങ്ങളായ തങ്ങളുടെ നിയമങ്ങളും ചട്ടങ്ങളും അസാധുവാക്കിക്കൊണ്ട് തങ്ങളുടെ ജനത്തെ യഥേഷ്ടം പ്രവർത്തിച്ചു ജീവിക്കുന്നതിനു അനുവദിക്കുവാൻ സാദ്ധ്യമല്ലാതിരിക്കുന്നതിനേക്കാളും എത്ര അസാദ്ധ്യമാണ് സർവ്വ ലോകങ്ങളുടെയും ഭരണാധികാരിക്കു തൻറെ നിയമങ്ങൾ ഉപേക്ഷിച്ചുകൊണ്ട് തെറ്റു ചെയ്യുന്നവനെ കുറ്റം വിധിക്കുന്നതിനും അനു സരിക്കുന്നവനെ നീതീകരിക്കുന്നതിനുള്ള മാനദണ്ഡമില്ലാതെ ലോകത്തെ തള്ളിക്കളയുന്നത്. ദൈവത്തിൻറെ

നിയമങ്ങൾ
ശൂന്യമാക്കിക്കളയുന്നതിൻറെ പരിണിത
ഫലം നാം അറിയുന്നുണ്ടോ? ഇതു
പരീക്ഷിച്ചറിഞ്ഞതാണ്. ഫ്രാൻസിൽ
നിരീശ്വരത്വം നിയന്ത്രണശക്തിയായി
മാറിയപ്പോൾ നടമാടിയ രംഗങ്ങൾ
ഭീകരങ്ങളായിരുന്നു. ദൈവം
ഏർപ്പെടുത്തിയ നിയന്ത്രണങ്ങളെ
എറിഞ്ഞു കളയുന്നത് ക്രൂരന്മാരായ
സ്വേച്ഛാധിപതികളെ
സ്വീകരിക്കുന്നതാണെന്നു അത് അന്നു
ലോകത്തിനു വെളിപ്പെടുത്തിക്കൊടുത്തു.
നീതിയുടെ മാനദണ്ഡം മാറ്റിക്കളഞ്ഞാൽ
ദുഷ്ടതയുടെ പ്രഭുവിനു ഭൂമിയിൽ തൻറെ
അധികാരം സ്ഥാപിക്കുവാനുള്ള പാത
തുറന്നു കിട്ടുന്നു.

ദൈവിക കല്പനകൾ
തിരസ്കരിക്കപ്പെടുമ്പോഴെല്ലാം പാപം
പാപമായി കാണപ്പെടാതെയും നീതി
താല്പര്യ ജനകമല്ലാതെയും
കാണപ്പെടുന്നു. ദൈവിക
ഭരണകൂടത്തിനു
കീഴ്പെടാതിരിക്കുന്നവർ
തങ്ങളെത്തന്നെ ഭരിക്കുവാൻ
പൂർണ്ണമായും അയോഗ്യരാണ്.
ദ്രോഹപരമായ അവരുടെ
പഠിപ്പിക്കലുകളിലൂടെ സ്വാഭാവികമായി
നിയന്ത്രണ വിധേയമല്ലാത്ത
കുട്ടികളുടേയും യുവാക്കളുടേയും
ഹൃദയങ്ങളിൽ വഴങ്ങാത്ത
ആത്മാവിനെ നട്ടുവളർത്തുന്നു.
അനന്തരഫലമായി നിയമരഹിതവും
കാമാസക്തവുമായ സമൂഹം

ഉടലെടുക്കുന്നു. ദൈവം ആവശ്യപ്പെടുന്നതിനെ ചോദ്യം ചെയ്യാതെ അനുസരിക്കു ന്നവരെ പരിഹസിക്കുമ്പോൾ പുരുഷാരം സാത്താൻറെ വഞ്ചനകളെ താൽപ്രൃത്തോടെ സ്വീകരിക്കുന്നു. ജാതികളുടെ മേൽ ന്യായവിധി വരുമാറാക്കിയ ദുർവൃത്തികൾക്കും പാപങ്ങൾക്കും അവർ തങ്ങളെ ഏല്പിച്ചുകൊടുക്കുന്നു.

ദൈവകല്പനകളെ നിസ്സാരമെന്നു കാണക്കാക്കുവാൻ ജനങ്ങളെ പഠി പ്പിക്കുന്നവർ അനുസരണക്കേടു വിതച്ച് അനുസരണക്കേടു കൊയ്യുകയാണു ചെയ്യുന്നത്. ദൈവകല്പനകൾ ഏർപ്പെടുത്തിയിരിക്കുന്ന

നിയന്ത്രണങ്ങൾ പൂർണ്ണമായി ഉപേക്ഷിക്കപ്പെട്ടുമ്പോൾ മനുഷ്യ നിയമങ്ങൾക്കും സ്ഥാനമില്ലാതെ വരും. അവിശ്വസ്ത പെരുമാറ്റങ്ങൾ, മോഹം, കളവ്, ചതിവ് എന്നിവയെ ദൈവം വിലക്കിയിരിക്കയാൽ അവ മനുഷ്യരുടെ ലൗകിക വളർച്ചയ്ക്ക് തടസ്സമാണെന്നു കരുതി അവർ ദൈവിക നിയമങ്ങളെ നിലത്തിട്ടു ചവിട്ടുവാൻ ഒരുമ്പെടുന്നു. എന്നാൽ ഈ നിയമങ്ങൾ ഉപേക്ഷിച്ചുകളയുന്നതിൻറെ അനന്തരഫലം അവർക്കു പ്രതീക്ഷിക്കുവാനാകാത്തതായിരിക്കും. കല്പന വേണ്ടായെങ്കിൽ അതു ലംഘിക്കുവാൻ എന്തിനു ഭയപ്പെടുന്നു? വസ്തുവകകൾ മേലിൽ സുരക്ഷിതമായിരിക്കുകയില്ല. മനുഷ്യർ

അയൽക്കാരുടെ സമ്പത്ത് കവർച്ച ചെയ്യും; ബലശാലികൾ ധനവാന്മാരാകും. ജീവനുപോലും വില കല്പിക്കുകയില്ല. കുടുംബത്തെ സംരക്ഷിക്കുന്ന കോട്ടയായി ഒരിക്കലും വിവാഹ പ്രതിജ്ഞ നിലനിൽക്കുകയില്ല. അധികാരമുള്ളവൻ തനിക്കു വേണ മെങ്കിൽ കൂട്ടുകാരൻറെ ഭാര്യയെ ബലാൽക്കാരം ചെയ്യാം. നാലാമത്തെ കല്പനയോടു ചേർത്തു അഞ്ചാമത്തേതും മാറ്റി വയ്ക്കപ്പെടും. അവരുടെ ദുഷിച്ച ഹൃദയം ആഗ്രഹിക്കുന്നത് നേടിയെടുക്കുവാൻ മക്കൾ മാതാപിതാക്കളുടെ ജീവൻ എടുത്തുകളയുന്നതിനു മടിക്കുകയില്ല. സംസ്കാര സമ്പന്നമായ ലോകം

കൊള്ളക്കാരുടേയും
കൊലപാതകികളുടേയും
വാസസ്ഥലമായി മാറും; സമാധാനവും
സന്തോഷവും വിശ്രമവും
ഭൂമിയിൽനിന്നു അപ്രത്യക്ഷമാകും .

ദൈവിക നിയമങ്ങൾ
അനുസരിക്കുന്നതിൽനിന്നു മനുഷ്യർ
വിടുവിക്കപ്പെട്ടിരിക്കുന്നു എന്ന
തത്വശാസ്ത്രം ധാർമ്മിക കടപ്പാടിൻറെ
ശക്തിയെ ബലഹീനമാക്കുകയും
ലോകത്തിൽ ദുഷ്ടതയുടെ
പ്രളയകവാടങ്ങൾ തുറക്കുകയും
ചെയ്തുകഴിഞ്ഞു. നിയമരാഹിത്യം,
ദുർവൃത്തി, ദുർവ്യയം, അഴിമതി
എന്നിവ ശക്തിയേറിയ
വേലിയേറ്റംപോലെ നമ്മുടെമേൽ

ആഞ്ഞടിക്കുന്നു. ഭവനങ്ങളിൽ സാത്താൻ പ്രവർത്തിക്കുന്നു. ക്രിസ്തീയ കുടുംബങ്ങളിൽപോലും സാത്താൻറെ കൊടി പാറുന്നു. അവിടെയെല്ലാം അസൂയ, ദ്രോഹം, സന്ദേഹം, കാപട്യം, സ്നേഹമില്ലായ്മ, കലഹം, മത്സരം, പവിത്രമായവയോടുള്ള വിശ്വാസവഞ്ചന, ഇന്ദ്രിയാസക്തി എന്നിവ നടമാടുന്നു. സാമൂഹ്യ ജീവിതത്തിൻറെ അടിസ്ഥാനവും ചട്ടക്കൂടുമായിത്തീരേണ്ട മതതത്വങ്ങളും സിദ്ധാന്തങ്ങളും വീണു തകരത്തക്കവണ്ണം ഉലഞ്ഞാടുന്നു. തങ്ങളുടെ തെറ്റുകൾക്കു ജയിൽശിക്ഷ അനുഭവിക്കേണ്ടതായ ഹീന കുറ്റവാളികൾക്കു പലപ്പോഴും അവരേതോ അസൂയാവഹമായ നേട്ടം

കൈവരിച്ച എന്ന ഭാവേന ജനശ്രദ്ധയും പാരിതോഷികങ്ങളും ലഭിക്കുന്നു. അവരുടെ കുറ്റകൃത്യങ്ങൾക്കും സ്വഭാവത്തിനും വലിയ പരസ്യം കൊടുക്കുന്നു. അധർമ്മത്തെ അതിൻറെ നാനാ മുഖ വിശദീകരണങ്ങളോടും കൂടെ പത്രങ്ങൾ പരസ്യപ്പെടുത്തുകയും അങ്ങനെ വഞ്ചന, കൊള്ള, കൊല എന്നിവ ചെയ്യാൻ മറ്റുള്ളവരും പ്രേരിതരാവുകയും തൻറെ നരക തുല്യമായ പദ്ധതികളുടെ വിജ യത്തിൽ സാത്താൻ മദിച്ചാർപ്പിടുകയും ചെയ്യുന്നു. അധർമ്മത്തിന്റെ മൂഢോല്ലാസം, അനിയന്ത്രിതമായ ജീവഹാനി വരുത്തൽ, അജിതേന്ദ്രിയത്തിൻറെ ഭീകരമായ വളർച്ച, നാനാതരത്തിലുള്ള

അതിക്രമങ്ങളുടെ ശ്രേണി എന്നിവ ദൈവ ഭയമുള്ള ഓരോ വ്യക്തികളേയും ഉണർത്തുകയും ദുഷ്ടതയുടെ വേലിയേറ്റത്തെ ചെറുക്കുവാൻ എന്തു ചെയ്യണമെന്നവർ അന്വേഷിക്കുകയും വേണം.

നീതിന്യായ കോടതികൾ ദുഷിച്ചുപോയിരിക്കുന്നു. ഭരണാധികാരികൾ ലാഭതൽപരരും വിഷയാസക്തിയും ആഹ്ളാദവും ആഗ്രഹിക്കുന്നവരുമാണ്. അജിതേന്ദ്രിയത്വം അനേകരുടെ കഴിവുകളെ മന്ദീഭവിപ്പിച്ചതിനാൽ അവർ പൂർണ്ണമായും സാത്താൻറെ നിയന്ത്രണത്തിലായിരിക്കുന്നു. നിയമപണ്ഡിത ന്മാർ കൈക്കൂലിപ്പിയരും

ദുർമാർഗ്ഗികളും
വ്യാമോഹത്തിനടികളുമാണ്. നിയ
മപാലകരുടെ കൂട്ടത്തിൽ മദ്യപാനികളും
ആഹ്ളാദ വിഹാരത്തിനടിമകളും
വികാരാസക്തി നിറഞ്ഞവരും
അസൂയാലുക്കളും പലതിലും
സത്യസന്ധത ഇല്ലാത്തവരും
ധാരാളമുണ്ട്. "അങ്ങനെ ന്യായം
പിന്മാറി നീതി അകന്നു നിൽക്കുന്നു;
സത്യം വീഥിയിൽ ഇടറുന്നു; നേരിനു
കടപ്പാൻ കഴിയുന്നതു മില്ല" (യെശ.
59:14).

റോമിൻററെ പരമാധികാര കാലത്തു
നിലവിലിരുന്ന അധർമ്മങ്ങളും
ആത്മീക അന്ധകാരവും അവർ
തിരുവചനം അടിച്ചമർത്തിയതിന്റെ

ഒഴിച്ചു കൂടാനാവാത്ത അനന്തര ഫലങ്ങളായിരുന്നു; എന്നാൽ മതസ്വാതന്ത്ര്യം അനുവദിച്ചിരിക്കുന്ന ഈ കാലയളവിൽ, സുവിശേഷ വെളിച്ചം അതിൻറെ ഉച്ചകോടിയിൽ പ്രകാശിക്കുമ്പോൾ ഇത് വ്യാപകമായ അവിശ്വാസവും ദൈവകല്പ് നയെ ഉപേക്ഷിച്ചുകളഞ്ഞതിനെ തുടർന്നുള്ള അഴിമതിയും കാണപ്പെടുന്ന തിൻറെ കാരണം എവിടെ കണ്ടെത്തുവാൻ സാധിക്കും? തിരുവചനത്തെ പൂഴ്ത്തിവച്ചുകൊണ്ട് തൻറെ നിയന്ത്രണത്തിൽ ഇനിയൊരിക്കലും ലോകത്തെ സൂക്ഷിക്കുവാൻ സാധ്യമല്ലെന്നു കണ്ടപ്പോൾ ഇതേ ആവശ്യം നിറവേറ്റുന്ന തിനു സാത്താൻ മറ്റുവഴികൾ ആരാഞ്ഞുതുടങ്ങി.

വേദപുസ്തകത്തെ നശി പ്പിക്കുന്നതിനു
തുല്യമായി അതിലുള്ള വിശ്വാസം
നഷ്ടമാക്കിയാൽ അവൻറെ ലക്ഷ്യം
സാദ്ധ്യമാകും. ദൈവകല്പനകൾക്കിന്നു
സ്ഥാനമില്ലായെന്ന വിശ്വാസം
സ്ഥാപിച്ചുകൊണ്ട് മനുഷ്യരെ അതിൻറെ
ചട്ടങ്ങളിൽ അജ്ഞാതരാക്കി അവ
ലംഘിക്കുവാൻ അവൻ അവരെ
ഫലപ്രദമായി നടത്തുന്നു. അവൻറെ
ആസൂത്രണങ്ങൾ മുന്നോട്ടു നീക്കുന്നതിനു
കഴിഞ്ഞ കാലങ്ങളിലെന്നപോലെ
ഇന്നും സഭയിൽകൂടെ
പ്രവർത്തിക്കുന്നു. തിരുവചനത്തിൽ
വ്യക്തമായി
വെളിപ്പെടുത്തിയിരിക്കുന്നതും ജനപ്രീതി
നേടാത്തതുമായ സത്യങ്ങളെ
തള്ളിക്കളഞ്ഞുകൊണ്ട് അതിൻറെ

സ്ഥാനത്ത് നാസ്തികത്വത്തിൻറെ വിത്തു വിതയ്ക്കത്തക്കവണ്ണമുള്ള വ്യാഖ്യാനങ്ങൾ ഇന്നത്തെ മതസംഘടനകൾ കടമെടുക്കുകയും അവയെ അംഗീകരിക്കുകയും ചെയ്തിരിക്കുന്നു. നൈസർഗ്ഗിക അമർത്യത, മരണത്തിൽ മനുഷ്യൻറെ ബോധാവസ്ഥ തുടങ്ങിയ പാപ്പാത്വ അപരാധങ്ങളോട് യോജിച്ചുകൊണ്ട് പതാത്മവാദമെന്ന വഞ്ചനക്കെതിരെയുള്ള ഏക പ്രതിരോധത്തെ അവർ തള്ളിക്കളയുന്നു. നിത്യ ദണ്ഡനമെന്ന തത്വ സംഹിത വേദപുസ്തകത്തെ അവിശ്വസിക്കുവാൻ അനേകരെ വഴിനടത്തി. നാലാം കല്പനയുടെ അവകാശവാദം മനുഷ്യരുടെമേൽ പരണ ചെലു ത്തുന്നതുകൊണ്ടും ഏഴാംദിന

ശബ്ബത്താചരണം ആവശ്യമാകയാലും,
എന്നാൽ മനുഷ്യർക്കത്
അനുസരിക്കുവാൻ
ഇഷ്ടമില്ലാത്തതുകൊണ്ടും ആ
ചുമതലയിൽനിന്ന്
ഒഴിഞ്ഞിരിക്കുന്നതിനുള്ള ഏക
മാർഗ്ഗമായി കല്പനകളൊന്നും തന്നെ
മേലിൽ അനുസരിക്കേണ്ടതില്ലായെന്നും
കീർത്തികേട്ട അനേക സുവി
ശേഷകന്മാർ
പ്രഖ്യാപിച്ചുകൊണ്ടിരിക്കുന്നു. അങ്ങനെ
അവർ വിശുദ്ധ ശബ്ബത്തടക്കം എല്ലാ
കല്പനകളും തള്ളിക്കളയുന്നു. ശബ്ബത്തു
നവീകരണ പ്രവർത്തനം
വ്യാപകമാകുന്നതോടൊപ്പം നാലാം
കല്പനയുടെ അവകാശ വാദത്തിൽ
നിന്നൊഴിഞ്ഞിരിക്കുന്നതിന്

ദൈവകല്പനകളെല്ലാം ഉപേക്ഷിച്ചു കളയുന്നത് ലോകവ്യാപകമായിത്തീരും. സഭാനേതാക്കന്മാരുടെയും സുവിശേഷകന്മാരുടെയും പഠിപ്പിക്കലുകൾ നിരീശ്വരവാദത്തിനും പ്രേതാത്മവാദത്തിനും ദൈവത്തിൻറെ വിശുദ്ധ കല്പനയെ വെറുക്കുന്നതിനും വഴിതെളിച്ചിരിക്കുന്നു; ക്രിസ്തീയ ലോകത്തിൽ നടമാടുന്ന അധർമ്മത്തിന്റെ ഭയാനക ഉത്തരവാദിത്വം ഈ നേതാക്കന്മാരിൽ നിലകൊള്ളുന്നു.

അവരുടെ "ക്രിസ്തീയ ശബ്ദത്തിൻറെ പരിശുദ്ധിയെ നശിപ്പിക്കുന്നതാണ് വ്യാപകമായിക്കൊണ്ടിരിക്കുന്ന അഴിമതിയുടെ മുഖ്യകാരണമെന്നും

ഞായ റാഴ്ച്ച ആചാരം നിയമപരമായി
പ്രാബല്യത്തിൽ വരുത്തിയാൽ
സമൂഹത്തിൻറെ ധാർമ്മിക മൂല്യങ്ങൾ
വളരെയധികം ഉന്നതി പ്രാപിക്കുമെന്നും
ഇക്കൂ ട്ടർ ന്യായവാദം ഉന്നയിക്കുന്നു.
സത്യ ശബ്ദത്തിൻറെ വിശ്വാസതത്വം
വളരെ വ്യാപകമായി പ്രസംഗിച്ചിരുന്ന
അമേരിക്കയിൽ ഈ അവകാശവാദം
കൂടു തലായി ഉന്നയിക്കപ്പെടുന്നു.
ധാർമ്മിക നവീകരണ
പ്രസ്ഥാനങ്ങളിൽ അതി പ്രധാനമായ
ലഹരി വർജ്ജന പ്രവർത്തനം ഇവിടെ
ഞായറാഴ്ച്ച പ്രസ്ഥാന വുമായി
യോജിപ്പിച്ച് നടത്തപ്പെടുന്നു; മാത്രമല്ല
സമൂഹത്തിൻറെ ഏറ്റവും വലിയ
താല്പര്യത്തെ പ്രോത്സാഹിപ്പിക്കുന്നതിനു
തങ്ങൾ അദ്ധ്വാനിക്കുന്നുയെന്നു

ഞായറാഴ്ച ആചാരത്തിൻറെ വക്താക്കൾ പ്രഘോഷിക്കുന്നു; കൂടാതെ അവരോടു യോജിക്കുവാൻ വിസമ്മതിക്കുന്നവരെ വർജ്ജനത്തിന്റേയും നവീകരണത്തിൻറേയും ശത്രുക്കളെന്നു പരസ്യമായി കുറ്റം വിധിക്ക ണമെന്നു അവരാവശ്യപ്പെടുന്നു. എന്നാൽ തെറ്റിനെ സ്ഥാപിക്കുന്നതിനുള്ള ഒരു പ്രസ്ഥാനം നല്ലതിനു വേണ്ടി പ്രവർത്തിക്കുന്നതിനോടു യോജിച്ചു നിൽക്കുന്നുവെങ്കിൽ അത് തെറ്റിനെ സ്ഥാപിച്ചെടുക്കുവാനുള്ള ന്യായവാദമാകരുത്. വിഷത്തെ മറച്ചു വെയ്ക്കുന്നതിനു നല്ല ഭക്ഷണത്തോടു കൂട്ടിക്കുഴയ്ക്കാം ; എന്നാലും അതിൻറെ വിഷം മാറുകയില്ല. നേരെമറിച്ച് അറിയാതെ പലരും ഭക്ഷിച്ചു

പോകുമെന്നതിനാൽ അത് കൂടുതൽ
അപകടകരമാണു താനും. തെറ്റിനെ
അല്പം ശരിയായതിനോടു യോജിപ്പിച്ച്
ഉചിതവും ന്യായവുമെന്നു
തോന്നിക്കത്തക്കവണ്ണം
നൽകുകയെന്നത് സാത്താൻറെ
തന്ത്രങ്ങ ളിലൊന്നാണ്.
ജനങ്ങൾക്കാവശ്യമുള്ള
നവീകരണങ്ങൾ ഞായറാഴ്ച പ്രസ്ഥാ
നത്തിൻറെ നേതാക്കൾ
കൊണ്ടുവന്നേയ്ക്കാം. അവ
വേദപുസ്തകത്തോടു യോജിക്കുന്ന
തത്വങ്ങളായിരിക്കാം; എന്നാൽ
ദൈവകല്പനയ്ക്ക് വിരുദ്ധ മായ ഒന്ന്
അതിൽ ആവശ്യമായി വരുമ്പോൾ
അതിനോടു യോജിക്കുവാൻ

ദൈവദാസന്മാർക്ക് സാധിക്കുകയില്ല. ദൈവകല്പനയെ മാറ്റിവച്ചുകൊണ്ട് മനുഷ്യ നിയമങ്ങളെ സ്ഥാപിക്കുന്നവരെ ന്യായീകരിക്കുവാൻ ഒന്നിനും സാധിക്കുകയില്ല.

ആത്മാവിൻറെ അമർത്യത, ഞായറാഴ്ചയുടെ പവിത്രത എന്നീ രണ്ടു തെറ്റുകളിലൂടെ സാത്താൻ ജനങ്ങളെ തൻറെ വഞ്ചനയ്ക്കുള്ളിൽ കൊണ്ടുവരുന്നു. ഇതിൽ ആദ്യത്തേതു പ്രേതാത്മവാദത്തിനടിസ്ഥാനമിടുമ്പോൾ മറ്റേതു റോമിനോടു അനുകമ്പാപൂർണ്ണമായി ബന്ധം സ്ഥാപിക്കുന്നു. അമേരിക്കൻ ഐക്യനാടുകളിലെ പ്രൊട്ടസ്റ്റന്റുകാർ തന്നെ ആദ്യമായി തങ്ങളുടെ കരങ്ങൾ

പതാത്മവാദ സിദ്ധാന്തത്തിലേക്കു
നീട്ടുകയും, അങ്ങനെ അവർ റോമിൻറെ
അധികാരവുമായി കൈകോർത്തു
പിടിക്കുന്നതിനു അഗാധ കൂപത്തിലേക്കു
എത്തിച്ചേരുകയും ഇങ്ങനെ ഈ മൂന്നു
ശക്തികൾ തമ്മിൽ യോജിച്ചുകൊണ്ട്
ഈ രാജ്യം റോമിൻറെ ചവിട്ടുപടികൾ
പിൻതുടർന്നു മനസ്സാക്ഷിസ്വാത
ന്ത്യത്തെ നിലം പരിചാക്കുകയും ചെയ്യും.

ഇന്നത്തെ നാമമാത്ര
ക്രിസ്റ്റ്യാനിത്വവുമായി
പ്രതാത്മവാദത്തിനു വളരെ
സാമ്യമുള്ളതിനാൽ വഞ്ചിച്ച്
കെണിയിൽ അകപ്പെടുത്തുവാൻ
അതിനു വളരെ ശക്തിയുണ്ട്.
കാര്യങ്ങളുടെ ഈ ആധുനികരീതി

കാണ്ണ ബോൾ സാത്താൻപോലും മാറ്റം വരുന്നു. അവൻ ഒരു വെളിച്ച ദൂതൻറെ വേഷത്തിൽ പ്രത്യക്ഷനാകും. പ്രേതാത്മവാദ പ്രവർത്തനങ്ങളിൽക്കൂടെ ദിവ്യാത്ഭുതങ്ങൾ പ്രവർത്തിക്കപ്പെടും; രോഗികൾ സൗഖ്യം പ്രാപിക്കും തള്ളിക്കളയാനാവാത്ത പല അത്ഭുതങ്ങളും സംഭവിക്കും. പരേതാത്മാക്കൾ വേദപുസ്ത കത്തിൽ വിശ്വസിക്കുന്നുയെന്നു നടിക്കുകയും സഭയോടു ബഹുമാനം (പക ടിപ്പിക്കുകയും ചെയ്യുന്നതു കൊണ്ട് അവരുടെ പ്രവർത്തനങ്ങൾ ദിവ്യശക്തി യുടെ പ്രകടനമാണെന്നു സ്വീകരിക്കപ്പെടുന്നു.

ക്രിസ്ത്യാനികളെന്നഭിമാനിക്കുന്നവരും ദൈവഭയമില്ലാത്തവരും തമ്മിലുള്ള വ്യത്യാസം തിരിച്ചറിയുവാനിപ്പോൾ സാധിക്കുകയില്ല. ലോകം സ്നേഹിക്കുന്നതിനെ സ്നേഹിച്ചുകൊണ്ടു അതിനോടു ചേരുവാൻ സഭാം ഗങ്ങളും തയ്യാറാകുന്നു; അവരെയെല്ലാം ഒറ്റക്കെട്ടായി ചേർത്തുകൊണ്ട്, പ്രേതാത്മ സിദ്ധാന്തത്തിലേക്കു ഒഴുക്കിക്കൊണ്ട് തൻറെ ഉദ്ദേശം ബലപ്പെടു ത്തുവാൻ സാത്താൻ തീരുമാനിച്ചിരിക്കുന്നു. സത്യസഭയുടെ യഥാർത്ഥ ലക്ഷണമാണ് അത്ഭുതങ്ങൾ ഉണ്ടാകുന്നതെന്നു അഭിമാനിക്കുന്ന പാപ്പാത്വ അനുയായികൾ ഈ അത്ഭുത ശക്തിക്കു വളരെ വേഗം അടിമപ്പെടുന്നു; സത്യ കവചം ഉപേക്ഷിച്ചുകളഞ്ഞ

പ്രൊട്ടസ്റ്റൻറുകാരും വഞ്ചിതരാകുന്നു.
ഭക്തിയുടെ വേഷം ധരിച്ച് അതിൻറെ
ശക്തി ത്യജിച്ചു കളഞ്ഞിരിക്കുന്ന
ഇതിനെ പാപ്പാത്വ സഭയും
പ്രൊട്ടസ്റ്റൻറുകാരും ലൗകികരും
ഒരുപോലെ സ്വീകരിക്കും; വളരെ
നാളായി കാത്തിരുന്ന
സഹസ്രാബ്ദത്തിലേക്കു ലോകത്തെ
മാനസാന്തരപ്പെടുത്തി നടത്തുന്ന മഹൽ
പ്രസ്ഥാനമായി ഈ പൊതു ഐക്യത്തെ
അവർ വീക്ഷിക്കുന്നു.

ജനങ്ങളുടെ രോഗങ്ങൾ
സൗഖ്യമാക്കിയും, പുതിയതും
ഉന്നതവുമായ ഒരു മത വിശ്വാസം
കാഴ്ചവയ്ക്കാമെന്നു ഭാവിച്ചുകൊണ്ടും
സാത്താൻ മനുഷ്യ വർഗ്ഗത്തിന്റെ

ഉപകാരിയായി പ്രതാത്മ പ്രവർത്തനങ്ങളിൽക്കൂടെ പ്രത്യക്ഷനാകുന്നു; അതേ സമയം നശീകരണ പ്രവർത്തനങ്ങളും അവൻ നടത്തുന്നു. അവൻറെ പ്രലോഭനങ്ങൾ ജനസമൂഹത്തെ നാശത്തിലേക്കു വഴി നടത്തുന്നു. വർജ്ജനരാഹിത്യം ന്യായത്തെ തകിടം മറിക്കുന്നു; വിഷയാസക്ത പ്രവർത്തനങ്ങൾ, മത്സരം, രക്തച്ചൊരിച്ചിൽ എന്നിവ തുടർന്നുണ്ടാകുന്നു. സാത്താൻ യുദ്ധത്തിൽ സന്തോഷിക്കുന്നു, കാരണം അത് ആത്മാവിൻറെ ഹീന വികാരങ്ങളെ ഉണർത്തുകയും ദുഷ്ടതയിലും രക്തത്തിലും കുതിർന്ന ഇരകളെ നിത്യനാശത്തിലേക്കു ഒഴുക്കിവിടുകയും ചെയ്യുന്നു എന്നു ള്ളതുകൊണ്ടുതന്നെ.

പരസ്പരം രാജ്യങ്ങളെ യുദ്ധത്തിന്നവേണ്ടി പ്രകോപിപ്പിക്കുക എന്നുള്ളത് അവൻറെ ഉദ്ദേശമാണ്, കാരണം ഇപ്രകാരം ജനങ്ങളുടെ മനസ്സിനെ ദൈവദിവസത്തിന്നവേണ്ടി ഒരുങ്ങിനിൽക്കുന്നതിൽനിന്നു തിരിച്ചു വിടുവാൻ അവനു സാധിക്കുന്നു. -

ഒരുക്കമില്ലാത്ത ആത്മാക്കളെ തൻറെ കൊയ്ത്ത്തിലേക്കു ചേർക്കുന്നതിനു സാത്താൻ പ്രകൃതി ശക്തികളിൽക്കൂടെയും പ്രവർത്തിക്കുന്നു. അവൻ പ്രകൃ തിയുടെ പരീക്ഷണശാലകളിലെ രഹസ്യങ്ങൾ പഠിച്ചിരിക്കുകയാണ്. തൻറെ സർവ്വ ശക്തിയുമുപയോഗിച്ച് പ്രകൃതി ശക്തികളെ നിയന്ത്രിക്കുന്നതിന്

ദൈവം അനുവദിക്കുന്നിടത്തോളം പ്രവർത്തിക്കുന്നു. ഇയ്യോബിനെ കഷ്ടപ്പെടുത്തുവാനുള്ള അനുവാദം ലഭിച്ചുകഴിഞ്ഞപ്പോൾ കന്നുകാലികളും ആട്ടിൻകൂട്ടവും ഭൃത്യന്മാരും വീടുകളും മക്കളുമെല്ലാം തുടച്ചുനീക്കപ്പെട്ടതും നിമിഷങ്ങൾക്കകം ഒന്നിനുമേൽ ഒന്നായി കഷ്ട്ടതകൾ കടന്നുകൂടിയതും എത്ര വേഗത്തിലായിരുന്നു. നാശകൻറെ ശക്തിയിൽനിന്നു തൻറെ സൃഷ്ടി കൾക്കു ചുറ്റം വേലികെട്ടി സംരക്ഷിക്കുന്നതു ദൈവമാണ്. എന്നാൽ യഹോ വയുടെ കല്പനകളോടു ക്രിസ്തീയ ലോകം വെറുപ്പുകാട്ടിയിരിക്കുന്നു; അതുകൊണ്ട് താൻ ചെയ്യുമെന്നു പ്രഖ്യാപിച്ചതുതന്നെ ദൈവം പ്രവർത്തിക്കും. അവൻ

ഭൂമിയിൽനിന്ന് തൻറെ അനുഗ്രഹങ്ങളെ
പിൻവലിക്കുകയും തൻറെ
കല്പനയ്ക്കെതിരെ മത്സരിക്കുകയും
അങ്ങനെ ചെയ്യുവാൻ മറ്റുള്ള വരെ
പഠിപ്പിക്കുകയും പ്രേരിപ്പിക്കുകയും
ചെയ്യുന്നവരുടെമേൽ നിന്നു തൻറെ
സംരക്ഷണകരം മാറ്റിക്കളയുകയും
ചെയ്യും. ദൈവം പ്രത്യേകമായി കാത്തു
സൂക്ഷിക്കാത്ത എല്ലാവരുടെമേലും
സാത്താൻറെ നിയന്ത്രണത്തിന്
അധികാ രമുണ്ട്. തൻറെ തന്ത്രങ്ങൾ
മുന്നോട്ടു നീക്കുന്നതിനുവേണ്ടി
സാത്താൻ ചില രോട് പ്രീതി കാണിച്ചു
അവരെ അഭിവൃദ്ധിപ്പെടുത്തുകയും
മറ്റുള്ളവരുടെ മേൽ കഷ്ടപ്പാടുകൾ
വരുത്തിക്കൊണ്ട് അവരെ

ദണ്ഡിപ്പിക്കുന്നത് ദൈവ മാണെന്നു
വിശ്വസിപ്പിക്കുകയും ചെയ്യുന്നു.

മനുഷ്യരുടെ നാനാവിധമായ
മാരകരോഗങ്ങളെയും സൗഖ്യമാക്കുന്ന
അതിശ്രേഷ്ഠ ഭിഷഗ്വരനാണ് താനെന്നു
പ്രത്യക്ഷത്തിൽ ഭാവിച്ചുകൊണ്ട്
ജനസാന്ദ്രതയേറിയ നഗരങ്ങൾ നശിച്ചു
നിർജ്ജനമാകുവോളം സാത്താൻ
മാരകരോഗങ്ങളും നശീകരണവും
കൊണ്ടുവരുന്നു. ഇപ്പോൾതന്നെ
അവനത് പ്രവർത്തിച്ചു
തുടങ്ങിയിരിക്കുന്നു. അപകടങ്ങൾ,
കരയിലും കടലിലു മുള്ള
അത്യാഹിതങ്ങൾ, അഗ്നിപ്രളയങ്ങൾ,
ചുഴലിക്കാറ്റ്, ആലിപ്പഴവർഷം,
കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, ചക്രവാതം,

വേലിയേറ്റം, വിവിധ സ്ഥലങ്ങളിൽ വിവിധ തരത്തിലുണ്ടാകുന്ന ഭൂകമ്പങ്ങൾ എന്നിവകളിൽക്കൂടെ സാത്താൻ തൻറെ ശക്തി പ്രയോഗിക്കുന്നു. പാകമായി വരുന്ന വിളവ് അവൻ നശിപ്പിച്ചു കളയുന്നതുകൊണ്ട് ക്ഷാമവും മറ്റു ദുരിതങ്ങളും ഉണ്ടാകുന്നു. അന്തരീക്ഷ വായു മലിനമാക്കി ബാധകൾ വരുത്തിക്കൊണ്ട് ആയിരങ്ങളെ അവൻ നശിപ്പിച്ചുകളയുന്നു. ഈ സന്ദർശനങ്ങളെല്ലാം തന്നെ കാലം കടന്നുപോകു ന്തോറും കൂടെക്കൂടെ ഉണ്ടാകയും കൂടുതൽ നാശം വിതയ്ക്കുന്നതായിത്തീരു കയും ചെയ്യുന്നു. മനുഷ്യൻറെയും മൃഗത്തിൻറെ മേലും നാശം വന്നുകൂടുന്നു. "ഭൂമി ദുഃഖിച്ചു വാടിപ്പോകുന്നു; ഭൂതലം ക്ഷയിച്ചു

വാടിപ്പോകുന്നു; ഭൂമിയിലെ ഉന്നതന്മാർ ക്ഷീണിച്ചുപോകുന്നു. ഭൂമി അതിലെ നിവാസികളാൽ മലിനമാ യിരിക്കുന്നു; അവർ പ്രമാണങ്ങളെ ലംഘിച്ച് ചട്ടത്തെ മറിച്ചു നിത്യനിയമത്തിനു ഭംഗം വരുത്തിയിരിക്കുന്നു" (യെശ. 24:4,5).

ദൈവത്തെ സേവിക്കുന്നവരാണ് ഈ പ്രയാസങ്ങൾക്കെല്ലാം കാരണ ക്കാരെന്നു മനുഷ്യരെ വിശ്വസിപ്പിക്കുന്നതിനു ഈ വലിയ വഞ്ചകൻ ഇപ്പോൾ ശ്രമിക്കുന്നു. ദൈവകോപത്തെ വർദ്ധിപ്പിച്ച ഈ കൂട്ടരുടെ കഷ്ടപ്പാടു കൾക്കെല്ലാം കാരണക്കാർ കല്പനാലംഘികൾക്കെതിരെ തങ്ങളുടെ കല്പ് നാനുസരണം നിരന്തര

ശാസനയായി മാറ്റിയവരാണെന്നു
പഴിചാരുന്നു. ഞായറാഴ്ച എന്ന
ശബ്ദത്തിനെ ലംഘിച്ചുകൊണ്ടു മനുഷ്യർ
ദൈവത്തെ നിന്ദിക്കുന്നു; ഇതു നിമിത്തം
ഉണ്ടായിക്കൊണ്ടിരിക്കുന്ന
നാശനഷ്ടങ്ങൾ
അവസാനിക്കണമെങ്കിൽ ഞായറാഴ്ച്ച
നിയമം കർശനമായി പ്രാബല്യത്തിൽ
വരുത്തണം; ദൈവപ്രീതി പുനസ്ഥാപിച്ച്
താല്ക്കാലിക
അഭിവൃദ്ധിപ്രാപിക്കുന്നതിനെ
തടഞ്ഞുകൊണ്ട് ജനങ്ങളെ
കഷ്ടപ്പെടുത്തുന്നവരാണ് നാലാം കല്പന
അനുസരിക്കേണ്ടതാണെന്നു
വാദിക്കുന്നവർ എന്നെല്ലാമുള്ള
പ്രസ്താവനകൾ പുറപ്പെടുന്നു.
പഴയകാലത്തു

ദൈവദാസന്മാർക്കെതിരെ ഉന്നയിച്ചിരുന്ന ആരോപണങ്ങൾ ആവർത്തിക്കപ്പെടുകയും അപ്രകാരംതന്നെ സ്ഥാപിക്കപ്പെടുകയും ചെയ്യുന്നു. “ആഹാബ് ഏലിയാവെ കണ്ടപ്പോൾ അവനോടു: ആർ ഇത്? ഇസ്രായേലിനെ കഷ്ടപ്പെടുത്തുന്നവനോ എന്നു ചോദിച്ചു. അതിന്നു അവൻ പറഞ്ഞതു: യിസ്രായേലിനെ കഷ്ടപ്പെടുത്തുന്നതു ഞാനല്ല, നീയും നിൻറെ പിതൃഭവനമത്രെ. നിങ്ങൾ യഹോവയുടെ കല്പനകളെ ഉപേക്ഷിക്കയും നീ ബാൽവിഗ്രഹങ്ങളെ ചെന്നു സേവിക്കയും ചെയ്യുന്നതുകൊണ്ടു തന്നേ’ (1 രാജാ. 18:17, 18). തെറ്റായ കുറ്റങ്ങളാരോപിച്ചുകൊണ്ട് കോപത്താൽ

ഇളകി മറിയുന്ന ജനം, പാപത്തിൽ വീണ് ഇസ്രായേൽ ഏലിയാവിനോട്ടു ചെയ്തതുപോലെ, ദൈവ ദാസന്മാർക്കെതിരെ തിരിയും.

പ്രേതാത്മപ്രവൃത്തികളിൽകൂടെ പ്രത്യക്ഷമാകുന്ന അത്ഭുതശക്തി, മനുഷ്യരെക്കാൾ അധികം ദൈവത്തെ അനുസരിക്കുന്നത് തെരഞ്ഞെടുത്ത വർക്കെതിരേ സ്വാധീനം ചെലുത്തുന്നതായിരിക്കും. ഞായറാഴ്ച ആചാരം തള്ളിക്കളഞ്ഞവർക്കു അവരുടെ തെറ്റുകൾ മനസ്സിലാക്കിക്കൊടുക്കുന്നതിനും ദൈവകല്പനപോലെതന്നെ ദേശത്തിൻറെ നിയമങ്ങളും അനുസരിക്കേണ്ടാതണെന്നു ഉറപ്പിച്ചു

പറയുന്നതിനും ദൈവം അവരെ
അയച്ചതാണെന്നു ആത്മാക്കളോടു
ബന്ധപ്പെടുന്നവർ പ്രസ്താവിക്കും.
ലോകത്തിൽ നടമാടുന്ന
ദുഷ്ടതകളെക്കുറിച്ചവർ വിലപിക്കുകയും
ധാർമ്മിക മൂല്യങ്ങളുടെ അധഃപതിച്ച
അവസ്ഥയ്ക്കു കാരണം ഞായറാഴ്ചയെ
വിശുദ്ധീകരിക്കാത്തതുകൊണ്ടാണെന്നു
മതനേതാക്കൾ പഠിപ്പിക്കുന്നതിനെ
പിൻതാങ്ങുകയും ചെയ്യും. അവരുടെ
സാക്ഷ്യം സ്വീകരിക്കാതെ
നിരാകരിച്ചുകളയുന്നവർക്കെതിരേയു
ള്ള കോപം അതിഭീകരമായിരിക്കും.

വൻപോരാട്ടം സ്വർഗ്ഗത്തിൽ
ആരംഭിച്ചപ്പോൾ സാത്താൻ
ഉപയോഗിച്ച നയംതന്നെയാണ്

ദൈവജനങ്ങൾക്കെതിരേയുള്ള
അന്ത്യപോരാട്ടത്തിൽ
പ്രയോഗിക്കുന്നത്. സ്വർഗ്ഗത്തിൽ
അവൻ ദൈവിക ഭരണകൂടത്തിൻറെ
ദൃഢത ഭേദമാക്കുന്നുവെന്നു നടിച്ചുകൊണ്ടു
രഹസ്യമായി അതിനെ തകിടം
മറിക്കുന്നതിനുള്ള പ്രയത്നങ്ങളിൽ
വ്യാപൃതനായിരുന്നു. എന്നാൽ അവൻ
ചെയ്തു കൊണ്ടിരുന്ന അതേ പ്രവൃത്തി
വിശ്വസ്തരായ ദൂതന്മാരാണ്
ചെയ്തിരുന്നതെന്നു കുറ്റമാരോപിച്ചിരുന്നു.
റോമാസഭയുടെ ചരിത്രത്തിലും
ഇപ്രകാരമുള്ള വഞ്ചനയുടെ നയം
പ്രത്യക്ഷമാണ്. സ്വർഗ്ഗത്തിന്റെ
പ്രതിനിധിയായി
പ്രവർത്തിക്കുന്നുവെന്നഭിമാനിച്ചു
കൊണ്ടു അതു

ദൈവത്തേക്കാളുന്നതമാക്കുവാൻ
ശ്രമിക്കുകയും ദൈവകല്പനകളെ
മാറ്റുകയും ചെയ്തു. സുവിശേഷത്തോടു
വിശ്വ സ്തത പാലിച്ച മരണം വരിച്ചവരെ
ദുഷ്പ്രവൃത്തിക്കാരെന്നു റോമിൻറെ ഭര
ണകാലത്തു മുദ്രയടിച്ചു; അവർ
സാത്താനോടു ബന്ധപ്പെട്ടുനിൽക്കുന്നു
യെന്ന പ്രസ്താവന ഇറക്കി;
അഴിമതിയാരോപണങ്ങൾകൊണ്ട്
അവരെ പൊതിയുന്നതിനു സർവ്വവിധ
മാർഗ്ഗങ്ങളും പ്രയോഗിച്ചു. ഏറ്റവും
ഹീനന്മാ രായ കുറ്റവാളികളാണവരെന്നു
അവർക്കും മറ്റുള്ളവർക്കും
തോന്നത്തക്ക വിധം
ആരോപണങ്ങളിറക്കി. ഇപ്പോൾ
അതുതന്നെ ആവർത്തിക്കപ്പെടുന്നു.
ദൈവകല്പനകളെ ബഹുമാനിക്കുന്നവരെ

നശിപ്പിക്കുവാൻ ശ്രമിക്കുന്ന സാത്താൻ,
അവർ കല്പനാലംഘികളാണെന്നു
ആരോപിക്കുവാൻ വഴിയൊരുക്കുകയും
അവർ ദൈവത്തെ
അപമാനിക്കുന്നതുകൊണ്ട്
ലോകത്തിൻറെ മേൽ ന്യായവിധി
വിളിച്ചു വരുത്തുന്നുവെന്നു
കുറ്റപ്പെടുത്തുകയും ചെയ്യുന്നു.

ദൈവം ഒരിക്കലും മനസ്സാക്ഷിയുടേയോ
വ്യക്തിതാത്പര്യത്തിൻറേയോ മേൽ
ബലപ്രയോഗം നടത്തുന്നില്ല, എന്നാൽ
സാത്താൻറെ നിരന്തര പ്രയത്നം - മറ്റു
മാർഗ്ഗങ്ങളിൽകൂടെ പ്രലോഭിപ്പിച്ച്
തൻറെ നിയന്ത്രണത്തിൽ കൊണ്ടു
വരുവാൻ അവനു
കഴിയാത്തവരുടെമേൽ -

ബലപ്രയോഗവും ക്രൂരതയുമാണ്.
ഭയപ്പെടുത്തിയും ബലം പ്രയോഗിച്ചും
അവൻ മനസ്സാക്ഷിയെ ഭരിക്കുവാനും
ആദരവു പിടിച്ചുപറ്റുവാനും
പരിശ്രമിക്കുന്നു. ഇതു സാധിക്കുന്നതിനു
ദൈവകല്പനകളെ നിസ്സാരമാക്കി
തൽസ്ഥാനത്ത് മാനുഷിക നിയ
മങ്ങൾ പ്രാബല്യത്തിൽ വരുത്തുവാൻ
അവരെ പ്രേരിപ്പിച്ചുകൊണ്ട് അവൻ
മതനേതാക്കളിലും രാഷ്ട്ര
നേതാക്കളിലുംകൂടെ പ്രവർത്തിക്കുന്നു.

വേദപുസ്തക ശബ്ബത്തിനെ
ബഹുമാനിക്കുന്നവർ നിയമങ്ങൾക്കും
ചട്ട ങ്ങൾക്കും വിരോധികളാണെന്നും
സമൂഹത്തിൻറെ ധാർമ്മിക
നിയന്ത്രണങ്ങളെ

തകർക്കുന്നവരാണെന്നും അഴിമതിയും അരാജകത്വവും കൊണ്ടുവരുന്നവ രാണെന്നും, ഭൂമിയുടെ മേൽ ദൈവിക ന്യായവിധി വിളിച്ചുവരുത്തുന്നവരാണെന്നും ഭീഷണി മുഴക്കുന്നു. വിശുദ്ധമനസ്സാക്ഷിയുള്ള അവരെ വഴങ്ങാ ത്തവരും നിർബന്ധബുദ്ധിക്കാരും അധികാരത്തോടു മത്സരിക്കുന്നവരുമാണെന്നു കുറ്റം വിധിക്കുന്നു. ഭരണത്തോടു പ്രതിപത്തിയില്ലാത്തവരെന്നു അവരെ കുറ്റമാരോപിക്കുന്നു. രാഷ്ട്രീയാധികാരങ്ങൾക്കു വഴങ്ങി അനുസരണ കാണിക്കേണ്ടത് ദൈവനിയോഗമാണെന്നു ദൈവിക കല്പനകളെ തള്ളിക്കളയുന്ന

ശുശ്രൂഷകന്മാർ പ്രസംഗപീഠങ്ങളിൽ
പ്രഘോഷിക്കുന്നു. നിയമ നിർമ്മാണ
സഭകളിലും നീതിന്യായ
കോടതികളിലും കല്പനാനുസാരികളെ
തെറ്റായി പ്രതിനിധീകരിക്കുകയും കുറ്റം
വിധിക്കുകയും ചെയ്യുന്നു. അവരുടെ
വാക്കുകൾക്കു തെറ്റായ നിറം
പൂശിക്കൊണ്ട് അവരുടെ
താത്പര്യങ്ങൾക്കു ഹീനായ
പരിവേഷം അണിയിക്കുന്നു.

ദൈവകല്പനയ്ക്കു പ്രതിരോധകമായ
തെളിവും തിരുവചന വാദമു ഖങ്ങളെ
പ്രൊട്ടസ്റ്റന്റ് സഭകൾ
ഉപേക്ഷിക്കുന്നതോടെ,
സത്യാനുസാരികളുടെ വിശ്വാസത്തെ
വേദപുസ്തകമുപയോഗിച്ച്

ഖണ്ഡിച്ചുകളയുവാനവർക്കു
സാധിക്കാത്തതുകൊണ്ട് അവരെ
നിശ്ശബ്ദരാക്കുവാൻ തങ്ങൾ
ആഗ്രഹിക്കുന്നു. സകല ക്രിസ്ത്യാനികളും
അംഗീകരിച്ചനുസരിക്കുന്ന പാപ്പാത്വ
ശബ്ദത്തിനെ സ്വീകരിക്കാതെ വിശുദ്ധ
മനസ്സാക്ഷി കാത്തുസൂക്ഷിക്കുന്നവരെ
പീഡിപ്പിക്കുന്ന മാർഗ്ഗം
സത്യത്തിനെതിരേ സ്വന്ത കണ്ണുകളെ
കുരുടാക്കി ക്കൊണ്ടാണെങ്കിലും അവർ
അനുവർത്തിക്കുന്നു.

ഞായറാഴ്ച്ചയെ ബഹുമാനിക്കുന്നതിനു
എല്ലാ വിഭാഗക്കാരേയും പ്രോട്ടി
ലാക്കുന്നതിനുവേണ്ടി
സഭാനേതാക്കന്മാരും
രാഷ്ട്രതന്ത്രജ്ഞന്മാരും ഒരുമിച്ചു ചേർന്നു

കോഴകൊടുക്കുകയോ
സ്വാധീനിക്കുകയോ
നിർബന്ധിക്കുകയോ ചെയ്യുന്നു.
ദൈവികാധികാരം ഇല്ലാത്തതുകൊണ്ട്
തൽസ്ഥാനത്ത് മർദ്ദനപ് രമായ
നിയമങ്ങൾ നിർമ്മിച്ചെടുക്കുന്നു,
രാവിളീയ അഴിമതി സത്യത്തോടും
നീതിയോടുമുള്ള സ്നേഹത്തെയും
ബഹുമാനത്തേയും നശിപ്പിച്ചുകളയുന്നു;
പൊതുജനപ്രീതി
ഉറപ്പാക്കുന്നതിനുവേണ്ടി, ഞായറാഴ്ച്ച
ആചാരം നിയമപരമായി
പ്രാബല്യത്തിൽ വരുത്തണമെന്ന പൊതു
ആവശ്യത്തിനുമുമ്പിൽ സ്വതന്ത്ര
അമേരിക്കയിൽ പോലും
ഭരണാധികാരികളും നിയമ
നിർമ്മാതാക്കളും വഴങ്ങിക്കൊടുക്കുന്നു.

ഏറ്റവും വലിയ ത്യാഗത്തിൻറെ വിലയായി ലഭിച്ച മനസ്സാക്ഷിസ്വാതന്ത്ര്യം പിന്നീടൊരിക്കലും ബഹുമാനിക്കപ്പെടുന്നില്ല. “മഹാ സർപ്പം സ്ത്രീയോടു കോപിച്ചു, ദൈവകല്പന പ്രമാണിക്കുന്നവരും യേശു വിൻറെ സാക്ഷ്യം ഉള്ളവരുമായി അവളുടെ സന്തതിയിൽ ശേഷിപ്പുള്ളവരോടു യുദ്ധം ചെയ്വാൻ പുറപ്പെട്ടു; അവൻ കടപ്പുറത്തെ മണലിന്മേൽ നിന്നു” (വെളി. 12:17) എന്ന പ്രവാചക വാക്യം അതിവേഗം സംഭവിക്കാനിരിക്കുന്ന പോരാട്ടത്തിൽ പൂർണ്ണമായി നിറവേറുന്നത് നമുക്കു കാണുവാൻ സാധിക്കും.

## അദ്ധ്യായം 37—തിരുവചനം ഒരു സുരക്ഷിത വലയം

"ഉപദേശത്തിനും സാക്ഷ്യത്തിനും വരുവിൻ! അവർ ഈ വാക്കുപോലെ പറയുന്നില്ലയെങ്കിൽ - അവർക്കു അരുണോദയം ഉണ്ടാകയില്ല" (യെശ. 8:20). കള്ളപ്രവാചകന്മാരുടെ സ്വാധീനത്തിനും അന്ധകാരത്തിൻറെ ആത്മാക്കളുടെ വഞ്ചക ശക്തികുമെതിരെയുള്ള സുരക്ഷിത വലയമായി ദൈവജനങ്ങൾ തിരുവചനത്തിലേക്കു തിരിയേണ്ടതാണ്. വേദപുസ്തകത്തിലെ വ്യക്തമായ പ്രസ്താവനകൾ സാത്താൻറെ കപട വഞ്ചനകളെ വെളിവാക്കുന്നതുകൊണ്ട് ജനങ്ങളെ

ബൈബിൾ പരിജ്ഞാനത്തിൽനിന്നു
അകറ്റിനിറുത്തുവാൻ അവൻ തനിക്കു
സാദ്ധ്യമായ എല്ലാ തന്ത്രങ്ങളും
ഉപയോഗിക്കുന്നു. ദൈവവേലയുടെ
ഓരോ നവീകരണത്തിലും ഉണർവ്വിലും
ദുഷ്ടതയുടെ പ്രഭു വികാരതീവ്രതയോടെ
ഉണർന്നു പ്രവർത്തിക്കുന്നു;
ക്രിസ്തുവിനും അവൻറെ
അനുഗാമികൾക്കുമെതിരേയുള്ള
തൻറെ അന്ത്യ പോരാട്ടത്തിനു അവൻ
സകല കഴിവുകളുമുപയോഗിച്ചു
പ്രവർത്തിക്കുന്നു. അവസാനത്തെ
ഏറ്റവും വലിയ വഞ്ചന നമ്മുടെ മുമ്പിൽ
വളരെ വേഗം പ്രത്യക്ഷമാകും. എതിർ
ക്രിസ്തു തൻറെ
അത്ഭുതപ്രവർത്തനങ്ങൾ നമ്മുടെ
മുമ്പിൽ കാണിക്കും. ഇതിനു

സത്യത്തോടു വളരെ സാമ്യമുള്ളതിനാൽ വിശുദ്ധ തിരുവചനം കൂടാതെ തിരിച്ചറിയുവാൻ അസാദ്ധ്യമാണ്. അതിൻറെ സാക്ഷ്യവചനമുപയോഗിച്ച് ഓരോ പ്രസ്താവ നയും ഓരോ അത്ഭുതവും പരിശോധിക്കേണ്ടതാണ്.

ദൈവത്തിൻറെ കല്പനകളെല്ലാമനുസരിക്കുവാൻ ഉത്സാഹിക്കുന്നവർക്ക് എതിർപ്പും പരിഹാസവും അനുഭവിക്കേണ്ടിവരും. അവർക്കു നില്ക്കുവാനാശ്രയം ദൈവം മാത്രമാണ്. തങ്ങളുടെ മുമ്പിലുള്ള പരീക്ഷകൾ നേരിടണ മെന്നുണ്ടെങ്കിൽ ദൈവേഷ്ടം തിരുവചനത്തിൽകൂടെ വെളിപ്പെടുത്തിയിരിക്കുന്നതവർ മനസ്സിലാക്കണം; ദൈവത്തിൻറെ

സ്വഭാവം, ഭരണകൂടം, ഉദ്ദേശ്യങ്ങൾ
എന്നിവയെ ശരിയായി
ആഗ്രഹിക്കുകയും അവയ്ക്കനുസൃതമായി
പ്രവർത്തിക്കുകയും ചെയ്യുന്നെങ്കിൽ
മാത്രമെ ദൈവത്തെ ബഹുമാനിക്കുവാൻ
സാദ്ധ്യമാകൂ. വേദപുസ്തക
സത്യങ്ങൾകൊണ്ട് മനസ്സിനെ
കോട്ടകെട്ടി കാക്കുന്ന വരൊഴികെ
മറ്റാരും തന്നെ അവസാനത്തെ
മഹാപോരാട്ടത്തിൽ ഉറച്ചു
നില്ക്കുകയില്ല. മനുഷ്യരെക്കാളധികം
ഞാൻ ദൈവത്തെ
അനുസരിക്കേണ്ടതാണോ? എന്ന
വലിയ പരിശോധന ഓരോ വ്യക്തിയും
നേരിടേണ്ടിവരും. തീരുമാനമെടുക്കേണ്ട
നാഴിക ഇപ്പോൾ തന്നെ
സമീപമെത്തിക്കഴിഞ്ഞിരിക്കുന്നു.

ദൈവത്തിൻറെ വചനമെന്ന ഇളകാത്ത പാറമേൽ നമ്മുടെ പാദങ്ങൾ ഉറപ്പിച്ചിട്ടുണ്ടോ? ദൈവകല്പനയും യേശുവിങ്കലുള്ള വിശ്വാസവും കാത്തു കൊള്ളുന്നതിനുവേണ്ടി ഉറച്ചു നിൽക്കുവാൻ നാം ഒരുക്കമാണോ?

കർത്താവായ യേശുക്രിസ്തു മരണത്തിനേൽപ്പിക്കപ്പെടുമെന്നും കല്ലറ വിട്ട് ഉയിർത്തെഴുന്നേല്ക്കുമെന്നും തൻറെ ക്രൂശാരോഹണത്തിനു മുൻപു തന്നെ ശിഷ്യന്മാർക്കു വിശദീകരിച്ചുകൊടുക്കുകയും തൻറെ വാക്കുകൾ അവരുടെ ഹൃദയങ്ങളിൽ പതിപ്പിക്കുവാൻ ദൂതഗണങ്ങൾ അപ്പോൾ സന്നിഹിതരായിരിക്കുകയും

ചെയ്തു. പക്ഷെ, റോമൻ നുകത്തിൽ
നിന്നുള്ള താൽക്കാ ലിക മോചനം
ശിഷ്യന്മാർ പ്രതീക്ഷിച്ചിരുന്നതുകൊണ്ട്
അവരുടെ സകല പ്രത്യാശയുടെയും
കേന്ദ്രമായ കർത്താവ് ലജ്ജാകരമായ
മരണം അനുഭ വിക്കേണ്ടിവരുമെന്ന
ചിന്തപോലും അവർക്കു സഹിക്കുവാൻ
ആകാത്തതായിരുന്നു. അവർ
ഓർത്തിരിക്കേണ്ടതായ വചനം
മനസ്സിൽനിന്നു മാഞ്ഞുപോയി;
പരീക്ഷാഘട്ടം വന്നപ്പോൾ
ഒരുക്കമില്ലാത്തവരായവർ കാണപ്പെട്ടു.
യേശു വിൻറെ മരണത്തെക്കുറിച്ചുള്ള
മുന്നറിയിപ്പൊന്നും ലഭിച്ചിട്ടില്ലായിരുന്നു
എന്ന വണ്ണം അവരുടെ
പ്രത്യാശകളെല്ലാം പൂർണ്ണമായി
നശിച്ചുപോയി. ക്രിസ്തുവിൻറെ

വാക്കുകളിൽക്കൂടെ ഭാവിയെപ്പറ്റി ശിഷ്യന്മാർക്ക് അറിവു ലഭിച്ചിരുന്നതുപോലെ നമ്മുടെ മുമ്പിലും ഭാവിയിൽ എന്താണെന്ന പ്രവചനങ്ങൾ തുറന്നുകാട്ടിയിരിക്കുന്നു. കൃപാകാലം അവസാനിക്കുന്നതിനോടു ബന്ധപ്പെട്ടുള്ള സംഭവങ്ങളും മഹാകഷ്ടകാലത്തെ നേരിടുന്നതിനു ചെയ്യേണ്ട ഒരുക്കങ്ങളും എന്തെല്ലാമെന്നു വ്യക്തമായി രേഖപ്പെടുത്തിയിരിക്കുന്നു. ഈ വിലയേറിയ സുപ്രധാന സത്യങ്ങളൊന്നുംതന്നെ വെളിപ്പെടുത്തിയിട്ടില്ലായെന്നവിധം പുരുഷാരമൊക്കെയും അജ്ഞതയിലാണ്. അവരെ രക്ഷയ്ക്കു ജ്ഞാനിയാക്കേണ്ട വചനത്തിൻറെ ഓരോ മുദ്രണവും എടുത്തുകളഞ്ഞുകൊണ്ട്

മഹാകഷ്ടകാലത്തിൽ
ഒരുങ്ങാത്തവരായി അവർ
കാണപ്പെട്ടുവാൻ സാത്താൻ
നോക്കിപ്പാർത്തിരിക്കുന്നു.

ആകാശമദ്ധ്യ പറക്കുന്ന വിശുദ്ധദൂതന്മാർ
പ്രഘോഷിക്കുന്ന രീതിയിൽ
അതിപ്രധാന മുന്നറിയിപ്പ് ദൈവം
മനുഷ്യർക്കയയ്ക്കുമ്പോൾ ഓരോ
വ്യക്തിയും ആ ദൂതു
ചെവിക്കൊള്ളുന്നതിനാവശ്യമായ
വിവേചനാശക്തി
പ്രാപിക്കേണ്ടതാണെന്നവൻ
ആഗ്രഹിക്കുന്നു. മൃഗത്തെയും അതിൻറെ
പ്രതിമയേയും
നമസ്കരിക്കുന്നവർക്കെതിരെ ഭയങ്കര
ന്യായവിധി

പ്രഖ്യാപിച്ചിരിക്കുന്നതുകൊണ്ട് (വെളി. 14:9-11), മൃഗത്തിൻറെ മുദ്ര എന്താണെന്നും അതു ലഭിക്കാതെ ഒഴിഞ്ഞിരിക്കേണ്ടത് എപ്രകാരമാണെന്നും മനസ്സിലാക്കുവാൻ പ്രവചനം ശ്രദ്ധയോടെ പഠിക്കുന്നതിനത് താല്പര്യപ്പെടേണ്ടതാണ്. എന്നാൽ ജനലക്ഷങ്ങൾ സത്യം കേൾക്കാതെ ചെവി തിരിച്ചുകൊണ്ട് കെട്ടുകഥകളിലേക്കു തിരിയുന്നു. “സത്യത്തിനു ചെവി കൊടുക്കാതെ കെട്ടുകൾ കേൾപ്പാൻ തിരിയുകയും ചെയ്യുന്ന കാലം വരും” (2തിമൊ. 4:4). ആ സമയം പൂർണ്ണമായി വന്നുകഴിഞ്ഞു. പാപപങ്കിലവും ലോകസ്നേഹം നിറഞ്ഞതുമായ ഹൃദയത്തിൻറെ

ആഗ്രഹങ്ങൾക്കെതിരെ
പ്രവർത്തിക്കുന്നതുകൊണ്ട്
ജനകോടികൾക്ക് വേദ പുസ്തക സത്യം
ആവശ്യമില്ല; അവർ സ്നേഹിക്കുന്ന
കാപട്യങ്ങളെത്തന്നെ സാത്താൻ
അവർക്കു കൊടുക്കുന്നു.

എന്നാൽ എല്ലാ
ഉപദേശസംഹിതകളുടേയും
മാനദണ്ഡമായും സകല വിധ
നവീകരണങ്ങളുടേയും അടിസ്ഥാനമായും
വേദപുസ്തകത്തെ മാത്രം കണക്കാക്കുന്ന
ഒരുകൂട്ടം ജനം ഈ ഭൂമിയിൽ
ദൈവത്തിൻറേതായി ഉണ്ടായിരിക്കും.
വിദ്യാസമ്പന്നരുടെ അഭിപ്രായങ്ങൾ
ശാസ്ത്രീയ നിഗമനങ്ങൾക്കു
വൈരുദ്ധ്യമാണ്. നിരവധി സഭകളുടെ

വിരുദ്ധങ്ങളായ വൈദിക ഉപദേശക സമിതി തീരുമാനങ്ങൾ അഥവാ, പ്രമാണങ്ങൾ, ഭൂരിപക്ഷത്തിൻറെ ശബ്ദം ഇവകളിലൊന്നോ എല്ലാമോതന്നെ മതവിശ്വാസത്തിന്ന അനുകൂലമായോ പതികൂലമായോ ആയ തെളിവായി കണക്കാക്കുവാൻ പാടില്ല. ഒരു വിശ്വാസ് സത്യമോ സാക്ഷ്യമോ സ്വീകരിക്കുന്നതിന്നുമുൻപേ അതിനെ പിൻതാങ്ങുന്ന, “യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു” എന്ന വ്യക്തമായ അവകാശവാദം പിന്നിലുണ്ടായെന്നു നാം നോക്കേണ്ടതാണ്.

ദൈവത്തിൻറെ സ്ഥാനത്ത് മനുഷ്യനിലേക്കു ശ്രദ്ധ ആകർഷിക്കുവാൻ സാത്താൻ

നിരന്തരം പരിശ്രമിക്കുകയാണ്.
തിരുവ.Jനത്തിൽ അന്വേഷിച്ച് തങ്ങൾ
തന്നെ തങ്ങളുടെ ചുമതലകൾ
മനസ്സിലാക്കുന്നതിനുപകരം ബിഷപ്പു
മാരിലും പാസ്റ്റർമാരിലും
മതപണ്ഡിതന്മാരിലും നോക്കി അവരെ
വഴികാട്ടികളാക്കുവാൻ അവൻ ജനത്തെ
നിയന്ത്രിക്കുന്നു. ഇങ്ങനെ ഈ
നേതാക്കൻ മാരുടെ മനസ്സുകളെ
നിയന്ത്രിച്ചുകൊണ്ട് തൻറെ ഇഷ്ടപ്രകാരം
ജനക്കൂട്ടത്തെ സ്വാധീനിക്കുവാൻ
സാത്താൻ സാധിക്കുന്നു.

ജീവൻറെ വചനം ഘോഷിക്കുവാൻ
ക്രിസ്തു വന്നപ്പോൾ സാധാരണ ജനങ്ങൾ
സന്തോഷമായി അതു കൈക്കൊണ്ടു;
അനേകംപേർ, പുരോഹിന്മാരും

ഭരണാധികാരികൾ പോലും അവനിൽ വിശ്വസിച്ചു. എന്നാൽ പുരോഹിത വർഗ്ഗത്തിന്റെ തലവനും രാഷ്ട്രത്തിലെ ഉന്നത അധികാരികളും അവനെ കുറ്റം വിധിക്കുവാനും അവൻറെ വാക്കുകളെ നിഷേധിക്കുവാനും നിശ്ചയിച്ചു റച്ചു. അവനെതിരെ കുറ്റാരോപണങ്ങൾ കണ്ടെത്തുന്നതിനുള്ള അവരുടെ പ്രയത്നങ്ങളെല്ലാം പരാജയപ്പെട്ടെങ്കിലും, അവൻറെ വാക്കുകളിലടങ്ങിയിരുന്ന ദിവ്യശക്തിയുടേയും ജ്ഞാനത്തിൻറേയും സ്വാധീനത്തിൽ നിന്നകന്നിരിക്കാൻ അവർക്കു കഴിയാതിരുന്നെങ്കിലും, മുൻവിധിയിൽത്തന്നെ ഒതുങ്ങിനില്ക്കുവാൻ അവർ തീരുമാനിച്ചു; അല്ലാഞ്ഞാൽ അവർ അവൻറെ ശിഷ്യരാകുവാൻ നിർ

ബന്ധിക്കപ്പെട്ടുമെന്നുള്ളതുകൊണ്ട്
അവൻറെ മശീഹാത്വത്തിൻറെ
വ്യക്തമായ തെളിവുകളെ അവർ
ഉപേക്ഷിച്ചുകളഞ്ഞു. യേശുവിൻറെ
എതിരാളികളായ ഈ മനുഷ്യരെ
വണങ്ങി നമസ്കരിക്കുവാൻ ബാല്യം
മുതൽതന്നെ ജനങ്ങൾ
അഭ്യസിപ്പിക്കപ്പെട്ടുകയും അവരുടെ
അധികാരത്തെ ചോദ്യം ചെയ്യാതെ
അനുസരിക്കുവാൻ മനുഷ്യർ
പരിചയിക്കപ്പെട്ടുകയും ചെയ്തിരുന്നു.
“നമ്മുടെ നേതാക്കന്മാരും ശാസ്ത്രിമാരും
യേശുവിൽ വിശ്വസിക്കാത്തത് എന്തു
കൊണ്ടാണ്? അവൻ ക്രിസ്തു
ആയിരുന്നെങ്കിൽ ഈ ബുദ്ധിമാന്മാർ
അവനെ സ്വീകരിക്കുമായിരുന്നില്ലേ’?
എന്നവർ ചോദിച്ചു. തങ്ങളുടെ

വീണ്ടെടുപ്പുകാ രനെ തള്ളിക്കളയുവാൻ യെഹൂദരാജനത്തെ വഴി നയിച്ച ഗുരുക്കന്മാരുടെ സ്വാധീനം ഇപ്രകാരമായിരുന്നു.

അന്നത്തെ പുരോഹിതന്മാരേയും ഭരണാധികാരികളേയും ഉദ്ദീപിപ്പിച്ച ആത്മാവ് ഇന്നും ഉന്നത ഭക്തി നടിക്കുന്ന അനേകരിൽ പ്രകടമാകുന്നു. ഇക്കാലത്തേക്കുള്ള പ്രത്യേക സത്യത്തെ സംബന്ധിക്കുന്ന തിരുവചന സാക്ഷ്യം പരിശോധിക്കുന്നതിലവർ വിമുഖത കാട്ടുന്നു. അവരുടെ സംഖ്യാബലം, സമ്പത്ത്, ജനപ്രീതി എന്നിവയെ അവർതന്നെ ചൂണ്ടിക്കാണിച്ചുകൊണ്ട്, സത്യത്തിൻറെ സാക്ഷികളായവരെ എണ്ണത്തിൽ ചുരുക്കവും നിർദ്ധനരും

ജനപ്രീതി ഇല്ലാത്തവരും, ലോകത്തിൽനിന്നു വേർതിരിക്കുന്ന വിശ്വാസമുള്ളവരുമെന്ന് പറഞ്ഞുകൊണ്ട് വെറുപ്പോടെ വീക്ഷിക്കുന്നു.

ശാസ്ത്രിമാരും പരീശന്മാരും വച്ചുപുലർത്തിയിരുന്ന അയോഗ്യമായ അധികാര പ്രമത്തത യെഹൂദന്മാരുടെ ചിതറിപ്പോക്കോടുകൂടെ അവസാനിക്കുകയില്ലായെന്ന് ക്രിസ്തു മുൻകൂട്ടിക്കണ്ടു. എല്ലാ യുഗങ്ങളിലും സഭയ്ക്ക് ഭീകര ശാപമായിത്തീർന്നിരുന്ന, മനസ്സാക്ഷിയെ നിയന്ത്രിക്കുന്നതിനുള്ള മാനുഷിക അധികാര ഉന്നതിയുടെ പ്രവർത്തനം പ്രവാചക ദൃഷ്ടിയിൽ അവൻ കാണുകയുണ്ടായി. ശാസ്ത്രിമാരേയും പരീശന്മാരേയും

ഭത്സിക്കുന്ന ഭയാനകമായ അവൻറെ ശാസനയും, കുരുടന്മാരായ ഈ വഴികാട്ടികളെ അനുഗമിക്കാതിരിപ്പാൻ ജനങ്ങൾക്ക് കൊടുക്കുന്ന മുന്നറിയിപ്പും ഭാവിതലമുറകൾക്കു ഉപദേശത്തിനായി രേഖപ്പെടുത്തിയിരിക്കുന്നു

തിരുവചന വ്യാഖ്യാനത്തിനുള്ള അവകാശം റോമൻ സഭാ പുരോഹിത വർഗ്ഗത്തിനു മാത്രമുള്ളതായി ഒതുക്കിനിർത്തിയിരിക്കുന്നു. ദൈവവചനം വിശദീകരിക്കുവാനുള്ള യോഗ്യത പുരോഹിതവർഗ്ഗത്തിന്റേതാണെന്ന അവ കാശത്തിന്മേൽ സാധാരണ ജനങ്ങളിൽ നിന്നു അത് അകറ്റിവച്ചിരിക്കു കയാണ്. നവീകരണ

പ്രസ്ഥാനംമൂലം തിരുവചനം എല്ലാ
ജനങ്ങൾക്കും നല്കപ്പെട്ടെങ്കിലും
റോമാസഭ കൈക്കൊണ്ടിരുന്ന
തത്വത്തിൻറെ വെളിച്ചത്തിൽ
നിന്നുകൊണ്ടുതന്നെ പ്രൊട്ടസ്റ്റന്റ്
സഭകൾ, അവരുടെ ജനങ്ങൾ
ഓരോരുത്തരും ബൈബിൾ പാരായണം
ചെയ്യുന്നതിനെ തടയുന്നു. അവരുടെ
പഠിപ്പിക്കലുകളെ സഭയുടെ
വ്യാഖ്യാനമായി സ്വീകരിക്കുവാൻ
ജനങ്ങളെ അഭ്യസിപ്പിക്കുന്നു;
വേദപുസ്തകത്തിൽ എത്ര വ്യക്തമായി
വെളിപ്പെടുത്തി യിരിക്കുന്നതാണെങ്കിലും
അവരുടെ സഭയുടെ
വിശ്വാസപ്രമാണങ്ങൾക്കും
തത്വങ്ങൾക്കുമത് എതിരാണെങ്കിൽ
ആയിരക്കണക്കായ ജനങ്ങൾ അത്

സ്വീകരിക്കാൻ
ധൈര്യപ്പെടാതിരിക്കുന്നു.

വേദപുസ്തകത്തിലൂടനീളം
ദുരുപദേഷ്ടാക്കൾക്കെതിരെയുള്ള
താക്കീതുകളാണെന്നറിയാതെ തങ്ങളുടെ
ആത്മാക്കളെ കാത്തുരക്ഷിക്കുന്നതിനു
പുരോഹിതന്മാരുടെ
പക്കലേൽപ്പിച്ചുകൊടുക്കുവാൻ
പലരും ഒരുക്കമാണ്. ഇന്ന്
ആയിരക്കണക്കായ മതവിശ്വാസികളുടെ
വിശ്വാസപ്രമാണങ്ങൾക്കാ ധാരം
തങ്ങളുടെ മതനേതാക്കൾ അപ്രകാരം
പഠിപ്പിച്ചിരിക്കുന്നു എന്നുള്ളത ല്ലാതെ
മറ്റൊന്നുമല്ല. രക്ഷകനായ
കർത്താവിന്റെ ഉപദേശങ്ങളോടവർ
ഏകദേശം കാണാത്തമട്ട് നടിക്കുകയും

അവരുടെ സഭാനേതാക്കളുടെ വാക്കു
കളിൽ പരിപൂർണ്ണ
വിശ്വാസമർപ്പിക്കുകയും ചെയ്യുന്നു.
എന്നാൽ ശുശ്രൂഷ യ മാർ
തെറ്റാവരമുള്ളവരാണോ? അവർ
വെളിച്ചവാഹകരാണെന്നു
തിരുവചനത്തിൽ കൂടെ
മനസ്സിലാക്കാതെ എപ്രകാരം നാം
നമ്മുടെ ആത്മാക്കളെ അവരുടെ
നിയന്ത്രണത്തിനു ഭരമേല്പിക്കും? ലോകം
പലതവണ കടന്നു പോയ വഴിയിൽ
നിന്നിറങ്ങി മാറുവാനുള്ള
ധാർമ്മികധൈര്യക്കുറവുമൂലം
അനേകർ പണ്ഡിതന്മാരുടെ
പടികൾതന്നെ പിൻതുടരുന്നു;
അവർ തങ്ങൾക്കു വേണ്ടി
സത്യമെന്തെന്നു അന്വേഷിച്ച

കണ്ടെത്തുവാൻ
താല്പര്യപ്പെടാത്തതുകൊണ്ട് പ്രത്യാശയ്ക്ക്
വകയില്ലാതെ കാപട്യത്തിൻറെ
ചങ്ങലയാൽ ബന്ധിക്കപ്പെടുന്നു. ഈ
കാലത്തേക്കുള്ള സത്യം വ്യക്തമായി
വേദപുസ്തകത്തിൽക്കൂടെ
വെളിവാകുന്നത് അവർ കാണുന്നു;
അതിൻറെ പ്രഘോഷണത്തിൽ
പരിശുദ്ധാത്മശക്തി വ്യാപരിക്കുന്നതവർ
അനുഭവിക്കുകയും ചെയ്യുന്നു; എന്നിട്ടും
വെളിച്ചത്തിൽ നിന്നവരെ
അകറ്റിക്കളയുവാനുള്ള
പുരോഹിതവർഗ്ഗത്തിന്റെ
എതിർപ്പിനെ അവർ അനുകൂലിക്കുന്നു.
ന്യായവാദവും മനസ്സാക്ഷിയും അവരെ
ബോദ്ധ്യപ്പെടുത്തിയെങ്കിലും
വിശദീകരിക്കപ്പെട്ടിരിക്കുന്ന ഈ

ആത്മാക്കൾ തങ്ങളുടെ
സഭാശുശ്രൂഷകരിൽനിന്നു
വ്യത്യസ്തമായി ചിന്തിക്കുവാൻ
ധൈര്യപ്പെടുന്നില്ല; അവരുടെ
വ്യക്തിപരമായ ന്യായവിധി, നിത്യമായ
താല്പര്യങ്ങൾ എന്നിവ മറ്റുള്ളവരുടെ
അവിശ്വാസം, അഹങ്കാരം, മുൻവിധി
എന്നിവയ്ക്കുമുമ്പിൽ ബലികഴിക്കപ്പെടുന്നു.

തൻറെ ബദ്ധന്മാരെ
ബന്ധനസ്ഥരാക്കുന്നതിനു
വിവിധങ്ങളായ
മാർഗ്ഗങ്ങളുപയോഗിച്ച് സാത്താൻ
മാനുഷിക സ്വാധീനം പ്രയോഗിക്കുന്നു.
ക്രൂശിൻറെ ശത്രുക്കളായവരുടെ
മാർദ്ദവമേറിയ സ്നേഹപാശത്തിൽ
കുടുക്കി ജനസഹ സങ്ങളെ തൻറെ

വലയിൽപ്പെടുത്തുന്നു. മാതാപിതാ, വൈവാഹിക, പുത്രീ പുത്ര, സാമൂഹികങ്ങളായ ഏതുതരം ബന്ധമായിരുന്നാലും അനന്തരഫലം ഒന്നുതന്നെയാണ്; സത്യത്തിൻറെ എതിരാളികൾ തങ്ങളുടെ ശക്തിയു പയോഗിച്ച് മനുഷ്യമനസ്സാക്ഷികളെ നിയന്ത്രിക്കുകയും, അവരുടെ വഴിയിൽ വീണ ദേഹികൾക്കു തങ്ങളുടെ തീരുമാനത്തിൻറെ ചുമതല നിറവേറ്റുന്നതിനാ വശ്യമായ ധൈര്യമോ സ്വാത്രന്ത്യമോ ഇല്ലാതാക്കിത്തീർക്കുകയും ചെയ്യുന്നു.

സത്യവും ദൈവമഹത്വവും വ്യത്യസ്തമായി വേർതിരിപ്പാൻ അസാദ്ധ്യ മാണ്; വേദപുസ്തകം നമുക്ക്

പ്രാപ്യമായിരിക്കുമ്പോൾ തെറ്റായ
അഭിപ്രായ ങ്ങളിൽ ത്തുങ്ങിനിന്നു
ദൈവത്തിനു മഹത്വം കൊടുക്കുവാൻ
നമുക്കു സാധിക്കുകയില്ല. അവൻറെ
ജീവിതം ശരിയാണെങ്കിൽ ഒരുവൻ
എന്തു വിശ്വസിക്കുന്നുവെന്നത്
അപ്രസക്തമാണെന്നു പലരും
ന്യായവാദം നടത്തുന്നു. എന്നാൽ
ജീവിതം രൂപീകൃതമാകുന്നത്
വിശ്വാസത്തിൽനിന്നാണ്. വെളിച്ചവും
സത്യവും നമുക്കു പ്രാപ്യമായ
വിധമായിരിക്കുകയും. അതു
കേൾക്കുവാനും കാണുവാനുമുള്ള
അവകാശത്തെ
പരിപോഷിപ്പിക്കുന്നതിനുള്ള അവസരം
അഗണ്യമാക്കുകയും
ചെയ്യുകയാണെങ്കിൽ നാം ഫലത്തിൽ

അതു നിഷേധിക്കുകയും വെളിച്ചത്തേക്കാളധികം ഇരുളിനെ തെരെഞ്ഞെടുക്കുകയുമാണ് ചെയ്യുന്നത്.

“ചിലപ്പോൾ ഒരു വഴി മനുഷ്യനു ചൊവ്വായി തോന്നുന്നു; അതിൻറെ അവസാനമോ മരണവഴികൾ അത്” (സദൃശവാക്യങ്ങൾ 16:25). ദൈവഹിതമെന്തെന്നറിയാനുള്ള അവസരമുള്ളപ്പോൾ അജ്ഞത എന്നത് പാപത്തിനും തെറ്റിനുമുള്ള ഒഴിവുകഴിവല്ല. യാത്രചെയ്യുന്ന ഒരു മനുഷ്യൻ പല റോഡുകൾ തിരിയുന്ന ഒരു സ്ഥാനത്തെത്തുമ്പോൾ ഓരോ പാതയും എവിടേക്കാണെന്നുള്ള കൈചൂണ്ടി കാണുന്നു. ആ കൈ ചൂണ്ടി വകവയ്ക്കാതെ തനിക്കു നല്ലതെന്ന്

തോന്നുന്ന വഴി
തെരഞ്ഞെടുക്കുകയാണെങ്കിൽ,
അവനെത്രമാത്രം
ശുദ്ധഹൃദയനായിരുന്നാലും താൻ
തെറ്റായ പാതയിലൂടെ
പോവുകയാണെന്ന് മിക്കവാറുമവൻ
മനസ്സിലാക്കും

ദൈവം തൻറെ വചനം നമുക്കു
നല്കിയിരിക്കുന്നത് അതിലെ
ഉപദേശങ്ങളുമായി നാം
പരിചയപ്പെടുവാനും അവനെന്താണു
നമ്മിൽനിന്നാഗ്രഹിക്കുന്നതെന്നു
നാം അറിയുവാനുമാണ്. "നിത്യജീവൻ
പ്രാപിപ്പാൻ ഞാൻ എന്തു ചെയ്യണം"
എന്ന ചോദ്യവുമായി യേശുവിൻറെ
അടുക്കൽ വന്ന ന്യായ ശാസ്ത്രിയെ

തിരുവചനത്തിലേക്കു തിരിച്ചുകൊണ്ടു രക്ഷകൻ ഇപ്രകാരം പറഞ്ഞു: “ന്യായപ്രമാണത്തിൽ എന്തെഴുതിയിരിക്കുന്നു? നീ എങ്ങനെ വായിക്കുന്നു?” അജ്ഞത ചെറുപ്പക്കാരെയും പ്രായമുള്ളവരെയും ഒഴിവാക്കു ന്നില്ല, മാത്രമല്ല, കല്പനാലംഘനത്തിൻറെ ശിക്ഷയിൽനിന്നു ഇളവു കൊടുക്കുന്നുമില്ല; കാരണം അവരുടെ കൈകളിൽ വിശ്വസ്തതയോടെ രേഖപ്പെടുത്തിയിരിക്കുന്ന നിയമങ്ങളും അതിൻറെ വിശ്വാസ തത്വങ്ങളും ന്യായവാദ ങ്ങളും ഇരിക്കുന്നു എന്നുള്ളതുകൊണ്ടുതന്നെയാണ്. നല്ല താല്പര്യങ്ങൾ ഉണ്ടെന്നുള്ളതോ, ഒരുവൻ ശരിയെന്നു തോന്നുന്നതുതന്നെ

ചെയ്യുന്നതോ, സഭാശുശ്രൂഷകൻ പറയുന്നതാണ് ശരിയെന്ന് ചിന്തിക്കുന്നതോ കാര്യമല്ല. അവൻറെ ദേഹിയുടെ രക്ഷ അപകടത്തിലാണ്, ആയതിനാൽ അവനുവേണ്ടി തന്നെത്താൻ തിരുവചനത്തിൽ അന്വേഷിക്കേണ്ടിയിരിക്കുന്നു. അവൻറെ ദൃഢ വിശ്വാസം എത്ര ഉറച്ചതായിരുന്നാലും, തൻറെ സഭാ ശുശ്രൂഷകനു സത്യം എന്തെന്ന് അറിയാമെന്നുള്ള ആത്മവിശ്വാസം എത്രയധികം അവനുണ്ടായിരുന്നാലും അതൊന്നും അവൻറെ അടിസ്ഥാനമല്ല. തൻറെ സ്വർഗ്ഗീയയാത്രയിൽ വ്യക്തമായ രൂപരേഖ വഴികാട്ടിയായി അവനുണ്ട്, ഒന്നും അവൻ ഊഹിച്ചെടുക്കേണ്ട ആവശ്യമില്ല.

ചിന്തിക്കുന്ന ഓരോ വ്യക്തിയുടെയും ആദ്യത്തേതും ഉന്നതവുമായ ചുമതല സത്യമെന്നാലെന്ത്? എന്ന് തിരുവചനത്തിൽനിന്നു മനസ്സിലാക്കുക എന്നുള്ളതാണ്, എന്നിട്ട് ആ വെളിച്ചത്തിൽ നടക്കുകയും തൻറെ മാതൃക പിൻതുടരുവാൻ മറ്റുള്ളവരെ ധൈര്യപ്പെടുത്തുകയും വേണം. തിരുവചന വാക്യങ്ങളെ മറ്റു വാക്യങ്ങളോടു താരതമ്യപ്പെടുത്തിയും ചിന്താശകലങ്ങൾ വിലയിരുത്തിയുംകൊണ്ട് ദിനന്തോറും നമ്മൾ വേദപുസ്തകം സൂക്ഷ്മത യോടെ പഠിക്കേണ്ടതാണ്. ദൈവസന്നിധിയിൽ നാം ഉത്തരം പറയേണ്ടവരായതുകൊണ്ട് ദിവ്യസഹായത്തോടെ നമുക്കാവശ്യമായ

അഭിപ്രായങ്ങൾ അതിൽ നിന്നു ത്യജിക്കപ്പെടുത്തേണ്ടതാണ്.

വളരെ വ്യക്തമായി വേദപുസ്തകം വെളിപ്പെടുത്തിയിരിക്കുന്ന സത്യങ്ങൾ ഇരുളിലും സംശയത്തിലുമാണെന്നു പണ്ഡിതരെന്നഭിമാനിക്കുന്നവർ വാദിക്കുന്നു; തിരുവചനത്തിൽ മർമ്മ പ്രധാനങ്ങളായ രഹസ്യങ്ങൾ അടങ്ങിയിട്ടുണ്ടെന്നും അതെഴുതുവാൻ ഉപയോഗിച്ചിരിക്കുന്ന ഭാഷ അതിൻറെ ആത്മീക അർത്ഥം വെളിവാക്കുവാൻ പര്യാപ്തമല്ലെന്നും മഹാജ്ഞാനികളെന്നു നടിക്കുന്ന അവർ പഠിപ്പിക്കുന്നു. ഈ മനുഷ്യർ കള്ള ഉപദേഷ്ടാക്കന്മാരാണ്. "നിങ്ങൾ തിരുവെഴുത്തുകളേയും ദൈവശക്തിയേയും അറിയായ്കകൊണ്ട്

ല്ലയോ തെറ്റിപ്പോകുന്നത്? എന്ന് യേശു ഇവരെക്കുറിച്ച് പ്രസ്താവിച്ചിരിക്കുന്നു (മർക്കൊസ് 12:24). അടയാളങ്ങളോ ചിത്രീകരണങ്ങളോ ഉപയോഗിച്ചിട്ടില്ലെങ്കിൽ അതിൻറെ വ്യക്തമായ അർത്ഥത്തിൽതന്നെ വേദപുസ്തക ഭാഷ വിശദീകരിക്കേണ്ടതാണ്. "അവൻറെ ഇഷ്ടം ചെയ്യാൻ ഇച്ഛിക്കുന്നവൻ ഈ ഉപദേശം ദൈവത്തിൽനിന്നുള്ളതോ ഞാൻ സ്വയമായി പ്രസ്താവിക്കു ന്നതോ എന്നു അറിയും" എന്നു യേശു വാഗ്ദത്തം ചെയ്തിരിക്കുന്നു (യോഹ. 7:17). വേദപുസ്തകം വായിക്കുന്ന രീതിയിൽത്തന്നെ മനുഷ്യർ അർത്ഥമാക്കുകയും, അവരുടെ മനസ്സുകളെ വഴിതെറ്റിച്ച്

കലക്കിക്കളയുവാൻ ദുരുപദേഷ്ടാക്കന്മാർ ഇല്ലാതിരിക്കുകയും ചെയ്താൽ, ദൂതന്മാർ സന്തോഷിക്കുന്ന രീതിയിൽ പ്രവർത്തനം നടക്കുകയും, തെറ്റിൽ അലഞ്ഞുതിരിയുന്ന ആയിരമായിരങ്ങൾ ക്രിസ്തുവിൻറെ കൂട്ടത്തിലേക്കു കടന്നുവരികയും ചെയ്യും.

നമ്മുടെ മാനസിക ശക്തി മുഴുവൻ തിരുവചനപഠനത്തിനു വിനിയോഗിക്കുകയും മർത്യരായ നമുക്ക് സാധിക്കുന്നിടത്തോളം ദൈവത്തിൻറെ വൻ കാര്യങ്ങൾ ഗ്രഹിക്കുവാൻ ബുദ്ധിയെ ശക്തീകരിക്കുകയും; ഒരു കുട്ടി എന്ന പോലെ താഴ്മയുടെയും, ക്ഷമയുടെയും ശരിയായ ആത്മാവ് വേദ വിദ്യാർത്ഥി എന്ന നിലയിൽ

പ്രകടിപ്പിക്കുകയും വേണം. തത്വജ്ഞാനപരമായ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനുപയോഗിക്കുന്ന രീതികൾകൊണ്ട് തിരുവചനത്തിലെ പ്രയാസമേറിയ ഭാഗങ്ങൾ മനസ്സിലാക്കുവാൻ സാധിക്കുകയില്ല. ശാസ്ത്രലോകത്തിലേക്കു അനേകർ കടന്നുചെല്ലുന്നതുപോലെ സ്വയതാണ ത്തോടുകൂടെ നാം വേദപുസ്തകപഠനത്തിനു മുതിരുവാൻ പാടില്ല. എന്നാൽ പ്രാർത്ഥനയോടുകൂടെ ദൈവത്തിലാശ്രയിച്ചും തൻറെ ഇഷ്ടം ഗ്രഹിക്കുവാനുള്ള ആത്മാർത്ഥമായ ആഗ്രഹത്തോടുംകൂടെയും പഠിക്കേണ്ടതാണ്. വലിയവനായ

ഞാൻ ആകുന്നവനിൽ നിന്ന് അറിവ് പ്രാപിക്കുവാൻ വിനയസമ്പന്നമായ, പഠിപ്പിക്കാവുന്ന ആത്മാവോട്ടുകൂടെ കടന്നുവരേണ്ടതാണ്. അങ്ങനെയല്ലെങ്കിൽ ദുഷ്ടദൂതന്മാർ നമ്മുടെ മനസ്സുകളെ കുരുടാക്കുകയും ഹൃദയങ്ങളെ കഠിനപ്പെടുത്തുകയും സത്യം നമ്മിൽ പതിയാതാകുകയും ചെയ്യും.

ജ്ഞാനികളായവർ മർമ്മങ്ങളെന്നു പറഞ്ഞുകൊണ്ട് അപ്രധാനങ്ങളായി തള്ളിക്കളയുന്ന അനേകവേദഭാഗങ്ങൾ, ക്രിസ്തുവിൻറെ വിദ്യാലയത്തിൽ അഭ്യസിക്കുന്നവന് ആശ്വാസവും അറിവും പകരുന്നവയാണ്. മത തത്വജ്ഞാനികളായ അനേകർക്ക് ദൈവവചനം ശരിയായി

മനസ്സിലാകാത്തതിൻറെ കാരണം, അവർക്കനുസരിപ്പാൻ ഇഷ്ടമില്ലാത്ത സത്യങ്ങളുടെ നേരെ അവർ കണ്ണുകളടച്ചുകളയുന്നതുകൊണ്ടാണ്. വേദപുസ്തകസത്യം മനസ്സിലാക്കുന്നതിനാധാരമായിരിക്കുന്ന ത് ഏകാഗ്രലക്ഷ്യത്തോടെ ബുദ്ധിശക്തി ഉപയോഗിച്ച് പരിശോധിക്കുന്നതിലല്ലാ, പിന്നെയോ നീതിക്കുവേണ്ടി ആകാംക്ഷയോടെ ആഗ്രഹിക്കുന്നതിലാണ്.

പ്രാർത്ഥന കൂടാതെ ഒരിക്കലും വേദപുസ്തകം പഠിക്കരുത്. തിരുവചന സത്യങ്ങളുടെ പ്രാധാന്യം നമുക്ക് ഗ്രഹിപ്പിച്ചു തരുന്നതു മനസ്സിലാക്കാൻ പ്രയാസമുള്ള സത്യങ്ങളെ

ദുർവ്യാഖ്യാനം ചെയ്യാതെ നമ്മെ സൂക്ഷിക്കുന്നതും പരിശുദ്ധാത്മാവാണ്. തിരുവചനം അതിൻറെ സൗന്ദര്യത്തിൽ മനസ്സിലാക്കി അതിലെ മുന്നറിയിപ്പുകളിൽ ഉപദേശം പ്രാപിച്ച് അതിൻറെ വാഗ്ദത്തങ്ങളിൽ ഉറപ്പിച്ചു നമ്മ ശക്തിപ്പെടുത്തുന്നതിനു ഹൃദയത്തെ ഒരുക്കുന്ന ജോലി സ്വർഗ്ഗീയ ദൂതന്മാരുടേതാണ്. "നിൻറെ ന്യായപ്രമാണത്തിലെ അത്ഭുതങ്ങളെ കാണേണ്ടതിനു എൻറെ കണ്ണുകളെ തുറക്കേണമേ," എന്നു സങ്കീർത്തനക്കാരനോടൊപ്പം നമ്മൾ പ്രാർത്ഥിക്കേണ്ടതാണ് (സങ്കീ. 119:18). പലപ്പോഴും പരീക്ഷകൾ നേരിടുവാൻ അസാദ്ധ്യമായി വരുന്നത് പ്രാർത്ഥനയുടെയും വേദപാ

നത്തിൻറെയും അഭാവം മൂലം ദൈവിക വാഗ്ദത്തങ്ങൾ ഓർമ്മയിൽ ഇല്ലാതെ തിരുവചനമെന്ന ആയുധം കൊണ്ട് സാത്താനെ എതിർക്കുവാൻ പരീക്ഷിക്കപ്പെടുന്നവന്ന സാധിക്കാത്തതിനാലാണ്. എന്നാൽ ദൈവിക കാര്യങ്ങളിൽ അഭ്യസിപ്പിക്കപ്പെടുവാനാഗ്രഹിക്കുന്നവർക്കുചുറ്റും മാലാഖമാർ ഉണ്ടായിരിക്കുകയും അത്യാവശ്യഘട്ടം വരുമ്പോൾ ആവശ്യമുള്ള സത്യങ്ങൾ ഓർമ്മയിൽ വരുത്തിക്കൊടുക്കുകയും ചെയ്യുന്നു. ഇപ്രകാരം, "കെട്ടിനിന്നതും യഹോവയുടെ ശ്വാസം തള്ളിപ്പായിക്കുന്നതുമായ ഒരു നദിപോലെ" ശത്രു വരുമ്പോൾ കർത്താവിന്റെ ആത്മാവ്

അവനെതിരെ ഒരു കോട്ട കെട്ടി ഉയർത്തും (യെശ. 59:19).

“എങ്കിലും പിതാവു എൻറെ നാമത്തിൽ അയപ്പാനുള്ള പരിശുദ്ധാത്മാവു എന്ന കാര്യസ്ഥൻ നിങ്ങൾക്കു സകലവും ഉപദേശിച്ചുതരികയും ഞാൻ നിങ്ങളോടു പറഞ്ഞതു ഒക്കെയും നിങ്ങളെ ഓർമ്മപ്പെടുത്തുകയും ചെയ്യും” എന്നു യേശു തൻറെ ശിഷ്യന്മാരോടു വാഗ്ദത്തം ചെയ്തിരിക്കുന്നു (യോഹ. 14:26). എന്നാൽ പ്രതികൂല സമയത്ത് ക്രിസ്തുവിൻറെ ഉപദേശങ്ങൾ ദൈവാത്മാവു നമ്മുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനുവേണ്ടി ആദ്യമേതന്നെ നാം അവയെ മനസ്സിൽ സംഗ്രഹിച്ചിരിക്കേണ്ടതുണ്ട്. “ഞാൻ

നിന്നോടു പാപം ചെയ്യാതിരിക്കേണ്ടതിന്നു നിൻറെ വചനത്തെ ഹൃദയത്തിൽ സംഗ്രഹിക്കുന്നു” എന്നു ദാവീദ് പ്രസ്താവിച്ചിരിക്കുന്നു (സങ്കീ. 119:11).

നിത്യമായ താല്പര്യങ്ങൾക്ക് വില കല്പിക്കുന്നവരെല്ലാം അവിശ്വാസത്തിൻറെ പാതയ്ക്കെതിരെ തങ്ങളെ കാത്തുസൂക്ഷിക്കേണ്ടതാണ്. സത്യത്തിൻറെ തൂണുകൾപോലും ആക്രമിക്കപ്പെട്ടും. ആധുനിക അന്ധവിശ്വാസത്തിൻറെ കുത്തുവാക്ക്, കുതർക്കം, കുടുക്കിൽപ്പെടുത്തൽ എന്നിങ്ങനെയുള്ള വിനാശകരമായ ഉപദേശങ്ങളുടെ പിടിയിൽനിന്നു ഒഴിഞ്ഞിരിക്കുകയെന്നത് വളരെ

പ്രയാസമാണ്. സാത്താൻ തൻറെ
പരീക്ഷകൾ എല്ലാ വിഭാഗങ്ങളിലേക്കും
വ്യാപിപ്പിക്കും. തിരുവചനത്തോടു
അവിശ്വാസവും അവജ്ഞയും
പ്രകടിപ്പിക്കുന്നതിനു വിദ്യാഹീനരെ
കളിയാക്കിയും പരിഹസിച്ചും,
വിദ്യാസമ്പന്നരെ ശാസ്ത്രീയ തടസ്സം,
തത്വശാസ്ത്രവിവാദം എന്നിവ
ഉന്നയിച്ചുകൊണ്ടും ആക്രമിക്കുന്നു.
അനുഭവജ്ഞാനമില്ലാത്ത യുവാക്കൾ
പോലും ക്രിസ്ത്യാനിത്വത്തിൻറെ
അടിസ്ഥാന ഉപദേശങ്ങളെ
കുത്തിപ്പറയുവാൻ താല്പര്യം
കാണിക്കുന്നു. ആഴമില്ലാത്ത ഈ യുവ
അവിശ്വാസത്തിനുപോലും
അതിൻറേതായ സ്വാധീനമുണ്ട്.
ഇപ്രകാരം അനേകർ തങ്ങളുടെ

പിതാക്കന്മാരുടെ വിശ്വാസത്തെ പരിഹസിക്കുകയും കൃപയുടെ ആത്മാവിനെ ദുഃഖിപ്പിക്കുകയും ചെയ്യുന്നു (എബ്രാ. 10:29). ദൈവത്തിനു മഹത്വവും ലോകത്തിനു അനുഗ്രഹവും പകരേണ്ട വിലയേറിയ അനേക ജീവിതങ്ങൾ അന്ധവിശ്വാസത്തിൻറെ ദുർഗന്ധ ശ്വാസത്തിൽ വാടി നശിച്ചുപോകുന്നു. മാനുഷിക ന്യായ വാദത്തിൻറെ അഹംഭാവ തീരുമാനങ്ങളിൽ വിശ്വാസമർപ്പിക്കുകയും ദൈവിക ജ്ഞാനം കൂടാതെ ദിവ്യമർമ്മങ്ങളെ വിശദീകരിച്ച് സത്യം കണ്ടെത്താമെന്നു സങ്കൽപ്പിക്കുകയും ചെയ്യുന്നവർ സാത്താൻറെ വലയിൽ കുടുങ്ങിപ്പോകുന്നു.

ഈ ലോക ചരിത്രത്തിൻറെ അതീവ ഗുരുതര കാലഘട്ടത്തിൽ നാം ജീവിച്ചിരിക്കുന്നു. ഭൂമിയിലെ എണ്ണമറ്റ മനുഷ്യരുടെ വിധി നിർണ്ണയിക്കുവാൻ സമയമായിരിക്കുന്നു. നാമിപ്പോൾ എടുക്കുന്ന തീരുമാനത്തിൽ നമ്മുടെ ഭാവി സന്തോഷവും മറ്റുള്ള ആത്മാക്കളുടെ രക്ഷയും ആശ്രയിച്ചിരിക്കുന്നു. സത്യത്തിൻറെ ആത്മാവിനാൽ നമ്മൾ നിയന്ത്രിക്കപ്പെടേണ്ടതാണ്. "കർത്താവേ ഞാൻ എന്തുചെയ്യണമെന്നു നീ ആഗ്രഹിക്കുന്നു"? എന്നു ക്രിസ്തുവിൻറെ ഓരോ അനുയായിയും ആത്മാർത്ഥമായി ചോദിക്കേണ്ടതാണ്.

തിരുവചനം കൂടുതലായി
ധ്യാനിച്ചുകൊണ്ട്, പ്രത്യേകിച്ചും
ന്യായവിധി രംഗങ്ങൾ നന്നായി
മനസ്സിലാക്കിക്കൊണ്ട് ഉപവാസത്തോടും
പ്രാർത്ഥനയോടും കൂടെ നാം
ദൈവസന്നിധിയിൽ സവിനയം
കടന്നുവരേണ്ടതാണ്. ദൈവിക
കാര്യങ്ങളിൽ ആഴമേറിയതും
ജീവനുള്ളതുമായ അനുഭവം
പ്രാപിക്കുവാൻ നമ്മൾ
പരിശ്രമിക്കേണ്ടതുണ്ട്. ഒരു നിമിഷം
പോലും നഷ്ടമാക്കുവാൻ നമുക്കില്ല.
നമ്മുടെ ചുറ്റും അതിപ്രാധാന്യമേറിയ
സംഭവങ്ങൾ നടന്നുകൊണ്ടിരിക്കുന്നു;
സാത്താൻറെ മാന്ത്രികലോകത്തിൽ
നാം ജീവിക്കുന്നു. ആയതിനാൽ
ദൈവത്തിനുവേണ്ടി കോട്ട

കാക്കുന്നവരേ, ഉറങ്ങരുത്; ശത്രു ഏതുനിമഷവും അടുത്തുണ്ട് നിങ്ങൾ ഉറങ്ങുകയോ മയങ്ങുകയോ ചെയ്യുന്നെങ്കിൽ നിങ്ങളുടെമേൽ ചാടി വീണു ഇരയാക്കുവാൻ അവൻ ഏതുനിമിഷവും ഒരുങ്ങിയിരിക്കുന്നു.

ദൈവമുമ്പിലുള്ള തങ്ങളുടെ യഥാർത്ഥ അവസ്ഥയെ സംബന്ധിച്ച പലരും വഞ്ചിക്കപ്പെട്ടിരിക്കുന്നു. തങ്ങൾ ചെയ്യാത്ത തെറ്റായ പ്രവൃത്തികളെക്കുറിച്ചവർ അഭിമാനം കൊള്ളുന്നു, അതേ സമയം ദൈവം അവരിൽ നിന്നാഗ്രഹിക്കുന്നതും അവർ ചെയ്യാതെ വിട്ടുകളഞ്ഞ നല്ലതും ശ്രേഷ്ഠവുമായ അനേക പ്രവൃത്തികളെ കണ്ടെത്തുവാനവർ മറന്നുപോകുന്നു.

ദൈവത്തിൻറെ തോട്ടത്തിലവർ വൃക്ഷങ്ങളായിരുന്നതുകൊണ്ട് മാത്രമൊന്നുമാകുന്നില്ല. ഫലം പുറപ്പെടുവിക്കാനുള്ള ദൈവത്തിൻറെ പ്രതീക്ഷയ്ക്കവർ ഉത്തരം നൽകേണ്ടതുണ്ട്. ദൈവത്തിൻറെ കൃപയിൽ ശക്തി പ്രാപിച്ച് ചെയ്യാമായിരുന്ന അനേക സൽപ്രവൃത്തികൾ ചെയ്യാതെ വിട്ടതിനവർ കണക്കുബോധിപ്പിക്കേണ്ടതാണ്. നിലത്തെ നിഷ്ഫലമാക്കുന്നവരെന്നു സ്വർഗ്ഗീയ പുസ്തകത്തിൽ അവരെക്കുറിച്ചു രേഖപ്പെടുത്തിയിരിക്കുന്നു. എന്നാലും ഇവരുടെ അവസ്ഥ പൂർണ്ണമായി പ്രത്യാശാരഹിതമല്ല. ദൈവത്തിൻറെ ദയയെ നിസ്സാരമാക്കുകയും തൻറെ കൃപയെ ദുർവ്വിനിയോഗം ചെയ്യുകയും

ചെയ്തു ഇവരോടു നിത്യസ്നേഹത്തിൻറെ ഹൃദയം വീണ്ടും വാദിക്കുന്നു.
“അതുകൊണ്ടു ഉറങ്ങുന്നവനെ, ഉണർന്നു മരിച്ചവരുടെ ഇടയിൽനിന്നു എഴുന്നേല്ക്ക: എന്നാൽ ക്രിസ്തു നിൻറെ മേൽ പ്രകാശിക്കും എന്നു ചൊല്ലുന്നു. ആകയാൽ സൂക്ഷ്മത്തോടെ, അജ്ഞാനികളായിട്ടല്ല. ജ്ഞാനികളായിട്ട് നടപ്പാൻ നോക്കുവിൻ. ഇതു ദുഷ്കാലമാകയാൽ സമയം തക്കത്തിൽ ഉപയോഗിച്ചുകൊൾവിൻ” (എഫെ. 5:14-16).

തങ്ങളുടെ ജീവിത വഴികാട്ടിയായ ദൈവവചനം കരത്തിലെടുത്തവർ ആരെല്ലാമെന്നു പരിശോധനാഘട്ടം

വരുമ്പോൾ വെളിവാകും. നിത്യഹരിത വൃക്ഷങ്ങളും മറ്റുള്ള വൃക്ഷങ്ങളും തമ്മിൽ പ്രകടമായ വ്യത്യാസം വേനൽ ക്കാലത്തു കാണപ്പെടുന്നില്ല; എന്നാൽ ശീതകാലം വരുമ്പോൾ നിത്യഹരിത ങ്ങൾക്കു മാറ്റമില്ലാതിരിക്കുകയും മറ്റ വൃക്ഷങ്ങൾ ഇലകൊഴിഞ്ഞും കാണപ്പെ ടുന്നു. അപ്രകാരം പുറമെ അഭിനയിക്കുന്ന വകഹൃദയനും സത്യക്രിസ്ത്യാ നിയും തമ്മിലുള്ള വ്യത്യാസം ഇപ്പോൾ കാണപ്പെടാതിരിക്കുന്നെങ്കിലും ഇവർ തമ്മിലുള്ള യഥാർത്ഥ അന്തരം പ്രകടമാകുന്ന സമയം നമ്മുടെമേൽ വന്നു കൊണ്ടിരിക്കുന്നു. എതിർപ്പ് ഉണ്ടാകട്ടെ, മതഭ്രാന്തും അസഹിഷ്ണുതയും ഉടലെടുക്കട്ടെ, പീഡനം വീണ്ടും കത്തിജ്വലിക്കട്ടെ, എന്നാൽ

കപടഭക്തനും ചഞ്ചലഹൃദയനും വിശ്വാസം വലിച്ചെറിയുന്നത് കാണാം; പക്ഷേ, യഥാർത്ഥ ക്രിസ്ത്യാനി സമൃദ്ധിയുടെ കാലങ്ങളെക്കാളും വിശ്വാസത്തിൽ ഉറച്ചവനും പ്രത്യാശയിൽ പുതുക്കം പ്രാപിച്ചവനുമായി പാറപോലെ ഉറച്ചുനില്ക്കും.

“നിൻറെ സാക്ഷ്യങ്ങൾ എൻറെ ധ്യാനമായിരിക്കകൊണ്ട് എൻറെ സകല ഗുരുക്കന്മാരിലും ഞാൻ ബുദ്ധിമാനാകുന്നു”. “നിൻറെ പ്രമാണങ്ങളാൽ ഞാൻ വിവേകമുള്ളവനാകുന്നു. അതുകൊണ്ടു ഞാൻ സകല വ്യാജമാർഗ്ഗവും വെറുക്കുന്നു” എന്നു

സങ്കീർത്തനക്കാരൻ പറയുന്നു
(സങ്കീർത്തനങ്ങൾ 119: 99,104).

“ജ്ഞാനം പ്രാപിക്കുന്ന മനുഷ്യനും
വിവേകം ലഭിക്കുന്ന നരനും ഭാഗ്യവാൻ”.
“അവർ വെള്ളത്തിന്നരികെ
നട്ടിരിക്കുന്നതും ആറ്ററികെ
വേരൂന്നിയിരിക്കുന്നതുമായ വൃക്ഷം
പോലെയാകും; ഉഷ്ണം തട്ടുമ്പോൾ
അത് പേടിക്കയില്ല; അതിൻറെ ഇല
പച്ചയായിരിക്കും; വരൾച്ചയുള്ള
കാലത്തും വാട്ടം തട്ടാതെ ഫലം
കായിച്ചുകൊണ്ടിരിക്കും”
(സദൃശവാക്യങ്ങൾ 3:13; യിരെ മ്യാവ്
17:8).

അദ്ധ്യായം 38—അന്ത്യമുന്നറിയിപ്പ്

“അനന്തരം ഞാൻ വലിയ അധികാരമുള്ള മറ്റൊരു ദൂതൻ സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങുന്നതു കണ്ടു; അവൻറെ തേജസ്സിനാൽ ഭൂമി പ്രകാശിച്ചു. അവൻ ഉറക്കെ വിളിച്ചു പറഞ്ഞത്. വീണുപോയി; മഹതിയാം ബാബിലോൺ വീണു പോയി; ദുർഭൂതങ്ങളുടെ പാർപ്പിടവും സകല അശുദ്ധാത്മാക്കളുടെയും തടവും അശുദ്ധിയും അറപ്പുള്ള സകല പക്ഷികളുടെയും തടവുമായി ത്തീർന്നു.” “വേറൊരു ശബ്ദം സ്വർഗ്ഗത്തിൽനിന്നു പറയുന്നതായി ഞാൻ കേട്ടതു: എൻറെ ജനമായുള്ളോരേ, അവളുടെ പാപങ്ങളിൽ കൂട്ടാളികളാകാതെയും അവളുടെ

ബാധകളിൽ
ഓാഹരിക്കാരാകാതെയുമിരിപ്പാൻ
അവളെ വിട്ടുപോരുവിൻ” (വെളിപ്പാട്
18:1,2,4).

ഈ തിരുവെഴുത്തുകൾ വിരൽ
ചൂണ്ടുന്നത് വെളിപ്പാടുപുസ്തകം 14-ാം
അദ്ധ്യായത്തിലെ (8-ാം വാക്യം)
രണ്ടാം ദൂതൻറെ ദൂതിലൂടെ
ബാബിലോണിൻറെ പതനത്തെക്കുറിച്ച്
1844-ലെ വേനൽക്കാലത്തു
വിളംബരം ചെയ്തതിനു ശേഷം
ബാബിലോൺ
ആക്കിത്തീർക്കുന്നതായ വിവിധ
സംഘടനകളിൽ കടന്നിട്ടുള്ള
അഴിമതികളുടെ പട്ടികകളിലേക്കാണ്.
ആത്മീക ലോകത്തിൻറെ ഭയാനകമായ

സ്ഥിതിവിശേഷമാണ് ഇവിടെ വിവരിക്കപ്പെട്ടിരിക്കുന്നത്. സത്യം തിരസ്കരിക്കപ്പെടുന്ന ഓരോ അവസരത്തിലും ജനങ്ങളുടെ മനസ്സ് അന്ധകാരമയവും അവരുടെ ഹൃദയം വഴങ്ങാത്തതും ആയി അവസാനം അവർ നിരീശ്വരവാദികളെപ്പോലെ ഹൃദയകഠിന്യമുള്ളവരുമായിത്തീരുന്നു. ദൈവം നൽകിയിരിക്കുന്ന മുന്നറിയിപ്പുകളെ ധിക്കരിച്ചുകൊണ്ട് പത്തു കല്പനയിലെ ഒരു കല്പനയെ ചവിട്ടിത്താഴ്ത്തി അവർ, അത് വിശുദ്ധമായി ആചരിക്കു ന്നവരെ പീഡിപ്പിക്കുവാൻ തുടങ്ങും. ക്രിസ്തുവിനു വില കൊടുക്കാതിരിക്കുക മാത്രമല്ല, അവൻറെ വചനവും അവൻറെ ജനത്തേയും പുച്ഛിച്ചു തള്ളും

സഭകൾ പ്രേതാത്മവാദോപദേശം സ്വീകരിക്കുകയും ലൗകിക ജീവിതത്തിൽ കൊടുത്തിരുന്ന വിലക്ക് നീക്കുകയും സഭയെന്നുള്ളത് തെറ്റുകുറ്റങ്ങളെ മറയ്ക്കാനുള്ള മേൽക്കുപ്പായമാക്കിത്തീർക്കുകയും ചെയ്യും. ആത്മീയ പ്രകടനങ്ങളിലുള്ള വിശ്വാസം വ്യാജ തലമുറകളിലേക്കും ഭൂതോപദേശങ്ങളിലേയ്ക്കും വിഴിതുറക്കുകയും അപ്രകാരം ദുഷ്ട ഭൂതാത്മാക്കളുടെ സ്വാധീനം സഭയിൽ അനുഭവപ്പെടുകയും ചെയ്യും.

ബാബിലോണിനെ സംബന്ധിച്ചുള്ള പ്രവചനം വെളിച്ചത്തുവരുന്ന അവ സരത്തിൽ അതിനേക്കുറിച്ചു

പറഞ്ഞിരിക്കുന്നത്: “അവളുടെ പാപം ആകാ ശത്തോളം കുടിച്ചിരിക്കുന്നു; അവളുടെ അകൃത്യം ദൈവം ഓർത്തിട്ടുമുണ്ട്” (വെളിപ്പാട് 18:5). അവളുടെ അപരാധം നിറഞ്ഞ് കവിഞ്ഞരിക്കയാൽ അവ ളുടെ നാശം അവൾക്കായി പതിയിരിക്കുന്നു. എന്നാൽ ഈ ബാബിലോ ണിൽ ദൈവത്തിന് ഒരു ജനം ഇപ്പോഴുമുണ്ട്. അവളുടെ പാപങ്ങളിൽ കൂട്ടാളികളാകാതെയും “അവളുടെ ബാധകളിൽ ഓഹരിക്കാരാകാതെയും” ഇരിപ്പാൻ ഈ വിശ്വസ്തരായ ദൈവമക്കളെ വിളിച്ച് പുറത്താക്കിയതിനുശേഷമേ ദൈവിക ശിക്ഷ ബാബിലോണിന്മേൽ ഉണ്ടാകുകയുള്ളൂ. അതിനാലാണ് ദൂതൻ

സ്വർഗ്ഗത്തിൽനിന്ന്
ഇറങ്ങിവരുന്നതായും ഭൂമി മുഴുവൻ
അവൻറെ തേജസ്സിനാൽ
നിറയുന്നതായും ബാബിലോണിൻറെ
പാപത്തെ ഉറക്കെ വിളിച്ചു
പറയുന്നതായും
ദൃഷ്ടാന്തീകരിച്ചിരിക്കുന്നത്. ഈ
സന്ദേശത്തോടൊപ്പമുള്ള വിളിയാണ്"

എൻറെ ജനമായുള്ളോരേ; അവളെ വിട്ടു
പോരുവീൻ" എന്നത് ഈ വിളമ്പരങ്ങളും
മൂന്നാം ദൂതൻറെ ദൂതും ചേർന്നതാണ്
ഭൂവാസികൾക്കായുള്ള അവസാന
മുന്നറിയിപ്പ്.

ഭൂലോകത്തെ ഭയാനകമായ ഒരു
വാദവിഷയത്തിലേക്കു വലിച്ചിഴച്ചു

കൊണ്ടിരിക്കുന്നു. ലോകശക്തികൾ, ദൈവകല്പനയ്ക്കെതിരായി യുദ്ധം ചെയ്യാൻ കൂടുകയും," ചെറിയവരും വലിയവരും സമ്പന്നന്മാരും ദരിദ്രൻമാരും സ്വതന്ത്രൻമാരും ദാസന്മാരും" (വെളിപ്പാട് 13:16) സഭയുടെ പാരമ്പര്യങ്ങൾക്കു വഴങ്ങി തെറ്റായ ശബ്ബത്താചരിപ്പാൻ കല്പന കൊണ്ടുവരികയും ചെയ്യും. ഈ കല്പന അനുസരിക്കാത്തവർ ശിക്ഷിക്കപ്പെടുക മാത്രമല്ല, അവസാനം അവർ മരണശിക്ഷയ്ക്ക് അർഹരാണെന്നു വിധിക്കപ്പെടുകയും ചെയ്യും. എന്നാൽ ദൈവിക കല്പന സ്രഷ്ടാവിൻറെ സ്വസ്ഥദിവസം അനുസരിക്കാൻ ആജ്ഞാപിക്കുകയും അത് അനുസരിക്കാത്തവർ ദൈവിക

ശിക്ഷയ്ക്കർഹരാണെന്ന് മുന്നറിയിപ്പ് നല്കുകയും ചെയ്യുന്നു.

ഓരോ വ്യക്തിയുടെയും മുമ്പിൽ ഈ വാദവിഷയം വ്യക്തമായി കൊണ്ടുവരിക മാത്രമല്ല, ദൈവകല്പനയെ ചവിട്ടി താഴ്ത്തിക്കൊണ്ട് മനുഷ്യ കല്പനയെ അനുസരിക്കുന്നവർ മൃഗത്തിൻറെ മുദ്ര ഏൽക്കുകയും ചെയ്യും. ദൈവത്തെ അനുസരിക്കേണ്ടതിനു പകരം ലൗകിക ശക്തിയെയും അതിൻറെ അധികാരത്തെയും സ്വീകരിക്കുന്നതിനാലാണ് ഇപ്രകാരം സംഭവിക്കുന്നത്.
സ്വർഗ്ഗത്തിൽനിന്നുള്ള മുന്നറിയിപ്പു പറയുന്നത് “മൃഗത്തെയും അതിൻറെ പ്രതിമയെയും നമസ്കരിച്ചു നെറ്റിയിലോ

കൈമേലോ മുദ്ര ഏൽക്കുന്നവൻ ദൈവ കോപത്തിൻറെ പാത്രത്തിൽ കലർപ്പില്ലാതെ പകർന്നിരിക്കുന്ന ദൈവക്രോധ മദ്യം കുടിക്കേണ്ടിവരും” (വെളിപ്പാട് 14:9,10).

എന്നാൽ ഈ സത്യം മനസ്സിലാക്കി തിരസ്കരിക്കുന്നതുവരെ ആരും ദൈവക്രോധത്തിൻറെ ശിക്ഷ അനുഭവിക്കേണ്ടിവരികയില്ല. ഇക്കാലത്തേക്കുള്ള ഈ പ്രത്യേക ദൂതുകൾ കേൾക്കാൻ അവസരം ലഭിക്കാത്ത അനേകരുണ്ട്. നാലാം കല്പന അനുസരിക്കേണ്ടതിൻറെ ആവശ്യകതയെ സംബന്ധിച്ചുള്ള യഥാർത്ഥ വെളിച്ചം അവർക്കു കിട്ടിക്കാണുകയില്ല. ഓരോ

വ്യക്തിയുടയും ഹൃദയവും അവരുടെ ചിന്താഗതികളും മനസ്സിലാക്കുന്ന നമ്മുടെ ദൈവം, സത്യം അറിയണമെന്ന് ആഗ്രഹമുള്ള ഒരു വ്യക്തിയെയും ഈ വിവാദ വിഷയത്തിലൂടെ കബളിപ്പിക്കാൻ സമ്മതിക്കുകയില്ല. ഈ ഉത്തരവ് ജനങ്ങളുടെ മേൽ അന്ധമായി അടിച്ചേൽപ്പിക്കുകയില്ല. എല്ലാവർക്കും ദൈവിക വെളിച്ചം . ആവശ്യാനുസരണം ലഭിക്കുകയും ബുദ്ധിപരമായ തീരുമാനങ്ങൾ എടുക്കുവാൻ അവസരം ലഭിക്കുകയും ചെയ്യും.

ദൈവത്തോടുള്ള കടപ്പാട് തെളിയിക്കാനുള്ള പരീക്ഷയായി ശബ്ബത്ത് നിലം , കാരണം ഇത് ഏറ്റവും

വലിയ ഒരു വിവാദ വിഷയമാണ്.
മനുഷ്യ രിൽ അവസാന പരീക്ഷ
വരുമ്പോൾ ദൈവത്തെ
അനുസരിക്കുന്നവരും അനു
സരിക്കാത്തവരുമായി
വേർതിരിക്കപ്പെട്ടിരിക്കും.
രാജ്യത്തിൻറെ നിയമം അനു
സരിക്കാനായി നാലാം കല്പനയെ
ധിക്കരിച്ച് തെറ്റായ ശബ്ബത്ത് അനുസ
രിച്ച് ദൈവിക ശക്തിക്കെതിരായി തുറന്ന
കൂറു കാണിക്കുമ്പോൾ, യഥാർത്ഥ
ശബ്ബത്താചരണം ദൈവിക
കല്പനാനുസരണവും സ്രഷ്ടാവിനെ
അനുസരിക്കുന്നതിൻറെ തെളിവുമാണ്.
ഒരു കൂട്ടർ ഭൂമിയിലെ ശക്തികൾക്ക്
കീഴ്പെട്ട് മൃഗത്തിൻറെ മുദ്ര
ഏൽക്കുമ്പോൾ, മറുഭാഗം ദൈവിക

അധികാരങ്ങൾക്ക് കീഴ്പെട്ട് ദൈവത്തിൻറെ മുദ്ര ഏൽക്കുന്നു.

ഇതുവരെ 'ത്രിവിധദൂത്' എന്ന സത്യം കൊടുത്തിരുന്നവരെ ആപത്സൂചക ധ്വനിക്കാരായി കണക്കാക്കിയിരുന്നു. അവരുടെ വാദഗതികളായ, അമേരിക്കയിൽ മത അസഹിഷ്ണത വർധിക്കുകയും സഭയും രാഷ്ട്രവും ഒത്തു ചേർന്നു ദൈവത്തിൻറെ കല്പനയെ അനുസരിക്കുന്നവരെ പീഡിപ്പിക്കുകയും ചെയ്യുമെന്നുള്ളത് അടിസ്ഥാന രഹിതവും മടയത്തരവുമെന്ന് വിധിയെഴുതും ഈ രാജ്യം പണ്ടായിരുന്നതിലപ്പുറം മാറുകയില്ലായെന്ന് ഉറപ്പോടെ പ്രഖ്യാപിക്കപ്പെട്ടതാണ് - മതസ്വാതന്ത്ര്യം കാത്തു സൂക്ഷിക്കുന്നവർ

ഞായറാഴ്ചയാചരണം എന്ന വാദവിഷയം അടിച്ചേൽപ്പിക്കുമ്പോൾ അതുവരെയും സംശ യത്തോടും സന്ദേഹത്തോടുംകൂടി വീക്ഷിച്ചിരുന്ന സംഭവങ്ങൾ സമീപിക്കുന്നതായി കാണുകയും മൂന്നാം ദൂതൻറെ ദൂത് മുമ്പിലത്തേതിലും വളരെ ഫല പ്രദമായി ജനഹൃദയങ്ങളിൽ പ്രവർത്തിക്കുന്നതായി അനുഭവപ്പെടുകയും ചെയ്യും.

ഓരോ കാലഘട്ടത്തിലും ദൈവം തൻറെ ദാസന്മാരെ ഈ ലോകത്തിലേക്ക്, പ്രത്യേകിച്ച് സഭയിലേക്ക് അയച്ച് പാപത്തെ ഭർത്സിച്ചിരുന്നു. എന്നാൽ ജനങ്ങൾക്ക് അനായാസകരമായ കാര്യങ്ങളാണ് താല്പര്യം; ശുദ്ധമായ സത്യം അവർ തിരസ്കരിക്കുന്നു. പല

നവീകരണക്കാരും അവരുടെ പ്രവർ
ത്തനത്തിലൂടെ രാഷ്ട്രത്തിൻറെയും
സഭയുടെയും പാപാവസ്ഥയെ നീക്കാ
നായി വിവേകപൂർവ്വം ശ്രമിച്ചു.
യഥാർത്ഥ ക്രിസ്തീയ ജീവിതം
കാഴ്ചവെച്ച് ജനങ്ങളെ വേദപുസ്തക
സത്യത്തിലേക്കു കൊണ്ടുവരാമെന്ന്
അവർ ആശിച്ചു. ഏലിയാവിൽ
ദൈവത്തിൻറെ ആത്മാവ് വന്നപ്പോൾ
ദുഷ്ടനായ രാജാവിൻറെയും ദുഷ്ടന്മാരായ
ജനങ്ങളുടെയും പാപത്തെ
ശാസിച്ചതുപോലെ, അവ രിൽ
ദൈവത്തിൻറെ ആത്മാവ് വന്നപ്പോൾ
വേദപുസ്തക സത്യങ്ങൾ പറയാ
തിരിക്കുവാൻ അവർക്ക് സാധിച്ചില്ല -
പണ്ട് പറയാൻ മടിച്ച സത്യങ്ങൾ
പോലും, വളരെ ഉത്സാഹത്തോടെ

വേദപുസ്തക സത്യം പറയാനും അനു
സരിക്കാത്തവർക്കുണ്ടാകുന്ന
അപകടത്തെ വ്യക്തമാക്കാനും അവർ
പരി തരായി. കർത്താവ് അവർക്കു
കൊടുത്ത വാക്കുകളെ, അതിൻറെ
പരിണിത ഫലമായുണ്ടാകാവുന്ന
വിപത്തുകളെ ഭയക്കാതെ ഉറക്കെ
പ്രസ്താവിക്കയും ജനങ്ങൾ മുന്നറിയിപ്പ്
കേൾക്കാൻ
നിർബന്ധിതരാകുകയും ചെയ്തു.

അങ്ങനെ മൂന്നാം ദൂതൻറെ ദൂത്
വിളിച്ചറിയിക്കപ്പെട്ടും. വളരെ
ശക്തിയോടുകൂടി ഈ ദൂത്
വിളിച്ചറിയിക്കപ്പെടേണ്ട
സമയമാകുമ്പോൾ കർത്താവിന്റെ
വേലയ്ക്കായി സമർപ്പിക്കപ്പെട്ട

വിനീതരായ ദൈവമക്കളിലൂടെ
കർത്താവ് പ്രവർത്തിക്കും.
ആത്മാഭിഷേകം പ്രാപിച്ചവരെയാണ്
വേലക്കാരായി തിരഞ്ഞെടുക്കുന്നത്;
അല്ലാതെ ലോകത്തിലെ
വിദ്യാഭ്യാസത്തിൻറെ
കണക്കനുസരിച്ചല്ല. ഉറച്ച വിശ്വാസവും
പ്രാർത്ഥനാശീലവുമുള്ള ആളുകൾ
ദൈവിക ഉത്സാഹത്തോടെ മുമ്പോട്ടു
പോകുകയും ദൈവം അവർക്കു
കൊടുക്കുന്ന വചനം
ഉത്ഘോഷിക്കുകയും ചെയ്യും,
ബാബിലോണ്യരുടെ പാപ് ങ്ങൾ
മറ്റുള്ളവർക്കു വ്യക്തമാക്കിക്കൊടുക്കും.
സഭയുടെ അനുഷ്ഠാനങ്ങൾ ഭരണകൂടം
അടിച്ചേൽപ്പിക്കുന്നതുമൂലം
ഉണ്ടാകുന്ന ഭയാനകമായ പ്രശ്ന ങ്ങൾ,

പ്രേതാത്മവാദത്തിലേക്കുള്ള സഭയുടെ പോക്ക്,കാപട്യത്തിലൂടെ വേഗത്തിലുള്ള പാപ്പാത്വ ശക്തിയുടെ അഭിവൃദ്ധി - എല്ലാം തന്നെ വെളിച്ചത്താ ക്കപ്പെട്ട ഈ ഗൗരവമേറിയ മുന്നറിയിപ്പുകൾ ജനങ്ങളെ ഉദ്ദീപിപ്പിക്കും. ഈ വസ്തുതകൾ കേൾക്കാത്ത ആയിരങ്ങൾ ഈ സമയത്ത് കേൾപ്പിക്കപ്പെടും. ബാബിലോൺ എന്ന സഭയാണ് പാപത്താലും അപരാധത്താലും വീണ തെന്നും സ്വർഗ്ഗത്തിൽ നിന്നയച്ച സത്യം അവൾ തിരസ്കരിച്ചതിനാലാണിതു സംഭവിച്ചതെന്നുമുള്ള സാക്ഷ്യം ജനങ്ങൾ ഭയത്തോടെ ശ്രവിക്കും. വളരെ ആകാംക്ഷയോടെ ജനങ്ങൾ അവരുടെ പഴയ ഗുരുക്കന്മാരെ സമീപിച്ച് “ഇവ

ഇങ്ങനെ തന്നെയോ?" എന്നു
ചോദിക്കുമ്പോൾ ശുശ്രൂഷകന്മാർ
കെട്ടുകഥകളും കർണ്ണരസമായ
പ്രവചനങ്ങളും പറഞ്ഞ് അവരുടെ
ഭയത്തെ അകറ്റി അവരുടെ
ജിജ്ഞാസയെ ശാന്തമാക്കാൻ
ശ്രമിക്കും. എന്നാൽ പലരും
മനുഷ്യൻറെ അധികാരത്തിലൂടെയുള്ള
മറുപടിയിൽ തൃപ്തിപ്പെടാതെ
"കർത്താവ് അരുളിച്ചെയ്തു" എന്നു
കാണിക്കുവാൻ ആവശ്യപ്പെടുമ്പോൾ,
പരീശന്മാരെപ്പോലെ, മതനേതാക്കന്മാർ
ഇതു സാത്താന്യ പ്രേരിതമായ
സന്ദേശമാണെന്നു പറഞ്ഞ് പാപത്തെ
ഇഷ്ടപ്പെടുന്ന ജനശക്തികളെ
ഇളക്കിവിടുകയും സത്യം അന്വേഷിച്ച്

വിശ്വാസികളെ പീഡിപ്പിക്കുകയും ചെയ്യും.

ഈ വിവാദം പുതിയ മേഖലയിലേക്കു നീങ്ങുകയും ചവിട്ടിത്താഴ്ത്തപ്പെട്ട ദൈവിക കല്പനയിലേക്ക് മനുഷ്യ മനസ്സുകളെ തിരിക്കുകയും ചെയ്യു മ്പോൾ സാത്താൻ ശക്തിയോടെ എഴുന്നേൽക്കും. ഈ ദൂതിൻറെ ശക്തിയാൽ അതിനെ എതിർക്കുന്നവരെ ഭ്രാന്തു പിടിപ്പിക്കും. പുരോഹിതന്മാർ അമാനു ഷിക തരത്തിലുള്ള ശക്തികൾ ഉപയോഗിച്ച് ഈ ദൂത് അവരുടെ ജനങ്ങ ളിൽ പ്രകാശിക്കാതിരിക്കാൻ പലതും ചെയ്യും. ഈ അധിപ്രധാന വിഷയങ്ങ ളെക്കുറിച്ചുള്ള സംവാദം ഉണ്ടാകാതിരിക്കാനായി

എല്ലാവിധത്തിലും അവർ പരിശ്രമിക്കും. രാഷ്ട്രീയ ശക്തിയെ സഭ ആശ്രയിക്കയും ഈ കാര്യങ്ങൾ ക്കായി റോമാ സഭയും മറ്റു പ്രൊട്ടസ്റ്റൻറു സഭകളും ഒന്നിക്കുകയും ചെയ്യും. ഞായറാഴ്ച്ചനിയമം പ്രാബല്യത്തിലാക്കാനുള്ള നീക്കങ്ങളാൽ കല്പ്പനാനു സാരികളെ വിഷമിപ്പിക്കും. അവരെ പിഴയാലും ജയിൽ ശിക്ഷയാലും ഭീക്ഷ ണിപ്പെടുത്തുകയും ചിലർക്ക് സത്യം ഉപേക്ഷിക്കാമെങ്കിൽ നല്ല ജോലികളോ മറ്റു പ്രതിഫലമോ കൊടുക്കാമെന്ന് വാക്കു കൊടുക്കുകയും ചെയ്യും. എന്നാൽ അവരുടെ ഉറച്ച മറുപടി ഇങ്ങനെ ആയിരിക്കും: "തിരുവചനത്തിൽ നിന്ന് ഞങ്ങളുടെ തെറ്റു കാണിച്ചുതരിക" - ഇതേ സാഹചര്യത്തിൽ ലൂഥർ പറഞ്ഞ അതേ

അപേക്ഷ ആവർത്തിക്കപ്പെടുന്നു. പരസ്യ വിചാരണയ്ക്കായി ചിലരെ കൊണ്ടുവരുമ്പോൾ അവർ സത്യത്തെ ഉയർത്തിക്കാണിക്കുന്നതു കേട്ട്, കേൾവിക്കാരിൽ ചിലർ ദൈവിക കല്പനകളെല്ലാം അനുസരിക്കാനുള്ള തീരുമാനമെടുക്കും. അങ്ങനെ ഈ ദൈവിക സത്യം അനേകരുടെ മുൻപിൽ പ്രകാശിക്കപ്പെടുകയും പലർക്കും സത്യം അറിയാനുള്ള അവസരം ഉണ്ടാകുകയും ചെയ്യും.

തിരുവചനത്തെ മനസ്സോടെ അനുസരിക്കുന്നത് ലോകപ്രകാരം കല്പ് നാലംഘനമായി കണക്കാക്കും. സാത്താനാൽ കണ്ണുകൾ മറയ്ക്കപ്പെട്ട മാതാ പിതാക്കളും ദൈവിക സത്യം

സ്വീകരിച്ച കുട്ടികളെ പീഡിപ്പിക്കും.
യജമാനനോ യജമാനത്തിയോ ഈ
ദൈവിക സത്യം അനുസരിക്കാൻ
തീരുമാ നിച്ച ദാസനെ പീഡിപ്പിക്കും.
സ്നേഹ ബന്ധങ്ങൾ
ശിഥിലീകരിക്കപ്പെടും. കുട്ടികൾക്ക്
അവകാശങ്ങൾ കൊടുക്കാതെ
വീടുകളിൽനിന്ന് നീക്കപ്പെടും.
പൌലൊസ് പറഞ്ഞിരിക്കുന്ന
വാക്കുകൾ പൂർണ്ണമായി നിറവേറപ്പെടും.
"എന്നാൽ ക്രിസ്തു യേശുവിൽ
ഭക്തിയോടെ ജീവിപ്പാൻ
മനസ്സുള്ളവർക്ക് എല്ലാം ഉപ്രദവം
ഉണ്ടാകും" (2 തിമൊ. 3:12).
സത്യത്തിൻറെ രക്ഷകർ ഞായറാഴ്ച
ശബ്ബത്തായി ആചരിക്കുന്നതിന്
വിസമ്മതിക്കുമ്പോൾ അവരെ

ജയിലിലടയ്ക്കുകയോ, നാടുകടത്തുകയോ, ദാസന്മാരാക്കുകയോ ചെയ്യും. മാനു ഷിക ചിന്തയിൽ ഇവയെല്ലാം അസംഭവ്യമെന്നു തോന്നും. എന്നാൽ ദൈവത്തിൻറെ ആത്മാവ് മനുഷ്യരുടെ ഇടയിൽ നിന്ന് എടുക്കപ്പെട്ടു കഴിഞ്ഞാൽ അവർ സാത്താൻറെ നിയന്ത്രണത്തിലാകുകയും ദൈവിക സന്മാർഗ്ഗ പ്രമാണങ്ങളെ എതിർക്കുകയും മറ്റനേകം വിചിത്രമായ സംഭവവികാസങ്ങൾ നടക്കുകയും ചെയ്യും. ദൈവിക സ്നേഹവും ദൈവഭയവുമില്ലാത്തവരുടെ ഹൃദയം വളരെ ക്രൂരമായിരിക്കും.

ഈ കൊടുങ്കാറ്റു സമീപിക്കുമ്പോൾ മൂന്നാം ദൂതൻറെ ദൂതിൽ വിശ്വാ

സമുണ്ടെന്ന നേരത്തെ വിളംബരം ചെയ്യുകയും, എന്നാൽ സത്യാന്വേഷണത്താൽ വിശുദ്ധീകരിക്കപ്പെടാത്തവരുമായ ഒരു കൂട്ടം സത്യം വിട്ട് എതിർ പക്ഷത്തോടു ചേരും. ലോകവുമായി ചേർന്ന് എതിർ കക്ഷികളെപ്പോലെ അവരും ചിന്തിക്കാൻ തുടങ്ങുകയും പരീക്ഷ വരുമ്പോൾ ബുദ്ധിമുട്ടില്ലാത്തതും പ്രസക്തിയുള്ളതുമായ പക്ഷത്ത് അവർ ചേരുകയും ചെയ്യും. വലിയ കഴിവുകൾ ഉള്ളവരും ഒരിക്കൽ ദൈവിക സത്യത്തിൽ ആന്ദിച്ചിരുന്നവരുമായ ഇക്കൂട്ടർ അവരുടെ ശക്തിയും കഴിവും മറ്റുള്ളവരെ തെറ്റിലേക്കു വീഴിക്കാൻ ഉപയോഗിക്കും. ഇവരായിരിക്കും. ഇവരുടെ നേരത്തെയുണ്ടായിരുന്ന

ആത്മീയ സഹോദരങ്ങളുടെ വലിയ ശത്രുക്കൾ. ദൈവകല്പന അനുസരിക്കുന്നവരെ കോടതിയിൽ ഹാജരാക്കുമ്പോൾ ഇവർ സാത്താൻറെ പ്രതിനിധികളായിനിന്ന് വളരെ ശക്തിയോടെ ദൈവമക്കളെ കുറ്റപ്പെടുത്തുകയും തെറ്റായ ആരോപണങ്ങളാലും കുത്തുവാക്കുകളാലും അധികാരികളെ അവർക്കെതിരായി പ്രലോഭിപ്പിക്കുകയും ചെയ്യും.

ഈ പീഡനകാലത്ത് ദൈവദാസന്മാരുടെ വിശ്വാസം പരീക്ഷിക്കപ്പെടും. അവർക്ക് ദൈവത്തെയും ദൈവിക വചനത്തെയും മാത്രം ആശ്രയിക്കുകയെന്ന മുന്നറിയിപ്പ്

വിശ്വസ്തതയോടെ
നൽകിയതായിരുന്നു. ദൈവത്തിൻറെ
ആത്മാവ് അവരുടെ ഹൃദയങ്ങളിൽ
പ്രവർത്തിക്കുകയും അവരെ
സംസാരി പ്പാൻ പ്രേരിപ്പിക്കുകയും
ചെയ്യും. ദൈവിക പ്രേരണയാൽ
പരിണിത ഫല ത്തെക്കുറിച്ച് ഒട്ടും തന്നെ
ചിന്തിക്കാതെ അവരുടെ കടമയായ
വചന പ്രഘോഷണം അവർ നടത്തും.
അവർ അവരുടെ ലൗകിക
സുഖങ്ങൾക്കോ അവരുടെ പേരു
നിലനിർത്താനോ അവരുടെ ജീവനോ
അല്ല മുൻതൂക്കം കൊടുക്കുന്നത്.
എന്നാൽ പ്രതിഷേധത്തിൻറെ
കൊടുങ്കാറ്റടിക്കുമ്പോൾ ചിലർ
തിരിഞ്ഞുനിന്ന് ചോദിക്കും: "നമ്മുടെ
സംസാരത്തിൻറെ പ്രതികരണം

ഇത്രമാത്രം ദുഃക്ഷമെന്നു നേരത്തെ അറിഞ്ഞിരുന്നെങ്കിൽ സംസാരിക്കാതിരിക്കാമായിരുന്നു”. കഷ്ടപ്പാടുകൾ അവരുടെ ചുറ്റും വലയം ചെയ്യുന്നു. സാത്താൻ ഉഗ്രമായ പ്രലോഭനങ്ങളാൽ അവരെ അസഹ്യപ്പെടുത്തും. അവർ ചുമലിലേറ്റിയിരിക്കുന്ന ജോലി അവർക്ക് ചെയ്തു തീർക്കാൻ സാധിക്കാത്തതെന്ന് അവർക്കു തോന്നും. അവരെ നശിപ്പിക്കുമെന്നുള്ള ഭീക്ഷണി ഉണ്ടാകും. അങ്ങനെ അവരുടെ ഉത്സാഹം അവർക്കു നഷ്ടപ്പെടും; എന്നാലും അവർക്ക് തിരിച്ചുപോകുവാൻ സാധിക്കയില്ല. അങ്ങനെ, അവരുടെ നിസ്സഹായത അവർ തന്നെ മനസ്സിലാക്കി, ശക്തിക്കായി ദൈവിക

സഹായം തേടും. അവർ സംസാരിച്ച് വാക്കുകൾ അവരുടേതല്ലെന്നും ദൈവം അവരിലൂടെ സംസാരിച്ചതാണെന്നും അവർ ഓർക്കും. ദൈവം അവരുടെ ഹൃദയങ്ങളിൽ സത്യം എഴുതിയിരിക്കുന്നതിനാൽ, അവർക്ക് അത് മറ്റുള്ളവരോടു പറയാതിരിക്കാൻ സാധിക്കയില്ല.

പഴയ നൂറ്റാണ്ടുകളിൽ ദൈവദാസന്മാർ ഇതേ പരീക്ഷകൾ അനുഭവിച്ച് വരാണ്. വിക്ലിഫ്, ഹസ്സ്, ലൂഥർ, ടിൻഡേൽ, ബാക്സ്റ്റർ, വെസ്ലി എന്നിവർ എല്ലാ പ്രമാണങ്ങളും വിശുദ്ധ വേദപുസ്തകമായി താരതമ്യപ്പെടുത്തി നോക്കുകയും വേദപുസ്തകം എതിർക്കുന്നതിനെ നിരസിക്കുകയും ചെയ്തു. ഈ

ദൈവമക്കളെ പീഡനം അങ്ങേയറ്റം
വിഷമിപ്പിച്ചുവെങ്കിലും അവർ സത്യം
ഉത്ഘോഷിക്കുക തന്നെ ചെയ്തു.
സഭയുടെ ചരിത്രം പരിശോധിച്ചാൽ പല
കാലഘട്ടങ്ങളിലും അന്നത്തെ
ജനങ്ങളുടെ ആവശ്യാനുസരണമുള്ള
സത്യം ദൈവം അവർക്കു
വെളിപ്പെടുത്തിക്കൊടുത്തിരുന്നതായി
കാണാം. ഓരോ പുതിയ സത്യങ്ങളും
വെറുക്കപ്പെട്ടുകയും
എതിർക്കപ്പെടുകയും ചെയ്തു. കൂടാതെ
ആ വെളിച്ചത്താൽ
അനുഗ്രഹിക്കപ്പെട്ടവർ
പ്രലോഭിപ്പിക്കപ്പെട്ടുകയും
പരീക്ഷിക്കപ്പെട്ടുകയും ചെയ്തു.
അടിയന്തിരാവശ്യങ്ങൾക്കായി ദൈവം
ജന ങ്ങൾക്ക് പ്രത്യേക സത്യം നല്കുന്നു.

ആർക്ക് അതിൻറെ പ്രചരണം തടയാൻ സാധിക്കും? ലോകത്തിന് ദയയോടുകൂടിയ അന്ത്യ ക്ഷണം നൽകാൻ തൻറെ ദാസന്മാരോട് ദൈവം ആജ്ഞാപിക്കും. അവർക്ക് അവരുടെ നാശം ഉണ്ടാകുന്നതുവരെ അടങ്ങിയിരിക്കാൻ സാദ്ധ്യമല്ല. ക്രിസ്തുവിൻറെ സ്ഥാനാപതികൾക്ക് പരിണിത ഫലങ്ങളെക്കുറിച്ച് ചിന്തിച്ചു വിഷമിക്കേണ്ട കാര്യമില്ല. അവർ അവരുടെ ജോലി ചെയ്യുക, അതിൻറെ ഫലം ദൈവം നോക്കിക്കൊള്ളും.

ഭീതിജനകമായ രീതിയിൽ പ്രതിപക്ഷം നീങ്ങുമ്പോൾ ദൈവജനം ചഞ്ച ലപ്പെടും; കാരണം ഈ കുഴപ്പങ്ങൾ എല്ലാം അവരാണ് വരുത്തിക്കൂട്ടിയതെന്ന്

അവർക്കു തോന്നും. എന്നാൽ അവരുടെ മനസ്സാക്ഷിയും ദൈവവചനവും അവർ ചെയ്യുന്നത് ശരിയാണെന്നു ബോദ്ധ്യപ്പെടുത്തുകയും അവരുടെ വർ ദ്ധിച്ചുവരുന്ന പരീക്ഷകളെ അതിജീവിക്കാനുള്ള ശക്തി ആർജ്ജിക്കുകയും ചെയ്യും. എതിർപ്പ് അടുത്തും രൂക്ഷവുമാകുമ്പോൾ ഈ അടിയന്തിരാവശ്യത്തെ നേരിടാനുള്ള വിശ്വാസവും ധൈര്യവും കൂടിവരും. അവരുടെ സാക്ഷ്യം ഇതായിരിക്കും. “ലോകത്തിൻറെ പ്രീതിയ്ക്കായി ദൈവവചനവുമായി കളിക്കുവാനോ, ദൈവത്തിൻറെ വിശുദ്ധ കല്പനയിൽ ചിലത് ആവശ്യവും മറ്റു ചിലത് അനാവശ്യവുമെന്നു പറയുവാനോ ഞങ്ങളില്ല. ഞങ്ങൾ സേവിക്കുന്ന

ദൈവത്തിനു ഞങ്ങളെ രക്ഷിപ്പാൻ സാധിക്കും. ലോക ശക്തി കളെ ക്രിസ്തു കീഴടക്കിയതിനാൽ കീഴടക്കപ്പെട്ട ശക്തികളെ നമ്മൾ എന്തിനു ഭയപ്പെടണം?'

സാത്താൻ നിലനില്ക്കുന്നിടത്തോളം കാലം പീഡനങ്ങൾ പലരൂപത്തിലും ഭാവത്തിലുമുണ്ടാകും; എന്നാൽ ക്രിസ്ത്യാനിത്വത്തിന് മർമ്മപ്രധാനമായ ശക്തിയുണ്ട്. അന്ധകാരശക്തികൾക്കെതിരായുള്ള പട്ടികയിൽ പേരു വരാത്തവർക്ക് ദൈവത്തെ സേവിക്കാൻ സാധിക്കുകയില്ല. ദുർഭൂതങ്ങൾ അവരെ പേടിപ്പിക്കുകയും തങ്ങളുടെ ഇര നഷ്ടപ്പെടുന്നതിൽ അസ്വസ്ഥരാകുകയും

ചെയ്യും. ദുഷ്ടന്മാർ, അവരുടെ മാതൃകാജീവിതത്തെ കുറ്റപ്പെടുത്തുകയും അവരെ ദൈവത്തിങ്കൽ നിന്നുമകറ്റാൻ വലിയ പ്രലോഭനങ്ങൾ കൊണ്ടുവരികയും ചെയ്യും. ഇതു വിജയിക്കാതെ വരുമ്പോൾ മനസ്സാക്ഷിയെ നിർബന്ധിച്ച് ശക്തിയോടെ പ്രകോപിപ്പിക്കും.

എന്നാൽ കർത്താവ് സ്വർഗ്ഗത്തിലെ കൂടാരത്തിൽ നമുക്കായി വാദിക്കുന്നിടത്തോളം കാലം പരിശുദ്ധാത്മാവിൻറെ സ്വാധീനം ഭരണകർത്താക്കളും ജനങ്ങളും അനുഭവിക്കും. ഒരു പരിധിവരെ അപ്പോഴും അത് രാജ്യങ്ങളുടെ നിയമത്തെ നിയന്ത്രിക്കും. ഈ നിയമം

ഇല്ലായിരുന്നെങ്കിൽ ലോകത്തിൻറെ സ്ഥിതി ഇപ്പോഴത്തേതിലും വളരെ വഷളാകുമായിരുന്നു. പല ഭരണകർത്താക്കളും സാത്താൻറെ സജീവ പ്രവർത്തകരെങ്കിലും ദൈവജനം പല ഭരണതലത്തിലുമുണ്ട്. ശത്രുക്കൾ ദൈവവേലയ്ക്ക് തടസ്സമായി നീങ്ങുമ്പോൾ ദൈവ ഭയമുള്ള ഭരണകർത്താക്കൾ ദൂതന്മാരുടെ സ്വാധീനതയിൽ അതിനെതിരായി നീങ്ങും. അങ്ങനെ സാത്താൻറെ ശക്തിയെ കുറെയൊക്കെ ദൈവമക്കൾ ചെറുത്തു നിൽക്കും. മൂന്നാം ദൂതൻറെ ദൂത് ഘോഷിക്കാതിരിക്കാൻ സത്യത്തിനു വിരുദ്ധമായി പ്രവർത്തിക്കുന്നവർ വിലക്കു കല്പ്പിക്കും. എന്നാൽ അന്തിമ

മുന്നറിയിപ്പിൽ, ഇന്ന് ദൈവം ഏതെല്ലാം നേതാക്കളിലൂടെ പ്രവർത്തിക്കുന്നുവോ, അവരിൽ ചിലർ സത്യം അംഗീകരിക്കുകയും അവർ ദൈവജനത്തോടൊപ്പം പീഡനകാലത്ത് നിൽക്കുകയും ചെയ്യും.

മൂന്നാം ദൂതൻറെ ദൂത് വിളംബരം ചെയ്യാൻ സഹകരിക്കുന്ന ദൂതനാൽ ഭൂലോകം മുഴുവൻ മഹത്വീകരിക്കപ്പെടും, ഭൂലോകം മുഴുവനായിട്ടുള്ള പ്രവർ ത്തനം വലിയ ശക്തിയിൽ നടക്കുമെന്നു മുൻകൂട്ടി പറഞ്ഞിരിക്കുന്നു. 1840-44 ലെ പുനരാഗമന സംഘടന, ദൈവിക ശക്തിയുടെ സാക്ഷാത്ക്കാരമാണ്. ഒന്നാം ദൂതൻറെ ദൂത് ലോകത്തിൻറെ

എല്ലാ ഭാഗത്തും എത്തിക്കപ്പെട്ടു; ചില രാജ്യങ്ങളിൽ ആത്മീയ കാര്യങ്ങൾ വളരെ താല്പര്യത്തോടെ സ്വീക രിച്ചു. അങ്ങനെ 16-ാം നൂറ്റാണ്ടിലെ നവോത്ഥാന പ്രസ്ഥാനത്തിനുശേഷം ഇത് എല്ലാ രാജ്യങ്ങളിലും സാക്ഷീകരിക്കപ്പെട്ടു. എന്നാൽ ഈ പ്രസ്ഥാനത്തി ലൂടെ അവസാന മുന്നറിയിപ്പായ മൂന്നാം ദൂതൻറെ ദൂത് വളരെ ശക്തിയായി മുന്നേറേണ്ടിയിരിക്കുന്നു.

പെന്തെക്കൊസ്തു നാളിലെ പ്രവർത്തനത്തോടു സാമ്യമുള്ളതാണ് ഈ പ്രവർത്തനവും. "മുൻ മഴ" കൊടുത്തപ്പോൾ സുവിശേഷത്തിൻറെ ആരംഭത്തിൽ പരിശുദ്ധാത്മാഭിഷേകം

പ്രാപിച്ച് വിലപിടിപ്പുള്ള വിത്തുമണികൾ കിളിർക്കാനും വളരാനും ഇട യാ യ തു പോലെ അവ സാനകാലത്ത് കൊയ്ത്തിന്നു മുൻമ്പായി അത് പാകമാകുവാൻ “പിന്മഴ” കൊടുക്കും. “നാം അറിഞ്ഞു കൊൾക; യഹോവയെ അറിവാൻ നാം ഉത്സാഹിക്ക; അവൻറെ ഉദയം പ്രഭാതം പോലെ നിശ്ചയമുള്ളത്; അവൻ മഴപോലെ, ഭൂമിയെ നനയ്ക്കുന്ന പിന്മഴപോലെതന്നെ, നമ്മുടെ അടുക്കൽ വരും” (ഹോശേയ. 6:3). “സീയോൻ മക്കളേ ഘോഷിച്ചുല്ലസിച്ചു നിങ്ങളുടെ ദൈവമായ യഹോവയിൽ സന്തോഷിപ്പിൻ! അവൻ തക്ക അളവായി നിങ്ങൾക്കു മുന്മഴ തരുന്നു. അവൻ മുമ്പേപ്പോലെ നിങ്ങൾക്ക് മുന്മഴയും പിന്മഴയുമായ വർഷം പെയ്യിച്ചു

തരുന്നു" (യോവേൽ 2:23).
"അന്ത്യകാലത്തു ഞാൻ സകല
ജഡത്തിന്മേലും എൻറെ ആത്മാവിനെ
പകരും". "എന്നാൽ കർത്താവിന്റെ
നാമം വിളിച്ചപേക്ഷിക്കുന്നവൻ ഏവനും
രക്ഷിക്കപ്പെടും" (അ.പ്ര.2:17,21).

സുവിശേഷീകരണത്തിൻറെ
ആരംഭത്തിലെ ദൈവിക ശക്തിയുടെ
പക ടനത്തിലും ശക്തിയേറിയിരിക്കും
സുവിശേഷീകരണത്തിൻറെ
അവസാനം.
സുവിശേഷീകരണത്തിൻറെ
ആരംഭത്തിൽ മുന്മഴയിലൂടെ പ്രവചനം
നിവൃത്തിയായതുപോലെ
സുവിശേഷീകരണത്തിൻറെ
അവസാനത്തിലും പ്രവചനം

നിവൃത്തീകരിക്കപ്പെടും. ഈ "ആശ്വാസ കാലങ്ങൾ" ആണ് അപ്പൊസ്തല നായ പതാസ് ദർശിച്ചു എന്നു പറഞ്ഞത്: "ആകയാൽ നിങ്ങളുടെ പാപങ്ങൾ മാഞ്ഞു കിട്ടേണ്ടതിന്നു മാനസാന്തരപ്പെട്ടു തിരിഞ്ഞു കൊൾവിൻ; എന്നാൽ കർത്താവിന്റെ സന്നിധിയിൽ നിന്നു ആശ്വാസ കാലങ്ങൾ വരികയും നിങ്ങൾക്കു മുൻ നിയമിക്കപ്പെട്ട ക്രിസ്തുവായ യേശുവിനെ അവൻ അയയ്ക്കുകയും ചെയ്യും " (അ.പ്ര. 3:19,20).

ദൈവദാസന്മാർ, മുഖശോഭയോടെ, സ്വർഗ്ഗത്തിലെ സന്ദേശം വിളംബരം ചെയ്യാൻ വളരെ വേഗത്തിൽ ഓരോ സ്ഥലത്തും എത്തും. ഭൂമി മുഴുവനും

ആയിരങ്ങളുടെ ശബ്ദത്താൽ മുന്നറിയിപ്പ് നൽകപ്പെടും. അത്ഭുതങ്ങൾ നടക്കും, രോഗികൾ സൗഖ്യം പ്രാപിക്കും, അടയാളങ്ങളും അത്ഭുതങ്ങളും വിശ്വാസികൾ ചെയ്യും. സാത്താനും കള്ള അത്ഭുതങ്ങൾ പ്രവർത്തിച്ച് മനുഷ്യരുടെ മുൻപാകെ ആകാശത്തുനിന്നും തീ ഇറക്കും (വെളിപ്പാട് 1 3:13). അങ്ങനെ ഭൂലോകവാസികൾക്ക് അവരവരുടെ സ്ഥാനം ഉറപ്പിക്കാനുള്ള അവസരം ലഭിക്കുന്നു.

ദൂത് വാഗ്വാദത്തിലൂടെയല്ല, പിന്നെയോ പരിശുദ്ധാത്മാവിൻറെ പ്രവർത്ത നത്താലുള്ള മാനസാന്തരത്താൽ പ്രചരിക്കപ്പെട്ടും. തർക്കങ്ങൾ

സമർപ്പിക്കപ്പെട്ടു. വിത്തു വിതയ്ക്കപ്പെട്ടു. ഇപ്പോൾ അത് മുളച്ചു ഫലം പുറപ്പെടുവിക്കും. സുവിശേഷകന്മാർ വിതരണം ചെയ്ത് പ്രസിദ്ധീകരണങ്ങൾ സ്വാധീനം ചെലുത്തും; എന്നാലും ചിലർക്ക് അവരുടെ മനസ്സിനെ സ്വാധീനിച്ച സത്യത്തെ മുഴുവനായി ഉൾക്കൊള്ളാൻ സാധിക്കാതെയും അനുസരണത്തിനു കീഴട ങ്ങാൻ സാധിക്കാതെയും വരും. ഇപ്പോൾ പ്രകാശരശ്മികൾ എല്ലായിടത്തും തുളച്ചു കയറിയിരിക്കും, സത്യം വ്യക്തമായി കാണപ്പെട്ടിരിക്കും. അതിനെ മുറുകെ പിടിക്കുന്ന സത്യസന്ധരായ ദൈവമക്കൾ വേർതിരിക്കപ്പെടും. കുടുംബ ബന്ധങ്ങൾക്കോ സഭാബന്ധങ്ങൾക്കോ അവരെ

തടയാൻ സാധി ക്കയില്ല. സത്യം
എല്ലാത്തിലും
മേന്മയേറിയതായിത്തീരുന്നു.
സത്യത്തിനു വിരുദ്ധമായി
സംഘടനകൾ യോജിച്ചാലും ഒരു വലിയ
കൂട്ടം കർത്താവിന്റെ വശത്തു
നിൽക്കും.

അദ്ധ്യായം **39—**ഉപദ്രവകാലം

“ആ കാലത്തു നിൻറെ സ്വജാതിക്കാർക്കു തുണനില്ക്കുന്ന മഹാപ്രഭുവായ മീഖായേൽ എഴുന്നേല്പം ; ഒരു ജാതി ഉണ്ടായതു മുതൽ ഈ കാലം വരെ സംഭവിച്ചിട്ടില്ലാത്ത കഷ്ടകാലം ഉണ്ടാകും; അന്നു നിൻറെ ജനം, പുസ്ത കത്തിൽ എഴുതിക്കാണുന്ന ഏവനും തന്നേ, രക്ഷ പ്രാപിക്കും” (ദാനീ. 12:1).

മൂന്നാം ദൂതൻറെ ദൂത് സകലർക്കും സാക്ഷ്യമായി പ്രസംഗിക്കപ്പെട്ടു കഴിയുമ്പോൾ ദൈവത്തിൻറെ കരുണ ഇനിമേലാൽ പാപിക്കുവേണ്ടി യാചിക്കുകയില്ല. ദൈവജനം അവരെ ഏല്പിച്ചിരുന്ന വേല ചെയ്തു തീർത്തു.

അവർക്ക് കർത്താവിന്റെ
പ്രസാദവർഷമായ പിൻമഴ
ലഭിച്ചുകഴിഞ്ഞു. അവർ നേരിടേണ്ട
പരീക്ഷയ്ക്ക് ഒരുങ്ങിക്കഴിഞ്ഞു.
സ്വർഗ്ഗത്തിൽ ദൂതന്മാർ ധൃതിയിൽ
അങ്ങോട്ടും ഇങ്ങോട്ടും
പൊയ്തുകൊണ്ടിരിക്കുന്നു.
ഭൂമിയിൽനിന്നും സ്വർഗ്ഗത്തിലേക്കു
മടങ്ങിവന്ന ഒരു ദൂതൻ, അവൻറെ വേല
ചെയ്തു തീർത്തു; ലോകത്തിന്മേൽ
അവസാന ശോധന വന്നു കഴിഞ്ഞു.
ദൈവകല്പനയ്ക്കനുസൃതമായി ഭക്തിയോടു
ജീവിച്ച വൃതന്മാർ ജീവനുള്ള
"ദൈവത്തിൻറെ മുദ്ര" ഏറ്റുകഴിഞ്ഞു
എന്ന് വിളിച്ചറിയിച്ചു. അപ്പോൾ നമ്മുടെ
മഹാപുരോഹിതനായി സ്വർഗ്ഗീയ
കൂടാരത്തിൽ ശുശ്രൂഷ ചെയ്തുവനായ

ക്രിസ്തു തൻറെ മദ്ധ്യസ്ഥവേല അവസാനിപ്പിച്ചു. അവൻ കൈകളെ ഉയർത്തി അത്യുച്ചത്തിൽ "നിവൃത്തിയായി" എന്നു പറഞ്ഞു. "അനീതി ചെയ്യുന്നവർ ഇനിയും അനീതി ചെയ്യട്ടെ; അഴുക്കുള്ളവൻ ഇനിയും അഴുക്കാടട്ടെ; നീതിമാൻ ഇനിയും നീതി ചെയ്യട്ടെ; വിശുദ്ധൻ ഇനിയും തന്നെ വിശുദ്ധീകരിക്കട്ടെ" (വെളി. 22:11) എന്നുള്ള പരിപാവനമായ പ്രസ്താവന ചെയ്തപ്പോൾ മാലാഖമാർ തങ്ങളുടെ കിരീടങ്ങൾ കാൽക്കൽ വച്ചു വണങ്ങി. ഓരോരുത്തരുടെയും വിധി ജീവനോ മരണത്തിനോ വേണ്ടി നിർണ്ണയിച്ചുകഴിഞ്ഞു. യേശുക്രിസ്തു തൻറെ ജനത്തിനുവേണ്ടിയുള്ള പാപപരിഹാരം ചെയ്ത് തൻറെ

രക്തത്താൽ അവരുടെ പാപങ്ങളെ മായിച്ചുകളഞ്ഞു. അവൻറെ രാജ്യത്തിലേക്കുള്ള പ്രജകളുടെ എണ്ണം തികച്ചു; "പിന്നെ രാജത്വവും ആധിപത്യവും ആകാശത്തിൻ കീഴെ ല്ലാടവുമുള്ള രാജ്യങ്ങളുടെ മഹത്വവും" അത്യുന്നതൻറെ വിശുദ്ധന്മാർക്ക് ലഭിക്കാറായി. യേശുക്രിസ്തു രാജാധിരാജാവും കർത്താധി കർത്താവുമായി വാഴുവാൻ പോകുന്നു.

ക്രിസ്തു സ്വർഗ്ഗീയ മന്ദിരം വിട്ടിറങ്ങുമ്പോൾ ഭൂസീമവാസികളെ അന്ധകാരം മൂടും, ആ ഭയാനകസമയത്തു നീതിമാന്മാർ ദൈവമുൻപാകെ ഒരു മദ്ധ്യസ്ഥൻ ഇല്ലാതെ നിൽക്കേണ്ടിവരും. ഇതുവരെയും

ദൈവം ദുഷ്ടന്മാരുടെമേൽ വച്ചിരുന്ന നിയന്ത്രണം എടുത്തുകളയും. അവസാനമായി, അനു തപിക്കാത്തവരുടെമേൽ സാത്താന് പരിപൂർണ്ണ നിയന്ത്രണമായി. ദൈവത്തിൻറെ ദീർഘക്ഷമ അവസാനിച്ചു. ലോകം അവൻറെ കരുണയെ ത്യജിച്ചു; അവൻറെ സ്നേഹത്തെ വെറുത്തു; അവൻറെ വിശുദ്ധ നിയമങ്ങളെ ഏതുമില്ലാത്തവ എന്നെണ്ണി. ദുഷ്ടന്മാർ കൃപാകാലത്തിൻറെ അതിരുകടന്നു, തുടർച്ചയായി അവരുടെ ഹൃദയങ്ങളോടു പാപത്തിനെതിരായി സംവാദിച്ചുകൊണ്ടിരുന്ന ദൈവത്തിൻറെ പരിശുദ്ധാത്മാവിനെ അവരിൽനിന്നു പിൻവലിച്ചു. ഇതുവരെയും അവരെ സംരക്ഷിച്ച് ദൈവകൃപ നീങ്ങിയപ്പോൾ

അവർക്കു ദുഷ്ടനിൽനിന്നും യാതൊരു സംരക്ഷണവും ഇല്ല. സാത്താൻ അപ്പോൾ ഭൂവാസികളെ അവസാന മഹാകഷ്ടതയിലേക്കു തള്ളിവിടും. ഇതുവരെയും ലോകത്തിന്മേൽ അഴിച്ചുവിടാൻ അനുവദിക്കാതെ ദൂതന്മാർ തടഞ്ഞുവച്ചിരുന്ന പൈശാചിക ക്രൂരത്വം ഒരു തടസ്സവും കൂടാതെ നടമാടും. പുരാതന യെരുശലേമിൻറെ മേൽ വന്നതിനെക്കാളും അതിഭയങ്കരമായ നാശം ലോകത്തിനു മേലും വന്നു ഭവിക്കും.

ഒരൊറ്റ സംഹാര ദൂതൻ മിസ്രയീമിലെ കടിഞ്ഞൂലിനെ ഒക്കെയും സംഹരിച്ച് രാജ്യത്തെ മുഴുവനെയും വലിയ കരച്ചിലിനും വിലാപത്തിനും ഇടയാക്കി.

ദാവീദു രാജാവു ദൈവത്തിന് അനിഷ്ടമായി ജനത്തെ എണ്ണിയപ്പോൾ ഒറ്റ ദൂതൻ രാജ്യത്തിന്മേൽ വരുത്തിയ സംഹാരത്താൽ രാജാവിൻറെ അകൃത്യത്തിനു ശിക്ഷ വന്നു. ദൈവത്തിൻറെ ആജ്ഞയാൽ വിശുദ്ധ ദൂതന്മാർ നിർവ്വഹിച്ച നശീകരണ പ്രവൃത്തി ദൈവം അനുവദിക്കുമ്പോൾ ദുഷ്ടാത്മ സേനകൾ അത് നിർവ്വഹിക്കും. എല്ലായിടത്തും നാശം വിതയ്ക്കാൻ ദൈവത്തിൽനിന്നും അനുവാദം ലഭിക്കുന്നതിനുവേണ്ടി മാത്രം ഒരുങ്ങിയിരിക്കുന്ന ശക്തികൾ ഇപ്പോഴേ തയ്യാറായി നിൽക്കുന്നു.

ലോകത്തിൽ ന്യായവിധി വരുത്തുന്നതിനു കാരണക്കാർ ദൈവകല്

നകളെ ബഹുമാനിക്കുന്നവരാണെന്നു കുറ്റമാരോപിച്ച്, അവരാണ് ലോകത്തിൽ മനുഷ്യരുടെ ഇടയിലുള്ള നാശനഷ്ടങ്ങൾക്കും രക്തച്ചൊരിച്ചിലിനും കാരണക്കാർ എന്നു ആരോപിക്കും. ലോകത്തിനു അന്ത്യമുന്നറിയിപ്പു കൊടുക്കുന്ന ദൈവശക്തിക്കെതിരെ ദുഷ്ടന്മാർ രോഷാകുലരായി ദൂതു സ്വീകരിക്കുന്ന എല്ലാവരുടെ മേലും കോപം ജ്വലിപ്പിക്കും. സാത്താൻ വെറുപ്പും പീഡനവും വർദ്ധിപ്പിക്കാൻ അവരെ (ദുഷ്ടന്മാരെ) പ്രേരിപ്പിക്കും.

ദൈവസാന്നിദ്ധ്യം യെഹൂദാ രാഷ്ട്രത്തിൽനിന്ന് അവസാനമായി പിൻവലിച്ചപ്പോൾ പുരോഹിതന്മാരും

ജനവും അതറിഞ്ഞില്ല. സാത്താൻറെ നിയന്ത്രണത്തിലായിട്ടും, ഏറ്റവും ഹീനവും നീചവും വ്യാജവുമായ വികാരങ്ങൾക്കും വേദനകൾക്കും വശംവദരായവർ എങ്കിലും, അവർ അപ്പോഴും ദൈവത്തിൻറെ തിരഞ്ഞെടുക്കപ്പെട്ട ജനം എന്നു അഭിമാനിച്ചു. ദൈവാലയ ശുശ്രൂഷകൾ തുടർന്നുകൊണ്ടേയിരുന്നു; മലിനമായ യാഗപീഠത്തിന്മേൽ യാഗം അർപ്പി ച്ചുപോന്നു. ദൈവത്തിൻറെ പ്രിയപുത്രൻറെ രക്തം ചൊരിഞ്ഞതിനു കുറ്റക്കാരായവരുടെയും അപ്പൊസ്തലന്മാരെയും പ്രവാചകന്മാരെയും കൊന്നൊടുക്കാനായി തക്കം നോക്കിയിരുന്നവരുടേയും മേൽ

ദൈവത്തിൻറെ ആശീർവാദവും
അനുഗ്രഹവും ദിവസേന
യാചിച്ചുകൊണ്ടിരുന്നു.
അതുപോലെതന്നെ ആരാലും
മാറ്റപ്പെടാവുന്നതല്ലാത്ത ദൈവത്തിൻറെ
തീരുമാനം
സ്വർഗ്ഗീയകൂടാരത്തിൽനിന്നും
പ്രസ്താവിക്കുമ്പോഴും ലോകത്തിൻറെ
വിധി എന്നേക്കുമായി
സ്ഥിരപ്പെടുത്തിക്കഴിയുമ്പോഴും
ലോകനിവാസികൾ അറിയുകയില്ല.
ദൈവത്തിൻറെ പരിശുദ്ധാത്മാവിനെ
അവസാനമായി ഉപേക്ഷിച്ച് ജാതി
ബാഹ്യമായ മതശുശ്രൂഷകൾ
തുടർന്നുകൊണ്ടേയിരിക്കും.
ദുഷ്ടതയുടെ പ്രഭുവായ സാത്താനാൽ
പ്രേരിതമായ തീക്ഷ്ണതയാൽ അവൻറെ

ഹീനമായ പദ്ധതികൾ അവൻറെ
അനുയായികളിൽ കൂടി നടത്തുന്നത്
ദൈവത്തെക്കുറിച്ചുള്ള എരിവും
തീക്ഷ്ണതയും കൊണ്ടാണ് എന്നു
തോന്നുമാറാകും.

ക്രിസ്തീയ ലോകം മുഴുവൻ ഏഴാം
ദിനമായ വിശുദ്ധ ശബ്ബത്ത് ഏറ്റവും
പ്രധാന തർക്ക
വിഷയമായിത്തീരുകയും ലൗകിക
ശക്തികളും മതശക്തി കളും ഒന്നിച്ചു
ഞായറാഴ്ചാചാരം
നിർബന്ധമാക്കുകയും ചെയ്യുമ്പോൾ
അതിനെതിരെ നിൽക്കുന്ന
ന്യൂനപക്ഷമായ ദൈവജനം
സാർവ്വത്രികമായി വെറുക്കപ്പെടും.
സഭയുടെയും രാജ്യത്തിൻറെയും

നിയമങ്ങൾക്കെതിരായി നിലകൊള്ളുന്ന ചെറിയ കൂട്ടത്തെ പൊറുത്തുകൂടായെന്നും ലോകം മുഴുവൻ പരിഭ്രാന്തിയിലേക്കും അരാജകത്വത്തിലേക്കും ആയിത്തീരുന്നതിൽ മെച്ചം അവർ നശിക്കുന്നതാണെന്നും തീരുമാനിക്കും. "ജനം മുഴുവനും നശിച്ചുപോകാത വണ്ണം ഒരു മനുഷ്യൻ ജനത്തിനുവേണ്ടി മരിക്കുന്നതു നന്നു" (യോഹ. 11:50) എന്ന് കർത്താവയ യേശുക്രിസ്തുവിൻറെ ക്രൂശാരോഹണത്തിനുമുൻപ് ആ കാലത്തെ മഹാപുരോഹിതനായ കയ്യഫാവു യെഹൂദാ ജനത്തിനു മുമ്പാകെ പറഞ്ഞ അതേ ന്യായീകരണംതന്നെ അവർക്കെതിരായി പ്രസ്താവിക്കും. അതേ ന്യായവാദം മതിയായതു എന്നു

ന്യായീകരിച്ചു, നാലാം കല്പനയിൽ
വ്യക്തമാക്കിയിട്ടുള്ള വിശുദ്ധ
ശബ്ബത്തിനെ ബഹുമാനിക്കയും
കാക്കുകയും ചെയ്യുന്ന
ശേഷിപ്പിനെതിരെ, അവർ ഏറ്റവും
കഠിനശിക്ഷയ്ക്ക് യോഗ്യരെന്നു ഒരു
ഉത്തരവു പ്രസിദ്ധമാക്കുകയും ഏതാനും
സമയത്തിനുശേഷം അവരെ
കൊന്നുമുടിപ്പാനുള്ള സ്വാതന്ത്ര്യം
ജനങ്ങൾക്കു കൊടുക്കുകയും ചെയ്യും.
പുരാതനകാലത്തെ റോമാത്വവും
ആധുനിക ലോകത്തിലെ വിശ്വാസ
ത്യാഗി കളായ പ്രോട്ടസ്റ്റന്റ് വിഭാഗവും
ദൈവത്തിൻറെ പത്തു കല്പനകളെയും
ഒരു പോലെ ബഹുമാനിക്കുന്ന
ദൈവത്തിൻറെ ശേഷിപ്പിനെതിരെ
ഇതേ നിലപാടു സ്വീകരിക്കും.

"നാം നടുക്കത്തിൻറെ മുഴക്കം കേട്ടിരിക്കുന്നു, സമാധാനം അല്ല ഭയമത്രെ ഉള്ളതു. ആ നാൾപോലെ വെറെ ഇല്ലാതവണ്ണം അതു വലുതായിരിക്കുന്നു, കഷ്ടം! അതു യാക്കോബിനു കഷ്ടകാലം തന്നെ; എങ്കിലും അവൻ അതിൽനിന്നു രക്ഷിക്കപ്പെടും" (യിരെമ്യാ. 30:5,7) എന്നു യിരെമ്യാ പ്രവാചകൻ പറഞ്ഞതുപോലെ ദൈവജനം കഷ്ടതയുടെയും കൊടിയ വേദനകളുടെയും അനുഭവത്തിൽ കൂടി കടന്നുപോകേണ്ടിവരും.

യാക്കോബു ജാബോക്കു നദിക്കരെയിൽ വച്ചു തന്നോടു മല്ലു പിടിക്കുന്ന

പ്രതിയോഗി ഏശാവാണെന്നുള്ള ഭയത്താൽ പ്രാർത്ഥനയോടുകൂടി മല്ലപിടിച്ചപ്പോൾ ഉണ്ടായ ഭീതിയ്ക്കു തുല്യമായിരിക്കും ദൈവജനത്തിനു മഹാകഷ്ടകാലത്തുണ്ടാകുവാൻ പോകുന്ന അനുഭവം. യാക്കോബിൻറെ അപ്പനായ യിസഹാക്കിൽനിന്നും അവൻറെ സഹോദരനായ ഏശാവിനു കിട്ടേണ്ട അനുഗ്രഹം ചതിവിൽ ലഭിച്ചശേഷം ഏശാവിൻറെ മരണഭീഷണി ഭയന്ന് യാക്കോബു ജീവരക്ഷയ്ക്കായി ഓടിപ്പോയി. നാടുവിട്ടോടാൻ നിർബന്ധിതനായ യാക്കോബ്, ഏറിയ കാലത്തെ പ്രവാസത്തിനുശേഷം, ദൈവകല്പന അനുസരിച്ച്, തൻറെ ഭാര്യമാരോടും കുഞ്ഞുങ്ങളോടും, ആടുമാടു

സമ്പത്തുകളുമായി ജന്മനാട്ടിലേക്കു
മടങ്ങുകയായിരുന്നു. സ്വന്തദേശമായ
കനാൻറെ അതിർത്തിയിൽ
എത്തിയപ്പോൾ തൻറെ സഹോദരനായ
ഏശാവു നാന്നൂറു യോദ്ധാക്കളുമായി,
അവൻറെ നേർക്കു പകരം വീട്ടാൻ
വരുന്നുണ്ടെന്നുള്ള വാർത്ത കേട്ടു
ഭയാകുലനായി. യാക്കോബും
കൂടെയുള്ളവരും നിസ്സഹായരും
നിരായുധരും ആയിരുന്നു. ഒരു
ഗത്യന്തരവും ഇല്ലാതെ ക്രൂരതയ്ക്കും
മരണത്തിനും ഇരകളായിത്തീരും
എന്നുള്ള ഭയം യാക്കോബിനു ഉളവായി.
ഈ ഭീതിയ്ക്കും ഭാരത്തിനും ഉപരിയായി
ആപത്തുകൾക്കും ഭയത്തിനും ഒക്കെയും
കാരണം താൻ മുൻപു കാലത്തു ചെയ്ത
പാപമാണെന്നുള്ള

സ്വന്തമനസ്സാക്ഷിയുടെ കുറ്റപ്പെടുത്തൽ യാക്കോബിനു അനുഭവപ്പെട്ടു. അവൻറെ ഏക ആശ്രയം ദൈവത്തിൻറെ ദീർഘക്ഷമയിലും വാത്സല്യ കൃപയിലും മാത്രമാണെന്നും അവൻറെ ഏക ആയുധം പ്രാർത്ഥന മാത്രമാണെന്നും അവൻ മനസ്സിലാക്കി. എന്നിരുന്നാൽ തന്നെയും തൻറെ പാപത്തിൻറെ പരിഹാരമായുള്ള ഏറ്റു പറച്ചിലിനും സഹോദരനിൽനിന്നുമുള്ള ഭീഷണിക്കും ചെയ്യേണ്ടതെല്ലാം ചെയ്യാതെ യാക്കോബ് വിട്ടില്ല. അതുപോലെതന്നെ ക്രിസ്തുയേശുവിൻറെ അനുയായികൾ, വരാനുള്ള മഹാകഷ്ടകാലത്തോടു സമീപിക്കുമ്പോൾ ദൈവ ത്തോടും

മനുഷ്യരോടും നിരപ്പിൻറെ
അനുഭവത്തിൽ വരേണ്ടതാവശ്യമാണ്.

യാക്കോബ്, തന്നോടുകൂടെയുണ്ടായിരുന്ന ആരും തൻറെ മനോവ്യഥ നേരിട്ടു മനസ്സിലാക്കാതിരിക്കാനായി അവരെ മുമ്പ് അയച്ചിട്ട് ഏകനായി, ദൈവവുമായി മാത്രം താൻ ചെയ്തുപോയ ഓരോ പാപവും ഒന്നും മറച്ചു വയ്ക്കുകയോ ഒഴിവുകഴിവു പറയുകയോ ചെയ്യാതെ ഏറ്റുപറഞ്ഞു. താൻ പാപിയും കുറ്റക്കാരനും ദൈവശിക്ഷയ്ക്ക് യോഗ്യനെന്നും സമ്മതിച്ച് ദൈവത്തിൻറെ കരുണയിൽ മാത്രം ആശ്രയിച്ചു. ഏറ്റം താഴ്മയോടും ഹൃദയ നടുക്കത്തോടും തൻറെ പിതാക്കന്മാരോടു യഹോവ ചെയ്ത നിയമങ്ങളും ബേഥേ

ലിൽ രാത്രി ദർശനത്തിൽ ദൈവം
അരുളിച്ചെയ്ത വാഗ്ദത്തങ്ങളും,
അതിനുശേഷം താൻ പരദേശിയായി
പാർത്ത ദേശത്തു നൽകപ്പെട്ട
വാഗ്ദത്തങ്ങളും വീണ്ടും വീണ്ടും
ആവർത്തിച്ചും അവകാശപ്പെട്ടും
ഏകാന്തതയിൽ ദൈവവുമായി
അന്ധകാര മദ്ധ്യത്തിലും
ഏകാന്തതയിലും പ്രാർത്ഥനയോടു
തന്നെത്താൻ താഴ്ത്തി യഹോവയുടെ
സന്നിധിയിൽ ചിലവഴിച്ചു. പെട്ടെന്ന്
മുന്നറിയിപ്പില്ലാതെ ആരോ തൻറെ കൈ
യാക്കോബിൻമേൽ വച്ചതായി അനു
ഭവപ്പെട്ടു. ഒരു പ്രതിയോഗി തൻറെ
ജീവനെ അപഹരിക്കാൻ
പോകയാണന്നുള്ള ഭീതിയാൽ തൻറെ
സകല ശക്തിയോടും ധൈര്യത്തോടും

മല്ലു പിടിച്ചു. ഉഷസ്സാകാറായപ്പോൾ അപരിചിതൻ തൻറെ അമാനുഷിക ശക്തി തൻറെ മേൽ ഉപയോഗിച്ചപ്പോൾ ശക്തനായ യാക്കോബു ബലഹീനനായി തളർന്നു നിസ്സ ഹായതയോടും കരച്ചിലോടും, താൻ രാത്രി മുഴുവൻ മല്ലുപിടിച്ചതു മനുഷ്യനോടല്ല, നേരേമറിച്ച് നിയമത്തിൻറെ ദൂതനായ മീഖായേലിനോടായിരുന്നു എന്നു മനസ്സിലാക്കി, ദൂതൻറെ കഴുത്തിങ്കൽ മുറുകെ പിടിച്ചു. യാക്കോബു ദൂതനോട് മല്ലുപിടിക്കയിൽ ദൂതൻ അവൻറെ തുടയുടെ തടം തൊട്ടു. കാൽ ഉളുക്കിപ്പോയതുകൊണ്ടുള്ള അതിവേദന അനുഭവിച്ചതിൻറെ മദ്ധ്യത്തിലും അവൻ ദൂതനുമായി മല്ലു പിടിച്ചതിൻറെ ഉദ്ദേശം മറന്നില്ല. അധികനേരം യാക്കോബിന്

പരിഭ്രമത്തിൻറെയും സങ്കടത്തിൻറേയും അവൻ ചെയ്തുപോയ അകൃത്യങ്ങളുടേയും പശ്ചാത്താപം അനുഭവപ്പെട്ടത് വെറുതെയല്ല, അവനു തൻറെ പാപം ക്ഷമിക്കപ്പെട്ടു എന്നുള്ള ഉറപ്പു ലഭിക്കണമായിരുന്നു.

ഉയരത്തിൽനിന്നുള്ള സഹായം ലഭിച്ചില്ല എങ്കിൽ അവൻ നശിക്കുമെന്നു മനസ്സിലാക്കി അവൻറെ പാപങ്ങളെ പരമാർത്ഥമായ അനുതാപത്തോട് ഏറ്റു പറഞ്ഞ് ദൈവത്തിൽനിന്നുള്ള ക്ഷമയ്ക്കായി യാചിച്ച്, പാപക്ഷമ ലഭിക്കണെ മെന്ന് പ്രാർത്ഥിച്ചു. അവൻറെ പോരാട്ടത്തിൽ ജയിക്കുവോളം ദൂതനെ

(കർത്താവിനെ) വേദനയോടും കരച്ചിലോടുംകൂടെ മുറുകെപ്പറ്റി നിന്നു.

സാത്താൻ യാക്കോബിനുനേരെ ഏശാവിൻറെ മനസ്സിൽ പ്രവർത്തിച്ചു. അവനെതിരായി പരിപ്പിച്ചു വിട്ടതുപോലെ അവസാനത്തെ വലിയ കഷ്ടതയുടെ സമയം ദുഷ്ട ശക്തികളെ ദൈവജനത്തിനെതിരായി ഇളക്കിവിടും. യാക്കോബിനോട് പാപങ്ങളെ എടുത്തുകാട്ടി അവൻറെ മേൽ കുറ്റം ചുമത്തി യതുപോലെ ദൈവത്തിൻറെ വൃതന്മാരുടെമേലും അവൻ കുറ്റം ആരോപിക്കും. ലോകത്തിലെ ആളുകൾ അവൻറെ പ്രജകൾ അത് എന്നു അവൻ അവകാശപ്പെടുമ്പോൾ ദൈവകല്പന അനുസരിച്ച്, അനുസരണം ഉള്ളവരായി

ചെറിയ കൂട്ടം സാത്താൻറെ
അധികാരത്തെ ചെറുത്തുനിൽക്കും.
എങ്ങനെ എങ്കിലും ദൈവത്തിൻറെ
ശേഷിപ്പിനെ ഉന്മൂലനാശം ചെയ്യാൻ
സാധിച്ചാൽ അവൻറെ ജയം
പൂർണ്ണമായി. ദൈവദൂതന്മാർ അവരെ
വലയം ചെയ്ത് സംരക്ഷിക്കു ന്നതു
കാണുമ്പോൾ, ദൈവം അവരുടെ
പാപങ്ങളെ ക്ഷമിച്ചു അകൃത്യങ്ങ ളെല്ലാം
മായിച്ചു കളഞ്ഞു എന്ന് അവർ
മനസ്സിലാക്കും. സ്വർഗ്ഗീയ കൂടാരത്തിൽ
നമ്മുടെ മഹാപുരോഹിതനായ
കർത്താവു പാപപരിഹാര
ശുശ്രൂഷയിൽ അവരുടെ ഭാവി
എന്നേക്കുമായി നിശ്ചയിച്ചു എന്നു
ഗ്രഹിച്ചുകഴിയു മ്പോൾ, അവൻ അവരെ
ചെയ്യുവാൻ പരിപ്പിച്ചതായ

പാപങ്ങളെപ്പറ്റി വ്യക്തമായി
അറിയിക്കും; അവയെ വിപുലപ്പെടുത്തി
ദൈവമുൻപാകെ പ്രദർശിപ്പിക്കും.
അവൻറെ പാപം നിമിത്തം
ദൈവസന്നിധിയിൽനിന്നും
അവനെയും ദൈവത്തോടുള്ള
മത്സരത്തിൽ ചേർന്ന ദുഷ്ട
സേനകളേയും തള്ളിക്കളഞ്ഞതു പോലെ
അവരും ദൈവസന്നിധിയിൽനിന്നും
പുറംതള്ളപ്പെടുവാൻ യോഗ്യരാണെന്നു
അവകാശപ്പെടും. അവരുടെ പാപങ്ങൾ
ക്ഷമിച്ചു കൊടുത്താൽ ദൈവം
നീതിപാലിക്കുന്നില്ല എന്നു
പ്രസ്താവിക്കയും അവർ അവനുള്ള
താകയാൽ അവരെ നശിപ്പിക്കാനായി
അവൻറെ കയ്യിൽ ഏല്പ്പിക്കണം എന്നു
വാദിക്കുകയും ചെയ്യും.

സാത്താൻ ദൈവജനത്തിനെതിരെ,
അവരുടെമേൽ കുറ്റം ആരോപി ക്കയാൽ
ഇയ്യോബിനെ അവൻറെ കയ്യിൽ
ഏല്പിച്ചുകൊടുത്തപോലെ ദൈവം
അവരെ അങ്ങേ അറ്റം പരീക്ഷിക്കാൻ
സാത്താനു അനുവാദം നൽകും.
അവർക്കു ദൈവത്തിലുള്ള ഉറപ്പും
വിശ്വാസവും സ്ഥിരതയും ഏറ്റം ഭയങ്കര
മായി ശോധന ചെയ്യപ്പെട്ടും. അവർ
അവരുടെ മുൻകാലജീവിതത്തെ
നോക്കു മ്പോൾ അവർ
കുറവുള്ളവായിരുന്നു എന്നു മനസ്സിലാക്കി
അവരുടെ പ്രത്യാശയ്ക്കു ഭംഗം വന്നേക്കാം,
അവരുടെ ബലഹീനതകളും
അയോഗ്യതകളും നിമിത്തം അവരുടെ
അവസ്ഥ ആശയറ്റതും, അവരുടെ

പാപങ്ങൾ ഒന്നു കൊണ്ടും മൂടപ്പെടാവുന്നവ അല്ലെന്നും ഉള്ള ബോധം അവർക്കുണ്ടാകും. സാത്താൻ അവരുടെ അവസ്ഥ ആശയറ്റതാണെന്നും, അവരുടെ പാപക്കറകൾ മായിക്കപ്പെടാൻ കഴിയാത്തവയാണെന്നും ഉള്ള ചിന്തയാൽ അവരെ ഭയപ്പെടുത്തും. അവരുടെ വിശ്വാസം അവരിൽനിന്നു പൊയ്പ്പോയി എന്നവൻ വിചാരിക്കും.

ദൈവജനം തങ്ങളെ നശിപ്പിക്കാൻ ഒരുങ്ങി നിൽക്കുന്ന ശത്രുക്കളാൽ ചുറ്റപ്പെട്ട് ഭയാകുലരായി നിൽക്കുമ്പോഴും അവരുടെ ഭീതി സത്യത്തിനുവേണ്ടി പീഡനം സഹിക്കേണ്ടിവരും എന്നുള്ളതല്ല, നേരെ

മറിച്ച് അവരുടെ എല്ലാ പാപങ്ങളും അവർ ഏറ്റുപറഞ്ഞു അനുതപിച്ചോ, അതോ എന്തെങ്കിലും കാരണവശാലോ, തെറ്റിനാലോ, വെളി. 3:10-ൽ പറയുന്ന "സഹിഷ്ണുതയെക്കുറിച്ചുള്ള എൻറെ വചനം നീ കാത്തുകൊണ്ടതിനാൽ ഭൂമിയിൽ വസിക്കുന്ന വരെ പരീക്ഷിക്കേണ്ടതിനു ഭൂതലത്തിൽ എങ്ങും വരുവാനുള്ള പരീക്ഷാകാ ലത്തു ഞാനും നിന്നെ കാക്കും" എന്നുള്ള യഹോവയുടെ വാഗ്ദത്തനിവൃത്തിയെ മനസ്സിലാക്കാതെ പോകുമോ എന്നുള്ളതായിരിക്കും. ദൈവത്തിൽനിന്നും, അവരുടെ അകൃത്യങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു എന്നുള്ള ഉറപ്പു ലഭി ച്ചിരുന്നു എങ്കിൽ അവർ പീഡനത്തിൽനിന്നും

മരണത്തിൽനിന്നു തന്നെയും മാറുകയില്ലായിരുന്നു; എന്നാൽ അവരുടെ അയോഗ്യതയും സ്വഭാവത്തിലുള്ള ന്യൂനതയും നിമിത്തം ജീവൻ നഷ്ടപ്പെടുവാൻ ഇടയായാൽ ദൈവത്തിൻറെ പരിശുദ്ധ നാമം പഴിക്കപ്പെട്ടുപോകുമോ എന്നുള്ള ഭയമാണ് അവർക്കുള്ളത്.

എവിടെ നോക്കിയാലും ഗൂഢതന്ത്രങ്ങളും ദ്രോഹങ്ങളും മത്സരവും മാത്രം കാണുമ്പോൾ അവരുടെ ഹൃദയങ്ങളിൽ കാണപ്പെടുന്ന ഈ വിശ്വാസത്യാഗവും ദുഷ്ടന്മാരുടെ ദുഷ്ട പ്രവൃത്തികളും അവസാനിച്ചെങ്കിൽ കൊള്ളാമായിരുന്നു എന്നുള്ള ഒരു ശക്തമായ വാഞ്ഛ ഉദിക്കുന്നു. അവർ ദൈവത്തോടു ഈ

മത്സരവും ദുഷ്ടതയും നിർത്തണമേ എന്നു അപേക്ഷിക്കുമ്പോൾ, അവർക്കു തന്നെയും ഇവയൊക്കെ എതിർക്കാനുള്ള ശക്തി ഇല്ലല്ലൊ എന്നു പരിതപിക്കും. അവരുടെ എല്ലാ കഴിവുകളും കർത്താവിന്റെ സേവനത്തിൽ ആക്കി, ശക്തിയിൽനിന്നും ശക്തിയിലേക്ക് വളർന്നിരുന്നു എങ്കിൽ പൈശാ ചിക ശക്തിയെ അതിജീവിക്കാൻ കഴികയില്ലായിരുന്നോ എന്നോർത്തു അവർ അവരെത്തന്നെ പഴിക്കും.

അവർ ചെയ്ത ബഹുവിധമായ പാപങ്ങൾ കാരണം “അവൻ എന്നെ അഭയം പ്രാപിച്ചു എന്നോടു സമാധാനം ചെയ്തുകൊള്ളട്ടെ; അതേ, അവൻ

എന്നോടു സമാധാനം ചെയ്യുകൊള്ളട്ടെ"
എന്നുള്ള ദൈവത്തിൻറെ
വാഗ്ദത്വത്തിന്മേൽ ഉറച്ച്
പ്രാർത്ഥനയാലും ആത്മതപനത്താലും
ദൈവമുമ്പാകെ ചെല്ലും. അവരുടെ
പ്രാർത്ഥനയ്ക്ക് ഉടൻ ഉത്തരം
ലഭിച്ചില്ല എങ്കിലും അവരുടെ വിശ്വാസം
തണുത്തുപോകുന്നില്ല. അവർ ആകുല
ചിന്തകളിലും ഭയത്തിലും വിഷമത്തിലും
ആണെങ്കിൽ തന്നെയും ദൈവവുമായുള്ള
മദ്ധ്യസ്ഥം നിർത്തുന്നില്ല. യാക്കോബു
ദൂതനെ യാചനയോടു
മുറുകെപ്പറ്റിയതുപോലെ അവർ
ദൈവത്തിൻറെ ശക്തിയെ
അവകാശമായി ഗണിച്ചു അവനിൽ
ശരണപ്പെടുന്നു. അവരുടെ കരച്ചിൽ,

“എന്നെ അനുഗ്രഹിച്ചല്ലാതെ ഞാൻ നിന്നെ വിടുകയില്ല” എന്നായിരിക്കും.

ചതിവിൽ യാക്കോബു പിതാവിൽനിന്നും ജേഷ്ഠാവകാശം ലഭിക്കു ന്നതിനു ചെയ്ത പാപത്തെക്കുറിച്ചു അനുതപിച്ചു ക്ഷമ പ്രാപിച്ചില്ലായിരുന്നു എങ്കിൽ അവൻറെ പ്രാർത്ഥന കേൾക്കയില്ലായിരുന്നു. അതുപോലെ വരാൻ പോകുന്ന മഹാകഷ്ടകാലത്ത് ദൈവജനത്തിൽ ഏറ്റുപറഞ്ഞുപേക്ഷിക്കാത്ത പാപം വല്ലതും മറഞ്ഞുകിടപ്പുണ്ടെങ്കിൽ, ഭയത്താലും ആകുല ചിന്തകളാലും ഭാരപ്പെട്ടുമ്പോൾ ദൈവസന്നിധിയിൽ ചെല്ലുവാൻ ധൈര്യം ഉണ്ടാകയില്ല, ഭീതി അവരെ വിശ്വാസത്തിൽനിന്നും

വഴിതെറ്റിക്കും. എന്നാൽ അവർക്ക് ഏതുമി ല്ലായ്മയെപ്പറ്റിയുള്ള ബോധം ഉണ്ടെങ്കിൽ, അവരിൽ മറഞ്ഞിരിക്കുന്ന തെറ്റുകൾ ഒന്നും ഇല്ലായെങ്കിൽ, അവരുടെ പാപങ്ങൾ നേരത്തേതന്നെ ന്യായവിധിയിൽ എടുക്കപ്പെടുകയും, അവ മായിക്കപ്പെടുകയും ചെയ്തുവെങ്കിൽ അവരുടെ ഓർമ്മയിൽ അവ വരികയും ഇല്ല.

പലരെയും സാത്താൻ അവരുടെ പാപങ്ങളും അവിശ്വസ്തതകളും അതവലുതായുള്ളവ അല്ല, ദൈവം അവയെ വലുതായി കണക്കിൽ എടുക്കുന്നില്ല എന്നുള്ള ചിന്തയിലേക്കു നയിക്കും, എന്നാൽ യാക്കോബുമായുള്ള ദൈവത്തിൻ ഇടപെടലിൽ പാപം

വലുതാണെങ്കിലും, ചെറുതാണെങ്കിലും ദൈവം അവയെ സഹിച്ചുകൊള്ളുന്നില്ല എന്നുകാണുന്നു. തങ്ങളുടെ പാപങ്ങൾക്കു ഒഴികഴിവു പറഞ്ഞ് അവയെ ഏറ്റുപറഞ്ഞ് ഉപേക്ഷിക്കാതെ സ്വർഗ്ഗത്തിലെ ഓർമ്മയുടെ പുസ്തകത്തിൽ തന്നെ ഇരിപ്പാൻ അനുവദിച്ചാൽ അവർക്കു ശുഭം വരികയില്ല, സാത്താൻ അവരുടെമേൽ ജയം കൊള്ളുകയും ചെയ്യും. അവരുടെ പദവി വലുതായിരിക്കുമ്പോൾ, അവരുടെ സ്ഥാനം ഉന്നതമായിരിക്കുമ്പോൾ, അവരുടെ തെറ്റുകൾ ഗുരുതരമാവും, സ്ഥാനത്തിനനു സരണമായുള്ള ജീവിത നിലവാരം കാക്കാതിരുന്നാൽ പ്രതിയോഗിക്കുള്ള വിജയം വലുതായിരിക്കും. യഹോവയുടെ വലുതും

ഭയങ്കരവുമായ ദിവസത്തെ അഭിമുഖീകരിക്കാനുള്ള ഒരുക്കം താമസിപ്പിക്കുന്നവർക്ക് വലിയ കഷ്ട കാലസമയത്തോ, അതിനുശേഷമോ ഉറച്ചു നില്ക്കുവാൻ സാദ്ധ്യമാകയില്ല, അപ്രകാരം ഉള്ളവരുടെ സ്ഥിതി ഏറ്റം കഷ്ടകരമായിരിക്കും.

വലുതും ഭയങ്കരവുമായ ആ ദിവസത്തേക്കു ഒരുങ്ങാത്തവരായ നാമധേയ ക്രിസ്ത്യാനികൾ, അവരുടെ ഭയാനകമായ സ്ഥിതിയെ മനസ്സിലാക്കി അവരുടെ പാപങ്ങളെപ്പറ്റി വിലപിക്കും. യിരെമ്യാ പ്രവാചകൻ തൻ്റെ പ്രവചനത്തിൽ പറഞ്ഞിരിക്കുന്നതുപോലെ "കൊയ്ത്തു കഴിഞ്ഞു, ഫലശേഖരവും കഴിഞ്ഞു; നാം രക്ഷിക്കപ്പെട്ടതും ഇല്ല" (യിരെ. 8:20).

അപ്രകാരമുള്ള ഏറ്റു പറച്ചിൽ
ഏശാവിൻറെയും യൂദായുടേയും
ഏറ്റുപറച്ചിൽ പോലെ ആയിരിക്കും.
അപകാരമുള്ള പശ്ചാത്താപം
പാപത്തെക്കുറിച്ചു ള്ള തല്ലായിരിക്കും.
ശിക്ഷയെ ഭയന്നുള്ളവയായിരിക്കും.
അവർക്ക് ഹൃദയനുറുക്കമോ
പാപത്തോടുള്ള വെറുപ്പോ ഉണ്ടാകുന്നില്ല.
മിസയീമിലെ ഫാറവോൻ
ചെയ്തതുപോലെ അവരുടെ
പാപത്തിനുള്ള ശിക്ഷയെ ഭയക്കുകയും
ന്യായവിധി തൽക്കാലം മാറ്റപ്പെടുകയും
ചെയ്യുന്ന എങ്കിലും വീണ്ടും അവർ
ദൈവത്തോടു മത്സരിക്കുന്നു.

യാക്കോബിൻറെ ചരിത്രം, പരീക്ഷയിൽ
അകപ്പെട്ട് തൽക്കാല ഉല്ലാസങ്ങളാൽ

പാപത്തിൻറെ ചതിയിൽ ആയവർ
പിന്നീട് വാസ്തവമായി അനുതപിച്ച്
ദൈവസന്നിധിയോട്ട വീണ്ടും
അടുത്താൽ ദൈവം തൻറെ ദൂതന്മാരെ
അയച്ച അവരെ സംരക്ഷിക്കയും
ആശ്വസിപ്പിക്കയും ചെയ്യും എന്നതിൻറെ
തെളിവാണ്. സാത്താൻറെ ചതിവുകൾ
ഭയങ്കരമായവയും, അവൻറെ ആക്രമ
ണങ്ങൾ ഭീകരവും,
കരുതിക്കൂട്ടിയുള്ളവയുമെങ്കിലും ദൈവം
തൻറെ ദൃഷ്ടി തൻറെ ജനത്തിന്മേൽ വച്ച
അവരുടെ കരച്ചിൽ കേൾക്കും.
അവരുടെ കഷ്ടം ഭയങ്കരവും അവർക്കു
കടന്നുപോകേണ്ട തീച്ചുള അവരെ
ദഹിപ്പിക്കത്തക്ക് വണ്ണം ശക്തിയുള്ളതും
ആയിരിക്കും, എന്നാൽ തട്ടാൻ
സ്വർണ്ണം തീയിലിട്ട അതിലുള്ള സകല

മലിനതകളും കീടവും ഊതിക്കഴിച്ചശേഷം സ്വർണ്ണം തീയിൽ നിന്നും പുറത്തുകൊണ്ടുവരുന്നതുപോലെ, ദൈവജനത്തെ ശുദ്ധീ കരിച്ചു പൊന്നുപോലെയും വെള്ളിപോലെയും നിർമ്മലീകരിക്കും (മലാ, 3:3). ഭയങ്കരമായ ശോധനയിലൂടി ദൈവമക്കൾ കടന്നുപോകുമ്പോൾ ദൈവത്തിനു അവരോടുള്ള സ്നേഹവും കരുതലും അവരുടെ അഭിവൃദ്ധിയുടെയും ശ്രേഷ്ഠതയുടെയും കാലത്തുണ്ടായിരുന്നതുപോലെ ആയിരിക്കും. എന്നാൽ അവരുടെ ലൗകികത്വം അവരിൽനിന്നും ഉരുക്കി മാറ്റുന്നതിനും ക്രിസ്തുവിൻറെ ഛായ അവരിൽ പരിപൂർണ്ണമായി തിളങ്ങേണ്ടതിനും ശോധനയാകുന്ന

തീച്ചൂളയിൽക്കൂടി കടത്തിവിടേണ്ടത് ആവശ്യമാകുന്നു.

നമ്മുടെ കഷ്ടതയുടെയും പരിഭ്രമത്തിൻറെയും നാളുകളിൽ ഉണ്ടാകാവുന്ന ക്ഷീണവും കാലദൈർഘ്യവും വിശപ്പും ദാഹവും സഹിഷ്ണുതയോടു സഹിക്കുന്നതിന് അതികഠിനമായി ശോധന ചെയ്യപ്പെടുമ്പോൾ പതറാതെ ഉറച്ചു നിൽക്കാനുള്ള വിശ്വാസം ആവശ്യമാകുന്നു. ഇവയെല്ലാം സഹിച്ചു നിൽക്കേണ്ടതിനുള്ള പരിശീലനകാലം എല്ലാവർക്കും നൽകിയിരിക്കുന്നു. യാക്കോബു നിശ്ചയദാർഢ്യവും സഹിഷ്ണുതയും ഉള്ളവനായിരുന്നതിനാൽ മൽപിടി

ത്തത്തിൽ ജയിച്ചു.
“സഹിഷ്ണുതയെക്കുറിച്ചുള്ള എൻറെ വചനം നീ കാത്തു കൊണ്ടതിനാൽ ഭൂമിയിൽ വസിക്കുന്നവരെ പരീക്ഷിക്കേണ്ടതിനു ഭൂതലത്തിൽ എങ്ങും വരുവാനുള്ള പരീക്ഷാകാലത്തു ഞാനും നിന്നെ കാക്കും” (വെളി. 3:10). യാക്കോബിൻറെ വിജയം നിരന്തരമായുള്ള പ്രാർത്ഥനയാൽ ലഭിക്കുന്ന ശക്തിക്കു ദൃഷ്ടാന്തമാകുന്നു. ദൈവവാഗ്ദത്തങ്ങളിൽ ഉറച്ചുനിന്ന് സഹിഷ്ണുതയോടെ, നിരന്തരമായി പോരാടുന്ന എല്ലാവരും അവസാനം യാക്കോബിനെപ്പോലെ വിജയികളാകും, എന്നാൽ സ്വയം വെറുക്കാനുള്ള സന്നദ്ധത ഇല്ലാതെ. പ്രാണവേദനയിൽ അതിശ്രദ്ധയോടെ ദൈവമുമ്പാകെ

പരമാർത്ഥമായി, പ്രാർത്ഥനയിൽ ദീർഘനേരം ദൈവത്തിൻറെ അനുഗ്രഹങ്ങൾക്കായി പ്രാർത്ഥിക്കാത്തവർക്കാർക്കും ഈ വിജയം ലഭിക്കയില്ല. ദൈവവുമായി മാറ്റുപിടിക്ക എന്നാൽ എന്തു എന്നുള്ളത് ചുരുക്കം പേരേ മന് സ്സിലാക്കുന്നുള്ളൂ; തങ്ങളുടെ മനസ്സുകൾ ദൈവത്തിങ്കലേക്കു ആകർഷിക്കപ്പെട്ടവർ എത്രയുണ്ടാകും. നിരാശയുടെയും പ്രയാസങ്ങളുടെയും തിരമാലകൾ തലയ്ക്കു മീതെ ഉയർന്നടിക്കുമ്പോൾ, ദൈവവാഗ്ദത്തങ്ങളെ മുറുകെ പിടിച്ച് വിശ്വാസം ത്യജിക്കാതെ നിൽക്കുന്ന ദൈവമക്കൾ എത്ര ചുരുക്കം.

അല്പവിശ്വാസികൾ പിശാചിൻറെ തന്ത്രങ്ങളിൽ കുടുങ്ങി മനസ്സാക്ഷിക്കെതിരായി പ്രവർത്തിക്കാൻ പ്രേരിതരാകുന്ന ആപൽക്കരമായ നിലപാടിൽ ആയിത്തീരും. അവർ പരീക്ഷകൾ സഹിക്കും എങ്കിൽ തന്നെയും ദൈവത്തിൽ ആശയം ഉറപ്പിക്കാത്തതുകൊണ്ട് മഹാകഷ്ടകാലത്തു കൂടുതലായ കഷ്ടതകളും പരിഭ്രാന്തിയും അഭിമുഖീകരിക്കുമ്പോൾ വീണുപോകും. വിശ്വാസത്തിൻറെ ആദ്യപാഠങ്ങൾ പഠിച്ച് ശക്തിപ്പെടാത്തവർ ഭയങ്കരമായ നിരാശയുടെ മദ്ധ്യേ പഠിക്കേണ്ടിവരും.

യഹോവയുടെ വാഗ്ദത്തങ്ങളെ പഠിച്ചു അവനെ ഇപ്പോൾ കണ്ടെത്തുക.

ഏകാഗ്രതയോടും പരമാർത്ഥമായും
ഉള്ള ഓരോ പ്രാർത്ഥനയും
ദൈവദൂതന്മാർ രേഖപ്പെടുത്തുന്നു.
ദൈവവുമായുള്ള സമ്പർക്കം
ഉപേക്ഷിക്കുന്ന തിനെക്കാളും
സ്വാർത്ഥത നിറഞ്ഞ
സുഖസൗകര്യങ്ങളുടെ തൃപ്തിയെ
ത്യജിക്കണം. ദൈവത്തിൻറെ
സമ്മതത്തോടും അനുഗ്രഹത്തോടും
കൂടെയുള്ള ആത്മാവിൻറെ ദാരിദ്ര്യവും
സ്വയത്യാഗവും ധാരാളം സമ്പത്ത്,
ബഹുമതികൾ, സുഖസൗകര്യങ്ങൾ
എന്നിവയെക്കാളും വലിയ ധനം ആണ്.
പ്രാർത്ഥനയ്ക്ക് നാം സമയം
എടുക്കണം. നാം നമ്മുടെ മനസ്സിനെ
ലൗകിക കാര്യങ്ങളിൽ
വ്യാപൃതമാക്കാതെ ദൈവവുമായുള്ള

സഹിത്വത്തിൽ ജീവിച്ചാൽ പൊന്ന്,
വെള്ളി, വീട്, ഫലപുഷ്ടിയുള്ള
വസ്തുവകകൾ ഇങ്ങനെയുള്ള
അഴിഞ്ഞുപോകുന്ന സംഗതികളെ
വെറുക്കുന്നതിന്ന പ്രയാസം ഉണ്ടാകയില്ല.

ദൈവം അംഗീകരിക്കുന്ന
യാഗത്തിലല്ലാതെ, ദിവ്യ അനുഗ്രഹം
പ്രാപിപ്പാൻ യോഗ്യമല്ലാത്ത
പരിപാടികളിൽ നാം നമ്മുടെ
തിരഞ്ഞെടുപ്പ നടത്തിയാൽ
യൗവനക്കാർ ആകാത്ത വഴികളിലോ,
പരിപാടികളിലോ ആകുന്നതിനുള്ള
വഞ്ചനയിൽ അകപ്പെടും, ലോകത്തിന്ന
കൊടുക്കേണ്ട അന്ത്യമുന്നറിയിപ്പ
പ്രസംഗിക്കുന്ന ദൈവത്തിൻറെ
ദൂതുവാഹകർ തണുത്ത്,

ജീവനില്ലാതെയും, അശ്രദ്ധയോടും അലംഭാവത്തോടുംകൂടി അല്ലാതെ, യാക്കോബിനെപോലെ തീക്ഷ്ണതയോടും, ഹൃദയഭാരത്തോടും പ്രാർത്ഥിച്ചാൽ അവരുടെ ജീവിതത്തിൽ യാക്കോബു പറഞ്ഞതുപോലെ, "ഞാൻ ദൈവത്തെ മുഖാ മുഖമായി കണ്ടിട്ടും എനിക്ക് ജീവഹാനി വന്നില്ല" (ഉല്പ. 32:30) എന്നുള്ള അവസരങ്ങൾ ഉണ്ടാകും. അവർ ദൈവത്തോടും മനുഷ്യരോടും മല്ലുപിടിച്ചു ജയിച്ച് രാജകുമാരന്മാർ എന്ന പേരിനു അർഹരാകും.

മഹാകഷ്ടകാലം നാം പെട്ടെന്ന് അഭിമുഖീകരിക്കും, എന്നാൽ നമുക്ക് ഇപ്പോൾ ഇല്ലാത്തതും, പലരും ലഭിക്കാൻ ആഗ്രഹിക്കാത്തതുമായ ഒരു

വലിയ അനുഭവം
ഉണ്ടാകേണ്ടിയിരിക്കുന്നു.
പ്രതിസന്ധികൾ പതീക്ഷയിൽ
കവിഞ്ഞതായിരിക്കും. ആ ശോധനയുടെ
സമയത്തു ദൈവമുൻപാകെ ഒരു മദ്ധ്യ
സ്ഥൻ ഇല്ലാതെ ഓരോ വിശ്വാസിയും
നിക്കേണ്ടിവരും “നോഹയും, ദാനീ
യേലും, ഈയ്യോബും അതിൽ
ഉണ്ടായിരുന്നാലും, അവർ പുത്രനെയൊ
പുത്രിയെ രക്ഷിക്കാതെ തങ്ങളുടെ
നീതിയാൽ സ്വന്തജീവനെ മാത്രമെ
രക്ഷിക്ക യുള്ളൂ എന്ന് യഹോവയായ
കർത്താവിന്റെ അരുളപ്പാടു (യെഹെ.
14:20).

ഇപ്പോൾ നമ്മുടെ മഹാപുരോഹിതൻ
നമുക്കായി സ്വർഗ്ഗീയമന്ദിരത്തിൽ

പാപപരിഹാരം നടത്തുമ്പോൾ നമുക്കു കർത്താവിൽ സമ്പൂർണ്ണരാകാം. ഹൃദയത്തിലെ ഒരു നിനവിൽകൂടെ പോലും നമ്മുടെ രക്ഷകൻ പരീക്ഷയിൽ കടന്നില്ല. പിശാചു നമ്മുടെ ഹൃദയങ്ങളിൽ കടപ്പാൻ ഒരവസരം നോക്കി ഇരിക്കുന്നു. നാം നമ്മുടെ ഹൃദയങ്ങളിൽ ഒരു പാപേച്ഛയെങ്കിലും വച്ചുകൊണ്ടിരുന്നാൽ അവൻറെ ദുഷ്ടശക്തി നമ്മിൽ പ്രവേശിക്കും. എന്നാൽ ക്രിസ്തു പ്രസ്താവിച്ചു "ലോകത്തിൻറെ പ്രഭു വരുന്നു, അവന്നു എന്നോടു ഒരു കാര്യവുമില്ല" (യോഹ. 14:30). സാത്താനു ജയം കൊള്ളുന്നതിനു ദൈവപുത്രനിൽ ഒന്നും കാണാൻ കഴിഞ്ഞില്ല. കർത്താവു പിതാവിൻറെ കല്പനകളെ കാത്തു,

അതിനാൽ അവന്ന അവസരം ലഭിപ്പാൻ നമ്മുടെ രക്ഷകനിൽ ഒന്നും കാണാൻ സാധിച്ചില്ല. മഹാകഷ്ടകാലത്തു ഈ അവസ്ഥ ആയിരിക്കണം ദൈവജനത്തിൻറേത്.

ക്രിസ്തുയേശുവിൻറെ പുണ്യരക്തത്താൽ, അവനിൽ ഉള്ള വിശ്വാസത്താൽ, നാം നമ്മെത്തന്നെ പാപത്തിൽനിന്നും പരിപൂർണ്ണ വിടുതൽ പ്രാപിച്ചവരായിത്തീർക്കുന്നതു നമ്മുടെ ഇഹലോകജീവിതത്തിൽ അത്രെ. നമ്മുടെ വിലയേറിയ രക്ഷകനായ ക്രിസ്തു നമ്മുടെ ബലഹീനതയെ അവൻറെ ശക്തിയിൽ, നമ്മുടെ ബുദ്ധികേടിനെ അവൻറെ ജ്ഞാനത്തിൽ, നമ്മുടെ അയോഗ്യതയെ അവൻറെ

യോഗ്യതയിൽ പരിപൂർണ്ണമാക്കാൻ, കർത്താവിലുള്ള സൗമ്യതയും, താഴ്മയും പരിശീലനത്തിൽ കൂടി പഠിക്കേണ്ടത്. ദൈവം നമ്മുടെ മുമ്പാകെ ലളിതവും, ലോകപരമായി ആകർഷണവും ഉള്ള വഴി അല്ല, എന്നാൽ വാഗ്ദത്ത നിവൃത്തി പ്രാപിക്കേണ്ടതിനുള്ള ജീവൻറെ വഴി തിരഞ്ഞെടുക്കുന്നതിനുള്ള മാർഗ്ഗം കാണിച്ചുതരുന്നു. ദൈവിക മാതൃക തിരഞ്ഞെടുക്കേണ്ട ചുമതല നമ്മുടേതാണു. അവരുടെ ആത്മാവിൻറെ നിത്യനാശമാണ്, ദൈവം നമുക്കു കാണിച്ചുതന്നിരിക്കുന്ന നല്ലപാത ഉപേക്ഷിച്ചുപോകുന്നത്.

അപ്പൊസ്തലനായ യോഹന്നാൻ ദർശനത്തിൽ സ്വർഗ്ഗത്തിൽനിന്നും

വലിയോരു ശബ്ദം കേട്ടതു, "ഭൂമിയ്ക്കും സമുദ്രത്തിനും അയ്യോ കഷ്ടം; പിശാച് തനിക്കു അല്പകാലമേ ഉള്ളൂ എന്നു അറിഞ്ഞു മഹാക്രോധത്തോടെ നിങ്ങളുടെ അടുക്കൽ ഇറങ്ങിവന്നിരിക്കുന്നു" (വെളി. 12:12). സ്വർഗ്ഗത്തിൽനിന്നുള്ള ഈ ശബ്ദം അറിയുന്നതിൻറെ അനന്തര സംഭവങ്ങൾ ഏറ്റം ഭയാനകം അത്. അവൻറെ സമയം ചുരുങ്ങുന്തോറും സാത്താൻറെ ക്രോധം വർദ്ധിക്കുന്നു, അവൻറെ വഞ്ചനയും നാശവും മഹാകഷ്ടകാലത്തു (Time of Trouble) അവയുടെ പരിപൂർണ്ണതയിൽ എത്തിച്ചേരും.

ദുഷ്ടാത്മ ശക്തികളുടെ പ്രവൃത്തികളെ
തെളിയിക്കുന്ന അമാനുഷിക
സംഭവങ്ങൾ പെട്ടെന്നു ആകാശത്തിൽ
പ്രത്യക്ഷമാകും, അശുദ്ധാത്മാക്കൾ
ലോകരാജാക്കന്മാരുടെയും
സർവ്വലോകരുടെയും മദ്ധ്യേ പോയി
അവരെ സ്വർഗ്ഗീയ
ഭരണകൂടത്തിനെതിരായി കൂട്ടുന്നതിനു
ശ്രമിക്കും. ഈ അശുദ്ധാത്മാക്കളുടെ
പ്രവൃത്തിയിൽ രാജാക്കന്മാരും പ്രജകളും
ഒരുപോലെ ചതിക്കപ്പെടും.
ലോകരക്ഷിതാവിൽ മാത്രമുള്ള പേരും
ആരാധനയും അവകാശപ്പെട്ട് കള്ള
ക്രിസ്തുക്കൾ പലരും എഴുന്നേല്ക്കും.
തിരുവെഴുത്തിൽ കാണുന്ന
സാക്ഷ്യത്തിനെതിരായി അവർക്കു
സ്വർഗ്ഗവുമായി ബന്ധം ഉണ്ടെന്ന്

അവകാശപ്പെട്ട് അത്ഭുതങ്ങളും രോഗശാന്തിയും നടത്തും.

വഞ്ചനയുടെ അത്യുച്ചമായ അവസ്ഥയിൽ സാത്താൻ ക്രിസ്തുവെപ്പോലെ പ്രത്യക്ഷമാകും. സഭ അതിൻറെ പ്രത്യാശയുടെ നിറവേറലായി കർത്താവിന്റെ രണ്ടാം വരവിനുവേണ്ടി ഏറെ നാളുകളായി നോക്കി പാർക്കയാണല്ലോ. ഇപ്പോൾ വലിയ വഞ്ചകനായ സാത്താൻ ക്രിസ്തു നേരത്തെ വന്നു കഴിഞ്ഞു എന്നു വിശ്വസിക്കത്തക്കവണ്ണം പ്രവർത്തിക്കും. വെളിപ്പാടിൽ യോഹന്നാൻ വിവരിക്കുന്ന ക്രിസ്തുവിൻറെ സൗന്ദര്യത്തോടും പ്രഭയോടുംകൂടി സാത്താൻ ലോകത്തിൽ

പലയിടത്തും അവനെത്തന്നെ
കാണിക്കും. അവനെ ചുറ്റിയിരിക്കുന്ന
പ്രഭ ഇതുവരെയും മാനുഷിക ദൃഷ്ടികൾ
ദർശിച്ചിട്ടുള്ളവയല്ല. ക്രിസ്തു
വന്നിരിക്കുന്നു! ക്രിസ്തു വന്നിരിക്കുന്നു!
എന്നുള്ള ശബ്ദം വിജയത്തിൻറെ വിളി
ആയി ആകാശത്തിൽ ധ്വനിക്കും.
അവൻറെ മുമ്പാകെ ആളുകൾ തി
യോടെ സാഷ്ടാംഗം വീഴും.
കർത്താവായ യേശുക്രിസ്തു
സ്വർഗ്ഗാരോഹണം ചെയ്യുന്നതിനു മുമ്പ്
കൈകൾ ഉയർത്തി തൻറെ
ശിഷ്യഗണത്തെ അനുഗ്രഹി ച്ചതുപോലെ
അനുഗ്രഹം ജനത്തിന്മേൽ ഉച്ചരിക്കും.
അവൻറെ ശബ്ദം താണതും
മധുരമേറിയതും ഇമ്പം നിറഞ്ഞതും
ആയിരിക്കും. യേശുക്രിസ്തു ലോകത്തിൽ

ആയിരുന്നപ്പോൾ ഉച്ചരിച്ചതായ ചില വാക്കുകൾ ഏറ്റം കരുണയോടും ദയയോടും അനുകമ്പയോടും അവൻ ഉച്ചരിക്കും. അവൻ രോഗികളെ സൗഖ്യമാക്കും. ക്രിസ്തു എന്നു നടിച്ചു വിശുദ്ധ ശബ്ബത്തിനെ ഞായറാഴ്ച (ഒന്നാം ദിവസം) യിലേക്കു മാറ്റിയതിനാൽ അവൻ അനുഗ്രഹിച്ച ദിവസത്തെ മാനിപ്പിൻ എന്നു പ്രസ്താവിക്കും. ഏഴാം ദിന ശബ്ദത്തിനെ ബഹുമാനിക്കയും ആ ദിവസത്തിലുള്ള ആരാധനയിൽ തുടരുകയും ചെയ്യുന്നവർ, വെളിച്ചവും സത്യവുമായി അവൻ അയച്ച ദൂതന്മാരുടെ ദൂതു ശ്രവിക്കാത്തതിൽ ദൈവ നാമം വൃഥാ എടുക്കയാണെന്ന് പ്രസ്താവിക്കും. ഇതാണ് സാത്താൻറെ വഞ്ച നകളിൽ ഏറ്റവും വലിയ വഞ്ചന!

അപ്പൊസ്തലിക സഭയുടെ ആരംഭകാലത്ത് ശമര്യയിൽ ശീമോൻ മാഗസ് എന്നപേരുള്ള പുരുഷൻ തൻറെ ആഭിചാരംകൊണ്ട് ശമര്യജാതിയെ വഞ്ചിച്ചതുപോലെ ജനം, ചെറിയവർ മുതൽ വലിയവർ വരെ ഇതു ദൈവത്തിൻറെ വലിയ ശക്തി എന്നുപറഞ്ഞ്. ഈ ആഭിചാരവാക്കുകൾക്കു ചെവികൊടുക്കും (അപ്പൊ. 8:10).

എന്നാൽ ദൈവത്തിൻറെ കുഞ്ഞുങ്ങൾ തെറ്റിപോകയില്ല. ഈ കള്ള ക്രിസ്തുക്കളുടെ ഉപദേശങ്ങൾ വചനാനുസരണം അല്ല. മൃഗത്തെയും അതിൻറെ പ്രതിമയേയും നമസ്കരിക്കുന്നവരുടെ മേൽ

കലർപ്പില്ലാതെ പകർന്നിരിക്കുന്ന ദൈവക്രോധമദ്യം ചൊരിയപ്പെടുമെന്നു ബൈബിൾ പ്രസ്താവിക്കുമ്പോൾ കള്ളക്രിസ്തുക്കൾ അവരുടെ മേൽ അനുഗ്രഹം ആശംസിക്കുന്നു.

നമ്മുടെ രക്ഷിതാവും കർത്താവുമായ ദൈവത്തിൻറെ മഹത്വ പ്രത്യ ക്ഷതയെ കൃത്രിമമായി കാണിക്കാൻ ദൈവം സാത്താനെ അനുവദിക്കുന്നില്ല. ഇതിൻറെമേൽ ഉണ്ടാവുന്ന ചതിവിനെപ്പറ്റി നമ്മുടെ രക്ഷിതാവു തൻറെ ജനത്തിനു മുന്നറിയിപ്പുകൊടുത്തിട്ടുണ്ട്. തൻറെ രണ്ടാം വരവ് എപകാരം ആയിരിക്കും എന്നു വ്യക്തമായി മുന്നറിയിപ്പു നൽകിയിട്ടുണ്ട്. “കള്ളക്രിസ്തുക്കളും

കള്ളപ്രവാചകന്മാരും എഴുന്നേറ്റു
കഴിയുമെങ്കിൽ വൃതന്മാരെയും
തെറ്റിപ്പാനായി വലിയ അടയാളങ്ങളും
അത്ഭുതങ്ങളും കാണിക്കും.
ഓർത്തുകൊൾവിൻ; ഞാൻ മുമ്പുകൂട്ടി
നിങ്ങളോടു പറഞ്ഞിരിക്കുന്നു.
ആകയാൽ നിങ്ങളോടു; അതാ, അവൻ
മരുഭൂമിയിൽ എന്നു പറഞ്ഞാൽ
പുറപ്പെടരുത്; ഇതാ, അറകളിൽ എന്നു
പറഞ്ഞാൽ വിശ്വസിക്കരുത്. മിന്നൽ
കിഴക്കു നിന്നു പുറപ്പെട്ടു പടിഞ്ഞാറോളം
വിളങ്ങുംപോലെ മനുഷ്യപുത്രൻറെ വരവ്
ആകും" (മത്താ. 24:24-27, 31;
25:31; വെളി. 1:7; 1തെസ്സ. 4:16,
17). ഇങ്ങനെ ഉള്ള കർത്താവിന്റെ
വരവിനെ കൃത്രിമമായി കാണിക്കാൻ
ഒരു സാദ്ധ്യതയും ഇല്ല. ഇതു

സാർവ്വത്രികമായി അറിയപ്പെടുന്നതും സർവ്വലോകവും ദർശിക്കുന്നതും ആയിരിക്കും.

തിരുവെഴുത്തു നല്ലതുപോലെ ശോധന ചെയ്യുന്നവരും സത്യത്തിൻറെ നേഹം മനസ്സിലാക്കിയവരും മാത്രമെ ലോകത്തെ തടവിലാക്കുന്ന ചതിവിൽനിന്നും സംരക്ഷിക്കപ്പെടുകയുള്ളു. വചനത്തിലുള്ളതായ സാക്ഷ്യത്താൽ ദൈവമക്കൾ വഞ്ചകനായ സാത്താനെ അവൻറെ വഞ്ചനയിൽ നിന്നും തിരിച്ചറിയും. ശോധനയുടെ സമയം എല്ലാവർക്കും ഉണ്ടാകും. പരീക്ഷയാലുള്ള ശോധനയാൽ യഥാർത്ഥ ദൈവമക്കളെ

മറ്റുള്ളവരിൽനിന്നും തിരിച്ചറിയാം. വൈകാരിക ചിന്തയ്ക്ക് അധീനരാകാതിരിക്കാൻ ദൈവജനം ദൈവവചനത്തിന്മേൽ ഉറച്ചവരാണോ? അപ്രകാരമുള്ള പ്രതിസന്ധിയിൽ വചനത്തിൽ മാത്രം ആശയം വച്ചവരാകുമോ? കഴിയുമെങ്കിൽ മഹാകഷ്ട സമയത്തു വിശ്വാസം തണുത്തുപോകാതെ നിലനിൽക്കേണ്ടതിനുള്ള ഒരുക്കങ്ങൾ തടസ്സപ്പെടുത്തുന്നതിനുള്ള പദ്ധതികൾ സാത്താൻ ആസൂത്രണം ചെയ്യും. അതിലേയ്ക്കായി അവൻ അവരുടെ ഹൃദയങ്ങളെ ഈ ലോകത്തിൻറെ ധന സമ്പാദ്യങ്ങളാലും അതി ഭക്ഷണത്താലും മദ്യപാനത്താലും ഉപജീവനചിന്തകളാലും ഭാരപ്പെട്ടിട്ടു ആ

ദിവസം പെട്ടെന്നു വരത്തക്കവണ്ണം
അവരെ കുടുക്കി, വഴിമദ്ധ്യേ
പ്രതിബന്ധങ്ങൾ സൃഷ്ടിക്കും.

ദൈവകല്പന കാക്കുന്ന വിശ്വസ്തരായ
ദൈവജനത്തിനെതിരെ ഭര
ണാധികാരികൾ ഉത്തരവു
പുറപ്പെടുവിച്ചുകഴിയുമ്പോൾ അവർക്കു
ലഭിക്കേണ്ട സംരക്ഷണം
പിൻവലിക്കപ്പെടുകയും അവരെ
നശിപ്പിക്കുന്നതിനു വേണ്ടി
അവസരംനോക്കി ഇരിക്കുന്ന
ശത്രുക്കൾക്കു ഏല്പിച്ചുകൊടുക്കയും
ചെയ്യും. അപ്പോൾ ദൈവജനം
പട്ടണങ്ങളെയും ഗ്രാമങ്ങളെയും
ഉപേക്ഷിച്ചു നിർജ്ജന
പ്രദേശങ്ങളിലേയ്ക്കും

വനാന്തരങ്ങളിലേക്കും ഓടിപോയി ചെറിയ ചെറിയ കൂട്ടമായി മലകളിലും ഗുഹകളിലും ചിതറി പാർക്കേണ്ടിവരും. പലരും പാറകെട്ടുകൾ അവരുടെ അഭയസ്ഥാനം ആക്കും. പീഡ്കൊണ്ട് താഴ്വരയിലുണ്ടായിരുന്ന ക്രിസ്ത്യാനികളെപോലെ, അവർ ഉയരത്തിൽ വസിക്കും, പാറക്കോട്ടകൾ അവർക്ക് അഭയസ്ഥാനമായിരിക്കും" (യെശ. 33:16). ലോക രാജ്യങ്ങളിൽ പല ഇടത്തും, പല വർഗ്ഗങ്ങളിലും ഉയർന്നവരും താണവരും ധന വാന്മാരും ദരിദ്രരും കറുത്തവരും വെളുത്തവരും ആയുള്ള അനേകരും ക്രൂരമായും അനീതിപരമായും ക്രൂരമായ തടവുശിക്ഷയ്ക്കും അടിമത്വത്തിനും

വിധേയരാകും. ദൈവത്തിനു പ്രിയരായ പലരും ചങ്ങലകളാൽ ബന്ധിക്കപ്പെട്ടു കാരാഗൃഹങ്ങളിൽ കൊലയ്ക്കു വിധിക്കപ്പെട്ടും, ചിലർ നികൃഷ്ടമായ ഇരുട്ടറകളിൽ പട്ടിണിമൂലം മരിക്കാൻ ഏല്പിക്കപ്പെട്ടും. അവരുടെ നെടുവീർപ്പുകളും, കരിച്ചിലുകളും കേൾക്കാനോ സഹായത്തിനു ഒരു കരം നീട്ടാനോ മനുഷ്യകരം ഉണ്ടായിരിക്കുകയില്ല.

ഈ മഹാശോധനയിൽ ദൈവം തൻറെ ജനത്തെ മറന്നുകളയുമോ? പ്രളയത്തിനുമുമ്പുള്ള ജനത്തിന്മേൽ ന്യായവിധി വന്നപ്പോൾ ദൈവം വിശ്വസ്തനായ നോഹയെ മറന്നുവോ? സൊദോമിനെയും ഗൊമോറയെയും

നശിപ്പിക്കാൻ സ്വർഗ്ഗത്തിൽനിന്നും അഗ്നിപെയ്തപ്പോൾ ദൈവം ലോത്തിനെ ഓർക്കാതിരുന്നോ? മിസയീമിൽ ബിംബാരാധികളുടെ മദ്ധ്യേ ദൈവം യോസഫിനെ കൈവിട്ടോ? കർമേൽ പർവ്വതത്തിൽ ബാൽ പ്രവാചകന്മാരെ ഏലിയാവു വാൾകൊണ്ടു കൊന്നപ്പോൾ ഇസബേൽ പ്രവാചകൻറെ ജീവൻ അവരിൽ ഒരുത്തൻറെ ജീവനെപ്പോലെ ആർക്കും എന്നും ഭീഷണി മുഴക്കിയപ്പോൾ ദൈവം തൻറെ പ്രവാചകനെ ഇസബേലിൻറെ വാളിനിരയാക്കിയോ? തൻറെ വിശ്വസ്ത പ്രവാചകനായ യിരെമ്യാവെ ഇരുണ്ട കുണ്ടറയിൽ ഇട്ടപ്പോഴും ഞെരുക്കത്തിൻ അപ്പവും കഷ്ടതയുടെ വെള്ളവും ലഭിക്കാനിടയായപ്പോഴും യഹോവ

പ്രവാചകനെ അവിടെ മറന്നോ? മൂന്നു യോഗ്യന്മാരായ എബ്രായ യുവാക്കളെ ബാബിലോണിൽ തീച്ചൂളയിൽ ഇട്ടപ്പോൾ അവരെ മറന്നു കളഞ്ഞോ? ദാനീയേൽ പ്രവാചകനെ സിംഹക്കുഴിയിൽ ഉപേക്ഷിച്ചു കളഞ്ഞോ? “സീയോനോ; യഹോവ എന്നെ ഉപേക്ഷിച്ചു, കർത്താവു എന്നെ മറന്നു കളഞ്ഞു എന്നു പറയുന്നു. ഒരു സ്ത്രീ തൻറെ കുഞ്ഞിനെ മറക്കുമോ? താൻ പ്രസവിച്ച മകനോട് കരുണ തോന്നാതിരിക്കുമോ? അവർ മറന്നുകളഞ്ഞാലും ഞാൻ നിന്നെ മറക്കയില്ല. ഇതാ, ഞാൻ നിന്നെ എൻറെ ഉള്ളങ്കയ്യിൽ വരച്ചിരിക്കുന്നു; നിൻറെ മതിലുകൾ എല്ലായ്പ്പോഴും എൻറെ മുമ്പിൽ ഇരിക്കുന്നു” (യെശ.

49:14-16). സൈന്യങ്ങളുടെ യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു; നിങ്ങളോടു കവർച്ച ചെയ്ത ജാതികളുടെ അടുക്കൽ അവൻ എന്നെ മഹത്വത്തിനായി അയച്ചിരിക്കുന്നു; നിങ്ങളെ തൊടുന്നവൻ അവൻറെ കണ്മണിയെ തൊടുന്നു" (സെഖര്യാവ് 2:8).

ശത്രുക്കൾ അവരെ കാരാഗൃഹത്തിൽ അടച്ചാലും കാരാഗൃഹഭിത്തികൾക്കു അവരും ക്രിസ്തുവുമായുള്ള ബന്ധം തടയാൻ കഴികയില്ല. അവരുടെ എല്ലാ ക്ഷീണവും കാണുന്നവനും ഓരോ പരീക്ഷയും മനസ്സിലാക്കുന്നവനും, എല്ലാ ലോകശക്തിക്കും മീതെയുള്ളവനുമായവൻ തൻറെ ദൂതന്മാരെ അവരുടെ ഏകാന്ത

തടവുകളിൽ ചെന്നു
ഉയരത്തിൽനിന്നുമുള്ള വെളിച്ചവും
സമാധാനവും അരുളിച്ചെയ്യുവാൻ
അയയ്ക്കും. പൌലൊസും ശീലാസും
ഫിലിപ്പിയ ജയിലിൽ പാതിരാത്രി
സമയത്ത് പ്രാർത്ഥിച്ചു ദൈവത്തെ
പാടി സ്തുതിച്ചതുപോലെ വിശ്വാസത്തിൽ
സമ്പന്നരായവർ അവരുടെ
തടവുമുറികളെ കൊട്ടാരതുല്യവും
അതിൻറെ ഭിത്തികളെ സ്വർഗ്ഗീയ
വെളിച്ചത്താൽ പ്രകാശമയവും ആക്കും.

ദൈവമക്കളെ പീഡിപ്പിക്കയും
അവർക്കു നാശം വരുത്തുകയും
ചെയ്യുന്നവരെ യഹോവ ന്യായം
വിധിക്കും. ദൈവം ദീർഘക്ഷമയിൽ
ദുഷ്ടന്മാരുടെ മേൽ വരുന്നതായ

ന്യായവിധി താമസിപ്പിച്ചേക്കാം. എന്നാൽ ഈ താമസം അവരെ അകൃത്യം ചെയ്യുന്നതിന് കൂടുതൽ ധൈര്യപ്പെടുത്തിയാൽ അവർക്കുള്ള ശിക്ഷ നിശ്ചയവും ഭയങ്കരവും ആയിരിക്കും. "യഹോവ തൻറെ പ്രവൃത്തിയെ തൻറെ ആശ്ചര്യ പ്രവൃത്തിയെത്തന്നേ, ചെയ്യേണ്ടതിന്നും തൻറെ ക്രിയയെ, തൻറെ അപൂർവ്വ ക്രിയയെത്തന്നെ നടത്തേണ്ടതിന്നും പെറാസീം മലയിൽ എന്നപോലെ എഴുന്നേല്ക്കയും ഗിബെയോൻ താഴ്വരയിൽ എന്ന പോലെ കോപിക്കയും ചെയ്യും" (യെശ. 28:21). കരുണാനിധിയായ നമ്മുടെ ദൈവത്തിന്ന ശിക്ഷിക്ക എന്നകൃത്യം അപൂർവ്വ കൃത്യമത. "എന്നാണ ദുഷ്ടൻറെ

മരണത്തിൽ അല്ല, ദുഷ്ടൻ തൻറെ വഴി
വിട്ടു തിരിഞ്ഞു ജീവിക്കുന്നതിൽ അത്
എനിക്കു ഇഷ്ട്ടമുള്ളതെന്നു
യഹോവയായ കർത്താ വിൻറെ
അരുളപ്പാടു; നിങ്ങളുടെ
ദുർമ്മാർഗ്ഗങ്ങളെ വിട്ടുതിരിവിൻ,
തിരിവിൻ; യിസ്രായേൽ ഗൃഹമേ,
നിങ്ങൾ എന്തിന്നു മരിക്കുന്നു എന്നു
അവരോടു പറക (യെഹ. 33:11).
“യഹോവ, യഹോവയായ ദൈവം,
കരുണയും കൃപയുമു ള്ളവൻ;
ദീർഘക്ഷമയും മഹാദയയും
വിശ്വസ്തതയുമുള്ളവൻ. ആയിരം
ആയിരത്തിന്നു ദയ പാലിക്കുന്നവൻ;
അകൃത്യവും അതിക്രമവും പാപവും
ക്ഷമിക്കുന്നവൻ; കുറ്റമുള്ളവനെ വെറുതെ
വിടാത്തവൻ (പുറപ്പാട് 34:6,7).

“യഹോവ ദീർഘക്ഷമയും മഹാശക്തിയുമുള്ളവൻ; അവൻ ഒരിക്കലും ശിക്ഷിക്കാതെ വിടുകയില്ല” (നഹൂം. 1:3). ഏതുമില്ലാത്തതു എന്നു നിന്ദിച്ചു മനുഷ്യർ കാൽകീഴിൽ മെതിച്ചുകളഞ്ഞ തൻറെ ന്യായപ്രമാണത്തിൻറെ ശക്തിയെ നീതിയുക്തമായ ഭയങ്കര കാര്യങ്ങളാൽ യഹോവ വെളിപ്പെടുത്തും. ന്യായപ്രമാണ ലംഘനക്കാർക്കെതിരായുള്ള ദൈവത്തിൻറെ പ്രതികാരം നീതി നടത്താനുള്ള തെളിവാകുന്നു. ദീർഘക്ഷമയിൽ പ്രതികാരദിവസം താമസിപ്പിച്ചു കിട്ടിയവർ എല്ലാവരും അവരുടെ അകൃത്യത്തിൻറെ പാനപാത്രം നിറഞ്ഞു കവിയുമ്പോൾ തൻറെ കോപത്തിൻറെ പാനപാത്രം

കരുണയുടെ യാതൊരു കലർപ്പും കൂടാതെ കുടിക്കേണ്ടിവരും.

കർത്താവു സ്വർഗ്ഗീയ കൂടാരത്തിലെ തൻറെ മദ്ധ്യസ്ഥ വേല അവസാനിപ്പിച്ചുകഴിയുമ്പോൾ അവർ "മൃഗത്തെയും അതിൻറെ പ്രതിമയെയും നമസ്കരിച്ചു നെറ്റിയിലോ കൈമേലോ മുദ്ര ഏൽക്കുന്നവർക്കുനേരേ ഒരുക്കിയിരിക്കുന്ന, ദൈവകോപത്തിൻറെ പാത്രത്തിൽ കലർപ്പില്ലാതെ പകർന്നിരിക്കുന്ന ദൈവകാധമദ്യം കുടിക്കേണ്ടിവരും" (വെളി. 14:9). ദൈവം യിസ്രായേലിനെ മിസ്രയീമിൽനിന്നു വിടുവിക്കും മുമ്പ് മിസ്രയീമ്യരുടെമേൽ പകർന്ന ബാധപോലെ അതിലും വ്യാപകവും

ഭയങ്കരവുമായ ന്യായവിധികൾ ലോകത്തിൽനിന്നും ദൈവജനം വിടുവിക്കപ്പെട്ടുംമുമ്പ് ലോകത്തിനുമേൽ ഒഴുക്ക്പ്പെട്ടും. ലോകത്തിന്മേൽ വീഴാൻപോകുന്ന ഭയങ്കരമായ ദണ്ഡനത്തെ വെളി പ്പാടുകാരൻ ഇപ്രകാരം വിവരിച്ചിരിക്കുന്നു. "അപ്പോൾ മൃഗത്തിൻറെ മുദ്രയു ള്ളവരും അതിൻറെ പ്രതിമയെ നമസ്കരിക്കുന്നവരുമായ മനുഷ്യർക്കു വല്ലാത്ത ദുർവ്രണം ഉണ്ടായി, സമുദ്രം മരിച്ചവൻറെ രക്തംപോലെ ആയിത്തീർന്നു; സമുദ്രത്തിലെ ജീവജന്തു ഒക്കെയും ചത്തുപോയി. നീരുറവകളും നദികളും രക്തമായിത്തീർന്നു. അപ്പോൾ ജലാധിപതിയായ ദൂതൻ ഇവ്വണ്ണം

പറയുന്നതു ഞാൻ കേട്ടു: ഇരിക്കുന്നവനും ഇരുന്നവനുമായി പരിശുദ്ധനായുള്ളാവേ, നീ ഇങ്ങനെ ന്യായം വിധിച്ചതുകൊണ്ട് നീതിമാൻ ആകുന്നു. വിശുദ്ധ ന്മാരുടെയും പ്രവാചകന്മാരുടെയും രക്തം അവർ ചിന്നിച്ചതുകൊണ്ടു നീ അവർക്ക് രക്തം കുടിക്കാൻ കൊടുത്തു; അതിനു അവർ യോഗ്യർ തന്നേ" (വെളി. 16:2-6). ദൈവജനത്തെ മരണശിക്ഷയ്ക്കു വിധിച്ചവർ അവരുടെ സ്വന്തം കയ്യാൽ അവരുടെ രക്തം ചിന്തിയതുപോലെ കുറ്റക്കാരാകും. അതു പോലെതന്നെ ക്രിസ്തുവിൻറെ ഇഹലോക ജീവിത സമയത്തു ജീവിച്ചിരുന്ന യെഹൂദന്മാരെ ഹാബേൽ മുതൽ ജീവിച്ചിരുന്ന വിശുദ്ധന്മാരുടെ രക്തം ചിന്തിയവരെപ്പോലെ വിശുദ്ധന്മാരുടെ

രക്തത്തിന്നു കുറ്റവാളികൾ ആക്കി. കാരണം അവർക്കു മുൻപുണ്ടായിരുന്ന പ്രവാചകന്മാരെ കൊന്ന കൊലപാതകർക്കുണ്ടായിരുന്ന സ്വഭാവംതന്നേ അവർക്കുമുണ്ടായിരുന്നു.

മുകളിൽ വിവരിച്ച ആദ്യത്തെ മൂന്നു ബാധകൾക്കുശേഷം ഉണ്ടാകുന്ന ബാധ തീ കൊണ്ടു മനുഷ്യരെ ചുടുവാൻ തക്കവണ്ണം സൂര്യനു അധികാരം ലഭിക്കുന്നതാണ്. ഈ ഭയാനകമായ സമയത്തെപ്പറ്റി പ്രവാചകൻ പറയുന്നു: "വയൽ ശൂന്യമായിത്തീർന്നു; ധാന്യം നശിച്ചും പുതുവീഞ്ഞു വറ്റിയും എണ്ണ ക്ഷയിച്ചും പോയിരിക്കയാൽ ദേശം ദുഃഖിക്കുന്നു" (യോവേൽ 1:10). വയ

ലിലെ വൃക്ഷങ്ങൾ ഒക്കെയും ഉണങ്ങിപ്പോയിരിക്കുന്നു. ആനന്ദം മനുഷ്യരെ വിട്ടുമാഞ്ഞുപോയിരിക്കയാൽ ശാലകൾ ശൂന്യമായി കളപ്പുരകൾ ഇടിഞ്ഞു പോകുന്നു മൃഗങ്ങൾ എത രങ്ങുന്നു, കന്നുകാലികൾ മേച്ചിൽ ഇല്ലായ്കകൊണ്ടു ബുദ്ധിമുട്ടുന്നു. നീർത്തോടുകൾ വറ്റിപ്പോകയും മരുഭൂമിയിലെ പുൽപുറങ്ങൾ തീക്കു ഇരയായിത്തീരുകയും ചെയ്കകൊണ്ടു വയലിലെ മൃഗങ്ങളും നിന്നെനോക്കി കിഴെക്കുന്നു." (യോവേൽ 1: 10-12, 17-20.) "അന്നാളിൽ മന്ദിരത്തിലെ ഗീതങ്ങൾ മുറവിളിയാകും, എന്നു യഹോവയായ കർത്താവിന്റെ അരുളപ്പാട്. ശവം അനവധി;

എല്ലായിടത്തും അവ എറിഞ്ഞു കളയും; മിണ്ടരുത്" (ആമോസ്. 8:3).

ഈ ബാധകൾ സാർവ്വത്രികമല്ല, ലോക ജനത മുഴുവനും ഇല്ലാതെ പോകയും ഇല്ല. എന്നിരുന്നാൽ തന്നെയും അവ മനുഷ്യജാതി അറിഞ്ഞിട്ടുള്ളതിലും ഭയങ്കരമായ ശിക്ഷാവിധി ആയിരിക്കും. കൃപാകാലം അവസാനിക്കുന്നതിനുമുമ്പുണ്ടായ എല്ലാ ന്യായവിധികളും കൃപയാൽ സമ്മിശ്രമായ ആയിരുന്നു. പാപിക്കുവേണ്ടി വാദിക്കുന്ന കർത്താവിന്റെ തിരുരക്തം അവനു ലഭിക്കേണ്ട മഹാശിക്ഷാവിധിയിൽ നിന്നും മറയ്ക്കുകയായിരുന്നു. എന്നാൽ അന്ത്യന്യായവിധിയിൽ ദൈവത്തിൻറെ

കോപം കരുണയാൽ കലർപ്പില്ലാതെ പകർന്നുകൊടുക്കും.

ആ ദിവസം ജനങ്ങൾ ഇക്കാലത്തൊക്കെയും നിന്ദിച്ച ത്യജിച്ചകളഞ്ഞതായ ദൈവത്തിൻറെ ദയയ്ക്കായി വാഞ്ഛരിക്കും. യഹോവയായ കർത്താവിന്റെ അരുളപ്പാടാവിത്: “അപ്പത്തിനായുള്ള വിശപ്പല്ല, വെള്ളത്തിനായുള്ള ദാഹവുമല്ല, യഹോവയുടെ വചനങ്ങളെ കേൾക്കേണ്ടതിനുള്ള വിശപ്പുതന്നെ ഞാൻ ദേശത്തേക്കയയ്ക്കുന്ന നാളുകൾ വരുന്നു എന്ന് യഹോവയായ കർത്താവിന്റെ അരുളിപ്പാട്. അന്നു അവർ സമുദ്രം മുതൽ സമുദ്രം വരെയും വടക്കുമുതൽ കിഴക്കുവരെയും

ഊഴന്നുചെന്നു യഹോവയുടെ വചനം അന്വേഷിച്ചു അലഞ്ഞു നടക്കും; കണ്ടുകിട്ടുകയില്ലതാനും" (ആമോസ് 8:11,12).

ആ നാളുകളിൽ ദൈവജനം കഷ്ടതകളിൽനിന്നും സ്വതന്ത്രരല്ലാ; എന്നാൽ പീഡനങ്ങളാലും പ്രയാസങ്ങളാലും ആഹാരംപോലും കിട്ടാതെ തീവ്രവ്യഥയുടെ മദ്ധ്യത്തിലും ആയിരിക്കുമ്പോൾ അവർ നശിച്ചുപോകുവാൻ ദൈവം അനുവദിക്കയില്ല. ഏലിയാവിനെ ക്ഷാമത്തിൽ കാത്തവനായ ദൈവം സ്വയത്യാഗികളായ തൻെറ ഒരു പൈതലിനെയും രക്ഷിക്കാതെ കടന്നുപോകയില്ല. തലയിലെ

മുടിപോലും എണ്ണി അവയിൽ ഒന്ന് എങ്കിലും അവിടത്തെ അനുവാദം കൂടാതെ താഴെ പോകാതെ സൂക്ഷിക്കുന്നവനുമായ യഹോവ ക്ഷാമകാലത്തു തൻറെ കുഞ്ഞുങ്ങളെ തീറ്റി തൃപ്തരാക്കും. ചുറ്റുപാടും ദുഷ്ടന്മാർ മഹാവ്യാധികളാലും പട്ടിണിയാലും മരിക്കുമ്പോൾ, ദൈവദൂതന്മാർ നീതിമാന്മാരായ തൻറെ വൃതന്മാരെ അവയിൽനിന്നെല്ലാം സംരക്ഷിച്ചു അവരുടെ ആവശ്യങ്ങൾ എല്ലാം നിറവേറ്റും. “നീതിയായി നടന്നു നേർ പറകയും പീഡനത്താലുള്ള ആദായം വെറുക്കുകയും കൈക്കൂലി വാങ്ങാതെ കൈ കുടഞ്ഞുകളകയും രക്തപാതകത്തെക്കുറിച്ചു കേൾക്കാതവണ്ണം ചെവി

പൊത്തുകയും, ദോഷത്തെ കണ്ടു രസിക്കാതവണ്ണം കണ്ണ് അടച്ചുകളകയും ചെയ്യുന്നവൻ; ഇങ്ങനെ ഉള്ളവൻ ഉയരത്തിൽ വസിക്കും; പാറക്കോട്ടകൾ അവൻറെ അഭയസ്ഥാനമായിരിക്കും; അവൻറെ അപ്പം അവന്നു കിട്ടും; അവന്നു വെള്ളം മുട്ടിപ്പോകയുമില്ല" (യെശ. 33:15,16). വീണ്ടും യഹോവ വാഗ്ദാനം ചെയ്യുന്നു: "എളിയവരും ദരിദ്രരുമായവർ വെള്ളം തിരഞ്ഞു നടക്കുന്നു; ഒട്ടും കിട്ടായ്കയാൽ അവരുടെ നാവു ദാഹംകൊണ്ടു വരണ്ടുപോകുന്നു. യഹോവയായ ഞാൻ അവർക്ക് ഉത്തരം അരുളും; യിസ്രായേലിൻറെ ദൈവമായ ഞാൻ അവരെ കൈ വിടുകയില്ല" (യെശ. 41:17).

“അത്തിവൃക്ഷം തളിർക്കയില്ല, മുന്തിരിവള്ളിയിൽ അനുഭവം ഉണ്ടാകയില്ല; ഒലിവു മരത്തിൻറെ പ്രയത്നം നിഷ്ഫലമായ്പോകും; നിലങ്ങൾ ആഹാരം വിളയിക്കയില്ല; ആട്ടിൻകൂട്ടം തൊഴുത്തിൽനിന്നു നശിച്ചുപോകും; ഗോശാലകളിൽ കന്നുകാലി ഉണ്ടായിരിക്കയില്ല. എങ്കിലും ഞാൻ യഹോവയിൽ ആനന്ദിക്കും; എൻറെ രക്ഷയുടെ ദൈവത്തിൽ ഘോഷിച്ചുല്ലസിക്കും” ഹബ. 3:17,18).

“യഹോവ നിൻറെ പരിപാലകൻ; യഹോവ നിൻറെ വലത്തുഭാഗത്തു നിനക്കു തണൽ പകൽ സൂര്യനെങ്കിലും രാത്രി ചന്ദ്രനെങ്കിലും നിന്നെ ബാധിക്കയില്ല. യഹോവ ഒരു ദോഷവും

തട്ടാതവണ്ണം നിന്നെ പരിപാലിക്കും; അവൻ നിൻറെ പ്രാണനെ പരിപാലിക്കും" (സങ്കീ. 121:5-7). "അവൻ നിന്നെ വേട്ടക്കാരൻറെ കണിയിൽ നിന്നും നാശകരമായ മഹാമാരിയിൽനിന്നും വിടുവിക്കും. തൻറെ തൂവലുകൾകൊണ്ടു അവൻ നിന്നെ മറയ്ക്കും; അവൻറെ ചിറകിൻ കീഴിൽ ശരണം പ്രാപിക്കും; അവൻറെ വിശ്വസ്തത നിനക്കു പരിചയും പലകയും ആകുന്നു. രാത്രിയിലെ ഭയത്തെയും പകൽ പറക്കുന്ന അസ്ത്രമനത്തെയും ഇരുട്ടിൽ സഞ്ചരിക്കുന്ന മഹാമാരിയെയും ഉച്ചയ്ക്കു നശിപ്പിക്കുന്ന സംഹാരത്തെയും നിനക്കു പേടിപ്പാനില്ല. നിൻറെ വശത്തു ആയിരം പേരും നിൻറെ വലത്തുവശത്തു പതിനായിരം

പേരും വീഴും. എങ്കിലും അതു നിന്നോടു അടുത്തു വരികയില്ല. നിൻറെ കണ്ണുകൊണ്ടുതന്നെ നീ നോക്കി ദുഷ്ടന്മാർക്കു വരുന്ന പ്രതിഫലം കാണും. യഹോവേ നീ എൻറെ സങ്കേതമാകുന്നു; നീ അത്യുന്നതനെ നിൻറെ വാസസ്ഥലമാക്കിയിരിക്കുന്നു. ഒരു അനർത്ഥവും നിനക്കു ഭവിക്കയില്ല; ഒരു ബാധയും നിൻറെ കൂടാരത്തിനു അടുക്കയില്ല" (സങ്കീ . 91:3-10).

എന്നിരുന്നാൽ തന്നെയും മനുഷ്യ സൃഷ്ടിക്ക് രക്തസാക്ഷികൾ തങ്ങളുടെ രക്തത്താൽ തങ്ങളുടെ സാക്ഷ്യം മുദ്ര ചെയ്തുപോലെ ദൈവത്തിൻറെ ജനം പെട്ടെന്നു ചെയ്യേണ്ടിവരും. അവർ

തന്നെയും യഹോവ അവരെ തങ്ങളുടെ ശത്രുക്കളുടെ കയ്യാൽ വീണുപോകത്തക്കവണ്ണം ഉപേക്ഷിച്ചുകളഞ്ഞാൽ എന്നു ഭയപ്പെടും. അതു ഭയാനകമായ പ്രാണവേദനയുടെ അനുഭവം ആയിരിക്കും, വിടുതലിനായി രാപ്പകൽ അവർ ദൈവത്തോടു കരയും. ദുഷ്ടന്മാർ ജയഘോഷംകൊള്ളും. അവരുടെ വിശ്വാസം എവിടെ എന്ന പരിഹാസത്തിൻറെ സ്വരം കേൾക്കും. “നിങ്ങൾ വാസ്തവത്തിൽ ദൈവത്തിൻറെ ജനം എങ്കിൽ എന്തുകൊണ്ട് ഞങ്ങളുടെ കയ്യിൽനിന്നും വിടുവിക്കപ്പെടുന്നില്ല’? എന്നാൽ യഹോവയെ കാത്തിരിക്കുന്നവർ കർത്താവു കാൽവറി ക്രൂശിൽ മരിച്ചപ്പോൾ മഹാപുരോഹിതന്മാരും, ശാസ്ത്രിമാരും

മൂപ്പന്മാരും ഇവൻ മറ്റുള്ളവരെ രക്ഷിച്ചു, തന്നെത്താൻ രക്ഷിപ്പാൻ കഴികയില്ല; അവൻ യിസ്രായേലിൻറെ രാജാവു ആകുന്നു എങ്കിൽ ഇപ്പോൾ ക്രൂശിൽ നിന്നു ഇറങ്ങിവരട്ടെ'; എന്നു അവനെ പരിഹസിച്ചു പറഞ്ഞ വാക്കുകൾ ഓർക്കും (മത്തായി 27:42). യാക്കോബു ചെയ്തതുപോലെ എല്ലാവരും ദൈവവുമായി മൽപിടിക്കയാണ്. അവരുടെ മുഖം അവരുടെ ഉള്ളിലുള്ള പോരാട്ടത്തെ കാണിക്കുന്നു എന്നിരുന്നാലും. അവർ മറ്റുള്ളവർക്കുവേണ്ടിയുള്ള മദ്ധ്യസ്ഥം ചെയ്യുന്നതുനിർത്തുന്നില്ല.

മനുഷ്യർക്കു സ്വർഗ്ഗീയ ദർശനത്തിൽ ക്രിസ്തുവിൻറെ സഹിഷ്ണുത

ഉള്ളവർക്കുചുറ്റും ശക്തന്മാരായ ദൂതന്മാർ വലയം ചെയ്തിരിക്കുന്നതു കാണാൻ സാധിക്കും. സഹതാപത്തോടെ ദൂതന്മാർ അവരുടെ കഷ്ടതകൾ കാണുകയും അവരുടെ പ്രാർത്ഥനകൾ ശ്രദ്ധിക്കുകയും ചെയ്യുന്നു. അവരെ അപകടാവസ്ഥയിൽനിന്നും രക്ഷിക്കുന്നതിനു അവരുടെ നായകനായ ക്രിസ്തുവിൻറെ ഉത്തരവിനുവേണ്ടി ദൂതന്മാർ കാത്തുനിൽക്കയാണ്. ദൈവ ജനം കർത്താവു കുടിച്ച പാനപാത്രം കുടിക്കയും അവൻ ഏറ്റ സ്നാനം ഏല്ക്കയും വേണം. കർത്താവു അവരിൽ പ്രവർത്തിക്കുന്നതിനായി കാത്തിരിക്കുമ്പോൾ അവർ ഇതുവരെയും കാണിച്ചിട്ടില്ലാത്ത വിശ്വാസം, പ്രത്യാശ,

സഹിഷ്ണത എന്നിവ പ്രകടമാക്കുന്നതിനു നയിക്കപ്പെടും. എന്നാൽ വൃതന്മാർ നിമിത്തം മഹാകഷ്ടകാലം ദീർഘമാകയില്ല. "ദൈവമോ രാപ്പകൽ തന്നോടു നിലവിളിക്കുന്ന തൻറെ വൃതന്മാരുടെ കാര്യത്തിൽ ദീർഘക്ഷമയുള്ളവൻ ആയാലും അവർ പ്രതിക്രിയ നടത്തി രക്ഷിക്കും എന്നു ഞാൻ നിങ്ങളോടു പറയുന്നു (ലൂക്കൊ. 18:7,8). മനുഷ്യർ നിനയ്ക്കുന്നതിലും മുൻപായി അവസാനം പെട്ടെന്നു സംഭവിക്കും. ഗോതമ്പു കറ്റകളായി കെട്ടി യഹോവയുടെ കളപ്പുരയിൽ ശേഖരിക്കപ്പെടുകയും, കള താളടിയായി എന്നെന്നേക്കും എരിക്കപ്പെടുകയും ചെയ്യും.

സ്വർഗ്ഗീയ കാവൽക്കാർ അവരുടെ
വിശ്വസ്തതയ്ക്കൊപ്പം അവരുടെ
സൂക്ഷിപ്പു തുടരുന്നു. ദൈവകല്പന
കാക്കുന്ന വിശുദ്ധന്മാരെ
കൊന്നൊടുക്കുന്നതിനു പൊതുവായ ഒരു
നിയമം നിശ്ചയിച്ചിട്ടുണ്ടെങ്കിലും,
നിശ്ചിത സമയത്തിനു മുമ്പുതന്നെ
അവരുടെ ജീവൻ എടുത്തുകളയാൻ
ശ്രമിക്കും. എന്നാൽ വിശ്വസ്തരായ
ദൈവജനത്തെ സംരക്ഷിക്കുന്നതിനായി
നിയമി ക്കപ്പെട്ടിട്ടുള്ള സംരക്ഷകരെ
ഒരുത്തർക്കും മറികടപ്പാൻ
സാധിക്കയില്ല. പട്ടണങ്ങളിൽനിന്നും
ഗ്രാമങ്ങളിൽനിന്നുമുള്ള
ഓടിപ്പോക്കിൽ ചിലരെ
ആക്രമിക്കുന്നതിനായി ശത്രു
ശ്രമിക്കുമെങ്കിലും അവർക്കുനേരെ

ഓങ്ങുന്ന വാൾ ശക്തിയറ്റും വെറും
പുല്ലുപോലെ ഒടിഞ്ഞും താഴെ വീഴും.
യുദ്ധത്തിൽ യോദ്ധാക്കളെപ്പോലെ
ദൈവദൂതന്മാർ പ്രതിരോധിക്കും.

എല്ലാ കാലത്തും സർവ്വശക്തനായ
ദൈവം തൻറെ വിശുദ്ധന്മാരായ ദൂത
ന്മാരാൽ തൻറെ വൃതന്മാരുടെ
സംരക്ഷണത്തിനും വിടുതലിനുംവേണ്ടി
പ്രവർത്തിച്ചിട്ടുണ്ട്. തൻറെ ജനത്തെ
വിടുവിക്കുന്നതിനും സംരക്ഷിക്കുന്നതി
നുമായി സ്വർഗ്ഗീയ സൈന്യം
സജീവമായി പങ്കെടുക്കുന്നു. മിന്നൽ
പോലെ പ്രകാശിതമായ
വസ്ത്രധാരികളായി അവർ
പ്രത്യക്ഷമായിട്ടുണ്ട്. യാത്രികരെ പോലെ
അവർ വന്നിട്ടുണ്ട്. ദൈവമക്കളുടെ

മുൻപാകെ ദൂതന്മാർക്കു തുല്യം അവർ പ്രത്യക്ഷരായിട്ടുണ്ട്. അവർ ക്ഷീണിതരെപ്പോലെ വൃക്ഷത്തണലിൽ വിശ്രമിച്ചിട്ടുണ്ട്. മനുഷ്യഗൃഹങ്ങളിൽ നിന്നും ആഥിത്യം സ്വീകരിച്ചിട്ടുണ്ട്. ഇരുട്ടിൽ അകപ്പെട്ട യാത്രികർക്ക് അവർ വഴികാട്ടികളായിട്ടുണ്ട്. യാഗപീഠത്തിന്മേൽ അവർതന്നെ അഗ്നി കൊളുത്തിയിട്ടുണ്ട്. കാരാഗൃഹവാതിലുകൾ തുറന്നു ദൈവദാസന്മാരെ സ്വതന്ത്രരാക്കിയിട്ടുണ്ട്. വെള്ളവസ്ത്രധാരികളായി ദൂതന്മാർ ഇറങ്ങിവന്ന് കർത്താവിന്റെ കല്ലറയിൽ നിന്ന് കല്ല് ഉരുട്ടിമാറ്റുകയും ചെയ്തു.

മനുഷ്യസാദൃശ്യത്തിൽ പലപ്പോഴും
നീതിമാന്മാരുടെ സഭയിൽ ദൂതന്മാർ
പ്രത്യക്ഷപ്പെടുന്നു. ദൂതന്മാർ
സൊദോമിലെ ദുഷ്ടജനം അവരുടെ
അതിർകടന്നോ എന്നു നോക്കാൻ
പോയപോലെ ദുഷ്ടന്മാരുടെ മദ്ധ്യേയും
പോകുന്നു. യഹോവ കരുണയിൽ
പ്രസാദിക്കുന്നു. അവനെ വാസ്തവമായി
സേവിക്കുന്ന ഏതാനും പേർക്കുവേണ്ടി
വിപത്തുകൾ വന്നു ഭവിക്കാതെ പ്രതി
രോധിക്കയും. ബഹുജനത്തിനു
പ്രശാന്തതയെ ദീർഘമാക്കയും
ചെയ്യുന്നു. ദൈവത്തിനെതിരായി പാപം
ചെയ്തു ജീവിക്കുന്നവർ വിശ്വസ്തരായ
ദൈവ ജനത്തെ പീഡിപ്പിക്കയും
പരിഹസിക്കയും ചെയ്യുന്നതിൽ
സന്തോഷിക്കുന്നു എങ്കിലും, അവർ

നീതിമാന്മാരുടെ നന്മപ്രവൃത്തികളാൽ എത്രമാത്രം അനുഗ്രഹം അനുഭവിക്കുന്നു എന്നുള്ള വാസ്തവം മനസ്സിലാക്കുന്നില്ല.

ലോകത്തിൻെറ അധിപന്മാർ പലപ്പോഴും അവരുടെ സഭകളിൽ ദൂതന്മാ രാണ് സംസാരിച്ചത് എന്നുള്ളതു മനസ്സിലാക്കുന്നില്ല. മാനുഷിക കണ്ണുകൾ അവരെ ദർശിച്ചിട്ടുണ്ട്, മാനുഷിക കാതുകൾ അവരുടെ വിളി കേട്ടിട്ടുണ്ട്; അവരുടെ ആലോചനകൾ ത്യജിച്ചിട്ടുണ്ട്; മാനുഷിക കരങ്ങൾ ദൂഷ്യവും ആക്ഷേപവും സഹിച്ചിട്ടുണ്ട്; ന്യായാധിപ സഭകളിൽ സ്വർഗ്ഗീയ ദൂതുവാഹകർ മനുഷ്യചരിത്രത്തെപ്പറ്റിയുള്ള ഏറ്റം അടുത്ത അറിവു വെളിപ്പെടുത്തിയിട്ടുണ്ട്.

പീഡിതർക്ക് ന്യായപാലനം ലഭിക്കുന്നതിനു അവരുടെ വിദഗ്ധരായ വാഗ്മികളെക്കാൾ കഴിവുള്ളവരത എന്നുള്ളതു അവർ തെളിയിച്ചിട്ടുണ്ട്. ദൈവവേല പുരോഗമിക്കാതെ അതിനു തടസം വരുത്തുമായിരുന്ന ദുഷ്ടന്മാരുടെ ദുരുദ്ദേശ പരിപാടികളും അവ നിമിത്തം ദൈവജനം സഹിക്കുമായിരുന്ന കഷ്ടതകളും അവർ പരാജയപ്പെടുത്തുന്നു. യഹോവയുടെ ദൂതൻ ആപത്തനർത്ഥങ്ങളുടെ വേളകളിൽ തൻറെ ഭക്തന്മാർക്ക് ചുറ്റും പാളയമിറങ്ങി അവരെ വിടുവിക്കുന്നു (സങ്കീ. 34:7).

വരുവാനുള്ള തങ്ങളുടെ രാജാവിൻറെ വരവിനായി ദൈവജനം ആകാം

ക്ഷയോടെ കാത്തിരിക്കുന്നു.
കാവല്ക്കാരാ രാത്രി എന്തായി എന്നു
ചോദിക്കുമ്പോൾ തെറ്റുവരാതെ
കാവല്ക്കാരൻ പ്രഭാതവും രാത്രിയും
വന്നിരിക്കുന്നു എന്നുള്ള ഉത്തരം നല്കുന്നു
(യെശ. 21:11,12). പർവ്വതങ്ങൾക്കു
മീതെ വെളിച്ചം പ്രകാശിക്കുന്നു.
പെട്ടെന്നു അവൻറെ മഹത്വം
വെളിപ്പെടും. നീതിസൂര്യൻ
പ്രകാശിക്കാൻ മിക്കവാറും സമയമായി.
പ്രഭാതവും രാത്രിയും അടുത്തു.
നീതിമാന്മാർക്ക് അസ്തമിക്കാത്ത
വെളിച്ചവും ദുഷ്ടന്മാർക്ക് നിത്യ ഇരുട്ടും
അനുഭവപ്പെടാറായി.

വൻപോരാട്ടത്തിൽ
ഏർപ്പെട്ടിരിക്കുന്നവർ തങ്ങളുടെ

അപേക്ഷകൾ ദൈവമുൻപാകെ കൊണ്ടുവരുമ്പോൾ അദൃശ്യമായതിൽ നിന്നു തങ്ങളെ വേർപെടുത്തുന്ന മറ മിക്കവാറും മാറ്റാറായി. നിത്യദിവസത്തിൻറെ പ്രഭാത കിരണങ്ങൾ ആകാശത്തു വീശുന്നു, ദൈവത്തോടു വിശ്വസ്തരായിരിക്ക, നിങ്ങളുടെ വിടുതൽ സമീപമായിരിക്കുന്നു എന്നുള്ള മധുരശബ്ദം ദൂതന്മാരിൽ നിന്നും കേൾക്കാറായി. വൻ പോരാട്ടത്തിൽ ജയം നേടിയ സർവ്വശക്തനും ജയാളിയുമായ ക്രിസ്തു പോരാട്ടത്തിൽ ക്ഷീണിതരായ തൻറെ യോദ്ധാക്കൾക്കുവേണ്ടി വാടാത്ത കിരീടം കയ്യിൽ പിടിച്ച്, "ഭയപ്പെടേണ്ടാ, ഇതാ, ഞാൻ

നിങ്ങളോടുകൂടെ ഉണ്ട് എന്നുള്ള മധുര ശബ്ദം ദൂരത്തുനിന്നു കേൾപ്പിക്കുന്നു. നിങ്ങളുടെ എല്ലാ രോഗങ്ങളെയും ഞാൻ വഹിച്ചു, നിങ്ങളുടെ വേദനകളെ ഞാൻ ചുമന്നു, നിങ്ങൾക്കുവേണ്ടി ഞാൻ പോരാടി, എൻറെ നാമത്തിൽ നിങ്ങൾ പൂർണ്ണജയം പ്രാപിക്കുന്നു'.

നമുക്കു സഹായം ആവശ്യമാകുമ്പോൾ നമ്മുടെ വിലയേറിയ രക്ഷ കൻ അതു നല്കും. അവൻറെ പാദങ്ങളാൽ സ്വർഗ്ഗത്തിലേക്കുള്ള പാത നമുക്കായി ലഭ്യമാക്കിയിരിക്കുന്നു. നമ്മുടെ പാദങ്ങളെ മുറിവേൽപ്പിച്ച ഓരോ മുള്ളും അവൻറെ പാദത്തെ മുറിപ്പെടുത്തി. നാം വഹിക്കുന്നതിനായുള്ള ഓരോ കുരിശും അവൻ നമുക്കുമുമ്പായി വഹിച്ചു. നമുക്കു

സമാധാനം ലഭിക്കുന്ന തിനുവേണ്ടി
നമ്മെ ഒരുക്കാനായി
പരിശോധനകളിൽകൂടി
കടന്നുപോകാൻ യഹോവ നമ്മെ
അനുവദിച്ചു. മഹാ കഷ്ടകാലം
ദൈവജനത്തിനു ഒരു അഗ്നി
പരീക്ഷപോലെ ഭയാനകമാണ്,
എന്നാൽ അതു ഓരോ യഥാർത്ഥ
വിശ്വാസിക്കും ഉയരത്തിലേക്കു
നോക്കാനും യഹോവയുടെ വാഗ്ദത്തമായ
വില്ലു അവരെ ചുറ്റിയിരിക്കുന്നതു
കാണാനുമുള്ള സമയമാണ്.

“യഹോവയുടെ വിമുക്തന്മാർ
ഉല്ലാസഘോഷത്തോടെ സീയോനി
ലേക്കു മടങ്ങിവരും; നിത്യാനന്ദം
അവരുടെ തലയിൽ ഉണ്ടായിരിക്കും;

അവർ ആനന്ദവും സന്തോഷവും
പ്രാപിക്കും; ദുഃഖവും ഞരക്കവും
ഓടിപ്പോകും. ഞാൻ, ഞാൻതന്നേ,
നിങ്ങളെ ആശ്വസിപ്പിക്കുന്നവൻ;
എന്നാൽ മരിച്ചുപോകുന്ന മർത്യനെയും
പുല്ലുപോലെ ആയിത്തീരുന്ന
മനുഷ്യനെയും ഭയപ്പെട്ടു വാൻ നീ ആർ?
ആകാശത്ത് വിരിച്ചു ഭൂമിയുടെ
അടിസ്ഥാനങ്ങളെ ഇട്ടുവ നായി നിൻറെ
സ്രഷ്ടാവായ യഹോവയെ നീ മറക്കയും
പീഡകൻ നശിപ്പിപ്പാൻ ഒരുങ്ങിവരുന്നു
എന്നു വെച്ചു അവൻറെ ക്രോധം
നിമിത്തം ദിനംപ്രതി ഇടവി ടാതെ
പേടിക്കയും ചെയ്യുന്നതെന്ത്?
പീഡകൻറെ കാധം എവിടെ?
ബദ്ധനായിരിക്കുന്നവനെ വേഗത്തിൽ
അഴിച്ചുവിടും; അവൻ കുണ്ടറയിൽ

മരിക്കയില്ല; അവൻറെ ആഹാരത്തിനു മുട്ടുവരികയുമില്ല. തിരകൾ അലറുവാൻ തക്കവണ്ണം സമുദ്രത്തെ കോപിപ്പിക്കുന്നവനായി നിൻറെ ദൈവമായ യഹോവ ഞാൻ ആകുന്നു; സൈന്യങ്ങളുടെ യഹോവ എന്നാകുന്നു എൻറെ നാമം. ഞാൻ ആകാശത്തെ ഉറപ്പിച്ച് ഭൂമിക്കു അടിസ്ഥാനം ഇടുകയും സീയോനോടു: നീ എൻറെ ജനം എന്നു പറകയും ചെയ്യേണ്ടതിനു ഞാൻ എൻറെ വചനങ്ങളെ നിൻറെ വായിൽ ആക്കി എൻറെ കയ്യുടെ നിഴലിൽ നിന്നെ മറച്ചിരിക്കുന്നു" (യെശ. 51:11 -16).

"ആകയാൽ അരിഷ്ടയും വീഞ്ഞുകുടിക്കാതെ ലഹരി പിടിച്ചവളും ആയു ള്ളാവേ, ഇതു കേട്ടുകൊൾക.

നിൻറെ കർത്താവായ യഹോവയും തൻറെ ജനത്തിൻറെ വ്യവഹാരം നടത്തുന്ന നിൻറെ ദൈവവുമായവൻ ഇപ്രകാരം അരുളിച്ചെയ്യുന്നു: ഞാൻ പരിഭ്രമത്തിൻറെ പാനപാത്രം, എൻറെ ക്രോധത്തിൻറെ പാനപാത്രപുടം തന്നേ, നിൻറെ കയ്യിൽനിന്നു എടുത്തുകളഞ്ഞിരിക്കുന്നു; ഇനി നീ അതു കുടിക്കയില്ല; നിന്നെ ക്ലേശിപ്പിക്കുന്നവരുടെ കയ്യിൽ ഞാൻ അതു കൊടുക്കും. അവർ നിന്നോടു കുനിയുക; ഞങ്ങൾ കടന്നുപോകട്ടെ എന്നു പറഞ്ഞുവല്ലോ; അങ്ങനെ കടന്നു പോകുന്നവർക്കു നീ നിൻറെ മുതുകിനെ നിലംപോലെയും തെരുവീഥിപോലെയും ആക്കിവെക്കേണ്ടിവന്നു” (21 - 23).

ദൈവജനത്തിനെതിരെ ലോകശക്തികൾ അണിനിരക്കുമ്പോൾ അവർ അഭിമുഖീകരിക്കാനുള്ള ആപൽഘട്ടങ്ങളെ ദൈവം മുന്നമെ കണ്ടു ദൈവത്തിൻറെ ദൃഷ്ടി അവരുടെ മേൽ വച്ചിരിക്കയായിരുന്നു. പ്രവാസത്തിലുള്ള തടവുകാരെപ്പോലെ അവർ പട്ടിണിയാലോ അതിക്രമത്താലോ ഉണ്ടാകാവുന്ന മരണ ഭീതിയിലായിരിക്കും. എന്നാൽ “ഞാൻ ഉണ്ടാക്കുവാനുള്ള ദിവസത്തിൽ അവർ എനിക്കു ഒരു നിക്ഷേപം ആയിരിക്കും എന്നു സൈന്യങ്ങളുടെ യഹോവ അരുളിച്ചെയ്യുന്നു; ഒരു മനുഷ്യൻ തനിക്കു ശുശ്രൂഷചെയ്യുന്ന മകനെ ആദരിക്കുന്നതു പോലെ ഞാൻ അവരെ ആദരിക്കും” (മലാഖി. 3:17). ക്രിസ്തുയേശുവിൻറെ

വിശ്വസ്ത സാക്ഷികളുടെ രക്തം ഈ
സമയത്തു ചിന്തപ്പെട്ടാൽ അതു
പണ്ടുണ്ടായിരുന്ന രക്തസാക്ഷികളുടെ
രക്തം ചിന്തിയതു പോലെ അല്ല, അതു
ദൈവത്തിനു വലിയ ഒരു കൊയ്ത്തിനു
ധാന്യം വിത ച്ചതുപോലെ
ആയിരിക്കുകയില്ല. ദുശ്ശാഠ്യഹൃദയത്താൽ
ദൈവത്തിൻറെ ദയ ഒരിക്കലും തിരികെ
വരാത്തവിധം ത്യജിച്ചു കളഞ്ഞവർക്ക്
രക്തസാക്ഷിക ളുടെ വിശ്വസ്തത
ദുഷ്ടന്മാരുടെ മനംതിരിവിന് ഒരു
സാക്ഷ്യമാകയില്ല. നീതിമാന്മാർ
തങ്ങളുടെ ശത്രുക്കൾക്ക് ഇരയായാൽ
അന്ധകാര പ്രഭുവായ സാത്താനും
അതൊരു വിജയമാകും.
സങ്കീർത്തനക്കാരൻ പറയുന്നു:
“അനർത്ഥ ദിവസത്തിൽ അവൻ

തൻറെ കൂടാരത്തിൽ എന്നെ ഒളിപ്പിക്കും; തിരുനിവാസ്ഥത്തിൻറെ മറവിൽ എന്നെ മറയ്ക്കും " (സങ്കീ. 27:5). കർത്താവു പറയുന്നു: "എൻറെ ജനമേ, വന്നു നിൻറെ അറകളിൽ കടന്നു വാതിലുകളെ അടയ്ക്ക, ക്രോധം കടന്നു പോകുവോളം അല്പ നേരത്തേക്കു ഒളിച്ചിരിക്ക്. യഹോവ ഭൂവാസികളെ അവരുടെ അകൃത്യം നിമിത്തം സന്ദർശിപ്പാൻ തൻറെ സ്ഥലത്തുനിന്നു ഇതാ, വരുന്നു. ഭൂമി താൻ കുടിച്ച രക്തം ഒക്കെയും വെളിപ്പെടുത്തും ; തന്നിലുള്ള ഹതന്മാരെ ഇനി മൂടിവെയ്ക്കുകയുമില്ല" (യെശ. 26:20,21). ജീവൻറെ പുസ്തകത്തിൽ പേരെഴുതപ്പെട്ട് സഹിഷ്ണുതയോടെ കർത്താവിന്റെ

വരവിനുവേണ്ടി കാത്തിരുന്നവരുടെ
മോചനം മഹത്വകരമായിരിക്കും.

## അദ്ധ്യായം 40—ദൈവജനം വിടുവിക്കപ്പെട്ടു

മാനുഷിക നിയമങ്ങളിൽ കൂടി മനുഷ്യർക്കു ലഭിക്കുന്ന സംരക്ഷണം ദൈവകല്പനകളെ ബഹുമാനിക്കയും കാക്കുകയും ചെയ്യുന്ന ദൈവമക്ക ളിൽ നിന്നും പിൻവലിക്കപ്പെടുമ്പോൾ പല ദേശത്തും അവരെ നശിപ്പിക്കാനുള്ള യത്നം ഒരേ സമയത്തു നടക്കും. അവരെ മുടിക്കുന്നതിനുള്ള ഉത്തരവു സമീപമാകുമ്പോൾ വെറുക്കപ്പെട്ട ദൈവജനത്തെ ഉന്മൂലനം ചെയ്യാ നുള്ള ഗൂഢാലോചനകൾ ശത്രുക്കൾ നടത്തും. ശാസനയുടെയും അഭിപ്രായ ഭിന്നതയുടെയും ശബ്ദം പൂർണ്ണമായി

ഇല്ലാതാകുന്ന ഒരു രാത്രിതന്നെ നിർണ്ണാ യകമായി നിശ്ചയിക്കപ്പെട്ടും.

ദുഷ്ട ദൂതന്മാരാൽ പരിതരായി പടജനം ഓരോ കൂട്ടമായി ദൈവജ നത്തെ സംഹരിക്കുന്നതിനു തയ്യാറായിക്കൊണ്ടിരിക്കുമ്പോൾ ചിലർ കാരാഗൃഹങ്ങളിലും മറ്റുചിലർ ഏകാന്തമായ വനാന്തരങ്ങളിലും, വേറെ ചിലർ പർവതങ്ങളിലും ഗുഹകളിലും ഒളിച്ച് സംരക്ഷണത്തിന്നായി യഹോവയോടു യാചിക്കും. ആപത്തിൻറെ അങ്ങേയറ്റം അതേ യിസ്രയേലിൻറെ പരിപാലക നായ ദൈവം തൻറെ തെരഞ്ഞെടുക്കപ്പെട്ടവരുടെ വിടുതലിനായി ഇടപെടാൻ പോകുന്നത്.

“നിങ്ങൾ ഉത്സവഘോഷരാത്രിയിൽ എന്നപോലെ പാട്ടുപാടുകയും യഹോവയുടെ പർവ്വതത്തിൽ യിസ്രായേലിൻ പാറയായവൻറെ അടുക്കൽ ചെല്ലേണ്ടതിന്നു കുഴലോടുകൂടെ പോകുംപോലെ ഹൃദയപൂർവ്വം സന്തോഷിക്കയും ചെയ്യും. യഹോവ തൻറെ മഹത്വമുള്ള മേഘനാദം കേൾപ്പിക്കയും ഉഗ്രകോപത്തോടും ദഹിപ്പിക്കുന്ന അഗ്നിജ്വാലയോടും കൊടുങ്കാറ്റ് മഴക്കോൾ, കന്മഴ എന്നിവയോടും കൂടെ തൻറെ ഭുജത്തിൻറെ അവതരണം കാണിക്കയും ചെയ്യും ” (യെശ. 30 : 29,30).

ജയാരവത്തോടും പരിഹാസത്തോടും ശാപവാക്കുകളോടും കൂടെ ദുഷ്ട ന്മാർ

ക്രൂരമൃഗങ്ങൾ എന്നപോലെ ദൈവത്തിൻറെ വൃതന്മാരുടെ നേർക്കടുക്കുമ്പോൾ, രാത്രിയുടെ ഇരുട്ടിനെക്കാൾ ഭയങ്കരമായ ഇരുട്ടു ഭൂമിമേൽ വീഴുന്നു. അപ്പോൾ ദൈവസിംഹാസനത്തിൽനിന്നും മഴവില്ലുപോലെ ശോഭ യേറിയ ഒരു വില്ല് ആകാശത്തിൽ വിളങ്ങി പ്രാർത്ഥനയോടിരിക്കുന്ന ഓരോ കൂട്ടത്തെയും ചുറ്റുന്നു. ക്രൂരജനക്കൂട്ടം പെട്ടെന്നു അവരുടെ ഗതിയിൽത്തന്നേ നിന്നുപോകുന്നു. അവരുടെ പരിഹാസത്തോടുള്ള വിളി നശിച്ചുപോകും. അവരുടെ പൈശാചികത്തോടും ഉഗ്രകോപത്തോടുമുള്ള മനോഭാവം മറ ന്നുപോകുന്നു. വരാൻപോകുന്ന

ന്യായവിധിയെ ഭയന്നു ദൈവത്തിൻറെ ഉട മ്പടിയെ സൂചിപ്പിക്കുന്ന വില്ലിൻറെ ഉഗ്രശോഭയിൽനിന്നും മറഞ്ഞിരിപ്പാൻ അവർ ആഗ്രഹിക്കും.

ദൈവമക്കളോടു ഉയരത്തിലേക്കു നോക്കുക എന്നു വ്യക്തവും മധുരവുമായ സ്വരത്തിൽ പറയുന്ന ഒരു ശബ്ദം കേട്ടു. അവർ നോക്കിയപ്പോൾ വാഗ്ദത്തത്തിൻറെതായ വില്ല് അവർ കണ്ടു. ആകാശവിതാനത്തിൽ അവർ കണ്ട ഇരുണ്ട മേഘം മാറുന്നു; സ്തേഫാനോസിനെപ്പോലെ സ്വർഗ്ഗത്തിലേക്ക് അവർ ഉറ്റുനോക്കി; ദൈവമഹത്വവും ദൈവത്തിൻറെ വലത്തുഭാഗത്തു യേശു തൻറെ സിംഹാസനത്തിൽ ഇരിക്കുന്നതും

കാണുന്നു. കർത്താവിന്റെ ദിവ്യ മായ ശരീരത്തിൽ അവൻറെ താഴ്ചയുടെ അടയാളങ്ങൾ അവർ കാണുകയും, പിതാവിനോടു "പിതാവേ നീ ലോകസ്ഥാപനത്തിനുമുമ്പേ എന്നെ സ്നേഹിച്ചിരിക്കകൊണ്ടു എനിക്കു നല്കിയ മഹത്വം നീ എനിക്കു തന്നിട്ടുള്ളവർ കാണേണ്ടതിനു ഞാൻ ഇരിക്കുന്ന ഇടത്തു അവരും എന്നോടുകൂടെ ഇരിക്കണം എന്നു ഞാൻ ഇച്ഛിക്കുന്നു" (യോഹന്നാൻ 17:24) എന്നുള്ള തൻറെ പ്രാർത്ഥനയും അവർ കേൾക്കുന്നു. മാലിന്യം ഏൽക്കാത്തവരായി അവർ വരുന്നു! അവർ വരുന്നു എന്നുള്ള വിജയോത്സവവും മധുരവുമായ ഒരു ഗാനവും അവർ കേൾക്കുന്നു. "അവർ എൻറെ വചനത്തിൻറെ സഹിഷ്ണുത്

കാത്തു, അവർ ദൂതന്മാരുടെ സഭയിൽ
നടക്കും”, അവർ ശ്വാസം മുറുകെ പിടിച്ചു
അന്ത്യത്തോളം സഹിഷ്ണുത
കാട്ടിയതിനാൽ അവരുടെ വാടിവിള
റിയ ചുണ്ടുകളിൽനിന്നും
വിജയത്തിൻറെ ഘോഷം പുറപ്പെട്ടു.

ദൈവം തൻറെ ജനത്തിൻറെ വിടുതലിനു
പീഡനത്തിൻറെ അർദ്ധരാത്രിയിൽ
അവൻറെ ശക്തി പ്രകടമാക്കുന്നു.
അത്ഭുതങ്ങളും അടയാളങ്ങളും ഒന്നിനു
പുറകെ ഒന്നായി നൽകുന്നു.
നീതിമാന്മാർ തങ്ങളുടെ
മോചനത്തിനുള്ള അടയാളവാക്ക്
ആകാശത്തു കണ്ടു സന്തോഷിക്കുമ്പോൾ
ദുഷ്ടന്മാർ ഭയത്തോടും
നടുക്കത്തോടുംകൂടെ മുറയിടും. പ്രകൃതി

ആകമാനം അതിൻറെ സാധാരണ ശക്തിയിൽനിന്നും വ്യതിചലിച്ചതുപോലെ ആയിത്തീർന്നു. നദികളിൽ വെള്ളം വറ്റിപ്പോയി. ഘനമേറിയ കാർമേഘങ്ങൾ ഉയർന്നുവന്നു തമ്മിൽ കൂട്ടിയിടിക്കുന്നു. കോപാകുലമായ ആകാശത്തിൽ പറഞ്ഞറിയിക്കാൻ കഴിയാത്ത വിധത്തിൽ ഒരു പ്രഭ ദൃശ്യമാകുന്നു. അതിൻറെ മദ്ധ്യേ നിന്നും സംഭവിച്ചു തീർന്നു എന്ന ഒരു മഹാശബ്ദം ദൈവാലയത്തിലെ സിംഹാസനത്തിൽനിന്നു വന്നു (വെളി. 16:17).

ആ മഹാശബ്ദം ആകാശത്തെയും ഭൂമിയെയും ഇളക്കുന്നു. മിന്നലും നാദവും

ഇടിമുഴക്കവും വലിയ ഭൂകമ്പവും ഉണ്ടായി; ഭൂമിയിൽ മനുഷ്യർ ഉണ്ടായതുമുതൽ അതുപോലെ അത്ര വലുതായോരു ഭൂകമ്പം ഉണ്ടായിട്ടില്ല (വാ.18). വിതാനം തുറക്കുന്നതും അടയ്ക്കുന്നതും പോലെ കാണപ്പെട്ടു. ദൈവസിംഹാസനത്തിൽനിന്നും തൻറെ പ്രഭ വീശുന്നതുപോലെ തോന്നി. പർവ്വതങ്ങൾ കാറ്റത്തുലയുന്ന ഈറ്റപോലെ വിറച്ചു, പാറക്കഷണങ്ങൾ എല്ലായിടത്തും ചിതറിക്കിടന്നു. കൊടുങ്കാറ്റിൻറെ ഇരച്ചിൽ പോലെയുള്ള അലർച്ച കേട്ടു. സമുദ്രത്തിലെ തിരമാലകൾ കോപംകൊണ്ടെന്നപോലെ ഇളകിമറിഞ്ഞു.

ഉന്മൂലനാശം വരുത്തുന്നതിനായി
നിയമിക്കപ്പെട്ട ദൂതഗണങ്ങൾ അല
റുന്നതുപോലെ ചുഴലിക്കാറ്റിൻറെ ശബ്ദം
കേൾക്കുന്നു. സമുദ്രത്തിലെ തിര
മാലകൾ ഉയരുകയും താഴുകയും
ചെയ്യുമ്പോലെ ഭൂമി മുഴുവനും ഇളകിമ
റിഞ്ഞ അവസ്ഥയിൽ കാണുന്നു.
ഭൂമിയുടെ ഉപരിതലം വെടിച്ചുകീറുന്നു.
ഭൂമിയുടെ അടിസ്ഥാനം തന്നെയും
ഇളകിയതായി കാണുന്നു.
പർവ്വതങ്ങൾ താണുപോകുന്നു,
ദ്വീപുകൾ അപ്രത്യക്ഷമാകുന്നു.

ദൈവകോപത്തിൻറെ ക്രോധമദ്യമുള്ള
പാത്രം മഹാബാബിലോണിനു
കൊടുക്കേണ്ടതിനു അവളെ
ദൈവസന്നിധിയിൽ ഓർത്തു. സകല

ദ്വീപുകളും ഓടിപ്പോയി; മലകൾ കാണ്മാനില്ലാതായി. താലന്തോളം ഘനമുള്ള കല്ലായി വലിയ കന്മഴ ആകാശത്തുനിന്നു മനുഷ്യരുടെ മേൽ പെയ്തു. കന്മഴയുടെ ബാധ ഏറ്റവും വലുതാകകൊണ്ടു് മനുഷ്യർ ആ ബാധനിമിത്തം

ദൈവത്തെ ദുഷിച്ചു. ലോകത്തിൽ അഹങ്കാരികളായ പട്ടണങ്ങൾ ശൂന്യമായി. തങ്ങളെത്തന്നെ ഉയർത്തേണ്ടതിന്നു അവരുടെ ധനം വാരിച്ചൊരിഞ്ഞു പണി കഴിപ്പിച്ചിട്ടുള്ള രാജകീയ കൊട്ടാരങ്ങൾ അവരുടെ ദൃഷ്ടിയിൽതന്നെ ഇടിഞ്ഞു നാശമായിപ്പോയി. കാരാഗൃഹഭിത്തികൾ പൊട്ടിപ്പിളർന്നു, അവയിൽ തങ്ങളുടെ

വിശ്വാസം കാത്തതു നിമിത്തം നിയമ തടവുകാരായി അടയ്ക്കപ്പെട്ടിരുന്ന ദൈവജനം സ്വതന്ത്രരായി.

കല്ലറകൾ തുറന്നു, നിലത്തിലെ പൊടിയിൽ നിദ്രകൊള്ളുന്നവരിൽ പലരും ചിലർ നിത്യജീവന്നായും ചിലർ ലജ്ജയ്ക്കും നിത്യനിന്ദയ്ക്ക മായും ഉണരുന്നു. മൂന്നാം ദൂതൻറെ ദൂതിൽ വിശ്വസിച്ചു മരിച്ചുപോയ എല്ലാ വൃതന്മാരും ദൈവകല്പന കാത്ത വിശുദ്ധന്മാരോടുകൂടെ ദൈവത്തിൽ നിന്നും സമാധാനത്തിൻറെ ഉടമ്പടി കേൾക്കുന്നതിന്നു അവരുടെ കല്ലറകളിൽനിന്നു മഹത്വമുള്ള ശരീരം പ്രാപിച്ചവരായി പുറത്തുവരുന്നു. അവനെ കുത്തിത്തുളച്ചവരും, കർത്താവു

കുരിശിൽ തറയ്ക്കപ്പെട്ട് അതിവേദന
അനുഭവിച്ചപ്പോൾ അവനെ നോക്കി
പരിഹസിച്ചവരും ആക്ഷേപിച്ചവരും
അവൻറെ സത്യത്തിനും അവൻറെ
ജനത്തിനും ഏറ്റം ശത്രുവായിരുന്നവരും
ദൈവമഹത്വം കാണുന്നതിനും,
വിശ്വസ്തരും സത്യസന്ധരുമായവരുടെ
മേൽ വയ്ക്കുന്ന ബഹുമാനം
കാണുന്നതിനുമായി
ഉയിർത്തെഴുന്നേല്ക്കപ്പെടുന്നു.

ആകാശം ഇപ്പോഴും കനത്ത
മേഘങ്ങളാൽ മൂടപ്പെട്ടിരിക്കുന്നു എങ്കിലും
യഹോവയുടെ പ്രതികാരം നടത്തുന്നു
എന്നു തോന്നത്തക്കവണ്ണം സൂര്യൻ
ഇടയ്ക്കിടെ അതിൽകൂടെ ദൃശ്യമാകും.
ഭൂമിയെ അഗ്നികൊണ്ടു ദഹിപ്പിക്കാൻ

പോകുന്നു എന്നു തോന്നത്തക്കവണ്ണം, ആകാശത്തുനിന്നും ഭയങ്കരമായ മിന്നൽ ഭൂമിയെ ചുറ്റിവളയും. ഉഗ്രഭീതി ഉണർത്തുന്നതും ദുർഗ്രാഹ്യവുമായ ഇടിമുഴക്കത്തിൻറെ ശബ്ദം ഉയരത്തിൽ നിന്നും ദുഷ്ടന്മാരുടെ ശിക്ഷാവിധി പ്രസ്താവിക്കും. ഉച്ചരിക്കപ്പെടുന്ന വാക്കുകൾ എല്ലാവർക്കും മനസ്സിലായില്ല, എന്നാൽ അവ ദുരുപദേഷ്ടാക്കൾക്കു വളരെ തെളിവായിരുന്നു. ഒരല്പം മുമ്പു വരെ അലക്ഷ്യമായും അഹങ്കാരത്തോടെയും ധിക്കാരത്തോടും ദൈവകല്പന കാക്കുന്നവരോടു ഉന്നതഭാവം നടിച്ചിരുന്നവർ ഇപ്പോൾ അടക്കാൻ കഴിയാത്ത സംഭ്രാന്തിയും ഭയവുംകൊണ്ടു വിറയ്ക്കും. അവരുടെ മുറവിളി പ്രകൃ

തിശക്തികൾക്കതീതമായിരിക്കും. മനുഷ്യർ ഭയങ്കരഭീതിയിൽ ദൈവത്തിൻറെ കരുണയ്ക്കായി യാചിക്കുമ്പോൾ സാത്താൻ ക്രിസ്തുവിൻറെ ദൈവികത്വം അംഗീകരിച്ച് അവൻറെ മുമ്പിൽ വിറയ്ക്കും .

പഴയനിയമ പ്രവാചകന്മാർ യഹോവയുടെ വലുതും ഭയങ്കരവുമായ ദിവസത്തെ വിശുദ്ധ ദർശനത്തിൽ കണ്ടുപറഞ്ഞു: “യഹോവയുടെ ദിവസം സമീപിച്ചിരിക്കകൊണ്ടു മുറയിടുവിൻ; അതു സർവ്വശക്തങ്കൽ നിന്നു സർവ്വ നാശംപോലെ വരുന്നു”(യെശ. 13:6). “യഹോവയുടെ ഭയങ്കരത്വം നിമി ത്തവും അവൻറെ മഹിമയുടെ പ്രഭനിമിത്തവും

നീ പാറയിൽ കടന്നു മണ്ണിൽ ഒളിച്ചുകൊൾക. മനുഷ്യരുടെ നിഗളിച്ചു കണ്ണു താഴും; പുരുഷന്മാരുടെ ഉന്നതഭാവം കുനിയും; യഹോവ മാത്രം അന്നാളിൽ ഉന്നതനായിരിക്കും. സൈന്യങ്ങളുടെ യഹോവയുടെ നാൾ ഗർവ്വവും ഉന്നതഭാവവും ഉള്ള എല്ലാറ്റിന്മേലും, നിഗളമുള്ള എല്ലാറ്റിന്മേലും വരും; അവ താണുപോകും" "യഹോവ ഭൂമിയെ നടുക്കുവാൻ എഴുന്നേൽക്കുമ്പോൾ അവൻറെ ഭയങ്കരത്വം നിമിത്തവും അവൻറെ മഹിമയുടെ പ്രഭനിമിത്തവും പാറകളുടെ ഗഹ്വരങ്ങളിലും പൊട്ടിയ പാറകളുടെ വിള്ളലുകളിലും കടക്കേണ്ടതിന്നു തങ്ങൾ നമസ്കരിപ്പാൻ വെള്ളി കൊണ്ടും പൊന്നുകൊണ്ടും

ഉണ്ടാക്കിയ മിത്ഥ്യാമൂർത്തികളെ മനുഷ്യർ അന്നാളിൽ തുരപ്പനെലിക്കും നിരിച്ചീറിനും എറിഞ്ഞു കളയും" (യെശ. 20:10, 12, 20, 21).

മേഘങ്ങളുടെ മദ്ധ്യേ ഒരു പിളർപ്പിൽകൂടി ഇരുളിനെതിരേ നാലിരട്ടി ശോഭയുള്ള ഒരു നക്ഷത്രം പ്രകാശിക്കുന്നതുകണ്ടു. അതു വിശ്വസ്തരായവർക്കു പ്രത്യാശയും സന്തോഷവും പ്രഖ്യാപിക്കുമ്പോൾ, ദൈവകല്പനാ ലംഘികൾക്കു കോപവും കാഠിന്യവും പ്രഖ്യാപിക്കും. ക്രിസ്തുവിനുവേണ്ടി സർവ്വവും ത്യജിച്ചവർ ഇപ്പോൾ സുരക്ഷിതരും തിരുനിവാസത്തിൻറെ മറവിൽ മറയ്ക്കപ്പെട്ടവരുമാണ്. അവർ ശോധന

ചെയ്യപ്പെട്ടവർ. തങ്ങൾക്കുവേണ്ടി മരണം ആസ്വദിച്ചവനായ കർത്താവിനോടുള്ള വിശ്വസ്തത ത്യജിച്ചവർക്കും ലോകത്തിനു മുമ്പാകെയും തങ്ങളുടെ വിശ്വാസം കാത്തവർ. മരണത്തെ അഭിമുഖീകരിച്ചപ്പോൾ പോലും വിശ്വസ്തതയിൽ നിലനിന്നവർക്ക് അതിശയമായ ഭാവവ്യത്യാസം വന്നു. പിശാചുക്കളുടെ രൂപം പൂണ്ട് മനുഷ്യരുടെ ക്രൂരതയിൽനിന്നും അവർ പെട്ടെന്നു വിടുവിക്കപ്പെട്ടു. അല്പം മുമ്പ് വിളറി, പരിഭ്രാന്തി നിറഞ്ഞ്, ക്ഷീണിച്ച അവരുടെ മുഖങ്ങൾ ഇപ്പോൾ അതിശയത്താലും സ്നേഹത്താലും വിശ്വാസത്താലും ശോഭിച്ചു. “ദൈവം നമ്മുടെ സങ്കേതവും ബലവുമാകുന്നു;

കഷ്ടങ്ങളിൽ അവൻ ഏറ്റവും അടുത്ത തുണയായിരിക്കുന്നു. അതുകൊണ്ട് ഭൂമി മാറിപ്പോയാലും പർവ്വതങ്ങൾ കുലുങ്ങി സമുദ്രമ്യ വീണാലും അതിലെ വെള്ളം ഇരച്ചു കലങ്ങിയാലും അതിൻറെ കോപംകൊണ്ട് പർവ്വതങ്ങൾ കുലുങ്ങിയാലും നാം ഭയപ്പെടുകയില്ല" (സങ്കീ. 46:1-3) എന്ന പാട്ട് അവരുടെ വായിൽനിന്ന് പുറപ്പെട്ടു.

പരിശുദ്ധമായ അവരുടെ ഈ പാട്ട് ദൈവസന്നിധിയിലേക്ക് ഉയർന്ന പ്പോൾ കാർമേഘങ്ങൾ നീങ്ങി നക്ഷത്രങ്ങൾ തെളിഞ്ഞു ശോഭനമായ ആകാശം, താരതമ്യേന മറുവശത്തു കണ്ട് കറുത്ത കോപ്രപകടമായ അന്തരീക്ഷത്തിനുപകരം ദൃശ്യമായി.

സ്വർഗ്ഗനഗരത്തിന്റെ ശോഭ ദൂരത്തുള്ള വാതി ലിൽ കൂടി പ്രവഹിക്കുന്നു. അപ്പോൾ ആകാശത്തിൽ രണ്ടു കല്പലകകൾ ഒന്നിച്ചു മടക്കി പിടിച്ചിരിക്കുന്ന ഒരു കൈ പ്രത്യക്ഷമായി. "ദൈവം തന്നെ ന്യായാധിപതി ആയിരിക്കയാൽ ആകാശം അവൻറെ നീതിയെ ഘോഷിക്കും', (സങ്കി.50:6) എന്നു പ്രവാചകൻ പറയുന്നു. ഇടിമുഴക്കത്തിൻറെയും തീജ്വാലയുടെയും നടുവിൽ നിന്നും വഴികാട്ടിയായ ആ വിശുദ്ധ കല്പന, ദൈവനീതി, ഇപ്പോൾ ന്യായവിധിയുടെ തോതുതന്നെ എന്നു മനുഷ്യനു വെളിപ്പെട്ടു. ആ

കൈകൾ കല്പലകകൾ തുറന്നപ്പോൾ
ദൈവത്തിൻറെ പത്തു കല്പനകൾ
തീക്കല്ലുകൾകൊണ്ട്
എഴുതിയതുപോലെ കണ്ടു.
എല്ലാവർക്കും വായിക്കത്തക്കവണ്ണം
വാക്കുകൾ അത് വ്യക്തമായിരുന്നു.
ഓർമ്മ ഉത്തേജിപ്പിക്കപ്പെട്ടു.
അന്ധവിശ്വാസംമൂലം വ്യാപിച്ച ഇരുട്ടും
ദുരുപദേശവും എല്ലാ
ഹൃദയങ്ങളിൽനിന്നും നീങ്ങിപ്പോയി.
ഹ്രസ്വവും, അതേ സമയം വ്യാപകവുമായ
ദൈവത്തിൻറെ അധികാരസൂചകമായ
പത്തുകല്പനകൾ ഭൂവാസികൾ എല്ലാവരു
ടെയും മുൻപാകെ വെളിപ്പെടുത്തി.

ദൈവത്തിൻറെ വിശുദ്ധ നിയമങ്ങളെ
ബഹുമാനിക്കാതെ അവയ

മെതിച്ചുകളയുന്നവർക്കുണ്ടാകുന്ന ഭയവും നൈരാശ്യവും ആർക്കും വിവിക്കാവുന്നവ അല്ല. ദൈവകല്പനകളെ മനുഷ്യർ അവരുടെ സ്വഭാവവുമായി താരതമ്യപ്പെടുത്തി, അവരുടെ ജീവിതത്തിലുള്ള കുറവുകൾ മനസ്സി: പാക്കി മാനസാന്തരത്തിനും നവീകരണത്തിനുമുള്ള അവസരങ്ങൾ ഒരുക്കേണ്ടതിനു പകരം, ലോകപ്രീതി നേടുന്നതിനുവേണ്ടി ദൈവപ്രമാണങ്ങളെ നിരാകരി ക്കയും മറ്റുള്ളവരെ കല്പനാലംഘനത്തി നായി പഠിപ്പിക്കുകയും ചെയ്തിരുന്നു. അവർ ദൈവത്തിൻറെ വിശുദ്ധ ശബ്ബത്തിനെ അശുദ്ധമാക്കാൻ ദൈവജനത്തെ നിർബന്ധിക്കുകയും ചെയ്തിരുന്നു. അവർ നിന്ദിച്ച അതേ കല്പന അവരെ

കുറ്റം വിധിച്ചു. അവർക്കു തെറ്റി ഒഴിയാവുന്നതല്ല എന്നു വളരെ വ്യക്തമായി അവർ മനസ്സിലാക്കി. അവർ ആരെ സേവിക്കും നമസ്കരിക്കും എന്നുള്ളത് അവരുടെ തിരഞ്ഞെടുപ്പായിരുന്നു. “അപ്പോൾ നിങ്ങൾ നീതിമാനും ദുഷ്ടനും തമ്മിലും ദൈവത്തെ സേവിക്കുന്നവനും സേവിക്കാത്തവനും തമ്മിലുള്ള വ്യത്യാസം വീണ്ടും കാണും” (മലാഖി.3:18).

ദൈവകല്പനയുടെ ശത്രുക്കളായവർ, പുരോഹിതന്മാർ മുതൽ അവ രിൽ എളിയവർ വരെ ഉള്ളവർക്കു സത്യത്തെക്കുറിച്ചും അവരുടെ വ്യത്തികളെക്കുറിച്ചും ഒരു വ്യക്തമായ

അറിവുണ്ടായി. നാലാം കല്പനയായ ശബ്ബത്ത് ജീവനുള്ള ദൈവത്തിൻറെ മുദ്രയാകുന്നു. മണലിന്മേൽ അവർ അടി സ്ഥാനമിട്ട് പണിയുന്നതും അവർക്കു കടമായ വ്യാജശബ്ബത്തിൻറെ സ്വഭാവം മനസ്സിലാകുന്നതും വളരെ വൈകിപ്പോയി. അവർ ദൈവത്തോടും ദൈവനിയമത്തോടും ആയിരുന്നു മത്സരിച്ചിരുന്നതെന്നു മനസ്സിലാക്കുന്നു. മതോപദേഷ്ടാക്കന്മാർ ജനങ്ങളെ പറുദീസയിലേക്കു വഴികാട്ടുകയെന്ന ഭാവേന അവരെ നാശത്തിലേക്കായിരുന്നു നയിച്ചത്. അവസാന കണക്കു ബോധിപ്പിക്കുന്ന നാൾവരെ വിശുദ്ധമായ സ്ഥാനങ്ങൾ അലങ്കരിച്ചിരുന്ന അവരുടെ ചുമതലകൾ എത്ര ഘനമേറിയതായിരുന്നു എന്നും

അവരുടെ അവിശ്വസ്തത എത്ര ഭയാനകമായിരുന്നു എന്നും അറിയുകയില്ല. നിത്യതയിൽ മാത്രം നമുക്കു നഷ്ടപ്പെടുന്ന ആത്മാവിൻറെ വില എത്രമാത്രം എന്നു മനസ്സിലാക്കാൻ കഴിയും. ദുഷ്ട ദാസനെ നീ എന്നെ വിട്ടു പോകുക എന്നു ദൈവം ഒരുവനോടു പറയുകയാണെങ്കിൽ അവൻറെ അവസ്ഥ എത്ര ഭയങ്കരം.

യഹോവ തൻറെ ജനത്തോടുള്ള നിത്യനിയമം ചെയ്യുന്നതും, കർത്താവായ യേശുക്രിസ്തുവിൻറെ വരവിനുള്ള നാളും നാഴികയും പ്രസ്താവിക്കുന്നതുമായ ശബ്ദം സ്വർഗ്ഗത്തിൽനിന്നു കേൾക്കുന്നു. കൊടുംമുഴക്കംപോലെ അവൻറെ ശബ്ദവും ഭൂമിയിലെങ്ങും

മുഴങ്ങുന്നു. ദൈവത്തിൻറെ യിസ്രായേൽ മുകളിലേക്കു അവരുടെ കണ്ണുകളെ ഉയർത്തി യഹോവയുടെ വാക്കുകൾ ശ്രദ്ധിക്കുന്നു. മോശ് സീനായിയിൽ ദൈവസന്നിധിയിൽ നിന്ന് ഇറങ്ങിവന്നപ്പോൾ അവൻറെ മുഖം തേജസ്സിനാൽ എപ്രകാരം പ്രകാശിച്ചോ അതു പോലെ ദൈവ തേജസ്സിനാൽ അവരുടെ മുഖം പ്രകാശിച്ചു. ദുഷ്ടന്മാർക്ക് അവരെ നോക്കാൻ കഴിഞ്ഞില്ല. ദൈവത്തിൻറെ വിശുദ്ധ ശബ്ബത്തിനെ കാത്തു അവനെ ബഹുമാനിച്ച വൃതന്മാരുടെ മേൽ ദൈവത്തിൻറെ അനുഗ്രഹം പ്രസിദ്ധമാകുമ്പോൾ വിജയത്തിൻറെ വലിയൊരു ആരവം കേൾക്കുന്നു.

പെട്ടെന്നു മനുഷ്യൻറെ കൈപ്പത്തിയോളം വലിപ്പത്തിൽ ഒരു കറുത്ത മേഘം പ്രത്യക്ഷമായി. അതു രക്ഷിതാവിനെ ആവരണം ചെയ്യുന്ന മേഘമത്രെ. അതു ദൂരെനിന്നു നോക്കുമ്പോൾ കറുത്ത മേഘമായി തോന്നുന്നു. ദൈവമക്കൾ അതു മനുഷ്യപുത്രൻറെ അടയാളമാണെന്നറിയുന്നു. അത് ഭൂമിയോട് അടുത്തു വരുന്നത് അവർ ശ്രദ്ധയോടെ നോക്കുമ്പോൾ അത് കൂടുതൽ കൂടുതൽ പ്രകാശവും ശോഭയേറിയതും ആയി, അവസാനം അതു വലി യൊരു വെളുത്ത മേഘമായി കാണപ്പെട്ടു. അതിൻറെ കീഴറ്റം ദഹിപ്പിക്കുന്ന അഗ്നിപോലെ ശോഭയേറിയതും മുകളിൽ

നിയമത്തിൻറെ മഴവില്ല് വച്ചിരുന്ന
തുമാകുന്നു. കർത്താവ് മേഘത്തിന്മേൽ
ജയിച്ചവനായും ജയിപ്പാനായും പുറപ്പെട്ട
വീരയോദ്ധാവായിട്ടത്രേ വരുന്നത്.
“അവനു വിശ്വസ്തനും സത്യവാനും .
എന്നു പേർ. അവൻ നീതിയിൽ
വിധിക്കുകയും പോരാടുകയും ചെയ്യുന്നു.
സ്വർഗ്ഗത്തിലെ സൈന്യം
നിർമ്മലവും ശുഭ്രവുമായ വെള്ള വസ്ത്രം
ധരിച്ച് വെള്ളക്കുതിരപ്പുറത്തു കയറി
അവനെ അനുഗമിച്ചു”
(വെളി.19:11,14). ഇപ്പോൾ
കർത്താവു കഷ്ടതയുടെയും
നിന്ദയുടെയും കൈപ്പായ പാന പാത്രം
കുടിക്കുന്ന വ്യസന പാത്രമായിട്ടല്ല ,
സ്വർഗ്ഗത്തിലും ഭൂമിയിലും ജയാ
ളിയായി, ജീവിച്ചിരിക്കുന്നവരെയും

മരിച്ചവരെയും ന്യായം വിധിപ്പാനുള്ള ന്യായാധിപനായിട്ട് വരുന്നത്. സ്വർഗ്ഗീയതികളോടെ എണ്ണിക്കൂടാത വണ്ണം ഉള്ള വിശുദ്ധ ഗണം അവനെ അനുധാവനം ചെയ്യുന്നു. ആയിരം പതിനായിരങ്ങളായുള്ള ദൂതന്മാർ ആകാശം നിറഞ്ഞു കാണുന്നു. ഒരെഴുത്തു കാർക്കും വർണ്ണിക്കാനാവതില്ല ആ കാഴ്ച. അതിൻറെ പ്രഭ ഒരു മനുഷ്യമനസ്സിനും ഗ്രഹിക്കാവുന്നതല്ല. “അവൻറെ പ്രഭ ആകാശത്തെ മൂടുന്നു; അവൻറെ തിയാൽ ഭൂമി നിറഞ്ഞിരിക്കുന്നു. സൂര്യപ്രകാശംപോലെ ഒരു ശോഭ ഉളവായിരുന്നു; കിരണങ്ങൾ അവൻറെ പാർശ്വത്തുനിന്നു പുറപ്പെടുന്നു; അവിടെ അവൻറെ വല്ലഭത്വം

മറഞ്ഞിരിക്കുന്നു" (ഹബക്കൂക് 3:3, 4). കർത്താവു തന്നെയായ ആ ജീവനുള്ള മേഘം ഇനിയും അടുത്തുവന്നപ്പോൾ എല്ലാവരും ജീവദായകനായ ക്രിസ്തുവിനെ കാണുന്നു. ഇപ്പോൾ ഒരു മുൾക്കിരീടവും ആ ശിരസിനെ മുറിപ്പെടുത്തുന്നില്ല, എന്നാൽ ആ പരിശുദ്ധമായ ശിരസിൽ ഒരു ശോഭയേറിയ കിരീടം ധരിച്ചിരുന്നു. അവൻറെ മുഖത്തിൻറെ കണ്ണ് അഞ്ചിക്കുന്ന അതിശോഭ മദ്ധ്യാഹ്ന സൂര്യൻറെ ശോഭയിലും വലുതായിരുന്നു. "രാജാധിരാജാവും കർത്താധികർത്താവും എന്ന നാമം അവൻറെ ഉടുപ്പിന്മേലും തുടമേലും എഴുതിയിരിക്കുന്നു" (വെളി.19:16).

അവൻറെ മുഖപ്രകാശത്തിൽ എല്ലാ
മുഖങ്ങളും വിളറിപ്പോയി. ദൈവകൃപയെ
അഗണ്യമായി തള്ളിക്കളഞ്ഞവരുടെ
മേൽ നിത്യനൈരാശ്യത്തിൻ ഭീതി
വീഴുന്നു. "ഹൃദയം ഉരുകിപ്പോകുന്നു;
മുഴങ്കാൽ ആടുന്നു, എല്ലാ അരകളിലും
അതിവേദനയുണ്ട്; എല്ലാവരുടെയും മുഖം
വിളറിയിരിക്കുന്നു" (നഹൂം 2:10).
നീതിമാന്മാർ ഭയം നിറഞ്ഞവരായി.
"ആർക്കു നില്ക്കാൻ കഴിയും" എന്നു
കരയുന്നു. ദൂതന്മാരുടെ ഗാനങ്ങൾ
നിലച്ചു. ഭയാനകമായ ഒരു നിശ്ശബ്ദത
കുറെ നേരത്തേക്കു തുടർന്നു. അപ്പോൾ
ക്രിസ്തുയേശുവിൻറെ ശബ്ദം
പറയുന്നതായി കേട്ടത്: " എൻറെ കൃപ
നിനക്കു മതി" എന്നാണ്.
നീതിമാന്മാരുടെ മുഖം പ്രകാശിതമായി,

എല്ലാ ഹൃദയവും സന്തോഷത്താൽ നിറഞ്ഞു. ദൂതന്മാർ ഭൂമിയുടെ അടുത്തു വന്നപ്പോൾ ഉച്ചത്തിൽ പാടുന്നു.

രാജാധിരാജാവ് തീജ്വാലക്കൊത്ത പ്രകാശത്തോടുകൂടെ മേഘങ്ങളെ വാഹനമാക്കി ഭൂമിയിലേക്കു അടുത്തു. ആകാശം പുസ്തകച്ചുരുൾപോലെ നീങ്ങിപ്പോയി, അവൻറെ മുമ്പാകെ ഭൂമി വിറച്ചു; എല്ലാമലകളും ദ്വീപുകളും അവയുടെ സ്ഥാനത്തുനിന്ന് മാറിപ്പോയി. "നമ്മുടെ ദൈവം വരുന്നു; മൗനമായിരിക്കയില്ല. അവൻറെ മുമ്പിൽ തീ ദഹിപ്പിക്കുന്നു; അവൻറെ ചുറ്റും വലിയോരു കൊടുങ്കാറ്റടിക്കുന്നു. തൻറെ ജനത്തെ ന്യായം വിധിക്കേണ്ടതിനു അവൻ മേലിൽനിന്നു ആകാശത്തെയും

ഭൂമിയെയും വിളിക്കുന്നു” (സങ്കീ. 50:3,4).

“ഭൂമിയിലെ രാജാക്കന്മാരും മഹത്തുക്കളും സഹസ്രാധിപന്മാരും ധന വാന്മാരും ബലവാന്മാരും സകല ദാസനും സ്വതന്ത്രനും ഗുഹകളിലും മല പ്പാറകളിലും ഒളിച്ചുകൊണ്ടു മലകളോടും പാറകളോടും; ഞങ്ങളുടെ മേൽ വീഴുവിൻ; സിംഹാസനത്തിൽ ഇരിക്കുന്നവൻറെ മുഖം കാണാതവണ്ണവും കുഞ്ഞാടിൻറെ കോപം തട്ടാതവണ്ണവും ഞങ്ങളെ മറപ്പിൻ. അവരുടെ മഹാ കോപദിവസം വന്നു; ആർക്കു നില്ക്കാൻ കഴിയും എന്നു പറഞ്ഞു” (വെളി. 6:15-17).

ആക്ഷേപിച്ചിരുന്നവരുടെ പരിഹാസോച്ചാരണങ്ങൾ നിലച്ചു, വ്യാജാധരങ്ങൾ നിശ്ശബ്ദമായി. “ഒച്ചയോടെ ചവിട്ടി നടക്കുന്ന യോദ്ധാവിൻറെ ചെരി പ്പൊക്കെയും രക്തം പിരണ്ട വസ്ത്രവും വിറകുപോലെ തീക്കിരയായിത്തീരും (യെശ. 9:5). പ്രാർത്ഥനയുടെയും വിലാപത്തിൻറെയും ശബ്ദമല്ലാതെ ഒന്നും കേൾപ്പാനില്ല. ഇതുവരെയും പരിഹാസത്തിൻറെ ശബ്ദം പുറപ്പെട്ടിരുന്ന അധരത്തിൽ നിന്നും, പ്രാർത്ഥനയുടെ ശബ്ദം പുറപ്പെടുന്നു: “അവൻറെ ഉഗ്രകോപത്തിൻറെ നാൾ വന്നിരിക്കുന്നു, ആർക്കു സഹിക്കാം?” ദുഷ്ടന്മാർ നിന്ദിച്ചു ത്യജിച്ചവൻറെ മുഖം ദർശിക്കുന്നതിൽനിന്ന് മലകളോടും

പാറകളോടും ഞങ്ങളെ മൂടുവിൻ എന്നു പറയും.

മരിച്ചവരുടെ കാതുകളിൽ തുളച്ചു കയറുന്ന അവൻറെ ശബ്ദം അവരറിയും. എത്ര പ്രാവശ്യം അതേ മൃദുസ്വരം മാനസാന്തരത്തിനായി അവരോടു വാദിച്ചിട്ടുണ്ട്. ഒരു രക്ഷകൻറെ, ഒരു സഹോദരൻറെ, അല്ലെങ്കിൽ ഒരു ഉറ്റമിതത്തിൻറെ ഹൃദയസ്പർശിയായ സ്വരത്തിൽ അവരോടു കരഞ്ഞിട്ടുണ്ട്. ദീർഘ നാളുകളായി നിങ്ങളുടെ ദുർമാർഗ്ഗങ്ങളെ വിട്ടു തിരിവിൻ, തിരിവിൻ എന്ന് കരഞ്ഞ വാക്കുകൾക്കല്ലാതെ മറ്റൊന്നിനും ദൈവത്തിൻറെ കരുണയെ നിന്ദിച്ചു ത്യജിച്ചവരെ, ശിക്ഷ വിധിക്കാൻ

സാധിക്കയില്ല. കർത്താവ് അവരോടു പറയുന്നു: "ഞാൻ വിളിച്ചിട്ടു നിങ്ങൾ ശ്രദ്ധിക്കാതെയും, ഞാൻ കൈ നീട്ടിയിട്ടു ആരും കൂട്ടാക്കാതെയും നിങ്ങൾ എൻറെ ആലോചന ഒക്കെയും ത്യജിച്ചു കളയുകയും എൻറെ ശാസനയെ ഒട്ടും അനുസരിക്കാതിരിക്കയും ചെയ്തതു കൊണ്ട് ഞാനും നിങ്ങളുടെ അനർത്ഥ ദിവസങ്ങളിൽ ചിരിക്കും. നിങ്ങൾ ഭയപ്പെടുന്നത് നിങ്ങൾക്ക് ഭവിക്കുമ്പോൾ പരിഹസിക്കും" (സദൃശ.1:24,25). മുന്നറിയിപ്പു കൂട്ടാക്കാതിരുന്നത്, ക്ഷണം തിരസ്കരിച്ചത്, നല്ല അവസരങ്ങൾ, പദവികൾ എന്നിവ തള്ളിക്കളഞ്ഞത് ഇവ ഒക്കെയും അവരുടെ ഓർമ്മയിൽ വരും .

കർത്താവിന്റെ താഴ്ചയിൽ
പരിഹസിച്ചവർ ഉണ്ട്.
മഹാപുരോഹിതൻ, “നീ
ദൈവപുത്രനായ ക്രിസ്തു തന്നെയോ,
പറക” എന്ന ജീവനുള്ള ദൈവ .
അക്കൊണ്ട് ആണയിട്ടു ചോദിച്ചപ്പോൾ
“ഇനി മനുഷ്യ പുത്രൻ സർവ്വശ ക്തൻറെ
വലതു ഭാഗത്തിരിക്കുന്നതും ആകാശ
മേഘങ്ങളെ വാഹനമാക്കി വരുന്നതും
നിങ്ങൾ കാണും” (മത്തായി 26:64)
എന്നു പറഞ്ഞ യേശുവിൻറെ വാക്കുകൾ
ഏറ്റം ശക്തിയോടുകൂടെ അവരുടെ
മനസ്സുകളിൽ പതിയും. ഇപ്പോൾ അവർ
അവനെ തൻറെ മഹത്വത്തിൽ
കാണുന്നു, പിന്നീട് സർവ്വശ ക്തൻറെ
വലതുഭാഗത്തും കാണും.

അവൻ ദൈവപുത്രൻ എന്നു പറഞ്ഞപ്പോൾ പരിഹസിച്ചവർ മിണ്ടാതാക്കപ്പെട്ടു. അവൻറെ രാജകീയനാമത്തെ പരിഹസിച്ചു നിസ്സാരനാക്കി ശുഭ്ര വസ്ത്രം ധരിപ്പിച്ച് തിരികെ പീലാത്തോസിൻറെ മുമ്പാകെ വിട്ട അഹങ്കാരിയായ ഹെരോദാവ് ഇതാ നിൽക്കുന്നു. അഭക്തിയോടും പരിഹാസത്തോടും അവൻറെ വസ്ത്രം അഴിച്ചു ഒരു ചുവന്ന മേലങ്കി അവനെ ധരിപ്പിച്ചവർ, മുള്ളുകൊണ്ട് ഒരു കിരീടം മെടഞ്ഞു അവൻറെ തലയിൽ വച്ച് വലങ്കയ്യിൽ ഒരു കോലും കൊടുത്ത് അവൻറെ മുമ്പിൽ പരിഹാസത്തോടുകൂടെ മുട്ടുകുത്തി, യഹൂദന്മാരുടെ രാജാവേ, ജയ ജയ എന്ന്

അട്ടഹസിച്ചവർ, അവൻറെ മുഖത്തു തുപ്പി യവർ, കോൽ എടുത്ത് അവൻറെ തലയിൽ അടിച്ചവർ ഇവരൊക്കെയും തന്നെ അവിടെ നിൽക്കും. ജീവദായകനായ കർത്താവിനെ അടിച്ചവരും തുപ്പിയവരും അതളക്കുന്ന ദൃഷ്ടിയിൽനിന്ന് ഓടി ഒളിക്കാൻ ശ്രമിക്കും. അവൻറെ കാലിലും കരങ്ങളിലും ഇരുമ്പാണികൾ തറച്ചവരും, വിലാപ്പുറത്തു കുന്തം കൊണ്ട് കുത്തിത്തുളച്ച് റോമൻ പടയാളികളും ഈ മുറിപ്പാടുകളിലേക്കു ഭയത്തോടും സങ്കടത്തോടുംകൂടെ അത് നോക്കുന്നതു.

പുരോഹിതന്മാരും മൂപ്പന്മാരും ശാസ്ത്രിമാരും ഭയത്തോടും വിറയ ലോടുംകൂടി കാൽവറിയിലെ

സംഭവങ്ങളെ ഓർക്കാൻ ശ്രമിക്കുന്നു. നടുക്ക ത്തോടും ഭീതിയോടുംകൂടി അവർ എപകാരം തലകുലുക്കി അവനെ ദുഷിച്ചു, “ഇവൻ മറ്റുള്ളവരെ രക്ഷിച്ചു, തന്നെത്താൻ രക്ഷിപ്പാൻ കഴിയില്ല; അവൻ യിസ്രായേലിൻറെ രാജാവാകുന്നു എങ്കിൽ ഇപ്പോൾ ക്രൂശിൽ നിന്നു ഇറങ്ങി വരട്ടെ; എന്നാൽ ഞങ്ങൾ അവനിൽ വിശ്വസിക്കും. അവൻ ദൈവത്തിൽ ആശ്രയിക്കുന്നു; അവനു ഇവനിൽ പ്രസാദമുണ്ടെങ്കിൽ ഇപ്പോൾ വിടുവി ക്കട്ടെ” (മത്തായി. 27:42,43) എന്നു പറഞ്ഞതു അവരുടെ ഓർമ്മയിൽ വരും.

വളരെ വ്യക്തമായി, കർത്താവു ദുഷ്ടന്മാരായ കുടിയാന്മാരെപ്പറ്റി പഠിപ്പിച്ച

ഉപമ അവരുടെ ഓർമ്മയിൽ വന്നു. ഗൃഹസ്ഥനായ ഒരു മനുഷ്യൻ തൻെറ മുന്തിരിതോട്ടം കുടിയാന്മാരെ പാട്ടത്തിനു ഏല്പിച്ചിട്ടു പരദേശത്തിനു പോയി.ഫലകാലം വന്നപ്പോൾ യജമാനൻ തൻെറ ദാസന്മാരെ തനിക്കുള്ള അനുഭവം വാങ്ങുന്നതിന് അവരുടെ അടുക്കലയച്ചു. അവരോ തൻെറ ദാസന്മാരെ അവഹേളിച്ചു തൻെറ മകനെ അവർ കൊന്നു. അവൻ ആ വല്ലാത്തവ ന്മാരെ വല്ലാതെ നിഗ്രഹിച്ചു തക്കസമയത്ത് അനുഭവം കൊടുക്കുന്ന വേറെ കുടിയാന്മാരെ തോട്ടം ഏൽപ്പിക്കും എന്ന് അവൻ അവരോടുപറഞ്ഞ ന്യായ വിധി ഓർക്കും.ആ അവിശ്വസ്ഥരായ മനുഷ്യരുടെ പാപവും പാപത്തിനുള്ള

ശിക്ഷയിയും പുരോഹിതന്മാരും മൂപ്പന്മാരും എടുത്ത് തെറ്റായ വഴികളും അവർക്കു ലഭിക്കാനുള്ള ശിക്ഷാവിധിയും അവർ മനസ്സിലാക്കുന്നു. അന്നു യെരുശലേമിൻറെ തെരുവിലൂടെ “അവനെ ക്രൂശിക്ക, അവനെ ക്രൂശിക്ക, എന്നു മുഴങ്ങിയ വിളിയെക്കാൾ ഉച്ചത്തിലിപ്പോൾ അവൻ ദൈവ പുത്രൻ തന്നെ, അവൻ മിശിഹാ അത്” എന്നുള്ളതായ ദയനീയ കരച്ചിൽ ഉയരുന്നു. രാജാധിരാജാവിൻറെ സന്നിധിയിൽനിന്നും ഓടിക്കളെയാൻ അവർ ശ്രമിക്കുന്നു. പ്രകൃതിക്ഷോഭം നിമിത്തം ഭൂമിയുടെ ഉപരിതലങ്ങളിൽ ഉണ്ടായ ആഴമേറിയ ഗഹ്വരങ്ങളിൽ നിഷ്ഫലമായി ഒളിക്കാൻ അവർ ഒരുമ്പെടും.

സത്യത്തെ പുറം തള്ളി ജീവിച്ച എല്ലാവർക്കും അവരുടെ മനസ്സാക്ഷി ക്കെതിരെ കുറ്റം വിധിക്കുന്ന സമയങ്ങൾ ഉണ്ട്. കഴിഞ്ഞ കാലത്തെ ജീവിതം ഓർക്കുമ്പോൾ അവരുടെ ഓർമ്മയിൽ കപട ഭക്തിയായി, നാമധേയ ക്രിസ്ത്യാനിയായി ജീവിച്ചതോർത്ത് മനസ്സ നോവുന്ന അനുഭവവും പ്രയോ ജന ശൂന്യമായ പശ്ചാത്താപവും അവർക്കുണ്ടാവാം. എന്നാൽ "അവർ ഭയപ്പെടുന്നതു അവർക്കു കൊടുങ്കാറ്റുപോലെയും അവരുടെ ആപത്തു ചുഴലിക്കാറ്റുപോലെയും വരുമ്പോൾ, കഷ്ടവും സങ്കടവും വരുമ്പോൾ ഇപ്പോൾ ഉള്ള പശ്ചാത്താപംകൊണ്ട് എന്തു

പ്രയോജനം. “അപ്പോൾ അവർ എന്നെ വിളിക്കും; ഞാൻ ഉത്തരം പറകയില്ല. എന്നെ ജാഗ്രതയോടെ അന്വേഷിക്കും; കണ്ടെത്തുകയുമില്ല” (സദൃശ.1:28). ക്രിസ്തുവിനെയും അവൻറെ വൃതന്മാരെയും ഉന്മൂലനം ചെയ്യാൻ ഒരുമ്പെട്ടവർ ഇപ്പോൾ അവരുടെ മേൽ അധിവസിക്കുന്ന പ്രഭ കാണുന്നു. അവരുടെ ഭീതിയുടെ മദ്ധ്യ വിശുദ്ധന്മാർ “ഇതാ, നമ്മുടെ ദൈവം അവനെയത്രെ നാം കാത്തിരുന്നതു; അവൻ നമ്മ രക്ഷിക്കും; അവൻ തന്നെ യഹോവ; അവനെയത നാം കാത്തിരുന്നതു; അവൻറെ രക്ഷയിൽ നമുക്ക് ആനന്ദിച്ചു സന്തോഷിക്കാം” എന്ന് സന്തോഷ ശബ്ദം ഉയർത്തി (യെശ.25:9).

ഭൂമി ചാഞ്ചാടുകയും മിന്നൽ അതിനെ ചുറ്റുകയും ചെയ്തു. ഇടിമുഴ ക്കത്തിൻറെ ഒച്ചയുടെ മദ്ധ്യേ ദൈവപുത്രൻ കല്ലറകളിലുറങ്ങുന്ന വൃതന്മാരെ വിളിക്കുന്നു. അവൻ നീതിമാന്മാരുടെ കല്ലറകളിന്മേൽ നോക്കി, സ്വർഗ്ഗത്തിലേക്കു കൈകളുയർത്തി വിളിക്കുന്നു: മണ്ണിൽ ഉറങ്ങുന്നവരെ നിദ്രയിൽ നിന്നും ഉണരുക, ഉണരുക, എഴുന്നേൽക്ക്. ഭൂമിയുടെ ഒരറ്റം മുതൽ മറ്റെ അറ്റം വരെ മരിച്ചവർ ആ ശബ്ദം കേൾക്കുകയും കേൾക്കുന്നവർ ഉയിർത്തെ ഴുന്നേൽക്കുകയും ചെയ്യും. ഭൂമി മുഴുവൻ സകല ജാതിയിലും ഗോത്രത്തിലും, ഭാഷയിലും നിന്നുള്ള ഏറ്റം വലിയ ജനക്കൂട്ടത്തിൻറെ നടുക്കുന്ന കാലൊച്ചകളാൽ മുഖരിതമാകും.

മരണമാകുന്ന തടങ്കലിൽനിന്നും അമർത്ത്യമായ പ്രഭ യോടുകൂടെ, ഹേ മരണമേ നിൻറെ വിഷമുള്ള് എവിടെ? ഹേ മരണമേ നിൻറെ ജയം എവിടെ? എന്നുള്ള വെല്ലുവിളിയോടുകൂടി അവർ പുറത്തുവരും (1കൊരി. 15:55). ജീവനോടെ ശേഷിക്കുന്ന വിശുദ്ധന്മാരും മരണത്തിൽനിന്ന് ഉയിർത്തെഴുന്നേറ്റ വിശുദ്ധന്മാരും ഒന്നിച്ച് മഹാസന്തോഷത്തോടും ആഹ്ളാ ദത്തോടുംകൂടെ ആ വിജയത്തിൻറെ പാട്ടുപാടും.

എല്ലാവരും അവരുടെ കല്ലറകളിൽനിന്നും അതിൽ പ്രവേശിച്ച അതേ ഉയരത്തിലും വലിപ്പത്തിലും പുറത്തുവരും. ആദാം

ഉയിർത്തെഴുന്നേറ്റവരുടെ വലിയ കൂട്ടത്തിൽ എല്ലാവരിലും പ്രതാപമുള്ളവനായിരിക്കും. ഉയർച്ചയിൽ ദൈവപുത്രനെക്കാൾ അല്പം കുറഞ്ഞായിരിക്കും, അവൻറെ ഉയരവും ആകാരവും താരതമ്യേന പിൻതലമുറയോടു വ്യത്യസ്തമായിരിക്കും. ഈ കാര്യത്തിൽ മനുഷ്യവർഗ്ഗം എത്രമാത്രം അധഃപതിച്ചു എന്നു മനസ്സിലാക്കാൻ കഴിയും. എന്നാൽ എല്ലാവരും നിത്യ യുവത്വത്തിൻറെ പുതുമയോടും പ്രഭയോടും കൂടെയാണ് എഴുന്നേൽക്കുക. ആദിയിൽ മനുഷ്യൻ ദൈവത്തിൻറെ സ്വരൂപത്തിൽ സൃഷ്ടിക്കപ്പെട്ടു. സ്വഭാവത്തിൽ മാത്രമല്ല, ആകാരത്തിലും പ്രകൃതിയിലും അവൻ

ദൈവത്തിൻറെ സാദൃശ്യത്തിലായിരുന്നു സൃഷ്ടിക്കപ്പെട്ടതു. പാപം ആ ദിവ്യരൂപത്തെ പാടെ ഇല്ലാതാക്കി. എന്നാൽ ക്രിസ്തു നഷ്ടമായതു വീണ്ടെടുപ്പാനായിട്ട് വന്നത്. അവൻ നമ്മുടെ താഴ്ചയുള്ള ശരീരത്തെ തൻറെ മഹത്വമുള്ള ശരീരത്തോടു അനുരൂപമായി രൂപാന്തരപ്പെ ടുത്തും. മർത്യമായ, ദ്രവത്വം ഉള്ള നമ്മുടെ സൗന്ദര്യം നഷ്ടപ്പെട്ട്, ഒരിക്കൽ പാപത്താൽ മലിനമായ ഈ ശരീരം, സൗന്ദര്യവും മഹത്വവും പൂർണ്ണതയും ഉള്ളതും അവർണ്ണ്യവും ആയിരിക്കും. എല്ലാ ഊനവും, അംഗവൈകല്യവും കല്ലറയിൽ ഉപേക്ഷിക്കപ്പെടും. മനുഷ്യനു നഷ്ടപ്പെട്ട പറുദീസയിലെ ജീവ വൃക്ഷത്തിലേക്കു വീണ്ടും അവൻ

അവകാശം പ്രാപിച്ചു. വീണ്ടെടുക്കപ്പെട്ട
വർ പരിപൂർണ്ണ വളർച്ച പ്രാപിച്ച്
ആദിയിൽ മനുഷ്യനുണ്ടായിരുന്ന
മഹത്വം പ്രാപിക്കും. പാപത്തിൻറെ
ശിക്ഷാവിധി വരുത്തിവച്ച സകല
പാപവും നീക്കപ്പെട്ടു. ക്രിസ്തുവിൻറെ
വിശ്വസ്തരായവർ നമ്മുടെ
കർത്താവിന്റെ സൗന്ദര്യവും
സാദൃശ്യവും
പ്രതിഫലിപ്പിക്കുന്നവരായിത്തീരും.
എത്ര അത്ഭുതകരമായ വീണ്ടെടുപ്പ്!
നാളുകളായി വളരെക്കാലം
സംസാരിച്ചതും പ്രത്യാശിച്ചതും
ആഗ്രഹിച്ചതും എന്നാൽ
പരിപൂർണ്ണമായി ഇതുവരെ
മനസ്സിലാക്കാൻ കഴിയാത്തതുമായ
വീണ്ടെടുപ്പത്രേ അത്.

ജീവനോടെ ശേഷിക്കുന്ന നീതിമാന്മാർ പെട്ടെന്ന് "കണ്ണിമയ്ക്കുന്നിടയിൽ രൂപാന്തരം പ്രാപിക്കും". കർത്താവിന്റെ അന്ത്യ കൃപാ നാദത്തിങ്കൽ അവർ മഹത്വീകരണം പ്രാപിച്ച് ഇപ്പോൾ അമർത്യത ധരിച്ച് ഉയിർത്തെഴു ന്നേൽക്കപ്പെട്ട വിശുദ്ധന്മാരോടൊരുമിച്ചു കർത്താവിനെ എതിരേൽപാൻ മേഘങ്ങളിൽ എടുക്കപ്പെടുന്നു. ദൂതന്മാർ തൻറെ വൃതന്മാരെ ഭൂമിയുടെ അറു തിമുതൽ ആകാശത്തിൻറെ അറുതി വരെ നാലു ദിക്കിൽ നിന്നും കൂട്ടിച്ചേർക്കും (മർക്കൊ. 13:27). ചെറിയ കുഞ്ഞുങ്ങളെ ദൂതന്മാർ കരങ്ങളിൽ വഹിച്ച് അവരുടെ

അമ്മമാരുടെ കൈകളിൽ ഏല്പിക്കും. സ്നേഹിതർ വളരെ നാളുകളായി മരണത്താൽ വേർപെട്ടവർ ഇനി ഒരിക്കലും വേർപെടാതെ ഒന്നിച്ചു ചേർക്കപ്പെടുകയും, സന്തോഷത്തിൻറെ ഗാനങ്ങൾ പാടി ദൈവത്തിൻറെ നഗരത്തിലേക്കു കയറിപ്പോകുകയും ചെയ്യും.

മേഘത്തേരിൻറെ ഇരുവശത്തും ചിറകുകൾ ഉണ്ട്, ചിറകുകളുടെ കീഴിൽ ജീവനുള്ള ചകങ്ങൾ ഉണ്ട്. രഥങ്ങൾ മുകളിലേക്കു പോകുമ്പോൾ ചക്രങ്ങളും ചിറകുകളും പരിശുദ്ധൻ, പരിശുദ്ധൻ എന്നു ആർക്കുന്നു. അകമ്പടിയായി പോകുന്ന ഭൃതഗണങ്ങളും പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ, സർവ്വ

ശക്തനായ യഹോവ പരിശുദ്ധൻ എന്ന് ആർക്കുന്നു". രഥം പുതിയ യെരുശലേമിലേക്ക നീങ്ങുമ്പോൾ വീണ്ടെടുക്കപ്പെട്ടവർ "ഹാലേലുയ്യാ" എന്ന വിളിക്കും.

ദൈവത്തിൻറെ നഗരത്തിൽ പ്രവേശിക്കുന്നതിന്ന മുമ്പ്, രക്ഷിതാവ് ജയത്തിൻറെ അടയാളം കർത്താവിന്റെ അനുയായികൾക്ക് സമ്മാനിക്കുകയും അവരുടെ രാജകീയ അവസ്ഥയ്ക്ക് അടയാളമായ മുദ്ര കുത്തുകയും ചെയ്യുന്നു. കർത്താവിന്റെ രാജകീയ പ്രതാപത്തിൻറെ തേജസ്സ് വിശുദ്ധന്മാരുടെയും ദൂത ന്മാരുടെയും തേജസ്സിലും ഉന്നതമായതാണ്. തൻറെ ജനത്തെക്കണ്ട് സന്തോഷത്താൽ

പുഞ്ചിരി ളുകുന്ന കർത്താവിന്റെ മേൽ
വീണ്ടെടുക്കപ്പെട്ട എണ്ണിക്കൂടാതവണ്ണമുള്ള
എല്ലാ വിശുദ്ധന്മാരുടെയും ദൃഷ്ടി
പതിക്കും; അവൻറെ ആകൃതി കണ്ടാൽ
മനുഷ്യനല്ല എന്നു തോന്നുമാറു
വിരൂപമാക്കപ്പെട്ട ആ രൂപത്തിൻറെ
ഇപ്പോഴുള്ള ശോഭ് കണ്ടു എല്ലാവരും
അതിശയിക്കും. ജയിക്കു ന്നവരുടെ
തലയിൽ യേശു തൻറെ സ്വന്തം
കയ്യാൽ മഹത്വമുള്ള കിരീടം വയ്ക്കും .
ജയിക്കുന്ന ഏവർക്കും കർത്താവിന്റെ
പുതിയ നാമം (വെളി.2:17)
എഴുതിയിരിക്കുന്ന ഓരോ കിരീടമുണ്ട്.
അതിന്മേൽ എഴുതിയിരിക്കുന്നതോ
“യഹോവയ്ക്ക് വിശുദ്ധം’ എന്നത്.
ജയിക്കുന്ന ഓരോരുത്തൻറെയും കയ്യിൽ
കുരുത്തോലയും തിളങ്ങുന്ന വീണയും

കൊടുക്കും. സ്വർഗ്ഗീയ ഗായകസം

ഘത്തിൻറെ നായകനായ ദൂതൻ തൻറെ

വീണ മീട്ടുമ്പോൾ, ഓരോ ഗായകനും

വൈദഗ്ധ്യത്തോടെ, മധുരവും

മനോഹരവുമായ നാദം പുറപ്പെടുവിക്കും.

ഓരോ ഹൃദയവും അവർണ്ണനീയമായ

ആഹ്ളാദത്താൽ നിറഞ്ഞ് തോത്

ത്തോടും സ്തുതിയോടുംകൂടി അവരുടെ

ശബ്ദം ഉയർത്തി "നമ്മെ

സ്നേഹിക്കുന്നവനും നമ്മുടെ പാപം

പോക്കി നമ്മ തൻറെ രക്തത്താൽ

വിടുവിച്ച് തൻറെ പിതാവായ

ദൈവത്തിനു നമ്മെ രാജ്യവും

പുരോഹിതന്മാരും ആക്കി

തീർത്തവനുമായവനു എന്നേക്കും

മഹത്വവും ബലവും, ആമേൻ”
(വെളി.1:6) എന്നുച്ചത്തിൽ പാടും.

ക്രിസ്തുവിൻറെ രക്തത്താൽ
വീണ്ടെടുക്കപ്പെട്ട കൂട്ടത്തിന്ന മുമ്പാകെ
വിശുദ്ധ നഗരം കാണപ്പെടുന്നു.
മുത്തുകളാൽ നിർമ്മിതമായ
ഗോപുരങ്ങൾ കർത്താവ്
ദൈവകല്പനയും യേശുവിങ്കലുള്ള
വിശ്വാസവും കാത്തുകൊണ്ട്,
വിശുദ്ധന്മാരുടെ സഹിഷ്ണത കാട്ടിയ
ദൈവമക്കൾക്കായി വിശാലമായി
തുറന്നു കൊടുക്കും. അവർ വാതിലിലൂടെ
നഗരത്തിൽ പ്രവേശിക്കും. അവിടെ
ആദാം പാപത്തിന്ന മുമ്പ് വസിച്ചിരുന്ന
പറുദീസ അവർ കാണും. മനുഷ്യ
കാതുകളിൽ ഇതുവരെയും

മുഴങ്ങിയിട്ടില്ലാത്ത മനോഹര ശബ്ദം, ഇപ്രകാരം പറയുന്നത് അവർ ശ്രവിക്കും:- "നിങ്ങളുടെ പോരാട്ടം അവസാനിച്ചു, ഓട്ടത്തിൽ നിങ്ങൾ വിശ്വാസം കാത്തു, ഇനി എൻറെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരേ ലോകസ്ഥാപനം മുതൽ നിങ്ങൾക്കായി ഒരുക്കിയിരിക്കുന്ന രാജ്യം അവകാശമാക്കിക്കൊൾവീൻ" (മത്താ. 25 : 34).

ഇപ്പോൾ, ശിഷ്യന്മാർക്കുവേണ്ടി കർത്താവ് പിതാവിനോടു പ്രാർത്ഥിച്ച പ്രാർത്ഥനയായ, "പിതാവെ അങ്ങെനിക്കു തന്നിട്ടുള്ളവർ ഞാൻ ഇരിക്കുന്ന ഇടത്ത് എന്നോടുകൂടെ ഇരിക്കണം" എന്നത് നിറവേറുന്നു.

"വീഴാതവണ്ണം നിങ്ങളെ സൂക്ഷിച്ച്,
തൻറെ മഹിമാസന്നിധിയിൽ
കളങ്കമില്ലാത്തവരായി ആന ന്ദത്തോടെ
നിർത്തുവാൻ ശക്തിയുള്ള നമ്മുടെ
കർത്താവായ യേശുക്രിസ്തു" (യൂദാ 24)
തൻറെ രക്തത്താൽ
വീണ്ടെടുക്കപ്പെട്ടവരെ പിതാവിൻറെ
അടുക്കൽ നിർത്തി പ്രസ്താവിക്കുന്നതു,"
ഇതാ, ഞാനും അങ്ങു എനിക്ക്
തന്നിട്ടുള്ള മക്കളും, ഞാൻ അവരെ
സൂക്ഷിച്ചു. വീണ്ടെടുപ്പിൻ സ്നേഹം എത്ര
അത്ഭുതം! നിത്യനായ പിതാവു, തൻറെ
ഏകജാതനായ പുത്രൻറെ രക്തത്താൽ
വിലയ്ക്കു വാങ്ങപ്പെട്ട തൻറെ മക്കൾ
പാപത്തിൻറെ കറ നീക്കപ്പെട്ടും ശാപം
മാറ്റപ്പെട്ടും തിരുസന്നിധിയിൽ വീണ്ടും
ദിവ്യ രൂപം ധരിച്ചു നിൽക്കുന്നതു

കാണുമ്പോൾ ഉണ്ടാകുന്ന സന്തോഷം അവർണനീയം അത്.

പറഞ്ഞറിയിപ്പാൻ കഴിയാത്ത സന്തോഷത്തോടെ കർത്താവായ യേശു ക്രിസ്തു തൻറെ വിശ്വസ്തരായ മക്കളെ പിതാവിൻറെ സന്തോഷത്തിലേക്കു ക്ഷണിക്കുന്നു. കർത്താവിനുള്ള സന്തോഷം, തൻറെ താഴ്ചയാലും സഹിച്ച് യാതനകളാലും രക്ഷിക്കപ്പെട്ട വിശുദ്ധ ഗണം മഹത്വ രാജ്യത്തിൽ നിൽക്കു ന്നതു കാണുന്നതായിരിക്കും. വീണ്ടെടുക്കപ്പെട്ടവർ, അവരുടെ പ്രാർത്ഥനയാലും അദ്ധ്വാനത്താലും സ്വയത്യാഗത്താലും ആദായപ്പെട്ട ആത്മാക്കളെ കാണുമ്പോൾ അവർ

കർത്താവിന്റെ സന്തോഷത്തിൽ
പങ്കുകാരും ഓഹരിക്കാരും
ആയിത്തീരും. വിശുദ്ധന്മാരുടെ സംഘം
ആ വെള്ള സിംഹാസനത്തിനു ചുറ്റും
നിൽക്കുമ്പോൾ അവർ
ക്രിസ്തുവിനുവേണ്ടി
ആദായപ്പെടുത്തിയവരെയും,
ആദായപ്പെട്ടവർ ഓരോരുത്തരും
തുടർന്നു തൻെറ സഹോദ രനേയും
കൂട്ടുകാരനേയും അവർ ഓരോരുത്തരും
വീണ്ടും മറ്റനേകരേയും ഇങ്ങനെ
ദൈവരാജ്യത്തിലേക്കു കൊണ്ടുവരപ്പെട്ട
രക്ഷിത ഗണത്തിൻെറ വലിയൊരു കൂട്ടം
കർത്താവിന്റെ സ്വന്തതയിൽ
പ്രവേശിച്ചത് ദർശിക്കും. എല്ലാ വരും
തങ്ങളുടെ കിരീടങ്ങൾ കർത്താവിന്റെ
കാൽക്കൽ വച്ച് അവനെ നിത്യവും

സ്തുതിക്കുന്നതു കാണുമ്പോൾ
അവർക്കുള്ള സന്തോഷം അവർ
ണനീയമായിരിക്കും.

വീണ്ടെടുക്കപ്പെട്ടവർ നമ്മുടെ
ദൈവത്തിൻറെ നഗരത്തിലേക്ക്
സ്വാഗതം ചെയ്യപ്പെട്ടുമ്പോൾ
കർത്താവിനു അവർ പാടുന്ന
സ്തുതികളാൽ അന്തരീക്ഷം
മുഖരിതമായിത്തീരും. വീണ്ടെടുക്കപ്പെട്ട
ഒന്നാമത്തെ ആദാമും, വീണ്ടെടുത്ത
വനായ രണ്ടാം ആദാമും തമ്മിൽ
കണ്ടുമുട്ടുവാൻ മിക്കവാറും സമയമായി.
ദൈവം സ്വന്ത സാദൃശ്യത്തിൽ
മനുഷ്യനെ സൃഷ്ടിച്ചു. എന്നാൽ അവൻ
സ്രഷ്ടാവിനു എതിരേ പാപം ചെയ്തു. ആ
പാപത്തിനു പ്രായശ്ചിത്തമായി

നമുക്കുവേണ്ടി കുരിശിൽ
തിരുശരീരത്തിൽ ഏറ്റതായ
ആണിപ്പാടുകൾ ഉള്ള കൈകൾ നീട്ടിയ
കരവുമായി മനുഷ്യവർഗ്ഗത്തിന്റെ ആദ്യ
പിതാവിനെ സ്വീകരിപ്പാൻ ക്രിസ്തു
കാത്തുനിൽക്കുന്നു. ക്രൂരന്മാരാൽ
ഏറ്റതായ മുറിപ്പാടുകൾ ആദാം
ദർശിക്കുമ്പോൾ, നമ്മുടെ
കർത്താവിന്റെ മാർവ്വിലേക്കു
ചാരുകയില്ല. നേരേമറിച്ച് താഴ്മയോടും
വിനയത്തോടും അത്യച്ചത്തിൽ,
അറുക്കപ്പെട്ട കുഞ്ഞാടു ശക്തിയും ധനവും
ജ്ഞാനവും ബലവും ബഹുമാനവും
മഹത്വവും സ്തോത്രവും ലഭിപ്പാൻ
യോഗ്യൻ എന്നു പറഞ്ഞുകൊണ്ട്
തൃപ്പാദത്തിൽ വീഴും. "രക്ഷിതാവ്
ആർദ്രകരുണയോടെ അവനെ

എഴുന്നേൽപ്പിച്ച് ഈ കാലങ്ങൾ ഒക്കെയും അവൻ വിട്ടുപോന്ന ഏദെൻ പരുദീസയിലേക്കു ഒരു പ്രാവശ്യം കൂടി നോക്കുവാൻ കല്പിക്കും.

ഏദനിൽനിന്നും ആദാം ബഹിഷ്കരിക്കപ്പെട്ടതിനുശേഷം ഈ ലോകത്തിൽ അവൻ്റെ ജീവിതം ദുഃഖം പൂർണ്ണമായിരുന്നു. ഓരോ ഉണങ്ങിയ ഇലയും, ഓരോ യാഗവസ്തുവും, മനോഹരമായി ദൈവം സൃഷ്ടിച്ച ഭൂമിമേൽ വെൺകതിർ, വിഷമഞ്ഞു, കന്മഴ മുതലായവ മൂലമുണ്ടായ ഓരോ ദണ്ഡനവും, മനുഷ്യൻ്റെ വിശുദ്ധിയെ കളങ്കപ്പെടുത്തുന്ന ഓരോ കളങ്കവും, അവൻ ചെയ്ത പാപത്തെ ഓർപ്പിക്കുന്നതായിരുന്നു. പാപം

അടിക്കടി പെരുകിയപ്പോൾ, പാപത്തിനെതിരെ താൻ കൊടുത്ത മുന്നറിയിപ്പിന്ന മറുപടിയായി ഏൽക്കേണ്ടി വന്ന ഓരോ നിന്ദയും മുഖാന്തരം അവനുണ്ടായ പശ്ചാത്താപവും ഭയങ്കരമായിരുന്നു. പാപത്തിൻറെ ശിക്ഷ ഏകദേശം ആയിരം വർഷത്തോളം അവൻ സഹിഷ്ണുതയോടെ ഏറ്റു. അവൻ പാപത്തെക്കുറിച്ച് പരമാർത്ഥമായി അനുതപിച്ചു. വാഗ്ദത്തം ചെയ്യപ്പെട്ട രക്ഷിതാവിൻറെ വാഗ്ദത്തങ്ങളിൽ വിശ്വസിച്ച് കർത്താവിന്റെ മഹത്വ പ്രത്യക്ഷതയിൽ ഉയിർക്കപ്പെടുമെന്നുള്ള പ്രത്യാശയിൽ മരിച്ചു. ദൈവപുത്രൻ മനുഷ്യനെ അവൻറെ വീഴ്ചയിൽനിന്നും

തോൽവി യിൽനിന്നും തൻറെ പാപപരിഹാര ബലിയാൽ വീണ്ടെടുത്തു. ആദാമിനെ അവൻറെ ആദ്യനിലയിൽ പുനഃസ്ഥാപിച്ചു.

അവൻറെ കണ്ണുകൾക്കു കൗതുകവും ഹൃദയത്തിന് ആനന്ദവുമായിരുന്നതും, താൻ തന്നെ ഫലങ്ങൾ ശേഖരിച്ചിരുന്നതുമായ ഓരോ വൃക്ഷവും ആദാം കാണുന്നു. അവൻറെ കൈകൾ വളർത്തി കയറ്റിവിട്ട ഓരോ ചെടിയും, ഏറ്റം താല്പര്യത്തോടു സൂക്ഷിച്ചിരുന്ന ഓരോ പുഷ്പവും വീണ്ടും കാണുന്നു. അന്തരീക്ഷത്തിൻറെ യാഥാർത്ഥ്യം മനസ്സിലാക്കുകയും, വീണ്ടെടുക്കപ്പെട്ട പറുദീസ അവൻ അതിൽനിന്ന് ബഹിഷ്കരിക്കപ്പെട്ടപ്പോഴുണ്ടായിരുന്നതി

ൽ അധികം മനോഹരമായിട്ടുള്ളതെന്നു മനസ്സിലാക്കുകയും ചെയ്യുന്നു. രക്ഷിതാവ് അവനെ ജീവവൃക്ഷത്തിങ്കലേക്കു നയിച്ചു. അതിൽ നിന്ന് മനോഹരമായ പഴം പറിച്ചുകൊടുത്തു ഭക്ഷിപ്പാൻ കല്പ്പിക്കുന്നു. അവൻ ചുറ്റുപാടും നോക്കി, അവൻറെ ഭവനത്തിൽനിന്നും വീണ്ടെടുക്കപ്പെട്ട വലിയോരു കൂട്ടം

ദൈവത്തിൻറെ പറുദീസയിൽ നിൽക്കുന്നതു കാണുന്നു. അപ്പോൾ അവൻ തൻറെ മിന്നുന്ന കിരീടം യേശുവ) - കാൽക്കൽ വച്ച്, വീണ്ടെടുപ്പുകാരൻറെ മാർവിൽ ചാരി അവനെ ചുംബിക്കുന്നു. അവൻ സ്വർണ്ണ വീണ കയ്യിൽ ഏന്തി, മരിച്ചവനും എന്നാൽ ജീവിച്ചവനുമായ

ദൈവകുഞ്ഞാട് സ്തുതിക്കും സ്തോത്രത്തിനും പുകഴ്ചക്കും യോഗ്യൻ എന്നുള്ള ജയത്തിൻറെ പാട്ട് പാടുന്നു. ആദാമിൻറെ കുടുംബം അവരുടെ കിരീടങ്ങളെ രക്ഷിതാവിൻറെ കാൽക്കൽവച്ചു ഭയഭക്തിയോടെ ആ ഗാനം ഏറ്റുപാടും.

ആദാമിൻറെ വീഴ്ചയിൽ കരഞ്ഞതായ ദൂതന്മാർ, ഈ പുനസംഗമം കാണും. ഇപ്പോൾ വീണ്ടെടുപ്പിൻറെ വേല പൂർത്തിയാകുന്നത് അവർ ദർശിക്കും, അവരും കർത്താവിനു സ്തുതി പാടുന്നതിൽ യോജിക്കും.

സിംഹാസനത്തിനുമുമ്പിൽ പളുങ്കിനൊത്തതും ദൈവത്തിൻറെ

മഹത്വ ത്താൽ ഉജ്ജ്വലവുമായ
കണ്ണാടിക്കടലിങ്കൽ, മൃഗത്തോടും
അതിൻറെ പ്രതിമ യോടും, പേരിൻറെ
സംഖ്യയോടും ജയിച്ചവർ നിൽക്കുന്നു.
സീയോൻ മലയിൽ കുഞ്ഞാടും
അവനോടുകൂടി മനുഷ്യരുടെ
ഇടയിൽനിന്നു വീണ്ടെടുക്കപ്പെട്ട
നൂറ്റിനാല്പത്തിനാലായിരംപേരും
ദൈവത്തിൻറെ വീണയുമായി
നിൽക്കുന്നതു കണ്ടു. തകർത്ത് ഇടി
മുഴക്കം പോലെയും
പെരുവെള്ളത്തിൻറെ ഇരെച്ചൽ
പോലെയും അവിടെ കേട്ട ശബ്ദം
"വൈണികന്മാർ
വീണമീട്ടുന്നതായിരുന്നു."
സിംഹാസനത്തിൻ മുമ്പിൽ അവർ
പാടിയ പുതിയ പാട്ട്

നൂറ്റിനാല്പത്തിനാലായിരം പേർക്കല്ലാതെ ആർക്കും മനസ്സിലായില്ല, മോശയുടെയും കുഞ്ഞാടിൻറെയും ഗാനമായ അത് അവരുടെ വിടുതലിൻറെ പാട്ടാ യിരുന്നു. മറ്റൊരു സമൂഹവും ഒരിക്കലും കടന്നു പോയിട്ടില്ലാത്തവിധമുള്ള അനുഭവത്തിൻറെ ഗാനമായിരുന്നതിനാൽ നൂറ്റിനാല്പത്തിനാലായിരത്തിനല്ലാതെ മറ്റാർക്കുമതു മനസ്സിലായില്ല. ”

കുഞ്ഞാടു പോകുന്നേടത്തൊക്കെയും അവർ അവനെ അനുഗമിക്കുന്നു”. ഭൂമിയിൽ ജീവനോടെയിരുന്ന രൂപാന്തരം പ്രാപിച്ച “അവരെ ദൈവത്തിന്നും കുഞ്ഞാടിന്നും

ആദ്യഫലമായി മനുഷ്യരുടെ
ഇടയിൽനിന്ന് വീണ്ടെടുത്തിരിക്കുന്നു"
(വെളി. 15:2,3; 14:15). "ഇവർ മഹാ
കഷ്ടത്തിൽനിന്നു വന്നവർ" ഒരു ജാതി
ഉണ്ടായതു മുതൽ
ഇതുവരെയുണ്ടായിട്ടില്ലാത്ത
കഷ്ടകാലത്തിൽ കൂടെ അവർ
കടന്നുപോയിരിക്കുന്നു; യാക്കോബിൻറെ
കഷ്ടകാലമെന്ന മഹാ പീഡനം അവർ
തരണം ചെയ്തിരിക്കുന്നു; ദൈവത്തിൻറെ
അന്ത്യന്യായവിധിയുടെ ബാധകൾ
ചൊരിഞ്ഞ സമ യമവർ
മദ്ധ്യസ്ഥനില്ലാതെ ഉറച്ചുനിന്നിരിക്കുന്നു;
അവർ "കുഞ്ഞാടിൻറെ രക്തത്തിൽ
തങ്ങളുടെ അങ്കി അലക്കി വെളുപ്പിച്ച്
വരാകയാൽ അതിൽനിന്നു വിടു
വിക്കപ്പെട്ടിരിക്കുന്നു. "ഭോഷ്ക് അവരുടെ

വായിൽ ഉണ്ടായിരുന്നില്ല; അവർ കളങ്കമില്ലാത്തവർ തന്നേ”. “അതുകൊണ്ട് അവർ ദൈവത്തിൻറെ സിംഹാസനത്തിൻ മുമ്പിൽ ഇരുന്നു അവൻറെ ആലയത്തിൽ രാപ്പകൽ അവനെ ആരാധിക്കുന്നു; സിംഹാസനത്തിൽ ഇരിക്കുന്നവൻ അവർക്കു കൂടാരമായിരിക്കും', ക്ഷാമത്താലും ബാധകളാലും ഭൂമി നിർജ്ജനമായിത്തീരുന്നത് അവർ കണ്ടതാണ്; അത്യുഷ്ണത്താൽ ഭൂമിയെ ചുടുവാൻ സൂര്യന്ന അധികാരം ലഭിച്ചത് അവർ കണ്ടുകഴിഞ്ഞു; വിശപ്പും ദാഹവും കഷ്ടപ്പാടുകളും അവർ അനു ഭവിക്കുകയുണ്ടായി. എന്നാൽ “ഇനി അവർക്കു വിശക്കയില്ല ദാഹിക്കയും ഇല്ല; വെയിലും യാതൊരു ചൂടും

അവരുടെമേൽ തട്ടുകയുമില്ല. സിംഹാസനത്തിൻറെ മദ്ധ്യേ ഉള്ള കുഞ്ഞാടു അവരെ മേച്ചു ജീവജലത്തിൻറെ ഉറവകളിലേക്കു നടത്തുകയും ദൈവം താൻ അവരുടെ കണ്ണിൽ നിന്നു കണ്ണുനീർ എല്ലാം തുടച്ചുകളകയും ചെയ്യും" (വെളി. 7 : 14 17).

എല്ലാക്കാലത്തും രക്ഷിതാവിൻറെ തെരഞ്ഞെടുക്കപ്പെട്ടവർ കഷ്ടതയാകുന്ന സ്കൂളിൽ പഠിച്ചു ശിക്ഷണം ലഭിച്ചവരാകുന്നു. ലോകത്തിൽ അവർ ഇടുക്കമുള്ള പാതയിൽ നടന്നവരും, പീഡനമാകുന്ന തീച്ചൂളയിൽ ശുദ്ധീകരിക്കപ്പെട്ടവരുമത്രേ. യേശുക്രിസ്തുവിനുവേണ്ടി അവർ

എതിർപ്പ്, വിദ്വേഷം, ദോഷാരോപണം,
ഇവയൊക്കെയും സഹിച്ചവരാകുന്നു.
അവർ കഠിനമായ ഏറ്റമുട്ടലും
പരിത്യാഗവും വലിയ നിരാശയും
സഹിച്ച് അവനെ പിൻചെന്നവരത്രെ.
അവരുടെ വേദനാജനകമായ
അനുഭവത്താൽ പാപത്തിൻറെ ദോഷം,
അതിൻറെ ശക്തി, അത് വരുത്തിവയ്ക്കുന്ന
കഷ്ടം, ഇവയൊക്കെയും
മനസ്സിലാക്കിയവരാകുന്നു. പാപത്തെ
വെറുപ്പോടെ വീക്ഷിക്കാനും അവർക്ക
സാധിച്ചു.പാപത്താൽ വന്ന ശാപം
അകറ്റുവാനായി ഏൽക്കേണ്ടിവന്ന
വലിയ ത്യാഗത്തെ ഓർക്കുമ്പോൾ
അവരുടെ ഹൃദയം നന്ദിയാലും
സ്തുതിയാലും നിറയുന്നതു ഒരിക്കലും
വീണുപോകാത്തവർക്ക്

മനസ്സിലാക്കാൻ കഴിയുകയില്ല. അവർ ക്ഷമ പ്രാപിച്ചവരാകയാൽ കൂടുതൽ ദൈവത്തെ സ്നേഹിക്കുന്നു. അവർ ക്രിസ്തുവിൻറെ കഷ്ടതയിൽ പങ്കാളികളാകയാൽ അവർ അവൻറെ മഹത്വത്തിനും പങ്കുള്ളവരാകുന്നു. -

ദൈവത്തിൻറെ അവകാശികൾ നിർധനത്വത്തിൽ നിന്നും ചെറ്റപ്പുരകളിൽ നിന്നും കുണ്ടറയിൽനിന്നും പർവ്വതങ്ങളിൽ നിന്നും മരുഭൂമിയിൽ നിന്നും ഗുഹകളിൽ നിന്നും സമുദ്രത്തിൻറെ ഇരുണ്ട ദ്വീപുകളിൽനിന്നും വരുന്നവരത്രെ. ലോകത്തിൽ അവർ അഗതികളും പീഡിതരും യാതന അനുഭവിച്ചവരും ആയിരുന്നു. സാത്താൻറെ വഞ്ചനയ്ക്ക്

കീഴ്പെടാത്തതിനാൽ ആയിരങ്ങൾ അപകീർത്തികൾ ഏറ്റു അവരുടെ ശവക്കുഴികളിൽ കുഴിച്ചിടപ്പെട്ടു. ലോകത്തിൻറെ ന്യായവിസ്ഥാരത്തിൽ അവർ കുറ്റക്കാരെന്നു വിധിക്കപ്പെട്ടിരുന്നു. എന്നാൽ ഇപ്പോൾ "ദൈവം തന്നെ അവർക്കു ന്യായാധിപതി ആകുന്നു" (സങ്കീ. 50:6). ലോകത്തിൻറെ വിധികൾ എല്ലാം മറിച്ചെഴുതപ്പെടുന്നു. "തൻറെ ജനത്തിൻറെ നിന്ദ് സകല ഭൂമിയിൽനിന്നും നീക്കിക്കളെയുകയും ചെയ്യും" (യെശ. 25:8). "അവർ അവരെ വിശുദ്ധ ജനമെന്നും, യഹോവയുടെ വിശുദ്ധ ന്മാരെന്നും വിളിക്കും" (യെശ. 62 :12); "അവർക്ക് വെണ്ണീറിനുപകരം അല ങ്കാ ര മാലയും, ദുഃഖത്തിനു പകരം

ആനന്ദ തൈലവും, വിഷണ്ഡ മനസ്സിനപകരം സ്തുതി എന്ന മേലാടയും കൊടുപ്പാനും നിയമിച്ചിരിക്കുന്നു” (യെശ. 61:3). അവർ ഇനി ഒരുനാളും ക്ഷീണിതരും പീഡിതരും ചിതറപ്പെട്ടവരും ഞെരുക്കപ്പെട്ടവരും ആയിരിക്കയില്ല. ഇനി അവർ എന്നും യഹോവയോടുകൂടെ ആയിരിക്കേണ്ടവര. ലോകത്താൽ നിന്ദിക്കപ്പെട്ടവർ മുമ്പ് ഒരിക്കലും ധരിച്ചിട്ടില്ലാത്ത വിലയേറിയ അങ്കി ധരിച്ച് സിംഹാസന അതിൻമുമ്പിൽ നിൽക്കേണ്ടവരാണ്. ഒരിക്കലും ഒരു ലോകചക്രവർത്തിയുടെ തലയിലും വച്ചിട്ടില്ലാത്ത ശോഭയേറിയ കിരീടം ധരിപ്പിക്കും. വേദനയുടെയും കരച്ചിലിൻറെയും ദിവസങ്ങൾ

എന്നേക്കുമായി അവസാനിക്കും. മഹത്വത്തിൻറെ രാജാവു എല്ലാ മുഖങ്ങളിൽനിന്നും കണ്ണുനീരെല്ലാം തുടച്ചുകളയും. ദുഃഖത്തിനു കാരണമായ എല്ലാ ഘടകങ്ങളും നീക്കപ്പെടും. കയ്യിൽ കുരുത്തോ ലകൾ ഏന്തി അവർ ഒന്നായി ഏറ്റം വ്യക്തമായി, മാധുര്യസ്വരത്തിൽ അതികൾ ആലപിച്ചത് എല്ലാവരും ഏറ്റു പാടിയതെന്തെന്നാൽ, "ആമേൻ, നമ്മുടെ ദൈവത്തിനു എന്നെ ന്നേക്കും സ്തുതിയും മഹത്വവും ജ്ഞാനവും സ്തോത്രവും ബഹുമാനവും ബലവും ഉണ്ടാകുമാറാകട്ടെ!" (വെളി. 7:10,12). അവരുടെ സ്തുതിയുടെ സ്വരത്താൽ സ്വർഗ്ഗം മുഴുവനും മുഴങ്ങി.

നമ്മുടെ ഇഹലോക ജീവിതത്തിൽ
നമുക്ക് വീണ്ടെടുപ്പിൽ വേലയുടെ ആദ്യ
ഭാഗങ്ങൾ മാത്രമെ മനസ്സിലാക്കാൻ
കഴിയുകയുള്ളു. കുരിശിൽ കണ്ടുമുട്ടിയ
നിന്ദയും തേജസ്സും ജീവനും മരണവും
കരുണയും നീതിയും ഗൗരവപൂർവ്വം
മനസ്സിലാക്കാൻ നാം ശ്രമിച്ചേക്കാം.
എന്നാൽ നാം എത്രതന്നെ ശമിച്ചാലും
അതിൻറെ പരിപൂർണ്ണ അർത്ഥം
മനസ്സിലാക്കാൻ സാധിക്കയില്ല.
വീണ്ടെടുപ്പിൻ സ്നേഹത്തിൻറെ നീളവും
വീതിയും ആഴവും ഉയരവും അല്പമെ
മനസ്സിലാക്കാൻ സാധിക്കുകയുള്ളു.
വീണ്ടെടുക്കപ്പെട്ടവർ കാണു ന്നതുപോലെ
കണ്ടാലും ഗ്രഹിക്കേണ്ടതുപോലെ
ഗ്രഹിച്ചാലും വീണ്ടെടുപ്പിൻ വേലയുടെ
ഉദ്ദേശം പൂർണ്ണമായി ഗ്രഹിക്കാൻ

സാധിക്കയില്ല. എന്നാൽ നിത്യതയിൽ പുതിയ പുതിയ സത്യങ്ങൾ ആശ്ചര്യവും ആനന്ദവും കൊണ്ടു നിറഞ്ഞിരിക്കുന്ന മനസ്സുകൾക്കു വെളിപ്പെടുത്തിക്കൊണ്ടേയിരിക്കും. ലോകത്തിൽ അനുഭവപ്പെട്ടിരുന്ന ദുഃഖവും വേദനയും ശോധനയും അവസാനിച്ചു എങ്കിലും അവയ്ക്കു കാരണമായ കാര്യങ്ങൾ നീക്കപ്പെട്ടു എങ്കിലും ദൈവജനത്തിനു ലഭ്യമായ രക്ഷ എത്രമാത്രം വിലയുള്ളതായിരുന്നു എന്നു മനസ്സിലാക്കാൻ ഉള്ള കഴിവ് അവർക്ക് ഉണ്ടായിരിക്കും.

നിത്യതയിലുടനീളം വീണ്ടെടുക്കപ്പെട്ടവരുടെ പാട്ടും പ്രശംസയും അവർ പഠിക്കുന്ന ശാസ്ത്രവും

ക്രിസ്തുവിൻറെ കുരിശ് ആയിരിക്കും.
മഹത്വീകരിക്കപ്പെട്ടവനായ ക്രിസ്തുവിൽ
ക്രൂശിക്കപ്പെട്ടവനായ ക്രിസ്തുവിനെ അവർ
കാണും. വിശാലമായ പ്രപഞ്ചത്തിൽ
അസംഖ്യങ്ങളായ ലോകങ്ങളെ തൻറെ
ശക്തിയാൽ സൃഷ്ടിച്ചവൻ, അവയെ
താങ്ങിനിർത്തുന്നവൻ,
സ്വർഗ്ഗത്തിന്റെ മഹിമയായവൻ,
പിതാവിൻറെ പ്രിയപുത്രൻ,
കെരൂബുകളും ശോഭയേറിയ
സാറാഫുകളും സന്തോഷ പുരസരം വാഴ്ത്തി
സ്തുതിക്കുന്നവനുമായവൻ, വീണുപോയ
മനുഷ്യവർഗ്ഗത്തെ
ഉയർത്തുന്നതിനുവേണ്ടി
തന്നെത്താൻ താഴ്ത്തി, പാപത്തിൻറെ
ശാപവും ശിക്ഷയും വഹിച്ചതും, പിതാവു
മുഖം മറച്ച് നഷ്ടപ്പെട്ട ലോകത്തിൻറെ

അകൃത്യ ഭാരം കുരിശിന്മേൽ ചുമത്തി
തൻറെ ഹൃദയം തകർന്ന് ജീവൻ
വെടിഞ്ഞതും ഒരുനാളും മറക്കുകയില്ല.
സർവ്വലോകത്തിന്റെ സൃഷ്ടിതാവും,
സകലതിൻറെയും വിധികർത്താവും
മദ്ധ്യസ്ഥനുമാ യവൻ, മനുഷ്യനോടുള്ള
സ്നേഹത്താൽ
സ്വർഗ്ഗത്തിലുണ്ടായിരുന്ന സക ലതും
വെടിഞ്ഞു തന്നെത്താൻ താഴ്ത്തിയത്
എന്നും സർവ്വസൃഷ്ടിയുടെയും
വിസ്മയവും
ആരാധനാവിഷയവുമായിരിക്കും രക്ഷിത
ഗണം അവരുടെ വീണ്ടെടുപ്പുകാരനെ
നോക്കി അവൻറെ മുഖത്തു
പിതാവിൻറെ നിത്യമായ മഹത്വം
പ്രസരിക്കുന്നതും അവൻറെ ശാശ്വത
സിംഹാസനവും കണ്ട് അവൻറെ

രാജത്വം അവസാനമില്ലാത്തത് എന്നു ഗ്രഹിക്കുമ്പോൾ, അവർ അത്യാനന്ദത്തോടെ “ക്രൂശിക്കപ്പെട്ടവനായ ദൈവകുഞ്ഞാടു സ്തുതിക്കു യോഗ്യൻ, അവൻറെ വിലയേറിയ രക്തത്താൽ നമ്മെ വീണ്ടെടുത്തിരിക്കുന്നു” എന്നുള്ള പാട്ടു അവർ പാടും.

ക്രൂശിൻറെ മർമ്മം മറ്റെല്ലാ മർമ്മങ്ങളെയും വിവരിക്കുന്നു. കാൽവറിയിൽനിന്നു പ്രവഹിക്കുന്നതായ ആ വെളിച്ചം നമുക്കുണ്ടായിരുന്ന ഭയവും വിസ്മയവും നീക്കി ദൈവത്തിൻറെ സ്വഭാവം മനോഹരവും ആകർഷകവും ആക്കിത്തീർക്കുന്നു. കരുണ,

ആർദ്രത, മാതാപിതാക്കളുടെ സ്നേഹം എന്നിവ വിശുദ്ധി, നീതി, ശക്തി എന്നിവയിൽ യോജിച്ചതായി കാണപ്പെടുന്നു. ഉന്നതവും ഉയർത്തപ്പെട്ടതുമായ ദൈവ സിംഹാസനത്തിൻറെ മഹിമ നാം കാണുമ്പോൾ നമ്മുടെ ദൈവത്തിൻറെ സ്വഭാവം അതിൻറെ മനോഹാരിതയിൽ മനസ്സിലാക്കാൻ കഴിയുകയും, മുമ്പൊരിക്കലും ഗ്രഹിക്കുവാൻ കഴിയാതിരുന്ന " ഞങ്ങളുടെ പിതാവേ " എന്ന നാമത്തിൻറെ പ്രാധാന്യം ഗ്രഹിക്കുകയും ചെയ്യും.

ദൈവത്തിൻറെ അനന്തമായ ജ്ഞാനത്തിൽ, നമ്മുടെ രക്ഷയ്ക്കായി അവിടുത്തെ പുത്രനെ യാഗമായി

തരുകയല്ലാതെ വേറൊരു പദ്ധതിയും ആസൂത്രണം ചെയ്യാൻ കഴിയുകയില്ലായിരുന്നു എന്ന് വിശദമാകും. ഈ വലിയ ത്യാഗത്തിൻ പ്രതിഫലം, വിശുദ്ധരും സന്തോഷമുള്ളവരും അമർത്യരും ആയ ജനങ്ങളാൽ ഭൂമി പാർപ്പിക്കപ്പെടുന്നതാകുന്നു. അന്ധകാര ശക്തിയുമായുള്ള രക്ഷിതാവിൻറെ പോരാട്ടത്തിൻറെ ഫലം വീണ്ടെടുക്കപ്പെട്ടവർക്ക് ആനന്ദവും നിത്യ മുഴുവൻ ദൈവത്തിനു മഹത്വം കരേറ്റുന്നതുമായിരിക്കും. മനുഷ്യാത്മാവിനു കൊടുത്ത വീണ്ടെടുപ്പിൻ വില ഇത്രമാത്രം വലുതാണ്, ദൈവം താൻ കൊടുത്ത വിലയിൽ തൃപ്തനാണ്. ക്രിസ്തുവും തൻറെ

വലിയ ത്യാഗത്താൽ നേടിയ ഫലങ്ങളെ നോക്കി സംതൃപ്തനാകുന്നു.

## അദ്ധ്യായം 41—ഭൂമിയുടെ നിർജ്ജനാവസ്ഥ

“അവളുടെ പാപം ആകാശത്തോളം കുന്നിച്ചിരിക്കുന്നു; അവളുടെ അകൃത്യം ദൈവം ഓർത്തിട്ടുമുണ്ട്. അവൾ നിങ്ങൾക്കു ചെയ്തതുപോലെ നിങ്ങൾ അവൾക്കു പകരം ചെയ്‌വിൻ; അവളുടെ പ്രവൃത്തികൾക്കു തക്കവണ്ണം അവൾക്കു ഇരട്ടിച്ചുകൊടുപ്പിൻ; അവൾ കലക്കിത്തന്ന പാനപാത്രത്തിൽ അവൾക്കു ഇരട്ടി കലക്കിക്കൊടുപ്പിൻ; അവൾ തന്നെത്താൻ മഹത്വപ്പെടുത്തി പുളെച്ചേടത്തോളം അവൾക്കു പീഡയും ദുഃഖവും കൊടുപ്പിൻ. രാജ്ഞിയായിട്ടു ഞാൻ ഇരിക്കുന്നു; ഞാൻ വിധവയല്ല; ദുഃഖം കാണ്മകയു മില്ല എന്നു അവൾ

ഹൃദയംകൊണ്ടു പറയുന്നു. അതുനിമിത്തം മരണം, ദുഃഖം ക്ഷാമം എന്നിങ്ങനെ അവളുടെ ബാധകൾ ഒരു ദിവസത്തിൽ തന്നേവരും; അവളെ തീയിൽ ഇട്ടു ചുട്ടുകളയും; അവളെ ന്യായം വിധിച്ച ദൈവമായ കർത്താവ് ശക്തനല്ലോ. അവളോടുകൂടെ വേശ്യാസംഘം ചെയ്തു പുളച്ചിരിക്കുന്ന ഭൂരാജാക്കന്മാർ അവളുടെ പീഡനിമിത്തം ഭയപ്പെട്ട് ദൂരത്തുനിന്നുകൊണ്ടു അവളുടെ ദഹനത്തിൻെറ പുക കാണുമ്പോൾ അവളെച്ചൊല്ലിക്കരഞ്ഞും മാറത്തടിച്ചുംകൊണ്ട്: അയ്യോ, അയ്യോ, മഹാനഗരമായ ബാബിലോനേ, ബലമേറിയ പട്ടണമേ, ഒരു മണിക്കൂറുകൊണ്ട് നിൻെറ ന്യായവിധി

വന്നല്ലോ എന്നു പറയും (വെളി. 18:5-10).

“ഭൂമിയിലെ വ്യാപാരികൾ”, “അവളുടെ പുളെപ്പിൻറെ ആധിക്യത്താൽ സമ്പന്നരായവർ അവൾക്കുള്ള പീഡ ഭയപ്പെട്ടു ദൂരത്തുനിന്നു: അയ്യോ, അയ്യോ, മഹാനഗരമേ, നേരിയ തുണിയും ധൂമവർണ്ണവും കടുഞ്ചുവപ്പും ധരിച്ചു പൊന്നും രത്നവും മുത്തും അണിഞ്ഞവളേ, ഇത്ര വലിയ സമ്പത്തു ഒരു മണിക്കൂറുകൊണ്ട് നശിച്ചു പോയല്ലോ എന്നു പറഞ്ഞു കരഞ്ഞു ദുഃഖിക്കും ” (വെളി. 18:11,3,15-17).

ദൈവകോപത്തിൻറെ സന്ദർശനദിവസത്തിൽ

ബാബിലോണിൻറെ മേൽ വരുന്ന ന്യായവിധി ഇപ്രകാരമുള്ളതായിരിക്കും, അവളുടെ പാപം നിറഞ്ഞു കവിഞ്ഞിരിക്കുന്നു; അവളുടെ നാഴിക വന്നുകഴിഞ്ഞു; നാശത്തിനവൾ പാകമായിക്കഴിഞ്ഞിരിക്കുന്നു.

ദൈവശബ്ദം തൻറെ ജനത്തിൻറെ ബന്ധനാവസ്ഥ മാറ്റുമ്പോൾ, ജീവിത പോരാട്ടത്തിൽ സർവ്വവും നഷ്ടമായവരുടെയിടയിൽ ഭയാനകമായൊരു ഉണർവുണ്ടാകും. കൃപാകാലം നിലനിന്നിരുന്ന സമയം മുഴുവൻ സാത്താൻറെ വഞ്ചനയിൽപ്പെട്ടിരുന്ന അവർ അന്ധതയിലമരുകയും തങ്ങളുടെ പാപവഴിയെ നീതീകരിക്കുകയും

ചെയ്തിരുന്നു. ധനവാന്മാർ തങ്ങളുടെ സമൃദ്ധിയിൽ ആശ്രയിച്ചുകൊണ്ട് സാധുക്കളായവരെക്കാൾ ഉന്നതന്മാരാണെന്ന് അഹങ്കരിച്ചിരുന്നു; പക്ഷെ അവർ ധനം സ്വരൂപിച്ചിരുന്നത് ദൈവകല്പന ലംഘിച്ചുകൊണ്ടായിരുന്നു. വിശപ്പുള്ളവർക്കു ഭക്ഷണം നല്കുന്നതിനും നഗ്നരെ ഉടുപ്പിക്കുന്നതിനും നീതി പ്രവർത്തിക്കുന്നതിനും ദയ കാണിക്കു ന്നതിനും അവർക്കു താല്പര്യമുണ്ടായിരുന്നില്ല, തങ്ങളെത്തന്നെ ഉയർത്തിക്കാണിക്കുന്നതിനും സമസൃഷ്ടങ്ങളിൽനിന്ന് ബഹുമാനം കൈക്കൊള്ളുന്നതിനും അവർ വ്യഗ്രത കാണിച്ചിരുന്നു. അവരെ ശ്രേഷ്ഠന്മാരാക്കിയ സർവ്വവും ഇപ്പോൾ

നഷ്ടമാകയും പ്രതിരോധമാർഗ്ഗമില്ലാതെ സ്തംഭനാവസ്ഥയിലാകയും ചെയ്തിരിക്കുന്നു. സൃഷ്ടിതാവിനേക്കാൾ ശ്രേഷ്ഠമായി അവർ കരുതി ആരാ ധിച്ചിരുന്ന വിഗ്രഹങ്ങളെല്ലാം നശിച്ചുപോയതിൽ അന്ധാളിച്ചുനില്ക്കുന്നു. ദൈവികമായി സമ്പന്നരാകുന്നതിനുപകരം ഭൗമിക സമ്പത്തിലും ഉല്ലാസ ങ്ങളിലും തങ്ങളുടെ ആത്മാക്കളെയവർ വിറ്റുകളഞ്ഞു. അനന്തരഫലമായി അവരുടെ ജീവിതം തോൽവിയടഞ്ഞു; അവരുടെ ആഹ്ലാദം കയ്പായും ധനം പുഴുവരിച്ചും പോയി. ജീവിതകാലം മുഴുവനുമുള്ള ലാഭം ഒരു നിമിഷംകൊണ്ട് ഒഴുകിപ്പോയി. തങ്ങളുടെ മാളികകൾ തകർന്നുപോയതിലും സ്വർണ്ണവും

വെള്ളിയും ചിതറിപ്പോയതിലും
ധനവാന്മാരിപ്പോൾ മുറയിടുന്നു.
വിഗ്രഹങ്ങളോടൊത്ത് തങ്ങളും
നശിക്കുവാൻ പോകുന്നുവെന്ന ഭയം
അവരുടെ വിലാ പത്തെ
നിശ്ശബ്ദമാക്കുന്നു.

ദൈവത്തെയും സമസൃഷ്ടങ്ങളേയും
ഉപേക്ഷിച്ചുകളഞ്ഞതിൻറെ പാപ മല്ല,
പ്രത്യുത, ദൈവം വിജയിച്ചു
എന്നതിനാലാണ് ദുഷ്ടന്മാരിപ്പോൾ
പശ്ചാത്തപിക്കുന്നത്. അനന്തരഫലം
ഇപ്രകാരമായതിലവർ കരയുന്നു;
എന്നാലും തങ്ങളുടെ ദുഷ്ട
പ്രവൃത്തികളിൽനിന്ന്
മാനസാന്തരപ്പെടുന്നില്ല, അവർക്ക്
ആവശ്യമുണ്ടായിരുന്നെങ്കിൽ

ലോകത്തെ ജയിക്കുന്നതിന് പലതും ചെയ്യാമായിരുന്നു.

തങ്ങൾ പരിഹസിക്കുകയും നിന്ദിക്കുകയും ഭൂമുഖത്തുനിന്നു തുടച്ചു നീക്കുവാൻ ആഗ്രഹിക്കുകയും ചെയ്ത കൂട്ടർ കൊടുംകാറ്റ്, ഭൂകമ്പം, ബാധകൾ എന്നിവയെ അപകടം കൂടാതെ തരണം ചെയ്യുന്നത് ലോകം വീക്ഷിക്കുന്നു. തൻറെ കല്പന ലംഘിക്കുന്നവർക്ക് പ്രളയാഗ്നിയായവൻ തൻറെ ജനത്തിന് സുരക്ഷാഗോപുരമായിരിക്കുന്നു.

മാനുഷിക പുകഴ്ച ലഭിക്കുന്നതിന് സത്യത്തെ ബലികഴിച്ച സഭാ ശുശ്രൂഷകൻ തൻറെ ഉപദേശങ്ങളുടെ സ്വഭാവവും സ്വാധീനവും ഇപ്പോൾ

വ്യക്തമായി കാണുന്നു.
പ്രസംഗപീഠത്തിൽ നിന്നപ്പോഴും
തെരുവുകളിൽ നടന്നപ്പോഴും
ജീവിതത്തിൻറെ നാനാതുറകളിൽ
മനുഷ്യരോട് ഇടപെട്ടപ്പോഴും അവനെ
സർവ്വവ്യാപിയായ കണ്ണ്
പിന്തുടർന്നിരുന്നതായി അവനിപ്പോൾ
മന സ്സിലാക്കുന്നു. ആത്മാവിൻറെ ഓരോ
വികാരവും എഴുതിയ ഓരോ വരികളും
ഉരചെയ്ത ഓരോ വാക്കും തെറ്റായ
അഭയകേന്ദ്രത്തിൽ ആശ്രയിക്കുവാൻ
മനുഷ്യരെ നയിച്ച ഓരോ പ്രവൃത്തിയും
വിത്തുവിതയ്ക്കുന്നതുപോലെയായിരുന്നു;
ഇപ്പോൾ തൻറെ ചുറ്റും കാണുന്ന,
പ്രത്യാശയില്ലാതെ നഷ്ടപ്പെട്ടിരിക്കുന്ന
ആത്മാക്കളിൽ അതിൻറെ വിളവ്
അവൻ കാണുന്നു.

“സമാധാനം ഇല്ലാതിരിക്കെ സമാധാനം സമാധാനം എന്നു പറഞ്ഞു അവർ എൻറെ ജനത്തിൻറെ പുതിയുടെ മുറിവിന്നു ലഘുവായി ചികിത്സിക്കുന്നു” (യിരെ. 8:11). “ഞാൻ ദുഃഖിപ്പിക്കാത്ത നീതിമാൻറെ ഹൃദയത്തെ നിങ്ങൾ വ്യാജങ്ങളെക്കൊണ്ടു ദുഃഖിപ്പിക്കയും തൻറെ ദുർമാർഗ്ഗം വിട്ടുതിരിഞ്ഞു ജീവരക്ഷ പ്രാപിക്കാതവണ്ണം ദുഷ്ടനെ നിങ്ങൾ ധൈര്യപ്പെടുത്തുകയും ചെയ്യുന്നു” എന്നു ദൈവം അരുളിച്ചെയ്യുന്നു” (യെഹെ. 13:22).

“എൻറെ മേച്ചിൽ പുറത്തെ ആടുകളെ നശിപ്പിക്കുകയും ചിതറിക്കുകയും ചെയ്യുന്ന ഇടയന്മാർക്കും അയ്യോ കഷ്ടം

എന്നു യഹോവയുടെ അരുളപ്പാടം ഇതാ, ഞാൻ നിങ്ങളുടെ പ്രവൃത്തികളുടെ ദോഷത്തെക്കുറിച്ചു നിങ്ങളോടു ചോദിക്കും". "ഇടയന്മാരേ, മുറയിട്ടു നിലവിളിപ്പിൻ! ആട്ടിൻ കൂട്ടത്തിലെ ശ്രേഷ്ഠന്മാരേ, വെണ്ണീറിൽ കിടന്നുരുളുവിൻ; നിങ്ങളെ അറുപ്പാനുള്ള കാലം തികഞ്ഞിരിക്കുന്നു... ഇടയന്മാർക്കു ശരണവും ആട്ടിൻ കൂട്ടത്തിലെ ശ്രേഷ്ഠന്മാർക്ക് ഉദ്ധാരണവും ഇല്ലാതെയാകും" (യിരെ. 23:1 ,2; 25:34,35).

തങ്ങൾ ദൈവവുമായി ശരിയായ ബന്ധം സ്ഥാപിച്ചിരുന്നില്ലായെന്നു ഇടയന്മാരും ജനവും കാണുന്നു. സകല നീതിയുടേയും ന്യായത്തിൻറേയും കേന്ദ്രമായ

കല്പനയുടെ ഉറവിടമെന്ന ദൈവത്തോടു തങ്ങൾ മത്സരിച്ചതായി അവർ ഗ്രഹിക്കുന്നു. ദിവ്യകല്പനകളെ ഒഴിവാക്കിയതുകൊണ്ട് ദുഷ്ടത, അനൈക്യം, വിഷം, അതിക്രമം എന്നിങ്ങനെയുള്ള ആയിരങ്ങളായ ഉറവകൾ ഉടലെടുക്കുകയും ലോകം ഒരു പോരാട്ടക്കളമായി മാറി അഴിമതിയിൽ നിപതിക്കുകയും ചെയ്തിരിക്കുന്നു. സത്യത്തെ നിരസിച്ചുകൊണ്ട് തെറ്റിൽ ലയിച്ചവർക്കു ലോകം ഇപ്രകാരം കാണപ്പെടുന്നു. തങ്ങൾക്കു എന്നെന്നേക്കുമായി നഷ്ടപ്പെട്ടുപോയ നിത്യജീവനെക്കുറിച്ചുള്ള അനുസരണം കെട്ടവരുടേയും അവിശ്വാസികളുടേയും അഭിവാഞ്ഛ വർണ്ണിക്കുവാൻ ഒരു ഭാഷ യിലും സാദ്ധ്യമാകയില്ല. കഴിവുകളേയും

വാഗ്വൈഭവത്തേയും പ്രകീർത്തി
ച്ചുകൊണ്ട് മനുഷ്യർ
ആരാധിച്ചിരുന്നവരെയിപ്പോൾ
യഥാർത്ഥ വെളിച്ചത്തി ലവർ കാണുന്നു.
അവർ ലംഘിച്ചു
തള്ളിക്കളഞ്ഞതെന്താണെന്നവർ മനസ്സി
ലാക്കുന്നു; വിശ്വസ്തത
കാത്തുസൂക്ഷിച്ചതുകൊണ്ടു
നിന്ദിച്ചുതള്ളിയവരെ യഥാർത്ഥത്തിൽ
ദൈവം സ്നേഹിക്കുന്നുവെന്നു
ഏറ്റുപറഞ്ഞുകൊണ്ട് ജനം അവരുടെ
കാൽക്കീഴിൽ വീഴുന്നു.

തങ്ങൾ വഞ്ചിക്കപ്പെട്ടതായി ജനം
കാണുന്നു. നാശത്തിലേക്കു വഴി
നടത്തപ്പെട്ടതിലവർ അന്യോന്യം
പഴിചാരുന്നു; എന്നാൽ

എല്ലാവരുമൊന്നിച്ച് കയ്പേറിയ കുറ്റകൃത്യം ഇടയന്മാരുടെമേൽ ആരോപിക്കുന്നു. അവിശ്വസ്ത രായ ഇടയന്മാർ കർണ്ണരസമായത് പ്രവചിച്ചു; ദൈവകല്പന അഗണ്യമാക്കുന്നതിനും അതു പ്രമാണിക്കുന്നവരെ പീഡിപ്പിക്കുന്നതിനും കേൾവിക്കാരെയവർ ഉപയോഗിച്ചു. എന്നാലിപ്പോൾ നിരാശയിലാണ്ടു ഈ ഉപദേഷ്ടാക്കൾ തങ്ങളുടെ വഞ്ചനയുടെ കുറ്റം ലോകമുമ്പാകെ ഏറ്റുപറയുന്നു. പുരുഷാരം കോപം കൊണ്ടു തിളച്ചുമറിയുന്നു. "ഞങ്ങൾ നഷ്ടപ്പെട്ടുകഴിഞ്ഞു! ഞങ്ങളുടെ നാശത്തിനുത്തരവാദി നിങ്ങളാണ്", എന്നാക്രോശിച്ചുകൊണ്ടവർ കള്ള പ്രവാചകന്മാർക്കുനേരേ തിരിയുന്നു.

അവരെ ഒരിക്കൽ ഏറ്റവുമധികം ആദ രിച്ചിരുന്നവർ കൊടുംഭീകര ശാപവാക്കുകൾ അവരുടെമേൽ ചൊരിയുന്നു. ഒരിക്കലവരെ പുഷ്പകിരീടം ചാർത്തിയ അതേ കരങ്ങൾ ഇപ്പോൾ നാശത്തിനായി അവർക്കുനേരേ നീട്ടുന്നു. ദൈവജനത്തെ നശിപ്പിക്കുവാനൊരു ക്കിയ വാളുകളിപ്പോൾ തങ്ങളുടെ ശത്രുക്കൾക്കെതിരേ നാശത്തിനായി തിരിക്കുന്നു. എല്ലാടവും സംഘട്ടനങ്ങളും രക്തച്ചൊരിച്ചിലും നടമാടുന്നു.

"ആരവം ഭൂമിയുടെ അറ്റത്തോളം എത്തുന്നു; യഹോവെയ്ക്കു ജാതികളോട് ഒരു വ്യവഹാരം ഉണ്ട്; അവൻ സകല ജഡത്തോടും വ്യവഹരിച്ചു ദുഷ്ടന്മാരെ

വാളിന്നു ഏല്പിക്കും എന്നു യഹോവയുടെ
അരുളപ്പാട്” (യിരെ. 25:31).
ആറായിരം വർഷത്തോളമായി
വൻപോരാട്ടം
തുടർന്നുകൊണ്ടിരിക്കുന്നു;
മനുഷ്യപുത്രന്മാർ മുന്നറിയിപ്പും
വെളിച്ചവും നല്കി രക്ഷിക്കുന്ന
തിനുവേണ്ടി ദൈവപുത്രനും തൻറെ
സ്വർഗ്ഗീയ ദൂതസംഘവും
ദുഷ്ടാത്മാവിൻറെ ശക്തിയോടു
പോരാട്ടത്തിലായിരുന്നു.
എന്നാലിപ്പോൾ എല്ലാവരും തങ്ങളുടെ
തീരുമാനമെടുത്തുകഴിഞ്ഞു;
ദൈവത്തിനെതിരേയുള്ള സാത്താൻറെ
യുദ്ധത്തോടു ദുഷ്ടന്മാരെല്ലാം പൂർണ്ണമായി
യോജിച്ചുകഴിഞ്ഞു. ചവിട്ടിമെതിക്കപ്പെട്ട
തൻറെ നിയമത്തിൻറെ അധികാരം

സ്ഥാപിക്കേണ്ട സമയം ദൈവത്തിന്ന വന്നുകഴിഞ്ഞു. ഇപ്പോൾ പോരാട്ടം സാത്താനോട്ടു മാത്രമല്ല, മനുഷ്യരോട്ടുംകൂടെയാണ്. "ദൈവത്തിന്ന ജാതികളോട്ടു ഒരു വ്യവഹാരം ഉണ്ട്; "ദുഷ്ടന്മാരെ അവൻ വാളിന്നു ഏല്പ്പിക്കും".

"സകല മ്ലേച്ഛതകളും നിമിത്തം നെടുവീർപ്പിട്ടു കരയുന്ന"വരുടെമേൽ വിടുതലിൻറെ അടയാളം ഇട്ടുകഴിഞ്ഞു. യെഹെസ്കേലിൻറെ ദർശനത്തിൽ നശീകരണ ആയുധം കയ്യിൽ വഹിച്ചുകൊണ്ടുപോകുന്ന പുരുഷന്മാരായി രേഖപ്പെടുത്തിയിരിക്കുന്ന സംഹാര ദൂതനിപ്പോൾ കടന്നുപോകുന്നു. അവനിപ്രകാരം കല്പ്പന കൊടുക്കുന്നു",

നിങ്ങൾ അവൻറെ പിന്നാലെ നഗരത്തിൽക്കൂടെ ചെന്നു വെട്ടുവിൻ; നിങ്ങളുടെ കണ്ണിന്നു ആദരവ് തോന്നരുത്; നിങ്ങൾ കരുണ കാണിക്കയുമരുത്. വൃദ്ധന്മാരെയും യൌവനക്കാരെയും കന്യകമാരെയും പൈതങ്ങളെയും സ്ത്രീകളേയും കൊന്നുകളവിൻ; എന്നാൽ അടയാളമുള്ള ഒരുത്തനെയും തൊടരുത്; എൻറെ വിശുദ്ധ മന്ദിരത്തിൽ തന്നേ തുടങ്ങുവിൻ". "അങ്ങനെ അവർ ആലയത്തിൻറെ മുമ്പിൽ ഉണ്ടായിരുന്ന മൂപ്പന്മാരുടെ ഇടയിൽ തുടങ്ങി" (യെഹെ. 9:1-6). ജനങ്ങളുടെ ആത്മീക കാവല്ക്കാരെന്ന് അഭിമാനിച്ചിരുന്നവരുടെയിടയിൽനിന്നു സംഹാരത്തിൻറെ വേല

ആരംഭിക്കുന്നു. ആദ്യമായി വീഴുന്നതു തെറ്റായ കാവല്ക്കാരാണ്. അവരോടു അലിവു കാണിക്കുവാനോ അവരെ വിടുവിക്കുവാനോ ആരും ഉണ്ടായിരിക്കയില്ല. പുരുഷന്മാരും സ്ത്രീകളും കന്യകമാരും ചെറിയ കുട്ടികളും ഒരുമിച്ചു നശിച്ചുപോകും.

“യഹോവ ഭൂവാസികളെ അവരുടെ അകൃത്യം നിമിത്തം സന്ദർശിപ്പാൻ തൻറെ സ്ഥലത്തുനിന്നു ഇതാ, വരുന്നു. ഭൂമി താൻ കുടിച്ച് രക്തം ഒക്കെയും വെളിപ്പെടുത്തും; തന്നിലുള്ള ഹതന്മാരെ ഇനി മൂടിവെയ്ക്കുകയുമില്ല” (യെശ. 26:21). “യെരുശലേമിനോടു യുദ്ധം ചെയ്ത സകല ജാതികളെയും യഹോവ ശിക്ഷിപ്പാനുള്ള ശിക്ഷയാവിത്; അവർ

നിവിർന്നു നില്ക്കുമ്പോൾതന്നെ അവരുടെ മാംസം ചീഞ്ഞഴുകിപ്പോകും; അവരുടെ കണ്ണ് തടത്തിൽ തന്നെ ചീഞ്ഞഴുകിപ്പോകും; അവരുടെ നാവ് വായിൽ തന്നേ ചീഞ്ഞഴുകിപ്പോകും. അന്നാളിൽ യഹോവയാൽ ഒരു മഹാപരിഭവം അവരുടെ ഇടയിൽ ഉണ്ടാകും; അവർ ഓരോരുത്തൻ താന്താൻറെ കൂട്ടുകാരൻറെ കൈ പിടിക്കും; ഒരുവൻറെ കൈ മറ്റവൻറെ നേരേ പൊങ്ങും" (സെഖ. 14:12,13). അവരുടെ ഭയവിഹ്വലവികാരം പൂണ്ട ഉന്മാദ സംഘട്ടനത്തിൻറെയും കലർപ്പില്ലാത്ത ദൈവക്രോധത്തിൻറെ ഭീകരമായ വർഷത്തിന്റെയും ഫലമായി പുരോഹിതന്മാർ, ഭരണാധികാരികൾ, സാധാരണക്കാർ,

ധനവാന്മാർ, ദരിദ്രന്മാർ, തുടങ്ങി സകല ജനങ്ങളുമടങ്ങുന്ന ദുഷ്ടരായ ഭൂവാസികളെല്ലാം തകർന്നുവീഴും. “അന്നാളിൽ യഹോവയുടെ നിഹതന്മാർ ഭൂമിയുടെ ഒരറ്റം മുതൽ മറ്റേ അറ്റംവരെ വീണുകിടക്കും; അവരെക്കുറിച്ച് ആരും വിലപിക്കയില്ല; അവരെ എടുത്തുകുഴിച്ചിടുകയില്ല; അവർ നിലത്തിന്നു വളമായിത്തീരും” (യിരെ, 25:33).

ക്രിസ്തുവിൻറെ വീണ്ടും വരവിൽ ഭൂമുഖത്തെങ്ങുമുള്ള സകല ദുഷ്ട ന്മാരും തുടച്ചു നീക്കപ്പെട്ടും തൻറെ വായിലെ ശ്വാസത്താൽ ദഹിച്ചുപോകയും തൻറെ പ്രഭയുടെ മഹത്വത്താൽ നശിച്ചുപോകയും ചെയ്യും. തൻറെ

ജനത്തെ ക്രിസ്തു ദൈവ നഗരത്തിലേക്കു കൊണ്ടുപോകയും ഭൂമി നിവാസികളില്ലാതായിത്തീരുകയും ചെയ്യും. "യഹോവ ഭൂമിയെ നിർജ്ജനവും ശൂന്യവും ആക്കി കീഴ്മേൽ മറിക്കയും അതിലെ നിവാസികളെ ചിതറിക്കുകയും ചെയ്യും". "ഭൂമി അശേഷം നിർജ്ജനമായും കവർച്ചയായും പോകും; യഹോവയല്ലോ ഈ വചനം അരുളിച്ചെയ്തിരിക്കുന്നത്". "ഭൂമി അതിലെ നിവാസികളാൽ മലിനമായിരിക്കുന്നു; അവർ പ്രമാണങ്ങളെ ലംഘിച്ചു ചട്ടം മറിച്ചു നിത്യനിയമത്തിനു ഭംഗം വരുത്തിയിരിക്കുന്നു. അതുകൊണ്ടു ഭൂമി ശാപഗ്രഹസ്തമായി അതിൽ

പാർക്കുന്നവർ ശിക്ഷ അനുഭവിക്കുന്നു; അതുകൊണ്ട് ഭൂവാസികൾ ദഹിച്ചുപോയി". (യെശ. 24:1,3,5,6).

ഭൂതലമെങ്ങും നിർജ്ജനമായ മരുഭൂമിപോലെ കാണപ്പെടുന്നു. ഭൂകമ്പത്തിൽ തകർന്ന നഗരങ്ങളുടെയും ഗ്രാമങ്ങളുടെയും അവശിഷ്ടങ്ങൾ, പിഴുതെറിയപ്പെട്ട വൃക്ഷങ്ങൾ, കരയിൽനിന്നും കടലിൽനിന്നും കീറി ഏറിയപ്പെട്ട പാറകൾ എന്നിവ ഭൂമിയുടെ ഉപരിതലമെങ്ങും ചിതറിക്കിടക്കുന്നു; അടിസ്ഥാനങ്ങളിൽ നിന്നിളകിമാറിയ പർവ്വതങ്ങളുടെ സ്ഥാനത്തു വിശാലവും ആഴ വുമേറിയ കിടങ്ങുകൾ കാണപ്പെടുന്നു.

പാപ പരിഹാരദിവസം ശുശ്രൂഷയുടെ അവസാനഘട്ടത്തിൽ നിഴലായി ചെയ്തിരുന്ന സംഭവങ്ങളിപ്പോൾ നിറവേറപ്പെടുന്നു. സമാഗമന കൂടാരത്തിൽ അതിവിശുദ്ധ സ്ഥലത്തെ ശുശ്രൂഷ അവസാനിച്ചശേഷം പാപയാഗരക്തത്തി നാൽ ഇസ്രായേലിൻറെ പാപങ്ങൾ വിശുദ്ധമന്ദിരത്തിൽനിന്നു മാറ്റപ്പെടുമ്പോൾ കോലാട്ടുകൊറ്റനെ ജിവനോടെ ദൈവസന്നിധിയിൽ നിറുത്തുന്നു; തുടർന്നു, മഹാപുരോഹിതൻ സഭയുടെ സാന്നിദ്ധ്യത്തിൽ, "ജീവനോടിരിക്കുന്ന കോലാട്ടുകൊറ്റൻറെ തലയിൽ... രണ്ടുകയ്യുംവെച്ച് യിസ്രായേൽ മക്കളുടെ എല്ലാ കുറ്റങ്ങളും സകല പാപങ്ങളുമായ

ലംഘനങ്ങളൊക്കെയും ഏറ്റുപറഞ്ഞു കോലാട്ടുകൊറ്റൻറെ തലയിൽ ചുമത്തേണം" (ലേവ്യ. 16:21). ഇപ്രകാരം സ്വർഗ്ഗീയ വിശുദ്ധമന്ദിരത്തിൽ ശുശ്രൂഷ അവസാനിച്ചുകഴിയുമ്പോൾ ദൈവത്തിൻറേയും വിശുദ്ധ ദൂതന്മാരുടേയും വീണ്ടെടുക്കപ്പെട്ട വിശുദ്ധന്മാരുടെയും സാന്നിദ്ധ്യത്തിൽ ദൈവമക്കളുടെ സകല പാപങ്ങളും സാത്താനിൽ ചുമത്തപ്പെടുന്നു; ചെയ്യുവാൻ അവരെ പ്രേരിപ്പിച്ച സകല തിന്മയ്ക്കും കുറ്റക്കാരൻ സാത്താനാണെന്നു പ്രഖ്യാപിക്കപ്പെടുന്നു. ജനവാസമില്ലാത്ത മരുഭൂമിയിൽ കോലാട്ടുകൊറ്റനെ വിട്ടുകളയുന്നതുപോലെ, ജീവജാലങ്ങളില്ലാതെ

നിർജ്ജനമരുഭൂമിയായിത്തീർന്നിരി ക്കുന്ന ഈ ഭൂമിയിൽ സാത്താൻ തള്ളപ്പെട്ടും.

ഇപ്രകാരം സാത്താൻ തള്ളപ്പെടുന്നതും ഭൂമി പാഴും ശൂന്യവുമായി ത്തീരുന്നതും വെളിപ്പാടുകാരൻ പ്രവചിച്ചുകൊണ്ട്, ഇതേ അവസ്ഥയിൽ ഈ ഭൂമി ആയിരം വർഷം കഴിയുമെന്ന് പ്രഖ്യാപിക്കുന്നു. കർത്താവിന്റെ വീണ്ടും വരവിൻറെ ദൃശ്യങ്ങളും ദുഷ്ടന്മാരുടെ നാശവും വിവരിച്ചുകൊണ്ട് പ്രവചനം ഇപ്രകാരം തുടരുന്നു; “അനന്തരം ഒരു ദൂതൻ അഗാധത്തിൻറെ താക്കോലും ഒരു വലിയ ചങ്ങലയും കയ്യിൽ പിടിച്ചുകൊണ്ട് സ്വർഗ്ഗത്തിൽനിന്നു ഇറങ്ങു ന്നതു ഞാൻ കണ്ടു. അവൻ

പിശാചും സാത്താനും എന്നുള്ള പഴയ പാമ്പായ മഹാസർപ്പത്തെ പിടിച്ച് ആയിരം ആണ്ടേക്കു ചങ്ങലയിട്ടു. ആയിരം ആണ്ടു കഴിയുവോളം ജാതികളെ വഞ്ചിക്കാതിരിപ്പാൻ അവനെ അഗാധത്തിൽ തള്ളിയിട്ടു അടച്ചുപൂട്ടുകയും മീതെ മുദ്രയിടുകയും ചെയ്തു. അതിൻറെ ശേഷം അവനെ അല്പകാലത്തേക്കു അഴിച്ചുവിടേണ്ടതാകുന്നു" (വെളി. 20:1-3).

"അഗാധം" എന്നതു ഭൂമിയുടെ പാഴും ശൂന്യവും ഇരുളടഞ്ഞതുമായ അവസ്ഥയെ സൂചിപ്പിക്കുന്നുവെന്നു മറ്റു തിരുവചന ഭാഗങ്ങളിൽനിന്നു വ്യക്ത മാകുന്നു. "ആദിയിൽ" ഉണ്ടായിരുന്ന ഭൂമിയുടെ

അവസ്ഥയെ സംബന്ധിച്ച വേദപുസ്തകം ഇപ്രകാരം പറയുന്നു: “ഭൂമി പാഴായും ശൂന്യമായും ഇരുന്നു; “ ആഴത്തിനുമീതെ ഇരുൾ ഉണ്ടായിരുന്നു” (ഉല്പ. 1:2), ഭാഗികമായിട്ടെങ്കിലും ഈ ഭൂമി ഇതേ അവസ്ഥയിൽ വന്നുചേരുമെന്നു പ്രവചനം പഠിപ്പിക്കുന്നു.

ദൈവത്തിൻറെ വലിയ ദിവസത്തെ കണ്ടുകൊണ്ട് യിരെമ്യാവ് പ്രവാചകൻ ഇങ്ങനെ പ്രഖ്യാപിക്കുന്നു: “ഞാൻ ഭൂമിയെ നോക്കി അതിനെ പാഴും ശൂന്യ വുമായി കണ്ടു; ഞാൻ ആകാശത്തെ നോക്കി; അതിനു പ്രകാശം ഇല്ലാതെ യിരുന്നു. ഞാൻ പർവ്വതങ്ങളെ നോക്കി; അവ വിറയ്ക്കുന്നതു കണ്ടു; കുന്നു കൾ എല്ലാം ആടിക്കൊണ്ടിരുന്നു. ഞാൻ

നോക്കി, ഒരു മനുഷ്യനെയും കണ്ടില്ല; ആകാശത്തിലെ പക്ഷികൾ ഒക്കെയും പറന്നുപോയിരുന്നു. ഞാൻ നോക്കി ഉദ്യാനം മരുഭൂമിയായിത്തീർന്നിരിക്കുന്നതു കണ്ടു; അതിലെ പട്ട ണങ്ങളൊക്കെയും യഹോവയാൽ അവൻറെ ഉഗ്രകോപം ഹേതുവായി ഇടി ഞ്ഞുപോയിരിക്കുന്നു" (യിരെ. 4:23-26).

സാത്താനും തൻറെ ദുഷ്ട ദൂതന്മാർക്കുമുള്ള ഭവനം ആയിരം വർഷ ത്തേക്കു ഇതായിരിക്കും. ഈ ഭൂമിയിൽനിന്നു പോകുവാൻ അനുവാദമില്ലായ്കകൊണ്ട് മറ്റു ലോകങ്ങളിൽ ചെന്നു വീഴ്ച ഭവിക്കാത്ത ജീവികളെ പരീക്ഷിക്കുവാനോ ശല്യം

ചെയ്യുവാനോ അവനു സാധിക്കുന്നില്ല. ഈ അർത്ഥത്തിലാണ് അവൻ ബന്ധിക്കപ്പെട്ടിരിക്കുന്നത്. തൻറെ ശക്തി പ്രയോഗിക്കു വാൻ ഭൂമിയിൽ ആരുംതന്നെ ജീവനോടിരിക്കുന്നില്ല. നൂറ്റാണ്ടുകളായി അവൻറെ പ്രമോദമായിരുന്ന വഞ്ചനയുടേയും നാശത്തിൻറേയും ക്രിയകളിൽനിന്നവൻ പൂർണ്ണമായി ഒഴിഞ്ഞിരിക്കേണ്ടിവന്നിരിക്കുന്നു.

സാത്താൻറെ വീഴ്ച്ച ദർശിച്ച പ്രവാചകനായ യെശയ്യാവ് ഇപ്രകാരം പറഞ്ഞിരിക്കുന്നു, "അരുണോദയ പുത്രനായ, ശുക്രാ, നീ എങ്ങനെ ആകാശത്തുനിന്നു വീണു! ജാതികളെ താഴ്ത്തിക്കളഞ്ഞവനേ, നീ എങ്ങനെ

വെട്ടേറ്റു നിലത്തുവീണു! ഞാൻ സ്വർഗ്ഗത്തിൽ കയറും; എൻറെ സിംഹാസനം ദൈവത്തിൻറെ നക്ഷത്രങ്ങൾക്കുമീതെ വെയ്ക്കും... ഞാൻ അത്യുന്നതനോടു സമനാകും എന്നല്ലോ നീ ഹൃദയത്തിൽ പറഞ്ഞത്. എന്നാൽ നീ പാതാളത്തിലേക്കു, നാശകൂപത്തിൻറെ അടിയിലേക്കു തന്നെ വീഴും. നിന്നെ കാണുന്നവർ നിന്നെ ഉറ്റു നോക്കി; ഭൂമിയെ നടുക്കുകയും രാജ്യങ്ങളെ കുലുക്കുകയും ഭൂതലത്തെ മരുഭൂമിപോലെ ആക്കുകയും അതിലെ പട്ടണങ്ങളെ ഇടിച്ചുകളകയും തൻറെ ബദ്ധന്മാരെ വീട്ടിലേക്കു അഴിച്ചുവിടാതിരിക്കയും ചെയ്തവൻ ഇവനല്ലയോ എന്നു നിരൂപിക്കും"
(യെശ. 14:12-17).

ആറായിരം വർഷത്തെ സാത്താൻറെ മത്സര പ്രവൃത്തി "ഭൂമിയെ നടുക്കുന്ന"തായിരുന്നു. അവൻ, "ഭൂതലത്തെ മരുഭൂമിപോലെ ആക്കുകയും അതിലെ പട്ടണങ്ങളെ ഇടിച്ചുകളകയും" ചെയ്തു. "തൻറെ ബദ്ധന്മാരെ വീട്ടിലേക്കു അഴിച്ചുവിടാതിരുന്നു" ആറായിരം വർഷങ്ങളായി അവൻറെ ജയിലറയിൽ ദൈവമക്കളെ ബന്ധിച്ചുകൊണ്ടിരിക്കുകയായിരുന്നുവെങ്കിലും എന്നെന്നേക്കും അവരെ അപ്രകാരം പൂട്ടിയിടുവാൻ അവനു സാദ്ധ്യമല്ല; അവൻറെ ബന്ധനങ്ങളെ ക്രിസ്തു ഭേദിക്കുകയും ബന്ധിതരെ മോചിപ്പിക്കുകയും ചെയ്തു.

ദുഷ്ടന്മാർപോലും ഇപ്പോൾ അവൻറെ ശക്തിയിൽ നിന്നകലെയായതി നാൽ, തൻറെ ദുഷ്ടദൂതന്മാരുമൊത്ത്, പാപത്താലുളവായ ശാപത്തിൻറെ ഭീകരത മനസ്സിലാക്കിക്കൊണ്ട് സാത്താൻ കഴിയുന്നു. "ജാതികളുടെ സകല രാജാ ക്കന്മാരും ഒട്ടൊഴിയാതെ താന്താൻറെ ഭവനത്തിൽ (കല്ലറയിൽ) മഹത്വത്തോടെ കിടന്നുറങ്ങുന്നു. നിന്നെയോ നിന്ദ്യമായൊരു ചുള്ളിയെപ്പോലെയും... ചവിട്ടി മെതിച്ച ശവം പോലെയും നിൻറെ കല്ലറയിൽനിന്നു എറിഞ്ഞുകളഞ്ഞിരിക്കുന്നു. നീ നിൻറെ ദേശത്തെ നശിപ്പിച്ചു. നിൻറെ ജനത്തെ കൊന്നുകളഞ്ഞതുകൊണ്ട് നിനക്കു

അവരെപ്പോലെ ശവസംസ്കാരം ഉണ്ടാകയില്ല" (യെശ. 14:18-20).

ദൈവിക നിയമങ്ങൾക്കെതിരേയുള്ള തൻറെ മത്സരത്തിൻറെ ഫലം കണ്ടു കൊണ്ട് ആയിരം വർഷം സാത്താൻ നിർജ്ജനമായിത്തീർന്നിരിക്കുന്ന ഈ ഭൂമിയിൽ അങ്ങോളമിങ്ങോളമലഞ്ഞു നടക്കും. ഈ കാലത്തുള്ള അവൻറെ കഷ്ടപ്പാട് ഭീകരമായിരിക്കും. തൻറെ വീഴ്ച മുതലുള്ള പ്രവൃത്തിനിരതമായ അവൻറെ ജീവിതം അവസാനിച്ചുപോയി; തൻറെ ശക്തി ഉപയോഗിക്കുവാൻ കഴിയാത്ത അവനിപ്പോൾ ദൈവിക ഭരണകൂടത്തിനെതിരേ ആദ്യമായി മത്സ രിച്ചതുമുതലുള്ള തൻറെ പ്രവൃത്തികൾ

ഓർമ്മിച്ചുകൊണ്ടും താൻ വരുത്തി ക്കൂട്ടിയ തിന്മയുടെയും ചെയ്യിപ്പിച്ച് പാപങ്ങളുടെയും ഭീകര ശിക്ഷയെ ഓർത്തു ഭയന്നു വിറച്ചുകൊണ്ടും ഭാവിയിലേക്കു കണ്ണോടിക്കുന്നു.

സാത്താൻറെ ബന്ധനം ദൈവജനങ്ങൾക്കു ആനന്ദവും സന്തോഷവും നല്കുന്നു. “യഹോവ നിൻറെ വ്യസനവും നിൻറെ കഷ്ടതയും നീ ചെയ്യേണ്ടി വന്ന നിൻറെ കഠിന ദാസ്യവും നീക്കി നിനക്കു വിശ്രാമം നല്കുന്ന നാളിൽ നീ ബാബേൽ രാജാവിനെക്കുറിച്ച് (ഇവിടെ സാത്താനെ പ്രതിനിധീകരിക്കുന്നു) ഈ പാട്ടു ചൊല്ലും: പീഡിപ്പിക്കുന്നവൻ എങ്ങനെ ഇല്ലാതെയായി... യഹോവ

ദുഷ്ടന്മാരുടെ വടിയും വാഴുന്നവരുടെ ചെങ്കോലും ഒടിച്ചുകളഞ്ഞു. വംശങ്ങളെ ഇടവിടാതെ കാധത്തോടെ അടിക്കയും ആർക്കും അടുത്തു കൂടാത്ത ഉപ്രദ്രവത്താൽ ജാതികളെ കോപത്തോടെ ഭരിക്കയും ചെയ്തവനെ ' തന്നേ" (യെശ. 14:3-6).

ഒന്നാമത്തെയും രണ്ടാമത്തെയും പുനരുദ്ധാനത്തിൻറെ ഇടയ്ക്കുള്ള ആയിരമാണ്ടു വാഴ്ച്ക്കാലത്തു ദുഷ്ടന്മാരുടെ ന്യായവിധി നടക്കുന്നു. ക്രിസ്തുവിൻറെ രണ്ടാം വരവിനുശേഷമുള്ള ഒരു സംഭവമായി ഈ ന്യായവി ധിയെ വിശുദ്ധ പൌലൊസ് ചൂണ്ടിക്കാണിക്കുന്നു". ആകയാൽ കർത്താവു വരുവോളം സമയത്തിനു

മുമ്പ് ഒന്നും വിധിക്കരുത്. അവൻ ഇരുട്ടിൽ മറഞ്ഞിരിക്കുന്നതു വെളിച്ചത്താക്കി ഹൃദയങ്ങളുടെ ആലോചനകളെ വെളിപ്പെടുത്തും" (1 കൊരി. 4:5.). "വയോധികനായവൻ വന്ന് അത്യുന്നതനായവൻറെ വിശുദ്ധന്മാർക്കു ന്യായാധിപത്യം നല്കി'യെന്ന് ദാനീയേൽ (പ്രവാചകൻ പ്രസ്താവിക്കുന്നു" (ദാനീ. 7:21). ഈ സമയം നീതിമാന്മാർ ദൈവത്തിന് രാജാക്കന്മാരും പുരോഹിതന്മാരുമായി വാഴുന്നു. "ഞാൻ ന്യായാസനങ്ങളെ കണ്ടു; അവയിൽ ഇരിക്കുന്നവർക്കു ന്യായവിധിയുടെ അധികാരം കൊടുത്തു എന്നു യോഹന്നാൻ വെളിപ്പാടിൽ പറയുന്നു. "അവർ ദൈവത്തിനും ക്രിസ്തുവിനും പുരോഹിതന്മാരായി

ക്രിസ്തുവിനോടുകൂടെ ആയിരം ആണ്ടു വാഴും (വെളി. 20:4,6). "വിശുദ്ധന്മാർ ലോകത്തെ വിധിക്കും എന്നു അറിയുന്നില്ലയോ?" എന്ന് പൌലൊസ് ഇതിനെപ്പറ്റി പ്രവചിച്ചിരിക്കുന്നു (1 കൊരി. 6:2). ക്രിസ്തുവിനോടൊന്നിച്ച്, മാനദണ്ഡപുസ്തകമായ ബൈബിളുപയോഗിച്ച്, ശരീരത്തോടിരുന്നപ്പോൾ ദുഷ്ടന്മാർ ചെയ്ത ഓരോ പ്രവൃത്തിക്കും ന്യായവിധി നടത്തുന്നു. തങ്ങളുടെ പ്രവൃത്തിക്കൊത്തവണ്ണം ദുഷ്ടന്മാർ അനുഭവിക്കേണ്ട ഓഹരി അളന്നുകഴിയുന്നു; മരണ പുസ്തകത്തിലത് അവരുടെ പേരുകൾക്കെതിരെ രേഖപ്പെടുത്തുന്നു.

ക്രിസ്തുവും തൻറെ ജനവും ചേർന്നു സാത്താനെയും ദുഷ്ട ദൂതന്മാ രെയും ന്യായം വിധിക്കുന്നു. "നാം ദൂതന്മാരെ വിധിക്കും എന്നു നിങ്ങൾ അറിയുന്നില്ലയോ?" എന്നിപ്രകാരം വിശുദ്ധ പൌലൊസ് പറയുന്നു (1 കൊരി. 6:3), യൂദാ ഇപ്രകാരം പ്രസ്താവിക്കുന്നു: "തങ്ങളുടെ വാഴ്ച കാത്തുകൊള്ളാതെ സ്വന്ത വാസസ്ഥലം വിട്ടുപോയ ദൂതന്മാരെ മഹാദിവസത്തിൻറെ വിധിക്കായി എന്നേക്കുമുള്ള ചങ്ങലയിട്ടു അന്ധകാരത്തിൻ കീഴിൽ സൂക്ഷിച്ചിരിക്കുന്നു" (യൂദാ. 6).

ആയിരമാണ്ടു വാഴ്ച്ചയുടെ അന്ത്യത്തിൽ രണ്ടാമത്തെ പുനരുദ്ധാനം

സംഭവിക്കുന്നു. എഴുതപ്പെട്ടിരിക്കുന്ന ന്യായവിധി പ്രാപിക്കേണ്ടതിനു ദൈവ മുമ്പാകെ നില്ക്കാൻ തക്കവണ്ണം ദുഷ്ടന്മാർ ഉയിർത്തെഴുന്നേല്ക്കുന്നു. നീതിമാന്മാരുടെ പുനരുദ്ധാനത്തെക്കുറിച്ചു പറഞ്ഞശേഷം വെളിപ്പാടുകാരൻ ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു: മരിച്ചവരിൽ ശേഷമുള്ളവർ ആയിരമാണ്ടു കഴിയുവോളം ജീവിച്ചില്ല (വെളി. 20:5). ദുഷ്ടന്മാരെ സംബന്ധിച്ച് യെശയ്യാവ് പ്രസ്താവിക്കുന്നു: "കുണ്ടറയിൽ വിലങ്ങുകാരെപ്പോലെ അവരെ ഒന്നിച്ചു കൂട്ടി കാരാഗൃഹത്തിൽ അടയ്ക്കയും ഏറിയനാൾ കഴിഞ്ഞിട്ടു അവരെ സന്ദർശിക്കുകയും ചെയ്യും " (യെശ. 24:22).

# അദ്ധ്യായം 42—പോരാട്ടം അവസാനിക്കുന്നു

ആയിരമാണ്ടു വാഴ്ച്ചയുടെ അന്ത്യത്തിൽ ക്രിസ്തു, വിശുദ്ധന്മാരും ദൂതസംഘവുമായി ഭൂമിയിലേക്ക് വീണ്ടും വരും. അവൻ ഉഗ്രതേജസ്സോടെ വരുമ്പോൾ, ദുഷ്ടന്മാരെ അവരുടെ അന്ത്യനാശത്തിനായി എഴുന്നേൽപിക്കും. കടൽക്കരയിലെ മണൽപോലെ എണ്ണിക്കൂടാത്ത സംഘം എഴുന്നേറ്റു വരും. ഒന്നാമത്തെ പുനരുത്ഥാനത്തിൽ പങ്കുണ്ടായിരുന്നവരും ഈ സംഘവും തമ്മിൽ എന്തൊരു അന്തരം! നീതിമാന്മാർ അക്ഷയരായ യുവത്വത്തോടും സൗന്ദര്യത്തോടുംകൂടിയും ദുഷ്ടന്മാർ രോഗത്തിൻറെയും

മരണത്തിൻറെയും
അടയാളങ്ങളോടുകൂടിയുമായിരിക്കും.

ആ വലിയ സമൂഹത്തിൽ
ഓരോരുത്തരുടെയും ദൃഷ്ടി
ദൈവപുത്രൻറെ മഹത്വത്തിലേക്ക്
തിരിയും. ദുഷ്ടന്മാരുടെ ആ സംഘം ഏക
സ്വരത്തിൽ "കർത്താവിന്റെ
നാമത്തിൽ വരുന്നവൻ വാഴ്ത്തപ്പെട്ടവൻ"
എന്ന് ആർത്തു വിളിക്കും. ഈ
ആർപ്പിന് അവരെ പരിപ്പിക്കുന്നത്
യേശുവിനോടുള്ള സ്നേഹം അല്ല;
ഇഷ്ടമില്ലാത്ത അധരങ്ങളിൽനിന്നും
സത്യത്തിൻറെ ശക്തി ആണ് ഇതിന്
അവരെ പ്രേരിപ്പിക്കുന്നത്.
കല്ലറകളിലേക്ക് പോയപ്പോൾ അതേ
ക്രിസ്തുവിനോടുണ്ടായിരുന്ന അതേ

ശത്രുതയോടും മത്സരത്തിൻറെ
ആത്മാവോടുംകൂടെ എഴുന്നേറ്റു വരും.
കഴിഞ്ഞകാല ജീവിതത്തിൻറെ
തെറ്റുകൾ തിരുത്താൻ അവർക്ക്
ഇനിയൊരു കൃപാകാലം
ഉണ്ടായിരിക്കുകയില്ല. അതു കൊണ്ട്
ഒന്നും നേടുകയും ഇല്ല. ജീവിതത്തിൽ
ഉടനീളമുള്ള കല്പനാ ലംഘനം അവരുടെ
ഹൃദയത്തെ കഠിനപ്പെടുത്തിയിരിക്കുന്നു.
രണ്ടാമത് ഒരു അവസരംകൂടെ ലഭിച്ചാൽ
മുമ്പിലത്തേതുപോലെ
ദൈവത്തിനെതിരായി മത്സരിക്കുകയും
ദൈവത്തിൻറെ കല്പനകളെ
ഒഴിവാക്കുകയും ചെയ്യും.

ഉയിർത്തെഴുന്നേല്പിനുശേഷം, ക്രിസ്തു
സ്വർഗ്ഗാരോഹണം ചെയ്തതും ദൂതന്മാർ

അവൻറെ വീണ്ടും വരവിൻറെ വാഗ്ദത്തം ആവർത്തിച്ചതുമായ അതേ ഒലിവുമലയിൽ തന്നെ അവൻ ഇറങ്ങിവരും. "എല്ലാ വിശുദ്ധന്മാരോടുംകൂടെ എൻറെ ദൈവമായ കർത്താവ് വരും", "അന്നാളിൽ അവൻറെ കാൽ യെരുശലേമിന് എതിരെ കിഴക്കുള്ള ഒലിവുമലയിൽ നിൽക്കും. ഒലിവുമല നടുവെ പിളർന്നുപോകും. ഏറ്റവും വലിയൊരു താഴ്വര ഉളവായ് വരും." "യഹോവ സർവ്വഭൂമിക്കും രാജാവാകും. അന്നാളിൽ യഹോവ ഏകനും അവൻറെ നാമം ഏകവും ആയിരിക്കും" എന്ന് പ്രവാചകൻ പറയുന്നു (സെഖ. 14:5,4,9). പുതിയ യെരുശലേം ഭർത്താവിനായി

അലങ്കരിച്ചിട്ടുള്ള മണവാട്ടിയെപ്പോലെ ഒരുങ്ങി അതിനായി ശുദ്ധീകരിക്കപ്പെട്ട ഒലിവുമലയിൽ വിശുദ്ധന്മാരോടും ദൂതന്മാരോടുമൊപ്പം ഇറങ്ങും.

അതിനെ നശിപ്പിക്കുന്നതിനായുള്ള അവസാന പോരാട്ടത്തിനായി സാത്താൻ ഇപ്പോൾ ഒരുങ്ങുന്നു. അധികാരം നഷ്ട്ടപ്പെടുകയും വഞ്ചനയുടെ പ്രവൃത്തികളിൽനിന്നു ചോദിക്കപ്പെടുകയും ചെയ്തപ്പോൾ അവൻ നിർഭാഗ്യവാനും വിഷണ്ഡനുമായിത്തീർന്നിരുന്നു. എന്നാൽ മരിച്ച് ദുഷ്ടന്മാർ ഉയിർത്തെഴുന്നേൽക്കുകയും വലിയ സമൂഹം അവൻറെ കൂടെ കാണപ്പെടുകയും ചെയ്തപ്പോൾ അവൻറെ

ആഗ്രഹങ്ങൾ ഉണരുകയും പോരാട്ടത്തിന് കീഴ്പെടാതിരിക്കാൻ തീരുമാനിക്കുകയും ചെയ്യും. ഈ ദുഷ്ടന്മാരെയെല്ലാം ഒരുമിച്ച് അവൻറെ കൊടിക്കീഴിൽ ചേർത്ത് അവരിലൂടെ അവൻറെ പദ്ധതി നടപ്പിലാക്കാൻ ശ്രമിക്കും. ദുഷ്ടന്മാർ സാത്താൻറെ അടിമകളാണ്. ക്രിസ്തുവിനെ നിരസിക്കുകമൂലം എതിരാളിയുടെ ഭരണം അവർ അംഗീകരിച്ചിരുന്നു. അവൻറെ ഉപദേശങ്ങളും ആജ്ഞകളും സ്വീകരിക്കുവാൻ അവർ തയ്യാറാണ്. എങ്കിലും അവൻറെ ആദ്യത്തെ വഞ്ചനപോലെ താൻ സാത്താനാണെന്ന് അവൻ സമ്മതിക്കുകയില്ല. ലോകത്തിൻറെ ശരിയായ ഉടമസ്ഥനായ പ്രഭു താൻ

ആണെന്നും തൻറെ അവകാശം
അന്യായമായി തന്നിൽനിന്നും
പിടിച്ചെടുത്തന്നും അവൻ
അവകാശപ്പെട്ടും. കല്ലറകളിൽനിന്നും
അവരെ ഉയിർപ്പിച്ചത് തൻറെ
ശക്തിയാലാണെന്നും ഏറ്റവും ക്രൂരമായ
അരാചകത്വത്തിൽ നിന്നും തങ്ങളെ
അവൻ ഉടൻതന്നെ വിട്ടുവിക്കും എന്നും
ഉറപ്പുകൊടുത്തു കൊണ്ടും തന്നോടൊപ്പം
നശിക്കുവാൻ പോകുന്ന തൻറെ
പ്രജകളുടെ ഒരു വീണ്ടെടുപ്പുകാരനായി
തന്നെ സ്വയം അവരോധിക്കുന്നു.
ക്രിസ്തുവിൻറെ സാന്നിധ്യം ഇല്ലായ്കയാൽ
സാത്താൻ തൻറെ അവകാശവാദങ്ങളെ
സ്ഥാപിക്കാൻ അവൻ അത്ഭുതങ്ങൾ
പ്രവർത്തിക്കുന്നു. അവൻ
ബലഹീനനെ ശക്ത നാക്കുകയും

എല്ലാവരെയും തൻറെ ആത്മാവിനാലും ശക്തിയാലും പ്രചോദിപ്പിക്കുകയും ചെയ്യും. വിശുദ്ധന്മാരുടെ പാളയത്തിനെതിരെ അവരെ നയിക്കാനും വിശുദ്ധനഗരത്തെ കൈവശപ്പെടുത്താനും നിർദ്ദേശിക്കും. മരിച്ചവരിൽനിന്ന് ഉയിർത്ത എണ്ണമറ്റ ദുഷ്ടന്മാരോട്, അവരുടെ നേതാവ് എന്ന നിലയിൽ നഗരത്തെ കീഴടക്കി സിംഹാസനവും രാജത്വവും വീണ്ടെടുക്കാൻ തനിക്ക് കഴിവുണ്ടെന്ന് പൈശാചിക വിജയാരവത്തോടെ പ്രഖ്യാപിക്കുന്നു.

ഈ വലിയ ജനസമൂഹത്തിൽ ജലപ്രളയത്തിനുമുമ്പ് ദീർഘായുസ്സോടുകൂടെ

ജീവിച്ചിരുന്ന വർഗ്ഗങ്ങളും ഉയരം കൂടിയവരും വീഴ്ച ഭവിച്ച മാലാഖമാരുടെ നിയന്ത്രണത്തിന് കീഴ്പെട്ട ബുദ്ധിരാക്ഷസന്മാരും സ്വന്തം അഭിവൃദ്ധിക്കുവേണ്ടി തങ്ങളുടെ കഴിവും അറിവും സമർപ്പിച്ചവരും തങ്ങളുടെ ഉജ്ജ്വല കലാവാസനകൊണ്ട് ലോകത്തെ വിഗ്രഹാരാധനയിലേക്ക് നയിച്ച വരും തങ്ങളുടെ ദുഷ്ട കണ്ടുപിടിത്തങ്ങളും ക്രൂരതയുംകൊണ്ട് ഭൂമിയെ നശിപ്പിക്കുകയും ദൈവത്തിൻറെ പ്രതിഛായയെ വികൃതമാക്കിയവരും ഭൂമുഖത്തു നിന്നും ദൈവം തുടച്ചുനീക്കിയവരും ഉണ്ടായിരിക്കും. രാഷ്ട്രങ്ങളെ കീഴടക്കിയ രാജാക്കന്മാരും സേനാധിപന്മാരും ഒരിക്കലും ഒരു യുദ്ധത്തിലും തോറ്റിട്ടില്ലാത്ത

യുദ്ധവീരന്മാരും രാജ്യങ്ങളെ കിടുകിടെ വിറപ്പിച്ച അഹങ്കാരികളും അത്യാഗ്രഹികളുമായ വീരയോദ്ധാക്കളും ആ കൂട്ടത്തിൽ ഉണ്ടായിരിക്കും. മരണത്താൽ ഇവർക്ക് ഒരു മാറ്റവും ഉണ്ടായില്ല. മരിച്ചപ്പോൾ ഏതു ചിന്താഗതിയോടെ മരിച്ചുവോ അതേ ചിന്താഗതിയോടുതന്നെ അവർ എഴുന്നേറ്റു വരുന്നു. പ്രതികാരവാഞ്ഛയോടെ മരിച്ചവർ അതേ വാഞ്ഛയോടെ എഴുന്നേറ്റുവരുന്നു.

സാത്താൻ തൻെറ ദൂതന്മാരോടും അതിനുശേഷം ഈ രാജാക്കന്മാരോടും ജയാളികളോടും ബലവാന്മാരോടും കൂടിയാലോചിക്കും. അവർ തങ്ങളുടെ വശത്തുള്ളവരുടെ ശക്തിയും എണ്ണവും

നോക്കും. ഈ നഗരത്തിന് അകത്തുള്ള സൈന്യം തങ്ങളുടേതിനോട് താരതമ്യപ്പെടുത്തുമ്പോൾ ചെറുതായതുകൊണ്ട് അവരെ കീഴടക്കാം എന്നു പ്രഖ്യാപിക്കും. പുതിയ യെരുശലേമിൻറെ ധനവും മഹത്വവും കൈവശമാക്കുവാൻ പരിപാടി തയ്യാറാക്കും. എല്ലാവരും യുദ്ധത്തിനുള്ള ഒരുക്കം പെട്ടെന്ന് ആരംഭിക്കും. യുദ്ധോപകരണങ്ങൾ ഉണ്ടാക്കുന്നതിൽ വൈദഗ്ധ്യമുള്ളവർ അവ നിർമ്മിക്കും. തങ്ങളുടെ വിജയത്തിന് കീർത്തികേട്ട സൈനിക മേധാവികൾ യുദ്ധവീരന്മാരെ വിവിധ വിഭാഗങ്ങളായി തിരിക്കും.

ഭൂമിയിൽ ഇന്നുവരേയും നടന്നിട്ടുള്ള എല്ലാ യുദ്ധങ്ങളിലും ഉപയോഗിച്ചിട്ടുള്ള

സൈനിക ശക്തിയെക്കാളും
അധികമാജത്തും, സാമ്രാജ്യങ്ങളെ
കീഴടക്കിയവർക്ക് ഒരിക്കലും
വിളിച്ചുകൂട്ടുവാൻ കഴിയാതിരുന്നത്ര
അളവിൽ, മുന്നേറുവാൻ ലഭിച്ച ആജ്ഞ
അനുസരിച്ചും നീക്കം ആരംഭിക്കും.
യുദ്ധവീരന്മാരിൽ അതിശക്തനായ
സാത്താൻ അവരെ നയിക്കുകയും ഈ
അവസാന പോരാട്ടത്തിന് തൻറെ
ദൂതന്മാർ അവരുടെ സൈന്യത്തെ
ഒന്നിക്കുകയും ചെയ്യും. രാജാക്കന്മാരും
യുദ്ധവീരന്മാരും ജനസമൂഹവും അവരുടെ
നിയമി ക്കപ്പെട്ട മേധാവികളുടെ ഓരോ
കമ്പനികളുടെ നായകന്മാരുടെ
കീഴിലുമായി സാത്താനെ അനുഗമിക്കും.
കുണ്ടും കുഴിയുമായി കിടക്കുന്ന
ഭൂമിയിലൂടെ സൈനിക കൃത്യതയോടെ

തിങ്ങി ഞെരുങ്ങിയ പന്തികളായി അവർ ദൈവത്തിൻറെ നഗരം ലക്ഷ്യമാക്കി നീങ്ങും. കർത്താവിന്റെ കല്പന അനുസരിച്ച് പുതിയ യെരുശലേമിൻറെ പടിവാതിലുകൾ അടയ്ക്കപ്പെട്ടും. ശക്തമായ ആക്രമണത്തിന് തയ്യാറായിക്കൊണ്ട് സാത്താൻറെ സൈന്യം നഗരത്തെ വളയും.

അപ്പോൾ ക്രിസ്തു തൻറെ ശത്രുക്കൾക്കുമുമ്പിൽ വീണ്ടും പ്രത്യക്ഷപ്പെട്ടും. നഗരത്തിൻറെ വളരെ മുകളിലായി പൊങ്ങിയും വീണ്ടും ഉയർന്നും സ്വർണ്ണ അടിസ്ഥാനത്തിന്മേൽ ഒരു സിംഹാസനം ഉണ്ട്. അതിൽ ദൈവപു

തൻ ഇരിക്കും. വിശുദ്ധന്മാർ
അതിനുചുറ്റും ഇരിക്കും. യാതൊരു
ഭാഷയാലും വർണ്ണിക്കുവാൻ
കഴിയാത്തതാണ് ക്രിസ്തുവിൻറെ
ശക്തിയും പ്രതാപവും. നിത്യനായ
പിതാവിൻറെ മഹത്വം പുത്രനെ
ആവരണം ചെയ്തിരിക്കും. അവൻറെ
സാന്നിദ്ധ്യത്തിൻറെ പ്രഭ നഗരത്തെ
നിറയ്ക്കുകയും സകല ഭൂമിയേയും
അതിൻറെ പ്രകാശ വീചികൾ
നിറച്ചുകൊണ്ട്
വാതിലുകൾക്കപ്പുറത്തേക്ക്
ഒഴുകുകയും ചെയ്യും.

ഒരിക്കൽ പിശാചിനെ
സേവിച്ചിരുന്നെങ്കിലും പിന്നീട് തീയിൽ
നിന്ന് വലിച്ചെടുക്കപ്പെട്ട

കൊള്ളികൾപോലെ രക്ഷകനെ ഭക്തിയിൽ അനുഗമിച്ചിരുന്നവർ സിംഹാസനത്തിൻറെ ഏറ്റവും സമീപം ഉണ്ടായിരിക്കും. ദുരുപദേശത്തിൻറെയും അവിശ്വസ്തതയുടെയും നടുവിൽ നല്ല ക്രിസ്തീയ ജീവിതം നയിച്ചവരും, ക്രൈസ്തവ ലോകം ദൈവകല്പന മാറിപ്പോയി എന്ന് പ്രഖ്യാപിച്ചപ്പോഴും അതിനെ അനുസരിച്ചവരും, വിശ്വാസത്തിനുവേണ്ടി രക്തസാക്ഷികളായ ജനലക്ഷങ്ങളും ആയിരിക്കും അതിനടുത്ത് നിൽക്കുന്നത്. അതു കഴിഞ്ഞ് "സകല ജാതി, ഗോത്ര, ഭാഷാ, വംശങ്ങളിൽനിന്നുള്ള എണ്ണിക്കൂടാത്ത ജനം വെള്ളയുടുപ്പ് ധരിച്ച് കയ്യിൽ കുരുത്തോലയുമായി സിംഹാസ

നത്തിനും കുഞ്ഞാടിനും മുമ്പാകെ നിൽക്കും” (വെളിപ്പാട് 7:9). അവരുടെ പോരാട്ടം കഴിഞ്ഞു. അവർ വിജയികളായി. അവർ ഓട്ടം ഓടി, വിരുതു പ്രാപിച്ചു. അവരുടെ കയ്യിലെ കുരുത്തോല വിജയത്തിൻറെ ചിഹ്നവും ഇപ്പോൾ അവരുടേതായിരിക്കുന്ന വെള്ള ഉടുപ്പ് കർത്താവിന്റെ കളങ്കമറ്റ നീതിയുടെ അടയാളവും ആണ്.

'രക്ഷ' എന്നുള്ളത് സിംഹാസനത്തിൽ ഇരിക്കുന്നവനായ നമ്മുടെ ദൈവത്തിൻറെയും കുഞ്ഞാടിൻറെയും ദാനം എന്നു വീണ്ടെടുക്കപ്പെട്ടവർ പാടിയ പാട്ട് സ്വർഗ്ഗത്തിൽ എല്ലാടവും മാറ്റൊലിക്കൊള്ളും (വെളി. 9:10). സാറാഫുകളും ദൂതന്മാരും ഭക്തിപൂർവ്വം

അവരോട് ചേർന്ന് പാടും.
വിടുക്കപ്പെട്ടവർ സാത്താൻറെ ദുഷ്ടത
കണ്ടപ്പോൾ, ക്രിസ്തുവിൻറെ ശക്തി)
ല്ലാതെ വേറൊരു ശക്തിക്കും അവരെ
ജയാളികളാക്കിത്തീർക്കുവാൻ
കഴിയുമായിരുന്നില്ലയെന്ന്
മുൻകാലത്തേക്കാളധികം അവർ
അപ്പോൾ മനസ്സിലാക്കും. സ്വന്ത
ശക്തികൊണ്ടാ നന്മകൊണ്ടോ രക്ഷ
സ്വായത്തമാക്കി എന്ന്
അവകാശപ്പെടുന്ന ഒറ്റ വ്യക്തിപോലും ആ
ശോഭിക്കുന്ന ജനക്കൂട്ടത്തിൽ
ഉണ്ടായിരിക്കില്ല. അവർ
ചെയ്തതിനെപ്പറ്റിയോ
സഹിച്ചതിനെപ്പറ്റിയോ ഒന്നും
പറയുകയില്ല. ഓരോ
സ്തോത്രഗീതത്തിൻറെയും കേന്ദ്രതത്വവും

പല്ലവിയും “രക്ഷ നമ്മുടെ ദൈവത്തിൻറെയും കുഞ്ഞാടിൻറെയും ദാനം” എന്നു മാത്രം ആയിരിക്കും.

കൂടിവന്ന ഭൂനിവാസികളുടെയും സ്വർഗ്ഗനിവാസികളുടെയും സാന്നി ധ്യത്തിൽ ദൈവപുത്രൻറെ കിരീടധാരണം അവസാനമായി നടക്കും. പിന്നെ വലിയ പ്രതാപവും ശക്തിയും ധരിച്ച് രാജാധിരാജാവ് തൻറെ ഭരണകൂടത്തിൻറെ എതിരാളികൾക്കുള്ള വിധി പ്രഖ്യാപിക്കും. തൻറെ കല്പനകൾ ലംഘിക്കു കയും തൻറെ ജനത്തെ പീഡിപ്പിക്കുകയും ചെയ്തവരുടെമേൽ തൻറെ നീതി നടത്തും. പ്രവാചകൻ ഇപ്രകാരം പറയുന്നു. “ഞാൻ വലിയോരു

വെള്ള സിംഹാസനവും അതിൽ ഒരുത്തൻ ഇരിക്കുന്നതും കണ്ടു; അവൻറെ സന്നിധിയിൽനിന്ന് ഭൂമിയും ആകാശവും ഓടിപ്പോയി; അവയെ പിന്നെ കണ്ടില്ല. മരിച്ചവർ ആബാലവൃദ്ധം സിംഹാസനത്തിനു മുൻപിൽ നിൽക്കുന്നതും കണ്ടു; പുസ്തകങ്ങൾ തുറന്നു; പുസ്തകങ്ങളിൽ എഴുതിയിരുന്നതിനു ഒത്ത വണ്ണം മരിച്ചവർക്ക് അവരുടെ പ്രവൃത്തികൾക്ക് അടുത്ത ന്യായവിധി ഉണ്ടായിരു (വെളി . 20:11,12).

പുസ്തകങ്ങൾ തുറന്ന ഉടനെ കർത്താവ് ദുഷ്ടന്മാരെ നോക്കുമ്പോൾ അവരുടെ ജീവിതത്തിലുടനീളം അവർ ചെയ്ത പാപത്തെക്കുറിച്ചുള്ള ബോധം

ഉണ്ടാകുന്നു. വിശുദ്ധിയുടെ പാതയിൽ നിന്ന് അവർ എവിടെ വെച്ചാണ് തെറ്റുവാൻ തുടങ്ങിയത് എന്നും ദൈവകല്പനകളുടെ ലംഘനത്തിന് അവരുടെ അഹങ്കാരവും എതിർപ്പും അവരെ എത്രമാത്രം നയിച്ചു എന്നും അവർ കാണും, വഴി തെറ്റിക്കുന്ന പരീക്ഷകൾ, അവയെ പ്രോത്സാഹിപ്പിച്ചുകൊണ്ടുള്ള പാപത്തിൻറെ ഇമ്പങ്ങളും അനുഗ്രഹങ്ങൾ ഇല്ലാതാക്കി യതും ദൈവത്തിൻറെ ദൂതുവാഹകരെ നിന്ദിച്ചതും മുന്നറിയിപ്പുകൾ തിരസ്കരിച്ചതും അനുതാപമില്ലാത്തതും ശാഠ്യമുള്ളതുമായ ഹൃദയത്താൽ കരുണയുടെ തരംഗങ്ങളെ തിരസ്കരിച്ചതുമെല്ലാം അഗ്നി

അക്ഷരങ്ങളാൽ എഴുതപ്പെട്ടതുപോലെ അവർക്ക് പ്രത്യക്ഷപ്പെടും.

സിംഹാസനത്തിനു മുകളിലായി കുരിശ് വെളിവാക്കപ്പെടുകയും ആദാ മിൻറെ പരീക്ഷയും വീഴ്ച്ചയും വീണ്ടെടുപ്പിൻ പദ്ധതിയിലെ മുന്നോട്ടുള്ള ഓരോ പടിയും തിരശ്ശീലയിലെന്നപോലെ കാണപ്പെടും. രക്ഷകൻറെ എളിയ ജനനം, അനുസരണമുള്ളതും ലളിതവുമായ ബാല്യം, യോർദ്ദാനിലെ സ്നാനം, മരു ഭൂമിയിലെ ഉപവാസവും പരീക്ഷകളും പരസ്യശുശ്രൂഷ, സ്വർഗ്ഗത്തിന്റെ അതുല്യ അനുഗ്രഹങ്ങളെ മനുഷ്യന് വെളിപ്പെടുത്തുന്നത്, സ്നേഹവും കരുണയും നിറഞ്ഞ പ്രവർത്തികളാൽ നിറയപ്പെട്ട ദിനങ്ങൾ, മലമുകളിൽ

രാത്രിയുടെ ഏകാന്തതയിലുള്ള കാത്തിരിപ്പും പ്രാർത്ഥനയും അവൻറെ സൽപ്രവൃത്തി കൾക്ക് പ്രതിഫലമായി ലഭിച്ച വെറുപ്പും അസൂയ നിറഞ്ഞ ഗൂഢാലോചന കളും; സകല ലോകത്തിൻറെയും പാപഭാരത്താൽ ഗദ്ശെമനത്തോട്ടത്തിൽ വച്ചുണ്ടായ വർണ്ണനാതീതമായ മനോവ്യഥ, കോപാന്ധരായ ജനക്കൂട്ടത്തിന് ഒറ്റിക്കൊടുത്തത്, ആ ബീഭത്സ രാത്രിയിലെ സംഭവങ്ങൾ വായ് തുറക്കാതെയിരുന്ന തടവുകാരൻ, താൻ ഏറ്റവും സ്നേഹിച്ച ശിഷ്യന്മാരാൽ ഉപേക്ഷിക്കപ്പെട്ടത്, യെരുശലേമിൻറെ വീഥികളിലൂടെ പരുക്ഷമായി വലിച്ചിഴക്കപ്പെട്ടത്, അന്നാസിൻറെ മുമ്പിൽ താൻ ദൈവപുത്രനെന്ന്

വെളിപ്പെടുത്തിയത്,
മഹാപുരോഹിതൻറെ
കൊട്ടാരത്തിൽവെച്ച് കുറ്റം
ചുമത്തപ്പെട്ടത്, പീലാത്തോ സിൻറെ
ന്യായവിസ്താര സഭ, ക്രൂരനും ഭീരുവുമായ
ഹെരോദാവിൻറെ സന്നിധിയിലെ
നിൽപ്പ്, നിന്ദ്, പീഡനം, മരണശിക്ഷ
വിധിച്ചത് എന്നിവയൊക്കെയും വളരെ
വ്യക്തമായി കൺമുന്നിൽ
ചിത്രീകരിക്കപ്പെട്ടും

എല്ലാ കഷ്ടങ്ങളും സഹിച്ചുകൊണ്ട്
കാൽവറിയിലേക്കുള്ള യാത്ര,
സ്വർഗ്ഗീയ പ്രഭ കുരിശിൽ തങ്ങുന്നത്,
ഗർവ്വിഷ്ടരായ പുരോഹിതന്മാർ, പരി
ഹസിക്കുന്ന ജനക്കൂട്ടം മരണവേദനയെ
പുച്ഛിക്കുന്നത്; തൻറെ മരണ സമയത്തെ

കൂരിരുട്ട്, ഭൂമി കുലുങ്ങിയത്, പാറകൾ പിളർന്നത്, കല്ലറകൾ തുറന്നത് ലോകത്തിൻറെ വീണ്ടെടുപ്പുകാരൻ തൻറെ ജീവനെ വെടിഞ്ഞ നിമിഷത്തിൽ സംഭവിച്ച ഇവയെല്ലാം ചഞ്ചല ഹൃദയരായ ആ ജനക്കൂട്ടത്തിനു മുന്നിൽ പ്രത്യക്ഷമാകും.

ഭയാനകമായ രംഗങ്ങൾ അത് ആയിരുന്നതുപോലെതന്നെ കാണപ്പെടും. സാത്താനും അവൻറെ ദൂതന്മാർക്കും അവൻറെ അനുയായികൾക്കും തങ്ങളുടെ സ്വന്തപവൃത്തികളുടെ ആ ദൃശ്യത്തിൽനിന്നും ഒഴിയുവാൻ കഴി യാതെ വരും. ഓരോ വ്യക്തിയും താൻ ചെയ്ത ഭാഗം ഓർമ്മിക്കും,

യിസ്രായേലിൻറെ രാജാവിനെ
നശിപ്പിക്കാൻ വേണ്ടി ബേത്ലെഹെമിലെ
നിരപരാധികളായ കുഞ്ഞുങ്ങളെ
കൊലചെയ്ത ഹെരോദാവ്,
സ്നാപകയോഹന്നാൻറെ രക്തത്താൽ
പങ്കിലമായ ഹെരോദിയ,
അവസരവാദിയും ദുർബലനുമായ
പീലാത്തോസ്, പരിഹാസികളായ
പടയാളികൾ, പുരോഹിതന്മാരും
ഭരണകർത്താക്കളും, "അവൻറെ രക്തം
ഞങ്ങളുടെമേലും ഞങ്ങളുടെ മക്കളുടെ
മേലും വരട്ടെ' എന്ന് അട്ടഹസിച്ച്
കോപാന്ധരായ യെഹൂദാജനം
ഇവർക്കൊക്കെയും ഏറ്റവും വലിയ
കുറ്റബോധം ഉണ്ടാകും. സൂര്യൻറെ
ശോഭയെ വെല്ലുന്ന കർത്താവിന്റെ
മുഖശോഭയിൽനിന്ന് ഒളിക്കുവാൻ

അവർ പാഴ്ശ്രമം നടത്തുമ്പോൾ വീണ്ടെടുക്കപ്പെട്ടവർ “കർത്താവ് എനിക്കുവേണ്ടി മരിച്ചു” എന്ന് ആർത്തുകൊണ്ട് തങ്ങളുടെ കിരീടങ്ങൾ കർത്താവിന്റെ കാൽക്കൽ വെയ്ക്കും .

വീണ്ടെടുക്കപ്പെട്ടവരുടെ കൂട്ടത്തിൽ കർത്താവിന്റെ അപ്പൊസ്തലന്മാർ, ധീരനായ പൌലൊസ്, തീക്ഷ്ണനായ പത്രൊസ്, സ്നേഹിക്കപ്പെട്ടവനും സ്നേഹിക്കുന്നവനുമായ യോഹന്നാൻ, അവരുടെ നിർമ്മല ഹൃദയരായ സഹോദരർ എന്നിവരോടുകൂടെ രക്തസാക്ഷികളുടെ ഒരു വലിയ സമൂഹവും. മതിലിനു പുറത്ത്, അവരെ പീഡിപ്പിക്കുകയും ജയിലിൽ

അടയ്ക്കുകയും കൊല്ലുകയും ചെയ്ത എല്ലാ ദുഷ്ടരും മേച്ഛരുമായവർ ഉണ്ടായിരിക്കും. അവിടെ ക്രൂരതയുടെയും അധർമ്മത്തിന്റെയും പ്രതിരൂപമായ നീറോ, പൈശാചിക സന്തോഷത്തോടെ ജനത്തെ പീഡിപ്പിച്ച ക്രൂരനും അധർമ്മിയുമായ നീറോ ചക്രവർത്തി അവരുടെ സന്തോഷവും ഉയർച്ചയും നോക്കിക്കൊണ്ട് പാളയത്തിന് പുറത്തുള്ളവരുടെ കൂട്ടത്തിലുണ്ടായിരിക്കും. സ്വന്തം പുതനിലേക്ക് തൻറെ ദുഷിച്ച് സ്വഭാവത്ത് പകർന്നുകൊടുക്കയും തൻറെ സ്വാധീനത്താലും മാതൃകയാലും പരിപ്പിക്കപ്പെട്ട് ജീവിതത്തെ രൂപപ്പെടുത്തുകയും ചെയ്ത വികാരങ്ങളുടെ ഫലമായി ലോകത്തെ ഞെട്ടിപ്പിക്കും

വിധം കുറ്റകൃത്യങ്ങൾ ഉളവാക്കിയ ഫലത്ത് നോക്കിക്കാണുകയും സ്വന്തം പ്രവർത്തിയുടെ ഫലത്തിന് സാക്ഷിയാകുകയും ചെയ്യുന്നതിന് അവനോടൊപ്പം തൻറെ മാതാവും ഉണ്ടായിരിക്കും.

ദൈവജനത്തിൻറെ മനസ്സാക്ഷിയെ നിയന്ത്രിക്കാനായി ഉന്മൂലനാശവും തുറുങ്കുകളും കൊലമരവും സ്ഥാപിക്കുകയും, ക്രിസ്തുവിൻറെ സ്ഥാനാപതികൾ എന്ന് അവകാശപ്പെട്ടിരുന്ന റോമൻ കത്തോലിക്കാ പുരോഹിതന്മാരും മേലദ്ധ്യക്ഷന്മാരും പാളയത്തിനു പുറത്തുണ്ടായിരിക്കും. അത്യുന്നതനു വിരോധമായി വമ്പു പറയുകയും തൻറെ

ന്യായപ്രമാണത്തെ മാറ്റുവാൻ ശ്രമി
ക്കയും ചെയ്ത അഹങ്കാരിയായ
മാർപാപ്പയും അവിടെ ഉണ്ടായിരിക്കും.
സഭാ പിതാക്കന്മാരായി
ചമഞ്ഞിരുന്നവർക്ക് ദൈവത്തോട്
ഒഴിവുകഴിവു പറയുവാൻ കഴിയാത്ത
കണക്ക് ബോധിപ്പിക്കേണ്ടിവരും.
സർവ്വജ്ഞാനിയായവൻ തൻറെ
ന്യായപ്രമാണത്തെക്കുറിച്ച്
തീക്ഷണതയുള്ളവനാണെന്നും അവൻ
ഒരുതരത്തിലും പാപത്തെ
സഹിക്കുകയില്ലെന്നും മനസ്സിലാക്കാൻ
അവർ വൈകിപ്പോകും. ക്രിസ്തുവിന്
ഇഷ്ടം ഉള്ളത് കഷ്ടപ്പെട്ട തൻറെ
ജനത്തോടാണെന്ന് അവർ ഇപ്പോൾ
മനസ്സിലാക്കും "എൻറെ ഈ ഏറ്റവും
ചെറിയ സഹോദരന്മാരിൽ ഒരുത്തന്

നിങ്ങൾ ചെയ്തതെല്ലാം എനിക്ക് ചെയ്തതാകുന്നു" എന്ന ക്രിസ്തുവിൻറെ സ്വന്ത വാക്കുകളുടെ ശക്തി അവർ ഇപ്പോൾ ഗ്രഹിക്കും (മത്തായി 25:40).

എല്ലാ ദുഷ്ടന്മാരും സ്വർഗ്ഗീയ ഭരണകൂടത്തിനെതിരായി വലിയ ആരോപണവുമായി ദൈവത്തിൻറെ ന്യായാസനത്തിനു മുമ്പാകെ നിൽക്കും. അവർക്കുവേണ്ടി വാദിക്കുവാൻ ആരും ഉണ്ടായിരിക്കുകയില്ല. അവർക്ക് ഒഴിവു കഴിവുകൾ ഒന്നുമില്ല. നിത്യമരണത്തിനുള്ള വിധി അവർക്കായി പ്രഖ്യാപി ച്ചിരിക്കുന്നു.

പാപത്തിൻറെ ശമ്പളം മഹത്തായ സ്വാതന്ത്ര്യവും നിത്യ ജീവനും

അല്ലെന്നും, അടിമത്വവും നാശവും മരണവും ആണെന്ന് ഇപ്പോൾ എല്ലാവർക്കും വ്യക്തമാകും. തങ്ങളുടെ മത്സരജീവിതംകൊണ്ട് എന്താണ് നഷ്ടമായത് എന്ന് ദുഷ്ടന്മാർ കാണുന്നു. ഒരിക്കൽ ലഭിച്ചതും തങ്ങൾ നിക്ഷേധിച്ചതുമായ തേജസ്സിൻറെ നിത്യ ഫലനം ഇപ്പോൾ എത്ര ആഗ്രഹിക്കത്തക്കതായിത്തീർന്നിരിക്കുന്നു. നഷ്ടപ്പെട്ട ആത്മാക്കൾ പറയും: "ഇതെല്ലാം എനിക്ക് ലഭിക്കുമായിരുന്നു. പക്ഷെ, എന്നിൽനിന്ന് ഇവയെ അകലെ ആക്കുവാൻ ഞാൻ തീരുമാനിച്ചു. ഓ! വിചിത്രമായ മൂഢഴത! സമാധാനത്തിനും സന്തോഷത്തിനും വിശ്വസ്തതയ്ക്കും പകരം ഞാൻ നിർഭാഗ്യവും അപകീർത്തിയും നൈരാശ്യവും

ആണല്ലൊ തെരഞ്ഞെടുത്തത്. സ്വർഗ്ഗത്തിൽനിന്നുള്ള അവരുടെ ബഹിഷ്ക്കരണം നീതിപൂർവ്വമായതാണെന്ന് എല്ലാവരും മനസ്സിലാക്കും. "ഞങ്ങളെ ഭരിക്കാൻ യേശു എന്ന ഈ മനുഷ്യനെ വേണ്ടാ" എന്ന് തങ്ങളുടെ ജീവിതം കൊണ്ട് പ്രഖ്യാപിച്ചവരാണ് അവർ.

ഒരു മായാലോകത്തിൽ എന്നപോലെ ദൈവപുത്രൻറെ കിരീടധാരണം ദുഷ്ടന്മാർ നോക്കിനിൽക്കും. അവർ നിന്ദിക്കുകയും ലംഘിക്കുകയും ചെയ്ത ദൈവത്തിൻറെ പത്തു കല്പനകൾ അടങ്ങിയ സാക്ഷ്യപ്പലകകൾ അവൻറെ കരങ്ങളിൽ അവർ കാണും, വീണ്ടെടുക്കപ്പെട്ടവരുടെ അത്ഭുതത്തിനും

ആന ന്ദാതിരേകത്തിനും ആരാധനയ്ക്കും ഇവർ സാക്ഷികളാകും. സ്വർഗ്ഗീയ സംഗീതം നഗരത്തിനു പുറത്തുള്ള പുരുഷാരത്തിന്മേൽ അലയടിക്കുമ്പോൾ എല്ലാവരും “സർവ്വശക്തിയുള്ള ദൈവമായ കർത്താവേ, നിൻറെ പ്രവൃത്തികൾ വലുതും അത്ഭുതവുമായവ, സർവ്വജാതികളുടെയും രാജാവേ, നിൻറെ വഴികൾ നീതിയും സത്യവും ഉള്ളവ” (വെളി. 15:3} എന്ന് ഏകസ്വരത്തിൽ ആർപ്പിടുകയും ജീവൻറെ ഉടയവനെ സാഷ്ടാംഗം വീണ് ആരാധിക്കയും ചെയ്യും.

ക്രിസ്തുവിൻറെ പ്രതാപവും മഹത്വവും കണ്ട് പിശാച് സ്തംഭിച്ചുപോകും. ഒരിക്കൽ മറയ്ക്കുന്ന കെരൂബായിരുന്ന

അവൻ തൻറെ വീഴ്ചയെക്കുറിച്ച് ഓർക്കും. "അരുണോദയ പുത്രൻ" ആയിരുന്ന ശോഭിക്കുന്ന സറാഫ് ഇപ്പോൾ എത്രമാത്രം മാറ്റപ്പെട്ടുകയും താഴ്ത്തപ്പെട്ടുകയും ചെയ്തിരിക്കുന്നു. ഒരിക്കൽ തന്നെ മാനിച്ചിരുന്ന സ്വർഗ്ഗീയ സദസ്സിൽനിന്നും താൻ എന്നെന്നേയ്ക്കുമായി തള്ളപ്പെട്ടിരിക്കുന്നു. വേറൊരുവൻ പിതാവിൻറെ മഹത്വം ധരിച്ചു കൊണ്ട് അവൻറെ അടുക്കൽ നിൽക്കുന്നത് അവൻ കാണുന്നു. ഉന്നതനായ ഒരു ദൂതൻ മഹനീയ സാന്നിധ്യത്തിൽ ക്രിസ്തുവിൻറെ ശിരസിൽ കിരീടം വയ്ക്കുന്നത് അവൻ കാണുകയും ആ ദൂതൻറെ സ്ഥാനം അവന് കിട്ടേണ്ടതായിരുന്നു എന്ന് അവൻ അറിയുകയും ചെയ്യുന്നു.

ക്രിസ്തുവിനോട് അസൂയപ്പെടുകയും ദൈവത്തിനു വിരോധമായി പിറുപിറുക്കുകയും ചെയ്യുന്നതിൽ വ്യാപൃതനാകുന്നതുവരെ തനിക്ക് സ്വന്തം ആയിരുന്ന സംതൃപ്തിയും സമാധാനവും നിഷ്കളങ്കതയും വിശുദ്ധിയും നിറഞ്ഞ ഭവനത്തെക്കുറിച്ചും അവൻ ഓർക്കും. അവൻറെ കുറ്റാരോപണങ്ങൾ, വിപ്ലവം, മറ്റ് മാലാഖമാരുടെ പിന്തുണയും ഭയവും നേടാനായി താൻ ചെയ്ത ചതിവുകൾ, ദൈവം ക്ഷമിക്കാൻ തയ്യാറായിരുന്നപ്പോൾ സ്വന്ത രക്ഷയ്ക്കു വേണ്ടി ഒരു പ്രയത്നവും ചെയ്യാൻ തയ്യാറാകാതെ വഴങ്ങാത്ത, നിർബന്ധം പിടിക്കുന്ന തൻറെ സ്വഭാവം എന്നിവ തൻറെ മുമ്പിൽ

വ്യക്തമായി വരും. മനുഷ്യരുടെ ഇടയിലെ തൻറെ വേലയും അതിൻറെ ഫലങ്ങളും ഒന്ന് തിരിഞ്ഞു നോക്കും. മനുഷ്യന് മനുഷ്യനോടുള്ള ശത്രുത, ഘോരമായ ജീവനാശങ്ങൾ, രാജാക്കന്മാരുടെ ഉയർച്ചയും താഴ്ചയും, സിംഹാസനങ്ങളുടെ പതനങ്ങൾ, തുടർച്ചയായ കോലാഹലങ്ങൾ, സംഘട്ടനങ്ങളും വിപ്ലവങ്ങളും, മനുഷ്യരെ അധഃപതനത്തിലേക്ക് ആഴ്ത്തുവാനും ക്രിസ്തുവിൻറെ വേലയെ തടസപ്പെ ടുത്താനുമായി താൻ നിരന്തരം ചെയ്തിരുന്ന പ്രയത്നത്തെക്കുറിച്ചും ഓർക്കും. യേശുവിൽ ആശയം വെച്ചവരെ നശിപ്പിക്കാൻ തൻറെ നരകതുല്യ മായ കപട തന്ത്രങ്ങൾക്ക് ശക്തിയില്ലായിരുന്നു എന്നും കാണും.

തൻറെ കഷ്ട പ്പാടിൻറെ ഫലമാകുന്ന സാമാജ്യത്തിലേക്ക് നോക്കുമ്പോൾ തോൽവിയും നാശവും മാത്രമേ ദൃശ്യമാകയുള്ളൂ. അവൻ ദൈവത്തിൻറെ പട്ടണം നിഷ്പ്രയാസം പിടിച്ചെടുക്കാം എന്ന് ഈ വലിയ സമൂഹത്തെ വിശ്വസിപ്പിച്ചിരുന്നു. എങ്കിലും അതും തെറ്റായിരുന്നു എന്ന് അവൻ അറിയുന്നു. വൻപോരാട്ടത്തിന്റെ പുരോഗതിയിൽ അവൻ വീണ്ടും വീണ്ടും പരാജയപ്പെടുകയും കീഴടങ്ങുവാൻ നിർബന്ധിതനാവുകയും ചെയ്യും. അവന് നിത്യനായവൻറെ പ്രതാപവും ശക്തിയും നല്ലവണ്ണം അറിയാം.

എല്ലാ മത്സരത്തിൻറെയും ഉത്തരവാദിത്വം ദൈവിക

ഭരണകൂടത്തിനാണെന്ന്
തെളിയിക്കുകയും സ്വയം
നീതീകരിക്കുകയുമായിരുന്നു ആ മഹാ
മത്സരത്തിൻറെ ലക്ഷ്യം. അവൻറെ
അസാമാന്യ ബുദ്ധിശക്തിയെ ഈ
അറ്റത്തോളം ഉപയോഗിച്ചു. അത്ഭുതമായ
വിജയത്തോടെ ഇത്രകാലം അവൻ
മനഃപൂർവ്വം ക്രമീകൃതമായും അദ്ധ്വാനിച്ചും
വലിയ ജനസമൂഹത്തെ അനേക
നാളായി പുരോഗമിച്ചുകൊണ്ടിരുന്ന
വൻപോരാട്ടത്തെക്കുറിച്ചുള്ള
അവൻറെ തെറ്റായ ആരോപണത്തെ
അംഗീകരിപ്പിക്കുന്നതിനു നയിച്ചു.
അനേകായിരം വർഷങ്ങളോളം
സത്യത്തിനുപകരം വ്യാജത്തെ
നിലനിർത്തുവാൻ ഈ പ്രധാ നപ്പെട്ട
ഗൂഢാലോചനയ്ക്ക് സാധിച്ചു.

അവസാനമായി തോൽക്കാനും
സാത്താൻറെ ചരിത്രവും സ്വഭാവവും
സ്പഷ്ടമാക്കാനും ഉള്ള സമയം ഇപ്പോൾ
വന്നിരിക്കുന്നു. ക്രിസ്തുവിനെ
സിംഹാസന ഭ്രഷ്ടനാക്കി,
ദൈവജനത്തെ നശിപ്പിച്ച്,
ദൈവത്തിൻറെ നഗരം
കൈക്കലാക്കുവാനുള്ള അവസാനത്ത
വലിയ പ്രയത്നത്തിൽ ഈ ശേഷം
വഞ്ചകൻറെ യഥാർത്ഥ രൂപം മുഴുവ
നായും അനാവരണം ചെയ്യപ്പെടും.
അവൻറെ കൂടെ ഉണ്ടായിരുന്നവർ
അവൻറെ ലക്ഷ്യത്തിൻറെ തോൽവി
മനസ്സിലാക്കും. ക്രിസ്തുവിൻറെ
അനുയായികളും വിശ്വസ്ത ദൂതന്മാരും
ദൈവത്തിൻറെ
ഭരണകൂടത്തിനെതിരേയുള്ള അവൻറെ

ഗൂഢാലോചനകളെ പൂർണ്ണമായും കാണും. അവൻ മുഴുലോകത്തിൻറെയും വെറുപ്പിന് പാത്രമാകും.

സാത്താൻറെ മനഃപൂർവ്വമായ മത്സരം അവനെ സ്വർഗ്ഗത്തിന് അനർഹ നാക്കി എന്ന് മനസ്സിലാകും. അവൻറെ സർവ്വശക്തിയും ദൈവത്തിന് വിരോ ധമായി യുദ്ധം ചെയ്യാൻ അവൻ ഉപയോഗിച്ചു. സ്വർഗ്ഗത്തിന്റെ വിശുദ്ധിയും സമാധാനവും ഐക്യതയും അവന് ഏറ്റവും അസഹനീയമായ പീഡനം ആയിരുന്നു. ദൈവത്തിൻറെ നീതിയ്ക്കും കരുണയ്ക്കും എതിരായുള്ള അവൻറെ കുറ്റാരോപണങ്ങൾ ഇപ്പോൾ നിർത്തലാക്കപ്പെടും. യഹോവയുടെ മേൽ അവൻ ചുമത്തിയിരുന്ന

അധിക്ഷേപങ്ങൾ ഒക്കെയും അവൻറെ മേൽ തന്നെ വരും. തൻറെ മേലുണ്ടായ വിധിപ്രഖ്യാപനത്തിൻറെ നീതിയെ സാത്താൻ തലകുനിച്ച് അംഗീകരിക്കും.

“കർത്താവേ! ആർ നിൻറെ നാമത്തെ ഭയപ്പെടാതെയും മഹത്വപ്പെടുത്താതെയും ഇരിക്കും? നീയല്ലോ ഏകപരിശുദ്ധൻ; നിൻറെ ന്യായവിധികൾ വിളങ്ങി വന്നതിനാൽ സകല ജാതികളും വന്ന് തിരുസന്നിധിയിൽ നമസ്കരിക്കും” (വെളിപ്പാട്: 15:4). ദീർഘകാലമായി നിലനിന്ന വിവാദത്തിലെ തെറ്റിനെയും ശരിയെയും കുറിച്ചുള്ള എല്ലാ ചോദ്യങ്ങളും ഇപ്പോൾ വ്യക്തമാക്കപ്പെടും. സൃഷ്ടിക്കപ്പെട്ട സകല

ബുദ്ധിജീവികളുടെയും മുമ്പിൽ ദൈവത്തിൻറെ പത്തു കല്പനകൾ ഉപേക്ഷിച്ച മത്സരിച്ചതിൻറെ ഫലങ്ങൾ തുറന്നു വയ്ക്കപ്പെടും. ദൈവത്തിൻറെ ഭരണകൂടവും സാത്താൻറെ ഭരണവും തമ്മിലുള്ള അന്തരം പ്രപഞ്ചം മുഴുവൻ മനസ്സിലാക്കും. സാത്താൻറെ സ്വന്തം പ്രവൃത്തികളാണ് അവനെ കുറ്റം വിധിച്ചത്. ദൈവത്തിൻറെ വൈഭവം, നീതി, നന്മ എന്നിവ ശരിയായി വെളിപ്പെടും. ഈ വൻ വിവാദത്തിൽ ദൈവം ചെയ്തതെല്ലാം തൻറെ ജനത്തിൻറെ നിത്യമായ നന്മയ്ക്കും താൻ സൃഷ്ടിച്ച് ലോകങ്ങളുടെ മേന്മയ്ക്കും വേണ്ടി മാത്രമാണ്. “യഹോവേ, നിൻറെ സകല പ്രവൃത്തികളും നിനക്ക് സ്തോത്രം ചെയ്യും; നിൻറെ ഭക്തന്മാർ നിന്നെ വാഴ്ത്തും”

(സങ്കീർത്തനങ്ങൾ 145:10).
ദൈവത്തിൻറെ സകല സൃഷ്ടികളുടെയും സന്തോഷത്തിന് ബാധകമായ ദൈവത്തിൻറെ ന്യായപ്രമാണത്തിൻറെ നിലനില്പിനോടൊപ്പം പാപ്പത്തിൻറെ ചരിത്രവും ഒരു സാക്ഷ്യമായി നിത്യത മുഴുവനും നിൽക്കും.
വൻവിവാദത്തിലെ സത്യങ്ങൾ കണ്ടുകൊണ്ട് പ്രപഞ്ചത്തിലെ വിശ്വസ്തരും മത്സരികളും ഒരുപോലെ സമ്മതിച്ച്: "വിശുദ്ധന്മാരുടെ രാജാവേ, അങ്ങയുടെ വഴികൾ നീതിയും സത്യവും ആകുന്നു" എന്ന് ഏകസ്വരത്തിൽ പ്രഖ്യാപിക്കും.

മനുഷ്യനുവേണ്ടി പിതാവായ ദൈവവും പുത്രനായ ദൈവവും നടത്തിയ വലിയ

ത്യാഗം മുഴുലോകത്തിനും
വ്യക്തമാക്കപ്പെടും. അധികാര
ങ്ങൾക്കും വാഴ്ച്ചകൾക്കും
സകലനാമത്തിനും മേലായി
മഹത്വീകരിക്കപ്പെട്ട് താൻ ശരിക്കും
ആയിരിക്കേണ്ട സ്ഥാനത്ത് ക്രിസ്തു
ഇരിക്കേണ്ട നാഴിക വന്നിരിക്കുന്നു.
അനേകം പുത്രന്മാരെ മഹത്വത്തിലേക്ക്
കൊണ്ടുവരേണ്ടു ന്നതിനും തൻറെ
മുമ്പിൽ വച്ച് സന്തോഷം
പൂർണ്ണമാക്കേണ്ടതിനുംവേണ്ടി
യാണ് താൻ കുരിശു ചുമക്കുകയും നിന്ദ
സഹിക്കുകയും ചെയ്തത്. ചിന്തിക്കാൻ
കഴിയാത്ത കഷ്ടവും ദുഖവും
സഹിച്ചെങ്കിലും ഇപ്പോഴത്തെ സന്തോ
ഷവും മഹത്വവും വളരെ വലുതാണ്.
തൻറെ സ്വന്തം സ്വരൂപത്തിൽ

പുതുക്കപ്പെട്ട് ദൈവത്തിൻറെ പൂർണ്ണരൂപം ഹൃദയത്തിൽ വഹിച്ച് തങ്ങളുടെ രാജാ വിൻറെ സ്വരൂപത്തെ പ്രതിഫലിപ്പിക്കുന്ന വീണ്ടെടുക്കപ്പെട്ട ഓരോരുത്തരെയും അവൻ നോക്കും. തൻറെ ആത്മാവിൻറെ ഞരക്കത്തിൻറെ ഫലം അവരിൽ കണ്ട് തൃപ്തനാകും. "എൻറെ രക്തത്തിൻറെ വില നോക്കി കാണുക. ഇവർക്കു വേണ്ടി യാണ് ഞാൻ കഷ്ടത അനുഭവിച്ചത്. ഇവർക്കുവേണ്ടിയാണ് ഞാൻ മരിച്ചത്. നിത്യ യുഗങ്ങളിൽ ഇവർ എൻറെ കൂടെ വസിക്കും", നീതിമാന്മാരും ദുഷ്ടന്മാരുമായ ജനസമൂഹമെല്ലാം കേൾക്കത്തക്കവിധം പ്രഖ്യാപിക്കും: "അറുക്കപ്പെട്ട കുഞ്ഞാട് ശക്തിയും ധനവും ജ്ഞാനവും ബലവും ബഹുമാനവും

മഹത്വവും സ്തോത്രവും ലഭിപ്പാൻ യോഗ്യൻ” (വെളി. 5:12) എന്ന സ്തോത്രഗാനം സിംഹാസനത്തിനുചുറ്റും നിൽക്കുന്ന വെള്ളയുടുപ്പ് ധാരികളിൽനിന്ന് ഉയരും.

ദൈവത്തിൻറെ നീതിയും അധികാരവും സാത്താൻ അംഗീകരിക്കാൻ നിർബന്ധിതനായിട്ടും അവൻറെ സ്വഭാവത്തിന് ഒരു മാറ്റവും വന്നില്ല. മത്സരത്തിൻറെ ആത്മാവ് ഒരു കുത്തൊഴുക്കുപോലെ വീണ്ടും പൊട്ടിപുറപ്പെട്ടും. ക്രോധാവേശത്താൽ ഈ വൻ പോരാട്ടത്തിൽ കീഴ്പെടുകയില്ലെന്ന് അവൻ തീരുമാനിക്കുന്നു. ദൈവത്തിനെതിരായി നിരാശാപൂർണ്ണമായ അന്ത്യ

ആക്രമണത്തിനുള്ള സമയം വന്നു. അവൻ വേഗത്തിൽ അനുയായികളുടെ ഇടയിലേക്ക് ചെന്ന്, ഉഗ്രകോപത്തോടെ, പെട്ടെന്നുള്ള യുദ്ധത്തിനായി അവരെ ഉത്തേജിപ്പിക്കും. മത്സരത്തിനുവേണ്ടി വശീകരിച്ചിരുന്ന എണ്ണമറ്റ ജനക്കൂട്ടത്തിൽ ആരും അവൻറെ ആധിപത്യത്തെ അപ്പോൾ അംഗീകരിക്കുകയില്ല. അവൻറെ ശക്തി ക്ഷയിച്ചു. സാത്താനെ പ്രചോദിപ്പിച്ച ദൈവത്തോടുള്ള അതേ വെറുപ്പിനാൽ ദുഷ്ടന്മാർ നിറയപ്പെട്ടും. എങ്കിലും ഒരു പ്രത്യാശയ്ക്കും വകയില്ലാത്ത അവസ്ഥയിലാണവർ. ജയിപ്പാൻ അവർക്ക് കഴിയുകയില്ല. ദുഷ്ടന്മാർ സാത്താനോടും വഞ്ചനാത്മകരായ

തൻറെ അനുയായികളോടും പൈശാചിക ക്രോധത്തോടെ തിരിയും.

കർത്താവ് ഇങ്ങനെ പറഞ്ഞു: “നീ ദൈവഭാവം നടിക്കയാൽ ഞാൻ ജാതികളിൽ ഉഗ്രന്മാരായ അന്യജാതിക്കാരെ നിൻറെ നേരെ വരുത്തും; അവർ നിൻറെ ജ്ഞാനശോഭയുടെ നേരെ വാളൂരി നിൻറെ പ്രഭയെ അശുദ്ധമാക്കും. അവർ നിന്നെ കുഴിയിൽ ഇറങ്ങുമാറാക്കും.... മറെയ്ക്കുന്ന കെരൂബേ, ഞാൻ നിന്നെ അഗ്നിമയ രഥങ്ങളുടെ മദ്ധ്യേനിന്ന് മുടിച്ചുകളഞ്ഞു... ഞാൻ നിന്നെ നിലത്തു തള്ളിയിട്ടു, രാജാക്കന്മാർ നിന്നെ കണ്ട് രസിക്കത്തക്കവണ്ണം നിന്നെ അവരുടെ മുമ്പിൽ ഇട്ടുകളഞ്ഞു... നിന്നെ കാണുന്ന

ഏവരുടേയും മുമ്പിൽ ഞാൻ നിന്നെ നിലത്ത് ഭസ്മം ആക്കിക്കളയും.... നിനക്ക് ശീഘ്ര നാശം ഭവിച്ചിട്ട് നീ സദാകാലത്തേക്കും ഇല്ലാതെയാകും" (യെഹെസ്കേൽ 28:6-8;1 6-19).

"ഒച്ചയോടെ നടക്കുന്ന യോദ്ധാവും രക്തം പുരണ്ട വസ്ത്രവും വിറകു പോലെ തീക്ക് ഇരയായിത്തീരും." "യഹോവെക്ക് സകല ജാതികളോടും കോപവും അവരുടെ സർവ്വസൈന്യത്തോടും ക്രോധവും ഉണ്ട്; അവൻ അവരെ ശപഥാർപ്പിതമായി കൊലയ്ക്ക് ഏല്പ്പിച്ചിരിക്കുന്നു." "ദുഷ്ടന്മാരുടെ മേൽ അവൻ കണികളെ വർഷിപ്പിക്കും; തീയും ഗന്ധകവും ഉഷ്ണക്കാറ്റും അവരുടെ പാനപാത്രത്തിലെ ഓഹരി

ആയിരിക്കും” (യെശയ്യാ. 19:5:34:2; സങ്കീ. 11:6). സ്വർഗ്ഗത്തിൽനിന്ന് ദൈവത്തിങ്കൽനിന്നു തന്നെ തീ ഇറങ്ങി വരും. ഭൂമി പൊട്ടുപൊടെ പൊട്ടും; അതിൻറെ ആഴത്തിൽ മറഞ്ഞിരുന്ന ആയുധങ്ങൾ പുറത്ത് കൊണ്ടുവരപ്പെടും. വിശാലമായി തുറന്ന ഭൂപിളർപ്പുകളിൽ തീ ആളും. പാറകൾപോലും കത്തി എരിയും. ചൂളപോലെ കത്തുന്ന ആ ദിവസം ഇതാണ്. മൂലപദാർത്ഥങ്ങൾ കത്തി അഴിയും. ഭൂമിയും അതിൽ ഉള്ളതൊക്കെയും വെന്തുപോവുകയും ചെയ്യും (മാലാഖി: 4:1; 2പത്രൊ. 3:10). ഒരു വലിയ തിളയ്ക്കുന്ന അഗ്നിതടാകംപോലെ ഭൂമിയുടെ പ്രതലം ഉരുകിയ പിണ്ഡമായിത്തീരും.

ദൈവഭയമില്ലാത്തവരുടെ ന്യായവിധിയുടെയും നാശത്തിൻറെയും സമയം ഇതാണ്. "അത് യഹോവ പ്രതികാരം നടത്തുന്ന ദിവസവും സീയോൻറെ വ്യവഹാരത്തിൽ പ്രതിഫലം കൊടുക്കുന്ന സംവത്സരവും ആകുന്നു" (യെശയ്യാ. 34:8)

"ദുഷ്ടൻ തൻറെ പ്രതിഫലം ഈ ഭൂമിയിൽ തന്നെ വാങ്ങും" (സദൃശ. 11:31) " ... സകല ദുഷ്ട പ്രവൃത്തിക്കാരും താളടിയാകും. വരുവാനുള്ള ആ ദിവസം വേരും കൊമ്പും ശേഷിക്കാതെ അവരെ ദഹിപ്പിച്ചുകളയും എന്ന് സൈന്യങ്ങളുടെ യഹോവ അരുളിച്ചെയ്യുന്നു" (മലാഖി 4:1). ചിലരെല്ലാം നിമിഷങ്ങൾക്കകം

നശിക്കും. മറ്റുചിലർ വളരെ ദിവസങ്ങൾ കഷ്ടത അനുഭ വിക്കും. എല്ലാവർക്കും “അവരവരുടെ പ്രവൃത്തിക്ക് അനുസരണമായ” ശിക്ഷ കിട്ടും. നീതിമാന്മാർ ചെയ്ത പാപങ്ങളെ സാത്താൻറെ മേൽ ചുമത്തുകയും സ്വന്തമത്സരത്തിനുവേണ്ടി മാത്രമല്ല, ദൈവജനത്തെക്കൊണ്ട് ചെയ്യിച്ചിട്ടുള്ള സകല പാപങ്ങൾക്കുമായും സാത്താൻ ശിക്ഷിക്കപ്പെടും. അവനാൽ വഞ്ചിക്കപ്പെട്ടവർക്കുള്ള ശിക്ഷയെക്കാൾ വളരെയധികമായിരിക്കും അവനുള്ള ശിക്ഷ. അവൻറെ വഞ്ചനകൊണ്ട് വീണുപോയ സകലരും നശിച്ചശേഷവും അവൻ ജീവിച്ചിരുന്ന് യാതന അനുഭവിക്കും. ശുദ്ധീകരിക്കുന്ന

അഗ്നിയിൽ ദുഷ്ടന്മാർ അവസാനമായി വേരും കൊമ്പും കൂടാതെ നശിക്കപ്പെടും. സാത്താൻ വേരും, അവൻറെ അനുയായികൾ കൊമ്പും. ദൈവകല്പനയുടെ പിഴ മുഴുവനും അവർ കൊടുത്തു പൂർത്തീകരിക്കപ്പെട്ടു. ദൈവത്തിൻറെ നീതിയെ ആകാശവും ഭൂമിയും വർണ്ണിച്ചു.

സാത്താൻറെ നശീകരണ പ്രവൃത്തി എന്നെന്നേയ്ക്കുമായി അവസാനിച്ചു. ആറായിരം വർഷം കഷ്ടതകൾ വരുത്തിയും മഹാവ്യസനത്താൽ നിറച്ചും സാത്താൻ അവൻറെ ഇഷ്ടമെല്ലാം ഈ ലോകത്തിൽ നടപ്പാക്കി. സർവ്വ സൃഷ്ടിയും വേദനയാൽ ഞരങ്ങി. ഇപ്പോൾ ദൈവത്തിൻറെ ജനം

എന്നെന്നേക്കുമായി സാത്താൻറെ സാന്നിധ്യത്തിൽനിന്നും പരീക്ഷകളിൽ നിന്നും വിടുതൽ പ്രാപിച്ചു. "സർവ്വഭൂമിയും വിശ്രമിച്ച് സ്വസ്ഥമായിരിക്കുന്നു. അവർ (നീതിമാന്മാർ) ആർ പാടുന്നു" (യെശയ്യാ. 14:7). വീഴ്ച ഭവിക്കാത്ത മറ്റു ലോകങ്ങളിൽനിന്നും സതിയുടേയും ജയോത്സവത്തിൻറെയും ആർപ്പു വിളികൾ ഉയരുന്നു. "വലിയ പുരുഷാരത്തിൻറെ ഘോഷംപോലെയും പെരു വെള്ളത്തിൻറെ ഇർച്ചിൽ പോലെയും തകർത്ത് ഇടിമുഴക്കംപോലെയും" കേട്ടത് : ഹല്ലേലൂയ്യാ! സർവ്വശക്തിയുള്ള നമ്മുടെ ദൈവമായ കർത്താവ് രാജത്വം ഏറ്റിരിക്കുന്നു"(വെളി: 19:6).

ഭൂമി അഗ്നിയാൽ നശിപ്പിക്കപ്പെട്ടപ്പോൾ നീതിമാന്മാർ വിശുദ്ധ നഗരത്തിൽ സംരക്ഷിക്കപ്പെട്ടു. ഒന്നാമത്തെ പുനരുത്ഥാനത്തിൽ പങ്കുള്ളവരുടെ മേൽ രണ്ടാം മരണത്തിന് അധികാരമില്ല. ദൈവം, ദുഷ്ടന്മാർക്ക് നശിപ്പിക്കുന്ന തീ ആയിരിക്കുമ്പോൾ, നീതിമാന്മാർക്ക് സൂര്യനും പരിചയും ആയിരിക്കും (വെളി. 20:6, സങ്കീ. 84:11).

"ഞാൻ പുതിയ ആകാശവും പുതിയ ഭൂമിയും കണ്ടു; ഒന്നാമത്ത ആകാശവും ഒന്നാമത്തെ ഭൂമിയും ഒഴിഞ്ഞുപോയി" (വെളി. 21:1). ദുഷ്ടന്മാരെ ദഹിപ്പിച്ച അഗ്നി ഭൂമിയെ ശുദ്ധീകരിക്കും. പാപത്തിൻറെ ഓരോ അംശത്തെയും

തുടച്ചു നീക്കും. പാപത്തിൻറെ പരിണിതഫലമായ ഈ ഭയാനകമായ അഗ്നി വിശുദ്ധന്മാരുടെ മുമ്പാകെ പിന്നീട് ഉണ്ടായിരിക്കയില്ല.

ഓർമ്മിക്കാൻ ഒരു കാര്യം മാത്രം അവശേഷിക്കും. ക്രൂശീകരണത്തിൻറെ അടയാളം നമ്മുടെ രക്ഷകൻ എക്കാലത്തും ധരിക്കും എന്നതാണ് അത്. അവൻറെ തലയിലും പാർശ്വത്തിലും കൈകാലുകളിലും പാപത്താൽ ഉണ്ടായ പാടുകൾ മാത്രം അവശേഷിക്കും. ക്രിസ്തുവിനെ മഹത്വത്തിൽ കണ്ടുകൊണ്ട് പ്രവാചകൻ ഇങ്ങനെ പറയുന്നു: " .... കിരണങ്ങൾ അവൻറെ പാർശ്വത്തിൽ നിന്ന് പുറപ്പെടുന്നു. അവിടെ അവൻറെ

വല്ലഭത്വം മറഞ്ഞിരിക്കുന്നു" (ഹബക്കുക്ക് 3:4). കുത്തേറ്റ പാർശ്വത്തിലെ മുറിവിൽ നിന്നു പുറപ്പെട്ട രക്തത്തിൻറെ ഉറവ മനുഷ്യനെ ദൈവവുമായി നിരപ്പിച്ചു. അവിടെയാണ് രക്ഷകൻറെ മഹത്വം. അവിടെയാണ് "മറഞ്ഞിരിക്കുന്ന അവൻറെ ശക്തി" രക്ഷിക്കാൻ ശക്തമായ പാപത്തിൽനിന്ന് ഉദ്ധരിക്കാൻ മതിയായ യാഗത്തിലൂടെ, തൻറെ കരുണയെ നിന്ദിച്ചവർക്കുള്ള നീതി നടപ്പാക്കാൻ അവൻ ശക്തനായിരുന്നു. അവൻ അനുഭവിച്ച നിന്ദയുടെ അടയാളങ്ങൾ അവൻറെ ഏറ്റവും വലിയ ബഹുമതിയാണ്. നിത്യതയിലുടനീളം ഈ മുറിവുകൾ ക്രിസ്തുവിൻറെ സൽഗുണങ്ങളെ ഘോഷിക്കുകയും

തൻറെ ശക്തിയെ വർണ്ണിക്കുകയും ചെയ്യും.

“നീയോ, ഏദെർ ഗോപുരമേ, സീയോൻ പുതിയുടെ ഗിരിയേ, നിനക്കു വരും: പൂർവ്വാധിപത്യം, യെരൂശലേം പുത്രിയുടെ രാജത്വം തന്നേ, നിനക്കു വരും” (മീഖ 4:8.). ആദ്യ മാതാപിതാക്കൾ ഏദനിൽനിന്നും പുറത്തായതു മുതൽ വിശുദ്ധന്മാർ ആകാംക്ഷയോടെ ഉറ്റുനോക്കിയിരുന്ന അവരുടെ വീണ്ടെടുപ്പിനുവേണ്ടി സമയം സമാഗതമായി (എഫെസ്യർ 1:14). ആരംഭത്തിങ്കൽ മനുഷ്യൻറെ വാസസ്ഥലമായിരുന്നതും അവനാൽ സാത്താൻറെ കയ്യിൽ ഏല്പി ക്കപ്പെട്ടതും, വലിയ ശക്തനായ ശത്രുവിനാൽ

ഇത്രകാലം കയ്യടക്കപ്പെട്ടതു മായ ഭൂമിയെ രക്ഷയുടെ വലിയ പദ്ധതിയാൽ തിരികെ ലഭിച്ചിരിക്കുന്നു. പാപത്താൽ നഷ്ടമായതെല്ലാം തിരിച്ചു കിട്ടി. യഹോവ ഇപ്രകാരം അരുളി ചെയ്യുന്നു", ... അവൻ ഭൂമിയെ നിർമ്മിച്ചുണ്ടാക്കി; അവൻ അതിനെ ഉറപ്പിച്ചു. വ്യർത്ഥമായിട്ടല്ല, അവൻ അതിനെ സൃഷ്ടിച്ചത്, പാർപ്പിനത്രേ അതിനെ നിർമ്മിച്ചത്" (യെശയ്യാ 45:18). രക്ഷിക്കപ്പെട്ടവർ നിത്യമായി ഭൂമിയിൽ വസിക്കാൻ തുടങ്ങുമ്പോൾ, ഭൂമിയെ സൃഷ്ടിച്ചപ്പോൾ ദൈവത്തിനുണ്ടായിരുന്ന ഉദ്ദേശം നിവൃത്തിയാകും. "നീതിമാന്മാർ ഭൂമിയെ അവകാശമാക്കി എന്നേക്കും അതിൽ വസിക്കും" (സങ്കീ. 37:29).

ഭാവിയിൽ അവകാശമായി അനുഭവിക്കേണ്ടതിനെപ്പറ്റിയുള്ള അമിത ഭാരം, നമ്മുടെ സ്വന്ത ഭവനമായി അതിനെ നോക്കുവാൻ മതിയായ സത്യത്തിൽനിന്നും അനേകരെ വ്യതിചലിപ്പിക്കുന്നു. പിതാവിൻറെ ഭവനത്തിൽ അവർക്കുവേണ്ടി അനേക വാസസ്ഥലങ്ങൾ ഒരുക്കുവാൻ താൻ പോകുന്നു എന്ന് ക്രിസ്തു തൻറെ ശിഷ്യന്മാർക്ക് ഉറപ്പുകൊടുത്തു. തിരുവചന ഉപദേശങ്ങളെ അംഗീകരിക്കുന്നവർ സ്വർഗ്ഗീയ വാസസ്ഥലങ്ങളെക്കുറിച്ച് തീരെ അജ്ഞർ ആയിരിക്കുകയില്ല. “ദൈവം തന്നെ സ്നേഹിക്കുന്നവർക്ക് ഒരുക്കിയിരിക്കുന്നത് കണ്ണ് കണ്ടിട്ടില്ല, ചെവി കേട്ടിട്ടില്ല, ഒരു മനുഷ്യൻറെയും

ഹൃദയത്തിൽ തോന്നിയിട്ടും ഇല്ല" (1 കൊരി. 2:9). നീതിമാന്മാർക്കുള്ള പ്രതിഫലം വർണ്ണിക്കുവാൻ മാനുഷിക ഭാഷ അപര്യാപ്തമാണ്. അത് അനുഭവിക്കുന്നവർ മാത്രമേ മനസ്സിലാക്കുകയുള്ളു. നശ്വരമായ മനസ്സുകൾക്കൊന്നും ദൈവത്തിൻറെ പറുദീസയിലെ മഹത്വം ഉൾക്കൊള്ളുവാൻ കഴിയുകയില്ല.

രക്ഷിക്കപ്പെട്ടവരുടെ പിതൃദേശത്തെ തിരുവചനം "ഒരു നഗരം" എന്ന് വിവരിച്ചിരിക്കുന്നു (എബ്രാ. 11:14-16). അവിടെ സ്വർഗ്ഗീയ ഇടയൻ തൻറെ കൂട്ടത്തെ ജീവജല ഉറവയിലേക്ക് നയിക്കും. ജീവവൃക്ഷം മാസം തോറും ഫലം തരും. അതിൻറെ ഇലകൾ

ജാതികളുടെ രോഗശാന്തിയ്ക്ക് ഉതകും. പളുങ്കുപോലെ ശുഭ്രമായതും എന്നെന്നേയ്ക്കും ഒഴുകുന്നതുമായ ജീവജല നദിയും കർത്താവിനാൽ വീണ്ടെടുക്കപ്പെട്ടവർക്കുവേണ്ടി ഒരുക്കിയിരിക്കുന്ന വീഥികളിൽ നിഴൽ വീശിക്കൊണ്ട് ചാഞ്ചാടി നിൽക്കുന്ന മരങ്ങളും ഉണ്ട്. വിശാലമായ സമഭൂമിയിൽ അങ്ങിങ്ങായി മനോഹരമായ കുന്നുകൾ ഉയർന്ന് നിൽക്കും. ദൈവത്തിൻറെ പർവ്വതങ്ങളിൽ കൊടുമുടികൾ കാണപ്പെടും. ഇതു വരെയും അന്യരും പരദേശികളും ആയിരുന്ന ദൈവജനം ഈ സമാധാന പൂർണ്ണമായ സമതലങ്ങളിൽ, ജീവജലനദിയുടെ കരയ്ക്ക് തങ്ങളുടെ ഒരു ഭവനം കണ്ടെത്തും.

“എൻറെ ജനം സമാധാന നിവാസത്തിലും, നിർഭയവസതികളിലും, സൈ്വര്യമുള്ള വിശാല സ്ഥലങ്ങളിലും പാർക്കും.” “ഇനി നിൻറെ ദേശത്ത് സാഹസവും നിൻറെ അതിരിനകത്ത് ശൂന്യവും നാശവും, കേൾക്കയില്ല; നിൻറെ മതിലുകൾക്ക് രക്ഷ എന്നും നിൻറെ വാതിലുകൾക്ക് സ്തുതി എന്നും നീ പേർ പറയും”. “അവർ വീടുകളെ പണിതുപാർക്കും, അവർ മുന്തിരിതോട്ട ങ്ങളെ ഉണ്ടാക്കി അവയിലെ ഫലം അനുഭവിക്കും. അവർ പണിക, മറ്റൊരു ത്തൻ പാർക്ക് എന്നു വരികയില്ല.... എൻറെ വൃതന്മാർ തന്നെ തങ്ങളുടെ അദ്ധ്വാനഫലം അനുഭവിക്കും”

(യെശയ്യാ. 32:18; 60:18; 65 :21,22).

“മരുഭ്രമിയും വരണ്ട നിലവും ആനന്ദിക്കും. നിർജ്ജനപ്രദേശം ഉല്ലസിച്ച് പനിനീർ പുഷ്പം പോലെ പൂക്കും.” “മുള്ളിനുപകരം സരളവൃക്ഷം മുളയ്ക്കും. പറക്കാരെയ്ക്കുപകരം, കൊളുന്തു മുളെക്കും.” “ചെന്നായി കുഞ്ഞാടിനോടു കൂടെ പാർക്കും, പുള്ളിപ്പുലി കോലാട്ടിൻ കുട്ടിയോടുകൂടെ കിടക്കും.... ഒരു ചെറിയ കുട്ടി അവയെ നടത്തും.” “... എൻറെ വിശുദ്ധ പർവ്വതത്തിൽ എങ്ങും ഒരു ദോഷമോ നാശമോ ആരും ചെയ്ക ഇല്ല” എന്ന് കർത്താവ് അരുളിച്ചെയ്യുന്നു (യെശയ്യാ. 35:1; 11:6,9; 55:13).

സ്വർഗ്ഗത്തിൽ വേദന ഉണ്ടായിരിക്കുകയില്ല. അവിടെ കണ്ണുനീർ ഉണ്ടായിരിക്കയില്ല. വിലാപയാത്ര ഉണ്ടായിരിക്കയില്ല. "... ഇനി മരണം ഉണ്ടാകയില്ല; ദുഖവും മുറവിളിയും കഷ്ടതയും ഇനി ഉണ്ടാകയില്ല; ഒന്നാമത്തേത് കഴിഞ്ഞുപോയി." "എനിക്ക് ദീനം എന്ന് യാതൊരു നിവാസിയും പറകയില്ല; അതിൽ പാർക്കുന്ന ജനത്തിൻറെ അകൃത്യം മോചിക്കപ്പെട്ടിരിക്കും" (വെളി. 21:4,5; യെശയ്യാ. 33:24).

മഹത്വപൂർണ്ണവും പുതിയ ഭൂമിയുടെ തലസ്ഥാനവുമായ പുതിയ യെരുശലേം അവിടെ ഉണ്ട്. "യഹോവയുടെ കയ്യിൽ നീ ഭംഗിയുള്ള കിരീടവും നിൻറെ

ദൈവത്തിൻറെ കയ്യിൽ രാജ മുടിയും ആയിരിക്കും." "അതിൻറെ ജ്യോതിസ്സ് ഏറ്റവും വിലയേറിയ രത്നത്തിനു തുല്യമായി സ്ഫടിക സ്വച്ഛതയുള്ള സൂര്യകാന്തം പോലെ ആയിരുന്നു". "ജാതികൾ അതിൻറെ വെളിച്ചത്തിൽ നടക്കും. ഭൂമിയുടെ രാജാക്കന്മാർ തങ്ങളുടെ മഹത്വം അതിലേക്ക് കൊണ്ടു വരും." കർത്താവു പറയുന്നു: "ഞാൻ യെരുശലേമിനെക്കുറിച്ച് സന്തോഷിക്കയും എൻറെ ജനത്തെക്കുറിച്ച് ആനന്ദിക്കയും ചെയ്യും.... " "ഇതാ, മനുഷ്യരോടുകൂടെ ദൈവത്തിൻറെ കൂടാരം. അവൻ അവരോടുകൂടെ വസിക്കും. അവർ അവൻറെ ജനം ആയിരിക്കും. ദൈവം താൻ അവരുടെ ദൈവമായി

അവരോടുകൂടെ ഇരിക്കും” (യെശയ്യാ. 62:3; വെളി. 21:11,24; യെശയ്യാ. 65:19; വെളി. 21:3).

ദൈവത്തിൻറെ നഗരത്തിൽ രാത്രി ഉണ്ടായിരിക്കുക ഇല്ല. ആരും വിശ്രമം ആഗ്രഹിക്കുകയൊ ആവശ്യമായി വരികയൊ ചെയ്കയില്ല. ദൈവയിഷ്ടം ചെയ്യുന്നതിലോ അവൻറെ നാമത്തിനു സ്തുതി അർപ്പിക്കുന്നതിലോ ആരും തളർന്നു പോകയില്ല. പ്രഭാതത്തിലെ നവോന്മേഷം നമുക്ക് എല്ലായ്പ്പോഴും ഉണ്ടായിരിക്കും. അത് ഒരിക്കലും മാറിപ്പോകയും ഇല്ല. “... ദൈവമായ കർത്താവ് അവരുടെമേൽ പ്രകാശിക്കുന്നതുകൊണ്ട് വിളക്കിൻറെ വെളിച്ചമൊ, സൂര്യൻറെ വെളിച്ചമൊ

അവർക്ക് ആവശ്യമില്ല.... ” (വെളി. 22:5). മദ്ധ്യാഹ്ന സൂര്യൻറെ പ്രഭയെ ജയിക്കുന്ന, അളവുകൂടാത്ത, ഉജ്ജ്വല പ്രഭ ആ വെളിച്ചത്തിന് ഉണ്ടായിരിക്കും. ദൈവത്തിൻറെയും കുഞ്ഞാടിൻറെയും മഹത്വം ആ മങ്ങാത്ത വെളിച്ചത്താൽ നിറയും. രക്ഷിക്കപ്പെട്ടവർ സൂര്യനില്ലാത്ത മഹത്വത്തിൽ നിത്യതയോളം ജീവിക്കും.

“മന്ദിരം അതിൽ കണ്ടില്ല. സർവ്വശക്തിയുള്ള ദൈവമായ കർത്താവും കുഞ്ഞാടും അതിൻറെ മന്ദിരം ആകുന്നു” (വെളി. 21:22). ദൈവജനം പിതാവും പുത്രനുമായി തുറന്ന സംസർഗ്ഗം ചെയ്യാൻ പ്രത്യേക പദവി ഉള്ളവരായിരിക്കും. “ഇപ്പോൾ

നാം കണ്ണാടിയിൽ കടമൊഴിയായി കാണുന്നു” (1 കൊരി. 13:12). പ്രകൃതിയിലൂടെയും മനുഷ്യരോടുള്ള ദൈവത്തിൻറെ ഇടപെടലുകളിലൂടെയും ദൈവത്തിൻറെ പ്രതിഛായ കണ്ണാടിയിൽ എന്നപോലെ നാം ഇന്ന് കാണുന്നു. എന്നാൽ അന്ന് മൂടുപടം നീങ്ങിയവരായി ദൈവത്തെ മുഖാമുഖമായി കാണും. നാം ദൈവത്തിൻറെ സന്നിധിയിൽനിന്ന് അവൻറെ മുഖപ്രകാശം അനുഭവിക്കും.

വീണ്ടെടുക്കപ്പെട്ട ജനം അറിയപ്പെട്ടതുപോലെ തന്നെ അറിയും. ദൈവം തന്നെ മനുഷ്യരോടു കാണിച്ച സ്നേഹവും കരുണയും അവിടെ സത്യമായും മധുരതരമായും പ്രകടമാകും.

വിശുദ്ധന്മാരുമായുള്ള പരിശുദ്ധ സംസർഗ്ഗം, അനു ഗ്രഹിക്കപ്പെട്ട മാലാഖമാരുമായി ഒരുമയുള്ള സാമൂഹ്യ ജീവിതം, കുഞ്ഞാ ടിൻറെ തിരുരക്തത്താൽ തങ്ങളുടെ അങ്കികളെ വെളുപ്പിച്ച എല്ലായുഗങ്ങളി ലേയും വിശ്വസ്തർ, സ്വർഗ്ഗത്തിലും ഭൂമിയിലും ഉള്ള സകല കുടുംബാംഗങ്ങളേയും ഒന്നിച്ചുചേർക്കുന്ന വിശുദ്ധ ബന്ധം (എഫെ. 3:15) എന്നിവ വീണ്ടെടുക്കപ്പെട്ടവരുടെ സന്തോഷത്തിന് രൂപം കൊടുക്കുവാൻ സഹായിക്കുന്നു.

സൃഷ്ടിപ്പിൻ ശക്തിയുടെ അത്ഭുതങ്ങളേയും വീണ്ടെടുപ്പിൻ സ്നേഹത്തിൻറെ രഹസ്യങ്ങളേയും കുറിച്ച് ഒരിക്കലും മങ്ങാത്ത സന്തോഷത്തോടെ

അവിടെയുള്ള ശാശ്വത മനസ്സുകൾ ധ്യാനിക്കും. ദൈവത്തെ വിസ്മരിക്കുന്നതിന്ന് പരീക്ഷിക്കുന്ന ക്രൂരനും വഞ്ചകനുമായ ശത്രു അവിടെ ഉണ്ടായിരിക്കയില്ല. ഓരോ ബുദ്ധിശക്തിയും കഴിവുകളും വർദ്ധിച്ചുകൊണ്ടിരിക്കും. ജ്ഞാന സമ്പാദനം മനസ്സുകളെ തളർത്തുകയൊ ഊർജ്ജം നഷ്ടമാക്കുകയൊ ചെയ്യു യില്ല. അവിടെ ഏറ്റവും ബൃഹത്തായ സംരംഭങ്ങൾ നടക്കും. ഏറ്റവും ഉയർന്ന അഭിലാഷങ്ങൾ യാഥാർത്ഥ്യമാകും. ഏറ്റവും വലിയ ഉൽക്കർഷേച്ഛ സഫലീകരിക്കപ്പെടും. എങ്കിലും കീഴടക്കാൻ വീണ്ടും വിജ്ഞാനത്തിൻറെ കൊടുമുടികൾ കണ്ടെത്തും.

പ്രശംസാർഹമായ പുതിയ
അത്ഭുതങ്ങളും ഉൾക്കൊള്ളുണ്ട പുതിയ
സത്യങ്ങളും ശരീരത്തിൻറേയും
മനസ്സിൻറെയും ആത്മാവിൻറേയും
ശക്തി ഉണർത്തുന്ന പുതിയ
വിഷയങ്ങൾ ഉണ്ടാകും.

വീണ്ടെടുക്കപ്പെട്ടവർക്കു
പഠിക്കുന്നതിനുവേണ്ടി പ്രപഞ്ചത്തിലെ
മുഴു നിക്ഷേപങ്ങളേയും തുറന്നു
കൊടുക്കും, മർത്യതയുടെ തടസ്സങ്ങൾ
കൂടാതെ അവർ വിദൂര ലോകങ്ങളിലേക്ക്
തളർന്നുപോകാതെ പറക്കും.
മനുഷ്യൻറെ ദുഖങ്ങളുടെ ദൃശ്യത്താൽ
വീർപ്പുമുട്ടിയിരുന്ന മറ്റു ലോകങ്ങളിലെ
നിവാ സികൾ ആത്മാക്കളുടെ
വീണ്ടെടുപ്പിൻറെ വാർത്തകേട്ട്

സന്തോഷത്തിൻറെ പാട്ടുകൾ പാടും. അവർണ്ണനീയമായ സന്തോഷത്തോടെ ഭ്രുവാസികൾ വീഴ്ച ഭവിക്കാത്ത ജീവികളുടെ സന്തോഷത്തിലേക്കും പരിജ്ഞാനത്തിലേക്കും പ്രവേശിക്കും. ദൈവത്തിൻറെ കൈവേലയെപ്പറ്റി, യുഗായുഗങ്ങളായി നേടിയ അറിവും ജ്ഞാനവും ധ്യാനപൂർവ്വം അവർ പങ്കുവെയ്ക്കും. സൃഷ്ടി കർത്താ വിൻറെ സിംഹാസനത്തിനു ചുറ്റും വലം വെയ്ക്കുന്ന സൂര്യ നക്ഷത്രാദികളുടെ ഘടനയും പ്രവർത്തന നിയമങ്ങളും സൃഷ്ടി മഹത്വത്തിൻറെ മങ്ങലി ല്ലാത്ത ദൃശ്യങ്ങളും അവർ കണ്ണിമയ്ക്കാതെ നോക്കിക്കാണും. ഏറ്റവും ചെറിയതു മുതൽ ഏറ്റവും വലിയതുവരെ ഉള്ള എല്ലാറ്റിന്മേലും സൃഷ്ടികർത്താവിന്റെ

നാമം എഴുതപ്പെട്ടിരിക്കുകയും അവയിലെല്ലാം ദൈവശക്തിയുടെ വ്യാപ്തി വെളിപ്പെടുകയും ചെയ്യും.

നിത്യതയുടെ വർഷങ്ങൾ കടന്നുപോകുമ്പോൾ, ദൈവത്തിൻറെയും ക്രിസ്തുവിൻറെയും ഉന്നതമായതും മഹത്വപൂർണ്ണവുമായ വെളിപ്പാടുകൾ കൂടുതൽ പ്രകടമാകും. അറിവ് പുരോഗമിക്കുന്നതിനോടൊപ്പം, സ്നേഹവും ഭയഭക്തിയും സന്തോഷവും വർദ്ധിക്കും. മനുഷ്യർ ദൈവത്തെക്കുറിച്ച് പഠിക്കും തോറും തൻറെ സ്വഭാവത്തെക്കുറിച്ചുള്ള മതിപ്പ് വർദ്ധിക്കും. സാത്താനുമായുള്ള വൻവിവാദത്തിന്റെ നേട്ടങ്ങളെയും വീണ്ടെടുപ്പിൻറെ ഔന്നത്യത്തെയും

അവർക്കു മുമ്പിൽ യേശു തുറക്കുമ്പോൾ വീണ്ടെടുക്കപ്പെട്ടവരുടെ ഹൃദയങ്ങൾ തീക്ഷ്ണമായ ഭക്തിയാൽ പുളകിതമാകും. അവർ അത്യാഹ്ലാദത്തോടെ സ്വർണ്ണ വീണകൾ മീട്ടും. പതിനായിരം പതിനായിരങ്ങളും, ആയിരം ആയി രങ്ങളും ഒത്തൊരുമിച്ച് ഊർജ്ജസ്വലമായി സ്തുതിഗീതങ്ങൾ ആലപിക്കും.

“സ്വർഗ്ഗത്തിലും ഭൂമിയിലും ഭൂമിക്ക് കീഴിലും സമുദ്രത്തിലും ഉള്ള സകല സൃഷ്ടിയും അവയിലുള്ളത് ഒക്കെയും സിംഹാസനത്തിൽ ഇരിക്കുന്നവനും കുഞ്ഞാടിനും സ്തോത്രവും ബഹുമാനവും മഹത്വവും ബലവും എന്നെ ന്നേക്കും

ഉണ്ടാകട്ടെ എന്നു പറയുന്നത് ഞാൻ കേട്ടു" (വെളി. 5:13).

വൻപോരാട്ടം അവസാനിക്കുന്നു. പാപവും പാപികളും ഇനി മേലാൽ ഇല്ല. സർവ്വഭൂമിയും വിശുദ്ധമായി. ഒരുമയുടേയും സന്തോഷത്തിൻറേയും ഒരേ തുടിപ്പാണ് സർവ്വ സൃഷ്ടിയിലും ഉള്ളത്. എല്ലാറ്റിനേയും സൃഷ്ടിച്ചവങ്കൽ നിന്ന് ജീവനും വെളിച്ചവും സന്തോഷവും അതിരില്ലാത്ത പ്രദേശങ്ങളിലേക്ക് ഒഴുകും. അതിസൂക്ഷ്മമായ അണു മുതൽ ഏറ്റവും വലിയ ലോകം വരെ ജീവനുള്ളതും ഇല്ലാത്തതുമായ എല്ലാം തങ്ങളുടെ മങ്ങലില്ലാത്ത സൗന്ദര്യത്തിലും തികഞ്ഞ

സന്തോഷത്തിലും ദൈവം സ്നേഹം ആകുന്നു എന്ന് പ്രഖ്യാപിക്കുന്നു.